# സമുദായക്കേസിലെ
# സാക്ഷിമൊഴികൾ



മലങ്കര മല്പാൻ
ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ

MOR ADAI STUDY CENTRE

ܒܝܬ ܡܪܕܘܬܐ

ܕܡܠܦܢܐ ܓܘܪܓܝܣ ܒܪ ܐܢܛܘܢ ܕܒܝܬ ܟܝܪܐܙ

# Ex Libris

## Beth Mardutho Library

### The Malphono George Anton Kiraz Collection

ܟܠ ܐܢܫ ܕܫܐܠ ܠܗ ܠܟܬܒܐ ܗܢܐ ܡܢ ܒܝܬ ܐܘܪܚܐ
ܐܘ ܦܫܩ ܡܢܗ ܡܕܡ ܢܗܘܐ ܡܫܬܐܠܐ ܩܕܡ ܒܝܡ ܕܝܢܐ
ܘܢܘܟܪܝܐ ܡܢ ܒܢܝ ܢܟܠܝܢܐ ܘܫܒܪܐ ܕܢܗܘܐ ܢܦܠ ܐܘ
ܠܗܠ ܠܗ ܫܒܪܐ ܚܠܦ ܢܗܘܐ ܗܘܐ ܠܗ ܫܒܪܐ ܩܕܡ
ܠܒܢ̈ܝܗܘܢ ܒܝܬܐ ܕܢܗܘܐ ܠܗ ܠܥܘܠܡܐ܀

Anyone who asks for this volume, to read, collate, or copy from it, and who appropriates it to himself or herself, or cuts anything out of it, should realize that (s)he will have to give answer before God's awesome tribunal as if (s)he had robbed a sanctuary. Let such a person be held anathema and receive no forgiveness until the book is returned. So be it, Amen! And anyone who removes these anathemas, digitally or otherwise, shall himself receive them in double.

മുദായക്കേസിലെ

# ഷിമൊഴികൾ

ലങ്കര മല്പാൻ

ആർച്ച്കോർഎപ്പിസ്കോപ്പ

ണിയാമ്പറമ്പിൽ

Church History:
Malankara Orthodox
Beth Mardutho Library

സമാഹരണവും സംശോധനവും
മൽഫോനൊ ദ്മർദൂത്തോ

**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**

മോർ ആദായി സ്റ്റഡി സെന്റർ
ചീരംചിറ, ചങ്ങനാശേരി 686 106

**SAMUDAYAKKESILE SAKSHIMOZHIKAL**
(Deposition of the 2nd Witness in the Malankara Church Case 1978- 0S/81 of 1977)
(Malayalam)

| | | |
|---|---|---|
| Witness | : | **Malankara Malpan Dr. Kurian Archcorepiscopa Kaniamparampil** |
| First Published | | November 2015 |
| Publisher | | **Mor Adai Study Centre**<br>Cheeranchira, Changanaserry<br>Kerala - 686 106, India.<br>Ph : 0481-272 4353, 944 620 3002<br>website: www.moradaistudycenter.org |
| Editor | : | ***Malphono d'Mardutho*** **Kuriakose Corepiscopa Moolayil**<br>M.A (Syriac), D.H.M.S., D.Min. & D. Litt. (Hon.)<br>moolelachen@yahoo.com |
| Printed at | : | Print Solutions, Kottayam<br>e-mail: printsolutionsktm@gmail.com |
| Price | : | ₹ **800.00** |

# പ്രസാധകക്കുറിപ്പ്

1995-ൽ അന്തിമവിധി വന്ന സഭാകേസിന്റെ ആരംഭം 1974-ൽ ആയിരുന്നു. സഭാദ്ധ്യക്ഷന്മാർ സഭയിലെ തന്നെ മെത്രാന്മാരെയും വൈദികരെയും ശെമ്മാശന്മാരെയും പ്രതികളാക്കിയും അവരെ പള്ളികളിൽ പ്രവേശിപ്പിക്കാതെ ശാശ്വതമായി തടയണമെന്നാവശ്യപ്പെട്ടും സ്വന്തം സഭയിലെ ഇടവകപ്പള്ളികളും സ്വത്തുക്കളും സഭാദ്ധ്യക്ഷന്റെ മാത്രം വരുതിയിൽ നിർത്തേണ്ടതാണെന്നും പ്രഖ്യാപിച്ചുകിട്ടുവാൻ ആരംഭിച്ച ഒരു കേസായിരുന്നത്. വാദികളായിരുന്നവരുടെ നാലു തലമുറകൾ കേസിനായി കോടികൾ ചെലവഴിച്ചും വികല സാക്ഷ്യത്തിൽ മുങ്ങിയും ലോകം കടന്നുപോയി. ഇന്നും കേസുകളുടെ ഭാണ്ഡവുമായി അഞ്ചാംതലമുറ നേതൃത്വവും ആവേശത്തോടെ കുതിക്കുന്നു. ഈ അപഹാസ്യതയുടെ മധ്യത്തിലുണ്ടായ ഒരു രജതരേഖയാണ് ഈ സമാഹാരം.

എറണാകുളത്തെ പ്രത്യേക ജില്ലാകോടതി ഈ കേസിന്റെ സാക്ഷിവിസ്താരം നടത്തിയപ്പോൾ യാക്കോബായസഭയ്ക്കുവേണ്ടി (പ്രതിഭാഗം) മലങ്കര മല്പാൻ ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പ മാസങ്ങൾ എടുത്ത് നൽകിയ മൊഴികൾ സഭയ്ക്ക് ഒരു വൈജ്ഞാനിക നിക്ഷേപമായി. സഭയെ സമഗ്രമായി സ്പർശിക്കുന്ന ഈ മൊഴികൾ സഭാചരിത്ര വിശ്വാസപഠനങ്ങൾക്കു വലിയ മുതൽക്കൂട്ടാണ്.

ഈ രേഖകൾ എന്റെ കൈവശം വന്നു ചേർന്നത് 2012ലാണ്. നഷ്ടപ്പെട്ടുപോകുമായിരുന്ന ഈ ശേഖരം ഭാവിതലമുറയെ മുന്നിൽക്കണ്ട് പ്രസിദ്ധീകരിക്കുകയാണ്. 103-ാം വയസ്സിൽ ദൈവസന്നിധിയിലേക്ക് കടന്നുപോയ ആദരണീയനായ ആർച്ച്കോർഎപ്പിസ്കോപ്പായുടെ നിത്യസ്മരണയ്ക്ക് ആദരപൂർവ്വം ഈ കൃതി സമർപ്പിക്കുന്നു.

1974-ൽ ആരംഭിച്ച സമുദായക്കേസ് ഇന്ത്യയുടെ സുപ്രീംകോടതി 1995-ൽ വിധിയായെങ്കിലും അതിന്റെ സാങ്കേതിക നൂലാമാലകൾ ഇന്നും സഭാരംഗത്ത് അലയടിച്ചുകൊണ്ടിരിക്കുന്നു. മലങ്കരസഭയിലെ എല്ലാ ഇടവകപള്ളികളുടെയും 'ആത്മികവും ഭൗതികവും സഭാപരവുമായ' പരമാധികാരം കാതോലിക്കായിലും മലങ്കരമെത്രാപ്പോലീത്തായിലും മാത്രം നിക്ഷിപ്തമായിരിക്കണമെന്നും മലങ്കരസഭ ഒരു സ്വതന്ത്രസ്വയ

ശീർഷകസഭയായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ട് ഔഗേൻ പ്രഥമൻ കാതോലിക്കാബാവായും അന്നത്തെ നിയുക്ത കാതോലിക്കാബാവായും ചേർന്ന് കോട്ടയം ജില്ലാകോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. കടവിൽ ഡോ. പൗലോസ് മോർ അത്താനാസ്യോസ്, ഗീവർഗീസ് മോർ ഗ്രീഗോറിയോസ്, തോമസ് മോർ ദീവന്നാസ്യോസ് (ഇന്നത്തെ ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാബാവ) എന്നിവരും സഭയിലെ 17 വൈദികരും പ്രതികളായാണ് ഈ കേസ് ആരംഭിച്ചത്. വാദികളും അവരുടെ രണ്ട് പിൻഗാമികളും പ്രതികളിൽ ആറ് പേരൊഴികെയുള്ളവരും കാലയവനികയ്ക്ക് പിന്നിൽ മറഞ്ഞു. എന്നാൽ ഈ കേസിന്റെ പ്രതിധ്വനികൾ ഇന്നും സഭാന്തരീക്ഷത്തിൽ മുഴങ്ങുന്നു. 1974-ൽ കുടത്തിൽനിന്ന് പുറത്തിറക്കിയ കേസെന്ന ഈ ദുർഭൂതത്തെ ഇല്ലായ്മചെയ്യുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഇതേത്തുടർന്ന് നൂറുകണക്കിന് കേസുകൾ മലങ്കരയിലെ ഒരു വിഭാഗം ആരംഭിക്കുകയാണ് ചെയ്തത്. തത്ഫലമായി എറണാകുളത്ത് ഒരു 'പള്ളിക്കോടതി' സ്ഥാപിക്കുകയും സഭാകേസുകൾ മുഴുവൻ അവിടേയ്ക്കു മാറ്റപ്പെടുകയും ചെയ്തു. കേരള ഹൈക്കോടതിയിലെ ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ സ്പെഷ്യൽ ജഡ്ജ് ആയി ഈ കോടതിയിൽ വാദം കേട്ട് 1980-ൽ വിധിപറഞ്ഞു. അപ്പീൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് 1990ലും സുപ്രീംകോടതി ഡിവിഷൻബഞ്ച് 1995ലും വിധി പ്രസ്താവിച്ചു. എന്നാൽ അവിടെയെങ്ങും ഈ കേസുകൾ അവസാനിച്ചിട്ടില്ല. പഴയകേസുകളുടെ അവശിഷ്ടങ്ങളും പുതിയകേസുകളുമായി പള്ളിക്കോടതികൾ മുതൽ സുപ്രീംകോടതിവരെ വീണ്ടും വീണ്ടും കയറിയിറങ്ങി പള്ളികൾ പൂട്ടിച്ചും കലഹകേന്ദ്രങ്ങളാക്കിയും കർത്താവിനെ വീണ്ടും വീണ്ടും കുരിശിൽ തറച്ചുംകൊണ്ടിരിക്കുന്നു. ഇന്ത്യയിലെതന്നെ പ്രഗത്ഭരായ അഭിഭാഷകന്മാരായ ശ്രീമാൻമാരായ പരാശരൻ, നരിമാൻ, അശോക് സെൻ തുടങ്ങിയവരും ഈ കേസുകളിൽ അണിനിരന്നു. അക്ഷരാർത്ഥത്തിൽ കോടികൾ ഒഴുക്കിയത് നിഷ്പ്രയോജനമായി. ഇപ്പോഴും കേസുകൾ അനന്തമായി തുടരുന്നു. എത്രനാൾ ഈ ദുർവ്യയവും വൈകല്യവും തുടരും എന്ന് ആർക്കും നിശ്ചയമില്ല.

സമുദായക്കേസിലെ ചില അനുകൂല ഘടകങ്ങൾ ഉള്ളതിൽ ഒന്നാണ് കേസുകളിൽ സമാഹരിക്കപ്പെടുന്ന ചരിത്രരേഖകളും സാക്ഷ്യങ്ങളും. 2014-ൽ ശതോത്തര രജതജൂബിലി ആഘോഷിച്ച തിരുവിതാംകൂർ രാജകീയകോടതിവിധിമുതൽ 1995-ലെ സുപ്രീംകോടതിവിധിവരെയുള്ള വിധിന്യായങ്ങളും അനുബന്ധരേഖകളും സാക്ഷിമൊഴികളും അനശ്വരമാക്കപ്പെട്ട സഭാചരിത്രരേഖകൾ കൂടിയാണ്. ഈ പരിഗണനയിലാണ് 1978-ലെ ഈ സാക്ഷിമൊഴികളെ ഞങ്ങൾ കാണുന്നത്. മലങ്കരമല്പാൻ

ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പായുടെ ഈ മൊഴികളിൽ നിറഞ്ഞുനിൽക്കുന്നത് സഭയുടെ ചരിത്രവും കാനോൻ വ്യവസ്ഥകളും ഒക്കെയാണ്. അത്തരത്തിൽ ഇത് ഒരു വലിയ സഭാ രേഖയാണ്.

വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പായുടെ സാക്ഷിമൊഴികൾ നാശത്തിന്റെ വക്കിലും അവഗണനയിലും ആയിരുന്നു. അത് സമാഹരിക്കുവാൻ സാധിച്ചത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഇത് പ്രസിദ്ധീകരിക്കുക എന്നത് വളരെ ശ്രമകരമാണ് എന്ന് അറിയാമായിരുന്നെങ്കിലും ഈ സംരംഭത്തിന് മുതിർന്നത് രേഖാസംരക്ഷണത്തിലുള്ള താല്പര്യം ഒന്നു മാത്രമാണ്. ഇക്കാര്യം പൊതുവിൽ പ്രഖ്യാപിച്ചിട്ട് പ്രതികരണം വളരെ കുറവായിരുന്നുവെങ്കിലും ഭാവിയിൽ ഇത് സഭാചരിത്രപഠനത്തിന് അനിവാര്യമാകുമെന്ന് ബോധ്യമുണ്ട്.

ഈ പ്രസിദ്ധീകരണത്തിനുവേണ്ടി എന്റെ സഹോദരപുത്രൻ ശ്രീ. എം.എ. കുര്യാക്കോസും പൗത്രൻ അജയ് കുര്യാക്കോസും സാമ്പത്തികമായി ഭാഗിക പിന്തുണ നൽകിയതും സ്നേഹപൂർവ്വം അനുസ്മരിക്കുന്നു.

സഭാ മഹത്വത്തിനായി സമർപ്പിക്കുന്നു.

**കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**
മോർ ആദായി സ്റ്റഡി സെന്റർ

# മോർ ആദായി സ്റ്റഡി സെന്റർ

സിറിയൻ ഓർത്തഡോക്സ് സഭാവിജ്ഞാനീയപഠനങ്ങൾക്കും പ്രചാരണങ്ങൾക്കും വിദ്യാഭ്യാസ സഹായങ്ങൾക്കും മുഖ്യലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ചിരിക്കുന്ന ഒരു സ്വമേധയാ സംഘമാണ് ഈ പഠനകേന്ദ്രം. 2001 ജനുവരിയിൽ *സത്യവിശ്വാസപഠനങ്ങൾ* എന്ന കൃതിയോടുകൂടി ആരംഭം കുറിച്ച് ഈ പ്രസ്ഥാനം ഇക്കഴിഞ്ഞ വർഷങ്ങളിലായി ആത്മസംതൃപ്തി നൽകുന്ന അനേകം കൃതികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എളിയ രീതിയിൽ ഈ സഭാസേവനം തുടരുവാൻ ആത്മാർത്ഥമായി സഹകരിച്ച് ഡയറക്ടർ ബോർഡ് അംഗത്വം സൗമനസ്യത്തോടെ സ്വീകരിച്ച് സഹായിച്ച മാന്യസഹകാരികൾക്കും ബുക്ക് ക്ലബ്ബ് അംഗത്വം സ്വീകരിച്ച സഹൃദയർക്കും സർവോപരി ആയുസ്സും ആരോഗ്യവും ന്‌ലകി അനുഗ്രഹിക്കുന്ന ദൈവകൃപയ്ക്കും നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

**ഡയറക്ടർ ബോർഡ് അംഗത്വം**

ഈ പഠനകേന്ദ്രത്തിന്റെ ഡയറക്ടർ ബോർഡ് അംഗത്വം അധികാരങ്ങളൊ അവകാശങ്ങളൊ ഭരണച്ചുമതലയൊ അധികമായുള്ള ഒരാകർഷണസ്ഥാനം എന്നതിനേക്കാൾ ഈ പ്രസ്ഥാനത്തോടുള്ള കൂറും സഹകരണവും എന്ന നിലയിലാണ് എല്ലാവരും സമീപിച്ചിട്ടുള്ളത്. ഇവരുടെ ആത്മാർത്ഥമായ സഹകരണം ഇല്ലാതെ ഈ പ്രസ്ഥാനം മുന്നോട്ടുപോവുകതന്നെ അസാധ്യമാണ്. വ്യക്തമായ ദിശാബോധം നല്കി ഞങ്ങളെ നയിക്കുവാനും പുതിയ തലങ്ങളിലേക്ക് പ്രവർത്തനമേഖല വികസിപ്പിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കുവാനും കൂടുതൽ വ്യക്തികൾ പതിനായിരം രൂപയിൽ (U.S. $ 250.00) കുറയാത്ത സംഭാവനകൾ നല്കി മുന്നോട്ടുവരും എന്ന് പ്രത്യാശിക്കുന്നു. ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പഠനകേന്ദ്രം വക എല്ലാ കൃതികളും സൗജന്യമായി ലഭിക്കുന്നതാണ്.

**പ്രീമിയം ബുക്ക് ക്ലബ്ബ്**

പഠനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന മിക്ക കൃതികളും തികച്ചും സൗജന്യമായി ലഭിക്കുന്നതിന് 5000 രൂപാ (U.S. $ 150.00) നല്കി അംഗത്വമെടുക്കാവുന്നതാണ്.

## Board of Directors


H.H. Ignatius Aphrem II Patriarch of Antioch and all the East (Patron)

H.B. Basalius Thomas I Catholicose (Vice Patron)

H.G. Joseph Mor Gregoriose

H.E. Archbishop Mor Theethose Yeldho

H.G. Mor Aprem Mathew

H.G. Dr. Mor Coorilose Geevarghese

H.G. Mor Polycarpes Zachariah

V. Rev. Dr. Abraham Thomas Corepiscopa Vazhayil

V. Rev. Mathews Corepiscopa Edathara, Augusta

V. Rev. Mathews Corepiscopa Kavumkal, Velloor

V. Rev. Sabu T. Chorattil Corepiscopa, Los Angeles

V. Rev. Varkey Mundackal Corepiscopa, New York

Rev. Fr. Dr. Biji Chirathilattu, England

Rev. Fr. Eldose Chirangara

Rev. Prof. Joseph Kulathramannil

Rev. Fr. Martin Babu
Rev. Fr. Mathew Varghese, Karuthalackal, Chicago
Rev. Fr. Shyjan Maruthala, Wynad
Rev. Dr. Varghese P. Manikkatt, MaryLand
Rev. Dn. Anup Kuruvilla, Boston
Rev. Dn. Moncy Jacob, Boston
Rev. Dn. T.S. Varghese, Houston
Mr. Abraham Eapen, Mineapolis
Comdr. Dr. E.C. Abraham Edathara, Arkansas
Chev. Babu Jacob, New York
Chev. Babu Mathew, Muscat
Mr. Biju K. Mathew Puthupally, New Jersey
Mr. Biju Cherian Parochalil, New York
Chev. Cherian Venkadath, Chicago
Chev. K.J. Daniel, Doha
Dr. Jacob Mathew Pullolickal, Ohio
Chev. C.K. Joy, New Jersey
Mr. George Varghese, Malaysia
Mr. Jacob Varghese, Mannakuzhiyil, Thadiyoor
Comdr. T. John, Ex. Minister, Bangalore
Mr. Jose Jacob, Chicago
Dr. Kurian Mani, Los Angeles
Dr. Leena George, Kuwait
Chev. Dr. Mathews Abraham, Sharjah
Mr. Mathews Mancha, New Jersey
Dr. Mathew Varghese, Mary Land
Mr. Mathew Ninan, Tampa
Mr. Ninan T. Varghese, Philadelphia
Comdr. Philip Jacob, Houston
Mr. Paul P. John, Tampa
Mr. Paul Philipose, Dallas
Mr. Perumanoo I. Mathew, New Jersey
Mr. Raju Varghese, Canada
Conmdr. Dr. Roy P. Thomas, Chicago
Mr. Sabu Jacob Pukadiyil, Philadelphia
Mr. Shaji Peter, South Carolina
Mr. Shibin Philipose
Mr. Shinu Jesus Abraham, Kuwait
Mr. Suresh Ittoop Pukadiyil, Saudi Arabia
Mr. Thomas Chandy, Houston
Mr. & Mrs. Thomas George, Kelachandra
Dr. Thomas Joseph, Los Angeles
Mr. Vinod Abraham, Chicago
Rev. Fr. Martin Babu Vadakkedath, Houston
Comdr. Varghese Chamathil, Dallas
Chev. Varghese Parambath, Philadelphia
Mr. Varghese K. Paruthuvayalil, New York
*Malphono d'Mardutho* Dr. Kuriakose Corepiscopa Moolayil (Executive Director)

## പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ

1. *സത്യവിശ്വാസപാഠങ്ങൾ*
   - ഡോ. ഗീവർഗീസ് മോർ കൂറിലോസ് &
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
2. *വിധി നടത്തൽ ഹർജി - വിധിയും വിശകലനവും**
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
3. *കാഴ്ചപ്പാടുകൾ - സഭയും സമൂഹവും**
   - ഡോ.ഗീവർഗീസ് മോർ കൂറിലോസ്
4. *മലങ്കരസഭയുടെ കാൽനൂറ്റാണ്ട്****
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
5. ***The Indian Church of St. Thomas****** - E.M.Philip
6. ***Four Historic Documents****
   - Dr. Kuriakose Corepiscopa Moolayil (Editor)
7. ***The Eucharist Service of the Jacobite Syrian Christians***
   - Dr. Poulose Mor Athanasius Metropolitan Kadavil
8. ***The Book of Common Prayers for Ordinary, Great Lent and Holy Week Days***
   - Dr. Kuriakose Corepiscopa Moolayil (Editor)
9. ***Morning Prayers for Sundays (Sleeba)**** (English Translation in Syriac Tunes)
   - Dr. Kurian Archcorepiscopa Kaniamparampil
10. *സുറിയാനിസഭാ ചരിത്രം*
    - ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്
11. *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം****
    - പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ
12. *പൂർവിക പിതാക്കന്മാരും പൊതുസുന്നഹദോസുകളും*
    - പുതുശേരി യൗസേഫ് ശെമ്മാശൻ
13. ***A Guide to the Altar Assistants***
    - Dr. Kuriakose Corepiscopa Moolayil
14. ***The Syrian Orthodox Church:Its Religion and Philosophy***
    - Dr. Paulose Mor Athanasius Metropolitan Kadavil
15. *പൗരസ്ത്യ കാതോലിക്കാസ്ഥാപനത്തിന്റെ യഥാർത്ഥനില*
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ (എഡിറ്റർ)
16. *ജീവന്റെ അപ്പം**** (വി.കുർബാനാ വ്യാഖ്യാനം)
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
17. *മതോപദേശപാലനങ്ങൾ**
    - ഇ.എം.ഫിലിപ്പ്
18. ***Quintessence of Religious Doctrines***
    - Vattasseril Geevarghese Mor Dionasius ; Prof. O.M. Mathew (Editor)
19. *വിശുദ്ധ ഗ്രന്ഥവായനക്കുറിപ്പ് ****
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
20. *മതോപദേശസാരങ്ങൾ*
    - വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസ്
21. ***Trilingual Eucharist Service Book of the Syrian Orthodox Church****
    - Dr. Kuriakose Corepiscopa Moolayil (Editor)

22. *ജീവജലം*
- മോർ ക്രിസോസ്റ്റമോസ് മോശ സലാമ
23. *ഭാഗ്യനിക്ഷേപം*
- മോർ ക്രിസോസ്റ്റമോസ് മോശ സലാമ
24. *മഹാപരിശുദ്ധനായ മഞ്ഞിനിക്കര ബാവ*
- ഡോ.കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
25. *വിശുദ്ധനാട് സന്ദർശനങ്ങൾ*
- ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
26. *പൗരസ്ത്യ സന്യാസപിതാക്കന്മാരുടെ മൊഴിമുത്തുകൾ**
- ഫാ. ഡോ. സ്റ്റീഫൻ പ്ലാത്തോട്ടം
27. *ചിതറിയ മുത്തുകൾ : സുറിയാനി ഭാഷാ-സാഹിത്യപഠനങ്ങൾ*
- പ.ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ *(പരിഭാഷ)*
28. *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം****
- പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ *(പരിഭാഷ)*
29. *വി. കുർബാന തക്സ (19 ക്രമങ്ങൾ)***
30. *The Blessed Virgin Mary* - Sara Knight
31. *The Syrian Orthodox Church of Kerala and The Church Missionary Society* – Prof. O.M.Mathew
32. *വൈദിക ഗൈഡ്*
- തകിടിയിൽ യാക്കോബ് കശീശ
33. *A Collection of Articles by H.H.Ignatius Zakka I*
34. *വിശ്വാസസംരക്ഷകൻ ലേഖനങ്ങൾ*
- ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
35. *സമ്പൂർണ്ണ സുറിയാനി ബൈബിൾ (Syriac Peshitta Bible)*
36. *സമുദായക്കേസിലെ സാക്ഷിമൊഴികൾ*
- ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ
37. *വി. ലൂക്കോസിന്റെ സുവിശേഷം: വഞ്ചിപ്പാട്ട്*
- സി. റ്റി. വർഗീസ്, നീണ്ടൂർശ്ശേരിൽ
38. *വീക്ഷണങ്ങൾ വിചിന്തനങ്ങൾ*
- റവ. പ്രൊഫ. ജോസഫ് കുളത്രാമണ്ണിൽ
39. *The Syrian Christians in India* – Dr. Claudius Buchanan and *Were the Syrian Christians Nestorians?* – Archbishop Mor Ivanios

* സ്റ്റോക്കില്ല (ആവശ്യക്കാർക്ക് പുസ്തക രൂപത്തിൽ ഫോട്ടോ കോപ്പി എടുത്തുകൊടുക്കുന്നതാണ്.) ** അച്ചടിയിൽ *** ജെ.എസ്.സി. പബ്ലിക്കേഷൻസ്

available online - www.moradaistudycenter.org

*പുസ്തകങ്ങൾക്കും ബുക്ക്ക്ലബ് അംഗത്വത്തിനും ബന്ധപ്പെടുക **

**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**
ചീരംചിറ, ചങ്ങനാശ്ശേരി 686 106
**Mob: 944 620 3002**
email: moolelachen@yahoo.com
w.w.w.moradaistudycenter.org

** സഭയുടെ എല്ലാ പുസ്തകശാലകളിലും കോപ്പികൾ ലഭ്യമാണ്.*

# മഹാനായ മലങ്കര മല്പാൻ

അനിതര സാധാരണമായ അനേകം അപൂർവ്വതകളുടെ സംഗമം ആണ് വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പ. ഒരു സുറിയാനി മല്പാൻ ബൗദ്ധിക പ്രസരിപ്പോടെ ജന്മശതാബ്ദി കഴിഞ്ഞ് ലോകത്തോടു വേർപിരിഞ്ഞു എന്നത് സഭാചരിത്രത്തിൽ അപൂർവ്വത യാണ്. എന്റെ അറിവിൽ മോർ അപ്രേമിന് സമകാലികനായ പൗരസ്ത്യ സഭയിലെ മോർ നർസായിയാണ് മറ്റൊരാൾ. ഈ അപൂർവകതയുടെ മാഹാത്മ്യം തന്നെ അദ്ദേഹത്തെ അനന്യനാക്കുന്നു. സുറിയാനി പാരമ്പര്യം നിലനിർത്തുന്ന എല്ലാ സഭകളാലും അദ്ദേഹം പ്രകീർത്തനാ കുന്നു. ആരാധനാ സാഹിത്യസംഭാവനകളാലും മെത്രാന്മാരുടെ പരി ശീലനത്താലും കാനോൻ പരിഭാഷകളാലും ഒക്കെ ഇതര സഭകൾ അദ്ദേ ഹത്തോട് കടപ്പെട്ടിരിക്കുന്നു. സുറിയാനിസഭ മലങ്കരമല്പാൻ എന്ന നിലയിൽ ഈ പാണ്ഡിത്യനിറകുടത്തെ തിരുസഭയുടെ തിലകമായി ആദരിച്ചു. മലങ്കരസഭയിൽ ഒരു വൈദികനും ഇതപര്യന്തം ലഭിച്ചിട്ടില്ലാ ത്തവിധം ഈ വൈദികോത്തമന്റെ ജന്മശതാബ്ദി സഭയുടെ ആഭിമുഖ്യ ത്തിൽ പുത്തൻകുരിശിൽ സമുചിതമായി ആഘോഷിച്ചു. ജന്മശതാബ്ദി എൻഡോവ്മെന്റ് ഏർപ്പെടുത്തി പ്രഥമ അവാർഡ് പ്രഖ്യാപനം, ഡോക്യു മെന്ററി നിർമ്മാണം, അഖില മലങ്കര വൈദികയോഗം, പുരസ്കാര സമർപ്പണം തുടങ്ങിയ കാര്യങ്ങൾ സഭ ക്രമീകരിച്ച് മലങ്കരമല്പാനെ ആദരിച്ചു. മലങ്കരസുറിയാനിസഭ അക്ഷരതിരുമുൽകാഴ്ചയായി ഒരു സ്മരണിക പ്രസിദ്ധീകരിച്ചതിൽ പങ്കാളിയാകുവാൻ ലഭിച്ച സന്ദർഭത്തിൽ അഭിമാനം തോന്നുന്നു. ആദരാഞ്ജലികൾ ഈ മഹാമൽപാന്റെ പാദാര വിന്ദങ്ങളിൽ അർപ്പിക്കുന്നു.

ഈ ആദരവുകളുടെ അനന്തരഫലമാണ് വന്ദ്യ മല്പാനച്ചൻ സമുദായ ക്കേസിൽ കോടതിയിൽ നൽകിയ ചരിത്രപ്രസിദ്ധമായ സാക്ഷിമൊഴിക ളുടെ ഈ സമാഹാരം. ചരിത്രം, വിശ്വാസം, കാനോൻ, ആരാധന തുടങ്ങിയ സർവ്വസ്പർശിയായ ഈ മൊഴികൾ സഭാപഠനത്തിന് ഉത്തമസഹായി യായിരിക്കും എന്നത് നിസംശയമാണ്. വന്ദ്യ വൈദികശ്രേഷ്ഠന്റെ ജീവി തസാക്ഷ്യം സംബന്ധിച്ച് ചില സൂചകങ്ങൾ താഴെ കുറിക്കുന്നു.

മലങ്കര സഭാചരിത്രത്തിലെ ഉജ്ജ്വലപ്രഭ പ്രസരിക്കുന്ന പ്രതിഭാധനൻ, സമാദരണീയനായ വൈദികശ്രേഷ്ഠൻ, അതുല്യപ്രഭാവനായ ചരിത്രകാരൻ, സമർത്ഥനായ വേദവ്യാഖ്യാതാവ്, അനുഗ്രഹീതനായ സഭാകവി, അതുല്യനായ സുറിയാനി പണ്ഡിതൻ, വിനയാന്വിതനായ ദൈവഭക്തൻ എന്നിങ്ങനെയുള്ള സ്വഭാവവൈശിഷ്ട്യങ്ങളാൽ സർവ്വാദരണീയനായ മലങ്കരമല്പാൻ കണിയാമ്പറമ്പിൽ കുര്യൻ ആർച്ച്കോറെപ്പിസ്കോപ്പായുടെ സേവനമാഹാത്മ്യങ്ങളെ ആദരിച്ച് ഈ കുറിപ്പെഴുതുവാൻ ഇടയാകുന്നതുതന്നെ ഒരു മഹാഭാഗ്യവും പദവിയുമായി ഈ ലേഖകൻ കരുതുകയാണ്. കണിയാമ്പറമ്പിലച്ചൻ എന്നു കേൾക്കാത്ത സുറിയാനി ക്രിസ്ത്യാനി മലങ്കരസഭയിൽ കാണുമെന്ന് തോന്നുന്നില്ല. അത്രയ്ക്ക് പ്രശസ്തനും പ്രസിദ്ധനുമാണദ്ദേഹം. അഥവാ ആരെങ്കിലും അദ്ദേഹത്തിന്റെ പേര് സജീവസ്മരണയിൽനിന്ന് വിട്ടുപോയിട്ടുണ്ടെങ്കിൽ പോലും അവരുടെ നാവുകൾപോലും ബഹു.അച്ചന്റെ തൂലികയിൽ രൂപമെടുത്തുവന്ന ആരാധനാഗീതങ്ങളുടെ ഈരടികൾ പാടിക്കൊണ്ട് ബഹു. അച്ചനെ സ്മരിക്കും. എന്റെ സ്മരണ കുറെ വർഷങ്ങൾ പിറകിലേക്ക് പായുകയാണ്. 1965-ൽ ആയിരിക്കണം ബഹു. അച്ചൻ ഈ ലേഖകന്റെ മാതൃഇടവകയായ നാലുന്നാക്കൽ സെയ്ന്റ് ആദായിസ് പള്ളിയിൽ പ്രസംഗിച്ചുകൊണ്ടു നിൽക്കുന്ന ആ രൂപവും ഭാവവും വാക്കുകളും ഇന്നും എന്റെ സ്മരണയിൽ ഉദിച്ചുയർന്നു നിൽക്കുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര സംഭവങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചുവന്ന ബഹു.അച്ചന്റെ വിവരണങ്ങൾ, അന്ന് കേവലം 10 വയസ്സ്മാത്രം പ്രായമുള്ള ഒരു ബാലന്റെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയെടുക്കുവാൻ കഴിഞ്ഞത് ഞാൻ ഇപ്പോൾ അനുസ്മരിക്കുന്നത് ബഹു.അച്ചന്റെ പ്രഭാഷണചാരുതയെക്കുറിക്കുവാനാണ്.

മഹത്വം നേടുവാനും മഹാനാകുവാനും തിക്കിത്തിരക്കി ഓടി നടക്കുന്നവരെയും ധനവ്യയം ചെയ്യുന്നവരെയും നമുക്ക് ചുറ്റും ധാരാളം കാണുവാൻ കഴിയും. 'ചിലർ മഹാന്മാരായി ജനിക്കുന്നു. ചിലർ മഹത്വം നേടിയെടുക്കുന്നു. മറ്റു ചിലരുടെമേൽ മഹത്വം അടിച്ചേൽപ്പിക്കപ്പെടുന്നു.' എന്ന ലോകോക്തിതന്നെ മനുഷ്യന്റെ മഹത്വവാഞ്ഛയെ വ്യക്തമാക്കുകയാണ് ചെയ്യുന്നത്. വന്ദ്യനായ കണിയാമ്പറമ്പിലച്ചൻ സ്ഥാനമാനങ്ങൾക്ക് പിറകെയൊ ബഹുമതികൾക്കുവേണ്ടിയൊ ആഗ്രഹിച്ചു പരക്കം പായുന്നവനല്ല. പിന്നെയൊ അർഹതയുടെ അംഗീകാരം എന്ന നിലയിൽ സ്ഥാനങ്ങളും ബഹുമതികളും അദ്ദേഹത്തിന്റെ പിന്നാലെ വന്നുചേരുകയാണുണ്ടായതെന്ന് അദ്ദേഹത്തെ അടുത്തറിയാവുന്ന ആർക്കും അറിയാവുന്ന സത്യം മാത്രമാണ്. വൈദികട്രസ്റ്റി സ്ഥാനം, ഡോക്ടറേറ്റ് തുടങ്ങിയ പദവികളി

ലൊക്കെ അദ്ദേഹം ഉയർന്ന സന്ദർഭങ്ങൾ അനുസ്മരിക്കുകയാണ്. ഇവ യൊക്കെ കാംക്ഷിച്ചിരുന്നവരും ലക്ഷ്യം വച്ചിരുന്ന മറ്റു പലരുമുണ്ട്. എന്നാൽ ഇതൊന്നും പ്രതീക്ഷിക്കാതെ ഒതുങ്ങിക്കഴിഞ്ഞ ബഹു.അച്ചനെ ഇതൊക്കെ തേടിയെത്തുകയാണുണ്ടായത്. വന്ദ്യനായ അച്ചന്റെ അപദാ നങ്ങൾ കീർത്തിച്ചെഴുതിയാൽ വളരെ വളരെ എഴുതുവാനുണ്ട്. എന്നാൽ എന്റെ ഹൃദയത്തിന്റെ അഗാധതയിൽ ബഹു. അച്ചനെക്കുറിച്ചുള്ള ദൃഢ മായ ചില ചിന്തകൾ മാത്രം ഇവിടെ കുറിക്കുകയാണ്.

## മാതൃകായോഗ്യനായ ഒരു വൈദികൻ

ഒരു വൈദികൻ ഒരു ഭവനത്തിന്റെ ദീപമാണ്. ഒരു ഇടവകയുടെ വഴികാട്ടി യാണ്. ഒരു നാടിന്റെ മാതൃകയാണ്. വൈദികൻ മറ്റെന്തൊക്കെയായിരു ന്നാലും ഇതിന് കഴിയുന്നില്ലെങ്കിൽ അദ്ദേഹം ഒരു പരാജയം മാത്രമായി രിക്കും. ഈ വീക്ഷണത്തിൽ നോക്കുമ്പോൾ ബഹു. അച്ചൻ ഏതു വിധ ത്തിലും അതിശ്രേഷ്ഠനായ ഒരു മാതൃകാവൈദികനാണെന്ന് നിസംശയം പറയുവാൻ കഴിയും. ബഹു. അച്ചന്റെ പാലനത്തിൻ കീഴ് സുദീർഘകാലം കഴിഞ്ഞ കട്ടപ്പുറത്തുപള്ളിയിൽ കുറെക്കാലം ചുമതലയായിരുന്നപ്പോൾ- ബഹു. അച്ചനുശേഷം വളരെ വർഷങ്ങൾക്കുശേഷമാണെങ്കിൽ പോലും- ബഹു. അച്ചനോടുള്ള ജനങ്ങളുടെ ആത്മാർത്ഥതയും സ്നേഹവും ബഹു മാനവും എനിക്ക് നേരിട്ട് മനസ്സിലാക്കാവാൻ കഴിഞ്ഞിട്ടുണ്ട്. Nobody can please everybody എന്ന് പറയാറുണ്ടെങ്കിൽ അതിനൊരപവാദമാണ് കണിയാമ്പറമ്പിലച്ചൻ. എല്ലാവരാലും അംഗീകൃതനും എല്ലാവരെയും സ്നേഹിക്കുന്നവനുമാണദ്ദേഹം.

## പ്രസിദ്ധനായ പ്രഭാഷകൻ

ഒരു വൈദികന്റെ പൊൻമൂക്കുത്തിയാണദ്ദേഹത്തിന്റെ പ്രഭാഷണ പ്രതിഭ. വന്ദ്യനായ അച്ചനിൽ ഇണങ്ങിച്ചേർന്നിരിക്കുന്നതുപോലെ ഈ മനോഹ രാഭരണം ചേർന്നിരിക്കുന്ന മറ്റനേകരില്ലെന്ന സത്യം മറച്ചാലും മറയ്ക്കുക സാധ്യമല്ല. വിഷയത്തിന്റെ അഗാധതയിലും ലാളിത്യത്തിലും പ്രതിപാദ നത്തിലും അടുക്കിലും ചിട്ടയിലുമൊക്കെ മികവുറ്റതാണദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ. ഏതു വിഷയത്തെക്കുറിച്ചും ക്രമീകൃതമായും വിഷയ ബന്ധിയായും ഉള്ള ആ പ്രഭാഷണങ്ങൾ പ്രഭാഷകനിലേക്കല്ല ശ്രോതാ ക്കളെ ആകർഷിക്കുന്നത്; മറിച്ച് പ്രഭാഷണവിഷയത്തിലേക്ക് - ക്രിസ്തു വിലേക്ക് ആണ്. ചിലപ്പോഴൊക്കെ ബഹു. അച്ചൻ വൈദികസെമിനാരിയിൽ എത്തി ഞങ്ങൾക്ക് ക്ലാസ്സെടുത്തിരുന്നതിന്റെ ഓർമ്മക്കുറിപ്പുകൾ മനസ്സിന്റെ ഏടുകളിൽ പതിഞ്ഞു കിടപ്പുണ്ട്.

## മഹാനായ ഗ്രന്ഥകാരൻ

വാണീദേവി നാവിലും പേനയിലും സരളലളിത കോമളപദാവലികളിലൂടെ നർത്തനമാടുന്ന അനുഗ്രഹീത എഴുത്തുകാരനാണ് കണിയാമ്പറമ്പിലച്ചൻ. സുറിയാനിസഭയെക്കുറിച്ച് സണ്ടേസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥി മുതൽ യൂണിവേഴ്സിറ്റികളിൽ ഗവേഷണം നടത്തുന്നവർ വരെ ആധികാരികമായി ആശ്രയിക്കുന്ന അനേകം വില തീരാത്ത ഗ്രന്ഥങ്ങളുടെ കർത്താവാണദ്ദേഹം. സഭാചരിത്രഗ്രന്ഥങ്ങൾ വഴിയായും വേദവ്യാഖ്യാനങ്ങൾ വഴിയായും സഭാവിശ്വാസ വ്യാഖ്യാനഗ്രന്ഥങ്ങൾ വഴിയായും ആരാധനാ ഗീതങ്ങളുടെ രചനകൾ വഴിയായും സഭയുടെ 'വായും തൂണും മൽപാനും' എന്ന വിശേഷണത്തിനർഹതയുള്ള ആധുനികന്മാരിൽ പ്രഥമ ഗണനീയനാണദ്ദേഹം. ബഹു. അച്ചന്റെ ആരാധനാഗീതങ്ങൾ സുറിയാനിക്കാർ ലോകത്തെവിടെയുണ്ടെങ്കിലും അവിടെയെല്ലാം ഓരോ ആഴ്ചകളിലും അനേകായിരം കണ്ഠങ്ങളിൽനിന്ന് ഉയരുന്ന ദൈവസ്തോത്ര കീർത്തനങ്ങളായി തീർന്നിരിക്കുകയാണിന്ന്. മലങ്കരസഭയും ആരാധനയും ഉള്ളിടത്തോളം കാലം ബഹു. അച്ചൻ ഓരോ നാവുകളിലും ജീവിക്കും. ഗഹനതയും അതേസമയം തന്നെ ലാളിത്യവും കാവ്യപ്രതിഭയായി ചിന്തിക്കാറുണ്ട്. അത്തരത്തിൽപ്പെട്ട അതുല്യകാവ്യ പ്രതിഭാസിദ്ധനാണ് ബഹു. അച്ചൻ.

## സുറിയാനി ഭാഷാ പണ്ഡിതൻ

സുറിയാനി ഭാഷയുടെ എല്ലാ ശാഖകളിലും ഒരുപോലെ വ്യുൽപ്പത്തി നേടിയിട്ടുള്ള വ്യക്തിയാണ് ബഹു. അച്ചൻ. ഭാഷാപാണ്ഡിത്യത്തിന്റെ മഹാത്മ്യം മനസ്സിലാക്കിയിട്ടുള്ള മറ്റ് സഭാവിഭാഗങ്ങൾപോലും ബഹു. അച്ചന്റെ ഭാഷാ സേവനങ്ങളെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പൗരസ്ത്യ സുറിയാനി ഉപയോഗിക്കുന്ന കൽദായ സഭയുടെ ആരാധനാ ഗ്രന്ഥങ്ങളുടെ പരിഭാഷയ്ക്ക് ബഹു. അച്ചന്റെ സഹായം അവർ തേടിയിട്ടുള്ളത് ആ സഭയിലെ നേതൃസ്ഥാനികൾ നന്ദിപൂർവ്വം ഈ ലേഖകനോടും പറഞ്ഞിട്ടുള്ളതോർക്കുന്നു. സുറിയാനിക്കാരനും കൂടിയായ അമേരിക്കയിലെ ആർച്ച്ബിഷപ്പ് മോർ അത്തനാസിയോസ് തിരുമേനി ആരാധനാക്രമങ്ങൾ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ബഹു. അച്ചന്റെ സേവനങ്ങളെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ യൂണിവേഴ്സിറ്റികൾ ബഹു. അച്ചന്റെ ഭാഷാപാണ്ഡിത്യത്തെ ആദരിച്ച് Board of Studies ലെ അംഗമായി നിരന്തരമായി അദ്ദേഹത്തെ നിയോഗിച്ചുകൊണ്ടിരുന്നു. സുറിയാനി ഭാഷാപോഷണത്തിനായി കഠിനാദ്ധ്വാനം ചെയ്ത് അനേകം ഗ്രന്ഥങ്ങൾ ആ ഭാഷയിലും അദ്ദേഹം എഴുതിയിട്ടുണ്ട്.

## വിനയാന്വിതനായ പണ്ഡിതൻ

പാണ്ഡിത്യവും വിനയവും ഒന്നിച്ചിരിക്കുകയില്ലെന്ന് ഭാവിക്കുന്ന പലരുണ്ടെങ്കിൽ അതൊന്നിച്ച് സമൃദ്ധമായി മേളിച്ചിരിക്കുന്ന മൂർത്തീഭാവമാണ് കണിയാമ്പറമ്പിലച്ചൻ എന്നു പറയുന്നതിന് എനിക്കൽപ്പവും സങ്കോചമില്ല. കൊച്ചു ശെമ്മാശന്മാരോടും എന്നെപ്പോലെ മക്കളുടെ പ്രായം പോലുമില്ലാത്ത കൊച്ചുങ്ങളോടും ഇടപെടുമ്പോൾ തുല്യ ഭാവനയിലും സമശീർഷതയിലും സമീപിക്കുന്ന ആ വിനയാന്വിതനെ വർണ്ണിക്കുവാൻ എനിക്ക് വാക്കുകളുടെ സഹായം കിട്ടുന്നില്ലെന്നു തോന്നുന്നു. പാണ്ഡിത്യഗർവ് അശേഷവുമില്ലാത്ത മഹാപണ്ഡിതനാണദ്ദേഹം. സർവ്വരാലും സമാദരണീയനായി അദ്ദേഹം തുടരുന്നതിന്റെ രഹസ്യവും ഇതല്ലാതെ മറ്റൊന്നല്ല. കേവലം 14 വയസ്സുമാത്രം പ്രായമുള്ളപ്പോൾ ആരംഭിച്ച കാവ്യതപസ്യ ഇന്നും തുടരുമ്പോഴും പ്രായേണ വളരെ ചെറുപ്പത്തിൽത്തന്നെ കോർഎപ്പിസ്കോപ്പാ സ്ഥാനം ലഭിച്ച 'സീനിയർ വൈദികനായി'രിക്കുമ്പോഴും സാധാരണക്കാരിൽ സാധരണക്കാരനായ ഒരു വൈദികനായിട്ടാണദ്ദേഹത്തിന്റെ ജീവിതം. ആംഗലേയ നിരൂപകന്മാർ 'Style is the man' എന്ന തത്ത്വം വ്യാഖ്യാനിക്കുമ്പോലെ അദ്ദേഹത്തിന്റെ ലാളിത്യവും വിനയവും വ്യക്തിയിലും രചനയിലും ഒന്നുപോലെ വ്യക്തമായി കാണുവാൻ കഴിയും.

'കർത്താവേ, പ്രഭയുടെ ഉദയത്തിൽ അന്ധകാരം മായുന്നു............' എന്നു തുടങ്ങുന്ന ബഹു. അച്ചന്റെ പരിഭാഷയും വേറെ ഏതെങ്കിലും പരിഭാഷയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ (ഋജുഗതികൾക്കിരുളിൽ പ്രഭയുളവായി) അതിന്റെ സരളതയും അർത്ഥ സമൃദ്ധിയും വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. ഇതൊരു ദൃഷ്ടാന്തം മാത്രം.

## അചഞ്ചലനായ അന്ത്യോഖ്യാ സിംഹാസനഭക്തൻ

മലങ്കരസഭയുടെ വ്യക്തിത്വവും ശ്രേഷ്ഠതയും പാരമ്പര്യവും അതിശ്രേഷ്ഠമായ അന്ത്യോഖ്യൻ പാരമ്പര്യങ്ങളുടെ ഭാഗവും; മലങ്കരസഭ അന്ത്യോഖ്യാസിംഹാസനത്തിന്റെ അവിഭാജ്യ ഘടകവുമാണെന്ന അടിയുറച്ച നിലപാടിൽനിന്നും വ്യതിചലിക്കുന്ന യാതൊരു നീക്കങ്ങളോടും ബഹു. അച്ചൻ അനുകൂലിയായി നിന്നിട്ടില്ല. ബഹു.അച്ചൻ പ്രാണനു തുല്യം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത തന്റെ ഗുരുഭൂതൻ സിംഹാസനബന്ധത്തിൽനിന്ന് അകന്നപ്പോഴും എല്ലാവിധമായ ഗുരുഭക്തിയോടുംകൂടിത്തന്നെ ഗുരുഭൂതന്റെ നീക്കങ്ങളെ നിശിതമായി വിമർശിച്ചിട്ടുണ്ട്. മാന്യമായ പ്രതിഫലവും സ്ഥാനമാനങ്ങളും വച്ചുനീട്ടപ്പെട്ടപ്പോഴും പിതാക്കന്മാരുടെ പാരമ്പര്യങ്ങളിൽനിന്ന് അണുവിട വ്യതിചലിക്കുവാൻ

തയ്യാറാകാഞ്ഞ അടിയുറച്ച സിംഹാസനഭക്തനാണ് ബഹു. അച്ചൻ. പിതാക്കന്മാർ കാണിച്ചുതന്ന മാർഗ്ഗങ്ങളും തീരുമാനങ്ങളും വിസ്മരിച്ച് സ്ഥാനമാനങ്ങളുടെയും പദവികളുടെയും തിളങ്ങുന്ന മോഹനീയതയിൽ കുടുങ്ങിപ്പോയ മറ്റ് പലരെയും നമ്മുടെ ചുറ്റും കാണുവാൻ കഴിയും. ഇന്നത്തെ മലങ്കരസഭയുടെ വിശ്വാസപരമായും ആചാരപരമായും ഉള്ള എല്ലാ മഹനീയതകളുടെയും അടിസ്ഥാനം പ. അന്ത്യോഖ്യാ സിംഹാസനവും അവിടെനിന്നും എത്തിയ പിതാക്കന്മാരുമാണെന്ന സത്യം പലപ്പോഴും ബഹു. അച്ചൻ ആവർത്തിച്ചുണർത്തിക്കാറുണ്ട്.

## പതറാത്ത ദൈവഭക്തൻ

`എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും പ്രാപ്തനാ`ണെന്ന ദൈവവചനം ജീവിതപ്രമാണമായി സ്വീകരിച്ച അടിയുറച്ച ദൈവഭക്തനാണദ്ദേഹം. ഹൈക്കോടതിയിൽ സഭയ്ക്കനുകൂലമായ വിധി ഉണ്ടായ കേസിന്റെ സ്പെഷ്യൽ കോടതി നടപടി ആരംഭിച്ച ദിവസം ബഹു. ഇടത്തറ അച്ചനോടൊപ്പം ഈ ലേഖകനും തിരുവല്ലായിൽ ബഹു. കണിയാമ്പറമ്പിലച്ചനൊന്നിച്ചുണ്ടായിരുന്നു. കൃത്യം 11 മണിക്ക് ഞങ്ങൾ ദൈവാലയത്തിൽ പോയി പ്രാർത്ഥിച്ചതും ഇപ്പോഴും ഓർക്കുന്നു. ദൈവം ഒഴികെ മറ്റു യാതൊരു സഹായവും അനുകൂലമില്ലാതിരുന്ന അക്കാലം കൂടി സ്മരിക്കുക. അതുപോലെതന്നെ സർവ്വരാലും പ്രകീർത്തിക്കപ്പെട്ട ബഹു. അച്ചന്റെ *സാക്ഷിമൊഴികൾ* ദൈവാശ്രയത്തിന്റെ പ്രതികരണമായി ബഹു. അച്ചൻ എപ്പോഴും പറയുമായിരുന്നു. പ്രാർത്ഥനയുടെയും പരിശുദ്ധാത്മ പ്രചോദനത്തിന്റെയും പ്രതിഫലനമായിരുന്നു ആ പണ്ഡിതോചിതമായ മൊഴികൾ എന്നു നിസംശയം പറയാൻ കഴിയും. വി.മൂറോൻ അഭിഷേകം മൂലം ദൈവാലയം സഭയുടേതാകും. എന്ന് ചിലർ മൊഴിഞ്ഞപ്പോൾ വി. മൂറോനഭിഷേകം ദൈവാലയത്തെ പരിശുദ്ധാത്മാവാസമുള്ളതാക്കിത്തീർക്കും എന്നായിരുന്നു അച്ചന്റെ സാക്ഷ്യം. ഇത് കേവലമായ വീക്ഷണവ്യത്യാസമായിട്ടല്ല കാണുവാൻ കഴിയുന്നത്. അടിസ്ഥാനപരമായ ദൈവാശ്രയത്തിന്റെ പ്രത്യക്ഷീകരണമായിട്ടാണ് മറുപക്ഷക്കാർ പോലും ബഹു. അച്ചന്റെ സാക്ഷ്യത്തെ പ്രകീർത്തിച്ചിട്ടുള്ളതെന്നും സ്മരണീയമാണ്. ഇത്രയും കേസുകാര്യം പറഞ്ഞത് ഈ നേട്ടങ്ങൾക്കെല്ലാം ബഹു.അച്ചൻ ദൈവകാരുണ്യത്തിന് മാത്രമാണ് നന്ദിപറയുന്നത് എന്ന് സൂചിപ്പിക്കുവാനാണ്. പ്രാർത്ഥനയും ദൈവാശ്രയവും മാതാവിന്റെ മദ്ധ്യസ്ഥതയും എല്ലാറ്റിനും പരിഹാരവും മാർഗ്ഗവുമായി കാണുന്ന സ്വഭാവമാണച്ചന്റെത്.

## വിശുദ്ധഗ്രന്ഥ സപര്യകൾ

വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പായുടെ ഗ്രന്ഥ രചനകളിൽ അതിമഹത്തായി എടുത്തുപറയേണ്ട പ്രയത്നമാണ് അദ്ദേഹം നിർവഹിച്ച *വിശുദ്ധ ഗ്രന്ഥ* പരിഭാഷ. 80 വയസ്സ് പ്രായത്തിൽ ഏറ്റെടുത്ത ഈ ദൗത്യം മലയാള ബൈബിൾ സാഹിത്യത്തിനുള്ള അതിശ്രേഷ്ഠ സംഭാവനയാണ്. സുറിയാനിക്കാരായ മലയാളികൾക്ക് വന്ദ്യ അച്ചനിലൂടെയല്ലാതെ ലഭ്യമാകില്ലാത്ത വലിയ ഒരു നേട്ടവുമാണ് ഇത്. കായംകുളം പീലിപ്പോസ് റമ്പാനും കോനാട്ട് മാത്തൻ മൽപാനും തുറന്ന വഴികളിലൂടെ പൂർണ്ണതയിലേക്കുള്ള സഫലീകരണമാണ് കണിയാമ്പറമ്പിലച്ചനിലൂടെ ദൈവം വിശുദ്ധ സഭയ്ക്ക് നൽകിയത്. ഇതിന് പ്രേരകമായത് ഷെവ. കെ.റ്റി. അലക്സാണ്ടർ കണിയാന്തറ, ഷെവ. കെ.ജെ.ഏബ്രഹാം കോടിയാട്ട്, പരേതനായ കാവുംഭാഗം പറമ്പിൽ മത്തായിസാർ എന്നിവരൊപ്പം ഈ ലേഖകനും ആയിരുന്നുവെന്നത് സഭാജീവിതത്തിലെ ഒരു ഭാഗ്യനിമിഷമാണ്. കുന്നന്താനം സെയ്ന്റ് പീറ്റേഴ്സ് പള്ളിയിൽ നടന്ന ഒരു പഠനക്യാമ്പിൽ ക്ലാസ്സെടുക്കുമ്പോൾ *സത്യവേദപുസ്തകത്തിലെ ഭാഷാന്തരപിശകുകൾ* എന്ന വന്ദ്യ ആർച്ച്കോറിയച്ചന്റെ കൃതി ആസ്പദമാക്കി ഞാൻ സുറിയാനി ഭാഷയിലെ മൂലാർത്ഥം വിശദമാക്കി ക്ലാസ്സ് കഴിഞ്ഞ് പുറത്തുവന്നപ്പോൾ മുൻപറഞ്ഞവരിൽ ഷെവ. അലക്സാണ്ടറും മത്തായിസാറും കൂടി എന്നോട് "അച്ചാ, ഈ പിശകുകളും കുറവുകളും ഞങ്ങളോട് പറയാതെ സുറിയാനിയിൽനിന്നുള്ള കൃത്യമായ ഒരു പരിഭാഷയ്ക്ക് സഭവഴിയായി ശ്രമിച്ചുകൂടേ?" എന്ന് ചോദിച്ചു. എന്റെ മറുപടി അതിന് സാധിക്കുന്ന ഒരാളേ ഈ തലമുറയിലുള്ളുവെന്നും അച്ചനത് ചെയ്താൽ നമുക്ക് എങ്ങനെയും പ്രസിദ്ധീകരിക്കാം എന്നുമായിരുന്നു. അപ്പോൾതന്നെ അച്ചന്റെ അടുത്തേക്ക് ഞങ്ങൾ പോയി. ഷെവ. ഏബ്രഹാം കോടിയാട്ടും ഒത്തുകൂടി ഈ വലിയ തിരുമാനം എടുക്കുകയായിരുന്നു. അന്ന് ഷെവ. അലക്സാണ്ടർ കണിയന്തറ നൽകിയ സാമ്പത്തിക-ധാർമ്മിക പിന്തുണ അവിസ്മരണീയമാണ്. അതിനുവേണ്ടിയുള്ള യാത്രകളും അനുബന്ധ ചെലവുകളും ഒക്കെ അദ്ദേഹമാണ് വഹിച്ചത്. അന്ന് പ്രസിദ്ധീകരണ ചുമതല എന്നെ ഏൽപ്പിച്ചത് ഇന്നും തുടരുന്നു. സിറിയൻ ഓർത്തഡോക്സ് ബൈബിൾ സൊസൈറ്റി തന്നെ ബീജാവാപം ചെയ്തതും അവിടെയാണ്. അതിലെ അംഗങ്ങൾ എല്ലാം *വിശുദ്ധഗ്രന്ഥ*ത്തിനുവേണ്ടി നടത്തിയ ചെലവുകൾ ഒക്കെ അവരവരുടെ സഭാകാണിക്കയായി സമർപ്പിക്കുകയായിരുന്നു. അന്ന് അഞ്ച് ലക്ഷം രൂപ ചെലവ് വന്നത് വ്യക്തികളും പള്ളികളും പിതാക്കന്മാരും തന്നതുകൊണ്ട് പ്രസിദ്ധീകരണവും സാധിതമായി. കോതമംഗലം ചെറിയപള്ളിയിൽ നടന്ന പ്രകാശനം വലിയൊരു സാക്ഷാ

ത്കാരമായിരുന്നു. ഇപ്പോൾ ശ്രേഷ്ഠ കാതോലിക്കാബാവാ മുൻകൈ എടുത്ത് സഭാ കേന്ദ്രത്തിൽനിന്നും *വിശുദ്ധഗ്രന്ഥം* പ്രസിദ്ധീകരിച്ചുവരുന്നത് കൂടാതെ ഒരു പഠന പതിപ്പും തയ്യാറായി വരുന്നു. എല്ലാം ഈ അത്ഭുതപ്രതിഭാസമായ കണിയാമ്പറമ്പിലച്ചന്റെ കഠിനാദ്ധ്വാനത്തിന്റെ അനന്തരഫലങ്ങളാണ്.

വിശുദ്ധ ഗ്രന്ഥംപോലെതന്നെ വന്ദ്യ അച്ചന്റെ *സുറിയാനി സഭാചരിത്രവും* സഭാംഗങ്ങൾക്ക് നൽകിയ ഉത്തേജനം സ്മരണീയമാണ്. ഇ.എം. ഫിലിപ്പ് കഴിഞ്ഞ് ഈ രംഗത്ത് സമഗ്ര സംഭാവന നൽകിയ വ്യക്തി വന്ദ്യ അച്ചനാണ്. *സുറിയാനിസഭ: വിശ്വാസവും ചരിത്രവും* ബൃഹത്തായ ഒറ്റ കൃതിയായി മലയാളത്തിലും പിന്നെ ഇംഗ്ലീഷിലും ബഹു.അച്ചൻ തയ്യാറാക്കിയതാണ് ഇന്നത്തെ സഭയുടെ രേഖാപരമായ അടിത്തറ. 20-ാം നൂറ്റാണ്ടിലെ ചരിത്രരേഖകൾക്കായി എന്റെ കൈവശം ഉണ്ടായിരുന്ന രേഖകളെല്ലാം വന്ദ്യ അച്ചന്റെ സന്നിധിയിൽ എത്തിച്ചുകൊടുത്തതും അവയെല്ലാം സമൃദ്ധിയായി ഗ്രന്ഥരചനയിൽ ഉപയോഗിച്ചതും എന്റെ ഭാഗ്യമാണ്. *വിശുദ്ധ ഗ്രന്ഥ*ത്തിനും *സഭാ ചരിത്ര*ത്തിനും കൂടെനിന്ന് പ്രോത്സാഹിപ്പിച്ച് അനുഗ്രഹിച്ചിരുന്നത് പുണ്യശ്ലോകനായ കുര്യാക്കോസ് മോർ കൂറിലോസ് തിരുമേനിയാണ്. സഭാചരിത്രപ്രസിദ്ധീകരണത്തിനും സാമ്പത്തികഭാരം ഏറ്റെടുത്തത് ഷെവ.കെ.റ്റി.അലക്സാണ്ടർ കണിയാന്തറയായിരുന്നു. ഇപ്പോൾ സെമിനാരിയിൽനിന്നും ഈ കൃതി പ്രസിദ്ധീകരിച്ചുവരുന്നു. *പുതിയനിയമവ്യാഖ്യാനം* എന്ന കൃതിയും വന്ദ്യ അച്ചന്റെ 80കളിലെ സംഭാവനയാണ്. വന്ദ്യ അച്ചന്റെ മഹത്തായ സംഭാവനകൾ എല്ലാം വാർദ്ധക്യത്തിലും 'തളിരിട്ട് തളിർത്ത' ദൈവകൃപയാണ്.

## വൻകാര്യങ്ങളിലെ സഹകാരികൾ

വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പാ അച്ചന്റെ പ്രവർത്തനങ്ങൾക്ക് കൂടെനിന്ന് സഹകരിച്ചവരുടെ എണ്ണം വളരെയേറെയാണ്. കുടുംബാംഗങ്ങൾ കഴിഞ്ഞാൽ സഭാപിതാക്കന്മാർ, തിരുവല്ല കോടിയാട്ട് കുടുംബത്തിലെ കുട്ടിച്ചായൻ, ഉണ്ണിച്ചായൻ, രാജൻ തുടങ്ങിയ മൂന്ന് തലമുറകൾ അവിസ്മരണീയരാണ്. വൈദിക സുഹൃത്തുക്കൾ എണ്ണമറ്റവരാണെങ്കിലും എന്റെ സ്മൃതിപഥത്തിൽ വരുന്ന മാന്നാംകുഴി കോർഎപ്പിസ്കോപ്പ, പാറയിൽ ജേക്കബ് അച്ചൻ, ആഞ്ഞിലിത്താനം വടക്കേപ്പറമ്പിൽ കോർഎപ്പിസ്കോപ്പ, പുളിക്കാവിൽ മാത്യൂസ് കോർഎപ്പിസ്കോപ്പ, ജോസ് പയറ്റേൽ കശീശ, (പിന്നെ ഞാനും) അവസാന ഘട്ടങ്ങളിലെ വൈദികസഹായി കല്ലൂപ്പാറ ഫിലിപ്പ് പാലത്തിങ്കൽ കശീശ, മാത്തുക്കുട്ടി ശെമ്മാശൻ എന്നിവരൊക്കെ ആ നിരയിൽ ഉൾപ്പെടുന്നുണ്ട്. ഈ മഹത് വ്യക്തിത്വത്തിൽ ആകൃഷ്ട

രായി സഹകാരികളാകുവാൻ നിശബ്ദം കൂടെനിന്ന ചിലരെയും ഇവിടെ എന്റെ സ്മൃതിപഥത്തിൽ വരുന്നുണ്ട്. വന്ദ്യ അച്ചൻ എഴുതിയ *പുതിയ നിയമ വ്യാഖ്യാനം* പ്രഥമ പതിപ്പ് വിറ്റു തീർന്നപ്പോൾ അത് വിലകുറച്ച് ഒരു പതിപ്പ് ഇറക്കുവാൻ സഹായിച്ചത് അമേരിക്കയിൽ ഹ്യൂസ്റ്റണിലുള്ള ജേക്കബ്-ഡോ.സൂസൻ ദമ്പതികളാണ്. ഇതുവരെയും ഇവരുടെ പേര് പുറത്ത് പറഞ്ഞിരുന്നില്ല. ഇപ്പോഴും അവരുടെ അനുവാദമില്ലാതെയാണ് ഞാൻ ഈ കുറിപ്പിൽ ചേർക്കുന്നത്. ഈ കൃതിതന്നെ വീണ്ടും വിലകുറച്ച് വിൽക്കുവാൻ ഒരു പതിപ്പ് പ്രസിദ്ധീകരിക്കാൻ മുന്നോട്ട് വന്നത് വാകത്താനം കോതകേരിൽ പി.ജെ.നൈനാൻ എന്ന പ്രിയപ്പെട്ട കുഞ്ഞച്ചൻ ആണ്. ഇവർ ഇരുവരും ഇതിന് വിലയായി വച്ച തുച്ഛ തുക തന്നെ വീണ്ടും സഭാമഹത്വത്തിനായി സമർപ്പിച്ചു. സ്മരണീയനായ മറ്റൊരാൾ റോയി ഇന്റർ നാഷണൽ ഫൗണ്ടേഷൻ ചെയർമാൻ കൂടിയായ ഡോ. ചെറിയാൻ ഈപ്പനാണ്. വന്ദ്യ അച്ചനെ വളരെ ആദരിക്കുന്ന അദ്ദേഹം *രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?'* എന്ന കൃതി 2000 കോപ്പി സ്വന്തം ചെലവിൽ അച്ചടിച്ച് വിതരണത്തിന് നൽകി. വിശുദ്ധഗ്രന്ഥത്തിന്റെ പ്രഥമ പതിപ്പിനായി 600 രൂപാ മുതൽ 60,000 രൂപാ വരെ നൽകിയവരെ മനസ്സിൽ ആദരപൂർവ്വം അനുസ്മരിക്കുന്നു. ചെറുതും വലുതുമായി ഇങ്ങനെ സഹകരിച്ചവരെല്ലാം വന്ദ്യ അച്ചന്റെ സഭാ സംഭാവനകളെ ആദരിച്ചവരും പിന്തുണച്ചവരുമാണ്. സാമ്പത്തികമായി പിൻബലം നൽകിയവരെ കൂടാതെ അടുത്തു നിന്ന് ശുശ്രൂഷിച്ച- പ്രിയപ്പെട്ട കുഞ്ഞച്ചനെപ്പോലെ ഇന്നും കൂടെയുള്ളവർ -പ്രിയപ്പെട്ടവർ, സഭാശുശ്രൂഷയിൽ സഹകരിച്ചവർ, ഇടവക ദൗത്യത്തിൽ പങ്കാളികളായവർ, സണ്ടേസ്കൂൾ പ്രസ്ഥാനത്തിൽ സഹകാരികളായവർ, ആദരിച്ചും, ബഹുമാനിച്ചും ബഹു.അച്ചന്റെ സേവനങ്ങളെ സഭാംഗങ്ങളിൽ എത്തിച്ചവർ, സർവ്വോപരി, പ്രാർത്ഥനയിലൂടെ വന്ദ്യ അച്ചനെ ശക്തീകരിച്ചവർ എന്നിങ്ങനെ അറിഞ്ഞും അറിയാതെയും പ്രവർത്തിച്ച എല്ലാ സഹകാരികളെയും -അവരിൽ ഒരാളായി നിന്നും കൊണ്ട്- അനുസ്മരിച്ച് നന്ദി പറയുന്നു.

## വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പായും സൺഡേസ്കൂൾ പ്രസ്ഥാനവും

വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പായുടെ ജീവിതത്തിലെ സുപ്രധാന കാലഘട്ടം സമ്പൂർണ്ണമായി സമർപ്പിച്ചിരുന്നത് സഭയിലെ സൺഡേസ്കൂളിനുവേണ്ടിയായിരുന്നു. യാക്കോബായ സുറിയാനിസഭയിൽ സൺഡേസ്കൂൾ ആരംഭിച്ചത് പരിശുദ്ധനായ ആലുവായിലെ പൗലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനിയാണ്. കണിയാമ്പറമ്പിലച്ചൻ ഈ

പ്രസ്ഥാനത്തിന്റെ താക്കോൽ സ്ഥാനിയായി എന്നും പ്രവർത്തിച്ചു. എം.എസ്.എസ്.എ. മുതൽ സഭ യോജിപ്പിന്റെ കാലഘട്ടത്തിലെ ഒ.എസ്. എസ്.എ.ഇ. വരെയുള്ള സംഘടനയുടെ സാരഥി ആയിരുന്നു വന്ദ്യ ആർച്ച്കോരർഎപ്പിസ്കോപ്പാ. സൺഡേസ്കൂൾ പാഠ്യപദ്ധതി അനുസരിച്ച് പുസ്തകങ്ങൾ തയ്യാറാക്കുന്നതു മുതൽ സംഘാടകപ്രവർത്തനങ്ങൾ വരെ മിക്കവാറും ഒറ്റയാൾ പരിശ്രമം ആയിരുന്നു. സർക്കുലറുകൾ അയയ്ക്കുന്നതിനു അഡ്രസ് എഴുതി സ്റ്റാമ്പ് ഒട്ടിച്ച് തപാൽപെട്ടിയിൽ നിക്ഷേപിക്കുന്നതുവരെയുള്ള എല്ലാ പണികളും പലപ്പോഴും ഒറ്റയ്ക്കു ചെയ്യേണ്ടി വന്നിട്ടുള്ളത് എന്നോടു പറഞ്ഞിട്ടുണ്ട്. തിരുവല്ലയിൽ താമസിച്ചു കൊണ്ട് സാമാന്യം വലിയ ഒരു ഇടവക ശുശ്രൂഷകൾ നടത്തികൊണ്ടാണ് മലങ്കരസഭ നിറഞ്ഞുനിന്ന സൺഡേസ്കൂൾ പ്രവർത്തനങ്ങൾ എന്നത് ഇപ്പോഴത്തെ തലമുറ പരിചയിച്ചിട്ടുള്ള യാത്രാ സൗകര്യങ്ങളുടെയും സാമ്പത്തിക പരിമിതികളുടെയും പശ്ചാത്തലത്തിൽ സങ്കല്പങ്ങൾക്കപ്പുറമാണ്. യോജിപ്പിന്റെ കാലത്തെ സേവനങ്ങളെ അനുസ്മരിച്ച് ഒ.എസ്.എസ്.എ.ഇ.യുടെ ഇപ്പോഴത്തെ പ്രതിനിധികൾ വന്ദ്യ അച്ചനെ ജൂബിലി സന്ദർഭങ്ങളിൽ സന്ദർശിച്ച് ആദരവു പ്രകടിപ്പിച്ചിരുന്നു. സഭയുടെ അടിസ്ഥാന വിശ്വാസം തലമുറകളിൽ ഹൃദയപ്രതിഷ്ഠ നടത്തുന്ന പ്രസ്ഥാനമാണ് സൺഡേസ്കൂൾ പാഠ്യപദ്ധതി അവതരിപ്പിച്ച ഈ സേവനത്തിലൂടെ ജനലക്ഷങ്ങളുടെ വിശ്വാസരൂപീകരണത്തിൽ വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പായുടെ സേവനങ്ങൾ അമൂല്യങ്ങളാണ്. സൺഡേസ്കൂളിനുവേണ്ടി മലങ്കര സുറിയാനി സഭയുടെ ഒരു ചരിത്ര സംഗ്രഹം എം.എസ്.എസ്.എ. പ്രസിദ്ധീകരിച്ചിട്ടുള്ളത് വളരെ വിജ്ഞാനപ്രദമാണ്. യോജിപ്പിന്റെ ഘട്ടത്തിൽ ഈ ചരിത്രസംഗ്രഹം പരിഷ്കരിച്ചെങ്കിലും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനാവാതെ മാറ്റിവച്ചതും ചരിത്രമാണ്.

**ഉപസംഹാരം**

വന്ദ്യ ആർച്ച് കോർഎപ്പിസ്കോപ്പായുടെ നൂറാം ജന്മദിന സ്മരണിക പ്രസിദ്ധീകരിക്കുവാൻ ശ്രേഷ്ഠ കാതോലിക്ക ബാവ എന്നെയും ഷെവ. ബിബി ഏബ്രഹാം കടവുംഭാഗത്തെയും ചുമതലപ്പെടുത്തിയപ്പോൾ സഭാനേതൃത്വവും സജീവമായി രംഗത്തുള്ളവർ എല്ലാവരും ആത്മാർത്ഥമായും സഹകരിച്ചു. ഒരു കാലഘട്ടത്തിന്റെ സ്മരണ കുറിച്ചിടുവാൻ ഈ കൃതി പ്രയോജനപ്പെട്ടു എന്നാണ് എന്റെ വിശ്വാസം. അത് പൂർണ്ണമല്ല എന്ന് ഞങ്ങൾക്കറിയാം. വന്ദ്യ അച്ചന്റെ അപ്രകാശിത കൃതികൾ ഉണ്ട്. കോപ്പികൾ ലഭ്യമല്ലാത്തവയുണ്ട്. മാസികകളിലും സുവനീറുകളിലുമായി

ചിതറിക്കിടക്കുന്ന ലേഖനങ്ങൾ ഉണ്ട്. സമുദായകേസിലെ മൊഴികൾ ഇപ്പോൾ വന്ദ്യ അച്ചന്റെ സ്മരണയ്ക്കായി മോർ ആദായി സ്റ്റഡി സെന്റർ സമർപ്പിക്കുന്നു. മറ്റുള്ളവ സമാഹരിച്ച് പ്രസി ദ്ധീകരിച്ചാൽ മാത്രമെ ഈ അമാനുഷ സംഭാവന നൽകിയ മഹാനായ മലങ്കര മൽപാനോട് സഭയ്ക്ക് 'നീതി' കാണിക്കുവാൻ കഴിയൂ എന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷേ. ആര്? എങ്ങനെ?

സാമാന്യത്തിലധികം ദീർഘിച്ചുപോയ ഈ കുറിപ്പ് ഇനിയും നീട്ടുന്നില്ല. ബഹു. അച്ചന്റെ സേവനങ്ങൾ പ്രകീർത്തിക്കുവാനും ഉൾക്കൊള്ളുവാനും വാക്കുകൾക്കും പേജുകൾക്കും കഴിയുമെന്നെനിക്ക് വിശ്വാസമില്ല. നൂറ്റാണ്ടുകൾ കടന്നുപോകുമ്പോൾ കോടിക്കണക്കിന് ജനം ജീവിച്ച് കടന്നു പോകുന്നു. എന്നാൽ അവരിൽ ഏതാനും ചിലർ മാത്രം ലോകത്തിന്റെ ചിന്തയിലും സ്മരണയിലും തങ്ങിനിൽക്കുന്നു. ആ ചുരുക്കം ചിലരിലൊരാളാണ് 'കണിയാമ്പറമ്പിലച്ചൻ' എന്നതിൽ സംശയമില്ല. ബഹു. അച്ചന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ സമർപ്പിക്കുന്നു.

ഈ കൃതി സഭാമഹത്വത്തിനായി വന്ദ്യ അച്ചന്റെ ദേഹവിയോഗ സ്മരണ (20 ഒക്ടോബർ 2015)യ്ക്കു മുന്നിൽ ആദരപൂർവ്വം സമർപ്പിക്കുന്നു.

**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**
**ഡയറക്ടർ, മോർ ആദായി സ്റ്റഡി സെന്റർ**

## 1978-ാമാണ്ട് മാർച്ച് മാസം 6 നു മൂന്നാം അഡീഷണൽ ജില്ലാ (എറണാകുളം) കോർട്ടിൽ 1977-ാമാണ്ട് OS 81-ാം നമ്പറിൽ പ്രതിഭാഗം 2-ാം സാക്ഷി സത്യം ചെയ്ത് ബോധിപ്പിച്ച മൊഴി

| | | |
|---|---|---|
| പേര് | : | കുര്യൻ കോർഎപ്പിസ്കോപ്പ |
| അച്ഛന്റെയൊ കാരണവന്റെയൊ പേര് | : | പൗലൂസ് |
| വയസ്സ് | : | 65 |
| ജാതി | : | യാക്കോബായ സുറിയാനി |
| മതം | : | ക്രിസ്ത്യാനി |
| തൊഴിൽ | : | വൈദികവൃത്തി |
| വഴി | : | മക്കൾ |
| വാസസ്ഥലം | : | തിരുവല്ല |
| സത്യം ചെയ്യിക്കുന്ന ഗുമസ്തന്റെ പേര് | : | ജെ. കെ. ദക്ഷായ |

ഞാൻ പരിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസ് ബാവ പ്രധാന അദ്ധ്യക്ഷനായുള്ള സിറിയൻ ഓർത്തഡോക്സ് സഭയിലെ പട്ടക്കാരനാണ്. ശെമ്മാശനായി എനിക്കു പട്ടം തന്നത് അന്ത്യോക്യാ സിംഹാസന പ്രതിനിധി, മോർ ഒസ്താത്ത്യോസ് ബാവ ആണ്. പൗലോസ്, മോർ അത്തനാസ്യോസ് മെത്രാപ്പൊലീത്താ കശീശാ പട്ടവും തന്നു. അന്ത്യോക്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ബാവ കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. കേരള യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ സിറിയക് മെമ്പറാണ് ഞാൻ. 27-28 വർഷങ്ങളായി അങ്ങനെ ബോർഡ് ഓഫ് സ്റ്റഡീസിൽ മെമ്പറാണ്. സഭയിലെ സൺഡേസ്കൂൾ പ്രവർത്തനത്തിന്റെ ഡയറക്ടറായും ഡയറക്ടർ ജനറലായും മുപ്പതുവർഷത്തോളം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സിറിയൻ ഓർത്തഡോക്സ് സഭയ്ക്ക് 'യാക്കോബായ സഭ' എന്നും പറയും.

സുറിയാനി സഭ, മലങ്കരസഭ എന്നെല്ലാം കൂടി പറയാറുണ്ട്. സിറിയൻ ഓർത്തഡോക്സ് സഭ എന്നതിന് സുറിയാനിയിൽ 'ഈത്തോ സുറിയൊയ്‌ത്തോ ഓർത്തോ ദുക്സൊ' എന്നാണ് ശരിയായ പരിഭാഷ. സുറിയാനി ഓർത്തഡോക്സ് സഭയിൽ മലങ്കരയുള്ള സഭയ്ക്ക് മലങ്കരസഭ എന്നും പറയും. മലങ്കരയുള്ള സുറിയാനി സഭയും സിറിയായിലുള്ള സുറിയാനിസഭയും രണ്ടാണെന്നു പറയുന്നതു ശരിയാണോ? ശരിയല്ല. മലങ്കരയിലെ സുറിയാനി സഭ ആകമാന സുറിയാനിസഭയുടെ ഒരു മഹാഇടവകയാണ്. മലങ്കരയിലുള്ള സുറിയാനി സഭയ്ക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ എന്നും പേരു പറയുമോ?Q ആ പേര് ഒരു വിഭാഗം ഉപയോഗിക്കുമായിരുന്നു. രണ്ടും ഏകസഭ എന്നുള്ള അർത്ഥത്തിൽ ആ ഉപയോഗം ധരിച്ചുകൊണ്ട് എന്നെപ്പോലെയുള്ള സാധാരണക്കാർ ആ പേരിനെക്കുറിച്ച് കുറ്റം കണ്ടിരുന്നില്ല. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്ന് വിഭിന്നമായ ഒരു സഭയായി ഉദ്ദേശിച്ചുകൊണ്ടാണ് അങ്ങനെ പറയുന്നതെന്ന് ചില പ്രസ്താവനകൾ മൂലവും മറ്റും മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ ആ പേര് മലങ്കരയിലെ സഭയ്ക്ക് ഉപയോഗിക്കാവുന്നതല്ല. സുറിയാനിസഭ അതായത് സിറിയൻ ഓർത്തഡോക്സ് സഭ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഉണ്ട്. അങ്ങനെ വിവിധ ഭാഗങ്ങളിലുള്ള സഭകളെല്ലാം കൂടി ആകമാന സുറിയാനിസഭ എന്നു പറയുമോ?Q പറയും. ഇംഗ്ലീഷിൽ അതിനെ Universal Syrian Orthodox Church എന്നു പറയും. പ്രധാനമായി ഇൻഡ്യയിൽ, മിഡിൽ ഈസ്റ്റിൽ, അമേരിക്കയിൽ പിന്നെ പല സ്ഥലങ്ങളിലും സിറിയൻ ഓർത്തഡോക്സ് സഭ ഉണ്ട്. ഇങ്ങനെ വിവിധ സ്ഥലങ്ങളിലുള്ള എല്ലാത്തിനുംകൂടി ഒരു തലവൻ ഉണ്ട്. അത് വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി അന്ത്യോക്യാ സിംഹാസനത്തിലെ പാത്രിയർക്കീസ് ബാവായാണ്. സഭ എന്നാൽ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പിൻതുടർച്ച ആണെന്നാണ് നിർവചനം. ആ സഭ മനുഷ്യരുടെ രക്ഷയ്ക്കായി ക്രിസ്തുവിനാൽ വിശുദ്ധ പത്രോസിന്മേൽ സ്ഥാപിതവും ജീവനുള്ളവരും മരിച്ചവരും അതിൽ ഉൾപ്പെട്ടിരിക്കുന്നതും ക്രിസ്തു സഭയുടെ ശിരസ്സും വിശുദ്ധ പത്രോസ് അതിന്റെ പ്രധാന തലവനും അദ്ദേഹത്തിനുശേഷം ആ സിംഹാസനത്തിൽ ഇരിക്കുന്ന അദ്ദേഹത്തിന്റെ പിൻഗാമികൾ ദൃശ്യതലവന്മാരായിരിക്കുന്നതും വിശുദ്ധ കൂദാശകൾ രക്ഷാമാർഗ്ഗമായിട്ടുള്ളതും കാതോലികം ശ്ലൈഹികം ഏകം വിശുദ്ധം എന്നു നാലു ലക്ഷണങ്ങൾ ഉള്ളതുമായ സഭയാകുന്നു. ക്രിസ്തു സഭയുടെ തലയും സഭ ക്രിസ്തുവിന്റെ ശരീരവും പരിശുദ്ധാത്മാവ് അതിന്റെ ആത്മാവും സത്യവിശ്വാസം അതിന്റെ ജീവനും ആണ്. സഭ എന്നത് ശരീരമെന്ന് പറഞ്ഞത് വിശ്വാസികളുടെ കൂട്ടമാണ്. ദൃശ്യസഭയിൽ ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ കൂട്ടം. സഭ ക്രിസ്തുവിൽ അന്തർഭവിച്ചിരിക്കുകയാണ്, ആദാമിൽ ഹവ്വാ എന്നപോലെ സഭയുടെ മണവാളനാകുന്ന ക്രിസ്തുവിൽ സഭ അന്തർഭവിച്ചിരിക്കുന്നു. സഭയുടെ ഉത്ഭവം എങ്ങനെയാണ്?Q ക്രിസ്തുവിൽനിന്നു തന്നെയാണ് 'നീ പാറയാകുന്നു; ഈ പാറമേൽ എന്റെ സഭയെ പണിയും എന്നു

ക്രിസ്തു ശീമോനോട് വാഗ്ദാനം ചെയ്തപ്പോൾ അത് സഭയെക്കുറിച്ച് ആദ്യമായ പ്രഖ്യാപനമുണ്ടായി. Ans. ആ വാഗ്ദാനം ചെയ്ത സമയത്തുതന്നെ സഭയ്ക്കു ജീവനുണ്ടായി. കാരണം ദൈവത്തിൽനിന്ന് പരിശുദ്ധാത്മാവ് വഴിയായി ഉള്ള വെളിപാടാണ് അതിന്റെ ആധാരം. Church എന്ന് ഇംഗ്ലീഷിൽ പറഞ്ഞാൽ സഭ എന്നർത്ഥമാണ്. Church എന്ന വാക്കിന് പള്ളികെട്ടിടം എന്നും അർത്ഥമുണ്ട്. പള്ളികെട്ടിടം ഇല്ലാതെതന്നെ സഭ ഉണ്ടാകാമോ?Q ക്രിസ്തുമതത്തിന്റെ ആരംഭകാലങ്ങളിൽ പള്ളികൾ ഇല്ലാതിരുന്നപ്പോഴും വിശ്വാസികളുടെ കൂട്ടം ഉണ്ടായിരുന്നു. ഓരോ സ്ഥലങ്ങളിൽ വിശ്വാസികളുടെ ആരാധനയ്ക്കായി കാലക്രമത്തിൽ അവർ സ്ഥാപിച്ച ആരാധനാകേന്ദ്രങ്ങൾക്ക് പള്ളി എന്ന് പറയാറുണ്ട്. സഭയുടെ ചരിത്രം സംബന്ധിച്ച് ഞാൻ പുസ്തകം എഴുതിയിട്ടുണ്ട്. ചെറിയ തോതിൽ എന്റെ കഴിവനുസരിച്ച് ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ക്രിസ്തുസഭ സ്ഥാപിച്ചശേഷം അതിന്റെ ചുമതലകൾ ശ്ലീഹന്മാരുടെ തലവനായ ശീമോനെ ഏല്പിച്ചു. ശെമവൂൻ എന്നു പറഞ്ഞത് ശീമൊൻ പത്രോസ് ആണ്. മറ്റു ശ്ലീഹന്മാരെ എന്തെങ്കിലും ക്രിസ്തു ഏല്പിച്ചോ?Q ശ്ലീഹന്മാരെ തെരഞ്ഞെടുത്തത് സുവിശേഷവെളിച്ചത്തിൽ തന്നോടുകൂടെ ഇരിപ്പാൻ, വചനം പ്രസംഗിപ്പാൻ, രോഗികളെ സൗഖ്യമാക്കുവാൻ എന്നു കാണുന്നു. അതിനുശേഷം പത്തുപേർക്ക് മോർ മർക്കോസിന്റെ ഭവനത്തിൽ വച്ച് (Last supper കഴിച്ച സ്ഥലം - സെഹിയോൻ മാളിക) പാപമോചനാധികാരം കൊടുത്തതായും സ്വർഗ്ഗാരോഹണസമയത്ത് പതിനൊന്ന് പേർക്ക് (രണ്ടും പത്രോസുൾപ്പെടെയാണ്) സുവിശേഷം പ്രസംഗിക്കുവാനും, മാമൂദീസ മുക്കുവാനും പഠിപ്പിക്കുവാനും ഉള്ള അധികാരം കൊടുത്തതായും തിബേറിയോസ് കടൽക്കരെ വച്ച് ക്രിസ്തുവിന്റെ സഭയുടെ ഭരണാധികാരം മുഴുവനും നിനക്ക് എന്ന് പ്രസ്താവിച്ചുകൊണ്ട് പത്രോസിനുമാത്രം കൊടുത്തതായും സുവിശേഷങ്ങളിൽ കാണാം. in answer to question മറ്റു ശ്ലീഹന്മാരെ എന്തെങ്കിലും ഏല്പിച്ചോ? Q ശ്ലീഹന്മാരുടെ ഇടയിൽ പത്രോസിനുള്ള സ്ഥാനം എന്താണ്? പത്രോസ് ശ്ലീഹന്മാരുടെ തലവനാണ്. Ans. മലങ്കര മഹാ ഇടവക ഉൾപ്പെട്ട സിറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസം ഇതാണോ? അതെ. Ans. അത് കാതലായ വിശ്വാസമാണ്. അങ്ങനെയാണ് വിശ്വാസം എന്നു കാണിക്കാൻ ആധാരം എന്താണ്? Q (1) സുവിശേഷങ്ങൾ (വേദപുസ്തകം) (2) സഭയുടെ പ്രാർത്ഥനാപുസ്തകങ്ങൾ (3) ശുശ്രൂഷാപുസ്തകങ്ങൾ (4) പട്ടംകൊട പുസ്തകം (5) പെങ്കീസാ പ്രാർത്ഥനാപുസ്തകം (6) വൈദികർ ഉപയോഗിക്കുന്ന ശ്ഹീമാ നമസ്കാരം (7) പണ്ഡിതനായിരുന്ന കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പ പബ്ലിഷ് ചെയ്തിട്ടുള്ള പ്രാർത്ഥനാപുസ്തകങ്ങൾ (8) കുർബാന തക്സ (9) ആനീദാ പുസ്തകം മുതലായവയിൽ അക്കാര്യം സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. Ans. ഈ പറഞ്ഞ പുസ്തകങ്ങളെല്ലാം സഭയിൽ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രാർത്ഥനാപുസ്തകങ്ങളും ശുശ്രൂഷാക്രമങ്ങളും ആണ്. എന്നെ കാണിച്ച Ext.B38 ആണ്. പെങ്കീസാ പുസ്തകം. അതിന്റെ പേര് വായിച്ചു. അതിന്റെ ശരിയായ

തർജ്ജമയാണ് Ex.B38(a) യിലെ ആദ്യഭാഗം. 202-ാം പേജ് നോക്കി; തർജ്ജമ ശരിയായിട്ടുള്ളതാണ്. 204-ാം പേജ് നോക്കി. ശരിയായ തർജ്ജമയാണ്. 205-ാം പേജ് വായിച്ചു. തർജ്ജമ ശരിയാണ്. 207-ാം പേജ് വായിച്ചു. അതിന്റെ തർജ്ജമയും ശരി തന്നെ. 208-ാം പേജ് വായിച്ചുനോക്കി. അതിന്റെ തർജ്ജമയും ശരിയാണ്. 210-ാം പേജ് വായിച്ചു. അതിന്റെ തർജ്ജമ ശരിയായി ചെയ്തിട്ടുള്ളതാണ്. തർജ്ജമ ചെയ്തത് ഞാനാണ്. Ex.B38 Compile ചെയ്യിപ്പിച്ചത് ബസേലിയോസ് ഗീവർഗീസ് ദ്വിതീയനാണ്. ഇതു സഭയിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഒരു പുസ്തകമാണ്. ഇപ്പോൾ എന്നെ കാണിച്ചത് പട്ടം കൊട പുസ്തകമാണ്. Ex.B 67 Shown ഇത് അന്ത്യോക്യാ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട മോർ ശെമവോൻ അത്താനോസ്യോസും അന്ത്യോക്യാ സിംഹാസന പ്രതിനിധി മോർ സ്ലീബാ ഒസ്ത്താത്തിയോസും ഉപയോഗിച്ചു കൊണ്ടിരുന്നതാണ്. ശെമവോൻ അത്തനാസ്യോസിന്റെ കാലം 19-ാം നൂറ്റാണ്ടിന്റെ അവസാനമാണ്. മോർ സ്ലീബാ ഒസ്ത്താത്തിയോസ് 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലമാണ്. ഓരോരുത്തർക്കും പട്ടം കൊടുക്കുമ്പോൾ അവരുടെ പേരെഴുതും. പട്ടം ഏല്ക്കുന്ന ആളിന്റെ പേരും അഡ്രസും എഴുതി അവരെക്കൊണ്ട് അവിടെ കുരിശ് അടയാളവും വയ്പിക്കും. ബസേലിയോസ് ഔഗേന് (1-ാം വാദി in OS 81) ആദ്യം കശീശ ആയി പട്ടം കൊടുത്തത് മുൻപറഞ്ഞ സ്ലീബാ ഒസ്ത്താത്തിയോസ് ബാവായാണ്. Ex.B 67 ൽ അതു രേഖപ്പെടുത്തിയിട്ടുണ്ട്. 130-ാം പേജിൽ (സുറിയാനിയിൽ നമ്പർ ഇട്ടിരിക്കുന്നു) താഴെ നിന്നും 4-ാമത്തെയും മൂന്നാമത്തെയും ലൈനാണ്. അതിന്റെ പരിഭാഷ തുരുത്തിയിൽ എബ്രഹാം കശീശായുടെ മകൻ ദയറോയോ ഔഗേനെ മഹോന്നതനായ അബൂൻ മോർ ഒസ്താത്തിയോസ് സ്ലീബാ മെത്രാപ്പോലീത്തയാൽ 1909 ഈയോർ മാസം 24-ാം തീയതി തീബേലിനായി (പൊതുവിനായി) പരിശുദ്ധാത്മാവ് കശീശാ ആയി പട്ടം കെട്ടിയിരിക്കുന്നു. ഈയോർ മാസം എന്നാൽ ഇടവ മാസമാണ്. Page 130 Entry is marked Ex.B67(1). Ex.B67 ൽ അമാദലോഗിയ 78-ാം പേജ് മുതലാണ്, 86-ാം പേജ് വരെയാണ്. സഭയുടെ തലവനു വിധേയമായിരിക്കാമെന്നു പ്രതിജ്ഞ ഉണ്ട്. അത് 79-ാം പേജിൽ താഴെനിന്ന് 5ഉം 4ഉം ലൈനുകളിലാണ്, ഇന്ന് നമ്മുടെ മേൽ അധികാരപ്പെട്ടിരിക്കുന്ന ആബൂൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിനെയും അവരുടെ വഴികളിൽകൂടി പ്രയാണം ചെയ്യുന്ന ബലഹീനനായ എന്നെയും നിങ്ങൾ അനുസരിക്കണം എന്ന്. അതിന്റെ പരിഭാഷ Portion marked Ex.67(b) പട്ടം കൊട അവസരത്തിൽ കൽക്കിദോൻ സുന്നഹദോസിനെയും അതു വിളിച്ചു കൂട്ടിയ ലേയോനെയും മറ്റു പല വേദവിപരീതികളെയും ശപിക്കും. അവരുടെ പേരുകൾ എല്ലാം ഇവിടെ ഉണ്ട്. Ex.B.67 ൽ 79ലും 80ലും ആയി അവരുടെ പേരുകൾ ഉണ്ട്. 79 അവസാനവും 80 ആദ്യവും ആയിട്ടാണ്. നിങ്ങൾ പുറജാതികളെയും മ്ശൂശേന്മാരെയും യൂദന്മാരെയും നെസ്തോറിനെയും അവന്റെ കൂട്ടത്തെയും ലേയോനെയും കൽക്കീദോൻ സുനഹദോസിനെയും ശ്മിത്തായക്കാരൻ പൗലോസേയും ഉറഹായിലെ ഈഹിബായെയും ബർദയിസാനെയും

ഹാഗാഗ്യൻ യൂലിയാനായെയും നിസീബിനിലെ ബർസൌലായെയും അറിയോസിനെയും യൗനോമിയോസിനെയും യൗവുത്തിക്കോസിനെയും മർക്കിയാനെയും അവരുടെ ഉപദേശത്തോട് ചേരുന്ന എല്ലാവരെയും വിശ്വാസത്തിൽനിന്ന് അന്യമായിട്ടുള്ള എല്ലാ വേദവിപരീതങ്ങളെയും നിങ്ങൾ ശപിക്കണം. നാം ശപിക്കുന്ന എല്ലാവരെയും നിങ്ങൾ ശപിക്കണം. നാം അന്യരാക്കുന്ന എല്ലാവരെയും നിങ്ങളും അന്യരാക്കണം എന്നാണ് ടി ഭാഗത്തിന്റെ പരിഭാഷ. Portion marked Ex.B.67(c) കശീശാപട്ടം ഏല്ക്കുന്ന എല്ലാ സ്ഥാനാർത്ഥികളും ഈ പ്രതിജ്ഞ എടുക്കണമെന്നു നിർബന്ധമാണ്. സഭയുടെ തലവനെ അനുസരിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്തില്ലെങ്കിൽ അതു വേദവിപരീതമാകുമൊ? Q അത് വേദവിപരീതമാകും. അതുപോലെതന്നെ ശപിക്കേണ്ടവരെ എല്ലാം ശപിക്കയും ആവശ്യമാണ്. An.Ex.B.67. 2-ാം പേജ് നോക്കി മുകളിൽനിന്നും 16ഉം 17ഉം ലൈനുകളുടെ ശരിയായ തർജ്ജമയാണ്. Ex.B 67(d)(a) The portion is marked Ex.B.67(d) ഞാനാണ് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. Ex.B 67 ൽ 147-ാം പേജിൽ ചുവടെനിന്നു 6,5,4 ലൈനുകളിൽ മോർ ഒസ്താത്തിയോസ് എന്നെ ശെമ്മാശനാക്കിയതിന്റെ കാര്യം ഉണ്ട്. Ex.B.67(e)-Ex.B45 യാണ് കാണിച്ചത്. ഇത് വൈദികർ ഉപയോഗിക്കുന്ന സുറിയാനി ശ്ഹീമാ നമസ്ക്കാരമെന്നു ബോധിപ്പിച്ച പുസ്തകമാണ്. ഞാൻ ഇതിന്റെ ചില ഭാഗങ്ങൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പേജ് 124 മുകളിൽ നിന്ന് 8 ഉം 9-10-11-12-13 ലൈനുകളുടെ തർജ്ജമയാണ്. Ex.B45(a). 13-ാം ലൈൻ കഴിഞ്ഞിട്ടുള്ള ഭാഗങ്ങളുടെ തർജ്ജമയും വായിച്ചുനോക്കി. തർജ്ജമ ശരിയാണ്. Ex.B45 ൽ 486-ാം പേജ് നോക്കി. മുകളിൽ 3-ാമത്തെ ലൈൻ മുതൽ വരെയുള്ളതിന്റെ തർജ്ജമ ശരിയാണ്. E.B 45(b) Ex.B45-332 -ാം പേജ് നോക്കി മുകളിൽനിന്നും 12-ാം ലൈൻ മുതൽ 16-ാമത്തേതുവരെയുള്ളതിന്റെ തർജ്ജമ ശരിയായിട്ടുള്ളതാണ്. E.B 45(c) EB 45 ൽ 414-ാം പേജു നോക്കി. മുകളിൽനിന്നും 11-12 ലൈനുകളുടെ തർജ്ജമയും 7 മുതൽ 11 വരെ ലൈനുകളുടെ തർജ്ജമയും ശരിയായിട്ടുള്ളതാണ്. Ext.B45(d) പരിഭാഷകൾ ശരിയായും സത്യമായും ചെയ്തിട്ടുള്ളതാണ് ഞങ്ങൾ പരിഭാഷകളിൽ എല്ലാം ഒപ്പിട്ടിട്ടുണ്ട്. ഇപ്പോൾ എന്നെ കാണിച്ചത് സുറിയാനിയിലുള്ള കുർബാന ശുശ്രൂഷാക്രമവും പ്രത്യേക പെരുനാളുകളിൽ ഉപയോഗിക്കേണ്ട ഗീതഭാഗങ്ങൾ ഉൾക്കൊള്ളുന്നതും വിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന അടങ്ങിയിട്ടുള്ളതുമാകുന്നു. Ex.B42 1902ൽ കോനാട്ട് മത്തായി കശീശായാൽ അച്ചടിപ്പിക്കപ്പെട്ടതാണ് ഇത്. അതിൽ ഏറ്റവും അവസാനത്തെ പേജിൽ "ഇവ അന്ത്യോക്യായുടെ ശ്ലൈഹികസിംഹാസനത്തിന്റെ ബഹുമാന്യനായ പരിശുദ്ധ മൊറാൻ മോർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ 1875 ൽ അദ്ദേഹം മലങ്കരയിൽ ആയിരിക്കുമ്പോൾ അറബിയിൽ നിന്നു സുറിയാനിലേക്ക് വിവർത്തനം ചെയ്തു. മലങ്കരയിൽ എപ്പോഴും അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ബഹുമാന്യനായ നിരണം ഭദ്രാസനത്തിന്റെ ഗീവർഗീസ് മോർ ഗ്രീഗോറിയോസിനെ പരിശുദ്ധപിതാവ് ഇത് പഠിപ്പിച്ചു. അദ്ദേഹത്തിൽനിന്നും

ഞങ്ങൾ ഇതെഴുതി എടുക്കുകയും അത് സിറിയാദേശത്തുനിന്നുള്ള ബഹു മാനപ്പെട്ട സ്ലീബാ ശെമ്മാശനിൽനിന്നും ഈ ക്രമത്തിന്റെ നിർദ്ദേശങ്ങൾ ഞങ്ങൾ മനസ്സിലാക്കുകയും ഇവിടെ അച്ചടിക്കുകയും ചെയ്യുന്നു." ഞങ്ങൾ എന്നത് മലങ്കര മൽപാൻ കോനാട്ട് മത്തായി കത്തനാർ ആണ്. അവസാന പേജിൽ പറഞ്ഞിരിക്കുന്നത് ദൈവമാതാവിന്റെ പ്രാർത്ഥനയെ സംബന്ധിച്ച് മാത്രമാണ്. ആ പ്രാർത്ഥന ഈ സഭയിൽ എല്ലാ പള്ളികളിലും ചൊല്ലിക്കൊ ണ്ടിരിക്കുന്നു. Stopped for the day.
മൊഴി വായിച്ചു കേട്ടു ശരി.

ഒപ്പ്

കുര്യൻ കോർഎപ്പിസ്ക്കോപ്പാ

Taken down by me in open Court read over to the witness and admitted by him to be correct.

Sd/-

Judge

08-3-78 witness sworn again and examination in Chief continued.

Ex.B.45 വൈദികരുടെ ശ്ഹീമാ നമസ്ക്കാര പുസ്തകമാണ്. പത്രോസ് ശ്ലീഹാ തലവനാണെന്ന് 124-ാം പേജിലും 217-ാം പേജിലും 332-ാം പേജിലും 414-ാം പേജിലും 486-ാം പേജിലും പറയുന്നുണ്ട്. മറ്റു ഭാഗങ്ങളിലും പറയുന്നുണ്ട്. മുൻപറഞ്ഞ പേജുകളിലെ പ്രസക്തഭാഗങ്ങൾ പരിഭാഷ ചെയ്തു ഹാജരാ ക്കിയിട്ടുണ്ട്. അതാണ് Ex.B45(a). പരിഭാഷ ശരിയായും സത്യമായും ചെയ്തി ട്ടുള്ളതാണ്. Ex.B 36 ആദ്യം 1894ൽ മലങ്കര മൽപാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ എഴുതിയതാണ്. ഇതിൽ 26-27 പേജുകളിലായി പട്ടത്വത്തെ സംബ ന്ധിച്ചു പറയുന്നുണ്ട്. സഭയുടെ പട്ടത്വത്തിന് അടുത്ത പ്രധാന മേലധികാരം അന്ത്യോക്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവ തിരുമനസ്സിലേക്കു ഇരിക്കുന്നതാകുന്നു എന്നു പറ ഞ്ഞിട്ടുണ്ട്. മൽപാൻ ഗീവറുഗീസ് കത്തനാർ പിന്നീട് അന്ത്യോക്യായുടെ മോറാൻ അബ്ദുള്ള പാത്രിയർക്കീസിനാൽ മെത്രാപ്പോലീത്തയായി വാഴിക്ക പ്പെട്ടിട്ടുണ്ട്. 1088 ൽ O.S. 94 (തിരുവനന്തപുരം) ൽ വട്ടിപ്പണക്കേസിൽ അദ്ദേഹം 1-ാം വാദിയായിരുന്നു. അദ്ദേഹം കാലം ചെയ്തത് 1934 ൽ ആണെന്നാണ് ഓർമ്മ. അദ്ദേഹം കാലം ചെയ്യുന്നതുവരെ Ex B 36 ൽ എന്തെങ്കിലും ഭേദഗതി ചെയ്തതായിട്ട് അറിവില്ല. പാത്രിയർക്കീസ് ബാവയിൽനിന്നും കൈവയ്പ് (പട്ടത്വം) കിട്ടുന്നു എന്നുള്ളത് സഭയുടെ ഒരു വിശ്വാസമാണോ? Q അതെ. Ans.Ex.B.36 പേജ് 73-74 നോക്കി. ആ പേജുകളിൽ വിശ്വാസത്തെപ്പറ്റി പറഞ്ഞി രിക്കുന്നതു ശരിയാണ്. സാധാരണ ആനീദാ പുസ്തകമെന്നു പറയുന്ന ശുശ്രൂഷാ പുസ്തകമാണ് എന്നെ കാണിച്ചത്. ഇത് 1972 ൽ കോനാട്ട്

ഏബ്രഹാം കശീശാ പബ്ലിഷ് ചെയ്തിട്ടുള്ളതാണ്. 77-ാം പേജിൽ പത്രോസി നെക്കുറിച്ച് ഒരു ഗീതം ഉണ്ട്. വീടിൻ ഭരണം ശീമോന് എന്നു പറഞ്ഞിട്ടുണ്ട്. വീട് എന്നു പറഞ്ഞത് സഭയാണ്. പുസ്തകം ഇപ്പോഴും സഭയിൽ ഉപയോ ഗിച്ചു കൊണ്ടിരിക്കുന്നതാണ്. Book is marked Ext.B148. Page 77 is marked Ext.B148 (a) *കാനോന നമസ്ക്കാരം* എന്നൊരു പുസ്തകം ഉണ്ട്. യൂഹാ നോൻ മോർ സേവേറിയോസ് മെത്രാപ്പോലീത്ത സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയാണ്. Ex.B.45 ഇതിന്റെ സുറിയാനി original ആണ്. The book is Ex.B.40 സേവേറിയോസ് മെത്രാപ്പോലീത്ത ഇപ്പോൾ വാദികളുടെ ഭാഗത്തുനില്ക്കുന്ന മെത്രാപ്പോലീത്ത ആണ്. Ex.B.43 shown ഇത് Ex.B148 തന്നെയാണ്. Ext.B.41 മുൻപറഞ്ഞ മോർ സേവേറി യോസ് മെത്രാപ്പോലീത്താ സുറിയാനിയിൽനിന്നും പരിഭാഷപ്പെടുത്തി പ്രസി ദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 334-ാം പേജിൽ പത്രോസിനെപ്പറ്റി പറയുന്നുണ്ട്. ശീമോനെ പ്രധാനിയാക്കി എന്നു പറയുന്നതിന്റെ അർത്ഥം അവനെ തലവ നാക്കി എന്നാണ്. കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പ compile ചെയ്തി ട്ടുള്ളതും സുറിയാനിഭാഷയിൽനിന്നും പരിഭാഷപ്പെടുത്തിയിട്ടുള്ളതും ആണ് Ex.B.39. 344-ാം പേജിൽ ഫെബ്രുവരി 22-ാം തീയതി ശ്ലീഹന്മാരുടെ തലവ നായ മോർ പത്രോസിന്റെയും അദ്ദേഹം അന്ത്യോക്യായിൽ സിംഹാസന പ്പള്ളി സ്ഥാപിച്ചതിന്റെയും ഓർമ്മ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. 347-ാം പേജിൽ ജൂൺ മാസം 29-ാം തീയതി ശ്ലീഹാനോമ്പിന്റെ അവസാനവും മോർ പത്രോസ്, മോർ പൗലോസ്, ശ്ലീഹന്മാരുടെയും ഓർമ്മ എന്നു ചേർത്തിട്ടുണ്ട്. ആ പേജിൽ തന്നെ ജൂലൈ 3-ാം തീയതി ഇൻഡ്യയുടെ സുവിശേഷകനായ മോർ തോമാ ശ്ലീഹായുടെ ഓർമ്മ എന്നു കാണിച്ചിട്ടുണ്ട്. 34-ാം പേജിൽ തോമാ ശ്ലീഹയുടെ പെരുനാളിനെ മൂന്നാം പെരുനാളായി കണക്കാക്കണ മെന്നു പറഞ്ഞിട്ടുണ്ട്. കാരണം മുമ്പു പറഞ്ഞിടത്തോളം പ്രാധാന്യം അക്കാ ര്യത്തിൽ ഇല്ലാത്തതു തന്നെ. പത്രോസിന്റെ ഓർമ്മ ദിവസം പറഞ്ഞത് രണ്ടാം തരമായിട്ടാണ് ചേർത്തിരിക്കുന്നത്. യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന വയാണ് ഒന്നാം തരം. 341-ാം പേജിൽ നിന്നും 1-2-3- തരം പെരുനാളുകൾ ഏവയെന്നു വ്യക്തമാക്കുന്നുണ്ട്. കോനാട്ട് മാത്തൻ മൽപാൻ സഭയിലെ അറിയപ്പെട്ടിട്ടുള്ള സുറിയാനി പണ്ഡിതന്മാരിൽ പ്രമുഖനാണ്. പല പുസ്ത കങ്ങളും തർജ്ജമ ചെയ്ത് അദ്ദേഹം അച്ചടിപ്പിച്ചിട്ടുണ്ട്. അപ്പോസ്തല കാലത്ത് സെയ്ന്റ് പീറ്റർ സഭയുടെ തലവൻ എന്ന നിലയിൽ ഭരണം നടത്തി യതായിട്ട് എന്തെങ്കിലും സംഭവം വേദപുസ്തകത്തിൽ ഉണ്ടോ? Q ഉണ്ട്. സഭയുടെ ഭരണ നടത്തിപ്പുകാരൻ എന്ന നിലയിൽ അപ്പോസ്തല സംഘ ത്തിൽനിന്നു നഷ്ടപ്പെട്ടുപോയ യൂദായ്ക്ക് പകരം മത്യാസിനെ തെരഞ്ഞെടു ക്കുന്നതിനും പെന്തിക്കോസ്തു ദിവസം പഴയനിയമ പ്രവചനങ്ങളെ വ്യാഖ്യാ നിച്ച് ജനങ്ങളെ മനസ്സിലാക്കി സഭയിലേക്കു ചേർക്കുകയും അതിനും പുറമെ തെറ്റു ചെയ്ത അനന്യാസ് സഫീറാ എന്നിവരുടെ മേൽ ശിക്ഷണനടപടിയും അദ്ദേഹം എടുത്തിട്ടുണ്ട്. വീണ്ടും പരിഛേദനയെ സംബന്ധിച്ച് ഉള്ള തർക്കം

തീർക്കുവാനായി കൂടിയ യോഗത്തിൽ നിയമനിർമ്മാണത്തിന് ലീഡ് എടുക്കുകയും ചെയ്തിട്ടുണ്ട്. Ans. ഈ പ്രവൃത്തികളെല്ലാം മറ്റു ശിഷ്യന്മാർ ഉള്ളപ്പോൾ തന്നെയാണ് എടുത്തിട്ടുള്ളത്. അനന്യാസിനെയും സഫീറായെയും ശിക്ഷിച്ചത് ഒരു നീതിന്യായ നിർവാഹകൻ എന്ന നിലയിൽ ചെയ്തതായി വേണം വിചാരിക്കുവാൻ. പരിച്ഛേദനത്തെപ്പറ്റി നിയമനിർമ്മാണം ഉണ്ടാക്കിയത് എ.ഡി.52ൽ ആണ്. Ex.B.25 ൽ പേജ് 67ൽ എ.ഡി.52ൽ എന്നു പറഞ്ഞിട്ടുള്ളത് ശരിയാണ്. സൺഡേസ്കൂൾ പാഠാവലികൾ തയ്യാറാക്കുന്നതിന് ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ ഓഫ് ദി ഈസ്റ്റ് എന്ന സംഘടനയിൽ പ്രത്യേക സിലബസ് കമ്മറ്റിയും ടെക്സ്റ്റ് ബുക്ക് കമ്മറ്റിയും ഉണ്ടായിരുന്നു. അവരുടെ ചുമതലയിലാണ് തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ പ്രത്യേക മേൽനോട്ടം പബ്ലിക്കേഷൻ ഓഫീസർ എന്ന സ്ഥാനിക്കായിരുന്നു. ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കി കാതോലിക്കോസിന്റെ ശ്രേഷ്ഠാനുമതി വാങ്ങിക്കണമെന്നുള്ള അതിന്റെ ഭരണഘടനയിലെ നിശ്ചയമനുസരിച്ചു പ്രവർത്തിച്ചുവന്നിരുന്നു. Ans. Ex.B52 ൽ സിലബസ് കമ്മറ്റിയിലെ അംഗങ്ങളുടെ പേർ പറഞ്ഞിട്ടുണ്ട്. അതിൽ ഭൂരിപക്ഷം ആളുകളും കാതോലിക്കോസ് കക്ഷികളൊ പാത്രിയർക്കീസ് കക്ഷിയിലെ ആളുകളോ? ഭൂരിപക്ഷവും പഴയ കാതോലിക്കോസ് പാർട്ടിയിലെ ആയിരുന്നു. Ans.Ex.B.51 14-ാം പേജിൽ ടെക്സ്റ്റ് ബുക്ക് കമ്മറ്റി അംഗങ്ങളുടെ പേർ പറഞ്ഞിട്ടുണ്ട്. അതിൽ ഭൂരിപക്ഷവും പഴയ കാതോലിക്കാ പാർട്ടിയിൽ പെട്ടവരാണ്. എനിക്ക് പ്രത്യേകമായ അധികാരമോ ചുമതലയോ ടെക്സ്റ്റ് ബുക്ക് തയ്യാറാക്കുന്നതിലൊ സിലബസ് നിശ്ചയിക്കുന്നതിലൊ ഇല്ലായിരുന്നു. ഞാൻ ആ കമ്മറ്റിയിൽ ഉണ്ടായിരുന്നു. എന്തെങ്കിലും കമ്മറ്റിയിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ ഭൂരിപക്ഷം അതനുസരിച്ചു തീരുമാനിക്കുമൊ? Q അതെ. അങ്ങനെയുള്ള അവസരം വന്നിട്ടില്ല. എല്ലാം തന്നെയും ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുള്ളതാണ്. സൺഡേസ്കൂൾ ടെക്സ്റ്റുബുക്കുകൾ മലങ്കരയിലുള്ള എല്ലാ സൺഡേസ്കൂളുകളിലും പഠിപ്പിച്ചുകൊണ്ടിരുന്നു. പത്രോസ് ശ്ലീഹാക്കു ഞാൻ മുൻപറഞ്ഞ നീതിനിർവഹണം, നിയമനിർമ്മാണം മുതലായ എല്ലാ അധികാരങ്ങളും ക്രിസ്തുവിൽനിന്നു നേരിട്ടു കിട്ടിയിട്ടുള്ളതാണ്. സഭയുടെ ഭരണം പത്രോസ് ശ്ലീഹായെ ഏല്പിച്ചിരുന്നു എന്നു കാണിക്കാൻ വേദത്തിൽ Ext. B37 ൽ മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 17 മുതൽ 19 വരെ വാക്യങ്ങളിൽ, അദ്ദേഹത്തോട് നീ പാറയാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്നും സ്വർഗരാജ്യത്തിന്റെ താക്കോലുകളെ ഞാൻ നിനക്കു തരുമെന്നും നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്നും പറയുന്നു. യോഹന്നാൻ സുവിശേഷം 21-ാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ പ്രതിനിധിയായി സഭയെ മുഴുവൻ മേയ്ക്കുവാനുള്ള അധികാരവും ലൂക്കോസിന്റെ സുവിശേഷത്തിൽ നീ നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക എന്നും പറഞ്ഞിട്ടുണ്ട്. ഈ പറഞ്ഞ മൂന്ന് റഫറൻസ് കൂടാതെ പത്രോസ് ശ്ലീഹാക്ക്

മറ്റുള്ളവരെക്കാൾ കൂടുതൽ പ്രാധാന്യം കാണിക്കുന്ന വേറെയും എന്തെങ്കിലും ഉണ്ടോ? Q ഉവ്വ്, പ്രഥമദർശനത്തിൽ തന്നെ ക്രിസ്തു അദ്ദേഹത്തിന്റെ പേരു മാറ്റി പാറ എന്നർത്ഥമുള്ള കീപ്പ എന്ന പേരു കൊടുത്തിട്ടുണ്ട്. അത് മറ്റാർക്കും ചെയ്തിട്ടുള്ളതല്ല. (2) ദിവ്യവെളിപാടുകൾ പത്രോസിനല്ലാതെ മറ്റാർക്കും ഉണ്ടായതായി കാണുന്നില്ല. അവയിൽ കൈസറിയായിൽ വച്ച് യേശു ദൈവ പുത്രൻ എന്നുള്ള പിതാവിന്റെ വെളിപാട് യോപ്പായിൽവച്ച് ജാതികളുടെ ഇടയിലുള്ള സുവിശേഷവേലയെക്കുറിച്ച് പുത്രൻ വെളിപ്പെടുത്തികൊടുത്തത്, അനന്യാസ് വഞ്ചന കാണിച്ചപ്പോൾ അത് പരിശുദ്ധാത്മാവിന് എതിരായുള്ള വഞ്ചനയാണെന്നു മനസ്സിലാക്കിയത്, മറുരൂപ മലയിൽ വച്ച് ക്രിസ്തുവിനോടുകൂടെ ഇരുന്നവർ മോശയും ഏലിയായും ആണെന്നു മനസ്സിലാക്കിയത്. യേശുവിന്റെ കബറടക്കശേഷം മൂന്നാം ദിവസം ഉത്ഥാനം ചെയ്യുന്നതുവരെയും അദ്ദേഹം എന്തു ചെയ്യുകയായിരുന്നു എന്നുള്ളത് മനസ്സിലാക്കിയതും വെളിപാടുകൾ വഴി പത്രോസാണ്. (3) യേശുക്രിസ്തുവിനും പത്രോസിനുംവേണ്ടി തലവരി കൊടുത്തു. അതായത് ക്രിസ്തുവും പത്രോസും തലവരി ഷെയർ ചെയ്തു. ഇത്രയും ഓർമ്മ വരുന്നു.. Ans. പത്രോസ് ശ്ലീഹായുടെ പിൻഗാമിയും ഉണ്ട്. അന്ത്യോക്യായിൽ പത്രോസ് സ്ഥാനം കൊടുത്താക്കിയ ഏവദ്യോസ്, ഇഗ്നാത്തിയോസ് എന്നിവരാണ്. അതിനുശേഷം അവരുടെ പിൻഗാമികൾ തുടർച്ചയായിട്ടുണ്ട്. അങ്ങനെയുള്ളവരിൽ ഇപ്പോഴത്തെ ആളാണ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്. പത്രോസിന്റെ പിൻഗാമികളുടെ പേര് അന്ത്യോക്യാ പാത്രിയർക്കീസ് എന്നാണ്. പത്രോസിന്റെ പിൻഗാമികൾ തുടർച്ചയായി ഇന്നു വരെ നിലനിൽക്കുകയാണ്. ഇങ്ങനെയുള്ള ഇടമുറിയാതെയുള്ള പിന്തുടർച്ചയ്ക്ക് അപ്പോസ്തലിക പിന്തുടർച്ച (apostolic succession) എന്നു പറയും. മലങ്കര ഉൾപ്പെട്ട സിറിയൻ ഓർത്തഡോക്സ് സഭ അപ്പോസ്തലിക സഭയാണ്. അപ്പോസ്തലിക സഭ എന്നാൽ എന്താണ്? Q അപ്പോസ്തലിക കൈയ്‌വയ്പോടുകൂടിയുള്ള സഭ അപ്പോസ്തലികം. കയ്‌വയ്പ് ലഭിക്കുന്നത് എങ്ങിനെയാണ്? Q ഈ സഭയിൽ അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നാണ് അപ്പോസ്തലിക കൈവയ്പ് ലഭിക്കുന്നത്. Ans. കയ്‌വയ്പു മൂലം വാങ്ങുന്ന ആൾക്ക് ദൈവിക നൽവരം ലഭിക്കുന്നു. ഇങ്ങനെയുള്ള നൽവരം കൂടാതെ ആത്മരക്ഷയ്ക്ക് ആവശ്യമായ കൂദാശകളും മറ്റു കർമ്മങ്ങളും നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. കൂടാതെ ശരിയായ അപ്പോസ്തലിക പിന്തുടർച്ചയുള്ള മേൽപട്ടക്കാരിൽനിന്നു മാത്രം ലഭിക്കുന്ന നൽവരം മൂലം മാത്രമെ ശരിയായ കൂദാശകൾ അനുഷ്ഠിക്കുവാനും അവ ഫലസിദ്ധി ഉള്ളവതാക്കി തീർക്കുവാനും സാധിക്കുകയുള്ളു. കയ്‌വയ്പിനെപ്പറ്റി ഇപ്പോൾ സാക്ഷി പറഞ്ഞത് ഈ സഭയുടെ കാതലായ ഒരു വിശ്വാസമാണോ? Q അതെ, Ans. നൽവരം എവിടെ നിന്നാണ് ആദ്യം പുറപ്പെടുന്നത് ? Q ദൈവത്തിൽനിന്ന്. Ans. അത് കശീശാക്ക് പട്ടം കൊടുക്കുമ്പോൾ പട്ടം കൊടുക്കുന്ന ആൾക്ക് എങ്ങനെ സിദ്ധിക്കും? Q ഈ സഭയിൽ അന്ത്യോക്യാ സിംഹാസനത്തിൽനിന്നുള്ള അപ്പോസ്തലിക കൈയ്‌വയ്പു മൂലം ലഭിക്കും. Ans. അങ്ങനെ ശരിയായ

കയ്‌വയ്പില്ലാത്ത പട്ടത്വം ഈ സഭ സ്വീകരിക്കുന്നില്ല. ശരിയായ പട്ടത്വം ഇല്ലാത്ത വൈദികന്മാർ ചെയ്യുന്ന കൂദാശകളും കർമ്മങ്ങളും ഫലപ്രദമാവുകയില്ല. അതാണ് ഈ സഭയുടെ വിശ്വാസം. അപ്പോസ്തല പിന്തുടർച്ച എന്നു പറയുന്നത് അപ്പോസ്തലനിൽനിന്നും തന്നെയല്ല. അപ്പോസ്തലസമൂഹത്തിന്റെ പിന്തുടർച്ചയാണ് അത് എന്ന് പറയുന്നത് ശരിയാണോ? Q ഈ സഭയുടെ വിശ്വാസം അനുസരിച്ച് പ്രത്യേകിച്ച് പട്ടംകൊട പുസ്തകത്തിന്റെ ഉള്ളടക്കമനുസരിച്ച് ആ അഭിപ്രായം തീരെ ശരിയല്ല. ഒരാൾക്കു പട്ടം കൊടുക്കുമ്പോൾ രേഖ കൊടുക്കും. അതിനു പട്ടക്കടലാസ് എന്ന് പറയാറുണ്ട്. പട്ടം കൊടുക്കുന്ന ആൾക്ക് ആ അധികാരം എങ്ങനെ കിട്ടി എന്ന് പട്ടക്കടലാസിൽ രേഖപ്പെടുത്തിയിരിക്കും. ഞാൻ പട്ടക്കടലാസുകൾ ധാരാളം കണ്ടിട്ടുണ്ട്. പട്ടം കൊടുക്കുന്ന ആൾക്ക് അധികാരം എങ്ങനെ കിട്ടി എന്നാണ് സാധാരണ പറയുന്നത്? Q പരിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നു കിട്ടി എന്നാണ് പറയാറ്. Ex.B.35 മോർ ഗീവർഗീസ് ഡയനീഷ്യസ് കൊടുത്ത ഒരു പട്ടക്കടലാസിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ആണ്. തോമസ് കശീശാക്കു പട്ടം കൊടുത്തതിന്റെയാണ്. മോർ ഗീവർഗീസ് ഡയനീഷ്യസിന് അധികാരം സിദ്ധിച്ചത് അന്ത്യോക്യായുടെ മഹോന്നതനായ മോറാൻ മോർ ഇഗ്നാത്തിയോസിന്റെ മാദ്ധ്യസ്ഥത വഴിയായി മഹോന്നതനായ ദൈവത്തിൽനിന്നും നമുക്ക് നൽകപ്പെട്ട അധികാരം മൂലം എന്ന് പറഞ്ഞിട്ടുണ്ട്. Ex.B.35 ഞാൻ പരിഭാഷപ്പെടുത്തിയതാണ്. Ex.B.35(a) പരിഭാഷ ശരിയാണ്. Ex.B.65 വേറൊരു പട്ടംകൊടകടലാസാണ്. ഇത് കോട്ടയം ഇടവകയുടെ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പുതുപ്പള്ളി പള്ളിക്കാർക്ക് കൊടുത്തതാണ്. അബ്രഹാം കശീശായുടെ പുത്രൻ ഗീവർഗീസിനു കോറൂയൊ പട്ടം കൊടുത്തതാണ്. കോറൂയൊ വായനക്കാരനാണ്. ശെമ്മാശനെക്കാൾ വളരെ താഴെയാണ്. അതിൽ അന്ത്യോക്യാ പാത്രിക്കീസിന്റെ (ഇഗ്നാത്തിയോസ്) മദ്ധ്യസ്ഥതയാൽ ദൈവത്തിൽ നിന്നു നമുക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അധികാരത്താൽ എന്ന് പറയുന്നുണ്ട്. Ex.B.65 ൽ പറഞ്ഞിട്ടുള്ള ആളിനെതന്നെ കശീശ ആക്കി. അതിന്റെ പട്ടക്കടലാസിന്റെ പകർപ്പാണ്. Ext.B.66, Ex.B.65 എഴുതിയ മെത്രാപ്പോലീത്ത തന്നയാണ് ExB 66-0 കൊടുത്തത്. അധികാരം Ex.B65ൽ പറഞ്ഞിരിക്കുന്നതുപോലെ തന്നെ ലഭിച്ചതായിട്ടാണ് പറയുന്നത്. 1946 മേടം 28ന് എഴുതപ്പെട്ടതാണ്. Ex.B66 EB65-0 B66-0 എഴുതിക്കൊടുത്ത ആള് അന്നത്തെ കാതോലിക്കാ കക്ഷിയിൽപ്പെട്ടവരായിരുന്നു. പട്ടംകൊട ശുശ്രൂഷയിലെ പ്രധാന കർമ്മങ്ങൾ എന്തൊക്കെയാ? Q കാർമ്മികനും സ്വീകാരകനും ഉപവസിച്ചു പ്രാർത്ഥിക്കുക. കാർമ്മികൻ സ്വീകാരകനെക്കൊണ്ട് സഭയുടെ വിശ്വാസത്തിൽനിന്നു വ്യതിചലിക്കയില്ല എന്ന പ്രതിജ്ഞ ചെയ്യിക്കൽ, കയ്‌വയ്പ്, ഊത്ത്, പരിശുദ്ധാത്മാവിന്റെ വിളി, പ്രഖ്യാപനം ഇത്രയുമാണ്. Ans. പട്ടത്വമെന്നു പറയുന്നത് ഏഴ് കൂദാശകളിൽ ഒന്നാണ്. പട്ടത്വത്തിന്റെ കർമ്മത്തിന് എന്തെങ്കിലും വ്യത്യാസം വരുത്താമോ? Q കർമ്മങ്ങൾ നടത്തുവാൻ സഭയിൽ പുരാതന കാലം മുതൽ അംഗീകരിച്ചിട്ടുള്ള ശുശ്രൂഷാ

ക്രമങ്ങളിൽ യാതൊരു വ്യത്യാസവും വരുത്താവുന്നതല്ല. Ans. 2-ാം വാദി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പട്ടംകൊട പുസ്തകത്തിൽനിന്നും പട്ടംകൊട ശുശ്രൂഷയെപ്പറ്റിയുള്ള ഭാഗം ഫോട്ടോസ്റ്റാറ്റ് എടുത്തിട്ടുണ്ട്. അതാണ് Ex.B.149 (Pages 1 to 30 backside of page 36, 37 and page 40) Ex.B.67 ൽ പറയുന്നതായി Ex.B.149 ൽ വ്യത്യാസങ്ങൾ ഉണ്ട്. പ്രധാനമായ വ്യത്യാസങ്ങൾ എന്താണ്? (Ex.B67) പഴയ പുസ്തകത്തിൽ ഇന്നു നമ്മുടെമേൽ അധികാരപ്പെട്ടിരിക്കുന്ന അബൂൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിനെ നിങ്ങൾ അനുസരിക്കണം എന്ന ഭാഗം വിട്ടിട്ട് ബലഹീനമായ എന്റെ കല്പനകളെ നിങ്ങൾ അനുസരിക്കണമെന്നു പോറയുകയാണ്. രണ്ടാമത് Ex.B 67 ൽ നെസ്തോറിനെയും ലേയോനെയും കൽകിദോൻ സൂനഹദോസിനെയും മറ്റും പല വേദവിപരീതികളെയും നീ ശപിക്കണം എന്നുണ്ട്. Ext.B.149 ൽ ആ ഭാഗം നിങ്ങൾ കാവ്യരെയും ഗൂശേന്മാരേയും യഹൂദന്മാരെയും സത്യവിശ്വാസത്തിൽ നിന്നു വ്യർത്ഥരായ എല്ലാ പുറജാതികളെയും നിങ്ങൾ ശപിക്കുകയും ഉപേക്ഷിക്കുകയും വേണം എന്നാണ്. Ex.B.149 ൽ കൽക്കദോനിയാ സുന്നഹദോസിനെ ശപിക്കുന്നില്ല എന്ന വ്യത്യാസം ഉണ്ട്. മൂന്നാമത് Ex.B 67 ൽ മുൻപറഞ്ഞ പ്രഖ്യാപനത്തിൽ മിശിഹായെ സ്നേഹിക്കുന്നതും മിശിഹായാൽ സ്നേഹിക്കപ്പെട്ടതുമായ അന്ത്യോക്യായുടെ ശ്ലൈഹിക സിംഹാസനത്തിന്റെ അധികാരത്തിൽ കീഴിലുള്ള ഇന്ന പള്ളി എന്നതുമായി ExB 149 ൽ അന്ത്യോക്യായുടെ ശ്ലൈഹിക സിംഹാസനത്തിന്റെ എന്നതുമാറി കിഴക്കിന്റെ ശ്ലൈഹിക സിംഹാസനത്തിന്റെ എന്നുമായിട്ടുണ്ട്. Ans. പത്രോസ് ശ്ലീഹന്മാരുടെ തലവാനെണ്ണെന്നും പൊതുവായിട്ടുള്ള പൗരോഹിത്യം ശ്ലീഹന്മാരുടെ തലവനായിട്ടുള്ള ശെമവോനും അദ്ദേഹം മൂലം പരിശുദ്ധസഭ ഒക്കെക്കും ലോകാന്ത്യത്തോളവുമായി ഏല്പിച്ചിരിക്കുന്നു എന്നും Ext.B 149 ൽ ഉണ്ട്. അതുപോലെ ശ്ലീഹന്മാരുടെ തലവനായ മുൻപത്രോസിനൊടും അവന്റെ സഖാക്കളൊടും നീ. ലയിച്ചേരണം എന്നുള്ളതും Ex B 149 ൽ ഉണ്ട്. വീണ്ടും Ex.B 149 രണ്ട് ഗീതങ്ങളുടെ പരിഭാഷകൾ ഉള്ളതിലും ശീമോന്റെ പ്രാധാന്യവും ഭരണാധികാരവും പറയുന്നുണ്ട്. തർജ്ജമ Ex.B149 (a) ശരിയായും ചെയ്തിട്ടുള്ളതാണ്. വിശ്വാസ പ്രതിജ്ഞ ചെയ്യിക്കലാണ് അമലോഗിയാ; പാത്രിയർക്കീസിനെ അനുസരിക്കണം. കൽക്കദൂനിയാ സുനഹദോസിനെയും ലേവോനെയും ശപിക്കണം എന്നും ഉള്ളത് അമലോഗിയിലെ ഭാഗങ്ങളാണ്. ആ വക അമാലോഗിയായിലെ ഭാഗങ്ങൾ ഈ സഭയെ സംബന്ധിച്ചിടത്തോളം വിശ്വാസ്യമാണ്. stopped for the day. മൊഴി വായിച്ചു കേട്ടു. ശരി.

Sd/- കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct.

Sd/- Judge

08-03-78

9-3-78 witness sworn again and examination in Chief continued.

പരുമല മോർ ഗ്രിഗോറിയോസ് തിരുമേനിയെ അറിയാം. അദ്ദേഹത്തിന്റെ ഒരു കല്പന ഞാൻ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കല്പന marked Ex B 150 and Translation is marked Ex B 150 (a) തർജ്ജമ ശരിയായി ചെയ്തിട്ടുള്ള താണ്. EX.B 150 എന്തു പട്ടം കൊടുത്തതിന്റെയാണ്? Q കോർഎപ്പിസ്കോപ്പാ സ്ഥാനത്തിന്റെ പട്ടമാണ്. Ans. അങ്ങനെ സ്ഥാനം കൊടുക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിന് കിഴക്കെങ്ങുമുള്ള യാക്കോബായ സുറിയാനി ജനത മുഴുവൻ മേലും അധികാരപ്പെട്ടിരിക്കുന്ന അന്ത്യോക്യായുടെ ശ്ലൈഹിക സിംഹാസനത്തിന്റെ പരേതനായ ഭാഗ്യവാനായ നമ്മുടെ പിതാവ് മോറാൻ മോർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ മദ്ധ്യസ്ഥത വഴിയായി ദൈവത്തിൽ ബലഹീനനായ എനിക്ക് നൽകപ്പെട്ടി ട്ടുള്ള ദൈവിക അധികാരം മൂലം കിട്ടിയതായിട്ടാണ് പറഞ്ഞിരിക്കുന്നത്. 1895 ധനുമാസം 6നു കണ്ണങ്കോട്ടുപള്ളിയിൽ നിന്നും എഴുതിയിട്ടുള്ളതാണ് Ex.B.150 സഭയിൽ ഉപയോഗിക്കുന്ന പ്രാർത്ഥനാക്രമം, തക്സാ, കൂദാശാക്രമങ്ങൾ ഇവയെല്ലാം ലഭിച്ചിട്ടുള്ളത് പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൽ നിന്നുമാത്രം കിട്ടിയിട്ടുള്ളവയാണ്. അവയിൽ ചിലതിന്റെയെല്ലാം മലയാള ത്തിലേക്ക് പരിഭാഷ മലങ്കരയിൽ ചെയ്തിട്ടുണ്ട്. മലങ്കരയിൽ സുവിശേഷം ആദ്യം പ്രചരിപ്പിച്ചത് മലങ്കരയിലെ ഐതിഹ്യം മോർതോമാ ശ്ലീഹാ ആണ് എന്നുള്ളതാകുന്നു. എന്നാൽ സെയ്ന്റ് തോമസ് പോയ ഇൻഡ്യ ഇതല്ലെന്നു പറയുന്നവരും സിന്ധുനദീതടത്തിലുള്ള ആ ഭാഗത്തേക്കാണ് പോയതെന്നു പറയുന്നവരും വടക്കേ ഇൻഡ്യയിൽ വന്ന സ്ഥിതിക്ക് തെക്കെ ഇൻഡ്യയിലും പോയിക്കൂടായ്കയില്ല എന്നു പറയുന്നവരും മലങ്കര മാത്രമാണ് വന്നിട്ടുള്ളത് എന്നു പറയുന്നവരും ചരിത്രകാരന്മാരിൽ ഉണ്ട്. വി.എ.സ്മിത്ത് എന്ന ചരി ത്രകാരന്റെ അഭിപ്രായത്തിൽ അതു prove ചെയ്യുവാനൊ, disprove ചെയ്യു വാനൊ. അസാദ്ധ്യമായ ഒന്ന് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതു സംബന്ധിച്ച് ഈ സഭയുടെ tradition എന്താണ്? Q മോർ തോമാശ്ലീഹാ മലങ്കരയിൽ വന്ന് സുവിശേഷം അറിയിച്ചു എന്നാണ്. Ans. അദ്ദേഹം തന്റെ പിൻഗാമിയെ വാഴി ച്ചതായൊ. ഭരണം എന്തെങ്കിലും ഏർപ്പെടുത്തിയതായൊ tradition ഉണ്ടോ? Q ഇല്ല. Ans. മലങ്കരസഭയ്ക്കു ഉണ്ടായ ആദ്യത്തെ മെത്രാപ്പോലീത്ത ആരാണ്? Q മലങ്കരസഭയ്ക്കു ആദ്യമായി ഉണ്ടായ ബിഷപ്പ് 345 ൽ വന്നു എന്ന് വിശ്വ സിക്കപ്പെടുന്ന ഊറഹായുടെ മോർ യൗസേഫ് മെത്രാപ്പോലീത്ത ആണ്. അദ്ദേ ഹത്തെ അന്ത്യോക്യാ പാത്രിയർക്കീസ് മോർ ഒസ്താത്തിയോസ് മലങ്കരക്ക് അയച്ചിട്ടുള്ളതുമാണ്. Ans. എ.ഡി.345ൽ അന്ത്യോക്യാ പാത്രിയർക്കീസ് മോർ ഒസ്താത്തിയോസ് exile ആയിരുന്നു. പിന്നെ എങ്ങനെ ബിഷപ്പിനെ അയച്ചു? Q നമ്മളുടെ മേലദ്ധ്യക്ഷന്മാർ എത്രതന്നെ പീഡിതരായിരുന്നാലും വേണ്ട പ്പെട്ടവർ അവരിൽനിന്നു സ്വീകരിക്കുവാൻ വിശ്വസ്തരായ മക്കൾ ഏതു

ത്യാഗവും സ്വീകരിക്കുന്നു. Ans. അങ്ങനെ ജോസഫ് മെത്രാൻ ഒസ്താത്തിയോസിൽ നിന്നും കല്പന വാങ്ങി വന്നതാണോ? Q അതെ, Ans. ഒസ്താത്തിയോസ് പാത്രിയർക്കീസിനെ exile ആക്കിയതാരാണ്? Q വേദവിപരീതികളായ അറിയോസുകാരുടെ പ്രേരണപ്രകാരം അന്നത്തെ ചക്രവർത്തിയായിരുന്നു. Ans. ഉറഹായിലെ മെത്രാപ്പോലീത്ത ആയിരുന്നോ ജോസഫ് മെത്രാപ്പോലീത്താ? Q അതെ, Ans. ഉറഹായ്ക്ക് എഡേസാ എന്നാണ് ഇംഗ്ലീഷിൽ സാധാരണ പറയപ്പെടുന്ന പേര്. എഡേസാ 345ൽ റോമൻ എമ്പയറിൽപെട്ടതായിരുന്നു. *വെസ്റ്റ്മിനിസ്റ്റർ ഹിസ്റ്റോറിക്കൽ അറ്റ്ലസ് ടു ദി ബൈബിൾ* പേജ് 96ൽ അക്കാര്യം സ്പഷ്ടമായി കാണിച്ചിട്ടുണ്ട്. ഞാൻ ആ അറ്റ്ലസ് കണ്ടിട്ടുണ്ട്. ജോസഫ് മെത്രാൻ മലങ്കരയിൽ വന്ന് എന്തുചെയ്തു? Q പൗരോഹിത്യ നൽവരം പ്രദാനം ചെയ്തു. Ans. അദ്ദേഹം വന്നപ്പോൾ ഇവിടെ കശീശമാരൊ ശെമ്മാശന്മാരൊ മറ്റു വൈദിക സ്ഥാനികളൊ ഉണ്ടായിരുന്നോ? Q ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, ഇടയനില്ലാത്ത ആടുകളെപ്പോലെയായിരുന്നു അവർ എന്ന് ചരിത്രകാരന്മാർ എഴുതിയിട്ടുണ്ട്. മൂപ്പന്മാർ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു എന്നും അവർ പറയുന്നു. കശീശ എന്ന പറഞ്ഞാൽ മൂപ്പൻ എന്നു അർത്ഥം ഉണ്ടെങ്കിലും പൗരോഹിത്യത്തിലെ കശീശന്മാരെക്കുറിച്ചല്ല അവർ പറഞ്ഞിട്ടുള്ളത്. Ans. ജോസഫ് മെത്രാപ്പോലീത്തയുടെ കാലത്തിനുശേഷം ഇവിടെ മെത്രാപ്പോലീത്തമാർ തുടരെ ഉണ്ടായിരുന്നതായി ചരിത്രരേഖകൾ ഇല്ല. എന്നാൽ പലപ്പോഴും അന്ത്യോക്യാ സിംഹാസനത്തിൽ നിന്നുമുള്ള മേൽപട്ടക്കാർ ഇവിടെ വന്നിരുന്നതായി സാന്ദർഭികമായ തെളിവുകൾ കുറെയെല്ലാം ഉണ്ട്. വിദേശത്തുനിന്നുള്ള മെത്രാപ്പോലീത്തമാർ വന്ന ആ സ്ഥിതി എത്രനാൾ തുടർന്നു? Q 15-ാം നൂറ്റാണ്ടിന്റെ അവസാനം വരെ. Ans. 15-ാം നൂറ്റാണ്ടിന്റെ അവസാനം എന്തു സംഭവിച്ചു? Q 15-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുണ്ടായ നെസ്തോറിയൻ ഭരണം നടന്നുകൊണ്ടിരിക്കുമ്പോൾ 1599ൽ ഉദയംപേരൂർ സുന്നഹദോസ് വഴിയായി മലങ്കരയിലെ സഭയെ മിക്കവാറും റോമൻ കത്തോലിക്ക ആധിപത്യത്തിൽ ആക്കിത്തീർത്തു. Ans. നെസ്തോറിയൻ വിശ്വാസം സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിന് എതിരായിട്ടുള്ള വിശ്വാസമുള്ളതാണ്. എന്നാൽ പാശ്ചാത്യ ദേശത്തുനിന്ന് വന്നവർ തങ്ങളുടെ വിശ്വാസത്തിൽപെട്ടവർ തന്നെ ആയിരിക്കുമെന്നുള്ള വിശ്വാസത്തോടെയാണ് സാധാരണജനം അവരെ സ്വീകരിച്ചിരുന്നത്. മലങ്കരയിലുള്ള എല്ലാ സുറിയാനി ക്രിസ്ത്യാനികളും വേറെ മാർഗ്ഗമില്ലായ്കയാൽ റോമാവിശ്വാസികളുടെ ഭരണത്തിൻകീഴിൽ ആയിത്തീർന്നു. 1653 വരെ അങ്ങനെ തുടർന്നു. 1653ൽ അഹറത്തള്ളാ എന്നു പേരായ അന്ത്യോക്യാ പാത്രിയർക്കീസ് വന്നപ്പോൾ പറങ്കികൾ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി എന്നും കൊച്ചിക്കടലിൽ അദ്ദേഹത്തെ കെട്ടിത്താഴ്ത്തി കൊന്നു എന്നും അറിഞ്ഞപ്പോൾ അന്നത്തെ വിശ്വാസികൾ മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശ് എന്ന കുരിശിന്മേൽ ആലാത്തുകെട്ടി അതിൽ പിടിച്ചുകൊണ്ട് മേല്പടി ഭരണത്തിൽനിന്നും വിശ്വാസത്തിൽനിന്നും അവർ പിൻമാറുന്നു

എന്നും പറങ്കികളുമായി മേലാൽ ബന്ധമില്ലെന്നും ഒരു സത്യം ചെയ്തു. അഹത്തുള്ള പാത്രിയർക്കീസ് തന്നെയായിരുന്നു എന്നല്ലേ മലങ്കരയിലുള്ള വർ വിശ്വസിക്കുന്നത്? Q അതെ, Ans. അഹത്തുള്ള പാത്രിയർക്കീസാണെന്ന് വിശ്വസിക്കുന്നതിനു കാരണം എന്താണ്? ഇപ്പോൾ ഓർമ്മയിൽ വരുന്ന രണ്ട് തെളിവുകൾ (1) മുളന്തുരുത്തി സുന്നഹദോസിൽ എഴുതിവച്ച പടിയോലയിൽ നമ്മുടെ പാത്രിയാർക്കീസ് എന്നദ്ദേഹത്തെക്കുറിച്ചു പറയുന്നുണ്ട്. (2) തുമ്പമൺ വലിയ പള്ളിയിൽ മകരമാസം 3ന് ഇഗ്നാത്തിയോസ് പാത്രിക്കീസിന്റെ ഓർമ്മപ്പെരുന്നാൾ ആഘോഷമായി കഴിച്ചുവരുന്നുണ്ട് കൂനംകുരിശുസത്യം 1653 മകരം 3ന് ആയിരുന്നു. അതനുസരിച്ചു ഓർമ്മപ്പെരുന്നാൾ മകരം 3ന് ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റേത് എന്നു പറയുന്നത് ഇതാണെന്നു വേണം ഉദ്ദേശിക്കാൻ. Ans. സുറിയാനിസഭ സ്വീകരിക്കുന്ന പൊതു സുന്നഹ ദോസുകൾ ഏതെല്ലാമാണ്? നിഖ്യാ, കുസ്തന്തിനോപ്പോലീസ്, എഫേസോസ്. Ans. ആ സുന്നഹദോസുകളിൽ പാത്രിയർക്കീസിന്റെ അധികാരപരിധി നിർണ്ണയിച്ചിട്ടുണ്ടോ? Q ഉണ്ട്. Ans. ഭൂമിശാസ്ത്രപരമായി പാത്രിയർക്കീസിന്റെ അധികാരപരിധി എത്ര കണ്ടാണ്? Q പേട്രിയാർക് ഓഫ് ആന്റിയോക് And all the ഈസ്റ്റ്. Ans. All the east എന്നു വച്ചാൽ എന്താണ്? Q നിഖിയാ സുന്ന ഹദോസ് നിശ്ചയത്തിൽ ലോകത്തിന്റെ നാലു ഭാഗങ്ങൾ എന്നു പറഞ്ഞിരി ക്കുന്നതിൽനിന്നുതന്നെ അന്ത്യോക്യാക്ക് കിഴക്കോട്ടുള്ള സർവ്വഭൂവിഭാഗങ്ങളും എന്നാണ് സ്പഷ്ടമാകുന്നത്. Ans. All the last എന്നു പറയുന്നത് റോമൻ empire ലെ ഒരു ഡിവിഷനെമാത്രം ഉദ്ദേശിച്ചാണെന്നു പറയുന്നതു ശരിയല്ല. കാരണം നിഖ്യാ സുന്നഹദോസ് റോമൻ empire ൽ ഉള്ളവർക്കുമാത്രം കൂടിയ ഒന്നല്ല. പേഴ്ഷ്യൻ empire ൽ നിന്നുള്ളവരും അതിൽ സന്നിഹിതരാ യിരുന്നു. അതിനുംപുറമെ പല ചരിത്രകാരന്മാരും മുൻപറഞ്ഞ കിഴക്കോട്ടുള്ള ഭൂവിഭാഗങ്ങളെ മുഴുവൻ ഉദ്ദേശിച്ചാണെന്ന് പ്രസ്താവിച്ചിട്ടുമുണ്ട്. മലങ്കരയി ലുള്ള സഭ അത് എങ്ങനെയാണ് സ്വീകരിച്ചിട്ടുള്ളത്. അന്ത്യോക്യാക്ക് കിഴ ക്കോട്ടുള്ളത് ഒക്കെയും എന്ന അർത്ഥത്തിലാണ്. An. Fr. Paul Varghese ആയി രുന്ന ഇപ്പോഴത്തെ Poulose Gregorios Metropolitan നെ അറിയാം. അദ്ദേഹത്തെ വാഴിച്ചത് ഈ കേസിലെ 2-ാം വാദിയാണോ? Q ആണെന്നാണ് എന്റെ അറിവ്. Ans. പാത്രയർക്കിസിന്റെ അധികാരപരിധിയെ സംബന്ധിച്ചും മറ്റും Fr. Paul Varghese ഒരു message എഴുതിയിട്ടുണ്ട്. അത് To the Very Rev. Fr. Ephraim Aboodi Ramban, Representative in India of the Syrian Patriarchate of Antioch and all the east നു ആണ് അയച്ചത്. Message അയച്ചത് പാത്രിയർക്കാ ദിനാഘോഷം സംബന്ധിച്ച് 1968ൽ ആണ്. മെസ്സേജിൽ പേട്രിയാർക്കിന്റെ അധികാരപരിധിയെപ്പറ്റി പറഞ്ഞിട്ടുണ്ട്. അത് we have no other source from which the revival our ancient tradition except the tradition of Antioch of the great Syrian Church which once had spread through the length and breadth of Asia right upto China and Korea. Message publish ചെയ്തിരിക്കുന്നത്. News from Seema, special issue October 1968 ൽ ആണ്. അത് marked ex.B 151 (a) (page

21-22) മറ്റു മൂന്ന് പാത്രിയർക്കീസുമാർക്കും അന്ത്യോക്യാ പാത്രിയർക്കീസിനെപ്പോലെ അധികാരം territorial നിർണ്ണയിച്ചിരുന്നോ? Q ഉവ്വ്. Ans. നിഖ്യയിൽ നിശ്ചയിച്ചത് Rome, Alexandria and Antioch ആണ്. ആ മൂന്നു സഭാവിഭാഗത്തിനും ആത്മീയ നൽവരം (കൈവയ്പ്) കിട്ടിയിട്ടുള്ളത് വിശുദ്ധ പത്രോസിൽ നിന്നാണ്. നിഖ്യാസുന്നഹദോസിൽ കതോലിക്കോസ് എന്ന സ്ഥാനിയെ ക്രമപ്പെടുത്തി നിശ്ചയം ചെയ്തു. കതോലിക്കോസ് എന്ന് ഒരു സ്ഥാനി ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്നറിയാമോ? Q അന്നത്തെ രാഷ്ട്രീയ പരിതഃസ്ഥിതി മൂലം യാത്രക്കും മറ്റും അപകടകരമായിരുന്നതിനാൽ പൗരോഹിത്യനൽവരം കിഴക്കൻ പ്രദേശത്ത് Persian Empire ൽ തുടർന്നുപോകുവാൻ വേണ്ടി ഉണ്ടാക്കിയ ക്രമീകരണമാണ്. Ans. Persian Empire അന്ത്യോക്യായിലുള്ളവരുമായി സമ്പർക്കം പുലർത്തുന്നതിനുള്ള യഥാർത്ഥ ബുദ്ധിമുട്ട് എന്തായിരുന്നു? Q റോമൻ empire- ഉം Persian empire- ഉം തമ്മിൽ ശത്രുതയിലും പലപ്പോഴും യുദ്ധത്തിലുമായിരുന്നു. Ans. പേർഷ്യയിൽനിന്ന് ആരെങ്കിലും വരുമ്പോൾ അവരെയും റോമൻ എമ്പയറിൽനിന്നു അങ്ങോട്ട് ചെല്ലുന്നവരെ ചാരന്മാരായി വിചാരിക്കുന്ന ഒരു പരിതസ്ഥിതിയായിരുന്നു. അപ്പോൾ ആ പരിതസ്ഥിതിയിൽ മെത്രാന്മാരെ വാഴിക്കുവാൻ വളരെയേറെ പ്രയാസങ്ങൾ ഉണ്ടായിരുന്നു. അന്ത്യോക്യായിൽ വാഴിക്കുവാൻ പ്രയാസമുണ്ടായി. അതുകൊണ്ടാണോ കതോലിക്കോസ് എന്നൊരു സ്ഥാനി ഉണ്ടായത് എന്നു പറഞ്ഞത? Q അതെ. Ans. കതോലിക്കോസിന്റെ അധികാരം എന്താണ്? പാത്രിയർക്കീസിന്റെ കീഴിൽ സ്ഥിതിചെയ്തുകൊണ്ട് കിഴക്ക് മെത്രാപ്പോലീത്തന്മാരെ വാഴിക്കുക. Ans. അങ്ങനെ കാതോലിക്കോസ് മെത്രാപ്പോലീത്തമാരെ വാഴിക്കുന്നത് ആർക്കുവേണ്ടിയാണ്? Q പാത്രിയർക്കീസിന്റെ സ്ഥാനപതിയായിരുന്നുകൊണ്ട് പൗരോഹിത്യ നൽവരം പ്രദാനം ചെയ്യുന്നു. Ans. പാത്രിയർക്കീസും കാതോലിക്കോസും തമ്മിലുള്ള ബന്ധത്തെപ്പറ്റി മുൻപറഞ്ഞ പൊതുസുന്നഹദോസിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ? Q നിഖ്യാ, കുസ്തന്തിനൊപ്പോലീസ് സൂനഹദോസുകളിൽ തീരുമാനം ഉണ്ടായിട്ടുണ്ട്. An. കുസ്തന്തിനൊപ്പോലീസ് രണ്ടാം റസലൂഷൻ ഇതു സംബന്ധിച്ചാണ്. ആ കതോലിക്കോസിന്റെ ഹെഡ്ക്വാർട്ടേഴ്സ് സോലിക് അഥവാ സെല്യൂഷ്യ ടെസിഫോൺ ആയിരുന്നു. ആ കതോലിക്കാ സ്ഥാനം 5-ാം നൂറ്റാണ്ടുവരെ നിന്നു 5-ാം നൂറ്റാണ്ടിൽ അന്നത്തെ കാതോലിക്കോസ് ആക്കോക്ക്, നെസ്തോറിയ വിശ്വാസം സ്വീകരിച്ച് ഉറപ്പിക്കുവാൻ തീരുമാനിച്ചതുമൂലം അന്ത്യോക്യാ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. അതോടെ കിഴക്കിന്റെ കാതോലിക്കാ സ്ഥാനം സത്യവിശ്വാസികളുടെ കൈവശം ഇല്ലാതായിത്തീർന്നു. പിന്നീട് അതിനുപകരം സത്യവിശ്വാസികൾക്ക് എന്തെങ്കിലും സ്ഥാനിയെ പാത്രിയർക്കീസ് വാഴിച്ചു കൊടുക്കുകയൊ മറ്റോ ചെയ്തോ? Q 624ൽ അന്ത്യോക്യാ പാത്രിയർക്കീസ് അത്തനാസ്യോസ് ഗാമോലാ, മറൂത്തായെ ടിഗ്രീസിലേക്ക് മഫ്രിയാനായി നിയമിച്ചു. Ans. അദ്ദേഹത്തിനും മെത്രാന്മാരെ വാഴിക്കാനുള്ള അധികാരം കൊടുത്തിരുന്നു. മറൂത്തായെ വാഴിക്കുമ്പോൾ സ്താത്തിക്കോൻ

കൊടുത്തതായി മോർ മിഖായേൽ റമ്പായുടെ സഭാചരിത്രത്തിൽ പറയുന്നുണ്ട്. *Studies in Syriac* എന്ന ഒരു *Collection of letters and other records* എന്ന പുസ്തകം In Syriac with French translation ആണ് എന്നെ കാണിച്ചത്. ഇഗ്നേഷ്യസ് അഫ്രേം സെക്കന്റ് റഹ്മാനിയാണ് അത് compile ചെയ്തിരിക്കുന്നത്. പേട്രിയാർക്ക് അന്തിയോക്കാനസ് സിറോറാബ് എന്നാണ് അദ്ദേഹത്തെപ്പറ്റി പറയുന്നത്. (അദ്ദേഹം കഴിഞ്ഞ നൂറ്റാണ്ടിൽ യാക്കോബായ സുറിയാനി സഭയിൽനിന്നു കത്തോലിക്ക സഭയിൽ ചേർന്നു. ഒരു മെത്രാപ്പോലീത്തക്ക് റോമാപാപ്പാ അനുവദിച്ചുകൊടുത്ത സിംഹാസനത്തിൽ അവിടെയുള്ള യാക്കോബായ സഭയിൽനിന്നും ചെല്ലുന്നവരെ ഭരിക്കാൻ പാപ്പാ നിയമിച്ച് ആക്കിയിട്ടുള്ള ആളാണ്. അതായത് അദ്ദേഹം കത്തോലിക്കാ സഭയിലെ അന്ത്യോക്യാ പാത്രിയർക്കീസാണ്. The above in brackets. we recorded at the insistance of the plaintiff`s counsel as statements given by witness voluntarily and not as answer to any question by the counsel examining the witness. കോട്ടയം ജില്ലാ കോർട്ടിൽ OS 111/113 എന്നൊരു കേസു നടന്നതായിട്ടറിയാം. ആ കേസിൽ മുൻപറഞ്ഞ പുസ്തകം Ex.C.N ആയി അക്കമിട്ടു തെളിയിച്ചിട്ടുള്ളതാണ്. The marking objected on the ground that it is in a different language and there should be entire translation and certain manscript portions in Syriac are attached also according to plaintiff`s Counsel. It is already a document received and marked as an exhibit in the earliest suit and so it is received in evidence and is marked Ext. B. 152. The defence will produce translations of relevant portions if any specifically relied upon. മുൻ കേസിൽ Ex. CN (2) ആയി അക്കമിട്ട ഭാഗം എന്താണ്? Q മറുഥായെ അത്താനാസ്യോസ് പാത്രിയർക്കീസ് തെഗ്രീസിന് മെത്രാപ്പോലീത്ത ആയി വാഴിച്ചിട്ട് മോർ മത്തായി ദറായിൽ ഉള്ളവർക്കായിട്ട് കൊടുത്തയച്ച രേഖയാണ്. മറുഥായെ പാത്രിയർക്കീസിന്റെ പ്രതിനിധിയായി സഹോദര എപ്പിസ്കോപ്പാന്മാരുടെ ശൽമൂസയോടുകൂടി അയക്കുകയാണെന്നും ആ നിലയിൽ സഹകരണവും നൽകണമെന്നുമാണ് അതിൽ പറഞ്ഞിരിക്കുന്നത്. എല്ലാ എപ്പിസ്കോപ്പന്മാരുടെയും പൊതുവായ തലവനായി നമ്മുടെ പ്രതിനിധി എന്ന നിലയിൽ നമ്മുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടുള്ള മേലധികാരി പ്രവർത്തനം നിർവ്വഹിക്കുവാൻ നാം അനുവദിച്ചിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. Ans. The portion is marked ex.B152 (a) മഫ്രിയാൻ സ്ഥാനിയുടെ അധികാരം കാണിക്കുന്നതിന് വല്ല പുസ്തകവും ഉണ്ടോ?Q മഫ്രിയാനായുടെ അധികാരം മെത്രാപ്പോലീത്തായെ വാഴിക്കുക എന്നതാണ്. പാത്രിയർക്കീസിന്റെ കീഴിൽ മഫ്രിയാനമാർ പ്രവർത്തിച്ചിട്ടുള്ളതിന് തെളിവുകൾ മഫ്രിയാന ആയിരുന്ന ഗ്രീഗോറിയോസ് ബാർ എബ്രായായുടെ സഭാചരിത്രത്തിൽ കാണാം. Ans. അതിന് *എക്ലീഷ്യാസ്റ്റിക്* എന്നു പറയും. ആ പുസ്തകം സാക്ഷി കണ്ടിട്ടുണ്ടോ? Q 30 വർഷം മുമ്പ് ആദ്യമായി ഓമല്ലൂർ മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ മോർ യൂലിയോസ് ബാവായുടെ കൈവശം ഇരിക്കുമ്പോൾ ഞാൻ കാണുകയും

വായിച്ച് നോട്ടുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. Ans. ഞാൻ കണ്ട പുസ്തകം യൂലിയോസ് മെത്രാപ്പോലീത്തക്ക് എവിടെനിന്നു കിട്ടി എന്നന്വേഷിച്ചില്ലെങ്കിലും ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവ റമ്പാനായിരിക്കുമ്പോൾ ഈ *എക്ലിഷ്യാസ്റ്റിക്കിയിൽ* നിന്നു പഠിപ്പിച്ചിരുന്നു എന്നറിയാം. ഞാൻ ആ പുസ്തകം 30 വർഷത്തിനിടയിൽ പല പ്രാവശ്യം കണ്ടിട്ടുണ്ട്. ആ പുസ്തകമാണ് Ex.B 80 (The objection is raised as this is not the original and as not one produced an original and so not admissible) ഇതിന്റെ ഒറിജിനൽ 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബാർ എബ്രായ എഴുതിയ പുസ്തകത്തിന്റെ ഒറിജിനൽ ലോകത്തിൽ എവിടെയെങ്കിലും ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. Ex.B.80 മോർ യൂലിയോസ് അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധിയായിരുന്നു. അദ്ദേഹം വന്നപ്പോൾ അന്ത്യോക്യാ സിംഹാസനത്തിൽ നിന്നും എല്ലാ ക്രമങ്ങളും എന്നപോലെ തന്നെ ഈ പുസ്തകവും കൊണ്ടുവന്നതായിരിക്കണം. ബാർ എബ്രായാ എഴുതിയ *എക്ലാഷ്യാസ്റ്റിക്കിയുടെ* പകർപ്പുകൾ മറ്റു മെത്രാപ്പോലീത്തമാരുടെ പക്കൽ കാണുമോ? Q സഭയുടെ ഒരു പ്രധാനപ്പെട്ട രേഖ ആകയാൽ എല്ലാ മെത്രാപ്പോലീത്തമാരുടെയും കയ്യിൽ കണ്ടില്ലെങ്കിലും ചില പ്രധാനപ്പെട്ടവരുടെ കയ്യിൽ കാണാതിരിക്കാൻ വഴിയില്ല. 1-ാം വാദിയുടെയൊ 2-ാം വാദിയുടെ കൈവശം കാണേണ്ടതാണ്. ExB.80 അനുസരിച്ച് മഫ്രിയാനാക്ക് എത്ര ഡയോസിസ് ഉണ്ടെന്ന് പറഞ്ഞിട്ടുണ്ടോ? Q Ex.B.80 അല്ലാതെ കണ്ടുതന്നെ എനിക്കതറിയാം. പറയാം. An. The question with reference to Ex B. 80 are also objected as EB 80 is not validly proved. The questions are allowed subject to final ruling regarding the admissibility of Ext. B 80 and questions പന്ത്രണ്ട് ഇടവകകൾ ഉണ്ട്. അത് Ex. B 80 ൽ എവിടെ പറയുന്നു?Q രണ്ടാമത്തെ പാർട്ടിൽ 1 മുതൽ പെൻസിൽ കൊണ്ടു നമ്പർ ഇട്ടിരിക്കുന്നതിൽ 29-ാമത്തെ പുറത്ത് ഈ പന്ത്രണ്ട് ഇടവകകളുടെയും പേരുകൾ പറയുന്നുണ്ട്. ആ പന്ത്രണ്ടിൽ മലങ്കര ഇടവക പെടുന്നില്ല. Ans. പുസ്തകത്തിന്റെ ആദ്യഭാഗം പാത്രിയാർക്കേറ്റിനെ സംബന്ധിക്കുന്നതും രണ്ടാം ഭാഗം കാതോലിക്കാ മഫ്രിയാനാ ഇവരെ സംബന്ധിക്കുന്നതും ആണ്. Ex.B.Q കോട്ടയം സബ്കോർട്ട് OS 96/1961 ൽ ഹാജരാക്കിയതായി കാണുന്നുണ്ട്. Stopped for the day. മൊഴി വായിച്ചു കേട്ടു. ശരി

Sd/- കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court, read over to the witness and admitted by him to be correct.

Sd/- Judge

9-3-78

10-3-78. witness swore again and examination in Chief continued. എന്നെ കാണിച്ചത് *കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം* പുസ്തകമാണ്.

പേജ് 246ലെ മുകളിൽനിന്ന 6 മുതൽ 10 വരെയുള്ള വരികളുടെ പരിഭാഷ ഹാജരാക്കിയിട്ടുണ്ട്. തന്റെ പുത്രന് ശെമവോനെ ശ്ലീഹാ ആക്കിയ പിതാവിനു മഹത്വം തള്ളിപ്പറഞ്ഞതിനുശേഷവും കണ്ണുനീരുകളാൽ അവനെ തലവനാക്കി തീർക്കുകയും ചെയ്ത റൂഹായ്ക്ക് സ്തോത്രം. നിർണ്ണയാതീതനായ മിശിഹാ വാഴ്ത്തപ്പെട്ടവനാണ്. തനിക്കു മഹത്വം എന്നാണ് ആ വരികളിൽ പറഞ്ഞിട്ടുള്ളത്. Book is marked Ex.B.153. The portion is marked Exts.B 153(a) and the malayalam translation also Ex.B 153 (a). തർജ്ജമ ശരിയായി എഴുതിയിട്ടുള്ളതാണ്. ടൈഗ്രീസിൽ മഫ്രിയാന്മാരെ വാഴിച്ചുവന്നത് അന്ത്യോകൃാ പാത്രിയർക്കീസാണ്. ആ സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പു നടത്തുന്നത് ചിലപ്പോൾ ടൈഗ്രീസുകാരും പലപ്പോഴും പാത്രിയർക്കീസ് തനിച്ചു തെരഞ്ഞെടുത്തും വാഴിച്ചിട്ടുണ്ട്. ടൈഗ്രീസുണ്ടകാർ തെരഞ്ഞെടുത്തത് അതുപോലെ തന്നെ പാത്രിയർക്കീസ് സ്വീകരിച്ചിരുന്നുവോ? Q ടൈഗ്രീസുകാർ തെരഞ്ഞെടുത്ത ആള് അയോഗ്യനെന്നു കണ്ടിട്ട് മറ്റൊരാളെ സ്വയം തിരഞ്ഞെടുത്തു വാഴിച്ച സന്ദർഭവും ഉണ്ട്. Ans. ടൈഗ്രീസിലെ മഫ്രിയാനയുടെ മേൽ പാത്രിയർക്കീസ് ബാവ ശിക്ഷണ നടപടി എടുക്കുകയും സ്ഥാനത്തുനിന്നു നീക്കുകയും പകരം ആളെ നിയമിക്കുകയും മഫ്രിയാനയെക്കുറിച്ചുള്ള പരാതികൾ കേൾക്കുകയും മറ്റും ചെയ്ത സന്ദർഭങ്ങൾ ഉണ്ട്. ഞാൻ എഴുതിയിട്ടുള്ള ചരിത്രപുസ്തകങ്ങളും ലേഖനങ്ങളും എന്റെ അന്വേഷണത്തിൽ കിട്ടാവുന്നിടത്തോളം ചരിത്രപുസ്തകങ്ങൾ, മറ്റു ലേഖനങ്ങൾ കേസുകളുടെ മൊഴികൾ മുതലായി പലതും പരിശോധിച്ചാണ്. മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന മോർ ഗീവറുഗീസ് ദിവന്നാസ്യോസിന്റെ മൊഴികൾ ചിലതു വായിച്ചിട്ടുണ്ട്. മഫ്രിയാനയെ വാഴിക്കുന്നതു സംബന്ധിച്ച് അദ്ദേഹത്തിനു വല്ല അഭിപ്രായവും ഉണ്ടായിരുന്നതായിട്ടറിയാമോ? Q മഫ്രിയാനയുടെ വാഴ്ചയ്ക്ക് പാത്രിയാർക്കീസിന്റെ സംബന്ധം ആവശ്യമാണ് എന്നദ്ദേഹം മൊഴി കൊടുത്തിട്ടുള്ളതായി ആണ് എന്റെ ഓർമ്മ. Ans. മോർ ഗീവർഗീസ് ദീവന്നാസ്യോസ് ഇപ്പോൾ ജീവിച്ചിരിപ്പില്ല. The marking of the copy of the deposition is objected on the ground that the witness is incompetant and also on the ground that it is inadmissible. The counsel for the defendants submits that the document is an attested copy of the deposition of a person who is dead and both the plaintiffs in OS 81/77 claim to be his successors and so it is admissible and is a matter touching the issues in the case also. The document is not being admitted for contradicting any witness sent as the statement of a person which is relevant. The objection is overuled. It is marked as Ex.B.154. മോർ ഗീവർഗീസ് ഡയനീഷ്യസ് തിരുവനന്തപുരം ജി. കോർട്ടിൽ OS 94 of 1088 ൽ വാദിഭാഗം 52-ാം സാക്ഷിയായിരുന്നു. Ex. B 154 ൽ 111-ാം പേജിലാണ് ഞാൻ മുൻപറഞ്ഞ അഭിപ്രായം. മോർ ഗീവറുഗീസ് ഡയനിഷ്യസ് പറഞ്ഞിരിക്കുന്നത്. ടൈഗ്രീസിൽ മഫ്രിയാന 1863 വരെ ഉണ്ടായിരുന്നു. അതു കഴിഞ്ഞ് എന്തു സംഭവിച്ചു?Q അന്ത്യോകൃാ പാത്രിയർക്കീസ് സുനഹദോസ് കൂടി അത് നിർത്തലാക്കി. Ans.

1863ൽ നിർത്തലാക്കിയത് 1912ൽ അത് മലങ്കരയിൽ പുനഃസ്ഥാപിച്ചു എന്നു വാദികൾ പറയുന്നതു ശരിയാണോ? Q ശരിയല്ല. Ans. 1912ൽ ഇവിടെ നടന്നത് എന്താണെന്നറിയാമോ? Q അറിയാം. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന മോർ ഗീവർഗീസ് ദിവന്നാസ്യോസിനെ അന്ത്യോക്യാ സിംഹാസനത്തിന്റെ മോർ അബ്ദുള്ള പാത്രിയർക്കീസ് ബാവാ മുടക്കിയതിനുശേഷം പാത്രിയർക്കാ സ്ഥാനത്തുനിന്നും നേരത്തെ ഭ്രഷ്ടനാക്കപ്പെട്ടിരുന്ന മോർ അബ്ദൽ മിശിഹാ ബാവായെ അദ്ദേഹം വരുത്തുകയും അബ്ദള്ളാ പാത്രിയർക്കീസ് ബാവായാൽ ഭദ്രാസന ഇടവക ഭരണത്തിൽനിന്നും നീക്കപ്പെട്ടിരുന്ന മോർ ഇവാനിയോസ് മെത്രാപ്പോലിത്തായെ കാതോലിക്ക എന്ന പേരിൽ വാഴിക്കയും ആണ് ഉണ്ടായത്. Ans. അങ്ങനെ വാഴിക്കുന്നതിനു കൂടുതലും ഉത്സാഹിച്ചതാരാണ്?Q മോർ ഗീവർഗീസ് ദിവന്നാസ്യോസ് തിരുമേനിയാണ്. Ans. അങ്ങനെ വാഴിച്ച ആൾക്ക് കാതോലിക്കായുടെ എന്തെങ്കിലും അധികാരം കിട്ടിയോ? Q അധികാരം കിട്ടിയതായി മലങ്കരസഭ വിശ്വസിക്കുന്നില്ല. Ans. ഇതു സംബന്ധിച്ച് മോർ ഗീവർഗീസ് ഡയനീഷ്യസ് ExB.154 പേജ് 1410ൽ പറഞ്ഞിരിക്കുന്ന അഭിപ്രായം ശരിയാണോ? Q അതെ, Ans. അദ്ദേഹം പറഞ്ഞിരിക്കുന്നത് "മേൽപറഞ്ഞ കാതോലിക്കാക്ക് കാതോലിക്കാ എന്നുള്ള സ്ഥാനനാമ മാഹാത്മ്യം കൊടുത്തു എന്നല്ലാതെ മലങ്കരസമുദായം അതായത് അസോസ്യേഷൻ അദ്ദേഹത്തെ കാതോലിക്കാക്കുള്ള അവകാശങ്ങളോടുകൂടിയൊ അധികാരങ്ങളോടുകൂടിയൊ അംഗീകരിക്കുകയൊ അദ്ദേഹത്തിനു ഉണ്ടെന്നു വിചാരിക്കുകയൊ ചെയ്തിട്ടില്ലന്നാണ് എന്റെ വിശ്വാസവും അറിവും" എന്നാണ്. Portion marked Ex.B 154 അബ്ദൽ മിശിഹായ്ക്ക് ഇങ്ങനെ സ്ഥാനമാഹാത്മ്യം കൊടുക്കാൻ എന്തെങ്കിലും അധികാരം ഉണ്ടായിരുന്നോ? Q അന്ന് അദ്ദേഹം അന്ത്യോക്യാ പാത്രിയർക്കീസ് അല്ലാതിരുന്നതിനാൽ അധികാരം ഇല്ല. Ans. ആ സ്ഥാനം വാങ്ങിയ മോർ ഇവാനിയോസ് അന്ന് സ്ഥാനത്തുനിന്നു നീക്കപ്പെട്ട ആളായിരുന്നതുകൊണ്ട് അദ്ദേഹത്തിനും അന്ന് അതിനു അവകാശവും അധികാരവും ഇല്ലായിരുന്നു. ആ സ്ഥാനനാമ മാഹാത്മ്യം കിട്ടി ഒരു വർഷത്തോളം മോർ ഇവാനിയോസ് ജീവിച്ചിരുന്നു എന്നാണ് എന്റെ അറിവ്. അദ്ദേഹത്തിന്റെ കാലശേഷം 12ഓളം വർഷങ്ങൾ കഴിഞ്ഞ് മറ്റൊരു കാതോലിക്ക വാഴിക്കപ്പെട്ടു. അങ്ങനെ വാഴിച്ചത് ഇവിടെയുള്ള മെത്രാപ്പോലീത്തമാരാണ്. ഗീവർഗീസ് ഡയനിഷ്യസിന്റെ ഭാഗത്തുള്ളവരായിരുന്നു അങ്ങനെ ചെയ്തത്. അവർക്കും കാതോലിക്കയുടെ അധികാരം ഒന്നും കിട്ടിയിരുന്നില്ല. മുൻ പറഞ്ഞ പേർ മാത്രം ഉണ്ടായിരുന്നു. ബാവാ കക്ഷിയിലെ മെത്രാപ്പോലീത്തമാർ ആരെങ്കിലും ആചാരങ്ങളിൽ സംബന്ധിച്ചോ? Q ഇല്ല. (Ans.) പാത്രിയർക്കീസ് ബാവായുടെ അനുമതിയൊ സംബന്ധമൊ ഒന്നും ഇതിനൊന്നും ഉണ്ടായിരുന്നില്ല. 1665 മുതൽ (1-ാം മാർത്തോമാ മെത്രാപ്പോലീത്ത മുതൽ) ഉള്ള മെത്രാന്മാരെ വാഴിച്ചത് ആരാണ്? Q അവരിൽ ഭൂരിഭാഗം പേരെയും അന്ത്യോക്യാ പാത്രയർക്കീസ് നേരിട്ടൊ അദ്ദേഹത്താൽ അയയ്ക്കപ്പെട്ട പ്രതിനിധികളാലൊ ആണ് വാഴിക്കപ്പെട്ടിട്ടുള്ളത്.

Ans. ഒരു മെത്രാൻ തന്നെ തന്റെ പിൻഗാമിയെ വാഴിക്കുക എന്നുള്ളത് ശരിയാണോ? Q ശരിയല്ല. മലങ്കരസഭയിൽ പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൽനിന്നുള്ള പൗരോഹിത്യം ജീവൽ പ്രശ്നമായിരുന്നതുകൊണ്ട് പ്രസ്തുത സിംഹാസനത്തിൽനിന്ന് അത് ലഭിക്കുവാൻ എപ്പോഴും ആഗ്രഹിക്കുക, അതിനുവേണ്ടി ഏർപ്പാടുകൾ ചെയ്യുകയും പതിവായിരുന്നു. ചില സന്ദർഭങ്ങളിൽ അവരുടെ സാന്നിദ്ധ്യം അസാദ്ധ്യമാകുമ്പോൾ ഒരു മെത്രാൻ വേറൊരു മെത്രാനെ വാഴിക്കുക ഉണ്ടായിരുന്നു. അങ്ങിനെ വാഴ്ച ഏറ്റവർ അവരുടെ സ്ഥാനത്തെക്കുറിച്ച് സംശയാലുക്കളായിരുന്നു എന്നും ചരിത്രങ്ങളിൽ പറയുന്നുണ്ട്. Ans. അങ്ങനെ ഒരു മെത്രാൻ വാഴിച്ച മറ്റൊരു മെത്രാൻ അന്ത്യോക്യായിൽനിന്നും ഒരു മെത്രാൻ വന്നാൽ ആ മെത്രാനോടും പട്ടം എടുക്കുമോ? Q അങ്ങനെയുള്ള സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. Ans. 1665 മുതലുള്ള മുൻപറഞ്ഞ മെത്രാപ്പോലീത്തമാരെ അംഗീകരിക്കുകയൊ തെരഞ്ഞെടുക്കുകയൊ ചെയ്യാറുണ്ടായിരുന്നോ ജനങ്ങൾ? Q അങ്ങനെ വാഴിച്ച ആളിന്റെ കാലശേഷം അംഗീകരിച്ചിട്ടുണ്ട്. Ans. 1665നു ശേഷമുള്ള മേല്പറഞ്ഞ മെത്രാപ്പോലീത്തമാരെ ജനങ്ങൾ അംഗീകരിക്കുകയൊ തെരഞ്ഞെടുക്കുകയൊ ചെയ്തിരുന്നു എന്ന് ഞാൻ മനസ്സിലാക്കിയത് ഇ.എം.ഫിലിപ്പ്, ഇട്ടൂപ്പ് റൈറ്റർ മുതലായവരുടെ മലങ്കര സഭാചരിത്രങ്ങളിൽ നിന്നാണ്. ഞാൻ ചരിത്രം എഴുതുന്നതിനും ഈ രണ്ടു പേരുടെയും ചരിത്രഗ്രന്ഥങ്ങൾ നോക്കിയിട്ടുണ്ട്. ഇ.എം.ഫിലിപ്പിന്റെ സഭാചരിത്രമാണ് Ex.B.155. ഇട്ടൂപ്പ് റൈറ്ററുടെ സഭാചരിത്രമാണ് Ex.B156 EB 32 കല്പന നോക്കി. ExB 32(1) തർജ്ജമ ഞാൻ ചെയ്തിട്ടുള്ളതാണ്. ശരിയായിട്ടും സത്യമായിട്ടും ഉള്ള തർജ്ജമയാണ്. Ex.B. 32(a) ൽ അവസാനപേജിൽ എന്റെ ഒപ്പുണ്ട്. EB32 നോമ്പിനെ സംബന്ധിച്ചും മറ്റും 1-ാം വാദി പാത്രിയർക്കീസിനയച്ച എഴുത്താണ്. ആത്മീയകാര്യങ്ങളിൽ അവസാനതീരുമാനം ചെയ്യേണ്ടത് ആരാണ്Q. ഈ സഭയെ സംബന്ധിച്ചിടത്തോളം അന്ത്യോക്യാ പാത്രിയർക്കീസ് ബാവയാണ്. Ans. നോമ്പിലെ ക്രമീകരണങ്ങൾ ഒരു ആത്മീയ കാര്യം ആണോ? Q അതെ, An. Ex.B47, 48, 49 and 50 ഞാൻ തർജ്ജമ ചെയ്തിട്ടുണ്ട്. ആ തർജ്ജമകൾ Ext. B 47(a), B48(a), B49(a), B50(a) എല്ലാം ശരിയായും സത്യമായും ചെയ്തിട്ടുള്ളതാണ്. അതിലെല്ലാം എന്റെ ഒപ്പുണ്ട്. E.B.53 ഔഗേൻ കാതോലിക്ക ബാവ തിരുമേനി അന്നത്തെ അന്ത്യോക്യാ പാത്രിയർക്കീസു ബാവാതിരുമേനിയുടെ പ്രതിനിധിയായിരുന്ന അഫ്രേം അബൂദി റമ്പാച്ചന് അയച്ചിട്ടുള്ളതാണ്. സുറിയാനി ഭാഷയിലാണ് അത്. മലയാളത്തിൽ പരിഭാഷ ചെയ്യാം. "അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പത്രോസിനടുത്ത സിംഹാസനത്തിന്റെ മഹോന്നതനായ മോറാൻ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി ബഹുമാന്യനും നിർമ്മലനും ആയ പരിപാകതയുള്ള നമ്മുടെ സഹോദരൻ അഫ്രേം അബൂദി റമ്പാന്റെ ശ്രേഷ്ഠതയ്ക്ക് കർത്തൃപരമായ സമാധാനത്തിനും ശരീരസൗഖ്യാന്വേഷണത്തിനുംശേഷം നിങ്ങളുടെ സത്യസ്നേഹത്തോട് നാം അറിയിക്കുന്നു. നമ്മുടെ മോറാൻ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സന്നിധിയിലും

സിറിയാ മുതലായ പ്രദേശങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഉള്ള വാർത്തയുള്ള നിങ്ങളുടെ എഴുത്ത് എനിക്കു കിട്ടി. ദുഃഖത്തിൽ നിന്നും നമ്മുടെ ഹൃദയത്തിനു വളരെ ആശ്വാസമുണ്ടായി, ആ സ്ഥലങ്ങളിൽ ഉണ്ടായ യുദ്ധങ്ങളെക്കുറിച്ച് നാം വേദനപ്പെട്ടിരിക്കയായിരുന്നു. നമ്മുടെ ജനത്തിനും സ്ഥലങ്ങൾക്കും യാതൊരു വീഴ്ചയും ഉണ്ടായില്ല എന്നറിഞ്ഞിട്ട് നമ്മുടെ ഹൃദയം ആശ്വസിക്കുകയും അവരെ സംരക്ഷിച്ച കരുണയുള്ള ദൈവത്തെ നാം സ്തുതിക്കുകയും ചെയ്യുന്നു. ഇനിയും എക്കാലവും താനവരെ കാത്തുകൊള്ളുവാൻ നാം പ്രാർത്ഥിക്കുന്നു. നിങ്ങൾ ഇവിടെ കുറെദിവസം താമസിക്കണമെന്ന് ഞാൻ നിങ്ങളോടു ആവശ്യപ്പെട്ടിരുന്നല്ലോ? എന്നാൽ നിങ്ങൾ വേഗം തന്നെ തിരിച്ചുപോയല്ലോ! ഈ ഭവനം നമ്മുടെ എല്ലാവരുടേയുമാകുന്നു. ആകയാൽ നിങ്ങൾ ഈ സ്ഥലത്ത് ഇവിടെ വരുമ്പോഴെല്ലാം ഇവിടെ നിങ്ങൾ രാപാർക്കേണ്ടിയിരിക്കുന്നു. നമുക്ക് അന്യോന്യം സന്തോഷിക്കുവാൻ തക്കവണ്ണം നിങ്ങൾ ഇവിടെവന്ന് താമസിക്കുമെന്നു നാം ഉറപ്പായി വിശ്വസിക്കുന്നു. നാം ചുരുക്കുന്നു. കർത്താവിൽ സുഖപ്പെട്ടിരിക്കുക. വയോധികനും രോഗിയുമായ എനിക്കുവേണ്ടി പ്രാർത്ഥിക്കുക എന്ന് നിങ്ങളുടെ സ്നേഹിതൻ ബസേലിയോസ് ഔഗേൻ. പൗരസ്ത്യ കാതോലിക്കാ, കാതോലിക്കേറ്റ് അരമന, കാതോലിക്കേറ്റ് കോട്ടയം 1967 മിഥുനം 29ന് Ex. A13 നോക്കി അതിൽ നിങ്ങളുടെ അപേക്ഷ അനുസരിച്ച് നമ്മുടെ ആത്മീയ വാത്സല്യവാൻ ഈയാവാനീസ് മഫ്രിയാനായെ കിഴക്കിന്റെ ബസേലിയോസ് കാതോലിക്കാ എന്ന പേരിൽ അതായത് ഇൻഡ്യയിലും മറ്റുമുള്ള മാർത്തോമാശ്ലീഹായുടെ ഇടവകയുടെ സിംഹാസനത്തിന്റെ കാതോലിക്കയായി നാം വാഴിച്ചു എന്ന് അതിൽ പറയുന്നു. Ex .A 13(a) തർജ്ജമയിൽ മോർതോമാശ്ലീഹായുടെ സിംഹാസനത്തിന്റെ എന്ന് കാണിച്ചിട്ടുള്ളത് സുറിയാനി ഒറിജിനലിൽ ഉള്ള ഇടവകയുടെ എന്ന വാക്ക് omit ചെയ്തിട്ടാണ്. Ex.B13 ൽ മാർജ്ജിനിൽ ഒപ്പുകൾ ഉണ്ട്. ഇങ്ങനെയുള്ള സ്താത്തിയോൻ കല്പനകളിൽ പാത്രിയർക്കീസിന്റെ മുദ്രകളും അദ്ദേഹത്തോടുകൂടി മെത്രാൻ വാഴ്ചയിൽ സഹകരിച്ച മെത്രാപ്പോലീത്താമാരുടെയും അവർ സാക്ഷികൾ എന്ന നിലയിൽ ഉള്ള മുദ്രകളും മാത്രമെ കണ്ടിട്ടുള്ളൂ. ഇതിൽ സാധാരണ പതിവിനു വിപരീതമായി ഒരു പട്ടക്കാരന്റെയും ഒരൽമായക്കാരന്റെയും വീട്ടുപേരും ഒപ്പും കാണുന്നു. ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത എന്ന പേര് എഴുതി കാണുന്നതിൽ ഒപ്പുണ്ടോ? Q ഉണ്ട്. An. മെത്രാപ്പോലീത്തമാരെ വാഴിക്കുമ്പോൾ സ്താത്തിക്കോൻ കൊടുക്കാറുണ്ട്. ഞാൻ സ്താത്തിക്കോൻ കുറെ കണ്ടിട്ടുണ്ട്. സ്താത്തിക്കോൻ അദ്ദേഹം ഭരണമേല്ക്കുന്ന സ്ഥലത്തെ ജനങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതാകുന്നു. ExA 206 നോക്കി. 481-ാം പേജിൽ (38-ാം അദ്ധ്യായം) 1-ാം ഖണ്ഡികയിൽ പുതിയതായി വാഴ്ച ഏല്ക്കുന്ന ആളിന്റെ 1-ാമത്തെ ഡ്യൂട്ടിയെക്കുറിച്ചു പറയുന്നു. പുതുതായി എഴുന്നേൽക്കുന്ന ആൾ എപ്പിസ്കോപ്പാ എങ്കിൽ പാത്രിയർക്കീസിൽനിന്നും അദ്ദേഹത്തിനു നൽകപ്പെട്ടിട്ടുള്ളതായ സുസ്താത്തിക്കോൻ രേഖ പൊതുവിനെ കാണിക്കേണ്ടതാകുന്നു

എന്നാണ് അത്. ആരു മെത്രാപ്പോലീത്തായെ വാഴിച്ചാലും പാത്രിയർക്കി സിന്റെ സ്ഥാത്തിക്കോൻ ആവശ്യമാണോ? എന്നാണ് അതിൽ പറയുന്നത്. Ans. ആ നിയമത്തിനു അടിസ്ഥാനമായ കാരണം എന്താണ്? Q. ദൈവത്തിൽ നിന്നുള്ള നൽവരം പാത്രിയർക്കിസ് അതായത് പത്രോസിന്റെ പിൻഗാമി വഴിയായി വരുന്നതു കൊണ്ടാണ്. Ans. പള്ളികൂദാശ എന്നാൽ എന്താണ്?Q രണ്ടു തരത്തിൽ പറയപ്പെടുന്നുണ്ട്. വിശുദ്ധബലി അർപ്പണത്തിനുവേണ്ടി ശുദ്ധീകരിക്കുക പരിശുദ്ധാത്മ ആവാസം വരുത്തുക ഇവയാണ് അതിന്റെ ഉദ്ദേശ്യം. താൽക്കാലികമായും സ്ഥിരമായും ഉള്ള പള്ളികൂദാശകൾ ഉണ്ട്. താൽക്കാലികം. പ്രാർത്ഥന, കുരിശിന്റെ മുദ്രീകരണം, മുതലായവ നടത്തിയും സ്ഥിരമായ കൂദാശ മൂറോൻ പുരട്ടിയും നടത്തുന്നു. രണ്ടാമത്തേത് മേൽപട്ട ക്കാരൻ മാത്രം ചെയ്യാവുന്നതാകുന്നു. Ans. പള്ളി അങ്ങിനെ കൂദാശ ചെയ്താൽ അതിന്റെ ഫലം എന്താണ്? കുർബ്ബാന അർപ്പണത്തിനുള്ള ശുദ്ധിയും പരിശുദ്ധാത്മാവിന്റെ ആവാസവും Ans. പള്ളികൂദാശ ചെയ്യുന്ന തുമൂലം അതിന്റെ (ആ സ്ഥലത്തിന്റെയും) ഉടമസ്ഥാവകാശത്തിനു വല്ല മാറ്റവും വരുമോ? Q യാതൊരു മാറ്റവും വരുകയില്ല. Ans. ആ സ്ഥലത്തി ന്റെയും പള്ളിയുടെയും കൈവശത്തിനും ഒരു മാറ്റവും വരുകയില്ല. അതുമൂലം പള്ളിയുടെ ഭരണത്തിനു വല്ല മാറ്റവും വരുമോ? Q കൂദാശ ചെയ്തതുകൊണ്ടു മാത്രം ഭരണത്തിനും മാറ്റം വരുകയില്ല. Ans. സഭയുടെ വക പള്ളികളെല്ലാം മെത്രാപ്പോലിത്തക്കവകാശപ്പെട്ടതാണോ? Q സഭക്കുവേണ്ടി മെത്രാപ്പോലീ ത്താക്ക് പ്രത്യേകം എഴുതിക്കൊടുത്തിട്ടുള്ളവയുണ്ടെങ്കിൽ അങ്ങനെയുള്ള തുമാത്രം മെത്രാപ്പോലീത്തായ്ക്കവകാശപ്പെട്ടതാണ്. An.Stopped for the day. മൊഴി വായിച്ചുകേട്ടു. ശരി.

Sd/- കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open Court, read over to the witness and admitted by him to be correct.

Sd/- Judge

13-3-78 witness sworn again and examination in Chief continued.

ഇടവകപ്പള്ളികൾ സഭ വകയല്ല. ഈ സഭയിൽ പരിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസ് ബാവയുടെ അധികാരത്തിൻകീഴിൽ നിൽക്കുവാൻ തക്ക വണ്ണം അതാതു സ്ഥലത്തുള്ള ആളുകൾ അവരുടേതായി ഉണ്ടാക്കുന്നവയാണ്. ഇടവകപള്ളിയുടെ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യുവാനുള്ള അവകാശം ഇടവകകാർക്കാണ്. ക്രയവിക്രയം ചെയ്യുന്നതിനു മെത്രാപ്പോലീത്താക്ക് അധികാരവും അവകാശവും ഇല്ല. ക്രയവിക്രയം ചെയ്യുന്നതിന് ഇടവകക്കാർ മെത്രാപ്പോലിത്തയുടെ അനുവാദം വാങ്ങണോ? Q അനുവാദം വാങ്ങേണ്ട ആവശ്യം ഇല്ല. Ans. ഇടവകപ്പള്ളികൾ മെത്രാപ്പോലീത്താമാർക്ക് എന്തെ ങ്കിലും നിയന്ത്രണമൊ അധികാരമൊ ഉണ്ടോ? Q ആത്മീയ കാര്യങ്ങളിൽ

നിയന്ത്രണാധികാരം ഉണ്ട്. ഇടവകക്കാരുടെ അപേക്ഷ അനുസരിച്ച് ശെമ്മാശന്മാർക്കും കശീശന്മാർക്കും പട്ടം കൊടുക്കുകയും അവരുടെ അപേക്ഷാനുസരണം അവിടേക്കു നിയമിക്കുകയും ചെയ്യുന്നത് മെത്രാപ്പോലീത്ത ആണ്. പള്ളികൾ കൂദാശ ചെയ്യുന്നതും അദ്ദേഹം തന്നെയാണ്. Ans. ഇടവകക്കാർ ഈ പറഞ്ഞ നിയന്ത്രണങ്ങൾ നിഷേധിച്ചാൽ എന്തു ചെയ്യണം? Q ഒന്നാമത് ക്രിസ്തീയ സ്നേഹത്തോടെ അവരെ ഉപദേശിക്കണം. ഫലപ്പെടുന്നില്ലെങ്കിൽ ആത്മീയമായ ശിക്ഷണനടപടികൾ എടുക്കാം. എന്നാൽ പള്ളിയുടെ സ്ഥാപനോദ്ദേശ്യത്തിനൊ പാരമ്പര്യത്തിനൊ കീഴ്നടപ്പിനൊ എതിരായി ഒന്നും ചെയ്യുവാൻ പാടില്ലാത്തതാകുന്നു. Ans. പള്ളികളുടെ സ്ഥാപനോദ്ദേശ്യം എന്താണ്? Q പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിന്റെ അധികാരത്തിൻ കീഴിൽ ആജ്ഞകൾക്കു കീഴ്പെട്ട് ആത്മീയകർമ്മങ്ങൾ നിർവ്വഹിക്കുന്നതിനും അനുഭവിക്കുന്നതിനും ആണ് ഈ സഭയിൽ പള്ളികൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. Ans. പള്ളിയുടെ അനുഭവസ്ഥർ ഇടവകക്കാരാണ്. ഒരു പള്ളിയിലെ അനുഭവസ്ഥർ എന്നു പറഞ്ഞാൽ ആ പള്ളിയിലെ ഇടവകക്കാർ മാത്രമൊ മറ്റു പള്ളി ഇടവകക്കാരും പെടുമോ? Q ആ പള്ളിയിലെ ഇടവകക്കാർ മാത്രമാണ്. Ans. വികാരി എന്നു പറഞ്ഞാൽ എന്താണ്? Q ആത്മീയ കാര്യങ്ങൾ മെത്രാപ്പോലീത്തയുടെയും ആത്മീയവും ഓരോ പള്ളിയുടെയും ഭരണക്രമമനസരിച്ചുള്ള കാര്യങ്ങളിൽ ഇടവകക്കാരുടെയും പ്രതിനിധിയാണ്. Ans. അവരുടെ പ്രതിഫലം കൊടുക്കുന്നത് ഇടവകപള്ളിയിൽനിന്നാണ്. സഭാവക വസ്തുക്കൾ എന്നു പറഞ്ഞ് കുറെ വസ്തുക്കൾ ഉണ്ട്. സഭയിലെ അംഗങ്ങൾക്ക് എല്ലാവർക്കും അവകാശമുള്ള സഭയിലെ പൊതുവസ്തുവകകളാണ് അവ. അതിന്റെ ഭരണം എങ്ങനെയാണ്?Qഅതിന്റെ ഭരണം സഭയിലെ മൂന്നു ഘടകങ്ങളായ മെത്രാപ്പോലീത്ത, പട്ടക്കാരൻ, അൽമായക്കാർ എന്നിവരെ പ്രതിനിധീകരിച്ചുകൊണ്ട് അസോസ്യേഷനാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു മെത്രാപ്പോലീത്തൽ ട്രസ്റ്റിയും ഒരു വൈദിക ട്രസ്റ്റിയും ഒരൽമായ ട്രസ്റ്റിയും കൂടി ആകുന്നു. Ans. പൊതുവസ്തുക്കൾ കൂടാതെ സഭയിൽ ട്രസ്റ്റു വസ്തുക്കൾ ഉണ്ടോ? Q ഭദ്രാസനങ്ങൾക്ക് ഭദ്രാസനവസ്തുക്കളുടെ ട്രസ്റ്റുകൾ, ഓരോ പള്ളിക്കും അതാതിന്റെ ട്രസ്റ്റും ഉണ്ട്. Ans. 1-ാം വാദിയെ കതോലിക്ക ആയി വാഴിച്ചപ്പോൾ ഞാൻ ഉണ്ടായിരുന്നു. വാഴ്ച നടത്തിയ പ്രധാന കാർമ്മികൻ ആരായിരുന്നു? Q അന്ത്യോക്യായുടെ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ ആയിരുന്നു. Ans. ഒഫീഷ്യൽ ആയി മലങ്കരസഭ എന്നൊരു മഗസിൻ ഉണ്ട്. എന്നെ കാണിച്ചത് 1964 ജൂണിൽ ഒഫീഷ്യലായി അടിച്ചിറക്കിയ ഒരു ലക്കമാണ്. 20 മുതൽ 25 വരെയുള്ള പേജുകൾ 1-ാം വാദിയുടെ വാഴ്ച സംബന്ധിച്ചുള്ള റിപ്പോർട്ടാണ്. 1-ാം വാദി വാഴ്ച സമയം എന്തു ഡ്രസ്സിലാണ് വന്നത്? Q ഞാൻ ഉണ്ടായിരുന്നു. വെളുത്ത ശുശ്രൂഷകുപ്പായമാണു ധരിച്ചിരുന്നത്. തലയിൽ മസ്നപ്സായുടെ മുകളിൽ ശോശപ്പായും ഇട്ടിരുന്നു. Ans. വാഴിക്കലിനുശേഷമാണ് കാപ്പാ ധരിച്ചത്. അത് സംബന്ധിച്ച ലക്കമാണ് Ex.B.157. Pages 20-23 is marked Ext. B 157(a). അന്നു

വാഴിക്കപ്പെട്ട ആളിന്റെ തലയിൽ ഏവൻഗേലിയോൻ പുസ്തകം വച്ചു വായിച്ചോ? Q വായിച്ചു. Ans. വായിച്ചത് പാത്രിയർക്കീസ് ബാവായാണ്. വാഴിച്ച കർമ്മത്തിൽ പാത്രിയർക്കീസിന്റെ കൂടെ വന്ന സിറിയായിലെ മെത്രാപ്പോലീത്തമാർ സംബന്ധിച്ചു. അവരാണ് 1-ാം വാദിയെ പാത്രിയാർക്കീസ് ബാവയുടെ സന്നിധിയിലേക്കു ആനയിച്ചത്. Ex B 157(a) റിപ്പോർട്ട് ശരിയാണോ? Q മിക്കവാറും ശരിയാണ്. Ans. അവിടെ നടന്ന കാര്യങ്ങളിൽ പ്രധാനപ്പെട്ടവ ഇതിൽ ഉണ്ട്. പാത്രിയർക്കീസ് ബാവായെ അനുസരിച്ചുകൊള്ളാമെന്നു പ്രതിജ്ഞ 1-ാം വാദി വായിച്ചോ? Qവായിച്ചു. Ans. അന്നു വാഴ്ച സംബന്ധിച്ചു കുർബാന ആദ്യം ചൊല്ലിയതാരാണ് ? Q അത് പൂർത്തിയാക്കിയത് ആരാണ് ? Q ആരംഭിച്ചത് പാത്രിയർക്കീസ് ബാവയും വാഴ്ച ഏറ്റശേഷം അവസാനിപ്പിച്ചത് കാതോലിക്കബാവായും ആയിരുന്നു. Ans. എത്യോപ്യൻ സഭ ഒരു സ്വതന്ത്രസഭയാണോ ? Q അതിന്റെ ആരംഭം മുതൽ തന്നെ അത് അലക്സാണ്ട്രിയൻ പാത്രിയർക്കീസിന്റെ കീഴിലായിരുന്നു. എന്നാൽ ഉഭയസമ്മതത്തോടെ 1970ലോ 1971ലോ അതിനു സ്വാതന്ത്ര്യം ലഭിച്ചു. Ans. സ്വാതന്ത്ര്യം ലഭിച്ചത് എങ്ങനെയാണ് ? Q പരസ്പരമുള്ള സ്നേഹപൂർവ്വമായ ആലോചനയുടെ ഫലമായിട്ടാണ്. Ans. ആലോചന കഴിഞ്ഞ് അവർ തമ്മിൽ എന്തെങ്കിലും എഗ്രിമെന്റ് ഉണ്ടായോ? Qഅവർ സ്വതന്ത്രമായി നിന്നുകൊള്ളുവാൻ അലക്സാണ്ട്രിയാ പാത്രിയർക്കീസ് അനുവദിച്ചു. Ans. ജോസഫ് മോർ ദിവന്നാസ്യോസിന്റെ പട്ടം ഏറ്റ ജൂബിലി ആഘോഷിക്കുന്നതിന് എല്ലാ പള്ളികൾക്കും കല്പന അനുവദിച്ചിട്ടുള്ളതായിട്ടാണ് അറിവ്. അങ്ങനെ അയച്ച കല്പനയാണ് Ex.B.158 (1901 കർക്കടകം 10). അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് Ext.B 158 (a). അതു സംബന്ധിച്ച് മറ്റു മൂന്നു മെത്രാപ്പോലീത്തമാർ കൂടി ഒരു കല്പന എല്ലാ പള്ളികളിലേക്കും അയച്ചു. അതാണ് Ex.B.159. അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് Ex.B 159(a) സഭയയുടെ വിശ്വാസത്തിൽ എന്തെങ്കിലും alteration വരുത്തിയാൽ അതേപ്പറ്റി എന്തു നടപടിയാണ് എടുക്കേണ്ടത്? Q പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്ന രീതിയിലുള്ള അന്വേഷണങ്ങൾ നടത്തുകയും ആവശ്യമെന്നു കണ്ടാൽ ഈ സഭയുടെ ആകമാന സുനഹദോസ് വിളിച്ചുകൂട്ടി മേൽനടപടികൾ സ്വീകരിക്കുന്നതുമാണ്. Ans. ആവശ്യമായ മേൽനടപടി എന്നു പറഞ്ഞത് എന്തൊക്കെയാണ്? നിരോധിക്കുക, മുടക്കുക മുതലായവയാണ് ? Q Ans. പാത്രിയർക്കീസിനു നേരിട്ടു തനിച്ച് അങ്ങനെ ചെയ്യാമോ? Q ചെയ്യാം. Ans. സുനഹദോസ് കൂടേണ്ട ആവശ്യം ഉണ്ടോ? സുനഹദോസ് കൂടാതെയും ചെയ്യാവുന്നതാണ്. Ans. കാരണം പാത്രിയർക്കീസാണ് ഈ സഭയുടെ വിശ്വാസത്തിന്റെ സൂക്ഷിപ്പിനും നിലനിർത്തലിനും ചുമതലയും അധികാരവും ഉള്ള ആൾ. Ans. ഈ കേസിലെ 1-ാം വാദിക്കെതിരായി പാത്രിയർക്കീസ് ആ തരത്തിൽ എന്തെങ്കിലും നടപടി നടത്തിയോ?Qനടത്തി. Ans. ഒന്നാം വാദിയുടെ കൂടെ നില്ക്കുന്ന 2-ാം വാദി ഉൾപ്പെടെയുള്ള മറ്റു മെത്രാപ്പോലീത്താമാരുടെമേലും പാത്രിയർക്കീസ് നടപടി നടത്തി. ആകമാന സുന്നഹദോസിലെ അംഗങ്ങൾ

ആരൊക്കെയാണ്? ഈ സഭയിൽ പാത്രിയർക്കീസിന്റെ കീഴിലുള്ള എല്ലാ മെത്രാപ്പോലീത്താമാരുമാണ് ആകമാന സുനഹദോസ് അംഗങ്ങൾ. Ans. വിശ്വാസത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തി എന്നു ബോദ്ധ്യമാകുന്ന പക്ഷം പാത്രിയർക്കീസിനു അതിൽ നടപടി നടത്താം എന്ന് ഈ സഭയിലെ മലങ്കര മെത്രാപ്പോലീത്തമാർ സമ്മതിച്ചിട്ടുണ്ടോ? Q ഉണ്ട്. Ans. വട്ടശ്ശേരിൽ മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ *മതോപദേശ സാരങ്ങളിൽ* അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. മോർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഒരു കേസിലെ മൊഴിയിൽ അദ്ദേഹവും അതു പറഞ്ഞിട്ടുണ്ട്. കോട്ടയം ജില്ലാ കോടതിയിൽ OS III of 113 ൽ കൊടുത്ത മൊഴിയിലാണോ? Q അതെ, Ans. ആ മൊഴിയുടെ അടയാളസഹിതം പകർപ്പാണ് ഇത്. Marking is objected on the ground that the witness is not competent, that it is not admissible and that it is not an authenticated copy. The copy is authenticated by the examiner and a seal of court and for the reason stated with regard to Ext. B 61 the other objections are also overruled. It is marked Ex. B. 160. Ex.B.160 പേജ് 129ൽ അവസാനഭാഗത്ത് വിശ്വാസവിപരീതം ഉണ്ടായാൽ പാത്രിയർക്കീസിന് യാക്കോബായ സഭയുടെ മുഴുവനും കൂടിയുള്ള സിനഡു കൂടി തീരുമാനിക്കാം. അങ്ങനെ ചെയ്യുന്നതിന് മലങ്കരസഭയുടെ അസോസ്യേഷന്റെയൊ മലങ്കര മെത്രാന്റെയൊ അനുവാദം വേണ്ട എന്നു സമ്മതിച്ചിട്ടുണ്ട്. The portion is marked ExB.160 (a) ആ സമ്മതം കൊടുത്ത മോർ ഗീവർഗീസ് ദ്വിതീയന്റെ മലങ്കര മെത്രാപ്പോലീത്ത ആയിട്ടുള്ള മുൻഗാമി വട്ടശ്ശേരി മോർ ഗീവർഗീസ് ഡയനേഷ്യസ് ആണ്. അദ്ദേഹത്തിന്റെ മൊഴി Ex.B154 ആണ്. അതിൽ 111-ാം പേജിൽ പാത്രിയർക്കീസ് ബാവാക്ക് ആകമാന സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിനുള്ള അധികാരത്തെപ്പറ്റി പറയുന്നുണ്ട്. യാക്കോബായ സഭയിലുള്ള എല്ലാ മേൽപട്ടക്കാരെയും ചേർത്ത് ഒരു സുനഹദോസ് കൂടണമെങ്കിൽ അതിനു ക്ഷണിക്കേണ്ടതും അദ്ധ്യക്ഷത വഹിക്കേണ്ടതും പാത്രിയർക്കീസാണെന്ന് സമ്മതിക്കുന്നുണ്ട്. ആ സുനഹദോസിന്റെ നിശ്ചയങ്ങൾ പബ്ലിഷ് ചെയ്യേണ്ടത് ആരാണെന്നും ടി പേജിൽ പറഞ്ഞിട്ടുണ്ട്. മുൻപറഞ്ഞതുപോലെയുള്ള പൊതുസുനഹദോസിലെ നിശ്ചയങ്ങളെ സുനഹദോസിന്റേതായി പരസ്യം ചെയ്യുന്നതിനും മറ്റുമുള്ള അവകാശവും അദ്ദേഹത്തിനാണ്. Portion is marked Ext.B154(a) ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ മരിച്ചു. ആ ആളിന്റെ പിൻഗാമി ആരാണ് ? Q ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്ക ബാവ ആണ്. Ans. പാത്രിയർക്കീസ് ഭാഗത്തുനിന്നും കോടതികളിൽ കാനോൻ ഹാജരാക്കിയിട്ടുള്ളതായി അറിയാം. ആ കാനോനിലെ ആദ്യത്തെ പത്തദ്ധ്യായം പരിഭാഷപ്പെടുത്തുന്നതിൽ ഞാൻ പങ്കുവഹിച്ചിട്ടുണ്ട്. അതിന്റെ പരിഭാഷ പരിശോധിച്ചത് ഞാനാണ്. കാനോന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഇത്. Ex. B161. ഹൈക്കോർട്ടിൽ ഹാജരാക്കിയിട്ടുള്ളതിൽനിന്നും ഫോട്ടോസ്റ്റാറ്റ് കോപ്പി എടുത്തതാണ്. ആദ്യത്തെ പത്തദ്ധ്യായത്തിന്റെ തർജ്ജമയാണ് Ex.B.162. തർജ്ജമ ശരിയായും സത്യമായും

ചെയ്തിട്ടുള്ളതാണ്. Ex.B161 38-ാം അദ്ധ്യായം നോക്കി. പട്ടം ഏൽക്കുന്ന ആള് പാത്രിയർക്കീസിൽ നിന്നും സ്താത്തിക്കോൻ വാങ്ങിക്കണമെന്നും അങ്ങനെ നൽകപ്പെട്ട സ്താത്തിക്കോൻ ജനങ്ങൾ പൊതുവായി അറിയേണ്ട തിലേക്കായി അവരെ കാണിക്കണമെന്നും പറയുന്നു. 308-ാം പേജിൽ മുക ളിൽനിന്നും 12-13 ലൈനുകളാണ് അത് പറയുന്നത്. പുതുതായി എഴുന്നേ ൽക്കുന്ന ആൾ എപ്പിസ്കോപ്പാ എങ്കിൽ പാത്രിയാർക്കീസിനാൽ അദ്ദേഹത്തിനു നൽകപ്പെട്ട സ്താത്തിക്കോൻ രേഖ പൊതുവിനെ കാണിച്ചുകൊടുക്കേണ്ട താകുന്നു എന്നാണ് ആ വരികളുടെ പരിഭാഷ. ആ കാനോൻ നിയമമനുസരിച്ചു പട്ടം ആരു കൊടുത്താലും പാത്രിക്കീസിന്റെ സ്താത്തിക്കോൻ വായിക്കണ മെന്നാണോ? എന്നാണ് അവിടംകൊണ്ട് മനസ്സിലാകുന്നത്. Ans. 1946 ധനു 7ന് നോമ്പു സംബന്ധിച്ച് പാത്രിയർക്കീസ് ബാവ ഒരു കല്പന അയച്ചിട്ടുള്ള താണ് ഇത്. Ex.B.163 അതിന്റെ പരിഭാഷയാണ് Ex.B.163(a). ശരിയായ പരി ഭാഷയാണ്. പള്ളികൾക്ക് അയച്ചിട്ടുള്ളതാണ് ഈ പരിഭാഷ. മോർ ഗീവർഗീസ് ഡയനീഷ്യസ് എഴുതിയ *മതോപദേശസാരം* എന്ന പുസ്തകമാണ് ഇത് Ex.B.164. പഴയ *മലങ്കര ഇടവകപത്രിക* വായിക്കാറുണ്ടായിരുന്നു. 1898 മേട മാസത്തിൽ ഇറക്കിയ ഒരു ലക്കമാണ് ഇത് Ext.B.165. (The document is seen eaten up partly by white ants) അതിൽ പേജ് 71ൽ അന്ത്യോക്യാ സഭ എന്ന ഒരു ലേഖനം ഉണ്ട്. മോർ ഇവാനിയോസ് പഴയ കാതോലിക്കോസ് കക്ഷി യിൽപെട്ട ഒരു മെത്രാപ്പോലീത്താ ആയിരുന്നു. *സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയരായിരുന്നോ?* എന്നൊരു പുസ്തകം അദ്ദേഹം അടിച്ചിറക്കി യിരുന്നോ?Q അദ്ദേഹം എം.എ.പരീക്ഷ എഴുതിയ തിസീസിന്റെ മലയാള തർജ്ജമയാണ് ഇത്. Marked Ex.B166.An. കാതോലിക്കോസും അന്ത്യോക്യാ പാത്രിയർക്കീസുമായുള്ള ബന്ധത്തെപ്പറ്റി Ex.B166 ൽ പല ഭാഗത്തും പ്രതിപ ാദിച്ചിട്ടുണ്ട്. സമർത്ഥിക്കയും ചെയ്തിട്ടുണ്ട്. പേജ് 5ൽ അന്ത്യോക്യാ പാത്രി യർക്കീസിനു കീഴ്പെട്ടാണു കാതോലിക്കോസ് എന്ന് സമർത്ഥിച്ചിട്ടുണ്ട്. Page is marked Ex.B.166(a) മറ്റു ഭാഗങ്ങളിലും ഇതുപോലെ ഉണ്ട്. *ഓർത്തഡോക്സ് യൂത്ത്* എന്നൊരു പബ്ലിക്കേഷൻ ഉണ്ട്. ഓർത്തഡോക്സ് യൂത്ത് ലീഗിന്റെ മുഖപത്രമായി പ്രസിദ്ധം ചെയ്യുന്നതാണ്. 1968 ജനുവരിയിലെ വിശേഷാൽ പ്രതിയാണ് ഇത് Ex.B.167. ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവായുടെ ഒരു സന്ദേശം അതിൽ ആദ്യം പബ്ലിഷ് ചെയ്തിട്ടുണ്ട്. 8-ാം പേജിൽ B 167(a) Orthodox Church in India, the great and beloved branch of the Universal Syrian Orthodox Church Under our Apostolic see എന്നു പറഞ്ഞിട്ടുണ്ടോ? Q ഉണ്ട്. An. മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങളും അവിടെ വച്ചെഴുതിയ പടി യോലയും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതാണു Ex.B.168 പബ്ലിഷ് ചെയ്തത് വർഗീസ് പട്ടശേരിൽ എന്നയാളാണ്. മെത്രാപ്പോലീത്തമാർ ഒപ്പി ടുമ്പോൾ കുരിശു കൂടി ഒപ്പിന്റെ ഭാഗമായി വരണമെന്ന് ഒരു നിർബന്ധവുമി ല്ലാത്ത ഒപ്പുകൾ ഞാൻ കണ്ടിട്ടുണ്ട്. സിറിയൻ ഓർത്തഡോക്സ് ചർച്ചിൽ മലങ്കര മഹായിടവക ഒഴിച്ചു മറ്റുള്ള ഇടവകകൾ സാക്ഷി സന്ദർശിച്ചിട്ടുണ്ടോ?

Q ഉണ്ട്. An. അമേരിക്കയിലെയും മിഡിൽ ഈസ്റ്റിലെയും ഉള്ള പല ഇടവകകൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. സഭയിലെ സേവനത്തിന് അംഗീകാരമായി എനിക്ക് മോർ അഫ്രേം പാത്രിയർക്കീസ് ബാവായിൽനിന്ന് മോർ യാക്കോബ് മെഡലും മോർ യാക്കോബ് പാത്രിയർക്കീസിൽനിന്ന് മോർ അഫ്രേം മെഡലും കിട്ടിയിട്ടുണ്ട്. പോൾ വർഗീസ് അച്ചന്റെ ഒപ്പു കണ്ടാൽ അറിയാം. എന്നെ കാണിച്ച എഴുത്തുകളിലെ ഒപ്പ് പോൾ വർഗീസ് അച്ചന്റെതാണ്. എഴുത്തുകൾ പാത്രിയർക്കീസു ബാവയ്ക്കയച്ചിട്ടുള്ളതാണ്. 17-11-71ലെ എഴുത്ത് marked Ex.B.169 15-10-68 ലെ എഴുത്ത് marked Ex.B.170. വാദികൾ മലങ്കരസഭ ഒരു Autocephalous Church ആണെന്നു പറയുന്നത് ശരിയാണോ? Q ഞാൻ പഠിച്ചിട്ടുള്ള ബാർ എബ്രായുടെ *എക്ളീഷ്യാസ്റ്റിക്കി* അനുസരിച്ചും സൂനഹദോസ് നിശ്ചയങ്ങൾ വഴിയും മറ്റും കാതോലിക്കോസ് അഥവാ മഫ്രിയാന പാത്രിയാർക്കീസിന്റെ പ്രതിനിധിയും ഡെപ്യൂട്ടിയും ആകയാൽ ആകമാന സഭയിലെ ഒരു വിഭാഗം Autocephalous ആകുവാൻ നിവൃത്തിയില്ല. An. Stopped for the day. മൊഴി വായിച്ചു കേട്ടു. ശരി

Sd/- കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open Court, read over to the witness and admitted by him to be correct.

Sd/- Judge

13-3-78

27-3-78 witness sworn again and examination in Chief continued.

Ext.B.108 (a) ഞാൻ പരിഭാഷപ്പെടുത്തിയതാണ്. ശരിയായും സത്യമായിട്ടും ഉള്ള പരിഭാഷയാണ് Ex.B.108(a). Ex.B.108 ൽ ഒപ്പിട്ടിരിക്കുന്നത് യുയാക്കിം മോർ ഇയാവാനിയോസ് മെത്രാപ്പോലീത്തയും ഗീവർഗീസ് മോർ ഫിലക്സിനോസ് മെത്രാപ്പോലീത്തയും ഗീവറുഗീസ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും ആണ്. ഗീവർഗീസ് മോർ ഗ്രിഗോറിയോസ് പിന്നീട് ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കതോലിക്ക ബാവ ആയിരുന്നു. മോർ ഫിലക്സിനോസ് പിന്നീട് ബസേലിയോസ് ഗീവറുഗീസിനു മുമ്പ് കതോലിക്കാ ആയിരുന്ന ആളാണ്. Ex.B.80 യുടെ പ്രസക്ത ഭാഗങ്ങൾ ഞാൻ പരിഭാഷപ്പെടുത്തിയിട്ടുള്ളവയാണ്. Ex.B 80 (a) ശരിയായും സത്യമായും പരിഭാഷപ്പെടുത്തിയതായിട്ടുള്ളതാണ്. Ex.B54 ന്റെ പരിഭാഷ ഹാജരാക്കിയിട്ടുള്ളതാണ്. Ex B.54(a) അത് ശരിയായും സത്യമായിട്ടും പരിഭാഷപ്പെടുത്തിയിട്ടുള്ളതാണ്.

Cross by plaintiff in O.S. 81/77- എന്റെ ഇടവകപ്പള്ളി കാഞ്ഞിരമറ്റം മോർ ഇഗ്നാത്തിയോസ് പള്ളിയാണ്. ഞാൻ ആദ്യം പട്ടം ഏൽക്കുന്ന സമയം അത് കൊച്ചി ഭദ്രാസനത്തിൽപെട്ട പള്ളിയായിരുന്നു. ആ ഭദ്രാസനത്തിന്റെ

മെത്രാപ്പോലീത്ത അന്ന് പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ആയിരുന്നു. എനിക്ക് സ്ലീബാ മോർ ഒസ്താത്ത്യോസ് ശെമ്മാശപട്ടം തന്നത് മുൻപറഞ്ഞ പൗലോസ് മോർ അത്താനാസ്യോസിന്റെ അനുമതിയോടും സമ്മതത്തോടുംകൂടിയാണ്. അങ്ങനെ സമ്മതം ഉണ്ടായിരുന്നു എന്നു കാണിക്കാൻ രേഖ കൈവശമില്ല. 1100ൽ നടന്ന സമ്മതമാണ്. സമ്മതം രേഖാമൂലം ആയിരുന്നിരിക്കണം. രേഖാ മൂലമാണോ? Q. രേഖ മൂലമായിരിക്കണം എന്നു തോന്നുന്നു. അന്ന് എനിക്ക് 10 വയസുണ്ട്. അവർ തമ്മിൽ എന്താണ് ചെയ്തത് എന്നു നേരിട്ടറിയില്ല. അതു സംബന്ധിച്ച് ഒരു തർക്കവും ഉണ്ടായിട്ടില്ല. Ans. ഭദ്രാസന മെത്രാപ്പോലീത്തയുടെ സമ്മതം കൂടാതെ സ്ലീബാ മോർ ഒസ്താത്തിയോസിന് പട്ടം തരാൻ അധികാരം ഉണ്ടോ? Q. ശരിയായ ഭദ്രാസന മെത്രാപ്പോലീത്ത ഉള്ളപ്പോൾ അന്ത്യോക്യാ പ്രതിനിധിക്ക് പട്ടം കൊടുക്കുവാൻ ഭദ്രാസന മെത്രാപ്പോലീത്താ വേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നതായിരിക്കും. Ans. ആർക്കു പട്ടം കൊടുക്കുവാനും അദ്ദേഹത്തിനു അധികാരവും അവകാശവും ഉണ്ട്. സമ്മതം ആവശ്യമുണ്ടോ?Q. പട്ടം കൊടുക്കുന്നതിനു സമ്മതം ആവശ്യമില്ല. Ans. സ്ലീബാ മോർ ഒസ്താത്ത്യോസ് മലങ്കര മെത്രാപ്പോലീത്തമാരുടെ സമ്മതം കൂടാതെ ധാരാളം പേർക്കും പട്ടം കൊടുത്തിട്ടുണ്ടോ? Q. സമ്മതം കൂടാതെ ധാരാളം പേർക്കു പട്ടം കൊടുത്തിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. ആർക്കെങ്കിലും അങ്ങിനെ സമ്മതം കൂടാതെ കൊടുത്തിട്ടുള്ളതായി അറിയാമോ? Q.എന്നോടു ഒരുമിച്ചു പട്ടം ഏറ്റ എന്റെ പിതൃസഹോദരീപുത്രനു പട്ടം കൊടുത്തതായി അറിയാം. Ans. ശെമ്മാശപട്ടം ഏൽക്കുന്നതിന് ഇത്ര വയസ്സ് വേണമെന്നു നിയമമുണ്ടോ? Q. അങ്ങനെ എഴുതപ്പെട്ട നിയമങ്ങൾ ഉള്ളതായി എനിക്കറിഞ്ഞുകൂടെന്നു മാത്രമല്ല, പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി ഒൻപതോ പത്തോ വയസുള്ളപ്പോഴാണ് പട്ടം ഏറ്റത് എന്ന് ഞാൻ വായിച്ചിട്ടുള്ളതായി ഓർക്കുന്നു. Ans. അദ്ദേഹത്തിനു ശെമ്മാശപട്ടം കൊടുത്തതാരാണെന്നും ഇപ്പോൾ ഓർക്കുന്നില്ല. അദ്ദേഹത്തെ പരിശുദ്ധനായിട്ട് സഭ അംഗീകരിക്കുന്ന ആളാണോ? എല്ലാവരും അദ്ദേഹത്തെ പരിശുദ്ധനായി സ്വീകരിച്ചിട്ടുള്ളതാണ്. Ans. എന്റെ മാതാപിതാക്കൾക്ക് മോർ ഒസ്താത്തിയോസ് ബാവായെകൊണ്ട് എനിക്കു പട്ടം തരുവിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്ന വിവരം കാഞ്ഞിരമറ്റത്തു പള്ളിയിലെ യോഗക്കുറിയോടുകൂടി മോർ അത്തനാസ്യോസ് തിരുമേനിയെ അറിയിച്ചതായും അദ്ദേഹം അക്കാര്യത്തിൽ സന്തോഷം പ്രകടിപ്പിച്ചതായും മാതാപിതാക്കളിൽനിന്നും ഞാൻ കേട്ടിട്ടുണ്ട്. ഈ പറഞ്ഞതിനു കാഞ്ഞിരമറ്റം പള്ളിയിലൊ മറ്റോ രേഖ ഉണ്ടോ? Q. യോഗം കുറി കൊടുത്തതിനു രേഖ ഉണ്ടെന്നാണ് എന്റെ അറിവ്. പള്ളിപകർപ്പ് സൂക്ഷിക്കാത്തതുകൊണ്ട് രേഖ ഇല്ലായിരിക്കണം. Ans. യോഗക്കുറി എന്നു വച്ചാൽ എന്താണ്? Q. ഇന്ന ഇടവകയുടെ ആവശ്യത്തിനായി ഇന്നാരെ ശെമ്മാശനൊ അച്ചനൊ ആക്കണമെന്ന് മെത്രാപ്പോലിത്തായോട് പള്ളിപ്പൊതുയോഗം അപേക്ഷിക്കുന്നതിനാണ് യോഗക്കുറി എന്നു പറയുന്നത്. Ans. അങ്ങനെ അപേക്ഷിച്ചാൽ പട്ടം കൊടുത്തു കൊള്ളണമെന്ന്

നിർബന്ധമുണ്ടോ? Q. കൊടുക്കണമൊ എന്നുള്ളത് അദ്ദേഹത്തിന്റെ മനസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നതാണെങ്കിലും സാധാരണ എല്ലാ മെത്രാപ്പോലീത്തമാരും ഇടവകപൊതുയോഗത്തിന്റെ അപേക്ഷ സ്വീകരിക്കുകയാണ് പതിവ്. മനസ്സില്ലെങ്കിൽ കൊടുക്കാതിരിക്കാം. Ans. മെത്രാപ്പോലീത്ത എന്നു പറഞ്ഞത് ഭദ്രാസന മെത്രാപ്പോലീത്തയ്ക്കാണ് യോഗക്കുറി കൊടുക്കുന്നത്. എനിക്ക് കത്തനാർ പട്ടം തന്നതിന് യോഗക്കുറി ഉണ്ടായിരുന്നു. അതു ഞാൻ കണ്ടിട്ടുണ്ട്. യോഗക്കുറി കൂടാതെ പട്ടം കൊടുക്കാറുണ്ടായിരുന്നോ? Q. യോഗക്കുറി കൂടാതെ ഇടവകക്കായി എനിക്കു പട്ടം തന്ന പൗലോസ് മോർ അത്തനാസ്യോസ് പട്ടം കൊടുക്കാറില്ലായിരുന്നു. Ans. മറ്റു മെത്രാപ്പോലീത്തമാർക്കും ഇടവകക്കായി അങ്ങനെ യോഗക്കുറി കൂടാതെ പട്ടം കൊടുക്കാറില്ലായിരുന്നു. അങ്ങനെ അല്ലാതെ കൊടുക്കുന്നവരിൽ ആരെ എങ്കിലും ഏതെങ്കിലും ഇടവകക്കാവശ്യമുണ്ടെന്ന് അവർ അപേക്ഷിച്ചാൽ ഇടവകയിലേക്ക് നിയമിക്കുകയും ചെയ്യുമായിരുന്നു. മെത്രാപ്പോലീത്തായുടെ കല്പന കൂടാതെ ഏതെങ്കിലും പള്ളിയിലെ പട്ടക്കാരനായൊ വികാരിയായൊ ഇരിക്കുവാനൊ പള്ളിയിൽ കർമ്മങ്ങൾ നടത്തുവാനോ ഏതെങ്കിലും പട്ടക്കാരനവകാശമുണ്ടോ? Q. പള്ളിയുടെ സ്ഥാപനോദ്ദേശ്യത്തെ മാനിക്കുന്ന മെത്രാപ്പോലീത്ത ആണെങ്കിൽ അദ്ദേഹം ആത്മീയ അദ്ധ്യക്ഷനാകയാൽ പട്ടക്കാരൻ അദ്ദേഹത്താൽ നിയമിക്കപ്പെടണം. എന്നാൽ മെത്രാപ്പോലീത്തായുടെ നിയമനം കൊണ്ടു മാത്രം ഒരു പള്ളിയിലും ഭരണത്തിനൊ സേവനത്തിനൊ ഉള്ള അവകാശം ലഭിക്കുന്നതല്ല. ജനങ്ങളുടെ സ്വീകരണവും ആവശ്യമാണ്. An. മെത്രാപ്പോലീത്തയുടെ നിയമനവും ജനങ്ങളുടെ സ്വീകരണവും വേണമെന്നാണോ പറയുന്നത്? Q. മെത്രാപ്പോലീത്ത ആത്മീയാധികാരി ആകയാൽ അദ്ദേഹത്തിന്റെ നിയമനവും ഭരിക്കേണ്ടത് ജനങ്ങളെ ആകയാൽ അവരുടെ സ്വീകരണവും ആവശ്യമാണ്. An. ഈ പറഞ്ഞതിനു കാനോനിലൊ മറ്റു നിയമങ്ങളിലൊ വ്യവസ്ഥകൾ വല്ലതും ഉണ്ടോ? Q. കാനോനിലെ വ്യവസ്ഥയുടെ നമ്പർ ഞാൻ ഓർക്കുന്നില്ലെങ്കിലും സ്ഥാനമേല്ക്കുന്ന ഒരു വൈദികനെ ഇടവകക്കാർ സ്വീകരിച്ചില്ലെങ്കിൽ അദ്ദേഹം എന്തു ചെയ്യണമെന്നു പറഞ്ഞിട്ടുള്ളതായി ഓർക്കുന്നുണ്ട്. An. എന്തു ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത് എന്നു കാനോൻ നോക്കി പറയാം. Ext.A.90 handed over 84-ാം പേജിൽ ശ്ലീഹന്മാർ 35-85-ാം പേജിൽ 18-ജനങ്ങൾ സ്വീകരിക്കാത്തപക്ഷം ജനങ്ങളെ വേർതിരിച്ചു നിർത്തണം എന്നു പറയുന്നു. അതായത് ശരിയായ അധികാരിയായാൽ വാഴിക്കപ്പെട്ട ഒരു എപ്പിസ്കോപ്പായുടെ കാര്യമാണ് അവിടെ കാണിച്ചിരിക്കുന്നത് പട്ടക്കാരുടെ കാര്യം ഞാൻ വേറെ നോക്കിപ്പറയാം. എപ്പിസ്കോപ്പയെപ്പറ്റി പറയുന്ന കാര്യം പട്ടക്കാർക്കു ബാധകമാണോ? Q. കശീശയുടെ കാര്യം പറഞ്ഞു കാണുന്നില്ല. ആ പ്രിൻസിപ്പിൾ കശീശന്മാർക്കു ബാധകമല്ല. An. ശ്ലീഹന്മാർ 35ൽ നിന്നും ജനങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്നും അനുസരിച്ചില്ലെങ്കിൽ കുറ്റകരമാണെന്നും വ്യക്തമല്ലേ? Q.യഥാർത്ഥ വൈദിക മേലദ്ധ്യക്ഷന്റെ നിയമനം ആണെങ്കിൽ നിഷേധിക്കുന്നത് കുറ്റകരമാണ്. An.

ഒരു പള്ളിയുടെ യഥാർത്ഥ മേലധികാരി നിയമിച്ചയയ്ക്കുന്ന പട്ടക്കാരനെ സ്വീകരിക്കാതിരിക്കുന്നത് കുറ്റകരമാണ്. അദ്ദേഹം അയച്ചതുകൊണ്ടുമാത്ര മല്ല. ഇടവകക്കാർ അപേക്ഷിച്ചിട്ടാണ് അയക്കുന്നതാണെന്നു മുമ്പു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. യഥാർത്ഥ മേലധികാരി എന്നു ഞാൻ ഉദ്ദേശിച്ചത് സഭ യുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ പാത്രിയർക്കീസ് ബാവക്ക് കീഴ്പെട്ടു നിൽക്കുന്ന മെത്രാപ്പോലീത്തയെ ആണ്. ഇടവക മെത്രാപ്പോലീത്ത ഒരു പള്ളിയിലേക്കു നിയമിച്ചാൽ ഇടവകക്കാർ ആ പട്ടക്കാരനെ സ്വീകരിച്ചതായി രേഖ ഉള്ളതായി കണ്ടിട്ടുണ്ടോ? അതിനു രേഖ കണ്ടിട്ടില്ല. എന്നാൽ അപേക്ഷ അനുസരിച്ചാണ് നിയമിക്കുന്നത് എന്ന് പാരമ്പര്യം ഉള്ളതായി അറിയാം. An. നിയമനത്തിനുശേഷം ഇടവകക്കാർ യോഗംകൂടി സ്വീകരിച്ചതായി എവിടെ എങ്കിലും ഉണ്ടായിട്ടുണ്ടോ? അതിന്റെ ആവശ്യം ഇല്ലാത്തതിനാൽ അങ്ങനെ യോഗം കൂടി സ്വീകരിച്ചതായി എന്റെ അറിവിൽ ഇല്ല. An. പട്ടക്കാരെ പള്ളി കളിലേക്കു നിയമിക്കുന്നത് എപ്പിസ്കോപ്പൽ അധികാരത്തിലും ചുമതലക ളിലുംപെട്ട കാര്യമാണോ? Q.അതിന്റെ ക്രമമനുസരിച്ചു അപ്രകാരം ചെയ്യുന്നത് എപ്പിസ്കോപ്പൽ അവകാശമാണ്. An. എപ്പിസ്കോപ്പൽ സഭകളിൽ ഇതു നിലവിലുള്ള നിയമമാണോ? Q.ജനങ്ങൾ അപേക്ഷിച്ചിട്ടു നിയമിക്കുന്ന എപ്പി സ്കോപ്പൽ സഭകളും നേരിട്ടു നിയമിക്കുന്ന എപ്പിസ്കോപ്പൽ സഭകളും ഉണ്ട്. An. ജനങ്ങൾ ആവശ്യപ്പെടുന്ന ആളിനെ നിർബന്ധമായി നിയമിച്ചുകൊള്ള ണമെന്ന് ഏതെങ്കിലും എപ്പിസ്കോപ്പൽ സഭയിൽ നിയമമുണ്ടോ? Q. നിയ മിച്ചുകൊള്ളണമൊന്നുമില്ലെങ്കിലും ഈ സഭയിൽ ജനങ്ങളെ സ്നേഹിക്കുന്ന മെത്രാപ്പോലീത്താ ജനങ്ങളുടെ വികാരങ്ങളെ മാനിച്ചേ പ്രവർത്തിക്കൂ. An. ഞാൻ കാഞ്ഞിരമറ്റത്തു പള്ളിയിൽ, അസിസ്റ്റന്റ് പട്ടക്കാരനായിട്ടും തിരുവല്ലാ കട്ടപ്രത്തുപള്ളിയിൽ വികാരിയായും ഇരുന്നിട്ടുണ്ട്. ഇപ്പോൾ തിരുവല്ല സിംഹാ സനപള്ളിയിൽ വികാരിയായിട്ടിരിക്കുകയുമാണ്. കാഞ്ഞിരമറ്റത്തേത് ഞാൻ മുമ്പു ബോധിപ്പിച്ചു. മറ്റു രണ്ടും അതതിന്റെ മെത്രാപ്പോലീത്തമാർ ജനങ്ങ ളുടെ അഭിലാഷമനുസരിച്ചും എന്നെ നിയമിച്ചിട്ടുള്ളതാണ്. തിരുവല്ലായിലെ കട്ടപ്രത്തുപള്ളിയിൽ നിയമിച്ചതു മുൻപറഞ്ഞ രീതിയിൽ മോർ മിഖായേൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയാണ്. മറ്റേടത്തും അന്ത്യോക്യാ പ്രതി നിധി മോർ യൂലിയോസ് മെത്രാപ്പോലീത്തയാണ് നിയമിച്ചത്. ഈ നിയമന ങ്ങൾ രണ്ടും അതാതു പള്ളകളിലെ എപ്പിസ്കോപ്പൽ അധികാരികൾ എന്ന നിലയിലാണോ? എപ്പിസ്കോപ്പൽ എന്നു പറയുന്നതിന്റെ ഉദ്ദേശ്യം എന്താ ണെന്നു കുറച്ചുകൂടി വിശദീകരിച്ചാൽ ഞാൻ വ്യക്തമായി പറയാം. An.Question repeated. എന്റെ ധാരണയിലിരിക്കുന്ന എപ്പിസ്കോപ്പൽ അധികാരികളാണ്. An. കാഞ്ഞിരമറ്റം പള്ളിയിൽ അസിസ്റ്റന്റായി നിയമിച്ചതും എപ്പിസ്കോപ്പൽ അധികാരിയാണോ? Q. മുൻപറഞ്ഞ രീതിയിലുള്ള എപ്പിസ്കോപ്പൽ അധി കാരിയാണ്. An. സിംഹാസനപള്ളിയിൽ നിയമിച്ചത് ജനങ്ങൾ ആവശ്യപ്പെ ട്ടതനുസരിച്ചല്ല. കട്ടപ്രത്തുപള്ളിയിൽ നിയമിച്ചത് ജനങ്ങളുടെ അഭിലാഷമൊ ആവശ്യമൊ അനുസരിച്ചാണ് എന്ന് ഇതിന് എന്തെങ്കിലും രേഖ ഉണ്ടോ?

അവിടത്തെ ജനങ്ങൾ അഭിലാഷം പ്രകടിപ്പിച്ചു രേഖ കൊടുത്തിട്ടുണ്ടായിരിക്കാം. അതു മെത്രാപ്പോലീത്തായുടെ കൈവശമാണ്. രേഖ ഞാൻ കണ്ടിട്ടില്ല. രേഖ കൊടുത്തിട്ടുണ്ട്. An. അത് എങ്ങനെ അറിയാം? Q. ഞാൻ പള്ളിയിൽ ഉള്ള സമയത്താണ് ഇടവകക്കാർ മെത്രാപ്പോലീത്താക്ക് അപേക്ഷ കൊടുത്തത്. An. 111ൽ ആണ്. തീയതി ഓർക്കുന്നില്ല. മെത്രാപ്പോലീത്താ പത്തു മാസം ആ പള്ളിയിൽ അന്നു താമസമായിരുന്നു. മെത്രാപ്പോലീത്താ വന്നിരുന്നു എന്നും ഇടവകക്കാർ ആവശ്യപ്പെട്ടു എന്നതിനും പള്ളിയിൽ നിശ്ചയമായും രേഖ ഉണ്ട്. എനിക്കു നിയമന കല്പന കിട്ടിയത് എന്റെ കൈവശം ഇല്ല. നിയമന കല്പനയിൽ ജനങ്ങളുടെ അപേക്ഷയനുസരിച്ചാണ് എന്നു നിശ്ചയമായും രേഖപ്പെടുത്തിയിരുന്നു. അതിന്റെ പകർപ്പ് പള്ളിയിൽ ഇപ്പോൾ ഉണ്ടോ എന്നറിയില്ല. കാഞ്ഞിരമറ്റം പള്ളിയിൽ 1107 മുതൽ 1110 വരെ അസിസ്റ്റന്റായിരുന്നു. കട്ടപ്രത്തു പള്ളിയിൽ 1111 മുതൽ 1959 ഒക്ടോബർ 4നു വരെ വികാരിയായിരുന്നു. കാഞ്ഞിരമറ്റം പള്ളിയിൽനിന്നും അസിസ്റ്റന്റ് വികാരി സ്ഥാനം വിടർത്തി. ഇടവക മെത്രാപ്പോലീത്തയുടെ കല്പന ഇല്ല. കാഞ്ഞിരമറ്റത്തു പള്ളിയിൽനിന്നും നേരെ കട്ടപ്രത്തു പള്ളിക്കല്ല പോയത്. എനിക്കു കാഞ്ഞിരമറ്റം പള്ളിക്കുവേണ്ടി പ്രത്യേകം പട്ടമാണ് തന്നിരുന്നത്. ആ പള്ളിയിൽനിന്നും വിട്ടുപോകുന്നതിന് ആ പള്ളിക്കാരുടെ സമ്മതം ഉണ്ടായിരുന്നോ? Q. എന്റെ സ്വന്തം ആഗ്രഹം ഞാൻ ആ പള്ളിയിൽ അറിയിച്ചു. അവരുടെ സമ്മതം ആവശ്യമില്ല. അവർ എന്റെ ആഗ്രഹത്തെ എതിർത്തില്ല. An. കാഞ്ഞിരമറ്റത്തു പള്ളിയിൽനിന്നും ഞാൻ നേരെ തൃശൂർ മിസ്റ്റർ എം.എ.ചാക്കോയുടെ പള്ളിയിലേക്കു മുക്കഞ്ചേരിൽ പത്രോസ് ശെമ്മാശന്റെ അഭിപ്രായമനുസരിച്ചു പോവുകയും അവിടെ ചെന്ന് രണ്ടാഴ്ച കഴിഞ്ഞപ്പോൾ ശെമ്മാശൻവഴി എന്നെ അറിയിച്ചിരുന്ന വ്യവസ്ഥകൾ പാടെ വ്യത്യാസപ്പെടുത്തിപ്പറയുകയാൽ കേവലം 21 വയസു പ്രായമുള്ള എനിക്കു എന്റെ ഇടവകയിലേക്കു തിരിച്ചു ചെല്ലുന്നതു അഭിമാനക്ഷതമായി തോന്നിയതിനാൽ ഞാൻ നേരെ തിരുവനന്തപുരത്തു മോർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ അടുക്കൽ എത്തുകയും മൂന്നു മാസക്കാലം അദ്ദേഹത്തോടുകൂടി അവിടെ കത്തോലിക്കാ സഭയിൽ കഴിഞ്ഞുകൂടുകയും ചെയ്തു. മൂന്നുമാസം കഴിഞ്ഞ് ഞാൻ തിരികെ പോന്നു. എന്റെ ഭദ്രാസന മെത്രാപ്പോലീത്ത എന്നെ സ്വീകരിക്കുകയും ചെയ്തു. അതിനുശേഷമാണ് കട്ടപ്രത്തു പള്ളിയിലേക്കു പോയത്. എന്നെ എം.എ.ചാക്കോയുടെ പള്ളിയിൽ ഏകവികാരിയായി നിയമിക്കുമെന്നായിരുന്നു വ്യവസ്ഥ. ചെന്നപ്പോൾ മറ്റു പട്ടക്കാരുടെ സഹായ പട്ടക്കാരനായിരിക്കണമെന്നു പറഞ്ഞു. അതാണ് വ്യവസ്ഥ പാലിക്കാത്തത്. എനിക്കു സഹപട്ടക്കാരനായിരിക്കുന്നത് അഭിമാനക്ഷതമായി തോന്നിയിട്ടില്ല. വ്യവസ്ഥ പാലിക്കാത്തതിനാലാണ് അവിടെ നിന്നു പോയത്. വ്യവസ്ഥ പാലിച്ചിരുന്നുവെങ്കിൽ അന്നത്തെ പരിതസ്ഥിതിയിൽ അവിടെ തുടരുമായിരുന്നു. വ്യവസ്ഥ ചെയ്തിരുന്നത് പത്രോസ് ശെമ്മാശനാണ്. തൃശൂരെ പള്ളി അന്ന് പാത്രിയർക്കീസിനു വിപരീതമായി നില്ക്കുന്ന മെത്രാപ്പോലീത്തയുടെ കീഴിലായിരുന്നു. എങ്കിലും അന്നു ഞാൻ

അവിടെ പോയി. അന്നു കാഞ്ഞിരമറ്റം പള്ളി പാത്രിയർക്കീസ് കക്ഷിയിലായിരുന്നു. വികാരിസ്ഥാനം കിട്ടുമെന്നു കണ്ടു പോയതാണോ? 21 വയസ് പ്രായമുള്ളപ്പോൾ ഉണ്ടായിരുന്ന വികാരമനുസരിച്ചു വികാരിസ്ഥാനം കിട്ടുമെന്നു പ്രതീക്ഷിച്ചുപോയതാണ്. An. എന്നെ തൃശൂർ പള്ളിയിലെ മെത്രാപ്പൊലീത്ത വിളിച്ചുമില്ല. ഞാൻ മെത്രാപ്പോലീത്തയോട് വ്യവസ്ഥ പാലിക്കാത്തതിൽ പരാതിപ്പെട്ടുമില്ല. പത്രാസ് ശെമ്മാശൻ പറഞ്ഞതനുസരിച്ചു പോയതാണ്. ഞാൻ അവിടെ ചെന്നു. എന്നെ നിയമിക്കാത്തതിനാൽ ഓഫീസ് ഏറ്റെടുത്തിട്ടില്ല. എന്നാൽ കുർബാന എല്ലാം ചൊല്ലിയിട്ടുണ്ട്. എം.എ.ചാക്കോയുടെ പള്ളി എന്നു പറഞ്ഞത് അദ്ദേഹം സ്വന്തമായി വച്ച പള്ളിയായതു കൊണ്ടാണ്. അങ്ങനെയാണ് എന്റെ അറിവ്. അവിടെ കുർബാനക്ക് ആളുകൾ വരുന്നുണ്ടായിരുന്നു. അത് ഇടവകക്കാരാണോ എന്നറിയില്ല. എം.എ.ചാക്കോ സ്വന്തം പണം മുടക്കി പണിയിച്ച പള്ളിയാണ് എന്നു കേട്ടിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ പള്ളി എന്നു പറഞ്ഞത്. മോർ ഇഗ്നേഷ്യസ് ചർച്ച് എന്നാണു പേര് എന്നാണ് ഓർമ്മ. തിരുവനന്തപുരത്ത് ഞാൻ പട്ടക്കാരനായി കത്തോലിക്കാ സഭയിൽ പ്രവർത്തിച്ചിരുന്നു. ഇവാനിയോസ് ആദ്യം മലങ്കരസഭയിലെ ഒരു മെത്രാപ്പോലീത്ത ആയിരുന്നോ? Q. പാത്രിയർക്കീസിനോട് എതിർത്തു നിന്നു നിന്നിരുന്ന മലങ്കരസഭയിലെ ഒരു മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ ജീവചരിത്രം ഞാൻ വായിച്ചിട്ടുള്ളതിൽനിന്നു അദ്ദേഹത്തിന്റെ കക്ഷിക്കാർ റോമാസഭയിൽ ചേരുന്നതിനു എഴുത്തുകുത്ത് നടത്താൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയ ആളും എന്ന് അറിയാം. An. ജീവചരിത്രം എഴുതിയത് കത്തോലിക്കാസഭയിൽ ചേർന്നശേഷം എഴുതിയതാണ്. ഫാ. ഇഞ്ചക്കലോടി എഴുതിയിട്ടുള്ളതും ചില എഴുത്തുകളുടെ ഫോട്ടോസ്റ്റാറ്റുകൾ അതിൽ കൊടുത്തിട്ടുള്ളതുമാണ്. ഫാ. ഇഞ്ചിക്കലോടി കത്തോലിക്കാ സഭയിൽപെട്ട ആളാണ്. ഇവാനിയോസ് മലങ്കരസഭയിൽ ഉണ്ടായിരുന്നപ്പോൾ അദ്ദേഹത്തിന് മലങ്കരസഭയിൽപെട്ട ഏതാനും സ്കൂളുകളുടെ മാനേജ്മെന്റ് ഉണ്ടായിരുന്നോ എന്നറിയില്ല. അദ്ദേഹം കത്തോലിക്കാസഭയിൽ ചേർന്നശേഷം ഏതാനും സ്കൂളുകളുടെ മാനേജ്മെന്റ് സംബന്ധിച്ചു കേസുകൾ ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. ഞാൻ ഇവാനിയോസിന്റെ അരമനയിലായിരുന്നു താമസം. അവിടെ സിറിയക് പഠിപ്പിക്കുകയും ചെയ്തിരുന്നു. ഞാൻ അവിടെ താമസിക്കുന്ന കാലത്ത് ഞാൻ കേസുകൾ സംബന്ധിച്ച കാര്യങ്ങൾ അന്നും അറിയാൻ ആഗ്രഹിച്ചില്ല. പ്രായക്കുറവ് കാരണവും മറ്റുമാണ് അറിയേണ്ടാത്ത കാര്യം അറിയാൻ ആഗ്രഹിക്കാത്തത്. ഞാൻ കത്തനാരായപ്പോൾ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്. പാത്രിയർക്കീസിനെയും അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന മെത്രാപ്പോലീത്തമാരെയും അനുസരിച്ചും സഭയുടെ വിശ്വാസം പാലിച്ചുകൊള്ളാമെന്നുമാണ് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത്. മലങ്കരസഭയുടെ വിശ്വാസവും കത്തോലിക്ക സഭയുടെയും വിശ്വാസവും രണ്ടാണ്. ഞാൻ സത്യപ്രതിജ്ഞയ്ക്ക് വിപരീതമായിട്ടാണ് പ്രവർത്തിച്ചത്. പിന്നീട് ഞാൻ അതെ

ക്കുറിച്ചു പശ്ചാത്തപിക്കുകയും എന്റെ ഇടവക മെത്രാപ്പോലീത്ത എന്നെ സഭയിലേക്കു വീണ്ടും സ്വീകരിക്കുയും ചെയ്തത്. കത്തോലിക്കാസഭയുടെ വിശ്വാസം ശരിയാണെന്നു വിശ്വസിച്ചാണ് ചേർന്നത് Q. അല്ല. പരിതസ്ഥിതികൾ പറഞ്ഞും എനിക്ക് കത്തോലിക്കാസഭയിൽ വിശ്വാസമില്ലെന്നും പറഞ്ഞാണ് ഇവാനിയോസിനോട് ചേർന്നത്. വിശ്വാസം വന്നുകൊള്ളുമെന്ന് അദ്ദേഹം പറഞ്ഞു. An. ആ വിശ്വാസം വന്നിട്ടില്ല. ഒരു സഭയുടെ വിശ്വാസം തെറ്റാണെന്നറിഞ്ഞുകൊണ്ട് ആ സഭയിൽ ചേർന്നു നില്ക്കുകയാണ് ചെയ്തത്? Q. ഒരു തെറ്റു ചെയ്തതിനെ തുടർന്ന് മറ്റൊരു തെറ്റുകൂടി ചെയ്തതാണ്. പരിതസ്ഥിതികൾ കൊണ്ട് എന്നെക്കാൾ വലിയവർ ചെയ്തിട്ടുള്ള തെറ്റുകൾ ഞാനും ആവർത്തിച്ചു പോയി. An. എന്നെക്കാൾ വലിയവർ എന്നു പറഞ്ഞത് മോർ ഇവാനിയോസ്, മോർ തെയോഫിലോസ് മുതലായവരാണ്. അവർ ചെയ്തത് തെറ്റായിരുന്നു എന്നറിയാമായിരുന്നു. എന്നാൽ പരിതസ്ഥിതികളുടെ സമ്മർദ്ദം കൊണ്ട് ഞാനും ആ തെറ്റു ചെയ്തു. തിരികെ ഇടവക പള്ളിയിലേക്ക് ചെല്ലുന്നതിനുള്ള അഭിമാനക്ഷതമാണ് പരിതസ്ഥിതി എന്നു പറഞ്ഞത്. തൃശൂർ ഉള്ള പള്ളിയിലേക്കു പോയത് നിശ്ചയമായിട്ടും ഞാൻ ചെയ്ത പ്രതിജ്ഞയുടെ ലംഘനമാകുന്നു. അതിനുള്ള പരിതസ്ഥിതി എനിക്കു outside പള്ളിയിൽ എവിടെ എങ്കിലും വികാരിയായിരിക്കണമെന്നു ആഗ്രഹം തോന്നിയതാണ്. കത്തോലിക്കാ സഭയിൽനിന്നും തിരികെ പോന്നത് എന്റെയും എന്റെ വീട്ടുകാരുടെയും എന്നെ സ്നേഹിക്കുന്നവരുടെയും ആഗ്രഹം അനുസരിച്ചാണ്. എന്റെ ഭാര്യയും മറ്റും ഞാൻ മൂന്നുമാസം ഇവാനിയോസിന്റെ കൂടെ താമസിക്കുമ്പോൾ മുളന്തുരുത്തിയിൽ അവരുടെ സ്വന്തം വീട്ടിൽ താമസിക്കുകയായിരുന്നു. അന്ന് തിരുവനന്തപുരത്തേക്ക് കൊണ്ടു പോകാൻ സൗകര്യമില്ലായിരുന്നു. ഭാര്യയൊ ഭാര്യവീട്ടുകാരൊ ഈവാനിയോസ് തിരുമേനിക്ക് ഒരെഴുത്തും അയച്ചിരുന്നു. ഞാൻ തിരികെ പോവുകയാണെന്ന് ഇവാനിയോസ് തിരുമേനിയോട് പറഞ്ഞിട്ടല്ല പോന്നത്, അദ്ദേഹത്തിനോട് യാത്ര ചോദിച്ചു പോരികയായിരുന്നു. കത്തോലിക്കസഭയിൽ നിന്നും വിട്ടുപോവുകയാണെന്നും പറഞ്ഞില്ല. ഞാൻ തിരികെ ചെല്ലുമെന്നായിരിക്കണം ഇവാനിയോസിന്റെ ധാരണ? Q. എന്താണ് വിവരം ഈവാനിയോസിനോടു പറയാഞ്ഞത്? Q.സാധാരണഗതിയിൽ സഭ മാറുന്ന വിവരം പറഞ്ഞുപോരിക പതിവില്ലാത്തതുകൊണ്ടും ഞാൻ ഒരു സാധാരണക്കാരനല്ലാത്തതുകൊണ്ടും ആണ്. An. 1110 അവസാനം മുതൽ 1111 ആരംഭം വരെ മൂന്നുമാസം മാത്രമെ കത്തോലിക്ക സഭയിൽ ഉണ്ടായിരുന്നുള്ളൂ. ഞാൻ അവിടുന്ന് നേരെ എന്റെ ഇടവക മെത്രാപ്പോലീത്തായെ ചെന്നു കണ്ടു. എന്നെ സഭയിലേക്കു സ്വീകരിക്കകയും ചെയ്തു. ഞാൻ കത്തോലിക്കാ സഭയിൽ നിന്നു പോന്നശേഷം ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായെ അന്നു ചെന്നു കണ്ടില്ല. സി.എം.എസ്.ബിഷപ്പിന് എഴുത്തയച്ചുവെന്നും കണ്ടു എന്നും മറ്റുമുള്ള suggestion അടിസ്ഥാന രഹിതമാണ്. An. തുമ്പമൺ

മെത്രാപ്പോലീത്ത മോർ ഫിലക്സിനോസിനെ കണ്ടിട്ടില്ല. എന്നെ സഭയിലേക്കു വീണ്ടും സ്വീകരിച്ചതിനു കല്പന തന്നു. ആ കല്പന മിഖായേൽ ദീവന്ന്യാസ്യോസ് തിരുമേനിയെ ഏല്പിച്ചു.

Stopped for the day മൊഴി വായിച്ചു കേട്ടു. ശരി

Sd/- കുര്യൻ കോർഎപ്പിസ്കോപ്പ

Taken down by me in open court read over to the witness and admitted by him to be correct.

Sd/- Judge

27-3-78

28-3-78 witness sworn again and cross examination continued.

കശീശയായി പട്ടം ഏൽക്കുന്നതിനു ഇത്ര വയസുപ്രായം വേണമെന്ന് നിശ്ചയം വല്ലതുമുണ്ടോ? Q. അങ്ങനെയുള്ള കാര്യങ്ങളിൽ അതതു കാലത്തെ പിതാക്കന്മാർ എടുക്കുന്ന തീരുമാനങ്ങളാണ് അതിനു മാനദണ്ഡം. An. കാനോനിൽ അതിനെക്കുറിച്ച് വ്യവസ്ഥ ഉണ്ടോ? Q. കാനോനിൽ വ്യവസ്ഥ ഉണ്ടെങ്കിലും അതിനെക്കുറിച്ച് കാലോചിതമായ തീരുമാനങ്ങൾ എടുക്കുവാൻ പിതാക്കന്മാർക്ക് അവകാശമുണ്ട്. An. കാനോനിലുള്ള വ്യവസ്ഥ എന്താണ്? Q. അത് ഞാൻ ശരിക്ക് ഓർക്കുന്നില്ല. An. അതു സംബന്ധിച്ച കാനോൻ വ്യവസ്ഥ ഞാൻ വായിച്ചിട്ടുണ്ട്. എത്ര വയസ് എന്നത് ഞാൻ വായിച്ചിട്ടുണ്ട്. എത്ര വയസ് എന്നത് ഞാൻ ഓർക്കുന്നില്ല. ഞാൻ വ്യവസ്ഥ ഉണ്ടെന്നു പറഞ്ഞത് ഹൂദായ കാനോനിലാണ്. ഞാൻ 19 വയസിൽ കശീശ പട്ടം ഏറ്റു. അത് കാനോനിൽ പറയുന്ന വയസിനു മുമ്പാണ്. എന്നാൽ മലങ്കരയിൽ അങ്ങനെ എനിക്കുമുമ്പും പലർക്കും പട്ടം കൊടുക്കുകയും ഏൽക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് 19 വയസ് മാത്രമുള്ളപ്പോൾ പട്ടം തന്നതിന് പ്രത്യേകിച്ചു കാരണം ഒന്നുമില്ല. പിതാക്കന്മാർക്ക് കാലോചിതമായ വ്യത്യാസം വരുത്താമെന്ന് പറഞ്ഞത് പാത്രിയർക്കീസ്, മെത്രാപ്പോലീത്താമാർ മുതലായവർക്ക് ഇങ്ങനെയുള്ള നടപടിക്രമങ്ങളിൽ വ്യത്യാസം വരുത്താമെന്നുള്ളതിനെ ഉദ്ദേശിച്ചാണ്. അവർക്ക് ഓരോരുത്തർക്കും തനിച്ചു ചെയ്യാമോ സുനഹദോസുകൂടി ചെയ്യേണ്ടതാണോ എന്നുള്ളതിനെക്കുറിച്ച് ഞാൻ മനസിലാക്കിയിട്ടില്ല. അത് എങ്ങനെ വേണമെന്ന് കാനോനിലുണ്ടോ എന്നു നോക്കിയിട്ടില്ല. എന്നാൽ കാലോചിതമായ പരിഷ്കാരങ്ങൾ സഭയിൽ വരുത്തുവാൻ ഞങ്ങളുടെ ഭരണക്കാർക്കു ബോധജ്ഞാനം കൊടുക്കണമെ എന്ന് പ്രാർത്ഥനാപുസ്തകത്തിലുണ്ട്. ഞാൻ കാനോൻ നിയമങ്ങളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. ഞാൻ കാനോൻ വായിച്ചിട്ടുണ്ട്. വാദികളാശ്രയിക്കുന്ന കാനോനും പ്രതികളാശ്രയിക്കുന്ന കാനോനും വായിച്ചിട്ടുണ്ട്. ഹുദായ കാനോനാണ് രണ്ടും. എന്തൊക്കെ സംഗതികളെ സംബന്ധിച്ച്

കാലോചിതമായി മാറ്റങ്ങൾ വരുത്താനുള്ള അവകാശങ്ങളുണ്ട്? Q. ലൗകികമായ കാര്യങ്ങൾ, മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെയുള്ള നടപടിക്രമങ്ങൾ മുതലായവയാണ്. An. ലൗകികമായ കാര്യങ്ങളിൽ എന്തെല്ലാം ഉൾപ്പെടും? Q. വസ്തുക്കളുടെ ഭരണം മുതലായവ ഉൾപ്പെടും അത്രയെ ഓർമ്മ വരുന്നുള്ളൂ. അതിനും പുറമെ *ഹൂദായകാനോനിൽ* പത്തദ്ധ്യായങ്ങൾക്കുശേഷം ഉള്ള കുറെ നടപടിക്രമങ്ങളും കുറെ ലൗകിക കാര്യങ്ങളും ഉണ്ട്. An. പത്തദ്ധ്യായത്തിനുശേഷമുള്ള കാര്യങ്ങൾ പാശ്ചാത്യപ്രദേശങ്ങളിലെ ആത്മീയ ഭരണാധികാരികൾക്ക് ലൗകിക നേതൃസ്ഥാനവും കൂടി ഒരു കാലത്തുണ്ടായിരുന്നതുകൊണ്ട് അന്ന് നിശ്ചയിക്കപ്പെട്ടിട്ടുള്ളവയാണ്. അവയെ സംബന്ധിച്ചു മാറ്റം വരുത്തി സ്വീകരിക്കുകയൊ സ്വീകരിക്കാതിരിക്കുകയൊ ചെയ്യാവുന്നതാണ്. ലൗകികാധികാരം അവിടെയുള്ള വിശ്വാസികളുടെമേൽ അവർക്കുള്ള ലൗകികാധികാരമാണ്. അതാതു സ്ഥലത്തെ ലൗകികഭരണാധികാരികൾ അതാതു കാലത്തെ സമുദായ ഭരണാധികാരികൾക്കു ചില ലൗകിക ഭരണാധികാരം കൊടുക്കുമായിരുന്നു. അതാണ്. നടപടിക്രമങ്ങളിൽ എന്തെല്ലാം ഉൾപ്പെടും? Q. പെട്ടെന്ന് മുമ്പ് ബോധിപ്പിച്ച പട്ടം കൊടുക്കുന്നതിന്റെ വയസിന്റെ കാര്യമെ ഓർക്കുന്നുള്ളൂ. An. നോമ്പിന്റെ കാര്യങ്ങൾ അതിന്റെ കാഠിന്യം എങ്ങനെ ആചരിക്കണം, ദൈർഘ്യം മുതലായവ നടപടിക്രമത്തിൽപെട്ടതാണോ? അല്ല. അത് വിശ്വാസത്തിൽപെട്ടതാണ്. An. വിശ്വാസത്തിൽപെട്ടത് അതിന്റെ ആചരണരീതി നടപടി ക്രമത്തിൽപെട്ടതുമാണ്. ആചരണരീതിയിൽ പെടുന്നതാണ്. എന്തൊക്കെ പദാർത്ഥങ്ങൾ വർജ്ജിക്കണം, എത്രകാലം ഉണ്ടായിരിക്കണം എന്നതെല്ലാം. നോമ്പ് സംബന്ധിച്ച് മലങ്കര എപ്പിസ്കോപ്പൽ സുനഹദോസ് തീരുമാനം എടുത്തിട്ടുണ്ടോ? മലങ്കര എപ്പിസ്കോപ്പൽ സൂനഹദോസ് (ഞാനും അംഗീകരിക്കുന്നത്) അങ്ങനെ നോമ്പ് സംബന്ധിച്ച് ഒരു തീരുമാനം എടുക്കുവാൻ അന്നത്തെ കാതോലിക്കോസ് പാത്രിയർക്കീസ് ബാവ തിരുമേനിയോട് അഭിപ്രായത്തിനും അനുവാദത്തിനുമായി അപേക്ഷിച്ചതായ ഒന്നാം വാദിയുടെ ഒരെഴുത്ത് ഞാൻ കണ്ടിട്ടുണ്ട്. ആ അനുവാദത്തോടുകൂടി തീരുമാനം എടുത്തിട്ടുണ്ട്. An. എഴുത്ത് ഞാൻ കോടതിയിൽ ഈ കേസിൽ ഹാജരാക്കാനായി തർജ്ജമ ചെയ്തപ്പോൾ കണ്ടതാണ്. എഴുതി അയച്ചതിന്റെ വെളിച്ചത്തിൽ അനുവാദം കൊടുത്തു കാണുമെന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ അംഗീകരിക്കുന്ന മലങ്കര സൂനഹദോസ് പാത്രിയർക്കിസ് ബാവ അദ്ദേഹത്തിനു കീഴ്പെടാത്ത സൂനഹദോസംഗങ്ങളെ മുടക്കിയകാലം വരെ ഉണ്ടായിരുന്നു. അതിനുശേഷം മലങ്കര എപ്പിസ്കോപ്പൽ സുനഹദോസ് ഉണ്ടോ? Q. ഞാൻ വിശ്വസിക്കുന്ന രീതിയിൽ ഇല്ല. An. ഞാൻ വിശ്വസിക്കുന്ന രീതിയിലുള്ള എപ്പിസ്കോപ്പൽ സൂന്നഹദോസ് എന്ന് പറഞ്ഞാൽ സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോക്യാ പാത്രിയർക്കീസിനോട് വിധേയത്വം പുലർത്തുന്ന കാതോലിക്കായും മെത്രാന്മാരും ഉൾപെടുന്ന സൂനഹദോസ് എന്നാണ്. By court. സാക്ഷി പറഞ്ഞപ്രകാരം പാത്രിയർക്കീസിനോടു വിധേയം പുലർത്തുന്ന കാതോലിക്കോസും മെത്രാന്മാരും ഇപ്പോൾ ഉണ്ടല്ലോ? Q. ഉണ്ട്.

അങ്ങിനെയുള്ള സുന്നഹദോസ് പാത്രിയർക്കീസ് ബാവ അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഞങ്ങളുടെ ഭാഗത്ത് അങ്ങനെ ഉണ്ട്. An. counsel resumes ഞങ്ങളുടെ ഭാഗത്ത് എന്നു പറഞ്ഞാൽ എന്താണ്? Q. പാത്രിയർക്കീസുമായി കീഴ്‌വഴക്കത്തോടു കൂടിയുള്ള ബന്ധം പാലിച്ചു വരുന്ന പാരമ്പര്യം സംരക്ഷിച്ചുകൊണ്ട് ഇന്നും നടന്നുവരുന്ന സഭയാണ്. ഞങ്ങളുടെ സഭ എന്നു ഞാൻ പറയുന്നത് An. Ex.A 206 ൽ 481-ാം പേജ് നോക്കി. ഒന്നാമത്തെ ഡ്യൂട്ടിയായി പറയുന്നത് ഒരാൾ എപ്പിസ്കോപ്പാ ആയി പുതുതായി എഴുന്നേൽക്കുമ്പോൾ പാത്രിയർക്കീസിനാൽ അദ്ദേഹത്തിനു നൽകപ്പെട്ടതായ സുസ്താത്തിക്കോൻ പൊതുവിനെ കാണിക്കേണ്ടതാകുന്നു എന്നാണ്. ഇത് 38-ാം ചാപ്ടറിലാണ്. പാശ്ചാത്യദേശം എന്നു പറഞ്ഞത് ഇവിടെനിന്നു പടിഞ്ഞാറുള്ള ദേശം എന്നർത്ഥത്തിലാണ്. ഇൻഡ്യക്ക് പടിഞ്ഞാറുള്ളതാണ് പാശ്ചാത്യം എന്നു പറയുന്നത്. മെത്രാന്മാരെ വാഴിക്കാനും സ്താത്തിക്കോൻ കൊടുക്കാനും കാതോലിക്കാസിനധികാരം ഉണ്ടോ? Q. അദ്ദേഹത്തിന്റെ പ്രവർത്തന സീമയിൽ സ്താത്തിക്കാൻ കൊടുക്കാനുള്ള അധികാരം ഉണ്ട്. An. ഒരു മെത്രാന് എത്ര സ്താത്തിക്കോൻ കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. പാത്രിയർക്കീസ് സ്താത്തിക്കോൻ കൊടുക്കണമെന്ന പറഞ്ഞിട്ടുള്ളൂ. ഒരാൾക്ക് ഒന്നിൽകൂടുതൽ കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നിരിക്കണം. അതാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നതിൽ നിന്ന് അനുമാനിക്കേണ്ടത്. ഒന്നിൽ കൂടുതൽ സ്താത്തിക്കോൻ ഒരാൾക്ക് കൊടുത്തിട്ടുള്ളതായി എനിക്കറിഞ്ഞുകൂടാ. ഞാൻ രേഖകൾ ഒന്നും അങ്ങനെ കണ്ടിട്ടില്ല? സ്താത്തിക്കോൻ എന്നു വച്ചാൽ ഒന്ന്: വാഴിച്ചു എന്നുള്ളതിന്റെ രേഖ, രണ്ട്: അദ്ദേഹത്തിനു കൊടുത്തിരിക്കുന്ന അധികാരങ്ങൾ, മൂന്ന്: വാഴിച്ച ആളിനെ ജനങ്ങൾ സ്വീകരിക്കണം എന്നുള്ള നിർദ്ദേശം ഇത്രയും അടങ്ങുന്ന രേഖയാണ്. സഭാനിയമം അനുസരിച്ച് ആരു വാഴിക്കുന്നോ, അയാളാണ് സ്താത്തിക്കോൻ കൊടുക്കുന്നത്. മലങ്കരയിൽ ലൗകികാധികാരികളിൽ നിന്നും എന്തെങ്കിലും ഭരണാധികാരം മെത്രാന്മാർക്ക് കൊടുത്തിട്ടുണ്ടോ? Q. ജനങ്ങളുടെ മേൽ എന്തെങ്കിലും അധികാരം കൊടുത്തിട്ടുള്ളതായി എന്റെ ഓർമ്മയിൽ ഇല്ല. An. മുമ്പു പറഞ്ഞ കാനോൻ വ്യവസ്ഥ (481-ാം പേജിലെ) ലൗകിക ഭരണാധികാരികളിൽ നിന്നും ലൗകികാധികാരം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ളതാണോ? എനിക്കതൊന്നും അറിഞ്ഞുകൂടാ. സ്താത്തിക്കോൻ കൊടുക്കുന്ന കാര്യമാണ് അത് പറയുന്നത്. പാത്രിയർക്കീസ് കൊടുക്കുന്നതിനെയാണ് ലൗകികഭരണാധികാരികൾ ലൗകികഭരണം കൊടുക്കുന്നതിനെ സംബന്ധിച്ചല്ല. An. കാനോനിൽ ഉള്ളത് സ്താത്തിക്കോൻ കാണിച്ചുകൊടുക്കണമെന്നുള്ളതാണ്. അതല്ലാതെ അതെക്കുറിച്ച് കൂടുതൽ ഒന്നും അറിഞ്ഞുകൂടാ. യോഗക്കുറി കൊടുക്കുന്ന നടപടി ഇപ്പോഴും നിലവിൽ ഉണ്ടോ? Q. ഇടവകക്കുവേണ്ടി പട്ടം ഏല്ക്കുവാൻ ആഗ്രഹിക്കുന്നവർ ഇപ്പോഴും അതു കൊടുത്തുകൊണ്ടിരിക്കുന്നത്. An. യോഗക്കുറി കൊടുത്തും യോഗക്കുറി ഇല്ലാതെയും പട്ടം കൊടുക്കുന്നുണ്ടെന്നാണോ പറയുന്നത്? Q. അല്ല. ഇടവകക്കുവേണ്ടിയാണ് പട്ടം കൊടുക്കുന്നത് എങ്കിൽ യോഗക്കുറി വേണം.

പൊതുവിനുവേണ്ടിയാണെങ്കിൽ അതുവേണ്ട. An. പൊതുവിനുവേണ്ടി പട്ടം കൊടുക്കുന്നതിനു ആളെ തെരഞ്ഞെടുക്കുന്നത് ആരാണ്? Q. മെത്രാപ്പോലീത്തായുടെ ശുശ്രൂഷക്കും അദ്ദേഹം ആഗ്രഹിക്കുന്ന പ്രവർത്തനങ്ങൾക്കും ആയതുകൊണ്ട് അദ്ദേഹം തന്നെയാണ് തെരഞ്ഞെടുക്കുന്നത്. An. മെത്രാപ്പോലീത്തയുടെ ശുശ്രൂഷ എന്നു പറഞ്ഞാൽ എന്താണ്? അദ്ദേഹം നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കുകയാണ്. അതിൽ മീനിയൽ ആയിട്ടുള്ളതും പെടും. An. ആ ആളിനെ മെത്രാന് പൊതുവായ ഏതു കാര്യത്തിനും നിയോഗിക്കാവുന്നതുകൊണ്ട് പൊതുവായ പട്ടവും കൊടുക്കാവുന്നതാണ്. പൊതുവായ കാര്യം എന്നു പറഞ്ഞത് സഭയുടെ പൊതുകാര്യങ്ങളൊ പൊതുസഭയുടെ കാര്യങ്ങളൊ? Q. സഭയുടെ പൊതുവായ കാര്യങ്ങൾക്ക് നിർദ്ദേശിച്ചയയ്ക്കാമോ? Q. ഇടവകയിലെ സേവനം ഒഴികെ ഏത് കാര്യത്തിനും അയയ്ക്കാം. An. ഇടവകയിലെ സേവനത്തിന് ജനങ്ങൾ ആവശ്യപ്പെട്ടാൽ അതാണ് പട്ടക്കാരന്റെ പ്രധാന ജോലി. ഇടവകക്കാർ ആവശ്യപ്പെട്ടാൽ പൊതുകാര്യങ്ങൾക്കായി വാഴിച്ച പട്ടക്കാരനെ ഇടവകയിലേക്കു നിയമിക്കാം?. അങ്ങനെ അല്ലാതെ വാഴിച്ചുകൂടാ. ജനങ്ങളുടെ ആവശ്യം കൂടാതെ പൊതുവിനായി പട്ടം കൊടുത്തു എന്ന് പറഞ്ഞവരെയും അല്ലാത്തവരെയും ഇടവകയിൽ ജനങ്ങളുടെ ആവശ്യപ്രകാരമല്ലാതെ നിയമിച്ച ധാരാളം instance ഇല്ലേ? Q. അങ്ങനെ നിയമിച്ച instances ഇല്ല. An. ഒരു instance പോലും ഇല്ലേ ? Q. ഓർക്കുന്നില്ല. An.Os 81ലെ 1 മുതൽ 3 കൂടി പ്രതികളെ അറിയാം. അവർ അച്ചന്മാരെയും ശെമ്മാശന്മാരെയും വാഴിച്ചിട്ടുണ്ട്. അങ്ങനെ വാഴിച്ചത് ചിലതെല്ലാം ഇടവകക്കാരുടെ ആവശ്യപ്രകാരവും മറ്റെല്ലാം മുമ്പു ഞാൻ ബോധിപ്പിച്ച പ്രകാരവും ആയിരിക്കണം. ഇടവകക്കാരുടെ ആഗ്രഹാനുസരണം അവരിൽ ചിലരെ ഇടവകകളിലേക്ക് നിയമിച്ചിട്ടുണ്ടായിരിക്കാം. എനിക്ക് അതെല്ലാം ആരെയൊക്കെയാണ് എവിടെയൊക്കെയാണ് എന്നറിഞ്ഞുകൂടാ. ഇടവകക്കാരുടെ ആവശ്യപ്രകാരമായിരിക്കണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. മുൻപ് അതാത് പള്ളികളിൽ ഉള്ള അച്ചന്മാരെ അതാത് പള്ളികളിൽനിന്നു മാറ്റി കല്പനകൾ 1 മുതൽ 3 വരെ പ്രതികൾ എഴുതിയിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ആത്മീയകാര്യങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനൊ നിർദ്ദേശങ്ങൾ നൽകുന്നതിനൊ അൽമായക്കാർക്കവകാശം ഉണ്ടോ? Q. ആത്മീയകാര്യങ്ങളിൽ വിശ്വാസത്തിനു വിപരീതമായി ഉള്ള അഭിപ്രായങ്ങൾ പറയുന്നതിന് അൽമായക്കാർക്ക് അവകാശം ഇല്ല. An. പള്ളിയുടെ സ്ഥാപനോദ്ദേശ്യത്തിന് വിപരീതമായി പട്ടക്കാരൻ പ്രവർത്തിക്കുന്നു എങ്കിൽ അതേക്കുറിച്ച് എതിർപ്പു പറയുന്നതിന് അൽമായക്കാർക്കവകാശമുണ്ട്. വിശ്വാസത്തിനു വിപരീതമായി പ്രവർത്തിക്കുന്ന പട്ടക്കാരനെ നിയന്ത്രിക്കുന്നതിനും അൽമായക്കാർക്കവകാശമുണ്ട്. എങ്ങനെയാണ് ആ നിയന്ത്രണം? Q. ഒന്നാമത് അദ്ദേഹത്തോട് ആ നിലപാട് മാറ്റുവാൻ അപേക്ഷിക്കണം. പല പരിശ്രമങ്ങളും നടത്തിയിട്ട് കാര്യസാദ്ധ്യമുണ്ടാകുന്നില്ലെങ്കിൽ അതിനു നിയമപരമായ മാർഗങ്ങളും നോക്കാവുന്നതാണ്. An. നിയമപരമായ മാർഗ്ഗങ്ങൾ

എന്താണ്? Q. ആ വസ്തുത നീതിന്യായകോടതികളിൽ സമർപ്പിക്കുക തന്നെയാണ്. An. വിശ്വാസത്തിനു വിപരീതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് തീരുമാനിക്കാൻ ഇടവകക്കാർക്കവകാശമുണ്ടോ? ഞാൻ ചീഫിൽ ബോധിപ്പിച്ചതുപോലെ അതിനുള്ള അവകാശം അദ്ദേഹത്തെ നിയമിച്ച മെത്രാപ്പോലീത്താ ആണ്. അൽമായക്കാർക്കില്ല. An. വിശ്വാസസംബന്ധമായ കാര്യങ്ങളിലൊ മറ്റ് കാര്യങ്ങളിലൊ പട്ടക്കാരനെപ്പറ്റി എന്തെങ്കിലും പരാതി ഉണ്ടായാൽ എപ്പിസ്കോപ്പായുടെ അടുത്തോ എപ്പിസ്കോപ്പൽ സുനഹദോസിലൊ അല്ലേ ബോധിപ്പിക്കേണ്ടത്? Q. പരാതി ഉണ്ടെങ്കിൽ എപ്പിസ്കോപ്പായുടെ അടുത്ത് ബോധിപ്പിക്കണം. അതാണ് ഇവിടത്തെ കീഴ്‌വഴക്കം. സഭാനിയമമായി അത് കണ്ടിട്ടില്ല. An. അങ്ങനെ പരാതികൾ ഉണ്ടായാൽ തീരുമാനിക്കാൻ അവർക്കധികാരമില്ലേ? Q. ആത്മീയമായ ശിക്ഷണനടപടി എടുക്കാനും തീരുമാനിക്കാനും അവർക്കധികാരം ഉണ്ട്. ആ തീരുമാനം ബന്ധപ്പെട്ടവരെയെല്ലാം സ്വീകരിക്കാൻ ബാദ്ധ്യസ്ഥരല്ലേ? Q. വേണ്ടപ്പെട്ട ആലോചനകളോടുകൂടി യഥാർത്ഥ മെത്രാപ്പോലീത്ത അക്കാര്യത്തിൽ എടുക്കുന്ന തീരുമാനം സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. An. അങ്ങനെയുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്താനും അവർക്കധികാരം ഇല്ലേ? Q. നടപ്പിൽ വരുത്തുന്നതിന് അധികാരം ഉണ്ടെങ്കിലും നടപ്പിൽ വരുന്നത് അതിലെ പാർട്ടികളെ ആശ്രയിച്ചിരിക്കും. An. മെത്രാപ്പോലീത്ത എന്തു തീരുമാനം എടുത്താലും ജനങ്ങൾക്ക് അത് സ്വീകരിക്കാതെ തുടരാമെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം പിന്നെ എന്താണ്? Q. തീരുമാനം എടുക്കുന്നവരുടെ ആഗ്രഹാനുസരണം എപ്പോഴും കാര്യങ്ങൾ നടക്കാറില്ല എന്നുള്ള സാമാന്യതത്വം വച്ചു പറഞ്ഞതാണ്. An. തീരുമാനം അനുസരിക്കാതിരുന്നാൽ പിന്നെ എന്താണ് ചെയ്യേണ്ടത്?Q. യഥാർത്ഥ മെത്രാപ്പോലീത്തയുടെ ആത്മീയ കാര്യങ്ങളിലെ തീരുമാനം സ്വീകരിക്കുന്നില്ലെങ്കിൽ ചെയ്യേണ്ട കാര്യങ്ങൾ ഞാൻ ചീഫിൽ ബോധിപ്പിച്ചിട്ടുണ്ട്. An. അതെന്താണ്? Q. ഒന്നാമത് അവരെ ഉപദേശിക്കുക. ഫലപ്പെടാതിരിക്കുന്ന പക്ഷം ആത്മീയ ശിക്ഷണ നടപടികൾ അവരുടെമേൽ എടുക്കുക. An. പള്ളിയിൽ നടക്കുന്ന കർമ്മാനുഷ്ഠാനങ്ങൾ സംബന്ധിച്ച് പട്ടക്കാരനെ നിയന്ത്രിക്കുവാനൊ അഭിപ്രായം പറയുവാനൊ അൽമായക്കാർക്കവകാശമുണ്ടോ? Q. നിയന്ത്രണം എന്നു വച്ചാൽ ഉദ്ദേശിക്കുന്നത് എന്താണെന്നു പറഞ്ഞാൽ ഉത്തരം പറയാം. An. നിയന്ത്രണം എന്നു വച്ചാൽ എന്താണ് എന്നു മനസ്സിലായില്ലെന്നാണോ? Q. എനിക്കു മനസ്സിലായ രീതിയിൽ പറയാം. An. എനിക്കു മനസ്സിലായത് ആത്മീയ കർമ്മാനുഷ്ഠാനങ്ങളെക്കുറിച്ച് അദ്ദേഹം ആ പള്ളിയുടെ സ്ഥാപനോദ്ദേശ്യമനുസരിച്ചാണ് പ്രവർത്തിക്കുന്നത് എങ്കിൽ യാതൊരു നിയന്ത്രണത്തിനും അവകാശം ഇല്ല. An. സ്ഥാപനോദ്ദേശ്യത്തിനു വിപരീതമാണെങ്കിൽ മുൻപറഞ്ഞപോലെ പരാതിപ്പെട്ട് തീരുമാനം ഉണ്ടാക്കേണ്ടതാണ്. ആത്മീയ കാര്യങ്ങളിലല്ലാതെ അച്ചനുള്ള ഭരണം എന്താണ്? Q. ജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ അദ്ദേഹം സേവനം അനുഷ്ഠിക്കുന്ന പള്ളിയുടെ ഭരണക്രമമനുസരിച്ച് അതിന്റെ ലൗകികവും സാമൂഹികവുമായ കാര്യങ്ങളിൽ ഉള്ള

പ്രവർത്തനമാണ്. An.അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ മെത്രാപ്പോലീത്താക്ക് പട്ടക്കാരന്റെമേൽ നിയന്ത്രണമുണ്ടോ? Q. അത് അതാത് പള്ളികളിലെ ഭരണക്രമമനുസരിച്ചായിരിക്കും. An. മലങ്കരയിലുള്ള പള്ളികളിലെ പട്ടക്കാരുടെ മേൽ മുൻപറഞ്ഞ ലൗകികകാര്യങ്ങളിൽ മെത്രാപ്പോലീത്തക്കു നിയന്ത്രണമുണ്ടോ? Q. മുമ്പ് ഞാൻ പറഞ്ഞതുപോലെ അതത് പള്ളിയിലെ ഭരണക്രമമനുസരിച്ച് ഉണ്ടാകാവുന്നിടത്തോളം നിയന്ത്രണം ഉണ്ട്. An. അതാത് പള്ളിക്കുണ്ടെന്നു പറയുന്ന ഭരണക്രമം മെത്രാപ്പോലീത്താ അംഗീകരിക്കണമൊ? Q. അത് നേരത്തെ ഉണ്ടായിരുന്ന മെത്രാപ്പോലീത്തമാർ അംഗീകരിച്ചിട്ടുള്ളതും അതനുസരിച്ച് നടന്നുവരുന്നതുമാണ്. An. ഒരച്ചനെ ഒരു പള്ളിയിൽനിന്നും വേറൊരു പള്ളിയിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിനു മെത്രാപ്പോലീത്തക്കവകാശം ഉണ്ടോ? Q. ജനങ്ങളുടെ ആവശ്യാനുസരണം ഒരാളിന്റെ സേവനം മറ്റൊരിടത്തു ആവശ്യമാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. An. ഇന്ന പള്ളിയിലേക്കാവശ്യമുണ്ടെന്നവർ പറയുന്നതിനെയാണ് ഞാൻ ഉദ്ദേശിക്കുന്നത്? Q. അങ്ങനെ അല്ലാതെ പാടില്ലന്നാണോ സഭാനിയമം? Q. സഭാനിയമം അല്ല പറയുന്നത്. സഭയിലെ കീഴ്‌വഴക്കമാണ് പറയുന്നത്. An. ഇടവകക്കാർക്ക് തന്നെ ഒരച്ചനെ മാറ്റി വേറൊരച്ചനെ നിയമിക്കാമോ? Q. അച്ചന്റെ സേവനം ആത്മീയവും കൂടി ആകയാൽ അവർക്കു തന്നെ അതിനവകാശമില്ല. An. അങ്ങനെ മാറ്റണമെങ്കിൽ മെത്രാപ്പോലീത്തായുടെ അനുവാദം വേണം. മെത്രാപ്പോലീത്ത അങ്ങനെ അച്ചനെ മാറ്റി നിയമനകല്പന കൊടുക്കണോ? Q. നിങ്ങളുടെ അപേക്ഷ അനുസരിച്ചു ഇന്നാരെ നാം നിയമിക്കുന്നു എന്ന് മെത്രാപ്പോലീത്തമാർ കല്പന കൊടുക്കാറുണ്ട്. An. ഇങ്ങനെയുള്ള കല്പന ആവശ്യമാണ്. ഞാൻ അത് കണ്ടിട്ടുമുണ്ട്. പള്ളികളിലേക്ക് അച്ചന്മാരെ നിയമിക്കുന്നതു സംബന്ധിച്ച് കാനോൻ വ്യവസ്ഥകൾ ഒന്നുമില്ലെന്നാണോ പറയുന്നത്? Q. ജനങ്ങളുടെ സ്വീകരണത്തെക്കുറിച്ച് കാനോൻ വ്യവസ്ഥ ഉണ്ടോ? Q. An. മെത്രാപ്പോലീത്താ നിയമിച്ചാൽ സ്വീകരിക്കുന്നതിനെപ്പറ്റിയാണ്. witness adds. ഇന്നലെ ആ ഭാഗം ചൂണ്ടികാണിക്കാൻ സാധിച്ചില്ല. ഇന്നു കാനോൻ പുസ്തകം തരാമെങ്കിൽ ആ ഭാഗം ഞാൻ ചൂണ്ടിക്കാണിക്കാം. Counsel continues ഇന്നലെ കാണിച്ചത് പെട്ടെന്ന് തെറ്റായ ഭാഗം കാണിച്ചതാണ്. ഇതേ സംബന്ധിച്ചുള്ള കാനോൻഭാഗം ഞാൻ ഇന്നു ചൂണ്ടിക്കാണിക്കാമെന്നാണ് പറയുന്നത്. രണ്ടും അനുസരിക്കപ്പെടേണ്ട ഭാഗങ്ങൾ തന്നെയാണ്. സാക്ഷി പറയുന്ന ഭാഗം ഏതാണ് Ext.A90 handed over. 85-ാം പേജിൽ അങ്കാറ 17 വാഴിക്കപ്പെട്ടശേഷം തങ്ങൾക്കായി നാമകരണം ചെയ്യപ്പെട്ട സ്ഥലങ്ങളിൽ അംഗീകരിക്കപ്പെടാതെ വരുന്ന എപ്പിസ്കോപ്പന്മാർ തങ്ങളുടെ മുൻസ്ഥാനങ്ങളിൽതന്നെ കശീശന്മാരെന്ന നിലയിൽ താമസിക്കുവാൻ ഇഷ്ടപ്പെടുന്ന പക്ഷം അവരുടെ ബഹുമാനം ഇല്ലാതെ ആക്കരുത്. ഇത് എപ്പിസ്കോപ്പായെപ്പറ്റിയാണ് ഇതും കശീശായെപ്പറ്റി പറഞ്ഞിട്ടില്ലെന്ന് ഇന്നലെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. ജനങ്ങൾ അംഗീകരിക്കാതിരിക്കുന്നത് തെറ്റാണെന്നാണ് ഇന്നലെ കാണിച്ച വ്യവസ്ഥ. അതിനുനേരെ താഴെയാണ് ഇന്നു

കാണിച്ച വ്യവസ്ഥ. അംഗീകരിക്കാതിരുന്നാൽ ജനങ്ങളുടെ മേൽ നടപടി എടുക്കുന്നതിനു സഭയിലെ എപ്പിസ്കോപ്പൽ അധികാരികൾക്കു അവകാശമുണ്ടോ? സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസിനും അദ്ദേഹത്തിന്റെ കീഴിലുള്ള കാതോലിക്കാക്കും അതിന്മേൽ നടപടി എടുക്കാം. An. പാത്രിയർക്കീസിന്റെ പ്രതിനിധിയായി ആരെങ്കിലും എന്നെങ്കിലും പാത്രിയർക്കീസ് നിയമിച്ചിട്ടുണ്ടോ? Q. പാത്രിയർക്കീസിന്റെ പ്രതിനിധികളായി 1665 മുതൽ അയക്കപ്പെട്ടവരുടെ ഒരു ലിസ്റ്റ് 2-ാം കാതോലിക്കാ ആയിരുന്ന ആ തിരുമേനി സഭാപഞ്ചാംഗം എന്നൊരു പുസ്തകത്തിൽ അച്ചടിച്ച് പ്രസിദ്ധം ചെയ്തിരുന്നത് ഞാൻ വായിച്ചിട്ടുണ്ട്. അങ്ങനെ ഇവിടെ വന്ന പിതാക്കന്മാർ പാത്രിയാർക്കീസിന്റെ കല്പനയോടുകൂടി വന്ന പ്രതിനിധികളാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. An. നിയമന കല്പനകൾ വല്ലതും കണ്ടിട്ടുണ്ടോ? Q. മോർ ഒസ്താത്തിയോസിനുശേഷം മോർ യൂലിയോസിനെ നിയമിച്ച കല്പന ഞാൻ വായിച്ചിട്ടുണ്ട്. എന്റെ കൈവശം ഇല്ല. An. ഒസ്താത്തിയോസിനെ നിയമിച്ചിട്ടുണ്ടോ? അദ്ദേഹം അന്ത്യോക്യാ സിംഹാസന പ്രതിനിധി എന്നുള്ള പേരു വച്ചുകൊണ്ടാണ് ഈ കേസിലെ 1-ാം വാദിയെ കശീശാ ആക്കിയത് എന്നു കാണുന്നതിൽ നിന്നും അദ്ദേഹത്തിനു ഇല്ലാത്ത ഒരു സ്ഥാനം ഉപയോഗിച്ചു എന്നു ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ട് നിയമിച്ചിട്ടുണ്ട്. An. ഓസ്താത്തിയോസ് ഇവിടെ വന്നതു സഭയിൽ ഭിന്നതകൾ ഉണ്ടാകുന്നതിനു മുമ്പാണെന്നാണ് എന്റെ ഓർമ്മ. അദ്ദേഹത്തെ മലങ്കരയിലെ മെത്രാപ്പോലീത്തമാർ എല്ലാവരും സ്വീകരിച്ചിരുന്നു എന്നാണ് എന്റെ അറിവ്. അങ്ങനെ പ്രതിനിധിയായി ആരെയെങ്കിലും സ്വീകരിച്ചതായി മലങ്കരയിലെ ഔദ്യോഗിക പ്രമാണങ്ങൾ എന്തെങ്കിലും ഉണ്ടോ? മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസിന്റെ പ്രതിനിധിയെ സ്വീകരിക്കുവാൻ പ്രത്യേക നിയമം ഒന്നും വേണ്ട. അതുകാരണം തീരുമാനങ്ങൾ ഉള്ളതായി എനിക്കറിവില്ല. An. ഒസ്താത്തിയോസ് മലങ്കരയിൽ ഭദ്രാസനഭരണം വേണമെന്ന് ആവശ്യപ്പെട്ടതായി എനിക്കറിവില്ല. വിദേശത്തുനിന്നു വരുന്ന ഒരു മെത്രാപ്പോലീത്തക്ക് മലങ്കര സഭയിലെ സഭാഭരണത്തിൽ ഇടപെടാൻ അവകാശമുണ്ടോ? Q. വെറും വിദേശിയായി വന്നതല്ല, പാത്രിയർക്കീസിന്റെ പ്രതിനിധിയായി വന്നതാണ്. മലങ്കര സഭയുടെ ഭരണത്തിൽ ഇടപെടാൻ പാടില്ല. An. മലങ്കരസഭയിലെ സ്വദേശത്തുള്ള മെത്രാന്മാർക്കല്ലേ സഭാ ഭരണാധികാരം? Q. സ്വദേശി എന്നുള്ള ഒറ്റവിശേഷണം കൊണ്ടുമാത്രം അധികാരം ഉണ്ടാകയില്ല. സഭയുടെ പരമാദ്ധ്യക്ഷനെ അനുസരിച്ചു നിലകൊള്ളുന്നവനുംകൂടി ആയിരിക്കണം. An. സ്വദേശിയായിരിക്കണമെന്ന് നിർബന്ധമുള്ളതായി ഞാൻ കണ്ടിട്ടില്ല. സാധാരണ അങ്ങനെയാണ് പതിവ്. വിദേശത്തുനിന്നും വരുന്ന ഒരു മെത്രാനെ മലങ്കരസഭയിലെ ഏതെങ്കിലും പള്ളികൾക്ക് അവരുടെ മെത്രാനായി സ്വീകരിക്കാമോ? Q. വിദേശത്തുനിന്നു വരുന്ന ഏതെങ്കിലും മെത്രാനെ സ്വീകരിക്കാൻ സാദ്ധ്യമല്ല. എന്നാൽ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട ആൾ പാത്രിയർക്കീസിനു കീഴിൽ നിന്നുകൊണ്ട് തങ്ങളുടെ പൂർവ്വിക വിശ്വാസം സംരക്ഷിക്കണെ

മെന്നാഗ്രഹം ഉള്ളവർക്ക് അവരുടെ മെത്രാപ്പോലീത്ത ആയി അദ്ദേഹത്തെ സ്വീകരിക്കാം. An. മലങ്കരസഭയിലെ ഭദ്രാസനങ്ങൾ വിഭജിക്കുന്നതിനും അതിലെ മെത്രാപ്പോലീത്തമാരെ നിയമിക്കുന്നതിനും ഉള്ള അധികാരാവകാശങ്ങൾ ആർക്കാണ്? Q. മലങ്കരയിൽ ആദ്യമായി ഭദ്രാസനങ്ങളായി തിരിച്ചതും അവർക്ക് മെത്രാപ്പോലീത്തമാരെ വാഴിച്ചതും അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന പത്രോസ് തൃതീയനാണ്. ആ സ്ഥിതിക്ക് പിന്നീടും ഭദ്രാസനങ്ങൾ സ്ഥാപിച്ചതും പാത്രിയർക്കീസന്മാരാണ്. അതിനാൽ അധികാരം പാത്രിയർക്കീസിനുള്ളതും അദ്ദേഹത്തെ അനുസരിക്കുന്ന കാതോലിക്കോസുണ്ടെങ്കിൽ ഈ അധികാരത്തിൽനിന്നു അദ്ദേഹത്തിനു കൊടുക്കാവുന്നതുമാണ്. An. പാത്രിയർക്കീസന്മാർ ഭദ്രാസനം വിഭജിക്കുക മുതലായ അധികാരങ്ങൾ 1950നു ശേഷവും നടത്തിയിട്ടുണ്ട്. അവസാനമായി ഭദ്രാസനം തിരിച്ചത് മലബാർ ഭദ്രാസനമാണ്. അതും പാത്രിയർക്കീസാണ്, 1950നു ശേഷമാണ്, കൃത്യം ഡേറ്ററിഞ്ഞുകൂടാ. 1974-1975വരെ പാത്രിയർക്കീസ് ഭദ്രാസനങ്ങൾക്ക് മെത്രാപ്പോലീത്തമാരെ നിയമിച്ചിട്ടുണ്ട്. പത്രോസ് തൃതീയൻ പാത്രിയർക്കീസ് തുടങ്ങി തുടർച്ചയായി അങ്ങനെ നിയമിച്ചു വന്നിട്ടുണ്ട്. 1665 മുതൽ ഇന്നുവരെ അങ്ങനെ പാത്രിയർക്കീസ് നിയമിക്കാതിരുന്നിട്ടുള്ള കാലം ഉണ്ടായിട്ടില്ല. പത്രോസ് പാത്രിയർക്കീസ് ബാവ മുതൽ ഈ കേസിലെ 1-ാം വാദി ഉൾപ്പെടെ എല്ലാ ഭദ്രാസന മെത്രാപ്പോലീത്തമാരെയും പാത്രിയർക്കീസാണ് വാഴിച്ചിട്ടുള്ളത്. പാത്രിയർക്കീസ് നിയമിക്കാത്ത ഒരു മെത്രാപ്പോലീത്തയും 1665 തൊട്ടു മലങ്കരയിലെ ഭദ്രാസനങ്ങൾക്ക് ഉണ്ടായിട്ടില്ലെന്നാണോ പറയുന്നത്? Q. പത്രോസ് പാത്രിയർക്കീസ് ബാവയുടെ കാലം തുടങ്ങിയാണ് ഭദ്രാസനങ്ങൾ തുടങ്ങിയത്. അതിനുശേഷം പാത്രിയർക്കീസിനെ പരമാദ്ധ്യക്ഷനായി സ്വീകരിക്കുന്ന ഈ സഭയിൽ പാത്രിയർക്കീസ് തന്നെയാണ് ഇടവകമെത്രാപ്പോലീത്തമാരെ വാഴിച്ചിട്ടുള്ളത്. പൗലോസ് ദ്വിതീയൻ കാതോലിക്കായെ പാത്രിയർക്കീസ് വാഴിച്ചതിനുശേഷം അദ്ദേഹം ഒരു മെത്രാപ്പോലീത്തയെ വാഴിച്ച് നിയമിച്ചിട്ടുണ്ട്. An. 2-ാം വാദി മലങ്കരസഭയിലെ മെത്രാപ്പോലീത്ത ആയിരുന്നോ? 1964ൽ പാത്രിയർക്കീസ് ബാവ 1-ാം വാദിയെ വാഴിച്ചതുമുതൽ 2-ാം വാദിയെ പാത്രിയർക്കീസ് ബാവ മുടക്കുന്നതുവരെ 2-ാം വാദി പാത്രിയർക്കീസ് പരമാദ്ധ്യക്ഷനായുള്ള മലങ്കരസഭയിലെ മെത്രാനായിരുന്നു. An. 2-ാം വാദിക്കു ഭദ്രാസനഭരണം ഉണ്ടായിരുന്നോ? Q. അദ്ദേഹത്തിനു 1964നു മുമ്പ് അവർ സ്ഥാപിച്ച ബാഹ്യകേരള ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താസ്ഥാനം ഉണ്ടായിരുന്നു. An. അങ്ങനെ ബാഹ്യകേരള ഭദ്രാസനഭരണം 2-ാം വാദി നടത്തിയിരുന്നു എന്നാണ് അറിവ്. ബാഹ്യകേരളഭദ്രാസനം മലങ്കരസഭയിലെ ഒരു ഭദ്രാസനം ആണോ? Q. ആണെന്നാണ് അത് സ്ഥാപിച്ചവർ പറയുന്നത്. അതേ എനിക്കറിയാവൂ. അത് ശരിയോ തെറ്റോ എന്ന് എനിക്കറിഞ്ഞുകൂടാ. An. മലങ്കരസഭയിൽ ബാഹ്യകേരള ഭദ്രാസനം എന്നൊന്നുണ്ടായിരുന്നോ? ഞാൻ ഉൾപ്പെട്ടിരിക്കുന്ന സഭയിൽ ഇപ്പോഴും ബാഹ്യകേരള ഭദ്രാസനം എന്നൊന്നില്ല. An. ഒരിക്കലും ഇല്ലായിരുന്നോ?Q. മുമ്പു പറഞ്ഞ രീതിയിൽ അദ്ദേഹം ബാഹ്യ

കേരള ഭദ്രാസനമെത്രാപ്പോലീത്താ എന്നു പറഞ്ഞ തരത്തിൽ ഉണ്ടായിരുന്നു. An. എനിക്കു 2-ാം വാദിയെ ബാഹ്യകേരള മെത്രാപ്പോലീത്തയായി സ്വീകരിക്കേണ്ട ആവശ്യം വന്നിട്ടില്ല. പക്ഷെ മുൻപറഞ്ഞ കാലയളവിനുള്ളിൽ സ്കൂൾസ്കൂൾ സംബന്ധമായ കാര്യങ്ങൾക്ക് ബാഹ്യകേരള മെത്രാപ്പോലീത്ത എന്ന നിലയിൽ ഞാൻ 2-ാം വാദിയുമായി പെരുമാറിയിട്ടുണ്ട്. An. മലങ്കരസഭ മുഴുവൻ 2-ാം വാദിയെ ബാഹ്യകേരള മെത്രാപ്പോലീത്ത ആയി സ്വീകരിച്ചിരുന്നോ? Q. മലങ്കരസഭ എന്നു പറഞ്ഞാൽ പാത്രിയർക്കീസിന്റെ പരമാദ്ധ്യക്ഷതയിൽ വിശ്വസിക്കുന്ന കൂട്ടം എന്നുള്ള അർത്ഥത്തിലാണ് ഞാൻ മലങ്കരസഭ എന്നു വിവക്ഷിക്കുന്നത്. ആ രീതിയിൽ മലങ്കരസഭ മുഴുവനും അദ്ദേഹത്തെ സ്വീകരിച്ചിരുന്നില്ല. സ്വീകരിക്കുന്നുമില്ല. An. 1964 മുതൽ മുടക്കി എന്നു പറയുന്നതുവരെയും ബാഹ്യകേരള മെത്രാപ്പോലീത്തയായി 2-ാം വാദിയെ മലങ്കരസഭ അംഗീകരിച്ചിരുന്നില്ലെന്നാണോ പറയുന്നത് ?Q. ആ കാലഘട്ടത്തിൽ അംഗീകരിച്ചിരുന്നു എന്നാണ് പറയുന്നത്. An. അദ്ദേഹത്തെ മലങ്കരസഭ ബാഹ്യകേരള മെത്രാപ്പോലീത്തയായി പാത്രിയർക്കീസ് നിയമിച്ചിരുന്നോ? Q. ഇല്ല. കാരണം പാത്രിയർക്കീസിനാൽ വാഴിക്കപ്പെടുകയും പാത്രിയർക്കീസിനോടു വിധേയത്വം പുലർത്തുന്ന കാതോലിക്കാ ഉണ്ടായിരിക്കയും ചെയ്തതുകൊണ്ടാണ് പാത്രിയർക്കീസ് ഇടവകക്ക് നിയമിക്കാത്തത്. An. 1958ൽ സഭയിൽ സമാധാനം ഉണ്ടായില്ലേ? Q.1958 ൽ സമാധാനത്തിന്റെ പ്രാരംഭം ഇട്ടു. An. 1958ൽ അന്നത്തെ കാതോലിക്കോസിനെ സ്വീകരിച്ച് പാത്രിയർക്കീസ് കല്പന അയച്ചോ? Q. ഇപ്പോഴത്തെ പാത്രിയർക്കീസ് കല്പന അയച്ചിരുന്നു. An. അങ്ങനെ കല്പന അയക്കുന്നതിനു മുമ്പ് സഭയിൽ കാതോലിക്ക കക്ഷി എന്നും പാത്രിയർക്കീസ് കക്ഷി എന്നും ഉള്ള രണ്ട് ഭാഗത്തും മെത്രാപ്പോലീത്തമാർ ഉണ്ടായിരുന്നു. അങ്ങനെ കാതോലിക്കോസ് കക്ഷിയിലുണ്ടായിരുന്ന മെത്രാപ്പോലീത്തമാർക്ക് ആർക്കും പാത്രിയർക്കീസ് ഭദ്രാസനത്തിൽ നിയമിച്ചു കല്പന കൊടുത്തിട്ടില്ല. Stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ.

Taken down by me in open court, read over to the witness and admitted by him to be correct.

Sd/-

III Addl.Dist. Judge

28-3-78

29-3-78 witness sworn again and cross examination continued.

1964നു മുമ്പ് ഉള്ള മെത്രാപ്പോലീത്തമാർ അന്നത്തെ കാതോലിക്കാ കക്ഷിയിലെയും 1964നു ശേഷം ബഹുമാനപ്പെട്ട ഔഗേൻ കാതോലിക്കാ ബാവ വാഴിച്ച മെത്രാപ്പോലീത്തമാർ പൊതുവായ സഭയിലെയും മെത്രാപ്പോലീത്താമാരായി ഭരിച്ചിരുന്നു. പൊതുവായ സഭ എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് കക്ഷി വ്യത്യാസമില്ലാതെ അന്ത്യോക്യാ പാത്രിയർക്കീസിനോടു ബന്ധപ്പെട്ട സഭ എന്നാണ്. കാതോലിക്കാ കക്ഷിയിൽപെട്ടവരായിരുന്നു എന്നു പറയുന്ന മെത്രാപ്പോലീത്തമാർ 1958നു ശേഷവും മലങ്കരസഭയിലെ ഭദ്രാസനങ്ങൾ ഭരിച്ചുകൊണ്ടിരുന്നുവോ? Q. കോട്ടയം, നിരണം, കൊല്ലം തുമ്പമൺ ഭദ്രാസനങ്ങളുടെ ഭരണം അവർ നടത്തിയിരുന്നു. An. കട്ടപ്രത്തു പള്ളി നിരണം ഭദ്രാസനത്തിൽപെട്ടതാണ്. 1958 കഴിഞ്ഞപ്പോൾ ഞാൻ വികാരിയായിരുന്ന കട്ടപ്രത്തു പള്ളിയുടെ ഭരണം മുൻ പാത്രിയർക്കീസ് കക്ഷിയിൽപെട്ട ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ആയിരുന്നു. എന്നാൽ സമാധാനമായി കാര്യങ്ങൾ മുമ്പോട്ടു പോകുന്നത് 1959 ആഗസ്റ്റ് 15-ാം തീയതി ഇടവക പൊതുയോഗത്തിന്റെയൊ കമ്മറ്റിയുടെയൊ ആലോചന ഒന്നും കൂടാതെ അന്നത്തെ തോമസ് മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയെ ആ പള്ളിയിൽ സ്വീകരിക്കുകയും 1959 ഒക്ടോബർ 4 നു ഞായറാഴ്ച ഞാൻ അവിടുന്നു പിരിയുകയും ചെയ്തു. അത്രയും സമയം ഒന്ന് ഒന്നരമാസം ഞാൻ അദ്ദേഹത്തിന്റെ കീഴിൽ ഇരുന്നിട്ടുണ്ട്. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായേയും മുൻപറഞ്ഞ ദിവന്നാസ്യോസിനെയും ആഘോഷമായിട്ട് കട്ടപ്രത്ത് പള്ളിയിലേക്ക് സാക്ഷി വികാരിയായിരിക്കുമ്പോൾ സ്വീകരിച്ചിട്ടുണ്ടോ? Q. ഉണ്ട്. An. 1959ൽ ഭദ്രാസനങ്ങളുടെ ഭരണം സംബന്ധിച്ച് അന്നത്തെ കാതോലിക്കാ ബാവ പള്ളികൾക്ക് ഒരു കല്പന അയച്ചോ? ആ കല്പന അവിടെ ലഭിച്ചിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ഉണ്ടെങ്കിൽതന്നെയും അതിനുശേഷവും മുൻപറഞ്ഞ മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ആയിരുന്നു അവിടെ ഇടവക മെത്രാപ്പോലീത്ത ആയി പ്രവർത്തിച്ചിരുന്നത്. An.Ex A 38 shown. ഇതുപോലെ ഒരു കല്പന കട്ടപ്രത്ത് പള്ളിയിൽ കിട്ടിയിട്ടുണ്ടൊ, ഇല്ലയൊ എന്ന് എനിക്കു ഓർമ്മയില്ല. കിട്ടിയിട്ടുണ്ടോ എന്നു ഓർമ്മയില്ലെന്നു പറയുമ്പോൾ ഞാൻ ഇങ്ങനെ ഒരു കല്പന വായിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ എനിക്ക് അതു പറയുവാൻ ഓർമ്മയില്ല. Ext.A38 പോലെ ഒരു കല്പന ഉണ്ടായിട്ടുള്ളതായി എനിക്കറിവുണ്ട്. പത്രത്തിൽ നിന്നും അറിവുണ്ട്. പള്ളികൾക്കും അയച്ചിരിക്കണം. മെത്രാപ്പോലീത്തമാർ മലങ്കരയിലെ ഭദ്രാസനങ്ങൾ ഭരിച്ചുകൊണ്ടിരുന്നത് ആ കല്പന അനുസരിച്ചാണോ?Q. ഞങ്ങളെ ഭരിച്ചിരുന്ന മെത്രാപ്പോലീത്ത ഞങ്ങളെ തുടർന്നു ഭരിച്ചുകൊണ്ടിരുന്നു. അതേ എനിക്കറിവുള്ളൂ. An. ഞങ്ങളെ എന്നു പറഞ്ഞത് കട്ടപ്രത്ത് പള്ളി. അങ്ങിനെ ഭരിച്ചിരുന്നു എന്നു കാണിക്കാൻ എന്റെ കൈവശം രേഖ ഇല്ല. Ex.A38 നു ശേഷം മോർ ഗ്രിഗോറിയോസ് കട്ടപ്രത്ത് പള്ളിയിൽ തുടർന്നു ഭരിച്ചിരുന്നു എന്നു കാണിക്കാൻ അദ്ദേഹത്തിന്റെ കയ്യിൽ രേഖ കാണും. witness adds. ആ ഇടവകയിൽപെട്ട തച്ചേടത്ത് ജോർജ്ജ്

ജേക്കബ് എന്ന ബാലന് ആ ഇടവകക്കായി അദ്ദേഹം അവിടെവച്ച് പട്ടം കൊടുത്തിട്ടുണ്ട്. അതിനു രേഖ ഉണ്ട്. Counsel continues അതിന്റെ തീയതി ഓർക്കുന്നില്ല. Ex.A38 നു ശേഷമാണോ അത് എന്നും ഓർക്കുന്നില്ല. അതാത് ഭദ്രാസനങ്ങൾപെട്ട ഇടവകപള്ളികൾ അതാത് ഭദ്രാസന മെത്രാപ്പോലീത്തന്റെ കീഴിൽ ഭരിക്കപ്പെടേണ്ടതല്ലേ? Q. അതാത് ഭദ്രാസന മെത്രാപ്പോലിത്തന്റെ ആത്മീയ ഭരണത്തിൻകീഴിൽ ഭരിക്കപ്പെടെണ്ടതാണ്. An. ഏതെങ്കിലും ഇടവകയ്ക്ക് അവരുടെ ഇഷ്ടാനുസരണം ഏതെങ്കിലും മെത്രാപ്പോലീത്തയെ അവരുടെ ഇടവക മെത്രാപ്പോലീത്തയായി സഭാനിയമപ്രകാരം സ്വീകരിക്കാൻ ഒക്കുമോ? Q. സ്വീകരിച്ച പാരമ്പര്യം ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. An. എഴുതപ്പെട്ടതായുള്ള സഭാനിയമം ഈ സംഗതിയിൽ ഉള്ളതായി എനിക്കറിവില്ല. പാരമ്പര്യം അറിയാം. സാധാരണഗതിയിൽ അതാതു ഭദ്രാസനത്തിന് നിയമാനുസരണമുള്ള മേലധികാരി നിയമിച്ചാക്കുന്ന ഭദ്രാസനമെത്രാപ്പോലിത്തയാണ്. പാരമ്പര്യം ഉണ്ടെന്നു പറഞ്ഞത് ഏതാണ് Q. അന്ത്യോക്യാ പാത്രിയർക്കീസിൽനിന്നു മേൽപട്ട സ്ഥാനം ഏറ്റ പാലക്കുന്നത്തു മോർ അത്തനാസ്യോസ് മെത്രാപ്പോലീത്ത പാത്രിയർക്കീസിനോട് എതിർക്കുന്നതുവരെയും അദ്ദേഹത്തെയും എതിർപ്പിനുശേഷം അദ്ദേഹത്തിനു പകരമായി വാഴിക്കപ്പെട്ട മോർ ജോസഫ് ദിവന്നാസ്യോസ് മെത്രാപ്പോലിത്തയേയും സ്വീകരിച്ചതായി എനിക്കറിയാം. അന്നു മലങ്കരയിൽ ഭദ്രാസനങ്ങൾ ഇല്ല. ഒന്നേ ഉള്ളു. An. അന്ന് സഭയിൽ രണ്ട് കക്ഷികൾ ഉണ്ടായിരുന്നില്ലേ? Q. ഉണ്ടായിരുന്നു. An. ഞാൻ കട്ടപ്രത്ത് നിന്നു പോന്നതിനുശേഷം ദിവന്നാസ്യോസ് തിരുമേനി വേറെ പട്ടക്കാരനെ അവിടെ നിയമിച്ചു. കോടിയാട്ട് അലക്സാണ്ടറിയോസ് അച്ചനെ അറിയാം. അദ്ദേഹം കട്ടപ്രത്ത് പള്ളി ഇടവകക്കാരനാണ്. അദ്ദേഹത്തിനു പട്ടം കൊടുത്തത് കട്ടപ്രത്തുപള്ളി ഇടവകക്കാരുടെ അപേക്ഷ അനുസരിച്ചാണോ? അദ്ദേഹത്തിനു പട്ടം കൊടുക്കുന്ന കാര്യത്തിൽ അവിടെ അഭിപ്രായവ്യത്യാസം ഉണ്ടാകയാൽ കണ്ടനാട് ഭദ്രാസനത്തിന്റെ അന്നത്തെ മെത്രാപ്പോലിത്തായും ഇന്നത്തെ പൗലോസ് ദ്വിതിയൻ കാതോലിക്കായുമായ ആ തിരുമേനി പട്ടം കൊടുക്കുകയാണ് ചെയ്തത്. An. അപേക്ഷ കൂടാതെയാണോ? Q. അന്നത്തെ പരിതസ്ഥിതിയിൽ വേറെ മാർഗ്ഗമില്ലാതിരുന്നതിനാൽ ഇങ്ങനെയാണ് സംഭവിച്ചത്. An. കോടിയാട്ടച്ചൻ ക്നാനായ ഭദ്രാസനത്തിലെ പല പള്ളികളിലും വികാരിയായി ഇരുന്നിട്ടുണ്ട്. സ്ലീബാ മോർ ഒസ്താത്തിയോസിനെ മലങ്കരയ്ക്കയച്ചത് ഏത് പാത്രിയർക്കിസാണ്? Q. മോർ അബ്ദള്ളാ പാത്രിയർക്കീസാണൊ മോർ ഏലിയാസ് പാത്രിയർക്കിസാണോ എന്ന് ശരിക്കു ഓർക്കുന്നില്ല. An. പ്രതിനിധിക്കു ഇവിടെയുള്ള സ്ഥാനം എന്താണ്? Q. പാത്രിയർക്കീസിനു പ്രതിനിധി വേണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടെങ്കിൽ അങ്ങനെ നിയമിക്കാവുന്നതും പാത്രിയർക്കിസിന്റെ നേരിട്ടു കീഴിലുള്ള സ്ഥാപനങ്ങൾക്ക് വേണ്ടതു ചെയ്യാവുന്നതും ആകുന്നു. An. കോപ്ടിക് സഭയിലെക്കൊ അർമിനിയൻ സഭയിലേക്കൊ മറ്റോ ഇങ്ങനെ പാത്രിയർക്കീസ് ഡെലഗേറ്റിനെ അയക്കാറുണ്ടോ? Q. ഇല്ല. അദ്ദേഹത്തിന്റെ

കീഴിലുള്ള സഭയിലേക്ക് മാത്രമെ അയയ്ക്കാറുള്ളു. An. മോർ യൂലിയോസ് മലങ്കരയിൽ 1927 മുതൽ ഉണ്ടായിരുന്നു എന്നാണ് എന്റെ ഓർമ്മ. 1962ൽ അദ്ദേഹം കാലം ചെയ്തു. മോർ യൂലിയോസിനെ ഡെലിഗേറ്റായി അയച്ച താണോ? Q. വന്നപ്പോൾ ഡെലിഗേറ്റായിട്ടല്ലെന്നും വന്നതിനുശേഷം ഡെലി ഗേറ്റായി കല്പന കൊടുത്തു എന്നുമാണ് എന്റെ അറിവ്. An. witness adds ഡെലിഗേറ്റിന് സ്ഥാനം പറഞ്ഞപ്പോൾ വിട്ടുപോയ ഒരു കാര്യം കൂടി രേഖ പ്പെടുത്തണം. അന്ത്യോക്യാ സിംഹാസനത്തിൽനിന്നു അപ്പോസ്തലിക കൈവയ്പ് ഒരു കാരണവശാലും മലങ്കരസഭയിൽ നിലച്ചു പോകാതിരിപ്പാൻ ഉള്ള ഒരു കരുതൽ കൂടിയാണ് ഡെലിഗേറ്റ്. Counsel continues. ഈ പറഞ്ഞ തിനു അടിസ്ഥാനം വല്ലതുമുണ്ടോ? അങ്ങനെയുള്ള കാര്യങ്ങളാണ് ഇന്നലെ ഞാൻ ബോധിപ്പിച്ച പ്രതിനിധികൾ ഇവിടെ ചെയ്തത് എന്നുള്ള ചരിത്ര വസ്തുതകളാണ് അതിന്റെ അടിസ്ഥാനം. An. അങ്ങനെ വന്നവരാണ് ഇവിടെ കൈവയ്പ് കൊടുത്തിട്ടുള്ളത്. 23-4 exceptions ഉണ്ടായിരിക്കും. അങ്ങനെ വന്നവർ എന്നുവരെ കൈവയ്പ് കൊടുത്തു വാഴിച്ചിട്ടുണ്ട് ?Q.മെത്രാന്മാരു ടെയാണെങ്കിൽ പത്രോസ് പാത്രിയർക്കീസ് ബാവായുടെ വരവിനുമുമ്പുള്ള കാലങ്ങളിൽ An.അതിനു പ്രത്യേകമായി അധികാരപ്പെടുത്തിയിരുന്നോ? Q. അക്കാലത്തു അതിനു വേണ്ടിയാണ് പ്രത്യേകം അധികാരപ്പെടുത്തി പാത്രി യർക്കീസ് ഡെലിഗേറ്റിനെ അയച്ചിരുന്നത്. An. യൂലിയോസിനുശേഷം ആർക്കെങ്കിലും കല്പന കൊടുത്തയച്ചിട്ടുണ്ടോ? പൗലോസ് അഫ്രേം റമ്പാ ച്ചനും അഫ്രേം ആബൂദി റമ്പാച്ചനും പിന്നീട് രണ്ടാമത് പറഞ്ഞ ആളെ മെത്രാപ്പോലീത്ത ആക്കിയപ്പോഴും കല്പന അയച്ചിട്ടുണ്ട്. An. അങ്ങനെ ഡെലിഗേറ്റായി അയച്ച കല്പനകൾ മുൻപറഞ്ഞ രണ്ടുപേരുടെയും ഞാൻ കണ്ടിട്ടുണ്ട്. മഞ്ഞനിക്കര ദയറായിൽ വച്ച് അവരുടെ കൈവശം കണ്ടിട്ടുണ്ട്. കല്പന ആർക്ക് അഡ്രസ് ചെയ്തിട്ടുള്ളതാണ്? അവർക്ക് നേരിട്ടുള്ള നിയമന കല്പനയും ബന്ധപ്പെട്ട മറ്റു മേലദ്ധ്യക്ഷന്മാർക്കുള്ള കല്പനയും ഞാൻ കണ്ടിട്ടുണ്ടെന്നു മാത്രമല്ല, ഈ കേസിലെ ഒന്നാം വാദിക്ക് അഫ്രേം തിമെ ത്തിയോസ് മെത്രാപ്പോലീത്തായെ പ്രതിനിധിയായി നിശ്ചയിച്ച് അയച്ച കല്പന ഞാൻ പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. An. ബന്ധപ്പെട്ടവർ എന്നു പറഞ്ഞത് അഫ്രേം തീമോത്തിയോസിനു കൊടുക്കുമ്പോൾ കാതോലി ക്കോസും അതിനുമുമ്പ് പാത്രിയർക്കീസിനു കീഴ്പെട്ടുനിന്നിട്ടുള്ള മെത്രാ പ്പോലീത്തമാരും ആണ്. പൗലോസ് അഫ്രേം റമ്പാനെ മോർ യൂലിയോസിന്റെ വാർദ്ധക്യത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിനായി ഇൻഡ്യയിലേക്കയ ച്ചതായി പാത്രിയർക്കീസ് 1961ൽ കാതോലിക്കോസിനു എഴുതിയിട്ടുണ്ടോ? Q. അത് ഞാൻ കണ്ടിട്ടില്ല. An.അങ്ങനെ ഒരു കല്പന ഉണ്ടോ എന്ന് എനിക്ക റിഞ്ഞുകൂടാ. വിസായുടെ കാര്യം കൊണ്ടുമാത്രം പോയതായിട്ടേ എനിക്ക റിയാവൂ. An. റിട്ട് കൊടുത്തോ? Q.എനിക്കതേപ്പറ്റി അറിഞ്ഞുകൂടാ. An. പിന്നെ ഇവിടെ ഉണ്ടായിരുന്നു. പല പള്ളികളിലും അദ്ദേഹം ആ അവസരത്തിൽ കുർബാനകൾ നടത്തി. മോർ യൂലിയോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്നത്.

മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിലാണ്. കോട്ടയം ജില്ലാ കോർട്ടിൽ OS 111/113 നടക്കുന്ന കാലത്ത് ഇന്നത്തെ പാത്രിയർക്കീസ് മഞ്ഞനിക്കര ദയറായിൽ അബ്ദൽ ആഹാദ് റമ്പാൻ എന്ന പേരിൽ താമസിച്ചിരുന്നു. പന്ത്രണ്ട് സംവത്സരത്തോളം അദ്ദേഹം ഇവിടെ താമസിച്ചിരുന്നു. അദ്ദേഹം മഞ്ഞനിക്കര ദയറായിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുകയും സുവിശേഷപരമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. അക്കാലത്ത് ഞാൻ ആ ദയറായിൽ താമസിച്ചിട്ടില്ലെങ്കിലും പലപ്പോഴും ആ ദയറായിൽ പോയി കണ്ടിരുന്നു. ഇപ്പോഴത്തെ പാത്രിയർക്കീസിനു മലയാളം അറിയാം. എഴുതുവാനും പറയുവാനും വലിയ നിശ്ചയം ഇല്ലായിരുന്നു എങ്കിലും മലയാളം മനസ്സിലാക്കാമായിരുന്നു. മലയാളം സാധാരണ രീതിയിൽ പിള്ളേരു വായിക്കുന്നതുപോലെ നിറുത്തി വായിക്കുമായിരുന്നു. മലയാളം എഴുതുന്നതും മുൻപറഞ്ഞ രീതിയിൽ എഴുതുമായിരുന്നു. മോർ യൂലിയോസിനെ മുൻപറഞ്ഞ കേസിൽ പാത്രിയർക്കീസ് ഭാഗം സാക്ഷിയായി വിസ്തരിച്ചിട്ടുണ്ട്. ആ കേസ് നടത്തുന്നതിനുവേണ്ട അറിവ് കൊടുത്തുകൊണ്ടിരുന്നത് മോർ യൂലിയോസാണോ? Q. ആ കേസ് നടത്തേണ്ടത് ഇവിടെയുള്ള വിശ്വാസികളുടെ ചുമതലയായിരുന്നതുകൊണ്ട് അതിനുള്ള രേഖകൾ സമ്പാദിക്കുക മുതലായ കാര്യങ്ങൾ ഇവിടെ ചുമതലപ്പെട്ടവരാണ് ചെയ്തുകൊണ്ടിരുന്നത്. An. മോർ യൂലിയോസ് മൊഴികൊടുത്തതായറിയാം. അല്ലാതെ ഒന്നും ചെയ്തതായി എനിക്കറിയില്ല. ആ കേസ് സംബന്ധിച്ച് മോർ യൂലിയോസ് പാത്രിയർക്കീസിനോട് അനുകൂലിച്ചു നിന്നിരുന്ന പള്ളികൾക്ക് കല്പന അയച്ചിട്ടുണ്ടോ? Q.എന്റെ അറിവിൽപെട്ടതായി ഒന്നുമില്ല. An. അബ്ദുൾ ആഹാദ് റമ്പാൻ ആ കേസിന്റെ നടത്തിപ്പിന് ഇടപെട്ടിട്ടുണ്ടോ? Q. അതും ഞാൻ മുമ്പു ബോധിപ്പിച്ചതുപോലെ ഇവിടെയുള്ള വിശ്വാസികളുടെ കാര്യമാകയാൽ അദ്ദേഹവും ഒന്നും പ്രവർത്തിച്ചിരിക്കാൻ വഴിയില്ല. An.ഏർപ്പെട്ടിട്ടുള്ളതായി എനിക്കറിവില്ല. ഞാൻ അബ്ദൾ ആഹാദ് റമ്പാനെ കാണുകയും സംസാരിക്കുകയും ചെയ്തിരുന്നു. മുൻപറഞ്ഞ കേസ് കാര്യങ്ങളെപ്പറ്റി അദ്ദേഹവുമായി സംസാരിച്ചിട്ടുണ്ടോ? Q. എനിക്കന്ന് 21 വയസുമാത്രം പ്രായമുള്ള സ്ഥിതിക്ക് ഈ കേസ് കാര്യങ്ങൾ സംബന്ധിച്ചു ഒന്നും അറിയാൻ പാടില്ലായിരുന്നു. അറിയണമെന്നാഗ്രഹവും ഇല്ലായിരുന്നു. ഞങ്ങൾ തമ്മിൽ കാണുമ്പോൾ അധികവും വേദപരമായ കാര്യങ്ങളെക്കുറിച്ചായിരുന്നു സംസാരിച്ചിരുന്നത്. An. വയസ്സു പറഞ്ഞത് 1111ലെ കാര്യമാണ്. അബ്ദൾ ആഹാദ് റമ്പാൻ തിരികെ പോകുമ്പോൾ എനിക്കു 31 വയസുണ്ട്. കേസിന്റെ തർക്കവിഷയം എന്തായിരുന്നു എന്ന് അക്കാലത്ത് അബ്ദൾ ആഹാദ് റമ്പാന് അറിയാമായിരുന്നോ എന്ന് സാക്ഷിക്കറിയാമോ?Q. അദ്ദേഹത്തിന് അറിയാമായിരുന്നിരിക്കാം. An. By Court സാക്ഷിക്കറിയാമായിരുന്നോ? Q. അദ്ദേഹത്തിന് അറിയാമായിരുന്നു. witness adds. ഞാൻ പറഞ്ഞ ഉത്തരത്തിൽനിന്നും അദ്ദേഹത്തിനറിയാമായിരുന്നോ എന്ന് എനിക്കറിയാമായിരുന്നില്ലെന്നു വ്യക്തമാണ്. counsel continues. സാക്ഷിക്കു general education എത്രമാത്രം ഉണ്ട്?Q. 1932 ൽ intermediate course

പൂർത്തിയാക്കിയിട്ടുണ്ട്. An. പരീക്ഷ ജയിച്ചില്ലല്ലോ? Q. സുഖക്കേടു വന്നു പഠിത്തം നിറുത്തി. പരീക്ഷ എഴുതിയില്ല. An. സുറിയാനി പഠിച്ചത് ഈ കേസിലെ 1-ാം വാദിയും സുപ്രസിദ്ധ സുറിയാനി പണ്ഡിതനും എന്റെ അഭിവന്ദ്യഗുരുഭൂതനുമായ ഔഗേൻ റമ്പാച്ചൻ അവർകളുടെ പാദത്തിങ്കലാണ്. അന്ന് വൈദിക സെമിനാരികൾ പാത്രിയർക്കീസ് കക്ഷിയിൽ ഇല്ലായിരുന്നു. 13 വയസിൽ ഞാൻ ആറുമാസം മാത്രമെ സുറിയാനി പഠിച്ചിട്ടുള്ളു. എന്നാൽ എന്റെ ഗുരുവിന്റെ അനുഗ്രഹം മൂലം ഞാൻ 15-ാമത്തെ വയസിൽ ഞായറാഴ്ച പള്ളികളിൽ ഉപയോഗിക്കുന്ന നമസ്കാരം സുറിയാനിയിൽനിന്ന് അഗ്ര രീതിയിൽ ഭാഷാന്തരം ചെയ്യുകയും 17-ാമത്തെ വയസിൽ സിറിയക് റീഡറുകൾ പബ്ലിഷ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സുറിയാനിഭാഷയെ സംബന്ധിച്ച് റിസർച്ച് നടത്തിയിട്ടില്ല. ഭാഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ അറിയാം. എന്നാൽ All India Oriental conference ൽ തിരുവനന്തപുരത്തുവച്ച് **സിറിയക്** *ഇൻ മലങ്കര* എന്നൊരു തീസിസ് സബ്മിറ്റ് ചെയ്തിട്ടുണ്ട്. സിറിയക് ബോർഡ് ഓഫ് സ്റ്റഡീസിൽ ആദ്യം നിയമിച്ചത്? Q 1123 ൽ ആണെന്നു തോന്നുന്നു. യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടേതായി രജിസ്ട്രാർ നിയമിച്ചതാണ്. Board of studies നു പ്രതിഫലം ഉണ്ടോ? Q. Travelling allowance ഉണ്ട്. An. പത്രോസ് ശ്ലീഹാ എവിടെയൊക്കെ സുവിശേഷം പ്രസംഗിക്കുകയും സഭയിലേക്ക് ആളുകളെ ചേർക്കുകയും ചെയ്തിട്ടുണ്ട് ? Q. ജറുസലേം, അന്ത്യോക്യാ, പേർഷ്യൻ പ്രദേശങ്ങൾ മുതലായി മറ്റു പല പ്രദേശങ്ങളിലും സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. An. പല സ്ഥലങ്ങളിലും എപ്പിസ്കോപ്പന്മാരെ വാഴിക്കുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടോ? Q. അന്ത്യോക്യായിൽ ഏവദ്യോസ്യോസിനെയും ഇഗ്നാത്തിയോസിനെയും തന്റെ പിൻഗാമികളായി വാഴിച്ചതായി എനിക്കറിയാം. മറ്റെവിടെയെങ്കിലും വാഴിച്ചിട്ടുണ്ടായിരിക്കാം. പേരറിഞ്ഞുകൂടാ. വാഴിച്ചിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. An. സഭാചരിത്ര ഗവേഷണം നടത്തിയപ്പോൾ എവിടെയൊക്കെ പള്ളി സ്ഥാപിച്ചു എവിടെ എല്ലാം വാഴിച്ചു എന്നു മനസ്സിലാക്കിയിട്ടുണ്ടോ? Q. എന്റെ കഴിവിനനുസരിച്ചുള്ള ഗവേഷണത്തിൽ ഭൂരിഭാഗവും മലങ്കരസഭയെക്കുറിച്ചും കുറെ എല്ലാം മറ്റു കാര്യങ്ങളെക്കുറിച്ചും ആകയാൽ തൻസംബന്ധമായി എനിക്കുള്ള അറിവാണ് ഞാൻ ബോധിപ്പിച്ചത്. An. സാക്ഷിയുടെ അറിവിൽ അന്ത്യോക്യായിൽ മാത്രമെ പത്രോസ് ശ്ലീഹാ പള്ളി സ്ഥാപിക്കുകയും പിൻഗാമിയെ വാഴിക്കുകയും ചെയ്തിട്ടുള്ളു എന്നാണോ പറയുന്നത്? റോമൻ കത്തോലിക്കർ റോമിലും അദ്ദേഹം മെത്രാന്മാരെ വാഴിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ മർക്കോസ് അലക്സാണ്ട്രിയായിൽ മെത്രാന്മാരെ വാഴിച്ചതായിട്ടും അറിയാം. An. പത്രോസ് ശ്ലീഹാ എവിടെ എങ്കിലും സിംഹാസനം സ്ഥാപിച്ചിട്ടുണ്ടോ? Q പത്രോസ് ശ്ലീഹാ അന്ത്യോക്യായിൽ സിംഹാസനം സ്ഥാപിച്ചതായി റോമൻ കാതലിക്സ് ഉൾപ്പെടെയുള്ള സഭാചരിത്രകാരന്മാർ പറയുകയും ഫെബ്രുവരി 22-ാം തീയതി മോർ പത്രോസ് അന്ത്യോക്യായിൽ സിംഹാസനം സ്ഥാപിച്ചതിന്റെ ഓർമ്മ എന്ന് അവരുടെ കലണ്ടറിൽ

ചേർക്കുകയും ചെയ്തിട്ടുള്ളതിനു പുറമെ പ്രസിദ്ധരായ പല ചരിത്രകാരന്മാരും അക്കാര്യം സമ്മതിച്ചിരിക്കുന്നതു കൂടാതെ ഈ കേസിലെ 1-ാം വാദി പരിശുദ്ധ പാത്രിയർക്കീസ് ബാവാക്ക് അയച്ച എഴുത്തുകളിൽ പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പിതാക്കന്മാരുടെ പിതാവും ഇടയന്മാരുടെ ഇടയനും എന്ന് സംബോധന ചെയ്യുകയും ചെയ്തിട്ടുണ്ട്. An. അന്ത്യോക്യായിൽ മാത്രം സിംഹാസനം സ്ഥാപിച്ചു എന്നാണ് ഈ സഭ വിശ്വസിക്കുന്നത്. സിംഹാസനം സ്ഥാപിക്കുക എന്നതിൽനിന്നും എന്താണ് അർത്ഥമാക്കുന്നത്? Q സഭയിൽ ആത്മരക്ഷയ്ക്ക് ആവശ്യമായി ക്രിസ്തു സ്ഥാപിച്ച കൂദാശകൾ നടത്തേണ്ടതിനുള്ള ആത്മീയ കൈവയ്പ് തുടർന്നു പോകത്തക്ക രീതിയിൽ അപ്പോസ്തലിക പിൻഗാമികളെ നിയമിക്കുക എന്നാണ് സിംഹാസനം സ്ഥാപിക്കുക എന്നതിന്റെ അർത്ഥം. സിംഹാസനം എന്നു പറഞ്ഞാൽ ഇടമുറിയാതെയുള്ള അപ്പോസ്തലിക കൈവയ്പോടു കൂടിയുള്ള ഭരണം എന്നാണ്. An. അപ്പോസ്തലിക കൈവയ്പോടുകൂടി പത്രോസ് ശ്ലീഹാ ഒരു എപ്പിസ്കോപ്പയെ ഒരു സ്ഥലത്ത് വാഴിച്ചാൽ അവിടെ സിംഹാസനം സ്ഥാപിച്ചു എന്നു പറയാമോ? അങ്ങിനെ പത്രോസ് ശ്ലീഹാ വാഴിച്ചത് ഈ സഭയിൽ അന്ത്യോക്യായിൽ ആണെന്നു വിശ്വസിക്കുന്നു. An. question repeated എപ്പിസ്കോപ്പയെ വാഴിക്കുന്നത് ആത്മീയ കൈവയ്പ് തുടർന്നു പോകണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ്. പത്രോസ് ഒരു എപ്പിസ്കോപ്പയെ വാഴിച്ചാൽ അവിടെ സിംഹാസനം ആവില്ല. റോമിലും അലക്സാന്ത്രിയായിലും അദ്ദേഹവും അദ്ദേഹം വഴിയായും വാഴിച്ചാക്കപ്പെട്ടിട്ടുള്ളവരെക്കുറിച്ചു മാത്രമാണ് സഭാചരിത്രങ്ങളിൽ സിംഹാസനം എന്ന് പറഞ്ഞിട്ടുള്ളൂ. An. സിംഹാസനം സ്ഥാപിക്കുന്നതിനു ആവശ്യമായ കാര്യങ്ങൾ എന്തെല്ലാമാണ്? Q അപ്പോസ്തലിക സിംഹാസനത്തിന് അപ്പോസ്തലൻ ഉണ്ടായിരിക്കണം. സ്വീകരിക്കാൻ കൊള്ളാവുന്ന - അദ്ദേഹത്തിനു കൊള്ളാവുന്ന - സ്വീകാരകൻ ഉണ്ടായിരിക്കണം. ആളിന്റെമേൽ പ്രാർത്ഥനയോടുകൂടിയുള്ള ശ്ലൈഹിക മേൽപട്ട സ്ഥാനത്തേക്കുള്ള കൈവയ്പും വേണം. An. അപ്പോസ്തലിക കൈവയ്പോടുകൂടി ഒരാളെ എപ്പിസ്കോപ്പയായി വാഴിച്ചാൽ അങ്ങനെ വാഴിച്ചാക്കുന്ന സ്ഥലത്ത് അപ്പോസ്തലിക സിംഹാസനം സ്ഥാപിച്ചു എന്നു പറയാമോ? Q. പറയാൻ പാടില്ല. പറഞ്ഞിട്ടുമില്ല. ഈ സഭയിൽ പത്രോസിന്റെ സിംഹാസനം എന്നല്ലാതെ അറിയപ്പെട്ടിട്ടില്ല. An. ഈ സഭയുടെ കാര്യമല്ല ചോദിച്ചത്? Q.എനിക്ക് ഈ സഭയുടെ കാര്യമെ പറയാൻ ഉള്ളൂ. An. അപ്പോസ്തലിക സിംഹാസനം സ്ഥാപിക്കാൻ പത്രോസിനു മാത്രമെ അധികാരം ഉള്ളൂ എന്നാണൊ? Q. എന്നാണ് ഈ സഭ വിശ്വസിക്കുന്നത്. കാരണം സഭയുടെ പരിപൂർണ്ണഭരണം ക്രിസ്തു പത്രോസിനു മാത്രമെ ഏല്പിച്ചിട്ടുള്ളൂ. An. അപ്പോസ്തലിക കൈവയ്പ് പ്രദാനം ചെയ്യുന്നതിന് എല്ലാ അപ്പോസ്തലന്മാർക്കും അവകാശമുണ്ട് എന്നാണ് സഭയുടെ വിശ്വാസം. എന്നാൽ ഈ സഭയിൽ ആദ്യം മുതൽ പത്രോസിന്റെ കൈവയ്പും പിന്തുടർച്ചയുമാണ് ഉള്ളത്. എല്ലാ അപ്പോസ്തലന്മാർക്കും അപ്പോസ്തലികാധികാരങ്ങൾ

ക്രിസ്തുവിൽ നിന്നു ലഭിച്ചതല്ലേ? Q. അത് ഓരോ അപ്പോസ്തലന്മാർക്കും ക്രിസ്തുവിൽനിന്നും എപ്പോഴെല്ലാമാണ് എന്തെല്ലാമാണ് ലഭിച്ചിട്ടുള്ളത് എന്നു ചീഫിൽ പറഞ്ഞിട്ടുണ്ട്. ഓരോ സമയത്ത് ഓരോരുത്തർക്കായി എല്ലാവർക്കും ക്രിസ്തുവിൽനിന്നും ലഭിച്ചതാണ്. An. പത്രോസിനു ലഭിച്ചതും മറ്റുള്ള അപ്പോസ്തലന്മാർക്കും ലഭിച്ചതുമായ അധികാരങ്ങൾക്കു വ്യത്യാസമുണ്ടോ? മുൻപു ഞാൻ ചീഫിൽ ബോധിപ്പിച്ചതുപോലെ പത്രോസിനോടു മാത്രം സഭയുടെ സ്ഥാപനത്തെക്കുറിച്ചുള്ള പ്രഖ്യാപനവും സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും എന്നുള്ള വാഗ്ദാനവും നീ എന്റെ ആടുകളെ മേക്കുക എന്നുള്ള ഭരണാധികാരവും മറ്റപ്പോസ്തലന്മാരേക്കാൾ കൂടുതലായി പത്രോസിനു കിട്ടിയിട്ടുള്ള സ്ഥിതിക്ക് എല്ലാ അപ്പോസ്തലന്മാർക്കും സമ അധികാരമല്ല ക്രിസ്തു കൊടുത്തത്. An. മറ്റപ്പോസ്തലന്മാർക്കും പത്രോസിനുമായുള്ള അപ്പോസ്തലിക അധികാരത്തിന് വ്യത്യാസമെന്താണ്? Q. അതാണ് പറഞ്ഞത്. സഭയുടെ സ്ഥാപനം പത്രോസിന്മേൽ അഥവാ പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസത്തിന്മേൽ സ്വർഗരാജ്യത്തിന്റെ താക്കോൽ എന്നത് സഭയെ ആട്ടിൻകൂട്ടത്തോടും തൊഴുത്തിനോടും സാമ്യപ്പെടുത്തി ക്രിസ്തു പറഞ്ഞിട്ടുള്ളതിനാൽ അതിന്മേലുള്ള സംരക്ഷണ അധികാരവും നീ മേയ്ക്കുക എന്നു പറഞ്ഞിരിക്കുന്നതുമൂലം ഭരണാധികാരവുമാണ്. ഈ അധികാര വ്യത്യാസമാണ് - മറ്റുള്ളവർക്ക് ഈ അധികാരം ഇല്ലെന്നുള്ളതു തന്നെയാണ് - പത്രോസിനുള്ള കൂടുതൽ അധികാരം. An. സാക്ഷിയുടെ അഭിപ്രായത്തിൽ രണ്ടു തരത്തിലുള്ള അപ്പോസ്തലികാധികാരം ക്രിസ്തു പ്രദാനം ചെയ്തിട്ടുണ്ടെന്നാണോ? Q എന്റെ അഭിപ്രായം മാത്രമല്ല, മുൻപ് ഞാൻ ബോധിപ്പിച്ചിട്ടുള്ളതുപോലെ സഭയുടെ അംഗീകൃത ആരാധനാ പുസ്തകങ്ങളിൽനിന്നും മറ്റും മനസ്സിലാക്കാവുന്ന സഭയുടെ വിശ്വാസമാണ് ഉള്ളത്, രണ്ടു തരത്തിൽ ഉണ്ടെന്ന് An. ഒന്ന് superior grade ൽ ഉള്ളതും മറ്റത് inferior grade ൽ ഉള്ളതും എന്നാണോ പറയുന്നത് ? Q മറ്റുള്ളവരെ ശ്ലീഹന്മാരെന്നും പത്രോസിനെ ശ്ലീഹന്മാരുടെ തലവനെന്നും പറഞ്ഞിരിക്കുന്നതിൽ നിന്നുതന്നെ അത് സ്പഷ്ടമാണ്. അങ്ങനെ രണ്ട് ഗ്രേഡിൽ ഉണ്ടെന്നാണ് ഞാൻ പഠിച്ചിരിക്കുന്നതിൽനിന്നും മനസ്സിലാക്കിയിരിക്കുന്നത്. stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

Sd/-

കുര്യൻ കോർ എപ്പിസ്കോപ്പാ

Taken by me in open court, read over to the witness and admitted by him to be correct.

Sd/-

Judge

29-3-78

30-3-78 witness sworn again and cross examination continued.

Ext.A158 handed over. ഇത് പാത്രിയർക്കീസിന്റെ ഒരു കല്പനയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണോ? Q അതെ, An. അതിൽ പൗലോസ് അഫ്രേം റമ്പാനെപ്പറ്റി എന്താണ് പറഞ്ഞിരിക്കുന്നത്? Q ഒരു മാസം മുമ്പ് നമ്മുടെ വാത്സല്യപുത്രനായ പൗലോസ് അഫ്രേം റമ്പാനെ നമ്മുടെ ശ്ലൈഹിക പ്രതിനിധിയായ ഏലിയാസ് മോർ യൂലിയാസിന്റെ ആവശ്യപ്രകാരം വൃദ്ധനായ അദ്ദേഹത്തിനു സഹായി ആയിരിക്കുവാൻ വേണ്ടി നാം ഇൻഡ്യയിലേക്കയച്ചിട്ടുണ്ട് എന്നാണ് An. ഈ പൗലോസ് അഫ്രേം റമ്പാനെത്തന്നെയാണ് മോർ യൂലിയോസ് ബാവായുടെ വിയോഗാനന്തരം സിംഹാസന പ്രതിനിധിയായി പാത്രിയർക്കീസ് ബാവ നിയോഗിച്ചത് Ex A 158 ഇൻഡ്യയിലേക്കയച്ചിട്ടുണ്ട് എന്നു പറഞ്ഞതിനുശേഷം പറഞ്ഞിരിക്കുന്നത് എന്താണ്? Q അങ്ങനെ ഇരിക്കുമ്പോഴെല്ലാം അവിടെ തലപൊക്കാറുള്ള തർക്കങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും മാറി നില്ക്കണമെന്ന് അദ്ദേഹത്തോട് നാം കാര്യമായി നിർദ്ദേശിച്ചിട്ടുമുണ്ട് എന്നാണ്. An. വിശുദ്ധ പൗലോസ് അപ്പോസ്തലനായിരുന്നു. അദ്ദേഹം പല സ്ഥലങ്ങളിലും സുവിശേഷങ്ങൾ പ്രസംഗിക്കുകയും അവിടെയെല്ലാം സഭയിലേക്കു ആളുകളെ ചേർക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ക്രിസ്തുമതത്തിലേക്കു ചേരുന്ന ആളുകളുടെ സമൂഹത്തിന് അതാതു സ്ഥലത്തെ സഭകൾ എന്നു പറയാറുണ്ടോ? അതാതു സ്ഥലത്തെ വിശ്വാസികളുടെ കൂട്ടത്തിന് അതാതു സ്ഥലത്തെ പ്രാദേശികസഭകൾ എന്നു പറയാം. മാത്രവുമല്ല, കുർബാന സമയത്ത്പള്ളിയിൽ കൂടുന്ന വിശ്വാസികളുടെ കൂട്ടത്തിന് ഈ നിന്റെ സഭമേൽ അനുഗ്രഹം വർഷിക്കണമെ എന്നു പട്ടക്കാരൻ പ്രാർത്ഥിക്കാറുമുണ്ട്. An. അങ്ങനെയുള്ള സഭകളെ ആ സ്ഥലത്തെ സഭ എന്നു പറയുമോ? Q ഇന്ന സ്ഥലത്തെ പ്രാദേശികസഭ എന്നുള്ള അർത്ഥത്തിൽ ചുരുക്കത്തിൽ സ്ഥലത്തിന്റെ പേരു ചേർത്തു പറയും. എന്നാൽ സഭ എന്ന പേര് അന്വർത്ഥമാകണമെങ്കിൽ അവിടെ എപ്പിസ്കോപ്പാ ഉണ്ടായിരിക്കണം എന്നാണ് വിശുദ്ധ പത്രോസ് വാഴിച്ചാക്കിയ ഇഗ്നാത്തിയോസ് പറയുന്നത്. An. where there is the bishop there the Church is എന്നാണ് പറഞ്ഞിട്ടുള്ളത്. എപ്പിസ്കോപ്പ ഇല്ലെങ്കിൽ സഭ ഇല്ല. വേദപുസ്തകത്തിൽ കോരിന്തിലെ സഭ, എഫെസൂസിലെ സഭ, ആസിയായിലെ സഭ, ഗലാത്തിയിലെ സഭ എന്നൊക്കെ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതായി കാണാം. ഞാൻ മുമ്പു പറഞ്ഞ അർത്ഥത്തിൽ ക്രിസ്തു സ്ഥാപിച്ച ഏകസഭയിൽ ഉൾപ്പെട്ട പ്രാദേശികസഭകളാണ് അവ. അങ്ങനെ പേരെടുത്തു പറഞ്ഞിട്ടുണ്ട്. An. അപ്പോസ്തലൻ എന്നതിനെ ശ്ലീഹാ എന്നും പറയും. പൗലോസ് ശ്ലീഹാ സുവിശേഷം പ്രസംഗിച്ചു സ്ഥാപിച്ചിട്ടുള്ള സഭകളിൽ ഭരണത്തിനും എപ്പിസ്കോപ്പന്മാരെ അദ്ദേഹം വാഴിച്ചാക്കിയിട്ടുണ്ടോ? Q ഉണ്ട്. തിമൊത്തിയോസിനെയും തീത്തോസിനെയും An. മറ്റാരെയും വാഴിച്ചതായിട്ട് ഞാൻ വായിച്ചിട്ടില്ല. മറ്റു ശ്ലീഹന്മാരും പല സ്ഥലങ്ങളിലും പോയി

സുവിശേഷം പ്രസംഗിക്കുകയും വിശ്വാസികളെ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ മുൻപറഞ്ഞ അർത്ഥത്തിൽ എല്ലാവരും സഭ സ്ഥാപിച്ചിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. മുൻപറഞ്ഞ അർത്ഥത്തിൽ എന്നു പറഞ്ഞാൽ എപ്പിസ്കോപ്പായെ വാഴിച്ചു എന്ന് അർത്ഥത്തിൽ മറ്റു ശ്ലീഹന്മാർ ആരെല്ലാം പിൻഗാമികളെ വാഴിച്ചു എന്നു എനിക്കറിഞ്ഞുകൂടാ. മറ്റു ശ്ലീഹന്മാർ സഭകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നാണ് ചോദ്യം? Q എപ്പിസ്കോപ്പൽ പിൻഗാമികളെ വാഴിച്ചിട്ടുണ്ടെങ്കിൽ സഭകൾ സ്ഥാപിച്ചിട്ടുണ്ട്. ഇല്ലെങ്കിൽ ഇല്ല. എന്നാൽ ഓരോരുത്തരും സ്വന്തഇഷ്ടാനുസരണം ഓരോ സ്ഥലത്തേക്കു പോവുക അല്ലായിരുന്നു. അവർ പത്രോസിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി ചീട്ടിട്ട് അതിന്റെ വെളിച്ചത്തിൽ ഓരോ സ്ഥലത്തേക്കും അയക്കപ്പെടുകയാണ് ഉണ്ടായത്. An. മറ്റു ശ്ലീഹന്മാർ സഭ സ്ഥാപിച്ചിട്ടുണ്ടോ എന്നറിയാൻ പാടില്ലന്നാണോ? Q അല്ല. പിൻഗാമികളെ വാഴിച്ചുകൊണ്ട് ആരെല്ലാമാണ് എവിടെ എല്ലാമാണ്. പ്രാദേശികൾ സഭകൾ സ്ഥാപിച്ചത് എന്ന് എനിക്കു ഓർമ്മയില്ല എന്നാണ്. An. ഒരിടത്തും സ്ഥാപിച്ചിട്ടില്ലെന്നാണോ? Q ഞാൻ ബോധിപ്പിച്ചതിൽനിന്നും അങ്ങിനെ അശേഷവും വരുന്നില്ല An. സ്ഥാപിച്ചിട്ടുണ്ടായിരിക്കണം നിശ്ചയമില്ല. An. സഭാചരിത്ര ഗവേഷണത്തിൽ മറ്റാരെല്ലാം സഭ സ്ഥാപിച്ചിട്ടുണ്ടെന്നു മനസ്സിലായിട്ടുണ്ടോ? Q സ്ഥാപിച്ചിട്ടുണ്ട് എന്നു ഞാൻ പറഞ്ഞല്ലൊ? Q അത് ആരെല്ലാമാണെന്നും എവിടെ എല്ലാമാണെന്നും എനിക്ക് ഇപ്പോൾ ഓർമ്മയില്ലെന്നു പറഞ്ഞുകഴിഞ്ഞതാണ്. സഭകൾ സ്ഥാപിച്ചിട്ടുണ്ടെന്നു മനസിലായിട്ടുള്ളത് എന്തെല്ലാം രേഖകളിൽ നിന്നാണ്? Q സഭാചരിത്രപരമായ പല പുസ്തകങ്ങളിൽനിന്നുമാണ്. An. പുസ്തകങ്ങളുടെ പേരു വല്ലതും പറയാമൊ? Q പ്രത്യേകമായി പുസ്തകത്തിന്റെ പേരൊന്നും ഇപ്പോൾ ഓർക്കുന്നില്ല. An. സഭാചരിത്രം സംബന്ധിച്ചുള്ള പ്രധാന പുസ്തകങ്ങൾ എന്തൊക്കെയാണ്? Q മോർ മിഖായേൽ റാബോ പാത്രിയർക്കീസ്, ഗ്രിഗോറിയോസ് ബാർ എബ്രായ മഫ്രിയാന ഇവരുടെ പുസ്തകങ്ങളാണ്? ആധികാരികമായിട്ടുള്ളവ. അവ രണ്ടും ഞാൻ ഏകദേശമായി പരിശോധിച്ചിട്ടുണ്ട്. An. ഏകദേശമായി എന്നു പറഞ്ഞാ? Q മുഴുവൻ വായിച്ചിട്ടുണ്ട്. ആവശ്യമാണെന്ന് എനിക്കു തോന്നുന്ന ഭാഗങ്ങൾ നല്ലവണ്ണം നോക്കിയിട്ടുണ്ട്. ആവശ്യമായ ചില ഭാഗങ്ങൾ വായിച്ചിട്ടുണ്ട്, നോക്കിയിട്ടുണ്ട്. An. ഈ രണ്ട് പുസ്തകങ്ങളും നോക്കിയതാണോ? Q സാക്ഷിയുടെ സഭാചരിത്രഗവേഷണം എന്നു ചീഫിൽ പറഞ്ഞത്? Q ഈ രണ്ടു ആധികാരികങ്ങളായ പുസ്തകങ്ങളുടെ വെളിച്ചത്തിൽ അവക്കനുസരണമായും അത്യാവശ്യത്തിന്റെ പേരിൽ ചിലപ്പോഴെല്ലാം അവയുടെ ആശയങ്ങൾക്കും വസ്തുതകൾക്കും എതിരായി എഴുതിയിട്ടുള്ള പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. An. ആധികാരികമായിട്ടുള്ള പുസ്തകങ്ങൾ മുൻപറഞ്ഞതു രണ്ടു മാത്രമെ ഒള്ളൂ എന്നാണ് എന്റെ അഭിപ്രായം. ഈ രണ്ട് പുസ്തകങ്ങൾ ആധികാരികങ്ങൾ എന്നു പറയുവാൻ കാരണം എന്താണ? Q സിറിയൻ ഓർത്തഡോക്സ് സഭ മഹാപണ്ഡിതന്മാരെന്നു സശിരകമ്പം സമ്മതിച്ചിട്ടുള്ള രണ്ടു വലിയ ചരിത്രകാരന്മാരാകയാലാണ് An. സഭ ഏതെങ്കിലും

ചരിത്രപുസ്തകങ്ങൾ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ടോ? Q സഭ ഏതെങ്കിലും ചരിത്രപുസ്തകങ്ങൾ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളതായി എന്റെ ഇതുവരെയുള്ള അറിവിൽപെട്ടിട്ടില്ല. എന്നു തന്നെയുമല്ല ലോകത്തിലുള്ള ഒരു സഭയും ചരിത്രപുസ്തകങ്ങൾക്ക് ഔദ്യോഗിക അംഗീകാരം കൊടുത്തിട്ടുള്ളതായി എനിക്ക് അറിഞ്ഞുകൂടാ. An. പ്രത്യേകമായി നോക്കിയിട്ടുണ്ടെന്നു പറഞ്ഞത് ഏതൊക്കെ ഭാഗങ്ങളാണ്? Q. അത് ഇപ്പോൾ പറവാൻ സാദ്ധ്യമാകുന്ന ഒരു കാര്യമല്ല. An. ഈ രണ്ടു പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളവയാണോ? Q. മോർ മിഖായേൽ റാബോയുടെ *ചരിത്രപുസ്തകം* രണ്ട് വലിയ വാല്യങ്ങളിലായി സുറിയാനിയിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ബാർ എബ്രായായുടെത് അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടൊ എന്ന് എനിക്കറിഞ്ഞുകൂടാ. An. ബാർ എബ്രായായുടെ പുസ്തകം അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടോ എന്നന്വേഷിച്ചിട്ടില്ല. കയ്യെഴുത്തു പുസ്തകം ഞാൻ കണ്ടിട്ടുണ്ട്. മിഖായൽ റാബോയുടെ അച്ചടിച്ച പുസ്തകം ഞാൻ വായിച്ചിട്ടുണ്ട്. ഇപ്പോൾ എന്റെ കൈവശം ഉണ്ട്. രണ്ടുപേരും സുറിയാനിക്കാരായതുകൊണ്ടു രണ്ടും സുറിയാനിയിലാണ്. മറ്റു സഭാ ചരിത്രങ്ങൾ ഞാൻ നോക്കിയിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോന്നിന്റെയും പേരു പറയാനാവില്ല. യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് റമ്പാനായിരുന്ന കാലത്ത് *സുറിയാനി സഭാചരിത്രം* എന്നൊരു പുസ്തകം എഴുതിയിട്ടുണ്ടോ?Q. സുറിയാനിയിൽ അദ്ദേഹം *സുറിയാനി സഭാചരിത്രം* എഴുതിയിട്ടുണ്ട്. An. അത് മലയാളത്തിൽ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. Ex.A.71 തകിടിയിൽ യാക്കോബ് കശീശ പ്രസിദ്ധപ്പെടുത്തിയ മലയാളം തർജ്ജമയാണ്. തകിടിയിൽ യാക്കോബ് കശീശ ഇപ്പോൾ ഇല്ല അദ്ദേഹം ക്നാനായക്കാരനായിരുന്നു. അദ്ദേഹം മരിച്ചത് എന്നാണ് എന്നു ഉദ്ദേശമായിട്ടും പറയാൻ പറ്റുകയില്ല. Ex.A71 പ്രസിദ്ധം ചെയ്തുകാണുന്നത് 1948ൽ ആണ്. അക്കാലത്ത് അദ്ദേഹം പാത്രിയർക്കീസ് കക്ഷിയെ അനുകൂലിച്ചു നില്ക്കുന്ന ആളായിരുന്നു. അല്ലെങ്കിൽ അദ്ദേഹത്തെ അതിന്റെ പ്രസിദ്ധീകരണച്ചുമതല ഏല്പിക്കുക ഇല്ലായിരുന്നു. ക്നാനായ ഭദ്രാസനം മുഴുവൻ അക്കാലത്ത് പാത്രിയർക്കീസ് കക്ഷിയിൽപെട്ടു നിന്നിരുന്നോ?Q. ക്നാനായ ഭദ്രാസനം അന്നും ഇന്നും വിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ നില്ക്കുന്ന ഒരു ഭദ്രാസനമാണ്. An. പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ടിരുന്നവരാണോ?Q. പാത്രിയർക്കീസിനു കീഴിൽ നിന്നിരുന്നവരാണ്. An. സഭയുടെ ഭിന്നതാകാലത്ത് എങ്ങനെയായിരുന്നു?Q.അന്നും ഇന്നും ഒരു സഭയെ ഉള്ളു. അത് പാത്രിയർക്കീസിനു കീഴ്പട്ടതാണ്. ക്നാനായക്കാർ ആദ്യം മുതൽ പാത്രിയർക്കീസിന്റെ കീഴിലുള്ള ആ സഭയിൽപ്പെട്ടവരാണ്. An. മലങ്കരയിൽ രണ്ടു കക്ഷികളായി ഭിന്നിച്ചു നിന്നിരുന്ന കാലത്ത് അവർ പാത്രിയർക്കീസു കക്ഷിയിൽപ്പെട്ടിരുന്നവരാണോ?Q. ഞാൻ പറഞ്ഞതിൽ കൂടുതലായി എനിക്ക് ഒന്നും പറയാനില്ല. An. ക്നാനായക്കാർ ഭിന്നതയുടെ കാലത്ത് ഏതെങ്കിലും കക്ഷിഭാഗം ചേർന്നു നടന്നിരുന്നോ?Q. അവർ പാത്രിയർക്കീസിനോട് എതിർക്കുന്ന കക്ഷികളോട്

അശേഷവും ചേരാതെ പാത്രിയർക്കീസിനു കീഴ്പെട്ട് അന്നു നിന്നിരുന്നു. An. അബ്ദൾ ആഹാദ് റമ്പാൻ എഴുതിയ *സഭാചരിത്രം* ഞാൻ വായിച്ചിട്ടുണ്ട്. ഞാൻ അതിന്റെ സുറിയാനി വായിച്ചിട്ടില്ല. തർജ്ജമയാണ് വായിച്ചിട്ടുള്ളത്. അത് ഇവിടെയുള്ള Ex.A 71 ന്റെ തന്നെ കോപ്പിയാണ്. മിഖായൽ റാബോയു ടെയും ബാർ എബ്രായായുടെയും പുസ്തകങ്ങളിൽ സഭയുടെ മുഴുവനായ ചരിത്രം ഉണ്ടോ?Q. അവരവരുടെ കാലം വരെയുള്ള ചരിത്രം ഉണ്ട്. An. ലോക ത്തിൽ എല്ലാ ഭാഗത്തുമുള്ള സഭകളുടെ ചരിത്രം അതിൽ ഉണ്ടെന്നു തോന്നു ന്നില്ല. മറ്റപ്പോസതലന്മാർ സ്ഥാപിച്ച സഭകളിൽ സഭാഭരണത്തിന് അവർ എപ്പിസ്കോപ്പമാരെ വാഴിച്ചാക്കിയിട്ടുണ്ടോ?Q. മുമ്പു ഞാൻ ബോധിപ്പിച്ചതുപോലെ ചില പ്രാദേശികസഭകളിൽ കേന്ദ്രത്തോടുള്ള ബന്ധം പാലിക്കത്തക്കവണ്ണം ചിലർ എപ്പിസ്കോപ്പന്മാരെ വാഴിച്ചിട്ടുണ്ടായിരിക്കാം. An.നിശ്ചയമില്ലന്നാണോ?Q. നിശ്ചയമില്ല. An. കേന്ദ്രത്തോട് ബന്ധപ്പെട്ടതെന്ന്? എങ്ങനെ മനസ്സിലായി?Q. ക്രിസ്തുസഭയുടെ ഭരണാധികാരം മുഴുവനും കൊടുത്ത പത്രോസിനെയും അദ്ദേഹത്തിന്റെ പിൻഗാമികളെയും ഉദ്ദേശിച്ചാണ് കേന്ദ്രം എന്നു ഞാൻ ബോധിപ്പിച്ചത്. An. കേന്ദ്രത്തോട് ബന്ധപ്പെട്ടവർ വാഴിച്ചാൽ ബന്ധപ്പെട്ടിരി ക്കുമെന്ന് സ്പഷ്ടമാണ്. കേന്ദ്രം അന്ത്യോക്യായിലാണ്. പത്രോസ് സിംഹാ സനം സ്ഥാപിച്ച അന്ത്യോക്യായിലാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള സഭകൾ എല്ലാം അന്ത്യോക്യായുടെ കീഴിലാണെ ന്നാണോ സാക്ഷി പറയുന്നത്?Q. ഈ സഭയെ ഉദ്ദേശിച്ചു പറയുമ്പോൾ പത്രോസ് സ്ഥാപിച്ച അന്ത്യോക്യാസിംഹാസനവും അതു കൂടാതെ പത്രോസ് സ്ഥാപിച്ച റോമാസിംഹാസനവും അതും കൂടാതെ പത്രോസിനാൽ അയ ക്കപ്പെട്ട പത്രോസിന്റെ ശിഷ്യൻ മർക്കോസിന്റെ പേരിലുള്ള അലക്സാണ്ട്രി യൻ സിംഹാസനവും ഇതു മൂന്നും ഒരാളിന്റെ തന്നെ മൂന്നു സ്ഥലത്തെ കേന്ദ്രങ്ങളാണ്. അന്ന് അറിയപ്പെട്ടിരുന്ന പ്രാദേശിക സഭകളെല്ലാം ഈ മൂന്നു സിംഹാസനങ്ങൾക്കു കീഴിലായിരുന്നു എന്നു പ്രസിദ്ധരായ പല ചരിത്രകാര ന്മാരും പറയുന്നു എന്നു മാത്രമല്ല, കാനോനിലും അതിനെക്കുറിച്ച് പ്രസ്താ വിക്കുന്നുണ്ട്. An. പത്രോസിന്റെ മൂന്നു സിംഹാസനങ്ങൾ ഉണ്ടോ?Q. പത്രോ സിന്റേതായ കൈവയ്പുമൂലം മൂന്നു സ്ഥലത്ത് അതിന്റെ പിന്തുടർച്ചയുണ്ട്. An. മൂന്ന് സിംഹാസനങ്ങൾ ഉണ്ടോ?Q. സിംഹാസനം എന്ന് പറഞ്ഞാൽ കസേര എന്ന് ഞാൻ ഉദ്ദേശിക്കാത്തതുകൊണ്ട് ഈ മൂന്നു സ്ഥലത്തും സിംഹാ സനം ഉണ്ടോ?Q. സിംഹാസനം എന്നാൽ എന്റെ ഉത്തരം ബോധിപ്പിച്ചുകഴിഞ്ഞു. അതിൽകൂടുതൽ എനിക്കു പറയാനില്ല. An. മൂന്ന് സ്ഥലത്തും അപ്പോസ്ത ലിക പിന്തുടർച്ച ഉണ്ടാകത്തക്കവണ്ണമാണോ എപ്പിസ്കോപ്പാമാരെ വാഴിച്ചത്?Q. പിന്തുടർച്ചയുണ്ടാകണമെന്നുള്ള ഉദ്ദേശ്യത്തിൽ മാത്രമാണ് വാഴിച്ചത്. An. ചരിത്രകാരന്മാർ എന്നു പറഞ്ഞത് ഏതു ചരിത്രകാരന്മാരാണ്?Q. ഒരാളെ ഇപ്പോൾ ഓർക്കുന്നു. റോമൻ കത്തോലിക്കാ സഭാംഗമായ അഡ്രിയൻ ഫോർടെസ്ക് *ലെസ്സർ ഈസ്റ്റേൺ ചർച്ചസ്* എന്ന പേരിൽ എഴുതിയിരി ക്കുന്ന പുസ്തകത്തിൽ ഉണ്ട്. ബാക്കിപുസ്തകങ്ങളുടെ പേര് ഓർക്കുന്നില്ല.

ഞാൻ ദവറെയും വായിച്ചിട്ടുണ്ട്. An. ഫോർടെസ്ക് പ്രസിദ്ധചരിത്രകാരനാണ്. മറ്റു ചരിത്രപുസ്തകങ്ങൾ ഉണ്ടെന്നു പറഞ്ഞതു ഹാജരാക്കാമൊ?Q. പേര് ഓർക്കുന്നില്ലെന്നു പറഞ്ഞതു ഹാജരാക്കാമൊ എന്നു ചോദിച്ചാൽ സാദ്ധ്യമല്ലെന്ന് ഉത്തരം An. ഫൊർടെക്സിന്റെ പുസ്തകം ഹാജരാക്കാമോ? എന്റെ കൈവശം ഇല്ല. An. ഞാൻ വായിച്ചിട്ടുള്ളത് എന്റെ ലൈബ്രറിയിൽ ഉള്ളതല്ല. പല സ്ഥലത്തുംപോയി വായിച്ചതും വാങ്ങി വായിച്ചു മടക്കി കൊടുത്തിട്ടുള്ളതുമാണ്. ഞാൻ വായിച്ച പല പുസ്തകങ്ങളും കാനോനിൽ ഉണ്ടെന്നു പറഞ്ഞത് ഏതു കാനോനിലാണ്? വാദികളും പ്രതികളും ഹാജരാക്കിയിട്ടുള്ള കാനോനിൽ ഉണ്ട്. An.Ex.A90 handed over ഏഴാമദ്ധ്യായം 1-ാം ഖണ്ഡിക നിഖ്യാ ആണ് page 82 of Ext. A90 മൂന്നു സ്ഥലത്തെ സഭകളുടെ കീഴിലാണ്. ലോകത്തിലെ എല്ലാ സഭകളും എന്ന് ExA90 പേജ് 82 കൊണ്ട് എങ്ങനെ കാണുന്നു? ഒന്ന് നാലു ദിക്കുകൾക്കു അനുരൂപമായി നാല് പാത്രിയർക്കീസുമാർ എന്നും അവരുടെ അധികാരപരിധിയും പറഞ്ഞിരിക്കുന്നതിനാൽ ആ ഓരോ അധികാരപരിധിയിൽ ഉള്ളവരെല്ലാം അതതു കേന്ദ്രത്തോട് കീഴ്പെട്ടിരിക്കേണ്ടവരാകുന്നു. രണ്ടു മൂന്നു എന്നു പറഞ്ഞിട്ട് നാലുപേരുടെ കാര്യം ഇതിൽ കാണുന്നല്ലോ എന്നുള്ള ചോദ്യത്തിനു നിഖ്യാ സുന്നഹദോസിന്റെ കാലത്ത് കുസ്തന്തിനോപ്പോലീസ് എന്നൊരു സിംഹാസനം ഇല്ലാതിരുന്നതും ക്രിസ്താബ്ദം 381ൽ കുസ്തന്തിനോപ്പോലീസിൽ വച്ചു കൂടിയ പൊതുസുന്നഹദോസിൽ അതിന്റെ മൂന്നാം നിശ്ചയമനുസരിച്ചു മാത്രം ഉളവായിട്ടുള്ളതും ബാർ എബ്രായ കാനോൻ ക്രോഡീകരിച്ചപ്പോൾ ഇവയെല്ലാം ഒന്നിച്ചു പറഞ്ഞിട്ടുള്ളതും ആകുന്നു. ആകയാൽ ആദിമശതകങ്ങളിലെ പ്രാദേശിക സഭകളെല്ലാം മുൻപറഞ്ഞ അന്ത്യോക്യാ, റോമാ, അലക്സാന്ത്രിയ എന്നിവയുടെ കീഴിലായിരുന്നു. An. നിഖ്യാ സുന്നഹദോസിൽ സഭയുടെ ഭരണക്രമീകരണം സംബന്ധിച്ചാണോ വ്യവസ്ഥ ചെയ്തത്? ഭരണക്രമം മാത്രമല്ല, മറ്റു പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചും വ്യവസ്ഥ ചെയ്തിട്ടുണ്ട്. An. ഓരോ സഭകളും സ്ഥാപിച്ച കാലത്ത് ഈ മൂന്ന് സഭകൾക്കും കീഴിലായിട്ടു സ്ഥാപിച്ചതാണെന്ന് മുൻപറഞ്ഞ കാനോൻ ഭാഗത്ത് ഉണ്ടോ?Q. മുൻപറഞ്ഞ കാനോൻഭാഗത്ത് അതല്ല എഴുതിയിരിക്കുന്നത്. എന്നാൽ അക്കാലത്ത് അവയെല്ലാം ഈ മൂന്ന് കേന്ദ്രങ്ങളോട് ബന്ധപ്പെടാതിരിക്കാൻ നിവൃത്തിയില്ല. An. പ്രാദേശികസഭകൾ സ്ഥാപിച്ച കാലത്ത് - എന്റെ ഈ ആദ്യകാലത്ത് സ്ഥാപിച്ച സഭകളെപ്പറ്റിയുള്ള അഭിപ്രായം - മുൻപറഞ്ഞ കാനോനെ അടിസ്ഥാനമാക്കിയും മുൻപറഞ്ഞ ഞാൻ വായിച്ചിട്ടുള്ള ചരിത്രപുസ്തകങ്ങളെ അടിസ്ഥാനമാക്കിയും ഉള്ളതാണ്. witness adds ഞാൻ കാനോനെ സംബന്ധിച്ചു പറയുമ്പോൾ എന്റെ ഭാഗത്തുനിന്ന് ഹാജരാക്കിയിട്ടുള്ള കാനോനെക്കൂടി ഉദ്ദേശിച്ചാണ് പറയുന്നത്. Ext.B162 handover പേജ് 67ൽ ഈ സംഗതി പറയുന്നുണ്ട്. മൂന്നു കേന്ദ്രങ്ങളെ സംബന്ധിച്ചു Ex A 90 ലും Ex.B162 ലും പറഞ്ഞിരിക്കുന്നതിൽ സാരാംശത്തിൽ വ്യത്യാസമില്ല. നിഖ്യാവരെയുള്ള കാര്യത്തിന് ഞാൻ ആശ്രയിക്കുന്നതായ കാനോൻഭാഗം ഇവിടെ

പറഞ്ഞതാണ്. അതായത് എല്ലാ സഭകളും സ്ഥാപിക്കപ്പെട്ടപ്പോൾ ഈ മൂന്നു സഭകൾക്കും കീഴിലായിരുന്നു എന്ന സംഗതിക്ക് അറിയിപ്പുകാരായി 70 പേരെ തെരഞ്ഞെടുത്തിട്ടുണ്ടോ? 70 എന്നും 72 എന്നും അഭിപ്രായമുണ്ട്. An. അറിയിപ്പുകാർക്ക് അറിയിപ്പുകാരായി സുവിശേഷം പ്രചരിപ്പിക്കുവാൻ മാത്രം ക്രിസ്തു അധികാരം കൊടുത്തു. അങ്ങനെയുള്ളവർ ലോകത്തിന്റെ പല ഭാഗത്തും സുവിശേഷം അറിയിച്ച് സഭയിലേക്കു ആളുകളെ ചേർത്തിട്ടുണ്ട്. അങ്ങനെയുള്ളതിൽ ഒരാളാണ് കിണ്ടഴക്കൻ ണ്ടണ്ടപ്രദേശത്തിൽ സുവിശേഷം അറിയിച്ചത്. അങ്ങനെ അവർ സുവിശേഷം അറിയിച്ച സ്ഥലങ്ങളിൽ സഭകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ?Q. അവർ വെറും സുവിശേഷകന്മാർ മാത്രമാണെങ്കിൽ സഭ സ്ഥാപിക്കുവാൻ സാദ്ധ്യമല്ല. An. അവർ സുവിശേഷകർ മാത്രമാണെങ്കിൽ അവരാൽ സഭകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. അവരിൽ ചിലർ സുവിശേഷകർ മാത്രമായിരുന്നു. അങ്ങനെ അല്ലാത്തവരും ഉണ്ടായിരുന്നു. അവരിൽ ഒരാളാണ് വിശുദ്ധ മർക്കോസ്. അങ്ങനെ അല്ലാത്തവർ ഉണ്ടായിരുന്നു എന്നു പറഞ്ഞവർക്ക് അപ്പോസ്തലിക അധികാരം ഉണ്ടായിരുന്നോ?Q. അങ്ങനെയുള്ളവരിൽ മുൻപറഞ്ഞ മർക്കോസിന് വിശുദ്ധ പത്രോസിൽ നിന്നും കൈവയ്പ്പ് കിട്ടിയിട്ടുള്ള ആളാണ്. ഈ ആളിന്റെ കാര്യം മാത്രമെ എനിക്ക് ഇപ്പോൾ നല്ല തിട്ടമുള്ളൂ. An. വിശുദ്ധ പത്രോസിൽനിന്നും മർക്കോസിനു കൈവയ്പു ലഭിച്ചു എന്നു പറയുന്നതിനുള്ള അടിസ്ഥാനം എന്താണ്? Q. സഭാചരിത്രപരമായ ചില പുസ്തകങ്ങൾ വായിച്ചിട്ടുള്ള അറിവാണ്. An. ഏത് പുസ്തകമാണ്? Q. പുസ്തകത്തിന്റെ പേർ ഓർക്കുന്നില്ല. പല പുസ്തകങ്ങളിലും വായിച്ചിട്ടുണ്ട്. An. എത്രനാൾ മുമ്പാണ് വായിച്ചത് എന്നോർക്കുന്നില്ല. അടുത്ത കാലത്തും വളരെനാൾക്കുമുമ്പും വായിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഏതെങ്കിലും ഒരു പുസ്തകം ഹാജരാക്കാമോ? Q.അന്വേഷിച്ചു കണ്ടുകിട്ടുകയാണെങ്കിൽ ഹാജരാക്കാം. An. ഈ സംഗതി എല്ലാ മേൽപട്ടക്കാർക്കും അറിയാവുന്നതാണ്. അടുത്തകാലത്ത് വായിച്ചു എന്നു പറഞ്ഞത് ഏതു ഭാഷയിലുള്ള പുസ്തകമാണ്? Q. സുറിയാനിയിലും ഇംഗ്ലീഷിലും മലയാളത്തിലും ഉള്ളത് വായിച്ചിട്ടുണ്ട്. മുൻപറഞ്ഞ ഫൊർട്ടെസ്ക്യൂന്റെ പുസ്തകത്തിലും ഉണ്ടോ എന്നു സംശയം ഉണ്ട്. ഞാൻ പറഞ്ഞ പുസ്തകത്തിന്റെ ഒഴികെയുള്ള പേരൊ ഓതറിന്റെ പേരൊ ഓർത്തുപറയാൻ ഓർക്കുന്നില്ല. എല്ലാ മേൽപട്ടക്കാർക്കും അറിയാവുന്നതാണെന്ന സാക്ഷിക്ക് എങ്ങിനെ മനസ്സിലായി? അതു സഭയുടെ ഒരു യഥാർത്ഥ ചരിത്രവസ്തുത ആകയാൽ An. സഭയുടെ ഒരു ചരിത്രവസ്തുത അറിയാൻ മേലാത്ത ഒരു മേൽപട്ടക്കാരനും ഉണ്ടാവില്ലെന്നാണ് എന്റെ ബോദ്ധ്യം. അതുകൊണ്ടാണ് പറയുന്നത്. ഏതു സഭയുടെ മേൽപട്ടക്കാരെ ഉദ്ദേശിച്ചാണ് പറയുന്നത? Q. മലങ്കരയിലെ An. മലങ്കരയിലെ എന്നുവച്ചാൽ? Q. മലങ്കരയിൽ പരിശുദ്ധ പാത്രിയർക്കീസിനു പരിപൂർണ്ണമായി കീഴ്പട്ടു നില്ക്കുന്നവരും അദ്ദേഹത്തോട് എതിർത്തുനിൽക്കുന്നവരും ആയ എല്ലാ മേൽപട്ടക്കാർക്കും അറിയാമെന്നാണ് എന്റെ വിശ്വാസം.? Q.

Stopped for the day

മൊഴി വായിച്ചുകേട്ടു. ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge

30-3-78

31-3-78 witness sworn again cross examination continued.

അന്ത്യോക്യായിൽ സിംഹാസനം സ്ഥാപിച്ചത് എ.ഡി.37ൽ ആണ്. അതു പത്രോസ് സ്ഥാപിച്ചതുകൊണ്ട് അപ്പോസ്തലിക സിംഹാസനമാണ്. സിംഹാസനം സ്ഥാപിക്കുന്നതിലേക്ക് പത്രോസ് എന്താണ് ചെയ്തത്? Q. സിംഹാസനമെന്നാൽ എന്തെന്ന് ഞാൻ ഇന്നലെ ബോധിപ്പിച്ചു. അതനുസരിച്ച് അദ്ദേഹം തന്റെ പിൻഗാമികളെ അവിടെ വാഴിച്ചു. An. പിൻഗാമികളെ വാഴിക്കുകയാണ് സിംഹാസനം സ്ഥാപിക്കുക എന്നതിന്റെ അർത്ഥം. പിൻഗാമികൾ എന്നുവച്ചാൽ അപ്പോസ്തലിക കൈവയ്പ്പ് പ്രദാനം ചെയ്യുന്നതിനു അധികാരമുള്ള എപ്പിസ്കോപ്പന്മാരെ വാഴിച്ച് ആക്കുകയാണ്. പത്രോസ് അന്ത്യോക്യായിൽ വാഴിച്ചത് ഒരുമിച്ചാണൊ രണ്ടു പ്രാവശ്യമായിട്ടാണൊ എന്നറിഞ്ഞുകൂടാ. പത്രോസ് ശ്ലീഹാ തനിച്ചാണ്. അവിടെ എപ്പിസ്കോപ്പയെ വാഴിച്ചത് എന്നാണ് എന്റെ അറിവ്. Ex.A 71 പേജ് 124 നോക്കി. പൗലോസ് ശ്ലീഹായുടെ സഹായത്തോടുകൂടി പട്ടം കൊടുത്തു വാഴിച്ചു എന്ന് അവിടെ പറഞ്ഞിട്ടുണ്ട്. അതാണ് കൂടുതൽ ശരി. witness adds. ഈ പുസ്തകത്തിൽ പ്രസാധകന്റെ മുദ്രയില്ല. പ്രസാധകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു എന്നു പറഞ്ഞു കാണുന്നുമുണ്ട്. counsel continues. അന്ത്യോക്യായിൽ സിംഹാസനം സ്ഥാപിച്ചത് പത്രോസ് ശ്ലീഹായും പൗലോസും കൂടിയാണോ? പത്രോസ് ശ്ലീഹന്മാരുടെ തലവനാകയാൽ അദ്ദേഹമാണ് വാഴിച്ചത് എന്നും പൗലോസ് അതിൽ സഹകരിച്ചു എന്നും ഉള്ള അർത്ഥത്തിൽ പത്രോസ് ശ്ലീഹാ തനിച്ചാണ് സിംഹാസനം സ്ഥാപിച്ചത്. An. സഹകരിച്ചു എന്നുള്ളതുകൊണ്ട് എന്താണ് മനസ്സിലാക്കുന്നത് ? Q. സ്ഥാനം നൽകുന്ന സമയത്ത് അവിടെ സന്നിഹിതനായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. An. സന്നിഹിതനായിരിക്കുകയല്ലാതെ വേറെ ഒന്നും ചെയ്തിട്ടില്ലെന്നാണോ? Q. സന്നിഹിതനായിരുന്ന അദ്ദേഹം മറ്റെന്തെല്ലാം ചെയ്തു എന്ന് എനിക്കറിഞ്ഞുകൂടാ. An. പാത്രിയർക്കീസ് മറ്റു മെത്രാന്മാരുടെ സഹകരണത്തോടുകൂടി ഒരാളെ മെത്രാപ്പോലീത്തായായി വാഴിച്ചു എന്നു പറഞ്ഞാൽ അതുകൊണ്ടു സാധാരണ ഗതിയിൽ അർത്ഥമാക്കേണ്ടത് എന്താണ്? Q. സന്നിഹിതരായിരിക്കുന്നവരിൽ

ഓരോരുത്തരും എന്തു ചെയ്യണമെന്നുള്ളതിന് പാത്രിയർക്കീസ് നേരത്തെ നിർദ്ദേശം കൊടുത്തിരിക്കും. അതനുസരിച്ചുള്ളവ അവർ ചെയ്യും. അതാണ് സഹകരിക്കുക എന്നുള്ളത്. An. ഒരാളെ മെത്രാപ്പോലീത്ത ആയി വാഴിക്കണമെങ്കിൽ ഒന്നിൽകൂടുതൽ മെത്രാപ്പോലീത്തമാർ സഭാനിയമമനുസരിച്ചു വേണമോ? പാത്രിയർക്കീസാണ് വാഴിക്കുന്നെങ്കിൽ പാത്രിയർക്കീസ് തനിച്ചു മതി. മെത്രാപ്പോലീത്തമാരാണ് പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടി വാഴിക്കുന്നത് എങ്കിൽ കിട്ടാവുന്നിടത്തോളം മറ്റു മെത്രാപ്പോലീത്തമാരുടെ സാന്നിദ്ധ്യവും ഉണ്ടായിരിക്കണം. An. സാന്നിദ്ധ്യമുണ്ടായിരിക്കണമെന്നല്ലാതെ വേറെ വല്ലതും വേണോ? ആരാണ് വാഴിക്കുന്നത് എന്നു വച്ചാൽ ആ മെത്രാപ്പോലീത്തയുടെ നിർദ്ദേശമനുസരിച്ചുള്ള കർമ്മങ്ങളും അവർ ചെയ്യണം. An. പാത്രിയർക്കീസിനു തനിച്ചു വാഴിക്കാമെന്നതിന് പ്രത്യേകിച്ച് കാനോൻ വ്യവസ്ഥ വല്ലതും ഉണ്ടോ? Q. പാത്രിയർക്കീസ് തനിച്ചു വാഴിച്ചിട്ടുള്ളതിന് ചരിത്രലക്ഷ്യങ്ങൾ ഉണ്ട്. An. കാനോനിൽ വ്യവസ്ഥ ഉണ്ടോ? Q. ഉണ്ടോ ഇല്ലയോ എന്ന് ഞാൻ ഓർക്കുന്നില്ല. An. മെത്രാപ്പോലീത്തമാർ വാഴിക്കുന്നതു സംബന്ധിച്ച് കാനോനിൽ വ്യവസ്ഥ ഉണ്ടോ? Q. ആ ഖണ്ഡികയും ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. വ്യവസ്ഥ ഉണ്ടൊ ഇല്ലയോ എന്ന് ഇപ്പോൾ ഓർക്കുന്നില്ല. An. ഇട്ടൂപ്പ് റയിട്ടറുടെ *സഭാചരിത്ര*ത്തിൽ പറയുന്ന സംഗതികളൊക്കെ ശരിയാണോ? Q. മിക്കവാറും ശരിയാണ്. സഭാചരിത്രങ്ങൾ എഴുതുന്നവർ ചില കാര്യങ്ങൾക്ക് പ്രത്യേക അന്വേഷണങ്ങൾ നടത്തുകയും ചില കാര്യങ്ങൾ പരമ്പരയാ അറിഞ്ഞു വന്നിട്ടുള്ള പാരമ്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുമാണ് എഴുതുന്നത് An.Ex.B.156 ൽ സ്വീകാര്യമല്ലാത്ത ഭാഗങ്ങൾ ഉണ്ടോ?Q. കാണണം. An. ഏതൊക്കെ സ്വീകാര്യമല്ലാത്ത ഭാഗം ഏതൊക്കെ സ്വീകാര്യമായ ഭാഗം എന്നു പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല. Ex.B.156 പേജ് 23 അവസാനഭാഗം നോക്കി. ഇതിൽ പറയുന്നത് അന്ത്യോക്യായിൽ എബുന്യോസ് എപ്പിസ്കോപ്പായുടെ ശേഷം മോർ ഇഗ്നാത്തിയോസിനെ മോർ യോഹന്നാൻ ഏവഗേലിസ്ത പട്ടം കൊടുത്താക്കി എന്നാണ്. എന്നാൽ എബുന്യോസ എന്നൊരു എപ്പിസ്കോപ്പായെ വായിച്ചിട്ടേ ഇല്ല. അതിനും പുറമെ മോർ യോഹന്നാനാണ് ഇഗ്നാത്തിയോസിനെ വാഴിച്ചതെന്ന് മറ്റൊരു പുസ്തകത്തിലും ഞാൻ.കണ്ടിട്ടുമില്ല. ആകയാൽ മുൻപ് ഞാൻ ബോധിപ്പിച്ചതുപോലെ പരിശോധന കൂടാതെയുള്ള അദ്ദേഹത്തിന്റെ ഒരു പ്രസ്താവന എന്നാണ്. ഇതേക്കുറിച്ച് എനിക്ക് ബോധിപ്പിക്കുവാനുള്ളത്. ഇതിൽ പറയുന്ന ഇഗ്നാത്തിയോസ് അന്ത്യോക്യയിൽ വാഴിച്ചാക്കിയെന്ന് മുമ്പു പറഞ്ഞ ഇഗ്നാത്തിയോസ് ആണോ? ആയിരിക്കാം. കാരണം എബുന്യോസ് എന്നൊരു എപ്പിസ്കോപ്പായെപ്പറ്റി ഞാൻ കേട്ടിട്ടില്ലാത്തതു തന്നെ. An. ആ ഇഗ്നാത്തിയോസ് തന്നെയാണോ ഇവിടെ പറഞ്ഞിരിക്കുന്നത് എന്നു അദ്ദേഹത്തെക്കുറിച്ച് ചുവടെ പറഞ്ഞിരിക്കുന്നതു നോക്കി പറയണം? Q. ഞാൻ ഉദ്ദേശിച്ച ഇഗ്നാത്തിയോസ് തന്നെയാണ്. അദ്ദേഹത്തെക്കുറിച്ച് ഒരു കാര്യവും കൂടി പറയുന്നുണ്ട്. താൻ പള്ളിക്കടുത്ത (പള്ളി എന്നാൽ സഭ) ചട്ടങ്ങളെ ക്രമപ്പെടുത്തി നടത്തി

വന്നു. An. സന്ദർഭം കൊണ്ട് സാക്ഷി പറഞ്ഞ എറേവാദോസ്യാസിനെയാണോ എബദന്യാസ എന്ന് പറഞ്ഞിരിക്കുന്നത് എന്നനുമാനിക്കാമോ? അനുമാനിക്കാമെങ്കിലും ചരിത്രപരമായ വസ്തുതകളിൽ പേരുമാറ്റവും തീയതിമാറ്റവും മറ്റും കൊണ്ട് പല കുഴപ്പങ്ങളും ഉണ്ടാകാവുന്നതാണ് An. യോഹന്നാൻ ഏവഗേലിയസ്തൻ എന്നു പറയുന്നത് യോഹന്നാൻ ശ്ലീഹയാണ്. ഇഗ്നാത്തിയോസ് യോഹന്നാൻ ശ്ലീഹയുടെ ശിഷ്യനായിരുന്നോ? Q. എനിക്കറിഞ്ഞുകൂടാ. An. പോളികാർപസ് എന്ന വിശുദ്ധനെ കേട്ടിട്ടുണ്ട്. പോളികാർപ്പസും ഇഗ്നാത്തിയോസും യോഹന്നാന്റെ ശിഷ്യന്മാരായിരുന്നു എന്ന് ഞാൻ വായിച്ചുള്ളതായി ഓർക്കുന്നില്ല. പോളികാർപ്പസ് യോഹന്നാന്റെ ശിഷ്യനായിരുന്നോ? അപ്പോസ്തലിക കാലത്തെ ഒരു പിതാവായിരുന്നു എന്നേ അറിയാവൂ. An. എബിദോസിനെയും ഇഗ്നാത്തിയോസിനെയും വാഴിച്ചാക്കി എന്നു പറയുന്നത് അന്ത്യോക്യാ സഭയ്ക്കാണോ? Q. അന്ന് അന്ത്യോക്യാ കേന്ദ്രമായിട്ടുള്ള അന്ത്യോക്യാർക്കും ആകമാന സഭ മുഴുവനായിട്ടാണ് വാഴിച്ചാണ്. കാരണം അതിനുമുമ്പു പത്രോസ് ആരെയെങ്കിലും വാഴിച്ചതായി അറിയപ്പെട്ടിട്ടില്ല. An. അന്ത്യോക്യായിൽ സഭ സ്ഥാപിക്കുന്നതിനു മുമ്പു വേറെ കേന്ദ്രങ്ങളിൽ എവിടെ എങ്കിലും സഭ ഉണ്ടായിരുന്നോ? Q. അന്ത്യോക്യായിൽ വച്ചാണ് ക്രിസ്ത്യാനികൾ എന്ന പേര് ആദ്യമായി ഉണ്ടായതെന്ന് അപ്പോസ്തല പ്രവൃത്തികളിൽ കാണുന്നു. അക്കാലത്ത് വിശ്വാസികളുടെ കൂട്ടങ്ങൾ പല സ്ഥലത്തും ഉണ്ടായിരുന്നു. An. എ.ഡി.37നു മുമ്പ് യറുശലേമിൽ സഭ ഉണ്ടായിരുന്നോ? Q. വിശ്വാസികളുടെ കൂട്ടം ഉണ്ടായിരുന്നു. എപ്പിസ്കോപ്പായും ഉണ്ടായിരുന്നതുകൊണ്ട് സഭയും ഉണ്ടായിരുന്നു. An. അവിടുത്തെ എപ്പിസ്കോപ്പ കർത്താവിന്റെ സഹോദരനായ യാക്കോബ് ശ്ലീഹായായിരുന്നു. അദ്ദേഹത്തെ യറുശലേമിലെ എപ്പിസ്കോപ്പായായി വാഴിച്ചത് ശ്ലീഹന്മാരുടെ തലവനായ പത്രോസുൾപ്പെടെയുള്ള ശ്ലീഹന്മാരാണ് എന്നാണ് ഞാൻ വായിച്ചിട്ടുള്ളത്. യറുശലേം സഭയെ ക്രിസ്തുസഭയുടെ മാതൃസഭയായിട്ടാണോ പരിഗണിച്ചുവരുന്നത്? Q. ആദ്യകാലത്ത് ശ്ലീഹന്മാരുടെ എല്ലാവരുടെയും പ്രവർത്തനകേന്ദ്രം യറുശലേം ആയിരുന്നതിനാൽ അങ്ങനെ ഒരു പേര് അതിനുണ്ടെങ്കിലും സഭകളുടെ എല്ലാം മാതാവായ അന്ത്യോക്യാ എന്നും ഞാൻ വായിച്ചിട്ടുണ്ട്. An. സഭകളുടെ എല്ലാം മാതാവായ അന്ത്യോക്യാ എന്ന് എവിടെ വായിച്ചു എന്ന് ഓർക്കുന്നില്ല. ബാർ എബ്രായായുടെ ഒരു പ്രസംഗത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ടെന്നു തോന്നുന്നു. 'ആ പ്രസംഗം വായിച്ചിട്ടുണ്ട്. ഏതു പുസ്തകത്തിൽ എന്നോർക്കുന്നില്ല. ആദ്യമായി ക്രൈസ്തവസഭ യറുശലേമിൽ സ്ഥാപിക്കപ്പെട്ടു എന്നു പറഞ്ഞാൽ ശരിയാണോ? Q. ശരിയല്ല. An.Ex.A71 പേജ് 203 ൽ യറുശലേം സഭയെപ്പറ്റി എന്തു പറഞ്ഞിരിക്കുന്നു? Q. ആദ്യമായി ക്രൈസ്തവസഭ യറുശലേമിൽ സ്ഥാപിക്കപ്പെടുകയും അതിൽ നിന്നും മിശിഹൈക വിശ്വാസം പ്രശോഭിച്ചു ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുകയും ചെയ്തു എന്നുള്ള വാസ്തവം ഇവിടെ നിഷേധിക്കുന്നില്ല എന്നാണ്. An. തുടർന്ന് എന്തു പറയുന്നു? Q. ആദിമസഭ എന്നുള്ള അതിന്റെ

ഈ സ്ഥാനം എല്ലാ സഭകളുടെയും മാതൃസ്ഥാനം അതിനു സമ്പാദിച്ചു കൊടുത്തു എന്നുള്ളതും പ്രശംസനീയം തന്നെയാണ്. എന്നാണ്. An. ആ പറയുന്ന വിവരം ശരിയാണോ? Q ആ പറയുന്ന വിവരം ശരിയാണെന്നു പറയുന്നതോടൊപ്പം ഈ പുസ്തകത്തിന്റെ തന്നെ 4-ാമത്തെ പേജിൽ മിശിഹായുടെ മനുഷ്യാവതാരം മുതൽ മിശിഹൈക സഭ സ്ഥാപിക്കപ്പെട്ടു എന്നും പറയുന്നുണ്ട്. 204-ാം പേജിൽ പഴയ പൗരസ്ത്യദേശങ്ങളിൽ തലസ്ഥാനമായിരുന്ന അന്ത്യോക്യായിലെ സഭ മിശിഹായുടെ സത്യസഭയായിരുന്നു എന്നു പറയുന്നുണ്ട്. An. അന്ത്യോക്യയിലെ സഭ സ്ഥാപിച്ചത് എന്നാണ്?Q സിംഹാസനം സ്ഥാപിച്ചതോടുകൂടിയായിരിക്കണം. അവിടെ വിശ്വാസികളുടെ കൂട്ടം എന്നു മുതല്ക്കാണെന്നോർമ്മയില്ല. An. അന്ത്യോക്യയിൽ സുവിശേഷം പ്രസംഗിക്കപ്പെടുന്നതിനുമുമ്പ് മറ്റു സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടുണ്ടോ? Q സ്തേഫാനോസിന്റെ വധത്തിനുശേഷം വിശ്വാസികൾ പല ഭാഗത്തേക്കും ചിതറിപ്പോയപ്പോൾ അവിടെയെല്ലാം അവർ ക്രിസ്തുവിനെ പ്രസംഗിച്ചിട്ടുണ്ടായിരിക്കണം. An. അന്ത്യോക്യായിൽ വിശ്വാസികളുടെ കൂട്ടം എന്നു മുതല്ക്കുണ്ടായി എന്നു ഓർമ്മയില്ല എന്നു പറഞ്ഞിട്ടിപ്പോൾ മറ്റു സ്ഥലങ്ങളിൽ അതിനു മുമ്പോ പിമ്പോ എന്നു ചോദിച്ചാൽ എനിക്കറിയാൻ പാടില്ല. പല സ്ഥലത്തും പ്രാദേശികസഭകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നു പറഞ്ഞതെല്ലാം എന്നു സ്ഥാപിക്കപ്പെട്ടു എന്നതിനു ചരിത്രരേഖകളോ ലക്ഷ്യങ്ങളോ ഉണ്ടോ? Q അവയെന്നെല്ലാമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത് എന്നതിനു ഞാൻ ഗവേഷണം നടത്തിയിട്ടില്ല. An. അവയെപ്പറ്റി ചരിത്രലക്ഷ്യങ്ങളും രേഖകളും നിശ്ചയമായിട്ടും കാണും. പ്രാദേശികസഭകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതൊക്കെ എന്നാ ഉണ്ടായിട്ടുള്ളത് എന്നതിന് ചരിത്ര ലക്ഷ്യങ്ങൾ ഇല്ലാതിരിക്കാൻ വഴിയില്ലാ എന്നതുകൊണ്ടാണ് നിശ്ചയമായിട്ടും കാണുമെന്നു പറയുന്നത്. യാക്കോബ് യറുശലേമിൽ വാഴിക്കപ്പെട്ടപ്പോൾ അവിടെ സിംഹാസനം സ്ഥാപിക്കപ്പെട്ടുവോ? Q യറുശലേമിൽ സിംഹാസനം സ്ഥാപിക്കപ്പെട്ടതായി ആരും എഴുതിയിട്ടുള്ളതായി ഞാൻ വായിച്ചിട്ടില്ല. ഉണ്ടായിരുന്നെങ്കിൽ ആ വസ്തുത എഴുതിയിരിക്കുമായിരുന്നു. അതിനാൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. An. ചരിത്രത്തിൽ രേഖ ഉണ്ടോ എന്നതിനെ ആശ്രയിച്ചാണോ സിംഹാസനം സ്ഥാപിക്കപ്പെട്ടോ ഇല്ലയോ എന്നു നിശ്ചയിക്കുന്നത്? Q പിതാക്കന്മാരുടെ രേഖകളും അതിനനുരൂപമായിട്ടുള്ള രേഖകളും സഭയുടെ പൊതുവായ വിശ്വാസവും ആസ്പദമാക്കിയാണ് അക്കാര്യം നിശ്ചയിക്കുന്നത്. An. പൊതുവായ രേഖകൾ എന്നത് ചരിത്രരേഖകൾ ആണ്. സഭയുടെ പൊതുവായ വിശ്വാസം എന്നതിൽനിന്നു എന്താണ് ഉദ്ദേശിക്കുന്നത്? Q സഭയിൽ ആർക്കാണ് സിംഹാസനം ഉള്ളത് എന്ന് സഭ പറഞ്ഞിരിക്കുന്നതിനെയും അതിലെ ആരാധനാക്രമങ്ങളിൽ പറഞ്ഞിരിക്കുന്നതിനേയും ഞാൻ ഉദ്ദേശിക്കുന്നത്. An. ആർക്കൊക്കെ സിംഹാസനങ്ങൾ ഉണ്ടെന്ന് സഭയിൽ ആധികാരികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ? Q സഭയിൽ ആകെ ഒറ്റ സിംഹാസനം മാത്രം ഉള്ള സ്ഥിതിക്കും അതിനെ ആരും എതിർത്തിട്ടില്ലാത്ത സ്ഥിതിക്കും ആർക്കൊക്കെ

സിംഹാസനം ഉണ്ടെന്ന് സഭ ആധികാരികമായി പറയേണ്ട ഒരു കാര്യവുമില്ല. An. ഒരു സിംഹാസനമെ ഉള്ളൂ എന്നു പറയുന്നതിന്റെ അടിസ്ഥാനം എന്താണ്? Q ഒന്നാമത് ഇന്നലെ ഞാൻ ബോധിപ്പിച്ചതുപോലെ സുവിശേഷ വെളിച്ച ത്തിൽ പത്രോസിനെ മാത്രം ഭരണാധികാരിയാക്കിയിരിക്കയാൽ അദ്ദേഹ ത്തിന്റെ പിൻഗാമികൾക്കെ ആ അവകാശം ഉണ്ടായിരിക്കുവാൻ നിവൃത്തി യുള്ളൂ. രണ്ട്, ഇവിടെ ഹാജരാക്കിയിട്ടുള്ള *കഷ്ടാനുഭവാഴ്ചയിലെ നമസ്കാര* ത്തിൽ പത്രോസിന് സിംഹാസനം കൊടുത്തതായി മാത്രമെ പറഞ്ഞിട്ടുള്ളൂ. മൂന്ന്, ലോകത്തിലുള്ള ഒരു സഭയും പത്രോസിന്റേതല്ലാത്ത ഒരു സിംഹാസ നത്തിന്മേൽ ആരൂഢനായിരുന്നു കൊണ്ടുള്ള ഒരു രേഖയും ഞാൻ കണ്ടിട്ടില്ല. ഇതിന്റെ വെളിച്ചത്തിലാണ് മുമ്പ് ബോധിപ്പിച്ചത്. An. സുവിശേഷഭാഗങ്ങൾ എന്നു പറഞ്ഞത് ഞാൻ ചീഫിൽ പറഞ്ഞിട്ടുള്ള സുവിശേഷഭാഗങ്ങളെ ഉദ്ദേ ശിച്ചാണ് ആരാധനാക്രമം എന്നു പറഞ്ഞത് കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരത്തെയാണ്. അവിടെ മാത്രമെ സിംഹാസനത്തെപ്പറ്റി ആരാധന യിൽ പറഞ്ഞിട്ടുള്ളൂ. witness adds. ഈ കേസിലെ 1-ാം വാദി പത്രോസിന്റെ സിംഹാസനമാണ് അന്ത്യോഖ്യായിലേത് എന്നു സമ്മതിച്ച് എഴുതിയിട്ടുണ്ട്. Counsel continues ആകമാനസഭയ്ക്കും കൂടിയാണ് അന്ത്യോക്യായിൽ വാഴി ച്ചത് എന്നു പറയുന്നതിന്റെ അടിസ്ഥാനം എന്താണ് ? Q യഹൂദരിൽനിന്നു ക്രിസ്ത്യാനികളായവർക്കായി ഏവദ്യോസിനെയും ജാതികളിൽനിന്നും ക്രിസ്ത്യാനികളായവർക്കായി ഇഗ്നാത്തിയോസിനെയും വാഴിച്ചു എന്നു ഞാൻ പഠിച്ചിട്ടുള്ള സഭാപരമായ പുസ്തകങ്ങളിൽ ഉള്ളത് ഞാൻ വിശ്വസിക്കുന്ന സ്ഥിതിക്കും യഹൂദരിൽനിന്നും ജാതികളിൽനിന്നുമുണ്ടായ ക്രിസ്ത്യാനികളല്ലാതെ മറ്റാരുമില്ലാത്തതുകൊണ്ടുമാണ് ആകമാന സഭക്കുകൂടി വേണ്ടിയാണ് വാഴി ച്ചത് എന്നു ഞാൻ പറയുന്നത്. An. വാഴിച്ചു എന്നു പറയുന്ന കാലത്ത് അന്ത്യോ ക്യായിൽ ജാതികളിൽനിന്നും ഉള്ള ക്രിസ്ത്യാനികളും യഹൂദരിൽനിന്നുമുള്ള ക്രിസ്ത്യാനികളും ഉണ്ടായിരുന്നോ? Q അന്ത്യോക്യായിൽ മാത്രമല്ല, മറ്റു പല സ്ഥലങ്ങളിലും ഉണ്ടായിരുന്നു. An. യഹൂദരിൽ നിന്നുള്ള ക്രിസ്ത്യാനികൾക്ക് ഒരു എപ്പിസ്കോപ്പായും ജാതികളിൽനിന്നും ഉള്ള ക്രിസ്ത്യാനികൾക്ക് ഒരു എപ്പിസ്കോപ്പായും വാഴിക്കപ്പെട്ടു എന്നു ഞാൻ വായിച്ചിട്ടുണ്ട്. അത് വിശ്വ സിക്കുന്നുമുണ്ട്. ജാതികളിൽനിന്നു ക്രിസ്ത്യാനികളായവർക്കുവേണ്ടി ഒരു എപ്പിസ്കോപ്പൽ സിംഹാസനവും യഹൂദരിൽനിന്ന് ക്രിസ്ത്യാനികളായവർക്ക് വേറൊരു എപ്പിസ്കോപ്പൽ സിംഹാസനവും സ്ഥാപിച്ചു എന്നാണോ പറയു ന്നത് ? Q എപ്പിസ്കോപ്പൽ സിംഹാസനം എന്നൊന്നില്ല. ശ്ലൈഹിക സിംഹാ സനത്തെക്കുറിച്ചാണ് ഇതുവരെ ഇവിടെ ചോദിച്ചതും ഞാൻ ഉത്തരം ബോധി പ്പിച്ചതും വിശുദ്ധ പത്രോസിന് തന്റെ ശ്ലൈഹിക കൈവയ്പ് തുടർന്നു പോകുന്നതിന് എന്തെല്ലാം ചെയ്യണമെന്ന് പരിശുദ്ധ റൂഹായാൽ തോന്നിയി ട്ടുണ്ടോ അതനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചതിനാൽ പത്രോസിന്റെ ഒരൊറ്റ ശ്ലൈഹിക സിംഹാസനമെ ഉള്ളൂ. An. ഒരേ ശ്ലൈഹിക സിംഹാസനത്തിൽ തന്നെ രണ്ട് എപ്പിസ്കോപ്പന്മാർ ഒരേ സമയത്തുണ്ടായിരുന്നു എന്നാണ്

പറയുന്നത് ? Qഅക്കാലത്തെ പരിതഃസ്ഥിതിക്ക് അങ്ങനെ വേണമെന്ന് പത്രോസിന് തോന്നിയതനുസരിച്ച് അദ്ദേഹം അങ്ങനെ ഒരു ക്രമീകരണം ചെയ്തിരിക്കുന്ന സ്ഥിതിക്ക് അപ്രകാരം ആകുന്നു. An. രണ്ടാളുകൾക്കും തുല്യഅധികാരമായിരുന്നോ? Q ഏകശ്ലൈഹിക സിംഹാസനത്തിന്റെ സ്ഥാപകനായ പത്രോസ് അവർക്കു കൊടുത്ത അധികാരമെല്ലാമായിരിക്കും. An. രണ്ടുപേർക്കും തുല്യഅധികാരമായിരുന്നോ എന്നാണ് ചോദിച്ചത് ? Q അതിനുള്ള മറുപടിയാണ് ഞാൻ പറഞ്ഞത് An. പത്രോസ് രണ്ടുപേർക്കും കൊടുത്തു എന്നു പറയുന്ന അധികാരം തുല്യമായിരുന്നോ? Q ആ അധികാരം കൊടുത്തതിന്റെ രേഖ ഞാൻ കണ്ടിട്ടില്ലാത്തതിനാൽ മുമ്പു ബോധിപ്പിച്ചതിൽ കൂടുതലായി ഒന്നും എനിക്കു പറയാനില്ല. An. തുല്യമായിരുന്നോ ഇല്ലയോ എന്ന് സാക്ഷിക്കു അറിയാൻ പാടില്ലെന്നാണോ? Q The question is disallowed as it does not arise in the light of the previous answer. ആകമാന സഭക്കു കൂടിയാണ് വാഴിച്ചത് എന്നു പറഞ്ഞത് ഇവർ രണ്ടുപേരെ യഹൂദന്മാരിൽനിന്നുള്ള ക്രിസ്ത്യാനികൾക്കും പുറജാതികളിൽനിന്നുള്ള ക്രിസ്ത്യാനികൾക്കും ആയി വാഴിച്ചു എന്ന് വായിച്ചിട്ടുള്ളതിനാലാണ്. ആ വായിച്ച പുസ്തകം ഏതാണ്? Q അതിന്റെപേർ ഇപ്പോൾ ഓർക്കുന്നില്ല. An. സാക്ഷി പറഞ്ഞ inference ചരിത്രപുസ്തകത്തിൽനിന്നു വായിച്ചതാണോ? Q എന്റെ inference അല്ല, സഭാമേലദ്ധ്യക്ഷന്മാർക്കും ചരിത്രകാരന്മാരും എഴുതിയിട്ടുള്ളത് വായിച്ചതാണ് പറഞ്ഞത്. An. അങ്ങനെ ഒരു inference എടുക്കാമെന്ന് ആരെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോ? Q പിതാക്കന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്റെ inference അല്ല. രേഖപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളുടെ പേർ ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. ഇത് സഭയിലുള്ള ഏവർക്കും അറിയാവുന്ന ഒരു വസ്തുതയുമാണ്. An. അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പിതാവിന്റെ പേർ പറയാമോ? Q ഇപ്പോൾ ഓർക്കുന്നില്ല. An. അലക്സാന്ത്രിയായിലെ സിംഹാസനം സ്ഥാപിച്ചത് എന്നാണ്? അതിന്റെ തീയതി നിശ്ചയമില്ല. An. കുസ്തന്തിനോപ്പോലീസ് സിംഹാസനം സ്ഥാപിച്ചത് എന്നാണ്? കുസ്തന്തിനോപ്പോലീസ് സിംഹാസനം എന്ന പേരു വന്നത് എ.ഡി.381ൽ അവിടെ വച്ചുകൂടിയ ആകമാന സുന്നഹദോസിന്റെ മൂന്നാം നിശ്ചയപ്രകാരം ആണെന്ന് ഇന്നലെ ഞാൻ ബോധിപ്പിച്ചു. An. ആ സിംഹാസനം സ്ഥാപിച്ചത് ആരാണ്? Q ആ സിംഹാസനം ആരും സ്ഥാപിച്ചതല്ല, പ്രത്യുത റോമിലെ കുസ്തന്തിനോസ് ചക്രവർത്തിയുടെ ഒരു മകൻ ബുസന്തിയാ എന്ന പട്ടണം കുസ്തന്തിനോപ്പോലീസ് എന്ന പേരിൽ ആക്കുകയും അവിടെ വാഴ്ച തുടങ്ങുകയും ചെയ്തതിനുശേഷമാണ് അവിടെ പൊതുസുന്നഹദോസ് കൂടിയത്. അപ്പോൾ റോം ചക്രവർത്തിയുടെ ആസ്ഥാനമാകയാൽ അതിന് ഒന്നാം സ്ഥാനമുള്ളതിനാൽ കുസ്തന്തിനോപ്പോലീസും ഇപ്പോൾ ചക്രവർത്തിയുടെ ആസ്ഥാനമാകയാൽ അതിന് തദനുസരണമായ പദവി നൽകണമെന്നുള്ള ആ സുന്നഹദോസിന്റെ മൂന്നാം നിശ്ചയമനുസരിച്ചാണ് കുസ്തന്തിനോപ്പോലീസു സിംഹാസനം എന്നുള്ള പേരുണ്ടായത്. An. ആ സിംഹാസനത്തിനു എപ്പിസ്കോപ്പാ ഉണ്ടായിരുന്നോ? Q മുൻപറഞ്ഞ

രീതിയിലുള്ള സിംഹാസനമല്ലായിരുന്നു എങ്കിലും ആ സ്ഥലത്ത് എപ്പിസ്കോപ്പാ ഉണ്ടായിരുന്നതായിട്ടാണ് വായിച്ചിട്ടുള്ളത്. An. ആ സ്ഥാനത്തുള്ള എപ്പിസ്കോപ്പായെ എങ്ങിനെയാണ് അറിയപ്പെട്ടിരുന്നത്? Q അവിടെ മേൽ പറഞ്ഞ പദവി നൽകപ്പെട്ടതിനുശേഷം പാത്രിയർക്കീസ് എന്നാണ് പറഞ്ഞു വന്നിരുന്നത്. An. കുസ്തന്തിനോസ് സിംഹാസനത്തിന്റെ പാത്രിയർക്കീസ് എന്നാണ്. ആ സിംഹാസനത്തിലെ ആദ്യത്തെ പാത്രിയർക്കീസാരാണെന്നറിഞ്ഞുകൂടാ. ആ സിംഹാസനത്തിലേക്ക് ആദ്യം എപ്പിസ്കോപ്പായെ വാഴിച്ചത് ആരാണെന്നറിയാമൊ? Q അറിഞ്ഞുകൂടാ. An.witness adds റോം, അലക്സാന്ത്രിയാ, ആന്റിയോക് പോലുള്ള സിംഹാസനം അല്ല അത് എന്നറിയാം. Counsel continues വ്യത്യാസമെന്താണ്? Q രാഷ്ട്രീയമായ ചിന്താഗതി അനുസരിച്ചാണ് കുസ്തന്തിനോപ്പോലീസിൽ എന്നു നേരത്തെ പറഞ്ഞതാണ്. An. എവിദോസ് ഇഗ്നാത്തിയോസ് ഇവരിൽ ആദ്യം കാലം ചെയ്തതു ആരാണ് എന്നറിയാമോ?Q അതെനിക്കു നിശ്ചയമില്ല. An. ഇവർക്കുശേഷം അവിടെ എപ്പിസ്കോപ്പാ ആയത് ആരാണെന്നറിയാമോ? Q ആ ആളിന്റെ പേരു ഞാൻ ഓർക്കുന്നില്ലെങ്കിലും അന്നു മുതൽ ഇന്ന് മോർ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ വരെയുള്ളവരുടെ ലിസ്റ്റ് എന്റെ ഒരു സഹപ്രവർത്തകനും വാദികളുടെ സഭയിലെ ഒരു പ്രധാനപണ്ഡിതനുമായിരുന്ന റവ. ഫാദർ കെ. ഡേവിഡ് എഴുതിയിട്ടുള്ള *മലങ്കരസഭാ ചരിത്രത്തിൽ* ഉണ്ട്. An. ആദ്യത്തെ രണ്ടുപേർക്കുശേഷം ജാതികളിൽനിന്നുമുള്ളവർക്കും യഹൂദരിൽ നിന്നുമുള്ളവർക്കും പ്രത്യേകം പ്രത്യേകം എപ്പിസ്കോപ്പ ഇല്ലായിരുന്നു. എല്ലാവർക്കും കൂടി ഒരാളായിരുന്നു. പിന്നീട് ഉള്ള ആളെ വാഴിച്ചത് ആരാണ്? Q ആ ആളിന്റെ മുൻഗാമിയായിരിക്കണം An. അതാരാണ് എന്നറിയാമോ? Q അറിഞ്ഞുകൂടാ. An. രണ്ട് എപ്പിസ്കോപ്പാ ഉണ്ടായിരുന്നത് ഒന്നുമതി എന്നു സഭയുടെ തീരുമാനം വല്ലതും ഉണ്ടോ? Q പാരംഭകാലത്ത് പത്രോസ് അന്നത്തെ പരിതഃസ്ഥിതിയിൽ ചെയ്ത കാര്യത്തിന് പിന്നീട് എല്ലാവരും ഒരുമിച്ച് നടന്നുവന്നിരുന്നതിനാൽ സ്വാഭാവികമായിത്തന്നെ ഒരാൾ എന്നുള്ള നിലയിൽ വന്നിരിക്കുന്നതുമൂലം പ്രത്യേക തീരുമാനത്തിന്റെ ആവശ്യം ഇല്ലാത്തതും ഞാൻ അതിന്റെ രേഖകൾ കണ്ടിട്ടില്ലാത്തതുമാകുന്നു. An.Ex.A.71 പേജ് 122-123 നോക്കി കെസറിയായിലെ ആദ്യത്തെ എപ്പിസ്കോപ്പായെ പത്രോസ് വാഴിച്ചതായി പറയുന്നുണ്ട്. ഒരാളെ ബറൂദിലെ എപ്പിസ്കോപ്പാ ആയി വാഴിച്ചതായും പറയുന്നുണ്ട്. ത്രിപ്പോലീസിൽ മോദ്യസോ എപ്പിസ്കോപ്പായെയും 12 പട്ടക്കാരെയും ആക്കി എന്നും പറയുന്നുണ്ട്. ഇവിടെയൊക്കെ സിംഹാസനങ്ങൾ ഉണ്ടായിരുന്നോ? Q ഇല്ല. കാരണം 124-മത്തെ പേജിൽ അന്ത്യോക്യായിൽ വച്ച് അദ്ദേഹം എവോദിയോസിനെയും ഇഗ്നാത്തിയോസിനെയും പൗലോസ് ശ്ലീഹായുടെ സഹായത്തോടുകൂടി പട്ടം കൊടുത്തു വാഴിച്ചിരുന്നു. അതുകൊണ്ട് അവരെ അന്ത്യോക്യായിൽ തന്റെ പ്രതിനിധികളായി നിയമിച്ചു. മുൻപ് ഞാൻ പറഞ്ഞതിന്റെ തെളിവായിട്ട് അതിന്റെ ഫുട്നോട്ടിൽ യഹൂദന്മാരുടെയും പുറജാതികളുടെയും അഭാര്യവും പറയുന്നുണ്ട്. An. രേവറെയും

എപ്പിസ്കോപ്പന്മാരെ വാഴിച്ചു എന്നു പറഞ്ഞത് ശരിയാണ്. പത്രോസിന്റെ പ്രതിനിധി അന്ത്യോക്യായിൽ വാഴിക്കപ്പെട്ടവരാണ്. പത്രോസിന്റെ പ്രതിനിധി അന്ത്യോക്യയിൽ എന്നു പറഞ്ഞതിന്റെ ആധാരം എന്താണ്? Q ഇതിൽ കൂടുതൽ ആധാരം എന്തു വേണം. ഇതിൽ Ex.A 71ൽ പറഞ്ഞിട്ടുണ്ട്. വേറെയും ഞാൻ വായിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പേർ ഓർക്കുന്നില്ല. An. പൗലോസ് ശ്ലീഹാ തീമോത്തിയോസിനെ വാഴിച്ചത് എഫേസൂസിലെ എപ്പിസ്കോപ്പാ ആയിട്ടാണോ? Q അല്ലെന്നാണ് എന്റെ ഓർമ്മ. An.Ex.A71 ൽ 194-ാം പേജ് നോക്കി. എഫേസൂസിലെ എപ്പിസ്കോപ്പായായി വാഴിച്ചിട്ടുള്ളതായി ഇവിടെ പറഞ്ഞു കാണുന്നു. അതു ശരിയാണ്. വിശുദ്ധ യൂഹാനോൻ ശ്ലീഹാ എഫേസൂസിൽ സിംഹാസനം സ്ഥാപിച്ചിട്ടുണ്ടോ? Q മേൽപട്ടക്കാരെ വാഴിച്ചിട്ടുണ്ടായിരിക്കാം. An. സിംഹാസനം സ്ഥാപിച്ചിട്ടുണ്ടോ? Q ആ സിംഹാസനം സ്ഥാപിച്ചിട്ടുണ്ടോ എന്ന് എനിക്കോർമ്മയില്ല. An. ആ അർത്ഥത്തിൽ എന്നു പറഞ്ഞാൽ അതിനു പ്രത്യേക അർത്ഥം ഒന്നും ഇല്ല An.A.71-144 പേജു നോക്കി. എഫേസൂസിൽ തന്റെ സിംഹാസനം സ്ഥാപിക്കുകയും ചെയ്തു എന്നു പറഞ്ഞിട്ടുണ്ട്. അതു ശരിയാണോ? Q അദ്ദേഹത്തിന്റെ ഭരണ ആസ്ഥാനത്തെക്കുറിച്ചാണ് അങ്ങനെ പറയുന്നത്. An. ഇവിടെ പറയുന്നത് ആ അർത്ഥത്തിലാണ്. ഒരു മേൽപട്ടക്കാരന്റെ ഭരണ ആസ്ഥാനത്തിന് അദ്ദേഹത്തിന്റെ സിംഹാസനം എന്നു പറയാമോ? Q മേൽപട്ടക്കാരന്റെ സിംഹാസനം എന്നു പറയാം. അങ്ങനെയാണ് സാധാരണ പറയുന്നത് An. ശ്ലൈഹിക സിംഹാസനം എന്നു പറയുവാൻ സാദ്ധ്യമല്ല. ആ സ്ഥാനം എന്ന അർത്ഥത്തിൽ മാത്രമാണ് അങ്ങനെ പറയുന്നത്. ശ്ലൈഹിക സിംഹാസനമാണെങ്കിൽ എന്തുവേണം? Q ശ്ലൈഹിക സിംഹാസനമാക്കാൻ ഒരു വഴിയുമില്ല. സഭയിൽ അറിയപ്പെട്ടിട്ടുള്ള ശ്ലൈഹിക സിംഹാസനം ഒന്നു മാത്രമെ ഉള്ളൂ. An. ശ്ലൈഹിക പിന്തുടർച്ചയുണ്ടെങ്കിൽ ശ്ലൈഹിക സിംഹാസനമെന്നും പറയാമോ? Q പാടില്ല. അതുമാത്രം കൊണ്ട് ആകയില്ല. ഈ സഭയും പുരാതനമായ റോമാസഭയും മറ്റു പുരാതന സഭകളും ഈ ഒരൊറ്റ ശ്ലൈഹിക സിംഹാസനത്തെ മാത്രം പറയുന്നതിനാലും ഒരു സഭയിലെ ആരും പത്രോസിന്റേതല്ലാത്ത ശ്ലൈഹിക സിംഹാസനത്തിൽ ആരൂഢനാണെന്നു പറയാറില്ലാത്തും ആണ്. ഇത് ഞാൻ മുമ്പു ബോധിപ്പിച്ചതാണ്. Stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge

31-3-78

Witness sworn again and cross examination continued. ശ്ലൈഹിക സിംഹാസനവും അപ്പോസ്തലിക സിംഹാസനവും ഒന്നുതന്നെയാണ്. റോമിലും അലക്സാന്ത്രിയായിലും അപ്പോസ്തലന്മാരെ വാഴിച്ചാക്കിയത് പത്രോസിന്റെ പ്രതിനിധികളായിട്ടാണോ? Q അതെ. An. മൂന്നു സ്ഥലത്ത് വാഴിച്ചാക്കുകയായിരുന്നു. An. മൂന്നു സ്ഥലത്തു വാഴിച്ചാക്കിയ എപ്പിസ്കോപ്പന്മാർ തമ്മിലുള്ള അധികാരപരിധി നിർണ്ണയം ചെയ്തിരുന്നോ? Q അധികാരപരിധി പ്രത്യേകമായി നിർണ്ണയിച്ചിട്ടില്ലായിരുന്നു എങ്കിലും യൂറോപ്പിലേത് മുഴുവനും റോമിന്റെയും അന്നറിയപ്പെടുന്ന ആഫ്രിക്കയുടെ മുഴുവന്റെയും അലക്സാന്ത്രിയായുടെയും കിഴക്കോട്ടുള്ളതിന്റെ മുഴുവന്റെയും അന്ത്യോക്യായുടെയും ചുമതലയിൽ ആയിരുന്നു. An. മൂന്നു സ്ഥലത്തെ എപ്പിസ്കോപ്പന്മാരെയും വാഴിച്ച കാലം മുതൽക്ക് ഇങ്ങനെയാണോ അതോ അത് പിന്നീടുണ്ടായതാണോ? Q വാഴിച്ചകാലം മുതൽക്ക് അങ്ങനെ ആയിരിക്കണം. An. ഈ പറഞ്ഞതിന് എന്തെങ്കിലും ആധികാരികമായ അടിസ്ഥാനം ഉണ്ടോ? Q പൊതുവെ സഭാചരിത്രങ്ങളിൽ അങ്ങനെ ആയിരിക്കാമെന്നല്ലാതെ ഒരു പ്രത്യേക പുസ്തകത്തിന്റെ പേരെടുത്തു പറയുവാൻ ഓർക്കുന്നില്ല. An. അങ്ങനെ പറയുന്ന ഏതെങ്കിലും ചരിത്രകാരന്റെ പേരു പറയാമോ? Q പ്രത്യേക പേരുകൾ ഓർക്കുന്നില്ല. എന്നാൽ നിഖ്യാ സുന്നഹദോസിനു മുമ്പ് ക്രൈസ്തവലോകം മുഴുവനും ഈ മൂന്നു കേന്ദ്രങ്ങൾക്കു കീഴിലായിരുന്നു എന്ന് ഫോട്ടോസ്ക്യൂവിന്റെ *ലെസ്സർ ഈസ്റ്റേൺ ചർച്ചസിൽ* ഞാൻ വായിച്ചിട്ടുണ്ട്. An. നിഖ്യാ സുന്നഹദോസിനുമുമ്പു എന്നല്ലാതെ എന്നുമുതൽ എന്ന് അതിൽ എഴുതിയിട്ടില്ല. എനിക്ക് പറയുവാനും നിവൃത്തിയില്ല. ഇതു സംബന്ധിച്ചുള്ള നിഖ്യാ സുന്നഹദോസിന്റെ തീരുമാനത്തിന്റെ വിവരം എന്താണെന്നറിയാമോ? Q അത് ഇന്നലെ ഞാൻ ബോധിപ്പിച്ചു. അതുവരെയുണ്ടായിരുന്ന നടപടികൾക്ക് ഒരു ക്രമീകരണം നല്കി എന്നുള്ളതാണ് അതിന്റെ സാരാംശം. An. അന്ന് നിലവിലുണ്ടായിരുന്ന ക്രമീകരണങ്ങളൊ അതുവരെ ഉണ്ടായിരുന്ന ക്രമീകരണങ്ങളൊ ഏതാണ് നിഖ്യാ സുന്നഹദോസ് ക്രമീകരിച്ചത്? Q അതുവരെയും അന്ന് എന്നും പറഞ്ഞാൽ ഒന്നു തന്നെയാണ് എങ്കിലും അന്നു നിലവിലുണ്ടായിരുന്നതാണ് ക്രമീകരിച്ചത്. An. അലക്സാന്ത്രിയായിൽ എപ്പിസ്കോപ്പായെ ആദ്യം വാഴിച്ചാക്കിയത് ആരാണ്? Q പത്രോസ് വാഴിച്ച് ആക്കിയ മർക്കോസാണ്. An. അലക്സാന്ത്രിയായിലെ ആദ്യത്തെ എപ്പിസ്കോപ്പാ മാർക്കോസാണോ? Q അലക്സാന്ത്രിയായിലേക്ക് വിശുദ്ധ പത്രോസ് വാഴിച്ചയച്ച ആളാണ് വിശുദ്ധ മർക്കോസ്. An. അവിടുത്തെ ആദ്യത്തെ എപ്പിസ്കോപ്പാ മർക്കോസാണെന്നു പറഞ്ഞാൽ ശരിയാണോ? Q പത്രോസിന്റെ അലക്സാന്ത്രിയായിലെ ആദ്യത്തെ പ്രതിനിധി മർക്കോസാണ്. An. മർക്കോസ് എപ്പിസ്കോപ്പാ ആയിരുന്നോ? Q അന്ന് അവർക്ക് എപ്പിസ്കോപ്പാ എന്നു പേർ പറയുമായിരുന്നെങ്കിലും ഇന്നത്തെ രീതിയിലുള്ള എപ്പിസ്കോപ്പാ അല്ലായിരുന്നു. An. ഇന്നത്തെ രീതിയിലുള്ള എപ്പിസ്കോപ്പാ എന്നുവച്ചാൽ എന്താണ്?

Q ഇന്നത്തെ രീതിയിൽ ഏറ്റവും ഉയർന്ന വൈദിക മേലദ്ധ്യക്ഷൻ പാത്രിയർക്കീസും അദ്ദേഹത്തിന്റെ കീഴിൽ മഫ്രിയാന ഉണ്ടെങ്കിൽ അദ്ദേഹവും അതിനും താഴെ മെത്രാപ്പോലീത്തായും ഏറ്റവും താണത് എപ്പിസ്കോപ്പായും ആകുന്നു. An. അന്നത്തെ രീതിയോ? Q അന്നത്തെ രീതി എന്നു പറഞ്ഞാൽ പത്രോസ് വാഴിച്ച് പ്രതിനിധികളായി ആക്കിയവർക്ക് ഇന്നത്തെ രീതിയിൽ പാത്രിയർക്കീസ് എന്നുപറയാം. An. ആദ്യകാലത്ത് പാത്രിയർക്കുമാരൊ കാതോലിക്കമാരൊ മെത്രാപ്പോലീത്തമാരൊ ഉണ്ടായിരുന്നില്ലായിരുന്നോ? Q ആ പേരുകൾ കാലക്രമേണ ഉണ്ടായിട്ടുള്ളതാണ്. An. അങ്ങനെയുള്ള സ്ഥാനങ്ങൾ ഭരണപരമായി അടിസ്ഥാനങ്ങളിൽ ഉണ്ടായിട്ടുള്ളതാണോ? Q അന്ന് ഭരണത്തിനല്ലായിരുന്നു. സഭയുടെ ആത്മീയ വളർച്ചയ്ക്കായിരുന്നു പ്രഥമ സ്ഥാനം കൊടുത്തുകൊണ്ടിരുന്നത്. അതിനാൽ കൈവയ്പ് നിലനിർത്തുവാൻ വേണ്ട അവസരങ്ങളും ചുമതലകളും നിർണ്ണയിക്കുകയായിരുന്നു. An. അന്ന് എന്നു പറഞ്ഞത്? Qമേൽപ്പറഞ്ഞ സ്ഥാനങ്ങൾ ഉണ്ടായകാലത്ത് An. പാത്രിയർക്കാ, കാതോലിക്കാ, മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ എന്നീ സ്ഥാനങ്ങൾക്ക്, പട്ടത്വത്തിൽ (spiritual grace) വ്യത്യാസമുണ്ടോ? Q മേൽപട്ട പൗരോഹിത്യസ്ഥാനത്തിൽ വ്യത്യാസമില്ല. എന്നാൽ ബാർ എബ്രായ *മ്നാറസ് കുദ്ശെ* എന്ന അദ്ദേഹത്തിന്റെ കൃതിയിൽ സ്വർഗ്ഗീയ ക്രമങ്ങളോട് ലോകത്തിലുള്ള ഈ സ്ഥാനങ്ങളെ സാമ്യപ്പെടുത്തി എഴുതിയിട്ടുണ്ട്. അതനുസരിച്ച് പാത്രിയർക്കീസ് മെത്രാപ്പോലീത്ത അഥവാ മഫ്രിയാനാ എപ്പിസ്കോപ്പാ എന്നീ മൂന്നുപേരെ ഒരു ഗണത്തിലും കാശീശ, ശെമ്മാശൻ യൗഫദ്യക്നെ എന്നിവരെ മറ്റൊരു ഗണത്തിലും മ്സമ്റോനോ, മൌദ്യേനോ എന്നിവരെ മൂന്നാമതൊരു ഗണത്തിലും അങ്ങനെ ഒൻപത് സ്ഥാനങ്ങളെ സ്വർഗ്ഗീയ മാലാഖമാരുടെ ഒൻപതു വൃന്ദങ്ങളോട് സാമ്യപ്പെടുത്തിയാണ് എഴുതിയിരിക്കുന്നത്. ഒൻപതു മാലാഖമാരിൽ ഏറ്റവും പ്രധാനമായ സ്രോപ്പേയെക്കുറിച്ച് അവർ നേരിട്ട് ദൈവത്തിൽ നിന്നു നൽവരം പ്രാപിച്ച് മറ്റുള്ളവർക്കു വ്യാപിപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് പാത്രിയർക്കീസിനെയാണ് സ്രോപ്പോയെ സാമ്യപ്പെടുത്തിയിരിക്കുന്നതിൽനിന്നും പ്രത്യേകത പാത്രിയർക്കീസിനു ഉണ്ടെന്നു കാണാവുന്നതാണ്. An. ഈ പറഞ്ഞ പുസ്തകം പ്രിന്റു ചെയ്തു പബ്ലിഷ് ചെയ്തതാണോ? അല്ല, മിക്കവാറും എല്ലാമെന്നപോലെ അതും കയ്യെഴുത്തു പുസ്തകമാണ്. ഒരു വലിയ പുസ്തകമാണ്. An. സഭ അംഗീകരിച്ചിട്ടുള്ള പുസ്തകമാണ്. അച്ചടിച്ചിട്ടില്ല. കയ്യെഴുത്തു പ്രതിയാണ് ഞാൻ വായിച്ചിട്ടുള്ളത്. ഞാൻ വായിച്ച കയ്യെഴുത്തുപ്രതി ആരുടെ ഹാൻഡ് റൈറ്റിംഗ് എന്നറിഞ്ഞുകൂടാ എന്നാൽ ഈ മലങ്കരയിലുള്ള വിശ്വാസബന്ധവും ആരാധനാസംബന്ധവുമായ എല്ലാ പുസ്തകങ്ങളും ഓരോ കാലത്ത് അന്ത്യോക്യൻ പിതാക്കന്മാർ ഇവിടെ വന്നിട്ടുള്ളപ്പോൾ കൊണ്ടുവന്നിട്ടുള്ളവയും വളരെ കാര്യമായി സൂക്ഷിക്കപ്പെടുന്നവയുമാണ്. ഭരണപരമായ കാര്യങ്ങളിലാണോ പാത്രിയർക്കീസ് മഫ്രിയാന അല്ലെങ്കിൽ മെത്രാപ്പോലീത്ത, എപ്പിസ്കോപ്പാ ഇവർ തമ്മിൽ വ്യത്യാസം? ഭരണപരമായ കാര്യങ്ങളിൽ മാത്രമല്ല, കൂദാശകൾ

അനുഷ്ഠിക്കുന്ന കാര്യത്തിലും വ്യത്യാസങ്ങൾ ഉണ്ട്. എങ്ങനെ എന്നാൽ ഒരു എപ്പിസ്കോപ്പായ്ക്ക് പാത്രിയർക്കീസിനെ വാഴിക്കാൻ സാദ്ധ്യമല്ല. എന്നാൽ പാത്രിയർക്കീസിനു എപ്പിസ്കോപ്പായെ വാഴിക്കാം. ഒരു എപ്പിസ്കോപ്പായ്ക്ക് മൂറാൻ കൂദാശ ചെയ്യാൻ അവകാശം ഇല്ല. ഇങ്ങനെ പലതും കണ്ടേക്കാം. An. പലത് എന്നു പറഞ്ഞത് എന്താണെന്ന് ഓർക്കുന്നില്ല. കൈവയ്പ് നില നിർത്തുന്നതിനാണ് ഭരണപരമായിട്ടല്ല, പാത്രിയർക്കീസുമാർ, മഫ്രിയാനമാർ, മെത്രാപ്പോലീത്തമാർ ഇങ്ങനെ ഉണ്ടായത് എന്നു പറഞ്ഞതിനുള്ള അടി സ്ഥാനം എന്താണ്? സഭയിൽ ആത്മീയത്വത്തിന് പ്രാധാന്യമുള്ളതുകൊണ്ട് പ്രധാനപ്പെട്ട കാര്യം അതാണെന്നും അങ്ങനെ വരുമ്പോൾ ഭരണകാര്യത്തിലും പ്രത്യേകതകൾ വരാവുന്നതുമാണ് എന്നുള്ള തത്വത്തിന്റെ പേരിലാണ് ഞാൻ ബോധിപ്പിച്ചത്. An. ഇതിന് ആസ്പദമായി രേഖയുണ്ടോ? Q രേഖ ഇപ്പോൾ ഓർക്കുന്നില്ല. An. റോം, അലക്സാന്ത്രിയാ, അന്ത്യോക്യാ ഇവിടെയുള്ള എപ്പിസ്കോപ്പന്മാർക്ക് അവരവരുടെ പരിധിവിട്ട് മറ്റുള്ളവരുടെ പരിധിയിൽ പ്രവേശിച്ച് എന്തെങ്കിലും ചെയ്യാനധികാരം ഉണ്ടായിരുന്നോ? ഈ പറഞ്ഞ മൂന്നുപേരും ഒരാളിന്റെ പ്രതിനിധികൾ ആയിരുന്നതുകൊണ്ടും തങ്ങളുടെ സ്ഥാനവും നിലയും എന്താണെന്നറിയാവുന്നവരായിരുന്നതുകൊണ്ടും പത്രോസ് അവർക്ക് നിശ്ചയിച്ച പരിധിക്കുള്ളിലായിരുന്നു. ആത്മീയസേവ നവും തദനുസരണമായ ഭരണവും അവർ നടത്തിയിരുന്നത് An. പത്രോസ് നൽകിയ പരിധികൾ കാണിക്കാൻ ആധികാരികമായ രേഖകൾ ഉണ്ടോ? ഇല്ലെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. An. പാത്രിയർക്കീസുമാർ എന്ന പേര് ആദ്യം ഉണ്ടായത് എന്നാണ്? Q കൃത്യതീയതി അറിയാൻ പാടില്ലെങ്കിലും മൂന്നാം നൂറ്റാണ്ടിൽ ആ പേര് ഉപയോഗിക്കുമായിരുന്നു എന്നു അറിയാം. An. ആരാണ് ഇങ്ങനെ ഉപയോഗിച്ചിരുന്നത്? Q അന്നത്തെ അന്ത്യോക്യായിലെ മേൽപട്ടക്കാരൻ. An. ആരാണ് അതു എന്നു പേര് ഓർക്കുന്നില്ല. സന്ദർഭം അറിയാം. An. മറ്റു രണ്ട് സ്ഥാനങ്ങളിലെ എപ്പിസ്കോപ്പന്മാരെ പാത്രിയാർക്കി സന്മാരെന്നറിയപ്പെടുന്നുണ്ടോ? അവരുടെ കാര്യം എനിക്കു നിശ്ചയമില്ല. An. സന്ദർഭം എന്നു പറഞ്ഞതു എന്താണ്? യറുശലേമിലെ എപ്പിസ്കോപ്പന്മാരുടെ പേർക്ക് അന്ത്യോക്യയിലെ പാത്രിയർക്കീസ് ഒരു എഴുത്തയച്ചതിനെ കുറിച്ചും അതിൽ പാത്രിയർക്കീസ് എന്താണ് ഉപയോഗിച്ചിരിക്കുന്നതെന്നും ബാർ എബ്രായയുടെ *എക്ലിഷ്യാസ്റ്റിക്കി*യിൽ ഉണ്ട്. An. ആ എഴുത്ത് മൂന്നാം നൂറ്റാ ണ്ടിലെ ആണെന്നറിയാം. മൂന്നാം നൂറ്റാണ്ടിൽ പാത്രിയർക്കീസ് എന്നു പേരുണ്ടായി എന്ന് ഇതിനു ഞാൻ ഈ പറഞ്ഞതു മാത്രമെ ഓർക്കുന്നുള്ളു. റോ, അലക്സാന്ത്രിയാ ഇവിടങ്ങളിൽ പ്രതിനിധികളായിട്ട് വാഴിക്കുന്നതിനു എന്തെങ്കിലും കർമ്മങ്ങൾ ഉണ്ടോ? പ്രത്യേക കർമ്മങ്ങളൊ നടപടികളൊ ഉള്ളതായിട്ടറിഞ്ഞുകൂടാ. എന്നാൽ അക്കാലം മുതലുള്ള സഭാചരിത്രകാര ന്മാരായ വിശുദ്ധപിതാക്കന്മാർ അവരെ പ്രതിനിധികളായിട്ടാണ് വാഴിച്ചത് എന്നു പറഞ്ഞിട്ടുള്ളത് മാത്രമാണ് അതിന്റെ ആധാരം. An. ഏതെങ്കിലും അങ്ങനെ എഴുതിയിട്ടുള്ള സഭാപിതാവിന്റെ പേരൊ ചരിത്രത്തിന്റെ പേരൊ

പറയാമോ? ഇന്നലെ എന്നെ കാണിച്ച Ex.A.71 തന്നെ ഉണ്ട്. An. വേറെ ഒന്നും ഓർമ്മയില്ലേ? Q ഇപ്പോൾ ഓർക്കുന്നില്ല. An. മൂന്നു സ്ഥലത്തെയല്ല മറ്റു സ്ഥലങ്ങളിൽ പത്രോസ് വാഴിച്ചാക്കിയ എപ്പിസ്കോപ്പന്മാർക്ക് അതാത് സ്ഥലത്തെ സഭ ഭരിക്കുന്നതിനു അധികാരം കൊടുത്തിരുന്നോ? Q അവർ അതാതു കേന്ദ്രവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നടത്തുവാൻ (അവരവരുടെ ഇടവകയുടെ ഭരണം) വേണ്ട ക്രമീകരണം ചെയ്തിരുന്നു. An. അവരെ പ്രത്യേക സഭയ്ക്കല്ല വാഴിച്ചാക്കുന്നത്. പ്രത്യേക ഇടവകകൾക്കൊ അഥവാ പ്രാദേശിക സഭക്കൊ ആണ്. അങ്ങനെ മറ്റ് സ്ഥലത്ത് (മുൻപറഞ്ഞ മൂന്ന് സ്ഥലത്തെ ഒഴികെ) വാഴിച്ചാക്കിയ എപ്പിസ്കോപ്പന്മാർക്ക് അപ്പോസ്തലിക കൈവയ്പ് കൊടുത്ത് പിന്തുടർച്ച നിലനിർത്തുന്നതിന് അധികാരം ഉണ്ടായിരുന്നോ? Q കൈവയ്പു മൂലം അപ്പോസ്തലിക പിന്തുടർച്ച നിലനിറുത്തണമെങ്കിൽ അത് അപ്പോസ്തലനോ ആ സ്ഥാനത്തുള്ള അദ്ദേഹത്തിന്റെ പ്രതിനിധിക്കൊ മാത്രമെ സാദ്ധ്യമാകൂ. എപ്പിസ്കോപ്പന്മാർ അവർക്ക് പത്രോസ് വഴിയായി ലഭിച്ച അധികാരം മൂലം ആവശ്യത്തിനു പട്ടക്കാരെ വാഴിക്കുക മുതലായവ ചെയ്യുവാനെ നിവൃത്തിയുള്ളൂ. An. മൂന്ന് സ്ഥാനങ്ങളില്ലാതെ പത്രോസ് ശ്ലീഹാ വാഴിച്ചാക്കിയ എപ്പിസ്കോപ്പന്മാർക്ക് അവരുടെ പിൻഗാമികളെ വാഴിച്ചാക്കാൻ അധികാരം ഇല്ലായിരുന്നു എന്നാണോ പറയുന്നത്? Q അതെ, An. അക്കാലത്തെ സ്ഥിതിയും അതല്ലായിരുന്നു. എപ്പിസ്കോപ്പന്മാരെ ആവശ്യമുള്ളിടത്തേക്ക് പാത്രിയാർക്കീസുമാർ വാഴിച്ചതായിട്ടാണ് ഞാൻ വായിച്ചിട്ടുള്ളത്. എപ്പിസ്കോപ്പാ പിൻഗാമിയെ വാഴിച്ചതായി ഞാൻ വായിച്ചിട്ടില്ല. An. സഭയുടെ ആദ്യകാലത്ത് പത്രോസ് ശ്ലീഹാ കൈസറിയാ ബെറൂദ് ത്രിപ്പോലീസ് എന്നിവിടങ്ങളിൽ വാഴിച്ചതാക്കിയതായിൽ പറയുന്ന എപ്പിസ്കോപ്പന്മാരുടെ പിൻഗാമികളെ വാഴിച്ചാക്കിയത് ആരാണെന്നറിയാമോ? Q അവരാണ് വാഴിച്ചത് എന്ന് ഒരിടത്തും ഞാൻ വായിച്ചിട്ടില്ല. ആരാണ് വാഴിച്ചത് എന്ന് എവിടെയെങ്കിലും വായിച്ചിട്ടുണ്ടോ? Q അത് അതാത് സ്ഥലത്തുള്ളവരുടെ പ്രത്യേകാവശ്യമാകയാൽ അവരുടെ കൈവശം വല്ല രേഖയും കണ്ടേക്കാമെന്നല്ലാതെ എന്റെ ഓർമ്മയിൽ ഇപ്പോൾ വേറെ തോന്നുന്നില്ല. പൗലോസ് ശ്ലീഹായും മറ്റ് ശ്ലീഹന്മാരും വാഴിച്ചാക്കിയ എപ്പിസ്കോപ്പാമാർക്ക് അപ്പോസ്തലിക കൈവയ്പോടുകൂടി പിന്തുടർച്ച നിലനിർത്തത്തക്കവണ്ണം എപ്പിസ്കോപ്പന്മാരെ വാഴിച്ചാക്കുന്നതിന് അധികാരം കൊടുത്തിരുന്നോ? Q വാഴിച്ചാക്കാമെങ്കിലും പത്രോസിന് അതിന്റെ പരിപുർണ്ണചുമതലയും അധികാരവും ഉള്ള ഏകസഭയിൽ അപ്പോസ്തലിക കൈവയ്പുള്ളവരായി മുന്നോട്ടുപോകാൻ കഴിയും. An. അങ്ങനെയുള്ളവർക്ക് അതാത് സ്ഥലത്തുള്ള സഭാ ഭരണത്തിനധികാരം ഉണ്ടോ? Q മുൻപറഞ്ഞ മൂന്നുപ്രതിനിധികളിൽ ആരുടെയെങ്കിലും ഭരണ സീമയിലാണെങ്കിൽ പ്രസ്തുത കേന്ദ്രവുമായി ബന്ധം പാലിച്ചുകൊണ്ട് പ്രവർത്തിക്കാം. An. പൗലോസ് ശ്ലീഹായും മറ്റു ശ്ലീഹന്മാരും വാഴിച്ചാക്കിയ എപ്പിസ്കോപ്പാമാർക്ക് സഭ ഭരണത്തിന് അധികാരം കൊടുക്കുന്നതിന് ശ്ലീഹന്മാരെന്ന് അവരവരുടെ സ്വന്തനിലയിൽ അപ്പോസതലിക അധികാരം ഉണ്ടായിരുന്നോ? Q

വാഴിച്ചാക്കുമ്പോൾ അതിനൊരു ജൂറിസ്ഡിക്ഷൻ പറഞ്ഞുകൊണ്ടാണ് വാഴിക്കുന്നത്. ആ ജൂറിസ്ഡിക്ഷൻ മുൻപറഞ്ഞ മൂന്നു കേന്ദ്രങ്ങളിൽ ഏതിന്റെ എങ്കിലും അധികാരപരിധിയിലായിരിക്കും. ആ പരിതസ്ഥിതിയിൽ അങ്ങനെയുള്ള ഭരണത്തിന് അധികാരം കൊടുക്കുവാൻ സ്ഥാനം കൊടുക്കുന്ന ശ്ലീഹാക്ക് അധികാരം ഉണ്ട്. An. അധികാരം ശ്ലീഹാ എന്ന സ്വന്തനിലയിൽ ഉള്ള അധികാരം ആണോ? Q കർത്താവിൽനന്നു കിട്ടിയിട്ടുള്ളതും പത്രോസ് മായിട്ടുള്ള ബന്ധത്തിൽനിന്നു മാറാതിരിക്കുമ്പോഴുള്ള അധികാരമാണ്. An. സഭാഭരണം സംബന്ധിച്ച് മറ്റു ശ്ലീഹന്മാർക്കുണ്ടായിരുന്ന അധികാരം പത്രോസ് ശ്ലീഹാക്ക് കീഴായിട്ടുള്ളതായിരുന്നു എന്നാണോ പറയുന്നത്? Q മുൻ ഞാൻ ബോധിപ്പിച്ചിട്ടുള്ളതുപോലെ പത്രോസ് ശ്ലീഹന്മാരുടെ തലവനാകയാലും സഭാഭരണം മുഴുവനും അദ്ദേഹത്തെ മാത്രം ഏൽപ്പിച്ചിരിക്കുന്നതിനാലും മറ്റപ്പോസ്തലന്മാർ അദ്ദേഹത്തിന്റെ കീഴിൽ ഭരണം നടത്തി എന്നേ വിചാരിക്കാൻ ന്യായമുള്ളു. An. സഭാഭരണത്തിന്റെ അവകാശം പത്രോസിനു മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നാണോ പറയുന്നത്? Q സഭയുടെ ഭരണം പത്രോസിനു മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നാണ് സുവിശേഷങ്ങളിൽനിന്നു കാണുന്നത്. An. പൗലോസ് ശ്ലീഹായും മറ്റ് ശ്ലീഹന്മാരും എപ്പിസ്കോപ്പന്മാരെ വാഴിച്ചാക്കിയത് പത്രോസിന്റെ അധികാരത്തിനു വിധേയമായിട്ടായിരുന്നു എന്ന് ഏതെങ്കിലും ആധികാരികമായ രേഖകൾ കൊണ്ട് തെളിയുമോ? Q അനുവാദം ചോദിച്ചു കൊണ്ടായിരുന്നു എന്ന് ഇപ്പറഞ്ഞ തെളിവുകൾ ഒന്നും ഞാൻ കണ്ടിട്ടില്ലാത്തതുപോലെതന്നെ പത്രോസിനെ ധിക്കരിച്ചുകൊണ്ടാണ് എന്നുള്ളതിനും ഞാൻ തെളിവുകൾ കണ്ടിട്ടില്ല. An. മൂന്ന് സ്ഥാനങ്ങളിൽ അധികാരപ്പെട്ട കേന്ദ്രങ്ങൾക്കു വിധേയമായിട്ടാണ് മറ്റു ശ്ലീഹന്മാർ എപ്പിസ്കോപ്പന്മാരെ വാഴിച്ചാക്കിയത് എന്നുള്ളതിന് എന്തെങ്കിലും അധികാരമായ രേഖകൾ ഉണ്ടോ? Q ഞാൻ പല പ്രാവശ്യവും പറഞ്ഞു കഴിഞ്ഞതാണ്. An. ഉവ്വൊ, ഇല്ലയോ എന്നുത്തരം പറയാമോ? ഈ മൂന്നു കേന്ദ്രങ്ങൾക്കു വിധേയപ്പെട്ടാണു എന്ന് ഇതിനു ഞാൻ മുൻപറഞ്ഞ ചരിത്രരേഖകൾ ഉണ്ട്. ശേഷം ഇപ്പോൾ ഓർക്കുന്നില്ല. An. പത്രോസ് ശ്ലീഹാ തന്നെ അദ്ദേഹത്തിന്റെ പ്രതിനിധികളാക്കിയും അല്ലാതെയും എപ്പിസ്കോപ്പന്മാരെ വാഴിച്ചാക്കി എന്നു പറഞ്ഞതിനുള്ള അടിസ്ഥാനം എന്താണ്? Q സഭയിലെ പിതാക്കന്മാരുടെ പൊതുവെ പ്രത്യേകിച്ച് Ex.A 71 ൽ അന്ത്യോക്യായിലെ പ്രതിനിധികളുടെ കാര്യവും പറയുന്നത് മാത്രമാണ് ഞാൻ ഇപ്പോൾ ഓർക്കുന്നത്. An. പൊതുവെയും എന്നു പറഞ്ഞത് വ്യക്തമാക്കാമോ? Q വ്യക്തമാക്കാമായിരുന്നെങ്കിൽ ഇന്നലെത്തന്നെ പറയാമായിരുന്നു. An. റോമിൽ എപ്പിസ്കോപ്പൽ സിംഹാസനം സ്ഥാപിച്ചിട്ടുണ്ടോ? റോമിൽ പത്രോസ് എപ്പിസ്കോപ്പൽ സിംഹാസനമല്ല ശ്ലൈഹിക സിംഹാസനം സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതാണ് പൊതുവെയുള്ള വിശ്വാസം. An. എപ്പിസ്കോപ്പൽ സിംഹാസനം സ്ഥാപിച്ചിട്ടുണ്ടോ? Q എപ്പിസ്കോപ്പൽ സിംഹാസനം എന്നൊന്നില്ല. എപ്പിസ്കോപ്പാ ഇരിക്കുന്ന ആ സ്ഥാനത്തിന് സിംഹാസനം എന്ന് വല്ലടത്തും കാണുകയാണെങ്കിൽ അത് എപ്പിസ്കോപ്പാ ഇരിക്കുന്ന

ആ സ്ഥാനം എന്നെ ഉള്ളു. An. റോമിൽ പോയ ആദ്യത്തെ ശ്ലീഹാ പൗലോസ് ശ്ലീഹായായാണോ? Q എനിക്കതിന്റെ ചരിത്രം നല്ല നിശ്ചയമില്ല. An.Ex.A71 ൽ 20-ാം അദ്ധ്യായത്തിൽ പൗലോസ് ശ്ലീഹായെപ്പറ്റി പറയുന്നുണ്ട്. പേജ് 193ൽ ഇദ്ദേഹമത്രെ റോമിൽ പ്രവേശിച്ച ആദ്യ ശ്ലീഹാ; ഈ ആണ്ടിൽ തന്നെ റോമായിലെ എപ്പിസ്കോപ്പൽ സിംഹാസനം സ്ഥാപിച്ചു എന്നു പറഞ്ഞിട്ടുണ്ട്. ആ വിവരം ശരിയാണോ? Q അദ്ദേഹം പറഞ്ഞിരിക്കുന്നതുകൊണ്ട് പൗലോസാണ് ആദ്യം റോമിൽ പ്രവേശിച്ചത് എന്നും എപ്പിസ്കോപ്പായെ വാഴിച്ചു എന്നും പറയുന്നത് ശരിയാകാമെങ്കിലും പത്രോസിനെയും അദ്ദേഹത്തിൽനിന്നുള്ള പിന്തുടർച്ചയെയും ആണ് റോമാസഭ ആദ്യകാലം മുതൽ സ്പഷ്ടമായി പറഞ്ഞുവന്നിരുന്നത്. An. എപ്പിസ്കോപ്പൽ സിംഹാസനം സ്ഥാപിച്ചു എന്നു പറയുന്നല്ലോ? Q ആ വാക്കിന്റെ ഇന്ന് നമ്മൾ ഉദ്ദേശിക്കുന്ന അർത്ഥം വച്ചുകൊണ്ട് അല്ല, അദ്ദേഹം എഴുതിയിരിക്കുന്നത് എന്ന് അദ്ദേഹത്തിന്റെ സഭാചരിത്രപാണ്ഡിത്യം കണക്കിലെടുക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ്. An. എപ്പിസ്കോപ്പായെ വാഴിച്ചു എന്നുള്ള അർത്ഥത്തിലാണ് അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുള്ളത്. എപ്പിസ്കോപ്പായെ വാഴിച്ചാൽ എപ്പിസ്കോപ്പൽ സിംഹാസനം എന്നു പറയാമോ? Q അങ്ങനെ പറയാൻ പാടില്ല. അതിന്റെ അർത്ഥം ഞാൻ പറഞ്ഞുകഴിഞ്ഞു. An. അലക്സാന്ത്രിയായിൽ ശ്ലൈഹിക സിംഹാസനത്തിന്റെ സ്ഥാപകനായി വിശുദ്ധ മർക്കോസിനെ ഗണിച്ചുവരുന്നുണ്ടോ? പരിശുദ്ധ പത്രോസിനാൽ അലക്സാന്ത്രിയാക്കായി വാഴിക്കപ്പെട്ട തന്റെ ശിഷ്യനും പ്രതിനിധിയുമായ മർക്കോസിന്റെ സിംഹാസനം എന്ന് അത് പറയപ്പെടുന്നുണ്ട്. അത് പത്രോസിന്റെ പ്രതിനിധിയാകയാൽ മാത്രമാണ്. An. അലക്സാന്ത്രിയായിലെ ശ്ലൈഹിക സിംഹാസനത്തിന്റെ സ്ഥാപകൻ മർക്കോസാണോ? Q അതാണു പറഞ്ഞത് പത്രോസിനാൽ വാഴിച്ചാക്കപ്പെട്ട മർക്കോസാണ് An.Ex.A71 ൽ പേജ് 210 ൽ അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. അതിൽ പറയുന്നത് ശരിയാണോ? Q അതു തന്നെയാണ് മൂന്നുനാലു പ്രാവശ്യമായി ഞാൻ പറഞ്ഞത്. അതു ശരിയാണ്. An.Ex.A.151 handed over. ഇത് ആര് പബ്ലിഷ് ചെയ്തിട്ടുള്ളതാണ്?Q അഫ്രേം അബുദി റമ്പാൻ. Representative in India to the Syrian Patriarch of Antioch and All the East. An. അലക്സാന്ത്രിയാസഭ മർക്കോസ് ഏവൻഗേലിസ്താ സ്ഥാപിച്ചതാണോ? Q അലക്സാന്ത്രിയായിൽ മർക്കോസ് സുവിശേഷിച്ചു എന്നാണ് എന്റെ അറിവ്. An. സഭ മർക്കോസ് ഏവൻഗേലിസ്ത സ്ഥാപിച്ചതാണോ? Q പത്രോസിനാൽ നിയമിതനായ അദ്ദേഹം തന്റെ പ്രതിനിധിയെ അവിടെ വാഴിച്ചാക്കമൂലം മർക്കോസിന്റെ പരിശ്രമത്താൽ ഉടലെടുത്ത സഭ എന്നു പറയാം. An. സഭ സ്ഥാപിക്കണമെങ്കിൽ എന്തു ചെയ്യണം? സഭ നേരത്തെ കർത്താവ് സ്ഥാപിച്ചു കഴിഞ്ഞു. An. പ്രാദേശികസഭ ഉണ്ടായിരിക്കണമെങ്കിൽ ഒരു എപ്പിസ്കോപ്പാ ഉണ്ടായിരിക്കണമെന്നു ഞാൻ പറഞ്ഞിട്ടുള്ളതാണ്. എപ്പിസ്കോപ്പായെ വാഴിച്ചാക്കുമ്പോൾ ആ പ്രാദേശിക സഭ സ്ഥാപിച്ചു എന്നു പറയാമോ? Q അപ്പോൾ ആകമാന സഭയിൽ ആ പ്രാദേശികസഭ രൂപം കൊണ്ടു എന്നു

പറയാം. An. സ്ഥാപിക്കപ്പെട്ടു എന്നു പറയാം. Ex.B151 അലക്സാണ്ട്രിയായിൽ വച്ച് ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവ യാക്കൂബ് തൃതീയൻ ചെയ്ത പ്രസംഗം 55 തൊട്ടു 58 വരെ പേജുകളിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആ പ്രസംഗം ഞാൻ വായിച്ചിരിക്കാം. Ex.B151 issue ൽ ചേർത്തിരിക്കുന്ന ചില ഭാഗങ്ങൾ ഞാൻ ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്കു വിവർത്തനം ചെയ്തുകൊടുത്തിട്ടുണ്ട്. അലക്സാണ്ട്രിയായിലെ പാത്രിയർക്കീസിന്റെ സിംഹാസനം മാർക്കോസിനടുത്ത സിംഹാസനം ആണോ? Q മാർക്കോസിനടുത്ത എന്നു പറയുന്നതുതന്നെയാണ് മാർക്കോസിന്റെ എന്നു പറയുന്നത്. ശ്ലീഹാക്കടുത്ത എന്നു പറയുന്നതുപോലെ തന്നെ An.The counsel requests that for easy reference the particular speech at pages 55 to 58 of Ex.B.151 may be given a seperate marking. It is marked as Ex.B.151 (b) 56-ാം പേജിൽ അലക്സാണ്ട്രിയായിലെ മഹാത്മാക്കളായ പാത്രിയർക്കീസ് മാർ മർക്കോസിനടുത്ത സിംഹാസനത്തെ അലങ്കരിച്ചിരുന്നു എന്നു പറയുന്നുണ്ട്. അത് ശരിയാണെന്നു നേരത്തെ പറഞ്ഞിട്ടുണ്ട്. മർക്കോസിന്റെ സിംഹാസനമാണെന്നും അതിനു പിന്തുടർച്ചയുണ്ടെന്നും ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഈ വിശുദ്ധ സിംഹാസനമാണ് പ്രഥമമായി അതിന്റെ പാത്രിയർക്കീസിനു പാപ്പ എന്ന പേർ സമ്പാദിച്ചത് എന്നു പറഞ്ഞിട്ടുണ്ട്. അതും ശരിയാണ്. witness adds ഇന്നത്തെ മാർപ്പാപ്പാ എന്നുള്ള അർത്ഥത്തിലല്ല. പിതാവ് എന്നുള്ള അർത്ഥത്തിൽ മാത്രമാണ് അലക്സാണ്ട്രിയായിലെ പാത്രിയർക്കീസിനെ സാധാരണയായി പോപ്പ് എന്നു പറയപ്പെട്ടിരുന്നതായി എനിക്കു നിശ്ചയം ഇല്ല. അലക്സാണ്ട്രിയായിലെ പാത്രിയർക്കീസിന്റെ സിംഹാസനം എന്നു പറയാമോ? Q അങ്ങനെ പറയാൻ നിവൃത്തിയില്ല. An. ഏവൻഗേലിസ്തായുടെ ആസ്ഥാനം എന്ന നിലയിൽ വേണമെങ്കിൽ അങ്ങനെ ഉപയോഗിക്കാം. ഏവൻഗേലിയസ്തക്കു സിംഹാസനം ഇല്ല? Q പത്രോസ് ഒഴികെ മറ്റാർക്കും സിംഹാസനം ഇല്ലാത്ത സ്ഥിതിക്ക് ഏവൻഗേലിയസ്തൻ സിംഹാസനം എന്ന് പറയാൻ നിവൃത്തിയില്ല. An. അന്ത്യോക്യായുടെയും അലക്സാണ്ട്രിയായുടെയും രണ്ട് പാത്രിയർക്കീസന്മാരും ശ്ലൈഹികവും ഏവൻഗേലിയസ്താക്കടുത്തതുമായ സിംഹാസനങ്ങളിൽ ഇരിക്കുന്നു എന്നു പറഞ്ഞാൽ ശരിയാണോ? Q പത്രോസിനാൽ സ്ഥാപിതമെന്നുള്ളതിനാൽ ശ്ലൈഹികമെന്നും പത്രോസിനാൽ പ്രതിനിധിയായി അയക്കപ്പെട്ട മർക്കോസ് ഏവൻഗേലിയസ്തൻ ആയിരുന്നതിനാൽ ഏവൻഗേലിയസ്തം എന്നും അവയെക്കുറച്ച് പറയാവുന്നതാണ് An. അവയെക്കുറിച്ച് എന്നു പറഞ്ഞത് പത്രോസിനാൽ സ്ഥാപിതമായ അന്ത്യോക്യാ ശ്ലൈഹിക സിംഹാസനവും മർക്കോസിനാൽ സ്ഥാപിതമായ അലക്സാണ്ട്രിയൻ സിംഹാസനവും ആണ് An Ex. D 151 Page 57-ൽ 2-ാം പാരായിൽ അന്ത്യോക്യായുടെയും അലക്സാണ്ട്രിയായുടെയും രണ്ട് പാത്രിയർക്കീസന്മാർ എന്നു തുടങ്ങി..... ഇതരന്റെ നാമം കൂടെ അനുസ്മരിക്കുകയും ചെയ്യുവാൻ അവർക്ക് കഴിഞ്ഞു എന്നുവരെയുള്ള ഭാഗം വായിച്ചു. അതിൽ പറയുന്ന വിവരം ശരിയാണോ? Q അതിൽ പറയുന്ന വിവരം മുഴുവൻ ഇപ്പോൾ നടപ്പി

ലില്ല. ആദ്യകാലത്തെ അനുസരിച്ച് അവിടെ പറഞ്ഞിരിക്കുന്ന വിവരം ശരിയാണ് An ഇപ്പോൾ നടപ്പിലല്ലാത്തതു എന്താണ്? Q മുൻകാലത്ത് നടന്ന സംഭവമായിട്ടാണ് ഇവിടെ എഴുതിയിരിക്കുന്നത്. വിശ്വാസത്തിൽ സുന്നഹദോസുകളുടെ വിവേകപൂർവ്വമുള്ള ലേഖനങ്ങളെ 451 നു ശേഷം കൈമാറിയിട്ടില്ല. അതുപോലെ ഓരോരുത്തരുടെയും സിംഹാസനാധികാരം പരിധിയിൽ ഇതരന്റെ നാമം കൂടെ ഒരു കാലത്തു അനുസ്മരിച്ചുകൊണ്ടിരുന്നത്. മുൻ പറഞ്ഞ ആ കാലയളവോടുകൂടി അതും അവസാനിച്ചതായിട്ടുവേണം കണക്കാക്കുവാൻ കാരണം ഇവിടെയുള്ള യാതൊരു പുരാതന ഗ്രന്ഥത്തിലും അലക്സാന്ത്രിയായിലെ അതാത് കാലത്തെ പാത്രിയർക്കീസിന്റെ പേർ സ്മരിക്കണമെന്നു കണ്ടിട്ടില്ല. അഞ്ചാം തുബ്ദേനിൽ മറ്റുപലരുടെയും പേരുകളുടെ കൂടെ മോർ അത്തനാസ്യോസ്, മോർ കൂറിലോസ് എന്നീ അലക്സാന്ത്രിയൻ പിതാക്കന്മാരുടെ പേരുകൾ ഓർക്കുന്നതേ ഉള്ളു. അതിൽമുമ്പ് റോമിലെ പാത്രിയർക്കീസായിരുന്ന ക്ലീമിസിന്റെ പേരും മറ്റും പലരുടെയും കൂടെ ഓർക്കുന്നുണ്ട് Ans. അതിൽ പറഞ്ഞിരിക്കുന്ന വിവരം അക്കാലത്ത് നടന്നു എന്നുള്ളത് ശരിയാണ്. ഇക്കാലത്ത് നടപ്പില്ല എന്നേ പറഞ്ഞുള്ളു Ex. B 151 (l) പ്രസംഗം 25-7 1968 ൽ ആണ് ചെയ്തതായി കാണുന്നത്. സുവിശേഷകനടുത്ത സിംഹാസനം എന്നൊന്നുണ്ടോ? Q ഏവഗേലസ്തക്കടുത്ത സിംഹാസനം എന്നേ അതിനുള്ളു. ഒന്ന് മലയാളം മറ്റേത് സുറിയാനി. അത്രയേയുള്ളൂ. An 57-ാം പേജിൽ കാലചക്രഭ്രമണത്തിൽ അന്ത്യോക്യാസിംഹാസനത്തിൽ മിസ്രേമിൽനിന്നുള്ള പാത്രിയർക്കീസുമാരും മർക്കോസ് സുവിശേഷകന്റെ സിംഹാസനത്തിൽ സുറിയാനിക്കാരായ പാത്രിയർക്കീസുമാരും ഉണ്ടായിരുന്നതായി നാം കാണുന്നു എന്നു പറയുന്നുണ്ട്. മിസ്രേം എന്നു പറയുന്നത് ഈജിപ്താണ്. ഈജപ്തിലാണ് അലക്സാന്ത്രിയാ മുൻ 57-ാം പേജിൽ കാലചക്രഭ്രമണത്തിൽ.... etc എന്നു പറഞ്ഞിരിക്കുന്ന വിവരം ശരിയാണോ? Q അതു ചരിത്രത്തിൽ ഉണ്ടായിരിക്കാം. എന്നാൽ അവിടെ ധ്വനിക്കുന്നതുപോലെ ഓരോ സ്ഥലത്തെ പാത്രിയർക്കീസന്മാർ മറ്റേ സ്ഥലത്തും ഭരിച്ചു എന്നുള്ള അർത്ഥമല്ല സുറിയാനിക്കാർ മെസ്രേമിലും മെസ്രേംകാർ സുറിയായിലും വല്ലപ്പോഴും വാഴിക്കപ്പെട്ടു കാണും എന്നുള്ളതാണ് Ans. 57-ാം പേജിൽ അലക്സാന്ത്രിയാ സിംഹാസനത്തെപ്പറ്റി മോർ സേവേറിയോസ് എന്ന അന്ത്യോക്യാ പാത്രിയർക്കീസിന്റെ ഒരു ലേഖനത്തിന്റെ ഭാഗം ഉദ്ധരിച്ചിട്ടുണ്ട്. അതിൽ സത്യോപദേശത്തിന്റെ ബഹുമതി സുവിശേഷകനടുത്ത സിംഹാസനത്തിനു സ്വർഗ്ഗത്തിൽ നിന്നാണ് ലഭിച്ചത് എന്ന് പറയുന്നുണ്ട്. സുവിശേഷകനടുത്ത സിംഹാസനം എന്നു പറയുന്നത് പത്രോസിനാൽ വാഴിക്കപ്പെട്ട സുവിശേഷകൻ എന്നല്ലാതെ സുവിശേഷകനു പ്രത്യേക സിംഹാസനം ഇല്ല. ആ സ്ഥിതിയ്ക്ക് സുവിശേഷകന്റെ സിംഹാസനം എന്നെവിടെ എല്ലാം പറയുന്നുവോ അവിടെ എല്ലാം പത്രോസിനാൽ വാഴിച്ചാക്കപ്പെട്ട സുവിശേഷകൻ എന്നു Implied ആണ്. അലക്സാണ്ട്രിയൻ സിംഹാസനത്തെപ്പറ്റിയാണോ സുവിശേഷകനടുത്ത സിംഹാസനമെന്നു പറഞ്ഞിരിക്കു

ന്നത്? Q അലക്സാന്ത്രിയായിലേതിനെയാണ്. അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സിറിയയിലെ സഭയും അലക്സാന്ത്രിയാ പാത്രിയർക്കീസിന്റെ കീഴിലുള്ള അലക്സാന്ത്രിയൻ സഭയും സഹോദരീസഭകളാണോ? അന്ത്യോക്യൻ പാത്രിയർക്കീസിനു കീഴിലുള്ള സിറിയൻ സഭയും അലക്സാന്ത്രിയൻ പാത്രിയർക്കീസിനു കീഴിലുള്ള അലക്സാന്ത്രിയൻ സഭയും യേശുക്രിസ്തുവിന്റെ ആളത്തസ്വഭാവം സംബന്ധിച്ചുള്ള വിശ്വാസത്തിൽ ഒരുപോലെ ഉള്ളവരാകയാൽ സഹോദരി സഭകളെന്ന് പറയാം. An.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open Court read over to the witness and admitted by him to be correct.

Sd/-

Judge

3/4/78

4/4/78. witness sworn again and cross examination continued.

അലക്സാന്ത്രിയൻ സഭയ്ക്ക് കോപ്ടിക് സഭ ഈഗുപ്തായ സഭ എന്നൊക്കെപ്പറയും. അബിസീനിയൻ സഭ എന്നും എത്തിയോപ്യൻ സഭ എന്നും പറയുന്നത് ഒന്നു തന്നെയാണ്. സുറിയാനിസഭയും കോപ്ടിക്സഭയും അബ്സീനിയൻ സഭയും അർമീനിയൻ സഭയും വിശ്വാസ ഐക്യമുള്ള സഭകളാണോ? Q ഇന്നലെ ഞാൻ ബോധിപ്പിച്ചതുപോലെ കർത്താവിന്റെ ആളത്തം, സ്വഭാവം ഇക്കാര്യങ്ങളിൽ വിശ്വാസ ഐക്യം ഉള്ള സഭകളാണ്. An വിശ്വാസ വിഷയത്തിൽ ആ ഒറ്റക്കാര്യത്തിൽ മാത്രമെ ഐക്യമുള്ളു. ബാക്കി എല്ലാ സംഗതികളും വ്യത്യസ്തമാണോ? Q ആചാരം സംബന്ധിച്ച് കാനോനുകൾ സംബന്ധിച്ച് മറ്റു നിയമങ്ങൾ സംബന്ധിച്ച്. അവർക്ക് പ്രത്യേകതകൾ ഉണ്ട്. വിശ്വാസം സംബന്ധിച്ച് the church is of the same faith ? Q 451 ലെ കൽക്കീദോൻ സുന്നഹദോസിൽ ക്രിസ്തുവിന്റെ ഇരുസ്വഭാവത്തെക്കുറിച്ച് റോമൻ സഭയും അവരോടു ചേർന്നു നിന്ന കോൺസ്റ്റാന്റിനോപ്പിളിലെ സഭയും ഒരു നിലപാട് എടുക്കുകയും ഏകസ്വഭാവ വിശ്വാസം അന്ത്യോക്യായും അലക്സാന്ത്രിയായും അലക്സാന്ത്രിയായ്ക്ക് കീഴ്പ്പെട്ടിരുന്ന എത്യോപ്യയും സ്വീകരിക്കുകയും ചെയ്തുകൊണ്ടാണ്. രണ്ടാമത് പറഞ്ഞവർ വിശ്വാസത്തിൽ ഐക്യമുള്ളവർ എന്ന് പറഞ്ഞത് An. വിശ്വാസ സംബന്ധമായി എല്ലാ കാര്യങ്ങളിലും ഐക്യമുണ്ടോ? Q അത് എനിക്കറിഞ്ഞുകൂടാ An. അർമീനിയൻ സഭ ആരംഭകാലങ്ങളിൽ അന്ത്യോക്യായുമായി ബന്ധപ്പെട്ടതായിരുന്നതു

കൊണ്ട് അർമീനിയൻ സഭയും വിശ്വാസ കാര്യത്തിൽ മുൻപറഞ്ഞവരോടുകൂടെയാണ്. എല്ലാ വിശ്വാസ കാര്യങ്ങളിലും അർമീനിയൻ സഭയ്ക്ക് ഐക്യമുണ്ടോ? Q മുൻ പറഞ്ഞതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ An. എത്യോപ്യൻ സഭ സുറിയാനിസഭ, അലക്സാണ്ട്രിയൻ സഭ, അർമീനിയൻസഭ, മലങ്കരസഭ ഈ സഭകൾ തമ്മിൽ വിശ്വാസത്തിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? Q മലങ്കരസഭയ്ക്ക് സുറിയാനി സഭയുടെ വിശ്വാസമായിരുന്നതിനാൽ അതിനെ പ്രത്യേകസഭയായി പറയേണ്ട ആവശ്യമോ സുറിയാനിസഭയുടെ വിശ്വാസത്തിന് വ്യത്യസ്തമായ ഒരു വിശ്വാസം അതിന് ഇല്ലാത്തതിനാൽ മുൻപറഞ്ഞ നാലിനെക്കുറിച്ച് പറഞ്ഞുട്ടുള്ളതു തന്നെയാണ് ഇതിന്റെയും ഉത്തരം An. വിശ്വാസത്തിൽ വ്യത്യാസമുണ്ടോ Q. ആദ്യം ബോധിപ്പിച്ചതുതന്നെ ഉത്തരം An. മുൻപറഞ്ഞ മലങ്കരസഭ ഉൾപ്പെടെയുള്ള എല്ലാ സഭകളും യാക്കോബായ വിശ്വാസം ഉള്ള സഭകളാണോ Q. മുൻപറഞ്ഞ ഏക സ്വഭാവ വിശ്വാസത്തെ നിലനിറുത്തുകയാണ് യാക്കോബ് ബുർദാന ചെയ്തത്. ആ രീതിയിൽ ഈ പറഞ്ഞ എല്ലാവരും യാക്കോബായ വിശ്വാസത്തിൽ പ്രത്യേകതലവന്മാരോടും പ്രത്യേക ആചാരാനുഷ്ഠാനങ്ങളോടും പ്രത്യേക കാനോനുകളോടും കൂടി നിലനിൽക്കുകയും അവരുടെ കാര്യങ്ങൾ അവരവർ തന്നെ ആലോചിച്ച് തീരുമാനങ്ങൾ എടുക്കുകയും ആണ് ചെയ്യുന്നത്. എന്നാൽ മുൻപറഞ്ഞ മലങ്കരസഭ അന്ത്യോക്യായിൽ കീഴ്പ്പെട്ട് അന്ത്യോക്യായുടെ മേലധികാരം സമ്മതിച്ച് എല്ലാ കാര്യങ്ങളും ആ മേലധികാരത്തിന്റെ തീർപ്പനുസരിച്ചു ചെയ്യുന്ന സഭയാകയാൽ മറ്റുള്ളവയുടെ കൂട്ടത്തിൽ മലങ്കരയെ ഉൾപ്പെടുത്തേണ്ട കാര്യം ഇല്ല An. മലങ്കര ഒഴികെ മറ്റുസഭകൾ സാക്ഷിയുടെ അഭിപ്രായത്തിൽ സഭയുടെ Autocephalous divisions ആണോ? ഞാൻ നിൽക്കുന്ന സഭയിൽ Autocephalous ഇല്ല. അങ്ങനെ ഉണ്ടാകുവാനും നിവൃത്തിയില്ല. വിശ്വാസത്തിൽ ഐക്യമുള്ള മറ്റു സഭകൾ അവരവരുടെ കാര്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുന്ന വിവിധ സഭകളാണ്. An. അർമീനിയൻ സഭ ആദ്യകാലത്ത് അന്ത്യോക്യാ സഭയുമായി ബന്ധപ്പെട്ടിരുന്നു എന്നു കാണിക്കാൻ അടിസ്ഥാന രേഖകൾ വല്ലതും ഉണ്ടോ? Q അങ്ങനെ ആണെന്ന് മിഖായേൽ റാബോയുടെ ചരിത്രത്തിൽ ഞാൻ വായിച്ചിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ An. B155 1929 ൽ പബ്ലിഷ് ചെയ്തതാണ്. ഇ.എം. ഫിലിപ്പ് സഭയുടെ വിശ്വാസകാര്യങ്ങൾ അറിയാവുന്ന ഒരാളായിരുന്നു. അദ്ദേഹം മലങ്കര മെത്രാപ്പോലീത്തയുടെ സെക്രട്ടറിയും ആയിരുന്നു. ബി 155 പേജ് 340ൽ ഇന്നും അർമീനിയക്കാരും. ഈഗുപ്തായക്കാരും മലങ്കര സുറിയാനിക്കാർ ഉൾപ്പെടെ അന്ത്യോക്യായുടെ കീഴിലുള്ള യാക്കോബായക്കാരും പരസ്പരം സംസർഗ്ഗത്തിലും വിശ്വാസ യോജിപ്പിലും ഇരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് മുമ്പ് ഞാൻ ബോധിപ്പിച്ചത്. പരസ്പരം സംസർഗ്ഗം എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? Q Inter Communion അത്യാവശ്യം വന്നാൽ കൂദാശകളിൽ പരസ്പരം സംബന്ധിക്കാം. An. Ext B 151 പേജ് 57-ൽ ഈ രണ്ട് സഭകളിലും സുറിയാനിക്കാരും

ഈഗ്രൂപ്പ് തായക്കാരും ഉൾപ്പെട്ട സംഘടന (സമൂഹങ്ങളും) കളും..... അന്യോന്യം കൈമാറപ്പെടുന്നതും നാം കാണുന്നു എന്നുണ്ട്. അതു ശരിയാണോ? Q അതു ശരിയായിരിക്കാം Exchange of teachers and Rambans ഇത്രയുമെ അതുകൊണ്ട് അർത്ഥമാകുന്നുള്ളു. രണ്ടു കൂട്ടരും ഉൾപ്പെട്ട സംഘടനകൾ ഉണ്ടെന്ന് കാണുന്നല്ലോ? Q അതിനെക്കുറിച്ച് എനിക്കറിഞ്ഞു കൂടാ. സംഘടനകൾ കൈമാറപ്പെടാൻ കാര്യമില്ല. An. Ext A 161 പാത്രിയർക്കീസ് കാതോലിക്കാക്കയച്ച എഴുത്താണോ? Q അതെ An. 28-10-1964 ആണ് അതിന്റെ തിയതി. ശ്രേഷ്ഠ സഹോദരൻ എന്നാണ് പാത്രിയർക്കീസ് കാതോലിക്കയെ അഭിസംബോധന ചെയ്തിരിക്കുന്നത് ഈ എഴുത്ത് നമ്മുടെ വാത്സല്യ പുത്രനായ അപ്രേം അബൂദി റമ്പാൻ കൊണ്ടുവരുന്നതായിട്ടാണ് പറയുന്നത്. അദ്ദേഹത്തെ അയച്ചിരിക്കുന്നത്. എന്തിനായിട്ടാണ് എന്നുള്ള ഭാഗം ഒന്നു തർജ്ജമ ചെയ്യുക. "ഓമല്ലൂരുള്ള മോർ ഇഗ്നാത്തിയോസ് ദയറായിൽ പരേതനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കബറിങ്കൽ ശുശ്രൂഷ ചെയ്യുവാൻ നാം അയാളെ അയച്ചിരിക്കുന്നു. "ആ പറഞ്ഞ അപ്രേം അബൂദി റമ്പാനാണ് Ext. B 151 പബ്ലിഷ് ചെയ്തിരിക്കുന്നത്. എന്നാൽ അന്ത്യോക്യാ സിംഹാസന പ്രതിനിധി എന്ന പേരു വച്ച് ഈ കേസിലെ 1-ാം വാദി ആർക്കാണോ കൽപന അയച്ചിരുന്നത് അതായത് ഈ കേസിലെ 1-ാം വാദി അദ്ദേഹത്തിനു എഴുതിയിട്ടുള്ള കൽപന ഞാൻ വായിച്ചു തർജ്ജമ ചെയ്ത് ഈ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ശ്ലീഹന്മാർ പത്രോസിന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് ചീട്ടിട്ട് ഓരോ സ്ഥലങ്ങളിലേക്കയക്കപ്പെടുകയാണ് ചെയ്തത്. എന്ന് ഞാൻ ബോധിപ്പിച്ചു. അതിന് ആധികാരികമായ എന്തെങ്കിലും അടിസ്ഥാനമുണ്ടാ ആധികാരികമായ പുസ്തകമോ പുസ്തകങ്ങളോ ഇപ്പോൾ ഓർക്കുന്നില്ല. എങ്കിലും പത്രോസിനു റോമിലേക്കു ശീട്ടുവീണെന്നും തോമായ്ക്ക് ഇൻഡ്യയിലേക്ക് ശീട്ടുവീണെന്നും അപ്പോൾ അവിടെ പോകാൻ അദ്ദേഹത്തിനു വളരെ മനപ്രയാസം ഉണ്ടായെന്നും മറ്റുമുള്ള ചരിത്രങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. പല പുസ്തകങ്ങൾ വായിച്ചിട്ടുള്ളതിനാൽ ഏത് പുസ്തകത്തിലാണ് അത് എന്ന് ചോദിച്ചാൽ പെട്ടെന്ന് പുസ്തകത്തിന്റെ പേരു പറയുവാൻ സാധിക്കാതെ വരുകയാണ്. An. വിശുദ്ധ മർക്കോസ് അലക്സാന്ത്രിയായിലല്ലാതെ മറ്റു പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ച് ആളുകളെ ചേർത്തിട്ടുണ്ടോ എന്നറിഞ്ഞു കൂടാ Ext A 71 പേജ് 208-ൽ വിശുദ്ധ മർക്കോസിനെപ്പറ്റി പറയുന്നിടത്ത് അലക്സാന്ത്രിയായിൽ എത്തുന്നതിനുമുമ്പായി പെന്താപ്പോലിസുമാർ മൊറിക്കാ ലിബിയാ എന്നീ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും അനേകർ മ്ശിഹായിൽ വിശ്വസിക്കുകയും ചെയ്തു എന്ന് പറയുന്ന വിവരം ശരിയാണോ? ശരിയായിരിക്കാം. An. അലക്സാന്ത്രിയായിലെ പാത്രിയർക്കീസ് വിശുദ്ധ മർക്കോസിന്റെ സിംഹാസനം അവകാശപ്പെടുന്നോ? മുമ്പ് ബോധിപ്പിച്ച രീതിയിൽ ഉള്ള മർക്കോസിന്റെ സിംഹാസനത്തെ അദ്ദേഹം അവകാശപ്പെടുന്നുണ്ടെന്നാണ് അറിവ് An. മർക്കോസിന്റെ സിംഹാസനത്തിലെ പാത്രിയർക്കീസ് എന്ന് അലക്സാന്ത്രി

യൻ പാത്രിയർക്കീസിനെപ്പറ്റി പറയുന്ന രേഖകൾ കണ്ടിട്ടുണ്ടോ? Q രേഖകൾ ഞാൻ കണ്ടിട്ടില്ലെങ്കിലും അവർ എവിടെയാണ് ആരൂഢരായിരിക്കുന്നത് എന്ന് ക്രൈസ്തവലോകത്തിന് അറിയാവുന്നവരാരും സാധാരണയായി ഇന്ന സിംഹാസനത്തിന്മേൽ ആരൂഢൻ എന്ന് എഴുതാറില്ല. An.അന്ത്യോക്യാ പാത്രിയർക്കീസും അങ്ങനെ എഴുതാറില്ലന്നാണോ? അന്ത്യോക്യാ പാത്രിയർക്കീസിന് എഴുതുന്ന വിവരമുള്ളവർ അക്കാര്യം അവരുടെ എഴുത്തിൽ സൂചിപ്പിക്കാറുണ്ടെങ്കിലും അന്ത്യോക്യാ പാത്രിയർക്കീസ് അങ്ങനെ വച്ച് എഴുതിയിട്ടുള്ള കൽപനകൾ ഞാൻ കണ്ടിട്ടില്ല. An. അന്ത്യോക്യാ പാത്രിയർക്കീസ് സാധാരണ അദ്ദേഹത്തിന്റെ സ്ഥാനത്തെപ്പറ്റി എന്താണ് എഴുതുന്നത്? അന്ത്യോക്യായുടെയും കിഴക്കെക്കെയുടെയും ശ്ലൈഹിക സിംഹാസനത്തിന്റെ ഇന്ന പാത്രിയർക്കീസ് എന്നാണ് എഴുതാറുണ്ട്. An. ശ്ലൈഹിക സിംഹാസനം എന്ന് എഴുതുന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? പത്രോസ് ശ്ലീഹായുടെ സിംഹാസനം എന്നു തന്നെയാണ് ഉദ്ദേശിക്കുന്നത്. അലക്സാന്ത്രിയൻ പാത്രിയർക്കീസ് മർക്കോസിന്റെ സിംഹാസനം അവകാശപ്പെടുന്നതായി പറഞ്ഞത് വിശുദ്ധ മർക്കോസ് അലക്സാന്ത്രിയായിൽ സഭ സ്ഥാപിക്കുകയും അവിടെ ഭരണക്രമീകരങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതുകൊണ്ടാണോ? ഒരിക്കലുമല്ല. പത്രോസ് അദ്ദേഹത്തെ തന്റെ പിൻഗാമിയായി അലക്സാന്ത്രിയായിലേക്കു വാഴിച്ചയച്ചതുകൊണ്ടു മാത്രമാണ് An. അലക്സാന്ത്രിയായിലേക്ക് വാഴിച്ചയച്ചത് എവിടെ വച്ചാണ്? എവിടെ വച്ചാണെന്ന് നിശ്ചയമില്ലെങ്കിലും അലക്സാന്ത്രിയായിൽ വച്ചല്ലായിരിക്കുമെന്നുദ്ദേശിക്കുന്നു. An. എന്നാണ് വാഴിച്ചയച്ചത് എന്ന് ആണ്ടും തിയതിയും നിശ്ചയമില്ല. സിംഹാസനം എന്നു പറയുന്നത് സാധാരണ രാജകീയമായ ഒരു അധികാരത്തെയും സ്ഥാനത്തെയും കുറിക്കുന്ന ഒരു വാക്കാണോ? Q വെറും ചെയർ എന്നുള്ള അർത്ഥത്തിൽ രാജാക്കന്മാരുണ്ടായിരുന്ന കാലത്ത് സിംഹത്തിന്റെ രൂപം പണി ചെയ്ത കസേരകൾ അവരുടെ സിംഹാസനം എന്നു പറഞ്ഞു വന്നിരുന്നു. An. അത് അവരുടെ അധികാരത്തെ സൂചിപ്പിക്കുന്നതിനാണോ? അല്ല. അവരിരിക്കുന്ന കസേരക്കുള്ള ബഹുമാനത്തെ സൂചിപ്പിക്കുന്നതിനായിരുന്നു. മേൽപട്ടക്കാരുടെ അംശവടി ഉണ്ടോ? Q ഉണ്ട് An. അത് അവരുടെ അധികാരത്തെക്കാൾ കൂടുതലായി അവരുടെ അജപാലനത്തെ സൂചിപ്പിക്കുന്നതാണ്. മുൻകാലങ്ങളിൽ ഇടയന്മാർ കൊമ്പുകളും മറ്റും അവരുടെ വലിയവടി കൊണ്ട് ചായ്ച്ച് ആടിന് തീറ്റകൊടുക്കാൻ ഉള്ളതു ശേഖരിക്കുകയും ആടിനെ ഉപദ്രവിക്കാൻ വരുന്നവയെ ദുരികരിക്കാനും ആ വടി ഉപയോഗിച്ചിരുന്നു. മേൽപട്ടക്കാർ ഇടയന്മാരാകയാൽ ഇതാണ് അതിന്റെ പ്രത്യേകമായ പ്രതീകം. അധികാരത്തിന്റെ പേരിലും അത് പറയപ്പെടാം An. രാജാക്കന്മാർക്ക് ചെങ്കോൽ ഉള്ളത് അവരുടെ അധികാരത്തെ സൂചിപ്പിക്കുന്നതാണ്. എന്നാൽ രാജഭരണവും സഭാഭരണവും ചെങ്കോലിനോട് അംശവടിയെ സാമ്യപ്പെട്ടുത്തുന്നു എങ്കിൽ ശരിയായിരിക്കുകയില്ല. അജപാലനം എന്നു പറഞ്ഞത് കർത്താവ് പത്രോസിനോടു പറഞ്ഞ ആ വാചകങ്ങൾക്കനുസരിച്ചു സഭയിലെ അംഗങ്ങ

ളുടെ ആത്മരക്ഷക്കാവശ്യമുള്ള ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുകയും തദനുസരണമായ ആവശ്യമായ ഭരണം നിർവ്വഹിക്കുകയുമാണ് An. പത്രോസ് ശ്ലീഹാക്ക് സിംഹാസനം ഉണ്ടായിരുന്നിട്ടുണ്ടോ? Q ഏതർത്ഥത്തിലാണ് ചോദിച്ചത് എന്നാൽ ഉത്തരം പറയാം An. പത്രോസ് ശ്ലീഹായ്ക്ക് സിംഹാസനം ഉണ്ടായിരുന്നോ എന്ന് ? Q ഞാൻ ഇവിടെ സിംഹാസനത്തിന് രണ്ടർത്ഥങ്ങൾ പറഞ്ഞു. അതിൽ ഏതിനെക്കുറിച്ചാണ് ചോദ്യം എന്നു പറഞ്ഞാൽ വ്യക്തമായി മറുപടി പറയാം An. സാക്ഷി സിംഹാസനത്തിനു ഉണ്ടെന്നു പറയുന്ന രണ്ടർത്ഥമെന്നാണ്? This question is disallowed as the withnes has more than once explained his two concepts of സിംഹാസനം. ഏതെങ്കിലും അർത്ഥത്തിൽ പത്രോസ് ശ്ലീഹാക്ക് സിംഹാസനം ഉണ്ടോ? Q പത്രോസ് ശ്ലീഹാ എവിടെ എങ്കിലും ഇരുന്നിട്ടുള്ള സ്ഥിതിക്ക് ഇന്നു നാം ബഹുമാന സൂചകമായി പറയുന്ന ഇരിപ്പിടം അദ്ദേഹത്തിനുണ്ടായിരുന്നിരിക്കാം. കർത്താവ് പത്രോസിനധികാരം കൊടുത്തു. പത്രോസ് മുതലുള്ള ആ പിൻതുടർച്ചയ്ക്ക് ആണ് സിംഹാസനം എന്ന് ഞാൻ പല പ്രാവശ്യം ബോധിപ്പിച്ച സ്ഥിതിക്ക് പത്രോസിന് സിംഹാസനമുണ്ടെന്നല്ല പത്രോസിന്റെ സിംഹാസനം ഉണ്ടെന്ന് ഞാൻ വീണ്ടും ബോധിപ്പിക്കുന്നു. An. പത്രോസിന്റെ സിംഹാസനം എങ്ങനെ ഉണ്ടായതാണ്? Q ക്രിസ്തുവിൽ നിന്നും പത്രോസിനു കിട്ടിയ അധികാരം പ്രകാരം അദ്ദേഹം കൈവെയ്പ്പു കൊടുത്ത് പ്രതിനിധികളെ വാഴിച്ചാക്കിയതു മൂലമാണ് സിംഹാസനം എന്നു പറയുന്നത്. An. ശിഷ്യന്മാരുടെ ഇടയിൽ അവരിൽ വലിയവനാരാണെന്ന് ഒരു തർക്കം ഉണ്ടായതായി സുവിശേഷത്തിൽ പറയുന്നുണ്ടോ? ഉണ്ട് An.അത് Luke Chap XXII 24 മുതൽ 26 കൂടിയാണ്. ക്രിസ്തു അതു സംബന്ധിച്ചു എന്താണ് പറഞ്ഞത്? Q ആ 24-ാം വാക്യത്തെക്കുറിച്ച് ബർസ്ലീബി എന്ന സഭാപിതാവ് അങ്ങനെ ഒരു തർക്കത്തിനവിടെ ആവശ്യം ഇല്ലായിരുന്നു എന്നും മത്തായി 16 ൽ പറയുന്നതു പോലെ പത്രോസിന് പ്രത്യേകം അധികാരം കൊടുത്തു എന്നവർക്കറിയാമായിരുന്നതു കൊണ്ട് ആ അന്വേഷണം നിരർത്ഥകമായിരുന്നു എന്നും അദ്ദേഹത്തിന്റെ വ്യാഖ്യാനപുസ്തകത്തിൽ എഴുതിയിട്ടുള്ളത് ഞാൻ വായിച്ചിട്ടുണ്ട്. 23-24 വാക്യങ്ങളിൽ പറയുന്നതനുസരിച്ച് ഓരോ അധികാര സ്ഥാനത്തിരിക്കുന്നവർ ഭരിക്കാനല്ല ശുശ്രൂഷിക്കാനാണ് അധികം ആഗ്രഹിക്കേണ്ടത് എന്നുള്ള അർത്ഥത്തിൽ പറഞ്ഞിരിക്കുന്നു. അതിന് താഴെയുള്ള വാക്യത്തിൽ യേശു ക്രിസ്തു ശിഷ്യന്മാരുടെ കാലുകൾ കഴുകിയ കാര്യവും സൂചിപ്പിച്ചുകൊണ്ട് പ്രഥമ സ്ഥാനത്തിരിക്കുന്നവർ എത്രമാത്രം താഴ്മയുള്ളവരായിരിക്കണം എന്നും പറഞ്ഞിട്ടുണ്ട്. ക്രിസ്തു സൂചിപ്പിച്ചത് അധികാരസ്ഥാനത്തിരിക്കുന്നവർ എത്ര കണ്ടു താഴാമൊ അത്രയ്ക്കു താഴണം എന്താണ് Ans. ക്രിസ്തു പറഞ്ഞ ഉത്തരമാണോ 25-26 Verses ഉള്ളത് ? Q അതെ An. മറ്റു ശ്ലീഹന്മാരുടെ മേൽ ക്രിസ്തു പത്രോസിന് അധികാരം കൊടുത്തതായി വേദത്തിൽ എവിടെയെങ്കിലും ഉണ്ടോ? Q ശ്ലീഹന്മാരുടെ മേലധികാരം കൊടുത്തതായി സ്പഷ്ടമായി കാണാൻ നിവൃത്തിയില്ലെങ്കിലും സഭ മുഴുവന്മേലും ഉള്ള അധികാരം ക്രിസ്തു

പത്രോസിനു നൽകിയിരിക്കുന്നതിനാലും ശ്ലീഹന്മാരും ആ സഭയിൽ പെട്ട വരാകയാൽ അവരുടെ മേലും അധികാരം ഉണ്ടായിരുന്നു. Ans. ബർസ്ലീബി യുടെ വ്യാഖ്യാനം പറഞ്ഞത് സുറിയാനിയിൽ ഉള്ള സുവിശേഷ വ്യാഖ്യാ നമാണ്. അച്ചടിച്ചു പബ്ലിഷ് ചെയ്തിട്ടുള്ള പുസ്തകമാണ് എന്റെ കൈവശ ത്തിൽ ഉണ്ട്. ബർസ്ലീബി എന്ന ആൾ ആരായിരുന്നു ? Q അമീദ് എന്നു പറയുന്ന ഭദ്രാസന ഇടവകയുടെ ദിവന്നാസ്യോസ് ബർസ്ലീബിയാണ് An. അമീദ് അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരത്തിൽ കീഴിൽ പെട്ട ഇടവകയാണ്. Mathew Chap XXIII 8 - 12 നോക്കി. അതിൽ 8-ാം Verses ൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളു അത് ക്രിസ്തുവാണ് നിങ്ങൾ സഹോദരന്മാ രാണ് എന്നാണ് പറയുന്നത്. എന്നാൽ അക്ഷരാർത്ഥത്തിൽ എടുക്കുകയാ ണെങ്കിൽ Father എന്നോ തിരുമേനി എന്നോ ഒന്നും പറയാൻ നിവൃത്തിയില്ല. മുൻ ഉദ്ധരിച്ചത് ശിഷ്യന്മാരോടു പറഞ്ഞതാണ്. You are brothers എന്നതു കൊണ്ട് നിങ്ങൾ എല്ലാം സഹോദരന്മാരാണ് എന്നല്ലേ പറഞ്ഞിരിക്കുന്നത്? Q സഹോദരന്മാരാണെന്നാണ് പറഞ്ഞിരിക്കുന്നത്. എങ്കിലും സഹോദരന്മാ രിൽ തന്നെ പ്രത്യേകാധികാരവകാശങ്ങൾ ഉള്ളവരെ നാം കാണുന്നുണ്ട്. അവിടുത്തെ ഉദ്ദേശ്യം യജമാനഭാവേന ഭരിക്കാനല്ല നോക്കേണ്ടത് എന്നും ഉള്ളതാണ് Ans. നിങ്ങൾ സഹോദരന്മാരാണ് എന്നു പറഞ്ഞിരിക്കുന്നത് അതിന്റെ Literal അർത്ഥത്തിൽ ശരിയല്ലാ എന്നാണോ? Literal അർത്ഥത്തിൽ എടുക്കാനല്ല എന്ന് ആ സന്ദർഭവും ആ വാക്കുകളും തെളിയിക്കുന്നുണ്ട്. Ans. ഈ പറഞ്ഞ വ്യാഖ്യാനം ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? Q വ്യാഖ്യാന മല്ല ഞാൻ പറഞ്ഞത് വിവരമുള്ള ആരു വായിച്ചാലും മനസ്സിലാകുന്ന കാര്യം ഞാൻ ബോധിപ്പിച്ചു എന്നേ ഉള്ളൂ. കാരണം ഇന്നും പലരും പലരേയും Masters എന്നും Fathers എന്നും മറ്റും വിളിക്കുന്നുണ്ട്. Ans. ഈ ഭാഗം സംബ ന്ധിച്ച് വ്യാഖ്യാനങ്ങൾ പണ്ഡിതന്മാരും സഭാപിതാക്കന്മാരും എഴുതിയിട്ടുണ്ടോ?Q എനിക്കറിഞ്ഞുകൂടാ. Ans. ബർസ്ലീബി എഴുതിയിട്ടുണ്ടോ? Q ഉണ്ടായിരിക്കണം ഓർക്കുന്നില്ല St Luke Chap XXIII Vers 30 യിൽ സിംഹാസനങ്ങളെപ്പറ്റി പറയുന്നില്ലേ? Q അതിൽ പറയുന്നുണ്ട്. ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ വിധിച്ചു കൊണ്ട് നിങ്ങൾ സിംഹാസനങ്ങളിൽ ഇരിക്കും എന്നു പറഞ്ഞിട്ടുണ്ട് Ans. നിങ്ങൾ എന്നു പറയുന്നതു ക്രിസ്തുവിന്റെ ശിഷ്യന്മാരെ ഉദ്ദേശിച്ചല്ലേ? അതെ. ആ സിംഹാസനങ്ങൾ: ഒന്നാമത് ലോകത്തിലല്ല. രണ്ടാമത് ഇസ്രാ യേൽ ഗോത്രങ്ങളെ വിധിക്കാനാണ് Ans. Kingdom എന്നു പറയുന്നത്. സ്വർഗ്ഗ രാജ്യത്തെ ഉദ്ദേശിച്ചാണ്. സ്വർഗ്ഗരാജ്യം എന്നു പറഞ്ഞാൽ അവിടെ സഭ എന്നർത്ഥമുണ്ടോ? Q സ്വർഗ്ഗരാജ്യം എന്നു പറഞ്ഞാൽ സഭ എന്നർത്ഥമു ണ്ടെങ്കിലും ഇസ്രായേൽ ഗോത്രങ്ങളെ വിധിക്കുന്ന കാര്യം പറഞ്ഞിരിക്കുന്ന തിനാൽ ഈ ലോകത്തിലുള്ള സഭയെ ഉദ്ദേശിച്ചല്ലെന്നും അന്ത്യന്യായവിധി സമയത്ത് നടക്കാവുന്ന ഒരു കാര്യമാണെന്നും തെളിയുന്നു. St. Luke XVII Ver 21 Behold the Kingdom of God is within you എന്നു പറയുന്നിടത്തു പറയുന്ന Kingdom സഭയാണോ? Q അവിടെ പറയുന്ന Kingdom of God സഭ

അല്ല. ക്രിസ്തുതന്നെയാണ്. The Kingdom of God is Christ is with you എന്നാണ്. ഈ വ്യാഖ്യാനം ആരെങ്കിലും പറഞ്ഞിട്ടുള്ളതാണോ? പറഞ്ഞിട്ടുള്ളതാണ് Ans. ആരാണ് ? Q വ്യാഖ്യാതാക്കളായ പിതാക്കന്മാർ എന്നല്ലാതെ പ്രത്യേകം പേർ പറയാൻ പറ്റുകയില്ല. St. Luke chap XI Ver 20 ൽ പറയുന്ന Kingdom of God എന്താണ് ? Q അതും ക്രിസ്തുവിനെക്കുറിച്ചു തന്നെയാണ്. Ans. അങ്ങനെ പറഞ്ഞിട്ടുള്ള വ്യാഖ്യാതാക്കൾആരാണ് ? Qപറയാൻ പറ്റുകയില്ല. ആ സന്ദർഭം കൊണ്ടു തന്നെ അതു വ്യക്തമാണ് Ans.St. Luke Chap XXII Vers 30 ൽ പറയുന്ന Kingdom of God ഈ ലോകത്തെ സഭയെകുറിച്ചല്ലെന്നു വ്യാഖ്യാതാക്കൾ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? Q വ്യാഖ്യാതാക്കളുടെ പേര് ഓർക്കുന്നില്ലെങ്കിലും He may eat and drink at my table in my kingdom and sit on thrones judging the 12 tribes of Isreal എന്നു പറഞ്ഞിരിക്കുന്ന സന്ദർഭത്തിൽ നിന്നു തന്നെ ഞാൻ ബോധിപ്പിച്ചിരിക്കുന്നത് ശരിയാണെന്ന് വ്യക്തമാണ് Ans. ഇത് ദൃശ്യസഭയെ ഉദ്ദേശിച്ചാണ് എന്ന് ഏതെങ്കിലും വ്യാഖ്യാതാക്കൾ പറയുന്നുണ്ടോ? Q ശരിക്കറിഞ്ഞുകൂടാ ഇതു സംബന്ധിച്ചു വ്യാഖ്യാനങ്ങൾ എന്തെങ്കിലും നോക്കുകയോ പഠിക്കുകയോ ചെയ്തിട്ടുണ്ടോ? Q വായിച്ചിട്ടുണ്ട്. ഇപ്പോൾ ഓർമ്മയില്ലാ Ans. Siopped for the day

മൊഴി വായിച്ചു കേട്ടു ശരി
കുര്യൻ കോർഎപ്പിസ്കോപ്പാ

Taken downby me in open Court read over to the witness and admitted by him to be Correct

Sd/-
Judge 4/4/78

5/4/78 witness sworn again and cross examination continued Ext A 71 പേജ് 88-ൽ ക്രിസ്തു ശ്ലീഹന്മാരെ തെരഞ്ഞെടുത്ത വിവരം പറയുന്നുണ്ട്. 12 പേരെ തെരഞ്ഞെടുക്കുവാൻ പറഞ്ഞിരിക്കുന്ന കാരണം എന്താണ്? Q ഈ പന്ത്രണ്ട് എന്ന സംഖ്യ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ ദൃഷ്ടാന്തപ്പെടുത്തുന്നതുമൂലം ആ പന്ത്രണ്ട് ഗോത്രങ്ങൾ ഉൾപെട്ടിരുന്ന ജനങ്ങളുടെ മേലുള്ള കർത്തൃത്വം ആർക്കു കടപ്പെട്ടിരിക്കുന്നവോ ആ ദൈവം താനാണെന്നു പഠിപ്പിക്കുവാൻ തിരുമനസ്സായി Ans. ആ പറയുന്ന വിവരം ശരിയാണോ? Q ശരിയാണ് Ext B 20 St. Luke Chap XXII Ver 29 ൽ എന്താണ് പറയുന്നത്?Q And appiont you a kingdom as my father hath appointed me Ans.എനിക്കു രാജ്യം നിയമിച്ചു തന്നിരിക്കുന്നതുപോലെ നിങ്ങൾക്കു രാജ്യം നിയമിച്ചു തന്നിരിക്കുന്നു എന്നാണ് Ver 30 തോന്നുന്നു. 29-30 രണ്ടു വാക്യങ്ങളിൽ പറയുന്നത് ക്രിസ്തു തന്റെ അപ്പോസ്തലന്മാർക്ക് സഭാ ഭരണത്തെ കുറിക്കുന്നതാണെങ്കിലും ഇതിനുശേഷം സഭാഭരണം മുഴുവനും പത്രോസിനെ ഏൽപിച്ചതായിട്ട് യോഹന്നാന്റെ XXI അദ്ധ്യായത്തിൽ പറയുന്നുണ്ട്. സഭയാകുന്ന രാജ്യത്തിൽ അതിന്റെ പ്രധാന ഭരണക്കാരനോട് വിധേയത്വം

പുലർത്തികൊണ്ട് മറ്റു ഭരണക്കാർ ഭരണം നടത്തേണ്ടിയിരിക്കുന്നു. Ans.അധികാരം കൊടുക്കുന്നു എന്ന് Present tense ൽ അല്ല 29-ാം Verse ൽ പറയുന്നത് Q. Present tense ൽ ആണ് പറഞ്ഞിരിക്കുന്നത് Ans. St. Mathew chap XIX Ver 28 നോക്കി. യേശു അവരോട് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്നെ അനുഗമിച്ചവരായ നിങ്ങൾ In the regeneration മനുഷ്യന്റെ പുത്രൻ തന്റെ മഹിമാ സിംഹാസനത്തിന്മേൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെ വിധിച്ചു കൊണ്ട് നിങ്ങളും പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരിക്കും. എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ശ്ലീഹന്മാരോടു പറയുന്നതാണ്. regeneration എന്നതിന് ശരിയായ പദം മലയാളം വിവർത്തനം കണ്ടാലെ പറയാൻ ഉള്ളു. Ext B 37 handed Regeneration എന്നതിന് ഇതിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് പുതിയ ലോകത്തിൽ എന്താണ്. പുതിയ ലോകത്തിൽ എന്ന തർജ്ജമ ശരിയാണ് പുതിയ ലോകം ഈ ലോകമല്ല. അതിൽ പറയുന്ന സിംഹാസനം എന്ന വാക്ക് അധികാരത്തെക്കുറിക്കുന്നതാണോ? Q മുമ്പു ബോധിപ്പിച്ചതു പോലെ ന്യായവിധി നടത്തുവാൻ ഇരിക്കുന്ന ആ സ്ഥാനങ്ങളാകയാൽ അതിനുള്ള അധികാരം ഉണ്ട്. Ans. അധികാരത്തെ ധ്വനിപ്പിക്കുന്നതാണോ സിംഹാസനം എന്നുള്ള വാക്ക്? മുൻപറഞ്ഞതിനുള്ള അധികാരത്തെ സൂചിപ്പിക്കുന്നതാണ് Ans. Ext. A 71 പേജ് 575-ൽ എപ്പിസ്കോപ്പായുടെ സിംഹാസനത്തെപ്പറ്റി സിംഹാസനം എന്നു പറഞ്ഞിട്ടുണ്ട് പള്ളികകത്തുള്ള എപ്പിസ്കോപ്പായുടെ ഇരിപ്പിടത്തെപ്പറ്റിയാണ് അവിടെ പറഞ്ഞിരിക്കുന്നത് Ans. എപ്പിസ്കോപ്പായുടെ സിംഹാസനത്തെപ്പറ്റി എന്താണ് പറഞ്ഞിരിക്കുന്നത്? എപ്പിസ്കോപ്പായുടെ ഇരിപ്പിടത്തെക്കുറിച്ചു പറഞ്ഞതിന് മുമ്പുള്ള വാചകത്തിൽ ക്ദൂശ് കുദ്ശീന്റെ മദ്ധ്യ ഭാഗത്തായി ബലി പീഠം സ്ഥാപിക്കപ്പെട്ടു. എപ്പിസ്കോപ്പായുടെ സിംഹാസനവും ഇവിടെത്തന്നെയായിരുന്നു. അതിനാൽ ബലിപീഠത്തിനടുത്ത് എപ്പിസ്കോപ്പയ്ക്ക് ഇരിക്കാനുള്ള കസേര ഇട്ടിരുന്നു എന്താണ് പറഞ്ഞിരിക്കുന്നത് Ans. *ക്ദൂശ് കുദ്ശീൻ* എന്നു പറഞ്ഞാൽ മദ്ബഹാ ആണ്. അത് ശുദ്ധതകളുടെ ശുദ്ധ സ്ഥലമാണ്. ശുദ്ധതകളുടെ ശുദ്ധസ്ഥലം എന്നു പറയുന്നത് ഒരു പള്ളിയുടെ ഏറ്റവും പ്രാധാന്യമേറിയ സ്ഥലമാണ്. മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായം 2-ാം വാക്യം ഇപ്രകാരം പറയുന്ന. ശാസ്ത്രാദ്ധ്യപകന്മാരും പ്രീശേന്മാരും മോശയുടെ സിംഹാസനത്തെ പ്രാപിച്ചു എന്നാണ്. മോശയുടെ സിംഹാസനത്തെ പ്രാപിച്ചു എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? Q മോശയുടെ സിംഹാസനം എന്നതിന് ഈ സ്ഥലത്ത് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നത് Seat, Chair എന്നാണ് ഞാൻ വായിച്ചിട്ടുള്ള ഇംഗ്ലീഷ് വേദപുസ്തകങ്ങളിൽ കാണുന്നത് അതിനുപുറമെ സിംഹാസനമെന്ന് ഇവിടെ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ ഒരേസമയത്ത് സൊപ്രേന്മാർക്കും പരീശന്മാർക്കും ഇരിക്കാനും സാദ്ധ്യമല്ല Ans. സിംഹാസനം എന്നതുകൊണ്ടു അവിടെ ഉദ്ദേശിക്കുന്നത് എന്താണ്? Q അതിൽ നിന്നർത്ഥമാകുന്നത് ന്യായപ്രമാണ ദാതാവായ മോശയുടെ

ന്യായപ്രമാണ കാര്യങ്ങൾ പഠിപ്പിക്കുന്ന സപ്രേന്മാരും ന്യായപ്രമാണാനുഷ്ഠാന ത്തിൽ വളരെ തിക്ഷ്ണതയുള്ളവരായ പരിശന്മാരും മോശ കാണിച്ച വഴിയെ പോകുന്നവർ എന്ന അർത്ഥമുള്ളു Ans. മൂശയുടെ സിംഹാസനം എന്നത് മൂശക്കുണ്ടായിരുന്ന അധികാരങ്ങളെയാണോ സൂചിപ്പിക്കുന്നത്? സിംഹാ സനം എന്ന വാക്ക് അവിടെ ഇല്ലെങ്കിലും ന്യായപ്രമാണം പഠിപ്പിക്കുന്നതി നുള്ള അധികാരത്തെയാണ് അല്ലാതെ മോശയുടെ എല്ലാ അധികാരത്തെയും അല്ല ഉദ്ദേശിക്കുന്നത് Ext B37-ൽ സിംഹാസനം എന്ന വാക്ക് ശരിയല്ലന്നാണോ? മറ്റു ഭാഷകളിലെ വാക്കു വച്ചു നോക്കുമ്പോൾ ശരിയല്ല. മറ്റു ഭാഷകകളിലെ വാക്കു നോക്കുമ്പോൾ ഇരിപ്പിടം എന്നേ അതിനർത്ഥമുള്ള Ans. മേൽപട്ട ക്കാർക്ക് സുന്ത്രോണീസോ ശുശ്രൂഷ നടത്താറുണ്ടോ Q. ഉണ്ട് Ans. സുന്ത്രോ ണിസോ എന്നു വച്ചാൽ Enthronement എന്നാണ്. എപ്പിസ്കോപ്പാ മെത്രാ പ്പോലീത്താ ഇവർക്ക് നടത്തുന്നതാണ് കാതോലിക്കായ്ക്കും പാത്രിയർക്കീ സിനും അത് ഉണ്ടോ എന്ന് എനിക്കു ഓർമ്മയില്ല. അതിനു സിംഹാസനാരോഹണ ശുശ്രൂഷ എന്നു പറയാമോ? Q സിംഹാസനാരോഹണ ശുശ്രൂഷ അങ്ങനെ പറയാമെങ്കിലും അത് എവിടെ വച്ചു നടക്കുന്നോ ആ പള്ളിയിൽ ഒരു കസേര യിൽ മെത്രാപ്പോലീത്തായെ അല്ലങ്കിൽ എപ്പിസ്കോപ്പായെ ഇരുത്തി പട്ടക്കാരും ജനങ്ങളും അദ്ദേഹത്തെ അംഗീകരിച്ചിരിക്കുന്നു എന്നുള്ളതിന്റെ തെളിവായി മൂന്നു പ്രാവശ്യം എടുത്ത് ഉയർത്തുകയാണ് സാധാരണ ഈ ശുശ്രൂഷ നടത്തുന്നത് ആ മേൽപട്ടക്കാരന്റെ പള്ളിയിൽ വച്ചാണോ? Q ഭരണത്തിന്റെ ആസ്ഥാനമായ പള്ളി എന്നുള്ള രീതിയിൽ പ്രത്യേക പള്ളിയും ഇല്ല ചിലപ്പോൾ അവരുടെ ആ സ്ഥാനത്തുള്ള പള്ളികളിലായിരിക്കും. ആളുകൾക്കു കൂടാൻ മറ്റു സൗകര്യമുള്ള പള്ളികളിൽ വച്ചായിരിക്കാം. അത് നടത്തപ്പെടുന്നത് ഇരുന്ന കസേര എവിടെ വച്ചാണോ അത് നടത്തപ്പെട്ടത് അവിടെത്തന്നെ ഇട്ടിരിക്കും. മെത്രാസനത്തിന്റെ ആ സ്ഥാനത്തേക്ക് അതുകൊണ്ടു പോയി പിന്നീട് അതിന്മേലല്ല ഇരിക്കുന്നത് Ans. അധികാര പ്രാപ്തിയെ കാണിക്കു ന്നതിന്റെ പ്രതീകമായിട്ടാണോ? Q ജനങ്ങൾ മുമ്പു ഞാൻ ബോധിപ്പിച്ചതു പോലെ അദ്ദേഹത്തിന്റെ കീഴിലുള്ളവർ അദ്ദേഹത്തെ അംഗീകരിച്ചതിന്റെ പ്രതികമാണ്. Ans. കത്തീഡ്രൽ ചർച്ചസ് എന്നു പറഞ്ഞാൽ എന്താണ്? Q അങ്ങനെ പേരുള്ള പള്ളികൾ മലങ്കര സുറിയാനി സഭയിൽ ഇല്ല കത്തോ ലിക്ക സഭയിൽ അങ്ങനെ ഉള്ളതായിട്ടറിയാം. പ്രോട്ടസ്റ്റന്റുകാർക്കും ഉണ്ട്. അത് അവരുടെ ഭദ്രാസനപ്പള്ളി എന്നാണ് അർത്ഥമാക്കുന്നത് Ans. സിംഹാ സനം എന്നതിന്റെ സുറിയാനി പദം എന്താണ്? സിംഹാസനത്തിനും കസേ രയ്ക്കും കുർസിയോ എന്നു പറയും Ans. Ext A 90 പേജ് 84-ൽ 16 എന്ന നമ്പർ കൊടുത്ത് എഴുതിയിരിക്കുന്ന നിയമം എന്താണ്? Q ഭരണമില്ലാതിരി ക്കുന്ന ഒരു എപ്പിസ്കോപ്പാ ഒരു പള്ളിയിൽ സ്വമേധയാ ചെന്ന് മെത്രാപ്പോ ലിത്താ സംബന്ധിക്കുന്ന പൂർണ്ണ സുന്നഹദോസിന്റെ അനുമതികൂടാതെ ആ സിംഹാസനം അപഹരിച്ചു കൂടാ എന്നാണ് Ans. ഭരണമില്ലാതിരിക്കുന്ന ഒരു എപ്പിസ്കോപ്പാ സുന്നഹദോസിന്റെ സമ്മതം കൂടാതെ എപ്പിസ്കോപ്പാ

ഇല്ലാതിരിക്കുന്ന ഒരു പള്ളിയിൽ ചെന്ന് ഭരണം നടത്തരുത് എന്നാണോ അതിന്റെ താൽപര്യം? Q ഇവിടെനിന്നും സ്പഷ്ടമാകുന്നത് ആ പള്ളി പിടിച്ചെടുക്കരുതെന്ന് മാത്രമാണ് Ans. എന്നു വച്ചാൽ പള്ളിയിൽ ഭരണം നടത്തരുതെന്നാണോ? Q പള്ളി പിടിച്ചെടുത്ത് ഭരിക്കരുതെന്നാണ് Ans. ആ നിയമത്തിലെ തത്വം സഭ അംഗീകരിക്കുന്നതാണോ? Q സഭ അംഗീകരിക്കുന്നതാണ് Ans.Ext A 90 പേജ് 86-ൽ തിഗ്രീസിന്റെ സിംഹാസനത്തിൽ വാഴുന്ന മഫ്രിയാൻ എന്നു പറയുന്നുണ്ട്. തിഗ്രീസിന്റെ സിംഹാസനമാണോ? Q അല്ല മുമ്പ് ബോധിപ്പിച്ചതുപോലെ കാതോലിക്കാ സിംഹാസനം 5-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി നെസ്തോറിയമായിപ്പോയി. അതിനുശേഷം 7-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ അന്ത്യോക്യാ പാത്രിയർക്കീസ് കിഴക്കൻ പ്രദേശങ്ങളിൽ തന്റെ പ്രതിനിധിയായി വാഴിച്ചാക്കിയ മഫ്രിയാനായുടെ ആസ്ഥാനത്തെയാണ് തെഗ്രീസിന്റെ സിംഹാസനം എന്നു പറയുന്നത് Ans. Ext - B162-ൽ തിഗ്രീസിന്റെ സിംഹാസനം എന്നതിന് എന്താണ് ഉപയോഗിച്ചിരിക്കുന്നത്? Q പേജ് 69-ൽ അന്ത്യോക്യയുടെ അധികാരത്തിൽ കീഴിലുള്ള തെഗ്രീസിന്റെ പീഠത്തിന്മേൽ ഇരിക്കു മഫ്രിയാന എന്താണ് പറഞ്ഞിരിക്കുന്നത് Ans. B 161-ൽ ആ ഭാഗത്തപ്പറ്റി സുറിയാനിയിൽ എന്താണ് പറഞ്ഞിരിക്കുന്നത്? Q തെഗ്രീസിന്റെ കുർസിയോ എന്നാണ് Ans. Ext B 162 ൽ 69-ാം പേജ് ഒരു സിംഹാസനത്തിലേക്കൊ ഒരു ഇടവകയിലേക്കൊ രണ്ട് പാത്രിയർക്കീസുമാരൊ മെത്രാപ്പോലീത്തമാരൊ ഉണ്ടായാൽ ഒന്നാമത്തെ ആൾ ഭരണം നടത്തുകയും മറ്റേയാൾ പ്രവർത്തനരഹിതനായിരിക്കയും ചെയ്യുന്നു എന്ന് ഒരു നിയമം ഉണ്ട്. അത് സഭയിൽ നിലവിലുള്ള നിയമമാണോ? Q സഭയിൽ നിലവിലുള്ള കാനോനിൽ ഉള്ള നിയമമാണ് Ans. *മ്നാറസ് കൂദിശേ* എന്ന പുസ്തകം എന്നെഴുതിയിട്ടുള്ളതാണ്? Q പതിമൂന്നാം നൂറ്റാണ്ടിൽ ബാർ എബ്രായ ജീവിച്ചിരുന്ന കാലത്ത് Ans. സഭയുടെ ആദ്യകാലത്ത് പല സ്ഥലത്തും പ്രാദേശിക സഭകൾ ഉണ്ടായിരുന്നതായി പറഞ്ഞതിന് എല്ലാം അതാതുകാലത്തു എപ്പിസ്കോപ്പമാരെ വാഴിച്ചുകൊണ്ടിരുന്നത് ആരാണ്? Q ആദ്യകാലത്തെ പ്രാദേശിക സഭകൾക്ക് എപ്പിസ്കോപ്പമാരെ വാഴിച്ചുകൊണ്ടിരുന്നത് അങ്ങനെ വാഴിക്കാൻ അധികാരമുള്ള ശ്ലീഹന്മാരായിരുന്നു. അവർ പത്രോസുമായി ബന്ധപ്പെട്ടിരുന്നു. Ans. ബന്ധപ്പെട്ടിരുന്നു എന്നു പറഞ്ഞാൽ ഉദ്ദേശിക്കുന്നതന്താണ്? പത്രോസിനെ അവരുടെ തലവനായി മനസ്സിലാക്കികൊണ്ട് തദനുസരണമായ സമ്പർക്കം പുലർത്തികൊണ്ടിരുന്നു എന്താണ് Ans. അങ്ങനെ പറയുന്നതിന് അടിസ്ഥാനമായി വല്ലതും പറയാനുണ്ടോ? Q ഉണ്ട്. പത്രോസിനെ അവരുടെ മേലും ഭരണമുള്ള ഭരണാധിപനായി കർത്താവ് നിയമിച്ചാക്കിയ വിവരം അവർക്കറിയാമായിരുന്നു. അവർ ക്രിസ്തുവിന്റെ ശിഷ്യന്മാരായിരുന്നതിനാൽ മേലധികാരത്തോട് എതിർക്കുന്ന സ്വഭാവവും അവർക്കില്ലായിരുന്നു. ഇങ്ങനെ സുവിശേഷവെളിച്ചത്തിലാണ് ഞാൻ പറഞ്ഞത് പത്രോസിനെക്കുറിച്ച് സുവിശേഷത്തിൽ ഉള്ള ഭാഗങ്ങൾ ഞാൻ ചീഫിലും ക്രോസിലും പറഞ്ഞതിനെ ഉദ്ദേശിച്ചു തന്നെയാണ്. ശ്ലീഹന്മാരുടെ

കാലശേഷം എപ്പിസ്കോപ്പന്മാരെ വാഴിച്ചിരുന്നത് ആരാണ്? Q ഓരോരാസ്ഥലത്തും ശ്ലീഹന്മാരാൽ നിശ്ചയിക്കപ്പെട്ടിരുന്ന മാർഗ്ഗം എന്നായിരുന്നോ അതനുസരിച്ച് പ്രധാന തലവനോടുള്ള ഐക്യത്തിൽ വാഴിക്കപ്പെടുകയായിരുന്നിരിക്കാം Ans ആ മാർഗ്ഗം എന്താണെന്നറിയാമോ? ചിലർ മുമ്പ് പറഞ്ഞ രീതിയിൽ അതായത് അവർ നിശ്ചയിച്ചരീതിയിൽ പ്രവർത്തിച്ചിരിക്കും. ചിലർ അന്ത്യോക്യാക്ക് നേരിട്ടാളയച്ചും എപ്പിസ്കോപ്പാസ്ഥാനം പ്രാപിക്കാറുണ്ടായിരുന്നു Ans. ആചാര്യത്വം ക്രിസ്തു ശ്ലീഹന്മാർക്കു നൽകി എന്നും ശ്ലീഹന്മാർ നാനാ ജാതികൾക്കും നൽകി എന്നും ഉള്ള ഒരു ഗീതം സഭയിൽ ഉപയോഗിക്കുന്നുണ്ടോ? Q ഉപയോഗിക്കുന്നുണ്ട് Ans. ഗീതം എന്താണ് എന്നു ചൊല്ലാമൊ? ഇപ്പോഴത്തെ ട്രാൻസ്ലേഷൻ അനുസരിച്ച് ആ ഗീതം ഇപ്രകാരമാണ്.

"ആദ്യാചാര്യത്വം കൈകൊണ്ടഹറോൻ മൂശയോടൊന്നിച്ച് സ്കറിയായ്ക്കതു നൽകി മോശ, സ്കറിയാ യോഹന്നാനും, യോഹന്നാൻ കർത്താവിനും. കർത്താതൻ ശ്ലീഹന്മാർക്കും നാനാ സൃഷ്ടി വിഭാഗങ്ങൾക്കേകി ശ്ലീഹന്മന്മാർ"

ഇതിൽ കർത്താവ് എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവാണ്. സാധാരണ കുർബാനകളിൽ ഉപയോഗിക്കുന്ന ഒരു ഗീതമാണ് ഇത്. Witness Adds ഇപ്പോഴത്തെ ട്രാൻസ്ലേഷൻ തെറ്റാണ്. നാനാസൃഷ്ടി വിഭാഗങ്ങൾക്കേകി എന്നല്ല മൂലത്തിലുള്ളത്. നാനാ ഭാഗങ്ങളിൽ നൽകി എന്നാണ്. **ബറു ബാപെനിയോൻ** എന്നാണ് സുറിയാനി - മറ്റൊരു സംഗതി ക്രിസ്തു പൗരോഹിത്യം ശ്ലീഹന്മാർക്ക് നൽകിയത് യരുശേമിലെ മാളികയിൽവച്ച് അവരുടെ മേൽ ഊതി നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ. നിങ്ങളാരുടെ എങ്കിലും പാപം ക്ഷമിച്ചാൽ ക്ഷമിക്കപ്പെട്ടിരിക്കുമെന്നും പറഞ്ഞപ്പോഴാണെന്നും സഭവിശ്വസിക്കുന്നു Counsel Continues അവസാനം പറഞ്ഞ സംഗതി ആ ഗീതത്തിലുള്ളതല്ല. ഞാൻ കുർബ്ബാന ചൊല്ലുമ്പോൾ മുൻ പറഞ്ഞ രീതിയിൽ തന്നെയാണ് ആ ഗീതം ചൊല്ലുന്നത് എന്നാൽ തെറ്റുകൾ തിരുത്തി പുസ്തകം അടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അത് സഭയിലെ പതിവാകയാൽ ഇങ്ങനെയുള്ള വാക്കുകളുടെ തെറ്റു തിരുത്തി അച്ചടിപ്പിക്കണമെന്ന് ആഗ്രഹിച്ചു കൊണ്ടിരിക്കയാണ്. വേറെ തർജ്ജമ ഇപ്പോൾ ഇല്ലാത്തതിനാൽ മുൻ ഉദ്ധരിച്ച പ്രകാരം ചൊല്ലുന്നു. അങ്ങനെ തെറ്റുതിരുത്തി അച്ചടിപ്പിക്കാൻ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? Q ഭാഷ അറിയാവുന്ന എനിക്ക് മറ്റാരും ആവശ്യപ്പെടാതെ തന്നെ എന്നെ പോലെ ഇങ്ങനെ ആഗ്രഹമുള്ളവർക്ക് വേണ്ടി സഭാ പിതാക്കന്മാരുടെ പരിശോധനക്കുശേഷം ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുവാൻ എനിക്കു സ്വാതന്ത്ര്യമുണ്ട് Ans ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? Q പലരും Ans ആരാണ്? Q പല അച്ചന്മാരും പല വിശ്വാസികളും എന്നല്ലാതെ ഓരോത്തരുടെയും പേർ പറയാൻ നിവൃത്തിയില്ല. എന്റെ ഓർമ്മ മുതൽ മുൻ ഉദ്ധരിച്ച വിധത്തിലാണ് ആ ഗീതം പറഞ്ഞു വന്നിട്ടുള്ളത്. എന്നാൽ ഇതു പോലെയുള്ള സ്കലിതങ്ങൾ പലതും മാറ്റി സുറിയാനി ഭാഷ അറിയാവുന്നവർ അടിപ്പിച്ചിട്ടുണ്ട്. പൗരോഹിത്യം

ക്രിസ്തുവിൽ നിന്നും ശ്ലീഹന്മാർക്ക് കിട്ടുകയും ശ്ലീഹന്മാർ അതു തുടർച്ച യായി സഭയിൽ നിലനിൽക്കത്തക്കവണ്ണം സഭയ്ക്ക് ഏൽപിച്ചുകൊടുത്തു എന്നുമല്ലേ ആ ഗിതത്തിൽ നിന്നു വ്യക്തമാകുന്നത്? Q അതെ Ans ആദ്യ നൂറ്റാണ്ടുകളിൽ മെട്രോപ്പോലീസിലെ മേൽപട്ടക്കാരനെ മെട്രോപോലിറ്റൺ എന്നറിയപ്പെട്ടിരുന്നില്ലേ? Qഅറിയപ്പെട്ടിരുന്നു Ans Ext A 71 23-ാം അദ്ധ്യായ ത്തിൽ ആദ്യത്തെ മുന്നു നൂറ്റാണ്ടിലെ വിശുദ്ധ സഭയിലെ ഭരണത്തെപ്പറ്റി പറയുന്നുണ്ട്. II കൊരിന്തിയർ Chap V Vers 20 Now then we are Ambassadors for Christ എന്നു പറയുന്നുണ്ട്. അതു പൗലോസ് ശ്ലീഹാ അപ്പോസ്തല ന്മാരെപ്പറ്റി പറയുന്നതാണ്. Ambassadors for Christ എന്നു പറഞ്ഞാൽ ക്രിസ്തു വിന്റെ സ്ഥാനപതി എന്നാണ് Witness adds എന്തിനുവേണ്ടിയാണെന്നു കൂടി അവിടെ പറഞ്ഞിട്ടുണ്ട്. ദൈവത്തോട് നിങ്ങൾ നിരന്നുകൊള്ളുവിൻ Be reconciled എന്ന് ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നുകൊണ്ട് നിങ്ങളോടപേക്ഷി ക്കുന്നു എന്നും ഉണ്ട്. Counsel Continues Ephesians Chap VI Vers 20 പൗലോസ് ശ്ലീഹാ അദ്ദേഹത്തെപ്പറ്റി For which am an ambassador in bonds എന്നു പറയുന്നുണ്ട്. അവിടെയും ക്രിസ്തുവിന്റെ സ്ഥാനപതി എന്നല്ലേ അർത്ഥം? Q അതെ അതും സുവിശേഷത്തിന്റെ മർമ്മം അറിയിക്കുവാൻ എന്നും അവിടെ പറഞ്ഞിട്ടുണ്ട് Ans. Ext A 71 Chap. XXIII ൽ പൗലോസ് ശ്ലീഹ എഫേസൂസിലെ എപ്പിസ്കോപ്പന്മാരോടുള്ള തന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് മിശിഹാ തന്റെ സഭയിൽ ഭരണാധികാരികളെ നിയമിച്ചിരുന്നു എന്ന് സ്പഷ്ടമാണ് എന്നു പറയുന്നുണ്ട്. ആ ഭരണാധി കാരികളെ എങ്ങനെ അറിയപ്പെട്ടിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്? Q അവർ ചിലർ മിശിഹായുടെ പ്രതിനിധികൾ ശുശ്രൂഷകന്മാർ, ദൈവത്തിന്റെ രഹസ്യത്തിന്റെ കാര്യസ്ഥന്മാർ, ഇടയന്മാർ, എന്നിങ്ങനെ വിളിക്കപ്പെട്ടിരുന്നു എന്നാണ്. പുസ്തകത്തിൽ ഇല്ല. ചിലരെ ഇങ്ങനെ, ചിലരെ അങ്ങനെയും എന്ന അർത്ഥത്തിൽ അവർ ചിലർ എന്നു പറഞ്ഞതാണ്. പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വിവരം ശരിയാണോ? Q അവരിൽ പറഞ്ഞിരിക്കുന്നവർ ഓരോരുത്തനാവശ്യമായുള്ളവ ചെയ്യുകയും ചെയ്തിരുന്നു. Ans പറഞ്ഞിരി ക്കുന്ന വിവരം ശരിയാണോ? Q പുസ്കത്തിൽ പറഞ്ഞിരിക്കുന്നത് ശരിയാണ് Ans അവിടെ പറയുന്ന ഭരണാധികാരികളിൽ ആരൊക്കെ ഉൾപ്പെടും?Q പട്ടക്കാർ, ശെമ്മാശന്മാർ, ഉപദേഷ്ടക്കന്മാർ ഇവരെല്ലാം അതിൽ ഉൾപ്പെടും. ദൈവത്തിന്റെ രഹസ്യത്തിന്റെ കാര്യസ്ഥന്മാർ, ഇടയന്മാർ, പിതാക്കന്മാർ ഇവയെല്ലാം. പട്ടക്കാർക്ക് ചേർന്ന പദപ്രയോഗമാണ് Ans ഈ പറഞ്ഞ ഗ്രൂപ്പിൽ മേൽപട്ടക്കാർ ഉൾപ്പെടുമോ? Q ഉൾപ്പെടും Ans മേൽപ്പെട്ടസ്ഥാനികളിൽ ആരെല്ലാം വരും?Q എല്ലാ മേൽപട്ടക്കാരും പാത്രിയർക്കീസ് കാതോലിക്കാ, മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ എന്നിവർ അവരവരുടെ സ്ഥാനത്തിനു ചേരുന്ന വിധത്തിൽ ഭരണാധികാരികളായിരിക്കും. Ans. Stopped for the day മൊഴി വായിച്ചു കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ Sd/-

Taken down by me in open Count read over to the witness admitted by him to be Correct.

15/6/78 witness Sworn again and Cross examination Continued.

Ext - A 71 പേജ് 611-ൽ സഭയുടെ ഭരണാധികാരികളെ മിശിഹായുടെ പ്രതിനിധികൾ എന്നു പറയും എന്നു പറഞ്ഞിട്ടുണ്ട്. ആ പറഞ്ഞിട്ടുള്ളത് ശരിയാണോ? Q ശരിയാണ്. ശുശ്രൂഷകന്മാർ അതിനു പറഞ്ഞിട്ടുണ്ട്. അവരുടെ ചുമതലകളും അതിൽ എഴുതിയിട്ടുണ്ട്. Ans അപ്പോസ്തലന്മാർ ക്രിസ്തുവിന്റെ സ്ഥാനാപതികൾ അല്ലങ്കിൽ പ്രതിനിധികളായിരുന്നോ? Q അതെ ക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനങ്ങൾ താൻ സ്ഥാപിച്ച സഭയിൽ തുടർന്നു നടത്തേണ്ടതിനായി ഉള്ള പ്രതിനിധികൾ ആയിരുന്നു. Ans അവർ നിയമിച്ചാക്കിയ എപ്പിസ്കോപ്പന്മാർക്കും ആ സ്ഥാനം ഉണ്ടോ? Q എപ്പിസ്കോപ്പന്മാർക്കു മാത്രമല്ല കശീശന്മാരും തന്റെ പ്രതിനിധികൾ എന്ന നിലയിൽ അവർക്കും സ്ഥാനമുണ്ട്. കശീശാക്കു ലഭിക്കുന്ന അധികാരം എങ്ങനെ ലഭിക്കുന്നതാണ്? Q ക്രിസ്തുവിൽ നിന്ന് പരിശുദ്ധ പത്രോസിന് ലഭിച്ചിട്ടുള്ള അധികാരം എപ്പിസ്കോപ്പന്മാർ വഴിയായി ലഭിച്ചിരിക്കുന്നു എന്നാണ്. ഇതു സഭയുടെ വിശ്വാസം Ans എപ്പിസ്കോപ്പന്മാർക്കു ലഭിക്കുന്ന അധികാരം എങ്ങനെയാണ്? Q അതും പരിശുദ്ധപത്രോസിന്റെ പിൻഗാമികളായ പാത്രിയാർക്കീസന്മാരിൽ നിന്നും കിട്ടുന്നതാണ് Ans പത്രോസ് മറ്റു ശ്ലീഹന്മാർക്ക് എന്നെങ്കിലും അധികാരം പ്രദാനം ചെയ്തിട്ടുണ്ടോ? പത്രോസിനുള്ള പ്രത്യേക അധികാരവും മറ്റു ശ്ലീഹന്മാർക്കുള്ള അധികാരങ്ങളും ക്രിസ്തു നേരത്തെ തന്നെ നൽകിട്ടുള്ളതാകയാൽ പത്രോസ് അവർക്ക് (മറ്റു ശ്ലീഹന്മാർക്ക്) പ്രത്യേക നിർദ്ദേശങ്ങൾ കൊടുക്കുകയല്ലാതെ പ്രത്യേക അധികാരങ്ങൾ കൊടുക്കേണ്ടതില്ല. കൊടുത്തിട്ടുമില്ല Ans ക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനങ്ങളിൽ എന്തൊക്കെ ഉൾപ്പെടും? Q ക്രിസ്തു പാപികളെ രക്ഷിപ്പാനാണ് വന്നത്. ആ പാപമോചനാധികാരം അപ്പോസ്തലന്മാർക്കു നൽകി അങ്ങനെ മനുഷ്യരക്ഷയ്ക്ക് ആവശ്യമായിട്ടുള്ള ദിവ്യകർമ്മങ്ങൾ നടത്തുവാനുള്ള അധികാരത്തെയാണ് തുടർന്ന് നടത്തുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് Ans സഭയുടെ ഭരണപരമായ ക്രമീകരണങ്ങളും അതിനാവശ്യമായ നിയമങ്ങളും നിർമ്മിക്കുക നടപ്പിലാക്കുക എന്നിവ സഭയുടെ പ്രവർത്തനത്തിൽ ഉൾപ്പെട്ടതാണോ? Q ഇവ ക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടവ അല്ലെങ്കിലും തന്റെ സഭയുടെ ഭരണക്രമം ക്രിസ്തു തന്നെ അപ്പോസ്തോലന്മാരുടെ മുമ്പിൽ തന്റെ ഉയിർപ്പിനുശേഷം 40 ദിവസം കൊണ്ട് മനസ്സിലാക്കി കൊടുത്തിട്ടുള്ളതാകുന്നു. ആ രീതിയിൽ അതും സഭയ്ക്കു വേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രവർത്തനമാണ് ആ പ്രവർത്തനങ്ങൾ തുടർന്നു നടത്തേണ്ടതാരാണ്? Q ഭരണപരമായ കാര്യങ്ങൾ ക്രിസ്തു ക്രമപ്പെടുത്തിയ രീതി അനുസരിച്ച് ഭരണ ചുമതല ആരെ ഏൽപിച്ചിരിക്കുന്നുവോ ആ ആൾ നടത്തേണ്ടതാകുന്നു. Ans നമ്മുടെ കർത്താവിൽ നിന്നും കൈയ്വെപ്പും അധികാരവും സ്വീകരിച്ച ശ്ലീഹന്മാർ വിശുദ്ധ സഭയെ നാനാ ദിക്കിലും

പ്രചരിപ്പിക്കുകയും ഭരിക്കുകയും ചെയ്തു. അവർ തങ്ങൾക്കു പിൻഗാമികളെ നിശ്ചയിച്ചിരുന്നു. എന്നു പറഞ്ഞാൽ ശരിയാണോ? തങ്ങൾക്കു പിൻഗാമികളെ നിയമിക്കുവാൻ അധികാരവും കൈയ്യ്വെപ്പും ലഭിച്ചിരുന്നവരായ ശ്ലീഹന്മാർക്ക് പത്രോസിനാൽ ഭരിക്കപ്പെട്ട സഭയിൽ പ്രാദേശികമായി വിശ്വാസികളുടെ കൂട്ടങ്ങളെ ക്രമപ്പെടുത്തുവാൻ അധികാരങ്ങൾ ഉണ്ടായിരുന്നു. Ans ശ്ലീഹന്മാർക്ക് സഭയെ നാനാദിക്കുകളിലും പ്രചരിപ്പിക്കുന്നതിനും ഭരിക്കുന്നതിനും ക്രിസ്തുവിൽ നിന്ന് അധികാരം ലഭിച്ചിരുന്നോ? Q ശ്ലീഹന്മാർക്കു സഭയെ പ്രചരിപ്പിക്കുന്നതിനല്ല സുവിശേഷം പ്രചരിപ്പിക്കുന്നതിനാണ് അധികാരം സിദ്ധിച്ചിരുന്നത്. ആ സ്ഥിതിക്ക് അവർ സുവിശേഷം പ്രസംഗിക്കുകയും പ്രദേശികമായുള്ള വിശ്വാസികളുടെ പുരോഗമനത്തിനാവശ്യമായുള്ളവ ചെയ്യുകയും ചെയ്തിരുന്നു Ans സഭയെ പ്രചരിപ്പിക്കുവാൻ എന്നു പറഞ്ഞാൽ അത് തെറ്റാണ്. വിശ്വാസത്തെ പ്രചരിപ്പിക്കുവാനാണ്. ശ്ലീഹന്മാർക്കു സഭയെ ഭരിക്കുവാൻ ക്രിസ്തുവിൽനിന്ന് അധികാരം ലഭിച്ചിരുന്നുവോ? Q ക്രിസ്തുവിന്റെ സഭയെ മുഴുവനും ഭരിക്കുവാനുള്ള അധികാരം പത്രോസിനാണ്. ക്രിസ്തു നൽകിയിട്ടുള്ളതെന്നും അദ്ദേഹത്തോട് സമ്പർക്കം പാലിച്ചു കൊണ്ട് മറ്റു പ്രാദേശിക സഭകളെ നയിക്കുവാൻ മറ്റുള്ളവർക്കും അധികാരം ഉണ്ടെന്നും ഞാൻ മുമ്പു ബോധിപ്പിച്ചിട്ടുള്ളതാണ്? Q ഭരിക്കുവാനുള്ള അവകാശം പത്രോസിനു മാത്രമെ കിട്ടിയിട്ടുള്ളൂ. ബാക്കി എന്തെല്ലാം പറഞ്ഞാലും തെറ്റാണ്. പിൻഗാമികളെ നിയമിക്കാനുള്ള അധികാരം ശ്ലീഹന്മാർക്ക് കർത്താവിൽ നിന്നു ലഭിച്ചിരുന്നു എന്നു പറഞ്ഞാൽ ശരിയാണോ? Qപിൻഗാമികളെ നിയമിക്കുവാൻ കർത്താവിൽ നിന്നവർക്കു അധികാരം കിട്ടിയതായി സുവിശേഷത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. എന്നാൽ ക്രിസ്തുവിന്റെ വേല തുടർന്ന് നടന്നു പോകേണ്ടത് ആവശ്യമാകയാൽ പിൻഗാമികളെ നിയമിക്കുവാൻ പിൻഗാമികളെ നിയമിച്ചിട്ടുണ്ട്. ഉദാഹരണമായി പൗലോസ് തിമത്തിയോസിനോടു പറയുന്നുണ്ട്. ഞാൻ നിന്നെ നിയമിച്ചാക്കി എന്നാണ് പറയുന്നത്. പ്രാദേശിക സഭയെ ഭരിക്കാനാണോ? Q അതെ. അത് മുമ്പു പറഞ്ഞ ബന്ധം പാലിച്ചു കൊണ്ട് Ans മുമ്പ് പറഞ്ഞ ബന്ധം പാലിച്ചു കൊണ്ടാണ് എന്നതിന് വേദത്തിൽ വല്ലതും ഉണ്ടോ? Q ക്രിസ്തു പത്രോസിനെ ഭരണാധികാരിയായി നിയമിച്ചിരിക്കുന്ന വസ്തുത അറിഞ്ഞിട്ടുള്ള യാതൊരു ശ്ലീഹായും ആ ബന്ധം പാലിക്കാതെ പ്രവർത്തിക്കയില്ലന്നുള്ള പരിപൂർണ്ണ ഉറപ്പു വച്ചു കൊണ്ടാണ് ബന്ധം പാലിച്ചുകൊണ്ട് എന്നു ബോധിപ്പിച്ചത് Ans പൗലോസ് ശ്ലീഹായ്ക്കു പ്രാദേശിക സഭയ്ക്ക് ഭരണ കർത്താക്കളെ നിയമിക്കാനുള്ള അധികാരം എങ്ങനെ കിട്ടിയതാണ്? Q പത്രോസുൾപെടെയുള്ള ശ്ലീഹാഗണത്തിൽ നിന്നു അദ്ദേഹത്തിനു കിട്ടിയതാണ് Ans. പൗലോസ് ശ്ലീഹാ പത്രോസ് ശ്ലീഹായുടെ പ്രധാന കാർമ്മികത്വത്തിൽ ശ്ലീഹന്മാർ എല്ലാവരും കൂടി കൊടുത്തതാണ്. ഇത് വേദപുസ്തകത്തിൽ എവിടെയെങ്കിലും ഉണ്ടോ? Q. ചരിത്രപരമായ കാര്യങ്ങൾ വേദപുസ്തകത്തിലില്ല. എന്നാൽ ചരിത്രത്തിൽ അതേപ്പറ്റി പറയുന്നുണ്ട്. Ans പൗലോസ് ശ്ലീഹായ്ക്ക് കൈവെയ്പ്പ് കൊടുത്തതു

സംബന്ധിച്ച് വേദപുസ്തകത്തിൽ എവിടെ എങ്കിലും എന്തെങ്കിലും ഉണ്ടോ? Q. ഏതെങ്കിലും ശ്ലീഹായ്ക്ക് കൈവെയ്പ്പ് കൊടുത്തതായി വേദപുസ്കത്തിൽ ഒരിടത്തും പറയുന്നില്ല. അവരെ കൈയുയർത്തി അനുഗ്രഹിച്ചു എന്നാണ് പറയുന്നത്. അതുപോലെ തന്നെ പൗലോസിന്റെ സ്ഥാനാരോഹണത്തെക്കുറിച്ച് വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ല. ചരിത്രത്തിലാണ് അത് കാണപ്പെടുന്നത് Ans പൗലോസ് ശ്ലീഹ മറ്റു ശ്ലീഹന്മാരിൽ നിന്നും യാതൊരു തരത്തിലും കുറവുള്ളവനല്ല എന്ന് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ അദ്ദേഹം തന്നെ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ അപ്പോസ്തലികാധികാരം ക്രിസ്തുവിൽ നിന്നും നേരിട്ടു കിട്ടിയതാണെന്ന് അദ്ദേഹത്തിന്റെ ലേഖനത്തിൽ പറയുന്നുണ്ടോ? അങ്ങനെ അദ്ദേഹം പറയുന്നുണ്ടോ? Q. എന്ന് ലേഖനം പരിശോധിക്കണം Ans അങ്ങനെ ഉണ്ടെങ്കിൽ അത് ശരിയാണോ? Q. അങ്ങനെ ഉണ്ടെങ്കിൽ അതു ശരിയാണോ? Q. അങ്ങനെ ഉണ്ടെങ്കിൽ അത് ശരിയാണ് Ans വേദത്തിൽ അങ്ങനെ ഉണ്ടെങ്കിൽ അത് സാക്ഷിയുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലായിരിക്കാം. വേദത്തിലുള്ളതെല്ലാം ഓർമ്മയിൽ ഇരുന്നെന്നുവരില്ല Ans Ext A 71 ൽ പൗലോസ് ശ്ലീഹയ്ക്ക് പട്ടം കൊടുത്തത് പത്രോസ് ശ്ലീഹയും മറ്റു ശ്ലീഹന്മാരും കൂടിയിട്ടുണ്ടെന്നാണ് ഓർമ്മ. പെട്ടെന്ന് ആ ഭാഗം നോക്കി പറയാൻ പറ്റുകയില്ല. വേറെ ഏതെങ്കിലും ചരിത്രത്തിലുണ്ടോ എന്ന് ഇപ്പോൾ ഓർമ്മയില്ല. സഭ ശ്ലൈഹികമാണോ? Q. അതെ. Ans സഭ ശ്ലൈഹികമാകുന്ന എന്നു പറയുന്നതിലെ പ്രധാന ആശയം ശ്ലീഹന്മാർക്കു നമ്മുടെ കർത്താവിൽ നിന്നു ലഭിച്ച അധികാരം അവരിൽ നിന്നു കൈവെയ്പ്പു വഴിയായി മുടക്കമില്ലാതെ ലഭിച്ചു കൊണ്ടിരിക്കുന്ന സഭ എന്നത്രെ എന്നു പറഞ്ഞാൽ അത് ശരിയാണോ? Q. ഈ സഭയെ സംബന്ധിത്തിടത്തോളം ശ്ലീഹന്മാരിൽനിന്നും എന്നുള്ളത് പത്രോസ് ശ്ലീഹായാൽ നിന്ന് എന്ന് പറഞ്ഞിട്ട് മറ്റു കാര്യങ്ങൾ പറഞ്ഞാൽ ശരിയാണ്. അല്ലെങ്കിൽ ഈ സഭയെ സംബന്ധിച്ചിടത്തോളം തെറ്റാണ് Ans ഈ സഭ എന്നു പറഞ്ഞത് ഏത് സഭയാണ്? ഞാൻ ഉൾപ്പെട്ടിരിക്കുന്ന സുറിയാനി ഓർത്തോഡോക്സ് സഭ Ans സഭ ശ്ലൈഹികമായിരിക്കണമെങ്കിൽ ശ്ലീഹന്മാരിൽ നിന്നും ഇടമുറിയാതെ ഉള്ളതും കുറ്റമറ്റതുമായ കൈവെയ്പ്പ് ശ്ലീഹന്മാരുടെ വിശ്വാസ ഉപദേശങ്ങളും ഉള്ളതായിരിക്കണം എന്നു പറഞ്ഞാൽ അത് ശരിയാണോ? Qമുൻ പറഞ്ഞതുപോലെ ഈ സഭയെ സംബന്ധിച്ച് വിശുദ്ധ പത്രോസിനെ Specify ചെയ്തു പറഞ്ഞാൽ ബാക്കി കാര്യങ്ങൾ ശരിയാണ് Ans മുൻ ചോദ്യങ്ങളിൽ പറഞ്ഞ പ്രകാരം വിശ്വസിക്കുന്ന ഏതെങ്കിലും സഭകൾ ഉണ്ടോ? Q അങ്ങനെയുള്ള സഭകൾ കാണും Ans ഏതൊക്കെ സഭകളാണെന്ന പറയാമോ? Qപത്രോസിന്റെ പ്രാധാന്യത്തെ നിഷേധിക്കുന്നവരെല്ലാം സഭകളായാലും വ്യക്തികളായാലും അങ്ങനെ പറയും. Protestant കാർ അങ്ങനെ പറയും. എല്ലാ ശ്ലീഹന്മാരും Collective ആയി അവരിൽ നിന്നാണ് കൈവെയ്പ്പു ലഭിക്കുന്നതെന്ന് അവർ പറയുന്നു. എന്നാൽ സുറിയാനി സഭയുടെ വിശ്വാസമനുസരിച്ച് ശ്ലൈഹിക സഭ എന്നു പറയുന്നത് ശ്ലീഹന്മാരുടെ തലവനായ പത്രോസിൽ നിന്ന് ഇടമുറിയാതെ ഉള്ള കൈവെയ്പ്പ്

പ്രാപിച്ചുകൊണ്ടിരിക്കുന്ന സഭ എന്നാകുന്നു. C.S.I Anglican ഇവർ ഞാൻ പറഞ്ഞ Protestant Church പെട്ടവരാണ്. Protestant ചിന്താഗതിയാകുന്ന സഭയിൽ അല്ലാതെ Protestant ഉണ്ട്. Protestant സഭകൾ എന്ന് പറയാനുള്ള കാരണങ്ങളിൽ ഒന്നാണ് ഈ പറഞ്ഞ വിശ്വാസ വ്യത്യാസം ഈ വിശ്വാസ വ്യത്യാസം പത്രോസിന്റെ പരമാധികാരത്തെ നിഷേധിച്ചു കൊണ്ട് റോമാ സഭയിലെ ലൂതർ മുതലായവർ റിഫർമേഷൻ തുടങ്ങിയപ്പോൾ മുതൽ ഇങ്ങനെ അഭിപ്രായ വ്യത്യാസം ഉണ്ടെന്നാണ് എന്റെ അറിവ് Protestant സഭകളെല്ലാം Congregational അല്ല. എന്നാൽ അവരിൽ ചിലർക്ക് എപ്പിസ്കോപ്പന്മാർ വേണമെന്നഭിപ്രായമുള്ളവർ ഉണ്ട്. സാക്ഷി പറയുന്ന തരത്തിൽ ശ്ലീഹന്മാരിൽ എന്നും Collective ആയിട്ട് അപ്പോസ്തല കൈവെപ്പും കിട്ടുന്നു എന്നു പറയുന്നു. Protestant സഭകൾ Congregation form of government ഉള്ള സഭകളാണോ?Q Congregational form of government അല്ല. Protestant കാരിൽ Bishops ഉള്ളവർക്ക് എപ്പിസ്കോപ്പൽ സഭ എന്നും Bishops ഇല്ലാത്തവർക്ക് Congregational എന്നും പറയുകയാണ്. Ans അവരിൽ Bishop വേണമെന്ന് പറയുന്നവരാണ് അപ്പോസ്തലന്മാരിൽ നിന്നും Collective ആയിട്ടാണ് കൈവെയ്പ്പ് ഉള്ളത് എന്ന് പറയുന്നത് Congregational form of government എന്ന് ഒരു Government ഇല്ല Congregational Churches ആണ് ഉള്ളത് Ans ഈ ഗുപ്തായ സഭ അർമീനിയൻ സഭ അബിസീനിയൻ സഭ ഈ സഭകളുടെ ഒക്കെ ഇതു സംബന്ധിച്ച വിശ്വാസം എങ്ങനെയാണ്? Q ഈ സഭകളുടെ എല്ലാം ഇക്കാര്യത്തിലുള്ള വിശ്വാസരീതി മുമ്പു ബോധിപ്പിച്ചതുപോലെ വിശുദ്ധ പത്രോസിൽ നിന്നുള്ളതു കൈവെയ്പ്പ് എന്നാകുന്നു. കാരണം മുമ്പു ബോധിപ്പിച്ചതുപോലെ അന്ത്യോക്യായിൽ പത്രോസും അലക്സാന്ത്രിയായിൽ പത്രോസ് നിയമിച്ചാക്കിയ മർക്കോസും അടുത്ത കാലം വരെയും അലക്സാന്ത്രിയൻ സഭയ്ക്ക് കീഴ്പ്പെട്ടിരുന്ന അർമീനിയൽ സഭയും ഇക്കാര്യത്തിൽ ഒരു പോലെ വിശ്വസിക്കുന്നു. Ans ഊർശ്ലേമിലെ ഒന്നാമത്തെ എപ്പിസ്കോപ്പാ ആരായിരുന്നു ?Q കർത്താവിന്റെ സഹോദരൻ വിശുദ്ധ യാക്കോബ് Ans അദ്ദേഹത്തെ അവിടെ എപ്പിസ്കോപ്പാ ആയി വാഴിച്ചതാരാണ്? Q പത്രോസും മറ്റ് ശ്ലീഹന്മാരും കൂടിയാണെന്ന് Eat A 71-ൽ ഞാൻ വായിച്ചതായി ഓർക്കുന്നു Ext A71 Page 82-ൽ ശ്ലീഹന്മാർ തെരഞ്ഞെടുത്തു വാഴിച്ചു എന്നു പറഞ്ഞിട്ടുണ്ട്. അതിൽ പത്രോസും ഉൾപ്പെടും Ext A 71-ൽ പറഞ്ഞിരിക്കുന്നത് ശരിയായിരിക്കണം. ആ പേജിൽ തന്നെ മോർ യാക്കോബ് സാക്ഷി മരണം പ്രാപിച്ചശേഷം അവർ തീരുമാനിച്ചു അദ്ദേഹത്തെ വാഴിച്ചു എന്നുള്ള ഭാഗം വായിച്ചു. അതിൽ പറഞ്ഞിട്ടുള്ളത് ശരിയാണോ? Q യാക്കോബിന്റെ സ്ഥാനത്തേയ്ക്ക് മോർ ശെമവോനെ തെരഞ്ഞെടുത്തു എന്ന് അവിടെ പറഞ്ഞിരിക്കുന്നത് ശരിയാണ് Ans അവിടെ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം ശരിയാണോ? Q ശരിയാണ് Ans അതിൽ ആ സിംഹാസനം എന്നു പറയുന്നത്

ഏതു സിംഹാസനമാണ്? യാക്കോബിന്റെ ഭരണരംഗം അല്ലെങ്കിൽ സ്ഥാനം എന്നുള്ളതാണ്. അവിടെ സിംഹാസനം കൊണ്ട് ഉദ്ദേശിക്കുന്നത് Ans ഊർശ്ലേമിൽ എപ്പിസ്കോപ്പൽ സിംഹാസനം ഉണ്ടോ? Q എപ്പിസ്കോപ്പൽ സിംഹാസനം എന്നൊന്നില്ല. എപ്പിസ്കോപ്പൽ സിംഹാസനം എന്നു പറഞ്ഞാൽ എപ്പിസ്കോപ്പായുടെ ആസ്ഥാനം എന്നേ അതിനർത്ഥമുള്ളു ആ രീതിയിൽ അന്ന് പിന്നീടും ഉണ്ടായിരുന്നു. Ans 83-ാം പേജിൽ കർത്താവിന്റെ വളർത്തു പിതാവായ യൗസേപ്പിന്റെ കുടുംബാംഗങ്ങൾക്കു വേണ്ടി ഊർശ്ലേമിലെ എപ്പിസ്കോപ്പൽ സിംഹാസനം 600 സംവത്സരത്തിലധികം സൂക്ഷിക്കപ്പെട്ടിരുന്നു എന്നു പറയുന്നുണ്ട്. അതിൽ പറയുന്ന എപ്പിസ്കോപ്പൽ സിംഹാസനം ഏതാണ്? Q മുമ്പ് ബോധിപ്പിച്ചതു തന്നെ Ans ഊർശ്ലേമിലെ എപ്പിസ്കോപ്പൽ ഭരണസ്ഥാനം എന്നു പറയാമൊ? Q ഭരണസ്ഥാനം എന്നു മാത്രം അല്ല എപ്പിസ്കോപ്പായുടെ പ്രധാന ചുമതല ജനത്തെ ആത്മീയമായി വളർത്തുന്നതാണ് അതിനുവേണ്ടപ്പെട്ട ഭരണത്തിനായി ഉള്ള ആ സ്ഥാനമാണ് Ans യാക്കോബിനുശേഷം ശെമവോനെ വാഴിച്ചു എന്നു പറഞ്ഞല്ലോ ശെമവോനെ വാഴിക്കുമ്പോൾ പത്രോസ് ശ്ലീഹാ ഉണ്ടോ? Q ഉണ്ടായിരുന്നു Ans ശെമവോന്റെ ശേഷം ഊശ്ശ്ലേമിലെ എപ്പിസ്കോപ്പൽ സിംഹാസനത്തിലേക്ക് എപ്പിസ്കോപ്പന്മാരെ വാഴിച്ചിരുന്നത് എങ്ങനെ എന്നറിയാമോ? Q പിന്നെ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ആളുകളെ വാഴിച്ചുകൊണ്ടിരുന്നത് വിശുദ്ധ പത്രോസിന്റെ പിൻഗാമികളുടെ സഹകരണത്തോടുകൂടി അന്നുള്ള മറ്റു എപ്പിസ്കോപ്പന്മാരും ചേർന്നു ആയിരിക്കണം. Inference അത് ആണോ? Qമേൽപറഞ്ഞ പരിതിസ്ഥിതിയിൽ പ്രായോഗികമായിട്ടുള്ളത് ഞാൻ പറഞ്ഞതു മാത്രമാണ്. രേഖകളും ഉണ്ടായിരിക്കാം. ഞാൻ കണ്ടിട്ടില്ല Ans ഊർശ്ലേമിലെ 1-ാമത്തെ എപ്പിസ്കോപ്പയെ വാഴിച്ചത് അവിടെ എപ്പിസ്കോപ്പൽ ഭരണം തുടർന്ന് പോകണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണോ? Q എപ്പിസ്കോപ്പൽ ഭരണം തുടരാനല്ല. അന്നത്തെ ജനത്തിന്റെ ആത്മിയാവശ്യങ്ങൾ നിറവേറുന്നതിനാണ് യാക്കോബിനെ വാഴിച്ചത് Ans എപ്പിസ്കോപ്പായിൽ നിന്നു ലഭിക്കേണ്ട ആത്മീയാവശ്യങ്ങൾക്കാണോ? Q അതെ Ans ആ എപ്പിസ്കോപ്പാസ്ഥാനം അവിടെ തുടർച്ചയായി നിലനിന്നു വരികയാണോ? Q തുടർച്ചയായി അവിടെ നിലനിൽക്കത്തക്ക ക്രമീകരണങ്ങൾ അവിടെ ഉണ്ടായിരുന്നതുകൊണ്ട് അവിടെ തുടരെ എപ്പിസ്കോപ്പന്മാർ ഉണ്ടായിരുന്നു Ans പത്രോസ് ശ്ലീഹാ യരുശലേം സഭയിൽ ഭരണം നടത്തിയിരുന്നതായി തെളിവും വല്ലതും കണ്ടിട്ടുണ്ടോ? Q പത്രോസ് ശ്ലീഹാ യറുശലേം സഭയുടെ മാത്രമല്ല. ആദിമ കാലത്തുള്ള സഭ മുഴുവന്റെയും ഭരണം നിർവ്വഹിച്ചതായി എന്റെ ചീഫിൽ ഞാൻ ബോധിപ്പിച്ചിട്ടുണ്ട് Ans മോർ യാക്കോബ് പത്രോസിന്റെ കീഴിൽ ഭരണം നടത്തിയതായി എന്തെങ്കിലും ലക്ഷ്യം കണ്ടിട്ടുണ്ടോ? Q അപ്പോസ്തലന്മാരും അവരുടെ കാലത്തുള്ളവരും ക്രിസ്തുവിന്റെ സ്വഭാവം ഉള്ളവരും അധികാരമോഹികളല്ലാത്തവരും

തങ്ങളുടെ തലവനാരാണെന്നറിയാവുന്നവരും ആയിരുന്നതുകൊണ്ട് പത്രോസിനെ ധിക്കരിച്ചല്ല ഭരണം നടത്തിയിരുന്നത് എന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. ഈ രണ്ട് കാര്യങ്ങളിൽ എന്തെങ്കിലും എതിർപ്പുകൾ കാണിച്ചിരുന്ന എങ്കിൽ ഏതെങ്കിലും ചരിത്ര പുസ്തകത്തിൽ കാണുമായിരുന്നു. അങ്ങനെയുള്ള ഒരു രേഖയും ഞാൻ കണ്ടിട്ടില്ല. ആരും കാണാൻ ഇടയുമില്ല എന്നാണ് എന്റെ വിശ്വാസം.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പ

Taken down by me in open Court read over to the witness and admitted by him to be correct

Sd/-

Judge 15-6-78

16/16 Witness Sworn again and Cross examination Continued ഊർശ്ലേമിൽ യാക്കോബ് പത്രോസിനു കീഴിലായി ഭരണം നടത്തിയതായി ലക്ഷ്യം കണ്ടിട്ടുണ്ടോ? Q നടത്തിയതായി ലക്ഷ്യം കണ്ടിട്ടില്ലെങ്കിലും പത്രോസ് സഭ മുഴുവന്റെയും ഭരണാധികാരി ആകയാൽ അദ്ദേഹത്തിനു വിധേയമായിട്ടാണ് കാര്യങ്ങൾ നിർവ്വഹിച്ചതെന്നു ന്യായമായി ഊഹിക്കാവുന്നതാണ് Ans ശ്ലീഹന്മാരുടെ കാലത്ത് പ്രാദേശിക സഭകളെ ഭരിക്കുന്നതിന് നിയമിച്ച എപ്പിസ്കോപ്പന്മാർ പത്രോസിന്റെ കീഴിൽ ഭരണം നടത്തിയതായി ലക്ഷ്യം വല്ലതും കണ്ടിട്ടുണ്ടോ? Q സഭയുടെ പ്രാരംഭകാലത്ത് ഭരണത്തിനല്ല സുവിശേഷ പ്രചാരണത്തിനു കൂടുതൽ പ്രാധാന്യം നൽകികൊണ്ട് അവർ പ്രവർത്തിച്ചിരുന്നതിനാൽ ഭരണപരമായ കാര്യങ്ങളെക്കുറിച്ചുള്ള രേഖകൾ യാതൊന്നും തന്നെ കാണുവാൻ കഴിഞ്ഞിട്ടില്ല Ans സുവിശേഷ പ്രചാരണം നടത്തികൊണ്ടിരുന്നത് പത്രോസിന്റെ നിർദ്ദേശമനുസരിച്ചാണെന്നുള്ളതിനു എന്തെങ്കിലും ലക്ഷ്യം കണ്ടിട്ടുണ്ടോ? Q സുവിശേഷ പ്രചാരണം നടത്തിക്കൊണ്ടിരുന്നത് കർത്താവിന്റെ നിർദ്ദേശപ്രകാരം ആണെങ്കിലും പ്രധാന ഭരണകർത്താവായ പത്രോസുമൊരുമിച്ച് അപ്പോസ്തല സമൂഹം യോഗം ചേർന്ന് ചീട്ടിട്ട് അതനുസരിച്ച് പ്രവർത്തിക്കയായിരുന്നു എന്നുള്ള പാരമ്പര്യം സഭയിലെ ആരാധനാ ക്രമങ്ങളിലുള്ളത് മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുള്ളതാണ് Ans ചീട്ടിട്ട് നടത്തി എന്നുള്ളത് ഏത് ആരാധനാക്രമത്തിലുണ്ടെന്നു പറയാമോ? Q കുർബ്ബാനക്രമത്തിലുള്ള സുറിയാനി ഗീതങ്ങളിൽ വായിച്ചിട്ടുള്ളതായിട്ടാണ് എന്റെ ഓർമ്മ. പെങ്കീസാ പുസ്തകത്തിലും ഉണ്ടെന്നു തോന്നുന്നു. Ans തോമാശ്ലീഹായുടെ ഓർമ്മ ദിവസം ഉള്ള പ്രൊമിയോനിൽ അത് ഉണ്ടെന്നാണ് എന്റെ ഓർമ്മ Ext A 71 Page 187 ൽ പൗലോസ് ശ്ലീഹാക്കു കൈവെയ്പ്പു കൊടുത്തതിനെപ്പറ്റി പറയുന്നുണ്ട്. "കർത്താവ് നേരിട്ടല്ല കൊടുത്തതെന്നും

അന്ത്യോക്യായിൽ വച്ച് അപ്പോഴവിടെ ഉണ്ടായിരുന്ന അറിയിപ്പുകാരനും ദീർഘദർശിമാരും ഉപദേഷ്ടാക്കന്മാരും എപ്പിസ്കോപ്പന്മാരുമായ ശെമവോൻ നിഗർ കുറേനക്കാരനായ ലൂക്കിയോസ് മനാഹേൻ എന്നിവരുടെ കൈവെയ്പ്പിലും വിശുദ്ധ റൂഹായുടെ വിളിയിൻ പ്രാർത്ഥനയാലും ബർനബായും പൗലോസും എപ്പിസ്കോപ്പന്മാർ ആയിത്തീർന്നു" എന്നു പറയുന്നുണ്ട്. ആ വിവരം ശരിയാണോ? Q അതെ Ans ഏതു കാലത്താണ് അത് നടന്നത് ? Q എ.ഡി. 45 നു ശേഷം എന്നു വേണം അനുമാനിക്കാൻ. അങ്ങനെ Ext A 71 കൊണ്ടു കാണാം. Witness Adds അന്ത്യോക്യായിൽ വച്ചായിരുന്നത് കൊണ്ട് പത്രോസിന്റെ സാന്നിദ്ധ്യവും അവിടെ ഉണ്ടായിരുന്നിരിക്കണം. അപ്പോസ്തല പ്രവൃത്തി 13-ാം അദ്ധ്യായത്തിലും പൗലോസിന്റെ ഈ വാഴ്ചയെക്കുറിച്ചു പറയുന്നുണ്ട്. Counsel Continues 13-ാം അദ്ധ്യായത്തിൽ ഇതെപ്പറ്റി പറയുന്നതു മുൻപു പറഞ്ഞതു തന്നെ. പത്രോസോ പത്രോസ് നിയമിച്ചാക്കിയ ആരെങ്കിലും ഉണ്ടായിരുന്നതായി അവിടെ പറയുന്നില്ല. എന്നാൽ അന്ത്യോക്യായിൽ വച്ചായതുകൊണ്ട് പത്രോസിന്റെ നിർദ്ദേശാനുസരണം ആയിരിക്കണം. കൈവെച്ചവർ എപ്പിസ്കോപ്പന്മാരായിരുന്നോ? Q Ext A 71 ൽ പേജ് 187 ൽ എപ്പിസ്കോപ്പന്മാരായിരുന്നു എന്നു പറയുന്നു എങ്കിലും Ext B 37ൽ അപ്പോസ്തല പ്രവൃത്തിയിൽ അവർ എപ്പിസ്കോപ്പന്മാരായിരുന്നു എന്നു പറയുന്നില്ല Ans എപ്പിസ്കോപ്പന്മാരല്ലാത്തവർക്കു കൈവെയ്പു കൊടുക്കാൻ സാദ്ധ്യമല്ല. അക്കാലത്ത് അന്ത്യോക്യായിൽ സഭയിൽ ഭരണം നടത്തിക്കൊണ്ടിരുന്നത് ആരാണെന്നറിയാമോ? അപ്പോസ്തല പ്രവൃത്തികളുടെ വിവരങ്ങളുടെ വെളിച്ചത്തിൽ ആണ് പറയുന്നത് ആ വിവരണങ്ങൾ ഇന്ന ഇന്ന ഭാഗങ്ങളാണെന്നു പറയാൻ ഇപ്പോൾ ഓർമ്മയില്ല. പേജ് 189-190 നോക്കി. പൗലോസ് ശ്ലീഹാ തന്റെ വേലയെപ്പറ്റി ഊർശ്ലേമിലെ എപ്പിസ്കോപ്പാ ആയ യാക്കോബ് ശ്ലീഹായ്ക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചു എന്ന് അവിടെ കാണുന്നുണ്ട്. അദ്ദേഹത്തിനു റിപ്പോർട്ട് സമർപ്പിച്ചത് അന്നത്തെ സഭയുടെ കേന്ദ്രസ്ഥാനമായ ഊർശ്ലേമിലെ എപ്പിസ്കോപ്പാ അദ്ദേഹം ആയിരുന്നതുകൊണ്ടാണോ? Q അന്നത്തെ സഭയുടെ കേന്ദ്രസ്ഥാനം ക്രിസ്ത്യാനികളെന്ന് പേർ വിളിക്കപ്പെട്ട അന്ത്യോക്യാ ആയിരുന്നു. ഏതെങ്കിലും കാരണവശാൽ ഊർശ്ലേമിലെത്തിയ പൗലോസ് തന്റെ വേലയപ്പറ്റി യാക്കോബുമായി സംസാരിച്ചിരിക്കമെന്നല്ലാതെ ആധുനിക രീതിയിലുള്ള ഒരു റിപ്പോർട്ട് സമർപ്പണം ആയി അതു വ്യാഖ്യാനിച്ചു കൂടാത്തതാകുന്നു. Ans അന്നത്തെ സഭയുടെ കേന്ദ്രം അന്ത്യോഖ്യാ ആയിരുന്നു എന്നതിന് രേഖകൾ വല്ലതും ഉണ്ടോ? Q ക്രി. വ. 37 ൽ അന്ത്യോക്യായിൽ പത്രോസ് സിംഹാസനം സ്ഥാപിച്ചു എന്ന Ext. A 71 ൽ തന്നെ പറയുന്നുണ്ട്. സഭയുടെ കേന്ദ്രസംസ്ഥാനം അന്ത്യോക്യാക്ക് അന്നുണ്ടായിരുന്നു എന്ന് Ext A 71 കൊണ്ടു കാണുമോ? Q പത്രോസ് സഭയുടെ ഭരണകർത്താവായ സ്ഥാനമാണ് Ext. A 71 ൽ അങ്ങനെ പറയുന്നുണ്ടോ?Q നോക്കിയാലെ പറയാൻസാധിക്കയുള്ളു Ext A 71 ൽ സാക്ഷി പറയുന്ന കാലത്തു അന്ത്യോക്യാക്ക് 1-ാം സ്ഥാനമില്ലായിരുന്നു എന്നു കാണുകയാണെങ്കിൽ അത് ശരിയാണോ?

Q അങ്ങനെ കാണുന്നില്ല Ans Ext A 71 പേജ് 149 ൽ പൗലോസ് ശ്ലീഹായെ പ്പറ്റി പറയുന്നതെന്താണ്? അദ്ദേഹം പുറജാതിളുടെ ശ്ലീഹാ ആയത് മനുഷ്യ രിൽ നിന്നുമല്ല മനുഷ്യരാലുമല്ല എന്നാലൊ യേശു മിശിഹായാലത്രെ താൻ പുറജാതികളുടെ ശ്ലിഹായായിരുന്നത്. ഗലാത്യാ 1-1 എന്നാണ്. അതു ശരിയാണോ? Q അദ്ദേഹം പുറജാതികളുടെ ശ്ലീഹാ ആയി നിയമിക്കപ്പെട്ടത് ക്രിസ്തുവിനാലാകുന്നു. ശ്ലീഹാ എന്നു പറഞ്ഞാൽ ആയക്കപ്പെട്ടവൻ എന്നാണ് അർത്ഥം. ക്രിസ്തുവിനാൽ അയക്കപ്പെട്ടവൻ എന്നാണ് അർത്ഥം. ക്രിസ്തു വിനാൽ അയക്കപ്പെട്ട ആർക്കും ആ പേർ പറയാവുന്നതാകുന്നു. എന്നാൽ പൗലോസിനെ എപ്പിസ്കോപ്പ ആക്കിയ കാര്യമാണ് മുമ്പ് ബോധിപ്പിച്ചത് Ext A 71 page 209 നോക്കി. വിശുദ്ധ മാർക്കോസ് അലക്സാണ്ട്രിയൻ സഭയ്ക്ക് തലവനായി അദ്ദേഹത്തിനു പകരം അനിയാതോസിനെ എപ്പിസ്കോപ്പ ആയി നിയമിച്ചു എന്നു പറയുന്നുണ്ട്. പേജ് 211 ൽ വിശുദ്ധ ലൂക്കോസിനെ പൗലോസ് തന്നെയാണ് എപ്പിസ്കോപ്പ ആയി വാഴിച്ചത് എന്നും പറയുന്നുണ്ട് ഈ പറഞ്ഞിരിക്കുന്നതു രണ്ടും ശരിയാണോ? ശരിയാണ് Ans page 212 ൽ ഫുട്ട് നോട്ടിൽ മുൻ പറഞ്ഞ ലൂക്കോസ് തന്നെയാണ് അനിയാനോസിന്റെ പിൻഗാമിയായി ഈൗബിലിയോസിനെ വാഴിച്ചത് എന്ന് ശ്ലീഹന്മാരുടെ കാനോൻ പുസ്തകം കൊണ്ടു കാണുന്നു എന്ന് പറയുന്നുണ്ട് അതു ശരിയാണോ? Q ശരിയായിരിക്കുന്നത് ഇതിൽ പറയുന്ന ശ്ലീഹന്മാരുടെ കാനോൻ പുസ്തകം ഞാൻ വായിച്ചിട്ടില്ല. അതിൽ അപ്രകാരം ഉണ്ടോ എന്ന് എനിക്കു നിശ്ചയവു മില്ല Ans അനിയാനോസ് ഈൗബിലിയോസ് ഇവരൊക്കെ അപ്പോസ്തലിക കൈവെയ്പ്പ് ലഭിച്ചിട്ടുള്ള ഭരണകർത്താക്കളായിരുന്നോ? Q മർക്കാസ് വാഴിച്ച അനിയാനോസ് പത്രോസിൽ നിന്നുള്ള കൈവെയ്പ്പു പ്രാപിച്ച ആളാണ്. അന്ന് പ്രാദേശികമായി സഭകൾ സംഘടിപ്പിച്ചുകൊണ്ടിരുന്ന പൗലോസിനാൽ വാഴിക്കപ്പെട്ടു എന്നു പറയപ്പെടുന്നതിനാൽ പൗലോസിൽ നിന്നുള്ള കൈവെയ്പ്പ് അങ്ങനെ ഒരാൾ വാഴിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയാൾക്കും കിട്ടിയിരിക്കണം Ans അവർ അതുകൊണ്ട് അപ്പോസ്തലിക കൈവെയ്പ്പുള്ള ഭരണക്കർത്താക്കളായിരിക്കണം? Q അവർ അപ്പോസ്തലിക കൈവെയ്പ്പുള്ള എപ്പിസ്കോപ്പന്മാർ ആയിരുന്നു Ans വി. ലൂക്കോസ് അനിയാനോസിന്റെ പിൻഗാമിയെ വാഴിച്ചാക്കിയതുകൊണ്ട് സാക്ഷി പറയുന്നതു പോലെയുള്ള അന്ത്യോക്യാ സിംഹാസനത്തിന്റെ അപ്പോസ്തലിക പിന്തുടർച്ചക്ക് എന്നെങ്കിലും ഭംഗം ഉണ്ടായിട്ടുണ്ടോ? ഇല്ല ഒന്നാമത് അങ്ങനെ ഒരാളെ വാഴിച്ചിട്ടുണ്ടോ എന്നുള്ളത് എനിക്കു നിശ്ചയമില്ല. ഉണ്ടെങ്കിൽ തന്നെയും പത്രോസിനോടൊ പിൻഗാമിയോടൊ എതിർത്തല്ലാത്ത സ്ഥിതിക്കും ഒരു പക്ഷേ അവരുടെ നിർദ്ദേശമനുസരിച്ചായിരിക്കാം എന്നുള്ള സ്ഥിതിക്കും ചിന്തിച്ചാൽ പത്രോസിൽ നിന്നുള്ള കൈവെയ്പ്പിന് യാതൊരു ഭ്രംശക്കും ഉണ്ടാകുന്നതല്ല. Ans പത്രോസിന്റെ അധികാരത്തെ എതിർത്തല്ലങ്കിൽ ഏത് സിംഹാസനത്തിലേക്കും മറ്റു എപ്പിസ്കോപ്പന്മാർക്കും എപ്പിസ്കോപ്പന്മാരെ വാഴിക്കാമെന്നാണോ സാക്ഷി പറയുന്നത്? Q എന്നല്ല ബോധിപ്പിച്ചത്. ഏത് സിംഹാസനമോ എന്നു

പറയുവാൻ പത്രോസിനു മാത്രമെ സിംഹാസനമുള്ളു അത്യാവശ്യത്തിന്റെ പേരിൽ എതിർപ്പുകൂടാതെയും സമ്മതത്തോടുകൂടെയും ജനങ്ങളുടെ ആത്മീയ ആവശ്യങ്ങൾ മുടങ്ങാതിരിക്കുന്നതിന് എപ്പിസ്കോപ്പ സ്ഥാനം (സിംഹാസനമല്ല) നൽകാവുന്നതാകുന്നു. അങ്ങനെ നൽകുന്ന ഒരു എപ്പിസ്കോപ്പ ഭരിക്കുന്നതുകൊണ്ട് അപ്പോസ്തലിക പിന്തുടർച്ചക്ക് ഭംഗം ഉണ്ടാകുമോ? അങ്ങനെയുള്ള ഒരെപ്പിസ്കോപ്പ വിശുദ്ധ പത്രോസിന്റെ സിംഹസാനത്തിൽ കീഴിലാണ് ഭരിക്കുന്നതെങ്കിൽ അപ്പോസ്തലിക പിന്തുടർച്ചക്കു ഭംഗം ഉണ്ടാവുകയില്ല. Ans ഈ പറഞ്ഞ അഭിപ്രായങ്ങൾ സാധൂകരിക്കാൻ Authoritative ആയിട്ടുള്ള പുസ്തകങ്ങൾ ഏതെങ്കിലും ഉണ്ടോ? Q ചോദ്യങ്ങൾ ചോദിച്ചത് ഇങ്ങനെ ആണെങ്കിൽ എന്നുള്ള രീതിയിലാകയാൽ അപ്പോസ്തലിക കാലത്തെ ഭരണരീതി കണക്കിലെടുത്തുകൊണ്ട് ന്യായമായ ഉത്തരങ്ങൾ ബോധിപ്പിക്കയാണ് ചെയ്തിട്ടുള്ളത്. എല്ലാറ്റിനും പുസ്കത്തെളിവ് കാണിക്കുവാൻ സാദ്ധ്യമല്ല. കാരണം ഇതുപോലെ ആവശ്യങ്ങൾ വരുമ്പോഴാണ് പ്രത്യേകമായി പരിശോധിച്ച് തെളിവുകൾ കാണുന്നത്. Ans സാക്ഷി ഇതു പോലുള്ള കാര്യങ്ങൾക്കു പരിശോധനകൾ നടത്തിയിട്ടുണ്ടോ? കുറെയെല്ലാം നടത്തിയിട്ടുണ്ടെന്നേ പറയാൻ നിവൃത്തിയുള്ളു. Ans പുസ്തകം ചൂണ്ടിക്കാണിക്കാൻ നിവൃത്തിയില്ലെങ്കിലും എന്റെ പരിശോധനയിൽ നിന്നും ബോദ്ധ്യമായിട്ടുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞത് Ext A 71 പേജ് 220 ൽ ഫുട്ടനോട്ടിൽ ഹിജ്സിപ്പോസു എന്നൊരളെപ്പറ്റി പറയുന്നുണ്ട്. 221-ാം പേജിൽ അദ്ദേഹത്തിന്റെ പുസ്തകത്തിൽ അന്ത്യോക്യാ, അലക്സാണ്ട്രിയാ, ഊർശ്ലം, റോം എന്നി നാലു സിംഹാസനങ്ങളിലെ എപ്പിസ്കോപ്പന്മാരുടെ ലിസ്റ്റു ചേർത്തിട്ടുള്ളതായി പറയുന്നുണ്ട്. ആ പറയുന്ന നാല് സിംഹാസനങ്ങൾ അപ്പോസ്തലിക സിംഹാസനങ്ങളാണോ? Q അതിൽ പറയുന്ന അന്ത്യോക്യാ, അലക്സാണ്ട്രിയാ, റോം എന്ന മൂന്നു സ്ഥലങ്ങളിലേത് പത്രോസിന്റെ സിംഹാസനമാകുന്നു. ആകയാൽ അവ അപ്പോസ്തലിക സിംഹാസനമാണ്. യറുശലേമിന് ഒരു പാത്രിയർക്കാ പദവി ബഹുമാന സൂചകം മാത്രമായി നൽകിയത് ക്രിസ്താബ്ദം 325 ൽ നിഖ്യാ സുന്നഹദോസിൽ വച്ചാകയാൽ അതിന് അപ്പോസ്തലിക സിംഹാസനം എന്നു പറയുവാൻ നിവൃത്തിയില്ല. Ans നാലു സിംഹാസനങ്ങൾ എന്ന് ഇവിടെ പറഞ്ഞു കാണുന്നത് പിശകാണോ? Q നാലു ഭരണ കേന്ദ്രങ്ങൾ എന്നേ അദ്ദേഹം അവിടെ ഉദ്ദേശിച്ചിട്ടുള്ളു. Ans സിംഹാസനങ്ങൾ എന്നെഴുതിയിരിക്കുന്നതു ഭരണകേന്ദ്രങ്ങൾ എന്ന അർത്ഥത്തിലാണ്. എപ്പിസ്കോപ്പയുടെ സിംഹാസനവും ഗ്രന്ഥകാരൻ പലയിടത്തും പറയുന്നതുപോലെ ആ പദം ഉപയോഗിച്ചു എന്നേ ഉള്ളു. ശ്ലീഹന്മാരിൽ നിന്നും തുടർച്ചയായി സഭയിൽ എപ്പിസ്കോപ്പ സ്ഥാനം നിലനിന്നു വരുന്നു എന്നു പറഞ്ഞാൽ അതു ശരിയാണോ? എന്നു പറഞ്ഞാൽ ഓരോ പ്രാദേശിക സഭകളെക്കുറിച്ചു അതു ശരിയാണ്. അതായത് ഏത് ശ്ലീഹായാണോ അവിടെ കൈവെയ്പ്പ് ഇടമുറിയാതെ തുടരുന്നതിനെ ആശ്രയിച്ചിരിക്കും Ans സഭയിൽ എപ്പിസ്കോപ്പ സ്ഥാനം നിലനിൽക്കുന്നത്

ശ്ലീഹന്മാരിൽ നിന്നും കിട്ടിയതനുസരിച്ചാണോ? Q ഞാൻ ഉൾപ്പെട്ടു നിൽക്കുന്ന സഭയെ ആണ് സഭ എന്നു ഞാൻ ഉദ്ദേശിക്കുന്നത്. അതിന്റെ അപ്പോസ്തലികമായ പിന്തുടർച്ച ശ്ലീഹന്മാർ എല്ലാവരിൽ നിന്നുമല്ല. പത്രോസിൽ നിന്നുമാകുന്നു. ആ സഭയിൽ പത്രോസിൽ നിന്നുള്ള എപ്പിസ്കോപ്പ സ്ഥാനം മാത്രമെ സ്വീകരിക്കുന്നുള്ളോ? Q അതെ. പത്രോസിൽ നിന്നുള്ള എപ്പിസ്കോപ്പാ പിന്തുടർച്ച മാത്രമെ സ്വീകരിക്കുന്നുള്ളു. 557-ാം പേജിൽ പരമ്പരാഗതമായി ശ്ലീഹന്മാരിൽ നിന്നുള്ള എപ്പിസ്കോപ്പ സ്ഥാനം സഭയിൽ നിലനിൽക്കുന്നതുകൊണ്ട് എന്നു പറയുന്നുണ്ട്. ആ വസ്തുത ശരിയാണോ? Q എന്നു മാത്രമല്ല അതിനു താഴോട്ടും ചിലതു പറയുന്നുണ്ട്. അതു മുഴുവനും കൂടി നോക്കിയാൽ ശരിയാകുന്നു. Ans താഴെപ്പറയുന്നത് എന്താണ്? Q ശ്ലീഹന്മാരുടെ കാലം മുതലുള്ള ഓരോ സഭയിലെയും എപ്പിസ്കോപ്പന്മാരുടെ പട്ടിക പിതാക്കന്മാർ കാണിച്ചുകൊണ്ട് സഭയിൽ ഈ ശ്ലൈഹിക പിന്തുടർച്ചയാൽ ലഭ്യമായിട്ടുള്ള സത്യവിശ്വാസത്തെ വേദവിപരീതികളുടെ മുമ്പാകെ തെളിയിക്കുകയും ചെയ്തു എന്നാണ് Ans അതായത് ഓരോ പ്രാദേശിക സഭയിൽ അപ്പോസ്തലന്മാരിൽ എപ്പിസ്കോപ്പ സ്ഥാനം ലഭിച്ചിട്ടുണ്ടെങ്കിൽ അത് തുടരുകയും ചെയ്യുന്നു എങ്കിൽ ശ്ലൈഹിക പിന്തുടർച്ച എന്ന് പറയാമെന്നും അതിനും പുറമെ മുമ്പ് ബോധിപ്പിച്ചരീതിയിൽ ഞാൻ ഉൾപ്പെട്ട സഭ പത്രോസിൽ നിന്നുമാത്രമുള്ള. ശ്ലൈഹിക പിന്തുടർച്ചയാണ് അനുഭവിക്കുന്നതെന്നും ബോധിപ്പിച്ചുകൊള്ളുന്നു. പ്രാദേശിക സഭകൾ എന്നു പറഞ്ഞത് ആകമാനസഭയിൽ ഉൾപ്പെട്ട പ്രാദേശിക സഭകൾ ആണോ? Q ആകമാന സഭയിൽ ഉൾപ്പെടാതെ പ്രാദേശിക സഭ ഉണ്ടാകാൻ നിവൃത്തിയില്ല. Ans പ്രാദേശിക സഭകളിലുള്ള എപ്പിസ്കോപ്പന്മാരുടെ ശ്ലൈഹിക പിന്തുടർച്ചയും സാക്ഷി നിൽക്കുന്ന സഭയുള്ള എപ്പിസ്കോപ്പന്മാരുടെ ശ്ലൈഹിക പിന്തുടർച്ചയും തമ്മിൽ സ്വഭാവത്തിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? Q 1978 ലെ സഭയുടെ കാര്യമല്ല Ext A 71ൽ പറയുന്നത് സഭയുടെ ആദികാലത്ത് സഭ മുഴുവനും പത്രോസിന്റെ ഭരണത്തിലും മേൽനോട്ടത്തിലും ഇരിക്കുകയും ആ കേന്ദ്രത്തോടു ബന്ധപ്പെട്ട് ഓരോ പ്രാദേശികസഭയും അപ്പോസ്തലന്മാരാൽ സ്ഥാപിക്കപ്പെട്ട് കേന്ദ്രവുമായി ബന്ധം പുലർത്തുകയും ചെയ്തുകൊണ്ടിരുന്നതനുസരിച്ച് സ്വഭാവം രണ്ടും ഒന്നുതന്നെയാണ് Ans അന്ന് സഭയിൽ എല്ലായിടത്തും നിലനിന്നിരുന്ന അപ്പോസ്തലിക പിന്തുടർച്ച ശ്ലീഹന്മാരിൽ നിന്നും ആണെന്നു പറഞ്ഞാൽ ശരിയാണോ? Q ശരിയല്ല. എല്ലാ ശ്ലീഹന്മാരിലും അപ്പോസ്തലിക പിന്തുടർച്ചക്കു വേണ്ടപ്പെട്ട കാര്യങ്ങൾ ചെയ്തു എന്നു തെളിയിക്കുവാൻ കഴിയുമെങ്കിൽ ആ ശ്ലീഹായിൽ നിന്നുമുള്ള പിന്തുടർച്ച ഉണ്ടെന്നു പറയാം Ans ഓരോ ശ്ലീഹന്മാരിൽ നിന്നുമുള്ള അപ്പോസ്തലിക പിന്തുടർച്ചക്കു വ്യത്യാസമുണ്ടോ? Q എന്ന് ഞാൻ ബോധിപ്പിച്ചിട്ടില്ല. വ്യത്യാസമില്ലെന്നു പറഞ്ഞാൽ ശരിയാണോ? Q ഒരു സ്ഥലത്തു ഒരു ശ്ലീഹായിൽ നിന്നാണ് മറ്റൊരു സ്ഥലത്തു മറ്റൊരു ശ്ലീഹായാൽ എന്നാണ്. അക്കാലത്ത് പത്രോസിന്റെ പ്രത്യേകത വിസ്മരിക്കാതെ. Ans സഭ വിശ്വസിക്കുന്നത്

പത്രോസ് വഴിയായിട്ടാണ് പൗരോഹിത്യ നൽവരം ലഭിക്കുന്നത് എന്നാകുന്നു. Ext A71 566-ാം പേജ് നോക്കി ശ്ലീഹന്മാരിൽ നിന്നും തുടർച്ചയായി സഭയിൽ നില നിന്നു വരുന്ന എപ്പിസ്കോപ്പന്മാർക്കും വൈദികർക്കും കീഴ്പെടുകയും എന്നു പറഞ്ഞിട്ടുണ്ട്. അതാവശ്യവുമാണ്. സത്യവുമാണ്. ഏത് പ്രാദേശിക സഭ ഏതു ശ്ലീഹയിൽ നിന്നാണെന്നു കൂടി എടുത്തു പറഞ്ഞാൽ അത് മുഴുവനും ശരിയാണ്. ഒരു പ്രാദേശിക സഭയിൽ ഒരു ശ്ലീഹാ കൊടുത്ത അപ്പോസ്തലിക പിന്തുടർച്ച തുടരുന്നു എന്ന് ലിസ്റ്റ് കാണിക്കണം. ഹെജിസിപ്പോലസ് ലിസ്റ്റു കാണിച്ചതുപോലെ ലിസ്റ്റു കാണിക്കുക കൂടി വേണം. ഏത് പ്രാദേശിക സഭയിലും ഏതെങ്കിലും അപ്പോസ്തലനിൽ നിന്നും പിന്തുടർച്ച മുറിയാതെ കിട്ടിയാൽ ആ സഭയ്ക്ക് ശരിയായ അപ്പോസ്തലിക പിന്തുടർച്ചയുണ്ടെന്ന് പറയാമോ? Q അപ്പോസ്തലിക പിന്തുടർച്ച എന്നു പറഞ്ഞാൽ ശ്ലീഹാ ഒരു എപ്പിസ്കോപ്പായെ വാഴിച്ചിരിക്കണം രണ്ട്. ആ എപ്പിസ്കോപ്പ ഇടമുറിയാതെ അപ്പോസ്തോലിക വിശ്വാസത്തിൽ നിലനിൽക്കണം മൂന്ന് വിശ്വാസത്തിലൊ അതിന്റെ വിധേയത്വത്തിലൊ എന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തുന്നു എങ്കിൽ അതിന്മേൽ എടുക്കുന്ന നടപടികളുടെ വെളിച്ചത്തിന്മേൽ അപ്പോസ്തലിക പിന്തുടർച്ച നഷ്ടപ്പെട്ടു പോവുകയും ചെയ്യും ഒരു ശ്ലീഹായാൽ എന്ന് അപ്പോസ്തലിക പിന്തുടർച്ച സിദ്ധിച്ച ഒരു സഭയിലെ എപ്പിസ്കോപ്പാ ആദ്യം പറഞ്ഞ സഭയ്ക്ക് ഒരെപ്പിസ്കോപ്പായെ വാഴിച്ചാൽ ആദ്യം പറഞ്ഞ സഭയുടെ അപ്പോസ്തോലിക പിന്തുടർച്ച നഷ്ടപ്പെടുമോ? Q സാധാരണ ഗതിയിൽ അങ്ങനെ ഒരു വാഴ്ച നടക്കുകയില്ല. നടത്തുകയുമില്ല. പീഡകൾ കൊണ്ടോ മറ്റോ ചില പ്രയാസങ്ങൾ വരുമ്പോൾ പരസ്പരം ഉള്ള ധാരണയുടെ പേരിൽ സാക്ഷാൽ അപ്പോസ്തലിക പിന്തുടച്ചർക്കുവേണ്ടി എപ്പിസ്കോപ്പായെ വാഴിക്കുന്നതു മൂലം മുമ്പ് പറഞ്ഞതിന്റെ അപ്പോസ്തലിക പിന്തുടർച്ചക്ക് ഭാഗം വരുന്നില്ല. Ans ശരിയായ അപ്പോസ്തലിക പിന്തുടർച്ചക്കുള്ള സഭകളിലെ എപ്പിസ്കോപ്പന്മാർ പരസ്പരം എപ്പിസ്കോപ്പന്മാരെ വാഴിച്ചാൽ സഭയുടെ വിശ്വാസത്തിനു തെറ്റാകുകയില്ലല്ലോ? Q ഇപ്പോൾ പല സഭകൾ ഉള്ള സ്ഥിതിക്കും ഓരോന്നിനും തലവന്മാരും പ്രത്യേകനിയമങ്ങളും ആചാരങ്ങളും നടപടികളും ഉള്ള സ്ഥിതിക്കും പരസ്പരം എപ്പിസ്കോപ്പാ സ്ഥാനം കൊടുക്കേണ്ട യാതൊരാവശ്യവുമില്ല. എന്തെങ്കിലും സ്വാർത്ഥ ഉദ്ദേശങ്ങൾ വച്ചുകൊണ്ട് അങ്ങനെ ചെയ്താൽ അത് തെറ്റാണ് Ans സ്വാർത്ഥ ഉദ്ദേശ്യമില്ലെങ്കിൽ തെറ്റാണോ? Q സ്വാർത്ഥ ഉദ്ദേശ്യമില്ലങ്കിൽ ചെയ്യുകയില്ല. തെറ്റാണ് Ans സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ഒരാൾ ചെയ്യുകയില്ല. ചെയ്താൽ കാതലായ വിശ്വാസത്തിനു തെറ്റാണോ? നിശ്ചയമായും തെറ്റാണ്. Stopped for the day.

മൊഴിവായിച്ചു കേട്ടു ശരി. കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open Court read over to the witness by him to be correct

sd/-
Judge16/6/78

20/06/78 witness Sworn again and cross examination continued പ്രത്യേക തലവന്മാരുള്ള സഭകളേതാണ്. അതിന്റെ തലവന്മാരാണ്? Q കത്തോലിക്ക സഭയ്ക്ക് റോമാപാപ്പായും ഗ്രീക്കു സഭകൾക്ക് അതതിന്റെ തലവന്മാരും നെസ്തോറിയർക്ക് അവരുടെ പാത്രിയർക്കീസും. അലക്സാന്ത്രിയർക്ക് അവരുടെ പാത്രിയർക്കീസും ഇപ്പോൾ എത്യോപ്യർക്ക് രണ്ടു തലവന്മാരും സുറിയാനിസഭയ്ക്ക് അന്ത്യോക്യാ പാത്രിയർക്കീസും പ്രോട്ടസ്റ്റന്റു സഭകൾക്ക് അതതിന്റെ തലവന്മാരും ഈ പറഞ്ഞ സഭകളിൽ മലങ്കര സഭയുമായി വിശ്വാസ ഐക്യവും അന്യോന്യം സംസർഗ്ഗവുമുള്ള സഭകൾ ഉണ്ടോ? Q മലങ്കര സഭ ഒരു പ്രത്യേക സഭ അല്ല. സിറിയൻ ഓർത്തോഡോക്സ് സഭയുടെ ഒരു വിഭാഗമാണ് സിറിയൻ ഓർത്തോഡോക്സ് സഭയുമായി മുൻ പറഞ്ഞവരിൽ അലക്സാന്ത്രിയൻ, എത്യോപ്യൻ, അർമിനിയൻ സഭകൾക്ക് ക്രിസ്തുവിന്റെ സ്വഭാവം സംബന്ധിച്ചു വിശ്വാസ ഐക്യവും തദനുസരണമുള്ള സംസർഗ്ഗവും ഉണ്ട്. Ans ഈ പറഞ്ഞ സഭകൾ തമ്മിൽ കാതലായ വിശ്വാസ കാര്യങ്ങളിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? ദൈവാസ്തിക്യം. ത്രിത്വം, ക്രിസ്തുവിന്റെ മനുഷ്യാവതാരം മുതലായ കാതലായ വിശ്വാസങ്ങളിൽ വ്യത്യാസം ഇല്ല. Ans ഏതെങ്കിലും കാതലായ വിശ്വാസകാര്യങ്ങളിൽ വ്യത്യാസം ഉണ്ടോ? Q ഉണ്ട്. സുറിയാനി സഭയുടെ വിശ്വാസം വിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസ് സഭയുടെ തലവനാണെന്നും അദ്ദേഹത്തിൽ നിന്നാണ് ഈ സഭയിൽ പൗരോഹിത്യത്തിന്റെ പ്രവാഹം എന്നും ആയിരിക്കുമ്പോൾ മറ്റു സഭകൾ അവരുടെ തലവന്മാരിൽ നിന്നാണു അവരുടെ പൗരോഹിത്യം എന്നു വിശ്വസിക്കുകയും ആചാരങ്ങളും ക്രമപ്പെടുത്തുകയും ചെയ്യുന്നു. Ans ഇത്രയെയുള്ളോ. വ്യത്യാസങ്ങൾ?Q മറ്റു കാര്യങ്ങളിൽ പറയത്തക്ക വ്യത്യാസമുള്ളതായി ഇപ്പോൾ എന്റെ ഓർമ്മയിൽ വരുന്നില്ല. ഈ സഭകളിലെ മെത്രാന്മാരും മറ്റും മറ്റെതെങ്കിലും സഭയിലെ ആരാധനകളിൽ പങ്കുകൊള്ളുന്നതിൽ തടസമുണ്ടോ? Qമുമ്പ് പറഞ്ഞ നാലു സഭകളിലെ അംഗങ്ങൾ പരസ്പരം ആരാധനയിൽ പങ്കു കൊള്ളുന്നതിന് വിരോധം ഇല്ല. Ans പരസ്പരം കൂദാശകൾ സ്വീകരിക്കുന്നതുകൊണ്ട് വിശ്വാസമനുസരിച്ചു തെറ്റുണ്ടോ? Q കൂദാശകൾ സാധാരണഗതിയിൽ പരസ്പരം സ്വീകരിക്കേണ്ട ആവശ്യമില്ല. എന്തെങ്കിലും അത്യാവശ്യം വന്നാൽ സഭയുടെ പരമാധികാരിയുടെ അനുവാദത്തോടും കൂടി കൂദാശകൾ സ്വീകരിക്കാം Ans അനുവാദം കൂടാതെ സ്വീകരിച്ചാൽ സഭയുടെ വിശ്വാസത്തിന് എതിരാകുമോ? Q അനുവാദം കൂടാതെ സ്വീകരിക്കാറില്ല. പരമാധികാരിയോടുള്ള എതിർപ്പോടുകൂടി സ്വീകരിക്കുക തെറ്റാണ് Ans അനുവാദം കൂടാതെ സ്വീകരിച്ചാൽ അതു സഭയുടെ അച്ചടക്കത്തിനുതെറ്റാണ്. എതിർപ്പോടുകൂടി അല്ലെങ്കിൽ വിശ്വാസ വിപരീതമാകുകയില്ല. മുമ്പ് പറഞ്ഞ സഭകളിലെ തലവന്മാർ അന്യോന്യം ആരാധനകളിൽ സംബന്ധിച്ചിട്ടുണ്ടോ? Q പ്രത്യേകം ക്ഷണിക്കപ്പെടുന്ന സന്ദർഭങ്ങളിൽ ആരാധനകളിൽ സംബന്ധിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട് Ans ഓരോ സഭയുടെയും തലവന്മാരുടെയും സ്ഥാനാരോഹണ സമയത്ത് പരസ്പരം

ക്ഷണിക്കാറുണ്ടോ? അവരെ മാത്രമല്ല വിവിധ സഭകളുടെ മേലദ്ധ്യക്ഷന്മാരെ ക്ഷണിക്കാറുണ്ട്. Ans ഈ പറഞ്ഞ മറ്റു മൂന്നു സഭകൾ അലക്സാണ്ട്രിയൻ, എത്യോപ്യൻ, അർമിനിയൻ ശരിയായ അപ്പോസ്തലിക കൈവെയ്പ്പും പിൻതുടർച്ചയും ഉള്ള സഭകളാണോ? Q അത് ഞാൻ മുമ്പു ബോധിപ്പിച്ചിട്ടുണ്ട്. അവക്കെല്ലാം വിശുദ്ധ പത്രോസിൽ നിന്നുള്ള കൈവെയ്പ്പാണ് ഉള്ളത് എന്ന് Ans പത്രോസിൽ നിന്നാണ് ഈ സഭകൾക്കെല്ലാം ഉള്ള കൈവെയ്പ്പ് എന്നു പറയുന്നതിനുള്ള അടിസ്ഥാനം എന്താണ്? Q നേരത്തെ ബോധിപ്പിച്ചിട്ടുള്ളതാണ്. ചരിത്രത്തിന്റെ വെളിച്ചത്തിൽ അതങ്ങനെയാണ് Ans മിഖായേൽ റാബായുടെ *സഭാചരിത്ര*ത്തിൽ പറയുന്നുണ്ട്. Ext A 71 ലും മറ്റു പുസ്തകങ്ങളിലും പറയുന്നുണ്ട്. എല്ലാ പുസ്തകളുടെയും പേരുകൾ പെട്ടെന്നു പറയാൻ നിവൃത്തിയില്ല. Ext A 71 ൽ നിന്നും പെട്ടെന്ന് പേജ് നോക്കി എടുത്തു കാണിക്കാൻ പറ്റുകയില്ല. മർക്കോസിനെ പത്രോസ് അലക്സാണ്ട്രിയക്കയച്ചതായും എത്യോപ്യൻ സഭയുടെ പൗരോഹിത്യം അലക്സാണ്ട്രിയൻ സഭയിൽ നിന്നാണെന്നും അർമിനിയൻ സഭയും ആദ്യ നൂറ്റാണ്ടുകളിൽ പത്രോസിന്റെ സിംഹാസനത്തിൽ കീഴിലായിരുന്നു എന്നം Ext A71ൽ ഉണ്ട്. വിശ്വാസ പ്രമാണത്തിൽ പറയുന്ന ഏക വിശുദ്ധ സഭയിൽ പെട്ടതാണോ മുൻ പറഞ്ഞ സഭകളെല്ലാം? Q ഞാൻ വിശ്വാസ പ്രമാണത്തിൽ പറയുന്ന ഏക വിശുദ്ധ സഭ ഞാൻ അതിലംഗമായ സുറിയാനി സഭയാണ്. അതുപോലെ മറ്റു സഭകളിൽ നിലനിൽക്കുന്നവരും വിശ്വസിക്കുന്നു. എന്നാണ് എന്റെ ബോധ്യം. സുറിയാനി സഭ മാത്രമാണ് ഞാൻ വിശ്വസിക്കുന്ന എകവിശുദ്ധ സഭ മറ്റൊന്നുമല്ല. സാക്ഷി നിൽക്കുന്ന സഭക്കും അതാണോ വിശ്വാസം?Q തീർച്ചയായും പാത്രിയർക്കീസിന്റെ കീഴിലുള്ള സുറിയാനി സഭ മാത്രമെ ഏകവിശുദ്ധ സഭയാകയുള്ളൂ. ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നത് അങ്ങനെയാണ്. എന്നാൽ അതിനോട് സംസർഗ്ഗമുള്ള സഭകളും ഉണ്ട്. ഞാൻ നിലനിൽക്കുന്ന സഭ അല്ലാതെ മറ്റു സഭകളും ഏകവിശുദ്ധ സഭകൾ എന്നു ഞാൻ വിശ്വസിക്കുന്നു എങ്കിൽ അത് എന്റെ സഭയോട് ചെയ്യുന്ന വിശ്വാസ വഞ്ചനയും ഞാൻ പട്ടമേറ്റ സമയത്ത് ചെയ്ത പ്രതിജ്ഞക്ക് ലംഘനവും ആയിരിക്കും. സഭയുടെ ജീവനും അത്യാവശ്യമായ പൗരോഹിത്യം വിശുദ്ധ പത്രോസിൽ എന്നും എന്റെ സഭയ്ക്ക് ഉണ്ട് Ans ഏക വിശുദ്ധ സഭ എന്നു പറഞ്ഞാൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സഭയാണെന്ന് വല്ല പാത്രിയർക്കീസും പ്രഖ്യാപിച്ചിട്ടുണ്ടോ? Q അതിന്റെ ആവശ്യമില്ലല്ലോ Ans ക്രിസ്താബ്ദം 451 നു മുമ്പ് പിളർപ്പില്ലാതെ ഏക സഭയായിരുന്ന കാലത്ത് നിഖ്യാ കുസ്തന്തിനോപ്പോലീസ്, എഫേസോസ് എന്നീ മൂന്നു പൊതുസുനഹദോസുകളിൽ വച്ചാണ് വിശ്വാസ പ്രമാണം ഇന്നു കാണുന്ന രീതിയിൽ ക്രോഡധികരിച്ചിട്ടുള്ളത് ഈ പറഞ്ഞ നാലു സഭകളും ഈ വിശ്വാസ പ്രമാണം ഒരു പോലെ സ്വീകരിക്കുന്നതു കൊണ്ടാണ് മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ ഏകവിശുദ്ധ സഭ അവരിൽ ഓരോരുത്തരുടേതാണെന്ന് അവരും വിശ്വസിക്കുന്നത്. കാത്തോലിക്ക സഭയും അൽപം വ്യത്യാസത്തോടെ ഈ വിശ്വാസ പ്രമാണം സ്വീകരിക്കുകയും ഏക

വിശുദ്ധ സഭ അവരുടെതാണെന്ന് അവരും പറയുകയും ചെയ്യുന്നു. എ.ഡി. 431 ൽ എഫേസോസ് സൂനഹദോസിന്റെ വിശ്വാസ പ്രഖ്യാപനം അനുസരിച്ച് നെസ്തോറിനെ അനുകൂലിച്ചിരുന്നവർ സഭയിൽ നിന്നു പുറത്താക്കപ്പെട്ടു. എങ്കിൽ 451 ലെ കൽക്കിദോൻ സൂനഹദോസിനുശേഷമാണ് പാശ്ചാത്യ പൗരസ്ത്യ രീതിയിൽ വലിയ പിളർപ്പുണ്ടായത്. പാശ്ചാത്യ രാജ്യങ്ങളിലുള്ള സഭകളും എന്നാണ്? Q പാശ്ചാത്യ പൗരസ്ത്യ എന്നു ഞാൻ പറഞ്ഞതിൽ ഉദ്ദേശിക്കുന്നത് പിളർപ്പിനു ശേഷം പൗരസ്ത്യ സഭകളെല്ലാം ഒന്നിച്ചു നിന്നോ? Q നെസ്തോറിയൻ ഒഴികെ അന്ത്യോക്യായുടെയും അലക്സാണ്ട്രിയായുടെയും കീഴിലുള്ള സഭകളും അർമീനിയായിലെ സഭയും മുമ്പ് പല പ്രാവശ്യം ബോധിപ്പിച്ചിട്ടുള്ള പോലെ ക്രിസ്തുവിന്റെ ഏകസ്വഭാവവാദവും ദ്വിസ്വഭാവ വാദവുമാണോ പിളർപ്പുണ്ടാകാൻ കാരണം? അതെ, യാക്കോബ് ബുർദാന യെക്കുറിച്ച് അറിയാം. അദ്ദേഹത്തെ മെത്രാപ്പോലീത്ത ആയി അഭിഷേകം ചെയ്തത് കുസ്തന്തിനോ പോലീസിൽ രാജശക്തിയാൽ തടവിലാക്കപ്പെട്ട ഏക സ്വഭാവ വിശ്വാസികളായ മേൽപട്ടക്കാരാനാണ് അദ്ദേഹത്തെ മെത്രാപ്പോലീത്ത ആക്കിയതെന്ന് ബാർ എബ്രായായുടെ സഭാ ചരിത്രത്തിൽ *എക്ളിഷ്യാസ്റ്റിക്കിയിൽ* ഉണ്ട്. സൺഡേസ്കൂൾ പാഠപുസ്തകങ്ങളിലും ഉണ്ടെന്നാണ് ഓർമ്മ. അന്ന് ഏക സ്വഭാവ വിശ്വാസികളായിരുന്ന അന്ത്യോക്യാ അലക്സാണ്ട്രിയാ സിംഹാസനങ്ങളിൽപെട്ട മേൽപട്ടക്കരാണു വാഴിച്ചത്. ഈ പറഞ്ഞത് *എക്ളിഷ്യാസ്റ്റിക്കി*യെ അടിസ്ഥാനപ്പെടുത്തിയാണ്. അന്ത്യോക്യാ പാത്രിയർക്കിസിനു മറ്റു പറഞ്ഞ മൂന്നു സഭകളിലും അവരുടെ തലവന്മാരുടെ മേലും എന്തെങ്കിലും ഉണ്ടായിരുന്നോ? ആദ്യകാലങ്ങളിൽ അർമീനിയരുടെ മേലല്ലാതെ പ്രത്യേക വ്യക്തിത്വമുള്ള അലക്സാണ്ട്രിയൻ സഭമേൽ അന്ത്യോക്യായുടെ പാത്രിയർക്കീസിനൊ തിരിച്ചോ ഒരധികാരവും ഇല്ലായിരുന്നു. അവ രണ്ടും പത്രോസിന്റെ പിൻഗാമിത്വം മുമ്പു ബോധിപ്പിച്ചിതുപോലെ രണ്ട് സ്ഥലങ്ങളിൽ വഹിക്കുകയായിരുന്നു. ഒരു കാലത്തും അലക്സാണ്ട്രിയൻ സഭയുടെ മേൽ ഉണ്ടായിരുന്നില്ല. അർമീനിയൻ സഭയുടെ മേൽ എന്നു വരെ അന്ത്യോക്യാ പാത്രിയർക്കീസനധികാരം ഉണ്ടായിരുന്നു? Q ഏതാണ്ട് 4ഓ 6ഓ നൂറ്റാണ്ടുവരെ ഉണ്ടായിരുന്നു എന്ന് മിഖായേൽ റാബോയുടെ ചരിത്രത്തിൽ വായിച്ചതായി ഓർമ്മ തോന്നുന്നു. Ans ആ അധികാരം എങ്ങനെയാണ് ഇല്ലാതായത്? Q അധികാരം ഇല്ലാതാകുകയല്ല ചെയ്തത് അവർക്ക് പുതിയ തലവനെ അനുവദിച്ചുകൊടുക്കകയായിരുന്നു. അന്ത്യോക്യാ പാത്രിയർക്കീസ് Ans അതിനുശേഷം ആ സഭയുടെ മേൽ അന്ത്യോക്യാ പാത്രിയർക്കീസിന് അധികാരമോ അവകാശമോ ഇല്ല. അവർക്ക് ഇങ്ങോട്ടും ഇല്ല. ഒരു കാര്യത്തിലും പരസ്പരം ആശയവിനിമയവും ഇല്ല. അവർക്കു പ്രത്യേക തലവനെ അനുവദിച്ചത് അന്ത്യോക്യാ പാത്രിയർക്കീസ് തനിച്ചാണോ? Q ഏതെങ്കിലും സൂനഹദോസ് കൂടിയാണോ എന്ന് പുസ്തകം വായിച്ചു നോക്കിയല്ലാതെ പറയാൻ പറ്റുകയില്ല. കുപ്രോസിലെ സഭ ആരുടെ കീഴിലായിരുന്നു? അത് അന്ത്യോക്യാ പാത്രിയർക്കീസിൻ കീഴിലുള്ള കൈസരിയായിലെ

മെത്രാപ്പോലീത്തായുടെ കീഴിലായിരുന്നു Ans അത് സ്വതന്ത്രസഭയുടെയോ? Q അതിനു എന്നാണെന്ന് ഓർക്കുന്നില്ല യഥാർത്ഥ അന്ത്യോക്യാ പാത്രിയർക്കീസ് സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തു Ans അതിനുശേഷം ആ സഭ അതിന്റേതായ കാര്യങ്ങൾ എല്ലാം വഹിക്കാൻ സ്വയം പര്യാപ്തമായ സഭ ആയോ? Q അതിന്റെ ഭരണം നിർവ്വഹിക്കുക എന്നുള്ളതല്ലാതെ യഥാർത്ഥ തലവനിൽ നിന്നുവേർപെട്ട് തലവനോട് എതിർത്ത് സ്വയം പര്യാപ്തത എന്നു ഭാവിച്ച ഒരു സഭയായി അതിനെക്കുറിച്ച് ഒരു ചരിത്രത്തിലും വായിച്ചിട്ടില്ല ഭരണസ്വാതന്ത്ര്യം യഥാർത്ഥ ഭരണാധികാരി അനുവദിച്ചു കൊടുത്താൽ ഭരണ കാര്യത്തിൽ ഒഴികെ മറ്റൊന്നിലും സ്വയം പര്യാപ്തത വരുകയില്ല. Ans സ്വാതന്ത്ര്യം അനുവദിച്ചശേഷം അന്ത്യോക്യാ പാത്രിയർക്കീസ് ആ സഭയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള കർത്തൃത്വം നടത്തിയിരുന്നോ? Q നടത്തിയിട്ടുണ്ടായിരിക്കണം രേഖ ചൂണ്ടിക്കാണിക്കുവാൻ സാദ്ധ്യമല്ല. Ans ഭരണാധികാരം മാത്രം നൽകിയതുമൂലം ബന്ധം വിഛേദിക്കുക എന്ന അക്രൈസ്തവമായ രീതി അവർ അനുവർത്തിച്ചു കാണുവാൻ വഴിയില്ല. അന്ത്യോക്യാ അലക്സാണ്ട്രിയാ, റോം ഇവിടങ്ങളിൽ പത്രോസിന്റെ ഏക സിംഹാസനത്തിന്റെ മൂന്നു കേന്ദ്രങ്ങളാണ്. മൂന്ന് അധികാരികൾ ഭരിച്ചിരുന്നു. ഈ ഭരണാധിപന്മാരും തുല്യമായ അധികാരാവകാശങ്ങളായിരുന്നോ? Q അവരവരുടെ പരിധിയിൽ തുല്യമായ അവകാശാധികാരങ്ങൾ ഉണ്ടായിരുന്നു. Ans Ext A 71 566-ാം പേജ് നോക്കി മറ്റു ശ്ലീഹന്മാരുടെ അധികാരവകാശങ്ങൾ പത്രോസ് ശ്ലീഹായ്ക്ക് വിധേയമായിട്ടായിരുന്നു എന്ന് ആ ഭാഗം കൊണ്ടു കാണുമൊ? Q മറ്റു ശ്ലീഹന്മാർ പത്രോസ് ശ്ലീഹയുടെ അധികാരത്തിൻ കീഴിലായിരുന്നു എന്ന് ഈ ഭാഗം കൊണ്ടു കാണുകയില്ല. എന്നാൽ സുവിശേഷത്തിൽ നിന്നും അപ്പോസ്തല പ്രവൃത്തിയിൽ നിന്നും അക്കാര്യം സ്പഷ്ടമാകുന്നതാണ് Ans Ext A71 ൽ ഏതെങ്കിലും ഭാഗം കൊണ്ട് മറ്റു ശ്ലീഹന്മാരുടെ അധികാരം പത്രോസിനു വിധേയമായിട്ടായിരുന്നു എന്ന് കാണുമോ? Q മുഴുവനും കാര്യമായി വായിച്ചു നോക്കാതെ ബോധിപ്പിക്കുവാൻ ഒരു നിവൃത്തിയുമില്ല Ans വിശ്വാസത്തിലൊ വിധേയത്വത്തിലൊ എന്തെങ്കിലും വ്യത്യാസം വരുത്തിയാൽ അപ്പോസ്തലിക പിന്തുടർച്ച നഷ്ടപ്പെട്ടുപോകും എന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. വിധേയത്വം എന്നതുകൊണ്ട് ഉദ്ദേശിച്ചതെന്താണ്? Q വിധേയത്വം എന്നു ഞാൻ ബോധിപ്പിച്ചത് ഈ സഭയുടെ പരമാദ്ധ്യക്ഷനും പത്രോസിന്റെ പിൻഗാമിയും ആയ പാത്രിയർക്കീസിനോട് എതിർക്കുകയൊ വിധേയത്വം പുലർത്താതിരിക്കുകയൊ ചെയ്യുമ്പോൾ അത് പരിശുദ്ധാത്മാവിനോട് അതായത് പട്ടത്വം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആകയാൽ പരിശുദ്ധാത്മാവിനോടുള്ള എതിർപ്പും എതിർപ്പിന്റെ ആത്മാവോടു കൂടിയുള്ള പ്രവർത്തനവും ആകയാൽ അപ്പോസ്തലിക വിശ്വാസം പാലിച്ചാൽ തന്നെയും കൈവയ്പ്പ് നഷ്ടപ്പെടുന്നു എങ്കിൽ അതു അപ്പോസ്തലിക സഭയായിരിക്കുവാൻ സാദ്ധ്യമല്ല. അതിനാലാണ് വിധേയത്വം വേണമെന്ന് മുമ്പ് ബോധിപ്പിച്ചത് Ans സർഗ എന്നൊരു പുസ്തകം അറിയാം. മുഴുവൻ വായിച്ചിട്ടില്ല. ബാർ

അബ്രായ എഴുതിയ പുസ്തകമാണ്. കുദാശകളെക്കുറിച്ചും മറ്റും അതിലു ണ്ടെന്നാണ് ഓർമ്മ. മുഴുവൻ വായിച്ചിട്ടില്ലാത്തതിനാൽ അതിന്റെ ഉള്ളടക്ക ത്തെപ്പറ്റി ഒന്നും പറയാൻ ആവില്ല. അതു സാധാരണ കിട്ടുന്ന പുസ്തകമല്ല. റോബർട്ട് ഫിലിട്ടർ എന്നൊരു ഗ്രന്ഥകാരനെപ്പറ്റി അറിഞ്ഞുകൂടാ *Howord's History of the world* എന്നൊരു പുസ്തകത്തെപ്പറ്റി കേട്ടിട്ടില്ല. *Elements of Ecleistical Law by Smith* ഞാൻ വായിച്ചിട്ടില്ല. *Eeclesiastical Law* സംബന്ധ മായി വല്ല പുസ്തകവും വായിച്ചിട്ടുണ്ടോ? Q കാനോൽ വായിച്ചിട്ടുണ്ട്. അത്ര യെയുള്ളൂ. Ans റോമാപോപ്പിനെ Vicar of Christ in Earth എന്നു പറയുമൊ? Q എന്നവർ പറയും Ans അങ്ങനെ പറയുന്നതിന്റെ അർത്ഥം എന്താണ്? Q അവർ അതുകൊണ്ടുദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ പ്രതിനിധി എന്നാണ് Ans Vicar എന്നതിന്റെ അർത്ഥം അറിയാമോ? Q വികാർ എന്നുള്ളതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കിയിട്ടുള്ളത് പ്രതിനിധി എന്നാണ്. എന്നാൽ ഇപ്പോൾ ഉപ യോഗിച്ചുകൊണ്ടിരിക്കുന്ന വികാരിയെക്കുറിച്ചു പറയുമ്പോൾ ഡെഫനിഷൻ പ്രതിനിധി എന്നതിനോടൊപ്പം മറ്റു കാര്യങ്ങളും പറയേണ്ടിവരും Ans മറ്റു കാര്യങ്ങളെന്താണ്? Q ഇപ്പോഴത്തെ വികാരി എന്ന പദം സുറിയാനി ഭാഷയിൽ ഇല്ലാത്തതും ലത്തീനിൽ നിന്നോ മറ്റോ വന്നിട്ടുള്ളതുമാണ്. റോമാ സഭയുടെ വിശ്വാസമനുസരിച്ച് പള്ളി വെയ്ക്കുന്ന സ്ഥമുലൾപ്പെടെ പള്ളി മെത്രാപ്പോ ലീത്തായുടെതാണെന്നും അതിനാൽ മെത്രാപ്പോലീത്തയുടെ പ്രതിനിധിയാണെന്നും അവർ പറയുന്നു. എന്നാൽ ഈ സഭയിൽ ഓരോ പള്ളിയുടെയും ഉടമസ്ഥാ വകാശം ആ ഇടവകക്കാരിൽ അവരുടെ നിയമാവലികൾക്കനുസരണമായി ഭരിക്കപ്പെട്ട് വരുന്നതിനാൽ വികാരി ആത്മീയ കാര്യങ്ങളിൽ മെത്രാപ്പോലീ ത്തായുടെ പ്രതിനിധിയായിരിക്കുന്നതോടൊപ്പം തന്നെ ആത്മീയവും പള്ളി ഭരണ സംബന്ധമായ കാര്യങ്ങളും സംബന്ധിച്ച് ഇടവകയുടെയും പ്രതിനിധി യാകുന്നു. Ans അന്ത്യോക്യാ പാത്രിയർക്കീസിനെപ്പറ്റി Vicar of Christ in Earth എന്നു പറയാമോ? Q Vicar എന്ന പേരില്ലെങ്കിലും മുമ്പ് ബഹുമാനപ്പെട്ട അഡ്വ ക്കേറ്റ് ചോദിച്ചു വരുത്തിയതുപോലെ പാത്രിയർക്കീസ് മാത്രമല്ല പട്ടക്കാരും ക്രിസ്തുവിന്റെ പ്രതിനിധികളാണ്. Ans റോമാക്കാർ പറയുന്നതുപോലെ പാത്രിയർക്കീസിനെ Vicar of Christ എന്നു പറയുന്നില്ല. എന്നാൽ പാത്രി യാർക്കീസ് ക്രിസ്തുവിന്റെ പ്രതിനിധിയാണ്. റോമൻ കാത്തോലിക് സഭയിൽ പോപ്പിനുള്ള സ്ഥാനവും സാക്ഷി നിൽക്കുന്നതായി പറയുന്ന ഓർത്തോ ഡോക്സ് സഭയിൽ അന്ത്യോക്യാ പാത്രിയർക്കീസിനുണ്ടെന്നു പറയുന്നു സ്ഥാനവും ഒന്നു പോലെയാണോ? Q നിശ്ചയമായും ഒന്നു പോലെ തന്നെ Ans പള്ളി ഇടവകയിലെ എല്ലാ അംഗങ്ങൾക്കും തുല്യ അവകാശമുള്ളതാണോ? Q അതതുപള്ളികളിലെ ഭരണക്രമം അനുസരിച്ച് തുല്യാവകാശം ആയി രിക്കും. ഭരണക്രമമനുസരിച്ച് ഓരോ പള്ളിയിലെയും ഉടമസ്ഥാവകാശത്തിനു വ്യത്യാസം കാണാമൊ?Q വ്യത്യാസം കാണുകയില്ല. Ans സ്വത്തുക്കളിൽ ഉടസ്ഥാവകാശം ഇടവകക്കാർക്കുള്ളതുകൊണ്ടാണോ അത് ഭരിക്കുന്നതി നുള്ള നിയമങ്ങൾ അവർക്കുണ്ടാക്കാൻ അവകാശമുണ്ടെന്നു പറയുന്നത്?

ഓരോ സ്ഥലത്തും പള്ളി സ്ഥാപിക്കുമ്പോൾ അതിനു മുൻ കയ്യെടുക്കുന്നവർ സ്ഥലം വാങ്ങിക്കുകയും പള്ളി പണിയിക്കുകയും അതിനു വേണ്ടതെല്ലാം ക്രമപ്പെടുത്തുകയും ചെയ്യുന്നതു മൂലം അതിനു നിയമാവലികൾ ഉണ്ടാക്കേണ്ടത് ആവശ്യവും അതിനവർക്കു അവകാശം ഉള്ളതും ആകുന്നു. Ans ഉടമസ്ഥരായതുകൊണ്ടോണോ? Q പള്ളി ഉണ്ടാക്കിയവരുടെതാണ് പള്ളി. ഇടവകക്കാരന് അയാളുടെതായി ഉണ്ടെന്നു പറയുന്ന ഓഹരി ഉടമാവകാശം കൈമാറ്റം ചെയ്യാമോ? Q ഓരോ പള്ളിയും സ്ഥാപിക്കുന്നത് ഈ സഭയിൽ അന്ത്യോക്യാ പാത്രിയർക്കിസിനു കീഴ്പെട്ടും അദ്ദേഹത്തിന്റെ ആജ്ഞകൾക്കു വിധേയമായും നടന്നു കൊള്ളാമെന്ന് പലർ ചേർന്നു ഉണ്ടാക്കുന്ന ഒരു ഉടമ്പടി അനുസരിച്ചായിരിക്കും. അങ്ങനെ ആ അടിസ്ഥാന പ്രമാണത്തിൽ നിന്നു വിട്ടകലുന്നവർക്കു ഉടമസ്ഥാവകാശം ഉണ്ടായിരുന്നെങ്കിൽ തന്നെയും നഷ്ടപ്പെട്ടു പോകുന്നു. ഒരാൾക്കുള്ള അവകാശം മറ്റൊരാൾക്കു കൈമാറാൽ നിവൃത്തിയില്ല. ഭാഗവും വാങ്ങിക്കൽ ഒക്കുകയില്ല. അടിസ്ഥാന വിശ്വാസം നഷ്ടപ്പെട്ടാൽ അവകാശവും നഷ്ടപ്പെടും Ans എന്തുകൊണ്ടാണ് കൈമാറ്റവും ഭാഗവും പറ്റുകയില്ലെന്നു പറയുന്നത് ? Q സ്വന്തം വീട്ടുകാര്യമല്ലാത്തതുകൊണ്ട് Ans ഒരു വ്യക്തി എന്ന നിലയിൽ ഓരോ ഇടവകകക്കാരനും പള്ളി സ്വത്തിൽ വസ്തു അവകാശമില്ലെന്നു പറഞ്ഞാൽ ശരിയാണോ? Q ഒരു വ്യക്തി എന്ന നിലയിലല്ല പല വ്യക്തികൾ കൂടിച്ചേരുന്ന ഇടവകയുടെ വസ്തുവകകൾ സംബന്ധിച്ച് ആ ഇടവക മുഴുവനും ആണ് അവകാശം. അതനുസരിച്ചുള്ള നിയമാവലികളാണ് അവർ ഉണ്ടാക്കുന്നത് Ans എന്തുദ്ദേശ്യത്തിനാണോ പള്ളികളും സ്വത്തുക്കളും ഉണ്ടാക്കുന്നത് ആ ഉദ്ദേശ്യത്തിന് അത് വിനിയോഗിക്കപ്പെടേണ്ടതാണോ? ആ പള്ളിയേതടിസ്ഥാനത്തിന്മേലാണോ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അതിനനുസരണമായി മാത്രം ആ പള്ളിയുടെ പുരോഗമനത്തിന് അത് വിനിയോഗിക്കപ്പെടണം പള്ളികൾ സഭയിൽ പെട്ടവയാണോ? Q അന്ത്യോക്യാ പാത്രിയർക്കീസിനു വിധേയമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളികളെല്ലാം ഈ സഭയിൽ ഉള്ള പള്ളികളാണ് Ans സഭയിൽ പെടാതെ ഒരു പള്ളി ഉണ്ടാകാൻ സാദ്ധ്യമാണോ? Q അങ്ങനെയുള്ളതിനു പള്ളി എന്നായിരിക്കില്ല പേര്. സഭയിൽ പെടാതെ പള്ളി ഉണ്ടാകാൻ സാദ്ധ്യമല്ല. സഭയുടെ വിശ്വാസം പാലിക്കുവാനും ആത്മാക്കളുടെ രക്ഷക്കാവശ്യമായ കൂദാശകൾ നിർവ്വഹിക്കുവാനും ആണ് പള്ളികൾ. ആ സ്ഥിതിയ്ക്ക് സഭയിൽ പെടാതെ പള്ളി ഉണ്ടാവുക അസാദ്ധ്യമാണ് Ans സഭയിൽ നിലനിലുള്ള നിയമങ്ങൾക്കു വിധേയമായി പള്ളിയും സ്വത്തുക്കളും ഭരിക്കപ്പെടേണ്ടതാണോ? ഏതു നിയമങ്ങളാണ് ആരമീയമാണോ ലൗകികമാണോ എന്ന് തെളിച്ചു ചോദിച്ചാൽ മറുപടി തരാം Ans സഭയിൽ നിലവിലുള്ള ആത്മീയവും ലൗകികവുമായ എല്ലാ നിയമങ്ങൾക്കും വിധേയമായി ഭരിക്കപ്പെടേണ്ടതാണോ? വിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൽ നിന്നും കിട്ടിയിട്ടുള്ള നിയമങ്ങൾക്കനുസരിച്ചും ഓരോ പള്ളി ഇടവകക്കാരും അവരവരുടെ ഭരണത്തിനു

നല്ലതെന്ന് അവർക്കു തോന്നി അവരുണ്ടാക്കിയിട്ടുള്ള നിയമങ്ങളും അനുസരിച്ച് പള്ളി ഭരിക്കപ്പെടുന്നു. An. Stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open Court read over to the witness and admitted by him to be Correct

Sd/-

Judge 20/6/78

21/7/78 Witness sworn again and cross examination continued അർമീനിയൻ സഭയിൽ രണ്ടു തലവന്മാരുണ്ടെന്ന് പറഞ്ഞത് എന്നു മുതൽക്കാണ്? Q ഇപ്പോൾ രണ്ടു തലവന്മാരുണ്ടെന്നും അതുണ്ടായത് ഈ നൂറ്റാണ്ടിലാണെന്നും അല്ലാതെ വേറെ ഒന്നും അറിഞ്ഞുകൂടാ Ans അർമീനിയൻ സഭയുടെ തലവനെ അറിയപ്പെടുന്നത് കാതോലിക്കോസ് എന്ന പേരിലാണ്. രണ്ട് കാതോലിക്കാമാരുണ്ടായത് എങ്ങനെയാണെന്നറിഞ്ഞു കൂടാ. അവരെ വാഴിച്ചത് ആരാണെന്നറിഞ്ഞു കൂടാ. അർമീനിയൻ സഭയുടെ തലവനെ വാഴിക്കുന്നതിനുള്ള നടപടി എന്താണെന്നറിഞ്ഞു കൂടാ. അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നു ലഭിച്ചിട്ടുള്ള നിയമങ്ങൾ എന്താണ്? Q ഇന്നു സഭയിൽ നിലവിലുള്ള എല്ലാ നിയമങ്ങളും അന്ത്യോക്യാ സിംഹാസനത്തിൽ നിന്നും മാത്രം ലഭിച്ചിട്ടുള്ളവയാണ്. Ans ആത്മീയവും ലൗകികവുമായ എല്ലാ നിയമങ്ങളും അതിൽ ഉൾപെടുമോ? Q ലൗകികനിയമം ഉൾപെടുകയില്ലെന്നു നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. Ans അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നും ലഭിച്ചിട്ടുള്ള നിയമങ്ങൾ ക്രോഡീകരിച്ചു പുസ്തകമായിട്ടുണ്ടോ? Q സഭയുടെ കാനോൻ പുസ്തകം അന്ത്യോക്യാ സിംഹാസനത്തിൽ നിന്നും ലഭിച്ചിട്ടുള്ള പുസ്തകമാണ്. മറ്റു നിയമങ്ങൾ പല രേഖകളായി സ്ഥിതിചെയ്യുന്നു. എന്നു പറഞ്ഞത് എന്തൊക്കെ രേഖകളാണ്? Q വിശ്വാസം ആചാരം നടപടികൾ മുതലായവയെ സംബന്ധിച്ചുള്ള കൽപനകളാണ് Ans അന്ത്യോക്യാ പാത്രിയർക്കീസിന്റെ അടുത്തുനിന്നും വന്നിട്ടുള്ള കൽപനകളാണ്. സാക്ഷി പറയുന്ന കാനോൻ പുസ്തകത്തിന്റെ തർജ്ജമയാണോ അതെ Ans Ext B 162 ൽ അടങ്ങിയിട്ടുള്ള നിയമങ്ങൾ പള്ളിയുടെയും സഭയുടെയും ഭരണത്തിൽ പാലിക്കപ്പെടേണ്ടവയാണോ? Q വിശ്വാസ സംബന്ധമായ നിമങ്ങൾ അതേപടി പാലിക്കപ്പെടേണ്ടതും വസ്തുക്കൾ നടപടികൾ മുതലായവയെ സംബന്ധിച്ച നിയമങ്ങൾ കാലാനുസരണം പാരമ്പര്യമനുസരിച്ച് പാലിക്കപ്പെടേണ്ടതുമാണ്. കാലാനുസൃതമായി ആവകനിയമങ്ങൾ മാറ്റുന്നതിനു ആർക്കെങ്കിലും അധികാരം ഉണ്ടോ? Q വിശ്വാസസംബന്ധമല്ലാത്തവ ആകയാൽ കാലാനുസരണം ഭേദഗതി ചെയ്യുവാൻ പാത്രീയർക്കീസിനു അധികാരം ഉള്ളതാകുന്നു. Ans പാരമ്പര്യം എന്നു പറഞ്ഞതിൽ നിന്നെന്താണ് ഉദ്ദേശിക്കുന്നത്? Q സഭയുടെ ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്ത നടപ്പുകളെയാണ് ഞാൻ ഉദ്ദേശിക്കുന്നത് Ans അങ്ങനെയുള്ള നടപ്പുകൾ സഭയുടെ ആരംഭം മുതൽക്ക് ഉള്ളതാണോ? Q ആരംഭം

മുതൽ നിവിലുള്ളതാണെങ്കിൽ Modify ചെയ്യേണ്ട ആവശ്യം ഇല്ലല്ലോ Ans പാരമ്പര്യത്തിനു നിയമ പ്രാബല്യം കിട്ടണമെങ്കിൽ എത്രനാൾ നിലവിലിരിക്കണമെന്നു വല്ലതുമുണ്ടോ?Q കാലാവധി ഇല്ല Ans പാരമ്പര്യം എന്നു പറഞ്ഞത് സഭയുടെ അടിസ്ഥാന തത്വങ്ങൾക്കു വിരുദ്ധമാകാൻ പാടുണ്ടോ? Q സഭയുടെ അടിസ്ഥാനതത്വം വിശ്വാസമാണ് ഞാൻ ബോധിപ്പിച്ചത്. ആചാരം നടപടികൾ ഇവയെക്കുറിച്ചാണ്. Ans Question Repeated വിശ്വാസത്തിനു വിരുദ്ധമാകാൻ നിവൃത്തിയില്ല. Ans സഭ അപ്പോസ്തലിക കൈവയ്പ്പും അധികാരവുമുള്ള എപ്പിസ്കോപ്പന്മാരാൽ ഭരിക്കപ്പെടണമെന്നുള്ളത് വിശ്വാസത്തിൽ പെട്ടതാണോ? Q സഭ പത്രോസിന്റെ പിൻഗാമിയായ പാത്രിയർക്കിസിനാൽ ഭരിക്കപ്പെടണമെന്നുള്ളതാണ് വിശ്വാസ സത്യം. ഭരണ സൗകര്യത്തിനായി അദ്ദേഹം നിയമിച്ചാക്കുന്ന സ്ഥാനികൾക്ക് അദ്ദേഹം നിൽകുന്ന അധികാരം ഉണ്ടായിരിക്കുന്നതും അപ്പോസ്തലിക കൈവയ്പ്പു ലഭിക്കുന്നതുമാണ് ? Q സ്ഥാനികൾ എന്നു പറഞ്ഞതിൽ ആരൊക്കെ ഉൾപെടും? Q അവരിൽ മഫ്രിയാനാ, മെത്രാപ്പോലിത്തമാർ, എപ്പിസ്കോപ്പന്മാർ എല്ലാം ഉൾപ്പെടും Ans ഓരോ എപ്പിസ്കോപ്പായ്ക്കും പ്രത്യേക അധികാരം പാത്രിയർക്കീസ് കൽപിച്ചു കൊടുക്കുമോ? Q അവർക്കു ഓരോരുത്തർക്കും പ്രത്യേക അധികാരം കൊടുക്കലില്ല. എപ്പിസ്കോപ്പാക്കുള്ള അധികാരം കൈവയ്പ്പു വഴിയായി കൊടുക്കുകയാണ് Ans എപ്പിസ്കോപ്പായുടെ അധികാരം അദ്ദേഹത്തിന് Ordination- Consecration കൊണ്ടു സിദ്ധിക്കുന്നതാണോ? Q ആത്മീയാധികാരം Consecration കൊണ്ടു സിദ്ധിക്കുന്നതും ലൗകികമായ എന്തെങ്കിലും അധികാരം ഉണ്ടെങ്കിൽ അത് ജനങ്ങളുടെ സ്വീകരണം കൊണ്ടുമാത്രം സിദ്ധിക്കുന്നതുമാകുന്നു. Ans ജനങ്ങൾ അനുവദിച്ച് വ്യക്തമായി കൊടുക്കുന്ന അധികാരങ്ങളെ എപ്പിസ്കോപ്പാക്കുള്ളു എന്നാണോ? Q ജനങ്ങളുടെമേൽ അധികാരം നടത്തണമെങ്കിൽ അവരുടെ സമ്മതം വേണം. സ്വീകരണവും വേണം എന്നാണ് ഞാൻ ബോധിപ്പിച്ചതിന്റെ അർത്ഥം. അല്ലാതെ ജനങ്ങൾ അധികാരം കൊടുക്കുകയില്ല. Ans സമ്മതമില്ലങ്കിൽ ഭരണത്തിനു പ്രായോഗികമായ വൈഷമ്യങ്ങൾ ഉണ്ടാകുമെന്നുള്ള അർത്ഥത്തിലാണോ ? Q സമ്മതമില്ലെങ്കിൽ ഭരിക്കാതെ നിവൃത്തിയില്ല എന്നുള്ള അർത്ഥത്തിലാണ് ഞാൻ പറഞ്ഞത് Ans Ext B 162 ലെ നിയമങ്ങൾ വല്ലതും പാത്രിയർക്കീസ് ഭേദഗതി ചെയ്തിട്ടുണ്ടോ?Q ആത്മീയ നിയമങ്ങളൊന്നും ഭേദഗതി ചെയ്തിട്ടില്ല. ലൗകികമായുള്ള വ്യത്യസ്ത നടപടികൾക്ക് പാത്രിയർക്കീസിന്റെ അനുവാദമുള്ളതാകുന്നു. ? Q കാലാനുസരണം വ്യത്യാസപ്പെട്ട പരിതസ്ഥിതികൾക്കനുസരണമായി വരുന്ന വ്യത്യാസങ്ങൾ പാത്രിയർക്കീസിന്റെ അറിവോടും സമ്മതത്തോടും കൂടിയും ആണെന്നാണ് ഞാൻ ബോധിപ്പിച്ചത്. വ്യത്യാസങ്ങൾ താനെ ഉണ്ടാകുന്നുതോ ആരുടെ എങ്കിലും പ്രവർത്തികൊണ്ടുണ്ടാക്കുന്നതോ? Q. ഓരോ വ്യത്യാസത്തിന്റെയും ആരംഭത്തെക്കുറിച്ചു എനിക്കു നിശ്ചയമില്ല. Ans ഇന്നിന്ന വ്യത്യാസങ്ങൾ പാത്രിയർക്കീസ് അംഗീകരിച്ചിട്ടുണ്ടെന്നു കാണിക്കാൻ രേഖയുണ്ടോ? Q വന്നിട്ടുള്ള വ്യത്യാസങ്ങൾക്ക് പാത്രി

യർക്കീസ് എതിര് പ്രകടിപ്പിച്ചിട്ടില്ല എന്നല്ലാതെ ഓരോന്നിന്റെയും സമ്മതം എങ്ങനെ എപ്പോൾ എന്നു പറയുവാൻ നിവൃത്തിയില്ല. Ans അങ്ങനെയുള്ള വ്യത്യാസങ്ങൾ പാത്രിയർക്കീസിന്റെ ശ്രദ്ധയിൽ പെടുത്താൻ ആർക്കെങ്കിലും ബാദ്ധ്യത ഉണ്ടോ? Q പാത്രിയർക്കീസിന്റെയും കൂടെ അറിവും സമ്മതവും അനുസരിച്ചു വ്യത്യാസങ്ങൾ വരുന്നതുമൂലം അദ്ദേഹത്തെ ആരും ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടില്ല Ans അദ്ദേഹത്തിനറിവുണ്ടാകുന്നത് എങ്ങനെയാണ്? Q അദ്ദേഹം സഭയുടെ തലവനാകയാൽ സഭയുടെ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവു ലഭിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ടായിരിക്കും. Ans അങ്ങനെയുള്ള ക്രമീകരണങ്ങൾ എന്താണ്? Q ഒന്ന് വിവിധ സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ പ്രതിനിധികളെ നിയമിക്കുക എന്നുള്ളതാണ്. മറ്റു ക്രമീകരണങ്ങളും ഉണ്ടായിരിക്കും. അറിഞ്ഞു കൂടാ. Ans Ext B 162 നോക്കി വ്യത്യാസം വന്നിട്ടുള്ള നിയമങ്ങൾ ഇന്ന ഇന്നതാണെന്നു പെട്ടെന്നു പറയാൻ സാധിക്കയില്ല. എപ്പിസ്കോപ്പൽ സഭയെന്ന് പറഞ്ഞാൽ എന്താണ്? Q എപ്പിസ്കോപ്പൽ സഭയെന്നു പറഞ്ഞാൽ അതിന്റെ അക്ഷര പ്രകാരമുള്ള അർത്ഥം എപ്പിസ്കോപ്പായുള്ള സഭ എന്നാണ്. എന്നാൽ ഈ സഭയെ സംബന്ധിച്ചു പറയുമ്പോൾ എപ്പിസ്കോപ്പായിൽ അത് അവസാനിക്കുകയില്ല. ആരംഭിക്കുകയാണ് ചെയ്യുന്നത്. കാരണം എപ്പിസ്കോപ്പാക്കുമുകളിൽ മെത്രാപ്പോലീത്തയും മെത്രാപ്പോലീത്തക്കുമേലായി മഫ്രിയാന അഥവാ കാതോലിക്കായും മഫ്രിയാനാക്കു മേലായി പാത്രിയർക്കീസും ഉള്ളതിനാൽ ഇതു സഭ എപ്പിസ്കോപ്പൽ എന്നു പറയുമ്പോൾ പാത്രിയർക്കീസിന്റെ ഭരണത്തിലുള്ള സഭ എന്നാണ് അർത്ഥമാക്കേണ്ടത്. Ans ഈ സഭ എന്നു ഞാൻ പറയുന്നതെല്ലാം ഞാൻ ഉൾപ്പെട്ടു നിലനിൽക്കുന്ന സഭയെന്നാണ്. അതായത് സിറിയൻ ഓർത്തോഡോക്സ് സഭയാണ്. എപ്പിസ്കോപ്പൽ സഭകൾ എന്നറിയപ്പെടുന്ന സഭകൾ ഉണ്ടോ? ഞാൻ ബോധിപ്പിച്ച അർത്ഥത്തിലല്ലാതെ എപ്പിസ്കോപ്പന്മാരും അവർക്കു മോഡെറേറ്ററോ ആർച്ചുബിഷപ്പൊ. ഉള്ള പ്രോട്ടസ്റ്റന്റ് സഭകളും എപ്പിസ്കോപ്പാ ഇല്ലാത്ത പ്രോട്ടസ്റ്റന്റു സമൂഹങ്ങളിൽ നിന്ന് അവരെ വേർതിരിച്ചു കാണിക്കുവാൻ എപ്പിസ്കോപ്പൽ സഭകൾ എന്നു പറയുന്നുണ്ട്. എപ്പിസ്കോപ്പൽ സഭകളുടെ പ്രധാനവിശേഷതകൾ എന്താണ്? Q മുമ്പു ഞാൻ ബോധിപ്പിച്ചതുപോലെയുള്ള പ്രോട്ടസ്റ്റന്റ് സഭകളെയാണ് Protestant Episcopal സഭകളെ ഉദ്ദേശിച്ചത് സഭകളുടെ വിശേഷതകളും ഭരണക്രമങ്ങളും അറിഞ്ഞു കൂടാ. എപ്പിസ്കോപ്പാമാരുള്ള സഭകൾ വേറെയും ഉണ്ട്. In answer Protestant സഭകൾ എപ്പിസ്കോപ്പൽ സഭകളാണോ? Q ആണെന്നു തെളിച്ചു പറയുവാൻ സാദ്ധ്യമല്ല. കാരണം എപ്പിസ്കോപ്പായുടെ കൈവയ്പ്പും ശരിയായിട്ടുള്ളത് മാത്രമാണെങ്കിലെ അതിന് എപ്പിസ്കോപ്പൽ സഭ എന്നു പറഞ്ഞാൽ അർത്ഥമുള്ള ശരിയായ കൈവയ്പ്പുള്ള എപ്പിസ്കോപ്പാമാരാൽ ഭരിക്കപ്പെടുന്ന സഭ ആണ് എപ്പിസ്കോപ്പൽ സഭ എന്നു പറഞ്ഞാൽ ശരിയാണോ? Q ശരിയല്ല. സഭയെ ഭരിക്കുന്നത് പാത്രിയർക്കീസാണ്. പാത്രിയർക്കീസിനു കീഴ്പ്പെട്ടു നിൽക്കുന്ന എപ്പിസ്കോപ്പമാർ

അദ്ദേഹത്തിന്റെ പ്രതിനിധികളായി വിവിധ ദേശങ്ങളിൽ ഭരണം നടത്തുകയാണ് Ans ഈ സഭയുടെ കാര്യം മാത്രമെ സാക്ഷിക്കു അറിവുള്ളൂ എന്നു പറഞ്ഞാൽ ശരിയാണോ? Q ഞാൻ ഉൾപെട്ട സഭയുടെ കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത് മറ്റു പ്രൊട്ടസ്റ്റന്റ് സഭകളെ കുറിച്ചും എനിക്കറിയാവുന്നതു ഞാൻ ബോധിപ്പിച്ചു. അതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ Ans റോമൻ കാത്തോലിക്ക സഭ എപ്പിസ്കോപ്പൽ സഭയാണോ? Q അതിന്റെ കാര്യവും മുമ്പു ഞാൽ ബോധിപ്പിച്ചതുപോലെ എപ്പിസ്കോപ്പായുള്ളതും എന്നാൽ അതിന്റെ പൂർണ്ണഭരണം റോമാ മാർപ്പാപ്പായിൽ സ്ഥിതിചെയ്യുന്നതും ആയിട്ടുള്ള ഭരണരീതിയാണ് Ans സാക്ഷി പറയുന്ന ഈ സഭയും റോമാ കത്തോലിക്ക സഭയ്ക്കും തമ്മിൽ ഈ കാര്യത്തിൽ വ്യത്യാസം റോമാ പോപ്പിനു പകരം ഈ സഭയിൽ അന്ത്യോക്യാ പാത്രിയർക്കീസിനു പൂർണ്ണ അധികാരം എന്നതാണോ? ഭരണരീതിയിൽ വ്യത്യാസങ്ങൾ ഉണ്ടായിരിക്കാമെങ്കിലും എപ്പിസ്കോപ്പൽ തത്വത്തിൽ ഈ രണ്ടും ഒരു പോലെ തന്നെയാണ് Ans ഭരണരീതിലുള്ള വ്യത്യാസങ്ങൾ എന്നാണ്? Q ശരിക്കറിഞ്ഞുകൂടാ Ans എപ്പിസ്കോപ്പൽ തത്വം എന്നു പറഞ്ഞതിൽ എന്തൊക്കെ ഉൾപ്പെടും? Q ഒന്ന്, എപ്പിസ്കോപ്പാ ഉണ്ടായിരിക്കണം രണ്ട്. അദ്ദേഹത്തിനു ശരിയായ കൈവയ്പ്പു ഉണ്ടായിരിക്കണം. മൂന്ന്, അദ്ദേഹം സഭയുടെ പ്രധാന തലവനും ആ തലവനു കീഴിൽ അദ്ദേഹത്തിനു മുകളിലുള്ള അധികാരികൾക്ക് പരിപൂർണ്ണമായി വിധേയനായിരുന്നു കൊണ്ട് ജനങ്ങളുടെ ആത്മീയ ജിവന് ആവശ്യമായ ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുക എന്നിവയാകുന്നു. Ans സാക്ഷി നിൽക്കുന്ന സഭ മുമ്പ് പറഞ്ഞ തത്വങ്ങൾ അനുസരിച്ചു ഭരിക്കപ്പെടുന്ന സഭയാണോ?Q അതെ ആത്മീയ കാര്യങ്ങളിൽ ഈ തത്വം പാലിച്ചു കൊണ്ട് ലൗകിക കാര്യങ്ങളിൽ ജനങ്ങളുടെ അവകാശങ്ങൾക്കും ആശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരണമായി ഭരിക്കുന്നതുമാകുന്നു. Ans ജനങ്ങളുടെ ആശയങ്ങളും നിർദ്ദേശങ്ങളും എപ്പിസ്കോപ്പാ സ്വീകരിക്കണമെന്ന് നിർബന്ധമുണ്ടോ? ആശയങ്ങളും നിർദ്ദേശങ്ങളും ജനങ്ങൾ സമർപ്പിക്കുകയും അങ്ങനെ അവരുടെ അവകാശം നിലനിർത്തുകയും ചെയ്യാനുള്ള തീരുമാനങ്ങളെ എപ്പിസ്കോപ്പാ നിരാകരിക്കാറില്ല. അദ്ദേഹം ആത്മീയ കാര്യങ്ങളൊന്നും മുമ്പ് പറഞ്ഞവയിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ തീരുമാനങ്ങൾ സ്വീകരിക്കുവാൻ നിർബന്ധിതനാണ് Ans അങ്ങനെ നിർബന്ധിതനാണെന്നു സഭയുടെ ആധികാരികമായ പുസ്തകങ്ങളോ രേഖകളൊ കൊണ്ടു കാണിക്കാമൊ? സാധാരണ വിളിച്ചു കൂട്ടുന്ന പള്ളി പ്രതിപുരുഷയോഗങ്ങളുടെ അടിസ്ഥാനതത്വം തന്നെ അതാണ് Ans question repeated തീരുമാനിക്കുന്നത് എപ്പിസ്കോപ്പാ നടപ്പിലാക്കികൊള്ളണമെന്നു എഴുതി വച്ചതു ഒന്നും ഞാൻ കണ്ടിട്ടില്ല. പലതും ഇല്ലാത്തതുപോലെ ഇങ്ങനെ ചെയ്തു കൊള്ളണം എന്ന വാചകം എഴുതിയ പുസ്തകം ഞാൻ കണ്ടിട്ടില്ല. Ans Congregational സഭ എന്നാലെന്താണ്? Q Congregational സഭ എന്നു അവകാശപ്പെടുന്നവർ എപ്പിസ്കോപ്പായെ പട്ടക്കാരനെ ആവശ്യമില്ലന്നും അവരുടെ കർമ്മങ്ങൾ നടത്തുവാൻ അവരിൽ നിന്ന്

അവർ തെരഞ്ഞെടുക്കുന്ന ചുമതലക്കാരെ ഏൽപ്പിച്ചാൽ മതി എന്നും അഭിപ്രായമുള്ളവരായിട്ടാണ് ഞാൻ അറിഞ്ഞിട്ടുള്ളത് Ans സാക്ഷി ഉൾപ്പെട്ട സഭ Congregational സഭ അല്ലല്ലോ? മുമ്പു ഞാൻ ബോധിപ്പിച്ച രീതിയിൽ ഉള്ള സഭ അല്ല. എന്നാൽ സഭയിലുള്ള വിശ്വാസികളുടെ Congregational ആകുന്ന ഇടവകയിൽ അവർക്കു ലൗകിക കാര്യങ്ങളിൽ പരിപൂർണ്ണ സ്വാതന്ത്ര്യവും അവരുടെ നിശ്ചയങ്ങൾ ക്രോഡീകരിക്കുവാനുള്ള സ്വാതന്ത്ര്യവും അതു നടപ്പിലാക്കാനുള്ള തെരഞ്ഞെടുത്ത കാര്യങ്ങൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യവും ഉള്ളവരാകുന്നു. ഈ പറഞ്ഞ അവകാശങ്ങളൊക്കെ ഇടവകക്കാർക്കും ഉണ്ടെന്നു സാക്ഷി പറയുന്നതിന് എന്താണ് അടിസ്ഥാനം? Q അതാണ് കീഴ്നടപ്പും ഇപ്പോഴുള്ള നടപടിയും അങ്ങനെയുള്ള വ്യക്തിത്വം അവർക്കുള്ളതുകൊണ്ടാണ് പള്ളി പ്രതിപുരുഷയോഗങ്ങളിൽ നിങ്ങളുടെ അഭിപ്രായം പറയുന്നതിനു പ്രതിനിധികളെ തെരഞ്ഞെടുത്തയക്കണമെന്ന് ചുമതലപ്പെട്ടവർ നോട്ടീസ് കൽപനകൾ അയക്കുന്നതും Ans ചുമതലപ്പെട്ടവർ എന്നു പറഞ്ഞത് സഭയിലെ എപ്പിസ്കോപ്പന്മാരാണോ? Q എപ്പിസ്കോപ്പന്മാർ വിളിച്ചു കൂട്ടുന്നു പള്ളി പ്രതിപുരുഷയോഗവും ഉണ്ട് Ans സഭാപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിനു പള്ളി പ്രതിപുരുഷയോഗം വിളിച്ചു കൂട്ടുന്നതിന് എപ്പിസ്കോപ്പക്കല്ലാതെ വേറെ ആർക്കെങ്കിലും അവകാശമുണ്ടോ? Q ഭദ്രാസനത്തെ സംബന്ധിച്ചാണെങ്കിൽ എപ്പിസ്കോപ്പന്മാർക്കും അതിനേക്കാൾ ഉപരിയായി രീതിയിൽ ഉള്ളതിന് അതിന്റെ ചുമതലക്കാർക്കും ആണ് അധികാരം Ans ചുമതലക്കാരെന്നു പറഞ്ഞതാരാണ്? മലങ്കര മഹാ ഇടവകയുടെ വസ്തു സംബന്ധമായ കാര്യങ്ങൾക്കാണെങ്കിൽ മലങ്കര മെത്രാപ്പോലീത്തായും ആത്മീയ കാര്യങ്ങൾക്കാണെങ്കിൽ പാത്രീയർക്കീസിനു കീഴ്പ്പെട്ടു നിൽക്കുന്ന കാതോലിക്കായും യോഗങ്ങൾ വിളിച്ചു കൂട്ടണം Ans സഭയിലുള്ള എപ്പിസ്കോപ്പാ, പുരോഹിതൻ അല്ലെങ്കിൽ കശീശാ, ശെമ്മാശൻ ഇങ്ങനെ ഹയറാർക്കി ഉണ്ടല്ലോ? പാത്രിയർക്കീസ്, മഫ്രിയാനാ, മെത്രാപ്പോലീത്ത, എപ്പിസ്കോപ്പ, പട്ടക്കാരൻ, ശെമ്മാശൻ ഇതാണ് ഹയറാർക്കിക്കൽ സ്ഥാനങ്ങൾ Ans ഇതിൽ എപ്പിസ്കോപ്പാ മുതൽ മേലോട്ടുള്ളതായി സാക്ഷി പറഞ്ഞവർ തമ്മിൽ ആത്മീയ നൽവരത്തിൽ Spiritual grace വ്യത്യാസം ഉണ്ടോ? Q ആത്മീയ നൽവരത്തിൽ വ്യത്യാസം ഇല്ലെന്നും എന്നാൽ പരിശുദ്ധാത്മ വിളി മൂലം പ്രത്യേകമായി അധികാരത്തിൽ വ്യത്യാസമുണ്ടെന്നും പാത്രിയർക്കീസിനെ സ്വർഗ്ഗീയ ഗണങ്ങളിൽ ഏറ്റവും ഉയർന്നവരും ദൈവത്തിൽ നിന്നും നേരിട്ടു പ്രാപിച്ച് കീഴെ ഉള്ളവർക്കു നൽകുന്ന സ്രോപ്പേന്മാരോട് ആണ് ഉപമിച്ചിരിക്കുന്നതെന്നും ബാർ എബ്രായയുടെ *മ്നാറസ് കുദിശാ*യിൽ പറഞ്ഞിട്ടുണ്ടെന്നും നൽവരം ഒരു പോലെ ആണെങ്കിലും പാത്രിയർക്കീസിന് ഒരു എപ്പിസ്കോപ്പായെ വാഴിക്കാനധികാരമുള്ളപ്പോൾ ഒരു എപ്പിസ്കോപ്പാക്ക് പാത്രിയർക്കീസിനെ വാഴിക്കാൻ അധികാരമില്ലന്നും മുമ്പു ഞാൻ ബോധിപ്പിച്ചിട്ടുള്ളതാണ് Ans ഓരോ സ്ഥാനിയുടെയും അധികാരങ്ങളും ചുമതലകളും കാണിക്കുന്ന നിയമങ്ങൾ സഭയിൽ ഉണ്ടല്ലോ? നിയമങ്ങളും കീഴ്വഴക്കങ്ങളും

സഭയിൽ ഉണ്ട്. എല്ലാം കൂടി ക്രോഡീകരിച്ച ഒരു പുസ്തകമായിട്ട് ഇല്ല Ans വിശ്വാസികളുടെ ആത്മരക്ഷക്കാവശ്യമായ കാര്യങ്ങൾ നടത്തുക എന്നതാണോ സഭയുടെ പ്രധാന ലക്ഷ്യം? അതെ Ans ആ ലക്ഷ്യത്തിന് അനുയോജ്യമായ സംവിധാനങ്ങളും ഭരണക്രമങ്ങളും ആണോ സഭയിൽ നിലവിലുള്ളത്? Q ആ ലക്ഷ്യത്തിനു അനുയോജ്യമായ സംവിധാനമാണ് അപ്പോസ്തലികമായ കൈവെയ്പ്പോടു കൂടിയുള്ള ഹയറാർക്കി. ആ ലക്ഷ്യം നിറവേറ്റുമ്പോൾ വേണ്ടിവരാവുന്ന നിയമങ്ങളുമാണ് ഉള്ളത് Ans സഭയുടെ ഭരണക്രമത്തെപ്പറ്റി എന്തു പറയുന്നു? Q സഭയുടെ ഭരണക്രമം കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് എഴുതപ്പെട്ട ഏതെങ്കിലും ഭരണക്രമം എന്നല്ല. മുമ്പ് ബോധിപ്പിച്ചതുപോലെ കാനോനിലും സഭയുടെ പരമാധികാരിയുടെ കൽപനകളിലും ഓരോ കാലത്ത് നിശ്ചയിച്ചിട്ടുള്ള ഭരണരീതിയും എതിർപ്പില്ലാതെ സർവ്വരാലും അംഗീകരിക്കപ്പെട്ടിട്ടുള്ള കീഴവഴക്കങ്ങളുമാണ്. അവയെല്ലാം ആത്മീയ വളർച്ചയ്ക്ക് അനുയോജ്യമായിട്ടുള്ളതുമാണ് Ans സഭയുടെയും പള്ളിയുടെയും സ്വത്തുക്കൾ ആ ലക്ഷ്യത്തെ മുൻ നിർത്തി വിനിയോഗിക്കപ്പെടേണ്ടതാണോ? സഭയുടെ പൊതുസ്വത്തുക്കളും ഇടവകയുടെ പ്രത്യേക സ്വത്തുക്കളും അതതിന്റെ സ്ഥാപനോദ്ദേശ്യത്തിന് അനുസൃതമായി ഭരിക്കപ്പെടേണ്ട ഒരു ട്രസ്റ്റ് ആകയാൽ ആ ട്രസ്റ്റിന്റെ ഉദ്ദേശ്യാനുസരണം ഭരിക്കപ്പെടേണ്ടതാണ് Ans സഭയുടെ പ്രധാനലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് സ്വത്തുക്കളുടെ ഭരണമല്ല ആത്മീയമായ തീരുമാനങ്ങളും ക്രമീകരണങ്ങളും ആണ് ആവശ്യം. സ്വത്തുക്കളുണ്ടെങ്കിൽ മുൻ പറഞ്ഞ ലക്ഷ്യത്തിലേക്കു എത്തിച്ചേരാൻ വേണ്ടി ഉപയോഗിക്കണ്ടതാണോ എന്നാണ് ചോദ്യം? സ്വത്തുക്കൾ ഉണ്ടെങ്കിൽ അവ ഞാൻ മുമ്പു ബോധിപ്പിച്ച രീതിയിൽ ഉള്ളവയാകയാൽ ആത്മനാശം വരുത്താവുന്ന മാർഗ്ഗങ്ങളിൽ വിനിയോഗിക്കരുത്. ഏതു പ്രവൃത്തിയുടെയും ലക്ഷ്യം ദൈവനാമ മഹത്വവും ആത്മാക്കളുടെ പ്രയോജനവുമാണെന്നാണ് സഭയുടെയും പള്ളിയുടെയും സ്വത്തുക്കൾ ആത്മനാശം വരാത്ത രീതിയിലും ആത്മരക്ഷയ്ക്കും ദൈവനാമ മഹത്വത്തിനുമായി കൈകാര്യം ചെയ്യണം Stopped for the day

മൊഴി വായിച്ചു കേട്ടു ശരി
കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct

Sd/-
Judge 21/6/78

22/6/78 witness sworn again and cross examination continued പൗരോഹിത്യം ഒരു divine institution ആണോ? അതെ. കർത്താവ് നൽകിയിട്ടുള്ളതാണ് Ans അങ്ങനെയുള്ള പൗരോഹിത്യത്തിന്റെ ഉദ്ദേശ്യം എന്താണ്? Q പാപികളെ രക്ഷിപ്പാനായി ലോകത്തിൽ വന്ന ദൈവപുത്രനായ ക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനം തുടരുവാനായി താൻ സ്ഥാപിച്ച സഭയിൽ

പാപമോചനത്തിനുള്ള അധികാരം നൽകി കൊണ്ട് സ്ഥാപിച്ചിട്ടുള്ളതാണ് പൗരോഹിത്യം Ans പൗരോഹിത്യത്തിന്റെ മുമ്പ് പറഞ്ഞ പ്രവർത്തനങ്ങൾ വിശ്വാസികളുടെ ആത്മരക്ഷയ്ക്ക് ആവശ്യമാണ്. സഭയുടെയും പള്ളിയുടെയും സ്വത്തുക്കൾ ആത്മരക്ഷയ്ക്ക് ഉതകത്തക്കവണ്ണം കൈകാര്യം ചെയ്യേണ്ടവർ കൈകാര്യം ചെയ്യണം അങ്ങനെ സ്വത്തുക്കൾ ഉപയോഗിക്കണമെന്ന് നിർബന്ധിക്കുന്നതിന് എപ്പിസ്കോപ്പന്മാർക്കധികാരമുണ്ടോ? Q പള്ളി വയ്ക്കുമ്പോൾ തന്നെ അതത് സ്ഥലത്തുള്ളവർ അതിന്റെ സ്ഥാപനോദ്ദേശ്യമായി മേൽ പറഞ്ഞ കാര്യവും ഉദ്ദേശിക്കുകയും പറയുകയും ചെയ്തിട്ടുള്ള സ്ഥിതിയ്ക്ക് അവർക്കതറിയാവുന്നതും എപ്പിസ്കോപ്പായുടെ നിർദ്ദേശത്തിന് ആവശ്യമില്ലാത്തുതമാകുന്നു. Ans എപ്പിസ്കോപ്പാക്കധികാരമുണ്ടോ എന്നാണ് ചോദ്യം? അത് ഒരു ആത്മീയ കാര്യമല്ലത്തതിനാലും വസ്തു സംബന്ധമായ കാര്യമായതിനാലും സ്ഥാപനോദ്ദേശ്യമനുസരിച്ച് വിനിയോഗിക്കുവാൻ അതിന്റെ ഗുണഭോക്താക്കൾക്ക് അവകാശമുള്ള സ്ഥിതിക്കും എപ്പിസ്കോപ്പാക്ക് ആ കാര്യത്തിൽ അധികാരം ഇല്ല Ans സഭയുടെ വിശ്വാസങ്ങൾക്കും നടപടികൾക്കും വിപരീതമായി പള്ളിവക സ്വത്തുക്കൾ വിനിയോഗിക്കാമോ? Q സഭയുടെ വിശ്വാസത്തിനും നടപടികൾക്കും അതിന്റെ ശരിയായ ഭരണക്രമത്തിനും വിപരീതമായി പ്രവർത്തിക്കുവാൻ ആർക്കും അവകാശമില്ലാത്തതും അങ്ങനെ പ്രവർത്തിക്കുന്ന ആൾ ആ സംഘടനയിൽ നിന്ന് യാതൊരവകാശവുമില്ലാത്തവനായി പുറത്തുപോകേണ്ടവനുമാകുന്നു Ans വിശ്വാസങ്ങൾക്കും നടപടികൾക്കും വിപരീതമായി ഇടവകക്കാർ ചേർന്നു പള്ളിയുടെ സ്വത്തുക്കൾ ഉപയോഗിച്ചാൽ അതിനെ എപ്പിസ്കോപ്പാക്കു തടയാമോ? Q ഇന്ന സ്ഥാപനോദ്ദേശ്യം എന്നു പ്രഖ്യാപിച്ചുകൊണ്ട് പള്ളിസ്ഥാപിച്ച ഇടവകക്കാർ ആ സ്ഥാപനോദ്ദേശ്യത്തിൽ തന്നെ നിലകൊള്ളുന്നതാണ്. ഏതെങ്കിലും കാരണവശാൽ അവരെല്ലാവരും കൂടി മറ്റൊരു തീരുമാനം എടുക്കുന്നു എങ്കിൽ സ്വത്തുക്കൾ അവരുടേതാകയാൽ എപ്പിസ്കോപ്പായ്ക്ക് ചോദ്യം ചെയ്യുവാൻ ഒരവകാശവും ഇല്ല Ans ഇടവകക്കാർ എല്ലാം ചേർന്നാൽ പള്ളിയും സ്വത്തുക്കളും വേറൊരു സഭയ്ക്കു വിട്ടുകൊടുക്കാമൊ? Q ഇപ്പോൾ ഞാൻ ബോധിപ്പിച്ചതുപോലെ അങ്ങനെ അവർ ചെയ്യുകയില്ല. അഥവാ ചെയ്യണമെന്നുദ്ദേശിക്കുന്നു എങ്കിൽ സ്വത്തുക്കൾ അവരുടേതാകയാൽ അപ്രകാരം ചെയ്യാനവകാശമുണ്ടെന്ന് വീണ്ടും ബോധിപ്പിച്ചുകൊള്ളുന്നു. Ans സ്വത്തുക്കളുടെ ഭരണം സംബന്ധിച്ചുള്ള തീരുമാനങ്ങൾ ഇടവകയിൽ ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണോ എടുക്കുന്നത്? Q അതെ, ഭൂരിപക്ഷം സ്വത്തുക്കൾ മുമ്പ് പറഞ്ഞ രീതിയിൽ അന്യാധീനം ചെയ്യാൻ തീരുമാനിച്ചാൽ അങ്ങനെ ഭൂരിപക്ഷത്തോടു വിയോജിക്കുന്നവർക്ക് തടയാമൊ? Q ഭൂരിപക്ഷമാണ് തീരുമാനിക്കുന്നതെങ്കിൽ അതിന്റെ സ്ഥാപനോദ്ദേശ്യത്തിൽ അടിയുറച്ചു നിൽക്കുന്ന ഒറ്റ വ്യക്തി ഉണ്ടെങ്കിൽ അതിന്റെ സ്ഥാപനോദ്ദേശ്യാനുസരണം വേണ്ടതു പ്രവർത്തിക്കുവാൻ അയാൾക്ക് അവകാശമുണ്ട് Ans അങ്ങനെ അവകാശം ഉണ്ടാകുന്നത് സ്ഥാപനോദ്ദേശ്യം അനുസരിച്ച് സ്വത്ത്

വിനിയോഗിക്കപ്പെടേണ്ടതുകൊണ്ടാണൊ? Q അതെ Ans സ്ഥാപനോദ്ദേശ്യം എന്താണെന്നുള്ളതിനെപ്പറ്റി തർക്കം വന്നാൽ നിശ്ചയിക്കാനുള്ള അവകാശം ആർക്കെങ്കിലും ഉണ്ടോ? പള്ളിവയ്ക്കുന്നവർ സുബോധമുള്ളവരാകയാൽ പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൻ കീഴ് അവിടെ നിന്നുള്ള കൈവെയ്പ്പു പ്രാപിച്ച പട്ടക്കാരൻ മാത്രം തങ്ങളുടെ ശുശ്രൂഷകൾ നിർവ്വഹിക്കപ്പെടണമെന്നും അങ്ങനെയുള്ള ഉദ്ദേശ്യത്തിൽ നിന്ന് വ്യതിചലിക്കുന്നവർക്കവിടെ അവകാശം ഉണ്ടായിരിക്കുകയില്ലെന്നും ശരിയായി രേഖപ്പെടുത്തി വയ്ക്കുന്നതുമൂലം സ്ഥാപനോദ്ദേശ്യത്തെക്കുറിച്ച് തർക്കം ഉണ്ടാകേണ്ടകാര്യം ഇല്ല. Ans മലങ്കരയിലുള്ള എല്ലാ പള്ളികൾക്കും അങ്ങനെ സ്ഥാപനോദ്ദേശ്യം കാണിക്കുന്ന രേഖകൾ ഉണ്ടോ? Q സുപ്രധാനമായ ഒരു കാര്യം ചെയ്യുമ്പോൾ അതിനു രേഖ ഉണ്ടാക്കുക എന്നുള്ളത് സാധാരണമാകയാലും പല പള്ളികൾക്കും. അങ്ങനെയുള്ള രേഖകൾ ഉണ്ടെന്നു ഞാൻ കേട്ടറിഞ്ഞിട്ടുള്ള സ്ഥിതിക്കും എല്ലാ പള്ളികൾക്കും സ്ഥാപനോദ്ദേശ്യപരമായ രേഖകൾ ഉണ്ടായിരിക്കും എന്നാണ് എന്റെ വിശ്വാസം. Ans എപ്പിസ്കോപ്പാക്കധികാരമുള്ള ആത്മീയ കാര്യങ്ങളിൽ എന്തെല്ലാം ഉൾപ്പെടും? Q പട്ടം കൊടുക്കുക, മാമൂദിസാക്കും തൈലാഭിഷേകത്തിനും ഉള്ള വിശുദ്ധ തൈലങ്ങൾ കൂദാശ ചെയ്യുക പള്ളികളും തബലീത്താകളും കൂദാശ ചെയ്യുക, ഇടവകയുടെ ആത്മീയമായ കാര്യങ്ങളിൽ വേണ്ടതെല്ലാം ചെയ്യുക ഇവയാണ് Ans ഇടവകയുടെ ആത്മീയ കാര്യങ്ങൾ ഇടവകയിലെ ഒരു വ്യക്തി സഭ നിശ്ചയിച്ചിട്ടുള്ള വിശ്വാസപരവും ആചാരപരവുമായ ക്രമീകരണങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്നു എങ്കിൽ അയാളെ ആദ്യമായി ഗുണദോഷിക്കുകയും വ്യത്യാസപ്പെടാത്ത പക്ഷം സഭയുടെ സംസർഗ്ഗത്തിൽ നിന്നുമാറ്റി നിർത്തത്തക്കരീതിയിൽ അയാളുടെ മേൽ നടപടി എടുക്കുന്നതുമാണ്. സഭയുടെ ഭരണഘടന ലൗകിക കാര്യത്തിൽ പെട്ടതാണൊ ആത്മീയ കാര്യത്തിൽ പെട്ടതാണോ? Q സഭയുടെ ആത്മീയ കാര്യങ്ങളെക്കുറിച്ചുള്ള ക്രമീകരണങ്ങളും നിയമങ്ങളും ഉണ്ടാക്കുന്നത് ആത്മീയത്തിലും സിറിയൻ ഓർത്തോഡോക്സ് സഭയ്ക്ക് പൊതുവായി എന്തെങ്കിലും സ്വത്തുക്കൾ ഉണ്ടെങ്കിൽ ആ സ്വത്തുക്കൾ സംബന്ധിച്ചു എന്തെങ്കിലും നിയമങ്ങൾ ഓരോ രാജ്യത്തെയും പ്രത്യേക പരിതസ്ഥിതികൾ വച്ചുകൊണ്ട് രൂപീകരിക്കുന്നു. Ans നിയമങ്ങൾ എന്നുള്ളതിന്റെ ഒരു പഴയ പദപ്രയോഗമായിട്ടാണ് തോന്നുന്നത് Ans ശട്ടം കെട്ടുകൾ ലൗകികമോ ആത്മീയമോ? Q ആ ശട്ടം കെട്ടുകളിൽ ലൗകികമൊ ആത്മീയമൊ? Q ആ ശട്ടം കെട്ടുകളിൽ ആത്മീയവും ലൗകികവും ഉൾപ്പെടും Ans ഇന്നത് ആത്മീയം ഇന്നതു ലൗകികമെന്ന് വ്യക്തമായി വേർതിരിച്ചു പറയാൻ സാധിക്കുമൊ? Q ഓരോ ശട്ടം കെട്ടിനെക്കുറിച്ചും പ്രത്യേകമായി ചോദിച്ചാൽ വേർതിരിച്ചു പറയാൻ സാധിക്കും Ans Organisation of the government of the Church എന്നു പറഞ്ഞാൽ മനസ്സിലാവുമോ? Q ശരിക്കുമനസ്സിലായില്ല. മലയാളത്തിൽ പറഞ്ഞാൽ എനിക്കു ശരിക്കു മനസ്സിലാകും Ans സഭയുടെ ഭരണസംവിധാനങ്ങൾ എന്നു പറഞ്ഞാൽ അറിയാമോ? സംവിധാനങ്ങൾ എന്നാൽ ക്രമീകരണങ്ങൾ

എന്നാണ് എന്റെ അറിവ് Ans അങ്ങനെയുള്ള ക്രമീകരണങ്ങൾ ആത്മീയത്തിലും ലൗകികത്തിലും ഉൾപ്പെട്ടു വരുന്നത് ഉണ്ടോ? Q ആത്മീയത്തിനു പ്രത്യേകവും ലൗകികത്തിനു പ്രത്യേകവും ക്രമീകരണങ്ങൾ ഉണ്ട്. Ans ഭാഗികമായി ആത്മീയവും ഭാഗികമായി ലൗകികവുമായുള്ള സംഗതികൾ ഉണ്ടോ? Q പെട്ടെന്നു പറയാൻ നിവൃത്തിയില്ല. Ans ആത്മീയകാര്യങ്ങളും ലൗകിക കാര്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണോ? Q ഏതു കാര്യത്തിൽ സഭയുടെ കാര്യത്തിൽ? Q സഭയിലെ ആത്മീയകാര്യങ്ങൾ വേറെയും ലൗകിക കാര്യങ്ങൾ വേറെയും ആണ് പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയല്ല. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതാണെന്ന് അന്ത്യോക്യാ പാത്രിയർക്കീസുമാരാരെങ്കിലും അവരുടെ കൽപനകളിലൊ എഴുത്തുകളിലൊ പ്രഖ്യാപിച്ചിട്ടുണ്ടോ? Q എന്റെ ഓർമ്മയിൽ ഇല്ല. ഉണ്ടെങ്കിൽ തന്നെയും അതിന്റെ സന്ദർഭാനുസരണം അതു മനസ്സിലാക്കേണ്ടതാണ്. Ans Ext B 162 പേജ് 2 ൽ ശ്ലീഹാന്മാരുടെ ആയി ഒരു നിയമം പറയുന്നുണ്ട്. അത് പള്ളിയുടെയും സ്വത്തുക്കളുടെയും ഭരണം സംബന്ധിച്ചുള്ളതാണ്. പള്ളിയുടെ വസ്തുക്കളിൽ എപ്പിസ്കോപ്പ ഭരണം നടത്തേണ്ടതാണ് എന്നാണോ ആ നിയമം? Q അതെ, എന്നാൽ അത് ശ്ലീഹന്മാരുടെ നിയമമാണ്. ശ്ലീഹന്മാരുടെ കാലത്ത് എപ്പിസ്കോപ്പ എന്ന പദം കശീശന്മാർക്ക് ഉപയോഗിച്ചിരുന്നു. അപ്പോസ്തല പ്രവൃത്തി 20-ാം അദ്ധ്യായം വായിക്കുമ്പോൾ പൗലൂസ് ശ്ലീഹാ കശീശന്മാരെ വിളിച്ചുകൂട്ടി എന്നും അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ അവസാനത്തിൽ നിങ്ങളെ എപ്പിസ്കോപ്പന്മാരാക്കി നിയമിച്ചിരിക്കുന്ന സഭയിന്മേലും എന്നു പറയുന്നതുകൊണ്ട് ശ്ലീഹന്മാരുടെ കാലത്ത് എപ്പിസ്കോപ്പാ എന്നുള്ള പദം കശീശാക്കും ഉപയോഗിച്ചിരുന്നു എന്നും അതത് പള്ളിയിലെ കശീശന്മാർ ഇന്ന് അതതു പള്ളിയിലെ കശീശന്മാർ ആയി ഇന്ന് ചിലയിടത്ത് ഉള്ളതുപോലെ മറ്റെവിടെനിന്നോ നിയമിക്കപ്പെടാതെ ആ ഇടവകയിൽ തന്നെ ഉള്ളവർ ആയിരുന്നതുകൊണ്ട് ആ പള്ളിവക സ്വത്തുകൾ ഇടവകയിലെ ഒരംഗം എന്ന നിലയിൽ കൂടിയും ഭരിക്കുവാനുള്ള അവകാശം അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെയുള്ള സ്വത്തുക്കളുടെ വിനിമയ കാര്യവും അവിടെത്തന്നെ പറയുന്നുണ്ട് Ans ശ്ലീഹന്മാരുടെതാകയാൽ കശീശ എന്നതിന് അർത്ഥമാക്കാവുന്നതാണ്. ആ അർത്ഥത്തിലാണ് Ext B 162 പേജ് 2 ൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ചിലരെ പ്രത്യേകം എപ്പിസ്കോപ്പന്മാരാക്കുകയും അവർക്ക് അ പേർ ഉപയോഗിക്കുകയും ചെയ്തിട്ടുള്ള ഭാഗങ്ങൾ ഉണ്ട്. Ext B 162 പേജ് 2ൽ പറഞ്ഞിരിക്കുന്ന നിയമം സഭ ഇപ്പോഴും സ്വീകരിച്ചിട്ടുള്ളതാണോ? സ്വത്തുക്കൾ സംബന്ധമായ നിയമങ്ങൾ കാലാനുസൃതം മാറ്റപ്പെട്ടിട്ടുണ്ട് എന്ന് ഇന്നലെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. അതിനാൽ കാലാന്തരത്തിൽ ഇങ്ങനെയുള്ള നിയമങ്ങൾ വേറെ രീതിയിൽ ആവുകയും അങ്ങനെയുള്ള കീഴ്നടപ്പുകൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട് Ans എപ്പിസ്കോപ്പന്മാരുടെ കൽപനയാൽ എല്ലാം നടത്തപ്പെടുകയും കശീശന്മാർക്കും ശെമ്മാശന്മാർക്കും ദിഷ്ടതിക്കാർക്കും നൽകപ്പെടുകയും വേണം എന്നും ആ നിയമത്തിൽ പറയുന്നുണ്ട്.

അതായത് അന്നും ഈ അടുത്ത കാലം വരെയും ഒരു പള്ളിയിൽ തന്നെ പല കശീശന്മാരും ശെമ്മാശന്മാരും ഉണ്ടായിരുന്നു. എപ്പിസ്കോപ്പാ എന്നതിന് ഇംഗ്ലീഷിൽ "ഓവർസീയർ" എന്ന് പ്രയോഗിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് പല കശീശന്മാരുടെയും മേലായി സ്ഥിതി ചെയ്തിരുന്നു ആളിനെ ആ പേരിൽ വിളിക്കുകയും അദ്ദേഹം മറ്റുള്ളവർക്കും വിതരണം ചെയ്യുകയും ചെയ്തിരുന്നു. 2-ാം പേജിൽ തന്നെ പള്ളിവക സകല വസ്തുക്കളിലും എപ്പിസ്കോപ്പാ മേൽവിചാരകനായിരുന്ന് അവയുടെ കാര്യം വിചാരിക്കണം എന്ന ഒരു നിയമം ഉണ്ട്. പള്ളികൾ എന്നു പറയാതെ പള്ളി എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ടുതന്നെ ഞാൻ മുമ്പ് ബോധിപ്പിച്ചിട്ടുള്ള ആശയമാണ് ശരിയെന്നും അതിനും പുറമെ സ്വത്തുക്കൾ സംബന്ധമായ കാര്യങ്ങളിൽ അന്നത്തെ രീതിയ്ക്ക് കാലാന്തരത്തിൽ വ്യത്യാസം വന്നിട്ടുണ്ടെന്നും ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. സ്വത്തുക്കളെ സംബന്ധിച്ച് കാനോനിൽ പറയുന്ന വ്യവസ്ഥകൾ എക്കാലവും ഒരു പോലെ സ്വീകാര്യം ആകാൻ നിവൃത്തിയില്ലാത്തതും വ്യത്യാസപ്പെട്ടിട്ടുള്ളതുമാകുന്നു. Ext B 162 3-ാം പേജിൽ എപ്പിസ്കോപ്പാ പള്ളിയുടെ സ്വത്തുക്കൾ ഭരിക്കണമെന്നും പള്ളിയുടെയും അതിന്റെ വസ്തുവകകളുടെയും വരുമാനങ്ങളിന്മേൽ കശീശന്മാരെയും ശെമ്മാശന്മാരെയും അധികാരപ്പെടുത്തണം എന്നൊരു നിയമം ഉണ്ട് അത് അന്ത്യോക്യായിലെ പ്രാദേശിക സുന്നഹദോസിന്റെ തീരുമാനമാണ്. എന്നാൽ വസ്തുക്കൾ സംബന്ധിച്ച് മുമ്പ് ബോധിപ്പിച്ചത് ഒന്നു കൂടി ആവർത്തിക്കുന്നതോടൊപ്പം സ്വത്തുക്കളുടെ ഭരണം സംബന്ധിച്ചു വാദികൾ പോലും ഈ നിയമമല്ല പാലിക്കുന്നതെന്നതിന് സ്വത്തുക്കൾ സംബന്ധമായ നിയമങ്ങൾക്കു കാലാന്തരത്തിൽ വ്യത്യാസം വന്നിട്ടുണ്ടെന്നു സ്പഷ്ടമാകുന്നു. അന്ത്യോക്യാ പ്രാദേശിക സുന്നഹദോസിലെ നിയമം 2-ാം നൂറ്റാണ്ടിലൊ 3-ാം നൂറ്റാണ്ടിലൊ 4-ാം നൂറ്റാണ്ടിലൊ ആരംഭത്തിലൊ ആയിരിക്കണം. Ext B162 ൽ പേജ് 5 ൽ പള്ളി ഭരണത്തെ സംബന്ധിച്ച് വൈദികരിൽ ഒരാൾ കൈക്കാരൻ ആയിരിക്കണം. എപ്പിസ്കോപ്പായുടെ കൽപന പ്രകാരം അതിന്റെ വസ്തുക്കൾ ഭരിക്കണം എന്ന് നിയമം ഉണ്ട്. അതും നാലാം നൂറ്റാണ്ടിനു മുമ്പുള്ളതാണ്. ലാവൊദോക്യാ സുന്നഹദോസിലെ ആണ്. 6-ാം പേജിൽ കുര്യാക്കോസ് പാത്രിയർക്കീസിന്റേതായിട്ട് പള്ളിയുടെ ഭണ്ഡാരവിചാരകന്മാർക്ക് എപ്പിസ്കോപ്പായുടെയൊ പ്രതിനിധിയുടെയൊ അനുവാദം കൂടാതെ യാതൊന്നും ചെലവ് ചെയ്തു കൂടാ എന്നൊരു നിയമം ഉണ്ട്. ഇപ്പോൾ ഒരു സ്ഥലത്തും അതനുസരിച്ചു പ്രവർത്തിക്കുന്നില്ല. കൈസ്ഥാന താക്കോലുകൾ വാങ്ങുകയും തിരികെ ഏൽപിക്കുകയും ചെയ്യുന്നതു സംബന്ധിച്ച് എന്താണ് നിയമം? മദ്ബഹായൽ നിന്നും വാങ്ങുകയും മദ്ബഹായിൽ തന്നെ സമർപ്പിക്കുകയും ചെയ്യണം. മദ്ബഹായുടെ നാഥനിൽ നിന്നും യോഗ്യതപോലെ അയാൾക്കുള്ള പ്രതിഫലം ലഭിക്കും എന്നാണ്. Ext B 162 ൽ 6-ാം പേജിൽ പറയുന്നത് Ans പേർഷ്യൻസ് എന്നതിനെ ഉദ്ദേശിച്ച് അതിനു പെർസായർ എന്ന് ചേർത്തിട്ടുണ്ട്. Ext B162 ൽ 4-ാം പേജിൽ പള്ളി വഴിപാടുവരുമാനം സംബന്ധിച്ച് ഒരു നിയമം പറയുന്നു. അതനുസരിച്ച് ഒരിടത്തും

യാതൊന്നും നടക്കുന്നില്ല. മുമ്പ് പറഞ്ഞ നിയമങ്ങളൊന്നും ഇപ്പോൾ മലങ്കര സഭയിൽ നടപ്പിലില്ലെന്നാണോ സാക്ഷി പറയുന്നത്? മുമ്പ് പറഞ്ഞ നിയമങ്ങൾ ഇപ്പോൾ വാദികളുടെയും പ്രതികളുടെയും ഇടയിൽ നടപ്പില്ലെയെന്നു തന്നെയാണ് ബോധിപ്പിക്കുനുള്ളത് Ans എന്നെങ്കിലും നടപ്പിൽ ഉണ്ടായിരുന്നോ? മലങ്കര സഭയിൽ ഈ നിയമങ്ങൾ ഒരു കാലത്തും നടപ്പിലിരുന്നതായിട്ട് ഞാൻ വായിച്ചിട്ടില്ല. Ans ഈ നിയമങ്ങൾ പാലിക്കേണ്ട ആവശ്യം ഇല്ലെന്നു എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ? ലൗകിക കാര്യങ്ങളിൽ ഉള്ള നിയമങ്ങൾ കാലാന്തരത്തിൽ വ്യത്യാസപ്പെടുകയും അംഗീകൃത കീഴ്വഴക്കങ്ങൾ ഉണ്ടാവുകയും ചെയ്തു എന്ന് ഞാൻ നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. അതിന്റെ രേഖകൾ ഞാൻ കണ്ടിട്ടില്ലന്നും പറഞ്ഞിട്ടുണ്ട് Ans തീരുമാനം ഉണ്ടോ? തീരുമാനം ഉള്ളതായി എനിക്കറിവില്ലങ്കിലും ഇപ്പോൾ സാർവ്വത്രികമായി അംഗീകൃതമായി കീഴ്വഴക്കങ്ങളാണ് നടപ്പിൽ ഇരിക്കുന്നത്. Ans ഈ നിയമങ്ങൾ സിറിയായിലുള്ള ഓർത്തഡോക്സ് സഭയ്ക്ക് ബാധകമാണോ? ഇപ്പോൾ അവിടുത്തെ നടപടികൾ എങ്ങനെയാണെന്ന് എനിക്കറിഞ്ഞുകൂടാ. Ans ഏതെങ്കിലും കാലത്ത് ഈ നിയമങ്ങൾ അവിടെ നടപ്പിലിരുന്നോ എന്നറിയാമോ? നിയമങ്ങൾ ഉണ്ടാക്കിയ ആദ്യ നൂറ്റാണ്ടുകളിൽ ഒരു പക്ഷേ നടപ്പിലിരുന്നിരിക്കാം. എനിക്ക് ശരിക്കറിഞ്ഞുകൂടാ Ans സിറിയായിലുള്ള സഭയിലെയും മലങ്കരയുള്ള സഭയിലെയും ഭരണരീതി ഒരു പോലെയാണോ? രണ്ടും ഒരു സഭയാണ്. ഭരണരീതികളുടെ വ്യത്യാസങ്ങളെക്കുറിച്ചു ഞാൻ പഠിച്ചിട്ടില്ല Ans മേൽപട്ടക്കാർക്കും സ്താത്തിക്കോൻ കൊടുക്കുമോ? കൊടുക്കും Ans അത് സഭയിൽ നിലവിലുള്ള കാനോൻ നിയമങ്ങൾക്കും മറ്റും വിധേയമായിട്ടാണോ സ്താത്തിക്കോൻ കൊടുക്കുന്നത്? സ്താത്തിക്കോൻ കൊടുക്കുന്നത് ഇന്നാരെ മെത്രാപ്പോലീത്തയായി വാഴിച്ചു എന്നും അദ്ദേഹത്തിനുള്ള അധികാരങ്ങൾ എന്നിവ ആണെന്നു കാണിച്ചും മറ്റുമുള്ള ഒരു സാക്ഷിപത്രമാണ്. അതിൽ കാനോന്റെ കാര്യങ്ങൾ ഒന്നും പറയേണ്ട ആവശ്യമില്ല. Ans Ext B 63 പേജ് 98 തുടങ്ങി 104 വരെ പേജുകളിൽ സ്താത്തിക്കോനെ പറ്റിയാണ്. 101-ാം പേജിൽ പള്ളികളിന്മേലും പള്ളിവക നിലം പുരയിടങ്ങളിന്മേലും കണക്ക് കേൾക്കുവാനും അദ്ദേഹത്തിനധികാരമുണ്ട് എന്നു പറയുന്നുണ്ട്. അതു സഭയിൽ നിലവിലിരിക്കുന്ന പാലിക്കപ്പെടേണ്ട നിയമങ്ങളെപ്പറ്റിയല്ലേ? മുമ്പ് പറഞ്ഞ സ്താത്തിക്കോൻ ഫാറം ശരിയാണോ എന്ന് ഒരു സ്താത്തിക്കോൻ കാണാതെ പറയാൻ സാധ്യമല്ല Ans Ext B 63 1952 ൽ പബ്ലിഷ് ചെയ്തതാണ്. അതിന്റെ ഗ്രന്ഥകാരന് സഭയിലെ നടത്തിപ്പും കൽപനകളും ഒക്കെ അറിയാമായിരുന്നോ? മിക്കവാറും അറിയാമായിരുന്ന ആളായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ തന്നെ വ്യത്യസ്ത അഭിപ്രായമുള്ള ലേഖനങ്ങൾ ഞാൻ വായിച്ചിട്ടുണ്ട് Ans പല കാര്യങ്ങളിലും അദ്ദേഹത്തിന്റെ വ്യത്യസ്തമായ ആശയങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. എന്തു കാര്യത്തെ സംബന്ധിച്ചാണ് എന്ന് ഇപ്പോൾ ഓർക്കുന്നില്ല. Stopped for the day മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct.

Sd/-
Judge 22-6-78

23/6/78 Witness sworn again and cross examination continued

അന്ത്യോക്യാ പാത്രിയർക്കീസ് മലങ്കരയിലുള്ള മെത്രാന്മാർക്ക് കൊടുത്തിട്ടുള്ള സ്താത്തിക്കോൻ വല്ലതും സാക്ഷി കണ്ടിട്ടുണ്ടോ? കാണുവാൻ ഇടയായിട്ടില്ല Ans ഞാൻ ഒരു സ്താത്തിക്കോനും കണ്ടിട്ടില്ല. 19-ാം പ്രതിഭാഗത്തു നിന്നും ഹാജരാക്കിയിട്ടുള്ള സ്താത്തിക്കോനിൽ പള്ളികളിന്മേലും വസ്തുക്കളിന്മേലും ഭരണം നടത്താൻ മെത്രാന്മാർക്ക് അവകാശമുണ്ടെന്നും പള്ളികളിലുള്ള സകലതും മെത്രാന്മാർ ഭരിക്കണമെന്നും കൈക്കാരന്മാരെ അദ്ദേഹം നിയമിക്കണമെന്നും പള്ളികളുടെ കണക്കുകൾ കേൾക്കുന്നതിന് അദ്ദേഹത്തിനവകാശമുണ്ടെന്നും പറഞ്ഞു കാണുന്നതിനെപ്പറ്റി സാക്ഷിക്കു വല്ലതും പറയാനുണ്ടോ? അങ്ങനെ അതിൽ പറയുന്നുണ്ടെങ്കിൽ രണ്ടു കാര്യങ്ങൾ ബോധിപ്പിക്കാനുണ്ട്. ഒന്ന് ഇന്നലെ എന്നെ കാണിച്ച കാനോൻ ഭാഗത്തിനനുസരണമായി ആ നിയമം നിലവിലിരുന്ന കാലത്ത് ഉണ്ടാക്കിയിട്ടുള്ള ഒരു ഫാറം ഇപ്പോഴും നിലനിന്നു വരുന്നു എന്നും കാനോനിൽ കാണുന്ന ആ രീതിക്കു വ്യത്യാസം വന്നതോടുകൂടി ഈ വാചകങ്ങൾക്ക് പ്രസക്തി ഇല്ലെന്നുള്ളതുമാണ്. രണ്ട്, അഥവാ പ്രസക്തി ഉണ്ടെങ്കിൽ ഒരാൾക്കുള്ള അധികാരമൊ മറ്റൊരാൾക്കു കൈമാറ്റം ചെയ്യാൻ സാദ്ധ്യമാകയുള്ളൂ. അതനുസരിച്ച് പാത്രിയർക്കീസിന് പള്ളി സ്വത്തുക്കളിന്മേൽ അധികാരം ഉണ്ട് എന്ന് സമ്മതിക്കുവാൻ നിർബന്ധിതമാകും. പാത്രിയർക്കീസിന് ആ അധികാരം വാദികൾ വകവച്ചു കൊടുക്കുന്നുമില്ല. തന്മൂലം ഇല്ലാത്ത അധികാരം കാണിച്ച് എഴുതുന്നു എങ്കിൽ അത് ഞാൻ ആദ്യം ബോധിപ്പിച്ചതുപോലെ മുമ്പുള്ള ഒരു ഫാറം ആവർത്തിക്കുക മാത്രമാണ് Ans സാധാരണ സ്താത്തിക്കോൻ കൊടുക്കുന്നത് അത് കൊടുക്കുന്ന ആൾ അതിലെ വാചകം വായിച്ചു മനസ്സിലാക്കിയാണോ? അതെ ആ അധികാരം അദ്ദേഹത്തിനുണ്ടെന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടെങ്കിലും ആ അധികാരം മറ്റു ചിലർ വക വച്ചു കൊടുക്കാതിരിക്കുന്നതു മൂലം അങ്ങനെയുള്ള ആളിൽ നിന്ന് ആർക്കെങ്കിലും അധികാരം അംഗീകരിച്ചേ പറ്റൂ. Ans സഭയുടെ വിശ്വാസവും സഭയിലെ നിയമവുമനുസരിച്ച് എപ്പിസ്കോപ്പന്മാർക്ക് പള്ളിയും സ്വത്തുക്കളും ഭരിക്കുന്ന അധികാരം ഉള്ളതു കൊണ്ടല്ലേ ആ വിവരം സ്താത്തിക്കോനിൽ ചേർക്കുന്നത്? അധികാരം കൊടുക്കുന്ന ആൾക്ക് അധികാരം ഉണ്ടെന്നു സമ്മതിക്കാത്ത കാലത്തോളം ആർക്കെങ്കിലും അധികാരം കൊടുത്താൽ അതും അതുപോലെ തന്നെയായിരിക്കും മുമ്പ് പറഞ്ഞ കാനോൻ നിയമം നിലവിലിരുന്ന കാലത്തെ രീതി അനുസരിച്ചാണ് Ans എപ്പിസ്കോപ്പന്മാർക്ക് ആ അധികാരം ഏത് നൂറ്റാണ്ടുവരെ ഉണ്ടായിരുന്നു എന്ന് എനിക്ക് ഉദ്ദേശ്യമായിട്ടും പറയാൻ പറ്റുകയില്ല. ആദ്യ നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നു. പിന്നീട് ഇല്ലാതായി എന്ന്

മാത്രമെ അറിയാവൂ. ബാർ എബ്രായായുടെ കാനോൻ ഏതാണ്ടിൽ ക്രോഡീകരിച്ചതാണ്? ബാർ എബ്രായ മരിച്ചത് 1286-ൽ ആകയാൽ അതിനു മുമ്പ് എപ്പോഴെങ്കിലും ആയിരിക്കണം Ans അദ്ദേഹം ജനിച്ചതെന്നാണെന്നറിഞ്ഞുകൂടാ. 50-60 വയസ്സുവരെ ജീവിച്ചിരുന്നു. അക്കാലത്ത് സഭയിൽ നിലവിലിരുന്ന നിയമങ്ങളാണൊ Ext B 162 ൽ ഉള്ളത്? അക്കാലത്ത് നിലവിലിരുന്ന നിയമങ്ങളല്ല. ഓരോ കാലത്തും ഉണ്ടായിട്ടുള്ള നിയമങ്ങൾ അദ്ദേഹം പല ഇടത്തു നിന്നും ശേഖരിച്ച് കോഡിഫൈ ചെയ്യുകയായിരുന്നു. ഉദാഹരണമായി ഏതോ ഒരു ഭാഗത്ത് ഭാഗം നിശ്ചയമില്ല ഒരു നിയമം പറഞ്ഞ ശേഷം ഇപ്പോൾ ഞങ്ങളുടെ കാലത്ത് അങ്ങനെ അല്ല എന്നു പറഞ്ഞതായി ഓർക്കുന്നുണ്ട്. സന്ദർഭം ഓർക്കുന്നില്ല. അങ്ങനെ എടുത്തു പറഞ്ഞിട്ടില്ലാത്ത നിയമങ്ങളൊക്കെ അന്ന് സഭയിൽ നിലനിന്നിരുന്നതാണോ? എന്നു പറയുവാൻ നിവൃത്തിയില്ല. ചിലതിന്റെ പ്രത്യേകതകൊണ്ട് എടുത്തു പറഞ്ഞതായിരിക്കണം. സഭയെ ബാധിക്കാത്തതും സഭയിൽ നിലവില്ലാത്തതുമായ പല നിയമങ്ങളും Ext B 162 ൽ ഉണ്ടെന്നും പറഞ്ഞാൽ ശരിയാണോ? Ext B 162 ൽ മാത്രമല്ല വാദികൾ ഹാജരാക്കിയിട്ടുള്ള കാനോനിലും ഇപ്പോൾ സഭയിൽ നടപ്പിലില്ലാത്ത പല നിയമങ്ങളും ഉണ്ട് Ans സഭയിൽ നടപ്പിൽ ഇല്ലാത്തതും സഭയെ ബാധിക്കാത്തതുമായ നിയമങ്ങൾ എല്ലാം പ്രത്യേകമായി എടുത്ത് ശേഖരിച്ച ആധികാരികമായ വല്ല രേഖകളും ഉണ്ടോ? അങ്ങനെ ആരും ഉണ്ടാക്കിയിട്ടില്ല. ഉണ്ടാക്കേണ്ട ആവശ്യവുമില്ല. കാരണം കാനോൻ വായിച്ചു വരുമ്പോൾ ആർക്കും അത് മനസ്സിലാക്കാവുന്നതാണ് Ans സാധാരണ Codification നടത്തുന്നത് നിലവിലുള്ളതും നിലവിലില്ലാത്തതും പ്രത്യേകം പ്രത്യേകം കാണിച്ചാണോ? Legal Codification എങ്ങനെയാണെന്ന് എനിക്കശേഷവും അറിഞ്ഞുകൂടാ. എന്നാൽ അതുവരെയുമുള്ള നിയമങ്ങൾ പല ഇടത്തും ചിതറിക്കിടന്നത് അദ്ദേഹം ഒരുമിച്ചു ചേർത്ത് ക്രമീകരിക്കുകയാണ് ചെയ്തതെന്ന് വാദികൾ ഹാജരാക്കിയിട്ടുള്ള മലയാള കാനോന്റെ മുഖവുരയിൽ പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ Ans അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ നിലനിൽക്കുവാനാണ്. പള്ളികൾ ഓരോ സ്ഥലത്തും ആ സ്ഥലത്തുകാർ പണിതത് എന്നു ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അപ്രകാരം ആ പള്ളികൾ നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള അധികാരം പാത്രിയർക്കീസിനുണ്ടോ? പാത്രിയർക്കീസ് സഭയുടെ വിശ്വാസ സംരക്ഷകനാകയാൽ അങ്ങനെ നിലനിൽക്കുന്നുണ്ടോ എന്ന് അന്വേഷിപ്പാൻ ആ രീതിയിൽ നിലനിൽക്കുവാൻ തക്കവണ്ണം വേണ്ടതു ചെയ്യുവാൻ അധികാരം ഉള്ള ആളാണ് Ans ആ രീതിയിൽ പള്ളിയും സ്വത്തുക്കളും നിലനിറുത്തുന്നതിനുവേണ്ടത് അദ്ദേഹത്തിനു ചെയ്യാമോ? ആ രീതിയിൽ ആ ഇടവക നിലനിൽക്കുന്നതിന് വേണ്ടത് അദ്ദേഹത്തിനു ചെയ്യാം. അങ്ങനെ നിൽക്കുമ്പോൾ ആ പള്ളിയുടെ സ്വത്തുക്കൾ ആ പള്ളിയുടെതായിട്ടുതന്നെ നിലനിന്നു കൊള്ളും Ans ആ പള്ളിയുടെ ഇടവകക്കാരെല്ലാവരും ചേർന്ന് എതിരായി പ്രവർത്തിച്ചാൽ പാത്രിയർക്കീസിനും പള്ളിയിന്മേലും സ്വത്തുക്കളിന്മേലും

എന്തെങ്കിലും ചെയ്യുവാൻ ഓക്കുമോ? ആ പള്ളിയും സ്വത്തുക്കളും അവരുടെ സ്വന്തമാകയാൽ അവർ നൂറുശതമാനവും യോജിച്ച് എന്തെങ്കിലും കാര്യം ചെയ്യുന്ന പക്ഷം അതിനെ തടയുവാൻ ആർക്കും കഴിയുന്നതല്ല എന്ന് ഇന്നലെ തന്നെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട് Ans പള്ളിയുടെയും സ്വത്തുക്കളുടെയും ആധാരങ്ങൾ മെത്രാപ്പോലീത്താമാരുടെ പേരിൽ വാങ്ങിയിട്ടുള്ളതായി സാക്ഷി കണ്ടിട്ടുണ്ടോ? ഞാൻ കണ്ടിട്ടില്ല. അങ്ങനെ എന്തെങ്കിലും ആധാരം ഉള്ളതായി സാക്ഷിക്കറിവായിട്ടുണ്ടോ? എന്റെ അറിവിൽ പെട്ടിട്ടില്ല. പാത്രിയർക്കീസിന്റെ പേരിൽ ഏതെങ്കിലും പള്ളിയുടെയും സ്വത്തുക്കളുടെയും ആധാരം ഉള്ളതായി അറിവുണ്ടോ? അന്ത്യോക്യാ സിംഹാസനത്തിൽ കീഴ് ആ വിശ്വാസം പാലിച്ചു കൊണ്ട് എക്കാലവും നിലനിൽക്കത്തക്കവണ്ണം പള്ളി സ്ഥാപിക്കുവാനായി വ്യക്തിയൊ വ്യക്തികളൊ ചേർന്നു സ്ഥലം പാത്രിയർക്കീസിന്റെ പേരിൽ വാങ്ങിയിട്ടുള്ളതായി കേട്ടിട്ടുണ്ട് Ans ഉടമസ്ഥാവകാശം ഇടവകക്കാർക്കാണെങ്കിൽ അവരുടെ പേരിൽ വേണ്ടേ വസ്തുക്കൾ സമ്പാദിക്കാൻ? അങ്ങനെയുള്ള പള്ളികൾ ഉടമസ്ഥാവകാശം സ്ഥാപിക്കാനല്ല വിശ്വാസം നിലനിർത്താൻ ആയതുകൊണ്ട് പാത്രിയർക്കീസിന്റെ പൂർണ്ണ അധികാരത്തിലുള്ള സ്വത്താണ്. Ans അങ്ങനെയുള്ള പള്ളികൾ മലങ്കരയിൽ എത്ര കാണാം? അങ്ങനെയുള്ള പള്ളികൾ എന്നു പറയുമ്പോൾ പാത്രിയർക്കീസിന്റെയൊ അദ്ദേഹത്തിന്റെ പ്രതിനിധിയുടെയൊ ഭരണത്തിൽ കീഴിലും അദ്ദേഹം അനുവദിച്ചു കൊടുക്കുന്ന ഭരണ ക്രമീകരണങ്ങൾക്ക് ഒത്തു നിലനിൽക്കുന്നവയാണ്. അങ്ങനെയുള്ളവ ഇടവക പള്ളികളാണോ? അങ്ങനെയുള്ളവ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലും അദ്ദേഹത്തിന്റെ ആജ്ഞക്കനുസരിച്ചും മാത്രം അവിടെ നിലകൊള്ളണമെന്നും ആഗ്രഹവും ബോധവും ഉള്ള ജനങ്ങൾ അതിന്റെ സ്ഥാപനോദ്ദേശ്യാനുസരണം അതിൽ കൂടി നടക്കുമ്പോൾ അത് മലങ്കരയിലെ ഭദ്രാസനങ്ങളിൽ ഒന്നും പെടാത്ത ഒരു ഇടവക പള്ളിയായിരിക്കും Ans അങ്ങനെയുള്ള പള്ളികളെ പ്രത്യേകമായി തരംതിരിച്ചിട്ടുണ്ടോ? പ്രത്യേകം തരംതിരിച്ചറിയപ്പെടുന്നു. സിംഹാസന പള്ളികൾ എന്ന പേരിൽ Ans സിംഹാസന പള്ളികൾ എന്നു സാക്ഷി പറയുന്നതൊഴികെ വേറെ ഏതെങ്കിലും പള്ളികൾ പാത്രിയർക്കീസിന്റെ പേരിൽ ഉണ്ടോ? ഞാൻ അതെക്കുറിച്ചു പഠനം നടത്തിയിട്ടില്ല. എനിക്കറിയില്ല Ans സഭയുടെ പൊതുവായ വസ്തുക്കളുടെ ഉടമാവകാശം ആർക്കാണ്? പൊതുവായ വസ്തുക്കളുടെ ഉടമാവകാശം സഭയിലെ ഓരോ വ്യക്തിക്കും പ്രത്യേകമായും സഭയ്ക്കു മുഴുവൻ ആകമാനമായും ഉള്ളതാകുന്നു. എന്തെന്നാൽ അത് ഒരു ട്രസ്റ്റാകുന്നു. Ans സഭയിലെ അംഗങ്ങൾക്ക് ഉണ്ടെന്നു പറയുന്ന അവകാശം അവർ അതിനു പണം മുടക്കിയതു കൊണ്ടാണോ? അവർ പണം മുടക്കിയതുകൊണ്ടു മാത്രമല്ല. അന്ത്യോക്യാ സിംഹാസനത്തിൽ കീഴിൽ ഇവിടെ ഒരു സഭയും അതിൽ അവർ അംഗങ്ങളും ആകയാലും ആ സഭ ഓരോ കാലത്തും സമ്പാദിച്ചിട്ടുള്ളവ ആകയാലും അതിന് സമുദായത്തിൽ നിന്ന് പ്രത്യേക ട്രസ്റ്റികളെ നിയമിച്ചിട്ടുള്ളതിനാലും അത് സഭയുടെ പൊതുവകയാകയാലാണ് സഭാംഗങ്ങൾക്ക്

എല്ലാവർക്കും അവകാശമുണ്ടെന്നു ബോധിപ്പിക്കുന്നത് Ans പണം മുടക്കുന്ന ആളുകൾക്കും പണം മുടക്കാത്ത ആളുകൾക്കും ഈ സ്വത്തുക്കൾ സംബന്ധിച്ചു വ്യത്യാസം ഉണ്ടോ? അവർ സഭയുടെ അംഗങ്ങളാകയാൽ പണം മുടക്കിയൊ ഇല്ലയൊ എന്നുള്ള തരംതിരിവു കൂടാതെ സഭയുടെ പൊതുസ്വത്തിൽ എല്ലാവർക്കും അവകാശം ഉള്ളതാകുന്നു. Ans അവ സഭയ്ക്കു വേണ്ടി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സ്വത്തുക്കളാണെന്നു പറഞ്ഞാൽ ശരിയാണോ? ശരിയല്ല. തെറ്റാണ്. സ്വത്തുക്കൾ സഭയ്ക്കുവേണ്ടി പ്രതിഷ്ഠിക്കപ്പെടുന്നില്ല. സ്വത്തുക്കൾ സഭ സമ്പാദിക്കുകയാണ് ചെയ്യുന്നത് Ans ഒരു പള്ളിയിൽ നിന്നും മറ്റൊരു പള്ളിയിലേക്ക് സൗകര്യത്തെക്കുറിച്ചു ചിലപ്പോൾ ചിലർ ഇടവകമാറിച്ചേരാറുണ്ട്. അങ്ങനെ ഇടവക മാറിയാൽ പിന്നെ അവർക്ക് ആദ്യ പള്ളിയിൽ എന്തെങ്കിലും അധികാരാവകാശം ഉണ്ടോ? അത് മാറുന്നതിന്റെ രീതി അനുസരിച്ചിരിക്കും. എറണാകുളത്തു താമസമുള്ള ഒരാൾ ആ ആളിന്റെ ആത്മീയാവശ്യങ്ങൾ നിറവേറ്റിക്കിട്ടുന്നതിന് എറണാകുളത്തുള്ള പള്ളിയിൽ ചേർന്നേക്കാമെങ്കിലും അതേ അവസരത്തിൽ തന്നെ അദ്ദേഹത്തിന്റെ മാതൃ ഇടവക പള്ളിയിലും അംഗമായിരിക്കാറുണ്ട്. അവകാശം നഷ്ടപ്പെടുന്നില്ല Ans ഒരിടവക പരിപൂർണ്ണമായി വിട്ട് വേറൊരു ഇടവകയിൽ ചേരുന്നതിന് മെത്രാപ്പോലീത്തയുടെ അനുവാദം ആവശ്യമാണോ? ആവശ്യമില്ല. മുമ്പ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്തെ വികാരിയും ഭരണ സമിതിയും മാത്രം അറിഞ്ഞാൽ മതിയാകുന്നതാണ് Ans ഭദ്രാസന മെത്രാപ്പോലീത്തയ്ക്ക് ഒരാളെ ഒരു ഇടവകയിൽ നിന്നും മാറ്റി വേറൊരു ഇടവകയിൽ അംഗമാക്കുന്നതിവകാശമുണ്ടോ? ഏത് ഇടവകയിൽ നിലനിൽക്കണമെന്ന് തീരുമാനിക്കേണ്ടത് ആ വ്യക്തിയുടെ മൗലികാവകാശമാകയാൽ ഒരാളിനെ അയാളുടെ ഇടവകയിൽ നിന്നു മറ്റൊരു ഇടവകയിലേക്കു മാറ്റുവാൻ മെത്രാപ്പോലീത്തായ്ക്ക് ആവശ്യവുമില്ല, അധികാരവുമില്ല. Ans ഒരാളിന്റെ അപേക്ഷ ഉണ്ടായിരുന്നാൽ ഇടവകക്കാരുടെ സമ്മതം കൂടാതെ മെത്രാപ്പോലീത്തക്ക് മാറ്റാമോ? ഇടവകക്കാരുടെ സമ്മതം കൂടാതെ അങ്ങനെ അപേക്ഷിച്ച ആളെ ഇടവക മാറ്റാൻ മെത്രാപ്പോലീത്തയ്ക്ക് അധികാരമില്ല Ans ഇടവകക്കാരുടെ അനുവാദത്തോടുകൂടി മെത്രാപ്പോലീത്ത ആരുടെ എങ്കിലും ഇടവകമാറ്റം അനുവദിച്ചതായി ഏതെങ്കിലും രേഖ ഉണ്ടോ? മെത്രാപ്പോലീത്തയ്ക്ക് ഇടവക മാറ്റാനേ അധികാരമില്ല എന്നു പറഞ്ഞു കഴിഞ്ഞ സ്ഥിതിയ്ക്ക് അങ്ങനെയുള്ള രേഖ ഉണ്ടാകാൻ ഒരു മാർഗ്ഗവുമില്ല. Ans ഏതെങ്കിലും പള്ളി ഇടവകയിലെ കമ്മറ്റിക്കാർ ഇടവക മാറ്റം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ചെയ്തതായി സാക്ഷി കണ്ടിട്ടുണ്ടോ? രേഖ കണ്ടിട്ടില്ല. വികാരിയുടെ കൂടെ കമ്മറ്റിക്കാരും എന്ന് മുമ്പു ബോധിപ്പിച്ചത് ഇടവക മാറുന്ന വ്യക്തിയ്ക്ക് ആത്മീയമായ എന്തെങ്കിലും തകരാറുണ്ടോ എന്നു വിശദമാക്കുവാൻ വികാരിയും പള്ളി സംബന്ധമായി എന്തെങ്കിലും കൊടുക്കുവാനൊ മറ്റോ ഉണ്ടെങ്കിൽ അതിനെക്കുറിച്ചു വിശദീകരിക്കുവാൻ ഭരണസമിതിക്കാരും വേണമല്ലോ എന്നുള്ള അടിസ്ഥാനത്തിലാണ് ഇടവക വിട്ടുപോകുന്നതും പോയിച്ചേരുന്നതും സംബന്ധിച്ച്

രേഖകൾ അതാത് ഇടവകകളിൽ കാണുമോ? കാണേണ്ടതാണ് Ans ഞാൻ വികാരി ആയിരുന്ന ഒരു പള്ളിയിലും ഒരിടവകക്കാരനും വിട്ടുപോയതായിട്ടൊ വന്നു ചേർന്നിട്ടുള്ളതായിട്ടൊ ഉള്ള ഒരു Instance ഉണ്ടായിട്ടില്ല. ഞാൻ ഇവടക പള്ളികളിൽ വികാരിയായിട്ട് 42 വർഷം ഇരുന്നിട്ടുണ്ട് ഒരാൾക്കു രണ്ടിടവക പള്ളികളിൽ സഥിരം അംഗമായിരിക്കാമോ? സൗകര്യമനുസരിച്ചു അങ്ങനെ ഇരിക്കുമെന്നു കുറച്ചു മുമ്പെ ബോധിപ്പിച്ചിട്ടുണ്ട്. Ans ഇടവകമാറി വരുന്ന അംഗത്തിനും നേരത്തെ തന്നെ ഇടവകാംഗമായിരിക്കുന്നവർക്കും തമ്മിൽ എന്തെങ്കിലും അവരുടെ അവകാശാധികാരങ്ങൾ തമ്മിൽ വ്യത്യാസമുണ്ടോ? പുതുതായിച്ചേരുന്ന ആൾ ആ ഇടവകയുടെ സ്ഥാപനോദ്ദേശ്യം മനസ്സിലാക്കിയും അതിന്റെ കീഴ്പ്പുകളനുസരിച്ചു മുമ്പോട്ടു പൊയ്ക്കൊള്ളാമെന്നുള്ള സമ്മതത്തോടു കൂടിയും ആകയാൽ അവകാശ കാര്യത്തിൽ പഴയ ആളുകൾക്കും അയാൾക്കും തുല്യാവകാശമാണ് ഉള്ളത് Ans ഇടവകയിൽ ഇടവക യോഗ രജിസ്റ്റർ, കമ്മറ്റിയോഗ രജിസ്റ്ററുകൾ, കണക്കുകൾ മുതലായവ സൂക്ഷിക്കാറു പതിവുണ്ട്. അതുപോലെ മാമോദീസ രജിസ്റ്റർ, വിവാഹരജിസ്റ്റർ, ശവം അടക്കു സംബന്ധിച്ച രജിസ്റ്റർ ഇവയും സാധാരണ സൂക്ഷിക്കാറുള്ളതാണ്. ഈ രേഖകൾ ഒക്കെ ഭദ്രാസന മെത്രാപ്പോലീത്തയെകൊണ്ട് ഒപ്പും മുദ്രയും വായ്പിച്ചു വാങ്ങാറുണ്ടോ? വാങ്ങാറില്ല Ans സാക്ഷിവികാരിയായിരുന്ന കാലത്ത് ഏതെങ്കിലും ഇങ്ങനെയുള്ളത് ഒപ്പും മുദ്രയും വച്ചു വാങ്ങിയിട്ടുണ്ടോ? അങ്ങനെ ഒരു പതിവ് ആ പള്ളികളിൽ ഇല്ലാതിരുന്നതുകൊണ്ട് അങ്ങനെ വാങ്ങിയിട്ടില്ല. ഈവക രേഖകൾ മെത്രാപ്പോലീത്ത പള്ളി സന്ദർശിക്കുമ്പോൾ പരിശോധിക്കാറുണ്ടോ? അവിടെ പരിശോധിച്ചിട്ടുമില്ല. മറ്റു പള്ളികളുടെ കാര്യം സാക്ഷിക്കറിയില്ലേ? ഓരോ സ്ഥലത്തും അതത് സ്ഥലത്തെ കീഴ്നടപ്പും പതിവും പോലെ ആയിരിക്കും Ans ഓരോ സ്ഥലത്തെയും പതിവും കീഴ്നടപ്പും എനിക്കറിഞ്ഞു കൂടാ. ഇടവക മെത്രാപ്പോലീത്ത ആവശ്യമെന്നു കണ്ടാൽ ഇടവക പൊതുയോഗം വിളിച്ചു കൂട്ടാറുണ്ടോ? എന്റെ അനുഭവത്തിൽ ഒരിക്കലും ഇടവക മെത്രാപ്പോലീത്ത ഇടവക പൊതുയോഗം വിളിച്ചു കൂട്ടിയിട്ടില്ല. ഇടവക പൊതുയോഗം വിളിച്ചു കൂട്ടേണ്ടത് ഇടവകവികാരിയാണ്. മെത്രാപ്പോലീത്ത വിളിച്ചു കൂട്ടിയതായിട്ട് എന്റെ അറിവിൽ ഉണ്ടായിട്ടില്ല. വിളിച്ചു കൂട്ടാൻ മെത്രാപ്പോലീത്തയ്ക്ക് അധികാരം ഉണ്ടോ? ഇടവകവികാരിക്കാണ് അധികാരം. മെത്രാപ്പോലീത്തക്കല്ല Ans മെത്രാപ്പോലീത്തക്കില്ല എന്നാണർത്ഥം പള്ളി പൊതുയോഗ തീരുമാനം സംബന്ധിച്ചു ഇടവകക്കാർ തമ്മിൽ തർക്കങ്ങൾ ഉണ്ടായാൽ അതു കേട്ട് തീരുമാനിക്കുന്നതിന് സഭയിൽ എന്തെങ്കിലും ക്രമീകരണങ്ങൾ ഉണ്ടോ? എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ മദ്ധ്യസ്ഥ തീരുമാനത്തിനായി ഏതെങ്കിലും മദ്ധ്യസ്ഥന്മാരുടെയൊ മദ്ധ്യസ്ഥൻ എന്നുള്ള നിലയിൽ മെത്രാപ്പോലീത്തയുടെയൊ അടുക്കൽ വിവരങ്ങൾ അവതരിപ്പിക്കാറുണ്ട്. അതിനു പ്രത്യേക ക്രമീകരണമില്ല Ans മദ്ധ്യസ്ഥന്മാരെ നിയമിക്കുന്നത് ആരാണ്? സാധാരണ മദ്ധ്യസ്ഥന്മാരെ നിയമിക്കുന്നത് തർക്കമുള്ള രണ്ട് ഭാഗക്കാരും കൂടിയാണ് Ans മെത്രാപ്പോലീത്തായെ

മദ്ധ്യസ്ഥനാക്കുന്നത് ഇടവകക്കാരുടെ തീരുമാനമനുസരിച്ചാണോ? എഴു തപ്പെട്ട തീരുമാനമനുസരിച്ചല്ല അഭിപ്രായം അനുസരിച്ചായിരിക്കും Ans. അങ്ങനെ അഭിപ്രായമുണ്ടായാൽ അത് എവിടെ എങ്കിലും രേഖപ്പെടുത്തുമോ? രേഖപ്പെടുത്തേണ്ട കാര്യമില്ല Ans. മദ്ധ്യസ്ഥനെന്നുള്ള നിലയിൽ ഇടവക യിലെ തർക്കങ്ങൾ മെത്രാപ്പോലീത്തക്ക് സമർപ്പിച്ചിട്ടുള്ളതായി എന്തെങ്കിലും രേഖ സാക്ഷി കണ്ടിട്ടുണ്ടോ? ഇല്ല Ans. ഇടവകയിലെ തർക്കങ്ങൾ സാക്ഷി യുടെ അറിവിൽ മെത്രാപ്പോലീത്ത കേട്ടു തീരുമാനിച്ചിട്ടുണ്ടോ? അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ ചേർത്തിട്ടുള്ള തർക്കങ്ങൾ കേട്ട് അദ്ദേഹത്തിന്റെ അഭി പ്രായം പ്രകടിപ്പിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട്. തർക്കങ്ങളിൽ നാം ഇന്നതരത്തിൽ തീരുമാനിച്ചിരിക്കുന്ന എന്ന് കൽപ്പിച്ചിട്ടുള്ള കൽപനകൾ സാക്ഷി കണ്ടിട്ടില്ലേ? ഇല്ല Ans. പള്ളികൾ തമ്മിൽ വിവാഹത്തിന്റെ വരുമാനം ആർക്കാണ് കിട്ടേ ണ്ടത് എന്നതു സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായിട്ടുള്ളതായി സാക്ഷിയുടെ അറിവിൽ പെട്ടിട്ടുണ്ടോ? എന്റെ അനുഭവത്തിൽ അങ്ങനെ ഒന്നും ഉണ്ടായി ട്ടില്ല Ans. അങ്ങനെയുള്ള തർക്കങ്ങൾ മെത്രാപ്പോലീത്തന്മാർ കേട്ടു തീരുമാ നിക്കാമോ? വിവാഹവരുമാനങ്ങൾക്ക് ഓരോ പള്ളിയിലും നിയമങ്ങൾ ഉണ്ടാ യിരിക്കും. ആ നിയമങ്ങൾക്കനുസരിച്ച് ഉള്ള വരുമാനങ്ങൾ അതത് പള്ളിയിൽ വയ്പിക്കും. ആ സ്ഥിതിക്കു അതിനെക്കുറിച്ച് തർക്കങ്ങൾ ഉണ്ടാകേണ്ട ആവശ്യമില്ല. തർക്കങ്ങൾ ഉണ്ടായതായി എന്റെ അറിവിലുമില്ല ശവം മറവു ചെയ്യുന്നതിന് തർക്കം ഉണ്ടായിട്ടുള്ളതായി അറിയാം. അതു സംബന്ധിച്ച് തർക്കം ഉണ്ടായാൽ മെത്രാപ്പോലീത്ത കേട്ടു തീരുമാനിക്കുമോ? അതും അനു ഭവത്തിൽ ഇല്ലാത്തതുകൊണ്ട് ഉത്തരം ബോധിപ്പിക്കുവാൻ നിവൃത്തിയില്ല. Ans. പള്ളിക്കുകൊടുക്കേണ്ട ഭോഗങ്ങൾ കൊടുക്കാതിരുന്നാൽ അതു സംബ ന്ധിച്ചു നടപടി നടത്തേണ്ടതാരാണ്? അതാത് പള്ളിയിലെ ഭരണ സംവിധാ നമനുസരിച്ചായിരിക്കും Ans. എന്താണ് നടപടി? ഇതു സംബന്ധിച്ചും എന്റെ അനുഭവത്തിൽ ഒന്നും ഇല്ലാത്തതുകൊണ്ട് ഓരോ പള്ളിയിലേയതും അതു സംബന്ധമായി ക്രമീകരണ പ്രകാരം അവർക്കു യുക്തമായ തീരുമാനം എടു ക്കാമെന്നാണ് എന്റെ അഭിപ്രായം Ans. ഭോഗങ്ങൾ കൊടുക്കാത്ത ഇടവക ക്കാരനെ ഇടവകക്കാർക്കു പള്ളിയിൽ നിന്നുള്ള ഗുണാനുഭവങ്ങളിൽ നിന്ന് ഒഴിച്ചു നിറുത്താമോ? ഭോഗങ്ങൾ കൊടുത്തു തീർക്കുന്നതുവരെയും ഗുണാ നുഭവസ്ഥാനത്തു നിന്നു ഒഴിച്ചു നിറുത്തുകയില്ല. മറ്റ് ഏതെങ്കിലും ലൗകിക അയോഗ്യതകൾ അയാളുടെ മേൽ ഇടവകയ്ക്ക് അതിന്റെ തീരുമാനമനുസരിച്ച് നടത്താവുന്നതാണ്. Ans ഇടവകക്കാർക്ക് അവരുടെ തീരുമാനം അനുസരിച്ച് അയാൾക്ക് ആത്മീയ ദിഷ്ടതികൾ വിലക്കുവാൻ സാധിക്കുമോ? പള്ളിക്കു കൊടുക്കുവാനുള്ള പണം കൊടുത്തില്ലെന്നു പറഞ്ഞുകൊണ്ട് അയാളുടെ ആത്മ ദിഷ്ടതികൾ മുടക്കുക എന്ന ഭയങ്കരമായ കൃത്യം ഇടവകക്കാരല്ല ആരും ചെയ്തു കൂടാത്തതാകുന്നു. Ans പള്ളിക്കു കൊടുക്കേണ്ട ഭോഗങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തർക്കം സാക്ഷിയുടെ അറിവിൽ മെത്രാപ്പോലീ ത്തായുടെ അടുക്കൽ ഉണ്ടായിട്ടുണ്ടോ? എന്റെ അനുഭവത്തിലും അറിവിലുമില്ല.

Ans ഒരു പള്ളിയിലെ ഇടവകക്കാരനല്ലാത്ത ആളുകളുടെ കർമ്മങ്ങൾ ആ പള്ളിയിൽ വച്ചു നടത്തിക്കൊണ്ടുക്കണമെന്ന് മെത്രാപ്പോലീത്തയ്ക്ക് കൽപ്പിക്കാമോ? കൽപിക്കാം. എന്നാൽ ഒന്ന്, അത് ആത്മീയ കർമ്മം ആയിരിക്കണം രണ്ട്, എന്താവശ്യത്തിന്റെ പേരിലാണെന്ന് പ്രത്യേകം കാണിച്ചിരിക്കണം. മൂന്ന്, ആ ആളിന്റെ ഇടവകയിലെ എന്തെങ്കിലും അസ്വാരസ്യം കൊണ്ടല്ലായിരിക്കണം. Ans അങ്ങനെ കൽപനകൾ മെത്രാപ്പോലീത്തന്മാർ പള്ളികൾക്കയക്കാറുണ്ടോ? അയക്കാറുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും മേൽ പറഞ്ഞ രീതിയിൽ അയക്കാവുന്നതാണ് Ans അങ്ങനെ അയച്ചാൽ അത് പള്ളിക്കാർ അനുസരിക്കണമോ? ആത്മീയ കാര്യമാകയാലും അവരുടെ സ്ഥാപനോദ്ദേശ്യത്തിനൊ ഒന്നിലും ഒരു ദൂഷ്യവും വരാത്തതിനാലും ഒരു വ്യക്തിയെ സഹായിക്കുന്നു എന്ന പുണ്യ കർമ്മം ചെയ്യുന്നതിനാലും അവർ ആ നിർദ്ദേശം സ്വീകരിക്കും. Ans ബാദ്ധ്യസ്ഥരാണോ എന്നാണ് ചോദ്യം? അത് സംഗതിയുടെ സ്ഥിതി പോലെ ഇരിക്കും Ans ഒരു അംഗം വിശ്വാസത്തിനും ആചാരത്തിനും എതിരായി നടക്കുമ്പോൾ എപ്പിസ്കോപ്പാ എടുക്കുന്ന നടപടി ഇടവകക്കാർ അനുസരിക്കണമോ? വിശ്വാസത്തിനും ആചാരത്തിനും എതിരായി പ്രവർത്തിക്കുന്നതു മൂലം ഒരംഗത്തിന്മേൽ വേണ്ട അന്വേഷണം ഉപദേശം മുതലായവയ്ക്കുശേഷം മെത്രാപ്പോലീത്ത എടുക്കുന്ന നടപടി വിശ്വാസപരവും ആത്മീയവുമാകയാൽ ഇടവകാംഗങ്ങൾ അനുസരിക്കും അനുസരിക്കണം. ഇടവകയിലെ അച്ചന്മാർക്ക് ഇടവകയിലെ ലൗകിക കാര്യങ്ങളിൽ ഭരണാധികാരം ഉണ്ടോ? അതാത് ഇടവകയിലെ നിയമമനുസരിച്ച് ആ ഇടവകക്കാർ കൊടുക്കുന്ന ലൗകികമായ അധികാരങ്ങൾ ഉണ്ട് Ans ഇടവകയിലെ വികാരിമാർക്കും പട്ടക്കാർക്കും സഭയിൽ പൊതുവെ അംഗീകൃതമായിട്ടുള്ള ലൗകികാധികാരാവകാശങ്ങൾ ഉണ്ടോ? പൊതുവെ അംഗീകൃതമായ ലൗകികാധികാരങ്ങൾ ഉണ്ടോ? എനിക്കറിഞ്ഞു കൂടാ. ഇല്ലാ എന്നാണ് എന്റെ വിശ്വാസം Ans ആത്മീയ പരികർമ്മി എന്നുള്ള നിലയിൽ ഒരു ഇടവകയിൽ വർത്തിക്കുമ്പോൾ ആ ഇടവകയുടെ നിയമമനുസരിച്ചുള്ള ലൗകികാധികാരം കാണും ആ ഇടവക പട്ടക്കാരന്റെയൊ വികാരിയുടെയൊ ലൗകികാധികാരം സംബന്ധിച്ച് ഓരോ ഇടവകയിലും രേഖകൾ കാണുമോ? എന്ന് ഞാൻ ബോധിപ്പിച്ചില്ല. കാണാനും വഴിയില്ല. സന്ദർഭത്തിനനുസരിച്ചും അവരുടെ നിയമത്തിനനുസരിച്ചും ആയിരിക്കും ആ അധികാരം Ans സന്ദർഭത്തിനനുസരിച്ച് അധികാരം എന്നു പറഞ്ഞതെന്നാണ്? ഓരോ സന്ദർഭവും വരുമ്പോൾ അതിനനുസരിച്ച്, ഇടവകക്കാർ കൊടുക്കുന്ന അധികാരം എന്നാണ് അതിനവർക്കു രേഖകാണുമായിരിക്കും. പള്ളിപൊതുയോഗത്തിന്റെ പ്രസിഡന്റാരാണ്? സാധാരണ ഗതിയിൽ വികാരിയായിരിക്കും. വല്ലകാരണവശാലും ആ രീതിയ്ക്കു വ്യത്യാസം വന്നു പോയാൽ അതിനുയോഗം നടത്തേണ്ടതിന് ഉള്ള മറ്റു ക്രമീകരണങ്ങളും ഓരോ ഇടവകയിലും ചെയ്തിട്ടുണ്ടായിരിക്കും Ans ആത്മീയ കാര്യങ്ങളിൽ അഭിപ്രായം പറയുന്നതിനൊ തീരുമാനം എടുക്കുന്നതിനൊ ലെയിറ്റിക്കധികാരമുണ്ടോ? വിശ്വാസപരവും ആത്മീയവും

ആയ കാര്യങ്ങളിൽ തീരുമാനം എടുക്കുവാൻ ലെയിറ്റക്കവകാശമില്ല. അഭിപ്രായം ആത്മീയമേലദ്ധ്യക്ഷൻ ആവശ്യപ്പെട്ടാൽ പറയാൻ അവകാശമുണ്ട് Ans ഭദ്രാസന പൊതുയോഗങ്ങൾ നടത്താറുണ്ടോ? നടത്താറുള്ളതായി കേട്ടിട്ടുണ്ട് Ans ഞാൻ ഒരു ഭദ്രാസന പൊതുയോഗത്തിലും പങ്കെടുത്തിട്ടില്ല. ഭദ്രാസന പൊതുയോഗങ്ങൾ എന്താവശ്യത്തിനാണ് വിളിച്ചു കൂട്ടുന്നത്? ഭദ്രാസനത്തെ സംബന്ധിക്കുന്ന കാര്യങ്ങൾക്ക് എന്നല്ലാതെ എന്തു കാര്യങ്ങളെക്കുറിച്ചാണെന്ന് അതിൽ സംബന്ധിച്ചിട്ടില്ലാത്ത എനിക്ക് ബോധിപ്പിക്കുവാൻ നിവൃത്തിയില്ല Ans ഭദ്രാസന പൊതു യോഗങ്ങളിൽ സംബന്ധിക്കുന്നതാരൊക്കെയാണ്? ഭദ്രാസനത്തിലെ പള്ളികളിലെ പ്രതിനിധികൾ ആണെന്നാണ് എന്റെ അറിവ്. ഭദ്രാസന കൗൺസിൽ എന്നൊന്നുണ്ടോ? എനിക്കു ഭദ്രാസനങ്ങളുമായി വേണ്ടത്ര അടുപ്പം ഇല്ലാത്തതിനാൽ ഭദ്രാസന കൗൺസിൽ എന്ന പേരിൽ ഒരു സംഘം ഉണ്ടോ എന്നറിഞ്ഞുകൂടാ. മെത്രാപ്പോലീത്തായുടെ ആലോചനക്കാർ പലരും ഉണ്ടായിരിക്കാം Ans ആലോചനക്കാർ ഒരു സമിതിയാണോ? മെത്രാപ്പോലീത്തയുടെ സൗകര്യമനുസരിച്ചുള്ള ആളായിരിക്കാം. എന്തു സംബന്ധിച്ചാണ് മെത്രാപ്പോലീത്ത അവരുമായി ആലോചിക്കുന്നത്? ഭദ്രാസനത്തിന്റെ ആത്മീയവും സൃഷ്ടിപരവുമായ പുരോഗമനത്തിനു ആവശ്യമുള്ള കാര്യങ്ങളായിരിക്കാം ആലോചിക്കുന്നത് സൃഷ്ടിപരം എന്നതിൽ ലൗകിക കാര്യം ഉൾപ്പെടുമോ? സാമൂഹ്യസേവനം മുതലായവയെ ഉദ്ദേശിച്ചാണ്. സൃഷ്ടിപരം എന്നു പറഞ്ഞത് Ans അതു ആത്മീയം കലർന്ന ലൗകികമാണ്. Stopped for the day.

മൊഴിവായിച്ചുകേട്ടു, ശരി
കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct

Judge
23-6-78

26-6-78 witness sworn again and cross examination continued. ഒരാൾ സഭയിലെ അംഗമായിത്തീരുന്നത് എങ്ങനെയാണ്? പ്രായമുള്ള ആളാണെങ്കിൽ വിശ്വസിച്ചു മാമോദീസാ ഏറ്റും കുഞ്ഞുങ്ങളാണെങ്കിൽ മാമോദീസാ പ്രാപിച്ചും സഭയിലെ അംഗമായിത്തീരുന്നു. Ans അങ്ങനെ അംഗമായിത്തീരുന്നത് ഒരു പ്രത്യേക ഇടവകയിലേക്കാണോ സഭയിലെക്കാണോ? സഭയിലാണ് അംഗമായിത്തീരുന്നത് എന്നാൽ ആ ശിശുവിന്റെ മാതാപിതാക്കൾ ഏത് ഇടവകയിലാണോ ആ ഇടവകയിലെ അംഗത്വവും കിട്ടുന്നു. Ans ഒരു സഭാംഗം ആവശ്യപ്പെട്ടാൽ ഏതെങ്കിലും പള്ളിയിലെ ഇടവകക്കാർക്ക് ആ അംഗത്വം നിഷേധിക്കാമോ? മുമ്പു ബോധിപ്പിച്ചതുപോലെ വേണ്ടത്ര അന്വേഷണത്തിന്റെ ഫലമായി ചേർക്കുകയൊ ചേർക്കാതിരിക്കുകയൊ ചെയ്യാം Ans സഭാ സംബന്ധമായ ന്യൂനതകൾ ഒന്നും ഇല്ലെങ്കിൽ ചേർക്കുകയൊ ചേർക്കാതിരിക്കുകയൊ ചെയ്യാമോ? ന്യൂനതകൾ ഒന്നുമില്ലെങ്കിൽ ആ പള്ളി

സ്ഥാപനോദ്ദേശ്യത്തിനു അനുസൃതമായി ഇരിക്കുകയും ചെയ്യുമെങ്കിൽ നിഷേധിക്കാൻ അധികാരമില്ല. എങ്കിലും അതവരുടെ തീരുമാനമനുസരിച്ച് ഇരിക്കാം Ans അധികാരമില്ലാത്തതും ചിലപ്പോൾ ചെയ്തു പോകാം. സഭയിലെ ഓരോ പള്ളികൾക്കും വ്യത്യസ്തമായ സ്ഥാപനോദ്ദേശ്യമാണോ? അല്ല. എല്ലാത്തിനും പൊതുവായ സ്ഥാപനോദ്ദേശ്യമാണോ? ഈ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെയുള്ള എല്ലാം പള്ളികളുടെയും സ്ഥാപനോദ്ദേശ്യം ഒന്നു തന്നെയാണ്. അതായത് പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിനു കീഴ്പ്പെട്ടും പാത്രിയർക്കീസിന്റെ ആജ്ഞകൾ അനുസരിച്ചും അവിടെ നിന്നുള്ള കൈവെയ്പ്പ് പ്രാപിച്ച പട്ടക്കാർ വഴിയായി തങ്ങളുടെ ആത്മ ദിഷ്ടതികൾ നടത്തണമെന്നുള്ളതുമായിരുന്നു. Ans അധികാരമില്ലാതെ നിഷേധിക്കപ്പെട്ടാൽ അത് സംബന്ധിച്ച് ആ അപേക്ഷകന് എന്തെങ്കിലും പരിഹാരമാർഗ്ഗം ഉണ്ടോ? മേൽ പറഞ്ഞ സ്ഥാപനനോദ്ദേശ്യത്തിന് കീഴ്പ്പെട്ട് തന്റെ ആത്മീയ ആവശ്യങ്ങൾ നടത്തുന്നതിന് അയാൾക്ക് ബുദ്ധിമുട്ടു വന്നതിനെക്കുറിച്ച് മെത്രാപ്പോലീത്തായോട് അപേക്ഷിക്കാം. Ans അതു സംബന്ധിച്ചുള്ള മെത്രാപ്പോലീത്തായുടെ തീരുമാനം ഇടവകക്കാർ സ്വീകരിക്കണമോ? ഇടവകക്കാരുടെ ആലോചനയോടും സമ്മതത്തോടും കൂടിയാണെങ്കിൽ സ്വീകരിക്കണം Ans ഇടവകക്കാരോട് ആലോചിക്കുകയും അവരുടെ സമ്മതം കിട്ടുകയും ചെയ്തില്ലെങ്കിൽ സ്വീകരിക്കേണ്ട. ഒരാളെ ഇടവകയിൽ ചേർക്കുന്നതിന് പൊതുയോഗ തീരുമാനം എടുക്കുന്ന പതിവുണ്ടോ? സാധാരണ വികാരിയും ഭരണസമിതിയും കൂടിയാണ് അതേക്കുറിച്ചാലോചിക്കുന്നതെന്ന് മുമ്പു ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. പൊതുയോഗത്തിന്റെ ആവശ്യം സാധാരണഗതിയിൽ ഇല്ലെന്നാണ് എന്റെ അഭിപ്രായം Ans പൊതുയോഗതീരുമാനം എടുക്കുന്ന പതിവില്ലെന്നാണോ? സാധാരണഗതിയിൽ പതിവില്ല Ans ഇടവക ഭരണസമിതിയെ മെത്രാപ്പോലിത്ത അംഗീകരിച്ചു നിയമിക്കുമോ? ഇടവക പൊതുയോഗത്താൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ മെത്രാപ്പോലീത്ത അംഗീകരിച്ചില്ലങ്കിലും Function ചെയ്യാൻ സാധിക്കും. എന്നാൽ അദ്ദേഹം ആത്മീയ മേലദ്ധ്യക്ഷനാകയാൽ സാധാരണഗതിയിൽ അദ്ദേഹത്തെ വിവരം അറിയിക്കാറുണ്ട്. നിയമന കൽപന കൊടുക്കാറില്ലേ? നിയമന കൽപന കൊടുത്തതായി ഞാൻ കണ്ടിട്ടില്ല Ans തോമാ മോർ ദിവന്നാസ്യോസ് തിരുമേനിയുടെ കീഴിൽ ഞാൻ കട്ടപ്രത്ത് പള്ളി വികാരിയായിരുന്നു. 1959 ആഗസ്റ്റ് 15-ാനു അദ്ദേഹത്തെ പള്ളിയിൽ പ്രവേശിപ്പിക്കുകയും ഒക്ടോബർ 4-ാനു ഞാൻ രാജി വച്ചു പിരിയുകയും ചെയ്തു എന്ന് നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. ഞാൻ വികാരിയായിരിക്കുമ്പോൾ ഇരുന്ന കമ്മറ്റിയെ തോമ മാർ ദിവന്നാസ്യോസ് നിയമിച്ചതല്ല. ഞാൻ പോരുന്നതുവരെ പുതിയ കമ്മറ്റിയെ നിയമിച്ചിട്ടുമില്ല. ഇടവക പള്ളികളിലെ ബഡ്ജറ്റും വരവു ചെലവു കണക്കുകളും മെത്രാപ്പോലീത്തയ്ക്ക് അയച്ചു കൊടുത്ത് അംഗീകാരം വാങ്ങുമോ? എന്റെ അനുഭവത്തിൽ ഇല്ല Ans അങ്ങനെ ഉണ്ടോ എന്നറിഞ്ഞു കൂടായിരിക്കാം? ചില സ്ഥലങ്ങളിൽ അങ്ങനെ ചെയ്യുമായിരിക്കാം Ans സ്ഥാപനോദ്ദേശ്യത്തിന് എതിരായി

പ്രവർത്തിക്കുന്ന ആളിന്റെ അംഗത്വം താനേ നഷ്ടപ്പെടുമോ അതോ അതു സംബന്ധിച്ചു വല്ല തീരുമാനവും വേണോ? സ്ഥാപനോദ്ദേശ്യത്തിന് എതിരായി പ്രവർത്തിക്കുന്നത് വഞ്ചനയാകയാൽ ആത്മീയമായി അപ്പോഴേ നഷ്ടപ്പെടുമെങ്കിലും ഒരു സംഘടനാരീതിയിൽ action എടുക്കുകയും ആവശ്യമാണ് നഷ്ടപ്പെടുത്താൻ Ans അങ്ങനെ നഷ്ടപ്പെടുത്താൻ action എടുക്കേണ്ടതാരാണ്? സാധാരണഗതിയിൽ ഭരണസമിതിക്കാകുന്നതാണ് Ans. അങ്ങനെ നഷ്ടപ്പെടുത്തിയതായി ഒരു Instance എന്റെ അനുഭവത്തിൽ ഇല്ല. അങ്ങനെ ഭരണസമിതി അംഗത്വം നഷ്ടപ്പെടുത്തിയതായി രേഖ ഒന്നും ഞാൻ കണ്ടിട്ടില്ല. സ്ഥാപനോദ്ദേശ്യത്തിനു അനുഗുണമായി നിൽകുന്ന ഒരാൾ മാത്രമുണ്ടായാൽ അയാൾക്ക് പള്ളിയും സ്വത്തുക്കളും സ്വന്തമാക്കാമോ? പള്ളിയും സ്വത്തുക്കളും സ്വന്തമാക്കാൻ ആർക്കും പാടില്ല. എന്നാൽ അയാൾ അതിന്റെ ഗുണാനുഭവസ്ഥനാകയാൽ സ്ഥാപനോദ്ദേശ്യാനുസരണം പള്ളിയും സ്വത്തുക്കളും നിലനിന്നു പോരുന്നതിനു വേണ്ട നടപടികൾ അയാൾക്കു സ്വീകരിക്കുവാൻ അവകാശമുണ്ട് Ans. സ്ഥാപനോദ്ദേശ്യത്തിനു വിപരീതമായി അയാൾക്ക് പള്ളിയും സ്വത്തും കൈമാറ്റം ചെയ്യാമോ? സാദ്ധ്യമല്ല. കാരണം ഒരാൾ തനിച്ച് കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്നതുതന്നെ സ്ഥാപനോദ്ദേശ്യത്തിനു വിപരീതം. തന്റെ സ്വന്തമല്ലാത്തത് കൈമാറ്റം ചെയ്യുവാൻ ആർക്കും സാദ്ധ്യവുമല്ല Ans. ശേഷിക്കുന്ന ആൾ സഭ വിട്ടുപോയാൽ ആ സ്വത്ത് സഭാ നിയമനുസരിച്ച് എന്തു ചെയ്യണം? സ്ഥാപനോദ്ദേശ്യത്തെ മുറുകെ പിടിച്ചു നിലനിൽകുന്ന ആൾ സഭവിട്ടു പോവുക എന്നത് ഒരിക്കലും സംഭവിക്കാവുന്ന കാര്യമല്ല. അസംഭവ്യമായ ആ കാര്യത്തെക്കുറിച്ച് സഭയുടെ നിയമം എന്തെങ്കിലും ഉള്ളതായി എനിക്കറിഞ്ഞു കൂടാ Ans. ശ്ലീഹന്മാരുടെ കാലത്ത് സഭയ്ക്ക് അതാത് സ്ഥലത്ത് സ്വത്തുക്കൾ ഉണ്ടായിരുന്നോ? പീഡകളുടെ മദ്ധ്യേ സുവിശേഷഘോഷണം നടത്തികൊണ്ടിരുന്ന അക്കാലത്ത് സഭയ്ക്ക് സ്വത്തുക്കളെന്തെങ്കിലും ഉണ്ടായിരുന്നതായി ഞാൻ വായിച്ചിട്ടില്ല Ans. ശ്ലീഹന്മാർക്കുണ്ടായിരുന്ന ഭരണ അധികാരം വെറും ആത്മീയം മാത്രമായിരുന്നോ അവർക്കു ലൗകീകാധികാരവും ഉണ്ടായിരുന്നോ? അന്ന് ശ്ലീഹന്മാരുടെ കാലത്ത് ആത്മീയ അധികാരങ്ങൾ ആണ് അവർ ആഗ്രഹിച്ചതും അവർക്കുണ്ടായിരുന്നതും അപ്പോസ്തല പ്രവൃത്തി 5-ാം അദ്ധ്യായത്തിൽ ശെമ്മാശന്മാരെ തെരഞ്ഞെടുക്കണം എന്നു പറയുന്ന ആ ഭാഗത്ത് ഞങ്ങൾ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും ഏർപ്പെട്ടിരിക്കുക അല്ലാതെ മേശകളിൽ ശുശ്രൂഷിക്കുന്നത് വിഹിതമല്ല എന്നും അങ്ങനെയുള്ള സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ശുശ്രൂഷകന്മാരെ തെരഞ്ഞെടുത്ത് അപ്പോസ്തലന്മാർ നിയമിച്ചു. അതിനുള്ള അധികാരം അപ്പോസ്തലന്മാർക്ക് എങ്ങനെ കിട്ടിയതാണ്? അതിനുള്ള അധികാരം പ്രത്യേകം കിട്ടേണ്ട ആവശ്യമില്ല. അത് അക്കാലത്തേക്ക് മാത്രമുള്ള ഒരേർപ്പാടു മാത്രമായിരുന്നു Ans. അത് അപ്പോസ്തലന്മാരെന്ന നിലയിൽ അവർക്കുള്ള അധികാരം ആയിരുന്നോ? അപ്പോസ്തലന്മാർ മാത്രമല്ല അവർ ജനങ്ങളെയും വിളിച്ചു കൂട്ടിയതായിട്ടും

ആലോചിച്ചതായും ആ ഭാഗത്തു പറയുന്നു. അങ്ങനെ ജനങ്ങളുടെ സമ്മതത്തോടു കൂടിയുള്ള ഒരു ക്രമീകരണമായിരുന്നു Ans. അപ്പോസ്തലികാധികാരം അല്ലെങ്കിൽ സ്വത്തുക്കളുടെ ഭരണം സംബന്ധിച്ചു മറ്റും ശ്ലീഹന്മാർ നിയമമുണ്ടാക്കാൻ കാരണം എന്നാണ്? അവരുടെ ആത്മീയ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുവാൻ അന്നുള്ള ജനത്തിന്റെ ആലോചനയോടുകൂടി അക്കാലത്തെ പരിതസ്ഥിതിക്കനുസരണമായി ചില തീരുമാനങ്ങൾ ചെയ്യുകയാണ് ഉണ്ടായത് Ans. ജനങ്ങൾ കൊടുത്ത അധികാരം കൊണ്ട് നിയമം ഉണ്ടാക്കി എന്നു പറഞ്ഞാൽ ശരിയാണോ? ശരിയല്ല. ജനങ്ങളുമായി ആലോചിച്ച് അന്നത്തെ പരിതസ്ഥിതിയ്ക്ക് ആവശ്യമുള്ളവ അവർ ഒരുമിച്ചു ചെയ്യുകയായിരുന്നു Ans. ജനങ്ങളുമായി ആലോചിച്ചു പ്രവർത്തിച്ചു എന്നതിന് അടിസ്ഥാനം അപ്പോസ്തല പ്രവൃത്തി 5-ാം അദ്ധ്യായം ആണെന്നു നേരത്തെ പറഞ്ഞിട്ടുണ്ട്. അപ്പോസ്തല കാലത്ത് സഭാംഗങ്ങൾ സ്വമേധയാസ്വത്തുക്കൾ വിറ്റ് അപ്പോസ്തലന്മാരെ ഏൽപിച്ചിരുന്നു എന്നു കാണുന്നുണ്ട്. എന്നാൽ വിറ്റ് ഏൽപിച്ചു കൊള്ളണമെന്നുള്ളത് നിയമമല്ലായായിരുന്നു. അങ്ങനെയുള്ള സ്വത്തുക്കൾ ഭരിച്ചു കൊണ്ടിരുന്നത് ആരാണ്? അങ്ങനെ സ്വത്തുക്കൾ ഉണ്ടായോ എന്നറിഞ്ഞുകൂടാ അഥവ വല്ലതും ഉണ്ടായെങ്കിൽ അതങ്ങനെ പറയുന്നുണ്ട്. എല്ലാവർക്കും വിതിച്ചുകൊടുത്തു എന്നും മുട്ടുള്ളവർ ആരും ഇല്ലായിരുന്നുയെന്നും എല്ലാം പൊതുവകയെന്നും എണ്ണിയിരുന്നുയെന്നും അവിടെ പറയുന്നതിനാൽ ഭരണത്തിന്റെ പ്രശ്നമെ ഉദിക്കുന്നില്ല. Ans.Ext B 162 ൽ പാത്രിയർക്കീസിന്റെ ഒരു കൽപന തർജ്ജമ ചെയ്തു ചേർത്തിട്ടുണ്ട്. 1929 ജൂൺ മാസം 3 ആ തർജ്ജമ ശരിയാണോയെന്ന് അസലുമായി ഒത്തു നോക്കിയിട്ടുണ്ടോ? ഈ കൽപ്പനയുടെ Original ഞാൻ പരിശോധിച്ചിട്ടില്ല. എന്നാൽ ഏതോ കേസിൽ ഹാജരാക്കി അക്കമിട്ട ആ കടലാസുകൾ ഞാൻ കണ്ടിട്ടുണ്ട്. കാരനോന്റെ തർജ്ജമയാണ്. ഞാൻ പരിശോധിച്ചത് Ans. Ext B162 പാത്രിയാർക്കീസ് ബാവ അംഗീകരിച്ചത് എന്ന് അച്ചടിച്ചിട്ടുണ്ട്. ഏതെങ്കിലും കൽപന മൂലമാണോ? ആ കൽപ്പനയാണ് അകത്ത് ഉള്ളത് നേരത്തെ പറഞ്ഞത് Ans.Ext B 162 ൽ Foreword 8-ാം പേജിൽ An authorised copy of the translation പരിശുദ്ധ പാത്രിയർക്കീസ് 1929 ൽ ഡെലിഗേറ്റിന് അയച്ചു കൊടുത്തിരുന്നു എന്നു പറയുന്നതു ശരിയാണോ? ശരിയാണ്, അതു നോക്കിയാണോ ഈ ട്രാൻസ്ലേഷൻ നടത്തിയത്? അതെ. എപ്പിസ്കോപ്പന്മാർ അല്ലെങ്കിൽ Bishops നു സഭയിൽ അപ്പോസ്തലിക കാലത്ത് അപ്പോസ്തലന്മാർക്കുണ്ടായിരുന്ന സ്ഥാനമാണോ ഉള്ളത്? കൈവയ്പ്പ് പിൻഗാമികൾക്ക് കൊടുക്കുക എന്ന് അപ്പോസ്തലിക അധികാരം Bishops നു ഉണ്ട്. അതുള്ള സഭയിൽ വിശുദ്ധ പത്രോസിൽ നിന്നും അന്ത്യാക്യാ പാത്രിയർക്കീസ് വഴിയായി നിലനിന്നുവരുന്ന പിൻഗാമികളെ വാഴിക്കുക എന്ന ആ വാക്ക് പിൻഗാമികളെ അല്ല പുരോഹിതന്മാരെ എന്നാണ് ചേർക്കേണ്ടത്. സഭയുടെ ഹയറാർക്കിയിൽ അപ്പോസ്തലന്മാരുടെ സ്ഥാനത്തു തന്നെ എപ്പിസ്കോപ്പാമാർ നിലനിൽക്കുമോ? അപ്പോസ്തല സമൂഹം പത്രോസിനു കീഴ്പ്പെട്ട് എന്നതു

പോലെ സഭയിലെ ഹയറാർക്കിയിൽ പാത്രിയർക്കീസിനു കീഴ്പ്പെട്ട് എല്ലാവരും നിലകൊള്ളുന്നു Ans അന്ത്യോക്യാ പാത്രിയർക്കീസ് ഒഴിച്ചു മറ്റുള്ള എപ്പിസ്കോപ്പന്മാർക്ക് പത്രോസ് ഒഴികെ ഉള്ള മറ്റു അപ്പോസ്തലന്മാരുടെ സ്ഥാനമാണെന്നാണോ പറയുന്നത്? അല്ല, ഈ സഭയിൽ പത്രോസ് എന്ന ഏക അപ്പോസ്തലന്റെ കീഴിലുള്ള സ്ഥാനികൾ മാത്രമാണ് എല്ലാ എപ്പിസ്കോപ്പന്മാരും Ans മറ്റു ശ്ലീഹന്മാരും പത്രോസിനും തമ്മിലുള്ള അപ്പോസ്തല അധികാരത്തിനു വ്യത്യാസമുണ്ടെന്ന് സാക്ഷി പറഞ്ഞതുപോലെയുള്ള വ്യത്യാസമാണോ പാത്രിയർക്കീസും മറ്റ് എപ്പിസ്കാപ്പന്മാരും തമ്മിലുള്ളത്? ഞാൻ ബോധിപ്പിച്ചത് ഈ സഭയിലെ എപ്പിസ്കോപ്പന്മാർ മറ്റു യാതൊരു ശ്ലീഹായുടെയും സ്ഥാനത്തല്ലെന്നും പത്രോസിന്റെ പിൻഗാമിയായ പാത്രിയർക്കീസിന്റെ കീഴിലുള്ള സ്ഥാനികൾ ആണെന്നും ആണ് മറ്റ് അപ്പോസ്തലന്മാരുമായി അവരെ സാമ്യപ്പെടുത്തി കൂടാതെ മറ്റ് അപ്പോസ്തലന്മാർ പത്രോസിന്റെ കീഴിലുള്ള സ്ഥാനികളായിരുന്നോ? ഭരണകാര്യത്തിൽ പത്രോസിനു കീഴിലുള്ളവരും മറ്റു പല കാര്യങ്ങളിലും പത്രോസിനു ലഭിച്ച നൽവരങ്ങൾ ലഭിച്ചവരും പത്രോസിനു കീഴ്പ്പെട്ട് എല്ലാ കാര്യങ്ങളും നിർവ്വഹിച്ചിരുന്നവരും ആയിരുന്നുയെന്നു ഞാൻ ബോധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട് Ans. പത്രോസിനു മാത്രം പ്രത്യേകമായിട്ടുണ്ടായിരുന്നത് ഭരണാധികാരമാണോ? സഭ മുഴുവൻ മേലുമുള്ള ഭരണാധികാരമാണ്. നിലവിലില്ലാതെ ആയിട്ടുണ്ട് എന്നു പറയുന്ന നിയമങ്ങൾക്കു പകരം വേറെ നിയമങ്ങൾ ഉണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ അതിൽ കണ്ടേനേ. എന്നാൽ മുമ്പു ബോധിപ്പിച്ചതുപോലെ ഓരോന്നിന്റെയും വ്യത്യാസം നിയമങ്ങളെല്ലാം ആദിമ നൂറ്റാണ്ടുകളിലെ നിയമങ്ങളിൽ ചിലത് അതേപടി അദ്ദേഹം (ബാർ എബ്രായ) ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. Ans.Ext A 71 ൽ 619-ാം പേജിൽ ഇതിന്റെ ഭരണം ദൈവം അവരെ ഏൽപിച്ചതാണ് എന്നു പറയുന്നുണ്ട്. അത് എന്തു സംഗതിയുടെ ഭരണമാണ്? ഇതിന്റെ ഭരണം എന്നു പറയുന്നത് സഭാ സ്വത്തുക്കളുടെ കാര്യമല്ലെന്നും ഓരോരുത്തരും സംഭാവനകൾ അദ്ദേഹത്തിന് നൽകിയതിനെക്കുറിച്ചാണെന്നും ആ ഭാഗത്തു തന്നെ പറയുന്നുണ്ട് Ans. 618-ാം പേജിൽ എപ്പിസ്കോപ്പ ഭദ്രാസന ഇടവകയുടെ തലവനും എന്നു തുടങ്ങി എപ്പിസ്കോപ്പ വിനിമയം ചെയ്തുകൊണ്ടിരുന്നു എന്നുള്ള ഭാഗം വായിച്ചു. അതു ശരിയാണോ? അതെ Ext A 71 ന്റെ വിഷയ വിവരം എന്ന ഭാഗത്തിൽ മൂന്നാം നൂറ്റാണ്ടുവരെയുള്ള രീതിയാണ് ആ പുസ്തകത്തിൽ ഉള്ളതെന്നു കാണിച്ചിട്ടുണ്ട്. ആകയാൽ ആദ്യ നൂറ്റാണ്ടുകളിലെ രീതിയാണ് Ans 622-ാം പേജിൽ എപ്പിസ്കോപ്പാമാർ ആളുകളെ നിയമിച്ചിരുന്നു എന്നു പറയുന്നുണ്ട്. 69-ാം പേജിൽ അവസാന ഭാഗത്ത് മറ്റൊരുവനു തന്റെ സിംഹാസനത്തെ അവകാശിക്കാൻ അധികാരമില്ല എന്നു പറയുന്നുണ്ട്. അവിടെ പറയുന്ന സിംഹാസനം എപ്പിസ്കോപ്പായുടെ ഭരണാധികാരത്തെ സൂചിപ്പിക്കുന്നതാണോ? എപ്പിസ്കോപ്പായുടെ സിംഹാസനം എന്നാൽ അദ്ദേഹത്തിന്റെ ആസ്ഥാനവും സ്ഥാനവും ആണെന്നു ഞാൻ പല പ്രാവശ്യം ബോധിപ്പിച്ചിട്ടുള്ളതാണ് Ans

ആ അർത്ഥത്തിൽ തന്നെയാണ് Ans സിംഹാസനം എന്നാൽ അദ്ദേഹത്തിന്റെ ആസ്ഥാനം അഥവാ സ്ഥാനം എന്നാണ്. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ ആസ്ഥാനത്തിന് മറ്റൊരുത്തനെ അധികാരപ്പെടുത്തുവാൻ അധികാരമില്ല. മുളന്തുരുത്തി സുന്നഹദോസ് സഭയെ ആകമാനം പ്രതിനിധീകരിച്ചുള്ള ഒരു യോഗം ആയിരുന്നോ? സഭയുടെ ആകമാനം ബന്ധിക്കുന്ന ഒരു സുന്നഹദോസല്ലായിരുന്നു. അന്ത്യോക്യായുടെ കീഴിലുള്ള മലങ്കരയിലെ സഭയിലേയ്ക്ക് അന്ത്യോക്യാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് സഭയിൽ നവീകരണാശയങ്ങൾ വരുത്തുകയും സ്ഥാനം നൽകിയ പാത്രിയർക്കാസ്ഥാനത്തെ ധിക്കരിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തെ പാത്രിയർക്കിസ് മുടക്കുകയും ആ സ്ഥാനത്തേക്ക് പുലിക്കോട്ടിൽ മോർ ജോസഫ് ദിവന്നാസ്യോസിനെ പാത്രിയർക്കിസ് വാഴിച്ചാക്കുകയും ചെയ്തു എങ്കിലും സർക്കാറിന്റെ പിൻബലമുണ്ടായിരുന്നു മാത്യൂസ് അത്താനാസ്യോസിന്റെ കൈവശം തന്നെ മലങ്കരയിലെ സഭയുടെ ഭരണം സ്ഥിതിചെയ്യുകയും ചെയ്തപ്പോൾ സങ്കടകരമായ ഈ വിവരം അറിഞ്ഞപ്പോൾ അന്ത്യോക്യായുടെ പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവ മലയാളത്തു വരികയും ഇവിടുത്തെ സഭാ വിഭാഗത്തിൽ വിശ്വാസ സ്ഥൈര്യം നൽകുവാനായി അദ്ദേഹം മുളന്തുരുത്തിൽ 1876 ൽ വിളിച്ചുകൂട്ടിയ ഒരു സുന്നഹദോസായിരുന്നു അത്. നമ്മുടെ സുന്നഹദോസ് എന്നാൽ കൂട്ടം എന്നാണ്? മലങ്കര സഭയെ പ്രതിനിധീകരിക്കുന്ന ഒരു യോഗം ആയിരുന്നോ അത്? പാത്രിയർക്കീസിന്റെ കൽപന അനുസരിച്ച് മലങ്കരയിലെ പള്ളികളുടെ പ്രതിപുരുഷന്മാർ സമ്മേളിച്ച ഒരു യോഗമായിരുന്നു അത് Ans. ആ യോഗത്തിലേക്ക് ഓരോ പള്ളിയെയും പ്രതിനിധീകരിക്കുന്നതിനാണോ പ്രതിപുരുഷന്മാരെ അയച്ചത്? ഓരോ പള്ളിയും വ്യക്തിത്വമുള്ള പ്രത്യേക ട്രസ്റ്റുകളാകയാൽ അവയുടെ അഭിപ്രായം പ്രതിനിധികൾ മുഖേന അറിയിക്കുന്നതിനും പാത്രിയർക്കീസിന്റെ കൽപനയിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതു പോലെ ഈസഭാ വിഭാഗത്തിലെ ആത്മീയ കാര്യങ്ങൾക്കും വിശ്വാസ കാര്യങ്ങൾക്കും ഉറപ്പു വരുത്തുന്നതിനും ആയിരുന്നു Ans. ലെയിറ്റി and clergy ഉണ്ടായിരുന്നില്ലേ? പള്ളികളെ പ്രതിനിധീകരിക്കുന്ന ലെയിറ്റിയും പട്ടക്കാരും ഉണ്ടായിരുന്നു. ഇവിടെ പള്ളി എന്നത് Parish ആണ് Ans. ആ സുന്നഹദോസിലെ തീരുമാനങ്ങൾ മലങ്കര സഭയെ ബന്ധിക്കുന്നതാണോ? എന്നന്നേക്കും ബന്ധിക്കുന്നവയല്ല. കാരണം, അന്ന് വിശ്വാസം നിലനിർത്തുവാനും ആ വിശ്വാസത്തിൽ ഓരോ വ്യക്തിയുടെയും നിലപാട് സ്പഷ്ടമായി മനസ്സിലാക്കുവാനും തക്കവണ്ണം ചില ക്രമീകരണങ്ങൾ നടത്തുകയാണ് ഉണ്ടായത് Ans അന്നത്തെ തീരുമാനങ്ങൾ ഓരോ ഇടവകയ്ക്കും ബാധകമായിരുന്നോ? ബാധകമാകണമെന്ന് എല്ലാവരും ആഗ്രഹിച്ചിരുന്നെങ്കിലും അവയിൽ പലതും നടപ്പിലാകാതെ വരികയാണ് ഉണ്ടായത് Ans അന്ന് മലങ്കര സഭയെ ആകമാനം പ്രതിനിധീകരിക്കുന്നതിന് ഒരു ബോഡി ഉണ്ടായോ? അന്നു അന്നത്തെ ആവശ്യങ്ങളുടെ നിർവ്വഹണത്തിനായി പട്ടക്കാരിൽ നിന്നും ജനങ്ങളിൽ നിന്നും പ്രാമാണ്യമുള്ളവരിൽ ചിലരെ

നാലു ക്ലാസ്സുകളായി തിരിച്ച് അന്നത്തെ ഭരണത്തിന് ഒരു സമിതി ഉണ്ടാക്കി Ans ആ സമിതി സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ എന്ന പേരിൽ അറിയപ്പെട്ടു എന്നാണ് ഓർമ്മ. ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹം ആയിട്ടാണ് തെരഞ്ഞെടുത്തത്. സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മുളന്തുരുത്തി സൂന്നഹദോസിനു ശേഷവും കൂടിയിട്ടുണ്ടോ? അന്ന് അവിടെ തെരഞ്ഞെടുക്കപ്പെട്ട അസോസിയേഷൻ യോഗം കൂടിയതായി ഒരു രേഖയും ഞാൻ കണ്ടിട്ടില്ല Ans മുളന്തുരുത്തി സൂന്നഹദോസിനുശേഷം സഭ മുഴുവനെയും പ്രതിനിധീകരിക്കുന്ന സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം നടന്നിട്ടുണ്ടോ? അന്നത്തെ രീതിയിലല്ലാത്ത അസോസിയേഷനുകൾ പിന്നീട് മുതലാണ് നടന്നതെന്ന് എനിക്കു നിശ്ചയമില്ലങ്കിലും അസോസിയേഷനുകൾ കൂടിയിട്ടുണ്ട് Ans അങ്ങനെ കൂടിയിട്ടുള്ള അസോസിയേഷനുകളിലേക്ക് ഓരോ ഇടവകകളെയും പ്രതിനിധീകരിക്കുന്നതിനാണോ പ്രതിനിധികളെ അയച്ചിട്ടുള്ളത്? എനിക്ക് അത് അനുഭവമില്ലങ്കിലും ഓരോ ഇടവകയിലെയും വ്യക്തമായ അഭിപ്രായം പറയുന്നതിനാണ് അയക്കാറുള്ളത്. ഓരോ ഇടവകയ്ക്കും 2 അൽമേനിയും ഒരു പട്ടക്കാരനും എന്ന നിലയിലാണോ പ്രതിനിധികളെ അയച്ചിരുന്നത്? അങ്ങനെ ഒരു കീഴ്നടപ്പുണ്ട്. പട്ടക്കാരില്ലെങ്കിൽ മൂന്നാമത് ഒരയ്മേനിയേയും അയ്ക്കുന്നതായി കേട്ടിട്ടുണ്ട്. Ans ആ കീഴ്നടപ്പ് എത്ര കാലമായിട്ടുണ്ട്? ആ കീഴ്നടപ്പ് മുളന്തുരുത്തി സൂന്നഹദോസിനു മുമ്പു മുതൽ ഉണ്ട്. Ans ഓരോ പള്ളിയിലെ അംഗങ്ങളുടെ എണ്ണത്തിനുസരണമായി പ്രതിനിധികളെ അയച്ചു ഏതെങ്കിലും പ്രതിനിധിയോഗം മലങ്കരയിൽ നടന്നിട്ടുണ്ടോ? ആനുപാതികമായ പ്രാതിനിധ്യമാണ് വേണ്ടത് എങ്കിലും അങ്ങനെ ഒരു കീഴ്നടപ്പ് ഇല്ലായ്കയാൽ അസോസിയേഷനിലേക്ക് ഈ രീതിയാണ് അനുവർത്തിക്കുന്നതെങ്കിലും മറ്റു ചില കാര്യങ്ങളിൽ ആനുപാതികമായ പ്രാതിനിദ്ധ്യ രീതി അവലംബിക്കുന്നുണ്ട് എന്ന് കേട്ടിട്ടുണ്ട്. Ans അനുപാതികമായി പ്രാധിനിദ്ധ്യംഏതു സമിതിയിലേക്കാണ്? ഭദ്രാസനത്തിന്റെയും മറ്റും പുരോഗമനപരമായ കാര്യങ്ങളുടെ ആലോചനയ്ക്ക് അങ്ങനെ ചില ഇടത്തുനിന്നെല്ലാം അയച്ചിട്ടുണ്ട് എന്നുള്ള കേട്ടറിവുമാത്രമാണ് എനിക്കുള്ളത്. Ans മുളന്തുരുത്തി സൂന്നഹദോസ് നിയമങ്ങളിൽ കാണുന്ന കോട്ടയത്ത് വലിയപള്ളി, നീലംപേരൂർപള്ളി, പുതുശ്ശേരിപള്ളി, കല്ലിച്ചേരിപള്ളി, വെളിയനാടുപള്ളി ഇവ ക്നാനായ പള്ളികളാണോ? അതെ Ans രാമമംഗലത്തുപള്ളി റാന്നിപള്ളി ഇതും ക്നാനായ പള്ളികളാണ്. മാലിത്തറ ഏലിയാസ് കത്തനാർ ക്നാനായക്കാരനായിരുന്നു.

Stopped for the day

മൊഴി വായിച്ചുകേട്ടു, ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct

Sd/-

Judge 26-6-78

27-6-78 witness sworn again and cross examination continued.

ക്നാനായ ഭദ്രാസനം എന്നു മുതലുണ്ട്? അബ്ദള്ള പാത്രിയർക്കീസ് ബാവായുടെ കൽപന പ്രകാരം 1910 മുതൽ എന്നാണ് എന്റെ ഓർമ്മ Ans. മെത്രാപ്പോലീത്തായായിരുന്നത് ആരാണ്? മലങ്കര സഭയിൽ പ്രത്യേക ആചാര നടപടികളോടുകൂടി ഇരുന്ന ക്നാനായക്കാർക്ക് മോർ സേവേറിയോസ് മെത്രാപ്പോലീത്തയെ വാഴിച്ചു കൊടുക്കുകയായിരുന്നു. Ans. ഇങ്ങനെ ഭദ്രാസനം ആക്കുന്നതിനുമുമ്പ് ക്നാനായക്കാരും ക്നാനായ പള്ളികളും ആരുടെ ഭരണത്തിൽ കീഴിലായിരുന്നു? പാത്രിയർക്കീസ് ബാവായുടെ കീഴിലായിരുന്നു. Ans മലങ്കരയിലെ മെത്രാപ്പോലീത്തമാർ ആരെങ്കിലും അവരെ ഭരിച്ചിരുന്നോ? പാത്രിയർക്കീസിന്റെ കീഴിലുള്ള മെത്രാപ്പോലീത്തമാരുടെ ആത്മീയ ഭരണത്തിൽ കീഴിലും ഇരുന്നിരുന്നു Ans പള്ളികൾ ഏതേത് ഭദ്രാസനത്തിന്റെ പരിധിയിൽ വരുന്നോ അതാത് മെത്രാപ്പോലീത്തമാരുടെ ഭരണത്തിൽ കീഴിൽ ആയിരുന്നോ? 1876 ൽ പത്രോസ് പാത്രിയർക്കീസ് ഭദ്രാസനങ്ങൾ തിരിച്ച ശേഷം ഓരോ ഭദ്രാസനത്തിന്റെയും പരിധിയിൽ അവരുടെ പ്രത്യേക സ്വഭാവത്തോടുകൂടി ഉൾപ്പെട്ടിരുന്നു. Ansഅതാത് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയുടെ ഭരണത്തിലുമായിരുന്നു. പത്രോസ് പാത്രിയർക്കീസ് ഭദ്രാസനങ്ങൾ വിഭജിച്ചതായി പറഞ്ഞതിന് കൽപനകൾ വല്ലതും ഉണ്ടോ? എല്ലാം ചരിത്ര പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ടെന്നല്ലാതെ കൽപന ഒന്നും ഞാൻ കണ്ടിട്ടില്ല. Ans ചരിത്ര പുസ്തകമെന്നു പറഞ്ഞത് ഇ. എം. ഫിലിപ്പിന്റെയും ഇട്ടൂപ്പിന്റെയും ചരിത്ര പുസ്തകങ്ങളാണോ? ഇട്ടൂപ്പിന്റെ പുസ്തകം അതിനു മുമ്പാണെന്നാണ് ഓർമ്മ. വാദികളുടെ വിഭാഗത്തിലായിരുന്ന റവ. ഫാ.കെ. ഡേവിഡ് എഴുതിയ ചരിത്രത്തിലും ഞാൻ വായിച്ചിട്ടുണ്ട് Ans സമുദായക്കേസ് നടക്കുന്ന കാലത്ത് പാത്രിയർക്കീസിനെ അനുകൂലിക്കുന്ന കക്ഷിയിൽ പെട്ടവരും കാതോലിക്കോസിനെ അനുകൂലിക്കുന്ന കക്ഷിയിൽ പെട്ടവരും ഉണ്ടായിരുന്നു. ക്നാനായക്കാർ അതിൽ ഏതു കക്ഷിയിലാണ് ഉൾപ്പെട്ടുനിന്നിരുന്നത്? ക്നാനായക്കാർ പാത്രിയർക്കീസിനോട് അനുസരണവും വിധേയത്വവും ഉള്ളവരായി നിന്നിരുന്നു എന്ന് മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. Ans ആ കേസ് നടക്കുന്ന കാലത്ത് കോടതി ഉത്തരവനുസരിച്ച് മലങ്കര മെത്രാപ്പോലീത്തയുടെ തിരഞ്ഞെടുപ്പ് ഉണ്ടായിട്ടുണ്ട്. ഞാൻ ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. കട്ടപ്രത്തുപള്ളിയെ പ്രതിനിധീകരിച്ചായിരുന്നു. ആ യോഗത്തിൽ ക്നാനായ പള്ളികളുടെ പ്രതിനിധികൾ ഉണ്ടായിരുന്നോ? ആരെല്ലാം ഉണ്ടായിരുന്നു എന്ന് എനിക്കറിഞ്ഞുകൂടാ ക്നാനായ പള്ളികളെ പ്രതിനിധീകരിച്ച് ആളുകൾ ഉണ്ടായിരുന്നോ എന്നറിഞ്ഞുകൂടാ. അന്ന് ആ യോഗത്തിൽ വച്ച് തിരഞ്ഞെടുത്തത് ആരെയാണ്? അന്നവിടെ ഉണ്ടായിരുന്ന നാലു മെത്രാപ്പോലീത്തന്മാർക്കും നാമ നിർദ്ദേശങ്ങൾ ഉണ്ടായെങ്കിലും മൂന്നു പേർ പിൻവാങ്ങുകയാൽ മോർ ക്ലീമീസ് മെത്രാപ്പോലീത്തയെ മലങ്കര മെത്രാപ്പോലീത്ത ആയി തെരഞ്ഞെടുത്തു. അദ്ദേഹം അന്ന് ക്നാനായ മെത്രാപ്പോലീത്തായായിരുന്നോ?

അന്നദ്ദേഹം പാത്രിയർക്കീസിന്റെ കീഴിലുള്ള ക്നാനായ ഇടവകയുടെ മെത്രാപ്പോലീത്തായായിരുന്നു. ക്നാനായ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്നു എന്നു പറഞ്ഞാൽ ശരിയോ? എന്നു പറയാം Ans മറ്റു പറഞ്ഞ മൂന്നു മെത്രാപ്പോലീത്തമാർ ഇദ്ദേഹത്തെ പോലെ പാത്രിയർക്കീസിന്റെ കീഴിലുള്ള മെത്രാപ്പോലീത്തമാർ എന്ന നിലയിലാണ് സംബന്ധിച്ചത് അവർ പാത്രിയർക്കീസിന്റെ കീഴിൽ നിന്ന വിഭാഗത്തിലെ ഭദ്രാസന മെത്രാപ്പോലീത്തമാർ ആയിരുന്നു. കരിങ്ങാശ്ര മീറ്റിംഗിനെപ്പറ്റി എനിക്ക് നേരിട്ട് ഒരറിവുമില്ല. കേസ് നിലവിൽ ഉള്ളപ്പോൾ പാത്രിയർക്കീസനുകൂലികളുടെ ഭാഗത്തുനിന്നുള്ള പ്രതിനിധികളുടെ യോഗം നടത്തിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞകൂടാ. സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് എന്നതിനെ സാധാരണ മലങ്കര അസോസിയേഷൻ എന്നു പറയുമോ? അതെപ്പറ്റി എനിക്കു നിശ്ചയമില്ല Ans മലങ്കര അസോസിയേഷൻ എന്നു സാക്ഷി കേട്ടിട്ടുണ്ടോ? ഞാൻ അങ്ങനെ സാധാരണ കേട്ടിട്ടില്ല. മുളന്തുരുത്തി സുന്നഹദോസിനു ശേഷം കൂടിയിട്ടുള്ള അസോസിയേഷൻ മീറ്റിംഗിങ്ങിൽ മെത്രാപ്പോലീത്തമാർ സംബന്ധിക്കുമോ? മുളന്തുരുത്തി സൂന്നഹദോസ് അന്ന് രൂപീകരിച്ച അസോസിയേഷൻ പിന്നെ കൂടിയിട്ടുണ്ടോ എന്ന് എനിക്കറിവില്ലെന്നു ഇന്നലെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. പിന്നീട് എന്നു മുതൽ കൂടിയിട്ടുണ്ട് എന്നറിഞ്ഞുകൂടാ Ans അസോസിയേഷൻ മീറ്റിംഗ് അങ്ങനെ കൂടുന്നു എങ്കിൽ മെത്രാപ്പോലീത്തമാർ സംബന്ധിക്കും. കൂടിയിട്ടുള്ളതായി അറിയാമോ? ഞാൻ അതെ സംബന്ധിച്ചു പഠനം നടത്തിട്ടില്ലാത്തതിനാൽ അസോസിയേഷൻ യോഗത്തെപ്പറി എനിക്ക് ഒന്നും പറയുവാൻ കഴിവില്ല Ans.1958 നു ശേഷം സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മീറ്റിംഗ് കൂടിയിട്ടുണ്ടോ? 1958 നു ശേഷം കൂടിയിട്ടുണ്ടായിരിക്കാമെങ്കിലും അതിലൊന്നിലും ഞാൻ സംബന്ധിച്ചിട്ടില്ല. 1958 ൽ സഭയിലെ ഭിന്നതകൾ തീർന്നു സമാധാനം ഉണ്ടായോ? 1958 ൽ സഭയിലെ ഭിന്നതകൾക്കാസ്പദമായ തർക്ക വിഷയങ്ങൾ ഒന്നിനും തീരുമാനമാകാതെ താൻ വാഴ്ചയേറ്റ കാലം മുതൽ മലങ്കര സഭയിലെ സമാധാനത്തിന് ആഗ്രഹിച്ചിരുന്ന പാത്രിയർക്കീസ് ബാവ അന്നത്തെ കാതോലിക്കാ ബാവായെ ആ നിലയിൽ ഒരു കൽപന മൂലം സമാധാനത്തെ പ്രതി സ്വീകരിക്കുവാൻ തയ്യാറായി Ans ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ എന്ന നിലയിൽ ആണ്. ആ നിലയിൽ എന്നതിന്റെ താൽപര്യം ഗീവർഗീസ് ദ്വിതീയനെ കാതോലിക്കായായി സ്വീകരിച്ചോ? കാതോലിക്കാ എന്ന പേരിൽ സ്വീകരിക്കുവാൻ മനസ്സായി എന്നാണ് അദ്ദേഹത്തിന്റെ കൽപന Ans കാതോലിക്കയായി അദ്ദേഹത്തെ യഥാർത്ഥത്തിൽ സ്വീകരിച്ചോ? സമാധാനത്തെ പ്രതി കാതോലിക്കാ ആയി സ്വീകരിച്ചു Ans തർക്കങ്ങൾ എന്നു പറഞ്ഞത് പാത്രിയർക്കീസ് വിഭാഗവും കാതോലിക്ക വിഭാഗവും തമ്മിലുണ്ടായിരുന്ന തർക്കങ്ങളാണോ? രണ്ടു വിഭാഗങ്ങൾ തമ്മിൽ ഉണ്ടായിരുന്ന തർക്കങ്ങളല്ല. സഭയുടെ മൗലികമായ അന്ത്യോക്യാ സിംഹാസനത്തിന്റെ അധികാരം, കൈവയ്പ്പ് , കാനോൻ, മുതലായവയെക്കുറിച്ച് ഉണ്ടായിരുന്ന തർക്കങ്ങളാണ് Ans ആ തർക്കങ്ങൾ എന്തെങ്കിലും തീർന്നി

ട്ടുണ്ടോ? ഒരിക്കലും തീർന്നിട്ടില്ല Ans 1958 ൽ സ്വീകരിച്ചതിനുശേഷം പുത്തൻകാവിൽ ഒരു അസോസിയേഷൻ മീറ്റിംഗ് കൂടിയോ? പുത്തൻകാവിൽ ഒരു മീറ്റിംഗ് കൂടിയതായി കേട്ടിട്ടുണ്ട്. എന്നാൽ അസോസിയേഷൻ വിളിച്ചു കൂടുന്നതിന്റെ ആ Procedure അനുസരിച്ച് അല്ലായിരുന്നു എന്നും കേട്ടറിവുണ്ട്. അതിനെക്കുറിച്ചു കൂടുതൽ ഒന്നും എനിക്കറിഞ്ഞുകൂടാ Ans. 1962, 1965, 1970 ഈ കൊല്ലങ്ങളിൽ അസോസിയേഷൻ മീറ്റിംഗുകൾ നടത്തിട്ടുണ്ടോ? എനിക്കറിഞ്ഞുകൂടാ, ഞാൻ സംബന്ധിച്ചിട്ടുമില്ല. Ans മലങ്കര സഭയിൽ മാനേജിംഗ് കമ്മറ്റി എന്നൊന്നുണ്ടോ? മലങ്കരയിലെ സഭയുടെ ഭരണത്തിനായി രണ്ടു വിഭാഗങ്ങളിലും മാനേജിംഗ് കമ്മറ്റികൾ ഉണ്ട്. മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുക്കുന്നത് അസോസിയേഷൻ യോഗത്തിലാണോ? അതിന്റെ Procedure എനിക്കു ശരിക്കറിഞ്ഞുകൂടാ Ans. മാനേജിംഗ് കമ്മറ്റിയിൽ നോമിനേറ്റഡ് മെമ്പേഴ്സ് ഉണ്ട് എന്നറിയാം. 1958 ൽ കാതോലിക്കായെ സ്വീകരിച്ചശേഷം രണ്ടു വിഭാഗത്തിലും മാനേജിംഗ് കമ്മറ്റി ഉണ്ടായിരുന്നോ? ഉണ്ടായിരുന്നു എന്നാണ് എന്റെ ഓർമ്മ. Ans. രണ്ട് വിഭാഗത്തിലും തുടർച്ചയായി മാനേജിംഗ് കമ്മറ്റി ഉണ്ടെന്നാണ് ഓർമ്മ. കൃത്യമായി അറിഞ്ഞുകൂടാ. കാരണം ഭരണപരമായ കാര്യങ്ങളെക്കുറച്ച് ഞാൻ അധികം ഉള്ളിലേക്ക് കടന്നു അന്വേഷിക്കാറില്ല. സാക്ഷി മാനേജിംഗ് കമ്മറ്റി മെമ്പറായിരുന്നിട്ടുണ്ടോ? പരിശുദ്ധ പാത്രിയർക്കീസ് ബാവ 1964 ൽ പരിശുദ്ധ ഔഗേൻ കാതോലിക്കാ ബാവായെ കാതോലിക്കയായി വാഴിച്ചശേഷം അപ്പോൾ സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ പ്രധാന ഭരണക്കാരനായിരുന്ന എന്നെ അദ്ദേഹം മാനേജിംഗ് കമ്മറ്റിയിലേക്ക് അതിന്റെ പേരിൽ നോമിനേറ്റ് ചെയ്തിട്ടുണ്ട്. അക്കാലത്ത് ഒരു മാനേജിംഗ് കമ്മറ്റി മാത്രമെ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ എത്രനാൾ ഒരു മാനേജിംഗ് കമ്മറ്റി മാത്രമായി ഉണ്ടായിരുന്ന എന്ന് പറയാമോ? പാത്രിയർക്കീസിൽ നിന്ന് സ്ഥാനം പ്രാപിച്ച് പാത്രിയർക്കീസിനോടുള്ള വിധേയത്വം പ്രഖ്യാപിച്ചും തദനുസരണം പ്രവർത്തിച്ചുകൊണ്ട് മുൻപറഞ്ഞ കാതോലിക്കോസ് ഇരുന്ന കാലത്തോളം ഒരു മാനേജിംഗ് കമ്മറ്റി മാത്രമെ ഉണ്ടായിരുന്നുള്ളൂ Ans. പിന്നീട് രണ്ട് മാനേജിംഗ് കമ്മറ്റി ഉണ്ടായോ? മുൻപറഞ്ഞ കാതോലിക്കായേയും അദ്ദേഹത്തിന്റെ നിലപാട് സ്വീകരിച്ചിരുന്ന മെത്രാപ്പോലീത്തമാരെയും പാത്രിയർക്കീസ് ബാവാ മുടക്കിയതിന്റെ ശേഷമാണ് പിന്നെയും രണ്ട് മാനേജിംഗ് കമ്മറ്റികൾ ഉണ്ടായത്. അത് 1976 അവസാനം മുതലാണെന്നാണു ഓർമ്മ. കാതോലിക്കോസിനെയും അദ്ദേഹത്തിന്റെ വിഭാഗത്തിൽ പെട്ട മെത്രാപ്പോലീത്തമാരെയും സ്വീകരിക്കാത്ത വിഭാഗത്തിൽ പെട്ടവരുടെ മാനേജിംഗ് കമ്മറ്റി എവിടെ വച്ചാണ് തെരഞ്ഞെടുക്കപ്പെട്ടത്? കാതോലിക്കായെയും അദ്ദേഹത്തിന്റെ വിഭാഗത്തിൽ പെട്ട മെത്രാപ്പോലീത്താമാരെയും സ്വീകരിക്കാത്ത എന്നു പറഞ്ഞതു തെറ്റാണ്. പാത്രിയർക്കീസിനു വിധേയത്വം പ്രഖ്യാപിച്ച് ഏക സഭയായി പോരുമ്പോൾ അതിൽ നിന്നു വിഘടിച്ച് നിലപാടു മാറ്റി. തന്മൂലം പാത്രിയർക്കീസിനോട് എതിർത്തതിന്റെ പേരിൽ മുടക്കപ്പെട്ടവരായതുകൊണ്ട് മുൻ പതിവുപോലെ പാത്രിയർക്കീസിനോടു വിധേയ

ത്വമുള്ള മലങ്കരയിലെ സഭയുടെ കാര്യങ്ങൾക്കായി തുരുത്തിശ്ശേരിയിൽ വച്ച് 1976 ഡിസംബർ 26-ാം തീയതി ആണ് യോഗം കൂടി തെരഞ്ഞെടുത്ത് Ans. ആ യോഗത്തിൽ സാക്ഷി സംബന്ധിച്ചിരുന്നോ? പ്രത്യേകം ക്ഷണിക്കപ്പെട്ട രീതിയിൽ ഞാൻ അതിൽ സംബന്ധിച്ചിരുന്നു Ans. അതിൽ സംബന്ധിച്ച പ്രതിനിധികൾ ആരൊക്കെയാണ് മലങ്കരയിലെ എല്ലാ പള്ളികൾക്കും നോട്ടീസയച്ച് അതിന്റെ വെളിച്ചത്തിൽ വന്നു കൂടിയിരുന്ന പള്ളി പ്രതിപുരുഷന്മാരായിരുന്നു Ans. ഓരോ പള്ളിയിൽ നിന്നും ആരൊക്കെ വരണമെന്നു നിർദ്ദേശമുണ്ടായിരുന്നോ? അതിനെക്കുറിച്ചു details എനിക്കറിഞ്ഞുകൂടാ. സാധാരണഗതിയിൽ അങ്ങനെയുള്ള യോഗങ്ങൾക്കു സംബന്ധിക്കേണ്ടവരെക്കുറിച്ച് ഉള്ള Procedure എന്നതിന് കീഴ്നടപ്പനുസരിച്ച് എന്നു പറയാം. ആ യോഗത്തിൽ മാനേജിംഗ് കമ്മറ്റിയെ അല്ലാതെ വേറെ ആരെയെങ്കിലും തെരഞ്ഞെടുത്തോ? മലങ്കര മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി, അൽമായ ട്രസ്റ്റി, സെക്രട്ടറി എന്നീ ഭാരവാഹികളെയും തെരഞ്ഞെടുത്തു. Ans. വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തത് എന്നെയാണ്. അന്ന് തെരഞ്ഞെടുത്ത കമ്മറ്റിയും ഭാരവാഹികളും പ്രവർത്തനം നടത്തുന്നുണ്ടോ? സഭയ്ക്കു വേണ്ടിയും അതിന്റെ പുരോഗമനത്തിനുവേണ്ടിയും ആവശ്യമായ കാര്യങ്ങൾ ആലോചിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്. Ans മുളന്തുരുത്തി സുന്നഹദോസ് നടക്കുന്ന കാലത്ത് ഭരണം നടത്തിവന്ന മെത്രാപ്പോലീത്ത ആരാണ്? Q അത് വിളിച്ചു കൂട്ടിയ പാത്രിയർക്കീസ് വരുന്നതിനു മുമ്പു ഭരണം നടത്തിയിരുന്നത് മാത്യൂസ് അത്തനാസ്യോസ് മെത്രാപ്പോലീത്തയാണ്. സർക്കാറിന്റെ പിൻബലം മൂലം മോർ ജോസഫ് ദിവന്നാസ്യോസ് വിശ്വാസികളുടെ മെത്രാപ്പോലീത്ത സുന്നഹദോസിൽ വച്ച് ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തോ? Q പാത്രിയർക്കീസ് ബാവ രക്ഷാധികാരിയും ഭരിക്കുന്ന മെത്രാപ്പോലീത്ത പ്രസിഡന്റും ആയി പ്രത്യേക ക്ലാസ്സുകൾ തിരിച്ച് ഒരു സമൂഹത്തെ നിശ്ചയിക്കുകയും അതിൽനിന്ന് പട്ടക്കാരിൽ എട്ടുപേരും ഒന്നാം ക്ലാസിൽ പെട്ട അൽമേനികൾ പതിനാറുപേരും ഭരിക്കുന്ന മെത്രാപ്പോലീത്ത പ്രസിഡന്റും കൂടിയതായ ഒരു പ്രധാന കമ്മറ്റിയെക്കുറിച്ച് Ext B 168 11--ാം പേജിൽ പറയുന്നുണ്ട്. Ext B 168 ൽ മുളന്തുരുത്തി സുന്നഹദോസിൽ ഉണ്ടായ തീരുമാനങ്ങളും അതിലെ കമ്മറ്റിയുടെ അധികാരങ്ങളും മറ്റും പറയുന്നുണ്ട്. എന്നാൽ അതുപോലെ ഒന്നും നടത്തിയിട്ടില്ല. മുളന്തുരുത്തി സുന്നഹദോസിലെ തീരുമാനമനുസരിച്ച് എന്തെങ്കിലും നടന്നിട്ടുണ്ടോ? മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു കൂട്ടിയതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആത്മീയവും വിശ്വാസപരവും ആയ കാര്യങ്ങളിൽ ഉറപ്പു വരുത്തേണ്ടതിന് ആയിരുന്നു. അത് നൂറുശതമാനവും വിജയിച്ചു. മറ്റു ചില തീരുമാനങ്ങൾ എടുത്തത് അങ്ങനെയുള്ള കാര്യങ്ങളിൽ പള്ളികളുടെ പ്രത്യേക മാൻഡേറ്റോടുകൂടി അല്ലാതിരുന്നതുകൊണ്ട് പള്ളിക്കാർ അവ സ്വീകരിക്കുവാൻ നിർബന്ധിതരായില്ല എന്ന് ബോധിപ്പിക്കുവാൻ കാരണം Ans. Ext. B 168 പറയുന്നു നിശ്ചയങ്ങൾ (റെസലൂഷൻ) അനുസരിച്ചു മേൽ നടപടികൾ വല്ലതും ഉണ്ടായിട്ടുണ്ടോ? 8-ാം പേജിൽ അന്ത്യോക്യായുടെ

സിംഹാസനത്തിങ്കലെ ചൊൽ വിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും ഒരിക്കലും വിപരീതമുണ്ടാകാതെ ഇരിപ്പാൻ അതാത് ഇടവകക്കാരെല്ലാരും കൂടി ഒരു കരാർ ആധാരം എഴുതി ഈ യോഗം ഉറപ്പിച്ചു എന്നുണ്ട്. ഈ നിശ്ചയം അനുസരിച്ച് എല്ലാ പള്ളിക്കാരും പ്രവർത്തിച്ചിട്ടില്ല. ചില പള്ളിക്കാർ ചെയ്തതായി കേട്ടിട്ടുണ്ട്. 2-ാം റെസലൂഷനിൽ ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്നു പറയുന്നുണ്ട്. അതനുസരിച്ചു ആത്മീയപരവും വിശ്വാസപരവുമായ നില സ്പഷ്ടമാക്കി. അന്ത്യോക്യാ സിംഹാസനത്തിൻ കീഴിലാണ് ആ പള്ളിയും ഇടവകക്കാരും എന്നു കാണിക്കുവാനുള്ള ആ രജിസ്റ്റർ ഉണ്ടാക്കിയിരിക്കാം എന്ന് വിചാരിക്കുന്നു. ഉണ്ടാക്കാത്തവരും കണ്ടേക്കാം. 3-മതായി പറയുന്നത് കാനോനും നടപടിയും അടങ്ങിയ ബുക്ക് എല്ലാ പള്ളികൾക്കും അയച്ചുകൊടുക്കണമെന്നാണ്. അത് പാത്രിയർക്കീസ് ചെയ്യേണ്ട കാര്യം ആയിരുന്നതിനാൽ അവ രണ്ടും പാത്രിയർക്കീസ് അദ്ദേഹത്തിന്റെ പ്രതിനിധി വഴിയായി മലങ്കരക്കയച്ചിട്ടുണ്ട്. പിന്നെ മാമൂദീസ, വിവാഹം, ശവം അടക്കൽ ഇവയുടെ രജിസ്റ്ററുകളെപ്പറ്റി പറയുന്നു. ഈ മൂന്ന് രജിസ്റ്ററുകൾ ഇടവകയിലുള്ള ജനങ്ങളുടെ വിശ്വാസ സ്ഥിരതക്കു സാക്ഷിയായി വരുന്നതാകയാൽ അതിനെ ഉറപ്പിച്ചു എന്നാണ് 9-ാം പേജിൽ പറയുന്നത് ആ സ്ഥിതിക്ക് പലരും അപ്രകാരം ചെയ്തു കാണും എന്നു വിചാരിക്കണം. അസ്സോസിയേഷൻ കമ്മറ്റി മുതലായവയുടെ കാര്യമാണ് പിന്നെ പറയുന്നത് അങ്ങനെ അസ്സോസിയേഷനും കമ്മറ്റിയും കൂടിയതായി ഒരു രേഖയും കണ്ടിട്ടില്ല. കമ്മറ്റിക്കാർ ചെയ്യേണ്ടതായി പറയുന്ന കാര്യങ്ങളും കമ്മറ്റി കൂടിയിട്ടില്ലാത്തതിനാൽ നടത്തിയിട്ടില്ല. ? Q കാനോനും നടപടിയും അടങ്ങിയ പുസ്തകം ആരയച്ചു കൊടുക്കേണ്ടതാണെന്ന് Ext B 168 റെസല്യൂഷനിൽ പറയുന്നുണ്ടോ? Q കൽപന പ്രകാരം അച്ചടിച്ച് എന്നു ആ നിശ്ചയത്തിൽ ഉണ്ട്. അന്ന് ഇക്കാര്യങ്ങളിൽ അധികൃതമായി പ്രവർത്തിക്കുവാൻ ഇവിടെ ആരും ഇല്ലാതിരുന്നതു കൊണ്ടും ഈ നിശ്ചയങ്ങൾ പാത്രിയർക്കീസിനു സമർപ്പിക്കുന്നവ ആയതുകൊണ്ടും പാത്രിയർക്കീസിനു സമർപ്പിച്ചതാണെന്ന് എവിടെയെങ്കിലും കാണാമോ? Q 2-ാം പേജ് ഈ നിശ്ചയങ്ങൾ വിശുദ്ധ പിതാവും മെത്രാപ്പോലീത്തയും സമൂഹക്കാരും അന്യോന്യം സമ്മതിച്ചു എന്നുള്ള ഉറപ്പിനുവേണ്ടി വിശുദ്ധ പിതാവും മെത്രാപ്പോലീത്തായും തങ്ങളുടെ ഒപ്പും മുദ്രയും ചെയ്യുന്നതല്ലാതെ സമൂഹക്കാരിൽ ഒപ്പുകൾ ഇട്ട് ഉറപ്പിക്കണമെന്ന് യോഗം സമ്മതിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു എന്നു കാണുന്നു Ans. മുളന്തുരുത്തി സുന്നഹദോസിനു മുമ്പ് മലങ്കരയിൽ കാനോൻ വല്ലതും നിലവിലിരുന്നോ? Q അംഗീകൃത കാനോനുകൾ ഉണ്ടായിരുന്നെങ്കിൽ കാനോനും മറ്റും പ്രസിദ്ധീകരിക്കണമെന്ന് പാത്രിയർക്കീസിനോട് അപേക്ഷിക്കേണ്ട കാര്യം ഇല്ലായിരുന്നു. ആ സ്ഥിതിക്ക് അന്ത്യോക്യായിൽ നിന്നും വന്നുകൊണ്ടിരുന്ന മേൽപട്ടക്കാരുടെ ഉപദേശവും പഠിപ്പിക്കലും അനുസരിച്ച് കാര്യങ്ങൾ നടന്നു വന്നിരുന്നു എന്നു വേണം വിചാരിക്കുവാൻ. മുളന്തുരുത്തി സുന്നഹദോസ് നിശ്ചയമനുസരിച്ച് അയച്ചുതന്നതായി സാക്ഷി

പറയുന്ന കാനോൻ മലങ്കര സഭയിൽ നിലനിന്നോ? Q അതുമാത്രമാണ് പിന്നീട് നിലവിലിരുന്നത് Ans. അതനുസരിച്ചാണോ സഭാഭരണം നടന്നു വന്നത്? Q മുമ്പ് പറഞ്ഞതുപോലെ ആദ്യ നൂറ്റാണ്ടുകളിലെ സ്വത്തുക്കൾ, ഭരണം, മുതലായവ സംബന്ധിച്ചുള്ള നിയമങ്ങൾ പണ്ടേ നിലച്ചുപോയിരുന്നതിനാൽ അവയും അംഗീകൃത കീഴ്‌വഴക്കങ്ങളായി അംഗീകരിച്ചിട്ടുള്ളവയും ഒഴികെ ഉള്ള കാര്യങ്ങൾ സഭയുടെ കാര്യത്തിൽ ഈ കാനോന്റെ വെളിച്ചത്തിലായിരുന്നു നടന്നിരുന്നത്. മാമൂദീസ, വിവാഹം, ശവം അടക്കൽ രജിസ്റ്ററുകൾ മെത്രാപ്പോലീത്തയുടെ മുദ്ര കുത്തി സൂക്ഷിക്കണ്ടതാണെന്ന് പറയുന്നുണ്ടല്ലോ, അതുപോലെ മുദ്രകുത്തി സൂക്ഷിക്കുന്നുണ്ടോ? Q അന്ന് സത്യവിശ്വാസിയും സത്യവിശ്വാസി അല്ലാത്ത ആളും രണ്ടും ഭരണക്കാർ ഉണ്ടായിരുന്ന സ്ഥിതിക്ക് ഈ നിശ്ചയത്തിൽ പറയുന്നതുപോലെ ജനങ്ങളുടെ വിശ്വാസ സ്ഥിരതയ്ക്ക് സാക്ഷിയായി അതായത് സത്യവിശ്വാസിയായ മെത്രാപ്പോലീത്തയെന്നാണ് അവർ സ്വീകരിച്ചിരുന്നത് എന്നു കാണിക്കുവാൻ ആണ് ആ നിശ്ചയം ചെയ്തത്. അതനുസരിച്ച് അന്ന് പലരും പ്രവർത്തിച്ചിട്ടുണ്ടായിരിക്കാം എന്നാൽ അത് ഒരു നിയമമായി നടപ്പിൽ വന്നിട്ടില്ലാത്തതാണെന്ന് ഞാൻ നേരത്തെ ബോധിപ്പിച്ചിട്ടുണ്ട് Ans. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി നിമിത്തം പള്ളിവക മുതൽ ദുർലഭമായിത്തീർന്നിരിക്കയാൽ എന്ന് Ext B 188 ൽ പറയുന്നതിൽ പള്ളിവക മുതൽ ദുർലഭമാകുന്നു എന്നു പറയാൻ കാരണം എന്താണ്? Q ഏകനായകത്വം എന്നു പറഞ്ഞാൽ ഒരു മെത്രാനുണ്ടായിരുന്നപ്പോൾ അദ്ദേഹം One man's rule അഥവാ autocratic or despotic rules നടത്തിവന്നിരുന്നതു മൂലം, ഉദാഹരണമായി പാലക്കുന്നത്ത് മാത്യൂസ് അത്തനാസ്യോസ്, പൊതുവക മുതൽ ആരോടും ഉത്തരവാദിത്തമില്ലാതെ ചൂഷണം ചെയ്യുകയും മറ്റും ചെയ്തതുമൂലമാണ് പള്ളിവക മുതൽ ദുർലഭമായിത്തീർന്നത്. പൊതു മുതൽ മെത്രാന്മാർ തന്നെയാണോ അക്കാലത്ത് ഭരിച്ചു കൊണ്ടിരുന്നത്? Q ഈ നിശ്ചയം പാസ്സാക്കുന്ന കാലത്ത് ആർക്കും അന്നത്തെ ഭരണാധിപന്റെ മുമ്പിൽ നിന്ന് ചോദിക്കുവാൻ ധൈര്യമില്ലാതിരുന്ന അക്കാലത്ത് അദ്ദേഹത്തിന്റെ ചെയ്തികളെ ഉദ്ദേശിച്ചാണ് അവിടെ പറയുന്നത്. അദ്ദേഹത്തിന്റെ നിലപാടിന്റെ ദൂഷ്യം കൊണ്ടാണല്ലോ മുളത്തുരുത്തി സൂന്നഹദോസ് കൂടേണ്ടതായി വന്നത്. അന്നത്തെ പൊതുമുതൽ എന്നല്ല. വിശ്വാസംപോലും ആ മെത്രാപ്പോലീത്തയുടെ ഇഷ്ടം പോലെയായിരുന്നു. അല്ലാതെ മുതൽ, ഭരണ അവകാശം മെത്രാപ്പോലീത്തയ്ക്ക് ഉള്ളതായി ഞാൻ ഉദ്ദേശിച്ചു പോലുമില്ല. Ans. ആ മെത്രാൻ പാലക്കുന്നത്തു മാത്യൂസ് മാർ അത്തനാസ്യോസ് ആയിരുന്നു. അദ്ദേഹമൊ അദ്ദേഹത്തെ അനുകൂലിക്കുന്നവരൊ മുളന്തുരുത്തി സൂന്നഹദോസിൽ സംബന്ധിച്ചോ? Q അദ്ദേഹം മൂലം വന്ന വിശ്വാസ പിശകുകൾ നീക്കി സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തുവാൻ പാത്രിയർക്കീസ് വിളിച്ചു കൂട്ടിയ യോഗത്തിൽ അദ്ദേഹം സംബന്ധിച്ചിട്ടില്ലായിരിക്കും. അദ്ദേഹത്തെ അനുകൂലിക്കുന്നവരും ഇല്ലായിരുന്നു എന്നു ആ നിശ്ചയങ്ങളിൽ നിന്നും അവരെഴുതി വച്ച പടിയോലയിൽ നിന്നും സ്പഷ്ട

മാകുന്നതാണ് Ans. ഒരു മെത്രാനാണെങ്കിൽ മെത്രാന്മാരുടെ ഏകനായകത്വം എന്നു പറയാൻ കാരണം എന്താണ്? വ്യാകരണ പ്രകാരം തന്നെ അതു തെറ്റാണ്. Common ആയിട്ട് പറഞ്ഞിരിക്കുന്നു എന്നു മാത്രം. ഒരു കുഞ്ഞ് ഒരു ദുഃസ്വഭാവം കാണിച്ചാൽ പൊതുവായി കുഞ്ഞുങ്ങളുടെ ദുഃസ്വഭാവമെന്ന് അതിനെക്കുറിച്ചു പറയാറുള്ളതുപോലെയാണ് Ans. പള്ളിവക എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കേണ്ടത്? സഭയ്ക്കും പള്ളി എന്നു ഉപയോഗിക്കുന്ന ഒരു പഴയ ശൈലിയുണ്ട്. അതനുസരിച്ച് പള്ളിവക എന്ന് ഒരു നൂറു കൊല്ലം മുമ്പ് എഴുതിയ ഒരു രേഖയിൽ പള്ളിവക സ്വത്തുക്കൾ പൊതു സ്വത്തുക്കൾ എന്ന അർത്ഥത്തിൽ ഉപയോഗിക്കാവുന്നതാണ്. Ans. പള്ളിയും സഭയും ഒരേ അർത്ഥത്തിൽ ഉപയോഗിച്ച ശൈലി മലയാളഭാഷയിൽ എവിടെയാണ് കണ്ടിട്ടുള്ളത്? ഇംഗ്ലീഷിൽ Church നു സഭയെന്നും പള്ളി എന്നും പറയുന്നതുപോലെ മലയാളത്തിലും പള്ളിയെന്നും സഭയെന്നും ഒരേ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള പഴയ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പേരുകൾ പെട്ടെന്നു പറയുവാൻ നിവൃത്തിയില്ല. ആരെഴുതിയതെന്നും ഇപ്പോൾ പറയുവാൻ പറ്റുകയില്ല. Ans.

Stopped for the day

മൊഴി വായിച്ചു കേട്ടു, ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ

(ഒപ്പ്)

Taken down by me in open Court read over to the witness and admitted by him to the correct

Sd/-
Judge
27/6/78

28/6/78 Witness sworn again and cross examination continued.

മുളന്തുരുത്തി സൂന്നഹദോസിന്റെ ഒരു തിരുമാനത്തിൽ മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായകശക്തിയ്ക്ക് എതിരായ ശക്തി ഇല്ലായ്മ നിമിത്തം സഭയ്ക്ക് ദോഷം സംഭവിച്ചിരിക്കുകയാൽ എന്നു പറഞ്ഞു കാണുന്നുണ്ട്. Witness adds ഇന്നലെ മലയാള ശൈലിയിൽ പള്ളി എന്നു പറഞ്ഞാൽ സഭ എന്നും അർത്ഥമുണ്ടെന്നു പറഞ്ഞതിന് തെളിവായി Ext B 168 അവസാനത്തതിന്റെ മുൻ പേജിൽ ശുദ്ധമാന പള്ളിയ്ക്ക് ഭരമേൽപിക്കപ്പെട്ടു എന്ന് ശുദ്ധമുള്ള മൂന്ന് സൂന്നഹദോസുകളുടെ വിശ്വാസത്തിൽ നിന്നും എന്ന് കാണുന്നതിനാൽ അവിടെ ശുദ്ധമാനപള്ളി എന്നുപയോഗിച്ചിരിക്കുന്നത് വിശുദ്ധസഭ എന്ന അർത്ഥത്തിലാണ് Counsel Continued വേറൊരു റസലൂഷനിൽ നമ്മുടെ മലങ്കര യാക്കോബായ സുറിയാനി സഭ എന്ന് Ext B 168 ൽ പറയുന്നുണ്ട്. അവിടെത്തന്നെ മറ്റു സുറിയാനിസഭകളും എന്നും ഉപയോഗിച്ചിട്ടുണ്ട്. Ext B 168 ലെ റസലൂഷനുകളിൽ ജാതി എന്നു സമുദായം എന്നും ഉള്ള വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. സമുദായം എന്നു വച്ചാൽ അവിടെ എന്നാണ് അർത്ഥം? Q

ജാതി വർഗ്ഗം മുതലായവ ഉദ്ദേശിച്ചാണ് Ans. മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായക ശക്തിക്കെതിരായി ശക്തിയില്ലായ്മ നിമിത്തം എന്നു പറയുന്നത് എന്തിനെ ഉദ്ദേശിച്ചാണ്? Q മലയാളം ഭരിച്ചുകൊണ്ടിരുന്ന മെത്രാന്മാരുടെ പ്രത്യേകിച്ചും അക്കാലത്ത് ഭരിച്ചുകൊണ്ടിരുന്ന ആളുടെ സ്വേഛാപരമായ ഭരണത്തെ എതിർക്കുവാൻ കഴിവുള്ള മറ്റു ശക്തി അഥവാ ചുറ്റുപാടുകൾ ഇല്ലായിരുന്നു എന്നാണ് അർത്ഥം Ans. മേലദ്ധ്യക്ഷന്മാരുടെ ഏകനായകശക്തി എന്നുള്ള അർത്ഥത്തിൽ തന്നെയാണോ മെത്രാന്മാരുടെ ഏകനായകശക്തി എന്നുപയോഗിച്ചിട്ടുള്ളത്? Q നേരത്തെ ബോധിപ്പിച്ചിതും ഇപ്പോൾ ബോധിപ്പിച്ചതും പ്രത്യേകിച്ച്, അന്നത്തെ ഭരണകർത്താവിനെ സംബന്ധിച്ചാണ് Ans. പള്ളിവകയായും പൊതുവകയായും ഉള്ള മുതലിനെപ്പറ്റി പ്രത്യേകം പ്രത്യേകം വേറൊരു റസലൂഷനിൽ പറയുന്നുണ്ട്. മെത്രാന്മാർ പള്ളികളുടെയും സഭയുടെയും ആത്മികവും ലൗകികവുമായ എല്ലാ കാര്യങ്ങളും നടത്തി വന്നിരുന്നതുകൊണ്ടല്ലേ മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തിനിമിത്തം പള്ളിവക മുതൽ ദുർലഭമായിട്ടുണ്ടെന്നും മറ്റും ഈ റസലൂഷനിൽ പറയാൻ കാരണം? Q അല്ല. ഓരോ പള്ളിയ്ക്കും സഭയ്ക്കു പൊതുവെയും ഉള്ള വസ്തുക്കളിൽ നിന്നുള്ള ആദായം നിയമങ്ങൾക്കു വിപരീതമായി ആർക്കും എതിർക്കാൻ നിവൃത്തിയില്ലാത്ത ഒരു വ്യക്തി കീഴ്നടപ്പുകൾക്കും നിയമത്തിനു വിപരീതമായി എടുത്തുപയോഗിച്ചതുകൊണ്ടാണ്. ഏകനായകശക്തി അഥവാ സ്വേഛാഭരണം എന്നു പറയുവാൻ ഇടയായത് Ans. മെത്രാപ്പോലീത്ത ചെയ്യേണ്ടതായി Ext 168 ൽ പറയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? Q Ext B 168 20-ാം പേജിൽ പ്രസിഡന്റ് മെത്രാപ്പോലീത്ത എന്ന് തുടങ്ങി യോഗം ഉറപ്പിച്ചു എന്നുവരെയുള്ള ഭാഗത്തു പറഞ്ഞിരിക്കുന്നതാണ് എപ്പിത്രോപ്പേൻ എന്ന് അവിടെ പറഞ്ഞിരിക്കുന്നത് ആരാണ്? Q ഇപ്പോഴത്തെ ട്രസ്റ്റികൾ എന്നു പറയുന്നവരെയാണ് ആ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് Ans. എപ്പിത്രോപ്പന്മാർ എന്ന് പറഞ്ഞാൽ കൈക്കാരന്മാരെന്നാണോ?Q ട്രസ്റ്റികളെ കൈക്കാരന്മാരെന്നുള്ള അർത്ഥത്തിലാണോ Ext B 168 ൽ ഉപയോഗിച്ചിരുന്നത്?Q ട്രസ്റ്റികൾ എന്നു ഞാൻ പറഞ്ഞു കഴിഞ്ഞു. കൈക്കാരന്മാരെന്നു പറയുന്നവരും ആകാം Ans. ഇവിടെ പറയുന്ന സംഗതികൾ മെത്രാപ്പോലീത്തമാർ അവരുടെ എപ്പിസ്കോപ്പൽ അധികാരം ഉപയോഗിച്ച് നേരത്തെ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളാണോ? Q അല്ല. ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളാണെങ്കിൽ മുമ്പ് ചോദിച്ചതുപോലെ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് നിർദ്ദേശിക്കുയില്ലായിരുന്നു Ans. മുൻ നടപടികളില്ലാത്തതാണെങ്കിൽ ഈ സുന്നഹദോസിൽ വച്ച് കൂടുതലെന്തെങ്കിലും അധികാരങ്ങൾ മെത്രാപ്പോലിത്തക്കു ഉണ്ടെന്നു പറയാൻ കാരണം ഉണ്ടോ?Q അന്നത്തെ പരിതസ്ഥിതിയിൽ അന്നത്തെ സത്യവിശ്വാസിയായ മെത്രാപ്പോലീത്ത ഇങ്ങനെയെല്ലാം ചെയ്യുന്നത് ഗുണകരമാണെന്ന് അവർക്കു തോന്നിയതുകൊണ്ടും അതേ സമയം വഴുതി വീഴാതിരിക്കാൻ അദ്ദേഹം ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും ഡയറി സൂക്ഷിച്ചു കമ്മറ്റിക്കാരെ വായിച്ചു കേൾപ്പിക്കണമെന്ന് നിബന്ധന

വച്ചതും അക്കാലത്തെ സ്ഥിതിയ്ക്ക് ആവശ്യമായ ഒരു രീതിയാണെന്ന് അവർക്ക് തോന്നിയത് കൊണ്ടാണെങ്കിലും ഇപ്പറഞ്ഞ അധികാരങ്ങളും കടമയും ഒരിക്കലും നിർവ്വഹിച്ചതായി ഒരു രേഖയിലും കണ്ടിട്ടില്ല. Ans. ഡയറി എഴുതി കമ്മറ്റി കൂടി വായിച്ചു കേൾപ്പിക്കണമെന്നേയുള്ളൂ. കമ്മറ്റിയ്ക്ക് അദ്ദേഹത്തിന്റെ നടത്തുകളെക്കുറിച്ചു ബോദ്ധ്യം വരുവാൻ വായിച്ചു കേൾപ്പിക്കണമെന്നാണ്. ഇങ്ങനെ നിശ്ചയം ചെയ്യാൻ അന്നത്തെ പരിതഃസ്ഥിതി എന്തായിരുന്നു? Q സത്യ വിശ്വാസത്തെ തകിടം മറിക്കുവാൻ പരിശ്രമിച്ചു കൊണ്ടിരുന്നയാളും സർക്കാർ പിൻബലം മൂലം സഭ മുഴുവൻ മേലും അധികാരമുണ്ടെന്ന് ഭാവിച്ചിരുന്ന ആളുമായ ഒരു മെത്രാപ്പോലീത്തയുടെ ഭരണമായിരുന്നതിനാലും ചില പള്ളികളിലെങ്കിലും രണ്ടു കക്ഷിക്കാരും ഉണ്ടായിരുന്നതിനാലും ആണ് പ്രത്യേക പരിതസ്ഥിതി എന്നു പറഞ്ഞത് Ans.Ext B 168 ൽ മതസംബന്ധമായും സമൂഹസംബന്ധമായും ഉണ്ടാകുന്ന എല്ലാ കാര്യങ്ങളും നടത്തുന്നതിന് മെത്രാപ്പോലീത്തക്കു കമ്മറ്റി മെമ്പർന്മാർ സഹായികളായി നിലനിൽക്കണമെന്നു പറയുന്നില്ലേ? Q അങ്ങനെ പറയുന്നില്ലേ? Q അവിടെ പറയുന്നത്, പേജ് 19 നമ്മുടെ സമൂഹം വക എല്ലാ കാര്യങ്ങൾക്കും കമ്മറ്റിക്കാർ കൈകാര്യ കർത്താക്കളായിരിക്കണമെന്ന് മേൽ വകുപ്പുകളിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിലും മതസംബന്ധമായും പൊതുവിൽ ഉണ്ടായിരുന്ന സകല വ്യവഹാരങ്ങളും അവരെല്ലാരും കൂടി നടത്തുന്നത് പ്രയാസമാകയാൽ അതുകൾ ഒക്കെയും നടത്തുന്നതിനും ആവശ്യപ്പെടുന്ന മുതൽ ശേഖരിക്കുന്നതിനും ഉള്ള അധികാരം പ്രസിഡന്റ് മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത അവർകൾക്കായിരിക്കണമെന്നും അതിലേക്ക് കമ്മറ്റി മെമ്പർന്മാർ സഹായികളായിരിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു. പള്ളിവകയായും പൊതുവകയായും ഉള്ള മുതലുകളെപ്പറ്റി ഇപ്പോലുള്ള ചട്ടവട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ ക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും കമ്മറ്റിക്കാർ ചുമതലക്കാരായിരിക്കണമെന്ന് പറയുന്നു. അതിൽ ചട്ടങ്ങളും ക്രമങ്ങളും എന്നു പറയുന്നതിൽ എന്തൊക്കെ ഉൾപ്പെടും? അന്നത്തെ ചട്ടങ്ങളിലും ക്രമങ്ങളിലും എന്തെല്ലാമുൾപെടുമെന്ന് എനിക്കറിഞ്ഞുകൂടെങ്കിലും ഇന്നത് ഇന്നത് ചെയ്യണമെന്ന് അവർ എഴുതി വച്ചതുമൂലം അന്നു നിലവിലിരുന്ന സ്ഥിതിക്ക് വ്യത്യാസങ്ങൾ വരുത്തുവാൻ അവർ ആഗ്രഹിച്ചു എന്നുവരാം. ചട്ടങ്ങളും ക്രമങ്ങളും എന്ന് പറഞ്ഞത് സ്വത്തുക്കളുടെ ഭരണം സംബന്ധിച്ചണോ എന്ന് എനിക്കു നിശ്ചയമില്ല. മുളന്തുരുത്തി സുന്നഹദോസിന്റെ നിശ്ചയങ്ങൾ അടങ്ങിയ അസ്സൽ രേഖ സാക്ഷി കണ്ടിട്ടുണ്ടോ? Q ഇല്ല Ans. സാക്ഷി ഒത്തു നോക്കിയിട്ടുണ്ടോ? Qആ പതിപ്പും ഈ പതിപ്പുമായി ഒത്തു നോക്കിയിട്ടില്ല. എങ്കിലും വിവരങ്ങൾ ഒന്നു തന്നെയാണെന്നാണ് എന്റെ പൂർണ്ണ ബോദ്ധ്യം. Ext B 168 ൽ പടിയോല എന്നു ഒന്നു ചേർത്തിട്ടുള്ളതിന്റെ അസ്സൽ കണ്ടിട്ടുണ്ടോ? Q അതിന്റെ അസ്സൽ ഞാൻ കണ്ടിട്ടില്ല. എന്നാൽ ഇന്നലെ ബോധിപ്പിച്ച ഫാദർ കെ. ഡേവിഡ് മുതലായ പല ചരിത്രകാരന്മാരുടെയും ചരിത്ര പുസ്തകത്തിൽ അനുബന്ധമായി Ext B 168 ൽ കാണുന്ന

അതേ പടിയോല പ്രസിദ്ധീകരിച്ചിരിക്കുന്നതായി കണ്ടിട്ടുണ്ട്. അസ്സൽ ആരുടെ കൈവശമുണ്ടെന്ന് അറിഞ്ഞു കൂടാ. അങ്ങനെ ഒരു പടിയോല ഏതെങ്കിലും കോടതികളിലൊ അധികാര സ്ഥാനങ്ങളിലൊ ഹാജരാക്കിയിട്ടുള്ളതായി അറിയാമോ? Q ഹാജരാക്കിയിട്ടുണ്ടായിരിക്കാം. ഇല്ലായിരിക്കാം. എനിക്കതിനെക്കുറിച്ചറിഞ്ഞുകൂടാ Ext B 168 കൊണ്ട് പടിയോല കോടതിയിൽ ഹാജരാക്കിയതായി കാണാമോ? Q പടിയോല എന്നുള്ളതിന്റെ മുൻ പേജിൽ Ext. * Proved ശരിപ്പകർപ്പ് എന്ന് എഴുതിയിട്ടുണ്ട് Ans. അതുകൊണ്ട് മുളന്തുരുത്തി റസലൂഷന്റെ ഒരു പാർട്ടല്ല പടിയോല എന്നല്ലേ വിചാരിക്കേണ്ടത്? Q നിയമ ദൃഷ്ട്യാ എങ്ങനെയിരിക്കുമെന്ന് എനിക്കറിഞ്ഞു കൂടാ. Ext B 168 എന്തിനെ ആസ്പദമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്നറിയാമോ? Q ഏതോ കേസിൽ ഹാജരാക്കിയിട്ടുള്ള രേഖയുടെ attested Copy യിൽ നിന്ന് പകർത്തി അച്ചടിച്ചിട്ടുള്ളതായിട്ടാണ് ഞാൻ കേട്ടിട്ടുള്ളത് Ans. Ext B 168 1975 ൽ പ്രസിദ്ധീകരിച്ചതായിട്ടാണ് കാണുന്നത്. പ്രസാധകനായിപ്പറയുന്ന വറുഗീസ് പട്ടശ്ശേരിയെ അറിയാം. അടുത്തു പരിചയമുണ്ട്. അയാൾക്കു സഭയിൽ ഔദ്യോഗികസ്ഥാനം വല്ലതും ഉണ്ടായിരുന്നോ? Q ഔദ്യോഗിക സ്ഥാനം ഉള്ളതായി അറിവില്ല. എന്നാൽ ഒരു കാര്യവും കൂടി ഇതിനനുബന്ധമായി ബോധിപ്പിച്ചുകൊള്ളുന്നു. 1975 നു മുമ്പും ഇതേ വിവരങ്ങൾ ഉള്ള പുസ്തകങ്ങൾ ഞാൻ കാണുക മാത്രമല്ല 1960 നു മുമ്പ് എന്റെ പത്രാധിപത്യത്തിൽ ഉണ്ടായിരുന്ന *സഭാ ചന്ദ്രിക* മാസികയിൽ ഞാൻ അതിൽ നിന്നു പകർത്തി പ്രസിദ്ധം ചെയ്തിട്ടുമുണ്ട്. ആകയാൽ Ext. B 168 പല പതിപ്പുകൾ ഉള്ളതിൽ 1975 ൽ അടിപ്പിച്ച ഒരു പതിപ്പാണ്. ആദ്യത്തെ പതിപ്പ് കോട്ടയത്തു നിന്നു പ്രസിദ്ധീകരിച്ചതാണെന്നല്ലാതെ ആരു പ്രസിദ്ധീകരിച്ചു എന്ന് ഇപ്പോൾ ഓർക്കുന്നില്ല. ആ പതിപ്പും ഈ പതിപ്പുമായി എന്നാൽ മുളന്തുരുത്തി പടിയോല, മാവേലിക്കര പടിയോല, കല്ലുങ്കത്ര പടിയോല എന്നിങ്ങനെയുള്ള പടിയോലകളെക്കുറിച്ച് യാതൊരു സംശയവും പ്രകടിപ്പിക്കാതെ മുമ്പ് പറഞ്ഞ ചരിത്രകാരന്മാർ അവരുടെ ചരിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതാണ് സത്യാവസ്ഥ Ans. സാക്ഷി പറഞ്ഞ ചരിത്ര പുസ്തകങ്ങൾ ഏതു കാലത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്? ഈ ഇരുപതാം നൂറ്റാണ്ടിലാണ് ഇവ കാണുന്ന ചരിത്രപുസ്തകങ്ങൾ എഴുതപ്പെട്ടത് Ans. പടിയോലയിൽ ആരെങ്കിലും ഒപ്പിട്ടിട്ടുള്ളതായി Ext B 168 കൊണ്ടു കാണുന്നില്ലല്ലോ? 1876 നു കൊല്ലം 1051-ാമാണ്ട് മിഥുന മാസം 17-ാനു വ്യാഴാഴ്ച മുളന്തുരുത്തി പള്ളിയിൽ വച്ച് എന്ന് അതിൽ കാണുന്നതിനാൽ അന്നേ ദിവസം അതെഴുതിയെന്നും ചരിത്രത്തെയും വിശ്വാസത്തെയും പ്രസ്പഷ്ടമാക്കുന്ന സുപ്രധാനമായ ഒരു രേഖ എഴുതിയിട്ട് മുൻ നിശ്ചയങ്ങൾക്ക് ഒപ്പു വച്ചവർ അതിനനുബന്ധമായിട്ടുള്ള ഇതിലും ഒപ്പു വച്ചിരിക്കണം എന്ന് സാമാന്യബുദ്ധിയുള്ളവർക്കു മനസ്സിലാക്കാം. ഒപ്പു വച്ചതായി പുസ്തകത്തിൽ കാണുന്നില്ല Ans. ഞാൻ മുളന്തുരുത്തി പടിയോല സംബന്ധിച്ച് കണ്ടിട്ടുള്ള ഒരു രേഖയിലും ഒപ്പുവച്ചതായി കണ്ടിട്ടില്ല. ഒപ്പുവച്ച രേഖകൾ ഉണ്ടായിരിക്കാം. ഇങ്ങനെ ഒരു പടിയോല എഴുതിയതായി മുളന്തുരുത്തി

സൂന്നഹദോസിലെ റസലൂഷനിലും മറ്റു നടപടികളിലും യാതൊരു ലക്ഷ്യവും കാണുന്നില്ലാത്തതിനെപറ്റി സാക്ഷിക്കു വല്ലതും പറയാനുണ്ടോ? നിശ്ചയങ്ങളിൽ ഇതിനെക്കുറിച്ച് എന്തെങ്കിലും പറയുന്നുണ്ടോ എന്ന് സൂക്ഷ്മമായി വായിച്ചു നോക്കിയാലെ പറയാൻ പറ്റുകയുള്ളൂ. ഇല്ലെങ്കിൽ തന്നെയും അന്നത്തെ പരിതഃസ്ഥിതിയ്ക്ക് ഇങ്ങനെ ഒരു പടിയോല എഴുതുക എന്നത് സ്വാഭാവികം മാത്രമാണ് Ans. ഈ പടിയോല ആരു തയ്യാറാക്കിയതാണെന്നറിയാമോ? മുളന്തുരുത്തി സൂന്നഹദോസ് സംബന്ധമായ സർവ്വകാര്യങ്ങളിലും അതു വിളിച്ചു കൂട്ടിയ പത്രോസ് പാത്രിയർക്കീസ് ബാവായുടെ ദ്വിഭാഷിയും സെക്രട്ടറിയുമായിരുന്നു മഹാ പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ പ്രവർത്തനം ഉണ്ടായിരുന്നതായി ഞാൻ കേട്ടും വായിച്ചും അറിഞ്ഞിട്ടുള്ള സ്ഥിതിയ്ക്ക് ഈ പടിയോലയ്ക്കും അദ്ദേഹത്തിന്റെയും കൂടെ അറിവോടുകൂടി അന്നവിടെ സമ്മേളിച്ചിരുന്നവർ അവരിലായെങ്കിലും ചുമതലപ്പെടുത്തി എഴുതിച്ച് എല്ലാവരും സമ്മതിച്ച് ഒപ്പിട്ട രേഖയായിരിക്കും എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. Ans. സാക്ഷി വിശ്വസിക്കുന്നു എന്നു പറഞ്ഞതിന് ഉപോദ്ബലകമായി വല്ലതും ചരിത്രപുസ്തകത്തിലുണ്ടോ? അദ്ദേഹത്തിന്റെ (പരുമല കൊച്ചുതിരുമേനിയുടെ) ജീവചരിത്ര പുസ്തകത്തിൽ അദ്ദേഹം സൂന്നഹദോസ് കാര്യത്തിൽ വളരെ ഏറെ പ്രവർത്തിച്ചിരുന്നു എന്നുള്ളതാണ് എന്റെ മൊഴിക്കാധാരം. എല്ലാക്കാര്യത്തിലും അദ്ദേഹം പ്രവർത്തിച്ചിരിക്കും എന്നുള്ള ന്യായമായ എന്റെ നിഗമനമാണ് രണ്ടാമത്തെ ഭാഗത്തിനാധാരം Ans. പടിയോല എന്താവശ്യത്തിനെഴുതിയതാണ് എന്നറിയാമോ? അന്നത്തെ സത്യവിശ്വാസികളുടെ വിശ്വാസ സ്ഥൈര്യത്തെയും അന്ത്യോക്യാ സിംഹാസനം മലങ്കരയിലുള്ള വിശ്വാസികൾക്ക് ഓരോ വിഷമ ഘട്ടത്തിലും ചെയ്തു തന്നിട്ടുള്ള ഉപകാരങ്ങളാകുന്ന ചരിത്ര വസ്തുതകൾക്ക് കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടും സന്തതിയുള്ള കാലത്തും അന്ത്യോക്യാ സിംഹാസനത്തിന്റെ ചൊല്ലു വിളിയിൽ നിന്ന് വലത്തൊട്ടോ ഇടത്തൊട്ടോ മാറുകയില്ലെന്നും കുരിശും ബൈബിളും സാക്ഷി നിർത്തികൊണ്ട് പ്രതിജ്ഞ ചെയ്ത് ഉള്ള ഒരു രേഖയാണ് അത് Ans. അത് ആർക്കെങ്കിലും സമർപ്പിക്കാനാണോ അഥവാ വെറുതെ എഴുതിവച്ചതാണോ? അങ്ങനെയുള്ള പ്രതിജ്ഞകൾ എഴുതിയാൽ അനന്തരകരണീയം എന്താണെന്നു വച്ചാൽ അത് അവർ ചെയ്തിരിക്കുന്നതല്ലാതെ അതിന്റെ details എനിക്കറിഞ്ഞു കൂടാ Ans. അതിന്റെ അസൽ ഏതു ഭാഷയിലാണ് ? Q മലയാളത്തുകാർ തങ്ങളുടെ കാര്യം പ്രതിജ്ഞ ചെയ്യുന്നത് മലയാളത്തിൽ തന്നെ ആയിരിക്കും. അതിനും പുറമെ പടിയോലയുടെ ഭാഷാരീതിയും നൂറുകൊല്ലം മുമ്പുള്ള മലയാള ഭാഷാരീതിയ്ക്ക് ചേർന്നതാകയാൽ മലയാളത്തിലാണ് പടിയോല എഴുതിയത് Ans. പടിയോല ആരുടെ മുമ്പാകെ എഴുതിവച്ചതായിട്ടാണ് കാണുന്നത്? Q അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹാക്കടുത്തു സിംഹാസനത്തിന്മേൽ സുറിയാനി ജാതിമേൽ മുറപ്പ് കടപ്പെട്ടിരിക്കുന്ന ഞങ്ങൾക്കുള്ള വിശുദ്ധ പിതാവാകുന്ന മൂന്നാമത്തെ പത്രോസെന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ

തിരുമുമ്പാകെ താഴെ പേരെഴുതി കൈയൊപ്പിട്ടിട്ടുള്ളവർ സമർപ്പിച്ചതായിട്ടാണ് കാണുന്നത് Ans. ആ പറയുന്ന പാത്രിയർക്കീസ് ബാവായ്ക്കു മലയാളം അറിയാമായിരുന്നോ? അറിഞ്ഞുകൂടായിരുന്നു. അതിനാണ് സത്യസന്ധനും പരിശുദ്ധജീവിതമുള്ളവനുമായിരുന്ന പരുമലതിരുമേനിയെ (അന്ന് റമ്പാനായിരുന്നു) ദ്വിഭാഷിയായി അദ്ദേഹം നിയമിച്ചിരുന്നത് Ans. അവസാനത്തെ പേജിൽ അടിയിൽ അസ്സലിൽ നിന്നുതിരുത്ത് എന്നു പറഞ്ഞുകൊണ്ട് രാജകീയ അപ്പീൽ വിധിക്കുശേഷം അസലിൽ നിന്ന് ഭേദപ്പെടുത്തി (ആത്മിക) എന്നൊരു വാക്കുമാത്രം ജോസഫ് മോർ ദിവന്നാസ്യോസ് കൂട്ടിച്ചേർത്ത് അച്ചടിപ്പിച്ചുയെന്ന് കാണുന്നു. ജോസഫ് ദീവന്നാസ്യോസ് തിരുത്തിച്ചേർത്തതായി ഏതെങ്കിലും ചരിത്ര പുസ്തകത്തിലെ രേഖകളിലൊ കണ്ടിട്ടുണ്ടോ? എവിടെയാണെന്നോർമ്മ ഇല്ലങ്കിലും എവിടെയൊ വായിച്ചതായി ഓർക്കുന്നു. Ans. തിരുത്താനിടയായത് എങ്ങനെ എന്നറിയാമോ? എനിക്കറിഞ്ഞുകൂടാ. അതിൽ പറയുന്നതിൽ കൂടുതൽ എനിക്കറിഞ്ഞു കൂടാ. Ans. മുളന്തുരുത്തി സുന്നഹദോസിലെ പ്രധാന നിശ്ചയങ്ങൾ പാസ്സാക്കിയത് ഏതു തീയതിയിലാണ്? Q Ext.B 168 ൽ എഴുതിയിരിക്കുന്നത് 1051 മിഥുനം 17-ാം തീയതി രാവിലെ പത്തുമണിക്കുകൂടി. അന്നു കുറെ നിശ്ചയങ്ങൾ പാസ്സാക്കിയത് അതിന്റെ താഴെ പറയുന്നു. പ്രധാനവും അപ്രധാനവും ഏതെന്നെനിക്കറിഞ്ഞുകൂടാ Ans. Ext B 168 ലെ മിഥുനം 17-ാം പാസ്സാക്കിയ റസലൂഷനുകളിൽ ഇങ്ങനെ ഒരു പടിയോല എഴുതിയതായി പറയുന്നുണ്ടോ? Q അന്നത്തെ നിശ്ചയങ്ങളിൽ പടിയോല സമർപ്പിക്കണം. എന്നൊരു നിശ്ചയം ഉള്ളതായി കാണുന്നില്ല. അതിന്റെ നിശ്ചയം ചെയ്യേണ്ട ആവശ്യവും ഇല്ലായിരുന്നു. ഭരണസംബന്ധമായ അനന്തര നടപടികൾ എന്നവർക്കു തോന്നിയ സംഗതിയെക്കുറിച്ചാണ് നിശ്ചയങ്ങൾ ചെയ്തത് Ans. Ext A 71 ൽ 3-ാം നൂറ്റാണ്ടുവരെ സഭയിലുണ്ടായിരുന്ന സ്ഥാനികളുടെ വിവരം പേജ് 614 ൽ പറയുന്നത് ശരിയാണോ? ശരിയാണ് അതിൽ മെത്രാപ്പോലീത്ത എന്നു പറയുന്നതിന് അക്കാലത്തെ പ്രധാന ആസ്ഥാനങ്ങളിൽ ഭരിച്ചിരുന്ന പാത്രിയർക്കീസന്മാരും ഉൾപെടും. 615-ാം പേജിൽ സഭയുടെ വളർച്ചയോടു കൂടി കാലക്രമേണ എന്നു തുടങ്ങി എന്നും വിളിച്ചു വന്നിരുന്ന എന്നു പറയുന്നത് ശരിയാണോ? Q ശരിയാണ്, ആ വിവരമാണ് മുമ്പ് ഞാൻ ബോധിപ്പിച്ചത് Ans. 615-ാം പേജിൽ ഈ പ്രദേശങ്ങളിലുള്ള എപ്പിസ്കോപ്പന്മാരെല്ലാവരും എന്നു തുടങ്ങി ഭരണക്രമീകരണ വളർച്ചയോടുകൂടി സംജാതമായതാണ് എന്നു പറയുന്നതുവരെയുള്ള ഭാഗത്തു പറയുന്ന വിവരം ശരിയാണോ? Q അൽപ വിശദീകരണം ആവശ്യമാണ്. അന്ത്യോക്യായിലെ സിംഹാസനം സിറിയാ, പാലസ്റ്റയിൻ, കിലുക്കിയ, അർമീനിയ, മെസോപ്പൊട്ടോമിയാ, പേഴ്സ്യാ, ഇൻഡ്യാ എന്നീ സ്ഥലങ്ങളിൽ ചുരുക്കി പറഞ്ഞാൽ ഏഷ്യാ മുഴുവനിലും അലക്സാണ്ട്രിയായിലെ സിംഹാസനം ഈജിപ്ത്, ലിബിയ, പെന്റാപോലീസ് എന്നീ സ്ഥലങ്ങളും റോമിലെ സിംഹാസനം യൂറോപ്പ് വടക്കേ ആഫ്രിക്കയിലെ ചില ഭാഗം എന്നിവിടങ്ങളിലും ഭരണം നടത്തിക്കൊണ്ടിരുന്നു എന്ന വാചകത്തിനു

ശേഷമാണ് ഈ പ്രദേശത്തുള്ള എപ്പിസ്കോപ്പന്മാരെല്ലാവരും തങ്ങൾ ഏതേത് പ്രധാന എപ്പിസ്കോപ്പന്മാരുടെ ഭരണസീമകളിൽ പെട്ടിരുന്നുവോ ആ മേലദ്ധ്യക്ഷന്മാരുടെ കെട്ടുപാടിൽ സ്ഥിതി ചെയ്തിരുന്നു എന്ന വാചകം. അങ്ങനെ സഭാപരമായ ഭരണ ക്രമീകരണങ്ങളുടെ വളർച്ചയോടുകൂടി ഈ സംഗതി സംജാതമായതാണ് എന്നു പറയുന്നു. ഭരണക്രമം മുമ്പുണ്ടായിരുന്ന ഭരണ ക്രമത്തിന്റെ സ്ഥിരീകരണം മാത്രമാണ് Ans. 628--ാം പേജിൽ സഭാപരമായ ഭരണകാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതിനും എന്നു തുടങ്ങി പ്രാദേശിക സൂന്നഹദോസുകൾ നടത്തപ്പെട്ടുവന്നു എന്നുവരെയുള്ള ഭാഗത്തെ വിവരങ്ങൾ ശരിയാണല്ലോ? അതിൽ അതാത് ഇടവകയിലെ മേലദ്ധ്യക്ഷന്മാരുടെ ആസ്ഥാനങ്ങളിൽ വച്ച് എന്നു പറയുന്നത് ഒരു പള്ളിയുടെയൊ ഭദ്രാസനത്തിന്റെയൊ മേലദ്ധ്യക്ഷന്റെ ആസ്ഥാനമെന്നല്ല, അന്നത്തെ വിപുലമായ മഹാ ഇടകകളുടെ മേലദ്ധ്യക്ഷന്മാരുടെ ആസ്ഥാനങ്ങളിൽ വച്ച് എന്ന അർത്ഥത്തിൽ അവിടെ പറഞ്ഞിരിക്കുന്നത് ശരിയാണ്. Ans. 629-ാം പേജിൽ എന്നാൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിനു മുമ്പ് മിക്ക പ്രാവിശ്യകളിലും പ്രാദേശിക സൂന്നഹദോസുകൾ സമ്മേളിക്കുക എന്നുള്ളത് ഒരു നിയമമായിത്തീർന്നു എന്ന് പറയുന്നതു ശരിയാണോ? അതും മുൻപറഞ്ഞ സ്ഥലത്തും ഇപ്പോൾ പറഞ്ഞ ഭാഗത്തും പ്രാദേശിക സൂന്നഹദോസുകൾ എന്നു പറഞ്ഞിട്ടുള്ളത് ഒരേ അർത്ഥത്തിൽ തന്നെയാണോ? Q അതേ, പ്രവിശ്യ എന്നു പറഞ്ഞിരിക്കുന്നത് ഞാൻ മുമ്പു ബോധിപ്പിച്ച മൂന്നു ആസ്ഥാനങ്ങളെയാണ് അങ്ങനെയുള്ള ആ സ്ഥാനങ്ങളിൽ കൂടുന്നതിനെയാണ് പ്രാദേശിക സൂന്നഹദോസുകൾ എന്നു പറയുന്നത്. നിഖ്യാ, കുസ്തന്തിനോപോലീസ്, എഫേസോസ് ഇവ മൂന്നു മാത്രമാണ്. പൊതുസുന്നഹദോസുകൾ Ans. പ്രാവിശ്യ എന്നത് Province എന്ന അർത്ഥമാണ്. പ്രാദേശിക സൂന്നഹദോസ് Provincial Synod എന്നു പറയാം. അന്നു Province എന്നു പറഞ്ഞാൽ അന്നത്തെ മൂന്നു പ്രധാന മേലദ്ധ്യക്ഷന്മാർ ഭരിച്ചുകൊണ്ടിരുന്ന ഭൂവിഭാഗങ്ങൾക്കെല്ലാം ഉൾപ്പെട്ടവ എന്നാണ്. അന്നത്തെ government ന്റെ provinces തന്നെയല്ലാ സഭയും provinces ആയി സ്വീകരിച്ചിരുന്നത് എന്ന് മുമ്പ് സ്ഥലങ്ങളുടെ പേരു പറഞ്ഞു ബോധിപ്പിച്ച ആ ഭാഗത്തു നിന്നും വ്യക്തമാണ്. Civil Provincesഅനുസരിച്ച് സഭയുടെ ഭരണം ക്രമീകരിക്കണമെന്ന് ഏതെങ്കിലും സൂന്നഹദോസ് നിശ്ചയം ഉണ്ടായിട്ടുണ്ടോ? Q ഒരു നിശ്ചയം ഉണ്ടായിട്ടില്ല. ഞാൻ അങ്ങനെ ബോധിപ്പിച്ചിട്ടുമില്ല. Ans. 619-ാം പേജിൽ വിശ്വാസികൾ എപ്പിസ്കോപ്പായ്ക്ക് റിശീശ കൊടുത്തിരുന്നുയെന്നു പറഞ്ഞിട്ടുള്ളത് ശരിയാണോ? Q അവിടെ അങ്ങനെ പറഞ്ഞിട്ടുണ്ട്. അത് ഇന്നത്തെ റിശീസ എന്ന അർത്ഥത്തിലല്ല Ans. റിശീസയ്ക്ക് ആദ്യഫലം എന്നും അർത്ഥമുണ്ട്. ആദ്യഫലങ്ങൾ എപ്പിസ്കോപ്പായുടെ ഭവനത്തിലേക്ക് കൊണ്ടുവരണമെന്ന് കാനോന്റെ പരിഭാഷയിൽ ഉണ്ടെന്നാണ് എന്റെ ഓർമ്മ Ext A 71 ൽ 619-ാം പേജിൽ ആദ്യഫലം എന്ന അർത്ഥത്തിലാണ് റിശീസാ കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നത്.

Stopped for the day

മൊഴി വായിച്ചു കേട്ടു, ശരി.
കുര്യൻ കോർഎപ്പിസ്കോപ്പാ
(ഒപ്പ്)

Taken down by me in open Court read over to the witness and admitted by him to be Correct.

Sd/-

Judge. 28-6-78

29/6/78 Witness sworn again and cross examination continued.

Ext A 71 615-ാം പേജിൽ സഭയുടെ വളർച്ചയോടു കൂടി ഭരണക്രമീകരണങ്ങളും അതിനുള്ള നിയമങ്ങളും ഉണ്ടായതായി പറയുന്നുണ്ട്. ആ ഭരണ ക്രമീകരണങ്ങളും നിയമങ്ങളും ആത്മീയ കാര്യങ്ങളിൽ പെട്ടതോ ലൗകിക കാര്യങ്ങളിൽ പെട്ടതോ? ആത്മീയ ഭരണത്തിൽ പെട്ടതാണ് Ans. അതിനുള്ള നിയമങ്ങൾ ഉണ്ടാക്കിയതാരാണെന്നറിയാമോ? ആദ്യ നൂറ്റാണ്ടുകളിലാകയാൽ അതിനുള്ള നിയമങ്ങൾ അപ്പോസ്തലന്മാരിൽ നിന്നുള്ള പാരമ്പര്യമനുസരിച്ചുള്ള കീഴ്നടപ്പുകൾ ആയിരുന്നു. Ans. സഭാപരമായ ഭരണ ക്രമീകരണങ്ങളും അതിനുള്ള നിയമങ്ങളും ആത്മീയ കാര്യത്തിൽ പെടുന്നതാണെന്നാണോ പറയുന്നത്? സഭ ആത്മീയ സംഘടനയാകയാൽ അതിന്റെ നിയമങ്ങൾ പ്രധാനമായും ആത്മീയത്തെ മുൻ നിർത്തിയും അതത് സമയത്ത് ആത്മീയ കാര്യ നിർവ്വഹണത്തിന് ആവശ്യമായ മറ്റു നിയമങ്ങളും ഉണ്ടാക്കിയിരിക്കാം Ans. മറ്റു നിയമങ്ങൾ എന്നത് ലൗകിക നിയമങ്ങളാണോ? ആത്മീയ നിയമങ്ങളെ താങ്ങിനിൽക്കുന്ന നിയമങ്ങളാണ് Ans. ലൗകികമായ കാര്യങ്ങളെക്കുറിച്ചുള്ളതാണോ? അങ്ങനെ പറഞ്ഞുകൂടാ Ans. പൂർണ്ണമായും ആരമീയകാര്യങ്ങളെക്കുറിച്ചാണെന്ന് പറയാമോ? പൂർണ്ണമായും ആത്മികമായ നിയമങ്ങൾക്കു സഹായകമാണെന്നു പറയാം Ans. പൂർണ്ണമായും ആത്മീയ നിയമമാണെന്നോ അല്ലെന്നോ പറയാമോ? എനിക്കു പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു. ഓരോ നിയമത്തെയും പ്രത്യേകം ചോദിച്ചാൽ കൂടുതൽ പറയാം Ans. സഭ വകയായുള്ള ഭരണം ഇന്ന് മെത്രാപ്പോലീത്തന്മാരുടെ കീഴിലായിരിക്കണം എന്നൊരു നിയമം ഉണ്ടാക്കിയത് അത് ആത്മീയമോ ലൗകികമോ? സഭയിലെ ഓരോ വിഭാഗവും ഇന്നാരു ഭരിക്കണം എന്ന് തീരുമാനിച്ചാൽ അത് ആത്മീയ നിയമമാണ് ആ ഭരണത്തിന് ഇന്ന ഇന്ന സമിതികൾ ഉണ്ടായിരിക്കണം. ഇന്ന ഇന്ന ഓദ്യോഗിക ഭാരവാഹികൾ ഉണ്ടായിരിക്കണം എന്നു തീരുമാനിച്ചാൽ അത് ആത്മികമോ ലൗകികമോ? അത് ആ ആത്മീയ അദ്ധ്യക്ഷന്റെ ആത്മീയ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ളവയാണെങ്കിൽ അവ ആരമീയ നിയമങ്ങൾ എന്നു തന്നെ പറയാം Ans. അങ്ങനെയുള്ള ആത്മീയ നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരം സഭയിലുള്ള എപ്പേസ്കോപ്പന്മാർക്കൊ അവരുടെ സുന്നഹദോസിനൊ ആണോ? അവർ രണ്ടു കൂട്ടർക്കുമല്ല. അവരുൾപെടുന്ന

സഭയിലെ പരമാദ്ധ്യക്ഷനാണ് അവരുടെ സഹകരണത്തോടുകൂടി അങ്ങനെയുള്ള നിയമങ്ങൾ ഉണ്ടാക്കേണ്ടത് Ans. ആ സമിതികളുടെയും സ്ഥാനികളുടെയും അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതും മേൽപറഞ്ഞ പ്രകാരമാണോ? Q സഭയുടെ പരമാദ്ധ്യക്ഷന്റെ സമ്മതവും സഹകരണവും കൂടാതെ സഭയിലെ ഒരു കാര്യത്തിനും നിയമമുണ്ടാക്കാവുന്നതല്ല. മേൽ പറഞ്ഞ കാര്യത്തിനും മുമ്പ് പറഞ്ഞതു തന്നെ ബാധകമാണ് Ans സഭയുടെ പരമാദ്ധ്യക്ഷന് absolute power of legislation ഉണ്ടെന്നാണോ? എന്നല്ല ഞാൻ ബോധിപ്പിച്ചത് മുമ്പു ബോധിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ കീഴിലുള്ളവരും സംബന്ധിച്ച് സഹകരിച്ച് നിയമം ഉണ്ടാക്കണം എന്നുള്ളതാണ് അതിന്റെ നടപടി Ans. കീഴിലുള്ളവർ എന്നു പറഞ്ഞതിൽ ലെയിറ്റി ഉൾപ്പെടുമോ? ഓരോ പള്ളിയേയും സംബന്ധിക്കുന്ന കാര്യങ്ങളെക്കുറിച്ച് തീരുമാനം എടുക്കാനാണെങ്കിൽ ആ കാര്യം നേരത്തെ ഇടവകയെ അറിയിച്ച് അവരുടെ സ്പഷ്ടമായ തീരുമാനം എടുക്കുവാൻ അവസരം നൽകിയശേഷം അങ്ങനെയുള്ള കാര്യത്തിൽ ലെയിറ്റിയെയും സംബന്ധിപ്പിക്കും Ans ഈ പറഞ്ഞ നിയമങ്ങൾ കാനോനികമോ അഥവാ കീഴ്നടപ്പോ? കാനോനിൽ പറഞ്ഞിട്ടുള്ളവ അല്ലായിരിക്കാം. അംഗീകൃത കീഴ്നടപ്പുകളാണ് ഞാൻ ബോധിപ്പിച്ചത് Ans എല്ലാ കാര്യങ്ങളെക്കുറിച്ചും അവയുടെ നടത്തിപ്പിനെക്കുറിച്ചും കാനോനിൽ പറഞ്ഞിട്ടില്ല. കാനോനിൽ പറയാത്ത കാര്യങ്ങൾക്കാണോ കീഴ്നടപ്പു ബാധകമാക്കുന്നത്? അല്ല. കാനോനിൽ പറഞ്ഞിട്ടുള്ളവ ആണെങ്കിലും പല നൂറ്റാണ്ടുകൾക്ക് മുമ്പ് നിലച്ചു പോയ കാര്യങ്ങൾക്കും കീഴ്നടപ്പു ബാധകമാണ് Ans അങ്ങനെയുള്ള കീഴ്നടപ്പുകൾ കാനോൻ നിയമത്തിനു വിരുദ്ധമാകാമോ? അതിനെക്കുറിച്ചു മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. കാനോനിൽ പറയുന്നവയിൽ കാലക്രമേണ നടപ്പിലില്ലാതെ വന്ന കാര്യങ്ങൾ സഭാ തലവന്റെ അറിവോടുകൂടി വ്യത്യാസപ്പെട്ട അംഗീകൃത കീഴ്നടപ്പുകൾ ആണ് എന്ന് ബോധിപ്പിച്ചിട്ടുള്ളതിനാൽ കാനോനിൽ ഉണ്ടെങ്കിലും നിലവിലില്ലാത്ത നിയമങ്ങളാകയാൽ അവ കാനോൻ നിയമങ്ങൾക്ക് എതിര് എന്നു പറയുവാൻ സാദ്ധ്യമല്ല. പാത്രിയർക്കീസ് എന്ന പേരിൽ ഒരു സ്ഥാനം ഉണ്ടായത് ഏത് നൂറ്റാണ്ടിലാണ്? 3-ാം നൂറ്റാണ്ടിനു മുമ്പ് ആ പേരുണ്ടായിരുന്നു എന്ന് മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. ക്രിസ്താബ്ദം 231 ൽ ആഹോദാബൂയിയുടെ വാഴ്ചക്കാര്യം പറയുമ്പോൾ പാത്രിയർക്കീസ് എന്ന നാമം ബാർ എബ്രായ അദ്ദേഹത്തിന്റെ *എക്ലിഷ്യാസ്റ്റിക്കിയിൽ* പറഞ്ഞിട്ടുണ്ടെന്നാണ് മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുള്ളത്. അന്ത്യോക്യായിലെ മേൽപട്ടക്കാരനാണ് പാത്രിയർക്കീസ് എന്ന സ്ഥാനം ലഭിച്ചത്. പൊതുവായിട്ട് അങ്ങനെ ഒരു സ്ഥാനം അംഗീകരിക്കപ്പെട്ടതെന്നാണ്? നാമം അംഗീകരിക്കപ്പെട്ടത് എന്നാണെന്നും കൃത്യം പറയുവാൻ നിവൃത്തിയില്ല. എന്നാൽ 325 ൽ കൂടിയ നിഖ്യാസുന്നഹദോസിന്റെ നിശ്ചയത്തിൽ ലോകത്തിന്റെ നാലു ഭാഗങ്ങളനുസരിച്ച് നാല് പാത്രിയർക്കീസുമാർ ഉണ്ടായിരിക്കണം എന്നു പറഞ്ഞിട്ടുണ്ട്. അതിനുമുമ്പ് തന്നെ പാത്രിയർക്കീസ് ബാവാ എന്നീ പേരുകൾ നിലനിലുണ്ടായിരുന്നുയെന്ന് Ext

A 71 ൽ എവിടെയൊ പറഞ്ഞിട്ടുണ്ട് എന്ന് എനിക്ക് തോന്നുന്നു. അതിനും പുറമെ A 71 630-ാം പേജ് കഴിഞ്ഞ് അദ്ധ്യായം 24 എന്നുള്ളതിന്റെ താഴെ ആദ്യത്തെ 3 നൂറ്റാണ്ടുകളിലെ അന്ത്യോക്യാ പാത്രിയർക്കീസുമാർ എന്നു പറഞ്ഞ് 19 പേരുടെ ഒരു ലിസ്റ്റ് കാണുന്നുണ്ട്. മുളന്തുരുത്തി സുന്നഹദോസിനു ശേഷം ജോസഫ് ദിവന്നാസേസ് പരുമല വച്ച് ഒരു യോഗം കൂടിയോ എന്നറിയില്ല. നവീകരണ മെത്രാൻ തോമസ് അത്തനേഷ്യസിന് എതിരായി ജോസഫ് ഡയനിഷ്യസ് കേസ് കൊടുത്തതായി അറിയാം. ആ കേസിനു മുമ്പ് അദ്ദേഹം മലങ്കരയിലെ എപ്പിസ്കോപ്പന്മാരെ വിളിച്ചു വരുത്തി യോഗം കൂടിയോ? മുളന്തുരുത്തി സുന്നഹദോസ് കേസു നടത്തുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയിരുന്നതനുസരിച്ച് മെത്രാന്മാരെ മാത്രമല്ല, മറ്റു പലരെയും അദ്ദേഹം വിളിച്ചു കൂട്ടിയിട്ടുണ്ടായിരിക്കണം. ഇതു സംബന്ധിച്ച് ചരിത്രരേഖകൾ ഞാൻ കണ്ടിട്ടില്ല. കേസ് നടത്താൻ ചുമതലപ്പെടുത്തിയതിനാൽ മുൻപറഞ്ഞ പ്രകാരം ചെയ്തിരിക്കുമെന്നാണ് എന്റെ ഊഹം Ans. നവീകരണക്കാരിൽ നിന്നും പള്ളികൾ വീണ്ടെടുക്കാൻ കേസ് ഉണ്ടായി. ഓരോ പള്ളിയെക്കുറിച്ചും കേസുണ്ടായതായി അറിഞ്ഞുകൂടാ അങ്ങനെ കേസുണ്ടായിട്ടുണ്ടോ എന്ന വിവരം സാക്ഷിയുടെ പഠനത്തിൽ നിന്നു മനസ്സിലായിട്ടുണ്ടോ? അക്കാര്യം പ്രത്യേകം മനസ്സിലാക്കണമെന്ന് ഉള്ള ആഗ്രഹത്തോടുകൂടി പ്രത്യേകം കാര്യമായി നോക്കാൻ ഇടയായിട്ടില്ല എന്നുള്ളതാണ് സത്യം Ans. ചരിത്രങ്ങൾ വായിച്ചത് ഇന്ന ഉദ്ദേശ്യത്തോടുകൂടിയാണെന്നു പറയാമോ? ഈ സഭക്കെതിരായി മറ്റു സഭകളിൽ നിന്നോ പാത്രിയർക്കീസ് വിഭാഗത്തിനെതിരായി മറ്റു ഭാഗത്തുനിന്നോ വരുന്ന വിമർശനങ്ങൾക്ക് കഴിവനുസരിച്ച് മറുപടി കൊടുക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി അങ്ങനെയുള്ള ഭാഗങ്ങൾ കാണാവുന്ന ചരിത്രപുസ്തകങ്ങൾ എവിടെ നിന്നെങ്കിലും വാങ്ങി വായിക്കയായിരുന്നു. Ans. ഇ.എം. ഫിലിപ്പിന്റെ ചരിത്രം മുഴുവനും ഞാൻ വായിച്ചിട്ടുണ്ട്. ജോസഫ് ഡയനിഷ്യസ് മാത്രം വാദിയായി ഇടവകപള്ളിവക സ്വത്തുക്കൾ വീണ്ടെടുക്കുന്നതിനു കേസ് കൊടുത്തിട്ടില്ലേ? Q അദ്ദേഹം നടത്തിയ കേസുകളെക്കുറിച്ച് ഞാൻ പഠനം നടത്തിയിട്ടില്ല എന്നുള്ള സത്യം വീണ്ടും ബോധിപ്പിച്ചുകൊള്ളുന്നു. ഇ.എം. ഫിലിപ്പ് സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ സെക്രട്ടറിയായിരുന്നോ? Q *മലങ്കര ഇടവക പത്രിക* മുതലായ പ്രസിദ്ധീകരണങ്ങളിൽ നിന്നും അദ്ദേഹം എഴുതിയ പുസ്തകങ്ങളിൽ നിന്നും മനസ്സിലാക്കിയിട്ടുള്ളതാണ്. *മലങ്കരസഭയുടെ രഹസ്യ പേടക*മെന്നൊരു പുസ്തകം അദ്ദേഹം എഴുതിയിട്ടുള്ളതായി കേട്ടിട്ടുണ്ട്. അതു വായിച്ചിട്ടുമുണ്ട്. ഇ.എം. ഫിലിപ്പ് ക്നാനായക്കാരനായിരുന്നു. നവീകരണക്കാർക്ക് എതിരായി കേസ് നടത്തുന്നതിന് ജോസഫ് ഡയനീഷ്യസിനെ സഹായിച്ചുകൊണ്ടിരുന്നതദ്ദേഹമാണോ? Q മോർ ജോസഫ് ഡയനീഷ്യസിന്റെ സെക്രട്ടറി എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും എന്ന പോലെ കേസ് നടത്തിപ്പിലും വളരെ ഏറെ സഹായിച്ചിട്ടുണ്ടെന്നാണ് അറിവ് Ans. ഇപ്പോൾ ബസേലിയോസ് പൗലോസ് രണ്ടാമൻ എന്നറിയപ്പെടുന്ന അദ്ദേഹത്തെ അറിയാമോ? Q പരിശുദ്ധ

പാത്രിയർക്കീസിനാൽ പൗരസ്ത്യ കാതോലിക്ക ആയി വാഴിക്കപ്പെട്ടിട്ടുള്ള ബസേലിയോസ് പൗലോസ് രണ്ടാമൻ കാതോലിക്ക ബാവായെ അറിയാം. Ans. അദ്ദേഹത്തിന്റെ ഒപ്പു കണ്ടാലറിയാം. എന്നെ കാണിച്ചതിൽ അദ്ദേഹത്തിന്റെ ഒപ്പു പോലെയിരിക്കുന്നു. അദ്ദേഹത്തിന്റെ ഒപ്പാണ്. Signature in Ext A 73 shown Ext A 73 handed over to witness for reading അതിൽ എപ്പിസ്കോപ്പൽ സഭ എന്നു പറഞ്ഞിരിക്കുന്നത് ഏത് സഭയാണ് ? Q പാത്രിയർക്കീസ് തലവനായുള്ള ഹയറാർക്കിക്കൽ ഭരണരീതിയുള്ള സഭ എന്ന് മുമ്പ് ഞാൻ ബോധിപ്പിച്ച അതേ സഭ തന്നെയാണ് Ans. സാക്ഷി ഈ സഭ എന്ന് പറയുന്നതാണോ ആ സഭ? Q ഈ സഭ തന്നെയാണ് ആ സഭ Ans. രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെടുന്നതും ഇലക്ഷനു സ്ഥാനാർത്ഥിയായി നിൽക്കുന്നതും ആത്മീയ കാര്യമോ ലൗകിക കാര്യമോ? Q ലൗകിക കാര്യത്തിൽപെടുന്നതാണ് Ans. സഭയിലെ വൈദികരാരും ഇലക്ഷനിൽ സ്ഥാനാർത്ഥിയായി നിൽക്കരുതെന്നു Ext A 73 ൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ നിരോധിച്ചു കാണുന്നത് എപ്പിസ്കോപ്പൽ അധികാരം ഉപയോഗിച്ചാണോ? Q ഈ കൽപന വഴി അത് നിരോധിച്ചിട്ടില്ല. എന്നാൽ സഭ അനുവദിച്ചിട്ടില്ലാത്തതാകുന്നു എന്നു പറഞ്ഞുകൊണ്ട് തന്റെ ആത്മീയ മക്കൾക്ക് ആത്മീയ നിർദ്ദേശം കൊടുക്കേണ്ടത് ഒരാത്മീയ മേലദ്ധ്യക്ഷന്റെ ചുമതലയാകയാൽ അതനുസരിച്ചുള്ള നിർദ്ദേശമാണ് Ext. A 73 ൽ ഉള്ളത് Ans. സഭയുടെ ഭരണചുമതല ഏറ്റിട്ടുള്ളവർ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് കൃത്യവിലോപമായി നാം കരുതുന്നുവെന്ന് Ext A 73 ൽ പറയുന്നില്ലേ? അങ്ങനെയല്ല പറയുന്നത്. സഭയുടെ ഭരണ ചുമതല ഏറ്റിട്ടുള്ളവർ തങ്ങളുടെ പ്രഥമവും പ്രധാനവുമായ ചുമതലകളിൽ നിന്നും വഴുതി രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് നാം കൃത്യ വിലോപമായി കരുതുന്നു എന്നാണ് വാചകം Ans. സഭയുടെ ഭരണച്ചുമതലയുള്ളവരുടെ ലൗകികമായ പ്രവർത്തനങ്ങളും സഭയുടെ താൽപര്യങ്ങൾക്ക് അനുഗുണമായി എപ്പിസ്കോപ്പായ്ക്ക് നിയന്ത്രിക്കാമോ? സഭയിലെ ഏത് ഒരംഗം ചെയ്യുന്ന ഏതു കാര്യവും സഭയുടെ താൽപര്യത്തിന് അനുഗുണമായിരിക്കത്തക്കവണ്ണം ആയിരിക്കണമെന്ന് നിയന്ത്രിക്കുകയല്ല, ബുദ്ധി ഉപദേശം ചെയ്യുവാൻ അല്ലെങ്കിൽ ഗുണദോഷിക്കുവാൻ ആത്മീയ മേലദ്ധ്യക്ഷനു ചുമതലയുണ്ട്. Ans. ആ ഉപദേശം സ്വീകരിച്ചില്ലെങ്കിൽ അദ്ദേഹത്തിനു നടപടി എടുക്കാമോ?Q അത് കാര്യത്തിന്റെ ഗൗരവം പോലെ ഇരിക്കും Ans Ext A 73 കൽപനയൽ പറയുന്നതിനു വിപരീതമായി പ്രവർത്തിച്ചാൽ അദ്ദേഹത്തിനു നടപടി എടുക്കാമോ? Q അത് കൽപന അയച്ച ആളിനെ ആശ്രയിച്ചിരിക്കുന്നതിനാൽ ഇതിൽ കൂടുതൽ എനിക്കൊന്നും അറിഞ്ഞുകൂടാ Ans എന്തുനിലയിൽ എഴുതിയിട്ടുള്ള കൽപനയാണ്? Q പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ ബസേലിയോസ് പൗലോസ് ദ്വിതിയൻ അറിയിക്കുന്നത് എന്നാണ് അവിടെ എഴുതിയിരിക്കുന്നത് Ans ഔദ്യോഗിക നിലയിൽ എഴുതിയിട്ടുള്ളതാണോ? Q എനിക്കറിഞ്ഞു കൂടാ Ans മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിൽ സ്ഥാനമേൽക്കുകയോ

എന്തെങ്കിലും ചെയ്യുകയോ അരുതെന്ന് കോടതി അദ്ദേഹത്തെ നിരോധിച്ചിട്ടുണ്ടോ? Q മലങ്കര മെത്രാപ്പോലീത്ത എന്ന് പേരുവക്കുന്നതിന് നിരോധിച്ചിട്ടില്ലെന്നാണ് എന്റെ അറിവ്. മലങ്കര മെത്രാപ്പോലീത്തയുടെ ഏകമജാലിയായി ട്രസ്റ്റു ഭരണം സംബന്ധിച്ച് Function ചെയ്യരുത് എന്ന് കോടതി ഉത്തരവുള്ളതായി കേട്ടിട്ടുണ്ട്. Ans എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയ്ക്കുന്നു എന്നു ക്രിസ്തു പറഞ്ഞു അപ്പോസ്തലന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? Q ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാൽ ആ ചുമതലപ്പെടുത്തിയ സന്ദർഭത്തിൽ യോഹന്നാന്റെ സുവിശേഷം അനുസരിച്ച് എല്ലാ അപ്പോസ്തലന്മാരും അവിടെ ഇല്ലായിരുന്നു Ans ആരാണ് ഇല്ലാതിരുന്നത്? Q പന്ത്രണ്ട് പേരുണ്ടായിരുന്നവരിൽ നേരത്തെ തുങ്ങി മരിച്ച യൂദാ ഇല്ലായിരുന്നു. മോർ തോമാ ശ്ലീഹായും അപ്പോളവിടെ ഇല്ലായിരുന്നു. അപ്പോസ്തലന്മാരെ സ്വീകരിക്കുന്നവൻ ക്രിസ്തുവിനെ സ്വീകരിക്കുന്നു. അവരെ നിഷേധിക്കുന്നവർ ക്രിസ്തുവിനെ നിഷേധിക്കുന്നുയെന്നു വേദത്തിൽ കാണാമോ? Q കാണാം Ext B 20St. John Chap XVII vers 18 And thou hast sent me to the world ever so have also I have sent them into the world എന്നാണ്. അത് അപ്പോസ്തലന്മാരെപ്പറ്റിയാണോ? Q അത് യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു മുമ്പ് ശ്ലീഹന്മാർ പന്ത്രണ്ട് പേരും ഉണ്ടായിരുന്നപ്പോൾ ഈരണ്ടായി അവരെ അയച്ചതും മറ്റും ഉദ്ദേശിച്ചാണ് Ans. ഈരണ്ട് ഈരണ്ടായി അയച്ചതിനെ ഉദ്ദേശിച്ചാണെന്നു പറയുന്നതിന്റെ അടിസ്ഥാനം എന്നാണ്? ലോകത്തിലേക്ക് പ്രവർത്തനത്തിന് അവരെ അയച്ചത് ഈ രണ്ടു ഈരണ്ടായിട്ട് എന്ന് ഞാൻ വായിച്ചിട്ടുണ്ട്. Ans.vers 22 and glory which thou gaveth me have give them that they many be one was as we are one. We in them and thou in me that they may be made perfect in one and that the world may know that thou has sent me and has loved then as thou has loved me എന്നും പറയുന്നത് എല്ലാ അപ്പോസ്തലന്മാരെയും സംബന്ധിച്ചാണോ? Q അതെ Chap XVII ലെ ഭാഗങ്ങൾ great high priestly prayer of Jesus എന്നറിയപ്പെടുന്നുണ്ടോ? അങ്ങനെ സഭയിൽ അറിയപ്പെടുന്നില്ല. അങ്ങനെ പറയുന്നവർ ഉണ്ടായിരിക്കും. Ans. അതു ക്രിസ്തു അപ്പോസ്തലന്മാർക്കു വേണ്ടി പിതാവാം ദൈവത്തോട് അപേക്ഷിച്ചു പ്രാർത്ഥിക്കുന്നതായിട്ടുള്ളതാണ്. ക്ലെമന്റ് ഓഫ് റോം, ഇഗ്നേഷ്യസ്, സിപ്രിയൻ, ഐറേനിയസ്, എന്നിങ്ങനെയുള്ള സഭാപിതാക്കന്മാരുടെ ലേഖനങ്ങളൊ എഴുത്തുകളൊ സാക്ഷി വായിച്ചിട്ടുണ്ടോ? Q അവരുടെ ലേഖനങ്ങളും എഴുത്തുകളും മുഴുവനായി വായിച്ചിട്ടില്ലെങ്കിലും അവരിൽ ചിലരുടെ കൃതികളിൽ നിന്നുള്ള ഭാഗങ്ങൾ വായിച്ചിട്ടുണ്ട്. ക്ലെമന്റ് പാത്രിയർക്കീസിന്റെ വാഴ്ചയിൽ മാത്രം ഉപയോഗിക്കുന്ന പരിശുദ്ധാത്മ വിളിയുടെ പ്രാർത്ഥന എഴുതിയത് പട്ടം കൊട പുസ്തകത്തിൽ വായിച്ചിട്ടുണ്ട്. മറ്റുള്ളവരുടെയും കൃതികളിൽ നിന്നു ചിലതെല്ലാം വായിച്ചിട്ടുണ്ട്. ഈ പിതാക്കന്മാരുടെ ലേഖനങ്ങളും എഴുത്തുകളും ആധികാരികമായി സഭ സ്വീകരിക്കുന്നതാണോ? Q അവരെ സഭാപിതാക്കന്മാരായി സഭ സ്വീകരിക്കുന്നുണ്ട്. അവരുടെ ഓരോ അഭിപ്രായവും ആധികാരികമായി സഭ സ്വീകരിച്ചിരിക്കുന്നു എന്ന് ഞാൻ ഒരിടത്തും വായി

ച്ചിട്ടില്ല. Ans. question repeated വായിച്ചിട്ടില്ലാത്ത സ്ഥിതിയ്ക്ക് അവരുടെ എല്ലാ അഭിപ്രായവും സഭ ആധികാരികമായി സ്വീകരിക്കുന്നുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ Ans. Unity of the Church നെപ്പറ്റിയും സഭയിൽ എപ്പിസ്കോപ്പമാർക്കുള്ള സ്ഥാനത്തെപ്പറ്റിയും മുൻ പറഞ്ഞ പിതാക്കന്മാർ പ്രതിപാദിക്കുന്നുണ്ടോ? മോർ ഇഗ്നാത്തിയോസ് പട്ടത്വം അഥവാ എപ്പിസ്കോപ്പാ അന്നത്തെ അർത്ഥത്തിൽ എവിടെ ഉണ്ടോ അവിടെയെ സഭയുള്ളു. പട്ടത്വത്തിന്റെ ഉത്ഭവസ്ഥാനത്തെ അന്നത്തെ രീതിയിൽ പറയുമ്പോൾ എപ്പിസ്കോപ്പായ്ക്ക് അനുസരണമുള്ളവരായിരിക്കണം എന്നെല്ലാം എഴുതിയിട്ടുള്ളതായി വായിച്ചിട്ടുണ്ട്. അതിൽ കൂടുതലായി മുമ്പ് പറഞ്ഞ വിഷയത്തെ കുറിച്ച് ഇവരെല്ലാവരും എന്തെല്ലാം എഴുതിയിട്ടുണ്ടെന്നറിഞ്ഞുകൂടാ. എന്തെങ്കിലും എഴുതിയിട്ടുണ്ടോ, ആവക സംഗതികളെക്കുറിച്ച് എന്നും അറിഞ്ഞുകൂടാ. Ans. ഇഗ്നേഷ്യസിന്റെ മേൽപറഞ്ഞ കാര്യങ്ങളെപ്പറ്റിയുള്ള പഠിപ്പിക്കൽ സഭ ആധികാരിമായി സ്വീകരിക്കുന്നുണ്ടോ? Q സഭയുടെ ജീവനാകുന്ന പട്ടത്വത്തിന്റെ കൈവെപ്പിന്റെ ഉത്ഭവ സ്ഥാനത്തോട് എല്ലാവരും വിശ്വസ്തതയും അനുസരണവും പാലിച്ചുകൊണ്ട് കീഴ്പ്പെട്ടിരിക്കണമെന്നുള്ള മോർ ഇഗ്നാത്തിയോസിന്റെ പ്രസ്താവനയെ സഭ ആധികാരികമായി അംഗീകരിക്കുന്നുതു തന്നെയാണ് Ans. ഇഗ്നാത്തിയോസിന്റെ ലേഖനങ്ങളിൽ എപ്പിസ്കോപ്പായെ കൂടാതെ സഭാപരമായ യാതൊന്നു ചെയ്യരുതെന്നു പറയുന്നുണ്ടോ? Q അങ്ങനെ പറയുന്നുണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല. അഥവാ ഉണ്ടായാൽ തന്നെ അന്നത്തെ വൈദിക മേലദ്ധ്യക്ഷ സ്ഥാനത്തെയാണ് എപ്പിസ്കോപ്പാ എന്ന് പദം കൊണ്ടുദ്ദേശിക്കുന്നത് Ans. ഇഗ്നാത്തിയോസ് ഓരോ സ്ഥലത്തുമുള്ള പ്രാദേശിക സഭകൾക്ക് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ആ ലേഖനങ്ങളിൽ അതത് പ്രാദേശിക എപ്പിസ്കോപ്പന്മാരെ പറ്റി പ്രതിപാദിക്കുന്നുണ്ടോ? Q നിശ്ചയമില്ല. Ans. Bishop stands for God to the church and for church to God എന്നു പറഞ്ഞാൽ ശരിയാണോ? Q അങ്ങനെയുള്ള വാചകം എവിടെ നിന്നാണെന്നറിഞ്ഞു കൂടാ. ബിഷപ്പിനെക്കുറിച്ചു മാത്രമല്ല church എന്നു പറയുന്ന വിശ്വാസികളുടെ കൂട്ടത്തിനും ദൈവത്തിനും മദ്ധ്യേ പ്രതിനിധിയായി നിലനിൽക്കുന്ന പട്ടക്കാരനും ഈ വാചകം ഉപയോഗിക്കാം. Ans. Bishop നെയും പട്ടക്കാരനെയും സംബന്ധിച്ച് മേലുദ്ധരിച്ചുത് ശരിയാണോ? Q അവരിരുവരും ദൈവത്തിൽ നിന്നുള്ള ആദ്ധ്യാത്മിക നൽവരം ജനങ്ങൾക്കു കൊടുക്കുന്നതിനാലും ജനങ്ങളുടെ ആത്മാക്കൾക്ക് വേണ്ടി ദൈവ സന്നിധിയിലുള്ള കർമ്മങ്ങൾ നടത്തുന്നതുകൊണ്ടും ഇരു കൂട്ടരെക്കുറിച്ചും ടി വാചകം ശരിയാണ്.

Stopped for the day

മൊഴി വായിച്ചു കേട്ടു, ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

Taken down by me in open court read over to the witness and admitted by him to be correct

Sd/-
Judge

29-6-78

30/6/78 witness sworn again and cross examination continued fullness of priesthood എപ്പിസ്കോപ്പായ്ക്കാണോ? ഓരോ പട്ടക്കാരന്റെയും Priesthood പൂർണ്ണമാണ്. Ans. പട്ടത്വസ്ഥാനികളിൽ ഏറ്റവും പൂർണ്ണതയുള്ള പട്ടത്വം എപ്പിസ്കോപ്പാ മുമ്പ് ബോധിപ്പിച്ചതുപോലെ പട്ടക്കാരുടെ പട്ടവും പൂർണ്ണ മാണെങ്കിലും പട്ടത്വം നൽകാനുള്ള അധികാരം പാത്രിയർക്കീസിൽ നിന്നും എപ്പിസ്കോപ്പാമാർക്ക് ലഭിച്ചിട്ടുണ്ട്. Ans. എപ്പിസ്കോപ്പാമാർക്കും പട്ടക്കാർക്കും തമ്മിൽ പട്ടത്വത്തിലുള്ള വ്യത്യാസം എന്താണ്? Q വിശുദ്ധ കുർബാന അർപ്പി ക്കുക, മാമൂദീസ നൽകുക മുതലായ സ്വീകരണ കൂദാശകൾ അനുഷ്ഠിപ്പാൻ പട്ടക്കാർക്ക് അധികാരം ഉണ്ട്. എന്നാൽ പട്ടം കൊടുക്കുക, പള്ളിയും തബ്ലൈ ത്തകളും കൂദാശ ചെയ്യുക, വിശുദ്ധ തൈലങ്ങൾ കൂദാശ ചെയ്യുക മുതലായ അധികാരങ്ങൾ എപ്പിസ്കോപ്പായ്ക്കുണ്ട്. പട്ടക്കാരൻ ഒരു പള്ളിയുടെ മാത്രം ആത്മീയ പിതാവായിരിക്കുമ്പോൾ ഒരു മേൽപട്ടക്കാരൻ പല പള്ളികളു ടെയും ആത്മീയ പിതാവാണ് Ans. പട്ടക്കാരൻ അനുഷ്ഠിക്കുന്ന എല്ലാ കൂദാ ശകളും കർമ്മങ്ങളും എപ്പിസ്കോപ്പാക്കും നടത്താമോ? Q എപ്പിസ്കോപ്പാ പട്ടക്കാരന് പട്ടവും തദനുസരണമായ അധികാരവും നൽകുന്നവനാകയാൽ പട്ടക്കാരൻ അനുഷ്ഠിക്കുന്ന എല്ലാ കൂദാശകളും അദ്ദേഹത്തിനും അനുഷ്ഠി ക്കാവുന്നതാകുന്നു. Ans. എപ്പിസ്കോപ്പായ്ക്കു പട്ടം കൊടുക്കുന്നതിനു പാത്രിയർക്കീസിനു മാത്രമെ അധികാരമുള്ളൂ എന്നാണൊ സാക്ഷി പറയു ന്നത്? Q പാത്രിയർക്കീസിനു മാത്രമുള്ള ആ അധികാരം സൗകര്യത്തെ പ്രതി അദ്ദേഹത്തിന്റെ കീഴ് സ്ഥാനികൾക്കും പാത്രിയർക്കീസ് കൊടുക്കാറുണ്ട്. Ans. പട്ടത്വം എന്നത് ഏഴ് കൂദാശകളിൽ ഒന്നല്ലേ? Q അതെ. പട്ടത്വ കൂദാശയിൽ പെട്ട ഒരു പട്ടമാണോ എപ്പിസ്കോപ്പായുടെ പട്ടത്വ കൂദാശ?Q ചോദ്യം മന സ്സിലായില്ല. Ans. എപ്പിസ്കോപ്പാ ആയി ഒരാളെ വാഴിക്കുന്നത് ഒരു കൂദാശ ആണോ? Q എപ്പിസ്കോപ്പാ ആയി ഒരാളെ വാഴിക്കുന്നതും എപ്പിസ്കോപ്പാ ഒരു പട്ടക്കാരനെ Ordian ചെയ്യുന്നതും പട്ടത്വ കൂദാശ പ്രാപിക്കലാണ് Ans. കാതോലിക്കോസിന്റെ സ്ഥാനാരോഹണവും പാത്രിയർക്കീസിന്റെ സ്ഥാനാ രോഹണവും അതുപോലെയുള്ള കൂദാശയാണോ? Q രണ്ടും സ്ഥാനാരോഹ ണമാകയാൽ കൂദാശയിൽ പെടുന്നതല്ല Ans. എപ്പിസ്കോപ്പാ അല്ലെങ്കിൽ ബിഷപ്പ് ആയാൽ കൂദാശകളിൽ പെടുന്ന പട്ടം കൊട അവസാനിച്ചു വെന്നാണോ? Q മുമ്പ് ബോധിപ്പിച്ചതുപോലെ എപ്പിസ്കോപ്പാക്കും മേൽസ്ഥാനി കൾക്കും നൽവരമൊന്നും അധികാരം വ്യത്യസ്തവുമാകയാൽ എപ്പിസ്കോപ്പാ സ്ഥാനാരോഹണത്തോടുകൂടി മേൽ പട്ടത്തിന്റെ ശുശ്രൂഷ അവസാനിക്കുമെങ്കിലും പരിശുദ്ധാത്മ വിളിമൂലമാണ് സ്ഥാനോചിതമായ അധികാരങ്ങൾ ലഭിക്കുന്ന തെന്നതിനാൽ സ്ഥാനാരോഹണം സംബന്ധിച്ച ശുശ്രൂഷകളിൽ അതിനുള്ള പ്രത്യേക പ്രാർത്ഥനകൾ ചേർത്തിരിക്കും Ans.പാത്രിയർക്കീസിന്റെ പരിശു ദ്ധാത്മ വിളിക്കു പ്രത്യേക പ്രാർത്ഥന ഉണ്ടോ? Q നിശ്ചയമായും. അത് ക്ലീമി സിന്റെ പ്രാർത്ഥന എന്നു പറയും. Ans. അതു കാതോലിക്കോസിനുണ്ടോ?

Q കാതോലിക്കാസിന്റെ സ്ഥാനാരോഹണത്തിനും പരിശുദ്ധാത്മ വിളിയുടെ പ്രത്യേക പ്രാർത്ഥന ഉണ്ട്Ans.അതിനു പ്രത്യേക പേരു പറഞ്ഞിട്ടില്ല. പാത്രിയർക്കീസിനു മാത്രമുള്ള ഇരുഭാഗത്തു നിന്നും ഹാജരാക്കിയിട്ടുള്ള കാനാനുകളിൽ പറഞ്ഞിട്ടുണ്ട്. കാതോലിക്കോസിന്റെ ആരോഹണത്തിന് ക്ലിമിസിന്റെ പ്രാർത്ഥന ഉപയോഗിക്കാമോ? Q പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിനുമാത്രം എന്നു പ്രത്യേകം പറയപ്പെട്ടിരിക്കുന്നതിനാൽ കാതോലിക്കാ സ്ഥാനാഭിഷേകത്തിന് ഒരിക്കലും അത് ഉപയോഗിക്കുകയില്ല. Ans അതുപയോഗിച്ചുകൂടാ എന്നു തടസ്സപ്പെടുത്തുന്ന വല്ല നിയമവും കണ്ടിട്ടുണ്ടോ? Q വന്ദ്യനായ ന്യായാധിപന് മാത്രം ഉള്ള അധികാരം എന്നതിനെക്കുറിച്ചെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ ബാക്കി ആർക്കും അത് ഇല്ലായിരിക്കും എന്നു പ്രത്യേകം പറയേണ്ടതില്ലാത്തതുപോലെ പാത്രിയർക്കീസിനു മാത്രമുള്ള ഒന്ന് മറ്റാർക്കും പാടില്ലാ എന്നു പ്രത്യേകം എടുത്തു പറയേണ്ട ആവശ്യം ഇല്ല Ans അലക്സാണ്ട്രിയൻ പോപ്പിനെ വാഴിക്കുന്നതിന് ക്ലീമിസിന്റെ പ്രാർത്ഥന ഉപയോഗിക്കാമോ? Q അവരുടെ പട്ടം കൊട പുസ്തകവും കാനോനും ഞാൻ ഇതുവരെ കണ്ടിട്ടില്ലാത്തതിനാൽ അവരെന്തെല്ലാം പ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ Ans മോർ ക്ലീമിസ് ഏതു നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പിതാവാണ്? Q ഒന്നാം നൂറ്റാണ്ടിൽ അവസാനത്തിലോ രണ്ടിന്റെ ആരംഭത്തിലോ ആയിരിക്കണം. റോമസഭ പത്രോസിനുശേഷം ലീനോസ്, അനക്ലത്തോസ് എന്നിവർക്കുശേഷം ഈ ക്ലിമിസിന്റെ പേരാണ് അവരുടെ പട്ടികയിൽ ചേർത്തിട്ടുള്ളത് Ans. ലിനോസിനെ വാഴിച്ചത് പൗലോസല്ലേ? Q എന്ന് ഞാൻ ഒരിടത്തും വായിച്ചിട്ടില്ല. പത്രോസാണ് എന്ന് പല സഭാചരിത്ര പുസ്തകങ്ങളിലും വായിച്ചിട്ടുണ്ട് Ans. പുസ്തകത്തിന്റെ പേർ ഓർക്കുന്നില്ല. അനക്ലത്തോസിനെ വാഴിച്ചതും പത്രോസാണെന്നാണ് ഞാൻ വായിച്ചിട്ടുള്ളത് ലിനോസ് കാലം ചെയ്ത ശേഷമാണോ അനക്ലത്തോസിനെ വാഴിച്ചത് എന്ന് എനിക്ക് ശരിക്കറിഞ്ഞുകൂടാ. മലങ്കരയിൽ എന്ന് മുതൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളികൾ ഉണ്ട്? Q അതിനെക്കുറിച്ച് എനിക്കു ഒരു നിശ്ചയവും ഇല്ല. Ans. നിരണത്ത് സെയ്ന്റ് മേരിസ് പള്ളി പുരാതനമായ പള്ളിയാണ്. ആ പള്ളി തോമാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണെന്നാണോ വിശ്വസിക്കപ്പെട്ടു വരുന്നത്? Q മോർ തോമാശ്ലീഹാ മലയാളത്തു വന്നു എന്നുള്ള ഐതിഹ്യം അതേപടി പരിശോധനകളൊന്നും കൂടാതെ സമ്മതിക്കുന്നവർ മോർതോമാ ശ്ലീഹാ നിരണത്തു മാർഗ്ഗം അറിയിച്ചു എന്നും ചിലർ പള്ളി എന്നും ചിലർ കുരിശെന്നും (സ്ഥാപിച്ചു എന്നു) പറയപ്പെടുന്നുണ്ട്. Ans. സാക്ഷിയുടെ പഠനത്തിൽനിന്നുള്ള നിഗമനം എന്നാണ് തോമാ ശ്ലീഹാ ഇവിടെ വന്ന് സുവിശേഷം അറിയിച്ചോ ഇല്ലയോ? Q അതിനെക്കുറിച്ച് ഞാൻ മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. മോർ തോമാശ്ലീഹാ പോയ ഇൻഡ്യ ഇതല്ലെന്ന് പറയുന്നവരും മോർ തോമാ ശ്ലീഹാ പോയ ഇൻഡ്യ പഞ്ചാബ് പ്രദേശമാണെന്ന് പറയുന്നവരും നോർത്ത് ഇൻഡ്യയിൽ തോമാ ശ്ലീഹാ പോയ സ്ഥിതിക്ക് പിന്നീട് സൗത്ത് ഇൻഡ്യയിലും വരാൻ മേലായ്കയില്ല എന്ന് പറയുന്നവരും മലങ്കരയാണ് വന്നത് എന്ന്

പറയുന്നവരും ആയ ചരിത്രകാരന്മാരുടെ പുസ്തകങ്ങൾ ഞാൻ വായിച്ചി ട്ടുണ്ട്. മലങ്കരയിൽ ഐതിഹ്യം ഞാനും ഐതീഹ്യമെന്നുള്ള രീതിയിൽ സമ്മതിക്കുന്നു Ans. ഉദയംപേരൂർ സുന്നഹദോസ് നടക്കുന്ന കാലത്ത് മല ങ്കരയിൽ എത്ര പള്ളികൾ ഉണ്ടായിരുന്നു? Q പള്ളികൾ എത്ര ഉണ്ടായി രുന്നുയെന്ന് ചരിത്രത്തിൽ പറഞ്ഞിട്ടുണ്ടോ എന്ന് ഇപ്പോൾ ഞാൻ ഓർക്കു ന്നില്ല Ans. അന്നുവരെ ഉണ്ടായിരുന്ന പള്ളികളുടെ സ്ഥാപനം സംബന്ധിച്ചുള്ള രേഖകളൊ ലക്ഷ്യങ്ങളൊ സാക്ഷി കണ്ടിട്ടുണ്ടോ? Q ആ സുന്നഹദോസ് വിളിച്ചു കൂട്ടിയ ആർച്ച്ബിഷപ്പ് മെനസീസും അദ്ദേഹത്തിന്റെ ചില പിൻഗാ മികളും സഭാ സംബന്ധമായ പല രേഖകളും കത്തിച്ചു കളഞ്ഞു എന്ന് എല്ലാ ചരിത്രങ്ങളിലും ഉള്ള സ്ഥിതിയ്ക്ക് എനിക്കെന്നല്ലാ മറ്റാർക്കു തന്നെ അന്നെത്ര പള്ളികൾ ഉണ്ടെന്നൊ അവയെ സ്ഥാപിച്ചതു സംബന്ധിച്ചൊ ഉള്ള രേഖകൾ കാണുവാൻ കഴിയുന്നതല്ല Ans. അന്നുവരെ ഉണ്ടായിരുന്ന പള്ളികളുടെ സ്ഥാപനോദ്ദേശ്യത്തെപ്പറ്റി അറിയാനുള്ള മാർഗ്ഗം വല്ലതുമുണ്ടോ. Ans. അതു വരെയും ഉണ്ടായിരുന്ന ഇവിടുത്തെ വിശ്വാസത്തിന്റെ സ്പഷ്ടമായ രേഖകൾ കാണുവാൻ കഴികയില്ലങ്കിലും Circumstantial evidence എന്നുള്ള രീതിയിൽ ഇപ്പോൾ ഓർക്കുന്ന ചിലതെല്ലാം പറയുവാൻ സാധിക്കും. ആ വിശ്വാസത്തി നനുസരിച്ചായിരിക്കണം പള്ളികൾ വച്ചിട്ടുള്ളത്. വട്ടിപ്പണക്കേസും സമു ദായക്കേസും നടക്കുന്ന കാലത്ത് കാതോലിക്കോസിനു വിധേയമായി അദ്ദേ ഹത്തെ അനുകൂലിച്ചിരുന്നവർ പള്ളികൾ വച്ചിട്ടുണ്ടോ? Q കാതോലിക്കോസിന് വിധേയമായി കാതോലിക്കാ കക്ഷികളും പാത്രിയർക്കീസിനു വിധേയമായി പാത്രിയർക്കീസ് കക്ഷികളും അക്കാലങ്ങളിൽ പള്ളികൾ വച്ചിട്ടുണ്ടായിരിക്കും Ans.കാതോലിക്കോസിനു വിധേയമായി വച്ചിട്ടുള്ള പള്ളികളുടെ സ്ഥാപ നോദ്ദേശ്യം എന്താണ്? Q കാതോലിക്കോസിനു മാത്രം വിധേയമായി അന്നാ രെങ്കിലും പള്ളി വച്ചിട്ടുണ്ടെങ്കിൽ അതിന്റെ സ്ഥാപനോദ്ദേശ്യം അവർക്കേ അറിയാവൂ ? Q മലങ്കരസഭയിലെ എല്ലാ പള്ളികളും പാത്രിയർക്കീസിനു വിധേയമായി വച്ചിട്ടുള്ളതാണെന്നു സാക്ഷി പറഞ്ഞിട്ടുള്ളത് ശരിയല്ലെന്നു പറയാമോ? Q ഞാൻ ബോധിപ്പിച്ച വാചകം എന്താണെന്ന് ഓർക്കുന്നില്ല. വഴക്കു തുടങ്ങിയതിന്റെ ശേഷം കാതോലിക്കോസ് വിഭാഗക്കാർ വച്ചിട്ടുള്ള പള്ളികളുടെ സ്ഥാപനോദ്ദേശ്യം എന്താണെന്ന് എനിക്കറിഞ്ഞുകൂടാന്ന് ഇപ്പോൾ ഞാൻ ബോധിപ്പിച്ചതുപോലെ അങ്ങനെയുള്ള പള്ളികൾ പക്ഷേ മറ്റേതെങ്കിലും സ്ഥാപനോദ്ദേശ്യത്തിൽ ആയിരിക്കണം Ans.മറ്റു സ്ഥാപനോ ദ്ദേശ്യത്തോടു കൂടിയാണെങ്കിൽ അതിനു വിപരീതമായി അതുപയോഗി ക്കാമോ? Q സ്ഥാപനോദ്ദേശ്യം എന്താണോ അതിന് എതിരായി ഉപയോഗി ക്കാൻ പാടില്ല Ans.കേസുകൾ നടന്ന കാലത്തിനുശേഷം വച്ചിട്ടുള്ള ഓരോ പള്ളികളുടെയും സ്ഥാപനോദ്ദേശ്യം സാക്ഷിക്ക് വ്യക്തമായി അറിയാമോ? Q മലങ്കര ഉടനീളം ആരെല്ലാം പള്ളിവച്ചിട്ടുണ്ടെന്നും ഏതെല്ലാം ഉദ്ദേശ്യം വച്ചു കൊണ്ട് അങ്ങനെ ചെയ്തു എന്നും എനിക്കറിഞ്ഞു കൂടാ Ans.എല്ലാ പള്ളി കളും മലങ്കര സഭയിലെ പള്ളികളായിട്ടു വച്ചിട്ടുള്ളവയാണോ? Q മലങ്കര

സഭാ? എന്ന് സാധാരണ പറയാറുണ്ടെങ്കിലും അത് ആകമാന സുറിയാനി സഭയിലെ മലങ്കരയിലുള്ള പ്രാദേശിക സഭയെ ഉദ്ദേശിച്ചാണ് പറയുന്നത് ആ സ്ഥിതിയ്ക്ക് ആകമാന സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസിന്റെ കീഴിലുള്ള മലങ്കര സഭയിലെ പള്ളികളാണ് Ans. 1958 ൽ കാതോലിക്കോസ് പാത്രിയർക്കീസിനെ സ്വീകരിച്ചു കൽപന കൊടുത്തോ? Q ആ ചോദ്യംഅൽപം കടുപ്പമാണ്. കീഴ്സ്ഥാനിയായ കാതോലിക്കോസ് മേൽസ്ഥാനിയായ പാത്രിയർക്കീസിനെ സ്വീകരിച്ചു കൽപന കൊടുത്തോ എന്നതിനെക്കുറിച്ചാണ് ഞാൻ ബോധിപ്പിച്ചത്. ഒന്നാമത് അദ്ദേഹത്തിനധികാരമില്ല. രണ്ടാമത് പാത്രിയർക്കീസ് കാതോലിക്കോസിന് ഒരു കൽപനയും കൊടുത്തുമില്ല Ans. അന്ത്യോക്യാ പാത്രിയർക്കീസ് ബാവാ തിരുമേനിയെ സ്വീകരിച്ചുകൊണ്ട് മാർ യൂലിയോസ് തിരുമേനിയെ ഒരു സ്വീകരണ കത്ത് ഏൽപ്പിച്ചോ? Q പാത്രിയർക്കീസിന് അഡ്രസ്സ് ചെയ്യാതെ മേൽവിവരം കാണിച്ച് ഒപ്പിടാത്ത ഒരു കത്ത് കാതോലിക്കാ ബാവാ മോർ യൂലിക്കോസ് ബാവായെ ഏൽപിച്ചതായി കേട്ടിട്ടുണ്ട് Ans. അങ്ങനെ കത്തു കൊടുത്തത് പഴയ സെമിനാരിയിൽ വച്ചാണെന്നാണ് കേട്ടിട്ടുള്ളത്. അങ്ങനെ കൊടുക്കുന്ന സമയത്താണോ പാത്രിയർക്കീസ് ഗീവർഗീസ് ദ്വിതീയനെ കാതോലിക്കയായി സ്വീകരിച്ചുകൊണ്ടുള്ള കൽപന യൂലിയോസ് തിരുമേനി മുഖാന്തിരം ഗീവർഗീസ് ദ്വിതീയനെ ഏൽപിച്ചത്? Q 1958 ഡിസംബർ 9-ാം തീയതി പാത്രിയർക്കീസ് ബാവാ എഴുതിയ കൽപന മോർ യൂലിയോസ് ബാവാ കാതോലിക്കാ ബാവയെ ഏൽപിച്ചു എന്നും അതു കഴിഞ്ഞപ്പോൾ മുമ്പ് ബോധിപ്പിച്ച ഡിസംബർ 16-ാം നു എന്നു തീയതി വച്ച കത്ത് കാതോലിക്കാ ബാവാ യൂലിയോസ് ബാവായെ ഏർപിച്ചു എന്നുമാണ് ഞാൻ കേട്ടിട്ടുള്ളത് Ans. അങ്ങനെ കൈമാറിയത് 1958 ഡിസംബർ 16-ാം നു ആണോ? Q അതെ കാതോലിക്ക ബാവ യൂലിയോസ് തിരുമേനിയെ ഏൽപിച്ച കത്ത് Ext. B 13 ആണോ?Q Document handed over to witness അതെ, ഇതെഴുതിയ കാതോലിക്കാ ബാവായുടെ ഒപ്പ് ഞാൻ കണ്ടിട്ടില്ല. ഇതിൽ ഒരൊപ്പുണ്ട് അത് യൂലിയോസ് ബാവാ കാറിൽ കയറിയതിനുശേഷം കവർ തുറന്നുനോക്കിയപ്പോൾ ഒപ്പു കാണാകയാൽ രണ്ടാമത് കൊണ്ടു ചെന്ന് ഇടിച്ചതാണെന്ന് അക്കാലത്തെ (1958 ഡിസംബർ) പല ലഘു ലേഖനങ്ങളിലും ഞാൻ വായിച്ചിട്ടുണ്ട് Ans. അന്ന് തന്നെ കൊണ്ട് ചെന്ന് ഒപ്പിടുവിച്ചു എന്നാണ് കേട്ടിട്ടുള്ളത്. പഴയ സെമിനാരിയിൽ വച്ച് തന്നെയാണ്. Ext A 36 ൽ 28-ാം പേരുകാരനായി കട്ടപ്പുറത്തും പാലിയക്കരയും പള്ളി വികാരി കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പാ എന്നെഴുതി ഒപ്പിട്ടിരിക്കുന്നത് ഞാനാണ്. അതിലെ 30-ാം പേരുകാരനായി ഒപ്പിട്ടിരിക്കുന്ന കല്ലുപറമ്പിൽ ഗീവറുഗീസ് കത്തനാരെ അറിയാം മണർകാട് പള്ളിയിൽ വച്ച് കോർട്ടുത്തരവനുസരിച്ച് വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്ത് 30-ാം പേരുകാരനെയാണ് Ext A 36 ൽ 1-ാം പേരുകാരനായി ഒപ്പിട്ടിരിക്കുന്നു. പി. പി. ജോസഫ് കത്തനാരെ അറിയാം. 9-ാം പേരുകാരൻ ഓമല്ലൂർ പള്ളിവികാരി കുര്യാക്കോസ് കത്തനാരെ അറിയാം. 19-ാം പേരുകാരൻ ക്നാനായ ഭദ്രാസനം ഇടവഴിക്കൽ

തോമസ് കശീശയെ അറിയാം. 23-ാം പേരുകാരൻ മുറംതൂക്കിൽ അലക്സാണ്ടർ കത്തനാരെ അറിയാം. 25 -ാം പേരുകാരൻ ഏബ്രഹാം കത്തനാരെ അറിയാം. 7-ാം പേരുകാരൻ പൗലോസ് കത്തനാരെയും അറിയാം. ഈ പറഞ്ഞ ആളുകളൊക്കെ മുൻ സമുദായക്കേസ് നടക്കുന്ന കാലത്ത് പാത്രിയർക്കീസിന്റെ അനുകൂലികളായി നിന്ന് ആ കക്ഷിയിൽ പെട്ടിരുന്നവരാണോ? Q അതെ Ext A 36ൽ ഒപ്പിട്ടുള്ള മിക്കവാറും എല്ലാവരേയും അറിയാം. അവർ കേസു നടക്കുമ്പോൾ പാത്രിയർക്കീസ് കക്ഷിയിൽ പെട്ട നിന്നവരായിരുന്നോ? Q അപ്പോഴും ഇപ്പോഴും അതെ Ans. അന്നത്തെ ബസേലിയോസ് കാതോലിക്കാ ബാവാക്ക് 12-2-1959 ൽ സമർപ്പിച്ച് ഒരു മെമ്മോറാണ്ടമാണ് Ext A. 36 ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാക്കാണ് Ext A 36 ൽ 3-ാം പാരായിൽ മലങ്കരസഭയും പരിശുദ്ധ അന്ത്യോക്യാ സിംഹാസനവും തമ്മിൽ ഭരണഘടനാ വിധേയമായി ശാശ്വത ബന്ധം സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ടോ?Q അങ്ങനെ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള നിലപാടിൽ പലരും പല തെറ്റിദ്ധാരണകൾക്കും വശംവദരായി അതൃപ്തയോടെ കഴിയുകയാണ് അവർ അധികവും മുമ്പ് പാത്രിയർക്കീസ് കക്ഷിയിൽ പെട്ടവരുമാണ്. അങ്ങനെയുള്ളവരുടെ തെറ്റിദ്ധാരണകൾ അകറ്റുവാനും മലങ്കരസഭയും പരിശുദ്ധ അന്ത്യോക്യാ സിംഹാസനവും തമ്മിൽ ഭരണഘടനാ വിധേയമായി ശാശ്വത ബന്ധം സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്തുവാനും തക്കവണ്ണം മലങ്കരസഭ ഉൾപ്പെട്ട ആകമാന സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൽ വാണരുളുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ തിരുമേനിയെ എത്രയും വേഗം മലങ്കരയിലേക്കു ക്ഷണിച്ചു വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ് എന്നാണ് ആ വാചകം. അങ്ങനെ വാചകം എഴുതുവാൻ ഇടയായത് ജനങ്ങൾ ഇതു സംബന്ധിച്ച് തികഞ്ഞ അജ്ഞതയിൽ കഴിയുന്നതുകൊണ്ടാണെന്നും ആ പാരായിൽ പറയുന്നുണ്ട്. അതിനും പുറമെ മറ്റു പല കാര്യങ്ങളും Ext A 36 ൽ വിശദമായി പറയുന്നുണ്ട്. പ്രത്യേകിച്ചും 4-ാം പാരായിൽ Ans.witness adds കാലാന്തരത്തിൽ ഈ ബന്ധം വിഛേദിക്കുമോ എന്നൊരു ആശങ്കകൂടി 4-ാം പാരായിൽ എടുത്തു പറഞ്ഞിട്ടുണ്ട്. Connsel Continues 3-ാം പാരായിൽ പറയുന്ന ഭരണഘടന അന്നു നിലവിലിരുന്ന മലങ്കര ഓർത്തോഡോക്സ് സുറിയാനി സഭയുടെ ഭരണഘടന എന്നറിയപ്പെടുന്നു ഭരണഘടനയാണോ? Q സ്വീകരണ കത്തെഴുതിയയാൾ ഉപയോഗിച്ചുകൊണ്ടിരുന്ന ഭരണഘടന ഉദ്ദേശിച്ചുകൊണ്ടാണ് 3-ാം പാരായിൽ ഭരണഘടനക്കു വിധേയമായി എന്നു പറയുന്നതിൽ ഉദ്ദേശിച്ചിട്ടുള്ള ഭരണഘടന. എന്നാൽ മേൽപടി ഭരണഘടനയെ അന്ത്യോക്യാ പാത്രിയർക്കീസ് അശേഷവും സ്വീകരിക്കുന്നില്ലെന്നും അദ്ദേഹത്തെ ബന്ധിക്കുന്നതല്ലെന്നും സുറിയാനി സഭയ്ക്കു ചേരുന്നതല്ലെന്നും മറ്റും കാണിച്ച് മേൽപടി സ്വീകരണ കത്ത് അദ്ദേഹത്തിനു കിട്ടിയതിനുശേഷം 1959 ഏപ്രിലിൽ എഴുതിയിട്ടുണ്ടെന്നാണ് എന്റെ അറിവ് Ans. Ext A 36 ൽ അങ്ങനെ പാത്രിയർക്കീസ് പരാമർശിച്ചിട്ടുള്ള

ഭരണഘടനയെത്തന്നെ ഉദ്ദേശിച്ചാണോ എഴുതിയിട്ടുള്ളത് ?Q മെമ്മോറാണ്ട ത്തിൽ ഭരണഘടനക്കു വിധേയമായി എന്ന വാക്കുകൾ ഉപയോഗിച്ചിരിക്കു ന്നത് ആർക്ക് അതു സമർപ്പിച്ചുവോ അദ്ദേഹത്തിന്റെ വാക്കുകൾ ആവർത്തി ക്കുകയാണ് ചെയ്തിട്ടുള്ളത്. question repeated അതു തന്നെയാണ് Ext A 36 ൽ പറയുന്ന ഭരണഘടന Ans. Ext A 36 ൽ പറയുന്ന വിവരങ്ങൾ വായിച്ചു ബോദ്ധ്യപ്പെട്ടു മനസ്സിലാക്കിയാണോ സാക്ഷി ഒപ്പിട്ടു കൊടുത്തത്? അതെ Ans. Ext A 36 ൽ റഫർ ചെയ്തു കാണുന്ന നോമ്പാചരണത്തെപ്പറ്റിയുള്ള കൽപനയാണോ Ext. A 66? ആയിരിക്കണം Ans. നോമ്പാചരണത്തെ സംബ ന്ധിച്ച് പാത്രിയർക്കീസ് കാലാനുസൃതമായി ചില ക്രമീകരണങ്ങൾ ചെയ്തി രുന്നു. അവയെ ധിക്കരിച്ചും അതിനെതിരായും ഉള്ള കാര്യങ്ങളാണ് നോമ്പു സംബന്ധിച്ച് Ext A 66 ൽ ഉള്ളത് Ext A 36 ൽ 4-ാം പാരായിൽ കാതോലിക്കാ ബാവാ പാത്രിയർക്കീസ് ബാവാ തിരുമേനിയെ സ്വീകരിച്ചുകൊണ്ടു കൊടുത്ത കത്ത് എന്നു പറയുന്നത് മുമ്പു കാണിച്ച Ext B 13 അല്ലേ? Q മുമ്പ് ഞാൻ ബോധിപ്പിച്ച പോലെ അത് പാത്രിയർക്കീസിനെ address ചെയ്തിട്ടില്ലാത്തതും അദ്ദേഹത്തിന്റെ കീഴിലുള്ളവർ അറിവിനായി എഴുതിയിട്ടുള്ള മോർ യൂലി യോസ് ബാവായെ ഏൽപിച്ചതുമാണ് Ext B 13. Ans. question repeated അതെ Ans.അന്ന് സഭാ ഭരണം നടത്തിക്കൊണ്ടിരുന്ന മാനേജിംഗ് കമ്മറ്റിയെ പിരി ച്ചുവിട്ട് പുതിയ മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുക്കുന്നതിനു വേണ്ട നടപ ടികളെടുക്കണമെന്ന് Ext A 36 ൽ ആവശ്യപ്പെട്ടിട്ടുണ്ടോ?Q അങ്ങനെ ആവ ശ്യപ്പെട്ടിട്ടില്ല. അങ്ങനെ സഭയെ പൂർണ്ണമായ പ്രതിനിധീകരിക്കാത്ത ഒരു മാനേജിംഗ് കമ്മറ്റി അത് പ്രതിനിധീകരിക്കാത്ത ആളുകളെ ബാധിക്കുന്ന തീരുമാനം എടുത്ത് നടപ്പിൽ വരുത്താൻ ശ്രമിക്കുന്നത് വീണ്ടും ഭിന്നതകൾ അഴിച്ചു വിടാൻ മാത്രമെ പ്രയോജനപ്പെടുത്തുകയുള്ളു. അതിനാൽ ഇടവക വിഭജനം തുടങ്ങി സഭയെ പൊതുവായി ബാധിക്കുന്ന തീരുമാനങ്ങൾ ഇപ്പോ ഴത്തെ മാനേജിംഗ് കമ്മറ്റി കൈക്കൊള്ളുന്നത് ആശാസ്യമായിരിക്കയില്ലന്നു ഞങ്ങൾ വിനീതമായി ചൂണ്ടിക്കാണിച്ചു കൊള്ളുന്നു എന്നാണ് അതിലുള്ളത് Ans. ഇപ്പോഴത്തെ മാനേജിംഗ് കമ്മറ്റി എന്നത് അന്ന് ഭരിച്ചുകൊണ്ടിരുന്ന മാനേജിംഗ് കമ്മറ്റിയെ ഉദ്ദേശിച്ചാണ്. പുതിയത് തെരഞ്ഞെടുക്കണമെന്നാവ ശ്യപ്പെട്ടിട്ടില്ല. witness adds ഈ മെമ്മോറാണ്ടത്തിൽ നിന്നും സ്പഷ്ടമാകുന്ന ഒരു കാര്യവും കൂടി ബോധിപ്പിച്ചുകൊള്ളുന്നു. 1958 ഡിസംബറിൽ കത്തു കൈമാറ്റം നടന്നു എങ്കിലും പിന്നെയും ഭിന്നതയുള്ള പല വസ്തുതകളും അവശേഷിച്ചിരുന്നു എന്നുള്ളതാണ്. Counsel Continues സഭ എന്നു Ext A 36 ൽ പറഞ്ഞിട്ടുള്ളത് മലങ്കര സഭയല്ലേ? Q മലങ്കരയിലുള്ള സഭ എന്നാണ് Ans. മോറാൻ മോർ എന്നാൽ എന്താണ് അർത്ഥം Our lord എന്നും ആണ്. അങ്ങനെ എത്രമാത്രം ഉയർത്തി ആ Lord ship കാണിക്കാമോ അതിനായി സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസിന്റെ പേരിനു മുമ്പു മാത്രം ഉപയോഗിക്കുന്ന പദങ്ങളാണവ. എന്നാൽ അക്കാര്യത്തെക്കുറിച്ച് ഈ തത്വം ചിലപ്പോൾ പാലിക്കാതെ ഉപയോഗിച്ചു പോകാറുണ്ട് മാർ എന്നുള്ളത് മോർ

തന്നെയാണ്. Ext A 36 ൽ കാതോലിക്ക ബാവയെ അഡ്രസ്സ് ചെയ്തിരിക്കുന്ന മോറാൻ മോർ എന്നാണ്.

Stopped for the day

മൊഴി വായിച്ചു കേട്ടു, ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 30-6-78

3-7-78 witness sworn again and cross examination continued

Ext A 36 ൽ 1-ാം പേരുകാരൻ കോട്ടയം സി.എം.എസ് കോളേജിൽ പ്രൊഫസറായിരുന്നു. റിട്ടയർ ചെയ്തു. അദ്ദേഹം കോട്ടയം ഭദ്രാസന സെക്രട്ടറിയായിരുന്നിട്ടുണ്ട്. 1958 നു ശേഷമാണെന്നു തോന്നുന്നു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത മാത്യൂസ് മോർ ഇവാനിയോസിന്റെ കീഴിൽ അദ്ദേഹം ഭദ്രാസന സെക്രട്ടറിയായിരുന്നോ? 1964 നു ശേഷം ഇരുന്നതായി കേട്ടിട്ടുണ്ട് 30-ാം പേരുകാരൻ കല്ലുപറമ്പിൽ ഗീവറുഗീസ് കത്തനാർ പോസ്റ്റ് graduate ആണ്. അദ്ദേഹം കോലഞ്ചേരി കോളേജിൽ പ്രിൻസിപ്പലായിരുന്നു. 8-ാം പേരുകാരൻ റ്റി. ഫിലിപ്പോസ് കോട്ടയം സി.എം.എസ്. കോളേജിൽ പ്രൊഫസറായിരുന്നില്ലേ? 1958 ൽ കോളേജിൽ നിന്നും റിട്ടയർ ചെയ്തിരിക്കയായിരുന്നു Ans. 4-ാം പേരുകാരൻ 14-ാം പേരുകാരൻ, 22-ാം പേരുകാരൻ. 27-ാം പേരുകാരൻ ഇവർ അഡ്വക്കേറ്റുമ്മാരല്ലേ? 27-ാം പേരുകാരൻ അഡ്വക്കേറ്റാണോ എന്നറിയില്ല. ബാക്കിയുള്ളവർ അഡ്വക്കേറ്റുമ്മാരാണ് Ans. 7-ാം പേരുകാരൻ ഒരു റിട്ടയാർഡ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. 1959 ൽ അദ്ദേഹത്തിനു ജോലി ഉണ്ടോ എന്നു നിശ്ചയം ഇല്ല. 11-ാം പേരുകാരൻ കെ.ജെ. ഏബ്രഹാം 111/1131 കോട്ടയം ജില്ലാകോർട്ട് കേസിൽ വാദി ഭാഗം സാക്ഷിയായിരുന്നു. 15-ാം പേരുകാരൻ സ്കറിയാ കത്തനാർ കൊച്ചി ഭദ്രാസന സെക്രട്ടറിയായിരുന്നു വളരെക്കാലം ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കോസ് മലങ്കര മെത്രാപ്പോലീത്ത കൂടി ആയിരുന്നോ? സുപ്രീം കോടതി വിധി അനുസരിച്ചു മലങ്കര മെത്രാപ്പോലീത്ത ആയിരുന്നു Ans. സുപ്രീം കോടതി വിധിക്കുശേഷം മുമ്പ് പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നു മെത്രാപ്പോലീത്താമാരെല്ലാം അദ്ദേഹത്തെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായി സ്വീകരിച്ചിരുന്നോ? Q സുപ്രീം കോടതി വിധി കഴിഞ്ഞ് 1958 ഡിസംബർ 16-ാം തീയതി പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ കൽപന കൊടുത്തശേഷം കാതോലിക്കോസിനെ പാത്രിയർക്കീസ് സ്വീകരിച്ചശേഷം അവർ അദ്ദേഹത്തിനു ഭരണകാര്യങ്ങളിൽ കീഴ്പെട്ടു നിന്നതായി അറിയാം ?Q അദ്ദേഹത്തിനു കീഴ്പെട്ടു നിന്നത് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയും എന്ന നിലയിലാണോ? Q പ്രത്യേക ഭരണഘടനയുള്ള ക്നാനായ സമുദായം കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയും

എന്നുള്ള നിലയിൽ സ്വീകരിച്ചോ എന്നറിഞ്ഞുകൂടാ. ബാക്കിയുള്ളവർ സമാധാനത്തെ പ്രതിയുള്ള പാത്രിയർക്കീസിന്റെ പ്രവർത്തനത്തിന് അനുഗുണമായ രീതിയിൽ കാതോലിക്കോസ് കാര്യങ്ങൾ നിർവ്വഹിച്ചുകൊള്ളുമെന്നുള്ള ഉത്തമ ബോദ്ധ്യത്തോടുകൂടി മേൽപറഞ്ഞ രീതിയിൽ സ്വീകരിച്ചിട്ടുണ്ടായിരിക്കാം. സ്വീകരിച്ചതായി കേട്ടിട്ടുണ്ട് Ans നേരിട്ടറിവില്ലേ? Q നേരിട്ടറിവാൻ എനിക്കന്ന് സഭാ ഭരണത്തിന്റെ ഉൾക്കാര്യങ്ങളിൽ താൽപര്യമില്ലാതിരുന്നതിനാൽ ഈ കാര്യം ഉൾപെടെ ഭരണപരമായ കാര്യങ്ങൾ ശരിക്കറിഞ്ഞു കൂടാ Ans. അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി സാക്ഷി അന്വേഷിച്ചിട്ടില്ലേ? Q അന്വേഷിച്ചിട്ടുണ്ട് അതിൽ കിട്ടിയ അറിവാണ് കേട്ടറിവ് നേരത്തെ ബോധിപ്പിച്ചത് Ans. 1959 ഒക്ടോബർ വരെ കട്ടപ്രത്തുപള്ളിയിൽ വികാരിയായിരുന്നപ്പോൾ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിൽ അയച്ചിട്ടുള്ള കൽപനകൾ ആ പള്ളിയിൽ കിട്ടിയിട്ടുണ്ടോ? Q മുമ്പ് ബോധിപ്പിച്ചതുപോലെ 1959 ആഗസ്റ്റിൽ മോർ തോമാ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവിടെ പ്രവേശിക്കുന്നതുവരെ പാത്രിയർക്കീസ് ബാവായുടെ കൽപന അനുസരിച്ച് അങ്കമാലി ഭദ്രാസനത്തിന്റെ കാലം ചെയ്ത ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ ഭരണത്തിൽ കീഴിലായിരുന്നതിനാൽ അങ്ങനെയുള്ള കൽപനകൾ ഉണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ പേർക്ക് അയച്ചു കൊടുക്കുകയായിരുന്നു. ഏതെങ്കിലും കൽപന കിട്ടിയിട്ടുണ്ടോ എന്ന് എനിക്കോർമ്മയില്ല. Ans. ഞാൻ വികാരിയായിരുന്നപ്പോൾ കാതോലിക്കയായും മലങ്കര മെത്രാപ്പോലീത്തായും ആയുള്ള കൽപനകൾ ആ പള്ളിയിൽ വായിച്ചിട്ടില്ല. ഗീവർഗീസ് തിരുമേനിക്കു കൽപന അയച്ചിട്ടുണ്ടെങ്കിൽ അത് കാതോലിക്കോസും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലക്കായിരിക്കും. 1959 നു മുമ്പ് മുൻ പാത്രിയർക്കീസ് കക്ഷിയിൽ പെട്ടു നിന്നിരുന്ന ആളായിരുന്നു അങ്കമാലി മെത്രാപ്പോലീത്ത ഗ്രീഗോറിയോസ് തിരുമേനി. 1958 നു ശേഷം നേരത്തെ ഇരുഭാഗത്തും നിന്നിരുന്ന മെത്രാപ്പോലീത്തമാർ ഉൾപ്പെടെ ബസേലിയോസ് ഗീവർഗീസ് ദ്വിതീയന്റെ അദ്ധ്യക്ഷതയിൽ എപ്പിസ്കോപ്പൽ സൂന്നഹദോസുകൾ നടത്തിയിട്ടുണ്ടോ? Q ഉണ്ടായിരിക്കാം. എനിക്കു നേരിട്ടറിവില്ല. ഏബ്രഹാം മോർ ക്ലിമീസ് മെത്രാപ്പോലിത്ത എപ്പിസ്കോപ്പൽ സൂന്നഹദോസംഗമായിരുന്നോ? Q മുമ്പ് ബോധിപ്പിച്ച അദ്ദേഹത്തിന്റെ ഭരണഘടനയോടുകൂടി സിനഡിൽ അംഗത്വം ഉണ്ടായിരുന്നു എന്നാണ് എന്റെ ഓർമ്മ Ans. 1959 ൽ മേൽപട്ടക്കാർക്കും ഇടവകകൾ തിരിച്ചുകൊടുത്ത് ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ ഒരു കൽപന എല്ലാ പള്ളികൾക്കും അയച്ചോ? Ext A 38 shown to witness ഒരു കൽപന അയച്ചതായി കാണുന്നുണ്ട്. അതിൽ ഏബ്രഹാം മോർ ക്ലിമിസ് മെത്രാപ്പോലിത്തയുടെ പ്രത്യേക രീതി പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. Ans. Ext A 38 ൽ പറയുന്ന പൗലോസ് മോർ സേവേറിയോസ് ഗീവറുഗീസ് മോർ ഗ്രിഗോറിയോസ്, പൗലോസ് മോർ ഫിലക്സിനോസ് എന്നിവരും ഏബ്രഹാം മോർ ക്ലിമിസ് മെത്രാപ്പോലിത്തയും മുൻ പാത്രിയർക്കിസ്

കക്ഷിയിൽ നിന്നിരുന്ന മെത്രാപ്പോലീത്തന്മാരല്ലേ? അതെ Ans. Ext A 38 കൽപനയുടെ ഒരു കോപ്പി കട്ടപ്രത്തുപള്ളിയിൽ വന്നിരുന്നോ? Q ആ കൽപനയുടെ കാലത്തും മുമ്പ് പറഞ്ഞരീതിയിൽ ആയിരുന്നതിനാൽ അവിടെ വന്നിട്ടില്ല Ans. Ext A 38 കൽപനക്കു ശേഷം കൊച്ചി ഭദ്രാസനം പൗലോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായും അങ്കമാലി ഭദ്രാസനം ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും കണ്ടനാട് ഭദ്രാസനം ഔഗേൻ മോർ തിമത്തിയോസ് മെത്രാപ്പോലീത്തായും പൗലോസ് മോർ ഫിലിക്സിനോസ് മെത്രാപ്പോലീത്തായും ഒരുമിച്ചും ക്നാനായ ഭദ്രാസനം അബ്രഹാം മോർ ക്ലിമിസ് മെത്രാപ്പോലീത്തായും ഭരിച്ചുകൊണ്ടിരുന്നോ? Q മേൽപ്പറഞ്ഞ ഭദ്രാസനങ്ങൾ ഭരിച്ചു കൊണ്ടിരുന്നു. അതോടൊപ്പം തന്നെ അങ്കമാലി മെത്രാപ്പോലീത്ത നിരണം, തുമ്പമൺ ഭദ്രാസനങ്ങളിലെ മുമ്പ് പാത്രിയർക്കീസ് പള്ളികളും പൗലോസ് മോർ ഫിലക്സീനോസ് മെത്രാപ്പോലീത്ത കണ്ടനാടിനും പുറമെ കോട്ടയം, കൊല്ലം ഭദ്രാസനങ്ങളും പിന്നെയും ഭരിച്ചു കൊണ്ടിരുന്നു. Ans. അങ്ങനെ ഭരിച്ചു കൊണ്ടിരുന്നുവെന്നു കാണിക്കുന്ന രേഖകൾ വല്ലതും സാക്ഷികണ്ടിട്ടുണ്ടോ? Q ഈ പരമാർത്ഥങ്ങൾ എല്ലാം എനിക്കു നേരിട്ടറിവുള്ളതാണ്. അതിനും പുറമെ അക്കാലത്ത് എഴുതപ്പെട്ടിട്ടുള്ള ചില പുസ്തകങ്ങളിലും അക്കാര്യമുണ്ട് Ans രേഖകൾ കണ്ടിട്ടുണ്ടോ? Qനേരെ കണ്ടിട്ടുള്ള കാര്യങ്ങളാകയാൽ എല്ലാത്തിന്റെയും രേഖകൾ പരിശോധിക്കേണ്ട കാര്യം എനിക്കില്ലാതിരുന്നതിനാലും ഉണ്ടായിരിക്കാവുന്നതായ രേഖകൾ കണ്ടതായി ഇപ്പോൾ ഓർക്കുന്നില്ല Ans അക്കാലത്ത് ഭരണകാര്യങ്ങൾ കുറെയൊക്കെ നേരിട്ടു മനസ്സിലാക്കാറുണ്ടായിരുന്നു. നേരത്തെ ഭരണകാര്യങ്ങൾ ശ്രദ്ധിക്കുന്നില്ലായിരുന്നു എന്നു പറഞ്ഞതു ശരിയല്ലെന്നാണോ? Q അല്ല, ഞാൻ ബോധിപ്പിച്ചത് ശരി തന്നെയാണ്. അന്ന് നിരണം ഭദ്രാസത്തിൽ ഉണ്ടായിരുന്ന മുൻ പാത്രിയർക്കീസ് കക്ഷിക്കാരെയും സംബന്ധിക്കുന്ന കാര്യമായിരുന്നതിനാലും ഒരുമിച്ചാലോചിച്ചു പലതും ചെയ്തിട്ടുള്ളതിനാലും മുമ്പ് ബോധിപ്പിച്ച ഇക്കാര്യത്തിൽ നേരിട്ടറിവുള്ളതാണ്. മുമ്പ് ബോധിപ്പിച്ചത് സഭയുടെ ഭരണ സംബന്ധമായ എല്ലാ കാര്യങ്ങളിലും ഞാൻ ഉള്ളിൽ കയറി അധികം ശ്രദ്ധ പതിപ്പിക്കാറില്ലെന്നാണ് Ans അന്ന് ഞാൻ ഉൾപ്പെട്ടിരുന്ന പള്ളിയിലേക്കും പള്ളി ഉൾപ്പെട്ടു നിന്ന ഭദ്രാസനങ്ങളിലെയും ഭരണകാര്യം നേരിട്ടറിയാമോ? Q ഞാൻ സേവനം നടത്തിയിരുന്ന പള്ളിയുടെ കാര്യം എനിക്കറിയാം. അന്ന് നിരണം ഭദ്രാസനത്തിൽ പെട്ട മറ്റു പള്ളികളുടെ എല്ലാ കാര്യവും എനിക്കറിഞ്ഞുകൂടാ Ext A 38 നു ശേഷം നിരണം ഭദ്രാസനം തോമാ മോർ ദേവന്നാസ്യോസിന് മെത്രാപ്പോലീത്ത ഭരിച്ചിരുന്നോ? മുമ്പു കാതോലിക്കാ കക്ഷിയിൽ അദ്ദേഹം നിരണം മെത്രാപ്പോലിത്ത ആയിരുന്നു. മുൻ പാത്രിയർക്കീസ് കക്ഷിയിൽ പെട്ട പള്ളികളെയും കാലക്രമത്തിൽ അദ്ദേഹം ഭരിച്ചു എന്നാണ് എന്റെ അറിവ്. അവിടെയെല്ലാം പ്രശ്നങ്ങൾ ഉണ്ടായതായും കേട്ടിട്ടുണ്ട്. Ans. കാലക്രമത്തിൽ എന്നു പറഞ്ഞാൽ എന്നു മുതലാണ്? 1959 ന്റെ അവസാനത്തോടുകൂടി Ans. Ext A 88 മാനേജിംഗ്

കമ്മറ്റിയുടെ ആലോചനയോടുകൂടിയും എപ്പിസ്കോപ്പൽ സൂന്നഹദോസിന്റെ ശുപാർശയോടു കൂടിയും ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ പുറപ്പെടുവിച്ചതാണെന്ന് അതിൽ പറയുന്നതു ശരിയാണോ? അതിൽ അങ്ങനെ കാണുന്നുണ്ട് എന്നുള്ളതു ശരിയാണ് Ans. ആ വസ്തുത ശരിയാണോ? അദ്ദേഹം എന്തെല്ലാം ചെയ്തു എന്നറിഞ്ഞുകൂടാ. അതിനെപ്പറ്റി പിന്നെ ഞാൻ അന്വേഷിച്ചിട്ടില്ല Ans. Ext A 38 ൽ പറയുന്നവർ മലങ്കര സഭയിലെ അന്നത്തെ മെത്രാപ്പോലിത്തമാരായിരുന്നോ? ഇതിൽ പറയുന്ന മെത്രാന്മാർ മലങ്കരയിലെ സഭയിൽ പാത്രിയർക്കീസ് കക്ഷിയിലും കാതോലിക്കോസ് കക്ഷിയിലും നിന്നവരായിരുന്നു Ans അന്ന് 1959 ഫെബ്രുവരിയിൽ ഡിസംബർ 16 യിലെ കാതോലിക്കോസിന്റെ കൽപനയെക്കുറിച്ച് 1959 ഏപ്രിൽ പാത്രിയർക്കീസ് ബാവായുടെ യഥാർത്ഥ നിലപാട് കാണിച്ചുള്ള കൽപന വരുന്നതുവരെയും ഉള്ള ആ സന്ദർഭത്തിൽ പാത്രിയർക്കസ് ബാവായുടെ ഡിസംബർ 9 ലെ കൽപനയുടെ വെളിച്ചത്തിൽ കാതോലിക്കോസിനോട് സഹകരിച്ചു നിന്ന മലങ്കരയിലെ സഭയിലെ മെത്രാപ്പോലീത്തമാരായിരുന്നു. അങ്ങനെ എന്നുവരെ മലങ്കരയിലെ സഭയിലെ മെത്രാപ്പോലിത്തമാരായിരുന്നു? മോർ ഗ്രിഗോറിയോസ്. മോർ സേവേറിയോസ് എന്നിവർ മരിക്കുന്നതുവരെയും മോർ ഫിലക്സിനോസ്. മോർ ക്ലിമീസ് എന്നിവർ ഇപ്പോഴും 1975 ൽ പാത്രിയർക്കിസ് ബാവ അന്നുള്ള കാതോലിക്കോസിനെയും മറ്റു മെത്രാന്മാരെയും മുടക്കുന്നതുവരെയും അവരെല്ലാവരും പാത്രിയർക്കിസിനു കീഴിലുള്ള മലങ്കരയിലെ മെത്രാപ്പോലിത്തമാരായിരുന്നു Ans Ext A 38 ൽ പറയുന്ന മോർ തോമ ദിവന്നാസ്യോസ് മെത്രാപ്പോലിത്താ, പത്രോസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലിത്ത. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത. അലക്സിയോസ് മോർ ദേവോദോസിയോസ് മെത്രാപ്പോലീത്താ എന്നീ മെത്രാപ്പോലിത്തമാർ കാലം ചെയ്തു. 1975 നു മുമ്പേ കാലം ചെയ്തല്ലോ ഇവർ? വളരെ നേരത്തെ കാലം ചെയ്തു Ans. അവർ കാലം ചെയ്യുന്നതുവരെ മലങ്കര സഭയിലെ മെത്രാപ്പോലിത്തമാരായിരുന്നോ? സമാധാനത്തെ പ്രതി പാത്രിയർക്കിസ് കാതോലിക്കായെ സ്വീകരിച്ചതുകൊണ്ട് അവരും മലങ്കര സഭയിലെ മെത്രാന്മാരായി Ans. മലങ്കര മെത്രാപ്പോലിത്തായുടെ കീഴിലാണോ ഭദ്രാസന മെത്രാപ്പോലിത്തമാർ ഭരിക്കുന്നത്? ഒരിക്കലുമല്ല. ഒരു മെത്രാൻ മാത്രമുണ്ടായിരുന്ന കാലത്ത് മലങ്കര ഇടവകയുടെ മെത്രാപ്പോലിത്ത എന്ന രീതിയിൽ ആ മെത്രാപ്പോലിത്ത ഭരിച്ചിരുന്നു. മലങ്കരയിലെ സഭയ്ക്ക് ഉണ്ടായിരുന്ന വട്ടിപ്പണത്തിന്റെ പലിശ വാങ്ങിക്കുന്നതിനും വൈദിക ട്രസ്റ്റി, അൽമായ ട്രസ്റ്റി എന്നിവരെപ്പോലെ മെത്രാപ്പോലിത്ത ട്രസ്റ്റി എന്ന നിലയിൽ പൊതുവക സ്വത്തുക്കളുടെ ഭരണം എന്നല്ലാതെ മറ്റ് മെത്രാപ്പോലിത്തന്മാരുടെ മേൽ മലങ്കര മെത്രാപ്പോലിത്തായ്ക്ക് പ്രത്യേകം അധികാരമില്ല Ans. പരുമല മോർ ഗ്രിഗോറിയോസ് തിരുമേനി റോയൽ കോർട്ടുവിധിക്കടിസ്ഥാനമായ കേസിൽ മൊഴി കൊടുത്തിട്ടുണ്ടോ? ഏത് കേസുകളിലെന്നറിഞ്ഞു കൂടാ. അദ്ദേഹം ചില കേസുകളിൽ മൊഴി കൊടുത്തിട്ടുണ്ട് Ans അങ്ങനെയുള്ള മൊഴികൾ

വല്ലതും സാക്ഷി വായിച്ചിട്ടുണ്ടോ? കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ വായിച്ചിട്ടില്ല. Ans അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന ജോസഫ് മോർ ദിവന്നാസ്യോസിന്റെ കീഴിലാണ് അദ്ദേഹം ഉൾപ്പെട്ട മെത്രപ്പോലിത്തമാർ ഭരിച്ചിരുന്നതെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നതായി സാക്ഷിക്കറിയാമോ? മലങ്കര മെത്രാപ്പോലിത്തയുടെ കീഴിൽ ആ നിലയിൽ ഭരിച്ചിട്ടുണ്ട് എന്നദ്ദേഹം പറഞ്ഞിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ അന്ന് ഉള്ള മെത്രാപ്പോലിത്തമാരിൽ ഏറ്റവും പ്രായം കൂടിയ ആളും പൊതുവ്യവഹാരം നടത്തുവാൻ ചുമതലപ്പെടുത്തപ്പെട്ടിരുന്ന ആളും എന്ന നിലയിൽ അദ്ദേഹത്തോട് സഹകരിച്ച് ഇങ്ങനെയുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം പലതും ചെയ്തിട്ടുണ്ടായിരിക്കാം Ans തിരുവിതാംകൂർ റോയൽ കോർട്ട് ജഡ്ജ്മെന്റ് വായിച്ചിട്ടുണ്ടോ? Ans ചില ഭാഗങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടെന്നല്ലാതെ ഞാൻ മുഴുവൻ വായിച്ചിട്ടില്ല. അതിൽ ജോസഫ് ദിവന്നാസ്യോസ് അല്ലാതെയുള്ള മറ്റു മെത്രാപ്പോലീത്താമാരുടെ ഭരണത്തെപ്പറ്റി പലതും പറഞ്ഞിട്ടുണ്ടോ? എനിക്കറിഞ്ഞുകൂടാ Ans അന്നത്തെ മലങ്കര മെത്രാപ്പോലീത്തയും മറ്റു മെത്രാപ്പോലീത്തയും തമ്മിലുള്ള ബന്ധത്തിനു പിന്നീട് വല്ല മാറ്റവും ഉണ്ടായിട്ടുണ്ടോ? മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനത്തെക്കുറിച്ച് എനിക്കറിയാവുന്നത് ഞാൻ ബോധിപ്പിച്ചു. മറ്റു മെത്രാന്മാർ എങ്ങനെ അദ്ദേഹത്തോടു ബന്ധം പാലിക്കുന്നു എന്ന് എനിക്കറിഞ്ഞുകൂടാ Ans അന്നത്തെ സ്ഥിതിയിൽ നിന്നു മാറ്റം വന്നിട്ടുണ്ടോ? അന്നത്തെ സ്ഥിതി മലങ്കര മെത്രാപ്പോലീത്ത Metropolitan Episcopal Trustee മറ്റു മെത്രാപ്പോലീത്തന്മാർ അദ്ദേഹത്തോടു സഹകരിക്കുന്നവർ. ആ നിലക്ക് വ്യത്യാസം വന്നിട്ടില്ല. Ans 1959 ൽ Ext A 36 നു ശേഷം പുതിയ ഒരു മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുത്തോ? എനിക്ക് നിശ്ചയമില്ല Ans. Ext A 45 Shown ഇതുപോലെ ഒരു കൽപന സാക്ഷി കണ്ടിട്ടുണ്ടോ? ഇല്ല Ans 1959 സെപ്തംബറിൽ കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് ഒരു അസ്സോസിയേഷൻ യോഗം കൂടിയോ? കൂടിക്കാണും. ഞാൻ പോയിരുന്നില്ല Ans ആ യോഗത്തിലേക്ക് കട്ടപ്രത്തു പള്ളിയിൽ നിന്നു പ്രതിനിധികളെ തെരഞ്ഞെടുത്തയച്ചിരുന്നോ? കട്ടപ്രത്തു പള്ളിയിൽ അങ്ങനെ ഒരു യോഗം കൂടിയിട്ടുമില്ല. പ്രതിനിധികളെ തെരഞ്ഞെടുത്തിട്ടുമില്ല. Ans നിരണം ഭദ്രാസനത്തിലെ മറ്റു പള്ളികളിൽ നിന്നു പ്രതിനിധികളെ അയച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. 1959 ൽ മോർ തോമാ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ കട്ടപ്രത്തുപള്ളിയിൽ ഇടവക പൊതുയോഗം കൂടിയിട്ടുണ്ടോ? 1959 ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച ഞാൻ ആ പള്ളിയിൽനിന്നും പിരിയുന്നതുവരെ യോഗം കൂടിയിട്ടില്ല Ans ഞാൻ അവിടെയുണ്ടായിരുന്ന കാലത്ത് മോർ തോമാ ദിവന്നാസ്യോസിസ് അവിടെ വന്നു താമസിച്ചിട്ടുണ്ട്. വരികയും പോവുകയും ചെയ്തിരുന്നതല്ലാതെ തുടർച്ചയായി താമസിച്ചിട്ടില്ല. അങ്ങനെ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഇടവക പൊതുയോഗം കൂടിയിട്ടുണ്ടോ? 1959 ആഗസ്റ്റ് 15 നും ഒക്ടോബർ 4 നും മദ്ധ്യേ അന്ന് കട്ടപ്രത്തുപള്ളി വികാരിയായിരുന്ന എന്റെയും

കൂടെ സാന്നിദ്ധ്യത്തിൽ യാതൊരു പൊതുയോഗവും കൂടിയതായി എനിക്കറിവില്ല Ans സാക്ഷിയുടെ സാന്നിദ്ധ്യത്തിലല്ലാതെ കൂടിയിട്ടുണ്ടോ? പള്ളിവികാരിയുടെ അറിവും സാന്നിദ്ധ്യവും കൂടാതെ അങ്ങനെ ഒരുയോഗം കൂടാവുന്നതല്ല. കൂടിയാൽ അതു ദുരുദ്ദേശ്യപരവും ഇടവകയെ ബന്ധിക്കുന്നതല്ലാത്തതും ആയിരിക്കും Ans അങ്ങനെ ഒരു യോഗം നടന്നതായിട്ട് അറിവുണ്ടോ? ഇല്ല Ansകോതമംഗലം വലിയപള്ളിയിലെ പൂക്കുന്നേൽ കുര്യാക്കോസ് കത്തനാരെ അറിയാം പി.എം. കുര്യാക്കോസ് കത്തനാർ എന്നു പറയും. ആ പള്ളിയിലെ വികാരിയായിരുന്നോ എന്നു നിശ്ചയമില്ല. വലിയപള്ളിയുടെ അടുത്താണ് താമസം അദ്ദേഹം സഭയിലെ പ്രമുഖനായ ഒരു കത്തനാരാണോ? അതെ Ans മണലിൽ യാക്കോബ് കത്തനാരെ അറിയാമോ? അറിയാം Ans അദ്ദേഹം വൈദിക ട്രസ്റ്റിയായിരുന്നോ? ആയിരുന്ന കാലം ഓർക്കുന്നില്ല. Ans 1958 ലെ സമീകരണത്തിനുശേഷം അദ്ദേഹം വൈദിക ട്രസ്റ്റിയായിരുന്നോ? കാലം അറിഞ്ഞുകൂടാ Ans ഞാൻ മാനേജിംഗ് കമ്മറ്റി അംഗമായിരുന്ന കാലത്ത് വൈദിക ട്രസ്റ്റി വെരി റവറന്റ് ടി.എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പായായിരുന്നു. അക്കാലത്ത് മണലിൽ യാക്കോബ് കത്തനാരും മാനേജിംഗ് കമ്മറ്റി മെമ്പറായിരുന്നോ എന്ന് എനിക്കു നിശ്ചയമില്ല. ഈ. പി. ജേക്കബ് കത്തനാർ ഇലഞ്ഞിക്കൽ നിരണം അറിയാം. അദ്ദേഹം നേരത്തെ തന്നെ കാതോലിക്കോസ് വിഭാഗത്തിൽ നിരണം ഭദ്രാസനത്തിൽപെട്ട ആളായിരുന്നു. സി.എം. തോമസ് കത്തനാർ സീതാർകുഴി. പുതുവേലി, കൂത്താട്ടുകുളും അറിയും. ഇപ്പോൾ അദ്ദേഹം തോമസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തനാണ്. ആരക്കുന്നം കെ.ടി. സക്കറിയാ കത്തനാരെ അറിയാം. അദ്ദേഹം മുൻ പാത്രിയർക്കീസ് കക്ഷിയിൽ പെട്ടയാളാണ് റാന്നി പുരയ്ക്കൽ പി.ജെ. തോമസ് കോർഎപ്പിസ്കോപ്പായെ അറിയാം. മരിച്ചുപോയി . ക്നാനായക്കാരനായിരുന്നു. കുരുവിള ജോർജ്ജ്, പുതിയോട്ട് മേപ്രാൽ അറിയാം. അദ്ദേഹം മലങ്കര സഭാ മാനേജിംഗ് കമ്മറ്റി മെമ്പറായിരുന്നോ? ഉണ്ടെന്നാണ് എന്റെ ഓർമ്മ Ans കക്ഷി ഭിന്നത മുമ്പുണ്ടായിരുന്ന കാലത്ത് അദ്ദേഹം ഏതു കക്ഷിയിൽ പെട്ടയാളായിരുന്നു? പാത്രിയർക്കീസ് കക്ഷി Ans ഏബ്രഹാം ഈപ്പൻ പാലമ്പടത്തിനെ അറിയാം. പാത്രിയർക്കീസ് കക്ഷിയിൽ പെട്ട ആളാണ്. ഈ മുൻ പറഞ്ഞവരെയെല്ലാം 1959 തെരഞ്ഞെടുത്തതാണോ എന്നോ എനിക്കറിഞ്ഞുകൂടാ Ans എ.കെ. പൗലോസ് ആനച്ചിറവീട് കോതമംഗലം. ടി കുരുവിള തോമസ് താമരപ്പള്ളി. കല്ലിശ്ശേരി ഇവരെ അറിയാം. എ.കെ. കുരിയാക്കോസ് മേനാത്തോടും. തിരുവനന്തപുരം അറിയാം. ഇവരിൽ ഒടുവിൽ പറഞ്ഞ രണ്ടു പേർ ക്നാനായ ഭദ്രാസനത്തിൽ പെട്ടവരാണ്. ഇവർ മാനേജിംഗ് കമ്മറ്റി മെമ്പന്മാരായിരുന്നിട്ടുണ്ടോ എന്ന് എനിക്ക് മുമ്പു ബോധിപ്പിച്ചതുപോലെ തന്നെ അറിഞ്ഞു കൂടാ. അസ്സോസിയേഷൻ യോഗങ്ങളുടെ നോട്ടീസ് പത്രങ്ങളിൽ പരസ്യപ്പെടുത്താറുണ്ടോ? അങ്ങനെ പരസ്യപ്പെടുത്തി ചിലതെല്ലാം കണ്ടിട്ടുണ്ട് Ans ഔഗേൻ മോർ തിമോത്തിയോസ് മെത്രാപ്പോലീത്തായെ 1962 ൽ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീ

ത്തയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തോ? തെരഞ്ഞെടുത്തതായി കേട്ടിട്ടുണ്ട്. ഞാൻ സംബന്ധിച്ചിട്ടില്ലായിരുന്നു. Ans നിരണം സെന്റ് മേരീസ് പള്ളിയിൽ വച്ചുകൂടിയ അസ്സോസിയേഷൻ യോഗത്തിലാണോ തെരഞ്ഞെടുത്തത്? എന്നാണ് കേട്ടിട്ടുള്ളത്? ആ തെരഞ്ഞെടുപ്പ് എപ്പിസ്കോപ്പൽ സൂന്നഹദോസ് അംഗീകരിച്ചോ? ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ കാതോലിക്കായായുള്ള സ്ഥാനാരോഹണം എന്നാണ് നടത്തിയത്? 1964 മെയ് 22-ാം തീയതി അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും ഇഗ്നാത്തി യോസ് യാക്കോബ് തൃതീയൻ പാത്രിയാർക്കീസ് ബാവ ഔഗേൻ മോർ തിമോത്തിയോസ് മെത്രാപ്പോലീത്തയെ കാതോലിക്ക ആയി വാഴിച്ചു. Ans അദ്ദേഹത്തിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് പാത്രിയർക്കീസ് ബാവായെ മലങ്കര എപ്പിസ്കോപ്പൽ സൂന്നഹദോസിന്റെ തീരുമാനം അനുസരിച്ച് ക്ഷണിച്ചിരുന്നോ? സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് ആരു ക്ഷണിച്ചാലും അദ്ദേഹം വരികയില്ലായിരുന്നു. എന്നാൽ അദ്ദേഹം വന്ന് കാതോലിക്കാ വാഴ്ച നടത്തണമെന്ന് അപേക്ഷി ച്ചതിന്റെ പേരിൽ അദ്ദേഹം വന്ന് നടത്തി എന്നാണ് എന്റെ അറിവ് Ans.

Stopped for the day

മൊഴി വായിച്ചു കേട്ടു, ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

Taken down by me in open court read over to the witness and adimitted by him to be correct

Sd/-

Judge 3-7-78

4-7-78 witness sworn again and cross examination continued 1-ാം വാദിയെ കാതോലിക്കോസായി സ്ഥാനാരോഹണം ചെയ്യിക്കുന്നതു സംബന്ധിച്ച് പാത്രിയർക്കീസിനു എഴുത്തു വല്ലതും അയച്ചോ?. അന്നത്തെ സുന്നഹദോസ് പാത്രിയർക്കീസ് വന്ന് വാഴ്ച നടത്തണമെന്ന് അപേക്ഷിച്ചു കൊണ്ട് അപേക്ഷ അയച്ചതായി കേട്ടിട്ടുണ്ട് Ans. സുന്നഹദോസിന്റെ തീരുമാനപ്രകാരം സെക്ര ട്ടറിയാണോ കത്തെഴുതിയത്? ആയിരിക്കാം Ans. ആ കത്തനുസരിച്ചിട്ടുള്ള ക്ഷണം സ്വീകരിച്ചാണോ പാത്രിയർക്കീസ് മലങ്കരയിൽ വന്നത്? കാനോ നിക പാത്രിയർക്കീസ് കാനോനികമായി കാതോലിക്കായെ വാഴിക്കേണ്ടതിന് കാനോനികമായി ക്ഷണിച്ച് അപേക്ഷ അയച്ചതിന്റെ പേരിലാണ് അദ്ദേഹം വന്നത് Ans.പാത്രിയർക്കീസിനെ അങ്ങനെ ക്ഷണിക്കണമെന്ന് കാനോനിൽ വ്യവസ്ഥയുണ്ടോ? കാതോലിക്കായെ വാഴിക്കേണ്ടത് പാത്രിയർക്കീസാണെന്ന് കാനോനിൽ വ്യവസ്ഥയും ചരിത്രത്തിൽ ധാരാളം പാരമ്പര്യവുമുണ്ട്. Ans. ഇവിടത്തെ ആദ്യത്തെ കാതോലിക്കായെ വാഴിച്ചു എന്നു പറയുന്നതും അന്ന് സ്ഥാനത്തല്ലായിരുന്നെങ്കിലും ഒരു കാലത്ത് അന്ത്യോക്യാ പാത്രിയർക്കീസാ

യിരുന്ന ആളാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനയിൽ ഒരു കാനോനെപ്പറ്റി പറയുന്നുണ്ടോ? സഭയുടെതായി പറപ്പെടുന്ന ഭരണഘടനയിൽ ഒരു കാനോനെക്കുറിച്ച് പറയുന്നുണ്ട്. Ans. ആ കാനോൻ വായിച്ചിട്ടുണ്ടോ? ഉണ്ട് Ans. ആ കാനോനിൽ കാതോലിക്കാ വാഴ്ചക്ക് പാത്രിയർക്കീസിനെ ക്ഷണിക്കണമെന്ന് വ്യവസ്ഥയുണ്ടോ? പാത്രിയർക്കീസിനെ ക്ഷണിക്കണമെന്ന് അതിൽ ഇല്ല. എന്നാൽ ടി കാനോൻ 7-ാം അദ്ധ്യായം 1-ാം ഖണ്ഡികയിൽ (Ex A 90 page 87ൽ മഫ്രിയാനാ ജീവിച്ചിരിക്കെ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ വാഴിക്കുരുത്. അങ്ങനെ അല്ലാതെ ചെയ്താൽ പാരസ്ത്യർക്കു സ്വയമായി മഫ്രിയാനായെ വാഴിക്കുവാനും അധികാരമുണ്ടായിരിക്കും എന്നുണ്ട്. അതിൽ നിന്നും സ്പഷ്ടമാകുന്നത് സാധാരണ ഗതിയിൽ പാത്രിയർക്കീസ് മഫ്രിയാനായെ വാഴിക്കണമെന്നുള്ളതാണ് Ans. അതിൽ പറയുന്ന കാനോൻ വ്യവസ്ഥ മലങ്കര സഭ സ്വീകരിച്ച് അംഗീകരിച്ചിട്ടുള്ളതാണോ? ഭരണഘടനയിൽ പറയുന്ന ഈ കാനോൻ മലങ്കര സഭ അംഗീകരിച്ചിട്ടുള്ളതല്ല Ans. മേൽ പറഞ്ഞ കാനോൻ ഏതെങ്കിലും സുന്നഹദോഹിലെ നിശ്ചയമാണോ? യൂഹാനോൻ പാത്രിയർക്കീസ് എന്ന തലക്കെട്ടിൽ പറഞ്ഞിരിക്കുന്ന നിശ്ചയമാണ്. Ans. അതിൽ യൗനായ കാലം 1180-ാമാണ്ട് കപ്പർത്തുത്തോയിൽ ഒരു സുന്നഹദോസ് സമ്മേളിച്ചതായി പറയുന്നുണ്ട്. അങ്ങനെ ഒരു സുന്നഹദോസ് നടന്നിട്ടുണ്ടോ? നടന്നിട്ടുള്ളതായി ബാർ എബ്രായായുടെ സഭാചരിത്രത്തിൽ പറയുന്നുണ്ട്. എന്നാൽ പുസ്തകത്തിൽ ഇല്ല Ans. ആ ചരിത്ര പുസ്തകത്തിൽ കപ്പർത്തുത്തോയിൽ ചെയ്തതിട്ടുള്ളതായി പറയുന്ന തീരുമാനങ്ങൾ യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളതാണോ? ആ ചരിത്രത്തിൽ പറഞ്ഞിട്ടുള്ള തീരുമാനങ്ങൾ അവിശ്വസിക്കാൻ കാര്യമില്ല. Ans. അത് സഭ സ്വീകരിക്കുന്ന തീരുമാനങ്ങൾ അവിശ്വസിക്കാൻ കാര്യമില്ല Ans. അത് സഭ സ്വീകരിക്കുന്ന തീരുമാനങ്ങൾ ആണോ? ബാർ എബ്രായായുടെ *സഭാ ചരിത്രം* സഭ എങ്ങനെ സ്വീകരിക്കുന്നുവൊ അതേ രീതിയിൽ ആ തീരുമാനങ്ങളും സ്വീകരിക്കുന്നുണ്ട്. Ans. Ex A 90 ൽ പറഞ്ഞിരിക്കുന്നതും ബാർ എബ്രായായുടെതിൽ പറഞ്ഞിരിക്കുന്നതും തമ്മിൽ പ്രധാനമായിട്ടുള്ള വ്യത്യാസം എന്താണ്? ചരിത്രത്തിൽ പറയുന്നത് മഫ്രിയാനാ പാത്രിയർക്കീസിന്റെ അടുക്കൽ സന്നിഹിതനായിരിക്കുമ്പോൾ പാത്രിയർക്കീസിന്റെ വലത്തു ഭാഗത്തുള്ള സീറ്റ് അദ്ദേഹത്തിന് കൊടുക്കണം. രണ്ട്. പ്രാർത്ഥനകൾക്കുനിൽമ്പോഴും ഈ തത്വം പാലിക്കണം. മൂന്ന് കാലുനിക്കൊസ്, റിശ്ഐന, ഹാറോൺ ഈ മൂന്നു സ്ഥലങ്ങളിൽ അനധികൃതമായി വാഴിക്കപ്പെട്ട മെത്രാന്മാരെ ആ സ്ഥാനങ്ങളിൽ സ്വീകരിക്കുന്നു. നാല്, പാത്രിയർക്കീസിനോട് എതിർത്ത ആ മഫ്രിയാനാക്ക് മാപ്പു കൊടുക്കുന്നു. ഇങ്ങനെ നാലു കാര്യങ്ങൾ ആണ്. Ex A 90 ൽ പറയുന്ന മറ്റൊന്നും അതിൽ കാണുന്നില്ല. Ans. കപ്പർതുത്താ സുന്നഹദോസിലെ തീരുമാനങ്ങൾ Ext B 161 ലൊ Ex B 162 ലൊ പറയുന്നുണ്ടോ? ഇതിൽ കപ്പർതുത്ത സുന്നഹദോസിനെ കുറിച്ച പറയുന്നില്ല. page 69 Ans. കാനോനിക പാത്രിയർക്കീസ്

എന്നതിൽ നിന്നു എന്താണ് അർത്ഥമാക്കേണ്ടത്? അന്ത്യോക്യായിലെ പരിശുദ്ധ പത്രോസിന്റെ സിംഹാസനത്തിലേക്ക് ആ സിംഹാസനത്തിൽ കീഴിലുള്ള മെത്രാപ്പോലീത്തന്മാരുടെ സുന്നഹദോസ് കൂടി വാഴിക്കുമ്പോൾ കാനോനിക പാത്രിയർക്കീസ് ആയിത്തീരുന്നു. Ex B 162 പേജ് 72 ൽ നിഖ്യായുടെ എന്ന തലക്കെട്ടിൻ കീഴിൽ പാത്രിയർക്കീസ് വാഴിക്കപ്പെടുന്നത് മറ്റു സിംഹാസനത്തിലെ പാത്രിയർക്കീസന്മാരാൽ അല്ല. എന്നാലൊ അദ്ദേഹത്തിന്റെ കീഴിലുള്ളവരായ കാതോലിക്ക, മെത്രാപ്പോലീത്തമാർ എപ്പിസ്കോപ്പന്മാർ, കശീശന്മാർ, ശേഷം വൈദിക സ്ഥാനികൾ ജനങ്ങൾ എന്നിവരാലത്രെ. Ans. യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ വാഴ്ചക്ക് മലങ്കര സഭയിലെ എപ്പിസ്കോപ്പന്മാർ ആരെങ്കിലും പങ്കെടുത്തിരുന്നോ? ഇവിടെയുള്ള സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും അവരുടെ സമ്മതം അയച്ചു കൊടുത്തിരുന്നതായി അറിയാം. മലങ്കരയിലെ ക്നാനായ സമുദായത്തിലെ മോർ ക്ലീമിസ് മെത്രാപ്പോലീത്ത അവിടെ സന്നിഹിതനും ആയിരുന്നു. Ans. ശൽമൂസ (സമ്മതം) അയച്ചു കൊടുത്തുയെന്ന് അക്കാലത്ത് കേട്ടറിവാണ്. ശൽമൂസ ഞാൻ കണ്ടിട്ടില്ല. വിശ്വസനീയമായ കേട്ടറിവാണ് അന്നത്തെ കാതോലിക്കോസിനെയൊ അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാപ്പോലീത്തമാരെയൊ ക്ഷണിക്കുകയൊ അവർ അതിൽ പങ്കുകൊള്ളുകയൊ ചെയ്തിട്ടുണ്ടോ? 1957 ൽ വാഴ്ച നടക്കുമ്പോൾ അവർ പാത്രിയർക്കീസിൽ നിന്നു വിഘടിച്ച് നിന്നിരുന്നതിനാൽ അവരെ അറിയിച്ചിട്ടില്ലായിരിക്കും എന്നാണ് എന്റെ ബോദ്ധ്യം. Ans. കാതോലിക്കോസിന്റെ സ്ഥാനാരോഹണം സംബന്ധിച്ച് Ex A 36 ൽ പറയുന്ന ഭരണഘടനയിൽ വ്യവസ്ഥയുണ്ടോ? ആ ഭരണഘടനയിൽ പറയുന്ന വ്യവസ്ഥകളെക്കുറിച്ച് എനിക്കു ശരിയായി അറിഞ്ഞുകൂടെങ്കിലും ആ ഭരണഘടനയിൽ ഏതോ വകുപ്പുകൾ ഉള്ളതായി വായിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെയുള്ളതായ വകുപ്പുകൾ ഒന്നാമത്, പാത്രിയർക്കീസിനു ബാധകമല്ല. രണ്ടാമത്, അയച്ച അപേക്ഷയിൽ ഈ പറയുന്ന വകുപ്പുകളൊന്നും ചൂണ്ടിക്കാണിച്ചിട്ടുമില്ല. Ans. Ex 35 shown ഇത് പാത്രിയർക്കീസിന് അയച്ച എഴുത്തിന്റെ കോപ്പിയാണോ? അതെ Ans. Ex A 35 ൽ പറയുന്ന 5. 1. 64 ലെ തീരുമാനം അന്നു നിലവിലിരുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടന അനുസരിച്ച് ചെയ്തിട്ടുള്ളതല്ലേ? എന്ന് അതിൽ കാണുന്നില്ല Ans. അതിൽ കാണുന്നില്ലാത്ത സ്ഥിതിയ്ക്ക് ഭരണഘടന അനുസരിച്ചല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത് അന്ന് ഭരണഘടന അനുസരിച്ചാണോ എപ്പിസ്കോപ്പൽ സുന്നഹദോസും മറ്റും നടന്നു വന്നിരുന്നത്? എനിക്കതേപ്പറ്റി നിശ്ചയമില്ല. Ans. Ex B 157 Ans. Ex B 157 ൽ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ക്ഷണം സ്വീകരിച്ച് ഇവിടുത്തെ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന ഔഗേൻ തിമോത്തിയോസിനെ കാതോലിക്ക ആയി വാഴിച്ചു എന്നു പറഞ്ഞിട്ടുള്ളത് ശരിയാണോ? ശരിയാണ്. മുമ്പ് ഞാൻ ബോധിപ്പിച്ച പ്രകാരം ഭരണഘടനയെക്കുറിച്ചു ഒന്നും പറയാതെ സുന്നഹദോസ് അയച്ച അപേക്ഷ അദ്ദേഹം

സ്വീകരിച്ചു ഇവിടെ വന്നു. ഇവിടുത്തെ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ മേയ് 22-ാം തീയതി മോറാൻ മോർ ബസേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്ക ആയി വാഴിച്ചിരിക്കുന്നു എന്ന് Ex B 157 ആദ്യ പേജിൽ പറഞ്ഞിരിക്കുന്നത് Ans. കാതോലിക്ക വാഴ്ച യിൽ ആവശ്യമായിട്ടുള്ള കർമ്മങ്ങൾ എന്തൊക്കെയാണ്? ഒന്ന്, വിശുദ്ധ കുർബ്ബാന അർപ്പണം രണ്ട്, കുർബ്ബാന മദ്ധ്യേ വാഴ്ച ഏൽക്കുന്ന ആളിനെ വാഴിക്കുന്ന ആളിന്റെ മുമ്പിലേക്ക് ആനയിക്കുക മൂന്ന്, വാഴിക്കുന്ന ആൾ മറ്റു മെത്രാപ്പോലിത്തമാരുടെ സഹകരണത്തോടുകൂടി ആവശ്യമായ പ്രാർത്ഥന കൾ ഏവൻഗേലിയോൻ തലയിൽ വച്ചുള്ള പ്രാർത്ഥനാ കൈവെയ്പ്പ്, പ്രഖ്യാ പനം മുതലായവ നടത്തുന്നു. അതിനു ശേഷം വാഴിക്കുന്ന ആളിന്റെ കൈ ഏറ്റവും മുകളിലായി അതിനു താഴെ വാഴ്ച ഏറ്റ ആളിന്റെയും അതിനു താഴെയായി മെത്രാപ്പോലീത്തന്മാരുടെയും കൈകൾ അംശവടിയിൽ പിടി ക്കുകയും ഓരോ ഗീത പ്രാർത്ഥനയും കഴിഞ്ഞ് അടി മുതൽ ഓരോരുത്തരും വടിയിൽ നിന്നു കൈ എടുക്കുകയും അവസാനം വാഴിക്കുന്ന ആളിന്റെയും വാഴ്ച ഏറെ ആളിന്റെയും കൈകളിൽ വടിവരികയും അവസാനം വാഴിക്കുന്ന പാത്രിയർക്കീസ് അംശവടി കാതോലിക്കായെ ഏൽപിക്കുകയും പിന്നീട് അദ്ദേഹത്തെ കസേരയിൽ ഇരുത്തി വൈദികർ എടുത്തു പൊക്കി ഒക്സി യോസ് വിളിക്കുകയും ചെയ്യുന്നു. ഇത്രയുമാണ് ഇപ്പോൾ എന്റെ ഓർമ്മയിൽ ഉള്ളത് Ans. പാത്രിയർക്കീസിനെ വാഴിക്കുന്നതിനുള്ള കർമ്മങ്ങൾ എന്തൊ ക്കെയാണ്? പാത്രിയർക്കീസ് വാഴ്ച ഞാൻ കണ്ടിട്ടില്ല. അതിനെക്കുറിച്ച് ക്ലീമിസിന്റെ പ്രാർത്ഥന പ്രത്യേകം ഉപയോഗിക്കുമെന്ന് എനിക്കറിയാം. ബാക്കി വിവരങ്ങളിൽ കുറെ എങ്കിലും വാദികളും പ്രതികളും ഹാജരാക്കിയിട്ടുള്ള കാനോനുകളിൽ കാണാം. Ans കാതോലിക്കായെ വാഴിക്കാനുള്ള കർമ്മങ്ങൾ സാക്ഷി കണ്ടതുകൊണ്ടു പറയുന്നതാണോ? കണ്ടതുകൊണ്ടും അങ്ങനെ യുള്ള പട്ടം കൊട പുസ്തകം വായിച്ചതുകൊണ്ടും ഉള്ള അറിവാണ് Ans ഏത് കാതോലിക്കായ്ക്കു പട്ടം കൊടുത്ത പട്ടം കൊട പുസ്തകമാണ് കണ്ടി ട്ടുള്ളത്? ഏതെങ്കിലും കാതോലിക്കാക്കു പട്ടം കൊടുത്തതായി കണ്ട പട്ടം കൊട പുസ്തകം ഞാൻ കണ്ടതായി ബോധിപ്പിച്ചില്ല. എന്നാൽ 1685 ൽ കോത മംഗലത്ത് കബറടങ്ങിയ എൽദാ ബസേലിയോസ് ബാവായുടെ കൂടെ വന്ന ഈവാനിയോസ് ബാവായുടെ കയ്യെഴുത്തായിട്ടുള്ള പട്ടം കൊട പുസ്തകം മോർ യൂലിയോസ് ബാവായുടെ കയ്യിൽ വച്ച് ഞാൻ കണ്ടിട്ടുണ്ട്. വായിച്ചി ട്ടുണ്ട് 30 കൊല്ലം മുമ്പ് മുതലെ വായിക്കുന്നുണ്ട്. അതിനെക്കുറിച്ച് ഞാൻ *സമാധാന*ത്തിൽ ലേഖനങ്ങളും എഴുതിയിട്ടുണ്ട് Ans ആ പുസ്തകം ഇപ്പോൾ എവിടെ ഉണ്ടെന്ന് അറിഞ്ഞു കൂടാ. കാതോലിക്കാ സ്ഥാന പ്രാപ്തിക്കും തദനുസരണമുള്ള ആത്മീയ അധികാരസ്ഥാനത്തിനുമായി പരിശുദ്ധാത്മാ വിനെ വിളിക്കുന്ന സമയത്താണ് കൈവെപ്പ് നടത്തുന്നത് Ans പാത്രിയർക്കീ സിനു അങ്ങനെ കൈവെപ്പ് ഉണ്ടോ? ഉണ്ട് Ans പാത്രിയർക്കീസിനുള്ള കൈവെപ്പ് നടത്തുന്നതാരാണ്? വാഴ്ച നടത്തുന്ന സുന്നഹദോസിന്റെ

അദ്ധ്യക്ഷനൊ അല്ലെങ്കിൽ ആ സുന്നഹദോസ് നിശ്ചയിക്കുന്ന ആളൊ കൈവെപ്പ് നടത്തുന്നു. കൈവെയ്പ്പു നടത്തുന്ന ആളോണൊ പാത്രിയർക്കീസിനെ വാഴിക്കുന്നത്? അതോ സുന്നഹദോസോ? പാത്രിയർക്കീസിന്റെ കാര്യത്തിൽ അദ്ദേഹം സഭയുടെ പരമദ്ധ്യക്ഷനാകയാലും അദ്ദേഹത്തെക്കാൾ ഉപരി മറ്റൊരു സ്ഥാനി ഇല്ലാത്തതിനാലും സുന്നഹദോസാണ് വാഴിക്കുന്നത്. എന്നാൽ കാതോലിക്കാ മുതൽ മറ്റേതൊരു സ്ഥാനിയാണെങ്കിലും അവരെ വാഴിക്കുമ്പോൾ സഭയുടെ പരമമേലദ്ധ്യക്ഷനായ പാത്രിയർക്കീസ് ഉണ്ടെങ്കിൽ അദ്ദേഹമാണ് വാഴിക്കുന്നത് Ans പാത്രിയർക്കീസ് ഇല്ലെങ്കിൽ ആരു കൈവെപ്പ് നടത്തും? അതാത് സമയത്ത് അങ്ങനെയുള്ള സന്ദർഭങ്ങളിൽ കൈവെപ്പു നടത്തുവാൻ പാത്രിയർക്കീസ് പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള ആൾ കൈവെപ്പു നടത്തും. ഈ മലങ്കരയിൽ അതിനു ധാരാളം ഉദാഹരണങ്ങൾ ഉണ്ട് Ans സുന്നഹദോസ് കൂടാതെ കാതോലിക്കായെ വാഴിക്കാമോ? അതിനു നടപടി എനിക്ക് ശരിക്കറിയാൻ പാടില്ല എങ്കിലും സുന്നഹദോസിന്റെ ആലോചനയും അതിലുണ്ടായിരുന്നേക്കാം എന്നാണ് എനിക്ക് തോന്നുന്നത് Ans സുന്നഹദോസിന്റെ അദ്ധ്യക്ഷനാണോ കർമ്മങ്ങൾക്ക് ലീഡ് കൊടുക്കുന്നത്? Ans പാത്രിയർക്കീസാണെങ്കിൽ സ്ഥാനന്യായേന തന്നെ അദ്ദേഹം സുന്നഹദോസിന്റെ അദ്ധ്യക്ഷനും അതേ സമയം തന്നെ അദ്ദേഹം സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസുമാണ്. ആ സ്ഥിതിയ്ക്ക് പാത്രിയർക്കീസാണ് വാഴിക്കുന്നതെങ്കിൽ ഈ രണ്ടു നിലയിലും അദ്ദേഹമാണ് ലീഡ് ചെയ്യുന്നത് Ans പാത്രിയർക്കീസില്ലെങ്കിൽ? പാത്രിയർക്കീസില്ലെങ്കിൽ സുന്നഹദോസിന്റെ അദ്ധ്യക്ഷനാണ് ലീഡു കൊടുക്കുന്നത് Ans ഏവൻഗേലിയോൻ തലയിൽ വച്ച് പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യം എന്താണ്? അതിന്റെ വ്യാഖ്യാനം എനിക്കറിഞ്ഞു കൂടാ. Ans എപ്പിസ്കോപ്പന്മാരെ വാഴിക്കുന്നതിനു കൈവെപ്പ് ഉണ്ടോ? നിശ്ചയമായും Ans അത് കൂദാശപരമായിട്ടുള്ള ഒരു പ്രവൃത്തിയല്ലേ? കൈവെക്കുന്ന ആൾ ചെയ്യുന്നത് സ്ഥാപന കൂദാശപരമായിട്ടുള്ളതാണ് Ans സ്വീകാരകൻ സ്വീകരണ കൂദാശയായി അതിനെ സ്വീകരിക്കുന്നു Ans ആ കർമ്മം Sacramental Mystery അടങ്ങിയ ഒന്നാണോ? Q നിശ്ചയമായും. കാരണം നിർമ്മലമായ പൗരോഹിത്യ കൈവെപ്പു കൂടാതെ ഒരു കൂദാശയും സഭയിൽ നിർവ്വഹിക്കുവാൻ പാടില്ല Ans കാതോലിക്കായുടെയോ പാത്രിയർക്കീസിന്റെ വാഴ്ച സമയത്തെ കൈവെപ്പ് ഇതു പോലെ ഉള്ളതാണോ? Q രണ്ടു പേരുടെയും വാഴ്ചയുടെ സമയത്ത് വയ്ക്കുന്നതു കൈയാണെങ്കിലും തന്മൂലം പരിശുദ്ധാത്മാവിൽ നിന്ന് ലഭിക്കുന്നത് വ്യത്യസ്ഥാധികാരങ്ങളാണ്. Ans അതും mystery ഉള്ള കർമാണോ? പാത്രിയർക്കീസും കാതോലിക്കായും സ്ഥാപന കൂദാശകൾ നടത്തേണ്ടവരാകയാൽ അവർക്കു ലഭിക്കുന്ന വിവിധ തരത്തിലുള്ള കൈവെപ്പ് mystery യിൽ പെടുന്നതാണ് Ans കാതോലിക്കായുടെയും പാത്രിയർക്കീസിന്റെയും വാഴ്ച ഒരു Sacrament ആണെന്നു പറഞ്ഞാൽ ശരിയാണോ? തെറ്റാണ് രണ്ടിനം Sacramental mystery ഉണ്ടെന്നാണ് പറഞ്ഞത് Ans. Sacrament അല്ലെങ്കിൽ കൂദാശ എന്നാൽ

എന്താണ്? Q മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കായി കർത്താവേശുമിശിഹാ സഭയിൽ സ്ഥാപിച്ചിട്ടുള്ള അപ്രത്യക്ഷ നന്മകളുടെ പ്രത്യക്ഷ കർമ്മങ്ങളാണ് കൂദാശകൾ എന്നാണ് അതിന്റെ definition? എപ്പിസ്കോപ്പായെ വാഴിക്കുന്നത് കൂദാശയിൽപെടുന്നതാണോ? Q വാഴിക്കുന്നത് കൂദാശയിൽ പെടുന്നതല്ല. സ്ഥാപനകൂദാശയാണെന്നു നേരത്തേ ബോധിപ്പിച്ചു. Ans. സ്ഥാപന കൂദാശ എന്നാൽ എന്താണ്? Q പട്ടക്കാരൻ അയാൾക്കു ചെയ്യാവുന്ന കൂദാശകൾ അനുഷ്ഠിക്കുവാനുള്ള നൽവരവും അധികാരവും മെത്രാപ്പോലീത്ത കൈവെപ്പും മൂലം നൽകുമ്പോൾ അത് അതിൽ നിന്നു നൽവരങ്ങൾ ഒഴുകുന്ന ഒരു സ്ഥാപനമായിത്തീരുകയാൽ ആ പട്ടം കൊടക്ക് സ്ഥാപനകൂദാശ എന്നു പറയുന്നു. Ans. എപ്പിസ്കോപ്പായെ വാഴിക്കുക പട്ടക്കാരെ വാഴിക്കുക, ശെമ്മാശന്മാരെ വാഴിക്കുക ഇതെല്ലാം സ്ഥാപന കൂദാശയാണോ? Q ശെമ്മാശനു പട്ടം കൊടുക്കുന്നതു സ്ഥാപനകൂദാശയല്ല. മറ്റു രണ്ടും സ്ഥാപനകൂദാശകളാണ്. ശെമ്മാശ പട്ടത്തിനും അതിനുള്ള അധികാരങ്ങൾ നൽകുന്നതിനാൽ ഒരു വിധത്തിൽ അതും സ്ഥാപന കൂദാശയിൽ വരും Ans. കൂദാശയും സ്ഥാപന കൂദാശയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്താണെന്നു പറയാമോ? Q ഒരു ക്രിസ്ത്യാനി സ്വീകരിച്ചേ മതിയാകൂ എന്നുള്ളവയിൽ വിവാഹം, പട്ടത്വം ഇവ ഒഴികെ മറ്റുള്ള കൂദാശകൾ സ്വീകരിച്ചേ മതിയാകൂ. അങ്ങനെയുള്ള ഏഴു കൂദാശകളെയാണ് Sacrament എന്നു പറയുന്നത്. സ്ഥാപന കൂദാശയെക്കുറിച്ച് അൽപം മുമ്പു ഞാൻ ബോധിപ്പിച്ചിട്ടുണ്ട് Ans. സ്ഥാപന കൂദാശ ഏഴ് കൂദാശയിൽ പെടുകയില്ല. അവ മേൽപട്ടക്കാർക്കുമാത്രം സഭയുടെ ആത്മീയ ജീവനുവേണ്ടി ചെയ്യാവുന്ന കർമ്മങ്ങളാണ് സ്ഥാപന കൂദാശകളെക്കുറിച്ച് നമ്പർ ഇട്ടു പറഞ്ഞിട്ടില്ല. എത്ര എണ്ണമുണ്ടെന്നും പെട്ടെന്നു പറയാൻ സാധിക്കയില്ല. കൂദാശകൾ ക്രിസ്തു സ്ഥാപിച്ചിട്ടുള്ളതാണെന്ന് ആണ് സഭ പഠിപ്പിക്കുന്നത്. സ്ഥാപന കൂദാശകൾ ആരു സ്ഥാപിച്ചതാണ്? സഭയിലുള്ള ആത്മനിറവിനു വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ക്രിസ്തു സ്ഥാപിച്ചിട്ടുള്ളവയും നിർദ്ദേശിച്ചിട്ടുള്ളവയുമാണ് Ans. സ്ഥാപന കൂദാശയും ക്രിസ്തു സ്ഥാപിച്ചിട്ടുള്ളതല്ലേ? Q ക്രിസ്തുവിനെ വിട്ടിട്ട് സഭ ഇല്ലായ്കയാൽ അതിലുള്ള എല്ലാ ക്രമീകരണങ്ങളും ക്രിസ്തുവിൽ നിന്നോ ക്രിസ്തു നിർദ്ദേശിച്ചതനുസരിച്ചോ മാത്രമെ ആയിരിക്കയുള്ളു. Ans. അങ്ങനെ ക്രിസ്തു നിർദ്ദേശം കൊടുത്തത് അപ്പോസ്തലന്മാർക്കാണോ? Q അതേ. അതേപ്പറ്റി നേരത്തെ ബോധിപ്പിച്ചിട്ടുണ്ട് Ans. കാതോലിക്കോസിന്റെ സ്ഥാനാരോഹണം പാത്രിയർക്കീസിന്റെ സ്ഥാനാരോഹണം ഇതുരണ്ടും പട്ടത്വ കൂദാശയിൽ പെട്ടതാണോ? പാത്രിയർക്കീസിന്റെ വാഴ്ച കാതോലിക്കോസിന്റെ വാഴ്ച ഇവ രണ്ടും ഏഴു കൂദാശകളിൽ പെട്ട പട്ടത്വ കൂദാശ എന്നതിൽ പെട്ടതല്ല Ans. എപ്പിസ്കോപ്പായുടെ Consecration പട്ടത്വ കൂദാശയിൽ പെട്ടതാണോ? സ്വീകാരകൻ പട്ടത്വത്തിന്റെ പൂർണ്ണ നിലയിലേക്ക് പ്രവേശിക്കുന്നതു മൂലം അദ്ദേഹം സ്വീകരിക്കുന്നത് ഒരു വിധത്തിൽ പട്ടത്വ കൂദാശാ സ്വീകരണം തന്നെയാണ് Ans. ഒരു വിധത്തിൽ എന്നു വച്ചാൽ? Q കശീശാ ആയി പട്ടം

ഏറ്റപ്പോൾ തന്നെ പട്ടത്വ കൂദാശ അദ്ദേഹം സ്വീകരിച്ചതുകൊണ്ടാണ്. അതിന്റെ പൂർണ്ണതയിലുള്ള എപ്പിസ്കോപ്പാ സ്ഥാനം സ്വീകരിച്ചപ്പോൾ ഒരു വിധത്തിൽ എന്നും കൂടി കൂട്ടിചേർക്കുവാൻ ഇടയായത്. Ans. എപ്പിസ്കോമ്മാരെ വാഴിക്കുന്നത് ഒരു വിധത്തിൽ കൂദാശയാകുമെന്നു പറഞ്ഞ രീതിയിൽ qualified sense ൽ എവിടെ എങ്കിലും ആധികാരികമായി പുസ്തകത്തിൽ ഉണ്ടോ ? Q പുസ്തകത്തിൽ വായിച്ചതായി ഓർമ്മയില്ല Ans.Ex B 162 ൽ കാതോലിക്കോസിന്റെ വാഴ്ചയിൽ കൈവെപ്പ് ഉള്ളതായി പറയുന്നുണ്ടോ? കൈവെപ്പ് കൊടുക്കണമെന്ന് അതിൽ പറയുന്നില്ല. Witness adds കാതോലിക്കാക്കു പട്ടം കൊടുക്കുകയാണെങ്കിൽ കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴിലുള്ളവനാകയാൽ അതിനുള്ളത് സർവ്വവും പാത്രിയർക്കീസ് നിവർത്തിക്കണം എന്ന് അതിൽ തന്നെ പറഞ്ഞിരിക്കുന്നതിനാലും സ്ഥാനാരോഹണത്തിന്റെ എല്ലാ പരിപാടികളും ഈ കാനോനിൽ പറഞ്ഞിട്ടില്ലാത്തതിനാലും മുമ്പ് ഞാൻ ബോധിപ്പിച്ചതു പോലെ കൈവെപ്പ് നടത്തണമെന്ന് രേഖയുള്ളതിനാലും കൈവെപ്പ് നടത്തേണ്ടതാണ്. With reference to paper 74-75- Ex A 90 ൽ ആ ഭാഗം ഇല്ലല്ലോ? ഇല്ല Ans. കൈവപ്പു നടത്തണമെന്ന് രേഖ ഉണ്ടെന്നു പറഞ്ഞത് എവിടെയാണ്? Ex A 90 പേജ് 87 ഉദ്ധരിച്ച് പാത്രിയർക്കീസിന്റെ മേൽ കൈവെപ്പു നടത്തേണ്ടത് മഫ്രിയാനായോ സുന്നഹദോസ് അദ്ധ്യക്ഷനോ എന്നതിനെക്കുറിച്ച് പാശ്ചാത്യർ രണ്ട് എപ്പിസ്കോപ്പന്മാരെയും പൗരസ്ത്യർ രണ്ടു പേരെയും തെരഞ്ഞെടുത്തിട്ട് ഈ നാലു പേരും കൂടി സമ്മതിക്കുന്ന ആൾ കൈവെപ്പു നടത്തികൊള്ളണം എന്നാണ് പറയുന്നത്. സാക്ഷി ആശ്രയിക്കുന്ന authority അതാണോ? Q അതിൽ പോലും അതു പറയുന്നു. ഞാൻ ആ കാനോൻ അംഗീകരിക്കുന്നില്ലെങ്കിലും അതിൽ പോലും ഉണ്ടെന്നാണ് ഞാൻ ബോധിപ്പിക്കുന്നത് Ans ഇതിൽ പറയുന്നതുപോലെ വേറെ authority ഉണ്ടോ? Q പെട്ടെന്നു പറയാൻ നിവൃത്തിയില്ല. പരിശോധിച്ചാൽ കണ്ടേക്കാം. Ans. Ex B 162 ൽ കാതോലിക്കോസിന്റെയും പാത്രിയർക്കീസിന്റെയും വാഴ്ചയെപ്പറ്റി പറയുന്ന സംഗതികൾ പൂർണ്ണമല്ലെന്നാണോ സാക്ഷി പറയുന്നത്? Q അതിലെഴുതിയിരിക്കുന്നത് പരിപൂർണ്ണമാണ്. ആരാണ് വാഴിക്കേണ്ടത് എന്നുള്ളതു മാത്രമെ അതിൽ പറയുന്നുള്ളു. മറ്റു യാതൊരു പരിപാടിയുടെ കാര്യവും അതിൽ പറയുന്നില്ല. Ans അതിൽ പറയുന്നതു കൂടാതെ കാതോലിക്കാ വാഴ്ചക്കും പാത്രിയർക്കീസ് വാഴ്ചക്കും എന്തെല്ലാമാണ് നടപടികൾ എന്ന് ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. Ex B 162 ൽ പറയാത്ത പരിപാടികൾ പാത്രിയർക്കീസ് വാഴ്ചക്കും കാതോലിക്കോസ് വാഴ്ചക്കും ഉണ്ടോ? Q ഇതിന്റെ രണ്ടിന്റെയും പരിപാടികൾ കാനോനിലില്ലെന്ന് പറയുന്നത് വ്യക്തമായും സ്പഷ്ടമായും അതിന്റെ ശുശ്രൂഷാ ക്രമപുസ്തകത്തിലാകയാൽ ആ ക്രമപുസ്തകം കാണാതെ ഇതിൽ കൂടുതലൊന്നും ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ശുശ്രൂഷാ ക്രമപുസ്തകം ഏതാണ്? Q പട്ടംകൊട പുസ്തകമെന്നാണ് അതിനെ പറയുന്നത് Ans പട്ടംകൊട പുസ്തകം ഇന്നിന്ന തരത്തിൽ ഇരിക്കണമെന്നുണ്ടോ? Q നിശ്ചയമായും ഒരു ഫോം ഉണ്ടായിരിക്കണം. പട്ടം കൊട

പുസ്തകങ്ങൾ എന്നല്ലാ വിശ്വാസപരമായ സർവ്വ പുസ്തകങ്ങളും പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൽ നിന്ന് എന്നാണ് ഈ സഭയ്ക്കു കിട്ടിയിട്ടുള്ളതെന്നും അങ്ങനെയുള്ള ഒരു പുസ്തകം വച്ചാണ് അന്ത്യോക്യാ പ്രതിനിധി ഈ കേസിലെ 1-ാം വാദിയെ പട്ടക്കാരനായി വാഴിച്ചതെന്നും അങ്ങനെയുള്ള പട്ടം കൊടപുസ്തകങ്ങളിൽ ഓരോ മെത്രാന്റെയൊ മറ്റു സ്ഥാനികളുടെയൊ ആവശ്യവും അനുഗ്രഹവും അനുസരിച്ച് അതിലുള്ള യാതൊരു ഫോമിനും ഒരു വ്യത്യാസവും വരുത്താൻ പാടുള്ളതല്ല എന്ന് ഞാൻ വളരെ നേരത്തെ ബോധിപ്പിച്ചിട്ടുള്ളതാണ് Ans അങ്ങനെയുള്ള അംഗീകൃത ഫോം പ്രതിഭാഗത്തു നിന്നും ഹാജരാക്കിയിട്ടുള്ള പട്ടംകൊട പുസ്തകത്തിലുണ്ടോ? അതിൽ പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും വാഴ്ചക്രമങ്ങൾ ഇല്ല. എന്നാൽ പട്ടക്കാരുടെയും മറ്റും പട്ടം കൊട സംബന്ധിച്ചുള്ള ക്രമങ്ങൾ ഉള്ളതിൽ നിന്ന് മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ വിശ്വാസത്തെ കുറിച്ച് പറയുന്ന *അമലോഗിയ* ഇന്നാരു അന്ത്യോക്യാ സിംഹാസനത്തിൽ കീഴിലുള്ള ഇന്ന പള്ളിയിൽ വച്ച് പട്ടം കെട്ടപ്പെട്ടിരിക്കുന്നു എന്നുള്ള പ്രഖ്യാപനം അമോലോഗിയായിൽ തന്നെ പാത്രിയർക്കിസിനോടും അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാപ്പോലിത്തമാരോടും പട്ടം കൊടുക്കുന്ന ആളോടും അനുസരണമായി ഇരുന്നുകൊള്ളാമെന്നും മറ്റുമുള്ള കാര്യങ്ങൾ പട്ടംകൊടയുടെ ഫോമിലെ അവിഭാജ്യഘടകങ്ങളാണ് Ans. പാത്രിയർക്കീസിന്റെയും കാതോലിക്കയുടെയും വാഴ്ച ക്രമം കാണിക്കുന്ന ഏതെങ്കിലും ശുശ്രൂഷ പുസ്തകം സാക്ഷി ഹാജരാക്കാമോ? Q അങ്ങനെയുള്ള ഒരു പുസ്തകം കണ്ടു എന്ന സത്യം ഞാൻ ബോധിപ്പിച്ചു. എവിടെ നിന്നെങ്കിലും അന്വേഷിച്ചു കിട്ടിയാൽ ഹാജരാക്കാൻ ശ്രമിക്കാം. ഞാൻ കണ്ട പുസ്തകം ഇപ്പോൾ ഇവിടെ ഇല്ല Ans. ആവർത്തിക്കാൻ പാടില്ലാത്ത കൂദാശകൾ ഉണ്ടോ? Q മാമൂദിസ, മൂറോൻ, പട്ടത്വം ഇവ ആവർത്തിക്കപെടാവുന്നതല്ല Ans.ഒരിക്കൽ പട്ടം കൊടുത്താൽ അതേ പട്ടം തന്നെ വീണ്ടും കൊടുക്കാൻ പാടില്ലല്ലോ? Q ഒരിക്കൽ പട്ടം കൊടുത്താൽ അതേ പട്ടം തന്നെ വീണ്ടും കൊടുക്കുന്നതിന്റെ ആവശ്യം മനസ്സിലാകുന്നില്ല Ans.ഏതെങ്കിലും കാരണവശാൽ വീണ്ടും കൊടുക്കാമോ? Q ഒരു കാരണവശാലും രണ്ടാമത് പട്ടം കൊടുക്കുന്നില്ല Ans. Stopped for the day

മൊഴിവായിച്ചു കേട്ടു, ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First add. district and session court Ernakulam. Taken down by me in open court, read over to the witness and admitted by him to be correct.

Sd/-

Judge 4-7-78

5-7-78 witness sworn again and cross examination continued. കാതോലിക്കായ്ക്കുള്ള കൈവെയ്പ്പിനുള്ള കർമ്മം ബാഹ്യമായിട്ടുള്ളത് എന്താണ്? അത് ഇന്നലെ ഞാൻ ബോധിപ്പിച്ചു. തലയിൽ കൈവച്ചു പ്രാർത്ഥിക്കും. Ans. അത്

കാതോലിക്കാ വാഴ്ചയിൽ പ്രധാനമായ ഒരു കർമ്മമാണോ?Q കർമ്മങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ് അത് Ans കാതോലിക്കായുടെയും പാത്രിയാക്കീസിന്റെയും സ്ഥാനാരോഹണങ്ങളിൽ ഉള്ള ശുശ്രൂഷാ ക്രമങ്ങൾ ആരുണ്ടാക്കിയിട്ടുള്ളതാണ്? Q പാത്രിയർക്കാവാഴ്ചക്കുള്ള പ്രത്യേക പ്രാർത്ഥന മോർ ക്ലീമിസിന്റെ പ്രാർത്ഥന അദ്ദേഹം ഉണ്ടാക്കിയിട്ടുള്ളതാണ്. ബാക്കിയുള്ള ക്രമങ്ങളെല്ലാം സഭയുടെ ആരംഭം മുതൽ ഉണ്ടായിരുന്നവയാണെന്നല്ലാതെ സഭയിൽ ആദി മുതൽ നിലനിന്നുവരുന്ന ആക്രമങ്ങൾ ആരുണ്ടാക്കിയതാണെന്നു അറിഞ്ഞു കൂടാ Ans ആദി മുതൽ എന്നു പറഞ്ഞാൽ ഒന്നാം നൂറ്റാണ്ടു മുതൽ ഉണ്ടോ? ഉണ്ടായിരുന്നേക്കാം എനിക്കു നിശ്ചയമില്ല. എന്നാൽ കാതോലിക്കാ വാഴ്ചക്കുള്ള ക്രമം ആ സ്ഥാപനം ഉണ്ടായപ്പോൾ മുതൽ ഉണ്ടായിരിക്കാനാണ് സാദ്ധ്യത. Ans കാതോലിക്കാ സ്ഥാനം ഉണ്ടായത് നിഖ്യായുടെ നിശ്ചയത്തിൽ 'ഇന്നു മുതൽ' എന്നു കാണപ്പെടുന്നതിനാൽ അന്നു മുതൽ അതായത് എ.ഡി. 325 മുതൽ സഭയിൽ അംഗീകരിക്കപ്പെട്ടതായി കാണാം. എപ്പിസ്കോപ്പന്മാരെ വാഴിക്കുന്നത് സംബന്ധിച്ച് ശ്ലീഹന്മാരുടെ നിയമം ഉണ്ടോ? Q ഇപ്പോൾ എനിക്കോർമ്മയില്ല. Ans. രണ്ടോ മൂന്നോ എപ്പിസ്കോപ്പന്മാർ കൂടി ഒരു എപ്പിസ്കോപ്പയെ വാഴിക്കണമെന്ന് ആദ്യ കാലത്തെ സഭയിൽ നിയമം ഉണ്ടായിരിന്നോ? Q ഏതു കാലത്ത് നിയമമാണെന്ന് എനിക്കറിഞ്ഞു കൂടാ Ans. അങ്ങനെ ഒരു നിയമം ഉണ്ടായിരുന്നോ? Q പാത്രിയർക്കീസിനു വാഴിക്കുവാൻ സൗകര്യമില്ലാത്തപ്പോൾ അദ്ദേഹത്തിന്റെ അറിവോടുകൂടി മൂന്നിൽ കുറയാതെ എപ്പിസ്കോപ്പന്മാർ ചേർന്നു അത്യാവശ്യത്തിന്റെ പേരിൽ വാഴിക്കാമെന്ന് എവിടെയൊ വായിച്ചിട്ടുണ്ട് Ans എവിടെയാണെന്നോർമ്മയില്ല. ആ നിയമം ഇപ്പോഴും നിലവിലുണ്ടോ? Q ഇപ്പോൾ പാത്രിയർക്കീസ് ഉള്ള സ്ഥിതിക്കും യാത്രാ സൗകര്യം ഉള്ള സ്ഥിതിക്കും അതിന്റെ ആവശ്യം ഇപ്പോൾ ഇല്ലാത്തതിനാൽ ആ നിയമം ഇപ്പോൾ നിലവിലില്ല Ans എന്നു മുതലാണ് നിലവിലില്ലാതായത്? Q രണ്ടു നൂറ്റാണ്ടിൽ കൂടുതലായിട്ടുണ്ട്. Ansഅർമീനിയൽ സഭയുടെയും എത്യോപ്യൻ സഭയുടെയും തലവന്മാരെ വാഴിക്കുന്നതാരാണ്? Q അവർ ക്രിസ്തുവിന്റെ ഏക സ്വഭാവത്തിൽ വിശ്വസിക്കുന്നവരാണന്നല്ലാതെ അവരുടെ നിയമങ്ങളും നടപടികളും എനിക്കറിഞ്ഞുകൂടെന്ന് നേരത്തെ ബോധിപ്പിച്ചിട്ടുണ്ട് Ans അവരുടെ തലവന്മാരെ വാഴിക്കുന്നതിന് അന്ത്യോക്യാ പാത്രിയർക്കീസിന് എന്തെങ്കിലും ബന്ധമുണ്ടോ? Q അവർ ഈ സഭയുടെ അംഗങ്ങളല്ലായ്കയാൽ പാത്രിയർക്കീസിനെ ക്ഷണിക്കാൻ അവർ നിർബന്ധിതരല്ലെങ്കിലും വിശ്വാസ ഐക്യമുള്ള മറ്റൊരു സഭയുടെ തലവൻ എന്ന രീതിയിൽ അവർ ക്ഷണിക്കാറുണ്ടെന്നു കേട്ടിട്ടുണ്ട് Ans അന്ത്യോക്യാ പാത്രിയർക്കീസിനു Official ആയി അതിൽ പങ്കൊന്നും ഇല്ലല്ലൊ? Q അദ്ദേഹം ആ സഭയുടെ തലവനല്ലായ്കയാൽ അദ്ദേഹത്തിന് Official Function ഒന്നും ഉള്ളതായിട്ടറിഞ്ഞു കൂടാ Ans കാതോലിക്കോസിന്റെ അധികാര പ്രാപ്തിക്കുള്ള പരിശുദ്ധാത്മ വിളിക്കുള്ള പ്രാർത്ഥന ഞാൻ മുൻ പറഞ്ഞ പട്ടം കൊട പുസ്തകത്തിൽ ആണ് കണ്ടിട്ടുള്ളത്. അതും മോർ

ക്ലീമിസിന്റെ പ്രാർത്ഥനയും തമ്മിൽ വ്യത്യാസം വല്ലതും ഉണ്ടോ? Q നിശ്ചയമായും ഉണ്ട്. കാരണം പട്ടം കൊട സമയത്ത് പരിശുദ്ധാത്മാവിനെ വിളിക്കുന്നത് ഓരോ സ്ഥാനത്തിനും അനുയോജ്യമായ നൽവരങ്ങൾ നൽകുന്നതിനാണ്. ക്ലീമിസിന്റെ പ്രാർത്ഥന പാത്രിയർക്കീസിനു മാത്രമുള്ളതാകയാൽ കാതോലിക്കായ്ക്കുള്ള പ്രാർത്ഥന വ്യത്യാസമായിരിക്കും Ans വ്യത്യാസം എന്താണെന്ന് പറയാമോ? Q രണ്ടും കൂടി താരതമ്യപ്പെടുത്തി പഠിച്ചിട്ടില്ലാത്തതിനാൽ പറയാൻ സാദ്ധ്യമല്ല Ans. പരിശുദ്ധാത്മ വിളിയുടെ പ്രാർത്ഥന നടത്തുന്നത് എപ്പോഴാണ്? Q കുർബാന മദ്ധ്യേ സ്ഥാനാർത്ഥിയെ മുൻ പറഞ്ഞതുപോലെ പാത്രിയർക്കീസിന്റെ മുമ്പിൽ കൊണ്ടുവരികയും സ്ഥാനാർത്ഥി പാത്രിയർക്കീസിനോടുള്ള കീഴ്വഴക്കവും വിശ്വാസ പ്രഖ്യാപനവും അടങ്ങിയിരിക്കുന്നതിൽ ശൽമൂസാ വായിച്ചു സമർപ്പിച്ചതിനുശേഷം ഉള്ള പ്രാർത്ഥനകളിൽ എവിടെയൊ ആണ്. Ans എവിടെയാണെന്ന് പുസ്തകം നോക്കാതെ പറയാൻ നിവൃത്തിയില്ല. എപ്പിസ്കോപ്പന്മാരെ വാഴിക്കുമ്പോഴുള്ള പരിശുദ്ധാത്മാ വിളിക്കുള്ള പ്രാർത്ഥനയും നോക്കാതെ പറയാൻ സാധിക്കയില്ല. Ex B 63 ൽ പട്ടത്വത്തിന്റെ പ്രധാന മൂന്നു വരങ്ങൾ പറഞ്ഞിട്ടുണ്ട്. ഏതൊക്കെയാണ് ? Q മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ പ്രധാനാചാര്യത്വം. ആചാര്യത്വം, ശുശ്രൂഷാവരം ഇതു മൂന്നാണ് Ans ശുശ്രൂഷയുടേത് വെടിപ്പാക്കുന്നതിനെയും ആചാര്യത്വത്തിന്റേത് പ്രകാശിപ്പിക്കുന്നതിനെയും പ്രധാനാചാര്യത്വത്തിന്റേത് പൂർണ്ണമാക്കുന്നതിനെയും ഉദ്ദേശിക്കുന്നു. ഇത് മൂന്നും വ്യത്യാസപ്പെടുത്താൻ പാടില്ലാത്തവയാണെന്നും അതിന്റെ താഴെയായി പ്രധാനാചാര്യത്വത്തിൽ ആരെല്ലാം ഉൾപ്പെടുമെന്നും Ex B 63 ൽ പറയുന്നു. (page 24, 25, 26,27) ആ വിവരങ്ങൾ ശരിയാണ്. പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിനും അംശവടി പിടിപ്പിക്കുക എന്ന കർമ്മം ഉണ്ടോ? ഉണ്ട് Ans. ആ കർമ്മത്തിന്റെ പ്രാധാന്യം എന്താണ്? ആ കർമ്മത്തിന്റെ പ്രാധാന്യം അദ്ദേഹത്തിന്റെ കീഴിലുള്ള എല്ലാ മേൽപട്ടക്കാരും അദ്ദേഹത്തിന്റെ ആത്മീയാധികാരത്തിന്റെ കീഴിലാണെന്ന് കാണിപ്പാനാണ് Ans. അത് അത്യാവശ്യമുള്ള ഒരു കർമ്മമാണോ? അതും വാഴ്ചയിലുള്ള ഒരു കർമ്മമായി പട്ടംകൊട ശുശ്രൂഷയിൽ പറഞ്ഞിരിക്കുന്നതിനാൽ ആ കർമ്മവും അത്യാവശ്യം തന്നെയാണ്. കീഴിലുള്ള എപ്പിസ്കോപ്പമാർ അദ്ദേഹത്തിന്റെ അധികാരത്തെ സമ്മതിക്കുന്നതിനുവേണ്ടിയാണോ ആ കർമ്മം? മുമ്പ് ബോധിപ്പിച്ചതു പോലെ അദ്ദേഹത്തിന്റെ ആത്മീയാധികാരത്തിൽ കീഴിലാണെന്നു കാണിക്കുവാൻ വേണ്ടിയാണ്. സമ്മതിക്കേണ്ട ആവശ്യം അപ്പോൾ ഇല്ല. കാരണം സഭ മുഴുവനും കൂടി തങ്ങളുടെ ആത്മീയാധികാരിയായി അദ്ദേഹത്തെ നേരത്തെ തെരഞ്ഞെടുത്തതാണ് Ans. അങ്ങനെയുള്ള തെരഞ്ഞെടുപ്പ് അത്യാവശ്യമുള്ളതാണോ? അത്യാവശ്യം ഉള്ളതാണ്. പാത്രിയർക്കിസ് വാഴ്ചക്കുള്ള മൂന്ന് പ്രത്യേകതകൾ മുൻപറഞ്ഞ പട്ടം കൊട പുസ്തകത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. ഒന്ന്, അദ്ദേഹം പിതാക്കന്മാരുടെ പിതാവാകയാൽ സഭ മുഴുവനും കൂടി തെരഞ്ഞെടുക്കുന്നു. രണ്ട്. മോർ ക്ലീമിസിന്റെ പ്രാർത്ഥന അദ്ദേഹത്തിന്റെ മേൽ മാത്രം

അനുഷ്ഠിക്കപ്പെടുന്നു. മൂന്ന്, അംശവടി അദ്ദേഹം സ്വയം സ്വീകരിക്കുന്നു. Ans. സ്വയം സ്വീകരിക്കുക എന്നാൽ എന്താണ്? കാതോലിക്കാ വാഴ്ചയിൽ അംശവടി കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ താഴെയുള്ളവരുടെയെല്ലാം കൈവിട്ടതിനുശേഷം പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും മാത്രം കൈകളിൽ വടി ഇരിക്കുമ്പോൾ പാത്രിയർക്കീസ് കാതോലിക്കായെ അതേൽപിക്കുന്നു എന്നാണ് ബോധിപ്പിച്ചത്. പാത്രിയർക്കാവാഴ്ചയിൽ എല്ലാത്തിലും മുകളിലായി പിടിച്ചിരിക്കുന്ന പാത്രിയർക്കീസിന്റെ കൈയ്യിൽ അത് വന്നു ചേരുന്നു. ഇതാണ് സ്വയമായി എടുക്കുന്നു എന്നു പറഞ്ഞത്. പാത്രിയർക്കീസ് വാഴ്ചയിൽ ആദ്യവും അവസാനവുമെല്ലാം അദ്ദേഹത്തിന്റേത് ഏറ്റവും മുകളിലായിരിക്കും. അതിന്റെ കീഴെയായി മറ്റുള്ളവർ പിടിക്കും. ഓരോരുത്തരും പ്രാർത്ഥന ചൊല്ലി ചൊല്ലി മുമ്പും കാതോലിക്കാ വാഴ്ചയുടെ സമയത്ത് പറഞ്ഞതുപോലെ പ്രാർത്ഥന ചൊല്ലി കൈ വിടും. കാതോലിക്കാ വാഴ്ചയ്ക്ക് പാത്രീയർക്കിസിന്റെ താഴെ കാതോലിക്കോസ് പിടിക്കും. അതിൽ പാത്രിയർക്കീസ് ഒഴിച്ചു ബാക്കി എല്ലാവരും പ്രാർത്ഥന ചൊല്ലി കൈ വിടും. അവസാനം പാത്രിയർക്കീസും വിടുമോ? Q അങ്ങനെയല്ലാ, അവസാനം പാത്രിയർക്കീസ് കാതോലിക്കോസിനു വടികൊടുക്കും. Ans. അങ്ങനെ കൊടുക്കുന്നതിനു പ്രത്യേകം പ്രാർത്ഥന ഉണ്ടോ? ഉള്ളതായി എനിക്കറിവില്ല. Ans. വാഴ്ച ഏൽക്കുന്ന ആൾ ഏറ്റവും അടിയിൽ പിടിച്ചിട്ട് മുകളിൽ പിടിച്ചിരിക്കുന്ന എപ്പിസ്കോപ്പന്മാരുടെ ഓരോരുത്തരുടെയും കൈവിടുകയും വാഴ്ച ഏൽക്കുന്ന ആൾ കൈ കയറ്റി പിടിക്കുകയും ചെയ്യുകയാണോ അതിന്റെ കർമ്മം? ഞാൻ വായിച്ച പുസ്തകത്തിൽ അങ്ങനെ അല്ല. അങ്ങനെയും ചിലർ ചെയ്തേക്കാം Ans. 1964 ൽ 1-ാം വാദിയുടെ വാഴ്ചയിൽ എങ്ങനെയാണ് ചെയ്തത? Q അതേപ്പറ്റി അത്ര സൂക്ഷ്മ നിരീക്ഷണം അന്ന് ചെയ്തിട്ടില്ലാത്തതിനാൽ ഇപ്പോൾ അതേക്കുറിച്ചു പറയാൻ നിവൃത്തിയില്ല. Ans. Ex B 157 ൽ പ്രധാനകാർമ്മികൾ ഏറ്റവും മുകളിലും തുടർന്നു മറ്റു മേൽപട്ടക്കാരെല്ലാം മൂപ്പുമുറയ്ക്കും ഏറ്റവും താഴെയായി സ്ഥാനാർത്ഥിയും അംശവടിയേൽ പിടിച്ച് എന്നും ഓരോരുത്തരും പിന്നീട് മുറക്ക് കാതോലിക്കായുടെ കൈക്കു താഴെയായി പിടിക്കുകയും ചെയ്തു എന്നും പറയുന്നത് ശരിയാണോ? Q അവിടെ അങ്ങനെ ആയിരിക്കും ചെയ്തത് Ans. 1-ാം വാദിയുടെ അല്ലാതെ വേറെ ആരുടെയും കാതോലിക്ക വാഴ്ച ഞാൻ കണ്ടിട്ടില്ല. ഗീവർഗീസ് ദ്വിതീയന് മേൽപട്ടക്കാരനായി പട്ടം കൊടുത്തതാരാണ? Q അബ്ദുൽ മിശിഹാബാവയാണെന്ന് കേട്ടിട്ടുണ്ട് Ans. അദ്ദേഹത്തെ കാതോലിക്കാ ആയി വാഴിച്ചത് ആരാണെന്നറിയാമോ? Q പാത്രിയർക്കീസിനാൽ മുടക്കപ്പെട്ടിരുന്ന ആ കാലത്ത് അദ്ദേഹത്തെ കാതോലിക്ക ആയി വാഴിച്ചതിനെകുറിച്ച് എനിക്ക് ശരിയായ അറിവില്ല Ans. അദ്ദേഹത്തിന്റെ തൊട്ടു മുൻഗാമിയെ കാതോലിക്ക ആയി വാഴിച്ചത് ആരാണെന്ന് എനിക്കു നല്ല നിശ്ചയമില്ല. Ex B 63 ൽ 33-ാം പേജിൽ ഫുട്ട് നോട്ടായി കപ്പർതുത്താ സുന്നഹദോസിലെ രണ്ടാം നിശ്ചയം കാണിച്ചിട്ടില്ലേ? Q ഇന്നലെ ഞാൻ ബോധിപ്പിച്ചു. വാദികൾ

ഹാജരാക്കിയ കാനോനിലല്ലാതെ ബാർ എബ്രായായുടെ ചരിത്രത്തിൽ ഇതിൽ പറയുന്ന പോലെയുള്ള ഒരു നിശ്ചയം ഞാൻ വായിച്ചിട്ടില്ല Ans.Ex B 63 ൽ ചേർത്തിട്ടുണ്ട്. അത് ശരിയായിട്ടുള്ളതാണോ?Q എന്റെ അറിവിൻ പ്രകാരം അങ്ങനെ ഒരു നിശ്ചയം ഉള്ളതായി അറിഞ്ഞുകൂടാ. കപ്പർതൂത്തായിൽ ആകെ എട്ട് നിശ്ചയങ്ങൾ ഉണ്ടായിരുന്നോ? Q എട്ട് നിശ്ചയങ്ങൾ ഉണ്ടായി എന്ന് ബാർ എബ്രായ പറയുന്നുണ്ട്. ഇതിൽ പറയുന്നതുപോലെയുള്ള പ്രധാനപ്പെട്ട ഒരു നിശ്ചയം ഉണ്ടായിരുന്നെങ്കിൽ ഒരു മഫ്രിയാന കൂടിയായിരുന്ന അദ്ദേഹം മുമ്പ് ഞാൻ പറഞ്ഞതിന്റെ കൂടെ ഇതും ചേർക്കുമായിരുന്നു. Ans 1-ാം വാദിയുടെ കാതോലിക്കാ ആയുള്ള ആരോഹണം സംബന്ധിച്ചുള്ള എല്ലാ ശുശ്രൂഷകളും സാക്ഷി കണ്ടുവോ? Q കുറെ എല്ലാം കണ്ടു. എല്ലാം ഇപ്പോൾ ഓർമ്മയും ഇല്ല. Ans മെത്രാപ്പോലീത്തന്മാർ ആരൊക്കെ ഉണ്ടായിരുന്നു? Q പാത്രിയർക്കീസിനോട് കൂടി ശീമയിൽ നിന്നു വന്ന മൂന്നോ നാലോ മെത്രാപ്പോലീത്തമാരും മലങ്കരയിലുള്ള എല്ലാ മെത്രാപ്പോലീത്താമാരും തന്നെ ഉണ്ടായിരുന്നു എന്നാണ് എന്റെ ഓർമ്മ. Ans മറ്റു മെത്രാപ്പോലീത്തമാർ അവരുടെ സ്ഥാനവസ്ത്രങ്ങളെല്ലാം ധരിച്ചിരുന്നോ? Q സ്ഥാനാർത്ഥി വെള്ള ശുശ്രൂഷകുപ്പായവും കാപ്പ ഒഴികെയുള്ള മറ്റംശവസ്ത്രങ്ങളും ധരിച്ചിരുന്നു. തലയിൽ മസനപ്സായുടെ മുകളിൽ ശോശപ്പായും ഇട്ടിരുന്നു. മറ്റു മെത്രാപ്പോലീത്തന്മാർ എല്ലാവരും അംശവസ്ത്രങ്ങൾ ധരിച്ചിരുന്നു എന്നാണ് എന്റെ ഓർമ്മ Ans വിശ്വാസ പ്രതിജ്ഞ വായിച്ചത് ഏത് ഭാഷയിലാണ്? Q മലയാളത്തിലായിരുന്നു Ans പാത്രിയർക്കീസ് ത്രോണോസിന്റെ മുമ്പിൽ പടിഞ്ഞാറോട്ട് തിരിഞ്ഞു നിൽകുമ്പോൾ സ്ഥാനാർത്ഥി അദ്ദേഹത്തിന്റെ മുമ്പിൽ കിഴക്കോട്ടു തിരിഞ്ഞു നിന്ന് (അഭിമുഖമായിനിന്ന്) ശൽമൂസ വായിക്കുന്നതാണ് കണ്ടത്. അതാണ് ചീഫിൽ പ്രതിജ്ഞ എന്നു പറഞ്ഞത്. അതാണ് വിശ്വാസപ്രതിജ്ഞയും പാത്രിയർക്കീസിനോടുള്ള കീഴ്വഴക്കവും. ആ പ്രതിജ്ഞയുടെ വാചകങ്ങൾ എന്തെല്ലാമാണെന്ന് ഇപ്പോൾ ഓർമ്മയുണ്ടോ? Q ആ വാചകങ്ങളെല്ലാം ഓർക്കാൻ ആരാലും സാദ്ധ്യമല്ലാത്തതു പോലെ എനിക്കും സാദ്ധ്യമല്ല. Ans എപ്പിസ്കോപ്പന്മാരുടെ വാഴ്ചയ്ക്ക് ഇങ്ങനെയുള്ള വിശ്വാസ പ്രതിജ്ഞ ഉണ്ടോ? Q എപ്പിസ്കോപ്പന്മാരുടെ വാഴ്ചയ്ക്കും കശീശന്മാരുടെ പട്ടം കൊടയ്ക്കും ഇങ്ങനെയുള്ള ശൽമൂസ വായിച്ച് സമർപ്പിക്കൽ ഉണ്ടെന്നാണ് എന്റെ അറിവ് Ans അങ്ങനെയുള്ള പ്രതിജ്ഞകൾ കിഴക്കോട്ടഭിമുഖമായി നിന്നോ പടിഞ്ഞാറോട്ടഭിമുഖമായി നിന്നോ എങ്ങനെയാണ് വായിക്കാറ്? Q മേൽ പട്ടക്കാരുടെ സ്ഥാനാഭിഷേകം ഞാൻ കണ്ടിട്ടില്ല. പട്ടക്കാർ കിഴക്കോട്ട് തിരിഞ്ഞു നിന്നു വായിക്കുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത് Ans മുമ്പ് ഞാൻ ബോധിപ്പിച്ച ശുശ്രൂഷാപുസ്തകത്തിൽ എങ്ങോട്ടുതിരിഞ്ഞു നിൽക്കണമെന്നുള്ളതിനെപ്പറ്റി പറഞ്ഞിട്ടുണ്ടോ എന്ന് ഇപ്പോൾ നിശ്ചയമില്ല. വിശ്വാസ പ്രതിജ്ഞ സഭ മുഴുവന്റെയും മുമ്പാകെ ചെയ്യപ്പെടുന്നതായിട്ടാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്? Q ഈ പ്രതിജ്ഞ അവിടെ സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസും മേൽപട്ടക്കാരും ജനങ്ങളുമുള്ള സന്നിധിക്ക് സഭയുടെ മുമ്പാകെ

എന്നും പറയാം. Ans വിശ്വാസ പ്രതിജ്ഞ സംബന്ധിച്ച് പൊതുവായിട്ടുള്ള താണ് ചോദിച്ചത്? Q പട്ടക്കാരുടെ പ്രതിജ്ഞ ഞാൻ കേട്ടിട്ടുള്ളതു വച്ചു കൊണ്ട് അതിൽ ഞാൻ ഇപ്പോൾ ഏറ്റു പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് വ്യത്യാസം വരുത്തുന്ന പക്ഷം ഞാൻ ഏറ്റിരിക്കുന്ന സ്ഥാനത്തു നിന്നും ഉരിയപ്പെട്ടവനായിരിക്കും. അങ്ങയോടൊ അങ്ങയുടെ സഹോദര മെത്രാപ്പോലീത്തമാരോടൊ ഞാൻ അവിശ്വസ്തനായിരിക്കയില്ല എന്നാദിയായ രീതിയിൽ പ്രതിജ്ഞ ചെയ്യുന്ന തിനാൽ അത് പട്ടം കൊടുക്കുന്ന ആളിന്റെ മുമ്പിൽ ചൊല്ലുന്ന പ്രതിജ്ഞയാ യിട്ടാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എപ്പിസ്കോപ്പന്മാരുടെതും അങ്ങനെ ആയിരിക്കാം. പരുമല കൊച്ചുതിരുമേനി പത്രോസ് പാത്രിയർക്കീസ് ബാവ യുടെ മുമ്പാകെ എഴുതി വച്ച ശൽമൂസാ ഉടമ്പടിയുടെ പകർപ്പ് മുളന്തു രുത്തിപ്പള്ളിയിൽ അന്ത്യോക്യാ പ്രതിനിധി മോർ യൂയാക്കിം കുറിലോസിന്റെ ചരമ ശതാബ്ദിയോട് അനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനിറിൽ ഞാൻ വായിച്ചിട്ടുള്ളതിൽ നിന്നും എപ്പിസ്കോപ്പന്മാരും അങ്ങനെ പ്രതിജ്ഞ ചെയ്യാ റുണ്ടെന്ന് എനിക്കു തോന്നുന്നു Ans അന്ന് 1-ാം വാദി വായിച്ച പ്രതിജ്ഞാ പത്രം എന്തു ചെയ്തു? Q സഭയിലെ കേവലം നിസ്സാരനായ ഒരു പട്ടക്കാരൻ മാത്രമായ എനിക്ക് ആ ഗൗരവമേറിയ രേഖ എന്താണ് ചെയ്തത് എന്നറിഞ്ഞു കൂടാ Ans അപ്പോൾ അതെന്തു ചെയ്തു എന്നു ഞാൻ പ്രത്യേകം നോട്ടു ചെയ്തില്ല. Ex B 157 ൽ പാത്രിയർക്കീസ് സ്ഥാനാർത്ഥിയുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചതായിട്ട് പറയുന്നുണ്ടോ? Q പറയുന്നുണ്ട്. പേജ് 22 ൽ പ്രധാന കർമ്മികൻ ഏവൻഗേലിയോൻ തലയിൽ നിവർത്തി വച്ചു കൊണ്ട് വായിച്ചു. അതിനുശേഷം നെറ്റിയിൽ റുശ്മ എന്നിങ്ങനെ എഴുതിയാൽ റുശ്മാ വരക്കുന്നതിനെ സംബന്ധിച്ച് അറിവുള്ളവർക്കെല്ലാം അറിയാവുന്നതാണ്. ശിരസ്സിൽ കൈ വച്ച് പ്രാർത്ഥിച്ചതിന്റെ ശേഷമാണ് അത് ചെയ്യുന്നതെന്ന് *മലങ്കര സഭാ* മാസികയിൽ പറഞ്ഞിട്ടില്ലെന്നു വിചാരിച്ച് കൈവപ്പ് നടത്തിയി ട്ടില്ലെന്ന് അർത്ഥമാകുന്നില്ല Ans അന്ന് സ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ പാത്രിയർക്കീസ് ഒരു പ്രസംഗം ചെയ്തോ? Q ചെയ്തതായി ഓർക്കുന്നു. Ans. അത് Ex B 157, 24, 25 പേജുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? Q പ്രസം ഗമായിട്ട് Ex B 157 ന്റെ അകത്തു കൊടുത്തിട്ടുണ്ട്. Ans. ഞാൻ Ex B 151 ലെ പ്രസംഗം ആ മാസികയിൽ ആ ഇടയ്ക്കു വായിച്ചിട്ടുണ്ട്. മനോരമയിലും കേരളഭൂഷണത്തിലും മറ്റും വായിച്ചിട്ടുണ്ട്. പ്രസംഗത്തിന്റെ റിപ്പോർട്ട് Ex B 151 ൽ ഉള്ളതു മുഴുവനും Correct ആണോ എന്ന് അതിന്റെ പ്രത്യേക നോട്ട് ഞാൻ എടുത്തിട്ടില്ലാത്തതുകൊണ്ട് നിശ്ചയം പറയാൻ നിവൃത്തിയില്ല. എങ്കിലും മിക്കവാറും ശരിയായിരിക്കാം. Ex B 157 ൽ ഞങ്ങൾ മേൽപട്ടക്കാർ നിർവ്വ ഹിച്ച സ്ഥാനാരോഹണ ശുശ്രൂഷ മുഖാന്തിരം എന്ന് പാത്രിയർക്കീസ് ബാവാ പറഞ്ഞതായി കാണുന്നുണ്ട്. Witness adds എന്നാൽ പാത്രിയർക്കീസ് ബാവാ സുറിയാനിയിലാണ് പ്രസംഗിച്ചത്. അതിനു പുറമെ ഞങ്ങൾ അഥവാ We എന്ന് I ക്കു പകരം മതാദ്ധ്യക്ഷന്മാർ ഉപയോഗിക്കാറുണ്ട്. അതനുസരിച്ച് നാം വാഴിച്ചു എന്ന് ഉള്ളത് ഒരു പക്ഷേ ഈ രീതിയിൽ ഞങ്ങൾ മേൽപട്ടക്കാർ

എന്ന് റിപ്പോർട്ടർ എഴുതിയതായിരിക്കാം. അല്ലെങ്കിൽ തന്നെയും പരിശുദ്ധ പാത്രിയർക്കീസ് ബാവ പ്രധാന കാർമ്മികനായി നിന്നുകൊണ്ട് കാതോലിക്കായെ വാഴിച്ച ശുശ്രൂഷയിൽ മറ്റ് മെത്രാപ്പോലീത്തമാരും ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങൾ മേൽപട്ടക്കാർ എന്ന് പറയുന്നതിനും വിരോധം ഇല്ല. അന്നത്തെ മനോരമയിൽ നാം വാഴിച്ചു എന്ന് വായിച്ചതായിട്ട് ഓർക്കുന്നു. Counsel Continues മേൽപട്ടക്കാർ സ്ഥാനാരോഹണ ശുശ്രൂഷ നിർവ്വഹിച്ചു എന്നർത്ഥം വരത്തക്കവണ്ണം പാത്രിയർക്കീസ് ബാവാ പ്രസംഗിച്ചിട്ടുണ്ടോ?Q ഔഗേൻ കാതോലിക്കാ ബാവായെ താനാണ് വാഴിച്ചതെന്ന് പരിപൂർണ്ണ ബോദ്ധ്യമുള്ള പാത്രിയർക്കീസ് മേൽപട്ടക്കാരാണ് വാഴ്ച നടത്തിയതെന്ന് പറയുവാൻ ഒരു സാദ്ധ്യതയും ഇല്ല Ans. question repeated എനിക്കോർമ്മയില്ല. ഞാൻ കേട്ടിട്ടില്ല Ans. Ex B 157 ൽ 12, 13 പേജു കളിലായി address of welcome presented to His Holiness Moran Mor Ignatius Jacob III എന്നു പറഞ്ഞു address ചേർത്തിട്ടുണ്ട്. അങ്ങനെ ഒരു address of welcome മലങ്കര സഭയുടെതായിട്ട് പാത്രിയർക്കീസിനു സമർപ്പിച്ചോ?Q ഒരു Welcome address കൊടുത്തു Ans. അത് വായിച്ച് സമർപ്പിച്ചോ എന്നോർക്കുന്നില്ല. ആ Welcome address നെ സംബന്ധിച്ച് സാക്ഷിക്കു നേരിട്ടു വല്ല അറിവും ഉണ്ടോ? Q ഞാൻ അവിടെ ഉണ്ടായിരുന്നതുകൊണ്ട് ഒരു മംഗളപത്രം സമർപ്പിച്ചതായി അറിയാം. അതിൽ പരിശുദ്ധ അന്ത്യോക്യാ സിംഹാസനവുമായുള്ള മലങ്കരയുടെ സുദീർഘമായ ബന്ധത്തെയും കാതോലിക്കായും ഒരു കാലത്തും അന്ത്യോക്യാ സിംഹാസനത്തോട് വിഘടിക്കുവാൻ ചിന്തിക്കുക പോലുമില്ലെന്നും അതിൽ ചേർത്തിരുന്നു. Ans. ഇംഗ്ലീഷിലായിരുന്നു. Ex B 157 ൽ ഉള്ള address ൽ ഞാൻ പറഞ്ഞഭാഗം ഉണ്ട്. പേജ് 12 ൽ 1-ാം പാരയിൽ Age Long connection with the Holy see of Amtioch എന്നും 5-ാം പാരായിൽ We beg to assure your holiness that though we have had difference in the past there was a deep seated sense of attachment among our people irespective of party opinions about our connection with the Apostolie see of Antioch എന്നും 13-ാം പേജിൽ The catholicate was never visualised as a rival to the exalted throne of Antoich. On the other hand it is the symbol of a real co-operation with that throne while it signifies the churchs right and freedom to carry out God's purposes in the land in the foot steps of the saints it and the faith of the fathers എന്നും പറയുന്നു. ഇതാണ് ഞാൻ മുൻപ് പറഞ്ഞ ഭാഗം 1964 ലെ പാത്രിയർക്കീസിന്റെ വരവു സംബന്ധിച്ച് മാത്യൂസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്തയും ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും ഡാനിയാൽ മോർ ഫിലക്സിനോസ് മെത്രാപ്പോലീത്തായും ചേർന്നു പള്ളികൾക്ക് കൽപന അയച്ചിരുന്നോ? Q ഇന്നലെ എന്നെ കാണിച്ചതായ പാത്രിയർക്കീസിനുള്ള അന്നത്തെ എല്ലാ മെത്രാപ്പോലീത്തമാരും സുന്നഹദോസും കൂടിയുള്ള ക്ഷണം ഇവിടെ വച്ചു കണ്ടതുപോലെ തന്നെ ഈ കൽപനയും ഇവിടെ വച്ചു മാത്രം ഞാൻ കണ്ടിട്ടുണ്ട്. Ans.Ex A 41 ൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസിന്റെ ഒപ്പുണ്ട്.

ഡാനിയേൽ മോർ ഫിലിക്സിനോസിന്റെയും. മാത്യൂസ് മോർ ഇവാനിയോസിന്റെയും ഒപ്പുകളാണ്. മറ്റു രണ്ട് ഒപ്പുകൾ എന്നു തോന്നുന്നു. സ്ഥാനാരോഹണം സംബന്ധിച്ചുള്ള ചിലവുകൾക്കും മറ്റു വേണ്ടി പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചോ? Q എനിക്കു നിശ്ചയമില്ല Ans.

Stopped for the day

മൊഴി വായിച്ചു കേട്ടുശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First ad District and sessions Court Ernakulam Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 5-7-78

6-7-78 witness sworn again and cross examination continued . പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പു നടക്കുന്നത് എങ്ങനെയാണ് ? Q സുറിയാനി സഭയുടെ എല്ലാ ഭാഗത്തുമുള്ള ഘടകപ്രാദേശിക സഭകളിലെ എല്ലാ മെത്രാപ്പോലീത്തമാരെയും ഒരു പാത്രിയർക്കീസ് കാലം ചെയ്തതിനു ശേഷം മറ്റൊരു പാത്രിയർക്കീസ് വാഴിക്കപ്പെടുന്നതുവരെയുള്ള കാലത്തു ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുവാൻ അധികാരപ്പെടുത്തിയിട്ടുള്ള കൈമാഖാം അറിയിക്കുകയും വന്നു ചേരാൻ സൗകര്യമുള്ളവരെല്ലാം വന്നു ചേരുകയും സൗകര്യമില്ലാത്തവർ തെരഞ്ഞെടുപ്പിനെ അംഗീകരിക്കുന്നു എന്നുള്ള ശൽമൂസ അയച്ചുകൊടുക്കുകയും അങ്ങനെ കൂടുന്ന സുന്നഹദോസ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. Ans. ഇത് പാരമ്പര്യമായിട്ടുണ്ടായതോ? പ്രത്യേക റൂൾസ് വല്ലതും ഉണ്ടോ? Q സഭയുടെ പരമാദ്ധ്യക്ഷന്റെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള പാരമ്പര്യം നിലനിന്നുവരുന്നു എന്നല്ലാതെ പ്രത്യേക റൂളുകൾ ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. മുമ്പ് ഞാൻ ബോധിപ്പിച്ച പട്ടംകൊട പുസ്തകത്തിലും സഭയിലുള്ള എല്ലാ മേൽപട്ടക്കാരാലും പാത്രിയർക്കീസ് തെരഞ്ഞെടുക്കപ്പെടുന്നുയെന്നു വായിച്ചിട്ടുണ്ട്. Ans. കൽക്കിദൂനാ സുന്നഹദോസിനു മുമ്പ് പാത്രിയർക്കീസ് തെരഞ്ഞെടുപ്പുകൾ നടത്തിയിട്ടുണ്ടോ? Q അതേപ്പറ്റി എനിക്കറിഞ്ഞുകൂടാ Ans. സാക്ഷി പറഞ്ഞ ഈ സമ്പ്രദായം എന്നു മുതൽ നിലവിലായി എന്നു പറയാമോ? Q സാദ്ധ്യമല്ല Ans. കാതോലിക്കോസിനെ തെരഞ്ഞെടുക്കാറുണ്ടോ? Q കാതോലിക്കോസിനും തെരഞ്ഞെടുപ്പുണ്ട്. Ans. അതെങ്ങനെയാണ്? Q അത് ചിലപ്പോൾ പാത്രിയർക്കീസിന്റെ അറിവോടു കൂടി ആ പ്രാദേശിക സഭാ വിഭാഗത്തിലെ മെത്രാപ്പോലീത്തന്മാർ തെരഞ്ഞെടുക്കും. അങ്ങനെ തെരഞ്ഞെടുക്കാത്തവരെയും പാത്രിയർക്കീസ് തന്നെ തെരഞ്ഞെടുത്തു വാഴിച്ച പല മഫ്രിയായാനമാരുടെ കാര്യവും ബാർ എബ്രായായുടെ എക്സിഷ്യാസ്റ്റിക്കിയിൽ പറയുന്നുണ്ട്. Ans. ആദ്യ കാതോലിക്കാ ആരായിരുന്നു? Q ഇപ്പോൾ ഓർക്കുന്നില്ല Ans. അദ്ദേഹത്തെ എങ്ങനെ ആരു തെരഞ്ഞെടുത്തു? Q ആരാണെന്നറിയാൻ പാടില്ലാത്ത സ്ഥിതിക്ക് ആരാണ് തെരഞ്ഞെടുത്തത് എന്നും

അറിഞ്ഞുകൂടാ. Ans. കാതോലിക്കാസിനെ ആരു തെരഞ്ഞെടുക്കണമെന്നതു സംബന്ധിച്ച് വ്യക്തമായ നിയമങ്ങളൊ നടപ്പൊ ഉണ്ടോ? Q മുമ്പ് ബോധിപ്പിച്ചതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ Ans. മാനേജിംഗ് കമ്മറ്റി മെമ്പർമാർ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പേർക്ക് പ്രതിജ്ഞാപത്രം എഴുതി കൊടുക്കുമോ? Q എന്റെ കാര്യമെ എനിക്കറിഞ്ഞുകൂടാ. സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ചുമതലക്കാരനായിരുന്ന എന്നെ മാനേജിംഗ് കമ്മറ്റിയിലേക്ക് ഔഗേൻ കാതോലിക്കാബാവാ തിരുമേനി നോമിനേറ്റ് ചെയ്തു കൽപന തന്നപ്പോൾ അതോടൊപ്പം ഒരു കടലാസ് (അച്ചടിച്ചത്) തരികയും അതിൽ ഞാൻ ഒപ്പിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ട് Ans. അതിൽ എന്താണ് എഴുതിയിട്ടുള്ളത് എന്നുവായിച്ചു മനസ്സിലാക്കിയാണോ ഒപ്പിട്ടുകൊടുത്തത്? Q അന്നത്തെ നിലയിൽ പ്രത്യേകം വായിച്ചു നോക്കേണ്ട സാഹചര്യമല്ലാതിരുന്നതിനാലും പല ഫോംസിലും അതിന്റെ മുകളിൽ ഏതെല്ലാം സെക്ഷൻ മുതലായവ എഴുതിയിട്ടുണ്ടെന്നും മറ്റും നോക്കാതെ ഒപ്പിട്ടുകൊടുക്കാറുള്ളതുപോലെ വായിക്കാതെ തന്നെ അതിൽ ഒപ്പിട്ടുകൊടുക്കുകയാണ് ഉണ്ടായത് Ans. വായിക്കാതെ ഇങ്ങനെ വേറെ പ്രമാണങ്ങൾ വല്ലതും ഒപ്പിട്ടുകൊടുത്തിട്ടുണ്ടോ? Q അതാണ് മുമ്പ് ബോധിപ്പിച്ചത് പാസ്പോർട്ടിനും മറ്റുമുള്ള അപേക്ഷാ ഫാറങ്ങളിൽ അതിനു മുകളിൽ എന്തെല്ലാം എഴുതിയിട്ടുണ്ടെന്നു ശരിക്കും വായിച്ചു പഠിക്കാതെ തന്നെ ഒപ്പിടേണ്ട സ്ഥാനങ്ങളിൽ ഒപ്പിട്ടിട്ടുണ്ട് Ans. സഭാ സംബന്ധമായിട്ടുള്ള ഏതെങ്കിലും കടലാസുകളൊ ഫാമൊ ഇങ്ങനെ വിവരം മനസ്സിലാക്കാതെ ഒപ്പിട്ടുകൊടുത്തിട്ടുണ്ടോ? Q അധികരേഖകളിലൊന്നും ഞാൻ ഒപ്പിട്ടിട്ടില്ല. ഒപ്പിട്ടിട്ടുള്ളവ ഒപ്പിടീക്കുന്നവരുടെ വിശ്വസ്തത അനുസരിച്ച് ഒപ്പിട്ടു കൊടുക്കാറുണ്ട് Ans. E A 99 ൽ കാണുന്നത് എന്റെ ഒപ്പാണ്. E A 99 എന്നെക്കൊണ്ടു നിർബന്ധിച്ചു ഒപ്പിടീച്ചതല്ല. ഒപ്പിടീക്കുക എന്നു പറഞ്ഞത് നിർബന്ധിച്ച് ഒപ്പിടീച്ചു എന്ന അർത്ഥത്തിലല്ല. കൽപനക്ക് ഒപ്പം തന്ന ഫാറത്തിൽ ഒപ്പിട്ടുകൊടുക്കുകയായിരുന്നു. കൽപനയും ഫാറവും ആരെങ്കിലും നേരിട്ടു ഏൽപിച്ചതാണോ? Q അത് നേരിട്ട് ഏൽപിച്ചതായിട്ടാണ് എന്റെ ഓർമ്മ ദേവലോകത്തു വച്ച് Ans. ആരാണ് ഏൽപിച്ചത് എന്ന് ഇപ്പോൾ ഓർക്കുന്നില്ല. E A 99 ഏൽപിച്ച ആളിന്റെ വിശ്വാസ്യത അനുസരിച്ച് ഒപ്പിട്ടു കൊടുത്തതാണോ? അല്ല എന്നെ നിയമിച്ച ആളിന്റെ വിശ്വാസ്യത വച്ചു കൊണ്ടാണ് ഒപ്പിട്ടത് Ans. നിയമന കൽപന ഇപ്പോൾ കൈവശം കാണുകയില്ല. അതിൽ പ്രതിജ്ഞ ഒപ്പിട്ടു കൊടുക്കണമെന്നാവശ്യപ്പെട്ടിരുന്നോ? Q ആ കൽപനയിൽ ഇതിനെക്കുറിച്ച് ഒന്നും തന്നെ പറഞ്ഞിരുന്നില്ല.? Q Ans. കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ ആകുന്ന ആത്മീയ പുത്രൻ എന്ന് EA 99 ൽ എഴുതിയിട്ടുള്ളത് ഞാനാണ്. അതിൽ പുരിപ്പിച്ച ഒപ്പിട്ടിരിക്കുന്നതായി കാണിച്ചിട്ടുള്ള സ്ഥലം തിരുവല്ലായാണ്. ഞാൻ സ്ഥിരം തിരുവല്ലായിൽ താമസക്കാരനാകയാൽ തിരുവല്ല എന്ന് അഡ്രസ്സ് എഴുതിയതാണ്. ഒപ്പിട്ടുകൊടുക്കുന്നതിന്റെ ആവശ്യം എന്താണെന്നു തിരക്കിയോ? Q എന്റെ ചുമതല നിർവ്വഹിക്കത്തക്കവണ്ണം

എന്നെ നിയമിച്ചാക്കിയ ബാവാക്ക് ഞാൻ കൊടുക്കേണ്ടതാണെന്ന് അദ്ദേഹത്തിനു ബോധ്യവും ആവശ്യമുള്ള ഒരു രേഖ ഒപ്പിട്ടുകൊടുക്കുകയായിരുന്നു. അല്ലാതെ എനിക്കാവശ്യമുള്ളത് അല്ലായിരുന്നു. Ans. അദ്ദേഹത്തിനാവശ്യമുള്ളതാണെന്നു വിചാരിച്ച് വിവരം മനസ്സിലാക്കാതെ ഒപ്പിട്ടുകൊടുത്തോ? Q അദ്ദേഹം ഏൽപിച്ചതായതുകൊണ്ട് മറ്റു ചിന്തകളൊന്നും കൂടാതെ തന്നെ അത് ഒപ്പിട്ടുകൊടുത്തു. Ans. Ex A 99 ൽ ഒരു സഭാ ഭരണഘടന 79-ാം വകുപ്പുപറയുന്നല്ലോ? അതിൽ പറയുന്നുണ്ടോ? Ans. അതിൽ പറയുന്നത്. 1965 ഡിസംബർ 28-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ നിശ്ചയം അനുസരിച്ചും സഭാ ഭരണഘടന 79-ാം വകുപ്പനുസരിച്ചും എന്നെ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലെ ഒരംഗമായി തിരുമനസ്സു കൊണ്ടു നിയമിച്ചിട്ടുള്ളത് ഞാൻ സ്വീകരിക്കുകയും ചെയ്യുന്നു എന്നാണ് witness continues 1965 ഡിസംബർ 28 -ാം തീയതിയിലെ അസ്സോസിയേഷന്റെ നിശ്ചയം എന്താണെന്നൊ ഭരണഘടന 79-ാം വകുപ്പ് എന്താണെന്നൊ എനിക്കറിഞ്ഞുകൂടാ. ആ സ്ഥിതിക്ക് ഈ പറയുന്ന വാക്കുകൾ എന്നെ നിയമിച്ച ആൾക്ക് ബാധിതമാകുന്നതുകൊണ്ടാണെന്ന് അതിൽ നിന്നു തന്നെ സ്പഷ്ടവുമാകുന്നുണ്ട്. ഈ 79-ാം വകുപ്പ് അനുസരിച്ചു മാത്രമെ എന്നെ അംഗമാക്കുകയുള്ളൂ എന്ന് നിർബന്ധം പിടിച്ചിരുന്നെങ്കിൽ അതെന്താണെന്ന് ഞാൻ നോക്കി എനിക്ക് ഒരിക്കലും ബാധകമല്ലാതിരുന്ന ഭരണഘടന ഉൾപെടുത്തി ഒപ്പിട്ടു കൊടുത്ത് ഞാൻ ആ സ്ഥാനം ഏൽക്കുകയേയില്ലായിരുന്നു. Counsel Continues ഈ പറയുന്ന സഭാ ഭരണഘടന ഏതാണെന്നറിയാമോ?Q അതിൽ പറയുന്ന ഭരണഘടന അന്ന് അദ്ദേഹം ഉപയോഗിച്ചുകൊണ്ടിരുന്ന ഭരണഘടനയാണ്. Ans. മലങ്കരയുടെ ഭരണത്തിനുപയോഗിച്ചു കൊണ്ടിരുന്നതാണോ ആ ഭരണഘടന? അദ്ദേഹം ഉപയോഗിച്ചിരുന്നിരിക്കാം. എന്നാൽ മലങ്കര സഭയിലെ എല്ലാ മേൽപട്ടക്കാരും എല്ലാ പള്ളിക്കാരും ചേർന്നുണ്ടാക്കിയതല്ലാത്തതും അൽമായക്കാർക്ക് ഭൂരിപക്ഷമുള്ള ഒരു സമിതി അൽമായക്കാർക്ക് അതേപ്പറ്റിയാതൊന്നും പറയുവാൻ അവകാശമില്ലാത്ത സഭയുടെ പേര്, വിശ്വാസം, കാനോൻ, പാത്രിയർക്കീസ് മുതൽ സഭയിലെ കീഴോട്ടുള്ള സ്ഥാനികളുടെ ചുമതലകൾ മുതലായവ എല്ലാം അധികാരത്തിനതീതമായി ഉൾക്കൊള്ളിച്ച് നിർമ്മിച്ചിട്ടുള്ളതും സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസ് ഒരു കാലത്തും അംഗീകരിച്ചിട്ടില്ലാത്തതും മണർകാട് മുതലായ പല പള്ളികളും ക്നാനായ സമുദായവും അവരവരുടെ സ്വന്തമായ ഭരണഘടനകൾക്കനുസരിച്ച് ഭരണം നടത്തുന്നതിനാലും ഏതോ ഒരു കേസിൽ മാത്യൂസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്ത അത് കാതോലിക്കാ കക്ഷിക്കുവേണ്ടി മാത്രം ക്രോഡീകരിച്ചിട്ടുള്ളതാണെന്നു പറഞ്ഞിട്ടുള്ളതായി കേട്ടറിവുള്ളതിനാലും അതിന് മലങ്കര സഭയുടെ ഭരണഘടന എന്നു പറയുവാൻ നിവൃത്തിയില്ല. Ans. മലങ്കര സഭയിലെ ഭരണം അതനുസരിച്ചായിരുന്നോ? Q അത് സ്വീകരിക്കുന്നവർ അതനുസരിച്ച് ഭരണം നടത്തുന്നുണ്ടായിരിക്കും. Ans..Ex. A ആ ഭരണഘടന? Q എനിക്ക് ഭരണഘടനയെക്കുറിച്ച് ഒന്നും

അറിഞ്ഞുകൂടാ. Ans. ഭരണഘടന എന്നെങ്കിലും വായിച്ചിട്ടുണ്ടോ? Q വായിച്ചു നോക്കിയതിൽ നിന്നും കൂടിയുള്ള കാര്യങ്ങളാണ് ബോധിപ്പിച്ചത്. Ans. മാനേജിംഗ് കമ്മറ്റി മെമ്പറായിരുന്ന കാലത്ത് ഈ ഭരണഘടന കാണുകയൊ വായിക്കുകയൊ ചെയ്തിട്ടുണ്ടോ? Q അന്നും എനിക്കതിന്റെ ആവശ്യം ഇല്ലായിരുന്നു. പുസ്തകം എവിടെ എങ്കിലും കാണുകയും വായിക്കുകയും ഒക്കെ ചെയ്തിട്ടുണ്ടായിരിക്കാം. Ans. മാനേജിംഗ് കമ്മറ്റി കൂടുകയും അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്തത് ഈ ഭരണഘടന അനുസരിച്ചായിരുന്നോ? Q അന്നത്തെ കാതോലിക്കോസ് ഈ ഭരണഘടന ഉപയോഗിച്ചിരുന്നതുകൊണ്ട് അതനുസരിച്ചായിരിക്കണം കാര്യങ്ങൾ നടന്നത്. എന്നാൽ ഇതിൽ എന്തോ ചില വ്യത്യാസങ്ങൾ വരുത്തണമെന്നും മറ്റും അവിടെ പലപ്പോഴും സംസാരങ്ങൾ ഉണ്ടായിട്ടുള്ളത് എനിക്കതിൽ വലിയ കാര്യമില്ലാതിരുന്നതിനാൽ വിശദാംശങ്ങൾ ഒന്നും അറിവില്ലങ്കിലും ഓർക്കുന്നുണ്ട് Ans. ഈ ഭരണഘടന അനുസരിച്ച് മീറ്റിംഗും നടപടികളും നടത്താൻ പാടില്ലെന്ന് സാക്ഷിയൊ മറ്റുവല്ലവരുമൊ പ്രതിഷേധിച്ചിട്ടുണ്ടോ? Q എനിക്ക് ആത്മീയ പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്തമായിരുന്നതിനാൽ മറ്റ് കാര്യങ്ങളിലൊന്നും ഞാൻ ശ്രദ്ധിക്കാറില്ലായിരുന്നു. ആരെങ്കിലും പ്രതിഷേധിച്ചിട്ടുണ്ടായിരിക്കാം, ഇല്ലായിരിക്കാം എനിക്കറിഞ്ഞുകൂടാ Ans. മാനേജിംഗ് കമ്മറ്റിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തായിരുന്നു എന്ന് സാക്ഷിക്കറിയാമോ? Q ഈ ഭരണഘടന അനുസരിച്ചുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും എന്താണെന്ന് എനിക്കറിവില്ലായിരുന്നു. അറിയേണ്ട ആവശ്യവും ഇല്ലായിരുന്നു. Ans. ആത്മീയ പ്രസ്ഥാനം എന്താണ്? Q ആത്മീയ പ്രസ്ഥാനം എന്നു പറഞ്ഞത് സൺഡേസ്കൂൾ, വനിതാസമാജം, യുവജനസമാജം മുതലായവയെ ചേർത്ത് ഭക്തസംഘടനകൾ എന്നാണ് പറയുന്നത് എന്ന് എന്നെ വിസ്തരിക്കുന്ന അഡ്വക്കേറ്റവർകൾക്കും അറിയാം Ans. സൺഡേസ്കൂൾ പ്രസ്ഥാനത്തിനു മാനേജിംഗ് കമ്മറ്റിയിൽ എന്താണ് സ്ഥാനം? എനിക്കറിഞ്ഞുകൂടാ, എന്നെ നിശ്ചയിച്ച ആളാണ് അതിനു മറുപടി പറയേണ്ടത് Ans. സൺഡേസ്കൂൾ പ്രസ്ഥാനത്തിന് വേണ്ടിയാണ് സാക്ഷിയെ നിയമിച്ചതെന്ന് നിയമന കൽപനയിൽ ഉണ്ടോ? Q ഉണ്ടോ എന്ന് ഓർക്കുന്നില്ലെങ്കിലും സൺഡേസ്കൂൾ അസ്സോസിയേഷൻ ഡയറക്ടർ ജനറൽ കുര്യൻ കോർഎപ്പിസ്കോപ്പായ്ക്ക് ആണ് കൽപന തന്നത്. Ans. ഞാൻ ചിലപ്പോഴെല്ലാം മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. എന്നുവരെ മാനേജിംഗ് കമ്മറ്റി മെമ്പറായിരുന്നു എന്ന് കാലാവധി ഓർക്കുന്നില്ല. ഞാൻ മെമ്പറായിരുന്ന മാനേജിംഗ് കമ്മറ്റി പോയി അടുത്ത മാനേജിംഗ് കമ്മറ്റി വരുന്നതുവരെ മെമ്പറായിരുന്നോ എന്നോർക്കുന്നില്ല. മൂന്നു കൊല്ലം മെമ്പറായിരുന്നു. ആ കാലത്ത് മാനേജിംഗ് കമ്മറ്റി യോഗങ്ങളിൽ എന്താണ് നടക്കുന്നതെന്നു മനസ്സിലാക്കിയിട്ടുണ്ടോ?Q ചെന്നാലുടനെ ഒപ്പിടുമായിരുന്നു. പല കാര്യങ്ങളും കേട്ടുകൊണ്ടിരിക്കുമായിരുന്നു. ആത്മീയ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച തീരെയില്ലാതിരുന്നതിനാൽ എനിക്ക് ഒന്നും പറയേണ്ടതായിട്ടും വന്നിട്ടില്ല Ans. കേട്ടുകൊണ്ടിരുന്നത്

മനസ്സിലാക്കിയിട്ടുണ്ടോ? Q കേട്ടാൽ മനസ്സിലാകുമായിരുന്നു. Ans. പൊതുവായി എന്തു കാര്യങ്ങളാണ് മാനേജിംഗ് കമ്മറ്റി ചർച്ച ചെയ്യുകയും തീരുമാനം എടുക്കുകയും ചെയ്തിരുന്നത് ? Q കോളേജുകളെക്കുറിച്ച് ഭരണഘടന വ്യത്യാസപ്പെടുത്തുന്നതിനെക്കുറിച്ചും മറ്റ് പൊതുസ്വത്തുക്കളുടെ കാര്യങ്ങളെക്കുറിച്ചും മുതലായവ ചർച്ച ചെയ്യുന്നത് കേട്ടിട്ടുണ്ട് Ans. ആവക കാര്യങ്ങളിൽ മാനേജിംഗ് കമ്മറ്റി മെമ്പർ എന്ന നിലയിൽ എന്തെങ്കിലും ചുമതലകളോ ഉത്തരവാദിത്വമോ സാക്ഷിക്കുണ്ടായിരുന്നില്ലേ? Q തൽസംബന്ധമായ കാര്യങ്ങളിൽ എനിക്ക് ഒരു സ്ഥാനവും ഇല്ലാതിരിക്കയാൽ പറയത്തക്ക ഉത്തരവാദിത്തവും ചുമതലയും ഉള്ളതായിട്ട് എനിക്കു തോന്നിയിട്ടില്ല. Ans. അസ്സോസിയേഷൻ തിരഞ്ഞെടുത്ത അംഗങ്ങൾ ആ മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടായിരുന്നു. എന്നെ കൂടാതെ വേറെയും Nominated Members ഉണ്ടായിരുന്നു. ഓരോ മാനേജിംഗ് കമ്മറ്റിയുടെ മിനിറ്റ്സും യോഗത്തിനുശേഷം അടുത്ത യോഗത്തിനുമുമ്പായി പ്രിന്റു ചെയ്തും അയച്ചു കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നു. എനിക്ക് ആവക മിനിറ്റ്സ് പകർപ്പുകൾ കിട്ടിക്കൊണ്ടിരുന്നു. Ex A 99 Series ഒപ്പിട്ടിട്ടുള്ള എ.എം. തോമസ്, ജോൺ ഏബ്രഹാം, പി.ടി. വറുഗീസ്, കെ.എ. ജോർജ്ജ്, ഒ. തോമസ്, കെ.വി. തരിയൻ, പി.എ. പൗലോസ് കോർഎപ്പിസ്കോപ്പാ, വി.ജെ. ചാണ്ടി, ഫാ. പി.പി. ജോസഫ്, ഇ.ജെ. കുര്യൻ, റ്റി.പി. ഫിലിപ്പോസ്, കുര്യൻ ഉതുപ്പ്, തോമസ് കശീശ, വി.ഐ. ഇടികുള, പി. സ്റ്റീഫൻ, കൊന്നക്കൽ മാത്യൂസ് കത്തനാർ, പള്ളത്തറ പി.പി. ചെറിയാൻ ഇവരെ അറിയാം. ഇവരെല്ലാം മുൻ പാത്രിയർക്കീസ് കക്ഷിയിൽ പെട്ടിരുന്നവരാണ് Witness adds എന്നാൽ മുൻ പാത്രിയർക്കീസ് വാഴിച്ച് അദ്ദേഹത്തോട് വിധേയത്വം പുലർത്തികൊണ്ടിരുന്ന കാതോലിക്കോസായതുകൊണ്ട് ഏക സഭയുടെ അംഗങ്ങൾ എന്ന നിലയാണ് അന്നവർക്കുള്ളത്. Counsel Continues Ex A 98 Series ൽ ഒപ്പിട്ടതായി കാണുന്ന ആളുകളെ അറിയാം. അവരും മുൻ പാത്രിയർക്കീസ് കക്ഷിയിൽ പെട്ടിരുന്നവരാണോ? Q അവരും ഞാൻ അൽപം മുമ്പു ബോധിപ്പിച്ചതു പോലെ തന്നെ ഉള്ളവരാണ് Ans. Ex A 98 Series ൽ പറയുന്ന ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, ഔഗേൻ ബാവാക്ക് തൊട്ടുമുമ്പുള്ള കാതോലിക്കാ അല്ലേ? Q അതെ, അദ്ദേഹത്തെയാണ് 1958 ൽ കൽപന മൂലം പാത്രിയർക്കീസ് Ans. 24-3-66 ൽ കൂടിയ മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ ഞാൻ സംബന്ധിച്ചിരുന്നതായി കാണുന്നു. അങ്ങനെ സംബന്ധിച്ചിട്ടുണ്ടായിരിക്കണം. കെ. ഫിലിപ്പോസ് കത്തനാർ, എൻ.ഡി. യോഹന്നാൻ കത്തനാർ, സി.റ്റി. തോമസ് റമ്പാൻ ഇവരെ അറിയാം. അവരെ ഔഗേൻ കാതോലിക്കാ ബാവാ കോലഞ്ചേരിയിൽ വച്ച് മേൽപട്ടക്കാരായി വാഴിച്ചു എന്നാണ് എന്റെ ഓർമ്മ. അവരെ മലങ്കര അസ്സോസിയേഷൻ 1965 ഡിസംബർ 28-ാം തീയതി കൂടിയപ്പോൾ മേൽപട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു എന്നു പറയുന്നത് ശരിയാണോ? Q തീയതിയും യോഗവും എനിക്കു നിശ്ചയമില്ല. അസ്സോസിയേഷൻ തെരഞ്ഞെടുത്തതാണ്. Ans. 24-3-66 ലെ മാനേജിംഗ് കമ്മറ്റി യോഗത്തിൽ സഭാ ഭരണഘടന ഭേദഗതികളെപ്പറ്റി റിപ്പോർട്ട് ചെയ്യാൻ ഒരു റൂൾ

കമ്മറ്റിയെ നിയമിച്ചോ? Q മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ അവിടത്തെ നടപടികളെക്കുറിച്ച് എനിക്ക് ശരിയായ ഓർമ്മയില്ല. Ans. മിനിട്ട്സിൽ അങ്ങനെ കാണുന്നത് തെറ്റാണെന്നു പറയുവാൻ എനിക്കു സാധിക്കുകയില്ല. ആ യോഗത്തിൽ പി.സി. അബ്രഹാമിനെ അസ്സോസിയേഷൻ സെക്രട്ടറിയായി തെരഞ്ഞെടുത്തോ? മിനിട്ട്സിൽ ഉണ്ടെങ്കിൽ തെരഞ്ഞെടുത്തു കാണണം. Ans. പി.സി. അബ്രഹാം അസ്സോസിയേഷൻ സെക്രട്ടറി ആയിരുന്നു. 25-5-1966 ൽ കൂടിയ മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ ഞാൻ ഹാജരായിരുന്നതായി മിനിട്ട്സിൽ കാണുന്നുണ്ട്. Witness adds ഹാജറിലാണ് ഒപ്പിടുന്നത്. നിശ്ചയങ്ങൾ അല്ല. ആ മീറ്റിംഗിൽ സഭാഭരണഘടനാഭേദഗതികളെപ്പറ്റി റൂൾ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് ചർച്ചക്കെടുത്തതായി മിനിട്ട്സു കൊണ്ട് കാണുന്നത് ശരിയാണോ? Q മുമ്പ് ഞാൻ ബോധിപ്പിച്ചതു പോലെ എനിക്ക് ഓരോ കാര്യവും ഓർമ്മയില്ല. മിനിട്ട്സിൽ ഉണ്ടെങ്കിൽ ശരിയായിരിക്കാം. Ans. ഒരു വർക്കിംഗ് കമ്മറ്റി ഉണ്ടായിരുന്നതായിട്ടറിയാം. വർക്കിംഗ് കമ്മറ്റി ഭരണഘടന അനുസരിച്ച് നിയമിക്കപ്പെട്ടിട്ടുള്ളതായിരുന്നോ? വർക്കിംഗ് കമ്മറ്റി ഉണ്ടായിരുന്നു എന്നുള്ളതല്ലാതെ എന്തനുസരിച്ച് നിയമിക്കപ്പെട്ടതാണെന്ന് എനിക്കറിവില്ല. Ans. 30-8-66 ലെ മാനേജിംഗ് കമ്മറ്റിയോഗത്തിൽ ഞാൻ സംബന്ധിച്ചിരുന്നതായി കാണുന്നുണ്ട്. ആ യോഗത്തിൽ റൂൾ കമ്മറ്റി സമർപ്പിച്ച ഭരണഘടനാഭേദഗതികളെക്കുറിച്ച ആലോചിച്ച് 6 മുതൽ 23 വരെയുള്ള വകുപ്പുകളുടെ ഭേദഗതികൾ കൂടുതൽ ഭേദഗതികളോടുകൂടി പാസാക്കിയതായി Ex A 11 (d) കൊണ്ടു കാണുന്നത് ശരിയാണോ? അങ്ങനെ നിശ്ചയിച്ചിരിക്കാം. Ans. 14-4-67 ലെ മാനേജിംഗ് കമ്മറ്റി യോഗത്തിൽ ഞാൻ ഹാജരായിരുന്നതായി കാണുന്നുണ്ട്. മുൻ മാനേജിംഗ് കമ്മറ്റിയിൽ നിശ്ചയിച്ചതിനു പുറമെ 24 മുതൽ 44 വരെയുള്ള ഭരണഘടനാവകുപ്പുകളെ കുറിച്ചുള്ള ഭേദഗതികളെപ്പറ്റി ചർച്ച ചെയ്തു തീരുമാനം എടുത്തതായി മിനിട്ട്സിൽ കാണുന്നത് ശരിയാണോ? Q അങ്ങനെ കാണുന്നുണ്ട്. Ans ഭരണഘടനാഭേദഗതികളെപ്പറ്റി മാനേജിംഗ് കമ്മറ്റിയുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണോ? Q അതിൽ പങ്കെടുത്തിട്ടുള്ളവർക്ക് കൃത്യമായി പറയാൻ സാധിക്കയുള്ളു. ഞാൻ യോഗത്തിൽ ഉണ്ടായിരുന്നു എന്നല്ലാതെ അതിന്റെ കൃത്യമായിട്ടുള്ള കാര്യങ്ങൾ ഓർമ്മയില്ല. Ans മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയല്ലേ? Q ശരിയായിരിക്കാം എന്നല്ലാതെ എനിക്ക് ഉറപ്പിച്ചു പറയാൻ നിവൃത്തിയില്ല. Ans ഇങ്ങനെ ഭേദഗതി ചെയ്തതായിട്ടു കാണുന്നത് അന്ന് നിലവിലിരുന്ന ഭരണഘടന ആണോ? Q ഭരണഘടനാ ചരിത്രം എനിക്കറിഞ്ഞു കൂടെങ്കിലും ഇങ്ങനെ ഭേദഗതികൾ വരുത്തി എന്ന് മിനിട്ട്സിൽ പറയുന്നതു ശരിയാണെങ്കിൽ അന്ന് നിലവിരുന്ന ഭരണഘടനക്കുള്ള ഭേദഗതികളാണ്. നിലവിലിരുന്നത് എന്ന് ഞാൻ ബോധിപ്പിച്ചത് എല്ലാവരും അംഗീകരിച്ച ഭരണഘടന എന്ന നിലയിലല്ല. അന്നത്തെ കാതോലിക്കോസ് ഉപയോഗിച്ചിരുന്ന ഭരണഘടന എന്നുള്ള അർത്ഥത്തിലാണ് Ans സാക്ഷി മാനേജിംഗ് കമ്മറ്റിയിൽ അംഗമായിരുന്നപ്പോൾ ഭരണഘടനയെക്കുറിച്ചും ഭേദഗതികളെക്കുറിച്ചും

ചർച്ചകൾ ഉണ്ടാവുകയും തീരുമാനിക്കുകയും ചെയ്തിട്ടില്ലേ? Q മുമ്പ് പറഞ്ഞ രീതിയിൽ ഉള്ള ഭരണാഘടനാ ഭേദഗതികൾ ചർച്ച വിഷയമായിട്ടുണ്ടെന്നു നേരത്തെ പറഞ്ഞതാണ്. Ans അതേ സംബന്ധിച്ച് മാനേജിംഗ് കമ്മറ്റി തീരുമാനം എടുത്തിട്ടില്ലേ?Q എടുത്തിട്ടുണ്ടായിരിക്കാം. എനിക്കോർമ്മയില്ല Ans. മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്തമാരും സംബന്ധിച്ചിരുന്നോ? Q പാത്രിയർക്കീസിന്റെ പരമാദ്ധ്യക്ഷതയിലുള്ള മലങ്കരയിലെ എല്ലാ മെത്രാപ്പോലീത്തമാരും അവരവരുടെ സൗകര്യമനുസരിച്ച് പ്രസ്തുത യോഗങ്ങളിൽ സംബന്ധിച്ചിരുന്നു. Ans മാനേജിംഗ് കമ്മറ്റിയുടെയും വർക്കിംഗ് കമ്മറ്റിയുടെയും നടപടി ക്രമങ്ങളെക്കുറിച്ച് ചട്ടങ്ങൾ മാനേജിംഗ് കമ്മറ്റി പാസാക്കിയിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ Ex A 11 ലെ മിനിട്ട്സ് കൊണ്ട് അങ്ങനെ കാണുന്ന വിവരം ശരിയാണോ? അറിഞ്ഞുകൂടാത്ത വിവരം ശരിയാണോ എന്നു പറയാൻ എനിക്കറിഞ്ഞുകൂടെങ്കിലും മിനിട്ട്സിൽ അങ്ങനെ കാണുന്നു. കളവായി മിനിട്ട്സ് എഴുതുമെന്നുള്ള ധാരണ എനിക്കില്ലാത്തതിനാൽ മിനിട്ട്സിൽ ഉണ്ടെങ്കിൽ ശരിയായിരിക്കും. Ans പുതുതായി മെത്രാപ്പോലീത്തമാരായി വാഴിച്ച മൂന്നു പേർക്ക് ഇടവകകൾ തിരിച്ചുകൊടുത്ത മാനേജിംഗ് കമ്മറ്റി നിശ്ചയമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂട. ഉണ്ടെങ്കിൽ തന്നെയും എപ്പിസ്കോപ്പൽ ഹയറാർക്കി ഉള്ള ഒരു സഭയ്ക്ക് ചേരുന്ന ഒരു രീതി അല്ല അത് എന്നാണ് എന്റെ അഭിപ്രായം മാനേജിംഗ് കമ്മറ്റിയുടെ ആലോചനയോടുകൂടിയും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയനുസരിച്ചാലാണോ കാതോലിക്ക മെത്രാപ്പോലീത്തമാർക്ക് ഇടവക തിരിച്ചു കൊടുത്തത് ? Q വിശദാംശങ്ങൾ എനിക്കറിഞ്ഞുകൂടാ Ans. Stopped for the day.

മൊഴിവായിച്ചു കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First add district & sessions court Ernakulam taken down by me in open court, read over to the witness and admitted by him to be correct.

Sd/-

Judge

10-7-78 witness sworn again and cross exmination continued. ഇടവകകൾ തിരിച്ചുകൊടുക്കുന്നതിനെപ്പറ്റി മാനേജിംഗ് കമ്മറ്റിയോട് ആലോചിക്കുന്നത് എപ്പിസ്കോപ്പൽ ഹയറാർക്കിയുള്ള സഭക്കു ചേർന്നതല്ലെന്നു പറയാൻ കാരണം എന്താണ്? ഒന്നാമത്, അവർ ആത്മീയ മേലദ്ധ്യക്ഷന്മാരാകയാൽ അവർ ഏതു രീതിയിൽ ആത്മീയ ഭരണത്തിൽ പ്രവർത്തിക്കണമെന്നൊ അവരുടെ അധികാരപരിധി ഏതെന്ന് നിർമ്മണയിക്കുവാൻ അൽമായ ഭൂരിപക്ഷമുള്ള ഒരു സമിതിയ്ക്ക് അവകാശമില്ല. രണ്ടാമത്, ഈ സഭയിലുള്ള കീഴ്നടപ്പുകൾക്ക് വിപരീതമാണ്. Ans. ഹയറാക്കിക്കൽ അഡ്മിനിസ്ട്രേഷൻ എപ്പിസ്കോപ്പേലിയൻ സഭകൾക്കുള്ളതാണോ? Q എപ്പിസ്കോപ്പാ ഉണ്ടെങ്കിലെ ഹയറാർക്കി ഉണ്ടാവൂ. ഹയറാർക്കി ഉള്ള സമിതിക്ക് ആത്മീയ ഭരണപരമായ കാര്യങ്ങൾ

ഹയറാർക്കിയാണ് തീരുമാനം എടുക്കേണ്ടത് Ans. എപ്പിസ്കോപ്പൽ സഭക ളുടെ ഒരു പ്രത്യേകതയാണോ ഹയറാർക്കിക്കൽ അഡ്മിനിസ്ട്രേഷൻ ? Q പ്രൊട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ സഭകൾക്ക് ആ ഭരണ രീതിയില്ല. ഞാൻ നിൽക്കുന്ന എപ്പിസ്കോപ്പൽ സഭകൾക്ക് ഹയറാർക്കിൽ ഭരണമെന്ന പ്രത്യേ കത കൂടിയേ കഴിയൂ. Ans. ഹയറാർക്കിക്കൽ ഭരണം എന്നു വച്ചാൽ എന്താണ്? Q പാത്രിയർക്കീസ് പരമാദ്ധ്യക്ഷനായിട്ടും അദ്ദേഹത്തിന്റെ കീഴ്സ്ഥാനികൾ അദ്ദേഹത്തോടു വിധേയത്വം പുലർത്തിയും സഭയിലെ നിയമങ്ങൾക്കും കീഴ്നടപ്പുകൾക്കും അനുസരിച്ച് ഭരണം നടത്തുക എന്നാണ്. Ans. ശെമ്മാ ശൻ, പട്ടക്കാരൻ, എപ്പിസ്കോപ്പാ, മെത്രാപ്പോലീത്ത ഇതൊക്കെ ആ ഹയ റാർക്കിയിൽ പെടുന്നതാണോ? Q പാത്രിയർക്കീസ് മുതൽ താഴോട്ട് എവിടെ ടവരെയാണ് ഹയറാർക്കിയിൽ പെടുന്നതെന്ന് പറയാൻ എനിക്കു നിശ്ചയമില്ല Ans. സഭയിലെ ഹയറാർക്കിയിൽ ആരൊക്കെ പെടുമെന്ന് സാക്ഷിക്കറിയില്ല ന്നാണോ? Q പാത്രിയർക്കീസും അദ്ദേഹത്തിനു കീഴിലുള്ള കാതോലിക്കായും മെത്രാപ്പോലീത്തായും അതിൽ പെടും എന്നാണ് എന്റെ അഭിപ്രായം. Ans. അത്രയേ പെടുകയുള്ളോ? Q ഇത്രയും മാത്രമെ എനിക്കാ കാര്യത്തെകുറിച്ച് പറയാനുള്ളൂ. Ans. ഇന്നിന്ന ഭദ്രാസനങ്ങൾ ഇന്നവർ ഭരിക്കണമെന്നത് ആത്മിക കാര്യമോ അതോ രണ്ടും പെടുമൊ? Q അത് ആത്മീയ കാര്യമാണ്. എന്നാൽ ഭദ്രാസനത്തിന് പൊതുസ്വത്തുക്കൾ വല്ലതുമുണ്ടെങ്കിൽ ആ ഭദ്രാ സനത്തിലെ കീഴ്നടപ്പനുസരിച്ച് അത് കൈകാര്യം ചെയ്യുന്നത് ലൗകികവു മാണ് Ans. ഭദ്രാസന വസ്തുക്കൾ ഭരിക്കുന്നതാരാണ്? Q മലങ്കര മെത്രാപ്പോ ലീത്ത പൊതു സമുദായത്തിന്റെ ട്രസ്റ്റി മാത്രമാണ്. അദ്ദേഹം കൂട്ടു ട്രസ്റ്റിക ളോടുകൂടി പൊതുസമുദായത്തിന്റെ സ്വത്തുക്കൾ ഭരിക്കുന്നതുപോലെ ഭദ്രാസനത്തിന് പൊതുവായിട്ടുള്ള ട്രസ്റ്റു വസ്തുക്കൾ വല്ലതുമുണ്ടെങ്കിൽ മുമ്പു ബോധിപ്പിച്ചതുപോലെ ആ ഭദ്രാസനത്തിലെ കീഴ്നടപ്പുപോലെ മെത്രാ പ്പോലീത്ത ഭരിക്കണം. Ans. ഈ ഭദ്രാസന വസ്തുക്കൾ എന്നത് ഭദ്രാസന ത്തിന് എങ്ങനെ ലഭിക്കുന്നതാണ്? Q ഈ സഭയിൽ തങ്ങൾക്കു വീതത്തിൽ കിട്ടിയ സ്വത്തുക്കൾ പോലും ഭദ്രാസനത്തിനു കൊടുത്ത് നിസ്വാർത്ഥത്യാഗ ത്തോടുകൂടി ഭരിച്ച മെത്രാപ്പോലീത്തമാരെ എനിക്കറിയാം. അങ്ങനെ ഏതെ ങ്കിലും തരത്തിൽ വന്നു ചേരുന്നത് എന്നല്ലാതെ എങ്ങനെ വന്നു ചേരുന്നതാ ണെന്ന് എനിക്കറിയാൻ പാടില്ല. Ans. ആ വസ്തുക്കൾ ട്രസ്റ്റ് വസ്തുക്കളാ ണെന്നു പറയുന്നതിൽ നിന്നുദ്ദേശിക്കുന്നത് എന്നാണ്? Q നിയമം മുഴുവനും എനിക്കറിയാൻ പാടില്ലങ്കിലും ട്രസ്റ്റ് എന്നു പറയുമ്പോൾ അതിന് ഒരു വസ്തു ഉണ്ടായിരിക്കണം ഒരു ട്രസ്റ്റി ഉണ്ടായിരിക്കണം ഗുണാനുഭവസ്ഥന്മാരും ഉണ്ടാ യിരിക്കണം എന്നിത്രയും എനിക്കറിയാം Ans. ഭദ്രാസന വസ്തുക്കൾക്ക് ട്രസ്റ്റിയും ഗുണാനുഭവസ്ഥരും ഉണ്ടോ? Q ഭദ്രാസനത്തിന് എന്തെങ്കിലും വസ്തുക്കൾ ഉണ്ടെങ്കിൽ ഇപ്പറഞ്ഞതെല്ലാം കാണേണ്ടതാം. എനിക്ക് കൂടുതലായി അറിഞ്ഞുകൂടാ Ans ട്രസ്റ്റാണെങ്കിൽ അതിന് ഒരു Purpose ആവശ്യമുണ്ടോ?Q Purpose ആവശ്യമുള്ളതായിട്ടാണ് അറിവ്. ഈ സഭയിൽ അന്ത്യോക്യാ

പാത്രിയർക്കീസിനു കീഴിൽ സത്യവിശ്വാസ പാലനത്തിന് അവ ഉപയോഗിക്കണം എന്നുള്ളതായിരിക്കണം. അതിന്റെ Purpose Ans. സത്യ വിശ്വാസ പാലനം നടത്തുന്നുണ്ടോ എന്നുള്ളത് ഉറപ്പു വരുത്താനുള്ള ചുമതല ആർക്കാണ് ?Q സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസ് സഭ മുഴുവന്റെയും സത്യവിശ്വാസത്തിന്റെ സംരക്ഷകനാകയാൽ അദ്ദേഹത്തിനുമാത്രം ഉള്ള ചുമതലയും അധികാരവുമാണ് അത് Ans. കാതോലിക്കാ, മെത്രാപ്പോലീത്ത, എപ്പിസ്കോപ്പമാർ ഇവർക്ക് സത്യ വിശ്വാസപാലനം സംബന്ധിച്ച് എന്തെങ്കിലും ചുമതല ഉണ്ടോ? Q അവർക്കു മാത്രമല്ല, ഒരു കുടുംബത്തിലുള്ളവർ പോലും സത്യവിശ്വാസം സംരക്ഷിക്കേണ്ടതുള്ള സ്ഥിതിക്ക് ഓരോരുത്തരുടെയും പരിധിയിൽ സത്യവിശ്വാസത്തിനു കോട്ടം വരാതെ വേണ്ടതെല്ലാം പ്രവർത്തിക്കുവാൻ മുമ്പ് പറഞ്ഞവർക്കും പരിധിക്കനുസരണമായ ചുമതലയുണ്ട്. Ans. സാധാരണ ഒരു സഭാംഗത്തിന്റെ ചുമതലയും എപ്പിസ്കോപ്പൽ അധികാരിയുടെയും ചുമതലയും തമ്മിൽ ഈ സംഗതിയിൽ വ്യത്യാസം ഉണ്ടോ? Q സത്യവിശ്വാസം പാലിക്കേണ്ട ചുമതല രണ്ടു കൂട്ടർക്കും ഒരുപോലെയാണ് Ans.സത്യവിശ്വാസം നിലനിറുത്തുന്നതു സംബന്ധിച്ച് ഭരണപരമായ അധികാരങ്ങൾ ആർക്കെങ്കിലും ഉണ്ടോ? Q ഒരു വീട്ടിൽ ഒരാൾ സത്യവിശ്വാസി അല്ലാതെ പോയാൽ ഭവനനാഥന് ആ ആളിന്റെമേൽ അധികാരം ഒന്നും ഇല്ല. എന്നാൽ ഞാൻ മുമ്പു ബോധിപ്പിച്ചതുപോലെ തന്റെ കീഴിലുള്ള വ്യക്തി സത്യവിശ്വാസത്തിൽ നിന്നു തെറ്റുന്നതായി ആത്മീയ അദ്ധ്യക്ഷനായ മെത്രാപ്പോലീത്ത അറിയുന്ന പക്ഷം അയാളെ ഉപദേശിക്കേണ്ടതും തീരെ തെറ്റുന്നുവെന്നു കാണുമ്പോൾ സഭാ സംസർഗ്ഗത്തിൽ നിന്നു മാറ്റി നിർത്താവുന്നതുമാണ് Ans. വിശ്വാസികളുടെ ആത്മാക്കളെ എപ്പിസ്കോപ്പായെ ഏൽപിച്ചിരിക്കുന്നുയെന്നു കാനോനിൽ ഉണ്ട്. എന്നാൽ ശരീരം ആത്മാവ് എന്നൊക്കെ പറയുന്നതിലെ ആത്മാവിനെ അല്ല എന്നു സ്പഷ്ടമാണ്. ആത്മീയ കാര്യങ്ങൾ എന്ന അർത്ഥത്തിലാണ് കാനോനിൽ അതു പറയുന്നത്. ആത്മീയ കാര്യങ്ങൾ എന്നു പറഞ്ഞാൽ ആത്മരക്ഷക്കാവശ്യമായ കാര്യങ്ങൾ എന്നാണ്. ആത്മ രക്ഷക്കാവശ്യമായുള്ള കാര്യങ്ങളിൽ സത്യവിശ്വാസം ഉൾപെടും. ഇടവക വസ്തുക്കളും സത്യവിശ്വാസ പാലനത്തിന് ഉപയോഗിക്കേണ്ടതാണോ? Q സത്യവിശ്വാസം പാലിക്കുന്നവർക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ്. എന്നാൽ ആത്മരക്ഷയ്ക്ക് സത്യവിശ്വാസം ആവശ്യമാണെന്ന് ഞാൻ ബോധിപ്പിച്ചതിന്റെ പേരിലാണ് ഈ ചോദ്യമെങ്കിൽ സത്യവിശ്വാസ സംരക്ഷണം ഒരു പരിധിയിൽ മെത്രാപ്പോലീത്തയുടെ ചുമതലയിൽപ്പെടും എന്നു ഞാൻ പറഞ്ഞതിൽ നിന്നും ആ രീതിയിൽ ഇടവകയുടെ സ്വത്തിന്റെ പോലും അവകാശം വരും എന്നുള്ള അർത്ഥത്തിലല്ല. Ans. ഇടവക വസ്തുക്കൾക്ക് ട്രസ്റ്റിന്റെ സ്വഭാവം ഉണ്ടോ? Q മുമ്പ് ഞാൻ ബോധിപ്പിച്ച ആ നാലു കാര്യങ്ങൾ ഇടവക സ്വത്തുകൾക്കും ഉണ്ട് Ans.Purpose of the Trust ഭദ്രാസന വസ്തുക്കൾക്കും ഇടവക വസ്തുക്കൾക്കും ഒന്നു തന്നെയാണോ? Q ആ സഭയിൽ അന്ത്യോക്യാ പാത്രിയർക്കീസിനു കീഴ്പെട്ട്

സത്യവിശ്വാസം പാലിച്ച് അങ്ങനെയുള്ള സ്വത്തുക്കളെല്ലാം ഗുണാനുഭവസ്ഥർ അവർ നിശ്ചയിച്ച രീതിയിൽ അനുഭവിക്കണം എന്നുള്ളതല്ലാതെ ട്രസ്റ്റ് സംബന്ധമായ നിയമവശങ്ങൾ ഒന്നും എനിക്കറിഞ്ഞുകൂടാ Ans. ഭദ്രാസന വസ്തുക്കളുടെ ട്രസ്റ്റ് പർപ്പസും ഇടവക സ്വത്തുക്കളുടെ ട്രസ്റ്റ് പർപ്പസും ഒന്നുതന്നെയാണോ? Q ഇടവകയുടെ വസ്തുക്കളുടെ ഉദ്ദേശ്യം മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ ഉള്ള കീഴ്വഴക്കത്തിലും വിശ്വാസത്തിലും നിൽകുന്ന ഇടവകക്കാർക്കു മാത്രം അവകാശമുള്ളതും അതിന്റെ ഭരണം ഓരോ പള്ളിയിലെയും നിയമവും കീഴ്നടപ്പും അനുസരിച്ചുമുള്ളതുമാകുന്നു. ഭദ്രാസനത്തിന്റെ സ്വത്തുക്കളുടെ പർപ്പസും ഈ രീതി തന്നെ ആയിരിക്കാം. Ans. രണ്ടിന്റെയും Purpose ഒന്നാണോ? Q അതെ. അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ സത്യവിശ്വാസം പാലിക്കുന്നവർക്കു മാത്രം അനുഭവിക്കാനാണ് രണ്ടിന്റെയും Purpose. Ans. പൊതുവസ്തുക്കളെന്നു പറഞ്ഞത് ട്രസ്റ്റു സ്വഭാവമുള്ളതാണോ? നിയമവശം എനിക്കറിഞ്ഞുകൂടാ Ans. പൊതുവസ്തുക്കളുടെ ഉടമ സംബന്ധിച്ചുള്ള സ്വഭാവം എന്താണെന്നറിയാമോ? Q പൊതുവസ്തുക്കളുടെ സ്വഭാവം എനിക്കറിയാവുന്നത് ഞാൻ ബോധിപ്പിച്ചു കഴിഞ്ഞു. അതിൽ കൂടുതലായി ഒന്നും പറയാനില്ല. Ans. ownership സംബന്ധിച്ചുള്ള സ്വഭാവമാണ് ചോദിക്കുന്നത്? Q സമുദായത്തിന് പൊതുവായുള്ള സ്വത്തുക്കളുടെ ownership സഭയിലെ ഓരോ വ്യക്തിക്കും ഉള്ളതാണെന്നും Collective ആയി ഉള്ളതാണെന്നും അതിന്റെ ഭരണത്തിന് ഒരു മെത്രാപ്പോലീത്തൻ ട്രസ്റ്റിയെയും വൈദിക ട്രസ്റ്റിയെയും അൽമായ ട്രസ്റ്റിയേയും നിയമിക്കുമെന്നും ഞാൻ മുമ്പു ബോധിപ്പിച്ചതാണ്. Ans. ഭദ്രാസനത്തിന്റെ പൊതുസ്വത്തുക്കൾ വല്ലതുമുണ്ടെങ്കിൽ ആ ഭദ്രാസനത്തിന്റെ കീഴ്നടപ്പനുസരിച്ച് ആ സ്വത്തിന്റെ മുമ്പു പറഞ്ഞതുപോലെയുള്ള ownership ആ ഭദ്രാസനത്തിലെ ഓരോ വ്യക്തിക്കും Collective ആയും ഉള്ളതാണ്. ഒരിടവകയുടെ വസ്തുക്കൾ സംബന്ധിച്ച് ownership അതിന്റെ സ്ഥാപനോദ്ദേശ്യമനുസരിച്ച് നിൽകുന്ന ആ പള്ളി ഇടവകക്കാരിൽ ഓരോരുത്തർക്കും ആ ഇടവകക്കു മുഴുവനായും ഉള്ളതും അവർ നിശ്ചയിക്കുന്ന രീതിയിൽ അതിന്റെ ഭരണം നടത്തുന്നതുമാകുന്നു. Ans. പൊതുവസ്തുക്കൾക്ക് ഗുണാനുഭവസ്ഥർ ഉണ്ടോ? Q മൂന്നു തരത്തിലുള്ള പൊതുവസ്തുക്കളുടെ കാര്യം ഞാൻ പറഞ്ഞതിൽ ഏതാണ്? Ans. മെത്രാപ്പോലീത്തൻ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അൽമായ ട്രസ്റ്റി എന്നിങ്ങനെ ഉണ്ടെന്നു പറഞ്ഞ വസ്തുവിനു ഗുണാനുഭവസ്ഥർ ഉണ്ടോ? Q അന്ത്യോക്യാ പാത്രിയർക്കീസിന്റെ പരമാധികാരം സ്വീകരിച്ച് സഭയിൽ നിലനിൽക്കുന്ന സത്യവിശ്വാസികളെല്ലാം അതിന്റെ ഗുണാനുഭവസ്ഥരാണ്. Ans. അതിന് Purpose of the Trust ഉണ്ടോ? Q അന്ത്യോക്യാ പാത്രിയർക്കീസിന്റെ പരിപൂർണ്ണ കീഴ്വഴക്കത്തിൽ ഇരുന്ന മെത്രാപ്പോലീത്തന്മാരുടെയും ജനങ്ങളുടെയും കാലത്ത് ഉണ്ടായിട്ടുള്ളവയാണ്. പൊതുസ്വത്തുക്കൾ എന്നാണ് എന്റെ അറിവ്. ആ സ്ഥിതിക്ക് മുമ്പ് പറഞ്ഞവരെപ്പോലെ ഉള്ള സത്യവിശ്വാസികളുടെ ആവശ്യത്തിന് വിനിയോഗിക്കുക എന്നുള്ളതാണ് അതിന്റെ Purpose Ans. സത്യവിശ്വാസികളുടെ

എന്താവശ്യത്തിനാണ് ഉപയോഗിക്കേണ്ടത്? Q സ്വത്തുക്കൾ കൊണ്ടു സത്യ വിശ്വാസികൾക്ക് എന്തൊക്കെ ചെയ്യാമൊ അതിനൊക്കെ ഉപയോഗിക്കാം. Ans. സത്യവിശ്വാസികളുടെ സമൂഹത്തെ സഭ എന്നു പറയാമൊ? കുറെ സത്യവിശ്വാസികളുടെ സമൂഹം മാത്രം ഉണ്ടായിരുന്നാൽ അതിനു സഭ എന്നു പറയാൻ നിവൃത്തിയില്ല. Ans. പിന്നെ എന്തെല്ലാം വേണം? Q ഈ സഭയിൽ സഭ എന്നു പറയണമെങ്കിൽ അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നു കൈവെപ്പു കിട്ടിയിട്ടുള്ള എപ്പിസ്കോപ്പന്മാരും ഉണ്ടായിരിക്കണം. Ans. അങ്ങ നെയുള്ള എപ്പിസ്കോപ്പന്മാരും മുമ്പു പറഞ്ഞ സത്യവിശ്വാസികളുടെ കൂട്ട ത്തിൽ പെടുന്നവരാണല്ലേ? Q അൽമേനിയെയും എപ്പിസ്കോപ്പായെയും ഒരേ ലവലിൽ കരുതിയാണ് ചോദിച്ചതെങ്കിൽ സത്യവിശ്വാസികളിൽ പെടും Ans. മെത്രാപ്പോലീത്തായും എപ്പിസ്കോപ്പായും തമ്മിലുള്ള വ്യത്യാസം എന്താണ് ? Q ഇപ്പോൾ ഈ സഭയിൽ എപ്പിസ്കോപ്പന്മാർ എന്ന പേരിൽ ആരുമില്ല. മുമ്പു കാലങ്ങളിൽ മെട്രോപ്പോളീസിലൊ മറ്റു പ്രധാന സ്ഥലത്തൊ ഇരിക്കുന്ന ആളിനെ മെത്രാപ്പോലീത്ത എന്നും അദ്ദേഹത്തിന്റെ കീഴിൽ സ്ഥല ത്തിന്റെയും സൗകര്യത്തിന്റെയും ആവശ്യമനുസരിച്ച് എപ്പിസ്കോപ്പന്മാരും ഉണ്ടായിരുന്നു Ans. മെത്രാപ്പോലീത്തായ്ക്ക് പ്രത്യേക അധികാരങ്ങൾ ഉണ്ടോ? Q അന്നത്തെ സ്ഥിതിയിൽ മെത്രാപ്പോലീത്ത തന്റെ ഇടവകയിലെ എപ്പി സ്കോപ്പന്മാരെ സംബന്ധിച്ച് ചിലതെല്ലാം ചെയ്യത്തക്ക അധികാരം ഉണ്ടായി രുന്നു. Ans. മെത്രാപ്പോലീത്ത ആക്കുന്നതിന് കൈവപ്പുണ്ടോ? കൈവപ്പു കൂടാതെ മെത്രാപ്പോലീത്തയെ വാഴിക്കുക സാദ്ധ്യമല്ല Ans. മെത്രാപ്പോലീത്ത യ്ക്ക് പ്രത്യേക കൈവപ്പ് ഉണ്ടോ? Q എപ്പിസ്കോപ്പന്മാരിൽ ഒരാളാണ് മെത്രാ പ്പോലിത്ത എന്ന ഭരണസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതെങ്കിൽ എപ്പിസ്കോ പ്പായുടെയും മെത്രാപ്പോലീത്തയുടെയും പട്ടത്വപരമായ സ്ഥാനം ഒന്നാകയാൽ പ്രത്യേക കൈവപ്പ് ആവശ്യമില്ല Ans. Ex B 162 74 -ാം പേജിൽ ക്ലീമിസിന്റെ പ്രാർത്ഥന വേണമെന്നു പറയുന്നത് കശീശ പാത്രിയർക്കീസിന്റെ സ്ഥാന ത്തേയ്ക്ക് ഉയർത്തപ്പെടുമ്പോഴല്ലേ? Q ഈ പറയുന്ന പേജുകൾ കൊണ്ട് ഒരിക്കലും അങ്ങനെ കാണുകയില്ല. അതിനു പുറമെ മോർ ക്ലീമിസിന്റെ പ്രാർത്ഥന പാത്രിയർക്കീസിന്മേൽ മാത്രം നടത്തണം എന്ന് ഇതിൽ ഉള്ളത് ഞാൻ മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. കശീശ ആണെങ്കിൽ ചെയ്യേണ്ട ചില കാര്യ ങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ഒന്ന്, സുന്നഹദോസ് മുഴുവനും വിശുദ്ധാത്മാവ് ഇന്ന ശുശ്രൂഷയ്ക്ക് അങ്ങനെ വിളിക്കുന്നു എന്നു പറയണം. പിന്നെ ചില ചടങ്ങുകൾക്കു ശേഷം അദ്ദേഹത്തെ എപ്പിസ്കോപ്പാ ആക്കുന്നു. അതു കഴിഞ്ഞ് എപ്പിസ്കോപ്പാ എന്നു പറയേണ്ട സ്ഥലത്ത് മെത്രാപ്പോലീത്ത എന്നോ കാതോലിക്കാ എന്നോ പാത്രിയർക്കീസ് എന്നോ പ്രഖ്യാപിക്കപ്പെ ടണം. പാത്രിയർക്കീസിന്റെ തലക്കുമേൽ പ്രത്യേകമായി ഏവൻഗേലിയൻ പിടിച്ചുകൊണ്ട് ക്ലീമിസിന്റെ 5-ാം പുസ്തകത്തിലുള്ള പ്രാർത്ഥന നടത്തണം. ഇതിൽ നിന്നും ആര് പാത്രിയർക്കീസായാലും ആ ആളിന്റെ മേൽ ക്ലീമിസിന്റെ പ്രാർത്ഥന നടത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനു പുറമെ എന്റെ

പാനത്തിൽ ഒരിക്കലും ഒരു കശീശ പാത്രിയർക്കാസ്ഥാനത്തേയ്ക്ക് വാഴിക്കപ്പെട്ടതായി ഓർമ്മയുമില്ല. 74-ാം പേജിൽ ക്ലീമിസിന്റെ പ്രാർത്ഥന പറഞ്ഞിരിക്കുന്നത് കശീശായെ കാതോലിക്കായൊ പാത്രിയർക്കീസൊ ആക്കുന്ന നടപടികൾ പറഞ്ഞ ശേഷമാണ് അതും പറഞ്ഞിരിക്കുന്നത്. അതു കൊണ്ടു മാത്രം അത് കശീശായെ പാത്രിയർക്കീസാക്കുമ്പോൾ ഉള്ള കാര്യമാണെന്ന് സഭയിലെ പട്ടംകൊടക്രമങ്ങളെ സംബന്ധിച്ച് എന്തെങ്കിലും അറിയാവുന്ന മേൽപട്ടക്കാരൊ പട്ടക്കാരൊ പറയുകയില്ല. Ans. എപ്പിസ്കോപ്പായെ തെരഞ്ഞെടുക്കണമോ? എപ്പിസ്കോപ്പാ എന്ന് ഉപയോഗിച്ചത് ഇപ്പോഴത്തെ മെത്രാപ്പോലിത്തായെ ആണെങ്കിൽ അതിന് ഈ സഭയിൽ കീഴ്നടപ്പനുസരിച്ച് തെരഞ്ഞെടുപ്പ് ഉണ്ടായില്ലെങ്കിൽ തന്നെയും ജനങ്ങളുടെയും സ്വീകരണം കൊണ്ട് സ്ഥാനോചിതമായ കാര്യങ്ങൾ ചെയ്തതായി ചരിത്രസംഭവങ്ങളുണ്ട്. Ans. തെരഞ്ഞെടുപ്പ് ആവശ്യമാണോ? സൗകര്യമുണ്ടെങ്കിൽ അത്യാവശ്യമാണ്. Ans. മെത്രാപ്പോലീത്താ എന്ന സ്ഥാനം ഉണ്ടായത് എന്നു മുതൽക്കാണ്? Q ആ പേര് ഉണ്ടായത് എന്നു മുതൽക്കാണെന്നറിഞ്ഞുകൂടാ. Ans. മെത്രാപ്പോലിത്തമാർക്ക് കൂടുതൽ അധികാരം ഉണ്ടായത് എന്നു മുതലാണെന്ന് അറിഞ്ഞുകൂടാ. പ്രത്യേക അധികാരമുള്ള മെത്രാപ്പോലീത്തമാർ ഉണ്ടാകുന്നതിനു മുമ്പ് എപ്പിസ്കോപ്പമാർ മാത്രമാണൊ സഭയിൽ ഉണ്ടായിരുന്നത് ? Q ആദ്യ നൂറ്റാണ്ടുകളിൽ എപ്പിസ്കോപ്പായെന്നും ആ സ്ഥാനിയെ തന്നെ പാത്രിയർക്കീസ് എന്നും വിളിക്കുമായിരുന്നു. ഇന്നത്തെപോലുള്ള തരംതിരിച്ച് അന്ന് എപ്പോഴും പാലിച്ചില്ലായിരുന്നുയെന്ന് മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. Ans. എല്ലാ എപ്പിസ്കോപ്പന്മാരെയും പാത്രിയർക്കീസ് എന്നു പറയുമോ? Q ചിലപ്പോൾ എന്നൊരു വാക്കുകൂടി എന്റെ ഉത്തരത്തിൽ ഉണ്ട്. Ans. ചിലപ്പോൾ എന്നതുകൊണ്ട് എന്ത് അർത്ഥമാണ് ഉദ്ദേശിക്കുന്നത? Q മോർ ഇഗ്നാത്തിയോസ് ഒന്നാം നൂറ്റാണ്ടിൽ എപ്പിസ്കോപ്പായെ കൂടാതെ സഭ ഇല്ല എന്നു പറഞ്ഞ ആ സ്ഥാനത്ത് വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ അദ്ദേഹത്തെയും കൂടി ഉൾപെടുത്തിയാണ് അങ്ങനെ പറഞ്ഞിരിക്കുന്നത്. അതുകൊണ്ടാണ് സന്ദർഭം മനസ്സിലാക്കി. ആ പേർ പാത്രിയർക്കീസിനും കൂടി ഉപയോഗിക്കുമായിരുന്നു എന്നു കാണുന്നു. Ans. ആദ്യ നൂറ്റാണ്ടിൽ പാത്രിയർക്കീസ് എന്ന പേർ ആരെങ്കിലും സഭയിൽ ഉപയോഗിച്ചിരുന്നോ ? Q ആ സ്ഥാനത്ത് ഇരിക്കുന്നവരെന്ന പേരിൽ വിളിച്ചിരുന്നു എന്ന് ഞാൻ പല പ്രാവശ്യവും ബോധിപ്പിച്ചു കഴിഞ്ഞു. Ans. മെത്രാപ്പോലിത്ത സ്ഥാനികൾക്ക് പ്രത്യേക അധികാരം ഉണ്ടാകുന്നതിനു മുമ്പ് ഓരോ സ്ഥലത്തും ഉള്ള സഭ ഓരോ എപ്പിസ്കോപ്പായുടെ കീഴിലായിരുന്നോ? Q മെത്രാപ്പോലീത്താ സ്ഥാനം എന്നാണ് ഉണ്ടായതെന്ന് എനിക്കറിഞ്ഞുകൂടെന്ന് നേരത്തേ ബോധിപ്പിച്ചു. അതെന്നുമുതലുണ്ടായാലും ഓരോ സ്ഥലത്തും സഭയില്ല. പ്രാദേശികമായി അങ്ങനെയുള്ള സഭകളിലേക്ക് എപ്പിസ്കോപ്പന്മാരെ വാഴിച്ചാക്കുവാൻ അധികാരമുള്ള മേലധികാരിയ്ക്ക് കീഴ്പട്ട് അവർ ഭരണം നടത്തിവന്നു. Ans. മെത്രാപ്പോലീത്തയുടെ കീഴിലുണ്ടായിരുന്ന എപ്പിസ്കോപ്പന്മാരുടെമേൽ മെത്രാപ്പോലിത്തായ്ക്ക് എന്തധികാരമാണ് ഉണ്ടായിരുന്നത്? Q മെത്രാപ്പോലിത്തായ്ക്ക് ഉണ്ടായിരുന്ന അധികാരം എനിക്കറിഞ്ഞു

കൂടാ എന്നാൽ പാത്രിയർക്കീസിൽ നിന്നല്ലാതെ കൈവപ്പും അധികാരവും കിട്ടുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിയ്ക്ക് അവിടെ നിന്നും അക്കാലത്തെ സ്ഥിതി അനുസരിച്ചുള്ള അധികാരങ്ങൾ കൊടുത്തുകൊണ്ടിരുന്ന Ans.Ex B 62 page 70 ൽ ശ്ലീഹന്മാർ 31 എന്നു പറയുന്ന നിയമത്തിൽ എപ്പിസ്കോപ്പ മാരുടെ പ്രധാനി എന്നു പറയുന്നതാരാണ്? Q ശ്ലീഹന്മാരുടെ നിയമം ആക യാൽ എപ്പിസ്കോപ്പന്മാരുടെ പ്രധാനി എന്നു പറയുന്നതാരാണ്? Q ശ്ലീഹ ന്മാരുടെ നിയമം ആകയാൽ എപ്പിസ്കോപ്പന്മാരുടെ പ്രധാനിയെന്നു അവിടെ പറഞ്ഞിരിക്കുന്നത് അന്നത്തെ അന്ത്യോക്യായിലെ അധികാരിയെ ഉദ്ദേശിച്ചാ യിരിക്കണം. Ans. മെത്രാസന ഇടവകയിലെ എപ്പിസ്കോപ്പന്മാർ തങ്ങളുടെ തലവനെ അറിയണം എന്ന് അവിടെത്തന്നെ അന്ത്യോക്യാ നിയമത്തിൽ പറയുന്നല്ലോ. ആ തലവൻ ആരാണ്? Q മെത്രാസന ഇടവകയിലെ എപ്പി സ്കോപ്പന്മാർ എന്നു പറയുന്ന സ്ഥിതിക്കും അന്നു മെത്രാപ്പോലീത്തായ്ക്കും എപ്പിസ്കോപ്പായ്ക്കും ഉണ്ടായിരുന്ന സ്ഥിതിക്കും ആ മെത്രാപ്പോലീത്തായെ ആണ് തലവൻ എന്ന് അവിടെ ഉദ്ദേശിക്കുന്നത്. ആ മെത്രാപ്പോലീത്ത അദ്ദേ ഹത്തെ വാഴിച്ചാക്കിയ പാത്രിയർക്കീസിനു കീഴ്പട്ടു നിന്നിരുന്നു. Ans. മുമ്പ് പറഞ്ഞ രണ്ടു നിയമത്തിലും പ്രധാന എന്നും തലവൻ എന്നും പറയുന്നത് ഒരേ അർത്ഥത്തിലല്ലേ? Q ഒരിടവകയിലെ പട്ടക്കാരൻ ആ ഇടവകയിലെ പ്രധാനിയല്ല. ആ ഇടവകയിലെ വിശ്വാസികളുടെ തലവനാണ്. ഒരു മെത്രാ പ്പോലീത്ത പട്ടക്കാരുടെ പ്രധാനിയല്ല. തലവനാണ്. ആ സ്ഥിതിക്ക് പ്രധാനി എന്നും തലവനെന്നും ഈ രണ്ടു സ്ഥലത്ത് പറഞ്ഞിട്ടുണ്ടെങ്കിലും രണ്ടിടത്തും തലവനെന്നുള്ള അർത്ഥമാണ് മനസ്സിലാക്കേണ്ടത്. Ans. ശ്ലീഹന്മാർ 31 ൽ ഒരു സുന്നഹദോസിന്റെ കാര്യം പറയുന്നു. അതാരുടെ സുന്നദദോസാണ്? Q അത് അന്ന് സഭാ തലവൻ എന്ന രീതിയിൽ സുന്നഹദോസ് വിളിച്ചു കൂട്ടു വാൻ അധികാരമുള്ള ആള് അദ്ദേഹത്തിന്റെ കീഴിലുള്ള സ്ഥാനികളെ വിളിച്ചു കൂട്ടുന്നതിനെ കുറിച്ചാണ് Ans. ആ സുന്നഹദോസ് പൊതുസുന്നഹദോസോ പ്രാദേശിക സുന്നഹദോസോ? പൊതുസുന്നഹദോസ് മൂന്നു മാത്രമെ ഉള്ളൂ എന്നു പറഞ്ഞിട്ടുണ്ട്. അതിനാൽ ബാക്കിയുള്ളതെല്ലാം പ്രാദേശിക സുന്ന ഹദോസുകളാണ്. Ans. എപ്പിസ്കോപ്പായുടെ തീരുമാനത്തിനു മുകളിൽ എന്തെങ്കിലും നടപടി നടത്തുന്നതിനുള്ള അധികാരം മെത്രാപ്പോലീത്തായ്ക്കു ണ്ടായിരുന്നോ? Q മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പമാരും ഉണ്ടായിരുന്ന കാലത്തെ ഭരണരീതി എനിക്കറിഞ്ഞുകൂടാ. Ans. ഭദ്രാസന ഇടവകകളിലെ എപ്പിസ്കോപ്പന്മാരെ ഇപ്പോൾ എങ്ങനെയാണ് അറിഞ്ഞു വരുന്നത്? Q ഭദ്രാസന ഇടവകൾക്ക് ഇപ്പോൾ എപ്പിസ്കോപ്പമാരേ ഇല്ല. ആ സ്ഥാനമുള്ള ഒരു വ്യക്തിയെയും എനിക്കറിഞ്ഞു കൂടാ Ans. ഭദ്രാസന ഭരണം നടത്തു ന്നതാരാണ്? Q ഭദ്രാസന ഭരണം നടത്തുന്നത് ഭദ്രാസന മെത്രാപ്പോലീത്ത യാണ് Ans. അദ്ദേഹത്തിനെ കാനോനിൽ പറയുന്ന എപ്പിസ്കോപ്പായുടെ സ്ഥാനം ഉണ്ടോ? Q കാനോനിൽ പറയുന്ന എപ്പിസ്കോപ്പാ രീതി ഇപ്പോൾ ഈ സഭയിൽ ഇല്ല എന്ന് വീണ്ടും വീണ്ടും ബോധിപ്പിച്ചുകൊള്ളുന്നു. Ans. കാനോനിൽ പറയുന്ന എപ്പിസ്കോപ്പാ സ്ഥാനം ഇപ്പോൾ ഇല്ല. കാനോനിൽ

എപ്പിസ്കോപ്പായ്ക്കു പറയുന്ന അധികാരങ്ങൾ ഭദ്രാസന മെത്രാപ്പോലീത്തമാർക്ക് ഉണ്ടോ? Q മുഴുവനും വായിച്ചു നോക്കാതെ പെട്ടെന്നു പറയാൻ പറ്റുകയില്ല. Ans. പ്രാദേശിക സഭയുടെ തലവനെ മെത്രാപ്പോലീത്ത എന്നറിയപ്പെട്ടിരുന്നോ? Q അന്ത്യോക്യാ പാത്രിയർക്കീസിനു കീഴിലുള്ള പ്രാദേശിക സഭകളിലെ തലവന്മാരെ മെത്രാപ്പോലീത്ത എന്ന് വിളിച്ചിരുന്നു. Ans. അങ്ങനെയുള്ള പ്രാദേശിക മെത്രാപ്പോലീത്തായുടെ സ്ഥാനം ഭദ്രാസന മെത്രാപ്പോലീത്താക്കുണ്ടോ? Q അവരും ഇവരും മെത്രാപ്പോലീത്തമാർ എന്നല്ലാതെ മുമ്പ് ബോധിപ്പിച്ചതുപോലെ അന്നത്തെ മെത്രാപ്പോലീത്തമാരുടെ അധികാരങ്ങൾ എന്തൊക്കെയായാണെന്നോർക്കുന്നില്ലാത്തതുകൊണ്ട് ഇപ്പോഴത്തെ ഇടവക മെത്രാപ്പോലീത്തമാരുടെ അധികാരങ്ങൾ മുമ്പു പറഞ്ഞതിനോട് താരതമ്യപ്പെടുത്തി പറയുവാൻ അറിഞ്ഞു കൂടാ. Ans. ആദ്യകാലത്തെ എപ്പിസ്കോപ്പന്മാർ അതാതു സഭകളുടെ അദ്ധ്യക്ഷന്മാർ എന്നു പറഞ്ഞാൽ വിശദീകരിച്ചുതരണം. Ans. അതാതു സ്ഥലത്തുള്ള സഭയുടെ ചുമതലപ്പെട്ട ഭരണാധികാരി ആയിരുന്നോ? Q അതാതു സ്ഥലത്ത് പ്രധാന മേലദ്ധ്യക്ഷനു കീഴായി ആത്മീയ മേലദ്ധ്യക്ഷൻ എന്നുള്ള നിലയിൽ പ്രാദേശികമായി ഭരണം നടത്തിവന്നു. ഭരണത്തിന്റെ ചുമതല അവർക്കായിരുന്നോ? Q നിയമിച്ചാക്കപ്പെട്ടവർക്കു ചുമതലയുണ്ട്. അതുപോലെ തന്നെ നിയമിച്ചവരോട്. ഉത്തരവാദിത്തവും ഉണ്ട്. Ans. സഭയുടെ വളർച്ചയോടുകൂടി എപ്പിസ്കോപ്പമാരുടെ പ്രതിനിധികളായി പട്ടക്കാരെ ഓരോ സ്ഥലത്തും നിയമിച്ചോ? Q പട്ടക്കാരെ എപ്പിസ്കോപ്പമാരുടെ പ്രതിനിധികളായി നിയമിച്ചതായി എനിക്കറിവില്ല. Ans. സഭയുടെ വളർച്ചയോടുകൂടി ഓരോ സ്ഥലങ്ങളിലും ആ സ്ഥലത്തുള്ള വിശ്വാസികളുടെ ആത്മീയ കാര്യങ്ങൾ നിർവ്വഹിച്ചഹിക്കുന്നതിന് പട്ടക്കാരെ നിയമിച്ചിരുന്നു. അങ്ങനെ നിയമിച്ചിരുന്നത് എപ്പിസ്കോപ്പമാരാണോ? പാരമ്പര്യം വച്ചു പറഞ്ഞാൽ വിശ്വാസികൾ അവരിൽ നിന്നു തന്നെ ചിലരെ പട്ടത്വസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുകയും ആളിനെ ഞങ്ങൾക്കു പട്ടക്കാരനായി പട്ടം കൊടുത്തയക്കണമെന്ന് അപേക്ഷിക്കുകയും മേൽപട്ടക്കാരൻ പട്ടംകൊടുത്ത് നിങ്ങളുടെ അപേക്ഷ പ്രകാരം ഇന്നാരെ പരിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസ് വഴിയായി എനിക്കു ലഭിച്ചിട്ടുള്ള അധികാരത്തിൽ കശീശ ആയി പട്ടം കെട്ടിയിരിക്കുന്നു എന്നും നിങ്ങൾ അയാളെ സ്വീകരിച്ചു കൊള്ളണമെന്നും മറ്റും കാണിച്ച് ഒരു രേഖ അദ്ദേഹത്തിന്റെ കൈവശം കൊടുത്തയ്ക്കുകകയും ചെയ്യുമായിരുന്നു. Ans. ഇത് എവിടുത്തെ പാരമ്പര്യമാണ്? Q മലങ്കരയിലെ പാരമ്പര്യമാണ് ബോധിപ്പിച്ചത്. മറ്റു സ്ഥലങ്ങളിലും അതുപോലെ തന്നെയാണെന്നാണ് എന്റെ വിശ്വാസം. Ans. വിശ്വാസത്തിന് എന്തടിസ്ഥാനം? Q കേട്ടറിവ് Ans. പട്ടക്കാരെ എപ്പിസ്കോപ്പമാർ നിയമിച്ചിരുന്നില്ലന്നാണോ ബോധിപ്പിക്കുന്നത്? Q അങ്ങനെ ഞാൻ ബോധിപ്പിച്ചില്ല. പട്ടക്കാരെ എപ്പിസ്കോപ്പമാർ മുമ്പ് പറഞ്ഞരീതിയിൽ നിയമിച്ചിരുന്നു.

Ans. Stopped for the day

മൊഴി വായിച്ചു കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First add. District & Sessions court Ernakulam. Taken down by me in open court, read order to the witness admitted by him

Sd/-
Judge

11/7/78 witness sworn again cross examination continued ഭദ്രാസന ഇടവക മെത്രാപ്പോലീത്തമാരുടെ അധികാരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിയമമൊ റൂൾസൊ ഉണ്ടോ? Q പ്രത്യേക നിയമമുള്ളതായി എനിക്കറിവില്ല. Ans. കീഴ്നടപ്പ് നിയമമായിട്ടുള്ള എന്തെങ്കിലും നിയമം ഉണ്ടായിരിക്കാം. അതു മാത്രമെയുള്ളു. കീഴ്നടപ്പ് എന്നു സാക്ഷിപറഞ്ഞത് മലങ്കര സഭയിലെ കീഴ്നടപ്പാണോ? Q അതെ Ans. ഇടവക അംഗങ്ങളിൽ സ്ത്രീകളും പ്രായമാകാത്ത കുട്ടികളും ഉൾപെടും. അവർക്ക് മറ്റു പ്രായപൂർത്തായ പുരുഷാംഗങ്ങൾക്കുള്ള എല്ലാ അവകാശങ്ങളും ഉണ്ടോ? Q ആത്മീയമായ എല്ലാ അവകാശങ്ങളും അവർക്കും ഉണ്ട് Ans. ലൗകിക സംഗതികളിൽ അവർക്കു യാതൊരു അധികാര അവകാശങ്ങളും ഇല്ലെന്നാണോ? Q ലൗകിക കാര്യങ്ങളിൽ ഓരോ ഇടവകയിലും അവർ എന്തു നിശ്ചയിച്ചിട്ടുണ്ടോ അതനുസരിച്ചുള്ള അവകാശങ്ങൾ ഉണ്ട് Ans. അതു നിശ്ചയിക്കുന്നത് ഇടവക പൊതുയോഗമാണ്. അതിൽ ആരൊക്കെപെടും? Q പൊതുയോഗത്തിന്റെ Structure സംബന്ധിച്ച് ആ ഇടവകയിൽ എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടെങ്കിൽ അവരെല്ലാം പെടും. Ans. Structure സംബന്ധിച്ച് തീരുമാനം ചെയ്യാനുള്ള അവകാശം ആർക്കാണ്? Q ആ സ്ഥാപനകാലത്ത് അവർ അതിനുള്ള തീരുമാനങ്ങൾ ചെയ്തിട്ടുണ്ടായിരിക്കും. Ans. ഏതെങ്കിലും പള്ളിയിൽ സ്ത്രീകളും പ്രായപൂർത്തിയാകാത്ത കുട്ടികളും അംഗങ്ങളായിട്ടുള്ള പൊതുയോഗം സാക്ഷിയുടെ അറിവിൽ ഉണ്ടോ? Q പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉള്ളതായിട്ടുള്ളത് അറിയാൻ പാടില്ല. കേരളത്തിനു വെളിയിലുള്ള ചില പള്ളികളിൽ സ്ത്രീകളും കമ്മറ്റിയിലും മറ്റും ഉള്ളതായി കേട്ടിട്ടുണ്ട്. Ans. ഏതു പള്ളിയാണെന്ന് ഓർക്കുന്നില്ല. പള്ളികൾക്ക് ഭരണഘടനകൾ പാസാക്കിയിട്ടുള്ളതായി പറയുന്ന യോഗങ്ങളിൽ സ്ത്രീകൾ പങ്കുകൊണ്ടിട്ടുണ്ടോ? Q അങ്ങനെ ഉണ്ടോ എന്ന് എനിക്കറിയില്ല. Ans പള്ളികളും അതിനുള്ള വസ്തുക്കളും വാങ്ങുന്നതിന് സ്ത്രീകളുടെ സംഭാവനകൾ സ്വീകരിക്കാറുണ്ടോ? സ്ത്രീകളുടെ മാത്രമല്ല അന്യമതക്കാരുടെയും സമുദായക്കാരുടെയും സംഭാവനകൾ സ്വീകരിക്കും. അങ്ങനെ പണം സംഭാവനയായി കൊടുത്താൽ അന്യമതസ്ഥർക്കും സമുദായക്കാർക്കും അവകാശമില്ല. ആ ഇടവകയിലെ സ്ത്രീയാണ് സംഭാവന ചെയ്തതെങ്കിൽ ആ ഇടവകക്കാരി എന്ന നിലയിൽ അവർക്കുള്ള അവകാശമുണ്ട്. Ans അത് ആ ഇടവകയിലെ പണം കൊടുക്കുന്ന മറ്റുള്ളവർക്കു തുല്യമായുള്ള അവകാശമാണോ? Q പണം കൊടുത്തതിന്റെ പേരിൽ മാത്രമുള്ള അവകാശമല്ല. ആ സ്ത്രീ ആ സ്ഥാപനത്തിന്റെ സ്ഥാപനോദ്ദേശ്യമനുസരിച്ച് നിൽക്കുന്ന ആരുടെ എങ്കിലും ആരെങ്കിലും കൂടിയായിരിക്കുന്നതുകൊണ്ടാണ്. Ans ആരുടെ എങ്കിലും ആരെങ്കിലും എന്നാൽ

എന്താണ്? Q ആ ഇടവകയിലെ ഒരു കുടുംബത്തിലെ അംഗമാണ്. കമ്മറ്റി എന്നത് സഭയിലെ ഒരു പ്രധാന സമിതി ആണോ? Q സഭയിലെ പ്രധാന സമിതി അല്ല. സമുദായത്തിന്റെ കാര്യങ്ങൾ ആലോചിക്കാനുള്ള ഒരു സമിതി യാണ്. Ans അതിലെ അംഗങ്ങളെല്ലാം സഭയിലെ അംഗങ്ങളാണോ? Q അതെ Ans മാനേജിംഗ് കമ്മറ്റിയിൽ ബഡ്ജറ്റ്, വരവു ചിലവു കണക്ക് ഇതൊക്കെ പാസാക്കാറുണ്ട്. ഭദ്രാസനത്തിന്റെ വരവു ചിലവു കണക്കുകൾ മുതലായവ മലങ്കര മെത്രാപ്പോലീത്തയ്ക്ക് അയച്ചുകൊടുക്കാറുണ്ടോ? Q അങ്ങനെ ഒരു കീഴ്നടപ്പൊ നിയമമൊ ഉള്ളതായി ഞാൻ ഇതുവരെ അറിഞ്ഞിട്ടില്ല. Ans സഭയിലെയും ഇടവക പള്ളിയിലെയും വരുമാനങ്ങൾ സംബന്ധിച്ച് മാനേ ജിംഗ് കമ്മറ്റി ആലോചിക്കുകയൊ തീരുമാനിക്കുകയൊ ചെയ്തിട്ടുണ്ടോ? Q പള്ളികളുടെ വരുമാനങ്ങളെപ്പറ്റി ഞാൻ മെമ്പറായിരുന്നകാലത്ത് എന്തെ ങ്കിലും ആലോചിട്ടുള്ളതായി എനിക്ക് ഓർമ്മയില്ല. Ans വരുമാന ഏകീകര ണത്തെപ്പറ്റി ആലോചിച്ചിട്ടുള്ളതായി മിനിട്ട്സ് കൊണ്ടു കാണുന്നതു ശരി യാണോ? ഈ മിനിട്ട്സ് കൊണ്ടു കാണുന്നതു ശരിയാണോ? ഈ മിനിട്ട്സിൽ Ex A 11 അങ്ങനെ കാണുന്നുണ്ടെങ്കിൽ അതിന്റെ നിജാവസ്ഥയെക്കുറിച്ചു എനിക്ക് ഓർമ്മയില്ല. Ans മുൻ യോഗമിനിട്ട്സ് അടുത്തയോഗത്തിൽ പാസാ ക്കാറുണ്ടോ? Q അതിന്റെ അച്ചടിച്ച പ്രതി മീറ്റിംഗിനു ശേഷം അയച്ചുതരുന്നു ണ്ടായിരുന്നു എന്നല്ലാതെ അതിനെകുറിച്ച് അടുത്ത യോഗത്തിൽ ചർച്ച നടത്തിയിരുന്നോ എന്ന് ഞാൻ ഓർക്കുന്നില്ല. Ans. 25-5-1966 ലെ മീറ്റിംഗിൽ ഞാൻ ഹാജരുണ്ടായിരുന്നു. മുൻ യോഗമിനിട്ട്സ് ഭേദഗതികളോടുകൂടി പാസാക്കിയതായി മിനിട്ട്സ് കൊണ്ടു കാണുന്നു. അത് ശരിയാണല്ലോ? Q 10-12 കൊല്ലം മുമ്പു നടന്ന അക്കാര്യങ്ങൾ പൂർണ്ണമായി ഓർമ്മ വച്ചു പറയു വാൻ സാദ്ധ്യമല്ല. Ans. പൂർണ്ണമായ ഓർമ്മ എന്നു മുതൽക്കുള്ള കാര്യങ്ങളെ പ്പറ്റി ഉണ്ട് ? Q എനിക്കാവശ്യമുള്ളതും ചുമതലകൾ ഉള്ളതും ആയ കാര്യങ്ങൾ വളരെ മുമ്പു മുതലുള്ളതും എനിക്ക് ഓർമ്മയുണ്ട്. Ans. മാനേജിംഗ് കമ്മറ്റി സംബന്ധിച്ചുള്ള കാര്യങ്ങൾ സാക്ഷിക്കാവശ്യമുള്ളതൊ ചുമതല ഉള്ളതൊ അല്ലെന്നാണോ പറയുന്നത്? Q എനിക്കതിൽ ഉണ്ടായിരുന്ന ചുമതല മുമ്പ് ഞാൻ ബോധിപ്പിച്ചു. അതായത് ആത്മീയ കാര്യങ്ങൾ വല്ലതും ചർച്ചാവിഷ യമായാൽ അതിൽ എന്റെ അഭിപ്രായങ്ങൾ പറയും Ans. മാനേജിംഗ് കമ്മറ്റി മെമ്പറായിരുന്ന കാലത്ത് ആത്മീയ കാര്യങ്ങൾ ഉണ്ടോ എന്നു മാത്രമെ ഗൗനിച്ചിരുന്നുള്ളോ? Q എന്റെ പ്രസ്ഥാനത്തെക്കുറിച്ച് എന്തെങ്കിലും പറയേ ണ്ടിവന്നാൽ അതു ചെയ്യണമെന്നല്ലാതെ എല്ലാ കാര്യങ്ങളിലും കടന്ന ശ്രദ്ധ വക്കണമെന്നുള്ള അഭിപ്രായം എനിക്കില്ലായിരുന്നു. Ans. സഭയിലുള്ള ഓരോ പ്രസ്ഥാനങ്ങൾക്കും മാനേജിംഗ് കമ്മറ്റിയിൽ പ്രാതിനിധ്യം ഉണ്ടായിരുന്നോ? Q അതു ഞാൻ ശരിയ്ക്ക് ഓർക്കുന്നില്ല. Ans. മാനേജിംഗ് കമ്മറ്റിയിൽ സഭ യിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ഉണ്ടായിരുന്നോ? Q ഉണ്ടായിരുന്നു. Ans. ക്നാനായ മെത്രാസനത്തിലെ പ്രതിനിധികൾ ഉണ്ടായി രുന്നോ? ഇപ്പോൾ ഞാൻ ഓർക്കുന്നില്ല. Ans. ക്നാനായ ഭദ്രാസന മെത്രാപ്പോലിത്ത

ഏബ്രഹാം മോർ ക്ലിമിസ് മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ ചിലപ്പോഴൊക്കെ ഉണ്ടായിരുന്നു. സഭയിലെ ഭരണമുള്ള ഒരു മെത്രാപ്പോലീത്താ എന്നനിലയിലാണോ അദ്ദേഹം മീറ്റിംഗിൽ സംബന്ധിച്ചിരുന്നത്? Q അദ്ദേഹത്തിനു പ്രത്യേക ഭരണഘടന ഉള്ളതുകൊണ്ട് ഏതു രീതിയിലാണ് സംബന്ധിച്ചിരുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ Ans. മറ്റു മെത്രാപ്പോലീത്തമാർ സഭയിലെ ഭരണമുള്ള മെത്രാപ്പോലീത്താമാർ എന്ന നിലയിലാണോ സംബന്ധിച്ചുകൊണ്ടിരുന്നത്? Q അവർക്കു ക്ലീമീസ് മെത്രാപ്പോലീത്തായുടെതുപോലയുള്ള പ്രത്യേക ഭരണഘടന ഇല്ലാത്തതിനാൽ അപ്രകാരം ആയിരിക്കും. Ans. ക്ലീമീസ് മെത്രാപ്പോലീത്തയുടെ ഭരണഘടന സാക്ഷിവായിച്ചു മനസ്സിലാക്കിയിട്ടുണ്ടോ? Q ഉണ്ടെന്നറിയാമെന്നല്ലാതെ അത് വായിച്ചു മനസ്സിലാക്കിട്ട് ഒരാവശ്യവും എനിക്കില്ലാതിരുന്നതിനാൽ വായിച്ചു മനസ്സിലാക്കിയിട്ടില്ല. Ans. കോട്ടയം മണർകാട് പള്ളിയുടെ ഭരണഘടന സാക്ഷി വായിച്ചു മനസ്സിലാക്കിയിട്ടുണ്ടോ? Q ആ പള്ളിയ്ക്ക് പ്രത്യേകമായി ഭരണഘടന ഉണ്ടെന്നു അവിടുത്തെ വികാരിയിൽ നിന്നും മറ്റും സന്ദർഭവശാൽ മനസ്സിലാക്കിയിട്ടുള്ളതല്ലാതെ ആ ഭരണഘടനയും ഞാൻ വായിച്ചിട്ടില്ല. Ans.Ex A 99 Series ൽ പേരു പറയുന്നവരെ കൂടാതെ മുമ്പ് പാത്രിയർക്കീസ് കക്ഷിയിൽപെട്ടവർ സാക്ഷി മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടായിരുന്നുപ്പോൾ മാനേജിംഗ് കമ്മറ്റി മെമ്പർമാരായി ഉണ്ടായിരുന്നോ Q ഉണ്ടായിരുന്നു. Ans.Ex A 99 (m) (o) (p) (q) (r) അവർ ക്നാനായ ഭദ്രാസനത്തിൽ പെട്ടവരാണ്. Nominate ചെയ്യപ്പെട്ടവരുമാണ്. Nominate ചെയ്യപ്പെട്ടവരാണെന്ന് മനസ്സിലായത് ഞാൻ ഒപ്പിട്ട ഫാറം തന്നെ അവരും ഒപ്പിട്ടിട്ടുള്ളതുകൊണ്ടാണ്. ഫാറം കൊണ്ട് മാനേജിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളതാണെന്ന് കാണുന്നില്ലേ? എന്റെ ഫോം തന്നെയാണെന്നുള്ള തെറ്റിധാരണയിൽ നേരത്തെ പറഞ്ഞതാണ്. ഫാറം നോക്കിയതിൽ അവർ തെരഞ്ഞെടുക്കപ്പെട്ടവരായിട്ടാണ് കാണുന്ന്. Ans. എന്റെ ഫാറത്തിൽ ബാവാ തിരുമനസ്സിൽ നിന്നും നിയമിച്ചിട്ടുള്ളതാണെന്നു പ്രത്യേകം ചേർത്തിട്ടുണ്ട്. EA 99 (a) ൽ പറയുന്ന A.M. തോമസ് മുമ്പ് കേന്ദ്ര മന്ത്രിയായിരുന്നു. അദ്ദേഹം ഇൻഡ്യാ ഗവൺമെന്റിന്റെ അംബാസിഡറായിരുന്നു. E A 99 (o) ലെ ഇടുക്കുള ഏബ്രഹാം മോർ ക്ലീമീസ് മെത്രാപ്പോലീത്തായുടെ സഹോദരനാണ്. അദ്ദേഹം എം.എൽ.എ. യും ആയിരുന്നു. Ex A 36 ൽ 1-ാം പേരുകാരൻ ഫാ. പി.പി. ജോസഫ്, 2-ാം പേരുകരാൻ സി.ജെ. കുര്യൻ, 7-ാം പേരുകാരൻ പി.പി. പൗലോസ് കത്തനാർ, 14-ാം പേരുകാരൻ പി.റ്റി. വർഗ്ഗീസ്, 19-ാം പേരുകരാൻ തോമസ് കശീശ ഇവർ Ext A 99 സീരീസിൽ അതേ മേൽവിശാസത്തിൽ കാണുന്നവർ തന്നെയാണ്. Ex A 98 series ൽ കാണുന്ന സ്കറിയാ കത്തനാർ, ഇ.എ. 36 ൽ 15-ാം പേരുകാരനും, ടി.യു. തോമസ്, Ex A 36 ൽ 4-ാം പേരുകാരനും ഗീവർഗീസ് കത്തനാർ EA 36 ൽ 30-ാം പേരുകാരനും ആകുന്നു. Ex A 99 ൽ കാണുന്ന ജോൺ ഏബ്രഹാം കുമരകം, ആറ്റമംഗലം പള്ളി ഇടവകക്കാരനാണ്. ആ പള്ളിയിലെ വികാരി വായിത്തറ പുന്നൂസ് കത്തനാരാണ്. അദ്ദേഹം 81/77 ൽ 15-ാം പ്രതിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. അദ്ദേഹം

പ്രതിയായി ഏതോ കേസുണ്ടെന്നറിയാം. Ex A 99 (i) ൽ പറയുന്ന റ്റി.പി. ഫിലിപ്പോസ് കോട്ടയം സിംഹാസനപ്പള്ളി ഇടവകാംഗമാണെന്നാണ് എന്റെ അറിവ് E A 00 (m) ൽ പറയുന്ന കുര്യൻ ഉതുപ്പ് ഏത് ഇടവകക്കാരനാണെന്ന് എനിക്കു നിശ്ചയമില്ല. അദ്ദേഹം കോട്ടയം മുൻസിപ്പൽ ചെയർമാനായിരുന്നിട്ടുണ്ട് A.M. തോമസ് കണ്ടനാടുപള്ളി ഇടവകക്കാരനാണെന്നാണ് എന്റെ അറിവ് A 99 (e) ൽ പറയുന്ന പി.റ്റി. വർഗീസ് അങ്കമാലി അകപ്പറമ്പുകാരനാണ്. ഏത് ഇടവകയിലെ ആണെന്നറിയില്ല. EA 99 (i) ൽ പറയുന്ന O തോമസ് വെങ്ങോല ഇടവകക്കാരനാണ് എന്നാണ് തോന്നുന്നത്. Ex A 99 (g) ലെ പി.എ. പൗലോസ് കോർഎപ്പിസ്കോപ്പ കുറുപ്പംപടിപള്ളി ഇടവകയിലെ ആണ്. അത് അങ്കമാലി ഡയോസിസിൽ പെട്ടതാണ്. Ext A 99 (k) ലെ അക്കര ഇ.ജെ. കുര്യൻ കോട്ടയം ചെറിയപള്ളി ഇടവകക്കാരനാണ്. മുമ്പ് കേസിൽ കക്ഷിയായിരുന്ന ഇ.ജെ. കുര്യന്റെ സഹോദരന്റെ മകനാണ് ഈ ഇ.ജെ. കുര്യൻ ഇ.എ. 99 ലെ അലക്സാന്ത്രിയോസ് കത്തനാർ അങ്കമാലി പള്ളിയിലെ പട്ടക്കാരനായിരുന്നു. E 98 (a) ലെ സ്കറിയാ കത്തനാർ കരിങ്ങാച്ചിറ പള്ളിയിലെ പട്ടക്കാരനാണ്. EA 98 (d) ലെ തോമസ് വൈക്കം പള്ളി ഇടവകക്കാരനാണ്. E A 98 (i) ൽ കാണുന്ന എ.കെ. പൗലോസ് കോതമംഗലം പള്ളി ഇടവകക്കാരനാണ്. ചെറിയ പള്ളിയോ വലിയപള്ളിയോ എന്നറിഞ്ഞുകൂടാ Ex A 98 (j) ലെ വി.ഒ. മർക്കോസ് ക്നാനായ ഭദ്രാസനത്തിൽ പെട്ട ആളായിരുന്നു. റ്റി.സി. സ്റ്റേറ്റിൽ മിനിസ്റ്ററായിരുന്ന ആളാണ്. അഡ്വക്കേറ്റുമായിരുന്നു. അദ്ദേഹം EA 98 (g) ലെ കുരുവിള തോമസ് ക്നാനായ ഭദ്രാസനത്തിൽ പെട്ട കല്ലിശ്ശേരിപള്ളി ഇടവകക്കാരനാണ്. 24-3-1966 ൽ മാനേജിംഗ് കമ്മറ്റിയോഗത്തിൽ റൂൾ കമ്മറ്റി മെമ്പറന്മാരായി നിയമിച്ച ഫാ. പി.പി. ജോസഫ്, ജേക്കബ് സ്റ്റീഫൻ, പി.റ്റി. വർഗ്ഗീസ് ഇവർ മുമ്പ് ഞാൻ പറഞ്ഞ അതേ ആളുകളാണ്. പ്രസിഡന്റ് ആയി പറഞ്ഞ മാത്യൂസ് മോർ അത്തനാസ്യോസ് തിരുമേനി കേസിലെ 2-ാം വാദിയാണ്. Ex A 12 ലെ ഒപ്പ് ഔഗേൻ കാതോലിക്കോസിന്റെ ആണോ? അതെ Ans. ഭേദഗതി ചെയ്ത ഭരണഘടന പള്ളികൾക്ക് അയച്ചു കൊടുത്തുകൊണ്ടുള്ള കൽപനയാണോ ExA 12 Q? 6 മുതൽ 44 വരെയുള്ള ഭരണഘടനാവകുപ്പുകൾക്ക് ഉള്ള ഭേദഗതികൾ അടങ്ങിയ ഭരണഘടന ഇതോടെ നിശ്ചയിക്കുന്നു എന്നാണ് ExA 12 ൽ പറഞ്ഞു കാണുന്നത്. Ans. ഇതു പോലെയുള്ള കൽപനകൾ എല്ലാ പള്ളികൾക്കും അയച്ചുകൊടുത്തിരുന്നോ? Q അയച്ചുകൊടുത്തിട്ടുണ്ടായിരിക്കും. കൃത്യമായി അറിവില്ല അതനുസരിച്ചു എല്ലാവരും നടന്നോ എന്നും അറിഞ്ഞു കൂടാ. Ans. 20-10-1969 ലെ മാനേജിംഗ് കമ്മറ്റിയിൽ അസ്സോസിയേഷൻ യോഗം കൂടുന്നതു സംബന്ധിച്ചുള്ള നടപടി ചട്ടങ്ങൾ ചർച്ച ചെയ്തു അംഗീകരിച്ചതായി മിനിട്ട്സിൽ കാണുന്നു. എനിക്കറിഞ്ഞുകൂടാ. അസ്സോസിയേഷൻ യോഗനടപടി ചട്ടങ്ങളെപ്പറ്റി മാനേജിംഗ് കമ്മറ്റിയിൽ ആലോചിച്ചിട്ടുണ്ടോ? Q ഞാൻ ഉണ്ടായിരുന്ന കമ്മറ്റിയിൽ ആലോചിച്ചിട്ടുണ്ടോ എന്നോർക്കുന്നില്ല. Ans. 17-2-1970 ലെ മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ ഞാൻ ഹാജരുണ്ടായിരുന്നോ

എന്നോർക്കുന്നില്ല. ഉണ്ടായിരുന്നിരിക്കാം. ആ യോഗത്തിൽ അന്നത്തെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി ഒരാളെ തിരഞ്ഞെടുക്കണമെന്ന് അടുത്ത അസ്സോസിയേഷൻ യോഗത്തിലെ അജൻഡയിൽ ചേർക്കണമെന്ന് തീരുമാനിച്ചോ? എനിക്ക് ഓർമ്മയില്ല. Ans. അങ്ങനെ മിനിട്ട്സിൽ കാണുന്നതിൽ നിന്നും ഓർമ്മ വരുന്നില്ല. 1970 ഡിസംബറിൽ അസ്സോസിയേഷൻ യോഗത്തിൽ വച്ച് 2-ാം വാദിയെ അന്നത്തെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തോ? Q അന്നത്തെ യോഗത്തിന്റെ വിശദവിവരങ്ങൾ എനിക്കറിഞ്ഞു കൂടാ. ഞാൻ സംബന്ധിച്ചിരുന്നില്ല. Ans. മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക് ആ നിലയിൽ അസ്സോസിയേഷൻ മീറ്റിംഗിൽ സംബന്ധിക്കാനവകാശമുണ്ടോ? Q എനിക്കറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ തന്നെയും സംബന്ധിക്കുന്നത് ഓരോരുത്തരുടെ സൗകര്യമനുസരിച്ചാണ്. Ans. അസ്സോസിയേഷനിൽ സംബന്ധിക്കുന്നതിന് എനിക്ക് അറിയിപ്പ് കിട്ടിയിരുന്നോ എന്ന് ഇപ്പോൾ ഓർക്കുന്നില്ല. 2-ാം വാദിയെ എന്നെങ്കിലും കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി തെരഞ്ഞെട്ടുണ്ടോ? Q കേട്ടിട്ടുണ്ട്. Ans.1970 ലെ അസ്സോസിയേഷൻ മീറ്റിംഗിൽ വച്ച് മാനേജിംഗ് കമ്മറ്റി അംഗങ്ങളെ പുതുതായി തെരഞ്ഞെടുത്തോ? Q ഇങ്ങനെയുള്ള കാര്യങ്ങൾ എനിക്കു ശരിയ്ക്ക് ഓർമ്മയില്ല. Ans. 1970 ലെ അസ്സോസിയേഷൻ മീറ്റിംഗിനു ശേഷം സാക്ഷി മാനേജിംഗ് കമ്മറ്റി അംഗമായിരുന്നിട്ടുണ്ടോ? Q എന്റെ കാലാവധി എനിക്കോർമ്മയില്ല. പുതിയ മാനേജിംഗ് കമ്മറ്റി ഉണ്ടായെങ്കിൽ ഞാൻ ഇല്ലായിരുന്നു. Ex A ഭരണഘടനയിൽ ഭദ്രാസനങ്ങൾ ഇടവക പള്ളികൾ ഇവയുടെ ഒക്കെ ഭരണം സംബന്ധിച്ചു വ്യവസ്ഥകൾ ഉണ്ടോ? Q ഉണ്ട് Ans. ആ വ്യവസ്ഥകളനുസരിച്ചല്ലേ ഇടവകകളിലെയും ഭദ്രാസനങ്ങളിലെയും ഭരണമൊക്കെ നടന്നുകൊണ്ടിരുന്നത്? Q മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ ആരെല്ലാം അതനുസരിച്ച് കാര്യങ്ങൾ നടത്തി എന്ന് എനിക്കറിഞ്ഞുകൂടാ Ans. Sunday School Association ന്റെ ശരിയായ പേരെന്താണ്? Q The Orthodox Syrian Sunday School Association of the East എന്നായിരുന്നു. Ans. അതിനു ഭരണഘടന ഉണ്ടായിരുന്നു. ആരു പാസാക്കിയതാണ് ? Q ഞാൻ കൺവീനറായി ഒരു ഭരണഘടന നിർമ്മാണ കമ്മറ്റിയെ 1965 ൽ നിശ്ചയിക്കുകയും ഞങ്ങൾ ക്രോഡീകരിച്ച ഭരണഘടന അഭിപ്രായത്തിനായി സ്കൂളുകൾക്ക് അയച്ചുകൊടുക്കുകയും അവിടെയും അഭിപ്രായങ്ങൾ മാനിച്ച് വ്യത്യാസങ്ങൾ വരുത്തുകയും അങ്ങനെ രൂപം വരുത്തിയ ഭരണഘടന സൺഡേ സ്കൂളുകളുടെ പ്രതിനിധികളുടെ യോഗമാകുന്ന അസ്സോസിയേഷൻ പൊതുയോഗത്തിൽ സമർപ്പിക്കുകയും ചർച്ചകളിൽ നിന്നും പിന്നെയും വന്ന അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് വീണ്ടും അച്ചടിച്ച് അങ്ങനെയുള്ള ആ ഭരണഘടന അന്നത്തെ കാതോലിക്കാബാവയുടെ സുന്നഹദോസിന് സമർപ്പിപ്പിക്കുകയും സുന്നഹദോസ് അതനുവദിച്ചു തരികയും ആയിരുന്നു. സുന്നഹദോസ് എന്നു പറഞ്ഞത് എപ്പിസ്കോപ്പൽ സുന്നഹദോസാണ്. ആ ഭരണഘടന എപ്പിസ്കോപ്പൽ

സുന്നഹദോസ് അംഗീകരിച്ചതനുസരിച്ച് നടപ്പിൽ വരുത്തികൊണ്ട് ഔഗേൻ കാതോലിക്കാബാവാ തിരുമേനി കൽപന തന്നിട്ടുണ്ട്. ഡയറക്ടർ ജനറൽ എന്ന നിലയ്ക്ക് എനിക്കാണ് കൽപന തന്നത്. മുൻ പറഞ്ഞ Episcopal സുന്നഹദോസ് EA1 അക്കത്തിൽ പറയുന്ന Episcopal സുന്നഹദോസാണോ? Q Ex A1 അക്കമെന്നു പറയുന്ന ആ ഭരണഘടനയെക്കുറിച്ച് ഒരക്ഷരവും സൺഡേസ്കൂൾ അസ്സോസിയേഷൻ ഭരണഘടനയിൽ പറയുന്നില്ല. സൺഡേസ്കൂൾ പ്രസ്ഥാനം മുമ്പു ബോധിപ്പിച്ചതുപോലെ ഒരാത്മീയ പ്രശ്നമാകയാൽ ആത്മീയ മേലദ്ധ്യക്ഷന്മാരുടെ അടുക്കൽ അതു സമർപ്പിക്കുകയാണുണ്ടായത്. അന്നത്തെ സുന്നഹദോസ് പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട കാതോലിക്കായും അദ്ദേഹം സ്വീകരിച്ച ഇവിടെയുള്ള മെത്രാപ്പോലീത്തമാരും അടങ്ങിയ സുന്നഹദോസാണ്. ഭരണഘടനയിൽ പറയുന്ന സുന്നഹദോസായിട്ടല്ല അപ്രകാരം ചെയ്തത്. Ans. ഭരണഘടനയിൽ പറയുന്നതല്ലാതെ വേറൊരു സുന്നഹദോസ് അന്ന് മലങ്കരയിൽ ഉണ്ടോ? Q നിലവിലുള്ള സുന്നഹദോസിനെക്കുറിച്ച് പലയിടത്തും പറയുന്നുണ്ടായിരിക്കാം. question repeated അന്ന് മലങ്കരയിലെ സുന്നഹദോസ് അന്നുള്ള കാതോലിക്കാബാവായും മെത്രാപ്പോലീത്തമാരും ആണ്. ആ രീതിയിലാണ് ഞാൻ അത് സമർപ്പിച്ചത്. Ans. ആ സിനഡിന്റെ പ്രസിഡന്റ് കാതോലിക്കാ ബാവാ തിരുമേനിയായിരുന്നു. Sunday School Association ന്റെ പരമാധിക്കാരി പൗരസ്ത്യ കാതോലിക്കാ ബാവാ തിരുമനസ്സാണോ? ഈ അസ്സോസിയേഷൻ മലങ്കരയിലായിരിക്കുന്നതിനാൽ ആ അസ്സോസിയേഷന്റെ പരമാധികാരി കാതോലിക്ക ബാവാ ആയിരുന്നു. Ans. കാതോലിക്കാ ബാവാ ഉപയോഗിച്ചിരുന്ന Ex A1 ഭരണഘടന Sunday School Association ന്റെ ഭരണഘടന നിർമ്മിക്കുന്നതിനു നോക്കിയിട്ടുണ്ടോ? നോക്കിയിട്ടില്ല. നോക്കേണ്ട ആവശ്യവും ഇല്ലായിരുന്നു. Ans. നോക്കണമെന്ന് തോന്നിയിട്ടുമില്ല. Sunday School Association പ്രസിഡന്റ് ഉണ്ടായിരുന്നോ? Q ഉണ്ടായിരുന്നു. Ans. പ്രസിഡന്റിനെ നിയമിക്കണ്ടത് ആരാണ്? Q പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ആലോചനയോടു കൂടി പരിശുദ്ധ കാതോലിക്കാ ബാവാ അസ്സോസിയേഷൻ പ്രസിഡന്റായി ഒരു മെത്രാപ്പോലീത്തയെ നിയമിക്കുന്നതാകുന്നു എന്നാണ് വ്യവസ്ഥ Ans. എപ്പിസ്കോപ്പൽ സുന്നഹദോസ് എന്താണെന്ന് മനസ്സിലാക്കുകയൊ അന്വേഷിക്കുകയൊ ചെയ്തിട്ടുണ്ടോ? Q എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നു പറഞ്ഞാൽ എന്താണെന്നറിയാൻ പ്രത്യേക അന്വേഷണത്തിന്റെയൊ പ്രത്യേകം മനസ്സിലാക്കുന്നതിന്റെയൊ യാതൊരാവശ്യവും ഇല്ല. അന്നത്തെ കാതോലിക്കാ ബാവായും മെത്രാപ്പോലീത്തമാരും ചേരുന്നതാണ് സുന്നഹദോസ് എന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാമായിരുന്നു. Ans. എല്ലാവർക്കും അറിയാവുന്ന കാര്യമായതിനാൽ പരിശുദ്ധ സുന്നഹദോസ് ഏതാണെന്ന് റൂൾസിൽ വ്യവസ്ഥ ചെയ്തില്ല. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് ആയിരുന്നു ആദ്യത്തെ പ്രസിഡന്റ് അദ്ദേഹം കാലം ചെയ്യുന്നതു

വരെ അദ്ദേഹമായിരുന്നു പ്രസിഡന്റ്. അതിനുശേഷം പൗലോസ് മോർ പീലക്സിനോസ് ആയിരുന്നു.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First add district sessions court, Ernakulam taken down by me in open court read over to the witness and admitted by him to be

Sd/-

Judge 11-7-78

12-7-78 witness sworn again and cross examination continued:-

സൺഡേസ്കൂൾ അസ്സോസിയോഷനിലെ അംഗങ്ങൾ ആരൊക്കെയാണ്? അതിന്റെ ഔദ്യോഗിക ഭാരവാഹികളും സൺഡേസ്കൂൾ അദ്ധ്യാപകരും ആണ്. Ans. മലങ്കര സഭയിലെ സൺഡേസ്കൂളുകൾ അതിലെ അംഗഘടകങ്ങളാണോ? മലങ്കരയിലെ സഭയിലെ സൺഡേസ്കൂളുകൾ അംഗഘടകങ്ങളെന്നു പറയുവാൻ നിവൃത്തിയില്ല. അവ അസ്സോസിയേഷനിൽ നിലകൊണ്ടിരുന്ന സ്വതന്ത്ര പ്രസ്ഥാനങ്ങളായിരുന്നു. Ans. ഓരോ സൺഡേസ്കൂളും അസ്സോസിയേഷനിൽ അംഗമായി ചേരേണ്ടതായിരുന്നോ? Q അതു നിർബന്ധ വിഷയമായിരുന്നില്ല. അംഗമാകാത്ത സൺഡേസ്കൂളുകളും ഉണ്ടായിരുന്നു. Ans. ക്നാനായ ഭദ്രാസനത്തിൽപെട്ട സൺഡേസ്കൂളുകൾ ഈ അസ്സോസിയേഷനിൽ അംഗങ്ങളായിട്ടുണ്ടായിരുന്നോ? Q ക്നാനായ സമുദായത്തിലെ സൺഡേസ്കൂളുകൾ പലതും ഈ അസ്സോസിയേഷനിൽ ഉണ്ടായിരുന്നു. Ans. മലങ്കര സഭയിലെ മറ്റു ഭദ്രാസനങ്ങളിലെ സൺഡേസ്കൂളുകളും അംഗമായിരുന്നില്ലേ? Q സഭയിലെ മലങ്കരയിലുള്ള ഭദ്രാസനങ്ങളിലെ പല സൺഡേസ്കൂളുകളും അംഗമായിരുന്നു. Ans. അങ്ങനെ മലങ്കര സഭയിലെ ഒരു ഭദ്രാസനം എന്ന നിലയിലായിരുന്നോ ക്നാനായ ഭദ്രാസനത്തിലെ സൺഡേസ്കൂളുകൾ ഇതിൽ അംഗമായിരുന്നത്? Q മലങ്കര സഭ എന്നൊരു സഭ ഇല്ലെന്നു ഞാൻ നേരത്തേ ബോധിപ്പിച്ചിട്ടുണ്ടല്ലോ. അങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഞാൻ ഉത്തരം പറഞ്ഞിട്ടുള്ളത് മലങ്കരയിലുള്ള സഭാ വിഭാഗം എന്ന അർത്ഥത്തിലാണ്. അങ്ങനെയുള്ള വിഭാഗത്തിൽ ഭദ്രാസനത്തിലെ സൺഡേസ്കൂൾ എന്ന നിലയിലല്ല അസ്സോസിയേഷനിൽ അംഗമാകുന്നത്. പ്രത്യേക ഭരണഘടനയുള്ള ആ ഭദ്രാസനത്തിലെ പള്ളികളിലെ സൺഡേസ്കൂളുകളാണ് ചേർന്നിരുന്നത്. Ans. സൺഡേസ്കൂൾ അസ്സോസിയേഷൻ മൊത്തമായിട്ടുള്ള മത്സര പരീക്ഷകൾ നടത്തിയിരുന്നോ?Qനടത്തിയിരുന്നു. Ans. അതിൽ അസ്സോസിയേഷൻ അംഗങ്ങളായിട്ടുള്ള സൺഡേസ്കൂളിലെ കുട്ടികൾ മാത്രമാണോ മത്സരങ്ങളിൽ പങ്കുകൊണ്ടിട്ടുള്ളത? Q അതെ Ans. അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ടിരുന്നത് പ്രസിഡന്റാണോ?Q പൊതുവെയുള്ള മേൽ നോട്ടം പ്രസിഡന്റിനായിരുന്നു. പ്രവർത്തനങ്ങളുടെ നിയന്ത്രണം അതിന്റെ പ്രധാനഭാരവാഹിയായിരുന്ന എനിക്കായിരുന്നു. Ans.

1974 വരെ ഞാൻ സൺഡേസ്കൂൾ ഡയറക്ടർ ജനറൽ ആയിരുന്നു. എന്നു വരെ മാസം തീയതി ശരിക്ക് ഓർക്കുന്നില്ല. എങ്ങനെയാണ് അതിൽ നിന്നും മാറിയത്? Q പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിന് പൂർണ്ണമായും വിധേയനായിരുന്ന കാതോലിക്കാ ബാവായും മുമ്പ് കാതോലിക്കാ കക്ഷിയിലെ മെത്രാപ്പോലീത്തമാരും ആ വിധേയത്വത്തിന് എതിരായി പ്രവർത്തിച്ച് തുടങ്ങിയപ്പോൾ. പിന്നെയും ഞാൻ ആ ഉദ്യോഗത്തിൽ തുടരുന്നപക്ഷം എന്റെ മന:സാക്ഷിക്കനുസരണമായി പ്രവർത്തിക്കുവാൻ സാദ്ധ്യമാകയില്ല എന്നുള്ള ബോധ്യം നിമിത്തം അക്കാലത്ത് വീണ്ടും കാതോലിക്കാ ബാവാ എന്നെ നിയമിച്ചാക്കി എങ്കിലും അദ്ദേഹത്തിന്റെ മുമ്പിൽ വിവരങ്ങൾ ബോധിപ്പിക്കുകയും രാജിക്കത്ത് അദ്ദേഹത്തിനു സമർപ്പിക്കുകയും ചെയ്തുകൊണ്ടാണ് പിരിഞ്ഞത് Ans. രാജിക്കത്തിൽ മുമ്പ് പറഞ്ഞ കാരണങ്ങൾ കാണിച്ചിട്ടുണ്ടോ? Q Objection is raised that the question relates to continued of document produced noting that objection the question is allowed വിവരങ്ങൾ ബോധിപ്പിച്ചു എന്നതിൽ അതുൾപ്പെടും. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ രാജിവക്കാൻ അനുവദിക്കണമെന്ന് എഴുതിയിട്ടുള്ളതായിട്ടാണ് ഓർമ്മ Ans. കാതോലിക്കായും മെത്രാപ്പോലീത്തമാരും വിധേയത്വമില്ലാതെ പെരുമാറിത്തുടങ്ങിയത് എന്നു മുതലാണ്? Q 1974 നു മുമ്പ് മുതൽക്കാണെന്നല്ലാതെ കൃത്യമായി എന്നു മുതൽക്ക് എന്നു പറയുവാൻ സാധിക്കയില്ല. Ans. സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രത്യേക നിയമമനുസരിച്ചു രജിസ്റ്റർ ചെയ്തിരുന്നതാണോ? Q രജിസ്റ്റർ ചെയ്ത സംഘടന അല്ലായിരുന്നു. Ans. അസ്സോസിയോഷൻ പ്രവർത്തനത്തിന് ഒരു കേന്ദ്ര മന്ദിരം ഉണ്ടായിരുന്നോ? Q ആദ്യകാലത്ത് ഇല്ലായിരുന്നു എങ്കിലും എന്റെയും എന്റെ സഹപ്രവർത്തകനായിരുന്ന കെ. ഡേവിഡ് കോർഎപ്പിസ്കോപ്പായുടെയും അക്ഷീണ പരിശ്രമഫലമായി സൺഡേസ്കൂളുകളുടെ സ്വമേധയായുള്ള സഹകരണം കൊണ്ട് ഒരു കേന്ദ്ര മന്ദിരം പണിയിച്ചിട്ടുണ്ട് Ans. അത് ദേവലോകം കോംപൗണ്ടിൽ ആണ്. അരമന ഇരിക്കുന്ന അതേ കോമ്പൗണ്ടിൽ തന്നെയാണ്. ആ മന്ദിരം ആരുടെ വകയാണ്? Q സൺഡേസ്കൂൾ അസ്സോസിയേഷൻവകയാണ്. Ans. സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് മന്ദിരം അല്ലാതെ വേറെ സ്വത്തുക്കൾ ഉണ്ടായിരുന്നോ? മറ്റു സ്വത്തുക്കൾ ഇല്ലായിരുന്നു. Ans. സൺഡേസ്കൂൾ അസ്സോസിയേഷൻ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ? Q അന്നത്തെ സൺഡേസ്കൂൾ അസ്സോസിയേഷൻ ഇന്നു പ്രവർത്തിക്കുന്നില്ല. Ans. പുതുതായി വേറെ സംഘടന ഉണ്ടായിട്ടുണ്ടോ?Q ഞാൻ മുമ്പു ബോധിപ്പിച്ച കാരണങ്ങൾ നിമിത്തം അന്നുണ്ടായിരുന്ന സംഘടനയിൽ തുടർന്നു പ്രവർത്തിക്കുവാൻ മനസ്സാക്ഷി സമ്മതിക്കാതിരുന്നവർ 1964 നു മുമ്പ് ഉണ്ടായിരുന്ന രീതിയിൽ പ്രത്യേക സംഘടനയായി നിലകൊള്ളുന്നു. Ans. ആ സംഘടനയുടെ പേരെന്താണ്? Q മലങ്കര Jacobite Syrian Sunday School Association എന്നാണ്. Ans. അതിനു ഭരണഘടനയുള്ളതായി എനിക്കിപ്പോൾ അറിവില്ല. അതിന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തി വരുന്നതേയുള്ളു. Oriental Orthodox Curriculam and leadership

training project എന്നൊന്നിനെപ്പറ്റി അറിയാം. അത് Oriental Orthodox Churches ന്റെ 1965 ൽ അഡിസബാബാ Conference ൽ വച്ചുരൂപം കൊണ്ട താണോ?Q Oriental Orthodox എന്ന പ്രയോഗം എന്നു മുതലാണെന്നോ ആ പ്രയോഗം ആരുണ്ടാക്കിയതാണെന്നോ ആരെ അനുകരിച്ചുള്ളതാണെന്നോ എനിക്കറിഞ്ഞു കൂടാ. അഡീസബാവാ Conference നെക്കുറിച്ച് Oriental Orthodox Conference എന്നും ഞാൻ കേട്ടിട്ടില്ല. അതിന്റെ തീരുമാനങ്ങളും എനിക്ക് ഓർമ്മയില്ല. Ans മുമ്പു പറഞ്ഞ Project ൽ സംബന്ധമായ പ്രവർത്ത നങ്ങളിൽ സാക്ഷി എന്തെങ്കിലും ഏർപ്പെട്ടിട്ടുണ്ടോ? Q ആ Project ആരുടെ എല്ലാമാണെന്നുള്ളത് എനിക്ക് ഇപ്പോൾ ഓർമ്മയില്ല. ഒരിക്കൽ പേരിന്റെ പ്രത്യേകതക്ക് പ്രത്യേക പ്രാധാന്യം കൊടുക്കാതെ World Council of Churches Fr. Paul Varghese ന്റെ നിർദ്ദേശാനുസരണം ഏതോ ഒരു ക്ലാസിലേ ക്കുള്ള സിലബസിന്റെ ഏതോ ഒരു ഭാഗം എഴുതി കൊടുത്തതായി ഞാൻ ഓർക്കുന്നുണ്ട്. അല്ലാതെ മറ്റു യാതൊരു ചുമതലയും എനിക്കില്ലായിരുന്നു. Ans അതിന്റെ ഘടനയെക്കുറിച്ചു എനിക്ക് ഓർമ്മയില്ല. എഴുതികൊടുത്ത കാലവും ഓർക്കുന്നില്ല. 1974 നു മുമ്പായിരുന്നു. Oriental Orthodox Churches നു ഒരു പൊതുവായ SundaySchool പാഠപദ്ധതി തയ്യാറാക്കുന്നത് ഈ പ്രോജക്ടിൽ പെട്ടതായിരുന്നോ? Q അത് അപ്രായോഗികമായ ഒരു കാര്യമാകയാൽ അങ്ങനെ ഒരുദ്ദേശ്യം അതിനു ഉണ്ടായിരുന്നോ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. സാക്ഷി ഉണ്ടാക്കികൊടുത്തതായി പറയുന്ന സിലബസ് എന്തുദ്ദേശ്യത്തോടെയാണ് ഉണ്ടാക്കിയത്? Q എന്നോടാവശ്യപ്പെട്ടതുകൊണ്ട് Ans മലങ്കരക്കു വെളിയിൽ ഇൻഡ്യയിലുള്ള സൺഡേസ്കൂളുകൾക്കും പാഠപുസ്തകങ്ങൾ ഇംഗ്ലീഷിലാ കയാൽ ഉപയോഗിക്കാമല്ലോ എന്നു വിചാരിച്ചുമാണ്. അതിൽ എന്തൊക്കെ ഉൾപെടുത്തണമെന്നതു സംബന്ധിച്ച് നിർദ്ദേശം വലതും കിട്ടിയിരുന്നോ? Q ഇപ്പോൾ ഞാൻ ഓർക്കുന്നില്ല. Ans. മലങ്കരയിലുള്ള വേറെ ആരെങ്കിലും ആ പ്രോജക്ടിനോടു ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നോ? Q പ്രോജക്ടിനോടു ബന്ധപ്പെട്ടതാണോ എന്ന് എനിക്കറിഞ്ഞുകൂടാ. ഫാ. പോൾ വറുഗീസിന്റെ ആവശ്യാനുസരണം മലങ്കരയിലെ ഈ സഭയിലെ ചിലരെല്ലാം പ്രവർത്തിച്ചി ട്ടുണ്ടായിരിക്കാം. പേരുകൾ ഓർക്കുന്നില്ല. Ans. ഒരു ടീമായിട്ടോ പ്രത്യേകം പ്രത്യേകമായിട്ടോ പ്രവൃത്തി? Q പ്രത്യേകം പ്രത്യേകമായിട്ടായിരുന്നു. ഒരു ടീമായിട്ടല്ലായിരുന്നു. അതിന് അന്ന് എഴുതി കൊടുത്തതിന് എന്തു സംഭവിച്ചു എന്നും ഇതുവരെ അറിഞ്ഞു കൂടാ. Ans. പ്രോജക്ടിനെ കേന്ദ്ര ഓഫീസായി വൈദിക സെമിനാരിയിൽ ഒരാഫീസുണ്ടോ? Q W.C.C പ്രവർത്തകനായിരുന്ന ഫാ. പോൾ വർഗീസിന്റെ താമസസ്ഥലമായ പഴയ സെമിനാരിയിൽ അദ്ദേഹം ഏതിലെല്ലാം ഉണ്ടോ അതിന്റെ എല്ലാം ഓഫീസുകൾ അദ്ദേഹം രൂപീകരിച്ചി ട്ടുണ്ടായിരിക്കാം. Ans. ഈ പ്രോജക്ടിനു ഓഫീസുണ്ടായിരുന്നോ എന്നോർമ്മ യില്ല. ഞാൻ സിലബസ് തയ്യാറാക്കികൊടുത്തത് ഇംഗ്ലീഷിൽ ആണ്. അഡീ സബാബാ Confernceനു ശേഷമാണല്ലോ സിലബസ് തയ്യാറാക്കികൊടുത്തത്? Q അതെ, അതുകൊണ്ട് അത് ആഡീസ് അബാബാ നിശ്ചയമാണെന്ന്

വരുന്നില്ല. ആഡിസബാവാ കോൺഫറൻസിൽ ആരൊക്കെ പങ്കെടുത്തിരുന്നു എന്ന് എനിക്ക് ശരിക്കറിഞ്ഞുകൂടാ. മലങ്കര സഭയിൽ നിന്നും ആ കോൺഫറൻസിൽ സംബന്ധിക്കാൻ ഡലിഗേഷൻ പോയിരുന്നോ? Q Oriental Orthodox Confernce എന്ന പേരിലല്ല, അബിസീനിയയിൽ ചക്രവർത്തി വിളിച്ചു കൂട്ടിയ ഒരു Uninformal Conference ലേക്ക് മലങ്കരയിൽ നിന്നും ഔഗേൻ കാതോലിക്കാബാവാ തിരുമേനിയും പൗലോസ് മോർ ഫിലക്സിനോസ് തിരുമേനിയും പോയിരുന്നു എന്നാണ് എന്റെ ഓർമ്മ Ans. എന്റെ അറിവിൽ ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസ് ബാവായും അദ്ദേഹത്തിന്റെ കീഴിലുള്ള കാതോലിക്കായും സുറിയാനി സഭയിൽ നിന്നും അർമീനിയൻ സഭയിൽ നിന്നും കാതോലിക്ക എന്നു പേരുള്ള രണ്ടു പേരും അവിടെ എത്തിയിരുന്നെന്നും അബിസീനിയൻ അലക്സാണ്ട്രിയൻ സഭകളിൽ പെട്ടവർ അവിടെ ഉണ്ടായിരുന്നെന്നും ആണ് എന്റെ അറിവ് ആ Conference ൽ സംബന്ധിച്ച സഭകളെ Oriental Orthodox Churches എന്നു പറയുമോ? Q അങ്ങനെ പൊതുവായ ഒരു പേരു ഈ സഭകൾക്ക് കേട്ടുകേൾവി പോലുമില്ല. Ans. ബയ്സാന്തയിൻ ഓർത്തഡോക്സ് ചർച്ച് എന്നു കേട്ടിട്ടുണ്ടോ? Q ഉണ്ട് Ans. അതിൽ ഏതൊക്കെ സഭകൾപെടുമെന്നറിഞ്ഞുകൂടാ. Greek Orthodox Churches ആണ് ബൈസന്തയിൻ ഓർത്തഡോക്സ് ചർച്ച് എന്നു പറയുന്നത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. റൂമേനിയൻ Orthodox Church, Russian Orthodox Church ഇവ അതിൽ പെടുമോ? Q എനിക്കറിഞ്ഞുകൂടെന്നു നേരത്തേ പറഞ്ഞതാണ്. Ans. Sunday School എന്നൊരു മാസിക ഉണ്ടായിരുന്നു. അതിന്റെ പ്രിന്റിംഗ് & പബ്ലിഷിംഗ് ചെയ്തത് ഞാനായിരുന്നു. ആ മാസികയിൽ Oriental Orthodox Curriculam and leadership training project സംബന്ധമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ? Q ഒരു ലേഖനം ഉണ്ടെന്നാണ് ഓർമ്മ Ans. Deacon എം. ജേക്കബ് കുര്യൻ ഇപ്പോൾ എനിക്ക് ആരെന്നറിഞ്ഞുകൂടാ. ആരെന്നോർക്കുന്നില്ല. മാസികയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം ഞാൻ വായിച്ചിരിക്കാം. Ex. A 96 ൽ കാണുന്ന ഒപ്പ് അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെതാണ് അദ്ദേഹത്തിന്റെ മുദ്രയും EA 96 ൽ ഉണ്ട്. Ex A 96 ൽ മാത്യൂസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്ത മാത്യൂസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്താ ഏബ്രഹാം മോർ ക്ലിമീസ് മെത്രാപ്പോലീത്ത എന്നിവരുടെയും ഒപ്പും മുദ്രയുമല്ലാതെ മറ്റ് രണ്ട് ഒപ്പുകളും മുദ്രകളും എനിക്ക് നേരിട്ടറിവില്ലാത്തതാണ് Ans. 20-2-1965 ൽ കാതോലിക്ക അരമനയിൽ എന്നും മുമ്പ് പറഞ്ഞ നാലു മെത്രാപ്പോലീത്തമാരും ചേർന്ന് പുറപ്പെടുവിച്ച ഒരു സർക്കുലറാണോ Ex A 96? Q മാൻതുരുത്തിൽ പള്ളിക്കയച്ച ഒരു കൽപനയായിട്ടാണ് കാണുന്നത് Ans. Ex A 96 ൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ പ്രധാന മേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി പരിശുദ്ധ കാതോലിക്കാബാവാ അഡീസ് അബാബായിലേക്കു പോയിരുന്നതായി EA 96 ൽ കാണുന്നില്ലേ?Q

കാണുന്നുണ്ട് Ans. E A 96 പോലുള്ള കൽപനകൾ മലങ്കര സഭയിലെ എല്ലാ പള്ളികൾക്കും അയച്ചിട്ടുണ്ടോ? Q എനിക്കറിഞ്ഞുകൂടാ Ans. അഡീസബാബാ Conference നു പോയി തിരികെ വന്നപ്പോൾ ഔഗേൻ കാതോലിക്കാ ബാവാ തിരുമേനി മോർ തോമാ ശ്ലീഹായുടെ തിരുശേഷിപ്പിൽ ഒരു ഭാഗം കൊണ്ടു വന്നോ? Q Ex A 96 ൽ എഴുതിയിരിക്കുന്നത് ഡമസ്കസിൽ ചെന്നു അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമേനിയെ കണ്ടും പിന്നീട് തിരുമനസുകൊണ്ടു മൂസൽ സന്ദർശിച്ചു. പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൽ കീഴിലിരിക്കുന്ന മൂസൽ പള്ളി യിൽ മോർതോമാ ശ്ലീഹയുടെ തിരുശേഷിപ്പുണ്ടെന്ന് ഇപ്പോഴത്തെ പാത്രി യർക്കീസ് ബാവാ കണ്ടു പിടിച്ച് മലങ്കരയിൽ അറിയിക്കുകയും അങ്ങനെയുള്ള ആ തിരുശേഷിപ്പിന്റെ ഒരു ഭാഗം പാത്രിയർക്കീസ് ബാവാ അദ്ദേഹം വാഴിച്ച കാതോലിക്കാ ബാവാക്ക് കൊടുക്കുകയും അതു കാതോലിക്കാ ബാവാ മല ങ്കരയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. എന്നാണ് Ans. ഞാൻ പറഞ്ഞത് EA 96 ൽ നോക്കി ആദ്യത്തെ രണ്ടു വാചകം അതിൽ തന്നെ ഉള്ളവ പിന്നീ ടുള്ളത് എന്റെ സ്വന്ത ഭാഷയിലും ആണ്. തിരുശേഷിപ്പുകൾ കൊണ്ടു വന്ന് കോട്ടയം അരമന ചാപ്പലിൽ സ്ഥാപിച്ചോ? Q സ്ഥാപിച്ചു എന്ന് പറയപ്പെടുന്നു. Ans ഞാൻ ആ ചാപ്പലിൽ പോയിട്ടുണ്ട്. അവിടെ അതിനായിട്ട് ഒരു സ്ഥാനം പണിതു വച്ചിട്ടുണ്ട്. സൺഡേസ്കൂൾ പാഠപുസ്തകം തയ്യാറാക്കി വന്നതിന്റെ നടപടി എങ്ങനെയായിരുന്നു? Q പാഠപുസ്തകങ്ങൾ അച്ചടി വിതരണം ഇവയ്ക്കായി പബ്ലിക്കേഷൻ ഓഫീസർ എന്ന പേരിൽ ഒരു ഭാരവാഹി ഉണ്ടാ യിരുന്നു. പുതിയ പുസ്തകങ്ങൾ എഴുതിക്കപ്പെടേണ്ടപ്പോൾ അതിനായി നിശ്ചയിച്ചിട്ടുള്ള ടെക്സ്റ്റ് ബുക്ക് കമ്മറ്റിയെ അദ്ദേഹം വിളിച്ചു കൂട്ടുകയും ആരെല്ലാം എന്തെല്ലാം എഴുതണമെന്നവർ നിശ്ചയിക്കുകയും അതനുസരിച്ച് ചുമതലപ്പെടുത്തുകയും എഴുതി വരുന്ന പുസ്തകങ്ങൾ കാതോലിക്കാ ബാവാ യുടെ പരിശോധനക്കു ശേഷം ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധീകരിക്കു കയുമാണ് പതിവ് Ans.Ex B 24, B 25 സൺഡേസ്കൂൾ അസ്സോസിയേഷൻ തുടങ്ങിയ കാലത്ത് തയ്യാറാക്കി അച്ചടിപ്പിച്ചവയാണ്. ഇതു തയ്യാറാക്കിയത് ആരാണെന്നു സാക്ഷിക്കറിയാമോ? Q ഞാൻ അല്ലാ എന്നും എന്റെ നിർദ്ദേ ശാനുസരണമല്ലാ എന്നും എന്നല്ലാതെ ആരാണ് തയ്യാറാക്കിയത് എന്ന് എനി ക്കിപ്പോൾ അറിഞ്ഞുകൂടാ. Ans. Ex A 71 page 123 ൽ ഊർശ്ലേം സുന്നഹ ദോസ് നടന്നത് എന്നാണെന്നാണ് പറഞ്ഞിരിക്കുന്നത്? Q ക്രിസ്താബ്ദം 51 ൽ എന്നാണ് കാണുന്നത് Ans അത് ക്ലോവോദിയോസ് കൈസറിന്റെ രാജ്യഭാരത്തിന്റെ പത്താമാണ്ടിൽ ആണെന്നും അവിടെ പറയുന്നുണ്ട്. ആ വിവരം ശരിയാണോ? Q അതിന്റെ കൃത്യവർഷം എനിക്കറിഞ്ഞുകൂടായ്കയാൽ ശരിയെന്നോ തെറ്റെന്നോ പറയാൻ നിവൃത്തിയില്ല Ans. Ex B 162 ൽ 55-ാം പേജിൽ കിഴക്കോട്ടു തിരിഞ്ഞു നിന്നു പ്രാർത്ഥിക്കണമെന്നുള്ള നിയമം ശ്ലീഹ ന്മാർ ഉണ്ടാക്കിയതാണെന്ന് പറയുന്നുണ്ട്. എന്നാൽ പത്രോസ് ശ്ലീഹായാണ് അപ്രകാരം പഠിപ്പിച്ചതെന്നു പാരമ്പര്യവും ഉണ്ട്. അദ്ദേഹം ശ്ലീഹന്മാരുടെ

തലവനാണ്. ശ്ലീഹന്മാർ തീരുമാനം ചെയ്തു എന്ന് Ext B 162 ൽ പറയുന്നതു ശരിയൊ തെറ്റോ? Q കാനോനിൽ തെറ്റുണ്ടെന്നു പറയാൻ ഞാൻ സമർത്ഥ നല്ല. അതിൽ തെറ്റുണ്ടെന്നു ഞാൻ പറയുകയില്ല. പാരമ്പര്യം ഉണ്ടെന്നുള്ള വിവരം കൂടി പറഞ്ഞു എന്നേയുള്ളു. Ans. കാനോനിൽ പറയുന്നതോ പാര മ്പര്യമോ ശരി? Q കാനോനിൽ പറയുന്നതിനനുസരിച്ച് പാരമ്പര്യം തന്നെ യാണ്. അത് എന്നാണ് എന്റെ അഭിപ്രായം Ans. ശ്ലീഹന്മാർ എന്നാൽ എല്ലാ അപ്പോസ്തലന്മാരും പെടുമോ? Q അപ്പോസ്തലന്മാർ എന്നു പറഞ്ഞാലും ശ്ലീഹന്മാർ എന്നു പറഞ്ഞാലും ഒന്ന് തന്നെയാണ്. ഒന്നു ഇംഗ്ലീഷ് മറ്റേത് സുറിയാനി അത്രയേയുള്ളു. Ans.Ex B 24, B 25 കാതോലിക്കാ ബാവാ പരി ശോധിക്കാൻ ഏൽപിക്കേണ്ടത് എന്റെ ചുമതല അല്ല. എപ്പോഴും ഞാൻ ദേവ ലോകത്തില്ലാതിരുന്നതുകൊണ്ട് കാണാനും സാധിച്ചിട്ടില്ല. Ans. മലങ്കര സഭ മുഴുവനുമായി പ്രവർത്തിച്ചിരുന്ന മർത്തമറിയം സമാജം, യൂത്ത് ലീഗ്, സ്റ്റുഡന്റ്സ് അസോസിയേഷൻ ഇങ്ങനെയുള്ള സംഘടനകൾ ഉണ്ടായിരുന്നോ? Q ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ട്. മലങ്കരയിലെ സഭയിൽ ആകമാനം ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ Ans. ആ സംഘടനകളൊക്കെ മുമ്പ് പറഞ്ഞ ഭക്തസംഘടനകളിൽ പെടുന്നതാണ് എന്നാണ് എന്റെ അഭിപ്രയാം. സുവി ശേഷസമാജങ്ങൾ ഭക്തസംഘടനകളിൽ പെടുന്നതാണോ? Q സുവിശേഷ സമാജങ്ങൾ എന്ന പേരിൽ സംഘടനകൾ ഉള്ളതായിട്ട് എനിക്കറിഞ്ഞുകൂടാ. Ans. സുവിശേഷ പ്രവർത്തനത്തിനുള്ള പ്രവർത്തനങ്ങൾ ആത്മീയ കാര്യ ങ്ങളിൽ ഉൾപെട്ടതാണൊ? Q അങ്ങനെ വല്ല പ്രവർത്തനങ്ങളും ഉണ്ടെങ്കിൽ അത് ആ പ്രവർത്തകരുടെ അഭിപ്രായമനസരിച്ച് ഉള്ള സ്ഥാപനോദ്ദേശ്യ പ്രകാരം അവർ തീരുമാനിക്കുന്നതിന്റെ വെളിച്ചത്തിൽ മാത്രമെ അതേപ്പറ്റി പറയാൻ ഒക്കു. Ans. സുവിശേഷപ്രചാരണത്തിനുള്ള പ്രവർത്തനങ്ങൾ എപ്പി സ്കോപ്പൽ അധികാരികളുടെ ഭരണത്തിലും നിയന്ത്രണത്തിലും നടത്തേണ്ട താണ്?Q സുവിശേഷപ്രവർത്തനം മാത്രമാണ് അങ്ങനെയുള്ളവരുടെ സ്ഥാപ നോദ്ദേശ്യം എങ്കിൽ ആത്മീയമേലദ്ധ്യക്ഷന്റെ അറിവോടും സമ്മതത്തോടും കൂടി ആയിരിക്കണം. Ans. ഭരണത്തിലും നിയന്ത്രണത്തിലും ആയിരിക്ക ണമോ? Q അതിൽ ഭരിക്കാനും വേദവിപരീതപരമായി എന്തെങ്കിലും പറയു ന്നതുവരെ നിയന്ത്രിക്കാനും ഒന്നുമില്ലായെന്നാണ് എന്റെ അഭിപ്രായം Ans. അങ്ങനെയുള്ള പ്രവർത്തനങ്ങൾ വേദാനുസരണമായിട്ടാണോ നടക്കുന്നത് എന്നു പരിശോധിക്കേണ്ടത് ആരാണ്? Q അത് ഓരോ ദിവസവും പരിശോ ധിക്കുകയല്ല. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ മറ്റുള്ളവർ അതിന്റെ ചുമ തലക്കാരനായ മേലദ്ധ്യക്ഷനെ അറിയിച്ചുകൊള്ളും. Ans. അറിയിച്ചാൽ മാത്രമാണോ അതു സംബന്ധിച്ച് എപ്പിസ്കോപ്പൽ അധികാരിക്കു ചുമതല യുള്ളോ? Q അറിയിച്ചെങ്കിലേ അറിയാൻ ഒക്കു. Ans. അങ്ങനെയുള്ള പ്രവർത്ത നങ്ങളെപ്പറ്റി എപ്പിസ്കോപ്പൽ അധികാരികൾക്ക് അറിവു ലഭിക്കുന്നതിന് സംവിധാനങ്ങൾ വല്ലതും വേണമെന്ന് നിർബന്ധമുണ്ടോ? Q സംവിധാനം ഒന്നും എന്റെ അറിവിൽ ഇല്ല. സംവിധാനം വേണമൊ വേണ്ടയൊ എന്നു

നിശ്ചയിക്കേണ്ടത് മേലദ്ധ്യക്ഷനാണ്. Ans. സുവിശേഷപ്രചാരണം സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയും ആദ്ധ്യാത്മികമായ പ്രവർത്തനവും ആണോ? Q സുവിശേഷപ്രചാരണം സഭയിലെ ഓരോ വ്യക്തിയുടെയും ചുമതലയും നിർവ്വഹിക്കേണ്ട ആദ്ധ്യാത്മിക പ്രവർത്തനവും ആണ്. Ans. ഒരാളിന്റെ അല്ല സഭയുടെതാണോ? Q കർത്താവിന്റെ രക്ഷ സത്യമായ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കേണ്ടത് സഭയുടെ പ്രധാന ചുമതലയിൽ ഒന്നാണ്. Ans. സുവിശേഷപ്രചാരണം മാത്രമാണെങ്കിൽ ആത്മികമാണ്.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District & Sessions court Ernakulam. Taken down by me in open court read over to the witness and admitted by him to the correct.

Sd-/

Judge

13/7/78 witness sworn again and cross examination continued. Ex A 96 കൽപനയിൽ പറയുന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഏതാണെന്നറിയാമോ? പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ എന്ന പ്രയോഗം കുറച്ചു കാലം മുമ്പ് ഒരു വിഭാഗം പറഞ്ഞു വരുന്നതാണ്. പൗരസ്ത്യ സഭകളായി സുറിയാനി സഭ, അർമീനിയൻ സഭ, അബിസീനിയൻ സഭ, അലക്സാണ്ട്രിയൻ സഭ യൂറോപ്പിലല്ലാതെയുള്ള ഗ്രീക്കു സഭ എന്നിവയാണ്. Ans. പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഏതാണ് ? Q പൗരസ്ത്യ ദേശത്തുള്ള മേൽ പറഞ്ഞ സഭകളെ കുറച്ചു കാലമായി അങ്ങനെ പറഞ്ഞുവരുന്നുണ്ട്. Ans. പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ എന്നതുതന്നെയാണോ Oriental Orthodox Church ? Q അങ്ങനെ പറയുന്നവർ ഇംഗ്ലീഷിൽ പറയുന്ന പേരാണത്. Ans. ആ സഭകളുടെ കൂടെ ഗ്രീക്ക് Orthodox സഭ പെടുമെന്നതിന് എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ? യൂറോപ്പിലല്ലാതെയുള്ളതും റോമാ പാപ്പായുടെ കീഴിലുള്ളതും ആയി അങ്ങനെ ഒരു വിഭാഗം ഉണ്ടെന്ന് ഫേർടസ്ക്യൂവിന്റെ *Dissident Eastern Churches* എന്ന പുസ്തകത്തിൽ വായിച്ചിട്ടുണ്ടെന്ന് ഓർക്കുന്നു. Ans. എത്ര കാലമായിട്ട് Oriental Orthodox Church എന്നു കേൾക്കുന്നു? Q World Council of Churches ന്റെ ആരംഭത്തോടുകൂടി അവർ പ്രയോഗിച്ച ഒരു ശൈലിയാണ് അത് എന്നാണ് എന്റെ ഓർമ്മ. Ans. Oriental Orthodox and Curriculam Leadership Project ൽ ഫാ. പോൾ വറുഗീസിന് എന്തെങ്കിലും സ്ഥാനം ഉണ്ടായിരുന്നോ? Q ഉണ്ടായിരുന്നു. Ans. എന്തായിരുന്നു എന്നറിഞ്ഞുകൂടാ. അതു സംബന്ധിച്ച് നിയമിച്ച കമ്മറ്റിയുടെ പ്രസിഡന്റായിരുന്നോ അദ്ദേഹം? Q ആയിരിക്കാം. ഓർമ്മയില്ല. Ans.Ex B 155 Ex B 1567 കൂടാതെ മലങ്കരയിലുള്ള മറ്റാളുകൾ സഭാചരിത്രം എഴുതിയതായി അറിയാം. അവർക്കുശേഷം പലരും പൊതുവായും ചിലവിഷയങ്ങൾക്കു പ്രത്യേക സ്ഥാനം കൊടുത്തും ചരിത്രങ്ങൾ എഴുതിയിട്ടുണ്ട്. Ans. അങ്ങനെ ചരിത്രം

എഴുതിയിട്ടുള്ളവർ എല്ലാവരും മോർ തോമാ ശ്ലീഹ ഇവിടെ വന്നു സഭ സ്ഥാപിച്ചു എന്നാണൊ അഭിപ്രായപ്പെട്ടിട്ടുള്ളത്? Q അവരിൽ ചിലർ മോർ തോമാ ശ്ലീഹാ കേരളത്തിൽ വന്നു മാർഗ്ഗം അറിയിച്ചു എന്നുള്ള പാരമ്പര്യം സമ്മതിക്കുന്നവരും മറ്റു ചിലർ മോർ തോമാശ്ലീഹാ കേരളത്തിൽ വന്നിട്ടേ ഇല്ലാ എന്നും പാരമ്പര്യം വിശ്വസനീയമല്ല എന്നും പറയുന്നുണ്ട്. Ans. അത് വിശ്വസനീയമല്ലെന്ന് പറയുന്ന ഈ നാട്ടുകാരായ ചരിത്രകാരന്മാർ ആരാണ്? Q ഈ നാട്ടുകാരായ ചരിത്രകാരന്മാരെ മാത്രം ഉദ്ദേശിച്ചല്ല ഞാൻ ബോധിപ്പിച്ചത്. ഇംഗ്ലീഷിലെഴുതിയ പല ചരിത്രങ്ങളിലും വായിച്ചിട്ടുണ്ട്. Ans. ഈ നാട്ടുകാരായ ചരിത്രകാരന്മാർ ആ പാരമ്പര്യത്തിന് എതിരായി എഴുതിയിട്ടില്ലെന്നാണ് എന്റെ ഓർമ്മ എങ്കിലും ഒരു ഗവേഷകനായിരുന്ന ശ്രീ. ടി.കെ. ജോസഫ് ആ പാരമ്പര്യത്തിന് വിപരീതമായി ചിലതെല്ലാം സമർപ്പിച്ചിട്ടുള്ളതായി മുമ്പ് വായിച്ചിട്ടുണ്ട്. ലേഖനം എന്താണെന്നോ പുസ്തകം എന്നാണെന്നോ ഓർക്കുന്നില്ല. Ex B 155 Â *The Indian Church of St. Thomas* എന്നു പറഞ്ഞു കാണുന്ന ആ സഭ ഏതാണ്? Q മലങ്കരയിലെ സഭയെ കുറിച്ചാണ് അത് ഉപയോഗിച്ചിരിക്കുന്നത് Ans. ഇ.എം. ഫിലിപ്പ് മോർ തോമാ ശ്ലീഹാ ഇവിടെ വന്നു സഭ സ്ഥാപിച്ചു എന്നു പറയുന്നതിനോട് സാക്ഷി യോജിക്കുന്നുണ്ടോ.? Q അദ്ദേഹത്തിന്റെ ആ അഭിപ്രായം ഇവിടെയുള്ള പാരമ്പര്യത്തെ ആസ്പദമാക്കിയുള്ളതിനാൽ മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ ആ പാരമ്പര്യത്തെ ഞാനും ബഹുമാനിക്കുന്നതുകൊണ്ട് അദ്ദേഹത്തോട് യോജിക്കുന്നു. Ans. ഫാ. വറുഗീസ് നെടുന്തള്ളിൽ *നെടുന്തള്ളിൽ സ്വരൂപം* എന്നൊരു പുസ്തകം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം മോർ തോമാ ശ്ലീഹാ ഇവിടെ വന്നു സഭ സ്ഥാപിച്ചു എന്നാണോ അഭിപ്രായപ്പെട്ടിട്ടുള്ളത്? Q അദ്ദേഹം മുമ്പു പറഞ്ഞ പാരമ്പര്യം സമ്മതിക്കുന്ന ആളാണ്. Ans. Ex A 71 ൽ 159-ാം പേജിൽ എ.ഡി 28 ലെ വസന്തകാലത്ത് മറ്റു ശിഷ്യന്മാരോടുകൂടി വിശുദ്ധ തോമായും ശ്ലീഹാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു എന്നു പറയുന്ന വിവരം ശരിയാണോ? Q സുവിശേഷത്തിൽ കാണുന്ന പോലെ ശിഷ്യന്മാർ എന്നവരുടെ കൂട്ടത്തിൽ നിന്ന് പന്ത്രണ്ട് പേരെ തെരഞ്ഞെടുത്ത് അവർക്ക് ശ്ലീഹന്മാർ എന്ന് പേരുകൊടുത്തു എന്നുള്ള വസ്തുതയെ ആസ്പദമാക്കി എഴുതിയിരിക്കുന്നതിനാൽ അതു ശരിയാണ്. Ans.Ex A 71 പേജസ് 164. 165 ൽ മോർ തോമാ ശ്ലീഹാ മലങ്കരയിൽ വന്ന് പള്ളികൾ സ്ഥാപിച്ചതായും ഇവിടെ ആ സഭയെ ഭരിക്കാൻ ചില കുടുംബങ്ങളിൽനിന്ന് പട്ടക്കാരെ സ്ഥാനം കൊടുത്ത് ഏർപ്പെടുത്തി എന്നും പറഞ്ഞു കാണുന്നത് ശരിയാണോ? Q അങ്ങനെ അവിടെ പറഞ്ഞിട്ടുണ്ട്. മോർ തോമാശ്ലീഹായെക്കുറിച്ച് പൂർവ്വിക രേഖകളിൽ നിന്ന് അദ്ദേഹത്തിനു മനസ്സിലായിട്ടുള്ള കാര്യങ്ങൾ 163-ാം പേജുകൊണ്ടവസാനിപ്പിക്കുകയും മിസ്റ്റർ ഇ.എം. ഫിലിപ്പോസെഴുതിയ *മോർ തോമാശ്ലീഹായുടെ ഇന്ത്യൻ സഭ* എന്ന പുസ്തകം നോക്കുക എന്നുള്ള ഫുട്നോട്ടോടുകൂടി മലബാറിലെ ചരിത്ര പ്രകാരം മുമ്പ് പറഞ്ഞ കാര്യങ്ങൾ നടന്നു എന്നെഴുതിയിട്ടുണ്ട്. Ans സാക്ഷിയുടെ ചരിത്ര ഗവേഷണത്തിൽ ഈ

പറയുന്ന നിഗമനങ്ങൾ ശരിയാണെന്നോ തെറ്റാണെന്നോ ഏതു തരത്തിലേക്കാണ് എത്തിയിട്ടുള്ളത് ? Q എന്റെ നിസ്സാരമായ പഠനത്തിൽ ഈ സംഭവത്തെക്കുറിച്ചു ഞാൻ പ്രത്യേകം ഗവേഷണം നടത്തിയിട്ടില്ലാത്തതും പാരമ്പര്യത്തെ ബഹുമാനിക്കുക മാത്രം ചെയ്തിട്ടുള്ളതുമാകുന്നു. Ans ശരിയോ തെറ്റോ എന്നു പറയത്തക്ക പരിജ്ഞാനം എനിക്കില്ല. 164-ാം പേജിൽ ഈ ബാലസഭ എന്നു പറയുന്നത് മോർ തോമാശ്ലീഹാ സ്ഥാപിച്ച മലങ്കര സഭയെ ഉദ്ദേശിച്ചാണോ? Q ഈ പാരമ്പര്യത്തിൽ പറയുന്ന മലങ്കരയിലെ വിശ്വാസികളുടെ കൂട്ടത്തെ ഉദ്ദേശിച്ച് സഭ എന്നു പറയുന്നതാണോ? Q അവിടെ ആ രീതിയിലായിരിക്കും ഉപയോഗിച്ചിരിക്കുന്നത്. Ans. ജൂലൈ 3-ാം നു മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ എഡേസായിൽ സ്ഥാപിച്ചതിന്റെ ഓർമ്മക്കായി ജൂലൈ 3-ാം നു പെരുനാൾ ആഘോഷിക്കുന്നുണ്ട്. ഈ പെരുനാൾ മലങ്കരയിൽ വളരെ പുരാതനമായി നടത്തി വരുന്നതാണോ? Q എഡേസായിൽ ആഘോഷിക്കപ്പെട്ടിരുന്ന ആ പെരുനാൾ പുരാതന കാലം മുതൽ തന്നെ അതിനെ അനുകരിച്ച് ഇവിടെയും ആഘോഷിക്കപ്പെട്ടിരുന്നു. Ans മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ എഡേസായിൽ സ്ഥാപിച്ച സ്ഥലത്ത് ഒരു വലിയ പള്ളി പണികഴിപ്പിച്ചതായി ചരിത്രത്തിൽ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ എവിടെനിന്നാണ് എഡേസായിലേക്കുകൊണ്ടു പോയത്? Q മൈലാപ്പൂരിൽ നിന്നുകൊണ്ടു പോയതായിട്ടാണ് പാരമ്പര്യത്തിൽ പറയുന്നതെങ്കിലും ഈ എറണാകുളത്തുള്ള പി.വി. മാത്യൂ എന്ന വാദികളുടെ വിഭാഗത്തിൽ പെട്ട ഒരു മാന്യദേഹം പല ഗവേഷണങ്ങളോടുകൂടി ബഹ്റിനിലാണ് മോർ തോമാ ശ്ലീഹായുടെ ശവകുടീരം എന്നു സമർത്ഥിക്കുകയും ചെയ്തിട്ടുള്ളതായി വായിച്ചിട്ടുണ്ട്. Ans മൈലാപ്പൂരിനടുത്ത് സെയ്ന്റ് തോമസ് മൗണ്ട് എന്നൊരു സ്ഥലവും അവിടെ ഒരു പള്ളിയും ഇല്ലേ? Q ചിന്ന മല എന്ന പേരുണ്ടായിരുന്ന ആ സ്ഥലത്തിനു പോർച്ചുഗീസുകാരുടെ വരവിനുശേഷം പറങ്കിമല എന്നു പേരുണ്ടായതായും കാലക്രമത്തിൽ സെയ്ന്റ് തോമസ് മൗണ്ട് എന്നു വിളിക്കുന്നതായും അവിടെ കത്തോലിക്കരുടെ ഒരു പള്ളി ഉള്ളതായും അറിയാം Ans ആദ്യമായി വിശുദ്ധ കുർബ്ബാന അർപ്പിച്ചത് ആരാണ്? Q മോർ യാക്കോബ് ശ്ലീഹാ ജറുസലേമിൽ മാർക്കോസിന്റെ ഭവനത്തിൽ വിശുദ്ധ കുർബാന ആദ്യമായി അർപ്പിച്ചതായിട്ടാണ് സഭയുടെ ഉപദേശം. Ans മോർ യാക്കോബ് ശ്ലീഹാ കർത്താവിന്റെ സഹോദരനായിരുന്നു, യറൂശലമിലെ ഒന്നാമത്തെ എപ്പിസ്കോപ്പാ എന്നും അദ്ദേഹത്തെ വിളിക്കുന്നുണ്ട്. അങ്ങനെ ആദ്യമായി വിശുദ്ധ കുർബാന അർപ്പിച്ചപ്പോൾ ശ്ലീഹന്മാർ ജീവിച്ചിരിപ്പുണ്ടോ? Q പെന്തിക്കൊസ്തിയുടെ അടുത്ത ആഴ്ചയിലായിരുന്നതിനാൽ യൂദാ ഒഴികെയുള്ള ശ്ലീഹന്മാരെല്ലാം ജീവിച്ചിരിപ്പുണ്ടായിരുന്നു. Ans. അദ്ദേഹം കുർബാനക്ക് ഉപയോഗിച്ച തക്സ എങ്ങനെയാണ് അറിയപ്പെടുന്നത്? Q മോർ യാക്കോബിന്റെ ക്രമം എന്നാണ് അറിയപ്പെടുന്നത്. Ans. ആ ക്രമം ഉപയോഗിച്ച് മോർ തോമ ശ്ലീഹാ മലങ്കരയിൽ കുർബാന അർപ്പിച്ചിട്ടുണ്ടോ? Q കുർബാന അർപ്പിച്ചു എന്ന് ഐതിഹ്യം പറയുന്നു. Ans. അതേപ്പറ്റി

സാക്ഷി വല്ല പഠനവും നടത്തിയിട്ടുണ്ടോ? Q ആ ഐതിഹ്യം ശരിയാണ് എന്നുള്ള ധാരണയിൽ അൽപം പഠനം നടത്തിയിട്ടുണ്ട്. Ans സാക്ഷിയുടെ നിഗമനം എന്തായിരുന്നു? Q ഐതിഹ്യം ശരിയാണെങ്കിൽ പിന്നീടുള്ള പ്രവർത്തനങ്ങളും ശരിയായിരുന്നേക്കാം എന്നുള്ള നിഗമനമാണ്. Ans ഏതൈതിഹ്യം?Q തോമാശ്ലീഹാ കേരളത്തിൽ വന്നു എന്നുള്ള ഐതിഹ്യം Ans. ഐതിഹ്യം ശരിയാണെങ്കിൽ തോമാ ശ്ലീഹാ കേരളത്തിൽ കുർബാന ചൊല്ലിയിട്ടുണ്ട് എന്നാണോ? Q അദ്ദേഹം വന്നു എന്നും പള്ളി വച്ച് കുർബാന ചൊല്ലി എന്നും പട്ടക്കാരെ വാഴിച്ചു എന്നും മറ്റും ഉള്ള കാര്യങ്ങൾ അടങ്ങിയതാണ് ഐതിഹ്യം Ans. ഐതിഹ്യം എന്ന നിലയിലാണ് ഞാൻ ആ കാര്യം എടുത്തിട്ടുള്ളത് എന്ന് നേരത്തെ ബോധിപ്പിച്ചു കഴിഞ്ഞു. ആ ഐതിഹ്യത്തിന് എതിരായ തെളിവുകൾ വല്ലതും സാക്ഷിക്കു കാണാൻ സാധിച്ചോ? Q അതാണ് ഞാൻ മുമ്പു ബോധിപ്പിച്ചത്. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ആയ സുപ്രസിദ്ധ ചരിത്രകാരന്മാരായ ബാഡ്ജനേജ്, ലാക്രോസ്, ഗൌ മുതലായവർ ഈ ഐതിഹ്യത്തിന് എതിരായി എഴുതിയിട്ടുണ്ടെന്ന്. Ans ഞാൻ *മലങ്കര സുറിയാനി സഭാ ചരിത്രം* എന്നൊരു പുസ്തകം എഴുതി പ്രസിദ്ധം ചെയ്തിട്ടുണ്ട്. ആ പുസ്തകത്തിൽ മോർ തോമാശ്ലീഹാ ഇവിടെ വന്ന് അരാമിക് സുറിയാനി ഭാഷയിൽ വിശുദ്ധ യാക്കോബിന്റെ ക്രമനുസരിച്ച് കുർബാന ചൊല്ലുകയും അങ്ങനെ ഒരു കുർബാന ക്രമം മലങ്കരക്കു പ്രദാനം ചെയ്യുകയും ചെയ്തു എന്നു പറഞ്ഞിട്ടുണ്ട്? question objected on the ground that the book is not produced and it is with reference to a content of a documents. The answer is that it is a matter pertaining to the personal knowledge of the witness. The witness need answer only his personal knowledge about the fact referred to in the question and not about the contents of the both. തോമാശ്ലീഹാ കേരളത്തിൽ വന്നു എന്നുള്ള പാരമ്പര്യം മലങ്കരയിൽ അംഗീകൃതമായ ഒരു പാരമ്പര്യമാകയാൽ ആ പാരമ്പര്യം നിങ്ങുമെങ്കിൽ അതിൽ നിന്നുവരാവുന്ന എന്റെ സ്വന്ത നിഗമനങ്ങളാണ് എഴുതിയിരുന്നത്. തോമാശ്ലീഹാ വന്നു എന്നുള്ള പാരമ്പര്യം ശരിയാണെങ്കിൽ മുമ്പ് പറഞ്ഞതുപോലെ എല്ലാം നടന്നിരിക്കും എന്നുള്ള നിഗമനങ്ങൾ ആണ് എന്റേത്. അത് ശരിയൊ തെറ്റോ ആയിരിക്കാം. Ans. ഒരു പട്ടക്കാരനോ എപ്പിസ്കോപ്പായ്ക്കൊ മാത്രമെ കുർബാന അർപ്പിക്കാൻ അധികാരമുള്ളല്ലോ? Q അതെ. Ans. *Doctrine of the Apostles* എന്നൊരു പുസ്തകം വായിച്ചിട്ടില്ല. മൽഫോനുസോദാശ്ലീഹേ എന്നൊരു പുസ്തകം കേട്ടിട്ടുണ്ട്. വായിച്ചിട്ടില്ല. ആ പുസ്തകമായിരിക്കാം. *Doctrine of the Apostles* എന്നത്. ബാർ എബ്രായായുടെ *ഔസർ റോസേ* എന്ന പുസ്തകം ഞാൻ വായിച്ചിട്ടില്ല. അത് ദുർലഭമായ ഒരു വലിയ ഗ്രന്ഥമാകയാൽ എനിക്കു കിട്ടിയിട്ടുമില്ല. വായിച്ചിട്ടുമില്ല. അതിലെ ചില ഭാഗങ്ങൾ ഞാൻ നോക്കുകയും ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ മാർതോമാ ശ്ലീഹാ ഇൻഡ്യയിൽ സ്ഥാപിച്ച സഭയെപ്പറ്റി എന്തെങ്കിലും പറയുന്നുണ്ടോ? Q ഇൻഡ്യയിൽ മാർതോമാ ശ്ലീഹാ സുവിശേഷം അറിയിച്ചു എന്നു അതിൽ പറയുന്നതായും

കലാമിനായിൽ വച്ച് അദ്ദേഹം മരിച്ചതായും അതിലുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ആ ഇൻഡ്യ ഇന്നത്തെ ഈ ഇൻഡ്യ അല്ലെന്ന് മിഖായേൽ റാബോ മുതലായ ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളതായും മുമ്പു ബോധിപ്പിച്ചിട്ടുണ്ട്. Ans. Ex B 155 പേജ് 32 ൽ എഡേസായിലെ സഭ സ്ഥാപിച്ച സ്ഥാപകന് മോർതോമാ ശ്ലീഹായിൽ നിന്നു കൈയൊപ്പു ലഭിച്ചതായി പറയുന്നില്ലേ? Q എന്നല്ല പറയുന്നത്. എഡേസായിൽ സഭ സ്ഥാപിച്ചത് അറിയിപ്പുകാരിൽ ഒരാളായ തദ്ദായി ആണെന്നവിടെ പറയുന്നു. തദ്ദായിക്ക് വിശുദ്ധ അപ്പോസ്തലനിൽ നിന്ന് കൈയൊപ്പ് കിട്ടിയെന്നും പറയുന്നു. രണ്ടാമതു പറഞ്ഞത് ബാർ എബ്രായായുടെ *എക്സിഷ്യാസ്റ്റിക്കിയുടെ* വെളിച്ചത്തിൽ ശരിയല്ല. അതിൽ പറയുന്നത് 70 അറിയിപ്പുകാരിൽ ഒരാളായ ആദായി ശ്ലീഹായാണ്. എഡേസയിൽ മാർഗ്ഗം അറിയിച്ചത് എന്ന്. ആദായിക്ക് ആരും പട്ടം കൊടുത്തതായി ആ ചരിത്രത്തിൽ ഇല്ല Ans അപ്പോസ്തലന്മാർ എന്ന് E B 155 പേജ് 32 ൽ പറഞ്ഞിരിക്കുന്നത് മോർ തോമാശ്ലീഹ അല്ലേ? Q ആയിരിക്കണം. അത് ശരിയല്ലെന്നാണ് പറഞ്ഞത്. Ans. Ex B 155 35-ാം പേജിൽ മോർ തോമാശ്ലീഹ ഇൻഡ്യയിൽ വന്ന് മലങ്കരയിലെ സഭ സ്ഥാപിച്ചുയെന്നുള്ളതും സംബന്ധിച്ച് അനവധി ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ടെന്നു രേഖപ്പെടുത്തിയിട്ടില്ലേ?Q മോർ തോമാശ്ലീഹ ഇൻഡ്യയിൽ വന്ന് മലങ്കരയിൽ സ്ഥാപിച്ചു എന്ന് ഇതിൽ പേരു പറയുന്നവരാരും അതായത് ഗ്രിഗറി, നെസിഫറസ്, സെഫ്രാണിയൻ, ഗിഗോറിയസ് ബാർ എബ്രായ എന്നിവരാരും എഴുതിയിട്ടില്ല. എഴുതാൻ ഇടയുമില്ല. മോർ തോമാശ്ലീഹ ഇൻഡ്യയിൽ സുവിശേഷം അറിയിച്ചു എന്നിവരെല്ലാവരും എഴുതിയിരിക്കാവുന്നതാകുന്നു. Ans. നമ്മുടെ പുരാതന ഐതിഹ്യം എന്നു പറയുന്നത്? Q. അത് നേരത്തെ പറഞ്ഞതുതന്നെ മോർ തോമാശ്ലീഹ ഇവിടെ വന്നു സഭ സ്ഥാപിച്ചു എന്നുള്ളതുതന്നെ. Ans. Ex B 155 86-ാം പേജിൽ 837 നും 852നും ഇടക്ക് വിശുദ്ധ മാർക്കോസിന്റെ സിംഹാസനത്തിന്മേൽ മോർ യാക്കോബ് ഉപവിഷ്ടനായിരുന്നു എന്നു കാണുന്നുണ്ട്. ആ മർക്കോസിന്റെ സിംഹാസനം ഏതാണ്? Q വിശുദ്ധ പത്രോസിനാൽ വാഴിച്ചാക്കപ്പെട്ട മാർക്കോസിന്റെ പിൻന്തുടർച്ചക്കാണ് മോർ മാർക്കോസിന്റെ സിംഹാസനമെന്ന് പറയുന്നതെന്ന് വളരെ നേരത്തെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. Ans. Ex B 155-237-ാം പേജിൽ മോർ ദിവന്നാസ്യോസ് അഞ്ചാമൻ മോർ തോമായുടെ സിംഹാസനത്തിന്മേൽ വാഴ്ച ഉറപ്പിക്കുകയും ചെയ്തു എന്നു പറയുന്നുണ്ട്. മോർ ദിവന്നാസ്യോസ് അഞ്ചാമൻ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്നോ? Q ആയിരുന്നു. Ans. അതിൽ പറയുന്ന മോർ തോമാ ശ്ലീഹായുടെ സിംഹാസനം ഏതാണ്. പത്രോസിന്റെ സിംഹാസനത്തിന്റെ അധിപനായ പാത്രിയർക്കീസിനുവേണ്ടി ജീവകാലം മുഴുവൻ പ്രയത്നിച്ച ഇ.എം. ഫിലിപ്പ് പത്രോസിന്റെ സിംഹാസനം പോലെ അഥവാ ആ അർത്ഥത്തിൽ ഉള്ള ഒന്നായിട്ടല്ല അവിടെ പറഞ്ഞിരിക്കുന്നത്. മലങ്കരയിലെ മെത്രാൻമാർ തോമാ ശ്ലീഹായുടെ പാരമ്പര്യമുള്ള സഭയിൽ ഒരു ഭരണകർത്താവ് എന്നുള്ളതാണ് ആ പ്രയോഗത്തിൽ അന്തർഭവിച്ചിരിക്കുന്നത്. അതിന്റെ പുറമെ

അദ്ദേഹത്തിനു സഭാചരിത്രം, വിശ്വാസം ഇവ നല്ലപോലെ അറിയാവുന്ന ആളുമായിരുന്നു. Ans. തോമാശ്ലീഹായുടെ പാരമ്പര്യമുള്ള സഭയിലെ പ്രധാന ഭരണകർത്താവ് എന്ന അർത്ഥത്തിൽ ആ ഭരണകർത്താവ് മോർതോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ഉപവിഷ്ടനാണെന്നു പറയുന്നതിൽ തെറ്റെന്തെങ്കിലുമുണ്ടോ? Q വെറും ഭരണ കാര്യത്തെ കുറിച്ചാണെങ്കിൽ സിംഹാസനത്തിന്റെ യഥാർത്ഥ അർത്ഥമായ തുടർച്ചയായുള്ള അപ്പോസ്തലിക കൈവപ്പിനെ കുറിച്ചല്ലെങ്കിൽ അങ്ങനെ ഉപയോഗിക്കാവുന്നതാണ്. Ans. മലങ്കരയിലെ ക്രിസ്ത്യാനികളെ ആദ്യകാലം മുതൽ സെന്റ് തോമസ് ക്രിസ്ത്യൻസ് എന്നറിയപ്പെട്ടിരുന്നോ? Q അങ്ങനെ ആദ്യകാലം മുതൽക്കെ അറിയപ്പെട്ടിരുന്നോ എന്നറിയില്ല. അങ്ങനെ പറയുന്നവർ ഉണ്ട്. എന്നു മുതലാണ് ആ പ്രയോഗം വന്നത് എന്നറിഞ്ഞുകൂടാ Ans. സെന്റ് തോമസ് ക്രിസ്ത്യൻസ് എന്നു വിളിക്കുന്നത്? Q മുൻ പറഞ്ഞ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ അങ്ങനെ വിളിക്കപ്പെട്ടതായിരിക്കാം. Ans. മലങ്കരയിലെ 1653 നു ശേഷമുള്ള മെത്രാപ്പോലീത്തമാരെ എല്ലാം മോർ തോമാ ഫസ്റ്റ്, സെക്കന്റ് മോർ തോമാ ഒൻപതുവരെ തുടർച്ചയായിട്ടാണോ അറിയപ്പെട്ടിരുന്നത?. മോർ തോമാ എന്ന പേര് അവർ സ്വയമായി സ്വീകരിച്ചത് ആയിരിക്കണം. Ans. മോർ തോമാ ഒൻപതു വരെ തുടർച്ചയായി അങ്ങനെ പോയിട്ടില്ല. മോർ തോമാ ആറാമനെ അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധികൾ മെത്രാപ്പോലീത്ത ആയി വാഴിക്കുകയും ദീവന്നാസ്യോസ് എന്ന പേരു കൊടുക്കുകയും ചെയ്തു. അതിനുശേഷം പകലോമറ്റം കുടുംബത്തിൽ നിന്ന് ഉള്ളവരെ മോർ തോമാ ഒൻപതാമൻ വരെ ഉള്ളവരെ മോർ തോമാ ചേർത്തുവിളിച്ചു വന്നിരുന്നു എങ്കിലും അതേ സമയത്തു തന്നെ ദീവന്നാസ്യോസ് രണ്ടാമനും മറ്റുമുണ്ടായിരുന്നു. Stopped for the day

മൊഴി വായിച്ചു കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Sessions court Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-

II A.D judge

14-7-78 Witness sworn again and cross examination continues:- Ext B 156 ൽ 78-ാം പേജിൽ മോർ തോമാ ശ്ലീഹാ വടക്കേഭാഗങ്ങളിലും രക്ഷയുടെ മാർഗ്ഗം അറിയിച്ചതിനുശേഷം 52 ൽ പാണ്ടിദേശങ്ങളിൽ മാർഗ്ഗം അറിയിച്ചു എന്നും മലയാളത്ത് മാല്യങ്കര വന്നു എന്നും യേശുമിശിഹായെ അദ്ദേഹം അറിയിച്ചു എന്നും ശങ്കരപുരി, പകലോമറ്റം എന്ന രണ്ട് തറവാട്ടിൽ ഓരോ പട്ടക്കാരെയും നിശ്ചയിച്ചു എന്നും പറയുന്നുണ്ട്. മോർ തോമാശ്ലീഹാ ഇവിടെ പട്ടക്കാരെ നിയമിച്ചാക്കി എന്നത് മലങ്കരയിൽ നിലവിലിരിക്കുന്ന പാരമ്പര്യമാണോ? Q മലങ്കരയിൽ നിലവിലിരിക്കുന്ന പാരമ്പര്യത്തിൽ മുമ്പ് പറഞ്ഞ രണ്ടു പേരെ ചിലർ ആറ് മറ്റു ചിലർ നാല് എന്നെല്ലാം കുടുംബങ്ങളുടെ

കാര്യത്തിൽ പറയുകയും അതെല്ലാം പരിശോധന കൂടാതെയുള്ള കേട്ടു കേൾവിയുടെ അടിസ്ഥാനത്തിൽ പറയുന്ന പാരമ്പര്യവും ആകുന്നു. Ans. പകലോമറ്റം കുടുംബത്തിന് മലങ്കര സഭയുടെ ചരിത്രത്തിൽ എന്തെങ്കിലും പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നോ? Q17-ാം നൂറ്റാണ്ടു മുതൽ ആ കുടുംബത്തിൽ നിന്ന് തുടരെ മേലദ്ധ്യക്ഷന്മാർ മിക്കവരും അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധികളാൽ വാഴിക്കപ്പെട്ടവരായി ഉണ്ടായിരുന്നു എന്നുള്ള പ്രത്യേകത ഉണ്ട്. Ans. അങ്ങനെ പ്രത്യേകത ഉണ്ടാകാൻ വിശേഷാൽ കാരണം വല്ലതും ഉണ്ടോ? Q ഒരു കാരണവും ഉള്ളതായി എനിക്കറിഞ്ഞുകൂടാ. അന്ന് വരെ അവർ ശക്തമായ ഒരു തറവാടായിരുന്നിരിക്കാം. Ans. മോർ തോമാ ശ്ലീഹായിൽ നിന്നും പട്ടം ഏറ്റ കുടുംബക്കാർ എന്ന നിലയിലല്ലേ അവർക്ക് പ്രാധാന്യം ഉണ്ടായിരുന്നത്? Q അങ്ങനെയായിരുന്നെങ്കിൽ പട്ടം ഏറ്റു എന്ന് പറയപ്പെടുന്ന മറ്റു കുടുംബങ്ങൾക്കും ആ പ്രാധാന്യം ഉണ്ടായിരുന്നു. Ans. Ex A 74 ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് ഔഗേൻ പ്രഥമൻ കാതോലിക്ക ബാവാക്ക് 1970 ജൂൺ 27-ാം തീയതി ഡമസ്കോസിൽ നിന്നും അയച്ച കൽപന യായിട്ടാണ് അതിൽ നിന്നും കാണുന്നത്. പാത്രിയർക്കീസിന്റെ എംബ്ലം ഉള്ള കടലാസിലാണ് അത്. അതു പാത്രിയർക്കീസിന്റെ തന്നെ കൽപന ആണോ? Q ആണെന്നാണ് എനിക്കു തോന്നുന്നത്. Ans. അതിൽ രണ്ടാമത് മോർ തോമാശ്ലീഹായുടെ സിംഹാസനം എന്നു പറയപ്പെടുവാൻ തക്കവണ്ണം യാതൊരു സിംഹാസനവും മോർ തോമാശ്ലീഹാ ഒരിക്കലും സ്ഥാപിച്ചിട്ടില്ല എന്ന് എഴുതിയിട്ടുണ്ട്. തുടർന്ന് എന്തെന്നാൽ യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം 21 മുതൽ 24 വരെ വാക്യങ്ങളിൽ നിന്നു സ്പഷ്ടമാകുന്ന തുപോലെ അദ്ദേഹം ആചാര്യൻ അല്ലായിരുന്നു. ആചാര്യനല്ലാതിരിക്കെ എങ്ങനെ പ്രാധാനാചാര്യനാകും. പ്രാധാനാചാര്യനല്ലാതിരിക്കെ എങ്ങനെ സിംഹാസനം സ്ഥാപിക്കും. ആകയാൽ പൂർവ്വികരായ യാതൊരു എഴുത്തു കാരും അദ്ദേഹം ഏതെങ്കിലും എപ്പിസ്കോപ്പായെ വാഴിച്ചതായിട്ടോ കാതോ ലിക്കായുടെ സിംഹാസനം സ്ഥാപിച്ചതായിട്ടോ പ്രസ്താവിച്ചിട്ടില്ല. 1923 ൽ താങ്കളുടെ ശ്രേഷ്ഠത എഴുതി സമർപ്പിച്ച സമ്മതപത്രത്തിലും നിഖ്യാ സുന്ന ഹദോസാണ് കിഴക്ക് കാതോലിക്കാ സ്ഥാപനം നിശ്ചയിച്ചത് എന്നും ഏറ്റു പറഞ്ഞിട്ടുണ്ട്. കിഴക്കിന്റെ കാതോലിക്കാ സ്ഥാപനം 5-ാം നൂറ്റാണ്ടിന്റെ അവ സാനത്തിൽ അപഹരിച്ചെടുത്ത നെസ്തോറിയർ പോലും മോർ തോമാ ശ്ലീഹായുടെ സിംഹാസനം എന്ന് പറഞ്ഞ് മോർ തോമാ ശ്ലീഹാക്ക് സ്ഥാനം കൊടുത്തിട്ടില്ല എന്നാദിയായി പറഞ്ഞിട്ടുണ്ട്. അതിൽ മാറിയുടെ സിംഹാസ നത്തെപ്പറ്റി പറയുന്നുണ്ടോ? Q എന്ന് നെസ്തോറിയർ പറയുന്നതായി മാറി യുടെ സിംഹാസനം എന്നതിൽ ബാർ എബ്രായ പറയുന്നതായിട്ട് അതി ലുണ്ടോ? Q ബാർ എബ്രായ പറയുന്നതായിട്ട് 4-ാം നൂറ്റാണ്ടിലെ കാതോലിക്ക ആയ തിമോത്തിയോസിന്റെ കാലം വരെ വെള്ള വസ്ത്രം ധരിച്ചിരുന്നു എന്നും മാംസം ഭക്ഷിച്ചിരുന്നു എന്നും വിവാഹം ചെയ്തിരുന്നു എന്നും സോലീക്കിലെ

കാതോലിക്കാക്ക് കീഴ്പ്പെട്ടിരുന്നില്ല എന്നും മറ്റും പറയുന്നുണ്ട്. അതിനും പുറമെ ബാർ എബ്രായ പറയുന്നതായി കിഴക്കിന്റെ കാതോലിക്കാ സ്ഥാപനം അദ്ദേഹം സ്ഥാപിച്ചതായിട്ടും പറയുന്നില്ല. പിന്നെയൊ കിഴക്കൻ ദേശങ്ങളിൽ സുവിശേഷം അറിയിച്ചു എന്നു മാത്രമാണ് പറയുന്നത് നാമും താങ്കളെ മാർതോമയുടെ സിംഹാസനത്തിലേക്കല്ല പിന്നെയൊ കിഴക്കിന്റെ കാതോലിക്കാ ആയിട്ടാണ് വാഴിച്ചത്. ആകയാൽ ഇങ്ങനെയുള്ള വേദവിപരീതത്തിൽ വീഴുവാൻ താങ്കൾക്ക് വിഹിതമല്ല എന്ന് എഴുതിയിട്ടുണ്ട്. മാറിയുടെ സിംഹാസനത്തോട് ഞങ്ങൾക്ക് പങ്കില്ല എന്ന് പറയുന്നുണ്ടോ? Q എന്ന് നെസ്തോറിയർ പറയുന്നതായി പറയുന്നുണ്ട്. Ans. മാറി അറിയിപ്പുകാരനായ ആദായിയുടെ ശിഷ്യനാണ്. E A 74 ൽ ഔഗേൻ കാതോലിക്കായെ കാതോലിക്കോസായി വാഴിക്കുന്നതിനു മുമ്പ് നടന്ന ഒരു സുന്നഹദോസിനെക്കുറിച്ച് പറയുന്നുണ്ടോ? Q ഉണ്ട്. Ans.എന്താണ് പറഞ്ഞിരിക്കുന്നത്? Q കുവൈറ്റ് മുതലായ പള്ളികളെക്കുറിച്ച് താങ്കളുടെ കാതോലിക്കാ വാഴ്ചക്ക് മുമ്പായി സുന്നഹദോസ് ചെയ്ത തീരുമാനം സഹോദരനായ താങ്കൾക്കു നല്ല പോലെ അറിയാമല്ലോ എന്നാണ്. Ans. Ex A 117 ൽ അന്ത്യോക്യാ പ്രതിനിധി മോർ ഒസ്താത്യോസ് മെത്രാപ്പോലീത്തയുടെ ഒപ്പും മുദ്രയും ഉണ്ട്. മലങ്കര ഇടവകയുടെ കൂറിലോസ് മെത്രാപ്പോലീത്ത മലങ്കര ക്നാനായ ഇടവകയുടെ മോർ സേവേറിയോസ് മെത്രാപ്പോലീത്താ അങ്കമാലി കൊച്ചി ഇടവകയുടെ മോർ പൗലോസ് അത്തനാസ്യോസ് മെത്രാപ്പോലീത്ത ഇവരുടെ ഒപ്പും മുദ്രയും അതിലുണ്ട്. ഇത് അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും അപ്പോസ്തലിക സിംഹാസനത്തിന്റെ ബലഹീനനായ അബ്ദേദാലോഹോ ആകുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ് അയച്ച കൽപനയുടെ ശരി പകർപ്പാണ്. അബ്ദല്ലാ II പാത്രിയർക്കിസ് എന്നും അദ്ദേഹത്തെ പറയും. അതിൽ ഇൻഡ്യായിൽ മലയാളത്തുള്ള മോർ തോമാ ശ്ലീഹായുടെ ഇടവക എന്നു പറഞ്ഞിട്ടുണ്ട്. അത് മലയാളത്തെ പാരമ്പര്യമനുസരിച്ച് മലയാളത്തുള്ള വിശ്വാസികളെ ഉൾപെടുത്തിയാണ്. ഇടവക എന്നു പറഞ്ഞിട്ടുള്ളത്. EA 116 ലും മോർതോമാ ശ്ലീഹായുടെ ഇടവക എന്നു പറഞ്ഞിട്ടുണ്ട്. Ex A 116 അബ്ദുള്ളാ പാത്രിയർക്കീസിന്റെ തന്നെ ഒരു കൽപനയാണോ? Q മുമ്പ് പറഞ്ഞതുപോലെ ശരി പകർപ്പണോ ആരെങ്കിലും സാക്ഷിപ്പെടുത്തിയതായിട്ടോ Ex A 116 ൽ ഇല്ല Ans Ex A 116 ൽ കാണുന്നത് അബ്ദുള്ള II ന്റെ കൽപനയായിട്ടാണ്. ആലുവാതൃക്കുന്നത്തു സെമിനാരിയിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ളതായിട്ട് അതിൽ കാണുന്നുണ്ട്. Ex B 39 പോലെയുള്ള പ്രാർത്ഥനാക്രമം സാക്ഷി ഉപയോഗിക്കുന്നുണ്ടോ? Q ഉപയോഗിക്കുന്നുണ്ട് Ans പരിഭാഷകൻ മാത്തൻ കോർഎപ്പിസ്കോപ്പാ മുമ്പ് വട്ടിപ്പണക്കേസിൽ കക്ഷിയായിരുന്നു. കക്ഷി ഭിന്നത ഉണ്ടായിരുന്ന കാലത്ത് പാത്രിയർക്കീസിനെ അനുകൂലിച്ചു നിന്നയാളാണ്. Ex B 39 ന്റെ പല എഡീഷൻ ഉള്ളതിൽ ഏതോ ഒരു എഡിഷന്റെ കോപ്പി എന്റെ കൈവശം ഉണ്ട്. Ex B 39 പ്രസിദ്ധീകരിക്കുന്നതിന് മാത്തൻ കോർ എപ്പിസ്കോപ്പായെ അനുവദിച്ച് പാത്രിയർക്കീസിന്റെ കൽപന ഉണ്ടായിരുന്നോ?Q

ഈ പുസ്തകത്തിൽ ആ കൽപനയില്ല. Ans അങ്ങനെ കൽപന പുസ്തകത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയപ്പോൾ ചേർത്തിരുന്നോ? Q ചേർത്തിട്ടുള്ള പുസ്തകങ്ങൾ കണ്ടിട്ടുണ്ട്. Ans ആ കൽപനയിൽ മോർ തോമാ ശ്ലീഹായുടെ ഇടവക എന്നുണ്ട്. Ex B 39 ൽ ഏതാനും ഭാഗം കീറിക്കളഞ്ഞിട്ട് ഹാജരാക്കിയിട്ടുള്ളതാണോ? Q ഏതാനും കടലാസുകൾ ഇതിൽ ഇല്ല. Ans പാത്രിയർക്കീസിന്റെ കൽപനയുള്ള ഷീറ്റാണൊ ഇല്ലാത്തത്? Q റോമൻ കാരക്റ്ററിൽ മൂന്നാമത്തെ പേജ് മുതൽ ആണ് Ex B 39 ൽ കാണുന്നത്. Ans മുഖവുര എന്ന പേജിൽ മഷികൊണ്ട് II എന്ന നമ്പർ ഇട്ടിട്ടുണ്ട്. കൽപന ഉള്ള ഭാഗമാണൊ Ex B 39 ൽ ഇല്ലാത്തത് ?Q അതു കൽപനയുള്ള ഭാഗം ആയിരിക്കണം. Ans. Ex B 39 ൽ മാറാനായ പെരുനാളുകളെ മൂന്നുതരമായി തിരിച്ച് പറഞ്ഞു കാണുന്നുണ്ട്. അങ്ങനെ തിരിക്കാനുള്ള കാരണം എന്താണ് എന്നറിയാമോ?Q അതിന്റെ കാരണങ്ങൾ മുമ്പു ഞാൻ ബോധിപ്പിച്ചിട്ടുള്ളതുപോലെ ഈ പുസ്തകത്തിലും പറഞ്ഞിട്ടുണ്ട്. ആരംഭകാലത്ത് പിതാക്കന്മാർ അങ്ങനെ മൂന്നായി തരം തിരിച്ചതിന്റെ അടിസ്ഥാനവും അതു തന്നെയാണ്. അതായത് ഇതിൽ പറഞ്ഞിരിക്കുന്നത് Ans അങ്ങനെ തരം തിരിച്ച് സഭയുടെ ആധികാരികമായ തീരുമാനങ്ങൾ വല്ലതും ഉണ്ടോ? Q ഓരോ ക്രമങ്ങളുടെ ഘടനയെക്കുറിച്ചും അവ നടത്തേണ്ട രീതികളെക്കുറിച്ചും സഭയിൽ നിലനിന്നു വരുന്ന പതിവുകളും നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് എന്നല്ലാതെ ഇതുപോലെയുള്ള കാര്യങ്ങൾക്ക് ആധികാരികമായ തെളിവുകൾ ആർക്കും കാണിക്കുവാൻ സാദ്ധ്യമല്ലാത്തതാണ്. Ans. Ex A 116, 117 ൽ മോർ തോമാ ശ്ലീഹായുടെ ഇടവക എന്നു പറയുന്നത് മലങ്കര സഭയെ ഉദ്ദേശിച്ചല്ലേ? Q മോർ തോമാ ശ്ലീഹായെക്കുറിച്ചുള്ള പാരമ്പര്യം കാര്യമായി എടുക്കുന്ന മലങ്കരയിലെ ആട്ടിൻകൂട്ടങ്ങളാകുന്ന വിശ്വാസികളെ ഉദ്ദേശിച്ചാണ്. ആ പേര് ആ ഇടവക എന്നുള്ളത് ആഗ്രഹമുണ്ടെങ്കിൽ ഇവിടുത്തെ കത്തോലിക്കർക്കും മറ്റ് പുരാതന സുറിയാനിക്കാർക്കും എല്ലാം ഉപയോഗിക്കാവുന്നതാണ്. Ans അവർക്കുകൂടി ഉപയോഗിക്കാമെന്നു പറയാൻ കാരണം എന്താണ്? Q മോർ തോമാ പാരമ്പര്യം വിശ്വസിക്കാവുന്നതാണെങ്കിൽ അന്നു മോർ തോമാ മാർഗ്ഗത്തിൽ ചേർത്തവരുടെ സന്താനപരമ്പരകളിൽ പെട്ടവരാണ് അവരെല്ലാവരും. Ans ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിലും അതിനുമുമ്പു മുതലും ഈജിപ്ത്, പേർഷ്യൻ ഉൾക്കടലിലെ തുറമുഖങ്ങൾ എന്നിവയുമായി മലബാർ വാണിജ്യ ബന്ധങ്ങൾ സ്ഥാപിച്ചിരുന്നു എന്നു പറഞ്ഞാൽ ശരിയാണോ? Q ഈ പറഞ്ഞ സ്ഥലങ്ങളിൽ മാത്രമല്ല ശലോമോൻ നാടുവാണിരുന്നപ്പോൾ പാലസ്റ്റയിനുമായി വ്യാപാര ബന്ധം ഉണ്ടായിരുന്നു എന്നും ചരിത്രം പറയുന്നുണ്ട് Ans. ഈജിപ്തിലും പർസ്യായിലും ആദ്യ നൂറ്റാണ്ടിൽ തന്നെ ക്രിസ്തീയ സഭ ഉണ്ടായിരുന്നില്ലേ? Q ഈ സ്ഥലങ്ങളിൽ ആദ്യ നൂറ്റാണ്ടിൽ തന്നെ ശ്ലീഹന്മാർ സുവിശേഷം അറിയിച്ചിട്ടുണ്ട്. മേൽപട്ടക്കാരെ വാഴിച്ച സ്ഥലങ്ങളിൽ പ്രാദേശികസഭകളും ഉണ്ടായിട്ടുണ്ട്. Ans. അങ്ങനെ പർസ്യായിലും ഈജിപ്തിലും ആദ്യ നൂറ്റാണ്ടിൽ പ്രാദേശികൾ സഭകൾ ഉണ്ടായോ? Q ഉണ്ടായിരുന്നു. Ans. ആ സഭകളുമായി

ആദ്യം മുതൽക്കു തന്നെ മലങ്കര സഭക്ക് ബന്ധം ഉണ്ടായിരുന്നോ? മലങ്കരയിൽ ക്രിസ്തുമതം ഉണ്ടായ കാലം മുതൽ തന്നെ ഈ പറഞ്ഞ സ്ഥാനങ്ങളുമായി ബന്ധമുള്ളതായി ഞാൻ വായിച്ചിട്ടില്ല. Ans. ഏതെങ്കിലും കാലങ്ങളിൽ ബന്ധപ്പെട്ടിരുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ? Q ക്രിസ്താബ്ദം 4-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്ത്യോകൃായുമായി ബന്ധപ്പെട്ടിട്ടുള്ളതായി അറിയാം. Ans. ആ ബന്ധം എങ്ങനെ ഉണ്ടായി? Q 345 ലെ സിറിയൻ കുടിയേറ്റം മൂലം എഡേസായുടെ മെത്രാപ്പോലീത്ത ആയ മോർ യൗസേപ്പിനെ പാത്രിയർക്കീസ് അയച്ചതു മുതലാണ് Ans. പാന്റിനോസ് അല്ലെങ്കിൽ പന്തേനോസ് എന്നൊരാൾ മലങ്കരയിൽ വന്നിട്ടുണ്ടോ? Q പന്തേനോസ് പോയ ഇൻഡ്യ മലങ്കരയാണെന്ന് ഇവിടുത്തെ ചില ചരിത്രകാരന്മാർ പറയുന്നുണ്ടെങ്കിലും അബിസീനിയാക്ക് അടുത്തുള്ള പ്രദേശമാണ് പന്തേനസ് പോയ ഇൻഡ്യ എന്ന് ചില ഇംഗ്ലീഷ് ചരിത്രകാരന്മാരും പ്രത്യേകിച്ച് മോർ മിഖായേൽ റാബോയും പറയുന്നുണ്ട്. Ans.Ex B 155 ൽ പന്തേനോസ് കേരളത്തിലെ സഭ സന്ദർശിച്ചിരുന്നു എന്നു സമർത്ഥിച്ചിട്ടുണ്ടോ? Q അദ്ദേഹം സമർത്ഥിച്ചിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ ബോധിപ്പിച്ചത് Ans. ഇതേപ്പറ്റി സാക്ഷി പഠനം നടത്തിയിട്ടുണ്ടോ?Q പഠനം നടത്തിയ അറിവാണ് പറഞ്ഞത്. Ans. സാക്ഷിയുടെ പഠനത്തിൽ നിന്നുള്ള നിഗമനം പന്തേനോസ് വന്നിരുന്നു എന്നോ മറിച്ചോ? Q ഇങ്ങനെ രണ്ടു കൂട്ടർ പറയുന്ന സ്ഥിതിക്ക് ഏതിനാണ് മുൻതൂക്കം എന്ന് പഠിതാക്കൾ അവരുടെ ഇഷ്ടാനുസരണം തീരുമാനിക്കേണ്ടതാണ്. ഞാൻ അതിനെക്കുറിച്ച് പ്രത്യേകം പഠനം നടത്തിയിട്ടില്ല. എനിക്കു കിട്ടിയ അറിവുകൾ പറഞ്ഞതേയുള്ളു. Ans. സാക്ഷിയുടെ പഠനത്തിൽ തെളിവുകൾ അപഗ്രഥിച്ച് ഏതാണ് ശരി എന്നു തീരുമാനിക്കാൻ ശ്രമിച്ചിട്ടുണ്ടോ? Q ഞാൻ നേരത്തെ ബോധിപ്പിച്ചിട്ടുള്ളതുപോലെ ചില കാര്യങ്ങൾ വലിയ പരിശോധന ഒന്നും കൂടാതെ പാരമ്പര്യങ്ങളെയും മറ്റും ആസ്പദമാക്കിയും എനിക്ക് അക്കാലത്ത് പ്രത്യേകം മനസ്സിലാക്കേണ്ട വിഷയങ്ങളെക്കുറിച്ച് എന്റെ കഴിവനുസരിച്ച് പരിശോധന നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. Ans. ഈ സംഗതിയെക്കുറിച്ച് ഒരു സ്വന്തമായ നിഗമനത്തിൽ എത്തത്തക്കവണ്ണം പരിശോധിച്ചിട്ടില്ലന്നാണോ? Q മോർ തോമാ പന്തേനോസ് ഇവയെക്കുറിച്ച് കാര്യമായിട്ട് ചിന്തിച്ചിട്ടില്ലെങ്കിലും അതിന്റെ തൊട്ടു പുറകെ വരുന്ന സിറിയൻ കുടിയേറ്റത്തെക്കുറിച്ച് കഴിവനുസരിച്ച് പഠിച്ച് എന്റെ നിഗമനം ശരിയോ തെറ്റോ ആകട്ടെ സ്വന്തനിഗമനത്തിൽ എത്തിയിട്ടുണ്ട്. Ans. ഇട്ടൂപ്പ് റയിട്ടർ പന്തേനോസ് വന്നു എന്നുള്ള നിഗമനത്തിലാണോ എത്തിയിട്ടുള്ളത്? Q അദ്ദേഹവും ഇൻഡ്യൻ ക്രിസ്ത്യാനികളുടെ ബുദ്ധിമുട്ടുകൾ കേട്ടപ്പോൾ പന്തേനോസ് വന്നു എന്നു പറയുന്നുണ്ട്. Ans. അത് മലങ്കരയാണോ? Q അവിടെ മലങ്കര എന്നു പറഞ്ഞിട്ടില്ല. ഇൻഡ്യയിലേക്ക് എന്ന് പറയുന്നു. Ans. ഇട്ടൂപ്പ് റയിട്ടറും മുൻ പാരമ്പര്യം കാര്യമായി എടുത്തിരിക്കാം. ആ പാരമ്പര്യം അദ്ദേഹം സമ്മതിച്ചിരിക്കുന്നു. അലക്സാന്ത്രിയയിലെ ബിഷപ്പ് ഡെമട്രിയസ് അദ്ദേഹത്തെ (പന്തേനോസിനെ) അയച്ചതാണോ? മലയാളത്തെക്കാൾ പൻഡേനസിനെ അയച്ചത് എന്നു പറയുന്നവർ

ഇങ്ങോട്ടാണെന്നും ഈ ഇൻഡ്യ അല്ലാ എന്നു പറയുന്നവർ അങ്ങോട്ടാണെന്നും പറയുന്ന സ്ഥിതിക്കും ഞാൻ അതിനെക്കുറിച്ച് പ്രത്യേകിച്ച് പഠിച്ചിട്ടില്ലാത്തതുകൊണ്ടും മുമ്പ് ബോധിപ്പിച്ചതിൽ കൂടുതൽ ഒന്നും എനിക്കറിഞ്ഞുകൂടാ. Ans. പന്തേനസ് അലക്സാണ്ട്രിയയിലെ വേദശാസ്ത്രങ്ങളിലെ അംഗമായിരുന്നു എന്നാണ് ചരിത്രം പറയുന്നത്. *ആക്റ്റ്സ് ഓഫ് യൂദാ തോമസ്* എന്നൊരു പുസ്തകം അറിയാമോ? Q അങ്ങനെ ഒരു അപ്പോക്രിഫൽ പുസ്തകം ഉള്ളതായി കേട്ടിട്ടുണ്ട്. ഞാൻ വായിച്ചിട്ടില്ല Ans. ആ പുസ്തകത്തെപ്പറ്റി എന്തെങ്കിലും അറിയാമോ? Q ആ പുസ്തകത്തെപ്പറ്റി അതാരെഴുതിയതാണെന്നൊ അതിൽ പറയുന്ന വസ്തുക്കൾ പൂർണ്ണമായി വിശ്വസനീയമാണെന്നൊ തന്മൂലം അത് അപ്പോക്രിഫൽ അല്ലെങ്കിൽ doubtful Origin എന്ന രീതിയിൽ ഒന്നാണെന്നും മറ്റു ചില പുസ്തകങ്ങൾ മറ്റു കാര്യങ്ങൾക്കായി വായിക്കുമ്പോൾ കണ്ടിട്ടുണ്ട്. Ans. അതിന്റെ ഗ്രന്ഥ കർത്താവാരാണെന്നറിഞ്ഞുകൂടാ. മോർ തോമാ ശ്ലീഹായെപ്പറ്റി അതിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നറിയാമോ? Q *ആക്റ്റ്സ് ഓഫ് യൂദാ തോമസ്* എന്നാണ് പേര് എന്നുള്ളതിനാൽ മോർ തോമാശ്ലീഹായെക്കുറിച്ച് എന്തെങ്കിലും പറഞ്ഞു കാണും. Ans. അതെന്താണെന്നറിയാമോ? Q ഞാൻ അത് മനസ്സിലാക്കിയിട്ടില്ല. ആ പുസ്തകം കാണാൻ എനിക്ക് സാധിച്ചിട്ടില്ല. Ans. മോർ അഫ്രേം എന്നൊരാൾ എഡേസാ സഭയിൽ അല്ല സുറിയാനി സഭയിൽ മോർ അഫ്രേം ഏറ്റവും പ്രസിദ്ധനായ മൽപനാണ്. Ans. അദ്ദേഹം എഡേസാക്കാരനായിരുന്നോ? Q അദ്ദേഹത്തിന്റെ സ്വദേശം കൃത്യമായി പറയണമെങ്കിൽ ഏതെങ്കിലും പുസ്തകം നോക്കണം Ans. എഡേസായിൽ ഒരു വേദശാസ്ത്രപാഠശാല ഉണ്ടായിരുന്നു. മോർ അഫ്രേം ആ പാഠശാലയുമായി ബന്ധപ്പെട്ട ആളായിരുന്നു. അദ്ദേഹം എഴുതിയിട്ടുള്ള പ്രാർത്ഥനകളിലും ഗീതങ്ങളിലും മോർ തോമാ ശ്ലീഹായെപ്പറ്റിയും അദ്ദേഹം ഇൻഡ്യയിൽ സ്ഥാപിച്ച സഭയെപ്പറ്റിയും പറയുന്നുണ്ടോ? Q അദ്ദേഹം മോർ തോമാ ശ്ലീഹായെപ്പറ്റിയും അദ്ദേഹം മനസ്സിലാക്കിയിട്ടുള്ള ഇൻഡ്യയിലെ വിശ്വാസികളെക്കുറിച്ചും പല ഗീതങ്ങളും എഴുതിയിട്ടുണ്ട്. Ans. അദ്ദേഹം മനസ്സിലാക്കിയിരുന്ന ഇൻഡ്യ ഏതാണെന്ന് സാക്ഷിക്കറിയാമോ?Q അദ്ദേഹം കാലം ചെയ്ത് 700 ൽ പരം വർഷങ്ങൽ കഴിഞ്ഞശേഷമുള്ള മോർ മിഖായൽ റാബോ ഇൻഡ്യ എന്നതിന് സുറിയാനിയിൽ ആ കൃതികളിലെല്ലാം ഉപയോഗിച്ചിരിക്കുന്നത് ഹിന്ദുവോയൊ എന്നാണ് എന്ന് ബോധിപ്പിച്ചുള്ള സ്ഥിതിക്ക് മോർ അഫ്രേം ഉദ്ദേശിക്കുന്ന ഇൻഡ്യക്കും അതു തന്നെ ആകാനെ വഴിയുള്ളു. വേറൊന്ന് നാലാം നൂറ്റാണ്ടിലാകട്ടെ ഇക്കഴിഞ്ഞ രണ്ടോ മൂന്നോ നൂറ്റാണ്ടുകൾക്ക് മുമ്പോ ആകട്ടെ ഇന്ത്യാ എന്ന പേരിൽ ഈ ഉപഭൂഖണ്ഡത്തെ വിവരിച്ചിട്ടുള്ളതായി ഞാൻ വായിച്ചിട്ടില്ല. Ans. മോർ അഫ്രേം പറയുന്ന ഇൻഡ്യ മലങ്കര ആണോ എന്നു മനസ്സിലാക്കാൻ വല്ല ശ്രമവും ചെയ്തിട്ടുണ്ടോ?Q പ്രത്യേകപഠനം നടത്തിയിട്ടില്ല. എന്റെ നിഗമനം ഞാൻ ബോധിപ്പിക്കുന്നു. അത് മുമ്പ് പറഞ്ഞതാണ് Ans. എഡേസാക്ക് ഉറഹാ എന്നു പറയും. എഡേസാ അല്ലെങ്കിൽ ഉറാഹ പേർഷ്യൻ സാമ്രാജ്യത്തിന്റെയും റോമാ

സാമ്രാജ്യത്തിന്റെയും boarder ൽ ഉള്ള ഒരു സ്ഥലമാണോ? ക്രിസ്താബ്ദം 345 ൽ ഉള്ള റോമൻ എമ്പയിറിൽ പെട്ടതായിരുന്നു. ബോർഡറിനോടു അടുത്തായിരുന്നു. Ans. അബ്ഗർ രാജാവ് എന്നൊരാളെ കേട്ടിട്ടുണ്ട്. കർത്താവിന്റെ കാലത്ത് ഉറഹായിലെ ക്രിസ്തുവിനോട് ചേരാത്ത ഒരു രാജാവായിരുന്നു. ക്രിസ്തുവിന്റെ കാലത്ത് ഉറഹാ റോമാ സാമ്രാജ്യത്തിൽപെട്ടിരുന്നോ അതിനു പുറത്തായിരുന്നോ? അക്കാലത്തും അതു റോമാ സാമ്രാജ്യത്തിൽപെട്ടിരിക്കാനേ വഴിയുള്ളു. നിശ്ചയമില്ല ആ രാജാവ് ക്രിസ്തുവിനെ അദ്ദേഹത്തിന്റെ രാജ്യത്തു വന്ന് താമസിക്കാൻ ക്ഷണിച്ചതായി പറയപ്പെടുന്നുണ്ട്. റോമാ സാമ്രാജ്യത്തിൽ അദ്ദേഹത്തിനു കഷ്ടതകൾ ഉള്ളതുകൊണ്ട് തന്റെ രാജ്യത്തു താമസിക്കാമെന്നാണോ അറിയിച്ചത് ? Q ആ എഴുത്ത് കണ്ടാലേ കൃത്യമായി പറയാൻ സാദ്ധ്യമാകയുള്ളു. എന്നാൽ യറുശലേമിൽ യഹൂദന്മാരിൽ നിന്നും അദ്ദേഹത്തിനു വളരെ കഷ്ടപ്പാടുകൾ ഉണ്ടാകുന്നു എന്നും അതുകൊണ്ട് ഇവിടെ വന്നു താമസിച്ചാൽ കൊള്ളാമെന്നുമാണ് പറഞ്ഞിട്ടുള്ളതായി എന്റെ ധാരണ Ans. *Historical Atlas to Bible* Alwaye Union Christian Collage Library ൽ ഉണ്ട്. ഞാൻ കണ്ട് നോക്കിയിട്ടുള്ളതാണ്. അത് ഏതാണ്ടിൽ പബ്ലിഷ് ചെയ്തതാണ്? Q പുസ്തകം കണ്ടിട്ടുണ്ട്. വളരെ പുതിയതാണ്. ആണ്ട് ഓർക്കുന്നില്ല. Ans. അതിൽ പബ്ലിഷ് ചെയ്തിരിക്കുന്നത് ഏതു കാലത്തെ demarcation ആയിട്ടാണ് ? Q അതിൽ എഴുതിയിരിക്കുന്നത് ഓരോ വാക്കും കൃത്യമായി ഓർക്കുന്നില്ലെങ്കിലും 350 മുമ്പുള്ള റോമൻ എമ്പയറിന്റെ അതിർത്തിയാണ് Ans. Between ഏതുകാലം ആണെന്ന് പറയാമോ? Q കൃത്യമായി ഓർക്കുന്നില്ല. ? Q എഡേസാ ആ മാപ്പിൽ ഒരു ഡോട്ടിട്ട് എഴുതിയിട്ടുണ്ട്. പട്ടണമായിട്ടാണൊ രാജ്യമായിട്ടാണൊ എന്ന് ഞാൻ പ്രത്യേകം നോക്കിയിട്ടില്ല. റോമൻ എമ്പയറിന്റെ boundary കത്തായിട്ടാണ് എന്ന് ഓർക്കുന്നു. Roman Empire ന്റെ boundries ന് മാറ്റം ഉണ്ടായിട്ടുണ്ടോ? Q യുദ്ധം ഉണ്ടായിട്ടുണ്ടെങ്കിൽ മാറ്റവും ഉണ്ടായിട്ടുണ്ട്. Ans. 4-ാം നൂറ്റാണ്ട് അവസാനിക്കുന്നതിന് മുമ്പ് പേർസ്യൻ എമ്പയറും റോമൻ എമ്പയറും തമ്മിൽ വഴക്ക് ഉണ്ടായിരുന്നു എന്ന് എനിക്കറിയാം. Witness Sworn again after lunch and cross examination continued ഇരവി കോർത്തൻ ചേപ്പേട് എന്ന് പറയുന്ന പട്ടയം ഏത് കാലത്തു കിട്ടി? Q അതിന്റെ തീയതി എനിക്ക് നിശ്ചയമില്ല. ചേപ്പേട് എന്ന് കേട്ടിട്ടുണ്ട്. Ans. ചരിത്രത്തിൽ അതിന്റെ ഉള്ളടക്കം എന്താണെന്ന് ഓർക്കുന്നില്ല. എ.ഡി. 230-ാം മാണ്ടോടു കൂടിയാണെന്നാണോ പൊതുവായ അഭിപ്രായം? Q നിശ്ചയം പറയാനാവില്ല. Ans. അന്നത്തെ രാജാധികാരി ക്രിസ്ത്യാനികൾക്കു പദവി കൊടുത്തുകൊണ്ടുള്ളതാണോ അത്? Q സിറിയൻ പാത്രിയർക്കീസിനാൽ 345 ൽ അദ്ദേഹത്തിന്റെ കൽപനയോടു കൂടി കുടിയേറിയവർക്ക് അതിന് ശേഷം ഇവിടെ സുറിയാനിക്കാരെന്ന് പേരുണ്ടായിരുന്നു. ആ കുടിയേറ്റക്കാർക്ക് ചേരമാൻ പെരുമാൾ 72 പദവികൾ കൊടുത്തു എന്നുമാണ് ഞാൻ വായിച്ചിട്ടുള്ളത്. Ans. ഇരവികൊർത്തൻ പദവി കൊടുത്തതായിട്ട് എനിക്കറിയില്ല. ഇരവി കൊർത്തൻ ചേപ്പേട് എന്നത് എന്താണെന്ന് മനസ്സിലായിട്ടില്ല. കാരണം അത്

സൂക്ഷിച്ച് പഠിച്ചിട്ടില്ല. എ.ഡി. 300-ാമാണ്ടോടു കൂടി ബസ്രായിലെ മെത്രാപ്പോലീത്ത ആയിരുന്ന ദാവൂദ് മലങ്കരയിൽ വന്നതായി ചരിത്രരേഖകൾ വല്ലതും ഉണ്ടോ? Q ദാവൂദ് മലങ്കരയിലാണോ എന്നോർക്കുന്നില്ല. അങ്ങനെ ഒരു മെത്രാപ്പോലീത്തായെ കുറിച്ച് ചരിത്രത്തിൽ വായിച്ചിട്ടുണ്ട്. Ans. ബസ്രാ ഇപ്പോഴത്തെ ഇറാക്കിലാണ്. അന്ന് എ.ഡി 300 ൽ അതിന്റെ സ്ഥാനം എവിടെയാണെന്നറിഞ്ഞുകൂടാ. മിംഗാന എഴുതിയ *Early Spead of Christianity in India* എന്ന പുസ്തകം ഞാൻ വായിച്ചിട്ടില്ല. Moraes എഴുതിയ *A History of Christanty in India Meldy cott* എഴുതിയ *India and Apostle Thomas* എന്നിങ്ങനെയുള്ള പുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ? Q ഉണ്ടെന്ന് കേട്ടിട്ടുണ്ട്. വായിച്ചിട്ടില്ല. Ans. നിഖ്യാ സുന്നഹദോസിൽ പേർസ്യാ ആന്റ് ഗ്രേറ്റ് ഇൻഡ്യാക്കു വേണ്ടി പേർസ്യായിലെ യൂഹാനോൻ മെത്രാപ്പോലീത്ത സംബന്ധിച്ചതായി ചരിത്രരേഖകൾ വല്ലതും ഉണ്ടോ? ഇ.എം. ഫിലിപ്പിന്റെ പുസ്തകത്തിൽ വായിച്ചിട്ടുണ്ട്. എന്നാൽ നിഖ്യായിൽ സംബന്ധിച്ച 318 പിതാക്കന്മാരുടെയും പേരുകൾ മിഖായേൽ റാബോയുടെ സഭാചരിത്രത്തിൽ ഉണ്ട്. അതിൽ യൂഹാനോൻ പൊർസോയോ (John the Persian എന്ന് മാത്രമാണ് കണ്ടിട്ടുള്ളത്. Ans. പേർസ്യാക്കും ഗ്രേറ്റ് ഇൻഡ്യക്കും വേണ്ടി നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ചിരുന്നതായി പറയുന്ന വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ടോ? Q ഇല്ല. എന്നാൽ ഇ. എം. ഫിലിപ്പിനേക്കാൾ അക്കാര്യത്തിൽ പ്രഖ്യാത ചരിത്രകാരനായ മിഖായേൽ റാബോയെയാണ് ഞാൻ സ്വീകരിക്കുന്നത്. Ans. A.D 345 ൽ പേർസ്യയിൽ ക്രിസ്ത്യാനികൾക്ക് സാഫോർ ദ്വിതീയനിൽ നിന്നു പീഡകൾ ഉണ്ടായിക്കൊണ്ടിരുന്നു എന്ന് ചരിത്രം കൊണ്ട് കാണുന്നുണ്ടോ? Q പേർസ്യയിൽ അക്കാലത്തു പീഡകൾ ഉണ്ടായിരുന്നതായി കാണുന്നുണ്ട്. Ans.Ex B 155 64 - ാം പേജിൽ ഇത് സംബന്ധിച്ചു പറയുന്നുണ്ട്. ആ വിവരങ്ങൾ ശരിയാണോ?Q സാഫോർ ദ്വിതീയന്റെ പീഡനത്തിന്റെ കാലത്തായിരുന്നു സിറിയൻ കുടിയേറ്റം ഉണ്ടായത്. അവിടെ EB 155 ൽ പറഞ്ഞിരിക്കുന്നതിനെ ഞാൻ പൂർണ്ണമായി സമ്മതിക്കുന്നില്ല. കാരണം പേർസ്യായിൽ പീഡനം ഉണ്ടായാൽ സിറിയായിൽ നിന്നല്ല കുടിയേറ്റം ഉണ്ടാകേണ്ടത്. സിറിയൻ കുടിയേറ്റം എന്നല്ലാതെ പേർസ്യർ കുടിയേറ്റം എന്നു ഞാൻ വായിച്ചിട്ടില്ല. Ans. അവരുടെ വരവോടു കൂടിയാണ് സുറിയാനിക്കാരെന്ന പേരുണ്ടായത് എന്നു 65-ാം പേജിൽ പറയുന്നുണ്ട്. Ans.Ex B 155 ൽ പലവിധ ഉപദ്രവങ്ങളാൽ വലഞ്ഞിരുന്ന ക്രിസ്ത്യാനികൾ ശത്രുക്കളിൽ നിന്നും രക്ഷപെടുന്നതിനുള്ള ഈ മാർഗ്ഗത്തെ സന്തോഷപുരസ്സരം സ്വീകരിച്ചു എന്നു പറയുന്നുണ്ട്. അതുകൊണ്ടാണ് ആ ഭാഗത്തോട് ഞാൻ വിയോജിക്കുന്നു എന്നു ബോധിപ്പിച്ചത്. കുടിയേറ്റക്കാർ പേർസ്യയിൽ നിന്നല്ല സിറിയയിൽ നിന്നാണു വന്നത് എന്നു പറയുന്നതിന് എന്താണ് അടിസ്ഥാനം? Q ഒന്നാമത്, സിറിയൻ കോളനൈസേഷൻ എന്നാണ് അതിനെ കുറിച്ച് എല്ലാ ചരിത്രങ്ങളിലും ഞാൻ വായിച്ചിട്ടുള്ളത്. രണ്ടാമത് ഉറഹാ ആ കാലത്ത് അന്ത്യോക്യാ പാത്രിയർക്കീസിന് നേരെ കീഴിലുള്ള ഒരു ഇടവകയായിരുന്നതിനാലും അവിടുത്തെ മെത്രാപ്പോലീത്തായെ പാത്രിയർക്കീസയ

ച്ചതിനാലും ആണ്. Ans. സിറിയൻസ് എന്നു പറഞ്ഞാൽ സുറിയാ നാട്ടിലുള്ളവർ എന്നാണൊ? Q എപ്പോഴും ആ അർത്ഥമല്ല. ഇപ്പോൾ സിറിയൻ എന്ന് ഈ സഭ ഉപയോഗിക്കുന്നത് സുറിയാനി സഭയുടെ പാത്രിയർക്കിസിന്റെ കീഴിലാകയാലും സുറിയാനി സഭയുടെ വിശ്വാസാചാരവും കൈയൊപ്പും ഉള്ളതിനാലും ആണ് Ans. അന്ന് സിറിയാ പേർസ്യാ എന്നു രണ്ടു രാജ്യങ്ങളിലെ ജനങ്ങളും രണ്ടും പാത്രിയർക്കീസിന്റെ കീഴിലായിരുന്നെങ്കിലും മലയാളി ക്രിസ്ത്യാനികളെന്ന് പറയുന്നത് പോലെ സിറിയായിലുള്ളവരെ സിറിയൻ ക്രിസ്ത്യൻസ് എന്നും പേർസ്യായിലുള്ളവരെ പേർസ്യൻ ക്രിസ്ത്യൻസ് എന്നും പറഞ്ഞുവന്നിരുന്നു. Ans. ഈ കുടിയേറ്റത്തിന് പേർസ്യൻ കുടിയേറ്റമെന്ന് ഒരിടത്തും ഞാൻ കണ്ടിട്ടില്ല. കുടിയേറ്റക്കാർ സ്ത്രീകളും കുട്ടികളും കൂടി ഉൾപെട്ട കുറെ കുടുംബങ്ങളായിട്ടാണ് വന്നത് എന്നാണ് അതിനെക്കുറിച്ചുള്ള ചരിത്രം. ഈ കുടിയേറ്റത്തിന് പാത്രിയർക്കിസിന്റെ കൽപനയുണ്ടായിരുന്നു എന്നു ചരിത്രരേഖകളിൽ കണ്ടിട്ടുണ്ടോ? Q *Syrian Colonisation of Malabar* എന്ന ഒരു പുസ്തകം ആ കുടിയേറ്റക്കാരുടെ സന്തതി പരമ്പരയിൽ പെട്ട ആളെന്ന് അഭിമാനിക്കുന്ന ജോസഫ് ചാഴിക്കാട് എഴുതിയിട്ടുള്ള പുസ്തകത്തിൽ അന്ത്യോക്യായുടെ ഒസ്താത്യോസ് പാത്രിയർക്കീസാണ് മോർ യോസപ്പ് മെത്രാനെ അയച്ചത് എന്നെഴുതിയിട്ടുണ്ട്. Ans. അതിനെ അടിസ്ഥാനപ്പെടുത്തിയാണോ സാക്ഷി പറഞ്ഞത് കൽപന ഉണ്ടെന്ന്? Q അതിനെ അടിസ്ഥാനപ്പെടുത്തിയും ഉറഹാ പാത്രിയർക്കീസിന്റെ നേരിട്ട് കീഴിലുള്ള ഇടവകയായിരുന്നതിനാലും ആണ് ഞാൻ ബോധിപ്പിച്ചത്. Ans. എഡേസാ പാത്രിയർക്കിസിന്റെ നേരിട്ടുള്ള ഭരണത്തിൽ കീഴിലായിരുന്നു എന്നുള്ളതിന് എന്താണ് അടിസ്ഥാനം? Q അന്ന് അത് റോമൻ എമ്പയറിൽ ആയിരുന്നു എന്നതു തന്നെ. സഭാചരിത്രങ്ങളിലും ഉണ്ട്. എവിടെയെല്ലാം എന്ന് ഓർക്കുന്നില്ല. ഫോർട്ടസക്യൂവിന്റെ ചരിത്രത്തിലും ഉണ്ട്. Ans ഫോർട്ടസ്ക്യൂവിന്റെ ചരിത്രത്തിൽ പൗരസ്ത്യ കാതോലിക്കായുടെ അനുവാദത്തോടുകൂടി വന്നു എന്നുണ്ടോ? Q നിശ്ചയമില്ല കണ്ടേക്കാം. Ans കാതോലിക്കോസിന്റെ അനുവാദത്തോടുകൂടി വന്നു എന്ന് മറ്റു ചരിത്രങ്ങളിൽ വല്ലതിലും ഉണ്ടോ? Q ഇ.എം. ഫിലിപ്പിന്റെ പുസ്തകത്തിൽ അപ്രകാരം പറയുന്നുണ്ട്. ചില പാട്ടുകളിലും അങ്ങനെ ഉണ്ട്. Ans കുടിയേറ്റക്കാർ ഇവിടെ വരുമ്പോൾ ഇവിടെ പട്ടക്കാർ ഇല്ലെന്നു സാക്ഷി പറഞ്ഞത് ഏതെങ്കിലും രേഖകളുടെ അടിസ്ഥാനത്തിലാണോ? Q അതെ. മലങ്കര സഭാ ചരിത്രം എഴുതിയിട്ടുള്ള മുമ്പ് ഞാൻ ബോധിപ്പിച്ച കുര്യൻ പാതിരി, ഇട്ടൂപ്പ് റയിട്ടർ മുതലായവരുടെ പുസ്തകങ്ങളിൽ മോർ തോമാശ്ലീഹാ പോയ ശേഷം അദ്ദേഹത്തിൽ നിന്നു പട്ടം ഏറ്റ കുടുംബങ്ങളിലെ പട്ടക്കാരുടെ കാലശേഷം ഇടയനില്ലാത്ത ആടുകളെപ്പോലെ ആയെന്നും കൂദാശകൾ അനുഷ്ഠിക്കുവാൻ ആരും ഇല്ലായിരുന്നുയെന്നും മറ്റും എഴുതിയിട്ടുണ്ട്. അതിനും പുറമെ എപ്പിസ്കോപ്പാ ഇല്ലാതെ പട്ടക്കാർ ഉണ്ടാകുവാനും സാദ്ധ്യമല്ലായിരുന്നു. Ans അക്കാലങ്ങളിൽ വേണ്ടിയിരുന്നാൽ അലക്സാന്ത്രിയാ, പേർസ്യാ ഈ സഭകളിൽ നിന്നും സഹായം ലഭിക്കുന്നതിന്

സാദ്ധ്യമല്ലായിരുന്നോ? Q സാദ്ധ്യതകൾ പലതുമുണ്ടായിരുന്നെങ്കിലും അങ്ങനെ സാധിച്ചതായി ഒരു ചരിത്രത്തിലും ഞാൻ വായിച്ചിട്ടില്ല. Ans അക്കാലങ്ങളിലെ ചരിത്രങ്ങൾ വിശദമായി അറിയുന്നതിനുള്ള രേഖകൾ ഇപ്പോൾ ഉണ്ടോ? Q തോമാശ്ലീഹാ കേരളത്തിൽ വന്നു എന്ന് അറിയുന്നതിനു വിശദമായ രേഖകൾ ഇല്ലാത്തതുപോലെ തന്നെ അക്കാലത്തെ കാര്യങ്ങൾ പാരമ്പര്യത്തിൽ നിന്നല്ലാതെ അറിയാൻ സാദ്ധ്യമല്ല. Ans.A.D 522 ൽ കോസ്മോസ് ഇൻഡിക്കോപ്ളിറ്റസ് എന്നൊരു സഞ്ചാരി ഇൻഡ്യയും കേരളത്തിലെ സഭയും സന്ദർശിച്ചിട്ടുണ്ടോ? Q കോസ്മോസ് കേരളത്തിലെ സഭയെ സന്ദർശിച്ചു എന്നു അദ്ദേഹം എഴുതിയിട്ടില്ല. പ്രോബ്രെലയിൻ, മെയിൻ, കല്യാൺ എന്നുള്ള സ്ഥലങ്ങൾക്ക് സിലോൺ മലബാർ കൊല്ലം എന്നെല്ലാം ബ്രാക്കറ്റിൽ വ്യാഖ്യാനം കൊടുത്തുകൊണ്ട് ഇ.എം. ഫിലിപ്പ് എഴുതിയിട്ടുണ്ട്. Ans. കുരുമുളകു വളരുന്ന മെയിൻ എന്നു പറയുന്നത് കേരളത്തെ ഉദ്ദേശിച്ചല്ലേ? Q കേരളത്തിൽ മാത്രമേ കുരുമുളക് ഉള്ളൂ എങ്കിൽ കേരളത്തെ ഉദ്ദേശിച്ചായിരിക്കണം അല്ലെങ്കിൽ കുരുമുളക് വിളയുന്ന മറ്റ സ്ഥലങ്ങളും കാണും. Ans. Ex B 155 പേജ് 73 ൽ കൊടുത്തിരിക്കുന്ന ഉദ്ധരണി കോസ്മോസിന്റെ *യൂനിവേഴ്സൽ ക്രിസ്ത്യൻ ടോപ്പോഗ്രഫി* എന്ന പുസ്തകത്തിൽ നിന്നാണ്. ഇങ്ങനെയുള്ള ഒരു ഭാഗം കോസ്മോസിന്റെ പുസ്തകത്തിൽ ഉള്ളതായി എല്ലാ സഭാചരിത്രകാരും അംഗീകരിക്കുന്നുണ്ടൊ? Q മുമ്പ് ബോധിപ്പിച്ച ബ്രാക്കറ്റില്ലാതെ പല ചരിത്രകാരന്മാരും ഉദ്ധരിച്ചതായി വായിച്ചിട്ടുണ്ട്. Ans. കോസ്മോസ് അലക്സാണ്ട്രിയാ സ്വദേശിയായിരുന്നു. കോസ്മോസ് നെസ്തോറിയനാണെന്ന് ചില ചരിത്രകാരന്മാർ പറയുന്നുണ്ടോ? Q അങ്ങനെ പറയുന്നുവർ ഉണ്ട്. Ans അക്കാലത്ത് ഈജിപ്തിൽ നെസ്തോറിയത്വത്തിന് ശക്തിയില്ലാതിരുന്നതുകൊണ്ട് ഒരുപക്ഷേ അല്ലെന്നും വരാം. Ans.E B 155 ൽ 115-ാം പേജിൽ 7-ാം ശതാബ്ദത്തിൽ അലക്സാണ്ട്രിയായിൽ നിന്ന് ഒരു മെത്രാപ്പോലീത്ത മലങ്കരെ വന്നതായി ചരിത്രരേഖകൾ ഉള്ളതായി പറയുന്നില്ലേ? Q അങ്ങനെ ഇതിൽ പറയുന്നുണ്ട്. അതിന് കാരണമായ കാര്യത്തെക്കുറിച്ച് ഈജിപ്ഷ്യനായ ഒരു ചരിത്രകാരൻ, പേര് ഇന്നു ഞാൻ ഓർക്കുന്നില്ല, നിവേദക സംഘം അന്ത്യോക്യായിൽ എത്തിയപ്പോൾ അവിടെ നിന്നും ആളയക്കാൻ സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതി ആയിരുന്നതുകൊണ്ട് ഈജിപ്തിൽ നിന്ന് മെത്രാനെ വരുത്തിയതായി വായിച്ചിട്ടുണ്ട്. Ans. ഞാൻ ഒരു quotation മാത്രമെ കണ്ടിട്ടുള്ളൂ. പുസ്തകം കണ്ടിട്ടില്ല. സാബോർ ആന്റ് ഫ്രോത്ത് എന്ന് രണ്ട് പരിശുദ്ധന്മാർ മലങ്കരയിൽ പേർസ്യയിൽ നിന്നു വന്നിട്ടുണ്ടോ? Q ഈ പറഞ്ഞ പിതാക്കന്മാർ മലങ്കരയിൽ വന്നിട്ടുണ്ട്. ഏത് സ്ഥലത്തുനിന്നാണ് വന്നതെന്ന് ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല. Ans. 9-ാം നൂറ്റാണ്ടിലാണ് വന്നത്. എ.ഡി. 825 ൽ വന്നതായിട്ടാണ് ചരിത്രം. എവിടെ നിന്നു വന്നവരാണെന്ന് ചരിത്ര പഠനത്തിൽ അറിവായിട്ടുണ്ടോ? Q കൃത്യമായി ഓർക്കുന്നില്ലെന്നു പറഞ്ഞല്ലോ. Ans. പേർസ്യൻ മാതൃകയിലുള്ള കുരിശുകൾ കോട്ടയം വലിയ പള്ളിയിൽ ഉണ്ടോ?Q ഉണ്ട്. പേർസ്യൻ കുരിശുകൾ എന്നു പറയുന്നു. Ans ആ കുരിശുകളിൽ

പേർസ്യയിൽ നിലവിലിരുന്ന പാലവി ഭാഷയിൽ Inscriptions ഉണ്ട്. അതേ സ്വഭാവത്തിലുള്ള ഒരു കുരിശ് സെന്റ് തോമസ് മൗണ്ട് അടുത്തു നിന്നും കണ്ടു കിട്ടിയിട്ടുണ്ട്. ഉറഹായിലെ ജോസഫ് മെത്രാനുശേഷം അന്ത്യോക്യായിൽ നിന്നും മെത്രാപ്പോലീത്തമാർ വന്നിരുന്നു എന്നതിന് സാന്ദർഭികമായ തെളിവുകൾ ഉണ്ടെന്നു പറഞ്ഞ തെളിവുകൾ ഏതാണ്? Q മുമ്പ് 7-ാം നൂറ്റാണ്ടിലെ കാര്യം പറഞ്ഞത് ഒന്ന്. അതായത് അന്ത്യോക്യായിലേക്ക് ആളു ചെന്നു എന്നത്. രണ്ട് ക്ലോഡിയസ് ബുക്കാനൻ എന്ന മിഷനറി ഇവിടെ വന്നപ്പോൾ അന്ന് ഭരിച്ചിരുന്ന (18 ഒ. 19തേ. നൂറ്റാണ്ട്) വലിയ മോർ ദിവന്നാസ്യോസ് അദ്ദേഹത്തിന് സുറിയാനി വേദപുസ്തകം സമ്മാനിച്ചു എന്നും അത് ഇവിടെ കിട്ടിയിട്ട് ആയിരം സംവത്സരത്തോളമായെന്നു അദ്ദേഹം ബുക്കാനനോട് പറഞ്ഞു എന്നും ചരിത്രം ഉണ്ട്. ആ പുസ്തകത്തിൽ പുതിയനിയമ ഭാഗത്ത് ഓരോ പെരുനാളിനും ഉള്ള വായനഭാഗങ്ങൾ പ്രത്യേക തലക്കെട്ടുകൊടുത്ത് എഴുതിയിരിക്കുന്നതിൽ അന്ത്യോക്യാ പാത്രിയർക്കീസ് മോർ സവേറിയോസിന്റെ ഓർമ്മ പെരുനാൾ മുതലായവ ഉണ്ടെന്നും വലിയ മോർ മിഖായേൽ പാത്രിയർക്കീസിന്റെ കാലത്ത് എഴുതപ്പെട്ടതാണെന്നും മറ്റും പറഞ്ഞിട്ടുള്ള സ്ഥിതിക്ക് അത് പത്തോ പതിനൊന്നോ നൂറ്റാണ്ടുകളിൽ ഇവിടെ വന്നതാണെന്നും യാക്കോബായ സഭയിലെ ഉപയോഗത്തിൽ ഇരുന്നതാണെന്നും സ്പഷ്ടമാകുന്നുണ്ട്. ഉദയമ്പേരൂർ സുന്നഹദോസിന്റെ നിശ്ചയങ്ങളിൽ ഇവിടെ ഏകസ്വഭാവ വിശ്വാസികൾ ഉണ്ടായിരുന്നെന്നും നിശ്ചയങ്ങൾ കൽദായയിലേക്കും സുറിയാനിയിലേക്കും ഫാദർ റോസിനെക്കൊണ്ട് തർജ്ജമ ചെയ്യിച്ചെന്നും കൽദായ അല്ലാതെ സുറിയാനി പാശ്ചാത്യ സുറിയാനി (West Syrian) പ്രദേശത്ത് ഉപയോഗിച്ചിരുന്നതിനാലും ഇവിടെ ആ പാശ്ചാത്യ സുറിയാനി ഉപയോഗിക്കുന്ന സഭയുമായി സമ്പർക്കം ഉണ്ടായിരുന്നു എന്നും തെളിയിക്കുന്നുണ്ട്. അതിനും പുറമെ 1653 ൽ വന്ന പാത്രിയർക്കീസിനെ കെട്ടിത്താഴ്ത്തിയ സംഭവത്തെക്കുറിച്ചു പറയുന്ന ഏതൊ ഒരു ചരിത്രത്തിൽ (പേർ ഓർക്കുന്നില്ല) മുമ്പും അവർക്ക് മെത്രാന്മാരെ കിട്ടിവന്നിരുന്ന സ്ഥലത്തു നിന്നും വന്ന ആൾ എന്നെഴുതിയിട്ടുണ്ട്. 1840 ൽ മാവേലിക്കര, പടിയോല ഈ സഭയിലെ മെത്രാനും പട്ടക്കാരും ജനങ്ങളും എഴുതിയിട്ടുള്ളതും അതുപോലെ തന്നെ 1876 ൽ മുളന്തുരുത്തി സുന്നഹദോസിലെ എല്ലാവരും ഒരുപോലെ സമ്മതിച്ച് എഴുതിയിട്ടുള്ളതും അന്ത്യോക്യായിൽ നിന്ന് ആദ്യകാലം മുതൽ ഇവിടെയുള്ള സഭയെ സംരക്ഷിച്ചു വന്നു എന്നും ആണ്. Ans.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First add. District and sessions courtr Ernakulam taken down by me in open court read over to the witness and admitted by him to be correct.

18/7/78 witness sworn again and cross examination continued മോർ സേവേറിയോസ് സഭാ പിതാവ് ഏതു കാലത്ത് ജീവിച്ചിരുന്നു?Q 7-ാം നൂറ്റാണ്ടിൽ

ആയിരിക്കാമെന്നാണ് ഓർമ്മ. Ans അദ്ദേഹം സഭയിലെ അംഗീകരിക്കപ്പെട്ട ഒരു സഭാപിതാവാണ്. ക്ലോഡിയസ് ബുക്കാനൻ കൊടുത്ത പുസ്തകം വലിയ മോർ മിഖായലിന്റെ കാലത്ത് എഴുതിയതാണെന്ന് എവിടെന്നു കാണും? Q Ex B 155 ലൊ മറ്റൊ വായിച്ചതായിട്ടാണ് ഓർമ്മ. Ans. വലിയ മോർ മിഖായൽ എന്നു പറഞ്ഞത് മിഖായേൽ റാബ്ബോയാണ്. അദ്ദേഹം 12-ാം നൂറ്റാണ്ടിൽ 1199 ൽ നിര്യാതനായി എന്നാണ് എന്റെ ഓർമ്മ. പന്തേനോസ് എ.ഡി. 190 ൽ ഇന്ത്യയിൽ വന്നപ്പോൾ അറാമിക് ഭാഷയിൽ എഴുതിയ മത്തായിയുടെ സുവിശേഷം അദ്ദേഹത്തിനു കിട്ടിയതായി ചരിത്രകാരന്മാർ പറയുന്നുണ്ടോ?Q അദ്ദേഹം പോയ ഇൻഡ്യയിൽ അങ്ങനെ ഒരു സുവിശേഷം കണ്ടതായി വായിച്ചിട്ടുണ്ട്. Ans അദ്ദേഹം ഇൻഡ്യയിൽ പോയത് 196 ൽ ആണെന്ന് വായിച്ചിട്ടുണ്ട്. യാക്കോബായക്കാർ എന്ന പേർ എങ്ങനെ ഉണ്ടായി? Q കൽക്കിദോൽ സുന്നഹദോസിനു ശേഷം ഏക സ്വഭാവ വിശ്വാസികളായിരുന്ന ചക്രവർത്തിയുടെയും മറ്റും പീഡനം നിമിത്തം ഏക സ്വഭാവ വിശ്വാസികളായ എല്ലാ മേൽപട്ടക്കാരെയും തടവിലാക്കി അങ്ങനെ കൈവയ്പ്പ് അവസാനിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ പിതാക്കന്മാരിൽ നിന്ന് മേൽപട്ടസ്ഥാനം ഏറ്റ മോർ യാക്കോബ് ബുർദ്ദാന രാജശക്തിയെ ഭയന്ന് ഒളിഞ്ഞും മറ്റുമാണ് പ്രവർത്തനം നടത്തിയത് എങ്കിലും വിവിധ സ്ഥലങ്ങളിലായി ആയിരക്കണക്കിന് പട്ടക്കാരെയും മേൽപട്ടക്കാരെയും വാഴിക്കുകയും അങ്ങനെ സത്യവിശ്വാസത്തെ നിലനിർത്തുകയും ചെയ്തപ്പോൾ രാജപക്ഷക്കാർ ആദ്യകാലത്ത് ക്രിസ്ത്യാനികൾ എന്നെങ്ങനെ ആക്ഷേപ പേരു വിളിച്ചോ ആ രീതിയിൽ യാക്കോബിനെ അനുകരിക്കുന്നവർ യാക്കോബായക്കാർ എന്നു പേരു വിളിക്കുകയും അതിൽ ഒട്ടും ലജ്ജിക്കാതെ തന്നെ ഗ്രിഗോറിയോസ് ബാർ എബ്രായ മുതലായ സുപ്രസിദ്ധരായ എഴുത്തുകാർ അവരുടെ കൃതികളിൽ ഈ ജനതതിയെ സൂചിപ്പിച്ച് യാക്കൂബാ അഥവാ യാക്കോബായക്കാർ എന്നെഴുതിവരുകയും അതിന്റെ വെളിച്ചത്തിൽ ഈ മലയാളദേശത്തും ആ സഭാ വിഭാഗത്തിൽ പെട്ടവരെല്ലാം യാക്കോബായക്കാർ എന്ന് അവരുടെ സഭയുടെ പേർ പറയുകയും ഗവൺമെന്റ് റിക്കാർഡുകളിൽ പോലും ആ പേര് അംഗീകരിക്കയും ചെയ്തിട്ടുള്ളതാകുന്നു. Ans. ഈ യാക്കോബായക്കാരിൽ അലക്സാന്ത്രിയൻ, അബ്സീനിയർ, അർമീനിയൻ സഭകളിൽ പെട്ടവരും പെടുമോ? Q അവരെ എല്ലാവരെയും കൂടി ആദ്യകാലത്ത് ആ പേരു വിളിച്ചിരുന്നു എങ്കിലും അക്കാലത്തോട് അടുത്ത കാലങ്ങളിൽ തന്നെ യാക്കോബായ എന്ന വിശേഷണം അവർ ഉപയോഗിക്കാതെ നീക്കി കളഞ്ഞതായിട്ടാണ് കോപ്ടിക്, അബിസീനിയർ, അർമീനിയൻ എന്നു മാത്രം അവർ ഉപയോഗിച്ചതായിട്ടാണ് ഞാൻ വായിച്ച പുസ്തകങ്ങളിൽ കണ്ടിട്ടുള്ളത്.Ans ആ പുസ്തകങ്ങൾ ഏതാണെന്ന് ഓർമ്മയുണ്ടോ? Q പ്രത്യേകം പേർ ഓർമ്മയില്ലങ്കിലും ഇപ്പോൾ ലഭ്യമാകുന്ന ഏത് പുസ്തകം എടുത്തു വായിച്ചു നോക്കിയാലും അവരുടെ പേരോടുകൂടി യാക്കോബായ ചേർത്തിട്ടില്ലെന്ന് കാണാവുന്നതാണ്. Ans ഓരോദേശത്തും ഉള്ള സഭകളെ അതാതിന്റെ ദേശത്തിന്റെ പേർ ചേർത്തു പറയാറുണ്ടോ? Q അർമീനിയൻ

അബ്സീനിയൻ ചർച്ച് എന്നെല്ലാം പറയുന്നതു പോലെ മലങ്കരയിലെ സഭയെ പറയുവാൻ നിവൃത്തിയില്ല. കാരണം അത് ആകമാന സുറിയാനി സഭയുടെ ഒരു വിഭാഗം മാത്രമാണ്. Ans ഓരോ ദേശത്തിന്റെ പേർ ചേർത്ത് പറയുമോ? Q അവ മറ്റൊന്നിന്റെയും വിഭാഗമല്ലെങ്കിൽ ചിലപ്പോൾ ദേശത്തിന്റെ പേരും ചേർത്തു പറഞ്ഞു എന്നുവരും. Ans അന്ത്യോക്യൻ സഭ എന്ന് ഉപയോഗിക്കാറുണ്ടോ? Q അന്ത്യോക്യൻ സഭ എന്നു പറഞ്ഞാലും സുറിയാനി എന്നു പറഞ്ഞാലും ഒന്നു തന്നെയാകയാൽ അന്ത്യോക്യൻ സഭ എന്നും പ്രയോഗിക്കാവുന്നതാണ്. Ans അന്ത്യോക്യൻ സഭ എന്നു പറയാറുണ്ടോ? Q ചിലർ പറയാറുണ്ട്. Ans അത് അന്ത്യോക്യയിലെ സഭ എന്ന അർത്ഥത്തിലാണോ? Q ഒരിക്കലുമല്ല. അന്ത്യോക്യാ പാത്രിയർക്കീസിനു കീഴ്പെട്ടിരിക്കുന്ന സഭ എന്ന അർത്ഥത്തിലാണ്. റോമൻ സഭ എന്നു പറഞ്ഞാൽ റോമിലെ സഭ മാത്രമല്ലാത്തതുപോലെ തന്നെ. Ans സിറിയായിലെ സഭക്ക് സിറിയൻ സഭ എന്നു പറയാറുണ്ടോ? Q സിറിയൻ സഭ എന്നു പറഞ്ഞാൽ സിറിയായിലെ സഭക്ക് പറയുന്ന പേരല്ല. ലോകത്തിൽ എവിടെയെല്ലാം അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സഭ ഉണ്ടോ. അതിനെല്ലാം കൂടി ഉപയോഗിക്കുന്ന പേരാണ്. Ans ഓർത്തഡോക്സ് സുറിയാനി സഭ എന്നു പറഞ്ഞാൽ ഏതു സഭയാണ്? Q ആ പ്രയോഗം തെറ്റായിട്ടുള്ള ഒന്നാകയാൽ അങ്ങനെ ഒരു സഭയില്ല. സിറിയൻ ഓർത്തഡോക്സ് സഭ എന്നു പറയും അതു ഞാൻ മുമ്പ് പറഞ്ഞ ഭൂവിഭാഗങ്ങൾ എല്ലാം ഉൾപെട്ടതാണ്. Ans ഓർത്തഡോക്സ് സുറിയാനി സഭ എന്നു കേട്ടിട്ടില്ലേ? Q ഞാൻ കാണുകയും വായിക്കുകയും ഞാൻ തന്നെ എഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഞാൻ മുമ്പു ബോധിപ്പിച്ചതു പോലെ അത് സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്ന് വ്യത്യസ്തമായ ഒന്നാണെന്ന് സമർത്ഥിക്കുവാൻ ശ്രമമുണ്ട് എന്നു ഞാൻ അറിഞ്ഞതോടുകൂടി ഞാൻ ആ പ്രയോഗം തുടരുന്നില്ല. Ans സാക്ഷി ഓർത്തഡോക്സ് സുറിയാനി സഭ എന്ന് ഉപയോഗിച്ചിരുന്നത് എന്തർത്ഥത്തിലാണ്.? Q ഞാൻ അതുപയോഗിച്ചത് സൺഡേസ്കൂൾ കാര്യങ്ങളിലാണ്. അതിന് ഭരണഘടന ഉണ്ടാക്കിയപ്പോൾ സിറിയൻ ഓർത്തഡോക്സ് എന്നുവയ്ക്കണം എന്നു ഞാനും മറ്റു ചിലരും ആവശ്യപ്പെട്ടപ്പോൾ ഇതു രണ്ടും ഒന്നുതന്നെയാണ് ഇവിടെ സാധാരണ ഉപയോഗിച്ചു വരുന്ന പേരതാണ് ഇതിനുമാത്രമായ മറ്റൊരു പേര് ഉപയോഗിക്കുന്നത് ശരിയല്ലല്ലോ എന്നുള്ള സ്നേഹപൂർവ്വമായ ആലോചനയുടെ പേരിൽ ആ പേര് സൺഡേസ്കൂൾ റിക്കാർഡുകളിൽ ഉപയോഗിക്കാൻ ഇടയായിട്ടുണ്ട് എന്നതാണ് പരമാർത്ഥം. Ansസാക്ഷി ഉപയോഗിച്ചിരുന്നത് ഏതർത്ഥത്തിലാണ്? അന്നത്തെ Understanding ന്റെ വെളിച്ചത്തിൽ ശരിയായി ഉപയോഗിക്കേണ്ട പേര് സിറിയൻ ഓർത്തഡോക്സ് എന്നാണെങ്കിലും അതിൽ നിന്ന് അർത്ഥവ്യത്യാസം വരുത്തുവാനുള്ള ഉദ്ദേശ്യത്തോടുകൂടി എന്ന് പിന്നീട് മനസ്സിലായ ആ തെറ്റായ പ്രയോഗം ഞാൻ ഉപയോഗിക്കാറില്ല. Ans ഓർത്തഡോക്സ് സുറിയാനി സഭ എന്നു ഉപയോഗിച്ചിരുന്നത് ഏതൊക്കെ സഭയെ ഉദ്ദേശിച്ചാണ്? Q മലങ്കരയിൽ അന്നു ഒരു യഥാർത്ഥ കാതോലിക്കാ ഉണ്ടായി

ുന്നതുകൊണ്ട് ആകമാന സുറിയാനി സഭയുടെ പേരാകുന്ന സിറിയൻ ാർത്തഡോക്സ് എന്നു പറയുന്ന ആ സഭയിലെ ഒരു വിഭാഗത്തെ ഉദ്ദേശിച്ച് തെറ്റായിപ്പറയുന്ന ഒരു പ്രയോഗമായിട്ടാണ് ഞാൻ വിചാരിക്കുന്നത് Ans. uestion repeated ആ പേര് പ്രത്യേക അർത്ഥത്തിൽ ഉപയോഗിച്ചിരുന്നവർ ആ കാതോലിക്കായുടെ ഭരണസീമയിൽ പെട്ട സ്ഥലങ്ങളെ ഉദ്ദേശിച്ചാണ് അവർ ഉപയോഗിച്ചിരുന്നതെന്ന് ആണ് എന്റെ അഭിപ്രായം. ഞാൻ ഉപയോ ഗിച്ചിരുന്നത് ലോകം മുഴുവനും ഉള്ള സഭയെ ഉദ്ദേശിച്ചാണ്. അതായത് സിറി യൻ ഓർത്തഡോക്സ് സഭയെ ഉദ്ദേശിച്ചാണ്. അതിൽ ഒരു വിഭാഗമാണ് മലങ്കര സഭ. Ans അതിലെ വേറൊരു വിഭാഗമാണോ സിറിയായിലുള്ള സഭ? മറ്റേ ഒരു വിഭാഗം എന്ന നിലയിലല്ല. അമേരിക്കയിലും യൂറോപ്പിലും മറ്റു മുള്ള പ്രാദേശിക സഭകളെപ്പോലെ മലങ്കരയിലുള്ള സഭയെപ്പോലെ സിറിയാ യിലുള്ള സഭയെ പരിമിതമായ അർത്ഥത്തിൽ സിറിയായിലെ സഭ എന്നു പറയാം സിറിയൻ ചർച്ച് എന്നു പറയുമ്പോൾ സിറിയൻ പാത്രിയർക്കീസാ കുന്ന അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള ആകമാന സഭയാണ്. Ans യൂറോപ്പിൽ എവിടെയൊക്കെ സാക്ഷി പറയുന്ന ആകമാന സഭയുടെ ഭാഗങ്ങളുണ്ട്.? Qസ്വീഡൻ, വെസ്റ്റ് ജർമ്മനി മുതലായ സ്ഥലങ്ങളിൽ ഉണ്ട്. എല്ലാ സ്ഥലങ്ങളുടെയും പേർ ഇപ്പോൾ ഓർമ്മയില്ല. Ans സ്വീഡനിലും വെസ്റ്റ് ജർമ്മനിയിലും മെത്രാപ്പോലീത്തമാർ ഉണ്ടോ? Q ഈ സ്ഥലങ്ങളിലേക്ക് പലപ്പോഴും മെത്രാപ്പോലീത്തമാർ അയക്കപ്പെടുന്നുണ്ട്. Ans ഇപ്പോഴുണ്ടോ? Q അങ്ങനെ അയക്കപ്പെട്ട ഒരു മെത്രാപ്പോലീത്ത മോർ കുറിലോസ് യാക്കൂബ് ഈ കഴിഞ്ഞ മാസത്തിൽ അവിടെ നിന്നും തിരിച്ചു ഡമസ്കോസിൽ എത്തി യതായും അടുത്തുതന്നെ തിരികെ പോകുന്നതായും വായിച്ചു. Ans അവർക്ക് ഹെഡ്ക്വാർട്ടേസ് ഉണ്ടോ? Q അവരുടെ പ്രവർത്തനങ്ങൾ നടത്തത്തക്കവണ്ണം ആസ്ഥാനങ്ങൾ ഉണ്ട്. Ans ആസ്ഥാനം ഉണ്ട്. സ്ഥാപിച്ചിരിക്കുന്ന സ്ഥല ത്തിന്റെ പേർ അറിഞ്ഞുകൂടാ. അമേരിക്ക, സ്വീഡൻ, വെസ്റ്റ് ജർമ്മനി ഇവിടെ അതാത് നാട്ടിലുള്ളവരോ സിറിയായിലുള്ളവരോ? Q അവരിൽ ഭൂരിഭാഗവും സിറിയ, ലബനോൺ, ഇറാക്ക്, ഇറാൻ, ഇസ്രായേൽ, ജോർഡാൻ, മുതലായ സ്ഥലങ്ങളിൽ നിന്ന് അവിടെപോയി സ്ഥിരതാമസം ആക്കിയിട്ടുള്ളവരും അതിനുപുറമെ ഞാൻ അവരിൽ നിന്നു മനസ്സിലാക്കിയിട്ടുള്ളതുപോലെ ആ സ്ഥലത്തുള്ളവരും സഭാംഗങ്ങളായിരുന്ന സ്ഥലങ്ങളിൽ ഉണ്ട്. അതിനുപുറമെ ഇൻഡ്യയിൽ നിന്നും അമേരിക്കയിൽ പോയി താമസിക്കുന്നവരും അമേരി ക്കയിലുള്ള പ്രാദേശിക സഭയിൽ ഉണ്ട്. Ans ഇപ്പറഞ്ഞതിനു രേഖയുണ്ടോ?Q രേഖ ഇതിനെല്ലാം ആവശ്യപ്പെട്ടാൽ എന്റെ കൈവശം ഇല്ല. Ans. കേട്ടറി വാണോ? Q ഇൻഡ്യയിൽ നിന്ന് ഈ സഭയിൽ പെട്ട ചിലരെല്ലാം അമേരി ക്കയ്ക്കു പോകുന്നതിന്റെ യാത്ര അയപ്പിൽ പോലും ഞാൻ സംബന്ധിച്ചിട്ടുണ്ട്. അവരുടെ എഴുത്തുകളും എനിക്കുണ്ട്. മറ്റു സ്ഥലങ്ങളിലേതു കേട്ടറിവാണ്. Ans മുമ്പ് പറഞ്ഞ സിറിയ, ലബനോൻ, ഇറാക്ക് മുതലായവ അന്ത്യോക്യാ പാത്രിയർക്കീസിന്റെ ഭരണസീമയിൽ പെട്ട സ്ഥലങ്ങളാണോ? Q അവിടങ്ങളിൽ

മാത്രമല്ല. ലോകത്തിൽ എവിടെയെല്ലാം സുറിയാനി സഭ ഉണ്ടോ അതെല്ലാം അന്ത്യോക്യാ പാത്രിയർക്കീസിന്റെ ഭരണത്തിൻ കീഴിൽ ഉള്ളതാണ്. Ans പാത്രിയർക്കീസിന്റെ territorial Jurisdiction ൽ പെട്ടതാണോ? Q പാത്രിയർക്കീസിനു territorial Jurisdiction ഇല്ല. ആഗോളമായുള്ള എല്ലാ സുറിയാനി സഭകളുടെയും Jurisdiction ഉണ്ട്. Ans അമേരിക്ക, സ്വീഡൻ, വെസ്റ്റ് ജർമ്മനി ഇവിടങ്ങളിൽ സഭ ഉണ്ടായത് അടുത്തകാലത്താണോ? Q ഏതാണ്ട് 50 കൊല്ല ത്തോളമെ ആയിട്ടുള്ളൂ. വിശ്വാസികൾ അവിടെ കൂടി ഏറി പാർത്തിട്ട്. അങ്ങനെ കൂടി പാർത്തു തുടങ്ങിയതിനു ശേഷം അവരുടെ ആത്മീയ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ മേൽപട്ടക്കാരെ അയച്ചതു മുതൽ ആ സ്ഥലങ്ങളിൽ പ്രാദേശിക സഭാ വിഭാഗങ്ങൾ ഉണ്ടായി. Ans അങ്ങനെ സഭാവിഭാഗങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് ആ സ്ഥലങ്ങളിൽ പാത്രിയർക്കീസിന്റെ ആ സ്ഥലങ്ങളിൽ പാത്രിയർക്കീസിന്റെ കീഴിലുള്ള സഭയോടു വിശ്വാസ ഐക്യമുള്ള സഭകൾ ഉണ്ടായിരുന്നോ? Q അതിന്റെ കാര്യങ്ങൾ എനിക്കു നിശ്ചയം ഇല്ല. Ansഅലക്സാന്ത്രിയായിൽ പാത്രിയർക്കീസിന്റെ അധികാരസീമയിൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സഭയിൽ ഉൾപെട്ട പള്ളികളൊ സ്ഥാപനങ്ങളൊ സ്ഥാപിക്കാമോ? Q അലക്സാന്ത്രിയൻ പാത്രിയർക്കീസിന്റെ സഭാ ഭരണ സീമയിൽ അന്ത്യോക്യാ പാത്രിയർക്കീസ് പള്ളിവക്കേണ്ട ആവശ്യം ഇല്ല. ചെയ്യുകയുമില്ല. അതുപോലെ തന്നെ അവിടെയുള്ള മറ്റു സമുദായക്കാരുടെ ഭരണത്തിനകത്തു കയറി ഒന്നും ചെയ്യുകയില്ല. എന്നാൽ ഈജിപ്തിൽ സൗകര്യമുള്ള എവിടെയും പള്ളിവയ്ക്കാനുള്ള അവകാശം അന്ത്യോക്യാ പാത്രിയർക്കീസിനുണ്ട്. Ans അങ്ങനെയുള്ള അവകാശം എങ്ങനെ ലഭിച്ചതാണ്?Q ആ അവകാശം ആരും കൊടുക്കേണ്ടതായിട്ടില്ല. ഒരു വ്യക്തിക്ക് ഒരു രാജ്യത്ത് അവിടുത്തെ നിയമമനുസരിച്ച് സ്ഥലം വാങ്ങിക്കാനും സ്ഥാപനങ്ങൾ ഉണ്ടാക്കാനും അവകാശം ഉണ്ട്. Ans സുറിയാനി വിശ്വാസികൾ അലക്സാന്ത്രിയായിൽ ഉണ്ടാകുന്ന പക്ഷം അന്ത്യോക്യാ പാത്രിയർക്കീസിൻ കീഴിലുള്ള പള്ളി അവിടെ സ്ഥാപിക്കാമെന്നാണോ സാക്ഷി പറയുന്നത്. Court questions അതെ. Ans. സുറിയാനി വിശ്വാസം എന്നാൽ സിറിയൻ ചർച്ചിന്റെ വിശ്വാസം എന്നാണ്. പാത്രിയർക്കീസ്മാർ ഒരാളുടെ ജൂറിസ്ഡിക്ഷൻ വിട്ടു മറ്റേയാളുടെ ജൂറിസ്ഡിക്ഷനിൽ ഒന്നും ചെയ്തു പോകരുതെന്ന് സഭാനിയമം ഉണ്ടോ? Q പാത്രിയർക്കീസ്മാർ അങ്ങനെ ചെയ്യരുതെന്ന് സഭാ നിയമമുള്ളതായി എനിക്കറിയില്ല Ans. സഭാ മേലദ്ധ്യക്ഷന്മാരുടെ അധികാര സീമയിൽ അന്യോന്യം പ്രവേശിച്ച് എന്തെങ്കിലും ചെയ്യുന്നത് സംബന്ധിച്ച് സഭാനിയമം ഉണ്ടോ? Q ഒരേ സഭയിലുള്ള എപ്പിസ്കോപ്പന്മാർ പരിധികടന്ന് കുഴപ്പങ്ങൾ ഉണ്ടാക്കരുതെന്ന് കാനോനിൽ വായിച്ചിട്ടുണ്ട്. സഭാ മേലദ്ധ്യക്ഷന്മാരെ ഉദ്ദേശിച്ചല്ല. Ans. ആ നിയമം പാത്രിയർക്കീസന്മാർക്ക് ബാധകമല്ലെന്നാണോ? Q പാത്രിയർക്കീസ് സഭയുടെ വിശ്വാസ സംരക്ഷകനാകയാൽ വിശ്വാസ സംരക്ഷണാർത്ഥം വേണ്ട കാര്യങ്ങൾ ചെയ്യുന്നതിന് പാത്രിയർക്കീസിന് എപ്പോഴും എവിടെയും അധികാരം ഉണ്ട്. Ans. അലക്സാന്ത്രിയാ പാത്രിയർക്കീസിന് അന്ത്യോക്യാ പാത്രിയർക്കീസിന്റെ

അധികാര സീമയിൽ പള്ളികളും സ്ഥാപനങ്ങളും സ്ഥാപിക്കാമോ? Q ഞാൻ മുമ്പു ബോധിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ സഭയിലെ വിശ്വാസികൾ എവിടെ എല്ലാം ഉണ്ടോ ആ സ്ഥലങ്ങളിലെല്ലാം അദ്ദേഹത്തിനുപള്ളിവക്കാം. Ans. അലക്സാന്ത്രിയൻ വിശ്വാസികളുടെ പള്ളി പണിയുന്നതിന് അന്ത്യോക്യാ പാത്രിയർക്കീസിന്റെ അനുവാദം ആവശ്യമില്ല. നിഖ്യാ സുന്നഹദോസിൽ സഭാ മേലദ്ധ്യക്ഷന്മാരുടെ അധികാരസീമയെപ്പറ്റി വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ? Q അധികാര പരിധി നിശ്ചയിക്കുക അല്ലായിരുന്നു. മുമ്പ് പതിവുകൾ പാലിക്കപെടണം എന്നുള്ള വാചകത്തോടുകൂടി മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുള്ളതുപോലെ അതുവരെയും അവർ ഭരണം നടത്തിവന്ന പരിധിയിന്മേലുള്ള പൂർണ്ണാവകാശം നിയമം കൊണ്ട് സ്ഥിരീകരിക്കയാണ് സുന്നഹദോസിൽ ചെയ്തത്. Ans. അങ്ങനെ സ്ഥിരീകരിക്കപ്പെട്ട സീമകളിൽ അന്യോന്യം പ്രവേശിച്ച് പള്ളികളൊ സ്ഥാപനങ്ങളൊ വയ്ക്കാമൊ? Q അന്ന് സഭ ഒന്നായിരുന്നതിനാൽ 451 വരെ അതിന്റെ ആവശ്യമെ ഉണ്ടായിരുന്നില്ല. അവർ ചെയ്യുകയുമില്ലായിരുന്നു. അധികാരം ഉണ്ടായിരുന്നോ? Q സഭ ഒന്നാകയാൽ ആവശ്യമില്ലാത്ത ഒന്നിന് അധികാരം ഉണ്ടായിരുന്നോ എന്നു പറയാൻ എനിക്കറിഞ്ഞുകൂടാ. Ans. അലക്സാന്ത്രിയൻ പാത്രിയർക്കീസിന് അന്ത്യോക്യായുടെ അതിർത്തിക്കകത്തും അന്ത്യോക്യാ പാത്രിയർക്കീസിന് അലക്സാന്ത്രിയക്കകത്തും പള്ളിവയ്ക്കാമെന്ന് പറഞ്ഞത് അവ രണ്ടും വ്യത്യസ്ത സഭകളായതിനാലാണെന്നാണോ? Q അതെ. അവ രണ്ടും വ്യത്യസ്ത സഭകളും വ്യത്യസ്ത കാനോനുകൾ അനുസരിക്കുന്നതും വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങൾ ഉള്ളതും ആക കൊണ്ടാണ് Ans. നാല് വ്യത്യസ്ത സഭകൾ ഉള്ളതിൽ ഒന്നാണ് അലക്സാന്ത്രിയൻ സഭ. ക്രിസ്തുവിന്റെ ഏക സ്വഭാവത്തെ കുറിച്ച് അവർക്ക് യാക്കോബായ സഭയോട് വിശ്വാസസാമ്യം ഉണ്ട്. കൽക്കിദൂന സുനഹദോസിന് മുമ്പ് ഓരോ സ്ഥലത്തും ഉള്ള സഭകൾ തമ്മിൽ ആചാര്യവ്യത്യാസങ്ങൾ ഉണ്ടായിരുന്നോ? Q അന്ന് 325നു മുമ്പ് സഭയുടെ എല്ലാ വിശ്വാസാചാരാനുഷ്ഠാനങ്ങൾക്കും പ്രത്യേക ഏകീകൃതനിയമങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടില്ലാതിരുന്നതിനാലും അന്നത്തെ ആ വാർത്താവിനിമയ സൗകര്യ കുറവുകൊണ്ടും ആചാരത്തിലും മറ്റും അൽപ സ്വൽപ വ്യത്യാസങ്ങൾ ഉണ്ടായിരുന്നിരിക്കാം Ans. വിശ്വാസത്തിലോ? Q പെട്ടെന്ന് കെട്ടടങ്ങിയ ചില വേദവിപരീതമല്ലാതെ ഗൗരവമായ വേദവിപരീതമൊന്നും 325 നു മുമ്പ് വന്നിട്ടില്ലാത്തതുകൊണ്ട് എല്ലാം ഏക വിശ്വാസത്തിൽ നിലനിന്നിരുന്നു. Ans. അത് 451 വരെ അങ്ങനെ നിന്നു. അതിനിടക്ക് വേദവിപരീതം ഉന്നയിച്ചവർ സഭയിൽ നിന്ന് പുറത്താക്കപ്പെട്ടു. പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭ എന്ന സഭ അറിയാമോ? Q ആധുനികമായ കാലത്ത് മലയാളത്തിൽ ചിലർ അങ്ങനെ ഒരു പ്രയോഗം നടത്താറുണ്ടെങ്കിലും കിഴക്കിന്റെ മഫ്രിയാനാ ആയിരുന്ന ബാർ എബ്രായായുടെ സഭാചരിത്രത്തിൽ ഒരിടത്തും കിഴക്കിന്റെ സഭ (ഈത്തോ് മദ്നഹോ) എന്ന് ഉപയോഗിച്ചിട്ടില്ല. നേരെ മറിച്ച് കിഴക്കുള്ളവരുടെ കാര്യം വരുമ്പോൾ മദ്നഹോയേ (പൗരസ്ത്യർ) എന്ന് മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. അതിനും

പുറമെ, ഈ മലങ്കരയിലെ സഭയിൽ ഭരണം നടത്തിയിട്ടുള്ള പൂർവ്വികരായ ആരും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭ എന്ന് എഴുതിയതായിട്ട് ഞാൻ വായിച്ചിട്ടില്ല. Ans. പൗരസ്ത്യർ എന്നു പറഞ്ഞത് ഏതെങ്കിലും ഒരു സ്ഥലത്തുള്ള സഭയെ ഉദ്ദേശിച്ചാണോ? Q പേർസ്യൻ പ്രദേശത്തുള്ളവരെ ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നതാണ്. Ans. റോമാ സാമ്രാജ്യത്തിന്റെ അതിർത്തിക്ക് പുറത്ത കിഴക്കുള്ള സഭ എന്ന് പറഞ്ഞാൽ ശരിയാകുമോ? Q എന്ന് പറഞ്ഞാൽ തെറ്റാണ്. അത് പേർസ്യായിലെ സഭയെ ഉദ്ദേശിച്ചുമാത്രമാണെന്ന് ബാർ എബ്രായായിടെ *എക്സിഷ്യാസ്റ്റിക്കിയിൽ* ആ പൗരസ്ത്യരുടെ പന്ത്രണ്ട് ഇടവകകളെ കുറിച്ച് പറയുന്നതിൽ നിന്നും വ്യക്തമാണ് Ans. റോമാ സാമ്രാജ്യത്തിന്റെ അതിർത്തിക്ക് പുറത്ത് കിഴക്കുള്ള സഭാവിഭാഗങ്ങളെ എങ്ങനെയാണ് അറിയപ്പെട്ടിരുന്നത്? Q സഭാ വിഭാഗങ്ങളെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. എന്നാൽ അന്ത്യോക്യാ പാത്രിയർക്കിസിൻ കീഴിലുള്ള പേർസ്യയിലുള്ള കിഴക്കരെ കിഴക്കർ എന്ന് പറഞ്ഞിരുന്നു. എന്ന് എനിക്കറിയാം. Ans. The great Metropolitan of the East എന്നൊരു സ്ഥാനിയെപ്പറ്റി കേട്ടിട്ടുണ്ടോ? Q കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കാര്യമാണ് നിഖ്യാ നിശ്ചയത്തിൽ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത ഇന്നു മുതൽ കാതോലിക്കാ എന്ന് വിളിക്കപ്പെടണമെന്ന് പറഞ്ഞിരിക്കുന്നത്. Ans. അദ്ദേഹത്തിന്റെ ആസ്ഥാനം എവിടെയായിരുന്നു? Q ആ സ്ഥാനം സോലിഖ് അഥവാ സെലൂഷ്യാടെക്സിഫോൺ എന്ന സ്ഥലത്തായിരുന്നു. Ans. അദ്ദേഹത്തിന്റെ കീഴിലുള്ള സഭയെ കിഴക്കിന്റെ സഭ എന്നറിയപ്പെട്ടിരുന്നുവോ? Q ഒരിക്കലും അറിയപ്പെട്ടിരുന്നതായി ഞാൻ വായിച്ചിട്ടില്ല. അതിനും പുറമെ അന്ന് അത് ഒരു പ്രത്യേക സഭ അല്ല. അന്ത്യോക്യായുടെ കീഴിലുള്ള ചില പ്രദേശങ്ങൾ മാത്രമായിരുന്നു. Ans. Catholicos of the East, of the East എന്നൊക്കെ സാധാരണ ഉപയോഗിച്ചുകൊണ്ടിരിക്കുന്നല്ലേ?Q അതെ. അതാണ് മുമ്പ് ബോധിപ്പിച്ചത് പരിധി നിശ്ചയിച്ച് പൗരസ്ത്യരുടെ മേൽ അന്ത്യോക്യാ പാത്രിയർക്കീസ് വാഴിച്ചാക്കുന്ന ആളിനുള്ള സ്ഥാനനിയമമാണ്. Ans. കിഴക്കിന്റെ കാതോലിക്കാ പ്രധാനമേലദ്ധ്യക്ഷനായുള്ള സഭയ്ക്ക് പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭ എന്ന് പറയാമോ? Q പൗരസ്ത്യ കാതോലിക്ക പ്രധാനമേലദ്ധ്യക്ഷനായി ഒരു സഭയില്ല. ഈ സഭയുടെ പ്രധാനമേലദ്ധ്യക്ഷൻ അന്ത്യോക്യാ പാത്രിയർക്കീസാണ്. Ans. ഈ സഭ എന്ന് പറഞ്ഞതേതാണ്? Q മലങ്കര ഉൾപെടുന്ന ഞാൻ നിൽകുന്ന ആകമാന സുറിയാനി സഭ Ans. കാതോലിക്കോസ് ഓഫ് ദ് ഈസ്റ്റിനുള്ള സ്ഥാനം എന്താണ്? Q അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള ആളും മെത്രാന്മാരുടെ മുകളിലുള്ള ആളും എന്ന് വാദികളുടെ കാനോന്റെ മുഖവുരയിൽ പറഞ്ഞിട്ടുണ്ടെന്ന് ഞാൻ അറിയുന്നതാകുന്നു. ചില ഇംഗ്ലീഷ് പുസ്തകങ്ങളിൽ പാത്രിയർക്കീസിന്റെ പ്രതിനിധി deputy Vakil എന്നും മറ്റും ഞാൻ വായിച്ചിട്ടുണ്ട്. അദ്ദേഹം പാത്രിയർക്കീസിന് കീഴിൽ നിന്നുകൊണ്ട് പാത്രിയർക്കീസ് അദ്ദേഹത്തിന് അനുവദിച്ച് കൊടുത്തിട്ടുള്ള അധികാരപരിധിയിൽ പാത്രിയർക്കീസുമായി സമ്പർക്കം പുലർത്തികൊണ്ട് മെത്രാന്മാരെ വാഴിക്കുകയും

അത്യാവശ്യമെങ്കിൽ മൂറോൻ കൂദാശ ചെയ്യുകയും ചെയ്യാവുന്ന ഒരു ആത്മീയ മേലദ്ധ്യക്ഷനാണ്. Ans. ഓരോ സമയത്തും പ്രത്യേക അധികാരസീമ കാതോലിക്കോസിന് നിർണ്ണയിച്ചുകൊടുക്കുന്നതാണോ? Q Accepted ആയിട്ടുള്ള അധികാരപരിധി ഇല്ല. ഓരോ കാലത്തും ആവശ്യാനുസരണം പരിധി നിശ്ച യിക്കയും സ്ഥാനം തന്നെ നിർത്തലാക്കുകയും പാത്രിയർക്കീസിന് ചെയ്യാവുന്ന താണ്. 19-ാം നൂറ്റാണ്ടിന്റെ അപരാർദ്ധത്തിൽ ആ സ്ഥാനം നിന്നു പോയെന്നും ആ ഇടവകകൾ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൽ ലയിച്ചു പോയെന്നും ഈ കേസിലെ 2-ാം വാദി എവിടെയൊ മൊഴി കൊടുത്തതാ യിട്ട് ഞാൻ വായിച്ചിട്ടുണ്ട്. പിന്നീട് ആവശ്യം വരുമ്പോൾ നിശ്ചയിക്കുന്നതാ യിരിക്കും പരിധി. Ans. അങ്ങനെ പറയുന്നതിന് വല്ല അടിസ്ഥാനവും ഉണ്ടോ? Q കാതോലിക്കാ സ്ഥാനത്തിന്റെ അധികാരപരിധി അന്നത്തെ പേർസ്യൻ എമ്പയർ ആയിരുന്നെന്ന് എല്ലാ ചരിത്രരേഖകളിലും കാണാം. മഫ്രിയാന സ്ഥാനം 7-ാം നൂറ്റാണ്ടിൽ അത്താനാസ്യോസ് ഗാമോലൊ പാത്രിയർക്കീസ് മാറുത്തായെ വാഴിച്ചപ്പോൾ അതിന് ടെഗ്രീസിന്റെ ഇടവകകൾ എന്ന് പറഞ്ഞ് അധികാരപരിധി നിശ്ചയിച്ചതായി മോർ മിഖായേൽ റാബോ പറയുന്നുണ്ട്. മുമ്പുണ്ടായിരുന്ന ഇടവകകളോട് വേറെ ഒരു ഇടവകയും കൂടി പാത്രിയർക്കീസ് ഒരു മഫ്രിയാനാക്ക് കൊടുത്തതായി ബാർ എബ്രായായുടെ ചരിത്രത്തിലും ഉണ്ട്. അതിനാൽ ആണ് ക്ലിപ്തപരിധി പറയാൻ നിവൃത്തിയില്ലെന്ന് നേരത്തേ ബോധിപ്പിച്ചത് Ans. പേർസ്യൻ കുരിശുകളുടെ കാര്യം പറഞ്ഞല്ലൊ. അതിന്റെ കാലം ഏത് നൂറ്റാണ്ടുകളിലെയായിട്ടാണ് നിർണ്ണയിച്ചിട്ടുള്ളത്? Q സെന്റ് തോമസ് മൗണ്ടിൽ കണ്ടെടുത്തത് 1547 ൽ ആണ്. ഡോ. ബർണൽ എന്ന ശാസ്ത്രജ്ഞൻ പറയുന്നതായി EB 155 ൽ ഇ.എം. ഫിലിപ്പ് പറയുന്നത്. ആദ്യത്തെ രണ്ട് ലിഖിതങ്ങളും 7-ാമത്തെയോ എട്ടാമത്തെയോ ശതാബ്ദ ത്തിലും മൂന്നാമത്തേത് 10-ാം ശതാബ്ദത്തിലും നിർമിക്കപ്പെട്ടവയാണ് എന്നത്രെ. Ans. ആ അഭിപ്രായം ശരിയാണോ? Q ഞാൻ അതിനെക്കുറിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. Ans. മലങ്കരയിൽ എന്നുവരെ നെസ്തോറിയൻ ഭരണം ഉണ്ടായിരുന്നു? Q സ്പഷ്ടമായ രേഖയുള്ളത് 1490 മുതൽ 1599 വരെ യാണ്. അതിന് മുമ്പും അവർ മദ്രാസ് പ്രദേശങ്ങളിലും ഇൻഡ്യയുടെ പല ഭാഗത്തും ഒരു പക്ഷേ കേരളത്തിലും ചൈനാ വരെയും വ്യാപിച്ചിരുന്നു എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. Ans. മേൽപറഞ്ഞ കാലഘട്ടത്തിൽ തുടർച്ചയായി നെസ്തോറിയൻ മെത്രാപ്പോലീത്തമാർ ഭരിച്ചിരുന്നോ? Q ഭരണം തുടർച്ചയാണോ എന്നറിഞ്ഞുകൂടാ. എന്നാൽ ഇവിടെയുള്ള വിശ്വാസികൾക്ക് അന്ന് വിശ്വാസ കാര്യങ്ങളെക്കുറിച്ച് വലിയ അറിവില്ലാതിരുന്നതിനാൽ അന്ത്യോക്യായിൽ നിന്നുവന്ന പിതാക്കന്മാരാണെന്നും അവർ വിശ്വസിച്ചി രുന്നു എന്നതിന് 15-ാം നൂറ്റാണ്ടിൽ *Voyage of Joseph the Indian* എന്ന ഒരു പുസ്തകത്തിൽ അയാൾ റോമാ പാപ്പായെ സന്ദർശിച്ചു എന്നും നിങ്ങളെ ആരാണ് ഭരിക്കുന്നത് എന്നും ചോദിച്ചപ്പോൾ ആദ്യം ക്രിസ്ത്യാനികളെന്ന് പേര് വിളിക്കപ്പെട്ട അന്ത്യോക്യായിലെ പത്രോസിന്റെ പിൻഗാമികളാണ്

ഞങ്ങളെ ഭരിക്കുന്നതെന്ന് പറഞ്ഞതന്നും പല പുസ്തകങ്ങളിലും പ്രത്യേകിച്ച് Ex B 155 ലും പറഞ്ഞിട്ടുണ്ട്. Ans. *Voyages of Joseph the India* എന്ന പുസ്തകം ഞാൻ വായിച്ചിട്ടില്ല. Ex B 155 ൽ നിന്നാണ് അക്കാര്യം ഞാൻ മനസ്സിലാക്കിയത്. 1440 മുതൽ 1599 വരെ ഇവിടേക്ക് മെത്രാപ്പോലീത്തമാരെ അയച്ചിരുന്നത് ആരാണ്? Q നെസ്തോറിയൻ കാതോലിക്കാ ആണ്. Ans. അദ്ദേഹത്തിനെ ബാഗ്ദാദിലെ കാതോലിക്ക എന്ന് പറയുമോ? Q ഈ മെത്രാന്മാരെ അയച്ചു എന്ന് പറയുന്ന കാലത്ത് പറയുകയില്ല. അന്ന് അവരുടെ ആസ്ഥാനത്തിന്റെ പേര് ഞാൻ ശരിക്ക് ഓർക്കുന്നില്ല. Ans. ബാബിലോൺ പാത്രിയർക്കീസ് എന്നറിയപ്പെട്ടിരിരുന്നത് ആരാണ്? Q നെസ്തോറിയാ വിശ്വാസം സ്വീകരിച്ച നെസ്തോറിയൻ കാതോലിക്കായാണ് ബാബിലോൺ പാത്രിയർക്കീസ് എന്ന പേർ സ്വയം സ്വീകരിച്ചത്. Ans. ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങളിൽ ബാഗ്ദാദിലെ കാതോലിക്കായുടെ കാര്യം പറയുന്നുണ്ടോ? Q ഇപ്പോൾ ഓർമ്മയിൽ വരുന്നില്ല. Ans. ഉദയംപേരൂർ സുന്നഹദോസിലെ നിശ്ചയങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. ആ നിശ്ചയങ്ങളിൽ എവിടെ എങ്കിലും അന്ത്യോക്യാ പാത്രിയർക്കീസിനെ പറ്റിയൊ അദ്ദേഹത്തിന്റെ സഭയെപ്പറ്റിയൊ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? Q The question is objected on the ground that the document is not produced and contents cannot be asked. Also on the ground that it is irrelevant. The counsel answers by saying that the local sabha has always been under the patriacn of Antioch has been stated by the witness in chief and the question is relevant. It is further submitted that the witness and not say about contents of the document but need only state his opinion as he has investigated the matter relating to history according to him the question whether the sabha * has been always under the patriarch of antioch is relevant and the witness need not answer about the contents of the document need state his personal knowledge if any about the same. വ്യക്തമായിട്ടല്ലെങ്കിലും വ്യംഗ്യമായി പറഞ്ഞിട്ടുണ്ട് എന്നാണ് എന്റെ ഓർമ്മ അതിനും പുറമെ അന്ന് നിലവിലിരുന്നത് നെസ്തോറിയ വിശ്വാസവും ഭരണകർത്താക്കളുമായിരുന്നു. അതുകൊണ്ടാണ് അവരുടെ കാര്യത്തിൽ പ്രാധാന്യം കൊടുത്തത്. മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ നെസ്തോറിയരുടെ സുറിയാനി കൽദായ ആയിരുന്നു. ഫാ. റോസിനെ കൽദായയിലേക്കും സുറിയാനിയിലേക്കും പുസ്തകങ്ങളും മറ്റും തർജ്ജമ ചെയ്യുവാൻ ഏർപ്പാടു ചെയ്തതിൽ നിന്ന് തന്നെ നെസ്തോറിയൻ സുറിയാനിയോടൊപ്പം അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ ഉപയോഗിക്കുന്ന പാശ്ചാത്യ സുറിയാനിയും ഇവിടെ ഉണ്ടായിരുന്നു എന്ന് കാണുന്നതുകൊണ്ടാണ് വ്യംഗ്യമായി എന്ന് ഞാൻ ബോധിപ്പിച്ചത്. Ans. അങ്ങനെ രണ്ട് സുറിയാനിയിലേക്കും തർജ്ജമ ചെയ്തിരുന്നു എന്ന് കാണാൻ ചരിത്രരേഖ ഏതാണ്? Q പെട്ടെന്ന് പറയാൻ നിവൃത്തിയില്ല. അത്യാവശ്യമെങ്കിൽ നോക്കിപ്പറയാം Ans.EB 156 പേജ് 110 ൽ ബാഗ്ദാദ് പാത്രിയർക്കീസ് എന്നു പറയുന്നതാരാണ്? Q ആ

ആളിനെ ആണ് ബാബിലോൺ പാത്രിയർക്കീസ് എന്ന് മുമ്പ് പറഞ്ഞത്
Ans. Stopped for the day.

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District & Sessions court Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 18-7-78

19-7-78 witness sworn again and cross examination Continued.

Ex B 155 പേജ് 105 ൽ പള്ളി ശുശ്രൂഷയിൽ കൽദായ ഭാഷ ഉപയോഗിക്കുന്നതിനു മാത്രം ഉദയംപേരൂർ സുന്നഹദോസിൽ അനുവദിച്ചതായി പറയുന്നില്ലേ? കൽദായ സുറിയാനി ഭാഷ ഉപയോഗിക്കുന്നതിന് അനുവദിച്ചു എന്നാണ് പറയുന്നത്. Ans. ആ വിവരം ശരിയാണോ? Q അന്ന്ഏകദേശം നൂറുകൊല്ലത്തോളം മിക്കവരും നെസ്തോറിയ രീതിയിൽ നെസ്തോറിയ സുറിയാനിയിൽ പരിചയിച്ച് വന്നവരായിരുന്നതുകൊണ്ട് തനി റോമൻ രീതിയിലുള്ള ലത്തീന് പകരം കൽദായ സുറിയാനി ഉപയോഗിക്കാൻ അനുവദിച്ചു എന്ന് പറയുന്നത് ശരിയാണ്. Ans. Ex B 156 പേജ് 111 ൽ അവസാനം അതുവരെ സുറിയാനിക്കാരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തെപ്പറ്റി പറയുന്നുണ്ടോ? Q അതിൽ പറയുന്നത് അദ്ദേഹത്തിന്റെ അഭിപ്രായം മാത്രമാണ് പറഞ്ഞിരിക്കുന്നത്. ലോകത്തിലുള്ള കാതോലിക്ക (കത്തോലിക്കാ) സഭ ഒക്കെക്കും പാപ്പാതലയെന്ന് നടിക്കുന്നത് ശരിയല്ലെന്നും ശേഷം ശ്ലീഹന്മാരെപ്പോലെ അല്ലാതെ മോർ തോമാ ശ്ലീഹാക്കും മോർ പത്രോസ് ശ്ലീഹായ്ക്കും അധിക മുഷ്കരത്വം ഇല്ലെന്ന് സുറിയാനിക്കാർ ഇതുവരെ വിചാരിച്ചിരിക്കുന്നത് തെറ്റെന്നും സുന്നഹദോസിൽ സാധിച്ചു എന്നാണ് സുറിയാനിക്കാരുടെ വിശ്വാസമായി പറയുന്നതിന് ആധാരമായി പ്രത്യേകിച്ചൊന്നും പറയാത്ത സ്ഥിതിക്കും അതിനുകുറെ വർഷങ്ങൾ മുമ്പ് ജോസഫ് ദി ഇൻഡ്യൻ പാപ്പായോട് അറിയിച്ചതിൽ നിന്നും അന്ന് പത്രോസിന്റെ പിൻഗാമിയായ പാത്രിയർക്കീസിനെ കുറിച്ചുള്ള അഭിപ്രായം എന്തെന്ന് ചരിത്രവസ്തുതയായി സ്പഷ്ടമായി തെളിഞ്ഞിരിക്കുന്ന സ്ഥിതിക്കും പത്രോസിനെക്കുറിച്ച് മലയാളത്തുക്കാർക്ക് ഇങ്ങനെ ഒരു അഭിപ്രായം രൂപീകരിക്കുവാൻ ന്യായമില്ലായിരുന്നു. Ans. അവിടെ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം തോമാശ്ലീഹാക്കും പത്രോസ്ശ്ലീഹാക്കും മറ്റു ശ്ലീഹന്മാരെപ്പോലെ അല്ലാതെ കൂടുതൽ അധികാരമൊ പ്രാമാണ്യമൊ ഇല്ലെന്ന് സുറിയാനിക്കാർ വിശ്വസിച്ചുവന്നിരുന്നു എന്നല്ലേ? Q എന്ന് അതിന് അർത്ഥമില്ല മുമ്പ് ബോധിപ്പിച്ചതുപോലെ ഇത് അവിടുത്തെ ഒരു നിശ്ചയമല്ല. ചരിത്രമെഴുതിയ ആളിന്റെ അഭിപ്രായമാണ്. അന്നത്തെ ജനത്തിന് തോമാശ്ലീഹാ വഴിയായി ക്രിസ്തുമാർഗ്ഗം ലഭിച്ചു എന്ന പാരമ്പര്യ വിശ്വാസം കൊണ്ട് തോമാശ്ലീഹായോടും ശ്ലീഹന്മാരുടെ തലവനെന്ന സ്ഥിതിക്ക് പത്രോസിനോടും ബഹുമാനമുള്ളതായിട്ടാണ് അതുകൊണ്ട്

അർത്ഥമാകുന്നത്. ശ്ലീഹന്മാരുടെ സമത്വത്തെക്കുറിച്ചുള്ള ഒരു അംഗീകൃത രേഖ അല്ല അത്. Ans. അധികം മുഷ്ക്കരത്വമില്ലെന്ന് പറഞ്ഞതുകൊണ്ട് എന്താണ് അർത്ഥമാകുന്നത? Q അധികം ശക്തി എന്നാണ് എനിക്ക് തോന്നുന്നത്. Ans. മുഷ്കരത്വം എന്ന വാക്കിന് പ്രാമാണ്യം അല്ലെങ്കിൽ authority എന്നർത്ഥമുണ്ടോ? Q മുഷ്ക് എന്നതിന് ശക്തി എന്ന് സാധാരണ കേട്ടിട്ടുള്ളതല്ലാതെ കൂടുതൽ പറയണമെങ്കിൽ നിഘണ്ടു നോക്കിയേപറ്റൂ. Ans. മുഷ്കരത്വം എന്നൊരു വാക്ക് മലയാളത്തിൽ ഉപയോഗത്തിൽ ഇരുന്നതാണോ? Q ഉപയോഗത്തിൽ ഇരുന്നതുകൊണ്ടാണ് ഈ പുസ്തകത്തിൽ ആ വാക്ക് ഉപയോഗിച്ചു കാണുന്നത്. Ans. മുഷ്ക് എന്ന വാക്കിൽ നിന്നാണൊ മുഷ്കരത്വം എന്നവാക്ക് ഉത്ഭവിച്ചത്? Q അതിന്റെ ഉൽപത്തി എനിക്ക് നിശ്ചയമില്ല. അറിയാവുന്നത് പറഞ്ഞു. Ans. ഇട്ടൂപ്പ് റയിട്ടർക്ക് സഭാചരിത്രത്തെപ്പറ്റിയും സഭാ വിശ്വാസത്തെപ്പറ്റിയും അറിവുണ്ടായിരുന്ന ആളാണോ? Q അദ്ദേഹത്തിന്റെ കഴിവനുസരിച്ചുള്ള അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. Ans. ആധികാരികമായി ആശ്രയിക്കുന്നുവെന്നതാണോ അദ്ദേഹത്തിന്റെ സഭാചരിത്രം? Q സഭാചരിത്രമെന്നല്ല ഒരു ചരിത്രവും അവയിലെ പ്രത്യക്ഷ തെളിവുകളോടുകൂടിയുള്ള സമർത്ഥനങ്ങളെ അല്ലാതെ അവയിലെ ഓരോ വാചകവും ആധികാരികമാകണമെന്നില്ല. Ans. 14-ാം ശതാബ്ദത്തിൽ മലബാറിലെ ക്രിസ്ത്യാനികളുടെ അപേക്ഷപ്രകാരം അലക്സാന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസ് ഒരു മെത്രാപ്പോലീത്തയെ ഇങ്ങോട്ട് അയച്ചോ? Q അയച്ചു എന്ന് Ex B 155 പേജ് 138 ൽ പറയുന്നുണ്ട്. Ans. ആ വിവരം ശരിയാണോ? Q ലാകിൻ എന്ന ഗ്രന്ഥകാരന് എവിടെ നിന്നോ കിട്ടിയ അറിവ് എന്നല്ലാതെ കൂടുതൽ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Ans. 130 ൽ കൊടുങ്ങല്ലൂർ വച്ച് എഴുതിയതായിട്ടുള്ള സിറിയക് കോഡെക്സ് 22 എന്നറിയപ്പെടുന്ന പ്രമാണത്തെപ്പറ്റി സാക്ഷിക്കു ചരിത്ര പഠനത്തിൽ നിന്നറിവായിട്ടുണ്ടോ? Q ഈ കോഡെക്സ് ടെന്റിടു എന്താണെന്നോ അത് എവിടെ സൂക്ഷിച്ചരിക്കുന്നു എന്നോ അത് അധികൃതമായ ഒരു രേഖ ആണെന്നോ എന്റെ പഠനത്തിൽ നോക്കേണ്ട ആവശ്യം വന്നിട്ടില്ല. Ans. അങ്ങനെ രേഖയെപ്പറ്റി മനസ്സിലായിട്ടുണ്ടോ? Q അതിന്റെ കാര്യവും ഉണ്ടായിട്ടില്ല. Ans.സാക്ഷി ചരിത്രം എഴുതുമ്പോൾ ഈ രേഖയെ പരാമർശിച്ചിട്ടുണ്ടോ? Q ഇല്ലെന്നാണ് എന്റെ ഓർമ്മ Ans.റാക്കാട്ട് പള്ളിയിലുള്ള ഒരു ലിഖിതത്തെപ്പറ്റി അറിയാമോ? Q റാക്കാട്ട് പള്ളിയിൽ പല ലിഖിതങ്ങളും കണ്ടേക്കാം. അവയിൽ ഏതിനെ കുറിച്ചാണെന്ന് ചോദിച്ചാൽ എനിക്കതിനെകുറിച്ചുള്ള അറിവ് പറയാം. Ans. മോർ തോമായുടെ സിംഹാസനത്തിൽ വാഴുന്ന യൂയാക്കിം മോർ കൂറിലോസിന്റെ കാലത്ത് ഊഹറായകാരൻ അബ്ദ് നൂഹറോ എന്ന ഗ്രിഗോറിയോസ് ആ പള്ളിയിൽ എത്തിയതായി ഉള്ള ഒരു ലിഖിതത്തെപ്പറ്റി അറിയാമൊ ? Q അങ്ങനെ ഒരു ലിഖിതം അവിടെ ഉണ്ടെന്ന് കേട്ടിട്ടുണ്ട്. Ans. അതേപ്പറ്റി ചരിത്രരേഖകളിലോ പുസ്തകങ്ങളിലോ വായിച്ചിട്ടുണ്ടോ? Q എവിടെയോ വായിച്ചിട്ടുണ്ട്. Ans. അതിൽ പറയുന്ന യുയാക്കിം കൂറിലോസ് ആരാണെന്നറിയാമൊ? Q

അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധി ആയിരുന്നു. Ans. അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധി ഒരിക്കലും മോർ തോമാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ഇരിക്കുന്നുയെന്നു പറയുകയാകട്ടെ അദ്ദേഹത്തിന്റെ ഏതെങ്കിലും രേഖയിൽ ആ നിരർത്ഥകമായ വിശേഷണം ഉപയോഗിക്കുകയൊ ചെയ്തിട്ടില്ലാത്തതുകൊണ്ടും പാത്രിയർക്കാസിംഹാസനത്തോട് തുല്യമായ ഒന്നാണ് ഉണ്ടെന്ന് പറയപ്പെടുന്ന മോർ തോമാ സിംഹാസനം എന്ന് അദ്ദേഹം വിചാരിക്കുക പോലും ചെയ്വാൻ ന്യായമില്ലാത്തതും ആകയാൽ മേൽപടി ലിഖിതം അദ്ദേഹം എഴുതിയിട്ടുള്ളതില്ലാത്തതിനാലും മോർതോമാ ശ്ലീഹായുടെ ഇടവകയിലെ ഒരാത്മീയ മേലദ്ധ്യക്ഷൻ എന്ന അർത്ഥത്തിൽ മാത്രമാണ് അത് എഴുതിയ ആൾ എഴുതിയിട്ടുള്ളത്. മുമ്പ് ബോധിപ്പിച്ച മോർ ദിവന്നാസ്യോസ് അഞ്ചാമനെപ്പറ്റി ഇ.എം. ഫിലിപ്പ് ഈ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഫിലിപ്പ് ആരെ ഉദ്ദേശിച്ച് എഴുതിയൊ ആ ദീവന്നാസ്യോസ് അഞ്ചാമൻ തന്റെ ഒരു രേഖയിലും ഈ വിശേഷണം ഉപയോഗിച്ചിട്ടില്ലാത്തതും അദ്ദേഹത്തിന്റെ പിന്നാലെ വന്ന വട്ടശേരിൽ തിരുമേനിയും ഈ വിശേഷണം ഉപയോഗിച്ചിട്ടില്ലാത്തതുമാകുന്നു. Ans. ദീവന്നാസ്യോസ് തിരുമേനിയും വട്ടശേരിൽ തിരുമേനിയും എഴുതിയിട്ടുള്ള രേഖകളെല്ലാം സാക്ഷി പരിശോധിച്ചിട്ടുണ്ടോ? Q എല്ലാ രേഖകളും പരിശോധിക്കാൻ ഇടയായിട്ടില്ല. അങ്ങനെയുള്ള ഒറ്റ രേഖ ആരെങ്കിലും എന്നെ കാണിക്കുന്ന പക്ഷം എന്റെ പ്രസ്താവന ക്ഷമാപണപൂർവ്വം ഞാൻ പിൻവലിച്ചു കൊള്ളാം. Ans. ലിഖിതത്തിൽ പറയുന്ന യൂയാക്കിം മോർ കൂറിലോസിന് ചേപ്പാട്ട് ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം ഒഴിഞ്ഞു കൊടുത്തിരുന്നോ? Q മോർ മാത്യൂസ് അത്തനാസ്യോസുമായിട്ടുള്ള പോരാട്ടത്തിൽ വല്ല പ്രയോജനവും ഉണ്ടാകുമെന്നുള്ള വിശ്വാസത്തിൽ അൽപകാലം ആ പേരിൽ അദ്ദേഹം (യൂയാക്കിം മോർ കൂറിലോസ്) കഴിഞ്ഞിരുന്നു എന്ന് അറിയുന്നു. Ans. മലങ്കര മെത്രാപ്പോലീത്ത സ്ഥാനം ചേപ്പാട്ട് ദിവന്നാസ്യോസ് ഒഴിഞ്ഞു കൊടുത്തോ? Q ഒഴിഞ്ഞു കൊടുത്തു എന്നാണ് അറിവ്. Ans.അബ്ദേദ് നുഹറോ എന്ന ഗ്രിഗോറിയോസ് വന്ന അവസരത്തിൽ യൂയാക്കിം മോർ കുറിലോസ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം അവകാശപ്പെട്ടിരുന്നോ? Q എന്നാണ് എന്റെ ഓർമ്മ. Ans. ആ ലിഖിതം കൊണ്ട് അങ്ങനെ അറിയുന്നത് എന്ന് സാക്ഷി പറഞ്ഞു എന്നു ഞാൻ പറയുന്നു, അതു ശരിയോ? Q ഞാൻ അങ്ങനെ പറഞ്ഞില്ല. ആ ലിഖിതം കൊണ്ട് എന്നുവരെ പറഞ്ഞു ഉടൻ തന്നെ അല്ല എന്നു പറഞ്ഞു. മുമ്പ് ഉത്തരം ബോധിപ്പിച്ചു. Ans. ആ ലിഖിതത്തിൽ ചരിത്രരേഖകളിലും മറ്റും കണ്ടിട്ടുണ്ടെന്നു പറഞ്ഞല്ലോ അതിൽ മോർ തോമാശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന യൂയാക്കിം മോർ കൂറീലോസിന്റെ നാളുകളിൽ മിശിഹാ കാലം 1857 ൽ വലിയ നോമ്പിന്റെ മദ്ധ്യമമായ മീനമാസം 13-ാം നു 5-ാം പാത്രിയാർക്കീസായ ഉറഹായക്കാരൻ അബ്ദേദ്നുഹറൊ എന്ന ഗ്രിഗോറിയോസ് ഈ പള്ളിയിൽ എത്തി എന്നാണോ രേഖപ്പെടുത്തിയിരിക്കുന്നതായി മനസ്സിലായത്? ഞാൻ ആ രേഖ കണ്ടിട്ടില്ല. ഇങ്ങനെ ഒരു രേഖ ഉണ്ടെന്ന്

കേട്ടിട്ടുണ്ട്. അതിലെ ഓരോ വാക്കും വാചകവും എനിക്ക് ഓർമ്മയില്ല. Ans. അതേപ്പറ്റി വായിച്ചിട്ടുണ്ടെന്ന് പറഞ്ഞല്ലോ. അപ്പോൾ ആ ലിഖിതം എന്താണെന്ന് മനസ്സിലാക്കിയോ? Q ചില ലഘുലേഖകളിലോ മറ്റോ ആണ് ഞാൻ വായിച്ചിട്ടുള്ളത്. അങ്ങനെ ഒരു ലിഖിതം ഉണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. Ans. Contents മനസ്സിലാക്കിയിട്ടുണ്ടോ? Q ആ ലിഖിതത്തെപ്പറ്റി എഴുതിയിരുന്നത് ഞാൻ വായിച്ചത് മനസ്സിലാക്കിയിട്ടുണ്ട്. Ans. എന്താ മനസ്സിലാക്കിയത്? Q മുമ്പ് പറഞ്ഞ ആ വാചകമാണെങ്കിൽ അതിലുള്ള കാര്യങ്ങൾ തന്നെയാണ് മനസ്സിലാക്കിയത്. Ans.13-ാം നൂറ്റാണ്ടിൽ മോണ്ടികാർവിനായിലെ യോഹന്നാൻ എന്നൊരു കത്തോലിക്കാ മിഷനറി മലങ്കരയിൽ വന്നതായി ചരിത്രരേഖകളിൽ വല്ലതും കണ്ടിട്ടുണ്ടോ? Q മലങ്കര എന്ന പേരിലല്ല കൊല്ലത്ത് അദ്ദേഹം വന്ന് താമസിച്ചതായി വായിച്ചിട്ടുണ്ട്. Ans. 14-ാം നൂറ്റാണ്ടിലെ ജോർദാനസ് എന്ന മറ്റൊരു കത്തോലിക്കാ മിഷനറി വന്നതായി വായിച്ചിട്ടുണ്ട്. മാർ ഗ്രിഗോറിയോസ് എന്ന ജറൂസലമിലെ മെത്രാപ്പോലീത്ത വന്നതെന്നാണ്? Q 1665 ൽ പാത്രിയർക്കീസിനാൽ അദ്ദേഹം അയയ്ക്കപ്പെട്ടു. Ans. അദ്ദേഹം വരുന്നതിന് മുമ്പായി അന്ത്യോക്യാ പാത്രിയർക്കീസിന്റെ നിർദ്ദേശാനുസരണമൊ അല്ലാതെയൊ ഏതെങ്കിലും മെത്രാപ്പോലീത്ത മലങ്കരയിൽ വന്നതായി എന്തെങ്കിലും ചരിത്രരേഖ ഉണ്ടോ? Q നേരത്തെ ഞാൻ ബോധിപ്പിച്ചു. ഉദയംപേരൂർ സുന്നഹദോസിൽ വച്ച് എല്ലാ പുരാതനരേഖകളും തന്നെ ആർച്ച്ബിഷപ്പ് മെനസിസൊ അദ്ദേഹത്തിന്റെ പിൻഗാമികളോ നശിപ്പിച്ചു എന്നും തന്മൂലം അതുവരെയുള്ള കാര്യങ്ങളുടെ അധികൃതമായ ഏതെങ്കിലും രേഖകൾ എനിക്കെന്നല്ലാ മറ്റാർക്കും കാണുവാൻ സാധിക്കാത്തതാണ്. എന്നാൽ മുമ്പ് ബോധിപ്പിച്ചതുപോലെ സന്ദർഭികമായ തെളിവുകൾകൊണ്ട് അന്ത്യോക്യാ പാത്രിയർക്കീസിന്റെ ഇവിടെയുള്ള മേൽക്കോയ്മയെ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ജോൺ ഓഫ് മോണ്ട്രികാർവിനോ, ജോർജ്ദാസ് എന്നിവരുടെ വരവിനെക്കുറിച്ച് അക്കാലത്തല്ല പിൽക്കാലത്തുള്ള പോർട്ടുഗീസ് ചരിത്രകാരന്മാർ എഴുതിയിട്ടുള്ളതിൽ നിന്നാണ് ഇ.എം. ഫിലിപ്പും മറ്റും ഇങ്ങനെയുള്ളവരുടെ കാര്യം പറഞ്ഞിരിക്കുന്നത് Ans. മെത്രാപ്പോലീത്താമാരല്ലാത്തവർ വല്ലവരും അന്ത്യോക്യാ പാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരമൊ മറ്റോ മേൽപറഞ്ഞ കാലത്ത് വന്നതായിട്ട് വല്ല ചരിത്രരേഖകളും ഉണ്ടോ? Q ഞാൻ ബോധിപ്പിച്ചതുപോലെ ഈ രേഖകൾ നഷ്ടപ്പെട്ടു. ആദ്യനൂറ്റാണ്ടുകളിൽ അന്ത്യോക്യായിൽ നിന്ന് അഥവാ അദ്ദേഹത്തിന്റെ അനുവാദാനുസരണം ആരെങ്കിലും ഇങ്ങോട്ട് ഏതെങ്കിലും മേലദ്ധ്യക്ഷന്മാരെ അയച്ചിട്ടില്ലെങ്കിൽ മോർ തോമാ ശ്ലീഹാ ക്രിസ്ത്യാനികളാക്കി എന്ന് ആരെങ്കിലും പറയുന്നു എങ്കിൽ യാക്കോബായ അഥവാ ഓർത്തോഡോക്സ് എന്ന പേരിൽ ഒരു സഭ 1665 മുതൽ മാത്രമാണ് ആരംഭിച്ചതെന്നും അതിന്റെ സ്ഥാപകൻ അന്ത്യോക്യാ പാത്രിയർക്കീസാണെന്നും സ്പഷ്ടമായി തെളിയുന്നതാണ്. Ans ഉദയം പേരൂർ സുന്നഹദോസിനുശേഷം എത്രനാൾ റോമൻ കാതോലിക്കാ സഭയുടെ ഭരണത്തിൽ കീഴിൽ ഇരുന്നു? Q 1653 വരെ അവരുടെ ഭരണത്തിൽ

ഇരിക്കേണ്ടിവന്നു. Ans. അക്കാലത്ത് അലക്സാന്ത്രിയാ ബാബിലോൺ മുത ലായ പാത്രിയർക്കീസ്മാർക്ക് മലങ്കര സഭയിൽ നിന്നും ബിഷപ്പിനെ അയച്ചു കിട്ടുന്നതിന് എഴുതിയിട്ടുണ്ടോ? Q മലങ്കര സഭ എന്നൊരു സഭ അന്നില്ലായി രുന്നു. റോമാ ഭരണത്തിൽ നിന്നും പിരിഞ്ഞവർ ഇപ്പറഞ്ഞ മൂന്ന് സ്ഥലങ്ങ ളിലേക്ക് എഴുത്തുകൾ അയച്ചതായും മുമ്പ് പതിവനുസരിച്ച് കുറെക്കാല ത്തേക്ക് സൗകര്യമില്ലാതിരുന്നതുകൊണ്ട് മെത്രാന്മാരെ മലങ്കരയിലേക്ക് അയക്കുവാൻ സാധിക്കാതിരുന്ന അന്ത്യോക്യാ പാത്രിയർക്കീസ് മലങ്കരയിലെ ജനങ്ങൾ അവരുടെ പൂർവ്വ വിശ്വാസത്തിലേക്ക് വളരെയേറെ പീഡകൾ സഹിച്ചതിനുശേഷം തിരികെ വന്നതിൽ സന്തുഷ്ടനായി 1665 ൽ മേലദ്ധ്യ ക്ഷനെ അയക്കുകയും ചെയ്തു. Ans. കൂനംകുരിശുസത്യത്തിനുശേഷവും മലങ്കരയിൽ നിന്നും മെത്രാപ്പോലീത്തയെ അയച്ചു തരണമെന്നു പലസ്ഥല ത്തേക്കും എഴുതിയിട്ടുണ്ടോ? Q അവർ പിരിഞ്ഞതിനുശേഷം എഴുത്തയച്ചു എന്നാണ് പറഞ്ഞത്. Ans. അഹത്തള്ളാ എന്ന ആള് ഏതായിരുന്നു എന്ന തിനെപ്പറ്റി ചരിത്രകാരന്മാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടോ? Q അതി നെക്കുറിച്ച് ചരിത്രകാരന്മാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും മലങ്കരയിലെ യാക്കോബായ വിശ്വസികൾ അവരുടെ ഒരു പാത്രിയർക്കീസായി അദ്ദേഹത്തെ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ പെരുനാൾ കഴിക്കുകയും അവരുടെ പടിയോലയിൽ പോലും എഴുതിവയ്ക്കുകയും ചെയ്തിട്ടുണ്ട്. Ans. തുമ്പമൺ പള്ളിയിലെ പെരുനാൾ എന്തിന്റെ ഓർമ്മക്കായി നടത്തുന്നതാണ്? Q മകരം മൂന്നാം തീയതി മരിച്ച ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെതാണ് എന്ന് മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. മകരം മൂന്നാം തീയതി ആണ് അഹ ത്തള്ളാ എന്നു പറയപ്പെടുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മരിച്ചതായി പറയപ്പെടുന്നത്. അതിൽ നിന്നും അദ്ദേഹത്തിന്റെ ഓർമ്മയാണ് അവിടെ കഴിക്കുന്നതെന്ന് പ്രത്യേക രേഖകളൊന്നും കണ്ടിട്ടില്ലെങ്കിലും ഞാൻ വിശ്വ സിക്കുന്നു. Ans.സാക്ഷി ആ പള്ളിയിൽ ടി പെരുനാളുകളിൽ സംബന്ധിച്ചി ട്ടുണ്ടോ? അടുത്ത രണ്ടു കൊല്ലം മുമ്പുവരെ പെരുനാൾ നടന്നതായിട്ടറിയാം. ഞാൻ സംബന്ധിച്ചിട്ടില്ല. Ans. എന്നു മുതൽ ആ പെരുനാൾ നടന്നു വന്നു എന്നറിയാമോ? കൃത്യമായിട്ടറിയാൻ പാടില്ലങ്കിലും തുമ്പമൺ പള്ളി വളരെ പുരാതനമായ ഒരു പള്ളിയാകയാൽ 1654 മകരം മുതൽ തന്നെ അവിടെ പെരുന്നാൾ തുടങ്ങിക്കാണുമെന്നാണ് എന്റെ ന്യായമായ വിശ്വാസം. Ans. തുമ്പമൺ പള്ളി എന്ന് വച്ചതാണ് എന്നറിയാമോ? Q വച്ച തീയതി ആ പള്ളി സംബന്ധമായ ഏതോ ഒരു പാട്ടിൽ വായിച്ചിട്ടുണ്ടെങ്കിലും ഓർമ്മയില്ല. ഉദയം പേരൂർ സുന്നഹദോസ് കാലത്ത് ആ പള്ളി ഉണ്ടായിരുന്നു. Ans അങ്ങനെ ഉണ്ടായിരുന്നു എന്ന് കാണിക്കാൻ രേഖ ഉണ്ടോ? Q സുന്നഹദോസിന്റെ ഒരു ചരിത്രം എഴുതിയ ഗോവയ എന്ന് കാത്തോലിക്കൻ അന്നത്തെ പള്ളികളുടെ ലിസ്റ്റ് തന്റെ കൃതിയിൽ കൊടുത്തിട്ടുണ്ട് എന്ന് മറ്റ് ചില പുസ്തകങ്ങളിൽ വായിച്ചപ്പോൾ ഉള്ള അറിവാണ്. Ans ആ ലിസ്റ്റ് സാക്ഷി കണ്ടിട്ടുണ്ടോ? ആ ലിസ്റ്റ് എവിടെയോ പകർത്തി എഴുതിയിരിക്കുന്നത് ആണ് ഞാൻ കണ്ടത്.

എവിടെ എന്നോർക്കുന്നില്ല. Ans *സഭാചന്ദ്രിക* മാസികയുടെ പ്രവർത്തനത്തിൽ എന്നു മുതൽ സാക്ഷി ഏർപ്പെട്ടിരുന്നു? Q കൃത്യമായി ഓർക്കുന്നില്ലെങ്കിലും 1948 നു ശേഷം ഞാൻ അതിൽ ഉൾപ്പെട്ടിരുന്നു എന്നു തോന്നുന്നു. Ans ആ മാസികയിൽ അന്ത്യോക്യാ പാത്രിയർക്കീസന്മാരുടെ ഒരു ലിസ്റ്റ് 1948 ൽ പ്രസിദ്ധീകരിച്ചിരുന്നോ? Q ഞാൻ എഡിറ്ററാകുന്നതിനു മുമ്പ് ഉള്ള ഒരു സമയമാകയാൽ എനിക്ക് അതിനെ കുറിച്ച് നിശ്ചയം പറയാനാവില്ല. Ans പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് മുമ്പും *സഭാചന്ദ്രിക* വായിക്കാറുണ്ടായിരുന്നു. മുമ്പ് പറഞ്ഞ ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നതായി ഓർക്കുന്നുണ്ടോ? Q ലിസ്റ്റിന്റെ കാര്യം ഇപ്പോൾ ഞാൻ ഓർക്കുന്നില്ല. Ans അന്ത്യോക്യാ പാത്രിയർക്കീസന്മാരുടെ ഏതെങ്കിലും ലിസ്റ്റിൽ അഹത്തുള്ള പാത്രിയർക്കീസിന്റെ പേര് ഉള്ളതായി കണ്ടിട്ടുണ്ടോ? Q അഹത്തുള്ളാ എന്നു വിളിക്കപ്പെടുന്ന അദ്ദേഹത്തിന് ഈസാലാഹ മുതലായ വേറെ ചില പേരുകൾ ഉണ്ടെന്ന് വായിച്ചിട്ടുണ്ട്. പാത്രിയർക്കീസന്മാരുടെ ലിസ്റ്റ് ഇപ്പോൾ എനിക്ക് ഓർമ്മയില്ലാത്തതിനാൽ ഈ പേരിൽ ഒരാൾ അതിലുണ്ടോ എന്നോ ഇല്ലാ എന്നോ പറയുവാൻ എനിക്ക് സാദ്ധ്യമല്ല. Ans ഈസാലാഹ എന്ന പേര് ഏത് പുസ്തകത്തിൽ വായിച്ചു എന്ന് ഇപ്പോൾ ഓർക്കുന്നില്ല. 1640 മുതൽ 1659 വരെ ശെമവൂൻ എന്നൊരാളായിരുന്നോ പാത്രിയർക്കീസ്? Q നിശ്ചയമില്ല. Ans മോർ തോമാ ഒന്നാമനെ ആദ്യം വാഴിച്ചത് എന്നാണ്? Q ആദ്യം വാഴിക്കലും പിന്നെ വാഴിക്കലും ഇല്ല. തോമാ അർക്കദിയാക്കോനെ 1665 ൽ വന്ന മോർ ഗ്രിഗോറിയോസ് വാഴിച്ചു Ans 1665 നു മുമ്പ് അദ്ദേഹം മെത്രാപ്പോലീത്ത ആയി അറിയപ്പെട്ടിരുന്നോ? Q ആരും വാഴിക്കാതെ മെത്രാപ്പോലീത്ത ആവുക എന്നുള്ളത് കേട്ടിട്ടുള്ള കാര്യം അല്ല. കൂനൻ കുരിശ് സത്യത്തിനുശേഷം പിരിഞ്ഞ ആളുകളിൽ 12 പട്ടക്കാർ അദ്ദേഹത്തിന്റെ തലയിൽ കൈവച്ച് മെത്രാൻ എന്നു പേരു വിളിച്ച് നടന്നുവന്നിരുന്നതായി ചരിത്രങ്ങളിൽ വായിച്ചിട്ടുണ്ട്. അത്യാവശ്യത്തിന്റെ പേരിൽ അനധികൃതമായി ചെയ്തു പോയ തെറ്റിനെ തിരുത്താനാണ് പാത്രിയർക്കീസ് ബാവായിൽ നിന്ന് അദ്ദേഹത്തിന്റെ പ്രതിനിധിയായി മോർ ഗ്രിഗോറിയോസ് വരുവാൻ അവർ അപേക്ഷിച്ചത് Ans കൂനൻ കുരിശു സത്യത്തിന്റെ കാര്യത്തിൽ നേതൃത്വം വഹിച്ചവരിൽ ഒരാളാണോ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ? Q നേതൃത്വം വഹിച്ച നാലു പേരിൽ അദ്ദേഹം ഒരാളായിരുന്നു. Ans അദ്ദേഹം കല്ലിശ്ശേരി പള്ളി ഇടവകക്കാരനും ക്നാനായക്കാരനും ആയിരുന്നു. തോമാ അർക്കദിയാക്കോനെ സഹായിപ്പാൻ നിയമിച്ച നാലു പേരിൽ ഒരാളായിരുന്നു അദ്ദേഹം. 12 പട്ടക്കാർ കൈവച്ച സമയത്താണോ അവരെ നിയമിച്ചത്? Q നിയമിച്ച സമയം എനിക്കറിയില്ല. Ans. 2-ാം മോർ തോമായുടെ കാലത്ത് അന്ത്രയോസ് മെത്രാൻ അല്ലെങ്കിൽ അന്ത്രയോസ് പാത്രിയർക്കീസ് എന്നറിയപ്പെടുന്ന ഒരു മെത്രാൻ മലങ്കരയിൽ വന്നിരുന്നോ? Q 1665 ൽ വന്ന ഗ്രിഗോറിയോസിനാൽ തന്നെ വാഴിക്കപ്പെട്ട മോർ തോമാ രണ്ടാമന്റെ കാലത്താണോ അന്ത്രയോസ് എന്ന് പേരുള്ള സ്ഥാനി വന്നതെന്ന് ഞാൻ ശരിക്ക് ഓർക്കുന്നില്ല. Ans. Ex B 155 പേജ് 161 ൽ അദ്ദേഹ

ത്തിന്റെ കാലത്ത് വന്നതായി പറഞ്ഞു കാണുന്നു. അദ്ദേഹം എവിടുന്നു വന്നതാണെന്നറിഞ്ഞുകൂടാ. ഒരു വിദേശി എന്നതിൽ കൂടുതൽ അറിയുന്നില്ല. അന്ത്യോക്യാ പാത്രിയർക്കീസ് അയച്ചതാണെന്ന് ചരിത്രത്തിൽ കാണുന്നില്ല. പിന്നീട് മോർ ബസേലിയോസ് മോർ ഈവാനിയോസ് ഇങ്ങനെ രണ്ടു മേൽപട്ട ക്കാർ മലങ്കരയിൽ വന്നോ? Q പാത്രിയർക്കീസിനാൽ അയക്കപ്പെട്ടവരായി മേൽപറഞ്ഞ രണ്ടു പേർ വന്നു. Ans മോർ ബസേലിയോസ് ആരായിരുന്നു. അദ്ദേഹം മഫ്രിയാനാ ആയിരുന്നു. Ans അദ്ദേഹം കബർ അടങ്ങിയിരിക്കു ന്നത് കോതമംഗലം ചെറിയ പള്ളിയിലാണ്. അദ്ദേഹത്തിന്റെ നാമത്തിൽ അവിടെ പെരുനാൾ ആഘോഷിക്കുന്നുണ്ട്. മോർ ഇവാനിയോസ് എവിടുത്തെ മെത്രാപ്പോലീത്ത ആയിരുന്നു? Q അദ്ദേഹം പോന്നപ്പോൾ എവിടുത്തെ മെത്രാ പ്പോലീത്ത ആണെന്നറിഞ്ഞു കൂടാ. Ans 4-ാം മോർ തോമായുടെ ഭരണ കാലത്ത് ഗബ്രിയേൽ എന്ന് പേരായ ഒരു നെസ്തോറിയൻ മെത്രാൻ കേരള ത്തിൽ വന്നിട്ടുണ്ട്. Ans അദ്ദേഹത്തെ ഏതാനും പേർ സ്വീകരിച്ചോ? Q അദ്ദേ ഹത്തെ സ്വീകരിച്ചവരിൽ ഒരു പ്രധാനി അപ്പനുമല്ല ചിറ്റപ്പനുമല്ല, ഇപ്പോഴത്തെ കാര്യത്തിനു ഇയാളെക്കൊള്ളാം എന്നു പറഞ്ഞ് അദ്ദേഹത്തോടുകൂടി ചില രെല്ലാം സ്വന്ത കാര്യസാദ്ധ്യത്തിനായി ചേർന്നതായിട്ട് Ex B 155 ൽ പറയുന്നുണ്ട്. Ans. ഗബ്രിയേൽ മെത്രാൻ കോട്ടയം ചെറിയപള്ളിയിലാണോ കബറടങ്ങി യത്? Q അദ്ദേഹത്തിന്റെ നെസ്തോറിയ വിശ്വാസം ചിലപ്പോഴെല്ലാം തള്ളിപ്പ റയുകയും പിന്നീടും ആ രീതിയിൽ പോവുകയും ചെയ്തിരുന്നതായി പറയ പ്പെടുന്ന അദ്ദേഹത്തെ കോട്ടയം ചെറിയപള്ളിയിൽ സംസ്ക്കരിച്ചതായി വായിച്ചിട്ടുണ്ട്. Ans. മോർ തോമാ 5-ാമനെ മോർ തോമാ 4-ാമൻ വാഴിച്ചതല്ലേ? മോർ തോമാ 4-ാമൻ മേൽപട്ടക്കാരെ അയയ്ക്കുവാൻ പാത്രിയർക്കീസിന് ഒരു ശെമ്മാശൻ വഴി അപേക്ഷ അയച്ചെങ്കിലും അവർ വരാൻ വൈകിയതുകൊണ്ട് 4-ാമൻ 5-ാമനെ വാഴിച്ചു. Ans. മാർ തോമാ 5-ാമൻ കാലം ചെയ്യുന്നതുവരെ മെത്രാപ്പോലീത്ത ആയി ഭരിച്ചിരുന്നോ? Q അദ്ദേഹം അപ്രകാരം വിശ്വസിച്ചി രുന്നെങ്കിലും അദ്ദേഹത്തിന് യഥാർത്ഥ മേൽപട്ടസ്ഥാനം നൽകുന്നതിനും പാത്രിയർക്കീസിന്റെ സ്താത്തിക്കോൻ ഏൽപിക്കുന്നതിനും അധികാരപ്പെ ടുത്തി പാത്രിയർക്കീസ് മേൽപട്ടക്കാരെ അയച്ചിരുന്നു. Ans. മെത്രാപ്പോലീത്ത ആയി ഭരണം നടത്തിയിരുന്നോ എന്നാണ് ചോദ്യം? Q പാത്രിയർക്കീസി നാൽ അയക്കപ്പെട്ടവരുടെ യാത്രയുടെ കപ്പൽ കൂലി സംബന്ധിച്ച് ഉണ്ടായ ചില പ്രയാസങ്ങളുടെ പേരിൽ അവരുമായി ശരിയായ ഒരു യോജിപ്പോടു കൂടെ ഭരിച്ചുകൊണ്ടു പോകുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല ഈ പ്രവൃത്തിയിൽ അസംതൃപ്തരായ പലരും അവരുടെ പള്ളികളിലേക്ക് ഈ മേൽപട്ടക്കാരെ സ്വീകരിച്ചിരുന്നതായി ചരിത്രത്തിൽ വായിച്ചിരുന്നതിന്റെ വെളിച്ചത്തിൽ മലങ്കര യിലെ സഭയെ മുഴുവനുമായി ഭരിച്ചിരുന്നവോ എന്ന് തീർത്ത് പറയുവാൻ എനിക്ക് സാദ്ധ്യമല്ല. Ans. അദ്ദേഹത്തിന്റെ കാലത്ത് വേറെ ആരെങ്കിലും മലങ്കര മെത്രാപ്പോലീത്ത എന്ന സ്ഥാനത്തേക്കുണ്ടായിരുന്നോ? Q മലങ്കര മെത്രാ പ്പോലീത്ത എന്ന പേരിൽ അന്നൊരു സ്ഥാനിയുള്ളതായിട്ട് എനിക്കറിഞ്ഞുകൂടാ

Ans. പാത്രിയർക്കീസ് അയച്ചിട്ടുവന്നവർ ആരൊക്കെയാണ്? Q പാത്രിയർക്കീസ് വാഴിച്ചയച്ച ആലപ്പാക്കാരൻ ശക്രുള്ളാ ബസേലിയോസ് മഫ്രിയാനായും ഒരു മോർ ഈവാനിയോസും മോർ ഗ്രിഗോറിയോസും ആണെന്നാണ് എന്റെ ഓർമ്മ. Ans. അവർ വരുന്നതിന് മുമ്പ് പാത്രിയർക്കീസയച്ച ഇവാനിയോസ് എന്ന മെത്രാപ്പോലീത്താ അഞ്ചാം മോർ തോമായുടെ കാലത്ത് ഇവിടെ അദേഹത്തെ ഇവിടുത്തെ സഭ സ്വീകരിക്കാതെ മടക്കി അയച്ചോ? എന്ന് ഞാൻ ഒരിടത്തും വായിച്ചിട്ടില്ല. അദ്ദേഹം പല പള്ളികളും സന്ദർശിച്ചു. പല കാര്യങ്ങളും ചെയ്തു എന്നാണ് ചരിത്രത്തിൽ വായിച്ചിട്ടുള്ളത്. അദ്ദേഹം തിരികെ സ്വദേശത്തേക്ക് മടങ്ങിപ്പോയി. Ans. അദ്ദേഹം എന്ത് കാര്യങ്ങൾ ചെയ്തു? Q ചെയ്ത കാര്യങ്ങൾ ഓർക്കുന്നില്ല. Ans. അദ്ദേഹത്തിന്റെ അധികാരം എന്തെങ്കിലും മോർ തോമാ അഞ്ചാമൻ സമ്മതിച്ചോ? Q അദ്ദേഹം ഇവിടെ അധികാരം നടത്താൻ വന്ന ആളല്ലായിരുന്നു. Ans. എന്തിന് വന്നു? Q മാർതോമാ 4-ാമന്റെ അപേക്ഷാനുസരണം പാത്രിയർക്കീസ് അയച്ചുകൊടുത്ത മേലദ്ധ്യക്ഷമാരെ മാർതോമാ 4-ാമൻ വേണ്ട പോലെ ബഹുമാനിക്കാതെ ഇരുന്ന ആ വിഷയത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അയച്ച ആള് മാത്രമായിരുന്നു. Ans. അങ്ങനെ ഏതെങ്കിലും ചരിത്രത്തിലൊ രേഖകളിലൊ ഉണ്ടോ? Q റിപ്പോർട്ട് സമർപ്പിക്കാൻ എന്നുള്ള വാക്കില്ലെങ്കിലും അങ്ങനെയുള്ള ഒരു കാര്യത്തിനാണ് വന്നത് എന്ന Ex B 155 ൽ ഉണ്ടെന്നാണ് ഓർമ്മ. Ans മോർ തോമാ അഞ്ചാമൻ വീണ്ടും ശക്രുള്ള കാതോലിക്കായിൽ നിന്നും പട്ടം ഏൽക്കണമെന്ന് അവർ ആവശ്യപ്പെട്ടോ? ശക്രുള്ളാ കാതോലിക്കാ അല്ലായിരുന്നു. മഫ്രിയാനാ ആയിരുന്നു. ഒരു മെത്രാൻ തനിച്ച് വേറൊരു മെത്രാനെ വാഴിക്കാൻ പാടില്ല എന്നുള്ള കാനോൻ നിയമനുസരിച്ച് വാഴിക്കപ്പെട്ടയാൾക്ക് മേൽപട്ടസ്ഥാനം ലഭിച്ചിട്ടില്ലാതിരുന്നതിനാൽ വീണ്ടും പട്ടം ഏൽക്കാനല്ലാ മേൽപട്ടസ്ഥാനം ഏൽക്കാനാണ് അവർ ആവശ്യപ്പെട്ടത്. കാരണം ഈ അഞ്ചാമൻ വാഴിച്ചു എന്നു പറയുന്നു. 6-ാം മോർ തോമാ സ്വയം ആ വന്ന മേൽപട്ടക്കാരിൽ അപ്പോൾ ജീവിച്ചിരിക്കുന്നവരുടെ അടുക്കൽ ചെല്ലുകയും അവർ അദ്ദേഹത്തെ മെത്രാപ്പോലീത്ത ആയി വാഴിക്കുവാൻ നിന്നു കൊടുക്കുകയും അവർ അദ്ദേഹത്തെ ദീവന്നാസ്യോസ് ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്ത ആയി വാഴിക്കയും ചെയ്തിട്ടുണ്ട്. Ans മോർ തോമാ അഞ്ചാമനോട് ആവശ്യപ്പെട്ട പ്രകാരം മോർ തോമാ അഞ്ചാമൻ അവരോട് മേൽപട്ടസ്ഥാനം ഏൽക്കുക ഉണ്ടായോ? Q മുമ്പ് ബോധിപ്പിച്ചതുപോലെ മോർ തോമാ അഞ്ചാമന് അവരോട് നീരസമായിരുന്നതിനാൽ പോയുമില്ല. വാഴ്ച ഏറ്റതുമില്ല. Ans അവരോട് നീരസത്തിന് എന്ത് കാരണം? Q കപ്പൽ കൂലി സംബന്ധിച്ചാണ് Ans. Ex B 155 ൽ കപ്പൽ കൂലി സംബന്ധിച്ച ഒരു ഫുട്ട് നോട്ട് ഉണ്ട്. അതിൽ പറയുന്നതാണ് കാരണം എന്നാണ് എന്റെ അറിവ് Ans. Stopped for the day

മൊഴിവാഴിച്ചു കേട്ടു. ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Sessions court Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 19-7-78

20-7-78 Witness sworn again and cross examination continued:-

Ex B 23- 54-ാം പേജിൽ 2-ാം പാരായിൽ മോർ തോമാ ആറാമനെപ്പറ്റി പറയുന്ന വിവരങ്ങൾ ശരിയാണോ? Q അതിൽ Even at the very outset there was discord between Mor Thoma VI and the foreign bishops whom the Dutch had brought to Malabar at the instance MorThoma V എന്ന ഭാഗത്തോട് എനിക്ക് യോജിപ്പില്ല. കാരണം ഞാൻ മറ്റൊരിടത്തും അത് വായിച്ചതായി ഓർക്കുന്നില്ല. അതിൽ reconsecration എന്നതിനോടും ഞാൻ യോജിക്കുന്നില്ല. കാരണം reconseration അല്ല consecration, ആണ് നടന്നത്. ബാക്കി വിവരങ്ങൾ ശരിയാണോ? Q ബാക്കി വിവരങ്ങളിൽ തിരുവിതാംകൂർ രാജാവ് ഇടപെട്ട് മോർ തോമാ VI-ാമനെയും ആഗതരായ മേൽപട്ടക്കാരെയും യോജിപ്പിക്കുവാൻ ശ്രമിച്ചു എന്നുള്ളത് മോർ തോമാ അഞ്ചാമനോടുകൂടി നിന്ന ആറാമൻ ആഗതരായ പിതാക്കന്മാരുടെ അടുക്കൽ ചെന്ന് വേണ്ടത് ചെയ്യണം എന്നുള്ള രീതിയിലുള്ള ഒരു പ്രേരണയായിട്ടാണ് എനിക്ക് തോന്നുന്നത്. ബാക്കി കാര്യങ്ങൾ ശരിയാണ്. Ans. മഹാരാജാവ് ഇടപെട്ട് മോർ തോമാ 6-ാമനെയും വിദേശത്തു നിന്നുവന്ന മേൽപട്ടക്കാരെയും രമ്യതപ്പെടുത്തി എന്നു പറഞ്ഞിരിക്കുന്നതിന് authority ആയിട്ട് quote ചെയ്തിരിക്കുന്നത് *Travancore State Manual* ആണ്. സ്റ്റേറ്റ് മാനുവലിലെ അതേ വാചകങ്ങളല്ല quote ചെയ്തിരിക്കുന്നത്. State Manuel ൽ അതേപ്പറ്റി പറഞ്ഞിരിക്കുന്നത് എന്താണ്? എന്താണെന്ന് കൃത്യമായി ഓർക്കുന്നില്ല. Inverted comas ൽ അല്ലാത്തതുകൊണ്ട് അതേ വാചകങ്ങളല്ല എന്ന് ബോധിപ്പിച്ചതാണ്. Ans.Ex B 155-184-ാം പേജിൽ മോർ തോമാ ആറാമന്റെ കാലത്ത് അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധിയായി ഡിയസ്കോറസ് എന്ന് ഒരു മെത്രാൻ വന്നതായി പറയുന്നുണ്ട്. അദ്ദേഹത്തെ ഇവിടുത്തെ സഭ സ്വീകരിക്കാതെ അദ്ദേഹം തിരികെ പോയോ? സഭ സ്വീകരിച്ചില്ലെന്നു Ex B 155 ൽ പറയുന്നില്ല. അദ്ദേഹത്തിന്റെ സ്വഭാവം ചിലർക്ക് ഇഷ്ടപ്പെടാതെ വന്നതുമൂലം അവരുടെ പരിശ്രമവും ഒരു പക്ഷേ സ്വാധീനവും മൂലം റസിഡന്റായ കേണൽ മെക്കാള അദ്ദേഹത്തെ തിരിച്ചയച്ചു എന്ന അർത്ഥത്തിലാണ് ഇവിടെ പറയുന്നത്. Ans. സുറിയാനിക്കാർക്ക് അദ്ദേഹത്തെ സസന്തോഷം സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വന്നു എന്ന് Ex B 155 ൽ പറയുന്നില്ലേ? Q അതാണ് മുമ്പ് പറഞ്ഞത്. സുറിയാനിക്കാരിൽ ആബാലവൃദ്ധം അദ്ദേഹത്തെ സ്വീകരിച്ചില്ല എന്ന് പറഞ്ഞാൽ അസത്യമാകാനേ വഴിയുള്ളു. ചില പ്രധാനികളും അവരുടെ അനുയായികളും എല്ലാ കാലത്തുമെന്ന പോലെ അന്നുമുണ്ടായിരുന്നതിനാൽ സുറിയാനിക്കാർ എന്ന് പൊതുവെ പറഞ്ഞിരിക്കുകയാണ്. സുറിയാനിക്കാർ എല്ലാവരും അദ്ദേഹത്തെ ഉപേക്ഷിച്ചു എന്നതിന് യാതൊരു തെളിവും ഹാജരാക്കിട്ടുമില്ല. Ans. സാക്ഷിയുടെ ചരിത്ര

പഠനത്തിൽ അദ്ദേഹത്തിന്റെ വരവിനെ സംബന്ധിച്ച് വല്ലതും മനസ്സിലാക്കി യിട്ടുണ്ടോ? Q അദ്ദേഹം വന്നു എന്നും കുറച്ചു പേർക്ക് അദ്ദേഹത്തോട് വിരോധം ഉണ്ടായിരുന്നുവെന്നും അദ്ദേഹം തിരികെ പോയെന്നും ഉള്ളതു മാത്രമാണ് എന്റെ ഓർമ്മയിൽ ഉള്ളത്. Ans. കുറെ ആളുകൾ മാത്രമെ എതിർത്തുള്ളു എന്നതിന് എന്താണ് അടിസ്ഥാനം? Q മുമ്പു പറഞ്ഞതുമാത്ര മെയുള്ളു. സുറിയാനിക്കാർ എന്ന് ഇ.എം. ഫിലിപ്പ് പറഞ്ഞതിന് എന്തടിസ്ഥാനം ഉണ്ടോ അത്രയും മാത്രമെ ഞാൻ പറഞ്ഞതിനും അടിസ്ഥാനം ഉള്ളൂ. Ans. 7-ാം മോർ തോമായെ വാഴിച്ചത് 6-ാം മോർ തോമാ ആണ്. 6-ാം മാർ തോ മായുടെ കാലശേഷം 7-ാം മോർ തോമാ ഭരണം ഏറ്റു ഭരണം നടത്തികൊ ണ്ടിരുന്നോ? Q 6-ാം മാർതോമായുടെ കാലശേഷം അദ്ദേഹം ഭരണം ഏറ്റ് എങ്കിലും പാത്രിയർക്കീസിൽ നിന്നോ അതിനായി അയക്കപ്പെട്ട പ്രതിനിധി യിൽ നിന്നോ സ്ഥാനം ഏൽക്കായ്ക മൂലം ജനങ്ങളുടെ പരിപൂർണ്ണ സ്വീക രണം അദ്ദേത്തിനു ലഭിച്ചില്ലായെന്ന് ഇ.എം. ഫിലിപ്പിന്റെയൊ ഇട്ടൂപ്പിന്റെയൊ ചരിത്രത്തിൽ വായിച്ചിട്ടുണ്ട്. Ans. 6-ാം മോർ തോമായുടെ കാലത്തുതന്നെ 7-ാം മോർ തോമാ 6-ാം മോർ തോമായുടെ സഹായിയായിട്ടു പ്രവർത്തിച്ചു കൊണ്ടിരുന്നോ? Q 6-ാം മാർതോമായുടെ അനന്തിരവനോ മറ്റോ ആയിരുന്നതു കൊണ്ട് അദ്ദേഹത്തിന്റെ കൂടെ താമസിക്കുകയൊ വല്ല സഹായങ്ങൾ ചെയ്തു കൊടുക്കുകയൊ ചെയ്തിരിക്കാം. എനിക്കറിഞ്ഞുകൂടാ. 6-ാം മോർ തോമാ യുടെ കാലത്ത് 7-ാം മോർ തോമാ ആയില്ല Ans 7-ാം മോർ തോമായെ സഭ യുടെ തലവനായി ഐകകണ്ഠേന സ്വീകരിക്കപ്പെട്ടെന്ന് Ex B 155 ൽ പറയുന്നു ശരിയല്ലേ? Q അങ്ങനെ പറഞ്ഞിട്ടുണ്ട്. അതു ശരിയെന്നൊ തെറ്റെന്നൊ പറയാൻ നിവൃത്തിയില്ല. മറ്റു രീതിയിൽ ഞാൻ വായിച്ചിട്ടുള്ളതിന്റെ ഓർമ്മ വച്ചു കൊണ്ടാണ് ബോധിപ്പിച്ചത്. Ans. 8-ാം മോർ തോമായെ വാഴിച്ചതാ രാണ്? Q 7-ാം മോർ തോമാ ബോധരഹിതനായിക്കിടന്നിരുന്ന അവസരത്തിൽ അവിടെ ഉണ്ടായിരുന്ന സമുദായ പ്രമാണികൾ ഭീതി ഹേതുവാൽ 7-ാം മോർ തോമായുടെ കൈകൾ തലയിൽ വച്ച് 8-ാം മോർ തോമായെ വാഴിക്ക ഉണ്ടായി. ഇതു തന്നെയും അന്ത്യോക്യായിൽ നിന്നു വരുന്ന പാത്രിയർക്കാ സ്ഥാനാപതിമൂലം സ്ഥാനം പൂർത്തിയാക്കി കൊള്ളാമെന്നുള്ള ഉദ്ദേശ്യത്തി ന്മേലായിരുന്നു ചെയ്തത്. അതനുസരിച്ച് ഒരപേക്ഷ കേണൽ മെക്കാളയുടെ പേർക്ക് അയയ്ക്കുകയും അത് അന്ത്യോക്യായിൽ എത്തിച്ചുകൊള്ളാമെന്ന് അദ്ദേഹം ഏൽക്കുകയും ചെയ്തു. Ans. അങ്ങനെ ആരെങ്കിലും വന്ന് പിന്നീട് സ്ഥാനം പൂർത്തികരിച്ചോ? Q സ്ഥാനം കൊടുക്കുവാൻ ആ ഇടക്ക് ആരും വന്നില്ല. Ans. മോർ തോമാ 8-ാ മൻ കാലം ചെയ്യുന്നതുവരെ സഭാ ഭരണം നടത്തിയിരുന്നോ? Q മോർ തോമാ 8-ാമന്റെ യാതൊരടിസ്ഥാനവുമില്ലാത്ത ഈ വാഴ്ചയെ കുറിച്ച് ജനങ്ങളിൽ അപ്രീതി ഉണ്ടാകുകയും അവരുടെ നേതൃത്വം പുലിക്കോട് ജോസഫ് റമ്പാൻ സ്വീകരിച്ചുകൊണ്ട് വട്ടിപ്പണ പലി ശയും മറ്റും അദ്ദേഹത്തിനു കൊടുക്കരുത് എന്ന രീതിയിൽ മദ്രാസിലെ ഈസ്റ്റ് ഇൻഡ്യാ കമ്പനി അധികൃതർക്ക് (അതോ സി.എം.എസ്. അതിന്റെ പ്രധാന

ബോഡിക്കോ) എഴുതുകയും ചെയ്തതായും അവർ മലങ്കരയിലെ സഭയുടെ അന്ത്യോക്യയുമായുള്ള ബന്ധത്തെക്കുറിച്ചും മറ്റുമായി ചില ചോദ്യങ്ങൾ അയച്ചു എന്നും അന്ത്യോക്യൻ പിതാക്കന്മാരിൽ നിന്നല്ല സ്ഥാനമേറ്റതെങ്കിലും അന്ത്യോക്യാ സിംഹാസനത്തിൽ നിന്നാണ് തുടരെ ഇവിടെ മേൽപട്ടക്കാരെ കിട്ടിക്കൊണ്ടിരുന്നത് എന്നും അന്ത്യോക്യാ ഞങ്ങളുടെ തലയാണെന്നും മറ്റും മറുപടി അയച്ചെന്നും Ex B 155 ൽ പറയുന്നുണ്ട്. Ans. ഭരിച്ചോ ഇല്ലയോ? Q മുമ്പ് പറഞ്ഞ എതിർപ്പുകളുടെ ഇടയിൽ അദ്ദേഹം ജീവിച്ചിരുന്നു. അതു ഭരിക്കുകയായിരുന്നോ ഇരിക്കുകയായിരുന്നോ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. അക്കാലത്ത് മലങ്കരയിൽ വേറെ മെത്രാന്മാർ ഉണ്ടായിരുന്നോ? Q മലങ്കരയിൽ അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ രണ്ടാം ദിവന്നാസ്യോസ് ഉണ്ടായി എന്നാണ് എന്റെ ഓർമ്മ Ans. രണ്ടാം ദിവന്നാസ്യോസിനെ വാഴിച്ചതാരാണ്? Q ഒരു കാലത്ത് 1-ാം ദിവന്നാസ്യോസിന്റെ പരിശ്രമം മൂലം മലങ്കരയിലെ സഭയിലെ സ്ഥാനത്തുനിന്നും കൊച്ചി തിരുവിതാംകൂറുകളുടെ അതിർത്തിയിൽ നിന്നും കടത്തിവിട്ട ആളും അന്നത്തെ ബ്രിട്ടീഷ് പ്രദേശമായിരുന്ന തൊഴിയൂരിൽ പോയി താമസിക്കാൻ ഇടവന്ന ആളുമായ കാട്ടുമങ്ങാട്ട് വലിയ മെത്രാപ്പോലീത്തായുടെ അനന്തരഗാമികളിൽ ഒരുവനായി വന്ന തൊഴിയൂർ ഫിലിക്സിനോസാണ് 2-ാം ദിവന്നാസ്യോസിനെ വാഴിച്ചത് Ans. 8-ാം മോർ തോമ 9-ാം മോർ തോമായെ വാഴിച്ചശേഷമാണ് ദിവന്നാസ്യോസ് രണ്ടാമൻ വാഴ്ച ഏറ്റത്? Q അല്ലെന്നാണ് എന്റെ ഓർമ്മ. Ans. 8-ാം മോർ തോമാ 9-ാം മോർ തോമായെ വാഴിച്ചോ? Q 9-ാം മോർ തോമാ എന്ന പേരിൽ ഒരാളെ വാഴിച്ചുവെന്നും മുമ്പ് പറഞ്ഞ 2-ാം ദിവന്നാസ്യോസ് 9-ാം മോർ തോമാ താമസിച്ചിരുന്ന കടമറ്റത്ത് ചെന്ന് അദ്ദേഹത്തിന്റെ കൈയ്യിലുണ്ടായിരുന്ന വടി, മുടി, സ്ലീബാ മുതലായ വായ്പ്പിച്ചു എന്നും കത്തനാരെന്നുള്ള നിലയിൽ അവിടെ കഴിഞ്ഞുകൂടികൊള്ളുവാൻ അനുവദിച്ചുയെന്നും ചരിത്രങ്ങളിൽ വായിച്ചിട്ടുണ്ട്. Ans. 8-ാം മോർ തോമായുടെ സ്ഥാനം പൂർത്തിയാക്കുന്നതിന് കർണൽ മക്കാളയുടെ കയ്യിൽ കൊടുത്തതായി പറഞ്ഞ അപേക്ഷ ആരാണ് കൊടുത്തത്? Q കൊടുത്ത വ്യക്തികളാരെന്ന് Ex B 155 ൽ അവിടെ പറഞ്ഞിട്ടില്ലാത്തതിനാൽ അറിഞ്ഞുകൂടാ, ആ വാഴ്ചാ കാര്യത്തിൽ അതൃപ്തരായ സുറിയാനിക്കാർ ആയിരിക്കണം കൊടുത്തത്. Ans. ദീവന്നാസ്യോസ് രണ്ടാമനെ പുത്തൻകൂർ സുറിയാനിക്കാരുടെ മെത്രാപ്പോലീത്ത ആയി ഗവൺമെന്റിൽനിന്നും പ്രഖ്യാപനം ഉണ്ടായോ? അക്കാലത്തെ പതിവനുസരിച്ച് പ്രഖ്യാപനം ഉണ്ടായി. Ans. ഡയനിഷ്യസ് രണ്ടാമന്റെ കാര്യത്തിലുണ്ടായതാണോ ആദ്യത്തെ പ്രോക്ലമേഷൻ? Q എനിക്ക് നിശ്ചയം പറയാൻ വയ്യ. Ans. ദിവന്നാസ്യോസ് രണ്ടാമന്റെ കാലശേഷം മെത്രാപ്പോലീത്ത ആരായിരുന്നും തന്റെ സ്ഥാന സാധുത്വത്തെ കുറിച്ച് അദ്ദേഹത്തിന് സംശയം ഉണ്ടായിരുന്നതായി. ഇ.എം. ഫിലിപ്പ് പറയുന്ന രണ്ടാം ദിവന്നാസ്യോസിന്റെ ശേഷം മൂന്നാം ദിവന്നാസ്യോസ് എന്ന പേരിൽ അന്നിവിടെ അന്ത്യോക്യൻ പിതാക്കന്മാരില്ലാതിരുന്നതു നിമിത്തം മുമ്പ് പറഞ്ഞ മോർ ഫിലിക്സിനോസ് തന്നെ മൂന്നാം ദിവന്നാസ്യോസ് ആയി വാഴിച്ചു

Ans. ആ വാഴിക്കലിനു മുമ്പായി തൊഴിയൂർ ഫിലിക്സിനോസിനെ മലങ്കര സഭയിലെ മെത്രാപ്പോലീത്താ ആയ ഗവൺമെന്റ് പ്രഖ്യാപിക്കകെയും അദ്ദേഹം ഭരണം നടത്തുകയും ചെയ്തു കൊണ്ടിരുന്നോ? Q പ്രഖ്യാപനത്തെക്കുറിച്ചും ഭരണത്തെ കുറിച്ചും ഞാൻ ശരിയായി ഓർക്കുന്നില്ലങ്കിലും അദ്ദേഹം പലപ്പോഴും കോട്ടയത്ത് താമസിച്ചിരുന്നതായി ഓർക്കുന്നുണ്ട്. അതനുസരിച്ചുള്ള ഭരണവും നടത്തിക്കാണും. എന്താണ് ഭരണം നടത്തിയത് എന്നറിയാൻ പാടില്ല. Ans. കോട്ടയത്ത് അദ്ദേഹം താമസിച്ചിരുന്നത് കൃത്യം പറയാൻ നിവൃത്തിയില്ലെങ്കിലും 2-ാം ദിവന്നാസ്യോസിന്റെ പരിശ്രമം മൂലം പണിയിക്കപ്പെട്ട സെമിനാരിയിൽ ആയിരിക്കണം. ഇപ്പോൾ പഴയ സെമിനാരി എന്നറിയപ്പെടുന്ന സ്ഥലം തന്നെ. ദിവന്നാസ്യോസ് 4-ാമൻ എന്ന ചേപ്പാട്ട് മോർ ദിവന്നാസ്യോസിനെ മെത്രാനായി വാഴിച്ചത് തന്റെ സ്ഥാനപൂർത്തീകരണത്തിന് അന്ത്യോക്യായിൽ നിന്ന് പിതാക്കന്മാരെ അയച്ചുതരണമെന്ന് *Christianity in India* എന്ന ചരിത്രത്തിന്റെ കർത്താവായ ജെയിംസ് ഹൗ വഴിയായി പാത്രിയർക്കീസിന് അപേക്ഷ അയച്ചിരുന്നു. മൂന്നാം ദിവന്നാസ്യോസിന്റെ മരണശേഷം മുമ്പ് പറഞ്ഞ മോർ ഫിലക്സിനോസ് തന്നെ 4-ാം ദിവന്നാസ്യോസിനെ വാഴിച്ചു. Ans. ജെയിംസ് ഹൗ വഴിയായി അപേക്ഷ അയച്ചു എന്ന് ജയിംസ് ഹൗന്റെ പുസ്തകത്തിന്റെ ഉദ്ധരിണി കണ്ടിട്ടുണ്ട്. ഇ.എം ഫിലിപ്പും പറയുന്നുണ്ട്. ജയിംസ് ഹൗന്റെ പുസ്തകം ഞാൻ വായിച്ചിട്ടില്ല. ചേപ്പാട്ട് ദിവന്നാസ്യോസിനെ മെത്രാപ്പോലിത്ത ആയി പ്രഖ്യാപനം ചെയ്തു ഗവൺമെന്റ് പ്രഖ്യാപനം ഉണ്ടായോ? Q ജനങ്ങളുടെ തെരഞ്ഞെടുപ്പ് ഉണ്ടായിരുന്നതുകൊണ്ടും അക്കാലത്തും എതിർപ്പ് ഇല്ലായിരുന്നതുകൊണ്ടും വിളംബരം ഉണ്ടായിട്ടുണ്ടായിരിക്കണം. Ans. ചേപ്പാട്ട് ദിവന്നാസ്യോസിന്റെ കാലത്ത് അന്ത്യോക്യാ പാത്രിയർക്കീസയച്ച അത്തനേഷ്യസ് എന്ന ഫോറിൻ മെത്രാപ്പോലിത്ത ഇവിടെ വന്നോ? അന്ത്യോക്യാ പാത്രിയർക്കീസ് വാഴിച്ചയച്ചതാണെങ്കിൽ ഫോറിൻ മെത്രാപ്പോലിത്ത അല്ല. ഈ സഭയിലെ തന്നെ മെത്രാപ്പോലീത്ത തന്നെയാണ്. അങ്ങനെ ഒരു മെത്രാപ്പോലിത്ത വന്നതായി വായിച്ചിട്ടുണ്ട്. Ans. Ex B 23 page 113-1- ാം പാരഗ്രാഫിൽ അത്തനേഷ്യസ് വന്ന കാര്യം പറയുന്നുണ്ട്. ചേപ്പാട്ട് ദിവന്നാസ്യോസും മോർ ഫിലക്സിനോസും (തൊഴിയൂർ) ഈ അത്തനേഷ്യസിൽ നിന്നും വാഴ്ച ഏൽക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടോ? Q ആവശ്യപ്പെട്ടു. Ans. അവർ സമ്മതിക്കാതിരുന്നതിനാൽ അവരെ അദ്ദേഹം മുടക്കിയില്ലേ?Q അവർ അതിന് വഴിപ്പെടായ്കയാൽ അവർ മുടക്കപ്പെട്ടു. Ans. ആ മുടക്കിനെ വകവക്കാതെ രണ്ട് മെത്രാപ്പോലിത്തമാരും പ്രവർത്തിച്ചുകൊണ്ടിരുന്നോ? Q പ്രവർത്തിച്ചുകൊണ്ടിരുന്നതായി Ex 23 ൽ പറയുന്നുണ്ട്. Ans.ആ വിവരം ശരിയാണോ Q വേണ്ടതു ചെയ്യണമെന്നാവശ്യപ്പെടുന്ന മേലധികാരികളോട് എതിർക്കുന്ന സ്വഭാവം എല്ലാക്കാലത്തും ഉള്ളതുപോലെ അവർക്കും ഉണ്ടായിരുന്നിരിക്കാം Ans. അവർ പ്രവർത്തിച്ചിരിക്കാം. സൂക്ഷ്മമായി പറയാൻ ഞാൻ രേഖ കണ്ടിട്ടില്ല. Ex B 23 ൽ 113-ാം പേജിൽ ഫുട്നോട്ടിൽ Though the Patriarch threatened recalutrant metrans with excommunication

and in some cases actually issued excommunication refrained from exercising his ecleaistical functions എന്നു പറയുന്നത് ശരിയാണോ? Q എന്ന് അവിടെ പറയുന്നുണ്ട്. അതിനു പുറമെ മോർ തോമാ 5-ാമൻ, മോർ ഫിലക്സിനോസ് 2-ാമൻ, ചേപ്പാട്ട് മോർ ദിവന്നാസ്യോസ്, മാത്യൂസ് മോർ അത്തനേഷ്യസ്, മോർ ദിവന്നാസ്യോസ് 6 വട്ടശ്ശേരിൽ എന്നിവർ മുടക്കിനെ വകവക്കാതെ പ്രവർത്തിച്ചു എന്ന് പറയുന്നുണ്ട്. അവരിൽ അവസാനം പറഞ്ഞ മോർ ദിവന്നാസ്യോസ് 6-ാമൻ മൽപ്പാനായിരിക്കുന്ന കാലത്ത് എഴുതിയ *മതസംഗതി*യിൽ കുറ്റക്കാർ എന്ന് കാണുന്നവരെ മുടക്കണമെന്നും മുടക്കിനെ അവഗണിച്ച് പ്രവർത്തിക്കുന്നവരുടെ കൂടെ വിശ്വാസികൾക്ക് സംബന്ധം പാടില്ലെന്നും എഴുതിയിരിക്കുന്നത് സഭയുടെ വിശ്വാസമാകയാൽ ഇപ്പറഞ്ഞ കുറെപ്പേർ മുടക്കിനെ അവഗണിച്ചു പ്രവർത്തിച്ചു എന്നത് ഒരു ന്യായമായ കാര്യമായി എടുക്കാവുന്നതല്ല. Ans. വട്ടശേരിൽ ദിവന്നാസ്യോസ് മുമ്പ് പറഞ്ഞ കാര്യങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ശരിയാണോ? Q അദ്ദേഹം *മതോപദേശസാരങ്ങൾ* എന്ന പേരിൽ (മതസംഗതി) ആദ്യം അച്ചടിപ്പിച്ച പുസ്തകത്തിൽ പറയുന്നതെല്ലാം സ്വീകാര്യമാണ്. Ans. ചേപ്പാട്ട് ദിവന്നാസ്യോസ് തൊഴിയൂർ സഭയ്ക്ക് ഒരു മെത്രാപ്പോലീത്തയെ വാഴിച്ചോ? Q വാഴിച്ചു. Ans. അങ്ങനെ വാഴിക്കുന്നതിന് പാത്രിയർക്കീസിന്റെ അനുവാദം വാങ്ങുകയൊ അദ്ദേഹത്തെ അറിയിക്കുകയൊ ചെയ്തിട്ടുണ്ടോ? Q അറിയിച്ചിരിക്കാമെന്നാണ് എന്റെ അഭിപ്രായം എനിക്ക് നിശ്ചയമില്ല. Ans. അങ്ങനെ വാഴിച്ച തൊഴിയൂർ മെത്രാന് മോർ തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന ചേപ്പാട്ട് മോർ ദിവന്നാസ്യോസ് എന്ന് പറഞ്ഞണോ സ്താത്തിക്കോൻ കൊടുത്തിട്ടുള്ളത്? Q സ്താത്തികോൻ കണ്ടിട്ടില്ല. അങ്ങനെയുള്ള ചരിത്രരേഖകളും കണ്ടിട്ടില്ല. Ans. പി.എ. ഉമ്മൻ എഴുതിയ ചേപ്പാട്ട് മോർ ഡയനിഷ്യസ് എന്ന പുസ്തകം വായിച്ചിട്ടില്ല. *റോയൽ കോർട്ട് വിധി*യായ കേസിൽ മേൽ പറഞ്ഞ സ്താത്തിക്കോൻ ഹാജരാക്കിയിരുന്നോ എന്നറിയാമോ? Q ആ ഭാഗം ഞാൻ പ്രത്യേകം നോക്കിയിട്ടില്ല. Ans.ചേപ്പാട്ട് മോർ ദിവന്നാസ്യോസ് അദ്ദേഹത്തിന്റെ സ്ഥാനം യുയാക്കീം കുറിലോസിന് ഒഴിഞ്ഞു കൊടുക്കാനിടയായത് എങ്ങനെയാണെന്ന് പറയാമോ? Q അറിയാവുന്നത് പറയാം. ചേപ്പാട്ട് മോർ ദിവന്നാസ്യോസ് പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ആളല്ലായിരുന്നു എങ്കിലും അദ്ദേഹം വിളിച്ചു കൂട്ടിയ മാവേലിക്കര യോഗത്തിൽ എഴുതിയ പടിയോലയിൽ അദ്ദേഹം പാത്രിയർക്കീസിന് പൂർണ്ണമായി കീഴ്പെട്ടിരിക്കുന്ന ആളാണെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ വാഴ്ച സംബന്ധിച്ചോ മറ്റോ കുറേപ്പേർക്ക് അതൃപ്തി ഉണ്ടായിരുന്നതായ സന്ദർഭത്തിൽ മേൽപട്ടക്കാരെ അയച്ചുതരണമെന്നപേക്ഷിച്ച് 11 എഴുത്തുകൾ പാത്രിയർക്കിസിന് അയച്ചതിന്റെ വെളിച്ചത്തിൽ ആളിനെ അയക്കുവാൻ തുടങ്ങുന്ന സന്ദർഭത്തിൽ ഇവിടെ നിന്നും അവിടെ എത്തിയ മാത്യൂസ് ശെമ്മാശനെ ക്രമമായ രീതിയിൽ മെത്രാപ്പോലീത്ത ആയി വാഴിച്ച് പാത്രിയർക്കീസ് മലങ്കരയ്ക്കയക്കുകയും അദ്ദേഹം ഇവിടെ വന്ന് പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടയാൾ

എന്നതിന്റെ പേരിൽ രാജകീയ വിളംബരം സമ്പാദിക്കുകയും കാലക്രമത്തിൽ വിശ്വാസത്തിന് വിപരീതം വരുത്തുന്നതായി പാത്രിയർക്കീസിന് പരാതി കിട്ടിയപ്പോൾ അതിന്റെ നിജാവസ്ഥ അറിയുന്നതിനും വേണ്ടത് പ്രവർത്തിക്കുന്നതിനുമായി പാത്രിയർക്കീസ് അയച്ച മേൽപട്ടക്കാരനാണ് മോർ യുയാക്കിം കൂറിലോസ്. മോർ ദിവന്നാസ്യോസ് 4-ാമൻ അദ്ദേഹത്തിന് സ്ഥാനം ഒഴിഞ്ഞു കൊടുത്തത് അന്ത്യോക്യാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ഒരാൾ അതിന്റെ വെളിച്ചത്തിൽ സ്വന്ത അഭിപ്രായ സ്ഥാപനത്തിനു ശ്രമിക്കുന്നതിനെ ശക്തമായ നിലപാട് സ്വീകരിക്കുവാൻ അന്ത്യോക്യായുടെ പ്രതിനിധിക്ക് കൂടുതൽ സൗകര്യമുണ്ടാകുമല്ലോ എന്ന് വിചാരിച്ചായിരിക്കണം. Ans. മലങ്കര സഭയിലെ മെത്രാപ്പോലീത്തമാരും സി.എം.എസ്. മിഷനറിമാരുമായി സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നോ? Q രണ്ടും മൂന്നും നാലും ദിവന്നാസ്യോസ്മാർ അങ്ങനെ സഹകരിച്ചു പ്രവർത്തിച്ചതായി വായിച്ചിട്ടുണ്ട്. Ans. സി.എം.എസ്. മിഷനറിമാർ മലങ്കര സഭയെ അവരുടെ സഭയുമായി ലയിപ്പിക്കുന്നതിന് ഒരു ശ്രമം നടത്തിയോ? Q ആദ്യ കാലത്തിലല്ലങ്കിലും പിൽക്കാലത്ത് അങ്ങനെ ശ്രമിച്ചതായി വായിച്ചിട്ടുണ്ട്. Ans. അക്കാലത്തെ ബ്രിട്ടീഷ് റസിഡന്റ് സി.എം.എസ്. മിഷനറിമാരെ ശക്തിയായി സഹായിച്ചിരുന്നതായിട്ടാണ് വായിച്ചിട്ടുള്ളത്. അങ്ങനെ സി.എം.എസുകാർ മലങ്കര സഭയെ ലയിപ്പിക്കുന്നതിനു ശ്രമിച്ചു കൊണ്ടിരിക്കുമ്പോഴാണോ മാവേലിക്കര പടിയോല എഴുതിയത്? Q അതെ. Ans. മാവേലിക്കര പടിയോലയുടെ അസൽ എവിടെ ഉണ്ട്? Q അസൽ എവിടെയാണെന്നറിഞ്ഞുകൂടെങ്കിലും അതിന്റെ പകർപ്പുകൾ Ex B യിലും ഫാ. കെ. ഡേവിഡ് എഴുതിയ സഭാ ചരിത്രത്തിലും മറ്റും ഞാൻ വായിച്ചിട്ടുണ്ട്. Ans. Orginal മലയാളമോ ഇംഗ്ലീഷോ? Q Ex B 23 An Official translation എന്ന് കാണുന്നതുകൊണ്ട് മലയാളത്തിലായിരിക്കണം Orginal Ans. Official Translation എന്ന് പറയാൻ കാരണം അറിയാമോ? Q അറിഞ്ഞു കൂടാ. Ans. സി.എം.എസ്. മിഷനറിമാരുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് അന്ത്യോക്യാ പാത്രിയർക്കീസിനോട് അനുവാദം ആവശ്യപ്പെട്ടതായി വല്ല രേഖയും ഉണ്ടോ? Q ചെയ്യരുതാത്ത കാര്യം ചെയ്തതിന് അനുവാദം ചോദിച്ചില്ലെങ്കിലും അതിന്റെ ഭയങ്കരമായ ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടിവന്നപ്പോൾ എഴുതിവച്ച പടിയോലയിൽ Ex B 23 യുടെ 390-ാം പേജിൽ പറയുന്നപോലെ പാത്രിയർക്കീസിന്റെ അനുവാദം കൂടാതെ വിശ്വാസത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തുവാൻ സാദ്ധ്യമല്ല എന്ന് തെളിച്ചു പറഞ്ഞിട്ടുണ്ട്. Ans. ആ പടിയോലയിൽ and as the accounts of the annul income.....furnished to our bishops എന്നു പറയുന്നില്ലേ? അന്നത്തെ ആ രീതി പറയുന്നു. Ans. അതായിരുന്നു സഭയുടെ റൂശ്നും പാരമ്പര്യം എന്ന് പറഞ്ഞു കാണുന്നതു ശരിയാണോ? Q അന്നുള്ള ആ പാരമ്പര്യമാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതു തന്നെയാണ് മുളന്തുരുത്തി സുന്നഹദോസിൽ ആവർത്തിച്ചു പറഞ്ഞതും. ഒരു കാലത്തും നടപ്പിലാകാതിരുന്നതും. Ans. എന്നു മുതലാണ് പാരമ്പര്യം ഇല്ലാതായത്? Q അറിഞ്ഞുകൂടാ Ans. പെപ്പാട്ട് ദിവന്നാസ്യോസ് യുയാക്കിം

കൂറീലോസിന് സ്ഥാനം ഒഴിഞ്ഞു കൊടുക്കുന്നതുവരെ ഭരണം നടത്തികൊണ്ടിരുന്നോ? Q നടത്തിയിരിക്കാം. Ans. യൂയാക്കിം കുറീലോസും മലങ്കരയിൽ സഭാ ഭരണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ? Q എന്തെങ്കിലും ഭരണം നടത്തിയിരുന്ന ആളാണ് ഭരണം ഒഴിഞ്ഞു കൊടുത്തതെങ്കിൽ ആ ഭരണം നടത്തിയിരിക്കാം. Ans. ജോസഫ് മോർ ദിവന്നാസ്യോസ് വാഴ്ച ഏറ്റു വന്നതിനുശേഷം അദ്ദേഹത്തെ മെത്രാപ്പോലീത്ത ആയി അംഗീകരിക്കുന്നതിന് ഗവൺമെന്റിനും റസിഡന്റിനും ഒക്കെ ഹർജി കൊടുത്തോ? Q മുൻഗാമി മാത്യൂസ് അത്തനാസ്യോസ് തിരുവെഴുത്ത് വിളംബരത്തോടുകൂടി ഭരിച്ചു കൊണ്ടിരുന്നതിനാൽ അന്നത്തെ ആ സ്ഥിതിക്ക് ഹർജികൾ കൊടുത്തു കാണണം. Ans. ഗവൺമെന്റിൽ നിന്ന് നിർദ്ദേശിച്ച പ്രകാരം ജോസഫ് മോർ ഡയനിഷ്യസ് അദ്ദേഹത്തിന്റെ അവകാശം സ്ഥാപിച്ച് കിട്ടുന്നതിനായി ഒരു പള്ളി സംബന്ധിച്ച് കേസ് കൊടുത്തതായി Ex B 155 ൽ പറയുന്നില്ലേ? Q ഗവൺമെന്റിന്റെ നിർദ്ദേശത്തിനെതിരായി മദ്രാസ് ഗവൺമെന്റിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചതിലും പ്രയോജനം വരായ്കയാൽ ഒരു പള്ളിയുടെ കാര്യത്തിന് സിവിൽ കോർട്ടിൽ കേസ് കൊടുത്തുനോക്കി എന്ന് Ex. B 155-229-ാം പേജിൽ പറയുന്നുണ്ട്. Ans. ആ കേസിൽ അദ്ദേഹം പരാജയപ്പെട്ടില്ലേ? Q പരാജയപ്പെട്ടതിന്റെ കാരണം താഴെ തന്നെ പറയുന്നുണ്ട്. Ans. Ex B 155-231-231 പേജുകളിൽ എല്ലാ പ്രകാരത്തിലും ഭഗ്നാശയനായ മോർ ദിവന്നാസ്യോസ് 5-ാമൻ അവസാനകൈയായി തന്റെ പാത്രിയർക്കീസിന്റെ അടുക്കൽ സഹായം അർപ്പിച്ചു എന്ന് പറയുന്നുണ്ടല്ലോ ആ വിവരം ശരിയോ? Q ശരിയാണ്. കാരണം, പാത്രിയർക്കീസിൽ നിന്നും സ്ഥാനം ഏറ്റശേഷം വിശ്വാസത്തിൽ വ്യത്യാസം വരിക മൂലം സ്ഥാനത്തുനിന്നും നീക്കപ്പെടുകയും ആ സ്ഥാനത്തേക്ക് മറ്റൊരാൾ പാത്രിയർക്കീസിനാൽ വാഴിച്ച് ആക്കപ്പെടുകയും ചെയ്തിട്ടും മത്സരിച്ചു നിന്ന ആളോട് നിയമവശത്തുകൂടി പോരാട്ടം നടത്തി ജയിക്കാമെന്ന് വിചാരിച്ചെങ്കിലും അന്നത്തെ ഗവൺമെന്റിന്റെയും റസിഡന്റിന്റെയും പ്രത്യേകത മൂലം ആ വശത്തുകൂടി സാധിക്കാതെ വരികയും ചെയ്തപ്പോൾ അദ്ദേഹം ഭഗ്നാശനായി എന്നു പറയുന്നത് ശരിതന്നെയാണ്. തന്മൂലം രണ്ടു പേരെയും വാഴിച്ച് മലങ്കരയ്ക്ക് നിയമിച്ച പാത്രിയർക്കീസിന്റെ സാന്നിദ്ധ്യം കൊണ്ട് മാത്രമെ സത്യവിശ്വാസം നിലനിറുത്തുകയും സഭാ സ്വത്തുക്കൾ സംരക്ഷിക്കുകയും ചെയ്യാൻ സാദ്ധ്യമാകയുള്ളൂ എന്നുള്ള അദ്ദേഹത്തിന്റെ പൂർണ്ണ വിശ്വാസത്തിന്റെ പേരിൽ പാത്രിയർക്കീസിന്റെ അടുക്കൽ സഹായം അഭ്യർത്ഥിച്ചതും ശരിയാണ്. Ans. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ഇംഗ്ലണ്ടിൽ പോയി വേണ്ട ശുപാർശകളും കൊണ്ടാണോ മലങ്കരയിൽ വന്നത്? റസിഡന്റിന്റെയും മറ്റും കൈകടത്തൽ ഉണ്ടായിരുന്നതുകൊണ്ട് അങ്ങനെയാണ് വന്നത്. Ans. ഇവിടെ വന്ന് മദ്രാസ് ഗവർണ്ണരെയും രാജാവിനെയും ഒക്കെ കണ്ടതിനുശേഷം ഗവൺമെന്റ് പ്രഖ്യാപനം അസ്ഥിരപ്പെടുത്തി. പ്രഖ്യാപനം ഗവൺമെന്റ് പിൻവലിച്ചശേഷമാണോ മുളന്തുരുത്തി സുന്നഹദോസ്

കൂടിയത്? Q ആണെന്നാണ് ഓർമ്മ. അതു കഴിഞ്ഞതിന് ശേഷമാണ്. Ans. Stopped for the lunch

മൊഴി വായിച്ചു കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

20-7-78 witness sworn again after lunch and cross examination continued ദിവന്നാസ്യോസ് 2-3-4 എന്നിവരുടെ കാലത്ത് അന്ത്യോക്യായിൽ നിന്ന് ഇവിടെ മേൽപട്ടക്കാർ വരുന്നതിന് തടസ്സം എന്തെങ്കിലും ഉണ്ടായിരുന്നോ?Q യാതൊര് തടസ്സവും ഇല്ല അവിടെ നിന്ന് വരുന്നതിന് അസൗകര്യങ്ങൾ ഉണ്ടായിരുന്നിരിക്കാം. Ans. 1665 ന് ശേഷം ഉള്ള മെത്രാപ്പോലീത്തമാരെ ജനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടോ? Q എന്നുവരെയുള്ളത്. Ans. ഗീവറുഗീസ് ഡയനിഷ്യസ് വരെ? Q ജനങ്ങൾ തെരഞ്ഞെടുത്തതായി എന്റെ ഓർമ്മയിൽ ഒരാളിന്റെ കാര്യം വരുന്നുണ്ട്. മറ്റുള്ളവർ അവരുടെ വാഴ്ചക്ക് ശേഷം ജനങ്ങളാൽ അംഗികരിക്കപ്പെടുകയൊ അംഗീകരിക്കപ്പെടാതിരിക്കുകയൊ ചെയ്തിട്ടുണ്ട്. Ans. തെരഞ്ഞെടുത്തത് ആരെയാണ്? Q നാലാം ദിവന്നാസ്യോസിനെ. മൂന്നാം ദിവന്നാസ്യോസിന്റെ മരണശേഷമുള്ള ഒരവസരത്തിൽ നാലു പേരുടെ പേരെഴുതിച്ചിട്ടുണ്ട്. ചേപ്പാട് ഫിലിപ്പോസ് റമ്പാന്റെ പേര് കിട്ടി അന്ന് ജനങ്ങൾ തിരഞ്ഞെടുക്കുകയായിരുന്നു. Ans അത് എവിടെ പറഞ്ഞിരിക്കുന്നു.? Q Ext B 155 ൽ പറഞ്ഞിട്ടുണ്ടെന്നാണ് ഓർമ്മ. Ans അംഗീകരിക്കുക എന്നു പറഞ്ഞത് യോഗം കൂടി അംഗീകരിക്കുകയാണോ?Q അങ്ങനെ വേണമെന്ന് നിർബന്ധമില്ല. എതിർക്കാതിരുന്നാൽ മതി എന്നുള്ള അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. Ans അംഗീകരിക്കപ്പെടാതിരുന്നത് എന്ന് പറഞ്ഞ് ആളുകൾ എതിർത്തതുകൊണ്ടാണ്. ആരെ ഒക്കെയാണ് എതിർട്ടുള്ളത്? Q മോർ തോമാ 6,7,8,9 ഇത്രയും പേരെ ഞാൻ ഇപ്പോൾ ഓർക്കുന്നു. Ans ജോസഫ് ദിവന്നാസ്യോസിനുശേഷം മെത്രാപ്പോലീത്ത ആയിരുന്നത് ഗീവറുഗീസ് ദിവന്നാസ്യാസ് ആണോ? Q പാത്രിയർക്കീസിന്റെ അംഗീകാരത്തോടുള്ള കൂടി അദ്ദേഹമായിരുന്നു മലങ്കര മെത്രാപ്പോലീത്ത Ans. അദ്ദേഹം മലങ്കര മെത്രാപ്പോലീത്ത ആകുന്നതിന് പാത്രിയർക്കീസ് അംഗീകാരം കൊടുത്തു എന്നാണോ? Q പാത്രിയർക്കിസിന്റെ അംഗീകാരത്തോടുകൂടി മാത്രമെ മലങ്കര മെത്രാനാകാവു എന്ന് ഏതോ കേസിലെ തീരുമാനം ഉള്ളതായി ഞാൻ കേട്ടിട്ടുണ്ട്. അതിന് പുറമെ അദ്ദേഹത്തെ മലങ്കര മെത്രാനാക്കാൻ പാത്രിയർക്കീസ് അനുവദിച്ചു എന്നുമുള്ളതാണ് എന്റെ അറിവ്. Ans. അക്കാല ഘട്ടത്തിലെ സംഭവങ്ങളെക്കുറിച്ച് ഞാൻ പ്രത്യേക പഠനം നടത്തിയിട്ടില്ലാത്തതും വിശദമായി കാര്യങ്ങൾ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ലാത്തതുമാകുന്നു. Ans. ഏതെങ്കിലും കാലംവരെയുള്ള സംഗതികൾ വിശദമായി പഠിച്ചിട്ടുണ്ടോ? Q ഒരുവിധം കാര്യമായി പഠിച്ചിട്ടുള്ള ഭാഗങ്ങളിൽ നിന്നാണ് മുമ്പ് പറഞ്ഞ കാര്യങ്ങൾ എല്ലാം ബോധിപ്പിച്ചിട്ടുള്ളത്. Ans. ഏതു കാലഘട്ടം വരെയുള്ള കാര്യമാണ് ഒരുവിധം കാര്യമായി പഠിച്ചിട്ടുള്ളത്? Q ഏതാണ്ട് പത്രോസ് പാത്രിയർക്കീസ് ബാവായുടെ വരവുവരെയുള്ള കാര്യങ്ങളാണ്. Ans. ഗീവർഗീസ് ദിവന്നാസ്യോസിനെ

അബ്ദുള്ള II മുടക്കിയശേഷമാണോ അബ്ദുൾ മിശിഹാ പാത്രിയർക്കീസ് മലങ്കരയിൽ വന്നത്? Q മോർ ഗീവർഗീസ് ദിവന്നാസ്യോസിനെ വാഴിച്ച അബ്ദുള്ള II പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ മുടക്കിയതിനുശേഷമാണ് അപ്പോൾ അന്ത്യോക്യാ പാത്രിയർക്കീസ് എന്ന രീതിയിൽ ഭരണം ഇല്ലാതിരുന്ന അബ്ദുൽ മിശിഹാ ബാവായെ ഇവിടെ ചിലർ വരുത്തിയതായി പറയുന്നത്. Ans അബ്ദുൽ മിശിഹാ പാത്രിയർക്കീസ് മുടക്കപ്പെട്ട പാത്രിയർക്കീസാണെന്ന് ചീഫിൽ പറഞ്ഞതിനുള്ള അടിസ്ഥാനം എന്താണ്? Q അദ്ദേഹത്തിനുശേഷം പാത്രിയർക്കീസന്മാരായ അബ്ദുള്ള II, ഏലിയാസ് III, അഫ്രേം I, യാക്കോബ് III (റമ്പാനായിരിക്കുമ്പോൾ) എന്നിവരുടെ കൽപനകളിൽ നിന്നാണ് ഞാൻ അക്കാര്യം മനസ്സിലാക്കിയിട്ടുള്ളത്. Ans ഇവിടെ കേസുകൾ നടക്കുന്ന കാലത്ത് അയച്ചിട്ടുള്ള കൽപനകളാണോ? Q അബ്ദുൽ മിശിഹാ ബാവാ വന്നതിന്റെ ശേഷം അധികം താമസിയാതെ കേസുകൾ തുടങ്ങുകയും അൽപ കാലങ്ങളിലെ ഇടവേളക്കുശേഷം ഇപ്പോഴും കേസുകൾ തുടർന്നു കൊണ്ടിരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന സ്ഥിതിക്ക് അക്കാലം മുതൽ ഇക്കാലം വരെയുള്ള കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള കൽപനകളാണ്. Ans അബ്ദുൽ മിശിഹാ കാതോലിക്കാ ആയി വാഴിച്ചത് ആരെയാണ്.? Q അബ്ദുൽ മിശിഹാ ബാവായ്ക്ക് അക്കാലത്ത് കാതോലിക്കായെ വാഴിക്കാൻ അധികാരം ഇല്ലായിരുന്നെങ്കിലും അദ്ദേഹം മഫ്രിയാന (കാതോലിക്ക) ആയി വാഴിച്ചത് അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ വന്നപ്പോൾ അദ്ദേഹത്തോട് വിശ്വസ്തനായി വർത്തിക്കുകയും പല കാര്യങ്ങളും ചെയ്യുകയും അവസാനം ഏതോ കാരണവശാൽ ഭദ്രാസന ഭരണത്തിൽ നിന്ന് പാത്രിയർക്കീസ് നീക്കുകയും ചെയ്തിരുന്ന കണ്ടനാട് ഇടവകയുടെ മോർ ഇവാനിയോസിനെയാണ്? Q കണ്ടനാട് മോർ ഇവാനിയോസിനെ ഭദ്രാസന ഭരണത്തിൽ നിന്നും നീക്കി എന്നതിന് വല്ല രേഖയും കണ്ടിട്ടുണ്ടോ? Q മുമ്പ് ഞാൻ ബോധിപ്പിച്ചതു പോലെ ഇക്കാര്യങ്ങളെക്കുറിച്ച് പ്രത്യേകം നോക്കാതിരുന്നതുകൊണ്ട് മൂല രേഖ കണ്ടിട്ടില്ലങ്കിലും ഏത് പുസ്തകങ്ങളിൽ എന്ന് പറയാൻ നിവൃത്തിയില്ല. പല പുസ്തകങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ട്. Ans. അങ്ങനെ കാതോലിക്കായെ വാഴിച്ച ശേഷമാണോ വട്ടിപ്പണക്കേസ് ഉണ്ടായത്? Q ആയിരിക്കും. Ans. തിരുവനന്തപുരം ജില്ലാ കോടതിയിൽ നടന്ന കേസാണ് വട്ടിപ്പണകേസ് എന്നറിയപ്പെടുന്നത് അല്ലേ? Q ആയിരിക്കാം. Ans. സുന്നഹദോസ് എന്ന് വച്ചാൽ എന്താണ്? Q സുന്നഹദോസിന്റെ സാക്ഷാൽ അർത്ഥം അഥവാ അതുപയോഗിക്കപ്പെടുന്നത് മെത്രാപ്പോലീത്തമാരുടെ കൂട്ടത്തിന് (യോഗത്തിന്) ആണ്. എന്നാൽ ആ പദം എങ്ങനെ ഉപയോഗിച്ചു എന്ന് എനിക്കറിഞ്ഞുകൂടാ. അൽമേനികൾ സംബന്ധിച്ച ഉദയംപേരൂർ, മുളന്തുരുത്തി കൂട്ടങ്ങൾക്കും ആ പേർ ഉപയോഗിച്ചിട്ടുണ്ട്. Ans. സുന്നഹദോസ് വിളിച്ചു കൂട്ടുന്നതിനെപ്പറ്റിയും അതിന്റെ നിശ്ചയങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു സംബന്ധിച്ചും കാനോൻ നിയമങ്ങൾ വല്ലതും ഉണ്ടോ? Q ഇപ്പോൾ ഓർമ്മയിൽ വരുന്നില്ല. Ans. Ex B 154 ൽ ഗീവർഗീസ് ഡയനിഷ്യസിനെ 1083 കുംഭമാസത്തിൽ കൂടിയ മലങ്കര

പള്ളി പ്രതിപുരുഷന്മാരുടെ പൊതുയോഗത്തിൽ വച്ച് മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി തെരഞ്ഞെടുത്തു എന്ന് അദ്ദേഹം മൊഴികൊടുത്തതായി കാണുന്നില്ലേ? Q ചീഫിൽ അങ്ങനെ കാണുന്നുണ്ട്. (പേജ് 1048) Ans. മോർ ജോസഫ് ദിവന്നാസ്യോസ് മെത്രാപ്പോലീത്ത റസിഡന്റിന്റെ പേർക്ക് അയച്ച ഒരു എഴുത്തിന്റെ പകർപ്പ് സി.ഒ. അക്കമായി മാർക്ക് ചെയ്തതായും അതിൽ കാണുന്നു. പേജ് 1048 റസിഡന്റ് അതിനയച്ച മറുപടിയുടെ പകർപ്പ് Ans. അക്കമായി മാർക്ക് ചെയ്തതായി പേജ് 1049 ൽ കാണുന്നു. Ex 154 B പേജ് 1056 ൽ മാനേജിംഗ് കമ്മറ്റി മെമ്പറായിരുന്നുയെന്നു പറയുന്ന മാലിത്തറ ഏലിയാസ് കത്തനാർ ക്നാനായക്കാരനായിരുന്നു. പേജ് 1059 ൽ ഒസ്താത്തിയോസ് മെത്രാനുകൂടെ ഇടവകയിൽ ഭരണവും കിട്ടണമെന്ന് ഒസ്താത്ത്യോസ് മെത്രാൻ ആവശ്യപ്പെട്ടു. ശീമക്കാർക്കു മലങ്കരയിൽ ഭരണം കൊടുപ്പാൻ പാടില്ലാത്തതുകൊണ്ട് ആരും അതിനെ വഴിപ്പെട്ടില്ല എന്നു പറഞ്ഞിട്ടുള്ളതിൽ ശീമക്കാർക്ക് മലങ്കരയിൽ ഭരണം കൊടുപ്പാൻ പാടില്ലാ എന്നു പറഞ്ഞിരിക്കുന്നത് ശരിയാണോ? Q എന്നതിൽ പറഞ്ഞിട്ടുണ്ട്. ശീമക്കാർക്ക് മലങ്കരയിൽ ഭരണം കൊടുക്കുവാൻ പാടില്ല എന്ന് അതിൽ പറഞ്ഞിരിക്കുന്നത് ഈ മൊഴി കൊടുത്ത ആളിന്റെ പൂർവ്വികനെന്ന് അദ്ദേഹവും മറ്റുള്ളവരും സമ്മതിക്കുന്ന ചേപ്പാട്ട് മോർ ദിവന്നാസ്യോസ് മലങ്കരയുടെ ഭരണം ഒഴിഞ്ഞ് യൂയാക്കിം കൂറിലോസിന് കൊടുത്തു എന്നുള്ളതിന്റെ വെളിച്ചത്തിൽ തെറ്റായ ഒരു പ്രസ്താവനയാണ്. Ans. 1059--ാം പേജിൽ പത്രോസ് പാത്രിയർക്കീസ് ബാവായുടെ ഒരു കൽപനയും അതിന്റെ തർജ്ജമയും JN, JN (1) എന്ന് മാർക്ക് ചെയ്തതായി കാണുന്നുണ്ട്. Ex A 207 ൽ JN എന്ന അക്കമിട്ട്? Q 94/1088 ൽ ഹാജരാക്കിയിരുന്നതായി കാണുന്നു. EA 207 പത്രോസ് പാത്രിയർക്കീസ് ബാവായുടെ ഒരു കൽപന ആണോ?Q മുകളിൽ പത്രോസ് പാത്രിയർക്കീസിന്റെ എന്നാണോ എഴുതിയിരിക്കുന്നത് എന്ന് വായിക്കാൻ വയ്യ പൊടിഞ്ഞിരിക്കുന്നു. അനുഗ്രഹങ്ങളും മറ്റും 24 അംഗങ്ങളുള്ള സുന്നഹദോസിലെ അംഗങ്ങളായ പട്ടക്കാരും അൽമായരുമായ നമ്മുടെ ആത്മീയമക്കൾ മേൽ വസിക്കട്ടെ എന്നാണ് എഴുതിയിരിക്കുന്നത്. EA 207 ൽ അവസാന ഭാഗത്ത് സാധാരണ പാത്രിയർക്കീസ്മാർ എഴുതുന്ന ആകാശത്തിലുള്ള ഞങ്ങളുടെ ബാവ എന്നു സ്വന്തം കയ്യക്ഷരത്തിൽ എഴുതി അവസാനിപ്പിക്കുന്നത് ഇന്നിടത്തു വച്ചു ഇന്ന തീയതി എന്നുള്ളതൊന്നും അതിൽ കാണുന്നില്ലെന്നു മാത്രമല്ല അതിന്റെ ഒരു കടലാസിന്റെ കുറെ ഭാഗം കീറിയിരിക്കുന്നതായിട്ടും കാണുന്നു. Ex A 207 (a) ൽ JN (1) ആയി O.S. 94/1088 ൽ ഹാജരാക്കിയിരുന്നതായി കാണുന്നു. അത് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെതായിട്ട് മുകളിൽ എഴുതിയിട്ടുണ്ട്. പാത്രിയർക്കീസ് ബാവായുടെ മുമ്പു ബോധിപ്പിച്ചതുപോലെയുള്ള കാര്യങ്ങൾ ഇതിലും കാണുന്നില്ല. അവസാനം സുറിയാനിയിൽ എഴുതിയിരിക്കുന്നത് വാഴ്ത്തപ്പെട്ട നമ്മുടെ മക്കളേ, നിങ്ങൾ ഒരു കാലത്തും അനുസരണം കെട്ടവരായിരിക്കരുത് എന്നാണ്. അവസാനത്തെ വാചകം ഇത് ശരി പകർപ്പാകുന്നു. കോനാട്ട് മൽപാൻ എന്ന് എഴുതി

ഒപ്പിട്ടുക്കാണുന്നു. Ex 207 (4) തർജ്ജമ ഒപ്പിട്ട് കാണുന്ന റവ. ഫാ. സി.ജെ. സ്കറിയായെ അറിയാം. അടുത്ത് പരിചയമില്ല. അദ്ദേഹം സെമിനാരിയിൽ സിറിയക് മൽപാനായിരുന്നു. 18 അക്കം കാനോനാനെപറ്റി ആ സാക്ഷി എന്തെങ്കിലും അഭിപ്രായം പറഞ്ഞിട്ടുണ്ടോ? Q ഉണ്ടായേക്കും. എന്താണെന്ന് എനിക്ക് ഓർമ്മയില്ല. Ans. Ex B 154 ൽ പേജ് 1091 ൽ 18 അക്കം ശരിയായ *ഹൂദായ കാനോൻ* പുസ്തകമാണോ? എന്ന ചോദ്യത്തിനു ഇത് ശരിയായ *ഹൂദായ കാനോൻ* പുസ്തകമല്ല ഇത് വ്യാജ നിർമ്മിതമാണ് എന്ന് പറഞ്ഞിട്ടുണ്ട്. തുടർന്ന് 1092-ാം പേജിൽ ഇതു പോലെ ഒരു കാനോൻ പുസ്തകം ഇതാ ഇതിൽ നിന്നും വേറെ എഴുതിയിട്ടുണ്ടെങ്കിൽ അതും അല്ലാതെ വേറെ ഒരു സ്ഥലത്തും കാണപ്പെടുന്നതല്ലായെന്നും 18 അക്കം കാനോനെ പറ്റിയുള്ള ആക്ഷേപങ്ങൾ ആ സാക്ഷി ബോധിപ്പിച്ചിട്ടുള്ളതായി കാണുന്നു. 1097-1098-1099 ഈ പേജുകളിൽ ആ കാനോൻ ശരിയല്ലെന്നുള്ളതിന് അദ്ദേഹത്തിന് പറയാനുള്ള കാരണങ്ങൾ പറഞ്ഞു കാണുന്നു. Stopped for the day

മൊഴി വായിച്ചു കേട്ടു. ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Sessions Court Ernakulam. Taken down by me in open Court. Read over to the Witness and admitted by him to the Correct.

Sd/-

Judge 20-7-78

21-7-78 Witness sworn again and cross examination continued:-

Ex B 154 ൽ 1094-ാം പേജിന്റെ അവസാനം തൊട്ട് 1096-ാം പേജ്ണെന്ന് പറഞ്ഞ് ആ സാക്ഷി ബോധിപ്പിച്ച് കാണുന്നുണ്ട്. 1094-ാം പേജിൽ ഇ.എൽ. അക്കം മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങളാണെന്ന് ആ സാക്ഷിമൊഴിയിൽ ഉണ്ട്. Ex A 150 ൽ 1088 ൽ 94-ാം നമ്പർ കേസിൽ ഇ.എൽ. എന്ന് അക്കമിട്ട പ്രമാണമായി കാണുന്നു. Ex B 154 (a) ക്ക് തൊട്ട് മുമ്പായിട്ട് യാക്കോബായ സുറിയാനി സഭയിൽ ആകപ്പാടെ പ്രധാന മേൽപട്ടക്കാരൻ ആരാണ് എന്ന ചോദ്യത്തിന് സ്ഥാന മാഹാത്മ്യം ആലോചിച്ചാൽ പാത്രിയർക്കീസിനെ മേൽപട്ടക്കാരിൽ എല്ലാവരിലും പ്രധാന മേൽപട്ടക്കാരനായി വിചാരിക്കേണ്ടതാണ്. ആ സ്ഥിതിയിൽ പാത്രിയർക്കീസാണ് എന്ന് ഉത്തരം പറഞ്ഞതായും കാണുന്നു. അതു പോലെ തന്നെ യാക്കോബായ സുറിയാനി സഭയ്ക്ക് ആകപ്പാടെ ഏതെങ്കിലും സ്ഥിതിയിൽ പാത്രിയർക്കീസല്ലാതെ പ്രധാന മേൽപട്ടക്കാരനുണ്ടോ എന്ന ചോദ്യത്തിന് ഉണ്ടെന്ന് ഞാൻ മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. പാത്രിയർക്കീസെന്നുള്ള നിലയിൽ ന്യായമായി ഒരു പാത്രിയർക്കീസാണ് ഉണ്ടായിരിക്കുക പതിവ്. അതിനാൽ യാക്കോബായ സഭക്ക് ഒട്ടുക്ക് പ്രധാന മേൽപട്ടക്കാരനെന്നു പറയാവുന്ന ഒരു പേര് പാത്രിയർക്കീസിന് മാത്രമെയുള്ളു എന്ന് പറഞ്ഞിട്ടുണ്ട്. Ex 154 പേജ് 1251 ൽ അവാസനം റോമ കുസ്തന്തിനോപ്പോലിസ്, അന്ത്യോക്യാ, അലക്സാന്ത്രിയാ എന്നു തുടങ്ങി ഓരോ സിംഹാസനവും മറ്റൊന്നിന് കീഴ്പെട്ടിരുന്നില്ലല്ലോ

അല്ലേ എന്ന ചോദ്യത്തിന് കീഴ്പെട്ടിരുന്നില്ല എന്നുത്തരം എന്നുവരെയുള്ള ഭാഗം വായിച്ചുനോക്കി. അതിൽ പറയുന്ന ഭാഗങ്ങൾ ശരിയാണോ? Q നിഖ്യാ സുന്നഹദോസിന്റെ കാലത്ത് അൽപാൽപ ബഹുമാന വ്യത്യാസങ്ങളോടു കൂടി സ്വതന്ത്ര സിംഹാസനങ്ങളാണ് മുമ്പ് പറഞ്ഞവ നാലും എന്ന പ്രസ്താവന തെറ്റാണ്. കാരണം നിഖ്യാ സുന്നഹദോസ് കാലത്ത് റോം, അലക്സാന്ത്രിയാ, അന്ത്യോക്യാ ഇവ മൂന്നും പത്രോസിന്റെ ഒരേ സിംഹാസനത്തിൽ മൂന്ന് അധികാര സ്ഥാനങ്ങളായിരുന്നു എന്ന് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. കുസ്തന്തീനോ പോലീസിന് ഒരു സിംഹാസനം ഉണ്ടായത് 381 ലെ കുസ്തന്തീനോപോലീസ് സുന്നഹദോസിന്റെ മൂന്നാം നിശ്ചയമനുസരിച്ചാണെന്നും ഞാൻ ബോധിപ്പി ച്ചിട്ടുണ്ട്. ആകയാൽ ആദ്യം പറഞ്ഞ മൂന്ന് പത്രോസിന്റെ സിംഹാസനത്തിന്റെ അധികാര സ്ഥാനങ്ങൾ സ്വതന്ത്ര സിംഹാസനങ്ങളല്ല. ആ സ്ഥിതിക്ക് ഒരു സിംഹാസനവും മറ്റൊരു സിംഹാസനത്തിനു കീഴ്പെട്ടിരുന്നില്ലാ എന്ന് പറയു ന്നത് ഏക സിംഹാസനത്തിന്റെ മൂന്നധികാര സ്ഥാനങ്ങളാകയാൽ പര സ്പരം കീഴ്പെട്ടിരിക്കേണ്ട ആവശ്യമില്ല എന്ന അർത്ഥത്തിൽ പറയാവുന്ന താണ്?Q ഓരോ സിംഹാസനങ്ങളല്ലേ എന്നുള്ള ചോദ്യത്തിനുത്തരമായിട്ടാണ് അൽപാൽപം ബഹുമാന വ്യത്യാസങ്ങളോടുകൂടിയ എന്നു തുടങ്ങി 1251-ാം പേജിലെ ഉത്തരം പറഞ്ഞു കാണുന്നത്. Ex B 154 ൽ 1306-ാം പേജിൽ പട്ടം കൊടയിൽ ദൈവത്തിൽ നിന്നുള്ള നൽവരം ലഭിക്കുന്നത് എന്നു തൊട്ട് കൈവെപ്പ് എന്ന ഏക കർമ്മത്തിൽ നിന്നുമാത്രമാണ് നൽവരത്തിനുള്ള സകലവും അടങ്ങിയിരിക്കുന്നു എന്നുള്ള അർത്ഥത്തിലല്ലാ എന്നുള്ള ഭാഗം വായിച്ചുനോക്കി അതിൽ കൈവപ്പിനെ പറ്റി പറയുന്ന അഭിപ്രായങ്ങൾ ശരി യാണോ? Q കൈവപ്പ് പട്ടം കൊടയിലെ പ്രധാനകർമ്മങ്ങളിൽ ഒന്നാണ്. അത് ഞാൻ സമ്മതിക്കുന്നു. നൽവരം ലഭിക്കുന്നത് ഒരു കർമ്മത്താൽ മാത്രമെന്ന് സുറിയാനി സഭ വിശ്വസിക്കുന്നില്ല എന്ന ഭാഗത്തോട് വിയോജിക്കുന്നു. കാരണം കൈവപ്പ് എന്ന പദം പട്ടം കൊട കർമ്മത്തിന് പൊതുവെ പറയുന്ന ഒരു പേരാണെന്നദ്ദേഹം തന്നെ സമ്മതിക്കുന്നുണ്ട്. ആകയാൽ കൈവപ്പ് ഒന്നുകൊണ്ട് മാത്രമാണ് നൽവരം ലഭിക്കുന്നതെന്ന് എന്റെ കൈവപ്പിനാൽ നിനക്ക് ലഭിച്ചു എന്ന് പൗലോസ് തിമൊത്തിയോസിനോട് പറഞ്ഞിട്ടുള്ള ഭാഗവും മറ്റും കൂടി ആലോചിക്കുമ്പോൾ പരിശുദ്ധാത്മ വിളിയോട് കൂടിയുള്ള കൈവപ്പ് കൊണ്ടുമാത്രമാണ് നൽവരം ലഭിക്കുന്നത്. അതുപോലെ പട്ടം കൊട കർമ്മത്തിൽ സംബന്ധിക്കുന്ന മേൽപട്ടക്കാരെല്ലാവരും ഓരോ വിധ ത്തിൽ അതിൽ സംബന്ധിക്കുമെന്നിരുന്നാലും കർമ്മങ്ങളിലെ പ്രധാന ക്രിയ കളിൽ ഒന്നായി കൈവപ്പ് എന്ന കർമ്മം പ്രധാന കർമ്മങ്ങളിൽ ഒന്നാകയാലും അതിൽ എല്ലാ മേൽപട്ടക്കാരും സംബന്ധിക്കുക പതിവുള്ളതിനാലും മേൽപട്ട സ്ഥാനം കൊടുക്കേണ്ടത് ഒന്നിലധികം മേൽപട്ടക്കാർ കൂടി വേണമെന്ന നിയമം ഉള്ളതിനാലും മേൽപ്രകാരം അതായത് ദൈവത്തിൽ നിന്നുള്ള നൽവരം എനിക്ക് ലഭിച്ചത് മേൽ പറഞ്ഞ സിനഡിലെ അംഗങ്ങളായ മേൽപട്ട ക്കാരുടെ കൈവയ്പ്പ് മൂലമായിരുന്നു ആ ഭാഗം ഞാൻ സമ്മതിക്കുന്നില്ല. പട്ടം

കൊട കർമ്മത്തിൽ മേൽപട്ടക്കാർ സംബന്ധിക്കുമെന്നുള്ളത് ശരിയാണ്. എന്നാൽ മേൽപട്ടസ്ഥാനം കൊടുക്കേണ്ടത് ഒന്നിലധികം മേൽപട്ടക്കാർ കൂടി വേണമെന്നുള്ള നിയമം പാത്രിയർക്കീസ് സ്ഥാനം നൽകുമ്പോൾ apply ചെയ്യാവുന്നതല്ലേ. മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ എപ്പിസ്കോപ്പന്മാർ മാത്രമാണെങ്കിൽ പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടി അങ്ങനെ ചെയ്യാം. അതുപോലെ സിനഡ് അല്ല നൽവരം പ്രദാനം ചെയ്യുന്നത്. സിന ഡിലെ അംഗങ്ങളിൽ സൗകര്യമുള്ളവർ അതിൽ സംബന്ധിക്കുന്നു എന്നു മാത്രം. എല്ലാവരും സംബന്ധിച്ചില്ലെങ്കിലും പാത്രിയർക്കീസിന് മെത്രാപ്പോ ലീത്തയെ വാഴിക്കാം, പട്ടം കൊട നടത്താം. Ans പട്ടം കൊടയിൽ പല കർമ്മ ങ്ങളുണ്ടോ? Q നോമ്പ്, പ്രാർത്ഥന, കുർബാന ഇവയെല്ലാം ആവശ്യമുണ്ട്. വിശ്വാസവും സഭാ നിയമമനുസരിച്ചുള്ള കീഴ്വഴക്കവും പ്രഖ്യാപനം ഉണ്ട്. സ്ഥാനമേൽക്കുന്ന ആളിന്റെ തലയിൽ സ്ഥാനം കൊടുക്കുന്നയാൾ കൈ വയ്ക്കുക, മുഖത്ത് ഊതുക മുതലായവയെല്ലാം അതിലുൾപെടുന്ന കാര്യ ങ്ങളാണ്. Ans പരിശുദ്ധാത്മ വാസം ഉണ്ടാകുന്നതുകൊണ്ടാണ് നൽവരം ലഭിക്കുന്നത് എന്ന് സഭ വിശ്വസിക്കുന്നുണ്ടോ? Q ഈ സഭ വിശ്വസിക്കുന്നത് പത്രോസിന്റെ പിൻഗാമിയായ പാത്രിയർക്കീസിൽ നിന്നുള്ള യാഥാർത്ഥ കൈവപ്പുള്ള മേൽപട്ടക്കാരൊ പട്ടക്കാരൊ ഓരോ കർമ്മത്തിന്റെയും ക്രമങ്ങ ളിൽ വ്യത്യാസം ഒന്നും വരുത്താതെ വേണ്ടത് പ്രവർത്തിക്കുമ്പോൾ ഓരോ കൂദാശയും ഏത് നൽവരത്തിനുവേണ്ടിയാണോ ആ നൽവരം പരിശുദ്ധാത്മ പ്രവർത്തനം മൂലം ലഭിക്കുന്നു എന്നാണ്. Ans പട്ടം കൊടയിൽ പരിശുദ്ധാത്മ വിളിക്കുള്ള പ്രാർത്ഥന ഉണ്ട്. ആ പ്രാർത്ഥനക്കാണോ കൈവപ്പിനാണോ ഏതിനാണ് കൂടുതൽ പ്രാധാന്യം? Q ഇത് രണ്ട് പ്രത്യേക കർമ്മങ്ങളല്ല. ഇവയും ഊത്തും പട്ടം കൊട എന്ന ആ കർമ്മത്തിന്റെ അവിഭാജ്യഘടകങ്ങ ളാണ്. Ans മൂന്നും ഒന്നാകയാൽ അതെല്ലാം ചെയ്തേ മതിയാകൂ. പാത്രി യർക്കീസിന് തനിച്ച് കൈവയ്ക്കാം മെത്രാപ്പോലീത്തായെ വാഴിക്കാം എന്നു പറയുന്നതിന് ആശ്രയിക്കുന്നത് കാനോൻ നിയമമാണോ? Q കാനോൻ നിയമം ഉണ്ടോ? Q നോക്കിയാലേ പറയാൻ സാധിക്കൂ. Ans Ex B 154 മൊഴികൊടു ക്കുന്നത് കേൾക്കുകയൊ അതേപ്പറ്റി നേരിട്ടറിവോ ഉണ്ടോ? Q മൊഴികൊടു ക്കുന്നത്കേട്ടിട്ടില്ല. അന്നെനിക്ക് 5 വയസേയുള്ളൂ. ഇവിടെ ഹാജരാക്കിയിരി ക്കുന്നതുപോലെയുള്ള മൊഴിപ്പകർപ്പിന്റെ ചില ഭാഗങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. Ans Ex B 154 മൊഴിയിൽ പല ഭാഗങ്ങളിൽ വരയ്ക്കുകയും നോട്ടുകൾ എഴു തുകയും ചെയ്തിരിക്കുന്നത് ആരാണെന്ന് എനിക്കറിഞ്ഞുകൂടാ. Ex B 154 ൽ വേറെയും സാക്ഷികളുടെ മൊഴികൾ ഉള്ളതായി കാണുന്നുണ്ട്. Ex A 71 15-ാം അദ്ധ്യായത്തിൽ കിഴക്കൻ ദേശത്തെ സുവിശേഷ പ്രചാരണവും സോലി ക്കിലെ കാതോലിക്കാ സ്ഥാപനവും എന്ന ഹെഡിംഗിൽ കാതോലിക്കാ സ്ഥാപനത്തെ പറ്റി പറയുന്നില്ലേ?Q പറയുന്നില്ല. ഹെഡിംഗ് ഉണ്ട്. മൂന്ന് നൂറ്റാണ്ടുകളിലെ ചരിത്രമെഴുതിയ അദ്ദേഹം 483 മുതൽ 490 വരെയുള്ള കാതോലിക്കാ എന്ന നാമം അറിയപ്പെട്ടത്. Kidd എന്ന ഗ്രന്ഥകാരൻ പറയുന്ന

പ്രകാരം ആ ആളിൽ സേലൂക്കിലെ സൂന്നഹദോസിൽ അവിടുത്തെ മേൽപട്ടക്കാരൻ കാതോലിക്കാ എന്ന സ്ഥാനപ്പേര് സ്വീകരിച്ചു. ഇത്രയുമാണ് അതിൽ കാതോലിക്കായെപ്പറ്റി പറഞ്ഞിരിക്കുന്നത്. Ans. സേലൂക്കിന് സെല്യൂഷ്യാ സ്റ്റെസിഫോൺ എന്നു പറയും. 410 ൽ അങ്ങനെ സെല്യൂഷ്യായിൽ ഒരു സൂന്നഹദോസ് നടന്നിട്ടുണ്ടോ?Q ഉണ്ട് Ans അതിൽ എവിടുത്തെ മേൽപട്ടക്കാർ ഒക്കെ സംബന്ധിച്ചു?Q അത് വിളിച്ച് കൂട്ടിയത് കുസ്തന്തീനോപോലീസിലെ ചക്രവർത്തിയായിരുന്നു. ദേവോദോസിയോസ് പേർഷ്യൻ രാജാവിന്റെ അടുക്കലേക്ക് അംബാസിഡറായി അയക്കപ്പെട്ട മെയ്ഫർകാട്ടിലെ മോർ മറൂഥാ എന്ന അദ്ദേഹമാണ്. അദ്ദേഹം ആ പ്രദേശത്തുണ്ടായിരുന്ന മേൽപട്ടക്കാരെ വിളിച്ചു കൂട്ടുകയും അവരുടെ ഒരു പ്രധാനിയായിരുന്ന ഇസഹാക്ക് എന്ന മേൽപട്ടക്കാരന്റെ മേൽ അവർ ഉന്നയിച്ച പരാതികളെക്കുറിച്ച് കേൾക്കുവാൻ ആയി അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന പെർഫോമിയോസിന്റെ കൽപന പ്രകാരം അത് വിളിച്ച് കൂട്ടുകയും പരാതി കാര്യങ്ങൾ കേട്ട് തീരുമാനിക്കുകയും പല നിയമങ്ങളും നിശ്ചയിക്കുകയും ചെയ്തു. Ans ആ പ്രദേശങ്ങളിലെ എപ്പിസ്കോപ്പമാർ എന്നു പറഞ്ഞത് ഏതു പ്രദേശത്തെയാണ്?Q Ex A 71-483-ാം പേജിൽ ആ സ്ഥലങ്ങളുടെ പേര് പറഞ്ഞിട്ടുണ്ട്. Ans ആ സ്ഥലങ്ങൾ കിഴക്ക് എന്ന നാമത്തിലാണോ സഭാ ചരിത്രത്തിൽ അറിയപ്പെടുന്നത്?Q പൊതുവെ അങ്ങനെ അറിയപ്പെടുമെന്നും അവിടെ പറഞ്ഞിട്ടുണ്ട്. Ans ആ സ്ഥലങ്ങൾ റോമാ സാമ്രാജ്യത്തിന് പുറത്തുള്ളവയാണോ?Q റോമൻ സാമ്രാജ്യത്തിന് പുറത്ത് കിഴക്കുള്ള പേർഷ്യൻ സാമ്രാജ്യത്തിൽ പെട്ടവയാണ്. Ans ഈ പ്രദേശങ്ങളിൽ 1-ാം നൂറ്റാണ്ടിൽ തന്നെ സുവിശേഷം പ്രചരിച്ചിരുന്നോ?Q കിഴക്കുനിന്ന് വന്ന മ്ഗൂശന്മാർ വഴിയായി മിശിഹായുടെ ജനന കാര്യം അവിടെ അറിയപ്പെട്ടിട്ടുണ്ട്. അതിന് ശേഷം യറൂശലമിൽ വച്ചുള്ള പത്രോസിന്റെ പ്രസംഗം കേട്ട് ആ നാട്ടുകാരും അവിടെച്ചെന്ന് സുവിശേഷ കാര്യങ്ങൾ പറഞ്ഞതായിട്ടാണ് അറിയപ്പെട്ടുന്നത്. ആ സ്ഥിതിക്ക് ഒന്നാം നൂറ്റാണ്ടിൽ തന്നെ സുവിശേഷം അവിടെ അൽപമായിട്ടെങ്കിലും പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. Ans കിഴക്കിലുൾപെട്ട ഉറഹോയുടെ രാജാവായ അബ്ഗർ 5-ാമനെയും അദ്ദേഹത്തിന്റെ രാജ്യവാസികളെയും 70 അറിയിപ്പുകാരിൽ ഒരാളായ ആദായി ക്രിസ്ത്യാനികളാക്കുകയും അവിടെ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടോ?Q ചെയ്തു. Ans മോർ തോമാ ശ്ലീഹാ ഇൻഡ്യയിൽ വരുന്നതിന് മുമ്പ് കിഴിക്കിൽ പെട്ട തിഗ്രീസുകാർ, പാശ്ചാത്യർ. പേർഷ്യൻ ആദിയായവരോട് സുവിശേഷം അറിയിച്ച് അവരെ ക്രിസ്ത്യാനികളാക്കിയിരുന്നോ?Q അദ്ദേഹം ഇൻഡ്യയിലേക്കു പോകുന്നതിനു മുമ്പ് മേൽപറഞ്ഞ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചതായി പറയപ്പെടുന്നു. Ans E A 71 ൽ അപ്രകാരം ചെയ്തതായി പറയുന്നത് ശരിയോ?Q അതെ Ans. പൗരസ്ത്യദേശത്തെ പ്രധാനപ്പെട്ട എപ്പിസ്കോപ്പൽ ഇടവകകൾ Ex A 71 പേജ് 485 - 486 ൽ പറയുന്നില്ലേ?Q 3-ാം നൂറ്റാണ്ടിൽ 20 ൽ പരം എപ്പിസ്കോപ്പൽ ഇടവകകൾ ഉണ്ടായിരുന്നതായും അവയിൽ പ്രധാനങ്ങളായി 11 സ്ഥലങ്ങളുടെ

പേരുകളും പറയുന്നുണ്ട്. Ans അതിൽ ഒന്ന് പ്രോത് വീശൻ (ബഡ്ഡീ) ആണ്. ഒരു എപ്പിസ്കോപ്പൽ ഇടവകയായ ബസ്കത്രോായേത്. തെക്ക് മോർ തോമായുടെ നാമത്തിൽ ഒരു ദയറ ഉണ്ടായിരുന്നതായി ഫുട്നോട്ടിൽ പേജ് 486 ൽ പറയുന്നുണ്ട്. പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നോ സോലിക്ക് തലസ്ഥാനമായിരുന്നോ എന്നറിഞ്ഞുകൂടാ. Ans 488-ാം പേജിൽ രാജ്യത്തിന്റെ തലസ്ഥാനത്തെ സോലിലെ എപ്പിസ്കോപ്പാ സ്ഥാനത്തെക്കുറിച്ച് പറയുന്നുണ്ട്. സോലിലെ എന്നത് ഒരു പക്ഷേ സോലിക്കിലെ ആയിരിക്കാം. ആ എപ്പിസ്കോപ്പാ സ്ഥാനത്തെകുറിച്ച് യാതൊരു സ്മരണയും അന്നുള്ളതായി കാണുന്നില്ലാ എന്ന് പറയുന്നുണ്ട്. 486-487 എന്നീ പേജുകളിലായി ഹെദ്യാബിലെ എപ്പിസ്കോപ്പൽ ഇടവകയെപ്പറ്റി പറഞ്ഞിട്ടുണ്ട്. സോലിക്കിൽ പാപ്പാ എന്ന ദേഹത്തെ എപ്പിസ്കോപ്പാ ആയി നിയമിച്ചതായി 487-488 പേജുകളിൽ പറയുന്നു. പാപ്പായുടെ മേൽ കൈവച്ചത് ബസ്രായിലെ ദാവിദ് എപ്പിസ്കോപ്പാ ആണോ?Q കൈവച്ചു എന്ന് പറയുന്നുണ്ട്. പക്ഷേ മറ്റ് മെത്രാന്മാരും സംബന്ധിച്ചിരിക്കാം എന്ന് അടുത്ത വാചകത്തിൽ പറയുന്നുണ്ട്. Ans പാപ്പായുടെ കാലം മുതൽ സോലിക്കിലെ എപ്പിസ്കോപ്പൽ സ്ഥാനം തുടർച്ചയായി നിലനിന്നിരുന്നോ? നിലനിന്നിരുന്നതായി Ex A 71 ൽ പറയുന്നുണ്ട്. Ans പൗരസ്ത്യ എപ്പിസ്കോപ്പന്മാരുടെ ഒരു സുന്നഹദോസ് 315 ൽ കൂടിയതായി 489-ാം പേജിൽ പറഞ്ഞു കാണുന്നുണ്ട്. E A 71 ൽ പറയുന്നത് ഈ പാപ്പാ അഹങ്കരിക്കുകയും പേർഷ്യയിൽ ഉണ്ടായിരുന്ന എല്ലാ ഇടവകക്കാരുടെയും മേലധികാരം കിട്ടുന്നതിന് ശണ്ഠ ഇടുകയും ചെയ്തു. അങ്ങനെ വഴക്കുണ്ടായപ്പോൾ പാപ്പാ ഉൾപ്പടെ പൗരസ്ത്യ എപ്പിസ്കോപ്പന്മാരുടെ മേൽ അധികാരമില്ലെന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി എന്നാണ്. ആധുനിക പ്രസിദ്ധ ചരിത്രകാരന്മാരെല്ലാം തന്നെ സോലിക്കിലെ കാതോലിക്കാ സ്ഥാനം പ്രസ്തുത പാപ്പായുടെ കാലം മുതലാണ് എന്ന് ഉറപ്പിക്കുന്നുയെന്നു Ex A 71 ൽ കാണുന്നു. എന്നാൽ അവിടെ ഒരു ഫുട്നോട്ടും കൂടി ഉള്ളത് ആ സന്ദർഭത്തിൽ കാര്യമായി എടുക്കണ്ടതാണ്. E A 71 ൽ കാണുന്നതായി മുമ്പ് പറഞ്ഞ വിധം ശരിയാണോ? ഫുട്നോട്ടും കൂടി കാര്യമായി എടുത്തുകൊണ്ടു ശരിയാണ്. Ans ഫുട്നോട്ടിൽ എന്താണ് പറയുന്നത്?Q പാപ്പായുടെ കാലം മുതലാണ് ആരംഭിച്ചതെന്ന് ഉറപ്പിക്കുന്നുയെന്നുള്ള Ex A 71 ലെ പ്രസ്താവനയ്ക്ക് കൊടുത്തിരിക്കുന്ന ഫുട്നോട്ടിൽ ആദ്യകാല കാതോലിക്കാ സ്ഥാപനത്തെക്കുറിച്ച് നെസ്തോറിയർ ചില അവകാശവാദങ്ങൾ ഉന്നയിച്ചു എന്നും അവ അത്ര വിശ്വസനിയമല്ലെന്നും പറഞ്ഞിരിക്കുന്നതിനെ E A 71 ൽ ഞാൻ മുമ്പ് സമ്മതിച്ചിട്ടുള്ളതുപോലെ ഇതിനെയും സമ്മതിക്കുന്നു. അതായത് ഫുട്നോട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ ഞാൻ സമ്മതിക്കുന്നു. Ans ഫുട്നോട്ടിൽ പറയുന്ന ആഹോദാബുയി *എക്ലിഷ്യാസ്റ്റിക്കിയിൽ* പറയുന്നതായി കാണുന്ന ആഹോദാബ് ആണോ? അതെ. Ansഫുട്നോട്ടിൽ പൗരസ്ത്യ എപ്പിസ്കോപ്പന്മാർ അവരുടെ തലവൻ കാലം ചെയ്യുമ്പോൾ എന്നു തൊട്ട് പാപ്പാ മുതലായവർ സിംഹാസനരൂഢരായി എന്നുവരെയുള്ള ഭാഗങ്ങൾ

പ്രതിഭാഗത്ത് നിന്നും ഹാജരാക്കിയിട്ടുള്ള *എക്ലിഷ്യാസ്റ്റിക്കിയിൽ* കാണുന്ന സംഗതികളാണോ?Q അതെ. Ans ആ വിവരങ്ങൾ കാതോലിക്കാമാരുടെ ചരിത്രങ്ങളിൽ ഉൾപ്പെടുത്തിയാണോ പ്രതിഭാഗത്തു നിന്നും ഹാജരാക്കിയിരിക്കുന്ന *എക്ലിഷ്യാസ്റ്റിക്കിയിൽ* പറയുന്നത്? ചരിത്രകാരനായ ബാർ എബ്രായ അദ്ദേഹത്തിന് കിട്ടിയ അറിവിൽ നിന്നദ്ദേഹവും E A 71 ന്റെ ഗ്രന്ഥകർത്താവ് അദ്ദേഹത്തിന് കിട്ടിയ അറിവിൽ നിന്ന് അദ്ദേഹവും പറഞ്ഞിരിക്കുകയാണ്. Ans സെലൂഷ്യയിൽ 410 ൽ കൂടിയ സുന്നഹദോസിന് പേർഷ്യൻ നിസിയാ സുന്നഹദോസ് എന്നറിയപ്പെടുന്നുണ്ടോ?Q എനിക്കറിഞ്ഞുകൂടാ Ans പാത്രിയർക്കീസാരെയോ 410 ലെ സുന്നഹദോസിന് അയച്ചിരുന്നുവെന്നും മറ്റും പറഞ്ഞ വിവരം എവിടെ ഉണ്ട്?Q ഫോർട്ടുസുക്യൂവിന്റെ *Lesser Eastern Churches* എന്ന പുസ്തകത്തിൽ നിന്നാണ് മനസ്സിലായത്. Ans. കാതോലിക്കാ എന്ന വാക്കിന്റെ അർത്ഥം എന്താണ്?Q പൊതുവിനടുത്ത പിതാവ് എന്നാണ്. Ans. 410 ലെ സിനഡിലെ നിശ്ചയങ്ങൾ *Lesser Eastern Churches* ൽ ഉണ്ടോ?Q നിശ്ചയങ്ങൾ മുഴുവനും ആ പുസ്തകത്തിൽ ഇല്ല. കുറെ ഉണ്ട്. Ans. കാതോലിക്കാ സ്ഥാപനത്തെപ്പറ്റി എന്തെങ്കിലും നിശ്ചയങ്ങൾ അതിൽ ഉണ്ടോ?Q കാതോലിക്കാ സ്ഥാപനത്തെ കുറിച്ചല്ല, കാതോലിക്ക എന്ന പേരിനെ സംബന്ധിച്ച് അവിടെ പറഞ്ഞരിക്കുന്ന വാചകം ഏകദേശമായി ഞാൻ ഓർക്കുന്നു. He was not a metropolitan because he had metropolitan under him. He did not take the name Partiarch because he had a Partiarch over him അങ്ങനെ കാതോലിക്കാ എന്ന പേര് സെലൂഷ്യയിലെ ആ മെത്രാപ്പോലീത്ത എടുത്തു എന്നാണ് അവിടെ വായിച്ചത് *Lesser Eastern Churches* Ans. നിഖ്യാ സുന്നഹദോസ് വിളിച്ചു കൂട്ടിയതു Constatne ചക്രവർത്തിയാണോ?Q സുന്നഹദോസ് വിളിച്ചു കുട്ടേണ്ടത് ചക്രവർത്തി അല്ലെങ്കിലും ആ സുന്നഹദോസ് കൂട്ടുന്നതിന് മുൻകൈയെടുത്തതും എല്ലാവിധ സഹായങ്ങൾ ചെയ്തതും അദ്ദേഹമാണ്. Ans. വിളിച്ചു കൂട്ടിയതാരാണ്?Q എന്റെ അഭിപ്രായം അന്നുണ്ടായിരുന്ന മൂന്ന് പാത്രിയർക്കീസുമാർ അവരുടെ കീഴിലുള്ള മെത്രാന്മാരെ വിളിച്ചു കൂട്ടി എന്നാണ്. Ans. എല്ലാ ചരിത്രരേഖകളിലും കോൺസ്റ്റന്റയിൻ ചക്രവർത്തിയാണ് വിളിച്ച് കൂട്ടിയത് എന്നല്ലേ കാണുന്നത്?Q അതെ. അതാണ് അതിന്റെ സഭാചരമായ വശവും കൂടി ഉൾപ്പെടുത്തി കൊണ്ട് ഞാൻ മുമ്പ് ബോധിപ്പിച്ചത് Ans. കുസ്തന്തിനോപോലിസ് സുന്നഹദോസ് ആര് വിളിച്ചു കൂട്ടി?Q അതും മുമ്പ് പറഞ്ഞ രീതിയിൽ അന്നത്തെ ചക്രവർത്തി മുൻ കയ്യെടുത്ത് വിളിച്ച് കൂട്ടിയിട്ടുള്ളതാണ്. Ans. എഫേസൂസിലെ സുന്നഹദോസോ?Qഎല്ലാം അതുപോലെ ആയിരിക്കണം. മൂന്ന് പൊതു സുന്നഹദോസും Ans വിശ്വാസ പ്രമാണം അല്ലെങ്കിൽ creed എന്നറിയപ്പെടുന്നതാണോ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളുടെ പ്രമാണം?Q പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, സഭ, മാമൂദിസാ, മരിച്ചവരുടെ ഉയിർപ്പ് ഇത്രയും അടിസ്ഥാനപരമായ വിശ്വാസങ്ങൾ വിശ്വാസപ്രമാണത്തിൽ ഉണ്ട്. Ans. സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ കാണിക്കുന്ന പ്രമാണമാണോ വിശ്വാസ പ്രമാണം Ans മുമ്പ് പറഞ്ഞ

അടിസ്ഥാന വിശ്വാസങ്ങളും അവയിൽ അന്തർഭവിച്ചിരിക്കുന്ന കാര്യങ്ങളും വിശ്വാസത്തിൽ ഉൾപ്പെടും. ഇവ മാത്രമാണ് അടിസ്ഥാനം എന്ന് പറഞ്ഞാൽ കുർബാനപോലും ആവശ്യമില്ലന്നുവരും അതുകൊണ്ടാണ് ഓരോന്നിലും അന്തർഭവിച്ചിരിക്കുന്ന കാര്യങ്ങളും എന്ന് ബോധിപ്പിച്ചത്. Ans സഭയുടെ അടിസ്ഥാന വിശ്വാസങ്ങളുടെ ആധാരം വിശ്വാസ പ്രമാണമല്ലെന്ന് പറയാമോ?Q ഒരിക്കലും പറയുകയില്ല. വിശ്വാസ പ്രമാണവും അതിനനുസരണമായുള്ള പൊതു സുന്നഹദോസുകളുടെ നിശ്ചയവുമാണ് ആധാരം. Ans. വിശ്വാസ പ്രമാണം സുന്നഹദോസുകളിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണോ?Q സുന്നഹദോസുകളാണ് വിശ്വാസ പ്രമാണങ്ങൾ ഉണ്ടാക്കിയിട്ടുള്ളത് എന്ന് നേരത്തെ പറഞ്ഞതാണ്. Ans. പൊതുസുന്നഹദോസുകളാണോ?Q അതെ. നിഖ്യാ സുന്നഹദോസ് നടക്കുന്ന കാലത്ത് റോം, അലക്സാണ്ട്രിയാ, ആന്റിയോക് എന്നിവ റോമാ സാമ്രാജ്യത്തിലെ പ്രധാന കേന്ദ്രങ്ങളായിരുന്നോ?Q അതെ. Ans. റോമിലെ മെത്രാന് ആദിമകാലങ്ങളിൽ പ്രാമണ്യം ഉണ്ടായിരുന്നോ?Q പത്രോസിന്റെ പിൻഗാമി എന്നുള്ള പ്രാധാന്യത്തിനും പുറമെ ചക്രവർത്തിയുടെ ആസ്ഥാനമായ റോമിൽ ഇരിക്കുന്ന ആൾ എന്നുള്ള പ്രാമാണ്യവും ഉണ്ടായിരുന്നു Ans. Stopped for the day

മൊഴി വായിച്ചു കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and sessions court Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-
Judge
21-7-78

24/7/78 witness sworn again and cross examination continued തലസ്ഥാനത്തെ മെത്രാനെന്നനിലയിൽ റോമായിലെ മെത്രാനുണ്ടായിരുന്ന പ്രാമാണ്യം സഭ മുഴുവനും അംഗീകരിച്ചിരുന്നതാണോ?Q മുമ്പ് ബോധിപ്പിച്ചത് പോലെ പത്രോസിന്റെ പിൻഗാമി എന്നുള്ള പ്രാധാന്യത്തോട് ഒപ്പം തന്നെ തലസ്ഥാനത്തെ അധികാരി എന്നുള്ള നിലയിലുള്ള പ്രാമാണ്യവും സഭ സമ്മതിച്ചിരുന്നു Ans. അന്ത്യോക്യായിലെയും അലക്സാണ്ട്രിയായിലെയും മെത്രാൻമാർ അത് സമ്മതിച്ചിരുന്നോ?Q ഇവർ രണ്ടു പേരും മറ്റുള്ളവരും ബഹുമാനിച്ചിരുന്നു. Ans. 381 ലെ കുസ്തന്തിനോപ്പോലീസ് സുന്നഹദോസ് കാൺസ്റ്റാന്റിനോപ്പൾ മെത്രാന് എന്തെങ്കിലും പ്രാധാന്യം സമ്മതിച്ചോ?Q അക്കാലത്ത് അതും ഒരു രാജതലസ്ഥാനമായിരുന്നതിനാൽ ആ രീതിയിൽ അതിന് രണ്ടാം സ്ഥാനം പ്രാമാണ്യത്തിൽ വേണമെന്നവർ ആവശ്യപ്പെടുകയും സുന്നഹദോസ് അത് സമ്മതിക്കുകയും ചെയ്തു. Ans. അത് കുസ്തന്തിനോപ്പോലീസ് ന്യൂറോം ആയതിനാലാണെന്നും ആ സുന്നഹദോസ് തീരുമാനിച്ചോ?Q രാഷ്ട്രീയ പ്രാമാണ്യം കാണിക്കുവാൻ അവർ അത് പറഞ്ഞിരുന്നു. Ans. Ex B 165 പേജ് 60 ൽ പ്രാചീനകാലങ്ങളിൽ ഓരോ പള്ളിയുടെയും മേൽഭരണത്തിന് എന്ന്

തുടങ്ങി ഒരു മെത്രാൻ ഭരണം നടത്തുന്നതായി കാണുന്നില്ല എന്നുള്ള ഭാഗം വായിച്ചു. അതിൽ പറയുന്ന വിവരം ശരിയാണോ?Q ഇ.എം. ഫിലിപ്പിന് ഈ അഭിപ്രായം എവിടുന്ന് കിട്ടി എന്നുള്ളതിന് തെളിവ് കാണിച്ചിട്ടില്ല. മുമ്പ് ബോധിപ്പിച്ചതുപോലെ അക്കാലത്ത് കശീശന്മാർക്കും എപ്പിസ്കോപ്പന്മാർ എന്ന പദം ഉപയോഗിച്ചിരുന്നു എന്നറിഞ്ഞതുകൊണ്ടായിരിക്കാം അദ്ദേഹം ഇങ്ങനെ എഴുതിയത്. ഒരു പള്ളിക്ക് ഒരു മെത്രാൻ എന്ന കണക്കിൽ ഞാൻ വായിച്ചിട്ടില്ല. Ans. കശീശന്മാരെയും എപ്പിസ്കോപ്പന്മാർ എന്നറിയപ്പെട്ടിരുന്നു എന്നതിന് എന്താണ് അടിസ്ഥാനം?Q അതും ഞാൻ മുമ്പ് ബോധിപ്പിച്ചതാണ്. അപ്പോസ്തല പ്രവൃത്തി 20-ാം അദ്ധ്യായത്തിൽ പൗലോസ് കശീശന്മാരെ വിളിച്ചു വരുത്തി എന്നും അവരോടുള്ള പ്രസംഗത്തിന്റെ അവസാനത്തിൽ ദൈവത്തിന്റെ സഭയ്ക്ക് നിങ്ങൾ എപ്പിസ്കോപ്പന്മാരായിരിക്കയാൽ സൂക്ഷ്മതയോടെ ഭരിക്കണം എന്ന് ഉള്ളതാണ്. Ans. റോമിലെ മെത്രാന് 1-ാം സ്ഥാനം കുസ്തന്തിനോപോലീസിലെ മെത്രാന് 2-ാം സ്ഥാനം എന്നൊക്കെ പറയുന്നത് ഒര് Precedence of honour മാത്രമല്ലായിരുന്നോ?Q രാഷ്ട്രീയമായി ചിന്തിച്ചാൽ രാജ തലസ്ഥാനങ്ങളാകകൊണ്ട് Precedence of honour ആണ്. Ans. അക്കാലങ്ങളിൽ സഭാ ഭരണ ക്രമീകരണങ്ങളിൽ രാഷ്ട്രീയമായ സംഗതികളും പരിഗണിച്ചിരുന്നോ?Q സഭാ കാര്യങ്ങളിൽ സഭാപരമായ കാര്യങ്ങളാണ് ചിന്തിച്ചിരുന്നത്. എന്നാൽ ചക്രവർത്തിമാരുടെ ഇടപെടലുകൾ മൂലം രാഷ്ട്രീയമായി ചിലതെല്ലാം ചിന്തിക്കുന്നതിൽ നിന്ന് അവർക്ക് ഒഴിഞ്ഞു നിൽക്കുവാൻ നിർവ്വാഹമില്ലായിരുന്നു. Ans. അന്നത്തെ കാലത്തെ സാമ്രാജ്യത്തിന്റെ ഭരണപരമായ ഡിവിഷൻസ് സഭപരമായ ഭരണക്രമീകരണങ്ങൾ ഉണ്ടാകുന്നതിന് പരിഗണിക്കപ്പെട്ടിരുന്നോ?Q അങ്ങനെ പരിഗണിക്കപ്പെട്ടിരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. കാരണം റോമൻ സാമ്രാജ്യത്തിൽ മാത്രമല്ല ക്രൈസ്തവ സഭ ഉണ്ടായിരുന്നത്. Ans. Churches of God in Heathen Nations എന്ന് പറഞ്ഞാൽ എന്താണെന്നറിയാമോ?Q സഭാ ചരിത്രത്തിൽ അതിനെക്കുറിച്ച് എന്ത് പറഞ്ഞിരിക്കുന്നു എന്നറിഞ്ഞുകൂടാ. അർത്ഥം പറയാം. പുറജാതി ദേശങ്ങളിൽ ദൈവത്തിന്റെ സഭകൾ. Ans. അങ്ങനെ പറയുന്നത് റോമാ സാമ്രാജ്യത്തിന് പുറത്തുള്ള ക്രിസ്തീയ സഭകളെ കുറിച്ചായിരുന്നോ?Q അങ്ങനെ പറയുന്നുണ്ടോ എന്നു തന്നെ എനിക്കറിഞ്ഞു കൂടാ എന്നു പറഞ്ഞ സ്ഥിതിക്ക് എനിക്കതേപ്പറ്റി അറിഞ്ഞുകൂടാ എന്നു വ്യക്തമാണ്. Ans. നിഖ്യാസുന്നഹദോസിൽ മുൻ പതിവുകൾ പാലിക്കപ്പെടണമെന്ന വാചകത്തോടു കൂടി അതുവരെ ഭരണം നടത്തി വന്നിരുന്ന പരിധിയിന്മേലുള്ള അവകാശം സ്ഥിരീകരിക്കയായിരുന്നു എന്ന് പറഞ്ഞതിൽ മുൻ പതിവുകൾ പാലിക്കണമെന്നുള്ളതിന് എന്താണ് അടിസ്ഥാനം?Q സുറിയാനിയിൽ സുന്നഹദോസുകളുടെ കാനോനുകൾ എന്നൊരു പുസ്തകത്തിൽ ആ വിവരം ഉണ്ട്. അതിനും പുറമെ റോമാ സഭയിലെ ഒരു പണ്ഡിതനും പ്രസിദ്ധനുമായ ഫാദർ പ്ലാസിഡ് എഴുതിയ *അന്ത്യോക്യാ പാത്രിയർക്കീസ്* എന്ന പുസ്തകത്തിൽ ഉദ്ധരിണികളോടു കൂടി എഴുതിയിട്ടുള്ളതും ഞാൻ വായിച്ചിട്ടുണ്ട്. പേരോർമ്മയില്ലങ്കിലും മറ്റു

ചില പുസ്തകങ്ങളിലും വായിച്ചിട്ടുള്ളതായി ഓർമ്മയിൽ വരുന്നു. Ans. സുറിയാനിയിലുള്ള പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ് സുറിയാനി സഭയിലെ ഒരു പണ്ഡിതനായ മോർ യാക്കോബ് ബർത്ത്‌ലേയോ ആണ്. അതിന്റെ തർജ്ജമ ഇല്ല. അതിന്റെ ചില ഭാഗങ്ങൾ തർജ്ജമ ചെയ്ത് ഞാൻ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. പ്ലാസിഡിന്റെ ഉദ്ധരിണി ഏത് പുസ്തകത്തിൽ നിന്നാണെന്നോർക്കുന്നില്ല. ഹെഫലെ എന്നൊരാൾ *History of Councils* എന്ന പുസ്തകം എഴുതിയിട്ടുണ്ട്. ഞാൻ വായിച്ചിട്ടില്ല. ഹെഫലെ എന്ന ഗ്രന്ഥകാരനെ കുറിച്ച് എനിക്കൊന്നും അറിഞ്ഞു കൂടാ. നിഖ്യാ കുസ്തന്തിനോപ്പോലീസ്. എഫേസോസ് ഈ സുന്നഹദോസുകളുടെ തീരുമാനങ്ങൾ പ്രത്യേകം എടുത്ത് എഴുതിയ ഗ്രന്ഥങ്ങൾ ഉണ്ടോ?Q എനിക്കറിഞ്ഞുകൂടാ. Ans. *The writings of the Nicene and Post Nicene Fathers* എന്നൊരു Series of Publication ഉണ്ടെന്ന് കേട്ടിട്ടുണ്ട്. അതു വായിക്കുവാൻ അവസരം കിട്ടിയിട്ടില്ല. ആ Series 14-ാം വാല്യത്തിൽ മുമ്പ് പറഞ്ഞ സുന്നഹദോസുകളിലെയും മറ്റ് സുന്നഹദോസുകളിലെയും കാനൻസ്, ഡിക്രീസ് മുതലായവ പ്രസിദ്ധീകരിച്ചിട്ടുണ്ടോ?Q എനിക്കറിയാൻ പാടില്ല. Ans. Councils ന്റെ കാനൻസ് Codify ചെയ്ത് Publish ചെയ്തിട്ടുള്ള ഏതെങ്കിലും canonist നെ സാക്ഷിക്കറിയാമോ?Q സുറിയാനിയിലെ മുമ്പ് പറഞ്ഞ കയ്യെഴുത്തു പ്രതിയല്ലാതെ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല. ഹെഫലെയുടെ ഉണ്ടെന്ന് കേട്ടിട്ടുണ്ട്. വേറെ കാനോൻസിനെപ്പറ്റി അറിഞ്ഞുകൂടാ. Ans. ഹെഫലെയുടെ പുസ്തകം Councils ന്റെ നിശ്ചയത്തെ സംബന്ധിച്ചിടത്തോളം ഒരു Standard ആയിട്ട് പരിഗണിക്കുന്നതാണോ?Q സുറിയാനി സഭ ഒരിക്കലും അങ്ങനെ പരിഗണിച്ചിട്ടില്ല. Ans. സുറിയാനി സഭ ആ പുസ്തകം മുഴുവനൊ ആ പുസ്തകത്തിലുള്ള ഏതെങ്കിലും ഭാഗമൊ ആധികാരികമായി സമ്മതിച്ച് ഒരു രേഖകളും കണ്ടിട്ടില്ല Ans. Question repeated അതിനെപ്പറ്റി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. മോർ യാക്കൂബ് ബർത്തലേയോയുടെ പുസ്തകത്തിൽ നിഖ്യായുടെ ഏത് കാനോനാണ് മുൻ പതിവുകൾ എന്ന വാചകത്തോടുകൂടി പരിധികളെപ്പറ്റി പറയുന്നതെന്ന് ഇപ്പോൾ ഓർമ്മയില്ല. ആ പതിവുകളെന്താണെന്നു പറയാമോ?Q മുൻ പതിവുകൾ പാലിക്കപ്പെടണം. ലിബിയാ പെന്താപ്പോലീസ് മുതലായവ അലക്സാണ്ട്രിയാ പാത്രിയർക്കീസിന്റെ കീഴിൽ ഇരിക്കണം. റോമായിലെ മെത്രാനും ആ പതിവുണ്ടല്ലോ. അന്ത്യോക്യയ്ക്ക് കിഴക്കോട്ടുള്ള എല്ലാ സഭകളിന്മേലും അഥവാ കിഴക്കോട്ടുള്ള എല്ലാ സഭകളിന്മേലും അഥവാ കിഴക്കൊക്കെയിൽ മേലും അധികാരം ഉണ്ടായിരിക്കും. ഇത്രയുമാണ് ബർത്തലേയുടെ പുസ്തകത്തിൽ കണ്ടതായി വായിച്ചതിൽ നിന്നുള്ള ഓർമ്മ. Ans പതിവുകളെപ്പറ്റി പറയുന്ന കാനോൻ നിഖ്യായിലെ 6-ാം കാനോനാണോ?Q എത്രാം കാനോനാണെന്ന് ഓർമ്മയില്ല. Ans *A History of the Christian Councils* എന്ന ബഫെലെയുടെ പുസ്തകത്തിൽ നിഖ്യയിലെ 6-ാം കാനോനിൽ അന്ത്യോക്യായെപ്പറ്റി പറയുന്ന ഭാഗത്ത് The right which they former posscessed must also be preserved to the churches of Antioch

and the other province എന്ന് കാണുന്നു. അതു ശരിയാണോ?Q അന്ത്യോക്യായ്ക്ക് എന്നു മാത്രമാണ് ഞാൻ വായിച്ചിട്ടുള്ളത്. ഞാൻ വായിച്ച പുസ്തകത്തിൽ ഉദ്ധരിച്ച പ്രകാരം ഇല്ലാത്തതുകൊണ്ട് അത് കൃത്യമായി ശരിയാണെന്ന് പറയാൻ എനിക്ക് സാദ്ധ്യമല്ല. Ans The old customs in use in Egpyt in Libiya and the Pentapolis should continue to exist that in that the bishop of Alexandria should have Jurisdiction over all these provinces for these is a similar relation to the bishop of Rome എന്ന് ഗെഫെലെയുടെ transaction ൽ കാണുന്നത് ശരിയാണോ?Q അത്രയും ശരിയാണ്. അതാണ് ഞാൻ ബോധിപ്പിച്ചതും. എന്നാൽ ഞാൻ വായിച്ച പുസ്തകത്തിൽ അന്ത്യോക്യായുടെ വരുമ്പോൾ സഭകളുടെ മേൽ എന്നാണെന്നോ മറ്റോ ആണെന്നാണ് ഓർമ്മ. Ans. Ex B 162 ൽ മുൻ പറഞ്ഞവിധത്തിൽ പതിവുകളെപ്പറ്റി എടുത്ത് പറഞ്ഞുകൊണ്ടുള്ള ഒരു നിഖ്യാ കാനോൻ ചേർത്തിട്ടുണ്ടൊ?Q ഇല്ല. ഇതിലെന്നല്ല വാദികൾ ഹാജരാക്കിയ കാനോനിലും ഇല്ല. അതിന്റെ കാരണവും മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. അതായത് നിഖ്യാ കഴിഞ്ഞുള്ള കുസ്തന്തിനൊപ്പോലീസ് സുന്നഹദോസും കഴിഞ്ഞുള്ള കാര്യങ്ങളാണ്. ഇത് കോഡിഫൈ ചെയ്ത ബാർ എബ്രായ നിഖ്യായുടെ എന്നു പറയുന്ന നിശ്ചയത്തിൽ ഉൾപെടുത്തിയിരിക്കുന്നത്. Ans. സാക്ഷി വ്യക്തമാക്കിയാൽ കൊള്ളാം?Q 381 ൽ നടന്ന കുസ്തന്തിനോപ്പോലീസ് സുന്നഹദോസിന്റെ നിശ്ചയമനുസരിച്ചുള്ള കുസ്തന്തിനോപ്പോലീസ് സിംഹാസാസനത്തെ 325 ൽ കൂടിയ നിഖ്യായുടെ നിശ്ചയമായി ചേർത്തിട്ടുള്ളതിനെയാണ് ഞാൻ സൂചിപ്പിച്ചുട്ടള്ളത്. Ans. കുസ്തന്തിനോപ്പോലീസിലെ ഏത് കാനോനെയാണ് സാക്ഷി ഉദ്ദേശിക്കുന്നത്?Q മൂന്നാം കാനോൻ. Ans. മുൻ പതിവുകളെ ആസ്പദമാക്കി എന്ന് ഹാജരാക്കിയിട്ടുള്ള Ex B 162 കാനോനിൽ കാണുന്നില്ലാത്തത് എന്തുകൊണ്ടാണ്?Q അത് ബാർ എബ്രായ എടുത്ത് പറയാത്തത് എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ. Ans. കുസ്തന്തിനോപ്പോലീസിലെ 2-ാം കാനോൻ എന്ത് സംബന്ധിച്ചുള്ളതാണ്?Q ഞാൻ വായിച്ചിട്ടുള്ളത് കിഴക്കിന്റെ കാതോലിക്കാ അന്ത്യോക്യായുടെ മേൽകോയ്മയിൽ കീഴിൽ കിഴക്കും കാര്യങ്ങൾ നടത്തികൊള്ളണം എന്നാണ്. Ans. അത് വായിച്ചത് ബർത്തലേയുടെ പുസ്തകത്തിൽ തന്നെയാണ്. കുസ്തന്തിനോപ്പോലീസിലെ 2-ാം കാനോൻ മറ്റ് ബിഷപ്പുമാരുടെ ഭരണാധികാരങ്ങളെപ്പറ്റിയൊ മറ്റൊ വല്ലതും പറഞ്ഞിട്ടുണ്ടോQ ബർത്തലേയുടെ പുസ്തകത്തിൽ പറഞ്ഞിട്ടില്ല. Ans. കുസ്തന്തിനോപ്പോലിസിലെ 3-ാം കാനോൻ Constantimople ലെ ബിഷപ്പിന്റെ Procedence നെ പറ്റിയുള്ളതാണ്. 2-ാം കാനോൻ മുൻ നിഖ്യാ കാനോനെപ്പറ്റി റഫർ ചെയ്യുന്നുണ്ട്. ആ രണ്ടാം കാനോനിൽ Churches of God in Heather Nation നെപ്പറ്റി വല്ലതും ഉണ്ടോ?Q ഞാൻ വായിച്ചതിൽ ഞാൻ ബോധിപ്പിച്ചതുമാത്രമെ ഓർമ്മയുള്ളു. Ans. നിഖ്യാ സുന്നഹദോസിൽ ഭരണപരമായ അധികാരങ്ങൾ സ്ഥിരീകരിച്ചു എന്ന് പറഞ്ഞത് ആരുടെ അധികാരങ്ങളെയാണ്?Q പാത്രിയർക്കീസന്മാരുടെ അധികാരങ്ങളെ. Ans. ഏതൊക്കെ കാനോനനുസരിച്ച് നാലും മുൻ പതിവുകൾ

പാലിക്കപ്പെടണമെന്നുള്ള നിശ്ചയമാണ് മുൻ പറഞ്ഞ രേഖ. നിഖ്യാ നിശ്ച യമാണ് മുൻ പറഞ്ഞ രേഖ. നിഖ്യാനിശ്ചയത്തിൽ പാത്രിയർക്കീസ് എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടോ?Q Ex B 162 കാനോനിൽ ഉപയോഗിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞ രേഖ അതായത് ബർത്തലേയിൽ ഇല്ല. Ans. constantinople ലെ രണ്ടാം നിശ്ചയത്തിൽ പാത്രിയർക്കീസ് എന്ന വാക്ക് ഉണ്ടോ?Q അന്ത്യോക്യാക്ക് എന്നേ പറയുന്നുള്ളു Ans. Ex B 162 ൽ 7-ാം അദ്ധ്യായത്തിൽ നിഖ്യായുടേതായി പറയുന്ന നിശ്ചയങ്ങൾ Arabi canonsന്റെ അടിസ്ഥാനത്തിൽ എഴുതിയിട്ടുള്ളതാണോ?Q അറിഞ്ഞുകൂടാ. ആണെന്ന് അതിൽ പറഞ്ഞിട്ടില്ല. Ans. Arabi കാനൻസ് എന്നറിയപ്പെടുന്ന കാനൻസ് ഉണ്ടോ?Q ഉണ്ടെന്നും കേട്ടിട്ടുണ്ട്. ഞാൻ പഠിച്ചിട്ടില്ല. ബാർ എബ്രായ Codify ചെയ്തത് എന്തൊക്കെ രേഖകളെ അടിസ്ഥാനമാക്കിയാണെന്നറിയാമോ?Q അറിഞ്ഞുകൂടാ Ans. Ex B 162 7-ാം അദ്ധ്യായം 1-ാം പാസോക്കായിൽ പറയുന്ന കാനോൻ നിശ്ചയം ഏത് സുന്നഹദോസിലെയാണെന്ന് പറയാമോ?. അഥവാ പല സുന്നഹദോസുകളിലെ കൂട്ടിയാണോ?Q ഇതിൽ നിഖ്യയായുടെത് എന്നു കാണുന്നു. അതേപടി ഞാൻ വിശ്വസിക്കുന്നു. Ansഅതിൽ പറയുന്നതിന് എതിർ പറയുവാനുള്ള യോഗ്യത എനിക്കില്ലാത്തതിനാൽ ഞാൻ അത് കാനോൻ നിയമമായി അംഗീകരിക്കുന്നു. അതിൽ കൂടുതൽ പറയാൻ ഒന്നു മില്ല. Ex 162 ൽ പാത്രിയർക്കീസ് എന്ന പേര് ചേർക്കാൻ ഇടയായത് എങ്ങനെ എന്നു പഠനം നടത്തിയിട്ടുണ്ടോ?Q രണ്ടും ഒന്നിൽ പറഞ്ഞിട്ടുണ്ടെന്നേയുള്ളു. അതിന്റെ അധികാരി പാത്രിയർക്കീസാണെന്നുള്ളത് എല്ലാവർക്കും അറിയാം. Ans നിഖ്യാ സുന്നഹദോസിൽ പറയുന്നതായി പറഞ്ഞ പതിവുകൾ എങ്ങനെ ഉണ്ടായി എന്നറിയാമോ?Q മുമ്പ് ബോധിപ്പിച്ചതുപോലെ പത്രോസിന്റെ പിൻഗാമികൾ മൂന്ന് സ്ഥലത്തും ഉണ്ടായിരിക്കുകയും അവർ വഴിയായി പ്രാദേ ശിക സഭകൾ രൂപം കൊള്ളുകയും ചെയ്തത് മൂലമാണ്. Ans നിഖ്യാ സുന്ന ഹദോസ് കാലത്ത് റോമാ സാമ്രാജ്യത്ത് പല Province കൾ ഉണ്ടായിരുന്നി രിക്കാം. Province കളിലെ പ്രധാന കേന്ദ്രത്തിന് മെട്രോപ്പോളിസ് എന്നായി രിക്കാം അറിയപ്പെട്ടിരുന്നത്. മെട്രോപ്പോളിസിലെ ബിഷപ്പിനെയാണോ മെത്രാപ്പോലീത്ത എന്നാണ് അക്കാലത്ത് അറിഞ്ഞു വന്നത്?Q ചില സ്ഥല ങ്ങളിലെ ആളുകൾക്ക് മെത്രാപോലിത്തന്മാർ എന്നും റോം, അലക്സാണ്ട്രിയാ, ആന്റിയോക് എന്നീ സ്ഥലങ്ങളിലെ മേൽപട്ടക്കാരെ പാത്രിയർക്കീസ് എന്നൊ പാപ്പാ എന്നോ ഒക്കെ പറഞ്ഞിരുന്നു. Ans ഓരോ മെത്രാപ്പോലീത്തയുടെയും കീഴിൽ പല എപ്പിസ്കോപ്പന്മാർ ഉണ്ടായിരുന്നോ?Q മുൻ പറഞ്ഞ പാത്രി യർക്കീസന്മാരുടെ കീഴിലുള്ള മെത്രാന്മാരുടെ കീഴിൽ എപ്പിസ്കോപ്പന്മാർ ഉണ്ടായിരുന്നു. Ans അങ്ങനെ മെത്രാപ്പോലീത്തയും അദ്ദേഹത്തിന്റെ കീഴി ലുള്ള എപ്പിസ്കോപ്പാമാരും കൂടുന്ന പ്രാദേശിക ഡിവിഷന് Province അല്ലെ ങ്കിൽ എപ്പാർക്കി എന്ന് പറയുമോ?Q അങ്ങനെ അവർ മാത്രം കൂടുന്നതായ ഒരു ക്രമീകരണം ഇല്ലാതിരുന്നതിനാൽ അങ്ങനെയുള്ള ആ ഡിവിഷന് എപ്പാർക്കി എന്ന് സുറിയാനി സഭയുടെ രേഖകളിൽ ഒന്നും ഞാൻ കണ്ടിട്ടില്ല.

അതിനെ കുറിച്ച് കൂടുതൽ എനിക്കറിഞ്ഞുകൂടാ. Ans മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ കീഴിലുള്ള എപ്പിസ്കോപ്പമാരും ചേരുന്ന ഭരണപ്രദേശത്തെ എങ്ങനെയാണ് അറിയപ്പെട്ടിരുന്നത്?Q മേൽ പറഞ്ഞവർ തന്നെ കൂടുന്ന ഭരണപ്രദേശം പ്രത്യേകം ഇല്ലായിരുന്നു. എല്ലാത്തിനും സുറിയാനിയിൽ പറയുന്നത് മറഇൗത്താ ഇടവക എന്നാണ് Ans. Ex B 162 പേജ് 70 ൽ അന്ത്യോക്യായുടെ എന്ന heading ൽ ഒരു സുന്നഹദോസ് കൂടുന്ന കാര്യം പറയുന്നത് എവിടുത്തെ സുന്നഹദോസാണ്?Q മെത്രാസന ഇടവകയിലെ പുരോഹിതന്മാരായിട്ടുള്ള എല്ലാവരുടെയും അനീതി സഹിക്കുന്നു എന്ന് പരാതിപ്പെടുന്നവരെ എല്ലാവരെയും അതിന് ക്ഷണിക്കണം. അവർക്ക് തീരുമാനവും ഉണ്ടാക്കി കൊടുക്കണം എന്ന് അതിൽ പറഞ്ഞിട്ടുണ്ട്. Ans പുരോഹിതന്മാരുടെ മാത്രമാണോ?Q ആരെല്ലാം കൂടണമെന്ന് അതിൽ പറഞ്ഞിട്ടില്ല. അതിൽ പറഞ്ഞിട്ടുള്ളത് ഞാൻ വായിച്ചു. Ans മെത്രാസന ഇടവകയിലെ എപ്പിസ്കോപ്പന്മാർ എന്ന് അവിടെ പറയുന്നത് ആരാണ്?Q മെത്രാപ്പോലീസിലെ അല്ലാതെ മറ്റുള്ള ഇടവകകളിലെ എപ്പിസ്കോപ്പമാർ ആണ്. Ans ആ നിശ്ചയത്തിലെ അവസാനം മെത്രാപ്പോലീത്ത എന്ന് പറയുന്നത് മെട്രോപോലീസിലെ ബിഷപ്പാണോ?Q അതെ Ans മെത്രോപ്പോലീത്തയും അദ്ദേഹത്തിന്റെ കീഴിലുള്ള എപ്പിസ്കോപ്പമാരും ഉൾപെടുന്ന ഭരണപ്രദേശത്തെ province അല്ലെങ്കിൽ മെത്രാപ്പോലീത്തൻ ഇടവക എന്നും പറയാമോ?Q പ്രധാന മേലദ്ധ്യക്ഷന്റെ കീഴിലുള്ള മെത്രാപ്പോലീത്തൻ ഇടവക എന്നു പറയാം. province നെ കുറിച്ചൊന്നും എനിക്കറിഞ്ഞുകൂടാ. Ans അങ്ങനെയുള്ള മെട്രോപ്പോലിത്തൻ ഇടവകകൾ നിഖ്യാ സുന്നഹദോസ് കാലത്തുണ്ടായിരുന്നോ?Q ഉണ്ടായിരിക്കണം. Ans മെത്രാപ്പോലീത്തൻ ഇടവകകളിൽ എപ്പിസ്കോപ്പന്മാരെ നിയമിക്കുന്നത് സംബന്ധിച്ചും ആ പ്രദേശത്ത് സുന്നഹദോസുകൾ കൂടുന്നത് സംബന്ധിച്ചും നിഖ്യാ സുന്നഹദോസിൽ വ്യവസ്ഥകൾ ചെയ്തിട്ടുണ്ടോ?Q Ex B 162 കാനോൻ അനുസരിച്ച് ചില ഇടവകകളെകുറിച്ച് പറയുന്നുണ്ട്. Ans. question repeated നിഖ്യാ സുന്നഹദോസിൽ അതേക്കുറിച്ച് എന്തെല്ലാം പറഞ്ഞിട്ടുണ്ടെന്ന് എനിക്കറിഞ്ഞു കൂടാ. Ans എല്ലാ സുന്നഹദോസുകളും സംബന്ധിച്ച് Ex B 162 കാനോനിൽ ഉള്ളവയും ചരിത്രത്തിൽ ഉള്ളതും മാത്രമെ എനിക്കറിഞ്ഞുകൂടാ. Ans ചരിത്രത്തിൽ ഞാൻ മുമ്പ് പറഞ്ഞതുപോലെയുള്ള നിശ്ചയം നിഖ്യാ സുന്നഹദോസിൽ ഉണ്ടോ?Q എനിക്കറിയാവുന്ന ചരിത്രത്തിൽ ഇല്ല. Ans നിഖ്യാ സുന്നഹദോസ് നടക്കുന്ന കാലത്ത് റോമാ സാമ്രാജ്യത്ത് നാല് prefecture ഓരോ prefecture കീഴിലും Droces ൽ ഉൾപെട്ട Provinces എന്നിങ്ങനെയുള്ള ഭരണപരമായ ഡിവിഷനുകൾ ഉണ്ടായിരുന്നോ? prefecture രാജ്യ ഭരണപരമായ ക്രമീകരണങ്ങളെ പറ്റി എനിക്ക് നിശ്ചയമില്ല. Ans വായിച്ച ചരിത്രങ്ങളിൽ ഒന്നിലും അതേപ്പറ്റി കണ്ടിട്ടില്ലേ:Q എനിക്ക് സഭാപരമായ കാര്യങ്ങൾ അറിയണമെന്നുള്ള ആഗ്രഹത്തോടുകൂടി വായിച്ച പുസ്തകങ്ങളിൽ അതുമായിട്ട് ബന്ധമില്ലാത്ത എന്തെങ്കിലും കാര്യങ്ങൾ ഉണ്ടോ എന്ന് നോക്കാറില്ലാത്തതുകൊണ്ട് ഏതെങ്കിലും

പുസ്തകത്തിൽ ഇതെല്ലാം ഉണ്ടോ എന്ന് എനിക്ക് പറയുവാൻ നിവൃത്തിയില്ല. Ans. സാക്ഷിയുടെ ചരിത്രപഠനത്തിൽ ചില പുസ്തകങ്ങളിലെ ഏതാനും ഭാഗം ഒക്കെയൊ നോക്കാറുണ്ടായിരുന്നൊള്ളോ?Q എനിക്കാവശ്യമുള്ളത് മാത്രം നോക്കുന്ന ഒരു പഠനരീതിയാണ് എന്റേത്. Ans ഓരോ പുസ്തകത്തി ലെയും അവിടവിടെയായിട്ടുള്ള ഭാഗം നോക്കും എന്നാണോ?Q ചെറിയ പുസ്തകമാണെങ്കിൽ സമയം ഉണ്ടെങ്കിൽ മുഴുവൻ വായിക്കും. വലിയ പുസ്ത കമാണെങ്കിൽ അതിന്റെ index നോക്കി ആവശ്യമുള്ള ഭാഗങ്ങൾ കണ്ടു പിടിക്കും. ആ ഭാഗങ്ങൾ വായിക്കും അതിന്റെ ആവശ്യമെ എനിക്കൊള്ളൂ. Ans ഈജിപ്ത്, പെന്തോപ്പോലീസ്, ലിബിയാ എന്നിങ്ങനെ നിഖ്യാ സുന്ന ഹദോസ് നിശ്ചയത്തിൽ പറയുന്നതായി പറഞ്ഞ പ്രദേശങ്ങൾ മെട്രോപോ ലിത്തൻ ഇടവകകളായിരുന്നോ?Q അവിടെ മേൽപട്ടക്കാരും ഇടവകകളും ഉണ്ടായിരുന്നു എന്നതിൽ കൂടുതൽ എനിക്കൊന്നും അറിഞ്ഞുകൂടാ. Ans Droecs of Egypt എന്ന് എവിടെ എങ്കിലും വായിച്ചിട്ടുണ്ടോ?Q ഈജിപ്ത് ഒരു രാജ്യമാകയാൽ ആ രാജ്യത്തിനടച്ച് ഒരു Droces എന്ന് പറയുമൊ എന്ന് തോന്നുന്നില്ല. ഞാൻ അങ്ങനെ വായിച്ചിട്ടില്ല. Ans. Droces of the East or the Orient എന്ന് നിഖ്യാ സുന്നഹദോസ് കാലത്തുണ്ടായിരുന്നതായി സാക്ഷി യുടെ പഠനത്തിൽ കണ്ടിട്ടുണ്ടോ?Q അങ്ങനെ ഒരു മെത്രാപ്പോലീത്തൻ ഇടവക ഉണ്ടായിരുന്നതായി ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. മെത്രാപ്പോലീത്തൻ ഉണ്ടെങ്കിലെ ഇടവക ഉണ്ടാവുകയുള്ളൂ. Ans. എപ്പിസ്കോപ്പായുടെ ഇടവ കയ്ക്ക് എന്താണ് പറയുക?Q അന്ന് എപ്പിസ്കോപ്പായുടെ ഇടവകയ്ക്കും ഇടവക എന്നു തന്നെ പറയും. ഇന്ന് എപ്പിസ്കോപ്പ ഇല്ല. Ans. അക്കാലത്ത് മറഇൗതോ എന്ന പേര് എപ്പിസ്കോപ്പായുടെതിനും മെത്രാപ്പോളിത്തന്റെ തിനും ഉപയോഗിക്കും. അന്ത്യോക്യായിലെ ബിഷപ്പിന്റെ കീഴിൽ നിഖ്യാ സുന്നഹദോസ് കാലത്ത് മെത്രാപ്പോലീത്തമാരുടെ ഇടവകകൾ ഉണ്ടായി രുന്നോ?Q ബിഷപ്പിന്റെ കീഴിൽ മെത്രാപ്പോലീത്തയുടെ ഇടവക വരാൻ കാര്യ മില്ല. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ മെത്രാപ്പോലീത്ത മാരും അവർക്ക് ഇടവകകളും ഉണ്ടായിരുന്നു. Ans. റോമായിൽ ഉണ്ടായിരുന്ന മേൽപട്ടക്കാരന്റെ കീഴിലും അലക്സാണ്ട്രിയയിലെ മേൽപട്ടക്കാരന്റെ കീഴിലും മെത്രാപ്പോലീത്തമാരും അവർക്ക് ഇടവകകളും ഉണ്ടായിരുന്നു. മെത്രാപ്പോ ലീത്തമാരുടെ ഇടവകകളിൽ ഉൾപ്പെട്ട എപ്പിസ്കോപ്പമാരുടെ ഇടവകകളും ഉണ്ടായിരുന്നില്ലേ?Q അക്കാലത്തുണ്ടായിരുന്നു. Ans. ആ നിലയിൽ നിലവിൽ ഇരുന്ന പതിവുകളാണോ നിഖ്യാ സുന്നഹദോസിൽ അംഗീകരിച്ചത്?Q ആ പതിവുകൾ അല്ല. മേൽ പറഞ്ഞ മൂന്ന് സ്ഥലങ്ങളിലെ പാത്രിയർക്കീസുമാരുടെ അധികാര പരിധിയും മറ്റുമാണ് ആ പതിവുകൾ. അതായത് ആ കാനോനിൽ പറയുന്ന പതിവുകൾ Ans. Ex B 20 St. * chapter II vers. 1 Â that they sent out a decree form *that all the world should be taxed എന്ന് പറയുന്നത് ഏതാണ്?Q അങ്ങനെ all the world എന്നു ഈ translation ൽ കാണുന്നു. പ്ശീത്താ സുറിയാനിയിലാണ് ആദ്യകാലത്തെ സുവിശേഷങ്ങൾ പ്രചരിതമായത്.

അവിടെ തെഹേഡ് ഉഹദദാനെ (അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴി ലുള്ളവർ) എന്നാണ് പറഞ്ഞിരിക്കുന്നത്. ചില ഇംഗ്ലീഷ് ട്രാൻസ്ലേഷനുകളിലും ഞാൻ അങ്ങനെ വായിച്ചിട്ടുണ്ട്. ആകയാൽ ഈ ട്രാൻസ്ലേഷൻ തെറ്റാണ്. Ans. Ex B 20 പോലുള്ള version സാധാരണ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന താണോ? തെറ്റായ ട്രാൻസ്ലേഷൻ ഉള്ള പല protestant Bible കളും ഉപയോ ഗിക്കുന്നുണ്ട്. സഭാ പിതാക്കന്മാർ അത് ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. Ans. മലയാ ളത്തിൽ സാധാരണ ഉപയോഗിക്കുന്നതിൽ ലോകമൊക്കെയിലും പേർവഴി ചാർത്തണമെന്നാണോ ഉള്ളത്?Q അങ്ങനെയുള്ള മലയാള തർജ്ജമകൾ ഉണ്ട്. ഇവിടെ ഹാജരാക്കിയിട്ടുള്ള പാമ്പാക്കുട എഡിഷൻ Ex B 37 ൽ തർജ്ജ മയിൽ ലോകമൊക്കെയിലും എന്നല്ലാ എന്നാണ് എന്റെ ഓർമ്മ. തന്റെ അധി കാര സീമയിലുള്ള എന്നാണ് അതിലെന്നാണ് എന്റെ ഓർമ്മ. Ans. ന്റെ സുവിശേഷത്തിന്റെ ഒർജിനൽ ഏത് ഭാഷയിലാണ് ?Q അതിന്റെ ഒർജിനൽ ഏത് ഭാഷയിലായാലും സുറിയാനി സഭ അധികൃതമായി ഉപയോഗിക്കുന്നത് സുറിയാനി version. അതിൽ നിന്നുമുള്ള അംഗീകൃത മലയാള version ആണ്. Ans. Original Greek ഭാഷയിലാണെന്നു തോന്നുന്നു. പാമ്പാക്കുട എഡിഷൻ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതിനെതിരായി ഒരു മേലദ്ധ്യ ക്ഷനും ഒന്നും പറഞ്ഞു കേട്ടിട്ടില്ല. സഭയിൽ നിന്ന് official ആയി അംഗീക രിച്ചിട്ടുണ്ടോ?Q Official ആയി അംഗീകരിച്ചിട്ടില്ല. അങ്ങനെ പതിവുമില്ല. Ans. നിഖ്യാ, കുസ്തന്തിനോപ്പോലീസ് ഈ സുന്നഹദോസ് കാലത്ത് റോമാ സാമ്രാജ്യത്തിലുള്ളവർ മാത്രം പരിഷ്കൃതരാണെന്നും ആ സാമ്രാജ്യത്തിനു പുറത്തുള്ളവരെല്ലാം അപരിഷ്കൃതർ ആണെന്നും അവർ റോമാ സാമ്രാജ്യ ത്തിലുള്ളവർ കരുതിയിരുന്നോ?Q എനിക്കറിഞ്ഞുകൂടാ. ഞാൻ ആദ്യമായിട്ട് കേൾക്കുകയാണ്. Ans. കുസ്തന്തിനോപ്പോലീസിൽ പാത്രിയർക്കാ സിംഹാ സനം ഉണ്ടായിരുന്നോ?Q 381 മുതൽ പാത്രിയർക്കാസിംഹാസനമായിരുന്നു. Ans. കുസ്തന്തിനോപ്പോലീസ് രാജകീയ തലസ്ഥാനമായത് ഏതാണ്ട് മുതൽക്കാണെന്ന് നിശ്ചയമില്ല. നിഖ്യാ സുന്നഹദോസിനുശേഷമാണ്. കുസ്ത ന്തിനോപ്പോലീസ് പാത്രിയർക്കാ സിംഹാസനമായി അംഗീകരിച്ചപ്പോൾ അധികാരപരിധി നിശ്ചയിച്ച് കാണും. പരിധി എനിക്ക് നിശ്ചയമില്ല. ആ സിംഹാസനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അതിന് മുമ്പ് ആരുടെ പരിധിയിൽ ആയിരുന്നു?Q ശരിക്കറിഞ്ഞുകൂടാ. എങ്കിലും റോമായുടെ പരിധി യിൽപെട്ട സ്ഥലങ്ങളിൽ നിന്നായിരിക്കണം എന്ന് ഞാൻ വിചാരിക്കുന്നു. Ans. പാത്രിയർക്കാ സിംഹാസനമായി അംഗീകരിക്കപ്പെട്ടത് സുന്നഹദോസ് നിശ്ചയമനുസരിച്ചാണ്. കുസ്തന്തീനോപ്പോലീസ് സിംഹാസനം ഉണ്ടായതി നുശേഷം ആ സിംഹാസനത്തിന്മേലോ അതിന്റെ അതിർത്തികളിലോ മറ്റ് പാത്രിയർക്കീസന്മാർക്ക് എന്തെങ്കിലും മേലധികാരം ഉണ്ടായിരുന്നോ? Ans. അതിന്റെ ഉത്ഭവം തന്നെ രാഷ്ട്രീയ പ്രേരിതമായിരുന്നതുകൊണ്ട് മറ്റാരും അതിന്മേൽ അധികാരവും നടത്തിയിട്ടില്ല. Ans. രാഷ്ട്രീയ പ്രേരിതം എന്നു പറഞ്ഞ് അവർ ആവശ്യപ്പെട്ടതിനാൽ ആണ്. അവരുടെ അവകാശം സമ്മതിച്ച്

കൊടുത്തു എന്നാണ് ഞാൻ അറിഞ്ഞിട്ടുള്ളതും ബോധിപ്പിച്ചതും. കുസ്തന്തിനോപ്പോലീസിലെ പാത്രിയർക്കീസും അദ്ദേഹത്തിന്റെ കീഴിലുള്ള സഭയും ഏക വിശുദ്ധ സഭയിൽപെട്ടിരുന്നോ? Ans. കുസ്തന്തിനോപ്പോലീസ് പാത്രിയർക്കീസിന്റെ കീഴിൽ സഭ ഇല്ലായിരുന്ന ഒരു പാത്രിയർക്കാ വിഭാഗം ഉണ്ടായിരുന്നു. 451 നു മുമ്പാകയാൽ അവരും അന്നത്തെ ഏക സഭയിൽ ഒരു വിഭാഗമായിരുന്നു. Ans. കുസ്തന്തിനോപ്പോലീസിൽ പാത്രിയർക്കീസിൻ കീഴിൽ സഭ ഇല്ലായിരുന്നു എന്ന് പറഞ്ഞതെന്താണ്?Q സഭ എന്നത് ഒന്നേയുള്ളൂ. മറ്റുള്ളത് പ്രാദേശിക സഭകൾ എന്നതാണ് എന്നുള്ള അർത്ഥത്തിലാണ്. Ans.

Stopped for the day

മൊഴി വായിച്ചു കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First add. district and sessions court Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 24-7-78

25-7-78 witness sworn again and cross examination continued. 381 ലെ കുസ്തന്തിനോപോലീസിലെ രണ്ടാം കാനോനിൽ Let the bishops of the East manage the East alone with the privileges of the church in Antioch which are mentioned in the canons of Nicea being preserved എന്ന തരത്തിൽ ഉണ്ടോ?Q അതിന്റെ ഏകദേശം മലയാളമാണ് ഞാൻ ബോധിപ്പിച്ചിരുന്നത്. Ans. രണ്ടാം കാനോനിൽ കാതോലിക്കോസ് എന്ന വാക്കുണ്ടോ?Q ഞാൻ വായിച്ചതിൽ കാതോലിക്കോസ് ഉണ്ടെന്നാണ് എന്റെ ഓർമ്മ. Ans. Bishopമാർ അവരവരുടെ ഡയോസിസിന് പുറത്ത് പട്ടം കൊടുക്കുന്നതിനൊ സഭാപരമായ കാര്യങ്ങൾക്കൊ പോയിക്കൂടാ എന്നും രണ്ടാം കാനോൻ പ്രകാരം നിശ്ചയിച്ചിട്ടുണ്ടോ?Q രണ്ടാം കാനോൻ വഴി അങ്ങനെ നിശ്ചയിച്ചിട്ടുണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല. Ans. കുസ്തന്തിനോപോലീസ് സുന്നഹദോസിൽ അങ്ങനെ ഒരു നിശ്ചയം ഉണ്ടോ?Q സുന്നഹദോസിലെ നിശ്ചയങ്ങൾ എല്ലാം എനിക്ക് നിശ്ചയമില്ല. Ans. 431 - ൽ എഫേസോസിലെ സുന്നഹദോസിൽ വച്ച് സൈപ്രസ്സിലെ സഭയെ കുറിച്ച് എന്തെങ്കിലും നിശ്ചയം ഉണ്ടായിട്ടുണ്ടോ?Q എഫേസോസ് സുന്നഹദോസ് നിശ്ചയങ്ങൾ ഒന്നും തന്നെ കണ്ടിട്ടില്ല. Ans. യറുശലേമിലെ എപ്പിസ്കോപ്പായുടെ പദവിയെപ്പറ്റി ഏതു സുന്നഹദോസിലാണ് നിശ്ചയം ചെയ്തത്?Q നിഖ്യാ സുന്നഹദോസിൽ വച്ചാണ്. Ans. അതിൽ Bishop of Aelia എന്നാണൊ യറുശലേമിലെ ബിഷപ്പിനെപ്പറ്റി പറയുന്നത്?Q ഞാൻ വായിച്ചിട്ടുള്ളത് സുറിയാനിയിലും അതിന്റെ മലയാള പരിഭാഷയിലും ഉള്ള കാനോൻ നിയമമാണ്. അതിൽ മേൽ പറഞ്ഞ രീതിയിൽ പറയുന്നില്ല. Ans. യറുശലേമിന് Aelia എന്ന് പറയുമായിരുന്നോ?Q ഞാൻ ഇതു വരെ കേട്ടിട്ടില്ല. Ans. 5-ാം നൂറ്റാണ്ട് വരെയുള്ള സഭാ നായകന്മാർ റോമാ മെത്രാന്

ഒരു പ്രാഥമ്യം കൽപിച്ചിരുന്നു എന്നും അത് പത്രോസിന്റെ പിൻഗാമിയൊ ക്രിസ്തുവിന്റെ വികാരിയൊ ലോകം മുഴുവന്റെയും അധികാരിയൊ എന്ന് മനസ്സിൽ പോലും ചിന്തിക്കാതെ കേവലം ലൗകിക അന്തസ്സോർത്ത് മാത്രമായിരുന്നു എന്ന് പറഞ്ഞാൽ ശരിയാണോ?Q റോമിന് ഉണ്ടായിരുന്ന പ്രാധാന്യത്തെക്കുറിച്ചും പ്രാഥമ്യത്തെക്കുറിച്ചും മുൻപ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. പ്രാഥമ്യം കൽപിച്ചിരുന്നത് ചോദ്യത്തിൽ പറയുന്ന ആ കാരണങ്ങൾ കൊണ്ടല്ല. ചക്രവർത്തിയുടെ ആസ്ഥാനത്ത് നിന്നുള്ള ആ പ്രത്യേകത വച്ചു കൊണ്ടാണ്. ആ അർത്ഥത്തിൽ ആ ചോദ്യം കാണേണ്ടതാണ്. അതായത് പ്രാഥമ്യം രാഷ്ട്രീയവും പ്രാധാന്യം സഭാപരവുമാണ്. അതേ എനിക്ക് അതേകുറിച്ച് പറയാനുള്ളു. Ans. നിഖ്യാ സുന്നഹദോസ് കാലത്തെ പ്രധാന മേലദ്ധ്യക്ഷമാർ അന്ത്യോക്യാ, അലക്സാണ്ട്രിയാ, റോമാ എന്നീ സിംഹാസനങ്ങളിലെ മേൽപട്ടക്കാരായിരുന്നു എന്നും നിഖ്യാ സുന്നഹദോസിൽ വച്ച് അവരെ നവമായി ഓരോ അതിർത്തി തിരിച്ച് അധികാരപ്പെടുത്തുകയല്ല എന്നും പ്രത്യുത അവർ അതുവരെ നടത്തികൊണ്ടിരുന്ന അധികാരങ്ങളെയും അധികാര പരിധികളെയും കാനോൻ മൂലം ഉറപ്പിക്കുക അത്രെ ചെയ്തത് എന്നും പറഞ്ഞാൽ ശരിയോ?Q മൂന്ന് സിംഹാസനങ്ങൾ എന്നുള്ളത് മൂന്ന് പാത്രിയർക്കാ സിംഹാസനങ്ങൾ അഥവാ ആ സ്ഥാനങ്ങൾ എന്ന അർത്ഥത്തിലാണെങ്കിൽ ശരിയാണ്. Ans. മോശസലാമ റമ്പാനെ പിന്നീട് ബ്രസീലിലെ മൂശാസലാമാ മോർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായെ അറിയാമോ?Q അറിയാം. Ans. അദ്ദേഹം ശീമക്കാരനാണ്. അദ്ദേഹം മലങ്കരയിൽ വന്ന് താമസിച്ചിട്ടുണ്ട്. കുറെക്കാലം താമസിച്ചിട്ടുണ്ട്. എത്ര കാലത്തേക്ക് എന്നറിഞ്ഞു കൂടാ. മഞ്ഞനിക്കര ദയറായിലാണ് താമസിച്ചിരുന്നത്. അദ്ദേഹം ശെമ്മാശന്മാരെ പഠിപ്പിക്കുകയും സുവിശേഷ പ്രസംഗങ്ങൾ ചെയ്യുകയും മറ്റും ചെയ്തിരുന്നു. അദ്ദേഹം ഒരു പണ്ഡിതനും സഭാ കാര്യങ്ങളിൽ നിശ്ചയം ഉള്ള ആളും ആണോ?Q അദ്ദേഹം പണ്ഡിതനാണ്. സഭാ കാര്യങ്ങളിൽ ചിലപ്പോഴെല്ലാം സ്വന്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന ആളുമാണ്. Ans. ഇപ്പോൾ അദ്ദേഹം ബ്രസീലിൽ അവിടുത്തെ സുറിയാനിക്കാർക്കു സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു. അന്ത്യോക്യാ പാത്രിയർക്കീസാണ് അദ്ദേഹത്തെ ബ്രസീലിലേക്കയച്ചത്. മലങ്കരയിൽ വന്നതും തിരികെ പോയതും അന്ത്യോക്യാ പാത്രിയർക്കീന്റെ നിർദ്ദേശം അനുസരിച്ചാണ്. നിഖ്യാ സുന്നഹദോസിൽ എത്ര കാനോൻ നിശ്ചയങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ശരിക്കറിയില്ല. മലങ്കരയിൽ all the east എന്ന് പറഞ്ഞാൽ അന്ത്യോക്യാ മുതൽ കിഴക്കോട്ടുള്ള എല്ലാ ഭൂവിഭാഗങ്ങളും ആണെന്ന് വിശ്വസിച്ചിരുന്നു എന്ന് പറഞ്ഞതിന് അടിസ്ഥാനം എന്താണ്?Q ഒന്നാമതായി East എന്ന് പറഞ്ഞാൽ പേർഷ്യ, all the east എന്ന് പറയുമ്പോൾ പേർഷ്യായും പേർഷ്യാക്കു കിഴക്കോട്ടുള്ള രാജ്യങ്ങളും എന്നർത്ഥം വരും. രണ്ടാമതായി പതിനൊന്നാം നൂറ്റാണ്ടിലോ മറ്റോ അന്ത്യോക്യാ പാത്രിയർക്കീന്റെ അധികാര സീമ ചൈനാ വരെയും വ്യാപിച്ചിരുന്നു എന്ന് ചരിത്രകാരനായ Dr. Neale മുതലായവർ എഴുതിയിട്ടുണ്ട്. ഇവിടെ ഹാജരാക്കിയിട്ടുള്ള

*Were Syrian Christians Nestorians?* എന്ന പേരിൽ വാദി ഭാഗത്തുണ്ടായിരുന്ന ആളും പിന്നീട് റോമാ സഭയിൽ *Archbishop* ആയി തീർന്ന ആളും ആയ മോർ ഇവാനിയോസ് പല തെളിവുകൾ കാണിച്ച് എഴുതിയിട്ടുണ്ട്. വീണ്ടും ഇവിടെ ഹാജരാക്കിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്ന *ശീമ വാർത്ത*കൾ സ്പെഷ്യൽ പതിപ്പിൽ വാദിഭാഗത്തെ ഇപ്പോഴുമുള്ള മോർ പൗലോസ് ഗ്രിഗോറിയോസ് (അന്ന് ഫാ. പോൾ വർഗീസ്) എഴുതിയ സന്ദേശത്തിലും ഈ കാര്യമുണ്ട്. പിന്നെയും മലങ്കരയിലെ സഭ ആദി മുതൽ പാത്രിയർക്കിസ് തങ്ങളെ ഭരിച്ചുകൊണ്ടിരുന്നു എന്ന് വിശ്വസിക്കുന്നതായി മുളന്തുരുത്തി പടിയോടലയിലും ഉണ്ട്. ഇത്രയും കാര്യങ്ങൾ ഇപ്പോൾ ഓർക്കുന്നു. Ans. Dr. Neale ന്റെ പുസ്തകം ഞാൻ വായിച്ചിട്ടില്ല. എന്നാൽ ഇവിടെ ഹാജരാക്കിയിട്ടുള്ള ഇ.എം. ഫിലിപ്പിന്റെ ചരിത്രത്തിൽ ഞാൻ പറഞ്ഞ ഉദ്ധരണി ഉണ്ട്. *Were the Syrian Christian Nestorians?* എന്നതിന്റെ ഒർജിനൽ ഏതു ഭാഷയിലുള്ളതാണ്?Q അന്നത്തെ രീതിയിൽ എം.എ. യ്ക്ക് തീസിസ് എഴുതേണ്ടി വരുന്നതുകൊണ്ട് സെറാംപൂർ യൂണിവേഴ്സ്റ്റിയിൽ ഇംഗ്ലീഷിൽ എഴുതി സമർപ്പിച്ചതായിട്ടാണ് എന്റെ അറിവ് Ans. ആ ഇംഗ്ലീഷിലുള്ള ഒറിജിനൽ കണ്ടിട്ടുണ്ടോ?Q ഇല്ല. ഇവിടെ ഹാജരാക്കിയിട്ടുള്ള കോപ്പിയും അതുപോലെയുള്ളതുമാണ് കണ്ടിട്ടുള്ളത്. Ans. ഇവിടെ ഹാജരാക്കിയ പുസ്തകത്തിൽ അദ്ദേഹത്തിന്റേതായിട്ട് അതിൽ തന്നെ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ അതിൽ പറയുന്ന പല അഭിപ്രായങ്ങളും ഭേദപ്പെടുത്തേണ്ടതായി തോന്നുന്നുണ്ട് എന്ന് പറഞ്ഞിട്ടില്ലേ?Q പറഞ്ഞിട്ടുണ്ടോ എന്ന് ഓർക്കുന്നില്ല. ചരിത്രമാകയാൽ ചില ഭാഗങ്ങളിൽ അഭിപ്രായ വ്യത്യാസം കണ്ടേക്കാം. Ans. ആ പുസ്തകത്തിൽ all the East എന്നതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ടോ?Q All the East എന്നാൽ എന്താണെന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ലെങ്കിലും പാത്രിയർക്കീസിന് ചൈനാവരെ അധികാരം ഉണ്ടായിരുന്നതായി പറഞ്ഞിട്ടുണ്ട്. Ex B 151 (a) യുടെ ഒർജിനൽ എവിടെയുണ്ട്?Q ഒർജിനൽ അന്നുള്ള പബ്ലിഷ് ചെയ്ത ആളിന്റെ കൈവശം കാണണം. ഇതിലെ കാര്യത്തെക്കുറിച്ച് ഇതെഴുതിയ ആൾ ഒരിക്കലും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടില്ലാത്തതാണ്. Ex B 151 പോലുള്ള പബ്ലിക്കേഷൻ ഫാ. പോൾ വർഗീസിന് കിട്ടിയിട്ടുണ്ടോ എന്നറിയാമോ?Q സന്ദേശം അയച്ച എനിക്ക് ഒരു കോപ്പി കിട്ടിയതു പോലെ സന്ദേശം അയച്ച അദ്ദേഹത്തിനും ഒരു കോപ്പി നിശ്ചയമായും കിട്ടിയിരിക്കണം. Ans. സാക്ഷി ഉദ്ദേശിക്കുന്നതാണോ?Q അതെ Ans. Ext B 151 (a) ഞാൻ വായിച്ചു നോക്കിയിട്ടുണ്ട്. അതിൽ പറയുന്ന വിവരങ്ങൾ ഒക്കെ ശരിയാണോ?Q അദ്ദേഹത്തിന്റെ സ്വന്തം കാര്യം വരെ അതിൽ പറയുന്നുണ്ട്. അതേക്കുറിച്ചു എനിക്കറിഞ്ഞുകൂടാ. പാത്രിയർക്കീസിന്റെ അധികാരം ചൈന, കൊറിയാ വരെ നീണ്ടിരുന്നു എന്നുള്ളത് ശരിയാണ്. സമാധാനം ഉണ്ടാക്കിയ പാത്രിയർക്കീസിന് മനോവേദന വരത്തക്ക രീതിയിൽ യാതൊന്നും ആരും ചെയ്യരുത് എന്നദ്ദേഹം പറഞ്ഞിരിക്കുന്നതും ശരിയാണ്. ഇത്രയും കാര്യങ്ങൾ ഇപ്പോൾ ഓർക്കുന്നു. Ans. Ex B 151 (a) വായിച്ച് നോക്കി തെറ്റായിട്ടുള്ള ഭാഗം എന്തെങ്കിലും ഉണ്ടോ എന്ന് പറയണം. witness read the

message. അദ്ദേഹത്തിന്റെ സ്വന്തം കാര്യം ഒഴികെ ബാക്കി പറയുന്ന കാര്യങ്ങളിൽ എനിക്ക് അഭിപ്രായ വ്യത്യാസം ഒന്നുമില്ല. Ans. ഇതിൽ We are autonomous എന്ന് പറഞ്ഞിട്ടുള്ളത് ശരിയാണോ?Q supreme head ആകുന്ന പാത്രിയർക്കീസിന്റെ കീഴിൽ ഭരണ സ്വാതന്ത്ര്യം എന്ന അർത്ഥത്തിൽ അത് ശരിയാണ്. Ans. Autonomous എന്നാൽ എന്താണ്?Q Autonomous എന്ന് പറഞ്ഞാൽ ഭരണ കാര്യങ്ങളിൽ സ്വാന്തന്ത്ര്യത്തോടുകൂടിയുള്ള ഒരു രീതി Ans. അങ്ങനെ ഭരണ കാര്യത്തിൽ സ്വാതന്ത്ര്യമുള്ള സഭയാണൊ മലങ്കര സഭ?Q മലങ്കരയിലെ സഭ അതിന്റെ ആത്മീയ കാര്യങ്ങളിൽ പരിപൂർണ്ണമായി പാത്രിയർക്കീസിന് കീഴ്പെടും അതിന്റെ വസ്തു സംബന്ധമായ കാര്യങ്ങളിൽ മലങ്കരയിലെ അന്ത്യോക്യാ സിംഹാസനത്തോടു വിശ്വസ്തതയുള്ള ജനങ്ങളുടെ അഭിപ്രായം കണക്കിലെടുത്തു കൊണ്ടു തീരുമാനങ്ങൾ ചെയ്യുവാൻ സ്വാതന്ത്ര്യമുള്ളതുമാണ്. Ans. ഈ അർത്ഥത്തിലാണ് autonomous എന്ന വാക്ക് Ex 151 (a) ൽ ഉപയോഗിച്ചിരിക്കുന്നത് എന്ന് അതു കൊണ്ടു കാണാമോ?Q പാത്രിയർക്കീസ് വന്ന് കാതോലിക്കായെ വാഴിച്ച അന്ന് തൊട്ട് പിമ്പുള്ള കാലത്ത് പാത്രിയർക്കീസിനോട് കാതോലിക്കാ പൂർണ്ണ വിധേയത്വം പ്രഖ്യാപിച്ചു അനുഷ്ഠിച്ചു വരുന്ന സമയത്ത് എഴുതിയിരിക്കുന്നതു കൊണ്ടും മലങ്കര ഉൾപെട്ട സിറിയൻ ഓർത്തഡോക്സ് സഭയുടെ പ്രധാന തലവൻ അന്ത്യോക്യാ പാത്രിയർക്കീസാണെന്ന് അതിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നതുകൊണ്ടും ഞാൻ ബോധിപ്പിച്ച അർത്ഥത്തിലേ അത് ഉപയോഗിച്ചിരിക്കാൻ ഇടയുള്ളു. Ans. ഒരു സഭ autonomous എന്ന് പറഞ്ഞാൽ മുമ്പ് സാക്ഷി പറഞ്ഞിട്ടുള്ള സ്വാഭാവങ്ങൾ ഉണ്ടെന്നാണോ പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള അർത്ഥം?Q രാഷ്ട്രീയത്തിലല്ലാതെ ഈ പദം സഭാ കാര്യങ്ങളിൽ അധികം ഉപയോഗിച്ചു കാണാറില്ല. അഥവാ ഉപയോഗിക്കുന്നു എങ്കിൽ അത് കേവലം temporal matter ൽ മാത്രമായിരിക്കും. Ans. Autonomous ന്റെ legal അർത്ഥം എനിക്കറിഞ്ഞുകൂടാ. സാക്ഷി പറഞ്ഞതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ?Q എന്റെ ബോധത്തിൽ ഉള്ളത് പറഞ്ഞു, കൂടുതലായി ഒന്നും പറയാനില്ല. Ans. Ex B 151 (a) ഫാ. പോൾ വർഗീസിന്റെ സ്വന്ത നിലയിലുള്ള മെസേജായിട്ടല്ലേ കാണുന്നത് ?Q അല്ല. Orthodox Theological Seminary Principal എന്ന നിലക്കാണ്. Ans. അതിന്റെ letter head ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് ആ നിലയിലാണ് എന്ന് ഞാൻ പറയുന്നു. നിഖ്യായിൽ കാതോലിക്കാ എന്ന സ്ഥാനിയെ പറ്റി തീരുമാനം ഉണ്ടായി എന്ന് പറഞ്ഞത് Ex B162 കാനോൻ അടിസ്ഥാനമാക്കിയാണ്. നിഖ്യാ സുന്നഹദോസിൽ വച്ച് ഓരോ പ്രദേശത്തുമുള്ള സഭാ വിഭാഗങ്ങൾ ആ പ്രദേശത്തെ പ്രധാന ബിഷപ്പിന് കീഴ്പെട്ടിരുന്നു എന്ന പതിവ് പൊതുവായി അംഗീകരിക്കുകയായിരുന്നോ?Q അല്ല. ഇന്നലെ ബോധിപ്പിച്ചത് പോലെ പാത്രിയർക്കീസ്മാരെ സംബന്ധിച്ച് മുൻ പതിവുകൾ സ്ഥിരപ്പെടുത്തുകയായിരുന്നു. മറ്റ് എല്ലാ പ്രാദേശിക സഭകളെക്കുറിച്ചും നിഖ്യായുടെതായി കാനോനിലുള്ള ഭാഗത്ത് പറയുന്നില്ല. Ans. നിഖ്യാ നിശ്ചയങ്ങളിൽ സാക്ഷി പറയുന്ന രീതിയിലുള്ള പാത്രിയർക്കീസ്മാരുടെ ഭരണാധികാ

രങ്ങളെ മാത്രമെ പ്രതിപാദിക്കുന്നുള്ളോ?Q നിഖ്യാ നിശ്ചയങ്ങൾ എല്ലാം എനിക്കറിഞ്ഞുകൂടാ എന്ന് പറഞ്ഞു കഴിഞ്ഞു. അവയിൽ മറ്റു പലതും പ്രതി പാദിച്ചിരിക്കാം. ഞാൻ പറഞ്ഞത് കാനോനിൽ Ex B 162 ൽ നിഖ്യായുടെ എന്ന് പറഞ്ഞ ഭാഗത്ത് കാണുന്നതിനെപ്പറ്റി മാത്രമാണ് Ans. ഓരോ പ്രധാന ദേശത്തുമുള്ള പ്രധാന മേൽപട്ടക്കാരന്റെ ഭരണത്തിലുള്ള സഭാ വിഭാഗങ്ങൾ സ്വതന്ത്രങ്ങളായിരിക്കത്തക്കവണ്ണമാണോ നിഖ്യാ, കുസ്തന്തിനോപ്പോലീസ്, എഫേസോസ് ഈ സുന്നഹദോസുകളിലെ നിശ്ചയങ്ങൾ?Q അന്ത്യോക്യാ, റോമാ, അലക്സാന്ത്രിയാ എന്നിവയാണൊ പ്രധാന പ്രദേശം എന്നുദ്ദേശി ക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. ഒരു സഭാ വിഭാഗത്തിനും പ്രധാന മേൽ പട്ടക്കാരൻ ഇല്ല. പ്രധാന മേൽപട്ടക്കാരൻ പാത്രിയർക്കീസ് മാത്രമാണ്. സഭ യിലെ ഓരോ വിഭാഗവും സ്വതന്ത്രമായിരിക്കത്തക്ക രീതിയിലല്ല നിശ്ചയങ്ങൾ ചെയ്തിട്ടുള്ളത്. ചോദ്യം എനിക്ക് മനസ്സിലായ രീതിയിൽ മറുപടി ബോധി പ്പിച്ചു. Ans സാക്ഷി നിഖ്യാ സുന്നഹദോസ് കാലത്തുണ്ടായിരുന്നതായി പറയുന്ന പാത്രിയർക്കാ വിഭാഗങ്ങൾ സ്വതന്ത്രങ്ങളായിരിക്കണം എന്ന തര ത്തിലാണോ നിഖ്യാ സുന്നഹദോസിലെ നിശ്ചയം?Q അവരുടെ സ്വതന്ത്ര നിലപാടിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അവർ സഹകരിച്ചായിരിക്കണം എന്നാണ് ആ നിശ്ചയത്തിൽ പറയുന്നത്. Ans സഹകരിക്കേണ്ടത് എന്തു കാര്യത്തിലാണ്?Q അക്കാര്യം അവിടെ തെളിച്ചു പറഞ്ഞിട്ടില്ലാത്തതിനാൽ അറിഞ്ഞുകൂടാ. Ans സഹകരിക്കണമെന്ന് തെളിച്ച് പറയുന്നുണ്ടോ?Q പുസ്തകം തന്നാൽ നോക്കി പറയാം. Ans. Ex B 162 ആണോ?Q അതെ Ans. Ex B 162 handed over പേജ് 67-ൽ അദ്ദേഹത്തോടൊപ്പം എന്ന വാക്ക് ഉപ യോഗിച്ചിരിക്കുന്നതു കൊണ്ട് സ്ഥാനത്തിൽ ഒരു പോലെ ആണെന്നും സഹ കരിച്ച് പ്രവർത്തിക്കണമെന്നും വ്യക്തമാണ്. ത്രേസ്യാ, പെന്തപ്പോലീസ് മുതലായ ഡയസിസുകളിലെ ഭരണത്തെപ്പറ്റി കുസ്തന്തിനോപോലീസ് സുന്ന ഹദോസിൽ വല്ല നിശ്ചയവും ചെയ്തിട്ടുണ്ടോ?Q അങ്ങനെയുള്ള ഇടവകകൾ ഉണ്ടായിരുന്നോ എന്നോ അവയെപ്പറ്റി വല്ല നിശ്ചയവും ചെയ്തിട്ടുണ്ടോ എന്നോ എനിക്കറിഞ്ഞുകൂടാ. Ans. നിഖ്യാ സുന്നഹദോസിലെ തീരുമാനങ്ങ ളുടെ തത്വം പിന്നീട് നടന്ന കുസ്തന്തിനപോലീസ്, എഫേസൂസ് സുന്നഹ ദോസുകൾ സ്വീകരിച്ചിരുന്നോ?Q വിശ്വാസപരവും ഭരണപരവുമായ കാര്യ ങ്ങളിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ലെന്നാണ് എന്റെ ഓർമ്മ. Ans.നിഖ്യാ തീരുമാനങ്ങളിലെ തത്വം അംഗീകരിച്ചുകൊണ്ടാണോ പിന്നീടുള്ള സുന്നഹ ദോസ് തീരുമാനങ്ങൾ?Q അക്കാര്യം എനിക്കറിഞ്ഞുകൂടാ. വ്യത്യാസമൊന്നും വരുത്തിയിട്ടില്ലന്നാണ് എന്റെ ഓർമ്മ. Ans. ആകമാന സഭയിലെ ഒരു വിഭാഗം autocephalous ആണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. അങ്ങനെ പറയുവാൻ അടി സ്ഥാനം എന്ത്?Q autocephalous എന്നൊരു പ്രയോഗം സുറിയാനി സഭയിൽ ഒരിടത്തും കണ്ടിട്ടില്ലാത്തതും അങ്ങനെ ഒരു ഭരണരീതി സുറിയാനി സഭയുടെ നീണ്ട ചരിത്രത്തിൽ ഇല്ലാത്തതും ആകുന്നു എങ്കിലും ചിലർ autocephalous എന്നു പറഞ്ഞാൽ സ്വന്തം സ്വതന്ത്ര തലവൻ ഉള്ളതും മറ്റാർക്കും കീഴില്ലാത്ത

സ്ഥാനികളാൽ തെരഞ്ഞെടുക്കപ്പെടുന്ന ആളും എന്ന് പറയുന്നത് ശരിയെങ്കിൽ സുറിയാനി സഭയിൽ പാത്രിയർക്കീസല്ലാതെ മറ്റൊരു സ്ഥാനിയും ഈ സ്ഥിതിയിൽ ഇല്ലാത്തതുകൊണ്ടും സഭയിലെ ഏതെങ്കിലും ഒരു വിഭാഗത്തിന് ഇപ്പറഞ്ഞ പ്രത്യേകതകൾ ഒരിക്കലും ഉണ്ടായിട്ടില്ലാത്തിനാലുമാണ് autocephalous എന്നു പറയുവാൻ പാടില്ലന്നു ഞാൻ പറഞ്ഞത് Ans. കീഴിലുള്ള സ്ഥാനികൾ ആരെ തെരഞ്ഞെടുക്കുന്നു?Q അവരുടെ മുകളിലുള്ള ആളിനെ autocephalous എന്ന് പറയുന്നവർ ഉദ്ദേശിക്കുന്നത് സ്വതന്ത്ര തലവൻ എന്ന് അവർ പറയുന്ന ആളിനെയാണ്. Ans. അങ്ങനെയുള്ള autocephalous സഭയിലെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നതിനുള്ള അധികാരാവകാശങ്ങൾ അവർക്കാണെന്നുമാണോ അവർ പറയുന്നത്?Q അവർ പറയുന്ന കാര്യങ്ങളെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. ചിലർ പറയുന്ന കാര്യങ്ങൾ അറിഞ്ഞത് നേരത്തെ പറഞ്ഞു. ഈ സഭയിൽ അങ്ങനെ ഒന്ന് ഇല്ലാത്തതിനാൽ എനിക്കറിഞ്ഞുകൂടാ. Ans. മറ്റാർക്കും കീഴ്പ്പെടാത്തത് എന്ന് പറഞ്ഞത് എന്താണ?Q ആ ആളിന്റെ നിയമാനുസരണമുള്ള മേലധികാരി ഇല്ലെന്നു പറഞ്ഞ് കീഴ്പെടാത്തതും ആണ് സ്വതന്ത്ര തലവൻ എന്ന് സ്വയം അഭിമാനിക്കുന്നത് Ans അർമീനിയൻ സഭ അന്ത്യോക്യാ സഭയിൽ എന്നും കൈവപ്പ് ആദ്യകാലത്ത് പ്രാപിച്ചിരുന്നതായും പിന്നീട് എതിർപ്പ് ഒന്നും കൂടാതെ സൗഹാർദതയിൽ അവർ പ്രത്യേകമായി നിലനിന്നതായും ആണ് എന്റെ അറിവ്. അവരുടെ തലവനെ പിരിഞ്ഞതിനുശേഷം അവർ തന്നെയാണോ വാഴിച്ചുകൊണ്ടിരുന്നത്?Q അവർ ഒരു കാലത്തും അന്ത്യോക്യാക്ക് കീഴ്പ്പെട്ടിരുന്നുകൊള്ളണമെന്ന് ഒരു സുന്നഹദോസും അവരെക്കുറിച്ച് നിശ്ചയിച്ചിട്ടില്ലാത്തവരും അവർ ഒരു പ്രത്യേക ജനവിഭാഗം ആകയാൽ അവരുടെ ആഗ്രഹം പാത്രിയർക്കീസും സമ്മതിച്ച് കൊടുക്കുകയും ചെയ്തിട്ടുള്ളതിനാലും അവർ സുറിയാനി സഭാ എന്ന് അവരുടെ സഭക്ക് ഒരിക്കലും പേര് പറഞ്ഞിട്ടില്ലാത്തതിനാലും കാലക്രമേണ ഒരു പ്രത്യേക സഭാ വിഭാഗമായ അവർ അവരുടെ തലവനെ തെരഞ്ഞെടുത്തുകൊണ്ടിരുന്നു എന്നാണ് എന്റെ അറിവ്. Ans പ്രത്യേക ജനവിഭാഗം എന്നു പറഞ്ഞത് രാഷ്ട്രീയമായി പ്രത്യേക ഭരണമുള്ള ഒരു രാജ്യത്തെ ജനങ്ങൾ എന്നതിനെ ഉദ്ദേശിച്ചാണോ?Q പ്രത്യേക രാഷ്ട്രീയവും ഭരണകൂടവും ഉണ്ടായതു കൊണ്ടല്ല, സുറിയാനി സഭയുടെതിൽ നിന്ന് വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങൾ ഉണ്ടായിരുന്ന അർമിനിയൻസ് ആയിരുന്നതുകൊണ്ടാണ് Ans അർമീനിയൻസിന് പ്രത്യേകമായി രാഷ്ട്രീയ ഭരണകൂടം ഉണ്ടായിരുന്നോ എന്ന് എനിക്കറിഞ്ഞുകൂടാ. ഒരു സഭക്ക് രാജ്യമെന്നോ പ്രത്യേക ഭരണകൂടമെന്നൊ ഉള്ളതൊന്നും നോക്കാതെ വ്യാപിക്കാവുന്നതും മേൽ പറഞ്ഞവ ഒന്നും നോക്കാതെ തന്നെ പ്രധാന തലവന് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന റോമാ സഭയിൽ ചെയ്യുന്നതു പോലെ കീഴ്പെട്ടിരിക്കേണ്ടതുമാണ് Ans. എത്യോപ്യൻ സഭ അലക്സാന്ത്രിയൻ സഭയിൽ നിന്നു പിരിഞ്ഞുണ്ടായതാണോ?Q ആദ്യം മുതൽ തന്നെ അബ്സീനിയർ അലക്സാന്ത്രിയൻ പാത്രിയർക്കിസിന് കീഴ്പട്ടിരുന്നവരും 8-10 കൊല്ലം മുമ്പ് പരസ്പര

ധാരണയുടെ പേരിൽ അവർക്ക് പ്രത്യേക സഭയായി നിൽക്കുവാനുള്ള അവ കാശം അലക്സാണ്ട്രിയ പാത്രിയർക്കീസ് കൊടുക്കുകയും ചെയ്തു. Ans അബ്സീനിയർ ഒരു പ്രത്യേക ജനവിഭാഗം ആണോ?Q അബ്സീനിയർ പ്രത്യേക ജനവിഭാഗമാണ് പക്ഷേ ആ പ്രത്യേകത ഇക്കാലം വരെയും അവ രുടെ സഭാജീവിതത്തിൽ പ്രദർശിപ്പിക്കാതെ അലക്സാണ്ട്രിയൻ സഭയുടെ അംഗങ്ങളായി കഴിഞ്ഞു കൂടുകയായിരുന്നു. Ans അബ്സീനിയക്കാർക്ക് പ്രത്യേക രാജ്യവും ഭരണകൂടവും ഉണ്ട്. അവരുടെ സഭ ഉണ്ടായ കാലം മുതൽക്ക് തന്നെ അത് ഉണ്ട്. റഷ്യൻ ഓർത്തഡോക്സ് സഭ ഒരു സ്വതന്ത്ര്യ സഭയാണോ? സിറിയൻ, അർമീനിയൻ ഇവയെക്കുറിച്ചല്ലാതെ റഷ്യൻ ഓർത്ത ഡോക്സ് സഭയെയൊ അതു പോലെയുള്ള മറ്റു സഭകളേയൊ അവരുടെ ഭരണ രീതികളേയൊ കുറിച്ച് എനിക്കൊന്നും അറിഞ്ഞുകൂടെന്ന് നേരത്തെ പറഞ്ഞു. അവർ ചെയ്യുന്നതെല്ലാം ഈ സഭയ്ക്ക് അനുകരണീയവുമല്ല. സിറി യൻ, അലക്സാണ്ട്രിയൻ, അർമിനിയൻ, എത്യോപ്യൻ ഈ സഭകൾ എല്ലാം അവർ അന്യോന്യം സ്വതന്ത്രമാണെന്ന് അംഗീകരിക്കപെടുന്നവയാണോ?Q 451 വരെ ഒറ്റ സഭയിലെ അംഗങ്ങളും അതിനുശേഷം പ്രത്യേക കാനോൻ മുതലായവയോടുകൂടി വ്യത്യസ്ത സഭകളായി നിൽക്കുന്നവയാണെന്ന് പല പ്രാവശ്യം ബോധിപ്പിച്ചിട്ടുള്ളതിനാൽ അതനുസരിച്ചാണ് അവർ പ്രവർത്തി ക്കുന്നത്. അന്യോന്യം സ്വതന്ത്രസഭകളാണെന്ന് അന്യോന്യം അവർ സമ്മ തിക്കുന്നു. Ans മലങ്കരയിലുള്ള സഭയും സിറിയായിലുള്ള സഭയും തമ്മിൽ ആചാരങ്ങളിൽ വ്യത്യാസങ്ങൾ എന്തെങ്കിലും ഉണ്ടോ?Q സുറിയാനി സഭയിൽ മലങ്കരയിലും സിറിയായിലും മറ്റു പല സ്ഥലത്തും ഇടവകകൾ ഉള്ള സ്ഥിതിക്ക് ആചാര കാര്യങ്ങളിൽ പല വ്യത്യാസങ്ങളുമെല്ലാം ഉണ്ടായേക്കാമെങ്കിലും വിശ്വാസത്തിലൊ ഏക തലവന്റെ കീഴിൽ എന്നുള്ളതിലൊ യാതൊരു വ്യത്യാ സവും ഇല്ല Ans

Stopped for the day

മൊഴി വായിച്ചു കേട്ടു (ശരി)

കുര്യൻ കോർഎപ്പിസ്കോപ്പാ

Sd/-

First Add. District and Session Court, Ernakulam read over to the witness and admitted by him/her to be correct

Sd/-

Judge 25-7-78

26/7/78 witness sworn again and cross examination continued അർമിനിയൻ സഭ, അലക്സാണ്ട്രിയൻ സഭ, എത്യോപ്യൻ സഭ ഇവകളിൽ ഉപയോഗിക്കുന്ന കാനോൻ ഏതാണെന്ന് സാക്ഷിക്കറിയാമോ?Q സുറിയാനി സഭ ഉപയോഗിക്കുന്ന കാനോനല്ല എന്ന് അറിയാം. അവർ ഉപയോഗിക്കുന്ന. കാനോൻ എന്താണെന്നറിഞ്ഞു കൂടാ. Ans. സുറിയാനി സഭയിൽ ഉപയോ ഗിക്കുന്നതല്ലെന്ന് എങ്ങനെ മനസ്സിലായി?Q സുറിയാനി സഭ ഒരു പ്രത്യേക

സഭയും അതിനു പ്രത്യേക കാനോനും ഉള്ളതുപോലെ തന്നെ മേൽപറഞ്ഞ വയും പ്രത്യേക സഭകളും ആ സ്ഥിതിക്ക് അവർക്ക് പ്രത്യേക കാനോനുകൾ ഉണ്ടെന്നും ഉള്ള ബോദ്ധ്യത്തിലാണ്. Ans. ബോദ്ധ്യത്തിന് അടിസ്ഥാനമെന്താണ്?Q ബോദ്ധ്യമാണ്. അവരുടെ ഒരെഴുത്തുകളിലും ഈ കാനോൻ ഉപയോഗിക്കുന്നതായി പറഞ്ഞിട്ടില്ല. ഞാൻ അറിഞ്ഞിട്ടില്ല. വായിച്ചിട്ടുമില്ല. Ans. ആ സഭയുടെ എഴുത്തുകൾ എന്നു പറഞ്ഞത് എന്തൊക്കെയാണ്?Q അതിന്റെ രേഖകളെ ഉദ്ദേശിച്ചാണ് പറഞ്ഞത്. ഞാൻ അങ്ങനെ ഈ കാനോൻ ഉപയോഗിക്കുന്നതായി പറയുന്ന രേഖകൾ ഒന്നും കണ്ടിട്ടില്ല. Ans.Ex B 162 പേജ് 101 ൽ ഈഗുപ്തായക്കാരും കൂശായക്കാരും നോസോദിസ്യാരും അർമീനായക്കാരും ആചാരങ്ങളിൽ മാത്രം നമ്മിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു എന്നത് സ്പഷ്ടമത്രെ എന്ന് പറഞ്ഞിട്ടുണ്ട്. ഏകസ്വഭാവ വിശ്വാസത്തിൽ ഒന്നുപോലെ ഉള്ളതാണ്. എന്നതാണ് അതിന്റെ ധ്വനി. ഈഗുപ്തായക്കാർ എന്ന് പറയുന്നത് അലക്സാണ്ട്രിയൻ സഭ, കൂശായക്കാർ അബിസീനിയൻ സഭ, അർമീനിയാക്കാർ എന്നത് അർമീനിയൻ സഭ, നോസോദീസുർ എന്നത് ആരാണ്?Q ആഫ്രിക്കയിൽ ന്യൂബിയാ എന്ന സ്ഥലത്തുകാരാണെന്ന് തോന്നുന്നു Ans. ന്യൂബിയാക്കാരുടെ ഒരു പ്രത്യേക സഭ ഉണ്ടോ?Q അന്നുണ്ടായിരുന്നിരിക്കാം. ഇപ്പോൾ കേൾക്കാറില്ല. Ans. ഏകസ്വഭാവ വിശ്വാസത്തിൽ ഒന്നുപോലെയാണെന്നുള്ള ധ്വനിയാണെന്ന് സാക്ഷി പറഞ്ഞതിന് അടിസ്ഥാനം എന്താണ്?Q അവരെല്ലാം ഏക സ്വഭാവ വിശ്വാസികൾ ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഒന്നായിത്തീർന്നു എന്നുള്ള എവുത്തിക്കൂസിന്റെ വേദവിപരീതത്തെ ഈ സഭകൾ ശപിച്ചു തള്ളുന്നു. ദൈവത്വവും മനുഷ്യത്വവും അവിഭാജ്യമായും കൂടിക്കലരാതെയും ഒന്നായി സ്ഥിതിചെയ്യുന്നു എന്നുള്ളതിനു മുമ്പുള്ള വിശ്വാസസംഹിതയാണ് ഈ സഭകൾ സ്വീകരിച്ചത്. ആകകൊണ്ടു തന്നെ Ans. അതു കൊണ്ട് മാത്രമാണെന്ന് കാനോനിൽ പറയുന്ന ഭാഗം കൊണ്ടു കാണുന്നുണ്ടോ?Q കാനോനിൽ ചരിത്രം മുഴുവൻ കാണാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് ആ ഭാഗം കൊണ്ട് ചരിത്രം മനസ്സിലാവുകയില്ല. Ans. മേൽ പറഞ്ഞ കാനോൻ വിവാഹത്തെക്കുറിച്ചുള്ള ചാപ്ടറിൽ ആണ്. ആചാരങ്ങളിൽ മാത്രം മുൻ പറഞ്ഞവർ വ്യത്യാസമുള്ളതുകൊണ്ട് ഈ സഭക്കാർ തമ്മിൽ വിവാഹത്തിനുവിരോധമില്ല എന്ന് 102-ാം പേജിൽ പറയുന്നുണ്ട്. *Canon of the Apostles* എന്നാൽ എന്താണ്?Q അങ്ങനെ കേട്ടിട്ടുണ്ടെന്നല്ലാതെ ഞാൻ വായിച്ചിട്ടില്ല. Ans. അപ്പോസ്തലന്മാരുടെ കാനോനുകൾ എന്നാണ് അതിന്റെ മലയാളം. ശ്ലീഹന്മാരിൽ നിന്ന് ലഭിച്ചിട്ടുള്ള പാരമ്പര്യങ്ങളും ഉപദേശങ്ങളും അവരുടെ നിയമങ്ങളും സഭ സ്വീകരിക്കുന്നവയാണോ?Q ശ്ലീഹന്മാരിൽ ലഭിച്ചിട്ടുള്ളവയാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളവ സഭ സ്വീകരിക്കും. Ans. സഭാ പിതാക്കന്മാരിൽ നിന്ന് ലഭിച്ചിട്ടുള്ള പാരമ്പര്യങ്ങളും ഉപദേശങ്ങളും സഭ സ്വീകരിക്കുന്നതാണോ?Q അവയും മുൻ പറഞ്ഞതുപോലെ തെളിയിക്കപ്പെട്ടിട്ടുള്ളവയാണെങ്കിൽ സ്വീകാര്യമാണ്. Ans. തെളിയിക്കപ്പെട്ടിട്ടുള്ളവ എന്നതു കൊണ്ടുദ്ദേശിക്കുന്നതെന്താണ്?Q സഭയുടെ അംഗീകൃത

ഗ്രന്ഥങ്ങളിൽ അവ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ എന്നുള്ള അർത്ഥത്തിലാണ്. Ans. അങ്ങനെയുള്ള അപ്പോസ്തലിക നിയമങ്ങളും ഉപദേശങ്ങളും പാരമ്പര്യങ്ങളും എല്ലാം അലക്സാണ്ട്രിയൻ, അർമിനിയൻ, എത്യോപ്യൻ ഈ സഭകൾ സ്വീകരിക്കുന്നതാണോ?Q അവരുടെ പുസ്തകങ്ങളിൽ ഉള്ള പാരമ്പര്യവും മറ്റും അവർ സ്വീകരിക്കും. Ans. അപ്പോസ്തലിക പാരമ്പര്യങ്ങൾ നിയമങ്ങൾ മുതലായവ പലതരത്തിൽ ഉണ്ടോ?Q അതിനെക്കുറിച്ചു എനിക്ക് കൂടുതൽ പറയുവാൻ അറിഞ്ഞുകൂടാ. Ans. ഈ സഭകളും സിറിയൻ സഭയും സ്വീകരിക്കുന്ന പൊതുവായിട്ടുള്ള ഗ്രന്ഥങ്ങൾ ഉണ്ടോQ വേദപുസ്തകം ഉണ്ടായിരിക്കാം. മറ്റൊന്നും എനിക്കറിഞ്ഞുകൂടാ. Ans. എപ്പിസ്കോപ്പാ, കശീശാ, ശെമ്മാശൻ എന്നിങ്ങനെയുള്ള പൗരോഹിത്യ സ്ഥാനങ്ങൾ ഈ സഭകളിൽ എല്ലാം ഉണ്ടോ?Q ആ സഭകളിൽ മാത്രമല്ല. റോമാസഭയിലും പ്രോട്ടസ്റ്റന്റ് സഭകളിലും ഉണ്ട് Ans. മലങ്കരയിലെ സഭ ആകമാന സുറിയാനി സഭയിലെ ഒരു മഹാ ഇടവകയാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. ആ പറയുന്ന ആകമാന സഭയിൽ വേറെ ഇടവകകൾ ഉണ്ടോ?Q ഇപ്പോൾ അമേരിക്കയിൽ ഒര് മഹാഇടവക ഉണ്ടെന്നറിയാം. മറ്റൊന്നും അറിഞ്ഞുകൂടാ. Ans. മഹാഇടവക എന്നതു കൊണ്ടുദ്ദേശിക്കുന്നതെന്താണ്?Q കുറച്ച് വൈപുല്യമുള്ള ഒരു ഇടവക Ans. വൈപുല്യം ഏതു കാര്യത്തിലാണ്?Q വിസ്താരം ജനസംഖ്യ മുതലായതിൽ Ans. മഹാ ഇടവകയാകണമെങ്കിൽ ഇത്ര വിസ്തീർണ്ണം ഇത്ര ജനസംഖ്യ എന്ന് വല്ലതും ഉണ്ടോ?Q അങ്ങനെ ഒന്നുമില്ല. ചിലർ ആ പേർ ഉപയോഗിച്ച് അത് നടപ്പിൽ വരുത്തി എന്ന് മാത്രം. Ans. മലങ്കരയിൽ ആ പേർ ഉപയോഗിച്ച് നടപ്പിൽ ആയത് എന്ന് മുതൽക്കാണ്?Q കൃത്യം പറയുവാൻ നിശ്ചയമില്ല. ഉദ്ദേശം 1653 കഴിഞ്ഞതിനുശേഷം എപ്പോഴെങ്കിലും ആരെങ്കിലും പറഞ്ഞിട്ടുണ്ടായിരിക്കാം. അതിൽ കൂടുതൽ നിശ്ചയമില്ല. Ans. ആരെങ്കിലും എപ്പോഴെങ്കിലും പറഞ്ഞാണൊ മലങ്കരയിലെ സഭ ഒരു മഹാ ഇടവകയായത്?Q എന്ന് ഞാൻ ബോധിപ്പിച്ചതിന് അർത്ഥമില്ല. Ans പിന്നെ എങ്ങനെയാണ്?Q ആരോ ഉപയോഗിച്ചു തുടങ്ങിയതു കൊണ്ടായിരിക്കാം. Ans മലങ്കര മഹാഇടവക എന്നുപയോഗിച്ചുള്ള ഏതെങ്കിലും കൽപനകൾ പാത്രിയർക്കീസന്മാരുടെതായിട്ട് സാക്ഷി കണ്ടിട്ടുണ്ടോ?Q മഹാഇടവകയാണോ എന്നോർക്കുന്നില്ല മലങ്കര ഇടവകയുടെ മോർ ദിവന്നാസ്യോസ് എന്നു പേർ വച്ച് ദിവന്നാസ്യോസ് 5-ാമൻ പല കൽപനകളും മലങ്കര ഇടവക പാത്രികയിലും മറ്റും വായിച്ചിട്ടുണ്ട്. Ans അന്ത്യോക്യാ പാത്രിയർക്കീസന്മാർ മലങ്കര ഇടവക എന്ന് ഉപയോഗിച്ചിട്ടുള്ളതായി കൽപന വല്ലതും കണ്ടിട്ടുണ്ടോ?Q അങ്ങനെയുള്ള കൽപന ഒന്നും ഞാൻ കണ്ടിട്ടില്ല. Ans. സിറിയയിലുള്ള സഭയിലെയും മലങ്കര സഭയിലെയും എപ്പിസ്കോപ്പമാർ ഒന്നിച്ച് ചേർന്നുള്ള സുന്നഹദോസുകൾ ഏതെങ്കിലും ഉണ്ടായിട്ടുണ്ടോ?Q മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുള്ളതുപോലെ സിറിയൻ പ്രദേശത്തും മലങ്കരയിലും ഉള്ള മെത്രാപ്പോലീത്തൻമ്മാർ സുന്നഹദോസുകൾക്ക് ക്ഷണിക്കുക ഉണ്ടായിട്ടുണ്ട്. യാത്രാസൗകര്യ കുറവുള്ള അക്കാലങ്ങളിൽ സുന്നഹദോസ് നിശ്ചയം സമ്മതിച്ചു കൊള്ളാം

എന്നുള്ള മറുപടി കൊടുത്ത് അതിൽ ഭാഗഭാക്കാനെ സാദ്ധ്യമായിരുന്നുള്ളു. എന്നാൽ ഇപ്പോഴത്തെ അന്ത്യോക്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് III ന്റെ തെരഞ്ഞെടുപ്പിന് മലങ്കരയിൽ നിന്നുള്ള മെത്രാപ്പോലീത്തമാരുടെ എഴുത്തുകളും മലങ്കരയിൽ നിന്നുള്ള എബ്രഹാം മോർ ക്ലിമിസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. പിന്നീട് ഈ കേസ്സിലെ 1-ാം വാദി മുതലായവരെ സംബന്ധിച്ചുള്ള കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കാൻ കൂടിയ ആകമാന സുറിയാനി സഭയുടെ സുന്നഹദോസിലും മലങ്കരയിലെ മെത്രാപ്പോലീത്തമാർ സിറിയായിലും ലോകമെങ്ങും ഉള്ള സഭയിലെ മെത്രാപ്പോലീത്തമാർ ഒന്നിച്ചു സന്നിഹിതരായിരുന്നു. Ans എഴുത്തുകൾ മൂലം സമ്മതിച്ചുകൊള്ളാം എന്നറിയിച്ചതായി പറഞ്ഞ സുന്നഹദോസുകൾ എന്തിനുകൂടിയതാണ്?Q എല്ലാ സുന്നഹദോസും എന്തിനാണെന്ന് എനിക്കറിവില്ല. എന്നാൽ പാത്രിയർക്കാസ്ഥാനഭ്രംശം, പാത്രിയർക്കാ തെരഞ്ഞെടുപ്പ് മുതലായവകൾക്ക് ഈ ഇരുപതാം നൂറ്റാണ്ടിൽ കൂടിയ സുന്നഹദോസുകൾ കാണും. Ans പാത്രിയർക്കാസ്ഥാനഭ്രംശം എന്നു പറഞ്ഞത് ഏത് പാത്രിയർക്കീസിന്റെതാണ്?Q വിവരങ്ങൾ മുഴുവനും ഇവിടെ ബോധിപ്പിക്കത്തക്കവണ്ണം എനിക്കറിഞ്ഞുകൂടെങ്കിലും അബ്ദുൽ മിശിഹാബാവായുടെ സ്ഥാനഭ്രംശത്തെയാണ് ഞാൻ ഉദ്ദേശിച്ചു പറഞ്ഞത് Ans അതിലേക്കു സുന്നഹദോസ് കൂടിയതായിട്ടോ ഇവിടുത്തെ മെത്രാൻമാരെ അറിയിച്ചതായൊ അവർ മുൻ പറഞ്ഞ രീതിയിൽ എഴുത്തയച്ചതായിട്ടൊ വല്ല രേഖയും കണ്ടിട്ടുണ്ടോ?Q സുന്നഹദോസ് കൂടിയതായിട്ടുള്ള വിവരങ്ങൾ പല പ്രസിദ്ധീകരണങ്ങളിലും വായിച്ചിട്ടുണ്ട്. പേരുകൾ ഓർക്കുന്നില്ല. മറ്റു രേഖകളെ സംബന്ധിച്ച് അങ്ങനെയുള്ള രേഖകൾ എവിടെയെല്ലാം ആരുടെയെല്ലാം കൈകളിൽ സൂക്ഷിക്കപ്പെടുന്നു എന്ന് പറയാൻ സാധാരണക്കാരനായ ഞാൻ കണ്ടിട്ടുമില്ല. അതിനെപ്പറ്റി ബോധിപ്പിക്കുവാൻ സാദ്ധ്യവുമല്ല. Ans ഏബ്രഹാം മോർ ക്ലിമീസ് പോയി എന്ന് പറയുന്ന സുന്നഹദോസിൽ മലങ്കര സഭയിലെ മെത്രാപ്പോലീത്ത എന്ന നിലയിലാണോ അദ്ദേഹം പോയത്?Q അദ്ദേഹം പോവുകയല്ല. ആ സമയത്ത് ആ സ്ഥലത്തുണ്ടായിരുന്നു എന്നാണ് ഓർമ്മ. അദ്ദേഹം അതിൽ സംബന്ധിച്ചത് മലങ്കരയിലെ ക്നാനായ സമുദായത്തിലെ മെത്രാപ്പോലീത്ത എന്ന നിലയിലാണ്. Ans മലങ്കരയിലുള്ള ക്നാനായ ഭദ്രാസനത്തിലെ മെത്രാപ്പോലീത്ത ആയിരുന്നോ അദ്ദേഹം?Q ഭദ്രാസനം ആകുന്നതിന് മുമ്പുതന്നെ ക്നാനായ സമുദായത്തിന് ചില നിയമാവലികൾ ഉണ്ടായിരുന്നു എന്നും പാത്രിയർക്കീസ് ബാവായോ മറ്റോ അത് അനുവദിച്ചിരുന്നതായും കേട്ടറിവുണ്ട്. അങ്ങനെയുള്ള ക്നാനായ ഇടവകയുടെ മെത്രാപ്പോലീത്ത എന്ന നിലയിലാണ് അദ്ദേഹം സംബന്ധിച്ചതെന്ന് തോന്നുന്നു. Ans ഈ സുന്നഹദോസ് 1957-ൽ ആണ്. അന്ന് ക്നാനായ ഭദ്രാസനം ഉണ്ടോ?Q ഭദ്രാസനം എന്നുള്ള പേര് മുമ്പില്ലായിരുന്നു. എന്നു മുതലാണ് അതുപയോഗിച്ചു തുടങ്ങിയതെന്നറിഞ്ഞുകൂടാ. ഇടവക, മെത്രാസനം എന്നെല്ലാം അതിന് പറഞ്ഞ് വന്നതായി കേട്ടിട്ടുണ്ട്. പിന്നീടെഴുതുന്ന ചരിത്രകാരന്മാർ ഒരു പക്ഷേ

ഭദ്രാസനം എന്ന പേരു വച്ചതായിരിക്കാം. എന്നു തുടങ്ങി എന്നറിഞ്ഞുകൂടാ. Ans. മെത്രാസനവും ഭദ്രാസനവും ഒരേ അർത്ഥത്തിലാണോ ഉപയോഗിക്കുന്നത്?Q ഭദ്രാസനത്തിന്റെ സാക്ഷാൽ അർത്ഥം എനിക്കിതുവരെ മനസ്സിലായിട്ടില്ല. മെത്രാസനം എന്ന പറഞ്ഞാൽ മെത്രാന്റെ ഇടവക അല്ലെങ്കിൽ ആസ്ഥാനം എന്നാണ്. ആ അർത്ഥത്തിൽ ഞാൻ ഭദ്രാസനം എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടായിരിക്കാം. Ans. 1957 ൽ ക്നാനായ മെത്രാസനം ഉണ്ടോ?Q അന്ന് ക്നാനായക്കാർക്ക് മെത്രാപ്പോലീത്തയും മെത്രാപ്പോലീത്താക്ക് ആസ്ഥാനവും ഉണ്ടായിരുന്നു. Ans. ആ മെത്രാസനം മലങ്കര സഭയിൽ ഉൾപ്പെട്ടതാണോ?Q ആ മെത്രാസനം അതിന്റെ പ്രത്യേക ഭരണഘടനയോടുകൂടി പാത്രിയർക്കീസിന്റെ കീഴിൽ മലങ്കരയിലെ സഭയോട് ബന്ധപ്പെട്ട് നിൽകുന്ന ഇടവകയാണ്. Ans. ബന്ധമുണ്ടെന്നല്ലാതെ മലങ്കര സഭയിലെ ഇടവകയല്ലന്നാണോ?Q ഇത്രയും അല്ലാതെ അതിന്റെ വിശദാംശങ്ങൾ എനിക്കറിഞ്ഞുകൂടാ. Ans. മലങ്കര സഭയിലുള്ള മറ്റു മെത്രാസനങ്ങൾ ഒക്കെ അറിയാമോ?Q അറിയാം Ans. അവയുടെ ഘടനയെപറ്റിയുള്ള വിശദാംശങ്ങളും അറിയാമോ?Q അവ അന്ത്യോക്യാ പാത്രിയർക്കീസിനു കീഴ്പെട്ട് നിലനിൽക്കുന്നവയാണെന്നല്ലാതെ കൂടുതൽ വിശദാംശങ്ങൾ നിശ്ചയമില്ല. Ans. മലങ്കര സഭയിലെ ഭദ്രാസനങ്ങളുടെ ഘടനയെപറ്റി സാക്ഷി പഠിക്കുകയൊ മനസ്സിലാക്കുകയൊ ചെയ്തിട്ടില്ല?Q അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ നിലനിൽക്കണമെന്നും എന്നെ ഏൽപിക്കുന്ന ജോലികൾ എന്റെ കഴിവനുസരിച്ച് ചെയ്യണമെന്നും അല്ലാതെ മറ്റ് ചർച്ച് പൊളിറ്റിക്സിൽ അധികം ഞാൻ ഇടപെടാറില്ലാത്തതുകൊണ്ട് എനിക്ക് അറിവുള്ളവ ഞാൻ ബോധിപ്പിച്ചു കഴിഞ്ഞു?Q ചർച്ച് Politics ൽ എന്നതിൽ വരുന്നതാണോ ഭദ്രാസനങ്ങളുടെ ഘടന?Q അത് church politicsൽ പെട്ടതല്ലെങ്കിലും എനിക്കവയെക്കുറിച്ച് കൂടുതൽ പഠിക്കേണ്ട ആവശ്യമില്ലാത്ത വിഷയമാണ്. Ans. 1-ാം വാദിയെ സംബന്ധിച്ചും മറ്റും ഒരു സുന്നഹദോസ് കൂടി എന്ന് പറയുന്നതിൽ സാക്ഷി സംബന്ധിക്കുകയൊ ആ കാലത്ത് അവിടെ പോകുകയൊ ഉണ്ടായിട്ടില്ലല്ലേ?Q ഞാൻ മെത്രാപ്പോലീത്ത അല്ലാത്തതു കൊണ്ട് എന്നെ ക്ഷണിക്കുകയൊ ഞാൻ പോവുകയൊ ചെയ്തിട്ടില്ല. Ans. സിറിയയിലുള്ള സുറിയാനി സഭ മിഡിൽ ഈസ്റ്റ് ഭാഗത്തുള്ളതാണോ?Q മിഡിൽ ഈസ്റ്റ് എന്ന ആ ഭാഗത്തിൽ പെട്ട ഒരു രാജ്യമാണ് സിറിയ. അവിടെയും മിഡിൽ ഈസ്റ്റിലെ മറ്റ് രാജ്യങ്ങളിലും സുറിയാനി സഭ ഉണ്ട്. Ans. 1-ാം പ്രതി പൗലോസ് മോർ അത്തനേഷ്യസ് തിരുമേനിയെ അറിയാം. അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചത് യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവയാണ്. അദ്ദേഹം സഭാചരിത്രവും സഭാ സംബന്ധമായ കാര്യങ്ങളും അറിവുള്ള ആളാണ്. അദ്ദേഹം മിഡിൽ ഈസ്റ്റിലുള്ള സിറിയൻ സഭ സന്ദർശിച്ചിട്ടുണ്ട്. മെത്രാപ്പോലീത്തയായി അദ്ദേഹത്തെ പാത്രിയർക്കീസ് വാഴിച്ചത് ദമാസ്കസിൽ വച്ചാണെന്നാണ് ഓർമ്മ. അദ്ദേഹം *The Orthodox Syrian Church: it Religion and Philosophy* എന്നൊരു പുസ്തകം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതിയ പുസ്തകത്തിൽ Ex A

209 page 146 ൽ സിറിയയിൽ ചില പുതിയ കാനോൻസ് അഡോപ്ട് ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ് കാണുന്നു. ആ വിവരം ശരിയോ?Q പറഞ്ഞു കാണുന്നുണ്ട് എന്ന് പറഞ്ഞത് അത് പെട്ടെന്ന് നോക്കിയപ്പോൾ പറഞ്ഞു പോയതാണ്. സൂക്ഷ്മമായി നോക്കിയപ്പോൾ പുതിയ കാനോൻ ഉണ്ടാക്കിയില്ല എന്നാണ് കാണുന്നത്. അവിടെ പറയുന്നത്. In the Middle East they have adopted new canon suiting the time and the place എന്നാണ്. അതായത് കാലത്തിനും സ്ഥലത്തിനും ചേരുന്ന ചില പുതിയ നിയമങ്ങൾ ഉണ്ടാക്കി എന്നാണ്. Ans. നിയമങ്ങൾ എന്നതിന് കാനോൻ എന്ന വാക്കാണ്. ആ വിവരം ശരിയാണോ?Q എനിക്കതേക്കുറിച്ച് നേരിട്ടറിവില്ല. Ans. Ex A 209 Introduction ൽ XIV പേജിൽ The Orthodox Syrian Church of Kerala is by means an off shoot or branch of the Syrian Orthodox Church of Antaoch എന്ന് പറയുന്നുണ്ട്. ആ പരാമർശം ശരിയാണോAns. അദ്ദേഹം തന്നെ പ്രസ്തുത Introduction XIII-ാം പേജിൽ അദ്ദേഹം ഓർത്തഡോക്സ് സിറിയൻ എന്ന് പേരു വച്ചിരിക്കുന്നതിന്റെ കാരണം പറയുന്നുണ്ട്. അതിങ്ങനെയാണ്. They are now known in the middle East as the Syrian Orthodox. Recently they have called themselve the Orthodox Syrians in Kerala. As I am now in that Church I have adopted that expression in this though some may disagree എന്ന് പറഞ്ഞിരിക്കുന്നതനുസരിച്ച് ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്നത് സിറിയൻ ഓർത്തഡോക്സ് എന്നു വച്ചാൽ അത്രയും ശരിയാണ്. അതിനും പുറമെ മേൽപടി പേജിൽ തന്നെ The Church in Kerala Originally known or Christians of St. Thomas by affiliation to the Syrian Orthodox Church of Antioch took over from it present name അങ്ങനെ affiliate ചെയ്തതുകൊണ്ട് അതിൽ പെട്ടതുതന്നെയാണെന്നും വീണ്ടും They have the Common name on they use the same liturgical language is Syriac and have been under the same Syriac Patriach and have the same religious faith and observation. ആ വാചകം കഴിഞ്ഞാണ് മുമ്പ് എന്നോട് ചോദിച്ച ഭാഗം വരുന്നത്. ആ സ്ഥിതിക്ക് കേരളത്തിലെ സുറിയാനി സഭ സിറിയൻ ഓർത്തഡോക്സ് ചർച്ച് ഓഫ് ആന്റിയോക്കിന്റെ ഒരു ബ്രാഞ്ചല്ല അതിന്റെ തായിയിൽ തന്നെ ഉള്ള ഒന്നാണെന്നാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്. ആ സ്ഥിതിക്ക് അത് ശരിയാണ്. വീണ്ടും അതിന് ഒരു ഉദാഹരണമായി അദ്ദേഹം പറയുന്നുണ്ട്. All Christians under the see of Rome are called Roman Catholics whereever they are and what ever their nationality. In the same way all those under the see of ........... were called Syrian Orthodox എന്ന് Ans. off shoot അല്ലാ എന്ന് മുൻ ഉദ്ധരിണിയിൽ പറഞ്ഞിരിക്കുന്നത് ശരിയാണോ?Q അത് അതിന്റെ തായ് തടിയിൽ തന്നെ ഉള്ളതാകകൊണ്ട് Off shoot അല്ല എന്ന് പറയുന്നത് ശരിയാണ്. Ans. 1-ാം പ്രതി മെത്രാനായി വാഴിക്കപ്പെടുന്നതിന് വളരെനാൾ മുമ്പ് തൊട്ട് സഭയിലെ ഒര് പുരോഹിതനായിരുന്നു. അദ്ദേഹം എത്രകാലം റമ്പാനായിരുന്നു എന്ന് കൃത്യം ഓർമ്മയില്ല. അദ്ദേഹം സഭാ സംബന്ധമായി വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചിട്ടുണ്ട്.

Ex B 151-ൽ 7-ാം പേജിൽ 9/10/68 എന്ന തീയതി വച്ചു ഒരു മെസേജ് ചേർത്തിട്ടുണ്ട് അത് കണ്ടനാട്ട് ഭദ്രാസനത്തിന്റെ പൗലോസ് മോർ ഫിലിക്സിനോസ് മെത്രാപ്പോലീത്തയുടെ ആണ്. ആ മെസേജിൽ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്നുപയോഗിച്ചിട്ടുണ്ട്. അക്കാലത്ത് അത് അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്ന് വ്യത്യസ്തമായതും സിറിയൻ ഓർത്തഡോക്സിൽ നിന്ന് വ്യത്യസ്തമായതും ആയ ഒരു പ്രത്യേക സഭയാണെന്ന് തെളിച്ച് പത്ര പ്രസ്താവനകളും മറ്റു നടത്തിയിട്ടില്ലാതിരുന്നില്ലാത്തതിനാൽ അദ്ദേഹവും മറ്റ് പലരും മലങ്കരയിലെ സിറിയൻ ഓർത്തഡോക്സ് സഭക്ക് മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്ന രീതി ഉപയോഗിക്കുമായിരുന്നു. അതിൽ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്ന് പറയുന്ന സഭയ്ക്ക് തന്നെ മലങ്കര ചർച്ച് എന്ന പേരും അതിൽ ഉപയോഗിച്ചിട്ടില്ലേ?Q മലങ്കരയിലെ സഭയെ ഉദ്ദേശിച്ച് തന്നെ മലങ്കര ചർച്ച എന്നും പറഞ്ഞിട്ടുണ്ട്. Ans. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ചിനെ തന്നെയല്ലേ?Q ആ സഭയെത്തന്നെ Ans. പൗലോസ് മോർ ഫിലിക്സിനോസ് അന്ത്യോക്യാ പാത്രിയർക്കീസ് വാഴിച്ചതനുസരിച്ച് കാതോലിക്കോസ് ഓഫ് ദി ഈസ്റ്റ് എന്ന് ഇപ്പോൾ അവകാശപ്പെടുന്ന ആളാണോ?Q പൗലോസ് മോർ ഫിലക്സിനോസ് എന്ന മെത്രാപ്പോലീത്താ തന്നെയാണ് പരിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസിനാൽ കിഴക്കിന്റെ കാതോലിക്ക അഥവാ മഫ്രിയാന ആയി വാഴിക്കപ്പെട്ട വന്ദ്യ പിതാവ് മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ Ans. Ex B 151 ന്റെ 5-ാം പേജിൽ ഏബ്രഹാം മോർ ക്ലീമിസ് മെത്രാപ്പോലീത്തായുടെ ഒരു മെസേജ് ഉണ്ട്. അതിൽ ക്നാനായ ഡയസിസ് എന്ന് ഉപയോഗിച്ചിട്ടുണ്ട്. ആ മെസേജിൽ മലങ്കര ചർച്ച് എന്നും ഉപയോഗിച്ചിട്ടുണ്ട്. മലങ്കരയിൽ ഉപയോഗിക്കുന്ന കുർബനാതക്സാ ഏതാണ്?Q മലങ്കരയിൽ ഇപ്പോൾ ഉപയോഗിക്കപ്പെടുന്ന കുർബ്ബാന തക്സായും മറ്റു എല്ലാ ക്രമപുസ്തകങ്ങളും അന്ത്യോക്യാ പാത്രിയർക്കീന്റെ പ്രതിനിധികൾ ഓരോ കാലത്ത് അന്ത്യോക്യാ സിംഹാസനത്തിങ്കൽ നിന്നും കൊണ്ടു വന്നിട്ടുള്ളവയാണ്. ആരുടെ തക്സാ ആണ്?Q കുർബാന തക്സാ എന്നു പറയുന്നത് പല പിതാക്കന്മാരും എഴുതിയിട്ടുള്ള കുർബാനക്കുള്ള ക്രമങ്ങളുടെ കൂട്ടത്തിന് പൊതുവായി പറയുന്ന പേരാണ്. ഇന്നാരുടെ ക്രമം എന്നതിന് ഇന്നാരുടെ തക്സാ എന്നും പറയും. Ans. മോർ യാക്കോബ്, മോർ ദിവന്നാസ്യോസ് ബർസ്ലീബി സ്വർണ്ണനാവുകാരൻ മോർ ഇവാനിയോസ് എല്ലാ ശ്ലീഹന്മാരുടെ, പത്രോസിന്റെ, ഇഗ്നാത്തിയോസ് നൂറാനോയുടെ, മത്തായി റോയോയുടെ ഇങ്ങനെ പലരുടെയും ക്രമങ്ങൾ ഇപ്പോൾ ഓർക്കുന്നു. കൂടാതെയും ഉണ്ട്. ക്സുസ്തോസ് റോമിലെ ആദ്യ നൂറ്റാണ്ടുകളിലെ ഒര് ബിഷപ്പായിരുന്നു. മറ്റ് പേരുകൾ പറഞ്ഞവരെല്ലാം അന്ത്യോക്യായിലെ ബിഷപ്പുമാരായിരുന്നോ; അല്ല മറ്റ് സ്ഥലങ്ങളിലെയും ഉണ്ടോ?Q അവരിൽ ചിലർ അന്ത്യോക്യാ മെത്രാന്മാരും സഭ ഒന്നായിരുന്ന കാലത്തെ ഏക സഭയിലെ പിതാക്കന്മാരും അവരുടെ ക്രമങ്ങൾ സുറിയാനി സഭ അംഗീകരിച്ചിട്ടുള്ളവയുമാണ്. Ans. Ex B 151 ൽ സാക്ഷിയുടെ

മെസേജിൽ പേജ് 25 മലങ്കര ചർച്ച് എന്ന് ഉപയോഗിച്ചിട്ടുണ്ടോ?Q ഞാനും മുൻ പറഞ്ഞ രീതിയിൽ അങ്ങനെ ഉപയോഗിച്ചിട്ടുണ്ട്. Ans. ഒരു കേന്ദ്ര ത്തിന്റെ പോളിറ്റിക്കൽ ആയിട്ടോ മറ്റ് തരത്തിലോ ഉള്ള പ്രാധാന്യം അനു സരിച്ച് ആ സ്ഥലത്തെ ഭരണാധികാരികൾക്ക് പ്രാധാന്യമുള്ളതായി സഭാ ചരിത്രത്തിൽ കാണുമോ?Q അങ്ങനെയുള്ളവർക്ക് അതുകൊണ്ടു മാത്രം പ്രാധാന്യം ഉള്ളതായി ഞാൻ കണ്ടിട്ടില്ല. ചില കാര്യങ്ങളിൽ അതുകൊണ്ട് പ്രാഥമ്യം കണ്ടേക്കും. Ans. അങ്ങനെയുള്ള പ്രാധമ്യം സഭ അംഗീകരിച്ചി രുന്നോ?Q സഭയായി അംഗീകരിച്ചെന്ന് വരികയില്ല. എന്നാൽ പ്രായോഗിക കാര്യങ്ങൾ ആ പ്രാഥമ്യം ചിലപ്പോൾ വകവച്ച് കൊടുത്തതായി കാണു ന്നുണ്ട്. Ans. മറ്റ് സുന്നഹദോസുകളിൽ ഇല്ലെന്നാണ് എന്റെ ഓർമ്മ. Ans. ഒരു മെത്രാന് വേറൊരു മെത്രാനെ വാഴിക്കാൻ പാടില്ല എന്ന് കാനോൻ നിയമം ഉണ്ട്. ഒര സാധാരണ മെത്രാൻ തനിച്ച് മറ്റൊരു മെത്രാനെ വാഴിക്കാൻ പാടില്ല. എന്നാൽ സഭയുടെ തലവനായ പാത്രിയർക്കീസിന്റെ പ്രത്യേക അനു വാദത്തോടുകൂടി അതിന് പ്രത്യേകം ചുമതലപ്പെടുത്തപ്പെട്ട മെത്രാപ്പോലീ ത്താക്കൊ മറ്റ് സ്ഥാനികൾക്കൊ മറ്റൊരു മെത്രാന്റെയും സാന്നിദ്ധ്യം കൂടാതെ വാഴിക്കാവുന്നതാണ് എന്നുള്ളതിന് ഈ മലങ്കരയിൽ കീഴ്നടപ്പുകൾ പല തുണ്ട്. കാനോൻ അനുസരിച്ച് എത്ര പേർ വേണമെന്ന് എനിക്കറിഞ്ഞുകൂടാ. കാനോനിലെ പ്രസക്തഭാഗം ചൂണ്ടികാണിച്ചാൽ പറയാം. Stopped for the day.

മൊഴി വായിച്ച് കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Session Court, Eranakulam.

Taken down by the me in open court read over to the witness/accused and admitted by him to be correct.

Sd/-

Judge 26/7/78

27/7/75 witness sworn again and cross examination continued. സിറിയൻ ഓർത്തഡോക്സ് സഭക്ക് അമേരിക്കയിൽ എത്ര പള്ളികൾ ഉണ്ട്?Q 30 ൽ താഴെ പള്ളികൾ ഉള്ളതായിട്ടാണ് അറിവ്. Ans. ഒരു മെത്രാപ്പോലീത്തയെ യുള്ളു. വിശ്വാസികൾ എത്ര കാണുമെന്ന് അറിഞ്ഞുകൂടാ. സിറിയായിലൊ ഓരോ പ്രാദേശിക സഭകളിലൊ ഉള്ള വിശ്വാസികളുടെ സംഖ്യ എനിക്കറി ഞ്ഞുകൂടാ. മിഡിൽ ഈസ്റ്റിലെ ഇടവകകളുടെ ഭരണ രീതിയെക്കുറിച്ച് എനിക്ക് ശരിക്കറിഞ്ഞുകൂടാ മിഡിൽ ഈസ്റ്റിൽ സിറിയയിൽ എത്ര ഇടവകകൾ ഉണ്ടെ ന്നുള്ളതും എനിക്ക് നിശ്ചയം ഇല്ല. മൂറോൻ കൂദാശ എന്നാൽ എന്താണ്?Q മാമൂദീസാ സമയത്ത് മാമൂദീസ ഏറ്റ ആളിനെ അഭിഷേകം ചെയ്യുന്നതിനും പള്ളികളും ത്രോണോസുകളും കൂദാശ ചെയ്യുമ്പോൾ അവയുടെ മേൽ പൂശു ന്നതിനും ആയിട്ട് സഭയുടെ പ്രധാന മേലദ്ധ്യക്ഷനാൽ മാത്രം പ്രത്യേക പ്രാർ ത്ഥനകളോടുകൂടി തൈലം ശുദ്ധീകരിച്ചു ക്രമപ്പെടുത്തി എടുക്കുന്നതിനെ

യാണ് മൂറോൻ കൂദാശ ചെയ്യുക എന്നു പറയുന്നത് Ans. മൂറോൻ അഭിഷേകം ചെയ്യൽ കൂദാശകളിൽ പെട്ടതാണോ?Q മുൻ പറഞ്ഞപോലെ കൂദാശ ചെയ്യുന്നത് സ്ഥാപന കൂദാശയിലും ഒരു വിശ്വാസി അതു സ്വീകരിക്കുമ്പോൾ സ്വീകരണ കൂദാശയിലും പെടും. Ans. മൂറോൻ തൈലം കൊണ്ട് അഭിഷേകം നടത്തിയാണോ അത് നടത്തുന്നത്?Q സ്വീകാരകന്റെ മേൽ കർമ്മം അനുഷ്ഠിക്കുന്ന വൈദികൻ അഭിഷേകം ചെയ്യുകയാണ്. Ans. മാമൂദീസയിൽ മൂറാൻ അഭിഷേകം നടത്തുമെന്ന് പറഞ്ഞ ബാഹ്യമായിട്ടുള്ള കർമ്മം കൊണ്ട് സൂചിപ്പിക്കുന്നത് എന്താണ്?Q പരിശുദ്ധാത്മാവാസം എന്ന ആന്തരികമായ കൃപ ലഭിക്കുന്നു. Ans. വിശുദ്ധ തൈലത്തിന്റെ ഉപയോഗം കൊണ്ട് മ്ശിഹായെ ധരിക്കുകയും ശുദ്ധമുള്ള റൂഹായാൽ വീണ്ടും ജനിക്കുകയും തന്നാൽ ജീവങ്കലേക്ക് മുദ്രകുത്തപ്പെടുകയും ചെയ്യുന്നു എന്ന് ക്രിയയാൽ ദൃഷ്ടാന്തപ്പെടുത്തി കാണിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞാൽ ശരിയോ?Q വിശുദ്ധാത്മാവാസം മൂലം കൃപ ലഭിക്കും. എന്ന് പറഞ്ഞതിൽ ഇതെല്ലാം ഉൾപ്പെടും. ആ അർത്ഥത്തിൽ അത് ശരിയാണ്. Ans. മൂറോൻ അഭിഷേകം കൊണ്ടു കൂടി മാമൂദീസ നടത്തുന്നതിനാൽ ഒരാൾ സഭയിലെ അംഗമായിത്തീരുകയല്ലേ ചെയ്യുന്നത്?Q സഭയിൽ അംഗമാകുന്നതിന് മാമൂദീസ അത്യാവശ്യമാണ്. Ans. മൂറോൻ അഭിഷേകം കൊണ്ടുള്ള മുദ്ര സഭയിലെ അംഗത്വത്തിനെ സ്ഥിരീകരിക്കുന്നതല്ലേ?Q മൂറോൻ അഭിഷേകം കൊണ്ടും കൂടിയാണ് സഭയിൽ അംഗത്വം ലഭിക്കുന്നത്. Ans. പള്ളി കൂദാശയുടെ പ്രധാന കർമ്മങ്ങൾ എന്തൊക്കെയെന്നറിയാമോ?Q എല്ലാ കർമ്മങ്ങളും ശരിക്കറിഞ്ഞുകൂടാ. Ans. കല്ലിടീൽ കർമ്മം എന്നൊന്നുണ്ടോ?Q ഉള്ളതായി കേട്ടിട്ടുണ്ട്. അതിന്റെ രീതികൾ അറിഞ്ഞുകൂടാ. Ans. ഞാൻ പള്ളി കൂദാശ നടത്തുന്ന കർമ്മങ്ങളിൽ പങ്കു കൊണ്ടിട്ടുണ്ട്. കല്ലിടീൽ കർമ്മത്തിൽ കല്ല് ബലിപീഠത്തിൽ സ്ഥാപിക്കുമോ?Q സ്ഥാപിക്കും. Ans. അങ്ങനെ സ്ഥാപിക്കുന്ന കല്ല് മൂറോൻ കൊണ്ട് അഭിഷേകം ചെയ്യുമോ?Q ആ കല്ലിന്മേൽ മൂറോൻ പൂശാറുണ്ട്. Ans. മൂറോൻ അങ്ങനെ പൂശുന്നതിന്റെ പ്രാധാന്യം എന്താണെന്നറിയാമോ?Q പരിശുദ്ധാത്മാവാസം ആ ദൈവാലയത്തിൽ ഉണ്ടാകുവാനുള്ള ഒരു പ്രത്യേക കർമ്മമാണ് അത് Ans. പള്ളി കെട്ടിടവും ബലിപീഠവും മൂറോൻ കൊണ്ട് അഭിഷേകം ചെയ്യുമോ?Q പള്ളിയുടെ നാല് വശത്തുമുള്ള ഭിത്തികളിന്മേൽ മൂറോൻ പൂശാറുണ്ട്. ബലി പീഠത്തിന്മേലും മൂറോൻ പൂശാറുണ്ട്. Ans. അങ്ങനെ മൂറോൻ പൂശുന്ന കർമ്മം എന്തിനെയെങ്കിലും സൂചിപ്പിക്കുന്നതാകയാൽ മുമ്പ് പറഞ്ഞതുപോലെ പരിശുദ്ധാത്മാവാസം ഉണ്ടാവുക എന്നതാണ് അതിന്റെ Significance Ans. സഭയിലേക്ക് ചേർക്കപ്പെടാത്തവർക്കൊ സഭയിൽ ഉൾപ്പെടാത്തവർക്കൊ മൂറോൻ അഭിഷേകം നടത്തുമോ?Q വ്യക്തികളെ സഭയിലേക്ക് ചേർക്കുന്നതിന് മാമൂദീസായോട് കൂടെ മൂറോൻ പൂശപ്പെടുന്നു. ഉൾപെടാത്തവർക്കോ എന്നുള്ളത് ഒന്നുകൂടി വിശദീകരിച്ചാൽ കൊള്ളാം. Ans. സഭയിൽ ചേർക്കപ്പെടേണ്ടവയല്ലാത്തവർക്ക് മൂറോൻ കൊണ്ട് അഭിഷേകം നടത്തപ്പെടുമോ?Q സഭയിലേക്ക് ചേർക്കപ്പെടേണ്ടവ എന്നുള്ളതും വിശദീകരിച്ചാലെ

ഉത്തരം ബോധിപ്പിക്കുവാൻ സാദ്ധ്യമാകയുള്ളു. Ans. ഏതെങ്കിലും ഒരു വസ്തു സഭയുടെതായി തീർക്കുന്നതിന് ഉദ്ദേശിച്ചാണോ മൂറോൻ അഭിഷേകം നടത്തുന്നത്?Q മൂറോൻ അഭിഷേകം നടത്തുന്നതു കൊണ്ട് ഒരു വസ്തുവും സഭയുടെതാവുകയില്ല. ഉടമസ്ഥാവകാശം കൈമാറണം. Ans. സഭാ സംബന്ധമായിട്ടും പള്ളി സംബന്ധമായിട്ടുമുള്ള എല്ലാ വസതുക്കൾക്കും മൂറോൻ അഭിഷേകം നടത്താറുണ്ടോ?Q സഭവകയും പള്ളിവകയുമായ നിലങ്ങളിലൊ പുരയിടങ്ങളിലൊ കെട്ടിടങ്ങളിലൊ ഉപയോഗിക്കാവുന്ന ഒരു സാധാരണ വസ്തു അല്ല മൂറോൻ Ans. പിന്നെ എന്താണ് ബലിപീഠം ബലിപീഠത്തിലെ കല്ല് പള്ളിയുടെ ഭിത്തി ഇവിടങ്ങളിൽ മൂറോൻ അഭിഷേകം നടത്തുന്നത്?Q ബലിപീഠം വിശുദ്ധ ദിവ്യബലി അർപ്പിക്കാനുള്ള സ്ഥലമാകയാലും ആ ബലിപീഠത്തിന്റെ മുകളിൽ പണിയപ്പെട്ടിട്ടുള്ള കെട്ടിടം ആ ബലിപീഠത്തിന് ആവശ്യമുള്ളതാകയാലും ആ സ്ഥലത്ത് ദൈവകൃപ പരിശുദ്ധാത്മാവാസം ഉണ്ടാകേണ്ടതുകൊണ്ടും ആണ് അവമേൽ മൂറോൻ പൂശുന്നത്. Ans. അങ്ങനെ മൂറോൻ പൂശുന്നതുകൊണ്ട് പരിശുദ്ധ സ്ഥലമായി തീരുകയാണോ?Q അതെ പരിശുദ്ധാത്മാവാസമുള്ള സ്ഥലമായി തീരുകയാണ് Ans. പള്ളി, ബലിപീഠം മുതലായവ മൂറോൻ കൊണ്ട് അഭിഷേകം ചെയ്ത് കൂദാശ നടത്തി കഴിയുമ്പോൾ അവ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടവയും സഭയുടെ വകയായിത്തീരുകയും ചെയ്യുന്നു എന്നാണോ സൂചിപ്പിക്കപ്പെടുന്നത്?Q ഒരിക്കലുമല്ല. അവിടെ മുതലായവ എന്ന് പറഞ്ഞിരിക്കുന്നത് തബ്ലെത്തായെ ഉദ്ദേശിച്ചു മാത്രമാണെങ്കിൽ അത്രയും ശരിയാണ്. മറ്റൊന്നിനെയും മൂറോൻ കൊണ്ട് പൂശുന്നില്ല. ഒരു പള്ളി കെട്ടിടം മൂറോൻകൊണ്ട് പൂശി ഇല്ലെങ്കിലും അത് മറ്റൊന്നിനും അല്ലാതെ വിശുദ്ധ കുർബാന അർപ്പണത്തിന് ആയി അതുണ്ടാക്കിയവർ ആത്മീയ കർമ്മങ്ങളോടുകൂടി നിശ്ചയിക്കുകയാണ്. പ്രതിഷ്ഠിക്കപ്പെട്ടവ എന്നത് ദൈവത്തിന്റേത് എന്ന അർത്ഥം ആണെങ്കിൽ അതിന് വിരോധമില്ല. എന്നാൽ പള്ളി കൂദാശ എന്നുള്ളതിന് കൂദാശ എന്നും പ്രതിഷ്ഠിക്കലിന് ഹൂദോസോ എന്നുമാണ് സുറിയാനിയിൽ പറയുന്നത്. ഒരു കെട്ടിടം പള്ളിയാകട്ടെ മറ്റെന്തെങ്കിലുമാകട്ടെ അതിൽ നടത്തുന്ന ഒരു കർമ്മം മൂലം അതിന്റെ ഉടമസ്ഥാവകാശം സഭയ്ക്ക് കിട്ടുന്നതല്ല. സഭയുടേതായി തീരുന്നില്ല. Ans. മൂറോൻ അഭിഷേകം ഒരിക്കൽ മാത്രം നടത്തപ്പെടുന്നതാണോ?Q അതെ Ans. വിശുദ്ധ സഭോപദേശം ഞാൻ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. എന്നെ കാണിച്ചത്. Marked Ex A 212 അതിൽ 9 എന്ന് നമ്പർ കൊടുത്ത് മൂറോനെപ്പറ്റി പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ശരിതന്നെയാണല്ലോ?Q ശരിയാണ്. Ans. പള്ളി കൂദാശ, കല്ലിടീൽ ഇവയെല്ലാം മേൽപട്ടക്കാർ മാത്രം നടത്തുന്നവയല്ലേ?. സാധാരണ രീതിയിൽ മെത്രാപ്പോലിത്തായുടെ അനുവാദത്തോടുകൂടി പട്ടക്കാരനും നടത്താം. മുൻ പറഞ്ഞ രീതിയിലുള്ള കല്ല് സ്ഥാപിക്കൽ മേൽപട്ടക്കാരനാണ് ചെയ്യേണ്ടത്. Ans. തൽക്കാലികമായി കൂദാശ നടത്തി കുർബാന അർപ്പിക്കാറുണ്ടോ?Q തൽക്കാലികമായി ചില പ്രാർത്ഥനകളോടുകൂടി കൂദാശ നടത്തി ശുദ്ധീകരിച്ച് കൂദാശ

ചെയ്യപ്പെട്ട തബലൈത്താ വച്ച് വിശുദ്ധ കുർബാന അർപ്പിക്കാം. Ans. E.A. 212 ൽ തെല്ലായിലെ മോർ യൂഹാനോൻ ലവോദിക്യാ എന്നിങ്ങനെ പറഞ്ഞ് മൂറോൻ അഭിഷേകത്തെ പറ്റി പറയുന്ന നിയമങ്ങൾ സഭയിൽ ഇപ്പോഴും നില വിലിരിക്കുന്ന നിയമങ്ങളാണോ?Q പേജ് 74-75 ൽ പറയുന്ന രണ്ട് കാര്യങ്ങളും ഇപ്പോഴും നിലവിലിരിക്കുന്നതാണ്. Ans. പേജ് 74-ൽ തെർത്തുല്യന്റെതായി കൊടുത്തിരിക്കുന്ന ഉദ്ധരിണിയും സഭയുടെ വിശ്വാസമനുസരിച്ച് ശരിയാണ്. സഭ ഒരു Divine Insitution ആണെന്നല്ലേ സഭയുടെ വിശ്വാസം?Q സഭ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തു സഭയുടെ ശിരസ്സും തന്റെ മനുഷ്യാവതാര പ്രവർത്തനങ്ങൾ തുടർന്ന് നടത്തേണ്ടതിനായിട്ട് ക്രിസ്തുവിനാൽ സ്ഥാപിതവും എന്നാണ് സഭയുടെ വിശ്വാസം Ans. Divine Institutions എന്നത് ക്രിസ്തുവിനാൽ സ്ഥാപിതം എന്ന് പറഞ്ഞതിൽ നിന്ന് വ്യക്തമാണ്. ഒരു Voluntary Association ൽ അംഗമാകുന്നതു പോലെ സഭയിൽ അംഗത്വം ലഭിക്കുകയില്ലല്ലോ?Q ഇല്ല Ans. മത്തായിയുടെ സുവിശേഷം XVI Vers. 18 ൽ പറയുന്നതുപോലെ ക്രിസ്തു പറയുന്നതിന് ഇടയായത് എങ്ങനെയാണ്?Q തന്നെ കുറിച്ച് ആളുകൾ എന്തു പറയുന്നു എന്ന് ക്രിസ്തു ശ്ലീഹന്മാരോട് ചോദിച്ചപ്പോൾ പലരും പല വിധത്തിൽ പറയുന്നു എന്ന് അവർ പറഞ്ഞു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു." എന്ന് ശീമോൻ പത്രോസ് പറഞ്ഞപ്പോൾ ക്രിസ്തു ശീമോനോടു പറഞ്ഞതാണ്. Ans. പത്രോസ് അങ്ങനെ പറഞ്ഞത് ക്രിസ്തു "ഞാൻ ആരെന്നു പറയുന്നു" എന്ന് ചോദിച്ചതിന് മറുപടിയായിട്ടല്ലേ? അതെ. Ans. അതിൽ പറയുന്ന the rock എന്താണ്? ആ rock നെക്കുറിച്ച് സഭാ പിതാക്കന്മാർ തന്നെ മൂന്നു തരത്തിൽ പറഞ്ഞിട്ടുള്ളതായിട്ടാണ്. എന്റെ ഓർമ്മ; ഒന്ന്, അത് ക്രിസ്തു തന്നെയാണ്. രണ്ട്, പത്രോസാണ് മൂന്ന്, അതു പത്രോസ് പറഞ്ഞ വിശ്വാസമാണ് എന്ന രീതിയിലാണ് ഞാൻ വായിച്ചിട്ടുള്ളത്. Ans. സുറിയാനി സഭയുടെ വിശ്വാസം അനുസരിച്ച് ആ rock എന്താണ്?Q നിന്റെമേൽ എന്റെ സഭയെ പണിയും എന്നും മറ്റും സഭയുടെ പ്രാർത്ഥനാ പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ളതിനാൽ ശീമോന്റെ മേൽ എന്ന് അർത്ഥത്തിൽ എടുക്കുന്നുണ്ട്. പത്രോസ് സത്യവിശ്വാസമാകുന്ന പാറ എന്നും ചില പ്രാർത്ഥനകളിൽ ഉണ്ട്. രണ്ടായാലും ശീമോനെ കൂടാതെ ശീമോൻ ഏറ്റു പറഞ്ഞ വിശ്വാസം (സത്യവിശ്വാസം) ഇല്ലാത്തതിനാൽ ഈ രണ്ടർത്ഥത്തിൽ എടുത്താലും ഒരേ ആശയം തന്നെയാണ്. അതാണ് ഞാൻ സഭയുടെ വിശ്വാസമായി കണക്കാക്കിയിട്ടുള്ളത്. Ans. സുറിയാനി സഭയിലെ വിശ്വാസം ആ വാക്യത്തിൽ പറയുന്ന rock പത്രോസാണെന്നും പത്രോസ് ഏറ്റു പറഞ്ഞ വിശ്വാസമാണെന്നും ഉള്ള രണ്ടും ഒന്നും തന്നെയാണെന്നുള്ളതുമാണ്. Ans. പത്രോസിന്റെ മേൽ സഭ പണിയപ്പെട്ടിരിക്കുന്നു എന്ന് സുറിയാനി സഭ വിശ്വസിക്കുന്നു എന്ന് പറഞ്ഞാൽ ശരിയോ?Q മുമ്പ് ഞാൻ വിശദീകരിച്ച് ബോധിപ്പിച്ച ആ അർത്ഥത്തിൽ അത് ശരിയാണ്. Ans. പത്രോസിന്റെ വ്യക്തിത്വത്തിന്മേൽ സഭ സ്ഥാപിച്ചിരിക്കുന്നു എന്നാണോ?Q ഒരാളിന്റെയും വ്യക്തിത്വത്തിന്മേൽ മാത്രം സഭ സ്ഥാപിക്കുവാൻ സാദ്ധ്യമല്ല. ഇവിടെ പറയുന്ന പത്രോസ്

ദിവ്യവെളിപാടു മൂലം മറ്റാർക്കും അറിഞ്ഞുകൂടാത്ത പരമ രഹസ്യം ഏറ്റു പറയുകയും നീ ഭാഗ്യവാനാണ് എന്നാദിയായി ക്രിസ്തുവിൽ നിന്ന് കേൾക്കുവാൻ ഇടയാവുകയും ചെയ്ത വ്യക്തിയാകയാൽ അദ്ദേഹം ഏറ്റു പറഞ്ഞ ആ വിശ്വാസം അദ്ദേഹത്തിൽ സ്ഥിതി ചെയ്യുകയാൽ വെറും ഒരു വ്യക്തിയിന്മേൽ അല്ല സഭ പണിതത് Ans. അപ്പോൾ പത്രോസ് ഏറ്റു പറഞ്ഞ വിശ്വാസത്തിന്മേലാണോ സഭ പണിയപ്പെട്ടിരിക്കുന്നത്?Q പത്രോസിനെയും പത്രോസ് ഏറ്റു പറഞ്ഞ വിശ്വാസത്തിനെയും എനിക്ക് രണ്ടായി കാണാൻ നിവൃത്തിയില്ല. ഇതിൽ കൂടുതൽ പറയാനില്ല. Ans. Ex A 71 പേജ് 111 ഒരിക്കൽ മ്ശിഹാ തന്റെ ശിഷ്യന്മാരോട് മുതൽ അടിസ്ഥാനമാക്കുകയും ചെയ്തു എന്ന് പറഞ്ഞിട്ടുള്ളത് ശരിയാണോ?Q അത് തന്നെയാണ് ഞാനും മുമ്പ് ബോധിപ്പിച്ചത്. Ans. E A 71 പേജ് 111 ലെ ഫുട്നോട്ടിൽ പറയുന്ന വിവരങ്ങൾ ശരിയോ?Q ഒര സാധാരണ വ്യക്തിയിന്മേലല്ലാ സഭ പണിയപ്പെട്ടതെന്നും പത്രോസും പത്രോസേറ്റു പറഞ്ഞ വിശ്വാസവും തമ്മിൽ വേർതിരിക്കാൻ സാധിക്കാത്തത് മൂലം പത്രോസേറ്റു പറഞ്ഞ വിശ്വാസത്തിന്മേൽ എന്ന് പറഞ്ഞാലും പത്രോസിന്മേലെന്ന് പറഞ്ഞാലും ആശയം ഒന്നാണ് എന്നുള്ള ആ അർത്ഥത്തിൽ ഞാൻ ഫുട്ട്നോട്ട് മനസ്സിലാക്കുന്നു. Ans. ഫുട്ട്നോട്ടിൽ പത്രോസിന്റെ വിശ്വാസത്തെ സൂചിപ്പിച്ചാണ് പാറ എന്ന് മിശിഹാ തമ്പുരാൻ പറഞ്ഞിരിക്കുന്നത് എന്നുള്ളത് മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ അക്കാര്യം ശരിയാണ്. പത്രോസിന്റെ സാധാരണ വ്യക്തിത്വത്തിന്മേലല്ല പണിയപ്പെട്ടത്. എന്നും മുമ്പ് ബോധിപ്പിച്ചിട്ടുള്ളതിനാൽ പത്രോസിന്റെ ഇളകുന്നതായ മാനുഷിക വ്യക്തിത്വന്മേൽ അല്ല എന്ന കാര്യവും ശരിയാണ്. സഭയുടെ വിശ്വാസം മുമ്പ് ഞാൻ ബോധിപ്പിച്ചതു പോലെ മൂന്നുതരത്തിൽ പറയുന്ന പിതാക്കന്മാർ ഉള്ളതിനാൽ പത്രോസും പത്രോസ് ഏറ്റു പറഞ്ഞ വിശ്വാസവും ഒന്നാകയാൽ ആ രണ്ടുതരത്തിലും സഭ വിശ്വസിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. പ്രാർത്ഥനാ പുസ്തകങ്ങളിൽ ക്രിസ്തു പത്രോസിനോട് പറയുന്നതായി ഞാൻ എന്റെ സഭയെ പണിയും എന്നുള്ള ഭാഗവും ഞാൻ ശീമോൻ കീപ്പാമേൽ പണിയപ്പെട്ടിരിക്കുന്നു എന്നുള്ള ഭാഗവും മറ്റുമുണ്ട്. ആ സ്ഥിതിക്ക് വീണ്ടും ബോധിപ്പിക്കുവാനുള്ളത്. പത്രോസിന്മേൽ എന്ന് പറഞ്ഞാൽ അദ്ദേഹത്തിന്റെ വ്യക്തിത്വന്മേലല്ല കാരണം അതു സാദ്ധ്യമല്ല. പിന്നെയൊ അദ്ദേഹം ദൈവ വെളിപാട് മൂലം ഏറ്റ് പറഞ്ഞ വിശ്വാസത്തിന്മേൽ ആകുന്നു. കാരണം രണ്ടും തമ്മിൽ വേർതിരിക്കാൻ നിവൃത്തിയില്ല. ഈ അർത്ഥത്തിൽ ഫുട്ട്നോട്ടിലെ ഭാഗങ്ങൾ സ്വീകരിക്കുന്നു. ഇതിൽ കൂടുതൽ എനിക്ക് പറയാനില്ല. Ans. ഫുട്ട്നോട്ടിൽ ഗ്രീക്ക് ഭാഷയിൽ പത്രോ എന്നു പത്രാ എന്നും പറയുന്നുണ്ടെന്നത് ശരിയോ? ഗ്രീക്ക് ഭാഷ എനിക്കറിഞ്ഞുകൂടാ. Ans. E.A 71 എഴുതിയ അബ്ദുൽ ആഹാദ് റമ്പാൻ അടിസ്ഥാനരഹിതമായ സംഗതികൾ എഴുതുന്ന ആളാണോ?Q അദ്ദേഹം 35-36 വയസ്സുള്ള ഒരു റമ്പാൻ ആയിരുന്നതിനാൽ അന്നത്തെ അദ്ദേഹത്തിന്റെ പഠനത്തിൽ അടിസ്ഥാനമുള്ളവയെന്ന് അദ്ദേഹത്തിന് തോന്നിയിട്ടുള്ള കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്. Ans.

അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ അദ്ദേഹം പറയുമോ?Q അടിസ്ഥാനമില്ലാതെ സുബുദ്ധിയുള്ളവർ ആരും പറയുകയില്ല. അദ്ദേഹവും പറയുകയില്ല. എന്നാൽ പുസ്തകം എഴുതുമ്പോൾ അന്നുവരെയുള്ള പഠനത്തിൽ കിട്ടുന്ന അറിവിനെ അടിസ്ഥാനപ്പെടുത്തിയാണ് എഴുതുന്നത്. Ans. ഗ്രീക്ക് ഭാഷയിൽ രണ്ട് പദങ്ങളും ഉപയോഗിച്ചിട്ടുള്ളതായി പറയുന്നത് ശരിയാണെന്ന് കരുതാമോ?Q ശരിയായിരിക്കാം നിശ്ചയം പറയാൻ നിവൃത്തിയില്ല. Ans. ആ വാക്യത്തിലെ the rock എന്നുള്ള പദത്തിന് ഗ്രീക്ക് ഭാഷയിൽ പത്ര എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന ഫുട്ട്നോട്ടിൽ കാണുന്നുണ്ട്. പത്ര എന്ന പദം ശെമവൂനെക്കുറിക്കുന്നതല്ല എന്നതിൽ പറയുന്ന ശെമവൂൻ പത്രോസ് തന്നെയാണ്. പത്ര എന്ന പദം ശെമവൂനേക്കുറിക്കുന്നതല്ല എന്നത് സുറിയാനി സഭയുടെ ഉപദേശമാണോ? മൂന്ന് തരത്തിലുള്ള ഉപദേശങ്ങൾ ഉള്ള സ്ഥിതിക്ക് അത് ഉപദേശങ്ങളിൽ ഒന്നാണ്. Ans. ശെമവൂനെക്കുറിക്കുന്നതല്ല എന്ന് വ്യക്തമായി ഫുട്നോട്ടിൽ പറഞ്ഞു കാണുന്നത് ശരിയാണോ?Q ശെമവോനെ എന്ന് പറഞ്ഞാൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ അല്ലാ എന്ന് അടുത്ത പേജിൽ പറഞ്ഞിരിക്കുന്നതുകൂടി ആലോചിക്കുമ്പോൾ അത് ശരിയാകാം. Ans. സഭാപിതാക്കന്മാർ മൂന്ന് തരത്തിൽ പറയുന്നു എന്ന് പറഞ്ഞു. ഇവിടെ പറയുന്ന റോക്ക് എന്നത് എന്താണെന്ന് സുറിയാനി സഭക്ക് അംഗീകൃതമായ ഒരു വിശ്വാസം ഉണ്ടോ?Q ഞാൻ മുമ്പ് ബോധിപ്പിച്ചതിൽ കൂടുതൽ ഒന്നും പറയാനില്ല. Ans. question repeated അംഗീകൃതമായി ഇക്കാര്യത്തെപ്പറ്റി ഒരു വിശ്വാസം ഉണ്ടെങ്കിൽ നിശ്ചയമായിട്ടും അത് സഭയിലെ സൺഡേ സ്കൂളുകളിലൊ മറ്റോ പൂർവ്വകാലം മുതൽ പഠിപ്പിക്കുന്ന ഒരു വിശ്വാസത്തെ കാണിക്കുന്ന ചോദ്യോത്തര പുസ്തകത്തിലും ഞാൻ കണ്ടിട്ടില്ലാത്തതിനാൽ സഭയുടെ പഠിപ്പിൽ (ഉപദേശം) വല്ലതും ഉണ്ടോ ഉണ്ടെങ്കിൽ എന്താണ് എന്ന് ഖണ്ഡിതമായി പറയാൻ എനിക്ക് സാദ്ധ്യമല്ല. Ans.E.A 71 ലെ ഫുട്ട്നോട്ടിൽ എഴുതിയിട്ടുള്ള സംഗതികൾ ഇതിന്റെ ഗ്രന്ഥകർത്താവ് എന്നെങ്കിലും തിരുത്തുകയൊ ശരിയല്ലെന്ന് പ്രഖ്യാപിക്കുകയോ ചെയ്തിട്ടുണ്ടോ? ചെയ്തതായിട്ട് എനിക്കറിഞ്ഞുകൂടാ. Ans. സഭയുടെ ഇതു സംബന്ധിച്ചുള്ള വിശ്വാസവും പഠിപ്പിക്കലും അറിയാവുന്ന ആളാണോ ഇതിന്റെ ഗ്രന്ഥകർത്താവ്? അന്നത്തെ സ്ഥിതിയിൽ അദ്ദേഹത്തിന് അക്കാര്യങ്ങളിൽ ഉള്ള അറിവുണ്ടായിരുന്നു. Ans. question repeated ആണോ എന്നു ചോദിച്ചാൽ ആണ്. ആയിരുന്നോ എന്നു ചോദിച്ചാൽ അന്നത്തെ സ്ഥിതിയിൽ എന്ത് അറിവുണ്ടായിരുന്നോ അത്രയും അറിവുണ്ടായിരുന്നു. Ans. അന്ന് അദ്ദേഹത്തിന് ഇക്കാര്യത്തെക്കുറിച്ചു ഇന്നത്തെ സ്ഥിതിയിൽ കുറഞ്ഞ അറിവായിരുന്നോ? ഇക്കാര്യത്തെക്കുറിച്ചു മാത്രമെന്നല്ല മറ്റു കാര്യങ്ങളെക്കുറിച്ചും ആർക്കും 35 വയസ്സിലെ അറിവല്ല 65 വയസ്സിൽ എന്നുള്ള സ്ഥിതിക്കു അദ്ദേഹത്തിനും അന്നത്തേക്കാൾ ഇക്കാര്യം ഉൾപ്പെടെ എല്ലാ കാര്യത്തിലും ഇന്ന് കൂടുതൽ അറിവുണ്ട്. Ans.E.A 212 പ്രസിദ്ധീകരിച്ചപ്പോൾ എനിക്കുണ്ടായിരുന്ന അറിവും ഇപ്പോഴുള്ള അറിവും ഒന്നല്ല. ഇപ്പോൾ കൂടുതൽ അറിവുണ്ട്. ഇക്കാര്യം ഉൾപ്പെടെ സകല കാര്യത്തിലും

E.A 212 ൽ 42-0 43-0 പേജുകളിൽ ഉറപ്പുള്ള പാറയായി എന്നു തുടങ്ങി എവിടെ സ്ഥാപിതമാണെന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്നു എന്നുവരെയുള്ള ഭാഗം വായിച്ചു കേട്ടു. അത് അന്നത്തെ വിശ്വാസമൊ ഇന്നത്തെ വിശ്വാസമൊ? അന്നും ഇന്നും ഉള്ള വിശ്വാസമാണ്. ശീമോനിൽ നിന്നും നേരിട്ട് ശീമോനേറ്റു പറഞ്ഞ വിശ്വാസമില്ലായ്കയാൽ അന്നു പറഞ്ഞതും ഇന്നു പറഞ്ഞതും ഒന്നു തന്നെയാണ്. An.E.A.212 ൽ എന്നും വായിച്ചു കേൾപ്പിച്ചത് സുറിയാനി സഭയുടെ വിശ്വാസമാണോ? അതാണല്ലോ മുമ്പുതന്നെ ഞാൻ ബോധിപ്പിച്ചത്. കുർബാന തക്സയിൽ സത്യവിശ്വാസമായ പാറമേൽ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നുണ്ടെന്നും മൂന്നു തരത്തിൽ പിതാക്കന്മാർ പറയുന്നത് ഖണ്ഡിതമായി ഇന്നതെന്ന് സഭയുടെ ആധികാരിക പുസ്തകങ്ങളിൽ സഭാപിതാക്കന്മാർ പറഞ്ഞിട്ടില്ലാത്തതിനാൽ അന്നു ഞാൻ ഇതിൽ മുമ്പു വായിച്ചു കേട്ട ഭാഗത്തു എഴുതിയത് സഭയുടെ വിശ്വാസം തന്നെയാണ് ഈ അർത്ഥത്തിൽ An. മുമ്പു വായിച്ചു കേട്ട ഭാഗത്തെ തുടർന്നു പാതി വാതിലുകൾ അതിനോട് എന്നു തുടങ്ങി എന്നു നിശ്ചയം എന്നതുവരെ വായിച്ചു കേട്ടു. അതു ശരിയും സുറിയാനി സഭയുടെ വിശ്വാസവും ആണല്ലോ? അതും സഭയുടെ വിശ്വാസമാണ്. മുമ്പു പറഞ്ഞതുപോലെ രണ്ടു തരത്തിൽ കൂടി പിതാക്കന്മാർ പറഞ്ഞിട്ടുണ്ട്. അതും സഭയുടെ വിശ്വാസം തന്നെയാണ്. സഭയുടെ വിശ്വാസം ഇന്നതരത്തിലെന്ന് ഖണ്ഡിതമായി പറഞ്ഞിട്ടില്ലെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. An.EA71 ൽ പേജ് 112-113ൽ അതായത് എന്ന് തുടങ്ങി പത്രോസ്യൻ എന്ന് വിളിക്കപ്പെടേണ്ടിയിരിക്കുന്നു എന്നുള്ള ഭാഗത്ത് പറയുന്നത് ശരിയാണോ?Q മൂന്നഭിപ്രായങ്ങൾ ഉള്ളതിൽ ഒരഭിപ്രായം അദ്ദേഹം പറഞ്ഞിരിക്കയാണ്. ആ സ്ഥിതിക്ക് ആ മൂന്നഭിപ്രായങ്ങളിൽ ഒരഭിപ്രായമായി അത് സ്വീകാര്യമാണ്. An. തുടർന്നു 113-114 പേജുകളിൽ ശെമോൻപത്രോസേ. എന്ന് തുടങ്ങി വിശുദ്ധ വേദപുസ്തകത്തിൽ വ്യക്തമായി പ്രത്യക്ഷീകരിച്ചിട്ടുണ്ട് എന്നു വരെയുള്ള ഭാഗം ശരിയാണോ?Q പാറ എന്നത് വിശ്വാസമാണെന്ന് കാണിക്കാനുള്ള ഭാഗമാണ് അത്. മൂന്നഭിപ്രായങ്ങളിൽ ഒരഭിപ്രായമായി അതും സമ്മതിക്കുന്നു. An. അതിന് താഴെ നമ്മുടെ എല്ലാ പൂർവ്വപിതാക്കന്മാരുടെയും അഭിപ്രായം ഇതുതന്നെയാണ് എന്ന് പറയുന്നത് ശരിയോ തെറ്റോ?Q മറ്റു രീതിയിൽ എഴുതിയിട്ടുള്ള പിതാക്കന്മാരുടെ പുസ്തകത്തിൽ നിന്നാണ്. അല്ലാതെ എന്റെ സ്വന്താഭിപ്രായമേയല്ല ഞാൻ എഴുതിയിട്ടുള്ളതും ബോധിപ്പിച്ചിട്ടുള്ളതും. ആ സ്ഥിതിക്ക് എല്ലാ പിതാക്കന്മാരും എന്ന് E.A.71 ലെ ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നത്, എല്ലാവരുടെയും എല്ലാ കൃതികളും പരിശോധിച്ചിട്ടാണെന്ന് എനിക്കു തോന്നുന്നില്ല. എന്റെ അറിവ് വച്ച് ആ പറഞ്ഞിരിക്കുന്നത് തെറ്റാണ്. മറ്റു രീതിയിലുള്ളത് ഞാൻ വായിച്ചിട്ടുണ്ട്. An. നമ്മുടെ പൂർവ്വപിതാക്കന്മാർ എന്ന് അവിടെ പറഞ്ഞിരിക്കുന്നത് എന്തർത്ഥത്തിലാണ്? സുറിയാനി സഭയിൽ ഏത് പൂർവ്വപിതാവാണ് E.A.71 ഫുട്ട്നോട്ടിൽ പറയുന്നതിന് എതിരായ അഭിപ്രായം പറഞ്ഞിട്ടുള്ളത്?Q ഇതിന് എതിരായ അഭിപ്രായങ്ങൾ അല്ല. ഇതുപോലെയുള്ള അഭിപ്രായങ്ങൾ

പറഞ്ഞിട്ടുള്ള പിതാക്കന്മാരുടെ പേരുകൾ എനിക്കിപ്പോൾ ഓർമ്മയില്ലെങ്കിലും വാദി ഭാഗത്തുനിന്നും ഇന്ന് ഹാജരാക്കിയ E.A.212 ൽനിന്നും എനിക്ക് കിട്ടിയ അറിവ് ഞാൻ ബോധിപ്പിക്കാം. 43-ാം പേജിൽ ഒരു റോമാസഭാംഗമായ പണ്ഡിതൻ 85 പൂർവ്വിക രേഖകൾ നിഷ്പക്ഷമായി പരിശോധിച്ചതിൽനിന്ന് വിശുദ്ധ പത്രോസാണ് പാറ എന്ന് 17പേരും മ്ശിഹാ ആണ് പാറ എന്ന് 16 പേരും എല്ലാ ശിഷ്യന്മാരും കൂടെയാണ് പാറ എന്ന് 8 പേരും വിശുദ്ധ പത്രോസ് ഏറ്റ് പറഞ്ഞ വിശ്വാസമാണ് പാറയെന്ന് 44 പേരും പ്രസ്താവിച്ചിരിക്കുന്നതായി കണ്ടിരിക്കുന്നു എന്ന് ഞാൻ എഴുതിയിട്ടുണ്ട്. റോമാസഭാംഗമാണെങ്കിലും പൂർവ്വിക പിതാക്കന്മാരുടെ രേഖകളാണ് അദ്ദേഹം പരിശോധിച്ചത്. ആ പരിശോധനയിൽ നിന്നാണ് അദ്ദേഹത്തിന് ഈ അഭിപ്രായം ഉണ്ടായത്. ആ സ്ഥിതിക്ക് എല്ലാ പിതാക്കന്മാരും എന്നുള്ളത് ആരെയും മാറ്റി നിറുത്താതെ എല്ലാം എന്ന അർത്ഥത്തിലാണ് ഞാൻ ഉപയോഗിച്ചത്. An. ഫുട്ട്നോട്ടിൽ പറഞ്ഞിരിക്കുന്ന അഭിപ്രായം പോലെ വേറെ രണ്ട്തരത്തിലും കുടി മൂന്നഭിപ്രായങ്ങൾ ഉണ്ട്. ആ പറഞ്ഞവരുടെ പേര് ഞാൻ ഓർക്കുന്നില്ലെന്നാണ് പറഞ്ഞത്. EA212 ൽ 4 അഭിപ്രായം പറഞ്ഞിട്ടുണ്ട്. അത് നാലും സുറിയാനി സഭയുടെ പൂർവ്വപിതാക്കന്മാർ പറഞ്ഞിട്ടുള്ള അഭിപ്രായം ആണോ?Q സുറിയാനിസഭയിലെയോ, മറ്റേതെങ്കിലും സഭയിലെയോ ഏതെങ്കിലും പൂർവ്വ പിതാക്കന്മാർ പറഞ്ഞിട്ടുള്ളതാണ്. An. സുറിയാനിസഭയിൽ മൂന്നഭിപ്രായങ്ങളാണ് ഞാൻ കേട്ടിട്ടുള്ളത്. E.A.212 ൽ പൂർവ്വികരേഖകൾ പരിശോധിച്ച് എന്നേ പറഞ്ഞിട്ടുള്ളൂ. അത് പൂർവ്വിക പിതാക്കന്മാർ എഴുതിയതിനെ ഉദ്ദേശിച്ചാണ്. E.A.212 ൽ ഏത് സഭ സ്വീകരിക്കുന്ന പൂർവ്വികരേഖകൾ എന്നു പറഞ്ഞിട്ടുണ്ടോ?Q എല്ലാ സഭയും ഒന്നായിരുന്ന കാലത്തെ ആ പൂർവ്വികസഭയിലെ പിതാക്കന്മാരുടെ രേഖകൾ എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. അങ്ങനെ പറഞ്ഞിട്ടില്ല. An.E.A.71 ൽ പൂർവ്വപിതാക്കന്മാരുടെ അഭിപ്രായം തെളിയിക്കുന്നതിലേക്ക് അടിസ്ഥാനപരമായി പല രേഖകളും ഓരോ പിതാക്കന്മാരുടെ പുസ്തകങ്ങളും പ്രത്യേകം എടുത്തുപറയുന്നില്ലേ?Q ഉണ്ട്. അതിൽ മോർ ആഗസ്തിനോസിന്റെ ഗ്രന്ഥം പറയുന്നുണ്ട്. അത് സുറിയാനിക്കാരുടെ മാത്രം പൂർവ്വ പിതാവല്ല. എല്ലാ സഭകളുടെയും പൂർവ്വപിതാവ് തന്നെയാണ്. മാറുനായക്കാരനായ യൗസേഫ് ഒബ്സ് എന്നൊരാളെയും പറയുന്നുണ്ട്. അദ്ദേഹം സുറിയാനി സഭാ പിതാവല്ല. മാറുനായക്കാർ ഭൂരിഭാഗവും റോമൻ കത്തോലിക്കരാണ്. An.Stopped for the day.

മൊഴി വായിച്ച് കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പ.

Sd/-

First Addl.District & Session Court. ERNAKULAM.

Taken down by/before me in open court, interpreted / read over to the witness / accused & admitted by him/her to be correct.

Sd/-

Judge 27-7-78. witness sworn again and cross examination continued.

പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസം എന്താണ്?Q നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു എന്നുള്ളതാണ്. Ans. അത് സഭയുടെ കാതലായ ഒരു വിശ്വാസസത്യമാണ്. അത് എക്കാലവും നില്ക്കുന്നതും നില നില്ക്കേണ്ടതുമാണല്ലോ?. അതെ, Ans. ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു എന്ന് ഏറ്റ് പറഞ്ഞതുകൊണ്ട് ക്രിസ്തുവിന്റെ ദൈവത്വത്തെ വിശ്വസിച്ച് ഏറ്റ് പറയുകയായിരുന്നോ?Q ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള സർവ്വവും ദിവ്യവെളിപാട്മൂലം ഏറ്റു പറയുകയായിരുന്നു. Ans. അതായത് ക്രിസ്തുവിനെ ഏറ്റുപറഞ്ഞു എന്നും പറയാമല്ലേ. Ans. ക്രിസ്തു ആരാണ് എന്നുള്ള സത്യമാണ് ഏറ്റുപറഞ്ഞത്. Ans. ക്രിസ്തുവിനെ ഏറ്റു പറഞ്ഞു അതായത് confessed Christ എന്ന് പറയാമോ?Q മുൻപറഞ്ഞ അർത്ഥത്തിൽ അങ്ങനെയും പറയാം. Ans. ക്രിസ്തു സഭയുടെ അടിസ്ഥാനമാണെന്നുള്ളത് അടിസ്ഥാനപരമായ ഒരു വിശ്വാസസത്യമാണോ?Q സഭയുടെ അടിസ്ഥാനത്തെക്കുറിച്ച് ഉള്ള പിതാക്കന്മാരുടെ അഭിപ്രായങ്ങൾ ആരും തിരസ്ക്കരിച്ചിട്ടില്ലെന്നും പല പുസ്തകങ്ങളിലും പ്രത്യേകിച്ച് ഈ കേസിലെ 2-ാം വാദി എഴുതിയ *സഭയും കൂദാശകളും* എന്ന പുസ്തകത്തിലും (അതിവിടെ ഹാജരാക്കിയിട്ടുണ്ടെന്ന് ഓർക്കുന്നു.) പറഞ്ഞിരിക്കുന്നതിനാൽ ക്രിസ്തുവിനെ കൂടാതെ സഭ ഇല്ലാത്തതിനാൽ ക്രിസ്തു സഭയുടെ അടിസ്ഥാനമാണെന്നുമുള്ള അഭിപ്രായങ്ങൾ നിഷേധിക്കാതെ പറയാവുന്നതാണ്. Ans. അത് അടിസ്ഥാനപരമായ ഒരു വിശ്വാസസത്യമാണോ എന്നാണ് ചോദ്യം?Q ക്രിസ്തുവിനെ കൂടാതെ സഭ ഇല്ലാത്തതിനാലും ചില പിതാക്കന്മാർ ക്രിസ്തുവാണ് അടിസ്ഥാനം എന്ന് പറഞ്ഞിരിക്കുന്നതിനാലും ഈ പാറമേൽ എന്റെ സഭയെ പണിയും എന്ന് ക്രിസ്തുവും പ്രാർത്ഥനാക്രമങ്ങളിലും മറ്റുമായി പിതാക്കന്മാർ പത്രോസിന്മേൽ വിശ്വാസത്തിന്മേൽ എന്നെല്ലാം പറഞ്ഞിരിക്കുന്നതും ആശയത്തിൽ ഒന്നാകയാൽ അത് ഒരു fundament ൽ വിശ്വാസമാണ്. Ans. ക്രിസ്തു അടിസ്ഥാനമാണെന്ന് പറയുന്നതും പത്രോസിന്മേൽ സ്ഥാപിച്ചിരിക്കുന്നു എന്ന് പറയുന്നതും ഒന്നാണോ?Q ഞാൻ വായിച്ചിട്ടുള്ള പുസ്തകങ്ങളിൽ പ്രത്യേകിച്ചും മുമ്പ് ബോധിപ്പിച്ച *സഭയും കൂദാശകളും* എന്ന പുസ്തകത്തിലും ഇവയെല്ലാം ഒന്നാണെന്ന് സമർത്ഥിച്ചിരിക്കുന്നതുകൊണ്ടും രണ്ടും ഒന്നുതന്നെയാണ്. Ans. വിശ്വാസ സത്യങ്ങൾ കാല വ്യത്യാസങ്ങൾ കൂടാതെ നിലനില്ക്കുന്നവയാണെന്ന് പറഞ്ഞാൽ ശരിയോ?Q അതെ, Ans. അങ്ങനെയുള്ള വിശ്വാസസത്യങ്ങൾ എല്ലാ വിശ്വാസികളും ഏറ്റുപറയേണ്ടതും വിശ്വസിക്കേണ്ടതും അല്ലേ?Q വിശ്വാസസത്യങ്ങൾ എല്ലാവിശ്വാസികളും വിശ്വസിക്കേണ്ടതാണ്. എല്ലാ വിശ്വാസസത്യങ്ങളും എല്ലാ വിശ്വാസികളും ഏറ്റുപറയണമെന്നില്ല. മാമോദീസ സമയത്ത് ഉള്ള ഏറ്റ് പറച്ചിലിൽ അവ അന്തർഭവിച്ചിട്ടുണ്ട്. Ans. ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു എന്നുള്ളത് എല്ലാ വിശ്വാസികളും ഏറ്റുപറയേണ്ടതാണോ?Q ദിവ്യവെളിപാട് മൂലം പത്രോസ് ആദ്യം ഏറ്റുപറഞ്ഞ ആ വിശ്വാസം വിശ്വാസപ്രമാണത്തിൽ

അടങ്ങിയിരിക്കുന്നതുകൊണ്ട് പ്രാർത്ഥിക്കുന്ന എല്ലാ വിശ്വാസികളും അക്കാര്യം ദിവസം പല പ്രാവശ്യം ഏറ്റ് പറയുന്നുണ്ട്. Ans. ഏറ്റുപറയണമെന്ന് നിർബന്ധമാണോ?Q ആ വാചകം നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു എന്ന് അതേപടി ഏറ്റുപറയണമെന്നില്ല. അതിലടങ്ങിയ തത്വം ഏറ്റു പറയുന്നത് മതി. Ans. പത്രോസും പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസവും ഒന്നാണെങ്കിൽ പത്രോസിന്റെ കാലശേഷം ആ വിശ്വാസം നിലനില്ക്കുമോ? നിലനില്ക്കും. Ans. അതെങ്ങനെയാണ്?Q ഒരു സാധാരണക്കാരൻ കുറെ സാധാരണക്കാരോട് ചോദിച്ച ചോദ്യത്തിനുള്ള ഉത്തരമല്ല അത്. മനുഷ്യരക്ഷക്കായി അവതരിച്ച ദൈവപുത്രൻ തെരെഞ്ഞെടുത്ത തന്റെ ശ്ലീഹന്മാരോട് ചോദിച്ച ചോദ്യവും ദിവ്യവെളിപാടുമൂലം പത്രോസ് കൊടുത്ത മറുപടിയും ആകയാലും എന്റെ സഭയെ പണിയുമെന്ന് ആ അവസരത്തിൽ തന്നെ കർത്താവ് പറഞ്ഞിട്ടുള്ളതിനാലും ആ സഭ മേലുള്ള അധികാരം അപ്പോൾതന്നെ പത്രോസിനു കർത്താവ് വാഗ്ദാനം ചെയ്യുകയാലും തന്റെ വരവ് ഒരു തൽക്കാല കാര്യസാദ്ധ്യത്തിനല്ലാതെ ലോകാവസാനം വരെ നിലനില്ക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി കർത്താവ് എല്ലാ കാര്യവും പ്രവർത്തിച്ചതിനാലും അത് ഒരാളിനെക്കുറിച്ചോ ആ ആളിന്റെ ജീവാവസാനം വരെയുള്ള കാര്യമോ അല്ല. Ans. അത് എന്നാൽ എന്ത്?Q ആ വിശ്വാസം നിലനില്ക്കുമെന്നാണ് Ans.First Epistle of Peter chap.II verse 5 ye also so lovely ........ built up a spiritual house എന്നു പറയുന്നതിൽ Ye also എന്നു പറയുന്നത് ആരെ ഉദ്ദേശിച്ചാണ്?Q പത്രോസ് പൊതുസഭയ്ക്ക് എഴുതിയ ലേഖനമാകയാൽ ye എന്നുള്ളത് സഭയിലെ വിശ്വാസികളെയാണ് നിങ്ങൾ എന്ന് പറയുന്നത്. Ans. അവരെപ്പറ്റിയാണ് lovely stones എന്നും ആ വാക്യത്തിൽ പറയുന്നത്. E.A.212 42-43 പേജുകളിൽ മത്തായി 16-18ലെ സുറിയാനിസഭ സ്വീകരിക്കുന്ന പിതാക്കന്മാർ മൂന്നുതരത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന് പറയുന്നില്ലല്ലോ?Q എന്ന് തെളിച്ച് പറയുന്നില്ല. എന്നാൽ 85 പൂർവ്വിക രേഖകൾ പരിശോധിച്ച് എഴുതിയ ആ ലിസ്റ്റിനെ ഞാൻ വിമർശിക്കാതിരുന്നതുതന്നെ ഞാൻ വായിച്ചിട്ടുള്ള പുസ്തകങ്ങളിൽ ഇങ്ങനെയുള്ള അഭിപ്രായങ്ങൾ ഉണ്ടെന്നുള്ളതിന് തെളിവാണ്. Ans. ആ ഭാഗത്ത് വിശ്വാസത്തെ സംബന്ധിച്ച് തെളിച്ച് പറയാതിരിക്കാൻ കാരണം ഉണ്ടോ?Q പ്രത്യേകിച്ച് കാരണം ഒന്നുമില്ല. അതിന്റെ title പേജിൽ സണ്ടേസ്കൂളിൽ എഡിഷൻ എന്ന് ചേർത്തിട്ടുള്ളതിൽ നിന്നും തന്നെ അത് എല്ലാ വിഷയത്തേയും സവിസ്തരം പ്രതിപാദിക്കുന്ന ഒരു പുസ്തകം അല്ലെന്നും ബാല വിദ്യാർത്ഥികൾക്ക് ഓർമ്മ വയ്ക്കത്തക്ക രീതിയിൽ ചുരുക്കി എഴുതിയിട്ടുള്ളതാണെന്നും കാണാവുന്നതാണ്. Ans. മത്തായി 16-18ൽ പാറ എന്ന് പറയുന്നത് വിശുദ്ധ പത്രോസ് ഏറ്റുപറഞ്ഞതായ വിശ്വാസം തന്നെയാണ് എന്നതാണ് സഭയുടെ വിശ്വാസം എന്നല്ലേ EA 212, 42-43 പേജുകളിൽ എഴുതിയിരിക്കുന്നതുകൊണ്ടു വ്യക്തമാകുന്നത്?Q എന്താണ് വ്യക്തമാകുന്നത്. എന്നാൽ പത്രോസിനെ കൂടാതെ ഏറ്റുപറച്ചിലൊ വിശ്വാസമൊ ഇല്ല. Ans. ഈ സഭയുടെ ഉപദേശങ്ങളെപ്പറ്റി എഴുതിയതാണ്. Ex.A212 ചുരുക്കി

എഴുതിയതാണ്. മൂന്നുതരത്തിലുള്ള ഉപദേശവും സഭയിലുണ്ടെന്ന് Ex.A.212 ൽ പ്രത്യേകിച്ച് എഴുതാതിരിക്കാൻ കാരണമുണ്ടോ?Q ഒരു കാരണവും ഇല്ല. Ans.B 156 പേജ് 70 കാതോലിക്കാ സഭ ക്രിസ്തു എന്ന് തുടങ്ങി റോമാക്കാരുടെ പ്രശംസ ശരിയല്ല അസ്പഷ്ടമായി കാണുന്നു എന്നുവരെയുള്ള ഭാഗം വായിച്ചുനോക്കി. അതിൽ പറയുന്നത് ശരിയാണോ?Q അതിൽ പറയുന്നത് 4 പിതാക്കന്മാരുടെ അഭിപ്രായങ്ങളാണ്. ഇവിടെ ഹാജരാക്കിയിട്ടുള്ള *സഭയും കൂദാശകളും* എന്നുള്ള പുസ്തകം നോക്കാൻ എന്നെ അനുവദിക്കുമെങ്കിൽ മറ്റ് പിതാക്കന്മാരുടെ അഭിപ്രായങ്ങളും ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ഒരഭിപ്രായഗതി ഈ പിതാക്കന്മാർ പറഞ്ഞിരിക്കുന്നു. മൂന്നഭിപ്രായത്തിൽ ഒരഭിപ്രായമായതിനാൽ ആ അഭിപ്രായവും ശരിയാണ്. Ans.E.A. 156 പേജ് 70ൽ പറഞ്ഞിട്ടുള്ളത് മത്തായി 16-18നെ പറ്റിയാണോ?Q അതെ, ഈ രേഖയിൽ തന്നെ ക്രിസ്തു എന്ന പാറയിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്ന് ജെറോമും സെപ്രിയൻ പറഞ്ഞിട്ടുണ്ടെന്നുകൂടി പറഞ്ഞിട്ടുണ്ട്. Ans.E.A. 156-ാം പേജിൽ പറഞ്ഞിരിക്കുന്നത്. സുറിയാനി സഭയിലെ മത്തായി 16-18 ന്റെ ഉപദേശമായിട്ടാണോ?Q സുറിയാനി സഭയിലെ എന്നല്ല എല്ലാ പൂർവ്വ പിതാക്കന്മാരും മുൻപറഞ്ഞ മൂന്നഭിപ്രായങ്ങളിൽ ഒന്നു പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ആ അഭിപ്രായങ്ങളിൽ ഒന്നായി ഇതിനെ സഭ സ്വീകരിക്കുന്നു. Ans.E.A.156 ലെ ഗ്രന്ഥകാരൻ അദ്ദേഹം മനസ്സിലാക്കിയ രീതിയിൽ സുറിയാനിസഭയുടെ പഠിപ്പിക്കലായിട്ടാണ് പറഞ്ഞിരിക്കുന്നത്. E.A.209 ൽ Introduction ൽ topical survey എന്ന heading ൽ XXVI പേജിൽ Christ Church is founded on the rock of faith എന്നു പറയുന്നുണ്ട്. *കത്തോലിക സഭയും റോമാവാദങ്ങളും* എന്ന പേരിൽ മോശ സലാമാറമ്പാൻ എഴുതി പ്രസിദ്ധീകരിച്ച പുസ്തകമാണ് എന്നെ കാണിച്ചത്. അതിനു ഞാൻ അവതാരിക എഴുതിയിട്ടുണ്ട്. Marked Ex.A.213 അവതാരിക ഞാൻ ഇപ്പോൾ വായിച്ചുനോക്കി. അതിൽ പറയുന്ന വിവരങ്ങൾ സാക്ഷി ശരിയെന്നു വിശ്വസിക്കുന്നവയാണോ?Q 21 കൊല്ലം മുമ്പ് എഴുതിയ ഒരു പുസ്തകമാകയാൽ അതിന്റെ ഉള്ളടക്കം ശരിക്ക് ഓർമ്മയില്ല. അവതാരികയിൽ പറഞ്ഞിരിക്കുന്നവ ശരിയാണ്. Ans. മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പൊലീത്തയുടെ ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് E.A 213 അദ്ദേഹത്തെപ്പറ്റി അന്ത്യോക്യാ പ്രതിനിധി എന്താണ് പറഞ്ഞിട്ടുള്ളത്. ശ്രേഷ്ഠാനുമതി കൊടുക്കുന്ന ആൾ തന്നെ അത് വായിച്ചുനോക്കണണെന്നില്ല. ആരെക്കൊണ്ടെങ്കിലും വായിപ്പിച്ച് അവരിൽ നിന്നു കിട്ടുന്ന അറിവുവച്ചു കൊണ്ടാണ് ശ്രേഷ്ഠാനുമതി അഥവാ imprimatur കൊടുക്കുന്നത് എന്നുള്ളതിന് റോമാസഭയിലെ പുസ്തകങ്ങളിൽ nihi obstat എന്ന് പരിശോധിച്ച ആളും imprimatur എന്ന് ശ്രേഷ്ഠാനുമതി കൊടുത്ത ആളും എഴുതി കണ്ടിട്ടുണ്ട്. Ans. ശ്രേഷ്ഠാനുമതി കൊടുക്കുന്നതിന് പുസ്തകത്തിലെ വിഷയത്തെപ്പറ്റി ജ്ഞാനമുള്ള ആളിനെ ആണോ പരിശോധിക്കാൻ ഏൽപിക്കുന്നത്. കാര്യം അറിയാവുന്ന ആളെക്കൊണ്ടേ വായിപ്പിക്കയുള്ളൂ. Ans. അവതാരിക എഴുതുന്നതിനുമുമ്പ് ഈ പുസ്തകം E.A.213 ഞാൻ

വായിച്ചിരിക്കാം. ഇപ്പോൾ വിവരങ്ങൾ ഓർമ്മയില്ല സഭയിലെ വൈദികൻ എന്ന നിലയിൽ വായിക്കുമ്പോൾ എന്തെങ്കിലും പിശക് കണ്ടാൽ ഉത്തരവാദപ്പെട്ടവരെ അറിയിക്കേണ്ട ചുമതല ഉണ്ടോ?Q അങ്ങനെ കണ്ടാൽ അറിയിക്കേണ്ട ചുമതല ഉണ്ട്. എന്നാൽ പണ്ഡിതനെന്ന് ഞാൻ അക്കാലത്ത് വിചാരിച്ചിരുന്ന ആളാകയാൽ വലിയ പരിശോധനാ മനഃസ്ഥിതിയോടുകൂടി അത് നോക്കാതെ തന്നെ മലങ്കരയിലെ പൊതുജനങ്ങൾക്ക് അദ്ദേഹത്തെ കൂടുതൽ പരിചയപ്പെടുത്തിക്കൊണ്ട് അവതാരിക എഴുതുകയാണ് ചെയ്തിട്ടുള്ളത്. Ans.Ex.A.213 ലെ പ്രതിപാദന വിഷയങ്ങളിൽ എന്തെങ്കിലും ന്യൂനതയുള്ളതായി ഗ്രന്ഥകർത്താവിനെയൊ ഉത്തരവാദപ്പെട്ടവരെയൊ സാക്ഷി അറിയിച്ചിട്ടുണ്ടോ?Q വല്ലപ്പോഴും ചെയ്ത് വായിച്ചു വല്ലതും കണ്ടിട്ട് വല്ലവരേയും അറിയിച്ചിട്ടുണ്ടൊ എന്ന് ഇപ്പോൾ ഓർക്കുന്നില്ല. Ans.EA 213 മലങ്കരസഭ വിട്ട് റോമാസഭയിൽ ചേർന്ന ഫാ. വി. സി. ഗീവർഗീസ് എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള ചില ലഘുലേഖകളിലെയും കൃതികളിലേയും അഭിപ്രായങ്ങളെ ഖണ്ഡിച്ചുകൊണ്ട് എഴുതിയിട്ടുള്ളതാണോ? മലങ്കരയിലെ യാക്കോബായെ സഭ വിട്ട് റോമൻ കത്തോലിക്ക സഭയിൽ ചേർന്ന മേൽപറഞ്ഞ ആളിന്റെ കൃതികൾക്ക് എതിരായി എഴുതിയതാണെന്ന് അതിൽ കാണുന്നുണ്ട്. Ans. ഫാ. വി. സി. ഗീവർഗീസിന്റെ ലഘുലേഖകളും കൃതികളും എന്താണെന്ന് ഗ്രന്ഥകാരൻ എഴുതിയിട്ടുള്ള മുഖവുരയിൽ പറയുന്നുണ്ട്. 1957ൽ പ്രസിദ്ധീകരിച്ചതായിട്ടാണ് കാണുന്നത്. ഗ്രന്ഥകാരനും മോർ യൂലിയോസ് മെത്രാപ്പോലീത്തായും ഒരിടത്തുതന്നെ താമസിച്ചിരുന്നവരാണ്. പക്ഷെ, ഗ്രന്ഥകാരൻ എഴുതിയത് മലയാളഭാഷയിലാണ്. ഗ്രന്ഥകാരൻ മലയാള ഭാഷ നന്നായി പഠിച്ചിരുന്നു. മോർ യൂലിയോസ് ബാവാക്ക് മലയാളം അറിഞ്ഞു കൂടായിരുന്നു. മലയാളവും സുറിയാനിയും അറിയാവുന്ന മറ്റാളുകൾ ഇവർ താമസിച്ചിരുന്ന മഞ്ഞനിക്കര ദയറായിൽ ഉണ്ടായിരുന്നിരിക്കാം. E.A.213-ാം ഭാഗത്തിൽ 1, 2 പേജുകളിലായി സഭയുടെ ആത്മീയാർത്ഥപ്രകാരം പറഞ്ഞാൽ എന്നു തുടങ്ങി, സകല പരിശുദ്ധ പിതാക്കന്മാരുടെയും വിശ്വാസം ഇതാണ് എന്നതുവരെയുള്ള ഭാഗം വായിച്ചുനോക്കി. ആ ഭാഗത്തു പറയുന്ന വിവരങ്ങൾ സഭയുടെ വിശ്വാസമനുസരിച്ച് ശരിയായിട്ടുള്ളതാണോ?Q മുഴുവനും ശരിയല്ല. Ans. തെറ്റായിട്ടുള്ള ഭാഗങ്ങൾ ഏതെല്ലാമാണ്?Q നിഖ്യാവിശ്വാസം ഏറ്റുപറയുകയും ചെയ്തുവരുന്ന ഏവരുടെയും കൂട്ടമാണ്. സഭ എന്ന് പറയുന്നത് തെറ്റാണ്. അതിന്റെ താഴെ പറയുന്ന മ്ശിഹാ ആണ്. അതിന്റെ സ്ഥാപകൻ എന്നുള്ളതും സഭയെ സംബന്ധിച്ചുള്ള മറ്റ് സുപ്രധാനകാര്യങ്ങളും ഉൾപ്പെടുത്താതെ നിഖ്യാവിശ്വാസം ഏറ്റു പറയുന്ന ഏവരുടെയും കൂട്ടമാണ്. സഭ എന്ന് പറയുന്നത്, തെറ്റിദ്ധാരണാജനകമാണ്. കർത്താവിന്റെ സഖാക്കളായ അപ്പോസ്തലന്മാരുടെ വായ് എന്ന നിലയിലും വിശുദ്ധ പത്രോസ് പ്രഖ്യാപിച്ചു എന്നുള്ളതും സ്വീകാര്യമല്ല. വിശ്വാസമാകുന്ന പാറയെന്നും വ്യക്തിത്വത്തിന്മേലല്ല സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്നും ഉള്ളത്, ഞാൻ മുമ്പു ബോധിപ്പിച്ചതിനാൽ സ്വീകാര്യമാകുന്നു. സകലപിതാക്കന്മാരുടെയും വിശ്വാസം

ഇതാണ് എന്ന് പറഞ്ഞിരിക്കുന്നതും മുമ്പ് ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കാണേണ്ടതാകുന്നു. Ans. നിഖ്യാ വിശ്വാസപ്രമാണം ഏറ്റു പറയുന്നവരുടെ ഏവരുടെയും കൂട്ടമാണ് സഭ എന്ന് പറയുന്നതും പത്രോസ് അപ്പോസ്തലന്മാരുടെ വായ് എന്ന നിലയിൽ പ്രഖ്യാപനം ചെയ്തു എന്ന് പറയുന്നതും തെറ്റാണെന്നാണോ? Q തെറ്റാണ്. അതുതന്നെയാണ് നേരത്തെ പറഞ്ഞ തരത്തിൽ Ans. നിഖ്യാ വിശ്വാസം ഏറ്റു പറയുക എന്നതിൽ അടങ്ങിയിരിക്കുന്ന കാര്യം എന്താണെന്ന് ആ പാരായുടെ ആദ്യഭാഗത്ത് പറഞ്ഞിട്ടില്ലേ?Q വ്യക്തമാക്കിയിട്ടില്ല. ഇത്രയും കാര്യങ്ങളാണ് നിഖ്യാ വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്നതെങ്കിൽ അത്രയും കാര്യമാണ് റോമാസഭയും അവയെല്ലാം വിശ്വസിക്കുന്നതാണ്. അങ്ങനെ വരുമ്പോൾ റോമാസഭയും ഒന്നുതന്നെ എന്നുള്ള നിഗമനത്തിൽ എത്തിച്ചേരേണ്ടി വരുന്നതും റോമാസഭക്ക് എതിരായി പുസ്തകം എഴുതാൻ തന്നെ ആവശ്യം ഇല്ലാതെ വരുന്നതുമാകുന്നു. Ans. സഭയുടെ ആത്മീയഅർത്ഥപ്രകാരം എന്നതു മുതൽ .............. സത്യോപദേഷ്ടാക്കളുടെയും പിന്നണിയിൽ നടക്കുകയും എന്നു വരെ പറയുന്ന ഭാഗത്ത് എഴുതിയിട്ടുള്ള സംഗതികൾ സഭ വിശ്വസിക്കുന്ന കാര്യങ്ങളാണോ?Q അതാണ് ബോധിപ്പിച്ചതും. അത് തന്നെയാണ് ഈ സഭയും പുരാതനസഭകൾ എല്ലാവരും വിശ്വസിക്കുന്നത്. Ans. ചേർക്കാതെ വിട്ടുപോയി എന്നു പറയുന്നത് എന്താണ്? അതെന്തെല്ലാമാണെന്ന് മുഴുവനും ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. എങ്കിലും അതിന്റെ സ്ഥാപനം, ഭരണം, കൂദാശകൾ, ലക്ഷണങ്ങൾ മുതലായവ എല്ലാം പറയേണ്ടിവരും. Ans. ആ സംഗതികളെല്ലാം പിന്നീട് E.A.213 ൽ പ്രതിപാദിച്ചിട്ടില്ലേ?Q ബാക്കി ഭാഗങ്ങളിൽ എന്തെല്ലാം പ്രതിപാദിച്ചിട്ടുണ്ടെന്നല്ല 1-ാം പാരായിൽ കാണുന്നതിനെപ്പറ്റിയാണ് എന്നോട് ചോദിച്ചതും ഞാൻ ഉത്തരം പറഞ്ഞതും. Ans. ബാക്കി ഭാഗങ്ങളിൽ ഈ ചോദിച്ച കാര്യങ്ങൾ ഉണ്ടല്ലോ?Q ഉണ്ട്. Ans. സഭയുടെ സ്ഥാപകനും അടിസ്ഥാനത്തിന്റെ മൂലക്കല്ല് എന്ന് വിശേഷിപ്പിച്ചിട്ടുള്ളതിനാലും സ്ഥാപകൻ എന്നുള്ളതും സ്ഥാപനത്തെക്കുറിച്ച് മുമ്പ് പറഞ്ഞിട്ടുള്ള പിതാക്കന്മാരുടെ അഭിപ്രായത്തോട് ചേർത്തുകൊണ്ട് എന്നതിൽ നിന്ന് എന്നാണ് അർത്ഥമാക്കേണ്ടത്?Q അതായത് പത്രോസിന്മേൽ, പത്രോസ് ഏറ്റു പറഞ്ഞ വിശ്വാസത്തിന്മേൽ ആ രണ്ട് കാര്യം കൂടിയാണ് ഞാൻ ഉദ്ദേശിച്ചത്. Ans. അതായത് സഭയുടെ അടിസ്ഥാനം പത്രോസും, പത്രോസേറ്റു പറഞ്ഞ വിശ്വാസവും ക്രിസ്തുവും എന്നാണോ?Q അങ്ങനെ മൂന്നഭിപ്രായം പറയുന്നുണ്ടെന്നും അത് മൂന്നും ആശയത്തിൽ ഒന്നാണെന്നും പല പുസ്തകങ്ങളിലും ഉള്ളത് ഞാൻ പല പ്രാവശ്യവും ബോധിപ്പിച്ചു. Ans. മുൻപറഞ്ഞ മൂന്നുംകൂടി ഏകമായിട്ടുള്ളതാണ് സഭയുടെ അടിസ്ഥാനമാണെന്ന് മനസ്സിലാക്കാമോ?Q ആശയം ഒന്നാണെന്നല്ലാതെ ഈ ചോദ്യത്തിന് അതിൽ കൂടുതൽ ഉത്തരം ബോധിപ്പിക്കുവാൻ എനിക്ക് കഴിവില്ല. Ans. ബർ സ്ലീബി സുവിശേഷ വ്യാഖ്യാനം എഴുതിയിട്ടുണ്ടോ?Q എഴുതിയിട്ടുണ്ട്. Ans. അതിൽ മത്തായി 16-18നെ പറ്റിയുള്ള വ്യാഖ്യാനം ഉണ്ടോ?Q ഞാൻ വായിച്ചിട്ടില്ല. ഉണ്ടായിരിക്കാം. Ans.

ഴയനിയമത്തിൽ ദൈവത്തെപ്പറ്റി പാറയെന്നു പറയുന്നതു വേദത്തിൽ കാണാമോ? ഭാഗങ്ങൾ ഉണ്ട്. Ans. DEUTERONOMY എന്ന പുസ്തകത്തിൽ 2-ാം അദ്ധ്യായം 18-10 വാക്യത്തിൽ പറയുന്ന Rock ദൈവത്തെപ്പറ്റിയാണ്. I Samuel 2-2, II Samuel 22-2, Psalms 31-2-3, Psalms 18-2 ഈ വാക്യങ്ങളിൽ ഒക്കെ Rock എന്നു പറയുന്നത് ദൈവത്തെ ഉദ്ദേശിച്ചല്ലേ?Q Rock എന്നു പറയുന്നതു ദൈവത്തെ ഉദ്ദേശിച്ചല്ല. ദൈവത്തെ Rock നോട് സാമ്യപ്പെടുത്തി പറത്തിരിക്കുകയാണ്. The Lord ന് my rock എന്നു പറഞ്ഞാലും അവിടെ സാമ്യപ്പെടുത്തിയിരിക്കുന്നതു തന്നെയാണ്. Ans. ഇങ്ങനെയുള്ള പ്രയോഗം മറ്റു ഭാഗങ്ങളിലും ഉണ്ടായേക്കാം. പുതിയ നിയമത്തിൽ ദൈവപുത്രനായ ക്രിസ്തുവാണ് സഭയുടെ അടിസ്ഥാനവും മൂലക്കല്ലും എന്നു പറയുന്നുണ്ട്. I Corinthians 3-11 for other foundation can no man lay that is laid which is Jesus Christ എന്നാണ്. ക്രിസ്തുവല്ലാതെ വേറെ അടിസ്ഥാനമില്ല എന്നല്ലേ അതിന്റെ അർത്ഥം?Q അതെ, എന്നാൽ അത് അക്ഷരാർത്ഥത്തിൽ ഇത് മാത്രമായിട്ട് എടുക്കുന്നു എങ്കിൽ വാദികളും പ്രതികളും ഉപയോഗിക്കുന്നു. കുർബാന തക്സാകളും പ്രാർത്ഥനാക്രമങ്ങളും മാറി എഴുതേണ്ടിവരും. Ans.I Corinthians X. 4ൽ ആ പാറ ക്രിസ്തുവാകുന്നു എന്ന് പറയുന്നുണ്ട്. ആ ക്രിസ്തു തന്നെയാണ് പത്രോസിനോട് നീ പാറയാകുന്നു എന്ന് പറഞ്ഞതും. പത്രോസേ നീ പാറയാകുന്നു എന്ന് പറഞ്ഞത് മത്തായി 16-18ലാണ്. പത്രോസേ, നീ പാറയാകുന്നു എന്നതിൽ പറയുന്നുണ്ട്. witness add. Thou art peter എന്ന് ഇംഗ്ലീഷിൽ പറയുന്നുണ്ട്. എന്നാൽ സുറിയാനിയിൽ അത് ഊ കീപ്പോ- അതിന്റെ അർത്ഥം നീ പാറയാകുന്നു എന്ന് പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. Counsel proceeds സുറിയാനി വേദപുസ്തകത്തിൽ പത്രോസേ, നീ പാറയാകുന്നു എന്ന് തർജ്ജമ ചെയ്യത്തക്ക വിധത്തിലാണോ പറഞ്ഞിരിക്കുന്നത്?Q നീ കീപ്പാ ആകുന്നു എന്നാണ്. കീപ്പായുടെ അർത്ഥം പാറ എന്നാണ് സുറിയാനിയിൽ. ആ ഭാഷയിലാണ് കർത്താവ് സംസാരിച്ചത്. Ans. കീപ്പാ എന്ന് പത്രോസിനെ വിളിച്ചിരുന്നതായി വേദപുസ്തകത്തിൽ ഉണ്ടോ?Q ശീമോനെ ആദ്യമെ കണ്ടപ്പോൾ തന്നെ കീപ്പാ എന്ന് കർത്താവ് പേര് വിളിച്ചു. Ans. അതിന് അടുത്ത വാചകമെന്താണ്?Q ഈ പാറമേൽ എന്റെ സഭയെ പണിയും. Ans. കീപ്പാ എന്നാൽ പാറക്കഷണം എന്നാണോ സുറിയാനി ഭാഷയിൽ അർത്ഥം. Ans. സുറിയാനിയിൽ പാറക്കും പാറക്കഷണത്തിനും പ്രത്യേക വാക്കുകൾ ഉള്ളതായി ഞാൻ ഇതുവരെ കണ്ടിട്ടില്ല. രണ്ടിനും കീപ്പാ എന്ന് പറയും. Ans. ജെന്റർ അനുസരിച്ച് ആ വാക്കിന് അർത്ഥം മാറി വരുമോ?Q പാറക്കും പാറക്കഷണത്തിനും ഒരേ ജെന്റർ തന്നെയാണ്. Ans.E.A.213 ൽ 2nd part page 4ൽ പാറ എന്നത് പത്രോസല്ല. പത്രോസേറ്റു പറഞ്ഞ വിശ്വാസമാണെങ്കിൽ നീ പാറയാകുന്നു എന്ന് പത്രോസിനോട് എന്തിന് പറഞ്ഞു എന്നുള്ള ചോദ്യത്തിനു മറുപടി പറഞ്ഞിട്ടുണ്ടോ?Q ഉണ്ട്. ആ പറഞ്ഞ മറുപടിയിൽ സുറിയാനി വായനപ്പടിയിൽ പറയുന്നത് ഇപ്രകാരമാണ്. അത് ഈ സൈക് പത്രോസ്. പാൽഗഫാനേശു എന്ന് പറഞ്ഞിരിക്കുന്നതായി അതിൽ

കാണുന്ന ഭാഗം ഇതുവരെ ഞാൻ കണ്ടിട്ടുള്ളതല്ല. ഞാൻ പറഞ്ഞരീതിയി ലുള്ള സുറിയാനി സുവിശേഷം ഞാൻ ഇവിടെ ഹാജരാക്കാവുന്നതാണ്. Ans. Stopped for the day. മൊഴി വായിച്ച് കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ.

Sd/-

First Addl. District session Court, ERNAKULAM.

Taken down by / before me in open Court, interpreted/read over to the witness / accused & admitted by him/her to be correct.

Sd/-

Judge. 28-7-78

31-7-78 witness sworn again and cross examination continued. മത്തായിയുടെ സുവിശേഷത്തിന്റെ original language എന്താണ്?Q മത്തായിയുടെ അറാമാ യിക്കിൽ സുവിശേഷം എഴുതി എന്നാണ് അറിയപ്പെടുന്നത്. Ans. ഈ പറ ഞ്ഞതിന് എന്താണ് അടിസ്ഥാനം?Q സുറിയാനി സുവിശേഷത്തിന്റെ അവ സാനം ഓരോ സുവിശേഷത്തിന്റെ അവസാനം ഓരോ സുവിശേഷകനും ഏത് ഭാഷയിൽ എഴുതി എന്ന് ഉള്ളതിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. മത്തായി യുടെതിൽ അരാമായ ഭാഷയിൽ എന്നെഴുതിയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. Ans. സുറിയാനിയിലുള്ള സുവിശേഷം എങ്ങനെ ഉണ്ടായി?Q ക്രിസ്തുവിന്റെ കാലത്ത് സംസാരിച്ചിരുന്ന സുറിയാനി ഭാഷക്കാണ് അരമായ എന്ന് പറയു ന്നത്. Ans. സുറിയാനിക്ക് അക്കാലത്ത് പറയപ്പെട്ടിരുന്ന പേരാണ് ആരാമൈയ് സിറിയക് ആദ്യകാലങ്ങളിൽ ആരാം എന്ന പേരായിരുന്നു. അവിടുത്തെ ഭാഷക്ക് അരമൊയ എന്ന് പറയുമായിരുന്നു. സിറിയ എന്ന പേര് ആയപ്പോൾ ഭാഷക്ക് സുറിയാനി എന്ന് പറഞ്ഞുതുടങ്ങി. എസ്ത്രഗേല സുറിയാനി പ്ശീത്തോ സുറിയാനി എന്നൊക്കെ പറയുന്നത് എന്താണ്?Q എസ്ത്രഗേല സുറിയാനി ക്രിസ്താബ്ദത്തിന് മുമ്പ്തന്നെ ഉപയോഗിച്ചിരുന്നതും ഇപ്പോൾ ചിത്രാക്ഷരങ്ങളായി മാത്രം ഉപയോഗിക്കുന്നതുമാണ്. പ്ശീത്തസുറിയാനി പൂർവ്വസുറിയാനിയുടെ സംസ്ക്കരിക്കപ്പെട്ട രീതിയുമാണ്. Ans. മത്തായിയുടെ സുവിശേഷം സാക്ഷി വായിച്ചത് അങ്ങനെ സംസ്ക്കരിക്കപ്പെട്ട സുറിയാനിയി ലുള്ളതാണോ?Q അതെ, വലിയ മോർ ദിവന്നാസ്യോസ് ബുക്കാനന്റെ കയ്യിൽ ഏല്പിച്ചിട്ട് അദ്ദേഹം ലണ്ടനിൽ അച്ചടിപ്പിച്ചതിന്റെ കോപ്പികൾ ഈ കേരള ത്തിൽ ധാരാളം ഉണ്ട്. Ans. പാറയെ ഒരു inanimate object ആയി സൂചിപ്പി ക്കുമ്പോൾ ആ വാക്കിന് സുറിയാനിയിൽ വല്ല പ്രത്യേകതയും ഉണ്ടോ?Q അപ്പോൾ അത് സ്ത്രീലിംഗമായിരിക്കും. inanimate object നെ ഉദ്ദേശിച്ച് മാത്രം പറയുന്ന ഒന്നാണ് കീപ്പ എന്നത്. ആ പേര് ശിമോന് കർത്താവ് കൊടുത്തു. Ans. ആത്ഔകിപ്പോ എന്ന് പറയുന്നതിൽ കീപ്പാ എന്നുള്ളത് പുല്ലിംഗമായി ട്ടാണോ ഉപയോഗിച്ചിരിക്കുന്നത്? Q അവിടെയും കീപ്പാ സ്ത്രീലിംഗം തന്നെ. ആത് എന്ന സെക്കന്റ് പേഴ്സന്റെ പിന്നാലെ സെക്കന്റ് പേഴ്സനായ ആത് തന്നെയോ തേഡ് പേഴ്സനായ ഹെ വ്യാകരണം അനുസരിച്ച് ചേർക്കാവു ന്നതാകുന്നു. ഈ വാചകത്തിൽ അത് subject ഉം predictate ഉം ആകുന്നു.

Ans. ആത് എന്നാൽ നീ ആകുന്നു. നീ പാറ ആകുന്നു. നീ പാറ ആകുന്നു എന്ന് ആ വാചകം translate ചെയ്യാം. നീ കീപ്പാ ആകുന്നു. Ans. നീ ആകുന്നു കീപ്പോ എന്നു പറയാമോ? Q സന്ദർഭം നോക്കി ആ അർത്ഥത്തിലും ഉപയോഗിക്കാം. ദൈവത്തെക്കുറിച്ച് ആത്തുതോബോ എന്ന് പറയുന്നുണ്ട്. നീ നല്ലവനാകുന്നു. Ans. പത്രോസ് പാറയാകുന്നു എന്ന് സാക്ഷി പറയുന്നതു പോലെ ക്രിസ്തു പറയാൻ കാരണം എന്താണ്? Q ഞാൻ പറയുന്നതല്ല. ഏത് സുവിശേഷത്തിൽ നോക്കിയാലും അങ്ങനെയാണ് പറയുന്നത്. ക്രിസ്തുവിനെക്കുറിച്ച് നിഗൂഢമായിരുന്ന രഹസ്യം ദിവ്യ വെളിപാട് മൂലം പത്രോസ് ഏറ്റുപറഞ്ഞതുകൊണ്ടാണ് Ans. നിഗൂഢരഹസ്യം എന്നത് നീ ദൈവത്തിന്റെ ജീവനുള്ള പുത്രനാകുന്നു എന്നതാണ്. അങ്ങനെയെങ്കിൽ പത്രോസിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞാലും പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസം അല്ലെങ്കിൽ പത്രോസിന്റെ വിശ്വാസത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു എന്ന് പറയാമോ? Q അതാണ് ഞാൻ പല പ്രാവശ്യവും ബോധിപ്പിച്ചത്. പത്രോസിനെയും പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസത്തെയും തമ്മിൽ വേർതിരിക്കുവാൻ സാദ്ധ്യമല്ല. അതിനും പുറമെ മുമ്പ് ബോധിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ എല്ലാ സാരാംശത്തിൽ ഒന്നാണെന്ന് ഈ കേസിലെ 2-ാം വാദിയുടെ പുസ്തകത്തിൽപോലും ഉണ്ടെന്ന് ഞാൻ ബോധിപ്പിച്ചിട്ടുമുണ്ട്. Ans. 1 പത്രോസ് 2-ാം അദ്ധ്യായം 4 മുതൽ 7 വരെ വാക്യങ്ങൾ നോക്കി (Ext.B.83) അതിൽ 6-ാം വാക്യത്തിൽ Chief corner stone എന്നു പറയുന്നത് ക്രിസ്തുവിനെയാണ്. 1 പത്രോസ് എന്നത് പത്രോസ് ശ്ലീഹാ തന്നെ എഴുതിയിട്ടുള്ള ഒരു ലേഖനമാണ്. St. Mathew chap. XIV verse 33 ൽ of a truth thou art the son of God എന്നു ക്രിസ്തുവിനെ ഏറ്റുപറഞ്ഞിരിക്കുന്നത് ആരാണ്? Q അവിടെ നീ ദൈവപുത്രനാകുന്നു എന്ന് ശ്ലീഹന്മാരിൽ ആ പടവിൽ (boat) ഉണ്ടായിരുന്നവരെല്ലാവരുമാണ് പറഞ്ഞത്. എന്നാൽ മത്തായി 16 ലെ പത്രോസിന്റെ ഏറ്റുപറച്ചിൽ ഇസ്രായേലിന്റെ പ്രതീക്ഷാ മൂർത്തിയായ മ്ശിഹാ ആകുന്നു എന്നുള്ളതും കൂടിയാണ്. പലരും പല അഭിപ്രായങ്ങൾ തന്നെക്കുറിച്ച് പറഞ്ഞപ്പോൾ യഥാർത്ഥത്തിലുള്ള തന്റെ സ്ഥിതിയാണ് പത്രോസ് പറഞ്ഞത്. ബോട്ടിൽ വച്ച് പറഞ്ഞവർക്ക് അവിടെവച്ചും ആ വാക്ക് പറയാമായിരുന്നു. അവർ പറഞ്ഞില്ല. അതിനും പുറമെ ബോട്ടിൽവച്ച് അവര് പറഞ്ഞ ആ വാക്കുകൾക്ക് ഇത് ദൈവം വെളിപ്പെടുത്തിയതാണെന്നോ നിങ്ങൾ ഭാഗ്യവാന്മാരാണെന്നോ ക്രിസ്തു പറഞ്ഞില്ല. വീണ്ടും പിശാച് പോലും ഒരു സന്ദർഭത്തിൽ നീ ദൈവപുത്രനാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. Ans. ആ വാക്കുകൾ പറയാമായിരുന്നു എന്നു പറഞ്ഞത് പത്രോസ് പറഞ്ഞ സന്ദർഭത്തിൽ അവർക്കും പറയാമായിരുന്നതായിരുന്നു എന്നുള്ളതാണ്. ബോട്ടിൽ ഉണ്ടായിരുന്നവർ ക്രിസ്തുവിന്റെ ശിഷ്യന്മാരായിരുന്നു. St. John chap I. verse.49 നഥാനിയേൽ ക്രിസ്തുവിനെപ്പറ്റി പറയുന്നത് Thou art the son of God. Thou art the king of Israel എന്നാണ്. അതിൽതന്നെ Verse 34 ൽ പറയുന്നത് And I saw and hear record that their is the son of God എന്നാണ്.

അത് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പറയുന്നതാണ്. St. John chap. VI verse 69 and we believe and assure that thou art that Christ the son of living God എന്ന് പറയുന്നത് വിശുദ്ധ പത്രോസാണ് അത് എല്ലാ ശ്ലീഹന്മാർക്കുംവേണ്ടി പറഞ്ഞിട്ടുള്ളതല്ലേ? Q എന്നവിടെ പറയുന്നില്ല. നിങ്ങളും പോകാൻ ആഗ്രഹിക്കുന്നോ, എന്ന് പന്തിരുവരോട് ചോദിച്ചപ്പോൾ ഞങ്ങൾ എവിടെ പോകും എന്ന് പറഞ്ഞുകൊണ്ട് പത്രോസ് പറയുന്നതാണ്. Ans. ഞങ്ങൾ എന്ന് ഈ വാക്യത്തിൽ പറയുന്നത് പന്തിരുവരെ ഉദ്ദേശിച്ചാണ്. മത്തായി 16-18 ൽ പത്രോസ് പറയുന്ന വിവരങ്ങൾ പറയുമ്പോൾ മറ്റു ശ്ലീഹന്മാരും അവിടെ ത്തന്നെ ഉണ്ടായിരുന്നു. അവർക്കും ക്രിസ്തു ദൈവപുത്രനാണെന്നുള്ള വിശ്വാസം ഉള്ളവരായിരുന്നോ? Q ആയിരുന്നെങ്കിൽ സഭാസ്ഥാപനത്തിന്റെ ഈ പ്രത്യേക സന്ദർഭത്തിൽ ബോട്ടിലെ വച്ചെന്ന പോലെ അവർക്കുമായിട്ട് പറയാമായിരുന്നു. അതിനുംപുറമെ എല്ലാവരും കൂടി പറയേണ്ടത് പത്രോസ് പറയുകയാണെന്ന് ക്രിസ്തുവിന് അറിയാമായിരുന്നെങ്കിൽ പിന്നീടുള്ള സംസാരത്തിൽ ഏകവചനം ഉപയോഗിക്കാതെ ബഹുവചനം ഉപയോഗിക്കുകയും ചെയ്യുമായിരുന്നു. Ans. St. Mathew XIV-33, St. John chap. VI-69, St. John chap. I verse 49 ഈ സന്ദർഭങ്ങൾ St. Mathew XVI-18നു മുമ്പുള്ള സന്ദർഭങ്ങളാണല്ലോ? Q അത് കാലാനുക്രമണിക വച്ച് സൂക്ഷ്മമായി വായിച്ച് നോക്കിയാലെ മനസ്സിലാക്കുവാൻ ഒക്കുകയുള്ളൂ. നഥാനിയേൽ പറഞ്ഞത് മുമ്പാണ്. ബോട്ടിൽ വച്ച് പറഞ്ഞതും മുമ്പായിരിക്കാം. Ans. നഥാനിയേൽ ബർത്തലോമായി ശ്ലീഹാ ആണെന്ന് പറയപ്പെടുന്നുണ്ടെന്നാണ് ഓർമ്മ. St. Mathew XVI 18 ൽ പറയുന്നത് എല്ലാ ശ്ലീഹന്മാർക്കും വേണ്ടിയാണ് പത്രോസ് പറയുന്നത് എന്ന വ്യാഖ്യാതാക്കൾ പറയുന്നുണ്ടോ? സുറിയാനി സഭയുടെ വ്യാഖ്യാതാക്കൾ പറയുന്നതായി എന്റെ അറിവിൽപ്പെട്ടിട്ടില്ല. Ans. ആരെങ്കിലും വ്യാഖ്യാതാക്കൾ അങ്ങനെ പറയുന്നുണ്ടോ? Q പ്രൊട്ടസ്റ്റന്റ് വ്യാഖ്യാതാക്കൾ അങ്ങനെ പറയുന്നതായി കേട്ടിട്ടുണ്ട്. Ans. ബർ സ്ലീബി ഇതേപ്പറ്റി എന്ത് പറയുന്നു എന്നറിഞ്ഞുകൂടാ. അപ്പോസ്തലസമൂഹത്തിനു വേണ്ടി പത്രോസ് പറയുന്ന സന്ദർഭങ്ങൾ വേദത്തിൽ ഉണ്ടോ? Q അവർക്കു വേണ്ടി പറയുകയാണെന്ന് അദ്ദേഹം പറയുന്ന ഒരു സന്ദർഭവും വേദത്തിൽ ഉള്ളതായി എനിക്ക് ഓർമ്മ വരുന്നില്ല. Ans. സന്ദർഭംകൊണ്ട് അവർക്ക് വേണ്ടി കൂടി പറയുകയാണെന്നുള്ള സന്ദർഭങ്ങൾ വേദത്തിൽ ഉണ്ടോ? എന്റെ ഓർമ്മയിൽ വരുന്നില്ല. Ans. St. Mathew XIX verse 27-28 ൽ പത്രോസ് ആർക്ക് വേണ്ടിയാണ് ഞങ്ങൾക്ക് എന്ത് കിട്ടുമെന്ന് ക്രിസ്തുവിനോട്, ചോദിക്കുന്നത്? Q അത് മറ്റുള്ളവർ ചുമതലപ്പെടുത്തിയിട്ട് ചോദിച്ചതാണെന്ന് കാണുന്നില്ല. എനിക്കെന്തു കിട്ടും എന്നുള്ള ചോദ്യത്തിന് ഒരു സ്വാർത്ഥത ഉള്ളതുകൊണ്ട് തന്നെപ്പോലെ ഉള്ളവരെയും കൂടി ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ചോദ്യമായിരുന്നു അത്. Ans. പത്രോസ് അപ്പോസ്തല സമൂഹത്തിന്റെ വായ് അല്ലെങ്കിൽ പ്രതിനിധിയായി വർത്തിച്ചിരുന്നു എന്ന് സഭാപിതാക്കന്മാർ പറയുന്നുണ്ടോ? Q പത്രോസ് അപ്പോസ്തലന്മാരുടെ തലവൻ എന്നല്ലാതെ അവരുടെ പ്രതി

നിധി എന്നോ അവരുടെ വായെന്നോ ഞാൻ ഒരിടത്തും വായിച്ചിട്ടില്ല. Ans. ശ്ലീഹന്മാരിൽ ഏറ്റവും പ്രായം കൂടിയ ആൾ ആരായിരുന്നു? Q ചിലർ പത്രോസാണെന്നും ചിലർ പത്രോസിന്റെ സഹോദരൻ അന്ത്രയോസാണെന്നും പറയുന്നുണ്ട്. Ans. E.A.71 പേജ് 109 ൽ വിശുദ്ധ പത്രോസ് ശ്ലീഹായെപ്പറ്റി പറയുന്ന ഭാഗത്ത് അന്ത്രയോസ് ശ്ലീഹാ അദ്ദേഹത്തിന്റെ ഇളയ സഹോദരനാണെന്ന് പറയുന്നുണ്ട്. ശ്ലീഹന്മാരിൽ ഏറ്റവും പ്രായംകൂടിയ ആളെന്ന നിലയിൽ പത്രോസ് ശ്ലീഹായ്ക്ക് ഒരു മുൻഗണന അല്ലെങ്കിൽ പ്രാധാന്യം ഉണ്ടായിരുന്നില്ലേ? Q അന്ത്രയോസിനാണ് പ്രായക്കൂടുതലെന്ന് വായിച്ചു എന്ന് ഞാൻ ഓർക്കുന്നു. പ്രായക്കൂടുതൽ കൊണ്ടുമാത്രം അന്നും ഇന്നും സ്ഥാനമാഹാത്മ്യം ഉണ്ടാവുകയില്ല. പ്രായക്കൂടുതൽ കൊണ്ടല്ലായിരുന്നു പത്രോസിനുള്ള സ്ഥാനമാഹാത്മ്യം. Ans. എഫേസ്യലേഖനം Chap. II ver.20 ൽ പറയുന്നതെന്തിനെപ്പറ്റിയാണ്? Q വിശ്വാസികൾ സഭയിൽ ഉൾപ്പെട്ടവരാണെന്നും ഒരു കെട്ടിടത്തോട് ഉപമിക്കുമ്പോൾ അതിന്റെ മൂലക്കല്ല് ക്രിസ്തുവാണെന്നും പ്രവാചകന്മാരുടെയും അപ്പോസ്തലന്മാരുടെയും അടിസ്ഥാനത്തിലാണ് പണിയപ്പെട്ടിരിക്കുന്നതെന്നും ആണ്. അതായത് അവിടെ പത്രോസിനെയൊ പത്രോസിന്റെ പ്രായത്തെയൊ പ്രത്യേകം എടുത്ത് പറഞ്ഞിട്ടില്ലെങ്കിലും മൂലക്കല്ലായ ക്രിസ്തുവിനോട് പത്രോസും അപ്പോസ്തലന്മാരും വിശ്വാസികളും ചേർത്ത് പണിയപ്പെടുകയാണ് എന്നുള്ള അർത്ഥമാണ് അതിൽനിന്ന് വരുന്നത്. ഏതിനും ഉറച്ച അടിസ്ഥാനത്തിന്മേലല്ലാതെ പണിത് ഉയർത്തപ്പെടുവാൻ സാദ്ധ്യമല്ല. ക്രിസ്തുവിനെ കൂടാതെ പത്രോസോ പത്രോസിനെ കൂടാതെ വിശ്വാസമോ ഇല്ല. ആ വിശ്വാസത്തോട് ഒന്നു ചേർന്നിരിക്കുന്നവരെല്ലാം ഓരോ തലമുറയിലും ആ അടിസ്ഥാനത്തോട് ചേർത്ത് പണിയപ്പെടുകയാണ്? Ans. Revelation XXI-verse 14 ൽ twelve Apostles of the lamb എന്ന് പറയുന്നത് ആരെക്കുറിച്ചാണ്? Q വെളിപാട് പുസ്തകത്തിന്റെ സ്വീകാര്യതയെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ക്രിസ്തുവിന്റെ ശ്ലീഹന്മാരെക്കുറിച്ചാണ് അവിടെ പറയുന്നത്. Ans. അവിടെ സഭയെ ഒരു city അല്ലെങ്കിൽ നഗരത്തോട് ഉപമിച്ചാണോ പറയുന്നത്? Q അത് സഭയെക്കുറിച്ചാണെന്ന് അവിടെ കാണുന്നില്ല. അങ്ങനെ വ്യാഖ്യാനവും കണ്ടിട്ടില്ല. Ans. അതെന്തിനെക്കുറിച്ചാണ് എന്നറിയാമോ? Q സ്വർഗ്ഗത്തിൽ നടക്കുന്ന ചില കാര്യങ്ങൾ അദ്ദേഹം ദർശനത്തിൽ കണ്ടതായി പറയുന്നതാണ്. Ans. XXI verse 2 ൽ സൂചിപ്പിക്കുന്നത് സഭയെപ്പറ്റിയാണോ? Q പുതിയ യറുശലേമിനെപ്പറ്റിയാണ്. സഭയെപ്പറ്റിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. ആണെങ്കിൽ തന്നെയും ഉയിർപ്പിന് ശേഷമുള്ള ഒരു അവസ്ഥയെക്കുറിച്ചാണ്. Ans. 2-ാം വാദി എഴുതിയ *സഭയും കൂദാശയും* എന്ന പുസ്തകം ഞാൻ വായിച്ചിട്ടുണ്ട്. അതിൽ സഭയുടെ അടിസ്ഥാനത്തെപ്പറ്റിയും സഭ എങ്ങനെ പണിയപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത് ശരിയാണോ? Q Ex.B103 ൽ 98-99 പേജുകളിൽ നോക്കി. 98-ാം പേജിലെ പ്രസ്താവന അതിനുമുമ്പുള്ള പ്രസ്താവനകളോട് ചേർത്ത് ചിന്തിക്കേണ്ടതാണ്. 91-ാം

പേജിൽ പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസമാണ് സഭയുടെ അടിസ്ഥാനം. (2) അടിസ്ഥാനകല്ല് പത്രോസാകുന്നു. (3) യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനം (4) ഇപ്പോൾ കാണിച്ച എഫേസ്യ 2-19-20 ൽ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനം (5) പന്ത്രണ്ട് അപ്പോസ്തലന്മാരുടെ അടിസ്ഥാനം എന്നും 95-ാം പേജിൽ ഈ ആശയങ്ങൾ പൊരുത്തമില്ലാത്തവയെന്നും വ്യത്യസ്തങ്ങളല്ലെന്നും പറഞ്ഞിട്ടുണ്ട്. 96-ാം പേജിൽ പത്രോസ് പാറയായിരിക്കുന്നതുപോലെ അതേ വിശ്വാസം ഏറ്റ് പറയുന്ന മറ്റപ്പോസ്തലന്മാരും പ്രവാചകന്മാരും എന്നുവേണ്ട ഈ വിശ്വാസമുള്ള എല്ലാവരും സഭയാകുന്ന മന്ദിരത്തിന്റെ കെട്ടുപണിയിൽ ഉപയോഗിക്കപ്പെടുന്ന കല്ലുകളാകുന്നു എന്നു പറഞ്ഞിരിക്കുന്നതനുസരിച്ച് മുമ്പ് ഞാൻ ബോധിപ്പിച്ചിരിക്കുന്നതുപോലെ തന്നെ അവർ മൂലക്കല്ലായ ക്രിസ്തുവിനോടു ചേർത്തു പണിയപ്പെട്ടിരിക്കുന്നു. ആ അർത്ഥത്തിൽ 98-99 പേജുകളിൽ പറഞ്ഞിട്ടുള്ളത് ശരിയാണ്. Ans. 98-99 പേജുകൾക്കു മുമ്പുള്ള പേജുകളിൽ നിന്നും പറഞ്ഞ references എല്ലാം സ്വീകാര്യമായിട്ടുള്ളവയാണോ? Q ഞാൻ ബോധിപ്പിച്ചതുപോലെ അദ്ദേഹവും നാലഞ്ചു അഭിപ്രായങ്ങൾ പറഞ്ഞിരിക്കുകയും അവ തമ്മിൽ ആശയത്തിൽ വ്യത്യാസമില്ല എന്നു പറഞ്ഞിരിക്കുകയും ചെയ്തിരിക്കുന്നതിനാൽ അക്കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ ഇല്ല. Ans. E.B. 103 page 93 ൽ മത്തായി 16-18 വാക്യത്തെപ്പറ്റിയുള്ള അഭിപ്രായം പറയുന്നുണ്ട്. അത് അദ്ദേഹത്തിന്റേതായുള്ള വ്യാഖ്യാനമാണ്. 94, 95 പേജുകളിലായി *ശ്ഹീമാ നമസ്കാരത്തിൽ* നിന്നുമുള്ള ഏതാനും ഉദ്ധരണികൾ ചേർത്തിട്ടുണ്ട്. അത് പല ദിവസങ്ങളിലെ നമസ്കാരത്തിൽ നിന്നാണ്. ആ ഉദ്ധരണികൾ എല്ലാം അവിടെ പറയുന്ന നമസ്കാരങ്ങളിൽ ഉള്ളതാണല്ലോ? Q വിശ്വാസമാകുന്ന പാറമേൽ എന്നുള്ള ഉദ്ധരണി ശരിയാണ്. ഞാൻ ശേമോൻ കീപ്പാമേലും 72 അറിയിപ്പുകാരിന്മേലും പണിയപ്പെട്ടിരിക്കുന്നു എന്നുള്ള ഉദ്ധരണി ശരിയാണ്. ശെമവോനെ നിന്റെ മേൽ ഞാൻ പരിശുദ്ധ സഭയെ പണിയും ശരിയാണ്. നെബിസ്ലീഹാ സഹദാ എന്നുള്ള ആ ഉദ്ധരണി ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. സഭയെ നിന്റെ അടിസ്ഥാനങ്ങളിൽ ശെമവോനെ കൊന്നു എറിയപ്പെട്ടിരിക്കുന്നുമുണ്ട്. ശെമവോൻ അടിസ്ഥാനവും പൗലോസ് ശില്പിയുമാകുന്നു. ഉണ്ട് നമ്മുടെ കർത്താവ് ശെമവോൻ കീപ്പാമേൽ തന്റെ സഭയെ പണിതു. 72 തൂണുകൾമേൽ അതിനെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ശ്ലീഹന്മാരിൽ തലവൻ എന്നുള്ളത് ശ്ലീഹന്മാരുടെ തലവൻ ശെമവോന്റെ വംശത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു എന്നുള്ളത് അതിന്റെ വ്യാഖ്യാനം കൂടാതെ ഉണ്ട്. ശ്ലീഹന്മാരുടെ പൊതു പ്രുമിയോൻ അല്ല പരിശുദ്ധന്മാരുടെ പൊതു പ്രുമിയോൻ അല്ല പരിശുദ്ധന്മാരുടെ പൊതുപ്രൊമിയോനിൽ അവരെ ഇളകിപ്പോകാത്ത അടിസ്ഥാനങ്ങൾ എന്നു പറഞ്ഞിട്ടുണ്ട്. സത്യ ഇടയൻ പത്രോസിനെപ്പോലെ സഭയുടെ അടിസ്ഥാനവുമായ ജ്ഞാനമുള്ള ഭരണാവകാശി സമാധാനത്തോടെ വരിക എന്നുള്ളതും ഉണ്ട്. അതിന് കൊടുത്തിരിക്കുന്ന വ്യാഖ്യാനങ്ങളൊന്നും ഞാൻ സ്വീകരിക്കുന്നില്ല. Ans. ജ്ഞാനമുള്ള

ഭരണാക്കാരാ സമാധാനത്തോടെ വരിക എന്നുള്ളത് മേൽപട്ടക്കാരെ എതിരേല്ക്കുമ്പോൾ ചൊല്ലുന്ന ഒരു പാട്ടിലെ ഭാഗമാണോ?Q അത് പ്രാർത്ഥനയിലുള്ള ഭാഗമാണ്. മേൽപട്ടക്കാരെ എതിരേല്ക്കുമ്പോഴും ചൊല്ലാം. ഉപയോഗിക്കുന്നതാണ്. Ans. stopped for the day. മൊഴി വായിച്ചു കേട്ടു. ശരി. കുര്യൻ കോർഎപ്പിസ്കോപ്പാ.

Sd/-

First addl.District&Session court, ERNAKULAM.
Taken down by / before me in open court, interpreted / read over to the witness admitted by him/her to be correct.

Sd/-
Judge 31-7-78

1/8 witness sworn again and cross examination continued. St. Mathew chap. XVI verse-19 ൽ പറയുന്ന keys of the kingdom of Heaven എന്നത് എന്തിനെ സൂചിപ്പിക്കുന്നതാണ്?Q Kingdom of Heaven സഭ ആയിട്ടും keys അതിന്റെ ഭരണാധികാരത്തെയും കാണിക്കുന്നു. Ans. ഭരണാധികാരത്തിൽ എന്തൊക്കെ ഉൾപ്പെടും?Q ഇനി തിരിച്ച് പറയുവാൻ സാദ്ധ്യമല്ല. സഭാഭരണത്തിന് ആവശ്യമുള്ള എല്ലാ അധികാരങ്ങളും ഉൾപ്പെടും. Ans. ആത്മീയവും ലൗകികവുമായിട്ടുള്ള അധികാരങ്ങൾ ഉൾപ്പെടുമോ?Q ക്രിസ്തു അവിടെ ഉദ്ദേശിച്ച എല്ലാ അധികാരവും എന്നല്ലാതെ കൂടുതൽ പറയാൻ സാദ്ധ്യമല്ല. Ans. അതിനെപ്പറ്റി ബർസ്ലീബിയൊ മറ്റ് വ്യാഖ്യാനങ്ങളൊ എന്തെങ്കിലും പറയുന്നുണ്ടോ?Q ബർസ്ലീബി എന്ത് പറഞ്ഞിരിക്കുന്നു എന്നോർക്കുന്നില്ല. എന്നാൽ 2-ാം വാദിയുടെ *സഭയും കൂദാശയും* എന്ന പുസ്തകത്തിൽ ഭരണാധികാരം എന്ന് താക്കോലിനെ ഉദ്ദേശിച്ച് പറയുന്നുണ്ട്. Ans. മറ്റു വ്യാഖ്യാനങ്ങൾ പലയിടത്തും വായിച്ചിട്ടുണ്ട്. ഇപ്പോൾ ഓർക്കുന്നില്ല. E.B.103 ൽ പേജ് 212ൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരും എന്ന് തുടങ്ങി സർവ്വഭരണാധികാരികളും നടത്തുന്ന ആളാണ് ഗൃഹവിചാരകൻ എന്നുവരെയുള്ള ഭാഗത്ത് 2-ാം വാദി പറഞ്ഞിട്ടുള്ളതാണ് ഞാൻ ഉദ്ദേശിച്ചത്. പേജ് 218 മുതല്ക്ക് 221 വരെയുള്ള ഭാഗത്ത് ഈ അധികാരം പത്രോസിന് മാത്രമാണോ എന്നുള്ളതിനെപ്പറ്റി പറയുന്നില്ലേ?Q റോമൻ കത്തോലിക്കർ അങ്ങനെ പറയുന്നതായി പറയുന്നുണ്ട്. Ans. അത് വേദത്തിനും പാരമ്പര്യത്തിനും എതിരാണെന്ന് ഗ്രന്ഥകർത്താവ് പറയുന്നുണ്ട്. അത് എല്ലാ ശ്ലീഹന്മാർക്കും ഒരുപോലെ ലഭിച്ചിട്ടുള്ളതാണെന്ന് സമർത്ഥിക്കുന്നില്ലേ?Q എല്ലാ ശ്ലീഹന്മാർക്കും ഒന്നുപോലെ സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ലഭിച്ചതായി വേദപുസ്തകത്തിലില്ലാത്തതുകൊണ്ടും നിനക്കു ഞാൻ തരും എന്നു ക്രിസ്തു പറഞ്ഞിരിക്കുന്നതിനാലും എല്ലാവർക്കും ഒരുപോലെ സ്വർഗരാജ്യത്തിന്റെ താക്കോലുകൾ കിട്ടിയിട്ടില്ലെന്നാണ് സഭയുടെ പഠിപ്പിക്കൽ. Ans. മത്തായി 16-19ൽ ഞാൻ തരും എന്ന് ഭാവികാലത്തെ സൂചിപ്പിച്ചല്ലേപറയുന്നത്?Q അതേ, കർത്താവ് ജീവിച്ചിരുന്നപ്പോഴും സ്വർഗ്ഗാരോഹണം വരെയും അതിന്റെ പ്രവർത്തനം

മറ്റാരും ചെയ്യേണ്ടതില്ലായിരുന്നു. എന്നാൽ സ്വർഗ്ഗാരോഹണത്തിന് മുമ്പായി യോഹന്നാൻ 21ൽ എന്റെ ആടുകളെ മേയ്ക്കുക എന്ന് പറഞ്ഞ് പൂർണ്ണാധികാരവും നടപ്പിലാക്കുവാൻ പത്രോസിന് അനുമതി നൽകി. Ans. മത്തായി 16-19ൽ പറയുന്ന താക്കോൽ അധികാരം ഭരണാധികാരമാണെന്നും ആ ഭരണാധികാരം പ്രായോഗികമാക്കുവാൻ സ്വർഗ്ഗാരോഹണത്തിന് മുമ്പ് കർത്താവ് നിർദ്ദേശിച്ചു എന്നുമാണ് ഞാൻ ബോധിപ്പിച്ചത്. മത്തായി 16:19ൽ കൊടുക്കുമെന്ന് പറഞ്ഞ ഭരണാധികാരം രണ്ടാമത് പറഞ്ഞ അവസരത്തിൽ കൊടുത്തു എന്നാണോ?Q ഞാൻ നിനക്ക് തരുമെന്ന് പറഞ്ഞ അവസരത്തിൽ തന്നെ കൊടുക്കാൻ കഴിഞ്ഞു. ആ അധികാരം പ്രായോഗികമാക്കുന്നതിനു സ്വർഗ്ഗാരോഹണത്തിന് മുമ്പ് നിർദ്ദേശവും കൊടുത്തു. Ans. അതുവരെ ആ അധികാരം പ്രായോഗിക്കുവാൻ പാടില്ലെന്നായിരുന്നോ?Q അതാണ് നേരത്തെ ബോധിപ്പിച്ചത്. കർത്താവിന്റെ സ്വർഗാരോഹണം വരെ ആ അധികാരം തന്നിൽ സ്ഥിതി ചെയ്തിരുന്നു എന്ന് Ans.E.B45 പേജ് 475ൽ കാദീശെ എന്നൊരു ഹെഡിംഗ് ഉണ്ട്. അത് കഴിഞ്ഞു താക്കോലുകളെപ്പറ്റി പറയുന്ന ഭാഗം തർജ്ജമ ചെയ്യാമോ?Q ചെയ്യാം. അതിന്റെ തർജ്ജമ, തങ്ങളുടെ ഞെരുക്കങ്ങൾ മൂലം മ്ശിഹായെ പ്രസാദിപ്പിച്ചവരായ ശ്ലീഹന്മാരിൽ, വരുവിൻ നമുക്കഭയം പ്രാപിക്കാം. അവർ അവനിൽ നിന്ന് പരിശുദ്ധാത്മാവിനെയും ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകളെയും സ്വീകരിച്ചു. അവരെ ഭൂമിയിൽ ശ്രേഷ്ഠരാക്കുകയും പ്രസംഗകരാക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കണ്ടാലും ഇന്ന് സൃഷ്ടിയിൽ അവരുടെ ഓർമ്മകൾ ശ്രേഷ്ഠമായിത്തീരുന്നു. ഇത് സഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രാർത്ഥനയാണ്. അവിടെ ശ്ലീഹന്മാർക്ക് ലഭിച്ച ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകൾ എന്തിനെ സൂചിപ്പിക്കുന്നതാണ്?Q പത്രോസിനും കൊടുത്ത ആ താക്കോലല്ല ഈ താക്കോൽ. പത്രോസിന് കൊടുത്തത് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലാണ് ഇവിടെ പറയുന്ന താക്കോലുകൾ സെയ്ന്റ് മാത്യു 16:19-ാം വാക്യത്തിൽ നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നിങ്ങനെ പറഞ്ഞുകൊണ്ട് നൽകിയ ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകളാകുന്നു. പാപമോചനാധികാരം അതിനെ ഉദ്ദേശിച്ചാണ് ഇവിടെ പറയുന്നത്. പത്രോസിന് കൊടുത്തത് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഭരണാധികാരത്തിന്റെയും ശ്ലീഹന്മാർക്ക് ഇവിടെ കിട്ടി എന്ന് പറയുന്ന താക്കോലുകൾ ഭരണാധികാരത്തിന്റെ അല്ല. പാപമോചനാധികാരത്തെ ഉദ്ദേശിച്ച് താക്കോലുകൾ എന്നുപയോഗിച്ചിരിക്കുകയാണ്. കാരണം ഉയരത്തിന്റെയും ആഴത്തിന്റെയും എന്ന് പറഞ്ഞിരിക്കുന്നു. Ans. കെട്ടുകയും അഴിക്കുകയും ചെയ്യുന്നതിനുള്ള അധികാരം എല്ലാ ശ്ലീഹന്മാർക്കും ഒരുപോലെ കർത്താവിൽ നിന്ന് കിട്ടിയിട്ടുള്ളതാണോ?Q കെട്ടുകയും അഴിക്കുകയും ചെയ്യുക എന്ന് പറയുന്നത് പാപമോചനാധികാരം ആണ്. അത് യോഗത്താൽ 20-21 മുതൽ 23 വരെ എന്ന് തോന്നുന്നു. അപ്പോൾ ആ മാളികയിൽ ഉണ്ടായിരുന്ന

പത്രോസുൾപ്പെടെയുള്ള 10 ശ്ലീഹന്മാർക്ക് കിട്ടിയിട്ടുള്ളതാണ്. Ans. കെട്ടുകയും അഴിക്കുകയും ചെയ്യുക എന്നാൽ അനുവദിക്കുകയൊ, നിരസിക്കുകയോ ചെയ്യുന്നതിനുള്ള അധികാരമാണോ?Q അല്ല, പാപം മോചിക്കുകയൊ മോചിക്കാതിരിക്കുകയൊ ചെയ്യുന്നതിനുള്ള അധികാരം ആണ്. Ans. ശിക്ഷാർഹം ഏതെന്നും നിർദ്ദോഷം ഏതെന്നും ശിക്ഷ എന്തെന്നും മറ്റും നിർവ്വചിക്കുന്നതിനുള്ള ഭരണാധികാരം കെട്ടുകയും അഴിക്കുകയും എന്നതിൽ വരുകയില്ലേ?Q ഇല്ല. അത് ഭരണാധികാരത്തിൽ മാത്രം ഉൾപ്പെടുന്നതാണ്. Ans. പാപമോചനാധികാരം ഭരണാധികാരത്തിൽ ഉൾപ്പെടുകയില്ലെന്നാണോ?Q എന്നല്ല. പാപമോചനാധികാരമുള്ള ആൾ ഭരണാധികാരിയും കൂടിയാണെങ്കിൽ ഇതുരണ്ടും ഉണ്ടായിരിക്കും. Ans.E.B.45-475 വശത്ത് പറയുന്നു. ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകളെകുറിച്ചുള്ള വ്യാഖ്യാനം സാക്ഷി പറയുംപോലെ ആണെന്നുള്ളതിനു വല്ല അടിസ്ഥാനവും ഉണ്ടോ? ഉണ്ട്. ഒന്നാമതായി, പത്രോസിനു കൊടുത്തത് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളാണ്. മറ്റേത് ഉയരത്തിന്റെയും ആഴത്തിന്റെയും ആണ്. രണ്ട് താക്കോലും ഒന്നല്ലാ എന്ന് അതിൽനിന്നു തന്നെ സ്പഷ്ടം. രണ്ട്, *സഭയും കൂദാശകളും* എന്ന പുസ്തകത്തിൽ തന്നെ രണ്ടാമത് പറഞ്ഞ താക്കോലുകൾ പാപമോചനാധികാരത്തെ കാണിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. മൂന്ന്, ഫാ. ഏബ്രഹാം കോനാട്ട് അച്ചടിപ്പിച്ച *സുവിശേഷവ്യാഖ്യാന*ങ്ങളിലും ഞാൻ പറഞ്ഞ അഭിപ്രായം ഉണ്ടെന്നാണ് എന്റെ ഓർമ്മ. നാല്, ഇതല്ല അതിന്റെ അർത്ഥമെന്നു അധികൃത രേഖകളൊന്നും ഞാൻ കണ്ടിട്ടില്ല. Ans. സാക്ഷി പറഞ്ഞതു പോലെയാണ് വ്യാഖ്യാനമെന്ന് അധികൃത രേഖകളിലുണ്ടൊ?Q കണ്ടേക്കും. അതുകൊണ്ടായിരിക്കണമല്ലൊ ഉള്ള ചില കാര്യങ്ങളും ചിലരെല്ലാം എഴുതിയിരിക്കുന്നത് Ans. കണ്ടിട്ടുണ്ടെങ്കിൽ ആ അധികൃത രേഖകൾ എന്തെന്ന് പറയാമൊ?Q ഞാൻ വ്യാഖ്യാന പുസ്തകങ്ങൾ കണ്ടിട്ടില്ല. ആകയാൽ ഇതിൽ കൂടുതൽ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. അധികൃതരേഖകൾ കണ്ടിട്ടില്ല. ഞാൻ പറഞ്ഞതിനെതിരായി ഒരു രേഖയും കണ്ടിട്ടില്ല. Ans.E.B45 ൽ തർജ്ജമ ചെയ്ത ഭാഗത്ത് ഉയരത്തിന്റെ എന്നു പറയുന്നത് എന്താണ്?Q അവിടെ ഉയരത്തിന്റെ എന്ന് പറയുന്നത് സ്വർഗ്ഗത്തിന്റെയും ആഴത്തിന്റെ എന്നു പറയുന്നത് ഭൂമിയുടെയും ഉദ്ദേശിച്ച് പറഞ്ഞിട്ടുള്ളതാണ്. അത് ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. ഭൂമിയിൽ അഴിക്കുന്നത്, സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നുള്ളതിന്റെ വെളിച്ചത്തിൽ ഉയരത്തിന്റെയും അഥവാ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും താക്കോലുകൾ എന്നാണ്. പത്രോസിന് ലഭിച്ചത് സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ആണ്. സ്വർഗ്ഗരാജ്യം സഭയെ കാണിക്കുന്നു. Ans. മത്തായി 16:19ൽ keys എന്ന ബഹുവചനമാണ്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ബഹുവചനം എന്തിനാണ്?Q സർവ്വാധികാരങ്ങളും കാണിക്കാൻ ആ അർത്ഥമാണ് *സഭയും കൂദാശകളും* എന്നതിലും പറയുന്നത്. Ans. മത്തായി 16:19ൽ സ്വർഗരാജ്യത്തിന്റെ താക്കോലുകൾ എന്നു പറയുന്നത് കെട്ടുകയും അഴിക്കു

കയും ചെയ്യുന്നതിനോട് ബന്ധപ്പെടുത്തിയാണോ അവിടെ പറഞ്ഞിരിക്കുന്നത്?Q അല്ല. ആദ്യം താക്കോലുകൾ കൊടുക്കുന്ന കാര്യം പറഞ്ഞു. അതിനുശേഷം കെട്ടുകയും അഴിക്കുകയും ചെയ്യുന്നകാര്യം പറഞ്ഞു. അങ്ങനെ രണ്ട് കാര്യങ്ങളായിട്ടാണ് പറയുന്നത്. Ans. And I will give unto Thee the keys of the kingdom of Heaven. And what so ever thou shall loose on earth shall be loosend in Heaven എന്നല്ലേ പറഞ്ഞിരിക്കുന്നത്?Q അതെ. And ഇടയ്ക്കുള്ളത് കൊണ്ടു തന്നെയാണ് രണ്ടെന്ന് പറഞ്ഞത്. അതിന് മുമ്പും And ഉപയോഗിച്ചിട്ടുണ്ട്. And upon this rock will build my Church and the gate of hell shall not prevail against it. ഇതു രണ്ടും ഒന്നാണെങ്കിൽ മാത്രമെ താഴെ പറയുന്നതും ഒന്നെന്ന് പറയാൻ നിവൃത്തിയുള്ളൂ. Ans.St.Mathew XVI- 18ൽ upon this rock will I build my Church എന്നു കഴിഞ്ഞ് സെമികോളൻ ഉണ്ട്. അതിന്റെ പിന്നാലെ സെമിക്കോളനെ ഉള്ളൂ. എന്നാൽ 19ൽ I will give unto Thee the keys of kingdom of Heaven കഴിഞ്ഞ് രണ്ട് കുത്തിട്ടിട്ടുണ്ട്. Semi stop ആണ് വിസർഗം എന്ന് സംസ്കൃതത്തിൽ പറയും. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം പത്രോസുൾപ്പെടെ പത്തുപേർക്ക് കൊടുത്തു. ആ അധികാരം ലഭിക്കാത്ത ശ്ലീഹന്മാർ ആരെങ്കിലും ഉണ്ടോ?Q ആ സമയത്ത് അവിടെ ഉണ്ടായിരുന്നവർക്ക് ലഭിച്ചു. ജൂദാ മരിച്ചുപോയിരുന്നു. തോമാശ്ലീഹ അവിടെ ഇല്ലായിരുന്നു. Ans. അതുകൊണ്ട് തോമാശ്ലീഹാക്ക് കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം സിദ്ധിച്ചിട്ടില്ലെന്നാണോ?Q അവിടെ ഉണ്ടായിരുന്നവർക്ക് നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ എന്ന് കർത്താവ് പറഞ്ഞു. അവരിൽ ഊതി പാപമോചനത്തിനുള്ള അധികാരം കൊടുത്തപ്പോൾ അവിടെ ഉണ്ടായിരുന്നവർക്ക് മാത്രമെ. കിട്ടാൻ വഴിയുള്ളൂ. ഇല്ലാതിരുന്നവർക്ക് കിട്ടിയില്ല എന്നുവേണം വിശ്വസിക്കുവാൻ. Ans. മോർ തോമാശ്ലീഹായ്ക്ക് ക്രിസ്തുവിൽനിന്നും പാപമോചനാധികാരം ലഭിച്ചിരുന്നില്ല എന്നാണോ സഭ വിശ്വസിക്കുന്നത്?Q ആ ഭാഗംകൊണ്ട് അങ്ങനെ കാണുന്നു എന്നല്ലാതെ കൂടുതൽ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Ans. അത് സംബന്ധിച്ചുള്ള സഭയുടെ വിശ്വാസം എന്താണെന്ന് സാക്ഷിക്കറിയാൻ പാടില്ലെന്ന് ധരിക്കട്ടെയോ?Q അങ്ങനെ ധരിക്കണമെന്നില്ല. യോഹന്നാൻ 20:21ൽ കാണുന്നത് പ്രകാരം ആ സമയത്ത് ഉണ്ടായിരുന്നവർക്ക് ആണ് ആ അധികാരം കിട്ടിയതെന്ന് *സഭയും കൂദാശകളും* എന്ന പുസ്തകത്തിലും മുൻപറഞ്ഞ *സുവിശേഷ വ്യാഖ്യാന*ത്തിലും ഉള്ള സ്ഥിതിക്ക് ഉണ്ടായിരുന്നവർക്ക് മാത്രമാണ് ഇല്ലാതിരുന്നവർക്ക് ഇല്ല എന്ന് സ്പഷ്ടമാണ്. അക്കാര്യം ഞാനും വിശ്വസിക്കുന്നു. Ans അതാണോ സഭയുടെ വിശ്വാസം?Q ഇക്കാര്യത്തിൽ ഈ രണ്ട് പുസ്തകത്തിന്റെയും കർത്താക്കൾ സഭയുടെ വിശ്വാസത്തിന് വിപരീതമായിട്ടല്ല പറഞ്ഞിരിക്കുന്നത്. Ans.question repeated. സഭയുടെ വിശ്വാസം അതാണോ?Q മുൻ ഉത്തരത്തിൽ നിന്ന് അത് implied ആണ്. Ans. വ്യക്തമായ മറുപടി തരണം?Q ഈ അധികാരം കൊടുത്ത സമയത്ത് അവിടെ ഉള്ളവർക്ക് മാത്രം അധികാരം കിട്ടി എന്ന് സഭ വിശ്വസിക്കുന്ന സ്ഥിതിക്ക് ആ സമയത്ത് മോർതോമാ ശ്ലീഹാ അവിടെ ഇല്ലാതിരുന്നതിനാൽ

ഈ അധികാരം അദ്ദേഹത്തിന് കിട്ടിയിരിക്കാൻ വഴിയില്ല. ആ പ്രശ്നത്തെ സംബന്ധിച്ച് ഇതുവരെയും സഭയുടെ വിശ്വാസം എന്താണെന്ന് എനിക്കൊ മറ്റാർക്കുമൊ പറയുവാൻ സാദ്ധ്യമല്ല. Ans. അത് സംബന്ധിച്ചുള്ള സഭയുടെ വിശ്വാസം എന്താണെന്ന് അഭിപ്രായ ഐക്യത്തിൽ എത്താതെ controversial ആയി കിടക്കുകയാണോ ഇപ്പോഴും?Q അതെ, Ans. St.Mathew XXVI 18 വായിച്ചു. അതിൽ കെട്ടുകയും അഴിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് മത്തായി 16:18ൽ പറയുന്നത് പോലെതന്നെ പറയുന്നില്ലേ?Q അവിടെയും future tense ൽ ആണ് പറയുന്നത്. പത്രോസിന് ഭരണാധികാരം പിന്നീട് കിട്ടി യതുപോലെ ശ്ലീഹന്മാർക്ക് ഈ അധികാരം പ്രായോഗികമാക്കത്തക്കവണ്ണം ലഭിച്ചത് മാളികയിൽ വച്ചാണ്. Ans. 18:18ൽ future tense ഉപയോഗിച്ചിരിക്കു ന്നതിൽ നിന്നാണ് അത് ഞാൻ പറയുന്നത്. സെയ്ന്റ് മാത്യു 28:18-19ൽ പറയുന്ന വാക്യങ്ങൾ പറയുമ്പോൾ മോർ തോമാ ശ്ലീഹാ ഉണ്ടായിരുന്നോ?Q ഉണ്ടായിരുന്നു. Ans. All power is given unto me in heaven and earth. So ye there-fore go and teach all nations them in the name of the Father and of the Son and of the Holy Ghost. എന്നു പറയുന്ന അധികാരം മോർതോമാശ്ലീഹ ഉൾപ്പെടെയുള്ള എല്ലാ ശ്ലീഹന്മാർക്കും ഉണ്ടോ?Q അവിടെ teaching and bap-tising അധികാരങ്ങളാണ് പറഞ്ഞിരിക്കുന്നത്. അത് എല്ലാവർക്കും ഉണ്ട്. Ans. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് മോർ തോമാ ശ്ലീഹാ ഉണ്ടായി രുന്നോ?Q ആരെല്ലാമുണ്ടായിരുന്നു എന്ന് സുവിശേഷങ്ങളിൽ സ്പഷ്ടമായി പറയുന്നില്ല. സ്വർഗ്ഗാരോഹണത്തെപ്പറ്റി പറയുന്നുണ്ട്. disciples എന്ന് മാത്രമെ പറയുന്നുള്ളു. Ans. ആരൊക്കെ ഉണ്ടായിരുന്നു എന്ന് സാക്ഷിക്ക് പറയാമോ?Q സുവിശേഷത്തിൽ പറയുന്നതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ. Ans. സ്വർഗാ രോഹണസമയത്ത് disciples നെ കയ്യുയർത്തി അനുഗ്രഹിച്ച് എന്തെങ്കിലും അധികാരങ്ങൾ കൊടുത്തോ?Q disciples എന്ന് പറയുമ്പോൾ Apostles അല്ലാ ത്തവരും ഉൾപ്പെടും. ആ സമയത്ത് പ്രത്യേക അധികാരം കൊടുത്തതായി സുവിശേഷങ്ങളിൽ ഒരിടത്തും പറയുന്നില്ല. Ans.St.Luke chap.XXIV verse 47-51. ആ അവസരത്തിൽ ശ്ലീഹന്മാർ യൂദാസ് ഒഴികെ എല്ലാവരും ഉണ്ടായി രുന്നോ?Q എല്ലാവരും ഉണ്ടായിരുന്നതായി അവിടെ പറയുന്നില്ല. Ans.verse 33 ൽ പതിനൊന്ന് പേരും ഉണ്ടായിരുന്നതായി പറയുന്നുണ്ട്. അത് എമ്മാവോ സിലേക്ക് പോയ രണ്ട് ശിഷ്യന്മാർക്ക് കർത്താവ് പ്രത്യക്ഷപ്പെട്ടതിന്റെശേഷം അവർ വന്ന് 11 പേരും കൂടിയിരുന്ന സ്ഥലത്ത് അവരോട് വിവരം അറിയിക്കു കയാണ്. പിന്നീട് ക്രിസ്തു അവർക്ക് പ്രത്യക്ഷപ്പെട്ട് തന്റെ കൈകളിലും വിലാപ്പുറത്തുമുള്ള പാടുകൾ അവരെ കാണിച്ച കാര്യവും അവിടെ പറയു ന്നുണ്ട്. ആ സംഭവം യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നത് കഴിഞ്ഞ് കുറച്ച് ദിവസവും കൂടി കഴിഞ്ഞായിരുന്നു സ്വർഗ്ഗാരോഹണം. St.Luke chap. XXIV ver.49 ൽ പറയുന്ന വാഗ്ദാനം ക്രിസ്തു ആർക്ക് കൊടുത്തിട്ടുള്ള താണ്?Q ആ സമയത്ത് അവിടെ കൂടിയിരുന്നവർക്ക് Ans. ആ കൂടിയിരുന്ന വരിൽ മോർ തോമാ ശ്ലീഹായും മറ്റ് ശ്ലീഹന്മാരും ഉണ്ടായിരുന്നോ?Q മുമ്പ്

ചോദിച്ചതുപോലെ അവിടെ disciples ഉണ്ടായിരുന്നു. ആരെല്ലാം ഉണ്ടായിരുന്നു എന്ന് പറയാൻ സാധിക്കയില്ല. Ans. അതുകൊണ്ട് മോർ തോമാ ശ്ലീഹായും മറ്റ് ശ്ലീഹന്മാരും ഉണ്ടായിരുന്നോ എന്നറിഞ്ഞു കൂടെന്നാണോ?Q ശ്ലീഹന്മാർ ആരെല്ലാം ഉണ്ടായിരുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. Ans. ശ്ലീഹന്മാർ ഉണ്ടായിരുന്നോ?Q ഉണ്ടായിരുന്നിരിക്കണം. Ans. അതിൽ മോർ തോമാ ശ്ലീഹാ ഉണ്ടായിരുന്നോ?Q എനിക്ക് ആരെല്ലാം അവിടെ ഉണ്ടായിരുന്നു എന്ന് ഒരു പുസ്തകത്തിലും വായിച്ചിട്ടില്ലാത്തതിനാൽ ഇതിൽ കൂടുതൽ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Ans. ഈ ഭാഗത്തെപ്പറ്റി സുവിശേഷ വ്യാഖ്യാനങ്ങളിൽ എന്തെങ്കിലും പറയുന്നുണ്ടോ?Qനോക്കിയാലെ പറയാൻ നിവൃത്തിയുള്ളൂ. നോക്കിയിട്ടുള്ളത് ഇപ്പോൾ ഓർക്കുന്നില്ല. Ans. നോക്കിയിട്ടുള്ളത് ആരുടെ വ്യാഖ്യാനമാണ്?Q പല പുസ്തകങ്ങളിലും പലരുടെയും വ്യാഖ്യാനങ്ങൾ വായിച്ചിട്ടുണ്ടെന്നല്ലാതെ ആരുടെ എന്ന് ഇപ്പോൾ പറയാൻ പറ്റുകയില്ല. Ans. താക്കോലുകൾ കൊടുത്തപ്പോൾ കിട്ടിയ അവസരത്തെപ്പറ്റി സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ ഉണ്ടോ?Q അങ്ങനെ ഉള്ളതിൽ നിന്ന് മനസ്സിലാക്കിയവയാണ് മുമ്പ് ബോധിപ്പിച്ചത്. Ans. അതിനെപ്പറ്റി പറഞ്ഞിട്ടുള്ള സഭാപിതാക്കന്മാർ ആരാണ്?Q ഓർമ്മയില്ല. Ans. എല്ലാ അപ്പോസ്തലന്മാരും ഗൃഹവിചാരകന്മാരാണെന്ന് വേദത്തിൽനിന്നോ, സഭയിലുള്ള പ്രാർത്ഥനാക്രമങ്ങളിൽ നിന്നോ മറ്റ് പുസ്തകങ്ങളിൽ നിന്നോ കാണാമോ?Q ഉണ്ടൊ ഇല്ലയൊ എന്ന് പെട്ടെന്ന് പറയാൻ നിവൃത്തിയില്ല. Ans. കർത്താവിന്റെ ക്രൂശുമരണത്തിന് മുമ്പ് പത്രോസ് മൂന്ന് പ്രാവശ്യം ക്രിസ്തുവിനെ തള്ളിപ്പറഞ്ഞിട്ടുണ്ട്. മത്തായി 26:69-75 വരെയുള്ള ഭാഗത്ത് പത്രോസ് തള്ളിപറഞ്ഞതിനെക്കുറിച്ചും അദ്ദേഹം അതിൽ പശ്ചാത്തപിച്ച് കരഞ്ഞതിനെക്കുറിച്ചും പറയുന്നുണ്ട്. കർത്താവ് പത്രോസിനോട് നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചതായിട്ടാണ് വേദത്തിൽ ഉള്ളത്. Ex.A.71 പേജ് 118-119 ൽ പത്രോസ് മിശിഹായെ തള്ളി പറഞ്ഞപ്പോൾ എന്നു മുതൽ പഴയ സ്ഥാനത്തേക്ക് പ്രവേശിക്കാൻ തനിക്ക് സാദ്ധ്യമായിരുന്നു എന്നു വരെയുള്ള ഭാഗം നോക്കി. അവിടെ പറയുന്ന കാര്യങ്ങൾ തള്ളി പറഞ്ഞപ്പോൾ തന്റെ സ്ഥാനത്തുനിന്ന് അധഃപതിച്ച് പോയിരുന്നു. എങ്കിലും ശ്രേഷ്ഠമായ ആ പദവി കുറച്ച് നാളുകൾക്കു ശേഷം ഗലീല കടൽ തീരത്ത് വച്ച് സത്യമായിട്ടുള്ള ഏറ്റു പറച്ചിലിനുശേഷം മിശിഹായാൽ തന്നെ തിരിച്ചുകൊടുക്കപ്പെട്ടു. യോഹന്നാനെപ്പോലെ യേശുവിനെ പെട്ടെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെങ്കിലും ആദ്യം യേശുവിന്റെ അടുക്കൽ എത്തിയത് ഇദ്ദേഹമായിരുന്നു. മൂന്ന് പ്രാവശ്യം തള്ളിപ്പറഞ്ഞതിന് പകരം അവിടെവച്ച് മ്ശിഹാ ചോദിച്ച മൂന്ന് ചോദ്യങ്ങൾക്ക് സ്നേഹവും വിശ്വാസവും നിറഞ്ഞിരുന്ന മൂന്ന് പ്രത്യുത്തരങ്ങളാൽ മ്ശിഹായുടെ ആടുകളെ മേയ്പ്പാനുള്ള സ്ഥാനം വീണ്ടും ലഭിക്കുന്നു. ഈ അധികാരത്തിൽ കൂടാതെ തനിക്ക് തന്റെ പഴയസ്ഥാനത്തേക്ക് പ്രവേശിക്കുവാൻ അസാദ്ധ്യമായിരുന്നു എന്ന് പറയുന്നതിൽ ഞാൻ യോജിക്കുന്നു. ExA 71ൽ പേജ് 118-119 ൽ പറയുന്നത് പത്രോസിന്റെ തള്ളി പറച്ചിലിനെയും വീണ്ടും പത്രോ

സിന് പൂർവ്വസ്ഥാനം ലഭിക്കുന്നതിനെയും സംബന്ധിച്ച് സഭയുടെ ഉപദേശമാണോ?Q അതെ, Ans.ExA 213 ൽ part II പേജ് 19ൽ പത്രോസിന്റെ തള്ളിപ്പറച്ചിലിനെപ്പറ്റി പറയുന്ന ഭാഗം നോക്കി. അതിൽ തള്ളിപ്പറച്ചിൽ മൂലം പത്രോസ് ക്രിസ്തുവിൽനിന്നകന്ന് ശ്ലീഹാ ഗണത്തിൽ നിന്നും സ്വയം ബഹിഷ്കൃതനായി തീർന്നു എന്ന് പറയുന്നത് ശരിയാണോ? പത്രോസ് ക്രിസ്തുവിനെ ദൈവപുത്രൻ എന്ന് മറ്റുള്ളവരെ അറിയിക്കേണ്ടവനായിരിക്കെ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞപ്പോൾ ക്രിസ്തു അവനെ ബഹിഷ്കരിച്ചില്ലെങ്കിലും ശ്ലീഹാഗണത്തിൽ നിന്ന് സ്വയം ബഹിഷ്കൃതനായോ എന്ന് എനിക്കറിഞ്ഞുകൂടാ. തന്റെ നിലപാടിൽ അവൻ തെറ്റു ചെയ്തു. മനുഷ്യസഹജമായ ആ തെറ്റിനെ ഓർത്ത് അവൻ കരഞ്ഞ് തന്റെ കണ്ണുനീരുകൊണ്ട് ശ്ലീഹാഗണത്തിൽ അവനുണ്ടായിരുന്ന സ്ഥാനം വീണ്ടും പ്രാപിച്ചു. Ans. തനിക്ക് എൽപ്പിക്കപ്പെട്ട താക്കോലുകളെ നഷ്ടപ്പെടുത്തി എന്ന് പറയുന്നത് ശരിയാണോ?Q ടി താക്കോലുകൾ പദാർത്ഥമായ ഒന്നല്ലായ്കയാൽ ഒരിക്കലും കിട്ടാത്ത രീതിയിൽ എവിടെയൊ നഷ്ടപ്പെട്ടു എന്ന അർത്ഥത്തിലല്ല പിന്നെയൊ അവന് ലഭിച്ചതായ അധികാരത്തിൽ നിന്ന് അല്പകാലത്തേക്ക് അദ്ദേഹം മാറി നിന്നേ ഉള്ളൂ. തെറ്റുകൊണ്ട് സ്വയം മാറിനിന്നു. എന്നാൽ അനുതാപ ഫലമായി ക്രിസ്തുവിന്റെ സഭ മുഴുവനെയും ഭരിക്കാനുള്ള അവകാശം അഥവാ താക്കോലിന്റെ അധികാരം അദ്ദേഹത്തിന് വീണ്ടും ലഭിച്ചു. Ans. താക്കോലുകൾ തിരിച്ചേല്പിച്ചതോടുകൂടി തന്റെ കുഞ്ഞാടുകളെയും മുട്ടാടുകളെയും പെണ്ണാടുകളെയും ക്രിസ്തു അവനെ ഏൽപിച്ചു കൊടുത്തു എന്ന് പറഞ്ഞിരിക്കുന്നത് ശരിയാണോ?Q സഭ മേലുള്ള ഭരണാധികാരമായ താക്കോൽ നൽകപ്പെട്ടവനായ പത്രോസ് മാനുഷിക ബലഹീനത മൂലം തെറ്റ് ചെയ്തെങ്കിലും സത്യ അനുതാപം മൂലം അവന്റെ പൂർവ്വസ്ഥിതിയിൽ തന്നെ കർത്താവ് അവനെ കാണുകയും ഭരണാധികാരം നൽകുകയും ചെയ്തു എന്നുള്ള അർത്ഥത്തിൽ ശരിയാണ്. Ans.E.A.213 ൽ പേജ് 19:20ൽ *ശ്ഹിമൊ നമസ്കാരത്തിൽ* തിങ്കളാഴ്ച നമസ്ക്കാരത്തിന്റെ ഒരു ഭാഗം തർജ്ജമ ചെയ്ത് ചേർത്തിട്ടുണ്ട്. അത് *ശ്ഹിമൊ നമസ്ക്കാര*ത്തിൽ ഉള്ളത് തന്നെയാണ്. stopped for the day.
മൊഴി.വായിച്ച് കേട്ടു. ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ.
Sd/-

First Addl. District & Sessions Court, ERNAKULAM.
Taken down by / before interpreted/read over to the witness / accused & admitted by him / her to be correct.

Sd/-
Judge 1-8-78

2-8-78 witness, sworn again and cross examination continued.
പത്രോസ് തള്ളിപ്പറയുമെന്ന് ക്രിസ്തു നേരത്തെ തന്നെ പറഞ്ഞിരുന്നു. Ex.71 ൽ 115 മുതൽ 117 വരെയുള്ള പേജുകളിലായി 115-ാം പേജിൽ തുടങ്ങുന്ന

ഫുട്ട്നോട്ടിൽ പത്രോസിന് ആ രാത്രിയിൽ മഹാവലിയ പരീക്ഷയും വീഴ്ചയും എന്ന് തുടങ്ങി 117ൽ യേശു അവന്വേണ്ടി പ്രാർത്ഥിച്ചില്ല എന്നോ ആയിരിപ്പാൻ ന്യായമാകുന്നു എന്ന ഭാഗം വായിച്ചുനോക്കി. ആ ഭാഗത്ത് പത്രോസിന്റെ തള്ളിപ്പറച്ചിലിനെപ്പറ്റിയും ക്രിസ്തു പത്രോസിനുവേണ്ടി പ്രാർത്ഥിച്ചതിനെപ്പറ്റിയും പറയുന്ന വിവരങ്ങൾ ശരിയോ?Q ദീർഘമായ ആ ഫുട്ട്നോട്ടിൽ ഉള്ള ഓരോ വിവരത്തെക്കുറിച്ചും എടുത്തുചോദിച്ചാൽ അറിയാവുന്നത് ബോധിപ്പിക്കാം. Ans. റോമാക്കാർ ഈ വാക്യത്തെ തെറ്റായിട്ടാണ് വ്യാഖ്യാനിക്കുന്നത് എന്ന് പറയുന്നത് ശരിയാണോ?Q അവരുടെ വ്യാഖ്യാനം എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. Ans. അവരുടെ വ്യാഖ്യാനം എന്തെന്ന് ഫുട്ട്നോട്ടിൽ പറയുന്നുണ്ട്. അങ്ങനെ റോമാക്കാർ വ്യാഖ്യാനിക്കുന്നുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ഫുട്നോട്ടിൽ ക്രിസ്തുവിന്റെ പ്രാർത്ഥന പത്രോസിന്റെ വിശ്വാസം കുറയാതിരിക്കാൻ ആയിരുന്നു എന്നു പറയുന്നത് തെറ്റാണെന്നു സമർത്ഥിച്ചിരിക്കുകയാണോ?Q എനിക്കാ ഭാഗത്തിന്റെ വ്യാഖ്യാനം ശരിയായി അറിഞ്ഞുകൂടാ. ഫുട്നോട്ടിൽ പറയുന്ന കാര്യങ്ങളൊന്നും തന്നെ എനിക്ക് പെട്ടെന്നുള്ള വായനയിൽ മനസ്സിലാകുന്നില്ല. Ans. സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസ് പത്രോസിന്റെ തള്ളിപ്പറച്ചിലെപ്പറ്റി പറഞ്ഞിട്ടുള്ള ഒരു ഭാഗം 116-ാം പേജിൽ ഉദ്ധരിച്ചിട്ടുണ്ട്. മർക്കോസ് 16:7 എന്ന വാക്യത്തിൽ മാലാഖ പത്രോസിനെ ശ്ലീഹന്മാരുടെ ഗണത്തിൽപെടുത്താതെയാണ് പറഞ്ഞിട്ടുള്ളത് എന്ന് അവിടെ പറഞ്ഞിട്ടില്ലേ?Q പറയുന്നുണ്ട്. Ans. അത് ശരിയാണോ?Q മോർ ഇവാനിയോസിന്റെ വ്യാഖ്യാനം ഞാൻ വായിച്ചിട്ടില്ല. അദ്ദേഹത്തിന്റേതായി ഇവിടെ പറയുന്ന ഉദ്ധരണി തെറ്റെന്ന് പറയുവാൻ എനിക്ക് സാദ്ധ്യമല്ല. Ans. തിബരിയോസ് കടപ്പുറത്ത് വച്ച് ക്രിസ്തു പത്രോസിനോട് സംസാരിക്കുമ്പോൾ മറ്റ് ശ്ലീഹന്മാർ ആരെങ്കിലും ഉണ്ടായിരുന്നോ?Q ആറോ ഏഴോ പേരുംകൂടി ഉണ്ടായിരുന്നു. Ans. അവർ കടപ്പുറത്ത് പോയിരുന്നത് എന്തിനാണ്?Q മത്സ്യം പിടിക്കാൻ പോയിരുന്നതാണ്. Ans. കൂടെ ഉണ്ടായിരുന്ന ശ്ലീഹന്മാർ ക്രിസ്തുവിന്റെ ശിഷ്യന്മാരാകുന്നതിനുമുമ്പ് മീൻപിടുത്തക്കാരായിരുന്നോ?Q അവിടെ ഉണ്ടായിരുന്ന ശമവുൻകീപ്പാ, തോമാ, നഥാനിയാൽ, യാക്കോബ്, യോഹന്നാൻ മറ്റ് രണ്ടുപേർ. ഇവരിൽ കീപ്പായും, യാക്കോബ്, യോഹന്നാൻ XXI -7ൽ പറയുന്ന യേശുവിന് പ്രിയപ്പെട്ട ശിഷ്യൻ എന്ന് പറയുന്നത് യോഹന്നാനെ ഉദ്ദേശിച്ചാണ്. ക്രിസ്തു യോഹന്നാന്റെ സുവിശേഷം 21:16-17 വാക്യങ്ങളിൽ പത്രോസിനെ യൗവുനാപുത്രനായ ശീമോനേ എന്നാണ് വിളിക്കുന്നത്. കീപ്പാ എന്ന് വിളിക്കാതെ യൗവുനാ പുത്രനായ ശീമോനേ എന്ന് അപ്പോൾ വിളിക്കാൻ എന്തെങ്കിലും കാരണം ഉണ്ടോ?Q ഒരാളിനുള്ള പേരുകളിൽ ഏതും വിളിക്കാൻ ആർക്കും അവകാശമുണ്ട്. വിളിക്കപ്പെടുന്ന ആൾക്ക് മനസ്സിലാവുകയും ചെയ്യും. പ്രത്യേകിച്ചും ഗൗരവമായ ഒരു കാര്യം സംബന്ധിച്ച് പറയുമ്പോൾ ഇപ്പോഴും ഇവിടങ്ങളിലും പതിവുള്ള പിതാവിന്റെ പേര് ചേർത്ത് പറയുക യഹൂദന്മാരുടെ ഇടയിലും അന്നും നടപ്പുണ്ടായിരുന്നു എന്ന് കേട്ടിട്ടുണ്ട്. Ans. ആ അവസരത്തിൽ തള്ളിപ്പറച്ചിൽ

മൂലം പത്രോസിന്റെ സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നത് മൂലമാണോ യവുനാ പുത്രനായ ശീമോനേ എന്ന് വിളിച്ചത്?Q അങ്ങനെ ഒരു വ്യാഖ്യാനം ഞാൻ കേട്ടിട്ടില്ല. അതിന് പുറമെ അദ്ദേഹത്തിന്റെ അനുതാപവും കണ്ണുനീരും കൊണ്ട് അദ്ദേഹത്തിന് നഷ്ടപ്പെട്ടത് തിരിച്ചുകിട്ടി എന്ന് E.A.71 വച്ചുകൊണ്ട് ഇന്നലെ ബോധിപ്പിച്ചു എന്നാണ് എന്റെ ഓർമ്മ. Ans. തിബീരിയൻ കടൽ തീരത്ത് വച്ചാണ് യവുനാ പുത്രനായ ശീമോനേ എന്ന് വിളിച്ചത്. മൂന്ന് പ്രാവശ്യം ചോദിച്ചതിൽ പത്രോസ് ദുഃഖിച്ചു എന്ന് വേദത്തിൽ പറയുന്നുണ്ട്. പത്രോസ് അങ്ങനെ ദുഃഖിക്കുവാൻ ഹേതുവായതെന്താണ?Q അതിന്റെ കാരണം അവിടത്തന്നെ പറയുന്നുണ്ട്. സർവ്വവും അറിയുന്നവനായ കർത്താവ് മൂന്ന് പ്രാവശ്യം എടുത്ത് ചോദിച്ചതിൽ നിന്നുണ്ടായ ദുഃഖമാണ്. Ans. കൂടുതൽ അധികാരം ആണെങ്കിൽ ദുഃഖിക്കേണ്ട ആവശ്യം ഇല്ലല്ലോ? അധികാരം കിട്ടിയതിന് വേണ്ടി ദുഃഖിച്ചു എന്നല്ലാ അവിടെ പറയുന്നത്. 17-ാം വാക്യത്തിൽ നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് മൂന്ന് പ്രാവശ്യം ചോദിച്ചതിൽ അവൻ ദുഃഖിച്ചു എന്നാണ് പറയുന്നത്. Ans.St.Luke XXII.verse 32 ൽ കർത്താവ് പത്രോസിനോട് പറഞ്ഞിട്ടുള്ളത് എന്താണ്?Q നിന്റെ വിശ്വാസത്തിന് കുറവ് വരാതിരിക്കാൻ നിനക്ക് വേണ്ടി ഞാൻ പ്രാർത്ഥിച്ചു. തക്ക കാലത്ത് നീയും പിരിഞ്ഞ് നിന്റെ സഹോദരന്മാർക്ക് ഉറപ്പ് നൽകുക എന്നാണ് പറഞ്ഞത്. Ans.E.A.71 പേജ് 117ലെ ഫുട്നോട്ടിൽ പരിശുദ്ധ പത്രോസ് ശ്ലീഹന്മാരുടെ തലവനും എന്നു തുടങ്ങി സൂക്ഷ്മതപ്പെടുകയും ചെയ്യുമെന്നുള്ളതാകുന്നു എന്നു പറയുന്നത് XXII verse 23 (St.Luke) ന്റെ വ്യാഖ്യാനമാണൊ?Q ഇതിൽ പറയുന്നത് പോലെയുള്ള വ്യാഖ്യാനം ഞാൻ വായിച്ചിട്ടില്ല. 32-ാം വാക്യത്തെപ്പറ്റി അദ്ദേഹത്തിന്റെ അഭിപ്രായമാണ് അവിടെ പറഞ്ഞിരിക്കുന്നത്. Ans. ആ അഭിപ്രായം ശരിയാണ്?Q ഞാൻ വ്യാഖ്യാനങ്ങൾ നോക്കിയിട്ടില്ലാത്തതുകൊണ്ട് ആ ചോദ്യത്തിന് മറുപടി പറയാൻ നിവൃത്തിയില്ല. Ans. ആ വാക്യത്തെപ്പറ്റിയുള്ള വ്യാഖ്യാനം സാക്ഷിക്കറിഞ്ഞുകൂടെന്നാണോ?Q ശ്ലീഹന്മാരെ ഉറപ്പിക്കുക എന്ന് ക്രിസ്തു ശീമോനോട് പറഞ്ഞതല്ലാതെ വ്യാഖ്യാനം എനിക്കറിഞ്ഞുകൂടാ. Ans.XXII ൽ 31, 32 വാക്യങ്ങൾ ഒരുമിച്ച് വായിക്കുമ്പോൾ കിട്ടുന്ന അർത്ഥം എല്ലാ ശ്ലീഹന്മാരെയും പിശാച്-സാത്താൻ ഗോതമ്പുപോലെ പാറ്റുവാൻ ആഗ്രഹിച്ചു എന്നും ശ്ലീഹന്മാരുടെ തലവന്റെ വിശ്വാസത്തിൽ കുറവ് വരാതിരിക്കാൻ കർത്താവ് പ്രാർത്ഥിച്ചു എന്നും അങ്ങനെയുള്ള ആ തലവൻ സഹോദരന്മാരെ ഉറപ്പിക്കണമെന്നുമാണ് എനിക്ക് മനസ്സിലാകുന്നത്. ശ്ലീഹന്മാരുടെ തലവൻ എന്നൊന്നും ആ വാക്യം കൊണ്ട് കാണുകയില്ലല്ലോ. ആ വാക്യം കൊണ്ട് സ്പഷ്ടമായല്ല കാണുന്നത്. ക്രിസ്തുവിന് മറ്റേതെങ്കിലും ശ്ലീഹായുടെ പേര് വിളിച്ച് പറയാമായിരുന്നു. എന്നാൽ ശീമോനെ പേര് വിളിച്ച് പറഞ്ഞിരിക്കുന്നതുകൊണ്ടും നേരത്തെതന്നെ അവന് താക്കോൽ അധികാരം നൽകിയിരുന്നതുകൊണ്ടും മറ്റുമാണ് ശ്ലീഹന്മാരുടെ തലവൻ എന്ന് ഞാൻ ബോധിപ്പിച്ചത്. Ans.E.A.213 part II 9,10,11 പേജുകളിലായി ലൂക്കോസ് 22:32 വാക്യത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ടോ?Q ഈ മൂന്ന് പേജുകൾ മുഴുവനും

വായിച്ച് അതിലെ ഗഹനമായ കാര്യങ്ങളെല്ലാം തെറ്റൊ ശരിയൊ എന്ന് പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. ടി മൂന്ന് പേജുകളിൽ 22:32നെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. Ans. 9-ാം പേജിൽ പിശാച് ശ്ലീഹന്മാരെ പരീക്ഷിപ്പാൻ എന്നു തുടങ്ങി അപ്രാമാദിത്തം കൊണ്ടോ ശ്ലീഹന്മാരെ ഉറപ്പിക്കാനല്ല എന്ന 11-ാം പേജിൽ അവസാനിക്കുന്നതുവരെയുള്ള ഭാഗത്ത് ലൂക്കോസ് 22:32 നെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അവിടെ പത്രോസിനെ മാത്രം രക്ഷിക്കുവാൻ പ്രാർത്ഥിക്കുകയും തെറ്റില്ലാവരം കൊടുക്കുകയും എല്ലാവരും അദ്ദേഹത്തിന് കീഴ്പ്പെടണമെന്ന് കല്പിക്കുകയും ചെയ്തു എന്ന വാദം ശരിയല്ലാ എന്നാണോ E.A.213 ഗ്രന്ഥകാരൻ സമർത്ഥിക്കുന്നത്?Q ഗ്രന്ഥകാരൻ അതാണ് ഉദ്യമിച്ചിട്ടുള്ളത്. ആർക്ക് എതിരായി എഴുതുന്നുവോ ആ ആളിനോട് ചോദിക്കുന്നതായിട്ടാണ്, കാണുന്നത്. Ans. പരിശുദ്ധാത്മാവ് അയക്കപ്പെട്ടപ്പോൾ എല്ലാ ശ്ലീഹന്മാർക്കുവേണ്ടി അയക്കപ്പെടുകയും എപ്പോഴും എല്ലാവരോടുംകൂടി വസിക്കുകയും ചെയ്തിരുന്നു എന്ന് പറഞ്ഞാൽ ശരിയോ?Q അയക്കപ്പെട്ട സന്ദർഭം അറിയണം. Ans. മാളികയിൽ ശ്ലീഹന്മാർ കൂടിയിരുന്നപ്പോൾ?Q ആ സമയത്ത് അവിടെ കൂടിയിരുന്ന ശ്ലീഹന്മാർക്കും മറ്റുള്ളവർക്കും പരിശുദ്ധാത്മാവ് അയക്കപ്പെട്ടു എന്ന് അപ്പോസ്തല പ്രവൃത്തികളിൽ കാണുന്നുണ്ട്. പരിശുദ്ധാത്മാവ് എപ്പോഴും വിശ്വാസിയോട് കൂടെ ഇരിക്കുമെങ്കിലും പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കുകയൊ പരിശുദ്ധാത്മാവിന് വിപരീത പാപങ്ങൾ ചെയ്യുകയൊ ചെയ്യുമ്പോൾ മനുഷ്യൻ വിശ്വാസി പരിശുദ്ധാത്മ പ്രവർത്തനത്തിൽ നിന്നകന്നു പോകുന്നു. Ans. ആ പരിശുദ്ധാത്മാവ് ശ്ലീഹന്മാരോടുകൂടി വ്യാപരിച്ചിരുന്നു എന്ന് വേദം കൊണ്ട് കാണാമോ?Q വ്യാപരിച്ചിരുന്നു. Ans.E.A.71 പേജ് 117ലെ ഫുട്ട്നോട്ടിൽ 22ൽ 32 നെപ്പറ്റി പറയുന്ന അഭിപ്രായവും ഒന്നുതന്നെയോ?Q രണ്ടും തമ്മിൽ വ്യത്യാസമാണ് ഞാൻ കാണുന്നത്. Ans. ആശയത്തിനു തമ്മിലുള്ള വ്യത്യാസം എന്താണ്?Q പെട്ടെന്ന് അത് പറയാൻ പറ്റുകയില്ല. ഒന്നിൽ പറയുന്നതല്ല മറ്റൊന്നിൽ പറയുന്നത്. ഒന്ന്, മോർ ഇവാനിയോസ് പറയുന്നത് വേറൊന്ന് ബർ സ്ലീബി പറയുന്നതുമാണ്. ആശയം തമ്മിലുള്ള വ്യത്യാസം പറയണമെങ്കിൽ ശരിയായി വായിച്ചു നോക്കണം. Ans. രണ്ടും കണ്ടു എന്നല്ലാതെ രണ്ടിന്റെയും പ്രധാന കാര്യങ്ങൾ എന്താണെന്ന് നോക്കുവാൻ അവസരം കിട്ടിയിട്ടില്ല. രണ്ടാമത്തേത് ഞാൻ ഇപ്പോൾ വായിച്ച് നോക്കിയിട്ടില്ല. സഭയിലെ വിശ്വാസം പരസ്പരം പ്രബോധിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യേണ്ടത്. ഓരോ വിശ്വാസിയുടെയും കടമയാണോ?Q അതെ, മേലദ്ധ്യക്ഷന്മാർക്ക് കൂടുതലായും ഉണ്ട്. Ans. വിശ്വാസികൾക്ക് അങ്ങനെ കടമയുണ്ടെന്ന് വേദത്തിൽ പറയുന്നുണ്ടെന്നാണ് ഓർമ്മ. മത്തായി 26:23-ാം വാക്യത്തിൽ സാത്താനേ, നീ എന്റെ പിന്നിൽ പോക എന്ന് തുടങ്ങുന്ന ഭാഗം ക്രിസ്തു കീപ്പായോട് പറഞ്ഞതാണ്. അത് ക്രിസ്തുവിന്റെ ആഗമനത്തിന്റെ മകുടമായ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും കാര്യം മുൻകൂട്ടി അവരോട് പറഞ്ഞപ്പോൾ സ്നേഹം കൊണ്ടാണെങ്കിൽ തന്നെയും ദൈവത്തിന്റെ പദ്ധതിക്ക് അഥവാ വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്ക്

അനുകൂലമല്ലാത്ത രീതിയിൽ പറഞ്ഞപ്പോഴാണ് അങ്ങനെ ഒരു സംബോധന ചെയ്തുപറഞ്ഞതുകൊണ്ട് പത്രോസിന്റെ സ്ഥാനത്തിന് എന്തെങ്കിലും ന്യൂനത ഉണ്ടായിട്ടുണ്ടോ?Q ആ സംബോധനയും പറയലും കൊണ്ടുമാത്രം സ്ഥാനത്തിന് ന്യൂനത വന്നില്ല. ന്യൂനത വരണമെങ്കിൽ നിനക്ക് ഞാൻ മുമ്പ് തന്നിരിക്കുന്ന അധികാരങ്ങൾ നിരോധിച്ചിരിക്കുന്നു എന്ന് തെളിവായി പത്രോസിനോട് പറയുകയും കൂടി വേണ്ടിയിരുന്നു. Ans. യോഹന്നാൻ 17ൽ ക്രിസ്തു ശ്ലീഹന്മാർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ശ്ലീഹന്മാർ ക്രിസ്തു പിതാവിന്റെ സന്നിധിയിൽ നിന്ന് വന്നിട്ടുള്ള ആളുതന്നെയാണെന്ന് യഥാർത്ഥ മായി ഗ്രഹിക്കുകയും അങ്ങനെ അയക്കപ്പെട്ടവനാണെന്ന് അവർ വിശ്വസി ക്കുകയും ചെയ്തിരിക്കുന്നു എന്ന് 8-ാം വാകൃത്തിൽ പറയുന്നുണ്ട്. witness adds: എന്നാൽ ഇത് ക്രിസ്തു പ്രാർത്ഥിച്ചതാകുന്നു. മുമ്പ് നീ ദൈവപുത്ര നാകുന്നു എന്ന് പലരും പറഞ്ഞതിനെക്കുറിച്ച് തന്നോട് ചോദിച്ചിട്ടുണ്ട്. പത്രോസിന്റെ ഏറ്റുപറച്ചിലും അവയും തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ ഉണ്ട്. ഒന്ന്, പത്രോസിനോട് സുപ്രധാനമായ ഒരു സന്ദർഭത്തിൽ കർത്താവ് ചോദിച്ച ചോദ്യത്തിന് മറുപടി പറയുകയായിരുന്നു. മറ്റുള്ളവരിൽ ബോട്ടിലെ ശ്ലീഹന്മാരും അത്ഭുതം കണ്ടതിന്റെ പേരിൽ ബുദ്ധികൊണ്ട് ആലോചിച്ചു പറഞ്ഞതായിരുന്നു. ജഡവും രക്തവും നിങ്ങൾക്ക് വെളിപ്പെടുത്തിയില്ല എന്ന് അവരോട് ആരോടും പറഞ്ഞില്ല. ദൈവമാണ് വെളിപ്പെടുത്തിയതെന്നൊ ഭാഗ്യവാന്മാരാണെന്നൊ അവരോട് പറഞ്ഞില്ല. Counsel continues. യോഹ ന്നാൻ 13:23-ാം വാക്യം യേശുവിന്റെ മാർവിടത്തിൽ ചാരിയിരിക്കുന്നുണ്ടായി രുന്നു എന്ന് പറയുന്ന ശിഷ്യൻ യോഹന്നാൻ ശ്ലീഹായായിരുന്നു. 24-ാം വാക്യത്തിൽ യോഹന്നാൻ ശ്ലീഹായോട് ആംഗ്യം കാണിച്ച് ശീമോൻ കീപ്പാ ക്രിസ്തുവിനോട് ചോദിക്കണമെന്ന് ആവശ്യപ്പെടുന്ന കാര്യം എന്ത്?Q നിന്നെ ഏൽപിച്ച് കൊടുക്കുന്നത് ആര് എന്ന് ക്രിസ്തുവിനോട് ചോദിക്കുവാനാണ് ആവശ്യപ്പെടുന്നത്. Ans. കൊറിന്തിയിലെ വിശ്വാസികളിൽ ചിലർ ഞാൻ പൗലോസിന്റെ പക്ഷക്കാരെന്നും ചിലർ ഞാൻ അപ്പോലോയുടെ പക്ഷക്കാരെന്നും വേറെ ചിലർ ഞാൻ കീപ്പായുടെ പക്ഷക്കാരെന്നും മറ്റും പറയുന്നു എന്ന് പറഞ്ഞ് അവരെ അങ്ങനെ പറയുന്നതെന്ന് പറഞ്ഞു. പൗലോസ് ശ്ലീഹാ ശാസിച്ചിട്ടുണ്ടോ?Q ശാസിച്ചിട്ടുണ്ട്. Ans. സെബതിയുടെ പുത്രൻ യാക്കോ ബിനും യാക്കോബിന്റെ സഹോദരൻ യോഹന്നാനും ഇടിമുഴക്കത്തിന്റെ മക്കൾ എന്ന് ക്രിസ്തു പേര് കൊടുത്തിരുന്നതായി മർക്കോസ് 3:17ൽ പറയുന്നുണ്ട്. *ബ്നായിർ ഗെശ്* എന്നുവച്ചാൽ ഇടിമുഴക്കത്തിന്റെ മക്കൾ യോഹന്നാൻ I-42 Thou shall be called Cepha which is by interpretation a stone എന്ന് Ex.B 83ൽ കാണുന്നു. സുറിയാനി സഭയിൽ ഉപയോഗത്തിലിരിക്കുന്ന മുൻപ് ബോധി പ്പിച്ചതും പാമ്പാക്കുട അച്ചടിപ്പിച്ചിട്ടുള്ളതും ആയ സുവിശേഷങ്ങളിൽ യോഹ ന്നാൻ 1:42 പറഞ്ഞിരിക്കുന്നത്. യേശു അവനെ നോക്കിയിട്ട് നീ യോനായുടെ പുത്രനായ ശെമോനല്ലോ കീപ്പായെന്ന് നീ വിളിക്കപ്പെട്ടു എന്ന് മാത്രമെ ഉള്ളൂ. stone ന്റെ കാര്യം അവിടെ ഇല്ല. E.B.83 ൽ which is by interpretation a

stone എന്നുള്ള ഭാഗം പാമ്പാക്കുടയിൽ ഇല്ല. എന്നാൽ കീപ്പായുടെ അർത്ഥം പാറ എന്നാകുന്നു. A. stone എന്നു പറഞ്ഞാൽ പാറക്കഷണം എന്നർത്ഥമില്ല. കല്ല് എന്നർത്ഥമുണ്ട്. സുറിയാനിയിൽ ഏറ്റവും അധികൃതമായ് ഡിക്ഷണറിയാണ് Payne Smith ഉണ്ടാക്കിയ സിറിയക്-ഇംഗ്ലീഷ് ഡിക്ഷ്ണറി. അതിൽ കീപ്പോ എന്നുള്ളതിന് Rock, stone എന്നെല്ലാം അർത്ഥം കൊടുത്തിരിക്കുന്നു. പാറക്കഷണത്തെ ഉദ്ദേശിച്ച് അതിൽ ഒന്നും പറഞ്ഞിട്ടില്ല. Ans. ഇംഗ്ലീഷിൽ പാറ എന്നതിന് ഉപയോഗിക്കുന്ന പദം Rock എന്നാണോ?Q വലിയ പാറെക്ക് Rock എന്നും പാറക്കഷണത്തിന് piece of rock എന്നു പറയും. Ans. മത്ത്യാസിനെ തെരെഞ്ഞെടുത്തത് ആരാണ്?Q അപ്പോസ്തല പ്രവൃത്തി 1:13ൽ ശ്ലീഹന്മാരുടെ പേരുകളും 14ൽ സ്ത്രീകൾ യേശുവിന്റെ മാതാവായ മറിയം, സഹോദരന്മാർ ഇവരും ഉണ്ടായിരുന്നതായി പറയുന്നു. 15മുതൽ അപ്പോൾ അവിടെ 120 പേരോളം ചേർന്ന ഒരു ആൾകൂട്ടം ഉണ്ടായിരുന്നു. ശിമോൻ എഴുന്നേറ്റ് നിന്ന് ജൂഡാക്കുപകരം ആളെ തെരഞ്ഞെടുക്കേണ്ടതിനെക്കുറിച്ച് പറഞ്ഞു. 23ൽ അനന്തരം അവർ രണ്ടുപേരെ തെരഞ്ഞെടുത്തു. നിർത്തി എന്നും നറുക്കിട്ട് അവരിൽ ഒരാളെ എടുത്തു എന്നും ആണ് പറയുന്നത്. Ans. ആരാണ് തെരഞ്ഞെടുത്തത്?Q തെരഞ്ഞെടുക്കേണ്ടത് ആവശ്യമാണെന്നുള്ള ആ പ്രധാന കാര്യം പത്രോസ് അവതരിപ്പിക്കുകയും അതനുസരിച്ച് അവിടെ കൂടിയിരുന്നവർ തെരഞ്ഞെടുക്കുകയും ചെയ്തു. Ans. അങ്ങനെ തെരെഞ്ഞെടുത്തിട്ട് മത്ത്യാസിനെ അപ്പോസ്തല സ്ഥാനത്തേക്ക് ആരോഹണം ചെയ്യുന്നതിന് അഭിഷേകകർമ്മം എന്തെങ്കിലും നടത്തിയോ?Q അപ്പോസ്തല സ്ഥാനത്ത് ചേർക്കുന്നതിന് അഭിഷേകകർമ്മം ഒന്നും ആവശ്യമില്ല. കർത്താവ് ശിഷ്യന്മാരിൽനിന്നും ശ്ലീഹന്മാരെ തെരഞ്ഞെടുത്തപ്പോൾ ഒരു കർമ്മവും നടത്തിയതായി കാണുന്നില്ല. അതുപോലെ ക്രിസ്തുവിന്റെ ശ്ലീഹന്മാരുടെ തലവനും ശ്ലീഹന്മാരും മറ്റുള്ളവരുംകൂടി ശ്ലീഹാസ്ഥാനത്തേക്ക് മത്ത്യാസിനെ തെരഞ്ഞെടുത്തപ്പോഴും അഭിഷേകകർമ്മം ഒന്നും നടത്തേണ്ടതില്ലായിരുന്നു. Ans. മത്ത്യാസിന് ശ്ലീഹാസ്ഥാനം ലഭിച്ചോ?Q ശ്ലീഹാസ്ഥാനം എന്നൊരു സ്ഥാനം ഇല്ല. കർത്താവിനാൽ അയക്കപ്പെട്ടവർക്ക് കർത്താവ് കൊടുത്ത ഒരു പേരാണ് അത്. Ans. മറ്റ് ശ്ലീഹന്മാരെപ്പോലെ അപ്പോസ്തലാധികാരങ്ങൾ മത്ത്യാസിന് കിട്ടിയോ?Q മത്ത്യാസിനെ പത്രോസും മറ്റ് ശ്ലീഹന്മാരുംകൂടി പൗരോഹിത്യം നൽകി നിയമിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിനും പത്രോസിനൊഴികെ മറ്റുള്ളവർക്കുള്ള അധികാരം കിട്ടിയിട്ടുണ്ട്. Ans. മറ്റുള്ളവരെപ്പോലുള്ള അപ്പോസ്തലാധികാരങ്ങൾ കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്ന് സാക്ഷിക്ക് അറിഞ്ഞുകൂടേ?Q ഞാൻ ആ ഭാഗത്തെപ്പറ്റി കാര്യമായി നോക്കിയിട്ടില്ലാത്തതിനാൽ അറിഞ്ഞുകൂടാ. Ans. മത്ത്യാസിനെ മത്ത്യാസ് ശ്ലീഹ എന്നാണോ ശ്ലീഹാ സ്ഥാനത്ത് ചേർത്തശേഷം അറിയപ്പെട്ടിരുന്നത്?Q നഷ്ടപ്പെട്ടുപോയ യൂദാശ്ലീഹാക്ക് പകരം ശ്ലീഹായായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ മത്ത്യാസ് ശ്ലീഹാ എന്നദ്ദേഹം അറിയപ്പെട്ടിരുന്നു. Ans. പെന്തക്കോസ്ത് ദിവസം പരിശുദ്ധാത്മാവാസം ഉണ്ടാകുന്ന അവസരത്തിൽ മറ്റ് 11 ശ്ലീഹന്മാ

രുടെ കൂടെ മത്ത്യാസും ഉണ്ടായിരുന്നോ?Q ഉണ്ടായിരുന്നു. Ans. അദ്ദേഹത്തിനും അന്ന് പരിശുദ്ധാത്മാവാസം ഉണ്ടായോ?Q അദ്ദേഹത്തിന്മേലും പരിശുദ്ധാരമാവ് ആവാസം ഉണ്ടായി. Ans. പെന്തിക്കൊസ്ത് ദിവസത്തെ പരിശുദ്ധാത്മാവാസം കൊണ്ട് ശ്ലീഹന്മാരുടെ സ്ഥാനപൂർത്തീകരണം ഉണ്ടായോ ശ്ലീഹാ ആയി തെരെഞ്ഞെടുക്കപ്പെട്ടപ്പോൾ തന്നെ ശ്ലീഹാ എന്ന നില പൂർത്തിയായതാണ്. Ex.A 37ൽ 4-ാം വാക്യത്തിലാണ് അതുള്ളത്. Ans. യോഹന്നാൻ വെള്ളത്തിൽ മാമൂദീസാ മുക്കി. നിങ്ങൾ അചിരേണ പരിശുദ്ധാത്മാവിൽ മുങ്ങും എന്നാണ് Ex.B.37 ൽ 4-ാം വാക്യത്തിൽ പറയുന്നത്. stopped for the day. മൊഴി വായിച്ച് കേട്ടു.
ശരി. കുര്യൻ കോർഎപ്പിസ്കോപ്പാ.

Sd/-

First Addl. District & sessions Court ERNAKULAM.
Taken down by/before me in open court, interpreted/read over to the witness / accused & admitted by him/her to be correct.

Sd/-
Judge.2-8-78

4/8/78 witness sworn again and cross-examination continued. E.A.71 page 105 അവസാനം വിശുദ്ധാത്മാവ് ത്രിവിധ ആയുധങ്ങൾ ധരിപ്പിച്ചു എന്ന് പറയുന്നത് എന്തിനായിട്ടാണ്?Q അപകടസ്ഥാനങ്ങളും ഞെരുക്കങ്ങളും തരണം ചെയ്യുവാനും ക്രൂരന്മാരായ രാജാക്കന്മാരെ ശാസിക്കുവാനും സുവിശേഷ ഘോഷണം ഭൂതലമെങ്ങും നടത്തുവാനും വിശുദ്ധാത്മാവ് ത്രിവിധ ആയുധങ്ങൾ അവരെ ധരിപ്പിച്ചു എന്നവിടെ പറയുന്നു. Ans. ആ ആവശ്യങ്ങൾക്കു വേണ്ടി കിട്ടിയിട്ടുള്ള നൽവരങ്ങളാണ് എന്ന് പറഞ്ഞു. അവിടെ 1-2-3 എന്ന് നമ്പരിട്ട് അവിടെ ചേർത്ത് കാണുന്നുണ്ട്. അപ്പോസ്തലപ്രവൃത്തികൾ Acts I verse 2ൽ മോർ തോമായും പെടുമോ?Q ഉൾപ്പെട്ടേക്കാം. അവിടെ Apostles എന്നാണ് പറയുന്നത്. Ans. ഉയിർപ്പിന് ശേഷം 40 ദിവസങ്ങളിൽ പലപ്പോഴായി അവർക്ക് പ്രത്യക്ഷപ്പെട്ടു എന്നാണ് പറയുന്നത്. ശ്ലീഹന്മാർ എല്ലാവരുമാണോ?Q ആരൊക്കെയാണെന്നറിഞ്ഞുകൂടാ. ശ്ലീഹന്മാർ എന്നേ പറയുന്നുള്ളൂ. Ans. അതിൽതന്നെ 8-ാം വാക്യത്തിൽ പറയുന്നതെന്താണ്?Q എങ്കിലും പരിശുദ്ധാത്മാവ് നിങ്ങളിലേക്കിറങ്ങുമ്പോൾ നിങ്ങൾ ശക്തന്മാരാകയും ഊർശ്ലേമിലും യഹൂദയിൽ എല്ലായിടത്തും ശൊമറീനിലും ഭൂമിയുടെ അതിരുകൾ വരെയും എനിക്ക് സാക്ഷികളായിത്തീരുകയും ചെയ്യും എന്നാണ്. Ans. അത് എല്ലാ അപ്പോസ്തലന്മാരെയും സംബന്ധിച്ച് പറയുന്നതാണോ?Q അവിടെ ഉണ്ടായിരുന്ന അപ്പോസ്തലന്മാരോട് പറഞ്ഞതായിട്ടാണ് അവിടെ കാണുന്നത്. Ans. ക്രിസ്തു അവരോട് അങ്ങനെ പറഞ്ഞശേഷം അങ്ങനെ പറഞ്ഞ അപ്പോസ്തലന്മാർ ഒന്നിച്ചുകൂടിയതായി 13-ാം വാക്യത്തിൽ ഇല്ലേ? 13-ാം വാക്യത്തിൽ അപ്പോൾ മാളികയിൽ ഉണ്ടായിരുന്ന അപ്പോസ്തലന്മാർ എല്ലാവരെക്കുറിച്ചും 14ൽ അവിടെയുണ്ടായിരുന്ന മറ്റുള്ളവരെക്കുറിച്ചും പറയുന്നുണ്ട്.

Ans. ആ അദ്ധ്യായം 11-ാം വാക്യത്തിൽ പറയുന്ന men of Galeelee എന്ന് പറയുന്നവർ ആരാണ്?Q അത് യേശുക്രിസ്തുവിന്റെ ശ്ലീഹന്മാരെ ഉദ്ദേശിച്ചും അപ്പോൾ അവിടെ ഗലീലാക്കാരായി മറ്റാരെങ്കിലും ഉണ്ടായിരുന്നു എങ്കിൽ അവരെക്കുറിച്ചും ആണ്. Ans. മറ്റാരെങ്കിലും ഉണ്ടായിരുന്നതായി ആ അദ്ധ്യായം കൊണ്ട് കാണുന്നുണ്ടോ?Q പ്രത്യേകം കാണുന്നില്ല. Ans.St.John chap.XV verse 26 പിതാവിന്റെ സന്നിധിയിൽനിന്നും അയച്ചുകൊടുക്കപ്പെടുമെന്ന് പറയുന്ന comforter ആരാണ്? പരിശുദ്ധാത്മാവ്. Ans. പരിശുദ്ധാത്മാവിനെ പ്പറ്റി ആ വാക്യത്തിൽ സത്യസ്വരൂപനായ ആത്മാവ് എന്നും പറയുന്നില്ലേ?Q ആശ്വാസപ്രദൻ എന്നാണ് സാധാരണ കേട്ടിട്ടുള്ളത്. ഇങ്ങനെയും പറയാമോ എന്ന് നിശ്ചയമില്ല. Ans.E.B.37-st.John XV-26 -ാം വാക്യത്തിൽ എന്താണ് പറയുന്നത്?Q പിതൃസന്നിധിയിൽ നിന്ന് എന്നാൽ നിങ്ങൾക്കായി അയക്ക പ്പെടുന്ന ആശ്വാസദാതാവ്-എന്റെ പിതാവിങ്കൽനിന്ന് പുറപ്പെടുന്ന സത്യ സ്വരൂപനായ ആത്മാവ് വന്ന് എന്നെക്കുറിച്ച് സാക്ഷി നൽകും. Ans. അങ്ങനെ പിതാവിന്റെ സന്നിധിയിൽ നിന്നയക്കപ്പെടുന്ന പരിശുദ്ധാത്മാവിനെപ്പറ്റി 7 മുതൽ 9 കൂടി വാക്യങ്ങളിൽ പറയുന്നില്ലേ?Q 7 മുതൽ 11 കൂടി വാക്യങ്ങ ളിൽ പറയുന്നുണ്ട്. 12-ാം വാക്യത്തിൽ പറയുന്നതെന്താണ്?Q ഇനിയും എനിക്ക് നിങ്ങളോട് പറവാൻ വളരെ ഉണ്ട്. പക്ഷെ, അവയെ ഗ്രഹിപ്പാൻ ഇപ്പോൾ നിങ്ങൾക്ക് പ്രാപ്തിയില്ല. Ans. ഇപ്പോൾ നിങ്ങൾക്ക് പ്രാപ്തിയില്ല. Ans. ഇപ്പോൾ നിങ്ങൾക്ക് ഗ്രഹിപ്പാൻ പ്രാപ്തിയില്ലെന്ന് പറയുന്നതിനുള്ള കാരണം അറിയാമോ?Q അതിന്റെ വ്യാഖ്യാനം എന്താണെന്ന് പറയുവാൻ സാദ്ധ്യമല്ല. Ans. മുമ്പ് പറഞ്ഞ St.John XV 26 ലും XVI-7 മുതൽ 11 വരെയും വാക്യങ്ങളിൽ പറയുന്നതുപോലെ പിതാവിൽനിന്നും അയക്കുന്ന പരിശുദ്ധാ ത്മാദാനം ഉണ്ടാകുമ്പോൾ എല്ലാ കാര്യങ്ങളും ഗ്രഹിക്കുന്നതിനുള്ള ശക്തി ഉണ്ടായി പരിപൂർണ്ണരായിത്തീരുമെന്നല്ലേ ക്രിസ്തു ആ വാക്യങ്ങളിൽ പറയു ന്നത്?Q പരിശുദ്ധാത്മാവ് വരുമ്പോൾ അവർക്ക് എല്ലാ സത്യത്തെക്കുറിച്ചു മുള്ള അറിവുണ്ടാകും എന്ന് മാത്രമല്ല പരിപൂർണ്ണതയെക്കുറിച്ച് അവിടെ ഒന്നും പറഞ്ഞു കാണുന്നില്ല. Ans. മുമ്പ് പറഞ്ഞ ഭാഗങ്ങളിൽ പറയുന്ന വാഗ്ദാനം അനുസരിച്ചാണൊ സ്വർഗ്ഗാരോഹണത്തിനുശേഷം മാളികയിൽ കൂടിയിരിക്കുമ്പോൾ പരിശുദ്ധാത്മാവിനെ അയച്ചു കൊടുക്കുകയും അവർക്ക് പരിശുദ്ധാത്മാവാസം ഉണ്ടാവുകയും ചെയ്തത്?Q വാഗ്ദാനമനുസരിച്ചാണ് പരിശുദ്ധാത്മാവിനെ അയച്ചുകൊടുത്തതും അവിടെ ഉണ്ടായിരുന്നവർക്ക് പരിശുദ്ധാത്മാവാസം ഉണ്ടായതും Ans.E.B.63 page 12 വിശുദ്ധസഭയും കൂദാശകളും എന്നു തുടങ്ങി 13-ാം പേജിൽ പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുന്ന മദ്ധ്യസ്ഥനാകുന്നു എന്നുവരെയുള്ള ഭാഗം വായിച്ചുനോക്കി. ആ ഭാഗം ശരിയാണോ?Q പൊതുവായി ശരിയാണ്. Ans. പൗരോഹിത്യ പൂർണ്ണത അപ്പോസ്തലന്മാർക്ക് എപ്പോഴാണ് കിട്ടിയത്?Q യോഹന്നാൻ 21ൽപറയു ന്നതുപോലെ മാളികയിൽ വച്ചാണ്. Ans.St.John XX-21 to 24 മാളികയിൽവച്ച് പരിപൂർണ്ണമായി എല്ലാ പൗരോഹിത്യ അധികാരങ്ങളും കിട്ടിയോ?Q പൗരോ

ഹിത്യം കിട്ടുന്നതോടുകൂടി അതിനനുസരണമായ എല്ലാ അധികാരങ്ങളും കിട്ടും. Ans. ടി സന്ദർഭത്തിൽ പൗരോഹിത്യത്തിന്റെ എല്ലാ അധികാരങ്ങളും അപ്പോസ്തലന്മാർക്ക് ലഭിക്കുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്തു എന്നാണോ?Q പൗരോഹിത്യത്തിന്റെ എല്ലാ അധികാരങ്ങളും കിട്ടിയതുകൊണ്ട് പൗരോഹിത്യത്തിന്റെ അക്കാര്യത്തിൽ പൂർണ്ണത തന്നെ കിട്ടിയിട്ടുണ്ട്. Ans. ആ സന്ദർഭത്തിനുശേഷം പിന്നീട് എന്തെങ്കിലും അധികാരങ്ങൾ ശ്ലീഹന്മാർക്ക് കൊടുത്തിട്ടുണ്ടോ?Q ആ സന്ദർഭത്തിനുശേഷമാണ് ശ്ലീഹന്മാരുടെ തലവനായ ശീമോനെ പൂർണ്ണഭരണാധികാരി എന്നുള്ള നിലയിൽ പ്രവർത്തനം തുടങ്ങുവാൻ കല്പിച്ചതും മറ്റ് ശ്ലീഹന്മാരോട് നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷിച്ച്, പഠിപ്പിച്ച് മാമൂദീസാ മുക്കുവാൻ ചുമതലപ്പെടുത്തിയതും Ans. പ്രാധാന്യചാര്യത്വനൽവരങ്ങൾ പൂർത്തീകരിക്കപ്പെട്ട് അപ്പോസ്തലന്മാർക്കു ലഭിച്ചത്. യോഹന്നാൻ 20-21 മുതൽ 23 കൂടിയുള്ള വാക്യങ്ങളിൽ പറയുന്നതുകൊണ്ട് എന്നാണൊ സഭയുടെ ഉപദേശവും?Q പ്രധാനാചാര്യത്വം കിട്ടിയത് എപ്പോഴാണെന്ന് സുവിശേഷങ്ങളിലൊ അപ്പോസ്തല പ്രവൃത്തിയിലൊ തെളിവായി പറഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് ഓരോ വ്യാഖ്യാതാക്കളുടെ അഭിപ്രായങ്ങൾ അക്കാര്യത്തിൽ കൂടുതൽ വെളിച്ചം നൽകുകയാണ്. യോഹന്നാൻ 20-21ൽ മുതൽ പ്രധാനാചാര്യത്വത്തിന്റെ കാര്യമല്ല പറഞ്ഞിരിക്കുന്നത്. ആചാര്യത്വത്തിന്റെ കാര്യമാണ് പറഞ്ഞിരിക്കുന്നത്. സഭയുടെ വിശ്വാസം പ്രത്യേകം ക്രോഡീകരിച്ച് എഴുതിയിട്ടില്ല. വിവിധ വ്യാഖ്യാനങ്ങളിൽ ഉള്ളതേ ഉള്ളൂ. Ans. സഭക്ക് അതേ സംബന്ധിച്ച് അംഗീകൃതവിശ്വാസം ഉണ്ടോ? ഈ വ്യാഖ്യാനങ്ങളിൽ ഉള്ളവയെ എതിർത്തിട്ടില്ല എന്നല്ലാതെ ഇന്നപ്പോൾ പ്രധാനാചാര്യസ്ഥാനം ശ്ലീഹന്മാർക്കു ലഭിച്ചു എന്നു സ്പഷ്ടമായി സഭക്ക് ഒരു വിശ്വാസമുള്ളതായി അറിഞ്ഞുകൂടാ. Ans. വ്യാഖ്യാനങ്ങൾ എല്ലാം ഒരേ തരത്തിലുള്ളതാണോ?Q വ്യാഖ്യാനങ്ങളെല്ലാം നോക്കാതെ പറയാൻ പറ്റുകയില്ല. Ans. അപ്പോസ്തലന്മാർക്ക് പൊതുവെ പ്രധാനാചാര്യ നൽവരം ഉണ്ടായിരുന്നു. എല്ലാ അപ്പോസ്തലന്മാർക്കും ഉണ്ടായിരുന്നോ?Q ആചാര്യത്വ നൽവരം ലഭിച്ചിരുന്ന ഓരോരുത്തർക്കും പിന്നീട് പ്രധാനാചാര്യത്വ നൽവരം മുൻപറഞ്ഞ വ്യാഖ്യാനങ്ങളനുസരിച്ച് ലഭിച്ചിരിക്കും. Ans. അങ്ങനെ പ്രധാനാചാര്യത്വ നൽവരം എപ്പോഴാണ് ലഭിച്ചത്?Q അതാണ് മുമ്പ് ബോധിപ്പിച്ചത് പുതിയ നിയമത്തിൽ അത് കാണുന്നില്ല. വിവിധ വ്യാഖ്യാനങ്ങൾകൊണ്ട് മാത്രമെ അത് പറയുവാൻ പറ്റുകയുള്ളൂ. Ans. അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ പ്രകാരം എപ്പോൾ കിട്ടി?Q വ്യാഖ്യാനങ്ങൾ എല്ലാം നോക്കിയാലെ അത് പറയാൻ പറ്റുകയുള്ളൂ. ?Q പ്രധാനാചാര്യത്വ നൽവരം അപ്പോസ്തലന്മാർക്ക് എപ്പോൾ കിട്ടി എന്ന് ഇപ്പോൾ പറയാൻ അറിഞ്ഞുകൂടാ എന്ന് പറഞ്ഞാൽ ശരിയോ?Q വ്യാഖ്യാനത്തിൽ ഒന്ന് E.B.63 ൽ പറയുന്നത് എന്റെ കൈവശം ആ പുസ്തകം ഇരിക്കുന്നതുകൊണ്ട് അത് നോക്കി പറയുന്നു. ഈ രണ്ടുപേരായി അയച്ച രോഗികളെ ഭേദപ്പെടുത്താൻ അയച്ചപ്പോൾ ശെമ്മാശന്മാരായും മർക്കോസ് 6:7 താൻ അവരിൽ ഊതി അവർ പരിശുദ്ധാത്മാവിനെ

പ്രാപിക്കുകയും അവർക്ക് പാപമോചനാധികാരം കൊടുത്തപ്പോൾ 18 ആചാര്യത്വത്തിന്റെ അധികാരത്തിലും (St.John 20-23) സ്വർഗ്ഗാരോഹണത്തിങ്കൽ തന്റെ കയ്യുയർത്തി അവരെ അനുഗ്രഹിച്ചപ്പോൾ (ലൂക്കോസ് 24:50) പ്രധാനാചാര്യത്വത്തിന്റെ അധികാരത്തിലും അവരെ പൂർണ്ണന്മാരാക്കി എന്ന് കാണുന്നു. Ans. അത് ശരിയാണോ?Q പടിപടിയായി ഓരോ സ്ഥാനവും കൊടുത്തു എന്നുള്ളത് ശരിയാകാനാണ് സാദ്ധ്യത. Ans. സാദ്ധ്യതയെന്നോ പറയാൻ പറ്റുകയുള്ളോ ശരിയോ തെറ്റോ?Q സഭയിലെ ഒരു വ്യാഖ്യാനവും തെറ്റെന്ന് പറയാൻ നിവൃത്തിയില്ലെന്ന് പറഞ്ഞ സ്ഥിതിക്ക് ശരിയെന്ന് പറയാനേ തരമുള്ളു. Ans. ഇതല്ലാതെ വേറെ വ്യാഖ്യാനമൊന്നും സാക്ഷിക്ക് ഓർമ്മയില്ലല്ലോ?Q ഇപ്പോൾ മറ്റ് വ്യാഖ്യാനങ്ങളൊന്നും ഓർമ്മയില്ല. Ans. ആചാര്യത്വ നൽവരം ലഭിക്കാതെ പ്രധാനാചാര്യത്വ നൽവരം ലഭിക്കുവാൻ സാദ്ധ്യമാണോ?Q പടിപടിയായി കൊടുത്ത സ്ഥിതിക്ക് ആചാര്യ നൽവരം ലഭിക്കാതെ പ്രധാനാചാര്യത്വ നൽവരം ലഭിക്കാൻ സാദ്ധ്യമല്ല. Ans. ആചാര്യത്വ നൽവരവും പ്രധാനാചാര്യത്വ നൽവരവും ഒരുമിച്ച് കൊടുക്കാമോ?Q ഒരിക്കലും പാടില്ല. Ans. ക്രിസ്തുവിന് ഒരേ സമയത്ത് അങ്ങനെ ഒരാൾക്ക് നൽവരം കൊടുക്കാനുള്ള അധികാരം ഉണ്ടായിരുന്നോ?Q സർവ്വാധികാരിയായ ക്രിസ്തുവാണ് ഇങ്ങനെ പലസമയത്തായി നൽവരങ്ങൾ കൊടുത്തതെന്ന് പറഞ്ഞരിക്കുന്ന സ്ഥിതിക്ക് അങ്ങനെ അല്ലാതെ കൊടുത്തിട്ടുണ്ടായിരിക്കുകയില്ല എന്നാണ് എന്റെ വിശ്വാസം. സർവ്വാധികാരി എന്നതിൽ നിന്നും സർവ്വഅധികാരവും ഉണ്ട് എന്ന് വ്യക്തമാണ്. Ans.E.B.63 page 12 ൽ എല്ലാ അപ്പോസ്തലന്മാർക്കും എല്ലാ അധികാരങ്ങളും ഉണ്ടായിരുന്നു എന്നാണോ പറയുന്നത്?Q അവിടെ അധികാരത്തെക്കുറിച്ച് യാതൊന്നും പറയുന്നില്ല. Ans. സകല ആലോചനകളും കൊടുത്തു എന്ന് തുടങ്ങി ക്രമമായ പട്ടം കൊടുത്തു എന്നുവരെ ആ പേജിൽ പറയുന്ന സംഗതി എല്ലാ ശ്ലീഹന്മാരെയും ഉദ്ദേശിച്ചാണോ?Q ക്രമമായി. അതായത് പടിപടിയായി പട്ടം കൊടുത്തു എന്നുവരെയുള്ളത് എല്ലാ ശ്ലീഹന്മാരെയും ഉദ്ദേശിച്ചത്. Ans.E.B.63-85 -ാം പേജിൽ വിശുദ്ധ അപ്പോസ്തലന്മാർ എല്ലാവരും പ്രധാനാചാര്യത്വവരത്തിൽ പൂർണ്ണമാക്കുന്ന പ്രധാനാചാര്യത്വത്തിന്റെ സർവ്വഅധികാരങ്ങളും നടത്തുന്നതിന് എല്ലാവർക്കും ഒരുപോലെ അവകാശം ഉണ്ടായിരുന്നു എന്നു പറഞ്ഞിരിക്കുന്നത് ശരിയോ?Q അതിന്റെ മുകളിലുള്ള രണ്ട് വാചകങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ ആ വാചകം ശരിയാണ്. ആ വാചകങ്ങൾ കണക്കിലെടുത്തില്ലെങ്കിൽ ശരിയല്ല. Ans.E.A.71 പേജ് 105 ൽ അന്നുതന്നെ ഞങ്ങൾ ഇവിടെനിന്ന് മാറിപ്പോകുന്നു എന്ന് പറയുന്ന ഒരു ശബ്ദം യഹൂദാചാര്യന്മാർ ദൈവാലയത്തിൽ നിന്ന് കേട്ടു എന്ന് പറയുന്നുണ്ട്. അത് എന്തിനെ ഉദ്ദേശിച്ചാണ്?Q ശരിക്കറിഞ്ഞുകൂടാ. Ans. മോർ തോമാ ശ്ലീഹാക്ക് പരിപൂർണ്ണ അപ്പോസ്തല അധികാരങ്ങളും പ്രധാനാചാര്യത്വ നൽവരങ്ങളും ഉണ്ടായിരുന്നില്ലേ?Q ആ ചോദ്യത്തിന് മുമ്പ് ബോധിപ്പിച്ച E.B.63 വ്യാഖ്യാനമനുസരിച്ച് പടിപടിയായിട്ടാണ് പൗരോഹിത്യസ്ഥാനങ്ങൾ നൽകപ്പെട്ടത് എന്ന് കാണുന്ന സ്ഥിതിക്ക് പൗരോഹിത്യം

നൽകിയത് യോഹന്നാൻ 20-22 ൽ പറയുന്ന സമയത്ത് മോർ തോമാശ്ലീഹാ സ്ഥലത്തില്ലാതിരുന്നപ്പോഴാകയാലും Ex.B.63 ൽ തന്നെ 85-ാം പേജിൽ ആചാര്യത്വത്തിന്റെ വരം പ്രാപിക്കുന്നതിനുമുമ്പ് പ്രധാനാചാര്യത്വത്തിന്റെ വരം പ്രാപിക്കുവാൻ ഒരുവനും അധികാരം ഇല്ലെന്ന് പറഞ്ഞിരിക്കുന്നതുകൊണ്ടും പ്രധാനാചാര്യത്വത്തിന്റെ അവസ്ഥയെക്കുറിച്ച് കൃത്യമായി ബോധിപ്പിക്കുവാൻ എനിക്ക് സാദ്ധ്യമല്ല. അദ്ദേഹവും അപ്പോസ്തലനായിരുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു. Ans. മോർ തോമാശ്ലീഹാക്കു പരിപൂർണ്ണമായ പ്രധാനാചാര്യത്വ നൽവരങ്ങളും അപ്പോസ്തലാധികാരങ്ങളും ഇല്ലായിരുന്നു എന്ന് സുറിയാനി സഭ അംഗീകരിക്കുന്ന ഏതെങ്കിലും പൂർവ്വ പിതാക്കന്മാരൊ പണ്ഡിതന്മാരൊ പറഞ്ഞിട്ടുണ്ടോ?Q അങ്ങനെ പറയേണ്ട ആവശ്യം ആർക്കും വന്നിട്ടില്ല. കാരണം പത്രോസിന്റെ സ്ഥാനത്തെയും മറ്റുള്ളവരുടെ സ്ഥാനങ്ങളെകുറിച്ച് വിമർശനങ്ങളും സമർത്ഥിക്കലുകളും മുമ്പ് വന്നിട്ടില്ല എന്നതുതന്നെ ഇപ്പോൾ അത് ഒര് controversial വിഷയമായി. controversial വിഷയമായി നിലവിലിരിക്കയാണോ?Q ഒരു വിഭാഗം വേദപുസ്തകത്തിന്റെയൊ പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളുടെയും വെളിച്ചത്തിൽ ഉള്ള സത്യം പ്രസ്താവിക്കുമ്പോൾ അത്കൊണ്ട് ദൂഷ്യം വരാവുന്ന മറ്റൊരു വിഭാഗം അതിനെ സമ്മതിക്കാതെ വരുന്ന പരിതഃസ്ഥിതിയിൽ വിശ്വാസത്തെ സംബന്ധിച്ചല്ല. controversy ഉള്ളത്. ഉണ്ടെന്നും ഉള്ളത് ഇല്ലാ എന്നും ആണ്. അത് നിലനില്ക്കുന്നു. Ans. പിതാക്കന്മാരുടെ വ്യാഖ്യാനം എന്നുപറഞ്ഞത് ഏത് പിതാക്കന്മാരുടെ ആണ്?Q E.B63 ലും അതുപോലെ മറ്റ് പ്രസിദ്ധീകരണങ്ങൾ E.B.71 മുതലായവയിൽ ചില പിതാക്കന്മാരുടെ അഭിപ്രായങ്ങൾ എന്നു പറഞ്ഞത്. Ans.E.B.63, A71 അല്ലാതെയുള്ള വ്യാഖ്യാനങ്ങൾ ഏതാണ്?Q എനിക്ക് ഇപ്പോൾ ഓർമ്മയില്ല. Ans. സാക്ഷി പഠനത്തിൽ ഏതെങ്കിലും വ്യാഖ്യാനങ്ങളൊ, ഗ്രന്ഥങ്ങളൊ, രേഖകളൊ, മോർ തോമാശ്ലീഹാക്ക് പരിപൂർണ്ണ അപ്പോസ്തലാധികാരങ്ങളും പ്രധാനാചാര്യത്യ നൽവരങ്ങളും ഇല്ലായിരുന്നു എന്ന് കണ്ടിട്ടുണ്ടോ?Q ഉണ്ട്. (1) E.B63 ൽ നിന്ന് തെളിയുന്നതുപോലെ (2) സഭയിൽ ഉപയോഗത്തിലിരിക്കുന്ന പെങ്കീസായിൽ ഉയിർപ്പിനുശേഷമുള്ള ഹേവോറെ ദിവസങ്ങളിൽ, തിങ്കളാഴ്ചത്തെ ഒരു പ്രൊമിയോനിൽ പത്ത് ശ്ലീഹന്മാർക്ക് നീ ആചാര്യത്വം നൽകി എന്തെന്നാൽ യൂദാ മരിച്ചു പോയി തോമാ ഓടിപ്പോയി എന്നു കാണുന്നുണ്ട് (3) ഈ കേസിലെ 1-ാം വാദിയെ വാഴിച്ച ആൾ ആകമാന സുറിയാനി സഭയുടെ അനിഷേദ്ധ്യ പ്രധാനാചാര്യനുമായ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ ഒന്നാം വാദിക്കയച്ച ഒരു കല്പനയിലും സഭയുടെ വ്യാഖ്യാനങ്ങളറിയാവുന്ന അദ്ദേഹം സ്പഷ്ടമായി എഴുതിയിട്ടുണ്ട്. ഇതേപ്പറ്റി മുമ്പ് വാദപ്രതിവാദങ്ങൾ ഉണ്ടാകാതിരുന്ന സ്ഥിതിക്ക് കൂടുതൽ തെളിവുകൾ കാണിക്കുവാൻ എനിക്കിപ്പോൾ ഓർമ്മയില്ല. മോർ തോമാ ശ്ലീഹായെ സംബന്ധിച്ച് ഒന്നാം വാദിക്ക് പാത്രിയാർക്കീസ് ബാവ എഴുതിയ ഈ വിഷയത്തെക്കുറിച്ചുള്ള ഭാഗത്തിന് കാര്യകാരണങ്ങൾ സഹിതമുള്ള മറുപടി കൊടുത്തിട്ടില്ലെന്നാണ് എന്റെ അറിവ്. Ans. ഇല്ലായി

ന്നുന്നു എന്ന് വ്യക്തമായിട്ട് ആരെങ്കിലും പറഞ്ഞിട്ടുള്ള രേഖ കണ്ടിട്ടുണ്ടോ?Q മുമ്പ് ഇതൊന്നു വാദവിഷയമല്ലാതിരുന്നതിനാൽ അതായത് ശ്ലീഹന്മാർക്ക് പടിപടിയായിട്ട് സ്ഥാനം കൊടുത്തു. അങ്ങനെയാണ് പ്രധാനാചാര്യത്വവും സിദ്ധിച്ചത് എന്നുള്ള വിഷയത്തെക്കുറിച്ച് തർക്കമില്ലാതിരുന്നതിനാൽ അതേപ്പറ്റി ആർക്കും ഒന്നും എഴുതേണ്ട ആവശ്യം വന്നിട്ടില്ലാത്ത സ്ഥിതിക്ക് അങ്ങനെയുള്ള രേഖകൾ ഞാൻ കണ്ടിട്ടില്ല. Ans. പെന്തിക്കോസ്തു ദിവസം പരിശുദ്ധാത്മാവാസം ഉണ്ടായതിനുശേഷം ശെമോൻ കീപ്പാ 11 ശ്ലീഹന്മാരോടുകൂടി നിന്നുകൊണ്ട് ഉച്ചസ്വരത്തിൽ ഇപ്രകാരം പറഞ്ഞു എന്ന് E.B.37 ലെ ആക്റ്റ്സ് II verse 14 കൊണ്ട് കാണുന്നു. അതിൽ 11 ശ്ലീഹന്മാർ ആരൊക്കെയാണ്?Q പത്രോസ് ശ്ലീഹാ ഒഴികെ ബാക്കിയുള്ളവർ Ans. അതിൽ മത്ത്യാസ് ഉൾപ്പെടും. മാർ തോമാശ്ലീഹായും ഉണ്ടല്ലോ?Q ഉണ്ട്. Ans. ആ പ്രസംഗം കേട്ടവർ ഞങ്ങൾ എന്തുചെയ്യേണ്ടു എന്ന് ശീമോനോടും ശേഷം ശ്ലീഹന്മാരോടും ചോദിച്ചു എന്നല്ലേ verse 37 ൽ കാണുന്നത്?Q അതെ. Ans. അന്ന് വിശ്വസിച്ചു മാമൂദീസാ ഏറ്റ് ചേർക്കപ്പെട്ടവർ ശ്ലീഹന്മാരുടെ ഉപദേശത്തെ കേട്ടുകൊണ്ടും പ്രാർത്ഥനയിലും ദിവ്യപൂജാനുഷ്ഠാനത്തിലും ശ്രദ്ധയോടുകൂടി സംബന്ധിച്ചുകൊണ്ടും ഇരുന്നു എന്ന് verse 42 ൽ കാണുന്നുണ്ട്. നിലങ്ങളും ഭവനങ്ങളും ഉണ്ടായിരുന്നവർ അവയെ വിറ്റ് വില കൊണ്ടുവന്ന് ശ്ലീഹന്മാരുടെ കാൽക്കൽ വക്കുകയും ഓരോരുത്തരും ആവശ്യാനുസരണം കൊടുക്കുകയും ചെയ്തുവന്നു എന്ന് Acts അപ്പോസ്തല പ്രവൃത്തികളിൽ പറയുന്നുണ്ട്. ശ്ലീഹന്മാർ മൂലം ജനങ്ങളുടെ ഇടയിൽ വളരെ അത്ഭുതങ്ങളും വിസ്മയങ്ങളും നടന്നുകൊണ്ടിരുന്നു എന്നും അപ്പോസ്തല പ്രവൃത്തികൾ കൊണ്ട് കാണും. സ്തേഫാനോസ് സഹദായുടെ സാക്ഷി മരണത്തിന് ശേഷം ഊർശ്ലേമിലുണ്ടായിരുന്ന ശ്ലീഹന്മാരൊഴികെയുള്ള ആളുകൾ പല സ്ഥലങ്ങളിലേക്കും ഓടിപ്പോയോ?Q യഹൂദായിലെ ഗ്രാമങ്ങളിലെ ശെമരീൻക്കാരുടെ ഇടയിലും ചിന്നി ചിതറി എന്നുണ്ട്. Ans. അങ്ങനെ ചിതറിപ്പോയവർ ചുറ്റി സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചിരുന്നോ?Q ഉവ്വ്. Ans. എലിപ്പോസ് സെമറീൻ പട്ടണത്തിൽ പോയി പ്രസംഗിച്ച് പലരേയും ക്രിസ്തു മാർഗ്ഗത്തിലേക്ക് ചേർത്തോ?Q ചേർത്തു. Ans. പീലിപ്പോസ് അവിടെ പല അത്ഭുതങ്ങളും പ്രവർത്തിച്ചു. അങ്ങനെ ശെമരീനിലെ ജനങ്ങൾ ദൈവവചനം സ്വീകരിച്ചു എന്നറിഞ്ഞ് ശ്ലീഹന്മാർ പത്രോസിനെയും യോഹന്നാനെയും അങ്ങോട്ടയച്ചോ?Q അയച്ചു. Ans. അവർ അവിടെച്ചെന്ന് പ്രസംഗിക്കുകയും അവിടെയുള്ളവർക്ക് പരിശുദ്ധാത്മാവ് ലഭിക്കുന്നതിന് പ്രാർത്ഥിക്കുകയും ചെയ്തു. അവർ കൈവെക്കുകയും പരിശുദ്ധാത്മാവ് കൈക്കൊള്ളുകയും ചെയ്തു എന്ന് അപ്പോസ്തലപ്രവൃത്തികളിൽ ഉണ്ട്. അന്ത്യോക്യയിൽ ആദ്യം സുവിശേഷം അറിയിച്ചതാരാണ്?Q സ്തേഫാനോസിന്റെ വധത്തിനുശേഷം ചിതറിപ്പോയ ആളുകൾ അന്ത്യോക്യായിൽ പ്രവേശിച്ച് യവനന്മാരോട് (ഗ്രീക്കുകാരോട്) നമ്മുടെ കർത്താവായ യേശുവിനെക്കുറിച്ച് പ്രസംഗിച്ചു. Ans. അങ്ങനെ പ്രസംഗിച്ചതനുസരിച്ച് ധാരാളം പേർ ക്രിസ്തു മാർഗ്ഗത്തിൽ ചേർന്നു. യറുശ

ലേമിൽ ഈ വിവരം അറിഞ്ഞപ്പോൾ അവർ ബർനബാസിനെ അന്ത്യോക്യക്ക് അയച്ചു. അങ്ങനെ അയച്ചത് യറുശലേമിലെ സഭക്കാരാണ്. stopped for the day. മൊഴി വായിച്ച് കേട്ടു. ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ.
Sd/-

First Addl. District & session court, ERNAKULAM.
Taken down by/before me in open court, interpreted read over to the witness / accused & admitted by him/her to be correct.

Sd/-
Judge. 4-8-'78

5/8/78. witness sworn again and cross-examination continued.
ബർന്നബാസ് അന്ത്യോക്യായിൽ ചെന്നിട്ട് തർസൂസിൽ ചെന്ന് പൗലോസ് ശ്ലീഹായെ കൂട്ടികൊണ്ടുവന്ന് ഒരു കൊല്ലം അന്ത്യോക്യായിൽ താമസിച്ച് സുവിശേഷം അറിയിച്ചു എന്ന് അപ്പോസ്തലപ്രവൃത്തികൾ കൊണ്ടു കാണാം. ശൗൽ എന്ന് വിളിക്കപ്പെട്ടിരുന്ന പൗലോസിന്റെ മാനസാന്തരത്തിനു ശേഷം അദ്ദേഹം ഉടനെ ജറുസലേമിലേക്കോ പത്രോസ് ശ്ലീഹായുടെ അടുക്കലേക്കോ പോയോ?Q ആക്ട്സ് 9-26ൽ അദ്ദേഹം ജറുസലേമിലേക്ക് പോയതായി പറയുന്നുണ്ട്. Ans. അത് വെളിപാടുണ്ടായി മാനസാന്തരപ്പെട്ട ഉടനെയാണോ കുറെനാൾ കഴിഞ്ഞാണോ?Q ഡമസ്കോസിൽ സുവിശേഷം പ്രസംഗിച്ചതിനു ശേഷമാണ് അദ്ദേഹം ജറുസലേമിലേക്കു പോയത്. Ans. ജറുസലേമിലേക്കു ചെന്നശേഷം ബർന്നബാസ് അദ്ദേഹത്തെ ശ്ലീഹന്മാരുടെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുപോയി. പൗലോസിനെയും ബർന്നബാസിനെയും ആദ്യം സുവിശേഷ പ്രചാരണത്തിനയച്ചത് അന്ത്യോക്യൻ സഭയിൽനിന്നാണോ?Q അപ്പോൾ ശ്ലീഹന്മാരെല്ലാവരും യറുശലേമിലായിരുന്നതുകൊണ്ട് അവിടെ നിന്നാണ് പോയത്. അന്ത്യോക്യായിൽ നിന്നല്ല. Ans.Acts XIII-2-3 നോക്കി 13-ാം അദ്ധ്യായത്തിൽ അന്ത്യോക്യായിൽ നിന്നുപോയതായിട്ടാണ് കാണുന്നത്. യറുശലേമിൽ നിന്ന് കൈസറിയായിലേക്ക് പോയെന്നും അവിടെനിന്ന് തർശീശിലേക്ക് പോയെന്നും മറ്റും 9-ാം അദ്ധ്യായം 30-ാം വാക്യത്തിലും പറയുന്നുണ്ട്. അതിനുശേഷമാണ് 13-ാം അദ്ധ്യായത്തിൽ പറയുന്ന കാര്യം. അന്ത്യോക്യായിലുള്ള സഭയിൽ ചില പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നതായും അവരാണ് അയച്ചത് എന്നും കാണുന്നു. ആ മിഷനറിയാത്ര കഴിഞ്ഞ് പൗലോസും ബർന്നബാസും അന്ത്യോക്യായിൽ മടങ്ങി എത്തിയോ?Q 14:26ൽ അങ്ങനെ പറയുന്നുണ്ട്. Ans. അവിടുത്തെ സഭയെ വിളിച്ചുകൂട്ടി യാത്രയുടെ വിവരം അവരെ ധരിപ്പിച്ചോ?Q യാത്രാവിവരം അറിയിച്ചു. അന്ത്യോക്യായിലെ സഭയെ മുഴുവനും അറിയിച്ചു. Ans. സുവിശേഷ യാത്രയയ്ക്കുമ്പോഴൊ തിരികെ വന്നു യാത്രാവിവരം അറിയിച്ചപ്പോഴോ പത്രോസ് ശ്ലീഹാ അവിടെ ഉണ്ടായിരുന്നതായോ, അദ്ദേഹം അതിന് എന്തെങ്കിലും ചെയ്തതായോ കാണുന്നില്ലല്ലോ?Q അതിന്റെ കാലഘട്ടം മനസ്സിലായാലെ ശരിയായി ഉത്തരം പറയു

വാൻ നിവൃത്തിയുള്ളൂ. Ans. *Acts of Apostles* അങ്ങനെ പത്രോസ് കാരാഗൃഹത്തിൽ ആയിരുന്നതായും അത് കഴിഞ്ഞതിന്റെശേഷം അവിടെനിന്ന് സ്വതന്ത്രനായി പല സ്ഥലങ്ങളിലും സുവിശേഷം അറിയിച്ചു എന്നും കാണാവുന്നതാണ്. അദ്ദേഹം അന്ത്യോക്യായിൽ ക്രിസ്താബ്ദം 37ഓടുകൂടിയാണ് ചെന്ന് ചേർന്നത് എന്ന് ഇത് സംബന്ധിച്ചുള്ള മറ്റ് രേഖകൾ പറയുന്നു. അതുകൊണ്ടാണ് കാലഘട്ടമറിഞ്ഞാലേ അന്ത്യോക്യായിൽ അന്ന് പത്രോസുണ്ടായിരുന്നോ ഇല്ലയോ എന്ന് പറയുവാൻ സാധിക്കൂ എന്ന് പറഞ്ഞത്. Ans. question repeated. ആക്റ്റിസിൽ കാണുന്നില്ല. ഈ കാലഘട്ടത്തിലാണെങ്കിൽ പലതും ചെയ്തുമിരിക്കാം. Ans. ഈ കാലഘട്ടമെന്ന് പറഞ്ഞത് എ.ഡി.37 ആണ്. സുവിശേഷങ്ങളിലും Acts ലും യഥാർത്ഥത്തിൽ നടന്നിട്ടുള്ള എല്ലാ കാര്യങ്ങളും അതേപടി രേഖപ്പെടുത്തിയിട്ടില്ല എന്ന് പറഞ്ഞാൽ ശരിയായിരിക്കുമോ?Q മുഴുവനും രേഖപ്പെടുത്തിയിട്ടില്ലെന്ന് പറഞ്ഞാൽ ശരിയായിരിക്കും. കാരണം St.John ന്റെ സുവിശേഷത്തിൽ അവസാനം ക്രിസ്തു ചെയ്തിട്ടുള്ള മറ്റ് പലതും ഉണ്ട്. അവയെല്ലാം ഇതിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് പറയുന്നുണ്ട്. അതുപോലെ Acts.ൽ ഓരോ ശ്ലീഹന്മാരും എവിടെയെല്ലാം പോയി എന്നും മറ്റുമുള്ള കാര്യങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പത്രോസ് ശ്ലീഹയുടെയൊ ഓരോ സ്ഥലത്തുമുള്ള പ്രവർത്തനങ്ങളുടെയൊ, അവരുടെ സാക്ഷിമരണത്തിന്റെയൊ, മുഴുവൻ കാര്യങ്ങൾ Acts ൽ കാണുവാൻ സാദ്ധ്യമല്ല. Ans.Acts XIII- 7 മുതൽ 11 വരെ വാക്യങ്ങളിൽ പൗലോസ് ശ്ലീഹാ ബർസുമാ എന്ന പേരിലുള്ള ഒരു ജാലവിദ്യക്കാരന്റെ പ്രവർത്തനങ്ങളെ ശപിക്കുകയും ജാലവിദ്യക്കാരന് കാഴ്ച നഷ്ടപ്പെട്ടതായും ഉള്ള വിവരങ്ങൾ പറയുന്നില്ലേ?Q Ex.B.37 ൽ ബർസുമാ എന്നും Ex.B.83 ൽ എലിമാസ് എന്നും പറയുന്ന ഒരു ക്ഷുദ്രക്കാരനെ ശപിച്ച് കാഴ്ച നഷ്ടപ്പെട്ടതായി പറയുന്നുണ്ട്. Ans. 29:11-12 വാക്യങ്ങളിൽ പൗലോസ് ശ്ലീഹാ മുഖാന്തരം ഉണ്ടായ അത്ഭുതങ്ങളെപ്പറ്റി പറയുന്നുണ്ട്. 15ൽ യറുശലേമിൽ കൂടിയ ശ്ലീഹന്മാർ ഉൾപ്പെട്ട് നടത്തിയ യോഗത്തിന്റെ വിവരങ്ങൾ പറയുന്നില്ലേ?Q 15:6മുതൽ വാക്യങ്ങളിൽ പറയുന്നുണ്ട്. Ans. ആ യോഗത്തെ യറുശലേം സൂനഹദോസ് എന്ന് പറയാറുണ്ടോ?Q ആ പേരിൽ ആണൊ എന്ന് നിശ്ചയമില്ല. യറുശലേമിൽ പല ആലോചനയോഗങ്ങളും കൂടിയിട്ടുണ്ട്. അതിൽ ഏതിനെയാണ് യറുശലേം സൂനഹദോസ് എന്ന് പറയുന്നത് എന്ന് ഇപ്പോൾ പെട്ടെന്ന് പറയാൻ പറ്റുകയില്ല. Ans. ശെമ്മാശന്മാരെ തെരെഞ്ഞെടുക്കുന്ന ഒരു യോഗം, മത്ത്യാസിനെ തെരഞ്ഞെടുത്തത് 15ൽ പറയുന്നത്, ഇങ്ങനെ പല യോഗങ്ങളും ഉണ്ടായിട്ടുണ്ട്. വിശ്വാസസംബന്ധമായ കാര്യത്തെക്കുറിച്ച് ആദ്യമായി കൂടിയ യോഗമാണോ 15ൽ പറയുന്നത്?Q പുറജാതികളിൽ നിന്ന് ക്രിസ്തുമതത്തിൽ ചേരുന്നവർക്ക് ചേലാകർമ്മം വേണമെന്നുള്ള ഒരഭിപ്രായവും വന്നപ്പോൾ അക്കാര്യത്തെക്കുറിച്ച് തീരുമാനം ചെയ്യാനാണ് 15ലെ യോഗം കൂടിയത്. അത് ക്രിസ്തുവിലുള്ള വിശ്വാസത്തെ സംബന്ധിച്ച ഒരു കാര്യമല്ലായിരുന്നു. എങ്കിലും വിശ്വാസ സംബന്ധമായ ഒരു പ്രശ്നത്തെക്കുറിച്ച് തന്നെയായിരുന്നു. Ans.

അത് ശ്ലീഹന്മാർ ഉൾപ്പെട്ട് വിശ്വാസ സംബന്ധമായി ആദ്യമായി കൂടുന്ന യോഗമായിരുന്നോ?Q മുമ്പ് കൂടിയിട്ടുള്ളവയും വിശ്വാസം നിലനിർത്തുവാനുള്ള കാര്യങ്ങളെക്കുറിച്ച് തീരുമാനം ചെയ്യുവാൻ ആയിരുന്നു എങ്കിലും വിശ്വാസസംബന്ധമായ തർക്കപ്രശ്നത്തെക്കുറിച്ച് ആദ്യമായി കൂടിയത് ഇതാണ്. Ans. ഗലാത്തിയലേഖനം 2:11ൽ പൗലോസ് ശ്ലീഹാ നേരിട്ട് പത്രോസ് ശ്ലീഹായെ ശാസിച്ചതായി പറയുന്നുണ്ടോ? പറയുന്നുണ്ട്. Ans. പത്രോസ് ശ്ലീഹായെ അങ്ങനെ ശാസിക്കാനുള്ള കാരണം എന്താണ്?Q E.B.37 ൽ ഗലാത്തിയർ 2:11ൽ യാക്കോബിന്റെ അടുക്കൽ നിന്ന് ചിലർ ചെന്ന് ചേർന്നതുവരെ കീപ്പാ പുറജാതികളോട് ഒരുമിച്ച് ഭക്ഷിച്ചുവന്നു. അവർ വന്നതിന് ശേഷമാകട്ടെ ചേല ഏറ്റവരെക്കുറിച്ച് ഭയപ്പെട്ട് അതിൽ നിന്ന് വിരമിച്ച് പിൻതിരിഞ്ഞു. ഇത് വിരുദ്ധതക്ക് കാരണമായിത്തീർന്നത് കൊണ്ട് അദ്ദേഹം അന്ത്യോക്യായിൽ വന്നപ്പോൾ ഞാൻ മുഖദാവിൽ ശാസിച്ചു എന്നാണ് പറയുന്നത്. Ans.E.B.83 ഗലാത്തിയർ 2:14ൽ സുവിശേഷസത്യം അനുസരിച്ച് പത്രോസ് ശ്ലീഹായും അദ്ദേഹത്തോട് യോജിച്ച ബർന്നബായും ശരിയായി നടക്കുന്നില്ല എന്നു കണ്ടാണ് ശാസിച്ചത് എന്ന് പറയുന്നില്ലേ? ഇല്ല. Ans. എന്താണ് ആ വാക്യത്തിൽ പറയുന്നത്?Q ഈ അഭിപ്രായ ഗതിയുള്ളവർ സുവിശേഷത്തിന്റെ സത്യത്തിൽ നടക്കുന്നില്ല എന്ന് പൗലോസ് പറഞ്ഞതായിട്ട് ആ ഭാഗത്ത് കാണുന്നു. ഈ സംഭവം Act XV ൽ പറയുന്ന സംഭവത്തിന് മുമ്പാണോ പിമ്പാണൊ എന്ന് ഓർമ്മയില്ല. Ans.E.B.83 ൽ ആ അദ്ധ്യായത്തിൽ തന്നെ vers.9 ൽ James, Cepha and John who seem to be the pillars എന്ന് പറയുന്നതിൽ James യറുശലേമിലെ എപ്പിസ്കോപ്പാ ആയിരുന്നു യാക്കോബും Cepha എന്നത് പത്രോസ് ശ്ലീഹായും John യോഹന്നാൻ ശ്ലീഹായും ആണ്. അവരെ തൂണുകൾ എന്ന് വിചാരിക്കപ്പെടുന്നു എന്നു പറയാൻ കാരണം എന്താണ്?Q അന്നത്തെ സഭയിൽ ഓരോ വിധത്തിൽ പ്രാമാണ്യമുള്ളവരായിരുന്നതുകൊണ്ട് Ans. ഏതൊക്കെ വിധത്തിലാണ് പ്രാമാണ്യം ഉണ്ടായിരുന്നത്?Q യാക്കോബ് ശ്ലീഹാ കർത്താവിന്റെ സഹോദരനും യറുശലേമിലെ എപ്പിസ്കോപ്പായും ആയിരുന്നതുകൊണ്ട്, കേപ്പായെക്കുറിച്ച് അദ്ദേഹത്തിന് ക്രിസ്തു കൊടുത്ത വാഗ്ദാനങ്ങളും അധികാരങ്ങളും എന്തെല്ലാമാണെന്ന് ഇക്കാലത്തിനിടയ്ക്ക് പൗലോസിന് അറിയാമായിരുന്നതുകൊണ്ട്, യോഹന്നാൻ ആദ്യകാലങ്ങളിൽ പത്രോസിനോട് ഒത്ത് എപ്പോഴും പ്രവർത്തിച്ചിരുന്നതുകൊണ്ട്. യാക്കോബ് എന്നത് കർത്താവിന്റെ സഹോദരൻ യാക്കോബാണോ ശ്ലീഹന്മാരിൽപെട്ട യാക്കോബാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ശ്ലീഹന്മാരിപെട്ട യാക്കോബാണെങ്കിൽ കർത്താവ് ജീവിച്ചിരിക്കുമ്പോൾ സുപ്രധാനസന്ദർഭങ്ങളിൽ ഈ മൂന്നുപേരെ മാത്രം കൂടികൊണ്ടു പോയിരുന്നതായും. കാണുന്നതിനാൽ അങ്ങനെയുള്ള പ്രാധാന്യവും വരാവുന്നതാണ്. Ans. തൂണുകൾ എന്നു വിചാരിക്കപ്പെടുന്ന എന്ന് പറഞ്ഞിട്ടുള്ളത് സഭയുടെ തൂണുകളെന്നാണോ? തൂണുകൾ എന്ന് അവിടെ പറയുന്നത് പ്രാമാണ്യമുള്ളവർ എന്ന അർത്ഥത്തിലാണ് കാരണം

സഭയുടെ പ്രാർത്ഥനാപുസ്തകത്തിൽ ഞാൻ ശെമ്മാൻ കിപ്പാമേലും 72 തൂണുകളിന്മേലും പണിയപ്പെട്ടിരിക്കുന്നു എന്നുണ്ട്. Ans. സഭയിൽ പ്രാമാണ്യമുള്ളവർ എന്ന അർത്ഥത്തിലാണ്. സാക്ഷിപറയുന്നതുപോലെ സഭയുടെ മുഴുവൻ ഭരണാധികാരവും പത്രോസ് ശ്ലീഹായ്ക്ക് മാത്രമായിരുന്നെങ്കിൽ മൂന്നുപേരുടെ പേര് പറയുന്നതിൽ പത്രോസ് ശ്ലീഹായുടെ പേര് ആദ്യമെങ്കിലും പറയേണ്ടതല്ലായിരുന്നോ?Q എന്ന് നിർബന്ധമില്ല. കാരണം ഒന്ന്, പൂർണ്ണഭരണാധികാരമുള്ളവന്റെ പേര് ആദിയിലൊ മദ്ധ്യത്തിലൊ അന്തത്തിലൊ പറഞ്ഞാലും കർത്താവ് കൊടുത്ത അധികാരത്തിന് കുറവ് വരുകയില്ല. രണ്ട്, ശ്ലീഹന്മാർ അധികാരം മാത്രമാണ് സർവ്വവും എന്ന ബോധത്തിൽ ജീവിച്ചിരുന്നവരല്ലായ്കയാൽ പേരു വയ്ക്കുന്നതിൽ അത്ര ശ്രദ്ധിച്ചു കാണാൻ വഴിയില്ല. മൂന്ന്, സുവിശേഷങ്ങളിൽ ഈ മൂന്നുപേരുടെ പേരുകൾ എവിടെയെല്ലാം പറഞ്ഞിട്ടുണ്ടോ അവിടെ എല്ലാം എന്നു മാത്രമല്ല, പത്രോസിന്റെ പേരാണ് ഒന്നാമതായി ഉപയോഗിച്ചിട്ടുള്ളത്. Ans. 9-ാം വാക്യത്തിൽ പറയുന്ന യാക്കോബ് കർത്താവിന്റെ സഹോദരനാണോ എന്നുള്ള ഭാഗത്തെപ്പറ്റി പെട്ടെന്നുള്ള ചോദ്യമായതിനാൽ പഠിച്ചിട്ടില്ല. പറയുവാൻ നിവൃത്തിയില്ല. Ans. ആക്റ്റ് 15ൽ പറയുന്ന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് യറുശലേം എപ്പിസ്കോപ്പയായ കർത്താവിന്റെ സഹോദരനായ യാക്കോബാണോ?Q അവിടെ ആരും അദ്ധ്യക്ഷത വഹിച്ചതായി പറയുന്നില്ല. ചേലാകർമ്മമെന്ന പ്രശ്നത്തെക്കുറിച്ച് Acts XV - 6ൽ ശ്ലീഹന്മാരും കശീശന്മാരും കൂടിയെന്നും 7ൽ അതിനെകുറിച്ച് വാദങ്ങൾ നടന്നു എന്നും അപ്പോൾ ശെമോൻ എഴുന്നേറ്റ് 7 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ പറയുന്നതുപോലെയുള്ള പ്രസ്താവന ചെയ്യുകയും 12 വാക്യത്തിൽ തങ്ങൾ വഴിയായി ദൈവം പ്രവർത്തിച്ച കാര്യങ്ങളെക്കുറിച്ച് പൗലോസും ബർന്നബാസും പറയുകയും പിന്നീട് യാക്കോബ് എഴുന്നേറ്റ് 13 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ കാര്യങ്ങൾ പറയുകയും ചെയ്തു എന്നാണ്. E.B. 37ൽ കാണുന്നത്. Ans. ആ യാക്കോബ് കർത്താവിന്റെ സഹോദരൻ യാക്കോബാണ്. അക്കാലത്ത് യറുശലേമിലെ എപ്പിസ്കോപ്പയും ആയിരുന്നു. ആ യോഗത്തിന്റെ തീരുമാനം പ്രഖ്യാപിച്ചത് കർത്താവിന്റെ സഹോദരൻ യാക്കോബാണോ? എന്നു E.B 37 ൽ പറയുന്നില്ല. മറ്റുള്ളവർ സംസാരിച്ചതുപോലെ യാക്കോബും സംസാരിച്ചു എന്നേ പറയുന്നുള്ളു. Ans.E.B. 37ൽ 20-ാം വാക്യത്തിൽ നാം അവർക്ക് എഴുതി അയക്കണമെന്ന് ഞാൻ പറയുന്നു എന്ന് പറയുന്നു. പത്രോസും നമ്മുടെ പിതാക്കന്മാരാകട്ടെ നമ്മളാകട്ടെ വഹിപ്പാൻ അസാദ്ധ്യമായിരുന്ന മുഖം ഈ ശിഷ്യന്മാരുടെ കഴുത്തുകളിൽ വച്ച് ദൈവത്തെ പരീക്ഷിക്കുന്നത് എന്തിന് എന്നു ചോദിച്ചതുപോലെ ഉള്ള യാക്കോബിന്റെ അഭിപ്രായം അദ്ദേഹവും പറഞ്ഞു. യാക്കോബ് ഞാൻ പറയുന്നു എന്നു പറഞ്ഞതുകൊണ്ടാണ് അതിനു അന്ത്യതിരുമാനം വന്നത് എന്ന് ഒരിടത്തും പറയുന്നില്ല. എല്ലാവരുടെയും അഭിപ്രായം ഒന്നു തന്നെയായിരുന്നു. Ans. എഴുതി അയക്കണം എന്ന് പറയുന്നത് എന്തിനെ പ്പറ്റിയാണ്?Q യാക്കോബിന് തോന്നിയ അഭിപ്രായത്തെക്കുറിച്ച് Ans. യാക്കോബ്

പറഞ്ഞ സംഗതി എഴുതി അയച്ചോ?Q പത്രോസും പൗലോസും യാക്കോബും പറഞ്ഞ കാര്യം സാരാംശത്തിൽ ഒന്നുതന്നെയായിരുന്നു. അതാണ് എഴുതി അയച്ചത്. Ans.E.B 83 ൽ Acts XV verse 19ൽ ഇത് സംബന്ധിച്ച് യാക്കോബ് പറയുന്നത് wherefore my sentences എന്നാണോ? അതിൽ പറയുന്നത് അങ്ങനെയാണ് എന്നാൽ സുറിയാനിസഭ ഉപയോഗിക്കുന്ന പ്ശിത്താ version ൽ നിന്നുള്ള യഥാർത്ഥ തർജ്ജമയും സുറിയാനി സഭക്കാരുടെ എല്ലാ പള്ളികളിലും തന്നെ ഉപയോഗിക്കുന്നതും Ex.B.37 ആണ്. Ex.B.83 പോലുള്ള ഇംഗ്ലീഷ് പുസ്തകങ്ങളല്ലാം അതിനും പുറമെ ഇംഗ്ലീഷ് ട്രാൻസ്ലേഷനിൽ പ്രകടമായ തെറ്റുകൾ ഉണ്ടെന്ന് നേരത്തെതന്നെ ബോധിപ്പിച്ചിട്ടുണ്ട്. സുറിയാനി സഭയുടെ വിശ്വാസത്തിന് വിപരീതമായ രീതിയിൽ St.John chap II verse 4 ൽ woman, what have I to do with thee എന്നു പറയുന്നത്. E.B.37 ൽ സ്ത്രീയെ എനിക്കും അവിടേക്കും എന്ത് അതുപോലെതന്നെ പല ഭാഗങ്ങളിലും പ്രൊട്ടസ്റ്റന്റ് ഇംഗ്ലീഷ് version ൽ പല വ്യത്യാസങ്ങളും ഉണ്ട്. Ans. Protestant കാർക്ക് ഈ ഭാഗം വ്യത്യസ്തമായി പരിഭാഷപ്പെടുത്തുന്നതിൽ വല്ല പ്രത്യേക കാര്യസാദ്ധ്യവും ഉണ്ടോ?Q ഉണ്ടായിരിക്കാം. കാരണം പത്രോസിനെ കാര്യമായി വിചാരിക്കുന്ന റോമാസഭയിൽ നിന്നു പിരിഞ്ഞവരാണ് പ്രൊട്ടസ്റ്റന്റുകാർ. ആ സ്ഥിതിക്ക് പത്രോസിന്റെ പ്രാമാണ്യം കുറച്ചുകാണിക്കാൻ വേണ്ടി അങ്ങനെ ചെയ്തെന്നും വരാം. Ans.E.B.37 version ആണ് എല്ലാ സുറിയാനി പള്ളികളിലും ഉപയോഗിക്കുന്നത് എന്ന് സാക്ഷിക്ക് എങ്ങനെ അറിയാം?Q സഭയുടെ വിശ്വാസം ശരിയായി പാലിച്ചുകൊണ്ടു പോരണമെന്ന് ആഗ്രഹിക്കുന്ന എല്ലാ പള്ളികളിലും E.B.37 പോലുള്ളതൊ അല്ലെങ്കിൽ സുറിയാനിയിലുള്ളതൊ അല്ലെങ്കിൽ ചുമതലയോടുകൂടി അച്ചടിപ്പിക്കപ്പെട്ടിട്ടുള്ള വായനപ്പടി ഏവൻഗേലിയനൊ ആണ് ഉപയോഗിക്കുന്നത്. ഉത്തരവാദിത്തമുള്ള ഒരു മേലദ്ധ്യക്ഷനും ഏത് വിഭാഗവുമായികൊള്ളട്ടെ പള്ളികളിലെ ഏവൻഗേലിയോൻ പീഠത്തിന്മേൽ പ്രൊട്ടസ്റ്റന്റ് ബൈബിൾ വക്കാൻ സമ്മതിക്കുകയില്ല. ഈ സ്ഥിതിക്കും ഇതുപോലെ ഇതാണ് ഉപയോഗിക്കേണ്ടത്. എങ്കിലും വിശ്വാസത്തെക്കുറിച്ച് വലിയ നോട്ടമില്ലാത്ത പള്ളികൾ ഉണ്ടെങ്കിൽ അവിടെ മറ്റുള്ളവയും ഉപയോഗിക്കുമായിരിക്കാം. Ans. എല്ലാ പള്ളികളിലെ കാര്യവും ഞാൻ അന്വേഷിച്ചിട്ടില്ല. Ex.B.37 പബ്ലിഷ് ചെയ്തത്. 1951ലല്ലേ?Q ഇത് II Edition ആണ് ഇത് 1951ൽ പബ്ലിഷ് ചെയ്തതാണ്. Ans. 1951ൽ സഭയിൽ കക്ഷിഭിന്നതകളും വ്യവഹാരങ്ങളും നടക്കുന്ന കാലമാണൊ?Q മുമ്പ് ബോധിപ്പിച്ചിട്ടുള്ളത് പോലെ 1912 നോ 1914 ശേഷം മിക്കവാറും എല്ലാ സമയത്തും ഇവിടെ കേസ്സുകൾ നടപ്പുണ്ടായിരുന്ന സ്ഥിതിക്ക് 1951ലും കേസുകൾ ഉണ്ടായിരുന്നിരിക്കാം. ശരിക്കറിഞ്ഞുകൂട. Ans.B 37 പരിഭാഷപ്പെടുത്തിയിരിക്കുന്ന കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പാ അന്ത്യോക്യാ പാത്രിയർക്കീസിന് കൂടുതൽ അധികാരമുണ്ടെന്ന് കാണിക്കാൻ താത്പര്യമുള്ള ആളായിരുന്നോ? ഉള്ളതിൽ കൂടുതൽ അധികാരം ഉണ്ടെന്ന് കാണിക്കുവാൻ പണ്ഡിതനായ അദ്ദേഹം ഒരു ശ്രമവും ചെയ്തതായി ഞാൻ കേട്ടിട്ടില്ല. ഉള്ള

അധികാരം ഇല്ലെന്ന് പറഞ്ഞാൽ അദ്ദേഹം സമ്മതിക്കുകയില്ലായിരുന്നു. അത് അദ്ദേഹത്തിന്റെയും സുറിയാനി സഭയിലുള്ള എല്ലാവരുടെയും ചുമതലയുമാണ് Ans.Ex.B.37 തർജ്ജമ ചെയ്തത് ഏത് പുസ്തകം നോക്കിയാണെന്ന് അതിൽ പറഞ്ഞിട്ടില്ലാത്തതു കൊണ്ട് കൃത്യം പറയുവാൻ നിവൃത്തിയില്ല. എന്നാൽ പ്ശീതാ സുറിയാനിയിൽ എന്റെ കൈവശമുള്ള പുസ്തകം വച്ചു ഞാൻ സൂക്ഷ്മമായി നോക്കിയിട്ടുണ്ട്. ആ സുറിയാനി version ആയി E.B. 37 ന് യാതൊരു വ്യത്യാസവും ഇല്ല. അതിനും പുറമെ ഇന്നുവരെ യാതൊരു മേലദ്ധ്യക്ഷനും ഈ version ൽ തെറ്റുണ്ടെന്ന് പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. Ans.E.B.37 എല്ലാ പള്ളികളിലും ഉപയോഗിച്ച് കൊള്ളണമെന്ന് ഒരു മേലദ്ധ്യക്ഷന്റെയും കല്പന ഉള്ളതായി ഞാൻ കണ്ടിട്ടില്ല. യറുശലേം യോഗത്തിലെ തിരുമാനം അന്ത്യോക്യാ സഭയെ അറിയിച്ചോ?Q അന്ത്യോക്യായിലും സുറിയായിലും കിലുക്കിയായിലുള്ള സഹോദരന്മാരെ അറിയിച്ചു എന്ന് XV-23 ൽ ഉണ്ട്. Ans. ആ എഴുത്ത് എഴുതിയത് ആരൊക്കെകൂടിയാണ്?Q ശ്ലീഹന്മാരും കശീശന്മാരും സഹോദരന്മാരും കൂടി എന്ന് 23-ാം വാക്യത്തിൽ പറയുന്നു. Ans. മുൻപറഞ്ഞ സ്ഥലങ്ങളിലേക്ക് ആൾവശം എഴുത്തു കൊടുത്തയയ്ക്കുമായിരുന്നു. E.B.37 ൽ ആക്റ്റ്സ് XV 29ൽ കൂടുതൽ ഭാരം നിങ്ങളുടെമേൽ ചുമത്തരുതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു എന്ന് പറയുന്നുണ്ട്. പത്രോസ് കാരാഗൃഹത്തിൽ നിന്നും മോചിതനായ ശേഷം യറുശലേമിൽ നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോയതായി ആക്ട് XII 17ൽ പറയുന്നുണ്ട്. അങ്ങനെ പോയതിനുശേഷമുള്ള പത്രോസിന്റെ പ്രവൃത്തികളെപ്പറ്റി Acts of the Apostles ൽ കാര്യമായി ഒന്നും പറയുന്നില്ലല്ലോ? അതാണ് നേരത്തെ ബോധിപ്പിച്ചത്. എല്ലാ കാര്യങ്ങളും പറയുന്നില്ലാ എന്ന്. Acts ൽ പറയുന്നത് പൗലോസ് ശ്ലീഹായുടെ പലപ്രവർത്തനങ്ങളെക്കുറിച്ചാണ്. stopped for the day.

മൊഴി വായിച്ചു കേട്ടു-ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ Sd/-

First Addl.District & Session Court. ERNAKULAM

Taken down by / before me in open Court, interpreted / read over to the witness/ accused & admitted by him/her to be correct.

Sd/-

Judge. 5-8-78

7/8/78 witness sworn again and cross-examination continued. കുർബാന അർപ്പിക്കുന്നതിനുള്ള അധികാരം ശ്ലീഹന്മാർക്കു സിദ്ധിച്ചിരുന്നോ?Q പെസഹായുടെ ശേഷം അപ്പവും വീഞ്ഞും എടുത്ത് ഇതെന്റെ ശരീരം ഇത് എന്റെ രക്തം എന്റെ ഓർമ്മക്കായി നിങ്ങൾ ഇങ്ങനെ ചെയ്യുവിൻ എന്ന് പന്ത്രണ്ട് ശ്ലീഹന്മാരോടും കർത്താവ് കല്പിച്ച സമയത്ത് അതിന് അർഹത ഉള്ളവർക്ക് കുർബാന അർപ്പിക്കുവാനുള്ള അധികാരം ലഭിച്ചു. Ans. അർഹതയുള്ളവർക്ക് എന്നു പറഞ്ഞാൽ? കർത്താവിന്റെ സ്വർഗ്ഗാരോഹണം വരെ അവരാരും കുർബാന

അർപ്പിച്ചില്ല. സ്വർഗ്ഗാരോഹണത്തിനു മുമ്പ് പൗരോഹിത്യം നൽകിയതിനെ ഉദ്ദേശിച്ചും കൂടിയാണ്. അർഹതയുള്ളവർ എന്നു ബോധിപ്പിച്ചത്. Ans. മാർതോമാ ശ്ലീഹാക്കു കുർബാന അർപ്പിക്കുന്നതിനുള്ള അർഹത ഉണ്ടായിരുന്നോ?Q മുൻപറഞ്ഞ സമയത്ത് പൗരോഹിത്യം നൽകപ്പെട്ടു എന്നുള്ളത് സർവ്വസമ്മതമാകയാലും പുരോഹിതനല്ലാതെ കുർബാന അർപ്പിക്കുവാൻ സാദ്ധ്യമല്ലാത്തതിന്റെയും വെളിച്ചത്തിൽ ആ അധികാരം മോർതോമാശ്ലീഹാക്ക് ലഭിച്ചിരുന്നു എന്നു പറയുവാൻ സാദ്ധ്യമല്ലെങ്കിലും അദ്ദേഹം കുർബാന അർപ്പിച്ചതായി ഐതീഹ്യങ്ങൾ ഉണ്ട്. Ans. ആ ഐതീഹ്യങ്ങൾ സാക്ഷി സ്വീകരിക്കുന്നുണ്ടോ?Q ആ ഐതിഹ്യം ഐതിഹ്യം എന്ന നിലയിൽ ഞാൻ സ്വീകരിക്കുന്നു. Ans. അത് ശരിയോ തെറ്റോ എന്നതിനെപ്പറ്റി സാക്ഷി വല്ല പഠനവും നടത്തിയിട്ടുണ്ടോ?Q ആ ഐതീഹ്യത്തെപ്പറ്റി പഠനം നടത്തിയവർ പറഞ്ഞ അഭിപ്രായത്തെപ്പറ്റി ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്. അക്കാര്യങ്ങൾ മാത്രമെ എനിക്കറിയാവൂ. Ans. പഠനം നടത്തിയവരുടെ അഭിപ്രായം സാക്ഷി സ്വീകരിച്ചു എന്നാണൊ?Q പഠനം നടത്തിക്കൊണ്ടിരിക്കുന്നവർ ഇപ്പോഴും ഓരോ അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നേ ഉള്ളൂ. Ans. അതിനാൽ അതേക്കുറിച്ച് സൂക്ഷ്മമായ അഭിപ്രായം പറയാൻ വയ്യാ എന്നാണോ?Q ഇല്ല. Ans. സാക്ഷി പറയുന്നതുപോലെയാണെങ്കിൽ ഈ ഐതീഹ്യം സഭയുടെ പഠിപ്പിക്കലിന് എതിരായിട്ടുള്ളതാകുമോ?Q പൗരോഹിത്യത്തെക്കുറിച്ച് സഭ പഠിപ്പിക്കുന്നതിന് എതിരാവുകയില്ല. Ans. സഭയുടെ വിശ്വാസത്തിന് ഏതെങ്കിലും തരത്തിൽ എതിരാകുമോ?Q പൗരോഹിത്യത്തെക്കുറിച്ചു സഭ പഠിപ്പിക്കുന്നതിന് എതിരല്ലാത്തതിനാൽ വിശ്വാസത്തിനും എതിരല്ല. Ans. സഭയുടെ പ്രധാനമായ വിശ്വാസങ്ങൾക്കും പഠിപ്പിക്കലുകൾക്കും എതിരായി സാധാരണനിലയിൽ ഐതീഹ്യങ്ങൾ നിലവിൽ വരാൻ ഇടയില്ലെന്നു പറഞ്ഞാൽ ശരിയാണോ?Q ഐതിഹ്യവും വിശ്വാസവുമായിട്ടാണ് ബന്ധം. Ans. കുർബാന അനുഷ്ഠിക്കുന്നതിന് അധികാരമുള്ള ആചാര്യന്മാർക്ക് പാപമോചനാധികാരവും ഉണ്ടായിരിക്കുമോ?Q അത് രണ്ടും പൗരോഹിത്യത്തിന്റെ അധികാരങ്ങളാകയാൽ രണ്ടും ഉണ്ടായിരിക്കും. Ans. മാമൂദിസായിൽ പാപമോചനം ഉണ്ടൊ? ഉണ്ട്. ശിശുക്കളിൽ ജന്മപാപത്തിന്റെയും മുതിർന്നവർ മാമൂദീസാ ഏൽക്കുമ്പോൾ കർമ്മപാപങ്ങളുടെയും മോചനം കിട്ടും. Ans. മാമോദീസാ നടത്തുന്നതിനുള്ള അധികാരം ആർക്കുള്ളതാണ്?Q മാമോദീസാ നടത്താൻ ശെമ്മാശന്മാർക്കും അധികാരം ഉണ്ടെന്നുള്ളത് അപ്പോസ്തല പ്രവൃത്തിയിൽ ഫിലിപ്പോസിന്റെ കാര്യം പറയുന്ന ആ സ്ഥലം കൊണ്ടുതന്നെ തെളിയുന്നതാണ്. ഏഴ് ശെമ്മാശന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. Ans. ശെമ്മാശന്മാർക്കുള്ള അധികാരം അത്യാവശ്യസന്ദർഭങ്ങളിൽ മാത്രം പ്രയോഗിക്കാവുന്നതാണ്. അങ്ങനെ അത്യാവശ്യം പ്രമാണിച്ച് നടത്തിയാൽ അത് പട്ടക്കാർ മുഖാന്തിരം പൂർത്തീകരിക്കണമോ?Q അതിനുള്ള സൗകര്യങ്ങൾ ലഭിക്കുകയാണെങ്കിൽ പൂർത്തീകരിക്കപ്പെടണം. Ans.E.B.162 ൽ അങ്ങനെയുള്ള മാമോദീസാ സംബന്ധിച്ച് എന്താണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്?Q E.B.162 page 18. മരണാസന്ന

നായിരിക്കുകയും കശീശയുടെ സാമീപ്യം ഇല്ലാതിരിക്കുകയും ചെയ്താൽ ശെമ്മാശന് മാമ്മോദീസാ മുക്കാം. എന്നാൽ കശീശ പിന്നീട് വന്ന് മൂറോൻ പൂശുകയും പൂർത്തികരണത്തിനായി മുദ്ര ഇടുകയും ചെയ്തുകൊള്ളണം. കശീശാ സമീപത്തില്ലാതിരിക്കുമ്പോൾ അത്യാവശ്യം പ്രമാണിച്ച് ശെമ്മാശനും മാമ്മോദീസാ മുക്കാമെന്ന് ശ്ലീഹന്മാരുടെ *ദിയാതക്സിസി*ൽ എഴുതപ്പെട്ടിരിക്കുന്നു. Ans. ശെമ്മാശന്മാരിൽ നിന്നും മാമൂദീസാ ഏറ്റിട്ടുള്ളവർ മൂറോന്റെ മുദ്രയായും പ്രാർത്ഥനയാലും പൂർത്തീകരിക്കപ്പെടണം എന്നും പറയുന്നുണ്ട്. ഈ നിയമങ്ങൾ സഭയിൽ ആദി മുതൽ നിലവിലിരുന്നതാണോ?Q സേവേറിയോസ് എന്ന പിതാവ് ആറാമത്തെയൊ ഏഴാമത്തെയൊ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആളാണ് അദ്ദേഹത്തിന്റെതായിട്ടാണ് കാണുന്നത്. മുൻ പതിവുകൾ അറിഞ്ഞുകൂടാ. Ans. അവിടെ പറയുന്ന ശ്ലീഹന്മാരുടെ *ദിയാതക്സിസ്* എന്താണെന്നറിയാമോ?Q ഞാൻ വായിച്ചിട്ടില്ല. അത് ശ്ലീഹന്മാർ പല നിയമങ്ങളും എഴുതിയതായിരിക്കണം. എനിക്കതിനെ കുറിച്ചറിഞ്ഞുകൂടാ. Ans. *ദിയാതക്സിസ്* സുറിയാനിയല്ല. എനിക്കതിന്റെ അർത്ഥം ശരിക്കറിഞ്ഞുകൂടാ. മോർ തോമാ ശ്ലീഹ മാമ്മോദീസാ നൽകി സഭയിൽ ചേർത്തവർക്കായെങ്കിലും പിന്നീടാരെങ്കിലും പൂർത്തീകരണം കൊടുത്തതായി എന്തെങ്കിലും ലക്ഷ്യങ്ങൾ കണ്ടിട്ടുണ്ടോ?Q അതാണ് നേരത്തെ ബോധിപ്പിച്ചത്. അത്യാവശ്യസന്ദർഭത്തിൽ ചെയ്യുന്ന കാര്യങ്ങൾക്ക് പൂർത്തീകരണം വരുത്തുവാൻ അതിനുള്ള സൗകര്യം ഉണ്ടെങ്കിലേ സാധിക്കു എന്ന്, സാക്ഷ്യങ്ങൾ കണ്ടിട്ടില്ല. Ans. കൈവയ്പ് നൽകുന്നത് എപ്പിസ്കോപ്പൽ അധികാരത്തിൽ പെട്ടതാണോ?Q ഏത് കൈവയ്പാണ് Ans. ശെമ്മാശന്മാർക്കോ പട്ടക്കാർക്കോ എപ്പിസ്കോപ്പന്മാർക്കൊ ഉള്ളത്?Q എപ്പിസ്കോപ്പൽ അധികാരത്തിൽപെട്ടതാണ്. Ans. ഫിലിപ്പുൾപ്പെടെ ഏഴു ശെമ്മാശന്മാർക്ക് കൈവച്ചവരിൽ മോർതോമാ ശ്ലീഹായും ഉൾപ്പെട്ടിരുന്നോ?Q ആ സമയത്ത് പന്ത്രണ്ടുപേരും അവിടെ ഉണ്ടായിരുന്നു. കൈവയ്ക്കുന്നത് മുമ്പ് ബോധിപ്പിച്ചതുപോലെ പലരുള്ളപ്പോൾ അവരുടെ പ്രധാനി ആയിരിക്കും കൈവയ്പ്പു നടത്തുന്നത്. അതോടുകൂടി കൈവയ്ക്കാൻ അധികാരമുള്ളവരും കയ് വച്ചെന്നിരിക്കും. Ans.Acts.VI 2ൽ പറയുന്ന The twelve ൽ മോർതോമാശ്ലീഹായും മത്യാസും ഉൾപ്പെടുമൊ?Q ഉൾപ്പെടും. അതാണല്ലോ 12 എന്ന് പറഞ്ഞത്. Ans.The twelve പന്ത്രണ്ട് അപ്പോസ്തലന്മാരെ ഉദ്ദേശിച്ചാണോ?Q അതെ, Ans.Acts VI 6-ാം വാക്യത്തിൽ അപ്പോസ്തലന്മാർ കൈവയ്ച്ചു എന്നാണ് കാണുന്നതും അതു തന്നെയാണ് നേരത്തെ ബോധിപ്പിച്ചതും യോഹന്നാന്റെ സുവിശേഷം 14:26, 14:13-15 ൽ ക്രിസ്തു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മദാനം ഉണ്ടായാൽ ശ്ലീഹന്മാർക്ക് എന്താണ് ലഭിക്കുന്നത് എന്നു പറയുന്നുണ്ട്. പിതാവാം ദൈവം ക്രിസ്തുവിനെ ലോകത്തിലേക്കയച്ച പ്രകാരം ക്രിസ്തു അവരെ (ശ്ലീഹന്മാരെ) ലോകത്തിലേക്ക് അയച്ചിരിക്കുന്നു എന്ന് വേദത്തിൽ ഇല്ലേ?Q യോഹന്നാൻ 20-21 മുതലുള്ള വാക്യങ്ങളിൽ അത് പറയുന്നുണ്ട്. മറ്റു ഭാഗങ്ങളിലും കണ്ടേക്കാം. Ans. യോഹന്നാൻ 18:18ലും താനങ്ങനെ അവരെ അയച്ചു എന്ന് ക്രിസ്തു

പിതാവിനോടു പറയുന്നുണ്ട്. മത്തായി 28:20ൽ ആണ് ഞാൻ എപ്പോഴും നിങ്ങളുടെ കൂടെ ഉണ്ട് എന്ന വാചകം പറഞ്ഞിരിക്കുന്നത്. അത് സ്വർഗ്ഗാരോഹണസമയത്താണ് എന്ന് അവിടംകൊണ്ട് തെളിയുകയില്ല. അങ്ങനെ ക്രിസ്തു പറഞ്ഞത് എപ്പോഴാണ്?Q അതിന്റെ 17-ാം വാക്യത്തിൽ അവർ തന്നെ കണ്ടപ്പോൾ വന്ദിച്ചു എന്നും എന്നാൽ ചിലർ സംശയിച്ചു എന്നും കാണുന്നതുകൊണ്ട് സ്വർഗാരോഹണ സമയത്ത് അല്ലാ സ്പഷ്ടമാകുമെന്നാണ് എന്റെ അഭിപ്രായം. Ans. 16-ാം വാക്യത്തിൽ എവിടെ വച്ചാണ് പറയുന്നത് എന്നു കാണാം. ഗലീലായിൽ ഒരു കുന്നിൻപുറത്തുവച്ചാണ് സ്വർഗ്ഗാരോഹണം നടന്നത്. യഹൂദിയായിൽ യറുശലേമിനടുത്തുള്ള ഒലിവുമലയിൽ വച്ചാണ്. 16-ാം വാക്യത്തിൽ പറയുന്ന mountain ഏതാണെന്ന് ഒരു നിശ്ചയവും ഇല്ല. ക്രിസ്തു ഒരു mountain ൽ ചെല്ലണമെന്ന് നിർദ്ദേശിച്ചതായി വേദത്തിൽ വേറെ എവിടെയെങ്കിലും ഭാഗത്തു കാണാനുണ്ടോ?Q mountain ൽ ചെല്ലണമെന്ന് പറഞ്ഞത് ഇവിടയേ ഉള്ളൂ എന്നാണ് എന്റെ ഓർമ്മ. Ans. മത്തായി 28:16 മുതൽ 20 ഉൾപ്പെടെയുള്ള വാക്യങ്ങൾ പറയുന്നത് സ്വർഗ്ഗാരോഹണ സമയത്തെ കാര്യങ്ങളണോ?Q ഗലീലായിൽ വച്ച് പറയുന്നതാകകൊണ്ടും സ്വർഗ്ഗാരോഹണ നടന്നത് അവിടെ അല്ലാത്തതുകൊണ്ടും ഈ വാക്യങ്ങൾ സ്വർഗാരോഹണസമയത്ത് പറഞ്ഞതല്ലെന്നാണ് കാണുന്നത്. Ans. ഈ വാക്യങ്ങളെ സംബന്ധിച്ചുള്ള വ്യാഖ്യാനങ്ങൾ സാക്ഷി കാണുകയൊ പഠിക്കുകയൊ ചെയ്തിട്ടുണ്ടോ?Q ഇല്ല. Ans. ഉയിർത്തെഴുന്നേല്പിനുശേഷം സ്വർഗ്ഗാരോഹണ സമയത്തല്ലാതെ ക്രിസ്തു ഏതെങ്കിലും പർവ്വതത്തിൽവച്ച് ശ്ലീഹന്മാർക്കു പ്രത്യക്ഷപെട്ടതായി വേദത്തിലോ മറ്റേന്തെങ്കിലും രേഖയിലോ കണ്ടിട്ടുണ്ടോ?Q ഉയിർത്തെഴുന്നേറ്റശേഷം കർത്താവ് ഗലീലക്ക് പോവുമെന്നും അവിടെവച്ച് നിങ്ങളവരെ കാണുമെന്നും മാലാഖ പറഞ്ഞതായി 28:7ൽ പറയുന്നുണ്ട്. ആ സ്ഥിതിക്ക് അത് നടന്നിരിക്കണം. ഗലീലായിൽ എവിടെയോ വച്ച് Ans.question repeated. മത്തായി 28ൽ പറയുന്നതിൽ കുടുതൽ എനിക്കൊന്നും പറയാനില്ല. Ans. ഉയിർത്തെഴുന്നേല്പിനുശേഷം സ്വർഗ്ഗാരോഹണത്തിനു മുമ്പായി ക്രിസ്തു എത്ര പ്രാവശ്യം ശ്ലീഹന്മാർക്ക് പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നും എനിക്ക് ഇപ്പോൾ കൃത്യമായി ഓർമ്മയില്ല. യോഹന്നാൻ 24, 25, 26 അദ്ധ്യായങ്ങളിൽ പറയുന്ന വിവരങ്ങൾ മോർതോമാ ശ്ലീഹാ ഉൾപ്പെടെയുള്ള ശ്ലീഹന്മാരോട് പറഞ്ഞിട്ടുള്ളതല്ലേ?Q അതെ, യൂദാസ് ഇല്ലായിരുന്നു. Ans.St.John XXI-14 ഉയിർത്തെഴുന്നേല്പിനുശേഷം 3-ാം പ്രാവശ്യം പ്രത്യക്ഷപ്പെടുക ആയിരുന്നു എന്നു പറയുന്നുണ്ട്. ഉയിർത്തെഴുന്നേല്പിനുശേഷം മോർതോമാ ശ്ലീഹാ കുടി ഉള്ള അവസരത്തിൽ ക്രിസ്തു ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടോ?Q മാർത്തോമാ ശ്ലീഹാ കൂടി ഉള്ളപ്പോൾ ഒരു പ്രാവശ്യം പ്രത്യക്ഷപ്പെട്ടതായി St.John 20:26ൽ പറയുന്നുണ്ട്. എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ! എന്ന് ആ അവസരത്തിൽ മോർതോമാ ശ്ലീഹാ ക്രിസ്തുവിനെ ഏറ്റുപറഞ്ഞോ?Q അങ്ങനെ ഏറ്റുപറയുകയും ക്രിസ്തു അദ്ദേഹത്തോട് നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്ന് ക്രിസ്തു

അദ്ദേഹത്തോടു പറയുകയും ചെയ്തു. Ans. ഒരു പ്രാവശ്യമെ മോർതോമാ ശ്ലീഹ ഉള്ളപ്പോൾ പ്രത്യക്ഷപ്പെട്ടിട്ടുള്ളു എന്നാണോ?Q അല്ല. ഒരു പ്രാവശ്യത്തേത് വേദത്തിൽ ഉള്ളത് എടുത്തു പറഞ്ഞു. മറ്റുള്ള അവസരങ്ങളിലേത് കൃത്യമായി പറയാൻ പറ്റുകയില്ല. Ans. മർക്കോസിന്റെ സുവിശേഷം 14:14ൽ ക്രിസ്തു ശ്ലീഹന്മാരുടെ വിശ്വാസഹീനതയേയും ഹൃദയകാഠിന്യത്തേയും കുറിച്ച് ശാസിച്ചതായി പറയുന്നുണ്ട്. 14-ാം വാക്യത്തിൽ അദ്ദേഹം അവർക്കു പ്രത്യക്ഷനാകുകയും പുനരുത്ഥാനം ചെയ്ത തന്നെ ദർശിച്ചവരെ വിശ്വസിക്കാത്തതിൽ അവരുടെ വിശ്വാസഹീനതയെയും ഹൃദയകാഠിനതയെയും ശാസിച്ചു. ലൂക്കോസ് 24:33 മുതൽ 43 കൂടിയുള്ള വാക്യങ്ങളിൽ ഉയിർത്തെഴുന്നേല്പിനുശേഷം ക്രിസ്തു 11 ശിഷ്യന്മാർക്കും കൂടി പ്രത്യക്ഷപ്പെട്ടതായും അന്നേരം നടന്ന സംഗതികളും പറയുന്നുണ്ട്. ആ സമയത്ത് മറ്റു ചിലരും അവിടെ ഉണ്ടായിരുന്നു. ആ അവസരത്തിൽ ക്രിസ്തു അദ്ദേഹത്തിന്റെ കൈകളും, കാലുകളും അവരെ കാണിച്ചു കൊടുത്തു. ക്രിസ്തുതന്നെയാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി ശ്രമിക്കുന്നതായി കാണാം. ആ അവസരത്തിൽ മീനും തേൻകട്ടയും ശിഷ്യന്മാരോട് വാങ്ങി ക്രിസ്തു അവരുടെ മുമ്പാകെ വച്ചു ഭക്ഷിച്ചു. ശിഷ്യന്മാർ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെപ്പറ്റി വിശ്വസിക്കാതിരുന്നതുകൊണ്ടാണോ ക്രിസ്തു അങ്ങനെ ചെയ്തത്?Q ശ്ലീഹന്മാർ ഒരുമിച്ച് ഇരുന്നപ്പോൾ അവർക്ക് കാണപ്പെട്ടപ്പോഴും തോമാശ്ലീഹായും കൂടി ഉള്ളപ്പോൾ പിന്നെയും കാണപ്പെടുകയും ചെയ്തതിന്റെ ശേഷമാണ് ഈ സംഭവം. എങ്കിൽ അത് ശ്ലീഹന്മാരുടെ സംശയം തീർക്കാനല്ലായിരുന്നു. പ്രത്യുത അവിടെ ഉണ്ടായിരുന്ന മറ്റുള്ളവരുടെ സംശയം തീർക്കാനായിരുന്നു. Ans. ആ ഭാഗത്ത് ക്രിസ്തു പറയുന്നതെല്ലാം 11 പേരോടുംകൂടി പറയുന്നതായിട്ടാണോ വേദത്തിൽ കാണുന്നത്? വേദത്തിൽ 36-ാം വാക്യത്തിൽ അവിടെ ഉണ്ടായിരുന്നവരുടെ മദ്ധ്യത്തിൽ ക്രിസ്തു നിന്നു എന്നും അവരോടു സംസാരിച്ചു എന്നും ആണ്. Ans. 39-ാം വാക്യസംഗതികൾ ക്രിസ്തുവിന്റെ 11 ശിഷ്യന്മാരോട് പറഞ്ഞതിൽ പറയുന്നതല്ല എന്നാണോ സാക്ഷി പറയുന്നത്?Q എന്ന് ഞാൻ പറഞ്ഞില്ല. 11 പേരും അവിടെ ഇരിക്കുമ്പോൾ വേറെയും ചിലരും ഉണ്ടായിരുന്നു എന്നും അവരെല്ലാവരോടുമാണ് എന്നുമാണ് ഞാൻ പറഞ്ഞത്. Ans. 45മുതൽ 49 വരെയുള്ള വാക്യത്തിൽ പറയുന്ന വിവരങ്ങൾ 11 ശിഷ്യന്മാരോടു പറയുന്നതാണോ?Q മുമ്പ് ആരോടെല്ലാമാണൊ പറഞ്ഞത് അവരോടെല്ലാമാണ്. Ans. 48-ാം വാക്യത്തിൽ നിങ്ങൾ ഇക്കാര്യങ്ങൾക്കു സാക്ഷികളാകുന്നു എന്നു പറയുന്നത് ആരെപ്പറ്റിയാണ്?Q അതും അവിടെ ഉണ്ടായിരുന്ന എല്ലാവരോടുമാണ് പറഞ്ഞത്. Ans. യറുശലേമിൽ തന്നെ താമസിക്കണം എന്ന് പറയുന്നതും അവിടെ ഉണ്ടായിരുന്ന എല്ലാവരോടുമാണോ?Q ഇവിടെ കാണുന്നത് അങ്ങനെയാണ്. Ans. 51-ാം വാക്യത്തിൽ അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കെ തന്നെ സ്വർഗ്ഗാരോഹണം ചെയ്തു എന്നു പറയുന്നത് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെപ്പറ്റിയാണോ?Q അവിടെ ഉണ്ടായിരുന്നവരെ, ശ്ലീഹാസ്ഥാനിയായവരെ കൂട്ടി

ക്കൊണ്ടു പോവുകയും അനുഗ്രഹിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്തു. Ans. സ്വർഗ്ഗാരോഹണസമയത്ത് ശ്ലീഹന്മാരെ അനുഗ്രഹിച്ചപ്പോഴാണ് പ്രധാനാചാര്യത്വ നൽവരങ്ങൾ ലഭിച്ചത് എന്ന് സാക്ഷി മുൻപറഞ്ഞ സന്ദർഭം ഇതാണോ?Q ഞാൻ അങ്ങനെ ബോധി പ്പിച്ചില്ല. വ്യാഖ്യാനം അങ്ങനെ ഉണ്ടെന്നു ബോധിപ്പിച്ചു. ഇവിടെ ശ്ലീഹന്മാരെ മാത്രമല്ല അവിടെ ഉണ്ടായിരുന്ന എല്ലാവരെയും, അനുഗ്രഹിച്ചതായിട്ടാണ് കാണുന്നത്. Ans. വ്യാഖ്യാനങ്ങളിൽ കാണുന്നതായി പറയുന്ന സന്ദർഭം ഇതാണോ? കൃത്യമായി അറിഞ്ഞുകൂടാ. ആണെങ്കിൽ അവിടെയുള്ള എല്ലാ വരും പ്രധാനാചാര്യന്മാർ ആയിത്തീരും. Ans. പഴയനിയമകാലത്ത് 70 മൂപ്പന്മാരെ തെരഞ്ഞെടുത്തത് അവർക്ക് ദൈവികനൽവരം കൊടുത്തപ്പോൾ അവിടെ കൂടാരത്തിൽ ഇല്ലാതിരുന്ന എൽദാദിനും മേനാദിനും ദൈവിക നൽവരം ലഭിച്ചതായി സംഖ്യാപുസ്തകം 6:23-30 വരെ വാക്യങ്ങളിൽ കാണുന്നുണ്ടോ?Q ഉണ്ട്. അവിടെ ആത്മാവ് വന്നപ്പോൾ അവർ പ്രവചിച്ചു എന്നാണ് കാണുന്നത്. പൗരോഹിത്യത്തിന്റെ തലവനായ മോശയിൽനിന്ന് പൗരോഹിത്യത്തിന്റെ ആത്മാവല്ല അവർക്കു ലഭിച്ചത്. പരിശുദ്ധാത്മാവിന് വിവിധ പ്രവർത്തനങ്ങൾ ഉണ്ട്. Ans. മാർത്തോമാ ശ്ലീഹാ സ്ഥലത്ത് ഇല്ലായിരുന്നെങ്കിൽ തന്നെ ദൈവ നിയോഗം കൊണ്ട് മറ്റു ശ്ലീഹന്മാർക്കു ലഭിച്ച നൽവരങ്ങൾ മോർതോമാ ശ്ലീഹാക്കും ലഭിച്ചിരുന്നു എന്നു കരുതുന്നതിൽ തെറ്റുണ്ടോ?Q മറ്റ് ശ്ലീഹന്മാർക്ക് ലഭിച്ച നൽവരങ്ങളിൽ പലതും മോർതോമാ ശ്ലീഹായ്ക്കുണ്ടായിരുന്നു. എന്നാൽ കർത്താവ് ശ്ലീഹന്മാരുടെ മേൽ ഊതി അവർക്കു പാപമോചനാധികാരവും അഥവാ പൗരോഹിത്യനൽവരവും മാളികയിൽ വച്ചാണ് കൊടുത്തത് എന്ന് മുമ്പു ബോധിപ്പിച്ചിട്ടുള്ള വ്യാഖ്യാതാക്കളും ഈ കേസിലെ 2-ാം വാദിയുടെ *സഭയും കൂദാശകളും* എന്ന പുസ്തകത്തിലും കാണുന്ന സ്ഥിതിക്ക് പൗരോ ഹിത്യനൽവരം കർത്താവിന്റെ ഊത്തും തദനുസരണമായ പ്രസ്താവനയും മൂലമാണ് ലഭിക്കുന്നതെന്നു കാണുന്നു. Ans. അപ്പോസ്തലന്മാരെ ക്രിസ്തു അയച്ചത് എന്തിനുവേണ്ടിയാണ്?Q വചനം പ്രസംഗിക്കുവാനും രോഗികളെ സുഖപ്പെടുത്തുവാനും ഭൂതങ്ങളെ പുറത്താക്കുവാനും ഒരവസരത്തിൽ അവരെ അയച്ചു. മറ്റൊരവസരത്തിൽ സുവിശേഷം പ്രസംഗിക്കുവാനും പഠിപ്പിക്കു വാനും മാമൂദീസാ മുക്കുവാനും അവർക്ക് നിർദ്ദേശം നൽകി. ശ്ലീഹന്മാരെ അയച്ചതിനെക്കുറിച്ചു, ഈ രണ്ടു സന്ദർഭങ്ങൾ മാത്രമെ ഓർമ്മയിൽ ഇപ്പോൾ വരുന്നുള്ളൂ. Ans. ക്രിസ്തുവിൽനിന്ന് അധികാരങ്ങൾ പ്രാപിച്ചുപോയവരാ യതു കൊണ്ടാണോ അവർ അയക്കപ്പെട്ടവരായത?Q അല്ല. ക്രിസ്തു അവരെ അയച്ചതുകൊണ്ടാണ് തദനുസരണമായ അധികാരങ്ങൾ കിട്ടിയത്. Ans. അധികാരങ്ങൾ കൊടുത്താണോ അയച്ചത്?Q പോകുന്ന സമയത്ത് അവർ എന്തിനു പോകുന്നു എന്നു പറഞ്ഞുകൊണ്ട് ആ കാര്യങ്ങൾ നിർവ്വഹിക്കു വാനുള്ള അധികാരങ്ങൾ കൊടുത്തു കൊണ്ടുമാണ് അയച്ചത്. Ans. ക്രിസ്തു ശിഷ്യന്മാരെ അയച്ചത് എങ്ങനെയാണെന്ന് യോഹന്നാൻ 18 പ്രാർത്ഥനയിൽ ഉണ്ട്. Stopped for lunch witness sworn again after lunch and examination

continued. ഉയിർപ്പിനുശേഷമുള്ള ഹേറവോറെ ദിവസങ്ങളിൽ തിങ്കളാഴ്ച പ്രുമിയോനിൽ പത്തു ചേർക്കു.......... എന്തെന്നാൽ ജൂഡാ നശിച്ചുപോയി തോമാ ഓടിരപ്പായി എന്നുണ്ടെന്നു പറഞ്ഞ പെങ്കീസാ പുസ്തകം ഹാജരാക്കിയിട്ടുണ്ടോ? ഇവിടെ ഹാജരാക്കിയിട്ടുള്ളത് പദ്യത്തിലുള്ള പ്രാർത്ഥനകളാണ്. പ്രുമിയോനുകൾ മാത്രമായി മറ്റൊരു പുസ്തകം ഉണ്ട്. അതിലാണ് വായിച്ചിരിക്കുന്നത്. Ans.E.B.38 ൽ ഇല്ല. അത് പ്രുമിയോൺ അല്ല. പ്രുമിയോനിൽ ഇങ്ങനെ ഉണ്ടെന്നു പറയുന്ന പുസ്തകം ഞാൻ കണ്ടത് മഞ്ഞനിക്കര ദയറായിലാണ്. അതിൽ നിന്ന് ഉദ്ധരണിയായി വേറെ പ്രസിദ്ധീകരണങ്ങളിൽ കണ്ടിട്ടുണ്ട്. മഞ്ഞനിക്കര ദയറായിൽ *പങ്കീസാ പുസ്തകം* ആരുടെ പക്കലാണ് കണ്ടത്?Q മോർ യൂലിയോസ് ബാവായുടെ കൈവശം വച്ചാണ് കണ്ടത്. Ans. ആദ്യം കണ്ടത് 10–15 കൊല്ലം മുമ്പാണ്. അവസാനം കണ്ടത് എന്നാണെന്നോർക്കുന്നില്ല. ആരു തയ്യാറാക്കിയ പ്രുമിയോൻ പ്രാർത്ഥനകളാണ് അതിലുള്ളത്?Q ഇവിടെ ഹാജരാക്കിയിട്ടുള്ള ഗീതപ്രാർത്ഥനകളുടെ കൈയ്യെഴുത്തു പ്രതികൾ നിർമ്മിച്ച പരിശുദ്ധപിതാക്കന്മാർ തന്നെയാണ്. ഓരോ ദിവസത്തേക്കുമുള്ള പ്രുമിയോൻ, സെദ്റൊ മുതലായ ഗദ്യപ്രാർത്ഥനകളൊ ഗദ്യപ്രാർത്ഥനകളൊ തയ്യാറാക്കിയ പിതാക്കന്മാരുടെ പേരറിഞ്ഞുകൂടാ. ആ *പെങ്കീസാ പുസ്തകം* ഇപ്പോൾ മലങ്കരയിൽ ഉണ്ടോ?Q മലങ്കരയിൽ പൂർവ്വികസുറിയാനി ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്ന എല്ലായിടത്തും കണ്ടേക്കാവുന്നതാണെന്നേ എനിക്കറിയാവൂ. Ans. ഞാൻ കണ്ടത് കയ്യെഴുത്തുപ്രതിയാണ്. ഇങ്ങനെയുള്ളതെല്ലാം കൈയെഴുത്തു പ്രതിയാണ്. അവയിൽ ചിലത് അടുത്ത കാലത്ത് അച്ചടിച്ചെന്നേ ഉള്ളൂ. ഉദ്ധരണി ഉണ്ടെന്ന് പറഞ്ഞത് ഏത് പ്രസിദ്ധീകരണങ്ങളിലാണ്?Q കുറച്ചു വർഷങ്ങൾക്കുമുമ്പായി മോർതോമാശ്ലീഹായെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ ചിലർ ഉദ്ധരിച്ചിട്ടുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. അതിനുള്ള മറുപടികൾ ഞാൻ കണ്ടിട്ടുമില്ല. Ans. ഏത് പ്രസിദ്ധീകരണങ്ങളിലാണ്?Q പേര് കൃത്യമായി ഓർക്കുന്നില്ല. Ans. വറുഗീസ് നെടുന്തള്ളിൽ പ്രസിദ്ധീകരിച്ചതാണ്. വറുഗീസ് നെടുന്തള്ളിൽ പാത്രിയർക്കീസിന്റെ അവകാശവാദങ്ങളെ അംഗീകരിക്കുന്ന ആളാണൊ?Q പാത്രിയർക്കീസിന് അവകാശവാദങ്ങൾ യാതൊന്നും ഇല്ല. പാത്രിയർക്കീസിനുള്ള അധികാരാവകാശങ്ങൾ ഈ മലങ്കരയിലെ പിതാക്കന്മാരും മറ്റും 20-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ വിശ്വസിച്ചിരുന്നത്. വിശ്വസിക്കുന്ന ഒരാളാണ്. Ans. അത് സഭയിൽ ഉപയോഗത്തിൽ ഇരിക്കുന്ന ഒന്നാണെന്ന് സാക്ഷിക്കെങ്ങനെ അറിയാം?Q അത് എനിക്കെന്നല്ല, സുറിയാനി അറിയാവുന്ന സഭാമേലദ്ധ്യക്ഷന്മാർ അതുപോലുള്ള പുസ്തകം കാണുകയും ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ട് അറിയാവുന്നതു പോലെ എനിക്കും അറിയാം. Ans. ആരുപയോഗിക്കുന്നതായിട്ടാണ് സാക്ഷി കാണുകയൊ കേൾക്കുകയൊ ചെയ്തിട്ടുള്ളത്?Q സെമിനാരികളിലും മറ്റുമാണ് അതുപയോഗിക്കുന്നത്. അതുപോലെ മഞ്ഞിനിക്കര ദയറായിൽ വച്ചാണ് ഞാൻ ഉപയോഗിച്ചത്. Ans. യൂലിയോസ് ബാവ ഉപയോഗിച്ചിട്ടുണ്ട്. ആ ദയറായിൽ വച്ച് ഞാൻ ഉപയോഗിച്ചിട്ടുണ്ട്. അത് പ്രത്യേക

ദിവസങ്ങൾക്കുള്ളതാകകൊണ്ട് അതിന്റെ ഉപയോഗത്തെപ്പറ്റി ഇത്രയും അറിയാവൂ. ആ പ്രുമിയോൻ അടങ്ങിയ പെങ്കീസാ പ്രുമിയോൻ പുസ്തകം എന്റെ കൈവശമല്ലാത്തതുകൊണ്ടു ഹാജരാക്കാൻ സാദ്ധ്യമല്ല. "പിതൃസന്നിധിയിലേക്ക് ആരോഹണം ചെയ്യുവാൻ തനിക്ക് തിരുവിഷ്ടം തോന്നിയപ്പോൾ ശ്ലീഹന്മാരെ സൈത്തു പർവ്വതത്തിൽ ഒരുമിച്ചു കൂടി വിശുദ്ധമായ തന്റെ കൈവയ്പുമൂലം അനുഗ്രഹിച്ച് ആചാര്യത്വ നൽവരങ്ങൾ അവർക്കു സമൃദ്ധിയായി നൽകുകയും അവരിൽ വിശുദ്ധ റൂഹായെ നിശ്വസിച്ച് പിതൃസന്നിധിയിൽ നിന്ന് പരിശുദ്ധാത്മാവിനെ ഞാൻ നിങ്ങൾക്കായി അയച്ചുതരുന്നതുവരെ നിങ്ങൾ ഊർശ്ലേമിൽ താമസിപ്പിൻ. അവൻ സമൃദ്ധമായ തന്റെ നൽവരങ്ങൾ മൂലം നിങ്ങളെ പ്രകാശിപ്പിച്ചു ജ്ഞാനികളാക്കി തീർക്കും ഞാൻ പോകാതെ ആ ആശ്വാസദാതാവ് നിങ്ങളുടെ അടുത്ത് വരികയില്ല എന്ന് അവരോട് അരുളിചെയ്കയും ചെയ്തു എന്ന ഒരു പ്രാർത്ഥനാഭാഗം പെന്തിക്കോസ്തി പെരുനാളിലെ പ്രാർത്ഥനകളിൽ ഉണ്ടോ?Q പാചകഘടന അല്പവും കൂടി വ്യത്യാസപ്പെടുത്തി പ്രാർത്ഥനയിൽ ഉണ്ട്. Ans. ആശയങ്ങൾ എല്ലാം ഉണ്ടോ?Q ഒരേ സമയത്ത് എല്ലാം കൂടി കൊടുത്തതായ ആശയം ഇല്ല. പലപ്പോൾ ചെയ്ത കാര്യങ്ങളിൽ കിട്ടാൻ അർഹതയുള്ളവർക്ക് കിട്ടിയ കാര്യങ്ങൾ പ്രാർത്ഥനയിൽ പറയുന്നുണ്ട്. Ans. ശ്ലീഹന്മാർ സൈത്തുപർവ്വതത്തിൽ ഒരുമിച്ചുകൂട്ടി തന്റെ കൈവയ്പ്പുമൂലം ആചാര്യത്വനൽവരങ്ങൾ സമൃദ്ധിയായി നൽകി എന്ന് മുൻപ് പറഞ്ഞ പ്രാർത്ഥനാ ഭാഗത്തുണ്ടോ?Q ആ പ്രാർത്ഥനാ ഭാഗത്ത് അങ്ങനെ ഉണ്ട്. എന്നാൽ അവിടെവച്ച് കൈവയ്പ് നൽകിയതായി സുവിശേഷത്തിൽ ഇല്ല. കൈ ഉയർത്തി അനുഗ്രഹിച്ചു എന്നാണ് രാവിലെ ബോധിപ്പിച്ചത്. അവിടെ ശ്ലീഹന്മാരല്ലാത്ത പലരും ഉണ്ടായിരുന്ന കാര്യവും ബോധിപ്പിച്ചു. Ans. ക്രിസ്തു 11 ശ്ലീഹന്മാരുടെമേലും കൈവയ്പ്പ് ആചാര്യത്വ നൽവരങ്ങൾ നൽകിയശേഷം സ്വർഗ്ഗാരോഹണം ചെയ്തു എന്ന് 1-ാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന മോർ ക്ലീമിസ് പറയുന്നുണ്ടോ?Q ഞാൻ വായിച്ചിട്ടില്ല. Ans. ഇൻഡ്യയും ചുറ്റുമുള്ള എല്ലാ പ്രദേശങ്ങളും പൗരോഹിത്യനൽവരം യൂദാ തോമായിൽനിന്നും സ്വീകരിച്ചു എന്ന് മോർ ക്ലീമീസിന്റെ എഴുത്തുകളിൽ എവിടെയെങ്കിലും സാക്ഷി കണ്ടിട്ടുണ്ടോ?Q മോർ ക്ലീമീസിന്റെ എഴുത്തുകൾ ഞാൻ കണ്ടിട്ടില്ല. അതിനും പുറമെ യൂദാസ് തോമസിൽനിന്ന് പ്രധാനാചാര്യ കൈവയ്പ് പ്രാപിച്ച ഒരൊറ്റ വ്യക്തിയെക്കുറിച്ചെങ്കിലും ഒരാളുടെ പേരെങ്കിലും അധികൃതമായ രേഖകളിൽ സംശയലേശമെന്യേ പ്രസ്താവിച്ചതായിട്ടും ഞാൻ കണ്ടിട്ടില്ല. Ans. മാമോദീസാ നൽകുന്ന അവസരത്തിൽ പട്ടക്കാരൻ മാമോദീസാ ഏൽക്കുന്ന ആളുടെമേൽ ഊതും. പട്ടംകൊട സമയത്ത് സ്നാനാർത്ഥിയുടെമേൽ ഊതും. അങ്ങനെ ഊതുന്നതിന്റെ പ്രാധാന്യം എന്താണ്? മാമൂദീസായിൽ സ്നാനാർത്ഥിയെ ഊതുമ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ ഇവനെ അല്ലെങ്കിൽ ഇവളെ ഒരുക്കണമെ എന്നാണ് പ്രാർത്ഥിക്കുന്നത്. പട്ടംകൊട സമയത്ത് പൗരോഹിത്യനൽവരം പരിശുദ്ധാത്മാവുമൂലം സ്ഥാനാർത്ഥിക്കു ലഭിക്കുവാൻ സ്ഥാനാർത്ഥിയുടെ

മെൽസ്ഥാനം കൊടുക്കുന്ന ആൾ ഊതുന്നു. Ans.ExB 63:15 -ാം പേജിൽ പരിശുദ്ധാത്മ മദ്ധ്യസ്ഥനാകുന്ന യേശു മിശിഹാ ഉപവസിച്ചു. പ്രാർത്ഥിച്ചും ഊതിയും കൈവയ്ച്ചും തന്റെ ശിഷ്യന്മാരെ പരിശുദ്ധാത്മ സ്വീകരണത്തിന് യോഗ്യന്മാരാക്കിത്തീർത്തു എന്ന് പറഞ്ഞു കാണുന്നത് ശരിയാണോ?Q ശരിയല്ല. അല്പം തെറ്റുണ്ട്. ഊതിയത് എന്തിനാണെന്ന് അതിന്റെ ഫുട്നോട്ടിൽ തന്നെ പറയുന്നുണ്ട്. അതായത് അവരുടെ മേൽ ഊതി നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്ന് യോഹന്നാൻ 20-22 പറഞ്ഞിരിക്കുന്നതിനാൽ അവരെ പരിശുദ്ധാത്മ സ്വീകരണത്തിനു യോഗ്യരാക്കുകയല്ല ചെയ്തത്. ആ ഊത്തോടുകൂടി അവർക്ക് പരിശുദ്ധാത്മാവ് ലബ്ധമാവുകതന്നെ ചെയ്തു. Ans. യോഹന്നാൻ 20:21 മുതൽ 23കൂടി വാക്യങ്ങളിൽ ഊതിയ സമയത്ത് പരിശുദ്ധാത്മ സ്വീകരണത്തിന് ശ്ലീഹന്മാരെ ഒരുക്കുകയാണെന്ന് വ്യാഖ്യാതാക്കൾ പറയുന്നുണ്ടോ?Q അങ്ങനെ പറയുന്ന വ്യാഖ്യാനങ്ങൾ ഞാൻ കണ്ടിട്ടില്ല. Ans. ആ ഭാഗം സംബന്ധിച്ച് സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ ഞാൻ കണ്ടിട്ടില്ല. Ans. ആ ഭാഗം സംബന്ധിച്ച് സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ ഉണ്ടോ?Q Ans. വ്യാഖ്യാതാക്കളുടെ വ്യാഖ്യാനമാണ് മുമ്പ് ബോധിപ്പിച്ചുകൊണ്ട് ആ സമയത്താണ് പൗരോഹിത്യം ശ്ലീഹന്മാർക്ക് ലഭിച്ചത് എന്ന് പറഞ്ഞത്. Ans. ഊത്ത് കൂടാതെയുള്ള പട്ടംകൊട ക്രമം വല്ലതും ഉണ്ടോ?Q അങ്ങനെയുള്ള ഒരു പുസ്തകവും ഇല്ല. ഉണ്ടാകാൻ ന്യായവും ഇല്ല. ആരെങ്കിലും അങ്ങനെ ഊതാതെ പട്ടംകൊടുത്താൽ ഏൽക്കുന്ന ആളിന് പൗരോഹിത്യം കിട്ടുകയുമില്ല. Ans. യോഹന്നാൻ 20-21 മുതൽ 23 വായിക്കുമ്പോഴാണോ ഊതുന്നത്?Q ഊതുന്നതിന്റെ കൃത്യസമയം എനിക്കറിഞ്ഞുകൂടാ. Ans. യോഹന്നാൻ 20:21 മുതൽ 23നു വരെയുള്ളതിനു പകരമായി ഉപയോഗിക്കാവുന്ന വേറെ ഏവൻഗേലിയോൻ ഭാഗങ്ങൾ വല്ലതും ഉണ്ടോ?Q പട്ടക്കാരുടെ പട്ടം കൊടയിൽ ഉപയോഗിക്കുന്ന ഏവൻഗേലിയോൻ ഭാഗം ഏതാണെന്ന് പുസ്തകം കണ്ടല്ലാതെ പറയാൻ നിവൃത്തിയില്ല. Ans. പത്രോസ് ശ്ലീഹായുടെ സ്ഥാനത്തെ സംബന്ധിച്ചുള്ള സുറിയാനി സഭയുടെ വിശ്വാസം അല്ലെങ്കിൽ ഉപദേശം Ex.A.213 ൽ 2-ാംഭാഗം 1,2 പേജുകളിലായി A തൊട്ട് F വരെ അക്ഷരങ്ങൾ ചേർത്തിട്ടുണ്ട്. എല്ലാം ശരിയല്ല. Ans. സുറിയാനിസഭയുടെ ഈ സംഗതിയിലുള്ള നിലപാട് എന്താണ് ?Q അദ്ദേഹം യാതൊര് ഉദ്ധരണിയും കൂടാതെ പറഞ്ഞിട്ടുള്ളത്. കുർബാന സമയത്തെ നാലാം തുബ്ദേനിൽ ശ്ലീഹന്മാരിൽ തലവന്മാരായ പത്രോസും പൗലോസും എന്നാണോ പറയുന്നത്. എന്നാൽ ശ്ലീഹന്മാരുടെ തലവന്മാർ എന്നാണ് അതിന്റെ സാക്ഷാൽ സുറിയാനി മൂലം. Ans. ശ്ലീഹന്മാരിൽ തലവന്മാർ എന്നും ശ്ലീഹന്മാരുടെ തലവന്മാർ എന്നും പറയുന്നത് തമ്മിൽ വ്യത്യാസം എന്താണ്?Q ശ്ലീഹന്മാരിൽ തലവൻ എന്ന് പറയുമ്പോൾ ഒരുപോലെ ഉള്ളവരിൽ മുമ്പൻ എന്ന അർത്ഥമെ വരൂ. ശ്ലീഹന്മാരുടെ തലവനെന്ന് പറയുമ്പോൾ അവരുടെമേൽ അധികാരമുള്ളവൻ എന്നർത്ഥം വരും. അതിനും പുറമെ ഭാഷയിൽ കിടക്കുന്നത് ശ്ലീഹന്മാരുടെ തലവന്മാർ എന്നാണ്. ശ്ലീഹന്മാരിൽ തലവന്മാർ എന്നുള്ള രൂപത്തിൽ തുബ്ദേൻ

വളരെ പുരാതനമായി സഭയിൽ ഉപയോഗിച്ചുവരുന്നതാണോ?Q വളരെ വളരെ പുരാതനമല്ല ഈ 20-ാം നൂറ്റാണ്ടായതിൽ പിന്നെയാണ് മലയാളത്തിൽ പ്രാർത്ഥനാപുസ്തകങ്ങൾ ഉണ്ടായിട്ടുള്ളത്. അങ്ങനെയുള്ള പ്രാർത്ഥനാ പുസ്തകങ്ങളിൽ മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുള്ളതുപോലെ അക്കാലത്തെ ഭാഷക്കനുസരണമായും മറ്റും തർജ്ജമകൾ നടന്നിട്ടുണ്ട്. Ans. സാക്ഷി പറയുന്നതുപോലെ തെറ്റായ തർജ്ജമയാണെന്ന് ചൂണ്ടികാണിക്കുകയോ അത് തിരുത്തുകയോ ചെയ്യുന്നതിന് സഭയിലെ ഉത്തരവാദപ്പെട്ടവർ എന്തെങ്കിലും ചെയ്തിട്ടുണ്ടോ?Q ഉണ്ട്. കോനാട്ടു മാത്തൻ കോർഎപ്പിസ്കോപ്പ പല പഴയ പ്രാർത്ഥനകളിലെ അർത്ഥവ്യത്യാസമുള്ളവയും ഇക്കാലത്ത് മനസ്സിലാകാത്തവയും ആയ പല ഭാഷാരീതികളും മാറ്റി പുസ്തകങ്ങൾ അച്ചടിപ്പിച്ചിട്ടുണ്ട്. Ans. ഈ ഭാഗം അങ്ങനെ മാറ്റിയിട്ടുണ്ടോ?Q കുർബാനക്രമത്തിൽ അദ്ദേഹം വല്ലതും ചെയ്തിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. Ans. വേറെ ആരെങ്കിലും ഈ തുബ്ദേനിലെ പ്രാർത്ഥനയെ സംബന്ധിച്ച് എന്തെങ്കിലും ചെയ്തതായിട്ടറിയാമോ?Q തുബ്ദേനിന്റെ ഭാഗത്തെ സംബന്ധിച്ച് അല്ലാതെ മറ്റ് പലരും പ്രാർത്ഥന ആധുനിക ഭാഷയിൽ അച്ചടിപ്പിച്ചിട്ടുണ്ട്. Ans. ഈ തുബ്ദേൻ എല്ലാ കുർബാനകളിലും ഉപയോഗിക്കുന്നതാണോ?Q Ans. അതെ, ഇതുപോലെ തന്നെയാണ്. മിക്കവാറും കുർബാനകളിൽ ഉപയോഗിക്കുന്ന പട്ടക്കാരുടെ കുക്കിലിയോനിൽ ഉള്ളതായി മുമ്പ് ഞാൻ ചൂണ്ടികാണിച്ച ഭാഗവും. Ans. ഈ തുബ്ദേന്റെ ഭാഗത്തെ സംബന്ധിച്ച് അല്ലാതെ മറ്റുപലരും പ്രാർത്ഥന ആധുനികഭാഷയിൽ അച്ചടിപ്പിച്ചുണ്ട്. Ans. ഈ തുബ്ദേൻ എല്ലാ കുർബാനകളിലും ഉപയോഗിക്കുന്നതാണോ?Q ഈ തുബ്ദേനിൽ ശ്ലീഹന്മാരിൽ തലവന്മാർ എന്നുപയോഗിച്ചിരിക്കുന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്?Q ശ്ലീഹന്മാർ രണ്ടുതരത്തിൽ ഉണ്ട്. ഒന്ന്, കർത്താവ് തെരഞ്ഞെടുത്ത അഥവാ കുഞ്ഞാടിന്റെ ശ്ലീഹന്മാർ 12 സഭയുടെ ശ്ലീഹന്മാർ എന്ന ബർന്നബാസ് ശീലാസ് എന്നാണ് എന്റെ ഓർമ്മ ഇങ്ങനെ ചിലരെ Acts ൽ പറഞ്ഞിട്ടുണ്ട്. പത്രോസ്, കർത്താവ് തെരഞ്ഞെടുത്ത ശ്ലീഹന്മാരുടെ തലവനും കർത്താവിനാൽ പുനരുത്ഥാനശേഷം വിളിക്കപ്പെട്ടവനായ പൗലോസ് സഭയുടെ ശ്ലീഹന്മാരുടെയും തലവൻ എന്നാണ് ഞാൻ വായിച്ചിട്ടുള്ളത്?Q എവിടെയാണ് വായിച്ചിട്ടുള്ളത് എന്ന് കൃത്യം പറയാൻ നിവൃത്തിയില്ല. ഇങ്ങനെ രണ്ട് തരത്തിലുള്ള ശ്ലീഹന്മാരുടെ തലവന്മാർ എന്ന അർത്ഥത്തിലാണ് തുബ്ദേനിൽ ഉപയോഗിച്ചിരിക്കുന്നത് എന്നാണോ?Q അങ്ങനെയാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. Ans. മത്ത്യാസ് ശ്ലീഹാ കുഞ്ഞാടിന്റെ ശ്ലീഹന്മാരുടെ ഗണത്തിൽപെടും. സഭയുടെ ശ്ലീഹന്മാരിൽ ബർന്നബാസ്, ശീലാസ് ഒക്കെയെ ഞാൻ കേട്ടിട്ടുള്ളൂ. പൗലോസ് ക്രിസ്തുവിനാൽ വിളിക്കപ്പെട്ടവനാണ്. സഭയുടെ ശ്ലീഹന്മാർ രണ്ടുപേരെയെ ഇപ്പോൾ ഞാൻ ഓർക്കുന്നുള്ളൂ. പൗലോസ് ശ്ലീഹാക്ക് ബർന്നബാസിന്റെയും ശീലാസിന്റെയും മേൽ എന്തെങ്കിലും പ്രത്യേക അധികാരങ്ങൾ ഉണ്ടായിരുന്നോ?Q അന്നത്തെ ക്രിസ്തീയ പ്രവർത്തനങ്ങൾ അധികാരം നടത്തലല്ലായിരുന്നു എങ്കിലും പൗലോസിന്റെ നിർദ്ദേശം അനു

സരിച്ച് ബർന്നബാസും ശീലാസും പ്രവർത്തിച്ചിരുന്നതായി Acts ഉണ്ട്. അധികാരത്തെപ്പറ്റി അറിഞ്ഞുകൂടാ. അദ്ദേഹം കല്പിക്കും. അവരതു ചെയ്യും. ഇത്രയും അറിയാം. stopped for the day. മൊഴി വായിച്ചുകേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ-ഒപ്പ്.

First Addl. District & Sessions Court, Ernakulam. Taken down by me in open court read over to the witness and admited by him to be correct.

Judge 7-8-78

8-8-78 witness sworn and cross examination continued. പൗലോസ് ശ്ലീഹായുടെ ആജ്ഞകൾ അനുസരിക്കാൻ ബർന്നബാസും ശീലാസും ബാദ്ധ്യസ്ഥരായിരുന്നോ?Q സുവിശേഷവേല സംബന്ധിച്ചുള്ള ആജ്ഞകൾ അവർ സ്വീകരിക്കേണ്ടിയിരുന്നു. Ans. ബർന്നബാസും പൗലോസും ശ്ലീഹായും അഭിപ്രായവ്യത്യാസം ഉണ്ടായി. അവർ തമ്മിൽ പിരിഞ്ഞതായി അപ്പോസ്തല പ്രവൃത്തികളിൽ ഉണ്ടോ?Q ഉണ്ട്. Ans. സഭയുടെ ശ്ലീഹന്മാർ എന്ന് ഏതാനും ശ്ലീഹന്മാരെ വേർതിരിച്ചിട്ടുള്ളതായി ഏതെങ്കിലും രേഖകളിലൊ ഔദ്യോഗിക പ്രമാണങ്ങളിലൊ കണ്ടിട്ടുണ്ടോ?Q Acts 13:3ൽ അവർ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ട് തലമേൽകൈവച്ച് ശൗലിനെയും ബർന്നബാസിനെയും പറഞ്ഞയച്ചു എന്ന് കാണുന്നുണ്ട്. റോമാലേഖനം 14:7 എന്റെ ബന്ധുക്കളും എന്നോടുകൂടി ബന്ധനത്തിൽ കിടന്നവരുമായ അന്ത്രോസിക്കോസിന്റെയും യോനിയായുടെയും കുശലം അന്വേഷിപ്പിൻ അവർ ശ്ലീഹന്മാരുടെ ഇടയിൽ വിഖ്യാതന്മാരും എനിക്ക് മുമ്പേ മ്ശിഹായിൽ വിശ്വസിച്ചവരും ആകുന്നു. ഈ രണ്ട് ഭാഗങ്ങൾ ഇപ്പോൾ ഓർമ്മിക്കുന്നു. Ans. അതിൽ സഭയുടെ ശ്ലീഹന്മാർ എന്നുള്ളതിന് ഒന്നും കാണുന്നില്ലല്ലോ?Q കുഞ്ഞാടിന്റെ ശ്ലീഹന്മാർ എന്ന് കാണാത്തതുപോലെ സഭയുടെ ശ്ലീഹന്മാർ എന്ന് പ്രത്യേകമായി എഴുതിയിട്ടില്ലെങ്കിലും Acts XIII- 1ൽ അന്ത്യോക്യായുടെ സഭയിൽ നിന്നാണ് അവരെ പറഞ്ഞയച്ചത് എന്ന് കാണുന്നുണ്ട്. രണ്ടാമത് പറഞ്ഞ അന്ത്രണിക്കോസ്, യോഹിയാ എന്നിവർ ശ്ലീഹന്മാരുടെ ഇടയിൽ വിഖ്യാതരായിരുന്നു എന്നും കാണുന്നുണ്ട്. Ans. സാക്ഷി പറയുന്നതുപോലെ രണ്ടു തരത്തിൽപെടുത്തി സഭയുടെ ശ്ലീഹന്മാരെന്നും കുഞ്ഞാടിന്റെ ശ്ലീഹന്മാരെന്നും രേഖപ്പെടുത്തി വല്ലതും ഉണ്ടോ?Q അങ്ങനെയുള്ള രേഖകൾ ഏതെല്ലാമെന്ന് ഇപ്പോൾ ഓർമ്മയില്ലെങ്കിലും അങ്ങനെ ഞാൻ വായിച്ച് മനസ്സിലാക്കിയിട്ടുള്ളതിൽനിന്നാണ് ഞാൻ ബോധിപ്പിച്ചത്. Ans.ExA 213 ൽ 2-ാം ഭാഗം പേജ് 1-2ൽ പത്രോസ് ശ്ലീഹായുടെ സ്ഥാനം സംബന്ധിച്ചുള്ള സുറിയാനി സഭയുടെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതിന് എതിരായിട്ടുള്ള ഏതെങ്കിലും രേഖകളൊ പ്രസിദ്ധീകരണങ്ങളോ ഉണ്ടോ?Q ഇന്നലെ ബോധിപ്പിച്ചതുപോലെ സുറിയാനി സഭയുടെ നിലപാടെന്ന് തെളിവുകളൊന്നും കാണിക്കാതെ ഗ്രന്ഥകാരന്റെ അഭിപ്രായം എഴുതിയിരിക്കുന്നതുപോലെ തന്നെ സഭയുടെ അഭിപ്രായം ഇതല്ല എന്ന് കാണിക്കുവാൻ പല പുസ്തകങ്ങളും ഉണ്ട്. അവയുടെ പേരുകൾ എനിക്കും ഓർമ്മയില്ല. Ans. വിശുദ്ധ പത്രോസിന് കിട്ടിയിട്ടുള്ള

സകലതും സിംഹാസനങ്ങളും താക്കോലുകളും അധികാരങ്ങളും എല്ലാ ശ്ലീഹന്മാർക്കും കിട്ടിയിട്ടില്ലാ എന്ന് സുറിയാനിസഭയിലെ ഏതെങ്കിലും പ്രമാണപ്പെട്ട രേഖകളിലൊ സഭ അംഗീകരിക്കുന്ന പിതാക്കന്മാരുടെ പ്രഖ്യാപനങ്ങളിലൊ കാണിക്കാൻ സാക്ഷിക്കു സാധിക്കുമൊ?Q സാധിക്കും. സുവിശേഷങ്ങളിലും അവയുടെ വ്യാഖ്യാനങ്ങളിലും സഭയുടെ അംഗീകൃത പ്രാർത്ഥനാപുസ്തകങ്ങളിലും മറ്റും ഇക്കാര്യം മാത്രമല്ല, ഇതിനുമുമ്പും ചോദിച്ച കാര്യങ്ങളെക്കുറിച്ചും പറഞ്ഞിട്ടുള്ളത് പലപ്പോഴായി ബോധിപ്പിച്ചിട്ടുണ്ട്. Ans. മറ്റു ശ്ലീഹന്മാർക്ക് ഇല്ല എന്ന് പ്രഖ്യാപിക്കുന്നത് ഉണ്ടോ?Q ആ വാചകം അതേപടി ഇല്ല. ഈ ആശയം സ്പഷ്ടമായി കാണിക്കുന്ന ഭാഗങ്ങളാണ് മുമ്പ് ഞാൻ ബോധിപ്പിച്ച പുസ്തകങ്ങളിൽ ഉള്ളത്. Ans. ഈ ആശയം സ്പഷ്ടമായി കാണിക്കുന്ന സുവിശേഷവ്യാഖ്യാനം ആരുടെയാണ്?Q ബർ സ്ലീബി മുതലായവരുടേതിൽനിന്നും മറ്റും ഉദ്ധരിച്ചും ചില സ്ഥാനങ്ങളിൽ സ്വന്ത ഇൻഫറൻസ് കാണിച്ചും മറ്റും ഫാദർ ഏബ്രഹാം കോനാട്ട് എഴുതിയിട്ടുള്ള *സുവിശേഷവ്യാഖ്യാന*ത്തിൽ പത്രോസിന്റെ പ്രത്യേകാധികാരത്തെക്കുറിച്ച് യോഹന്നാൻ 20 വ്യാഖ്യാനിക്കുമ്പോൾ ആടുകളെ മേക്കുകയെന്ന് പറയുന്നതിൽ ശ്ലീഹന്മാരും കൂടി ഉൾപ്പെടുമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ താക്കോലുകളെക്കുറിച്ച് അത് പ്രത്യേക അധികാരമാണെന്ന് മുമ്പ് ബോധിപ്പിച്ച *സഭയും കുദാശയും* എന്ന പുസ്തകത്തിലും ഉണ്ട്. കർത്താവ് സിംഹാസനം പത്രോസിന് മാത്രമായി നൽകിയതായി കഷ്ടാനുഭവാഴ്ചയിലെ പ്രാർത്ഥനകളിൽ ഉണ്ട്. Ans. വേറെ വ്യാഖ്യാനങ്ങളൊ രേഖകളൊ ഇപ്പോൾ എനിക്കു പറയാൻ ഇല്ല. കഷ്ടാനുഭവ ആഴ്ചയിലെ പ്രാർത്ഥനയിൽ പറഞ്ഞിട്ടുള്ള ഭാഗം പറയാമോ?Q വാക്കുകൾ അതേപടി അല്ലെങ്കിലും "നിന്നെ തിരഞ്ഞെടുത്ത പിതാവിന് സ്തുതി. നിനക്ക് സിംഹാസനം നൽകിയ പുത്രന് സ്തോത്രം" എന്ന് പറഞ്ഞിട്ടുണ്ട്. അതിനും പുറമെ ഈ കേസിലെ 1-ാം വാദി മോർ തോമാശ്ലീഹായുടെ ഓർമ്മദിവസം വായിക്കേണ്ട പെങ്കീസാ പ്രുമിയോനിൽ സ്വർഗരാജ്യത്തിന്റെ താക്കോൽകാരാ എന്നു പത്രോസിനെ വിളിക്കുന്നതായി ഉണ്ടെന്നാണ് എന്റെ ഓർമ്മ. Ans. സിംഹാസനമൊ സ്വർഗരാജ്യത്തിന്റെ താക്കോലോ പത്രോസിന് മാത്രമെ ഉള്ളൂ, മറ്റുള്ളവർക്ക് ഇല്ല എന്ന് ഏതെങ്കിലും പ്രാർത്ഥനകളിലൊ മറ്റോ ഉണ്ടോ?Q ഒരാൾക്ക് മാത്രമുള്ളത് പ്രത്യേകം എടുത്തുപറഞ്ഞിട്ട് മറ്റാർക്കുമില്ലെന്ന് പറഞ്ഞു താഴ്ത്തിക്കെട്ടേണ്ട ആവശ്യം അവർക്കില്ലാതിരുന്നതുകൊണ്ട് ഉള്ള വസ്തുത മാത്രമെ ആ പിതാക്കന്മാർ എഴുതിയിട്ടുള്ളു. Ans. മലങ്കരസഭയിൽ ഉള്ളവർ പത്രോസിന്റെ സ്ഥാനത്തെപ്പറ്റി മറ്റ് ശ്ലീഹന്മാരെക്കാൾ അദ്ദേഹത്തിന് കൂടുതലായി എന്തെങ്കിലും അധികാരാവകാശങ്ങൾ പത്രോസിനുണ്ടായിരുന്നു എന്നൊ മറ്റ് ശ്ലീഹന്മാർക്ക് ഇല്ലാത്ത അവകാശങ്ങൾ പത്രോസിന് ഉണ്ടായിരുന്നു എന്നോ കാണിക്കത്തക്കവണ്ണം എന്തെങ്കിലും വ്യാഖ്യാനങ്ങളൊ പ്രസിദ്ധീകരണങ്ങളൊ പുറപ്പെടുവിച്ചിട്ടുണ്ടോ?Q പത്രോസിന് ശ്ലീഹന്മാരുടെ തലവനെന്നുള്ള ആ സ്ഥാനത്തെക്കുറിച്ച് മലങ്കരയിലെ സഭയിൽ യാതൊരു

എതിരഭിപ്രായവും അടുത്തകാലം വരെ ഉള്ളതായി രേഖയും ഇല്ല. മലങ്കരയിലുള്ളവരുടെ വ്യാഖ്യാനങ്ങൾ എന്ന് പറയുമ്പോൾ വേദപുസ്തകത്തിലെ വാക്യങ്ങൾ ആർക്കും തോന്നുന്നതുപോലെ വ്യാഖ്യാനിക്കാൻ പാടില്ലാത്തതാണെന്നും പൂർവ്വപിതാക്കന്മാരുടെ പഠിപ്പിക്കലുകൾ പരമ്പരയായി സിദ്ധിച്ചിട്ടുള്ളവമാത്രം വിശ്വസിക്കണമെന്നും സഭാപിതാക്കന്മാരൊക്കെ പൂർവ്വ വ്യാഖ്യാനങ്ങളുടെ വെളിച്ചത്തിൽ അവയെ വിശദീകരിച്ച് കാണിക്കുവാൻ അവകാശം ഉള്ളു എന്നും മലങ്കരയിലെ സുറിയാനിസഭയിലുള്ള വിശ്വാസികൾക്ക് അറിയാവുന്നതുകൊണ്ട് വിവരമുള്ളവരാരും അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ എഴുതിയിട്ടില്ല. Ans. സുറിയാനിസഭയുടെ ഉപദേശമനുസരിച്ച് പത്രോസ് ശ്ലീഹായ്ക്കുള്ള സ്ഥാനം എന്താണെന്ന് കാണിക്കുന്ന ഗ്രന്ഥങ്ങളൊ പ്രസിദ്ധീകരണങ്ങളൊ മലങ്കരസഭയിലെ അംഗങ്ങളാരെങ്കിലും പ്രസിദ്ധീകരിച്ചിട്ടുണ്ടോ?Q പലരും എഴുതിയിട്ടുണ്ട്. പ്രത്യേകിച്ചും ഇല്ലാ എന്ന് സമർത്ഥിക്കുവാൻ ചിലർ പ്രൊട്ടസ്റ്റന്റു വ്യാഖ്യാനങ്ങളും മറ്റും എടുത്ത് എഴുതുന്നവർക്കെതിരായി പിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ കാണിച്ചുകൊണ്ട് പലരും പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. പെട്ടെന്ന് അവയുടെ പേരുകൾ പറയുവാൻ നിവൃത്തിയില്ല. Ans. മറ്റു ശ്ലീഹന്മാർക്ക് ഇല്ലാത്തതായ എന്തെങ്കിലും അധികാരങ്ങളൊ അവകാശങ്ങളൊ പത്രോസ്ശ്ലീഹാക്കുണ്ടായിരുന്നു എന്നു കാണിക്കുന്നതായി ഏതെങ്കിലും പ്രമാണപ്പെട്ട രേഖ സാക്ഷിക്കു പറയാമോ?Q അതെക്കുറിച്ചാണ് മുമ്പ് ബോധിപ്പിച്ചത്. പത്രോസിന്റെ സിംഹാസനം എന്ന് മാത്രമല്ലാതെ സുറിയാനിസഭയിൽ അടുത്തകാലം വരെ ഉള്ള ഒരു പുസ്തകത്തിലാകട്ടെ വട്ടശേരിൽ തിരുമേനി വരെയുള്ള ഒരു മേൽപട്ടക്കാരന്റെ എങ്കിലും പ്രമാണപ്പെട്ട രേഖകളിലൊ കണ്ടിട്ടില്ലാത്തതും മുളന്തുരുത്തി പടിയോലയിലും മറ്റും സുറിയാനി ജാതി മുഴുവന്റെമേലും അധികാരമുള്ള പത്രോസ് സിംഹാസനം (എന്നുണ്ടെന്നാണ് എന്റെ ഓർമ്മ) അബ്ദുൽ മിശിഹാ ബാവാ വാഴിച്ചു എന്ന് പറയപ്പെടുന്ന 1-ാം കാതോലിക്കായെ വാഴിച്ചതിന്റെശേഷം പ്രസിദ്ധം ചെയ്തതായി ചരിത്രത്തിൽ കാണുന്ന ആ കല്പനയിലും പത്രോസിന്റെ സിംഹാസനത്തെക്കുറിച്ച് മാത്രമെ പറഞ്ഞിട്ടുള്ളു. ആകയാൽ ഇതിൽനിന്നെല്ലാം തെളിയുന്നത് സുറിയാനിസഭയിലെ കൈവയ്പിന്റെ ഉത്ഭവം പത്രോസിൽനിന്നാണെന്നും സുറിയാനിസഭയുടെ പരിപൂർണ്ണഭരണാധികാരം പത്രോസിൽനിന്നുള്ള പിൻഗാമിത്വത്തിനാണെന്നും സ്പഷ്ടമാകുന്നു. Ans. തലവൻ എന്നതിനുള്ള സുറിയാനിവാക്ക് റീശോ എന്നാണ്. അതിന് തല എന്നും തലവനെന്നും പറയും ഇംഗ്ലീഷിൽ head പോലെ. റീശോ എന്ന വാക്കിനു തല അല്ലെങ്കിൽ തലവൻ എന്നല്ലാതെ വേറെ പേരുണ്ടോ? പ്രമാണി, അധികാരി, പ്രഥമൻ എന്നെല്ലാം സന്ദർഭാനുസരണം പറയാം. പ്രഥമൻ എന്നത് വേറെ വാക്കുണ്ട്. അതിനുള്ള സുറിയാനിപേര് കദ്മോയൊ എന്നാണ്. പെയ്ൻ സ്മിത്തിന്റെ ഡിക്ഷ്ണറിയിൽ ഈ പറഞ്ഞ അർത്ഥങ്ങളെല്ലാം ഉണ്ട്. അത് സുറിയാനി ഇംഗ്ലീഷ് ഡിക്ഷ്ണറി ആണ്. അതിൽ അധികാരി എന്ന് കാണിക്കാൻ ഉള്ള വാക്ക് ഏതാണ്?Q വാക്ക് ഞാൻ ഓർക്കുന്നില്ല. തലവൻ എന്നുവച്ചാൽ അധികാരി

എന്നർത്ഥം ഉണ്ട്. കാരണം റിശ് കൊഹനെ എന്ന് പറഞ്ഞാൽ പട്ടക്കാരുടെ തലവൻ അതായത് ബിഷപ്പ്. തലവനായതുകൊണ്ട് അധികാരം ഉള്ളവൻ കൂടിയാണ്. റിശ് കൊഹനെ എന്ന് പറഞ്ഞാൽ അധികാരമുള്ളവൻ എന്ന് എല്ലാ ഡിക്ഷ്ണറികളിലും ഉണ്ട്. റീശോ എന്ന വാക്കിന് മേലധികാരി എന്നർത്ഥ മുണ്ട്. അധികാരം ഉള്ള ആൾ മേലെയാകയാൽ മേലധികാരി എന്ന് പറയാം. മേലധികാരി എന്ന് ഡിക്ഷ്ണറിയിൽ എഴുതിയിട്ടുണ്ടോ എന്നോർക്കുന്നില്ല. റീശോ എന്നതിന് സന്ദർഭമനുസരിച്ച് ഒന്നാമൻ എന്നർത്ഥമെടുക്കാം. എന്നാൽ റീശോ ഉപയോഗിക്കുന്ന എല്ലാ സ്ഥലത്തും തലവൻ എന്നർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ഒന്നാമൻ എന്നതിന് വേറെ വാക്കുള്ളതുകൊണ്ട് പ്രാർത്ഥ നാക്രമങ്ങളിലും മറ്റും പത്രോസ് തലവൻ എന്നുള്ളതിന് ഉപയോഗിച്ചിട്ടുള്ള സുറിയാനിവാക്ക് റീശോ എന്നാണ്. അങ്ങിനെയുള്ള വാക്കു ഉപയോഗിച്ചിരി ക്കുന്നതുകൊണ്ടാണോ പത്രോസിന് മേലധികാരം ഉണ്ടെന്ന് പറയുന്നത്?Q അല്ല. Ans. മേലധികാരം ഉള്ളതുകൊണ്ട് ആ വാക്ക് ഉപയോഗിച്ചിരിക്കുക യാണ്. വാക്ക് ഉപയോഗിക്കുന്നതുകൊണ്ട് മേലധികാരം ഉണ്ടാവുകയില്ലല്ലൊ?Q സ്വയം ആരെങ്കിലും ഞാനാണ് റീശോ അഥവാ തലവനെന്ന് പറഞ്ഞുകൊണ്ട് വെറുതെ ഉപയോഗിച്ചാൽ ഒരു വിശേഷവും ഇല്ല. Ans. ചീഫ് വിസ്താരത്തിൽ നമസ്കാരക്രമത്തിലും മറ്റും റീശോ എന്നുള്ള വാക്ക് പത്രോസിനെക്കുറിച്ച് പറയുന്നതുകൊണ്ടാണോ?Q അത് ആശ്രയിച്ച് പത്രോസിന്റെ മേലധികാര ത്തെപ്പറ്റി മൊഴി കൊടുത്തത്?Q നിശ്ചയമായിട്ടും ആ ഒരു വാക്കുകൊണ്ടും കൊണ്ടല്ല. പത്രോസിനെക്കുറിച്ച് സുറിയാനി സഭയുടെ ഉപദേശം എനിക്ക റിയാവുന്നതുകൊണ്ട് ആണ് അങ്ങനെ മൊഴി കൊടുത്തത്. തന്മൂലം അദ്ദേഹം റീശോ എന്ന പദത്തിന് അർഹനുമാണ്. Ans.ExA 213 പാർട്ട് 2 പേജ് 5 ൽ മത്തായി 16:18-19 എന്നു മറ്റുമുള്ള വാക്യങ്ങളിൽ പറയുന്നത് എല്ലാ ശ്ലീഹന്മാ രേയും ഉദ്ദേശിച്ച് എല്ലാവരോടുകൂടെ ആയിട്ടും ആണെന്ന് പറയുന്നില്ലേ?Q അവിടെ പറയുന്നുണ്ട്. Ans. വിശുദ്ധ അഗസ്തിനോസ് എന്ന പിതാവിൽ നിന്നുള്ള ഉദ്ധരണികളായിട്ടാണ് അവിടെ 5-ാം പേജിൽ എഴുതിച്ചേർത്തിട്ടു ള്ളത്. വിശുദ്ധ അഗസ്തിനോസിനെ പണ്ഡിതനായ ഒരു പിതാവായി സഭ സ്വീകരിക്കുന്ന ഒരാളാണൊ?Q അതെ. Ans. അദ്ദേഹം പറയുന്നതുപോലെ യാണോ സുറിയാനിസഭയുടെ ഇത് സംബന്ധിച്ചുള്ള പഠിപ്പിക്കലും ഉപദേ ശവും?Q അദ്ദേഹത്തെപോലെതന്നെ പണ്ഡിതന്മാരും പരിശുദ്ധന്മാരുമായ സഭാപിതാക്കന്മാർ മറ്റ് രീതിയിലും പഠിപ്പിച്ചുണ്ട് എന്നുള്ളതുകൊണ്ടാണ് ഈ ഒരു പിതാവിന്റെ അഭിപ്രായം എടുത്ത് കാണിച്ച് അതിനെതിരായി ഈ ഗ്രന്ഥകാരൻ മറുപടി പറയുന്നത്. Ans. ആകയാൽ മറ്റ് വിധത്തിലും പിതാക്ക ന്മാർ പറയുന്നത് അനുസരിച്ച് സുറിയാനിസഭയുടെ വിശ്വാസമായി ഞാൻ പഠിച്ചിട്ടുള്ളത് എല്ലാവർക്കുംവേണ്ടി പത്രോസ് മറുപടി പറയുക അല്ലായി രുന്നു എന്നും എല്ലാവർക്കുംകൂടി സ്വർഗരാജ്യത്തിന്റെ താക്കോൽ കിട്ടിയിട്ടില്ലാ എന്നുമാണ്. Ans. എല്ലാവർക്കും കൂടിയല്ല പത്രോസിന് മാത്രമായിട്ടാണ് എന്നുള്ള വിശ്വാസം സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ടോ? സഭ

വിശ്വസിക്കുന്നതെല്ലാംകൂടി കോഡിഫൈ ചെയ്ത് തയ്യാറാക്കപ്പെട്ട ഒരു പുസ്തകവും ഈ സഭയിൽ കണ്ടിട്ടില്ലാത്തതുകൊണ്ട് അങ്ങനെ ഔദ്യോഗികമായ പ്രഖ്യാപനം കണ്ടിട്ടില്ല. Ans. പല പിതാക്കന്മാരുടെയും അഭിപ്രായങ്ങളായി കാണുന്നതേ ഉള്ളുന്നാണോ ഈ സഭയിലെ എല്ലാ കാര്യങ്ങളും അങ്ങനെ പിതാക്കന്മാരുടെ അഭിപ്രായങ്ങൾക്കനുസരണമായി പരമ്പരയാ പഠിപ്പിച്ചിട്ട് വന്നിട്ടുള്ളതാണ്. Ans.Ex.B.37 ൽ മത്തായി 16-19ൽ ഭൂമിയിൽ കെട്ടുന്നതൊക്കെയും എന്ന് തുടങ്ങി സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്ന് പറയുന്നതും മത്തായി 18:18ൽ അതേ സംബന്ധിച്ച് പറയുന്നതും ഒരേ വാക്കുകളും വാചകങ്ങളും തന്നെയല്ലേ? അതെ. ഒരിടത്തു നീ എന്നും മറ്റൊരിടത്ത് നിങ്ങൾ എന്നും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മത്തായി 16ൽ അതിനുമുമ്പുള്ള വാചകങ്ങൾ പത്രോസിനോടുമാത്രം പറഞ്ഞിട്ടുള്ളതും മത്തായി 18:18ലെ വാചകം യോഹന്നാൻ 20-21 മുതലുള്ള വാക്യങ്ങളുടെ അടിസ്ഥാനത്തിൽ പാപമോചനാധികാരം സിദ്ധിച്ചിട്ടുള്ള പത്രോസുൾപ്പെടെ ശ്ലീഹന്മാർക്കും ഉള്ളതാണ്. Ans. പത്രോസിന് നിയമനിർമ്മാണം, ശിക്ഷണം എന്നിവക്കധികാരം ഉണ്ടായിരുന്നതായി പറയുന്നതെന്തടിസ്ഥാനത്തിലാണ്?Q നിയമനിർമ്മാണം എന്ന് ഞാൻ ചീഫിൽ ബോധിപ്പിച്ചത് Acts XV ൽ പറയുന്ന ആ തർക്കവിഷയം ശ്ലൈഹിക വൃന്ദത്തിന്മുമ്പിൽ അവതരിപ്പിച്ച് അഭിപ്രായ പ്രകടനം നടത്തി അതിനൊരു തീരുമാനം എടുക്കേണ്ട ആവശ്യം ഉണ്ടെന്ന് ആദ്യമായി പ്രസ്താവിച്ചതും പ്രവർത്തിച്ചതും പത്രോസാകയാലാണ്. Ans. പത്രോസിന് ശിക്ഷണത്തിനുള്ള അധികാരം ഉണ്ടായിരുന്നോ?Q ശിക്ഷണം എന്നത് സഭയുടെ നടത്തിപ്പ് എന്നുള്ള അർത്ഥത്തിലാണെങ്കിൽ അതിലും കാര്യമായി പ്രവർത്തിച്ചത് പത്രോസാണ്. കാരണം യൂദാക്ക് പകരം ഒരാളിനെ തെരഞ്ഞെടുക്കണം എന്നുള്ള സുപ്രധാനമായ അക്കാര്യത്തിന് പത്രോസാണ് പ്രഥമമായി ആവശ്യപ്പെട്ടത്. Ans. ഈ ഭാഗങ്ങളാണോ സാക്ഷി അടിസ്ഥാനമായി എടുത്തിട്ടുള്ളത്?Q ഇപ്പോൾ അത്രയെ ഓർക്കുന്നുള്ളൂ. Ans. നീതിന്യായനിർവ്വഹണത്തിനു പത്രോസിനധികാരമുണ്ടെന്ന് പറഞ്ഞിട്ടുള്ളതിന് അടിസ്ഥാനം എന്താണ്?Q സഭയുടെ ആദിമകാലത്ത് യറുശലേമിലെ സഭാംഗങ്ങൾ അവർക്കുള്ള വസ്തുവകകൾ സ്വമേധയായിട്ട് വിറ്റ് അതിന്റെ പണം ശ്ലീഹന്മാരുടെ കാൽക്കൽ കൊണ്ടുവന്ന് വയ്ക്കാറുണ്ടായിരുന്നു എന്ന് Acts ൽ കാണുന്നുണ്ട്. അങ്ങനെ ചെയ്തവരിൽ അനന്യാസ് എന്നൊരാൾ ആ പണത്തിൽനിന്ന് കുറച്ചെടുത്ത് മാറ്റിവച്ച് ബാക്കിയാണ് കൊണ്ടുവന്ന് സമർപ്പിച്ചത്. ആ അവസരത്തിൽ അനന്യാസിന്റെ വഞ്ചന ആത്മാവുമൂലം അറിയുവാനുള്ള ആ ഭാഗ്യം പത്രോസിന് മാത്രം ഉണ്ടാവുകയും അതനുസരിച്ച് നീ പരിശുദ്ധാത്മാവിന് എതിരായി വ്യാജം പറയുക മൂലം നീ മനുഷ്യരോടല്ല, ദൈവത്തോടാണ് വ്യാജം പറഞ്ഞത് എന്നുള്ള ആ പ്രഖ്യാപനം നടത്തുകയും അതോടുകൂടി അനന്യാസ് വീണു മരിക്കുകയും ചെയ്തു. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് An.Acts XV ൽ പറയുന്ന യോഗം കൂടിയാണ് അന്ത്യോക്യാ സഭയിൽ ഉണ്ടായ തർക്കത്തിന്റെ അടിസ്ഥാനത്തിൽ

പൗലോസും ബർന്നബാസും ഉർശലേമിലേക്ക് പോകണമെന്നാവശ്യപ്പെട്ടതനുസരിച്ചല്ലേ?Q Acts XV അന്ത്യോക്യായിൽ വച്ച് യഹൂദിൽ നിന്ന് ചെന്ന ചിലർ ചേലാകർമ്മത്തിന്റെ ആവശ്യകതയെ കുറിച്ച് പറഞ്ഞപ്പോൾ പൗലോസും ബർന്നബാസും മറ്റു ചിലരുംകൂടി ഊർശലേമിലെ ശ്ലീഹന്മാരുടെയും മറ്റും അടുക്കലേക്ക് പോവുകയും പോകുന്ന വഴിക്ക് അവർ ഉപദേശിക്കുകയും യറുശലേമിലുള്ള സഹപ്രവർത്തകരോട് അവരുടെ യാത്രാ വിവരങ്ങൾ അറിയിക്കുകയും ചെയ്തു എന്നല്ലാതെ പൗലോസിന്റെയും ബർന്നബാസിന്റെയും മാത്രമുള്ള ആവശ്യമനുസരിച്ചല്ല. സഭയുടെ പൊതുവായ ആവശ്യമായിരുന്നു ആ തർക്കം തീരുമാനിക്കുക എന്നത്. വാദങ്ങളുണ്ടായതുകൊണ്ട് യറുശലേമിലേക്ക് പോകേണ്ടതായി വന്നു എന്ന് XV ൽ അന്ത്യോക്യായെക്കുറിച്ച് ഒന്നും പറയുന്നില്ല. അന്ത്യോക്യായിൽ അന്നുണ്ടായിരുന്ന സഭയിലേക്ക് യഹൂദന്മാർ മാത്രമല്ല പുറജാതികളായ ഗ്രീക്ക്കാരും ചേരുകയും അങ്ങനെയുള്ളവരും യഹൂദന്മാരെപ്പോലെ ചേല ചെയ്തിട്ടേ ക്രിസ്ത്യാനികളാകാവൂ എന്നൊരു തർക്കം ഉണ്ടായി. അവിടെ മാത്രമല്ല, ജാതികളെ സഭയിലേക്ക് ചേരുന്നതിനെക്കുറിച്ചുപോലും തർക്കമുണ്ടായി. ഇങ്ങനെ അക്കാലത്ത് സഭ മുഴുവനായി അലട്ടികൊണ്ടിരുന്ന ആ പ്രശ്നത്തിൽ അന്ത്യോക്യൻ പ്രദേശത്തുള്ളവരുടെ കാര്യങ്ങൾ അറിയിക്കുവാനായി പൗലോസിനെയും അയക്കുകയായിരുന്നു. അനന്യാസിനോടും സഫീരായോടും പത്രോസ് പറയുന്നത് ശ്ലീഹന്മാരുടെ പ്രതിനിധി എന്ന നിലയിലല്ലേ?Q എന്നവിടെ പറയുന്നില്ല. Ans. വസ്തുക്കൾ വിറ്റ വില ശ്ലീഹന്മാരുടെ കാൽക്കൽ വച്ചപ്പോൾ ആണ് പത്രോസ് ശ്ലീഹ അവരോട് പറയുന്നത്. അതായത് അധികാരമുള്ള ആളും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ഒരുമിച്ച് കൂടിയിരിക്കുമ്പോൾ ഒരു കാര്യത്തിൽ തീരുമാനം എടുക്കുന്നത് അധികാരം ഉള്ള ആളായിരിക്കും. Ans. പ്രത്യേകമായി തീരുമാനം എടുത്തതായി രേഖപ്പെടുത്തിയിട്ടില്ലല്ലോ?Q സ്വമേധയാ ചെയ്യുന്ന ഒരു കാര്യത്തിൽ വ്യാജം കാണിച്ചാൽ പ്രത്യേകിച്ചും ശാരീരികമായ ശിക്ഷ നൽകുവാൻ പത്രോസിന് അധികാരം ഇല്ലാതിരുന്നതുകൊണ്ട് അവർ ആത്മീയമായ ശിക്ഷയനുഭവിക്കേണ്ടി വരുമെന്നുള്ള പാപബോധം വരുത്തുകയാണ് അവിടെ ചെയ്തിട്ടുള്ള തീരുമാനം?Q അതിന് ദൈവത്തിൽനിന്നുള്ള ശിക്ഷ അയാൾക്കും അയാളുടെ ഭാര്യക്കും ഉണ്ടാവുകയും ചെയ്തു. Ans. സഭയുടെ പരമാധികാരം സുന്നഹദോസിനാണോ?Q പാത്രിയർക്കീസ് ഉൾപ്പെട്ട സുന്നഹദോസിനാണോ പാത്രിയർക്കീസ് ഉണ്ടായിരിക്കണം. കാരണം അദ്ദേഹം പത്രോസിന്റെ പിൻഗാമിയാകുന്നു. Ans. പത്രോസിന്റെ പിൻഗാമിയായിട്ടുള്ള ഒരാളു കൂടാതെ സുന്നഹദോസ് കൂടാൻ പാടില്ല. Ans. പാത്രിയർക്കീസ് സുനഹദോസിൽ ഉണ്ടായിരിക്കണമെന്ന് പറയുന്നത് അദ്ദേഹത്തിനുള്ള എന്ത് നിലകൊണ്ടാണ്?Q സഭയുടെ ഭരണാധികാരം പാത്രിയർക്കീസിനാക കൊണ്ടും പാത്രിയർക്കീസ് അദ്ദേഹത്തിന്റെ പിൻഗാമിയാകകൊണ്ടും Ans. അർമീനിയൻ സഭ അബ്സീനിയൻ സഭ ഇടവകളിലൊക്കെ സുനഹദോസുകൾ ഉണ്ടോ?Q കണ്ടേക്കും. അവയെ

ക്കുറിച്ച് ഒന്നും എനിക്ക് കൂടുതൽ അറിഞ്ഞുകൂടാന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. Ans. അവർ പ്രത്യേക സഭകളാകയാൽ അവരുടെ സുന്നഹദോസുകളിൽ പാത്രിയർക്കീസ് സംബന്ധിക്കേണ്ട ആവശ്യം ഇല്ല. പ്രത്യേക സഭകളിൽ അവരവരുടെ മേലദ്ധ്യക്ഷന്മാർക്ക് സുന്നഹദോസ് കൂടാമോ?Q അവരവരുടെ നടപടിക്രമം പോലായായിരിക്കും ചെയ്യുക. അവർക്കും തലവനുള്ളതിനാൽ തലവനെ ധിക്കരിച്ച് ഒന്നും ചെയ്യുകയില്ലായിരിക്കും. Ans. അതാത് സഭകളിലെ തലവന്മാരാണോ അതാതു സഭകളിലെ സുനഹോദസിന്റെ അദ്ധ്യക്ഷൻ?Q റോമാസഭക്ക് മാർപാപ്പയും സുറിയാനിസഭക്ക് അതിന്റെ പാത്രിയർക്കീസും അദ്ധ്യക്ഷരായിരിക്കും. Coptic, അർമ്മീനിയൻ, അബിസീനിയൻ സഭകൾക്കും അതുപോലെതന്നെ ആയിരിക്കും എന്ന് എനിക്ക് തോന്നുന്നു. Ans. അദ്ധ്യക്ഷസ്ഥാനം ഉള്ളത് സഭയുടെ തലവനായതുകൊണ്ടാണോ?Q സുറിയാനിസഭക്ക് ഒരൊറ്റത്തലവനും അദ്ദേഹം സുനഹദോസദ്ധ്യക്ഷനും ആയിരിക്കുന്നതുപോലെ മുൻപറഞ്ഞ മറ്റ് സഭകളിലെയും തലവന്മാർ എന്ന നിലയിലായിരിക്കും അദ്ധ്യക്ഷത വഹിക്കുന്നത്. Ans.Ex.A213 പാർട്ട് 2 പേജ് 5 ഫുട്നോട്ടിൽ വിശുദ്ധ സുറിയാനിസഭ എന്ന് തുടങ്ങി വ്യക്തിയിലല്ല സുനഹദോസിലത്രെ എന്ന് വരെയുള്ള ഭാഗം വായിച്ചുനോക്കി. അതിൽ പറയുന്നതുപോലെ പരമാധികാരം വ്യക്തിയിലല്ല സുനഹദോസിലാണ് എന്നാണ്. സുറിയാനിസഭയിലെ വിശ്വാസം എന്ന് പറയുന്നത് ശരിയാണോ?Q വെറും ഒരു വ്യക്തിയിൽ സഭയുടെ അധികാരം വരികയില്ല. Ans. സഭയുടെ വിശ്വാസം അനുസരിച്ച് സഭയുടെ മേലദ്ധ്യക്ഷനായ ഒരു വ്യക്തിയിലല്ല, സുനഹദോസിലാണ് പരമാധികാരം എന്ന് പറഞ്ഞാൽ ശരിയോ?Q മേലദ്ധ്യക്ഷനായ വ്യക്തിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സുനഹദോസിനാണ് പരമമായ അധികാരം എന്ന് നേരത്തെ ഞാൻ ബോധിപ്പിച്ചു. Stopped for the lunch.

Witness sworn again after lunch and examination continued. പ്രധാന മേലദ്ധ്യക്ഷനും മറ്റ് മേലദ്ധ്യക്ഷന്മാരും സുനഹദോസിന്റെ തീരുമാനങ്ങൾക്ക് വിധേയന്മാരാണോ?Q അതെ, Ans. പ്രധാനമേലദ്ധ്യക്ഷന്റെമേൽ ശിക്ഷണനടപടികൾ എടുക്കുന്നതിനുള്ള അധികാരം ആർക്കാണ്?Q ഗൗരവതരമായ കുറ്റങ്ങൾ പ്രധാനമേലദ്ധ്യക്ഷനുണ്ടെങ്കിൽ മറ്റ് മേലദ്ധ്യക്ഷന്മാർ തീരുമാനം എടുക്കുക പതിവാണ്. അപ്പോസ്തല കാലത്തിനുശേഷം തുടങ്ങി. Ans. സുറിയാനി സഭയിലും അങ്ങനെയാണ്. ഗൗരവതരമായ കുറ്റങ്ങളാണോ എന്ന് തിരുമാനിക്കാനുള്ള അധികാരവും സുനഹദോസിനാണ്. പ്രധാന മേലദ്ധ്യക്ഷന്റെ മേലുള്ള ആക്ഷേപങ്ങളെപ്പറ്റി പരിഗണിക്കുന്നതിനുള്ള സുനഹദോസിൽ ആരൊക്കെപ്പെടും?Q അദ്ദേഹത്തിന്റെ കീഴിലുള്ളവരായ മെത്രാപ്പോലിത്തമാർ?Q സഭയിലെ മേലദ്ധ്യക്ഷന്മാർ അല്ലെങ്കിൽ എപ്പിസ്കോപ്പമാരുടെ സമിതിക്കല്ലേ സുനഹദോസ് എന്ന് പറയുന്നത്?Q അല്ല. സാധാരണഗതിയിൽ പ്രധാന മേലദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന എപ്പിസ്കോപ്പമാരുടെ യോഗത്തിനാണ് സുനഹദോസ് എന്ന് പറയുന്നത്. Ans. സുനഹദോസിലെ അംഗങ്ങൾ സഭയിലെ എപ്പിസ്കോപ്പമാരാണോ?Q പ്രധാന മേലദ്ധ്യക്ഷന് കീഴിലുള്ള

മേലദ്ധ്യക്ഷന്മാരാണ്. Ans. പ്രധാന മേലദ്ധ്യക്ഷനും ആ സൂനഹദോസിലെ അംഗമാണോ?Q സാധാരണഗതിയിൽ പ്രധാനമേലദ്ധ്യക്ഷനെ കൂടാതെ സൂനഹദോസ് ഇല്ല. ആകയാൽ അദ്ദേഹം ആ സൂനഹദോസിന്റെ അംഗമായ പ്രസിഡന്റാകുന്നു. Ans. പ്രധാനമേലദ്ധ്യക്ഷന്റെ മേൽ ഉള്ള നടപടികൾ എടുക്കാനുള്ള സൂനഹദോസ് വിളിച്ചുകൂട്ടാനുള്ള അധികാരം ആർക്കാണ്?Q സഭയുടെ പ്രധാനമേലദ്ധ്യക്ഷന്റെമേലുള്ള നടപടികൾ എടുക്കുവാൻ സൂനഹദോസ് വിളിച്ചുകൂട്ടേണ്ടത് അതിനുള്ള ക്രമീകരണങ്ങൾ അനുസരിച്ചായിരിക്കും. ആ ക്രമീകരണങ്ങൾ എനിക്കറിഞ്ഞുകൂടാ. Ans. ആവശ്യമെങ്കിൽ പ്രധാന മേലദ്ധ്യക്ഷന്റെ മേൽ യുക്തമായ നടപടികൾ എടുക്കുന്നതിനും സൂനഹദോസിന് അധികാരമുണ്ടൊ?Q ആ ആളിന്റെ കുറ്റങ്ങളെന്താണെന്ന് ആ ആളിനെ അറിയിച്ചിട്ട് അദ്ദേഹത്തിന് പറയാനുള്ളത് മനസ്സിലാക്കിയിട്ട് സൂനഹദോസിന് ഏകകണ്ഠമായി തോന്നുന്ന തീരുമാനം എടുക്കാമെന്നാണ് എന്റെ അഭിപ്രായം. Ans. ഏകകണ്ഠമല്ലെങ്കിൽ സൂനഹദോസിന്റെ തീരുമാനം സാധുവല്ലെന്നാണോ?Q അതേപ്പറ്റി ബോധിപ്പിച്ചിട്ടുള്ളതിൽ കൂടുതൽ എനിക്ക് ഒന്നും അറിഞ്ഞുകൂടാ. Ans. സൂനഹദോസിന്റെ നടപടികൾ എങ്ങനെയായിരിക്കണം എന്ന് ക്രമീകരിക്കുന്നതിനുള്ള അവകാശം സൂനഹദോസിന് ഉണ്ടോ?Q സഭയുടെ തലവൻ പ്രസിഡന്റായുള്ളതും അദ്ദേഹത്തിന്റെ കീഴിലുള്ളവരായ സ്ഥാനികൾ ഒന്നുചേർന്നും അതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കും. Ans. ക്രമീകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരവും അവകാശവും പാത്രിയർക്കീസ് അദ്ധ്യക്ഷനായുള്ള സൂനഹദോസിനാണ്. Ans. പ്രധാന മേലദ്ധ്യക്ഷനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ സൂനഹദോസിലാണോ സമർപ്പിക്കേണ്ടത് എന്ന് എനിക്ക് അറിഞ്ഞുകൂടാ. സൂനഹദോസിനെക്കുറിച്ചുള്ള ശരിയായ സംഗതികൾ സാക്ഷിക്കറിവില്ലെന്ന് പറഞ്ഞാൽ ശരിയോ?Q സൂനഹദോസിനെക്കുറിച്ച് ഞാൻ ബോധിപ്പിച്ചിട്ടുള്ളതെല്ലാം ശരിയാണ് എന്നറിയാം. സൂനഹദോസിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും എനിക്കറിഞ്ഞുകൂടാ. Ans. Ex. A 71 page 120 ൽ 1 എന്ന നമ്പരിട്ട ഫുട്നോട്ട് നോക്കി. അതിൽ പറയുന്ന വിവരങ്ങൾ ശരിയാണോ?Q മോർ പത്രോസ് ശ്ലീഹന്മാരുടെ തലവനാണെന്ന് പറയുന്നത് ശരിയാണ്. അപ്രമാദിത്വപരമാധികാരം ഉള്ളവനല്ല എന്ന് പറയുന്നത് ശരിയാണ്. അതിന് ഇവിടെ പറയുന്ന കാരണങ്ങൾ ഒന്നും അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഉണ്ടായിട്ടില്ല. അദ്ദേഹം ശ്ലീഹന്മാരെ ഒരു സൂനഹദോസായി സാമ്യപ്പെടുത്തുന്നപക്ഷം അദ്ദേഹം അതിന്റെ തലവനാണെന്ന് പറയുന്നത് ശരിയാണ്. പിന്നീട് പറയുന്നവ നടന്നതായ സന്ദർഭങ്ങളിലെല്ലാം ശ്ലീഹന്മാരുടെ തലവനായ പത്രോസിനോടുകൂടി മറ്റുള്ളവരും ഉണ്ടായിരുന്നു എന്ന് പറയുന്നത് ശരിയാണ്. Ans. ശ്ലൈഹിക സൂനഹദോസിന് ഉപരിയായിരിക്കുന്നവൻ എന്നവണ്ണം അതിനുപോലും അദ്ദേഹത്തെ വിധിപ്പാൻ പാടില്ലാത്ത വിധത്തിലൊ പ്രത്യേക അധികാരത്താൽ സൂനഹദോസിന്റെ നിശ്ചയത്തെ അഴിക്കുവാൻ കഴിയുന്നവിധത്തിലൊ ഉള്ള അധികാരം പത്രോസ് ശ്ലീഹക്കില്ലായിരുന്നു എന്ന് പറഞ്ഞാൽ ശരിയോ?Q ശ്ലൈഹിക സുനഹദോസിന്

ഉപരിയായവൻ എന്ന് പറയുന്നത് ശ്ലീഹന്മാരുടെ തലവൻ എന്ന അർത്ഥത്തിൽ ശരിയാകും. ചോദ്യത്തിൽ പറയുന്നതുപോലെയുള്ള സന്ദർഭം ഉണ്ടായിട്ടില്ലാത്തതിനാൽ അതേപ്പറ്റി കൂടുതൽ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Ans. സാദ്ധ്യമല്ലെന്ന് വച്ചാൽ സാക്ഷിക്കറിഞ്ഞുകൂടാ എന്നാണോ?Q അതെ, അറിഞ്ഞുകൂടാ. Ans. ശ്ലൈഹിക സുനഹദോസിൽ ഉൾപ്പെട്ടവനായിരുന്നോ പത്രോസ് ശ്ലീഹാ?Q അതിലുൾപ്പെട്ടവനായിരുന്നോ പത്രോസ് ശ്ലീഹാ?Q അതിലുൾപെട്ടവനും അതിന്റെ തലവനും സഭയുടെ ഭരണാധികാരനും ആയിരുന്നു. Ans. ശ്ലൈഹികസുനഹദോസിന്റെ തീരുമാനങ്ങൾക്ക് അദ്ദേഹം വിധേയനായിരുന്നോ?Q അദ്ദേഹം വിധേയനായിരിക്കേണ്ട തരത്തിൽ തീരുമാനം ഒന്നും ചെയ്തിട്ടില്ലാത്തതിനാൽ അതേക്കുറിച്ച് കൂടുതൽ അറിഞ്ഞുകൂടാ. Ans. ശ്ലൈഹികസുനഹദോസിന്റെ തീരുമാനങ്ങൾക്ക് എതിരായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിനധികാരം ഉണ്ടായിരുന്നോ?Q അദ്ദേഹം ഉൾപെട്ട ശ്ലീഹന്മാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അദ്ദേഹം കൂടി എടുത്ത തീരുമാനമാകയാൽ എതിരായി പ്രവർത്തിക്കേണ്ട ആവശ്യം വരുന്നില്ല. വന്നിട്ടുള്ളതായി ഒരിടത്തും പറയുന്നുമില്ല. ആവശ്യമില്ലാത്തതും സംഭവിച്ചിട്ടില്ലാത്തതുമായ ഒരു കാര്യത്തിലെ അധികാരത്തെക്കുറിച്ച് കൂടുതൽ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Ans. സഭയുടെ ആരംഭത്തിൽ ഉള്ള പരമാധികാര സമിതി അപ്പോസ്തലന്മാരുടെ സമൂഹം അല്ലെങ്കിൽ അവരുടെ സൂനഹദോസ് ആയിരുന്നോ?Q ഭരണം മുഴുവൻ കർത്താവ് പത്രോസിനെ ഭരമേൽപ്പിച്ചതുകൊണ്ട് അദ്ദേഹത്തോട് ചേർന്നുനിന്ന് അവരും പ്രവർത്തിച്ചു. അതിൽ ഭരണത്തിൽ പരമാധികാരമുള്ള പത്രോസും അവരും ഒരുമിച്ചുള്ളപ്പോൾ അങ്ങനെയും അല്ലാത്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ തനിച്ചും തീരുമാനങ്ങൾ എടുത്തിട്ടുണ്ടായിരിക്കാം. Ans.ultimate final autority അപ്പോസ്തല സമൂഹത്തിനായിരുന്നോ?Q പത്രോസ് അതിന്റെ അദ്ധ്യക്ഷനായുള്ള അപ്പോസ്തലിക സമൂഹം കൂടെയുള്ള സന്ദർഭങ്ങളിൽ ചിലതെല്ലാം ചെയ്തിരിക്കകൊണ്ട് അന്നത്തെ അവരുടെ ക്രമീകരണമനുസരിച്ച് പത്രോസുൾപ്പെടെയുള്ള അപ്പോസ്തലസമൂഹമാണ് തീരുമാനങ്ങൾ എടുത്തിട്ടുള്ളത്. Ans. അവർ എങ്ങനെ ചെയ്തിരുന്നു എന്നല്ല ചോദ്യം final authority അവരായിരുന്നോ അല്ലായിരുന്നോ എന്ന് മറുപടി പറയാൻ സാധിക്കുമോ?Q സാധിക്കും. ചില കാര്യങ്ങളിൽ തീരുമാനം എടുത്തത് പത്രോസും മറ്റ് ചിലതിൽ തീരുമാനം എടുത്തത് അദ്ദേഹം ഉൾപ്പെട്ട അപ്പോസ്തല സമൂഹവും ആയിരുന്നതുകൊണ്ട് തീരുമാനം എടുക്കുവാനുള്ള അധികാരം ചിലപ്പോൾ പത്രോസിന് തനിച്ചും ചിലപ്പോൾ അപ്പോസ്തലസമൂഹത്തിനും ആണ്. Ans. ചില കാര്യങ്ങളിൽ പത്രോസിന് തനിച്ചും ചില കാര്യങ്ങളിൽ ശ്ലൈഹിക സമൂഹത്തിനും ആയിരുന്നു final authority എന്നാണോ?Q ചില കാര്യങ്ങളിൽ എന്ന് ഞാൻ പറഞ്ഞില്ല. അങ്ങനെയാണ്. കാരണം അനന്യാസ് സഫീറാ കാര്യത്തിൽ ആ വിഷയം ശ്ലീഹന്മാരുടെ ഇടയിൽ അവതരിപ്പിക്കാതെ തന്നെയാണ് പത്രോസ് തീരുമാനം എടുത്തത്. മറ്റ് ചില കാര്യങ്ങളിൽ എല്ലാവരും ഉള്ള സന്ദർഭത്തിൽ ഇന്നവിധത്തിൽ

തീരുമാനം എടുക്കണമെന്ന് പറഞ്ഞുകൊണ്ട് അപ്പോസ്തലസമൂഹത്തിൽ വരുന്നതായും Acts-8 ൽകാണുന്നുണ്ട്. Ans. പത്രോസിന് തനിച്ച് final authority ഉള്ള കാര്യം സുനഹദോസിന് പരമാധികാരമുള്ള കാര്യങ്ങളും തീരുമാനിക്കുന്നതിന് വല്ല മാനദണ്ഡങ്ങളും ഉണ്ടായിരുന്നോ?Q ക്രിസ്തുവിന്റെ അന്നത്തെ പിൻഗാമികൾക്ക് കർത്താവ് അവർക്കായി നിയമിച്ചാക്കിയ തലവന്റെ കീഴിൽ ദൈവനാമമഹത്വത്തിനായി വേല ചെയ്യണം എന്നുള്ള ഒരാഗ്രഹം അല്ലാതെ അധികാരത്തിനുള്ള വടംവലി ഇല്ലാതിരുന്നതിനാൽ പത്രോസിന് ഇന്ന അധികാരം ബാക്കിയുള്ളവർക്ക് ഇന്ന അധികാരം എന്നൊരു തീരുമാനം ചെയ്തതായിട്ട് യാതൊരു പുസ്തകത്തിലും കാണുന്നില്ല. അധികാരം നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ തിരിച്ചറിയാനുള്ള മാനദണ്ഡവും ഇല്ലായിരുന്നു. Ans. രണ്ടുതരത്തിൽ ആയിരുന്നു എന്ന് പറഞ്ഞത് അനന്യാസിന്റെ കാര്യത്തെ പരാമർശിച്ചാണ്. മറ്റുള്ള സന്ദർഭങ്ങളിലെല്ലാം എന്തുചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ശ്ലീഹന്മാർക്ക് നിർദ്ദേശം കൊടുക്കുകയായിരുന്നു. ആ സന്ദർഭങ്ങൾ ഏതൊക്കെയാണെന്ന് പറയാമോ?Q യൂദാക്ക് പകരം ഒരാളിനെ തെരഞ്ഞെടുക്കണം. ആ ആൾ നമ്മോടുകൂടി പ്രവർത്തിച്ചിട്ടുള്ളവനായിരിക്കണം എന്ന് പറയുന്നുണ്ട്. Acts ൽ അതുപോലെ ചേലാകർമ്മത്തെ സംബന്ധിച്ചുള്ളതിൽ നമുക്ക് ചുമക്കുവാൻ മേലാത്ത നുകം മറ്റുള്ളവരുടെമേൽ വക്കാത്ത രീതിയിലായിരിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. Ans. നിർദ്ദേശിച്ചിരുന്നു എന്ന് പറയുന്നത് Acts of Apostles ൽ നിന്നും ആണോ പറയുന്നത്?Q അതെ. Ans. ഇങ്ങനെ സാക്ഷി ബോധിപ്പിച്ച മൂന്ന് സന്ദർഭങ്ങളുടെ അടിസ്ഥാനത്തിൽ final authority സംബന്ധിച്ച് എന്തെങ്കിലും വ്യാഖ്യാനം ഏതെങ്കിലും സഭാപിതാക്കന്മാരൊ പണ്ഡിതന്മാരൊ നടത്തിയിട്ടുണ്ടൊ? വ്യാഖ്യാനം കൂടാതെ തന്നെ ആർക്കും വായിച്ചാൽ മനസ്സിലാകുന്ന കാര്യമാണ്. വ്യാഖ്യാനങ്ങൾ ഉണ്ടായിരിക്കാം. ഇക്കാര്യത്തിൽ ശ്രദ്ധവച്ചു ഞാൻ നോക്കിയിട്ടില്ല. Ans. നിർദ്ദേശങ്ങൾ കൊടുത്തതായി പറഞ്ഞത് അതേപടി സ്വീകരിക്കാൻ അപ്പോസ്തലസമൂഹം ബാദ്ധ്യസ്ഥമായിരുന്നോ?Q അദ്ദേഹം തലവനായിരുന്നതിനാൽ നിശ്ചയമായും അവർ ബാദ്ധ്യസ്ഥരായിരുന്നു. അവർ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. Ans. അദ്ദേഹത്തിന് തന്നെ തീരുമാനിക്കരുതായിരുന്നോ എന്തിനാണ് അപ്പോസ്തലസമൂഹത്തിൽ കൊണ്ടുവന്നത്?Q കർത്താവ് തന്റെ രക്ഷാകരമായ പ്രവർത്തനം മുഴുവൻ അതിലെ ഓരോ കാര്യങ്ങളും തനിച്ച് ചെയ്യുവാൻ അധികാരമുള്ളവനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ശിഷ്യന്മാരായ ശ്ലീഹന്മാരെ തന്നോടുകൂടെ പങ്കെടുപ്പിച്ചതുപോലെ കർത്താവിൽനിന്ന് പഠിച്ചവനായ പത്രോസ് കർത്താവിൽനിന്ന് കിട്ടിയ അധികാരം അനുസരിച്ച് എല്ലാം പ്രവർത്തിക്കുവാൻ അധികാരം ഉള്ളവനായിരുന്നെങ്കിലും തന്റെ സഹോദരന്മാരെ തന്നോടുകൂടി പങ്കെടുപ്പിക്കുകയാണ് ചെയ്തത്. Ans. ശിഷ്യന്മാരോടുകൂടി പങ്കെടുപ്പിച്ച് കർത്താവ് എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ?Q ശ്ലീഹന്മാരും കൂടി ഇരിക്കുമ്പോഴാണ് പത്രോസിനെ തലവനായി തിരഞ്ഞെടുത്തത്. Ans. അവരുടെ അഭിപ്രായം അറിഞ്ഞ് അവരെ

കൂടി പങ്കെടുപ്പിച്ച് എന്തെങ്കിലും തീരുമാനം കർത്താവ് കൈക്കൊണ്ടിട്ടുണ്ടോ?Q അവരുടെ അഭിപ്രായം ചോദിച്ച് കർത്താവ് തീരുമാനം ചെയ്തിട്ടില്ല. തീരുമാനം എടുക്കുന്നതിൽ അവർ പങ്കുകാരും അല്ലായിരുന്നു. താൻ ദൈവ പുത്രനായിരുന്നു. Ans. ശ്ലീഹന്മാരെകൂടി പങ്കെടുപ്പിച്ച് കാര്യങ്ങൾ ചെയ്ത് കർത്താവ് എന്നുള്ളതിൽ സാക്ഷി ഉദ്ദേശിച്ചതെന്താണ്?Q രോഗികളെ സുഖപ്പെടുത്താനും എവിടെയെല്ലാം വേണമെങ്കിലും പ്രസംഗിക്കുവാനും കഴിവുള്ള കർത്താവ് തന്നെയാണ് തന്റെ ആ പ്രവർത്തനത്തിൽ തന്റെ ശ്ലീഹന്മാർക്ക് ഭാഗഭാഗിത്വം കൊടുത്തത്. Ans. എന്താണ് ഭാഗഭാഗിത്വം കൊടുത്തത്?Q അവൻ താൻ ചെയ്യേണ്ട ജോലി അവരെ കൊണ്ടു ചെയ്യിച്ചു. Ans. അത് സ്വർഗ്ഗാരോഹണത്തിന് മുമ്പ് ഏത് രോഗിയെയാണ് അങ്ങനെ സുഖപ്പെടുത്തിയത്?Q രോഗിയുടെ പേരു പറഞ്ഞിട്ടില്ലെങ്കിലും മർക്കോസ് 6:12-13 ൽ അവർ പ്രസംഗിച്ചതായും പിശാചുക്കളെ പുറത്താക്കിയതായും രോഗികളെ സുഖപ്പെടുത്തിയതായും പറഞ്ഞിട്ടുണ്ട്. താൻ ചെയ്യേണ്ട ജോലി ജീവിച്ചിരിക്കുമ്പോൾ ഇവരെ പങ്കെടുപ്പിച്ചു എന്നു പറഞ്ഞത് ഇതാണ്. Ans. കർത്താവ് അയച്ചതനുസരിച്ച് ഇവർ പോയി ചെയ്ത കാര്യങ്ങളാണോ അവിടെ പറയുന്നത്?Q കർത്താവിനു ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുവാനായിട്ട് ഇവരെ അയച്ചപ്പോഴാണ്. Ans. കർത്താവിന് ഒരേ സമയത്ത് അല്ലെങ്കിൽ അല്പസമയത്തിനുള്ളിൽ മലയുടെ മുകളിൽനിന്ന് കടലിന് മുകളിൽ നടക്കത്തക്ക കഴിവുണ്ടായിരുന്നു. അതിനാൽ അത് കർത്താവിന് ചെയ്യാവുന്ന ജോലിയായിരുന്നു. പത്രോസ് ശ്ലീഹായുടെ നിർദ്ദേശം അനുസരിപ്പാൽ അപ്പോസ്തലസമൂഹം ബാദ്ധ്യസ്ഥമായിരുന്നു എങ്കിൽ അപ്പോസ്തലസമൂഹത്തിന്റെ തീരുമാനങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്നതിനും പത്രോസ് ശ്ലീഹാക്ക് അധികാരം ഉണ്ടായിരിക്കണ്ടേ?Q ഉണ്ടായിരിക്കും. എന്നാൽ അങ്ങനെയുള്ള സന്ദർഭങ്ങൾ വേദപുസ്തകത്തിൽ ഞാൻ കണ്ടിട്ടില്ല. Ans.Ex.A 71 page 120 foot note ൽ പറയുന്നത് തെറ്റാവുകയില്ലേ?Q ഫുട്ട്നോട്ടിൽ അപ്രമാദിത്വപരമാധികാരമുള്ളവനല്ല എന്നുള്ളത് ഞാൻ മുമ്പുതന്നെ സമ്മതിച്ചതാണ്. തന്റെ പ്രത്യേക അധികാരത്തിൽ സുനഹദോസിന്റെ നിശ്ചയത്തെ അഴിക്കുവാൻ കഴിയുന്ന വിധത്തിൽ എന്ന് പറയുന്ന അദ്ദേഹത്തിന്റെ അഭിപ്രായം. അങ്ങനെയുള്ള സന്ദർഭം ഉണ്ടായിട്ടില്ലാത്തതുകൊണ്ടാണ് അദ്ദേഹത്തിന് തിരസ്കരിക്കുവാൻ അധികാരമുണ്ടെന്ന് ഞാൻ ബോധിപ്പിച്ചത്. Ans. ഫുട്നോട്ടിൽ പറയുന്നത് തെറ്റാകുമോ എന്ന് ഒറ്റവാക്കിൽ പറയാമോ?Q ഒറ്റവാക്കിൽ പറയാൻ സാധിക്കയില്ല. Ans.Ex A 213 ൽ പാർട്ട് 1 പേജ് 11 ൽ സഭയെ ആദ്യമായി ഭരിച്ച ശ്ലീഹന്മാർ ഒരു പ്രത്യേക സഭയെ ഭരിക്കാതെ സാർവ്വത്രിക ഭരണകർത്താക്കളായിരുന്നു എന്ന് പറഞ്ഞിട്ടുള്ളത് ശരിയാണോ?Q അദ്ദേഹത്തിന്റെ അഭിപ്രായം എന്റെ അഭിപ്രായത്തിൽ തെറ്റാണ്, ഒരു പ്രത്യേകസഭയാണ് കർത്താവ് സ്ഥാപിച്ചത്. ആ സഭയുടെ ഭരണാധികാരമാണ് പത്രോസിനു കർത്താവ് കൊടുത്തത്. ആ പത്രോസുമായി ബന്ധപ്പെട്ടിരുന്നവരായ മറ്റു ശ്ലീഹന്മാർ അറിയപ്പെടുന്ന ഈ വിഭാഗങ്ങൾ പലതിലും സുവിശേഷം പ്രസംഗിക്കുകയും പ്രാദേശികമായ

വിശ്വാസികൾക്കാവശ്യമുള്ള കാര്യങ്ങൾ നിർവ്വഹിക്കുകയുമായിരുന്നു. Ans. ഇങ്ങനെയുള്ള ഓരോ പ്രാദേശികസഭകളെയും പ്രത്യേകമായി തിരിക്കാതെ സാർവ്വത്രിക ഭരണകർത്താക്കളായിരുന്നു ശ്ലീഹന്മാർ എന്നാണ് EA 213 ൽ പറഞ്ഞിട്ടുള്ളത്. അത് തെറ്റാണെന്നാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. ശ്ലീഹന്മാരാണ് ഓരോ സഭക്കും പ്രത്യേകം എപ്പിസ്കോപ്പന്മാരെ നിയോഗിച്ചത് എന്നു ExA 213 ൽ പറയുന്നത് ശരിയാണോ ശ്ലീഹന്മാർ പോയി ക്രമീകരിച്ച പ്രാദേശിക സഭകളിൽ എപ്പിസ്കോപ്പന്മാരെ വാഴിക്കുവാൻ അധികാരം ഉണ്ടായിരുന്ന പല ശ്ലീഹന്മാരും എപ്പിസ്കോപ്പന്മാരെ വാഴിച്ചിട്ടും ഉണ്ട്. 213ലെ ആ വാചകം ഞാൻ ഇവിടെ ബോധിപ്പിച്ച രീതിയിൽ ശരിയാണ്. EA 213 part I 12-ാം പേജിൽ നിഖ്യാസുന്നഹദോസിന്റെ 6-ാം നിശ്ചയത്തിന്റെ ഒരു ഭാഗം ചേർത്തിട്ടുള്ളത് ശരിയാണോ?Q ഞാൻ വായിച്ചിട്ടുള്ള പ്രസ്തുതഭാഗത്തിലെ വാചകങ്ങൾ ഇതു തന്നെയാണോ എന്ന് രണ്ടും നോക്കാതെ പറയുവാൻ നിവൃത്തിയില്ല. Ans. വായിച്ചിട്ടുള്ളതിലെയും ഇതിലെയും ആശയം ഒന്നു തന്നെയാണോ? വാചകങ്ങളുടെ ഘടനകൊണ്ടാണ് ആശയം ഉണ്ടാകുന്നത് എന്ന സ്ഥിതിക്ക് രണ്ടും കൂടി നോക്കാതെ പറയാൻ നിവൃത്തിയില്ല. Ans. stopped for the day. മൊഴി വായിച്ചു കേട്ടു. ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ - ഒപ്പ്

First Addl. Districts & Session Court, Ernakulam. Taken down by me in open Court read over to the witness and admitted by him to be correct.

Sd/-

Judge 8-8-78

9-8-78 witness sworn again and cross examination continued. സഭയുടെ വിശ്വാസത്തെ സംബന്ധിച്ച് തർക്കമുണ്ടായാൽ അത് ഇന്നതാണെന്ന് പ്രഖ്യാപിക്കാനുള്ള അധികാരം ആർക്കാണ്?Q സഭയുടെ ആകമാന സുനഹദോസിനാണ്. Ans. മൂന്ന് പൊതുസുനഹദോസുകൾ കൂടിയത് ചില വേദവിപരീതങ്ങളെ കൂടി പരിഗണിക്കുന്നതിനാണോ?Q അതെ, Ans. സഭയുടെ വിശ്വാസത്തിൽ എന്തെങ്കിലും alteration വരുത്തിയാൽ അതേപ്പറ്റി നടപടികൾ എടുക്കുന്ന കാര്യത്തെ ചീഫിൽ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. (Chief page 51) അങ്ങനെ നടപടി എടുക്കേണ്ട എന്തെങ്കിലും സന്ദർഭം ഉണ്ടായിട്ടുണ്ടോ?Q മുൻകാലത്ത് അങ്ങനെയുള്ള സന്ദർഭം ഉണ്ടായതായി വായിച്ചിട്ടുണ്ട്. ഇക്കാലത്തും അങ്ങനെയുള്ള സന്ദർഭം ഉണ്ടായിട്ടുണ്ട്. Ans. മുൻകാലത്ത് ഉണ്ടായി എന്നു പറഞ്ഞത് ഏതു സന്ദർഭമാണ്?Q മൂന്നാം നൂറ്റാണ്ടിലോ മറ്റോ ഭരണം നടത്തിക്കൊണ്ടിരുന്ന ശ്മീത്തായക്കാരൻ പൗലോസ് എന്നയാളിനെ സംബന്ധിച്ച് ഇങ്ങനെ ചെയ്തിട്ടുള്ളതായി പല പുസ്തകങ്ങളിലും വായിച്ചിട്ടുണ്ട്. പിന്നീടും പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം പെട്ടെന്ന് ഓർമ്മ വച്ചു പറയുവാൻ നിവൃത്തിയില്ല. Ans. പൗലോസ് എന്നു പറഞ്ഞ ആള് അന്ത്യോക്യായിലെ ഒരു പാത്രിയർക്കീസായിരുന്നു. അതു സംബന്ധിച്ച് സുനഹദോസ് വിളിച്ചുകൂട്ടിയതാരാണെന്നോ മറ്റോ ഉള്ള കാര്യങ്ങൾ എനിക്ക് ഇപ്പോൾ ശരിയായി

ഓർമ്മയില്ല. അങ്ങനെ കൂടിയത് അന്നത്തെ സഭയുടെ പൊതുസൂനഹദ്ദോസായിരുന്നു. ആ സൂനഹദ്ദോസിൽ എവിടെയെല്ലാമുള്ള എപ്പിസ്കോപ്പാമാർ സംബന്ധിച്ച്?Q എല്ലായിടത്തുമുള്ളവർ സംബന്ധിച്ചിരുന്നേക്കാം. നിശ്ചയം ഇല്ല. Ans. അതു സംബന്ധിച്ച് ചരിത്രരേഖകൾ വല്ലതും ഉണ്ടോ?Q ചരിത്രരേഖകളിൽ നിന്നാണ് ഞാൻ വായിച്ചത്. പുസ്തകങ്ങളുടെ പേർ ഇപ്പോൾ ഓർമ്മയില്ല. Ans. അടുത്തകാലത്തുണ്ടായി എന്നു പറഞ്ഞത് ഏതാണ്?Q അടുത്ത കാലത്തുണ്ടായി എന്നു ബോധിപ്പിച്ചത് ഈ കേസിലെ 1-ാം വാദിയെയും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്ന മെത്രാപ്പോലീത്തമാരെയും സംബന്ധിച്ചാണ്. Ans. നിരോധിക്കുക, മുടക്കുക മുതലായത് പാത്രിയർക്കീസിനു തനിച്ചു ചെയ്യാമെന്ന് ഞാൻ ചീഫിൽ (പേജ് 51) പറഞ്ഞിട്ടുണ്ട്. അങ്ങനെ വിശ്വാസത്തെ സംബന്ധിച്ച് പാത്രിക്കീസ്തന്നെ മുടക്കുകയൊ നിരോധിക്കുകയൊ ചെയ്തതായി instances ഉണ്ടോ?Q പാത്രിയർക്കീസ് സഭയുടെ വിശ്വാസത്തിന്റെ സംരക്ഷകനാകയാൽ അദ്ദേഹത്തിന് അത്യാവശ്യം വന്നാൽ തനിച്ചു ചെയ്യാം എന്നുള്ളതിന് മോർ ഗീവറുഗീസ് ദിവന്നാസ്യോസ് മെത്രാപ്പോലീത്ത എഴുതിയ *മതോപദേശസാരങ്ങളിൽ* അങ്ങനെ ചെയ്യാവുന്നതാണെന്ന് പറയാനല്ലാതെ അതിന്റെ സന്ദർഭങ്ങൾ പറയുവാൻ എനിക്കിപ്പോൾ സാദ്ധ്യമല്ല. Ans. മോർ ഗീവറുഗീസ് ദിവന്നാസ്യോസിന്റെ *മതോപദേശസാരങ്ങളിൽ* പാത്രിയർക്കീസ് വിശ്വാസത്തിന്റെ സംരക്ഷകനാണെന്ന് പറയുന്നുണ്ടോ?Q ആ വാക്കുകൾ ഉപയോഗിച്ചിട്ടില്ല. എന്നാൽ സഭയുടെ മേലദ്ധ്യക്ഷൻ എന്ന രീതിയിൽ ഉള്ള വാക്ക് ഉപയോഗിച്ചിട്ടുണ്ട്. Ans. ആ പുസ്തകം ദിവന്നാസ്യോസ് തിരുമേനി എന്നെഴുതിയതാണ്?Q അദ്ദേഹം മെത്രാനാകുന്നതിനുമുമ്പ് എഴുതിയിട്ടുള്ളതും പിന്നീട് ഒരു കാലത്തും അദ്ദേഹം വ്യത്യാസം വരുത്തിയിട്ടില്ലാത്തതുമാണ്. Ans. ആ പുസ്തകം എത്ര പതിപ്പുകൾ ഉണ്ടായിട്ടുണ്ട് എന്ന് എനിക്കു നിശ്ചയമില്ല. അതിൽ വ്യത്യാസങ്ങൾ ഒന്നും വരുത്തിയിട്ടില്ലെന്ന് സാക്ഷിക്കെങ്ങനെ അറിയാം? അദ്ദേഹം വ്യത്യാസം വരുത്തിയതായി ഇതുവരെ കേട്ടു കേൾവിപോലുമില്ലാത്തതിൽ നിന്നാണ് ഞാൻ ബോധിപ്പിച്ചത്. Ans. പ്രസക്തമായ ഭാഗത്തിൽ എന്നെങ്കിലും ആരെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ എന്നറിയാമോ?Q പട്ടംകൊട പുസ്തകത്തിലും മറ്റു വ്യത്യാസങ്ങൾ വരുത്തിയിട്ടുള്ളതുപോലെ ഇതിലും വരുത്തിയിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. സഭയുടെ വളർച്ചക്കനുസരണമായി സഭയുടെ അധികാരസ്ഥാനങ്ങൾക്കു വ്യത്യാസങ്ങൾ ഉണ്ടാകുമോ?Q എത്ര വളർച്ചയുണ്ടായാലും വിശ്വാസത്തിൽ നിന്നോ തത്വത്തിൽനിന്നോ ഒരു വ്യത്യാസവും വരുത്തുവാൻ ആർക്കും അധികാരമില്ല. Ans.Question repeated. എനിക്ക് അധികാരസ്ഥാനങ്ങൾക്കു വ്യത്യാസങ്ങൾ ഉണ്ടാകുമോ എന്നും ചോദ്യത്തിലുള്ളത് എന്താണെന്ന് മനസ്സിലാകുന്നില്ല. Ans. ഈ സഭയിൽ ആദിമകാലം തൊട്ട് എപ്പിസ്കോപ്പന്മാരെ തെരഞ്ഞെടുക്കുന്ന പതിവ് ഉണ്ടായിരുന്നോ?Q ആദിമകാലങ്ങളിൽ ശ്ലീഹന്മാർ ആ സ്ഥാനങ്ങളിലേക്ക് ഉയർത്തിയവരെ മറ്റാരും തെരഞ്ഞെടുത്തതായി Acts ൽ കാണുന്നില്ല. പിന്നീടുള്ള പ്രവർത്തനങ്ങളെ

ക്കുറിച്ചും കൃത്യമായി പറയുവാൻ ഇപ്പോൾ കഴിയുകയില്ല. Ans. എപ്പിസ്കോപ്പന്മാരെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം ഏതെങ്കിലും കാലത്തുണ്ടായിരുന്നോ?Q ഉത്തരം പെട്ടെന്ന് പറയാൻ സാദ്ധ്യമല്ല. Ans. കൽക്കിദോനസൂനഹദോസ് വരെ ഏക സഭയായിരുന്നു എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. ഏകസഭയായിരുന്ന കാലത്ത് ആകമാനസഭക്കുവേണ്ടി ഒരു മേലദ്ധ്യക്ഷനെ തെരഞ്ഞെടുക്കുകയൊ ആകമാന സഭക്കുവേണ്ടി മേലദ്ധ്യക്ഷനായി വാഴിക്കുകയൊ ചെയ്തിട്ടുള്ളതായി എന്തെങ്കിലും ചരിത്രലക്ഷ്യങ്ങൾ ഉണ്ടോ?Q ഇല്ല. എന്നാൽ അന്നത്തെ ആകമാനസഭ പത്രോസിന്റെ മൂന്നു സ്ഥലത്തുള്ള പിൻഗാമികൾ വഴിയായി ഐക്യത്തോടെ ഭരിക്കുകയായിരുന്നു എന്ന് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. Ans.Ext A 213 പാർട്ട് 2 പേജ് 15ൽ പാപ്പാ ഗ്രിഗറിയുടെ ഒരെഴുത്തിൽ നിന്നാണ് എന്നു പറഞ്ഞ് ഒരു ഉദ്ധരിണി ചേർത്തിട്ടുണ്ട്. ഫുട്ട് നോട്ട് കൊണ്ട് അത് അബ്ദുൽ ആഹാദ്റബാൻ എഴുതിയ ഒരു പുസ്തകത്തിൽ നിന്ന് എടുത്തു ചേർത്തിട്ടുള്ളതാണെന്നു കാണുന്നു. അവിടെ പറയുന്ന മോർ തോമസിഡയ് കോറോസിന്റെ *തിരുസഭ* എന്ന പുസ്തകം എഴുതിയിട്ടുള്ള അബ്ദൽ ആഹാദ്റമ്പാൻ യാക്കോബ് തൃതീയൻ പാത്രിക്കീസാണോ?Q അതെ, Ans. ആ ഉദ്ധരിണിയിൽ സാർവ്വത്രിക പാത്രിയർക്കീസ് എന്ന് സ്വയം വിളിക്കുന്നവൻ കള്ളമിശിഹായോടും സാത്താനോടും തന്നെ തന്നെ സമനാക്കുന്നു എന്നു പറയുന്നുണ്ട്. സാർവ്വത്രിക പാത്രിയർക്കീസ് എന്ന ഒരു സ്ഥാനം സഭ അംഗീകരിച്ചിരുന്നില്ല എന്നാണോ അതിൽ നിന്നു വ്യക്തമാകുന്നത്?Q ലോകത്തിലുള്ള സർവ്വസഭകളുടെയും പാത്രിയർക്കീസ് എന്നാണ് സാർവ്വത്രികപാത്രിയർക്കീസ് എന്ന പ്രയോഗത്തിൽ അന്തർഭവിച്ചിരിക്കുന്നത്. ലോകത്തിലുള്ള സർവ്വസഭകളുടെയും പാത്രിയർക്കീസ് താനാണെന്ന് ആരെങ്കിലും പറയുന്നു എങ്കിൽ അങ്ങനെയുള്ളവർക്കു മുൻപറഞ്ഞ വിശേഷണങ്ങൾ പക്ഷെ ചേരുമായിരിക്കാം. Ans. അതിൽ പറയുന്ന ഗ്രിഗറി പാപ്പാ കൽക്കദോനാ സൂനഹദോസിനു മുമ്പുണ്ടായിരുന്ന പാപ്പാ ആയിരുന്നോ?Q അതിനു ശേഷമാണെന്നാണ് എന്റെ ഓർമ്മ. Ans. കുസ്തന്തീനപോലീസിലെ പാത്രിയർക്കീസ് സാർവ്വത്രിക പാത്രിയർക്കീസ് എന്ന ഒരു പേര് എടുത്തോ?Q എടുത്തെന്നു Ex A 213 ൽ പറയുന്നതിനപ്പുറമായി എനിക്കറിഞ്ഞുകൂടാ. Ans. എക്യുമിനിക്കൽ പേട്രിയാക്ക് ഓഫ് കോൺസ്റ്റാന്റിനോപ്പിൽ എന്ന് സാക്ഷി എവിടെയെങ്കിലും വായിക്കുകയോ കേൾക്കുകയോ ഉണ്ടായിട്ടുണ്ടോ?Q റോമാസഭയിൽനിന്നും സഭ വേർപെട്ടതിന്റെശേഷം അടുത്ത കുറെ കാലങ്ങളായി ഈ പേരിൽ ആരോ ഉണ്ടെന്ന് പല പുസ്തകങ്ങളിലും വായിച്ചിട്ടുണ്ട്. Ans. എക്യുമിനിക്കൽ പേട്രിയാക്ക് എന്നതിന്റെ മലയാളമാണൊ സാർവ്വത്രിക പാത്രിയർക്കീസ്?Q ഗ്രീക്ക്ചർച്ചിന്റെ കാര്യങ്ങൾ എനിക്കു ശരിക്കറിഞ്ഞു കൂടെങ്കിലും അവരിൽ പല പാത്രിയർക്കീസുമാരുണ്ടെന്നും അതിൽ ഒരാളെ ഈ പേരിൽ തെരഞ്ഞെടുക്കുമെന്നും വായിച്ചിട്ടുള്ളതല്ലാതെ കൂടുതലൊന്നും എനിക്കറിഞ്ഞുകൂടാ. ആ സ്ഥിതിക്ക് അവരുടെ സഭയെക്കുറിച്ചായിരിക്കാം എക്യുമിനിക്കൽ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് എന്നാണ്

എന്റെ ഊഹം. ആ പാത്രിയർക്കീസിനെ ആണോ മലയാളഭാഷയിൽ സാർവ്വത്രികപാത്രിയർക്കീസു എന്നു പറഞ്ഞിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. Ans. കുസ്തന്തിനോസ് പാത്രിയർക്കീസിനു കീഴിലുണ്ടായിരുന്ന സഭയും റോമാപാത്രിയർക്കീസിനു കീഴിലുണ്ടായിരുന്ന സഭയും കൽക്കിദൂന സുന്നഹദോസ് സമയത്ത് ഒരു പക്ഷത്തു നിന്നിരുന്ന സഭകളാണ്. കൽക്കിദൂന സുന്നഹദോസ് കഴിഞ്ഞ് 6 നൂറ്റാണ്ടുകൾ കഴിഞ്ഞാണ് അവർ രണ്ടു സഭകളായത്. Acts XI ൽ ചേലാകർമ്മം ചെയ്തിട്ടുള്ളവർ പത്രോസ്ശ്ലീഹായെ എതിർത്തു എന്നു പറഞ്ഞിട്ടുണ്ട്. അതിനു ശീമോൻ മറുപടി കൊടുത്തതായി അടുത്ത വാക്യങ്ങളിലും ഉണ്ട്. പത്രോസിനെപ്പോലെ തന്നെ മറ്റു ശ്ലീഹന്മാരും ക്രിസ്തുവിന്റെ സ്ഥാനാപതികളാണെന്ന് വേദഭാഗങ്ങൾ കൊണ്ടുകാണാമോ?Q അവരവരുടെ നിലയിൽ പത്രോസും മറ്റു ശ്ലീഹന്മാരും ഇന്നത്തെ പട്ടക്കാരും ക്രിസ്തുവിന്റെ സ്ഥാനപതികളാണ്?Q എല്ലാ അപ്പോസ്തലന്മാരും അവരുടെ ആചാര്യത്വ പിൻഗാമികളും ഗൃഹവിചാരകന്മാരാണ് എന്ന് വേദപുസ്തകം കൊണ്ടു കാണാമോ?Q ഓരോ പ്രത്യേകരീതിയിൽ അങ്ങനെ ആകാമെന്ന് വേദപുസ്തകത്തിൽ ഉണ്ടെന്നാണ് എന്റെ ഓർമ്മ. Ans. ഓരോ പ്രത്യേകരീതിയിൽ എന്നു വച്ചാൽ എന്താണ്?Q ക്രിസ്തുവിന്റെ മർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ എന്നു എവിടെയൊ ഉപയോഗിച്ചിട്ടുണ്ട്. 1 കോരിന്തി 4:1ൽ ആണ് അത്. അത് സഭയിലെ കൂദാശപരമായ രംഗത്തെക്കുറിച്ച് പറയുന്നതാണ്. സഭയാകുന്ന ആഹത്തിന്റെ ഗൃഹവിചാരകത്വം അതിന്റെ ഭരണപരമായ രംഗമാണ്. അതുകൊണ്ടാണ് പല രീതിയിൽ എന്നു പറഞ്ഞത്. Ans. ഭരണപരമായ രംഗത്ത് എല്ലാ അപ്പോസ്തലന്മാരും ഗൃഹവിചാരകന്മാരായിരുന്നു എന്നു വേദം കൊണ്ടു കാണുകയില്ലന്നാണോ?Q കാണുകയില്ലെന്നാണ് എനിക്കു തോന്നുന്നത്. വേദപുസ്തകത്തിൽ കാണാത്തവ വേദപുസ്തകത്തിലുള്ളവയുടെ ആശയാനുസരണം സഭയുടെ പ്രാർത്ഥനകളിലും മറ്റു കാണും. Ans. അങ്ങിനെയുള്ള പ്രാർത്ഥനകളിൽ ഒരാളിനെക്കുറിച്ചു മാത്രമെ അതായത് പത്രോസിനെക്കുറിച്ചു മാത്രമെ അങ്ങനെ പറഞ്ഞിട്ടുള്ളൂ. ഗൃഹവിചാരകൻ എന്നതിലും യോജിക്കുന്ന വാക്ക് കാര്യസ്ഥൻ എന്നാണ്. Ex.B. 37 ൽ ആ വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. സഭയിലെ ബിഷപ്പന്മാരെപ്പറ്റി ദൈവത്തിന്റെ ഗൃഹവിചാരകന്മാർ എന്ന് Titus ന് എഴുതിയ ലേഖനത്തിൽ 1:7ൽ പറയുന്നില്ലേ?Q Ex.B.37 ൽ ബിഷപ്പ് എന്നല്ല പറയുന്നത് കശീശ എന്നാണ്. മുമ്പു ബോധിപ്പിച്ചതുപോലെ അവരുടെ നിലയ്ക്കനുസരിച്ച് ഉള്ള ഗ്രഹവിചാരകത്വം അവർക്കുമുണ്ട്. Ans.Ex.B.83 ൽ മുൻപറഞ്ഞ വാക്യത്തിൽ ബിഷപ്പ് എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. Ex.B.37 ൽ മുൻപറഞ്ഞ വാക്യത്തിൽ കശീശൊ ദൈവത്തിന്റെ ഗൃഹാദ്ധ്യക്ഷനുചിതമായ വിധത്തിൽ നിഷ്കളങ്കനായിരിക്കണം എന്നാണ് പറയുന്നത്. അവിടെ കശിശൊ എന്ന വാക്ക് എന്തിനെ ഉദ്ദേശിക്കുന്നു?Q കശീശൊ എന്ന വാക്ക് പട്ടക്കാരനെയാണ് ഉദ്ദേശിക്കുന്നതെങ്കിലും ആദ്യകാലങ്ങളിൽ എപ്പിസ്കോപ്പാക്കും അതു പയോഗിച്ചിരുന്നു എന്ന് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്?Q ഈ വാക്യം കൊണ്ട്

സാക്ഷി പറയുന്നതുപോലെ ഏതെങ്കിലും പ്രത്യേകതരത്തിലുള്ള ഗൃഹാദ്ധ്യക്ഷത ആണെന്നു കാണുമോ?Q കാണും. ദൈവകർമ്മങ്ങളുടെ വിചാരകന്മാരായ ബിഷപ്പുമാരിൽ നിന്ന് ഉണ്ടാകുന്ന കാശീശാക്ക് തദനുസരണമായ ഗ്രഹവിചാരത്വമെ ഉണ്ടാകൂ. Ans. ദൈവമർമ്മങ്ങളുടെ വിചാരകന്മാരായ ബിഷപ്പുമാരിൽ നിന്നു ഉണ്ടാകുന്ന കശീശ എന്നൊന്നും ആ ഭാഗം കൊണ്ടു കാണുകയില്ലല്ലോ?Q ആ ഭാഗത്ത് അങ്ങനെ എഴുതിയിട്ടില്ല. കശീശ ബിഷപ്പിൽ നിന്നേ ഉണ്ടാകാൻ സാധിക്കൂ എന്നതിൽ നിന്നു ബോധിപ്പിക്കുന്നതാണ്. Ans. ഒരു കശീശാക്ക് വേറൊരു കശീശയെ നിയമിക്കാൻ അധികാരം ഇല്ല. തീത്തോസിന് എഴുതിയ ലേഖനം 1:5ൽ പോരാത്ത കാര്യങ്ങൾ ക്രമപ്പെടുത്തുന്നതിന് പൗലോസ് ശ്ലീഹാ തീത്തോസിനെ ക്രീത്തോയിൽ വിട്ടേച്ചു പോന്നു എന്നു പറയുന്നുണ്ട്. 5-ാം വാകൃത്തിൽ ക്രമപ്പെടുത്തേണ്ടതിനും ഞാൻ ആജ്ഞാപിച്ചപ്രകാരം പട്ടണംതോറും കശീശന്മാരെ നിയമിക്കുന്നതിനും ആയിട്ടാകുന്നു എന്നും കൂടി ഉണ്ട്. തീത്തോസിന് എപ്പിസ്കോപ്പാ സ്ഥാനവും അതിനടുത്ത അധികാരങ്ങളും ഉണ്ടായിരുന്നോ?Q പൗലോസിൽ നിന്നു കിട്ടിയ എപ്പിസ്കോപ്പാസ്ഥാനവും തദനുസരണമായി അധികാരങ്ങളും ഉണ്ടായിരുന്നു. Ans. മുൻപറഞ്ഞ 5-ാം വാകൃത്തിൽ സഭയുടെ ഭരണകാര്യങ്ങളെ ക്രമപ്പെടുത്തുന്നതിനെപ്പറ്റിയാണോ പറയുന്നത്?Q സഭയുടെ ഒരു കാര്യവും അവിടെ പറയുന്നില്ല. ക്രീത്തയിൽ അവിടത്തെ പ്രാദേശിക വിശ്വാസികളെ സംബന്ധിക്കുന്ന കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ ചുമതലപ്പെടുത്തുകയാണ്. Ans. പ്രാദേശികസഭയുടെ ഭരണം ക്രമപ്പെടുത്താനാണൊ?Q ഒന്ന്, ആത്മീയകാര്യങ്ങൾ നിർവ്വഹിക്കുന്നതിനാണ്. രണ്ട്, പോരാത്ത കാര്യങ്ങൾ ക്രമപ്പെടുത്താനാണ്. അതിൽ എന്തൊക്കെപ്പെടുമെന്നറിഞ്ഞുകൂടാ. പ്രാദേശികസഭയുടെ കാര്യത്തെ സംബന്ധിച്ചാണ് നിർദ്ദേശങ്ങൾ. Ans. 2 കൊരിന്തിയർ 4:4ൽ സർവ്വദാ ദൈവദാസന്മാരാണ് ഞങ്ങൾ എന്നു പറയുന്നതിൽ ഞങ്ങളിൽ ആരുൾപ്പെടുന്നു എന്നറിയാമോ?Q പൗലോസ് ശ്ലീഹാ ആണ് എഴുതിയത്. അദ്ദേഹത്തിന്റെ കൂടെ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ അവരെ കുടി ഉദ്ദേശിച്ചാണ്. Ans.Ex.B83 ൽ അതിനു corresponding ആയ verse ൽ Ministers of God എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. Ex.B45 ൽ ശനിയാഴ്ച പ്രഭാത പ്രാർത്ഥനയിൽ ശിഷ്യന്മാരുടെ തലവനായ ശെമോൻ ഭവനമാകുന്ന പാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു എന്നു സഭ പറയുന്നു എന്ന് പറയുന്നുണ്ട്. അതിൽ ശീമോന്റെ ഭവനം എന്നു പറയുന്നത് എന്താണ്?Q ശീമോനും അദ്ദേഹത്തോടുകൂടെ ഉള്ളവരും എന്ന ഉദ്ദേശ്യത്തിന്മേൽ അത് പാറയായി ഉപയോഗിച്ചിരിക്കുന്നു. പാറയെക്കുറിച്ച് മുമ്പ് ബോധിപ്പിച്ച 4 തരം വ്യാഖ്യാനം ആണ് ഇത്. Ans. ശീമോന്റെ കൂടെ ഉള്ളവർ മറ്റ് അപ്പോസ്തലന്മാരാണ്. ശീമോൻമേൽ തന്നെയാണെന്നുള്ളതിനും പ്രാർത്ഥനാ ഭാഗങ്ങളിൽ പലതും ഉണ്ട്. ലൂക്കോസ് 5:10ൽ ഇതുമുതൽ നീ രക്ഷകനായി മനുഷ്യരെ പിടിക്കുന്നവനായിത്തീരും എന്ന് ശീമോനോട് കർത്താവ് പറയുന്നതായി കാണുന്നു. മനുഷ്യരെ പിടിക്കുന്നവനാകും എന്ന് പറയുന്നത് എന്തിനെ ഉദ്ദേശിച്ചാണ്?

മനുഷ്യരക്ഷക്കായി വന്ന കർത്താവിനോടുകൂടി രക്ഷക്കായി മനുഷ്യരെ ആദായപ്പെടുത്തുന്നവൻ എന്നുള്ള അർത്ഥമാണ്. Ans. അതായത് സുവിശേഷം പ്രസംഗിച്ച് ക്രിസ്തുമാർഗത്തിലേക്ക് ആളുകളെ തിരിക്കുന്നവനായിത്തീരും എന്നാണോ?Q അതെ. വിളിച്ച സമയത്തെ അധികാരദാനം അത്രമാത്രമാണ്. Ans. അങ്ങനെയുള്ള അധികാരാവകാശം മറ്റ് ശ്ലീഹന്മാർക്കും ഉണ്ടായിരുന്നു. പത്രോസിനോട് ഇങ്ങനെ പറഞ്ഞിരിക്കുന്നതുകൊണ്ട് ആ അവകാശം മറ്റു ശ്ലീഹന്മാർക്കും ഇല്ലാ എന്നുവരുമോ?Q പത്രോസിനോടു മാത്രമാണ് ഈ വാചകം പറഞ്ഞതെങ്കിലും സ്വർഗരാജ്യത്തെക്കുറിച്ചു പ്രസംഗിക്കാനും പഠിപ്പിക്കാനുമുള്ള അവകാശം എല്ലാവർക്കും പടിപടിയായി നൽകിയിട്ടുണ്ട്. ആ വാക്യം കൊണ്ട് മനുഷ്യരെ ആദായപ്പെടുത്തുന്ന ജോലി പത്രോസിനു മാത്രമെ ആകാവൂ എന്ന് ഇല്ല. Ans. യോഹന്നാൻ 1:50ൽ ഇവയിലും വലുതായിട്ടുള്ള കാര്യങ്ങളെ നീ കാണും എന്നും നഥാനിയലിനോട് ക്രിസ്തു പറയുന്നുണ്ട്. ആ വാക്യത്തിൽ നിന്ന് മറ്റുള്ളവരാരും വലിയ കാര്യങ്ങൾ കാണുകയില്ല എന്നു പറയാൻ സാധിക്കുമോ?Q അതിനു യോഗ്യതയുള്ളവർക്ക് എല്ലാം അത് സാദ്ധ്യമാണ്. ആ വാചകം കൊണ്ട് അങ്ങനെ മറ്റാർക്കും സാധിക്കയില്ല എന്നു പറയാൻ പറ്റുകയില്ല. യോഗ്യതയുള്ള ആർക്കും ദൈവത്തിൽനിന്നും വലിയ കാര്യങ്ങൾ കാണുവാൻ കഴിയും Ans. മത്തായി 15:31 അല്പവിശ്വാസി നീ എന്തുകൊണ്ടാണ് സംശയിച്ചത് എന്ന് കർത്താവ് പത്രോസിനോട് ചോദിച്ചു. അതിന് ഇടയായത് എന്താണ്?Q ക്രിസ്തു കടലിനുമീതെ നടക്കുന്നതു കണ്ടപ്പോൾ ക്രിസ്തുവാണെന്നറിഞ്ഞപ്പോൾ കടലിൽ മീതെ നടന്ന് അദ്ദേഹത്തിന്റെ അടുക്കലേക്ക് ചെല്ലുവാൻ കല്പിക്കണമെന്നപേക്ഷിക്കുകയും നീ വരിക എന്നു പറഞ്ഞപ്പോൾ മറ്റുള്ള എല്ലാവരെക്കാളും ഉറച്ച വിശ്വാസത്തോടുകൂടി ക്രിസ്തുവിന്റെ ആജ്ഞ അനുസരിച്ച് മുന്നോട്ടു നടന്നുകൊണ്ടിരുന്നപ്പോൾ വലിയ കാറ്റും കോളും ഉണ്ടാകയാൽ അദ്ദേഹം വെള്ളത്തിൽ താഴാൻ തുടങ്ങുകയും കർത്താവേ എന്നെ രക്ഷിക്കണമെ എന്ന് ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുകയും ക്രിസ്തു കൈനീട്ടി അവനെ വലിച്ച് എടുക്കുകയും ചെയ്തതിന്റെശേഷം ഉറച്ച വിശ്വാസത്തോടെ എന്റെ അടുക്കലേക്ക് ഇറങ്ങിവന്ന നീ എന്റെ സാന്നിദ്ധ്യത്തിൽതന്നെ ഭയപ്പെട്ടതുമൂലം നിന്റെ വിശ്വാസത്തിൽ കുറവുവന്നു എന്നുള്ളതിന്റെ പേരിലാണ് അല്പവിശ്വാസിയേ നീ എന്തിനു സംശയിച്ചത്?Q എന്നു ചോദിച്ചത്. Ans. വിശുദ്ധ പൗലോസ് ശ്ലീഹായെപ്പറ്റി സഭയുടെ ശില്പി എന്നു സഭയിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളിൽ പറയുന്നുണ്ടോ?Q സഭയുടെ ശില്പി എന്നല്ല. വിശ്വാസത്തിന്റെ ശില്പി എന്ന് പറയുന്ന പ്രാർത്ഥനകൾ ഓർക്കുന്നു. Ans. ശിമോൻ അടിസ്ഥാനവും പൗലോസ് ശില്പിയുമാകുന്നു എന്നു വെള്ളിയാഴ്ച പ്രാർത്ഥനയിൽ ഉണ്ട്. അത് സഭയെപ്പറ്റി പറയുന്നതാണ്. പെന്തിക്കോസ്തിയുടെ പ്രാർത്ഥനകളിൽ "ശ്ലീഹന്മാരെ വിശ്വാസത്തിൻ ശില്പികളെ നിർമ്മലസഭയെ നിർമ്മതി ചെയ്തോരെ" എന്നൊരു ഗീതഭാഗം ഉണ്ടോ? അതിന്റെ സുറിയാനി നോക്കിയാലെ ഇങ്ങനെ ഒക്കെ ഉള്ള ഭാഗം ഉണ്ടോ എന്നു പറയാൻ പറ്റുകയുള്ളു.

Ans. ഞാൻ മലയാളത്തിൽ മുൻ ഉദ്ധരിച്ചതുപോലെ ഒരു ഗീതം ഉപയോഗി ച്ചിട്ടില്ല. വിശുദ്ധപത്രോസ് ശ്ലീഹയെപ്പറ്റി പ്രഥമൻ, തലവൻ, പ്രധാനി എന്തൊക്കെ പറയുന്നത് സമന്മാരിൽ മുമ്പൻ എന്ന അർത്ഥത്തിൽ മാത്രമല്ലേ?Q ഒരിക്കലു മില്ല. ഒന്നാമൻ എന്നു മാത്രം പറയുകയാണെങ്കിൽ ഒരുപക്ഷേ, ആ അർത്ഥം ധ്വനിച്ചേക്കും. തലവൻ, പ്രധാനിയും ഒരിക്കലും സമന്മാരിൽ മുൻപൻ മാത്ര മല്ല, അതിനും പുറമെ റീശ് എന്ന് ഉപയോഗിച്ചിരിക്കുന്ന എല്ലാ ഇടത്തും മറ്റുള്ളവരുടെമേൽ അധികാരി എന്ന അർത്ഥത്തിൽ തന്നെയാണ്. ഇംഗ്ലീഷിൽ Head ഉപയോഗിക്കുന്നതുപോലെ തന്നെ. Ans.ExB 25 Sunday School പാഠാ വലി ഞാൻ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ ആയിരുന്നപ്പോൾ ഉള്ള പതിപ്പാണൊ എന്ന് അറിഞ്ഞുകൂടാ. Orthodox Syrian Sunday School Association of the East എന്ന സംഘടന ഉണ്ടായതു മുതൽ 1974 വരെ ഞാൻ അതിന്റെ ഡയറക്ടർ ജനറൽ ആയിരുന്നു. ടി അസോസിയേഷന്റെ ആഭി മുഖ്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതായിട്ടാണ് Ex.B.25 ൽ നിന്നു കാണുന്നത്. അതിൽ 12-ാം പേജിൽ ശിഷ്യസമൂഹത്തിൽ പത്രോസിനു നേതൃത്വസ്ഥാനം മുമ്പൻ" ഉണ്ടായിരുന്നതായി കാണാം എന്ന് ഉണ്ട്. ഇത് ഞാൻ ഇരുന്നപ്പോൾ അച്ചടിച്ച പുസ്തകമാണോ എന്ന് എനിക്കു നിശ്ചയമില്ല. ഞാൻ പോന്നതി നുശേഷമുള്ള ഏതെങ്കിലും പതിപ്പായിരിക്കാം. ExB25 കൊണ്ട് 1973 മാർച്ചിൽ പബ്ലിഷ് ചെയ്തതായിട്ടാണ് കാണുന്നത്. അസോസ്യേഷൻ മുദ്രയില്ലാത്ത പ്രതിവ്യാജനിർമ്മിതമാകുന്നു എന്നും അതിൽ ഉണ്ട്. Ex.B.25 വ്യാജനിർമ്മി തമാകുന്നു എന്നും അതിൽ ഉണ്ട്. Ex.B25 വ്യാജനിർമ്മിതമാണോ?Q സൂക്ഷ്മം പറയാൻ വയ്യ. Ans. 12-ാം പേജിൽ തന്നെ പന്ത്രണ്ട് അപ്പോസ്തലന്മാരെ അടിസ്ഥാനക്കല്ലായും ക്രിസ്തു മൂലക്കല്ലായും പണിയപ്പെടേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. സഭയുടെ വിശ്വാസത്തെപ്പറ്റി മുൻപറഞ്ഞ അഭിപ്രായങ്ങളിൽ ഒന്നാണ് അത്. സണ്ടേസ്കൂൾ ഉപയോഗിക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിച്ചി ട്ടുള്ളതാണ് ExB25. അന്ത്യോക്യാ പാത്രിയർക്കീസ് ബാവായിൽനിന്നാണ് പട്ടം അല്ലെങ്കിൽ കൈവയ്പ് കിട്ടുന്നത് എന്നുള്ളതാണ് സഭയുടെ വിശ്വാസം എന്നതിന് അടിസ്ഥാനം എന്താണ്?Q യാക്കോബായ സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം അതിന്റെ കൈവയ്പ്പ് അന്ത്യോക്യാ പാത്രിയർക്കീ സിൽനിന്ന് ആകയാലും അദ്ദേഹം സഭയുടെ പ്രധാന ഭരണാധികാരിയായ പത്രോസിന്റെ പിൻഗാമിയാലും പട്ടംകൊട ക്രമത്തിൽ പത്രോസ് വഴിയായി ട്ടുള്ള ആ കൈവയ്പിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതാകയാലും ആണ്. Ans. അന്ത്യോക്യാ പാത്രിയർക്കീസിൽനിന്നു മാത്രമെ കൈവയ്പുകൾ പ്രാപി ക്കാവൂ എന്നു സഭയുടെ ഔദ്യോഗികമായ പ്രഖ്യാപനങ്ങളൊ ഏതെങ്കിലും സഭാധികാരികളുടെ കല്പനകളൊ ഉണ്ടോ?Q സഭ സഭ ആകുന്നത് വൈദിക ഹയറാർക്കി വഴിയാണെന്നും യാക്കോബായ സുറിയാനിസഭയുടെ പരമാദ്ധ്യ ക്ഷൻ പാത്രിയർക്കീസാണെന്നും സഭയിലുള്ള സർവ്വമാന പേരും സമ്മതിച്ച് അതനുസരിച്ച് അനേക തലമുറകളായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥിതിക്കും തലവനിൽനിന്നു വേർപെട്ടാൽ ശീശ്മ ആണെന്ന് എല്ലാവർക്കും

അറിയാവുന്നതുകൊണ്ടും അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നേ കൈവയ്ക്കാവൂ എന്ന് ഈ സഭയിലെ ഒരു മേൽപട്ടക്കാരനും ഒരു കല്പനയും അയക്കാതെ തന്നെ സഭയിൽ വിശ്വാസികൾക്കറിയാം. അതിനാൽ പ്രഖ്യാപനങ്ങളുടെയൊ കല്പനകളുടെയൊ ആവശ്യം വന്നിട്ടില്ലാത്തതിനാൽ പ്രഖ്യാപനങ്ങളൊ കല്പനകളൊ ഉണ്ടായിട്ടുമില്ല. ഞാൻ കണ്ടിട്ടുമില്ല. Ans. ശരിയായ കൈവയ്പ്പുള്ള സഭകളായി യാക്കോബായ സഭ അംഗീകരിക്കുന്ന മറ്റു സഭകൾ ഉണ്ട്. അങ്ങനെയുള്ള സഭകളിലെ മേൽപട്ടക്കാരിൽ നിന്നു പട്ടത്വം പ്രാപിച്ചാൽ അത് യാക്കോബായ സഭയിൽ അംഗീകരിക്കാവുന്ന സാധുവായ പട്ടത്വം ആകുമോ?Q അതേപ്പറ്റി മുമ്പുതന്നെ ബോധിപ്പിച്ചിട്ടുണ്ട്. സാധാരണഗതിയിൽ അങ്ങനെ പട്ടം ഏൽക്കേണ്ട ആവശ്യം ഇല്ലായ്കയാൽ അത്യാവശ്യത്തിന്റെ പേരിൽ വല്ലവർക്കും അതിന്റെ ആവശ്യം വന്നാൽ യാക്കോബായ സഭയുടെ തലവന്റെ അനുവാദത്തോടുകൂടി പട്ടമേറ്റാൽ അതു സ്വീകാര്യമായിരിക്കും. എന്നാൽ സഭാതലവനോടൊ മേലദ്ധ്യക്ഷന്മാരോടൊ എതിർത്തു പട്ടം വാങ്ങുകയൊ കൊടുക്കുകയൊ ചെയ്താൽ അത് വ്യാജത്തിന്റെ ആത്മാവിൽ നിന്നാകയാൽ നൽവരം ലഭിക്കുകയില്ല. Ans. യാക്കോബായ സഭയിലെ മേലദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി അല്ലാതെ പട്ടമേറ്റതാണെങ്കിലും ശരിയായ കൈവയ്പ്പുള്ള മറ്റു സഭയിലെ മേലദ്ധ്യക്ഷനോട് പട്ടത്വം ഏറ്റാൽ ആ ഏറ്റ ആൾക്ക് കൂദാശയ്ക്കുള്ള നൽവരം ലഭിക്കുകയില്ലാ എന്നാണൊ?Q യാക്കോബായ സഭയിൽ കൂദാശ നടത്താൻ നൽവരം ലഭിക്കുകയില്ല. കൊടുത്ത ആളിന്റെ സഭയിൽ കൂദാശ നടത്താം. അപ്പോൾ സഭ തന്നെ മാറി ഇരിക്കുകയാണ്. Ans. സഭ ശ്ലൈഹികമാണെന്നാണെന്നുള്ളതാണോ കാതലായ വിശ്വാസമായി വിശ്വാസപ്രമാണത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്?Q കാതലായി നാല് ലക്ഷണങ്ങൾ പറഞ്ഞിരിക്കുന്നതിൽ ഒന്നാണ് ശ്ലൈഹികം. Ans. ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവ് വഴിയായുള്ള വെളിപാടാണ് സഭയുടെ ആധാരമെന്ന് ചീഫിൽ പറഞ്ഞിട്ടില്ല. അതിന്റെ ആധാരം എന്നാണ് പറഞ്ഞിരിക്കുന്നത്. (Chief page 4) സഭക്കു ജീവനുണ്ടായി എന്നു ഞാൻ പറഞ്ഞതിന്റെ തെളിവ് ആ വെളിപാട് ആണ് എന്ന അർത്ഥത്തിലാണ് പറഞ്ഞത്. സഭക്ക് പരിശുദ്ധാത്മാവ് വഴിയായി വെളിപാടുണ്ടാകുന്നു എന്ന് സഭക്ക് വിശ്വാസം ഉണ്ടോ?Q പരിശുദ്ധാത്മാവ് വഴിയായി വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ അനുസരിച്ചാണ് സഭയിലെ കാര്യങ്ങൾ നടത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. പരിശുദ്ധാത്മവെളിപാട് സഭക്ക് എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. Ans. പരിശുദ്ധാത്മ വെളിപാട് ആരു മുഖാന്തിരം ഉണ്ടാകുന്നു?Q അപ്പോസ്തലിക കാലത്ത് പരിശുദ്ധാത്മാവ് അവരെ (ശ്ലീഹന്മാരെ) വഴിനടത്തി വേണ്ടതെല്ലാം പഠിപ്പിക്കുകയും അവരുടെ പിൻഗാമികളെ അവർ അതു പഠിപ്പിക്കുകയും അങ്ങനെ തലമുറതലമുറയായി അത് നിലനിൽക്കുകയും ചെയ്യുന്നു. Ans. ഓരോരോ കാലങ്ങളിൽ പിതാക്കന്മാർക്കും പരിശുദ്ധന്മാർക്കും വെളിപാടുകൾ ഉണ്ടായിട്ടുള്ളതായി വേദത്തിലും സഭാചരിത്രത്തിലും കാണുമോ?Q പിതാക്കന്മാർക്ക് വെളിപാടുകൾ ഉണ്ടായിട്ടുള്ളതായി വേദത്തിൽ

കാണാൻ നിവൃത്തിയില്ല. പരിശുദ്ധാത്മ വെളിപാട് ഏതെങ്കിലും പിതാവിനുണ്ടായ ഒരഭിപ്രായം അത് പരിശുദ്ധാത്മ വെളിപാടാണെന്നു പറഞ്ഞു പ്രചരിപ്പിച്ചിട്ടുള്ളതായും ഞാൻ വായിച്ചിട്ടില്ല. അത്രയുമെ അറിയാവൂ. Ans. അപ്പോസ്തലകാലത്തിനുശേഷം പരിശുദ്ധാത്മ വെളിപാട് ഇല്ലന്നാണോ?Q അപ്പോസ്തലിക പ്രമാണങ്ങളനുസരിച്ച് അപ്പോസ്തലന്മാരിൽ നിന്നും കൈവയ്പ്പു പ്രാപിച്ച പിതാക്കന്മാർ ഒരുമിച്ചു കൂടി പ്രാർത്ഥനാപൂർവ്വം ഏതെങ്കിലും കാര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അങ്ങനെയുള്ള ചിന്തയിൽ പരിശുദ്ധാത്മ പ്രവർത്തനം ഉണ്ടായിരിക്കും. വെളിപാടല്ല ഉണ്ടാകുന്നത്. Ans. വെളിപാട് എന്നു വച്ചാൽ എന്താണ്?Q വെളിപ്പെടുത്തുക. Ans. അങ്ങനെയുള്ള വെളിപ്പെടുത്തലുകൾ അപ്പോസ്തലിക കാലത്തിനുശേഷം ഉണ്ടായിട്ടില്ലെന്നാണോ സഭ വിശ്വസിക്കുന്നത്?Q അപ്പോസ്തലന്മാരുടെ കാലത്ത് സഭയുടെ വിശ്വാസം പൂർണ്ണമാക്കപ്പെട്ടു. ഞങ്ങൾ നിങ്ങളെ അറിയിച്ചതൊഴിച്ച് ആരെല്ലാം എന്തെല്ലാം പറഞ്ഞാലും സ്വീകരിക്കരുതെന്ന് പൗലോസ് ശ്ലീഹാ ഗലാത്യരോടു പറയുന്നുണ്ട്. അങ്ങനെ അപ്പോസ്തലകാലത്തു തന്നെ വെളിപ്പെടുത്തപ്പെട്ട വിശ്വാസങ്ങൾക്കെതിരായി ചിലരെല്ലാം പ്രവർത്തിക്കുമ്പോൾ അപ്പോസ്തലന്മാർക്കു ലഭിച്ച വെളിപാടിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ തീരുമാനിക്കുവാൻ ഉള്ള സഭാപിതാക്കന്മാരുടെ ശ്രമത്തിൽ പരിശുദ്ധാത്മപ്രവർത്തനം ഉണ്ടാകേണ്ടതായിട്ടേ ഉള്ളൂ. Ans. അങ്ങനെയുള്ള പരിശുദ്ധാത്മ പ്രവർത്തനത്തിന് വെളിപാട് എന്നു പറഞ്ഞുകൂടാ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പരിശുദ്ധാത്മ പ്രവർത്തനം കൊണ്ടാണ് സത്യം വെളിപ്പെടുന്നത് എന്നു പറയാമോ?Q ഉള്ള സത്യം ഓർമ്മയിൽ വരുത്തുന്നത് പരിശുദ്ധാത്മാവ് എന്ന അർത്ഥത്തിൽ അങ്ങനെ പറയാം. Ans. Acts VIII-26 ൽ പരിശുദ്ധാത്മാവ് ഫിലിപ്പിനോട് യറുശലേമിൽനിന്ന് ഗാസായിലേക്കു പോകുവാൻ നിർദ്ദേശിച്ചതായി കാണുന്നില്ലേ?Q പരിശുദ്ധാത്മാവ് പറയുന്നതായിട്ടവിടെ ഇല്ല. മാലാഖ പറയുന്നതായിട്ടാണ്. Ans.Angel of the Lord എന്നു വച്ചാൽ ദൈവത്തിന്റെ മാലാഖ-ദൈവ നിയോഗമനുസരിച്ചാണ് ആ നിർദ്ദേശം ഉണ്ടായതെന്നു പറയാമോ?Q ദൈവം കല്പിച്ചതിനെ മാലാഖ പറയുകയായിരുന്നു. Ans.Act VIII-39 ൽ കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ എടുത്തോണ്ടു പോയി എന്നു ExB 37 ൽ കാണുന്നുണ്ട്. പറഞ്ഞത് മാലാഖയും എടുത്തുകൊണ്ടു പോയത് പരിശുദ്ധാത്മാവുമാണ്. സുവിശേഷവേല സംബന്ധിച്ച് പരിശുദ്ധാത്മവുവഴി പൗലോസിനു നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ?Q അദ്ദേഹത്തിന് ഉയരത്തിൽനിന്നു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. കൂടുതൽ ബോധിപ്പിക്കണമെങ്കിൽ പ്രസക്തഭാഗം നോക്കണം. Ans.Book of Revelations ൽ പറയുന്നത് യോഹന്നാൻ ശ്ലീഹക്കുണ്ടായ വെളിപ്പാടുകളെപ്പറ്റിയാണോ?Q ആണ്. അതിന്റെ സ്വീകാര്യകതയെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നു നേരത്തെ പറഞ്ഞിട്ടുണ്ട്. Ans. Stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ-ഒപ്പ്

First Addl. District & Sessions Court, Ernakulam. Taken down by me in open Court read over to the witness and admitted by him to the correct.

Sd/-

Judge 9-8-78

10-8-78 witness sworn again and cross examination continued. Ex.B83 ൽ Acts XVI-6-7 ൽ പൗലോസിനും കൂടെ ഉണ്ടായിരുന്ന ആൾക്കും പരിശുദ്ധ റൂഹാ മൂലം സുവിശേഷവേല സംബന്ധിച്ച് നിർദ്ദേശങ്ങൾ കൊടുത്തതായി പറയുന്നുണ്ട്. മാസിഡോനിയായിലേക്കു പോകുന്നതിന് പൗലോസിന് ദർശനം ഉണ്ടായതായി 9:10 വാക്യങ്ങളിൽ പറയുന്നുണ്ട്. Acts XXII ൽ 6 മുതൽ 16 വരെ വാക്യങ്ങളിൽ പൗലോസിനുണ്ടായ ദർശനത്തെയും മാനസാന്തരത്തെയും പറ്റിയുള്ള വിവരങ്ങൾ പറയുന്നുണ്ട്. യറുശലേമിൽ വന്നശേഷം അദ്ദേഹത്തിനു ദൈവനിർദ്ദേശം ഉണ്ടായതായി 17 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ ഉണ്ട്. 21-ാം വാക്യത്തിൽ പൗലോസിനുകൊടുത്ത നിർദ്ദേശം "പൊയ്കൊള്ളുക; ഞാൻ നിന്നെ ജാതികളുടെ അടുക്കലേക്കയക്കും" എന്നാണ്. XXVI-17 ൽ ജാതികളുടെ അടുക്കലേക്കു പോകുന്നതിന് കർത്താവിന്റെ കല്പന പൗലോസിനുണ്ടായതായി പറയുന്നുണ്ട്. XXIII-11 ലും അതുപോലെ പറയുന്നുണ്ട്. XXVII-23-24 വാക്യങ്ങളിലും അങ്ങനെ പറയുന്നുണ്ട്. മർക്കോസ് XIII-11 ൽ പറയുന്ന നിർദ്ദേശം കർത്താവ് ആർക്കു കൊടുത്തിട്ടുള്ളതാണ്? 3-ാം വാക്യത്തിൽ പത്രോസും, യാക്കോബും, യോഹന്നാനും, അന്ത്രയോസും ഉള്ളതായി കാണുന്നു. അവരോടു പറയുന്നതാണ് താഴെയുള്ള ഭാഗം. Ans. അവർക്കു പറയാനുള്ളത് എങ്ങനെ വെളിപ്പെടുത്തികൊടുക്കുമെന്നാണ് ആ വാക്യത്തിൽ പറയുന്നത്?Q വിസ്താരത്തിനായി നിങ്ങളെ കൊണ്ടുപോകുമ്പോൾ എന്തു പറയണമെന്ന് വ്യാകുലപ്പെടേണ്ട. നിങ്ങളല്ല സംസാരിക്കുന്നത് പരിശുദ്ധാത്മാവ് ആണ് നിങ്ങളിൽ സംസാരിക്കുന്നത് എന്ന രീതിയിലാണ്. Ans. അതു സംസാരിക്കേണ്ട അവസരത്തിൽ നിങ്ങൾക്ക് ലഭിക്കുമെന്നും പറയുന്നുണ്ട്. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ ഓരോ പ്രാദേശിക സഭകൾക്കും ഭരണകാര്യങ്ങളെപ്പറ്റിയും മറ്റും അദ്ദേഹം നിർദ്ദേശങ്ങൾ കൊടുക്കുന്നതായിട്ട് കാണുന്നില്ലേ?Q ചില പ്രാദേശികസഭകൾക്ക് ലേഖനങ്ങൾ അയച്ചിട്ടുള്ളവയിൽ ഭരണകാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ളവ എവിടെയെല്ലാമാണെന്ന് മുഴുവനും മനസ്സിരുത്തി വായിച്ചാലേ പറയാൻ കഴിയൂ. തിത്തോസിനു നിർദ്ദേശം കൊടുത്തതായിട്ടറിയാം. ഭരണകാര്യങ്ങളെക്കുറിച്ച് മറ്റുള്ളവ നോക്കിയാലെ പറയുവാൻ സാധിക്കൂ. Ans. 1 കൊരിന്ത്യർ 5ൽ കോരിന്തിലെ സഭയിലെ ഒരാളെ സംബന്ധിച്ച് ശിക്ഷണനടപടി എടുത്തതായും അയാളെ സഭയിൽ നിന്നു ബഹിഷ്കരിക്കുവാൻ ആജ്ഞാപിച്ചതായും കാണാമോ?Q അശുദ്ധപാപം ചെയ്ത ഒരുത്തനെ സാത്താനെ ഏൽപിച്ചു കൊടുക്കുവാൻ തക്കവണ്ണം ആത്മീയമായ ശിക്ഷ കൊടുക്കുവാൻ അവരോട് ഉപദേശിക്കുന്നുണ്ട്. Ans. 13-ാം വാക്യത്തിൽ സഭയിൽനിന്നു ബഹിഷ്കരിക്കുവാൻ ആജ്ഞാപിച്ചിരിക്കുന്നതായി ഇല്ലേ?Q നിങ്ങളുടെ ഇടയിൽ നിന്ന്

ആ ചിത്ത മനുഷ്യനെ നീക്കികളയുവിൻ എന്നു പറയുന്നുണ്ട്. Ans. 3-ാം വാക്യത്തിൽ ശിക്ഷിക്കുന്നതിനെപ്പറ്റി എന്താണ് പറയുന്നത്?Q ശാരീരികമായി അകന്നാണ് ഇരിക്കുന്നതെങ്കിലും ആത്മീയമായി നിങ്ങളോട് അടുത്തു ഇരിക്കുന്നവനെപ്പോലെ അങ്ങനെ ചെയ്തവനെക്കുറിച്ച് ഇപ്രകാരം വിധി കല്പിച്ചിരിക്കുന്നു എന്നാണ്. Ans. ഇങ്ങനെ പ്രാദേശികസഭകൾക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്നതിനൊ സഭാംഗങ്ങളെ ശിക്ഷിക്കുന്നതിനൊ പത്രോസ് ശ്ലീഹയോട് ആലോചിച്ചതായൊ അദ്ദേഹത്തോട് സമ്മതം വാങ്ങിയതായൊ വേദത്തിൽ എവിടെയെങ്കിലും ഉണ്ടോ?Q സുവിശേഷവേലയുടെ ആരംഭ കാലമായിരുന്നതിനാൽ ഓരോ കാര്യവും ഇന്നവിധത്തിൽ ചെയ്തുകൊള്ളണമെന്ന് തീരുമാനങ്ങൾ എടുത്തിട്ടില്ലായിരുന്നതിനാലും അക്കാലത്തെ വഴിയകലം മൂലം സമ്പർക്കത്തിന് സൗകര്യകുറവുണ്ടായിരുന്നതിനാലും ഓരോ പ്രാദേശിക സഭകളിലും ക്രിസ്തീയ മനഃസ്ഥിതി വളർത്തേണ്ടത് അങ്ങനെയുള്ള സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചവരുടെ ചുമതല ആയിരുന്നതിനാലും അപ്പോസ്തലികകാലത്ത് ഇന്നഇന്ന രീതിയിൽ ഇന്ന ഇന്ന ആൾ പ്രവർത്തിക്കണമെന്നുള്ളതിന് എഴുതപ്പെട്ട രേഖ ഒന്നും കണ്ടിട്ടില്ല. ആകയാൽ പൗലോസ് ശ്ലീഹ പത്രോസ് ശ്ലീഹയോട് അനുവാദം ചോദിച്ചതായൊ ആലോചിച്ചതായൊ വേദത്തിൽ അക്ഷരം പ്രതികാണാൻ സാധിക്കുകയില്ല. മറ്റു ലക്ഷ്യങ്ങളില്ലെന്നു ഞാൻ നേരത്തെ ബോധിപ്പിച്ചു. Ans. ക്രിസ്തു ലോകത്തിലായിരുന്ന കാലത്ത് തലവരി കൊടുക്കാൻ നിർദ്ദേശം കൊടുത്തതായി ചീഫിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അങ്ങനെ തലവരി പണം കൊടുക്കേണ്ടിയിരുന്നത് ആരാണ്?Q തലവരി പണം ചോദിച്ചതും കൊടുക്കാൻ പറഞ്ഞതുമല്ലാതെ അതിന്റെ മറ്റു കാര്യങ്ങൾ ഞാൻ പ്രത്യേകം നോക്കി പഠിച്ചിട്ടില്ല. Ans. തലവരിപണം ഓരോരുത്തരും കൊടുക്കേണ്ടതാണോ? എനിക്കും നിനക്കുമായി കൊടുത്തുകൊൾക എന്ന് നിർദ്ദേശിച്ചത് അവർക്കു രണ്ടു പേർക്കും കൂടിയാണ്. ആരു കൊടുക്കേണ്ടതാണെന്ന് വേദത്തിൽ ഇല്ല. Ans. ആ സംഭവത്തിൽ നിന്നു പത്രോസിന് മറ്റുള്ളവരേക്കാൾ കൂടുതൽ പ്രാധാന്യം കാണാമെന്ന് സാക്ഷി പറയാൻ കാരണമെന്താണ്?Q മത്സ്യത്തിന്റെ വായിൽ അത്ഭുതകരമായി കാണാമെന്ന് ക്രിസ്തു പറഞ്ഞ നാണയം അവർ രണ്ടുപേരും കുടി മാത്രം ഷെയർ ചെയ്യുന്നതാക കൊണ്ടാണ് പ്രത്യേകത ഉണ്ടെന്നു പറഞ്ഞത്. Ans. അതുകൊണ്ട് പത്രോസ് ശ്ലീഹാക്ക് പ്രാധാന്യം ഉണ്ടെന്നു കാണാമോ?Q പ്രത്യേകത പ്രധാന്യത്തിന്റെ ഒരു തെളിവാണ്. Ans. കരം പിരിക്കുന്നവർ കരത്തെ സംബന്ധിച്ചു ചോദിച്ചത് പത്രോസിനോടാണ്. അതറിഞ്ഞാണ് ക്രിസ്തു പത്രോസിനോട് ചൂണ്ടൽ ഇട്ട മീൻ പിടിക്കാൻ പറഞ്ഞത്. പത്രോസിനോട് അവർ ചോദിച്ചത് നിങ്ങൾ രണ്ടുപേരും തലവരി പണം തരികയില്ലയോ എന്നല്ല നിങ്ങളുടെ ഗുരു തലവരി പണം തരികയില്ലയോ എന്നാണ്. ക്രിസ്തു പത്രോസിനോടു പറഞ്ഞത് എനിക്കും നിനക്കുമായി കൊടുത്തു കൊൾക എന്നാണ്. ആ നിർദ്ദേശം അനുസരിച്ച് കരം കൊടുത്തതായിട്ട് വേദത്തിൽ ഒരിടത്തും പറയുന്നില്ലല്ലോ?Q കരം ചോദിക്കു

കയും ഇന്നവിധത്തിൽ കൊടുക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്ത സ്ഥിതിക്കു കൊടുത്തിരിക്കണം. കൊടുത്തില്ലായിരുന്നു എങ്കിൽ പിന്നീട് അതിന്മേൽ നടപടികൾ ഉണ്ടാകുമായിരുന്നു. അതില്ലാതിരുന്നതിനാൽ കൊടുത്തിരിക്കു വാനാണ് സാദ്ധ്യത. Ans. മറുരൂപമലയിൽ വച്ച് ക്രിസ്തുവിനോടുകൂടി ഇരുന്ന വർ മോശയും ഏലിയാവുമാണെന്ന് പത്രോസിനു മാത്രമെ അറിയാമായിരു ന്നുള്ളൂ എന്ന് വേദത്തിൽ നിന്നു കാണാമോ?Q കാണാം. Ans. എങ്ങനെയാണ് അത് വേദത്തിൽ നിന്നു കാണുന്നത്?Q ഒന്നാമതായി, അവർ ഇന്നാരാണെന്ന് യേശുക്രിസ്തു പറഞ്ഞുകൊടുത്തില്ല. രണ്ട്, അവിടെ ഉണ്ടായിരുന്ന യാക്കോ ബിനും യോഹന്നാനും അവരാരാണെന്നു മനസ്സിലാകുകയൊ പറയുകയൊ ചെയ്തതായി അവിടെ പറയുന്നില്ല. മൂന്നാമതായി, പല നൂറ്റാണ്ടുകൾക്കുമുമ്പ് ഈ ലോകത്തിൽനിന്നു വേർപെട്ടവരായ മോശയെയും ഏലിയായെയും പത്രോസിനു നേരത്തേ പരിചയവും ഇല്ല. ആ സ്ഥിതിക്കു അത് മോശയും ഏലിയാവുമാണെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞു പറയുവാൻ പത്രോ സിനു പ്രത്യേക വെളിപാടു കൂടിയേ കഴിയൂ. അങ്ങനെ പത്രോസ് പറഞ്ഞത് തെറ്റാണെന്നു ക്രിസ്തു പറഞ്ഞിട്ടുമില്ല. Ans. മത്തായി 18:1-4 വരെ വാക്യ ങ്ങളിലാണോ ഈ സംഭവത്തെ പറയുന്നത്?Q അവിടെ പറയുന്നുണ്ട്. മറ്റു സുവിശേഷങ്ങളിലും ഉണ്ടെന്നാണ് ഓർമ്മ. 3-ാം വാക്യത്തിൽ മൂശയും ഏലി യാവും അദ്ദേഹത്തോടു സംസാരിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു എന്നാണ് പറയുന്നത്. അതു കഴിഞ്ഞാണ് പത്രോസ് ക്രിസ്തുവിനോടും അതേ സംബന്ധിച്ചു പറയുന്നതായി വേദഭാഗത്ത് ഇത് മൂശയും ഏലിയാവും കാണപ്പെട്ടു എന്നത് അവിടെ ഉണ്ടായിരുന്ന എല്ലാവർക്കും കാണപ്പെട്ടു എന്നല്ലേ അർത്ഥം?Q കാണപ്പെട്ടത് എല്ലാവർക്കുമായിരുന്നേക്കാമെങ്കിലും തിരിച്ചറിഞ്ഞത് പത്രോസുമാത്രമായിരുന്നു. Ans. മാർക്കോസ് 9:4ലും മൂശയും ഏലിയാവും യേശുവിനോടു സംസാരിക്കുന്നതായി കാണപ്പെട്ടു എന്ന് പറയുന്നുണ്ട്. അതിനുശേഷം പത്രോസ് മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാ മെന്നു പറയുന്നു. പത്രോസ് പറയുന്നത് ഒന്ന് അങ്ങേക്കും ഒന്ന് മോശയ്ക്കും ഒന്ന് ഏലിയാവിനുമായി മൂന്ന് കൂടാരങ്ങൾ ഉണ്ടാക്കാമെന്നാണ്. ഇപ്പോൾ പറഞ്ഞ വേദഭാഗങ്ങൾകൊണ്ട് മറ്റു ശിഷ്യന്മാർക്ക് അത് മോശയും ഏലി യായും ആയിരുന്നു എന്ന് മനസ്സിലായിരുന്നില്ല എന്നു കാണുന്നില്ലെന്നു പറഞ്ഞാൽ ശരിയല്ലേ?Q ശരിയല്ല. അവർക്കു മനസ്സിലായിരുന്നെങ്കിൽ അവരും പറയുമായിരുന്നു. പത്രോസ് മാത്രം പറഞ്ഞതായിട്ടാണ് വേദത്തിൽ കാണു ന്നത്. Ans. യേശുവിന്റെ കബറടക്കശേഷം ഉത്ഥാനം ചെയ്യുന്നതുവരെ അദ്ദേഹം എന്തു ചെയ്യുകയായിരുന്നു എന്ന് പത്രോസിനു വെളിപാട് ഉണ്ടായി എന്ന് പറയുന്നതിനടിസ്ഥാനം എന്താണ്?Q പത്രോസിന്റെ രണ്ട് ലേഖനങ്ങളിൽ ഒന്നിൽ ക്രിസ്തു മരിച്ചടക്കപ്പെട്ടശേഷം മരിച്ചവരോട് സുവിശേഷിച്ചതായി എഴുതിയിട്ടുണ്ട്. പൗലോസിന്റെ ലേഖനങ്ങൾ ഒന്നിലും ആ രഹസ്യം കാണു ന്നില്ല. ആ സ്ഥിതിക്ക് കർത്താവിന്റെ മരണത്തിനും ഉയിർപ്പിനും ഇടക്കുള്ള സമയം എങ്ങനെ ചിലവഴിച്ചു എന്ന് കർത്താവ് പിന്നീട് ശ്ലീഹന്മാരോട്

പറഞ്ഞതായിട്ട് കാണാത്ത സ്ഥിതിക്ക് അത് പത്രോസിനു മാത്രം ദിവ്യമായ വെളിപാടു മൂലം സിദ്ധിച്ചതാണ്. ആ അനുമാനമല്ലാതെ മറ്റൊന്നും കാണുവാൻ ആ സന്ദർഭം കൊണ്ടു സാദ്ധ്യമല്ല. Ans. ഒരു സംഗതിയെപ്പറ്റി ഒരാൾ എടുത്തുപറയുകയും മറ്റൊരാൾ എടുത്തുപറയാതിരിക്കുകയും ചെയ്താൽ എടുത്ത് പറഞ്ഞയാൾക്കുമാത്രമെ ആ സംഗതിയെക്കുറച്ച് അറിയാവൂ എന്നനുമാനിക്കാമോQ എല്ലാ കാര്യത്തിലും അങ്ങനെ അനുമാനിക്കാൻ സാദ്ധ്യമല്ലെങ്കിലും വെളിപാടുകൾ ഉണ്ടാകുന്നു എന്ന് വിശ്വസിക്കുന്ന ക്രൈസ്തവർക്ക് അങ്ങിനെയുള്ളൂ. വെളിപാടുകൾ മൂലം മറ്റാർക്കും അറിയുവാൻ പാടില്ലാത്ത കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു. Ans. പത്രോസ് ശ്ലീഹാ എഴുതിയിട്ടുള്ള ലേഖനങ്ങളിൽ അദ്ദേഹത്തെപ്പറ്റി അദ്ദേഹം തന്നെ എന്താണ് പറയുന്നത്Q ഒന്നാം ലേഖനത്തിൽ യേശുവിന്റെ ഒരപ്പോസ്തലനായ പത്രോസ് എന്നും രണ്ടാം ലേഖനത്തിൽ യേശുക്രിസ്തുവിന്റെ ദാസനും അപ്പോസ്തലനുമായ ശീമോൻ പത്രോസെന്നും ആരംഭത്തിൽ പറയുന്നുണ്ട്. Ans. 1 പത്രോസ് 5ൽ പത്രോസ്ശ്ലീഹാ അദ്ദേഹത്തെപ്പറ്റി 5-ാം വാക്യത്തിൽ (ExB 83 ൽ) എന്താണ് പറയുന്നത്Q The elders which are among you I exhort, who am also an elder എന്നാണ്. Ex.B37 ൽ 1 പത്രോസ് 5:1 ൽ who am also an elder എന്നുള്ളതിന് corresponding ആയി ഒന്നും പറഞ്ഞിട്ടില്ലല്ലോ? ഉണ്ട്. കശീശായും എന്നുള്ളത് അതാണ്. Ex B 37 ൽ ഉള്ളതിൽ കൂടുതലായി who am also an elder എന്ന് ഇംഗ്ലീഷ് വേദപുസ്തകത്തിൽ ഉണ്ട്. Ans.Ex B37 ൽ അതില്ലാതെ വരാൻ കാരണം വല്ലതും ഉണ്ടോQ Ex.B.83 ൽ അത് കൂട്ടിചേർക്കാൻ കാരണമുള്ളതുപോലെ ExB37. Ans സുറിയാനി മൂലം എന്നു പറഞ്ഞത് മുമ്പ് ബോധിപ്പിച്ച അച്ചടിച്ച സുറിയാനി പുതിയനിയമമാണ്. Ex B 20 ലും EB 83 പോലെയാണ് പ്രസക്തവാക്യം. കെട്ടുകയും അഴിക്കുകയും ചെയ്യുക എന്നു പറയുന്നത്? അതെ, ഞാൻ മാത്രമല്ല അതിന്റെ വ്യാഖ്യാനങ്ങൾ പലർ എഴുതിയിട്ടുള്ളത് വായിച്ചിട്ടുള്ളതിൽ നിന്നു മനസ്സിലാക്കിയിട്ടുള്ളതാണ്. Ans. മാമോദീസാ മുക്കി സഭയിലേക്ക് ആളുകളെ ചേർക്കുന്നത് കെട്ടാനും അഴിക്കാനുമുള്ള അധികാരത്തിൽ ഉൾപ്പെടുമോQ പാപമോചനവും കൂടി അതിൽ ഉൾപ്പെടുന്നതാകകൊണ്ട് അതിനധികാരമുള്ളവർ അത് ചെയ്യുമ്പോൾ അത് കെട്ടലിലും അഴിക്കലും ആ പാപമോചനത്തെ സംബന്ധിച്ചിടത്തോളം പെടും. Ans. സഭയുടെ ഭരണാധികാരത്തെ കെട്ടുകയും അഴിക്കുകയും ചെയ്യുമെന്നത് സൂചിപ്പിക്കുമോQ സുറിയാനി സഭയിൽ അങ്ങനെ സൂചിപ്പിക്കുകയില്ല. എന്നാൽ പ്രൊട്ടസ്റ്റന്റുകാരൊ അവരിൽനിന്നു പഠിച്ചവരൊ ആ ചിന്താഗതി ഉള്ളവരൊ ആവശ്യമുള്ളവരൊ അങ്ങനെയും അതിനർത്ഥമുണ്ട് എന്നു പറയുന്നതായി കേട്ടിട്ടുണ്ട്. Ans. സുറിയാനിസഭയിൽ അങ്ങനെ ഇല്ല എന്ന് പറയാൻ അടിസ്ഥാനം എന്താണ്Q ഞാൻ പഠിച്ചിട്ടുള്ളത് ഞാൻ പറഞ്ഞു. പെട്ടെന്നു രേഖ പറയുവാൻ സാദ്ധ്യമല്ല. Ans.Ex B 63 86-ാം പേജിൽ 2 എന്നു നമ്പർ കൊടുത്തിരിക്കുന്ന ഫുട്നോട്ടിൽ ക്ലിമിസിന്റെ വിശുദ്ധറൂഹാക്കുള്ള പ്രാർത്ഥന ആദിമ കാലങ്ങളിൽ പ്രധാനാചാര്യന്മാർക്കെല്ലാം ഒരു

പോലെ ഉപയോഗിച്ചിരുന്നു എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ആ ഫുട്ട്നോട്ടിന് ആധാരമായ വാചകം താഴെപറയും പ്രകാരമാണ്. വിശുദ്ധ നിഖ്യാ സുനഹദോസ് കിഴക്കൻസഭയുടെ പ്രധാനതലവൻ അന്ത്യോക്യാ പാത്രിയർക്കീസായിരിക്കണം എന്ന് നിശ്ചയിച്ചതുമുതൽ കിഴക്കൻ സഭയിലെ സർവ്വാധികാരങ്ങൾക്കും അദ്ദേഹം അധികാരിയായി തീർന്നു. അതനുസരിച്ച് വിശുദ്ധ ക്ലീമീസിന്റെ വിശുദ്ധ റൂഹാക്കുള്ള പ്രാർത്ഥന പ്രധാന തലവനായ വിശുദ്ധ പാത്രിയർക്കീസിന്റെ പട്ടാഭിഷേക ശുശ്രൂഷയിൽമാത്രം ഉപയോഗിച്ചുപോരുന്നു എന്നാണ്. അതിനും പുറമെ, എല്ലാ പ്രധാനാചാര്യന്മാർക്കും ആദിമ കാലങ്ങളിൽ ഒരുപോലെ ഇതുപയോഗിച്ചുവന്നിരുന്നു എന്നുള്ള ഫുട്നോട്ടിന് യാതൊരു തെളിവും കൊടുത്തിട്ടുമില്ല. ExB63-87-ാംപേജിൽ വിശുദ്ധമലങ്കര സഭയ്ക്ക് നൽകപ്പെട്ടിരുന്ന എന്നു തുടങ്ങി 28-ാം പേജിൽ സഹോദരീസഭകളെ ആശ്രയിക്കേണ്ടി വരുമല്ലോ എന്നു വരെയുള്ള ഭാഗത്ത് ക്ലീമിസിന്റെ പ്രാർത്ഥന മഫ്രിയാന മുതലായ പ്രധാനാചാര്യന്മാരുടെ വാഴ്ചയിൽ ഉപയോഗിക്കുന്നതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഗ്രന്ഥകർത്താവ് പറയുന്നില്ലേQ പറയുന്നുണ്ട്. അതു മുഴുവൻ അദ്ദേഹത്തിന്റെ അഭിപ്രായവും പലതും തെറ്റുമാണ്. Ans. ഇങ്ങനെ തെറ്റായിട്ടുള്ള വിവരങ്ങൾ ഗ്രന്ഥകർത്താവ് പ്രസിദ്ധീകരിക്കാൻ കാരണം വല്ലതുമുള്ളതായി അറിയാമോQ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ചിലപ്പോഴെല്ലാം വ്യത്യാസപ്പെട്ടു കാണാറുണ്ടായിരുന്നു എന്ന് നേരത്തെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. അതിനും പുറമെ O.S.111 of 113 ൽ അന്നത്തെ കാതോലിക്കോസ് വിഭാഗത്തിന് അനുകൂലമായി മൊഴി കൊടുത്തിട്ടുണ്ടെന്നുമാണ് എന്റെ അറിവ്. ആ സ്ഥിതിക്കു സ്വതന്ത്രമായിട്ടു പിരിഞ്ഞു നിന്നാൽ അങ്ങനെയാകാം ഇങ്ങനെയാകാം എന്നെല്ലാം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ എഴുതിയിട്ടുള്ളതാണ്. Ans. ExB63-97-ാം പേജിൽ പ്രധാന തലവന് സ്താത്തിക്കോൻ നൽകപ്പെടുന്നില്ല എന്ന് പറയുന്നുണ്ട്. അതു ശരിയാണെന്നാണ് എനിക്കു തോന്നുന്നത്. ExB.63 പേജ് 61ൽ ശൽമൂസോ (സമ്മതപത്രം) എന്നാൽ എന്താണെന്നു പറയുന്നുണ്ട്. 61-62 പേജുകളിൽ അമലോഗിയായെപ്പറ്റി പറയുന്നുണ്ട്. അമലോഗിയ എന്നാൽ വിശ്വാസം സംബന്ധിച്ചുള്ള ഏറ്റുപറച്ചിൽ എന്നു ബ്രാക്കറ്റിൽ കൊടുത്തിട്ടുണ്ട്. എന്നാൽ അമലോഗിയായിൽ ഏറ്റുപറച്ചിൽ മാത്രമല്ല ഉള്ളത്. സ്ഥാനം കൊടുക്കുന്ന ആൾ സ്ഥാനാർത്ഥിക്കു നിർദ്ദേശം കൊടുക്കുന്ന ഭാഗങ്ങളും ഉണ്ട്. ശൽമൂസായേയും അമലോഗിയായേയും പറ്റി പറയുമ്പോൾ രണ്ടും അമലോഗിയായെന്നു പറയപ്പെടാവുന്നതാണെന്ന് അവിടെ പറഞ്ഞിട്ടുണ്ട്. രണ്ടിന്റെയും സാരം ഒന്നാണെന്നു അവിടെ പറഞ്ഞിട്ടുണ്ട്. എന്നാൽ അതു രണ്ടും രണ്ടാകുന്നു. എന്താണ് അതു തമ്മിലുള്ള വ്യത്യാസംQ ശൽമൂസാ വിശ്വാസപ്രഖ്യാപനവും കീഴ്വഴക്കവും കാണിക്കുന്നു. അമലോഗിയായിൽ സ്ഥാനം കൊടുക്കുന്ന ആൾ വിശ്വാസത്തെക്കുറിച്ച് സ്ഥാനാർത്ഥിയെ മനസ്സിലാക്കുകയും അവിശ്വാസത്തിലും സഭയുടെ അധികാരസ്ഥാനങ്ങൾക്ക് കീഴ്പട്ടം നില്ക്കണമെന്ന് കല്പിക്കുകയും അതിൽനിന്ന് പിൻതിരിയുന്നപക്ഷം കിട്ടിയ ദാനത്തിൽനിന്ന് ഉരിയപ്പെട്ടവ

നായിരിക്കുമെന്ന് ഓർമ്മിപ്പിക്കുകയും ഇതെല്ലാം സ്ഥാനാർത്ഥി സമ്മതിച്ചിരിക്കുന്നു എന്നുള്ളതിന് പട്ടംകൊട പുസ്തകത്തിൽ കുരിശടയാളം വരപ്പിക്കുകയും ചെയ്യുന്നുണ്ട്. ശൽമൂസ വായിക്കുന്നത് സ്ഥാനാർത്ഥിയും അമലോഗിയാ വായിക്കുന്നത് സ്ഥാനതാദാവൊ അദ്ദേഹം നിർദ്ദേശിക്കുന്ന ആളൊ ആയിരിക്കും. വിശ്വാസത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ വിസ്തരിച്ചും വിസ്തരിച്ചല്ലാതെയും രണ്ടിലും ഉണ്ട്. Ex.B.63 പേജ് 62ൽ അവസാനം ഇപ്പോൾ നടപ്പിലിരിക്കുന്ന ശൽമൂസോ കെൽസറിന്റെ മാർസേവീറെ ക്രോഡീകരിച്ചെഴുതിയതാണെന്നു പറയപ്പെടുന്നു എന്നെഴുതിയിട്ടുണ്ട്. അതിനു ഫുട്നോട്ട് കൊടുത്ത് ഏതാനും വിവരങ്ങൾ പറഞ്ഞിട്ടുണ്ട്. ഇപ്പോഴും ആവശ്യംപോലെ ശൽമൂസായിൽ ചിലതൊക്കെ ചേർത്തുകൊണ്ടാണ് ഇരിക്കുന്നത് എന്ന് എഴുതിയിട്ടില്ലേQ എന്നദ്ദേഹം ഒരു തെളിവും കൂടാതെ എഴുതിയിട്ടുണ്ട്. എനിക്ക് ഓർമ്മവച്ച കാലം മുതൽ യാക്കോബായ സുറിയാനിസഭയിലെ ഒരൊറ്റമേൽപട്ടക്കാരനെങ്കിലും ആവശ്യംപോലെ വല്ലതും ചേർത്തതായിട്ട് ഞാൻ കേട്ടിട്ടില്ല. Ans. 63-ാം പേജിൽ ശൽമൂസായിൽ അടങ്ങിയിരിക്കുന്ന പ്രധാനസംഗതികൾ അതിൽ 9-ാം ഐറ്റത്തിൽ ഇടവകാദ്ധ്യക്ഷനോടുള്ള അനുസരണം മാത്രമല്ല സഭയുടെ തലവനായ പാത്രിക്കീസിനോടും അദ്ദേഹത്തിന്റെ കീഴിലുള്ള മറ്റു മേൽപട്ടക്കാരോടും ഇടവക മേൽപട്ടക്കാരനോടും ഉള്ള അനുസരണവും കാണിച്ചിരിക്കും. 8ൽ വേദവിപരീതികളെ തള്ളുന്നതിലും ഉള്ള സമ്മതം എന്നു പറയുമ്പോൾ ആദിമുതൽ ഇവിടെ നടപ്പിലിരുന്ന പട്ടംകൊട പുസ്തകങ്ങളിൽ പേരുപറഞ്ഞിട്ടുള്ള എല്ലാവരെയും ഉൾപ്പെടുത്തികൊണ്ടുമായിരിക്കണം. മറ്റു കാര്യങ്ങൾ ശൽമൂസായിൽ ഉള്ളവയാണ്. Ans. 62-ാം പേജിൽ വേദവിപരീതികളെ തള്ളുന്നതു സംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രന്ഥകാരൻ പറയുന്നില്ലേQ പറയുന്നുണ്ട്. വേദവിപരീതികളെ തള്ളുന്നതിനെക്കുറിച്ച് അദ്ദേഹത്തിന്റെ മനസ്സിലുള്ള ചില ആഗ്രഹങ്ങളും അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. Ans. 63-ാം പേജിൽ പറയുന്ന 10 സംഗതികൾ 10 ഖണ്ഡികകളായിട്ടാണോQ ശൽമൂസയിൽ ഉണ്ടാകുകQ ഖണ്ഡികകൾ കൃത്യം പത്താണൊ എന്നും ഖണ്ഡിക തിരിച്ചാണൊ എന്നും പട്ടംകൊട പുസ്തകങ്ങൾ നോക്കിയാലേ പറയാവൂ. 10 എന്ന് ഇവിടെ എഴുതിയിരിക്കുന്ന പത്തും അതിൽ ഉൾപ്പെടുന്നതാണ് എന്നാണ് ബോധിപ്പിച്ചത്. Ans. 75-ാം പേജിൽ അമലോഗിയായെപ്പറ്റി വിശുദ്ധ മൂശെ ബർകീഫായുടെ വ്യാഖ്യാനം ശരിയായിട്ടുള്ളതാണോ?Q മൂശെ ബർകിഫാ പറഞ്ഞിരിക്കുന്നതെന്ത് എന്ന് എനിക്കറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെതായി ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നതും അമലോഗിയായെപ്പറ്റി ഞാൻ മുമ്പു ബോധിപ്പിച്ചതും ഒന്നാകുന്നു. അതായത് സ്ഥാനം കൊടുക്കുന്ന ആൾ വായിച്ചുകേൾപ്പിക്കുന്ന വിശ്വാസസംബന്ധവും മറ്റുമായ കാര്യങ്ങൾക്ക് ജനങ്ങളുടെ മുമ്പിൽ വച്ചുതന്നെ കുരിശുമൂലം സാക്ഷിപ്പെടുത്തുന്നു എന്നത്
Ans.Stopped for the day

മൊഴി വായിച്ചുകേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ

First addl. District & Sessions Court, Ernakulam. Taken down by me in open Court read over to the witness and admited by him to be correct.

Sd/-
Judge

11-8-78 witness sworn again and cross examination continued. Ex.B.67 പട്ടം കൊടപുസ്തകം ആരുടെ സൂക്ഷിപ്പിൽ ഇരുന്നതാണ്?Q മോർ യൂലിയോസ് ബാവായുടെ സൂക്ഷിപ്പിൽ ഇരുന്നതായിട്ടാണ് എന്റെ അറിവ്. Ans. അദ്ദേഹത്തിന്റെ കാലശേഷം എവിടെ ഇരുന്നു?Q ആ ദയറായിൽ വച്ച് ഞാൻ ExB 67 കണ്ടിട്ടുണ്ട്. എന്നാണ്?Q എന്നാണെന്ന് കൃത്യം പറയാൻ നിവൃത്തിയില്ല. Ans. ഇതിൽ കയ്പടകൾ ആരുടെയാണ്?Q പലരുടെയും ഉണ്ട്. ഓരോന്നും പറയാം. Ans. ആദ്യഭാഗത്തുള്ളത് ശെമവോൻ അത്തനാസ്യോസ് ബാവായുടേത് ആയിരിക്കണം. കാരണം അദ്ദേഹം പലർക്കും പട്ടം കൊടുത്തതായിട്ട് അവസാനഭാഗത്തു പറയുന്നുണ്ട്. പിന്നെ ചിലതെല്ലാം മോർ ഒസ്ത്താത്ത്യോസ് ബാവായുടെതാണ്. അതും അദ്ദേഹം പട്ടം കൊടുത്തിരിക്കുന്നതനുസരിച്ച് എഴുതിയിട്ടുള്ളതാണ്. പിന്നീട് ചിലത് അബുദി മോർ തിമത്തിയോസ് തിരുമേനിയുടെ കൈപ്പട അക്ഷരത്തിലാണ് അവസാനിപ്പിച്ചിരിക്കുന്നത്. ഇപ്പോൾ മഞ്ഞനിക്കര ദയറായിൽ ഇരിക്കുന്ന യാക്കോബ് മോർ യൂലിയോസ് മെത്രാപ്പോലിത്തയുടെതാണ്. അവസാനം പറഞ്ഞ് ഓരോ മെത്രാപ്പോലീത്തയും ആർക്കെങ്കിലും പട്ടം കൊടുക്കുമ്പോൾ പരിശുദ്ധാത്മാവ് ബലഹീനനായ ഇന്ന ആളുടെ കൈകളാൽ ഇന്ന പള്ളിയിൽ വച്ച് ഇന്ന ആണ്ട് മാസം തീയതിയിൽ ഇന്ന പള്ളിക്കായി പട്ടം കൊടുത്തിരിക്കുന്നു എന്ന് അവർ തന്നെ എഴുതാറുള്ളതിനെ ഉദ്ദേശിച്ചാണ് മോർ ഒസ്താത്തിയോസ്, മോർ അബൂദി തിമത്തിയോസ്, മോർ യാക്കൂബ് യൂലിയോസ് എന്നിവരുടെ കയ്യക്ഷരവും അതിലുണ്ടെന്ന് ബോധിപ്പിച്ചത്. ExB.67 ലെ വിവരങ്ങൾ രേഖപ്പെടുത്തിയതിനെപ്പറ്റി സാക്ഷിക്ക് നേരിട്ടറിവുണ്ടോ?Q എന്റെ കാര്യം മോർ ഒസ്താത്തിയോസ് ബാവ രേഖപ്പെടുത്തിയിട്ടുണ്ട്. അത് നേരിട്ടറിയാം. Ans. പരിശുദ്ധമായ പട്ടംകൊട പുസ്തകത്തിൽ ഉള്ളതുപോലെ മാത്രമെ കാണൂ. ഓരോരുത്തരും ഓരോരുത്തർക്കും പട്ടം കൊടുക്കുന്ന സമയത്ത് ഞാൻ അവിടെ ഇല്ലാതിരുന്നതിനാൽ എന്റേത് ഒഴികെ ബാക്കി നേരിട്ടറിയില്ല. ExB.67 ൽ ആദ്യഭാഗത്തും അവസാനത്തും, ഇടയ്ക്കും പല പേജുകളും എഴുതാതെ ഉണ്ട്. 1909ൽ 1-ാം വാദിക്കു കശീശാപട്ടം കൊടുത്തത് EB 67 ൽ ഉണ്ട്. അന്ന് സഭയിൽ കക്ഷിഭിന്നതകൾ ഉണ്ടായിരുന്ന സമയമാണോ?Q അല്ലായിരുന്നു. Ans. കക്ഷി ഭിന്നതകൾ എന്നു തൊട്ടുതുടങ്ങി?Q 1912ലെ. 1913 ലൊ തുടങ്ങി എന്നാണ് തോന്നുന്നത്. നിശ്ചയം ഇല്ല. Ans. അമലോഗ്യാ 78 മുതൽ 86 വരെ പേജുകളിൽ ഉണ്ട്. ആ ഭാഗത്തിന്റെ മുഴുവനും തർജ്ജമ ഹാജരാക്കിയിട്ടില്ലല്ലോ?Q മുഴുവനായിട്ട് തർജ്ജമ ചെയ്തിട്ടില്ല. പ്രസക്തമായ ഭാഗങ്ങൾ എന്നു എനിക്കു തോന്നിയ ഭാഗങ്ങൾ (വാദവിഷയമായ സംഗതികളെ സംബന്ധിച്ചുള്ളത്) തർജ്ജമ ചെയ്തിട്ടുണ്ട്. Ans. പ്രസക്തമായ ഭാഗങ്ങൾ എനിക്കു തോന്നാൻ കാരണം

മറ്റു ചിലർ ഇങ്ങനെയുള്ള അമലോഗ്യ അല്ല ഉപയോഗിക്കുന്നതെന്ന് കേട്ടറിവും *മലങ്കരസഭാമാസിക*യിൽ ഒരാമലോഗ്യായുടെ രീതി പബ്ലീഷ് ചെയ്തു കാണുകയും മറ്റും ചെയ്തതുകൊണ്ടാണ്. *മലങ്കരസഭാ മാസിക*യിൽ ആരുപയോഗിക്കുന്നതായിട്ടുള്ള അമാലോഗിയായാണ് പ്രസിദ്ധീകരിച്ചത്?Q വാദികളുടെ കക്ഷിയിലെ മോർ യൂഹനോൻ സേവേറിയോസ് മെത്രാപ്പോലീത്ത പേരുവച്ചാണ് അത് എഴുതിയിട്ടുള്ളത് എന്നോർക്കുന്നു. Ans. അമാലോഗിയായുടെ രീതിയാണ് അതിൽ കൊടുത്തു കണ്ടത്. ExB67 ൽ ഉള്ള അമലോഗിയാ ആരു തയ്യാറാക്കിയിട്ടുള്ളതാണ്?Q അതിന്റെ ഗ്രന്ഥകർത്താവ് ആരെന്ന് എനിക്കറിഞ്ഞുകൂടാ അതുപോലെ പട്ടംകൊട ക്രമങ്ങൾ എഴുതിയത് ആരെന്നും എനിക്കറിഞ്ഞുകൂടാ. ആർക്കും തന്നെ അറിയാനും സാദ്ധ്യമല്ല. Ans.ExB67 ൽ ഉള്ള ഫാം എന്നു മുതൽ ഉപയോഗത്തിലിരിക്കുന്നു?Q പുരാതനമായി ഇവിടെയുള്ള എല്ലാ പട്ടംകൊട പുസ്തകവും ഞാൻ കണ്ടിട്ടില്ലെങ്കിലും പുരാതനകാലം മുതൽ ഉപയോഗിക്കുന്നത് ഇതാണെന്ന് പുരാതനപട്ടംകൊടപുസ്തകങ്ങൾ എല്ലാം സാക്ഷ്യം വഹിക്കുന്നു. Ans. പുരാതനം എന്നു വച്ചാൽ എന്നുവരെ പോകും?Q വളരെ പുരാതനം എന്നല്ലാതെ കാലദൈർഘ്യം പറയാൻ പറ്റുകയില്ല. Ans. സാക്ഷി എന്നു മുതലുള്ള പട്ടംകൊട പുസ്തകം കണ്ടിട്ടുണ്ട്? 17-ാം നൂറ്റാണ്ടിൽ എഴുതിയിട്ടുള്ള ഒരു പട്ടംകൊട പുസ്തകം ഞാൻ കണ്ടിട്ടുണ്ട്. Ans. ആരുപയോഗിച്ചിരിക്കുന്നത്?Q 1685ൽ കേരളത്തിൽ വന്ന മോർ ബസേലിയോസ് യൽദൊ ബാവായുടെ കൂടെവന്ന മോർ ഇവാനിയോസ് ബാവ എഴുതിയിട്ടുള്ളതാണ് അത്. Ans. അതുകണ്ടത് ആരുടെ കൈവശമിരിക്കുന്നതായിട്ടാണ്? കണ്ടത് ആരുടെ കൈവശമെന്ന് ഇപ്പോൾ പ്രത്യേകം ഓർക്കുന്നില്ല. Ans. യാദൃശ്ചികമായിട്ടാണ് കാണാൻ ഇടയായത്. അമലോഗിയായിൽ കാലാനുസരണമായ മാറ്റങ്ങളൊന്നും വരുത്തിക്കൂടാ എന്നു നിയമങ്ങൾ വല്ലതും ഉണ്ടോ?Q ഉണ്ട്. ശുശ്രൂഷാക്രമങ്ങളിൽ ഒന്നിലും പ്രത്യേകിച്ച് കൂദാശ സംബന്ധമായവയിൽ യാതൊരു വ്യത്യാസവും വരുത്താവതല്ല. അത് കൂദാശയുടെ സാധുത്വത്തിന് ആവശ്യമായ കാര്യങ്ങളിൽ ഒന്നാണ്. ഈ കേസിലെ 1-ാം വാദി പ്രസിദ്ധം ചെയ്തിട്ടുള്ള *മതോപദേശ സത്യങ്ങൾ* എന്ന പുസ്തകത്തിലും അക്കാര്യം പറഞ്ഞിട്ടുണ്ട്. Ans. പ്രത്യേകം എഴുതപ്പെട്ട കാനോൻ നിയമം വല്ലതും കാലാനുസൃതമായി അമലോഗിയായിൽ മാറ്റങ്ങൾ വരുത്താൻ പാടില്ലെന്നുണ്ടോ?Q അമലോഗിയാ തനിച്ചൊരു പുസ്തകമല്ല. അത് പട്ടംകൊട ക്രമത്തിലെ അവിഭാജ്യമായ ഒരു ഭാഗമാണ്. ആകയാൽ ക്രമങ്ങളിൽ വ്യത്യാസം വരുത്തികൂടാ എന്ന് 1-ാം വാദിപോലും പറയുന്ന സ്ഥിതിക്ക് കാനോനിലൊ അല്ലാതെയൊ ഉള്ള നിയമങ്ങൾ ഉണ്ടായിരിക്കണം. ഏതാണെന്ന് എനിക്ക് ഇപ്പോൾ ഓർമ്മയില്ല. Ans. അമലോഗിയാ എന്നത് ഒരു വിശ്വാസപ്രതിജ്ഞ എന്നതല്ലാതെ ഒരു ശുശ്രൂഷാക്രമത്തിന്റെ ഒരു ഭാഗമല്ലന്ന് പറഞ്ഞാൽ ശരിയല്ലേ?Q തെറ്റാണ്. കാരണം കൂദാശയുടെ സാധുത്വത്തിന് ആവശ്യമായ മറ്റൊരു ഘടകം സ്വീകാരകന്റെ ഒരുക്കവും യോഗ്യതയും ആണ്. ആകയാൽ ശൽമൂസാ വഴി വിശ്വാസപ്രതിജ്ഞ ചെയ്യു

ണ്ടതും അമലോഗിയാ വഴി വിശ്വാസത്തെ സംബന്ധിച്ച് ഭരണപരമായ രംഗങ്ങളിൽ എങ്ങനെ ഇരിക്കണമെന്നതിനെ സംബന്ധിച്ചും മറ്റും കൂദാശാനുഷ്ഠാനത്തിന്റെ സാധുത്വത്തിന് ആവശ്യമായ മറ്റൊരു ഘടകമായ സ്ഥാനദാതാവിന്റെ നിർദ്ദേശങ്ങളും ജനങ്ങളുടെ മുമ്പിൽ വച്ച് സമ്മതിച്ച് കുരിശുസാക്ഷിയായി പ്രതിജ്ഞ ചെയ്യുന്നവനല്ലാതെ പട്ടം കൊടുക്കുവാൻ സാദ്ധ്യമല്ല. Ans?Q കൂദാശക്രമങ്ങൾ എന്നുവച്ചാൽ എന്താണ്? ഓരോ കൂദാശയും അനുഷ്ഠിക്കുന്നതിന് സുറിയാനിസഭയിൽ പൂർവ്വികരായ പിതാക്കന്മാർ പൂർവ്വകാലത്ത് ഉണ്ടാക്കിയിട്ടുള്ളതും പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൽനിന്നു മാത്രം ഇവിടെ കിട്ടിയിട്ടുള്ളവയും ആകുന്നു. Ans. ഉണ്ടാക്കിയിട്ടുള്ളത് എന്നതാണ് കൂദാശാക്രമങ്ങൾ?Q പ്രാർത്ഥനകളും അല്ലെങ്കിൽ സൂചനകളും അടങ്ങിയ ക്രമമാണ്. Ans. സൂചനകൾ എന്നത് ഇന്ന പ്രാർത്ഥനയ്ക്ക് ഇന്നകർമ്മം അനുഷ്ഠിക്കണം എന്നതാണ്. പട്ടംകൊടക്ക് അമലോഗിയ വേണമെന്നുള്ളത് സഭയുടെ ആദി തുടങ്ങി ഉള്ളതാണൊ?Q ആരംഭകാലത്തെ എനിക്കറിഞ്ഞുകൂടാ. Ans. എന്നു മുതൽ നിലവിലിരുന്നതായി സാക്ഷിക്കറിയാം?Q ഓരോ ശുശ്രൂഷയ്ക്കും ക്രമം ഉണ്ടാക്കിയ കാലം പഠിക്കേണ്ട ആവശ്യം എനിക്കോ മറ്റാർക്കുമോ ഇല്ലാത്തതിനാൽ ഓരോ ശുശ്രൂഷയുടെയും ക്രമം എന്നാണ് ഉണ്ടാക്കിയതെന്ന് കൃത്യമായി ആരും ആരെയും പഠിപ്പിച്ചിട്ടില്ലാത്തതുകൊണ്ടും പൂർവ്വകാലം മുതൽ എന്നല്ലാതെ കൂടുതൽ എനിക്കറിഞ്ഞുകൂടാ. Ans. അമാലോഗിയാ ഉപയോഗിച്ചുതുടങ്ങിയ കാലം മുതൽ ഇന്നുവരെ ഫോമിന് ഒരു മാറ്റവും വന്നിട്ടില്ലെന്നു പറയാൻ സാധിക്കുമോ?Q അമാലോഗിയായിൽ വ്യത്യാസം വരുത്തിയതായി ഒരിടത്തും വായിച്ചിട്ടില്ലാത്തതിനാൽ അതേപ്പറ്റി ഇത്രയുമെ പറയാൻ അറിയാവൂ. പുതുതായി എന്തെങ്കിലും ഒരു വേദവിപരീതമായി പ്രഖ്യാപിക്കുകയും ചെയ്തതിനുശേഷം അതിനെ തള്ളുന്നതായി അമലോഗിയായിൽ ചേർത്താൽ തെറ്റാകുമോ?Q ഒരു പതിനാറു നൂറ്റാണ്ടിനിടക്ക് ഇങ്ങനെ ഒരു സംഭവം ഉണ്ടായതായി എനിക്കറിവില്ലാത്തതുകൊണ്ട് അങ്ങനെയുള്ള വേദികളെ സംബന്ധിച്ച് ഞാൻ പ്രത്യേകം പഠനം നടത്തിയിട്ടില്ല. Ans. പുതിയ വേദവിപരീതം ഉണ്ടാവുകയൊ അത് സഭ പ്രഖ്യാപിക്കുകയൊ ചെയ്തതായിട്ടുള്ള സംഭവം ആണ് പറഞ്ഞത്. പതിനാറോളം നൂറ്റാണ്ടുകളായി അങ്ങനെ ഒരു കാര്യത്തെക്കുറിച്ച് ഒരറിവും ഇല്ലായ്കയാൽ അതിന്റെ തത്വം ശരിയായിരിക്കുമോ?Q തെറ്റായിരിക്കുമോ എന്നു പറയുവാൻ എനിക്കല്ല സഭാപിതാക്കന്മാർക്കാണവകാശം. അതുകൊണ്ട് സാക്ഷി അതിന്റെ തത്വത്തെപ്പറ്റി പറയാൻ പറ്റുകയില്ലെന്നാണൊ?Q എന്റെ പരിധിക്കപ്പുറമായ കാര്യത്തിൽ കൂടുതൽ ആലോചിച്ചിട്ടില്ലാത്തതുകൊണ്ട് മുൻപറഞ്ഞതിൽ കൂടുതൽ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Ans.EB 67 ലെ അമാലോഗിയായിൽ ഇതേവരെ ഉണ്ടായിട്ടുള്ള എല്ലാ വേദവിപരീതികളുടെയും പേരുകൾ പറയുന്നുണ്ടോ?Q സഭ ഒന്നായിരുന്നപ്പോൾ ഉണ്ടായ വേദവിപരീതികളുടെയും പേരുകൾ പറയുന്നുണ്ടോ?Q സഭ ഒന്നായിരുന്നപ്പോൾ ഉണ്ടായ വേദവിപരീതികളെ കുറിച്ചാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. Ans. സഭ ഒന്നായിരുന്നപ്പോൾ ഉണ്ടാ

യിരുന്ന മിക്കവാറും എല്ലാ വേദവിപരീതികളുടെയും പേർ പറയുന്നു എന്നു പറയാം. എല്ലാവരുടെയും ഉണ്ടോ?Q മിക്കവാറും എല്ലാവരുടെയും എന്നേ പറയാൻ പറ്റുകയുള്ളൂ. Ans. കൽകദൂൻ സുന്നഹദോസ് കഴിയുന്നതുവരെയുള്ള കാലമാണ് സഭ ഒന്നായിരുന്ന കാലം എന്നു പറഞ്ഞത്. മക്കദോനിയോസ് എന്നൊരു വേദവിപരീതി ഉണ്ടായിരുന്നു. അത് മുൻപറഞ്ഞ കാലത്തിനുമുമ്പാണ്. മക്കദോനിയോസിന്റെ വേദവിപരീതത്തെപ്പറ്റി തർജ്ജമയിൽ കാണുന്നില്ലല്ലോ?Q ആ പേരു ExB 67 ലും കാണുന്നില്ല. Ans. മക്കദോനിയോസിന്റെ വേദവിപരീതത്തെപ്പറ്റി തീരുമാനം ഉണ്ടായത് കുസ്തന്തിനോപോലീസ് സുന്നഹദോസിൽ വച്ചാണ്. അത് ഒരു പൊതുസുന്നഹദോസായിരുന്നു. ExB67 ൽ കാണുന്ന ഫാം എവിടെ നിന്നു എഴുതിച്ചേർത്തിട്ടുള്ളതാണ് എന്നറിയാമോ?Q ശീമയിൽ ഉള്ള പൂർവ്വിക പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്നാണ്. Ans. ശീമയിൽ നിന്നു വന്ന മോർ ശെവോൻ അത്താന്യോസ് കൊണ്ടുവരികയും ഈ കേസിലെ 1-ാം വാദി ഉൾപ്പെടെ അനേകർക്ക് ഈ ക്രമംവച്ച് പട്ടം കൊടുക്കുകയും ഇന്നുവരെ ആരും ഇതിന്റെ നിജസ്ഥിതിയെ ചോദ്യം ചെയ്യാതിരിക്കുകയും ചെയ്യുന്നു എന്നതിലപ്പുറമായി കൂടുതൽ ബോധിപ്പിക്കുവാൻ എനിക്കറിഞ്ഞുകൂടാ. ExB67 ലെ ഫാമിൽ പത്രോസിന്റെ സഖികൾ എന്നു പറയുന്നത് മറ്റു ശ്ലീഹന്മാരെയാണ്. *ശ്ഹീമാനമസ്കാരം* എന്നാലെന്താണ്?Q *ശ്ഹീമാനമസ്കാരം* എന്നുപറഞ്ഞാൽ സാധാരണ നമസ്കാരം എന്നേ അർത്ഥമുള്ളൂ. അത് ഓരോ ദിവസത്തേക്കും ഏഴുനേരത്തേക്കുള്ള പ്രാർത്ഥനകൾ അടങ്ങിയതും വൈദികർ അതുവച്ചു പ്രാർത്ഥിക്കണമെന്ന് പ്രത്യേകനിർദ്ദേശമുള്ളതാണ്. Ans.ExB40 *കാനോനാ നമസ്കാരം* സഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതാണോ?Q വാദിഭാഗത്തെ മോർ യൂഹനോൻ സേവേറിയോസ് ഗദ്യത്തിൽ തർജ്ജമ ചെയ്തിട്ടുള്ള വൈദികരുടെ *കാനോനാ നമസ്കാരം* സഭയിൽ പൊതുവെ ഉപയോഗത്തിൽ ഇരിക്കുന്നതാണെന്ന് പറയാൻ നിവൃത്തിയില്ല. Ans. പിന്നെ ആരുപയോഗിക്കുന്നതാണ്? സുറിയാനി അറിഞ്ഞുകൂടാത്ത വൈദികർ ആ ഭാഗത്തുള്ളവർ ഉപയോഗിക്കുന്നുണ്ടായിരിക്കാം. Ans. ആരൊക്കെ ഉപയോഗിക്കുന്നു എന്ന് കൃത്യമായി പറയാൻ എനിക്കറിഞ്ഞുകൂടാ. EB40 എന്നു മുതൽ ഉപയോഗത്തിൽ ഉണ്ട്? നിശ്ചയം ഇല്ല. Ans. ഇപ്പോഴുണ്ടായിട്ടുള്ള കേസുകൾക്കുമുമ്പു തൊട്ടേ ഉണ്ടോ എന്ന് അതിൽ ആണ്ടുകാണാത്തതുകൊണ്ട് പറയാൻ വയ്യ. ഞാൻ അതുപയോഗിച്ചിട്ടില്ല. Ans. ഞാൻ ExB40 പരിശോധിച്ചു നോക്കിയിട്ടില്ല. ExB40 ൽ 60-ാം പേജിൽ തന്റെ ഉള്ളം കയ്യിൽ വിശുദ്ധസഭയെ പണിയുകയും നിബിയന്മാരെയും ശ്ലീഹന്മാരെയും പരിശുദ്ധ സഹദേൻമാരെയും ശ്ലീഹന്മാരെയും അടിസ്ഥാനങ്ങളാക്കി വയ്ക്കുകയും എല്ലാ ജാതികളെയും കൂട്ടി അതിനെ നിറക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നൊരു പ്രാർത്ഥന ചൊവ്വാഴ്ച സന്ധ്യാനമസ്കാരത്തിൽ ഉണ്ട്. അത് സന്ധ്യാനമസ്കാരത്തിൽ ഉപയോഗത്തിൽ ഉണ്ട്. ഇവിടെ സഭയെ പണിതിരിക്കുന്നത് കർത്താവിന്റെ ഉള്ളം കയ്യിലാണ് അഥവാ തന്മേലാണ്. ക്രിസ്തുവിനെക്കുറിച്ച് അറിയിച്ചവരായ

പ്രവാചകന്മാരും ക്രിസ്തുവിനെ പ്രസംഗിച്ച ശ്ലീഹന്മാരും ക്രിസ്തുവിനുവേണ്ടി മരിച്ച സഹദേന്മാരും ഓരോ തരത്തിൽ ക്രിസ്തുവിനോട് ബന്ധപ്പെട്ടവർ എന്നുള്ള അർത്ഥത്തിലാണ് അടിസ്ഥാനങ്ങൾ എന്നു പറഞ്ഞിട്ടുള്ളത്. സഭയുടെ അടിസ്ഥാനത്തെക്കുറിച്ച് മുമ്പു ബോധിപ്പിച്ചതിലും, ക്രിസ്തുവിന്മേൽ എന്ന ഒരഭിപ്രായം ഉണ്ടെന്നുള്ളത് ബോധിപ്പിച്ചിട്ടുള്ളതാകുന്നു. തന്റെ ഉള്ളം കയ്യിൽ വിശുദ്ധ സഭയെ പണിയുകയും അതിൽ ബലിപീഠം സ്ഥിരപ്പെടുത്തുകയും നിബിയൻമാരെയും ശ്ലീഹന്മാരെയും ശ്രേഷ്ഠരായി അതിൽ വക്കുകയും ചെയ്ത മിശിഹാ തമ്പുരാനു സ്തുതി എന്നൊരു പ്രാർത്ഥന ചൊവ്വാഴ്ചത്തെ പ്രഭാതനമസ്കാരത്തിൽ സഭയിൽ ഉപയോഗിക്കുന്നുണ്ട്. ആ പ്രാർത്ഥന EB 40 74-ാം പേജിൽ ചേർത്തിട്ടുണ്ട്. EB 40 S. 157-ാം പേജിൽ ഏകപരിശുദ്ധന്റെ എന്ന ഹെഡിംഗിനു താഴെയായി കൊടുത്തിരിക്കുന്ന പ്രാർത്ഥന സഭയിൽ ഉപയോഗിക്കുന്നതാണോ?Q അതിൽ മോർ തോമാ ശ്ലീഹാ എന്നുള്ളത് അദ്ദേഹത്തിനു മാത്രം ആയി ഉപയോഗിക്കുന്ന പ്രാർത്ഥന അല്ല. അവിടെ ഏതു പരിശുദ്ധന്റെയും പേരു ഉപയോഗിക്കാവുന്നതാകുന്നു. പാമ്പാക്കുടപതിപ്പ് മലയാള *നിത്യപ്രാർത്ഥനാക്രമ*ത്തിൽ മോർ തോമാ ശ്ലീഹായുടെ പേരു വച്ചതിനുശേഷം ഫുട്ട്നോട്ടായി അതാത് ഇടവകയുടെ പരിശുദ്ധനെ ഇവിടെ ഓർക്കാം എന്നെഴുതിയിട്ടുണ്ട്. അതുപോലെതന്നെയാണ് ഇതും Ans. EB 40 പേജ് 191ൽ ശനിയാഴ്ച ഉച്ചയുടെ പ്രാർത്ഥനയിൽ വിശ്വാസത്തിന്റെ ശില്പികളായ നിബിയന്മാർക്കും വിശുദ്ധസഭയെ പണിത ശ്ലീഹന്മാർക്കും എന്ന് ഉപയോഗിക്കുന്നതായ ഒരു പ്രാർത്ഥനാഭാഗം കാണുന്നത് സഭയിൽ ഉപയോഗിക്കുന്നതാണോ?Q അതിൽ മോർ തോമാ ശ്ലീഹാ എന്നുള്ളത് അദ്ദേഹത്തിനുമാത്രം ആയി ഉപയോഗിക്കുന്ന പ്രാർത്ഥന അല്ല. അവിടെ ഏതു പരിശുദ്ധന്റെയും പേരുപയോഗിക്കാവുന്നതാകുന്നു. പാമ്പാക്കുട പതിപ്പ് മലയാള നിത്യപ്രാർത്ഥനാക്രമത്തിൽ മോർതോമാ ശ്ലീഹായുടെ പേരു വച്ചതിനുശേഷം ഫുട്ട്നോട്ടായി അതാത് ഇടവകയുടെ പരിശുദ്ധനെ ഇവിടെ ഓർക്കാം എന്നെഴുതിയിട്ടുണ്ട്. അതുപോലെ തന്നെയാണ് ഇതും. Ans.EB40 പേജ് 191 ൽ ശനിയാഴ്ച ഉച്ചയുടെ പ്രാർത്ഥനയിൽ വിശ്വാസത്തിന്റെ ശില്പികളായ നിബിയന്മാർക്കും വിശുദ്ധസഭയെ പണിത ശ്ലീഹന്മാർക്കും എന്ന് ഉപയോഗിക്കുന്നതായ ഒരു പ്രാർത്ഥനാഭാഗം കാണുന്നത്?Q സഭയിൽ ഉപയോഗിക്കുന്നതാണ്. EB40 സാധാരണ ദിവസങ്ങളിൽ ഉപയോഗിക്കാവുന്ന സ്ലൂസോകൾ, എത്രോ എന്നു തുടങ്ങുന്ന ഭാഗത്ത് 17-ാം പേജിൽ ശ്ലീഹന്മാരുടെ പ്രുമിയോൻ അതിൽ ചേർത്തിട്ടുണ്ട്. ആ ഭാഗം 1 എന്ന പേജ് തുടങ്ങി എഴുതിയിട്ടുള്ളതാണ്. അത് സുറിയാനി മൂലത്തിന്റെ ആ ക്രമത്തിൽ അല്ല ഇവിടെ കാണുന്നത്. എല്ലാം സുറിയാനിമൂലത്തോടും യോജിച്ചും അല്ല. 17-ാം പേജിലെ സെദ്റൊ എന്ന ഹെഡിംഗിൽ ശ്ലീഹന്മാരെപ്പറ്റി പറയുന്നത് എന്താണ്?Q ശ്ലീഹന്മാരെക്കുറിച്ച് അതിൽ പറയുന്നത് വിശ്വസ്തരായ ഭവനാധികാരികളും സ്വർഗീയ ശ്രീഭണ്ഡാരത്തിന്മേൽ കർത്തവ്യമുള്ളവരും സ്നേഹിക്കപ്പെട്ട ഭരണാധികാരികളും ദൈവിക സുവിശേഷകന്മാരും ഭാഗ്യവാന്മാരായ ഇടയ

ന്മാരും സമർത്ഥരായ വൈദ്യന്മാരും ഇളകിപ്പോകാത്ത അടിസ്ഥാനങ്ങളും ആത്മിക കളപ്പുരകളും പിതാവിന്റെ സ്നേഹിതന്മാരും പുത്രന്റെ ഇഷ്ടന്മാരും പരിശുദ്ധ റൂഹായുടെ ഭവനാവകാശികളും ആയ പരിശുദ്ധ ശ്ലീഹന്മാരേ, നിങ്ങളിൽ ഞങ്ങൾ സങ്കേതപ്പെടുന്നു. Ans. എന്നാൽ അതിന്റെ സുറിയാനിമൂലമായ ശ്ഹീമാ നമസ്കാരത്തിൽ (ExtB 45) ExB40 ന്റെ പരിഭാഷകന്റെ വിഭാഗത്തിൽ തന്നെ പെട്ട ഫാദർ എബ്രഹാം കോനാട്ട് അച്ചടിപ്പിച്ച പുസ്തകത്തിൽ ഇപ്പറയുന്ന രീതിയിൽ ഇല്ല. ശ്ലീഹന്മാരുടെ പ്രുമിയോൻ എന്നതിലല്ല EB40ൽ ഇതുണ്ട്. അതുപോലെ പരിശുദ്ധശ്ലീഹന്മാരേ, എന്ന് EB40 ൽ ഉള്ളത് ExB45 ൽ ഇല്ല. ExB45 ൽ ശ്ലീഹന്മാരുടെ പ്രുമിയോൻ എന്നാണ് എഴുതിയിരിക്കുന്നത്. ആ സ്ഥിതിക്ക് ExB40 ൽ ഉള്ളത് മുൻ ഉദ്ധരിച്ചതിൽ ആയ പരിശുദ്ധശ്ലീഹന്മാരേ, എന്നതിന് പകരം ഭവനാവകാശികളും ആയുള്ളവരേ, എന്നാക്കിയാൽ EB45 ന്റെ ശരിയായ തർജ്ജമ ആകും. സെദ്റൊ ഉൾപെട്ട പ്രാർത്ഥന എല്ലാ പരിശുദ്ധന്മാരെയും ഉദ്ദേശിച്ച് ഉപയോഗിക്കപ്പെടുന്ന പ്രാർത്ഥനയാണ്. ശ്ലീഹന്മാരെ ഉദ്ദേശിച്ചും അത് ഉപയോഗിക്കാമോ?Q മൂന്ന് വയസ്സായിരുന്നപ്പോൾ രക്തസാക്ഷിയായ മോർ കുറിയാക്കോസുൾപ്പെടെ എല്ലാ പരിശുദ്ധന്മാർക്കും ശ്ലീഹന്മാർക്കും എല്ലാം ഉപയോഗിക്കാവുന്നതാണ്. Ans. ശ്ലീഹന്മാരുടെ പ്രത്യേക പെരുനാൾ ഉണ്ട്. ജൂൺ 30ലെ പെരുനാളിന് സഭയിൽ ഇത് ഉപയോഗിക്കുന്നില്ല. അതിന് EB45 ൽ ശ്ലീഹന്മാരുടെ തന്നെയുള്ള പ്രുമിയോനുകൾ പലതുണ്ട്. അവയാണ് ഉപയോഗിക്കുന്നത്. EB40 പേജ് 103 ൽ ബുധനാഴ്ച പ്രഭാതപ്രാർത്ഥനയിൽ ഏകപരിശുദ്ധൻ എന്ന ഹെഡിംഗിൽ മോർ തോമാശ്ലീഹായെപ്പറ്റി പറയുന്ന ഒരു പ്രാർത്ഥന ചേർത്തിട്ടുണ്ട്. ExB40 തർജ്ജമ ഏത് മൂലത്തിൽ നിന്നാകുന്നുവോ അതിൽ തോമാശ്ലീഹാ എന്ന പേരില്ല. കവിതയായി ഈ വിഭാഗക്കാർ പള്ളികളിൽ ചൊല്ലുന്ന ഓരോ ഗീതത്തിലും തോമാശ്ലീഹായുടെ പേർ ഇല്ല. അവിടെയുള്ളത് സത്യമുള്ള ഇടയനും വിജ്ഞാനിയായ ഭരണകർത്താവും പത്രോസിനെപ്പോലെ സഭയുടെ അടിസ്ഥാനവും മുഴുവനായി പൗലോസിനോട് സദൃശനും നിബിയന്മാർക്ക് സഹോദരനും സ്നേഹിതനും ശ്ലീഹന്മാരുടെ സംഘത്തിൽപ്പെട്ടവനും ഏലിയായെപ്പോലെ തീക്ഷ്ണവാനും യൂഹാനോനെപ്പോലെ വ്രതനിഷ്ഠകാരനും ആയുള്ളോവേ, സമാധാനത്തോടെ വരിക. നിന്നെ സ്വീകരിച്ച സഭ ഭാഗ്യവതി ആകുന്നു. ആകയാൽ Ex40 ൽ 103-ാം പേജിൽ ഉള്ള തർജ്ജമ ഇല്ലാത്ത പേരുൾപ്പെടുത്തികൊണ്ടുള്ള തർജ്ജമ ആകുന്നു. Ans. ആയുള്ളോവേ, എന്ന് ഞാൻ പറഞ്ഞ പ്രാർത്ഥന എല്ലാ പരിശുദ്ധന്മാർക്കും ആകാം. ആരുടെ പേര് വേണമെങ്കിലും ചേർക്കാം. ഈ പ്രാർത്ഥന സഭയിൽ നിലവിലുള്ളതാണ്. ExB45 ൽ ഇതിനു corresponding പ്രാർത്ഥന 280-ാം പേജിലാണ്. അതിൽ മോർ തോമാശ്ലീഹാ എന്നുപയോഗിച്ചിട്ടുണ്ട്. അവിടെ ഏത് പരിശുദ്ധന്റെ പേരും ഉപയോഗിക്കാവുന്നതാണ്. അത് EB40 ലെ 103-ാം പേജിലെ പ്രാർത്ഥനയുടെ ഒറിജിനൽ അല്ല. വേറെ പ്രാർത്ഥനയാണ്. ExB45 ൽ 280-ാം പേജിലുള്ള പ്രാർത്ഥനയും ExB40 ലെ 103-ാം പേജിലെ പ്രാർത്ഥനയും തമ്മിൽ

വ്യത്യാസം പറയാം. ExB40 പേജ് 103ൽ തർജ്ജമ ചെയ്തു ചേർത്തിരിക്കുന്ന ഭാഗത്തിന്റെ സുറിയാനിമൂലത്തിൽ മോർ തോമാശ്ലീഹാ എന്നില്ല. പ്രധാന വ്യത്യാസം അതു മാത്രമെ ഉള്ളൂ. പിന്നത്തേത് വാചകഘടനയിൽ മാത്രമെ ഉള്ളൂ. Ans.Stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ-ഒപ്പ്

First Addl. District & sessions court Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 11-8-78

22-8-78. witness sworn again and cross examination continued. ExtB 40-126- ാം പേജിൽ ബോവൂസൊ എന്ന ഹെഡിംഗിലുള്ള പ്രാർത്ഥനക്ക് corresponding ആയി ExB45 ൽ പ്രാർത്ഥന ഉണ്ട്. അത് ExB45 പേജ് 332 ൽ ആണ്. ആ പ്രാർത്ഥനയിൽ ശ്ലീഹന്മാരെപ്പറ്റി പറയുന്നത് എന്താണ്?Q ശെമവോനെ ക്കുറിച്ചല്ലാതെ ശ്ലീഹന്മാരെപ്പറ്റി ഒന്നും പറയുന്നില്ല. അവസാനഭാഗത്ത് പുത്രന്റെ ശ്ലീഹന്മാരെ നിങ്ങളുടെ പ്രാർത്ഥനകളാൽ എന്നെ സഹായിപ്പിൻ എന്ന് പറഞ്ഞിട്ടുണ്ട്. തുടർന്നു ദൈവപുത്രൻ തന്നെ അയച്ച പിതാവിന്റെ അടുക്കലേക്ക് കരേറിയപ്പോൾ അജയ്യമായ ബലമേറിയ കോട്ടകളായി നിങ്ങളെ എന്നിൽ വച്ചു എന്നുണ്ട്. Ans.EB45 ൽ ആ ഭാഗം ഉണ്ട്. എന്നാൽ അതിന്റെ തന്നെ ആരംഭ ഭാഗത്ത് വിശ്വാസം പ്രസംഗിച്ചവരായ എപ്പിസ്കോപ്പന്മാർ ശെമവോന്റെ വചനങ്ങളായി അഭിപ്രായവ്യത്യാസം കൂടാതെ അതിനെ പഠിപ്പിച്ചു എന്ന് EB40 ൽ ഉള്ളത് EB45 ൽ ശെമവോൻ പഠിപ്പിച്ച വചനങ്ങളായി എന്നാണ് ഉള്ളത്. ടി പ്രാർത്ഥനയിൽ നിങ്ങളത് എന്നിൽ വച്ചു എന്നതിന്റെ അർത്ഥം സഭയിൽ വച്ചു എന്നാണ്. ExtB45 ൽ ശെമവോൻ പഠിപ്പിച്ച എന്നതിനുള്ള സുറിയാനി 'അൽപൂ' എന്നാണ്. ExB.45 യുടെ ആ ഭാഗത്തിന്റെ തർജ്ജമ ഞാൻ ചെയ്തത് ഹാജരാക്കിയിട്ടുണ്ട്. അതിൽ ശീമോന്റെ വചനങ്ങളായി അതിനെ പഠിപ്പിച്ചു എന്നാണ്. തർജ്ജമ ശരിയാണ്. ശെമവോന്റെ എന്ന് തർജ്ജമ ചെയ്യാമൊ?Q അങ്ങനെയും തർജ്ജമ ചെയ്യാം. Ans. ശെമവോന്റെ വചനങ്ങളാൽ അതിനെ പഠിപ്പിച്ചു എന്നത് എന്താണ്?Q അതിനെ പഠിപ്പിച്ചു എന്നുള്ളത് വിശ്വാസത്തെയാണ്. Ans. ഏത് വിശ്വാസത്തെയാണ്?Q സഭയിൽ രക്ഷാകാസ്പദമായ എല്ലാ വിശ്വാസങ്ങളും Ans. വിശ്വാസം പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഉള്ള അധികാരം എല്ലാ ശ്ലീഹന്മാർക്കും ലഭിച്ചിരുന്നോ?Q എല്ലാ ശ്ലീഹന്മാർക്കും അതിനുള്ള അധികാരം ലഭിച്ചിരുന്നു. Ans. അങ്ങനെയുള്ള അധികാരം ക്രിസ്തുവിൽനിന്നും ശ്ലീഹന്മാർക്ക് നേരിട്ട് ലഭിച്ചതാണോ?Q ക്രിസ്തുവിൽ നിന്ന് നേരിട്ട് കിട്ടിയതാണെങ്കിലും ശ്ലീഹന്മാരുടെ തലവനോട് ചേർന്നുനിന്ന് അവർ പഠിപ്പിക്കേണ്ടിയിരുന്നു. Ans. അങ്ങനെ പറയാനുള്ള അടിസ്ഥാനം എന്താണ്?Q EB40 ൽ കാണുന്ന ശെമോന്റെ വചനങ്ങളായി അഭിപ്രായവ്യത്യാസം കൂടാതെ പഠിപ്പിക്കണമെങ്കിൽ ക്രിസ്തു

സഭയിൽ ക്രമീകരിച്ചിട്ടുള്ള ക്രമീകരണത്തിന്റെ പരിധിയിൽ നിന്നായിരിക്കണം എന്നുള്ളതുതന്നെ. Ans. അതിന്റെ അടിസ്ഥാനം വേദഭാഗമാണൊ?Q ക്രിസ്തു ശീമോനെ തലവനും ഭരണക്കാരനും ആക്കിയ വേദഭാഗം ആണ്. യോഹന്നാൻ 21- ആടുകളെ മേക്കുക എന്ന ഭാഗം Ans.ExB40 മുൻപറഞ്ഞ പ്രാർത്ഥനയിൽ പറയുന്ന വിശ്വാസം ക്രിസ്തു ദൈവപുത്രനാണെന്ന് പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസവും മറ്റ് ആവശ്യമുള്ള വിശ്വാസകാര്യങ്ങളുമാണ്. ശെമവോന്റെ വചനങ്ങളാൽ എന്നതിൽനിന്ന് പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസമാണെന്ന് വ്യക്തമല്ലേ?Q വ്യക്തമല്ല. വിശ്വാസസംബന്ധമായ ഏത് കാര്യവും ശ്ലീഹന്മാരുടെ തലവനായ പത്രോസിന്റെ വചനമായി സ്വീകരിക്കേണ്ടിയിരിക്കുന്നു. Ans. സഭയുടെ വിശ്വാസം എന്താണെന്ന് പ്രഖ്യാപിക്കുന്നതിനുള്ള അധികാരം ആർക്കായിരുന്നു?Q അക്കാലത്ത് സഭയുടെ വിശ്വാസം പ്രഖ്യാപിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. അങ്ങനെയുള്ള ആവശ്യം വരുമ്പോൾ തലവനായ ശീമോനോടുകൂടെ അദ്ദേഹത്തിന്റെ കീഴെയുള്ള ശ്ലീഹന്മാരും ഒരുമിച്ചാലോചിച്ച് തീരുമാനം എടുക്കാവുന്നതായിരുന്നു. Ans. മറ്റു ശ്ലീഹന്മാരെ കൂടാതെ പത്രോസിന് തനിച്ച് തീരുമാനം എടുക്കാമായിരുന്നോ?Q അത്യാവശ്യത്തിന്റെ പേരിൽ തീരുമാനം എടുക്കാമായിരുന്നു. Ans. അങ്ങനെ പറയുന്നതിന് അടിസ്ഥാനം എന്താണ്?Q പുറജാതിയായ കൊർന്നലിയോസിന്റെ അടുക്കലേക്ക് ക്രിസ്തുവിന്റെ വെളിപാടുപ്രകാരം പത്രോസ് പോവുകയും മാമൂദീസാ മുക്കുകയും ചെയ്ത വേദഭാഗം ഇപ്പോൾ ഓർക്കുന്നു. അത്രയുമെ ഇപ്പോൾ ഓർമ്മയിൽ വരുന്നുള്ളൂ. Ans.ExB45 ലും ExB40 യിലും പറയുന്ന പ്രാർത്ഥന സഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതാണ്. ExB40 പേജ് 129 വിശുദ്ധന്മാരുടെ എന്ന ഹെഡിംഗിലുള്ള പ്രാർത്ഥന സഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതാണ്. ExB 45 ൽ ടി പ്രാർത്ഥന ഉണ്ട്. 339-340 പേജുകളിലാണ്. ExB45 യിലുള്ളതിന്റെ ശരിയായ തർജ്ജമയാണ് ExB40 ൽ ഉള്ളത്. ആ പ്രാർത്ഥനയിൽ പിതാവിന്റെ മുന്തിരിത്തോപ്പ് എന്ന് പറയുന്നത് എന്താണ്?Q സ്വർഗരാജ്യം ആണ്. Ans. സഭയെകുറിക്കുമൊ?Q സഭയെക്കുറിച്ചത് പറയാൻ പാടില്ല. Ans. എന്താണത്?Q അതിന്റെ അവസാനഭാഗത്ത് ഇതാ ഉയരത്തിൽ നിങ്ങൾക്ക് മണവറയും തോട്ടവും രാജകീയമേശയും സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്നും അതിന് മുമ്പായി കള്ളന് താക്കോൽ കൊടുത്ത് പർദീസായിലേക്കയച്ചു എന്നതുകൊണ്ടുമാണ്. Ans. മണവറയും തോട്ടവും രാജകീയ മേശയും സൂക്ഷിക്കപ്പെട്ടിരിക്കുന്നത് ആർക്കാണ്?Q എല്ലാ വിശുദ്ധന്മാർക്കും ആണ്. Ans. താക്കോൽ എന്തിനെ സൂചിപ്പിക്കുന്നു?Q ദൈവകല്പന ലംഘിച്ച ആൾ. പുറത്താക്കപ്പെട്ടപ്പോൾ പർദീസായുടെ വാതിലുകൾ അടയ്ക്കപ്പെട്ടു എന്നും അതിനെ കാക്കുവാൻ മാലാഖയെ നിയമിച്ചു എന്നും വേദത്തിൽ ഉണ്ട്. അത് കഴിഞ്ഞ് മറ്റാരും അതിലേക്ക് പ്രവേശിച്ചില്ല ക്രൂശുമരണസമയത്ത് ക്രിസ്തുവിനെ ഏറ്റുപറഞ്ഞ കള്ളനോട്, നീ ഇന്ന് എന്നോടുകൂടെ പറുദീസായിലിരിക്കും, എന്ന് ക്രിസ്തു പറഞ്ഞതിനെ അടക്കപ്പെട്ട വാതിൽ ആദ്യം തുറക്കുന്നത് ആ കള്ളനാണ് എന്നുള്ള അർത്ഥത്തിലാണ്. Ans. അവിടെ പറയുന്ന

താക്കോൽ മറ്റാർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ?Q പർദീസാ തുറക്കാനുള്ള താക്കോൽ മറ്റാർക്കും കിട്ടിയിട്ടില്ല. കിട്ടേണ്ട ആവശ്യം ഇല്ല. കാരണം ഒരിക്കൽ അത് തുറക്കപ്പെട്ടശേഷം അടഞ്ഞിട്ടില്ല. Ans. പർദീസാ എന്ന് പറഞ്ഞാൽ അർത്ഥം എന്താണ്?Q പർദീസാ എന്താണെന്ന് ExB40 ന്റെ 150-ാം വശത്ത് പറയുന്നുണ്ട്. 150-ാം പേജിൽ എക്ബാ എന്ന ഹെഡിംഗിന്റെ ചുവടെ പറയുന്നുണ്ട്. അവിടെ പറയുന്ന പർദീസാ എന്നത് സ്വർഗ്ഗരാജ്യമാണോ?Q എക്ബായിൽ പറയുന്ന പർദീസാ സ്വർഗരാജ്യമല്ല. Ans. അങ്ങനെ ഒന്നുണ്ടെന്നാണ് സഭ പഠിപ്പിക്കുന്നത്. അവസാനം ന്യായവിധിക്ക് മുമ്പായി വിശുദ്ധന്മാരുടെ ആത്മാക്കൾ കുടികൊള്ളുന്ന സ്ഥാനമൊ അവസ്ഥയൊ ആയിട്ടാണ് അതിനെ സഭ പഠിപ്പിക്കുന്നത്. Ans.ExB45 പേജ് 486ന്റെ ഒരു ഭാഗം തർജ്ജമ ExB 45 (b) ആയി അടയാളപ്പെടുത്തിയിട്ടുണ്ട്. അത് മത്തായി 16ൽ പറയുന്നതിനെ അടിസ്ഥാനമാക്കിയാണോ?Q അതെ. Ans.ExB45 (b) ൽ ഇതാ ഞാൻ എന്നു തുടങ്ങി യാചന കേൾപ്പെടുകയും ചെയ്യും, എന്നുവരെയുള്ള ഭാഗം ആചാര്യത്വത്തെക്കുറിച്ച് പറയുന്നതാണോ?Q ശീമോനോട് പറഞ്ഞ ആ വചനങ്ങൾ ആചാര്യത്വത്തെക്കുറിച്ച് മാത്രമല്ല ഭരണാധികാരത്തെക്കുറിച്ചും ശിമോനോട് പറഞ്ഞിട്ടുള്ള വാക്കുകളാണ്. Ans. ശെമവോനോട് കർത്താവ് ആചാര്യത്വത്തെക്കുറിച്ച് പറഞ്ഞ വചനം എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. അതുകൊണ്ടാണ് ആചാര്യത്വത്തെക്കുറിച്ച് മാത്രമല്ല എന്ന് പറഞ്ഞത്. ആ ഭാഗത്ത് ആചാര്യത്വത്തെക്കുറിച്ച് മാത്രമെ പ്രതിവാദിച്ചിട്ടുള്ളു എങ്കിലും നിന്നെ ഞാൻ ഭരണാധികാരി അഥവാ കാര്യസ്ഥൻ ആക്കുമെന്നുള്ള ക്രിസ്തുവിന്റെ വചനവും അതിൽ ഉൾപെടുത്തിയിട്ടുണ്ട്. ഇതിൽ പറയുന്ന അധികാരങ്ങൾ എല്ലാ ആചാര്യന്മാർക്കും ഉണ്ടെന്നല്ലേ. ExB.45 (1) ലെ ഭാഗം കൊണ്ട് വ്യക്തമാകുന്നത്?Q ആ ഭാഗം കൊണ്ട് വ്യക്തമാകുന്നത് എല്ലാ ആചാര്യന്മാർക്കുമുള്ള അധികാരമായിട്ടല്ല. പത്രോസിനോട് പറഞ്ഞ വാക്കുകളിൽ ആചാര്യത്വ സംബന്ധമായ കാര്യങ്ങൾ കൂടി ഉള്ളതുകൊണ്ട് ആചാര്യത്വത്തെക്കുറിച്ച് എന്ന് പൊതുവായി പറഞ്ഞിരിക്കിരിക്കയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പട്ടംകൊടക്രമത്തിന്റെ പ്രുമോനിൽ ശീമോൻ വഴിയായി ആചാര്യത്വം നീ പ്രദാനം ചെയ്യുന്നു എന്നെഴുതിയിരിക്കുന്നത്. അവിടെ ആചാര്യത്വം എന്ന് പറയുന്നത് ആചാര്യന്റെ സ്ഥാനത്തെക്കുറിച്ചല്ലേ?Q ഏറ്റവും പ്രധാനാചാര്യൻ മുതൽ സാധാരണ ആചാര്യന്മാർ വരെയുള്ളവർക്ക് അവരവരുടെ നില അനുസരിച്ചുള്ള അധികാരമാണ് അവിടെ പറഞ്ഞിരിക്കുന്നത്. Ans. ആചാര്യത്വം എന്നത് ആചാര്യത്വസ്ഥാനം ഏത് ഗ്രേഡ് വരെയുള്ളവർക്ക് ഉണ്ട്?Q ഏറ്റവും വലിയ പ്രധാനാചാര്യൻ ആയ പാത്രിയർക്കീസ് അദ്ദേഹത്തിന് മാത്രമുള്ളതാണ് പത്രോസിന് കൊടുത്ത ഭരണാധികാരം മറ്റുള്ളവ കാതോലിക്ക, മെത്രാപ്പോലീത്ത, പട്ടക്കാരൻ എന്നിവർ ഉൾപെടെ എല്ലാവർക്കും ഉള്ളതാണ്. Ans. ഇങ്ങനെ പലവിധത്തിലുള്ളവരെ ഉദ്ദേശിച്ചാണെന്നുള്ളതിന് ആ പ്രാർത്ഥനയിൽ എന്തെങ്കിലും ഉണ്ടോ?Q ഉണ്ട്. ഒന്നാമതായി നിന്നെ ഞാൻ ഭരണാധികാരിയായിരിക്കുന്നു എന്നുള്ളത് ശീമോനോടല്ലാതെ മറ്റാരോടും പറഞ്ഞിട്ടില്ല.

രണ്ടാമത് ബാക്കിയുള്ളവ ശീമോനുൾപ്പെടെ മാളികയിൽ ഉണ്ടായിരുന്ന എല്ലാവർക്കും നൽകിയിട്ടുള്ളതാണ്?Q നിന്നെ പരമാധികാരിയാക്കിയിരിക്കുന്നു എന്ന് ശീമോൻ പറഞ്ഞത് പ്രാർത്ഥനാഭാഗത്തുള്ളതുകൊണ്ടാണ് ഞാൻ പ്രാർത്ഥനയിൽ അതുണ്ടെന്ന് പറഞ്ഞത്. കാര്യസ്ഥൻ അല്ലെങ്കിൽ ഭരണാധികാരിയായി നിയമിച്ചിരിക്കുന്നതിൽ ഉൾപെടുത്തി അല്ലേ. അതിനുശേഷം പറയുന്ന കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്?Q അല്ല. രണ്ടും രണ്ടായിട്ടാണ്. Ans. അങ്ങനെ പറയാൻ കാരണം എന്താണ്?Q വായിച്ചാൽ മനസ്സിലാകുന്നത് അതാണ്. Ans. അവിടെ പത്രോസിന് കൊടുത്ത താക്കോലുകളായിട്ട് പറയുന്നത് എന്താണ്?Q ഇവിടെ പത്രോസിന് കൊടുത്ത താക്കോലുകളായി പറയുന്നത് കെട്ടുവാനും അഴിക്കുവാനുമായി ഉയരത്തിന്റെയും ആഴത്തിന്റെയും ആയ താക്കോലുകളാണ്. എന്നാൽ നിന്നെ ഞാൻ ഭരണാധികാരിയാക്കിയിരിക്കുന്നു എന്ന് പറയുന്നത് മത്തായി 16 ലെ സ്വർഗരാജ്യത്തിന്റെ താക്കോലുകളെ ഉദ്ദേശിച്ചാണ്. പത്രോസിന് സ്വർഗരാജ്യത്തിന്റെയും കെട്ടുവാനും അഴിക്കുവാനും ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകൾ ഉണ്ടായിരുന്നു. പത്രോസിന് എത്ര താക്കോലുകൾ ആകെ കൊടുത്തു?Q താക്കോലുകളുടെ നമ്പർ എനിക്കറിഞ്ഞുകൂടെന്നേ എനിക്ക് ആ ചോദ്യത്തിന് മറുപടിയുള്ളൂ. Ans. ആ പ്രാർത്ഥനയിൽ പറയുന്ന സംഗതികൾ സഭയുടെ വിശ്വാസം അനുസരിച്ച് ശരിയായിട്ടുള്ളതാണോ?Q അതെ, ഇങ്ങനെയുള്ള പ്രാർത്ഥനകളിൽ നിന്നും കൂടിയാണ് സഭയുടെ വിശ്വാസം ശരിയായി മനസ്സിലാക്കുന്നത്. Ans. EB45 217-ാം പേജിന്റെ തർജ്ജമ ഞാൻ തർജ്ജമ ചെയ്തത് ഹാജരാക്കിയിട്ടുണ്ട്. അതിൽ നീ എനിക്ക് തന്ന ആടുകൾ എന്ന് പറയുന്നത് എന്താണ്?Q സുവിശേഷപ്രചാരണം മൂലം ക്രിസ്തുവിനെ വിശ്വസിച്ച ആളുകളെ ഉദ്ദേശിച്ചാണ്. Ans. എനിക്ക് തന്നു എന്ന് പറയാൻ കാരണം?Q എന്റെ പ്രയത്നത്തെ നീ അനുഗ്രഹിച്ച് വിജയിപ്പിച്ച് വിശ്വാസികളെ തന്നതിനെക്കുറിച്ചാണ്. Ans. നീ എനിക്ക് തന്ന ആടുകൾ എന്ന് അതിൽ പറയുന്ന ആൾ ഭരിക്കുന്ന സഭാവിഭാഗത്തെ ഉദ്ദേശിച്ചാണോ?Q സുവിശേഷം മൂലം വിശ്വസിപ്പിച്ച് ക്രിസ്തുവിന്റേതാക്കിയ കാര്യങ്ങളുമാണ്. ക്രിസ്തുവിന്റെ സഭയിലേക്ക് ആക്കിതീർത്ത ആളുകളുടെ ആത്മീയ ഉന്നമനത്തെ ഉദ്ദേശിച്ചാണ്. ആ പ്രാദേശികമായ സഭയിൽ ഉള്ളവരെ ഉദ്ദേശിച്ചാണ്. Ans. അതിൽ പത്രോസിന്റെ സമൂഹം എന്നുണ്ട്. അത് പത്രോസ് തലവനായിട്ടുള്ള ശ്ലീഹന്മാരുടെ സമൂഹം ആണ്. ExB45 പേജ് 124 ൽ മോശ പഴയനിയമത്തിന്റെ തലവൻ എന്ന് പറയുന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?Q ഒന്നാമത് ദൈവത്താൽ വിളിക്കപ്പെട്ടവൻ, രണ്ടാമത് ന്യായപ്രമാണകല്പനകൾ പ്രാപിച്ചവൻ, മൂന്നാമത് ഇസ്രായേൽ ജനത്തിന്മേൽ പരിപൂർണ്ണനായ അധികാരി. അതാണ് Ans. മോശ പഴയനിയമകാലത്തെ ദീർഘദർശിമാരിൽ ഒരാളായിരുന്നോ?Q ദീർഘദർശിമാരുടെ തലവനായിരുന്നു. Ans. തലവൻ എന്നു വച്ചാൽ മറ്റുള്ളവരുടെമേൽ അധികാരം ഉള്ളവൻ എന്ന് തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. മോശയ്ക്ക് അങ്ങനെ മറ്റ് ദീർഘദർശിമാരുടെമേൽ എന്തൊക്കെ അധികാരം ഉണ്ടായിരുന്നു?Q

അന്നുള്ള ദീർഘദർശിമാരുടെമേൽ സർവ്വാധികാരവും ഉണ്ടായിരുന്നു എന്നല്ലാതെ ഓരോന്നും പ്രത്യേകമായി എടുത്തുപറയുവാൻ സാദ്ധ്യമല്ല. Ans. ഏതൊക്കെ ദീർഘദർശിമാരുടെ മേലാണ് മോശക്കധികാരം ഉണ്ടായിരുന്നു. മോശ മരിച്ചശേഷം പഴയനിയമകാലത്തുണ്ടായിരുന്ന പ്രവാചകന്മാരുടെമേൽ അധികാരം നടത്താൻ സാദ്ധ്യമല്ല. സഭയാണ് മോശയെ ദീർഘദർശിമാരുടെ തലവൻ എന്ന് സംബോധന ചെയ്തിട്ടുള്ളത്. അതാണ് ഞാൻ ബോധിപ്പിച്ചത്. Ans. പഴയനിയമത്തിൽ ഏതാനും പ്രവാചകന്മാരും കാര്യം പറയുന്നുണ്ട്. അവരുടെമേൽ ആരുടെ എങ്കിലും മേൽ മോശക്കധികാരം ഉണ്ടായിരുന്നോ?Q മോശയുടെ മരണശേഷമുള്ളവരുടെമേൽ അദ്ദേഹത്തിനധികാരമില്ലായിരുന്നു. പഴയനിയമത്തിലെ പ്രവാചകന്മാർ എല്ലാവരും മോശയുടെ മരണശേഷം ഉള്ളവരാകയാൽ അവർ ആരുടെമേലും മോശക്കധികാരം ഇല്ലായിരുന്നു. Ans. മോശ പഴയനിയമത്തിന്റെ തലവൻ എന്ന് EB 45 ൽ പറയുന്നത് പഴയനിയമത്തിൽ പ്രവാചകന്മാരായി പറയുന്നവരുടെ തലവൻ എന്നല്ലേ?Q പഴയനിയമത്തിൽ പറയുന്ന പ്രവാചകന്മാരുടെ തലവൻ എന്നല്ല. മോശയുടെ കാലത്തുണ്ടായിരുന്ന പ്രവാചകന്മാരുടെ തലവൻ എന്നർത്ഥത്തിലാണ്. Ans. മോശയുടെ കാലത്ത് മറ്റ് പ്രവാചകന്മാരുണ്ടായിരുന്നോ?Q പ്രവചനവരം ഉണ്ടായിരുന്നവർ ഉണ്ടായിരുന്നു. അങ്ങനെ ഉണ്ടായിരുന്നതായി വേദത്തിൽ കണ്ടേക്കും. എവിടെ എന്ന് കൃത്യമായി ഓർമ്മയില്ല. Ans. പഴയനിയമത്തിൽ പറയുന്ന പ്രവാചകന്മാരെ അല്ലെങ്കിൽ ദീർഘദർശിമാരെ ആര് നിയോഗിച്ചിട്ടുള്ളവ?Q ഓരോ കാലത്ത് ദൈവഹിതം ജനത്തെ അറിയിക്കാൻ ദൈവം നിയോഗിച്ചതാണ്?Q അങ്ങനെയുള്ളവരുടെ പേരുവിവരം വേദത്തിൽ പ്രത്യേകം എടുത്തുപറയുന്നുണ്ട്. അങ്ങിനെ എടുത്തുപറയുന്നുണ്ട്. അങ്ങിനെ എടുത്തുപറയുന്നവരിൽ ഒന്നാമൻ അല്ലെങ്കിൽ പ്രധാനി എന്ന നിലയിലല്ല വേദത്തിൽ പറയുന്നത്?Q ഒന്നാമൻ അല്ലെങ്കിൽ പ്രധാനി എന്ന നിലയിലല്ലേ വേദത്തിൽ പറയുന്നത്?Q ഒന്നാമൻ എന്നതുകൊണ്ടു മാത്രമല്ല അദ്ദേഹം വഴി മാത്രമാണ് ഇസ്രായേൽകാർക്ക് ന്യായപ്രമാണം ലഭിച്ചത് എന്നതുകൊണ്ടും അദ്ദേഹത്തിന്റെ കാലത്ത് അദ്ദേഹം മാത്രം പരിപൂർണ്ണഭരണാധികാരിയായിരുന്നു എന്നിരുന്നതുകൊണ്ടും കൂടിയാണ്. Ans. മോശയുടെ കാലത്ത് ആചാര്യത്വാധികാരങ്ങൾ നടത്തിയിരുന്നതാരാണ്?Q ദൈവം നിർദ്ദേശിച്ചതനുസരിച്ച് മോശ വിളിച്ച് മഹാപൗരോഹിത്യത്തിന്റെ പദവിയിലേക്ക് മോശ ഉയർത്തിയ അദ്ദേഹത്തിന്റെ സഹോദരൻ അഹറോൻ ആയിരുന്നു. Ans.EB 45 124-ാം പേജിൽ രാജ്യത്തിന്റെ താക്കോലുകൾ എന്നു പറയുന്നത് എന്താണ്?Q മത്തായി 15 ൽ പറയുന്ന സ്വർഗരാജ്യത്തിന്റെ താക്കോലുകൾ. Ans.EB 45 പേജ് 414 ന്റെ പ്രാർത്ഥന തർജ്ജമ ഹാജരാക്കിയിട്ടുണ്ട്. അത് സഭയിൽ ഉപയോഗിച്ചു വരുന്ന പ്രാർത്ഥനയാണ്. അതിൽ പൗലോസ് ശിൽപി എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്?Q ശെമവോൻ അടിസ്ഥാനവും പൗലോസ് ശില്പിയും എന്നവിടെ പറഞ്ഞിരിക്കുന്നത് Architect പണിതുയർത്തുന്നവൻ എന്നെല്ലാം അർത്ഥം കൊടുക്കാം. സഭയെ പണിതുയർത്തുന്നവൻ എന്നാണ്. Ans. സഭയെ പണിതുയർത്തിയി

ട്ടുള്ളത് പൗലോസ് ശ്ലീഹാ തനിച്ചാണോ?Q സഭയിൽ ഏറ്റവും കൂടുതൽ പണിതത് പൗലോസാകയാൽ സഭാപിതാക്കന്മാർ അദ്ദേഹത്തിന് ശില്പി എന്ന പേരു കൊടുത്തിരിക്കുകയാണ്. Ans. മറ്റു ശ്ലീഹന്മാർ സഭയെ പണിതി ട്ടുണ്ടോ?Q അവരവരുടെ കഴിവും സൗകര്യവും അനുസരിച്ചു മറ്റു ശ്ലീഹന്മാർ പണിതിട്ടുണ്ട് എങ്കിലും സഭ പൗലോസിനാണ് ശില്പി എന്നപേര് കൊടു ത്തിട്ടുള്ളത്. Ans. സഭയിൽനിന്ന് ഔദ്യോഗികമായി പേര് കൊടുത്തിട്ടുണ്ടോ?Q പ്രാർത്ഥനകളിൽ കാണുന്നതല്ലാതെ ഔദ്യോഗിക രേഖ കണ്ടിട്ടില്ല. Ans.EB45 പേജ് 124ൽ മോശയെ ദീർഘദർശന ഉറവയുടെ ആരംഭം എന്നുപറയാൻ കാരണം എന്താണ്? മുമ്പു ബോധിപ്പിച്ചതുപോലെ ഒന്നാമത്തെ ദീർഘ ദർശിയും അദ്ദേഹം വഴിയായി മാത്രം ദീർഘദർശനം തുടർന്നു പ്രവഹിക്കത്തക്ക നിലയിലുമായിരുന്നതിനാൽ ദീർഘദർശനത്തിന്റെ ഉറവ എന്നദ്ദേഹത്തെ പറയുന്നു. Ans.ExB39 കോനാട്ട് മാത്തൻ മൽപാന്റെ പരിഭാഷ അതേപടി പ്രസിദ്ധീകരിച്ചിട്ടുള്ളതാണോ?Q ആണെന്ന് പറയാനെ എനിക്കതിന്റെ അറി വുള്ളൂ. Ans.ExB39 പേജ് 59ൽ ദീർഘദർശിമാരാൽ തന്റെ സഭയെ പണിയു കയും ശ്ലീഹന്മാർ അതിന്റെ പണിക്കുറവ് തീർക്കുകയും സ്വജാതികളെയും പുറജാതികളെയും അതിലേക്ക് ക്ഷണിച്ചുവരുത്തപ്പെട്ടവനുമായി കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് പറയുന്ന പ്രാർത്ഥന സഭയിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതാകുന്നു. EB 39-210-211 എന്നീ പേജുകളിലുള്ള പ്രാർത്ഥന കൾ സഭയിൽ ഉപയോഗിക്കുന്നവയാണ്. ആ പ്രാർത്ഥനകളിൽ മോർ തോമാ ശ്ലീഹായെക്കുറിച്ച് പറയുന്നുണ്ട്. 210-211 പേജുകളിൽ കാണുന്ന പ്രാർത്ഥന കൾ സുറിയാനിയിൽനിന്നും തർജ്ജമ ചെയ്തതോ മലങ്കരയിൽ രചിക്കപ്പെ ട്ടതോ?Q സുറിയാനിമൂലം ഞാൻ കണ്ടിട്ടില്ലെങ്കിലും സുറിയാനിയുടെ പരിഭാഷ ആയിരിക്കാം എന്ന് ഞാൻ വിചാരിക്കുന്നു. Ans.EB 39 പേജ് 221 ൽ പറയുന്ന ബോവൂസോ, കോലോകൾ എന്നിങ്ങനെയുള്ള ഹെഡിംഗിൽ പറയുന്ന പ്രാർത്ഥനകൾ സഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നവയാണോ?Q മുമ്പ് ബോധിപ്പിച്ചതുപോലെ പരിശുദ്ധന്മാരുടെ പ്രുമിയോനിൽ പറഞ്ഞിട്ടുള്ള ആ വാക്കുകൾ തന്നെയാണ് ശ്ലീഹന്മാരെ എന്നൊഴികെ ഇവിടെയും ഉള്ളത്. ഈ പ്രാർത്ഥനകൾ സഭയിൽ ഉപയോഗിക്കപ്പെടുന്നു. Ans. 211-ാം പേജിൽ പറയുന്ന രൂപത്തിൽതന്നെ ഉപയോഗിക്കപ്പെടുന്നതാണോ?Q അതെ. Ans. ഇത് സുറി യാനിയിൽ നിന്നുള്ള തർജ്ജമ ആണോ?Q ഇത് അതേപടി മൂലത്തിൽ ഉള്ള താണോ എന്ന് നിശ്ചയമായി ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. കാരണം ഈ പ്രാർത്ഥനാപുസ്തകം അച്ചടിപ്പിക്കുവാൻ അന്ത്യോക്യായുടെ പരിശുദ്ധ അബ്ദല്ലാദ്വിതീയൻ തിരുമേനി അനുവദിച്ചുകൊണ്ടുള്ള കല്പനയിൽ പ്രാർത്ഥനകളും മറ്റും എടുത്തുചേർത്ത് ക്രമപ്പെടുത്തി മലയാളഭാഷയിൽ എഴുതി ഉണ്ടാക്കുകയും അതിനെ സുറിയാനിഭാഷയിൽ ആക്കി നമ്മുടെ മുമ്പാകെ കൊണ്ട് വന്ന് കാണിക്കയും ചെയ്തു എന്ന് കാണുന്നതിനാൽ ഓരോന്നിന്റെയും കൃത്യമായ മൂലം സുറിയാനിയിൽ ഉണ്ടോ എന്നു കൃത്യ മായി ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Stopped for the day

മൊഴി വായിച്ച് കേട്ടു. ശരി
കുര്യൻ കോർഎപ്പിസ്കോപ്പാ-ഒപ്പ്
First Addl. District & Sessions Court, Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-
Judge 22-8-78

23-8-78 witness sworn again and cross examination continued. ExB 39 page 221 ൽ ശ്ലീഹന്മാരുടെ കൈയിൽ സഭക്കായിട്ട് സത്യവിശ്വാസത്തെ ഏൽപിച്ച് കൊടുത്തു എന്ന് പറയുന്നുണ്ട്. അതാണോ സഭയുടെ വിശ്വാസം?Q അതെ. സഭ സത്യവിശ്വാസത്തിൽ നില്ക്കേണ്ടതിന് എവിടെയെല്ലാം ശ്ലീഹന്മാർ പോകുന്നോ അവിടെ എല്ലാം സത്യവിശ്വാസം അവർ പ്രചരിപ്പിക്കേണ്ടിയിരുന്നു. Ans. അങ്ങനെ സത്യവിശ്വാസത്തെ ശ്ലീഹന്മാർക്ക് ഏല്പിച്ചു കൊടുത്തത് കർത്താവാണോ?Q അതെ. Ans. അങ്ങനെ കർത്താവ് ഏല്പിച്ചുകൊടുത്ത സത്യവിശ്വാസമാണൊ ശ്ലീഹന്മാർ പഠിപ്പിച്ചത്?Q ഓരോരുത്തരെയും പ്രത്യേകിച്ചല്ല. സത്യവിശ്വാസം പ്രഖ്യാപിച്ചവനായ പത്രോസിനോട്കൂടി അവരെ ഏല്പിച്ച സത്യവിശ്വാസമാണ് അവർ പഠിപ്പിച്ചത്. Ans. മറ്റ് ശ്ലീഹന്മാരെ ഏല്പിച്ചതുപോലെ പത്രോസിനെയും ഏൽപിച്ചു എന്നാണോ?Q പത്രോസ് പ്രഖ്യാപിച്ച സത്യവിശ്വാസത്തെയാണ് ഏൽപിച്ചത്. അതാണ് സുവിശേഷത്തിന്റെ മർമ്മം. Ans. സത്യവിശ്വാസം എല്ലാ ശ്ലീഹന്മാരെയും ഏൽപ്പിച്ചു. അങ്ങനെ ഓരോ ശ്ലീഹാക്കും അധികാരാവകാശം ഉണ്ടായിരുന്നോ?Q പ്രഖ്യാപിതമായ സത്യവിശ്വാസം പഠിപ്പിക്കുവാൻ ഓരോരുത്തർക്കും അധികാരവും അവകാശവും സ്വന്തനിലയിൽ തന്നെ ഉണ്ടായിരുന്നു. Ans. അങ്ങനെ സത്യവിശ്വാസം പഠിപ്പിക്കുന്നതിനുള്ള നൽവരം ശ്ലീഹന്മാർക്ക് ക്രിസ്തു കൊടുത്തിരുന്നോ?Q നിങ്ങൾ പോയി പഠിപ്പിക്കിൻ എന്ന് മത്തായി 28 ൽ ക്രിസ്തു പറഞ്ഞിരിക്കുന്നതിനാൽ അതിനുള്ള നൽവരം അവർക്ക് കൊടുത്തു. Ans. നിബിയന്മാർ എന്നു വച്ചാൽ ആരാണ്?Q പ്രവാചകന്മാർ. Ans. അത് വേദപുസ്തകത്തിൽ എടുത്ത് പറഞ്ഞിട്ടുള്ള പ്രവാചകന്മാരാണ് EB 39 page 306 ൽ നിബിയന്മാരുടെ തലവനായ മൂശ എന്ന് പറയുന്നുണ്ട്. EB 38 102- ാം വശത്ത് പുതുഞായറാഴ്ചയുടെ ക്രമം പറയുന്നുണ്ട്. അതിൽ 19 മുതൽ 22 വരെയുള്ള വരികളിൽ പറയുന്നത് എന്താണ്?Q പരിശുദ്ധ മോർ തോമാ ശ്ലീഹായുടെ ഓർമ്മയുടെ ദിവസത്തിൽ ആകാശവും അവയിലുള്ള സർവ്വവും സന്തോഷിക്കുകയും ഭൂമിയും സഭയും അതിന്റെ മക്കളും അദ്ദേഹത്തെ തെരെഞ്ഞെടുക്കുകയും അതിനുള്ളിൽ (സഭക്കുള്ളിൽ) അവനെ ഓളങ്ങൾകൊണ്ടും അതിന്മേൽ അടിക്കുന്ന തിരമാലകൾകൊണ്ടും ഇളകിപ്പോകാവതല്ലാത്ത അടിസ്ഥാനമായി വയ്ക്കുകയും ചെയ്തവനായ കർത്താവിന് സ്തുതിപാടുന്നു. അദ്ദേഹത്തിന്റെ ഓർമ്മ ശ്രേഷ്ഠതപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ എന്നാണ്. Ans. മോർ തോമാ ശ്ലീഹായെ സഭക്ക് ഇളകിപ്പോകാത്ത അടിസ്ഥാനമാക്കി വച്ചിരിക്കുന്നു. എന്നാണോ അവിടെ

പറയുന്നത്?Q അല്ല. സഭക്കുള്ളിൽ അടിസ്ഥാനമായി വച്ചിരിക്കുന്നു എന്നാണ്. Ans. എന്നുവച്ചാൽ സഭയുടെ അടിസ്ഥാനമല്ല. സഭക്കുള്ളിൽ ഉള്ള അദ്ദേഹ ത്തിന്റെ വിശ്വാസപൂർണ്ണതയോടുകൂടിയുള്ള നില്പും പ്രവർത്തനവുമാണ് അടിസ്ഥാനം. Ans. സഭയിൽ ഉണ്ടാകുന്ന തിരമാലകളാലും കൊടുങ്കാറ്റുക ളാലും ഇളകിപ്പോകാത്ത അടിസ്ഥാനമാണ്. 104-ാം പേജിൽ 13 മുതൽ 17 വരെ വരികളിൽ പറയുന്നതിന്റെ തർജ്ജമ പറയാമോ?Q അവരുടെ വചനത്തെ ക്കുറിച്ച് അവൻ സംശയിക്കരുതെന്ന് അവർ അവനോട് അപേക്ഷിച്ചുകൊ ണ്ടിരിക്കുമ്പോൾ അവരെ സന്ദർശിക്കുവാനായി രണ്ടാം പ്രാവശ്യവും പെട്ടെന്ന് നമ്മുടെ കർത്താവ് വരികയും തോമായെ വിളിക്കുകയും നീ വന്ന് തൊട്ട് കാണുക, വിശ്വസിക്കുക, ഉറക്കുക, നീ സംശയിക്കരുത് എന്ന് പറയുകയും ചെയ്തു. തോമാ അദ്ദേഹത്തെ സ്പർശിക്കുകയും വിശ്വസിക്കുകയും ചെയ്തു. അവിടുന്ന് സത്യമായി എന്റെ കർത്താവും ദൈവവും ആകുന്നു എന്ന് അവൻ അട്ടഹസിച്ച് പറഞ്ഞു. Ans. തുടർന്നുള്ള ഭാഗം കൂടി തർജ്ജമ ചെയ്യൂ?Q ഇതിന് യോഗ്യത പ്രാപിച്ച നമ്മുടെ ഭൗതിക കുടുംബത്തിൽ നമുക്കത്ഭുത പ്പെടാം. എന്തെന്നാൽ നമ്മുടെ കർത്താവ് വന്ന് ഉയരത്തിന്റെയും ആഴത്തി ന്റെയും എല്ലാ അധികാരങ്ങളും അതിന് നൽകി. ഭരണക്കാരെയും ഇടയന്മാ രെയും കാര്യസ്ഥന്മാർ അഥവാ ഭരണാധികാരികളെ സഭയിൽ താൻ നിയമിച്ചു. Ans. ഉയരത്തിന്റെയും ആഴത്തിന്റെയും എല്ലാ അധികാരങ്ങളും അവന് കൊടുത്തു എന്നുണ്ടോ? ഇല്ല. Ans. അതിന് കൊടുത്തു എന്നതിന് ഉപയോ ഗിച്ചിരിക്കുന്ന വാക്ക് 'ലെ' എന്നാണ്. ലെ എന്നതിന് അതിനെന്നും അവ നെന്നും അർത്ഥമുണ്ട്. എന്നാൽ ആ പ്രാർത്ഥനയിൽ പറയുന്നത് ഇതിന് യോഗ്യത കിട്ടിയ നമ്മുടെ ഭൗതിക കുടുംബം എന്നാണ്. അതിനാണ് ഇപ്പ റഞ്ഞ അധികാരങ്ങൾ ലഭിച്ചത്. അതായത് ശീമോനുൾപ്പെടെ ഉയരത്തിന്റെയും ആഴത്തിന്റെയും അധികാരം കിട്ടിയ ഭൗതികത മനുഷ്യനുമാണ് ആ കുടുംബം എന്നു പറഞ്ഞിരിക്കുന്നത്. തോമാശ്ലീഹായെക്കുറിച്ച് മുൻപറഞ്ഞ പ്രാർത്ഥന യുടെ തുടർച്ചയല്ല ഇത്. ഇത് മറ്റൊരു പ്രാർത്ഥനയാണ്. ആദ്യത്തെ പ്രാർത്ഥന യിൽ പറയുന്നത് വേദത്തിൽ കാണുന്ന തോമാശ്ലീഹായെക്കുറിച്ചുള്ള ആ ഭാഗത്തെ ആശ്രയിച്ചാണ്. അതിന്റെ തുടർച്ചയായിട്ടാണോ ഉയരത്തിന്റെയും ആഴത്തിന്റെയും അധികാരം കൊടുത്തു എന്നു പറയുന്നത്? തുടർച്ചയല്ല. ഒരു ഫുൾസ്റ്റോപ് കഴിഞ്ഞു ആ പാരഗ്രാഫിൽതന്നെ അതുമായി യാതൊരു ബന്ധവുമില്ലാത്ത വേറൊരു സംഗതിയായിട്ടാണ് കാണുന്നത്. Ans. പുസ്തക ത്തിൽ പാരഗ്രാഫ് തിരിച്ചല്ല പ്രാർത്ഥനകൾ എഴുതിയിരിക്കുന്നത്. വിഷയ ത്തിനനുസരിച്ച് പാരഗ്രാഫ് തിരിച്ചല്ല. ഒരേ രാഗത്തിൽ ചൊല്ലുന്ന പ്രാർത്ഥ നകൾ ഒരുമിച്ച് എഴുതുകയാണ്. ഇതിന് യോഗ്യത പ്രാപിച്ചു എന്നുള്ളത് എന്തിന്റെ യോഗ്യതയാണ്? കർത്താവിൽനിന്ന് നൽവരങ്ങൾ പ്രാപിച്ചതി നുള്ള യോഗ്യത. Ans. ആ പ്രാർത്ഥനയിൽ ഇതിനെ എന്ന് പറയുന്നത് എന്താണ്? ആ പ്രാർത്ഥനയിൽ പറയുന്നതിനെയെല്ലാമാണ് ആ ഇത് സൂചിപ്പി ക്കുന്നത്. Ans. ഇത് എന്നതിന് മുകളിലുള്ള വാചകങ്ങളെ എല്ലാം ഉദ്ദേശി

ച്ചാണോ ഇത്? അല്ല. അതിന്റെ മുകളിലുള്ള നമ്മുടെ ഭൗതികകുടുംബത്തെക്കുറിച്ച് നമുക്ക് അത്ഭുതപ്പെടാം എന്നതിനെക്കുറിച്ച് മാത്രമെ ആ ഇത് വരികയുള്ളൂ. അതിന് മുമ്പുള്ള വാചകങ്ങളെല്ലാം വേറൊരു പ്രാർത്ഥനയാണ്. Ans. അട്ടഹസിച്ച് പറഞ്ഞു എന്നതിനുശേഷമുള്ള ഭാഗത്തിന് വരിക. നമ്മുടെ കർത്താവ് ആഗതനായി ഉയരത്തിന്റെയും ആഴത്തിന്റെയും സകല അധികാരങ്ങളും അവന് കൊടുക്കുകയാൽ ഇതിന് യോഗ്യനായിതീർന്ന ഭൗമികനായ നമ്മുടെ വർഗ്ഗക്കാരനെപ്പറ്റി നമുക്ക് വിസ്മയഭരിതരാകാം എന്ന് തർജ്ജമ ചെയ്യാമോ? സുറിയാനിഭാഷ അറിയാവുന്നവനും ഉള്ളതുപോലെ സത്യമായി തർജ്ജമ ചെയ്യണമെന്ന് ആഗ്രഹമുള്ളവനുമായാൽ ഒരാൾക്കും മുൻപറഞ്ഞ രീതിയിൽ തർജ്ജമ ചെയ്യാൻ സാദ്ധ്യമല്ല. ആ തർജ്ജമ തീരെ തെറ്റാണ്. Ans. അത് വേറൊര് പ്രാർത്ഥനയായി എഴുതിയിരിക്കുന്നതുകൊണ്ടല്ല തർജ്ജമ തെറ്റാണെന്ന് പറഞ്ഞത്. തുഹമാൻ എന്നതിന് our family എന്നാണർത്ഥം. നമ്മുടെ കുടുംബക്കാരൻ എന്ന് അതിന് അർത്ഥം ഒരിക്കലും ഉണ്ടാവുകയില്ല. രണ്ടാമത് ആ ഫാമിലിയുടെ വെളിച്ചത്തിൽ അതിനാണ് ഈ അധികാരങ്ങൾ നൽകിയതെന്നും സ്പഷ്ടമായി കാണാവുന്നതാണ്. എന്തെന്നാൽ നമ്മുടെ കർത്താവ് വന്ന് ഉയരത്തിന്റെയും ആഴത്തിന്റെയും എന്നതിൽ എന്തെന്നാൽ എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുന്നു? നമ്മുടെ ഭൗതിക കുടുംബത്തിൽ നമുക്ക് അത്ഭുതപ്പെടാം എന്നുള്ള ആ principal clause നെ പൂരിപ്പിക്കുന്നതാണ്. 'ദോലദുവച്ച്' താഴെപറയുന്ന adverbal clauses of reason സൂചിപ്പിക്കുന്നത്. Ans. ദോലദ് adverbal clause ഉണ്ടാക്കുവാൻ വാചകത്തിന്റെ ആദ്യത്തിൽ ചേർക്കുന്ന ഒരക്ഷരമാണ്. അതിന് ഈ context ൽ എന്തെന്നാൽ എന്നർത്ഥമാണ്. 212-ാം പേജിൽ 1, 2 വരികളുടെ തർജ്ജമ പറയണം? നമ്മുടെ രക്ഷകന്റെ സുവിശേഷം പ്രസംഗിക്കുവാനായിട്ട് തോമാ ഇൻഡ്യയിലേക്കും യോഹന്നാൻ എഫേസോസിലേക്കും ശെമോൻ കീപ്പാ റോമിലേക്കും അയക്കപ്പെട്ടു എന്നാണ്. Ans. 214-ാം പേജ് 18 മുതൽ 20 വരെ വരികൾ തർജ്ജമ ചെയ്യുക? കുറവുള്ളവരും മീൻപിടുത്തക്കാരുമായ മനുഷ്യരെ തനിക്ക് പ്രസംഗകന്മാരാകുവാൻ നമ്മുടെ രാജാവ് തനിക്കായി തിരഞ്ഞെടുത്തു. ശെമവോൻ റോമായിലും തോമാ ഇന്ത്യയിലും യൂഹാനോൻ എഫേസോസുപ്രദേശത്തും പ്രസംഗിച്ചു. യാക്കോബ് യറുശലേമിലും പ്രസംഗിച്ചു. അവരെ ശ്രേഷ്ഠരാക്കിയ കർത്താവിന് സ്തുതി. Ans. 226-ാം പേജ് 4 മുതൽ വരികൾ തർജ്ജമ ചെയ്യുക? ഇൻഡ്യാദേശത്ത് തോമാ സൂര്യനെപ്പോലെ ഉദിക്കുകയും കറുത്തവരായ (അന്ധകാരന്മാരായ) ജാതികളെ തിരിക്കുകയും പരിശുദ്ധ മാമോദീസായുടെ നിർമ്മലജലത്താൽ അവരുടെ ആ കറുപ്പുനിറം തുടച്ചുമാറ്റുകയും ചെയ്തു. അവനെ തെരഞ്ഞെടുത്ത കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. Ans. ഇൻഡ്യാ എന്നതിന് സുറിയാനിയിൽ ഉപയോഗിക്കുന്ന പദം ഹിന്ദു എന്നാണ്. ഹിന്ദുദേശം എന്നു തർജ്ജമ ചെയ്യാമൊ? അവിടെ പറയുന്നത് ഹിന്ദു എന്നാണ്. അസറൊദ്ഹിന്ദു എന്നു പറഞ്ഞാൽ ഹിന്ദുദേശം എന്നുപറയാം. Ans. 2-ാമതു വായിച്ച ഭാഗത്ത് അതായത് 226-ാം പേജിൽ ദേശം എന്നതിനുള്ള വാക്ക്

ഉണ്ട്. 226-ാം പേജിൽ തോമാ ശ്ലീഹായുടെ ഓർമ്മദിവസം ബഹുമാനിച്ച മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ആദ്യജാതൻ ശ്ലീഹന്മാരെ തനിക്കായി തെരഞ്ഞെടുത്തു. അവരിൽനിന്ന് തോമാശ്ലീഹായെയും തെരഞ്ഞെടുത്തു. ഭോഷന്മാരും അന്ധകാരമായന്മാരുമായ ജാതികളെ അവൻ പോയി മാമൂദീസാ മുക്കുവാനായി അവനെ അയച്ചു. ഹിന്ദുദേശത്തു അന്ധകാരം വ്യാപൃതമായിരുന്നു അവിടെ ദുഃഖവും അല്ലെങ്കിൽ കാർവർണ്ണവും ഉണ്ടായിരുന്നു. ആകാശത്തിലെ സൂര്യന്റെ കിരണങ്ങൾ പോലെ തോമാശ്ലീഹാ പുറപ്പെട്ട് അതിനെ പ്രശോഭിതമാക്കി" എന്നുണ്ട്. 227-ാം പേജിൽ "ഹിന്ദുവിലെ രാജാവ് അടിസ്ഥാനങ്ങൾ കൂടാതെ പണിയപ്പെട്ട ഒരു കൊട്ടാരം സ്വപ്നത്തിൽ കണ്ടു. ഹാബാനെ യഹൂദിയ ദേശത്തേക്ക് അദ്ദേഹം അയച്ചു. മിശിഹാരാജാവ് അദ്ദേഹത്തിന് കാണപ്പെടുകയും മേൽ സ്വർഗത്തിൽ കൊട്ടാരം പണിയുവാനായി തോമായെ ഹാബാന് അടിമയായി താൻ വില്ക്കുകയും ചെയ്തു. അദ്ദേഹം ശ്ലീഹന്മാരോട് പറഞ്ഞു. നിങ്ങളെല്ലാവരും എനിക്ക്വേണ്ടി പ്രാർത്ഥിക്കുവിൻ. എന്തെന്നാൽ എന്റെ കർത്താവ് എന്നെ ഇൻഡ്യയിലേക്ക് വിട്ടിരിക്കുന്നു" എന്ന് പറയുന്നുണ്ട്. 227-ാം പേജിൽ "മിസ്രയിൽനിന്നും പുറപ്പെട്ടുപോന്ന തന്റെ ജനത്തെ മോശ മുഖാന്തിരം ശ്രേഷ്ഠമാക്കിയവൻ തോമാ മൂലം തന്റെ സഭയെ തെറ്റിൽനിന്നും സംരക്ഷിച്ചു എന്ന് തോമാശ്ലീഹയുടെ ഓർമ്മദിവസത്തെ പ്രാർത്ഥനയിൽ പറയുന്നു. അതിനെ തുടർന്ന് ഹിന്ദുവിലേക്കു പോവാൻ നീ ഭയപ്പെടേണ്ട. എന്തെന്നാൽ ഞാൻ നിന്റെ കൂടെ ഉണ്ട്. നിന്റെ മുമ്പാകെ ഞാൻ വഴി ഒരുക്കും എന്ന് കർത്താവ് തോമയോട് അരുളിചെയ്തു" എന്നുണ്ട്. "വിശ്വാസത്തിന്റെ പ്രസംഗകനായ പരിശുദ്ധ തോമാശ്ലീഹാ സൂര്യനെപ്പോലെ ഹിന്ദുവിന്റെമേൽ പ്രകാശിക്കുകയും തന്റെ ഉപദേശത്താൽ അതിനെ പ്രകാശിപ്പിക്കുകയും ചെയ്തു. ഇൻഡ്യാക്കാരുടെ മഹാരാജാവിന് തോമാപണിത കൊട്ടാരമല്ലാതെ അടിസ്ഥാനമില്ലാതെ സ്വർഗത്തിൽ പണിത കൊട്ടാരം ആരാകുന്നു കണ്ടിട്ടുള്ളത്" എന്നുണ്ട്. 229-ാം വശത്ത് മോർ തോമാ ശ്ലീഹായെപ്പറ്റി പറയുമ്പോൾ ശ്ലീഹാ ഇൻഡ്യക്കാരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമൂദീസാ മുക്കി എന്നുണ്ട്. 230-ാം പേജിൽ പ്രശോഭിതരും പരിശുദ്ധരും സഭയുടെ അടിസ്ഥാനവും ആയ ഞങ്ങളുടെ പിതാവായ മോർ ശ്ലീഹാ അങ്ങയുടെ ഓർമ്മ എന്നേക്കുമുണ്ടായിരിക്കട്ടെ. എന്തെന്നാൽ സംശയമെന്ന്യെ ഞാൻ ഒന്നാകുന്നു എന്ന് പുത്രനെ നീ ഏറ്റുപറഞ്ഞു. തന്റെ മുമ്പിൽ നീ വന്ദിച്ചുകൊണ്ട് തന്നോട് നീ ഇപ്രകാരം പറഞ്ഞു. അങ്ങ് സത്യമായി എന്റെ കർത്താവും സംശയം കൂടാതെ എന്റെ ദൈവവും എന്നുതന്നെ. ഏദനിലും മദ്ബഹായിലും അങ്ങയുടെ ഓർമ്മ ശ്രേഷ്ഠമാകുന്നു. അങ്ങയുടെ പ്രാർത്ഥന ഞങ്ങളെ സഹായിക്കട്ടെ" എന്നുണ്ട്. 308-ാം പേജിൽ ദൈവമാതാവിന്റെ വാങ്ങിപ്പിനെപ്പറ്റിയുള്ള ക്രമത്തിന്റെ ഭാഗമാണ്. അതിൽ റോമായിൽ നിന്നും ശീമോനെയും ഹിന്ദുവിൽനിന്ന് തോമായേയും എഫേസൂസിൽനിന്നും യോഹന്നാനേയും ഉറഹായിൽനിന്ന് ആദായേയും ആര് എന്റെ അടുത്ത് കൊണ്ടുവരും എന്ന് ക്രിസ്തുവിനോട് മാതാവ്

പറയുന്ന ഒരു ഭാഗം ഉണ്ട്. 293-ാം പേജിൽ റോമായിൽനിന്നും ശീമോനും എഫേസൂസിൽനിന്നും യൂഹാനോനും ഹിന്ദുദേശത്തുനിന്നും തോമായും ബെസ്നഹറീൻ നിന്നും ആദായിയും വേഗത്തിൽ വന്നെത്തി എന്നുണ്ട്. ഈ നാലുപേരും അതുവരെ ജീവിച്ചിരിപ്പുണ്ടായിരുന്നു എന്നും പറയുന്നുണ്ട്. EB 38ന്റെ 1-ാം പേജിന്റെ തർജ്ജമ ഹാജരാക്കിയിട്ടുണ്ട്. ഈത്തോ കാദിസ്ത്തോ സൂറിയയ്ത്തോ ഓർത്തോദുക്സോയിത്തോ എന്നാണ്. പരിശുദ്ധ ഓർത്ത ഡോക്സ് സുറിയാനി സഭ എന്നും തർജ്ജമ ചെയ്യാമോ? സഭക്ക് മൂന്ന് വിശേ ഷണങ്ങളാണ് അവിടെ പറഞ്ഞിരിക്കുന്നത്. ശരിയായി തർജ്ജമ ചെയ്താൽ ഒന്നാമത്തേത് ഒന്നാമതും രണ്ടാമത്തേത് രണ്ടാമതും മൂന്നാമത്തേത് മൂന്നാമതും ആയിട്ടേ പറയുവാൻ സാധിക്കയുള്ളൂ. ആ സ്ഥിതിക്ക് പരിശുദ്ധ സുറിയാനി ഓർത്തഡോക്സ് സഭ എന്നാണ് ശരിയായ തർജ്ജമ. പ്രധാന വിശേഷണം ഏതാണ്?Q സുറിയാനി എന്നുള്ളതാണ്. Ans. പ്രധാനവിശേഷണം ആണൊ ആദ്യം പറയേണ്ടത്? തർജ്ജമ ചെയ്യുമ്പോൾ മൂലത്തിൽ കിടക്കുന്നതിന്റെ ക്രമമനുസരിച്ച് തർജ്ജമ ചെയ്യണം. പ്രധാന adjective ആദ്യം പറയുന്ന പതി വില്ലേ? അതിലുള്ളതെല്ലാം ഓരോ വിധത്തിൽ പ്രധാനമാണ്. സഭ പരിശുദ്ധ മാണ്. സഭ സുറിയാനിസഭയാണ്. ആ സഭ സത്യവിശ്വാസമുള്ളതുമാണ്. Ans. തർജ്ജമയിൽ പ്രധാന adjective ആദ്യം പറയുക എന്ന് ഒര് പ്രിൻസിപ്പിൾ ഉണ്ടോ? മൂലത്തിൽ കാണുന്നത് അതേ ക്രമത്തിൽ തർജ്ജമ ചെയ്യണമെ ന്നാണ് പ്രിൻസിപ്പിൾ. Ans. ഓർത്തഡോക്സോ എന്ന് വച്ചാൽ സത്യവിശ്വാ സമുള്ള എന്നാണ്. സുറിയാനി എന്നതിനേക്കാൾ പ്രാധാന്യമുള്ളത് സത്യ വിശ്വാസമുള്ളത് എന്നല്ലേ ഒരിക്കലുമില്ല. സത്യവിശ്വാസമുള്ള adjective പല സഭകളും എടുക്കുന്നുണ്ട്. എന്നാൽ സുറിയാനിസഭ ഒന്ന് മാത്രമേ ഉള്ളൂ. ആ സുറിയാനിസഭ സത്യവിശ്വാസമുള്ളതാകയാൽ ആ വിശേഷണം ഉപയോഗി ക്കുന്നു. Ans. സുറിയാനി എന്ന വിശേഷണം എന്തിനെ സൂചിപ്പിക്കുന്നു? സിറിയായിലെ ആന്റിയോക്കിൽ അതിന്റെ പ്രധാന കേന്ദ്രമായിരുന്നതിനാൽ സുറിയാനിസഭ എന്നു പറയുന്നു. Ans. സഭയുടെ വിശ്വാസത്തിനോ കേന്ദ്ര സ്ഥാനത്തിനോ ഏതിനാണ് പ്രാധാന്യം? ഒര് കേന്ദ്രത്തോട് അനുബന്ധിച്ച് പറയപ്പെടുന്ന സഭയുടെ വിശ്വാസത്തിനാണ് അല്ലാതെ സ്ഥലത്തിനല്ല പ്രാധാന്യം. Ans.EB38 ൽ നിന്നും ഏതാനും ഭാഗങ്ങൾ തർജ്ജമ ചെയ്ത് ഹാജരാക്കിയിട്ടുള്ളത് ഏത് ക്രമത്തിലുള്ളതിന്റേതാണ്? ശ്ലീഹന്മാരുടെ തലവ ന്മാരായ മോർ പത്രോസിനെയും മോർ പൗലോസിനെയും കുറിച്ചുള്ള ക്രമം. Ans. മറ്റ് ശ്ലീഹന്മാരുടെ തലവന്മാരായ മോർ പത്രോസിനെയും മോർ പൗലോ സിനെയും കുറിച്ചുള്ള ക്രമം. Ans. മറ്റ് ശ്ലീഹന്മാരുടെ പെരുനാളുടെ ക്രമത്തെ പ്പറ്റിയുള്ളവയും EB38 ൽ ഉണ്ട്. ExB38 പേജ് 202ൽ തന്റെ സുവിശേഷത്തി നായി ശീമോനെ തെരഞ്ഞെടുത്തു എന്നുമുതൽ രാജ്യത്തിന്റെ തലവനാകുകയും ചെയ്തു എന്നുള്ള ഭാഗത്ത് പറയുന്ന ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകൾ എന്തിനെ സൂചിപ്പിക്കുന്നു? പാപമോചന അധികാരത്തിന്റെ താക്കോലുകളാണ് അവിടെ പറയുന്നത്. Ans. പാപമോചനാധികാരത്തിന്റെ

താക്കോലുകൾ മറ്റ് ശ്ലീഹന്മാർക്കും കൊടുത്തിട്ടുണ്ടോ? യോഹന്നാൻ 20ൽ പറയുന്ന മാളികയിൽ സന്നിഹിതരായിരുന്ന ശ്ലീഹന്മാർക്ക് ആ അധികാരം കിട്ടി എന്ന് നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. Ans. ആ ഭാഗത്ത് ജാതികളെ ശിഷ്യപ്പെടുത്തി എന്ന് പറയുന്നതെന്താണ്? പത്രോസ് പുറജാതികളെ ശിഷ്യപ്പെടുത്തിയിട്ടുണ്ട്. Ans. പൗലോസ് ശ്ലീഹായെ ജാതികളുടെ അപ്പോസ്തലൻ എന്ന് പറയുന്നുണ്ട്. രാജ്യത്തിന്റെ തലവൻ എന്ന് വച്ചാൽ എന്താണ്? സ്വർഗരാജ്യത്തിന്റെ അഥവാ സഭയുടെ തലവൻ. Ans. പേജ് 204ൽ റൂഹാ നിർമ്മിച്ച താക്കോൽ എന്ന് പറയുന്നതെന്താണ്?Q പരിശുദ്ധാത്മാവ് നിർമ്മിച്ച താക്കോൽ എന്നതിൽനിന്നും സഭയെ നയിച്ചും ഭരിച്ചും കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ആ ഭരണാധികാരത്തെ സൂചിപ്പിക്കുന്നു. Ans. ശ്ലീഹന്മാർക്ക് പരിശുദ്ധാത്മദാനം ലഭിച്ചത് എപ്പോഴാണ്?Q നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ എന്ന് പറഞ്ഞ് കർത്താവ് അവരിൽ ഊതിയപ്പോൾ. Ans. പെന്തിക്കോസ്ത് ദിവസത്തിൽ പരിശുദ്ധാത്മദാനം ലഭിച്ചോ?Q പരിശുദ്ധാത്മാവാസം ലഭിച്ചു. Ans. അത് പിതാവാം ദൈവത്തിൽനിന്നു കിട്ടിയ ദാനമാണോ?Q പിതാവാം ദൈവത്തിൽ നിന്ന് പുത്രനായ ക്രിസ്തു അയച്ചു കൊടുത്ത ദാനമാണ്. Ans. 204-ാം പേജിൽ ഉയരത്തിലും ആഴത്തിലും നീ ബന്ധിക്കയും അഴിക്കയും ചെയ്തു എന്ന് പറയുന്നത് താക്കോൽ അധികാരത്തെക്കുറിച്ചാണോ?Q കെട്ടുകയും അഴിക്കുകയും ചെയ്യുന്നത് പാപമോചനത്തിന്റെ അധികാരത്തിന്റെ താക്കോലും അതിന്റെ നേരെ താഴെ പറയുന്ന നിനക്ക് താൻ നല്കിയ ആട്ടിൻകൂട്ടം എന്ന് പറഞ്ഞിരിക്കുന്നതിൽ ഭരണാധികാരത്തിന്റെ താക്കോലും ഉൾപെട്ടിരിക്കുന്നു. Ans. ആട്ടിൻകൂട്ടത്തിന് ഭാഗ്യം എന്ന് മാത്രമല്ലെ പറയുന്നുള്ളൂ അവിടെ? നിനക്ക് നൽകിയ ആട്ടിൻകൂട്ടത്തിന് ഭാഗ്യം എന്നേ പറയുന്നുള്ളൂ. Ans. സെയ്ന്റ് മാത്യു 10:2 ശ്ലീഹന്മാരുടെ പേരുകൾ പറയുമ്പോൾ ഒന്നാമൻ പത്രോസ് എന്താണ് പറയുന്നത് (with reference to ExB83).
Stopped for the day.
മൊഴി വായിച്ചു കേട്ടു. ശരി.
കുര്യൻ കോർഎപ്പിസ്കോപ്പാ - ഒപ്പ്
First Addl. District & Sessions Court, Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-
Judge 23-8-78

24-8-78 witness sworn again and cross examination continued. ExB 42 എന്തിന്റെ ക്രമമാണ്? സുറിയാനിയിലുള്ള കുർബാന ശുശ്രൂഷാക്രമമാണ്. Ans. 1902 ൽ പബ്ലിഷ് ചെയ്തിട്ടുള്ളതാണ്. മലങ്കര മൽപാൻ കോനാട്ട് മത്തായി കശീശാ പബ്ലിഷ് ചെയ്തതാണ്. EB 42 (a) ExB42 ന്റെ 291-ാം പേജിന്റെ തർജ്ജമയാണ്. ബാക്കി ഒരു ഭാഗത്തിന്റെയും തർജ്ജമ ഹാജരാക്കിയിട്ടില്ല. EB42 ൽ 181 മുതലുള്ള പേജുകളിൽ ദൈവമാതാവിനോടുള്ള പ്രാർത്ഥനകൾ ആണ്. അതിന്റെ ഇവിടെ പ്രചാരത്തിലില്ലാതിരുന്ന മേൽപടി പ്രാർത്ഥനയുടെ അറബിഭാഷയിലുള്ള

ക്രമം അന്ത്യോക്യായുടെ പത്രോസ് തൃതീയൻ പാത്രിക്കീസ് ബാവ 1875ൽ മലബാറിൽ വച്ച് തർജ്ജമ ചെയ്തിട്ടുള്ളത്. മുൻപറഞ്ഞ മത്തായി കശീശ അച്ചടിപ്പിച്ചിട്ടുള്ളതാകുന്നു. ആ പ്രാർത്ഥന തർജ്ജമ ചെയ്ത അക്കാലം മുതൽ തന്നെ ഇവിടെ പ്രചാരത്തിൽ വന്നിരിക്കണം. അറബിഭാഷയിൽനിന്നും സുറിയാനിയിലേക്കാണ് തർജ്ജമ ചെയ്തത്. ഇത് മലയാളം ആക്കിയിട്ടുണ്ട്. അത് ഇവിടെ ഹാജരാക്കിയിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. മലയാളത്തിലാക്കിയിട്ടുള്ളത് കന്യകമറിയാമിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. മദ്ധ്യസ്ഥപ്രാർത്ഥനയിൽ കേസിനാവശ്യമുള്ള വിഷയങ്ങൾ ഉണ്ടായതുകൊണ്ടല്ല ഹാജരാക്കിയത്. എന്നാൽ ഇവിടെയുള്ള ആരാധനാക്രമങ്ങൾ പരിശുദ്ധ അന്ത്യോക്യാസിംഹാസനത്തിൽനിന്നാണ് ഇക്കാലം വരെയും ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന് ഇവിടെ ഹാജരാക്കിയിട്ടുള്ള പുസ്തകത്തെ സംബന്ധിച്ച വിവരണങ്ങളിൽ നിന്ന് കാണിക്കുവാനാണ് ഹാജരാക്കിയത്. ഉദയംപേരൂർ സുന്നഹദോസിനുമുമ്പ് ഈ സഭയിൽ കൂദാശക്രമങ്ങൾ, തക്സാകൾ, പ്രാർത്ഥനാക്രമങ്ങൾ മുതലായവ നിലവിലിരുന്നോ? ഉദയംപേരൂർ സുന്നഹദോസ് കാലത്ത് നെസ്തോറിയരുടെ ഭരണമായിരുന്നതിനാൽ അവരുടെ പ്രാർത്ഥനാക്രമങ്ങളും തക്സാകളും മറ്റും ആണ് ഇവിടെ നിലവിലിരുന്നത്. Ans. നെസ്തോറിയ ഭരണത്തിനുമുമ്പ് ഈവക പുസ്തകങ്ങൾ സഭയിൽ ഉണ്ടായിരുന്നോ? അതിന് മുമ്പും പരിശുദ്ധ അന്ത്യോക്യാസിംഹാസനത്താൽ അയക്കപ്പെട്ട പിതാക്കന്മാർ ഓരോ കാലങ്ങളിൽ വന്നപ്പോൾ കൊണ്ടുവന്നിരിക്കാം. ഇവയെല്ലാം ഉദയംപേരൂർ സുനഹദോസിൽ വച്ചും അതിനുശേഷവുമായി റോമൻ കത്തോലിക്കാ അദ്ധ്യക്ഷന്മാരാൽ ദഹിപ്പിക്കപ്പെട്ടു എന്നാണ് ചരിത്രങ്ങൾ പറയുന്നത്. Ans. നെസ്തോറിയൻ ഭരണത്തിനുമുമ്പ് അന്ത്യോക്യയിൽ നിന്നും കൊണ്ടുവന്നിരുന്നു എന്നതിന് ഏതെങ്കിലും ചരിത്രലക്ഷ്യങ്ങൾ ഉണ്ടോ?Qസ്പഷ്ടമായ ചരിത്രമില്ലാത്ത ആ കാലങ്ങളിൽ കൊണ്ടുവരപ്പെട്ട രേഖകളെക്കുറിച്ച് ചരിത്രപരമായി പറയുവാൻ സാദ്ധ്യമല്ലെങ്കിലും അങ്ങനെയുള്ള കാലത്ത് കൊണ്ടുവരപ്പെട്ട പുരാതനമായ ഒരു സുറിയാനി വേദപുസ്തകത്തെക്കുറിച്ച് മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം മറ്റ് ക്രമങ്ങളും കൊണ്ടുവന്നിരിക്കാം എന്നുദ്ദേശിക്കുന്നു. Ans.ExB153 എന്ത് പുസ്തകമാണ്? കഷ്ടാനുഭവ ആഴ്ചയിലെ പ്രാർത്ഥനാപുസ്തകമാണ്. Ans. അതിലെ പ്രാർത്ഥനകൾ ExB41 ൽ ഉണ്ടോ എന്ന് മുഴുവനും നോക്കാതെ പറയുവാൻ ഒക്കുകയില്ല. EB 153 യിലെ 246-ാം പേജിന്റെ ഒരു ഭാഗത്തിന്റെ തർജ്ജമ മാത്രമെ ഹാജരാക്കിയിട്ടുള്ളൂ. ExB41 പേജ് 173-174 കോലോകൾ എന്ന ഹെഡിംഗിൽ 2 എന്ന് നമ്പർ ഇട്ടിട്ടുള്ള പ്രാർത്ഥന സഭയിൽ ഉപയോഗത്തിലിരിക്കുന്ന പ്രാർത്ഥന ആണോ? അതെ. Ans. അത് ExB 153 ൽ 16-ാം പേജിൽ ഉണ്ട്. അതിൽ ശ്ലീഹന്മാരെ കാവൽക്കാരാക്കി നിശ്ചയിക്കയും ചെയ്തു എന്ന് പറയുന്നത് എന്തിന്റെ കാവൽക്കാരാണ്. Ans. സത്യത്തിന്റെ മുന്തിരിത്തോപ്പിന്റെ. Ans. അത് സഭയാണ്. Ans.ExB153 യിലുള്ളതിന്റെ ശരിയായ തർജ്ജമയാണോ ExB41 ൽ ഉള്ളത്?Q അതെ. Ans.EB43-0 ExB148-0 ഒന്നു തന്നെയാണ്.

ExB148 (a) ഭാഗത്ത് വീടിൻ ഭരണം ശീമോന് എന്നതിന്റെ സുറിയാനിയിൽ ശെമവോനെ കാര്യസ്ഥൻ അഥവാ ഭരണാധിപതി ആക്കി എന്നാണ്. വീടിൻ ഭരണം എന്നതിനുള്ള വാക്ക് സുറിയാനിയിൽ ഉണ്ട്. അത് ബൈത്തോ എന്നാണ്. വീടിന്റെ കാര്യസ്ഥൻ അഥവാ ഭരണകർത്താവ് എന്ന് സുറിയാനി യിൽ ഉണ്ട്. ഗൃഹവിചാരകൻ ആക്കി എന്ന് പറയാമോ?Q ഗൃഹത്തിന്റെ ഭരണാ ധിപനാക്കി എന്ന അർത്ഥത്തിൽ ആണ് ഗൃഹവിചാരകൻ എങ്കിൽ ആ വാക്കും ഉപയോഗിക്കാം. Ans. ഗൃഹവിചാരകൻ എന്ന് മറ്റ് പ്രാർത്ഥനകളിൽ ഉപയോ ഗിച്ചിട്ടുണ്ടോ?Q മറ്റ് പ്രാർത്ഥനകളിലും കണ്ടേക്കാം. Ans. ആ അർത്ഥത്തിൽ തന്നെയാണോ ഇവിടെയും ഉപയോഗിക്കുന്നത?Q അത് സന്ദർഭാനുസരണം നോക്കി പറയേണ്ടതാണ്. കാരണം ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ എന്നും മറ്റും ഉപയോഗിച്ചിട്ടുണ്ട്. Ans. ഭരണക്കാരൻ എന്നതിന് ഉപയോഗി ച്ചിട്ടുള്ള വാക്ക് റാബ് ബൈത്തോ എന്നാണ്. അതു രണ്ടു വാക്കാണ്. റാബോ എനാൽ കാര്യസ്ഥൻ, വലിയവൻ, ശ്രേഷ്ഠൻ എന്നെല്ലാമാണ്. മാമൂദീസാ ക്രമത്തിൽ വിശുദ്ധ ശ്ലീഹന്മാരുടെ കൂട്ടത്തിൽ ഇവനെ ഇരുത്തണമെ എന്നൊരു ഭാഗം ExB148-32- ാം പേജിൽ ഉണ്ട്. (മലയാളം 33-ാം പേജിൽ) മാമോദീസ കേൾക്കുന്ന ആളിനുവേണ്ടിയാണ്. വിവാഹത്തിന്റെ ക്രമത്തിൽ സഭയെപ്പറ്റി പറയുമ്പോൾ പരിശുദ്ധ ശ്ലീഹന്മാർ മൂലം ക്രമമായി അതിന്ന് നീ പൂർണ്ണത നൽകുകയും ചെയ്തു എന്നുണ്ട്. ExB148-75- ാം പേജിലാണ്. ExB 44 പേജ് 190ൽ ഒന്നാം തുബ്ദേനിൽ നാല് ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ വിശുദ്ധസഭകളെ എന്ന് പറയുന്നത് എന്തിനെ ഉദ്ദേശിച്ചാണ്?Q ലോകമെങ്ങു മുള്ള പ്രാദേശികസഭകൾ ഉൾപ്പെടെയുള്ള ഏകസഭയെ ഉദ്ദേശിച്ച്. Ans. ആ തുബ്ദേനിൽ പാത്രിയർക്കീസന്മാരായ ആബുൻ മോർ ഇഗ്നാത്തിയോസ്, ആബുൻ മോർ ബസേലിയോസ്, ആബുൻ മോർ ഗ്രിഗോറിയോസ് എന്ന് പറയുന്നതിൽ ആബുൻമാർ ഇഗ്നാത്തിയോസ് എന്ന് പറയുന്നത് അന്ത്യോക്യാ പാത്രിയർക്കീസിനെക്കുറിച്ചാണ്. ആബുൻ മോർ ബസേലിയോസ് അദ്ദേഹ ത്തിന്റെ കീഴിലുള്ള കിഴക്കിന്റെ മഫ്രിയാനയെ ഉദ്ദേശിച്ചാണ്. ആബുൻ മോർ ഗ്രിഗോറിയോസ് ബഹുമാനസൂചകമായി പാത്രിയർക്കാനാമം നൽകപ്പെടു കയും അന്ത്യോക്യാപാത്രിയർക്കീസിന് കീഴായിരിക്കുകയും ചെയ്ത യറു ശലേം മെത്രാപ്പോലീത്തായെക്കുറിച്ചാണ്. തുബ്ദേനിൽ അന്ത്യോക്യാ പാത്രി യർക്കീസിന് കീഴിലാണെന്ന് പറഞ്ഞിട്ടില്ലല്ലോ?Q തുബ്ദേനിൽ ചരിത്രം എടുത്തുപറയേണ്ട ആവശ്യമില്ലാത്തതിനാൽ പറഞ്ഞിട്ടില്ല. Ans. ഇവരുടെ പേരുകൾ പറഞ്ഞശേഷം പ്രാർത്ഥനയിൽ എല്ലാ എപ്പിസ്കോപ്പന്മാരെപ്പറ്റിയും പറയുന്നുണ്ട്. എല്ലാ എപ്പിസ്കോപ്പന്മാരും സഭയെ മേയിച്ചു ഭരിക്കുന്നവരാണ് എന്നു ആ തുബ്ദേനിൽ പറയുന്നില്ലേ?Q അങ്ങനെ അതിനർത്ഥം ഇല്ല. കാരണം ഈ മൂന്നുപേരുടെ പേർ പറഞ്ഞശേഷം ഭരിക്കുന്ന ഇടവക മെത്രാപ്പോലീത്താ യുടെ പേരും പറയുന്നുണ്ട്. അത്രയും ഭരിക്കുന്നവരെകുറിച്ച് പറഞ്ഞശേഷം ഭരിക്കുന്ന ഇടവക മെത്രാപ്പോലിത്തായുടെ പേരും പറയുന്നുണ്ട്. അത്രയും ഭരിക്കുന്നവരെകുറിച്ച് പറഞ്ഞശേഷം ഇടവകകൾ ഭരിക്കുന്നവരോ ഒരു

ഭരണവും ഇല്ലാത്തവരോ ആയ സത്യവിശ്വാസികളായ ശേഷമുള്ള എല്ലാ എപ്പിസ്കോപ്പന്മാർക്കുവേണ്ടിയും പ്രാർത്ഥിക്കയാണ്. മേയിച്ചു ഭരിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത് മുൻപറഞ്ഞ നാലുപേരുടെയും സ്ഥാനത്തിന്റെ സ്ഥിതിക്കനുസരിച്ചുള്ള മേയ്ക്കലും ഭരിക്കലുമാണ്. EB44-221-222 പേജുകളിൽ പറയുന്ന ഗീതം സഭയിൽ ഉപയോഗത്തിലുള്ളതാണോ?Q അതെ. Ans. ശുശ്രൂഷാക്രമങ്ങൾ, പ്രാർത്ഥനാപുസ്തകങ്ങൾ, നമസ്കാരക്രമങ്ങൾ എന്നിവയിൽ അലങ്കാരഭാഷയിൽ പലതും പറയുന്നുണ്ടോ? എന്തിനോടെങ്കിലും സാമ്യപ്പെടുത്തി എന്തെങ്കിലും എഴുതിയിട്ടുണ്ടായിരിക്കാം. എന്നാൽ അത് തത്വത്തിനും വിശ്വാസത്തിനും എതിരായിരിക്കയില്ല. Ans. ഓരോ പ്രാർത്ഥനയിലും പറഞ്ഞിട്ടുള്ളത് അക്ഷരാർത്ഥത്തിൽ മാത്രം എടുക്കുവാൻ പാടില്ലാത്തതാണോ?Q അത് മുഴുവൻ വായിച്ചുനോക്കണം. Ans. അങ്ങനെ അല്ലാത്തത് സാക്ഷിയുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?Q ഇപ്പോൾ ഓർക്കുന്നില്ല. Ans. പ്രാർത്ഥനയിലും മറ്റും അപ്പോസ്തോല സമൂഹത്തെകുറിക്കുന്നതിന് ശെമവോൻ ഭവനം, ശെമവോൻ സമൂഹം, ശെമവോനും അവന്റെ സഖാക്കളും എന്നൊക്കെ ഉപയോഗിക്കുന്നുണ്ടോ?Q ഉണ്ട്. Ans. അങ്ങനെ ഉപയോഗിക്കുന്നത് പത്രോസിനെ അപ്പോസ്തലസമൂഹത്തിന്റെ പ്രതിനിധിയായി കരുതിയാണോ?Q ഒരിക്കലുമല്ല, പത്രോസ് അതിന്റെ തലവനായതുകൊണ്ടാണ്. Ans. അങ്ങനെ പറയുന്നതിന്റെ അടിസ്ഥാനം?Q സഭയുടെ വിശ്വാസം പ്രാർത്ഥനാക്രമങ്ങളിലും മറ്റും സ്പഷ്ടമായി പത്രോസ് തലവനാണെന്നുള്ളത് ഉള്ളതുകൊണ്ടും പത്രോസ് ശ്ലീഹന്മാരുടെ തലവനല്ലെന്ന് ഇതുവരെയും പൂർവ്വിക സഭകളിൽ ആരും പറഞ്ഞിട്ടില്ലാത്തതുകൊണ്ടും ആണ്. Ans. പൂർവ്വിക സഭകൾ ഏതൊക്കെയാണ്? ഏറ്റവും പ്രധാനമായി 70 കോടിയോളമുള്ള റോമാസഭയാണ്. ഈഗുപ്തായ മുതലായ മറ്റു സഭകളും പത്രോസ് ശ്ലീഹന്മാരുടെ തലവനല്ലന്ന് പറഞ്ഞിട്ടുള്ളതായി ഞാൻ വായിച്ചിട്ടില്ല. Ans. മറ്റു സഭകൾ പറഞ്ഞതിന്റെ പുസ്തകങ്ങൾ വല്ലതും വായിച്ചിട്ടുണ്ടോ?Q എന്റെ അറിവ് എന്ന് ഞാൻ പറഞ്ഞതിൽ നിന്നും ഞാൻ അത് പുസ്തകങ്ങൾ വായിച്ചിട്ടുള്ള അറിവല്ല. കേട്ടറിവാണ്. Ans.EB158 കല്പന എവിടുന്ന് കിട്ടിയതാണ്?Q പുലിക്കോട്ട് മോർ ദിവന്ന്യാസ്യോസിസ് മെത്രാപ്പോലിത്തയുടെ ജൂബിലി സംബന്ധിച്ച് അങ്കമാലി കോട്ടയം ഇടവകകളുടെ മോർ പൗലോസ് അത്തനാസ്യോസ് മെത്രാപ്പോലീത്തയുടെ മുദ്രയോടുകൂടി 1901 കർക്കിടകം 10ന് കോട്ടയത്ത് സെമിനാരിയിൽ നിന്നും മലങ്കരയിലുള്ള എല്ലാ പള്ളികൾക്കും അയച്ച ഈ കല്പന ഇവിടെ ഹാജരാക്കിയത്. ഏതെങ്കിലും പള്ളികളിൽനിന്നായിരിക്കാമെന്നല്ലാതെ കൃത്യമായി ബോധിപ്പിക്കുവാൻ എനിക്ക് സാദ്ധ്യമല്ല. Ans.EB158 കൊണ്ട് ഏതെങ്കിലും പള്ളിക്ക് അത് അയച്ചതായി കാണുന്നോ?Q മലങ്കര ഇടവകയിലുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ് എന്നുപറഞ്ഞുള്ള ഒരു സർക്കുലർ കല്പനയാകയാൽ ഇന്ന പള്ളിക്ക് എന്ന് അതിൽ കാണാൻ നിവൃത്തിയില്ല. Ans.ExB158 ൽ ആരുടെ എങ്കിലും ഒപ്പുണ്ടോ?

മേൽപറഞ്ഞ മെത്രാപ്പോലീത്തയുടെ മുദ്രകളിലും Ans. എന്ന് മാത്രമുള്ള മുദ്ര അടിയിലും ചേർത്തിട്ടുണ്ട്. പ്രത്യേകം ഒപ്പ് അതിൽ ഇല്ല. Ans.ExB159 ൽ കാണുന്ന ഒപ്പ് ആരുടെയാണ് എന്ന് ഒപ്പ് മാത്രം നോക്കിപ്പറയാമോ?Q ഞാൻ ജനിച്ചത് 1913 ൽ ആണ്. 1901ൽ ഒപ്പിട്ടിരിക്കുന്നതാരാണെന്ന് എനിക്കറിഞ്ഞുകൂടാ. Ans.ExtB158. B159 ഇതുകളെപ്പറ്റി നേരിട്ടറിവില്ലല്ലോ?Q ഇങ്ങനെയുള്ള കല്പനകൾ ചിലടത്തെല്ലാം കണ്ടിട്ടുണ്ടെന്നല്ലാതെ 1901ലെ കല്പനകളെകുറിച്ച് എനിക്ക് നേരിട്ടറിവില്ല. Ans.EB163 യെപ്പറ്റി നേരിട്ട് എന്തെങ്കിലും അറിവുണ്ടോ?Q ഉണ്ട്. Ans. ഇഗ്നാത്തിയോസ് അപ്രേം 1 പാത്രിയർക്കീസ് ബാവ 1946 ധനു ഏഴാം തീയതി നോമ്പിന്റെ ആചരണം സംബന്ധിച്ച് അയച്ച കല്പനയാണ്. Ans. ഈ കല്പനയിലെ വിവരങ്ങൾ അത് വായിച്ച് അറിയാം. EB163 യിൽ അടിയിൽ മലയാളത്തിൽ എഴുതിയിട്ടുള്ളത് (date) ഞാനാണ് അതെന്ന് എഴുതിയതാണ്?Q എന്നാണെന്നോർമ്മയില്ല. Ans.ExB163(a) ൽ ശരി തർജ്ജമ എന്നതിനുപകരം നേരെ ഒപ്പിട്ടിരിക്കുന്നത് ഏലിയാസ് മോർ യൂലിയോസ് ബാവായാണ്. തർജ്ജമ ചെയ്തത് അദ്ദേഹമാണോ?Q അദ്ദേഹമല്ല. അദ്ദേഹത്തിന് മലയാളം അറിഞ്ഞുകൂടാ. വിശ്വസ്തന്മാരെ ആരെക്കൊണ്ടെങ്കിലും തർജ്ജമ ചെയ്യിച്ചതാണ്. Ans. പാത്രിയർക്കീസ് ബാവ തന്റെ കീഴിലുള്ള മലങ്കരസഭയിലെ സഭക്ക് അയച്ചിട്ടുള്ള കല്പനയാണ്. ഇത് പള്ളികൾക്ക് അയച്ചുകൊടുത്തിട്ടുണ്ടോ?Q അയച്ചുകൊടുത്തിട്ടുണ്ട്. അക്കാലത്ത് ഞാൻ സേവനം നടത്തിയിരുന്ന കട്ടപ്പുറത്ത് പള്ളിയിൽ ഈ കല്പന കിട്ടുകയും വായിക്കുകയും ചെയ്തിട്ടുണ്ട്. Ans. ഏതൊക്കെ പള്ളികൾക്കയച്ചിട്ടുണ്ടെന്നറിയാമോ?Q എല്ലാ പള്ളികൾക്കും അയച്ചിരിക്കാമെന്നല്ലാതെ പള്ളികളുടെ ലിസ്റ്റ് എനിക്കറിഞ്ഞുകൂടാ. Ans. ഇത് പള്ളികൾക്കയച്ചത് സംബന്ധിച്ച രേഖകൾ വല്ലതും കണ്ടിട്ടുണ്ടോ?Q എനിക്കതേക്കുറിച്ച് സംശയമില്ലാതിരുന്നതിനാൽ ഞാൻ അന്വേഷിച്ചിട്ടുമില്ല-രേഖ കണ്ടിട്ടുമില്ല. Ans. 1946ൽ മലങ്കരസഭയിൽ വ്യവഹാരം നിലവിലിരുന്ന കാലമാണോ?Q ആണെന്ന് തോന്നുന്നു. Ans. അന്ന് കാതോലിക്കോസിനും അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന പള്ളികൾക്കും ഈ കല്പന അയച്ചിട്ടുണ്ടോ?Q ഏതെല്ലാം പള്ളികൾക്ക് എന്ന് നിശ്ചയമില്ലെന്ന് നേരത്തെ ബോധിപ്പിച്ചു. കാതോലിക്കോസിനയച്ചിട്ടുണ്ടോ എന്ന് നിശ്ചയമില്ല. Ans.EB 164-1898 ൽ പ്രസിദ്ധപ്പെടുത്തിയതാണ്. റവ. സക്കറിയ കോർഎപ്പിസ്കോപ്പാമാലിത്തറ വെളിയനാട് എന്ന ആളെ അറിയാം. ക്നാനായക്കാരനാണ്. EB 165(a) ലേഖനം ആരെഴുതിയിട്ടുള്ളതാണ്? ലേഖനകർത്താവിന്റെ പേര് എഴുതിയിട്ടില്ലെങ്കിലും 1898ലും മറ്റും സഭയുടെ നാവ് എന്ന രീതിയിൽ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന *മലങ്കര ഇടവകപത്രിക* എന്ന മാസികയിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. Ans. ആ ലേഖനം മുഴുവൻ ഉണ്ടോ?Q തുടരും എന്ന് അതിൽ എഴുതിയിട്ടുണ്ട്. മുഴുവൻ ഇതിൽ ഇല്ല. Ans. ഈ ലേഖനം വായിച്ചതായി ഓർക്കുന്നുണ്ട്. EB 165 ൽ കുറച്ച് ചിതൽ കേടുണ്ട്. അത് വായിച്ച് കാര്യം മനസ്സിലാക്കാൻ തടസ്സമല്ല. EB 165(a) ൽ പറയുന്ന വിവരങ്ങൾ ശരിയാണോ?Q അന്ന് വായിച്ചപ്പോൾ ശരിയാണെന്ന്

തോന്നി. Ans. പുസ്തകം അത് തന്നെയുമാകയാൽ ഇപ്പോഴും ആ അഭിപ്രായത്തിന് മാറ്റമില്ല. EB 167 ന്റെ പ്രിന്ററൊ പബ്ലിഷറൊ ആരാണ്?Q അവസാനത്തെ കവർ പേജ് നഷ്ടപ്പെട്ടിരിക്കുന്നതിനാൽ പ്രിന്ററും പബ്ലിഷറും ആരാണെന്ന് കാണുന്നില്ല. എന്നാലും പാത്രിയർക്കീസ് ബാവാ, കാതോലിക്കാ ബാവാ, മറ്റ് തിരുമേനിമാർ മുതലായവരുടെ സന്ദേശങ്ങളും സഭയിലെ ഇപ്പോൾ ഉള്ളവരും പ്രാവീണ്യമുള്ളവരുമായ പലരുടെയും ലേഖനങ്ങളും ഉള്ളതാണ്. Ans.B167 (a) അക്കം മെസ്സേജിന്റെ ഒറിജിനൽ എവിടെയാണെന്നറിയാമോ?Q ഒന്നുകിൽ എഡിറ്റോറിയൽ ബോർഡ് ചെയർമാൻ ഡാനിയൽ മോർ ഫിലക്സിനോസ് തിരുമേനിയുടെയോ ചീഫ് എഡിറ്റർ ഫാ. റ്റി. ജെ. ജോഷ്വായുടെയൊ പബ്ലിഷറും മാനേജരുമായ ഫാ. കെ. വി. സാമുവലിന്റെയൊ കയ്യിൽ കാണാവുന്നതാണ്. Ans.witness add പബ്ലിഷറുടെ പേര് ഇപ്പോൾ സൂക്ഷിച്ച് പരിശോധിച്ചപ്പോൾ കവർ കഴിഞ്ഞു 5-ാം പേജിൽ കാണുന്നു. Counsel continues. ഇതിന്റെ ഒറിജിനൽ മെസ്സേജ് സാക്ഷി കണ്ടിട്ടുണ്ടോ?Q ഇല്ല. Ans. സന്ദേശം അയച്ച് കൊടുക്കാനുണ്ടായ സന്ദർഭം എന്താണെന്നു നേരിട്ടറിവുണ്ടോ?Q സന്ദേശത്തിന് ആവശ്യപ്പെട്ട അതിന്റെ പ്രവർത്തകർക്കല്ലാതെ എനിക്ക് നേരിട്ടറിവില്ല. Ans. സന്ദേശത്തിനാവശ്യപ്പെട്ടോ?Q ആവശ്യപ്പെടാതെ അയക്കുക പതിവില്ല. Ans. ആവശ്യപ്പെട്ടോ എന്ന് നേരിട്ടറിവില്ല. ഫാ. പോൾ വർഗീസ് ആയി എനിക്കല്പം എഴുത്തുകൾ ഉണ്ടായിട്ടുണ്ട്. എന്നാണ്Q 1970ന് ശേഷമാണെന്ന് തോന്നുന്നു. Oriental Churches Curriculam കമ്മറ്റി സംബന്ധമായി ചിലതെല്ലാം അദ്ദേഹം എന്റെ പേർക്ക് എഴുതുകയും ഞാൻ മറുപടി കൊടുക്കുകയും ചെയ്തിട്ടുണ്ട് എന്ന് നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. Ans. ഫാ. പോൾ വർഗ്ഗീസിൽനിന്നും കിട്ടിയ ലറ്ററുകൾ വല്ലതും കൈവശം ഉണ്ടോ? സണ്ടേസ്കൂൾ പ്രവർത്തനം കഴിഞ്ഞതോടുകൂടി അങ്ങനെയുള്ള കടലാസുകൾ പ്രത്യേകമായി സൂക്ഷിച്ചുവച്ചിട്ടില്ല. Ans. അദ്ദേഹത്തിന്റെ ഒപ്പ് ഇപ്പോൾ കണ്ടാൽ അറിയാമോ? അച്ചനായിരിക്കുമ്പോൾ ഉള്ള ഒപ്പ് കണ്ടാൽ അറിയാം. ഇപ്പോഴത്തെ ഒപ്പ് അറിയില്ല. Ans. അച്ചനായിരിക്കുമ്പോൾ ഉള്ള ഒപ്പ്പരിചയം correspondance ൽ നിന്നാണ്. Correspondence രണ്ട് മൂന്ന് മാസത്തേക്കുണ്ടായിരുന്നു. എത്ര എഴുത്തുകളാണെന്നോർമ്മയില്ല. ExB170 പോസ്റ്റിൽ അയച്ചതാണൊ നേരിട്ട് കൊടുത്തതാണോ?Q 1968ൽ പാത്രിയർക്കീസ് ബാവാ ഇവിടെ ഇല്ലാതിരുന്നതിനാൽ ഇവിടെവച്ച് നേരിട്ട് കൊടുത്തു കാണാൻ വഴിയില്ല. എന്നാൽ അദ്ദേഹം പലപ്പോഴും പാശ്ചാത്യയാത്രകൾ ചെയ്യുന്ന ആളായതുകൊണ്ട് പക്ഷെ ഡമസ്കാസിൽ വച്ച് കൊടുത്തിരിക്കാം. അല്ലെങ്കിൽ പോസ്റ്റിൽ അയച്ചിരിക്കാം. എനിക്ക് അതേപ്പറ്റി നേരിട്ടറിവില്ല. Ans. അതിൽ personal and confidential ആയി കൊടുത്തതാണെന്ന് കാണുന്നുണ്ട്. കേസിൽ ഹാജരാക്കാൻ എങ്ങനെ കിട്ടി എന്ന് എനിക്കറിഞ്ഞുകൂടാ. ExB 47,48,49,50,53,54 ഈ എഴുത്തുകളെപ്പറ്റി നേരിട്ടറിവുണ്ടോ?Q ആ എഴുത്തുകൾ എഴുതിയിരിക്കുന്നതിന്റെ കൈപ്പട ഈ കേസിലെ 1-ാം വാദിയുടെതാണെന്ന് എനിക്കറിയാം. മറ്റ് കാര്യങ്ങൾ എനിക്കറിഞ്ഞുകൂടാ. Ans.

ഈ എഴുത്തുകൾ 1-ാം വാദി എഴുതുന്നത് ഞാൻ കണ്ടിട്ടില്ല. സഭയുടെ സ്ഥാപനത്തെപ്പറ്റി ExB103 പേജ് 89ൽ ഇങ്ങനെ സഭയുടെ സ്ഥാപനത്തിന് എന്ന് തുടങ്ങി ലോകാവസാനത്തോളം നിലനില്ക്കും എന്ന് വരെയുള്ള ഭാഗത്ത് പറയുന്ന വിവരങ്ങൾ ശരിയാണോ?Q അത് ക്രിസ്തു ലോകത്തിൽ പ്രവർത്തിച്ച് തുടങ്ങിയപ്പോൾ മുതൽ തന്നെ സഭ ക്രിസ്തുവിൽ അന്തർലീനമായിരുന്നു. ഈ പാറമേൽ എന്റെ സഭയെ പണിയും എന്നുള്ള വാഗ്ദാനസമയത്ത് ക്രിസ്തുവിന്റെ സഭ സ്ഥാപിതമായി. പെന്തിക്കോസ്തിയിൽ നടന്നത് ക്രിസ്തുവിന്റെ സഭയിൽ ധൈര്യത്തോടും പരിശുദ്ധാത്മനിറവോടും കൂടി പ്രവർത്തിക്കുവാൻ ശ്ലീഹന്മാർക്കും പരിശുദ്ധാത്മവാസം ഉണ്ടായ മറ്റുള്ളവർക്കും ശക്തി ലഭിക്കുകയുമായിരുന്നു. അങ്ങനെയല്ലാതെ സഭയുടെ സ്ഥാപനത്തിന് മൂന്ന് ഘട്ടങ്ങൾ വേദപുസ്തകപരിധിയിൽ കാണുന്നുണ്ട് എന്ന് ExB103 ലെ പ്രസ്താവനയോട് ഞാൻ യോജിക്കുന്നില്ല. ?Q സഭ ക്രിസ്തുവിൽ അന്തർലീനമായിരുന്നു എന്നതിൽ നിന്ന് എന്താണ് അർത്ഥമാക്കേണ്ടത്?Q സഭ ക്രിസ്തുവിൽ നിന്ന് അന്യമല്ലായിരുന്നു എന്നാണ്. Ans. സഭ യഥാർത്ഥമായി സ്ഥാപിതമായതെന്താണ്?Q മത്തായി 16 ആ വാഗ്ദാനത്തോടുകൂടിയാണ്. അന്ന് സ്ഥാപിക്കപ്പെട്ടു. Ans. അന്ന് സഭ സ്ഥാപിക്കപ്പെട്ടു എന്ന് വ്യാഖ്യാതാക്കളൊ പുർവ്വ പിതാക്കളൊ പണ്ഡിതന്മാരൊ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?Q വിശുദ്ധവേദപുസ്തകം തന്നെ അതിന് സ്പഷ്ടമായ സാക്ഷ്യമാണ്. EB103 ലെ അഭിപ്രായത്തിന് വ്യാഖ്യാതാക്കളുടെ അഭിപ്രായം കാണിച്ചിട്ടില്ലാത്തതുപോലെ തന്നെ ഞാൻ ബോധിപ്പിച്ചതിനും പെട്ടെന്ന് വ്യാഖ്യാതാക്കളുടെ പേരുകൾ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ല. Ans. ഞാൻ പറഞ്ഞ രീതിയിലുള്ള വ്യാഖ്യാനം എന്റെ സ്വന്താഭിപ്രായമല്ല. ഞാൻ വായിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാക്കിയിട്ടുള്ളതാണ്. അങ്ങനെയുള്ള ഗ്രന്ഥങ്ങൾ കണ്ടുപിടിച്ചു പിന്നീട് ബോധിപ്പിക്കാമോ?Q അന്വേഷിച്ച് കിട്ടുകയാണെങ്കിൽ ബോധിപ്പിക്കാം. Ans. ക്രിസ്തു ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് സഭയുടെ സ്ഥാപനത്തിന് വേണ്ടിയുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നോ?Q ക്രിസ്തു ജീവിച്ചിരുന്നപ്പോൾ മാത്രമല്ല ആദാമിന്റെ വീഴ്ച മുതൽ രക്ഷകനെ വാഗ്ദത്തം ചെയ്തകാലം മുതൽ സഭയുടെ സ്ഥാപനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ പിതാവാം ദൈവം ചെയ്തിരുന്നു. Ans. ക്രിസ്തു ജീവിച്ചിരിക്കേ ക്രിസ്തു ചെയ്തിരുന്നോ?Q തന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കർത്താവ് ശ്ലീഹന്മാരെ തെരഞ്ഞെടുത്തു. Ans. സ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നോ?Q സ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ അല്ല. സ്ഥാപിതമാകുന്ന സഭ മുന്നോട്ട് പോകുവാനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നു. Ans. കർത്താവിന്റെ കുരിശു മരണം, കബറടക്കം, പുനരുത്ഥാനം ഈ സംഭവത്തോടുകൂടി പഴയ യഹൂദസഭ നീക്കപ്പെട്ട് അതിന്റെ സ്ഥാനത്ത് മിശിഹായുടെ രാജ്യമാകുന്ന ക്രിസ്തുസഭ സ്ഥാപിതമായി എന്ന് പറഞ്ഞാൽ ശരിയാണോ?Q കുരിശുമരണത്തിന് മുമ്പുതന്നെ പഴയ ഇസ്രായേലിന്റെ അഥവാ പഴയ യഹൂദ സഭയുടെ പെസഹാ യാഗങ്ങൾ മുതലായവ നീക്കപ്പെട്ടു. അല്ലാതെ പുനരുത്ഥാനത്തിന്റെ ശേഷമല്ല പഴയ യഹൂദസഭ

നീക്കപ്പെട്ടത്. Ans. പഴയ യഹൂദസഭ നീക്കപ്പെട്ടത്. Ans. പഴയ യഹൂദസഭ നീക്കപ്പെട്ടത് പെസഹാ മാളികയിൽ വച്ചാണ്. അതിന് പ്രാർത്ഥനാപുസ്തക ങ്ങളിൽ തെളിവുണ്ട്. ക്രിസ്തു സഭക്ക് പുതിയ ഇസ്രായേൽ എന്ന് പറയുമോ?Q എന്ന് പറയാം. Ans. അതുകൊണ്ട് അർത്ഥമാകുന്നത് ദൈവത്തിന്റെ പുതിയ ജനം എന്നാണ്. ഇസ്രായേൽ എന്നാൽ ദൈവത്തിന്റെ ജനം എന്നർത്ഥം. മ്ശിഹാ എന്നാൽ ക്രിസ്തു തന്നെയാണ്. EB 2013 പേജ് 42 ൽ മേലുദ്ധരിച്ച വാക്യങ്ങളിൽ നിന്നും എന്ന് തുടങ്ങുന്ന പാരഗ്രാഫിൽ സഭയെപ്പറ്റി പറയുന്ന വിവരങ്ങൾ ശരിയാണോ?Q ആദിമസഭയെക്കുറിച്ച് ഇതിൽ ചിലതെല്ലാം സംഗതമാണ്. സഭയും ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കുന്നു എന്നത് ശരി യാണ്. ക്രിസ്തുവും പിതാവുമായി ഐക്യപ്പെട്ടിരിക്കുന്നതിനാൽ ഐക്യപ്പെ ട്ടിരിക്കുന്നു എന്ന് പറഞ്ഞാൽ ആ വാചകം ശരിയാകും. ഇതിൽ കിടക്കുന്ന രീതിയിൽ മാത്രമാണങ്കിൽ ശരിയല്ല. വിശുദ്ധാത്മാവിനെ പിതാവിൽനിന്നും പുത്രനിൽനിന്നും മാറ്റി നിറുത്തുവാൻ സാദ്ധ്യമല്ലാത്തതിനാൽ വിശുദ്ധസഭ ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞാൽ ശരിയാണ്. ഏക വിശ്വാസം പാലിക്കുന്നവരും ഏകതലവന്റെ കീഴിലുള്ളവരും ആയി സ്ഥിതി ചെയ്യുന്നവർ ഒരാത്മീയ സംഘടന അല്ല. അത് ദൃശ്യമായ ഒരു സ്ഥാപനമാണ്. ആ സ്ഥിതിക്ക് സഭ അന്യോന്യവും വിശുദ്ധ ത്രിത്വവുമായും ഐക്യപ്പെട്ടിരി ക്കുന്ന ഒരാത്മീയ സംഘടന എന്ന് പറഞ്ഞാൽ ശരിയായിരിക്കുകയില്ല. Ans. സഭാംഗങ്ങൾ അന്യോന്യവും വിശുദ്ധത്രിത്വവുമായി ഐക്യപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞാൽ ശരിയാണോ?Q ഏകവിശ്വാസത്തിലും ഏകതലവന്റെ കീഴി ലുമാണെങ്കിൽ ശരിയാണ്. Ans. ആ പറയുന്ന ഏകതലവൻ ആരാണ്?Q ദൃശ്യമായ സഭക്കായി യേശുക്രിസ്തു നിയമിച്ചാക്കിയ ഏകതലവൻ-വിശുദ്ധ പത്രോസ്. Ans. സഭയിൽ മരിച്ചുപോയ വിശ്വാസികളായിരുന്നവർ അംഗങ്ങ ളാണോ?Q അതെ, അവരെയാണ് അദൃശ സഭ എന്ന് പറയുന്നത്. Ans. വരുവാനിരിക്കുന്ന വിശ്വാസികളും സഭയിൽ ചേർക്കപ്പെടേണ്ടവരാണോ?Q വരുവാനിരിക്കുന്നവരും വന്നുകഴിയുമ്പോൾ ദൃശ്യസഭയുടെ അംഗങ്ങളായി ത്തീരും. Ans. സഭ ആത്മീയസംഘടന എന്ന് പറഞ്ഞാൽ ശരിയാണോ? സഭ യിൽ ഭരണപരമായ കാര്യങ്ങളും ഉള്ളതിനാൽ തനി ആത്മീയസംഘടന എന്ന് പറയുവാൻ നിവൃത്തിയില്ല. Ans. ക്രിസ്തുവിനാൽ മനുഷ്യരുടെ സർവ്വ വിധമായ രക്ഷക്കും വളർച്ചക്കുമായി സ്ഥാപിതമായ ഒരു സ്ഥാപനമാണ്. അല്ലാതെ പലരും ചേർന്നുണ്ടാക്കുന്ന ഒരു സംഘടന അല്ല. സഭക്ക് ഏകദൃശ്യ തലവൻ ഉണ്ടായിരിക്കണമെന്നുള്ളത് ഓർത്തഡോക്സ് സഭയുടെ വിശ്വാസ മാണോ?Q സുറിയാനി സഭയാണ് ഏകസഭ എന്ന് ഞാൻ വിശ്വസിക്കുന്നു എന്ന് മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. സുറിയാനി സഭക്ക് ഒരു ദൃശ്യതലവൻ കൂടിയേ കഴിയൂ. സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശ്വാസമാണ് സഭക്ക് ഏക ദൃശ്യതലവൻ കൂടിയേ കഴിയൂ എന്ന്. Ans. അങ്ങനെ ഒരു വിശ്വാസം ഉണ്ടെ ന്നുള്ളതിന് അടിസ്ഥാനം എന്താണ്?Q സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രധാന തലവൻ അന്ത്യോക്യാ പാത്രിയർക്കീസാകുന്നു എന്ന് വാദികൾ

ആശ്രയിക്കുന്ന ഭരണഘടനയിൽ ഒന്നാമതായിത്തന്നെ പറഞ്ഞിട്ടുണ്ട്. ചോദ്യോത്തരപുസ്തകങ്ങളിലും മറ്റും ഇക്കാര്യം പറഞ്ഞിട്ടുമുണ്ട്. ഏകദൃശ്യതലവൻ ഇന്നാരായിരിക്കണമെന്ന് ഭരണഘടനയിലും ചോദ്യോത്തരപുസ്തകങ്ങളിലും ഉണ്ട്. Ans. ഏകദൃശ്യതലവൻ ഉണ്ടായിരിക്കണം എന്നു കാണിക്കുന്ന ചോദ്യോത്തരപുസ്തകം ഹാജരാക്കാമോ?Q ഏകദൃശ്യതലവൻ ഉണ്ടായിരിക്കണം എന്ന് പുസ്തകത്തിലുണ്ടെന്ന് ഞാൻ ബോധിപ്പിച്ചില്ല. അത് അംഗീകൃത തത്വമാണ്. Ans. അംഗീകൃത തത്വമായതുകൊണ്ട് പ്രഖ്യാപിക്കപ്പെടുകയൊ രേഖപ്പെടുത്തുകയൊ ചെയ്തിട്ടില്ലാ എന്നാണോ?Q രേഖപ്പെടുത്തേണ്ട ആവശ്യമില്ലങ്കിലും അങ്ങനെ രേഖപ്പെടുത്തിയ രേഖകളും കണ്ടേക്കാം. Ans. ആ രേഖ ഏതാണ്?Q കണ്ടേക്കാം എന്നേ പറഞ്ഞുള്ളൂ. അറിഞ്ഞുകൂടാ. Ans. നിഖ്യാ, കുസ്തന്തിനോപ്പോലീസ്, എഫേസൂസ് ഈ സുന്നഹദോസുകൾ നടന്ന കാലത്ത് പ്രഖ്യാപിച്ച വിശ്വാസം തന്നെയാണോ സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക്?Q വിശ്വാസം അതുതന്നെയാണ്. Ans. ആ വിശ്വാസത്തോട് കൂട്ടിച്ചേർക്കുകയൊ കുറക്കുകയൊ ചെയ്തിട്ടുണ്ടോ?Q ഇല്ല. Ans. ആ സുനഹദോസുകൾ നടക്കുന്ന കാലത്ത് സഭയുടെ ഏകദൃശ്യതലവൻ ഉണ്ടെങ്കിൽ ആരാണ്?Q അക്കാലത്ത് പത്രോസിന്റെ പിൻഗാമികൾ പ്രധാന സിംഹാസനങ്ങളിന്മേൽ (പ്രധാന ആസ്ഥാനങ്ങളിന്മേൽ) ഭരിച്ചുകൊണ്ടിരുന്നതിനാൽ അവർ വ്യത്യസ്ത സഭാവിഭാഗങ്ങളുടെ ദൃശ്യതലവന്മാർ ആയിരുന്നു. അതിനുശേഷം സഭകൾ വിവിധങ്ങളായപ്പോൾ ഓരോ സഭയ്ക്കും വ്യക്തിത്വം വരികയും അന്ന് മുതൽ ആ ദൃശ്യതലവന്മാർ സഭയുടെ മുഴുവന്റെയും ഭരണം നടത്തിവരികയും ചെയ്തു. Ans. ആ സുന്നഹദോസുകൾ നടന്ന സമയത്ത് മൂന്ന് ആസ്ഥാനങ്ങളിലുള്ള മൂന്ന് ദൃശ്യതലവന്മാർ ഉണ്ടായിരുന്നു എന്നാണോ?Q അവർ ഒരേ ആളിന്റെ മൂന്ന് പ്രതിനിധികൾ ആയിരുന്നതിനാൽ വിശ്വാസ ഐക്യത്തിലും ഇരുന്നതിനാൽ പ്രവർത്തന സൗകര്യത്തിനായി മൂന്ന് തലവന്മാർ എങ്കിലും തത്വത്തിൽ ഒന്ന് മാത്രമായിരുന്നു. Ans. അന്ത്യോക്യാ സഭയിൽനിന്നും അർമീനിയൻ സഭയും അലക്സാന്ത്രിയൻ സഭയിൽനിന്നും അബ്സീനിയൻ സഭയും പിരിഞ്ഞുപോയതായി ഞാൻ പറഞ്ഞിട്ടുണ്ട്. ആ അർമീനിയൻ സഭയും അബ്സീനിയൻ സഭയും ദൃശ്യസഭ എന്ന് സാക്ഷി പറയുന്നതിൽ ഉൾപെട്ടവയാണോ?Q ചോദ്യം ഞാൻ മനസ്സിലാക്കിയ രീതിയിൽ ഉത്തരം ബോധിപ്പിക്കുന്നു. ഞാൻ ദൃശ്യസഭയും ദൃശ്യതലവനും എന്ന് ബോധിപ്പിച്ചത് സുറിയാനി സഭയെക്കുറിച്ചാണ്. മേൽപറഞ്ഞ രണ്ടു കൂട്ടരും സുറിയാനിസഭയുടെ ദൃശ്യതലവന്റെ കീഴിൽപെട്ടവരല്ല. Ans.question repeated ഏകദൃശ്യസഭയായി ഞാൻ വിശ്വസിക്കുന്നത് ഞാൻ ഉൾപെട്ട സുറിയാനി സഭയെയാണ്. മറ്റുള്ളവരും അവരുടെ സഭയെപ്പറ്റി അങ്ങനെ വിചാരിക്കുന്നുണ്ടായിരിക്കാം. Ans. സുറിയാനി സഭയ്ക്ക് inter communion മാത്രവും മറ്റെല്ലാ കാര്യങ്ങളിലും പ്രത്യേകിച്ച് ഭരണത്തിലും വ്യത്യാസവും ഉള്ളവയാകയാൽ അവരും അവരുടെ വിശ്വാസമനുസരിച്ചുള്ള കാണപ്പെടുന്ന സഭകളാണ്. Ans. സുറിയാനി സഭയുടെ വിശ്വാസമനുസരിച്ചു അവർ ദൃശ്യസഭക

ളാണോ?Q സുറിയാനി സഭയുടെ വിശ്വാസമനുസരിച്ച് സുറിയാനിസഭ മാത്രമാണ് ദൃശ്യസഭ. ആ സഭയിൽ പെടാത്തവരെ ആരെയും ആ ദൃശ്യസഭയിലെ അംഗങ്ങളായി വിചാരിക്കുന്നില്ല. Ans. ദൃശ്യസഭകൾ പലതുണ്ടോ? ഒന്ന് മാത്രമെ ഉള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. അവരുടേതും ദൃശ്യസഭകളാണെന്ന് എന്നെപ്പോലെ വിശ്വസിക്കുന്ന അവരുടെ ഉത്തമവിശ്വാസത്തെ ചോദ്യം ചെയ്യുവാൻ എനിക്ക് കഴിവില്ല. Ans.inter communion ഉള്ള മറ്റ് സഭകളിലെ വിശ്വാസികൾക്ക് ആത്മരക്ഷ ഉണ്ടെന്ന് സുറിയാനി സഭ വിശ്വസിക്കുന്നുണ്ടോ? ആത്മരക്ഷ ദൈവത്തിന്റെ ദാനമാണ്. അത് ആർക്കെല്ലാമെന്ന് ക്ലിപ്തപ്പെടുത്തി പറയുവാൻ സാദ്ധ്യമല്ല. Ans. സുറിയാനിസഭയിലെ യഥാർത്ഥമായിട്ടുള്ള വിശ്വാസികൾക്ക് ആത്മരക്ഷ ഉണ്ടാകുമെന്ന് സഭ വിശ്വസിക്കുന്നുണ്ടോ? യഥാർത്ഥവിശ്വാസവും അതോടൊപ്പം കൂദാശപരമായ വിശിഷ്ട ജീവിതവും ഉള്ള വിശ്വാസികൾക്ക് ദൈവം ആത്മരക്ഷ നൽകും എന്നാണ് സഭയുടെ വിശ്വാസം. Ans. അതുപോലെയുള്ള ആത്മരക്ഷ മറ്റ് സഭയിലുള്ളവർക്കും കിട്ടുമെന്ന് സുറിയാനിസഭ വിശ്വസിക്കുന്നുണ്ടോ? അവർക്കും കിട്ടുന്നതാണ്. സുറിയാനി സഭയുടെ വിശ്വാസം അതാണ്. Ans. അങ്ങനെയായാൽ അവരും ഏകവിശുദ്ധ സഭയുടെ അംഗങ്ങളാകാൻ അർഹരല്ലേ? അവർ അവരുടെ ഏകവിശുദ്ധ സഭയിലെ അംഗങ്ങളാണ്. Ans. സുറിയാനി സഭയുടെ വിശ്വാസമനുസരിച്ച് ഏകവിശുദ്ധസഭ എന്നത് ഒന്നേ ഒള്ളൂ. സുറിയാനിസഭ ആണ് അത്. അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സുറിയാനിസഭ മാത്രമാണ് ഏകവിശുദ്ധ സഭ എന്ന് കാണിക്കുന്നതിനുള്ള എന്തെങ്കിലും രേഖകളൊ ആധികാരികമായ തെളിവുകളൊ ഹാജരാക്കാമോ?Q സഭയിലുള്ള പ്രാർത്ഥനപരവും കൂദാശാപരവുമായ എല്ലാ പുസ്തകങ്ങളും അതിനാധാരമാണ്. കാരണം, അവയിലെല്ലാം വിശുദ്ധസഭ എന്നുപയോഗിച്ചിരിക്കുന്നത് മറ്റാരുടെയും സഭയെക്കുറിച്ചല്ല. സുറിയാനിസഭയെകുറിച്ചു മാത്രമാണ്. Ans. സുറിയാനിസഭയും മറ്റും അതുമായി communion ഉള്ള മറ്റു സഭകളും വിശ്വസിക്കുന്ന വിശ്വാസപ്രമാണം ഒന്നു തന്നെയല്ലേ? ഉപയോഗിക്കുന്ന നിഖ്യാ വിശ്വാസപ്രമാണം ഒന്നായിരിക്കാം എന്നല്ലാതെ കൂടുതൽ പറയാൻ എനിക്കറിഞ്ഞുകൂടാ. Ans. മറ്റു സഭകൾക്ക് (communion ഉള്ളത്) നിഖ്യാവിശ്വാസപ്രമാണം എന്നതല്ലാതെ വേറെ വിശ്വാസപ്രമാണം ഉണ്ടോ?Q നിഖ്യാവിശ്വാസപ്രമാണത്തിൽ അവർ വ്യത്യാസം വരുത്തിയിട്ടുണ്ടൊ എന്ന് എനിക്കറിഞ്ഞുകൂടാ. stopped for the day. മൊഴി വായിച്ച് കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ-ഒപ്പ്

First addl. District & Sessions Court Ernakulam. Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 24-8-78

24-8-78 when the deposition was read over to the witness the cross examining counsel submitted that the witness stated immediately after answer at the begin-

ning of page 702 "സഭാകാര്യത്തിൽ എന്റെ സ്വന്താഭിപ്രായത്തിനു വിലയില്ല." "The notes taken by the junior counsel contains the above while the deposition and the notes taken by Mr. P.P.John does not contain this. Hence the witness to put in the box again and he is sworn. സഭാകാര്യത്തിൽ എന്റെ സ്വന്താഭിപ്രായത്തിന് വിലയില്ല എന്ന് സാക്ഷി ബോധിപ്പിക്കുക ഉണ്ടായോ?Q ഞാൻ പറഞ്ഞത് എന്റെ സ്വന്താഭിപ്രായമല്ല ഞാൻ പറഞ്ഞത്. സഭയുടെ വ്യാഖ്യാനമാണ് പറഞ്ഞിട്ടുള്ളത്. എന്താണ്?Q Question repeated by Court ഞാൻ സഭാകാര്യത്തിൽ എന്റെ സ്വന്താഭിപ്രായത്തിന് വില ഇല്ല എന്ന് ബോധിപ്പിച്ചിട്ടില്ല. Ans. മൊഴി വായിച്ചു കേട്ടു. ശരി. കുര്യൻ കോർ എപ്പിസ്കോപ്പാ-ഒപ്പ്
First addl. District & Sessions Court, Ernakulam. Taken down by me in open Court read over to the witness and admitted by him to be correct. Sd/- And Addl. District judge. 25-8-78 witness shorn again and cross examination continued. സുറിയാനിസഭയുടെ വിശ്വാസപ്രമാണം നിഖ്യാ വിശ്വാസപ്രമാണമാണോ?Q അതെ. Ans. ആ വിശ്വാസപ്രമാണത്തിന് വ്യത്യാസം വരുത്തിയിട്ടുള്ള സഭകളുമായി സംസർഗ്ഗം ആകാമോQ പാടില്ല. Ans. സഭ വിശ്വസിക്കുന്ന വിശ്വാസപ്രമാണം ExtB44 pages 184-185 കളിൽ ചേർത്തിട്ടുണ്ടോ?Q അതിൽ പിതാവിനോട് സമത്വമുള്ളവനും സകലവും താൻ മുഖാന്തിരമായി നിർമ്മിച്ചവനും എന്നും ചേർത്തുചൊല്ലാവുന്നതാണ്. അതാണ് വിശ്വാസപ്രമാണം. Ans. പേജ് 184ൽ വിശ്വാസപ്രമാണത്തിന്റെ ആദ്യത്തെ ഭാഗമായ സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും എന്ന ഭാഗം പട്ടക്കാരൻ ആരംഭിക്കുന്നതായും ശേഷമുള്ള ഭാഗം ശുശ്രൂഷക്കാരൻ ചൊല്ലുന്നതായിട്ടും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശ്വാസപ്രമാണം അവസാനിക്കുന്നത് 185-ാം പേജിൽ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു എന്നതോടെ അവസാനിക്കുന്നു. Ext A 212ൽ 45,46,47 പേജുകളിലായി സഭ ഏകമാകുന്നു എന്ന ഹെഡിംഗിൽ പറയുന്ന വിവരങ്ങൾ ശരിയായിട്ട്ളളതാണോ? അതെ. Ans. അതിൽ ഈ ഗുപ്തായസഭ, അർമനായ സഭ, കുശായസഭ എന്നിവ സുറിയാനിസഭയോട് സംസർഗ്ഗമുള്ള സഭകളാണോ? അതെ. Ans. കൂശായസഭ എന്നത് അബ്സീനിയൻ സഭയാണ്. ആ പറയുന്ന സഭകൾ വിശുദ്ധസഭയുടെ ഘടകങ്ങളാകുന്നു എന്ന് പറയുന്നുണ്ട്. അത് 41ന് മുമ്പ് സഭ ഒന്നായിരുന്നപ്പോഴുള്ള അവസ്ഥയെക്കുറിച്ചാണ്. അതിനുശേഷം മുൻപറഞ്ഞ സഭകൾ വിശുദ്ധസഭയുടെ ഘടകങ്ങളല്ലാതായിട്ടുണ്ടോ? അവർക്ക് ഓരോന്നിനും പ്രത്യേകതലവന്മാരും പ്രത്യേക ഭരണരീതികളും ഉണ്ടായതിനുശേഷം അവ ഘടകങ്ങളല്ല. പ്രത്യേക സഭകളാകുന്നു. അവ അതിനുശേഷം വിശുദ്ധസഭയുടെ ഘടകങ്ങളല്ലാതെ ആയിതീർന്നു എന്ന് പറയാം. വ്യക്തിത്വമുള്ള പ്രത്യേക സഭകളായിതീർന്നു. 46-ാം പേജിൽ ഏകസത്യസഭയും അതിന്റെ തലവനും എന്നു പറയുന്ന ഏകസത്യസഭയുടെ തലവൻ ആരാണ്?Q അന്ന് പത്രോസിന്റെ പ്രാതിനിദ്ധ്യം ഉള്ളവരായി ഓരോ ഭാഗത്തും ഇരുന്ന ആളുകൾ മൂന്നായിരുന്നെങ്കിലും തത്വത്തിൽ ഒന്നായിരുന്നു എന്ന് മുമ്പ് ബോധിപ്പിച്ചതിന്റെ

അടിസ്ഥാനത്തിൽ ഉള്ളതിനെയാണ് അത് സൂചിപ്പിക്കുന്നത്. മൂന്നിടത്തുമുള്ള പത്രോസിന്റെ പ്രതിനിധികളാണ് അന്നത്തെ ഏകസത്യസഭയുടെ തലവൻ. Ans. ക്രിസ്തുവിനെ ഉദ്ദേശിച്ചല്ലേ ഏകസത്യസഭയും അതിന്റെ തലവനും എന്ന് പറഞ്ഞിരിക്കുന്നത്? അല്ല. Ans. 451ന് മുമ്പുള്ള കാര്യമാണ് പറഞ്ഞിരിക്കുന്നത് എന്ന് Ext B44 ൽ എവിടെ എങ്കിലും പറഞ്ഞിട്ടുണ്ടോ? പ്രത്യേകം എടുത്ത് പറഞ്ഞിട്ടില്ല. Ans. അങ്ങനെ പറയാതിരിക്കാൻ ഒരു പ്രത്യേക കാരണവും ഇല്ല. EB44 ൽ വിശുദ്ധസഭയെ സംബന്ധിച്ച് 6-ാം അദ്ധ്യായത്തിൽ പറയുന്ന കാര്യങ്ങളെല്ലാം പുസ്തകം പ്രസിദ്ധീകരിക്കുമ്പോഴും ഇപ്പോഴും ഉള്ള സഭയുടെ വിശ്വാസകാര്യങ്ങളാണോ? സഭയുടെ ചരിത്രപരവും വിശ്വാസപരവുമായിട്ടുള്ള കാര്യങ്ങളാണ്. അന്നും ഇന്നും അങ്ങനെ തന്നെയാണ്. Ans. 6-ാം അദ്ധ്യായത്തിൽ സഭയുടെ ചരിത്രപരമായ കാര്യങ്ങൾ എവിടെയെല്ലാം പറഞ്ഞിരിക്കുന്നു എന്നും പറയാമോ? പറയാം. വിശുദ്ധ ഇഗ്നാത്തിയോസ് നൂറോനേയുടെ കാലത്ത് സഭ സർവ്വത്ര വ്യാപരിച്ചിരുന്നു. ഇതുപോലെ പലഭാഗത്തും ഉണ്ട്. പാറയെ സംബന്ധിച്ച് പരിശോധന നടത്തിയ കാര്യവും ചരിത്രപരമായ ഒരു സംഭവമാണ്. (43-ാം പേജിൽ) മുൻപറഞ്ഞ ഓരോ സഭകളുടെ പേര് പറഞ്ഞിരിക്കുന്നതിലും ചരിത്രമാണ് അന്തർഭവിച്ചിരിക്കുന്നത്. സുന്നഹദോസുകളെകുറിച്ച് 50-ാം പേജിൽ പറഞ്ഞിട്ടുള്ളത്. ഇത്രയുമെ ചരിത്രപരമായി കാണിക്കുവാൻ 6-ാം അദ്ധ്യായത്തിൽ ഉള്ളൂ. Ans. സഭ ശ്ലൈഹികമാകുന്നു എന്നതിനെപ്പറ്റി 44, 45 പേജുകളിൽ പറഞ്ഞിട്ടുണ്ട്. അത് ശരിയായിട്ടുള്ളത് തന്നെയാണ്. സഭയുടെ നാലുവിശേഷണങ്ങളെപ്പറ്റി EA 213 Part I പേജ് 2 മുതൽ 9 വരെ ഭാഗത്ത് പറയുന്നുണ്ട്. അതിൽ സഭ ഏകം എന്ന് ഹെഡിംഗിൽ പറഞ്ഞിട്ടുള്ളത് സുറിയാനിസഭയുടെ വിശ്വാസപ്രമാണമാണോ? അതിൽ പറയുന്നത് സുറിയാനിസഭയുടെ വിശ്വാസമല്ല. Ans.part I പേജ് 8,9ൽ സഭ അപ്പോസ്തലിക എന്ന ഹെഡിംഗിൽ പറയുന്നത് സുറിയാനിസഭയുടെ വിശ്വാസമാണോ?Q സഭ അപ്പോസ്തലികം എന്ന് പറയുന്നതിന് അദ്ദേഹം കൊടുത്തിട്ടുള്ള ഡെഫനിഷൻ അല്ല *മതോപദേശസാരങ്ങൾ* എന്ന വട്ടശ്ശേരിൽ തിരുമേനിയുടെ അംഗീകൃതപുസ്തകത്തിൽ കൊടുത്തിട്ടുള്ളത് എന്നാണ് എന്റെ ഓർമ്മ. EA 213 Part I Page 8-9 ൽ പറയുന്നതിനോട് കൂടി പലകാര്യങ്ങളും കൂട്ടിചേർക്കേണ്ടതായിട്ടുള്ളതിനാൽ അത് അതേപടി ശരിയല്ല. Ans. കൂട്ടിചേർക്കേണ്ടത് എന്താണ്?Q അപ്പോസ്തലനിൽനിന്ന് ഇടമുറിയാതെയുള്ള കൈവയ്പും ഉള്ള പ്രധാനാചാര്യസ്ഥാനവും അപ്പോസ്തലികമായ വിശ്വാസവും ഉണ്ടായിരിക്കണം എന്നാണ് കൂട്ടിച്ചേർക്കേണ്ടത്. Ans.EA 71 ൽ പേജ് 557ൽ സഭ ശ്ലൈഹികം എന്നാൽ എന്തെന്നു പറയുന്നില്ലേ?Q പറയുന്നുണ്ട്. ആ പറഞ്ഞിരിക്കുന്നത് ശരിയാണ്. അതു തന്നെയാണ് ഞാനും ബോധിപ്പിച്ചത്. Ans. വിശുദ്ധപത്രോസിനുശേഷമുള്ള സഭയുടെ ഏകതലവൻ എന്ന് പറയുന്നത് ആരായിരുന്നു?Q അദ്ദേഹത്താൽ സ്ഥാപിതമായ മൂന്ന് സ്ഥലങ്ങളിൽ ഉള്ള സഭകൾ അവരുടെ ചരിത്രത്തിൽ പത്രോസിന്റെ പിൻഗാമികളുടെ പേരുകൾ ചേർത്തിട്ടുണ്ട്. Ans. അവരെല്ലാ

മാണോ ഏകതലവൻ എന്ന് പറയുന്നത്?Q ആ ഓരോ പ്രാദേശികസഭയെ സംബന്ധിച്ചിടത്തോളം ആ ഓരോ സഭയുടെയും ഏകതലവൻ എന്നാൽ അവർ മൂവർ എന്ന നിലയിലല്ല പത്രോസിന്റെ പിൻഗാമി എന്നുള്ള നിലയിലാണ് ഭരണം നടത്തിവന്നത്. Ans. കുസ്തന്തിനോപ്പോലീസ് ആസ്ഥാനമായുള്ള സഭാവിഭാഗത്തിന്റെ തലവൻ കുസ്തന്തിനോപ്പോലീസിലെ പാത്രിയർക്കീസായിരുന്നോ?Q കുസ്തന്തീനോപ്പോലീസ് ആസ്ഥാനമാക്കി സഭാവിഭാഗം ഇല്ലായിരുന്നു. കുസ്തന്തീനോപ്പോലീസ് പാത്രിയർക്കാ ആസ്ഥാനം അവിടത്തെ സുനഹദോസ് നിശ്ചയംമൂലം ആരംഭിക്കപ്പെട്ടപ്പോൾ റോമാസിംഹാസനത്തിന്റെ ഒരു വിഭാഗമാണ് അതിന് ലഭിച്ചതെന്ന് മുമ്പ് ബോധിപ്പിച്ചിട്ടുള്ള സ്ഥിതിക്ക് ഒരു തരത്തിൽ കുസ്തന്തിനോപ്പോലീസ് പാത്രിയർക്കീസ് റോമാ പാത്രിയർക്കിസിനോട് വിധേയത്വം പുലർത്തിക്കൊണ്ടിരുന്നു എന്ന് വിചാരിക്കാവുന്നതാണ്. അങ്ങനെ വിധേയത്വം പുലർത്തിവരുന്നതായി കാണിക്കുന്നതിന് എന്തെങ്കിലും ചരിത്രലക്ഷ്യങ്ങളൊ അടിസ്ഥാനങ്ങളൊ ഉണ്ടോ? അതിന്റെ തെളിവാണ് ഏകസ്വഭാവ ഇരുസ്വഭാവ വാദം വന്നപ്പോൾ ഇരുസ്വഭാവവാദിയായ റോമാപാപ്പായോട് ചേർന്ന് നിൽക്കുവാൻ അവരെ പ്രേരിപ്പിച്ചത്. Ans. കൽക്കിദൂൻ സുനഹദോസിനുശേഷം സഭകൾ തമ്മിൽ പിരിഞ്ഞപ്പോൾ ഇന്നാര് ഇന്നാരെല്ലാം ഏതേത് പാർട്ടിയിൽ നിന്നാണ് ഈ സഭ അംഗീകരിക്കുന്ന ചരിത്രപരമായ എല്ലാ പുസ്തകങ്ങളിലും ഉണ്ട്. *പൂർവ്വിക പിതാക്കന്മാരും പൊതുസുന്നഹദോസുകളും* എഴുതിയിട്ടുള്ളത് ചെറായി പുതുശ്ശേരിൽ പി.പി.ജോസഫ് കത്തനാരാണ്. ആ പുസ്തകം ഞാൻ വായിച്ചിട്ടുണ്ട്. അതിൽ പറയുന്ന വിവരങ്ങൾ സ്വീകരിക്കാവുന്ന ഒരു പുസ്തകം ആണോ? ഒന്നുകൂടി കാര്യമായി വായിച്ചുനോക്കിയിട്ടല്ലാതെ അത് പറയാൻ നിവൃത്തിയില്ല. Ans. കുസ്തന്തീനോ പാത്രിയർക്കീസിൻ കീഴിൽ ഒരു സഭ ഉണ്ടായിരുന്നോ? 451 വരെ ഏകസഭയുടെ അംഗത്വത്തോടുകൂടി പ്രാദേശിക സഭയും അതിനുശേഷം അവരുടെ പാത്രിയർക്കീസിന്റെ കീഴിൽ പ്രത്യേകമായ സഭയും ഉണ്ടായിരുന്നു. ആ പ്രാദേശികസഭ സാക്ഷിപറയുന്ന ദൃശ്യസഭയിൽ ഉൾപ്പെട്ടതായിരുന്നോ?Q ദൃശ്യസഭയിൽ ഉൾപ്പെട്ടതും റോമാപോപ്പിനോട് വിധേയത്വമുള്ളതും ആയ ഒരു സഭയായിരുന്നു. Ans. പി.പി.ജോസഫ് കത്തനാർ പൗലോസ് മോർ ഫിലിക്സിനോസ് മെത്രാപ്പോലീത്തയുടെ പിതാവാണോ?Q ബസേലിയോസ് പൗലോസ് ദ്വിതീയൻ കാത്തോലിക്കാ ബാവയുടെ പിതാവാണ്. Ans. പൗലോസ് മോർ ഫിലിക്സിനോസും മെത്രാപ്പോലീത്ത തന്നെയാണ് പരിശുദ്ധ പാത്രിയർക്കീസ് ബാവയാൽ മേൽപറഞ്ഞ പേരിൽ കാതോലിക്ക ആയി വാഴിക്കപ്പെട്ടത്. മലങ്കര സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ എന്നൊന്നുണ്ടായിരുന്നു. 1944 മുതൽ 1964 വരെ എനിക്കതിൽ ഔദ്യോഗികസ്ഥാനം ഉണ്ടായിരുന്നു. ഞാനായിരുന്നു അതിന്റെ ഡയറക്ടർ. അതിന്റെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ ക്ലാസ്സുകൾക്ക് പാഠമഞ്ജരികൾ രചിച്ചിട്ടുണ്ട്. അങ്ങനെയുള്ള പാഠമഞ്ജരികൾ സൺഡേസ്കൂളിൽ ഉപയോഗിച്ചുകൊണ്ടിരുന്നു. പെന്തിക്കോസ്തിൽ പരിശുദ്ധാത്മാവ് 120 പേരുടെ

സംഘത്തിൽ പ്രത്യേകമായ വിധം ഇറങ്ങി വസിച്ചപ്പോഴാണ് ഒരു കൂട്ടർ ആദ്യമായി ക്രിസ്തുവിന്റെ മണവാട്ടി സ്ഥാനത്തേക്കുയർത്തപ്പെട്ടത് എന്ന് പറഞ്ഞത് ശരിയാണോ അതായത് മുമ്പെ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതായ സഭാപരമായ പ്രവർത്തനങ്ങളിലേക്ക് പരിശുദ്ധപത്രോസിന്റെ പ്രസംഗത്തോടുകൂടി പ്രവർത്തനമണ്ഡലത്തിലേക്കിറങ്ങിയത്. അപ്പോഴാണ്. A. "മത്തായി 16-18 ഞാൻ എന്റെ സഭയെ പണിയും എന്ന ഭാവികാലപ്രക്രിയ പറഞ്ഞിരിക്കുന്നു. അതിനാൽ അന്നുവരെ ക്രിസ്തീയസഭയെ പണിഞ്ഞിരുന്നില്ല. ആ വാഗ്ദത്തം നിറവേറിയത് പെന്തിക്കൊസ്ത് ദിവസത്തിലാണ്. ഈ സഭ ക്രിസ്തുവിന്റെ ഏകശരീരമാണ്" എന്ന് പറഞ്ഞാൽ ശരിയാണോ?Q അന്നുവരെ എന്ന് പറഞ്ഞിരുന്നതിനാൽ അന്ന് തന്റെ വാഗ്ദാനത്തോടുകൂടി സഭയെ പണിയുകയും അതിന്റെ പ്രവർത്തനം പെന്തിക്കോസ്തിയോടുകൂടി ആരംഭിക്കുകയാണ് ചെയ്തിട്ടുള്ളത്. അല്ലായിരുന്നെങ്കിൽ പെന്തിക്കൊസ്തുവരെ സഭയെ പണിതിരുന്നില്ല എന്ന് അവിടെ സ്പഷ്ടമായി പറയുമായിരുന്നു. ഈ അർത്ഥത്തിൽ വാചകത്തിൽ വ്യത്യാസം ഉണ്ടെങ്കിലും പെന്തിക്കോസ്തു വരെ സഭയെ പണിതിരുന്നില്ല എന്ന് അവിടെ സ്പഷ്ടമായി പറയുമായിരുന്നു. ഈ അർത്ഥത്തിൽ വാചകത്തിൽ വ്യത്യാസം ഉണ്ടെങ്കിലും പെന്തിക്കോസ്തു വരെ സഭ പണിതിരുന്നില്ല എന്ന് പറയാത്തതുകൊണ്ട് ആ ഭാഗം ആ അർത്ഥത്തിൽ സ്വീകരിക്കാവുന്നതാണ്. Ans. സഭ ത്രിയേകദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്നതിനാൽ എല്ലാ ആത്മീയതകളുടെയും രംഗസ്ഥലമാണ് എന്ന് പറഞ്ഞത് ശരിയാണോ? ത്രിയേകദൈവത്തോട് ബന്ധപ്പെട്ടിരിക്കുകയും ത്രിത്വത്തിൽ രണ്ടാമനായ കർത്താവ് ക്രമീകരിച്ചിട്ടുള്ള രീതിയിൽ വർത്തിക്കുകയും ചെയ്യുമ്പോൾ തദനുസരണമായ ആത്മീയമായ പ്രയോജനങ്ങൾ ഉണ്ടാകും. Ans. സഭ ക്രിസ്തുവിന്റെ ശരീരം എന്നുപറയുമ്പോൾ അദൃശ്യനായ ക്രിസ്തുവാണ് അതിന്റെ തല എന്നുപറഞ്ഞാൽ ശരിയോ? Ans. സഭ ദൃശ്യവും അദൃശ്യവും കൂടി ചേർന്നതാണ്. അങ്ങനെയുള്ള സഭയുടെ തല ക്രിസ്തുവാണ്. Ans. ക്രിസ്തുവല്ലാതെ മറ്റൊരു തല സഭക്കില്ല എന്ന് പറഞ്ഞാൽ ശരിയോ? ക്രിസ്തുവല്ലാതെ മുൻപറഞ്ഞ സഭക്ക് തലയില്ല എന്നാൽ ദൃശ്യസഭക്ക് തലവനായി ക്രിസ്തു പത്രോസിനെ നിയമിച്ചു. Ans. സഭയെ ക്രിസ്തുവിന്റെ ശരീരമായി പരിഗണിക്കുന്നത് ആത്മീയമായിട്ടല്ലേ? അതെ, അതാണ്. ജീവനുള്ളവരും മരിച്ചവരും ഉൾപ്പെട്ട സഭ എന്ന് ബോധിപ്പിച്ചത്. Ans. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ സകല സത്യത്തിലും സഭയെ വഴി നടത്തുമെന്ന് കർത്താവ് കല്പിച്ചിട്ടുള്ളതായി വേദത്തിൽ നിന്ന് കാണാമോ? കാണുകയില്ല. നിങ്ങളെ വഴി നടത്തും എന്ന് കാണും. സഭയെ അല്ല. Ans. സഭയെ നയിക്കുന്നതും വഴി നടത്തുന്നതും പരിശുദ്ധാത്മാവാണെന്നാണോ വിശ്വാസം? സഭയിലെ പ്രധാനാചാര്യത്വവും ആചാര്യത്വവും വഴിയായി പരിശുദ്ധാത്മാവാണ് വഴി നടത്തുന്നത്. Ans. വിശ്വാസം പട്ടത്വം, കൂദാശകൾ എന്നിങ്ങനെയുള്ള മർമ്മപ്രധാനങ്ങളായ കാര്യങ്ങളുടെ ഗ്രന്ഥവിചാരകന്മാരും

സംരക്ഷകരും മേൽപട്ടക്കാരുടെ സംഘമല്ലേ? കർത്താവിനാൽ സ്ഥാപിക്കപ്പെട്ട കൂദാശകൾ അനുഷ്ഠിക്കേണ്ടത് സ്ഥാനസ്ഥിതി അനുസരിച്ച് പട്ടത്വമുള്ളവരാണ്. പരിശുദ്ധസൂനഹദോസുകൾ വഴിയായി ലഭിച്ചിരിക്കുന്നതാണ്. വിശ്വാസം സഭയെ സംബന്ധിച്ച് പറയുമ്പോൾ ഇവയുടെയെല്ലാം സംരക്ഷണത്തിന്റെ പൂർണ്ണഉത്തരവാദിത്തം സഭയുടെ തലവനായ പാത്രിയർക്കീസിനുള്ളതാകുന്നു. അവയിൽ ഏതെങ്കിലും തരത്തിലുള്ള ആക്രമണങ്ങൾ വരുന്നു എങ്കിൽ അതേപ്പറ്റി ആലോചിച്ചു തീരുമാനിക്കുവാൻ മേൽപട്ടക്കാരുടെ സംഘം അദ്ദേഹം വിളിച്ചുകൂട്ടുകയും തീരുമാനം എടുക്കുകയും പ്രഖ്യാപിക്കുകയും ചെയ്യും. അത്രയും മാത്രമാണ് മേൽപട്ടക്കാരുടെ സംഘത്തിന് അതിലുള്ള സ്ഥാനം. Ans. പട്ടത്വം, കൂദാശകൾ ഇവ സംബന്ധിച്ചുള്ള ഗൃഹവിചാരകത്വം ഇവ സംബന്ധിച്ചുള്ള ഗൃഹവിചാരകത്വം എപ്പിസ്കോപ്പായ്ക്കുണ്ടോ? എപ്പിസ്കോപ്പായ്ക്ക് മാത്രമല്ല, പട്ടക്കാരനും അദ്ദേഹത്തിന്റെ പരിധിയിൽ പറഞ്ഞവരുടെ മേൽ ആക്രമണം വരാതെ സൂക്ഷിക്കേണ്ട ചുമതല ഉണ്ട്. എപ്പിസ്കോപ്പായിലല്ല. എപ്പിസ്കോപ്പായിലുണ്ട്. അദ്ദേഹത്തിന്റെ പരിധിയിൽ സഭയിൽ എപ്പിസ്കോപ്പേറ്റ് എന്ന രീതിയലല്ല. സഭയിൽ പ്രധാനതലവൻ പാത്രിയർക്കീസാണ്. Ans. എപ്പിസ്കോപ്പന്മാരുടെ സംഘം അല്ലെങ്കിൽ എപ്പിസ്കോപ്പേറ്റ് എന്നു വച്ചാൽ എന്താണെന്നറിയാമോ? ഞാൻ മനസ്സിലാക്കിയിരിക്കുന്നത് എപ്പിസ്കോപ്പന്മാരുടെ സംഘം എന്ന്പറഞ്ഞാൽ അവർ കുറെപേർ കൂടുന്നു എന്നുള്ളതാണ്. എപ്പിസ്കോപ്പേറ്റ് എന്ന് ഈ സഭയിൽ സാധാരണ കേട്ടിട്ടില്ലാത്തതിനാൽ എനിക്കറിഞ്ഞുകൂടാ. Ans. റോമൻ കത്തോലിക്കാ സഭയിൽ റോമാപാപ്പായുടെ അംഗീകാരം സഭാസംബന്ധമായ എല്ലാ പ്രധാന തീരുമാനങ്ങൾക്കും പ്രഖ്യാപനങ്ങൾക്കും ആവശ്യമാണോ? എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. Ans. അങ്ങനെയുള്ള സംഗതികൾ പോപ്പിന്റെ ഡിക്രീസ്, കൂദാശകൾ ഇവ സംബന്ധിച്ചുള്ള ഗൃഹവിചാരകത്വം എപ്പിസ്കോപ്പാമാരിലുണ്ടോ?Q എപ്പിസ്കോപ്പായ്ക്ക് മാത്രമല്ല, പട്ടക്കാരനും അദ്ദേഹത്തിന്റെ പരിധിയിൽ പറഞ്ഞവരുടെ മേൽ ആക്രമണം വരാതെ സൂക്ഷിക്കേണ്ട ചുമതല ഉണ്ട്. Ans. അങ്ങനെയുള്ള സംഗതികൾ പോപ്പിന്റെ ഡിക്രീസ് ആയിട്ടാണൊ പ്രഖ്യാപിക്കുന്നത്? എനിക്കറിഞ്ഞുകൂടാ. Ans. ഒരു പാത്രിയർക്കീസ് ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പിൻഗാമിയെ എന്നെങ്കിലും വാഴിച്ചിട്ടുണ്ടോ? പാത്രീയർക്കീസുമാരുടെ ചരിത്രം ഞാൻ ശരിക്ക് വായിച്ച് പഠിച്ചിട്ടില്ല. ഒരു പാത്രിയർക്കീസിനെ സ്ഥാനത്തുനിന്ന് നീക്കി തൽസ്ഥാനത്ത് വാഴിച്ചതായി ഒരു സംഭവം അറിയാം. Ans. അങ്ങനെ ഒരു പാത്രിയർക്കീസ് ജീവിച്ചിരിക്കെ പിൻഗാമിയെ വാഴിക്കാമോ? സാധാരണഗതിയിൽ പാടില്ല. സ്ഥാനത്തുനിന്നും നീക്കുന്ന അവസരത്തിൽ ആവാം. Ans. അന്ത്യോക്യാ പാത്രിയർക്കീസുമാർ unbroken ആയിട്ടുള്ള line ഉള്ള succession ആണെന്ന് പറഞ്ഞതിൽനിന്ന് എന്താണ് അർത്ഥമാക്കേണ്ടത്? അതായത് പത്രോസ് മുതൽ ഇന്നുവരെയുള്ള പാത്രിയർക്കീസുന്മാരുടെ പട്ടിക കാണിക്കുവാൻ സാധിക്കും എന്നുള്ളതു

കൊണ്ടാണ്. Ans. അത്രയുമെ അതിൽനിന്നർത്ഥമാക്കുന്നുള്ളൂ? തുടരെയുള്ള പട്ടികയിൽനിന്നും സഭാചരിത്രത്തിൽനിന്നും unbroken succession ആണെന്ന് കാണാൻ കഴിയും. ചില കാലത്ത് പീഡകൾ നിമിത്തം ചില പാത്രിയാർക്കീസന്മാർ രാജശക്തിയാൽ നാടുകടത്തപ്പെടുകയും രാജാക്കന്മാരുടെ ആളുകളെ നിയമിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സത്യവിശ്വാസത്തിൽ ഇടമുറിയാതെ ഓരോ പാത്രിയർക്കീസിനും അങ്ങനെയുള്ള കാലത്ത് പിൻഗാമികൾ ഉണ്ടായിട്ടുണ്ട്. Ans.unbroken succession എന്നാൽ സത്യവിശ്വാസമുള്ള പാത്രിയർക്കീസുമാർ തുടർച്ചയായി ഉണ്ടായിരുന്നു എന്നാണോ? സത്യവിശ്വാസമുള്ള പാത്രിയർക്കീസുമാർ ഇല്ലാതിരുന്ന അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരാൾ മരിച്ചുകഴിഞ്ഞ് അടുത്തയാൾ വാഴിക്കപ്പെടുന്നതുവരെ ഉള്ള കാലങ്ങൾ മാത്രമാണ് അങ്ങനെ ഉള്ളത്. Ans. ഒരേ സമയത്ത് പല അന്ത്യോക്യാ പാത്രിയർക്കീസുമാർ ഉണ്ടായിട്ടുണ്ടോ? മുമ്പ് പറഞ്ഞ രീതിയിൽ എന്നല്ലാതെ അതിൽ കൂടുതൽ പറയുവാൻ സാദ്ധ്യമല്ല. Ans. മുമ്പു പറഞ്ഞ രീതിയിൽ എന്നു പറഞ്ഞാൽ ഒരാളെ നീക്കിയിട്ടു അയാൾ ജീവിച്ചിരിക്കെ വേറെ പാത്രിയർക്കീസിനെ വാഴിക്കുക എന്നതാണ്. അല്ലാതെ ഒരേ സമയം പല പാത്രിയർക്കീസുമാർ ഉണ്ടായിരുന്നോ എന്ന് ഓർക്കുന്നില്ല. യാക്കോബ് ബുർദാന അന്ത്യോക്യാ പാത്രിയർക്കീസുന്മാരെ ആരെയെങ്കിലും വാഴിച്ചിട്ടുണ്ടോ?Q ഈ സ്വഭാവവാദികളുടെ പീഡനകാലത്ത് അദ്ദേഹവും അദ്ദേഹം മെത്രാപ്പോലീത്തമാരാക്കിയുള്ളവരും കൂടി അപ്പോൾ പീഡ മൂലം ഒഴിഞ്ഞു കിടന്നിരുന്ന അന്ത്യോക്യാ സിംഹാസനത്തിന് പാത്രിയർക്കീസിനെ വാഴിക്ക ഉണ്ടായിട്ടുണ്ട്. Ans. പീഡ മൂലം ഒഴിഞ്ഞുകിടന്നിരുന്നു എന്ന് പറഞ്ഞ അവസരത്തിൽ അന്ത്യോക്യാ പാത്രിയർക്കീസ് എവിടെയായിരുന്നു? അന്ന് അന്ത്യോക്യാ പാത്രിയർക്കീസ് ജീവിച്ചിരുന്നോ എന്ന് എനിക്ക് നിശ്ചയമില്ല. Ans. യാക്കുബ് ബുർദാനയെ വാഴിക്കുമ്പോൾ അന്ത്യോക്യാ പാത്രിയർക്കീസ് എവിടെയായിരുന്നു? എനിക്കറിഞ്ഞുകൂടാ. ഇല്ലായിരുന്നു എന്ന് മുമ്പ് ബോധിപ്പിച്ചതാണ്. Ans. യാക്കോബ് ബുർദാന മെത്രാപ്പോലിത്ത ആയി വാഴിക്കപ്പെട്ട ആളായിരുന്നു. പാത്രിയർക്കീസ് അയച്ച മേല്പട്ടക്കാരൻ മലങ്കരസഭയിൽ മേൽപട്ടക്കാരെ വാഴിച്ചിട്ടുണ്ടോ?Q അതിന് പ്രത്യേക അധികാരങ്ങൾ കൊടുത്ത് ഇവിടെയുള്ള സഭയിൽ പട്ടത്വം നിലനിറുത്താൻ വേണ്ടി മാത്രമാണ്. അങ്ങനെയുള്ള മേൽപട്ടക്കാരെ അയച്ചത്. Ans. അങ്ങനെ മറ്റൊരു മേൽപട്ടക്കാരനെ നിയോഗിച്ച് മേൽപട്ടക്കാരനെ വാഴിക്കുന്നതിൽ സഭാനിയമതെറ്റു വല്ലതുമുണ്ടോ?Q അധികാരപ്പെടുത്തി അയച്ചാൽ വാഴിക്കാമെന്ന് നിയമമുള്ളതായിട്ടാണ് എന്റെ ഓർമ്മ.

Stopped for the day.

മൊഴി വായിച്ച് കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ Sd/-

First addl. District and sessions court, ERNAKULAM

Taken down by/before me in open court interpreted read over to the witness / accused and admitted by him/her to be correct.

Sd/-
Judge

25-8-78

Witness sworn again and cross examination continued ഫാ. പോൾ വർഗീസിനെ മെത്രാനായി വാഴിക്കുമ്പോൾ ഞാൻ ഇല്ലായിരുന്നു. അബ്ദുൾ മിശിഹാ പാത്രിയർക്കീസ് വന്ന് മോർ ഇവാനിയോസിനെ കാതോലിക്ക ആയി വാഴിച്ചതിനെപ്പറ്റി ചീഫിൽ പറഞ്ഞത്. ഇ.എം.ഫിലിപ്പിന്റെ സഭാചരിത്രവും മറ്റ് പ്രസിദ്ധീകരണങ്ങളും വായിച്ചുള്ള അറിവ് വച്ചാണ്. മറ്റ് പ്രസിദ്ധീകരണം എന്ന് വച്ചാൽ എന്താണ്? അക്കാലത്തും പിന്നീടും പ്രസിദ്ധീകൃതങ്ങളായ പല പ്രസിദ്ധീകരണങ്ങളും Ans. അവയുടെ പേരെല്ലാം ഇപ്പോൾ ഓർക്കുന്നില്ല. അബ്ദുൾ മിശിഹാ പാത്രിക്കീസിനെ പാത്രിയർക്കാസ്ഥാനത്തുനിന്നും നീക്കിയിരുന്നതായി സാക്ഷിക്ക് എങ്ങനെ അറിയാം? അക്കാലത്തെ *മലങ്കര ഇടവക പത്രിക*യുടെ ചില ലക്കങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. പിന്നീട്വന്ന പാത്രിയർക്കീസുമാർ അത് സംബന്ധമായി എഴുതിയിട്ടുള്ള കല്പനകൾ പലതും വായിച്ചിട്ടുണ്ട്. ഫാ. കെ. ഡേവിഡ് മുതലായവരുടെ സഭാചരിത്രത്തിലും വായിച്ചിട്ടുണ്ട്. അദ്ദേഹത്തെ നീക്കി ഇന്നാരെ തെരഞ്ഞെടുത്ത് വാഴിച്ചു എന്ന് കാതോലിക്കാ വാഴ്ചയ്ക്കുശേഷം അബ്ദുൾ മിശിഹാ ബാവാ കൊടുത്ത കല്പനയിലും അദ്ദേഹത്തെ സ്ഥാനത്തുനിന്ന് നീക്കി അബ്ദുള്ളാ പാത്രിയർക്കീസ് സിംഹാസനം പ്രാപിച്ചു എന്ന് അബ്ദുൾ മിശിഹാ ബാവാ എഴുതിയിട്ടുള്ളതും വായിച്ചിട്ടുണ്ട്. Ans. *ഇടവകപത്രിക* ഏതാണെന്നോ കല്പനകൾക്ക് ഏതാണെന്നോ സ്പെസിഫൈ ചെയത് പറയാമോ? *ഇടവകപത്രിക*യുടെ ലക്കമോ കല്പനകളുടെ നമ്പറൊ സ്പെസിഫൈ ചെയ്തുപറയാൻ പറ്റുകയില്ല. Ans. അബ്ദുള്ളാ പാത്രിയർക്കീസിന്റെ കല്പന അബ്ദുള്ളാ പാത്രിയർക്കീസ്, അഫ്രേം പാത്രിയർക്കീസ്, ഏലിയാസ് പാത്രിയർക്കീസ് എന്നീ ബാവാമാരുടെ കല്പനകളിൽ പറഞ്ഞിട്ടുള്ളതിനും പുറമെ ഈ കേസിലെ 1-ാം വാദി മെത്രാൻ സ്ഥാനം ഏൽക്കുന്ന സമയത്ത് എഴുതി രജിസ്ട്രാക്കിയ ഉടമ്പടിയിലും പറഞ്ഞിട്ടുള്ളതായി വായിച്ചിട്ടുണ്ട്. ഈ പറഞ്ഞ രേഖകൾ ഒക്കെ ഇവാനിയോസിനെ കാതോലിക്കാസായി വാഴിച്ചതിന് ശേഷമുള്ളതൊ അതിന് മുമ്പ്ള്ളതൊ? *ഇടവകപത്രിക*യിൽ സ്ഥാനത്തുനിന്ന് നീക്കിയിട്ടുള്ളതും അക്കാലത്തും (തീയതി ഓർക്കുന്നില്ല) മറ്റുള്ളവ അതിനു ശേഷവും ഉള്ളതാണ്. Ans. മലങ്കര *ഇടവകപത്രിക*യിലുണ്ടായിരുന്നതായി പറഞ്ഞത് എന്താണ്? ആരുടെയെങ്കിലും ലേഖനമോ? വാർത്തയാണ്. ശീമയിൽനിന്നും കിട്ടിയ അറിവ് വച്ചുള്ള വാർത്തയായിട്ടാണ്. Ans. ആരുടെയെങ്കിലും പേരുവെച്ചാണോ? കൂടുതൽ വിവരങ്ങൾ ഇപ്പോൾ ഓർക്കുന്നില്ല.

അബ്ദുൾ മിശിഹായുടെ കല്പനകൾ എന്ന് പറഞ്ഞത് ഇവിടെ ഹാജരാക്കിയിട്ടുള്ള Ext.A13, A14 ലാണോ വേറെ കല്പനകളിലാണോ?Q ആ രണ്ട് കല്പനകളും സുറിയാനിയിൽ മുഴുവനായി ഞാൻ വായിച്ചിട്ടില്ല. എന്നാൽ അതിലും ഒരു കല്പനയുടെ തർജ്ജമ ഫാ. ഡേവിഡിന്റെ സഭാചരിത്രത്തിൽ കൊടുത്തിട്ടുള്ളതു മുഴുവനും വായിച്ചിട്ടുണ്ട്. ഇവിടെയുള്ളതിൽ ഒന്നിൽ ഉണ്ട്. Ans.EA14 (a) ൽ "അപഹാരിയുടെ കാനോനികമല്ലാത്തവയും കാരണമില്ലാത്തവയുമായ മുടക്കുകളെയും ശാപങ്ങളേയും നിങ്ങൾ ഭയപ്പെടേണ്ട. അപഹാരിയായ ഒരുത്തന്റെ ന്യായമല്ലാത്ത ക്രിയകൾ മൂലമായി അന്ത്യോക്യയുടെ ശ്ലീഹാക്കടുത്ത സിംഹാസനത്തിലുള്ള സ്നേഹബന്ധമാകുന്ന സംസർഗ്ഗത്തിൽ നിന്നും നിങ്ങൾ വേർപിരിയരുത്." ഇരുഭാഗങ്ങളിൽനിന്നും അദ്ദേഹത്തെ സ്ഥാനത്തുനിന്ന് മാറ്റി അബ്ദുള്ളാ പാത്രിയർക്കീസുസ്ഥാനം പ്രാപിച്ചു എന്നുള്ളതിനെ കുറ്റപ്പെടുത്തി എഴുതിയാണെങ്കിലും അദ്ദേഹം സമ്മതിക്കുന്നുണ്ട്. അപഹാരി എന്ന് പറയുന്നത് ആരെപ്പറ്റിയാണ്? അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അബ്ദുള്ളാ പാത്രിയർക്കീസിനെ ഉദ്ദേശിച്ച് അദ്ദേഹം ഉപയോഗിച്ച വാക്കാണ്. Ans. *ഇടവകപത്രിക* പലപ്പോഴും വായിച്ചിട്ടുണ്ട്. അബ്ദുൾ മിശിഹാ പാത്രിയർക്കീസിനെമാറ്റി എന്നുള്ള വിവരം അടങ്ങുന്ന ഇടവകപത്രിക ആദ്യം വായിച്ചത് 30 കൊല്ലങ്ങളോളം മുമ്പാണ്. 1912 ലെ കാതോലിക്കാ വാഴ്ചയെ സംബന്ധിച്ചുള്ള വിവരങ്ങൾ സാക്ഷിക്ക് നേരിട്ടറിവില്ലല്ലേ? വാഴ്ച നടക്കുന്ന കാലത്ത് ഞാൻ ജനിച്ചിട്ടില്ലായ്കയാൽ നേരിട്ടറിവില്ല. Ans. കാതോലിക്കയായി വാഴിച്ച മാർ ഇവാനിയോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് ഇടവകഭരണത്തിൽനിന്നും നീക്കിയിരുന്നു എന്ന് എങ്ങനെ അറിയാം? അബ്ദുള്ളാ പാത്രിയർക്കീസുബാവാ മലയാളത്തിലായിരുന്നപ്പോൾ മുളന്തുരുത്തിൽ വച്ച് മൂറോൻ കൂദാശ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വിവരത്തിന് പള്ളികളെ അറിയിച്ച മോർ ഇവാനിയോസിന്റെ കല്പനയും റിശീസാ പിരിച്ചു പാത്രിയർക്കീസിന്റെ പേർക്ക് കൊടുത്തതായിട്ടുള്ള രേഖയും അത്പോലെ തന്നെ പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ ഭരണത്തിൽനിന്നുമാറ്റിയിട്ടുള്ള കല്പയും വായിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ എവിടെയാണെന്ന് അറിഞ്ഞുകൂടാ. Ans. മുൻപറഞ്ഞ അറിവ് വച്ചാണ് പറഞ്ഞത്. സഭാചരിത്രത്തിലും കണ്ടേക്കാം. ഞാൻ വായിച്ചത് അച്ചടിച്ച് ഒപ്പും മുദ്രയും ഉള്ള കല്പനകളാണ്. അസ്സൽ ആണോ? അസ്സൽ എഴുത്തായിരിക്കും. അത് ഞാൻ കണ്ടിട്ടില്ല. Ans. മോർ ഇവാനിയോസിനെ ഇടവകഭരണത്തിൽനിന്നും മാറ്റിയത് മോർ ഗീവർഗീസ് ദിവന്നാസ്യോസിനെ മുടക്കുന്നതിന് മുമ്പോ പിമ്പോ എന്നോർമ്മയില്ല. അബ്ദുൾ മിശിഹാ വാഴിച്ച ആളിന് കാതോലിക്കാ അധികാരം കിട്ടിയതായി മലങ്കരസഭ വിശ്വസിക്കുന്നില്ലെന്ന് പറയാൻ കാരണം എന്താണ്?Q ഭ്രഷ്ടനാക്കപ്പെടുകയും പുതിയ പാത്രിയർക്കീസ് വാഴിക്കപ്പെടുകയും കുറെ വർഷങ്ങൾ അദ്ദേഹം ഏക അനിഷേദ്ധ്യ പാത്രിയർക്കീസായി സഭയെ മുഴുവനും ഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അവസരത്തിൽ തനിക്ക് ചെയ്യാൻ അധി

കാരവും അവകാശവും ഇല്ലാത്ത കാര്യം ചെയ്തതുകൊണ്ടും അങ്ങനെയുള്ള പ്രവർത്തനംമൂലം നൽവരം ലഭിക്കയില്ലാത്തതുകൊണ്ടും ആണ് മലങ്കരസഭ അക്കാര്യത്തെ അംഗീകരിക്കാതിരുന്നത്. Ans. അംഗീകരിച്ചില്ലെന്ന് എന്റെ ഉത്തമബോദ്ധ്യത്തിൽ നിന്നും അറിയാം. മോർ ഇവാനിയോസിനെയും അദ്ദേഹത്തിന് ശേഷമുള്ള കാതോലിക്കന്മാരെയും മലങ്കരസഭയിൽ ആരും കാതോലിക്കയായി സ്വീകരിച്ചിട്ടില്ലെന്നാണോ?Q മലങ്കരയിലെ സഭ എന്നുപറഞ്ഞാൽ അന്ത്യോക്യാ പാത്രിയർക്കീസ് തലവനായുള്ള സഭയാണ്. ആ സഭയിലെ ആരും അംഗീകരിച്ചിരുന്നില്ല. എന്നാൽ പാത്രിയർക്കീസിനോട് എതിർത്തു നിന്ന ഒരു വിഭാഗം അവരെ സ്വീകരിച്ചിട്ടുണ്ട്. Ans. 3-ാം കാതോലിക്കയായിരുന്ന ബസേലിയോസ് ഗീവർഗീസ് ദ്വിതീയനെ മലങ്കരസഭ സ്വീകരിച്ചിരുന്നോ? അദ്ദേഹത്തെ പാത്രിയർക്കീസ് ബാവ 1958ൽ സ്വീകരിക്കുവാൻ പ്രസാദിച്ചതിന്റെ വെളിച്ചത്തിൽ കാതോലിക്കോസ് എന്ന പേരിൽ അദ്ദേഹത്തെ മിക്കവരും സ്വീകരിച്ചു എങ്കിലും ഏതാണ്ട് ഒരു വർഷത്തിനകം തന്നെ പിന്നെയും അസ്വസ്ഥതകളും കേസുകളും മറ്റുമുണ്ടാവുകയും ചെയ്തിട്ടുണ്ട്. Ans. കാതോലിക്കോസ് എന്ന പേരിൽ എന്ന് പറഞ്ഞതിൽ നിന്നുദ്ദേശിക്കുന്നത് എന്താണ്? കാതോലിക്കായുടെ ജോലി മേൽപട്ടക്കാരെ വാഴിക്കലാണ്. അദ്ദേഹത്തെ സ്വീകരിക്കാതെ മുമ്പ് നിന്നിരുന്ന വിഭാഗത്തിൽപെട്ട ആരെയും അദ്ദേഹം മെത്രാനായി വാഴിച്ചിട്ടില്ല. അതുകൊണ്ടാണ് കാതോലിക്ക എന്ന പേരിൽ അദ്ദേഹത്തെ സ്വീകരിച്ചത് എന്ന് പറഞ്ഞത്. Ans. കാതോലിക്കോസിനുള്ള അധികാരങ്ങൾ അദ്ദേഹത്തിനുണ്ടെന്ന് അംഗീകരിച്ചിരുന്നോ? ഇല്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ ആരെങ്കിലും വാഴ്ച ഏല്ക്കുമായിരുന്നു. Ans. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ 1958നു ശേഷവും കാതോലിക്കാസായി മരണം വരെ തുടർന്നോ? മുൻപറഞ്ഞ രീതിയിൽ അദ്ദേഹം തുടർന്നു കാതോലിക്കാ എന്നുള്ള രീതിയിലുള്ള പ്രവർത്തനം നടത്താതിരുന്നതുകൊണ്ട് കാതോലിക്കാ എന്നുള്ള ആ പേരിൽ പാത്രിയർക്കീസ് ബാവ സ്വീകരിച്ചതുകൊണ്ട് അങ്ങനെ ഇരുന്നു. Ans. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ മൂറോൻ കൂദാശ ചെയ്തിട്ടുണ്ടോ? കേട്ടിട്ടുണ്ട്. ആണ്ട് ഓർമ്മയില്ല. Ans. 1958ന് ശേഷവും കാതോലിക്കാ എന്നുള്ള നിലയിൽ അദ്ദേഹം മലങ്കര സഭക്ക് കല്പനകൾ അയച്ചിട്ടുണ്ടോ? എനിക്ക് അനുഭവത്തിൽ അറിവില്ല. Ans. 1, 2 കതോലിക്കാന്മാരുടെ ഭരണത്തെപ്പറ്റി എന്തെങ്കിലും നേരിട്ടറിവുണ്ടോ? പാത്രിയർക്കീസിനെ അനുസരിച്ചു നിന്ന വിഭാഗം അവരെ സ്വീകരിച്ചിരുന്നില്ല എന്നുള്ളതൊഴികെ അവരുടെ ഭരണത്തെക്കുറിച്ച് എനിക്കൊന്നും അറിഞ്ഞുകൂടാ. Ans.EB160 മൊഴി കൊടുക്കുന്ന അവസരത്തിൽ ഞാൻ ഇല്ലായിരുന്നു. ആ മൊഴിയെപ്പറ്റി എനിക്ക് നേരിട്ടുള്ള അറിവുകൾ ഇല്ല. ഇതുപോലുള്ള അച്ചടിച്ച മൊഴിയുടെ ചില ഭാഗങ്ങൾ വായിച്ചുള്ള അറിവു മാത്രമെ ഉള്ളൂ. EB160 ൽ 12-ാം പേജിൽ "മലങ്കരജനങ്ങളുടെ ആഗ്രഹമനുസരിച്ച് മലങ്കരയിൽ കാതോലിക്കാ സ്ഥാപനം ഉണ്ടാക്കി" എന്നും അങ്ങനെ വാഴിക്കപ്പെട്ട

കാതോലിക്കാമാരെ മലങ്കരസഭയും ജനങ്ങളും സ്വീകരിച്ചിട്ടുണ്ടോ" എന്ന ചോദ്യത്തിന് ഉണ്ട് എന്നും മൊഴി കൊടുത്തതായി കാണുന്നുണ്ട്. EB160 പേജ് 13ൽ "ഇവിടെ വാഴിക്കപ്പെട്ട കാതോലിക്കാമാരെ എന്ന് തുടങ്ങി മോർ ഇവാനിയോസിനാണ് മെത്രാൻ സ്ഥാനം കൊടുത്തത്." എന്ന് വരെയുള്ള ഭാഗത്ത് അദ്ദേഹവും അദ്ദേഹത്തിനുമുമ്പുള്ള കാതോലിക്കാമാരെയും കാതോലിക്കമാരായി സ്വീകരിച്ചിരുന്നു എന്നും അവർ ഭരണം നടത്തിയ വിവരങ്ങളും പറഞ്ഞിട്ടുണ്ടോ? സാക്ഷിയുടെ മൊഴി 13-ാം പേജിൽ ഉണ്ട്. Ans. ആത്മീയ കാര്യങ്ങളിൽ അവസാന തീരുമാനം പാത്രിയർക്കീസ് ചെയ്തതായി ഏതെങ്കിലും instances പറയാമോ? പാത്രിയർക്കീസ് സഭയുടെ പ്രധാനതലവനാകയാൽ ഏതെങ്കിലും ആവശ്യം വരുമ്പോൾ തീരുമാനം ചെയ്യേണ്ടത് അദ്ദേഹമാണ്. അതനുസരിച്ച് മെത്രാൻവാഴ്ച ഏറ്റവും പ്രധാനപ്പെട്ട ആത്മീയകാര്യമാണ്. അക്കാര്യത്തിൽ പാത്രിയർക്കീസാണ് അന്ത്യതീരുമാനം എടുത്തിട്ടുള്ളതും എടുത്തു കൊണ്ടിരിക്കുന്നതും. അതുപോലെ അത് സഭയുടെ വിശ്വാസത്തിൽ നിന്ന് തെറ്റിപ്പോയി എന്നും അങ്ങനെ ഉള്ളവരോടുകൂടി സഹകരിക്കരുതെന്നും ഉള്ള തീരുമാനം എടുത്തിട്ടുള്ളതും എടുക്കുന്നതും പാത്രിയർക്കീസാണ്. ആത്മീയ ആചാരം സംബന്ധമായ കാര്യങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുവാനുള്ള അവസാന തീരുമാനം എടുത്തിട്ടുള്ളതും എടുത്തു കൊണ്ടിരിക്കുന്നതും പാത്രിയർക്കീസാണ്. പാത്രിയർക്കീസ് ആത്മീയ ഭരണമേലദ്ധ്യക്ഷനും സഭയുടെ ഏക തലവനുമാകയാൽ അങ്ങനെയുള്ള തീരുമാനം എടുക്കുവാൻ അദ്ദേഹത്തിന് മാത്രമാണ് അധികാരം. Ans.instance പറയാമോ? മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ വാഴിക്കാനും വാഴിക്കാതിരിക്കാനും അധികാരമുള്ള അദ്ദേഹം ഇവിടെനിന്നും തെരഞ്ഞെടുത്തയക്കപ്പെട്ടവരെ വാഴിച്ചിട്ടുണ്ട്. പാലക്കുന്നത്ത് മാത്യൂസ് അത്തനാസ്യോസ് തെറ്റു ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പേരിൽ അന്ത്യതീരുമാനം എടുത്തതും വട്ടശേരി തിരുമേനി തലവനോട് എതിർത്തപ്പോൾ അദ്ദേഹത്തിന്റെ പേരിൽ അന്ത്യതീരുമാനം എടുത്തതും ഈ കേസ്സിലെ 1-ാം വാദി മുതലായവർ പാത്രിയർക്കീസിനോട് എതിർത്തു പ്രവർത്തിച്ചപ്പോൾ അന്ത്യതീരുമാനം എടുത്തതും പാത്രിയർക്കീസാണ്. മൂന്നാമതായി സഭയിലെ ഒരാത്മീയ അനുഷ്ഠാനമായ നോമ്പിന്റെ ആചരണത്തിൽ കാലോചിതമായ സൗജന്യങ്ങൾ ചെയ്തതും പാത്രിയർക്കീസാണ്. ഇത്രയും ഇപ്പോൾ ഓർക്കുന്നു. Ans. നോമ്പിന്റെ കാര്യത്തിൽ സൗജന്യം ചെയ്തു എന്ന് പറയുന്നത് ഇവിടെ ഹാജരാക്കിയിട്ടുള്ള കല്പനയിൽ പറയുന്ന ഭാഗത്തെ സംബന്ധിച്ചാണ്. അവസാനതീരുമാനം ചെയ്യുന്നതിനുള്ള അധികാരം പാത്രിയർക്കീസിനാണെന്ന് പറയുന്നതിനുള്ള അടിസ്ഥാനം എന്താണ്? പാത്രിയർക്കീസ് സഭയുടെ പ്രധാനതലവനാകയാൽ അദ്ദേഹത്തിന് അധികാരം അതുകൊണ്ടുതന്നെ ഉള്ളതാണ്. അതിന് പുറമെ സഭയിലുള്ള ആരും നിഷേധിച്ചിട്ടില്ലാത്ത കീഴ്നടപ്പുകളും അക്കാര്യം സ്പഷ്ടമായി കാണിക്കുന്നു. Ans. കീഴ്നടപ്പ് എന്ന് പറഞ്ഞത് മുൻപറഞ്ഞ സംഗതി

കളും ഇപ്പോൾ ഞാൻ ഓർക്കാത്തതായ മറ്റു പല കാര്യങ്ങളും ആണ്. ExB32 എന്നാണ് ആദ്യം കണ്ടത്? 1975 കഴിഞ്ഞതിനുശേഷമാണ്. കൃത്യം പറയാൻ ഓർമ്മയില്ല. Ans. ഞാൻ പരിഭാഷപ്പെടുത്തിയതാണ്. എന്നാണ് പരിഭാഷപ്പെടുത്തിയത് എന്ന് തീയതി വച്ചിട്ടില്ല. പരിഭാഷപ്പെടുത്തുന്നതിന് മുമ്പ് EB32 കണ്ടിട്ടുണ്ടോ? പരിഭാഷപ്പെടുത്തുന്ന സമയത്താണ് കണ്ടത്. Ans. പരിഭാഷപ്പെടുത്തൽ എന്നെ എന്തിനാണ് ഏല്പിച്ചത് എന്ന് ഓർമ്മയില്ല. മലങ്കരയിലെ സഭ എന്ന് സാക്ഷി പറയുന്ന സഭക്ക് പ്രവർത്തനത്തിന് പരിധി ഉണ്ടോ? മലങ്കരയിലെ പ്രാദേശിക സഭ മലങ്കരയിലാണ്. അതിന്റെ പരിധി കേരളത്തെ ഉദ്ദേശിച്ചാണ്. മലങ്കര എന്ന് സാധാരണ പറയുന്നത് കേരളത്തിന് പുറത്തും പല സ്ഥലങ്ങളിലും അതിന്റെ അംഗങ്ങൾ ഓരോ കാരണവശാൽ പോയി താമസിക്കുകയും അങ്ങനെയുള്ളവരുടെ പരിശ്രമ ഫലമായി അവരുടേതായ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. Ans. ഇടവകകളുണ്ടോ? അവർ പണിയിച്ചിട്ടുള്ള പള്ളികളും അങ്ങനെ ഇടവകകളും ഉണ്ട്. Ans. അങ്ങനെയുള്ളവ മലങ്കരയിലെ സഭയിൽപെട്ടതും ആ സഭയുടെ ഭരണത്തിൻ കീഴിലുമാണോ? അതിന്റെ ഭരണരീതിയെക്കുറിച്ച് എനിക്കറിഞ്ഞുകുടാ. Ans.Question repeated. അക്കാര്യങ്ങൾ എനിക്കറിഞ്ഞുകൂടാ. Ans. അന്ത്യോക്യാ പാത്രിയർക്കീസ് കാതോലിക്കോസായി വാഴിച്ചു എന്ന് പറയപ്പെടുന്ന ബസേലിയോസ് പൗലോസ് 2 എന്നറിയപ്പെടുന്ന ആളിന്റെ അധികാരപരിധി ഏതാണെന്നറിയാമോ? കിഴക്കിന്റെ കാതോലിക്കാ ആയിട്ടാണ് അദ്ദേഹത്തെ വാഴിച്ചിട്ടുള്ളത് എന്നല്ലാതെ അധികാരപരിധി എനിക്ക് നിശ്ചയമില്ല. Ans. കിഴക്കിന്റെ കാതോലിക്കാ എന്നാൽ എന്തിനെയാണ് ഉദ്ദേശിക്കുന്നത്? മുൻകാലത്തും പാത്രിയാർക്കീസിന് പരിപൂർണ്ണമായി കീഴ്പെട്ട് പാത്രിയർക്കീസിന്റെ കീഴിൽ ഭരണം നടത്തിവന്ന മഫ്രിയാനമാർക്ക് അഥവാ കാതോലിക്കന്മാർക്ക് ഉണ്ടായിരുന്ന അതേ അധികാരങ്ങൾ Ans. ആ കിഴക്ക് ഏതാണ്? മുമ്പ് ആ കിഴക്ക് പേർഷ്യൻ സാമ്രാജ്യത്തെ ഉദ്ദേശിച്ച് പറഞ്ഞിരുന്നു. ഇപ്പോൾ ഈ കിഴക്ക് ഇൻഡ്യയെ ഉദ്ദേശിച്ചാണ്. Ans. പേർഷ്യാ ഭാഗത്തുണ്ടായിരുന്ന സഭ ഇപ്പോൾ ഉണ്ടോ? പേർഷ്യാഭാഗത്ത് സഭ ഇല്ലായിരുന്നു. അവ ഇപ്പോഴും ചിലതെല്ലാം ഉണ്ടെന്നാണ് എന്റെ അറിവ്. Ans. ആ ഇടവകകൾ ആരുടെ ഭരണത്തിൻ കീഴിലാണ്? ആ പേഴ്ഷ്യൻ പ്രദേശത്തുള്ള പൂർവ്വിക ഇടവകകൾ പാത്രിയർക്കീസിന്റെ കീഴിലുള്ള മെത്രാപ്പോലീത്താമാരുടെ ഭരണത്തിലാണ്. Ans. പേഴ്ഷ്യൻ ഭാഗത്ത് മുമ്പുണ്ടായിരുന്ന ഇടവകകൾ കാതോലിക്കോസിന്റെ ഭരണത്തിൻ കീഴിൽ ഇരുന്നിട്ടുണ്ടോ? പാത്രിയർക്കീസിന്റെ കീഴിൽ പാത്രിയർക്കീസിന്റെ പ്രതിനിധിയായി ഇങ്ങനെയുള്ള ഇടവകകളുടെ കാര്യം നോക്കാനായിട്ട് മഫ്രിയാനാമാരെ വാഴിച്ചിരുന്നത്. ആ രീതിയിൽ അവരുടെ കീഴിലായിരുന്നു. Ans. ആ ഇടവകകൾ എന്ന് മുതലാണ് കാതോലിക്കാ അഥവാ മഫ്രിയാനായുടെ കീഴിൽ അല്ലാതായത്? 1860നു ശേഷം എന്നാണ് എന്റെ ഓർമ്മ. Ans. ബസേലിയോസ് പൗലോസ് 2 എന്നവകാശപ്പെടുന്ന

കാതോലിക്കാ കീഴിൽ ഇൻഡ്യക്ക് വെളിയിൽ ഏതെങ്കിലും ഇടവകകളോ ഇടവകാംഗങ്ങളോ ഉണ്ടോ? മലങ്കരയിലെ ജനങ്ങൾ ഉണ്ടാക്കിയിട്ടുള്ള ഇടവകകൾ ഉണ്ട്. അതിന്റെ ഭരണം അദ്ദേഹത്തിനല്ലന്നാണ് എന്റെ അറിവ്. Ans. അതിന്റെ ഭരണം പിന്നെ ആർക്കാണ്? ശരിക്കറിഞ്ഞുകൂടാ. Ans. പാത്രിയർക്കീസ് വാഴിച്ചു എന്ന് പറയുന്ന കാതോലിക്കാക്ക് സ്താത്തിക്കോൻ കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടുണ്ട്. Ans. അത് ആരെയെങ്കിലും വായിച്ച് കേൾപ്പിച്ചിട്ടുണ്ടോ? അദ്ദേഹം വന്നകാലത്ത് അത് വായിച്ചിട്ടുണ്ടായിരിക്കാം ഞാൻ ശരിക്കോർക്കുന്നില്ല. Ans. ഞാൻ സ്താത്തിക്കോൻ കണ്ടിട്ടുണ്ട്. അതിൽ അധികാരപരിധിയെപ്പറ്റി പറയുന്നുണ്ടോ? ഉള്ളടക്കം ഞാൻ ഓർക്കുന്നില്ല. Ans. ചാപ്പൽ എന്ന് വച്ചാൽ എന്താണ്? ഞാൻ മനസ്സിലാക്കിയിട്ടുള്ളത് സ്വന്തം ഇടവകയിലെ അധികാരാവകാശങ്ങൾ നിലനിർത്തിക്കൊണ്ട് ആരാധനകളുടെ സൗകര്യത്തിനായി പലർകൂടി സ്ഥാപിക്കുന്ന ഒരു സ്ഥാപനമായിട്ടാണ്. Ans. അങ്ങനെയുള്ള ചാപ്പലുകൾ സഭയിലെ അധികാരികളുടെ ഭരണത്തിന് വിധേയമാണോ? ഏത് ദേശത്തിന്മേലാണോ അവ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ആ സ്ഥാപനോദ്ദേശ്യത്തെ സ്വീകരിക്കുന്ന ഭരണക്കാരുടെ കീഴിൽ അവ ഭരിക്കപ്പെടുന്നു. Ans. അങ്ങനെ ഭരിക്കപ്പെടണമോ? ഭരിക്കപ്പെടേണ്ടതാണ്. Ans. chapels സഭയിൽപെട്ടവയാണോ? സഭയിലെ അംഗങ്ങളുടേതാണ്. അത്രയുമെ എനിക്കറിഞ്ഞുകൂടാ. Ans.question repeated. എനിക്കറിഞ്ഞുകൂടാ. Ans. ബസേലിയോസ് പൗലോസ് 1 ആരാണ്? മഫ്രിയാനാമാരുടെ ലിസ്റ്റിൽ പൗലോസ് എന്നു പേരായ ഒരു മഫ്രിയാന ഉണ്ടായിരുന്നു. അത് കഴിഞ്ഞതിന്റെ ശേഷം ഇപ്പോഴത്തെ ബസേലിയോസ് പൗലോസാണ് II. Ans. ബസേലിയോസ് പൗലോസ് 1 എന്ന് ജീവിച്ചിരുന്നു എന്നറിയാമോ? ബാർ എബ്രായിക്ക് മുമ്പാണ്. 8-ാം നൂറ്റാണ്ടിലൊ 9-ാം നൂറ്റാണ്ടിലൊ ആയിരിക്കണം. Ans. അങ്ങനെ ഒരു മഫ്രിയാനയെപ്പറ്റി ബാർ എബ്രായുടെ ചരിത്രത്തിൽ ഉണ്ട്. EB160 പേജ് 69 ലൗകികമായ കാര്യങ്ങളിൽ മലങ്കരസഭയിലെ മേൽപട്ടക്കാർ കുറ്റം ചെയ്യുന്നതായാൽ അവർക്ക് ആത്മീയമായ ശിക്ഷ നൽകുന്നതിനുള്ള അധികാരം പാത്രിക്കീസിനല്ലേ എന്ന ചോദ്യത്തിന് ഇല്ല അതിനുള്ള അധികാരം ഇവിടെയുള്ള എപ്പിസ്കോപ്പൽ സുനഹദോസിനാണ് എന്നു പറയുന്നില്ലേ? ഉണ്ട്. Ans. 69-ാം പേജിൽ പാത്രിയർക്കീസിന് മലങ്കരസഭയെ സംബന്ധിച്ചുള്ള എന്നു തുടങ്ങി പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുക, ഇത്രയുമെ ഉള്ളു എന്ന് പാത്രിയർക്കീസിന്റെ അധികാരത്തെപ്പറ്റി പറയുന്നില്ലേ? ഉണ്ട്. Ans. 72-ാം പേജിൽ മലങ്കരയുള്ള ഒരു മേൽപട്ടക്കാരന് എന്ന് തുടങ്ങി ഒരു കാലത്തും ഇല്ലായിരുന്നു എന്ന് വരെയുള്ള ഭാഗത്ത് ആത്മീയശിക്ഷ നൽകുന്നതിനെപ്പറ്റി പറയുന്നില്ലേ? പറയുന്നുണ്ട്. A witness add ഈ പറഞ്ഞിട്ടുള്ളതിനോടെല്ലാം ഞാൻ വിയോജിക്കുന്നുമുണ്ട്. 120-ാം പേജിൽ സെയ്ന്റ് പീറ്റർ അന്ത്യോക്യാസഭയിലെ എന്നു തുടങ്ങി വിശ്വാസങ്ങളിൽ ഒന്നല്ല ചരിത്രമാണ് എന്നു വരെയുള്ള ഭാഗം സെന്റ് പീറ്ററിന്റെ സ്ഥാനം സംബന്ധിച്ച് യാക്കോബായ

സഭയിലെ വിശ്വാസത്തെ സംബന്ധിച്ച് ആ സാക്ഷി പറഞ്ഞിട്ടില്ലേ? പറഞ്ഞിട്ടുണ്ട്. Ans. പേജ് 121ൽ തോമാശ്ലീഹാ എന്നു തൊട്ട് ഒരു കാലത്തും അങ്ങനെ കരുതിയിട്ടുമില്ല എന്നുള്ള ഭാഗത്ത് മലങ്കരസഭ സ്ഥാപിച്ചത് സംബന്ധിച്ച് ആ സാക്ഷി പറയുന്നുണ്ട്. 146-ാം പേജിൽ അങ്ങനെ വാഴിക്കുമ്പോൾ എന്ന് തുടങ്ങി അതുകൊണ്ട് പാത്രിയർക്കീസെന്നേ പറഞ്ഞിട്ടുള്ളു എന്ന് വരെയുള്ള ഭാഗത്ത് ക്ലീമീസിന്റെ പ്രാർത്ഥനയെപ്പറ്റിയുള്ള ആ സാക്ഷിയുടെ അഭിപ്രായം പറയുന്നുണ്ട്. 159-ാം പേജിൽ എന്നാൽ മോർ ഗീവർഗീസ് ദിവന്നാസ്യോസിന്റെ കാലശേഷം എന്ന് തുടങ്ങി ആകമാന സുനഹദോസിന് മാത്രമെ ഉള്ളു എന്നാണ് എന്റെ അഭിപ്രായം എന്നു വരെയുള്ള ഭാഗം മൊഴി അതിൽ ഉണ്ട്. 164-ാം പേജിൽ കാതോലിക്കോസ് കിഴക്കിന്റെ പാത്രിയർക്കീസാണ്, അതുകൊണ്ട് കാതോലിക്കോസിനെ മലങ്കര അസ്സോസ്യേഷന്റെ രക്ഷാധികാരി എന്ന് സമ്മതിച്ചാണ് അങ്ങനെ എഴുതിയിരിക്കുന്നത് എന്ന് ആ മൊഴിയിൽ ഉണ്ട്. 183-ാം പേജിൽ പാത്രിയർക്കീസിനുള്ള ആത്മീയ ഭരണാധികാരം കൊടുക്കേണ്ടതാരാണ് എന്ന ചോദ്യത്തിന് മലങ്കരസഭ സംബന്ധിച്ച് മലങ്കര സിനിഡും അസോസ്യേഷനും കൂടിയാണ് എന്ന് ആ സാക്ഷി പറഞ്ഞിട്ടുണ്ട്. Stopped for lunch. Witness sworn again after lunch and cross examination continued.

ExA 213 Part I Page 14 ൽ നിഖ്യായുടെ കാലത്ത് ക്രിസ്താബ്ദം 325ൽ പാത്രിയർക്കീസ് എന്ന ഒരു പേരുപോലും ഇല്ലായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അത് തെറ്റാണ്. തെറ്റാണെന്ന് പറയാൻ കാരണം എന്താണ്? നേരത്തെ ബോധിപ്പിച്ചിട്ടുള്ളതുപോലെ 325ന് മുമ്പുള്ള സമയത്ത് പാത്രിയർക്കീസ് എന്ന പദം ബാർ എബ്രായ ഉപയോഗിച്ചിട്ടുണ്ട്. പാത്രിയർക്കീസുമാരുടെ പട്ടികയിൽ 325ന് മുമ്പുള്ളവരെയും പാത്രിയർക്കീസ് എന്ന നിലയിലാണ് ചേർത്തിട്ടുള്ളത്. Ans. 81-ാം നമ്പർ കേസിലെ 1 മുതൽ 3 കൂടി പ്രതികളെയും 192 നമ്പർ കേസിലെ പ്രതിയേയും മെത്രാന്മാരായി വാഴിക്കുന്നതിന് ആരെങ്കിലും തെരെഞ്ഞെടുത്തിട്ടുണ്ടോ? 1-ാം പ്രതി പൗരസ്ത്യ സുവിശേഷസമാജത്തിന്റെ മെത്രാപ്പോലീത്ത ആകയാൽ അദ്ദേഹത്തെ ആ സമാജം തെരഞ്ഞെടുത്തിട്ടുണ്ടായിരിക്കണം. 2, 3 പ്രതികളെ അങ്കമാലി കൊച്ചി ഭദ്രാസനങ്ങളിലെ പള്ളിക്കാർ തെരഞ്ഞെടുത്തതായിട്ടാണ് എന്റെ അറിവ്. കുറിയാക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായെ നിരണം, കൊല്ലം, തുമ്പമൺ, ഭദ്രാസന ഇടവകകളിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായോട് വിശ്വസ്തതയുള്ള ഇടവകകൾ മഞ്ഞനിക്കര മോർ സ്തേപ്പാനോസ് പള്ളിയിൽകൂടി തെരഞ്ഞെടുത്തതായിട്ട് എനിക്കറിയാം. Ans. ഇങ്ങനെ തെരഞ്ഞെടുത്തു എന്ന് കാണിക്കുന്നതിന് എന്തെങ്കിലും രേഖകൾ ഉണ്ടോ?Q ഞാൻ അതിലൊന്നിലും സംബന്ധിച്ചിട്ടില്ലാത്തതിനാൽ അതിന്റെ രേഖകളെക്കുറിച്ച് എനിക്കറിവില്ല. Ans. തെരഞ്ഞെടുപ്പ് സംബന്ധിച്ച് നോട്ടീസ് കൊടുത്തിട്ടുണ്ടോ?Q ഞാൻ അതിൽപെട്ട ആളല്ലാത്തതുകൊണ്ട് അത് സംബന്ധിച്ച് ഒന്നും അറിഞ്ഞുകൂടാ. Ans. മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

എന്നൊരു പുതിയ സംഘടന ഈ കേസ് കൊടുക്കുന്നതിന് മുമ്പായിട്ട് ഉണ്ടായിട്ടുണ്ടോ?Q ആ പേരിൽ ഒരു സംഘടന ഉണ്ടായിട്ടുള്ളതായിട്ട് അറിയാം. Ans. ഈ കേസിലെ പ്രതികൾ ആ സംഘടനയിൽ പ്രവർത്തിക്കുന്നവരെ അതിന്റെ അനുഭാവികളോ ആണോ? പാത്രിയർക്കീസ് ബാവായെ ധിക്കരിച്ചുകൊണ്ട് 1-ാം വാദിയും മറ്റും പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ മലങ്കരയിലെ സഭയുടെ പൂർവ്വിക വിശ്വാസവും അന്ത്യോക്യാ സിംഹാസനത്തോടുള്ള ഭക്തിയും നിലനിറുത്തുവാൻ വേണ്ടി അനേകലക്ഷങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ കൂടെ ഇപ്പറയുന്നവരും പ്രവർത്തിച്ചിരുന്നു. മേൽ പറഞ്ഞവരെല്ലാം സത്യവിശ്വാസത്തിനുവേണ്ടിയുള്ള ആ സംഘടനയിൽ ഓരോ തരത്തിൽ പെട്ടവരും അനുഭാവമുള്ളവരും ആയിരുന്നു. അതിന്റെ ആരംഭകാലത്ത് അതിന്റെ ഉദ്ദേശ്യത്തോട് എനിക്ക് പരിപൂർണ്ണമായ ഐക്യം ഉണ്ടായിരുന്നെങ്കിലും അന്ന് ഞാൻ രണ്ടുവിഭാഗത്തിലുള്ള സൺഡേ സ്കൂളുകളുടെ പ്രധാന ചുമതലക്കാരനായിരുന്നതിനാൽ അത് രാജി വക്കുന്നതുവരെയും ഞാൻ അതിൽ കാര്യമായി പ്രവർത്തിച്ചിട്ടില്ല. കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തയാണോ കാതോലിക്കോസ് എന്ന് വിളിക്കപ്പെട്ടത്? കിഴക്കിന്റെ വലിയ മെത്രാപ്പോലിത്ത ഇനിമേൽ കാതോലിക്കാ എന്ന് വിളിക്കപ്പെടണമെന്ന് നിഖ്യായുടെ നിശ്ചയത്തിലുള്ളതിനാൽ വലിയ മെത്രാപ്പോലിത്ത ആണ് കാതോലിക്കാ എന്ന് വിളിക്കപ്പെട്ടത്. Ans. കിഴക്കിന്റെ വലിയ മെത്രാപ്പോലിത്താ എന്ന് പറഞ്ഞ് വന്നിരുന്നത് കിഴക്കൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷനെ ആണോ?Q കിഴക്കൻസഭ എന്നൊരു സഭയെ ഇല്ലായിരുന്നു. പാത്രിയർക്കീസിന്റെ കീഴിലുള്ള സഭയുടെ പേർഷ്യൻ പ്രദേശത്ത് സെലൂഷ്യായിൽ ഉണ്ടായിരുന്ന മെത്രാപ്പോലീത്തായെ കിഴക്കിന്റെ വലിയ മെത്രാപ്പോലിത്ത എന്ന് പറയുമായിരുന്നു. Ans. അദ്ദേഹം ആ പ്രദേശത്തുള്ള അവകാശത്തോടുകൂടിയ സ്ഥാനിയാക്കിതീർത്തു എന്നാണ്. Ans. നിഖ്യാസുനഹദോസിൽ വച്ചാണ് മെത്രാപ്പോലീത്തമാരെ വാഴിക്കുന്നതിനുള്ള അധികാരം കൊടുത്തത് എന്നാണോ?Q അങ്ങനെയാണ് നിഖ്യായുടെ കാനോനായിൽ കാനോൻ പുസ്തകത്തിൽ കാണുന്നത്. Ans. അത്രയുമെ അതിനെപ്പറ്റി അറിയാൻ പാടുള്ളോ?Q കാനോനിൽ പറഞ്ഞിട്ടുള്ള അറിവ് എന്റെ കാര്യത്തിന് മതിയായതുകൊണ്ട് കൂടുതൽ അന്വേഷിക്കേണ്ട ആവശ്യം വന്നിട്ടില്ല. Ans. പ്രതിഭാഗത്തുനിന്നും വാദിഭാഗത്തുനിന്നും ഹാജരാക്കിയിട്ടുള്ള കാനോനുകളിൽ ഉണ്ട്. കാതോലിക്കോസിന് തന്റെ സ്വന്തം അധികാരം ഉപയോഗിച്ച് മെത്രാപ്പോലീത്തമാരെ വാഴിക്കാനുള്ള അവകാശം ഉണ്ടോ?Q മെത്രാന്മാരെ വാഴിക്കാനുള്ള അധികാരവും അവകാശവും കാതോലിക്കാമാർക്കുണ്ടെങ്കിലും അദ്ദേഹം തന്റെ തലവനായ പാത്രിയർക്കീസുമായി അക്കാര്യം അറിയിച്ചതിന്റെ ശേഷമായിരിക്കും വാഴിക്കുന്നത്. Ans. കാതോലിക്കോസ് പാത്രിയർക്കീസിന്റെ ഡെപ്യൂട്ടി അല്ലെങ്കിൽ സ്ഥാനപതിയാണെന്ന് പറയുന്നതിന് അടിസ്ഥാനമായിട്ട് എന്തെങ്കിലും രേഖ ഉണ്ടെങ്കിൽ പറയാമോ?Q പറയാം. ഒന്നാമത്തെ മഫ്രിയാനായ മറുത്തായെ വാഴിച്ചശേഷം അത്തനാസ്യോസ് ഗാമോലോ പാത്രിയർക്കീസ്

കൊടുത്തയച്ച സ്താത്തിക്കോനിൽ തന്റെ പ്രതിനിധിയായിട്ട് ആണ് വാഴിച്ച യക്കുന്നതെന്ന് പറഞ്ഞിരിക്കുന്നതായി മീഖായേൽ റാബോയുടെ *സഭാചരി ത്രത്തിൽ* ഉണ്ട്. അതിന് പുറമെ ആ സ്താത്തിക്കോന്റെ സുറിയാനി മൂലവും അതിന്റെ മലയാള തർജ്ജമയും ഉള്ള ഒരു പുസ്തകം ഇവിടെ ഹാജരാക്കി യിട്ടുള്ളതിനാൽ കാണാവുന്നതാണ്. ബാർ എബ്രായായുടെ *സഭാചരിത്ര*ത്തിൽ ഇത് സംബന്ധിച്ച് അനേകം തെളിവുകൾ ഉണ്ട്. ഈ സഭയിൽപെടാത്ത പ്രൊട്ടസ്റ്റന്റ് റോമൻകാത്തലിക് മുതലായ ചരിത്രകാരന്മാരുടെ ചരിത്രങ്ങളിലും അക്കാര്യം കാണിച്ചിട്ടുണ്ട്. ഈ കേസിലെ 1-ാം വാദിയായ ഔഗേൻ കത്തോ ലിക്കാ ബാവായും താൻ പാത്രിയർക്കീസിന്റെ കീഴുള്ള ഒരു സ്ഥാനിയാണെന്ന് ശൽമൂസായിലും അദ്ദേഹം പാത്രിക്കീസിനയച്ചതായി ഇവിടെ ഹാജരാക്ക പ്പെട്ടിട്ടുള്ള എഴുത്തുകളിൽ നിന്നും കാണാവുന്നതാണ്. Ans. മേൽപറഞ്ഞ ചരിത്രപുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ?Q ഇവിടെ ഹാജരാക്കിയിട്ടുള്ള പുസ്ത കത്തിൽ ഉള്ള സ്താത്തിക്കോൻ ഞാൻ വായിച്ചിട്ടുണ്ട്. മീഖായേൽബോയുടെ ചരിത്രം കുറെ ഭാഗങ്ങൾ വായിച്ചിട്ടുണ്ട്. കാതോലിക്കാമാരെ സംബന്ധിച്ചുള്ള ബാർ എബ്രായായുടെ ചരിത്രം വായിച്ചിട്ടുണ്ട്. ഫോർട്ട്സ്ക്യൂ എന്ന ചരിത്ര കാരന്റെ ചരിത്രം വായിച്ചിട്ടുണ്ട്. മൊഷയം, നീൽ, കീഡ് മുതലായവരുടെ ചരിത്രങ്ങളിൽ നിന്നും Encyclopeadia Britanica എന്ന ഗ്രന്ഥത്തിൽനിന്നും ഉദ്ധരണികൾ വായിച്ചിട്ടുണ്ട് Ans. 1-ാം വാദി കൊടുത്തതായി പറയുന്ന ശൽമൂസ എവിടെയുണ്ട്? വായിച്ച് സമർപ്പിച്ചു എന്നുള്ളത് അറിയാം. അത് എവിടെ ഇരിക്കുന്നു എന്ന് ശരിക്ക് അറിഞ്ഞുകൂടാ എന്ന് നേരത്തെ ഞാൻ ബോധി പ്പിച്ചിട്ടുള്ളതാണ്. ആ അന്നത്തെ പ്രഖ്യാപനം മനോരമപത്രത്തിൽ ഉണ്ടായി രുന്നു എന്ന് ഓർക്കുന്നുണ്ട്. Ans. Rome, Alexandria, Constantinople, Antioch ഇവിടങ്ങളിൽ മേൽപട്ടക്കാരുടെ പ്രാധാന്യം അംഗീകരിക്കപ്പെട്ടതുപോലെ തന്നെ കിഴക്കൻ സഭയുടെ പ്രധാനകേന്ദ്രമായിരുന്ന സോലിക്കയിലെ മേൽപട്ട ക്കാരന്റെ പ്രാധാന്യം അംഗീകരിക്കപ്പെടുകയല്ലേ ഉണ്ടായത്?Q അല്ല, കിഴക്കിന്റെ സഭ ഇല്ലെന്ന് വീണ്ടും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. മുൻപറഞ്ഞ നാലു പേരുടെ കാര്യങ്ങൾ പറയുമ്പോൾ ഇന്നു മുതൽ എന്ന വാക്കുകൾ ഉപയോ ഗിക്കുന്നില്ല. കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താക്കുമാത്രം അന്നുമുതൽ ആ അധികാരാവകാശങ്ങൾ കൊടുക്കുകയായിരുന്നു എന്നാണ് കാനോൻ കൊണ്ട് തെളിയുന്നത്. Ans. കാതോലിക്കോസ് എന്ന സ്ഥാനി ഉണ്ടാകാ നുള്ള സാഹചര്യത്തെപ്പറ്റി ചീഫിൽ പറഞ്ഞിട്ടുള്ളത് എന്തിനെ അടിസ്ഥാന മാക്കിയാണ്? ബാർ എബ്രായായുടെ *എക്ലിഷ്യാസ്റ്റിക്കി*യൻ പാത്രിയർക്കീ സിന്റെ കല്പനപ്രകാരം ജെറുസലേമിലെ മെത്രാന്മാർ ഒരാളെ മേൽപട്ടക്കാര നായി വാഴിക്കുകയും അവർ സ്വന്തമായി ആ ആളിന് കാതോലിക്കാ എന്ന് പേര് വിളിക്കുകയും ചെയ്തു എങ്കിലും പാത്രിയർക്കീസിന് ഇക്കാര്യം സമ്മത മായില്ല എന്ന് *എക്ലിഷ്യാസ്റ്റിക്കി*യിൽ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തി ലാണ് ആദ്യം അങ്ങനെ ഒരു അനധികൃതമായ പേരുവന്നതെന്ന് ബോധിപ്പി ച്ചത്. അതിന്റെ യഥാർത്ഥമായ നിലവന്നത് നിഖ്യാസുന്നഹദോസിലെ നിശ്ചയം

വഴിയാണ്. Ans.ExB80 എന്ന പുസ്തകം എന്നാണ് ആദ്യം കണ്ടത്?Q യൂലിയോസ് ബാവായുടെ കയ്യിൽവച്ച് കൃത്യ വർഷം ഓർക്കുന്നില്ലെങ്കിലും 30ൽ പരം വർഷങ്ങൾക്ക് മുമ്പാണ് ആദ്യം കണ്ടത്. Ans. ഇതേ പുസ്തകം തന്നെയാണ് കണ്ടത്. യൂലിയോസ് ബാവായുടെതാണ് ഇത് എന്നുള്ളതിന് ലക്ഷ്യം വല്ലതും ഉണ്ടോ? ഞാൻ പിന്നീട് പലപ്പോഴും ഇതേ പുസ്തകം തന്നെ എടുത്ത് വായിക്കുകയും ആവശ്യമുള്ള ഉദ്ധരിണികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അന്നു ഞാൻ കണ്ട ഹാൻഡ് റൈറ്റിംഗ് തന്നെയാണ് ഇത്. Ans. ഇതിലെ ഹാൻഡ് റൈറ്റിംഗ് ആരുടെ എന്നറിയാമോ? എനിക്കറിഞ്ഞുകൂടാ. Ans.EB80 ഏത് പുസ്തകത്തിൽനിന്നും പകർത്തിയാതാണെന്നറിയാമോ? പാത്രിയർക്കാ അരമനയിലെ ലൈബ്രറിയിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള പുസ്തകങ്ങൾ ഉണ്ട്. അവയിൽ ഒന്നിൽ എന്നായിരിക്കണം ഇത് പകർത്തി എടുത്തത്. Ans. പുസ്തകങ്ങൾ കയ്യെഴുത്ത് മാത്രമായിരുന്ന കാലത്ത് ദൈവവിളിയുള്ള മേൽപട്ടക്കാരൊ പട്ടക്കാരൊ മൂലത്തിൽനിന്ന് വ്യത്യാസപ്പെടുത്തി ഒരു പുസ്തകം പകർത്തി എഴുതുക സാദ്ധ്യമല്ലാത്തതു കൊണ്ടാണ് മൂലത്തിൽനിന്നും പകർത്തിയതായിരിക്കണം എന്ന് പറഞ്ഞത്. ബാർ എബ്രായ എഴുതിയ മൂലം എവിടെ ആണെന്ന് എനിക്ക് എന്നല്ല ആർക്കും അറിഞ്ഞുകൂടാ. അതിൽനിന്നുള്ള പകർപ്പുകളാണ്. പിന്നീടുള്ളവ എല്ലാ ഈ പുസ്തകം, ഏത് പുസ്തകം നോക്കി എഴുതിയതാണെന്ന് എനിക്കറിഞ്ഞുകൂടാ. EB80 ൽ എവിടന്ന് നോക്കി പകർത്തിയതാണെന്ന് പറയുന്നില്ല. EB 80 original ആയി ഒത്തുനോക്കിയതായി അതുകൊണ്ട് കാണാമോ? സുറിയാനി അച്ചടി വരുന്നതിന് മുമ്പ് മോർ യാക്കോബിന്റെ തക്സായും സുവിശേഷങ്ങളും പള്ളി ക്രമ പുസ്തകങ്ങളും ഇന്നതിൽനിന്ന് പകർത്തി എടുത്തു എന്ന് പ്രത്യേകം പറയാതിരുന്നിട്ടും പരിപൂർണ്ണമായി വിശ്വസിച്ചുപയോഗിച്ചതുപോലെതന്നെ കയ്യെഴുത്ത് പുസ്തകങ്ങളെക്കുറിച്ചുള്ള പുസ്തകം ഉൾപ്പെടെ ഇത്രയുമെ പറയാൻ സാധിക്കൂ. ഒത്തുനോക്കിയതായി ഇതിൽനിന്നും കാണുന്നില്ല. Ans. ഇതുപോലെയുള്ള കയ്യെഴുത്തു പ്രതികൾ മറ്റുപലയിടത്തും ഉണ്ട്. EB80 ൽ ബാർ എബ്രായ എഴുതിയ ഒറിജിനൽ മാത്രമെ ഉള്ളൂ വേറെ ഒന്നും ഇല്ല എന്ന് പറയാൻ സാധിക്കുമോ? മുമ്പ് ഞാൻ ബോധിപ്പിച്ച പള്ളിക്രമ പുസ്തകങ്ങളിൽ വ്യത്യാസങ്ങൾ വരുത്തിയിട്ടില്ലെന്ന് സഭ വിശ്വസിക്കുന്നതുപോലെ ഈ കയ്യെഴുത്ത് പ്രതിയുടെ കാര്യത്തിലും അതിന്റെ സത്യാവസഥയെ ആ രീതിയിൽ മാത്രം കാണാൻ കഴിയുന്നതാണ്. Ans. ബാർ എബ്രായ ഏത് ഭാഷയിലാണ് എഴുതിയിരിക്കുന്നത്?Q വലിയ സുറിയാനി പണ്ഡിതനായ അദ്ദേഹം സുറിയാനി ഭാഷയിലാണ് എഴുതിയിരുന്നത്. Ans. അത് സാക്ഷിയുടെ ഉദ്ദേശമാണോ?Q എന്നാണ് പാരമ്പര്യവിശ്വാസം. മറ്റേതെങ്കിലും ഭാഷയിലായിരുന്നു എന്ന് ഇതുവരെ ആരും പറഞ്ഞുകേട്ടിട്ട്പോലുമില്ല. Ans. *എക്ലീഷ്യാസ്റ്റിക്കി* എന്ന പുസ്തകം ബാർ എബ്രായ എന്നെഴുതിയതാണെന്ന് പറയാമോ? അദ്ദേഹം 1266 ലൊ 1286 ലൊ ആണ് മരിച്ചത്. അതിനുമുമ്പ് എപ്പോഴെങ്കിലും ആയിരിക്കണം. Ans. ഇത് ഒരു ക്രോണിക്കിൾ ആയി എഴുതിയതാണോ?Q ഏത്

ിതിയിൽ എഴുതിയതാണെന്ന് എനിക്കറിഞ്ഞുകൂടാ?Q *എക്ലീഷ്യാസ്റ്റിക്കി* എന്നത് ഒരാൾ തന്നെ മുഴുവൻ എഴുതിയതാണോ?Q ബാർ എബ്രായയുടെ ാലം വരെയുള്ളത് അദ്ദേഹം തന്നെ എഴുതിയതാണ്. ?Q അതിനുശേഷമുള്ള -5പേരുടെ കാര്യം കൂടി EB80 ൽ ഉണ്ട്. ഈ പുസ്തകത്തിലുള്ളത് മാത്രമെ എനിക്കറിയാവൂ. ബാർ എബ്രായായയുടെ കാലശേഷമുള്ളത് ആര് എഴുതി എന്ന് എനിക്കറിഞ്ഞുകൂടാ Stopped for the day.

**ാമാഴി വായിച്ചുകേട്ടു ശരി,**

കുര്യൻ കോർഎപ്പിസ്കോപ്പാ
Sd/-

'irst Addl. District and sessions Court, ERNAKULAM, Taken down by/me in ›pen court, read over to the witness / and admitted by him/her to be correct.

Sd/-
Judge

28-8-78

vitness sworn again and cross examination continued. EB80ൽ അതിന്റെ പേര് എന്തെങ്കിലും പറയുന്നുണ്ടോ? ഉണ്ട്. അതിന്റെ രണ്ടാം ഭാഗത്തിന്റെ തലക്കെ ട്ടായി "ബാർ എബ്രായ എന്നു വിളിക്കപ്പെടുന്ന മിലീത്തിനിയൽ നിന്നുള്ള സമർത്ഥ വൈദ്യൻ അഹറോന്റെ പുത്രൻ സ്തുത്യനായ മഫ്രിയാനായും കിഴക്കിന്റെയും പടിഞ്ഞാറിന്റെയും പ്രകാശവും ആകുന്ന അബു അൽഫരാജ് മോർ ഗ്രീഗോറിയോസ് എന്ന ഭാഗ്യവാനാൽ വിരചിക്കപ്പെട്ട പൗരസ്ത്യദേ ശത്തെ സഭാപരമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള *എക്ലീഷ്യാസ്റ്റിക്കി*യുടെ പുസ്തകം രണ്ടാം മെമ്രാ ദൈവം മൂലം ഞങ്ങൾ എഴുതുന്നു" എന്നുണ്ട്. Ans. ഞങ്ങൾ എഴുതുന്നു എന്നുള്ളത് ആരെ ഉദ്ദേശിച്ചാണ്? സാധാരണ സുറിയാനിപുസ്തകം പകർത്തി എഴുതുന്നവരെല്ലാം ഇപ്രകാരമാണ്, ഒരാ ളാണ് എഴുതുന്നതെങ്കിലും എല്ലാ കയ്യെഴുത്ത് പ്രതികളിലും എഴുതുന്നത്. Ans. രണ്ടാം ഭാഗത്ത് എഴുതിയിരിക്കുന്നത് ഏത് സഭയെ സംബന്ധിച്ചിട്ടുള്ള താണ്? അതിന്റെ ഹെഡിംഗിൽ പറഞ്ഞിരിക്കുന്നതുപോലെ പൗരസ്ത്യദേ ശത്തെ സഭാപരമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ളതാണ്. Ans. പൗരസ്ത്യ ദേശം എന്ന് പറയുന്നത് ഏതാണ്? പേർഷ്യൻ പ്രദേശമാണ്. Ans. ഈ *എക്ലിഷ്യാസ്റ്റിക്കി*യിൽ കിഴക്കിന്റെ സഭ എന്ന് എവിടെ എങ്കിലും ഉപയോഗി ച്ചിട്ടുണ്ടോ? ഒരിടത്തും ഉപയോഗിച്ചിട്ടില്ലെന്ന് നേരത്തെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. Ans. കിഴക്കിന്റെയും പടിഞ്ഞാറിന്റെയും പ്രകാരം എന്ന് പറയുന്നതിൽ കിഴക്കും പടിഞ്ഞാറും ഏതാണ്?Q പടിഞ്ഞാറ് മുമ്പ് ബോധിപ്പിച്ചിട്ടുള്ളതുപോലെ റോമൻ സാമ്രാജ്യവും കിഴക്ക് പേർഷ്യൻ സാമ്രാജ്യവുമാണ്. Ans. നമ്മുടെ സഭ എന്ന് ExB80 ൽ ഉപയോഗിച്ചിട്ടുണ്ടോ? നമ്മുടെ പാത്രിയർക്കീസ് എന്ന് ഉപയോഗിച്ചിട്ടുള്ള ഒരു ഭാഗം ഓർമ്മവരുന്നു. നമ്മുടെ സഭ എന്ന് എവിടെയെ ങ്കിലും ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഇപ്പോൾ ഓർക്കുന്നില്ല. Ans. പൗരസ്ത്യർ

അല്ലെങ്കിൽ കിഴക്കൻ പാശ്ചാത്യർ അല്ലെങ്കിൽ പടിഞ്ഞാറുകാർ എന്നുപയോഗിച്ചിട്ടുണ്ടോ? ഉണ്ട്. Ans. പൗരസ്ത്യരായ എപ്പിസ്കോപ്പന്മാർ പാശ്ചാത്യരായ എപ്പിസ്കോപ്പന്മാർ എന്നും ഉപയോഗിച്ചിട്ടുണ്ട്. അങ്ങനെ പൗരസ്ത്യർ, പാശ്ചാത്യർ എന്നെല്ലാം ഉപയോഗിച്ചിരിക്കുന്നത് പൗരസ്ത്യസഭ വിഭാഗത്തേയും പാശ്ചാത്യസഭാ വിഭാഗത്തേയും ഉദ്ദേശിച്ചല്ലേ?Q സഭയുടെ ഏക തലവനായ പാത്രിയർക്കീസിന്റെ കീഴിൽ കിഴക്കും പടിഞ്ഞാറും ഉള്ള ഏക സഭയുടെ വിഭാഗങ്ങളെ ഉദ്ദേശിച്ചാണ്. Ans. 1-ാം ഭാഗത്തിന്റെ തലക്കെട്ടിൽ എന്താണ് പറയുന്നത്? 1-ാം ഭാഗത്തെക്കുറിച്ച് കാര്യമായി ഞാൻ നോക്കിയിട്ടില്ല. *നാളാഗമ*ത്തിന്റെ രണ്ടാം ഭാഗം. അതായത് *എക്ലീഷ്യാസ്റ്റിക്കി*യുടെ പുസ്തകം എഴുതുവാൻ ദൈവശക്തിയാൽ ഞങ്ങൾ ആരംഭിക്കുന്നു എന്നാണ്. Ans. *നാളാഗമ*ത്തിന്റെ എന്നാൽ എന്താണ്? നാളാഗമത്തിൽ രാജ്യചരിത്ര പരമായ ഭാഗവും സഭാചരിത്രമായ ഭാഗവും ഉള്ളതിൽ രണ്ടാമത്തെ ഭാഗത്തെ ഉദ്ദേശിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. Ans. *എക്ലിഷ്യാസ്റ്റിക്കി* എന്നേ എഴുതിയിട്ടുള്ളൂ. ഏത് സഭയെക്കുറിച്ചാണെന്ന് അവിടെ എഴുതിയിട്ടില്ല. നാളാഗമം എന്ന് വച്ചാൽ chronicle എന്നായിരിക്കണം. ശരി തർജ്ജമ എന്നുപറഞ്ഞു. ഇവിടെ ഹാജരാക്കിയിരിക്കുന്നത് അതാത് ഭാഗങ്ങളുടെ ശരിയായ തർജ്ജമ ആണോ? അതെ. Ans. ചുരുക്കമായിട്ട് എഴുതിയിട്ടില്ല. അതാത് ഭാഗങ്ങളിലുള്ള വാചകങ്ങളുടെ തർജ്ജമ ആണ്. തർജ്ജമ ചെയ്തിട്ടുള്ള വാചകങ്ങൾ അതാത് വാചകങ്ങളുടേത് തന്നെ ആണ്. ആവശ്യമുള്ള ഭാഗങ്ങൾ മാത്രം എടുത്ത് താഴോട്ടുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ സ്ഥാനങ്ങളിൽ വിട്ട് കളഞ്ഞിട്ടുണ്ട്. ആവശ്യമുള്ള ഭാഗങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്താണ്? ആ പുസ്തകത്തിൽ നെസ്തോറിയരുടെ ചരിത്രവും പ്രതിപാദിച്ചിട്ടുണ്ട്. അത്യാവശ്യ ഭാഗമല്ല, ആവശ്യമുള്ള ഭാഗം എന്ന് ഞാൻ ബോധിപ്പിച്ചത്. ഏകസഭയിൽ പാത്രിയർക്കീസിന്റെ ഡപ്യൂട്ടി മാത്രമാണ്, മഫ്രിയാനാ അഥവാ കാതോലിക്കാ എന്നുള്ളത് സ്പഷ്ടമാകുന്ന ഭാഗങ്ങളാണ്. Ans. പുസ്തകം മുഴുവൻ തർജ്ജമ ചെയ്തു; ഹാജരാക്കിയിട്ടില്ല. *എക്ലിഷ്യാസ്റ്റിക്കിയിൽ* EB80 ൽ എവിടെ എങ്കിലും അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് എന്നുപയോഗിച്ചിട്ടുണ്ടോ? അങ്ങനെ പറഞ്ഞിട്ടില്ല. കാരണം അന്ത്യോക്യാ പാത്രിയർക്കീസ് എന്നു പറഞ്ഞാൽ കിഴക്കൊക്കെയുടെയും മേൽ അധികാരമുള്ള ആളാണെന്ന് നല്ലപോലെ അറിയാവുന്ന ആളായിരുന്നു ബാർ എബ്രായ. അതിനും പുറമെ ഇന്നും അന്ത്യോക്യാ പാത്രിയർക്കീസിനെക്കുറിച്ച് പറയുന്ന എല്ലാ സ്ഥലത്തും കിഴക്കൊക്കെയുടെയും എന്ന് കൂട്ടിചേർത്തെഴുതിയല്ല പറയാറുള്ളത്. Ans. *എക്ലിഷ്യാസ്റ്റിക്കി* പൊതു ഉപയോഗത്തിന് എഴുതിയതൊ ഒരാളുടെ സ്വന്തം ഉപയോഗത്തിന് എഴുതിയതോ? പൊതു ഉപയോഗത്തിനായിട്ട് ആണ് എഴുതിയത്. അങ്ങനെ എഴുതുന്നവർ അവരുടെ സ്റ്റാൻഡാർഡ് വച്ചാണ് എഴുതുന്നത്. Ans. തർജ്ജമയിൽ തലക്കെട്ട് എന്താണ് എഴുതിവച്ചിരിക്കുന്നത്? ബാർ എബ്രായ *എക്ലിഷ്യാസ്റ്റിക്കി* എന്നാണ്. Ans. അത് EB80 ൽ ഉള്ള തലക്കെട്ടിന്റെ ശരിയായ തർജ്ജമയാണോ? ബാർ എബ്രായിയുടെ *എക്ലിഷ്യാസ്റ്റിക്കി*

യിൽ നിന്നുള്ളതാണ് എന്ന് കാണിക്കുവാൻ മാത്രം എഴുതിയിട്ടുള്ളതി നാൽ മുമ്പ് ബോധിപ്പിച്ച തലക്കെട്ട് മുഴുവനും എഴുതിയിട്ടില്ല. Ans. Ex.B80 ൽ മോർ തോമാ ശ്ലീഹയെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത്? പൗരസ്ത്യദേശത്തെ ഒന്നാമത്തെ പ്രധാനാചാര്യൻ എന്നാണ്. Ans. തർജ്ജമ യിൽ സെയ്ന്റ് തോമസ് എന്ന് മാത്രമല്ലേ എഴുതിയിട്ടുള്ളൂ? അത്രയെ ഉള്ളൂ. അത് ലിസ്റ്റ് കാണിക്കാൻ മാത്രമായി എഴുതിയതാണ്. Ans. അവിടെ എഴുതി യിരിക്കുന്ന യഥാർത്ഥവിവരം മനസ്സിലാക്കാതിരിക്കാൻ വേണ്ടി മനപൂർവ്വം വിട്ടുകളഞ്ഞതല്ലേ? ഒരിക്കലുമല്ല. ഈ പുസ്തകത്തെകുറിച്ച് ചോദ്യം വരു മ്പോൾ ഇക്കാര്യം നിശ്ചയമായും വരും. കാരണം മറ്റുള്ളവരുടെ പുസ്തക ത്തിലും ഈ ഭാഗം ഉണ്ട്. ആ സ്ഥിതിക്ക് ഞാൻ മനഃപൂർവ്വം മറച്ചുവച്ചാലും അത് പുറത്തുവരും എന്ന് എനിക്കറിയായിരുന്നതുകൊണ്ട് മനപൂർവ്വം മറച്ചു വച്ചതല്ലാ എന്ന് ഞാൻ ബോധിപ്പിക്കുന്നു. Ans. പ്രതിഭാഗത്തുനിന്നും വാദി ഭാഗത്തേക്ക് തന്നിട്ടുള്ള തർജ്ജമയുടെ പകർപ്പല്ലേ ഇത്?Q ഒറിജിനലിന്റെ കൈപ്പടയല്ല. പ്രതിഭാഗത്തുനിന്നും കൊടുത്തതാണോ എന്ന് എനിക്കറിഞ്ഞു കൂടാ. Ans. എന്നെ കാണിച്ച പകർപ്പിൽ വേറൊരു മഷിയിൽ സെയ്ന്റ് തോമസ് എന്ന് ഇംഗ്ലീഷിൽ എഴുതിയതിനുശേഷം കിഴക്കിന്റെ ഒന്നാമത്തെ പ്രധാനാ ചാര്യൻ എന്നെഴുതിയിട്ടുണ്ട്. ഇവിടെ ഹാജരാക്കിയിട്ടുള്ള തർജ്ജമയിൽ സെന്റ് തോമസ് എന്ന് മലയാളത്തിലാണ് എഴുതിയിട്ടുള്ളത്. അതിനും പുറമെ മറ്റ് പല ഭാഗങ്ങളിലും പലതും വാദിഭാഗം കൈവശമുള്ള എന്നെ കാണിച്ച പകർപ്പിൽ എഴുതി ചേർത്തിട്ടുണ്ട്. ആഗായി, മാറി അവർക്കെതിരെ തർജ്ജ മയിൽ കാണിച്ചിരിക്കുന്നത്. അതുപോലെ തന്നെ ExB80 ൽ ഉണ്ടോ?Q ഉണ്ട്. Ans. അവരെ സംബന്ധിച്ച് EB80 ൽ പറയുന്ന വിവരങ്ങൾ ഒന്നും തർജ്ജമ യിൽ ചേർത്തിട്ടില്ല. ആദായി 72 അറിയിപ്പുകാരിൽ ഒരാളാണ്. ആദായി ഉറഹാ യിലേക്ക് വന്നു എന്ന് പറയുന്നത് എഡേസായിലേക്ക് തന്നെയാണോ?Q അതെ. Ans. അത് പേർഷ്യൻ സാമ്രാജ്യത്തിലായിരുന്നോ?Q അന്ന് പേർഷ്യൻ സാമ്രാജ്യത്തിൽ അല്ലായിരുന്നു. Ans. ആദായി ഉറഹായിൽ വന്നിട്ട് ചെയ്ത കാര്യങ്ങൾ EB80 ൽ ഉണ്ട്. എന്തു ചെയ്തതായിട്ടാണ്?Q അവിടെ അബ്ഗാർ എന്ന കുഷ്ഠരോഗിയായ ഒരു രാജാവുണ്ടായിരുന്നു എന്നും ആദായി അദ്ദേ ഹത്തെ സുഖപ്പെടുത്തി എന്നും അദ്ദേഹം വിശ്വസിച്ച് മാമൂദീസാ മുക്കു കയും അദ്ദേഹത്തിന്റെ ചിലവിൽ ഉറഹായിൽ പള്ളികൾ പണിയിക്കുകയും ചെയ്തു എന്നും ഉറഹായൽനിന്നു ആഗായി, മാറി എന്ന് രണ്ട് ശിഷ്യന്മാ രോടുകൂടി ആദായി ഉറഹായിൽനിന്ന് പൗരസ്ത്യദേശത്തേക്ക് പോയെന്നും അവിടെ സത്യവിശ്വാസം പ്രസംഗിച്ചെന്നും ഉറഹായിലേക്ക് തിരിച്ചുവന്നു എന്നും തിരിച്ചുവന്നപ്പോൾ അബ്ഗർ രാജാവ് മരിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ വാണിരുന്നു എന്നും അയാൾ ദോമൂസ് (കർക്കടകം) 30-ാം തീയതി ആദായിയെ വധിച്ചു എന്നും ഉറഹായൽ താൻ പണിയിച്ചിരുന്ന പള്ളിയിൽ അടക്കപ്പെട്ടു എന്ന് പറയുന്നുണ്ട്. Ans. മോർ തോമാ ശ്ലീഹാക്കുശേഷമുള്ള പിൻഗാമികളായിട്ടാണോ?Q ആദായി, ആഗായി, മാറി ഇവരെപ്പറ്റി പറഞ്ഞിട്ടു

ള്ളത്?Q പിൻഗാമികളായിട്ടല്ല. പിൻഗാമിയാകണമെങ്കിൽ മോർ തോമാശ്ലീഹാ യാൽ എന്ന് പ്രധാനാചാര്യത്വം പ്രാപിച്ചിരിക്കണം. അങ്ങനെ ഒരു കാര്യം ഇതിൽ പ്രസ്താവിച്ചിട്ടില്ല. Ans. അവർ മൂന്നുപേർ പ്രധാനാചാര്യന്മാരായി രുന്നോ? അവർ അറിയിപ്പുകാർ ആയിരുന്നു. Ans. പ്രധാനാചാര്യസ്ഥാനം ഉള്ളവരായിരുന്നോ?Q അവർ പ്രധാനാചാര്യന്മാരായിരുന്നു എന്ന് അവരെ ക്കുറിച്ച് EB80 ൽ ഒരിടത്തും പറഞ്ഞിട്ടില്ല. Ans. സാക്ഷിക്കറിയാമോ അവർ പ്രധാനാചാര്യന്മാർ ആയിരുന്നോ എന്ന്?Q എനിക്ക് മുൻപറഞ്ഞതിൽ കൂടു തൽ അറിഞ്ഞുകൂട. Ans.EB80 ൽ അബ്രോസിയോസിനെപ്പറ്റി പറയുന്ന ആദ്യവാചകം എന്താണ്?Q അവിടെയുള്ള സഹോദരന്മാരെ കാണുവാനും അവരുടെ വാർത്ത അദ്ദേഹത്തിനായി കൊണ്ടുവരുവാനായി അദ്ദേഹത്തിന്റെ ഗുരുവായി മാറി തന്റെ ശിഷ്യനായ അബ്രോസിയോസിനെ അന്ത്യോക്യായി ലേക്കയച്ചു എന്നാണ്. Ans. ഈ പറഞ്ഞഭാഗം തർജ്ജമ ചെയ്തിട്ടില്ല. അതിന് താഴെയുള്ളത് തർജ്ജമ ചെയ്തിട്ടുണ്ട്. അബ്രോസിയോസ് അങ്ങനെ അന്ത്യോക്യായിലായിരുന്നപ്പോൾ മാറി മരിച്ചതായിട്ടല്ലേ ExB80 ൽനിന്നും മനസ്സിലാക്കേണ്ടത്?Q ഒരിക്കലും അല്ല. മാറി അയച്ച കാര്യം പറഞ്ഞവസാ നിപ്പിച്ചു. അതിന് താഴെയുള്ള വാചകം ഭാഗ്യവാനായ മാറി മരിച്ചപ്പോൾ പൗരസ്ത്യരായ വിശ്വാസികൾ അന്ത്യോക്യായിലേക്ക് ആളയക്കുകയും അവർക്ക് മേൽപട്ടക്കാരനെ ആവശ്യപ്പെടുകയും ചെയ്തു എന്നാണ്. അതി നുശേഷം ആ ശിഷ്യന്മാർ അബ്രോസിയോസിന്റെ മേൽ കൈവയ്പ്പ് നൽകി തന്റെ ഗുരുവിന്റെ സ്ഥാനത്ത് ഭരിക്കാനായി അയച്ചു എന്നാണ്. Ans. ആ ശിഷ്യന്മാർ എന്നത് അന്ത്യോക്യായിലെ ശിഷ്യന്മാർ എന്നാണ്. ആദ്യം മുതൽ ഈ പറഞ്ഞ ഭാഗം വരെ വായിച്ചാൽ മാറി മറിക്കുമ്പോൾ അബ്രോസിയോസിസ് അന്ത്യോക്യായിലായിരുന്നു എന്നല്ലേ അനുമാനിക്കേണ്ടത്?Q ആ ഭാഗത്തു നിന്ന് മനസ്സിലാക്കുന്നത് മാറി അദ്ദേഹത്തെ അന്ത്യോക്യായിലേക്ക് അയച്ച്, അദ്ദേഹം തിരികെ വന്നിരിക്കാം. ഇല്ലായിരിക്കാം. അതുകഴിഞ്ഞ് മാറി മരിച്ച തിന്റെശേഷമാണ് വിശ്വാസികൾ തങ്ങൾക്ക് പ്രധാനാചാര്യന്മാരെ അപേക്ഷി ക്കുവാൻ അന്ത്യോക്യായ്ക്ക് പോയത്. ആ സമയത്ത് അബ്രോസിയോസ് അവിടെ ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ല. പോയ വിശ്വാസികളിൽ ഒരാൾ അബ്രോസിയോസും ആയിരിക്കാം. Ans. ആദ്യത്തെ വാചകത്തിന്റെ തർജ്ജമ മനപൂർവ്വം വിട്ടുകളഞ്ഞതല്ലേ?Q ഒരിക്കലുമല്ല. കിഴക്കുള്ളവർ അവർക്ക് മേൽപട്ടക്കാരെ ആവശ്യപ്പെട്ടുകൊണ്ട് അന്ത്യോക്യായ്ക്ക് ആളയച്ചു എന്നു ള്ളത് കാണിക്കുവാൻ മാത്രമാണ് രണ്ടാമത്തെ വാചകം മുതൽ തർജ്ജമ ചെയ്തത്. അംബ്രോസിയോസ് അവിടെ ഇല്ലായിരുന്നു എന്ന് വരുത്തിയതു കൊണ്ട് പ്രത്യേക പ്രയോജനം ഒന്നുമില്ലാത്തതിനാൽ ആ വാചകം മനഃ പൂർവ്വം വിട്ടുകളഞ്ഞതല്ല. Ans. യാക്കോബ് എവിടെവച്ചാണ് വാഴിക്കപ്പെട്ടത്? അന്ത്യോക്യയാൽ വാഴിക്കപ്പെട്ട അബ്രഹാമിനുശേഷം വാഴിക്കപ്പെട്ട തച്ചനായ യൗസേപ്പിന്റെ കുടുംബത്തിൽനിന്നുള്ള യാക്കോബ് യറുസലേമിൽവച്ച് തെര ഞ്ഞെടുക്കപ്പെടുകയും വാഴിക്കപ്പെടുകയും ചെയ്തു. Ans. അദ്ദേഹം തെരഞ്ഞെ

ടുക്കപ്പെട്ട് യറുശലേമിൽവച്ച് പട്ടം കെട്ടപ്പെട്ട് കിഴക്കോട്ടയക്കപ്പെട്ടു എന്ന് തർജ്ജമ ചെയ്യാമോ?Q രണ്ടുവിധത്തിലും തർജ്ജമ ചെയ്യാം. Ans. അഹോദാബുയിയെ വാഴിച്ചത് ആരാണ്?Q യാക്കോബിനുശേഷം പൗരസ്ത്യദേശത്തിന് മേൽപട്ടക്കാരനാകുവാൻ വേണ്ടി പൗരസ്ത്യർ രണ്ടുപേരെ അന്ത്യോക്യായിലേക്ക് അയക്കുകയും അവരിൽ അന്ത്യോക്യാ പാത്രിയർക്കീസിന് ഇഷ്ടമുള്ള ആളെ പട്ടംകെട്ടി കിഴക്കോട്ടയച്ച് കൊടുക്കണമെന്നും അപേക്ഷിച്ചിരുന്നതിൽ ഒരുവനായ അഹോദാബുയിയെ പാത്രിയർക്കീസിന്റെ കല്പനപ്രകാരം യറുശലേമിൽ വച്ചാണ് വാഴിച്ചത്. Ans. അങ്ങനെ കല്പന അയച്ചതായി EB80 ൽ ഉണ്ടോ?Q ഉണ്ട്. Ans. ആഹോദാബൂയി യറൂശലേമിൽ ഉണ്ട്. ചാരന്മാരെന്നുള്ള രീതിയിൽ അവരിൽ ഒരാളെ റോമൻസാമ്രാജ്യത്തിലുള്ളവർ കൊന്നപ്പോൾ പാത്രിയർക്കീസിന്റെ അടുക്കലേക്ക് പോകേണ്ടിയിരുന്ന അഹോദാബൂയി രക്ഷപെട്ട് യറുശലേമിക്ക് പോയി. ആഹോദാബൂയി യറുശലേമിൽ ഉണ്ട് എന്ന് അന്ത്യോക്യാ പാത്രിയർക്കീസ് കേട്ടപ്പോൾ അവിടെയുള്ള എപ്പിസ്കോപ്പന്മാരുടെ പേർക്ക് അവർ അവന്റെമേൽ കൈവയ്പ്പ് നടത്തി കിഴക്കോട്ടയക്കണം എന്ന് അവരുടെ പേർക്ക് എഴുത്തുകൾ അയച്ചു. അതനുസരിച്ച് അവർ പ്രവർത്തിക്കുകയും അവനെ സോലിക്കിലേക്ക് അയക്കുകയും ചെയ്തു എന്നാണ്. ExB80 ൽ പറയുന്നത്. Ans. അഹോദാബൂയിയെ (വാഴിച്ചയച്ച ആളെ) കാതോലിക്കാ എന്നും പാത്രിയർക്കീസെന്നും വിളിക്കപ്പെടുന്നതിന് യറുശലേമിലെ എപ്പിസ്കോപ്പന്മാർ സ്താത്തിക്കോൺ എഴുതിയോ?Q മേൽപട്ടക്കാരനായി വാഴിച്ചയക്കാൻ മാത്രം പാത്രിയർക്കീസ് അധികാരപ്പെടുത്തിയ യറുശലേമിലെ എപ്പിസ്കോപ്പന്മാർ അവർക്കുള്ള അധികാരത്തിലപ്പുറമായി ചോദ്യത്തിലെ കാര്യങ്ങൾ പറഞ്ഞതായും അവരുടെ ഈ പ്രവൃത്തി പാത്രിയർക്കീസിന് ഇഷ്ടപ്പെട്ടില്ല എന്നും ExB80 ൽ പറയുന്നുണ്ട്. Ans. stoped for lunch.

Witness sworn again after lunch and examination continued. അഹോദാബുയെ വാഴിച്ചപ്പോൾ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ കാതോലിക്കാ എന്നും പാത്രിയർക്കീസ് എന്നും വിളിക്കപ്പെടുന്നുവെന്ന് സ്താത്തിക്കോൻ എഴുതിയോ?Q കൊടുത്തതായി പറയുന്നുണ്ട്. Ans. അഹോദാബൂയിക്കുശേഷം ആക്കോക്ക് നെസ്തോറിയൻ ആകുന്നത്വരെയുള്ള എല്ലാ കാതോക്കാമാരെയും തെരഞ്ഞെടുത്തതും വാഴിച്ചതും പൗരസ്ത്യർ തന്നെയാണോ?Q പ്രസ്തുത മേൽപട്ടക്കാരെ തെരഞ്ഞെടുത്തതും വാഴിച്ചതും പൗരസ്ത്യർ തന്നെയാണ്. എന്നാൽ കാതോലിക്കാ എന്ന പേര് ഈ ഭാഗത്തൊന്നും പറഞ്ഞിട്ടില്ല. Ans. പാത്രിയർക്കീസ് ഈ കാലങ്ങളിൽ കിഴക്കൻ സഭയിൽ എന്തെങ്കിലും പ്രവർത്തിച്ചതായിട്ടോ അതിന്റെ ഭരണത്തിൽ ഏതെങ്കിലും തരത്തിൽ ഇടപെട്ടതായിട്ടോ EB80 ൽ കാണുന്നുണ്ടോ?Q കിഴക്കൻസഭ ഇല്ലായിരുന്നു എന്ന് വീണ്ടും ബോധിപ്പിച്ചുകൊള്ളുന്നു. അക്കാലത്ത് മുമ്പ് ബോധിപ്പിച്ചതുപോലെയുള്ള രാഷ്ട്രീയപരിതസ്ഥിതികൾ മൂലം പേർഷ്യൻ പ്രദേശത്ത് പാത്രിയർക്കീസ് നേരിട്ട് പ്രവർത്തിച്ചതായി കാണുന്നില്ലെങ്കിലും അക്കാലങ്ങളിൽ

ഉണ്ടായിരുന്ന ബാബുയാഹ്, അക്കാക്ക് എന്നിവരുടെ കാലത്ത് നെസ്തോറിയൻ ശക്തി വർദ്ധിച്ചതിന് എതിരായി വേണ്ടപോലെ ഉത്സാഹമായി അവർ പ്രവർത്തിച്ചില്ല എന്നുള്ളതിന് പാശ്ചാത്യ എപ്പിസ്കോപ്പന്മാർ അതായത് പാത്രിയർക്കീസിന്റെ എപ്പിസ്കോപ്പന്മാർ അവരെ ശാസിച്ചതായും അവർ അതിന് മറുപടി കൊടുത്തതായും ExB80 ൽ ഉണ്ട്. Ans. പാത്രിയർക്കീസിന്റെ എപ്പിസ്കോപ്പന്മാർ എന്ന് ExB80 ൽ ഇല്ല. പാശ്ചാത്യഎപ്പിസ്കോപ്പന്മാർ എന്നാൽ പാശ്ചാത്യദേശത്തുള്ള പാത്രിയർക്കീസിന്റെ എപ്പിസ്കോപ്പന്മാർ ആണ്. അങ്ങനെ EB80 ൽ എടുത്തുപറഞ്ഞിട്ടില്ല. പാശ്ചാത്യഎപ്പിസ്കോപ്പന്മാർ അവർക്കുള്ള അധികാരം ഉപയോഗിച്ചു. അങ്ങനെ ചെയ്തു എന്ന് EB80 ൽ ഉണ്ടോ?Q അധികാരം ഉള്ളവരെ ശാസിക്കാറുള്ളൂ. അധികാരം വച്ചുകൊണ്ട് ശാസിച്ചു എന്നതിൽ എഴുതിയിട്ടില്ല. Ans. ഒരു സഹോദരീസഭയിലെ എപ്പിസ്കോപ്പന്മാർ എന്ന നിലയിൽ കുറ്റപ്പെടുത്തി എന്നല്ലേ EB80 ൽ കാണുന്നത്? അന്ന് സഹോദരീസഭ ഒന്നുമില്ല. അന്ത്യോക്യായിലേക്ക് ആളയക്കുകയും മേൽപട്ടക്കാരെ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്ത സഭയിലെ കിഴക്കൻവിഭാഗത്തിൽ രാഷ്ട്രീയ പരിതസ്ഥിതിമൂലം വേണ്ട വിധത്തിൽ പ്രവർത്തിക്കുവാൻ സാധിക്കാതെ വന്നു എന്നല്ലാതെ കിഴക്കൻ വിഭാഗം ഒരു സഹോദരീസഭ അല്ല. ആ രീതിയിൽ അവരെ കുറ്റപ്പെടുത്തിയതുമില്ല. Ans. രാഷ്ട്രീയ പരിതസ്ഥിതി കൊണ്ടു പ്രവർത്തിക്കാൻ സാധിച്ചില്ല എന്ന് ExB80 കൊണ്ടു കാണുമോ?Q ആ വാക്കുകൾ അതിൽ ഉപയോഗിച്ചിട്ടില്ല. എന്നാൽ ആഹോദാബൂയിയുടെ സംഭവത്തിൽനിന്നും മറ്റും അക്കാര്യം മനസ്സിലാക്കാവുന്നതാണ്. Ans. ശഹലൂപ്പാക്കുശേഷം പാപ്പയുടെ മേൽ കൈവച്ചത് ആരാണ്?Q മിശാനിലെ ദാവീദ് മെത്രാപ്പോലീത്താ ആണ്. Ans. അത് ഏതാണ്ടിലാണെന്ന് ഉണ്ടോ? യൗനായവർഷം 577. അതായത് ക്രിസ്തുവർഷം 2166. Ans. യൗനായ വർഷത്തിൽനിന്നും 311 കുറച്ചാൽ ക്രിസ്തുവർഷം കിട്ടും. പാപ്പാനിഖ്യാസ്നഹദോസിൽ സന്നിഹിതനായതായി ExB80 ൽ പറയുന്നുണ്ടോ? സുനഹദോസിൽ സംബന്ധിച്ചതായി ചിലരും സംബന്ധിച്ചില്ലാ; തന്റെ ശിഷ്യനായ ശെമവോൻ ബർ സബ്ഓ എന്നയാളെ അയക്കുകയാണ് ചെയ്തതെന്ന് മറ്റു ചിലരും സുനഹദോസിൽ വച്ചാണ് വാഴിക്കപ്പെട്ടതെന്ന് മറ്റ് ചിലരും പറയുന്നതായി ExB80 ൽ പറയുന്നുണ്ട?Q സുനഹദോസിൽ സംബന്ധിച്ചതായി ചിലരും സംബന്ധിച്ചില്ലാ തന്റെ ശിഷ്യനായ ശെമവോൻ ബർ സബ്ഓ എന്നയാളെ അയക്കുകയാണ് ചെയ്തതെന്ന് മറ്റ് ചിലരും സുനഹദോസിൽവച്ചാണ് വാഴിക്കപ്പെട്ടതെന്ന് മറ്റ് ചിലരും പറയുന്നതായി ExB80 ൽ പറയുന്നുണ്ട്. Ans. ഏത് സുനഹദോസിൽ വച്ച് വാഴിച്ചു എന്ന്?Q നിഖ്യാസുനഹദോസിൽ വച്ച്. Ans. സുനഹദോസിൽ വച്ച് പട്ടം കിട്ടി എന്ന് പറഞ്ഞതിനുശേഷം അത് സ്പഷ്ടമല്ല എന്നതിന് പറഞ്ഞിരിക്കുന്നത്, സ്പഷ്ടമല്ലാ, ഉറപ്പിക്കപ്പെട്ടതല്ലാ എന്നെല്ലാം അതിന് അർത്ഥം ഉണ്ടോ. പാപ്പായെപ്പറ്റി പറഞ്ഞ സംഗതികളൊന്നും തർജ്ജമയിൽ ചേർത്തിട്ടില്ലല്ലോ? ഇപ്പോൾ പറഞ്ഞതും ഇപ്പോൾ പറഞ്ഞതിന്റെ ചുരുക്കമായി പാപ്പാ വാഴിക്കപ്പെട്ടു എന്നുള്ള വിവരം പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്താണ് ചുരുക്കം എഴുതിയത്?Q കിഴക്കരാൽ

വാഴിക്കപ്പെട്ടു എന്നും നിഖ്യാസൂനഹദോസിൽവച്ച് വാഴിക്കപ്പെട്ടു എന്നും പറയപ്പെടുന്നു. Ans. ഇങ്ങനെ തർജ്ജമ ചെയ്യത്തക്കവണ്ണം വാചകം EB80 ൽ ഉണ്ടോ?Q അതാണ് ആ ഭാഗത്തിന്റെ ചുരുക്കം എന്നു പറഞ്ഞത്. ഇതു പോലെയുള്ള വാചകം EB80 ൽ ഇല്ല. Ans. ദാവീദ് മെത്രാപ്പോലീത്ത അദ്ദേഹത്തിന്റെ മേൽ കൈവെച്ചു എന്നും നിഖ്യാസുന്നഹദോസിൽ വച്ച് വാഴിക്കപ്പെട്ടു എന്നത് സ്പഷ്ടമല്ലെന്നും മറ്റുള്ള വിവരങ്ങൾ വിട്ടുകളഞ്ഞത് എന്താണ്?Q അങ്ങനെ എഴുതി വരുമ്പോൾ ഇതിന്റെ മുഴുവൻ തർജ്ജമയും എഴുതേണ്ടതായിട്ട് വരും എന്നുള്ളതുകൊണ്ടാണ് ഇതും ഇതുപോലുള്ള മറ്റു ചില ഭാഗങ്ങളും ചുരുക്കമായി എഴുതിപോന്നിട്ടുള്ളത്. Ans. അങ്ങനെ ചുരുക്കി എഴുതിയിട്ടുള്ളത് സാക്ഷിയുടെ സ്വന്തം ഭാഷയിൽ എഴുതിയിട്ടുള്ളതാണോ?Q ExtB80 ൽ ഉള്ളടക്കത്തോട് അവിശ്വസ്തത കാണിക്കാതെ ചില ലിസ്റ്റുകളും മറ്റും കാണിക്കാനായി ഇങ്ങിനെ ചുരുക്കത്തിൽ എഴുതിയിട്ടുണ്ട്. എന്നാൽ പാത്രിയർക്കീസ് മഫ്രിയാന ബന്ധത്തെക്കുറിച്ചുള്ള ഭാഗങ്ങൾ പദാനുപദം തർജ്ജമ ചെയ്ത് ഹാജരാക്കിയിട്ടുണ്ട്. Ans. ചുരുക്കത്തെപ്പറ്റിയാണ് ചോദിക്കുന്നത്?Q ചുരുക്കമായി എഴുതിയ ഭാഗങ്ങൾ തർജ്ജമയായിട്ടില്ല. വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്റെ ഭാഷയിൽ ആണ്. Ans. തർജ്ജമയിൽ ചുരുക്കമായി എഴുതിയ ഭാഗങ്ങൾ ഏവ, ശരി തർജ്ജമ ഏവ എന്നു കാണിക്കാമോ?Q ചുരുക്കമായി എഴുതിയിട്ടുള്ള ഭാഗങ്ങൾ വായിക്കുമ്പോൾ തന്നെ മനസ്സിലാക്കാവുന്നതാണ്. മറ്റു രീതിയിൽ ഉള്ളതിന് inverted comas എല്ലാത്തിനും കൊടുത്താണ് ഞാൻ എഴുതിയത്. Ans. ഹാജരാക്കിയിരിക്കുന്നതിൽ അങ്ങനെയാണോ? അങ്ങനെയാണ്. ഒന്നോ രണ്ടോ സ്ഥാനത്ത് ഇപ്പോൾ നോക്കിയതിൽ Inverted comas ഇല്ലാതെയും ഉണ്ട്. Ans. എല്ലാ പേജിലും ശരി തർജ്ജമ എന്നെഴുതി ഞാൻ ഒപ്പിട്ടിട്ടുണ്ട്. ശെമവോൻ ബർശബ്ഒയെപ്പറ്റി പറയുന്ന ഭാഗത്ത് തിക്കടുത്ത് ഇഗ്നാത്തിയോസ് യൂഹാനോൻ ഏവഗോലിയസായുടെ ശിഷ്യനായിരുന്നു എന്ന് പറയുന്നുണ്ട്. നിഖ്യാസൂനഹദോസ്പാപ്പായുടെ സ്ഥാനാരോഹണത്തിന്റെ എത്രാമത്തെ വർഷത്തിലെന്നാണ് ExtB80 ൽ പറയുന്നത്?Q നേരത്തെ വാഴിക്കപ്പെട്ടു എന്നുള്ള ആ ഭാഗത്ത് പാപ്പായുടെ വാഴ്ചക്കു ശേഷം 59 കൊല്ലം കഴിഞ്ഞാണെന്നാണ് പറയുന്നത്. Ans. ശെമവൂൻ ബർശബ്ഒ എത്ര വർഷം ഭരിച്ചതായിട്ടാണ് EB80 ൽ കാണുന്നത്?Q പതിമൂന്നുവർഷം ഭരിച്ചു എന്നാണ് കാണുന്നത്. Ans. ശെമവൂൻ ബർശബ്ഒയെയുടെയും അദ്ദേഹത്തിനുശേഷമുള്ള ശഹദൂസ്ത്, ബർബാദാർശ്മീൽ ഇവരുടെ കാലങ്ങളിൽ പേർഷ്യൻ ചക്രവർത്തിയായ സാസോറിന്റെ കാലങ്ങളിൽ പീഡനങ്ങൾ ഉണ്ടായിരുന്നതായി EB80 ൽ കാണുന്നുണ്ടോ?Q കാണുന്നുണ്ട്. മൂന്നു പേരുടെയും കാലങ്ങളിൽ പീഡനങ്ങൾ ഉണ്ടായതായി കാണുന്നു. ബർശബ്കുയുടെ കാലത്ത് ശാബോറിന്റെ പീഡനങ്ങൾ ഉണ്ടായിരുന്നതായും പറയുന്നുണ്ട്. മറ്റ് രണ്ടുപേരുടെയും കാലത്ത് ഇന്നാരുടെ പീഡനം എന്നു പറയുന്നില്ല. Ans. ബർബാഓശ്മീന്റെ കാലത്തിനുശേഷം ശോമുസോ അദ്ദേഹത്തിനുശേഷം കോയൂമോയും ആണ്. കോയൂമോയെപ്പറ്റി പറയുമ്പോൾ ശാബോർ മരിച്ചു എന്നും അദ്ദേഹത്തിന്റെ ക്രിസ്ത്യാനി വിദ്വേഷകനായ മകൻ രാജാവായി

എന്നും പറയുന്നുണ്ട്. ബർബാഓാൾമിൻ എത്ര വർഷം ഭരണം നടത്തിയതായിട്ടാണ് ExtB80 ൽ പറയുന്നത്?Q 7 വർഷം Ans. ശെഹദൂസ്ത് എത്ര കൊല്ലം ഭരിച്ചു എന്ന്, ExtB80 ൽ പറയുന്നുണ്ടോ?Q പറയുന്നില്ല. Ans. അദ്ദേഹത്തിന്റെ വാഴ്ചയുടെ രണ്ടുവർഷങ്ങൾക്കുശേഷം ഒരു ദർശനം കണ്ടു എന്ന് പറയുന്നുണ്ട്. ശോമൂസോ 8 വർഷം ഭരിച്ചു എന്ന് പറയുന്നുണ്ട്. ശോമൂസൊയക്കുശേഷം തലവനാകുന്നതിന് ആരും മുമ്പ് വരാതിരുന്നതിനാൽ കോയൂമൊ തന്നെത്താനെ വന്ന് ഭാരം ഏറ്റ ആളാണോ?Q അതെ. ശോമൂസിന്റെ മരണശേഷം രണ്ടു കൊല്ലം കഴിഞ്ഞ് Ans. അദ്ദേഹം ഭരണമേറ്റശേഷം യൗനാരാജാവും പേർഷ്യാരാജാവും തമ്മിൽ സന്ധി ഉണ്ടായോ?Q സന്ധി ഉണ്ടായി എന്ന് EB80 ൽ പറയുന്നുണ്ട്. Ans. മേപ്പർകാത്തിലെ മോറുസോ ബിഷപ്പിനെപ്പറ്റി പറയുന്നുണ്ട്. അദ്ദേഹത്തെ പേർഷ്യയിലേക്ക് ആയച്ചതരാണ്?Q യൗനായ രാജാവിന്റെ അംബാസിഡറായി അദ്ദേഹം അയച്ചതാണ്. Ans. കോയുമൊ കിഴക്കുള്ള ബിഷപ്പുമാരെ വിളിച്ചുകൂട്ടിയോ?Q മോറുത്തായുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുകൂട്ടി. Ans. എന്താവശ്യത്തിനാണ് വിളിച്ചുകൂട്ടിയത്?Q അദ്ദേഹം സ്ഥാനത്തുനിന്ന് ഒഴിയുവാൻ അവർ അനുവദിക്കണമെന്നവനോട് അപേക്ഷിക്കാനാണ്. Ans. അദ്ദേഹത്തിന്റെ അപേക്ഷ കിഴക്കുള്ള ബിഷപ്പുമാർ സ്വീകരിച്ച് അദ്ദേഹത്തെ സ്ഥാനത്തുനിന്നൊഴിവാക്കിയോ?Q അവർ സമ്മതിച്ചില്ലെങ്കിലും ദൈവനാമത്തിൽ വീണ്ടും അപേക്ഷിക്കുകയും എപ്പിസ്കോപ്പന്മാരെ നിർബന്ധിക്കണമെന്ന് മറൂത്തായോട് അപേക്ഷിക്കുകയും ചെയ്കയാൽ അവർ സമ്മതിച്ച് അദ്ദേഹത്തെ പിരിച്ചയച്ചു. Ans. കോയൂമാക്കുശേഷം ഇസഹാക്ക് കാതോലിക്കയുടെ കാലത്ത് മേപ്പർകാത്തിലെ മോറൂത്തോ വീണ്ടും രാജാവിന്റെ പ്രതിനിധിയായിവന്നു. അദ്ദേഹം കുസ്തന്തിനോപ്പോലീസ് സൂനഹദോസിനെക്കുറിച്ച് ഇസഹാക്ക് കാതോലിക്കായെ അറിയിച്ചു. ഇസഹാക്ക് കാതോലിക്കാ അദ്ദേഹത്തിന്റെ കീഴിലുള്ള 40 എപ്പിസ്കോപ്പാമാരെ കൂട്ടി കുസ്തന്തിനോപ്പോലീസ് സുന്നഹദോസിൽവച്ച് മുടക്കിയ മക്കദോനിയുടെ മുടക്കിനെ അംഗീകരിച്ചോ?Q അംഗീകരിച്ചു. Ans. മോറൂത്തോ എന്തെങ്കിലും ചെയ്തതായിട്ട് EB80 ൽ പറയുന്നുണ്ടോ?Q മോറുത്തോ അവർക്കായി വിസ്മയനീയങ്ങളായ നിയമങ്ങൾ ക്രമപ്പെടുത്തുകയും നല്ല ക്രമീകരണത്തെക്കുറിച്ച് കിഴക്കരെ പഠിപ്പിക്കുകയും ചെയ്തു എന്ന് EB80 ൽ പറയുന്നുണ്ട്. Ans. യാബാലോഹോ കാതോലിക്കക്കുശേഷം വന്ന മാഗ്നാ കാതോലിക്കായെ പൗരസ്ത്യ എപ്പിസ്കോപ്പന്മാർ കൂടി മുടക്കിയോ?Q മുടക്കി. Ans. അതിനുശേഷം വന്ന കാതോലിക്കാ മറാബുകാത്ത് ആണ്. മറാബുക്കാത്തിനെ പൗരസ്ത്യസഭയിലെ എപ്പിസ്കോപ്പന്മാർ കൂടി മുടക്കിയോ?Q അദ്ദേഹത്തെക്കുറിച്ച് പറയുന്നത് മഗ്നാ കാതോലിക്കാ മുടക്കപ്പെട്ടശേഷം ഇദ്ദേഹം രാജാവിന് കൈക്കൂലി കൊടുക്കുകയും എപ്പിസ്കോപ്പന്മാരെ നിർബന്ധിക്കുകയും നിർബന്ധത്താൽ അവർ അദ്ദേഹത്തെ വാഴിക്കുകയും ചെയ്തു എന്നും പിന്നീടവർ രാജ്യത്തിലെ പ്രമാണികളുടെ സഹായംമൂലം അവസരം വന്നപ്പോൾ അദ്ദേഹത്തെ മുടക്കി എന്നുമാണ്. Ans. മുടക്കി മഹറോൻ ചൊല്ലു

കയും ചെയ്തു. മഹറോൻ ചൊല്ലുക എന്നാൽ സഭയിൽനിന്നും ശപിക്കപ്പെട്ടവരാക്കിതീർക്കുക എന്നാണ്. അത് സഭാസംബന്ധമായ ഏറ്റവും കൂടിയ ശിക്ഷയാണോ?Q അതെ. Ans. അങ്ങനെ മഹറോൻ ചൊല്ലിയശേഷം വാഴിച്ചത് ദാദീശോായെയാണ്. അദ്ദേഹത്തിന്റെ ശേഷം അടുത്തതായി കിഴക്കർ വാഴിച്ചത് ആരെയാണ്?Q പിന്നീടുള്ളത് ബാബൂയഹ് ആണ്. അദ്ദേഹത്തെപ്പറ്റി മുമ്പ് പറഞ്ഞിട്ടുണ്ട്. Ans. അദ്ദേഹത്തെ പടിഞ്ഞാറുകാർ എപ്പിസ്കോപ്പന്മാർ കുറ്റപ്പെടുത്തി എന്ന് EB80 ൽ പറയുന്നുണ്ടോ?Q ഉണ്ട്. Ans. എന്തിന് കുറ്റപ്പെടുത്തിയതായിട്ടാണ്? നെസ്തോറിന്റെ വേദവിപരീതം കിഴക്കൻപ്രദേശത്ത് പ്രചരിക്കുന്നു എന്ന് വാർത്തയും എപ്പിസ്കോപ്പന്മാരുടെ കൂടെ സ്ത്രീകൾ താമസിക്കുന്നു എന്നുള്ള വിവരവും പാശ്ചാത്യ എപ്പിസ്കോപ്പന്മാർ കേട്ടപ്പോൾ ബാബൂയാഹ് കാതോലിക്കായുടെ പേർക്ക് അവർ എഴുത്തുകളയക്കുകയും അദ്ദേഹത്തിന്റെ അലസതയെക്കുറിച്ച് ശാസിക്കയും ചെയ്തു. Ans. ബാബൂയാഹ് കാതോലിക്കായെ പേർഷ്യൻ രാജാവ് കൊല്ലിച്ചില്ലേ? കൊന്നു. Ans. കൊല്ലിച്ചത് ബർസോമ എന്ന നെസ്തോറിയൻ വിശ്വാസിയുടെ പ്രേരണയിലാണോ? അതെ. Ans. ബർസോമാ പേർഷ്യാ രാജാവിന്റെ സഹായത്തോടു കൂടി ക്രിസ്ത്യാനികളെ വളരെ അധികം പീഡിപ്പിച്ചതായി EB80 ൽ പറയുന്നുണ്ട്. പിന്നീടുള്ള കാതോലിക്കാ ആക്കോക്കിനെ വാഴിച്ചത് ആരാണ്? ബർസോമായെ പേടിച്ച് സോലിക്കിലേക്ക് ഓടിപ്പോയ എപ്പിസ്കോപ്പന്മാരാണ്. Ans. അക്കോക്കിന്റെ കാലത്ത് നെസ്തോറിയാവേദവിപരീതം കിഴക്കൻ പ്രദേശത്ത് പടർന്നു പിടിച്ചു. കാറീസ് ഒഴിച്ച് കിഴക്കെങ്ങും പ്രധാനാചാര്യന്മാർ ഉണ്ടായിരുന്നില്ല എന്ന് പറയുന്നുണ്ട്. അത് ഏത്കാലത്താണ്?Q ന്സീബിനിലെ ബർസൗലേക്കുശേഷം അയാളുടെ അഭിപ്രായക്കാരനായ കുശാമെത്രാപ്പോലീത്ത എഴുന്നേറ്റു എന്നുള്ള ഹെഡിംഗ് മുതൽ കിഴക്കുള്ള സത്യവിശ്വാസികളുടെ പീഡനത്തിനുശേഷം കിഴക്കിന്റെ മെത്രാപ്പോലീത്ത ആയി ആഹൂദ്മ്മെ എഴുന്നേറ്റു എന്ന് ഹെഡിംഗ് വരെയുള്ള ഭാഗത്താണ് കാറീസിന്റെ കാര്യം പറയുന്നത്. അവിടെ ആണ്ടു പറയുന്നില്ല. Ans. ആഹൂദാമ്മെ വാഴിക്കുന്നതിനുമുമ്പായി ഒരു കാലത്ത് സത്യവിശ്വാസികൾക്ക് കാറീസ് എന്ന് പറയുന്ന ഒരു എപ്പിസ്കോപ്പാ മാത്രമാണ് ഉണ്ടായിരുന്നത് കിഴക്കുള്ള എല്ലാ സ്ഥലത്തുനിന്നുമുള്ള സത്യവിശ്വാസികൾ അദ്ദേഹത്തിൽനിന്ന് കൈവയ്പ് വാങ്ങിക്കൊണ്ടിരുന്നു എന്നും പറയുന്നുണ്ട്. Stopped for the day.

മൊഴി വായിച്ച് കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ.
Sd/-

First Addl. District and sessions Court, Ernakulam.

Taken down by me in open court, read over to the witness and admitted by him/her to be correct.

Sd/-
Judge

29-8-78

30-8-78 witness sworn again and cross examination continued. EB80 ൽ മോർ മത്തായിയുടെ ദയറായിൽ അർമീനിയൽ കാതോലിക്കോസ് ഒരാളെ വാഴിച്ച തായി പറയുന്നുണ്ടോ? പീഡകൾക്കുശേഷം ദയറാക്കാർ വീണ്ടും മോർ മത്തായിയുടെ ദയറായിലേക്ക് വന്നു എന്ന് അദ്ദേഹം കേട്ടപ്പോൾ അവിടെവന്ന് ഒരാളിനെ തെരഞ്ഞെടുത്ത് ആദേറാക്ക് മെത്രാപ്പോലീത്താ ആയി വാഴിച്ചി ട്ടുണ്ട്. Ans. ആ ആളിന്റെ പേര് (വാഴിക്കപ്പെട്ട ആൾ) ഗർമി എന്നായിരുന്നു. മോർ മത്തായിയുടെ ദയറാ എവിടെയുള്ളതാണ്?Q സഭയുടെ കിഴക്കൻ വിഭാ ഗത്തിൽ മൂസലിൽ ഉള്ളതാണ്. Ans. ആക്കോക്കിനെ പാത്രിയർക്കീസ് മുടക്കി എന്നതിന് എന്തെങ്കിലും രേഖയൊ അടിസ്ഥാനമൊ ഉണ്ടോ? EB80 ൽ ഉണ്ടെ ന്നാണ് എന്റെ ഓർമ്മ. Ans. പിന്നെ നോക്കി കാണിച്ചു തരാമോ? കാണിച്ചു തരാം. Ans. ആക്കോക്ക് നെസ്തോറിയനായശേഷം സത്യവിശ്വാസികളുടെ ശക്തികേന്ദ്രം തഗ്രീസായിത്തീർന്നോ?Q സോലീക്ക്, നെസ്തോറിയമായതു മൂലം പിന്നീട് തിഗ്രീസ് സത്യവിശ്വാസികളുടെ ഒരു കേന്ദ്രമായിത്തീർന്നു. Ans. നെസ്തോറിയൻ കാതോലിക്കാമാരുടെ കേന്ദ്രം സോലിക് അല്ലെങ്കിൽ സെലൂഷ്യതന്നെ ആയി തുടർന്നു. ആക്കോക്കിനുശേഷമുള്ള കാതോലിക്കാ ചരിത്രത്തെപ്പറ്റി പറയുമ്പോൾ *എക്ലീഷ്യാസ്റ്റിക്കി*യിൽ നെസ്തോറിയൻ കാതോ ലിക്കാമാരുടെ ചരിത്രത്തെപ്പറ്റിയും ഇടക്കിടക്ക് ഇടകലർത്തി പറഞ്ഞിട്ടുണ്ട്. മഫ്രിയാൻ എന്നാൽ കാതോലിക്കാ തന്നെയാണോ?Q കാതോലിക്കാ സ്ഥാനി കൾ നെസ്തോറിയരായിതീർന്നതിന്റെ ശേഷം കുറെ കാലത്തേക്ക് പീഡകൾ മുതലായ വിഷമങ്ങൾ മൂലം കിഴക്കിന് പ്രത്യേക മേലധികാരി ഇല്ലാതെ കഴി ഞ്ഞുവരുമ്പോൾ ക്രിസ്താബ്ദം 629ൽ മോർ അത്താന്യോസ് ഗാമോലോ എന്ന പാത്രിയർക്കീസ് മോർ മറൂത്തായെ കിഴക്കൻ വിഭാഗത്തിന് ആയി വാഴിച്ചതിനുശേഷം മഫ്രിയാന എന്ന പേരിൽ കാതോലിക്കാസ്ഥാനം അറി യപ്പെടുന്നു. Ans. നെസ്തോറിയറിൽനിന്നും വ്യത്യസ്തപ്പെടുത്തി അറിയുന്ന തിനാണ് മഫ്രിയാന എന്ന പേർ ഉണ്ടായത്. ആഹൂദ്മ്മെ എന്നാണ് വാഴിക്ക പ്പെട്ടത്? യൗനായ വർഷം 870ൽ അതായത് എ.ഡി.559 Ans. ആഹൂദ്മ്മെയെ കിഴക്കിന്റെ മേൽപ്പട്ടക്കാരനാണോ വാഴിച്ചത്?Q കിഴക്കിന്റെ മെത്രാപ്പോലീത്ത ആയി മോർ യാക്കോബ് ബുർദാന വാഴിച്ചു. അന്നത്തെ സ്ഥിതിയിൽ കിഴക്കു ള്ളവർക്ക് അവിടത്തെ കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള മേൽപട്ടക്കാരനാണ്. Ans. അദ്ദേഹത്തെ എപ്പിസ്കോപ്പായായി അർമീനിയൻ കാതോലിക്കോസ് ക്രിസ്തഫോറോസ് പട്ടം കൊടുത്തു എന്നും കിഴക്കിന്റെ മെത്രാപ്പോലിത്താ സ്ഥാനം യാക്കോബ് അദ്ദേഹത്തിന് കൊടുത്തു എന്നും EB80 ൽ പറയു ന്നുണ്ട്. ആഹൂദ്മ്മെക്കുശേഷം മൂന്നുവർഷം തലവനില്ലാതെ ഇരുന്നു. ആർക്ക് തലവനില്ലാതെ എന്നാണ് പറയുന്നത്?Q സത്യവിശ്വാസികൾക്ക്. Ans. സത്യ വിശ്വാസികൾ എന്നതിന് ExB80 ൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് എന്താണ്? ഓർത്തൊദുക്സ് എന്നാണ്. ആഹൂദ്മ്മെക്കുശേഷം തലവനായിരുന്നതാരാണ്?Q വിശ്വാസികൾ സംഘം ചേർന്ന് അവർക്ക് പൊതുവിനടുത്ത പിതാവായി

കോംയേശു എന്നു പേരുള്ള ഒരാളെ തെരഞ്ഞെടുത്തു. Ans. വിശ്വാസികൾ എന്നവിടെ പറഞ്ഞിരിക്കുന്നത്. കിഴക്കരാണോ?Q അതെ. Ans. മോർ മത്തായിയുടെ ദയറായിൽ ആരെയെങ്കിലും വാഴിച്ചിരുന്നോ?Q തൂബോനോ എന്നു പേരുള്ള ഒരാളെ ഗർവി വാഴിച്ചിട്ടുണ്ട്. Ans. അത് ആ ദയറായിലെ മെത്രാപ്പോലീത്ത ആയിട്ടാണോ? അതെ. Ans. തൂബോക്കെ എന്ന തന്റെ ശിഷ്യനെ ദയറായിലെ എപ്പിസ്കോപ്പായെ മെത്രാപ്പോലീത്താ ആയി വാഴിച്ചു?Q യേശു സോക്കെക്ക്ശേഷം സെഹ്ദോ, സെഹ്ദോക്ക്ശേഷം ശെമവോൻ, ശെമവോന് ശേഷം ക്രിസ്റ്റഫർ എന്ന് കാണുന്നുണ്ട്. ആരാണ് വാഴിച്ചത് എന്ന് എഴുതിയിട്ടുള്ളതിനാൽ വാഴിച്ചതാരാണെന്നറിഞ്ഞുകൂടാ. കോമേശു മരിച്ചശേഷം 5 വർഷക്കാലം ഓർത്തോദുക്സുകൾ തലവനില്ലാതിരുന്നു. പിന്നീട് പൗരസ്ത്യർ വാഴിച്ചതാരെയാണ്?Q പിന്നീട് അവിടെയുള്ള സത്യവിശ്വാസികൾ ശ്മുയേലിനെ നിയമിച്ചു എന്നാണ് EB80 ൽ കാണുന്നത്. Ans. തലവൻ എന്ന് അവിടെ എഴുതിയിട്ടില്ല. തലവനായി നിയമിച്ചു എന്നു വേണം വിചാരിക്കുവാൻ. ശ്മൂയേൽ 10 വർഷം ഭരിച്ചു. അദ്ദേഹം മരിച്ചത് യൗനായവർഷം 935ൽ ആണ്. (എ.ഡി.624). അത്തനാസ്യോസ് ഗാമോലോ ഒരു യോഹന്നാൻ ശെമ്മാശനെ അയച്ചതായി പറയുന്നുണ്ടോ?Q പേഴ്ഷ്യയിലേക്കയച്ചതായി പറയുന്നുണ്ട്. Ans. തന്റെ സ്വന്തമായ ചില കാര്യങ്ങൾക്കായി പേർഷ്യൻ രാജാവിന്റെ അടുക്കലേക്കയച്ചതായിട്ടാണ് പറയുന്നത്. അദ്ദേഹം മോർ മത്തായിയുടെ ദയറായിൽ പോയിരുന്നു. മത്തായിയുടെ ദയറായിലെ ഏതാനും പേർ ക്രിസ്തഫോർ മെത്രാപ്പോലീത്തയുമായി പാത്രിയർക്കീസിന്റെ അടുത്തുപോയോ?Q അദ്ദേഹത്തിന്റെ കൂടെ നാല് മെത്രാന്മാരും ദൈവവിളിയുള്ള മറ്റുമൂന്നുപേരും യൂഹാനോൻ ശെമ്മാശന്റെ കൂടെ പാത്രിയർക്കീസിന്റെ അടുക്കൽ എത്തി. Ans. പിന്നെ എന്തുണ്ടായി?Q EB80 ൽ പറയുന്നത് പാത്രിയർക്കീസുമായി യോജിച്ചു എന്നും കിഴക്കിന് അദ്ദേഹം എപ്പിസ്കോപ്പന്മാരെ വാഴിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെടുക എന്നുമാണ്. Ans. അതിനെ സംബന്ധിച്ച് EB80 ൽ പറയുന്നത് കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത മരിക്കുമ്പോൾ കിഴക്കരായ എപ്പിസ്കോപ്പന്മാർ തങ്ങളുടെ തലവനും പൊതുപിതാവും ആയി ആരെ വാഴിക്കണമെന്നുള്ള നിഖ്യാസുന്നഹദോസിലെ നിശ്ചയം നിമിത്തം പാത്രിയർക്കീസ് അത് സമ്മതിച്ചില്ലെന്നും ആ എപ്പിസ്കോപ്പന്മാർ അവരുടെ കൂടെ കൊണ്ടുപോകുന്നവരിൽ ഒരാളായ മറൂത്തായെ തിഗ്രീസിന് വലിയ മെത്രാപ്പോലീത്ത ആയി വാഴിക്കുകയും ചെയ്തു എന്നാണ്. എന്നാൽ ഈ രീതിയിലല്ലാതെ ഉള്ള ചരിത്രവും സഭയിൽ ഉണ്ട്. പൗരസ്ത്യരായ എപ്പിസ്കോപ്പന്മാർ മറൂത്തായെ തെരഞ്ഞെടുത്ത് അവർ വാഴിച്ചു എന്നാണ്. EB80 ൽ പറയുന്നത്. എന്നാൽ ബാർ എബ്രായെക്കാൾ നൂറോളം വർഷങ്ങൾക്ക് മുമ്പ് ചരിത്രം എഴുതിയ മോർ മിഖായേൽ റാബോ ഇദ്ദേഹത്തിന്റെ വാഴ്ചയ്ക്കു ശേഷം മോർ മത്തായിയുടെ ദയറായിലേക്കയച്ച കല്പനയിൽ ഈ തെരഞ്ഞെടുപ്പിനെക്കുറിച്ചോ എപ്പിസ്കോപ്പന്മാർ വാഴിച്ചു എന്നോ പറഞ്ഞിട്ടില്ല. അദ്ദേഹമാണ് മൊറൂത്തായെ വാഴിച്ചതെന്നും കിഴക്ക് തന്റെ ആൾപേരായി

സഭാകാര്യങ്ങൾ നോക്കുവാൻ അയക്കുന്നു എന്നും അദ്ദേഹത്തെ എല്ലാവരും സ്വീകരിക്കണമെന്നും അത്തനാസ്യോസ് ഗാമോലോ പാത്രിയർക്കീസ് എഴുതിയത് ഈ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മീഖായേൽ റാബോയുടെ ചരിത്രത്തിൽ പറയുന്നതിന് അടിസ്ഥാനമുണ്ടോ?Q മീഖായേൽ റാബോ ഒരു പാത്രിയർക്കീസായിരുന്ന സ്ഥിതിക്ക് പാത്രിയർക്കാ ഗ്രന്ഥശേഖരണത്തിൽ നിന്നും പൂർവ്വികരേഖകൾ കണ്ടെടുത്ത് എഴുതുവാൻ സൗകര്യം ഉണ്ടായിരുന്നതിനാൽ ആ രേഖ മുഴുവനായി അദ്ദേഹത്തിന്റെ സഭാചരിത്രത്തിൽ ചേർത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബാർ എബ്രയായുടെ അഭിപ്രായം മോർ മീഖായേൽ റാബോയുടെ അഭിപ്രായത്തോടു ചേർത്തു ചിന്തിക്കുമ്പോൾ മോർ മീഖായേൽ റാബോയുടെ വിവരണമാണ് ശരിയെന്ന് കാണുവാൻ സാധിക്കും. കാരണം, നിഖ്യാസുന്നഹദോസിൽ മുമ്പ് ബോധിപ്പിച്ച രീതിയിലുള്ള ഒരു വാചകം ഉള്ളതായി വാദികളൊ പ്രതികളൊ ഹാജരാക്കിയിട്ടുള്ള കാനോനിൽ ഇല്ല. രണ്ടാമതായി അങ്ങനെ ഒരു നിശ്ചയം ഉണ്ടായിരുന്നു എങ്കിൽ അവർ തന്നെ അവിടെ വാഴിക്കുക അല്ലാതെ പാത്രിയർക്കീസിന്റെ അടുക്കൽ പോകേണ്ട കാര്യം ഇല്ലായിരുന്നു. മൂന്നാമതായി പാത്രിയർക്കീസിന്റെ ആസ്ഥാനത്തുവച്ചു തന്നെയാണ് ഈ വാഴ്ച നടന്നത്. ആ സ്ഥിതിക്ക് പാത്രിയർക്കീസിനെ മാറ്റി നിറുത്തിക്കൊണ്ട് അവർ വാഴിച്ചു എന്നുവരാൻ ഒരു ന്യായവുമില്ല. ഇവയുടെ വെളിച്ചത്തിൽ പാത്രിയർക്കീസ് വാഴിച്ചു കല്പന കൊടുത്തയച്ചു എന്നുള്ളതാണ് കൂടുതൽ വിശ്വസനീയം. Ans. മിഖായേൽ റാബോ ആശ്രയിക്കുന്ന പൂർവ്വികരേഖ എന്താണ്?Q പാത്രിയർക്കാ അരമനയിലുള്ള ഗ്രന്ഥശേഖരത്തിലെ റിക്കാർഡുകൾ എന്നല്ലാതെ ബാർ എബ്രായ ഇവിടെ പറഞ്ഞിരിക്കുന്ന വസ്തുതകൾ എവിടെനിന്ന് കിട്ടിയ അറിവാണെന്ന് സൂചിപ്പിച്ചിട്ടില്ലാത്തതുപോലെ മുൻപറഞ്ഞതേ ബോധിപ്പിക്കുവാനുള്ളൂ. Ans. പാത്രിയർക്കാ അരമനയിലെ ഗ്രന്ഥശേഖരത്തിൽ നിന്നായിരിക്കാം എന്നെഴുതിയിട്ടില്ല. അങ്ങനെയാണ് സാന്ദർഭികമായി ഉദ്ദേശിക്കാവുന്നത്. പാത്രയർക്കീസിന്റെ ആസ്ഥാനത്തെ വച്ച് വാഴിച്ചു എന്ന് പറയുന്നതിന്റെ അടിസ്ഥാനം എന്താണ്?Q മുൻവിവരങ്ങൾ പറഞ്ഞതിന്റെശേഷം ബാർ എബ്രായാ പറയുന്നത് മഫ്രിയാനാ ദയറായുടെ മെത്രാപ്പോലീത്തയോടും ആ എപ്പിസ്കോപ്പന്മാരോടുംകൂടി മോർ മത്തായിയുടെ ദയറായിലേക്ക് തിരികെ പോയി എന്നാണ്. Ans. ആ ഭാഗം പറയുന്നതിന് മുമ്പ് കിഴക്കൻ ഇടവകകൾക്കായി മെത്രാന്മാരെ വാഴിച്ചതായി പറയുന്നുണ്ടോ?Q കിഴക്കൻ ഇടവകകൾക്കായിട്ടല്ല. ഗോമലിന് ഈസ് ആലാഹായും ഹിർശാബോറിന് ആഹായും വാഴിക്കപ്പെട്ടു എന്ന് പറയുന്നുണ്ട്. Ans. അവരെ വാഴിച്ചത് മഫ്രിയാനാ ആണോ?Q അവരെ വാഴിച്ചതും പാത്രിയർക്കീസാണെന്നാണ് മോർ മീഖായേൽ റാബോയുടെ ചരിത്രം. Ans. ബാർ എബ്രായ ആർ വാഴിച്ചു എന്ന് പറയുന്നില്ലാത്ത സ്ഥിതിക്ക് ആക്കാര്യത്തിൽ മീഖായേൽ റാബോയും ബാർ എബ്രായായും വ്യത്യാസപ്പെടേണ്ടതില്ല. EB80 ലെ വിവരങ്ങൾകൊണ്ട് മഫ്രിയാനാ വാഴിച്ചു എന്നു വേണ്ടേ കരുതുവാൻ?Q അങ്ങനെ കരുതണമെന്ന് എനിക്ക് തോന്നുന്നില്ല. Ans. വാഴി

ക്കുന്ന കാര്യങ്ങൾ പറയുന്നതിന് മുമ്പായിട്ട് കിഴക്കുള്ള ഓർത്തഡോക്സ് സഭയുടെ ആകമാന അധികാരം മറുത്തായെ ഏൽപ്പിച്ചു എന്ന് പറയുന്നുണ്ടോ?Q കിഴക്കുള്ള ഓർത്തോദുക്സോ സഭയുടെ മുഴുവന്റെയും അധികാരം ഏൽപ്പിച്ചു എന്ന് EB80 ൽ പറയുന്നുണ്ട്. Ans. മോർ മത്തായിയുടെ ദയറായിലേക്ക് മഫ്രിയാന മെത്രാപ്പോലീത്തായെ വാഴിക്കണ്ടതാണെന്ന് നിശ്ചയിച്ചതായി EB80 ൽ ഉണ്ടോ?Q അങ്ങനെ EB80 ൽ ഉണ്ട്. Ans. ആ വിവരവും മുൻപറഞ്ഞ രണ്ട് മെത്രാന്മാരെ വാഴിച്ച വിവരവും പറഞ്ഞതിനുശേഷമാണോ മഫ്രിയാനാ തിരിച്ചുപോയി എന്ന് EB80 ൽ കാണുന്നത്. തർജ്ജമയിൽ മത്തായിയുടെ ദയറായിൽ മെത്രാപ്പോലീത്തമാരെ വാഴിച്ച കാര്യം ഉള്ള ഭാഗം ഇല്ല. അത് തർജ്ജമയിൽ ചേർക്കാതിരിക്കാൻ പ്രത്യേകിച്ച് വല്ല കാര്യവും ഉണ്ടോ? ഒരു കാരണവും ഇല്ല. മഫ്രിയാന വാഴ്ചയെ സംബന്ധിച്ച കാര്യം മാത്രം തർജ്ജമ ചെയ്തു എന്നേ ഒള്ളൂ. Ans. മറുത്തായുടെ വാഴ്ചയ്ക്ക് മുമ്പായി ഏതെങ്കിലും അവസരത്തിൽ കിഴക്ക് മേൽപട്ടക്കാരെ അന്ത്യോക്യാ പാത്രിയർക്കീസ് വാഴിച്ചതായി EB80 ൽ ഉണ്ടോ?Q ക്രിസ്തുമതത്തിന്റെ ആരംഭകാലത്ത് അന്ത്യോക്യാ പാത്രിയർക്കീസ് ചിലരെ എല്ലാം വാഴിച്ചതായി മുമ്പ് ഇവിടെ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ മുമ്പ് ബോധിപ്പിച്ച രാഷ്ട്രീയപരിതസ്ഥിതികൾ മൂലം അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രക്ക് സാദ്ധ്യമല്ലാതിരുന്നതിനാൽ അക്കാര്യത്തിനാണ്, അതായത് കിഴക്ക് ആവശ്യമുള്ള മേൽപട്ടക്കാരെ വാഴിക്കുന്നതിനാണ് കാതോലിക്കാ എന്ന സ്ഥാനിയെ നിശ്ചയിച്ചത്. പീഡകളുടെ കാലത്തുപോയി വാഴിക്കാനൊ വന്നു വാഴ്ച ഏൽക്കാനൊ സാദ്ധ്യമല്ലായിരുന്നു എങ്കിലും മുമ്പ് ബോധിപ്പിച്ചിട്ടുള്ളതുപോലെ മെയ്ഫർകത്തിലെ മൊറൂത്ത, ഇസഹാക്ക് കാതോലിക്കായുടെ കാലത്ത് അവിടെ എത്തുകയും പൊർഫോറിയോസ് പാത്രിയർക്കീസിനെ കല്പന അവിടെ കൂടിയ മെത്രാന്മാരുടെ യോഗത്തിൽ വായിക്കുകയും ചെയ്തു. ആക്കോബ് ബാബുയഹ് മുതലായ കാതോലിക്കാന്മാർ വിശ്വാസപാലനത്തിന് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലന്ന് അവരെ ശാസിച്ചിട്ടുള്ള വിവരങ്ങൾ ബോധിപ്പിച്ചിട്ടുള്ളതുകൊണ്ടും പരിതസ്ഥിതികൾ മൂലം നേരിട്ട് വാഴ്ച നടത്താൻ സാധിച്ചിട്ടില്ലെങ്കിൽ തന്നെ നിഖ്യാ കുസ്തന്തിനോപോലീസ് സൂനഹദോസുകളുടെ നിശ്ചയാനുസരണമുള്ള മേൽകോയ്മ എപ്പോഴും പാലിച്ചു വന്നിരുന്നു. Ans. അതുവരെ പാത്രിയർക്കീസ് മേൽപട്ടക്കാരെ വാഴിക്കാതെ കിഴക്കർതന്നെ അവരുടെ മേൽപട്ടക്കാരെ വാഴിച്ചുകൊണ്ടിരുന്ന സ്ഥിതിക്ക് ദീർഘനാളുകളായി നിലവിലിരുന്ന നടപടിക്കും നിയമത്തിനും വിരുദ്ധമായി മൊറൂസയെ പാത്രിയർക്കീസ് പാലിച്ചു എന്ന് പറയുന്നത് യുക്തിക്കും സന്ദർഭത്തിനും ചേരാത്തതല്ലേ? അല്ല. ഒന്ന്, പാത്രിയർക്കീസിന് വാഴിക്കാൻ സാധിക്കാതിരുന്ന പരിതസ്ഥിതി നേരത്തെ ബോധിപ്പിച്ചു. പീഡനകാലത്തെ ആ പരിതസ്ഥിതി പീഡ മാറിയപ്പോൾ മാറിപ്പോയി. രണ്ട് പാത്രിയർക്കീസ് അങ്ങോട്ട് ഓടിച്ചെന്ന് വാഴിച്ചതായിട്ടല്ല ബാർ എബ്രായ പറയുന്നത്. കിഴക്കിലെ മെത്രാപ്പോലീത്തമാർ പാത്രിയർക്കീസിന്റെ അടുക്കൽചെന്ന് ഞങ്ങൾക്ക് മേൽപട്ടക്കാരനെ വാഴിച്ചുകൊടുക്കണമെന്ന് അപേ

ക്ഷിക്കുകയായിരുന്നു. മൂന്ന് അന്നും നാലഞ്ചു മെത്രാപ്പോലീത്തമാർ ഉണ്ടായിരുന്നിട്ടും അവർ കൂടി വാഴിക്കാതെ പാത്രിയർക്കീസിന്റെ അടുക്കൽ സ്ഥാനാർത്ഥികളുമായി പോയി എന്ന് ബാർ എബ്രായ തന്നെ സമ്മതിച്ചിരിക്കുന്നതിനാൽ പാത്രിയർക്കീസ് വാഴിച്ചതിൽ യാതൊരു യുക്തിഭംഗവും ഇല്ല. Ans. യൂഹാനാൻശെമ്മാശൻ അഭ്യർത്ഥിച്ചതുകൊണ്ടാണോ ക്രിസ്തുഫോറസും മറ്റും പാത്രിയർക്കീസിന്റെ അടുക്കലേക്ക്പോയത്? അല്ല. ശെമ്മാശൻ അഭ്യർത്ഥിച്ചത് അതുവരെയും കുറെ കാലത്തേക്ക് വലിയ സമ്പർക്കമില്ലാതിരുന്ന രണ്ടു സ്ഥാനങ്ങൾ തമ്മിൽ യോജിക്കണം അതായത് സമ്പർക്കം ഉണ്ടാകണം എന്നുള്ള ഒരപേക്ഷ മാത്രമാണ്. അവിടെ ഉണ്ടായിരുന്ന മെത്രാന്മാർക്കും ആ പൂർവ്വികബന്ധം പാലിക്കണമെന്നാഗ്രഹം ഉണ്ടായിരുന്നതു കൊണ്ടാണ് അല്ലാതെ ഒരു ശെമ്മാശന്റെ അപേക്ഷ കേട്ട് ഗൗരവമേറിയ ഇക്കാര്യത്തിലേക്ക് പുറപ്പെടുക അല്ലായിരുന്നു. Ans. അതു സംബന്ധിച്ച് ഹാജരാക്കിയിട്ടുള്ള തർജ്ജമ ശരിയായിട്ടുള്ളതാണ്. മേഫർകാത്തിലെ മൊറൂതോ പാത്രിയർക്കീസിന്റെ കല്പനയനുസരിച്ച് പോയി എന്ന് പറയാൻ അടിസ്ഥാനം എന്താണ്?Q പാത്രിയർക്കീസിന്റെ കല്പന അനുസരിച്ചുപോയിരുന്നു എന്ന് ഞാൻ പറഞ്ഞില്ല. കല്പന അവിടെ വായിച്ചു എന്നാണ് പറഞ്ഞത്. Ans. വായിച്ചു എന്നതിന്, എന്താണ് അടിസ്ഥാനം?Qഫോർട്ട്സ്ക്യൂ എന്ന ചരിത്രകാരന്റെ *Lesser Eastern Churches* എന്ന ഗ്രന്ഥം വായിച്ചുള്ള അറിവാണ്. Ans.EB152 ആര് പബ്ലിഷ് ചെയ്തിട്ടുള്ളതാണ്?Q ഇതിൽ കാണുന്നത് ഇഗ്നേഷ്യസ് എഫ്രേം II റഹ്മാനി എന്നാണ്. Ans. റഹ്മാനിയുടെ പബ്ലിക്കേഷൻ ഒറിജിനൽ ഏത് ഭാഷയിലാണ്?Q റഹ്മാനി സുറിയാനിക്കാരനായതുകൊണ്ട് സുറിയാനി ഭാഷയിൽ ആയിരിക്കാം. ഇതു പല പുസ്തകങ്ങളിൽ നിന്നദ്ദേഹം ശേഖരിച്ച് ഉദ്ധരിച്ച് എഴുതിയിട്ടുള്ളതാണ്. Ans.EB152 കൊണ്ട് റഹ്മാനി എഴുതിയത് ഏതു ഭാഷയിലാണെന്ന് കാണുമോ?Q ഇതിൽ സുറിയാനിഭാഷയിൽ ഉള്ള രേഖകളുടെ ലത്തീൻ തർജ്ജമ കൊടുത്തിരിക്കുകയാണ്. Ans. സുറിയാനി ഭാഷയിലുള്ള ഒറിജിനൽ വല്ലതും EB152 ൽ ഉണ്ടോ?Q ഒറിജിനലിനെക്കുറിച്ചുള്ളതിന്റെ മുഖവുരയിലുള്ള ലത്തിനിൽ പറയുന്നുണ്ടായിരിക്കണം. എനിക്ക് വായിച്ചറിയാൻ നിവൃത്തിയില്ല. ഇതുപോലെ തന്നെയാണ് വാദികൾ ഇവിടെ ഹാജരാക്കിയിട്ടുള്ള സുറിയാനികാനോന്റെ മുഖവുരയും Ans.EB152 ൽ ഏതുഭാഗത്തിന്റെ തർജ്ജമയാണ് തന്നിട്ടുള്ളത്? 3-ാം പേജിൽ 1-ാംമത്തെ വരി മുതൽ 19-ാമത്തെ വരി വരെ. Ans. 3-ാം പേജിൽ ഉള്ളതിന്റെ ഒറിജിനൽ ഏതു ഭാഷയിലാണ്?Q അന്ത്യോക്യായുടെ അത്താനേഷ്യാസ് ഗാമോലോ പാത്രിയർക്കീസ് എഴുതിയതാകകൊണ്ട് സുറിയാനിയിൽ ആയിരിക്കും. ഇത് അദ്ദേഹം മോർ മിഖായേൽ റാബോയുടെ സഭാചരിത്രത്തിൽ നിന്നായിരിക്കണം എടുത്തിട്ടുള്ളത്. Ans. ഇത് എവിടന്ന് എടുത്തു എന്ന് കാണാമോ?Q ഇതും ഇതുപോലെ ഉള്ളവയും എവിടെ നിന്നെല്ലാമെടുത്തതാണെന്ന് അതിന്റെ ലത്തീൻ മുഖവുരയിലൊ മറ്റ് ഉണ്ടാകാം. Ans.EB152 ൽ കുറെ ഭാഗത്ത് കയ്യെഴുത്ത് ഉണ്ട്. Ans. അത് ആര് എന്ന് എഴുതി എന്ന് എനിക്കറിഞ്ഞുകൂടാ. EB1152 ഏതാണ്ടി

ലാണ്. പബ്ലിഷ് ചെയ്തിരിക്കുന്നത്?Q 1904ൽ എന്നതിൽ കാണുന്നു. Ans. ഇതിനുള്ള കളക്ഷന്റെ source എവിടെ എന്ന് EB152 കൊണ്ടു കാണാമോ?Q ഇവിടെ ഹാജരാക്കിയിട്ടുള്ള ഭാഗത്തിന് കൊടുത്തിരിക്കുന്ന തലക്കെട്ട് മത്തായി ദയറാക്കാർക്ക് ഉള്ള അത്തനാസ്യോസ് പാത്രിയർക്കീസിന്റെ എഴുത്ത് എന്നാണ്. മുഖവുരയിലൊ മറ്റൊ ഉണ്ടെങ്കിലെ sources ഏതാണെന്നു അറിയാൻ പറ്റുകയുള്ളൂ. Ans. stopped for the day.
മൊഴി വായിച്ചു കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ Sd/-

Fist Addl. District and sessions Court, ERNAKULAM
Taken down by me in open court interpreted read over to the witness / accused and admitted by him/her to be correct.

Sd/-
Judge

30-8-78
31-8-78 Witness sworn again and cross examination continued.
കിഴക്ക് സംസ്ഥാന ഇടവകകൾ എന്തെങ്കിലും ഉണ്ടായിരുന്നോ? കിഴക്കുതന്നെ ഒരു സംസ്ഥാന ഇടവകയായിരുന്നു. മറ്റു സംസ്ഥാന ഇടവക ഉണ്ടായിരുന്നോ? മറ്റ് സംസ്ഥാന ഇടവകകൾ അതിൽ ഉള്ളതായി ഓർമ്മയില്ല. Ans. അങ്ങനെ ഉള്ളതായി രേഖ കണ്ടിട്ടുള്ളതായും ഓർക്കുന്നില്ല. സാക്ഷിയുടെ അഭിപ്രായത്തിൽ ExtB80 ൽ മറൂത്തായുടെ വാഴ്ചയെപ്പറ്റി പറയുന്നതുപോലെ സ്വീകാര്യമല്ലാത്ത മറ്റു ഭാഗങ്ങൾ ഉണ്ടോ? ExtB80 യുടെ ആരംഭ ഭാഗങ്ങളിൽ ഉള്ള കാര്യങ്ങൾ മുമ്പുള്ള ചില പാരമ്പര്യങ്ങളെ ആശ്രയിച്ച് എഴുതിയിട്ടുള്ളവയാണെന്ന് ExtA71 ൽ മുമ്പ് ബോധിപ്പിച്ചു. ഫുട്ട്നോട്ട് വഴിയായി ചൂണ്ടിക്കാണിച്ചിട്ടുള്ളതിനോടു ഞാനും യോജിക്കുന്നുണ്ട്. Ans. അങ്ങനെയുള്ള ഭാഗങ്ങൾ സ്വീകാര്യങ്ങളല്ലെന്നാണോ? ചരിത്രമായതുകൊണ്ട് പ്രത്യേക തെളിവുകൾ കാണിക്കാതെ എഴുതുന്നവ എല്ലാം സ്വീകാര്യമാകണമെന്നില്ല. മറ്റുതരത്തിലുള്ള രേഖകൾ ഉണ്ടെങ്കിൽ Ans. സ്വീകാര്യമല്ലാത്തവ ഉണ്ടോ എന്നാണ് ചോദ്യം?Q എന്റെ അഭിപ്രായം വ്യക്തിയുടെ പേരോ അധികൃതമായി ഒരിടത്തും പറഞ്ഞിട്ടില്ലാത്തതിനാൽ അതുതന്നെയാണ് സ്പഷ്ടമായ തെളിവ്. Ans. കൊടുത്തിട്ടില്ലാ എന്ന് എവിടെയെങ്കിലും പറയുന്നുണ്ടോ? കൊടുത്തിട്ടില്ല എന്ന് എവിടെ എങ്കിലും പറയുന്നതായി ആ വാചകം ഉപയോഗിച്ചു കണ്ടിട്ടില്ല. എന്നാൽ ആർക്കെങ്കിലും കൊടുത്തതായി ഒരിടത്തും പറയുന്നില്ല. Ans. ഏത് ഭാഗം വരെയുള്ളതാണ് ExtB80 ൽ പാരമ്പര്യത്തെ മാത്രം അടിസ്ഥാനമാക്കിയുള്ളത്? ഇന്നഭാഗം വരെ എന്ന് കൃത്യമായിപ്പറയാൻ സാദ്ധ്യമല്ല. ExtA71 ലെ ആ പ്രസ്താവനയെ ആശ്രയിച്ചാണ് ഞാൻ പറഞ്ഞത്. Ans.EB80 ൽ ഏതൊക്കെ സ്വീകാര്യമാണ് ഏതൊക്കെ സ്വീകാര്യമല്ല എന്ന് പറയാമോ?Qഓരോന്നും കൃത്യമായി പറയാൻ സാദ്ധ്യമല്ല. മറുത്താ മുതൽ ഉള്ളവ ഞാൻ സ്വീകരിക്കുന്നു. Ans. അതിനെപ്പറ്റി പഠനം നടത്തി സ്വീകരിക്കത്തക്കതാണെന്ന്

കണ്ടതുകൊണ്ടാണോ സ്വീകരിക്കുന്നു എന്ന് പറയുന്നത്?Q എന്റെ നിസ്സാരമായ പഠനത്തിൽ മറുത്തായ്ക്ക് ശേഷമുള്ള ആണ് പറഞ്ഞത്. Ans. question repeated. അഭിപ്രായ വ്യത്യാസങ്ങളില്ലാത്തവ ഒക്കെ സ്വീകാര്യമാണ്. Ans. ഉണ്ടോ ഇല്ലയോ എന്ന് ഉത്തരം പറയാൻ പറ്റുമോ? ഇതിനേക്കാൾ സ്പഷ്ടമായ തെളിവ് കാണിച്ചിട്ടുള്ളവ ഇതിലുണ്ടെങ്കിൽ അങ്ങനെയുള്ളവ സ്വീകാര്യമല്ല. Ans. അങ്ങനെ സ്പഷ്ടമായി ഇതിന് എതിരായി തെളിവുകൾ കാണിച്ചിട്ടുള്ള ഭാഗങ്ങൾ ExtB80 ൽ ഉണ്ടോ? അങ്ങനെ ഉള്ളവയിൽ ഒന്നാണ് ഇന്നലെ മറുത്തായുടെ വാഴ്ചയെ സംബന്ധിച്ച് ചൂണ്ടികാണിച്ചത്. Ans. അതല്ലാതെ വേറെ ഉണ്ടോ?Q ExtB80 യുടെ ആരംഭഭാഗത്ത് മോർ തോമാ ശ്ലീഹാ ആർക്കും ആചാര്യത്വം കൊടുത്തതായി കാണിച്ചിട്ടില്ലാതെ കിഴക്കിന്റെ പ്രധാനാചാര്യൻ എന്ന് വച്ചിട്ടുള്ളതും ഇപ്പോൾ ഓർക്കുന്നു. പിന്നെ വല്ലതും ഉണ്ടോ? ഇപ്പോൾ അത്രയുമെ ഓർക്കുന്നുള്ളൂ. Ans. മോർ തോമാശ്ലീഹായെപ്പറ്റി ഇതിൽ പറയുന്നതിന് വിപരീതമായി സ്പഷ്ടമായ തെളിവുകൾ വല്ലതും ഉണ്ടോ? അദ്ദേഹം ആർക്കെങ്കിലും പ്രധാനാചാര്യത്വം നൽകിയതായൊ ആ കാര്യങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ കണ്ടിട്ടില്ലാത്തതുകൊണ്ടാണ് അങ്ങനെ ബോധിപ്പിച്ചത്. Ans. ദനഹായുടെ ഭാഗം തൊട്ടുള്ളതാണോ? മറുത്തായുടെ വാഴ്ച കഴിഞ്ഞുള്ള ഭാഗങ്ങളും ദനഹായുടേത് തൊട്ടുള്ള ഭാഗങ്ങളും ആണ് ഞാൻ ഉദ്ദേശിച്ചത്. Ans. അവിടംതൊട്ട് 2-ാം ഭാഗത്തിലുള്ളത് മുഴുവനും സ്വീകരിക്കുന്നതിൽ പെട്ടതാണൊ? അതെ. Ans. പാത്രിയർക്കീസിന്റെ ഇടവകകളെപ്പറ്റി *എക്ലിഷ്യാസ്റ്റിക്കി*യിൽ പറയുന്നുണ്ടോ? *എക്ലീഷ്യാസ്റ്റിക്കിയുടെ* ഈ ഭാഗത്ത് അത് പറയുന്നില്ല. ഒന്നാമത്, കിഴക്കുള്ള ഇടവകകൾ ഉൾപ്പെടെ എല്ലാം പാത്രിയർക്കീസിന്റെ കീഴിലുള്ള ഇടവകകളാണ്. രണ്ടാമതായി, ഈ ഭാഗത്ത് മഫ്രിയാനാമാരെ പാത്രിയർക്കീസുമാർ വാഴിച്ചിട്ടുള്ളതും മഫ്രിയാനാമാരുടെ കാലത്തുനടന്ന ചില സംഭവങ്ങളുമാകയാൽ ഇതിൽ പാശ്ചാത്യ പ്രദേശത്തെ ഇടവകകളെക്കുറിച്ച് പറയേണ്ട ആവശ്യം ഇല്ല. Ans. *എക്ലിഷ്യാസ്റ്റിക്കി*യിൽ ഏതെങ്കിലും ഭാഗത്ത് പറഞ്ഞിട്ടുണ്ടോ?Q ഒന്നാമത്തെ ഭാഗം ഞാൻ ശരിക്ക് വായിച്ചിട്ടില്ലെന്ന് പറഞ്ഞു. അതിലുണ്ടോ എന്നറിഞ്ഞുകൂടാ. Ans. നോക്കിപ്പറയാമോ? സൗകര്യപ്പെടുകയില്ല. ഈ വിസ്താരത്തിനിടക്ക് Ans. പിന്നീട് നോക്കി പാത്രിയർക്കീസിന്റെ ഇടവകകളെപ്പറ്റി ഉണ്ടെങ്കിൽ ആ ഭാഗം തർജ്ജമ ചെയ്ത് ഹാജാരാക്കാമോ? എനിക്ക് വളരെ ജോലിത്തിരക്കുകൾ ഉണ്ടെങ്കിലും അത് അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട കോടതി കല്പിക്കുന്നു എങ്കിൽ നോക്കി ഇടവകകളെക്കുറിച്ച് പ്രത്യേകം പറയുന്നു എങ്കിൽ ഹാജരാക്കാം. Ans. പാത്രിയർക്കീസിന്റെ കീഴിലാണ് മലങ്കരഇടവകയും എന്നുള്ളതിന് പാത്രിയർക്കീസ്മാരുടെ പല കല്പനകളും മാവേലിക്കര, മുളന്തുരുത്തി മുതലായ പടിയോലകളും സാക്ഷ്യമാണ്. Ans. അല്ലാതെ മറ്റൊന്നും ഇല്ലേ?Q ഇപ്പോൾ അത്രയുമെ ഓർക്കുന്നുള്ളൂ. Ans. മത്തായി ദയറായിലെ മെത്രാപ്പോലീത്തക്ക് ഏതിടവകയാണ്?Q നിനുവാ ഇടവകമാത്രം. Ans. ഇങ്ങനെ ഇടവകകൾ ക്രമപ്പെടുത്തിയത് എന്നാണെന്നാണ് EB80 കൊണ്ട് കാണുന്നത്?Q

ിസ്താബ്ദം 629 ൽ പാത്രിയർക്കീസിനാൽ മഫ്രിയാനാ വാഴിക്കപ്പെട്ടശേഷം ns. അതിനുശേഷം മഫ്രിയാനാ എന്ത് ചെയ്തതായിട്ടാണ് EB80 ൽനിന്ന് ാണുന്നത് അവിടെ തിഗ്രീസിൽ പള്ളികളും ദയറാകളും പണിയിക്കുകയും ലങ്കരിക്കുകയും എല്ലാം ചെയ്തു. Ans. അറബിരാജ്യത്തെപ്പറ്റി എന്തെ ിലും ExtB80 ൽ പറയുന്നുണ്ടോ? പന്ത്രണ്ട് ഇടവകകളിൽ ഒന്നായിട്ട് ബത് ആറാബോയെ പറയുന്നുണ്ട്. Ans. അറബിരാജ്യം പേർഷ്യയിൽ ഉൾപെട്ടു ന്ന് പറഞ്ഞിട്ടുണ്ടോ? മുസ്ലീമുകളുടെ രാജ്യം പേർഷ്യയിൽ പ്രചരിച്ചു എന്ന് റയുന്നുണ്ട്. Ans. ആ മുസ്ലീമുകളുടെ രാജ്യമാണോ അറബിരാജ്യം?Q അല്ല. സ്ലീമുകൾ മാത്രമല്ല. മുഹമ്മദ് നബി ഉണ്ടാകുന്നതിനുമുമ്പും ഇപ്പോഴും രേബ്യൻ പ്രദേശത്തുള്ളവരെ ഇൻഡ്യയിലുള്ളവരെ ഇൻഡ്യാക്കാരെന്നു റയുന്നതുപോലെ ആരബ്സ് എന്നു പറയുന്നുണ്ട്. Ans. ബസ് ആറാബോയോ ടവക എവിടെ എന്നറിയാമോ? എനിക്കറിഞ്ഞുകൂടാ. പേർഷ്യൻ പ്രദേശത്ത് വിടെയെങ്കിലും ആയിരിക്കും. Ans.EB80 രണ്ടാം ഭാഗം 29-ാം പേജിലാണ് ൻപറഞ്ഞ ഭാഗങ്ങൾ ഉള്ളത്. രണ്ടാം ഭാഗം എന്നതു തുടങ്ങി പെൻസിൽകൊണ്ട് പജ് നമ്പർ ഇട്ടിട്ടുണ്ട്. നേരത്തെ പേജ് നമ്പർ ഇട്ടിട്ടുണ്ട്. നേരത്തെ പേജ് മ്പർ ഇല്ലായിരുന്നു. 29-ാം പേജിൽ മാർജിനിൽ ആയി ഏതാനും ഭാഗം എഴുതിയിട്ടുണ്ട്. EB80 ൽ പലഭാഗത്തും അങ്ങനെ ഉണ്ട്. അത് മാർജ്ജിനക ത്തല്ലാ എഴുതിയിരിക്കുന്ന സ്പേസിനകത്തു തന്നെ pockets ആയിട്ടാണ്. അങ്ങനെ എഴുതാൻ കാരണം എനിക്കറിഞ്ഞുകൂടാ. അങ്ങനെയുള്ള ഭാഗത്തിന്റെ ർജ്ജമ ഉണ്ട്. അത് തർജ്ജമ 6-ാം പേജിൽ പേർഷ്യായുടെ അധികാരസീമ യിൽ എന്നു തുടങ്ങി ക്രമപ്പെടുത്തുകയും ചെയ്തു എന്നതുവരെയുള്ളതാണ്. ർജ്ജമയിൽ അനുവാദം എന്നതിൽ EB80 ൽ ഉള്ള വാക്ക് എന്താണ്?Q ൽമൂസോ Ans. ആ വാക്ക് സമ്മതം എന്നും തർജ്ജമ ചെയ്യാമോ?Q അനു വാദവും സമ്മതവും ഒന്നാകയാൽ അങ്ങനെയും തർജ്ജമ ചെയ്യാം. Ans. അത്താനാസ്യോസ് ഗാമോലാക്കുശേഷം പിന്നീട് യോഹന്നാൻ പാത്രിയർ ക്കീസും അതിനുശേഷം ദേവോദോറൊ പാത്രിയർക്കീസുമാണ്. അദ്ദേഹം ആ ഭാഗത്ത് മഫ്രിയാനായെ വാഴിക്കുന്നത് സംബന്ധിച്ച് എന്താണ് പറഞ്ഞി രിക്കുന്നത്?Q അബ്സീനിയർക്ക് അലക്സാന്ത്രിയാ പാത്രിയർക്കീസ് മെത്രാ ന്മാരെ വാഴിക്കുന്നതു പോലെ തെഗ്രീസിന് മഫ്രിയാനായെ വാഴിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു എന്നാണ്. Ans. അതിലേക്ക് അദ്ദേഹം എന്തെങ്കിലും ചെയ്തോ?Q അദ്ദേഹം കിഴക്കുള്ള എപ്പിസ്കോപ്പന്മാർക്കും പ്രധാനികൾക്കും എഴുത്തുകളയക്കുകയും അവരെ തന്നോട് യോജിപ്പിക്കുകയും ചെയ്തു. Ans. പാത്രിയർക്കീസ് മരിച്ച് കഴിയുമ്പോൾ പിന്നീട് വാഴ്ച ഏൽക്കുന്ന ആളിന്റെ മേൽ മഫ്രിയാനാ കൈവയ്പ് നടത്തണമെന്നും പാത്രിയർക്കീസിനെ കൂടാതെ മഫ്രിയാനായും മഫ്രിയാനായെ കൂടാതെ പാത്രിയർക്കീസും (എഴുന്നേൽക്ക രുത്) സ്ഥാനമേൽക്കരുത് എന്ന് പടിഞ്ഞാറോട്ടുള്ള മേൽപട്ടക്കാരുടെ സാക്ഷ്യ ങ്ങളോടും സ്ഥിരീകൃതമായ എഴുത്തുകളോടുംകൂടി ഒരു ഉടമ്പടി ഉണ്ടാക്കിയ ശേഷം കിഴക്കർ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിച്ചു. അതനുസരിച്ച്

മഫ്രിയാനായെ വാഴിച്ചോ? തെഗ്രീസുകാർ മറൂത്തായുടെ ശിഷ്യനായ ദനഹായെ തെരഞ്ഞെടുക്കുകയും ദേവോദാറാ പാത്രിയർക്കീസിന്റെ അടുക്കലേക്ക് കൊണ്ടുപോവുകയും അദ്ദേഹം ഇദ്ദേഹത്തെ തെഗ്രീസിനും പൗരസ്ത്യദേശം മുഴുവനുമായും മഫ്രിയാനാ ആയി വാഴിക്കുകയും ചെയ്തു. ഇദ്ദേഹം വന്ന് തന്റെ സിംഹാസനത്തിൽ ഇരുന്നു. അങ്ങനെയുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് പിന്നീടുള്ള മഫ്രിയാനാമാരെ പാത്രിയർക്കീസ് വാഴിച്ചത്?Q ആ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് അലക്സാണ്ട്രിയായുടെ ഒരു വിഭാഗമായ അബ്സിനിയാക്ക് അതിന്റെ തലവനായ അലക്സാണ്ട്രിയ പാത്രിയർക്കീസ് മേൽപട്ടക്കാരെ വാഴിക്കുന്നതുപോലെ ദേവദോറെ പാത്രിയർക്കീസ് ദെനഹോയെ വാഴിച്ചത്. എന്നാൽ താഴോട്ടുള്ള ചരിത്രത്തിൽ കിഴക്കർ പാത്രിയർക്കീസിന്റെ അടുക്കൽവന്ന് മഫ്രിയാനായെ വാഴിച്ചു കിട്ടണമെന്നാവശ്യപ്പെടുകയും മഫ്രിയാനമാരുടെ പേരിലുള്ള കുറ്റാരോപണങ്ങൾ പാത്രിയർക്കീസിന്റെ മുമ്പിൽ നടത്തുകയും പാത്രിയർക്കീസിന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്യാതെന്നെ സ്വീകരിക്കുകയും ചെയ്തിട്ടുള്ള പല സന്ദർഭങ്ങൾ ഉണ്ടായിരുന്നിട്ടുണ്ട്. അന്നത്തെ ആ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പാത്രിയർക്കീസുമാർ മഫ്രിയാനാമാരെ വാഴിച്ചിരുന്നത് എന്ന് പറയാൻ പാടില്ല. Ans. ദേവദോറൊ പാത്രിയർക്കീസുമായിട്ടുള്ള ഉടമ്പടി അനുസരിച്ച് പിന്നീടും നടന്നിരുന്നു എന്ന് EB80 കൊണ്ടു കാണുമോ? ചിലപ്പോഴെല്ലാം നടന്നിരുന്നു. Ans. എന്നാൽ മഫ്രിയാനാ പാത്രിയർക്കാ വാഴ്ചക്ക് കൈവയ്പ്പ് നടത്തികൂടാ എന്ന് മഫ്രിയാനായുടെ ഇടവകക്കാർ തന്നെ പറഞ്ഞ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഇതും EB80 കൊണ്ടുതന്നെ കാണാം. Ans. ദനഹാക്കുശേഷം ബാർയേശു. ബാർയേശുവിനെ മോർ സഖറിയാസ് പാത്രിയർക്കീസ് മഫ്രിയാനായായി വാഴിച്ചു. വാഴിച്ചു എന്നല്ലാതെ കൂടുതൽ വിവരങ്ങൾ EB80 ൽ ഇല്ല. Ext B80 2-ാം ഭാഗത്ത് ഏതെങ്കിലും പാത്രിയർക്കീസിനെ വാഴിച്ചതായി പറയുന്നുണ്ടോ?Q എവിടെയൊ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഒരു സന്ദർഭത്തിലാണ് മുമ്പ് ഞാൻ ബോധിപ്പിച്ച രീതിയിൽ തെഗ്രീസുകാർ തന്നെ മഫ്രിയാനായെ വിരോധിച്ചത്. Ans. ആ ഒരു instance മാത്രമെ EB80 ൽ കാണുന്നുള്ളൂ?Q പാത്രിയർക്കാ വാഴ്ചക്ക് മഫ്രിയാനായെ ക്ഷണിച്ചതും അദ്ദേഹം പോയതായും വേറെയും ചില സന്ദർഭങ്ങൾ ഉണ്ട്. Ans. അങ്ങനെ പാത്രിയാർക്കാവാഴ്ചയ്ക്ക് മഫ്രിയാനായെ ക്ഷണിക്കണമെന്നും മഫ്രിയാനാ കൈവയ്ക്കണമെന്നും നിയമവും നടപ്പും ഉണ്ടായിരുന്നതുകൊണ്ടാണോ മഫ്രിയാനായെ ക്ഷണിച്ചുകൊണ്ടിരുന്നത്?Q മഫ്രിയാനായുടെ കീഴിലുള്ള വിഭാഗം ഒരു സ്വതന്ത്രവിഭാഗം അല്ലാതിരുന്നതിനാലും പാത്രിയർക്കീസിന്റെ വാഴ്ചയിൽ അദ്ദേഹത്തിന്റെ കീഴിലുള്ളവരിൽ ഏറ്റവും മുമ്പുള്ള സ്ഥാനിയായ മഫ്രിയാനാ അതിൽ സംബന്ധിച്ച് സ്ഥാനാരോഹണത്തിൽ വേണ്ടത് ചെയ്യുവാനായിരുന്നു. Ans. പാത്രിയർക്കാ വാഴ്ചയിൽ മഫ്രിയാനയെ ക്ഷണിക്കണമെന്നുള്ളതും മഫ്രിയാനാ കൈവയ്ക്കണമെന്നതും ഒരംഗീകൃതനിയമവും നടപ്പുമായിരുന്നോ?Q അങ്ങനെയാണ് മിക്കപ്പോഴും നടന്നുവന്നത്. Ans.

അബ്സീനിയക്കാർക്ക് മെത്രാപ്പോലീത്തയെ വാഴിക്കുന്നതിന് അവർ അലക്സാൻട്രിയാ പാത്രിയർക്കീസുമായി എന്തെങ്കിലും വ്യവസ്ഥ ചെയ്തതായി രേഖാമൂലമായ തെളിവ് വല്ലതും ഉണ്ടോ? ഞാൻ കണ്ടിട്ടില്ല. എന്നാൽ ഇവിടെ പറയുന്ന സാമ്യ ഉടമ്പടി സംബന്ധിച്ചല്ല. സ്ഥാനത്തിന്റെ അധികാരവും മാഹാത്മ്യവും സംബന്ധിച്ചാണ്. Ans. സ്ഥാനത്തിന്റെ അധികാരവും മാഹാത്മ്യവും എന്ന് പറയാൻ കാരണമെന്താണ്? ഞാൻ അങ്ങനെ ബോധിപ്പിക്കുവാൻ കാരണം അബ്സീനിയാസഭയുടെ ആരംഭംമുതൽ അതിന് ഭരണം നടത്തുകയും മേൽപട്ടക്കാരെ വാഴിക്കയും ചെയ്തിട്ടുള്ളത് അലക്സാൻട്രിയാ പാത്രിയർക്കീസ് എന്നതുപോലെതന്നെ പീഡകളുടെ ചില നൂറ്റാണ്ടുകൾക്ക് മുമ്പും പീഡകൾ കഴിഞ്ഞതിനുശേഷവും സുറിയാനിസഭയുടെ ഒരു വിഭാഗമായ കിഴക്കൻ പ്രദേശത്തിന് വൈദിക മേലദ്ധ്യക്ഷന്മാരെ അന്ത്യോഖ്യാ പാത്രിയർക്കീസ് വാഴിച്ചിട്ടുള്ളതുകൊണ്ടാണ്. EB80 കൊണ്ട് ഇത് കാണുമോ?Q EB80 ലെ കാര്യം അല്ല ചോദിച്ചത്. സ്ഥാനത്തിന്റെ അധികാരവും മാഹാത്മ്യവും എന്നു പറയാൻ കാരണം ചോദിച്ചതിന് ഉത്തരം പറഞ്ഞതാണ്. EB80 ൽ അത് കാണുകയില്ല. Ans. ദനഹായ്ക്കുശേഷം പത്തുകൊല്ലം തെഗ്രീസ് വൈധവ്യം പ്രാപിച്ചു എന്ന് EB80 ൽ പറയുന്നുണ്ട്. അടുത്ത മഫ്രിയാനയായ അബ്രഹാമിനുശേഷം ഉള്ള ദാവീദ് മഫ്രിയാനെ വാഴിച്ചത് ആരാണ്? ബാർയേശുവിനു ശേഷമുള്ള ആളും പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട് അല്പകാലത്തിനുള്ളിൽ മരിച്ചുപോവുകയും ചെയ്ത അബ്രഹാമിനുശേഷം ദാവീദാണ് വാഴിക്കപ്പെട്ടത്. പാത്രിയർക്കീസും ആ സമയത്ത് മരിച്ചുപോയിരുന്നതിനാൽ മുൻപറഞ്ഞ വ്യവസ്ഥക്കെതിരായി കിഴക്കുള്ള എപ്പിസ്കോപ്പമാർ പുതിയ പാത്രിയർക്കീസും ഉണ്ടാകുന്നതുവരെ ക്ഷമിച്ചിരിക്കാതെ ദാവീദിനെ മഫ്രിയാനായായി അവർ വാഴിക്കുക ആയിരുന്നു. Ans. ദീവീദ് മരിച്ചശേഷം പിന്നീട് 6 കൊല്ലത്തേക്ക് തലവനില്ലാതെ ഇരിക്കയായിരുന്നോ?Q ദാവീദ് മരിക്കുന്നതിനുമുമ്പ് പാത്രിയർക്കാ തെരഞ്ഞെടുപ്പിനായി അദ്ദേഹവും ചെന്നെത്തണമെന്ന് പടിഞ്ഞാറുള്ള എപ്പിസ്കോപ്പന്മാർ ക്ഷണിച്ചതുമൂലം അദ്ദേഹം അവിടെ പോവുകയും അവിടെ വച്ച് മരിച്ചുപോവുകയും ചെയ്തശേഷം വേറെ തലവനില്ലാതിരുന്നു. Ans. അങ്ങനെ മഫ്രിയാനാ ഇല്ലാതിരുന്ന കാലത്ത് മത്തായി ദയറായുടെ മെത്രാപ്പോലീത്ത മോർ യൂഹാനോൻ ആയിരുന്നു. അദ്ദേഹത്തോട് ദയറാക്കാർ കിഴക്കൻ ഇടവകകൾക്ക് മെത്രാന്മാരെ വാഴിക്കണമെന്നാവശ്യപ്പെട്ടോ? ആവശ്യപ്പെട്ടു. അദ്ദേഹം സമ്മതിച്ചില്ലാ. Ans. അതെന്താണ്? അത് മഫ്രിയാനാക്കുള്ള അധികാരമാണ് എനിക്കതിന് അധികാരം ഇല്ല എന്നു പറഞ്ഞുകൊണ്ട് Ans. ഇങ്ങനെ പറഞ്ഞതുകൊണ്ട് ദയറാകാർക്ക് വിരോധം ഉണ്ടായി. അവർ സത്യാവസ്ഥ മറച്ചുവച്ച് യൂഹാനോൻ വാർദ്ധക്യംമൂലം ഭരണത്തിൽനിന്നും വിരമിച്ചിരിക്കയാണെന്നും അദ്ദേഹത്തിന് പകരമായി ഞങ്ങൾക്ക് ഒരു മെത്രാപ്പോലീത്തയെ അയച്ചു തരണമെന്നും അവർ പാത്രിയർക്കീസിനോട് വഞ്ചനാപരമായി ആവശ്യപ്പെടുകയും EB80 ൽ പറയുന്നതുപോലെ അവരുടെ വാക്കുകളുടെ നിഷ്ക്കളങ്കതയെ വിശ്വസിച്ചു

കൊണ്ട് പാത്രിയർക്കീസ് തന്റെ അടുക്കൽനിന്ന് ഒരു മെത്രാപ്പോലീത്തയെ അവർക്കായ് അയച്ചുകൊടുക്കുകയും ചെയ്തു. ഇതെല്ലാം EB80 ൽ ഉള്ളതാണോ? അതെ. Ans.EB80 ൽ പറയുന്നതെന്താണ്? അദ്ദേഹം ആഘോഷപൂർവ്വം ദയറായിലേക്ക് സ്വീകരിക്കപ്പെട്ടെന്നും അപ്പോൾ മാത്രം വിവരം അറിഞ്ഞ മോർ യൂഹാനോൻ എതിർപ്പിനൊന്നും പോകാതെ ദയറാ വിട്ടുപോയി എന്നും ആണ് പറയുന്നത്. Ans. വന്ന മെത്രാപ്പോലീത്താക്ക് എന്തു സംഭവിച്ചു?Q മോർ യൂഹാനോൻ പോയതിനുശേഷം ആ ദയറാവാസികളിൽ പലരും പെട്ടെന്ന് മരിച്ചുപോവുകയും അതേ തുടർന്ന് കിഴക്കരായ ദയറാക്കാരുടെ വഞ്ചന മനസ്സിലാക്കാതെ നല്ല ഉദ്ദേശ്യത്തോടെ അയക്കപ്പെട്ട ആ മെത്രാൻ തിരികെ പോവുകയും ചെയ്തു. Ans. പിന്നീട് യൂഹാനോൻ മഫ്രിയാനാ ആയോ?Q പൗരസ്ത്യരായ ആ എപ്പിസ്കോപ്പന്മാർ കൂടി അദ്ദേഹത്തെ തെഗ്രീസിന്റെ മഫ്രിയാന ആക്കി. Ans. ആ യൂഹാനോൻ കിഴക്കിലേക്ക് മൂന്ന് എപ്പിസ്കോപ്പന്മാരെ വാഴിച്ചു. ഹാജരാക്കിയിരിക്കുന്ന തർജ്ജമയിൽ മത്തായി ദയറാക്കാർ പാത്രിയർക്കീസിന്റെ അടുത്ത് ഒരു മെത്രാനെ അയച്ചുതരുന്നതിന് ആവശ്യപ്പെടുത്തുന്നതിന് മുമ്പ് മത്തായി ദയറാക്കാർ യൂഹാനോനോട് പിണങ്ങിയിരുന്നു എന്നും മറ്റും പറയുന്ന ഭാഗം ഉണ്ടോ?Q ഇല്ല. Ans. യൂഹാനോനുപകരം ഒരു മെത്രാനെ അയച്ചുതരണമെന്ന് ആവശ്യപ്പെട്ടു എന്ന ഭാഗം മാത്രം തർജ്ജമ ചെയ്യാൻ കാരണം എന്താണ്?Q പ്രത്യേകിച്ച് ഒരു കാരണവുമില്ല. Ans. അടുത്ത മഫ്രിയാൻ ദനഹാ രണ്ടാമനെ വാഴിച്ചതാരാണ്? പൗരസ്ത്യരാണ് വാഴിച്ചത്. Ans. ആ വാഴിച്ചു എന്നതിന് ശേഷമുള്ള ഭാഗം തർജ്ജമ ചെയ്യുക?Q "തങ്ങളുടെ ശൽമൂശാ (സമ്മതം) കൂടാതെ വികാരപരമരായ ദയറാക്കാരുടെ വാക്കിന്മേൽ മാത്രം ദയറായിലേക്ക് മെത്രാനെ അയക്കുക കാരണം പാത്രിയർക്കീസിന്റെ അടുക്കലേക്കുള്ള പോക്ക് നിലച്ചു" എന്നാണ്. Ans. ഇത് ഹാജരാക്കിയിട്ടുള്ള തർജ്ജമയിൽ മുഴുവനും ഇല്ലല്ലോ? ഇല്ല. ഹാജരാക്കിയിട്ടുള്ള തർജ്ജമയിൽ ഉള്ളതെല്ലാം EB80 ൽ ഉള്ളതുതന്നെയുമാണ്. Ans. ദനഹാ രണ്ടാമന്റെ കാലത്ത് പാത്രിയർക്കീസ് യൂലിയാനാ ആയിരുന്നു. യൂലിയാനാ പാത്രിയർക്കീസ് ദനഹാ രണ്ടാമന് എഴുത്തുകൾ എന്നെങ്കിലും അയച്ചോ? ദനഹാ രണ്ടാമന് എഴുത്തയച്ചതായി EB80 ൽ പറയുന്നില്ല. Ans. ആർക്കെങ്കിലും അയച്ചോ? അന്ത്യോക്യാ സിംഹാസനത്തോട് വീണ്ടും യോജിപ്പിലെത്തുവാനായി എപ്പിസ്കോപ്പന്മാർക്കും തെഗ്രീസിലെ പ്രമാണികൾക്കും സ്നേഹപൂർവ്വമായ എഴുത്തുകൾ അയച്ചു എന്നും ദനഹാ മഫ്രിയാനാ സർവ്വശക്തിയോടും കൂടി യോജിപ്പിന് പ്രതിബന്ധം ഉണ്ടാക്കി എന്നും തന്മൂലം എപ്പിസ്കോപ്പന്മാരിൽ ചിലരും തെഗ്രീസുകാരും മഫ്രിയാനയോട് വിരുദ്ധപ്പെട്ടു എന്നും നല്ല ഇഷ്ടത്തോടുകൂടി അല്ലെങ്കിലും പാത്രിയർക്കീസിന്റെ അടുക്കലേക്ക് ദനഹാ പോവുകയും അദ്ദേഹത്തിന്റെ ശത്രുക്കളായ എപ്പിസ്കോപ്പന്മാരും അവിടേക്ക് പോവുകയും പാത്രിയർക്കീസിന്റെ മുമ്പിൽ ഇദ്ദേഹത്തിന് എതിരായി കുറ്റാരോപണങ്ങൾ നടത്തുകയും അദ്ദേഹം കിഴക്കോട്ട് ചെല്ലുന്നതിന് അവർ വിരോധിക്കുകയും ചെയ്കയാൽ ദനഹായന്ന് ത്രെദ

റായിൽപോയി താമസിക്കുകയും ദനഹായുടെ ഇടവക ഭരിക്കുവാനായി ആക്കൂലായിലെ എപ്പിസ്കോപ്പാ ആയ ബാക്കോസിനെ സുനഹദോസ് നിശ്ച യിക്കുകയും ചെയ്തു എന്നാണ് EB80 ൽ കാണുന്നത്. Ans. തിരികെ ചെല്ലു ന്നത് വിരോധിച്ചതും വേറെ ആളെ നിശ്ചയിച്ചതും പൗരസ്ത്യരാണോ വിരോ ധിച്ചത് പൗരസ്ത്യരും ഇടവക ഭരിക്കാൻ ബാക്കോസിനെ നിശ്ചയിച്ചത് പാത്രിയർക്കീസിനോടുകൂടി കൂടിയുള്ള സുനഹദോസും ആണ്. Ans. പാത്രി യർക്കീസിനോട് കൂടിയുള്ള സുനഹദോസ് അന്നവിടെ ഉണ്ടോ? അവിടെ അങ്ങനെ ഉണ്ടെന്ന് ഞാൻ പറഞ്ഞില്ല. പാത്രിയർക്കീസിന്റെ സന്നിധിയിൽ വച്ചായതുകൊണ്ട് പാത്രിയർക്കീസുൾപെടെയുള്ള സുനഹദോസാണ് എന്നാണ് ഞാൻ പറഞ്ഞത്. Ans. പാത്രിയർക്കീസുണ്ടെന്നുള്ളത് സാക്ഷിയുടെ ഊഹ മാണോ? അവിടംകൊണ്ട് എന്റെ അഭിപ്രായമാണ്. Ans.Stopped for lunch. Witness swron again after lunch and cross examination continued. ദനഹാ ദയറായിൽ പോയിരുന്നിട്ട് എന്താണ് ചെയ്തത്? രണ്ടുകൊല്ലം ദയറായിൽ ഇരുന്നശേഷം എഴുത്തുകൾ വഴിയായി ചില തിഗ്രീസുകാരെ സമാധാനപ്പെ ടുത്തുകയും ഏലിയാ പാത്രിയർക്കീസ് മഫ്രിയാനായെ വീണ്ടും തെഗ്രീസി ലേക്ക് തിരിച്ചയക്കുകയും പാത്രിയർക്കീസ്തന്നെ തിഗ്രീസിലേക്ക് ചെന്ന് മഫ്രിയാനായേയും വിശ്വാസികളെയും തമ്മിൽ ഐക്യപ്പെടുത്തുകയും ചെയ്തു. Ans. അങ്ങനെ പാത്രിയർക്കീസ് മഫ്രിയാനായെ തിഗ്രീസുമായി യോജിപ്പിക്കുവാൻ ശ്രമിച്ചത് സഹോദരീസഭയുടെ മെത്രാപ്പോലീത്ത എന്ന നിലയിൽ മാത്രമല്ലേ? ഒരിക്കലുമല്ല. യോജിപ്പിക്കുവാൻ ശ്രമിക്കുകയല്ല. യോജി പ്പിക്കുകതന്നെ ചെയ്തു. പാത്രിയർക്കീസ് സഹോദരിസഭയുടെ മെത്രാപ്പോ ലീത്ത അല്ല. മുൻബോധിപ്പിച്ച കാര്യങ്ങളിൽനിന്നും പാത്രിയർക്കീസ് കിഴക്കു ദേശവും ഉൾപ്പെട്ട ആകമാനസഭയുടെ തലവനാണെന്ന് കാണാവുന്നതാണ്. തന്റെ സഭയിലെ തന്റെ കീഴിലുള്ള ഒരു വിഭാഗത്തിലെ വഴക്കുകൾ സഭയുടെ പ്രധാന തലവൻ തീർക്കുകയാണ് ചെയ്തത്. Ans. സഭയുടെ പ്രധാനതലവൻ ആണെങ്കിൽ ദനഹായെ അനുസരിക്കണമെന്ന് ആജ്ഞാപിക്കുകയൊ അങ്ങനെ കല്പന കൊടുക്കുകയോ ചെയ്യാതെ മഫ്രിയാനാ തിരികെപോയപ്പോൾ അദ്ദേ ഹത്തിന്റെ കൂടെപോയി സമാധാനം ഉണ്ടാക്കുകയല്ലേ ചെയ്തത്?Q പാത്രി യർക്കീസ് തിരിച്ചയച്ചു എന്നാണ്, കൂടെപോയി എന്നവിടെ പറഞ്ഞിട്ടില്ല. സഭയുടെ പ്രധാനതലവനായ പാത്രിയർക്കീസ് ക്ഷോഭിച്ചിരുന്ന ഒരു ജനത്തിന് കല്പന അയക്കുന്നതിനേക്കാൾ സ്വയം അവിടെ ചെന്ന് കാര്യങ്ങൾ പറഞ്ഞു തീർക്കുന്നതാണ്. കൂടുതൽ പ്രയോജനകരം എന്നു കണ്ടാണ് പാത്രിയർക്കീസ് പോയത്. വഴക്ക് തീർന്നതിന്റെ ശേഷം കല്പനകളും കൊടുത്തിട്ടുണ്ടായി രിക്കാം. Ans. ദനഹാക്കുശേഷം വാഴിച്ച പൗലോസിനെ പൗരസ്ത്യർ തെര ഞ്ഞെടുത്തതാണോ? പൗലോസ് തെരഞ്ഞെടുക്കപ്പെട്ടു എന്നല്ലാതെ ആരാണ് അദ്ദേഹത്തെ തെരഞ്ഞെടുത്തത് എന്ന് പറഞ്ഞിട്ടില്ല. അദ്ദേഹത്തെ വാഴിച്ചത് മോർ അത്തനാസ്യോസ് പാത്രിയർക്കീസാണ്. ഈ മോർ പൗലോസാണ് എട്ടോ ഒൻപതോ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പൗലോസ് ഒന്നാമൻ മഫ്രിയാനാ.

Ans. പൗലോസിന്റെ ജീവിതകാലത്തുതന്നെ അത്തനാസ്യോസും ഇവാനിയോസും പൗലോസിന്റെ കാലത്ത് മരിച്ചോ?Q മരിച്ചു. witness adds അദ്ദേഹത്തിന്റെ കാലത്തുനടന്ന ഒരു സംഭവം ExB80 ൽ ഉണ്ട്. തർജ്ജമയിൽ ഇല്ല. അദ്ദേഹത്തിന്റെ കാലത്ത് നെസ്തോറിയർക്ക് തെഗ്രീസിൽ ഒരു പള്ളി വയ്ക്കാനായിട്ട് അവരുടെ ഒരു മെത്രാൻ ഇദ്ദേഹത്തോട് അപേക്ഷിച്ചു എന്നും എനിക്ക് വിരോധമില്ല പാത്രിയർക്കീസിനെയും തിഗ്രീസുകാരെയും ഞാൻ ഭയപ്പെടുന്നു എന്നും അദ്ദേഹം പറഞ്ഞെന്നും മുൻപറഞ്ഞ നെസ്തോറിയ മെത്രാൻ പാത്രിയർക്കീസിന്റെ അടുക്കൽ പോയെന്നും പാത്രിയർക്കീസ് അനുവദിച്ച് കല്പന കൊടുത്തെന്നും അങ്ങനെ അവിടെ ഒരു പള്ളിവയ്ക്കപ്പെട്ടു എന്നും EB80 ൽ പറയുന്നുണ്ട്. counsel continues ഏതു പാത്രിയർക്കീസാണ് അങ്ങനെ അനുവാദം കൊടുത്തത്? ഗേവർഗിസ് പാത്രിയർക്കീസാണ് കല്പന കൊടുത്തത്. Ans. നെസ്ബിനിലെ മെത്രാപ്പോലീത്തയെപ്പറ്റി പറയുന്നുണ്ടോ?Q നെസ്തോയ മെത്രാൻ നെസ്ബിനിലേക്കു പോയി വൃദ്ധനായ കുപ്രിയാന മെത്രാപ്പോലീത്തയോടും നെസ്ബിനിലെ നെസ്തോറിയരോടും അപേക്ഷിക്കുകയും മാർദീമത്തിന്റെ പ്രസിദ്ധമായ പള്ളി അവർ നമ്മുടെ ജനത്തിന് തിരിച്ചു തരികയും ചെയ്തു എന്നാണ്. Ans. അങ്ങനെ തിരിച്ചുകൊടുത്തതിനുപകരമായാണൊ പള്ളി വയ്ക്കുവാൻ സമ്മതിച്ചത്?Q എന്ന് അങ്ങനെ EB80 ൽ പറഞ്ഞിട്ടില്ല. പൗലോസ് മഫ്രിയാനാ നെസ്തോറിയ മെത്രാനോട് പറഞ്ഞിരുന്ന ഒരു കാര്യമായിരുന്നു നെസ്ബിനിലെ യാക്കോബായ പള്ളികൾ തിരിച്ചുകൊടുക്കണമെന്നുള്ളത്. Ans. നെസ്ബിനിലെ യാക്കോബായ കച്ചവടക്കാർ തിഗ്രീസിലേക്ക് ഇറങ്ങിചെന്ന് അവിടെ പള്ളി പണിയുന്നതിന് അപേക്ഷിച്ചോ?Q പാത്രിക്കീസിനോട് അപേക്ഷിച്ചു. Ans. പാത്രിയർക്കീസിനോട് അപേക്ഷിച്ചു എന്നുണ്ടോ?Q ഇല്ല. എന്നാൽ സ്ലീബാസോക്കേ എന്ന നെസ്തോറിയ മെത്രാൻ പാത്രിയർക്കീസിന്റെ അടുക്കൽ പോയി. Ans. അടുക്കൽപോയി എന്നതിനുശേഷം ഇതേക്കുറിച്ച് അവർ തിഗ്രീസുകാർക്ക് എഴുതി അയച്ചു എന്നാണോ?Q അല്ല. ആ സൂനഹദോസ് കൂടിയത് തന്റെ ഇടവകക്കാരാൽ കുറ്റാരോപണം ചെയ്യപ്പെട്ട ഗുർമാർഹിലെ യൗനാൻ എപ്പിസ്കോപ്പായെ കുറിച്ചായിരുന്നു. അദ്ദേഹം പാത്രിയർക്കീസിന്റെ മുമ്പിലല്ലാതെ പൗരസ്ത്യരുടെയും സൂനഹദോസിൽ വിധിക്കപ്പെടുവാൻ ഇഷ്ടപ്പെട്ടില്ല. എപ്പിസ്കോപ്പന്മാർ യൗനാനെ തടസ്സം ചെയ്കയും മോർ മത്തായി ദയറായിൽനിന്നുള്ള യൂഹാനോൻ കീയൂനോയെ തെരഞ്ഞെടുക്കുകയും ഗേവർഗി പാത്രിയർക്കീസിന്റെ അടുക്കലേക്ക് അദ്ദേഹം ഇദ്ദേഹത്തെ തെഗ്രീസിനും മഫ്രിയാനാ ആയി വാഴിക്കുകയും ചെയ്തു. ഇദ്ദേഹം വന്ന് (കീയൂനോയൊ) യൗനാനെ വിധിച്ചു. Ans. എന്തിനാണ് യൗനാനെ തടസ്സം ചെയ്തത്?Q അവർ തന്നെ അക്കാര്യം തീരുമാനിക്കാമെന്ന് എപ്പിസ്കോപ്പന്മാർ വിചാരിച്ചതുകൊണ്ടായിരിക്കണം. Ans. എന്തിൽനിന്ന് തടസ്സം ചെയ്തു എന്ന് അവിടെ എഴുതിയിട്ടില്ല. ഗീവർഗീസ് പാത്രിയർക്കീസ് തടവിൽനിന്ന് പുറത്തുവന്നശേഷം തെഗ്രീസിൽ വന്നോ? വരികയും വലിയ ബഹുമാനത്തോടെ സ്വീകരിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ മുമ്പിൽ

തെഗ്രീസുകാർ കീയൂനോയൊ മഫ്രിയാനായെക്കുറിച്ച് കുറ്റാരോപണം നടത്തുകയും അദ്ദേഹത്തിന്റെ മാലിന്യം (തെറ്റ്) സ്പഷ്ടമാവുകയും മുടക്കപ്പെടുകയും ചെയ്തു. Ans. ആരാൽ മുടക്കപ്പെട്ടു എന്ന് പറയുന്നുണ്ടോ?Q പാത്രിയർക്കിസിന്റെ അടുക്കൽ കുറ്റാരോപണം ചെയ്കയും വിസ്തരിക്കപ്പെടുകയും ചെയ്ത സ്ഥിതിക്ക് പാത്രിയർക്കീസിനാൽ തന്നെയാണ് മുടക്കപ്പെടത്. ഇന്നാരാൽ മുടക്കപ്പെട്ടു എന്നവിടെ പറയുന്നില്ല. Ans. പാത്രിയർക്കീസ് ഉണ്ടായിരുന്ന സമയം കീയൂനോയെ കുറ്റം പറഞ്ഞു എന്നു മാത്രമല്ലേ ExtB80 ൽ നിന്നു മനസ്സിലാവുകയുള്ളൂ?Q അല്ല. ഇവിടെ ExtB80 ൽ കിടക്കുന്നത് പാത്രിയർക്കീസിന്റെ മുമ്പിൽവച്ചാണ് എന്നാണ്; കുറ്റം പറഞ്ഞു എന്നല്ല കത്രേശ് എന്ന വാക്കിന് കുറ്റപ്പെടുത്തി, കുറ്റാരോപണം നടത്തി എന്നെല്ലാമാണ്. ആ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. Ans. കുറ്റാരോപണം ചെയ്യപ്പെട്ടു എന്നു തർജ്ജമ ചെയ്യാമോ? തർജ്ജമ ശരിയാണ്. കത്രേഗ എന്നതിന്റെ passive ആണ് മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. Ans. വിസ്തരിക്കപ്പെട്ടു എന്നു EB80 ൽ ഇല്ല. കുറ്റം തെളിഞ്ഞു എന്നുള്ളതുകൊണ്ട് വിസ്തരിക്കപ്പെട്ടു എന്ന് ഞാൻ ബോധിപ്പിച്ചതാണ്. കീയൂനേക്കുശേഷമുള്ള മഫ്രിയാന യൗസേപ്പിനെ വാഴിച്ചത് തെഗ്രീസിൽ വച്ചാണ്. ഗീവർഗീസ് പാത്രിയർക്കീസാണ്. ഗീവർഗീസ് പാത്രിയർക്കീസിനുശേഷം യൗസേഫ് പാത്രിയർക്കീസും അതിനുശേഷം കുര്യാക്കോസ് പാത്രിയർക്കീസും ആയിരുന്നു. തർജ്ജമയിൽ കുര്യാക്കോസ് പാത്രിയർക്കീസിനാളയച്ചു എന്ന് പറഞ്ഞിരിക്കുന്നത് തിഗ്രീസുകാരാണോ?Q അതെ. Ans. ആളയച്ചു എന്നതിനുശേഷമുള്ള ഭാഗം തർജ്ജമ എന്താണ്?Q കുര്യാക്കോസ് പാത്രിയർക്കീസ് കുടുംബപരമായി തിഗ്രീസുകാരൻ ആയിരുന്നതുകൊണ്ട് തിഗ്രീസുകാരാൽ വിളിക്കപ്പെട്ടപ്പോൾ മൂസലിലേക്ക് വരുവാൻ അദ്ദേഹം ഒട്ടും മടിച്ചില്ല. അദ്ദേഹം തന്നെ വരികയും തെഗ്രീസുകാരെയും മത്തായി ദയറാക്കാരെയും തമ്മിൽ യോജിപ്പിക്കുകയും ചെയ്തു. Ans. അദ്ദേഹം തെഗ്രീസുകാരനായതുകൊണ്ടല്ലേ ക്ഷണിക്കുകയും അദ്ദേഹം വരികയും ചെയ്തത്? എന്ന് അവിടെ പറയുന്നില്ല. എന്നാൽ ഏകസഭയിലെ കിഴക്കൻ വിഭാഗത്തിൽനിന്ന് ഒരാൾക്ക് പാത്രിയർക്കീസാകാമെന്നും ആകയാൽ സഹോദരീസഭ ഇല്ലെന്നും സ്പഷ്ടമാകുന്നതിനും പുറമെ സഭയുടെ പ്രധാനതലവൻ എന്ന രീതിയിൽ വഴക്കുള്ളിടത്ത് വഴക്കു തീർക്കേണ്ടത് അദ്ദേഹത്തിന്റെ ചുമതലയാകയാലും ആണ് പോയത്. അവിടെവച്ച് അദ്ദേഹം ശർബിയിലെ എപ്പിസ്കോപ്പായെ തെരഞ്ഞെടുക്കുകയും അവർക്ക് മഫ്രിയാനായി വാഴിച്ചുകൊടുക്കുകയും ചെയ്തു. Ans. ഹാജരാക്കിയ തർജ്ജമയാൽ അദ്ദേഹം ഒട്ടും മടിച്ചില്ല എന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുകയല്ലേ? വിട്ടുകളയുകയല്ല ചെയ്തത്. അദ്ദേഹം തിഗ്രീസുകാരനാണെന്ന് പറഞ്ഞതുകൊണ്ട് യാതൊരു ദൂഷ്യവും ഇല്ല. എന്നാൽ മുമ്പ് ബോധിപ്പിച്ചതുപോലെ പാത്രിയർക്കീസ് വന്നു സമാധാനം ഉണ്ടാക്കി എന്നും പാത്രിയർക്കീസ് തനിച്ച് ശർബിലിനെ തെരഞ്ഞെടുത്തു എന്നും കാണിക്കുവാൻ ആ ഭാഗം മാത്രം തർജ്ജമ ചെയ്തു എന്നേ ഉള്ളൂ. തർജ്ജമയിൽ തിഗ്രീസുകാരനായതുകൊണ്ടാണ്, വിളിക്കപ്പെട്ടപ്പോൾ

വരാൻ മടിക്കാത്തത് എന്ന ഭാഗം ഇല്ല. Ans. ശർബിലിനെ വാഴിച്ചത് സംബന്ധിച്ചുള്ള തർജ്ജമ അത്ഭുതപുരുഷനായ തബ്ബാദിന്റെ ശർബിൽ എപ്പിസ്കോപ്പായെ തെരഞ്ഞെടുക്കുകയും അവിടത്തെ മഫ്രിയാനായി വാഴിക്കയും ചെയ്തു എന്നു പറഞ്ഞാൽ ശരിയാണോ?Q ശരിയല്ല. അദ്ദേഹം വന്ന് മൂന്ന് കാര്യങ്ങളാണ് ചെയ്തത്. ഒന്ന് തിഗ്രീസുകാരെയും മോർ മത്തായി ദയറാക്കാരെയും അദ്ദേഹം യോജിപ്പിച്ചു. രണ്ട്, അത്ഭുതപുരുഷനായ നെർസബാദിന്റെ ശർബിയിൽ എപ്പിസ്കോപ്പായെ അദ്ദേഹം തെരഞ്ഞെടുത്തു. മൂന്ന്, അവർക്ക് മഫ്രിയാനായി ഇദ്ദേഹത്തെ അദ്ദേഹം വാഴിച്ചു. Ans. അദ്ദേഹം എന്നതിന് പ്രത്യേകം വാക്കുണ്ടോ? verb ന്റെ പ്രയോഗം കൊണ്ട് അങ്ങനെയാണ് സുറിയാനി, മുമ്പ് പറഞ്ഞപോലെ ഉപയോഗിക്കുക. Ans. കിഴക്കരുടെ സമ്മതത്തോടുകൂടിയാണോ വാഴിച്ചത്? വാഴിക്കുന്നതിന് അവർ വിരോധപ്പെട്ടതായി കാണാത്തതുകൊണ്ട് പാത്രിയർക്കീസ് തന്നെ തെരെഞ്ഞെടുത്തതും വാഴിച്ചതും അവർ സമ്മതിച്ചതായിട്ടാണ് വിചാരിക്കേണ്ടത് Ans.stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ
Sd/-

First Addl. District and sessions Court, ERNAKULAM
Taken down by me in open court, read over to the witness and admitted by him to be correct.

Sd/-
Judge

6-9-78 Witness sworn again and cross examination continued. ശർബിദിലിനെ ആരെങ്കിലും എതിർത്തോ? ഒരു എപ്പിസ്കോപ്പാ എതിർത്തു. അദ്ദേഹം ദരിദ്രമായ തന്റെ ഇടവക വിട്ട് രാജകീയമായ ത്രിഗ്രീസിലെ സിംഹാസനത്തിലേക്ക് പോയി എന്നു പറഞ്ഞു. ആക്ഷേപിച്ചതുകൊണ്ട് അദ്ദേഹം ആ സ്ഥലത്തു നിന്നുതന്നെ പോവുകയും പാത്രിയർക്കീസും തിഗ്രീസുക്കാരും വളരെ ഏറെ നിർബന്ധിച്ചിട്ടും തിരിച്ചു വരാതിരിക്കുകയും ചെയ്തു. Ans. പാത്രിയർക്കീസ് തിഗ്രീസുകാരെയും മഫ്രിയാനെയും യോജിപ്പിക്കാൻ ശ്രമിച്ചോ?Q അവർ തമ്മിൽ വഴക്കുണ്ടായില്ല. പാത്രിയർക്കീസും തിഗ്രീസുകാരും ആവശ്യപ്പെട്ടിട്ടും ഒരു എപ്പിസ്കോപ്പാ എതിർത്തതിനാൽ അദ്ദേഹം തിരിച്ചുപോയില്ല. Ans. ശർബിൽ രാജി വക്കുകയും പാത്രിയർക്കീസ് തന്റെ സ്വന്തം ശിഷ്യനായ ശിമോനെ തിഗ്രീസിന് മഫ്രിയാനായി വാഴിക്കുകയും ചെയ്തു. രാജിവച്ചു എന്ന് അതിൽ ഉണ്ടോ?Q രാജിവച്ച് ഒപ്പിട്ടു എഴുതിയയച്ചു എന്ന് ExtB80 ൽ ഉണ്ട്. Ans. എഴുത്ത് ആർക്കയച്ചു എന്നു EB80 ൽ പറയുന്നുണ്ടോ? തെളിച്ച് പറഞ്ഞിട്ടില്ലെങ്കിലും പാത്രിയർക്കീസിനായിരിക്കാം എന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. കാരണം, പാത്രിയർക്കീസ് തന്റെ ശിഷ്യനായ ശെമവോനെ വാഴിച്ചു എന്ന് കാണുന്നു. Ans. ശെമവോന് എതിർപ്പ് ഉണ്ടായോ? വാഴ്ച ഏറ്റ ശിമോനെ

ബഹുമാനത്തോടുകൂടി തിഗ്രീസുകാർ സ്വീകരിച്ചു. കുറെ കഴിഞ്ഞ് ന്സീബി നിലെ ഫിലക്സിസിനോട് എപ്പിസ്കോപ്പാ അദ്ദേഹത്തിന് എതിരായി പ്രവർത്തി ക്കുകയും അങ്ങനെ തീഗ്രീസുകാരുടെ ഇടയിൽ ഒരു ഭിന്നത ഉണ്ടാവുകയും ചെയ്തു. ചിലർ അദ്ദേഹം തുടരണമെന്നും ചിലർ അദ്ദേഹം വേണ്ട എന്നും Ans. ശീമോന്റെ എതിരാളികൾ പല പ്രാവശ്യവും പാത്രിയർക്കീസിനോട് പരാതി ബോധിപ്പിക്കുകയും പാത്രിയർക്കീസ് അത് ശ്രദ്ധിക്കാതിരിക്കുകയും ചെയ്തപ്പോൾ സ്വന്തം ശിഷ്യനോട് പ്രത്യേകത കാണിക്കയാണെന്ന് അവർ പാത്രിയർക്കീസിനെ കുറ്റപ്പെടുത്തുകയും അവസാനം പാത്രിയർക്കീസ് അദ്ദേ ഹത്തെ പിരിച്ചയച്ച് പ്രവർത്തനരഹിതനാക്കുകയും ചെയ്തു. പാത്രിയർക്കീ സിനെപ്പറ്റി എന്ന് പറഞ്ഞിരിക്കുന്നത്? ഇങ്ങനെ പിരിച്ചയച്ചപ്പോൾ അദ്ദേഹത്തെ പിരിച്ചയച്ചതിനെ പ്രതി പാത്രിയർക്കീസിനെ ആക്ഷേപിക്കാനും ചിലർ തുടങ്ങി അങ്ങനെ ആ ഭാഗ്യവാൻ രണ്ടു കൂട്ടരാലും ആക്ഷേപിക്കപ്പെട്ടു. Ans. ശർബിൽ പോയി എന്നും തിഗ്രീസുകാരും പാത്രിയർക്കീസും ആവശ്യപ്പെട്ടിട്ടും തിരിച്ചു വന്നില്ലാ എന്നും പിന്നീട് ശെമവോനെ മാറ്റിയപ്പോൾ ഇരുപക്ഷക്കാരാലും പാത്രിയർക്കീസ് പരിഗണിക്കപ്പെട്ടു എന്നും തർജ്ജമയിൽ ഇല്ലല്ലോ?Q ആ രണ്ടുഭാഗം തർജ്ജമയിൽ ചേർത്തിട്ടില്ല. Ans. അങ്ങനെ ചേർക്കാതിരിക്കാൻ ഒരു കാര്യവുമില്ല. പാത്രിയർക്കീസ് സ്വയം ശർബ്ബീലീനെയും ശെമോനെയും കിഴക്കരുടെ തെരഞ്ഞെടുപ്പ് ഒന്നും കൂടാതെ വാഴിച്ച സംഭവങ്ങളും പാത്രി യർക്കീസിന്റെ അടുക്കൽ പരാതി ബോധിപ്പിച്ച ആ സംഭവും മഫ്രിയാനയുടെ മേൽ പാത്രിയർക്കീസ് നടപടി എടുക്കുന്ന സന്ദർഭവും ഈ പുസ്തകത്തി ലുള്ളത് ചൂണ്ടിക്കാനാണ് ആ ഭാഗങ്ങൾ തർജ്ജമ ചെയ്തത്. Ans. തിഗ്രീസു കാരുടെ ഇടയിൽ ശെമവോനെ സംബന്ധിച്ചുണ്ടായ പിണക്കം അദ്ദേഹം മരിക്കുന്നതുവരെ നിലനിന്നും ശെമവോന് ശേഷം വാഴിക്കപ്പെട്ട ബസേലി യോസിനെ ആരു വാഴിച്ചു എന്ന് ExtB80 ൽ പറയുന്നില്ലല്ലോ?Q കുറിയാ ക്കോസ് പാത്രിയർക്കീസിനാൽ തന്റെ ശിഷ്യനായ ശെമവോൻ മുടക്കപ്പെട്ട ശേഷം അദ്ദേഹത്തിന്റെ സ്ഥാനത്ത് ബസേലിയോസ് വാഴിക്കപ്പെട്ടു എന്നാണ് EB80 ൽ പറയുന്നത്. Ans. പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടു എന്നവിടെ തെളിച്ചുപറഞ്ഞിട്ടില്ല. മുടക്കപ്പെട്ടപ്പോൾ മറ്റൊരാളെ വാഴിക്കേണ്ടത് പാത്രി യർക്കീസിന്റെ ചുമതല ആകയാൽ പാത്രിയർക്കീസ് വാഴിച്ചു എന്ന് വിചാരി ക്കാവുന്നതാണ്. അങ്ങനെ വാഴിക്കേണ്ടത് പാത്രിയർക്കീസിന്റെ ചുമതലയാ ണെന്ന് പറഞ്ഞത് എന്തുകൊണ്ടാണ്?Q മറുത്താ മുതൽ ഇതുവരെയും ഒരു സന്ദർഭമൊ മറ്റോ ഒഴികെ പാത്രിയർക്കീസ് തന്നെ സ്ഥാനാർത്ഥിയെ തെര ഞ്ഞെടുക്കുകയും വാഴിക്കുകയും പരാതി കേൾക്കുകയും നടപടി എടുക്കു കയും ചെയ്തിട്ടുള്ളതിനാൽ സഭയിലെ ക്രമീകരണങ്ങൾ വേണ്ടപോലെ മുമ്പോട്ട് കൊണ്ടുപോകേണ്ടത് പാത്രിയർക്കീസിന്റെ ചുമതലയിൽപെട്ടതാ യതുകൊണ്ടാണ്. Ans. ഞാൻ പറഞ്ഞത് ബാർ എബ്രായുടെ *എക്ലീഷ്യാസ്റ്റി ക്കി*യുടെ അടിസ്ഥാനത്തിലാണ്. ഒരു മഫ്രിയാനാ കാലം ചെയ്തശേഷം പല നാളുകൾക്ക് മഫ്രിയാനാ ഇല്ലാതിരുന്നശേഷം മഫ്രിയാനയെ വാഴിച്ചതായ

പല സന്ദർഭങ്ങളും EB80 ൽ ഉണ്ട്. ഏതെങ്കിലും കാര്യങ്ങളാൽ ചിലപ്പോൾ കുറെ വർഷങ്ങൾ മഫ്രിയാനാ ഇല്ലാതിരുന്ന കാലങ്ങൾ ഉണ്ട്. മഫ്രിയാനായെ വാഴിക്കേണ്ടത് പാത്രിയർക്കീസിന്റെ ചുമതല ആണെങ്കിൽ അദ്ദേഹം ആ ചുമതല നിർവ്വഹിക്കാതിരുന്നതിന് ഏതെങ്കിലും കാരണങ്ങൾ EB80 ൽ പറയുന്നുണ്ടോ?Q ചുമതല മിക്കപ്പോഴും നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. Ans. ചുമതല നിർവ്വഹിക്കുവാൻ വല്ലപ്പോഴും സാധിക്കാതെ വന്നിട്ടുണ്ടോ എന്ന് പെട്ടെന്ന് ബോധിപ്പിക്കാൻ വയ്യ. മഫ്രിയാനയെ ഉടനെ വാഴിക്കാതിരിക്കാൻ കാരണങ്ങൾ എന്തെങ്കിലും ഉള്ളതായി എനിക്കറിഞ്ഞുകൂടാ. ബസേലിയോസ് ബർബദായൊ മഫ്രിയാനാ ദിവന്നാസ്യോസ് തൽമഹറോയോയുടെ വാഴ്ചയ്ക്കു പോയിരുന്നോ? പോയിരുന്നു. Ans. പോകാൻ കാരണം എന്താണ്?Q പാത്രിയർക്കീസിന്റെ മേൽ കൈവയ്പ് നടത്തേണ്ടത് മഫ്രിയാനായുടെ അവകാശമാകയാൽ അദ്ദേഹം പാത്രിയർക്കീസ് വാഴ്ചയിൽ സന്നിഹിതനായി എന്ന് പറയുന്നുണ്ടെങ്കിലും അദ്ദേഹം തിഗ്രീസുകാരനല്ലായ്കയാൽ വാഴ്ച നടത്താൻ ഇദ്ദേഹത്തെ ഞങ്ങൾ സമ്മതിക്കുകയും അദ്ദേഹത്തോടുള്ള വിരോധം കൊണ്ടു തിഗ്രീസുകാർ പറയുകയും തിഗ്രീസുകാരനായ കാലോനിക്കോസിലെ ദേവദോസ്യോസ് വാഴ്ച നടത്തപ്പെട്ടു എന്നവർ പറയുകയും പാശ്ചാത്യ എപ്പിസ്കോപ്പന്മാരും അതു സമ്മതിക്കുകയും ചെയ്തതിനാൽ ബസേലിയോസ് അല്ല കൈവയ്പ്പു നടത്തിയത്. തിഗ്രീസുകാരുടെ അഭിപ്രായത്തോട് പാശ്ചാത്യരും യോജിച്ചു എന്നോ സമ്മതിച്ചു എന്നോ പറയാം. പാത്രിയർക്കീസിന്റെ മേൽ കൈവയ്പ് നടത്തുന്നതിന് മഫ്രിയാനാക്കവകാശം ഉണ്ടായിരുന്നത് നേരത്തെ മുതൽ കിഴക്കരും പടിഞ്ഞാറുകാരുമായി ചെയ്തിരുന്ന ഉടമ്പടി ഈ അവകാശത്തിന് പ്രേരകമായിരുന്നു. Ans. മെത്രാപ്പോലീത്തമാർക്ക് മുകളിലും പാത്രിയർക്കീസിന് കീഴിലും ഉള്ള സ്ഥാനി എന്ന വെളിച്ചത്തിൽ എന്നു പറയാൻ എന്താണ് അടിസ്ഥാനം? യാഥാർത്ഥ്യം അങ്ങനെ ആകയാലും മറ്റാരെയും എടുത്തുപറയാൻ ഇല്ലാത്തതിനാലും അങ്ങനെയെ സംഭവിക്കാൻ ഇടയുള്ളൂ. മറ്റടിസ്ഥാനങ്ങൾ ഇല്ലാത്തതിനാൽ എടുത്തുപറയാൻ നിവൃത്തിയില്ല. Ans. ദിവന്നാസ്യോസ് തൽ മെഹറെയുടെ മേൽ കൈവച്ചത് തിഗ്രീസുകാരൻ ആയിരുന്നോ?Q തിഗ്രീസ് സ്വദേശി ആയിരുന്നു. എല്ലാവരുടെയും സമ്മതപ്രകാരം ആണ് അങ്ങനെ കൈവച്ചത്. Ans. അടുത്ത മഫ്രിയാൻ ഡാനിയേലിനെ എവിടെവച്ചാണ് വാഴിച്ചത്?Q ഡാനിയൽ മഫ്രിയാനായെ തെഗ്രീസിൽ വച്ച് ദിവന്നാസ്യോസ് പാത്രിയർക്കീസിനാൽ ആണ് വാഴിക്കപ്പെട്ടത്. ബസേലിയോസ് ദ്വിതീയൻ എന്നാണ് വാഴിക്കപ്പെട്ടത്?Q ദിവന്നാസ്യോസ് പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട തോമായ്ക്ക് ശേഷം ബസേലിയോസ് രണ്ടാമൻ ദിവന്നാസ്യോസ് തൽമഹറോക്ക് ശേഷമുള്ള യൂഹാനോനാൻ പാത്രിയർക്കീസിനാൽ യൗനായവർഷം 1159ൽ വാഴിക്കപ്പെട്ടു. Ans. അദ്ദേഹത്തിന്റെ സാധാരണ പേർ ലാസർ എന്നായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് പാത്രിയർക്കീസും മഫ്രിയാനുമായി വഴക്കുണ്ടായി. അദ്ദേഹത്തെ വാഴിച്ച പാത്രിയർക്കീസുമായി വഴക്കുണ്ടായി. മഫ്രിയാൻ പാത്രി

യർക്കിസിന്റെ കീഴിലുള്ള എപ്പിസ്കോപ്പന്മാരെ നീക്കുകയും മുടക്കുകയും ചെയ്തോ?Q മഫ്രിയാനാ അവരെ മുടക്കി എന്നും പാത്രിയർക്കീസ് മഫ്രിയാനായെയും മുടക്കി എന്നും ExtB80 ൽ പറയുന്നുണ്ട്. പടിഞ്ഞാറുള്ള ഇടവകകൾക്ക് മഫ്രിയാനാ എപ്പിസ്കോപ്പന്മാരെ വാഴിച്ചോ?Q തനിക്ക് സ്ഥാനം നൽകിയ തന്റെ തലവനോട് എതിർത്ത മഫ്രിയാനാ പാശ്ചാത്യപ്രദേശത്ത് മൂന്ന് സ്ഥലത്ത് മഫ്രിയന്മാരെ വാഴിച്ചു. മഫ്രിയാനാ പാത്രിയർക്കീസിനെ മുടക്കിയോ?Q ആ വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ അത് മെത്രാപ്പോലീത്ത മഫ്രിയാനായെ മുടക്കി എന്ന് പറഞ്ഞാൽ എത്രമാത്രം അർത്ഥമുണ്ടോ ആ അർത്ഥമെ അതിനുള്ളൂ. മുടക്കി എന്ന് EB80 ൽ ഉണ്ട്. Ans. അവർ തമ്മിലുള്ള പിണക്കം എന്തായി?Q പിണക്ക സംഗതി കാലിഫിന്റെ മുമ്പിലായി. Ans. പാത്രിയർക്കീസ് ബസേലിയോസിന് എതിരായി വേറെ മഫ്രിയാനായെ വാഴിക്കാൻ ആലോചിച്ചു എന്നാൽ ബസേലിയോസിന് തിഗ്രീസിൽ സഹായികൾ ഉണ്ടായിരുന്നതുകൊണ്ട് പരസ്യമായി വാഴിക്കാൻ കഴിഞ്ഞില്ലെന്നും രഹസ്യമായി മൽകീസദെ എന്നാളെ വാഴിച്ചു എന്ന് EB80 പറയുന്നു. ഈ ഭിന്നത വർദ്ധിക്കുന്നതായി കണ്ടപ്പോൾ ബസേലിയോസ് തിഗ്രീസ് വിട്ടു ന്സിബിനിൽ പോയി പാർത്തതായും പറയുന്നുണ്ട്. കാലിഫ് എന്തെങ്കിലും തീരുമാനം ചെയ്തോ?Q കാലിഫ് തീരുമാനം ചെയ്തതായിട്ട് പറയുന്നില്ലെങ്കിലും പാത്രിയർക്കീസാണ് അവിടെ വിജയിച്ചത് അല്ലെങ്കിൽ ശക്തിപ്പെട്ടത് എന്ന് പറയുന്നുണ്ട്. ശക്തിപ്പെട്ടു എന്നതിന് ഏത് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്?Q എസ്ഹായാൽ Ans. മഫ്രിയാനയെപ്പറ്റി ഹെഡിംഗിൽ എന്തു പറയുന്നു?Q ബസേലിയോസിനുശേഷം അതായത് അദ്ദേഹത്തിന് എതിരെ എന്നത് ഹാജരാക്കിയ തർജ്ജമയിൽ ചേർത്തിട്ടില്ല. ബസേലിയോസ് മഫ്രിയാനാ പാത്രിയർക്കീസുമായുള്ള ശണ്ഠയിൽ എത്രനാൾ കഴിഞ്ഞു?Q പതിനൊന്നുകൊല്ലം Ans. ബസേലിയോസിന്റെ മരണത്തിനടത്തുതന്നെ അദ്ദേഹത്തിനെതിരായി വാഴിച്ച മൽക്കിസദേക്കും മരിച്ചു. മൽക്കിസദേക്ക് മരിക്കുന്നതിനുമുമ്പ് പാത്രിയർക്കീസ് എന്തെങ്കിലും വിളിച്ചുപറഞ്ഞോ? പാത്രിയർക്കീസ് വാഴിച്ച അദ്ദേഹത്തിന്റെ കീഴിലുള്ള ആ മഫ്രിയാനാ തിഗ്രീസ് വിട്ട് മറ്റെവിടെയെങ്കിലും ഭരിക്കുവാൻ തക്കവണ്ണം ഇടവക കൊടുക്കാമെന്നും ബസേലിയോസുമായിട്ട് രമ്യതപ്പെടണമെന്നും മൽക്കിസദേക്കിനോട് പറഞ്ഞു. Ans. അങ്ങനെ പറയാനുള്ള കാരണം EB80 ൽ പറയുന്നുണ്ടോ?Q പറയുന്നുണ്ട്. അദ്ദേഹത്തെ വാഴിച്ചാക്കിയ പാത്രിയർക്കീസിനോട് എതിർക്കാൻ ധൈര്യപ്പെട്ട അദ്ദേഹം ഒരു പുതിയ പാത്രിയർക്കീസിനെ വാഴിക്കാനുള്ള നീക്കങ്ങൾപോലും ചെയ്യുന്നു എന്നറിഞ്ഞപ്പോഴാണ് രമ്യതപ്പെടുത്തണമെന്ന മർക്കിസദേക്കിനോട് പറഞ്ഞത്. Ans. കപ്പർതുത്താ പട്ടണത്തിൽവച്ച് ഒരു സുനഹദോസ് കൂടിയതായി EB80 ൽ പറയുന്നുണ്ട്. പാത്രിയർക്കീസ് പാശ്ചാത്യർക്കും പൗരസ്ത്യരുമായ എപ്പിസ്കോപ്പമാരുടെ സുനഹദോസ് ആ വർഷം കുംഭമാസത്തിൽ കഫർതുത്താ പട്ടണത്തിൽ വിളിച്ചുകൂട്ടി. Ans. അങ്ങനെ

സൂനഹദോസ് കൂടിയത് മൽക്കിസദേക്കിന്റെയും ബസേലിയോസ് ദ്വിതീയന്റെയും മരണശേഷം പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ പ്രകാരമാണ്. അപ്പോൾ മഫ്രിയാന സ്ഥാനത്ത് ആളില്ലായിരുന്നു. ഈ സൂനഹദോസ് സഭയുടെ തലവൻ അല്ലെങ്കിൽ പാത്രിയർക്കീസ് വിളിച്ചുകൂട്ടി എന്നുണ്ടോ?Q പാത്രിയർക്കീസ് സഭയുടെ തലവനാകയാൽ സഭയുടെ തലവൻ എന്ന് ഞാൻ പറഞ്ഞതാണ്. Ans. സൂനഹദോസ് വിളിച്ചുകൂട്ടിയത് സംബന്ധിച്ച ഭാഗം തർജ്ജമ ഹാജരാക്കിയിട്ടുള്ളത് ശരിയാണല്ലോ?Q തർജ്ജമയിൽ പാത്രിയർക്കീസ് എന്ന പദം നോട്ടപിശകുമൂലം വിട്ടുപോയിട്ടുണ്ട്. ExtB80 യുടെ മൂലത്തിൽ പാത്രിയർക്കീസ് എന്ന പദം ഉണ്ട്. ശേഷം തർജ്ജമ ശരിയാണ്. Ans. അതേ സംവത്സരം കുംഭമാസത്തിൽ കഫർതൂത്താ പട്ടണത്തിൽ വച്ച് പാശ്ചാത്യരും പൗരസ്ത്യരുമായ എപ്പിസ്കോപ്പമാരുടെ ഒരു സൂനഹദോസുകൂടി എന്നല്ലേ ശരിയായ തർജ്ജമ?Q അല്ല ഇവിടെ ഹാജരാക്കിയിട്ടുള്ള ExtB80 അനുസരിച്ച് പാത്രിയർക്കീസ് വിളിച്ചുകൂട്ടി എന്നാണ് അതാണ് ശരിയായ തർജ്ജമ. Ans. കഫർതൂത്താ സൂനഹദോസിൽ പൗരസ്ത്യരും പാശ്ചാത്യരും തമ്മിൽ വ്യവസ്ഥകൾ വല്ലതും ചെയ്തോ?Q പൗരസ്ത്യരും പാശ്ചാത്യരും തമ്മിൽ അല്ല പാത്രിയർക്കീസും തിഗ്രീസിൽ എഴുന്നേൽക്കുന്ന മഫ്രിയാനാക്കും ഇടയിൽ എട്ട് വ്യവസ്ഥകൾ ഉണ്ടാക്കി എന്നാണ് EB80 ൽ പറയുന്നത്. Ans. ഇടയിൽ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?Q മഫ്രിയാനായും പാത്രിയർക്കീസും തമ്മിൽ എങ്ങനെ വർത്തിക്കണമെന്നുള്ള വ്യവസ്ഥകൾ ചെയ്തു. Ans. എട്ട് വ്യവസ്ഥകൾ ചെയ്തു എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ExtB80 ൽ അഞ്ച് കാര്യങ്ങൾ മാത്രമെ പറഞ്ഞിട്ടുള്ളൂ. കഫർതൂത്താ സൂനഹദോസിലെ എട്ട് നിശ്ചയങ്ങൾ എന്താണെന്നറിയാമോ? EB80 ൽ പറയുന്ന അഞ്ചെണ്ണം അറിയാം. Ans. മറ്റുള്ളവ അവിടെ പാസ്സാക്കിയത് എന്തെല്ലാമാണെന്ന് അറിഞ്ഞുകൂടാ. "ക്ഷണിക്കപ്പെടുമ്പോഴെല്ലാതെ തിഗ്രീസിന്റെ ഇടവകകളിൽ ഭരണരീതിയിൽ അന്ത്യോക്യാ പാത്രിയർക്കീസ് പ്രവേശിച്ചുകൂടാ. മഫ്രിയാനാ പാത്രിയർക്കീസിന്റെ ഇടവകകളിലും പ്രവേശിക്കരുത്" എന്നൊരു നിശ്ചയം കഫർതൂത്താ സൂനഹദോസിൽ ഉണ്ടായിട്ടുണ്ടോ?Q നിശ്ചയം ഉണ്ടായിട്ടുണ്ടായിരുന്നു എങ്കിൽ മഫ്രിയാനാ ആയിരുന്ന ബാർ അബ്രായ എഴുതിയ പുസ്തകത്തിൽ അഞ്ചെണ്ണം മാത്രം പറഞ്ഞുനിർത്തുകയില്ലായിരുന്നു. ആ സ്ഥിതിക്ക് അങ്ങനെ ഒരു നിശ്ചയം അവിടെ ഉണ്ടായതായി വിശ്വസിക്കുവാൻ നിവൃത്തിയില്ല. Ans. മഫ്രിയാനായാൽ നിരോധിക്കുന്ന എപ്പിസ്കോപ്പാ പാത്രിയർക്കീസിനാലും നിരോധിക്കപ്പെട്ടവനായി അറിഞ്ഞുകൊള്ളണം എന്നൊരു നിശ്ചയം ഉണ്ടായോ? ഉണ്ടായതായി EB80 ൽ കാണാത്തതുകൊണ്ടു നിശ്ചയമില്ല. Ans.ExtB80. ൽ കാണുന്നത് മാത്രമെ കഫർതൂത്താ സൂനഹദോസിനെപ്പറ്റി എനിക്കറിയാവൂ. കഫർതൂത്താ സൂനഹദോസ് നടന്നത് യവനായവർഷം 1180ൽ ആണ്. അതായത് എ.ഡി.869ൽ മിഖായേൽ റാബോയുടെ ചരിത്രത്തിൽ കഫർതൂത്താ സൂനഹദോസിനെപ്പറ്റി എന്തെങ്കിലും പറയുന്നുണ്ടോ?Q പറയുന്നതായി ഓർക്കുന്നില്ല. Ans. ബസേലിയോസിനും കൂട്ടർക്കും മാപ്പുകൊടുത്തു എന്ന് പറയുന്നത് എന്ത് സംഗതി

ക്കാണെന്ന് EB80 കൊണ്ട് വ്യക്തമാണോ?Q വ്യക്തമാണ്. Ans. എന്തിനാണ് മാപ്പു കൊടുത്തത്?Qപാത്രിയർക്കീസിനോട് എതിർത്തതിനും പാശ്ചാത്യ ഇടവകകളിൽ മെത്രാന്മാരെ വാഴിച്ചതിനും എല്ലാമാണ് മാപ്പ് കൊടുത്തത്. അതനുസരിച്ച് കാതോനിക്കോസിനും ഹാറാനും പ്രീശ് ഐനാക്കും ബസേലിയോസ് വാഴ്ച മെത്രാന്മാർക്ക് മറ്റ് ഇടവകകൾ കൊടുക്കപ്പെടുകയും ചെയ്തു. Ans. പാത്രിയർക്കീസിനോട് എതിർത്തതിനും കൂടിയാണ് മാപ്പു കൊടുത്തത് എന്ന് പറയുന്നതിന് അടിസ്ഥാനം എന്താണ്?Q എതിർത്തു എന്ന് ഈ ചരിത്രത്തിൽ പറഞ്ഞിട്ടുള്ള മാത്രമാണ് അതിനടിസ്ഥാനം. Ans. പാത്രിയർക്കീസും മഫ്രിയാനക്കും ഇടയിലുണ്ടായ കഫർതൂത്താ നിശ്ചയങ്ങൾ പിന്നീട് പാലിച്ചു വന്നോ?Q EB80 ൽ പറയുന്ന അഞ്ചുകാര്യങ്ങളിൽ അവസാനത്തേത് രണ്ടും അന്നത്തെ ആവശ്യങ്ങളായിരുന്നു. വാഴ്ചയേൽക്കുന്ന പാത്രിയർക്കീസിന്റെ മേൽ മഫ്രിയാനാ കൈവയ്പ്പ് നടത്തണം എന്നുള്ളത് ചിലപ്പോഴെല്ലാം സംഭവിച്ചിട്ടുണ്ടെന്നാണ് ഓർമ്മ. മുഴുവനും വായിച്ച് നോക്കാതെ ഓർമ്മയില്ല. പാത്രിയർക്കീസും മഫ്രിയാനായും ഒരുമിച്ച് കൂടുമ്പോൾ ഉള്ള അവരുടെ ഇരിപ്പും പ്രാർത്ഥനാസമയത്തുള്ള അവരുടെ നില്പും ഇന്ന് പാലിച്ച് പോരുന്നുണ്ട്. Ans. കഫർതൂത്താ നിശ്ചയങ്ങൾ പാലിക്കപ്പെടേണ്ടവയാണോ?Q *എക്ലീഷ്യാസ്റ്റിക്കിയിൽ* പറയുന്ന അഞ്ച് നിശ്ചയങ്ങൾ പാലിക്കപ്പെടേണ്ടവയാണ്, പാലിച്ചിട്ടുമുണ്ട്. Ans. കഫർതൂത്താ സൂനഹദോസ് തീരുമാനങ്ങൾ സഭയെ ബന്ധിക്കുന്നവയാണോ?Q കഫർതൂത്തായിൽ നടന്നതായി EB80 ൽ പറയുന്ന കാര്യങ്ങൾ സഭയെ ബന്ധിക്കുന്നതാണ്. Ans. അടുത്ത മഫ്രിയാനാ സർഗീസ് ആയിരുന്നു. സർഗീസിനെപറ്റി പറയുന്ന ഭാഗത്ത് 1189-മാണ്ട് എന്ന് തുടങ്ങിയ ഭാഗം തർജ്ജമ ചെയ്യുക?Q ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ വാഴ്ചയ്ക്കുള്ള സുനഹദോസ് കൂടിയപ്പോൾ നാല് പൗരസ്ത്യരായ എപ്പിസ്കോപ്പന്മാർ അതിൽ സംബന്ധിച്ചു. മോർ മത്തായി ദയറായിലെ എപ്പിസ്കോപ്പന്മാരായി ന്യായരഹിതമായി വാഴിക്കപ്പെട്ടവരും യൂഹാനോൻ പാത്രിയർക്കീസിന്റെയും ബസേലിയോസ് മഫ്രിയാനായുടെയും നിരോധത്തിൻ കീഴിൽ ഇരുന്നവരും അവരുടെ സ്ഥാനങ്ങളിലേക്ക് മറ്റ് എപ്പിസ്കോപ്പന്മാരെ മൽക്കിസദേക്ക് മഫ്രിയാനായും വാഴിക്കുകയും ചെയ്തിരുന്നവരും മുപ്പത് കൊല്ലത്തോളം പ്രവർത്തനരഹിതമായും നിഷിദ്ധരായും നിലകൊള്ളുകയും ചെയ്ത ഏലീശാക്കും ബർഹാദ്ബ്ശാബ ഇടവകകൾ കൊടുത്തതുമൂലം തെഗ്രീസിൽ നിന്ന് അദ്ദേഹത്തിന്റെ ഓർക്കൽ വിഛേദിക്കപ്പെട്ടിരുന്നതുകൊണ്ട് എന്നു മാത്രമെ EB80 ൽ ഉള്ളൂ. അതിന്റെ താഴത്തെ ഭാഗം കൊണ്ട് പാത്രിയർക്കീസിനെ വാഴിക്കാൻ കൂടിയ ആ സുനഹദോസിൽ മഫ്രിയാനാ പോയില്ല എന്ന് കാണുന്നു. Ans. പോകാതിരുന്നതുകൊണ്ട് സർഗീസ് പടിഞ്ഞാറുകാരാൽ ബഹുമാനിക്കപ്പെട്ടില്ല എന്നു പറയുന്നുണ്ട്. പാത്രിയർക്കീസിന്റെ പേരുപറയുന്നതിനെപ്പറ്റി എന്താണ് അവിടെ EB80 ൽ പറയുന്നത്?Q കിഴക്കുദേശം മുഴുവനിൽനിന്നും പാത്രിയർക്കീസിന്റെ സ്മരണ അദ്ദേഹം ഛേദിച്ചുകളഞ്ഞു

എന്നാണ്?Q Ans. അദ്ദേഹം എന്നത് സർഗീസ് തിഗ്രീസുകാരുടെയും സിറിയാക്കാരുടെയും ഇടയിൽ വലിയ വിരുദ്ധത ഉണ്ടാവുകയും പാത്രിയർക്കീസും എപ്പിസ്കോപ്പന്മാരും ബന്ധനസ്ഥരാക്കപ്പെടുക വരെയുള്ള അവസ്ഥയിലേക്ക് ചരിത്രം നീങ്ങുകയും ചെയ്തു എന്ന് EB80 ൽ ഉണ്ട്. ഹാജരാക്കിയ തർജ്ജമയിൽ സർഗീസിനെപ്പറ്റി പറയുന്നിടത്തെ ഈ ഭാഗങ്ങൾ ചേർത്തിട്ടില്ലല്ലോ?Q ന്യായരഹിതമായി ചിലത് ചെയ്തതുമൂലം അദ്ദേഹത്തിന്റെ സ്മരണ മാറ്റിക്കളയുകയും പാത്രിയർക്കീസിനോട് എതിർത്ത് പാത്രിയർക്കീസിനെ തടവിലാക്കുകവരെ ചെയ്തിട്ടുള്ള അദ്ദേഹത്തെക്കുറിച്ച് കൂടുതലായി എന്റെ തർജ്ജമയിൽ ചേർത്തിട്ടില്ല. Ans. സർഗീസിനുശേഷം ഉള്ള മഫ്രിയാന അത്തനാസ്യോസ്, തേവോദോസ്യാസ് പാത്രിയർക്കീസിനാൽ ദാവീദ് പട്ടണത്തിൽവച്ച് വാഴിക്കപ്പെട്ടു. പാശ്ചാത്യ പ്രദേശത്താണെന്നാണ് എന്റെ ഓർമ്മ. അത്തനാസ്യോസിന്റെ കാലത്ത് മൂശെബർകീപ്പൊ എന്നൊരു എപ്പിസ്കോപ്പാ ഉണ്ടായിരുന്നു. അദ്ദേഹത്തെപ്പറ്റി EB80 ൽ എന്താണ് പറയുന്നത്?Q മൂശെബർകീപ്പാക്ക് ശിഷ്യപ്പെട്ടിരുന്ന ബർനാസിഹോ എന്നൊരാളെ മൂസലിന് എപ്പിസ്കോപ്പായി ഫറവോ വാഴിച്ചു. Ans. സഭാസംബന്ധമായും വ്യാഖ്യാനപരമായും പുതിയ നിയമത്തെയും പഴയനിയമത്തെയും സംബന്ധിച്ച് അനേകം പുസ്തകങ്ങൾ മൂശെബർ കീപ്പാ എഴുതിയിട്ടുണ്ട്. അദ്ദേഹം പഠിപ്പിലും ജ്ഞാനത്തിലും ശ്രേഷ്ഠനായിരുന്നു എന്ന് EB80 ൽ ഉണ്ട്. ബർസാമാൻ ഇടവകയിലെ എപ്പിസ്കോപ്പാ ആയിരുന്നു. ബർസാമാൻ മഫ്രിയാനായുടെ ഇടവകയിൽപെട്ടതാണ്. അത്താനാസ്യോസിനുശേഷമുള്ള തോമാ ദെനഹാ ഇവർക്കുശേഷം വന്ന ബസേലിയോസ് II നെ ആര് വാഴിച്ചു എന്ന് EB80 ൽ കാണുന്നോ?Q പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട തോമാ ദനഹാ ഇവർക്കുശേഷം ഉള്ള ബസേലിയോസ് II നെ വാഴിച്ചതാരാണെന്ന് ExtB80 ൽ പറയുന്നില്ല. Ans. ബസേലിയോസ് II നു ശേഷമുള്ള മഫ്രിയാനാ കുരിയാക്കോസ് അദ്ദേഹത്തെ അബ്രഹാം പാത്രിയർക്കീസ് വാഴിച്ചു. അടുത്ത മഫ്രിയാനാ യൂഹാനോൻ ദർമ്മസൂക്കോയോ ആണ്. ഇദ്ദേഹം ദമസ്കോസിൽ താമസിച്ചിരുന്ന തിഗ്രീസുകാരിൽപെട്ടവനും ദിനോറോ ബാർദേശു എന്ന് പേരുള്ളവനും ആയിരുന്നു. ശെമാശ് സ്ഥാനത്തുവച്ച് യൂഹനോൻ പാത്രിയർക്കീസിനാൽ ഇദ്ദേഹം വിളിക്കപ്പെടുകയും കശീശായും മഫ്രിയാനായും ആയി പട്ടം കെട്ടപ്പെടുകയും ചെയ്തു. ശെമ്മാശപദവിയൻ എന്ന് വിളിക്കപ്പെട്ടു എന്നല്ലാതെ യൂഹാനോൻ പാത്രിയർക്കീസിനാൽ വിളിക്കപ്പെട്ടു എന്ന് EB80 ൽ ഉണ്ടോ? Q ഉണ്ട്. യൂഹാനോൻ പാത്രിയർക്കീസിനാൽ ചെയ്യപ്പെടേണ്ട കാര്യങ്ങൾ വാവ് അല്ലെങ്കിൽ and എന്ന conjunction കൊണ്ട് ചേർക്കപ്പെട്ടിരിക്കുന്നു. അത്തനാസ്യോസിനുശേഷം തോമായെ വാഴിക്കുന്നതിനുമുമ്പ് എട്ടു കൊല്ലത്തേക്ക് മഫ്രിയാനാ ഇല്ലായിരുന്നു.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യർ കോർഎപ്പിസ്കോപ്പാ

Sd/-

First Addl. District and sessions court ERNAKULAM.
Taken down by me in open court read over to the witness and admitted by him to the correct.

Sd/-
Judge

6-9-78

7-9-78 witness sworn again and cross examination continued. അത്തനാസ്യോസിനുശേഷം വന്ന തോമായുടെ മരണശേഷം രണ്ടുകൊല്ലം കഴിഞ്ഞാണ് ദനഹായെ പാത്രിയർക്കീസ് വാഴിച്ചത്. ദനഹാ മരിച്ചത് 320ൽ ആണ്. അടുത്ത മഫ്രിയാൻ ബെസേലിയോസ് കുറിയാക്കോസ് മഫ്രിയാനാ മരിച്ചത് ......... ൽ ആണ്. പിന്നെ വാഴിച്ചത് യൂഹാനോനെ ആണ് ഹിജ്റാവർഷം 371ൽ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടു. ഇപ്രകാരം മഫ്രിയാനാ ഇല്ലാതിരുന്ന സന്ദർഭങ്ങളിൽ മഫ്രിയാനായുടെ ഇടവകകളിൽ പാത്രിയർക്കീസ് എന്തെങ്കിലും ചെയ്തതായി EB80 കൊണ്ടു കാണുന്നുണ്ടോ? ചെയ്തതായി EB80 ൽ എഴുതിയിട്ടില്ല. Ans. ഇഗ്നാത്തിയോസ് ബർകി മൂസലിലെ തിഗ്രീസുകാരുടെ പള്ളിയിലെ അർക്കദിയാക്കോൻ മൂസൽ പൗരസ്ത്യത്തിന്റെ പരിധിയിൽ അവിടെയുള്ള മോർ മത്തായി ദയറായിൽ പ്രത്യേക മെത്രാപ്പോലിത്തയോടുകൂടി ഉള്ള ഒരു സ്വതന്ത്ര ഇടവകയായിരുന്നു. സ്വതന്ത്ര ഇടവക എന്നുവച്ചാൽ എന്താണ്? അതായത് EB80 ൽ ഇനിയും വരുന്ന ഒരു അവസരത്തിൽ കാണുന്നതുപോലെ മൂസലിൽ തിഗ്രീസുകാർക്ക് പ്രത്യേകപള്ളി ഉണ്ടായിരുന്നു എന്നും അവിടെ മോർ മത്തായി ദയറായിലെ മെത്രാനെ കുർബാനയിൽ ഓർക്കാറില്ലായിരുന്നു എന്നും ആണ്ടിൽ രണ്ടു പ്രാവശ്യം അങ്ങനെ ഓർക്കണമെന്ന് അന്നത്തെ പാത്രിയർക്കീസ് ഒരു ഒത്തുതീർപ്പ് വരുത്തിയതായും ഉള്ള ഒരു സംഭവം ഉള്ളതുകൊണ്ടാണ് സ്വതന്ത്ര ഇടവക എന്ന് ബോധിപ്പിച്ചത്. Ans. മോർ മത്തായി ദയറാക്കാരും തിഗ്രീസുകാരുമായി പലപ്പോഴും പിണക്കങ്ങളും വഴക്കുകളും ഉണ്ടായിരുന്നു. മൂസലിന്റെ geographical area മഫ്രിയാനാ ഇടവകയിൽ വരുന്നതാണോ പാത്രിയർക്കീസിന്റെ ഇടവകയിൽ വരുന്നതാണോ?Q പാത്രിയർക്കീസിന്റെ ഇടവക എന്നുപയോഗിക്കാതെ അത് പൗരസ്ത്യവിഭാഗത്തിൽപെട്ടതായിരുന്നു. Ans. ഇഗ്നാത്തിയോസ് ബർകികി പാത്രിയർക്കീസും നെസ്തോറിയൻ കാതോലിക്കായും ആയി പിണക്കം ഉണ്ടായോ?Q അത്താനാസ്യോസ് പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ബർകികി മഫ്രിയാനായും നെസ്തോർ കാതോലിക്കായുമായി വഴക്കുണ്ടായിരുന്നു. Ans. നെസ്തോർ കാതോലിക്കാ കാലീഫിന്റെ അടുത്ത് മഫ്രിയാനായെപ്പറ്റി കുരള പറഞ്ഞോ?Q ബർകികി മുസ്ലിമുകളുടെ ശത്രുക്കളായ റോമാക്കാരുടെ ദേശത്ത് വസിക്കുന്ന പാത്രിയർക്കീസിന്റെ പ്രതിനിധിയാണെന്നും യൗനായ രാജ്യത്തിന്റെ പുരോഗമനത്തിനും മുസ്ലീം രാജ്യത്തിന്റെ അധഃപതനത്തിന്വേണ്ടി പ്രാർത്ഥിക്കുന്നവനാണെന്നും നെസ്തോർ കാതോലിക്കാ കുരള പറഞ്ഞു. Ans. അത് സംബന്ധിച്ച് കാലീഫ് എന്തു ചെയ്തു എന്നാണ് ExtB80 ൽ പറയുന്നത്?Q

കാലിഫ് പെട്ടെന്ന് ഒരു വിധി പ്രസ്താവിക്കാതെ നിയമം അറിയാവുന്നവരും മുസ്ലീമുകളുടെ വിജ്ഞാനികളുമായ ചിലരെ കൂട്ടി വരുത്തി അവരോട് ഇക്കാര്യത്തിൽ അവർക്ക് സ്പഷ്ടമാകുന്നത് എഴുതണമെന്നാവശ്യപ്പെട്ടു. Ans. കാലിഫ് എന്തെങ്കിലും തീരുമാനം ചെയ്തോ?Q അവരിൽ നാലോ അഞ്ചോ പേർ അവരുടെ വിധി എഴുതിയതായും അതിൽ ഒരാൾ റോമാക്കാരുടെ സ്ഥലത്ത് താമസിക്കുന്ന ആളാൽ നിയമിക്കപ്പെട്ട ആളാണ്. തിഗ്രീസിന്റെ ഈ മെത്രാപ്പോലീത്ത എന്ന് റോമരിൽനിന്ന് അകന്നുതാമസിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വജാതീയനടപടിയിൽനിന്ന് വ്യതിചലിക്കുന്നില്ലെന്നും എഴുതി. രണ്ടാമതൊരാൾ ഈയാള് റോമരുടെ സ്ഥലത്തുള്ള ആളിനാൽ മെത്രാപ്പോലീത്ത ആയി നിയമിക്കപ്പെട്ടിരിക്കയാണെന്ന് എനിക്ക് വ്യക്തമായിരിക്കുന്നു. റോമരിൽനിന്ന് അകന്നിരിക്കയാണെന്ന് കാണിച്ചാൽപോലും അത് വിശ്വസനീയമല്ല. ബാക്കിയുള്ളവരും റോമാദേശത്തുള്ള ആളിനെ നിയമിക്കപ്പെട്ടിരിക്കയാണെന്നും സ്പഷ്ടമായി പറയുകയും ഇയാളും ഇയാളെ നിയമിച്ചാക്കിയ പാത്രിയർക്കീസും റോമാക്കാരുടെ ശത്രുക്കളാണ് എന്ന് എഴുതുകയും ചെയ്തു. വേറൊരാൾ യാക്കോബായക്കാരുടെ ഈ മെത്രാപ്പോലീത്ത റോമരുടെ സ്നേഹിതനാണെന്ന് നെസ്തോറിയ കാതോലിക്കാ സ്വീകാര്യമായ തെളിവുകൾകൊണ്ട് ഉറപ്പിക്കുവാൻ ബാദ്ധ്യസ്ഥനാണെന്നും അതിന്ശേഷമെ അദ്ദേഹത്തിന്റെ കുറ്റാരോപണം സ്വീകൃതമാകാവൂ എന്ന് എഴുതി. Ans. തീരുമാനം എന്തായിരുന്നു?Q കാതോലിക്കായ്ക്കുമാത്രം ബാഗ്ദാദിൽ ആസ്ഥാനം ഉണ്ടായിരിക്കണമെന്നും യാക്കോബായക്കാരുടെ മെത്രാപ്പോലീത്ത ആവശ്യമുള്ളപ്പോൾ എല്ലാം തന്റെ ജനത്തെ സന്ദർശിച്ചിട്ട് തന്റെ ആസ്ഥാനത്തേക്ക് തിരിച്ചുപോരണമെന്നും ആണ്. അങ്ങനെ ആ വഴക്ക് അവസാനിച്ചു. Ans. അടുത്ത മഫ്രിയാനായെ തെരഞ്ഞെടുത്തതാരാണ്?Q ബർക്കീക്കി മഫ്രിയാനാ മുസ്ലീം ആയി തീർന്നശേഷം പൗരസ്ത്യർ രണ്ട് എപ്പിസ്കോപ്പന്മാരെ പാശ്ചാത്യദേശത്തേക്ക് അവർക്കിഷ്ടമുള്ള ആരെയെങ്കിലും തിരഞ്ഞെടുത്തു വാഴിച്ചുകൊണ്ടുവരാനായി സമ്മതപത്രം കൊടുത്തയക്കുകയും അവർ അബ്ദുൾ മിശിഹ് എന്ന് പേരായ ഉറഹാക്കാരനായ ഒരു ശെമ്മാശനെ കണ്ടെത്തുകയും മോർ യൂഹാനോൻ ബാർ അബ്ദോർ പാത്രിയർക്കീസിന്റെ അടുക്കൽ അദ്ദേഹത്തെ കൊണ്ടുപോവുകയും പാത്രിയർക്കീസ് അദ്ദേഹത്തെ കശീശായും തെഗ്രീസിനും കിഴക്കിനും മഫ്രിയാനായി വാഴിക്കുകയും അത്തനാസ്യോസ് എന്ന് അദ്ദേഹം ഇദ്ദേഹത്തിന് പേര് കൊടുക്കുകയും ചെയ്തു. Ans. കുസ്തന്തിനോപ്പോലിനെക്കുറിച്ച് എന്താണ് അവിടെ പറഞ്ഞിരിക്കുന്നത്?Q പാത്രിയർക്കീസ് കുസ്തന്തിനോപ്പോലീസിലേക്ക് പോയി എന്ന് പറയുന്നുണ്ട്. അത് എന്താണ്?Q വിശ്വാസം സംബന്ധമായ ഏതോ ചർച്ചകൾക്ക് എന്നാണ് എനിക്ക് തോന്നുന്നത്. Ans. ഉറഹാക്കാരൻ അത്തനാസ്യോസ് മഫ്രിയാനായുടെ കാലത്ത് ഒരു പാത്രിയർക്കീസ് അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. ദിവന്നാസ്യോസ് യാഹിയാ പാത്രിയർക്കീസാണ്. അദ്ദേഹം വന്നു താമസിക്കാൻ ഇടയായത് എന്താണ്?Q EB80 ൽ അതിനെ

ക്കുറിച്ച് പറയുന്നത് യാഹിയാ ദിവന്നാസ്യോസ് പാത്രിയർക്കീസ് ഈ മഫ്രിയാ നായുടെ അടുക്കലേക്ക് സാധാരണരീതിയിൽ വരികയും മഫ്രിയാനായെ ശുശ്രൂഷിക്കുകയും തന്നോട് വിരുദ്ധപ്പെട്ട് തന്റെ പേർ ഓർക്കാതിരിക്കയും ചെയ്തിരുന്ന അദ്ദേഹത്തെ നിരപ്പാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പേര് ഓർക്കാതിരുന്നത് മഫ്രിയാനായുടെ സമ്മതവും സാന്നിദ്ധ്യവും കൂടാതെ അദ്ദേഹം (പാത്രിയർക്കീസ്) വാഴിക്കപ്പെട്ടതുകൊണ്ടായിരുന്നു. എന്നാൽ പാശ്ചാത്യരാകട്ടെ യൗനായക്കാരോടുള്ള ഭയം നിമിത്തം മഫ്രിയാനായെ അറിയിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത് തന്നെക്കുറിച്ചുള്ള ഒരു കവച്ചുവക്കലാണെന്ന് മഫ്രിയാനാ വിചാരിച്ചു. ഇപ്രകാരം പ്രവർത്തിച്ച് അദ്ദേഹത്തിന്റെ പേരോർക്കാൻ മനസ്സ് വച്ചുമില്ല. എന്നാൽ പാത്രിയർക്കീസ് പരിശുദ്ധനും താഴ്മയുള്ളവനും ആയിരുന്നതുകൊണ്ട് യൗനായദേശത്തുനിന്ന് അദ്ദേഹം അർമീനിലേക്ക് ഓടിപ്പോരുകയും പരദേശി ദയറാക്കാരിൽ ഒരുവനെപ്പോലെ സാധാരണ വസ്ത്രങ്ങൾ ധരിക്കുകയും ചെയ്തു. അദ്ദേഹം തൂർഅബ്ദീനിലേക്കും അവിടെനിന്ന് മൂസലിലേക്കും അവിടെനിന്ന് തിഗ്രിസിലേക്കും എത്തുകയും പള്ളിയിലേക്ക് പോയി കുറെദിവസം അവിടെ താമസിക്കുകയും ചെയ്തു. മഫ്രിയാനായുടെ അടുക്കലേക്ക് അദ്ദേഹം ഇദ്ദേഹത്തെ പ്രവേശിപ്പിച്ചു. ആരാണെന്നും സ്വദേശം എവിടെയാണെന്നും ചോദിച്ചു. ഗീഹാൻ ദേശത്തുനിന്നുള്ള ഒരു പരദേശി ദയറക്കാരനാണ് താനെന്നും കിഴക്കുള്ള പള്ളികളും ദയറാകളും കാണുവാൻ ആഗ്രഹിക്കുന്നു എന്നും പറഞ്ഞു അദ്ദേഹം ഒരു മാസത്തോളം സങ്കീർത്തനങ്ങൾ ചൊല്ലിയും ആചാര്യജോലി ചെയ്ത് അവിടെ കഴിഞ്ഞു. ഇങ്ങനെ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം മഫ്രിയാനാ തന്നെപ്പോലെതന്നെ ഇദ്ദേഹത്തെ സ്നേഹിച്ചിരുന്നതുകൊണ്ട് ഒരു ഇടവകക്ക് മെത്രാനായി വാഴിക്കാൻ ആഗ്രഹിച്ച് ഇദ്ദേഹത്തോട് പറയുകയും സമ്മതിക്കാതിരുന്നപ്പോൾ അത് നിർബന്ധിക്കുകയും നിർബന്ധം വർദ്ധിച്ചപ്പോൾ താനാണ് യാഹിയാ പാത്രിയർക്കീസ് എന്നുള്ള സത്യാവസ്ഥ വെളിപ്പെടുത്തുകയും മഫ്രിയാനാ അത്ഭുതപ്പെട്ട് അദ്ദേഹത്തിന്റെ കാൽക്കൽ വീണ് കൈമുത്തി ക്ഷമായാചനം ചെയ്യുകയും ആഘോഷപൂർവ്വം പാത്രിയർക്കീസിന്റെ പാത്രിയർക്കാ ആസ്ഥാനത്തേക്ക് കൊണ്ടുപോവുകയും ചെയ്തു. വെളിപ്പെടുത്തിക്കൊണ്ട് മഫ്രിയാനായോട് പറഞ്ഞ വാചകം അതേപടി തർജ്ജമ ചെയ്യുകQ താങ്കളുടെ സമ്മതംകൂടാതെ പാശ്ചാത്യർ അവർക്ക് തലവനായി ഉയർത്തിയ അങ്ങയുടെ ശിഷ്യൻ യാഹിയാ ആണ് ഞാൻ. താങ്കൾ എന്റെമേൽ പ്രാർത്ഥിക്കുന്നതിനും താങ്കൾ എന്നോട് പറയുന്നത് ചെയ്യുന്നതിനും ആയിട്ട് വന്നിരിക്കുന്നതാണ് ഞാൻ" Ans. മഫ്രിയാനായുടെ സമ്മതം കൂടാതെ പാത്രിയർക്കീസ് വാഴിക്കപ്പെടരുത് എന്ന് കഫർതൂത്താ നിശ്ചയം ഉള്ളതുകൊണ്ടാണോ പാത്രിയർക്കീസ് മേൽപ്രകാരം പറയുന്നതിന് ഇടയായത്?Q അല്ല. മറുത്താക്ക്ശേഷം ദനഹാ മഫ്രിയാനായുടെ കാലത്ത് പാത്രിയർക്കീസ് കാലംചെയ്യുമ്പോൾ പിന്നീട് എഴുന്നേൽക്കുന്ന ആളിന്റെ മേൽ മഫ്രിയാനാ കൈവക്കണമെന്നും മഫ്രിയാനായെ കൂടാതെ പാത്രിയർക്കീസും

പാത്രിയർക്കീസിനെ കൂടാതെ മഫ്രിയാനായും എഴുന്നേൽക്കാൻ പാടില്ല എന്ന് കഹർതൂത്താക്ക് വളരെ മുമ്പെ തന്നെ നിശ്ചയിച്ചിട്ടുള്ളതായി ബോധിപ്പിച്ചിട്ടുള്ള ആ കീഴ്നടപ്പിനെ മാനിച്ചാണ്. Ans. തൂറബ്ദീനിലെ മോർ യൂഹാനോനെപ്പറ്റി എന്താണ് പറഞ്ഞിരിക്കുന്നത്?Q അദ്ദേഹത്തിന്റെ അടുക്കലേക്ക് പാത്രിയർക്കീസും മഫ്രിയാനായും കൂടെ പോവുകയും അദ്ദേഹത്തെ പാത്രിയർക്കാ വാഴ്ചയ്ക്ക് വിളിക്കാതിരുന്നതുകൊണ്ട് ഓർക്കാതിരുന്ന അദ്ദേഹവുമായി പാത്രിയർക്കീസ് രമ്യതപ്പെടുകയും ചെയ്തു. Ans. പാത്രിയർക്കീസ് വന്ന വിവരം ഇപ്പോൾ ബോധിപ്പിച്ച സംഗതിയും തർജ്ജമ ചെയ്ത് ഹാജരാക്കാത്തത് എന്തുകൊണ്ടാണ്?Q പ്രത്യേക കാരണം ഒന്നുമില്ല. *എക്ലീഷ്യാസ്റ്റിക്കി* മുഴുവനും തർജ്ജമ ചെയ്തിട്ടില്ലാത്തതിനാൽ ഇതും മറ്റു പല ഭാഗങ്ങളും തർജ്ജമ ചെയ്തിട്ടില്ലെന്നേ ഉള്ളൂ. ഇന്നഭാഗം തർജ്ജമ ചെയ്താൽ പരിശുദ്ധനായ ഒരു പാത്രിയർക്കീസിന്റെ മഹാമനസ്കത കാണിക്കാമായിരുന്നു. Ans. ചുരുക്കമായിട്ടെങ്കിലും ഈ സംഗതിയെപ്പറ്റി പറയാമായിരുന്നില്ലേ?Q പറയാമായിരുന്നു. Ans. ഇന്നത്തെ ഭാഗം തർജ്ജമയിൽ ഉൾപ്പെടുത്തണം ഇന്ന ഇന്ന ഭാഗം ഉൾപ്പെടുത്തണ്ട എന്ന് തീരുമാനിച്ചത് ആരാണ്?Q ഞാൻ തന്നെയാണ്. Ans. ഉറഹാക്കാരൻ അത്തനാസ്യോസിനെ വാഴിച്ചതാരാണ്?Q അത്തനാസ്യോസ് മഫ്രിയാനായും ദിവന്നാസ്യോസും മരിച്ചു. അപ്പോൾ കിഴക്കും പടിഞ്ഞാറും വൈധവ്യം പ്രാപിച്ചു. കിഴക്കുള്ള എപ്പിസ്കോപ്പന്മാർ ഒരുമിച്ചുകൂടി തിഗ്രീസുകാർ ബെസേലിയോസ് ബർകൂബ്ദീനെ മഫ്രിയാനായി 1357 ൽ വാഴിച്ചു. Ans. 1357 യൗനായ വർഷമാണ്. പാത്രിയർക്കീസിന്റെ പേർ ഓർക്കുന്ന കാര്യം പറഞ്ഞത് കുർബാനാ സമയം ഉള്ള തുബ്ദേനിലും പ്രാർത്ഥനകളിലും ആയിരിക്കാം എപ്പോഴാണെന്ന് EB80 ൽ പറഞ്ഞിട്ടില്ല. ബസേലിയോസിന്റെ വാഴ്ചക്കുശേഷം കിഴക്കരും പടിഞ്ഞാററുമായി വിദ്വേഷം വർദ്ധിച്ചോ?Q പാത്രിയർക്കീസുണ്ടാകുന്നതുവരെ ക്ഷമിച്ചിരിക്കാതെ കിഴക്കർ മഫ്രിയാനായെ വാഴിച്ചതുകൊണ്ട് കിഴക്കരും പടിഞ്ഞാററുമായി വിദ്വേഷം വർദ്ധിച്ചു. പാത്രിയർക്കീസിപ്പോൾ പ്രതിനിധികളെ അയച്ചും എഴുത്തുകൾ അയച്ചും മഫ്രിയാനായെ ശാന്തനാക്കി. മഫ്രിയാനാ പാത്രിയർക്കീസിന്റെ ശുശ്രൂഷക്കായിട്ട് സ്വയം പോവുകയും ചെയ്തു. ആ പാത്രിയർക്കീസിനെ വാഴിച്ചത് ആരായിരുന്നു?Q കിഴക്കരെ കൂടാതെ പടിഞ്ഞാറുകാർ മാത്രം. കാരണം പാത്രിയർക്കീസിനെ കൂടാതെ മഫ്രിയാനായെ വാഴിച്ചതുകൊണ്ട് Ans. മഫ്രിയാനായും പാത്രിയർക്കീസും തമ്മിൽ എവിടെവച്ചാണ് കണ്ടത്?Q തന്നെ കാണുവാൻ മഫ്രിയാനാ വരുന്നു എന്ന് പാത്രിയർക്കീസറിഞ്ഞപ്പോൾ അദ്ദേഹവും പുറപ്പെട്ടു. അവർ തമ്മിൽ ഗോസത്തിൽവച്ച് സന്ധിക്കുകയും പരിപൂർണ്ണമായ യോജിപ്പുണ്ടാവുകയും ചെയ്തു. Ans. അവിടെവച്ച് മുമ്പെ പോലെതന്നെ പാത്രിയർക്കീസിനെ കൂടാതെ മഫ്രിയാനായും മഫ്രിയാനാ കൂടാതെ പാത്രിയർക്കീസും എഴുന്നേൽക്കരുത് എന്നുള്ള നിശ്ചയം ചെയ്തു. തർജ്ജമയിൽ ആദ്യഭാഗത്തെ സംബന്ധിച്ച് ഒരു നോട്ടും നിശ്ചയത്തെ സംബന്ധിച്ച് മുഴുവൻ തർജ്ജമയും ആണ് ഉള്ളത്. അവരുടെ ഇടയിൽ നിയമങ്ങൾ

ഉണ്ടാക്കി എന്നാണോ നിശ്ചയത്തെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത്?Q അതെ. Ans. ബസേലിയോസിന്റെ മരണശേഷം എത്രനാളത്തേക്ക് മഫ്രിയാനാ ഇല്ലാതിരുന്നു?Q ആറുവർഷം. അതായത് ബസേലിയോസ് പാത്രിയർക്കീസ് എഴുന്നേൽക്കുന്നതുവരെയുള്ള കാലഘട്ടം. Ans. ബസേലിയോസ് പാത്രിയർക്കീസ് ആർക്കെങ്കിലും ലേഖനങ്ങൾ അയച്ചതായി EB80 ൽ പറയുന്നുണ്ടോ?Q ഇദ്ദേഹത്തിന്റെ നന്മയെക്കുറിച്ച് തിഗ്രീസുകാർ കേൾക്കുകയും പാത്രിയർക്കീസ് സമാധാനപരമായ എഴുത്തുകൾ മൂലം അവരെ സമാധാനപ്പെടുത്തുകയും അവരിൽ (തിഗ്രീസുകാരിൽ) വലിയ ഒരു കൂട്ടം പാത്രിയർക്കീസിന്റെ അടുക്കലേക്ക് പോവുകയും പാത്രിയർക്കീസ് അവരെ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. Ans. പിന്നീട് എന്തുണ്ടായി?Q മുമ്പ് രണ്ടോ മൂന്നോ പേരുടെ കാര്യം പറഞ്ഞതുപോലെ പാത്രിയർക്കീസ് മോർ ഗബ്രിയേൽ ദയറായിൽനിന്ന് സ്ലീബാറമ്പാനെ തെരഞ്ഞെടുക്കുകയും യൗനായവർഷം 1386ൽ അവർക്ക് മഫ്രിയാനാ ആയി വാഴിച്ചുകൊടുക്കുകയും യൂഹാനോൻ എന്ന് പുതിയ പേരു കൊടുക്കുകയും ചെയ്തതിന് പുറമെ കിഴക്കർക്ക് ന്സിബീൻ എന്ന പട്ടണവും കൂടി പാത്രിയർക്കീസ് വിട്ടുകൊടുത്തു കിഴക്കിന്റെ ഇടവക വിപുലപ്പെടുത്തി കൊടുക്കുകയും ചെയ്തു. Ans. ഗബ്രിലിനെ തെരഞ്ഞെടുത്തത് തിഗ്രീസുകാരുടെ ആവശ്യപ്രകാരമാണോ?Q അങ്ങനെ EB80 ൽ പറയുന്നില്ല. അവർക്കായി തെരഞ്ഞെടുത്തു എന്നാണ് പറയുന്നത്. Ans. മേലാൽ മഫ്രിയാനായുടെ സമ്മതവും സാന്നിദ്ധ്യവും കൂടാതെ പാത്രിയർക്കീസിനെ വാഴിക്കുവാൻ പടിഞ്ഞാറുകാർ ധിക്കാരം കാണിക്കരുത് എന്ന് നിയമം ഉറപ്പിച്ചു എന്ന് പറയുന്നുണ്ടോ?Q ധിക്കാരം കാണിക്കരുതെന്നുള്ള വാക്കില്ല. സ്വയം ആലോചിച്ച് ചെയ്യരുത് എന്നാണ്. Ans. മഫ്രിയാനായുടെ സമ്മതവും സാന്നിദ്ധ്യവും കൂടാതെ പാത്രിയർക്കീസിനെ വാഴിക്കുവാൻ പടിഞ്ഞാറുകാർ സ്വയം ആലോചിച്ചുചെയ്യരുത് എന്ന് നിയമം ഉറപ്പിച്ചു എന്ന് EB80 ൽ ഉണ്ട്. തിഗ്രീസുകാർ പാത്രിയർക്കീസിന്റെ അടുത്തുപോയ വിവരവും മുൻപറഞ്ഞ നിശ്ചയം ചെയ്ത വിവരവും തർജ്ജമയിൽ ചേർത്തിട്ടില്ലല്ലോ?Q ആ ഭാഗം translate ചെയ്തിട്ടില്ല. Ans. ഈ മഫ്രിയാനായുടെ കാലത്ത് തിഗ്രീസിന്റെ പ്രഭാവം നശിച്ചു എന്ന് പറയുന്നുണ്ട്. റീശോ ഏലോയിലുള്ള വിശുദ്ധ സർഗീസ് ബാക്കോസുമാരുടെ പള്ളി തിഗ്രീസിന്റെ ഭരണാധിപൻ നശിപ്പിച്ചു. ഈ മഫ്രിയാനായുടെ അടുക്കൽ ദിവന്നാസ്യോസ് പാത്രിയർക്കീസ് വന്നോ?Q ഉവ്വ്. Ans. വരാൻ ഇടയായത് എന്താണ്?Q അദ്ദേഹം വന്നതിനുശേഷം യൂഹാനോൻ മഫ്രിയാനായും അദ്ദേഹവും വളരെ എപ്പിസ്കോപ്പന്മാരും കൂടി ന്യായരഹിതമായി വാഴിക്കപ്പെട്ട അബ്ദുൾ പാത്രിയർക്കീസിനെ നീക്കുകയും ദിവന്നാസ്യോസിനെ ഉറപ്പിക്കുകയും ചെയ്തു. Ans. അങ്ങനെ ഉറപ്പിച്ചശേഷം മഫ്രിയാനാ എവിടെ താമസിച്ചു. Ans. മിലിത്തീനിൽ ചെന്നാണൊ മഫ്രിയാൻ ദിവന്നാസ്യോസ് പാത്രിയർക്കീസിനെ ഉറപ്പിച്ചത്?Q അതെ. അബദൂൻ പാത്രിയർക്കീസിനെ നീക്കിയതും. Ans. witness submits. മഫ്രിയാനാ മിലിത്തിനിക്കടുത്ത് നൂക്കോ ദയറായിൽ വസിച്ചു എന്ന്

പറഞ്ഞത് പിശകാണ്. മഫ്രിയാൻ അവിടെ താമസിച്ചു എന്നറിഞ്ഞുകൂടാ. പാത്രിയർക്കീസാണ് നൂക്കോ ദയറായിൽ താമസിച്ചത്. counsel continues. മഫ്രിയാനാ പാത്രിയർക്കീസിനെ ഉറപ്പിച്ച വിവരം ഒന്നും തർജ്ജമയിൽ പറഞ്ഞിട്ടില്ലല്ലോ?Q ചരിത്രം മുഴുവൻ തർജ്ജമ ചെയ്തിട്ടില്ലെന്ന് മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. Ans. ഈ മഫ്രിയാനായുടെ കാലത്ത് തിഗ്രീസിലെ വിശ്വാസികൾ പല സ്ഥലത്തേക്കും ചിതറിപ്പോയോ?Q ചിതറിപ്പോയതായി പറയുന്നുണ്ട്. Ans. മഫ്രിയാനാ ദുഃഖിതനായി മൂസലിൽ പോയി പാർത്തു എന്നും പറയുന്നുണ്ട്. പിന്നീട് തിഗ്രീസിൽ എന്തു സംഭവിച്ചതായിട്ടാണ് EB80 ൽ പറയുന്നത്?Qമോർ ആഹൂദമ്മായുടെ പ്രസിദ്ധമായ പള്ളി മുസ്ലീമുകളാൽ അപഹരിക്കപ്പെടുകയും പല സ്ഥലങ്ങളിൽ ചിതറിപ്പോയ തലവന്മാർ നിമിത്തമായി തിഗ്രീസ് കലങ്ങുകയും ചെയ്തപ്പോൾ തിഗ്രീസിൽ ശേഷിച്ച അല്പമായ ജനം അവർക്ക് പിന്നെയും തലവനുണ്ടാകുമൊ എന്ന നിരാശയിൽ ഏഴ് സംവത്സരത്തോളം പൗരസ്ത്യദേശം വൈധവ്യത്തിലിരിക്കുന്നു. Ans. ആസൂ അൽപ്രശ് കശീശയും മത്തായി ദയറായുടെ സുഗദീ മെത്രാപ്പോലീത്തയും ആലോചന നടത്തുകയും എന്തൊ അപമാനം നിമിത്തം പാശ്ചാത്യദേശങ്ങളിലേക്ക് ഓടിപ്പോയിരിക്കുന്ന മൂസലിൽ നിന്നുള്ള അബൂശകീൻ കശീശായെ അവർക്ക് മഫ്രിയാനാ ആയി വാഴിച്ച് അയച്ചു കൊടുക്കണമെന്നപേക്ഷിച്ചു. അതിനെ ആരെങ്കിലും എതിർത്തോ?Q അപ്പോൾ നിനുവാക്കാർ ഈ വിവരം അറിഞ്ഞ് അബ്ശക്കിൽ യോഗ്യരല്ലാത്തതുകൊണ്ട് അയാളുടെ മേൽ കൈവയ്പ്പ് നടത്തരുതേ എന്ന് പാത്രിയർക്കീസിന് മുന്നറിയിപ്പും കൊടുത്തുകൊണ്ട് ധൃതിയിൽ എഴുതി. Ans. വേറെ ആരെങ്കിലും എഴുതിയോ?Q ബഗ്ദാദിലെ എപ്പിസ്കോപ്പായും അങ്ങനെ തന്നെ എഴുതി. Ans. പാത്രിയർക്കീസ് ആബൂശ്ക്കീറിനെ വരുത്തി പരിശോധിച്ചോ?Q ആബുശകീറിനെ ആളയച്ചുവരുത്തുകയും പരിശോധിക്കുകയും യോഗ്യനല്ലെന്ന് കാണുകയും അദ്ദേഹത്തെ വിട്ടിട്ട് മറ്റ് ഏത് പ്രദേശത്തുള്ള ഒരു ദയറായിൽ നിന്ന് മോശ എന്ന് പേരുള്ള ശ്രേഷ്ഠനായ ഒരു ദയറാക്കാരനെ പാത്രിയർക്കീസ് തന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. Ans. ആ മോശ താൻ അതിനു യോഗ്യനല്ലന്ന് പറഞ്ഞുകൊണ്ട് രാത്രിയിൽ സ്ഥലം വിടുകയും അന്ന് മഫ്രിയാനാവാഴ്ച നടക്കാതിരിക്കയും ചെയ്തത്. പിന്നീട് പാത്രിയർക്കീസുതന്നെ വേറൊരു ദയറായിൽ നിന്ന് മോശയെന്ന് തന്നെ പേരുള്ള വേറൊരു ആളെ വിളിച്ചുവരുത്തി അയാളോട് ഈ ചരിത്രം പറയുകയും അവസാനം അയാൾ സമ്മതിക്കുകയും ചെയ്തു. നിർബന്ധം മൂലമാണോ സമ്മതിച്ചത്Q നിർബന്ധം എന്ന് പറയുന്നില്ല. ഒന്നരത്തെ മെത്രാനായി വാഴിക്കാൻപോലും സമ്മതിക്കാതിരിക്കുന്ന ആളാണ് എന്നുണ്ട്. മഫ്രിയാനായി വാഴിക്കാൻ പാത്രിയർക്കീസ് ആവശ്യപ്പെട്ടതുകൊണ്ട് സമ്മതിച്ചു. Ans. കിഴക്കിന്റെ ശോച്യമായ അവസ്ഥകൊണ്ടല്ലേ ആരും മഫ്രിയാനായി വാഴ്ച ഏൽക്കാൻ മുന്നോട്ട് വരാതിരുന്നത്?Q സഭക്ക് ശോച്യാവസ്ഥ ഉള്ളപ്പോഴാണ് ക്രിസ്തുവിന്റെ ദാസന്മാർ സഭയിൽ പ്രവർത്തനത്തിന് മുന്നോട്ട് വരേണ്ടത്. ആ സ്ഥിതിക്ക് ശോച്യാവസ്ഥകൊണ്ടാണ് ആരും മുന്നോട്ട് വരാതി

രുന്നത് എന്ന് തോന്നുന്നില്ല. Ans. തർജ്ജമയിൽ കിഴക്കർ ആവശ്യപ്പെട്ടു എന്ന് ചേർത്തിട്ടുണ്ട്. മുൻപറഞ്ഞതുകൊണ്ട് കിഴക്കർ ആവശ്യപ്പെട്ടു എന്ന് പറയുന്നത് ശരിയല്ലല്ലോ?Q അബുൾക്കീർ കിഴക്കർ ആവശ്യപ്പെട്ട ആളാണ്. ആ ആൾ യോഗ്യനല്ലെന്ന് കിഴക്കരിൽ ചിലർ അഭിപ്രായപ്പെട്ടു. ആ ആളിനെ പാത്രിയർക്കീസ് പരിശോധിച്ചുകൊള്ളാവുന്നവനല്ലെന്നു കണ്ടു. കിഴക്കർ ആവശ്യപ്പെട്ട ആളായതുകൊണ്ട് ചരിത്രം മുഴുവൻ എഴുതാതെ ബ്രാക്കറ്റിൽ കിഴക്കർ ആവശ്യപ്പെട്ടു എന്നെഴുതി. Ans. stopped for the day.
മൊഴി വായിച്ചു കേട്ടു - ശരി

കുര്യൻ കോർഎപ്പിസ്കോപ്പ
Sd/-

First Addl. District and sessions court ERNAKULAM.
Taken down by me in open court read over to the witness and admitted by him to be correct.

Sd/-
Judge

7-9-78
18-9-78 Witness sworn again and cross examination continued.
ദിവന്നാസ്യോസ് മൂശാ മഫ്രിയാനയെപ്പറ്റി പറയുന്ന ഭാഗത്ത് ദിവന്നാസ്യോസ് എന്ന് നാമകരണം ചെയ്തു എന്നതിനുശേഷമുള്ള ഭാഗം തർജ്ജമ ചെയ്യൂ? ഇത് യൗവനായ വർഷം 1423ൽ ആയിരുന്നു. ഇദ്ദേഹം ആണ് പാത്രിയർക്കീസിന് ആദ്യമായി അമലോഗിയ എഴുതിയത്. അദ്ദേഹത്തിന് മുമ്പുള്ള മറ്റു മഫ്രിയാനാമാരാരും അത് എഴുതിയിരുന്നില്ല. പാത്രിയർക്കീസ് അദ്ദേഹത്തെ ബഹുമാനിക്കുകയും പൂർണ്ണക്രമവും അംശവടിയും രണ്ട് കോവർകഴുതകളെയും കൊടുക്കുകയും കിഴക്കോട്ടദ്ദേഹത്തെ അയക്കുകയും ചെയ്തു. Ans. പൂർണ്ണക്രമം എന്നുവച്ചാൽ എന്താണെന്നറിഞ്ഞുകൂടാ. ഈ ഭാഗം ഹാജരാക്കിയിട്ടുള്ള തർജ്ജമയിൽ ഇദ്ദേഹം പാത്രിയർക്കീസിന് അമലോഗിയ എഴുതി പാത്രിയർക്കീസ് അദ്ദേഹത്തിന് അംശവടിയും കൊടുത്തു എന്നാണ് എഴുതിയിട്ടുള്ളത്. എന്താണ് ഒറിജിനലിൽനിന്നും വ്യത്യാസപ്പെടുത്തി തർജ്ജമയിൽ കാണിച്ചത്?Q മുഴുവനും തർജ്ജമ ചെയ്തില്ലെന്നേ ഉള്ളൂ. അദ്ദേഹത്തിന് മുമ്പുള്ളവരാരും അമലോഗിയ എഴുതിയതായി അതുവരെയുള്ള ചരിത്രത്തിൽ ഇല്ലാത്തതുകൊണ്ടു ആ ഭാഗം മനഃപൂർവ്വം എഴുതാതിരുന്നതിനാൽ ഒരു പ്രയോജനവും ഇല്ല. Ans.ExtB80 ലെ 79-ാം പേജിലെ ഏതാനും ഭാഗമായിട്ടാണ് തർജ്ജമ ചെയ്ത് ഹാജരാക്കിയിട്ടുള്ളത്. 79-ാം പേജിന്റെ ആ ഭാഗങ്ങളുടെ പൂർണ്ണതർജ്ജമ എന്ന നിലയിലൊ ചുരുക്കം എന്ന നിലയിലോ തർജ്ജമ ഹാജരാക്കിയത്?Q പൂർണ്ണമായിട്ടല്ല. ഞാൻ എഴുതിയ ഭാഗങ്ങൾ അതിൽ ഉണ്ട് എന്നുമാത്രമേ ഉള്ളൂ. Ans. ആ ഭാഗം ഇൻവർട്ടഡ് കോമമായിലാണോ തർജ്ജമയിൽ?Q അതിന്റെ അവസാനഭാഗങ്ങളിൽ ഇൻവർട്ടഡ് കോമോസ് ഇല്ല. തുടങ്ങുന്ന ഭാഗത്ത് ഉണ്ട്. അത് കഴിഞ്ഞ് കുറെ കഴിഞ്ഞ് കുറെ ഡോട്ട്സ്

ഇട്ടിട്ടുമുണ്ട്. Ans. ഹാജരാക്കിയിട്ടുള്ള തർജ്ജമയിൽ പലഭാഗത്തും തുടങ്ങുന്നിടത്തുമാത്രം ഇൻവർട്ടഡ് കോമ്മാസ് ഇട്ടിട്ടുള്ളത് മുഴുവനായിട്ടുള്ള തർജ്ജമയൊ അതല്ലാ തുടക്കത്തിന്റെ മാത്രം തർജ്ജമയൊ? ചില ഭാഗങ്ങളിൽ ഇൻവർട്ടഡ് കോമ്മാസ് ഇടുന്നത് പകർത്തി എഴുതിയപ്പോൾ വിട്ടുപോയിട്ടുണ്ട്. ഞാൻ എഴുതിയ രേഖയിൽനിന്നും പകർത്തി എഴുതിയ ആൾ വിട്ടുപോയതാണ്. Ans. സാക്ഷിയെഴുതിയ തർജ്ജമയും കോടതിയിൽ ഹാജരാക്കാൻ എഴുതിയതുമായി ഒത്തുനോക്കിയോ?Q ഒത്തുനോക്കിയതാണ്. അപ്പോൾ ദൃഷ്ടിയിൽപെട്ടു പോയില്ലെന്നേ ഉള്ളൂ. ഇൻവർട്ടഡ് കോമ്മാസിന്റെ കാര്യം ഒത്തുനോക്കുന്ന സമയം കാര്യമായി ശ്രദ്ധചെലുത്തിയില്ലെന്നുള്ളതാണ് പരമാർത്ഥം. Ans. പൂർണ്ണക്രമവും അംശവടിയും കൊടുത്തതു മഫ്രിയാനാക്ക് സമ്മാനമായിട്ടാണോ?Q സമ്മാനമായി എന്നവിടെ എഴുതിയിട്ടില്ലാത്തതുകൊണ്ട് കൊടുത്തു എന്നുമാത്രമെ അറിഞ്ഞുകൂടൂ. Ans. ദിവന്നാസ്യോസ് മോശ മഫ്രിയാനാ മൂസലിൽ വന്നപ്പോൾ എന്താണ് സംഭവിച്ചത്? മുമ്പ് അബൂശക്കീറിനെ ശുപാർശ ചെയ്ത അബൂ അൽഫ്രാശ് കശീശയും മോർ മത്തായി ദയറായിലെ സഹ്ദീൻ മെത്രാപ്പോലീത്തായും മഫ്രിയാന അവർക്ക് പന്ത്രണ്ട് ദീനാറ കൈക്കൂലി കൊടുക്കുന്നതുവരെയും മഫ്രിയാനായുടെ അടുക്കലേക്ക് വരുവാൻ മനസ്സു വച്ചില്ല. മുൻപറഞ്ഞ സംഖ്യ കൊടുത്ത് കഴിഞ്ഞപ്പോൾ അവർ അദ്ദേഹത്തിന് ശൽമൂസ കൊടുക്കുകയും മോർ മത്തായി ദയറായിലേക്ക് അദ്ദേഹത്തെ സ്വീകരിക്കുകയും മഫ്രിയാനായെ നിർബന്ധിച്ച് അവരുടെ ഇഷ്ടാനുസരണമുള്ള ചില നിയമങ്ങൾ എഴുതിക്കുകയും ചെയ്തു. Ans. മഫ്രിയാനാ അവിടെനിന്ന് വിരുദ്ധപ്പെട്ടു. എങ്ങോട്ട് പോയി?Q നിസീബിനിലേക്ക് പോയി. അവിടെനിന്ന് ഗോസർത്തായിലേക്ക് പോവുകയും ന്സീബിന് ഒരു എപ്പിസ്കോപ്പായെ വാഴിക്കുകയും ചെയ്തു. Ans. മത്തായി ദയറാക്കാർ അദ്ദേഹത്തെ ഉപദ്രവിക്കാൻ ഒരുങ്ങിയോ?Q മത്തായി ദയറാക്കാർ അദ്ദേഹം ചെന്ന് ബസ്നുഹദറാക്ക് ഒരു എപ്പിസ്കോപ്പായെ വാഴിക്കണമെന്നാവശ്യപ്പെടുകയും അതനുസരിച്ച് അദ്ദേഹം ചെന്ന് മെത്രാൻ വാഴ്ച നടത്തുവാൻ തുടങ്ങിയപ്പോൾ ഗോസാർത്തായിലെ എപ്പിസ്കോപ്പാ നിയമങ്ങൾക്കനുസരണമായി കിഴക്കിന്റെ മെത്രാപ്പൊലീസായി തെഗ്രീസിനെ പ്രഘോഷിക്കുകയും ചെയ്തപ്പോൾ മത്തായി ദയറാക്കാർ വടികളും എടുത്തു മഫ്രിയാനായെ അടിക്കുവാനായിട്ട് മദ്ബഹായിലേക്ക് ചാടിക്കയറുകയും മുൻപറഞ്ഞ പ്രഘോഷണം റദ്ദ് ചെയ്യുന്നതുവരെയും അവർ അതിൽനിന്ന് വിരമിക്കാതിരിക്കയും മഫ്രിയാനാ വിരുദ്ധപ്പെട്ട് ദയറായിൽനിന്ന് തെഗ്രീസിലേക്ക് പോവുകയും ചെയ്തു. Ans. തെഗ്രീസിൽ അഞ്ച് വീടുകൾ മാത്രമെങ്കിലും ശേഷിക്കുന്നു എങ്കിൽ അവിടെനിന്ന് പുറത്ത് പോവുകയില്ലെന്ന് നിശ്ചയിച്ചു കൊണ്ടുപോയി എന്ന് പറയുന്നുണ്ട്. അദ്ദേഹം തെഗ്രീസിൽ ചെന്നശേഷം ചിതറിക്കിടന്ന തിഗ്രീസുകാരെ കൂട്ടിച്ചേർത്തതായും മറ്റും Ex1B80 ൽ പറയുന്നുണ്ട്. സുശ്തീൻ മരിച്ചപ്പോൾ മത്തായി ദയറാക്കാർ എന്തു ചെയ്തു? മത്തായി ദയറാക്കാർ പണ്ട് സുശ്തീൻ എഴുതിയ ആ നിയമങ്ങൾ മഫ്രിയാനായുടെ അടുക്കൽ കൊണ്ടുവരികയും

അദ്ദേഹം അവ സ്വീകരിക്കുന്നപക്ഷം അദ്ദേഹത്തെ കുർബാനയിൽ ഓർക്കാമെന്നും (പ്രസംഗിക്കുക) ഇല്ലെങ്കിൽ ഓർക്കുകയില്ലെന്നും അവർ പറയുകയും മഫ്രിയാനാ അതിന് വഴിപ്പെടാതിരിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിനെതിരായി മത്തായി ദയറാക്കാർ പാത്രിയർക്കീസിന്റെ അടുക്കൽ പരാതി ബോധിപ്പിക്കുകയും ചെയ്തു. വഴക്കുകൾ മൂത്ത് മഫ്രിയാനാ വശംകെട്ടപ്പോൾ അദ്ദേഹം രാജി സമർപ്പിച്ച് വിശ്രമിക്കേണ്ടതിനായി പാത്രിയർക്കീസിന്റെ അടുക്കലേക്ക് പോവുകയും ചെയ്തു. മഫ്രിയാനായുടെ മേൽ പരാതി സമർപ്പിച്ചതും മഫ്രിയാനാ രാജി സമർപ്പിച്ചതും പാത്രിയർക്കീസിന്റെ അടുക്കൽ പോയതും മാത്രമെ തർജ്ജമയിൽ പറഞ്ഞിട്ടുള്ളൂ. രാജി സമർപ്പിച്ച് വിശ്രമിക്കേണ്ടതിലേക്കായി പാത്രിയർക്കീസിന്റെ അടുക്കലേക്ക് പോവുകയും ചെയ്തു എന്നതാണോ ശരിയായ തർജ്ജമ? അതെ. Ans. പാത്രിയർക്കീസിന്റെ അടുക്കൽപോയതു മാത്രമെ തർജ്ജമയിൽ പറഞ്ഞിട്ടുള്ളൂ. രാജി സമർപ്പിച്ചു വിശ്രമിക്കേണ്ടതിലേക്കായി പാത്രിയർക്കീസിന്റെ അടുക്കൽ രാജി സമർപ്പിച്ചു വിരമിക്കുവാനായി പോയി എന്ന് പറഞ്ഞിട്ടുള്ളതും തർജ്ജമ ശരി തന്നെയാണ്. തർജ്ജമയിൽ ഏതാനുംഭാഗം വിട്ടുകളഞ്ഞിട്ടില്ലേ? അതേപ്പറ്റി മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. അതായത് പുസ്തകം മുഴുവൻ ഞാൻ തർജ്ജമ ചെയ്തിട്ടില്ലെന്നും ഒരു മഫ്രിയാനാ ആയിരുന്ന ബാർ എബ്രായ എഴുതിയ ചരിത്രത്തിൽ മഫ്രിയാനാ പാത്രിയർക്കീസിന്റെ കേവലം ഒരു ഡെപ്യൂട്ടിയും ആജ്ഞാനുവർത്തിയും സഭയുടെ കിഴക്കൻപ്രദേശത്ത് പാത്രിയർക്കീസിന് വിധേയനായി ഭരണം നടത്തുന്ന ആളും കിഴക്കിന്മേൽ പാത്രിയർക്കീസ് പരിപൂർണ്ണ അധികാരമുള്ള ആളും ആണെന്നുള്ള സത്യാവസ്ഥ കാണിക്കുവാനുള്ള ഭാഗങ്ങളാണ് ഞാൻ തർജ്ജമ ചെയ്തത്. Ans. മൂസലിലെ തെഗ്രീസുകാർ തങ്ങളുടെ മഫ്രിയാനായെ വേഗം തിരിച്ചയക്കണമെന്നും അദ്ദേഹത്തിന് എതിരായി മത്സരിച്ചവരുടെ മേൽ നടപടി നടത്തപ്പെടണമെന്നും പാത്രിയർക്കീസിന്റെ അടുക്കൽ ബോധിപ്പിക്കുകയും ചെയ്തു. മത്തായി ദയറാക്കാരും പാത്രിയർക്കീസിനാൽ തങ്ങൾ കുറ്റാരോപണം ചെയ്യപ്പെട്ടേക്കുമെന്ന് ഭയപ്പെടുന്നവരും പാത്രിയർക്കിസിന്റെ അടുക്കൽ ആളയക്കുകയും അവർ മഫ്രിയാനായുമായി രമ്യതപ്പെട്ടുകൊള്ളാമെന്ന് സമ്മതിക്കുകയും അങ്ങനെ പാത്രിയർക്കീസ് മഫ്രിയാനായെ അവരോട് രമ്യതപ്പെടുത്തുകയും അവരെ ഒന്നിച്ച് കിഴക്കോട്ടയക്കുകയും അവർ അങ്ങനെ ഒന്നിച്ച് മൂസലിലെത്തുകയും ചെയ്തു. ഈ മഫ്രിയാനാ ആർക്കൊക്കെയാണ് പട്ടം കൊടുത്തത്? അദ്ദേഹം രണ്ട് പാത്രിയർക്കീസന്മാരുടെ വാഴ്ചയിൽ കൈവയ്പ്പ് നടത്തുകയും ഒൻപത് എപ്പിസ്കോപ്പന്മാരെ വാഴിക്കയും ചെയ്തതായി പറയുന്നുണ്ട്. Ans. അദ്ദേഹത്തിനുശേഷം ഇഗ്നാത്തിയോസ് ലാസർ ആണ്. മഫ്രിയാനാ തിഗ്രീസുകാർ ഒരു കശീശയെയും ഒരു ശെമ്മാശനെയും രണ്ട് വിശ്വാസികളെയും അത്തനനാസ്യോസ് പാത്രിയർക്കീസിന്റെ അടുക്കലേക്ക് അദ്ദേഹം അവർക്കായി ഒരു മഫ്രിയാനായെ തെരഞ്ഞെടുത്ത് വാഴിച്ച് അയച്ചു കൊടുക്കാനായി പാത്രിയർക്കീസിനോടാവശ്യപ്പെട്ടു. എങ്ങനെയുള്ള ആളെയാണ് ആവശ്യപ്പെട്ടത്?

സുകൃതനടപടി ഉള്ള ആളും അക്കാലത്തെ വഴക്കുകൾ ശമിപ്പിക്കാൻ കഴിവുള്ള മൽപാനും ആയ ഒരാളെ ആണ് അവർ ആവശ്യപ്പെട്ടത്. Ans. അങ്ങനെ യോഗ്യനായ ഒരാൾ കിഴക്കില്ലാത്തതുകൊണ്ടാണോ?Q ആകണമെന്നില്ല. കാരണം ഇതിനുമുമ്പ് പലപ്പോഴും ആവശ്യപ്പെട്ട് ആളെ അയച്ചിട്ടുള്ളതുകൊണ്ട് ഇപ്പോഴും അങ്ങനെ ചെയ്തു എന്നേ ഉള്ളൂ. Ans. തീഗ്രീസുകാർ മഫ്രിയാനായെ തിഗ്രീസിലേക്ക് കൊണ്ടുവരാൻ താല്പര്യപ്പെട്ടു എന്ന് ExtB80 ൽ ഇല്ല. തിഗ്രീസിൽ നിന്നയച്ച ആളുകൾ പാത്രിയർക്കീസിനോടുകൂടി താമസിക്കുകയും പാത്രിയർക്കീസ് അവിടെയുള്ള ഒരു ദയറായിൽ നിന്നും ലാസർ എന്നു പേരായുള്ള സുകൃതജീവനക്കാരനായ ഒരു റമ്പാനെ വിളിച്ചു വരുത്തുകയും കിഴക്കോട്ടയക്കുന്ന കാര്യത്തെക്കുറിച്ച് സംസാരിക്കുകയും അദ്ദേഹം അറബിയിൽ ഒരു വാക്കും പറയാൻ തനിക്ക് അറിവില്ലാത്തതുകൊണ്ട് അതിൽനിന്ന് തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന ദിവന്നാസ്യോസിനും അറബി അറിയാൻ പാടില്ലായിരുന്നെങ്കിലും അത് പഠിച്ചെന്നും അതുകൊണ്ടുപോയേ മതിയാകൂ എന്നും തീർച്ചയാക്കി അദ്ദേഹം സമ്മതിക്കുന്നതുവരെ അദ്ദേഹത്തിന് നിരോധം വക്കുകയും അങ്ങനെ യൗനായവർഷം 1454 ൽ ശഹറാ ദയറായിൽ വച്ച് പാത്രിയർക്കീസ് അദ്ദേഹത്തെ മഫ്രിയാനായി വാഴിക്കയും ചെയ്തു. തിഗ്രീസും നിനവയും കൂടി ഒരു ഇടവകയാക്കാൻ അദ്ദേഹം ആഗ്രഹിച്ചോ? ആഗ്രഹിച്ചു. Ans. അതിനദ്ദേഹത്തിന് സഹായഹസ്തം നൽകുവാൻ പാത്രിയർക്കീസിനോടാവശ്യപ്പെട്ടുവോ? മഫ്രിയാനാ അത്താനാസ്യോസ് പാത്രിയർക്കീസിന്റെ അടുക്കൽ വരികയും നിനവയും തിഗ്രീസുംകൂടി ഒന്നാക്കുവാൻ തന്നെ സഹായിക്കണമെന്നപേക്ഷിക്കുകയും ചെയ്തു. Ans. പാത്രിയർക്കീസ് സഹായം ചെയ്തോ? ഇക്കാര്യത്തെക്കുറിച്ച് തിഗ്രീസുകാർ പാത്രിയർക്കീസിന്റെ അടുക്കൽ പരാതി ബോധിപ്പിച്ചത് നിമിത്തം മഫ്രിയാനാ പോയി അദ്ദേഹത്തിന്റെ ദയറായിൽ ഇരിക്കുകയും പാത്രിയർക്കീസ് മത്തായി ദയറായിൽ വന്നപ്പോൾ മഫ്രിയാനാ അദ്ദേഹത്തിന്റെ അടുക്കൽചെന്ന് ആ വേനൽക്കാലം മുഴുവൻ അവിടെ താമസിച്ച് അപേക്ഷിച്ചു കൊണ്ടിരുന്നെങ്കിലും മുൻപതിവിനെ വ്യത്യാസപ്പെടുത്താൻ പാത്രിയർക്കീസ് സമ്മതിക്കായ്കമൂലം ഭഗ്നാശയനായി തിഗ്രീസിലേക്ക് പോവുകയും ചെയ്തു. Ans. പിന്നീട് ആ ആഗ്രഹം സാധിച്ചോ? ഈ മഫ്രിയാനായെക്കുറിച്ച് മർദ്ദീനിലെ മോർ യൂഹാനോൻ അപേക്ഷിക്കുകയും മഫ്രിയാനായെക്കുറിച്ച് നിനുവക്കാരോടും സംസാരിക്കുകയും മറ്റും ചെയ്തതിന്റെശേഷം നിനുവാക്കാരും പറഞ്ഞപോലെയുള്ള ഏതാനും തൂക്കം സ്വർണ്ണം ഭരണാധിപന് കാഴ്ചവച്ചശേഷം അദ്ദേഹത്തിനെതിരായി ആരെങ്കിലും നിലകൊണ്ടാൽ മരിക്കേണ്ടിവരുമെന്ന് ഭരണാധിപൻ കല്പന ആവുകയും മത്തായി ദയറാക്കാരും നിനുവക്കാരും അങ്ങനെ മിണ്ടാതാക്കപ്പെടുകയും അവർ മഫ്രിയാനായെയും കൊണ്ടു മൂസലിൽനിന്ന് പുറപ്പെടുകയും ചെയ്തു. Ans. മർദ്ദീനിലെ പ്രസിദ്ധനായ മോർ യൂഹാനോൻ 1464ൽ എപ്പിസ്കോപ്പന്മാരുടെ സുന്നഹദോസ് വിളിച്ചുകൂട്ടിയപ്പോൾ ഈ മഫ്രി

യാനാ നേരിട്ട് അദ്ദേഹത്തിന്റെ അടുക്കൽ വരികയും അദ്ദേഹം ആഗ്രഹിക്കുന്നത് അദ്ദേഹത്തിന്റെ അടുക്കൽ നിവർത്തിക്കുകയും ചെയ്തു. അപ്പോഴാണ് മുൻപറഞ്ഞ രീതിയിൽ മർദ്ദീനിലെ അധികാരിയോട് സംസാരിച്ചത്. മത്തായി ദയറായിൽ പ്രവേശിപ്പിച്ച് അദ്ദേഹത്തിന് സുന്ത്രോണിസോ നടത്തിയെന്ന് EB80 ൽ പറയുന്നുണ്ടോ?Qഉണ്ട്. അതായത് അദ്ദേഹം മത്തായി ദയറായിൽ ചെന്നപ്പോൾ ആ ഭരണാധിപന്റെ തീർപ്പനുസരിച്ചുള്ള സ്വർണ്ണം തന്നു കഴിഞ്ഞതിന്റെ ശേഷമെ ദയറായിൽ പ്രവേശിക്കാവു എന്ന് അവർ നിർബന്ധം പിടിക്കുകയും രണ്ടു മണിക്കൂർ നേരം അവർ തമ്മിൽ വാഗ്ദാനം നടത്തുകയും അവസാനം മഫ്രിയാനാ അദ്ദേഹത്തിന്റെ കോവർകഴുതകളെയും പണവും അദ്ദേഹത്തിനു കൊടുക്കുകയും അതിനുശേഷം അവർ അദ്ദേഹത്തെ ദയറായിലേക്ക് പ്രവേശിപ്പിച്ച് സുന്ത്രോണിസൊ നടത്തുകയും ചെയ്തു. Ans. അടുത്ത മഫ്രിയാനായി വാഴിച്ചു കിട്ടേണ്ടതിന് പൗരസ്ത്യർ മോർ അത്തനാസ്യോസ് പാത്രിയർക്കീസിന്റെ അടുക്കൽ പോവുകയും മീഖായേൽ എന്ന് പേരുള്ള റമ്പാനെ (പിന്നീട് ചരിത്രം എഴുതിയ മീഖായൽ റാബോ എന്ന് പറയുന്ന പാത്രിയർക്കീസായി തീർന്നത്) വിളിക്കുകയും അദ്ദേഹം അതിന് വഴിപ്പെടാതിരിക്കുകയും ചെയ്തപ്പോൾ മോർ യാക്കോബിന്റെ ദയറായിലെ റിശ് ദയറൊയായ യോഹന്നാനെ വരുത്തുകയും അദ്ദേഹം പാത്രിയർക്കീസിനാൽ 1476ൽ മഫ്രിയാനായി വാഴിക്കപ്പെടുകയും നിനുവായ്ക്കും കൂടി ആയി പ്രഘോഷിക്കപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹം മോർ മത്തായി ദയറായിൽ വന്നപ്പോൾ നന്നായി സ്വീകരിക്കപ്പെട്ടതായും മൂസലിലും നിനുവയിലും പ്രഘോഷിക്കപ്പെടുകയും ചെയ്തു. തിഗ്രീസുകാരും ആശ്വാസത്തോടെ അല്ലെങ്കിലും അവരും അദ്ദേഹത്തെ പ്രഘോഷിച്ചു. ഇഗ്നാത്തിയോസ് മഫ്രിയാനാ മരിച്ചപ്പോൾ നിനുവാക്കാർ തിഗ്രീസിലേക്ക് ആളയച്ച് അവർക്കും തലവൻ എഴുന്നേൽക്കേണ്ടതിന് ശ്രമിക്കുവാൻ അവരോട് യോജിക്കണമെന്നറിയിച്ചു. നിനുവാക്കാർ എന്തു ചെയ്തു? ആദ്യം നിനുവാക്കാർ അതിൽ നിന്ന് വഴുതി മാറി. ഇഗ്നാത്തിയോസ് മഫ്രിയാനാ അവരുടെകൂടെ ഉണ്ടായിരുന്ന ആ കാലത്തുണ്ടായ ഉയർച്ചയെകണ്ടിട്ട് മഫ്രിയാനാ അവരുടെ അടുക്കൽ ഉണ്ടായിരിക്കണമെന്നവർ ആഗ്രഹിച്ചു. Ans. അവരും ബർത്തലേക്കാരും ഹുദയിദാക്കാരും സഹായക്കാരും കൂടി മർദ്ദീനിലെ യോഹന്നാന്റെ അടുക്കലേക്ക് പോവുകയും അദ്ദേഹത്തെയും കൂട്ടികൊണ്ട് മോർ ബർസൗമായുടെ ദയറായിൽ പാത്രിയർക്കീസിന്റെ അടുക്കലേക്ക് പോവുകയുമാണ് ഉണ്ടായത്. തിഗ്രീസുകാരിൽ ചിലരും ഉണ്ടായിരുന്നു. ഹാജരാക്കിയിട്ടുള്ള തർജ്ജമയിൽ പാത്രിയർക്കീസിനോട് മറുതലിക്കാനും ഭിന്നിപ്പുണ്ടാക്കാനും ശ്രമിച്ചു എന്ന് പറഞ്ഞിട്ടുള്ളത്. ExtB80 ലുള്ളതിന്റെ പദാനുപദ തർജ്ജമയാണോ?Q അതെ. Ans. അതായത് പാത്രിയർക്കീസയച്ച സ്ഥാനാധിപതികളെ അദ്ദേഹം സ്വീകരിക്കുകയാകട്ടെ ബഹുമാനിക്കുകയാകട്ടെ ചെയ്തില്ലെന്ന് മാത്രമല്ല യോഗ്യമല്ലാത്ത രീതിയിൽ അവരോട് മറുപടി പറയുകയും അവരെ അപമാനിതരായി അയക്കുകയും ചെയ്തു. ഇദ്ദേഹം (ചോറൂദുസോ അതായത്) തലവനോടുള്ള

എതിർപ്പും ഭിന്നതയും ഉണ്ടാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നു. പാത്രിയർക്കീസിനോട് എന്ന വാക്ക് പ്രത്യേക മൂലത്തിൽ ഇല്ല. ExtB80-96-ാം പേജിൽ ഇടതുവശത്തുള്ള കോളത്തിൽ 1-ാം വരിയിലാണ് ഇദ്ദേഹം തലവനോട് എതിർപ്പും ഭിന്നതയും ഉണ്ടാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നു എന്ന് പറഞ്ഞിട്ടുള്ളത്. ഈ മഫ്രിയാനായെ വാഴിച്ചു എന്ന് പറഞ്ഞ പാത്രിയർക്കീസിനുശേഷം പാത്രിയർക്കീസായതാരാണ്? ഈ മഫ്രിയാനാ അവസാനം പാത്രിയർക്കീസിനോട് ക്ഷമ ചോദിക്കുകയും ന്യായനുസരമുള്ള കീഴ്വഴക്കം എഴുതിവക്കുകയും പാത്രിയർക്കീസുമായി രമ്യതപ്പെടുകയും തന്റെ ഇടവക വിട്ട് പോയി വിശ്രമജീവിതം നയിക്കുവാൻ അനുവദിക്കണമെന്നപേക്ഷിക്കുകയും ചെയ്തിരുന്നു. ആ പാത്രിയർക്കീസിന്റെ ശേഷം (അത്തനാസ്യോസ് പാത്രിയർക്കീസിന്റെ മരണശേഷം) മോർ യൂഹാനോൻ മഫ്രിയാനാ തന്റെ ചില എപ്പിസ്കോപ്പന്മാരെയും കൂട്ടികൊണ്ടു മോർ ബർസൗമായുടെ ദയറായിലേക്ക് പോയി. 1478ൽ മോർ മീഖായേൽ പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പും വാഴ്ചയും നടന്നപ്പോൾ പാശ്ചാത്യരായ എപ്പിസ്കോപ്പന്മാർ ഈ മഫ്രിയാനായുടെ വിദ്യാഭ്യാസക്കുറവും വിജ്ഞാന സാധാരണത്തവും നിമിത്തമായി അദ്ദേഹത്തിന്റെ സ്ഥാനത്തിന് കടപ്പെട്ട ബഹുമതിയിൽനിന്ന് അദ്ദേഹത്തെ തടസം ചെയ്യുവാൻ അയോഗ്യമായി ആലോചന ചെയ്തു. അവർ വാഴ്ചയേല്ക്കുന്ന പാത്രിയർക്കീസിന്റെ മേൽ സൂനഹദോസിന്റെ തലവനാണ് കൈവയ്ക്കാൻ ഉള്ള അവകാശം എന്ന് പറഞ്ഞിരുന്നു. അപ്പോൾ ബസ്അറാബായിലെ തിമോത്തിയോസ് എപ്പിസ്കോപ്പാ വിജ്ഞാനിയും വിശുദ്ധനുമായിരുന്നതുകൊണ്ട് വൈരാഗ്യപ്പെടുകയും പാശ്ചാത്യ എപ്പിസ്കോപ്പന്മാരെ എതിർക്കുകയും അവരുടെ ആ ഗർവ്വത്തെ ശാസിക്കുകയും മഫ്രിയാനായെ കൊണ്ടുവരികയും അദ്ദേഹം കൈ ആവസിപ്പിച്ച് വയ്ക്കുകയും ചെയ്തു. Ans. stopped for lunch.

Witness sworn again and cross examination continued. ഈ മഫ്രിയാനായുടെ കാലത്ത് മത്തായി ദയറായിൽ ആക്രമണം എന്തെങ്കിലും ഉണ്ടായതായി പറയുന്നുണ്ടോ?Q ഉണ്ട്. കുർഢീഷ് മത്തായി ദയറായിൽ രാത്രിയിൽ മോഷണം നടത്താനും മറ്റും ശ്രമിക്കുകയും ദയറാക്കാർ സൂക്ഷ്മതയോടെ കടക്കുകയും ചെയ്തു. പിന്നീടും പല പ്രാവശ്യവും കുർഡുകൾ ആക്രമണം നടത്താൻ ശ്രമിച്ചിട്ടുണ്ട്. Ans. കുർഡുസ് എന്ന് പറയുന്നത് മുസ്ലീംസ് ആണൊ എന്ന് ശരിക്കറിഞ്ഞുകൂടാ. മോർ മിഖായൽ റാബോ പാത്രിയർക്കീസും മോർ യൂഹാനോൻ മഫ്രിയാനയുമായി ഭിന്നത ഉണ്ടായോ?Q യൗനായക്കാലം 1489ൽ മോർ മീഖായൽ പാത്രിയർക്കീസും തെഗ്രീസിലുള്ള മോർ യൂഹാനോൻ മഫ്രിയാനായും തമ്മിൽ തെഗ്രീസിലുള്ള ഹിഡ്സിനായക്കാരുടെ കാര്യം സംബന്ധിച്ച് വഴക്കുണ്ടായി. Ans. അതേപ്പറ്റി EB80 ൽ എന്തുപറയുന്നു എന്ന് വിശദമായി പറയണം? അവർ കുര്യാക്കോസ് പാത്രിയർക്കീസിന്റെ കാലം മുതൽ സ്വർഗ്ഗീയഅപ്പം എന്ന പദപ്രയോഗത്തെ കുറിച്ച് സഭയിൽനിന്നും ഭിന്നിച്ചുനില്ക്കുകയായിരുന്നു. അവർ ഇപ്പോൾ യോജിക്കുവാൻ ആഗ്രഹിച്ചു.

അവർ മഫ്രിയാനായെ വിട്ട് പാത്രിയർക്കീസിന്റെ അടുക്കൽ വരികയും അവർക്ക് എപ്പിസ്കോപ്പയെ വാഴിച്ചുകൊടുക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. പാത്രിയർക്കീസ് അവരെ സ്നേഹപൂർവ്വം സ്വീകരിച്ചു. അവരോട് കിഴക്കിന്റെ റീശ് എപ്പിസ്കോപ്പ മഫ്രിയാന ആകകൊണ്ട് അദ്ദേഹമാണ് വാഴിക്കേണ്ടത് എന്നും പറയുന്നു. അവിടെയുള്ള നിങ്ങളുടെ സഹോദരങ്ങളിൽ നിന്ന് നിങ്ങൾ ഭിന്നിക്കുന്നത് യുക്തമല്ല. എന്നാൽ അവരാകട്ടെ മാനുഷിക വികാരങ്ങളാൽ അതിന് സമ്മതിച്ചില്ല. അവിടുന്ന് തന്നെ എപ്പിസ്കോപ്പായെ വാഴിച്ചുതരണം പിന്നീട് ഞങ്ങൾ മഫ്രിയാനായുടെ കീഴ്‌വഴക്കത്തിൽ ഇരുന്നു കൊള്ളാം. ഇങ്ങനെ ഇത് നടക്കട്ടെ എന്നുള്ള ആ വ്യവസ്ഥയിന്മേൽ അദ്ദേഹം അവരെ തിരിച്ചയച്ചു. എപ്പിസ്കോപ്പായെ വാഴിച്ചുകൊടുത്തില്ല. എന്നാൽ മഫ്രിയാനാ ഹസസീനായക്കാർ തന്നെ അപമാനിച്ചു അവർ പാത്രിയർക്കീസിന്റെ അടുക്കലേക്ക് പോയതിൽ വളരെ വ്യാകുലപ്പെടുകയും ഹസസിനായക്കാരെയും അവരെ സ്വീകരിക്കുന്നവരെയും ശപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ എല്ലാ ഇടവകയിലും പ്രസംഗിക്കുവാൻ തുടങ്ങുകയും ചെയ്തു. പാത്രിയർക്കീസ് ഇത് കേട്ടപ്പോൾ വിരുദ്ധതപ്പെട്ടു അദ്ദേഹം ശ്രേഷ്ഠരായ രണ്ട് ദയറാക്കാരെ മഫ്രിയാനായുടെ അടുക്കലേക്കയക്കുകയും ഇങ്ങനെ നിങ്ങൾ ചെയ്യുന്നത് യുക്തമല്ല, എന്തെന്നാൽ പരിശുദ്ധ പിതാക്കന്മാരായ കുറിയാക്കോസും ദിവന്നാസ്യോസ് തൽമഹറോയും ഹസസിനായക്കാരെ യോജിപ്പിക്കുവാൻ വളരെ പണിപ്പെട്ടിട്ടും സാധിക്കാതിരിക്കെ ഇപ്പോൾ അവർ യോജിക്കുവാൻ ആഗ്രഹിക്കുന്ന ഈ സന്ദർഭത്തിൽ എന്തിന് അവരുടെ മുഖത്ത് വാതിലടക്കുന്നു എന്ന് ചോദിക്കുകയും ചെയ്തുകൊണ്ട് സ്നേഹപൂർവ്വം അദ്ദേഹത്തെ ഉപദേശിച്ചു. എന്നാൽ മഫ്രിയാനാ ആകട്ടെ കഠിന കണ്ഠമായിത്തന്നെ നിലകൊള്ളുകയും പാത്രിയർക്കീസയച്ചവരെ സ്വീകരിക്കുകയൊ ബഹുമാനിക്കുകയൊ ചെയ്യാതെ കൊള്ളാവുന്നതല്ലാത്ത രീതിയിൽ അവരോടു മറുപടി പറയുകയും അപമാനിതരായി അവരെ അയക്കുകയും മറുതലിപ്പിലും ഭിന്നതയിലും എപ്പോഴും ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അടുക്കൽനിന്നു ആ പ്രതിനിധികൾ പോയപ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തിയെക്കുറിച്ച് അദ്ദേഹത്തിന്റെ ഇടവകക്കാർ അദ്ദേഹത്തെ കുറ്റപ്പെടുത്തി. മഫ്രിയാനാ പശ്ചാത്തപിച്ചു. ബാക്കിഭാഗം EB80 (A) ൽ 15-ാം പേജിൽ 96-ാം പേജിന്റെ തർജ്ജമയായി ചേർത്തിട്ടുള്ളതിൽ ഉണ്ട്. Ans. സുനഹദോസിൽ മഫ്രിയാന പോയി മാപ്പിരന്ന് നിയമാനുസരണമുള്ള കീഴ്‌വഴക്കം ഏൽപ്പിച്ചു എന്ന് തർജ്ജമയിൽ പറയുന്നത് ശരിയാണ്. പാത്രിയർക്കീസിന് കീഴ്‌വഴക്കം എഴുതിവച്ചതായി EB80 ൽ കാണുന്നില്ലല്ലോ?Q നിയമാനുസരണമുള്ള കീഴ്‌വഴക്കം എഴുതിവച്ചതും മാപ്പിരന്നതും ഐക്യപ്പെട്ടതും സുന്നഹദോസിനല്ല പിന്നെയൊ ആരോട് അദ്ദേഹം എതിർത്തതിനെ പ്രതിയാണോ സുനഹദോസ് കൂടുവാൻ ഇടയായത് ആ പാത്രിയർക്കീസിനോടാണ്. Ans. പാത്രിയർക്കീസ് അദ്ദേഹത്തോട് രമ്യമായി എന്ന് തർജ്ജമയിൽ പറയുന്നത് ശരിയാണ്. അദ്ദേഹത്തോട്

എന്നത് മഫ്രിയാനായോട് ആണ്. മാപ്പിരന്നതും എഴുതിവച്ചതും പാത്രിയർക്കീസിനോടാണ് എന്നത് സാക്ഷി ഊഹിക്കുന്നതാണോ?Q പാത്രിയർക്കീസിനോട് എതിർത്തതാകകൊണ്ടും സുന്നഹദോസിന് കീഴ്‌വഴക്കം എഴുതിവക്കേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ടും മുമ്പുള്ള മഫ്രിയാനാമാർ പാത്രിയർക്കീസിന് കീഴ്‌പെട്ടവരായിരുന്നതുകൊണ്ടും പാത്രിയർക്കീസിനാണ് അദ്ദേഹം കിഴ്‌വഴക്കം എഴുതി വച്ചത് എന്നാണ് ഈ സന്ദർഭം കൊണ്ട് മനസ്സിലാകുന്നത്. Ans. അദ്ദേഹം ഇടവക വിട്ട് വിശ്രമിക്കുവാൻ EB80 ൽ പറയുന്നത് കാരണം എന്താണ്? കിഴക്ക് അദ്ദേഹത്തിന്റെ നിലപാട് ഞെരുക്കത്തിലാകകൊണ്ട് Ans. ഒഴിഞ്ഞു പോകാതിരിക്കാൻ പാത്രിയർക്കീസ് മഫ്രിയാനയെ നിർബന്ധിച്ചതായി EB80 ൽ പറയുന്നുണ്ടോ? പാത്രിയർക്കീസിനോട് അപേക്ഷിച്ചപ്പോൾ ഒഴിയരുതെന്ന് പാത്രിയർക്കീസ് വളരെ ഏറെ അപേക്ഷിച്ചെങ്കിലും അദ്ദേഹം സ്വമേധയാ ഒഴിഞ്ഞു മാറുകയും കുറെ കഴിഞ്ഞതിനുശേഷം പശ്ചാത്തപിച്ചു പാത്രിയർക്കീസിന്റെ അടുക്കൽ ചെല്ലുകയും അദ്ദേഹത്തിനോട് എഴുത്തുകൾ വാങ്ങിക്കൊണ്ട് നിനുവയിലേക്ക് തിരിച്ചുപോവുകയും ചെയ്തു. Ans. എന്തു സംഗതിക്കാണ് എഴുത്തുകൾ എന്ന് EB80 ൽ പറയുന്നില്ലല്ലോ? എന്തെഴുത്താണ് വാങ്ങിയതെന്ന് അതിൽ പറയുന്നില്ലങ്കിലും ഇദ്ദേഹം തെറ്റുചെയ്ത കാര്യവും അതേപ്രതി സുന്നഹദോസുകൂടിയ കാര്യവും അദ്ദേഹം കീഴ്‌വഴക്കം എഴുതിവച്ച കാര്യവും രാജിവക്കാനാഗ്രഹിച്ച കാര്യവും അവസാനം പശ്ചാത്തപിച്ച് പാത്രിയർക്കീസിന്റെ അടുക്കൽ ചെന്നകാര്യവും സംബന്ധിച്ചുള്ളവയായിരിക്കണം ആ എഴുത്തുകൾ Ans. അത് സാക്ഷിയുടെ അഭിപ്രായമാണോ?Q ഇന്ന കാര്യത്തിന് എഴുതുന്നു എന്ന് EB80 ൽ ഇല്ല. സന്ദർഭമനുസരിച്ച് ഇന്നതാകാനെ വഴിയുള്ളു എന്ന് പ്രതി പറഞ്ഞതാണ് Ans. യൂഹാനോൻ സൂനോയോദയ കുറിച്ച് ഇവിടെ ബോധിപ്പിച്ച എല്ലാ സംഗതികളും തർജ്ജമയിൽ ചേർത്തിട്ടില്ലാത്തതെന്താണ്Q ആവശ്യമുള്ളവയല്ലാതെ എല്ലാം ചേർത്തിട്ടില്ല. Ans. യൂഹാനോൻ സൂനോയുടെ മരണശേഷം ബർമസാക്ക് എന്നൊരാളെ മഫ്രിയാനായി വാഴിക്കുന്നതിന് തിരഞ്ഞെടുത്തോ?Q കുറെ എപ്പിസ്കോപ്പന്മാരും മറ്റും കൂടി ബർമസാഹ് എന്നൊരാളിനെ തെരഞ്ഞെടുത്തു. അവർക്ക് മഫ്രിയാനായി വാഴിച്ചുകിട്ടേണ്ടതിന് ശൽമൂസായും കൊടുത്തു പാത്രിയർക്കീസിന്റെ അടുത്തുകൊണ്ടുപോകണമെന്ന് നിശ്ചയിച്ചു Ans. അങ്ങനെ നിശ്ചയിച്ച എപ്പിസ്കോപ്പന്മാർ ആരാണ്?Q മോർ മത്തായി ദയറായിലെ റീശദയറായും ദയറാക്കാരും നിനുവക്കാരിൽ പ്രമാണികളും മൂസ്സിലിലുള്ള തിഗ്രീസുകാരും എപ്പിസ്കോപ്പന്മാരായ അസർബൈജാനിലെ ഉർമിയാ നഗരത്തിലെ ഹെന്തുവായക്കാരിൽ നിന്നുള്ള ഗബ്രിയേൽ ബർ യൂഹാനോൻ ഇഗ്നാത്തിയോസ് ബസ് അറാബെയിൽ നിന്നുള്ള വൊദ്മർക്കിയാ എന്ന യൂഹാനോനും മോർ മത്തായി ദയറായുടെ സ്ലീബാ എപ്പിസ്കോപ്പായും മുതലായവർ Ans. ഹെന്തുവായക്കാരെന്ന് പറഞ്ഞത് ഇൻഡ്യാക്കാരാണോ? അല്ല. Ans. പിന്നെ എന്താണ് അത്? ആ പ്രദേശങ്ങളിൽ ഹെന്തുവോദയാ എന്നൊരു സ്ഥലവും ആ സ്ഥലത്ത് ദയറായും ഉണ്ടെന്ന് EB80 ൽ തന്നെ പറയുന്ന ഭാഗം ഇപ്പോൾ

ചൂണ്ടിക്കാൻ സാദ്ധ്യമല്ലെങ്കിലും നാളെ ചൂണ്ടിക്കാണിച്ചുകൊള്ളാം. Ans. ബർമസാഹിനെ തിരഞ്ഞെടുത്തിട്ടെന്തായി? അപ്പോൾ കശീശാ ആയ ബർതൈബൂൻ ആബൂമൺസൂൺ എന്നയാൾ അയാളുമായിട്ടാലോചിച്ചല്ല അവരീശൽമൂസാ ഉണ്ടാക്കിയത് എന്നതുകൊണ്ടും മൂസലിലുള്ള തെഗ്രീസുകാരും അദ്ദേഹവും തമ്മിലുള്ള വിദ്വേഷംകൊണ്ടും മോർ മത്തായി ദയറായിൽനിന്ന് യാക്കോബ് എന്നു പേരുള്ള ഒരു ദയറാക്കാരനെയും ശമ്ദാഹ എന്നു പേരുള്ള മറ്റൊരു ഹൂദയിദാക്കാരനെയും കൂടിപിടിച്ചു അവർ മൂന്നുപേരും കൂടി പാത്രിയർക്കീസിന് ഇങ്ങനെ എഴുതി അയച്ചു. അതായത് ബർണസാഹ് എന്ന് പറഞ്ഞ് മറുതലിപ്പുകാരനായ ഒരു ദയറാക്കാരൻ ഇവിടെ ഉണ്ട്. അയാളുടെ സംഘവും സംഘടിപ്പിച്ചുകൊണ്ട് അങ്ങയുടെ അടുക്കലേക്ക് വരുവാനും മഫ്രിയാനായി വാഴിക്കപ്പെടേണ്ടതിന് നാട്ടുകാരുടെ ശൽമൂസാ കൊണ്ടുവരുന്നുണ്ടെന്നും അങ്ങയുടെ സഹോദരപുത്രനായ യാക്കോബ് റമ്പാൻ കൃപയുള്ളവനും പണ്ഡിതനും ആണെന്ന് ഞങ്ങൾ കേട്ടിട്ടുള്ളതുകൊണ്ട് കിഴക്കിന്റെ റീശ് എപ്പിസ്കോപ്പാ ആകാൻ അദ്ദേഹമാണ് കൊള്ളാവുന്നത്. ആകയാൽ എത്രയും വേഗം അദ്ദേഹത്തെ വാഴിച്ചുതരണം. അങ്ങനെയുള്ളവരുടെ ഇക്കാര്യം മാഞ്ഞുപോകാൻ ഇടയാകേണ്ട എന്നുറച്ചു. ഇവരുടെ എഴുത്തു കിട്ടിയപ്പോൾ പാത്രിയർക്കീസ് സഹോദരനെ തന്നെ പെട്ടെന്നു മഫ്രിയാനായി വാഴിച്ചോ? വാഴിച്ചു. Ans. കിഴക്കിന്റെ എപ്പിസ്കോപ്പന്മാർ ബർമസാഹിനെതന്നെ എപ്പിസ്കോപ്പാ ആയി വാഴിച്ചോ? ബർമസാഹിനെ അവർ മഫ്രിയാനായി വാഴിച്ചു. മുമ്പുപറഞ്ഞ എപ്പിസ്കോപ്പന്മാർ വാഴിച്ചു എങ്കിലും മഫ്രിയാനാമാരുടെ ലിസ്റ്റിൽ ബാർ എബ്രായ അദ്ദേഹത്തെ ഉൾപ്പെടുത്താതെ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ഗ്രീഗോറിയോസ് യാക്കുബ് മഫ്രിയാനാ ആണ് യൂഹാനോൻ സുഗോക്കുശേഷം എഴുതിയിരിക്കുന്നത്. Ans. ബാർ എബ്രായ പ്രത്യേകമായി മഫ്രിയാനാമാരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ? EB80 ൽ എഴുതിയിരിക്കുന്നതാണ് പറഞ്ഞത്. യൂഹാനോൻ സൂഗോയ്ക്കുശേഷം പാത്രിയർക്കീസ് വാഴിച്ച ഗ്രീഗോറിയോസ് യാക്കോബിന്റെ പേരും അദ്ദേഹത്തിനുശേഷം ഇഗ്നാത്തിയോസ് ദാവീദിന്റെ പേരുമാണ് ചരിത്രത്തിൽ കൊടുത്തിട്ടുള്ളത്. EB80 ൽ അല്ലാത്ത ചരിത്രം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. Ans. ഗ്രീഗോറിയോസ് യാക്കോബിന് മഫ്രിയാനായി ഭരിക്കാൻ സാധിച്ചോ? ബർമസാഹ് കൂട്ടരുടെ ഉപദ്രവം നിമിത്തം വളരെ ഏറെ ദുരിതങ്ങൾ അദ്ദേഹം അനുഭവിക്കേണ്ടവന്നെങ്കിലും അദ്ദേഹം മരിക്കുന്നതുവരെയും മഫ്രിയാനായിട്ട് ഭരിക്കുകയും മോർ മത്തായി ദയറായിൽ കബറടക്കപ്പെടുകയും ചെയ്തിട്ടുണ്ട്. Ans. കിഴക്ക് ഭിന്നതകളുണ്ടായിട്ട് ഗ്രീഗോറിയോസ് യാക്കോബ് എളയച്ചനായ പാത്രിയർക്കീസിന്റെ അടുത്തുപോയോ?Q കാണാൻ പോയിരുന്നു. Ans. ഭിന്നതകൾ കാരണം പോയതാണോ?Q ഭിന്നതകൾ ഉണ്ടായതായി പോയി എന്ന് പറയുന്നതിനുമുമ്പായി പറയുന്നുണ്ട്. അതാണ് പോകാൻ കാരണം എന്ന് പറയുന്നില്ല. Ans. പാത്രിയർക്കീസിന്റെ അടുത്തുപോയിരുന്ന അവസരത്തിൽ മിഖായേൽ പാത്രിയർക്കീസ് മരിച്ചോ?Q

പോയിരുന്നപ്പോഴാണൊ എന്ന് EB80 കൊണ്ട് അറിയുന്നില്ല. അദ്ദേഹം മരിച്ച വിവരം പറയുന്നുണ്ട്. അദ്ദേഹം മരിച്ചശേഷം ഗ്രിഗോറിയോസ് യാക്കൂബ് മഫ്രിയാനാ എന്തെങ്കിലും ചെയ്തോ?Q മീഖായൽ പാത്രിയർക്കീസ് മരിച്ച തിന്റെശേഷം തന്റെ സഹോദരനായ യേശു എന്ന ആളിനെ കൈക്കൂലി കൊടുത്തു നിർബന്ധമായി എഴുന്നേല്പിക്കുവാൻ ആഗ്രഹിച്ചു. അങ്ങനെ വാഴിച്ചോ? അങ്ങനെ പാത്രിയർക്കീസായി വാഴിച്ചതായി EB80 ൽ പറയുന്നില്ല. Ans.EB80 ൽ നിന്ന് ആ ഭാഗം തർജ്ജമ ചെയ്യാമോ?Q വൃദ്ധനായ പാത്രി യർക്കീസ് മരിച്ചപ്പോൾ ബർമസാഹ് ജീവിച്ചിരുന്നു. അദ്ദേഹം തന്റെ സഹോ ദരനായ യേശു എന്ന ആളെ സ്വർണ്ണം മൂലം നിർബന്ധമായി എഴുന്നേല്പി ക്കുവാൻ ആഗ്രഹിച്ചു. അദ്ദേഹത്തെ ഇങ്ങനെ എഴുന്നേല്പിച്ചതിന്റെ ശേഷം ഇദ്ദേഹത്തിന് ആശ്വാസം ഉണ്ടായില്ല. witness adds. അത് പാത്രിയർക്കീസാ യിട്ട് എഴുന്നേല്പിച്ചു എന്ന് EB80 ൽ പറയുന്നില്ല. അദ്ദേഹത്തെ എഴുന്നേ ല്പിച്ചു എന്നേ പറഞ്ഞിട്ടുള്ളൂ. counsel continues. ഇപ്പോൾ തർജ്ജമ ചെയ്ത ഭാഗത്തിനു തൊട്ടുമുമ്പ് തന്റെ ശത്രുവിന്റെ മരണത്തിൽ ഗ്രീഗോറിയോസിന് കഷ്ടപ്പാടുകളിൽനിന്നും പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ കഴിയു ന്നതിനുമുമ്പായി അധികവും കഠിനവും തിന്മപ്പെട്ടതുമായ വേറൊരു പരീക്ഷ ഉണ്ടായി എന്ന് EB80 ൽ ഉണ്ട്. ആ പരീക്ഷയെ പറ്റിയാണോ അവിടെ പറയു ന്നത്?Q സന്ദർഭംകൊണ്ട് അങ്ങനെയാണ്. Ans. സ്വർണ്ണം കൊടുത്ത് സഹോ ദരനെ എഴുന്നേൽപ്പിക്കുവാൻ ആഗ്രഹിച്ചതാണോ പരീക്ഷയായി പറയുന്നത്?Q അതെ. Ans. എന്തായിട്ട് എഴുന്നേൽപിക്കുവാൻ ആഗ്രഹിച്ചു എന്ന് സന്ദർഭം കൊണ്ടു പറയുവാൻ സാക്ഷിക്കു സാധിക്കുമോ? ആ സന്ദർഭം കൊണ്ട് ഒന്നും മനസ്സിലാകുന്നില്ല. Ans. യൂഹാനോനുശേഷം ഗ്രിഗോറിയോസ് യാക്കൂബ് എന്ന ഭാഗത്ത് തർജ്ജമയിൽ പാത്രിയർക്കീസ് വാഴിച്ചു എന്നു മാത്രമെ തർജ്ജ മയിൽ എഴുതിയിട്ടുള്ളൂ. Stopped for the day.

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ<br>Sd/-

First Addl. District and sessions Court, ERNAKULAM

Taken down by me in open court read over to the witness and admitted by him to be correct.

Sd/-<br>Judge

18-9-78

19-9-78 Witness sworn again and cross examination continued.

ഗ്രീഗോറിയോസ് യാക്കോബിനുശേഷം മഫ്രിയാന ആയത് ആരാണ്? യൂഹാ നോൻ പാത്രിയർക്കീസ് തന്റെ ശിഷ്യനായ ദാവീദ് റമ്പാനെ മഫ്രിയാനായി വാഴിച്ചു. Ans. യൂഹാനോനു മുമ്പുള്ള പാത്രിയർക്കീസിന്റെ പേര് അവിടെ കാണുന്നില്ല. ഗ്രിഗോറിയോസ് മഫ്രിയാനായും അദ്ദേഹത്തിന്റെ സഹോദരൻ

മിഖായേൽ ഊറോയും മരിച്ചശേഷം യുഹാനോൻ പാത്രിയർക്കീസായി എന്നാണ് EB80 ൽ പറയുന്നത്. ഗ്രീഗോറിയോസിന്റെ സഹോദരൻ യേശു എന്നു പറയുന്ന ആളാണോ ഈ പറഞ്ഞ മീഖായേൽ ഊറോ എന്നയാൾ?Q അല്ലെന്നാണ് തോന്നുന്നത്. യേശു ആയിരുന്നെങ്കിൽ മീഖായേൽ എന്ന് പേര് വരില്ലായിരുന്നു. Ans. പാത്രിയർക്കീസായപ്പോൾ കൊടുത്ത പേരാണോ മീഖായേൽ എന്നത്?Q പാത്രിയർക്കീസ് മറ്റുള്ളവർക്ക് പേര് വിളിക്കുമെന്നല്ലാതെ മറ്റുള്ളവർ പാത്രിയർക്കീസിന് മറ്റ് പേര് കൊടുക്കാറില്ല. Ans. പാത്രിയർക്കീസായി വാഴിക്കുമ്പോൾ പുതിയ പേര് കൊടുക്കുക പതിവുണ്ടോ?Q ഞാൻ കണ്ടിട്ടില്ല. അങ്ങനെ ഒരിടത്തും വായിച്ചിട്ടില്ല. Ans.EB80 കൊണ്ട് അങ്ങനെ പുതിയ പേര് കൊടുത്തിട്ടുള്ളതായി കാണുമോ?Q *എക്ലീഷ്യാസ്റ്റിക്കിയുടെ* ഈ ഭാഗം കൊണ്ട് കാണാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. Ans. ഒന്നാം ഭാഗം കൊണ്ടു കാണുമോ?Q ഓർമ്മയില്ല. Ans. ഇഗ്നാത്തിയോസ് ദാവീദ് പാത്രിയർക്കീസിന്റെ ശിഷ്യനായിരുന്നു എന്ന് EB80 ൽ പറയുന്നുണ്ടോ?Q ബർസൗമാ റമ്പാന്റെ ശിഷ്യൻ എന്നാണ് പറഞ്ഞിരിക്കുന്നത്. Ans. ആരാണ് അദ്ദേഹത്തെ വാഴിച്ചത് എന്ന് പറയുന്നുണ്ട്. "യൂഹാനോൻ പാത്രിയർക്കീസിന് പാത്രിയർക്കാസ്ഥാനം ക്രമപ്പെട്ടപ്പോൾ ബർസൗമ റമ്പാന്റെ ശിഷ്യനായ ദാവീദ് റമ്പാനെ കിഴക്കിന് മഫ്രിയാനയായി അദ്ദേഹം വാഴിച്ചു" എന്ന് EB80 ൽ പറയുന്നുണ്ട്. അദ്ദേഹത്തെ ആരു വാഴിച്ചു എന്ന് EB80 ൽ പറയുന്നില്ലെന്ന് പറഞ്ഞാൽ അത് തെറ്റാണ്. സാക്ഷി ഹാജരാക്കിയിരിക്കുന്ന തർജ്ജമയിൽ ആരു വാഴിച്ചു എന്ന് പറയുന്നുണ്ടോ?Q ഇല്ല. ഇന്നാർക്ക്ശേഷം ഇന്നാർ എന്ന് പേര് മാത്രമെ അദ്ദേഹത്തെ സംബന്ധിച്ച് തർജ്ജമയിൽ കൊടുത്തിട്ടുള്ളൂ. Ans. എല്ലാവരുടെയും ഇന്നാരു വാഴിച്ചു എന്ന് തർജ്ജമയിൽ എഴുതിയിട്ടില്ലേ?Q എല്ലാവരുടെയും എഴുതിയിട്ടുണ്ടായിരിക്കാം. എന്നാൽ EB80 ന്റെ നൂറാമത്തെ പേജ് വലതുകോളം അവസാനത്തെ വരിയും ഇടതുകോളം അവസാനത്തെ വരിയും ഇടതുകോളം ആദ്യത്തെ വരിയും സുറിയാനി അറിയാവുന്ന ആര് വായിച്ചാലും പാത്രിയർക്കീസാണ് അദ്ദേഹം വാഴിച്ചത് എന്നുള്ളത് കാണും. Ans. ആ മഫ്രിയാനായെ തടവിലാക്കിയോ?Q അദ്ദേഹം തിഗ്രീസിലേക്ക് ചെന്നപ്പോൾ തിഗ്രീസുകാർ അദ്ദേഹത്തെ വലിയ ആഘോഷത്തോടെ സ്വീകരിച്ചു എങ്കിലും അവിടെയുള്ള മുസ്ലീമുകളുടെ പരിശ്രമഫലമായി അദ്ദേഹം തടവിലാക്കപ്പെട്ടിട്ടുണ്ട്. Ans. തടവിൽനിന്ന് മോചിതനായശേഷം എന്തു സംഭവിച്ചു?Q അതിനുശേഷം അദ്ദേഹം നിനുവായിലേക്ക് വരികയും കുറെനാൾ അവിടെ പാർക്കുകയും ബത്ത്ലേക്കാരനായ ഒരു പ്രമാണി ആയ ശെമ്മൊനാൽ ഉപദ്രവിക്കപ്പെടുകയും അവിടെനിന്ന് അദ്ദേഹം രഹസ്യമായി മറ്റൊരു സ്ഥലത്തേക്ക് അവസാനം മാർബർസോമോയുടെ ദയറായിലേക്കും പോയി. Ans. അവിടെ ചെന്നിട്ട് പാത്രിയർക്കീസിനെ കാണാൻ കഴിഞ്ഞില്ല. പാത്രിയർക്കീസ് അന്യസ്ഥലത്തായിരുന്നു. അവിടേക്ക് മഫ്രിയാനാ പോയി. പാത്രിയർക്കീസ് തന്നെ സ്വീകരിക്കുവാനായി ഇറങ്ങിവരും എന്ന് പ്രതീക്ഷിച്ചുകൊണ്ട് കുറെ സമയം അവിടെ കാത്തിരുന്നെങ്കിലും പാത്രിയർക്കീസ്

വരായ്കയാൽ ഇദ്ദേഹം കോപിച്ച് തിരികെ പോകാൻ ആഗ്രഹിക്കുകയും ചെയ്തെങ്കിലും പാത്രിയർക്കീസ് ഗ്രാമത്തിലേക്ക് വന്ന് അദ്ദേഹത്തെ സ്വീകരിക്കുക യുക്തമല്ലല്ലോ താമസസ്ഥലത്ത് ചെല്ലുമ്പോൾ സ്വീകരിച്ചുകൊള്ളുമെന്ന് അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നവർ പറഞ്ഞതനുസരിച്ച് അദ്ദേഹം ദയറായുടെ മുറികൾക്കടുത്തുവരെ ചെന്നിട്ട് പാത്രിയർക്കീസിനെ കാണായ്കയാൽ അദ്ദേഹം കോപിച്ച് ദയറായിൽ കേറാതെ മറ്റൊരു ഗ്രാമത്തിൽ പോയി താമസിച്ചു. മഫ്രിയാനാ വിരുദ്ധപ്പെട്ടുപോയി എന്ന് പാത്രിയർക്കീസ് കേട്ടപ്പോൾ അദ്ദേഹവും ശിഷ്യന്മാരും കൂടി മഫ്രിയാനായുടെ അടുത്തേക്ക് വരികയും മഫ്രിയാനാ വിവരം അറിഞ്ഞ് പാത്രിയർക്കീസിനെ കാണുവാനായി ഇറങ്ങിവരുകയും ചെയ്തു. പാത്രിയർക്കീസ് മഫ്രിയാനായെയും അദ്ദേഹത്തോടുകൂടെ ഉള്ളവരെയും വാഹനമേറ്റി പാത്രിയർക്കീസ് താമസിച്ചിരുന്ന മ്ദീക് ദയറായിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഇവാനിയോസ് മെത്രാപ്പോലിത്താ എവിടുത്തെ മെത്രാപ്പോലീത്ത ആയിരുന്നു?Q അദ്ദേഹം മിലിത്തീനി ഇടവകയുടെ മെത്രാപ്പോലീത്ത ആയിരുന്നു. അവിടുത്തെ ഭരണാധിപൻ ചിലരുടെ ഏഷണി നിമിത്തം അദ്ദേഹത്തെ അവിടുന്ന് പുറത്താക്കിയിരിക്കയായിരുന്നു. Ans. അദ്ദേഹം എന്തു ചെയ്തിരുന്നു? പുറത്താക്കിയപ്പോൾ ഒരു ദയറായിൽ പോയിരുന്നു. Ans. അദ്ദേഹത്തിന് പാത്രിയർക്കീസ് ക്ലീസോറാ പട്ടണത്തിൽ നിന്ന് പത്ത് ഗ്രാമങ്ങൾ വിട്ടുകൊടുത്തു. ഹാജരാക്കിയിട്ടുള്ള തർജ്ജമയിൽ ഗ്രീഗോറിയോസ് യാക്കോബിനുശേഷം ഇഗ്നാത്തിയോസ് ദാവീദ് എന്നുള്ള ഹെഡിംഗിന് താഴെ മുൻപറഞ്ഞ ഇവാനിയോസിനെപ്പറ്റി യാതൊന്നും പറയാതെ?Q ക്ലീസോറാ ഇടവകയിൽ നിന്ന് പത്ത് ഗ്രാമങ്ങൾ വിട്ടുകൊടുത്തു എന്നാണ് എഴുതിയിട്ടുള്ളത്. ടി തർജ്ജമ നോക്കിയാൽ പാത്രിയർക്കീസ് മഫ്രിയാനായ്ക്ക് പത്ത് ഗ്രാമങ്ങൾ വിട്ടുകൊടുത്തു എന്നല്ലേ തോന്നുക? അതുമാത്രം നോക്കിയാൽ അങ്ങനെയെ തോന്നുകയുള്ളൂ. എന്നാൽ ആ വാചകം പ്രത്യക്ഷരം അവിടെ ഉണ്ടെങ്കിലും പെട്ടെന്നുള്ള നോട്ടത്തിൽ വന്നുപോയ ഒരു പിശകാണ്. അത് ഈ പിശക് എന്ന് മനസ്സിലായി?Q അല്പം മുമ്പ് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ഇവിടെ ഹാജരാക്കിയ തർജ്ജമ കാണിച്ചപ്പോൾ അത് കാണുകയും ഇപ്പോൾ ഇവിടെ വായിച്ചപ്പോൾ (EB.80) മൊർ ഇവാനിയോസിനാണ് കൊടുത്തത് എന്നുള്ളത് കാണുകയും ചെയ്തപ്പോഴാണ്. ഇത് സംബന്ധിച്ച് ഒരു കാര്യം ബോധിപ്പിക്കാനുണ്ട് എന്ന് പറഞ്ഞതും Ans. വായിച്ചു നോക്കിയാണ് തർജ്ജമ ചെയ്തത്. *എക്ലീഷ്യാസ്റ്റിക്കിയെ* സംബന്ധിച്ച് PW8 നെ എതിർവിസ്താരം ചെയ്യാനുള്ള അറിവ് പ്രതിഭാഗം വക്കിലിന് സാക്ഷി കൊടുത്തിരുന്നോ? അദ്ദേഹത്തെ വിസ്തരിക്കുന്നതിന് ആവശ്യമായ തെളിവ് കൊടുക്കാനുള്ള പ്രാപ്തി എനിക്കില്ല. *എക്ലീഷ്യാസ്റ്റിക്കിയിലെ* ഈ ഭാഗങ്ങൾ അക്കാലത്ത് തർജ്ജമ ചെയ്ത് കൊടുത്തിട്ടുണ്ട്. അതല്ലാതെ ഒന്നും ചെയ്തിട്ടില്ല. Ans. കിഴക്കുനിന്നും പടിഞ്ഞാറേക്ക് മഫ്രിയാനാ തിരിച്ചുപോയോ?Q പെട്ടെന്ന് തിരിച്ചുപോയില്ല. പാത്രിയർക്കീസ് മഫ്രിയാനായോട് കിഴക്കോട്ട് തിരികെ പോകാൻ ഉദ്ദേശ്യമില്ലെങ്കിൽ മിലിത്തീനി

(മോർ ഇവാനിയോസിന്റെ ഇടവക) സ്വീകരിച്ച് അവിടെപോയി ഇരിക്കാം (ആ ഇടവക ഭരിക്കാം). എന്തെന്നാൽ പടിഞ്ഞാറുള്ള എല്ലാം സിംഹാസനങ്ങളിലും വച്ച് അതിന്റെ സിംഹാസനംപോലെ മറ്റൊന്നില്ല എന്ന് പറഞ്ഞു. ഇതനുസരിച്ച് മഫ്രിയാനാ മിലിത്തീനി ഇടവക മോർ യൂഹാനോൻ പാത്രിയർക്കീസ് മരിക്കുന്നതുവരെ 2 വർഷക്കാലം ഭരിച്ചുകൊണ്ടിരുന്നു. ഈ മഫ്രിയാനാ യൗനായ വർഷം 1533ൽ മുൻപറഞ്ഞ യൂഹാനോൻ പാത്രിയർക്കീസിന്റെ സ്ഥാനത്ത് പാത്രിയർക്കീസായി വാഴിക്കപ്പെടുകയും ചെയ്തു. Ans. മിലിത്തീനിലെ സിംഹാസനമെന്ന് പറയുന്നത് മിലിത്തീനിലെ മെത്രാപ്പൊലീത്തയുടെ സിംഹാസനമല്ലേ?Q മെത്രാപ്പോലീത്തയുടെ സിംഹാസനം എന്നാൽ മെത്രാപ്പോലീത്തയുടെ ആസ്ഥാനം എന്ന് പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ആസ്ഥാനസിംഹാസനം എന്ന് പറയുന്നു. Ans. മുൻപറഞ്ഞ മഫ്രിയാനയാണ് പാത്രിയർക്കീസ് ആക്കപ്പെട്ട ഒന്നാമത്തെ ആള്. പാത്രിയർക്കീസായ ഉടനെ തന്നെ വിഷമിപ്പിച്ച് ഓടിച്ച ശെമവോനെ ശപിച്ചു എന്ന് EB80ൽ ഉണ്ട്. അടുത്ത മഫ്രിയാനാ ദിവന്നാസ്യോസ് സ്ലീബാ ആയിരുന്നു. അദ്ദേഹത്തെക്കുറിച്ച് പാത്രിയർക്കീസ് കിഴക്കരോട് അവർക്കിഷ്ടമെങ്കിൽ അവർക്കായി അദ്ദേഹത്തെ വാഴിച്ചയച്ചു കൊടുക്കാമെന്നാളയച്ച് അറിയിക്കുകയും അക്കാര്യത്താൽ കിഴക്ക് ഇഷ്ടപ്പെടുകയും ചെയ്തു. അതനുസരിച്ചാണോ വാഴിച്ചത്?Q അതനുസരിച്ച് പാത്രിയർക്കീസ് തന്റെ അടുക്കലേക്കദ്ദേഹത്തെ വിളിക്കുകയും വാഴിച്ച് കിഴക്കോട്ടയക്കുകയും എല്ലാവരാലും നന്നായി സ്വീകരിക്കപ്പെടുകയും ചെയ്തു. Ans. അദ്ദേഹം 8 കൊല്ലം നിനവേയിൽ താമസിച്ചു. ദാരിദ്ര്യത്തിൽ താമസിച്ചു എന്ന് പറയുന്നുണ്ടോ?Q ചഞ്ചലമായ അതായത് മനസ്സിന് സമാധാനമില്ലാത്ത എന്ന് പറയുന്നു. Ans.EB80 ൽ പിന്നീടുള്ള ഭാഗം തർജ്ജമ ചെയ്യുക? ആ വർഷങ്ങളിലെല്ലാം കിഴക്ക് ക്ഷാമവും കിഴക്ക് എല്ലായിടത്തും ധാന്യങ്ങളുടെ കുറവും ഉണ്ടായിരുന്നു. ഇതിലദ്ദേഹം പിറുപിറുത്തില്ല. എന്നാൽ സ്വയം വലിയവനാണെന്ന് ഭാവിക്കുകയും പാത്രിയർക്കീസിനോട് തുല്യനാണെന്ന് തന്നെ കാണുകയും ചെയ്തിരുന്നു. Ans. പിറുപിറുത്തു എന്നത് കഴിഞ്ഞുള്ള ഭാഗം എന്നാലൊ തന്നെത്താൻ ശ്രേഷ്ഠതപ്പെട്ടു എന്ന് തർജ്ജമ ചെയ്യാമോ?Q സ്വയം വലിയവനായിത്തീർന്നു എന്ന് തർജ്ജമ ചെയ്യാം. Ans. അതിനുശേഷമുള്ള ഭാഗം സമബുദ്ധിയോടെ പാത്രിയർക്കീസിനെ കണ്ടു എന്ന് തർജ്ജമ ചെയ്യാമോ?Q അങ്ങനെ തർജ്ജമ ചെയ്യാൻ പാടില്ല. ആ തർജ്ജമയ്ക്ക് ഒരർത്ഥവുമില്ല. അതിന് പുറമെ അദ്ദേഹത്തെ പാത്രിയർക്കീസ് ശാസിച്ചു എന്നും അതിന്റെ ചുവടെ കാണുന്നു. ആ ഭാഗം തർജ്ജമ ചെയ്യൂ? വ്യംഗ്യമായി പാത്രിയർക്കീസ് അദ്ദേഹത്തെ ശാസിച്ചപ്പോൾ അദ്ദേഹം തന്റെ സ്ഥലത്തേക്ക് എന്റെ ആളുകളെ കാണാൻ എന്നവണ്ണം പോയി. Ans. വ്യംഗമായി ശാസിച്ചു എന്നാൽ എന്താണ്? പെട്ടെന്ന് നടപടി ഒന്നും എടുക്കാതെ അദ്ദേഹത്തിന്റെ അബദ്ധ നിലപാടിനെക്കുറിച്ച് സൗമ്യമായ രീതിയിൽ ശാസിച്ചെന്നും വിചാരിക്കാം. Ans. അദ്ദേഹം മരിക്കുന്നതുവരെ മഫ്രിയാനായിരുന്നു. അദ്ദേഹം മരിക്കുന്നതിനുമുമ്പ് ഒരു ദയറായിൽ പോയി തന്റെ സഹോദരി ഒത്ത് താമസിച്ചു എന്നും

പിന്നീട് തൂർഅബ്ദീനിലേക്ക് പോയെന്നും അവിടെവച്ച് കുർഡുകാരുമായി കലഹം ഉണ്ടാവുകയും അദ്ദേഹം ശക്തനായിരുന്നതുകൊണ്ട് കുതിരപ്പുറത്ത് കുന്തവുമായി അവരോട് പടവെട്ടാൻ പോയെന്നും ഒരമ്പുകൊണ്ട് അദ്ദേഹം മരിച്ചുപോയെന്നും കിഴക്കുള്ളവരും പടിഞ്ഞാറുള്ളവരും അദ്ദേഹത്തെക്കുറിച്ച് സങ്കടപ്പെട്ടു എന്നുമാണ് പറയുന്നത്. Ans. ഇപ്പോൾ പറഞ്ഞ എല്ലാ ഭാഗങ്ങളും തർജ്ജമയിൽ ചേർത്തിട്ടില്ല. എല്ലാ ചരിത്രവും അതിൽ ചേർത്തിട്ടില്ല. അടുത്ത മഫ്രിയാൻ മോർ യൂഹാനോൻ ബർമാദാനി. ബർമദാനിയെപറ്റി EB80 ൽ പറയുന്ന ആദ്യത്തെ വാചകം തർജ്ജമ ചെയ്താലും? ക്ഫർസൽ തോമായോ കൊല്ലപ്പെട്ടപ്പോൾ മൂസൽകാരും നിനുവക്കാരും മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ അടുക്കലേക്ക് ആളയക്കുകയും അദ്ദേഹം അവർക്കൊരു മഫ്രിയാനായെ വാഴിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. Ans. പാത്രിയർക്കീസ് തന്നെ തന്റെ സെക്രട്ടറിയായ (അരമന സൂക്ഷിപ്പുകാരൻ) ശ്ലേമോൻ റമ്പാൻ വാഴ്ച ഏല്ക്കണമെന്ന് വളരെ ഏറെ അദ്ദേഹത്തെ നിർബന്ധിച്ചു. എങ്കിലും അദ്ദേഹം സമ്മതിച്ചില്ല. പിന്നെയൊ മർദ്ദീന് പുതുതായി മെത്രാനായി വാഴിക്കപ്പെട്ട യൂഹാനോൻ അഹറോൻ, മോർ ആദായിയാണ് കിഴക്കിലേക്ക് കൊള്ളാവുന്നവൻ എന്നദ്ദേഹം പറയുകയും പാത്രിയർക്കീസ് ആളയച്ച് അദ്ദേഹത്തെ തന്റെ അടുക്കൽ വളരുകയും യൗനായ വർഷം 1543ൽ തിഗ്രീസിനും പൗരസ്ത്യം മുഴുവനും കാതോലിക്കാ ആയി അദ്ദേഹത്തെ പ്രഘോഷിക്കുകയും ചെയ്തു. വാഴ്ച ഏറ്റശേഷം എന്തു ചെയ്തു? മൂസലിലേക്കും നിനുവെക്കും അദ്ദേഹം വന്നപ്പോൾ അവിടെയുള്ള വിശ്വാസികൾക്ക് ഇദ്ദേഹത്തോട് വലിയ സന്തോഷം തോന്നിയില്ല. കാരണം ഇദ്ദേഹം ഇദ്ദേഹത്തിന്റെ മുൻഗാമിയെപ്പോലെ പരിപൂർണ്ണമായ നിലപാടില്ലാത്തവനും പള്ളിയിലെത്തിയപ്പോൾ പ്രസംഗരീത്യാ ഒന്നും പറവാൻ കഴിവില്ലാത്തവനും ആയിരുന്നതുകൊണ്ടാണ്. Ans. അദ്ദേഹം പിന്നെ എന്തു ചെയ്തു?Q അദ്ദേഹം 5 വർഷത്തോളം നിനുവെയിൽ താമസിക്കുകയും പിന്നീട് അവിടം വിട്ട് 1548ൽ ബാഗ്ദാദിലേക്ക് പോവുകയുംചെയ്തു. Ans. ഇങ്ങനെ ബാഗ്ദാദിൽ താമസിച്ചു കൊണ്ടിരിക്കുമ്പോൾ നിനുവെക്കാർക്ക് ഇദ്ദേഹത്തോട് അവർ വർത്തിച്ച രീതിയെക്കുറിച്ച് മനഃപ്രയാസം തോന്നുകയും അവരുടെ അടുക്കലേക്ക് അദ്ദേഹം തിരിച്ചുചെല്ലണമെന്നാവശ്യപ്പെടുകയും ചെയ്തു. മൂസലിലെ ഒരധികാരിയുടെ ഒരു എഴുത്തും കൊടുത്തു. Ans. നിനുവെയിൽ വന്നശേഷം എന്തുണ്ടായി?Q അന്ത്യോക്യായിൽ പാത്രിയർക്കീസിന്റെ അടുക്കലേക്ക് അദ്ദേഹം പോയശേഷം അവിടെനിന്നും അദ്ദേഹം മൂസലിലേക്ക് മർദീനിലേക്ക് കടക്കാതെ തന്നെ വരികയും ബദാർ അൻദീൻ എന്ന ഭരണാധികാരിയാൽ നന്നായി സ്വീകരിക്കപ്പെടുകയും നിനുവക്കാർ കൂടുതലായി അദ്ദേഹത്തെ സ്നേഹിക്കുകയും ചെയ്തു. അദ്ദേഹം 20 വർഷം മഫ്രിയാനാ ആയി ഇരിക്കുമ്പോൾ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മരിക്കുകയും അംഗോർ എഴുന്നേൽക്കുകയും ചെയ്തു. ഈ-ബാർമദാനിയും സുറിയായിലേക്ക് പോവുകയും 1564ൽ അംഗോറിനെതിരായി ഇദ്ദേഹവും പാത്രിയർക്കീസായി

എഴുന്നേൽക്കുകയും ചെയ്തു. അങ്ങനെ സഭയിൽ വലിയ ഭിന്നത ഉണ്ടായി. Ans. അതിനുശേഷമുള്ള ഭാഗം EB80 ൽ നിന്നും തർജ്ജമ ചെയ്യണം? ഈ *എക്ലീഷ്യാസ്റ്റിക്കി*യുടെ ഒന്നാമത്തെ മിമ്രായിൽ (പ്രബന്ധം) ആലപ്പോവിലെ എപ്പിസ്കോപ്പാ ആയിരുന്ന സ്ലീബാ ബർ യാക്കോബ് വഗ്‌യ എങ്ങനെ എഴുന്നേറ്റു എന്നും മിലിത്തീനിലെ ദിവന്നാസ്യോസിനോട് എങ്ങനെ എതിർത്തു എന്നും അദ്ദേഹത്തിനെതിരായി ബർമദാനിയെ എഴുന്നേൽപ്പിച്ചു എന്നും ഞങ്ങൾ കാണിച്ചിട്ടുണ്ടല്ലോ. ആകയാൽ മോർ യൂഹാനോൻ എഴുന്നേറ്റപ്പോൾ ആലപ്പോക്കാരനോടുള്ള കടപ്പാട് നിർവ്വഹിക്കുകയും കിഴക്കിന് മഫ്രിയാനായി അദ്ദേഹത്തെ പ്രഘോഷിപ്പിക്കുകയും ചെയ്തു. Ans. മഫ്രിയാനായിട്ട് പ്രഘോഷിപ്പിച്ചതാരാണ്? യൂഹാനോൻ ബർമദാനി Ans. അങ്ങനെ പ്രഘോഷിപ്പിച്ചത് ഡാത്തിയോസ് സ്ലീബായാണ് പിന്നെ മഫ്രിയാനാ ആയത്. ഇഗ്നാത്തിയോസ് സ്ലീബാ പിന്നെ എന്തു ചെയ്തു?Q അദ്ദേഹം പിന്നെ മൂസലിലെ അധികാരിയിൽ നിന്ന് (ബൗർ അൽദീൻ) വളരെ ബഹുമാനിതനായി. ആ അധികാരി ഇദ്ദേഹത്തെ രാജകീയ വസ്ത്രങ്ങളും മറ്റും ധരിപ്പിച്ചു. Ans. മുൻപതിവുപോലെ ഒന്നാമതായി സുന്ത്രോണിസോ നടത്തേണ്ടതിനും പിന്നീട് ദേശത്ത് പ്രഘോഷിക്കപ്പെടേണ്ടതിനും ആയി അദ്ദേഹം മത്തായിയുടെ ദയറായിൽ എത്തി. വാതിൽക്കൽ എത്തിയപ്പോൾ തങ്ങളുടെമേൽ അധികാരപ്പെടാൻ തിഗ്രീസിൽനിന്നും വരുന്ന മഫ്രിയാനമാർക്ക് എതിരായി ശണ്ഠ കൂടുക എന്നുള്ള പഴയകാലം മുതൽ ആ ദയറാക്കാർ സ്വീകരിച്ചിരുന്ന സ്തുത്യർഹമല്ലാത്ത ചില പതിവുകളെ പ്രതി അദ്ദേഹവും ദയറാക്കാരുമായി കലഹം ഉണ്ടായി. പിന്നീട് ഈ മഫ്രിയാൻ എന്തുചെയ്തു?Q അവസാനം മഫ്രിയാൻ എന്തുചെയ്തു?Q അവസാനം മഫ്രിയാനാ ദയറായിൽ പ്രവേശിച്ച് അപ്പോൾ അവിടുത്തെ റീശ് ദയറാ അദ്ദേഹത്തിന്റെ സ്വന്തം മുറിയിലേക്ക് പോവുകയും സിംഹാസനത്തിന്മേൽ ഇരുത്തുന്നതിന് മുമ്പായി ബദർ അൽദീന്റെ വിളംബരം കാണിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ കൈവശം അതില്ലായിരുന്നു. ആ രാത്രി അവിടെ കഴിച്ചു കൂട്ടി. Ans. പിന്നീടവിടുന്ന് അദ്ദേഹം പോയി. വളരെ സങ്കടത്തോടുകൂടി രാത്രിയിൽ ഇറങ്ങിപ്പോവുകയും പല സ്ഥലങ്ങളിൽ ചുറ്റി സഞ്ചരിക്കുകയും ജനം അദ്ദേഹത്തോട് കാരുണ്യപൂർവ്വം പെരുമാറുകയും ചെയ്തു. Ans. പിന്നീടദ്ദേഹം ആലപ്പോയിലേക്ക് പോയി ഒരു വീട് വാടകക്ക് എടുത്ത് താമസിക്കുകയും രോഗികളെ സന്ദർശിക്കുകയും മറ്റും ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹം ആലപ്പോയിൽ നിന്നു ഡമസ്കാസിലേക്കുപോയി എന്നും ആലപ്പോയുടെ ആ സിംഹാസനം പിടിച്ചെടുത്തെന്നും അംഗോർ എന്നു പറയുന്ന ദിവന്നാസ്യോസ് പാത്രിയർക്കീസിന്റെ പേരോർക്കൽ സിറിയാ മുഴുവനിൽ നിന്നും മായ്ച്ചുകളഞ്ഞു എന്നും ഗ്രീഗോറിയോസ് തിരിച്ചുവന്ന് അക്കാര്യം പിന്നെയും നടപ്പാക്കി എന്നും മഫ്രിയാന അതുകേട്ട് ട്രിപ്പോളിയിലേക്ക് പോവുകയും അല്പകാലശേഷം വലിയ രോഗബാധിതനായി മരിക്കുകയും ചെയ്തു. 1573ൽ മുകിലന്മാരുടെ ആക്രമണം മൂലം നിനുവെക്കാരും മറ്റുമായി

നമ്മുടെ ആളുകൾ ഓടിപ്പോയി എന്ന് EB80 ൽ ഉണ്ട്. പ്രാർത്ഥിക്കാൻ സ്ഥലം കിട്ടുന്നതിന് നെസ്തോറിയ കാതോലിക്കോസിനോടവർ അപേക്ഷിച്ചു എന്നും മറ്റും EB80 ൽ ഉണ്ട്. ഇഗ്നാത്തിയോസ് സ്ലീബാ മരിച്ചപ്പോൾ എന്തുണ്ടായി? പല സ്ഥലങ്ങളിലും കലഹങ്ങൾ ഉണ്ടാവുകയും ബാഗ്ദാദിലും അലപ്പോയിലും സിറിയാ മുഴുവനും ബസ്ന്ഹറീനും നാശങ്ങൾ ഉണ്ടാവുകയും നാശോന്മുഖ മാവുകയും ചെയ്തു. Ans. ക്രിസ്ത്യാനികൾക്ക് എന്ത് സംഭവിച്ചതായിട്ടാണ് EB80 ൽ പറയുന്നത്?Q മുസ്ലീമുകൾ, ക്രിസ്ത്യാനികൾക്കെതിരായി വളരെ ഉപദ്രവങ്ങൾ ചെയ്തു. ആറുവർഷക്കാലം കിഴക്കുള്ള സഭ വൈധവ്യത്തോടു കൂടി ഇരിക്കുകയും ചെയ്തു. Ans.Stopped for lunch.
മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ<br>Sd/-

Witness sworn again and cross examination continued. പീഡിപ്പിക്കപ്പെട്ട കിഴക്കുള്ള സഭ ആറ് വർഷക്കാലം വൈധവ്യത്തിൽ ഇരുന്നു എന്നാണ് EB80 ൽ പറഞ്ഞിരിക്കുന്നത്. അടുത്ത മഫ്രിയാനാ ആരായിരുന്നു?Q ഇഗ്നാത്തിയോസ് സ്ലീബാക്ക് ശേഷം മോർ ഗ്രീഗോറിയോസ് ബാർ എബ്രായ ആണ് മഫ്രിയാനായായത്. Ans. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിനെയും വാഴ്ചയെയും പറ്റി EB80 ൽ പറയുന്നത് അതേപടി തർജ്ജമ ചെയ്ത് പറയണം?Q കിലുക്കിയായിൽ പരിശുദ്ധരായ പിതാക്കന്മാരുടെ സുന്നഹദോസ് കൂടുകയും ഉയക്കാത്തിന്റെ റീസ് ദയറാ ആയ യേശുറമ്പാനെ പാത്രിയർക്കീസായി വാഴിക്കുകയും ചെയ്തു. മഫ്രിയാനായുടെ തിരഞ്ഞെടുപ്പും ആ സുനഹദോസ് നിർവ്വഹിച്ചു. പാത്രിയർക്കാ വാഴ്ച കഴിഞ്ഞ് അല്പദിവസങ്ങൾക്ക്ശേഷം പാത്രിയർക്കീസിനോടുകൂടെ പിതാക്കന്മാർ കിലുക്കിയായിലെ സീഡിൽ കൂടുകയും അവർ അഹറോന്റെ പുത്രനായ ഗ്രിഗോറിയോസ് അബുഅൽഫ്രാജിനെ വിളിക്കുകയും 1575ൽ കോനൂൻഹ്റായ് പത്തൊൻപതാം തീയതി ഞായറാഴ്ച ദിവസം അദ്ദേഹത്തെ തിഗ്രീസിലും കിഴക്കിനും മഫ്രിയാനായായി പ്രഘോഷിക്കുകയും ചെയ്തു. അദ്ദേഹത്തെ പ്രഘോഷിക്കുവാൻ മോർ യൂഹാനോൻ ബർമദാനി പാത്രിയർക്കീസും ആഗ്രഹിച്ചിരുന്നതും അവർക്ക് തലവനായിരിക്കുവാൻ ഇദ്ദേഹം കൊള്ളാവുന്നവനാണെന്ന് കിഴക്കരെ അറിയിക്കുകയും ചെയ്തിരുന്നു. Ans. മഫ്രിയാനായുടെ തെരഞ്ഞെടുപ്പ് ആ സുനഹദോസ് ചെയ്തു എന്ന് അതിൽ പറയുന്നുണ്ടോ?Qഅവർ ചെയ്തു എന്ന് പറയുന്നുണ്ട്. Ans. അങ്ങനെകൂടിയ സുനഹദോസിലെ മെമ്പേഴ്സ് ആരൊക്കെ എന്ന് ExtB80 ൽ പറയുന്നില്ലല്ലോ?Q പരിശുദ്ധരായ മേൽപട്ടക്കാർ അഥവാ പിതാക്കന്മാർ എന്താണ് EB80 ൽ കാണുന്നത്. Ans. ഇദ്ദേഹം പിന്നീട് മൂസലിലും മോർ മത്തായി ദയറായിലും ഭരണം നടത്തിയോ?Q അദ്ദേഹം മൂസലിൽ മോർ മത്തായി ദയറായിൽവന്നു എന്നും സ്നേഹപൂർവ്വം സ്വീകരിക്കപ്പെട്ടു എന്നും ബഹനാ എന്നൊരാളെ എപ്പിസ്കോപ്പാ ആയി വാഴിച്ചെന്നും EB80 ൽ കാണുന്നുണ്ട്. Ans. പിന്നീട് അദ്ദേഹം പല എപ്പിസ്കോപ്പന്മാരെ വാഴിച്ചെന്നും പള്ളി

കൾ പണിയിച്ചു എന്നും EB80 ൽ കാണുന്നുണ്ട്. 1579ൽ തന്റെ ആളുകളെ കാണുവാനായി പാശ്ചാത്യദേശത്തേക്ക് പോയി. വഴിക്കുവച്ച് മോർ ബർസൗമായുടെ ദയറായുടെ കാര്യത്തെ സംബന്ധിച്ച് വൈദ്യനായ ശെമ്മോൻ കശീശാക്ക് എതിരായി പൊയ്ക്കൊണ്ടിരുന്ന പാത്രിയർക്കീസിനെ അർക്കസ്ത്യകൽകരെയുള്ള അർഗീശ് പട്ടണത്തിൽവച്ച് കണ്ടുമുട്ടി. പാത്രിയർക്കീസിനോട് ഇടപെടുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. എന്തെന്നാൽ അപരിഷ്കൃതരായ അന്യരുടെ മുമ്പിൽ വിസ്തരിക്കപ്പെട്ടവനായി നമ്മൾ പോകുന്നതും അവരുടെ ദൃഷ്ടിയിൽ നമ്മൾ അപഹാസ്യരാകുന്നതും ശരിയല്ല. പിന്നെയൊ നമ്മൾ തമ്മിൽ തന്നെ ആ കാശീശായുടെ കാര്യം തീർക്കാമെന്ന് ആലോചന പറഞ്ഞു. കൊടുത്തെങ്കിലും ആ ആലോചന ഇദ്ദേഹം ആ കശീശായെ സഹായിക്കുകയാണെന്ന് വിചാരിച്ചുകൊണ്ട് പാത്രിയർക്കീസ് സ്നേഹപൂർവ്വം ആ ആലോചന കൈക്കൊണ്ടില്ല. അടുത്ത പാത്രിയർക്കീസിന്റെ വാഴ്ചയെപ്പറ്റി EB80 ൽ പറയുന്നുണ്ടോ? യൗനായക്കാലം 1594ൽ ആകുകയും മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മരിക്കുകയും ചെയ്തപ്പോൾ ദയറായിൽനിന്ന് പ്രതിനിധികളും അവരോടുകൂടെ താഴ്മയുടെ എഴുത്തുകളും പുതിയ പാത്രിയർക്കീസ് വാഴ്ചയ്ക്ക് കാണിക്കുന്ന ധൃതിയെക്കുറിച്ച് പ്രത്യാഖ്യാനവും ആയിട്ട് മഫ്രിയാനായുടെ അടുക്കൽവന്നു. എന്നാൽ മഫ്രിയാനാ അവരെ സ്വീകരിച്ചില്ല. അപ്പോൾ വൈദ്യനായ ശെമവോൻ റമ്പാൻതന്നെ മഫ്രിയാനായുടെ അടുക്കൽ വരികയും അദ്ദേഹത്തിന്റെ സഹോദരപുത്രനെ സ്വീകരിക്കാനായി വളരെ ഏറെ പ്രലോഭിപ്പിക്കുകയും ചെയ്തു എങ്കിലും അദ്ദേഹം ആ പ്രലോഭനത്തിലൊന്നുംപെടാതെ അദ്ദേഹത്തോട് ഇങ്ങനെ മറുപടി പറഞ്ഞു. പഴയകാലം മുതൽ പരിശുദ്ധപിതാക്കന്മാർ നിശ്ചയം ചെയ്തിട്ടുണ്ട്. പാത്രിയർക്കീസിനെ കൂടാതെ മഫ്രിയാനയും മഫ്രിയാനായെ കൂടാതെ പാത്രിയർക്കീസും എഴുന്നേൽക്കരുത് എന്ന്. ഇവർ പിതാക്കന്മാരുടെ പ്രമാണങ്ങളും നിയമങ്ങളും ലംഘിച്ചിരിക്കുന്നതുകൊണ്ട് എനിക്ക് അവരോടുകൂടി പങ്കില്ല. ഞാൻ അവരുടെ ഈ പ്രമാണലംഘനത്തിൽ സംബന്ധിക്കുന്നതുമല്ല. Ans. മഫ്രിയാനായുടെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ വാഴിച്ചതുകൊണ്ടാണോ മഫ്രിയാനാ ഇങ്ങനെ പറഞ്ഞത്?Q സഭയിൽ പാത്രിയർക്കാ സിംഹാസനത്തിൽ കീഴിൽ മഫ്രിയാന ഉള്ളതുകൊണ്ട് അദ്ദേഹം വാഴിക്കണം എന്ന് മുമ്പിനാലെ ഉള്ള തീരുമാനം ചിലപ്പോഴെല്ലാം അത്യാവശ്യത്തിന്റെ പേരിലും മറ്റും ലംഘിച്ചിട്ടുള്ള അവസരങ്ങളിൽ ഉണ്ടായ പ്രയാസങ്ങളെക്കുറിച്ച് മുമ്പ് ബോധിപ്പിച്ചിരിക്കുന്നതുപോലെ ഇപ്പോഴും ഉണ്ടായെന്നേ ഒള്ളൂ. Ans. question repeated. Ex.B.80 ൽ മഫ്രിയാനയുടെ സമ്മതം ചോദിച്ചെന്നോ ചോദിച്ചില്ലെന്നോ കാണാത്ത സ്ഥിതിക്ക് അതുകൊണ്ടാണോ എന്നു തീർത്തുപറയാൻ സാദ്ധ്യമല്ല. Ans. മുമ്പുപറഞ്ഞ ഭാഗം കൊണ്ട് മഫ്രിയാനായെ കൂടാതെയാണ് വാഴിച്ചത് എന്നു കാണുമോ? കാണും. Ans. ദയറായിൽ നിന്ന് താഴ്ചയുടെ എഴുത്തുകളുമായി മഫ്രിയാനാ അവരെ സ്വീകരിച്ചില്ല എന്നും പറയുന്നുണ്ട്. അതുകൊണ്ട് പാത്രിയർക്കീസിന്റെ അടുക്കൽ നിന്നാണ് വന്നത് എന്ന്

സ്പഷ്ടമല്ലേ? ഒരിക്കലും സ്പഷ്ടമാകുന്നില്ല. Ans. ആദ്യം വന്നവരെ കൈകൊള്ളാതിരുന്നപ്പോഴാണ് വൈദ്യനായ ശെമ്മോൻ വന്നത്. സഹോദരപുത്രനെ എന്ന് പറയുന്നത് പാത്രിയർക്കീസാണോ? അത് പാത്രിയർക്കീസാണെന്ന് EB80ൽ പറയുന്നില്ല. എനിക്ക് സഹോദരൻ പുത്രൻ എന്നു പറയുന്നത് പാത്രിയർക്കീസാണൊ എന്നറിഞ്ഞുകൂട. Ans. സന്ദർഭംകൊണ്ട് ആരെ സ്വീകരിക്കണമെന്നാണ് പറയുന്നത്. പാത്രിയർക്കീസിനെ ആണോ? സഹോദരപുത്രനെ എന്നല്ലാതെ പാത്രിയർക്കീസിനെ സ്വീകരിക്കാൻ എന്ന് സന്ദർഭം കൊണ്ട് പറയാൻ പറ്റുകയില്ല. അദ്ദേഹത്തിന്റെ സഹോദരപുത്രനാണ് പാത്രിയർക്കീസെങ്കിൽ പാത്രിയർക്കീസിനെ സ്വീകരിക്കാനാണെന്ന് സന്ദർഭം കൊണ്ട് പറയാം. Ans. വൈദ്യൻ ശെമ്മോൻ പോയശേഷം പിന്നീടാരെങ്കിലും മഫ്രിയാനായുടെ അടുത്തുവന്നോ? താജ് അൽദുല എന്നൊരാൾ അദ്ദേഹത്തിന്റെ അടുത്തുവന്നു. Ans. ആ ആളിനെ മഫ്രിയാനാ വളർത്തുകയും പഠിപ്പിക്കുകയും ഒരു മകനെപോലെ സ്നേഹിക്കുകയും ചെയ്തിരുന്നു. അതിനാൽ അവനെയും അവനോടുകൂടി ഉണ്ടായിരുന്ന കാഴ്ചകളെയും സ്വീകരിച്ചു. മഫ്രിയാനാ ഫീലക്സിനോസിന് സൽമൂസാ എഴുതുകയും അദ്ദേഹത്തോട് പറയുകയും ചെയ്തു. പറഞ്ഞത് word by word തർജ്ജമ ചെയ്യാമോ? ചെയ്യാം. "എനിക്ക് എഴുന്നേൽക്കുവാൻ (പാത്രിയർക്കീസാകുവാൻ) മോഹമുണ്ടെന്നും അത് നിമിത്തമാണ് ഞാൻ ഈ ശബ്ദമുണ്ടാക്കുന്നതെന്നും താങ്കൾ പക്ഷെ വിചാരിച്ചേക്കാം. എന്നാൽ ഹൃദയങ്ങളെ പരിശോധിക്കുന്നവനായ ദൈവം അറിയുന്നു പല കാരണങ്ങൾകൊണ്ടും എന്നിൽ എന്റെ അവയവങ്ങളിൽ ഒന്നിൽപോലും ഇങ്ങിനെയുള്ള ഒരാഗ്രഹം ഇല്ല. ഒന്നാമത്, നാല്പതുകൊല്ലത്തോളമായി മേൽപട്ടസ്ഥാനം എനിക്ക് വിശ്വസിച്ച് ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. 20 പടിഞ്ഞാറും ഇരുപതു കിഴക്കും ഭരണകാര്യത്തിൽ എനിക്കു തൃപ്തായി. ഇനിയും ശാന്തതയും ആശ്വാസവും ശാന്തമായ ജീവിതവും സമാധാന മനുഷ്യർക്കായി സൂക്ഷിക്കപ്പെട്ട നല്ല അന്ത്യവുമാണ് ഞാൻ ആഗ്രഹിക്കുന്നത്. മറ്റൊന്ന് എന്റെ ഈ കിഴക്ക് ഇടവകയിൽ ദൈവകൃപയാൽ ഞാൻവലിയ ആശ്വാസത്തിലാണ്. ഇവിടെ എനിക്ക് ഒരു കുറവും ഇല്ല. എന്റെ മുൻഗാമികളായ പരേതരെപ്പോലെ ഇതിൽനിന്ന് ഓടി മറ്റേതിലേക്ക് മാറുവാൻ തക്കവണ്ണം ഇവിടെ എനിക്ക് കുറവൊന്നും ഇല്ല. നമ്മുടെ കാലം പ്രക്ഷുബ്ധമാണെങ്കിലും കിഴക്ക് എനിക്കുണ്ടായപോലൊരാശ്വാസം മറ്റൊരുത്തനും ഉണ്ടായിട്ടില്ല. മൂന്നാമത്, ശേഷംപേരെ പോലെ പാത്രിയർക്കാസ്ഥാനത്തിനുള്ള ആ മോഹം എനിക്കു ഉണ്ടായിരുന്നെങ്കിൽ തന്നെയും പടിഞ്ഞാറുള്ള ഇടവകകൾ പണ്ടെ തന്നെ നാശോന്മുഖമായിരിക്കുകയാണ്. ഇങ്ങനെ ഉള്ളതിൽ എനിക്ക് എന്തു മോഹമാണ് ശേഷിച്ചിരിക്കുന്നത്. അന്ത്യോക്യയെകുറിച്ചുള്ള മോഹമൊ? കണ്ടാലും അത് കരഞ്ഞും വിലപിച്ചും ഇരിക്കുന്നു. ഗുമിയാ എന്ന സമൃദ്ധമായ ആ ഇടവകയിൽ ചുമരിന്മേൽ മൂത്രമൊഴിക്കുന്ന ഒരാളും ശേഷിച്ചിട്ടില്ല. ബറുവായോ മാബൂഗോ കാലൂലിക്കോദസാ, ഉറഹായോ, ഹാറാനോ ഇവയെല്ലാം നമ്മുടെ അടുത്തുള്ളവ തന്നെയല്ലോ? മീലിത്തിനിക്ക് ചുറ്റുമുള്ള ഏഴ്

ഇടവകകളൊ അവയിൽ ഒറ്റവീടുപോലും ശേഷിച്ചിട്ടില്ല. അക്ബീനോ, അർക്കായോ, ക്ലീസ്സോറായോ, ഗൂബോസോ, സെമഹോയോ ക്ലോദിയായോ ഗർഗാരാ? ഇവരിൽനിന്നും എന്റെ പ്രതിഷേധത്തിന്റെ കാരണം സ്പഷ്ടമാകുന്നുണ്ട്. നിങ്ങളുടെ പ്രവർത്തനം സ്തുത്യർഹമല്ലാത്തതും കുറ്റമുള്ളതുമാണ്. പടിഞ്ഞാറുകാരുടെയും കിഴക്കുകാരുടെയും ശൽമൂസാ കൂടാതെയാണ് നിങ്ങൾ ചെയ്തത്. ഇനിയും നിങ്ങൾ അറിയും മുഖപക്ഷമില്ലാത്ത നമ്മുടെ കർത്താവ് അറിയും." Ans. ശൽമൂസ എന്നു പറഞ്ഞാൽ സമ്മതം എന്നാണോ? അതെ. Ans. മുൻപറഞ്ഞ ഫിലക്സിനോസ് ആയിരുന്നോ പാത്രിയർക്കീസ്? സന്ദർഭം കൊണ്ട് ആണെന്നാണ് തോന്നുന്നത്. Ans. 1597ൽ ബാർ എബ്രായ 60-ാം വയസിൽ മരണത്തെ പ്രതീക്ഷിച്ചിരുന്നതായി EB80 ൽ പറയുന്നുണ്ട്. പിന്നീടുള്ള ഭാഗം ആരെഴുതി? അദ്ദേഹത്തിന്റെ മരണം എപ്പോൾ എവിടെവച്ച് എങ്ങനെ എന്നുള്ള വിവരം എഴുത്തുകാരന്റെ സഹോദരനായ ബർസൗമോയാണ് EB80 ൽ അനുസ്മരിപ്പിക്കുന്നത്. Stopped for the day.
മൊഴി വായിച്ചു കേട്ടു. ശരി

Sd/-
കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open Court, read over to the witness and admitted by him to be correct.

Sd/-
Judge

19-9-78

20-9-78 Witness sworn again and cross examination continued. ബാർ എബ്രായ മരിച്ചത് 1597-ാം മാണ്ടിലാണ്. അദ്ദേഹം എഴുതിയിട്ടുള്ളത് 31 പുസ്തകങ്ങളാണ്. അവയുടെ പേരുകൾ ExB80 പറയുന്നുണ്ട്. അദ്ദേഹം പണ്ഡിതനും വളരെ ജ്ഞാനമുള്ളവനുമായിരുന്നു എന്നും Ex.B.80 ൽ പറയുന്നുണ്ട്. ബാർ എബ്രായക്കുശേഷം അദ്ദേഹത്തിന്റെ സഹോദരൻ ബർസൗമ രണ്ട് വർഷങ്ങൾക്കുശേഷം പാത്രിയർക്കീസിനാൽ മഫ്രിയാനായായി വാഴിക്കപ്പെട്ടു. ബർസൗമായെ മഫ്രിയാനാസ്ഥാനത്തേക്ക് കിഴക്കർ തിരഞ്ഞെടുക്കുകയായിരുന്നോ? അതേപ്പറ്റി EB.80 ൽ പറയുന്നത് പടിഞ്ഞാറേക്ക് ആളയക്കുകയും കിഴക്ക് മേല്പട്ടക്കാരാകുവാൻ കൊള്ളാവുന്നവരെ അവർ തെരെഞ്ഞെടുക്കുകയും എഴുത്തുകൾ കൊടുത്തയക്കുകയും അവർക്ക് തലവനെ ആവശ്യപ്പെടുകയും അയച്ചു കൊടുക്കപ്പെടുകയും ചെയ്യുന്നത് അനുസരിച്ച് കിഴക്കത്തെ പതിവുകൾ ശരിക്ക് അറിഞ്ഞുകൂടാത്തവർ വരുന്നതുകൊണ്ട് പരേതനായ തന്റെ സഹോദരനോടുകൂടി 22 വർഷത്തോളം കഴിച്ചുകൂട്ടിയ ബർസൗമാ അവർക്ക് കിഴക്കുള്ള മേൽപട്ടക്കാരുടെ തലവൻ ആയിരിക്കണമെന്നവർ ആഗ്രഹിക്കുകയും ആ വിവരം അദ്ദേഹത്തെ അറിയിക്കുകയും അദ്ദേഹം അവരുടെ ആലോചനക്ക് വഴിപ്പെടുകയും ചെയ്തു എന്നാണ്. Ans. അവർ എന്ന് പറഞ്ഞത് കിഴക്കർ. ബാർസൗമായുടെ കാലത്ത് മർദീനിൽ ഒരു പാത്രിയർക്കീസ്

ഉണ്ടായിരുന്നതായി Ext.B80 ൽ പറയുന്നുണ്ട്. ബർസൗമ അദ്ദേഹത്തെ സ്വീകരിച്ചിരുന്നു. അങ്ങനെ സ്വീകരിക്കാനിടയായതിനെപ്പറ്റി Ext.B80 ൽ എന്താണ് പറയുന്നത്? ഇതിന് മുമ്പ് ഫ്രാത്തിന് മുകളിലുള്ള മോർ ബർസൗമായുടെ ദയറായിലേക്ക് പോയി മഫ്രിയാനാ മോർ വാഴിക്കപ്പെടുകയായിരുന്നു. ഈ നീതീകരണത്തിന്റെ കാര്യം ഇങ്ങനെയാണ്. ബാദാർസോക്കേബർ വാഗീസ് മർദീനിലെ പാത്രിയർക്കീസായി വാഴിക്കപ്പെട്ടപ്പോൾ ബർസൗമ സാബി മഫ്രിയാനാ അദ്ദേഹത്തോട് ചേർന്നിരുന്നില്ല. പാത്രിയർക്കീസ് മർദീനിലെ ഭരണാധികാരിയായ മാലാഖ് മൻസൂറിന്റെ അടുക്കലേക്ക് പോവുകയും കിഴക്കൻദേശത്ത് മഫ്രിയാനാ അദ്ദേഹത്തെ പ്രഘോഷിക്കുന്നില്ലാ എങ്കിൽ താൻ ശരിയായും നിയമാനുസരണം ഉള്ള പാത്രിയർക്കീസായിരിക്കയില്ലാ എന്നുള്ള വിവരം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. അധികാരി അത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ അപേക്ഷ സാധിക്കുകയും അദ്ദേഹം ഒരു പ്രതിനിധിയേയും അതോടൊപ്പം എഴുത്തും കൊടുത്തയക്കുകയും ചെയ്തു. പാത്രിയർക്കീസും തന്റെ ശിഷ്യന്മാരിൽ ഒരുവനെയും അദ്ദേഹത്തോടൊന്നിച്ച് എല്ലാ താഴ്ചയോടുംകൂടിയ എഴുത്തും മേൽപട്ടക്കാരോടും തലവന്മാരോടും പിതാക്കന്മാർക്ക് യോജിച്ച സമ്മാനങ്ങളോടുംകൂടി അയച്ചു. Ans. അങ്ങനെ ആവശ്യപ്പെട്ടതനുസരിച്ച് മഫ്രിയാനാ മർദീനിലെ പാത്രിയർക്കീസായ ബാദർ സോക്കോവർ ബഹിബിനെ സ്വീകരിച്ചു. ബാർസൗമാക്ക് ശേഷമുള്ള മഫ്രിയാന ഗ്രീഗോറിയോസ് മത്തായി എന്ന ദേഹമായിരുന്നു. അദ്ദേഹമാണ് മഫ്രിയാനമാരിൽ ഒന്നാമത്തെ മത്തായി അഥവാ മാത്യൂസ്. ബാർസൗമാ മരിച്ച് ഒൻപതുവർഷം കഴിഞ്ഞതിന്റെശേഷം ദയറാധിപന്മാരും പള്ളി പ്രമാണികളും കിഴക്കുള്ള വിശ്വാസികളും തങ്ങൾക്ക് ഒരു മഫ്രിയാനായെ വേണമെന്നാഗ്രഹിക്കുകയും കിഴക്കൻദേശത്ത് കാതോലിക്ക സ്ഥാനത്തിന് കാലനേരങ്ങളുടെ പ്രാതികൂല്യം നിമിത്തവും കൊള്ളാവുന്നവൻ ഇല്ലാതിരുന്നതുകൊണ്ടും പടിഞ്ഞാറുള്ളവർ കൊള്ളാവുന്ന ആളിനെ അവരുടെ മേൽപട്ടക്കാരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുകയും മഫ്രിയാനായി വാഴിക്കയും കിഴക്കോട്ട് അദ്ദേഹം വരുകയുമായിരുന്നു. കാലനേരങ്ങളുടെ പ്രാതികൂല്യം നിമിത്തം എന്നും മറ്റും ഇപ്പോൾ ബോധിപ്പിച്ച ഭാഗം തർജ്ജമയിൽ ചേർക്കാതിരിക്കാൻ കാരണമുണ്ടോ? പ്രത്യേക കാരണം ഒന്നുമില്ല. പടിഞ്ഞാറുകാരാണ് തിരഞ്ഞെടുക്കുകയും വാഴിക്കുകയും ചെയ്തുകൊണ്ടിരുന്നത് എന്ന ആ പതിവ് ഇതിൽതന്നെ പറഞ്ഞിട്ടുള്ളതുകൊണ്ടാണ്. Ans. കാലനേരങ്ങളുടെ പ്രാതികൂല്യം നിമിത്തം കിഴക്ക് യോഗ്യനായ ആളില്ലാത്തപ്പോഴല്ലേ പടിഞ്ഞാറോട്ട് ആളയച്ച് ആവശ്യപ്പെട്ടിട്ടുള്ളത്?Q അല്ല എന്നുള്ളതിന് ഇതുവരെയും ഇവിടെ ബോധിപ്പിച്ച മഫ്രിയാനാമാരുടെ ചരിത്രങ്ങൾ വച്ചുനോക്കിയാൽ കാണാവുന്നതാണ്. Ans. മത്തായി മഫ്രിയാനായുടെ കാലത്ത് മൂസലിലെ അധികാരി നിമിത്തം ക്രിസ്ത്യാനികൾക്ക് വളരെ കഷ്ടപ്പാടും നഷ്ടങ്ങളും ഉണ്ടായതായി Ex.B 80 ൽ പറയുന്നുണ്ട്. ബാദർസോക്കബാർ ബാഹിബിനുശേഷം മർദീനിലെ പാത്രിയർക്കീസ് ആരാണ്?Q ഇസ്മയിൽ ആണ് Ans. അദ്ദേഹവും മത്തായി മഫ്രിയാനയുമായി തർക്കം

ഉണ്ടായി. EB80 ൽ അതേപ്പറ്റി എന്താണ് പറയുന്നത്?Q അദ്ദേഹം വാഴ്ച ഏറ്റപ്പോൾ പരിശുദ്ധ പിതാക്കന്മാരാൽ മുമ്പ് നിശ്ചയിക്കപ്പെട്ടിരുന്ന പതിവനുസരിച്ച് മഫ്രിയാനയുടെ പേർക്ക് എഴുത്തയച്ചില്ല. എന്തെന്നാൽ പാത്രിയർക്കീസ് വാഴിക്കപ്പെടുമ്പോൾ മഫ്രിയാനായാണ് അദ്ദേഹത്തിന്റെ ശിരസ്സിന്മേൽ ആവാസം നടത്തേണ്ടതെന്നും അദ്ദേഹത്തിൽനിന്നാണ് പ്രധാനാചാര്യത്വത്തിന്റെ കൈവയ്പ് പ്രാപിക്കേണ്ടതും എന്നുള്ള ആ നിയമം ഇദ്ദേഹം മഫ്രിയാനാ വരുന്നതുവരെ കാത്തിരുന്നില്ല. അവസാനം കിഴക്കരുടെ ശൽമുസാ കൂടാതെ അദ്ദേഹം പാത്രിയർക്കീസാക്കപ്പെട്ടു. Ans. അങ്ങനെ ചെയ്തതുകൊണ്ട് മഫ്രിയാൻ എന്തു ചെയ്തു?Qകിലുക്കിയായിൽ അപ്പോഴുണ്ടായിരുന്ന മറ്റൊരു പാത്രിയർക്കീസ് ഇത് കേട്ടപ്പോൾ വിലയേറിയ സമ്മാനങ്ങളും മറ്റും മഫ്രിയാനായ്ക്ക് കൊടുത്തയച്ചു. അതുമൂലം മർദീനിലെ ഇസ്മയിലിന്റെ പേർ ഓർക്കൽ നിറുത്തിയിട്ട് കിലുക്കിയായിലെ ആളിനെ ഓർക്കുവാൻ തുടങ്ങി. ഇങ്ങനെ നാലുവർഷം ഈ വഴക്ക് നീണ്ടുനിന്നു. Ans. പിന്നീട് വീണ്ടും മർദീനിലെ പാത്രിയർക്കീസുമായി രമ്യതപ്പെട്ടു ചിലരുടെ മദ്ധ്യസ്ഥതയിലാണ് രമ്യതപ്പെട്ടതെന്ന് പറയുന്നുണ്ട്. ഗ്രിഗോറിയോസ് മത്തായി മഫ്രിയാന മരിച്ചശേഷം പൗരസ്ത്യസിംഹാസനം ഇടയനൊ പൊതുപിതാവൊ ഇല്ലാതെ ഇരുപത് വർഷക്കാലം ഇരുന്നു എന്ന് EB80 ൽ പറയുന്നുണ്ട്. Ans. അന്നത്തെ പൗരസ്ത്യർ എല്ലാവിധത്തിലും വളരെ ക്ഷീണിച്ചുപോവുകയും മഫ്രിയാന ആകുവാൻ ആരും സ്വയം മുന്നോട്ട് വരാതിരിക്കുകയും ചെയ്തിരുന്നു. രണ്ടു വർഷങ്ങൾക്കുശേഷം പാത്രിയർക്കീസിന്റെ അടുക്കലേക്ക് ഡമസ്കോസിലെ മേൽപട്ടക്കാരനായ ഡിയസ്കോറോസ് യാക്കൂബ് ബർകനോയോ വന്നു ചേർന്നു. അദ്ദേഹം മഫ്രിയാനായി വാഴിക്കുവാൻ പാത്രിയർക്കീസിനോട് അപേക്ഷിച്ചു. അപ്പോൾ പാത്രിയർക്കീസ് എന്തു പറഞ്ഞു എന്നുള്ള ഭാഗം തർജ്ജമ ചെയ്യുക?Q പാത്രിയർക്കീസ് അദ്ദേഹത്തോട് നീ എഴുന്നേറ്റ് കിഴക്കരുടെ അടുക്കലേക്ക് പോയി അവരുടെ ഒപ്പുകൾ വാങ്ങികൊണ്ടുവരിക. അവർ നിന്നോട് ആജ്ഞാപിച്ചതനുസരിച്ച് നീ വരിക. നിന്നെ ഞാൻ വാഴിക്കാം എന്ന് പറഞ്ഞു. Ans. കൈനോയ് പിന്നീട് കിലുക്യായിൽ ചെന്ന് വാഴ്ച ഏറ്റതായി EB80 ൽ പറയുന്നുണ്ടോ?Q കയ്നോയോ മുൻപറഞ്ഞ പാത്രിയർക്കീസിന്റെ അഭിപ്രായത്തെ നിരസിച്ച് ചില അച്ചന്മാരെയും ശെമ്മാശന്മാരെയും കൂട്ടുപിടിച്ച് അവരോട് നീ പാത്രിയർക്കീസിന്റെ സ്ഥാനത്തും നിങ്ങളിൽ ഓരോരുത്തർ മെത്രാന്മാരുടെ സ്ഥാനത്തും നിന്നുകൊണ്ട് എന്നെ മഫ്രിയാനായി വാഴിക്കുക എന്ന് പറഞ്ഞെന്നും അതനുസരിച്ച് ഒരു ചടങ്ങ് നടന്നെന്നും അദ്ദേഹം സ്വയം ഗ്രിഗോറിയോസ് എന്ന പേര് എടുത്തു എന്നും പാത്രിയർക്കീസ് ഇതെല്ലാം കേട്ടപ്പോൾ അദ്ദേഹത്തെ ശപിച്ചു എന്നും ചിലരെല്ലാം കൂടി കയ്നോയോട് പാത്രിയർക്കീസന്മാരിൽ ആരിൽ നിന്നെങ്കിലും കൈവയ്പ്പ് പ്രാപിച്ചു കൊണ്ടുവരിക. നിന്നെ ഞങ്ങൾ സ്വീകരിക്കാമെന്ന് പറഞ്ഞു എന്നും കിലുക്കിയായിൽ മോർ ബസേലിയോസിന്റെ അടുക്കൽ അദ്ദേഹം മഫ്രിയാനാ ആക്കപ്പെട്ടെന്നും ഗ്രിഗോറിയോസ് എന്നു തന്നെ പേര് വിളിക്കപ്പെട്ടു എന്നും

ExB.80 ൽ പറയുന്നുണ്ട്. വാഴിക്കപ്പെട്ട് കിഴക്ക് വന്നെങ്കിലും ചിലർ അദ്ദേഹത്തെ സ്വീകരിക്കാതെ തങ്ങൾ മർദീനിലെ പാത്രിയർക്കീസിനെ സ്വീകരിക്കുന്നവരാണ്. ആ പാത്രിയർക്കീസ് തന്റെമേൽ പ്രാർത്ഥിക്കട്ടെ എന്ന് പറയുകയും അവർ മൂശയിൽ നിന്ന് അദ്ദേഹത്തെ പുറത്താക്കുകയും ചെയ്തു. അദ്ദേഹം ബാഗ്ദാദിലേക്ക് പോവുകയും അവിടെവച്ച് കൊല്ലപ്പെടുകയും ചെയ്തു. തൂറബ്ദീനിൽ വേറെ പാത്രിയർക്കീസ് ഉണ്ടായതായി EB80ൽ പറയുന്നുണ്ടോ? പറയുന്നുണ്ട്. Ans. അദ്ദേഹത്തെ വാഴിച്ചത് ആരാണ്? ഇസ്മായിൽ പാത്രിയർക്കീസും തൂറബ്ദീനിലെ മേൽപട്ടക്കാരിൽ ഒരാളായ സാലഹ് തമ്മിൽ ഒരു വഴക്കുണ്ടായി. പാത്രിയർക്കീസ് അദ്ദേഹത്തെ ശപിച്ചു. രണ്ടു പ്രാവശ്യം പാത്രിയർക്കീസിന്റെ അടുക്കൽ വന്നു എങ്കിലും ആ മുടക്കു തീർത്തില്ല. അപ്പോൾ അയാൾ തൂറബ്ദീനിലെ ചില മേൽപട്ടക്കാരോടുകൂടെ പോവുകയും അവർ അദ്ദേഹത്തെ പാത്രിയർക്കീസായി വാഴിക്കുകയും ചെയ്തു. അവർ ന്യായരഹിതമായി പാത്രിയർക്കീസാക്കപ്പെട്ട ഈ വൃദ്ധൻ താൻ ചെയ്തതുകൊണ്ട് മതിയാക്കാതെ തന്റെ കൈവയ്പ്പ് യഥാർത്ഥമാണെന്ന് കാണിക്കുവാൻ വേണ്ടി കിഴക്കിന് മഫ്രിയാനായെ വാഴിക്കുവാനും ആഗ്രഹിച്ചു. ഇക്കാര്യം അദ്ദേഹം കിഴക്ക് അറിയിച്ചു. അവർ തൂറബ്ദീനിലെ ഈ പാത്രിയർക്കീസ് എഴുതിയ കാര്യം മർദീനിലെ പാത്രിയർക്കീസിനെ അറിയിച്ചു. പാത്രിയർക്കീസിന്റെ വികാരം ജ്വലിക്കുകയും എന്തു ചെയ്യണമെന്നറിയാതെ ഇരിക്കുകയും ചെയ്തു. രണ്ടു പ്രാവശ്യം കിഴക്കുദേശത്തെ കശീശന്മാർക്കും വികാരിമാർക്കും ദയറാക്കാർക്കും പ്രമാണികൾക്കും എഴുത്തയച്ച് അവരോട് നിങ്ങൾ ഒരു റമ്പാനെയൊ ഒരു ശെമ്മാശനെയൊ തെരഞ്ഞെടുത്ത് ഞാൻ നിങ്ങൾക്ക് കിഴക്കിന് മഫ്രിയാനായി അയാളെ വാഴിക്കേണ്ടതിന് എന്റെ അടുക്കലേക്ക് അയപ്പിൻ. അപ്പോൾ കിഴക്കുള്ള കശീശന്മാരും പ്രമാണികളും വലിയവരും ചെറിയവരും പാത്രിയർക്കീസിന്റെ പേർക്ക് ഇങ്ങനെ എഴുതി അയച്ചു. അല്ലയൊ ഞങ്ങളുടെ പിതാവേ! ഞങ്ങൾ പ്രയോജനശൂന്യമായ ഈ പ്രവർത്തനം കൊണ്ടും കുറവുകൊണ്ടും ക്ഷണം കൊണ്ടും ഞങ്ങൾ വശംകെട്ടു. കയനായിട്ടുള്ള ഞങ്ങളുടെ ആ പോരാട്ടത്തിനുശേഷം ഞങ്ങളിൽ ഒരു ശക്തിയുമില്ല. ആ ജോലിക്ക് സമ്മതിക്കുന്ന ഒരു ദയറാക്കാരനും ഞങ്ങളുടെ അടുക്കൽ ഇല്ല. ആകയാൽ അവിടുന്ന് തന്നെ കൊള്ളാവുന്നവനും ആ ജോലിക്ക് പറ്റിയവനും എന്ന് അവിടേക്ക് അറിയാവുന്ന ആരെയെങ്കിലും അവിടുന്ന് തന്നെ തിരഞ്ഞെടുത്തുകൊൾക. അത് ഒരു കോങ്ങനെ ആണെങ്കിൽ പോലും ഞങ്ങൾ അനുസരിച്ച് സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളാം. പാത്രിയർക്കീസ് എന്താണ് പിന്നെ ചെയ്തത്? പാത്രിയർക്കീസ് എഴുത്തുകൾ വായിച്ചിട്ട് ഇതിലെന്തെങ്കിലും പ്രവർത്തിക്കണമെന്നാഗ്രഹിക്കുകയും കഴിഞ്ഞുപോയ 20 വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന അബ്രഹാം റമ്പാനെ രാത്രിയിൽ വിളിച്ച് എനിക്ക് നിന്നോട് വളരെ പ്രതിപത്തി ഉണ്ട്. കിഴക്കർക്ക് മഫ്രിയാനാ വേണമെന്ന് എന്നോട് നിന്നെപ്പറ്റി അവർ ആവശ്യപ്പെട്ടിട്ടുമുണ്ട് എന്ന് അദ്ദേഹത്തോട് പറഞ്ഞു. പിന്നീടദ്ദേഹത്തെ മഫ്രിയാ

നായി വാഴിച്ചു. വാഴിച്ച മഫ്രിയാനാക്ക് എബ്രഹാം എന്ന പേരായിരുന്നു. വാഴിച്ചപ്പോൾ അത്തനാസ്യോസ് എന്ന് പേരു കൊടുത്തു. ഈ മഫ്രിയാനായുടെ കാലത്ത് മത്തായി ദയറാ കൊള്ളയടിക്കപ്പെട്ടതായും കനത്ത നഷ്ടങ്ങൾ ഉണ്ടായതായും ExB.80 ൽ പറയുന്നുണ്ട്. 1690ൽ (യൗനായ വർഷം) അത്ത നാസ്യോസ് മരിച്ചു. അതിനുശേഷം 25 വർഷത്തോളം കിഴക്ക് മഫ്രിയാനാ ഇല്ലായിരുന്നു. അത്തനാസ്യോസിനുശേഷം മഫ്രിയാനായി വാഴിക്കപ്പെട്ടത് (ബർഗരീസ് ഇഗ്നാത്തിയോസ് പാത്രിയർക്കീസിനാൽ) ബസേലിയോസ് ബഹനാം ഹെദ്‌ലോയോ ആയിരുന്നു. അദ്ദേഹം പാത്രിയർക്കീസിന്റെ ശിഷ്യനും ആയിരുന്നു. 1723ൽ അബ്രഹാം ബർഗരീബ് പാത്രിയർക്കീസ് മരിച്ചു. അടുത്ത പാത്രിയർക്കീസിനെ വാഴിക്കുന്നതിന് എന്താണ് ചെയ്തത്? അദ്ദേഹത്തിന്റെ കബറടക്കശേഷം പിതാക്കന്മാർ ഒരുമിച്ചുകൂടുകയും ബഹനാം അറോബോയോ എന്ന ശ്രേഷ്ഠനായ ഒരാളെ ജറുസലേമിലേക്ക് പോയിരുന്ന മഫ്രിയാന വരുന്നതിന് മുമ്പുതന്നെ വാഴിക്കുവാൻ ആലോചിച്ചു. കാരണം അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് അവർക്ക് ഒരറിവും കിട്ടിയിരുന്നില്ല. ഒരു പതിവ് ഉണ്ടായിരുന്നു. മഫ്രിയാനയോ അറിവുള്ളവനും ഇഷ്ടപ്പെടുന്നവനുമായ ആരെങ്കിലുമൊ പാത്രിയർക്കീസിനെ വാഴിക്കണം എന്ന് അവർ മർദീനിലെ അധികാരിയോട് ചെന്ന് പറഞ്ഞു. ഇങ്ങനെ അവർ ചിന്തിച്ചുകൊണ്ടിരിക്കു മ്പോൾ പെട്ടെന്ന് ജെറുസലേമിൽ നിന്ന് മഫ്രിയാന അവരുടെ അടുക്കൽ വന്നു. പാത്രിയർക്കീസിന്റെ മരണവാർത്തയൊ എന്തിനായി അവർ അവിടെ കൂടിഇരിക്കുന്നു എന്നുള്ളതോ അദ്ദേഹത്തിനറിഞ്ഞു കൂടായിരുന്നു. അവിടെ കൂടിയിരുന്ന മേൽപട്ടക്കാർ അത്ഭുതപ്പെട്ടുപോയി. അവരുടെ അടുക്കലേക്കുള്ള മഫ്രിയാനായുടെ വരവ് ദൈവത്തിന്റെ സഭയിൽ ഒരു പിളർപ്പുണ്ടാവാതിരി ക്കാൻ ദൈവനടത്തിപ്പാനാണെന്ന് അവർക്ക് മനസ്സിലായി. എന്തെന്നാൽ പാത്രിയർക്കാ സിംഹാസനം ആബൂൻ മഫ്രിയാനാക്കായി സൂക്ഷിക്കപ്പെട്ടി രുന്നു. അപ്പോൾ വിശ്വാസികൾ ഈ രണ്ട് സ്ഥാനാർത്ഥികളെയും മർദീനിലെ അധികാരിയുടെ അടുക്കൽ അദ്ദേഹം ഇഷ്ടപ്പെടുന്ന ആളിനെ വാഴിക്കാ നായി കൊണ്ടുപോയി. അധികാരിക്ക് യുവാവും സംസാരത്തിലും കാഴ്ച യിലും കാഴ്ചയിലും എല്ലാം സ്തുത്യനുമായിരുന്ന മഫ്രിയാനായെ ആണ് വൃദ്ധനും ശക്തി ക്ഷയിച്ചിരുന്നവനുമായ മറ്റേ ആളിനേക്കാൾ കൂടുതൽ കൊള്ളാവുന്നവനെന്നു തോന്നിയത്. അദ്ദേഹം അവരോട് ഈ വൃദ്ധൻ മരി ക്കാറായ ആളാണ്. ഈ യുവാവ് സുഖശരീരിയും നല്ലവനുമാണ്. ഇയാളെ നിങ്ങൾക്ക് പാത്രിയർക്കീസ് ആക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. അങ്ങനെ അധികാരി പറഞ്ഞതനുസരിച്ച് എന്താണുണ്ടായത്? ദൈവനടത്തിപ്പനുസരിച്ച് യഥാസമയം അവിടെ ചെന്ന് ചേരുവാൻ ഇടയായ അദ്ദേഹത്തെ അധികാരിയും നല്ലവനെന്ന് കാണുകയാൽ അദ്ദേഹത്തിന്റെ പാത്രിയർക്കീസായിട്ടുള്ള വാഴ്ച ഉടനെ നടന്നു. Ans. അധികാരി പാത്രിയർക്കീ സിന് പൂജ്യമായ പുതിയ വസ്ത്രം കൊടുക്കുകയും അവർ പോയി അദ്ദേ ഹത്തെ വാഴിക്കുവാൻ കല്പിക്കുകയും ചെയ്തു എന്ന് Ex.B80 ൽ ഉണ്ട്.

പിന്നീട് മഫ്രിയാനാ ആയത് ആരാണ്? മുമ്പ് പറഞ്ഞ ബഹറാം ആറോബോയെ ബഹനാം യദ്‌ലോയോ പാത്രിയർക്കീസ് മഫ്രിയാനായി വാഴിച്ചു. അദ്ദേഹം രണ്ടു വർഷം മാത്രം മഫ്രിയാനായിരുന്നു. അടുത്ത മഫ്രിയാൻ പാത്രിയർക്കീസിന്റെ സെക്രട്ടറിയായിരുന്ന ബർസൗമാ മദ്നോയോ ആയിരുന്നു. മഫ്രിയാനായുടെ സഹോദരപുത്രനായ ബർസൗമായേ വേണമെന്നായിരുന്നു കിഴക്കരുടെ ആഗ്രഹം. എങ്കിലും ബഹനാം പാത്രിയർക്കീസ് സ്വന്തം സെക്രട്ടറിയെ തിരഞ്ഞെടുത്തു വാഴിച്ചയക്കുകയായിരുന്നു. അദ്ദേഹം 33 വർഷം ഭരണം നടത്തി. അടുത്ത മഫ്രിയാനാ ആരാണ്? ബർസൗമാക്ക് ശേഷം കാലഫ് പാത്രിയർക്കീസിന്റെ സഹോദരപുത്രനായ അസീസ് Ans. 16കൊല്ലം മഫ്രിയാന ഇല്ലാതിരുന്നശേഷം പാത്രിയർക്കീസ് അദ്ദേഹത്തെ വാഴിക്കയാണ് ചെയ്തത്. അതിനുശേഷം ഹോമസ് ആകുന്ന ഹുനീക്കിയിൽ നിന്നുള്ള നോഹ റമ്പാനെ മർദീനിലെ പാത്രിയർക്കീസ് പരിശോധിക്കുകയും കിഴക്കിനെ മേയ്ക്കുവാൻ കൊള്ളാവുന്ന ആളാണെന്ന് കാണുകയാൽ തിരഞ്ഞെടുക്കുകയും യൗനായവർഷം 1801 ൽ കിഴക്കിന് പിതാവായി അദ്ദേഹത്തെ മഫ്രിയാനായി വാഴിക്കുകയും ചെയ്തു. അദ്ദേഹത്തെ വളരെ നിർബന്ധിച്ചാണ് വാഴ്ച ഏല്ക്കുവാൻ സമ്മതിപ്പിച്ചത്. കിഴക്കൻ സഭയുടെ അധഃപതനം മൂലമാണൊ അങ്ങനെ സമ്മതിക്കേണ്ടി വന്നത്? ഇതുവരെയും പറഞ്ഞു വന്നതുപോലെയുള്ള കിഴക്കൻ ഇടവകയുടെ ക്ഷീണം നിമിത്തം നൂറ്റാണ്ടുകളായി പടിഞ്ഞാറുനിന്ന് മഫ്രിയാനമാരെ വാഴിച്ചയച്ച് ഭരിപ്പിക്കുകയും ചെയ്തിരുന്ന ആ പതിവ് കൊണ്ടുമാണ്. Ans. പാത്രിയർക്കീസ് മഫ്രിയാനയുടെ ഇടവകയിൽ ഭരണകാര്യങ്ങളിൽ എന്തെങ്കിലും ചെയ്തതായി *എക്ലിഷ്യാസ്റ്റിക്കിയിൽ* എവിടെയെങ്കിലും ഉണ്ടോ? ഇതിനുമുമ്പ് ബോധിപ്പിച്ച ഭാഗങ്ങളിൽനിന്നും മഫ്രിയാനാമാരെത്തന്നെ തിരഞ്ഞെടുക്കുകയും വാഴിക്കുകയും അവരെക്കുറിച്ചുള്ള പരാതികൾ കേൾക്കുകയും അവരുടെമേൽ നടപടി നടത്തുകയും കിഴക്കൻ ഇടവകയിലുള്ള മേൽപട്ടക്കാരും മഫ്രിയാനമാരും തമ്മിൽ ഉണ്ടായ ഭരണപരമായ കാര്യങ്ങളിലെ വഴക്കുകൾ തീർക്കുകയും മഫ്രിയാനായുടെ ഇടവക ഭരിക്കാൻ പോലും മെത്രാനെ നിയമിക്കുകയും ഭരണരംഗത്തുനിന്ന് മാറണമെന്നാഗ്രഹിച്ചു പാത്രിയർക്കീസിന്റെ അടുക്കൽ രാജി കൊടുത്ത മഫ്രിയാനായെ സാധാരണ ഇടവക ഭരിക്കാൻ അയച്ചതും മഫ്രിയാനാ ഇടവകയിലുള്ള മോർ മത്തായി ദയറാക്കാരും തിഗ്രീസുകാരും നിനുവാക്കാരും തമ്മിലുള്ള ഭരണപരമായ പല തർക്കങ്ങൾക്കും ശാന്തി വരുത്തുകയും മഫ്രിയാന ഇടവകയിൽ മറ്റൊരു കൂട്ടർക്ക് പള്ളിവക്കാനുള്ള അപേക്ഷയിന്മേൽപോലും തീരുമാനം എടുക്കുകയും മറ്റും മറ്റു പല കാര്യങ്ങളും ചെയ്തിട്ടുള്ളതായി ഇതുവരെയുള്ള ഭാഗങ്ങളിൽ കാണുന്നതിൽ ആത്മീയ ഭരണാധികാരിയായ മഫ്രിയാനായുടെമേൽ പാത്രിയർക്കീസ് അധികാരം നടത്തിയിരുന്നു എന്ന് കാണാവുന്നതാണ്. Ans. എതിർ വിസ്താരത്തിൽ *എക്ലിഷ്യാസ്റ്റിക്കിയിൽ*നിന്നും സാക്ഷി പറഞ്ഞ സംഗതികളെ അടിസ്ഥാനമാക്കിയാണോ മേൽപറഞ്ഞത്? Ans.stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge

20-9-78

22-9-78 witness sworn again and cross examination continued. മഫ്രിയാനാ നോഹക്കുശേഷം രണ്ടുകൊല്ലം മഫ്രിയാനാ ഇല്ലായിരുന്നു. പിന്നെ എന്താണ് സംഭവിച്ചത്?Q പാത്രിയർക്കീസ് രണ്ട് സഹോദരന്മാരെ അതായത് അബ്രഹാം റമ്പാൻ അദ്ദേഹത്തിന്റെ അനുജൻ ഹബീബ് റമ്പാൻ എന്നിവരെ തെരഞ്ഞെടുത്ത് കിഴക്കോട്ടയക്കുകയും രണ്ടു വർഷക്കാലം അവർ അവിടെ ശുശ്രൂഷകൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തതിനുശേഷം പൗരസ്ത്യർ ആഗ്രഹിച്ച് ശ്രേഷ്ഠനായ അബ്രഹാം റമ്പാനെ സഫ്രാൻ ദയറായിലേക്ക് കൊണ്ടുവരികയും അദ്ദേഹത്തെ കിഴക്കുള്ള എല്ലാ ജനങ്ങളുടെയും സമ്മതത്തോടെ കിഴക്കിനു മഫ്രിയാനായി വാഴിക്കുകയും അദ്ദേഹത്തിന്റെ സിംഹാസനത്തിലേക്ക് പോവുകയും വലിയ ബഹുമാനത്തോടെ കിഴക്കർ അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. Ans. അതിനുശേഷം 1805ൽ തൂറബ്ദിനിലുള്ള മേൽപട്ടക്കാരും മസൂദ് പാത്രിയർക്കീസുമായി വലിയ വഴക്കുണ്ടായി. കാരണം അദ്ദേഹം വളരെപേരെ ആരുമറിയാതെ തന്നെ വാഴിക്കുകയും തൂറബ്ദീനിൽ ഒരു മഫ്രിയാനായെ വാഴിക്കുകയും ചെയ്തു. അദ്ദേഹത്തിനെതിരായി അധികാരികളുടെ അടുക്കൽ പരാതി ഉണ്ടാവുകയും അവിടെയുള്ള ഒരു പള്ളിയിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കുകയും ആരും അദ്ദേഹത്തെ ചെന്ന് കാണാതിരിക്കുകയും മറ്റും ചെയ്തു. അദ്ദേഹം അധികാരികളോട് അപേക്ഷിച്ചതിന്റെ ഫലമായി ആ തടവിൽ നിന്നും വിട്ടു എങ്കിലും പിന്നെയും ആരും അദ്ദേഹത്തെ സ്വീകരിക്കാനുണ്ടായില്ല. പിന്നീടദ്ദേഹം മർദീനിൽ എത്തി അവിടെവച്ച് അദ്ദേഹം രണ്ട് എഴുത്തുകൾ എഴുതിയതായും അതിൽ ഞാൻ സിറിയാ പ്രദേശത്തേക്ക് പോവുകയാണ് തൂറബ്ദീൻ ഇടവകക്കാരായ നിങ്ങളെല്ലാവരും സമാധാനത്തോടെ വസിപ്പിൻ. ഞാനല്ലാതെ എന്റെ പിന്നാലെ ആരെയെങ്കിലും വാഴിച്ചാൽ വാഴിക്കുന്നവനും വാഴ്ച ഏൽക്കുന്നവനും ശപിക്കപ്പെട്ടവനായിരിക്കും എന്തെന്നാൽ സുറിയാനിക്കാർക്ക് മർദീനിൽ ഇരിക്കുന്ന ഒരു പാത്രിയർക്കീസ് മാത്രമെ ഉള്ളൂ എന്ന് എഴുതിയിരുന്നു. അദ്ദേഹം പിന്നീട് ഒരു ദയറായിൽ പോയി താമസിച്ചു എങ്കിലും ആരും അദ്ദേഹത്തെ സഹായിക്കാനുണ്ടായില്ല. അപ്പോൾ തൂറബ്ദീൻ ഇടവകക്കാരായ മേൽപട്ടക്കാർ മർദീനിലെ പാത്രിയർക്കീസിനോട് യോജിക്കുകയും അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. അബ്രഹാം മഫ്രിയാനായ്ക്ക് ശേഷമുള്ള മഫ്രിയാനാമാരുടെ ചരിത്രം Ex.B.80 ൽ ഇല്ല. പിന്നീട് മഫ്രിയാൻമാർ ഉണ്ടായിരുന്നോ?Q

ക്രിസ്താബ്ദം 1863 ഓ 1865ഓ വരെ മഫ്രിയാനാമാർ ഉണ്ടായിരുന്നു. Ans. അവരെ സംബന്ധിച്ചുള്ള ശരിയായ ചരിത്രം കാണിക്കുന്ന രേഖകൾ എന്തെങ്കിലും ഉണ്ടോ?Q ഇങ്ങനെ ഉണ്ടായിരുന്നു എന്നു ചില രേഖകളിൽ കാണുന്നതല്ലാതെ അവരെ സംബന്ധിച്ചുള്ള ചരിത്രം നിശ്ചയമില്ല. Ans. ബാർ എബ്രായുടെ കാലശേഷമുള്ള ഭാഗങ്ങൾ *എക്ലീഷ്യാസ്റ്റിക്കിയിൽ* ആരെഴുതിയിട്ടുള്ളതാണെന്നറിയാമോ? പിന്നീട് മഫ്രിയാനാ ആയിതീർന്നു ബർസൗമാസാഫീ അദ്ദേഹത്തിന്റെ മരണം വരെയുള്ള ചരിത്രം എഴുതിയതായി ExB80 ൽ കാണുന്നുണ്ട്. പിന്നീടുള്ളവ ആരാണ് എഴുതിയതെന്ന് കാണുവാൻ മാർഗമില്ല. Ans. തൂറബ്ദീനിലും കിലുക്കിയായിലും മർദീനിലും ഒരേ സമയത്ത് പാത്രിയർക്കീസുമാർ ഉണ്ടായിരുന്നതായി EB80 ൽ പറയുന്നില്ലേ? മുമ്പ് ബോധിപ്പിച്ച രീതിയിൽ ചില സന്ദർഭങ്ങളിൽ ചിലരുടെ പ്രത്യേക താല്പര്യങ്ങൾ വച്ചുകൊണ്ട് ചിലർകൂടി എതിർ പാത്രിയർക്കീസന്മാരെ വാഴിച്ചിട്ടുണ്ട്. മൂന്ന് സ്ഥലത്തും ഒരേ സമയത്താണോ എന്നറിഞ്ഞുകൂടാ. തൂറബ്ദീനിലും മർദീനിലും കിലുക്കിയായിലും മർദീനിലും ഒരേ സമയത്ത് പാത്രിയർക്കീസ്മാർ ഉണ്ടായിരുന്നതായി കാണുന്നുണ്ട്. Ans. ഒരേ സമയത്ത് രണ്ട് പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നപ്പോൾ സാക്ഷി പറയുന്ന പത്രോസിന്റെ സിംഹാസനത്തിൽ ആരൂഢനായിരുന്നതാരാണെന്ന് പറയാമോ?Q പറയാം. എല്ലാവരും കൂടി തിരഞ്ഞെടുത്ത് വാണുകൊണ്ടിരുന്ന ആൾ ആണ് പത്രോസിന്റെ സിംഹാസനത്തിന്മേൽ ആരൂഢനായിരുന്നത്. Ans. ആരാണ് അത്?Q മർദീനിലെ ആൾ. Ans. മർദീനിലെ ആളെ എല്ലാവരുംകൂടി തെരഞ്ഞെടുത്തതാണെന്ന് EB80 പറയുന്നുണ്ടോ?Q പാത്രിയർക്കീസന്മാരുടെ ചരിത്രം EB80 ൽ പറയുന്നില്ല. അതിനും പുറമെ EB80 ൽ പറയുന്ന ഭാഗങ്ങൾ കൊണ്ടുതന്നെ തൂറബ്ദീനിലെയും കിലിക്കിയായിലെയും പാത്രിയർക്കീസന്മാർ എന്ന് വിളിക്കപ്പെട്ടവർ ഓരോ സമയത്തും എങ്ങനെയാണ് ഉണ്ടായതെന്ന് ഏകദേശമായി സൂചിപ്പിച്ചിട്ടുണ്ട്. വീണ്ടും അല്പസമയം മുമ്പ് ബോധിപ്പിച്ച തൂറബ്ദീനിലെ മസൂദ് എന്നയാളും മർദീനിലുള്ള ആളിനെ എല്ലാവരും സ്വീകരിച്ചുകൊള്ളണം. സഭയ്ക്ക് ഒരു ഇടയനെ ഉള്ളൂ എന്നെല്ലാം പറഞ്ഞിട്ടുമുണ്ട്. Ans. കിലുക്കിയായിലെ പാത്രിയർക്കീസ് എങ്ങനെ ഉണ്ടായി എന്നാണ് EB80 ൽ പറയുന്നത്. Ans. ആര് തെരഞ്ഞെടുത്തു?Q പെട്ടെന്ന് പറയാൻ നിവർത്തിയില്ല. Ans. ആര് തിരഞ്ഞെടുത്തു എന്ന് EB80 ൽ ഇല്ലെന്ന് പറഞ്ഞാൽ നിഷേധിക്കാമോ?Q നോക്കി കാണാതെ നിഷേധിക്കാനും നിഷേധിക്കാതിരിക്കാനും വയ്യ. Ans. മസൂദ് പാത്രിയർക്കീസിന് മുമ്പുള്ള തൂറബ്ദീൻ പാത്രിയർക്കീസന്മാരെ ആര് തെരെഞ്ഞെടുത്തു എന്നോ എങ്ങനെ വാഴിച്ചു എന്നോ EB80 കൊണ്ട് കാണാമോ?Q സാവകാശമായി പുസ്തകം നോക്കാതെ ബോധിപ്പിക്കുവാൻ നിവൃത്തിയില്ല. Ans. ഈ *എക്ലീഷ്യാസ്റ്റിക്കി* മുഴുവൻ തർജ്ജമ ചെയ്തു ഹാജരാക്കിയിരുന്നെങ്കിൽ EB80 ൽ ആ വിവരം പറയുന്നുണ്ടോ എന്ന് പറയുവാൻ സാധിക്കുമായിരുന്നില്ലേ?Q സാധിക്കുമായിരുന്നു. Ans. തിഗ്രീസിലെ മഫ്രിയാനാ സ്ഥാനം പാത്രിയർക്കീസ് സുന്നഹദോസോടുകൂടി 1863ൽ നിർത്ത

ലാക്കി എന്ന് ചീഫിൽ പറഞ്ഞിട്ടുള്ളതിന് എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ?Q ചരിത്രപുസ്തകങ്ങളിലും ചിലരുടെ മൊഴികളിലും വായിച്ചിട്ടുള്ള അറിവാണ്. Ans. ചരിത്രപുസ്തകം ഏതാണെന്നോ ആരെഴുതിയതാണെന്നോ പറയാമോ?Q പെട്ടെന്ന് പറയാൻ നിവൃത്തിയില്ല. Ans. ആരുടെ മൊഴിയിലാണ് ഉണ്ടെന്ന് പറയുന്നത്?Q മോർ ഗീവർഗീസ് ദ്വിതീയന്റെയൊ വട്ടശേരിൽ തിരുമേനിയുടെയൊ മൊഴിയിലാണെന്നാണ് ഓർമ്മ. Ans. ഏത് കേസിലെ മൊഴിയിലാണ്?Q 111 ലെ കേസിലെ മൊഴിയിലാണ് മോർ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ പറഞ്ഞിട്ടുള്ളതെന്ന് തോന്നുന്നു. ശരിക്ക് ഓർമ്മയില്ല. Ans. രണ്ടാം വാദിയുടെ മൊഴിയിലും ഉണ്ടോ എന്ന് സംശയം ഉണ്ട്. ഈ കേസിലെ മൊഴിയിലാണോ? അതെ. Ans. 2-ാം വാദിയുടെ മൊഴി മുഴുവൻ വായിച്ചിട്ടുണ്ടോ? പത്രത്തിൽ വന്നത് വായിച്ചിട്ടുണ്ട്. Ans. ചീഫിൽ പാത്രിയർക്കീസ് മഫ്രിയാനാമാരെ വാഴിച്ചതിനെപ്പറ്റിയും അവരുടെമേൽ ശിക്ഷണനടപടികളെടുത്തതിനെപ്പറ്റിയും മറ്റും പറഞ്ഞിട്ടുള്ളത് Ex.B.80 യെ അടിസ്ഥാനപ്പെടുത്തിയാണോ? അതെ. Ans. അങ്ങനെ ആണെന്ന് കാണിക്കാൻ സാക്ഷിയുടെ അഭിപ്രായത്തിൽ ഉള്ള ഭാഗങ്ങളാണോ തർജ്ജമയും ചുരുക്കവും ആയി ഹാജരാക്കിയിട്ടുള്ളത്?Q അതെ. Ans. സ്വർണ്ണനാവുകാരനായ മോർ ഇവാനിയോസ് എന്ന പിതാവ് കുസ്തന്തിനോപ്പോലീസിലെ പാത്രിയർക്കീസായിരുന്നു. അദ്ദേഹം അന്ത്യോക്യക്കാരനും അന്ത്യോക്യൻ സഭയിൽപെട്ട ആളും ആയിരുന്നു. അങ്ങനെ കശീശ ആയിരുന്ന കാലത്ത് ആണൊ കുസ്തന്തിനോപ്പോലീസിലെ പാത്രിയർക്കീസായി വാഴിച്ചത്?Q ആയിരിക്കാം. Ans. അദ്ദേഹത്തിന്റെ കാലത്ത് റോമിലും അലക്സാന്ത്രിയായിലും കുസ്തന്തിനോപ്പോലീസിലും സിറിയായിലും കേന്ദ്രങ്ങളോടുകൂടി സഭ ഒന്നായിരുന്നു. Wigram എന്ന ചരിത്രകാരൻ അദ്ദേഹത്തിന്റെ *History of the Assyrian Church* എന്ന പുസ്തകത്തിൽ Church of the Easterners was never included in the Patriarchate of Antioch എന്നു പറഞ്ഞിട്ടില്ലേ? പുസ്തകം ഞാൻ വായിച്ചിട്ടില്ല. എങ്കിലും ഏത് കാലത്തെ കാര്യമാണെന്നുകൂടി അറിയണം. അതിനും പുറമെ Church of the East എന്നു പേരുള്ളത് Nestorian സഭയ്ക്കാണ്. ഏതാണ്ട് ആയിരം വർഷത്തെ ചരിത്രം എഴുതിയ കിഴക്കിന്റെ മഫ്രിയാനായ ബാർ എബ്രായ പോലും അദ്ദേഹം ഭരിച്ചുകൊണ്ടിരുന്ന സഭാവിഭാഗത്തെ ആ പേരിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് Nestorian സഭ അന്ത്യോക്യാ പാത്രിയർക്കീസിനെ കീഴിലല്ല എന്നുള്ള അർത്ഥത്തിൽമേൽ പറഞ്ഞ പ്രസ്താവന ശരിയാണ്. Ans. *എക്ലീഷ്യാസ്റ്റിക്കി*യിൽ നെസ്തോറിയൻ ഉണ്ടാകുന്നതിന് മുമ്പുള്ള കാലത്തും കിഴക്കിന്റെ സഭ അല്ലെങ്കിൽ പൗരസ്ത്യസഭ എന്നും പാശ്ചാത്യസഭ അല്ലെങ്കിൽ പടിഞ്ഞാറെൻ സഭ എന്നും ഉപയോഗിക്കുന്നുണ്ടോ?Q E.B.80 കൊണ്ട് അങ്ങനെ ഒരിക്കലും കാണുകയില്ല. കിഴക്കർ കിഴക്കുള്ള പിതാക്കന്മാർ പാശ്ചാത്യർ പടിഞ്ഞാറുള്ള പിതാക്കന്മാർ എന്നെല്ലാമുള്ള പ്രയോഗമാണ് അതിലുള്ളത്. E.B.80 ൽ ഒരു ഭാഗത്തും കിഴക്കൻ സഭ അല്ലെങ്കിൽ പൗരസ്ത്യസഭ എന്നുപയോഗിച്ചിട്ടില്ലെന്നാണോ സാക്ഷി പറയുന്നത്?Q ഇല്ലെന്നാണ് എന്റെ

പൂർണ്ണമായ വിശ്വാസം കാരണം ഒരു സഭയിലെ രണ്ട് വിഭാഗങ്ങൾ മാത്രമായിരുന്നു അവ. അതനുസരിച്ചുള്ള ചരിത്രമാണ് ഇതുവരെ ഇവിടെ ബോധിപ്പിച്ചത്. Ans. ഒരു സഭയിലെ രണ്ടു വിഭാഗങ്ങൾ എന്നു പറഞ്ഞത് ExB80 യെ അടിസ്ഥാനമാക്കിയാണ് സുറിയാനിസഭയുടെ ചരിത്രങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ്. E.B.80 യും അതിന്റെ തർജ്ജമകളും ഇവിടെ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് നോക്കി എന്നെ എതിർവിസ്താരം ചെയ്തതുൾപ്പെടെ. ആ സ്ഥിതിക്ക് സുറിയാനി സഭാകാര്യങ്ങളെക്കുറിച്ച് ഇതിനേക്കാൾ ഉപരിയായ ഒരു ചരിത്രവും കാണാനില്ല. റോമാസാമ്രാജ്യത്തിന് കിഴക്കുണ്ടായിരുന്ന പേഴ്ഷ്യൻ സഭക്ക് കിഴക്കൻസഭ എന്ന് പറഞ്ഞിരുന്നോ?Q ഈ സഭയിലെ ചരിത്രകാരന്മാരല്ലാതെ മറ്റേതെങ്കിലും സഭകളിൽപെട്ടവർ വല്ലടത്തും അങ്ങനെ എഴുതിയിട്ടുണ്ടായിരുന്നേക്കാമെന്നല്ലാതെ ഈ സഭയിലെ ആരും അങ്ങനെ എഴുതിയതായി കണ്ടിട്ടില്ല. Ans. മറ്റുള്ളവർ പറഞ്ഞിട്ടുണ്ടോ?Q അങ്ങനെ എഴുതിയിട്ടുള്ള പുസ്തകങ്ങൾ കാണാതെ സ്പഷ്ടമായി പറയാൻ ആവുകയില്ല. Ans. സാക്ഷിയുടെ പഠനത്തിൽ അങ്ങനെ എഴുതിയിട്ടുള്ള പുസ്തകങ്ങൾ യാതൊന്നും കണ്ടിട്ടില്ലെന്നാണോ? ഈ സഭയിലെ ചരിത്രകാരന്മാരുടേത് കണ്ടിട്ടില്ല. Wigram എഴുതിയതായി ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് പ്രസ്താവിച്ചു. എന്റെ വായനയിൽ ആരെങ്കിലും അങ്ങനെ എഴുതിയിട്ടുണ്ടോ ഇല്ലയൊ എന്ന് ഇപ്പോൾ പെട്ടെന്ന് പറയുവാൻ സാധിക്കുകയില്ല. Ans. നിഖ്യാ സൂനഹദോസ് നിശ്ചയങ്ങൾ റോമാചക്രവർത്തി അംഗീകരിച്ച് അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ നടപ്പിൽ വരുത്തിരുന്നോ?Q അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ മാത്രമല്ല സഭ മുഴുവനിലും അവിടെ കൂടിയിരുന്ന പിതാക്കന്മാർ അത് നടപ്പിലാക്കി. Ans.question repeated. അതിനുള്ള ഉത്തരമാണ് പറഞ്ഞത്. Ans.question repeated again ചക്രവർത്തിയല്ല നടപ്പിലാക്കിയത്. Ans. ചക്രവർത്തി ആ സൂനഹദോസ് നിശ്ചയങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ചെയ്തതായി സാക്ഷി മനസ്സിലാക്കിയിട്ടുണ്ടോ?Q വിളിച്ചുകൂട്ടുന്ന കാര്യത്തിലും അതിന്റെ നടപ്പ്കാര്യത്തിലും നിശ്ചയങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിലും ചക്രവർത്തിയിൽനിന്ന് വിലയേറിയ സഹായങ്ങൾ ഉണ്ടായിട്ടുണ്ട്. അത്രയുമെ അതേപ്പറ്റി അറിയാവൂ. Ans. പേർഷ്യയിൽ ഉണ്ടായിരുന്ന സഭയിൽ എ.ഡി. 410, 420, 424 എന്നീ ആണ്ടുകളിൽ എപ്പിസ്കോപ്പന്മാരുടെ സൂനഹദോസുകൾ നടന്നിട്ടുണ്ടോ? 410ൽ മേഫർകാത്തിലെ മോർ മറദൂത്ത ഇസഹാക്ക് കാതോലിക്കായുടെ കാലത്ത് പൊർഫോറിയോസ് പാത്രിയർക്കീസിന്റെ എഴുത്തുകളും മറ്റുമായി വന്ന് കിഴക്കുള്ള എപ്പിസ്കോപ്പന്മാരെ വിളിച്ചുകൂട്ടി ചില തീരുമാനങ്ങൾ ചെയ്തതായി ഫോർട്ടസ്ക്യൂ പറയുന്നതായി മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. ബാർ എബ്രായയും ചുരുക്കമായി അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 420ലെയും 242ലെയും കൂട്ടങ്ങളെക്കുറിച്ച് ബാർ എബ്രായ പറഞ്ഞിട്ടില്ലെന്നാണ് എന്റെ ഓർമ്മ. എന്നാൽ 424 ലെ യോഗത്തെക്കുറിച്ച് അത് നെസ്തോറിയ വിശ്വാസികൾ കൂടിയതാണെന്നും അന്ത്യോക്യാ പാത്രിയർക്കീസുമായിട്ട് കീഴ്വഴക്കമില്ല എന്നവർ തീരുമാനിച്ചതായിട്ടും അത് ഒരു ശീശ്മ പ്രവൃത്തി

യായിരുന്നു എന്നും ഫോർട്ടസ്ക്യൂവിന്റെ ചരിത്രത്തിൽ വായിച്ചിട്ടുണ്ട്. Ans. കിഡ് മുതലായ ചരിത്രകാരന്മാർ വല്ലവരും ഇതേക്കുറിച്ച് പറയുന്നുണ്ടോ?Q ഞാൻ വായിച്ചിട്ടില്ല. Ans. ഇത് സംബന്ധിച്ച് ഫോർട്ടസുക്യൂവിന്റെ ചരിത്രം മാത്രമെ വായിച്ചിട്ടുള്ളോ?Q ഇപ്പോൾ അതെ ഓർക്കുന്നുള്ളൂ. Ans. നെസ്തോറിയ വിശ്വാസം പേർഷ്യൻ സഭയിൽ ഉണ്ടായത് എന്നു മുതലാണെന്ന് ചരിത്രം കൊണ്ട് കാണാമോ?Q Ex.B.80 ൽ ബാബൂയഹ് ആക്കോത്ത് മുതലായവരുടെ കാലത്തും അതിനുശേഷവും ആണ് ഉണ്ടായതെന്ന് പറഞ്ഞിട്ടുള്ളതായി ഓർക്കുന്നത്. Ans. മറ്റു ചരിത്രകാരന്മാർ ഇതേ സംബന്ധിച്ച് എന്തെങ്കിലും പറയുന്നതായി ഇപ്പോൾ ഓർക്കുന്നില്ല. പാത്രിയർക്കീസന്മാരുടെ തെരഞ്ഞെടുപ്പുകളിൽ മഫ്രിയാനാമാർ ഇടപെടുകയും അവർ തെരഞ്ഞെടുപ്പു നടത്തുകയും ചെയ്തിട്ടുള്ളതായി *എക്ലീഷ്യാസ്റ്റിക്കി*കൊണ്ടു കാണാമോ?Q പാത്രിയർക്കീസന്മാരുടെ തെരെഞ്ഞെടുപ്പുകൾ പാശ്ചാത്യപ്രദേശങ്ങളിൽ വച്ചാണ്. നടത്തിക്കൊണ്ടിരുന്നതെന്നും മഫ്രിയാന ഉൾപ്പെടെയുള്ള കിഴക്കരെ അറിയിച്ച അവസരങ്ങളും അറിയിക്കാത്ത അവസരങ്ങളും ഉണ്ടായിട്ടുണ്ടെന്ന് മഫ്രിയാനാ സന്നിഹിതനായിട്ടുള്ള ചില സന്ദർഭങ്ങളിൽ പാത്രിയർക്കാ വാഴ്ചയിൽ അദ്ദേഹം കൈവയ്പ്പു നടത്തിയിട്ടുണ്ടെന്നും ചിലപ്പോൾ കിഴക്കർ തന്നെ തങ്ങളുടെ മഫ്രിയാന കൈവയ്ക്കാൻ പാടില്ലെന്ന് ശഠിച്ചിട്ടുള്ളതായും ഇതുവരെ ബോധിപ്പിച്ച ഭാഗങ്ങളിൽ ഉണ്ട്. Ans. മഫ്രിയാനാമാർ പാത്രിയർക്കീസിനെ തെരെഞ്ഞെടുത്ത് വാഴിച്ചതായി കാണുമോ?Q ഒരിക്കലും ഒരു മഫ്രിയാനായും പാത്രിയർക്കീസിനെ തെരെഞ്ഞെടുത്ത് വാഴിച്ചിട്ടില്ല. മറിച്ച് ചില മഫ്രിയാനാമാരെയും പാത്രിയർക്കീസ് തെരെഞ്ഞെടുത്ത് വാഴിച്ചിട്ടുള്ളതായി E.B.80 ൽ പറയുന്നുണ്ട്. Ans. പാത്രിയർക്കീസ് തെരെഞ്ഞെടുപ്പും വാഴ്ച്ചയും സംബന്ധിച്ചുള്ള കാര്യങ്ങൾ Ex.B.80 ൽ ഉണ്ടോ?Q അവയെ സംബന്ധിച്ച് വിശദമായി പറഞ്ഞിരിക്കുന്നത് *എക്ലീഷ്യാസ്റ്റിക്കി*യുടെ ഒന്നാം ഭാഗത്താണ് ഈ രണ്ടാം ഭാഗത്തല്ല. രണ്ടാം ഭാഗത്ത് ചുരുക്കമായി പറഞ്ഞിട്ടുള്ള ചില ഭാഗങ്ങൾ വച്ചുകൊണ്ടാണ് ഇപ്പോൾ ബോധിപ്പിച്ചത്. Ans.EB80 ൽ ഒന്നാം ഭാഗവും ഉണ്ട്. വേദവിപരീതം എന്നാൽ എന്താണ്?Q 1. വിശുദ്ധവേദപുസ്തകത്തിന്റെ വ്യാഖ്യാനമായി സഭ അംഗീകരിച്ചിട്ടുള്ളവർക്ക് എതിരായി പറയുക. 2. പ്രവർത്തിക്കുക. 3. സഭയുടെ വേദാനുസരണമുള്ള വിശ്വാസസത്യങ്ങൾക്കെതിരായി നിലകൊള്ളുക. 4 അങ്ങനെയുള്ള വിശ്വാസങ്ങളിലും തദനുസരണമായ ആരാധനാക്രമങ്ങളിലും വ്യത്യാസങ്ങൾ വരുത്തുക. 5. സഭയുടെ വേദാനുസരണമുള്ള വിശ്വാസത്തിന്റെ സംരക്ഷകനായ സഭാതലവനോട് എതിർക്കുക, മുതലായവയയാണ് ഇപ്പോൾ ഓർമ്മയിൽ വരുന്നത്. Ans. ഒരു സംഗതി വേദവിപരീതമാണോ അല്ലയൊ എന്നത് സംബന്ധിച്ച് തർക്കമുണ്ടായാൽ അത് സംബന്ധിച്ച് തീരുമാനം ചെയ്യാനുള്ള അധികാരം ആർക്കാണ്?Q വേദവിപരീതം ഉൾപ്പടെ സഭയിലെ വിശ്വാസസംബന്ധമായ ഏത് കാര്യത്തെ സംബന്ധിച്ചും എന്തെങ്കിലും ഉണ്ടായാൽ സഭയുടെ പ്രധാന തലവനായ പാത്രിയർക്കീസിനാണ്, തത്സംബന്ധമായ കാര്യത്തെക്കുറിച്ച് ആലോചന നടത്താനുള്ള

സൂനഹദോസിനെ വിളിച്ചുകൂട്ടുവാനും അതിൽ അദ്ധ്യക്ഷത വഹിക്കുവാനും അതിന്റെ തീരുമാനങ്ങളെ പ്രഖ്യാപിച്ച് നടപ്പിലാക്കുവാനും ഉള്ള അധികാരം. Ans. വേദവിപരീതമാണോ അല്ലയോ എന്ന് തീരുമാനം ചെയ്യുന്നത് സൂനഹദോസാണ് എന്ന് പറഞ്ഞാൽ ശരിയാണോ?Q വേദവിപരീതം ഇന്നതെന്ന് നിർവ്വചിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക് അത് സംബന്ധമായുള്ള കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കാനുള്ള അധികാരം പാത്രിയർക്കീസ് അദ്ധ്യക്ഷനായുള്ള ആകമാന സുറിയാനി സഭയുടെ സൂനഹദോസിനാണ്. Ans. ഈ പറഞ്ഞ കാര്യങ്ങൾക്ക് സാക്ഷിക്ക് authority എന്താണ്?Q വേദവിപരീതങ്ങൾ കൈകാര്യം ചെയ്തത് ആകമാനസഭയുടെ സൂനഹദോസുകളായിരുന്നു.Ans. ഒരു സഭാംഗത്തെ സഭക്ക് ഇതരനായി തീരുമാനിക്കാനും പ്രഖ്യാപിക്കാനും ഉള്ള അധികാരം ആർക്കാണ്?Q ഒരു സാധാരണ വ്യക്തിയെ സഭാസംസർഗത്തിൽ നിന്നും മാറ്റി നിർത്തുവാൻ ആത്മീയ കുടുംബങ്ങളുടെ പേരിലാണെങ്കിൽ മെത്രാപ്പോലീത്തക്കവകാശമുണ്ട്. ഒരു മേൽപട്ടക്കാരനെ സംബന്ധിക്കുന്നതാണെങ്കിൽ അതിനുള്ള അധികാരം പാത്രിയർക്കീസദ്ധ്യക്ഷനായുള്ള ആകമാന സുറിയാനിസഭയുടെ ശുപാർശാനുസരണം പാത്രിയർക്കീസിനുള്ളതാകുന്നു. Ans. ഈ പറയുന്നതിനുള്ള അടിസ്ഥാനം എന്താണ്?Q ഇങ്ങനെയുള്ള എല്ലാ കാര്യങ്ങൾക്കും പ്രത്യേകം എഴുതപ്പെട്ടിട്ടുള്ള നിയമങ്ങൾ ദുർലഭമാകയാൽ കീഴ്പതിവുകളും സഭയെന്നുള്ള രീതിയിൽ അതിന്റെ അച്ചടക്കം പാലിക്കേണ്ടതും നിലനിർത്തേണ്ടതിനും സഭയുടെ തലവനാകയാലും എന്നല്ലാതെ പ്രത്യേക തെളിവുകൾ എന്റെ ഓർമ്മയിൽ വരുന്നില്ല. Ans. സൂനഹദോസ് ഇന്നയാൾ വിളിച്ചുകൂട്ടണമെന്ന് എഴുതപ്പെട്ടിട്ടുള്ള നിയമങ്ങൾ വല്ലതും ഉണ്ടോ? കുറ്റാരോപണം ചെയ്യപ്പെടുന്ന എപ്പിസ്കോപ്പായെ സംബന്ധിച്ച് കാനോനിൽ നിയമമുണ്ടെന്ന് ഓർക്കുന്നു. അതിന് പുറമെ മോർ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയോ വട്ടശേരിൽ തിരുമേനിയുടെയോ മൊഴിയിൽ നിന്നും ഇങ്ങനെയുള്ള അധികാരം പാത്രിയർക്കീസിനുണ്ട് എന്ന് ഞാൻ വായിച്ചിട്ടുണ്ട്. Ans. കാനോനിൽ ഏത് വ്യവസ്ഥയാണ് ഇതിന് സാക്ഷി ആശ്രയിക്കുന്നത്?Q കാനോനിൽ പാത്രിയർക്കീസ് ഇന്നത് ചെയ്യണമെന്ന് പറഞ്ഞിട്ടുള്ളതായി ഞാൻ ബോധിപ്പിച്ചിട്ടില്ല. എപ്പിസ്കോപ്പായുടെമേൽ ഉള്ള കുറ്റാരോപണവും തീരുമാനവും സൂനഹദോസിന്റെ മുമ്പിലായിരിക്കണം എന്ന് മാത്രമുള്ള കാര്യമാണ് ഞാൻ ഉദ്ദേശിച്ചത്. അത് മാത്രമെ കാനോനിൽ ഉള്ളൂ. Ans.Ex.B.149 ന്റെ പേജ് നമ്പർ 35ലെ ഒരു ഭാഗം ഇപ്പോൾ തന്റെ വത്സല പുത്രൻ എന്നു തുടങ്ങുന്നതു തർജ്ജമ ചെയ്തു ഹാജരാക്കിയിട്ടുണ്ട്. അതിന് തൊട്ടുമുമ്പുള്ള ഭാഗം തർജ്ജമ ചെയ്തു പറയാമോ? പറയാം. "ഇത് നിമിത്തം തന്റെ പരിശുദ്ധ ശ്ലീഹന്മാർ മുഖാന്തിരം സ്വർഗീയമായ ക്രമങ്ങൾ ഭൂമിയിലുള്ളവരെ ഭരമേൽപ്പിച്ചു. ദീർഘദർശിമാരുടെ തലവനായ മോശ മുഖാന്തരം വരച്ചു കാട്ടിയിരുന്ന ആ ദൃഷ്ടാന്തങ്ങൾ വരച്ചു കാണിക്കുകയും ചെയ്തു." Ans.Ex.B.108 കല്പനയെപ്പറ്റി നേരിട്ട് സാക്ഷിക്ക് വല്ലതും അറിയാമോ?Q 1923 ഇടവം 20ന് ഗീവറുഗീസ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും

ഗീവർഗീസ് ഫിലക്സിനോസ് മെത്രാപ്പോലീത്തായും യുയാക്കിം ഇവാനിയോസ് മെത്രാപ്പോലീത്തായും കൂടി അന്ത്യോക്യായുടെ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാക്ക് അയച്ച ഈ എഴുത്തിനെക്കുറിച്ചു എനിക്കു നേരിട്ടറിവില്ല. Ans.26-17-1958 ൽ പുത്തൻകാവ് സെന്റ് മേരീസ് സുറിയാനി പള്ളി അങ്കണത്തിൽവച്ചു കൂടിയ മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മീറ്റിംഗിൽ സാക്ഷി പോയിരുന്നോ?Q പോയിരുന്നു. Ans. അത് സംബന്ധിച്ച് പള്ളിയിൽ യോഗം കൂടി ഇടവക പ്രതിപുരുഷന്മാരെ തെരെഞ്ഞെടുത്തത് സംബന്ധിച്ചുള്ള അധികാരപത്രമാണോ ഇത്?Q അധികാരപത്രമാണിത്. അതിൽ ഞാൻ ഒപ്പിട്ടിട്ടുണ്ട്. Marked Ext.A.214 1958 ഡിസംബർ മാസം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ഡിസംബർ 9-ാം തീയതിയിലെ കാതോലിക്കോസിനുള്ള കല്പനയുടെ വെളിച്ചത്തിൽ ഡിസംബർ 16ന് മോർ ഗീവറുഗീസ് ദ്വിതീയനെ കാതോലിക്കാ എന്ന പേരിൽ പാത്രിയർക്കീസ് ബാവ സ്വീകരിച്ചതിന്റെ വെളിച്ചത്തിൽ അപ്പോഴത്തെ ആ പരിതസ്ഥിതിയിൽ ആ യോഗത്തിന് മുമ്പുള്ള ഞായറാഴ്ച പള്ളിയിൽ വിളിച്ചുപറഞ്ഞ് അന്നു കട്ടപ്രത്തുപള്ളിയിൽ കൂടിയവരുടെ ഒപ്പുകൾ കൂടി ഉള്ള അധികാരപത്രമാണ് എന്നെ കാണിച്ചത്. Ans.E.A.214 ൽ പ്രിന്റു ചെയ്ത ഭാഗത്ത് വികാരി കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പായുടെ എന്നും അതിന് താഴെ പ്രതിപുരുഷന്മാരുടെ പേര് വിവരവും ഒക്കെ എഴുതിയിരിക്കുന്നത് എന്റെ കൈയ്യക്ഷരമാണ്. എന്റെ പേരെഴുതി ഒപ്പിട്ടിരിക്കുന്നതും ഞാൻ ആണ്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗം വിളിച്ചു കൂട്ടേണ്ടത് അതിന്റെ പ്രസിഡന്റായ മലങ്കര മെത്രാപ്പോലീത്ത ആണോ?Q അതിന്റെ നടപടി ക്രമങ്ങളൊന്നും എനിക്കറിഞ്ഞുകൂടാ. അന്നത്തെ പരിതഃസ്ഥിതിയിൽ ആ യോഗത്തിനുപോയി എന്ന് മാത്രം. Ans. അധികാരപത്രത്തിൽ കാണുന്ന വിവരങ്ങൾ മനസ്സിലാക്കിയാണ് ഒപ്പിട്ടത്. അന്നത്തെ യോഗത്തിന് പോയി എന്നു മാത്രം. Ans. അധികാരപത്രത്തിൽ കാണുന്ന വിവരങ്ങൾ മനസ്സിലാക്കിയാണ് ഒപ്പിട്ടത്. അന്നത്തെ യോഗത്തിൽ പോയി ഹാജർ പുസ്തകം Ex.A.215 ൽ 13-ാം പേജിൽ 78-ാം നമ്പരായി ഉള്ള കോളത്തിനെതിരെ കാണുന്ന ഒപ്പ് എന്റെതാണ്. Stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ.

Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge

22-9-78

26-9-78 Witness sworn again and cross examination continued by plantiff in OS.82/77. സാക്ഷി അംഗമായിരിക്കുന്ന സഭയുടെ പേരു മാത്രം പൂർണ്ണമായും

ശരിയായും കൃത്യമായും പറയാമോ? യാക്കോബായ സുറിയാനി സഭ എന്നും സിറിയൻ ഓർത്തഡോക്സ്സഭ എന്നും പറയാം. Ans. രണ്ടും ശരിയായ പേരാണ്. ഈ സഭക്ക് ആ പേരുകൾ എന്നു മുതൽ ഉപയോഗിക്കുന്നു?Q സുറിയാനി സഭ എന്നുള്ള പേര് ആദിമുതലെ ഉണ്ടായിരുന്നതും നിഖ്യാ വിശ്വാസ പ്രമാണത്തോടുകൂടി സത്യവിശ്വാസമുള്ള എന്നർത്ഥമായ ഓർത്ത ഡോക്സ് എന്ന പേരും അങ്ങനെ സിറിയൻ ഓർത്തഡോക്സ് എന്നും അതി നുശേഷം ഇരുസ്വഭാവ വാദികൾ ഏകസ്വഭാവ വാദികളെ സത്യവിശ്വാസികളെ സംഘടിപ്പിച്ച് ഉറപ്പിച്ച മോർ യാക്കോബ് ബുർദാനായുടെ അനുഗാമികൾ എന്ന രീതിയിൽ ഇരുസ്വഭാവ വാദികൾ ഏകസ്വഭാവ വാദികളെ ആക്ഷേ പിച്ചു വിളിച്ചതും ക്രിസ്ത്യാനികൾ എന്നാക്ഷേപിച്ചു വിളിച്ചത് കാര്യമായി സ്വീകരിച്ചു മുമ്പോട്ടുപോയതുപോലെ യാക്കോബായക്കാർ എന്നുള്ള സംജ്ഞ യേയും കാര്യമായിത്തന്നെ സ്വീകരിച്ച് മുമ്പോട്ട് പൊയ്ക്കൊണ്ടിരുന്നതും ബാർ എബ്രായ മുതലായ എഴുത്തുകാർ ആ പേര് അവരുടെ കൃതികളിൽ ഉപയോഗിക്കുകയും മലങ്കരയിലും അടുത്തകാലം വരെയും ആ പേരിൽ അറിയപ്പെടുകയും ചെയ്തിരുന്നു. ഇപ്പോഴും ആ പേര് ഉപയോഗിച്ചുകൊണ്ടും ഇരിക്കുന്നു. Ans. ആദിമുതൽ ഉള്ള പേര് ഏതാണ്? റോമിലെ സഭാവിഭാഗ ത്തിന് റോമാസഭ എന്ന് ആദിമുതലെ പറഞ്ഞുവന്നതുപോലെ സിറിയായിലെ സഭാവിഭാഗത്തിന് സിറിയൻസഭ എന്നും ആദിമുതലെ പറഞ്ഞുവന്നിരുന്നു. Ans. ആദിമുതൽ എന്നു പറയുന്നതു സൃഷ്ടിയുടെ കാലം മുതൽ എന്നാണോ അർത്ഥമാക്കുന്നത്?Q ആദി മുതൽ എന്ന് ചോദിച്ചതിനുള്ള മറുപടിയാണ് പ റഞ്ഞത്. സൃഷ്ടിമുതലല്ല ക്രിസ്തുവിന്റെ സഭ ഓരോ പ്രദേശത്തും ഉണ്ടായ തുമുതൽ എന്നാണ് ഞാൻ ഉദ്ദേശിച്ചത്. Ans. ആദ്യം ഉണ്ടായ പേരേതാണ്? സിറിയൻസഭ എന്നു മാത്രമാണ് ആദ്യം ഉണ്ടായിരുന്ന പേര്. witness adds. അതിന്റെ കാരണം ഏക ക്രിസ്തീയ സഭയിൽ വിവിധ ഭാഗങ്ങൾ കാണിക്കു വാനും അന്ന് സഭയിൽ പിരിച്ചിലുകൾ ഇല്ലാതിരുന്നതുകൊണ്ടും വിശുദ്ധ പത്രോസിന്റെ പിൻഗാമികൾ ഭരിക്കുന്ന സ്ഥലനാമങ്ങളോടും ചേർത്ത് പറഞ്ഞു എന്നേ ഉള്ളൂ. Ans. സിറിയൻസഭ എന്ന പേര് അതിന്റെ പൂർണ്ണമായ പേരാ യിരുന്നോ അന്ന്?Q അന്ന് ഏകസഭയിലെ സിറിയൻ വിഭാഗത്തിന്റെ പൂർണ്ണ പേരായിരുന്നു. Ans. ആ സിറിയൻ വിഭാഗം ജന്മം എടുത്ത കാലയളവ് പറ യാമോ?Q പത്രോസിന്റെ പിൻഗാമി റോമിലും അന്ത്യോക്യായിലും മറ്റും ഭരണം തുടങ്ങിയ ആ കാലം മുതൽക്കാണ്. Ans. ആ കാലം എ.ഡി. ഇത്രാ മാണ്ട് എന്നോ ഏത് നൂറ്റാണ്ട് മുതല്ക്കെന്നോ പറയാമോ?Qഎ.ഡി.37 മുതൽ അന്ത്യോക്യായിൽ പത്രോസ് ഭരണം തുടങ്ങി. അക്കാലം മുതൽ അന്ത്യോക്യാ സിറിയയിൽ ആയിരുന്നതുകൊണ്ടു സിറിയൻ സഭ എന്ന് പറഞ്ഞുവന്നിരുന്നു. Ans. എ.ഡി.37ൽ അന്ത്യോക്യായിൽ ഉണ്ടായി എന്ന് പറയുന്ന സിറിയൻസഭ ഏതെങ്കിലും സഭാവിഭാഗമായിരുന്നോ അല്ല ഒരു സ്വതന്ത്രസഭ ആയിരുന്നോ?Q ഏകസഭയുടെ വിഭാഗമായിരുന്നു എന്ന് നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. Ans. ആ ഏകസഭയ്ക്ക് എ.ഡി.37ഓടുകൂടി മറ്റ് വിഭാഗങ്ങൾ ഉണ്ടായിരുന്നോ?

ഉണ്ടായിരുന്നെങ്കിൽ ഏവ?Q റോമിലും അന്ത്യോക്യയിലും അലക്സാണ്ഡ്രി യായിലും കേന്ദ്രങ്ങളായി അവയുടെ കീഴിൽ അന്നറിയപ്പെട്ട ലോകത്തിൽ പലേടത്തും ക്രിസ്തുമതം പ്രചരിച്ചിരുന്നു. Ans. ഏകസഭയുടെ സിറിയൻസഭ പോലുള്ള മറ്റു വിഭാഗങ്ങളായിരുന്നോ അവ?Q അല്ല, സിറിയൻസഭ റോമൻ സഭയും അലക്സാണ്ഡ്രിയൻ സഭയും പോലെ ഏകസഭയിലെ കേന്ദ്രഭരണ കേന്ദ്രങ്ങൾ മുമ്പു ബോധിപ്പിച്ചതുപോലെ ഈ മൂന്നിന്റെയും കീഴിലുള്ള വയും ആയിരുന്നു. Ans. എ.ഡി. 37ഓടുകൂടി സിറിയൻസഭയും റോമാസഭയും സിറിയൻ സഭയും അലക്സാണ്ഡ്രിയൻ സഭയും ഉണ്ടായി എന്നാണോ? എ.ഡി.37ന് ശേഷമാണ് പത്രോസ് റോമിലേക്ക് പോയതും തന്റെ ശിഷ്യൻ മർക്കോസിനെ അലക്സാണ്ഡ്രിയായിലേക്കയച്ചതും Ans. എ.ഡി.37ൽ സിറി യൻസഭ ജന്മമെടുത്തപ്പോൾ അത് ഏകസഭയുടെ വിഭാഗമായിട്ടല്ലാ എന്നാണോ പറയുന്നത്?Q എ.ഡി.37ലും അതിനുമുമ്പും ഏകസഭ ഉണ്ട്. അപ്പോസ്തല പ്രവൃത്തിയിൽ അത് കാണാൻ കഴിയും. അങ്ങനെയുള്ള ഏകസഭയിലെ ആദ്യവിഭാഗം ജന്മമെടുത്തത് അന്ത്യോക്യായിലും തുടർന്ന് മറ്റ് സ്ഥലങ്ങളി ലുമാണ്. Ans. അന്ത്യോക്യായിൽ സഭ ജന്മമെടുത്തപ്പോൾ ഏകസഭയായിട്ടല്ല ഏകസഭയുടെ വിഭാഗമായിട്ടാണ് ജന്മം എടുത്തത് എന്നാണോ?Q ഞാൻ സഭയെ സ്ഥാപിക്കും എന്ന് ക്രിസ്തു പറഞ്ഞതോടുകൂടി സഭാസ്ഥാപനം നടക്കുകയും അതിന്റെ ഭരണം പത്രോസിനെ ഏൽപ്പിക്കുകയും രക്ഷിക്കപ്പെ ടേണ്ടവരെ സഭയോട് ചേർത്ത് വരികയും ചെയ്തു. ആദ്യകാലം മുതൽ തന്നെ സഭയുടെ വിപുലീകരണത്തിൽ ആദ്യവിഭാഗമായി സിറിയായിലെ സഭയെ കാണേണ്ടതാണ്. Ans. സിറിയൻസഭ എന്ന പേരിൽ ജന്മമെടുത്ത സഭയുടെ പരിധി പറയാമോ?Q ആരംഭകാലത്തു മുമ്പുപറഞ്ഞ മൂന്ന് കേന്ദ്രങ്ങളിൽ ഓരോന്നിനോട് അവയുടെ ചുറ്റുപാടുമുള്ള സ്ഥലങ്ങൾ ചേർന്നിരുന്നു. നിഖ്യാ സുന്നഹദോസോടുകൂടി അതുവരെയുണ്ടായിരുന്ന ആ പരിധികൾക്ക് പ്രത്യേക രൂപം കൊടുത്തു. Ans. എ.ഡി.37ൽ സിറിയൻസഭ എന്ന പേരിൽ രൂപം എടു ക്കുമ്പോൾ പരിധി നിർണ്ണയിക്കപ്പെട്ടിരുന്നില്ല എന്നാണൊ പറയുന്നത്?Q എ.ഡി.37ൽ സിറിയൻ സഭ എന്ന പേരിൽ ഒരു സഭ ജന്മം എടുത്തില്ല. നേരെ മറിച്ച് ഏകസഭയിൽ സിറിയൻവിഭാഗം ഉണ്ടായി എന്നാണ് ഞാൻ ബോധിപ്പി ച്ചത്. Ans. അങ്ങനെയാണെങ്കിൽ 37ൽ ആ വിഭാഗത്തിന് പരിധി ഉണ്ടായി രുന്നോ? 37ലെ പരിധി എനിക്ക് നിശ്ചയമില്ല. അങ്ങനെ ഒരു പുസ്തകത്തിലും കണ്ടിട്ടുമില്ല. അപ്പോസ്തലന്മാർ ജറുസലമിൽനിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോയി സഭാവിഭാഗങ്ങൾ സ്ഥാപിച്ചോ?Q അവർ വിവിധ ഭാഗങ്ങളിലേക്ക് പോയി ക്രിസ്തുമതം പ്രസംഗിക്കുകയും കർത്താവിന്റെ ഏകസഭയിൽ അംഗങ്ങളെ ചേർക്കുകയും ചെയ്തു. Ans. ക്രിസ്തുവിന്റെ അപ്പോസ്തലന്മാർക്ക് ലോകത്തിന്റെ ഏത് ഭാഗത്ത് ചെന്നാലും അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ തത്വങ്ങൾ തെറ്റുകൂടാതെ പഠിപ്പിക്കുവാനും അതി ശയങ്ങൾ പ്രവർത്തിക്കാനും ഉള്ളവരെ പ്രസാദം ലഭിച്ചിരുന്നോ?Q ലഭിച്ചി രുന്നു. Ans. അറിയപ്പെട്ട ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ പോയി അവർ

അവിടെ ക്രിസ്തുവിന്റെ സഭ സ്ഥാപിച്ചു?Q ഇല്ല. അവർ ക്രിസ്തുവിനെ പ്രസംഗിക്കുകയും ക്രിസ്തീയ വിശ്വാസത്തിലേക്കും ഏകസഭയിലേക്കും അംഗങ്ങളെ ചേർക്കുകയും ചെയ്തു. Ans. അത് സഭ സ്ഥാപിച്ചതല്ലെന്ന് പറയുന്നത് എന്തു കൊണ്ടാണ്?Q സഭ സ്ഥാപിച്ചത് യേശുക്രിസ്തുവാണ്. Ans. സഭയുടെ വിഭാഗങ്ങൾ സ്ഥാപിച്ചോ?Q അവർ ഓരോരായിടത്തും?Q അവർ മുമ്പ് ഞാൻ ബോധിപ്പിച്ച കാര്യങ്ങൾ ചെയ്തു. Ans. അങ്ങനെ അവർ ചെയ്തത് സഭാവിഭാഗമാവുകയില്ലെന്നാണോ?Q ശ്ലീഹന്മാർ പോയി അവരെ തുടർന്ന് അതാത് സ്ഥലത്തുള്ള വിശ്വാസികൾക്ക് ആത്മരക്ഷക്കാവശ്യമായിട്ടുള്ള കാര്യങ്ങൾ പ്രത്യേകിച്ചും മഹാപൗരോഹിത്യം നൽകിയ സ്ഥലങ്ങളിൽ ഏക സഭയുടെ അംഗത്വമുള്ള കൂട്ടങ്ങൾ ഉണ്ടായി. സഭാ വിഭാഗങ്ങൾ സ്ഥാപിക്കാൻ സാദ്ധ്യമല്ല. Ans. സഭാവിഭാഗങ്ങൾ ആരും സ്ഥാപിച്ചിട്ടുമില്ല?Q ഏകസഭയിലെ പ്രാദേശിക വിഭാഗങ്ങളുണ്ടായി എന്നല്ലാതെ സഭാവിഭാഗം സ്ഥാപിക്കപ്പെടാവുന്നതല്ല. എ.ഡി.37ൽ ഏകസഭയിലെ അന്ത്യോക്യായിലെ വിഭാഗം മുൻ പറഞ്ഞ രീതിയിൽ ഉളവാകുകയും പത്രോസ് മഹാപൗരോഹിത്യം പിൻഗാമികൾക്ക് നൽകി ഒരു സഭാവിഭാഗം മുമ്പോട്ട് പോകുവാനുള്ള ചുറ്റുപാടുകൾ ഉണ്ടാക്കി. യറുശലേമിലെ വിശ്വാസികളുടെ കൂട്ടം അത് കർത്താവിന്റെ രക്ഷാകരമായ പ്രവർത്തനങ്ങളും കുരിശുമരണം ഉയിർപ്പ് മുതലായവയും നടന്ന സ്ഥലമാകയാൽ അവിടെയുള്ള കൂട്ടത്തിന് പ്രത്യേകമായ ഒരു പ്രാധാന്യം ഉണ്ടായിരുന്നു. യറുശലേമിലെ കൂട്ടത്തെ ഏകസഭയിലെ സഭാവിഭാഗമെന്ന് പറയാമോ?Q ഏകസഭയിൽ യറുശലേമിലുള്ള വിശ്വാസികളുടെ കൂട്ടം എന്ന അർത്ഥത്തിൽ ഏകസഭയിലെ ഒരു വിഭാഗം എന്ന് പറയാം. കാരണം അവിടെ പ്രധാനാചാര്യത്വം ഉണ്ടായിരുന്നു. Ans. പ്രധാനാചാര്യത്വം ഉള്ള അപ്പോസ്തലന്മാർ ഏത് ഭാഗത്ത് പോയി വിശ്വാസികളെ മാനസാന്തരപ്പെടുത്തി ചേർത്താൽ അവിടെയെല്ലാം സഭാവിഭാഗം ഉണ്ടാകുമോ?Q പ്രധാനാചാര്യത്വമുള്ള ശ്ലീഹന്മാർ പോയി ചേർത്താൽ മാത്രം പോരാ. ആചാര്യത്വം തുടർന്നു പോകപ്പെട്ട രീതിയിൽ ഉള്ള ക്രമീകരണങ്ങൾ കൂടി അവിടെ ചെയ്താൽ ഏകസഭയിൽ ആ പ്രദേശത്ത് വിശ്വാസികളുടെ കൂട്ടം ഉണ്ടാകും. Ans. എ.ഡി. ആദ്യശതകത്തിൽ അങ്ങനെ റോമായിലും അന്ത്യോക്യായിലും അലക്സാന്ത്രിയായിലും മാത്രമെ സഭാവിഭാഗങ്ങൾ ഉണ്ടായിട്ടുള്ളോ?Q മുമ്പ് ബോധിപ്പിച്ച രീതിയിൽ മേൽപറഞ്ഞ മൂന്ന് കേന്ദ്രങ്ങളുടെ ഭരണത്തിൻ കീഴിൽ എപ്പിസ്കോപ്പാമാർ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ പ്രാദേശികമായ സഭാവിഭാഗങ്ങൾ ഉണ്ടായിരുന്നു. Ans. മൂന്ന് കേന്ദ്രങ്ങളിൽ മാത്രമെ ഉണ്ടായിരുന്നുള്ളോ?Q ഈ മൂന്ന് കേന്ദ്രങ്ങളുടെ കീഴിൽ അല്ലാത്ത രീതിയിൽ ഒന്നും ഉണ്ടായിരുന്നതായിട്ട് എനിക്കറിഞ്ഞുകൂടാ. Ans. അക്കാലത്താണോ എപ്പിസ്കോപ്പാ എന്ന പേര് ആദ്യമായി വരുന്നത്?Q ശ്ലീഹന്മാരുടെ കാലം മുതൽ തന്നെ ആ പേര് ഉണ്ട്. Ans. ഏതെങ്കിലും ശ്ലീഹായെ എപ്പിസ്കോപ്പാ എന്ന് സംബോധന ചെയ്തതായിട്ടുണ്ടോ?Q ശ്ലീഹായെ എപ്പിസ്കോപ്പാ എന്ന് സംബോധന ചെയ്തിട്ടില്ല. എന്നാൽ അപ്പോസ്തോലപ്രവൃത്തി 15-ാം അദ്ധ്യായത്തിലും പൗലോസ് തിമോത്തിയോസിന്

എഴുതിയ ലേഖനത്തിലും മറ്റും എപ്പിസ്കോപ്പാ എന്നുള്ള പദം ഉള്ളതു കൊണ്ടാണ് അപ്പോസ്തലകാലം മുതൽ എന്ന് ഞാൻ ബോധിപ്പിച്ചത്. Ans. ആദ്യമെ എപ്പിസ്കോപ്പാ എന്ന പേരിൽ ആരെയാണ് വിളിച്ചത്?Q എപ്പി സ്കോപ്പാ എന്ന പേരിൽ ആരെയാ ആദ്യം വിളിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ പത്രോസ് വാഴിച്ച് അന്ത്യോക്യായിൽ ആക്കിയ ഇഗ്നാത്തിയോസിന്റെ ലേഖനങ്ങളിൽ ആ വാക്ക് ഉപയോഗിച്ചിട്ടുള്ളതായി വായിച്ചിട്ടുണ്ട്. Ans. രക്ഷാമാർഗ്ഗത്തിന് ആചാര്യത്വത്തിന് മാത്രമുള്ള വഴി മതിയോ പ്രധാനാ ചാര്യത്വത്തിനുള്ള വഴികൂടി വേണൊ?Q ആചാര്യൻ ഉണ്ടാകണമെങ്കിൽ പ്രധാനാചാര്യൻ കൂടിയേ കഴിയൂ. ആ സ്ഥിതിക്ക് ആചാര്യത്വം മാത്രമായാൽ പോരാ. Ans. പ്രധാനാചാര്യത്വത്തിന്റെ പിന്തുടർച്ചയ്ക്കുള്ള വഴികൂടി വേണൊ?Q ആചാര്യൻ ഉണ്ടാകണമെങ്കിൽ പ്രധാനാചാര്യൻ കൂടിയേ കഴിയൂ. ആ സ്ഥിതിക്ക് ആചാര്യത്വം മാത്രമായാൽ പോരാ. Ans. പ്രധാനാചാര്യത്വത്തിന്റെ പിന്തു ടർച്ചയ്ക്കുള്ള വഴികൂടി ഉണ്ടായാൽ മാത്രമെ സഭാവിഭാഗമാവൂ എന്നാണോ?Q പരിശുദ്ധപത്രോസിനോടും അദ്ദേഹത്തിന്റെ പിൻഗാമികളോടും ഐക്യത്തി ലിരുന്നുകൊണ്ട് പത്രോസ് വഴിയായുള്ള ആ മഹാപൗരോഹിത്യം ഉണ്ടെങ്കിൽ മാത്രമെ ഒരു വിഭാഗമെന്നോ ഒരു പ്രാദേശിക സഭ എന്നതോ ഉണ്ടാവുക യുള്ളൂ. Ans. ജന്മമെടുത്തത് ഏകസഭ. കർത്താവ് സ്ഥാപിച്ച ഏകസഭയിൽ പത്രോസിന്റെ പ്രവർത്തനം മൂലവും അദ്ദേഹത്തിന്റെ പിൻഗാമിത്വം മൂലവും അന്ത്യോക്യായിൽ സഭാവിഭാഗം ഉടലെടുത്തു. സിറിയായിൽ ഉടലെടുത്തതു കൊണ്ട് സിറിയൻസഭ എന്നു പേർ പറഞ്ഞുവന്നു. ആ സിറിയൻസഭ ഒരു ഓട്ടോസെഫാലസ് സഭാവിഭാഗം ആയിരുന്നോ?Q ഓട്ടോസെഫാലസിന്റെ തായിട്ട് ഞാൻ ഇവിടെയുള്ള മൊഴികളിൽനിന്നും മറ്റും കേട്ടിട്ടുള്ളത് താഴെ ഉള്ളവരാൽ തെരഞ്ഞെടുക്കപ്പെടുന്ന തലവനുള്ളതും മറ്റൊന്നുമായും ബന്ധമി ല്ലാത്തതും എന്നെല്ലാമാണ്. എന്നാൽ അന്ത്യോക്യായിലെ അന്നത്തെ ആ സഭാവിഭാഗത്തിന്റെ തലവൻ താഴെയുള്ളവരാൽ നിയമിക്കപ്പെട്ടവനല്ലായി രുന്നു. ക്രിസ്തുവിനാൽ നിയമിക്കപ്പെട്ടവനായിരുന്നു. ലോകത്ത് എവിടെയു മുള്ള സഭയോട് ബന്ധപ്പെട്ടതുമായിരുന്നു. ആ സ്ഥിതിക്ക് സുറിയാനി സഭ യിലൊ റോമാസഭയിലൊ കേട്ടുകേൾവിപോലുമില്ലാത്ത ഓട്ടോസെഫാലസ് അല്ലായിരുന്നു. Ans. മറ്റ് കേന്ദ്രങ്ങളോടുള്ള ബന്ധം പുലർത്തുന്നതുകൊ ണ്ടാണൊ ഇത് ഓട്ടോസെഫാലസ് ആകാൻ സാധിക്കാത്തത്?Q അന്ന് ഓട്ടോ സെഫാലസ് എന്ന് ഒരു ആശയം ഇല്ല. അതിനും പുറമെ ഏകസഭയിൽ ഒരു വിഭാഗത്തിന് ഒരിക്കലും ഓട്ടോസെഫാലസാകാൻ സാദ്ധ്യവുമല്ല. Ans. അക്കാ ലങ്ങളിൽ പിൻഗാമിയെ മുൻഗാമി ആക്കുന്ന പതിവാണോ?Q പത്രോസ് പിൻഗാമികളെ വാഴിച്ചു. പിന്നീടുള്ള തുടർച്ചയും സഭ ആളുകളെ തിരഞ്ഞെ ടുക്കുകയും മുൻഗാമിയുടെ കാലശേഷം വാഴിക്കുകയും ചെയ്തുകൊണ്ടി രുന്നു. താഴെയുള്ളവർ തെരെഞ്ഞെടുക്കുന്നതുകൊണ്ടുമാത്രം ഒരു സഭ ഓട്ടോസെഫാലസ് ആവുകയില്ല. അങ്ങനെ ചിലർ വ്യാഖ്യാനം കൊടുക്കുന്നത്

തെറ്റാണ്. Ans.stopped since information declaring today as a holiday was reached. 12- ാം മൊഴി വായിച്ചു കേട്ടു. ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in the open Court, read over to the witness and admitted by him to be correct.

Sd/-

Judge

26-9-78

27-9-78. Witness sworn again cross examination continued. ഏകസഭയുടെ വിഭാഗമായി സുറിയാനിസഭ അന്ത്യോക്യായിൽ ഉടലെടുത്തു എന്ന് ബോധിപ്പിച്ചല്ലോ. അപ്പോൾ ഏകസഭയുടെ കേന്ദ്രം എവിടെ ആയിരുന്നു?Q യേശുക്രിസ്തു നിയമിച്ചാക്കിയ സഭയുടെ മുഴുവന്റെയും ഭരണാധികാരിയായ പത്രോസ് അന്ത്യോക്യയിലിരുന്ന കാലമത്രയും ഏകസഭയുടെ കേന്ദ്രം അന്ത്യോക്യാ ആയിരുന്നു. Ans. സിറിയൻസഭ ഏകസഭയോ അതൊ വിഭാഗമാണോ?Q അന്ത്യോക്യായിൽ പത്രോസ് ഭരിച്ചുകൊണ്ടിരുന്ന കാലത്ത് അത് ഏകസഭയും പിന്നീട് പത്രോസ് റോമിലും അദ്ദേഹത്തിന്റെ ശിഷ്യൻ മർക്കോസ് അലക്സാണ്ട്രിയായിലും ഭരണം തുടങ്ങിയതോടുകൂടി ഏകസഭയുടെ മൂന്ന് ഭരണകേന്ദ്രങ്ങളിൽ ഒന്നായി അന്ത്യോക്യാ തീർന്നു. Ans. അന്ത്യോക്യായിൽ സുവിശേഷം ആരാണ് ആദ്യമായി അറിയിച്ചത്?Q സ്തേപ്പാനോസിന്റെ വധത്തിനുശേഷം ചിതറിപ്പോയ വിശ്വാസികളിൽനിന്നാണ് അവിടെ ആദ്യം യേശുക്രിസ്തുവിനെകുറിച്ച് അറിയുവാൻ ഇടയായത് എന്ന് നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. Ans. ആരുടെയെങ്കിലും പേര് പറയാൻ സാദ്ധ്യമാണോ? പേരു പറയാൻ സാദ്ധ്യമല്ല. Ans. എ.ഡി.37നു മുമ്പ് വിശ്വാസികളുടെ കൂട്ടം അന്ത്യോക്യായിൽ ഉണ്ടായിരുന്നോ?Q വിശ്വാസികളുടെ കൂട്ടം ഉണ്ടായിരുന്നു. Ans. പത്രോസ് ആദ്യമായി അന്ത്യോക്യായിൽ ചെന്നത് എന്നാണെന്ന് ചരിത്രത്തിൽ രേഖ വല്ലതും ഉണ്ടോ? എ.ഡി.37ലൊ അതിനടുത്ത് മുമ്പൊ ആയിരിക്കണം. Ans. ഏതെങ്കിലും ചരിത്രരേഖ ഉണ്ടോ? എ.ഡി.37ൽ പത്രോസ് അന്ത്യോക്യായിൽ മദ്ബഹാ പണിയിക്കുകയും സിംഹാസനം സ്ഥാപിക്കുകയും ചെയ്തു എന്ന് ചരിത്രരേഖ ഉണ്ട്. Ans. പത്രോസ് അന്ത്യോക്യായിൽ ഭരിച്ചു അല്ലെങ്കിൽ എഴുന്നേറ്റു എന്ന് ചരിത്രരേഖ ഉണ്ടോ? ഉണ്ട്. Ans. ഏതിലാണ്?Q മിഖായേൽ റാബോയുടെ *സഭാചരിത്രത്തിൽ* വായിച്ചിട്ടുണ്ട്. അതിനും പുറമെ Ex.A 71ലും പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. Ans. മിഖായേൽ റാബോയുടെ *ചരിത്രം* ഞാൻ വായിച്ചത് സുറിയാനി ഭാഷയിൽ ആണ്. ആ ഭാഗം തർജ്ജമ ചെയ്ത് ഹാജരാക്കാമോ? പുസ്തകം സൗകര്യമായി ലഭിക്കുന്നു എങ്കിൽ തർജ്ജമ ചെയ്തു ഹാജരാക്കാം. Ans. പത്രോസ് അവിടെ ഇരിക്കുന്നിടത്തോളം കാലം അദ്ദേഹം സഭയുടെ ഭരണാധികാരി ആകയാൽ ഭരിക്കുക തന്നെയാണ് ചെയ്തത്. മിഖായേൽ റാബോയുടെ *ചരിത്രം* എവിടെ ലഭ്യമാകും?Q

പിതാക്കന്മാരുടെ ആരുടെ എങ്കിലും കയ്യിൽ കണ്ടേക്കും. Ans. സാക്ഷിക്ക് മിഖായേൽ റാബോയുടെ ചരിത്രം വായിക്കാൻ ലഭ്യമായത് എവിടെനിന്നാണ്?Q ഇപ്പോൾ ശരിക്ക് ഓർക്കുന്നില്ല. Ans. അസ്സലിന്റെ ഫോട്ടോസ്റ്റാറ്റ് ഓഫ് സെറ്റ് പ്രിന്റ് ചെയ്തതാണ് ഞാൻ കണ്ടത്. പിതാക്കന്മാർ എന്ന് പറഞ്ഞത് പ്രത്യേകം ആരെയും ഉദ്ദേശിച്ചല്ല. പത്രോസ് അന്ത്യോക്യായിൽ എഴുന്നേറ്റിട്ടില്ല എന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ടോ? ഞാൻ ആ ഭാഗം ശരിക്ക് വായിച്ചിട്ടില്ല. ബാർ എബ്രായയുടെ ചരിത്രത്തിൽ അങ്ങനെ വരാൻ ഒരു ന്യായവും ഇല്ല. കാരണം അദ്ദേഹം പാത്രിയർക്കീസുമാരുടെ ചരിത്രം ശരിയായി അറിയാവുന്ന ആളും പാശ്ചാത്യപ്രദേശത്ത് മേൽപട്ടക്കാരനായിരുന്ന ആളും അദ്ദേഹത്തിന്റെ ചരിത്രനിർമ്മാണത്തിന് മിഖായേൽ റാബോയുടെ ചരിത്രത്തിൽനിന്ന് പാത്രിയർക്കാ ചരിത്രം സംബന്ധിച്ചും മറ്റു പലതും സ്വീകരിച്ചിട്ടുള്ള ആളും ആണെന്നതിനും പുറമെ സുറിയാനി സഭയെ ഭരിച്ചിട്ടുള്ള പാത്രിയർക്കീസന്മാരുടെ പട്ടികയിൽ ഒന്നാമത്തെ ആളായി പത്രോസിനെ കാണിച്ചുകൊണ്ട് വാദികളുടെ സഭയിൽപെട്ട ചരിത്രകാരന്മാരും എഴുതിയിട്ടുണ്ട്. Ans.Ex.B.80 കാതോലിക്കാമാരുടെയും മഫ്രിയാനാമാരുടെയും ചരിത്രം എന്ന രണ്ടാം ഭാഗമാണ്. ഇവിടെ തെളിയിച്ചിരിക്കുന്നത്. Ex.B.80 ൽ ഒന്നാം ഭാഗം ഉണ്ട്. Ex.B.80 ഒന്നാം ഭാഗത്തുനിന്നും പത്രോസ് ഭരിച്ചു എന്ന ഭാഗം കാണിച്ചുതരാമോ? നോക്കിയാൽ പറയാം. Ans. സുറിയാനി സഭ, യാക്കോബായ സുറിയാനി സഭ, സിറിയൻ ഓർത്തഡോക്സ് സഭ എന്ന മൂന്ന് പേരുകൾ പറഞ്ഞതിൽ ആദ്യം ഉണ്ടായ പേര് ഏതാണ്?Q സിറിയയിൽ അന്ത്യോക്യായിൽ സഭ ഉണ്ടായപ്പോൾ മുതൽ സിറിയായിലെ സഭ എന്ന അർത്ഥത്തിൽ സിറിയൻ സഭ എന്ന പേര് ഉപയോഗിക്കാൻ തുടങ്ങി. Ans. അന്നുതൊട്ടേ അങ്ങനെ പേര് വന്നോ അല്ല ഇപ്പോൾ അന്നത്തെ സഭയെ അങ്ങനെ പറയുന്നു എന്നേ ഒള്ളോ? അന്നത്തെ ഏകസഭയിൽ കോരിന്തിലെ സഭ, റോമായിലെ സഭ എന്നെല്ലാം ഉപയോഗിച്ചിരുന്നതുപോലെ സിറിയായിലെ സഭ എന്ന് ഉപയോഗിച്ചിരുന്നു. Ans. കോരിന്തിലെ സഭ എഫേസൂസിലെ സഭ എന്നൊക്കെ ഉപയോഗിച്ചിരുന്നത് മറ്റൊരു കേന്ദ്രത്തിൽനിന്നും ഉപയോഗിച്ചിരുന്നതല്ലേ?Q യാതൊരു കേന്ദ്രത്തിൽനിന്നും ഉപയോഗിച്ചിട്ടുള്ളതായി ഞാൻ വായിച്ചിട്ടില്ല. ഓരോ സ്ഥലത്തും ഉള്ള വിശ്വാസികളുടെ കൂട്ടത്തിന് പറയുന്ന പേരായിരുന്നു. Ans. കോരിന്തിലെ സഭ, എഫേസൂസിലെ സഭ എന്നൊക്കെ പറയുന്നതുപോലെയുള്ള വിവക്ഷമാത്രമായിരുന്നോ സിറിയൻസഭ എന്നതിനും? കോരിന്തിലെ സഭ, എഫേസോസിലെ സഭ അതോടൊപ്പം റോമിലെ സഭ എന്നെല്ലാം ഉള്ള രീതിയിൽ സിറിയായിലെ സഭയെക്കുറിച്ചും പറയുന്നു എങ്കിലും ശ്ലീഹന്മാരുടെ തലവനായ ഏകസഭയുടെ ഭരണാധികാരിയായ പത്രോസിന്റെ സിംഹാസനം ആദ്യം സ്ഥാപിച്ച സ്ഥലം എന്നുള്ള പ്രത്യേക മാഹാത്മ്യവും അതിനുണ്ടായിരുന്നു. Ans. സിറിയൻ സഭയ്ക്ക് രാഷ്ട്രീയമായൊ സിവിലായൊ സിറിയായ്ക്ക് അപ്പുറമായി വ്യാപ്തി ഉണ്ടായിരുന്നോ?Q ഇന്നലെ ബോധിപ്പിച്ചതുപോലെ

റോമായിൽ കേന്ദ്രമുള്ള സഭക്ക് അന്നത്തെ യൂറോപ്പ് മുഴുവനിലും അലക്സാ ണ്ട്രിയായിലെ സഭക്ക് അന്നറിയപ്പെടുന്ന ആഫ്രിക്കായിൽ മുഴുവനിലും അന്ത്യോക്യായിലെ സഭയ്ക്ക് അന്നറിയപ്പെടുന്ന ഏഷ്യാ മുഴുവനിലും ഭരണാ ധികാരം ഉണ്ടായിരുന്നു. രാജ്യത്തിന്റെ jurisdiction അനുസരിച്ചല്ലായിരുന്നു. സിറിയാക്കതീതമായി സിറിയൻ സഭക്ക് വ്യാപ്തി ഉണ്ടായിരുന്നു. അർമീനിയ ഏഷ്യൻ പ്രദേശത്താണെന്നാണ് എന്റെ ധാരണ. അവിടെ സഭയൊ വിശ്വാസി കളുടെ കൂട്ടമൊ എന്നാണ് ആദ്യം ഉണ്ടാകുന്നത്?Q ഗ്രിഗറി ദി ഇല്യുമിനേറ്റർ എന്ന പിതാവാണ് അർമീനിയായിൽ വിശ്വാസം പ്രചരിപ്പിച്ചതെന്നും അത് മൂന്നാം നൂറ്റാണ്ടിലാണെന്നും ഞാൻ വായിച്ചിട്ടുണ്ട്. Ans. അന്നേരം അവിടെ മേൽപട്ടക്കാരനൊ ഭരണകർത്താവൊ ഉണ്ടായിരുന്നോ? ആ സഭയുടെ ചരിത്രം ശരിക്ക് എനിക്കറിഞ്ഞുകൂട. Ans. അർമീനിയൻ സഭ ക്രിസ്തുവിന്റെ രക്ഷാ മാർഗ്ഗം സ്വീകരിച്ച സഭയാണോ? ക്രിസ്തുവിനെകുറിച്ച് അറിഞ്ഞ സഭയാ ണെന്നേ എനിക്ക് പറയുവാൻ കഴിയുകയുള്ളൂ. Ans. അത് സിറിയൻ സഭയിൽ നിന്ന് പ്രത്യേക വ്യക്തിത്വമുള്ളതായിരുന്നോ?Q ആരംഭകാലത്ത് അത് അന്ത്യോക്യായുടെ ഭരണത്തിൻ കീഴിലുള്ളതായിരുന്നു. കാലാന്തരത്തിൽ അതിന് പ്രത്യേക വ്യക്തിത്വം ഉണ്ടായി. Ans. മൂന്നാം നൂറ്റാണ്ടിനുശേഷവും അർമീനിയായ്ക്ക് മേൽപട്ടക്കാരെ വാഴിച്ചിരുന്നത് അന്ത്യോക്യായിൽനിന്നാണെന്ന് ഞാൻ വായിച്ചിട്ടുണ്ട്. മൂന്നാം നൂറ്റാണ്ടിൽ അർമീനിയൻ സഭ സിറിയൻ സഭ യിൽ പെട്ടിരുന്നോ അതിൽനിന്നും വിഭിന്നമായിരുന്നോ?Q സിറിയൻ വിഭാഗ ത്തിൽപെട്ടിരുന്നു. കാരണം അതും ഏഷ്യായിലെ ഒരു പ്രദേശമായിരുന്നു. മുൻപറഞ്ഞ മൂന്ന് ഭരണകേന്ദ്രങ്ങളല്ലാതെ മറ്റു ഭരണകേന്ദ്രങ്ങളും ഇല്ലായി രുന്നു. Ans. അന്ത്യോക്യാ കേന്ദ്രമായി ഉണ്ടായ സിറിയൻ സഭയുടെ ഒരു ഭാഗ മായാണ് അർമീനിയൻ സഭ ഉണ്ടായത്. ഗ്രിഗറി ദി ഇല്യൂമിനേറ്റർ ഒരു മേൽപട്ട ക്കാരനായിരുന്നു. അദ്ദേഹമാണ് അവിടെ പോയി വിശ്വാസം പ്രചരിപ്പിച്ചത്. അതിനുമുമ്പ് അവിടെ മേൽപട്ടക്കാർ ഇല്ല. അർമീനിയൻ സഭ ഇന്നും സിറിയൻ ഓർത്തഡോക്സ് ഫെയിത്തിലാണോ നില്ക്കുന്നത്?Q ഏകസ്വഭാവ വിശ്വാസ മെന്ന സിറിയൻ ഓർത്തഡോക്സ് ഫെയ്ത്ത് ഇപ്പോഴത്തെ അർമീനിയാ സഭക്കും ഉണ്ട്. Ans.question repeated. ഒരു കാര്യത്തെപ്പറ്റി മാത്രമല്ല ചോദ്യം മുഴുവൻ വിശ്വാസത്തെയും പറ്റിയാണ് ചോദിച്ചത്?Q അല്ല. അവർക്ക് വ്യത്യ സ്തമായ ഫെയിത്തും ഉണ്ട്. Ans.Ex A1 ൽ 4-ാം ക്ലോസിൽ പറഞ്ഞിരിക്കുന്ന വിശ്വാസസത്യങ്ങൾ ഓർത്തഡോക്സ് ചർച്ചുകളുടെ ഫെയ്ത്തിൽ പെടുന്ന താണോ?Q സിറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസ സത്യങ്ങളിൽ ചിലതെല്ലാം ഇതിനകത്തുണ്ട്. ഇതിൽ പറഞ്ഞിട്ടുള്ളത് മുഴുവനായിട്ടില്ലെങ്കിലും വിശ്വാസസത്യങ്ങളിൽ പെടുന്നവയാണ്. Ans.E.A1 എന്ന് എന്നെ കാണിച്ചത് 1976 ലെ അച്ചടിച്ച കോപ്പിയാണ്. ഇപ്പോൾ കാണിച്ച കേസിൽ ഹാജരാക്കി യിട്ടുള്ള Ex.A1ൽ നിന്നും അത് വ്യത്യസ്തമാണ്. Ex.A.1 ൽ നിന്നു തന്നെ എന്നെ കാണിച്ച പുസ്തകത്തിലുള്ളവയേക്കാൾ കൂടുതൽ വിശ്വാസസത്യ ങ്ങൾ അടങ്ങിയിട്ടുണ്ട്. Ex.A.1 ൽ 4-ാം ക്ലോസിൽ ഉള്ളതെല്ലാം സിറിയൻ

ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങളാണല്ലോ? അതെ, വിശ്വാസ സത്യങ്ങൾ മുഴുവനും ഇതിൽ ഇല്ല. ഇതിനുപരിയായി കുറെക്കൂടി വിശ്വാസ സത്യങ്ങൾ ഉണ്ട്. Ans. ആദ്യം EA1 എന്ന് പറഞ്ഞു കാണിച്ചത് Ex.A2 ന്റെ കോപ്പിയാണ്. ExA1 ലെ വിശ്വാസ സത്യങ്ങളും തമ്മിൽ എന്താണ് പ്രധാന വ്യത്യാസം? ExA1 ൽ ഉള്ള വിശുദ്ധ പാരമ്പര്യങ്ങളുടെ ദൈവവിശ്വാസം ദൈവമാതാവിന്റെയും ശുദ്ധിമാന്മാരുടെയും മദ്ധ്യസ്ഥത മരിച്ചവരുടെ ഓർമ്മ, നോമ്പ് മുതലായ നിയമാനുസരണമുള്ള അനുഷ്ഠാനങ്ങൾ എന്നുള്ള ഭാഗം. ExA2 ൽ ഇല്ല. Ans. അവയും വിശ്വാസസത്യങ്ങളിൽ പെട്ടതുതന്നെയാണ്. Ex.A1 ൽ ഉള്ള വിശ്വാസസത്യങ്ങളിൽ നിന്നും ExA2 ചിലതു കുറിച്ചിട്ടുണ്ട്. ExA1 ൽ EA2 ൽ ഉള്ളതിനേക്കാൾ കൂടുതലായി ചില വിശ്വാസകാര്യങ്ങൾ ചേർത്തിട്ടുണ്ട്. അവയും വിശ്വാസസത്യങ്ങൾ തന്നെ. ExA1 ൽ ചേർക്കപ്പെടാതെയുണ്ടെന്ന് പറയുന്ന വിശ്വാസ സത്യങ്ങൾ എവിടെയുള്ള തീരുമാനപ്രകാരമുള്ളവയാണ് EA1 ൽ വിശ്വാസ സത്യങ്ങളായി പറഞ്ഞിരിക്കുന്നവ എവിടെയുള്ള തീരുമാനങ്ങളുടെ പേരിലാണെന്ന് പ്രത്യേകമായി എടുത്ത് പറയാൻ നിവൃത്തിയില്ലാത്തതുപോലെ തന്നെ ഇനിയുണ്ടെന്ന് ഞാൻ ബോധിപ്പിച്ചവയും എവിടെ വച്ചുള്ള തീരുമാനം എന്ന് സ്പെസിഫൈ ചെയ്ത് ബോധിപ്പിക്കുവാൻ നിവൃത്തിയില്ലെങ്കിലും സഭയുടെ വിശ്വാസം അതിന്റെ ആരാധനാക്രമങ്ങളിൽ അന്തർലീനമായി കിടക്കുന്നു എന്ന് മുമ്പ് ബോധിപ്പിച്ചിട്ടുള്ളതനുസരിച്ച് പരമ്പരയാ വിശ്വസിക്കപ്പെട്ടുപോരുന്ന സത്യങ്ങൾ ഇതിൽ ചേർത്തിട്ടില്ലെന്നാണ് എനിക്ക് ബോധിപ്പിക്കുവാനുള്ളത്. Ans. വിശുദ്ധപാരമ്പര്യങ്ങളുടെ ദൈവവിശ്വാസം എന്ന് EA1 ൽ ഉള്ളതിന്റെ അർത്ഥം എന്താണ്?Q പാരമ്പര്യങ്ങൾ ദൈവനിശ്ചിതമാകയാൽ അവയെ വിശ്വസിക്കണമെന്നാണ് ആ പറഞ്ഞിരിക്കുന്നത്. അതായത് വേദപുസ്തകം മാത്രമാണ് വിശ്വാസത്തിന് അടിസ്ഥാനം എന്ന പ്രൊട്ടസ്റ്റന്റ് ചിന്താഗതി തെറ്റാണെന്നും വിശുദ്ധപിതാക്കന്മാരിൽകൂടി വന്നിട്ടുള്ള കാര്യങ്ങളും വേദപുസ്തകത്തോട് ഒത്തു സ്വീകരിക്കേണ്ടതാണെന്ന് കാണിക്കാനാണ് ഈ വാക്കുകൾ ExA1 ക്ലോസ് 4ൽ ഉപയോഗിച്ചിരിക്കുന്നത്. Ans. അപ്പോൾ വിശ്വാസ സത്യങ്ങളെല്ലാം അതിൽപെടുകയില്ലQ വിശ്വാസസത്യങ്ങളെല്ലാം EA1 clause 4 ൽ ഇല്ലാ എന്ന് വീണ്ടും ബോധിപ്പിക്കുന്നു. Ans.ExA1 clause 4 ൽ പറയുന്ന വിശ്വാസ സത്യങ്ങളെല്ലാം. സിറിയൻസഭയ്ക്കും സിറിയൻ ഓർത്തഡോക്സ് സഭ എന്നു പറയുന്ന സഭക്കും ഉള്ളതാണല്ലോ? സിറിയൻ ഓർത്തഡോക്സ് സഭക്ക് ഉള്ള വിശ്വാസം എല്ലാമില്ലെങ്കിലും എല്ലാ കാര്യവും സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്ന് മാത്രം ലഭിച്ചുകൊണ്ടിരുന്ന മലങ്കരയിലെ സഭയിൽപെട്ട ഒരു വിഭാഗം അതിൽ ചിലതെല്ലാം ഇതിൽ ചേർത്തിട്ടുണ്ട്. Ans.EA1 ൽ ചേർത്തിട്ടുള്ളവയെല്ലാം സിറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങളിൽപെടുന്നവയാണ്. മൂന്നാം നൂറ്റാണ്ടിൽ ഉടലെടുത്ത അർമീനിയൻ സഭക്ക് ഇതിൽ (Et.A1 ൽ) പറയുന്ന വിശ്വാസ സത്യങ്ങളെല്ലാം ഇല്ലേ?Q അർമീനിയരുടെ എല്ലാ വിശ്വാസസത്യങ്ങളും എനിക്കറിഞ്ഞുകൂടാ. ഏഴ് കൂദാശയാണോ അവർ

ക്കുള്ളതെന്നോ നോമ്പുകൾ ഉണ്ടോ എത്രയാണെന്നൊ എനിക്കറിഞ്ഞുകൂട. അതിന് പുറമെ കൂദാശകളിൽ പ്രധാനമായ കുർബാനയിൽ റോമാസഭ ചെയ്യുന്നതുപോലെ പുളിപ്പില്ലാത്ത അപ്പമാണ് ഉപയോഗിക്കുന്നത് എന്നാണ് എന്റെ ഓർമ്മ. Ans. അർമീനിയൻ സഭ പുളിപ്പില്ലാത്ത അപ്പം തന്നെയാണ് ഉപയോഗിക്കുന്നത് എന്നാണ് എന്റെ ഓർമ്മ. ഇതിനെതിരായി ഞാൻ പ്രസ്താവിച്ചതായി ഓർക്കുന്നില്ല. ആരംഭത്തിൽ സിറിയൻ സഭയുടെ ഭാഗമായ അർമീനിയൻ സഭ കാലാന്തരത്തിൽ സിറിയൻ സഭയിൽനിന്നും വ്യത്യസ്തമായ ഏതെങ്കിലും സത്യം സ്വീകരിച്ചതായി സാക്ഷിക്കറിയാമോ? ഏകസ്വഭാവ വിശ്വാസത്തിൽനിന്ന് ഒരിക്കലും വ്യതിചലിച്ചിട്ടില്ല. അങ്ങനെയുള്ള നിലപാടിൽ അവർക്ക് വിശ്വാസസത്യങ്ങൾ എന്തെല്ലാമാണെന്ന് എനിക്കറിഞ്ഞുകൂടാ. Ans. അർമീനിയൻ സഭയുടെ ഇപ്പോഴത്തെ വിശ്വാസസത്യങ്ങൾ എന്തെല്ലാമാണെന്ന് എനിക്കറിഞ്ഞുകൂടാത്തതുകൊണ്ട് സുറിയാനി സഭയുടെയും അവരുടെയും വിശ്വാസസത്യങ്ങൾ ഒന്നാണൊ എന്ന് എനിക്കറിഞ്ഞുകൂട. ആ സ്ഥിതിക്ക് അവർ വല്ല വിശ്വാസ സത്യങ്ങളും പുതിയതായി സ്വീകരിച്ചിട്ടുണ്ടോ എന്നും എനിക്കറിഞ്ഞുകൂടാ. സിറിയൻ സഭയുടെ ഭാഗമായിരുന്ന അർമീനിയൻ സഭ സ്വതന്ത്രമാകുന്നതുകൊണ്ട് മാത്രം വിശ്വാസ സത്യങ്ങൾക്ക് വ്യത്യാസം വരുമോ? അർമീനിയൻ സഭ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടി സ്വതന്ത്രമായ നിലപാട് സ്വീകരിച്ചതോടുകൂടി വിശ്വാസ സത്യങ്ങൾക്ക് വ്യത്യാസം വരണമെന്നില്ല. അത് ശരിയല്ലെങ്കിൽ കൂടിയും വ്യത്യാസങ്ങൾ വരുത്തുവാൻ അവർക്കപ്പോൾ സ്വാതന്ത്ര്യമുണ്ട്. Ans. ഏത് സഭക്കായാലും വിശ്വാസസത്യങ്ങൾ മാറ്റപ്പെടാവുന്നതാണോ? സഭക്കുള്ള വിശ്വാസസത്യങ്ങൾ മാറ്റപ്പെടുകയൊ കുറയ്ക്കപ്പെടുകയൊ ചെയ്യാൻ ആർക്കും അവകാശമില്ല, കൂട്ടാനും അവകാശമില്ല. Ans. സഭ സ്വതന്ത്രമാവുക എന്ന് പറഞ്ഞാൽ സ്വതന്ത്രമായ ഭരണമായി എന്നേ അതിന് അർത്ഥമാവൂ അല്ലേ? ഏകസഭാ തലവന്റെ അനുവാദത്തോടും സമ്മതത്തോടും കൂടി ഭരണപരമായ ചില കാര്യങ്ങൾ ലഭിച്ചാൽ അത് സ്വാതന്ത്ര്യം എന്ന് പറയാം. എന്നാൽ ധിക്കാരത്തോടും എതിർപ്പോടുംകൂടി മാറി നിന്നുകൊണ്ട് ഫണ്ടമെന്റലായ വിശ്വാസകാര്യങ്ങൾ മാറ്റി നിർത്തി ആരെങ്കിലും പ്രവർത്തിക്കുന്നു എങ്കിൽ അത് ഭരണപരമായ സ്വാതന്ത്ര്യം മാത്രമല്ല വിശ്വാസത്തിൽനിന്നും കീഴ്വഴക്കത്തിൽ നിന്നുമുള്ള വ്യതിചലനവും കൂടിയാണ്. Ans. ഓർത്തഡോക്സ് ചർച്ച് തിയോളജി അനുസരിച്ച് ഒരു സഭാവിഭാഗത്തിന് പരിപൂർണ്ണ സ്വതന്ത്രമാവുകാൻ സാദ്ധ്യതകളില്ലേ? സഭയുടെ ഏകതലവന് പരിപൂർണ്ണമായി കീഴ്പട്ടുകൊണ്ട് ഭരണസ്വാതന്ത്ര്യത്തിൽ ഇരിക്കുവാൻ ബാദ്ധ്യത ഉണ്ട്. Ans. വിശ്വാസവും വിശ്വാസസത്യവും തമ്മിൽ ഉള്ള വ്യത്യാസം എന്താണ്?Q യേശുക്രിസ്തു ദൈവമാണെന്ന് ക്രിസ്ത്യാനികളെല്ലാവരും വിശ്വസിക്കുന്നു. അതാണ് വിശ്വാസം. എന്നാൽ ആ ക്രിസ്തുവിൽ രണ്ടു സ്വഭാവം ഉണ്ടെന്ന് റോമാക്കാർ പറയുന്നു. ഏകസ്വഭാവമെന്ന് മറ്റ് ചിലർ പറയുന്നു. അത് വിശ്വാസ സത്യങ്ങളിൽപെടുന്ന ഒരു കാര്യമാണ്. പ്രൊട്ടസ്റ്റന്റുകാരും യേശുക്രിസ്തു ദൈവ

മാണെന്ന് വിശ്വസിക്കുന്നുണ്ട്. എന്നാൽ 39 articles of faith അവരുടെ സഭക്ക് പ്രത്യേകമായി ഉണ്ട്. അതുപോലെ റോമാസഭക്കാർക്കും മറ്റ് സഭക്കാർക്കും അവരുടേതായ articles of faith ഉണ്ട്. അതുകൊണ്ടാണ് faith-of articles of faith തമ്മിൽ വ്യത്യാസമുണ്ടെന്നു ബോധിപ്പിച്ചത്. Ans. വിശ്വാസവും വിശ്വാസ സത്യവും തമ്മിൽ faith articles of faith തമ്മിലുള്ള വ്യത്യാസമാണൊ? ഫെയ്ത്ത് പൊതുവായിട്ടുള്ള വിശ്വാസവും ഓരോ സഭയിലുമുള്ളവർ അവരവർ അനുഷ്ഠിച്ചുകൊണ്ട് പോകേണ്ട വിശ്വാസ കാര്യങ്ങൾ എന്തെല്ലാമെന്ന് കാണിക്കുന്നത് വിശ്വാസ സത്യങ്ങളും ആകുന്നു. Ans. വിശ്വാസ രഹസ്യങ്ങൾ ഉണ്ടോ?Q എനിക്കറിഞ്ഞുകൂട. Ans. കൂദാശകളിലെ mysteries നെ സംബന്ധിച്ച് കൂദാശകളിലെ രഹസ്യങ്ങൾ എന്നു പറയാമോ? എനിക്കതിനെക്കുറിച്ച് ശരിക്കറിഞ്ഞുകൂടാ. Ans. മനുഷ്യമനസ്സിന് മനസ്സിലാക്കാൻ സാദ്ധ്യമാകാത്ത തരത്തിലുള്ള ചില mysteries കൂദാശകളിൽ ഉണ്ട്. കർത്താവായ യേശുമിശിഹാ ദൈവപുത്രനാണെന്നുള്ളത് മനുഷ്യബുദ്ധിക്ക് അതീതമായ ഒരു mystery അല്ലേ? പിതാവായ ദൈവം വെളിപ്പെടുത്തി കൊടുത്തതുകൊണ്ടു മാത്രമാണ് പത്രോസിന് ആ സത്യം പ്രഘോഷിക്കുവാൻ സാധിച്ചത്. Ans. സഭയിലുള്ള ഓരോ അംഗവും ആ സത്യം വിശ്വസിക്കുന്നില്ലേ? ദൈവം പത്രോസിനു വെളിപ്പെടുത്തി കൊടുത്ത ആ പരമരഹസ്യം ഓരോ വിശ്വാസിയും സ്വീകരിക്കുന്നതാണ്, സ്വീകരിക്കേണ്ടതുമാണ്. വിശ്വസിക്കേണ്ടതുമാണ്. Ans. അതു മനുഷ്യൻ വിശ്വസിക്കുന്നത് ബുദ്ധിയുടെ വ്യാപ്തികൊണ്ടല്ല ദൈവത്തിന്റെ കരുണ കൊണ്ടാണ്?Q അതെ. Ans. അതു ബുദ്ധികൊണ്ട് മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് futile ആയിരിക്കുമെന്നു ബൈബിളിൽ തന്നെ ഇല്ലേ?Q ബൈബിളിലെ ഭാഗം ഞാൻ ഓർക്കുന്നില്ലെങ്കിലും ബുദ്ധി കൊണ്ട് മാത്രം മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് ഫലമാവുകയില്ല. Ans. അതാണ് വിശ്വാസം. അതാണ് ക്രിസ്ത്യാനികളെല്ലാം വിശ്വസിക്കുന്നത്. ഇത് വിശ്വാസ സത്യമല്ല. വിശ്വാസമാണ്. ആ വിശ്വാസത്തിൽനിന്നാണ് മറ്റ് വിശ്വാസ സത്യങ്ങൾ ഉണ്ടാകുന്നത്. ഓരോ വിശ്വാസവും വിശ്വാസ സത്യങ്ങളും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യമുള്ള സഭകൾ ഓർത്തഡോക്സ് തിയോളജി അനുസരിച്ച് ആകാൻ പാടില്ലേ?Q പാടില്ല. ഒരേ വിശ്വാസവും ഒരേ വിശ്വാസസത്യങ്ങളും ഉള്ളവർ ഒരേ തലവന്റെ കീഴിൽ തന്നെ മാത്രമെ നില്ക്കാൻ ആകൂ. അവ സ്വതന്ത്രങ്ങളല്ല. Ans. അർമീനിയൻ സഭ സ്വതന്ത്രമായപ്പോൾ വിശ്വാസത്തിനൊ വിശ്വാസസത്യത്തിലൊ വ്യത്യാസം വന്നിരിക്കേണ്ടതല്ലയോ?Q അവർ സ്വതന്ത്രമായി എന്ന് പറഞ്ഞത് ഏക തലവന്റെ കീഴിൽ നിന്നും മാറുകയും അതിനുശേഷം അവരുടെ വിശ്വാസത്തിൽ വ്യത്യാസങ്ങൾ വന്നിട്ടില്ലെങ്കിലും വിശ്വാസസത്യങ്ങളിൽ ചില ഭേദഗതികൾ അവർ ചെയ്തിട്ടുണ്ടായിരിക്കാം. Ans. ഉണ്ടായിരിക്കാമെന്നല്ലാതെ കൂടുതൽ എനിക്ക് പറയാനാവില്ല. Ans. ആദ്യകാലത്തെ സിറിയാ സഭ, റോമാ സഭ, അലക്സാണ്ട്രിയൻ സഭ ഇവ മൂന്നും തമ്മിൽ സ്വതന്ത്രമായിരുന്നോ?Q നേരത്തെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. പത്രോസിന്റെ മൂന്ന് സ്ഥലത്തുള്ള പിൻഗാമികൾ ഐക്യത്തോടുകൂടി അവരവരുടെ പരിധിയിലുള്ളവരുടെ

കാര്യങ്ങൾ ഏകസഭയിൽ നോക്കിയിരുന്നു എന്നല്ലാതെ അവ ഒന്നിനോട് ഒന്ന് ബന്ധമില്ലാത്ത മൂന്ന് സ്വതന്ത്രസഭകളല്ലായിരുന്നു എന്ന് Ans. ഒന്നിന് മറ്റൊന്നിന്റെ മേൽ അധികാരം ഉണ്ടായിരുന്നോ?Q അതിന്റെ ആവശ്യം ഇല്ലായിരുന്നു. Ans. ഒരു കുടുംബത്തിലെ സഹോദരങ്ങൾ തമ്മിൽ ഭാഗിക്കയും രമ്യതയിൽ അവരവരുടെ കുടുംബാഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നതുപോലെയായിരുന്നോ ആ മൂന്ന് സഭകളുടെയും നില?Q അല്ല. ആ മൂന്ന് സഹോദരന്മാരും കുടുംബത്തിൽ ഒരുമിച്ച് താമസിച്ചുകൊണ്ട് പൊതുകുടുംബത്തിന്റെ ശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുന്ന ആ രീതിയായിരുന്നു. Ans. ഭാഗം ചെയ്യാത്ത മൂന്ന് സഹോദരന്മാരുടെ എന്നുള്ള രീതിയിൽ ആയിരുന്നു. മൂന്ന് കേന്ദ്രങ്ങളിലായിരുന്നു പ്രവർത്തനം. അതായത് ആ കുടുംബത്തിൽ കൃഷിക്കാര്യത്തിന് ഒരാളും കച്ചവടക്കാര്യത്തിന് വേറൊരാളും ഉദ്യോഗത്തിന് മറ്റൊരാളും എന്നുള്ള രീതിയിൽ വിവിധ കാര്യങ്ങൾക്കായിട്ടല്ല വിവിധ രംഗങ്ങളിൽ അവർ യോജിപ്പോടെ പ്രവർത്തിച്ച് വരികയായിരുന്നു. അക്കാലത്ത് common കേന്ദ്രം ഇന്നടത്ത് എന്നുണ്ടായി?Q common കേന്ദ്രം ഉള്ളതായിട്ട് വായിച്ചിട്ടില്ല. Ans. ഈ മൂന്നെണ്ണത്തിൽ ഏതിനെങ്കിലും കേന്ദ്രസ്ഥാനം കൊടുത്തിരുന്നോ?Q സഭ കൊടുത്തിരുന്നോ?Q സഭ കൊടുത്തിരുന്നില്ല. Ans. ഒരു കേന്ദ്രത്തിലെ ആളിനെ മറ്റൊരു കേന്ദ്രത്തിലെ ആളിന് എന്തെങ്കിലും നിർദ്ദേശിക്കാൻ അധികാരം ഉണ്ടായിരുന്നോ?Q ആർക്കും ആരോടും നല്ല ബുദ്ധി പറഞ്ഞുകൊടുക്കാനുള്ള അവകാശം ഉള്ളതുപോലെ അവർക്ക് പരസ്പരം അവകാശം ഉണ്ടായിരുന്നു. ആജ്ഞാപിക്കാനൊ കല്പിക്കാനൊ അവകാശം ഇല്ലായിരുന്നു. Ans. അവരവരുടെ പരിധിയിൽ മാത്രമെ പ്രവർത്തിക്കാവൂ എന്നുണ്ടായിരുന്നോ?Q അങ്ങനെ നിശ്ചയം ഒന്നും ഞാൻ കണ്ടിട്ടില്ല. Ans. യൂറോപ്പിൽ റോമിലല്ലാതെ മറ്റാരും ഇല്ലാതിരുന്നതുകൊണ്ടും ആഫ്രിക്കായിൽ അലക്സാന്ത്രിയയല്ലാതെയും ഏഷ്യയിൽ അന്ത്യോക്യായിലും അല്ലാതെ പത്രോസിന്റെ പിൻഗാമികൾ മറ്റൊരിടത്തും ഇല്ലാതിരുന്നതുകൊണ്ട് നേരത്തെ യൂറോപ്പ്, ആഫ്രിക്കാ, ഏഷ്യാ എന്ന് തരം തിരിച്ച് കേന്ദ്രങ്ങളുടെ വ്യാപ്തിയെക്കുറിച്ച് പറഞ്ഞത് റേഷ്യൽ difference കൊണ്ടോ civil administration difference കൊണ്ടോ അല്ലാ അങ്ങനെ പറഞ്ഞത്. 'അവർക്കുവേണ്ടി എല്ലാം ചെയ്തുകൊടുത്തിട്ടുള്ള ഓരോ സ്ഥലത്തുമുള്ള പത്രോസിന്റെ പിൻഗാമിയോട് ഐക്യപ്പെട്ടിരിക്കണമെന്ന് ആ ഭൂവിഭാഗങ്ങളിലുള്ളവർ ആഗ്രഹിക്കുക സ്വാഭാവികമാണ്. അതിനും പുറമെ ആ ഭൂവിഭാഗങ്ങളിലേക്ക് ആത്മീയ കാര്യനിർവ്വഹണത്തിനായി വേണ്ട ഏർപ്പാടുകളും ചെയ്തിരുന്നത് ആ മൂന്ന് കേന്ദ്രങ്ങളിൽ നിന്നാണ്. അവർ വർത്തിച്ചിരുന്നത് സ്വതന്ത്രരായിട്ടായിരുന്നോ?Q അന്നത്തെ ചിന്താഗതി വല്ല വിധത്തിലും ക്രിസ്തുവിന്റെ രാജ്യം വളരണം, വളർത്തണം എന്നു മാത്രം ആയിരുന്നതുകൊണ്ട് ഇന്നത്തെ അർത്ഥത്തിൽ സ്വതന്ത്രഭരണാധികാരികൾ എന്നുള്ള രീതിയിൽ തർക്കമൊന്നും കൂടാതെ അവർ കാര്യങ്ങൾ നടത്തുകയായിരുന്നു. Ans. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയക്കുന്നു എന്ന് അപ്പോസ്തലന്മാരോട്

കല്പിച്ചതിൽ കൂടുതലായി അപ്പോസ്തലന്മാരിൽ ആരെങ്കിലും അപ്പോസ്തലിക പിന്തുടർച്ച നിലനിർത്തുന്നതിനായി പ്രവർത്തിക്കണമെന്ന് ക്രിസ്തു നിർദ്ദേശിച്ചിരുന്നോ? ക്രിസ്തു തന്റെ നാമം പ്രസംഗിക്കുവാനായി ശ്ലീഹന്മാരെ പിതാവ് തന്നെ അയച്ചതുപോലെ താൻ അയച്ചു. ആ അപ്പോസ്തലിക പിന്തുടർച്ച നിലനിറുത്തുവാൻ താൻ പൗരോഹിത്യം പ്രദാനം ചെയ്ത അപ്പോസ്തലന്മാരെ ചുമതലപ്പെടുത്തി. എന്നാൽ അപ്പോസ്തലസമൂഹം ഉൾപ്പെട്ട സഭ മുഴുവന്റെയും ഭരണം പത്രോസിന് മാത്രമായി ഏല്പിച്ചുകൊടുത്തു. സിറിയൻ ഓർത്തഡോക്സ് സഭക്ക് അപ്പോസ്തലിക പിന്തുടർച്ച പത്രോസിൽ നിന്ന് മാത്രമാണ് എന്നുള്ളത് ആ സഭ വിശ്വസിക്കുന്നു. മറ്റാരിൽ നിന്നും അപ്പോസ്തലിക പിന്തുടർച്ച അതിനില്ലെന്നും വിശ്വസിക്കുന്നു. പല സ്ഥലങ്ങളിലും അപ്പോസ്തല പിന്തുടർച്ച അതിന് അധികാരമുള്ള ശ്ലീഹന്മാർ നൽകി എങ്കിലും അതെല്ലാം സഭയുടെ ഏകദൃശ്യതലവനായ പത്രോസിനോട് ഐക്യത്തിൽ നിന്നുകൊണ്ടാണ്. Ans.stopped for the day
മൊഴി വായിച്ചു കേട്ടു. ശരി

Sd/-
കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court, read over to the witness and admitted by him to be correct.

Sd/-
Judge

27-9-78

28-9-78 Witness sworn again and cross examination continued. പൗരോഹിത്യം നിലനിർത്താൻ അപ്പോസ്തലന്മാരെ താൻ ചുമതലപ്പെടുത്തി എന്ന് ഇന്നലെ ബോധിപ്പിച്ചല്ലോ. അത് ഏതവസരത്തിലായിരുന്നു?Q പൗരോഹിത്യം നൽകിയത് St.John XX ൽ പറയുന്ന മാളികയിൽ വച്ചാണ്. സഭയുടെ ഭരണാധികാര്യം പത്രോസിനെ ഭരമേൽപ്പിച്ചത് St.John XXI ൽ എനിക്കായി മേയ്ക്കുക എന്നു പറയുന്ന ആ അവസരത്തിലാണ്. മേയ്ക്കുന്നതിന് ആവശ്യമായ പൗരോഹിത്യം കൂടിയേ കഴിയൂ. അതിൽനിന്നും ആ നിർദ്ദേശം അതിൽ അന്തർലീനമായിരുന്നു എന്നു കാണാം. അതിനും പുറമെ Acts 1-2 ൽ ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം സ്വർഗ്ഗാരോഹണത്തിന് മുമ്പായി പല പ്രാവശ്യവും ശ്ലീഹന്മാർക്ക് കാണപ്പെട്ടെന്നും സഭയെ സംബന്ധിക്കുന്ന പല കാര്യങ്ങളും അവരെ പഠിപ്പിച്ചു എന്നും കാണുന്നുണ്ട്. ക്രിസ്തുവിന്റെ വരവിന്റെ ഏക ഉദ്ദേശ്യമായ പാപമോചനത്തിന് പൗരോഹിത്യം ആവശ്യമാകയാൽ ആ സന്ദർഭത്തിലും അതിനുള്ള നിർദ്ദേശം കൊടുത്തിരിക്കണം. ശ്ലീഹന്മാർ തങ്ങൾക്ക് പിന്തുടർച്ചക്കാരെ വാഴിച്ചു എന്ന് അപ്പോസ്തലപ്രവൃത്തികളിലും ചരിത്രങ്ങളിലും കാണുന്ന സ്ഥിതിക്ക് ക്രിസ്തു അവരെ ഏൽപ്പിക്കാത്ത ഒരു കാര്യം അവർ ചെയ്തു എന്ന് വിചാരിക്കുവാൻ ന്യായമില്ല. പിന്തുടർച്ചക്കാരെ വാഴിക്കുവാൻ ക്രിസ്തു പറഞ്ഞതായി പുതിയ നിയമത്തിൽ ഒരിടത്തും ഇല്ല.

Ans. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയക്കുന്നു എന്ന് പറഞ്ഞതിൽ സഭ നിലനിൽക്കുന്നതിന് ആവശ്യമുള്ള എല്ലാ കാര്യങ്ങളും ചെയ്യുവാനുള്ള അവകാശം ശ്ലീഹന്മാർക്ക് കിട്ടിയില്ലേ?Q രണ്ട് പ്രാവശ്യമാണ് ക്രിസ്തു ആ വാചകം ഉപയോഗിച്ചത്. ഒന്ന്, മാളികയിൽവച്ച് പാപമോചനാധികാരം നൽകുന്നതായ സന്ദർഭത്തിലാണ്. രണ്ട്, മത്തായി 28ൽ നീ എന്നെ അയച്ചതുപോലെ ഞാൻ ഇവരെയും അയച്ചു എന്ന് പിതാവിനോടുള്ള പ്രാർത്ഥനയിൽ പറഞ്ഞിട്ടുണ്ട്. അല്ലാതെ ആ വാചകം കൊണ്ട് പിന്തുടർച്ച നിലനിർത്താൻ പറഞ്ഞതായി തെളിയുകയില്ല. Ans. പിന്തുടർച്ച നിലനിർത്തണമെന്ന് സ്പഷ്ടമായി ക്രിസ്തു പറഞ്ഞതായി വാക്യങ്ങൾ ഇല്ലന്നാണോ?Q ഇല്ല. പത്രോസ് വഴിയായി അത് നിലനിർത്തുവാനാണ് സഭയെക്കുറിച്ചുള്ള എല്ലാ അധികാരവും പത്രോസിന് കൊടുത്തത്. Ans. കത്തോലിക്കരുടെ വിശ്വാസം അനുസരിച്ച് പൗരോഹിത്യം നൽകിയത് എപ്പോഴാണെന്നറിയാമോ?Q St.John XXI ലെ ആ പ്രസ്താവന സമയത്താണെന്നാണ് എന്റെ അറിവ്. കൂടുതൽ അതേപ്പറ്റി എനിക്കറിഞ്ഞുകൂടാ. Ans. അതേതവസരമാണ്?Q മാളികയിൽ വച്ചാണ്. Ans. ഒടുക്കത്തെ അത്താഴം കൂടിയപ്പോൾ നിങ്ങൾ ഇതുപോലെ ബലി അർപ്പിക്കുവിൻ എന്ന് പറഞ്ഞിട്ടുണ്ടോ?Q പറഞ്ഞിട്ടുണ്ട്. എന്നാൽ അത് കഴിഞ്ഞ് നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ എന്നു പറഞ്ഞു. പൗരോഹിത്യവും നൽകിയതിന്റെശേഷം ക്രിസ്തുവിന്റെ സ്വർഗാരോഹണവും പെന്തക്കൊസ്തിയും കഴിഞ്ഞതിന് ശേഷമാണ് അവർ ബലി അർപ്പിച്ചത്. Ans. അർമീനിയൻ സഭ കാലാന്തരത്തിൽ പ്രത്യേക വ്യക്തിത്വം നേടി എന്ന് മൊഴി കൊടുത്തത് അപ്പോഴും സിറിയൻ സഭയുടെ മേൽക്കോയ്മ വിടാതെ നിന്നിരുന്നു എന്ന അർത്ഥത്തിലാണോ?Q പ്രത്യേക വ്യക്തിത്വം ഉണ്ടായതിനുശേഷം സിറിയൻ സഭയുടെ മേൽക്കോയ്മ അവർക്കില്ലായിരുന്നു. Ans. അർമീനിയൻ സഭ ചില കാര്യങ്ങളിൽ സ്വാതന്ത്ര്യം നേടി എന്നു പറഞ്ഞപ്പോൾ സ്വാതന്ത്ര്യം നേടാത്ത കാര്യങ്ങൾ വല്ലതുമുണ്ടോ?Q അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന് വായിച്ച് കേൾക്കണം. Ans. എല്ലാ കാര്യങ്ങളിലും സ്വാതന്ത്ര്യം നേടി എന്നാണോ?Q അവരുടെ സ്വന്തമേൽപട്ടക്കാരെ അവർ വാഴിച്ചുതുടങ്ങി. അവരുടെ ഭരണവും അന്ത്യോക്യൻ മേൽകോയ്മയിൽ നിന്നു മാറി. Ans. സിറിയൻ സഭ എന്ന് പറഞ്ഞാൽ സിറിയായിലെ സഭ എന്നാണോ അർത്ഥം?Q ആരംഭകാലത്ത് സിറിയൻസഭ എന്നു പറഞ്ഞാൽ ഏഷ്യാ മുഴുവനിലും അധികാരമുള്ള സഭയായിരുന്നു. Ans. പത്രോസ് അന്ത്യോക്യായിൽ ചെന്നശേഷമാണോ ആ പേരുണ്ടായത്. അതോ അതിനു മുമ്പേ ഉണ്ടായോ?Q പത്രോസ് അന്ത്യോക്യായിൽ ചെന്നശേഷമാണ് ആ പേര് ഉണ്ടായത്. കാരണം മേൽപട്ടക്കാരനില്ലെങ്കിൽ സഭ എന്ന പേരിൽ അർഹത ഇല്ല. Ans. ആദിമനൂറ്റാണ്ടുകളിൽ സഭയിലെ മേൽപട്ടക്കാരെല്ലാം തന്നെ എപ്പിസ്കോപ്പാ എന്ന സ്ഥാനനാമത്താൽ ആണോ അറിയപ്പെട്ടിരുന്നത്?Q ആദ്യനൂറ്റാണ്ടിൽ അങ്ങനെയായിരിക്കാം അറിയപ്പെട്ടിരുന്നത്. മൂന്നാം നൂറ്റാണ്ടിൽ പാത്രിയർക്കീസ് എന്നുള്ള പേര് സഭാചരിത്രത്തിൽ ഉപയോഗി

ച്ചതായി മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. Ans. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഓരോ എപ്പിസ്കോപ്പന്മാരും അവരുടെ ഭരണസീമകളിൽ ലൗകികവും ആത്മീയവുമായ കാര്യങ്ങളിൽ പരമാധികാരികളായിരുന്നോ?Q അല്ലായിരുന്നു. കാരണം ക്രിസ്തു സ്ഥാപിച്ച ഏകസഭയിൽ ഭരണാധികാരം മുഴുവൻ പത്രോസിന് കൊടുത്തു എന്ന് നല്ലപോലെ അറിയാമായിരുന്നു. രണ്ട് നൂറ്റാണ്ടുകളെ എപ്പിസ്കോപ്പന്മാർ അവരവർക്ക് സ്ഥാനം നൽകി അവരവരുടെ സ്ഥാനത്താക്കിയ പ്രധാന കേന്ദ്രങ്ങളിലെ മേൽപട്ടക്കാർക്ക് കീഴ്പെട്ടിരുന്നു. അല്ലാതെ എപ്പിസ്കോപ്പന്മാർ താനെ ഉണ്ടായവരല്ലാത്തതിനാൽ അവരവരുടെ സ്ഥാനങ്ങളിൽ പരമാധികാരികളല്ലായിരുന്നു. Ans. എപ്പിസ്കോപ്പാസ്ഥാനം എന്നാൽ ശ്ലീഹാസ്ഥാനം, അപ്പോസ്തലിക സ്ഥാനം എന്നൊക്കെയല്ലേ അർത്ഥം?Q അല്ല. ശ്ലീഹാസ്ഥാനവും അപ്പോസ്തലിക സ്ഥാനവും രണ്ട് ഭാഷയിലാണെങ്കിലും ഒന്നു തന്നെയാണ്. എപ്പിസ്കോപ്പാസ്ഥാനം വേറെയാണ്. എപ്പിസ്കോപ്പാമാർക്ക് ഒരിക്കലും ശ്ലീഹാ എന്നു പറയുകയില്ല. Ans. എപ്പിസ്കോപ്പാസ്ഥാനം ശ്ലീഹസ്ഥാനത്തേക്ക് പ്രവേശിക്കാനുള്ളതല്ല. കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ടവർക്കല്ലാതെ മറ്റാർക്കും ശ്ലീഹാപദവിയിൽ എത്തുവാൻ വയ്യ. പുരോഹിതന്മാർക്ക് പട്ടം കൊടുക്കുക തൈലങ്ങൾ കൂദാശ ചെയ്യുക, പള്ളികൂദാശ ചെയ്യുക ഇതിനെല്ലാമുള്ള മേൽപട്ടസ്ഥാനമാണ് എപ്പിസ്കോപ്പാസ്ഥാനം. അപ്പോസ്തലിക സക്സഷൻ ലഭിച്ച ആളാണ് എപ്പിസ്കോപ്പാ?Q അപ്പോസ്തലന്മാരിൽനിന്നും കൈവയ്പ്പു പ്രാപിച്ച സഭാമേലദ്ധ്യക്ഷനിൽ നിന്നും കൈവയ്പ്പ് പ്രാപിക്കുകയും അപ്പോസ്തലിക വിശ്വാസത്തിൽ നിൽക്കുകയും ചെയ്യുന്ന ആളാണ് എപ്പിസ്കോപ്പാ. Ans. അന്ത്യോക്യയിൽ പത്രോസ് ആദ്യം വാഴിച്ച ഏവോദിയോസ് എപ്പിസ്കോപ്പാ ആയിരുന്നോ? അന്നത്തെ ഭാഷയിൽ എപ്പിസ്കോപ്പായും ഇന്നത്തെ സ്ഥിതിയിൽ പത്രോസിന്ശേഷമുള്ള പാത്രിയർക്കീസും ആയിരുന്നു. Ans. ഏവോദിയോസ് വാഴിച്ച ആളിന് അപ്പോസ്തലിക പിന്തുടർച്ച ഉണ്ടോ?Q ഏവോദിയോസ് വാഴിച്ച ആളിനെ വാഴിച്ചതാരാണ്?Q ഓർക്കുന്നില്ല. Ans. ആ ആളിന് അപ്പോസ്തലിക സക്സഷൻ കിട്ടിയോ?Q നിശ്ചയമായും. Ans. എങ്ങനെ അറിയാം. പാത്രിയർക്കാ ലിസ്റ്റിൽ അവരുടെ പേര് ഉള്ളതുകൊണ്ടും എതിരഭിപ്രായങ്ങൾ കേട്ടിട്ടില്ലാത്തതുകൊണ്ടും റോമിൽ പത്രോസിന്റെ പിൻഗാമിത്വത്തെകുറിച്ച് പറയപ്പെടുന്നതിൽ കൂടുതൽ തെളിവുകളൊന്നും കാണാത്തതുകൊണ്ടും അദ്ദേഹത്തിന് അപ്പോസ്തലിക സക്സഷൻ ഉണ്ടെന്ന് പറയുന്നത് ലിസ്റ്റിൽ പേര് കാണുന്നതുകൊണ്ടും അതേക്കുറിച്ച് തർക്കമില്ലാത്തതുകൊണ്ടുമാണ്? സക്സഷനെ സംബന്ധിച്ചുള്ള കാര്യങ്ങൾ എവിടെയാണെങ്കിലും ചരിത്രത്തിൽ നിന്നു മാത്രമെ അറിയുവാൻ സാധിക്കുകയുള്ളൂ. അതിന്റെ വെളിച്ചത്തിലാണ് മുമ്പ് ബോധിപ്പിച്ചത്. Ans. അപ്പോസ്തലിക് സക്സഷൻ എന്നാൽ അപ്പോസ്തലന്റെ immediate successor എന്നാണൊ സാക്ഷി ഉദ്ദേശിക്കുന്നത്?Q ഒരിക്കലുമല്ല. അപ്പോസ്തലന്റെ immediate successor അദ്ദേഹത്തിന്റെ സ്ഥാനത്ത് പിന്നീട് വരുന്നവരും ആയവർക്ക് മാത്രമാണ് apostolic succession എന്ന് ഞാൻ

ബോധിപ്പിച്ചത്. Ans.Break of apostolic succession എന്ന് പറഞ്ഞാൽ സാക്ഷി ഉദ്ദേശിക്കുന്നത് എന്താണ്?Q അപ്പോസ്തലിക successor ആ സഭയും ഇല്ലാതായാൽ break ആയി. Ans. സഭയുണ്ട് സ്ഥാനത്ത് apostolic successor ഇല്ലാ എന്നാൽ break ഉണ്ടോ?Q ഒരാൾ മരിച്ചിട്ട് പിന്നൊരാൾ ഉണ്ടാകുന്നതുവരെ ആളില്ലെന്ന് വരുന്നതുകൊണ്ട് അത് break ആകുന്നില്ല. Ans. എത്ര കാലമായാൽ?Q എത്ര കാലമായാലും. Ans. ആ സ്ഥാനത്ത് ശരിയായ അപ്പോസ്തലിക succession ഇല്ലാത്ത ആൾ കേറിയാൽ break ആകുമോ? ഒന്നാമത് അപ്പോസ്തലിക succession ഇല്ലാത്ത ആള് ഉണ്ടാവുക സ്വാഭാവികമല്ല. രണ്ടാമത് ഏതെങ്കിലും രാജാക്കന്മാരുടെയൊ ഭരണാധിപന്മാരുടെയൊ പീഡകൾ നിമിത്തം ശരിയായ ആളിന് പകരം വല്ലവരേയും കേറ്റി ഇരുത്തിയാലും break ആവുകയില്ല. Ans. ചിതറിപ്പോയ ശിഷ്യന്മാരെ തുടർന്ന് അന്ത്യോക്യായിൽ ബർണാബാസും പൗലോസുമാണോ സുവിശേഷം അറിയിച്ചത്?Q അവരും അവിടെ സുവിശേഷം അറിയിച്ചു എങ്കിലും ഭരണം നടത്തിയതും പിൻഗാമിയെ വാഴിച്ചതും പത്രോസാണ്. Ans. പൗലോസ് അപ്പോസ്തലനായിരുന്നു. അപ്പോൾ അന്ത്യോക്യായിൽ സഭ ജന്മം എടുത്തോ?Q പത്രോസ് പിൻഗാമിയെ വാഴിക്കുന്നതിനുമുമ്പ് പൗലോസ് മേൽപട്ടക്കാരനെ വാഴിച്ചതായി രേഖ ഇല്ലാത്തതുകൊണ്ട് അവിശ്വാസികളുടെ കൂട്ടം ഒരു സഭയായി തീർന്നത് പത്രോസിന്റെ പ്രവേശനവും ഭരണവും വാഴിക്കലും കഴിഞ്ഞതിന് ശേഷമാണ്. അതിനും പുറമെ റോമിലും പത്രോസിനേക്കാൾ മുമ്പ് പോയി സുവിശേഷം അറിയിച്ചത് പൗലോസാണെങ്കിലും പൗലോസിനെ അല്ല പത്രോസിനെ ആണ് അവിടെയും ഒന്നാമത്തെ മേലദ്ധ്യക്ഷനായി സ്വീകരിച്ചിട്ടുള്ളത് Ans. പൗലോസ് Successor റെ വാഴിക്കാത്തതുകൊണ്ട് അന്ത്യോക്യായിൽ break ഉണ്ടായോ? break ഉണ്ടായതായി ഞാൻ പറഞ്ഞിട്ടില്ലല്ലോ. Ans. പൗലോസ് അവിടെ ഉള്ളപ്പോൾ അന്ത്യോക്യായിലെ വിശ്വാസികളുടെ കൂട്ടത്തെ സഭയായി ഗണിക്കുന്നതിന് എന്ത് പോരാഴ്കയാണ് ഉണ്ടായിരുന്നത്?Q ഒന്നാമത്, പൗലോസ് അവിടെ ഇരിക്കുകയൊ ഭരിക്കുകയൊ വാഴിക്കുകയൊ ചെയ്തതായിട്ട് Acts ൽ പറയുന്നില്ല. സുവിശേഷം അറിയിച്ചുകൊണ്ട് പല സ്ഥലങ്ങളിലും പോയ കൂട്ടത്തിൽ ആ വഴിയും പോയെന്നേയുള്ളൂ. അദ്ദേഹം പോയപ്പോൾ അവിടെ മേൽപട്ടക്കാരനെ വാഴിച്ചതായി രേഖ ഇല്ലാത്തതുകൊണ്ട് ആണ് അവിടെ വിശ്വാസികളുടെ കൂട്ടം മാത്രമാണ് ഉണ്ടായിരുന്നത്. സഭാ വിഭാഗമല്ല എന്ന് ബോധിപ്പിച്ചത്. എപ്പിസ്കോപ്പാ ഇല്ലെങ്കിൽ സഭ ഇല്ല Ans. സ്തേപ്പാനോസിന്റെ പീഡകൾ നിമിത്തം ആളുകൾ ചിതറിപ്പോയപ്പോൾ പത്രോസിനെ ബന്ധനസ്ഥനാക്കിയോ?Q എപ്പോഴാണന്നറിയില്ല. പത്രോസ് ബന്ധനത്തിൽ കിടന്നിട്ടുണ്ട്. Ans. ദൈവത്തിന്റെ മാലാഖ അദ്ദേഹത്തെ കാരാഗൃഹത്തിൽ നിന്നും സ്വതന്ത്രനാക്കി. ബന്ധനത്തിൽ നിന്നും വിമുക്തമായപ്പോൾ വേദ പ്രചാരണത്തിന് അദ്ദേഹം ജറൂസലമിൽ നിന്നും പുറപ്പെട്ടു എന്ന് Acts. ൽ ഉണ്ട്. സഭാ *ചരിത്രത്തിൽ* ഉണ്ടോ? ആക്റ്റ്സിൽ ഉള്ളത് സഭാചരിത്രത്തിലും ഉണ്ട്. Ans. മിഖായേൽ റാബോയുടെ *ചരിത്രത്തിൽ* ഉണ്ടോ?Q കാണണം.

Ans. രണ്ടുവർഷം വഴിയിൽ സുവിശേഷം അറിയിച്ചുകൊണ്ട് അദ്ദേഹം അന്ത്യോക്യായിൽ എത്തിയോ? എത്രവർഷമെന്നറിയില്ല. വഴിയിൽ സുവിശേഷം അറിയിച്ചുകൊണ്ട് അദ്ദേഹം അന്ത്യോക്യയിൽ എത്തി. Ans. അന്ത്യോക്യയിൽ പത്രോസ് എത്തിയിട്ട് എന്തു ചെയ്തു എന്ന് കാണിക്കാൻ എന്തെങ്കിലും ആധികാരികമായ രേഖ ഉണ്ടോ?Q ഞാൻ ഇന്നലെ ബോധിപ്പിച്ചു, മിഖയേൽ റാബോയുടെ ചരിത്രത്തിൽ അതുണ്ട്. അദ്ദേഹം അവിടെ മദ്ബഹാ സ്ഥാപിച്ചു എന്നുള്ളത് ഏവദ്യോസിനെയും ഇഗ്നാത്തിയോസിനെയും അന്ത്യോക്യായിൽ വച്ച് വാഴിച്ചു എന്ന് മലങ്കരയിലെ സുറിയാനി സഭയിലെ അധികൃത രേഖകളിൽ ഉള്ളതിന്റെ വെളിച്ചത്തിൽ സഭയുടെ ഏറ്റവും പ്രധാനമായ സംഘടനയായ സൺഡേ സ്കൂളിൽ അധികൃതമായി ഉപയോഗിക്കുന്ന പുസ്തകങ്ങളിലും ഉണ്ട്. മലങ്കരയിലെ സുറിയാനി സഭയിൽ ഈ സത്യത്തിനെതിരായി ഇന്നുവരെയും ആരും ഒന്നും എഴുതിയിട്ടുമില്ല. Ans. മദ്ബഹാ സ്ഥാപിച്ചു എന്നു രണ്ടുപേരെ വാഴിച്ചു എന്നും ഉള്ളതിൽ കൂടുതലായി എന്തെങ്കിലും ചെയ്തതായി രേഖ ഉണ്ടോ?Q അദ്ദേഹം അവിടെ സിംഹാസനം സ്ഥാപിച്ചതായി റോമാസഭയുടെ കലണ്ടറിലും യാക്കോബായ സുറിയാനി സഭയുടെ കലണ്ടറിലും ഫെബ്രുവരി 22-ാം തീയതി എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുൻപറഞ്ഞവയെല്ലാം ചെയ്തു കഴിഞ്ഞ സ്ഥിതിക്ക് പിന്നെ സഭാ ഭരണ സംബന്ധമായി ഒന്നും തന്നെ ചെയ്യാനില്ല. Ans. ക്രിസ്തു പത്രോസിന് നൽകിയ സിംഹാസനമെന്നോ പത്രോസ് ഏവോദ്യോസിന് നൽകിയ സിംഹാസനമെന്നോ സാക്ഷി ബോധിപ്പിച്ചത്?Q പത്രോസിന് കർത്താവ് കൊടുത്ത മഹാ പൗരോഹിത്യവും തദനുസരണമായ ഭരണവും കൈയ്വയ്പ്പോടു കൂടിയുള്ള പിന്തുടർച്ചയും ആകുന്ന സിംഹാസനം അതായത് കർത്താവ് പത്രോസിന് നൽകിയ സിംഹാസനം. അതുതന്നെയാണ് അദ്ദേഹം ഏവോദ്യോസിന് കൊടുത്ത് Ans. കോനാട്ട് ഏബ്രഹാം കത്തനാർ, പൗലോസ് ഗ്രിഗോറിയാസ് ഡോ. തോമസ് മക്കാറിയോസ് ഇവർ എഴുതിയിട്ടുള്ള തിസീസ് ഇവിടെ ഹാജരാക്കിയിട്ടുള്ളതായി കേട്ടിട്ടുണ്ട്. ഏബ്രഹാം കത്തനാർ എഴുതിയ തിസീസിൽ (referring to Ext A. 198) 5-ാം പേജിൽ സുറിയാനിയിൽ എഴുതിയിരുന്ന ഭാഗത്തിന്റെ പരിഭാഷയും അവിടെ ഉണ്ട്. ആ പരിഭാഷ ശരിയാണോ? തർജ്ജമയിൽ ഒരു പള്ളി എന്ന് എഴുതിയിട്ടുണ്ട്. സുറിയാനിയിൽ സഭയുടെ അല്ലെങ്കിൽ പള്ളിയുടെ എന്നതിനുള്ള വാക്കാണ് ഉള്ളത്. ഭരണാധികാരിയായി തീർന്നില്ല എന്നുള്ള മലയാളത്തിന് സുറിയാനിയിൽ മുകളിലുള്ളതിൽ വാക്ക് ഇല്ല. എന്നാൽ എഴുന്നേറ്റില്ല എന്നുള്ളതിനുള്ള സുറിയാനി വാക്കാണ് ഉള്ളത്. ഈ രണ്ട് വ്യത്യാസങ്ങൾ ഒഴികെ തർജ്ജമ ശരിയാണ്. Ans. എഴുന്നേറ്റില്ല എന്നുപയോഗിച്ചിരിക്കുന്നത് ഭരിച്ചില്ല എന്ന അർത്ഥത്തിലാണോ? ഭരിച്ചില്ല എന്ന അർത്ഥത്തിലല്ല ആയില്ല എന്ന അർത്ഥിലാണ്. Ans. ആയില്ല എന്നാൽ എന്തായില്ല എന്നാണ്?Q ആ സ്ഥാനത്തായില്ല എന്നാണ്. Ans. witness adds. ഇതിൽ തന്നെ അദ്ദേഹം വാഴിച്ചാക്കി എന്നു പറയുന്നതുകൊണ്ട് അദ്ദേഹം ഭരണാധിപനായിരുന്നു എന്ന് വ്യക്തമാണ്. ഭരണാധിപനല്ലെങ്കിൽ

വാഴിച്ചാക്കുകയില്ല. ആ സുറിയാനിയിലുള്ള ഉദ്ധരണി എവിടെ നിന്നാണെ ന്നാണ് പറഞ്ഞിരിക്കുന്നത്?Q ബാർ എബ്രായിയുടെ *എക്ലിഷ്യാസ്റ്റിക്കി*യിൽ നിന്നാണെന്നാണ് പറഞ്ഞിരിക്കുന്നത് Ans. *എക്ലിഷ്യാസ്റ്റിക്കി*യുടെ ഒന്നാം ഭാഗത്ത് നിന്നാണെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. E.B 80 ൽ ഉദ്ധരിണി ഉണ്ടോ?Q ഈ പുസ്തകത്തിൽ ഏവോദിയോസിന് ശേഷം ഇഗ്നാത്തിയോസ് നൂറോനൊ എന്നാണ് ആരംഭിക്കുന്നത്. ആദ്യഭാഗം എഴുതിയിട്ടില്ല. ബ്ലാങ്കാ യിട്ട് ഇട്ടിരിയ്ക്കയാണ്. ഒരു പേജേയുള്ളു. ബ്ലാങ്കായിട്ട് വിട്ടിട്ടുള്ളത്. Ans. ഞാൻ വായിച്ചിട്ടുള്ള പുസ്തകം Ex. B 80 തന്നെയാണ്. അന്ന് ഒന്നാം ഭാഗം ആദ്യം മുതൽക്ക് ഇതിൽ ഇല്ലാ എന്ന് എനിക്കറിയാം. ഇന്നലെ ഒന്നാം ഭാഗം സൂക്ഷിച്ചു വായിച്ചില്ലന്ന് പറഞ്ഞല്ലോ അപ്പോൾ ഇത് പറയാഞ്ഞത് എന്താണ്? ഓർത്തില്ല. Ans. *കോൺസ്റ്റന്റിനോപ്പിളിൽ* സുവിശേഷം അറിയിച്ചതാരാണ്? ശരിക്കോർമ്മയില്ല. Ans. അന്ത്രയോസാണോ? ആയിരിക്കും. എഫേസൂസിൽ സുവിശേഷം അറിയിച്ചത് ആരാണ്? യോഹന്നാൻ. Ans. ആന്ത്രയോസ് നിഖ്യാ യിലും നിഖോമിയായിലും സുവിശേഷം അറിയിച്ചോ? അറിയിച്ചുകാണും. Ans. ബാർ എബ്രായായുടെ *എക്ലിഷ്യാസ്റ്റിക്കിയിൽ* ഒന്നാം ഭാഗത്ത് ശ്ലീഹ ന്മാർ ഓരോ ഭാഗത്ത് പോയി സുവിശേഷം അറിയിച്ചതായി ഉണ്ടോ?Q Ex. B. 80 ൽ ഇല്ല. ബാർ എബ്രായായുടെ *എക്ലിഷ്യാസ്റ്റിക്കി*യിൽ അങ്ങനെ ഇല്ല. Ans. "മോർ തോമ ഇൻഡ്യയിലെ പട്ടണമായ കലാമിനായിൽ പ്രസംഗിച്ചു അവിടെ വച്ച് കിരീടം ധരിക്കപ്പെട്ടു. അവന്റെ ശരീരം ഉറഹായിലേക്ക് കൊണ്ടു വരപ്പെട്ടു" എന്നു ബാർ എബ്രായായുടെ *എക്ലിഷ്യാസ്റ്റിക്കി*യിൽ ആദ്യ ഭാഗത്ത് നോട്ട് ചെയ്തിട്ടുണ്ടോ?Q ബാർ എബ്രായായുടെ *എക്ലിഷ്യാസ്റ്റിക്കി*യിൽ ഒന്നാം ഭാഗം അന്ത്യോക്യാ പാത്രിയർക്കീസന്മാരെ സംബന്ധിച്ചും രണ്ടാം ഭാഗം മഫ്രിയാ നാമാരെ സംബന്ധിച്ചും ആണ്. അതിൽ ശ്ലീഹന്മാരെകുറിച്ചുള്ള പ്രസ്താവ നകൾ ഇല്ല. മിഖായേൽ റാബോയിൽ ഉണ്ട്. Ans. ബാർ എബ്രയായുടെ എക്ലിഷ്യാസ്റ്റിക്കി പഴയനിയമ പൗരോഹിത്യത്തിന്റെ തുടർച്ച കാണിക്കുന്ന തല്ലേ? ഒരിക്കലുമല്ല. അത് ബാർ എബ്രായായുടെ *നാളാഗമം* എന്ന പുസ്ത കത്തിലാണ്. Ans. ആദ്യ നൂറ്റാണ്ടിൽ ശ്ലീഹന്മാർ ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിൽ പോയി ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം സഭ സ്ഥാപിക്കുക അല്ലായി രുന്നോ? അല്ലായിരുന്നു. അങ്ങനെയാണെങ്കിൽ എണ്ണമില്ലാത്ത സഭകൾ ഉണ്ടായേനേ. Ans. ശ്ലീഹന്മാരും അറിയിപ്പുകാരും സുവിശേഷം അറിയിച്ചു മാനസാന്തരം വരുത്തി ആളുകളെ ക്രിസ്തു മാർഗ്ഗത്തിലേക്കാക്കി. അക്കാ ലത്ത് എപ്പിസ്കോപ്പാ എന്ന നാമത്തിൽ വാഴിക്കപ്പെട്ടിട്ടുള്ളവരാണ് ഓരോ സ്ഥലത്തുമുള്ള വിശ്വാസികളുടെ കൂട്ടത്തെ നയിച്ചുകൊണ്ടിരുന്നത്?Q ശ്ലീഹ ന്മാർ എപ്പിസ്കോപ്പന്മാരെ വാഴിച്ച സ്ഥലങ്ങളിൽ എപ്പിസ്കോപ്പന്മാരാണ് പ്രാദേശികമായ ആ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. Ans. The Province of Antioch *ഔസന്ത്യാ ഓഹ് ആന്തിയോക്* എന്ന് ചരിത്രപുസ്തകത്തിൽ ഏതി ലെങ്കിലും വായിച്ചിട്ടുണ്ടോ? Province ന്റെ അർത്ഥമല്ല ഔസന്ത്യാക്കുള്ളത്. Province of Antioch വായിച്ചതായി ഓർക്കുന്നില്ല. ഔസന്ത്യാ ഓഫ് അന്തി

യോക് എന്ന് പറഞ്ഞാൽ ജൂറിസ്ഡിക്ഷൻ ഓഫ് ആന്റിയോക് എന്നാണ്. Ans. സിറിയൻ ഓർത്തഡോക്സ് ചർച്ച്, സിറിയൻ ചർച്ച് എന്നൊക്കെയുള്ള പേര് ആ വാക്കുകളുടെ അർത്ഥം കൊണ്ടുതന്നെ അത് ഇന്നതാണെന്ന് കാണിക്കുന്നതിനുണ്ടായിട്ടുള്ള പേരുകളല്ലേ?Q റോമൻ ചർച്ച്, റോമൻ കാത്തലിക് ചർച്ച് എന്നെല്ലാം ഒരേ സഭയ്ക്ക് ആ സഭയുടെ വ്യക്തിത്വം കാണിക്കാൻ വേണ്ടി പറയുന്നതുപോലെ സിറിയൻ ചർച്ച് സിറിയൻ ഓർത്തഡോക്സ് ചർച്ച്, സിറിയൻ ജാക്കബെയിറ്റ് ചർച്ച് എന്നെല്ലാം പറയും. Ans. അപ്പോസ്തലിക കാലത്ത് റോമൻ ചർച്ച് ഒരു Universal ചർച്ചായിരുന്നില്ലേ?Q Universal Church ന്റെ അർത്ഥം മനസ്സിലായില്ല. Ans. Universal Syrian Orthodox Church എന്നു കേട്ടിട്ടുണ്ട്. അവിടുത്തെ Universal ന്റെ അർത്ഥം അറിയാം. ആ അർത്ഥത്തിൽ അപ്പോസ്തലിക കാലത്ത് റോമൻ ചർച്ച് Universal Church അല്ലായിരുന്നു. Cathedra എന്നുള്ളത് ഒരു Greek Word ആണോ? ആയിരിക്കാം. Ans. Cathedral എന്ന പദത്തിന്റെ അർത്ഥം എന്താണ്? അങ്ങനെ ഒന്ന് യാക്കോബായ സഭയിൽ ഇല്ല. അതിനാൽ വിശദമായി അറിയാൻ പാടില്ലെങ്കിലും റോമൻ കത്തോലിക്കരുടെയും മറ്റും മെത്രാന്മാർ ഇരിക്കുന്ന സ്ഥലത്ത് ഉള്ള പള്ളിക്ക് Cathedral എന്ന് പറയുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. Ans.Biblical ആയിട്ടോ Traditional ആയിട്ടോ Universal Syrian Orthodox Church എന്ന പ്രയോഗം ഉണ്ടോ? ഉണ്ട്. Church Biblical ആണ് സിറിയൻ ഓർത്തഡോക്സ് ദീർഘകാലമായി നിലനിന്നു വരുന്നതും ഈ മലങ്കരയിൽ നിന്നുള്ള മേൽപട്ടക്കാരെല്ലാവരും സിറിയൻ ഓർത്തഡോക്സ് സഭയുടെ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പിതാക്കന്മാരുടെ പിതാവായിരിക്കുന്ന പാത്രിയർക്കീസിന്റെ പേർക്ക് എഴുത്തുകൾ അയച്ചിട്ടുള്ളതും ആകയാൽ അത് traditional തന്നെയാണ്. ലോകമെങ്ങുമുള്ള നിന്റെ സഭയെ എന്ന് സുറിയാനി സഭയിലെ ആരാധനാ പുസ്തകങ്ങളിൽ പല ഭാഗങ്ങളിലും ഉണ്ട്. ലോകമെങ്ങുമുള്ള എന്നുള്ളതിന്റെ ഇംഗ്ലീഷായിട്ടാണ് Universal എന്ന് ഞാൻ ധരിച്ചിരിക്കുന്നത്. ആകയാൽ ആ പ്രയോഗം Bibilical ആയും traditional ആയും എല്ലാം ശരിയായ പ്രയോഗം തന്നെയാണ്. Ans. Universal Syrian Orthodox Church എന്നുള്ള പ്രയോഗം Bible ൽ ഉണ്ടോ? ചർച്ച് എന്നല്ലാതെ റോമൻ കാത്തലിക് ചർച്ച് എന്നോ സിറിയൻ ചർച്ച് എന്നോ എന്നൊന്നും വേദപുസ്തകത്തിൽ ഇല്ല. Ans. Universal Syrian Orthodox Church എന്ന പദപ്രയോഗം ചരിത്രപരമായി ആദ്യമായി ഉപയോഗിച്ചിട്ടുള്ളത് എന്നാണ്?Q അത് സഭയുടെ പേരായിട്ടല്ല ഉപയോഗിച്ചിരിക്കുന്നത്. ലോകമെങ്ങുമുള്ള അഥവാ ആഗോള വ്യാപകമായ സിറിയൻ ഓർത്തഡോക്സ് ചർച്ച് എന്നതിന് ഈ മലങ്കരയിലെ സുറിയാനി സഭയിലെ എല്ലാവരും തന്നെ ആകമാന സുറിയാനി സഭ എന്ന് ഉപയോഗിക്കുന്നതിനും പുറമെ വാദികളുടെ ഭരണഘടനയിലും ആകമാനത്തിന് സുറിയാനി സഭ എന്ന് പറഞ്ഞിരിക്കുന്നതുപോലെ ഇംഗ്ലീഷിൽ ആകമാനത്തിന് പകരം Universal വച്ചിരിക്കുന്നു. സഭ ഉണ്ടായ കാലം മുതൽ ലോകത്തിലുള്ള സഭയെ മുഴുവൻ കാണിക്കാൻ വേണ്ടി ആ

പദം ഉപയോഗിച്ചു കാണണം. സുറിയാനി ആരാധനാ പുസ്തകത്തിൽ ഈത്തോദബ്കുലെഗൽമൊ അതായത് ലോകം എങ്ങുമുള്ള സഭ എന്നു ധാരാളം ഉപയോഗിച്ചിട്ടുണ്ട്. ഇതിനു മുമ്പും ധാരാളം ഉപയോഗിച്ചിട്ടുണ്ട്. Ans. അപ്പോസ്തല കാലം മുതൽ Universal Syrian Church എന്ന പ്രയോഗം ഉണ്ടോ?Q അപ്പോസ്തലിക കാലം മുതൽ റോമൻ കാത്തലിക് ചർച്ച് എന്ന പ്രയോഗം ഇല്ലാത്തതുപോലെ അക്കാലത്ത് ഈ പ്രയോഗവും ഇല്ലായിരുന്നു. Ans. ആരാധന ക്രമങ്ങൾ പിതാക്കന്മാർ എഴുതിയ കാലം മുതൽ ഈ പ്രയോഗം കാണുന്നുണ്ട്. ഓരോ ആരാധനക്രമവും പിതാക്കന്മാർ എഴുതിയ കാലഘട്ടം എനിക്ക് നിശ്ചയമില്ല. എങ്കിലും പ്രാരംഭ നൂറ്റാണ്ടുകളിൽ തന്നെ എന്ന് ഉദ്ദേശിക്കുന്നു. Bishop നെ Consecrate ചെയ്യുന്ന പഴയ പ്രാർത്ഥനകളിൽ Chair, throne എന്നുള്ള reference ഉണ്ടോ?Q മെത്രാൻ വാഴ്ചക്രമം കണ്ടാൽ പറയണം. എനിക്കറിഞ്ഞുകൂടാ. Ans. കാനോനിൽ If any bishop without a see shall throw himself upon a vacant church and seize its throne without the consent of full synod shall be cast out if all the people over has usurped jurisdiction should choose him എന്ന ഒരു Portion ഉണ്ടോ?Q എനിക്ക് പെട്ടെന്ന് ഓർമ്മയില്ല. ഇവിടെ ഹാജരാക്കിയ മലയാളത്തിലുള്ള കാനോനുകളിൽ എവിടെയാണെന്ന് ചൂണ്ടിക്കാണിക്കുന്ന പക്ഷം അങ്ങനെ ഉണ്ടൊ ഇല്ലയൊ എന്ന് ബോധിപ്പിക്കാം. Ans. Apostolic Constitutions also asks that the bishop be placed on his throne എന്നുണ്ടോ?Q അതേപ്പറ്റി മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. ഒരു കസേരയിൽ bishop നെ ഇരുത്തി അദ്ദേഹത്തിന്റെ ഇടവകയിലുള്ള ജനങ്ങളും വൈദികരും ആദ്ദേഹത്തെ സ്വീകരിക്കുന്നുയെന്ന് കാണിക്കാൻ മൂന്ന് പ്രാവശ്യം എടുത്തുപൊക്കുന്ന ഒരു ശുശ്രൂഷയാണ്. സുന്ത്രോണിസോ അല്ലെങ്കിൽ സിംഹാസനാരോഹണം എന്നത്. Ans. Ext. A 200 para 12 page a,b,c വായിച്ചുകേട്ടു. അതിനെപ്പറ്റി എന്തെങ്കിലും പറയാനുണ്ടോ?Q അതിലെ പ്രസ്താവനകളോട് എനിക്ക് യോജിപ്പില്ല. Ans. എന്താ തെറ്റ്?Q പറയാം. അശരീരിയായ ദൈവത്തിന്റെ അധികാരം മാത്രമല്ല, ദൈവത്തിന്റെ സർവ്വ മഹിമയെയും കാണിക്കുവാൻ വേണ്ടി മനുഷ്യ ഭാഷയിൽ ദൈവസിംഹാസനം എന്നു പറയാറുണ്ട്. അത് ഇവിടെ പറഞ്ഞിരിക്കുന്നതുപോലെ അതോറിറ്റിയെ മാത്രം കാണിക്കാനുള്ളതല്ല. യേശുക്രിസ്തു ന്യായാധിപനായിവരും എന്ന് സഭ വിശ്വസിക്കുന്നുണ്ട്. മനുഷ്യപുത്രൻ സിംഹാസനത്തിന്മേൽ ഇരിക്കുമ്പോൾ എന്ന് പറയുന്നത് ന്യായവിധിക്കുള്ള ആ ഇരിപ്പിനെ കുറിച്ചാണ്. അല്ലാതെ യേശുക്രിസ്തുവിന്റെ റൂളിംഗ് പവർ എന്ന ഒന്നിനെ കാണിക്കാനല്ല. യേശുക്രിസ്തു തന്റെ സിംഹാസനം അഥവാ ന്യായവിധിക്കുള്ള സിംഹാസനം മറ്റാരുമായി ഷെയർ ചെയ്യുന്നില്ല. Book of revelation ൽ ദൈവപുത്രന്റെ സിംഹാസനം 24 elders share ചെയ്യുന്നതായിട്ട് പറഞ്ഞിട്ടില്ല. അവരും 24 സിംഹാസനങ്ങളിൽ ഇരുന്നു എന്നാണ് സെയ്ന്റ് മാത്യുവിലും സെയ്ന്റ് ലൂക്കിലും പന്ത്രണ്ടപ്പോസ്തലന്മാർക്ക് പന്ത്രണ്ട് ത്രോൺസ് പ്രോമിസ് ചെയ്തതായിട്ടല്ല പറയുന്നത്. നിങ്ങൾ സിംഹാസനങ്ങളിൽ മേൽ ഇരുന്ന്

ഇസ്രായലിലെ പന്ത്രണ്ട് ഗോത്രങ്ങളെ വിധിപ്പിൻ എന്നാണ്. അത് ലോകാവസാനവും പൊതുവായ ഉയിർപ്പും കഴിഞ്ഞുള്ള ന്യായവിധിഘട്ടത്തെ കുറിച്ചാണ്. സുറിയാനി സഭ Bible മാത്രമല്ല കാര്യമായിട്ട് എടുക്കുന്നതെന്നും പാരമ്പര്യങ്ങളുടെ ദൈവനിശ്വസിതം എന്നതും കാര്യമായി എടുക്കുന്നുയെന്ന് ഇന്നലെ ബോധിപ്പിച്ചതിന്റെ വെളിച്ചത്തിൽ സിംഹാസനം പത്രോസിന് മാത്രമായി കൊടുത്തതായി പിതാക്കന്മാരുടെ കൃതികളിൽ അതായത് ദുഃഖവെള്ളിയാഴ്ചത്തെ പ്രാർത്ഥനയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. അതിന് പുറമെ ഇതിൽ (Ex.A. 200) പറഞ്ഞരീതിയിൽ ഭരണാധികാരത്തെ കാണിക്കുന്നതിനുള്ളതാണ് എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും സഭയുടെ ഭരണാധികാരം മുഴുവൻ ക്രിസ്തു പത്രോസിനു കൊടുത്തു എന്നുള്ളത് സുവിശേഷസത്യമാണ്. അതുകൊണ്ട് പത്രോസിന് throne ആകാമെങ്കിൽ സെന്റ് തോമസിനും throne ആകാം എന്നുള്ള നിഗമനം അടിസ്ഥാനരഹിതമാണ് Ans.

Stopped for the day

മൊഴി വായിച്ചു കേട്ടു. ശരി.

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court, read over to the witness and admitted by him to be correct.

Sd/-

Judge 28/9/78

29/9/78 Witness sworn again and cross examination continued. അലക്സാണ്ട്രിയൻ സഭക്ക് ഏതെങ്കിലും കാലത്ത് വിശ്വാസത്തിലോ വിശ്വാസ സത്യങ്ങളിലൊ വ്യതിയാനം ഉണ്ടായിട്ടുണ്ടോ?Q ഏക സ്വഭാവ വിശ്വാസകാര്യത്തിൽ അവർക്ക് ഒരിക്കലും വ്യതിയാനം ഉണ്ടായിട്ടില്ല. സുറിയാനി സഭയിൽ നിന്നും വ്യത്യാസപ്പെട്ട അവരുടെ വിശ്വാസ സത്യങ്ങളിൽ അവർ വല്ല വ്യതിയാനങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. Ans. സാക്ഷിയുടെ അഭിപ്രായപ്രകാരം സിംഹാസന ആസ്ഥാനങ്ങൾ മുമ്പ് പറഞ്ഞ മൂന്നല്ലാതെ വേറെ ഉണ്ടായിട്ടുണ്ടോ?Q 381 നു ശേഷം കുസ്തിന്തിനോപ്പോലീസും ഒരു പാത്രിയർക്കാ സിംഹാസനാസ്ഥാനം ആയിട്ടുണ്ട്. Ans. അതാരുടെ സിംഹാസനം?Q ആരുടെയും സിംഹാസനമല്ല. അത് ആ സുന്നഹദോസിൽ വച്ച് ഇപ്പോൾ കുസ്തന്തിനോപ്പോലീസ് ചക്രവർത്തിയുടെ ആസ്ഥാനമായി തീർന്നിരിക്കുകയാൽ അത് നവറോമാ ആകയാൽ അതിനും ഒരു പാത്രിയർക്കാ സിംഹാസനം വേണമെന്നാവശ്യപ്പെടുകയും സുന്നഹദോസ് അതു സമ്മതിക്കുകയും ചെയ്തതു മൂലമാണ് സിംഹാസനാസ്ഥാനമായത്. എന്ന് മുമ്പു ബോധിപ്പിച്ചിട്ടുണ്ട്. Ans. ഏക സഭ എന്നു പറയുന്നതിന് എന്തെങ്കിലും പ്രത്യേക പേരുണ്ടോ?Q ഏക സഭയായിരുന്നതിനാൽ സഭ എന്നുമാത്രം പറഞ്ഞിരുന്നു. അതിന്റെ ആവശ്യമെ ഉണ്ടായിരുന്നുള്ളു. Ans. സിറിയൻ ഓർത്തഡോക്സ്

സഭയുടെ പരിധിയും ഒന്നു തന്നെയാണോ?Q ഒന്നു തന്നെയാണ്. കാരണം സിറിയൻ ഓർത്തഡോക്സ് സഭ എന്ന് പറയുമ്പോൾ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ എവിടെയെല്ലാം സഭയുണ്ടോ അതിനെയാണ് ഉദ്ദേശിക്കുന്നത്. അതു തന്നെയാണ് ലോകമെങ്ങുമുള്ള സിറിയൻ ഓർത്തഡോക്സ് സഭ അഥവാ യൂണിവേഴ്സൽ സിറിയൻ ഓർത്തഡോക്സ് ചർച്ച് Ans. യൂണിവേഴ്സൽ എന്ന പദം ചേർക്കുന്നതുകൊണ്ട് യാതൊരു അർത്ഥ വ്യത്യാസവും വരുന്നില്ല. സാക്ഷി നിൽക്കുന്ന സഭക്ക് യൂണിവേഴ്സൽ സിറിയൻ ഓർത്തഡോക്സ് സഭ എന്നത് നാലാമതൊരു പേരായി കൂടി ഗണിക്കാം എന്നാണോ?Q സിറിയൻ സഭ, സിറിയൻ ഓർത്തഡോക്സ് സഭ, സിറിയൻ ജേക്കബെയിറ്റ് സഭ, യൂണിവേഴ്സൽ സിറിയൻ ഓർത്തഡോക്സ് സഭ ഇതെല്ലാം ഒരേ സഭയുടെ പേരുകളല്ല. വിശേഷണങ്ങളാണ്. ഓരോന്നിന്റെയും ആഗമനത്തെക്കുറിച്ച് മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. റോമാ സഭ, റോമൻ കാത്തലിക് സഭ, ലത്തീൻ സഭ എന്നെല്ലാം പറഞ്ഞാൽ സഭ ഒന്നാണെങ്കിലും മൂന്ന് വിശേഷണങ്ങൾ ആയിരിക്കുന്നതുപോലെ തന്നെയാണ്. Ans. റോമാ സഭയും ലത്തീൻ സഭയും പര്യായങ്ങളായി ഉപയോഗിക്കാമോ?Q നിശ്ചയമായും ഉപയോഗിക്കാം. Ans. കുസ്തന്തിനോപ്പോലീസിൽ പാത്രിയർക്കീസുണ്ടായ അവസരത്തിൽ ലോകത്തിൽ നാല് പേട്രിയാർക്കേറ്റ് നിലവിലായി. അതിൽ ഓരോന്നിനും അന്യോന്യം overlap ചെയ്യുന്ന Jurisdiction ഇല്ലായിരുന്നു?Q 451 ൽ ഉണ്ടായ പിരിവിന് മുമ്പ് അതിന്റെ ആവശ്യം ഇല്ലായിരുന്നു. അതിനുശേഷം സഭകൾ പലതായി കഴിഞ്ഞപ്പോൾ ഓരോ വിശ്വാസത്തിലും നിൽക്കുന്നവർ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം ആ വിശ്വാസത്തിന്റെ പാത്രിയർക്കീസിന്റെ ജൂറിസ്ഡിക്ഷൻ ഉണ്ടായിത്തീർന്നു. Ans. നാലാം നൂറ്റാണ്ടിലെ കാര്യമാണ് ചോദിച്ചത്?Q നാലാം നൂറ്റാണ്ടിൽ സഭകൾ തമ്മിൽ പറയുന്നതിനു മുമ്പ് overlap ചെയ്യേണ്ട ആവശ്യം ഇല്ലായിരുന്നു. ചെയ്തിട്ടുമില്ല Ans. Coptic church അറിയാമോ?Q അതാണ് Alexandrian Church Ans. എത്യോപ്യൻ ചർച്ചോ Alexandrian Church ന്റെ കീഴിൽ ഉണ്ടായിരുന്ന അബിസീനിയൻ ചർച്ച് ആണ്. അതിന് കൗശായ സഭ എന്നും പറയും Ans. Alexandrian Church ന് കീഴിലല്ലാതായത് 1970 ന് ശേഷമാണെന്നാണ് എന്റെ ഓർമ്മ Doctrines ലും dogmas ലും എന്തെങ്കിലും വ്യത്യാസം വരുത്തിയാണോ അവർ പ്രത്യേകത Claim ചെയ്യുന്നത്?Q അവയിൽ വ്യത്യാസം വരുത്തുകയൊ അവരുടെ അംഗീകൃത തലവനായിരുന്ന Alexandrian പേട്രിയാർക്കിനോട് എതിർക്കുകയൊ ചെയ്യാതെ പരസ്പര സമ്മതത്തോടുകൂടി രണ്ട് പ്രത്യേക വ്യക്തിത്വമുള്ള സഭകളായിത്തീരുകയാണ് ചെയ്തത്. Ans. നിഖ്യാ സുന്നഹദോസ് കാലത്ത് വിവിധ സ്ഥലങ്ങളിലുള്ള സഭകളെ ഗ്രൂപ്പ് ചെയ്യുകയായിരുന്നോ അതോ ഏക സഭയെ വിഭജിക്കുകയായിരുന്നോ?Q ഇത് രണ്ടുമല്ല ചെയ്തത്. മുമ്പ് ബോധിപ്പിച്ചതുപോലെ മുമ്പുണ്ടായിരുന്ന പതിവുകൾക്ക് അംഗീകാരണം നൽകുകയായിരുന്നു. Ans. മുമ്പുണ്ടായിരുന്ന പതിവുകൾ എന്നു പറഞ്ഞത് ഓരോ പ്രാദേശിക സഭകൾ ഉണ്ടായതിനുശേഷം വന്ന പതിവുകളല്ലേ?Q

സഭയുടെ ആരംഭം മുതൽ തന്നെ പ്രാദേശിക സഭകൾ ഉണ്ടായ സ്ഥിതിക്ക് അന്നു മുതലെയുള്ള പതിവുകളാണ്. Ans. ഏറ്റവും ആദ്യം ജറൂസലേം സഭയല്ലേ?Q ശ്ലീഹന്മാർ എല്ലാവരും ജറൂസലമിലായിരുന്നതുകൊണ്ട് പത്രോസിന്റെ പ്രസംഗം മൂലം അനേകരും വിശ്വസിക്കുകയാലും ജറൂസലമിൽ ആയിരുന്നു. ആദ്യം ക്രിസ്തീയ വിശ്വാസികൾ ഉണ്ടായത് അവർ ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടത് അന്ത്യോക്യായിൽ വച്ചുമാണ്. Ans. ഓരോ സ്ഥലത്തും സഭകൾ ഉണ്ടാകാൻ കാലയളവിൽ വ്യത്യാസം വന്നിട്ടില്ലേ?Q വന്നിട്ടുണ്ടായിരിക്കും. Ans. ശ്ലീഹന്മാരുടെ കാലശേഷം സഭാതലവന്മാരായിരുന്നവരെ എപ്പിസ്കോപ്പന്മാർ എന്ന് മാത്രമല്ലേ അറിയപ്പെട്ടിരുന്നത്?Q ശ്ലീഹന്മാരുടെ കാലശേഷം റോം, അലക്സാണ്ട്രിയാ, ആന്റിയോക് എന്നിവിടങ്ങളിലെ തലവന്മാരെയും എപ്പിസ്കോപ്പാ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതെങ്കിലും അവർ പ്രാദേശിക സഭകളിൽ അവർ നിയമിച്ചാക്കിയ എപ്പിസ്കോപ്പാമാരുടെ മേൽ അധികാരം ഉള്ളവരും ആയിരുന്നു. Ans. Ex.A. 198 ൽ പേജ് മുന്നിൽ ആദ്യ പാരായിൽ ആദിമ നൂറ്റാണ്ടുകളിൽ എന്നു തുടങ്ങി ആവശ്യമായി വന്നു എന്നുവരെയുള്ളത് വായിച്ചു. ആ അഭിപ്രായം ശരിയാണോ?Q അല്ല ആദിമ നൂറ്റാണ്ടുകളിൽ എന്നു പറയുന്നത് തെറ്റാണ്. ആദിമ കാലത്ത് എന്നു പറഞ്ഞാൽ ശരിയാകും. കാരണം മൂന്നാം നൂറ്റാണ്ടിലെ പാത്രിയർക്കാ സ്ഥാന സംജ്ഞ മുമ്പ് ഇവിടെ ബോധിപ്പിച്ചിട്ടുള്ളതാണ്. രണ്ടാമത്തെ വാചകം പൂർണ്ണമായും തെറ്റാണ്. അതിനെ കുറിച്ച് ഇന്നലെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. രണ്ടാം വാചകത്തിൽ എല്ലാ എപ്പിസ്കോപ്പന്മാരും എന്ന് പറയുന്നത് പ്രാദേശിക എപ്പിസ്കോപ്പന്മാരെ ഉദ്ദേശിച്ചാണെങ്കിൽ ആത്മീയവും ലൗകികവുമായ എല്ലാ വിഷയങ്ങളിലും അവർ പരമാധികാരികളല്ലായിരുന്നു. കാരണം അവർ താനെ ഉണ്ടായവരല്ല. അവരെ വാഴിച്ചാക്കിയതാണ്. വാഴിച്ചാക്കിയ ആൾ ഉള്ളപ്പോൾ വാഴിക്കപ്പെട്ടയാൾ ഒരിക്കലും പരമാധികാരിയായി തീരുക സാദ്ധ്യമല്ല. ആകയാൽ അവർ വാഴിച്ചാക്കിയ ആളിന് കീഴിലായിരുന്നു. സഭ വികസിച്ചപ്പോൾ പല ക്രമീകരണങ്ങളും ആവശ്യമായി വരിക സ്വാഭാവികമാണ്. എന്നാൽ എത്ര വികസിച്ചാലും ആദി മുതലെ ഉണ്ടായിരുന്ന തത്വം നിലനിൽക്കും. ഇക്കാര്യത്തിൽ ആദി മുതലുള്ള തത്വം പത്രോസിന്റെ പിൻഗാമികളുടെ ആ മൂന്ന് കേന്ദ്രങ്ങൾക്ക് എല്ലാവരും കീഴ്പെട്ടിരിക്കുക എന്നുള്ളതായിരുന്നു. പേര് എന്നു വന്നാലും എങ്ങനെ വന്നാലും അതിന്റെ തത്വം ആദ്യത്തേത് തന്നെയായിരിക്കും. Ans. അന്ത്യോക്യായിൽ പത്രോസ് ഏവോദീസിനെ വാഴിച്ചാക്കിയ ശേഷം റോമിൽ പോയി അവിടെ ഇരുന്ന് പത്രോസ് ഏവോദിയോസിന്റെ മേൽ എന്തെങ്കിലും അധികാരം ഉപയോഗിച്ചോ?Q അധികാരം ഉപയോഗിക്കേണ്ട കാര്യങ്ങളൊന്നും ഒരു പുസ്തകത്തിലും വായിച്ചിട്ടില്ല. ഉപയോഗിക്കേണ്ട ആവശ്യം വല്ലതും ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായിട്ടും പത്രോസിന് ഏവോദ്യോസിന്മേൽ അധികാരം ഉപയോഗിക്കാനുള്ള അധികാരം ഉണ്ടായിരുന്നു. Ans. റോമിന്റെ കീഴിലായിരുന്നോ അന്ത്യോക്യാ? റോമിന്റെ കീഴിലെന്നുള്ളതല്ല പത്രോസിന് പത്രോസിന്റെ

പൻഗാമികൾക്കല്ല യേവോദ്യോസിന്റെ മേൽ അധികാരം ഉണ്ടായിരുന്നു എന്ന് ഞാൻ ബോധിപ്പിച്ചത്. അല്ലാതെ റോമായുടെ കീഴിലായിട്ടല്ല. കാരണം പത്രോസാണ് ഏവോദ്യോസിനെ വാഴിച്ചാക്കിയത്. Ans. Ex. A. 198 ൽ പേജ് 3 ൽ മുമ്പ് പറഞ്ഞ ഭാഗം കഴിഞ്ഞ് അപ്പോൾ എന്നു തുടങ്ങി നിർവ്വചിക്കുകയും ഉണ്ടായി എന്നവസാനിക്കുന്ന ഭാഗം വായിച്ചു. അങ്ങനെയാണോ സഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളത്?Q അല്ല. Ans. ശ്ലൈഹിക സ്ഥാനികളായ മേൽപട്ടക്കാർ എന്ന പ്രയോഗം തെറ്റാണ്. കാരണം, മേൽ പറഞ്ഞ മൂന്ന് സ്ഥാനങ്ങളിൽ ഉള്ളവർ മാത്രമാണ് ശ്ലൈഹിക സ്ഥാനികൾ. ബാക്കിയുള്ള എല്ലാ മേൽപട്ടക്കാരും ശ്ലൈഹിക സ്ഥാനികളിൽ നിന്ന് കൈവപ്പ് പ്രാപിച്ചവർ മാത്രമാണ്. എപ്പിസ്കോപ്പാ, മെത്രാപ്പോലീത്താ, പാത്രിയർക്കീസ് എന്ന് മൂന്ന് ഗണങ്ങളായി തിരിച്ചു എന്ന പ്രസ്താവന ആരാണങ്ങനെ തിരിച്ചതെന്ന് ചൂണ്ടിക്കാണിക്കുന്നില്ല?Q അങ്ങനെ ആരും തിരിച്ചതായി ഒരു പുസ്തകത്തിലും വായിച്ചിട്ടുമില്ല. കാലക്രമത്തിൽ മെട്രോപ്പോലീസിലിരിക്കുന്നവർ മെട്രോപോലീത്താ എന്നും പത്രോസിന്റെ പിൻഗാമിത്വ കേന്ദ്രങ്ങളിൽ ഇരിക്കുന്നവർ പാത്രിയർക്കീസുമാരെന്നും അറിയപ്പെട്ടു എന്നല്ലാതെ അങ്ങനെ ഒരു സുന്നഹദോസ് തരം തിരിച്ചിട്ടില്ല. ഓരോ സ്ഥാനിയുടെയും ഭരണപരമായ അധികാരങ്ങൾ ക്ലിപ്തപ്പെടുത്തി നിർവ്വഹിച്ചു എന്നതും ആക്ട് എങ്ങനെ എന്ന് കാണിച്ചിട്ടില്ല. നേരെ മറിച്ച് ശ്ലൈഹിക സ്ഥാനത്തുള്ള പാത്രിയർക്കീസന്മാരാൽ നിയമിക്കപ്പെട്ട മെത്രാപ്പോലീസിലുള്ള മെത്രാപ്പോലീത്തമാരും അവരുടെ കീഴിലുള്ള എപ്പിസ്കോപ്പാമാരും തങ്ങളുടെ മേലധികാരിയെ അനുസരിച്ചും കീഴ്വഴങ്ങിയും നടന്നുകൊണ്ടിരുന്ന ആ പതിവിനെയാണ് നിഖ്യാ സുന്നഹദോസിൽ 325 ൽ രേഖാമൂലം ഉറപ്പിച്ചത്. Ans. ഇപ്പോൾ സഭയിൽ ശ്ലൈഹിക സ്ഥാനികൾ ഏതെല്ലാം ഉണ്ട്?Q ഇപ്പോൾ സുറിയാനി സഭയിൽ ശ്ലൈഹിക സ്ഥാനി ഒരാളെയുള്ളൂ. അതായത് പത്രോസിന്റെ പിൻഗാമിയായ അന്ത്യോക്യാ പാത്രിയർക്കീസ് Ans. ഓർത്തഡോക്സ് സഭകളിലോ?Q ഓർത്തഡോക്സ് സഭകളെക്കുറിച്ച് അവരുടെ ഇക്കാര്യത്തിലുള്ള ചിന്താഗതി എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. Ans. അലക്സാണ്ട്രിയൻ സഭയിൽ ശ്ലൈഹിക സ്ഥാനം ഉണ്ടായിരുന്നു. ആ സ്ഥാനം ഇന്ന് നിലവിലുണ്ടോ? അവരുടെ പാത്രിയർക്കീസ് പത്രോസിന്റെ ശിഷ്യനായ മർക്കോസിന്റെ പിൻഗാമികളാകയാലും ഈ വിശ്വാസത്തിൽ നിലനിൽക്കുന്നതിനാലും ആ പാത്രിയർക്കീസും ശ്ലൈഹിക സ്ഥാനി തന്നെയാണ്. Ans. Ex. A. 198 ൽ പേജ് 6 ൽ (സി) ഭാഗത്തെപ്പറ്റി സാക്ഷിയുടെ അഭിപ്രായം എന്താണ്?Q അതിൽ പറയുന്നതെല്ലാത്തിനോടും ഞാൻ യോജിക്കുന്നില്ല. അതിനെ ഖണ്ഡിച്ചുകൊണ്ട് വസ്തുനിഷ്ഠമായി എനിക്ക് വളരെ ബോധിപ്പിക്കുവാനുണ്ട്. എഴുതിയിരിക്കുന്നവയിൽ പലതും അബദ്ധവും എഴുത്തുകാരന്റെ സ്വന്ത അഭിപ്രായ പ്രകടനവുമാണ്. ഇവിടെ അത് സംബന്ധിച്ച് എന്റെ അഭിപ്രായങ്ങൾ മുഴുവൻ ബോധിപ്പിക്കുവാൻ ഞാൻ തയ്യാറാണ്. അതിന് വളരെയേറെ സമയം എടുക്കും. പേജ് 6 മുതൽ 9 വരെയുള്ള ഭാഗങ്ങൾ യേശുക്രിസ്തു വാഗ്ദാനം ചെയ്ത സിംഹാസനങ്ങ

ളിൽ ശ്ലീഹന്മാർ തമ്മിൽ എന്തെങ്കിലും വ്യത്യാസമുള്ളതായി വിശുദ്ധ വേദ പുസ്തകത്തിൽ കാണുന്നില്ല. പന്ത്രണ്ട് പേർക്കും സിംഹാസനം ഉണ്ടെങ്കിൽ മോർ തോമാ ശ്ലീഹാക്കും സിംഹാസനം ഉണ്ട് എന്നു പറഞ്ഞിരിക്കുന്നതിനെ കുറിച്ച് ന്യായവിധിക്കാണെന്ന് ഇന്നലെ ഞാൻ സവിസ്തരം ബോധിപ്പിച്ചിട്ടുണ്ട്. മോർ തോമാ ശ്ലീഹാ ഇൻഡ്യയിലേക്കുള്ള യാത്രാ മദ്ധ്യേ എഡേസാ, സെലൂക്യാ, തിഗ്രീസ് മുതലായ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു. അതിനുശേഷം അദ്ദേഹം സ്ഥാപിച്ച സഭയുടെ കേന്ദ്രമായി എഡേസായിൽ പള്ളി സ്ഥാപിച്ച് ഭരണം നടത്തുകയും ആ സഭയെ തുടർന്ന് നയിക്കുവാൻ മോർ ആദായിയെ സ്ഥാനം നൽകി നിയമിക്കകയും ചെയ്തു എന്നുള്ളത് ഒരു ചരിത്രസത്യമാണ് എന്ന പ്രസ്താവന തെറ്റാണ്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ അദ്ദേഹം സുവിശേഷം അറിയിച്ചു. ഉറഹായിൽ അതായത് എഡേസായിൽ പള്ളി സ്ഥാപിച്ചു ഒന്നാമത്തെ മേൽപട്ടക്കാരനായി ഇരുന്നത് ആദായി ആണ്. മോർ മിഖായേൽ റാബോയുടെ ചരിത്രത്തിൽ ആ പട്ടികയിൽ ഒന്നാമത് പറഞ്ഞിരിക്കുന്ന പേര് ആദായിയുടേതാണ്. തോമാ ശ്ലീഹാ ആദായിക്ക് സ്ഥാനം നൽകിയതായി യാതൊരു പുസ്തകത്തിലും പറഞ്ഞിട്ടില്ല. ഇവിടെ ഉദ്ധരിക്കുന്ന ബാർ എബ്രായായുടെ ചരിത്രത്തിൽ നിന്ന് തോമാ ശ്ലീഹാക്കുശേഷം 70 അറിയിപ്പുകാരിൽ ഒരാളായ ആദായി എന്നല്ലാതെ ആ ആദായിയെ കുറിച്ച് പറയുന്ന ഒരു ഭാഗത്തും തോമാ ശ്ലീഹാ അദ്ദേഹത്തിന് സ്ഥാനം നൽകിയതായി പറയുന്നില്ല. മോർ തോമാ ശ്ലീഹാ സ്ഥാപിച്ച പൗരസ്ത്യ സഭ എന്നുള്ള പ്രയോഗം തെറ്റിദ്ധാരണാജനകമാണ്. പൗരസ്ത്യ പ്രദേശങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു എന്നല്ലാതെ അദ്ദേഹം ഒരു സഭയും പ്രാദേശിക സഭയും ഒന്നും സ്ഥാപിച്ചില്ല. കാരണം മുമ്പ് ബോധിപ്പിച്ചതുപോലെ മോർ തോമാ ശ്ലീഹാ വാഴിച്ച ഒരൊറ്റ മേൽപട്ടക്കാരന്റെയെങ്കിലും പേര് അധികൃതമായ ഒരു ചരിത്രത്തിലും ഇല്ല. മേൽപട്ടക്കാരനില്ലാതെ സഭ ഇല്ല. സെലൂക്യായിൽ ആസ്ഥാനമായി എന്നുള്ളത് ശരിയാണ്. സെലൂക്യായിലെ പ്രധാന മേൽപട്ടക്കാരന് പാത്രിയർക്കീസെന്നും കാതോലിക്കായെന്നും ഉള്ള സ്ഥാനനാമവും അധികാരവും നൽകപ്പെട്ടു എന്നുള്ള പ്രസ്താവന തെറ്റാണ്. മുമ്പ് ബോധിപ്പിച്ചതുപോലെ ക്രിസ്താബ്ദം 420 ൽ സെലൂക്യയിൽ കൂടിയ സുന്നഹദോസിൽ വച്ച് വിശുദ്ധ സഭയുമായി ഒരു ബന്ധവുമില്ലാത്ത സെസ്തോറിയരാണ് പാത്രിയർക്കീസ് എന്നു കൂടിയുള്ള പേര് നൽകിയത്. അത് ഈ സഭയെ ബന്ധിക്കുന്ന കാര്യമല്ല. കാതോലിക്കായെന്നുള്ള പേര് അധികൃതമായി നൽകിയത് മുമ്പ് ബോധിപ്പിച്ചതുപോലെ 325ൽ നിഖ്യാ സുന്നഹദോസാണ്. കുസ്തന്തിനോപോലീസിലെ സുന്നഹദോസും അതിന്റെ രണ്ടാം നിശ്ചയം അനുസരിച്ച് അന്ത്യോക്യാ പാത്രിയർക്കീസിന് കീഴിലുള്ള ഒരു സ്ഥാനമായിട്ട് അതിനെ നിർവചിക്കുകയും അതനുസരിച്ച് കാര്യങ്ങൾ നെസ്തോർ വേദവിപരീതം ശക്തിപ്പെടുന്ന ഇവരെയും മുമ്പോട്ട് പൊയ്ക്കൊണ്ടിരുന്നതായി ബാർ എബ്രായായുടെ ചരിത്രത്തിൽ നിന്ന് ഇവിടെ ബോധിപ്പിച്ചിട്ടുള്ളതാണ്. സെലൂക്യാ കേന്ദ്രമായി ഉണ്ടായിരുന്ന കാതോലിക്കാ പാത്രിയാർക്കീസിന് കീഴിലുള്ള

സ്ഥാനി ആയിരുന്നു എന്ന് പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുള്ളത് ഇവിടെ ബോധിപ്പിച്ചിട്ടുണ്ട്. അത് കഴിഞ്ഞതിന്റെ ശേഷം മോർ അത്തനാസ്യോസ് ഗാമോലോ. മറൂത്തായെ മഫ്രിയാനായി വാഴിച്ച് തന്റെ പ്രതിനിധിയായി കിഴക്കോട്ടയച്ച കാര്യവും അതിനുശേഷം ബാർ എബ്രായവരെ 46 മഫ്രിയാനാമാർ ഉണ്ടായതിനാൽ 40 പേരെയും പാത്രിയർക്കീസ് തന്നെ വാഴിച്ചതായും ശിഷ്യനെയും സഹോദര പുത്രനെയും മറ്റും മഫ്രിയാനാമാരായി വാഴിച്ച് കിഴക്കോട്ടയച്ചതിനെയും കിഴക്കർ തിരഞ്ഞെടുത്ത രണ്ടു പേരെ പരിശോധനയിൽ അയോഗ്യരെന്ന് കണ്ട് മാറ്റി നിർത്തിക്കൊണ്ട് പാത്രിയർക്കീസ് സ്വയം തിരഞ്ഞെടുത്ത് വാഴിച്ചയച്ചതിനെയും പാത്രിയർക്കീസ് മഫ്രിയയാനായുടെ ഇടവകയിലെ സ്ഥലപരിധി വർദ്ധിപ്പിച്ചു കൊടുത്തതിനെയും മഫ്രിയാനമാരിൽ ഒരാൾ പാത്രിയർക്കീസിന്റെ അടുക്കൽ രാജി സമർപ്പിച്ച് വെറുമൊരു ഭദ്രാസന ഇടവക ഭരിക്കാൻ പാത്രിയർക്കീസ് നിയമിച്ചതിനെയും പല മഫ്രിയാനാമാരെയും കുറ്റക്കാരെന്ന് കണ്ട് ശിക്ഷിച്ചിട്ടുള്ളതിനെയും മഫ്രിയാനാമാർ പാത്രിയർക്കിസിന്റെ മുമ്പിൽ അമാലോഗിയാ എഴുതി വച്ചിട്ടുള്ളതിനെയും കുറ്റാരോപണം ചെയ്യപ്പെട്ട ചിലർ പശ്ചാത്തപിച്ച് വീണ്ടും പാത്രിയർക്കീസിന് കീഴ്‌വഴക്കം എഴുതി വച്ചതിനെയും മറ്റും ഇതിൽ അശേഷവും ചൂണ്ടിക്കാണിക്കാതെ കിഴക്കിന്റെ മഫ്രിയാനായിരുന്ന ബാർ എബ്രായ പോലും അദ്ദേഹത്തിന്റെ *സഭാ ചരിത്രത്തിൽ* ഒരിടത്തുപോലും ഉപയോഗിക്കാതിരുന്നിട്ടുള്ള പൗരസ്ത്യ സഭ എന്ന പ്രയോഗം ഇതിൽ വരുത്തിയിട്ടുള്ളതും തെറ്റാണ്. എല്ലാ ചരിത്രകാരന്മാരും പൗരസ്ത്യ കാതോലിക്കാമാരുടെ പട്ടികയിൽ ഒന്നാമത്തെ ആളായി രേഖപ്പെടുത്തിയിരിക്കുന്നത് മോർ തോമായെയാണ്. ബാർ എബ്രായുടെ പുസ്തകമനുസരിച്ച് കിഴക്കിന്റെ ഒന്നാമത്തെ മേൽപട്ടക്കാരനെന്ന് മാത്രമാണ്. അവിടെ പറഞ്ഞിരിക്കുന്നത്. കാതോലിക്കാ സ്ഥാനം പിന്നീട് നൽകപ്പെട്ട ഒന്നാകയാൽ തോമാ ശ്ലീഹായെ ആ ലിസ്റ്റിൽ പെടുത്തുന്നത് ശരിയല്ല. ഭരണപരമായ പരമാധികാരമുള്ള പൗരസ്ത്യ കാതോലിക്കായും എന്ന പ്രയോഗം ഇപ്പോഴത്തെ വാദികളുടെ കാതോലിക്കാ സ്ഥാനത്തെ കുറിച്ചാണെങ്കിൽ അത് അധികാരമുള്ള കാതോലിക്കാ അല്ല. കാരണം ഒന്നാമത്, സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പാത്രിയർക്കീസാണെന്നും സുറിയാനി സഭയുടെ ഒരു വിഭാഗമാണ് മലങ്കര സഭ എന്നും അഥവാ പൗരസ്ത്യമെന്ന് അവരുടെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നതിൽ നിന്നുതന്നെ മുഴുവനായ ഒന്നിന്റെ അംശം ഭരിക്കുന്ന ആൾ പരമാധികാരി അല്ലെന്ന് തെളിയുന്നു. രണ്ട് മഫ്രിയാനാമാരുടെ ചരിത്രം സ്പഷ്ടമായി കാണിച്ചിട്ടുള്ളത് മഫ്രിയാന അഥവാ കാതോലിക്കാ പാത്രിയർക്കീസിന്റെ deputy മാത്രമാണെന്നാണ്. Deputy ഒരിക്കലും പരമാധികാരിയാകുകയില്ല. പാത്രിയർക്കീസിനോട് എതിർക്കുന്നത് തലവനോടുള്ള എതിർപ്പ് അഥവാ മോദൂദീസോ ആണെന്ന് ബാർ എബ്രായ പറഞ്ഞിട്ടുള്ളത് മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. തലവനുള്ള ആൾ ഒരിക്കലും പരമാധികാരിയല്ല. ഈ കേസിലെ 1-ാം വാദിപോലും ഇപ്പോഴത്തെ അന്ത്യോക്യാ പാത്രിയർക്കീസിന് അയച്ചിട്ടുള്ള എഴുത്തുകളിൽ

ചിലത് ഇവിടെ ഹാജരാക്കിയിട്ടുണ്ട് അവയിലും പിതാക്കന്മാരുടെ പിതാവും ഇടയന്മാരുടെ ഇടയനും പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിന്മേൽ ആരുഢനും എന്നെല്ലാം സംബോധന ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ കൈമുത്തിക്കൊണ്ട് എഴുതിയിട്ടുള്ള കാര്യങ്ങളിൽ നിന്നും ഒന്നാം വാദിയുടെ കാതോലിക്കാ വാഴ്ച സമയത്ത് അദ്ദേഹം വായിച്ച് സമർപ്പിച്ച ശൽമൂസായിൽ എന്റെ തലവനായി അങ്ങയേയും അങ്ങക്കുശേഷം ആ സിംഹാസനത്തിൽ വരുന്നവരെയും ഞാൻ സ്വീകരിക്കുന്നതാണ് എന്ന് പറഞ്ഞിട്ടുള്ളതും വച്ച് നോക്കുമ്പോൾ തലവന് കീഴിലുള്ള ഒരു സ്ഥാനിയാണ് കാതോലിക്കാ അഥവാ മഫ്രിയാനാ പരമാധികാരിയല്ല എന്നുള്ളത് കാണാൻ കഴിയും. ഒന്നാമത്തെ കാതോലിക്കായെ വാഴിച്ചു എന്ന് പറയുന്ന മോർ അബ്ദുൾ മിശിഹാ അതായത് ഭരണ സ്ഥാനത്ത് നിന്നും നീക്കപ്പെട്ട അന്ത്യോക്യാ പാത്രിയർക്കീസ് കൊടുത്ത കൽപനയിൽ നിങ്ങളുടെ അപേക്ഷ അനുസരിച്ച് ഇന്നാരെ നാം മഫ്രിയാനാ (കാതോലിക്കാ) ആയി വാഴിച്ചിരിക്കുന്നുയെന്ന് പറഞ്ഞിട്ടുള്ളതിൽ നിന്നും മേലധികാരിയാണ് വാഴിച്ചതെങ്കിൽ വാഴിക്കപ്പെട്ടയാൾ കീഴധികാരിമാത്രമാകണമെന്നും പരമാധികാരം ഇല്ലാത്തവനാണെന്നും തെളിയുന്നതാണ്. സുറിയാനി സഭയിൽ ഉണ്ടായിരുന്ന കിഴക്കൻ വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുവാൻ മാത്രം പാത്രിയർക്കീസ് പട്ടം കൊടുത്ത് നിയമിച്ചാക്കിയ ഒരു സ്ഥാനി ഒരിക്കലും പാത്രിയർക്കീസിന് തുല്യമായ പരമാധികാരിയാകുകയില്ല. ഒരു സഭയാണെങ്കിൽ തുല്യരായ രണ്ട് പരമാധികാരികൾ എന്നത് സംഭവിക്കാവുന്ന ഒരു കാര്യമല്ല. ഈ നിലയിലുള്ള ഇതര സഭാദ്ധ്യക്ഷന്മാരെപോലെ എന്ന് പറയുന്നത് ആരെ കുറിച്ചാണെന്ന് എനിക്ക് മനസിലാകുന്നില്ല. പിന്നീട് തന്റെ മുൻഗാമിയായ മോർ തോമാ ശ്ലീഹായുടെ നാമം തന്റെ സിംഹാസനത്തിന് വിശേഷണമായി ചേർത്ത് മോർ തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢൻ എന്നുപയോഗിച്ച് വന്നിരുന്നു എന്നുള്ളത് പൂർണ്ണമായും തെറ്റായ പ്രസ്താവനയാണ്. ഒന്ന് ഇപ്പോഴത്തെ കാതോലിക്കായുടെ മുൻഗാമി മോർ തോമാ ശ്ലീഹായാണെന്ന് കാണിക്കാൻ ഒരു രേഖയും ഇല്ല. കാരണം, മോർ തോമാ ശ്ലീഹായിൽ നിന്ന് ഈ കേരളത്തിൽ അഥവാ കിഴക്കൻ പ്രദേശത്ത് മുമ്പ് ബോധിപ്പിച്ചതുപോലെ ആരെങ്കിലും അദ്ദേഹത്താൽ വാഴിച്ചാക്കപ്പെട്ട മെത്രാന്മാർ ഇല്ലാതിരുന്നതും അങ്ങനെ ഒരു പട്ടിക കാണുവാൻ നിവൃത്തിയില്ലാത്തതും ആകുന്നു. ഈ കേസിലെ 2-ാം വാദി മാർതോമാ മാത്യൂസ് പ്രഥമൻ എന്ന് വച്ചിരിക്കുന്നതിൽ നിന്നു തന്നെയും ബാർ എബ്രായ ഉൾപെട്ട ആ മഫ്രിയാന സമൂഹവുമായി പട്ടികയുമായിയാതൊരു ബന്ധവും ഇല്ലെന്നും സ്പഷ്ടമായി കാണിക്കുന്നുണ്ട്. കാരണം മുമ്പ് ബോധിപ്പിച്ച രീതിയിൽ മാത്യൂസ് ഒന്നാമൻ നേരത്തെ നൂറ്റാണ്ടുകൾക്ക് മുമ്പുണ്ടായിട്ടുണ്ട്. മൂന്ന് പാത്രിയർക്കീസന്മാർ മഫ്രിയാനാമാരെ വാഴിച്ച ഒരൊറ്റ സന്ദർഭത്തിലെങ്കിലും മോർ തോമാ ശ്ലീഹായുടെ സിംഹാസനത്തിലേക്കാണ് വാഴിക്കുന്നതെന്ന് പ്രസ്താവിച്ചിട്ടില്ല. പട്ടം കൊട സമയത്താണ് ജൂറിസ്ഡിക്ഷൻ പറയുന്നത്. ഇവിടെ ഒന്നാമത് കാതോലിക്കായെ വാഴിച്ചു

എന്ന് പറയുന്ന ആ ബാവായുടെ മോർ തോമാ ശ്ലീഹായുടെ സിംഹാസന ത്തിലേക്ക് എന്ന് പറഞ്ഞ് വാഴിച്ചിട്ടില്ല. അഞ്ച് ഒന്നാമത്തേത് എന്ന് പറയപ്പെ ടുന്ന കാതോലിക്കായോ രണ്ടാമത്തെ കാതോലിക്കായോ അവരുടെ ആയുസ്സ് കാലത്ത് അവരുടെ ഏതെങ്കിലും കൽപനയിലൊ മറ്റോ മോർ തോമാ ശ്ലീഹാ യുടെ സിംഹാസനത്തിന്മേൽ ആരൂഢൻ എന്നെഴുതിതായി എന്റെ അറിവിൽ പെട്ടിട്ടില്ല. എഴുതിയിട്ടില്ലെന്നാണ് എന്റെ ഉത്തമ വിശ്വാസം അഥവാ അവർ എഴുതിയിട്ടുണ്ടെങ്കിൽ തന്നെ അനധികൃതവുമാണ്. കാരണം കിട്ടിയ സ്ഥാനം മാത്രമെ ആർക്കും ഉള്ളൂ. ആ സ്ഥിതിക്ക് പൗരസ്ത്യ പ്രദേശത്ത് ഉണ്ടായി ട്ടുള്ള ഒരു കാതോലിക്കായാകട്ടെ ഒരു മഫ്രിയാനായാകട്ടെ മഹാ പണ്ഡിത നായിരുന്ന ബാർ എബ്രായ ഉൾപ്പെടെ ഉപയോഗിച്ചിട്ടില്ലാത്തതും ഇവിടെ ആസ്ഥാനം കിട്ടി എന്നും പറയപ്പെട്ടിട്ടുള്ള ആളുകളും ഉപയോഗിച്ചിട്ടില്ലാത്ത ഒരു പേരെടുക്കൽ കീഴ്നടപ്പില്ലാത്തതും പുതുതായി കണ്ടു പിടിച്ചിട്ടുള്ളതും ആകുന്നു. അതായത് പ്രോട്ടസ്റ്റന്റ് തീയറി അനുസരിച്ച് ശ്ലീഹന്മാരെല്ലാവരും സമന്മാരാണെന്ന് വരുത്തിക്കൊണ്ട് പത്രോസിന് സിംഹാസനമാകാമെങ്കിൽ തോമാക്കും സിംഹാസനം ആകാം. അതുകൊണ്ട് പാത്രിയർക്കീസിന് കീഴ്പെട്ട വനല്ല കാതോലിക്കാ സമന്മാരാണ് എന്ന് സഭാ നിയമങ്ങൾക്കും കാനോനു കൾക്കും പാരമ്പര്യങ്ങൾക്കും സർവ്വോപരി വേദപുസ്തകത്തിനും എതിരായ ഒരു നിലപാടാണത്. ആകയാൽ മോർ തോമാ ശ്ലീഹായിൽ നിന്നുള്ള പിൻഗാ മിത്വം കാണിക്കുവാൻ സാധിക്കാതെ തന്റെ മുൻഗാമിയായ മോർ തോമാ എന്ന് പറഞ്ഞാൽ നിരർത്ഥകമാണ്. മോർ തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢൻ എന്നും മറ്റാരും ഉപയോഗിച്ചിട്ടുമില്ല. അതിനും പുറമെ പാത്രി യർക്കീസാകട്ടെ റോമായിലെ പാപ്പാപോലുമാകട്ടെ തന്റെ പേരിന്റെ കൂടെ മോർ പത്രോസിന്റെ സിംഹാസനത്തിന്മേൽ ആരൂഢൻ എന്ന് തന്നത്താൻ എഴുതാറില്ല. മറ്റുള്ളവർ ആ യാഥാർത്ഥ്യം വകവച്ച് അവരുടെ പേർക്ക് ചില പ്പോൾ എഴുതുമെന്നേയുള്ളൂ. ഇതിനെല്ലാം ഉപരിയായി Ext. A 198 സമർപ്പിച്ച ഫാദർ കോനാട്ട് *തോമാ ശ്ലീഹായുടെ സിംഹാസനം* എന്ന പേരിൽ ഒരു ചെറു പുസ്തകം എഴുതിയിട്ടുണ്ട്. അതിൽ സിംഹാസനമെന്നാൽ വെറും കസേര അല്ലെന്നും അധികാരത്തിന്റെ സ്ഥാനമാണ് എന്ന് ഒരിടത്തും മറ്റൊരിടത്ത് അധികാരത്തിന്റെ സ്ഥാനമല്ല പിന്നയൊ അപ്പോസ്തലികമായ കൈയ്വപ്പോടുകൂടി പിന്തുടർച്ചയ്ക്കാണ് സിംഹാസനം എന്ന് പറയുന്നതെന്നും തോമാ ശ്ലീഹാ യിൽ നിന്നും അങ്ങനെയുള്ള പിന്തുടർച്ച ഇവിടെ കാണിക്കാൻ സാദ്ധ്യമ ല്ലെന്നും അതിന്റെ രേഖ ഇല്ലെന്നും പറഞ്ഞിട്ടുള്ള ആളുകൾ തന്നെയാണ് തന്റെ സിംഹാസനത്തിന് വിശേഷണമായിച്ചേർത്തു എന്ന് പറഞ്ഞു ഏതോ ഒരു മെറ്റീരിയൽ സാധനമായി അതിനെ ചിത്രീകരിച്ച് തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചിരിക്കുന്നത്. അതിനാൽ ഒരു പാരാ മുഴുവനായി നിഷേധിക്കുന്നു.

Stopped for lunch witness sworn again and examination continued. ഇപ്പോൾ ഈ പൗരസ്ത്യ കാതോലിക്കാ സിംഹാസനം ഇൻഡ്യയിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടിരിക്കയാണ് എന്ന് പ്രസ്താവനയിൽ പൂർവ്വികമായ പൗരസ്ത്യ

കാതോലിക്കാ സിംഹാസനം ഇൻഡ്യയിലേക്ക് മാറ്റി സ്ഥാപിക്കപ്പെടുകയാണെന്ന് 1-ാം കാതോലിക്കായെ വാഴിച്ച അദ്ദേഹത്തിന്റെ ഒരു പ്രസ്താവനയിലും ഇല്ല. അതിനും പുറമെ പൂർവ്വികമായി നിലനിന്നുവന്നിരുന്ന ആ കാതോലിക്കാ സ്ഥാപനം മറ്റെവിടെക്കെങ്കിലും അത് ഭരിക്കുന്ന പാത്രിയർക്കീസിന്റെയും ആലോചനയോടുകൂടി ചെയ്യപ്പെടേണ്ട ഒരു കാര്യമാണ്. ആ സ്ഥിതിക്കും സ്ഥാനം കൊടുക്കുന്ന ആൾ നിങ്ങൾക്ക് ഒരു കാതോലിക്കായെ നാം വാഴിച്ചുതന്നിരിക്കുന്നു എന്ന് മാത്രമാണ് പറഞ്ഞിട്ടുള്ളത്. ആ കാതോലിക്കാ അന്നത്തെ മലങ്കര മെത്രാപ്പോലീത്തയുടെ ആലോചനയോടുകൂടി എല്ലാം ചെയ്തുകൊള്ളും എന്നും പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്ക് പൂർവ്വിക കാതോലിക്കസ്ഥാപനം ആരുമാറ്റി സ്ഥാപിച്ചു എന്ന് പറയാതെ സ്ഥാപിക്കപ്പെട്ടു എന്ന് പറഞ്ഞിരിക്കുന്നത് തെറ്റിദ്ധാരണാജനകമാണ്. പൗരസ്ത്യ കാതോലിക്കാ ഇപ്പോൾ കാതോലിക്കാ സ്ഥാനത്തിന് പുറമെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി വഹിച്ചു വരുകയും ചെയ്യുന്നു എന്നുള്ള പ്രസ്താവനയിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ജനങ്ങൾ കൊടുത്തിട്ടുള്ള ഒന്നു മാത്രമാണെന്നും ആത്മീയമായ ഒരു സ്ഥാനമല്ലെന്നും കൂടി വെളിവാക്കേണ്ടിയിരിക്കുന്നു. പരിപൂർണ്ണ ഉൾഭരണ സ്വാതന്ത്ര്യമുള്ള ഒരു സഭയായിരുന്നു മലങ്കര സഭ എന്നത് വസ്തുതക്കൾക്ക് നിരക്കാത്ത ഒരു പ്രസ്താവനയാണ്. മദ്ധ്യശതകങ്ങളിൽ മെത്രാപ്പോലീത്തന്മാരുടെ ആഗമനം ദുർലഭമായിരുന്നതിനാൽ അങ്ങനെയുള്ള കാലങ്ങളിൽ മെത്രാപ്പോലീത്ത ഇല്ലാതെ ജനങ്ങൾ അവർ സ്ഥാപിച്ച പള്ളികളുടെ കാര്യങ്ങൾ നോക്കിക്കൊണ്ടിരുന്നു എന്നുള്ള അർത്ഥമെ അതിൽ ഉള്ളൂ എങ്കിൽ തെറ്റില്ല. എന്നാൽ മെത്രാപ്പോലീത്തമാർ ഉണ്ടായിരുന്ന കാലത്ത് ഏതു സഭയാണോ അവരെ അയച്ചുകൊണ്ടിരുന്നത്, അതായത് സെസ്തോറിയൻ, റോമൻ കാത്തലിക് ആ സഭയുടെ ഭരണാധികാരിക്ക് കീഴ്പെട്ടുകൊണ്ടുള്ള ഭരണം മാത്രമായിരുന്നു മലങ്കരയിൽ ഉണ്ടായിരുന്നത്. കൂനൻ കുരിശ് സത്യത്തിനുശേഷം 1653) അത് മലങ്കരയിലെ സഭ പരിപൂർണ്ണമായും അന്ത്യോക്യാ പാത്രിയർക്കീസിന് കീഴ്പ്പെട്ട് അവിടെ നിന്നയക്കപ്പെട്ട മെത്രാപ്പോലീത്തമാർക്കും അവരാൽ വാഴിക്കപ്പെട്ട മെത്രാന്മാർക്കും മാത്രം കീഴ്പ്പെട്ട് ഭരിക്കപ്പെട്ടു പോന്നിരുന്നു. അങ്ങനെയുള്ള പരിപൂർണ്ണമായി അന്ത്യോക്യാ പാത്രിയർക്കീസിനെ ചോദ്യം ചെയ്യപ്പെടാത്ത കീഴ്വഴക്കത്തോടുകൂടി കഴിഞ്ഞിരുന്ന കാലത്താണ് 1876 ൽ പത്രോസ് III പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടി ജനാധിപത്യത്തെ കുറിച്ചാർക്കും ചിന്തപോലും ഇല്ലാതിരുന്ന അക്കാലത്ത് ഭരണകാര്യത്തിൽ അൽപം സ്വാതന്ത്ര്യം അനുവദിച്ചത്. ആസ്ഥിതിക്ക് പരിപൂർണ്ണ ഉൾഭരണ സ്വാതന്ത്ര്യമുള്ള ഒരു സഭയായിരുന്നു മലങ്കര സഭ എന്നുള്ളത് തെറ്റായ പ്രസ്താവനയാണ്. മലങ്കര സഭയുടെ സ്ഥാപകനും പ്രഥമ ഭരണകർത്താവുമായിരുന്ന മോർ തോമാ ശ്ലീഹാ എന്ന പ്രസ്താവനയിൽ മലങ്കരയിൽ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിച്ച ആൾ എന്ന് പാരമ്പര്യം മൂലം മാത്രം വിശ്വസിക്കപ്പെടുന്ന മോർ തോമാ ശ്ലീഹാ തന്റെ ഒരു പിൻഗാമിയെ മലങ്കരയിൽ

വാഴിച്ചതായിട്ട് ഏതോ ഒരു പഴയ പാട്ടല്ലാതെ മറ്റ് അധികൃതമായ യാതൊരു രേഖയും ഇല്ല. ആ പഴയപാട്ടുതന്നെയും പതിനേഴാം നൂറ്റാണ്ടിലുണ്ടാക്കിയ ഒരു പാട്ട് മാത്രമാണ്. അതിലും അതുപോലുള്ള പഴയ പാട്ടുകളിലും വസ്തുതകൾക്ക് നിരക്കാത്ത പല കാര്യങ്ങളും ഉള്ളതിൽ ഒന്നുരണ്ടെണ്ണം ബോധിപ്പിച്ചു കൊള്ളുന്നു. തോമാ ശ്ലീഹാ ഒരു കേപ്പായെ മെത്രാനായി വാഴിച്ചു എന്നാണ് അതിൽ പറയുന്നത്. മെത്രാനാക്കുന്നതിന് മുമ്പ് റമ്പാനായി എന്നും ആ പാട്ടിൽ ഉണ്ട്. തോമാശ്ലീഹായുടെ കാലം കഴിഞ്ഞ് വളരെ ഏറെ കാലം കഴിഞ്ഞ് 4-ാം നൂറ്റാണ്ടിലാണെന്ന് തോന്നുന്നു മോർ ബസേലിയോസ് സന്യാസ സമൂഹങ്ങൾ അഥവാ റമ്പാന്മാരെ ഉണ്ടാക്കി തുടങ്ങിയത്. തോമാ ശ്ലീഹായുടെ കാലത്ത് എപ്പിസ്കോപ്പാ ആകുവാൻ റമ്പാൻ ആകണമെന്ന് ഒരു നിശ്ചയവും ഇല്ലായിരുന്നു. അതുപോലുള്ള മറ്റൊരു പഴയപാട്ടിൽ 4-ാം നൂറ്റാണ്ടിൽ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട സിറിയൻ കുടിയേറ്റക്കാർ കൊടുങ്ങല്ലൂരു വന്നിറങ്ങുന്നതിന് മുമ്പ് 14-ാം നൂറ്റാണ്ടിൽ മാത്രമുണ്ടായ കൊച്ചിയിലഴിമുഖം കണ്ടെന്നും ഗൺ പൗഡർ കണ്ടുപിടിച്ചിട്ടില്ലാത്ത അക്കാലത്ത് പതിനെട്ട് വെടിവച്ചെന്നും 13-ാം നൂറ്റാണ്ടിൽ മാത്രമുണ്ടായ ചെമ്പകശ്ശേരി രാജ്യത്തെ രാജാവ് 4-ാം നൂറ്റാണ്ടിൽ ചേരമാൻ പെരുമാളിന്റെ കൂടെ ഉണ്ടായിരുന്നുവെന്നും മറ്റുമുണ്ട്. ഇങ്ങനെ ദുർബ്ബലമായ ഒരടിസ്ഥാനത്തിന്മേൽ മാത്രമെ മോർ തോമാ ശ്ലീഹാ വന്നത് ഈ ഇൻഡ്യയിലാണെങ്കിൽ തന്നെയും ഇവിടെ അദ്ദേഹം മെത്രാനെ വാഴിച്ചു എന്ന് പറയുവാൻ സാധിക്കയുള്ളൂ. അഥവാ അദ്ദേഹം അങ്ങനെ ഒരു സഭയായി ഇവിടെ സ്ഥാപിച്ചു എന്ന് പറഞ്ഞാൽ തന്നെയും അത് സുറിയാനിക്കാർക്ക് മാത്രമായിട്ടുള്ളതല്ല ഇവിടെയുള്ള റോമൻ കാത്തോലിക്കർക്കും മറ്റെല്ലാ പൂർവ്വിക ക്രിസ്ത്യാനികൾക്കും ഒരുപോലെ അവകാശപ്പെടാവുന്നതാണെങ്കിലും അൽപകാലം മുമ്പ് മാത്രം തങ്ങൾ മോർ തോമാ ശ്ലീഹായുടെ പിൻഗാമികളാണെന്ന് പറയുന്ന വാദികളെപ്പോലെ മറ്റുള്ളവരാരും ഇതുവരെയും അവകാശപ്പെട്ടിട്ടില്ല. മോർ തോമാ സഭ എന്നു പേരുള്ള ആ സഭയുടെ പ്രധാന മേൽപട്ടക്കാരനായിരുന്ന പരേതനായ യൂഹാനോൻ മോർ തോമാ മെത്രാപ്പോലീത്താ പോലും അവരുടെ പൗരോഹിത്യ കൈവപ്പ് അന്ത്യോക്യായിൽ നിന്ന് ലഭിച്ചിട്ടുള്ളതാണെന്ന് മനോരമ പത്രത്തിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും സ്പഷ്ടമായി തെളിച്ച് പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്ക് മോർ തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢൻ എന്നു പറയുന്നത് Ex. A. 198 എഴുതിയ ആളിന്റെ സിംഹാസനത്തെ കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ചു തന്നെയും തെറ്റായ ഒരു പ്രയോഗമാണ്. അതിന് അനിഷേദ്ധ്യ തെളിവുകൾ ധാരാളം ഉണ്ടെന്ന് പറഞ്ഞിട്ട് ഒന്നും ഉദ്ധരിക്കാത്തിൽ നിന്നു തന്നെ ആ വസ്തുത സ്പഷ്ടമാണ്. മുമ്പ് ബോധിപ്പിച്ചവയിൽ നിന്നും താഴെ പറയുന്ന വാചകം പൂർണ്ണമായും തെറ്റാണെന്ന് കാണാം. ഇൻഡ്യയിലെ ഈ പുരാതന സഭയെ അന്ത്യോക്യാ, റോമാ മുതലായ ഇതര പ്രാദേശിക സഭകളെപ്പോലെ തന്നെ തികഞ്ഞ പരമാധികാരമുള്ള സഭയായിട്ടാണ് മോർ തോമാ ശ്ലീഹാ സ്ഥാപിച്ചതെന്നുള്ളത് പ്രത്യേകം ശ്രദ്ധേയ

മായ ഒരു വസ്തുതയാണെന്നുള്ള വാചകം. പിന്നീട് ഇതിൽ പറയുന്ന *മൽപോനൂസോ ദശ്ലീഹേ* എന്ന പുസ്തകം ഞാൻ വായിച്ചിട്ടില്ല. അതിനാൽ അതേപ്പറ്റി എനിക്ക് ഒന്നും ബോധിപ്പിക്കുവാനില്ല. പൗരോഹിത്യപരമായ എല്ലാവിധ അധികാരങ്ങളോടും കൂടിയ ഒരു പ്രത്യേക സഭയായിട്ട് തന്നെയാണ് മോർ തോമാശ്ലീഹാ ഈ സഭ സ്ഥാപിച്ചതെന്നുള്ളത് സംശയരഹിതമാണ് എന്നും അതിന് താഴെയുള്ള വാചകം മുമ്പ് ബോധിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ സത്യാവസ്ഥാ കാണിക്കുന്നവയല്ലാത്തവയാകുന്നു. അതിന് താഴെ ഇൻഡ്യയിൽ തനിക്ക് ശിഷ്യപ്പെട്ട രാജാവിന്റെ പുത്രനായ സ്വശിഷ്യന് തോമാശ്ലീഹാ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകുകയും സ്വന്തം പേരു തന്നെ അദ്ദേഹത്തിന് വിളിക്കുകയും ചെയ്തിരുന്നു എന്ന് ബാർ എബ്രായായുടെ *ഔസർറോസേ* എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഇദ്ദേഹം പറയുന്നുണ്ട്. ഇൻഡ്യായിൽ അഥവാ കേരളത്തിൽ ഒരു രാജാവും മോർ തോമാ ശ്ലീഹാക്ക് ശിഷ്യപെട്ടതായി ഒരു ചരിത്രത്തിലും പറഞ്ഞിട്ടില്ല. അങ്ങനെയുള്ള ഒരു രാജാവിന്റെ മകന് എപ്പിസ്കോപ്പാ സ്ഥാനം നൽകിയതായി പറഞ്ഞിട്ടില്ല. നേരെ മറിച്ച് ഉത്തരേൻഡ്യയിൽ സന്തിപ്പാൻ എന്ന ശെമ്മാശനെ ഞാൻ വിട്ടിട്ടുപോകുന്നു എന്നദ്ദേഹം പറഞ്ഞതായി വാദികളുടെ സഭയിൽപെട്ട ഡോ. സി.വി. ചെറിയാൻ അദ്ദേഹത്തിന്റെ ഒരു ഇംഗ്ലീഷ് കൃതിയിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇൻഡ്യയിലൊ കേരളത്തിലൊ ഒരെപ്പിസ്കോപ്പായെ വാഴിച്ചതായിട്ട് പറഞ്ഞിട്ടില്ല. വീണ്ടും *Travancore State Manuel* എഴുതിയ Mackenze എന്ന ഒരു ലാറ്റിൻ എഴുത്തുകാരൻ മാത്രം ഇങ്ങനെ പറഞ്ഞിട്ടുണ്ടെന്നും മറ്റൊരു തെളിവും അതിനില്ലന്നും സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ആകയാൽ ഈ ഉദ്ധരണി മലങ്കര സഭയെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. അദ്ദേഹം പറഞ്ഞ ഈ തോമാ എപ്പിസ്കോപ്പായെ തുടർന്ന് മറ്റ് എപ്പിസ്കോപ്പന്മാർ ആരംഭ കാലങ്ങളിൽ ഇവിടെ ഉണ്ടായിട്ടുണ്ടോ എന്ന വസ്തുത ചരിത്രത്തിൽ വ്യക്തമല്ല എന്ന് അദ്ദേഹത്തിന്റെ തന്നെ പ്രസ്താവന ഞാൻ ബോധിപ്പിച്ചിട്ടുള്ളവർക്ക് പിൻബലം നൽകുന്നുണ്ട്. ഇൻഡ്യയിലെ സഭ പൂർവ്വിക കാലങ്ങളിൽ സെലൂക്യായിലെ കാതോലിക്കായുമായി ബന്ധപ്പെട്ടിരുന്നു എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നതിനെ സമർത്ഥിക്കുവാൻ തെളിവുകൾ മലങ്കരയുടെ ചരിത്രത്തിൽ കാണുവാൻ സാദ്ധ്യമല്ല. ചില കാലങ്ങളിൽ നെസ്തോറിയ കാതോലിക്കാമാരോ മറ്റോ വല്ലവരേയും വല്ലപ്പോഴും അയച്ചിട്ടുണ്ടായിരിക്കാം. സെലൂക്യായിലെ കാതോലിക്കായുമായി എന്ന് പറയുമ്പോൾ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭംവരെയെ ആകുന്നുള്ളു. അതിനുശേഷം കാതോലിക്കാ സ്ഥാപനം സുറിയാനി സഭയിൽ ഇല്ലാതാവുകയും മപ്രിയാനാസ്ഥാനം ഏഴാം നൂറ്റാണ്ട് മുതൽ ഉടലെടുക്കുകയും ചെയ്തു. അങ്ങനെയുള്ള മഫ്രിയാനായുടെ കീഴിലുണ്ടായിരുന്ന പന്ത്രണ്ട് ഇടവകയിൽ ഇൻഡ്യയൊ മലങ്കരയൊ ഇല്ലായിരുന്നു എന്ന് മുമ്പ് ബോധിപ്പിച്ചിട്ടുണ്ട്. അതിനും പുറമെ ഏഴാം നൂറ്റാണ്ട് മുതൽ ഏതെങ്കിലും മഫ്രിയാനാ യാക്കോബായ വിശ്വാസവുമായി ഏതെങ്കിലും ഒരു മെത്രാനെ എപ്പോഴെങ്കിലും മലങ്കരക്കയച്ചിട്ടുണ്ടെങ്കിൽ

ഏതാണ്ട് ആയിരം വർഷത്തെ ചരിത്രം നിർമ്മിച്ച ബാർ എബ്രായ ആ ചരിത്രത്തിൽ എവിടെയെങ്കിലും സൂചിപ്പിക്കുക എങ്കിലും ചെയ്യുമായിരുന്നു. അദ്ദേഹം അങ്ങനെ ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് മുൻ പറഞ്ഞ പ്രസ്താവന നിരർത്ഥകം തന്നെയാണ്. അതുപോലെ സെലൂക്യായിലെ കാതോലിക്കാ അർക്കദിയാക്കോന്മാരെ നിയമിച്ച് ഭരണച്ചുമതല ഏൽപിച്ചിരുന്നു എന്ന് പറയുന്നതും തെറ്റാണ്. കാരണം: ഒന്ന്, മുമ്പ് ബോധിപ്പിച്ചതുപോലെ സെലൂക്യാ കാതോലിക്കേറ്റ് 5-ാം നൂറ്റാണ്ടിൽ നെസ്തോറിയം ആയി. രണ്ട്, സുറിയാനി സഭയിൽ അർക്കദിയാക്കോനെന്ന് പറഞ്ഞാൽ ശെമ്മാശന്മാരിൽ പ്രധാനി എന്നേ അർത്ഥമുള്ളൂ. മൂന്ന്, നേരെ മറിച്ച് നെസ്തോറിയൻ സഭയിൽ അർക്കദിയാക്കോൻ മെത്രാപ്പോലീത്തായുടെ കീഴിലും പട്ടക്കാരുടെ മുകളിലും ആയി ഭരണം നടത്തുവാൻ അവകാശമുള്ള ഒരു സ്ഥാനിയായിരുന്നു. അതിനാൽ നെസ്തോറിയ വരവിനുശേഷം അതായത് 15-ാം നൂറ്റാണ്ടിൽ മാത്രം ഉണ്ടായ ഒരു സ്ഥാനമാണ് അത്. ഇവയുടെ വെളിച്ചത്തിലാണ്. Ex 198 ൽ പറഞ്ഞിരിക്കുന്നത് തെറ്റാണെന്ന് പറഞ്ഞത്. കൂനംകുരിശു സത്യത്തിനുശേഷം അന്നത്തെ തോമസ് അർക്കദിയാക്കാൻ എപ്പിസ്കോപ്പാ സ്ഥാനം നൽകിയപ്പോൾ അദ്ദേഹത്തിന് നൽകപ്പെട്ട സ്ഥാനനാമം മോർ തോമാ മെത്രാൻ എന്നായിരുന്നു. ഇതിനുള്ള കാരണം തോമാശ്ലീഹാ ഇവിടെ ആദ്യം വാഴിച്ച മേൽപട്ടക്കാരനും നൽകിയ സ്ഥാനനാമം ഇതുതന്നെ ആയതു കൊണ്ടായിരിക്കണം എന്നത് അദ്ദേഹത്തിന്റെ അനുമാനം മാത്രമാണ്. അന്നത്തെ തോമാ അർക്കദിയാക്കോന് എപ്പിസ്കോപ്പാ സ്ഥാനം നൽകിയത് ആരാണന്നദ്ദേഹം പറഞ്ഞിട്ടില്ലെങ്കിലും അന്ത്യോക്യാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട ആളും വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങിയിട്ടുള്ള ആളുമായ മോർ ഗ്രിഗോറിയോസ് എന്ന ബാവായാണ്. അദ്ദേഹം ഇദ്ദേഹത്തിന് സ്ഥാനം കൊടുത്തപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന പേരിൽ തന്നെ ആ സ്ഥാനം നൽക്കുകയാണ് ഉണ്ടായത്. കാരണം മുൻകാലങ്ങളിൽ ഇന്നത്തെപ്പോലെ അന്ത്യോക്യാ പാത്രിയർക്കീസിന് ഇഗ്നാത്തിയോസെന്നോ മഫ്രിയാനായ്ക്ക് ബസേലിയോസ് എന്നോ മാറാപ്പേര് ഇല്ലായിരുന്നു എന്ന് മുമ്പിവിടെ ദീർഘമായി ബോധിപ്പിച്ച *എക്ലീഷ്യാസ്റ്റിക്കി*യിൽ നിന്ന് കാണാവുന്നതാണ്. ആ സ്ഥിതിക്ക് അന്നത്തെ ആ രീതിയനുസരിച്ച് പേരിനോടുകൂടി മോർ ചേർത്ത് പറഞ്ഞു എന്നേയുള്ളൂ. അല്ലാതെ ഇവിടെ എങ്ങും തോമാശ്ലീഹാ വാഴിച്ചതായി ഒരു രേഖയുമില്ലാത്ത ഊഹത്തിന്മേലുള്ള തോമായുടെ പേരിനെ അനുസ്മരിച്ചല്ലായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനം വരെയും ഇങ്ങനെ ഇവിടുത്തെ മെത്രാന്മാരെ അതായത് മോർ തോമാ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിവരെ പാത്രിയർക്കീസയച്ച മേൽപട്ടക്കാർ വാഴിച്ചപ്പോൾ വേറെ പേർ കൊടുത്തില്ലെങ്കിലും ആറാം മോർ തോമാ മുതൽ പ്രത്യേക പേരുകൾ നൽകി വന്നു. ദിവന്നാസ്യോസ് മുതലായ പ്രത്യേക പേരുകൾ നൽകി വന്നു. പകലോമറ്റം കുടുംബത്തിന്റെ ഒരു മാറാപേരായിരുന്നതുകൊണ്ടു 7,8,9 എന്നീ പകലോമറ്റം കുടുംബത്തിലെ ആളുകൾക്ക് അനധികൃതമായിട്ടാണ് അവർ വാഴിക്കപ്പെട്ടതെങ്കിലും അതായത് ആ സമയത്ത്

മറ്റ് മേൽപട്ടക്കാർ ഉണ്ടായിരുന്നു. ആ പേര് അവർ ഉപയോഗിച്ചിരുന്നു എന്നു മാത്രം 1665 മുതൽ ഏതാണ്ടിരുനൂറു കൊല്ലക്കാലം അവരവർക്കുള്ള പേരിൽ തന്നെ വിളിച്ചിരുന്നതുകൊണ്ട് അദ്ദേഹം പറയുന്നതുപോലെ ഇൻഡ്യൻ സഭയുടെ ഭരണകേന്ദ്രത്തിന് മോർ തോമാ ശ്ലീഹായുടെ സിംഹാസനം എന്ന വിശേഷണം ഉപയോഗിക്കുവാനുള്ള അർഹതക്ക് ഇത് ഒരു മതിയായ തെളിവാണെന്നുള്ള പ്രസ്താവന ശരിയല്ല. സഭയുടെ ഭരണകേന്ദ്രത്തിനല്ല ശ്ലൈഹികമായ കൈയ്വയ്പ്പിന്റെ പിൻതുടർച്ചയ്ക്കാണ് സിംഹാസനം എന്നു പറയുന്നത് എന്ന് അദ്ദേഹം എഴുതിയ മുൻ പറഞ്ഞ മോർ തോമാ ശ്ലീഹായുടെ സിംഹാസനം എന്ന പുസ്തകത്തിൽ പറയുന്നതിന് നേരെ വിപരീതമാണ് ഇൻഡ്യൻ സഭയുടെ ഭരണകേന്ദ്രത്തിന് മോർ തോമാ ശ്ലീഹായുടെ സിംഹാസാനം എന്നു പറയാം എന്ന് Ex. A. 198 ൽ എഴുതിയിരിക്കുന്നത്. അതിനും പുറമെ മോർ തോമാ എന്ന പേരിൽ ഭരിച്ചിരുന്നവരാരും തങ്ങൾ മോർ തോമായുടെ പിൻഗാമികളൊ സിംഹാസനത്തിന്മേലൊ ആണ് എന്ന് ഒരിക്കലും ഉപയോഗിച്ചിട്ടില്ല. അവസാനത്തെ വാചകം ഇതനുസരിച്ച് ഈ സഭയിലെ പ്രധാന മേൽപട്ടക്കാർ ഈ വിശേഷണം അവരുടെ പ്രധാന രേഖകളിൽ ഉപയോഗിച്ചു വന്നിരുന്നു എന്നതിന് തെളിവുകൾ ധാരാളമുള്ളതിനാൽ അവ ഇവിടെ ഉദ്ധരിക്കുന്നില്ല എന്നുള്ള പ്രസ്താവനയും തെറ്റാണ്. അന്ത്യോക്യായുടെ കീഴിൽ ഈ സഭയിൽ പ്രധാന മേൽപട്ടക്കാരനായിരുന്ന ആളും പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടയാളുമായ വട്ടശ്ശേരിൽ മോർ ഗിവറുഗീസ് ദിവന്നാസ്യോസ് അദ്ദേഹം മുടക്കപ്പെടുന്നതിന് മുമ്പാകട്ടെ മുടക്കേറ്റതിന് ശേഷമാകട്ടെ പണ്ഡിതനായ അദ്ദേഹം ഇങ്ങനെ ഒരു പ്രയോഗത്തിന് ധൈര്യപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ മുൻഗാമികളും ആ നിലതന്നെയാണ് സ്വീകരിച്ചിരുന്നത്. Ans. മോർ തോമാശ്ലീഹാ Saint ആയിരുന്നോ?Q നിശ്ചയമായും Ans. ഒരാൾ Saint ആകണമെങ്കിൽ ആ ആളിന്റെ അന്ത്യത്തെപ്പറ്റി എങ്കിലും തീർച്ചയായി അറിവുണ്ടായിരിക്കണ്ടേ?Q അത് ഇക്കാലത്തെ അഭിപ്രായമാണ്. ആദ്യകാലങ്ങളിൽ എല്ലാ ശ്ലീഹന്മാരെയും വിശുദ്ധ എന്ന വിശേഷണം ചേർത്താണ് പറഞ്ഞുകൊണ്ടിരുന്നത്. അതിനാൽ അന്ത്യത്തെ കുറിച്ച് പ്രത്യേകം അറിയണമെന്ന് നിർബന്ധമില്ല?Q ജൂദാസ് സെയ്ന്റായിരുന്നോ?Q കർത്താവിനെ ഒറ്റി കൊടുക്കുന്നതുവരെ അദ്ദേഹം കർത്താവിനോടുകൂടെ ഉള്ള ഒരാളായിരുന്നതിനാൽ ഒരു പരിശുദ്ധനായിരുന്നു. എന്നാൽ അദ്ദേഹം ചെയ്ത ഭയങ്കരമായ ആ കൃത്യം നിമിത്തം അതായത് ശ്ലീഹന്മാരുടെ കൂട്ടത്തിൽ നിന്ന് തന്നെ തന്നത്താൻ വേർതിരിച്ചതുമൂലം വിശുദ്ധ എന്ന വിശേഷണം അദ്ദേഹത്തിന് ചേരുന്നതുമല്ല ചേർത്തിട്ടുമില്ല. Ans. മോർ തോമ രക്തസാക്ഷിയായി മരിച്ചു എന്നുള്ളത് കൊണ്ടല്ലേ സെയിന്റായത്?Q അല്ല. രക്തസാക്ഷിയായി മരിക്കാതിരുന്ന യോഹന്നാനും സെയിന്റ് ജോൺ തന്നെയാണ്. രക്തസാക്ഷിയായി മരിച്ചതുകൊണ്ടല്ല മോർ തോമാ സെയിന്റായത്. Ans. യോഹന്നാന്റെ മരണം സ്വാഭാവിക മരണമായിരുന്നു. പേട്രിയാർക്കിന്റെ ലറ്റർഹെഡിൽ അപ്പോസ്തലിക് ത്രോൺ ഓഫ് ആന്റിയോക് എന്നല്ലേ?Q

അതെ. അവിടെ അപ്പോസ്തലൻ സെയ്ന്റ് പീറ്റർ ആണ്. Ans. അപ്പോസ്തലിക് ത്രോൺ ഓഫ് സെയ്ന്റ് പീറ്റർ എന്ന ലെറ്റർ ഹെഡ് ഉണ്ടോ?Q അങ്ങനെയും കണ്ടേക്കും. Ans. യൂണിവേഴ്സൽ ടൈപ്പ് ഓഫ് യൂണിറ്റി എന്നും യൂക്കാരിസ്റ്റിക് ടൈപ്പ് ഓഫ് യൂണിറ്റി എന്നും ഞാൻ ഈ സഭയിൽ കേട്ടിട്ടില്ല. ഒറ്റ യൂണിറ്റിയെ പറ്റി മാത്രമെ കേട്ടിട്ടുള്ളൂ. അതായത് അന്ത്യോക്യാ പാത്രിയർക്കീസിന് കീഴ്പട്ട് എല്ലാവരും ഒന്നായിരുന്നു. ഫുൾനെസ് ഓഫ് ചർച്ച് ഇൻ യൂക്കാരിസ്റ്റിക് കമ്യൂണിറ്റി ആന്റ് യൂണിവേഴ്സൽ ടൈപ്പ് ഓഫ് യൂണിറ്റി എന്നൊന്നും ഞാൻ കേട്ടിട്ടില്ല. എക്ലീഷ്യോളജി എന്നാൽ എന്താണെന്ന് ഞാൻ വിശദമായി പഠിച്ചിട്ടില്ല. ചർച്ച് തീയോളജിയിൽ We do not count in Quantity or volume എന്നത് ശരിയാണോ?Qഅതെപ്പറ്റി വിശദമായി പഠിച്ചിട്ടല്ലാതെ എനിക്ക് പറയുവാൻ നിവൃത്തിയില്ല. Ans. Stopped for the day

മൊഴി വായിച്ചു കേട്ടു. ശരി

Sd/-

കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge 29-9-78

3-10-78 Witness sworn again and cross examination continued Belonging to the same class same socity, race, religion, nation എന്നൊക്കെ പറഞ്ഞാൽ ഓരോ പ്രത്യേക മാനദണ്ഡം വച്ചു കൊണ്ടുള്ള grouping അല്ലേ?Q സാമൂഹികവും, രാഷ്ട്രീയവും, ആയ മാനദണ്ഡങ്ങൾ വച്ചുകൊണ്ടുള്ള groupings ആണ്. Ans. മേൽ പറഞ്ഞ ഓരോന്നും വ്യത്യസ്തമായ ഓരോ group നെ തിരിക്കുന്നതല്ലേ?Q പ്രത്യേക ഗ്രൂപ്പുകളെ കാണിക്കുന്നതാണ്. Ans. ഓരോന്നും വ്യത്യസ്തമായ ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള groupings അല്ലേ?Q Nation, Society എല്ലാം പറയുന്നതുകൊണ്ട് വ്യത്യസ്ത ആശയവും ഉണ്ട്. Ans. ഏതെങ്കിലും രണ്ട് ഒരേ ആശയത്തെ ധ്വനിപ്പിക്കുന്നുണ്ടോ?Q വ്യത്യസ്ത ആശയങ്ങളെ സൂചിപ്പിക്കുന്ന ആണെന്നുള്ളതിനാൽ അതിൽ രണ്ടെണ്ണം ഒരുമിച്ചു പോകുമോ എന്ന് സംശയമാണ്. Ans. Culture ന്റെ ഐക്യരൂപത്തിൽ grouping ഉണ്ടോ?Q അതെപ്പറ്റി എനിക്ക് ശരിക്കറിഞ്ഞുകൂടാ. Ans. 451 ൽ സഭയിൽ വിള്ളലുണ്ടായതിനുശേഷം ഉള്ള സത്യസഭയിൽ എത്ര വ്യത്യസ്ത കേന്ദ്രങ്ങൾ ഉണ്ട്?Q ഞാൻ സത്യസഭ എന്ന് 451 ന് ശേഷം പറയുന്നത് സുറിയാനി സഭയാണ്. അതിന് ഒരു കേന്ദ്രം മാത്രമെ ഉണ്ടായിരുന്നുള്ളൂ. അത് അന്ത്യോക്യായാണ്. Ans. അലക്സാണ്ട്രിയായോ?Q ഏക സ്വഭാവ വിശ്വാസമുള്ള ഒരു പ്രത്യേക സഭയാകുന്നു. Ans. അന്ന് അന്ത്യോക്യാ കേന്ദ്രമായുള്ള സഭയ്ക്കും ഏതെങ്കിലും കാര്യത്തിൽ വിശ്വാസ സത്യങ്ങൾക്കൊ വിശ്വാസങ്ങൾക്കൊ വ്യത്യാസം ഉണ്ടായിരുന്നോ?Q ഏക സ്വഭാവിശ്വാസ കാര്യത്തിൽ വ്യത്യാസം ഇല്ലായിരുന്നു. അവർക്ക് ചേലാകർമ്മം ഉണ്ടായിരുന്നു. കർത്താ

വിനെ കൊലയ്ക്ക് വിധിച്ച പിലാത്തോസിനെ പരിശുദ്ധനായി വിചാരിച്ചിരുന്നു. ഇപ്പോഴും വിചാരിച്ചുകൊണ്ടും ഇരിക്കുന്നു. അങ്ങനെ എല്ലാ വിശ്വാസസത്യങ്ങളും എനിക്കറിഞ്ഞുകൂടെങ്കിലും വിശ്വാസ സത്യങ്ങളിലും ആചാരങ്ങളിലും വ്യത്യാസം ഉണ്ട്. Ans. Same religion എന്ന് പറയണമെങ്കിൽ വിശ്വാസങ്ങളും വിശ്വാസസത്യങ്ങളും ഒരു പോലെ ഉള്ളതായിരിക്കേണ്ടേ? വേണ്ട റോമാ സഭയും സുറിയാനി സഭയും മറ്റുള്ളവയും എല്ലാം ഏക religion ൽ അതായതു ക്രിസ്തുമതത്തിൽ പെട്ടവയാണ്. Ans. ക്രിസ്തുമതം എന്നുള്ള അർത്ഥത്തിൽ റോമാസഭയും സിറിയൻ സഭയും Same religion എന്നു പറയാം. 1876 ൽ ജനാധിപത്യത്തെപ്പറ്റി കേട്ടുകേൾവിയില്ലാത്ത സമയത്ത് പത്രോസ് മൂന്നാമൻ അനുവദിച്ചതായി പറയുന്ന സ്വാതന്ത്ര്യങ്ങൾ എന്താണ്?Q അതുവരെയും അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നും സ്ഥാനം പ്രാപിച്ച ചിലരെല്ലാം സ്ഥാനത്തെ ദുർവിനിയോഗം ചെയ്തുകൊണ്ട് ഏകനായകശക്തി എന്നു ജനങ്ങൾ പറയത്തക്കവണ്ണം പ്രവർത്തിച്ചു വന്നു. ജനങ്ങൾ നിർമ്മിച്ചു വളർത്തിക്കൊണ്ടു വന്ന ദൈവാലയങ്ങളുടെയും മറ്റും പൊതുവായിട്ടുള്ള കാര്യങ്ങളിൽ അഭിപ്രായം പറയുവാനും തീരുമാനം ചെയ്യുവാനും ഉള്ള അധികാരത്തോടുകൂടി ഒരു സമൂഹത്തെ നിലവിൽ വരുത്തിയ അക്കാര്യമാണ് ജനാധിപത്യത്തിന് വഴിതെളിച്ചു എന്ന് ഞാൻ ബോധിപ്പിച്ചത്. Ans. അന്ന് മലങ്കരയിൽ ഏകദേശം എത്ര പള്ളികൾ കാണും?Q 132 ഓ 133 ഓ പള്ളികളാണ്. Ans. ആ പള്ളികളിലെ ഒരോന്നിന്റെയും ഭരണത്തെപ്പറ്റി ജനാധിപത്യ വ്യവസ്ഥിതി ഉണ്ടാക്കി എന്നാണോ?Q അല്ല. ഓരോ പള്ളിയുടെയും കാര്യത്തിൽ അതത് പള്ളിയുടെ കീഴ്നടപ്പനുസരിച്ച് പിന്നെയും മുമ്പോട്ട് പോവുകയായിരുന്നു. Ans. വസ്തുക്കളുടെ ഉടമസ്ഥത എന്ന് പറഞ്ഞാൽ അത് ഒരു Person ൽ അല്ലെങ്കിൽ Persanality യിൽ അല്ലേ vest ചെയ്യുന്നത്?Q നിയമവശം എനിക്കറിഞ്ഞുകൂടാ. Ans. Individual ജീവനുള്ള മനുഷ്യനല്ലാത്ത Personality ഉള്ളതായി അതായത് legal person ഉള്ളതായി അറിയാമോ? എനിക്കതിന്റെ ഒന്നും നിയമവശം അറിഞ്ഞുകൂടാ. Ans. മുളന്തുരുത്തി സുന്നഹദോസിനു ശേഷം പത്രോസ് പാത്രിയർക്കീസ് ബാവാ ആറ് മെത്രാപ്പോലീത്തമാരെ മലങ്കരയിൽ വാഴിച്ചു. ഇടവകകൾ തിരിച്ചതായി കാണുന്നുണ്ടോ? ഉവ്വ്. Ans. ഒരു ഭദ്രാസനത്തിന്റെ അതിർത്തിയിലുള്ള പള്ളിക്ക് മറ്റൊരു ഭദ്രാസനത്തിലെ മെത്രാപ്പോലീത്തായുടെ കീഴിൽ ആയിരിക്കണം എന്ന് നിർണ്ണയിക്കാൻ സാധിക്കുമോ?Q അവരുടെ പള്ളിയുടെ സ്ഥാപനോദ്ദേശ്യം വിശ്വസ്തമായും സത്യവിശ്വാസത്തിലും പാലിച്ചുകൊണ്ട് പോകണമെന്ന് അവർക്ക് ആവശ്യം ഉണ്ടായാൽ അപ്രകാരം അവർക്ക് നിശ്ചയിക്കാം. Ans. അവർക്ക് എന്ന് പറഞ്ഞത് ആ പള്ളിക്കാർക്ക് എന്ന അർത്ഥത്തിലാണ്. ആ പള്ളിക്കാർ എന്ന് പറഞ്ഞാൽ ആ ഇടവകയിൽ ഉള്ളവർ ഉൾപ്പെടും ആ ഇടവകയിൽ ഉള്ള എല്ലാവരും ഉൾപ്പെടും. ആ ഇടവകയിലുള്ള എല്ലാ ജനങ്ങളും ആബാലവൃദ്ധം ഉൾപെടുമോ?Q ആ ഇടവകയിലെ എല്ലാ കുടുംബങ്ങളും ഉൾപ്പെടും. Ans. ആ പള്ളിയിലും ആ ഇടവകയിലെ പള്ളിയോട് അനുബന്ധിച്ച സ്വത്തു

ക്കൾക്കും അവർക്ക് ഉടമസ്ഥത ഉള്ളതുകൊണ്ടാണോ സാക്ഷി പറയുന്നത്?Q ആ പള്ളിയിലും ഇടവകസ്വത്തുക്കളിൽ അവർക്ക് ഉടമസ്ഥാവകാശം ഉള്ളതു കൊണ്ടാണ്. Ans. ആ ഉടമസ്ഥാവകാശം ആ സ്വത്തുക്കൾ സംബന്ധിച്ച ആധാരങ്ങൾ കൊണ്ട് വരുന്നതാണോ?Q ആധാരങ്ങൾ കൊണ്ടുമാത്രമല്ല. അവർ ഒരു സ്ഥാപനോദ്ദേശ്യം വച്ചുകൊണ്ട് അവരുടെ കയ്യിൽ നിന്ന് പണമെടുത്ത് പള്ളി പണിയിക്കുകയും ചെയ്തിട്ടുള്ളത് കൊണ്ട് കൂടിയാണ്. Ans. ഒരു ഇടവകപ്പള്ളിക്ക് മെത്രാൻ കൂടാതെ പരിപൂർണ്ണത വരുമോ?Q പള്ളിയിൽ ലൗകികം മാത്രമല്ല ആത്മീയവും കൂടി ഉള്ളതിനാൽ ആ പള്ളിയുടെ സ്ഥാപനോദ്ദേശ്യം അനുസരിച്ച് അന്ത്യോക്യാ പാത്രിയർക്കീസിന് കീഴ്പ്പെട്ട മെത്രാനും ഉണ്ടെങ്കിൽ അദ്ദേഹവും ആവശ്യമാണ്. Ans. മെത്രാനെ കൂടാതെ ഇടവകപ്പള്ളിക്ക് പരിപൂർണ്ണത വരുമോ?Q മുൻപറഞ്ഞ രീതിയിലുള്ള മെത്രാൻ ഉണ്ടെങ്കിൽ അദ്ദേഹവും കൂടി ആകുമ്പോഴാണ് പൂർണ്ണത വരുന്നത്. അങ്ങനെ ഒരു മെത്രാൻ ഇല്ലെങ്കിൽ അങ്ങനെ ഒരാൾ ഉണ്ടാകുന്നതുവരെ സ്ഥാപനോദ്ദേശ്യാനുസരണം അന്ത്യോക്യാ പാത്രിയർക്കീസിന് കീഴ്പ്പെട്ട് മുമ്പോട്ട് പോയാൽ അത് പൂർണ്ണമായിരിക്കും. Ans. A bishop is essential for the fulness of the church എന്നു പറയുന്നതിൽ തെറ്റുണ്ടോ?Q മുമ്പ് ബോധിപ്പിച്ചതിന്റെ വെളിച്ചത്തിൽ ശരിയായ മെത്രാനുണ്ടെങ്കിൽ ആ വാചകം ശരിയാണ്. Ans. The church is where the bishop is എന്ന Proposition ശരിയോ?Q സഭയെക്കുറിച്ച് അത് ശരിയാണ്. ഓരോ പ്രത്യേക പള്ളിയെക്കുറിച്ചും സഭയെ കുറിച്ചാണെങ്കിലും മുമ്പ് ബോധിപ്പിച്ച തരത്തിലുള്ള മെത്രാനായിരിക്കണം. ഏതെങ്കിലും ബിഷപ്പ് ആയാൽ പോരാ?Q മലങ്കരയിലെ സഭയിൽ ഏതെങ്കിലും ഒരു ഭദ്രാസനത്തിൽപ്പെട്ട ഇടവകക്കാർ അന്യ ഭദ്രാസനത്തിലെ മെത്രാപ്പോലീത്ത ആയിരിക്കണം എന്നാവശ്യപ്പെട്ടതായി വല്ലതും പറയാമോ?Q ഉണ്ടായിരിക്കാം പെട്ടെന്ന് എന്റെ ഓർമ്മയിൽ വരുന്നില്ല. Ans. 1876 ന് ശേഷമാണ് മലങ്കരയിൽ ഒന്നിലധികം ഭദ്രാസനം നിലവിൽ വന്നത്?Q അതെ. Ans. അപ്പോഴും മറ്റു മെത്രാന്മാർ മലങ്കര മെത്രാന് വിധേയരായി മുന്നോട്ട് പോവുകയായിരുന്നോ?Q വിധേയരായി പോകയായിരുന്നു എന്ന് ഞാൻ വായിച്ച ഒരു പുസ്തകത്തിലും കണ്ടിട്ടില്ല. അദ്ദേഹത്തോട് സഹകരിച്ച് പോകയായിരുന്നു എന്ന് താൻ പറഞ്ഞിട്ടുണ്ട്. അതിനും പുറമെ മലങ്കര മെത്രാന് പ്രത്യേക സ്ഥാനമൊ അധികാരമൊ ഒന്നുമില്ലാതെ മലങ്കരയിലെ സഭയുടെ പൊതു സ്വത്തുക്കളുടെ കൈകാര്യ കർത്തൃത്വം മറ്റ് ട്രസ്റ്റിമാരോടുകൂടി ചെയ്യുന്ന ഒരാള് എന്നേ ഒള്ളൂ. ആ സ്ഥിതിക്ക് വിധേയരാകേണ്ട ആവശ്യവും ഇല്ല. Ans. പള്ളിവക സ്വത്തുക്കളുടെ ഉടമസ്ഥത ആ ഇടവകയിലെ കുടുംബങ്ങളിലോ അഥവാ അംഗങ്ങളിലോ?Q ആളുകൾ ഉള്ളതാണല്ലോ കുടുംബം എന്നു വിചാരിച്ചാണ് കുടുംബം എന്നു പറഞ്ഞത്. ആ ഓരോ കുടുംബത്തിലും ആരെല്ലാം എന്തെല്ലാം ചെയ്യണമെന്നുള്ളത് ആ ഇടവകയുടെ ഭരണ രീതിയിലും കീഴ്നടപ്പിലും ഉണ്ടായിരിക്കും. Ans. ഇടവകയിലെ ആളുകൾ കുടുംബങ്ങളിലാകയാൽ രണ്ടും ഒരേ അർത്ഥം തന്നെയാണ്. ആളുകളിലാണ് അതിന്റെ ഉടമാ

വകാശം. Ans. ആ ആളുകൾ എന്നതിൽ നിന്നും സ്ത്രീകളും കുഞ്ഞുങ്ങളും പെടുമോ?Q ആരെല്ലാമാണ് ഉൾപെടുന്നതെന്ന് ആ ഇടവകയിലെ ഭരണ രീതിയിൽ പറഞ്ഞിട്ടുണ്ടായിരിക്കും. Ans. സ്ത്രീകൾക്കും ഉടമസ്ഥാവകാശ മാകാമോ?Q ആരെല്ലാം ഉൾപെടുമെന്നുള്ളത് അതാത് ഇടവകയുടെ ഭരണ ക്രമമനുസരിച്ചായിരിക്കും. Ans. ആദ്യകാലങ്ങളിൽ ഇവിടുത്തെ രാജാക്കന്മാരും മറ്റും പള്ളികൾ സ്ഥാപിക്കുന്നതിന് ആളുകൾക്ക് ദാനം കൊടുത്തിട്ടുള്ള തല്ലേ?Q ഭരണാധിപന്മാർ സ്ഥലം കൊടുത്ത് ചുരുക്കം ചില പള്ളികൾ അവി ടെയുള്ളവർ പണിയിച്ചിട്ടുണ്ട്. ബഹുഭൂരിഭാഗം പള്ളികളും ജനങ്ങൾ സ്ഥലവും പണവും അദ്ധ്വാനവും കൊടുത്ത് പണിയിച്ചിട്ടുള്ളവയാണ്. Ans. അങ്ങനെ അദ്ധ്വാനിച്ചവരുടെ അവകാശികൾ എന്ന നിലയിലാണോ ഇപ്പോഴുള്ളവർ ആ ഉടമസ്ഥാവകാശത്തെ പിടിക്കുന്നത്?Q അതുകൊണ്ട് മാത്രമല്ല. അന്നത്തെ സ്ഥാപനോദ്ദേശ്യത്തെ കൂടുതലായി പ്രധാനമായി മുറുകെ പിടി ക്കുന്നതുകൊണ്ടാണ്. Ans. പള്ളികൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അനു വാദം വേണ്ടിയിരുന്ന കാലം ഉണ്ടായിരുന്നോ?Q അങ്ങനെ കേട്ടിട്ടുണ്ട്. Ans. ഇന്ന ഭദ്രാസനത്തിൽ പെട്ട ഇന്ന സഭവക പള്ളി സ്ഥാപിക്കുന്നു എന്നല്ലേ?Q അങ്ങനെയല്ല. അങ്ങനെയാണെങ്കിൽ ഈ സഭയിൽ 1876 നു മുമ്പ് പള്ളികൾ സ്ഥാപിക്കാൻ സാദ്ധ്യമല്ലായിരുന്നു. എന്നാൽ അന്നും ഇന്നും ഈ സഭയിൽ പെട്ടവർ പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിൽ കീഴിൽ യാക്കോബായ വിശ്വാസം അനുസരിച്ച് കർമ്മാദികൾ നടത്തികൊണ്ടു പോകേണ്ടതിനാണ് പള്ളികൾക്ക് അനുവാദത്തിന് അപേക്ഷിച്ചിട്ടുള്ളത്. Ans. ഏതെങ്കിലും പ്രചാ രത്തിലുള്ള അറിയപ്പെടുന്ന ഒരു സഭയുടെ മലങ്കര സഭയെപ്പറ്റിയാണെങ്കിൽ മലങ്കര സഭയുടെ പള്ളിയായിട്ടല്ലേ ഓരോ പള്ളികളും സ്ഥാപിക്കപ്പെടുന്നത്?Q സഭയെക്കുറിച്ചറിയാവുന്നവർക്ക് സഭയുടെ തലവനാരെന്ന് ശരിക്കറിയാം. അതനുസരിച്ച് ആ തലവന്റെ കീഴിൽ അവരുടെതായ ഒരു പള്ളി അവർ വയ്ക്കുകയാണ്. സുറിയാനി സഭയിൽ സഭയുടെ വക അല്ല പള്ളി. Ans. സഭയ്ക്ക് പള്ളികളും പള്ളിയോടനുബന്ധിച്ചുള്ള സ്വത്തുക്കളും സഭാ പ്രവർ ത്തനങ്ങൾക്കാവശ്യമല്ലേ?Q സഭാ പ്രവർത്തനങ്ങൾക്ക് പണം ആവശ്യമാണ്. അങ്ങനെയുള്ള പണത്തിനുവേണ്ടി ഭരിക്കുന്നവർ ഇടവകക്കാരുടെ പേർക്ക് അവരുടെ സംഭാവനയായി പണം അയച്ച് കൊടുക്കുവാൻ എഴുതും. ഇടവക യിലെ പൊതുയോഗം കൂടി അന്നത്തെ അവരുടെ സ്ഥിതിയും സൗകര്യവും കണക്കിലെടുത്ത് എന്തെങ്കിലും അയച്ചുകൊടുക്കും, അതാണ് പതിവ്. പള്ളി മേലോ പള്ളിവക സ്വത്തുക്കളിന്മേലോ സഭക്കവകാശമുണ്ടായിരുന്നെങ്കിൽ നേരെ ചെന്ന് എടുത്താൽ മതിയായിരുന്നു. ഇടവകക്കാരുടെ സമ്മനസ്സിനെ ആശ്രയിക്കേണ്ട കാര്യം ഇല്ലായിരുന്നു. Ans. സഭാ പ്രവർത്തനങ്ങൾക്ക് പള്ളികളും പള്ളിയോടനുബന്ധിച്ചുള്ള സ്വത്തുക്കളും സഭക്കാവശ്യമല്ലേ?Q ഒരു പള്ളി ഇല്ലെങ്കിലും സഭ ആയിരിക്കും. കാരണം കർത്താവ് സ്ഥാപിച്ച അതില്ലാതാകാൻ സാദ്ധ്യമല്ല. മുൻപറഞ്ഞ പ്രവർത്തനങ്ങൾക്കാവശ്യമായ കാര്യങ്ങൾ സാധിക്കാൻ വേണ്ടി മുൻപറഞ്ഞ മാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്.

അതിനും പുറമെ സഭയുടെതായ പ്രത്യേക സ്വത്തുക്കളുമുണ്ട്. മറ്റ് ആദായ മാർഗ്ഗങ്ങളും ഉണ്ട്. Ans. ഏത് പള്ളിയായാലും അത് ഒരു സഭയിലെ പള്ളിയായിരിക്കെ ഏത് പള്ളിയും അതിന്റെ ഉടമസ്ഥാവകാശത്തിനും സ്ഥാപനോദ്ദേശ്യത്തിനും വിഘാതം വരാത്ത രീതിയിൽ അന്ത്യോക്യാ പാത്രിയർക്കീസ് തലവനായുള്ള സഭയിലെ ഒരു പള്ളിയാണ്. Ans. ആ പള്ളിയിൽ സഭാ തലവന്മാർക്ക് അവകാശങ്ങൾ ഉണ്ടായിരിക്കണോ?Q സഭാ തലവന്മാർ ഇല്ല. പാത്രിയർക്കീസ് എന്ന ഒരു തലവനെയുള്ളൂ. ആത്മീയമായ കാര്യത്തിൽ പാത്രിയർക്കീസിന് കീഴിലുള്ള ഇടവക മെത്രാനും അവകാശങ്ങളുണ്ട്. Ans. ഒരു ഭദ്രാസനത്തിലെ മെത്രാപ്പോലിത്താ ആ ഭദ്രാസനത്തിന്റെ തലവനാണോ?Q ആ ഭദ്രാസനത്തിന്റെ ആത്മീയ ഭരണക്കാരനാണ്. Ans. നിലവിലിരിക്കുന്ന ഏത് സഭയിലെ പള്ളി സ്ഥാപിക്കണമെന്നുദ്ദേശിക്കപ്പെടുന്നുവോ ആ സങ്കൽപത്തിലേക്ക് അല്ലേ ആ പള്ളിയും ബന്ധപ്പെട്ട സ്വത്തുക്കളും സമർപ്പിക്കപ്പെടുന്നത്?Q അവിടെ ഈ സഭയെ സംബന്ധിച്ചിടത്തോളം സമർപ്പണമൊന്നുമില്ല. അവരുടെതായ സ്ഥലത്ത് അവരുടെതായ വിശ്വാസത്തിൽ അവരുടേതായ തീരുമാനത്തോടു കൂടി ഒരു ആരാധനാ സ്ഥലം ഉണ്ടാക്കുകയാണ്. Ans. അവർ എന്നവർ സഭയിൽ നിന്ന് വിഭിന്നമായി നിൽക്കുന്നവരാണോ?Q അല്ല. Ans. അവർ എന്ന് പറയുന്നവർ ആ പള്ളി നിലവിൽ വരുന്നതിന് മുമ്പ് ഏതെങ്കിലും ഒരു ഇടവകയിലെ അംഗങ്ങളായിരിക്കുകയില്ലേ?Q ആയിരുന്നിരിക്കാം. Ans. അല്ലെങ്കിൽ പുതുതായി മാനസാന്തരപ്പെട്ടവരായിരിക്കാം. അങ്ങനെയുള്ളവർക്കും പള്ളിവയ്ക്കാറുണ്ടായിരിക്കാം. Ans. ഭദ്രാസന മെത്രാപ്പോലീത്തായുടെ അനുവാദം കൂടാതെ ഒരു ഭദ്രാസനത്തിൽ പള്ളി ഉണ്ടാകുമോ?Q ആത്മീയ മേലദ്ധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹത്തെ അറിയിക്കുകയും ഗവൺമെന്റനുവാദത്തോടുകൂടി പള്ളി പണിയകയും ചെയ്യും. Ans. ഭദ്രാസന മെത്രാപ്പോലീത്തയുടെ അനുവാദമില്ലാതെ പള്ളി പണിയുമോ?Q പള്ളി ഉണ്ടായിക്കാണാൻ ഞാൻ ആഗ്രഹിക്കുന്ന ആ മേലദ്ധ്യക്ഷൻ വിവരം അറിഞ്ഞാൽ ഉടനെ ആ അഭിപ്രായത്തോട് യോജിക്കുകയും വേണ്ടതു ചെയ്യുകയും ചെയ്യും. Ans. ഭദ്രാസന മെത്രാപ്പോലിത്തായുടെ അനുവാദം കൂടാതെ ഈ സഭയിൽ പള്ളി ഉണ്ടാകുമോ എന്നാണ് ചോദ്യം?Q സത്യവിശ്വാസത്തിൽ നിൽകുന്ന മെത്രാപ്പോലീത്തയുടെ അറിവോടും അനുവാദത്തോടും കൂടി ആണ് പള്ളികൾ സ്ഥാപിക്കുന്നത്. എന്നാൽ അത് രേഖാമൂലം വേണമെന്നില്ല. സത്യവിശ്വാസി അല്ലെങ്കിൽ അങ്ങനെയുള്ള ഒരു മെത്രാപ്പോലീത്തയുമായി ഇത് സംബന്ധിച്ച് യാതൊന്നും ആലോചിക്കേണ്ടതല്ലാത്തതും അതിന് അദ്ദേഹത്തിനധികാരമില്ലാത്തതും ആകുന്നു. പള്ളിവയ്ക്കണമെന്നുള്ള ആഗ്രഹം ഉണ്ടായാൽ അതിനായി ആഗ്രഹിക്കുന്ന ആളുകൾക്ക് പള്ളി ഉണ്ടാക്കാം. അവിടെ ആത്മീയ കാര്യങ്ങൾ നടത്താനുള്ളതുകൊണ്ടാണ് മെത്രാപ്പോലീത്തയുടെ അനുവാദം ചോദിക്കുന്നത്. Ans. അതുകൊണ്ട് മെത്രാപ്പോലീത്തായുടെ അനുവാദം കൂടാതെ പള്ളി സ്ഥാപിക്കാൻ പാടില്ലന്നാണോ? അനുവാദം കൂടാതെ പള്ളി സ്ഥാപിക്കാം എന്നാൽ അവിടെ ആത്മീയ കർമ്മങ്ങൾ നടത്തേ

ങ്ങളുള്ളതുകൊണ്ട് സത്യവിശ്വാസിയായ മെത്രാപ്പോലീത്തായുടെ അനുവാദം ആത്മീയ കാര്യ നിർവ്വഹണത്തിനായി വേണം. Ans. പള്ളി സ്ഥാപിക്കാം എന്നു പറഞ്ഞത് കിഴക്ക് പടിഞ്ഞാറ് ഒരു കെട്ടിടം പണിയാം എന്നുദ്ദേശിച്ചാണോ?Q വസ്തു സമ്പാദിക്കുന്നതിനൊ കെട്ടിടം പണിയുന്നതിനൊ മെത്രാപ്പോലീത്തയുടെ അനുവാദം വേണ്ട. ആത്മീയ കർമ്മങ്ങൾ നടത്താനുള്ളവയാകയാൽ ആ അർത്ഥത്തിൽ മെത്രാപ്പോലീത്തായുടെ അനുവാദവും വേണം. Ans. ഒരു പള്ളിവയ്ക്കണമെന്നുണ്ടെങ്കിൽ മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടിയേ സാധിക്കൂ എന്നു പറഞ്ഞാൽ നിഷേധിക്കാമോ?Q മെത്രാപ്പോലീത്ത ആത്മീയ ഭരണാധിപനാകയാൽ ആത്മീയ കർമ്മങ്ങൾ നടത്തേണ്ടതായ ദൈവാലയം അദ്ദേഹത്തിന്റെ അറിവോടും സമ്മതത്തോടും കൂടിയായിരിക്കണം. അതിന്റെ വസ്തുക്കൾ വാങ്ങിക്കുന്നതൊ പണി സംബന്ധിച്ചുള്ളതൊ ആയ കാര്യങ്ങളെല്ലാം അതിന്റെ പ്രൊമോട്ടറിന്റെ തീരുമാനം അനുസരിച്ചു മാത്രം തുടങ്ങാവുന്നതും തുടരുന്നതുമാകുന്നു. Ans. പുതുതായി പള്ളി വയ്ക്കുകയാണെങ്കിൽ Parish ന്റെ ഇടവക നിർണ്ണയിക്കുന്നതാരാണ്?Q പുതുതായി പള്ളി വയ്ക്കുകയാണെങ്കിൽ ആ Parish ൽ ഇടവകാംഗങ്ങളായിരിക്കുന്നത് അവർ ഒരുമിച്ച് ക്രമപ്പെടുത്തിയിട്ടുള്ള സ്ഥാപനോദ്ദേശ്യവും ഭരണരീതിയും അനുസരിച്ച് മുമ്പോട്ട് പോകുവാൻ ആഗ്രഹിക്കുന്നവരാണ്. ആ Parish രൂപീകരിക്കുന്നത്. Ans. അതിന്റെ പരിധി നിർണ്ണയിക്കുന്നതെങ്ങനെയാണ്?Q ജ്യോഗ്രാഫിക്കൽ പരിധി പാരിഷിന് ഇല്ല. അതിലെ അംഗങ്ങൾ താമസിക്കുന്ന ആ പ്രദേശത്തും അടുത്ത പ്രദേശങ്ങളിലും ഉള്ളവരുടെ വീടുകൾ ഇരിക്കുന്നതാണ് അതിന്റെ പരിധി. Ans. ഈ Parish ലെ ആളുകളുടെ നിർബന്ധമായ മതപരമായ കാര്യങ്ങൾ ശരിക്ക് നടക്കുന്നുണ്ടോ എന്ന് നോക്കുന്നതിന് ഭദ്രാസന മെത്രാപ്പോലീത്തക്ക് അധികാരം ഉണ്ടോ?Q ഉണ്ട്. കാരണം അതിന് മാത്രമാണ് ഇടവക മേലദ്ധ്യക്ഷൻ. Ans. കാഞ്ഞിരമറ്റം പള്ളി ഇടവകക്കാരനായത്, സാക്ഷി ആ ഇടവക അതിർത്തിക്കകം വീടുള്ള ആളായതുകൊണ്ടും സുറിയാനി വിശ്വാസിയായതുകൊണ്ടും അല്ലേ?Q കാഞ്ഞിരമറ്റം പള്ളിയെക്കുറിച്ച് പറഞ്ഞാൽ ആ പള്ളി അവിടെ സ്ഥാപിതമായത് പ്രധാനമായി ഞങ്ങളുടെ കുടുംബത്തിന്റെ പരിശ്രമം കൊണ്ടാണ്. സുറിയാനി സഭയുടെ അംഗമായതുകൊണ്ടും പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിന് കീഴ്പട്ടതാണെന്നുള്ള ഉടമ്പടി ഉള്ളതുകൊണ്ടും എന്റെ വീട് കാഞ്ഞിരമറ്റത്തായതുകൊണ്ടും ഞാൻ ഇടവകയിലെ ഒരംഗമാണ് Ans. ഇടവകയുടെ അതിർത്തിക്കുള്ളിൽ വീട് ഉള്ളതുകൊണ്ടേന്നോ വീടുള്ളതുവരെ ഇടവക അതിൽ പോകുമെന്നുള്ളതുകൊണ്ടോ എങ്ങനെയാണ് ഇടവക പരിധി നിർണ്ണയിക്കുന്നത്? രണ്ടും പരസ്പര ബന്ധമുള്ളതാണ്. ഏക വിശ്വാസത്തിൽ നിലകൊള്ളാമെന്ന് സമ്മതിച്ച് ആ ഇടവക രൂപികരിച്ചവരും അതേ വിശ്വാസത്തിൽ നിൽക്കുന്ന അവരുടെ പിൻഗാമികളും അതിനടുത്ത് ഏതെല്ലാം പ്രദേശങ്ങളിലുണ്ടോ അവിടം വരെയും ഇടവകയുടെ പരിധിയാണ്. അങ്ങനെയുള്ള ഇടവകയിലാണ് വീട് Ans. ഇടവക

യുടെ പരിധി ഇങ്ങനെ എല്ലാമെന്ന് അടുത്തുള്ള പള്ളികളുടെയും മറ്റും ഇരിപ്പു കണക്കിലെടുത്ത് നിർണ്ണയിക്കുന്നത് മെത്രാപ്പോലീത്ത അല്ലേ?Q സുറിയാനി സഭയിൽ അങ്ങനെ അല്ല. Ans. ഏത് സഭയിലെ പള്ളിയായിരിക്കണമെന്നുദ്ദേശിച്ച് ആ സഭ സ്ഥാപനം ചെയ്തു. അതല്ലേ അതിന്റെ ഉടമയായിരിത്തിർക്കുന്നത്?Q നിയമവശം എനിക്കറിഞ്ഞുകൂടാ. ഒരു സ്ഥാപനോദ്ദേശ്യത്തോടുകൂടി അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ പള്ളി സ്ഥാപിക്കുകയും അതിനുവേണ്ട വസ്തുക്കൾ സമ്പാദിക്കുകയും ചെയ്തവരുടെ ഉടമസ്ഥതയിലാണ് സുറിയാനി സഭയിലെ പള്ളികളും പള്ളിവക വസ്തുക്കളും എന്നല്ലാതെ അതിന്റെ നിയമകാര്യങ്ങൾ എനിക്കറിഞ്ഞുകൂടാ. Ans. Cross by Plaintiffs in O.S. 12/77 അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കരയിലെ സഭമേൽ മേൽക്കോയ്മയും ആധിപത്യവും ഉണ്ടായിരിക്കണമെന്ന് ആഗ്രഹിച്ച് പ്രവർത്തിച്ചുവരുന്ന ഒരാളല്ലേ?Q അന്ത്യോക്യാ പാത്രിയർക്കീസിന് മുമ്പ് മുതലെ മലങ്കര സഭ മേലുള്ള ആധിപത്യവും മേൽക്കോയ്മയും അഭംഗം തുടർന്ന് പോകണമെന്ന് ആഗ്രഹിക്കുകയും അതിനായി കഴിവനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ആളാണ് ഞാൻ. Ans. മുമ്പ് മുതൽ എന്നത് മലങ്കരയിൽ സഭ സ്ഥാപിക്കപ്പെട്ടത് മുതലുള്ളതാണോ അതോ ഏതെങ്കിലും തിയതി മുതൽക്കുള്ളതാണോ?Q മലങ്കരയിൽ മേൽപട്ടക്കാരില്ലാതിരുന്ന ആ കാലത്തെ കുറിച്ചല്ല ആദ്യമായി സിറിയായിൽ നിന്ന് സിറിയൻ കുടിയേറ്റത്തോടുകൂടി വന്ന മോർ യൗസേപ്പ് മെത്രാന്റെ കാലം മുതൽ മദ്ധ്യശതകങ്ങളിൽ അവ്യക്തമായി സഭാ ചരിത്രത്തിൽ കാണുന്ന കാലഘട്ടത്തിലും 1665 മുതൽ വളരെ സ്പഷ്ടമായി കാണുന്ന കാര്യങ്ങളെയും ഉദ്ദേശിച്ചാണ് ആദി മുതലേ എന്ന് പറഞ്ഞത്. അതിനും പുറമെ മുളന്തുരുത്തി പടിയോലയിൽ നമ്മുടെ പിതാക്കന്മാർ എഴുതിവച്ച പടിയോലയിലും ഉള്ള ഒരു വാക്കാണ് ഞാൻ ഉപയോഗിച്ചത്. Ans. പാത്രിയർക്കീസിന്റെ അധികാരം ഇവിടെ സ്ഥാപിതമാക്കുന്നതിന് പുസ്തകങ്ങൾ, മാസികകൾ, ലഘുലേഖനങ്ങൾ, പ്രസംഗങ്ങൾ കേസിൽ മൊഴികൊടുക്കുക മുതലായി പല പ്രവൃത്തികളും ചെയ്തുരുന്നില്ലേ?Q പാത്രിയർക്കീസിന്റെ അധികാരം സ്ഥാപിതമാകുന്നതിനല്ല പാത്രിയർക്കീസിനുള്ള അധികാരവും മേൽക്കോയ്മയും ഈ സഭയിലെ മേൽപട്ടക്കാരും ഒന്നാം വാദിവരെയും സമ്മതിച്ചിരുന്നതിന് എതിരായി ചുറ്റുപാടുകളുടെ സമ്മർദ്ദം നിമിത്തം ചിലരിൽ നിന്നുവരുന്ന പ്രസ്താവനകൾക്ക് ആ പൂർവ്വിക ബന്ധം കാണിച്ചുകൊണ്ട് മുൻപറഞ്ഞവയെല്ലാം ഞാൻ ചെയ്തിട്ടുണ്ട്. ചെയ്യുന്നുമുണ്ട്. Ans. A.D. 52 ൽ അഥവാ മലങ്കര സഭാ സ്ഥാപനകാലത്ത് അന്ത്യോക്യായിലെ മേൽപട്ടക്കാരന് ഈ സഭ സംബന്ധിച്ച് ഉണ്ടായിരുന്ന അധികാരങ്ങളെ ഇപ്പോഴും ഉണ്ടാകാവു എന്ന് സാക്ഷിയോ സാക്ഷി അനുകൂലിക്കുന്ന വിഭാഗമോ സമ്മതിക്കുന്നതിന് തയ്യാറുണ്ടോ?Q ഇല്ല. ഒന്നാമത് അന്ന് 52 ൽ ഇവിടെ സഭ സ്ഥാപിതമായില്ല. കാരണം സഭ വേണമെങ്കിൽ ബിഷപ്പ് വേണമെന്ന് അൽപം മുമ്പ് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ഇവിടെ പ്രസ്താവിച്ചതാണ്. ബിഷപ്പിനെ മോർ തോമാശ്ലീഹാ വാഴിച്ചിട്ടില്ലാത്ത സ്ഥിതിക്ക് അന്ന് സഭ ആരംഭിച്ചു എന്ന് പറയാൻ

നിവൃത്തിയില്ല. മുന്നാമത് എ.ഡി. 52 ൽ സുറിയാനി സഭ ഇല്ല. കേവലം ഭൂമിശാസ്ത്രപരമായി ഉണ്ടായിരുന്ന പരിതഃസ്ഥിതിക്ക് 325 ൽ പരിധി നിശ്ചയിച്ചപ്പോൾ മുതലാണ് യഥാർത്ഥത്തിൽ അന്ത്യോക്യായുടെ ഭരണത്തിൽ കേരളവും വന്നത്. അന്ന് ആരംഭത്തിൽ ഉണ്ടായിരുന്ന അധികാരമല്ല ഇന്നുള്ളത് എന്നത് ഏതു കാര്യവും ആരംഭത്തിലേതുപോലെയല്ല, വളർച്ച പ്രാപിക്കുമ്പോൾ എന്നുള്ളതിനെ ആശ്രയിച്ചാണ്. Ans. Stopped for the day.

മൊഴി വായിച്ചു കേട്ടു. ശരി

Sd/-
കുര്യൻ കോർഎപ്പിസ്കോപ്പാ

Taken down by me in open court read over to the witness and admitted by him to be correct.

Sd/-
Judge 3/10/78

4/10/78 witness sworn again and cross examination continued. സാക്ഷി അംഗമായിരുന്ന മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി ഭേദഗതി വരുത്തി രൂപം കൊടുത്തിട്ടുള്ള Ex A1 അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കര സഭയുമായുള്ള ബന്ധം ക്ലിപ്തപ്പെടുത്തുന്നതിന് സാക്ഷിയൊ സാക്ഷിയെ അനുകൂലിക്കുന്നവരെ തയ്യാറാണോ?Q തയ്യാറല്ല. കാരണം ഭേദഗതി ചെയ്യുന്നതിന് മുമ്പുള്ള ഭരണഘടന ഒരു വിഭാഗത്തിന് വേണ്ടിമാത്രം ഉണ്ടാക്കപ്പെട്ടതും പാത്രിയർക്കീസുൾപെടെയുള്ള മേൽപട്ടക്കാരുടെ സ്ഥാനവും അധികാരവും ഭൂരിപക്ഷമുള്ള ഒരു ബോഡിയ്ക്ക് സാദ്ധ്യമല്ലാത്തതാകകൊണ്ടും അങ്ങനെയുള്ള ഒരു ഭരണഘടന പാത്രിയർക്കീസിനോട് എതിർത്തുള്ള നിലപാട് സ്വീകരിച്ചുകൊണ്ടിരുന്നപ്പോൾ സഭാപരമായും കാനോനികമായും പാത്രിയർക്കിസിനുള്ള അധികാരങ്ങൾ വിസ്മരിച്ച് തയ്യാറാക്കിയിട്ടുള്ളതാകയാലും ഞാൻ സൺഡേസ്കൂളിനെ പ്രതിനിധീകരിച്ച് അൽപകാലം 64 ന് ശേഷമുള്ള മാനേജിംഗ് കമ്മറ്റിയിൽ മെമ്പറായിരുന്ന കാലത്ത് പാത്രിയർക്കീസിന് നേരെ കീഴ്പെട്ട കാതോലിക്കാ ഉണ്ടായിരുന്നിട്ടുപോലും പാത്രിയർക്കീസിന്റെ അധികാരം സംബന്ധിച്ചുള്ള കാര്യങ്ങൾ വേണ്ട രീതിയിൽ ക്രമപ്പെടുത്തിയിട്ടില്ലാത്തതിനാലും ആണ് ഞാനൊ എന്റെ അഭിപ്രായഗതി ഉള്ളവരൊ അക്കാര്യം സ്വീകരിക്കുന്നില്ല എന്ന് ബോധിപ്പിക്കുവാൻ ഇടയായത്. Ans. മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ തെരഞ്ഞെടുക്കപ്പെടുന്നവരും അതിന്റെ അദ്ധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യപ്പെടുന്നവരും (വൈസ് പ്രസിഡന്റ്മാരൊഴികെ) അല്ലാതെ മറ്റ് മെമ്പർമാരുണ്ടോ?Q അത്രയേയുള്ളൂ. Ans. മുൻപറഞ്ഞ ഭരണഘടന അനുസരിച്ച് മലങ്കരസഭയും അതിലെ സ്ഥാപനങ്ങളും അതിന്റെ ഘടകങ്ങളും ഭരിക്കപ്പെടുന്നതിന് സാക്ഷിയും സാക്ഷിയുടെ അഭിപ്രായക്കാരും തയ്യാറാണോ?Q അല്ല. Ans. മലങ്കര അസ്സോസിയേഷൻ അംഗീകരിച്ചിട്ടുള്ള കാനോൻ അനുസരിച്ച് അന്ത്യോക്യാ പാത്രിയർക്കീസുമായുള്ള ബന്ധം ക്ലിപ്തപ്പെടുത്തുന്നതിന്

സാക്ഷിയും സാക്ഷിയുടെ വിഭാഗത്തിൽപെട്ടവരും തയ്യാറാണോ?Q അല്ല സഭക്ക് ഒരു കാനോനെയുള്ളു. അത് സഭാതലവൻ അംഗീകരിച്ചതായിരിക്കണം. അസ്സോസിയേഷൻ നിശ്ചയിക്കുന്നതല്ല സഭയുടെ കാനോൻ. അതുപോലെ തന്നെ മുൻ ചോദ്യത്തിലുള്ള ഭരണഘടനയും പാത്രിയർക്കീസിനാൽ ഒരിക്കലും അംഗീകരിക്കപ്പെട്ടിട്ടുള്ളതല്ല. Ans. സഭാതലവൻ അംഗീകരിച്ചിട്ടുള്ള കാനോൻ എന്നു പറഞ്ഞാൽ അദ്ദേഹം ഒപ്പും മുദ്രയും വയ്ക്കണമെന്നാണോ?Q ഉണ്ടായിരുന്നാൽ നന്ന്. ഉണ്ടായാലും ഇല്ലെങ്കിലും ഇതിനുമുമ്പുള്ള കേസുകളിൽ XVIII അക്കമെന്നും ബി.പി അക്കമെന്നും പറഞ്ഞിട്ടുള്ള ആ കാനോൻ പാത്രിയർക്കീസ് അംഗീകരിച്ചിട്ടുള്ള കാനോൻ ആണ്. XVIII അക്കമെന്നും ബി.പി. അക്കമെന്നും പറയുന്ന കാനോൻ പാത്രിയർക്കീസ് അംഗീകരിച്ചു കല്പന ഉണ്ടോ?Q കല്പനയുണ്ടോ എന്ന് എനിക്ക് പെട്ടെന്ന് ഓർമ്മയില്ല. Ans. കോടതി അംഗീകരിച്ചാൽ മാത്രം പോരാ പാത്രിയർക്കീസും പ്രത്യേകം അംഗീകരിച്ച് കല്പന കൊടുക്കണമെന്നാണോ?Q അങ്ങനെ ഞാൻ ബോധിപ്പിച്ചില്ല. പാത്രിയർക്കീസംഗീകരിച്ച കാനോനാണ് കോടതിയും അംഗീകരിച്ചതെന്നാണ് ഞാൻ ബോധിപ്പിച്ചത്. Ans. പാത്രിയർക്കീസ് അംഗീകരിച്ചാലും ഇല്ലെങ്കിലും കോടതി അംഗീകരിക്കുന്ന കാനോനനുസരിച്ച് സാക്ഷിയും സാക്ഷിയുടെ വിഭാഗക്കാരും നടക്കാൻ തയ്യാറാണോ?Q സഭയുടെ തലവൻ അംഗീകരിക്കാത്തതും ഇതിന് മുമ്പുള്ള പഴയ കേസിൽ ബഹുമാനപ്പെട്ട കോടതി അംഗീകരിച്ചിട്ടുള്ളതും ആയ കാനോന് വിരുദ്ധമായി ഒരു കോടതിയും ഒരു നിലപാട് എടുക്കുമെന്ന് എനിക്ക് വിശ്വാസമില്ല. ആ സ്ഥിതിക്ക് സങ്കല്പത്തിന്മേലുള്ള ചോദ്യത്തിന് മറുപടി ബോധിപ്പിക്കുവാൻ നിവൃത്തിയില്ല. Ans. പാത്രിയർക്കീസ് അംഗീകരിക്കാത്ത ഒരു കാനോൻ ശരിയാണെന്ന് കോടതി വിധിക്കുന്ന പക്ഷം അതംഗീകരിക്കാൻ തയ്യാറാണോ?Q ഉത്തരം ഒരു വാക്കിൽ പറയാൻ പറ്റുകയില്ല. സഭാപരമായി പാത്രിയർക്കീസംഗീകരിച്ച കാനോനനുസരിച്ച് നടക്കുകയും സിവിൽ കാര്യങ്ങളിൽ കോടതി അംഗീകരിച്ച കാനോൻ അനുസരിച്ച് പോകാൻ നിർബന്ധിതരാകുകയും ചെയ്യും. Ans. സഭാ കാര്യങ്ങൾ അപ്രകാരം നടക്കാൻ സാക്ഷിയും സാക്ഷിയുടെ ഭാഗത്തുള്ളവരും തയ്യാറാണോ?Q പറഞ്ഞതിൽ കൂടുതൽ അതേപ്പറ്റി പറയാൻ ഇല്ല. Ans. സഭാ കാര്യത്തിൽ കോടതി അംഗീകരിക്കുന്ന കാനോൻ അനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ എന്നാണ് ചോദ്യം?Q സഭാ കാര്യങ്ങളിൽ പാത്രിയർക്കീസ് അംഗീകരിച്ച കാനോൻ അനുസരിച്ചായിരിക്കും പ്രവർത്തിക്കുന്നത്. Ans. സഭാ കാര്യങ്ങളിൽ പാത്രിയർക്കീസ് അംഗീകരിക്കാത്ത ഒരു കാനോൻ കോടതി ശരിയാണെന്ന് അംഗീകരിച്ചാൽ അതനുസരിച്ച് സാക്ഷിയും ആ വിഭാഗത്തിൽ പെട്ടവരും നടക്കാൻ തയ്യാറാണോ?Q കാനോന്റെ കാര്യത്തിൽ കോടതിയോടുള്ള സർവ്വ ബഹുമാനവും വച്ചുകൊണ്ടു തന്നെ പാത്രിയർക്കീസംഗീകരിക്കാത്ത കാനോനനുസരിച്ച് മുന്നോട്ട് പോകയില്ല. Ans. മലങ്കര അസ്സോസിയേഷൻ എന്നത് മലങ്കരയിലെ ഇടവകയിലെ പള്ളികളിൽ യോഗം കൂടി പ്രതിനിധികളെ തെരഞ്ഞെടുത്ത് ഇടവകകൾക്കുവേണ്ടി അഭി

പ്രായം പറയുന്നതിനും സമ്മതം കൊടുക്കുന്നതിനും അധികാരപ്പെടുത്തപ്പെട്ട പ്രതിപുരുഷന്മാരുൾപ്പെട്ട സംഘമാണെന്നറിയാമോ?Q അറിയാം. Ans. പരിശുദ്ധനെന്ന് സാക്ഷി സമ്മതിച്ചിട്ടുള്ള പരുമല മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഉപയോഗിച്ചിരുന്ന കാനോൻ അനുസരിച്ച് അന്ത്യോക്യാ പാത്രിയർക്കീസും മലങ്കരയുമായുള്ള ബന്ധം വ്യവസ്ഥപ്പെടുത്തുന്നതിന് സാക്ഷിയും സാക്ഷിയുടെ വിഭാഗത്തിൽ നിൽക്കുന്നവരും തയ്യാറാണോ?Q ആ പരിശുദ്ധ പിതാവ് ഉപയോഗിച്ചുകൊണ്ടിരുന്ന കാനോൻ ഈ ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കുകയും അദ്ദേഹം ഉപയോഗിച്ചിരുന്നതാണെന്ന് അനിഷേദ്ധ്യമായി തെളിയിക്കുകയും ചെയ്യുമെങ്കിൽ ആ കാനോനും പാത്രിയർക്കീസ് അംഗീകരിച്ചിട്ടുള്ള കാനോനും ഒരുമിച്ച് വച്ച് ഒത്തുനോക്കിയതിന്റെ ശേഷം രണ്ടും ഒരുപോലെ എങ്കിൽ അതംഗീകരിക്കും. അതിനും പുറമെ പഴയ കേസെന്ന് ഞാൻ ബോധിപ്പിച്ച നവീകരണക്കാരുമായിട്ടുള്ള കേസിൽ കാനോൻ ഹാജരാക്കിയപ്പോൾ പരിശുദ്ധനായ പരുമല തിരുമേനി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നുവെന്ന് പറയപ്പെടുന്ന ആ കാനോനിൽനിന്നും വ്യത്യസ്തപ്പെട്ട ഒരു കാനോനും കോടതിയിൽ ഹാജരാക്കുവാൻ അധികാരത്തെക്കാൾ കൂടുതൽ ഭക്തിയെ കരുതിയിരുന്ന ആ പിതാവ് സമ്മതിക്കുകയില്ലായിരുന്നു. അതിനാൽ പാത്രിയർക്കീസിന്റെ അനുമതിയുള്ള കാനോനും അദ്ദേഹം ഉപയോഗിച്ചിരുന്ന കാനോനും ഒരുപോലെ ഉള്ളതാണെന്നെ ബോധിപ്പിക്കുവാൻ നിവൃത്തിയുള്ളൂ. Ans. പാത്രിയർക്കീസിന്റെ ഒപ്പും മുദ്രയും ഉള്ള കാനോൻ മാത്രമെ അംഗികരിക്കയുള്ളൂ എന്ന് സാക്ഷി മുൻപ് ഒരു കേസിൽ മൊഴികൊടുത്തിട്ടുണ്ടോ?Q ഏത് കേസിലാണെന്ന് എനിക്കോർമ്മയില്ല വിസ്തരിച്ചത് വായിച്ച് കേട്ടാൽ പറയാം. Ans. കൊട്ടാരക്കര സബ് കോടതിയിൽ O.S 37/74 (O.S. 170/71 ഇവിടെ) ൽ വാദിഭാഗം 8-ാം സാക്ഷിയായി വിസ്തരിച്ചപ്പോൾ പാത്രിയർക്കീസ് ബാവായുടെ ഒപ്പും മുദ്രയും ഉണ്ടായാലെ ആ കാനോന് അംഗീകാരമുള്ള എന്ന് പറഞ്ഞിട്ടില്ലേ?Q അങ്ങനെ പറഞ്ഞിട്ടുണ്ട്. അതിനെകുറിച്ച് ആ മൊഴി നോക്കി എനിക്ക് ബോധിപ്പിക്കാനുണ്ട്. അതിന് അനുവദിച്ചിട്ടില്ലാത്ത സ്ഥിതിക്ക് അവിടെ പറഞ്ഞിരിക്കുന്നത് E.B. 44 എന്ന പാരീസ് കാനോനെ കുറിച്ചാണ്. അതിൽ പാത്രിയർക്കീസ് ബാവായുടെ ഒപ്പും മുദ്രയും ഇല്ലെന്നും അതില്ലാതെ അത് സ്വീകരിക്കാൻ നിവൃത്തിയില്ലെന്നുമാണ് പറഞ്ഞിരിക്കുന്നത്. Ans. സാക്ഷിയുടെ ഗുരു കാലം ചെയ്ത ഔഗേൻ മോർ തിമോത്തിയോസ് മെത്രാപ്പോലീത്ത മലങ്കര മെത്രാപ്പോലീത്ത ആയിരുന്നോ ഏതെങ്കിലും കാലത്ത്?Q എന്റെ അഭിവന്ദ്യ ഗുരുവായിരുന്ന ഔഗേൻ മോർ തിമോത്തിയോസ് മെത്രാപ്പോലീത്താ ഒരു കാലത്തും മലങ്കര മെത്രാപ്പോലീത്ത ആയിരുന്നില്ല. എന്നാൽ 1964 ൽ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ കാതോലിക്കായായി വാഴിച്ച ശേഷം ബസേലിയോസ് ഔഗേൻ പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നിട്ടുണ്ട്. Ans. അദ്ദേഹത്തിന് മുമ്പ് മലങ്കര മെത്രാപ്പോലീത്ത ആരായിരുന്നു?Q അതിന് മുമ്പ് പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തയും ഗീവറുഗീസ് ദ്വിതീയൻ കാതോ

ലിക്കാ ബാവായും മലങ്കര മെത്രാപ്പോലീത്താമാരാണെന്ന് വാദിച്ച് അവസാനം സുപ്രീം കോടതിയിൽ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കയാണ് എന്ന് വിധിച്ചതായി കേട്ടിട്ടുണ്ട്. Ans. മലങ്കര മെത്രാപ്പോലീത്ത ആയിരുന്നോ?Q ഞാൻ അംഗീകരിക്കുന്ന മലങ്കര മെത്രാപ്പോലീത്ത അല്ലായിരുന്നു. കാരണം 1964 നു മുമ്പായിരുന്നു. Ans. 1958 ഡിസംബറിൽ മലങ്കര മെത്രാപ്പോലീത്ത ആരായിരുന്നു?Q കോടതി വിധിയനുസരിച്ച് അദ്ദേഹം ആയിരുന്നു. പാത്രിയർക്കീസ് ബാവാ ആ രീതിയിലല്ല അദ്ദേഹത്തെ സ്വീകരിച്ചത്. Ans. 1958 ഡിസംബറിൽ മലങ്കര മെത്രാപ്പോലീത്തയായി സാക്ഷി ആരെയാണ് അംഗീകരിച്ചിരുന്നത്?Q എനിക്കാരെയും അംഗീകരിക്കേണ്ടി വന്നിട്ടില്ല. Ans. മലങ്കര അസ്സോസിയേഷൻ യോഗത്തിന്റെ പ്രസിഡന്റ് സാധാരണയായി എല്ലാ കാലത്തും മലങ്കര മെത്രാപ്പോലീത്തയാണ്. 1958 ഡിസംബറിൽ മലങ്കര മെത്രാപ്പോലീത്തയായും മലങ്കര അസ്സോസിയേഷൻ പ്രസിഡന്റായും ബസേലിയോസ് ഗീവർഗീസ് ദ്വിതീയനെ അംഗീകരിച്ച് സാക്ഷി പ്രതിജ്ഞാപത്രം സമർപ്പിച്ചിട്ടില്ലേ?Q പുത്തൻകാവുയോഗത്തിന് ഡിസംബർ 26-ാം തീയതി പോകുന്നതിന് ഡിസംബർ 16 നു ശേഷം കിട്ടിയ ഒരു ഫാറത്തിൽ ഒപ്പു വയ്ക്കുകയും അസ്സോസിയേഷൻ യോഗത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. Ans. അതാണ് Ex. A. 214 മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രസിഡന്റ് മലങ്കര മെത്രാപ്പോലീത്തയുമായ മോറാൻ മോർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് എന്ന് Ex. A. 214 ൽ അച്ചടിച്ചിട്ടുണ്ട്. അതോടനുബന്ധിച്ച് ഒരു കാര്യവും കൂടി ബോധിപ്പിക്കാനുണ്ട്. പാത്രിയർക്കീസ് ബാവാ കാതോലിക്കാ ബാവായെ അംഗീകരിച്ചതിന്റെ വെളിച്ചത്തിൽ ഞാനും എന്നെപ്പോലുള്ളവരും ആ യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങിയിട്ടുണ്ട് എന്നാൽ പാത്രിയർക്കീസ് ഭരണഘടനയെയും മറ്റും അംഗീകരിക്കുന്നില്ലാ എന്ന് രണ്ടോ മൂന്നോ മാസങ്ങൾക്ക് ശേഷം ആ കാതോലിക്കാ ബാവായ്ക്ക് എഴുതിയതിനുശേഷം സഭയിൽ നിലവിലിരുന്ന തർക്കങ്ങൾക്ക് തീരുമാനം ഒന്നും ആകാത്ത ആ സന്ദർഭത്തിൽ പിന്നീട് 1964 ൽ പാത്രിയർക്കീസ് ഔഗേൻ കാതോലിക്കാ ബാവായെ വാഴിച്ചു കഴിയുന്നതുവരെയും അതുപോലെയുള്ള അസ്സോസിയേഷൻ ഒന്നിനും ഞാൻ സംബന്ധിച്ചിട്ടില്ല. Ans. പൗലോസ് അത്തനാസ്യോസ് മെത്രാപ്പോലീത്ത കാലം ചെയ്തത്. 1953 ൽ ആണെന്നാണ് എന്റെ ഓർമ്മ. അതിനുശേഷം റൈവൽ മലങ്കര മെത്രാപ്പോലീത്ത ഉണ്ടായിരുന്നോ?Q റൈവൽ മലങ്കര മെത്രാപ്പോലീത്ത ഇല്ലായിരുന്നു. കാരണം ആരും അംഗീകൃത മെത്രാപ്പോലീത്ത അല്ലാതെ കേസിൽ ഇരിക്കുകയായിരുന്നു. അങ്ങനെ ഇരിക്കെ പാത്രിയർക്കീസ് വിഭാഗക്കാർ മോർ ക്ലീമിസ് മെത്രാപ്പോലീത്തയെ മലങ്കര മെത്രാപ്പോലീത്ത ആയി തെരഞ്ഞെടുത്തിട്ടുണ്ട്. Ans. അദ്ദേഹത്തിനാണ് ശരിയായ മലങ്കര മെത്രാപ്പോലീത്ത എന്ന് സാക്ഷിയും ആ വിഭാഗക്കാരും അവകാശപ്പെട്ടിരുന്നില്ലേ?Q ഉവ്വ്. Ans. മലങ്കര മെത്രാപ്പോലീത്തയായി ബസേലിയോസ് ഗീവർഗീസ് ദ്വിതീയനെ പാത്രിയർക്കീസ് അംഗീകരിച്ചിരുന്നില്ല. കാതോ

ലിക്കായായി മാത്രമെ അംഗീകരിച്ചിരുന്നുള്ളു എന്ന് ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. ആ കാര്യം അന്നേ സാക്ഷിക്കറിവുള്ളതാണോ?Q അറിവുള്ളതാണ്. Ans. എന്നിട്ടും E.A. 214 അക്കത്തിൽ സാക്ഷിയും ഇടവകക്കാരും സ്വീകരിച്ചിരുന്നില്ലേ?Q എന്നിട്ടും അങ്ങനെ ചെയ്യുകയല്ല ചെയ്തത്. പാത്രിയർക്കീസ് അംഗീകരിച്ച കാതോലിക്ക വിളിച്ചു കൂട്ടിയ ഒരു യോഗത്തിന് പോയെന്നുള്ളതിന് അപ്പുറമായി ആ ഫാറത്തിൽ ഒപ്പിട്ടതിൽ മറ്റൊരു കാരണവും ഇല്ല. മലങ്കര മെത്രാപ്പോലീത്ത എന്നുള്ള നിയമവശം നോക്കിക്കൊണ്ടല്ല ഫാറത്തിൽ ഒപ്പിട്ടത്. Ans. Ex. A. 214 ന്റെ അടിസ്ഥാനത്തിൽ പുത്തൻകാവിൽ നടന്ന യോഗത്തിൽ അഡ്മിഷൻ ടിക്കറ്റ് വാങ്ങി പ്രവേശിച്ച് യോഗത്തിൽ പങ്കെടുത്തിട്ടുണ്ട്. ആ യോഗത്തിൽ മലങ്കര സഭ വൈദിക ട്രസ്റ്റിയായി മണലിൽ ജേക്കബ് കത്തനാരെയും അൽമായ ട്രസ്റ്റിയായി കുര്യൻ ഏബ്രഹാമിനെയും ഐകകണ്ഠേന തെരഞ്ഞെടുത്തോ?Q എന്നാണ് ഓർമ്മ. Ans. അവരെ സഭാ വൈദിക ട്രസ്റ്റിയും അൽമായ ട്രസ്റ്റിയും ആയി അന്നു മുതൽ സാക്ഷി കരുതിപ്പോന്നില്ലേ?Q ഞാൻ കരുതിപോന്നിരുന്നു. Ans. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്ത ആയി തെരഞ്ഞെടുത്തത് 1934 ൽ (1110 M.E) ൽ ആണോ?Q എനിക്കറിഞ്ഞുകൂടാ. 110 ൽ കാതോലിക്കായെ അനുകൂലിക്കുന്ന വിഭാഗക്കാർ എം.ഡി.യിൽ യോഗം ചേർന്ന് അദ്ദേഹത്തെ അവരുടെ മലങ്കര മെത്രാപ്പോലീത്ത ആയി തെരഞ്ഞെടുത്തതായി കേട്ടിട്ടുണ്ട്. അദ്ദേഹമാണ് ശരിയായ മലങ്കര മെത്രാപ്പോലിത്ത എന്ന് സുപ്രീം കോടതി തീരുമാനിച്ചിട്ടില്ലേQ ഉണ്ട്. ചില നിയമവശങ്ങൾ മൂലം അങ്ങനെ സ്വീകരിച്ചതായി അറിയാം. Ans. ഗീവർഗീസ് ദ്വിതീയന് മുമ്പ് മലങ്കര മെത്രാപ്പോലീത്ത ആരായിരുന്നു?Q ഗീവറുഗീസ് ദിവന്നാസ്യോസ് മെത്രാപ്പോലീത്ത മുടക്കപ്പെടുന്നതുവരെ അദ്ദേഹവും അതിനുശേഷം മോർ പൗലോസ് കുറിലോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ നിര്യാണശേഷം പൗലോസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്തയും മോർ ഗീവറുഗീസ് ദിവന്നാസ്യോസിന്റെ മുടക്ക് തീർത്ത ശേഷം വീണ്ടും അദ്ദേഹവും മലങ്കര മെത്രാനായിരുന്നു. Ans. ആര് എന്ന് അദ്ദേഹത്തിന്റെ മുടക്ക് തീർത്തും 1106 മീനമാസത്തിൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തി ആലുവാ സെമിനാരിയിൽ താമസിച്ചുകൊണ്ടിരുന്നപ്പോഴാണ് മുടക്ക് തീർത്തത് എന്നാണ് എന്റെ അറിവ്. Ans. അതുവരെ അദ്ദേഹത്തെ നിങ്ങൾ മലങ്കര മെത്രാപ്പോലീത്ത ആയി സ്വീകരിച്ചിരുന്നില്ലന്നാണോ?Q മുടക്ക് ഏറ്റശേഷം മുടക്ക് തീർക്കുന്നതുവരെ മലങ്കര മെത്രാപ്പോലീത്ത ആയി സ്വീകരിച്ചിരുന്നില്ല എന്നാണ് ഓർമ്മ. Ans. സാക്ഷി സ്വീകരിച്ചിരുന്നില്ലേ?Q106 വരെ ഞാൻ സ്വീകരിച്ചിട്ടില്ല. 103 ൽ ഗീവർഗീസ് ദിവന്നാസ്യോസിന്റെ മേലുണ്ടായി എന്ന് പറയുന്ന മുടക്ക് അസാധുവാണെന്ന് ഹൈക്കോടതി തീരുമാനിച്ചിട്ടില്ലേ?Q എനിക്ക് അക്കാലത്തെ വിധികളെപ്പറ്റി അറിയില്ല. ഉണ്ടായിരിക്കാം. മുളന്തുരുത്തി സുന്നഹദോസ് കഴിഞ്ഞതിനു ശേഷമുള്ള കേസുകളും മറ്റ് സഭാ കാര്യങ്ങളും ശരിയായി ഞാൻ നോക്കി

പഠിച്ച് വച്ചിട്ടില്ല എന്ന് മുമ്പ് ഞാൻ ഇവിടെ ബോധിപ്പിച്ചിട്ടുണ്ട്. Ans. തിരുവിതാംകൂർ ഹൈക്കോടതി അങ്ങനെ വിധിച്ചിരുന്നാൽ തന്നെ അത് സാക്ഷിയും ആ വിഭാഗക്കാരും സ്വീകരിച്ചിട്ടില്ലെന്നാണോ പറയുന്നത്?Q പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. പാത്രിയർക്കീസ് മുടക്കു തീർക്കുന്നതുവരെയും മുടക്കപ്പെട്ടവനായിട്ടുതന്നെയാണ് അദ്ദേഹത്തെ വിചാരിച്ചിരുന്നത്. അദ്ദേഹം എഴുതിയ *മതസംഗതി* അഥവാ *മതോപദേശസാരം* എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് അങ്ങനെയെ നിവൃത്തിയുള്ളു. Ans. ഗീവർഗീസ് ദിവന്നാസ്യോസും ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായും ബസേലിയോസ് ഔഗേൻ കാതോലിക്കായും കുറെ കാലത്തേക്കെങ്കിലും മലങ്കര മെത്രാപ്പൊലീത്തമാർ ആയിരുന്നുവെന്ന് സമ്മതിക്കുന്നുണ്ടോ?Q മോർ ഗീവറുഗീസ് ദിവന്നാസ്യോസ് മുടക്കുന്നതിന് മുമ്പും മുടക്ക് തീർത്തശേഷവും മോർ ബസേലിയോസ് ഔഗേൻ ബാവാ 1964 നു ശേഷവും മലങ്കര മെത്രാപ്പോലീത്തമാരായിരുന്നു എന്ന് ഞാൻ സമ്മതിക്കുന്നു. കോടതി വിധിപ്രകാരം 1958 ഡിസംബറിൽ മോർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ ആണെന്ന് സുപ്രീം കോടതി വിധിക്കുക ഉണ്ടായി. പാത്രിയർക്കീസംഗീകരിച്ച കാതോലിക്കാ എന്ന നിലയിൽ അദ്ദേഹം വിളിച്ചു കൂട്ടിയ പുത്തൻകാവുയോഗത്തിൽ പോകുന്നതിന് അച്ചടിച്ച ഫാറത്തിൽ ഞാൻ ഒപ്പിട്ടു എന്നുള്ള രീതിയിൽ അൽപകാലത്തേക്ക് അദ്ദേഹത്തെയും ഈ ഒപ്പിട്ടതുമൂലം സ്വീകരിക്കാൻ ഇടയായിട്ടുണ്ട്. Ans. ഈ മൂന്നു മലങ്കര മെത്രാപ്പോലീത്തമാരും ഉപയോഗിച്ചിരുന്ന കാനോൻ പ്രകാരം അന്ത്യോക്യാ പാത്രിയർക്കീസിന് ക്ലിപ്തപ്പെടുത്തിയിട്ടുള്ള പരമ്പരാഗത ബന്ധം സ്വീകരിക്കാൻ തയ്യാറാണോ?Q മലങ്കര മെത്രാന്മാർ സ്വീകരിച്ചിരുന്നോ ഇല്ലയോ എന്നുള്ളതല്ല കാനോൻ സ്വീകരിക്കുന്നതിന്റെ മാനദണ്ഡം. മുമ്പ് ബോധിപ്പിച്ചിരുന്നതുപോലെ അവർ ഉപയോഗിച്ചിരുന്ന കാനോൻ ഏതാണെന്ന് തെളിയിച്ചിട്ട് ഒത്ത് നോക്കിയാലേ പറയാൻ നിവൃത്തിയുള്ളു. നവീകരണക്കാരുമായുള്ള കേസിൽ യാക്കോബായക്കാരുടെ അംഗീകൃത കാനോനായ Ex XVIII ന്റെ നിജസ്ഥിതിയെ മറുത്ത് പണ്ഡിതനായ ഗീവർഗീസ് ദിവന്നാസ്യോസ് മുടക്കപ്പെടുന്നതുവരെയും ഒന്നും പറഞ്ഞിട്ടുള്ളതായി ഞാൻ വായിച്ചിട്ടില്ല. ആ സ്ഥിതിക്ക് ആരെല്ലാം ഉപയോഗിച്ചാലും ഉപയോഗിച്ചില്ലെങ്കിലും പാത്രിയർക്കീസ് അംഗീകരിച്ച കാനോനാണ് ശരിയായ കാനോൻ എന്ന് ഞാൻ വിശ്വസിക്കുന്നു. Ans. സുപ്രീം കോടതി വിധി Ex A 18 അനുസരിച്ച് അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കര സഭയുമായുള്ള ബന്ധം ക്ലിപ്തപ്പെടുത്തുന്നതിന് സാക്ഷിയും അനുകൂലികളും സമ്മതമാണോ? സുപ്രീം കോടതിയിൽ കേസ് അവതരിപ്പിച്ച അഡ്വക്കേറ്റുമാരുടെ വാദത്തിന്റെ വെളിച്ചത്തിൽ മാത്രം ഉള്ള ഒരു തീരുമാനം കൊണ്ട് സഭയിൽ ചരിത്രപരവും സഭാപരവുമായ യാഥാർത്ഥ്യങ്ങൾ ഇല്ലാതാവുകയില്ല. ആ വിധി എനിക്ക് ശരിക്കറിഞ്ഞുകൂടാത്തതുകൊണ്ട് അതനുസരിച്ച് നടക്കാൻ തയ്യാറാണോ അല്ലയോ എന്ന് പറയാൻ എനിക്കറിഞ്ഞുകൂടാ. Ans. Ex B 74 ജഡ്ജ്മെന്റിൽ മലങ്കര മെത്രാപ്പോലീത്താൻ Is entitled to the spiri-

tual and temporal Government of the local church എന്ന് പറഞ്ഞു കാണുന്ന തത്വം സാക്ഷിയും അനുകൂലികളും സ്വീകരിക്കാൻ തയ്യാറാണോ? അദ്ദേഹം മെത്രാപ്പോലീത്ത ആകയാൽ Spiritual അധികാരം അദ്ദേഹത്തിന് മലങ്കര മെത്രാൻ ആകുന്നതിന് മുമ്പുണ്ട്. ആ സ്ഥിതിക്ക് Spiritual Government ന് അദ്ദേഹത്തിന് അവകാശമുണ്ട്. Temporal Government കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, വസ്തുക്കളുടെ ഭരണമാണ്. മലങ്കര മെത്രാൻ ട്രസ്റ്റി എന്ന നിലയിൽ അതും അദ്ദേഹത്തിനുണ്ട്. അതാണ് Spiritual and temporal Government അദ്ദേഹത്തിനുണ്ട് എന്ന് പറയുന്നത്. അത് മറ്റ് മെത്രാന്മാരുടെമേലുള്ള ഭരണമൊന്നുമല്ല. Ans. പ്രാദേശിക സഭയുടെ ആത്മീയവും ലൗകികവുമായ ഭരണാധികാരം മലങ്കര മെത്രാപ്പോലീത്തയിൽ നിക്ഷിപ്തമാണെന്ന് തിരുവിതാംകൂർ റോയൽ കോടതി കേസിൽ പറഞ്ഞിരിക്കുന്നത് പൂർണ്ണമായി അംഗീകരിക്കുന്നില്ലെന്നാണോ?Q മുൻപ് ഞാൻ ബോധിപ്പിച്ച അർത്ഥത്തിൽ ഞാൻ സ്വീകരിക്കുന്നു. പിന്നീട് അതിൽ വ്യത്യസ്തപ്പെട്ട വിധികൾ വല്ലതും ഉണ്ടായിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞകൂടാ. ഇത്രയുമെ എനിക്കതിനെക്കുറിച്ച് പറയാൻ ഉള്ളൂ. Ans. local church എന്ന് വച്ചാൽ മലങ്കര സഭ, ആ മലങ്കര സഭ മുഴുവന്റെയും ആത്മീയ ലൗകിക ഭരണാധികാരം അതത് കാലത്തെ മലങ്കര മെത്രാപ്പോലീത്തയ്ക്കാണെന്ന് സാക്ഷിയും അനുകൂലികളും സമ്മതിക്കുമോ?Q ആ വിധിയുടെ കാലത്ത് മലങ്കരയിൽ ഒറ്റ മെത്രാപ്പോലീത്ത മാത്രം ഉള്ളതും സഭയ്ക്ക് സ്വത്തുള്ളതും ആയിരുന്നതിനാൽ അന്നത്തെ സ്ഥിതിക്ക് അങ്ങനെ മലങ്കര ഇടവകയുടെ മെത്രാൻ എന്നുള്ള നിലയിൽ മുമ്പ് ഞാൻ ബോധിപ്പിച്ച തരത്തിൽ അധികാരം ഉണ്ടായിരുന്നു. വേറെ മെത്രാൻമാരും മറ്റും ഇല്ലാതിരുന്ന സ്ഥിതിക്ക് Ans. പ്രാദേശിക സഭയുടെ ലൗകിക ഭരണം എന്നു വെച്ചാൽ ട്രസ്റ്റി എന്നു മാത്രമെ സാക്ഷി മനസ്സിലാക്കുന്നോള്ളോ?Q എന്നു മാത്രമാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം മറ്റുള്ളതിന്റെ എല്ലാം ഉടവസ്ഥന്മാർ വേറെയാണ്. Ans. പ്രാദേശിക സഭയുടെ ലൗകിക ഭരണം എന്നു പറഞ്ഞാൽ പ്രാദേശിക സഭയുടെ ഘടകങ്ങൾ എല്ലാത്തിന്റെയും ഭരണം എന്നല്ലേ?Q അല്ല. പ്രാദേശിക സഭയുടെ ലൗകിക ഭരണം എന്നാൽ പ്രാദേശിക സഭയുടെ സ്വത്തിന്റെ ഭരണം എന്നു മാത്രമാണ്. ഘടകത്തിന്റെ ലൗകിക ഭരണമല്ല. Ans. മുളന്തുരുത്തി സുന്നഹദോസ് കഴിഞ്ഞ് പത്രോസ് പാത്രിയർക്കീസ് മലയാളത്തിൽ നിന്ന് പോകുന്നതിന് മുമ്പ് പല ഭദ്രാസനങ്ങളായി വിഭജിച്ചു. അത് മലയാള വർഷം 1052 നു മുമ്പാണ്. 1054 ൽ ആലപ്പുഴ ജില്ലാക്കോടതിയിൽ 439-ാം നമ്പ്രായുണ്ടായ കേസിന്റെ അവസാനവിധിയാണ് Ex B 74 Ex B 74 നു അടിസ്ഥാനമായ കേസ് ഭദ്രാസന വിഭജനത്തിന് ശേഷമാണ് ഉണ്ടായത്. Ex B 110 (കൊച്ചിൻ റോയൽ കോർട്ട് വിധിയിൽ) the plaint churches and properties are therefore subject to the spiritual, temporal and eclesiastical jurisdiction of the I[st] plaintiff as the metropolitan of malankara for the time being എന്നു പറഞ്ഞു കാണുന്നുണ്ടല്ലോ മലങ്കര മെത്രാപ്പോലീത്തക്ക് ആ നിലക്ക് മലങ്കര സഭയിലെ ഇടവക പള്ളികളിന്മേലും അതുകളുടെ സ്വത്തുക്കളിന്മേലും ആത്മീയ ലൗകി

കകളുടെ സ്വത്തുക്കളിന്മേലും ആത്മീയ ലൗകിക വൈദിക ഭരണാധികാരം ഉണ്ട് എന്ന് സാക്ഷിയും അനുകൂലികളും സമ്മതിക്കുന്നുവോ?Q ആ വിധിയിൽ അങ്ങനെ കാണുന്നുണ്ട്. അത് ആ പള്ളിയുടെ പ്രത്യേകത വല്ലതും കൊണ്ടാണോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. പള്ളികളുടെ ഉടമസ്ഥാവകാശം ഇടവക ക്കാർക്കാണെന്നാണ് എന്റെ വിശ്വാസം. Ans. Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

5/10/78 Witness sworn again and cross examination continued സഭ സംബ ന്ധിച്ച് ഞാൻ മൊഴി കൊടുത്തിട്ടുള്ള കേസുകളിൽ ഞാൻ പാത്രിയർക്കീസ് ഭാഗം സാക്ഷിയായിരുന്നു. ഇതിന് മുമ്പ് മൂന്ന് കേസുകളിൽ അങ്ങനെ മൊഴി കൊടുത്തിട്ടുണ്ട്. Ans. ആ കേസുകളെല്ലാം പാത്രിയർക്കീസ് ഭാഗത്തേക്ക് ദോഷമായിട്ടല്ലേ വിധിച്ചിട്ടുള്ളത്?Q ആർത്താറ്റ് കേസ് ദോഷമായി. പത്തനംതിട്ട, കൊട്ടാരക്കര കോടതികളിലെ കേസുകളുടെ വിധി അനുകൂലമല്ലായിരുന്നു. ഇപ്പോൾ അത് എങ്ങനെ ഇരിക്കുന്നു എന്ന് എനിക്ക് നിശ്ചയമില്ല. Ans. എനിക്ക് മലങ്കര മൽപാൻ സ്ഥാനം സുറിയാനി ഭാഷയിലുള്ള എന്റെ അറിവിന്റെ വെളി ച്ചത്തിൽ മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തന്നതാണ്. ഇക്കഴിഞ്ഞ മേയ് മാസത്തിലാണ് തന്നത്. ഭിന്നതകൾ ഉണ്ടാക്കാൻ മൽപാൻമാർക്കുള്ള പ്രവിണത ഒന്ന് പ്രത്യേകമാണെന്ന് സാക്ഷിക്ക് അഭിപ്രായമുണ്ടോQ ഉണ്ട്. കാരണം പത്രോസ് പാത്രിയർക്കീസ് ബാവായുടെ കാലത്ത് ഭിന്നതകൾ ഉണ്ടാകുന്നതിന് ശ്രമിച്ചത് അബ്രഹാം മൽപാനാണ്. പിന്നീടും പല സന്ദർഭങ്ങളിലും ഭിന്നതകളുടെ കാര്യത്തിൽ മൽപാൻ സ്ഥാനം ഉള്ളവർ ഗുണത്തിനായും ദോഷത്തിനായും പ്രവർത്തിച്ചിട്ടുണ്ട്. Ans. സാക്ഷിക്ക് മൽപാൻ സ്ഥാനം തന്നത് പാത്രിയർക്കീസ് നേരിട്ടുള്ള അറിവ് വച്ച് തന്ന താണോ ഇവിടെയുള്ള പാത്രിയർക്കീസനുഭാവികളുടെ ശുപാർശയനുസരിച്ച് തന്നതാണോ?Q അദ്ദേഹം റമ്പാനായിരുന്ന കാലം മുതൽ എന്റെ സുറിയാനി ഭാഷാ ജ്ഞാനം അദ്ദേഹത്തിന് നല്ലപോലെ അറിയാമായിരുന്നതുകൊണ്ട് ഇതിന് മുമ്പും അദ്ദേഹം എനിക്ക് മെഡൽ തരികയും അദ്ദേഹത്തിന്റെ പൂർവ്വി കനായിരുന്ന മോർ അപ്രേം പാത്രിയർക്കീസ് ബാവായും എനിക്ക് മെഡൽ തരുകയും ചെയ്തിട്ടുണ്ട്. എന്നെ ശരിക്കറിയാമായിരുന്നതുകൊണ്ട് അദ്ദേഹം തന്നെയാണ് എനിക്ക് മലങ്കര മൽപാൻ സ്ഥാനം തന്നത്. Ans. മൽപാൻ സ്ഥാനലബ്ധിക്ക് ശേഷം സാക്ഷിക്ക് സഭാ സംബന്ധമായുണ്ടായിരുന്ന അഭി പ്രായങ്ങൾ മിക്കതും മാറ്റിയിട്ടില്ലേ? ഒരിക്കലും മാറ്റിയിട്ടില്ലെന്ന് മാത്രമല്ല ഏതെങ്കിലും സ്ഥാനലബ്ധിക്കുവേണ്ടി ഓടി നടക്കുകയൊ സ്ഥാനത്തിന്റെ പേരിൽ അഭിപ്രായം മാറുകയൊ എന്റെ സ്വഭാവത്തിൽ പെട്ടതല്ല. പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തോടുള്ള ഭക്തി എന്റെ പൂർവ്വികരിൽ നിന്ന് എനിക്കു ലഭിച്ചിട്ടുള്ളതും എന്റെ നിസ്സാരമായ പഠനം കൊണ്ട് ഉറപ്പിക്കപ്പെ ട്ടിട്ടുള്ളതും അന്ത്യോക്യാ സിംഹാസനത്തിന് കീഴ്പെട്ടതിന് എന്റെ വന്ദ്യ ഗുരുവിൽ നിന്ന് എനിക്ക് കിട്ടിയിട്ടുള്ളതും ആണ്. Ans. വന്ദ്യ ഗുരു എന്നതാ

രാണ്?Q ഈ കേസിലെ ഒന്നാം വാദി. Ans. അന്ത്യോക്യാ സിംഹാസനത്തോടുള്ള ഭക്തിയും വിശ്വാസവും മാറിയില്ലായിരുന്നെങ്കിലും ഒരു സന്ദർഭത്തിൽ ചുറ്റുപാടുകളുടെ വെളിച്ചത്തിൽ അൽപകാലത്തേക്ക് ആ സ്ഥിതിയിൽ നിന്ന് മാറി നിന്നു എന്ന് എന്റെ ക്രോസ് വിസ്താരത്തിന്റെ ഒന്നാം ദിവസം തന്നെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. Ans. അന്ത്യോക്യാ സിംഹാസനത്തോടുള്ള ഭക്തിയും വിശ്വാസവും നിലനിർത്തിക്കൊണ്ടാണോ റോമാ സഭയിൽ ചേർന്നിരുന്നത്?Q അതെ. അതായത് 1913 മേയ് 3-ാം തീയതി ഒന്നാം കാതോലിക്കായെ വാഴിച്ച ആൾ എന്ന് പറയുന്ന അബ്ദുൽ മശിഹാ ബാവാ റോമാ സഭയിൽ ചേർന്നതായി ഫോട്ടസ്ക്യൂവിന്റെ *Lesser Easern Churches* ൽ പറയുന്നതു പോലെ അദ്ദേഹം പിന്നെയും തിരിച്ചു വന്നു എന്ന് പറയുന്നതുപോലെ തന്നെയാണ്. Ans. Abdul മിശിഹാ ബാവാ റോമാ സഭയിൽ ചേർന്നതായി ഫോട്ടസുക്യൂവിൽ ഉണ്ടോ?Q നിശ്ചയമായും ഉണ്ട്. Ans. അതിലെ വാചകം എന്താണ്?Q വാചകം അതേപടി ഞാൻ ഓർക്കുന്നില്ല. Ans. അബ്ദുള്ളാ പാത്രിയർക്കീസിനെ കുറിച്ചല്ലേ അതിൽ പറഞ്ഞിരിക്കുന്നത്?Q അല്ല. അബ്ദുൽ മിശിഹാ പാത്രിയർക്കീസിനെ കുറിച്ചാണ്. Ans. അബ്ദുള്ളാ പാത്രിയർക്കീസ് റോമ സഭയിൽ ചേർന്നുയെന്നും അബ്ദുൽ മിശിഹാ മലയാളത്തിൽ നിന്നും തിരികെ പോകുന്ന വഴി റോമ സഭക്കാരുടെ കെട്ടിടത്തിൽ താമസിച്ചു എന്നും ഉള്ളതല്ലേ ശരി?Q അല്ല. കാരണം ഒന്നാമത് *Lesser Eastern Church* ൽ ചേർന്നതായി തന്നെ ഞാൻ വായിച്ചിട്ടുണ്ട്. രണ്ടാമതായി അന്ത്യോക്യാ പാത്രിയർക്കീസാണെങ്കിൽ യാക്കോബായക്കാരുടെ ഒരിടത്തും താമസിക്കാതെ റോമാക്കാരുടെ ഇടയിൽ താമസിക്കേണ്ട ആവശ്യം ഇല്ല. മൂന്നാമതായി റോമാ സഭയിൽ ചേരാത്ത ആരെയും അവരുടെ ദയറായിൽ അംഗങ്ങളായി താമസിപ്പിക്കുകയില്ല. Ans. ഫോട്ട്സുക്യൂവിന്റെ പുസ്തകത്തിൽ പറയുന്ന എല്ലാ കാര്യങ്ങളും ശരിയാണെന്ന് സ്വീകരിക്കുന്നുണ്ടോ?Q ഒരു ചരിത്രകാരന്റെ എല്ലാ അഭിപ്രായങ്ങളും എല്ലാവരും സ്വീകരിക്കണമെന്നില്ല. റോമാക്കാരുടെ കൂടെ താമസിച്ചെന്ന് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് സമ്മതിക്കുന്ന സ്ഥിതിക്ക് അത് ഇന്ന ആണ്ട് ഇന്ന മാസം ഇത്രാം തീയതി റോമാ സഭയിലേക്ക് ചേർന്നുകൊണ്ടാണ് താമസിച്ചതെന്ന് ഫോർട്ട്സുക്യൂ പറയുന്നതുകൊണ്ട് അക്കാലത്ത് ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ ആ അഭിപ്രായത്തെ നിരസിക്കേണ്ട ആവശ്യം ഇല്ല. Ans. ഫോർട്ട്സുക്യൂവിന്റെ എല്ലാ അഭിപ്രായങ്ങളും സാക്ഷി സ്വീകരിക്കുന്നുണ്ടോ?Q ഫോർട്ട്സുക്യൂ എന്ന ചരിത്രകാരന്റെ പുസ്തകത്തിൽ പറയുന്നവ എല്ലാം ഒരു ചരിത്രത്തിൽ പറയുന്നവ എല്ലാം ആരും വിശ്വസിക്കാത്തതുപോലെ അദേഹത്തിന്റെ ചരിത്രത്തിലും ഉള്ളവയെല്ലാം ഞാൻ സ്വീകരിക്കുന്നില്ല. Ans. ഞാൻ ഒരു ചരിത്ര പുസ്തകം *മലങ്കര സുറിയാനി സഭാ ചരിത്രം* എന്ന പേരിൽ എഴുതിയിട്ടുണ്ട്. അതു മോർ തോമാശ്ലീഹാ മുതൽ ഒന്നാം മോർ തോമാ വരെ എന്ന് അതിന്റെ title കൊടുത്തിട്ടുണ്ട്. ആ പുസ്തകത്തിൽ മോർ തോമാ ശ്ലീഹാ മുതൽ ഒന്നാം മോർ തോമാ വരെയുള്ള കാലത്തെ ചരിത്രം എഴുതിയിട്ടുണ്ടോ?Q ഉണ്ട്. ഏതാണ്ട് മുപ്പത് കൊല്ലം മുമ്പ്

എനിക്ക് അറിയാമായിരുന്ന രീതിയിൽ എഴുതിയിട്ടുണ്ട്. Ans. അതിൽ പറയുന്ന ചരിത്ര വസ്തുകൾ അതേ പടി ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ അതിൽ പാരമ്പര്യങ്ങളുടെയൊ അനുമാനങ്ങളുടെയൊ പേരിൽ എഴുതിയിട്ടുള്ളവയിൽ പലതും കൂടുതൽ പഠനത്തിന്റെ വെളിച്ചത്തിൽ എല്ലാവർക്കും ഉണ്ടാകാവുന്നതുപോലെ എനിക്കും അഭിപ്രായ വ്യത്യാസങ്ങൾ വന്നിട്ടുള്ളത് കേസിന്റെ നിലപാടിന് യോജിക്കുന്ന കാര്യങ്ങൾക്കാണോ?Q അല്ല. പാരമ്പര്യമായും എന്റെ അനുമാനമായും ഞാൻ എഴുതിയിട്ടുള്ള കാര്യങ്ങൾ കാണും. Ans. യാക്കോബ് തൃതീയൻ റമ്പാനായിരിക്കെ മലയാളത്തിൽ സ്ഥിരമായി താമസിച്ചിരുന്നത് എവിടെയാണെന്ന് സാക്ഷിക്ക് നിശ്ചയം ഉണ്ടോ?Q ഉണ്ട്. മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിലാണ്. Ans. അത് ഏലിയാസ് മോർ ജൂലിയോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്ന സ്ഥലമല്ലേ?Q അന്ത്യോക്യാ സിംഹാസന പ്രതിനിധിയായിരുന്ന അദ്ദേഹം താമസിച്ചിരുന്ന സ്ഥലമാണ്. Ans. അവർ രണ്ടു പേരും ഒരുമിച്ച് മഞ്ഞനിക്കര ദയറായിൽ താമസിച്ചിരുന്നോ?Q എന്നാണ് ഞാൻ ബോധിപ്പിച്ചത്. Ans. ഏത് കാലയളവിലാണ് താമസിച്ചിരുന്നത്?Q 1934 മുതൽ 1946 വരെയുള്ള കാലയളവിലാണ്. Ans. മോർ ജൂലിയോസ് മെത്രാപ്പോലീത്തായുടെ വരുതിയിൽ അദ്ദേഹത്തിന് വിധേയനായിട്ടല്ലേ റമ്പാനായി ഇപ്പോഴത്തെ പാത്രിയർക്കീസ് അക്കാലങ്ങളിൽ താമസിച്ചിരുന്നത്?Q അദ്ദേഹം വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊണ്ട് തന്റെ മേലധികാരിയായ മോർ യൂലിയോസ് ബാവായോട് വിധേയനായിട്ടാണ് താമസിച്ചിരുന്നത്. Ans. സഭയിൽ മോർ യൂലിയോസിന് ഉണ്ടായിരുന്ന വൈദികസ്ഥാനം എന്തായിരുന്നു?Q മെത്രാപ്പോലീത്താസ്ഥാനം ആയിരുന്നു. Ans. സഭയിൽ ഇപ്പോൾ പല മെത്രാപ്പോലീത്തമാരും ഇല്ലേ?Q ഉണ്ട്. Ans. അവരെയെല്ലാം ബാവാ എന്നു വിളിക്കുമോ? അഥവാ വിദേശികളായിട്ടുള്ളവരെ മാത്രം ബാവാ എന്ന് വിളിക്കുമോ?Q ബാവാ എന്ന് പറഞ്ഞാൽ സ്ഥാനത്തിൽ എന്തോ കൂടുതലുണ്ടെന്ന് ചിലർക്കുള്ള മിഥ്യാ ബോധം എനിക്കില്ലാത്തതിനാലും ശീമയിൽ നിന്ന് വന്നിട്ടുള്ളവരെയും നാട്ടിലുള്ളവരെയും നമ്മുടെ പിതാക്കന്മാർ ബാവാമാർ എന്നെല്ലാം പൂർവ്വിക സുറിയാനി ക്രിസ്ത്യാനികൾ വിളിച്ചിട്ടുള്ളതുകൊണ്ടും ഏത് നാട്ടുമെത്രാനെയും ബാവാ എന്ന് വിളിക്കണമെങ്കിൽ വിളിക്കാം. Ans. സാക്ഷി നാട്ടുകാരായ ഏതെങ്കിലും മെത്രാപ്പോലീത്താമാരെ ബാവാ എന്ന് വിളിച്ചിട്ടുണ്ടോ?Q ഞാൻ വിളിച്ചിട്ടില്ല. Ans. സാക്ഷിക്ക് പാത്രിയർക്കീസ് ബാവായെ വളരെ അടുത്തറിയാമോ?Q സ്ഥാനത്തിൽ വളരെ താഴെ നിൽക്കുന്ന എനിക്ക് ഇപ്പോൾ കുറെക്കാലമായിട്ട് അദ്ദേഹത്തെ അടുത്തറിഞ്ഞുകൂടാ. റമ്പാനായിരുന്നപ്പോൾ നേരിട്ട് അടുത്തറിയാമായിരുന്നു. Ans. ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തായെ അടുത്തറിയാമായിരുന്നു. സ്ലീബാ മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെ അടുത്തറിയാമായിരുന്നോ?Q അന്നെല്ലാവരും മോർ ഒസ്താത്തിയോസ് ബാവാ എന്ന് വിളിക്കുന്ന അദ്ദേഹത്തെ എന്റെ പതിനഞ്ചാം വയസ്സ് മുതൽ അദ്ദേഹം കാലം ചെയ്യുന്നതുവരെയും അദ്ദേഹം പരിശുദ്ധനായിരുന്നു എന്ന് അറിയാം. അധിക

നാൾ ഞാൻ കൂടെ താമസിച്ചിട്ടില്ല. കുറെനാൾ താമസിച്ചിട്ട് അങ്ങനെയുള്ള അറിവുണ്ടോ?Q Ans. അബ്ദുൽ ആഹാദ് റമ്പാൻ മഞ്ഞനിക്കര ദയറായിൽ താമസിക്കുമ്പോൾ പാത്രിയർക്കീസ് ഭാഗത്തുള്ള വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നോ?Q പഠിപ്പിച്ചിരുന്നു. Ans. ഏബ്രഹാം മോർ ക്ലിമീസ്, പൗലോസ് മോർ ഫിലക്സിനോസ് ഇവർ അങ്ങനെ അദ്ദേഹത്തിന്റെ കീഴിൽ പഠിച്ചവ രാണോ? ഏകദേശം സമപ്രായക്കാരായ അവർ അദ്ദേഹത്തിന്റെ കീഴിലാണോ അതിന് മുമ്പ് മോർ യൂലിയോസ് ബാവായുടെ കീഴിലാണോ പഠിച്ചിരുന്നത് എന്ന് ഞാൻ ശരിക്ക് ഓർക്കുന്നില്ല. അവർ മഞ്ഞനിക്കരെ പഠിച്ചിരുന്നു എന്ന റിയാം. Ans. ഇപ്പോഴത്തെ പാത്രിയർക്കീസിന് അറബി ഭാഷ അറിയാമോ?Q അറബി ഭാഷയാണ് അദ്ദേഹത്തിന്റെ മാതൃഭാഷ. അദ്ദേഹത്തിന് അറബി അറിയാം. അറബിയിൽ ധാരാളം പുസ്തകങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. Ans. ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തയ്ക്ക് അറബി ഭാഷ അറിയാമായിരുന്നോ?Q മോർ യൂലിയോസ് ബാവായുടെയും മാതൃഭാഷയായ അറബിയിൽ അദ്ദേഹത്തിനും പാണ്ഡിത്യമുണ്ടായിരുന്നു. Ans. സുപ്രീം കോടതിവരെ പോയ കേസിൽ ആ കേസിലെ വാദിഭാഗം 17-ാം സാക്ഷിയായി വിസ്തരിച്ചിരിക്കുന്നത് ഞാൻ പറഞ്ഞ മോർ യൂലിയോസ് ബാവാ മെത്രാ പ്പോലീത്ത ആണ്. Ans. ആ കേസിലെ വാദി ഭാഗത്തേക്ക് നാട്ടുകാരായ യാതൊരു മെത്രാപ്പോലീത്തയെയും വിസ്തരിച്ചിട്ടില്ലല്ലോ?Q കുറെ പട്ടക്കാ രെയല്ലാതെ നാട്ടുകാരായ മേൽപട്ടക്കാരെ വാദി ഭാഗത്ത് നിന്നും വിസ്തരി ച്ചതായി ആ വിധിയുടെ അനുബന്ധത്തിൽ നിന്ന് കാണുന്നില്ല. എന്നാൽ സഭയിൽ ഈ നാട്ടുകാരെന്നൊ അയൽ നാട്ടുകാരെന്നൊ ഉള്ള വ്യത്യാസം ഇല്ലാത്തതിനാൽ സഭയിലെ ഒരു മെത്രാപ്പോലീത്തായെ വിസ്തരിച്ചു എന്നാണ് കാണുന്നത്. Ans. ആ കേസ് പാത്രിയർക്കീസ് ഭാഗത്തേയ്ക്കു വേണ്ടി നടത്തു ന്നതിനുള്ള പ്രധാന ചുമതല വഹിച്ചിരുന്നുത് മുൻപറഞ്ഞ 17-ാം സാക്ഷിയാ യിരുന്നില്ലേ?Q ഈ ബഹുമാനപ്പെട്ട കോടതി മുമ്പാകെ മുമ്പ് എന്നെ വിസ്ത രിച്ച ബഹുമാനപ്പെട്ട അഭിഭാഷകനും ഇതേ ചോദ്യം തന്നെ എന്നോട് ചോദിക്കയും മലങ്കരയിലെ കേസ് നടത്തേണ്ടത് ഇവിടെയുള്ള മലങ്കരയിലെ വിശ്വാസികളുടെ ചുമതലയാകയാൽ അങ്ങനെയുള്ളവരുടെ ചുമതലയിലാണ് കേസ് നടത്തിയത് എന്ന് ഞാൻ ബോധിപ്പിക്കയും ചെയ്തിട്ടുള്ളതാണ്. Ans. ഏലിയാസ് മോർ യൂലിയസ് ബാവാക്ക് കേസ് നടത്തിപ്പുകൾ സംബന്ധിച്ച് യാതൊരു ചുമതലയും ഇല്ലായിരുന്നു. ആ കേസിലെ വാദിഭാഗം കേസ് നടത്തലിന് പണം തന്ന് സഹായിക്കണമെന്ന് പറഞ്ഞു 17-ാം സാക്ഷി. സാക്ഷി വികാരിയായിട്ടുള്ള കട്ടച്ചിറ പള്ളിക്ക് കൽപന അയച്ചിട്ടില്ലേ?Q ഒരിക്കലു മില്ല കാരണം അന്ന് കട്ടച്ചിറ പള്ളിയുടെ ഭരണം ഇടവക മെത്രാപ്പോലീത്ത ആയിരുന്ന മോർ മിഖായേൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്തക്കായിരുന്നു. അദ്ദേഹവും അദ്ദേഹത്തെപ്പോലെ ഇവിടെയുണ്ടായിരുന്ന മറ്റ് മെത്രാപ്പോലി ത്തമാരും കേസ് നടത്തിപ്പിനുവേണ്ടി പണം ആവശ്യപ്പെട്ടുകൊണ്ടിരുന്ന

അക്കാലത്ത് മോർ യൂലിയോസ് ബാവാ കേസ് നടത്തിപ്പിന് പണം ആവശ്യപ്പെട്ട് കട്ടച്ചിറപ്പള്ളിയിലേക്ക് കൽപന അയക്കേണ്ട ആവശ്യവും ഇല്ലായിരുന്നു. Ans. കട്ടച്ചിറ പള്ളിയിൽ മേലദ്ധ്യക്ഷന്മാരിൽ നിന്ന് വരുന്ന കൽപനകൾ സൂക്ഷിക്കുന്നില്ലേ? എന്റെ കൈവശമില്ല പള്ളിയിൽ സൂക്ഷിക്കുക പതിവുണ്ടായിരുന്നു. അതെവിടെയാ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. മോർ ദിവന്നാസ്യോസ് തിരുമേനിയെ സസ്പെൻഡ് ചെയ്തതായി കോട്ടയം ജില്ലാക്കോടതിയിൽ 1104 എന്നൊരു കേസുണ്ടായിരുന്നതായി അറിയാമോ? എനിക്ക് ഇന്നലെ ചോദിച്ച കേസുകളെ കുറിച്ചോ അവയിലുണ്ടായിരുന്ന വാദങ്ങളെക്കുറിച്ചോ അത് സംബന്ധിച്ചുണ്ടായ തീരുമാനങ്ങളെ കുറിച്ചോ അങ്ങനെയുള്ള തീരുമാനങ്ങളെ ബഹുമാനപ്പെട്ട ഹൈക്കോടതി വ്യാഖ്യാനിച്ചിട്ടുണ്ടോ എന്നോ ഒന്നും എനിക്കറിഞ്ഞുകൂടാ. Ans. എനിക്ക് നിശ്ചയമായി അറിയാവുന്നത് ചരിത്ര സംബന്ധമായ ചില കാര്യങ്ങളാണ്. അതോടൊപ്പം വേദപുസ്തകം, സഭാ വിശ്വാസം മുതലായവയും എന്റെ കഴിവിനനുസരിച്ചറിയാം കേസുകളുടെ വശത്തേക്ക് പോകേണ്ടത് എന്റെ ചുമതലയിൽ പെട്ടതല്ലാത്തതുകൊണ്ടും അതിന്റെ നിയമവശങ്ങളെ കുറിച്ചും യാതൊരു ബോധവും എനിക്കില്ലാത്തതിനാലും കേസുകളെയൊ വിധികളെയൊ സംബന്ധിച്ചുള്ള എന്ത് ചോദിച്ചാലും ഉത്തരം ബോധിപ്പിക്കാൻ എനിക്ക് കഴിവില്ല. Ans. കേസുണ്ടായോ 1104 ൽ?Q ഒരു സസ്പെൻഷൻ കേസിനെപ്പറ്റി കേട്ടിട്ടുണ്ട്. Ans. സസ്പെൻഷൻ ആര് ആരെയാണ്?Q അന്ത്യോക്യാ പ്രതിനിധി മോർ യൂലിയോസ് ബാവാ പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശാനുസരണം മോർ ഗീവർഗീസ് ദിവന്നാസ്യോസ് മെത്രാപ്പോലീത്തയെ സസ്പെൻഡ് ചെയ്തു എന്ന് കേട്ടിട്ടുള്ളതല്ലാതെ അതേപ്പറ്റി മറ്റൊന്നും എനിക്കറിഞ്ഞുകൂടാ. Ans. അത് വട്ടിപ്പണക്കേസ് വിധി കഴിഞ്ഞ ഉടനെയല്ലേ?Q അതിന്റെ കാലവും തീയതിയും എനിക്കറിഞ്ഞുകൂടാ. Ans. യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് സാക്ഷിയുടെ അറിവിൽ വളരെ ബുദ്ധിമാനും ഭരണകാര്യങ്ങൾ അറിയാവുന്ന ആളും ആണോ?Q അദ്ദേഹം ബുദ്ധിമാനും സഭയുടെ ആഗോളമായ സമാധാനത്തിനും വളർച്ചക്കും ആഗ്രഹിക്കുന്ന ആളും പരിശുദ്ധ ജീവിതം നയിക്കുന്ന ആളും അദ്ദേഹത്തെ ഏൽപിച്ചിട്ടുള്ള സഭയുടെ ഭരണം ദൈവത്തിലാശ്രയിച്ചുകൊണ്ട് നടത്തുന്ന ആളുമാണെന്ന് എനിക്കറിയാം. Ans. ഭരണതന്ത്രജ്ഞതയുള്ള ആളാണോ?Q ഞാൻ ബോധിപ്പിച്ച തരത്തിൽ ഭരിക്കുന്ന ആളാണ്. Ans. ഭരിക്കാനുള്ള മാർഗ്ഗങ്ങൾ അറിയാവുന്ന ആളാണോ? അദ്ദേഹത്തിന്റെ വെളിച്ചമനുസരിച്ച് ഭരിക്കാനറിയാവുന്ന ആളാണ്. Ans. 1958 ൽ സഭയിൽ പൂർണ്ണ സമാധാനമാകാതിരുന്നിട്ടുണ്ട്. 1964ന് ശേഷവും തീരുമാനമാകാത്ത വിഷയങ്ങൾ നിലവിൽ ഉണ്ട്. സഭയിൽ പരിപൂർണ്ണമായ സമാധാനം ആയിട്ടില്ലെന്നാണോ സാക്ഷിയുടെ വിശ്വാസം?Q 1958 ൽ പാത്രിയർക്കീസ് ബാവാ കാതോലിക്കാ ബാവായെ സ്വീകരിച്ചു, അത്രയും സമാധാനമായി എങ്കിലും ഒരു വർഷം കഴിഞ്ഞപ്പോൾ മുതൽ സഭയിൽ വീണ്ടും കലഹം ഉണ്ടായി. 1964 ൽ പാത്രിയർക്കീസ് ബാവാ ഔഗേൻ കാതോലിക്കാ ബാവായെ

വാഴിച്ചതോടുകൂടി പാത്രിയർക്കീസിന് പൂർണ്ണമായി കീഴ്പെട്ട കാതോലിക്കാ ബാവാ ഉണ്ടായി. സമാധാനത്തിൽ അത്രയും കൂടെ വളർച്ച വന്നു. എന്നാൽ അപ്പോഴും അതിനുശേഷവും സഭയിൽ നിലവിലുണ്ടായിരുന്ന കാനോൻ, ഭരണഘടന മുതലായവയെക്കുറിച്ചുള്ളതർക്കങ്ങൾ ഒന്നും അന്നും തീർന്നിട്ടില്ലായിരുന്നു. ആത്മീയ ഭരണകാര്യത്തിൽ 1964 ന് ശേഷം കുറെ കാലത്തേക്ക് സമാധാനം ആയിരുന്നു. Ans. സഭയിൽ ഏതെങ്കിലും കാലയളവിൽ പൂർണ്ണമായ സമാധാനം ഉണ്ടായിട്ടുണ്ടോ?Q മേൽ ബോധിപ്പിച്ചതിന്റെ വെളിച്ചത്തിൽ പൂർണ്ണമായ സമാധാനം ഒരിക്കലും ഉണ്ടായിട്ടില്ല. Ans. യാക്കോബ് പാത്രിയർക്കീസിന്റെ അഭിപ്രായം ഇതു തന്നെയാണോ?Q അദ്ദേഹത്തോട് ചോദിച്ചറിയേണ്ട കാര്യമാണ്. Ans. സാക്ഷിയുടെ അറിവിൽ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് സഭയിൽ പരിപൂർണ്ണ സമാധാനമായി എന്ന് എന്തെങ്കിലും കരുതിയിട്ടുണ്ടോ?Q അദ്ദേഹം കാതോലിക്കായെ വാഴിച്ചപ്പോൾ അതിനുശേഷം മറ്റ് കാര്യങ്ങളെല്ലാം ശരിപ്പെട്ടുകൊള്ളും എന്നുള്ള നല്ല മനസ്ഥിതിയോടുകൂടി പൂർണ്ണ സമാധനമായി എന്നുള്ള മനസ്സമാധാനമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ദൈവികമായ ആ പ്രതീക്ഷക്ക് വിപരീതമായി അദ്ദേഹത്തിൽ നിന്ന് സ്ഥാനമേറ്റയാൾ ഉൾപ്പെടയുള്ളവർ മറ്റ് രീതിയിൽ പ്രവർത്തിച്ച് തുടങ്ങിയപ്പോൾ മുതൽ അദ്ദേഹത്തിന്റെ മുന്നഭിപ്രായത്തിന് വ്യത്യാസം വന്നിട്ടുണ്ടായിരിക്കണം. Ans. 1958 ഡിസംബർ 16 ന് ശേഷം മലങ്കരയിൽ ഇടവകകൾ ഭരിക്കുന്നതിനും മെത്രാപ്പോലീത്താമാരെ നിയമിക്കുന്നതിനും അധികാരം പാത്രിയർക്കീസിന് തന്നെ ഉണ്ടായിരിക്കണമെന്ന് അദ്ദേഹം കരുതി പെരുമാറിയതായി സാക്ഷിക്കറിയാമോ?Q 1958 എന്ന് പറയുന്നത്. കാതോലിക്കായെ സ്വീകരിച്ചതിനെ ഉദ്ദേശിച്ചാണെങ്കിൽ കാതോലിക്കായുടെ ഇടവകയിലെന്നല്ല, ലോകത്തിലെവിടെയും മേൽപട്ടക്കാരെ വാഴിക്കുന്നതിന് സഭയുടെ പ്രധാന മേൽപട്ടക്കാരനായ പാത്രിയർക്കീസിന് അധികാരം ഉണ്ട് എന്നുള്ളത് ബാർ എബ്രായായുടെ *സഭാചരിത്രം* വായിച്ചിട്ടുള്ള അദ്ദേഹത്തിന് നല്ല പോലെ അറിയാമായിരുന്നതും 1843 ൽ തിഗ്രിസിലെ കാതോലിക്കാ സ്ഥാനം ഉള്ളപ്പോൾ തന്നെ മലങ്കരയിലേക്ക് മാത്യൂസ് അത്തനാന്യോസിനെയും മറ്റും വാഴിക്കുകയും ചെയ്തിട്ടുള്ള ആ നടപടികൾ അദ്ദേഹം മറന്നിട്ടില്ലാത്ത സ്ഥിതിക്കും തനിക്കുള്ള അധികാരം പോയ് പോയതായി അദ്ദേഹം വിചാരിച്ചിരുന്നില്ലെന്ന് ന്യായമായി കരുതാവുന്നതാണ്. പിന്നെ അദ്ദേഹം എന്തെല്ലാം വിചാരിച്ചിരുന്നു എന്നുള്ളത് എനിക്കറിഞ്ഞുകൂടാ. അദ്ദേഹം എന്നെങ്കിലും ചോദ്യത്തിലുള്ള രൂപത്തിൽ പെരുമാറിയതായിട്ട് എനിക്കറിഞ്ഞുകൂടാ. Ans. 1960 -ാമാണ്ടിടക്ക് അന്ന് കണ്ടനാട് ഭദ്രാസനത്തിന്റെ ജോയിന്റ് ഭരണമുള്ള പൗലോസ് മോർ ഫിലക്സിനോസ് മെത്രാപ്പോലീത്തയെ കോട്ടയം മുതൽ തെക്കോട്ടുള്ള ഭദ്രാസനങ്ങളിലെ പല പള്ളികളും ഒരിക്കൽ അധികാരപ്പെടുത്തിക്കൊണ്ട് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് കൽപന അയച്ചിരുന്നതായി അറിയാമോ?Q 1960 ഇടയ്ക്കല്ല 1958 ന് മുമ്പ് മേൽപറഞ്ഞ പ്രകാരം പാത്രിയർക്കീസ് ബാവാ

കോട്ടയം, കൊല്ലം ഭദ്രാസനങ്ങളുടെ ഭരണം നടത്തുവാൻ കൽപന കൊടുത്തതായി കേട്ടിട്ടുണ്ട്. Ans. 1958 ന് ശേഷം അങ്ങനെ കൽപനകൊടുത്തതായി കേട്ടിട്ടുണ്ടോ?Q ആ കൽപന 1958 ന് മുമ്പാണോ ശേഷമാണോ എന്ന് എനിക്ക് നിശ്ചയം ഇല്ല. Ans. അങ്ങനെയൊരു കൽപന സ്വീകരിച്ച് പൗലോസ് മോർ ഫിലക്സിനോസിന്റെ നേതൃത്വത്തിൽ അന്ത്യോക്യൻ മൂവ്മെന്റ് എന്നൊന്ന് നിലവിൽ വന്നതായി സാക്ഷി കേട്ടിട്ടുണ്ട്?Q അന്നത്തേത് എന്ന് പറയുന്ന കൽപനയും മോർ ഫിലക്സിനോസും അന്ത്യോക്യൻ മൂവ്മെന്റ് ആയിട്ട് യാതൊരു ബന്ധവുമില്ല. അന്ത്യോക്യൻ മൂവ്മെന്റ് സംഘടിപ്പിച്ചത് വിശ്വാസതീക്ഷ്ണതയുള്ള പട്ടക്കാരും ജനങ്ങളുമാണ്. Ans. സാക്ഷിയും ഉൾപ്പെട്ടല്ലേ?Q വിശ്വാസ തീക്ഷ്ണതയുള്ള പട്ടക്കാരുടെ കൂട്ടത്തിൽ ആ മൂവ്മെന്റിൽ ഞാനുമുണ്ട് Ans. 1958 ലെ ഡിസംബറിൽ ഉണ്ടായ സമാധാനത്തിന്ശേഷം ഇടവക ഭരിക്കാൻ പാത്രിയർക്കീസിൽ നിന്നും കൽപന വാങ്ങിച്ച് അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചതിന് പൗലോസ് മോർ ഫിലക്സിനോസിന്റെ പേരിൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് ശിക്ഷണ നടപടികൾ സ്വീകരിച്ച് അദ്ദേഹത്തെ സഭയിലെ ഭരണത്തിൽ നിന്നും മാറ്റി തീരുമാനമെടുത്തത് സാക്ഷിക്കറിയാമോ?Q പാത്രിയർക്കീസ് അംഗീകരിച്ച കാതോലിക്കാ പാത്രിയാർക്കീസിനോട് അധികാരപരമായി പെരുമാറുവാൻ തുടങ്ങിയപ്പോൾ പാത്രിയർക്കീസ് സ്വീകരിച്ചതുകൊണ്ടു മാത്രം ആ കാതോലിക്കായെ സ്വീകരിച്ച മോർ ഫിലക്സിനോസുൾപ്പെടെയുള്ള മുൻ പാത്രിയർക്കീസ് വിഭാഗത്തിലെ മേൽപട്ടക്കാർ മുമ്പെന്ന പോലെ പാത്രിയർക്കീസിനോട് ഭക്തിയും കീഴ്വഴക്കവുമുള്ള വിശ്വാസികളുടെ കാര്യത്തിൽ മോർ ഫിലക്സിനോസ് പ്രവർത്തിക്കുകയും ഇവിടെ പറഞ്ഞരീതിയിൽ ശിക്ഷണ നടപടി എടുക്കുകയും ചെയ്തെങ്കിലും അദ്ദേഹം ഭരിച്ചുകൊണ്ടിരുന്ന കണ്ടനാട് ഭദ്രാസനവും കോട്ടയം ഭദ്രാസനവും കൊല്ലം ഭദ്രാസനവും പിന്നെയും അദ്ദേഹം ഭരിച്ചുകൊണ്ടിരുന്നതായി എനിക്കറിയാം. Ans. മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിൽ അന്ന് ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് ഏബ്രഹാം മോർ ക്ലീമിസ്. പൗലോസ് മോർ സേവേറിയോസ് എന്നീ മെത്രാന്മാരും ഉൾപ്പെട്ടിരുന്നില്ലേ?Q അന്നത്തെ സംഭവങ്ങളുടെ വെളിച്ചത്തിൽ ഉൾപ്പെട്ടിരുന്നു. Ans. മലങ്കര സഭയിൽ പെട്ട പലർക്കും ബഹുമതികൾ കൊടുക്കുന്ന പ്രസ്ഥാനം യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് ആരംഭിച്ചില്ലേ?Q ലോകവ്യാപകമായ റോമാ സഭ ബഹുമതികൾ കൊടുക്കുന്നതുപോലെ മോർ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും മറ്റ് പ്രദേശങ്ങളിലും മലങ്കരയിലും അതിന് കൊള്ളാവുന്നവരെന്ന് തോന്നുന്നവർക്ക് മേലദ്ധ്യക്ഷന്മാരുടെ അറിവോടുകൂടി മുമ്പ് തന്നെ സാക്ഷിയായിരുന്നവരിൽ യോഗ്യന്മാരായ ചിലർക്കൊക്കെ ബഹുമതികൾ നൽകിയിട്ടുണ്ട്. Ans. അങ്ങനെ ഷെവലിയർ എന്ന സ്ഥാനം കൊടുത്തിട്ടുണ്ട്. മനോരമ പത്രാധിപരായിരുന്ന ശ്രീ. കെ.എം. ചെറിയാനും ഇന്നും ഓർത്തഡോക്സ് വിഭാഗത്തിന്റെ സമുദായ സെക്രട്ടറിയായ ശ്രീ.പി. സി. ഏബ്രഹാമിനും അതുപോലെ യോഗ്യരായ പലർക്കും കൊടുത്തു. ഈ

കേസിലെ പ്രതിഭാഗം കേസു നടത്തുന്ന മൂന്നു വക്കിലന്മാർക്കെങ്കിലും കൊടുത്തിട്ടില്ലേ?Q പ്രതിഭാഗത്തെ അഭിഭാഷകന്മാർ എന്നുള്ള നിലയിൽ അല്ല യോഗ്യർ എന്ന് അദ്ദേഹത്തിനു തോന്നിയവരായി മുൻ പറഞ്ഞവരെപ്പോലെ അവരെക്കുറിച്ചും അദ്ദേഹത്തിന് തോന്നിയതു കൊണ്ടായിരിക്കണം ആ ബഹുമതി കൊടുത്തത്. അങ്ങനെ പ്രതിഭാഗം അഡ്വക്കേറ്റന്മാർ എന്ന നിലക്കാണെങ്കിൽ അങ്ങനെ നാനാജാതി മതസ്ഥർക്കും അങ്ങനെ കൊടുക്കേണ്ടതായിരുന്നു. Ans. ഇതിന് മുമ്പ് ഏതെങ്കിലും പാത്രിയർക്കീസ് ആരെയെങ്കിലും ഷെവലിയാർ ആക്കിയിട്ടുണ്ടോ?Q ഷെവലിയർ എന്ന സ്ഥാനം മുൻ പാത്രിയർക്കീസന്മാർ ആരും നൽകിയിട്ടില്ലങ്കിലും മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ മോർ അപ്രേം പാത്രിയർക്കീസ് ബഹുമതിമുദ്ര തന്ന് എന്നെ തന്നെ ബഹുമാനിച്ചിട്ടുണ്ട്. അതിനു പുറമെ കാലത്തിന്റെ പുരോഗമനത്തോടു കൂടി പല പുതിയ കാര്യങ്ങളും ഉണ്ടാകാവുന്നതാണ്. മലങ്കരയിൽ ഇപ്പോൾ ഇരു കക്ഷികളിലായി നിൽകുന്ന ചിലർക്ക് അന്ന് ആ സ്ഥാനം കൊടുത്തപ്പോൾ അങ്ങനെയുള്ളവരെ അനുമോദിക്കുകയല്ലാതെ ഒരു ദുരുദ്ദേശ്യവും മറ്റ് ഉദ്ദേശ്യവും പാത്രിയർക്കീസിന്മേൽ ആരും ആരോപിച്ചിട്ടുമില്ല. Ans. ഷെവലിയാർ എന്നാൽ എന്താണ്?Q ഫ്രഞ്ച് വാക്കാണ്. അർത്ഥം എനിക്കറിഞ്ഞുകൂടാ. Ans. അത് സഭയിലെ വൈദിക സ്ഥാനങ്ങളിൽ പെടുന്നതല്ല. സഭാ തലവന് ബഹുമാന സൂചകമായി സ്വാതന്ത്ര്യമായി കൊടുക്കാവുന്ന ഒരു സ്ഥാനമാണ്. എന്തധികാരം വഴിയാണ് ഈ സ്ഥാനം കൊടുക്കുന്നത്?Q അദ്ദേഹം സഭയുടെ തലവനെന്നുള്ള രീതിയിൽ അദ്ദേഹത്തിന്റെ സഭയിൽ പെട്ടവരിൽ അദ്ദേഹത്തിന് കൊടുക്കണമെന്ന് തോന്നുന്ന ആളുകൾക്ക് അദ്ദേഹത്തിന്റെ ഇഷ്ടം പോലെ കൊടുക്കാവുന്ന ഒരു ബഹുമതി എന്നല്ലാതെ അതിന് പ്രത്യേകിച്ചധികാരം ഒരിടത്തും നിന്നും കിട്ടേണ്ടതില്ല. ഇൻഡ്യയിൽ തന്നെ പലർക്കും പത്മശ്രീ മുതലായത് കൊടുക്കുന്നതിന് വല്ല നിയമവും രാഷ്ട്രപതിയുടെ മേൽ വച്ചിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. Stopped for the day

മൊഴി വായിച്ചു കേട്ടു. ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

Fist Add. District and Sessions court Eranakulam

Taken down by before me in open court interpreted read over to the witness accused and admitted by him to the correct

Sd/-

Judge 5/10/78

6/10/78 witness sworn again and cross examination continued. സാക്ഷിയുടെ അറിവിൽ സഭാചരിത്രം സഭാഭരണക്രമം അല്ലെങ്കിൽ കാനോൻ, വേദശാസ്ത്രം അതായത് തിയോളജി ഈ വിഷയങ്ങളെ സംബന്ധിച്ച് സാക്ഷിയെപ്പോലെയൊ സാക്ഷിക്കാൾ കൂടുതലൊ അറിവുള്ളവർ മുൻ കാലത്ത് സഭയിൽ ഉണ്ടായിരുന്നിട്ടുണ്ടോ?Q വളരെപ്പേർ ഉണ്ടായിട്ടുണ്ട്. Ans. ബാർ എബ്രായ, ഔഗേൻ മോർ തിമോത്തിയോസ് മെത്രാപ്പോലീത്ത, ഗീവർഗീസ്

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത നിക്കോലാവോസ് ഗീവർഗീസ് ശെമ്മാശൻ കാതോലിക്കാ ഇവരെയൊക്കെ ആ വിഷയത്തിൽ പാണ്ഡിത്യമുള്ളവരുടെ കൂട്ടത്തിൽ പെടുത്താമോ?Q ആ വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരാണ്. Ans. മരിച്ചുപോയ ഫാ. പി.പി. ജോസഫിനെ അക്കൂട്ടത്തിൽ പെടുത്താമോ?Q പെടുത്താം. Ans. ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ മേൽപറഞ്ഞ രീതിയിൽ പാണ്ഡിത്യമുള്ളവർ ആരെങ്കിലും ഉണ്ടോ?Q അവരോട് തുല്യപ്പെടുത്തേണ്ടവരായി ആളുകൾ ഉണ്ടോ എന്ന് എനിക്ക് തീർത്തു പറയുവാൻ നിർവ്വാഹമില്ല. മുൻപറഞ്ഞവരുടെയും പാണ്ഡിത്യത്തെ മതിക്കുന്നതോടൊപ്പം അവരുടെ എല്ലാ അഭിപ്രായങ്ങളും എല്ലാ സമയത്തും സ്വീകരിക്കാവുന്നവയാണെന്നും എനിക്കഭിപ്രായമില്ല. Ans. മുൻപറഞ്ഞ വിഷയങ്ങളെക്കുറിച്ച് മുൻപറഞ്ഞവരോടൊപ്പം ജ്ഞാനം ഇല്ലെങ്കിലും ഏകദേശ സാമാന്യ അറിവുള്ളവർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ?Q പലരും ഉണ്ടായിരിക്കാം. Ans. പൗലോസ് കാതോലിക്കായും കടവിൽ പൗലോസ് മാർ അത്താനാസ്യോസ് എബ്രഹാം മാർ ക്ലീമിസ് മെത്രാപ്പോലീത്തായും കുറിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും 2-ാം വാദിയും സാമാന്യ പരിജ്ഞാനമുണ്ടെന്ന് പറഞ്ഞവരുടെ കൂട്ടത്തിൽ ഉൾപ്പെടുമോ?Q സാമാന്യ പരിജ്ഞാനമുള്ളവരിൽ ഉൾപ്പെടുമെന്നാണ് എന്റെ അഭിപ്രായം. ഓരോരുത്തരുടെയും സ്ഥിതി അവരവർക്കേ അറിയാവൂ. Ans. 1848-ാം മാണ്ടോടടുത്ത് മലയാളത്ത് വന്ന ഒരു ശീമ മെത്രാൻ യൂയാക്കിം മാർ കൂറിലോസിനെപ്പറ്റി സാക്ഷിക്ക് എന്തെങ്കിലും അറിവുണ്ടോ?Q അറിവുണ്ട്. Ans. അദ്ദേഹം ആരായിരുന്നു? എന്തായിരുന്നു?Q അദ്ദേഹം പതിശ്ശീഹ പാത്രിയർക്കീസ് ബാവായാൽ ബാവായുടെ പ്രതിനിധിയായി മലങ്കര സഭയിലേക്ക് അയക്കപ്പെട്ട മെത്രാപ്പോലീത്ത ആയിരുന്നു. Ans. സ്ലീബാ മാർ ഒസ്താത്തിയോസും ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായും വളരെ അടുത്ത് വളരെ കാലം കഴിഞ്ഞിരുന്നവരാണോ?Q മാർ ഒസ്താത്തിയോസ് ബാവാ ശെമ്മാശനായി മലങ്കര താമസിക്കുന്ന കാലത്ത് അവർ ഇരുവരും തമ്മിൽ വളരെ അടുപ്പമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. പിന്നെ ഉള്ള അടുപ്പത്തെക്കുറിച്ച് എനിക്ക് നല്ല നിശ്ചയം ഇല്ല. Ans. 1907-1908 വർഷങ്ങളിൽ അവരൊന്നിച്ച് ശീമരാജ്യങ്ങളിൽ യാത്ര ചെയ്തിരുന്നതായി കേട്ടിട്ടുണ്ടോ?Q കാലമറിഞ്ഞുകൂടാ. ശീമയിൽ ഒരുമിച്ച് യാത്ര ചെയ്തു എന്ന് കേട്ടിട്ടുണ്ട്. Ans. ഇന്നലെയും ഇന്നുമായി പറഞ്ഞ ശീമ മേൽപട്ടക്കാരെ സംബന്ധിച്ച് സാക്ഷിക്ക് അടുത്തും അല്ലാതെയും ഉള്ള പരിചയംകൊണ്ട് അവരാരും തന്നെ സത്യവിശ്വാസമില്ലാത്തവരും പ്രമാണങ്ങളിൽ കൃത്രിമങ്ങൾ കാണിക്കുന്നതിൽ മടിയില്ലാത്തവരാണെന്ന് സാക്ഷിക്ക് തോന്നിയിട്ടില്ലേ? The question is objected to as absolutely indecent and nothing concerning their persons in a matter in issue in the *submitted that the question is relevant since it is the case of the plaint that their suits are sponsored by the * dignitarces after exacting false documents and the opinion of this witness in relevant in the matter I do not consider that the opinion of this witness regarding the matter put to him

is relevant for the decision of the suits. the plaintiffs can adduce proper evidence in support of their stand which according to their learned counsel is already in court and before out by previous judgements. Therefore the question is disallowed Ex B 47 majority Judgment para 171 ൽ മോർ കൂറിലോസ് പാത്രിയർക്കീസിന്റെതായി ഹാജരാക്കിയ കൽപനകൾ കൃത്രിമമായി ഉണ്ടാക്കപ്പെട്ടവയാണെന്നു പറയുന്നുണ്ട്. Ex A 16 ൽ 16-ാം പാരായിൽ ആ കേസിലെ വാദിഭാഗം 17-ാം സാക്ഷിയെ പ്രമാണങ്ങളിൽ അദ്ദേഹത്തിന്റെ അറിവോടുകൂടി അദ്ദേഹമായൊ മറ്റാരെങ്കിലുമൊ തിയതി വ്യത്യാസപ്പെടുത്തിയിട്ടുള്ളതായി കൃത്രിമം കാണിച്ചതായി പരാമർശിച്ചിട്ടുണ്ട്. ആരുടെയെങ്കിലും സഹായത്തോടുകൂടിയായിരിക്കാം എന്ന് പറഞ്ഞിരിക്കുന്നത് അന്ന് മഞ്ഞനിക്കര ദയറായിലിരുന്ന അറബി അറിയാവുന്ന ഇപ്പോഴത്തെ പാത്രിയാർക്കീസല്ലേ?Q The question is disallowed since such suggestion even can respect from the Judgment Ex A 16 Ex B 161 ന്റെ അസ്സൽ അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കര സഭമേൽ ഇല്ലാത്ത അധികാരം ഉണ്ടെന്ന് വരുത്തുന്നതിന് ശീമക്കാരനായ സ്ലീബാ മോർ ഒസ്താത്ത്യോസിന്റെ പ്രധാന കൈപ്പടയിൽ കൃത്രിമമായി എഴുതിയുണ്ടാക്കിയതല്ലേ?Q ഞാൻ അങ്ങനെ കേട്ടിട്ടില്ല. അതിന് പുറമെ ഇന്ന് പ്രതിഭാഗത്ത് നിന്നും ഹാജരാക്കി എന്ന് പറയുന്ന ഇതേ കാനോൻ തന്നെയാണ് ഇന്ന് ഇതിനെ എതിർക്കുന്നവരുടെ പൂർവ്വികന്മാർ നവീകരണക്കാർക്ക് എതിരായിട്ടുള്ള കേസിൽ ഹാജരാക്കിയതും അങ്ങനെ വിജയം സമ്പാദിച്ചതും. അത് കഴിഞ്ഞ് വളരെ ഏറെ കാലം കഴിഞ്ഞപ്പോൾ വട്ടശ്ശേരി തിരുമേനിയുടെ മുടക്കിന് ശേഷമോ മറ്റോ ഈ കാനോനെ കുറിച്ച് അദ്ദേഹത്തോട് അനുകൂലിച്ച് നിന്ന പലരും ഇപ്പോൾ ഇവിടെ ചോദിച്ചതുപോലെയുള്ള അവാസ്തവ പ്രസ്താവനകൾ ചെയ്തതായി കേട്ടിട്ടുണ്ട്. Ans. Ex B 161 ൽ ഏതെങ്കിലും പാത്രിയർക്കീസിന്റെ ഒപ്പോ മുദ്രയോ കാണുന്നില്ലല്ലോ?Q കാണുന്നില്ല. കാണണമെന്നുമില്ല. അത് കൂടാതെ തന്നെ ബഹുമാനപ്പെട്ട കോടതികൾ ആ പുസ്തകം അംഗീകരിച്ചിട്ടുള്ളതുമാണ്. Ans. Ex B 161 റോയൽ കോർട്ട് ജഡ്ജിമെന്റിൽ പറയുന്ന EEE ൽ നിന്ന് വ്യത്യാസമുള്ളതല്ലേ?Q രണ്ടും ഒന്നാണെന്നാണ് ഞാൻ അറിഞ്ഞിട്ടുള്ളത്. Ans.Ex B 161 ൽ 214-ാം പാരായിൽ ആദ്യ വാചകം വായിച്ചു. പാത്രിയർക്കീസിന് മാത്രമെ മൂറോൻ കൂദാശ ചെയ്യാൻ അവകാശമുള്ള എന്ന് Ex EEE ൽ പറയുന്നതായി പറഞ്ഞിട്ടുണ്ട്. Ex B 161 ൽ പാത്രിയർക്കീസിനും കാതോലിക്കോസിനും മൂറോൻ കൂദാശ ചെയ്യാമെന്ന് പറയുന്നുണ്ട്. ExB 154 ൽ ഈ കേസിൽ Ex B 161 ന്റെ അസൽ അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കര സഭമേൽ ഇല്ലാത്ത അധികാരം ഉണ്ടെന്ന് വരുത്തുന്നതിന് കൃത്രിമമായി സ്ലീബാ മോർ ഒസ്താത്തിയോസിന്റെ കൈപ്പടയിൽ പുതിയതായി എഴുതി ഉണ്ടാക്കിയതാണെന്നും ഇതിനോട് ചേർച്ചയുള്ള മറ്റൊരു കാനോനും ഇതിൽ നിന്നും ഏതെങ്കിലും പകർത്തിയെടുത്തിട്ടുണ്ടെങ്കിൽ അതല്ലാതെ ഇല്ലെന്നും പറഞ്ഞിട്ടില്ലേ?Q പേജ് 1091-1092 സാക്ഷി അങ്ങനെ പറഞ്ഞിട്ടുണ്ട് പാത്രിയർക്കീസിനാൽ

കൂടപ്പെട്ടശേഷമാണ്. Ans. 1095-ാം പേജിൽ 17-ാമത്തെ വരിയിൽ ഇതിൽ ഇൻഡ്യയെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗം വേറൊരു കാനോൻ ബുക്കിലും കാണുന്നതല്ല. ഇവിടെ ഇൻഡ്യയെ കൂട്ടിച്ചേർത്ത് എഴുതിയിരിക്കുന്നത് പാത്രിയർക്കീസിന് മലങ്കര സഭമേൽ ഇല്ലാത്ത അധികാരം ഉണ്ടെന്ന് കാണിക്കുന്നതിനുള്ള ഒരു തെളിവായിരിക്കമെന്നുള്ള ഉദ്ദേശ്യത്തിന്മേൽ ആണ് എന്ന് പറഞ്ഞു കാണുന്നില്ലേ? അങ്ങനെ ഉണ്ട്. അത് അദ്ദേഹത്തിന്റെ അഭിപ്രായമാണ്. എന്നാൽ ഇവിടെ വായിച്ച ഭാഗത്തിന് അൽപം മുകളിലായി ഇൻഡ്യ കാതോലിക്കായുടെ അധികാരത്തിൽ ഉൾപ്പെട്ടതായിരിക്കുമ്പോൾ മെത്രാപ്പോലീത്തായെ പട്ടം കെട്ടേണ്ടത് കാതോലിക്കായാണ് എന്നുള്ള അദ്ദേഹത്തിന്റെ മൊഴിയിൽ പറഞ്ഞിട്ടുണ്ട്. അത് സഭയുടെ പ്രധാന തലവൻ അന്ത്യോക്യാ പാത്രിയർക്കീസാണെന്ന് പുസ്തകം എഴുതിയിട്ടുള്ള ആളും കാതോലിക്കായിൽ നിന്ന് യാതൊരു മേൽപട്ടക്കാരനും ഇൻഡ്യയിൽ വാഴിക്കപ്പെട്ടിട്ടില്ലെന്ന് നല്ല പോലെ അറിയാവുന്ന ആളും ആയിരുന്ന അദ്ദേഹത്തിന് മുൻപറഞ്ഞ വാചകം ബോധിപ്പിക്കാമെങ്കിൽ കാനോനെക്കുറിച്ചുള്ള ആ വാചകവും അതുപോലെ സത്യത്തോട് നിരക്കാത്തത് മാത്രമായിരിക്കും. Ans. പാത്രിയർക്കീസിനോ കാതോലിക്കായ്ക്കോ ആകാമെന്ന് പറഞ്ഞിരിക്കുന്നത് കാതോലിക്കായുടെ ഇടവകയിൽ പാത്രിയർക്കീസിന് ഇല്ലാത്ത ഒരു അധികാരത്തെ ഉണ്ടാക്കുവാൻ വേണ്ടി കൂടി എഴുതിയിരിക്കുന്നതാണ് എന്നും ആ സാക്ഷി പറഞ്ഞിട്ടില്ലേ?Q സാക്ഷി അങ്ങനെ പറഞ്ഞു കാണുന്നുണ്ട്. Ans. Ex B 161 ന്റെ അസ്സലിനെക്കുറിച്ച് ആ സാക്ഷി മൊഴിയിൽ Ex B 154 ൽ 1071 ലും പറഞ്ഞു കാണുന്നുണ്ട്. ആ ഭാഗത്തു നിന്ന് ഇവിടെ ഹാജരാക്കിയിട്ടുള്ള Ex B 161 നെ സംബന്ധിച്ച് ഞാൻ മുമ്പ് ബോധിപ്പിച്ചതാണ് സത്യമെന്ന് കാണുന്നു. അത് 1271-ാം പേജ് 17-ാം വരിമുതൽ 27-ാം വരിവരെയുള്ള ഭാഗം വായിച്ചാൽ വ്യക്തമാണ്. E B 61 ൽ Ex B 161 ന്റെ അസ്സൽ അധിക ഭാഗവും സ്ലീബാ മോർ ഒസ്താത്തിയോസിന്റെ കൈപ്പടയിൽ എഴുതിയിട്ടുള്ളതാണെന്ന് പറഞ്ഞ് കാണുന്നില്ലേ?Q (63-ാം പേജ്) പറഞ്ഞ് കാണുന്നുണ്ട്. Ex BP അക്കത്തിന്റെ കാര്യമാണ്. അക്കാലത്ത് പുസ്തകങ്ങൾ മൂലരേഖകൾ നോക്കി എഴുതുകയായിരുന്നു പതിവ്. Ans. XVIII അക്ക കാനോനെന്ന് പറയുന്നതും. Ex BP കാനോനെന്ന്പറയുന്നത്. Ex 161 ഫോട്ടോസ്റ്റാറ്റിന്റെ ഒറിജിനൽ ആണ്. Ex B 161 നോടു ചേർച്ചയുള്ള 100 ൽ അധികം കൊല്ലം പഴക്കമുള്ള ഏതെങ്കിലും കാനോൻ സാക്ഷി കണ്ടിട്ടുണ്ടോ?Q ഞാൻ സൂക്ഷ്മമായി അങ്ങനെ നോക്കിയിട്ടില്ല. എല്ലാ ലൈബ്രറികളും ശരിയായി പരിശോധിക്കാത്തതിനാൽ കണ്ടിട്ടില്ല. Ans. സഭയുടെ വിശ്വാസമെന്നത് പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേൽപിക്കപ്പെട്ടതല്ലേ?Q അതെ. Ans. അതിനോട് കൂട്ടിച്ചേർക്കാനൊ കുറയ്ക്കാനൊ ആർക്കെങ്കിലും അധികാരം ഉണ്ടോ?Q സഭയുടെ വിശ്വാസം യേശുക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വവും മനുഷ്യത്വവുമാണ് അതിൽ നിന്ന് ഉത്ഭവിക്കുന്ന വിശ്വാസ സത്യങ്ങളും ഉണ്ട്. അവ കൂട്ടാനൊ കുറയ്ക്കാനൊ ആർക്കും തന്നെയൊ സഭയ്ക്ക് തന്നെയോ അധികാരമില്ലല്ലോ?Q അവകാശമില്ല. Ans.

സഭയുടെ അടിസ്ഥാനതത്വം എന്ന് ഞാൻ വിചാരിക്കുന്നതിനെക്കുറിച്ചേ എനിക്ക് പറയാനുള്ളൂ. ഞാൻ അങ്ങനെ വിചാരിക്കുന്നത് ക്രിസ്തുവിലുള്ള യഥാർത്ഥമായ വിശ്വാസം നില നിർത്തികൊണ്ട് പോകുന്നതിന് ക്രിസ്തുവിന്റെ മനുഷ്യാവതാര പിന്തുടർച്ചയായ സഭ, ആ സഭയിലെ പൗരോഹിത്യവും കൂദാശകളും, ആ സഭയിൽ ക്രിസ്തു ഏർപ്പെടുത്തിയിട്ടുള്ള ഭരണക്രമങ്ങൾ, ക്രിസ്തുവിൽ നിന്നും അപ്പോസ്തലന്മാരിൽ നിന്നും ലഭിച്ചിട്ടുള്ള വിശ്വാസ സത്യങ്ങൾ ഇതെല്ലാമാണ് ഇവയെല്ലാം. ആരംഭകാലം മുതൽ തന്നെയുള്ളവയു മാണ്. Ans. സഭയുടെ ആരംഭ കാലത്തില്ലാത്ത ഏതെങ്കിലും തത്വം സഭയുടെ അടിസ്ഥാനതത്വമെന്ന് പറയാമോ?Q സഭയുടെ ആരംഭം യേശുക്രിസ്തു ശീമോനോട് എന്റെ സഭയെ പണിയും എന്ന് പറഞ്ഞപ്പോഴാണ്. ആ സമയത്ത് മറ്റ് അടിസ്ഥാനവിശ്വാസങ്ങൾ വേറെ ഒന്നുമില്ലായിരുന്നു. Ans. question repeated with a special request that the witness may be directed to give a specific answer. The witness to give promised answer. ആരംഭമുതലെയുള്ള തത്വങ്ങൾ മാത്രമെ അടിസ്ഥാന തത്വമെന്ന് പറയാവു. Ans. A.D. 52 ൽ അന്ത്യോക്യാ യുടെ മേൽപട്ടക്കാരൻ ആരാണെന്ന് പറയാമോ?Q ഏവോദോസ്യോസ് ഇഗ്നാത്തിയോസൊ ആയിരിക്കാം. Ans. അവരിലാരെങ്കിലും മലങ്കര സഭാ സംബന്ധമായി എന്തെങ്കിലും അധികാരം പ്രയോഗിച്ചിരുന്നതായി കാണി ക്കുന്ന അധികാരമായ സ്വീകാര്യമായ എന്തെങ്കിലും രേഖ ഉണ്ടോ?Q എ.ഡി. 52 ൽ മലങ്കരയിൽ ഒരു സഭ തന്നെ ഉണ്ടായിരുന്നോ എന്ന് ലോകത്തൊരി ടത്തും അധികൃതമായ തെളിവുകൾ ചില പാരമ്പര്യങ്ങൾ ഒഴികെ ഇല്ലാത്ത തിനാൽ മോർ ഏവോദോസ്യോസൊ ഇഗ്നാത്തിയോസൊ ഉണ്ടൊ ഇല്ലയൊ എന്ന് നിശ്ചയം പറയാൻ നിവൃത്തിയില്ലാത്ത ഒരു സഭ മേൽ അധികാരം നടത്തിയതായി മേൽപറഞ്ഞ രീതിയിലുള്ള ഒരു രേഖയും കാണാൻ സാധി ച്ചെന്ന് വരികയില്ല Ans. അവർക്ക് ശേഷം 100-ാം മാണ്ട് വരെയുള്ള ഏതെ ങ്കിലും അന്ത്യോക്യാ മേൽപട്ടക്കാരൻ മലങ്കരയിൽ അധികാരം നടത്തി എന്ന് കാണിക്കാനുള്ള സ്വീകാര്യമായ രേഖ ഉണ്ടോ?Q 100-ാമാണ്ടു വരെയും മലങ്ക രയിൽ സഭ എന്നു പേരു പറയത്തക്ക ഒന്നുമില്ലാതിരുന്നെന്നും ചില വിശ്വാ സികൾ മാത്രമാണുണ്ടായിരുന്നതെന്നുമാണ് പാരമ്പര്യം. എല്ലാം ഒരു പോലെ ഘോഷിക്കുന്നത്. ആ സ്ഥിതിക്ക് അക്കാലത്തെ സ്ഥിതി വച്ചുകൊണ്ട് മലങ്ക രയിൽ അന്ന് ഉണ്ടായിരുന്നേക്കാവുന്ന വിശ്വാസികളുടെ കാര്യം അന്ത്യോക്യായിൽ എന്നും നോക്കിയതായി രേഖകൾ കാണുവാൻ സാദ്ധ്യമല്ല. എന്നാൽ ഒരു 345 ഓടുകൂടി അങ്ങനെയുള്ള രേഖകൾ കാണാവുന്നതാണ് അതിനുമുമ്പ് കാണാൻ നിവൃത്തിയില്ല. Ans. 190-ാം മാണ്ടിടക്ക് അലക്സാന്ത്രിയായിലെ മേൽപട്ടക്കാരൻ മോർ ഡെമത്രിയസ് പന്തേനിയസ് എന്ന ആളെ മലങ്കരയിലെ അപേക്ഷ പ്രകാരം മലയാളത്തിലേക്കയച്ചു എന്നുള്ള വസ്തുത സാക്ഷി അംഗീകരിക്കുന്നുണ്ടോ?Q അങ്ങനെ ഒരു വസ്തുത അതായത് മലയാളത്തേ യ്ക്കയച്ചു എന്ന വസ്തുത ഒരു ചരിത്രത്തിലും പറഞ്ഞിട്ടില്ല. പാരമ്പര്യമനു സരിച്ച് പന്തേനോസ് മലങ്കര വന്നു എന്ന് പറയപ്പെടുന്നുണ്ട്. എന്നാൽ

പന്തേനോസ് പോയ ഇൻഡ്യാ ഈജിപ്തിനും അബ്സിനിയായ്ക്കും അടുത്ത് കിടക്കുന്ന പ്രദേശത്തിന് Inner India എന്ന് പറയുമായിരുന്നുയെന്നും അവിടേക്കാണ് പന്തേനേസ് പോയതെന്നും പല ചരിത്രകാരന്മാരും പറയുന്നതായി മുമ്പുതന്നെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. മലയാളത്തേക്ക് വന്നു എന്നോ കേരള പാരമ്പര്യമല്ലാതെ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല. ആ പാരമ്പര്യത്തെ ഞാൻ അംഗീകരിച്ചിട്ടുണ്ട്. Ans. മോർ തോമാശ്ലീഹാ 52 ൽ ഇൻഡ്യയിൽ സഭ സ്ഥാപിച്ചു എന്നംഗീകരിച്ച് സാക്ഷി പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ?Q 30 വർഷം മുമ്പ് കേരള ട്രെഡിഷൻ മാത്രം അറിയാമായിരുന്ന കാലത്ത് ആ കേരള ട്രെഡിഷനിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞാൻ എഴുതിയ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഇന്നലെ ബോധിപ്പിച്ചപോലെ അതിലുള്ള ചരിത്ര വസ്തുതകളിൽ ഇപ്പോഴും ഉറച്ചു നിൽക്കുകയും പാരമ്പര്യങ്ങളും തദനുസരണമായ അനുമാനങ്ങളും കൂടുതൽ പഠനത്തിന്റെ വെളിച്ചത്തിൽ വ്യത്യാസപ്പെട്ടിട്ടുള്ളതുമാകുന്നു. Ans. question repeated അതാണ് ബോധിപ്പിച്ചത് കേരള പാരമ്പര്യമാണ് അതെന്ന് അറിഞ്ഞുകൊണ്ടു തന്നെ ആ പാരമ്പര്യ പ്രകാരം മോർ തോമാ ശ്ലീഹാ 52 ൽ കേരളത്തിൽ വന്നു എന്നുള്ള ആ പ്രസ്താവന വസ്തുത ഞാൻ അംഗീകരിച്ചുകൊണ്ടാണ് പുസ്തകത്തിന്റെ ആദ്യഭാഗത്ത് മോർ തോമാശ്ലീഹാ ഇവിടെ സ്ഥാപിച്ചു എന്ന് പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. മലങ്കരയിലെ സഭാ സ്ഥാപനം ശ്ലൈഹികവും അപ്പോസ്തലികവുമാണെന്ന് അംഗീകരിച്ച് പുസ്തകത്തിൽ എഴുതിയിട്ടുണ്ടോ?Q അങ്ങനെ ചരിത്രകാരന്മാർ എഴുതിയിട്ടുള്ളതിനാൽ അതിനെ ഞാൻ കൂടുതൽ വിസ്തരിക്കാതെ എഴുതുകയാണ് ചെയ്തിട്ടുള്ളത്. Ans. സാഹചര്യങ്ങളുടെ സഹായം മൂലം മലങ്കര സഭമേൽ ആധിപത്യം പ്രാപിച്ചവർക്കും സ്വാർത്ഥലോലുപന്മാർക്കും അതിന്റെ ആരംഭത്തെ കുറിച്ച് അജ്ഞതയുണ്ടാകും എന്നൊരു പ്രയാസം സാക്ഷിക്കുണ്ടോ?Q ഉണ്ട്. Ans.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and sessions court Ernakulam.

Taken down by before me in open court interpreted / read over to the witnes accused and admitted by him to be correct.

Sd -

Judge 6/10/78

12/10/78 Witness sworn again and cross examination continued:

സഭയുടെ ഭരണക്രമങ്ങൾ ഭേദപ്പെടുത്താവുന്നതാണോ? ക്രിസ്തു നിശ്ചയിച്ചിട്ടുള്ള ഭരണക്രമം ഭേദപ്പെടുത്താവുന്നതല്ല. കാലദേശാവസ്ഥകൾക്കനുസരിച്ച് മുൻപറഞ്ഞ ഭരണക്രമത്തിനു വിധേയമായി വേണ്ടതെന്ന് സഭയുടെ പ്രധാന തലവൻ ബോദ്ധ്യപ്പെടുന്നവ വ്യത്യാസപ്പെടുത്താവുന്നതാണ്. Ans. question repeated ക്രിസ്തു സ്ഥാപിച്ച സഭയുടെ ക്രിസ്തു സ്ഥാപിച്ച ഭരണക്രമങ്ങൾ

ഭേദപ്പെടുത്താവുന്നതല്ല. മറ്റുള്ളവ അതിനുവിധേയമായി കാലദേശാവസ്ഥ കൾക്കനുസരിച്ച് സഭാതലവന് ബോദ്ധ്യപ്പെടുന്നവ ഭേദപ്പെടുത്താവുന്നതാ കുന്നു. Ans. സഭയുടെ തലവൻ അന്ത്യോക്യാ പാത്രിയർക്കീസാണ്. അദ്ദേ ഹത്തിനല്ലാതെ മറ്റാർക്കും സഭയുടെ ഭരണക്രമങ്ങൾ മാറ്റാൻ അധികാരമില്ല. മൂന്ന് പാത്രിയർക്കാസ്ഥാനം നിശ്ചയിച്ചത് അന്ത്യോക്യാ പാത്രിയർക്കീ സാണോ?Q അങ്ങനെ മൂന്നായിട്ട് വിശുദ്ധ പത്രോസ് തിരിച്ചതിൽ ഒന്നു മാത്ര മാണ് അന്ത്യോക്യാ പാത്രിയർക്കീസ്. അന്ത്യോക്യാ പാത്രിയർക്കീസ് നിലവിൽ വന്നതിനുശേഷം അദ്ദേഹമൊ അദ്ദേഹത്തിന്റെ അറിവോടും സമ്മതത്തോടും കൂടി മാത്രമെ ഭരണക്രമം വ്യത്യാസപ്പെടുത്താൻ സാദ്ധ്യമാകൂ. Ans. മൂന്ന് പാത്രിയർക്കാസ്ഥാനം സ്ഥാപിച്ചത് അന്ത്യോക്യാ പാത്രിയർക്കീസല്ല. വിശുദ്ധ പത്രോസാണ്. അതിൽ ഒന്നാണ് അന്ത്യോക്യാ പാത്രിയർക്കീസ്. പാത്രിയർക്കാ സ്ഥാനങ്ങൾ പിന്നീട് നാലായില്ലേ?Q പിന്നീട് നാലായി. നാലാമത്തേത് അന്നത്തെ സഭയുടെ പൊതുവായ സമ്മതത്തോടുകൂടിയാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. Ans. അങ്ങനെ നാല് പാത്രിയർക്കാസ്ഥാനമാക്കിയത് അന്ത്യോക്യാ പാത്രി യർക്കീസാണോ?Q അന്ത്യോക്യാ പാത്രിയർക്കീസ് തനിച്ചല്ല. കാരണം അന്ന് മൂന്ന് പാത്രിയർക്കീസുമാർ ഉണ്ടായിരുന്നു. ഏക സഭയിൽ അവർ ഒരുമിച്ചാ യിരുന്നതിനാൽ മുമ്പ് ബോധിപ്പിച്ച രീതിയിൽ അന്ത്യോക്യാ പാത്രിയർക്കീ സിന്റെയും അറിവോടും സമ്മതത്തോടും കൂടിയാണ്. Ans. നാലാമത്തെ പാത്രിയർക്കാ സിംഹാസനം അംഗീകരിക്കുന്ന സുന്നഹദോസിൽ അന്ത്യോക്യാ പാത്രിയർക്കീസും അംഗമായിരുന്നു എന്ന നിലയിലാണോ സമ്മതമുണ്ടായി എന്ന് പറയുന്നത്?Q ഏക സഭയിൽ ഒരു പാത്രിയർക്കീസെന്ന നിലയിൽ സുന്നഹദോസിൽ തദനുസരണമായ അംഗത്വം ഉണ്ടായിരുന്ന അന്ത്യോക്യാ പാത്രിയർക്കീസാണ് അംഗീകരിച്ചത്. Ans. മറ്റ് പാത്രിയർക്കീസുമാരുടെ അംഗീകരണവും ഉണ്ടായിരുന്നില്ലേQ പ്രത്യേക സഭകൾ ഇല്ലാതെ സഭ ഒന്നായിരുന്ന കാലത്ത് മറ്റ് രണ്ട് പാത്രിയർക്കീസുമാരുടെ അംഗീകരണവും ഉണ്ടായിരുന്നു. Ans. പാത്രിയർക്കീസന്മാരല്ലാതെ അന്ന് സുന്നഹദോസിൽ ഉണ്ടായിരുന്ന എല്ലാമേൽപട്ടക്കാരുടെയും സമ്മതവും അംഗീകരണവും ഉണ്ടാ യിരുന്നില്ലേ?Q ഉണ്ടായിരുന്നു. Ans. സുന്നഹദോസാണ് ആ ഭരണക്രമത്തിൽ വ്യത്യാസം വരുത്തിയത്. എന്ന് പറഞ്ഞാൽ ശരിയല്ലേ?Q ശരിയാണ്. അതാണ് മുമ്പ് ബോധിപ്പിച്ചതും പാത്രിയർക്കീസിന്റെ അറിവോടും സമ്മതത്തോടും കൂടി ചെയ്യാമെന്ന് Ans. പാത്രിയർക്കീസിന്റെ അംഗീകാരമോ പ്രധാന സുന്ന ഹദോസിന്റെ തീരുമാനമോ?Q പാത്രിയർക്കീസിന്റെ സമ്മതം കൂടാതെ സുന്ന ഹദോസ് തന്നെ ഉണ്ടാവുകയില്ല. ആ സ്ഥിതിക്ക് പാത്രിയർക്കീസ് സമ്മതിച്ച് കൂടുന്ന സുന്നഹദോസിന്റെ തീരുമാനങ്ങൾ അദ്ദേഹത്തിനും ബാധകമാണ്. ആകയാൽ പാത്രിയർക്കീസിന്റെ സമ്മതത്തോടുകൂടിയുള്ള സുന്നഹദോസിന്റെ തീരുമാനത്തിന് മാത്രമെ വിലയുള്ളു. Ans. ആകമാന സുന്നഹദോസ് തീരു മാനിച്ചാലും പാത്രിയർക്കീസംഗീകരിച്ചില്ലെങ്കിൽ അതിന് വിലയില്ലെന്നാണോ?Q

അങ്ങനെയല്ല ഞാൻ ബോധിപ്പിച്ചത്. ശരിയായ പാത്രിയർക്കീസിന്റെ സമ്മതത്തോടുകൂടെയാണ് സുന്നഹദോസ് കൂടുന്നത്. അങ്ങനെയുള്ള സുന്നഹദോസിന്റെ തീരുമാനം അദ്ദേഹത്തിന് ബാധകമാണ്. Ans. പാത്രിയർക്കീസിന്റെ സമ്മതം കൂടാതെ സുന്നഹദോസുകൂടി തീരുമാനം എടുത്താൽ അത് സഭയെയോ പാത്രിയർക്കീസിനെ കൂടാതെ സുന്നഹദോസ് കൂടാൻ സാദ്ധ്യമല്ല. ആ നിലിതിക്ക് ചെയ്യരുതാത്ത ഒരു കാര്യം വല്ലവരും ചെയ്താൽ അത് പാത്രിയർക്കീസിനെ ബാധിക്കയില്ല. Ans. പാത്രിയർക്കീസിനെ കൂടാതെ സുന്നഹദോസ് കൂടി ചെയ്യുന്ന തീരുമാനം പാത്രിയർക്കീസിനെ ബാധിക്കുമോ?Q ശരിയായ പാത്രിയർക്കീസിനെ ബാധിക്കുമോ?Qശരിയായ പാത്രിയർക്കീസിനെ കൂടാതെ സുന്നഹദോസ് കൂടിയാൽ പാത്രിയർക്കീസിനെ ബാധിക്കയില്ല. Ans. രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോസ് അംഗീകരിക്കപ്പെട്ടിരിക്കുന്ന കുസ്തന്തീനോപോലീസിലെ സുന്നഹദോസ് റോമായിലെ പാത്രിയർക്കീസിനെ കൂടാതെ കൂടുകയും തീരുമാനം എടുക്കുകയും അല്ലായിരുന്നോ?Q രണ്ടാം സാർവ്വത്രിക സുന്നഹദോസിൽ ചില കാരണവശാൽ റോമാ പാത്രിയർക്കീസ് സംബന്ധിച്ചിരുന്നില്ല. അതിന്റെ നിശ്ചയങ്ങൾ ആദ്യം റോമാ പാത്രിയർക്കീസ് അംഗീകരിച്ചില്ല. കാരണം അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇല്ലായ്കതന്നെ. എന്നാൽ പിന്നീട് അദ്ദേഹമൊ പിൻഗാമിയോ സുന്നഹദോസ് നിശ്ചയങ്ങൾ അംഗീകരിക്കുകയും അപ്പോൾ മുതൽ മാത്രം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കീഴിലുള്ള വിഭാഗത്തിനും അത് സ്വീകാര്യമാവുകയും ചെയ്തു. Ans. അദ്ദേഹം സ്വീകരിച്ചതുകൊണ്ട് മാത്രമെ അദ്ദേഹത്തിനും അദ്ദേഹം ഉൾപ്പെട്ടിരുന്ന സഭാ വിഭാഗത്തിനും അത് ബാധകമായുള്ളൂ. കാരണം ശരിയായ പാത്രിയർക്കീസായ അദ്ദേഹത്തിന്റെ സമ്മതം കൂടാതെയാണ് ആ സുന്നഹദോസ് കൂടിയത്. സുന്നഹദോസിൽ സംബന്ധിക്കാൻ ശരിയായ എല്ലാ മേൽപട്ടക്കാർക്കും അവകാശമുണ്ട്. ഏതെങ്കിലും മേൽപട്ടക്കാരനെ ക്ഷണിക്കാതെ കൂടുന്ന സുന്നഹദോസിലെ തീരുമാനം സ്വീകരിക്കാതിരിക്കാൻ ആ മേൽപട്ടക്കാരനവകാശമില്ലേ?Q ഇല്ല. സാധാരണ മേൽപട്ടക്കാരന് സ്വാതന്ത്ര്യമില്ല. സുന്നഹദോസ് കൂടുന്നത് അതിന്റെ വിഷയങ്ങൾ കാണിച്ച് പാത്രിയർക്കീസ് താഴെയുള്ള മേൽപട്ടക്കാർക്ക് എഴുതുകയും യാത്രാ സൗകര്യവും മറ്റുമുള്ളവർ അതിൽ ചെന്ന് സംബന്ധിക്കുകയും ഏതെങ്കിലും കാരണവശാൽ സംബന്ധിക്കാൻ നിവൃത്തിയില്ലാതെ വരുന്നവർ കാരണം കാണിച്ചും സുന്നഹദോസ് നിശ്ചയങ്ങൾ അംഗീകരിക്കുന്നു എന്ന് സമ്മതിച്ചും ശൽമൂശാ എഴുതി അയച്ചു കൊടുക്കും. ഈ രണ്ടുവിധത്തിലും പ്രവർത്തിക്കാത്തവർ സഭയുടെ തലവനോടുള്ള എതിർപ്പാകുന്ന നിലകൊള്ളുന്നതായിരിക്കും. Ans. ക്ഷണിക്കപ്പെടേണ്ട മേൽപട്ടക്കാരനെ ക്ഷണിക്കാതെ സുന്നഹദോസ് കൂടിയാൽ ആ സുന്നഹദോസിലെ തീരുമാനം അംഗീകരിക്കാൻ അപ്രകാരം ക്ഷണിക്കപ്പെടാത്ത മേൽപട്ടക്കാരൻ ബാദ്ധ്യസ്ഥനാണോ?Q ബാദ്ധ്യസ്ഥനാണ് കാരണം ഒന്ന് ക്ഷണിക്കപ്പെടേണ്ട മേൽപട്ടക്കാരനെ ക്ഷണിക്കാതെ സുന്നഹദോസ് കൂടുകയില്ല. രണ്ട് സഭയിൽ ഒരുത്തന്റെ അഭിപ്രായം

അനുസരിച്ചല്ല സഭാ നിയമങ്ങൾ പാലിക്കപ്പെടേണ്ടത്. ബാക്കിയുള്ളവർ കൂടി തീരുമാനിച്ചത് ആ സാധാരണ മേൽപട്ടക്കാരനെയും ബാധിക്കുന്നതാണ്. Ans. ഈ പറഞ്ഞ തത്വം പാത്രിയർക്കീസന്മാരെ സംബന്ധിച്ച് ബാധകമല്ലേ?Q ആകമാന സുന്നഹദോസിൽ പാത്രിയർക്കീസന്മാർക്കും അത് ബാധകമാണ്. Ans. സുന്നഹദോസിന്റെ തീരുമാനങ്ങൾക്ക് കീഴ്വഴങ്ങാൻ പാത്രിയർക്കീസും എല്ലാ മേൽപട്ടക്കാരും ബാദ്ധ്യസ്ഥരല്ലേ?Q വിളിച്ചു കൂടുന്നവർ പാത്രിയർക്കീസുമാരാകയാൽ അവർ അങ്ങനെ വിളിച്ചുകൂട്ടിയ സുന്നഹദോസിന്റെ നിശ്ചയങ്ങൾക്ക് സമ്മതം നൽകുവാൻ അവരും ബാദ്ധ്യസ്ഥരാണ്. Ans. question repeated ശരിയായ രീതിയിൽ കൂടുന്ന സുന്നഹദോസിന്റെ തീരുമാനങ്ങൾ അംഗീകരിക്കാൻ പാത്രിയർക്കീസുൾപെടെ എല്ലാവരും ബാദ്ധ്യസ്ഥന്മാരാണ്. Ans. പാത്രിയർക്കീസ് ന്യായമായ സുന്നഹദോസ് തീരുമാനങ്ങൾക്ക് വിധേയമാണ് എന്ന് പറയുന്നത് ശരിയല്ലേ?Q ന്യായമായി വിളിച്ച് കൂട്ടിയ സുന്നഹദോസ് തീരുമാനങ്ങൾക്ക് പാത്രിയർക്കീസും വിധേയനാണെന്ന് ബോധിപ്പിച്ചു കഴിഞ്ഞതാണ്. Ans. പത്രോസ് ശ്ലീഹാ മൂന്ന് പാത്രിയർക്കാ സ്ഥാനങ്ങൾ സ്ഥാപിച്ചു എന്ന് കാണിക്കാൻ സഭയിൽ ആധികാരികമായി എന്തെങ്കിലും ഉണ്ടോ?Q പത്രോസ് ശ്ലീഹാ മൂന്ന് പാത്രിയർക്കീസുമാരെ സൃഷ്ടിച്ചു എന്ന വാചകം ഒരിടത്തും കാണുകയില്ല. കാരണം ഒന്ന് അന്ത്യോക്യായിലും റോമിലും പത്രോസ് തന്നെ ഭരിക്കുകയും അദ്ദേഹത്തിന്റെ പിൻഗാമികളെ വാഴിച്ചാക്കുകയും ചെയ്തു. അലക്സാണ്ട്രിയായിൽ അദ്ദേഹത്തിന്റെ ശിഷ്യൻ മർക്കോസിനെ അയച്ച് അവിടെയും അദ്ദേഹം ഭരണം നടത്തി. രണ്ട്, അപ്പോസ്തലിക കാലത്ത് എപ്പിസ്കോപ്പാ എന്നല്ലാതെ പാത്രിയർക്കീസ് എന്ന പേര് നടപ്പിൽ ആയിരുന്നിട്ടില്ലാത്തതിനാൽ പത്രോസ് മൂന്ന് പാത്രിയർക്കീസ്മാരെ സ്ഥാപിച്ചു എന്ന് രേഖ കാണാൻ വഴിയില്ല. എങ്കിലും ആ മൂന്ന് കേന്ദ്രങ്ങളിൽ അന്ന് എപ്പിസ്കോപ്പന്മാരെന്ന പേരിൽ അറിയപ്പെട്ടിരുന്നവർക്ക് അവരുടെ പരിധിയിലുള്ള എല്ലാ എപ്പിസ്കോപ്പമാരും കീഴ്പെട്ടിരുന്നു എന്ന് മുൻപ് ബോധിപ്പിച്ചിട്ടുണ്ട്. റോമായിലെ പത്രോസ് ശ്ലീഹാ അല്ലാ പൗലോസ് ശ്ലീഹാ ആണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് യാക്കോബ തൃതീയൻ Ext A 71 ൽ എഴുതിയിട്ടുള്ള അഭിപ്രായത്തോട് സാക്ഷി വിയോജിക്കുകയാണോ?Q വിയോജിക്കുകയാണ്. ഒന്നാമത്, യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ റമ്പാനായിരുന്ന കാലത്ത് എഴുതിയ ഒരു പുസ്തകമാണത്. മുമ്പറിഞ്ഞ കാര്യം അദ്ദേഹം തെളിവുദ്ധരിച്ച് എഴുതിയിട്ടുള്ളതല്ല. അദ്ദേഹത്തിന്റെ അനുമാനമായിട്ട് എഴുതിയിരിക്കുന്നതാണ്. രണ്ടാമത്, സഭ സ്ഥാപിക്കുക എന്ന് പറഞ്ഞാൽ പിൻഗാമികളെ വാഴിക്കുക എന്നും കൂടി അതിൽ അന്തഃർഭവിച്ചിരിക്കുന്നു. പൗലോസ് വാഴിച്ച തിമോത്തിയാസിനെയാകട്ടെ റോമയിൽ ഭരിച്ച മേൽപട്ടക്കാരുടെ ലിസ്റ്റിൽ പറയുന്നില്ല. മറിച്ച് പത്രോസ് വാഴിച്ച ലിനോസ് മുതലായവരെയാണ്. ഏതു ചരിത്രത്തിലും പിൻഗാമികളായി കാണുന്നത്. Ans. മർക്കോസ് പത്രോസ് ശ്ലീഹായുടെ ശിഷ്യനായിരുന്നു എന്നല്ലാതെ അദ്ദേഹത്തിനെ മേൽപട്ടക്കാരനായി പത്രോസ് ശ്ലീഹാ വാഴിച്ചതായി വേദപുസ്തകത്തിലെ

ഏതെങ്കിലും അംഗീകൃത രേഖകളിൽ ഉണ്ടോ?Q വേദപുസ്തകത്തിൽ ചരിത്രമെല്ലാമില്ല. പത്രോസ് മർക്കോസിനെ വാഴിച്ചതായി പല പുസ്തകങ്ങളിലും ഞാൻ വായിച്ചിട്ടുണ്ട് പെട്ടന്ന് ഓർമ്മ വരുന്നില്ല. Ext A 71 ലും അങ്ങനെ ഉണ്ടെന്നാണ് ഓർമ്മ. Ans. വേദപുസ്തകത്തിൽ പത്രോസ് ശ്ലീഹാ മർക്കോസിനെ വാഴിച്ചതായി ഇല്ല. പല ശ്ലീഹന്മാരും പലരെയും മേൽപട്ടക്കാരായി വാഴിച്ചിട്ടുണ്ടെങ്കിലും അതും വേദപുസ്തകത്തിൽ ഇല്ല. അലക്സാന്ത്രിയായിലെ സിംഹാസനം എന്നത് മർക്കോസിന്റെ സിംഹാസനം എന്നല്ലേ സാക്ഷിയുടെ പാത്രിയർക്കീസുൾപ്പെടെ എല്ലാവരും കരുതി വരുന്നത്?Q എന്റെ എന്നല്ല സുറിയാനി സഭ മുഴുവന്റെയും അതിലുൾപ്പെടുന്ന മലങ്കരയിലെ സഭയുടെയും ഏക അനിഷേദ്ധ്യ പാത്രിയർക്കീസായി എല്ലാവരും അംഗീകരിച്ചിട്ടുള്ള യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും എല്ലാവരും മർക്കോസിന്റെ സിംഹാസനം എന്ന് അലക്സാന്ത്രിയൻ സിംഹാസനത്തെ കുറിച്ച് പറയാറുണ്ട്. അത് പത്രോസിനാൽ മേൽപട്ടക്കാരനായി അയക്കപ്പെട്ട സ്വന്തശിഷ്യനായ മർക്കോസിൽ നിന്ന് ആചാര്യത്വ പിൻതുടർച്ച പ്രഖ്യാപിച്ചതുകൊണ്ട് മർക്കോസിന്റെ സിംഹാസനം എന്ന് പറഞ്ഞാൽ അത് അദ്ദേഹത്തെ ആ സ്ഥാനത്താക്കിയ പത്രോസിന്റെ സിംഹാസനം തന്നെയാണ്. Ans. അലക്സാന്ത്രിയയിലെ സിംഹാസനം പത്രോസിന്റെ സിംഹാസനമാണെന്ന് ഏതെങ്കിലും അധികൃത രേഖകളിൽ കണ്ടിട്ടുണ്ടോ?Q ഞാൻ ഇവിടെ പറയുന്നത് ഉത്തരവാദിത്വത്തോടുകൂടിയാണ്. പല പുസ്തകങ്ങളും വായിച്ചുള്ള അറിവിൽ നിന്നാണ് ഞാൻ ഇവിടെ അങ്ങനെ ബോധിപ്പിച്ചിട്ടുള്ളത്. രേഖകൾ ഓരോന്നും പെട്ടെന്ന് പറയുവാൻ സാദ്ധ്യമല്ല. Ans. കുസ്തന്തിനോപ്പോലീസിലെ പാത്രിയർക്കാ സിംഹാസനം എഫേസോസിൽ നിന്ന് മാറ്റപ്പെട്ട യൂഹാനോന്റെ സിംഹാസനം എന്നല്ലേ സഭ കരുതുന്നത്?Q യൂഹാനോന്റെ സിംഹാസനം എന്ന് പറയുന്നില്ല. എഫേസോസിൽ നിന്നും മാറ്റപ്പെട്ട സിംഹാസനം എന്ന് മാത്രമെയുള്ളു. എഫേസോസാകുന്ന ഭരണകേന്ദ്രം കുസ്തന്തിനോപ്പോലിസായി എന്നു മാത്രമെ അതിനർത്ഥമുള്ളു. Ans. എഫേസൂസിലെ സഭയുടെ സ്ഥാപകൻ മോർ യൂഹാനോൻ എന്നല്ലേ സഭ പഠിപ്പിക്കുന്നത്?Q അതെ. Ans. എഫേസൂസിലെ സഭയോ കുസ്തന്തിനോപോലിസിലെ പാത്രിയർക്കീസ് സിംഹാസനമൊ പത്രോസ് സ്ഥാപിച്ചതാണെന്ന് വായിച്ചിട്ടുണ്ടോ?Q ഞാൻ അങ്ങനെ വായിച്ചിട്ടുമില്ല പറഞ്ഞിട്ടുമില്ല. Ans. കുസ്തന്തിനോപ്പോലീസിലെ പാത്രിയർക്കാ സിംഹാസനം പത്രോസ് സ്ഥാപിച്ചതാണെന്ന് സാക്ഷിയോ സഭയോ കരുതുന്നുണ്ടോ?Q കുസ്തന്തിനോപ്പോലീസിലെ പാത്രിയർക്കാ സിംഹാസനം അഥവാ കേന്ദ്രം അവിടെ കൂടിയ സുന്നഹദോസ് നിശ്ചയമനുസരിച്ചാണ് ഉണ്ടായത് എന്നും അതുവരെയും പത്രോസ് സ്ഥാപിച്ച റോമാ സിംഹാസനത്തിന്റെ പരിധിയിലായിരുന്നു എന്നും മുമ്പ് ഞാൻ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. ആകയാൽ പത്രോസ് നേരിട്ട് സ്ഥാപിച്ചതല്ല. Ans. മുമ്പറഞ്ഞവയുടെ വെളിച്ചത്തിൽ സഭയും സഭയിൽപെട്ട ഞാനും കരുതുന്നില്ല. Ans. പത്രോസിന്റെ അല്ലാത്ത പാത്രിയർക്കാ സിംഹാസനം, നിലവിൽ

വരുത്തുന്നതിന് സുന്നഹദോസിന് അധികാരം ഉണ്ട് എന്നല്ലേ വരുന്നത്? ഇല്ല. പാത്രിയർക്കാസിംഹാസനം, കാതോലിക്കാ സിംഹാസനം മെത്രാപ്പോലീത്തൻ സിംഹാസനം എന്നെല്ലാം പറഞ്ഞാൽ അതിന്റെ അർത്ഥം അവരിരിക്കുന്ന ഭരണകേന്ദ്രം എന്നാണെന്നും പത്രോസിന്റെ സിംഹാസനം എന്നു പറയുന്നത് കേവലമൊരു മേൽപട്ടക്കാരന്റെ ഭരണകേന്ദ്രമെന്നല്ല, പ്രത്യുത പത്രോസിൽ നിന്നുള്ള അപ്പോസ്തലിക കൈവപ്പിന്റെ പിന്തുടർച്ചയാണ് സിംഹാസനമെന്നും ബോധിപ്പിച്ചിട്ടുള്ള സ്ഥിതിക്ക് കുസ്തന്തിനോപ്പോലീസ് പാത്രിയർക്കാ സിംഹാസനം എന്നു പറഞ്ഞാൽ അവിടുത്തെ പാത്രിയർക്കീസിന്റെ ഇരിപ്പിടം, കേന്ദ്രം എന്നു മാത്രമേ വെളിവാകുന്നുള്ളൂ. അതിന്റെ യഥാർത്ഥമായ അർത്ഥം അതിനില്ല. Ans. കുസ്തന്തിനോപ്പോലീസ് ഒരു പാത്രിയർക്കാ സിംഹാസനമായി സഭ അംഗീകരിക്കുന്നുണ്ട്. സഭ അംഗീകരിക്കുന്ന സിംഹാസനമല്ല. പത്രോസിനോട് ബന്ധപ്പെട്ടതായിരിക്കണമെന്നില്ലല്ലോ?Q അതെ. കാരണം ആ പേരുണ്ടാകുന്നതുവരെയും അവർ പത്രോസിന്റെ സിംഹാസനത്തിന് കീഴ്പെട്ടവരായിരുന്നു. ലൗകികമായ ചില പരിഗണനകളുടെ വെളിച്ചത്തിൽ അവരും ഒരു പാത്രിയർക്കാസിംഹാസനം, പത്രോസിന്റെ പിൻഗാമികളും കൂടി സംബന്ധിച്ച സുന്നഹദോസ് ബഹുമതിയായി നൽകിയിട്ടിള്ളതാണ്. Ans. കുസ്തന്തിനോപ്പോലീസ് പാത്രിയർക്കീസിനും എല്ലാ പാത്രിയർക്കീസിനെപ്പോലെയും അധികാരവും ബഹുമതിയും ഉണ്ടായിരുന്നു. Ans. പത്രോസ് ശ്ലീഹാ മർക്കോസിനെ അലക്സാണ്ട്രിയയ്ക്ക് അയച്ചു എന്ന് രേഖ വല്ലതും ഉണ്ടോ?Q EA 71 ൽ തന്നെ ഉണ്ട് എന്നാണ് എന്റെ ഓർമ്മ. ഞാൻ അങ്ങനെ വായിച്ചിട്ടുണ്ട്. Ans. അതിനെ സംബന്ധിച്ചുള്ള ഏതെങ്കിലും രേഖകൾ ഓർക്കുന്നുണ്ടോ?Q ഇപ്പോൾ രേഖകൾ ഓർക്കുന്നുണ്ടോ?Q ഇപ്പോൾ രേഖ ഒന്നും ഓർമ്മ വരുന്നില്ല. Ans. മലങ്കരയിലെ സഭയ്ക്കും പാത്രിയർക്കീസിന്റെ കീഴിലുള്ള മദ്ധ്യ പൂർവ്വദേശത്തെ സഭയ്ക്കും അതാതിന്റേതായ പ്രത്യേക ഭരണവ്യവസ്ഥകൾ ഇല്ലേ?Q ഇവ രണ്ടും രണ്ടല്ല. രണ്ട് ഭുവിഭാഗം കാണിക്കാൻ രണ്ടു പേരിൽ പറയുന്നു എന്നല്ലാതെ സഭ ഒന്നാണ് എന്നാൽ ഓരോ ദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് വല്ല ആചാരപരമായ നടപടികളിലും വല്ല വ്യത്യാസവും ഉണ്ടായിരിക്കാം. മലങ്കരയിലെ ഭരണരീതി പാത്രിയർക്കീസുമായി ബന്ധപ്പെട്ട കാലം മുതൽ കുറെ കൂടി സ്പഷ്ടമായി 1665 മുതൽ ഉള്ള കീഴ്നടപ്പുകൾ പാത്രിയർക്കീസും അദ്ദേഹത്താലയക്കപ്പെട്ട മെത്രാപ്പോലീത്തന്മാരും പാത്രിയർക്കീസിൽ നിന്നും സ്ഥാനമേറ്റിട്ടുള്ള മേൽപട്ടക്കാരും വഴിയായി വന്നിട്ടുള്ള കീഴ്നടപ്പുകളാണ്. മദ്ധ്യ പൂർവ്വദേശത്തെ പ്രത്യേക പരിതഃസ്ഥിതിയാൽ അവിടെയും യൂറോപ്പിലും അമേരിക്കയിലും മറ്റുമുള്ള യാക്കോബായായ സഭയുടെ വിഭാഗത്തിൽ ആ സ്ഥലങ്ങൾക്ക് ചേരുന്ന രീതിയിലുള്ളതും പാത്രിയർക്കീസ് അംഗീകരിച്ചിട്ടുള്ളതുമായ ഭരണരീതികൾ ഉണ്ട്. Ans. കാനോൻ എന്ന് പറഞ്ഞാൽ സഭയുടെ ഭരണനിയമം എന്ന് മനസ്സിലാക്കുന്നുണ്ടോ?Q അല്ല അത് മാത്രമല്ല. കാനോനിൽ സഭയുടെ ഭരണനിയമങ്ങളുമുണ്ട്. കൂദാശാനുഷ്ഠാനങ്ങൾ

ആചാരങ്ങൾ ഇവയെക്കുറിച്ച് നിർദ്ദേശങ്ങളുമുണ്ട്. Ans. മദ്ധ്യപൂർവ്വദേശത്തെ സഭക്കുവേണ്ടി പ്രത്യേക കാനോനുകൾ ഉണ്ടോ?Q ഇവിടെ ഹാജരാക്കിയിട്ടുള്ള കാനോൻ പോലുള്ള പ്രത്യേക കാനോൻ ഒന്നുമില്ല. കാനൻസും എന്നതിന് നിയമങ്ങൾ നിബന്ധനകൾ എന്നുള്ള അർത്ഥത്തിൽ മുമ്പ് ബോധിപ്പിച്ചതുപോലെ അവിടെ പ്രത്യേക നിബന്ധനയും ഇടനിയമങ്ങളോ ഉണ്ടായിരിക്കാം. Ans. സഭയുടെ വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ സാക്ഷി കാര്യമായ പഠനം വല്ലതും നടത്തിയിട്ടുണ്ടോ?Q എന്റെ പഠനകാലത്ത് തിയോളജിക്കൽ കോളേജുകൾ സഭാവകയായി ഇല്ലായിരുന്നു. സഭയുടെ വിശ്വാസം പ്രധാനമായും ഈ കേസിലെ 1-ാം വാദിയായിരുന്ന ഗുരുവിൽ നിന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. സഭയുടെ വിശ്വാസം മനസ്സിലാക്കി കഴിഞ്ഞ ശേഷം എന്റെ അറിവിൽ പെട്ടിട്ടുള്ളവയും എനിക്ക് കിട്ടാവുന്നവയും ആയ പുസ്തകങ്ങൾ ഞാൻ വായിച്ച് മനസ്സിലാക്കുകയും അങ്ങനെ സുറിയാനി സഭയുടെ വിശ്വാസം എനിക്ക് ഒരുവിധം നന്നായി അറിയാവുന്നതും ഞാൻ എഴുതിയ വിശ്വാസ സംബന്ധമായ പുസ്തകങ്ങൾ ഈ സഭയിൽ 1964 ന് മുമ്പും 1964 ന് ശേഷവും ആധികാരികമായി സൺഡേസ്കൂളുകളിൽ പഠിപ്പിച്ചിട്ടുള്ളവയുമാണ്. Ans. സഭയുടെ വിശ്വാസങ്ങൾ സംബന്ധിച്ച് സഭാപിതാക്കന്മാർ ക്രോഡീകരിച്ചിട്ടുള്ള വല്ല സുറിയാനി ഗ്രന്ഥങ്ങളും സാക്ഷിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?Q എന്റെ ഗുരുവിന്റെ കൈവശം അങ്ങനെയുള്ള പുസ്തകങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് പുസ്തകങ്ങൾ ഉണ്ടെങ്കിൽ കിട്ടാനുള്ള പ്രയാസം കൊണ്ടും അങ്ങനെയുള്ള വലിയ ഗ്രന്ഥങ്ങൾ ഞാൻ വായിക്കാനിടയായിട്ടില്ല. അവയിൽ നിന്ന് ചില ഉദ്ധരണികൾ കണ്ടിട്ടുള്ളവ മനസ്സിലാക്കിയിട്ടുണ്ടെന്നേയുള്ളൂ. Ans. വിശ്വാസം സംബന്ധമായിട്ടുള്ള ഏതെങ്കിലും പുസ്തകം സുറിയാനിയിൽ ഉണ്ടോ?Q വിശ്വാസം എല്ലാം കൂടി ക്രോഡീകരിച്ചിട്ടുള്ള ഏതെങ്കിലും സുറിയാനി പുസ്തകം ഞാൻ കണ്ടിട്ടുമില്ല. വായിച്ചിട്ടുമില്ല. എന്നാൽ ഈ സഭയുടെ വിശ്വാസം അവയിൽ നിന്ന് മനസ്സിലാക്കാവുന്നതും സാധാരണക്കാർക്ക് ലഭിക്കുന്നതുമായ ആയ സുറിയാനി പുസ്തകങ്ങൾ അതായത് പട്ടംകൊട പുസ്തകം, പ്രാർത്ഥന, പുസ്തകം മുതലായവ എല്ലാം വായിക്കാനിടയായിട്ടുണ്ട്. Ans. പട്ടംകൊട പുസ്തകവും ആരാധനാ ക്രമവുമല്ലാതെ ഏതെങ്കിലും സഭാ വിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന സുറിയാനി പുസ്തകം കണ്ടിട്ടുണ്ടോ?Q ബർസ്ലിബി, മുശെബർകീപ്പ മുതലായവരുടെ വേദവ്യാഖ്യാനങ്ങൾ കൂദാശകളെക്കുറിച്ചുള്ള ചില വിവരണങ്ങൾ ഇവയെല്ലാം മുഴുവനായിട്ടല്ലെങ്കിലും അൽപമായിട്ട് ചില ഭാഗങ്ങൾ വായിക്കാൻ ഇടയായിട്ടുണ്ടോ?Q സുറിയാനി പുസ്തകങ്ങൾ വായിക്കാൻ ഇടയാകാത്തത് അവയെല്ലാം കയ്യെഴുത്ത് പ്രതികളും ചുരുക്കം വല്ല സ്ഥലങ്ങളിലും മാത്രം ഇരിക്കുന്നവയും ആക കൊണ്ടാണ്. Ans. കൂദാശകളെ സംബന്ധിച്ച് മുശെബർകീപ്പായുടെ പുസ്തകത്തിലെ ചില ഭാഗങ്ങളെ വായിച്ചിട്ടുള്ള. സഭയുടെ വിശ്വാസത്തെ സംബന്ധിച്ചും പ്രത്യേകിച്ചും കൂദാശകളെ സംബന്ധിച്ചും സുറിയാനിയിൽ എഴുതപ്പെട്ടതും സഭ സ്വീകരിച്ചിട്ടുള്ളതുമായ എന്തെങ്കിലും ഗ്രന്ഥത്തെപ്പറ്റി കേൾക്കുകയൊ കാണുകയൊ

ഉണ്ടായിട്ടുണ്ടോ?Q ഇപ്പറഞ്ഞവ എല്ലാംകൂടി ഉൾപെടുത്തിയ പുസ്തകം ഏതെങ്കിലും ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ കണ്ടിട്ടുമില്ല. Ans. ബാർ എബ്രായ എഴുതിയ *മ്നാറസ് കുദ്ശേ* എന്നൊരു പുസ്തകമുണ്ടെന്ന് കേട്ടിട്ടുണ്ട്. ഇതുവരെയും വായിക്കാൻ സാധിച്ചിട്ടില്ല. കണ്ടിട്ടുമില്ല. ഇവിടെ എങ്ങും കിട്ടാനുമില്ല മഞ്ഞിനിക്കര ദയറായിലെ ഇവിടെയുള്ള മെത്രാപ്പോലീത്തന്മാരുടെയൊ കൈവശം ആ പുസ്തകം ഇല്ല. പാത്രിയർക്കീസ് ബാവായുടെ കൈവശം മേൽപറഞ്ഞ പുസ്തകം കണ്ടേക്കാം. എവിടുന്നെങ്കിലും അതുകൊണ്ടുവരാമോ?Q കിട്ടാനില്ലാത്ത സാധനം ഒരിടത്തു നിന്നും എന്നെകൊണ്ടു കൊണ്ടുവരാനാവില്ല. Ans. *മ്നാറസ് കുദ്ശേ* എന്ന വാക്കിന്റെ അർത്ഥം എന്താണ്?Q *ശുദ്ധതകളുടെ ദീപം* അല്ലെങ്കിൽ ലിറ്ററലായി *വിളക്കുതണ്ട്.* Ans. *മ്നാറസ് കുദ്ശേ* എന്ന പുസ്തകം സഭാ വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ പരക്കെ അംഗീകരിച്ചിട്ടുള്ളതാണെന്ന് സാക്ഷിക്കഭിപ്രായമുണ്ടോ, അറിയാമോ?Q മറ്റ് പിതാക്കന്മാരുടെ പുസ്തകങ്ങൾ പോലെ വിശ്വാസ സംബന്ധമായ കാര്യങ്ങൾക്ക് റഫറൻസിനായി ആ പുസ്തകവും സഭ ഉപയോഗിക്കുന്നുണ്ട്. Ans. പത്രോസ് ശ്ലീഹായ്ക്ക് സഭാ സംബന്ധമായി കിട്ടിയിട്ടുള്ള എല്ലാ അധികാരങ്ങളും നൽവരങ്ങളും ഓരോ എപ്പിസ്കോപ്പായ്ക്കും പട്ടം കൊട സമയത്ത് ലഭിക്കുന്നു എന്നല്ലേ സഭയുടെ പഠിപ്പിക്കൽ?Q അല്ല. സഭയുടെ മുഴുവൻ ഭരണമാണ് പത്രോസ് ശ്ലീഹായ്ക്ക് ക്രിസ്തുവിൽ നിന്ന് ലഭിച്ചത്. അങ്ങനെയുള്ള പത്രോസിന്റെ പിൻഗാമിക്ക് ആ അധികാരം ഉണ്ടോ? ആ പിൻഗാമി മറ്റൊരു എപ്പിസ്കോപ്പയെ വാഴിക്കുമ്പോൾ അതിന്റെ സ്ഥാപന വചനങ്ങളിൽ ഒന്ന് തന്നെ ഇന്ന ഭാഗത്തിനായി ഇന്നാർ വാഴിക്കപ്പെടുന്നു എന്നതിൽ നിന്ന് തന്നെ മുഴുവന്റെ അധികാരമുള്ള ഒരാൾ ഒരു വിഭാഗത്തിന്റെ ചുമതല വഹിപ്പാൻ ഒരാളിനെ ആക്കുക മാത്രമാകയാൽ പത്രോസിന് ലഭിച്ച എല്ലാ അധികാരവും ഒരു എപ്പിസ്കോപ്പക്ക് ലഭിക്കുകയില്ല. അതു പോലെ തന്നെ പത്രോസിന്റെ പിൻഗാമിക്ക് ചെയ്യാവുന്ന മൂറോൻ കൂദാശ യാതൊരെപ്പിസ്കോപ്പക്കും ചെയ്യുവാൻ അവകാശമില്ല. ആകയാൽ അവർ തമ്മിൽ അധികാര വ്യത്യാസമുണ്ട്. ഇങ്ങനെയാണ് പഠിപ്പിക്കുന്നത്. Ans. പത്രോസിന്റെ പിൻഗാമിക്കു മാത്രമെ മൂറോൻ കൂദാശ ചെയ്യാമോ?Q പത്രോസിന്റെ പിൻഗാമിയുടെ കാതോലിക്കയ്ക്ക് പിൻഗാമിയുടെ അനുവാദപ്രകാരം മൂറോൻ കൂദാശ ചെയ്യാം എന്നുള്ളതിന് ഈ കേസിലെ 1-ാം വാദി മൂറോൻ കൂദാശ ചെയ്യുന്നതിനുമുമ്പ് പാത്രിയർക്കിസിന്റെ പേർക്ക് അനുഗ്രഹങ്ങൾ യാചിച്ച് അയച്ച എഴുത്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുമുണ്ട്. Ans. മൂറോൻ കൂദാശ ചെയ്യാൻ പാത്രിയർക്കീസിന്റെ അനുവാദം വേണോ? വേണമെന്നാണ് ഞാൻ ധരിച്ചിട്ടുള്ളത് അതിന് എന്റെ അറിവിൽ പെട്ട തെളിവും ഞാൻ ബോധിപ്പിച്ചു കഴിഞ്ഞു. Ans. സാക്ഷിയുൾപെട്ട സഭയിലെ നിയമം അതാണോ? നിയമം ഉണ്ടോ എന്ന് പെട്ടെന്ന് പറയാൻ നിവൃത്തിയില്ല. Ans. സാക്ഷിയുടെ കൂടെയുള്ളവരും അങ്ങനെയാണോ ധരിച്ചിരിക്കുന്നത്?Q കൂടെയുള്ളവർ എന്ത് ധരിച്ചിരിക്കുന്നു എന്നറിഞ്ഞുകൂടാ.

ഞാൻ ധരിച്ചിരിക്കുന്നത് ശരിയായ കാതോലിക്കാ ശരിയായ മൂറോൻ കൂദാശ ചെയ്യുന്നതിന് അദ്ദേഹത്തെ വാഴിച്ചാക്കിയ അദ്ദേഹത്തിന്റെ തലവനോട് അനുവാദം ചോദിക്കുമെന്നാണ്. Ans. Stopped for lunch. Witness sworn again after lunch and cross examination continued. 1,2,3 നൂറ്റാണ്ടുകളിൽ പാത്രിയർക്കിസ് എന്നൊരു സ്ഥാനം സഭയിൽ അറിയപ്പെടുകയൊ അംഗീകരിക്കപ്പെടുകയൊ ഉണ്ടായിട്ടുണ്ടോ?Q ആ പേര് ഉപയോഗിക്കപ്പെട്ടിട്ടുള്ളതായി മുമ്പ് ഞാൻ ബോധിപ്പിച്ചതിന്റെ വെളിച്ചത്തിൽ മൂന്നാം നൂറ്റാണ്ടിലെങ്കിലും ആ പേര് ഉപയോഗിക്കപ്പെട്ടിരുന്നു എന്നു കാണാവുന്നതാണ്. Ans. ബാർ എബ്രായയുടെ *സഭാചരിത്രത്തിൽ* നിന്നുതന്നെ അതു വ്യക്തമാണ്. ആ പേരിൽ അറിയപ്പെട്ടിരുന്നു *എന്നുള്ള വാചകം ബാർ എബ്രായായുടെ* സഭാചരിത്രത്തിൽ ഇല്ല. എന്നാൽ മൂന്നാം നൂറ്റാണ്ടിൽ അന്ത്യോഖ്യായിലെ മേൽപട്ടക്കാരനെ ആ പേരിൽ ബാർ എബ്രായ പറഞ്ഞിട്ടുണ്ടോ?Q ഒരു എപ്പിസ്കോപ്പയ്ക്കും തനിച്ച് പാത്രിയർക്കീസിനെ വാഴിക്കാൻ പാടില്ല എന്നുള്ളതുപോലെ ഒരു പാത്രിയർക്കീസിന് തനിച്ച് ഒരു എപ്പിസ്കോപ്പായെ വാഴിക്കാൻ പാടില്ല എന്നല്ലേ സഭയുടെ പഠിപ്പിക്കൽ?Q സഭ അങ്ങനെ പഠിപ്പിക്കുന്നതായി ഞാൻ വായിച്ചിട്ടില്ല. Ans. സഭയുടെ വിശ്വാസ സംബന്ധമായുള്ള പുസ്തകങ്ങളിലെ ഉദ്ധരിണികൾ വായിച്ചിട്ടുള്ളതിൽ നിന്നും അങ്ങനെ കണ്ടിട്ടില്ല എന്നാണോ പറയുന്നത്?Q എന്നാണ് പറയുന്നത്. മുമ്പ് ചോദിച്ച *ഗിനാറസ് കൂദ്ശെ* മുതലായ പുസ്തകങ്ങളിൽ നിന്ന് സംഗ്രഹിച്ചാണ് വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തിന്റെ *മതസംഗതി* എഴുതിയതെന്ന് അതിന്റെ മുഖവുരയിൽ ഉണ്ട്. ഇങ്ങനെ എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതു *മതസംഗതിയിലും* കാണുമായിരുന്നു. Ans. ഞാൻ വായിച്ച ഒരു പുസ്തകത്തിലും കണ്ടിട്ടില്ലാത്തതാണ്. അതുകൊണ്ടാണ് പറഞ്ഞത്. മലയാളക്കരയിൽ *ഗിനാറസ് കൂദ്ശെ* ഇല്ലേ? വാദികളുടെ കൈവശം *ഗിനാറസ് കൂദ്ശെ* ഉണ്ടെന്നാണ് എന്റെ ബോദ്ധ്യം. അത് ഞാൻ കണ്ടിട്ടില്ല. എന്റെ ഗുരു കണ്ട് കാണണം അതായത് ഔഗേൻ I Ans. സഭ വളർന്നപ്പോൾ സഭയുടെ പൊതു ശിക്ഷണം നിലനിർത്തുന്നതിനു വേണ്ടി പാത്രിയർക്കീസ് എന്നൊരു സ്ഥാനം സഭ നിശ്ചയിച്ചതല്ലേ?Q സഭയിലെ ഒരു സ്ഥാനവും കീഴിൽ നിന്നല്ല മേലിൽ നിന്നാണ്. സഭയിലെ സ്ഥാനങ്ങൾ ശിക്ഷണ നടത്തലിന് മാത്രമല്ല. ക്രിസ്തു സ്ഥാപിച്ച കൂദാശകൾ നിർവ്വഹിക്കുന്നതിനാണ്. ആ സ്ഥിതിക്ക് ഉയരത്തിൽ നിന്ന് ലഭിക്കുന്ന സ്ഥാനമല്ലാതെ ക്രിസ്തു നിയമിച്ചാക്കിയവർക്ക് സ്ഥാനവും അധികാരവും കൊടുക്കാൻ താഴെയുള്ളവർക്ക് അധികാരവും ഇല്ല. Ans. സഭ ഉറപ്പിച്ച സ്ഥാനങ്ങളെ കുറിച്ചാണ് ചോദിച്ചത്?Q സഭയിലെ ക്രിസ്തുവിനാൽ സ്ഥാപിതമായ പത്രോസിന്റെ അധികാരം പാത്രിയർക്കീസിനാണ്. പാത്രിയർക്കീസിനെ കൂടാതെ സഭ ഇല്ല. അങ്ങനെയാൽ സഭ ഒരു കാര്യം നിശ്ചയിച്ചു എന്ന് പറഞ്ഞാൽ പാത്രിയർക്കീസും കൂടെ ഉൾപ്പെട്ട സഭ നിശ്ചയിച്ചു എന്നാണ് അർത്ഥം. പാത്രിയർക്കീസിന് ഇല്ലാത്ത ഒരു സ്ഥാനം കൊടുക്കാൻ സഭക്ക് സാദ്ധ്യമല്ല. Ans. പാത്രിയർക്കീസിനെ കർത്താവ് നിശ്ചയിച്ചതായി കാണിക്കാൻ വേദപുസ്തകത്തിൽ

എവിടെയെങ്കിലും എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ?Q പാത്രിയർക്കീസ ന്മാരിൽ ഒന്നാമനായ പത്രോസിനെ പാത്രിയർക്കീസെന്ന പേരിലല്ല സഭയുടെ പൂർണ്ണ ഭരണക്കാരൻ എന്ന നിലയിൽ കർത്താവ് നിയമിച്ചതായി സുവിശേ ഷത്തിൽ ഉണ്ടോ?Q എപ്പിസ്കോപ്പാ എന്ന പേരിലും കർത്താവാരെയും നിയ മിച്ചതായി വേദപുസ്തകത്തിൽ ഇല്ല. ആകയാൽ സഭയുടെ തലവനും സഭ യിലുള്ളവരും പേർന്ന് പുതിയ അധികാരവുമല്ല സ്ഥാനവുമല്ല ദൈവദത്തമായ ആ അധികാരത്തിന് അന്നത്തെ നിലക്കുള്ള പേരുകൾ ഉപയോഗിച്ചു വന്നു. Ans. പാത്രിയർക്കീസെന്ന പേരിലൊ എപ്പിസ്കോപ്പാ എന്ന പേരിലൊ യേശു ക്രിസ്തു ആരെയും നിയമിച്ചിട്ടില്ല. പത്രോസ് ശ്ലീഹായെ പാത്രിയർക്കീസെന്ന് സംബോധന ചെയ്തിട്ടില്ല. Ans. മൂന്നാം നൂറ്റാണ്ടുവരെയുള്ള ഒരു മേൽപട്ട ക്കാരനെയും പാത്രിയർക്കീസെന്ന് സംബോധന ചെയ്തതായി രേഖ ഇല്ലല്ലോ?Q അങ്ങനെ ആരും സംബോധന ചെയ്തതായി ഞാൻ കണ്ടിട്ടില്ലെങ്കിലും അന്നത്തെ മുൻപറഞ്ഞ പ്രധാന പട്ടണങ്ങളിലെ ഭരണാധികാരികളായിരുന്ന എപ്പിസ്കോപ്പന്മാർ എന്ന ആ പേര് കാലാന്തരത്തിൽ പാത്രിയർക്കീസ് എന്ന പേരായിത്തീർന്നു. പേരില്ലായിരുന്നില്ലെങ്കിലും മുമ്പറഞ്ഞവർക്ക് പാത്രിയർക്കീ സിന്റെ അധികാരം ഉണ്ടായിരുന്നു. Ans. എപ്പിസ്കോപ്പന്മാരെന്ന് മുമ്പ് അറി യപ്പെട്ടിരുന്നവരിൽ പ്രധാന പട്ടണങ്ങളിൽ ഉണ്ടായിരുന്നവരെയാണ് പിന്നീട് പാത്രിയർക്കീസന്മാർ എന്നറിയപ്പെട്ടിരുന്നത് എന്നാണോ പറയുന്നത്?Q അല്ല പത്രോസിന്റെ പിൻഗാമികളായി രാഷ്ട്രത്തിന്റെ തലസ്ഥാനങ്ങളിൽ ഇരുന്ന വരാണ് ആ പേരിന് അവകാശികളായതും പിന്നീടറിയപ്പെടുന്നതും. Ans. അതിന് മുമ്പ് അവരെ മൂപ്പന്മാർ elders എന്നോ ഉള്ള പേരിൽ അറിയപ്പെട്ടി രുന്നില്ല. നേരെ മറിച്ച് അപ്പോസ്തല കാലത്ത് തന്നെ കശീശന്മാർ ശെമ്മാശ ന്മാർ എന്നീ സ്ഥാനങ്ങൾ ഉണ്ടായിരുന്നതായി Acts ൽ തന്നെ പറയുന്നുണ്ട്. എപ്പിസ്കോപ്പായെ ചിലപ്പോൾ കശീശ എന്ന് വിളിക്കാറുണ്ടായിരുന്നു. Ans. ഞാനും ഒരു കൂട്ടുമൂപ്പനാണ് എന്ന് പത്രോസ് ശ്ലീഹാ പറഞ്ഞത് സാക്ഷിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?Q കൂട്ടുമൂപ്പനെന്നല്ല പത്രോസ് പറഞ്ഞത്. കൂട്ടു കശീശ എന്നാണ് പറഞ്ഞത്. Ans. കശീശ എന്നും പട്ടക്കാരനെന്നും പറയു ന്നത് ഒന്നാണോ?Q പട്ടം ഉള്ളവനെയെ കശീശ എന്ന് വിളിക്കയുള്ളൂ. എത്ര പ്രായം കുറഞ്ഞയാളായാലും. Ans. എപ്പിസ്കോപ്പാ സ്ഥാനം ഉള്ളവരെയും കശീശ എന്ന് വിളിക്കപ്പെട്ടിരുന്നതായി Acts. XX ൽ പറയുന്നുണ്ട്. എപ്പിസ്കോപ്പ എന്ന വാക്ക് ആദ്യം ഉപയോഗിച്ചിരുന്നോ?Q വേദപുസ്തകത്തിലുണ്ടോ?Q ഉണ്ട് Acts XX ൽ പൗലോസ് കശീശന്മാരെ വിളിച്ചു കൂട്ടി എന്നും അവരോടു പ്രസംഗിച്ചെന്നും അതിന്റെ അവസാനത്തിൽ അവരോട് നിങ്ങൾ എപ്പിസ്കോ പ്പന്മാരായി സഭയെ ഭരിച്ചു കൊള്ളണം എന്നുണ്ട്. 17-ാം വാക്യത്തിൽ അദ്ദേഹം മിലിത്തോസിൽ നിന്ന് എഫേസോസ് സഭയുടെ കശീശന്മാരെ ആളയച്ച് വരുത്തി; പ്രസംഗം 28-ാം വാക്യം. ആകയാൽ ദൈവം സ്വന്തരക്തം കൊണ്ട് നേടിയ സഭയുടെ പരിപാലനത്തിനായി പരിശുദ്ധാത്മാവിനാൽ ഏതേത് ഇട വകകളിൽ എപ്പിസ്കോപ്പമാരായി നിങ്ങൾ നിയമിതരായിരിക്കുന്നുവോ

അതായത് ഇടവകകളെയും തങ്ങളെത്തന്നെയും നിങ്ങൾ സൂക്ഷിച്ചു കൊൾവിൻ എന്നും പറയുന്നുണ്ട്. Ans. EB 20 ൽ Overseer എന്നു പറഞ്ഞിട്ടുണ്ട്. ആ പുസ്തകം പള്ളികളിൽ ഉപയോഗിക്കുന്നതല്ല. EB 37 ആണ് സഭയിൽ ഉപയോഗിക്കുന്നത്. Ex B 61 ൽ 12-ാം പേജിൽ പാത്രിയർക്കീസിനുള്ള നൽവരം അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി തന്നെ വാഴിക്കുമ്പോൾ എന്ന് തുടങ്ങി കാനോനികമായ സുന്നഹദോസിന് അങ്ങനെ ചെയ്യാൻ അധികാരം ഉണ്ട് എന്നുള്ള ഭാഗം വായിച്ചു. സാക്ഷി അതുപോലെ പറഞ്ഞിട്ടുള്ളതായി കാണുന്നുണ്ട്. പാത്രിയർക്കീസിനും മെത്രാപ്പോലീത്തക്കും നൽവരം ഒന്നു തന്നെയാണ് പാത്രിയർക്കീസിന് കൂടുതൽ അധികാരങ്ങളുണ്ട് എന്നും ആ മൊഴിയിൽ കാണുന്നുണ്ട്. വിശുദ്ധ പത്രോസ് ശ്ലീഹായെ അന്ത്യോക്യായിലെ ഒന്നാമത്തെ മേൽപട്ടക്കാരനാണെന്നും പത്രോസിനുശേഷം അന്ത്യോക്യായിലുണ്ടായ മേൽപട്ടക്കാരൻ അദ്ദേഹത്തിന്റെ പിൻഗാമികളാണെന്നും അവർക്കും മലങ്കരയിലെ സഭയുടെ മേൽ അധികാരമുണ്ടെന്നും പറയുന്നത് ചരിത്രമോ സഭയുടെ വിശ്വാസമോ?Q ആദ്യം പറഞ്ഞത് രണ്ടും വിശ്വാസവും മൂന്നാമത് പറഞ്ഞത് ആ വിശ്വാസത്തിന്മേൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചരിത്രവുമാണ്. Ans. വിശ്വാസവും ചരിത്രവും തമ്മിലുള്ള വ്യത്യാസം അറിയാമോ?Q ശരിക്കറിയാം. Ans. ഡോ. രാജേന്ദ്ര പ്രസാദ് ഇൻഡ്യയിലെ 1-ാം പ്രസിഡന്റായിരുന്നു എന്ന് പറയുന്നത് ചരിത്രമോ വിശ്വാസമോ?Q അത് സഭയിലെ കാര്യമല്ലാത്തതുകൊണ്ട് സഭയുടെ വിശ്വാസവുമായി അതിന് ഒരു ബന്ധവും ഇല്ലാത്തതുകൊണ്ട് അത് ചരിത്രം മാത്രമാണ്. Ans. EB 61 ൽ 63-ാം പേജിൽ പാത്രിയർക്കീസിനെ അനുസരിക്കുക എന്നത് യാക്കോബായ സഭയുടെ വിശ്വാസത്തിൽ പെട്ടതാണോ എന്ന ചോദ്യത്തിന് അല്ല, discipline ൽ പെട്ടതാണ് എന്ന് ഉത്തരം ആ സാക്ഷി പറഞ്ഞിട്ടുള്ളതായി കാണുന്നു. എന്നാൽ സ്ഥാനം ഏൽക്കുന്ന സമയത്ത് പാത്രിയർക്കീസിനും പാത്രിയർക്കീസിനാൽ നിയമിച്ചാക്കപ്പെട്ട മെത്രാപ്പോലീത്തമാർക്കും കീഴ്പെട്ടിരുന്ന കൊള്ളാമെന്നുള്ള വിശ്വാസ പ്രഖ്യാപനം വായിച്ച് കുരിശടയാളം കൊണ്ട് മുദ്രകുത്തി വാഴിക്കുന്ന ആളെ ഏൽപ്പിക്കുന്ന *ശമലോഗിയായിൽ* ഉള്ളത് discipline അല്ല, വിശ്വാസ സത്യമാണ്. കാരണം, ആ പാത്രിയർക്കീസിൽ നിന്നാണ് പത്രോസിന്റെ പിൻഗാമി എന്നുള്ള നിലയ്ക്ക് പൗരോഹിത്യ പ്രവാഹം ഉണ്ടാകുന്നത് അതിനാൽ അത് വിശ്വാസ സത്യം തന്നെയാണ്. 1-ാം വാദി ഒരു പട്ടം കൊടുക്കുമ്പോൾ സാക്ഷി അവിടെ ഉണ്ടായിരുന്നോ?Q ഇല്ല. Ans. Ex B 160 ൽ പേജ് 120 ൽ സെയ്ന്റ് പീറ്റർ അന്ത്യോക്യാ സഭയിലെ 1-ാം മത്തെ മേൽപട്ടക്കാരനായിരുന്നുവെന്നും തുടങ്ങി വിശ്വാസങ്ങളിലെന്നല്ല ചരിത്രമാണ് എന്ന് തുടങ്ങി വിശ്വാസങ്ങളിലെന്നല്ല ചരിത്രമാണ് എന്നുവരെയുള്ള ഭാഗം വായിച്ചു. ആ സാക്ഷി അങ്ങനെ പറഞ്ഞിട്ടുണ്ട്. Witness adds എന്നാൽ അതിൽ നിന്നു തന്നെ രണ്ടു കാര്യവും കൂടി ബോധിപ്പിക്കാനുണ്ട്. ഒന്ന്, സെയ്ന്റ് പീറ്റർ അന്ത്യോക്യാ സഭയിലെ ഒന്നാമത്തെ മേൽപട്ടക്കാരനായിരുന്നു. പിന്നീട് ആ സിംഹാസനത്തിൽ വന്നിട്ടുള്ളവർ സെയ്ന്റ് പീറ്ററിൽ നിന്നും

തുടരെ അപ്പോസ്തലിക കൈവപ്പ് സിദ്ധിച്ചിട്ടുള്ളവരാണ് അന്ത്യോക്യാ സിംഹാസനത്തെ അലങ്കരിക്കുന്ന പ്രധാന മേൽപട്ടക്കാരനാണ് യാക്കോബായ സുറിയാനി സഭയിലെ ഏറ്റവും പ്രധാനമേലദ്ധ്യക്ഷൻ ഇങ്ങനെ മൂന്ന് കാര്യങ്ങൾ വിശ്വാസമല്ല എന്നദ്ദേഹം പറയുന്നുണ്ടെങ്കിലും അത് ചരിത്രമാണെന്ന് അദ്ദേഹവും സമ്മതിക്കുന്നുണ്ട്. രണ്ടാമത്, എന്നാൽ അത് കാതലായ വിശ്വാസ സത്യവുമാണ്. അതായത് സെയ്ന്റ് പീറ്ററിന് സഭമേലുള്ള പൂർണ്ണാധികാരം ക്രിസ്തു കൊടുത്തു എന്നുള്ളത് വേദാടിസ്ഥാനമുള്ള വിശ്വാസ സത്യമാണ്. അദ്ദേഹത്തിൽ നിന്നുള്ള ശരിയായ കൈവപ്പ് ഉണ്ടെങ്കിലേ ശരിയായ പൗരോഹിത്യം ഉള്ളൂ എന്നും യാക്കോബായ വിശ്വാസമാണ്. സഭക്ക് പ്രധാന തലവൻ വേണമെന്നും. ആ തലവനാണ് ഏറ്റവും പ്രധാന മേലദ്ധ്യക്ഷനെന്നും അദ്ദേഹത്തിൽ നിന്നുവേർപെട്ടു പോയാൽ സഭാ ശരീരത്തിൽ നിന്ന് വേർപെട്ടു പോകയാണ് എന്നാണ് സഭയുടെ വിശ്വാസം. അതിനാൽ അത് വിശ്വാസ സത്യവും ചരിത്രവുമാണ് Counsel Continues Ex B 160 ൽ 136-ാം പേജിൽ പാത്രിയർക്കീസ് മലങ്കരയിലെ മേലധികാരിയാണ് എന്നുള്ളത് ഒരു വിശ്വാസമല്ല. വിശ്വാസമാണെങ്കിൽ മാറ്റാവുന്നതല്ല. അധികാരങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റാവുന്നതാണ്. മുൻപറഞ്ഞ രീതിയിൽ മലങ്കര സഭയിൽ മേൽപട്ടക്കാർ പാത്രിയർക്കീസിന്റെ അധികാരം സമ്മതിച്ചിട്ടുണ്ട് എന്നല്ലാതെ അതൊരു വിശ്വാസമല്ല എന്ന് സാക്ഷി വീണ്ടും പറഞ്ഞ് കാണുന്നുണ്ട്. ആ സാക്ഷി മേൽപ്രകാരം ഉത്തരം പറഞ്ഞതിന് ചോദിച്ചു കാണുന്ന ചോദ്യം കൂടി പ്രസക്തമാണ്. സഭയിലെ ആത്മ സംബന്ധവും ഭരണ സംബന്ധവുമായ എല്ലാ ചുമതലകളും അധികാരങ്ങളും എപ്പിസ്കോപ്പായെ ഭരമേൽപിച്ചിരിക്കുന്ന എന്നല്ലേ?Q അപ്പോസ്തലന്മാർ പഠിപ്പിച്ചതായി ഞാൻ ഒരിടത്തും വായിച്ചതായി ഓർക്കുന്നില്ല. ആത്മസംബന്ധമായ കാര്യങ്ങൾ പൗരോഹിത്യത്തിന്റെ ഭരണത്തിലാണ് നടത്തപ്പെടുന്നത്. Ans. ExB 162 ൽ 2-ാം പേജിൽ വിശ്വാസികളുടെ വിലയേറിയ ആത്മാക്കളെ എപ്പിസ്കോപ്പായെ ഭരമേൽപിച്ചിരിക്കുന്നുയെന്നും പള്ളി ഉൾപെട്ട സഭയുടെ വസ്തു സംബന്ധമായ കാര്യങ്ങളുടെ കർതൃത്വം എപ്പിസ്കോപ്പന്മാരെ ഭരമേൽപിച്ചിരിക്കുന്നുയെന്നും ശ്ലീഹന്മാരുടെതായ ഒരു കാനോൻ വ്യവസ്ഥ ചേർത്തിട്ടില്ലേ?Q Ex B 162 പേജ് 2 ൽ ചോദ്യത്തിൽ പറഞ്ഞ രീതിയിലുള്ള ഒരു കാനോൻ ഇല്ല. Ans. Ex B 161 ൽ പള്ളി എന്ന് Ex b 162 ൽ തർജ്ജമ ചെയ്തിരിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് ഈദ്ത്താ എന്നാണ് B 162 ൽ 2-ാം പേജിൽ ഉള്ളത് വിശ്വാസികളുടെ വിലയേറിയ ആത്മാക്കൾ എപ്പിസ്കോപ്പായെ വിശ്വസിച്ചേൽപ്പിക്കാമെങ്കിൽ അദ്ദേഹം പള്ളിയുടെ എന്നല്ലാതെ പള്ളി ഉൾപ്പെട്ട സഭയുടെ എന്ന നിലയിൽ എല്ലാ വസ്തുക്കളിന്മേലും കർത്തൃത്വം നടക്കുന്നതു ഏറ്റവും ന്യായമാകുന്നു എന്നു മാത്രമാണ്. അത് ശ്ലീഹന്മാരുടെ കാനോനായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഈദ്ത്താ എന്ന വാക്കിന് പള്ളി എന്നും സഭ എന്നും പറയാം. പള്ളി ഉൾപ്പെട്ട സഭ എന്ന് ഒരിക്കലും പറയാൻ നിവൃത്തിയില്ല. സഭയുടെ വസ്തുക്കളിന്മേലും എന്ന് പരിഭാഷ ചെയ്യാമോ?Q അങ്ങനെ

വേണമെന്നാഗ്രഹമുള്ളവർക്ക് അങ്ങനെ പരിഭാഷ ചെയ്യാം. പക്ഷേ Ex B 162 ലും വാദിയും ഹാജരാക്കിയിരിക്കുന്ന തർജ്ജമയിലും പള്ളി എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. അതാണ് ശരിയും. Ex B 162 ൽ 1-ാം ചാപ്ടർ 2,4 പാസോക്കാക്ക് ഹെഡിംഗ് കൊടുത്തിരിക്കുന്നത് ഈത്തോയുടെ വസ്തുക്കളെയും അതിന്റെ വരുമാനത്തെയും കുറിച്ച് എന്നാണ്. witness എന്നാൽ പള്ളിയെയാണ് ഉദ്ദേശിക്കുന്നത് എന്ന് അതേ പേജിൽ തന്നെ അവരുടെ തന്നെ പട്ടത്വത്തിൽ ഉൾപെട്ട ഒരുവനോ ഒരൽമായക്കാരനൊ പള്ളിയിൽ നിന്ന് മെഴുകുതിരിയൊ എണ്ണയൊ എടുത്തുകൊണ്ട് പോയാൽ ഒന്നിച്ച് അഞ്ചിരട്ടി മടക്കി കൊടുത്ത് തീർത്ത് കൊള്ളണം. ആയവൻ വേർ തിരിക്കപ്പെടണം എന്നുണ്ട്. സഭയിലല്ല മെഴുകുതിരിയും എണ്ണയും പള്ളിയിലാണ്.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Sessions Court Ernakulam

Taken down by me in open court interpreted read to the witness accused and admitted by him her to be correct.

Sd/- Judge 12/10/78

13/10/78 Witness sworn again and cross examination continued. പള്ളി എന്നതുകൊണ്ടു സാക്ഷി ഉദ്ദേശിക്കുന്നത് പള്ളികെട്ടിടമോ അതോ പള്ളിയിൽകൂടി നടക്കുന്ന വിശ്വാസികളുടെ സമൂഹമോ?Q പള്ളി എന്നാൽ പള്ളികെട്ടിടമാണ്. അങ്ങനെയുള്ള ആ കെട്ടിടത്തിൽ ആരാധനയ്ക്കായി കൂടുന്ന ആ ജനങ്ങൾക്ക് ആ പള്ളിയുടെ ഇടവകക്കാർ എന്നാണ് പറയുന്നത്. Ans. ഈത്തോ എന്ന് പറയുന്ന വാക്കിന്റെ അർത്ഥം പള്ളിക്കെട്ടിടമെന്നോ സഭയെന്നോ ആണോ?Q ഈത്തോ എന്ന വാക്കിന്റെ അർത്ഥമല്ല നേരത്തെ ബോധിപ്പിച്ചത്. പള്ളി എന്നാൽ എന്താണെന്നാണ് ബോധിപ്പിച്ചത്. ഈത്തോ എന്ന സുറിയാനി വാക്കിന് സഭ, പള്ളി, വിശ്വാസികളുടെ കൂട്ടം എന്നെല്ലാം അർത്ഥമുണ്ട്. Ans. ഈത്തോ എന്ന വാക്കിന് പള്ളിക്കെട്ടിടമെന്നർത്ഥമില്ല. പള്ളി എന്ന് പറഞ്ഞാൽ പള്ളിക്കെട്ടിടത്തിനാണ് മലയാളത്തിൽ അത് പറയുക. സഭ എന്നത് ക്രിസ്തുവിൽ ഐക്യപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ സമൂഹമാണോ?Q എന്ന് മാത്രം പറഞ്ഞാൽ ആവുകയില്ല. Ans. സഭയുടെ ഒരു ഭാഗമാണോ ഓരോ ഇടവകയിലും ചേർന്ന് നടക്കുന്ന ക്രിസ്തു സഭാംഗങ്ങൾ?Q അല്ല. Ans. ഓരോ ഇടവകയിലും ചേർന്ന് നടക്കുന്ന ക്രിസ്ത്യാനി സഭാംഗങ്ങൾ സഭയിലെ അംഗങ്ങളാണോ?Q സഭയിലെ അംഗത്തിന് വേണ്ട എല്ലാ യോഗ്യതകളും ഉണ്ടെങ്കിൽ അവർ സഭയിലെ അംഗങ്ങളാണ്. Ans. ഈത്തോ എന്ന വാക്കിന് വിപുലമായ സഭയും ഓരോ ഇടവകയിൽ കൂടി നടക്കുന്ന സഭാംഗങ്ങളും എന്നർത്ഥമാക്കാമോ?Q പാടില്ല. Ans. അന്ത്യോക്യായിലെ മേൽപട്ടക്കാരന് സഭാംഗങ്ങളുടെ ആത്മീകാര്യങ്ങളിൽ എന്തെങ്കിലും ചുമതല വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും അപ്പോസ്തലിക കാനോൻ ഉണ്ടോ?Q

അപ്പോസ്തലിക കാനോൻ ഇല്ല. അതിനെക്കാൾ വലിയ രേഖയുണ്ട്. Ans. അപ്പോസ്തലികമല്ലാത്ത ഏതെങ്കിലും കാനോൻ വ്യവസ്ഥ ഉണ്ടോ?Q കാനോൻ വ്യവസ്ഥകളെക്കാൾ വിലപ്പെട്ട രേഖയുണ്ട്. കാനോൻ വ്യവസ്ഥ യില്ല. നിഖ്യായുടെ നിശ്ചയമനുസരിച്ച് അന്ത്യോക്യായ്ക്കും കിഴക്കൊക്കെയും മേലും ഉള്ള സർവ്വാധികാരവും അദ്ദേഹത്തിന് കിട്ടിയിട്ടുണ്ട്. കാനോൻ വഴിയും കിട്ടിയിട്ടുണ്ട്. Ans. പൊതുവായ സഭയുടെ സ്വത്തുക്കളിന്മേലോ ഇടവകകളുടെ സ്വത്തുക്കളിന്മേലോ അന്ത്യോക്യായിലെ മേൽപട്ടക്കാരന് എന്തെങ്കിലും ചുമതലകൾ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും കാനോൻ ഉണ്ടോ?Q അന്ത്യോക്യായുടെതെന്നല്ല മറ്റ് കേന്ദ്രങ്ങളുടെയും കൊടുത്തതാ യിട്ട് ഒരു കാനോനും ഞാൻ കണ്ടിട്ടില്ല. Ans. Ex B 162 ൽ എപ്പിസ്കോപ്പായ്ക്ക് പള്ളിയുടെ സ്വത്തുക്കളിന്മേൽ അധികാരം കൊടുത്ത് പ്രത്യേക വ്യവസ്ഥ ഇല്ലേ?Q ഉണ്ട്. അത് ശ്ലീഹന്മാരുടെ കാലത്തെ വ്യവസ്ഥയാണ്. അന്നത്തെ എപ്പിസ്കോപ്പാ എന്ന് പറഞ്ഞാൽ കശീശ എന്നും അർത്ഥമുള്ളതായിട്ടും ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. Ans. അന്ത്യോക്യായിലെ എപ്പിസ്കോപ്പായെ ഉൾപെടുത്തിയാണ് നേരത്തെ മേൽപട്ടക്കാരന്റെ കാര്യത്തെ പറ്റി ചോദിച്ച തിന് മറുപടി പറഞ്ഞത്. ഇടവകപള്ളികൾ ഭരിക്കുന്നതിന് അന്ത്യോക്യാ പാത്രിയർക്കീസിനെ അധികാരപ്പെടുത്തുന്ന ഏതെങ്കിലും കാനോൻ വ്യവ സ്ഥകൾ ഉണ്ടോ?Qഇടവകപള്ളികൾ ഭരിക്കുന്നതിന് അന്ത്യോക്യാ പാത്രി യർക്കീസിനെ അല്ല. ഒരു മെത്രാപ്പോലീത്തായേയും ചുമതലപ്പെടുത്തിയതായി ഒരു കാനോനും കണ്ടിട്ടില്ല. Ans. എപ്പിസ്കോപ്പായെ ചുമതലപ്പെടുത്തിയ തായി കാനോനുണ്ടെന്ന് നേരത്തെ ബോധിപ്പിച്ചിട്ടുണ്ട്. ആ രീതിയിലാണെ ങ്കിൽ അന്ന് പാത്രിയർക്കീസെന്ന പേരില്ലായിരുന്നു എന്നു കൂടി ചേർത്തു കൊള്ളുന്നു. സാക്ഷി പരിശോധിച്ചു എന്ന് പറയുന്ന വട്ടിപ്പണക്കേസിലെ XVIII അക്ക കാനോൻ പാത്രിയർക്കീസിന്റെ ഒപ്പും മുദ്രയും ഉള്ളതൊ ഇല്ലാ ത്തതോ?Q ഇല്ലാത്തതാണെന്നാണ് എന്റെ ഓർമ്മ. Ans. O.S. 37/74 കൊട്ടാര ക്കര സബ്ബ് കോടതിയിൽ വാദിഭാഗം 8-ാം സാക്ഷിയായി ഞാൻ മൊഴികൊടു ത്തിട്ടുണ്ട്. അതിൽ ഞാൻ പരിശോധിച്ചിട്ടുള്ള XVIII കാനോനിൽ പാത്രി യർക്കീസിന്റെ ഒപ്പും മുദ്രയും ഉണ്ടെന്ന് മൊഴികൊടുത്തിട്ടുണ്ട്. Ex B 161 Chapter I possuca 2 ൽ ലവോദോക്യാ എന്ന ഭാഗം കണ്ടു. അതിന്റെ ഓർജി നൽ തിരുത്തി എഴുതിയിരിക്കുന്നതാണെന്ന് അശേഷവും തോന്നുന്നില്ല. 3-ാം പാസോക്കയിൽ ലവോദിക്യാ എന്ന് എഴുതിയിട്ടുള്ള മൂന്ന് ഭാഗങ്ങൾ കണ്ടു. അത് കണ്ടിട്ട് ഒറിജിനലിൽ തിരുത്തുള്ളതായി കാണുന്നില്ല. അതു ചുമന്ന മഷിയിൽ എഴുതിയിട്ടുള്ളതിന്റെ ഫോട്ടോസ്റ്റാറ്റ് പ്രിന്റാണ്. 4-ാം പാസോക്ക യിൽ ആദ്യത്തെ ലവോദിക്യാ എന്നെഴുതിയിട്ടുള്ളതും ഓർജിനലിൽ ഒരു തിരുത്തും ഉള്ളതായി തോന്നിക്കുന്നില്ല. Ex B 162 ൽ സിംഹാസനം പീഠം ഇരിപ്പിടം എന്നെല്ലാം ഉപയോഗിച്ചിട്ടുള്ളതിന് സുറിയാനിയിൽ ഉള്ള വാക്ക് കുർസിയൊ എന്നാണ്. മൗത്ത്ബോ എന്നു വല്ലയിടത്തും പറഞ്ഞിട്ടുണ്ടോ എന്നറിയില്ല. അതിന്റെയും അർത്ഥം ഇരിപ്പിടം എന്നാണ്. ഈ കേസിന്റെ

ആവശ്യത്തിനുവേണ്ടി പാത്രിയർക്കീസിന്റെ മാത്രം സിംഹാസനം എന്നും മറ്റുള്ളവർക്ക് പീഠം ഇരിപ്പിടം എന്നും ബോധപൂർവ്വം പരിഭാഷപ്പെടുത്തിയിരിക്കയല്ലേ? അങ്ങനെ Ext B 162 ൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. പ്രസക്തഭാഗം കാണിച്ചു തന്നാൽ പറയാം. Ans. 3-ാം പേജിൽ പീഠം എന്ന വാക്കിന് കുർസിയോ എന്നാണ് സുറിയാനിയിൽ ഉള്ളത്. 69-ാം പേജിൽ പീഠം എന്നതിന് കുർസിയോ എന്ന് തന്നെയാണ്. 69-ാം പേജിൽ ഹുദായ എന്ന ഹെഡിംഗിൽ സിംഹാസനത്തിലേക്കോ എന്നു കഴിഞ്ഞു ഒരു ഇടവകയിലേക്കോ എന്നുണ്ട്. ഒരു ഇടവകയിലേക്കോ എന്ന് Ext B 161ൽ ഉണ്ടോ?Q ഉണ്ട്. അതിനുള്ള വാക്ക് മറഞ്ഞുവത്തോ എന്ന Ex B 161 ൽ ഉണ്ടോ?Q Ans. അന്ത്യോക്യാ പാത്രിയർക്കീസിന്റെ സഭാപരമായ എന്ത് കൽപനയും അനുസരിക്കാൻ സഭയും അതിലെ സ്ഥാനികളും അംഗങ്ങളും ബാദ്ധ്യസ്ഥരാണോ?Q സഭാപരമായ എല്ലാ കൽപനകളും അനുസരിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. Ans. പാത്രിയർക്കീസിന്റെ കൽപനകളുടെ ന്യായാന്യായങ്ങളെ അപഗ്രഥനം ചെയ്ത് ന്യായം അല്ലെന്ന് തോന്നുന്നവയെ നിരാകരിപ്പാൻ സഭയ്ക്കും അതിലെ സ്ഥാനികൾക്കും അംഗങ്ങൾക്കും അവകാശമുണ്ടോ?Q ഇല്ല. Ans. സഭാനിയമപ്രകാരം പാത്രിയാർക്കാസ്ഥാനം പ്രാപിക്കാത്ത ഒരു പാത്രിയർക്കീസിനെ അംഗീകരിക്കാൻ അംഗങ്ങളും ബാദ്ധ്യസ്ഥരാകുമോ?Q സഭാ നിയമപ്രകാരമല്ലാതെ ഒരാൾ പാത്രിയർക്കീസാവുകയില്ല. അങ്ങനെ പാത്രിയർക്കീസാകാത്ത ആളിനെ കുറിച്ച് ചോദിച്ചാൽ എനിക്ക് മറുപടി ഒന്നുമില്ല. Ans. പാത്രിയർക്കാ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പും വാഴ്ചയും സംബന്ധിച്ച് സഭക്ക് നിയമങ്ങൾ ഉണ്ട്. ആ നിയമങ്ങൾക്കനുസരണമല്ലാതെ സ്ഥാനം പ്രാപിക്കുന്ന ഒരാൾ ശരിയായ പാത്രിയർക്കീസായിരിക്കുമോ?Q ആ നിയമങ്ങളെ കുറിച്ചും പുസ്തകമായിട്ടല്ലെങ്കിലും പറയാതെ ഉത്തരം പറയാൻ സാദ്ധ്യമല്ല. ഒരു പാത്രിയർക്കീസ് കാലം ചെയ്ത് കഴിയുമ്പോൾ പിന്നീട് ഒരു പാത്രിയർക്കീസുണ്ടാകുന്നതുവരെ സഭാ കാര്യങ്ങൾ പ്രത്യേകിച്ചും പാത്രിയർക്കാ വാഴ്ചയെ സംബന്ധിക്കുന്ന കാര്യങ്ങൾ നടത്തുവാനായി കൈമകാം എന്ന പേരിൽ ഒരു മെത്രാപ്പോലീത്ത നിയമിക്കപ്പെടും. അദ്ദേഹം സഭയിലുള്ള എല്ലാ മേൽപട്ടക്കാർക്കും തെരഞ്ഞെടുപ്പിനെന്നും പാത്രിയർക്കാവാഴ്ചയെ സംബന്ധിച്ചും എഴുതി അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യും. സഭാതലവനാൽ മുടക്കപ്പെട്ടവരായ എതെങ്കിലും മെത്രാന്മാരുണ്ടെങ്കിൽ അവർക്ക് എഴുതിയില്ലെന്നും വരും. പോകുവാൻ സൗകര്യമുള്ളവർ പോവുകയും അല്ലാത്തവർ തെരഞ്ഞെടുപ്പിനെ അംഗീകരിക്കുന്നതായി ശൽമൂസാ കൊടുക്കുകയും ചെയ്യും. ഇങ്ങനെയാണ് പാത്രിയർക്കീസ് തെരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെടുന്നത്. അങ്ങനെയുള്ള പാത്രിയർക്കീസിനെ അന്ന് മുടക്കപ്പെട്ടിരുന്നവർ അംഗീകരിക്കുക സാധാരണമല്ലെങ്കിലും മുടക്ക് തീർത്ത് കഴിഞ്ഞതിന്റെ ശേഷം അവരും ആ പാത്രിയർക്കീസിന്റെ മേലധികാരത്തിൽ കീഴായിത്തീരുന്നു. കാരണം മുടക്ക് തീർക്കുവാൻ അധികാരിയായവൻ മേലധികാരിയാകുന്നു. Ans. എവിടെ എങ്കിലും സത്യനിയമം എഴുതപ്പെട്ടിട്ടുണ്ടോ? കിട്ടുമോ?Q

പുരാതന മേൽപട്ടക്കാരുടെ പട്ടം കൊടപുസ്തകങ്ങളിൽ ഞാൻ ബോധിപ്പിച്ചതിന്റെ ആദ്യ ഭാഗമുണ്ട്. അതായത് എല്ലാവരെയും അറിയിക്കും. എല്ലാവരാലും തെരഞ്ഞെടുക്കപ്പെടും എന്നത്. കൈമാമാ നിയമിക്കപ്പെടുന്നതും ഉള്ള ഏതെങ്കിലും നിയമങ്ങളുടെ വെളിച്ചത്തിലായിരിക്കും. ആ നിയമം ഞാൻ കണ്ടിട്ടില്ല. കീഴ്നടപ്പുകളിൽ നിന്ന് മനസ്സിലായിട്ടുള്ള കാര്യങ്ങളാണ് പിന്നീട് ഞാൻ ബോധിപ്പിച്ചിട്ടുള്ളവയെല്ലാം Ans. പാത്രിയർക്കാ തെരഞ്ഞെടുപ്പിനും വാഴ്ചക്കും ക്ഷണിക്കപ്പെടാൻ അർഹതയുള്ള സഭയിലെ ഒരു സ്ഥാനിയെ ക്ഷണിക്കുകയൊ അറിയിക്കുകയൊ കൂടാതെ ഒരാൾ പാത്രിയർക്കാസ്ഥാനം പ്രാപിക്കുന്നു. എങ്കിൽ അങ്ങനെ ലഭിക്കുന്ന പാത്രിയർക്കാസ്ഥാനം ന്യായമായിട്ടുള്ളതാണോ?Q പാത്രിയർക്കാസ്ഥാനം നിശ്ചയമായിട്ടും സാധുവായിട്ടുള്ളതാണ്. ഒരാളിന്റെ അസാന്നിദ്ധ്യം സ്ഥാനത്തിന്റെ സാധുത്വത്തിന് ഒരിക്കലും വിഘാതമായിരിക്കയില്ല. അതിനും പുറമെ ക്ഷണിക്കപ്പെടേണ്ട വ്യക്തിയെ ക്ഷണിക്കുക തന്നെ ചെയ്യും. Ans. ക്ഷണിക്കപ്പെടേണ്ട ആളിനെ ക്ഷണിക്കാതിരുന്നാൽ അതുകൊണ്ട് തെരഞ്ഞെടുപ്പ് അസാധുവാകയില്ല. കാരണം മറ്റുള്ളവരെല്ലാം കൂടി തെരഞ്ഞെടുത്ത ആളാണ്. സാക്ഷിയുടെ അഭിപ്രായത്തിൽ മലങ്കര സഭയിലെ മേൽപട്ടക്കാർ പാത്രിയർക്കാവാഴ്ചക്ക് ക്ഷണിക്കപ്പെടാൻ അർഹതയുള്ളവരാണോ?Q മലങ്കര സഭയിലെ സഭയും അവിടെയുള്ള മേൽപട്ടക്കാരും അന്ത്യോക്യാ പാത്രിയർക്കാ സിംഹാസനത്തിന് കീഴ്പ്പെട്ടിട്ടുള്ളവരാകയാൽ അങ്ങനെ പാത്രിയർക്കീസിന്റെ കീഴിലും സംസർഗ്ഗത്തിലും നിൽകുന്ന മേൽപട്ടക്കാർ ക്ഷണിക്കപ്പെടുവാൻ യോഗ്യതയുള്ളവർ തന്നെയാണ്. Ans. മഫ്രിയാൻ അല്ലെങ്കിൽ കാതോലിക്കാ ഉണ്ടായിരിക്കെ അദ്ദേഹത്തിന്റെ അറിവൊ സമ്മതമൊ കൂടാതെ പാത്രിയർക്കാസ്ഥാനം പ്രാപിക്കരുതെന്ന് സഭയിൽ നിയമമുള്ളതായി അറിയാമോ?Q മുമ്പ് വളരെ ദീർഘമായി ബോധിപ്പിച്ചതുപോലെ മഫ്രിയാന അഥവാ കാതോലിക്കാ പാത്രിയർക്കീസിന്റെ ആജ്ഞാനുവർത്തിയും കീഴിലുള്ള ആളും ആയിരുന്ന ആ കാലത്ത് അങ്ങനെ ഒരു നിയമം ഉണ്ടായിരുന്നു. Ans. ആ നിയമം എന്നുവരെ ഉണ്ടായിരുന്നു?Q ബാർ എബ്രായായുടെ ചരിത്രം 14-ാം നൂറ്റാണ്ടുകൊണ്ടവസാനിക്കുന്നു. അതുവരെ ഉണ്ടായിരുന്നു. പിന്നീടുള്ളത് എനിക്കറിഞ്ഞുകൂടാ. Ans. ആ നിയമം ഇപ്പോൾ പ്രാബല്യത്തിലുണ്ടോ?Q ഇപ്പോൾ അത് പ്രാബല്യത്തിലുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. Ans. Ex B 162 69-ാം പേജിൽ ചുവടെ നിന്ന് 4-ാം മത്തെ ലൈനിൽ ആ നിയമം ഉദ്ധരിച്ചിട്ടുണ്ട്. ആ നിയമം ബാർ എബ്രായായുടെ കാലം വരെ ഉണ്ടായിരുന്നു എന്നാണ് ഞാൻ ബോധിപ്പിച്ചത്. ആ നിയമം ഇല്ലാതായോ?Q അങ്ങനെയാണെങ്കിൽ ഏതാണ്ടിലാണ് എന്ന് അറിയാമോ?Q മഫ്രിയാന ഇല്ലാതായ കാലം വരെ അങ്ങനെ നടത്തിരിക്കാം. അങ്ങനെ തന്നെയാണോ നടന്നിരുന്നതെന്നുള്ള ചരിത്രം ഞാൻ വായിച്ചിട്ടില്ലാത്തതിനാൽ ബോധിപ്പിക്കുവാൻ നിവൃത്തിയില്ല. Ans. ഏതെങ്കിലും കാലത്ത് മഫ്രിയാനായൊ കാതോലിക്കായൊ ഇല്ലാതായാൽ ഈ നിയമം

റദ്ദാകുമെന്നാണോ അഭിപ്രായം?Q ആ സ്ഥാനം എന്നെന്നേക്കുമായി അവസാനിക്കുന്നില്ലെങ്കിൽ നിയമം നിലനിൽക്കും. Ans. യാക്കോബ് മൂന്നാമന് മുമ്പ് പാത്രിയാർക്കാസ്ഥാനം അവകാശപ്പെട്ടിരുന്നതാരാണ്?Q പാത്രിയർക്കാ സ്ഥാനം ആരും അവകാശപ്പെട്ടിരുന്നില്ല. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ അന്ത്യോക്യാ പാത്രിയർക്കീസായി ഭരിച്ചുകൊണ്ടിരിക്കുകയും. സഭയിലെ ഭിന്നതകൾ തീർക്കാനായിട്ട് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക അദ്ദേഹത്തിന്റെ അടുക്കൽ പോവുകയും അദ്ദേഹം പ്രതിനിധിയായി നിയമിച്ചിരുന്ന അന്ത്യോക്യാ പ്രതിനിധി എന്ന നിലയിൽ 1958 ഡിസംബർ 16-ാം തീയതി പ്രസ്തുത കാതോലിക്കാ തന്നെ എഴുത്തു കൊടുക്കുകയും ചെയ്തിട്ടുള്ളതുമാകുന്നു. ആകയാൽ അദ്ദേഹം അവകാശപ്പെടുന്നതല്ല ഭരിക്കുന്ന കാതോലിക്കാ തന്നെ എന്ന് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കയും അദ്ദേഹത്തിന്റെ ഭാഗത്തിൽ പെട്ട വിഭാഗവും അംഗീകരിച്ചിട്ടുള്ളതുമാകുന്നു. Ans. മോർ അപ്രേം എന്നാണ് പാത്രിയർക്കിസായത്?Q ഓർക്കുന്നില്ല. 1932 ലോ അതിനുശേഷമൊ ആയിരിക്കണം. Ans. മോർ അപ്രേമിനെ പാത്രിയർക്കീസായി തെരഞ്ഞെടുക്കുന്നതിനൊ വാഴിക്കുന്നതിനൊ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കയെ ക്ഷണിക്കുകയൊ സമ്മതം വാങ്ങിക്കുകയൊ ഉണ്ടായിട്ടുണ്ടോ?Q അദ്ദേഹം ക്ഷണിക്കപ്പെടാൻ അർഹതയില്ലാതിരുന്നതിനാൽ അദ്ദേഹത്തെ ക്ഷണിക്കുകയൊ വാങ്ങുകയൊ ചെയ്യേണ്ട ആവശ്യം ഇല്ലാത്തതിനാലും അദ്ദേഹത്തെ ക്ഷണിച്ചിട്ടില്ല. മോർ അപ്രേമിനെ പാത്രിയർക്കീസായിട്ട് മലങ്കര മെത്രാപ്പോലീത്ത ഗീവർഗീസ് മോർ ദിവന്നാസ്യോസൊ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായൊ അവരുടെ ഭരണത്തിൻ കീഴിലുള്ള മലങ്കര സഭയൊ എന്നെങ്കിലും അംഗീകരിച്ചിട്ടുണ്ടോ?Q എനിക്കതേപ്പറ്റി ശരിയായി ബോധിപ്പിക്കുവാൻ അറിഞ്ഞുകൂടാ. മലങ്കര സഭയിൽ അവരുടെ വിഭാഗത്തിൽ ഉള്ളവർ എന്നല്ലാതെ മലങ്കര സഭ എന്ന് ഉപയോഗിക്കുവാൻ നിവൃത്തിയില്ല. ഗീവർഗീസ് ദ്വിതീയൻ മുമ്പ് ഞാൻ ബോധിപ്പിച്ചതുപോലെ അദ്ദേഹത്തെ അംഗീകരിച്ചതുകൊണ്ടാണ് സമാധാന ആലോചനക്ക് പോയത് Ans. Ex B 160 ൽ 137-ാം പേജിൽ ആ കേസിലെ സാക്ഷി ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കതോലിക്കാ മലങ്കര സഭ അംഗീകരിക്കുന്നതായി ഒരു പാത്രിയർക്കീസ് ഇല്ലാ എന്ന് മൊഴികൊടുത്ത് കാണുന്നുണ്ട്. അദ്ദേഹത്തിന്റെ നിലപാടിന്റെ സാധൂകരണത്തിന്, അങ്ങനെ പറഞ്ഞു കാണുന്നുണ്ട് Ex b 160 ൽ 151-ാം പേജിൽ മലങ്കര സ്വീകരിച്ചിട്ടുള്ള അന്ത്യോക്യാ പാത്രിയർക്കീസന്മാർ അബ്ദുൽ മിശിഹായ്ക്ക് ശേഷം അല്ലെന്നും ആ സാക്ഷി പറഞ്ഞു കാണുന്നു. അതിന് താഴെ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസന്മാരുണ്ടെങ്കിലും അവരോട് ആവശ്യപ്പെടേണ്ട കാര്യമില്ല. ആവശ്യപ്പെട്ടിട്ടുമില്ല. ഇവിടെ കാതോലിക്കാ ഉള്ളതുകൊണ്ടാണ് സ്വീകരിക്കപ്പെട്ട പാത്രിയർക്കീസന്മാരുണ്ടെങ്കിലും അവരോട് ആലോചിക്കപ്പെടേണ്ട കാര്യമില്ലാ എന്ന് പറഞ്ഞത് എന്നും പറഞ്ഞു കാണുന്നുണ്ട്. യാക്കോബ് മൂന്നാമനെ പാത്രിയർക്കീസായി തെരഞ്ഞെടുക്കുന്നതിനൊ വാഴിക്കുന്നതിനൊ ഗീവർഗീസ് ദ്വിതീയൻ

കാതോലിക്കായെ ക്ഷണിക്കുകയൊ അദ്ദേഹത്തിന്റെ സമ്മതം അക്കാലത്ത് ണ്ടായിരിക്കുകയൊ ഉണ്ടായിട്ടുണ്ടോ?Q മുൻബോധിപ്പിച്ച കാരണങ്ങളാൽ അതിന്റെ രണ്ടിന്റെയും ആവശ്യം ഇല്ലാത്തതുകൊണ്ട് അത് രണ്ടും ചെയ്തി ട്ടില്ലായിരിക്കാം. Ans. 1958 ഡിസംബർ 16-ാം തീയതി വരെ യാക്കോബ് തൃതീ യനെ പാത്രിയർക്കീസായിട്ട് ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോ ലിക്കായൊ അദ്ദേഹത്തിന്റെ കീഴിലുള്ള മലങ്കര സഭയൊ അംഗീകരിച്ചിട്ടുണ്ടോ?Q 1958 ഡിസംബർ 9-ാം തീയതിയിലെ കൽപനയനുസരിച്ച് കാതോലിക്കാ എന്ന പേരിൽ പാത്രിയർക്കീസ് ഗീവർഗീസ് ദ്വിതീയനെ സ്വീകരിച്ചതുവരെ അദ്ദേഹമൊ അദ്ദേഹത്തിന്റെ അഭിപ്രായക്കാരായി മലങ്കരയിൽ ഉള്ളവരൊ മോർ യാക്കോബ് തൃതിയനെ പാത്രിയർക്കീസായി അംഗീകരിച്ചിട്ടുണ്ടൊ എന്നുള്ളതിന് വല്ല ലക്ഷ്യവും ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ Ans. E B 61 പേജ് 63ൽ താഴെ നിന്നും 11-ാം ലൈനിൽ പാത്രിയർക്കീസിനെ തെര ഞ്ഞെടുക്കാൻ എന്ന് തുടങ്ങിയുള്ള ഭാഗം വായിച്ചു. അതിൽ കാണുന്നവിധം സാക്ഷി മൊഴികൊടുത്തു കാണുന്നുണ്ട്. ക്ഷണിക്കപ്പെടാൻ അവകാശം ഉള്ളവ രെയെന്ന് പറഞ്ഞിട്ടുണ്ട്. 1958 ഡിസംബർ 16-ാം തീയതി മലങ്കര സഭാ ഭരണ ഘടനയ്ക്ക് വിധേയമായിട്ടല്ലേ യാക്കോബ് തൃതീയനെ കാതോലിക്കാ അംഗീ കരിച്ചത്?Q അതിന് മുമ്പാരും കണ്ടിട്ടില്ലാത്ത അദ്ദേഹത്തിന്റെ എഴുത്തിൽ അങ്ങനെ രണ്ട് വാക്കുകൾ ഉണ്ടായിരുന്നു എന്ന് പിന്നീട് അറിയുവാൻ ഇട യായിട്ടുണ്ട്. Ans. question repeated ആ വാക്കുകൾ ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം ആ നിലയിലായിരിക്കും സ്വീകരിച്ചത് Ans. 1973 ലും 1974 ലും യാക്കോബ് തൃതീയൻ പാത്രിയർക്കീസ് മലങ്കര സഭാ ഭരണഘടനയ്ക്ക് വിരു ദ്ധമായി പല കാര്യങ്ങളും പ്രവർത്തിച്ചിട്ടില്ലേ?Q മലങ്കര സഭയുടേത് എന്ന് പ റയുന്ന ഭരണഘടന പാത്രിയർക്കീസ് ഒരു കാലത്തും അംഗീകരിച്ചിട്ടില്ലാത്ത താകുന്നു. അതുകൊണ്ട് 73 ലും 74 ലും അതിന് മുമ്പോ അദ്ദേഹത്തെ ആ ഭരണഘടന ഒരു തരത്തിലും ബാധിക്കുന്നതല്ല. അദ്ദേഹം ആ ഭരണഘടന സ്വീകരിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഭരണഘടനയിൽ എന്തു തന്നെ പറഞ്ഞിട്ടു ണ്ടായിരുന്നാലും സഭയുടെ തലവനെന്ന നിലക്ക് സഭയുടെ വളർച്ചക്കാവശ്യ മുള്ളവ അദ്ദേഹം ചെയ്തിട്ടുണ്ട്. അത് ഈ ഭരണഘടനക്ക് പക്ഷേ എതിരാ യിരിക്കാം, എതിരാണ്. Ans. 73ലും 74 ലും പ്രവർത്തിച്ചിട്ടുണ്ടോ?Q ആണ്ടിനെ ക്കുറിച്ച് നല്ല നിശ്ചയമില്ല. Ans. 1958 ഡിസംബർ 16 നു ശേഷം 1973 വരെ മലങ്കര സഭയിൽ റൈവൽ ഹയറാർക്കിയൊ റൈവൽ ഓഫീസ് bearers ഉണ്ടാ യിരുന്നോ? അന്നും ഇന്നും റൈവൽ ഹയറാർക്കിയൊ ഓഫീസ് ബെയ റേഴ്സും ഇല്ല. സുറിയാനി സഭയിൽ ഉണ്ടാകാവുന്ന ഹയറാർക്കയും തദനു സരണമായ ഓഫീസ് bearers ആണ് മലങ്കരയിലെ സഭയിൽ ഉള്ളത്. Ans. 1958 ഡിംസബർ 16 വരെ മലങ്കര സഭയിൽ rival ഹയറാർക്കിയും ഓഫീസ് ബെയറേഴ്സും ഉണ്ടായിരുന്നു. 1958 ഡിസംബർ 16 നു ശേഷം 1974 വരെ rival ഹയറാർക്കിയോ rival office bearers ഓ ഉണ്ടായിരുന്നോ?Q ഇല്ല Ans.

ആ കാലത്ത് എല്ലാവരും കാതോലിക്കായെ എപ്പിസ്കോപ്പൽ സുന്നഹദോസിനെയും അനുസരിച്ചിരുന്നോ?Q 1964 മുതൽ 1973 ഓ 4 ഓ വരെ എല്ലാവരും അംഗീകരിച്ചിരുന്നു. 1958 മുതൽ ആദ്യകാലത്ത് എല്ലാവരും തന്നെ അംഗീകരിച്ചെങ്കിലും rival ഓഫീസ് holders നെ കൂടാതെ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായ്ക്ക് കീഴ്പെടാതെ പ്രവർത്തിച്ചുകൊണ്ടിരുന്നു. കൊട്ടാരക്കര സബ് കോർട്ട് O.S 37/74 ൽ ആ കാലയളവിൽ മലങ്കരസഭയിലെ എല്ലാവരും കാതോലിക്കാ എപ്പിസ്കോപ്പൽ സുന്നഹദോസിനെയും അനുസരിച്ചിരുന്നു എന്ന് മൊഴികൊടുത്തിട്ടുണ്ട്. ആ കാലയളവിൽ എന്ന് പറഞ്ഞാൽ 1958 മുതൽ 1974 വരെയുള്ള കാലത്തിന്റെ കാര്യമാണ് 1970 വരെ മോർ തോമാ ശ്ലീഹായ്ക്ക് എപ്പിസ്കോപ്പാ സ്ഥാനമില്ലെന്ന് മലങ്കര സഭയിലോ മറ്റെവിടെ എങ്കിലുമോ ആരെങ്കിലും പറഞ്ഞതായി സാക്ഷി കേട്ടിട്ടുണ്ടോ?Q പറയേണ്ട ആവശ്യമില്ലാതിരുന്നതുകൊണ്ട് ഞാൻ കേട്ടിട്ടില്ല. Ans. വായിച്ചിട്ടുണ്ടോ? ഞാൻ വായിച്ചിട്ടില്ല. Ans. ഒരു കാര്യത്തെക്കുറിച്ച് അഭിപ്രായ വ്യത്യാസം ഉണ്ടാകുമ്പോഴാണ് അതെക്കുറിച്ചുള്ള കൂടുതൽ പഠനവും ഗവേഷണവും നടക്കുന്നത്. അതുകൊണ്ടാണ് അന്ന് പറഞ്ഞത്. മോർ തോമാ ശ്ലീഹാക്ക് എപ്പിസ്കോപ്പാ സ്ഥാനം ഉണ്ടായിരുന്നു എന്ന് സാക്ഷി പുസ്തകം എഴുതുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടില്ലേ?Q മോർ തോമാശ്ലീഹായ്ക്ക് എപ്പിസ്കോപ്പാ സ്ഥാനം ഉണ്ടായിരുന്നു എന്ന് ഒരു കാലത്തും ഞാൻ എഴുതുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടില്ല. Ans. മോർ തോമാ ശ്ലീഹാ പള്ളികൾ സ്ഥാപിച്ചു എന്നും പട്ടക്കാരെ നിയമിച്ചു എന്നും പഠിപ്പിച്ചിട്ടില്ലേ?Q അങ്ങനെയുള്ള കേരള ട്രെഡിഷൻ കൂടുതൽ ഗവേഷണങ്ങൾ കൂടാതെ അക്കാലത്ത് ഞാനും എഴുതിയിട്ടുണ്ട്. Ans. മലങ്കര സഭയിൽ കക്ഷിഭിന്നത ഉണ്ടാക്കി മലങ്കര സഭാ ഭരണഘടന പ്രകാരവും സുപ്രീംകോടതി വിധി മൂലവും ഇല്ലെന്ന് വന്നിട്ടുള്ള അധികാരങ്ങൾ സ്ഥാപിച്ച് കിട്ടുന്നതിന് യാക്കോബ് മൂന്നാമൻ പല കാര്യങ്ങളും ചെയ്തുവരുന്നില്ലേ?Q ഇല്ല. നേരെ മറിച്ച് അദ്ദേഹത്തിനും പൂർവ്വികർക്കും മലങ്കര സഭമേലുണ്ടായിരുന്ന പരിപൂർണ്ണമായ അധികാരത്തിൽ നിന്ന് പലതും ത്യജിക്കുവാൻ മനസ്സു വച്ചും 1956 ലോ 1957 ലോ അദ്ദേഹം പാത്രിയർക്കീസായ ഉടനെ മലങ്കര സഭയ്ക്കയച്ച കൽപനയിൽ ഏത് വിധത്തിലും മലങ്കരയിൽ സമാധാനം ഉണ്ടാക്കുക എന്നുള്ളതാണ് നമ്മുടെ ഏറ്റവും പ്രധാന ആഗ്രഹം എന്ന് പ്രസ്താവിക്കുകയും 1958 ഡിസംബർ 9-ാം തീയതി അദ്ദേഹത്തിന്റെ ആഗ്രഹാനുസരണം ആരുടെയും പ്രേരണ കൂടാതെ കാതോലിക്കോസിനെ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം മലങ്കര സഭയുടേത് എന്നു പറയുന്ന ഭരണഘടന അദ്ദേഹത്തിന്റെ അറിവോടുകൂടി ഉള്ളതല്ലായ്കയാൽ ഒരു കാലത്തും അംഗീകരിക്കാതിരിക്കുകയും 1964 ലും അദ്ദേഹം വന്ന് കാതോലിക്കായെ വാഴിക്കുകയും എല്ലാവരാലും സമാധാനത്തിന്റെ ദൂതൻ എന്നുവരെ അദ്ദേഹം ഘോഷിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. സുപ്രീം കോടതി വിധികൊണ്ട് പാത്രിയർക്കീസിന്റെ അധികാരം എന്തെങ്കിലും പോയിട്ടുള്ളതായി ഞാൻ കേട്ടിട്ടില്ല. എനിക്കതിനെകുറിച്ച്

അറിഞ്ഞുകൂടാ. ആ സ്ഥിതിക്ക് അദ്ദേഹത്തെ ബാധിക്കാത്ത ഭരണഘടന കൊണ്ടോ സുപ്രീം കോടതിവിധികൊണ്ടോ അദ്ദേഹത്തിന്റെ മനസ്സിന് അവമാനം വരുവാൻ യാതൊരു ന്യായം ഇല്ലാത്തതും ആ സ്ഥിതിക്ക് സമാധാനപ്രിയനായ അദ്ദേഹം അധികാരം വീണ്ടെടുക്കാൻ ചിലത് പ്രവർത്തിക്കുന്നുയെന്ന് ആരെങ്കിലും പറയുന്നത് സത്യത്തോടുള്ള ബഹുമാനക്കുറവാണ്. Ans. Stopped for the day.

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Sessions Court Ernakulam.

Taken down by me in open court interpreted read over to the witness accused and admitted by him to be correct.

Sd/-
13/10/78

16/10/78 Witness sworn again and cross examination continued. കൂദാശാ എന്ന സുറിയാനി വാക്കിന് ശുദ്ധീകരണം എന്നും ഹൂദോസോ എന്നതിന് പുതുക്കൽ പ്രതിഷ്ഠ എന്നെല്ലാം അർത്ഥമാണ്. കൂദോശ് ഈത്തോ എന്നാൽ സഭയുടെ ശുദ്ധീകരണ ഞായറാഴ്ചയാണ്. ഹൂദോസ് ഈത്തോ എന്നത് സഭയുടെ പ്രതിഷ്ഠിക്കൽ എന്നുള്ള ഞായറാഴ്ചയാണ്. സഭയിൽ മൂറോൻ അഭിഷേകം എന്നൊരു കർമ്മം ഉണ്ട്. അത് എന്തിനുവേണ്ടിയാണ്?Q പരിശുദ്ധാത്മവാസത്തിനു വേണ്ടിയാണ്. Ans. സഭയിൽ പെടാത്ത എന്തിനെങ്കിലും മൂറോൻ അഭിഷേകം നടത്താറുണ്ടോ?Q സഭയിലെ ഒരു കുഞ്ഞിനെ മാമ്മൂദിസായോടുകൂടി മൂറോൻ അഭിഷേകം ചെയ്ത് പരിശുദ്ധാത്മാവാസം ഉള്ള വ്യക്തിയാക്കിതീർക്കുന്നു. തബ്ലൈത്താ, പള്ളി കെട്ടിടം എന്നിവ മൂറോൻ അഭിഷേകം ചെയ്യുമ്പോൾ പരിശുദ്ധാത്മാവാസം ഉണ്ടാകുവാൻ വേണ്ടി സഭയിൽ ഉള്ളതിനല്ലാതെ ഒന്നിനും മൂറോൻ അഭിഷേകം ചെയ്യുകയില്ല. Ans. പള്ളി കൂദാശ എന്നൊരു കർമ്മം ഉണ്ട്. അതുമേൽ പട്ടക്കാർക്ക് മാത്രം ചെയ്യാനവകാശമുള്ളതല്ലേ?Q അത് താൽക്കാലിക കൂദാശയാണെങ്കിൽ പട്ടക്കാർക്കും ചെയ്യാം. മൂറോൻ അഭിഷേകം ചെയ്തുകൊണ്ടുള്ളതാണെങ്കിൽ മേൽപട്ടക്കാർക്ക് മാത്രമെ ചെയ്യുവാൻ പാടുള്ളു. Ans. പട്ടക്കാർക്ക് മൂറോൻ കൊണ്ട് പള്ളികൂദാശ ചെയ്യുവാൻ പാടുള്ളതല്ല. കാരണം അത് ഒരു സ്ഥാപനകൂദാശയാണ്. പുതുതായി പണിയപ്പെടുന്ന ഓരോ പള്ളിയും മൂറോൻ അഭിഷേകത്താൽ കൂദാശ ചെയ്യണമെന്നല്ലേ സഭയിലെ നിയമം?Q ഖണ്ഡിതമായ നിയമമില്ല. കാരണം കൂദാശ ചെയ്യപ്പെട്ട ത്രോണോസും മറ്റും പിന്നീട് കഴിയുന്നത്ര പൊളിക്കപ്പെടാതെയും മറ്റും സൂക്ഷിക്കപ്പെടേണ്ടതാണ്. ആകയാൽ പണികൾ പൂർത്തിയായി ആ ഇടവകക്കാർക്ക് അതിന്റെ കൂദാശ നടത്തണമെന്നുള്ള ആഗ്രഹം വന്ന് കഴിയുമ്പോൾ അക്കാര്യത്തിനായി മേൽപട്ടക്കാരനോട് അപേക്ഷിക്കുകയും അദ്ദേഹം ചെയ്യുകയുമാണ് സാധാരണ പതിവ്. കൂദാശ ചെയ്യപ്പെടാത്ത അനേക പള്ളികൾ ഉള്ളവയിൽ കൂദാശ ചെയ്യപ്പെട്ട തബ്ലൈത്താ

വച്ച് വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ അനുവാദം ഉണ്ട്. Ans. പള്ളി പണിയിച്ചാൽ കൂദാശ ചെയ്യണമെന്നല്ലേ പതിവ്?Q അല്ല പള്ളിപണിയിച്ചാൽ ഇടവകക്കാർ കൂദാശ വേണമെന്നാവശ്യപ്പെടുന്ന പക്ഷം മേൽപട്ടക്കാർ അത് ചെയ്തുകൊടുക്കണമെന്നുള്ളതാണ് പതിവ്. Ans. സാക്ഷിയുടെ അറിവിൽ പള്ളിയുടെ പണി തീരാതിരിക്കുകയൊ മേൽപട്ടക്കാരന് വരുവാൻ അസൗകര്യമായിരിക്കുകയൊ ചെയ്യുമ്പോൾ കശീശായെ ത്വബ്ലൈത്ത വച്ച് കൂദാശ നടത്തുവാൻ അനുവദിച്ചിരിക്കുന്നത് സാധാരണ പതിവിന് ഒരു exception അല്ലേ?Q അല്ല ഞാൻ മുമ്പ് ബോധിപ്പിച്ചതാണ് സാധാരണ പതിവ്. അതായത് ഇടവകക്കാർ ആവശ്യപ്പെട്ടാൽ മെത്രാപ്പോലീത്ത കൂദാശ ചെയ്തു കൊടുക്കണമെന്നുള്ളതാണ് പതിവ്. Ans. മലങ്കര സഭയിൽ ഏകദേശം 10-1000 പള്ളികൾ എന്റെ അറിവിൽ ഉണ്ട് അതിൽ സ്ഥിരമായി സ്ഥാപിക്കപ്പെട്ട പള്ളികളിൽ മേൽപട്ടക്കാരൻ കൂദാശ ചെയ്യാത്ത എത്ര പള്ളികൾ ഉണ്ട്?Q ബഹുഭൂരിപക്ഷം പള്ളികളും കൂദാശ ചെയ്യപ്പെട്ടവയാണെന്നുള്ളതാണ് സത്യം. അവ എത്രയെന്നോ ആ പള്ളികളുടെയെല്ലാം പേരെന്തെന്നോ എനിക്കറിഞ്ഞുകൂടെങ്കിലും 10-20 എണ്ണത്തിന്റെ പേര് ഇപ്പോൾ തന്നെ പറയാം Ans. സ്ഥിരമായി പണിയിക്കപ്പെട്ട് കൂദാശ ചെയ്തിട്ടില്ലാത്ത പള്ളികളുടെ പേര് പറയാമെങ്കിൽ പറയണമെന്നാണ് ആവശ്യപ്പെട്ടത്?Q എന്റെ ഇടവകയായ 100 വർഷം പഴക്കമുള്ള കാഞ്ഞിരമറ്റം പള്ളി മുതലായ അനേകം പള്ളികൾ ഉണ്ട്. എന്റെ അനുഭവത്തിൽ ഉള്ളത് രണ്ടെണ്ണം പറഞ്ഞു. തിരുവല്ലയിൽ പല പള്ളികളും ആഞ്ഞിലിത്താനത്തുള്ള പള്ളിയും കൂദാശ ചെയ്തിട്ടില്ല. വളരെ പുരാതനമായ കോട്ടയം മണർകാട് പള്ളി ഏതാണ്ട് 25 ഓ 30 ഓ കൊല്ലം മുമ്പാണ് കൂദാശ ചെയ്തത്. അത് ഞാൻ കാണുകയും പങ്കുകൊള്ളുകയും ചെയ്തത് പുതുക്കി പണിയുമ്പോഴാണ്. ആ സമയത്താണ് അത് കൂദാശ ചെയ്തത്. കട്ടപ്രത്തു പള്ളി 1040 ൽ സ്ഥാപിച്ചതാണ് അതിൽ 24 കൊല്ലം ഞാൻ സേവനം നടത്തിയിട്ടുണ്ട്. അന്ത്യോക്യാ പ്രതിനിധി മോർ യുയാക്കിം കൂറിലോസാണ് അത് സ്ഥാപിച്ചത്. അന്ന് ചേപ്പാട് തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം ഉണ്ടോ എന്നറിഞ്ഞുകൂടാ. 1010 ൽ മലങ്കരയിലെ മെത്രാപ്പോലീത്ത ആരാണെന്ന് കൃത്യമായി ഓർമ്മയില്ല. മലങ്കര സഭയിലെ ഒരു പള്ളിയായിട്ടാണ് അത് സ്ഥാപിക്കപ്പെട്ടത്. തിരുവല്ലായിലെ സത്യവിശ്വാസികൾക്ക് പാലക്കുന്നത്ത് തിരുമേനിയോട് വേദവിപരീതപരമായ നിലമൂലം അദ്ദേഹത്തോടുകൂടി കഴിയുവാൻ നിവൃത്തിയില്ലാതെ വരികയും അദ്ദേഹത്തെ അനുസരിക്കാത്തവർ വേറെ പള്ളി വച്ചു പൊയ്ക്കൊള്ളണമെന്ന് തിരുവെഴുത്ത് വിളംബരം ഉണ്ടാവുകയും ചെയ്തപ്പോൾ അവിടുത്തെ ആ ഇടവകയിലെ സത്യവിശ്വാസികളായ പട്ടക്കാരും ജനങ്ങളും കൂടി നിശ്ചയിച്ച് അവർ വാങ്ങിയ സ്ഥലത്ത് അവർ വച്ച പള്ളിയാണ് കട്ടപ്രത്ത്പള്ളി. ആ പള്ളിയുടെ ചരിത്രമാണ് എനിക്ക് അറിയാവുന്നവർ പറഞ്ഞതിൽ നിന്നറിവായിട്ടുള്ളതാണ്. 1040 ൽ ഞാൻ ജനിച്ചിട്ടില്ല. 1040 ൽ ഉണ്ടായിരുന്നവർ പറഞ്ഞറിവാണോ?Q 1040 ൽ പള്ളി വച്ചവരുടെ മക്കളിൽ നിന്നാണ് കേട്ടത്. അതിന് പല ഉടമ്പടികളും രേഖകളും ഉണ്ട്. പല കേസുകളും വിധികളും ഉള്ളതുമാണ്. Ans.

പള്ളി കൂദാശ ചെയ്തിട്ടില്ലെന്ന് രേഖ കണ്ടിട്ടുണ്ടോ?Q കൂദാശ ചെയ്തിരുന്നു എങ്കിൽ അതിനുള്ള രേഖകൾ കാണുമായിരുന്നു. കൂദാശ ചെയ്തിട്ടില്ലെന്നുള്ളത് എനിക്ക് വിശ്വസനീയമായി പറഞ്ഞറിവാണ്. Ans. കാഞ്ഞിരമറ്റം പള്ളി മലങ്കര യാക്കോബായ സുറിയാനി സഭയിൽ പെട്ട ഒരു ഇടവകപ്പള്ളിയാണ്. ഞാൻ തിരുവല്ലയിൽ സ്ഥിരതാമസമാക്കിയിട്ട് 43 വർഷമായി എന്റെ വീടും വസ്തുവും കാഞ്ഞിരമറ്റത്ത് തന്നെയുണ്ട്. കാഞ്ഞിരമറ്റം പള്ളിയിൽ കഴിഞ്ഞ 45 കൊല്ലത്തിനിപ്പുറം എന്തെങ്കിലും വരുമാനം കൊടുത്തിട്ടുണ്ടോ?Q അതിന് രേഖ വല്ലതും ഉണ്ടോ?Q നിശ്ചയമായിട്ടും ഉണ്ട്. ആ പള്ളിയിൽ അച്ചന്മാർക്ക് ശമ്പളസിസ്റ്റം 10-12 കൊല്ലങ്ങൾക്ക് മുമ്പ് നിശ്ചയിക്കുന്നതുവരെയും എനിക്ക് ഇടവകയിലെ ഒരു പട്ടക്കാരൻ എന്ന നിലയ്ക്ക് കല്ല്യാണത്തിന്റെ ഭോഗങ്ങൾ കിട്ടികൊണ്ടിരുന്നു. തന്നു കൊണ്ടിരുന്നു. ആ പള്ളിക്കുള്ള എന്റെ ഭോഗങ്ങൾ ഞാൻ അന്നും ഇപ്പോഴും എപ്പോഴും കൊടുത്തികൊണ്ടിരിക്കുന്നു. Ans. എനിക്ക് തന്നതിനും ഞാൻ കൊടുത്തതിനും പള്ളിയിൽ രേഖകൾ ഉണ്ട്. എന്റെ കൈവശം രേഖകൾ ഇല്ല. പള്ളികൂദാശ സംബന്ധിച്ച് കാനോനിൽ വ്യവസ്ഥ ഇല്ലേ?Q ഉണ്ടെന്നാണ് തോന്നുന്നത് Ans. പള്ളി ഇടവകക്കാരുടെ പേര് മേൽപട്ടക്കാരോട് അപേക്ഷിക്കണമെന്ന് പട്ടക്കാരോട് അപേക്ഷിക്കണെമെന്ന് അതിൽ നിയമമുള്ളതായി അറിഞ്ഞുകൂടാ. ഇവിടുത്തെ കീഴ്നടപ്പ് മേൽപട്ടക്കാരോട് ഇടവകക്കാർ അപേക്ഷിക്കുകയാണ്. ഇന്നും അങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്. കൂദാശ ചെയ്യപ്പെട്ട പള്ളികൾക്ക് ദൈവത്തിന്റെ ഭവനം അല്ലെങ്കിൽ ആലയം എന്ന് പറയാറുണ്ടോ?Q അത് കൂദാശ ചെയ്യപ്പെട്ടതും ചെയ്യപ്പെടാത്തതുമായ പള്ളികൾക്ക് ദൈവത്തിന്റെ ഭവനം അല്ലെങ്കിൽ ദൈവത്തിന്റെ ആലയം എന്ന് പറയാം. Ans. കൂദാശ ചെയ്തതു നിമിത്തം സഭയുമായി അഭേദ്യമായി പരിശുദ്ധാത്മാവാസം മൂലം ബന്ധപ്പെടുകയല്ലേ?Q കൂദാശ ചെയ്തില്ലങ്കിലും സഭയുടെ തലവന് കീഴ്പെട്ട് സഭയുടെ വിശ്വാസമനുസരിച്ച് മുമ്പോട്ട് പോകുമ്പോൾ തന്നെ അതെ സഭയിലെ ഒരു പള്ളിയായിതീരുന്നു. കൂദാശ ചെയ്തുകൊണ്ട് അക്കാര്യത്തിൽ പ്രത്യേകത ഒന്നുമില്ല. കാരണം കൂദാശ ചെയ്യപ്പെടാത്ത പള്ളിയിൽ കൂദാശ ചെയ്ത തൈലത്തെ ഉപയോഗിച്ച് തിരുക്കർമ്മം നടത്തുമ്പോൾ കൂദാശ ചെയ്ത പള്ളിയുടെതിനേക്കാൾ യാതൊരു കുറവും അവിടെ ഉണ്ടാകുന്നില്ല. അതിനാൽ കൂദാശ ചെയ്തതുമൂലം പരിശുദ്ധാത്മാവാസം തബ്ലൈത്താ അവിടെ ഇല്ലെങ്കിലും അവിടെ ഉണ്ടെന്നുള്ള പ്രത്യേകത മാത്രമേ അവിടെയുള്ളു. Ans. question repeated മുൻപറഞ്ഞ രീതിയിൽ സഭയിൽ ഉള്ള പള്ളി കൂദാശ മൂലം പരിശുദ്ധാത്മാവാസം ഉള്ളതായിതിരുന്നു. മുൻപറഞ്ഞരീതിയിൽ സഭയിലെ അഭേദ്യമായ ഒരു ഘടകമായി കൂദാശ ചെയ്താലും ചെയ്തില്ലങ്കിലും സ്ഥിതി ചെയ്യുന്നു. Ans. കൂദാശ ചെയ്താൽ ആകുമോ? കൂദാശ ചെയ്തില്ലെങ്കിലും ആകുന്നത് കൂദാശ ചെയ്തു കഴിയുമ്പോൾ നിശ്ചയമായും ആകും. Ans. അഭേദ്യമായ ബന്ധം കൂദാശ മൂലം ഉണ്ടാക്കാമോ?Q കൂദാശമൂലം ആ വിശ്വാസത്തിലും ആ തലവന്റെ കീഴിലും നിൽക്കുന്നതു മൂലം അഭേദ്യമായ ബന്ധം

സഭയുമായി ഉണ്ട്. Ans. പള്ളി കൂദാശക്ക് ഹൂദോസ് ഈത്തോയുടെ കർമ്മങ്ങൾ നടത്താറില്ലേ?Q പള്ളി പ്രതിഷ്ഠക്ക് എന്ന് പറഞ്ഞ ഒരു കർമ്മവുമില്ല. പള്ളി കൂദാശക്കാണ് കർമ്മങ്ങൾ ഉള്ളത്. Ans. പള്ളി കൂദാശയിൽ ഹൂദോസ് ഈത്തോയുടെ പള്ളി പ്രതിഷ്ഠാകർമ്മങ്ങൾ നടത്താറില്ലേ?Q പള്ളി കൂദാശയുടെ ക്രമങ്ങൾ മുഴുവൻ ഓർക്കുന്നില്ല. Ans. E B 162 12-ാം പേജിൽ പള്ളിയുടെ കൂദാശയെ കുറിച്ച് പറയുന്നതിനിടക്ക് പള്ളി കൂദാശയ്ക്ക് മുമ്പായി പ്രാർത്ഥനയിൽ ഒരു ഭാഗമായി ഹൂദോസ് ഈത്തോയുടെ ക്രമം നടത്തുന്നു എന്ന് പറയുന്നുണ്ട്. അവിടെ പ്രതിഷ്ഠ എന്നൊരു വാക്ക് ഉപയോഗിച്ചിട്ടില്ല. ഹൂദോസൊക്ക് പുതുക്കമെന്നും പ്രതിഷ്ഠയെന്നും പറയാം. മറ്റ് രീതിയിലാണെങ്കിലും കൂദാശയ്ക്ക് മുമ്പ് പ്രതിഷ്ഠ എന്നുള്ളത് ഇല്ല. പ്രതിഷ്ഠ ഉണ്ടെങ്കിൽ തന്നെയും കൂദാശക്ക് മുമ്പല്ല. കൂദാശ കഴിഞ്ഞിട്ട ഉണ്ടെങ്കിൽ തന്നെയും പ്രതിഷ്ഠ നടക്കൂ. Ans. ഞാൻ പള്ളികൂദാശയിൽ സംബന്ധിച്ചിട്ടുണ്ട്. പള്ളി കൂദാശക്ക് മേൽപട്ടക്കാരൻ തലേദിവസം ചെന്ന് ചില ക്രമങ്ങൾ നടത്തണം. പിറ്റേ ദിവസം കുറെ ക്രമങ്ങൾ നടത്തണം. അതിൽ കൂദാശ എന്നത് മൂറോൻ കൊണ്ട് ത്രോണോസും ഭിത്തികളും അഭിഷേകം ചെയ്യുന്നതാണ്. Ex B 162 chap I. 7-ാം പാസോക്കാ മദ്ബഹായുടെയും പള്ളിയുടെയും കൂദാശയെ കുറിച്ചുള്ളതാണ്. പള്ളികൂദാശ എന്ന ശുശ്രൂഷ രണ്ടു ദിവസമായിട്ടു നടത്തപ്പെടുന്നു. ആദ്യത്തെ ദിവസം എപ്പിസ്കോപ്പാ ചെന്ന് മദ്ബഹാ സ്ഥാപിക്കുകയും പിന്നീട് അത് കൂദാശ ചെയ്യുകയും ചെയ്തിട്ട് അടുത്ത ദിവസം മടങ്ങിപ്പോവുകയും ചെയ്യുന്നു എന്ന് ExB 162 Chap i 7-ാം പാസോക്കാ 1-ാം ഖണ്ഡികയിൽ പൊതുവായി പറഞ്ഞ് ആ വിഷയം സേവീറ എന്ന പിതാവ് അവസാനിപ്പിക്കുന്നു. രണ്ടാം പാരയിൽ പൊതുവായി പറഞ്ഞ രണ്ടാം പാരായിൽ ബാർ എബ്രായ എന്ന പിതാവ് പറഞ്ഞിരിക്കുന്നതല്ലേ സഭാ നിയമം?Q അങ്ങനെ സഭാ നിയമമാണെന്ന് 2-ാം ഖണ്ഡികയിൽ ബാർ എബ്രായ എന്ന പിതാവ് പള്ളി കൂദാശയെപറ്റി വിസ്തരിച്ചെഴുതുന്നിടത്ത് വിസ്തരിച്ച് പറയുന്നു. Ans. ആ കാനോൻ നിങ്ങൾക്ക് ബാധകമെന്ന് കരുതുന്നുണ്ടോ?Q നിശ്ചയമായിട്ടും. Ans. പള്ളി വിസ്തൃതമായ സഭയുടെ ഒരു ഭാഗമായതുകൊണ്ടല്ലേ. ഹൂദോസ് ഈത്തോ എന്ന സഭയുടെ ക്രമം പള്ളിയിൽ നടത്തുന്നത്?Q സഭയുടെ ഭാഗമായതുകൊണ്ടല്ല. കാരണം ആ പള്ളി ഇല്ലെങ്കിലും പൂർണ്ണമാണ്. ആ സമിതിക്ക് ഒരു പള്ളി എന്നു പറഞ്ഞാൽ സഭയുടെ ഒരു ഭാഗമല്ല. സഭയുടെ നിയമമനുസരിച്ച് ഭരിക്കപ്പെടുന്ന സഭയിലെ ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ പുതുക്കത്തിനും ശുദ്ധീകരണത്തിനുമായി ഈ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നു. Ans. കൂദാശ ചെയ്യപ്പെടുന്ന പള്ളി സഭയിലെ ഒരു സ്ഥാപനമാകുന്നില്ലേ? കൂദാശ ചെയ്യപ്പെട്ട പള്ളിയും കൂദാശ ചെയ്യപ്പെടാത്ത പള്ളിയും സഭയിലെ സ്ഥാപനമാണ്. അവ സഭാ നിയമങ്ങൾക്ക് അനുസൃതമായി ഭരിക്കപ്പെടേണ്ടതുമാണ്. Ans. നിഖ്യാ വിശ്വാസ പ്രമാണത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള പ്രകാരം കാതോലികവും അപ്പോസ്തലികവും ഏകവും വിശുദ്ധവുമായ സഭയാണ് യാക്കോബായ സഭ എന്നു സാക്ഷി വിശ്വസിക്കുന്നുണ്ടോ? വിശ്വസിക്കുന്നു. Ans. witness adds മുൻ ഉത്തരത്തിൽ ഉടമസ്ഥാ

വകാശം ഉള്ളവരാൽ വിശുദ്ധ കുർബാനയിൽ പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിഞ്ഞ് കാതോലികവും അപ്പോസ്തലികവും ഏകവും വിശുദ്ധവുമായ പൊതു സഭക്കുവേണ്ടി ബലി അർപ്പിക്കുവാൻ അനുവാദം ചോദിക്കാറില്ലേ?Q ഉണ്ട്. മുൻ പറഞ്ഞ വിശേഷണങ്ങൾ പറയാതെ പട്ടക്കാരൻ ഏത് സഭയുടെ അംഗമാണോ ആ സഭക്ക് മുഴുവനും വേണ്ടിയാണ് അനുവാദം ചോദിക്കുന്നത്. Ans. അങ്ങനെ പൊതു സഭ എന്ന് പറയുന്നത് സാക്ഷി നിൽകുന്ന കാതോലികവും അപ്പോസ്തലികവും ഏറ്റവും വിശുദ്ധവുമായ സഭയാണോ?Q അതെ. Ans. വിശുദ്ധ സഭയ്ക്ക് മുഴുവനും വേണ്ടി ബലി അർപ്പിക്കാൻ യോഗ്യനാകണമെന്ന് രണ്ടു പ്രാവശ്യം കൂടി ആവശ്യപ്പെടുകയില്ലേ?Q രണ്ട് പ്രാവശ്യം കൂടി യോഗ്യനാക്കണമെന്നാവശ്യപ്പെടും അവിടെ സഭയ്ക്ക് മുഴുവനും വേണ്ടി എന്ന് പറയാറില്ല. Ans. നിഖ്യാസുന്നഹദോസ് കാലത്ത് സഭ ഏകമായിരുന്നു. അറിയൂസിന്റെ വിശ്വാസ വിപരീതം സ്വീകരിച്ചവരും അറിയൂസും സഭയിൽ നിന്നും തള്ളപ്പെട്ടശേഷം ബാക്കിയുള്ളവർ ഏകവിശുദ്ധ സത്യസഭയായി തുടർന്നു. സഭയിൽ അന്ത്യോക്യായിലും റോമായിലും അലക്സാന്ത്രിയായിലും ഉള്ള വിഭാഗങ്ങൾ ഏകസഭയായി തുടർന്നു. എങ്കിലും ഓരോ വിഭാഗത്തിനും അതതിന്റെതായ പ്രത്യേക ആചാരാനുഷ്ഠാനങ്ങളും മറ്റും ഉണ്ടായിരുന്നു. ഏക വിശ്വാസമുള്ള ഏക സഭയായി തന്നെ തുടർന്നു. അക്കാലത്ത് അവർ പരസ്പരം കാര്യങ്ങളെക്കുറിച്ചാലോചിക്കുകയും പൊതുവായ തീരുമാനങ്ങൾ എടുക്കുകയും ചെയതുകൊണ്ടുമിരുന്നു മക്കദോനിയോസും അദ്ദേഹത്തിന്റെ വിശ്വാസ വിപരീതം സ്വീകരിച്ചവരും സഭയിൽ എന്നും കുസ്തന്തിനോപ്പോലീസ് സുന്നഹദോസിൽ വച്ചു തള്ളപ്പെട്ടശേഷം ബാക്കിയുള്ള മുൻപറഞ്ഞ എല്ലാവരും ഏക സഭയായി തുടർന്നില്ലേ?Q ആ പൊതു സുന്നഹദോസിന്റെ നിശ്ചയ പ്രകാരം മുൻപറഞ്ഞ രീതിയിൽ ഏക സഭയായിത്തന്നെ അവർ ഇരുന്നു. Ans. അതുപോലെ നെസ്തോറും കൂട്ടരും വിശ്വാസവിപരീതം മൂലം എഫേസൂസ് സുന്നഹാദോസും മൂലം തള്ളപ്പെട്ട ശേഷം ബാക്കിയുള്ള സഭ ഏക സഭയായി തുടർന്നില്ലേ?Q നെസ്തോറിന്റെ വേദവിപരീതം വന്നപ്പോഴും പൊതുവായ സുന്നഹദോസ് കൂടുകയും ആ സുന്നഹദോസിന്റെ തീരുമാന പ്രകാരം മുൻപറഞ്ഞ രീതിയിൽ ഏക സഭയായി തുടർന്ന് മുന്നോട്ട് പോയി. Ans. കൽക്കദൂനിയായിൽ വച്ച് ഇരു സ്വഭാവം എന്ന വിശ്വാസം സ്വീകരിച്ചവർ സഭയിൽ നിന്നും പുറം തള്ളപ്പെടുകയും ഏകസ്വഭാവ വാദത്തിൽ നിന്നവർ യോജിച്ചു നിൽക്കുകയും ചെയ്തു. അതിനുശേഷം ഒരു സഭ എന്നുള്ള നിലയിൽ മുമ്പ് ബോധിപ്പിച്ച രീതിയിൽ ഏതെങ്കിലും കാര്യങ്ങളെ കുറിച്ചാലോചിക്കുന്നതിന് അവർ ഒരുമിച്ച് കൂടുകയൊ പൊതു സുന്നഹദോസുകൾ കൂട്ടുകയൊ ചെയ്യാതെ ഓരോന്നിന്റെയും വ്യക്തിത്വം പാലിച്ചുകൊണ്ട് ഏകസ്വഭാവ വിശ്വാസത്തിൽ മാത്രം ഐക്യമുള്ള വിവിധ സഭകളായി നിന്നു. Ans. കൽക്കദൂനിയായിൽ വച്ച് ഒരു സ്വഭാവം എന്ന വിശ്വാസം സ്വീകരിച്ചവർ സഭയിൽ നിന്ന് തള്ളപ്പെട്ടശേഷം ഏകയായിരുന്നവർ ഏക സഭയായി തുടർന്നില്ലന്നാണോ?Q അതെ. കാരണം അത് കഴിഞ്ഞതിനുശേഷം ഏക സഭയിലെ

മൂന്ന് പൊതുസുന്നഹദോസുകളെപ്പോലെ യാതൊരു പൊതു സുന്നഹദോസുകളും ഇക്കാലം വരെ ഉണ്ടായിട്ടില്ലെന്നുള്ളതുതന്നെ. ഓരോരുത്തരും അവരവരുടെ തലവന്മാരോടും അവരവരുടെ കാനോനുകളോടും അവരവരുടെ ആചാരങ്ങളോടും കൂടി മുമ്പോട്ടു പോവുകയും എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളൊ ഭിന്നതകളൊ അവരവരുടെ വിഭാഗങ്ങളിലുണ്ടായാലും അവരവർ തന്നെ അക്കാര്യം നിർവ്വഹിക്കുകയല്ലാതെ ഏക സഭയിലെ പൊതു സഭയിലെ പൊതുസുന്നഹദോസുകൾ നടത്തപ്പെടാത്തതുകൊണ്ടാണ് ഏക സ്വഭാവം നഷ്ടപ്പെട്ടു എന്നു പറഞ്ഞത്. Ans. പൊതുസുന്നഹദോസ് കൂടുന്നതിനെയൊ കൂടാതിരിക്കുന്നതിനെയൊ ആശ്രയിച്ചാണോ സഭയുടെ ഏകത്വം എന്ന സ്വഭാവം നിശ്ചയിക്കുന്നത്?Q അതെ. ഏകത്വമെന്ന് പറയുമ്പോൾ അത് ഏക തലവന്റെ കീഴിൽ ഏക ആരാധനാക്രമങ്ങളോടുകൂടെ മുന്നോട്ട് പോകേണ്ടതും അതിന്റെ കാര്യങ്ങൾക്ക് അതിന്റെ പൊതുസുന്നഹദോസ് തന്നെ കൂടുകയും വേണം. Ans. പൊതുസുന്നഹദോസ് കൂടിയെങ്കിലെ സഭയ്ക്ക് ഏകത്വമെന്നുള്ളത് ഉണ്ടായിരിക്കൂ എന്നാണോ സാക്ഷിയുടെ അഭിപ്രായം?Q സഭയ്ക്ക് ഏകത്വം അർത്ഥമുള്ളതാകണമെങ്കിൽ ആ സഭയിൽ അംഗങ്ങൾ ഏക തലവന്റെ കീഴിലായിരിക്കേണ്ടതും ആ ഏക സഭയുടെ വിഭാഗങ്ങൾ എവിടെ എല്ലാം ഉണ്ടെങ്കിലും അവിടെയുള്ള മേൽപട്ടക്കാരെല്ലാം ക്ഷണിക്കപ്പെട്ട് കൂട്ടപ്പെടുന്ന ഏക സുന്നഹദോസ് ഉണ്ടായിരുന്നേ മതിയാകൂ. മൂന്ന് വിഭിന്ന കേന്ദ്രങ്ങളിൽ കൽക്കിദോന് മുമ്പ് ഭരിച്ചുകൊണ്ടിരുന്നവർ ഓരോ ആളിന്റെ തന്നെ സ്ഥാനപതികളായിരുന്നതിനാൽ ഇപ്പോൾ ബോധിപ്പിച്ച ഏക തലവനെന്നുള്ള അക്കാര്യം കൽക്കിദോന് മുമ്പുള്ള സഭയെ ബാധിക്കുന്നതല്ല. കൽക്കിദോനുശേഷം വിവിധ ഭാഗങ്ങളിൽ മുമ്പ് ബോധിപ്പിച്ചതുപോലെ സഭകൾ ഉണ്ടാവുകയാണ് ചെയ്തത്. Ans. പൊതുസുന്നഹദോസുകൾ യഥാർത്ഥത്തിൽ കൂടിയെങ്കിൽ മാത്രമെ ഏക സഭ ഉണ്ടാകയുള്ളൂ എന്നാണോ?Q അതെ. ഒരു രാഷ്ട്രത്തിന് ഒരു പാർലമെന്റ് എന്നതുപോലെ തന്നെ. Ans. പൊതുസുന്നഹദോസ് എന്ന് എന്നും നിലനിൽക്കുന്ന തുടർച്ചയായിട്ടുള്ള ഒരു ബോഡി സഭയിൽ ഉണ്ടായിരുന്നിട്ടുണ്ടോ?Q പൊതുസുന്നഹദോസ് എന്ന് പറഞ്ഞാൽ അതിനായിട്ട് നിയമിക്കപ്പെട്ടവരുടെ ഒരു സ്ഥിരം ബോഡി അല്ല. ആവശ്യം വരുമ്പോൾ അതിന് അർഹരായ മേൽപട്ടക്കാരെ വിളിച്ചുകൂട്ടി സഭയുടെ കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കുന്നതിനാണ് സഭ ഉള്ളടത്തോളം കാലം പ്രശ്നങ്ങളുണ്ടായാലും സഭയുടെ പുരോഗതിക്കാവശ്യമായ കാര്യങ്ങളെ കുറിച്ചും ആലോചിച്ച് തീരുമാനിക്കേണ്ടതിനും സുന്നഹദോസുകൾ ഉണ്ടായിരുന്നേ മതിയാകൂ. Ans. പൊതുസുന്നഹദോസ് എന്നത് സഭയുടെ ആരംഭം മുതലുള്ള സ്ഥാപനമല്ലെന്നും ആവശ്യം വരുമ്പോൾ കൂടാറുള്ള ഒരു ബോഡി ആണെന്നും പറയുന്നതു ശരിയോ?Q ആദ്യത്തെ മൂന്ന് പൊതുസുന്നഹദോസുകളിൽ ഒന്നാമത്തേത് 325 ലാണെന്ന് സർവ്വസമ്മതമായിരിക്കെ ആവശ്യങ്ങൾ വന്നപ്പോൾ കൂടിയതും എന്നുള്ള വസ്തുതയും ഇരിക്കെ 325 മുതൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കായി കൂടിയവയെ ആണ് ആരംഭകാലത്തെ

പൊതുസുന്നഹദോസുകളായി സഭ വിശ്വസിക്കുന്നത്. Ans. സഭയുടെ ആരംഭം മുതൽ പൊതുസുന്നഹദോസ് എന്ന സ്ഥിരമായ ഒരു സമൂഹം ഇല്ല എന്ന് പറയുന്നത് ശരിയല്ലേ?Q അതെ Ans. ആവശ്യം വരുമ്പോൾ കൂടുകയല്ലേ ചെയ്തിരുന്നത്?Q അതെ. Ans. അത് സഭയുള്ളിടത്തോളം കാലം നില നിൽക്കുന്നതുമാണ്. പൊതുസുന്നഹദോസ് എന്നതിന് ഒരു സ്ഥിരം അദ്ധ്യക്ഷനൊ ഒരു പ്രത്യേക സ്ഥാനിയെ അദ്ധ്യക്ഷനായിരിക്കണമെന്നൊ ഇല്ലല്ലോ?Q ഇല്ല മൂന്നോ നാലോ കേന്ദ്രങ്ങളിൽ ഒരുപോലെ അധികാരമുള്ള മേലദ്ധ്യക്ഷന്മാർ ഉണ്ടായിരുന്നതിനാൽ അന്ന് ആ രീതി അനുവർത്തിച്ചിരുന്നില്ല. എന്നാൽ കൽക്കിദോസിനുശേഷം സഭകൾ പലതായിതീർന്നു കഴിഞ്ഞപ്പോൾ ഓരോ ന്നിന്റെയും പ്രധാന തലവൻ പാപ്പായാകട്ടെ പാത്രിയർക്കീസാകട്ടെ സഭയുടെ തലവനെന്നുള്ള രീതിയിൽ അവരാണ് സുന്നഹദോസുകൾ കൂട്ടിക്കൊണ്ടിരു ന്നതും നിയമിച്ചുകൊണ്ടിരുന്നതും. Ans. കൽക്കിദൂനിയായിലെ വിശ്വാസ വിപ രീതം സ്വീകരിച്ചിരുന്നവരെല്ലാം അവരാണ് യാർത്ഥ കാതോലികവും അപ്പോ സ്തലികവും ഏകവും പരിശുദ്ധവുമായ സഭയെന്ന് അവരും അവരെ എതിർത്തവർ തങ്ങളാണ് അത് എന്നും അവകാശപ്പെട്ടിരുന്നില്ലേ?Q ഇല്ല. ആദ്യം പറഞ്ഞവർ ഒരുമിച്ച് നിന്നുകൊണ്ട് ഒരു സഭയായിത്തന്നെ പിന്നിടും അവരുടെതായ പൊതുസുന്നഹദോസുകൾ അടുത്തകാലം വരെ കുട്ടികൊണ്ട് മുൻപറഞ്ഞ വിശേഷണങ്ങൾ ഉള്ള സഭ അവരുടെതാണെന്ന് പറയുന്നുണ്ട്. എന്നാൽ മുമ്പ് പല പ്രാവശ്യവും ബോധിപ്പിച്ചതുപോലെ ഏകസ്വഭാവ വിശ്വാ സത്തിൽ നിന്നവർ ഒരേ തലവന്റെ കീഴിൽ ഒറ്റ സഭയായിട്ട് നിലകൊള്ളാതെ അവരവരുടെ സഭയെ ഏക സഭ എന്നുള്ള രീതിയിൽ വിശ്വസിക്കുകയും അതനുസരിച്ചുള്ള കൂദാശകൾ അനുഷ്ഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. വെവ്വേറെ ആവശ്യാനുസരണം അവരവരുടെതായ സുന്നഹദോ സുകളും നടത്തുന്നു.

Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Sessions Court Ernakulam.

Taken down by me in open court read over to the witness accused and admitted by him to be correct.

Sd/- judge 16/10/78

17/10/78 Witness sworn again and cross examination continued.

കൽക്കിദൂനിയാ സുന്നഹദോസിൽ സ്വീകരിച്ച തെറ്റായ വിശ്വാസം റോമാ യിലെയും കുസ്തന്തിനോപ്പോലിസിലെ പാത്രിയർക്കീസും അവരുടെ കീഴി ലുള്ള സഭകളും സ്വീകരിച്ചിരുന്നു. പിന്നീടും അവർ വ്യത്യസ്ത ഭരണാധി കാരികളായിത്തന്നെ അവരവരുടെ കേന്ദ്രങ്ങളിൽ ഭരണവും നടത്തിവന്നു. അവർ അവരാണ് ഏക വിശുദ്ധ സഭയെ അവകാശപ്പെടുന്നില്ലേ?Q കുറെ കാലത്തേക്ക് അങ്ങനെ അവകാശപ്പെട്ടുകൊണ്ടിരുന്നു. Ans. എന്നുവരെ?Q

അവർ തമ്മിൽ പിരിയുന്നതുവരെ അതായത് 9-ാം നൂറ്റാണ്ടിൽ ആരംഭിച്ച് 11-ാം നൂറ്റാണ്ടിൽ അവസാനിച്ചു. Ans. അലക്സാന്ത്രിയായിലെ പാത്രിയർക്കീസും അന്ത്യോക്യായിലെ പാത്രിയർക്കീസും അവരുടെ കീഴിലുള്ള വിഭാഗങ്ങളും കൽക്കദൂനിയ സുന്നഹദോസിൽ അംഗീകരിക്കപ്പെട്ട തെറ്റായ വിശ്വാസത്തെ എതിർത്തവരാണ്. കൽക്കിദൂനിയാ സുന്നഹദോസ് സ്വീകരിച്ചവരുടെ സ്വാധീനം മൂലം രാജശക്തിയാൽ പീഡിപ്പിക്കപ്പെട്ട അന്ത്യോക്യാ, അലക്സാന്ത്രിയാ പാത്രിയർക്കീസന്മാരുടെ കൂടെനിന്നു സഭയെ യാക്കോബ് ബുർദാന എന്ന മെത്രാപ്പോലീത്ത സഹായിച്ച് ശക്തിപ്പെടുത്തിയില്ലേ?Q മേൽ പറഞ്ഞവരുടെ കൂടെനിന്നും സഭകളിൽ മേൽപറഞ്ഞ പീഡമൂലം പൗരോഹിത്യം നിശ്ശേഷം നിൽക്കാതായപ്പോൾ മുമ്പ് ബോധിപ്പിച്ച രീതിയിൽ യാക്കോബ് ബുർദാന മെത്രാൻ സ്ഥാനം ഏറ്റ് പ്രസ്തുത സഭകളിൽ സത്യവിശ്വാസം പുനഃസ്ഥാപിക്കുവാൻ പരിശ്രമിച്ചു സത്യവിശ്വാസം നിലനിർത്തുകയും ചെയ്തു. Ans. യാക്കോബ് ബുർദാനയ്ക്ക് സഭയിലെ സ്ഥാനം മെത്രാപ്പോലീത്താ സ്ഥാനമായിരുന്നു. അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചത് അലക്സാന്ത്രിയായിലെ പാത്രിയർക്കീസായ തേവോദോസ്യൂസല്ലായിരുന്നോ?Q അല്ലായിരുന്നു. കുസ്തന്തിനോപ്പോലീസിൽ തടവിൽ കിടന്ന മോർ തേവോദോസ്യോസ് ഉൾപ്പെടെയുള്ള മേൽപട്ടക്കാരായിരുന്നു എന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ടെന്ന് നേരത്തെ ബോധിപ്പിച്ചിട്ടുള്ളതാണ്. Ans. അലക്സാന്ത്രിയിൽ നിന്ന് ചക്രവർത്തിയിൽ നിന്ന് ചക്രവർത്തിയാൽ ബഹിഷ്കൃതനായ ശേഷം ബൈസന്തിയായിൽ കാരാഗൃഹവാസം ചെയ്തിരുന്ന തേവോദോസിസ് പാത്രിയർക്കീസാണ് യാക്കോബിനെ മെത്രാൻ പദത്തിൽ ഉയർത്തിയത് എന്ന് സാക്ഷി പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടില്ലേ?Q ഇല്ല. ഫാ. പ്ലാസിഡ് എന്ന റോമൻ ചരിത്രഗ്രന്ഥകാരൻ എഴുതിയിരിക്കുന്നത്, ഇൻവർട്ടഡ് കോമാ ഇട്ട് എന്റെ ഒരു പുസ്തകത്തിൽ ഞാൻ ഉദ്ധരിച്ചിട്ടുണ്ട്. എന്റെ അഭിപ്രായമല്ല. ഫാ. പ്ലാസിഡിന്റെ അഭിപ്രായമാണ്. Ans. തടവുകാരായി കിടന്നിരുന്ന അലക്സാന്ത്രിയയിലെ പാത്രിയർക്കീസ് തേവോദോസിയോസ് കുസ്തന്തിനോപ്പോലീസ് പാത്രിയർക്കീസായി അന്തിമോസ് മറ്റനവധി എപ്പിസ്കോപ്പമാർ കൂടിയാലോചിച്ച് എപ്പിസ്കോപ്പാസ്ഥാനത്തേക്ക് യാക്കോബിനെയും അവിടെ ഉണ്ടായിരുന്ന തേവോദോർ എന്നൊരു ദയറാക്കാരനെയും തെരഞ്ഞെടുത്തു. അലക്സാന്ത്രിയാ പാത്രിയർക്കീസായ തേവോദോസിസിന്റെ പ്രധാന കാർമ്മികത്വത്തിലും മറ്റ് പിതാക്കന്മാരുടെ സഹകരണത്തിലും മെത്രാപ്പോലീത്തമാരായി വാഴിച്ചു എന്ന് പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടോ?Q ഉണ്ടായിട്ടുണ്ട്. അതാണ് ഞാൻ അൽപം മുമ്പ് ബോധിപ്പിച്ചതും Ans. ആ കൂട്ടത്തിൽ അന്ത്യോക്യാ പാത്രിയർക്കീസില്ലായിരുന്നില്ലേ?Q അന്ത്യോക്യാ പാത്രിയർക്കീസ് അന്ന് ജീവിച്ചിരുപ്പുണ്ടോ എന്ന് തന്നെ നിശ്ചയമില്ല. Ans. യാക്കോബ് ബുർദാനയെ മെത്രാനായി വാഴിച്ചത് അന്ത്യോക്യാ പാത്രിയർക്കീസിനെ കൂടാതെയല്ലേ?Q അന്നത്തെ പീഡയുടെ പരിതഃസ്ഥിതിയിൽ അന്ന് തടവിൽ കിടന്ന പിതാക്കന്മാർ മോർ യാക്കോബ് ബുർദാനായെ

വാഴിക്കത്തക്ക പരിതഃസ്ഥിതിയായിരുന്നു. എന്നാൽ പ്രധാന കാർമ്മികത്വം വഹിച്ച മോർ തേവോദോസിയോസ് പത്രോസിന്റെ പിൻഗാമിയായ മർക്കോസിന്റെ പിൻഗാമിത്വത്തിൽ പെട്ട ആളായിരുന്നതുകൊണ്ട് പത്രോസിന്റെ പിൻഗാമിത്വത്തിൽ നിന്ന് യാതൊരു വ്യതിചലനവും കൂടാതെ തുടരുവാൻ സാധിച്ചു ഇത് പീഡകൾ നിമിത്തം ഒരിക്കൽ മാത്രം ഉണ്ടായ ഒരു സംഭവമാണ്. Ans. യാക്കോബ് ബുർദാനക്ക് മേൽപട്ടത്വം കിട്ടിയത് പ്രധാന കാർമ്മികത്വം നടത്തിയ അലക്സാണ്ട്രിയാ പാത്രിയർക്കീസിൽ നിന്നാണെന്ന് സമ്മതിക്കുന്നോ?Q അന്നവിടെ ഉണ്ടായിരുന്ന പിതാക്കന്മാരിൽ നിന്നാണ് മോർ തേവോദോസ്യോസിൽ കൂടി മോർ യാക്കോബിന് കൈവെപ്പ് കിട്ടിയതെന്ന് ഞാൻ വിശ്വസിക്കുന്നു. Ans. പ്രധാന കാർമ്മികത്വം വഹിക്കുന്നവരിൽ നിന്നല്ല പട്ടത്വം കിട്ടുന്നതെന്നാണോ പറയുന്നത്?Q പത്രോസിന്റെ പിൻഗാമിയായ അലക്സാണ്ട്രിയാ പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ അദ്ദേഹത്തിന്റെ കൈവയ്പോടുകൂടി മറ്റുള്ളവരുടെയും സാന്നിദ്ധ്യത്തിൽ ആ പീഡനകാലത്ത് മോർ യാക്കോബിന് മെത്രാൻ സ്ഥാനം കിട്ടി. Ans. question repeated എനിക്ക് ബോധിപ്പിക്കാനുള്ളത് പറഞ്ഞു കഴിഞ്ഞു. Ans. അലക്സാണ്ട്രിയാ പാത്രിയർക്കീസിൽ നിന്നാണോ യാക്കോബ് ബുർദാനാക്ക് കൈവയ്പ്പ് കിട്ടിയത്?Q പീഡയുടെ അക്കാലത്ത് അങ്ങനെയാണ് കിട്ടിയത്?Q Ans. ആ യാക്കൂബ് ബുർദാന പിന്നീട് അന്ത്യോക്യായിലേക്കും അലക്സാണ്ട്രിയായിലേക്കും പാത്രിയർക്കീസുമാരെ വാഴിച്ചില്ലേ?Q യാക്കോബ് ബുർദാന തനിച്ചല്ല. തനിച്ച് ആരെയും വാഴിച്ചില്ല. അദ്ദേഹത്തോടുകൂടി സ്ഥാനമേറ്റ മെത്രാപ്പോലീത്തന്മാരും ഉണ്ടായിരുന്നു. Ans. യാക്കോബ് ബുർദാനായിൽ നിന്നുള്ള കയ്യ്വപ്പല്ലേ അന്ത്യോക്യാ പാത്രിയർക്കീസിന് കിട്ടിയത്? പത്രോസിന്റെ പിൻഗാമിയിൽ നിന്ന് യാക്കോബ് ബുർദാനക്ക് കിട്ടിയ അതേ കൈവയ്പ്പാണ് അദ്ദേഹവും സഹമെത്രാപ്പോലീത്ത മാത്രം കൂടി പീഡമൂലം അന്നാരുമില്ലാതിരുന്ന അന്ത്യോക്യാക്കും അലക്സാണ്ട്രിയാക്കും പാത്രിയർക്കീസുമാരെ വാഴിച്ചത്. Ans. യാക്കോബ് ബുർദാന വഴിയുള്ള കൈവയ്പാണ് അന്ത്യോക്യാ പാത്രിയർക്കീസിന് കിട്ടിയതെന്ന് പറഞ്ഞാൽ ശരിയാണോ?Q മേൽപറഞ്ഞതിന്റെ വെളിച്ചത്തിൽ ശരിയാണ്. Ans. യാക്കോബ് ബുർദാന അപ്രകാരം പട്ടം കൊടുത്ത് ശക്തിപ്പെടുത്തിയ സഭയല്ലേ യാക്കോബായ സഭ എന്നറിയപ്പെടുന്നത്?Q യാക്കോബായ എന്നോ സിറിയൻ ഓർത്തഡോക്സ് എന്നോ പറയുന്ന ആ സഭ പീഡനം മൂലം ക്ഷയിച്ച് തുടങ്ങിയപ്പോൾ അതിനെ ശക്തിപ്പെടുത്തിയ ആളാണ് യാക്കോബ് ബുർദാന അദ്ദേഹത്തിന്റെ പേരിനോട് ചേർത്ത് ശത്രുക്കളാൽ യാക്കോബായ എന്ന് പേര് വിളിച്ചു എന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. Ans. യാക്കോബ് ബുർദാനായാൽ പട്ടം കൊടുത്തു ശക്തിപ്പെടുത്തിയ അന്ത്യോക്യായിലെയും അലക്സാണ്ട്രിയായിലെയും വിഭാഗങ്ങൾ ഉൾപെട്ട സഭയെ അല്ലേ യാക്കോബായ സഭ എന്ന് അറിയപ്പെടുന്നത്?Q അല്ല. അലക്സാണ്ട്രിയായിലേക്കും അന്ത്യോക്യായിലെയും വിഭാഗങ്ങൾ ചേരുന്നത് ഒരു സഭയല്ല. അലക്സാണ്ട്രിയായിലെ സഭയ്ക്ക് യാക്കോബായ സഭ എന്ന് പേര്

പറഞ്ഞ ഞാൻ ഇതുവരെയും കേട്ടിട്ടില്ല. Ans. അലക്സാന്ത്രിയായിലെ സഭ യാക്കോബായ സഭയാണെന്ന് സാക്ഷി പുസ്തകങ്ങളിലൂടെയും അല്ലാതെയും പഠിപ്പിച്ചിട്ടില്ലേ? അലക്സാന്ത്രിയൻ യാക്കോബായ സഭ എന്ന് ഞാൻ ഒരിടത്തും എഴുതിയിട്ടും പഠിപ്പിച്ചിട്ടുമില്ല. Ans. E B160 പേജ് 122 ൽ കൽക്കിദുനിയാ സുന്നഹദോസ് സ്വീകരിക്കാതെ അതിന് മുമ്പുണ്ടായ മൂന്ന് സുന്നഹദോസിനെ സ്വീകരിച്ചവർക്കാണ് യാക്കോബായക്കാർ എന്ന് യാക്കോബ് ബുർദാനായുടെ കാലം മുതൽ പേര് കിട്ടിയത് എന്ന് ആ സാക്ഷിയുടെ അഭിപ്രായം പറഞ്ഞ് കാണുന്നു. E B 160 ൽ 144-ാം പേജിൽ The one body Catholic Apostolic Church ആണ് എന്ന് സാക്ഷി പറഞ്ഞു കാണുന്നുണ്ട്. അലക്സാന്ത്രിയായിലെ സഭ യാക്കോബ് ബുർദാനയോട് പട്ടമേൽക്കുകയും യാക്കോബ് ബുർദാനയുടെ വിശ്വാസത്തിൽ തുടരുകയുമല്ലേ ചെയ്തത്?Q അന്നത്തെ പരിതഃസ്ഥിതിയിൽ യാക്കോബ് ബുർദാനായിൽ നിന്ന് പട്ടമേൽക്കുകയും ഏകസ്വഭാവ വിശ്വാസത്തിൽ തുടരുകയും ചെയ്തു. Ans. യാക്കോബ് ബുർദാനയുടെ വിശ്വാസത്തിൽ തുടർന്നോ?Q യാക്കോബ് ബുർദാനയുടെ വിശ്വാസം എന്നൊന്നില്ല. യാക്കോബ് ബുർദാനക്കും ഉണ്ടായിരുന്ന സത്യവിശ്വാസത്തിൽ തുടർന്നു. അതായത് ഏക സ്വഭാവ വിശ്വാസം Ans. കൽക്കദോനിയാ സുന്നഹദോസ് വരെ അന്ത്യോക്യാ പാത്രിയർക്കീസും അലക്സാന്ത്രിയാ പാത്രിയർക്കീസും അലക്സാന്ത്രിയാ പാത്രിയർക്കീസും പരസ്പരം ബന്ധപ്പെട്ട ഒരേ സഭയിൽ കഴിയുകയായിരുന്നില്ലേ? അവരിരുവരും കഴിയുകയായിരുന്നു. അവരിരുവരും മാത്രമല്ല റോമിലെയും കുസ്തന്തിനോപ്പോലീസിലെയും പാത്രിയർക്കീസന്മാരും ഇവർ നാലുപേരും ഒരു സഭയിൽ കഴിയുകയായിരുന്നു. Ans. കൽക്കദുനിയ സുന്നഹദോസിന് മുമ്പ് അന്ത്യോക്യാ പാത്രിയർക്കീസും അലക്സാന്ത്രിയാ പാത്രിയർക്കീസും തമ്മിൽ പുലർത്തിയിരുന്ന ബന്ധം തുടരുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിരുന്നോ?Q തടസമുണ്ടായിരുന്നോ എന്നതിനെക്കുറിച്ച് ഞാൻ നോക്കിയിട്ടില്ല. എന്നാൽ കൽക്കിദോന് ശേഷം അവർ ഇരുവരും വെവ്വേറെ സഭകളായിട്ട് ഓരോ സഭയുടെയും എല്ലാ പ്രത്യേകതകളോടും കൂടെ സ്നേഹത്തിലും ഏക സ്വഭാവ വിശ്വാസ ഐക്യത്തിലും അവരവരുടെ കാര്യം നോക്കി തുടർന്നുകൊണ്ടിരുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കികൊണ്ടിരുന്നത്. E B 160ലും അങ്ങനെയുള്ള അർത്ഥത്തിൽ ആ സാക്ഷിയും പറഞ്ഞു കാണുന്നു. Ans. എന്നാണ് പ്രത്യേക സഭകളായത് എന്ന് പറയാമോ?Q ആണ്ട് പറയാൻ പറ്റുകയില്ല കൽക്കിദോനുശേഷം സഭകൾ പലതായി പിരിഞ്ഞതിന്റെ കാര്യമാണ് പറയുന്നത് 5-ാം നൂറ്റാണ്ടിലാണ്. Ans. കൽക്കിദോനിനുശേഷം പുതിയ സഭകൾ ഉണ്ടാകാൻ എന്തു സംഭവിച്ചു?Q പുതിയത് എന്ന് ഞാൻ പറഞ്ഞില്ല. ഏകത്വം വിട്ടുപോയി എന്നേ പറഞ്ഞിട്ടുള്ളു. Ans. ഏകത്വം എന്ന തത്വം വിട്ടുപോയത് കൽക്കിദോനിന് ശേഷമാണെന്നല്ലാതെ എന്നാണ് എന്ന് പറയാൻ ആണ്ടും തിയതിയും അറിഞ്ഞുകൂടാ. Ans. കൽക്കദുനിന് മുമ്പും ഓരോ പാത്രിയർക്കീസിന് കീഴിലുള്ള ഭരണ സഭകൾ മറ്റേതുടെയും മേൽക്കോയ്മക്ക് വിധേയമല്ലാതെ കഴിയുക

യായിരുന്നോ?Q നാല് പാത്രിയർക്കീസുമാരും ആരും ആരുടെയും മേൽക്കോയ്മക്ക് കീഴ്പടാതെ കഴിയുകയായിരുന്നു. ഒറ്റ പൊതുസുന്നഹദോസായിരുന്നു. Ans. പൊതുസുന്നഹദോസ് കൂടുന്നതിന് ഇപ്പോൾ താത്വികമായിട്ട് എന്തെങ്കിലും തടസ്സമുണ്ടോ?Q യാക്കോബായ സഭയുടെ പൊതുസുന്നഹദോസ് അഥവാ സിറിയൻ ഓർത്തഡോക്സ് സഭയുടെ പൊതുസുന്നഹദോസ് കൂടുന്നതിന് ഒരു തടസ്സവുമില്ല. അടുത്ത കാലത്തും കൂടിയിട്ടുണ്ട്. Ans. കൽക്കിദൂനിയാ വിശ്വാസത്തെ എതിർത്ത അന്ത്യോക്യായിലെയും അലക്സാന്ത്രിയായിലെയും സഭകൾ ഒരു പൊതുസുന്നഹദോസ് കൂടുന്നതിന്റെ കാര്യമാണ് ചോദിച്ചത്?Q പലരും പല പ്രത്യേകതകളും കാനോനുകളും ആരാധനാ ക്രമങ്ങളുമായി നിലനിൽക്കുന്നതുകൊണ്ടും തമ്മിൽ സഭകൾ പിരിഞ്ഞതിന്റെ ശേഷം ഇതുവരെയും പൊതുവായിട്ട് ഒരു സുന്നഹദോസ് ഒരു കാര്യത്തെ പ്രതിയും കൂടിയിട്ടില്ലാത്തതുകൊണ്ടും ഏകതലവന്റെ കീഴിൽ ഏകസഭ അല്ലാത്തതുകൊണ്ടും അങ്ങനെയുള്ള പൊതുസുന്നഹദോസുകൾ കൂടുക താത്വികമായി അസാദ്ധ്യമായ കൊണ്ടാണ് ഇതുവരെയും കൂടാതിരുന്നിട്ടുള്ളത്. Ans. അന്യോന്യം സംസർഗ്ഗമുള്ള സഭകൾ ചേർന്ന് പൊതുസുന്നഹദോസ് നടത്തുന്നതിന് താത്വികമായി എന്ത് തടസ്സമാണുള്ളത്?Q പല തടസ്സങ്ങൾ കണ്ടേക്കാം അത് ഏവ എന്ന് പറയേണ്ടത് അതാത് സഭയുടെ തലവനാണ് ഞാനല്ല. Ans. എനിക്കറിഞ്ഞുകൂടാ. Ans. സഭക്ക് ഒരു തലവൻ വേണം. ക്രിസ്തു ഭൂമിയിൽ സ്ഥാപിച്ച സഭയുടെ തലവൻ സെയ്ന്റ് പീറ്റർ ആണെന്ന് റോമ സഭ ഒഴികെ മറ്റ് യാതൊരു സഭയും പഠിപ്പിക്കുന്നില്ല എന്നുള്ളതല്ലേ സത്യം?Q അല്ല. യാക്കോബായ സുറിയാനി സഭയുടെ ആരാധനക്രമങ്ങളും മറ്റും പഠിച്ചിട്ടുള്ള ആരും കർത്താവ് സ്ഥാപിച്ച സഭയുടെ തലവനായി പത്രോസിനെ നിയമിച്ചില്ല എന്ന് പറയുകയില്ല. റോമാക്കാർ മാത്രമല്ല അങ്ങനെ പറയുന്നത്. Ans. Ex B 160 പേജ് 154 ൽ ക്രിസ്തു സഭ ഏകമായിരിക്കണമെന്നും എന്ന് തുടങ്ങി റോമാസഭ മാത്രമെ സഭയുടെ തലവനായി സെയ്ന്റ് പീറ്റർ ആണ് എന്ന് ആ സാക്ഷി പറഞ്ഞു കാണുന്നു. അത് തെറ്റാണ്. Ans. സുറിയാനി സഭ ഈഗുപ്തനായ സഭ, അർമേനിയൻ സഭ, അബിസീനിയൻ സഭ. ഇവ പുളിപ്പുള്ള അപ്പം വിശുദ്ധ കുർബ്ബാനയാൽ അർപ്പിക്കുന്നു എന്ന് പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നില്ലേ?Q ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീടുള്ള പഠനത്തിൽ അർമീനിയൻ സഭ പുളിപ്പില്ലാത്ത അപ്പമാണ് അർപ്പിക്കുന്നത് എന്നാണ് മനസ്സിലാക്കിയത്. അത് പല പുസ്തകങ്ങളിൽ നിന്നും ഫോർട്ടാസ്ക്യൂവിൽ നിന്നും മനസ്സിലാക്കാൻ സാദ്ധ്യമുള്ള ഒരു യഥാർത്ഥ്യം ആണ് Ans. ഫോർട്ടസ്ക്യൂവിന്റെ പുസ്തകം എന്റെ കൈവശമില്ല. എന്റെ ഭാഗമുള്ള മേൽപട്ടക്കാരുടെ പക്കൽ ആരുടെയെങ്കിലും പക്കൽ ആ പുസ്തകമുണ്ടോ എന്നറിയില്ല. ഏതെങ്കിലും ലൈബ്രറിയിൽ നിന്നാണ് വായിച്ചത്. എന്ന് ഇപ്പോൾ ഓർമ്മയില്ല. 1950 ൽ അന്ത്യോക്യാ സിംഹാസനത്തിന്റെ യഥാർത്ഥ പാത്രിയർക്കീസും അലക്സാന്ത്രിയാ സിംഹാസനത്തിന്റെ യഥാർത്ഥ പാത്രിയർക്കീസും ഐക്യത്തിലും പരസ്പര സ്വീകരണത്തിലും കഴിയുന്നവരാണെന്ന് ഞാൻ പ്രസ്താവിച്ചിട്ടുണ്ട്.

അതായത് ഏക സ്വഭാവ വിശ്വാസ ഐക്യത്തിലും റോമാസഭ ഓർത്തഡോക്സ് സഭകൾ ഇവരോട് യാതൊരു ബന്ധവും കൂടാതെ കഴിയുന്നതുപോലെ അല്ലാതെ അത്യാവശ്യത്തിന്റെ പേരിൽ Inter communion ആകാം എന്നുള്ള അർത്ഥത്തിൽ സ്വീകരണത്തിലും എന്നു തന്നെയാണ് ഇപ്പോഴും ബോധിപ്പി ക്കുന്നത്. 1951 ൽ യഥാർത്ഥ അർമീനായ സഭ ഇന്നും വിശുദ്ധവും അന്ത്യോക്യാ സിംഹാസനത്തോട് ഏക വിശ്വാസത്തിലും ഐക്യത്തിലും സ്ഥിതിചെയ്യുന്നു എന്ന് പ്രചരിപ്പിച്ചിട്ടുണ്ടോ?Q ഓർക്കുന്നില്ല ഉണ്ടായിരിക്കാം ഉണ്ടെങ്കിൽ അതും മേൽ പറഞ്ഞ അർത്ഥത്തിൽ തന്നെയാണ്. Ans. അലക്സാന്ത്രിയാ, അബിസി നിയാ അർമീനിയാ എന്നീ യഥാർത്ഥവും വിപുലവുമായ പൗരസ്ത്യസഭകൾ വിശുദ്ധ അന്ത്യോക്യാ സിംഹാസനവുമായി വിശ്വാസത്തിലും പരസ്പര കൂദാശ അനുഷ്ഠാന സ്വീകരണത്തിലും ഐക്യത്തിലും നിലനിൽക്കുന്നുവെന്ന് 1951 ൽ പ്രചരിപ്പിച്ചിട്ടുണ്ടോ?Q ഉണ്ടായിരിക്കാം മേൽപറഞ്ഞ രീതിയിൽ മാത്രം. Ans. പരസ്പര കൂദാശ അനുഷ്ഠാന സ്വീകരണം വിശ്വാസത്തിൽ എന്തെ ങ്കിലും വ്യത്യാസമുള്ളവർ തമ്മിൽ ആകുമോ?Q വിശ്വാസമെന്നത് ദൈവ പുത്രന്റെ സ്വഭാവത്തിലുള്ള ആ വിശ്വാസമാണ് ആ വിശ്വാസവുമായി ബന്ധമി ല്ലാത്തവരുമായി Inter Communion ഒരിക്കലും ഉണ്ടാവുകയില്ല. Ans. ക്രിസ്തു വിന്റെ സ്വഭാവത്തെ പറ്റി അഭിപ്രായ വ്യത്യാസമില്ലാത്ത എല്ലാവർക്കും Inter Communion ആകാമോ?Q ക്രിസ്തുവിന്റെ ഏകസ്വഭാവ സത്യത്തിൽ വിശ്വ സിക്കാത്തവർ റോമാക്കാരും പലവിധ ഗ്രീക്ക് ഓർത്തഡോക്സ് സഭകളും റോമാക്കാരിൽ നിന്ന് വേർപെട്ട പ്രൊട്ടെസ്റ്റന്റ് കാരും അവരുടെ അവാന്തര വിഭാഗങ്ങളുമാണ്. ക്രിസ്തുവിന്റെ ഏകസ്വഭാവമെന്ന സത്യവിശ്വാസത്തിൽ നിലകൊള്ളുന്നത് മുൻപറഞ്ഞ നാല് മാത്രമാകയാൽ അവരുമായി മാത്രം Inter Communion ആകാം. കാരണം ഏകസ്വഭാവത്തിൽ വിശ്വസിക്കുന്ന മറ്റൊരു ക്രിസ്ത്യാനിയുമില്ല. Ans. മാർത്തോമാക്കാർ ഏകസ്വഭാവവാദികളോ ഇരു സ്വഭാവ വാദികളോ?Q അവരുടെ യാതൊരു പുസ്തകത്തിലും അതേപ്പറ്റി ഞാൻ കണ്ടിട്ടില്ലാത്തതിനാൽ എനിക്കതേപറ്റി ഖണ്ഡിതമായി പറയാൻ നിവൃ ത്തിയില്ല. Ans. മോർ തോമാക്കാർ മുൻ കാലത്ത് മലങ്കരയിലെ സഭയിൽ പെട്ടിരുന്നവരാണ്. അന്നും മലങ്കര സഭയ്ക്ക് ഒരു സ്വഭാവ വാദമൊന്നും മാർത്തോമാക്കാർ സഭവിട്ടു കഴിഞ്ഞപ്പോൾ ഏക സ്വഭാവ വാദം വിട്ടു ഇരു സ്വഭാവ വാദം സ്വീകരിച്ചോ എന്നറിഞ്ഞുകൂടാ എന്നാൽ അവർ സഭയിൽ നിന്നും പിരിഞ്ഞു പോയതുകൊണ്ട് അവരുമായി Inter Communion പാടില്ല. അന്യസഭ ആയതുകൊണ്ട് തന്നെ മാർത്തോമാ സഭയ്ക്ക് മലങ്കര സഭയുമായി എന്തെങ്കിലും വ്യത്യാസം ഉണ്ടോ? വിശ്വാസസത്യത്തിൽ ഉണ്ടെന്ന് എനിക്കല്ല യാക്കോബായക്കാർക്കും മാർത്തോമാക്കാർക്കും അറിയാവുന്നതാണ്. Ans. അവർ സഭയിൽ നിന്ന് പിരിഞ്ഞ് പോയതുകൊണ്ടാണ് Inter Communion ഇല്ലാതായത്. സഭാ സംബന്ധമായി എല്ലാ അടിസ്ഥാന വിശ്വാസസത്യങ്ങ ളിലും ഐക്യമില്ലാത്ത സഭകളുമായി Inter Communion പാടുണ്ടോ? Inter Communion വേണമെങ്കിൽ ക്രിസ്തുവിന്റെ ഏക സ്വഭാവത്തിലുള്ള വിശ്വാസം

ഉണ്ടായിരിക്കണം. ഒരു പക്ഷേ ഒരേ വിശ്വാസത്തിന് എന്ന് പറഞ്ഞ് നിന്നേക്കാമെങ്കിലും സഭയുടെ തലവനെയും സഭയുടെ മറ്റ് വിശ്വാസങ്ങളെയും തിരസ്കരിക്കുകയും അങ്ങനെ സഭയിൽ നിന്ന് വേർപെടുത്തപ്പെടുകയും ചെയ്തിട്ടുള്ളവരുമായി Inter Communion പാടില്ല. സഭയുടെ സ്വഭാവ സംബന്ധമായ മുൻപറഞ്ഞ വിശ്വാസത്തിൽ ഐക്യവും ആചാരാനുഷ്ഠാനം മുതലായ വിശ്വാസ സത്യങ്ങളിൽ വ്യത്യാസം ഉണ്ടായിരിക്കുകയും ചെയ്താലും Inter Communion ആകാം. Ans. യേശുക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ച അടിസ്ഥാന വിശ്വാസത്തിൽ നിന്ന് യേശുക്രിസ്തുവിന്റെ പഠിപ്പിക്കലനുസരിച്ചുള്ള കാര്യങ്ങളും അടിസ്ഥാന വിശ്വാസങ്ങൾ തന്നെയാണ്. യേശുക്രിസ്തുവിന്റെ ആളത്തത്തെ സംബന്ധിച്ചു മാത്രമുള്ളതല്ല അടിസ്ഥാന വിശ്വാസം. മുൻപറഞ്ഞതും കൂടിപെടും. Inter Communion എന്നാൽ എന്താണ്?Q കുർബാനയിലുള്ള അന്യോന്യ സംബന്ധം ഇതാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. Ans. കുർബാന എന്നത് യേശുക്രിസ്തുവിന്റെ ശരീരമാണെന്നാണ് സഭ മനസ്സിലാക്കിയിട്ടുള്ളത്. യേശുക്രിസ്തുവിന്റെ ശരീരം ഭക്ഷിച്ച് ആ ശരിരവുമായി ഒന്നായിച്ചേരുന്നുണ്ടോ?Q കുർബാന അനുഭവിക്കുന്നവർ ക്രിസ്തുവിലും ക്രിസ്തു അവരിലും ആയിത്തീരുന്നു. Ans. സഭ തന്നെ ക്രിസ്തുവിന്റെ ശരീരം എന്നല്ലേ വിശ്വാസം?Q സഭ ക്രിസ്തുവിന്റെ ശരീരമാകുന്നു എന്നാണ് വിശ്വാസം. എന്നാൽ കുർബാനയിൽ ആ ശരീരം എന്ന് പറയുന്നത് ഈ അർത്ഥത്തിലല്ല. Ans. വിശുദ്ധ കുർബാന ഏർപ്പെടുത്തിയിരിക്കുന്നത് സഭയിലല്ലേ?Q കർത്താവ് വിശുദ്ധ കുർബാന സ്ഥാപിച്ചത് മറ്റ് ശ്ലീഹന്മാരുടെ മുമ്പിൽ വച്ചാണ്. പത്രോസിനോട് വാഗ്ദാനം ചെയ്ത ഉടനെ സഭ ഉണ്ടാവുകയാൽ സഭയിലാണ് സ്ഥാപിച്ചിരിക്കുന്നത് Ans. സഭയിൽ അംഗങ്ങളല്ലാത്തവർക്ക് ആർക്കും അതിൽ പങ്ക് ചേരാനവകാശമില്ലല്ലോ?Q പ്രത്യേക സഭയിൽ അംഗങ്ങളായുള്ളവർക്കും ആ പ്രത്യേക സഭയുമായി Inter Communion ആകാമെന്ന് സമ്മതിച്ചിട്ടുള്ളവർക്കും മാത്രമെ ആ കുർബാന അനുഭവിക്കാവൂ. Ans. യേശുക്രിസ്തു സ്ഥാപിച്ച കാതോലികവും അപ്പോസ്തലികവുമായ ഏകവും വിശുദ്ധവുമായ സഭയിൽ അംഗമല്ലാത്ത ആർക്കെങ്കിലും വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളാനവകാശമുണ്ടോ?Q യേശുക്രിസ്തു സ്ഥാപിച്ച കാതോലികവും അപ്പോസ്തലികവും ഏകവും വിശുദ്ധവുമായ സഭ ഞാൻ നിൽകുന്ന സഭയാണെന്ന് ഞാനും സഭ മുഴുവനും വിശ്വസിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് മുമ്പ് ബോധിപ്പിച്ച ഉത്തരം Ans. question repeated same answer given സഭയിൽ അംഗമല്ലാത്ത ഒരാൾക്ക് കുർബാനയിൽ ഭാഗഭാക്കാകാമൊ? പാടില്ല. എന്നാൽ സഭയിൽ നിന്നും വിശുദ്ധ കുർബാന കൊടുക്കാമെന്ന് പിതാക്കന്മാർ അനുവദിച്ചിട്ടുള്ള മറ്റുള്ളവർക്ക് കൊടുക്കാം.

Stopped for lunch witness sworn again and cross continued. വിശുദ്ധ കുർബാനയിലെ തിരുശരീര രക്തങ്ങൾ വിശുദ്ധ സഭയിലെ അംഗങ്ങൾക്ക് മാത്രം കൊടുക്കപ്പെടുന്നു എന്നല്ലേ സഭയിൽ പഠിപ്പിക്കുന്നത്?Q ഈ സഭയിൽ പെട്ടവർക്കും സഭയുടെ കുർബാന അനുഭവിപ്പാൻ സഭ അനുവദിച്ചിട്ടുള്ളവർക്കും

കൊടുക്കാം. അവർക്കാണ് കൊടുക്കുന്നത് Ans. സഭയിലെ അംഗങ്ങൾ അല്ലാത്തവർക്ക് കൊടുക്കാൻ പാടില്ലെന്നല്ലേ സഭയിലെ പഠിപ്പിക്കൽ?Q എനിക്കറിയാവുന്നത് ഞാൻ ബോധിപ്പിച്ചു കഴിഞ്ഞു. ഇതിൽ കൂടുതലായി എനിക്കൊന്നും പറയാനില്ല. Ans. EA 212 ൽ പേജ് 57 ൽ മാമോദീസ ഒഴികെ മറ്റുള്ള കൂദാശകൾ അനുഭവിക്കുന്നവർ വിശുദ്ധ സഭയുടെ അംഗങ്ങൾ ആയിരിക്കണമെന്ന് എഴുതിയിട്ടുണ്ട്. അതാണ് പൊതുവായുള്ള തത്വം. കൽക്കിദോനാ സുന്നഹദോസിനു മുമ്പും ഓരോ പ്രാദേശിക സഭകളും അതാതിന്റെ പ്രത്യേക പ്രശ്നങ്ങൾ തീരുമാനിക്കുന്നതിനു സുന്നഹദോസുകൾ കൂടുക പതിവുണ്ടായിരുന്നില്ലേ?Q പ്രാദേശിക സഭകൾ എന്ന പറയുന്നത് മുമ്പ് ബോധിപ്പിച്ച നാലു കേന്ദ്രങ്ങളിലേത് എന്ന അർത്ഥത്തിലാണോ ഓരോ സ്ഥലത്തും ഉള്ളവ എന്ന അർത്ഥത്തിലാണോ എന്നറിയണം. Ans. ഓരോ പാത്രിയർക്കീസിന്റെയും കീഴിലുള്ളതാണെങ്കിൽ കൂടുമായിരുന്നോ? അങ്ങനെ കൂടിയതായി കാനോനിലെ നിയമങ്ങൾ കൊണ്ട് കാണുന്നില്ല. Ans. അന്തിയോക്, ലവദോക്, പേർഷ്യാ, നിയോകസേറാ, ഗംഗ്റാ, അംഗാറാ എന്നീ സ്ഥലങ്ങളിൽ അങ്ങനെ സുന്നഹദോസുകൾ കൂടിയതായി ExB 162 കൊണ്ട് കാണുന്നില്ലേ?Q ഇതെല്ലാം ഉണ്ടോ എന്നു നോക്കിയാലെ പറയാൻ സാധിക്കൂ. അതിനും പുറമെ വാദികൾ ഇവിടെ ഹാജരാക്കിയിട്ടുള്ള കാനോൻ കണ്ടു കഴിഞ്ഞതിനുശേഷമല്ലാതെ അതിനു മറുപടി പറയാൻ സാദ്ധ്യമല്ല. Ans. Ex B 162 1-ാം പേജിൽ അന്ത്യോക്യായുടെ എന്നു കാണുന്നുണ്ടോ?Q ഉണ്ട് അത് അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ കൂടിയതാണോ എന്നു പറയണമെങ്കിൽ വാദിഭാഗം ഹാജരാക്കിയ കാനോൻ കാണണം. Ans. Ex B 162 ൽ പേജ് 3 ൽ അന്ത്യോക്യായുടെയും ലവോദാക്കിയായുടെയും 4-ാം പേജിൽ നിഖ്യായുടെ ലവോദോക്യായുടെയും 5-ാം പേജിൽ ലവോദോക്യായുടെയും 15-ാം പേജിൽ നിഖ്യായുടെയും ലവോദോക്യായുടെയും 17-ാം പേജിൽ ലവോദോക്യയുടെയും 19ൽ ലവോദോക്യയുടെയും 20-ാം പേജിൽ നെവോ കൈസേറിയായുടെയും ലവോദോക്യയുടെയും കാനോനുകൾ കാണുന്നത് ആരു വിളിച്ചു കൂട്ടിയതാണെന്നു പറയണമെങ്കിൽ വാദിഭാഗം ഹാജരാക്കിയ കാനോൻ കാണണം. കാനോനിൽ അതിന്റെ Preface ൽ ഉണ്ടാകണം. ശരിയായ കാനോൻ ഏതാണെന്നു നിശ്ചയിക്കണമെങ്കിൽ വാദിഭാഗം ഹാജരാക്കിയ കാനോൻ കാണണമെന്നാണോ?Q അതല്ല ഞാൻ ബോധിപ്പിച്ചത്. അങ്ങനെ ബോധിപ്പിക്കയുമില്ല. ചോദിച്ച ചോദ്യത്തിന് അതിന്റെ Preface ൽ മറുപടി ഉണ്ടെന്നു മാത്രം. Ans. ഇതു കൂടാതെ നെകസേറിയാ പോണ്ടസ് ഓഷ്റോ, കോറിന്ത്, കാർത്തേജ്, ഇക്കോണിയം, ബോസാറെ, ആർസിനാസ്, റോം, അലക്സാണ്ട്രിയാ, ഹൽവിറാ, ഗോളിലെ ആൾസ് എന്നീ സ്ഥലങ്ങളിൽ സുന്നഹദോസുകൾ കാൽകിദുനിയാ സുന്നഹദോസിനു മുമ്പായി തന്നെ കൂടിയതായി ചരിത്രങ്ങളിൽ കാണുന്നതിനെ സംബന്ധിച്ചും സാക്ഷിക്കു വല്ലതും പറയാനുണ്ടോ? ഞാൻ ആ ചരിത്രങ്ങൾ കണ്ടിട്ടില്ല. അവർ ആർക്കെതിനു കൂട്ടിയെന്നും എനിക്കറിഞ്ഞുകൂടാ. Ans. ഹെഫലെയുടെ *A History of the Christian Councils* എന്ന

പുസ്തകം വായിച്ചിട്ടുണ്ടോ?Q അറിയാൻ പാടില്ല. വായിച്ചിട്ടുമില്ലെന്ന് നേരത്തെ ബോധിപ്പിച്ചിട്ടുമുണ്ട്. Ans. ജറുസലേമിലെ സഭ സകല സഭകളുടെയും മാതാവ് എന്നു പറയാറുണ്ടോ?Q പറയാറുണ്ടെന്ന് മുമ്പു ബോധിപ്പിച്ചിട്ടുണ്ട്. Ans. സകല സഭകളുടെയും മാതാവായ സെഹിയോനു വേണ്ടി പ്രാർത്ഥിക്കുന്നുയെന്നു കുർബാന സമയത്ത് തുബ്ദേനിൽ രഹസ്യ പ്രാർത്ഥന സമയം പട്ടക്കാരൻ പ്രാർത്ഥിക്കാറുണ്ടോ?Q അങ്ങനെ പ്രാർത്ഥിക്കാറുള്ളതുകൊണ്ടു തന്നെയാണ് അങ്ങനെ പറയാറുണ്ട് എന്നു ബോധിപ്പിച്ചത്. Ans. പത്രോസ്ശ്ലീഹാ ചെല്ലുന്നതിനുമുമ്പായിത്തന്നെ അന്ത്യോക്യായിലെ വിശ്വാസികൾക്കു ക്രിസ്ത്യാനികൾ എന്നു പേരുണ്ടായതായിട്ടാണ്. Acts. ൽ നിന്നും കാണുന്നത്. ജറുസലേമിൽ നിന്നു പോയവർ അന്ത്യോക്യായിൽ സഭ ഉണ്ടാക്കിയതുപോലെ തന്നെ ജറുസലേമിൽ നിന്നു വന്ന മോർതോമാശ്ലീഹായാണ് മലങ്കര സഭ സ്ഥാപിച്ചത് എന്നു പറഞ്ഞാൽ ശരിയായിരിക്കുകയില്ലേ?Q ശരിയായിരിക്കുകയില്ല. Ans. മോർതോമാശ്ലീഹാ ജറുസലേമിൽ ചേലാകർമ്മത്തെ പറ്റി തർക്കമുണ്ടായതായപ്പോൾ കൂടിയ യോഗത്തിൽ കർത്താവിന്റെ സഹോദരനായ യാക്കോബാണ് സംബന്ധിച്ചിരുന്നത്. ആ യാക്കോബ് യറൂശലേം സഭയിൽ 1-ാം മത്തെ എപ്പിസ്കോപ്പാ ആയി വാഴിക്കപ്പെട്ട ആളായിരുന്നു. വാഴിച്ചത് അപ്പോസ്തലന്മാരാണ്. കർത്താവിന്റെ സഹോദരൻ യാക്കോബ് കർത്താവിന്റെ കുരിശാരോഹണത്തിനും ഉയിർപ്പിനും ശേഷം കർത്താവിൽ വിശ്വസിച്ച ആളാണ് *My Sentence* എന്ന് പ്രൊട്ടസ്റ്റന്റ് ബൈബിളിൽ ഉള്ളത് Act X V ൽ Ver. 19 റോമൻ കാത്തലിക് ബൈബിൾ Judge എന്നാണ്. പ്രൊട്ടസ്റ്റന്റ് ബൈബിളും റോമൻ കാത്തലിക് ബൈബിളും അല്ല സുറിയാനി സഭയുടെ ആധികാരിക ബൈബിൾ. സുറിയാനി സഭയുടെ ആധികാരിക ബൈബിളിൽ ഏനോ ഓമാർനോ ഞാൻ പറയുന്നു എന്നു മാത്രമാണ് ഉള്ളത്. അതിനും പുറമെ സുറിയാനി സഭയുടെ ബൈബിൾ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഉണ്ടാക്കപ്പെട്ട പ്ശീത്താ വേർഷനിലുള്ള ബൈബിളാണ്. അതിനെക്കുറിച്ച് പോട്ടസ്റ്റന്റ് പണ്ഡിതന്മാർ തന്നെ പറഞ്ഞിരിക്കുന്നത്. it is noted for its exactness എന്നാണ്. Roman Catholic Bible ന്റെ ഇംഗ്ലീഷ് Translation ആണ് ആ Latin Version ഉണ്ടാക്കിയത് എ.ഡി. 383 നും 401 നും മദ്ധ്യെ St. Jerome ആണ്. അതിനെക്കുറിച്ച് അതേ പണ്ഡിതർ തന്നെ പറഞ്ഞിരിക്കുന്നത്. It is Most Faultless എന്നാണ്. ആകയാൽ സുറിയാനി സഭയുടെ അംഗീകൃത ബൈബിളിൽ പറഞ്ഞിരിക്കുന്നതു മാത്രമാണ് സുറിയാനി സഭയുടെ ആധികാരികമായ Version. സുറിയാനി സഭക്ക് ഏതെങ്കിലും പ്രത്യേക ബൈബിൾ അംഗീകരിച്ച് പ്രത്യേകം സുന്നഹദോസോ പാത്രിയാർക്കീസൊ കാതോലിക്കോസൊ ഏതെങ്കിലും കൽപനകളൊ പുറപ്പെടുവിച്ചിട്ടുണ്ടോ?Q സുന്നഹദോസോ പാത്രിയർക്കീസോ, പാപ്പായോ, രേഖാമൂലം ഇന്ന Version എന്ന് അംഗീകരിച്ചിട്ടില്ല. പാത്രിയർക്കീസംഗീകരിച്ചാൽ പിന്നെ കാതോലിക്കാ സംഗീകരിക്കണ്ട ആവശ്യവും ഇല്ല. സഭാ സംബന്ധമായ പുസ്തകങ്ങൾ കിഴക്ക് കാതോലിക്കായും പടിഞ്ഞാറ് പാത്രിയർക്കീസും അംഗീകരിച്ചു പ്രസിദ്ധീകരിക്കണമെന്ന് കാനോൻ

നിയമമില്ലേ?Q കാനോൻ വായിച്ചു നോക്കാതെ പറയാൻ പറ്റുകയില്ല. Ans. പണ്ഡിതനായ പ്രൊട്ടസ്റ്റന്റ് എഴുതിയിട്ടുണ്ടെന്നു പറഞ്ഞ പണ്ഡിതനാരാണ്?Q *Help to the study of the Bible* എന്ന പേരിൽ Oxford University press അച്ചടിച്ചിട്ടുള്ളതും എന്റെ കൈവശമുള്ളതും ആയ പുസ്തകത്തിൽ നിന്നാണ് ഞാൻ പറഞ്ഞത്. അത് പണ്ഡിതോചിതമായ പുസ്തകമാണെന്നു കാണുന്നവർക്കു മനസ്സിലാവുകയും ചെയ്യും. Ans. Cambride University വക വല്ല Publication സ്വീകാര്യമായിട്ടുള്ളതാണോ?Q ഉണ്ടായിരിക്കാം എനിക്കതു കിട്ടിയിട്ടില്ല. Ans. *Cambridge Medevidial History* എന്ന പുസ്തകത്തിൽ അന്ത്യോക്യാ പാത്രിയർക്കീസിനു തൊട്ടടുത്തുള്ള ഭൂപ്രദേശത്ത് മാത്രമെ അധികാരമുണ്ടായിരുന്നുള്ളു എന്നു പറയുന്നതിനെപറ്റി സാക്ഷിക്ക് എന്താണ് അഭിപ്രായം?Q അങ്ങനെ പറയുന്നുണ്ടെങ്കിൽ ആ ഗ്രന്ഥകാരന്റെ അഭിപ്രായമനുസരിച്ചു പറയുന്നതാണ്. എന്നാൽ ഞാൻ ബോധിപ്പിച്ചത് ഭാഷാപരമായ കാര്യത്തെക്കുറിച്ച് പണ്ഡിതന്മാർ പറഞ്ഞിട്ടുള്ള അഭിപ്രായമാണ് ആ അഭിപ്രായത്തിനു വിപരീതമായി ഞാൻ ഒന്നും കണ്ടിട്ടില്ല. Ans. യറുശലമിലെ ഒന്നാമത്തെ എപ്പിസ്കോപ്പായല്ലേ യാക്കോബ് റീശ എപ്പിസ്കോപ്പാ എന്ന് തുബ്ദേനിൽ പറയുന്നത്?Q റീശ് എപ്പിസ്കോപ്പാ എന്ന് വാക്ക് അതിൽ കാണുകയില്ലെന്നാണ് എന്റെ ബോദ്ധ്യം. Ans. 5-ാം തുബ്ദേനിൽ ശുശ്രൂഷക്കാരൻ അന്ത്യോക്യാ സഭയിലെ അല്ലാത്ത മേൽപട്ടക്കാർക്കു വേണ്ടി പ്രാർത്ഥിക്കാറില്ലേ?Q പുസ്തകം കാണിച്ചു തന്നാൽ ആർക്കെല്ലാം വേണ്ടിയാണ് പ്രാർത്ഥിക്കുന്നത് എന്നു സ്പഷ്ടമായി കാണിച്ചു തരാം. Ans. കൂറിലോസിനു വേണ്ടി പ്രാർത്ഥിക്കാറുണ്ടോ?Q ഉണ്ട്. Ans. അത് അന്ത്യോക്യാ പാത്രിയർക്കീസിനു കീഴിലുള്ള മേൽപട്ടക്കാരനല്ലായിരുന്നു. ക്ലീമിസിനുവേണ്ടി പ്രാർത്ഥിക്കാറുണ്ട്. അദ്ദേഹം റോമായിലെ മേൽപട്ടക്കാരനായിരുന്നു. സൈമൺ ദ്സതുനി സുറിയാനി സഭയിൽപ്പെട്ടയാളാണ്. അബ്രഹാം നഹശിർതോനൊയുടെ ഒരു തക്സാ കുർബ്ബാനയിൽ ഉപയോഗിക്കാറുണ്ട്. അതിൽ യാക്കൂബ് മുതൽ ഇന്നുവരെ സഭയിലുള്ള മേൽപട്ടക്കാരെ ഞങ്ങൾ ഓർക്കുന്നു എന്നു പ്രാർത്ഥിക്കാറുണ്ടോ?Q നോക്കിയാലെ കൃത്യമായി പറയാൻ പറ്റുകയുള്ളു. എല്ലാം കാണാപാഠം വായിച്ചുവച്ചിട്ടില്ല. Ans. പെസഹാ വ്യാഴാഴ്ചയും ദുഃഖശനിയാഴ്ചയും കുർബാനയും കൃംതാക്കു കുർബാനയും ശുശ്രൂഷയും ഞാൻ എല്ലാ കൊല്ലവും നടത്താറുണ്ട്. ഈ മൂന്നു ദിവസത്തെയും കുർബാനയിൽ കുരിശിന്മീതെ തീത്തുസിനായി താക്കോലേകി എന്നൊരു ഗീതം ചൊല്ലാറുണ്ടോ?Q ആ ദിവസങ്ങളിൽ മാത്രമല്ല ഏത് കുർബാനക്കും ഹുത്തോമോ ആയി ചൊല്ലാവുന്നതും ഞാനും ചൊല്ലുന്നതുമായ ഒരു ഗീതമാണ് അത്. Ans. ഏത് താക്കോലാണ് തീത്തോസിനു കൊടുത്തത്?Q അതിനെക്കുറിച്ചു മുമ്പു ബോധിപ്പിച്ചിട്ടുണ്ട്. ആ തീത്തോസിനെക്കുറിച്ച് പാരമ്പര്യം പറയുന്നത് വലതു ഭാഗത്തെ കള്ളന്റെ പേരായിട്ടാണ്. ബഹുമാനപ്പെട്ട മുൻ അഡ്വക്കേറ്റ് എന്നെ വിസ്തരിച്ചപ്പോൾ താക്കോലും കൊടുത്ത് പറുദീസായിലേക്കയച്ചു എന്നതിനേക്കുറിച്ച് എന്നോട് ചോദിച്ചപ്പോൾ മുഴുവനായി പറഞ്ഞിട്ടുണ്ട്. Ans. കർത്താവിന്റെ കയ്യിൽ

പലതരം താക്കോൽ ഉണ്ടായിരുന്നോ?Q കർത്താവിനു സർവ്വ അധികാരവും ഉണ്ടായിരുന്നു ആ സ്ഥിതിക്ക് അധികാരത്തിന്റെ ചിഹ്നമായ താക്കോലുകൾ പലതും ഉണ്ട്. Ans. പള്ളിവരെ വിദൂരത്തിൽ നിന്നു കൂദാശ ചെയ്യുന്ന ക്രമം ഞാൻ മനസ്സിലാക്കിയിട്ടില്ല. Ans. അങ്ങനെ ചെയ്യാമോ?Q ക്രമം ഇല്ലാത്ത സ്ഥിതിക്ക് അങ്ങനെ ഒരു കാര്യം ഇല്ല. Ans. മോർതോമാ ശ്ലീഹായെ മലങ്കര സഭയുടെ തലവനും ഇടയനും ആയി കരുതി വരുന്നില്ലേ? തലവനായി കരുതി വരുന്നതായിട്ട് ഞാൻ വായിച്ചിട്ടില്ല. മോർതോമാ ശ്ലീഹായുടെ പ്രസംഗം മൂലം വിശ്വാസികളായിത്തീർന്നു ജനങ്ങളെ ആടുകൾ എന്നുള്ള രീതിയിൽ കരുതി കൊണ്ട് മോർതോമാ ശ്ലീഹായുടെ ആട്ടിൻ കൂട്ടം അഥവാ ഇടവക എന്നു വായിച്ചിട്ടുണ്ട്. Ans. E A 122 കാണിച്ചു. ഇതുപോലെയുള്ള ക്രമം ആണോ സാക്ഷി പള്ളിയിൽ ഉപയോഗിക്കുന്നത്?Q ഇതുപോലെയുള്ളതാണോ എന്ന് എന്റെ കയ്യിലുള്ള പുസ്തകം കൂടി നോക്കിയാലെ പറയാൻ ഒക്കുകയുള്ളു. Ans. "പ്രാർത്ഥനയിൽ സമയമിതല്ലോ മോർതോമാ പതിവിൻപടി നിൻകൂട്ട ത്തലയായി പ്രാർത്ഥിക്ക ഇമ്പമെഴും നിൻപാട്ടിൽ ശ്രദ്ധിച്ചിടും നിൻ ആളുകളെ മുശേപ്പോൽ തൃക്കൈ വാഴ്ത്തേണം" എന്നൊരു പ്രാർത്ഥന മലങ്കരയിലെ പള്ളികളിൽ ഉപയോഗത്തിൽ ഇല്ലേ?Q ഇപ്പറഞ്ഞ അതേ പടിയുള്ള പ്രാർത്ഥന യില്ല. പ്രാർത്ഥനയിൻ സമയം ഇതല്ലോ മോർ എന്നു പറഞ്ഞതിന്റെ ശേഷം അതാത് പള്ളിയുടെയൊഏതെങ്കിലും പരിശുദ്ധന്റെ ഓർമ്മ കഴിക്കുന്നു എങ്കിൽ മൂന്നു വയസ്സു മാത്രമുണ്ടായിരുന്ന മോർ കുറിയാക്കോസിന്റെതുവരെ മോർ തോമാ എന്നുള്ള സ്ഥലത്ത് മോർ ഗീവർഗീസ് മോർ പത്രോസ് മോർ പൗലോസ് മോർ കുറിയാക്കോസ് എന്നെല്ലാം ചേർത്തു ചെല്ലാവുന്നതാണ്. സാധാരണ അച്ചടിക്കുന്ന പുസ്തകങ്ങളിൽ മോർ കഴിഞ്ഞിട്ട് വെറും ഒരു ബ്രാക്കറ്റാണ് ഇടാറ്. ഫാ. കോനോട്ട് അച്ചടിപ്പിച്ചിട്ടുള്ള പ്രാർത്ഥനാ ക്രമത്തിൽ ഫുട്നോ ട്ടായിട്ട് അതാത് സ്ഥലത്തെ പരിശുദ്ധന്റെ പേർ ഓർക്കുക എന്ന് എഴുതിയിട്ടും ഉണ്ട്. ഈ ഗീതം മോർതോമാ ശ്ലീഹായെ കുറിച്ചുള്ള ഒരു ഗീതം അല്ല. Ans. Ext A 122 ൽ പേജ് 74 ൽ മോർതോമാ എന്ന് അച്ചടിച്ചിട്ടുണ്ട്. ഈ ഗീതത്തിൽ ബ്രാക്കറ്റ് ഒന്നുമില്ല. എന്നാൽ ആ പുസ്തകം എവിടെ അച്ചടിപ്പിച്ചതാണെന്നൊ ആരച്ചടിപ്പിച്ചതാണെന്നൊ ഒരു ഭാഗത്തും കാണുന്നില്ല. ഞാൻ മോർതോമാശ്ലീഹാ യുടെ ഓർമ്മ ദിവസം മോർതോമാ എന്നു വച്ചു തന്നെയാണ് ഈ ഗീതം ചൊല്ലുന്നത്. Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

19/10 Witness sworn again and cross examination continued യറുസലേം സഭക്ക് സഭയുടെ മാതാവ് എന്നുള്ള പ്രാധാന്യം 1,2 നൂറ്റാണ്ടുകളിൽ സഭ അംഗീകരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നോ?Q യറുശലമിനെ സഭകളുടെ മാതാവ് എന്നു പറയുന്നത് കർത്താവിന്റെ രക്ഷണ്യ പ്രവർത്തനങ്ങൾ അവിടെ നടന്നതുകൊണ്ടും കർത്താവ് സ്ഥാപിച്ച സഭയുടെ പ്രവർത്തനം വിശുദ്ധ പത്രോസ് വഴിയായി ആദ്യം അവിടെ നടന്നതുകൊണ്ടുമാണ്. ആ മാഹാത്മ്യം

അതിന് എന്നുമുണ്ട്. എന്നാൽ ആ മാഹാത്മ്യം കണക്കിലെടുത്തുകൊണ്ടു മേൽ പറഞ്ഞ നൂറ്റാണ്ടുകളിൽ സഭ ഒന്നും പ്രവർത്തിച്ചിട്ടില്ല. Ans. അന്ത്യോക്യാ സഭയിൽ ചേലാകർമ്മം സംബന്ധിച്ചുണ്ടായ തർക്കം യറുശലേം സഭയിലല്ലേ തീരുമാനിച്ചത്?Q ശ്ലീഹൻമാർ കൂടിയ യറുശലേമിൽ വച്ചാണ് അത് തീരുമാനിച്ചത്. യറുശലേം സഭയിൽ വച്ച് എന്ന് അവിടെ പറയുന്നില്ലെന്നാണ് എനിക്കു തോന്നുന്നത്. Ans. അവിടെ പൗലോസ് പത്രോസ് മുതലായ എല്ലാവരും കൂടിച്ചേർന്നാണ് തീരുമാനിച്ചത് Act 15-ാം അദ്ധ്യായത്തിലാണ് ഇക്കാര്യം പറയുന്നത്. കർത്താവ് യറുശലേമിൽ സ്ഥാപിച്ച സഭയോട് അപ്പോസ്തലന്മാരുടെ പ്രവർത്തനഫലമായുണ്ടായ സഭകൾ ചേർക്കപ്പെടുകയല്ലേ ഉണ്ടായത്?Q യറുശലേമിൽ കർത്താവ് സഭ സ്ഥാപിച്ചു എന്ന് ഒരിടത്തും പറയുന്നില്ല. കർത്താവ് സ്ഥാപിച്ച സഭയോട് എല്ലാ ഭാഗത്തും അത് ചേർക്കപ്പെട്ടുവന്നു. Ans. കർത്താവ് സഭ സ്ഥാപിച്ചത് യറുശലേമിൽ വച്ചല്ലേ?Q അല്ല, കൈസറിയായുടെ ഫിലിപ്പിയിൽ വച്ചാണ്. Ans. കൈസറിയായുടെ ഫിലിപ്പിയിൽ വച്ചാണ് സഭ സ്ഥാപിച്ചത് എന്നതിനു എന്തെങ്കിലും ആധാരമുണ്ടോ?Q സുവിശേഷം മാത്രമാണ് അതിനാധാരം. Ans. മത്തായി XVI ശ്ലീഹന്മാരോട് താനാരാണെന്ന് ചോദിക്കുകയും പത്രോസ് മറുപടി പറയുകയും ചെയ്തശേഷം ഞാനെന്റെ സഭയെ പണിയും എന്നു പറഞ്ഞ ആ സന്ദർഭത്തിലാണ് സഭയുടെ ആരംഭം എന്നു നേരത്തെ തന്നെ ബോധിപ്പിച്ചിട്ടുണ്ട്. Ans. പണിയും എന്നത് Future tense അല്ലേ?Q അതെ എന്നാൽ ഇതാ ഞാൻ പണിതിരിക്കുന്നു എന്ന് പിന്നീടൊരിക്കലും ക്രിസ്തു പറഞ്ഞിട്ടില്ലാത്തതിനാൽ ആ പറഞ്ഞ സമയത്തുതന്നെയാണ് സ്ഥാപനം നടന്നത്. Ans. ഈ പറഞ്ഞ വേദഭാഗമല്ലാതെ ഇതിന് പൂർവ്വപിതാക്കന്മാരുടെ വല്ല രേഖകളും ഉണ്ടോ?Q സ്പഷ്ടമായി സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതിന് പ്രത്യേകം വ്യാഖ്യാനം ആവശ്യമില്ല. പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളിൽ ഉണ്ടായിരിക്കാമെന്നല്ലാതെ ഞാൻ വായിച്ചിട്ടില്ല. Ans. യറുശലേം, റോമാ പടയാളികളുടെ പല ആക്രമങ്ങളുടെയും വിധേയമായി പരിപൂർണ്ണമായി നശിപ്പിക്കപ്പെട്ടില്ലേ?Q കുറെയെല്ലാം നശിപ്പിക്കപ്പെട്ടു. എന്നാൽ ആ ആക്രമത്തിന് മുമ്പ് അവിടെ ഉണ്ടായിരുന്ന കോട്ട ഞാൻ തന്നെ നേരിട്ട് കണ്ടിട്ടുണ്ട്. Ans. നശിപ്പിക്കപ്പെട്ടത് ഒന്നാം നൂറ്റാണ്ടിലാണ്, തീയതി ഓർമ്മയില്ല. ഒന്നാം നൂറ്റാണ്ടിന്റെ അവസാനമാണെന്നു പറഞ്ഞാൽ നിഷേധിക്കാമോ?Q നിഷേധിക്കുന്നുമില്ല എനിക്കറിഞ്ഞുകൂടാ. Ans. യറുശലേമിന്റെ നാശത്തിനുശേഷം അതിന്റെ പ്രാന്തപ്രദേശത്ത് ചക്രവർത്തിയുടെ കൽപന പ്രകാരം Aelia എന്ന ഒരു പുതിയ നഗരം പണിതതായും യറുശലേമിലെ ക്രിസ്ത്യാനികൾ അവിടെ തുടർന്ന് വന്നു എന്നതുമല്ലേ ചരിത്രസത്യം?Q എനിക്കറിഞ്ഞുകൂടാ ഞാൻ വായിച്ചിട്ടില്ല. Ans. AD 172 ൽ കിഴക്കിന്റെ മോർ യാക്കൂബിനെ Aelia യിൽ വച്ച് വാഴിച്ചു എന്നല്ലേ ചരിത്രം?Q കിഴക്കിന്റെ മോർ യാക്കൂബ് എന്നോ ഇങ്ങനെ വാഴിച്ചു എന്നോ ഞാൻ വായിച്ചിട്ടില്ല. അറിഞ്ഞിട്ടുമില്ല. Ans. 1,2 നൂറ്റാണ്ടുകളിലെ സഭയുടെ ചരിത്രം എനിക്കാവശ്യമുള്ളത് ഞാൻ വായിച്ചിട്ടുണ്ട്. എല്ലാ പുസ്തകവും വായിച്ചിട്ടില്ല.

യറുശലേതിന്റെയും Aelia യുടെയും നാശത്തിനുശേഷമല്ലെ അന്ത്യോക്യായ്ക്ക് സഭയിൽ ഒരു പ്രധാന സ്ഥാനം ഉണ്ടായത് ?Q Aelia യും നശിച്ചോയെന്ന് എനിക്കറിഞ്ഞുകൂടാ. അന്ത്യോക്യായിൽ സഭ ഉണ്ടായി എന്ന് എനിക്കറിയാം. Ans. അക്കാലത്തുണ്ടായിരുന്ന റോമാ സാമ്രാജ്യത്തിന്റെ മൂന്ന് തലസ്ഥാനങ്ങളായിരുന്നു റോം, അന്ത്യോക്യാ, അലക്സാന്ത്രിയാ. ആന്റിയേക് Oriaes എന്നറിയപ്പെട്ടിരുന്ന റോമാ സാമ്രാജ്യ ഭൂപ്രദേശത്തിലെ പ്രധാന നഗരമായിരുന്നോ?Q റോമാ സാമ്രാജ്യത്തിൽ Oriens എന്നൊരു ഭൂപ്രദേശം ഉണ്ടായിരുന്നതായിട്ട് ഒരു സഭാ ചരിത്രത്തിലും ഞാൻ വായിച്ചിട്ടില്ല. Ans. Oriens എന്നൊരു Civil Division ഉണ്ടായിരുന്നതായും ഞാൻ വായിച്ചിട്ടില്ല. അന്നത്തെ റോമാ സാമ്രാജ്യത്തിന്റെ Civil Divisions നെ കുറിച്ച് ഞാൻ വായിച്ചിട്ടില്ല. Ex A 71 ൽ അവസാനഭാഗത്ത് ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകളിൽ അന്ത്യോക്യായിൽ ഉണ്ടായിരുന്ന മേൽപട്ടക്കാരുടെ ഒരു പട്ടികയുണ്ട്. ആ ലിസ്റ്റ് സ്വീകര്യമാണ്. അതിൽ പറയുന്ന ഇവാനിയോസോ ഇഗ്നാത്തിയോസ് പ്രഥമനോ അന്ത്യോക്യാ നഗരത്തിന് വെളിയിലുള്ള ഏതെങ്കിലും സഭകളിൽ ഭരണം എന്തെങ്കിലും നടത്തിയിരുന്നതായി സ്വീകാര്യമായ ഏതെങ്കിലും തെളിവുണ്ടോ?Q ഉണ്ട്. പത്രോസിന്റെ പിൻഗാമിയായിരുന്ന അദ്ദേഹത്തിന് അന്ത്യോക്യാ കേന്ദ്രമായിരുന്ന പ്രദേശത്തിൽ മുഴുവൻ അധികാരം ഉണ്ടായിരുന്നു അതിന് പുറമെ മേൽപറഞ്ഞ ഇഗ്നാത്തിയോസ് അദ്ദേഹത്തിന്റെ കീഴിലുള്ള ഏഴ് സഭകൾക്ക് ലേഖനങ്ങൾ അയച്ചതായി എല്ലാ ചരിത്രത്തിലും ഉണ്ട്. Ans ഏത് ചരിത്രത്തിലാണ് ഉള്ളത് എന്ന് പറയാമോ?Q Ext A 71 287-279 പേജുകളിൽ തന്നെ ഉണ്ട് Ans. ബന്ധനസ്ഥനായി റോമിലേക്ക് പോയപ്പോൾ ലേഖനങ്ങൾ എഴുതിയതായിട്ടാണ് പറയുന്നത്. മറ്റു പുസ്തകങ്ങളിലും വായിച്ചിട്ടുണ്ട്. പേര് ഓർക്കുന്നില്ല. അവയിൽ നിന്നാണ് എപ്പിസ്കോപ്പാ ഉള്ളിടത്തേ സഭയുള്ളു, സഭ കാതോലികമാണ്, എന്നെല്ലാം ആ ലേഖനങ്ങളിലാണ് ഉള്ളത്. ശ്മിർനാ, ഫിലഡൽഫിയാ, മഗ്നിഷ്യാ ഇതെല്ലാം അന്ത്യോക്യാ നഗരത്തിൽപ്പെട്ട സ്ഥലങ്ങളിൽ ഇല്ല. അതിനുവെളിയിലാണ്. ഭരിച്ചിരുന്നു എന്ന് E A 71 ൽ പറയുന്നുണ്ടോ?Q ആ വാചകം പറയുന്നില്ല ഭരിച്ചിരുന്നവർക്കാണ് എഴുതിയത്. Ans. E A 71 ൽ ഉള്ള ഒടുവിലത്തെ പേജിലെ ലിസ്റ്റിൽ 7-ാം മത്തെ മേൽപട്ടക്കാരനായി കാണിച്ചിട്ടുള്ള മോർ തിയോഫിലോസിന്റെ കാലം വരെയുള്ള ഏതെങ്കിലും മേൽപട്ടക്കാർ അന്ത്യോക്യാ നഗരത്തിനു വെളിയിൽ ഭരണം നടത്തിയതായി ഏതെങ്കിലും വിശ്വസനിയമായ രേഖ ഉണ്ടോ?Q ഉണ്ട്. ബാർ എബ്രായായുടെ ചരിത്രത്തിൽ അബ്രഹാം എബ്രായാസിയോസ്, യാക്കോബ് മുതലായവരെ പേർഷ്യൻ പ്രദേശത്തേക്ക് അന്ത്യോക്യായിൽ വച്ച് വാഴിച്ച് അയക്കപ്പെട്ടു എന്നു നേരത്തെ ഇവിടെ പറഞ്ഞിട്ടുള്ളാണ്. അത് 182-ാം മാണ്ടിന് മുമ്പാണ്. ഇത്രയുമെ ഇപ്പോൾ ഓർക്കുന്നുള്ളൂ. Ans. അംഗീകൃത ചരിത്രകാരന്മാർ പറയുന്നു. Palestinia, Joansia, Syria, Silicia, Cypras, Aralia, Kawria, Palestina Salutaris, ഇങ്ങനെയുള്ള പതിനഞ്ച് പ്രാവിൻസസ് ഉൾപെട്ട Oriens എന്ന പ്രദേശത്തിന്റെ തലസ്ഥാനമായിരുന്നു അന്ത്യോക്യാ എന്ന്.

സാക്ഷിക്ക് ഇതേക്കുറിച്ച് വല്ലതും പറയാനുണ്ടോ? The question is objected as and the witness having already asked by a previous counsel Serice the witness has already stated that he does not know the political decisions of orilus the question does not arise and in accordingly disallowed. പാത്രിയർക്കീസിന്റെ ഇടവകകൾ പറഞ്ഞിട്ടുള്ളിടത്ത് ഇൻഡ്യയൊ മലങ്കരയെന്നൊ പറയാതെ കിഴക്കൊക്കെയെന്നും മാത്രമല്ലേ പറഞ്ഞിരിക്കുന്നത?Q പാത്രിയർക്കീസിന് സഭ മുഴുവനും ഒറ്റ ഇടവകയാണ് പാത്രിയർക്കീസിന്റെ ഇടവകകൾ എന്നു പ്രത്യേകമായി ഇടവകകൾ ഉള്ളതായി എനിക്കറിഞ്ഞുകൂടാ. കിഴക്കൊക്കെയും എന്നു പറയുമ്പോൾ ഇൻഡ്യയും അതിലുൾപെടുന്നതായാൽ കിഴക്കുള്ള ഓരോ രാജ്യത്തിന്റെയും പേര് എടുത്തു പറയേണ്ട ആവശ്യമില്ലാത്തിനാൽ ഇൻഡ്യയെന്നൊ മലങ്കരയെന്നൊ ചൈനയെന്നൊ ഒന്നും പറയേണ്ട ആവശ്യമില്ലാത്തതിനാൽ പറഞ്ഞിട്ടില്ല. Ans. നിഖ്യായിൽ വച്ച് പാത്രിയർക്കീസന്മാർ യാതൊരു പുതിയ അധികാരവും കൊടുക്കാതെ മുമ്പിനാലെ ഉണ്ടായിരുന്ന അധികാരങ്ങൾ ഉറപ്പിക്കുകയാണ് ചെയ്തത് എന്നതല്ലേ സത്യം?Q അതു തന്നെയാണ് ഞാൻ ബോധിപ്പിച്ചിട്ടുള്ളത്. പുതുതായി ഒരധികാരവും കൊടുത്തിട്ടില്ല. എന്നാൽ അവരുടെ കീഴിൽ ഏതെങ്കിലും സ്ഥാനികളെ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അവരെ സംബന്ധിച്ചുള്ള കാര്യങ്ങളും കൂടി അതിൽ ഉൾപ്പെടും. Ans. കൽക്കിദുനിയായിലെ വിശ്വാസത്തെ എതിർത്തവരുടെ കൂട്ടത്തിൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സഭയും ഈഗുപ്തായ സഭയും അർമീനിയാ. അബസീനിയാ. മലങ്കര എന്നീ പ്രദേശത്തുള്ള സഭകളും ഉൾപ്പെട്ടിരുന്നില്ലേ?Q ഇല്ല. അലക്സാന്ത്രിയാ സഭയുടെ കീഴിലായിരുന്നു അബ്സീനിയൻ വിഭാഗം. മലങ്കരയിൽ അന്ന് ഉണ്ടായിരുന്നേക്കാവുന്ന വിശ്വാസികളുടെ കൂട്ടാം കൽക്കിദോൻ സുന്നഹദോസിനെ കുറിച്ച് ഒന്നും തന്നെ അക്കാലത്ത് കേട്ടറിയുകപോലും ചെയ്തിട്ടുള്ളതായി യാതൊരു ചരിത്രത്തിലും ഞാൻ വായിച്ചിട്ടില്ല. അർമീനായിലുള്ള സഭയും അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സഭയും കൽക്കിദോൻ സുന്നഹദോസിന്റെ നിശ്ചയങ്ങളെ നിരാകരിച്ചു. Ans. ഒരു ആകമാന അല്ലെങ്കിൽ പൊതുസുന്നഹദോസ് കൂടുന്നതിനുള്ള അത്യാവശ്യമായ ഉപാധികൾ എന്തെല്ലാമാണ്?Q 5-ാം നൂറ്റാണ്ടുവരെ സഭ ഒന്നായിരുന്നപ്പോൾ വിശ്വാസ സംബന്ധമായും മറ്റും ഉള്ള കാര്യങ്ങൾ ആലോചിച്ചു തീരുമാനം ചെയ്യുവാനായി അന്നത്തെ മൂന്ന് കേന്ദ്രങ്ങളിലെയും പാത്രിയർക്കീസുമാർ ആലോചിച്ച് അവരുടെ കീഴിലുള്ള മേൽപട്ടക്കാർക്ക് എഴുതി അയച്ച് സുന്നഹദോസിന് ക്ഷണിക്കുകയും ആരെങ്കിലും കുറ്റപ്പെടുത്തി സഭയിൽ ശിക്ഷണ നടപടി എടുക്കേണ്ട ആവശ്യമുണ്ടെങ്കിൽ അങ്ങനെയുള്ളവരെയും ഈ രീതിയിൽ ക്ഷണിച്ച് വരുത്തുമായിരുന്നു. 3 പൊതുസുന്നഹദോസുകളും നടന്നത് അന്നത്തെ പരിതഃസ്ഥിതിയിൽ ചക്രവർത്തിമാരുടെ സഹായ സഹകരണങ്ങളും ഉണ്ടായിരുന്നു. സഭയുടെ ഏകത്വം വിട്ടതിനുശേഷം ഓരോ കേന്ദ്രങ്ങളിലും ഉള്ള ഭരണാധിപന്മാർ അവരുടെ വിശ്വാസത്തിലും ആരാധനാക്രമങ്ങളിലും ഭരണ കാര്യത്തിലും ഒന്നായി

നിൽകുന്ന മേൽപട്ടക്കാരെ ക്ഷണിച്ചു സഭാ കാര്യങ്ങൾ ആ സഭയുടെ പൊതു സുന്നഹദോസായിട്ട് നടത്തും ഏതെങ്കിലും കുറ്റക്കാരുണ്ടെങ്കിൽ അവരും അതിൽ സംബന്ധിപ്പാനായി ക്ഷണിക്കപ്പെടും. ഇത്രയുമാണ് ഞാൻ ഇപ്പോൾ ഓർക്കുന്നത്. Ans. ഇന്ന ഇന്ന ഉപാധികളാണ് അത്യാവശ്യമെന്ന് ബോധിപ്പിക്കാമോ? എനിക്കറിയാവുന്നത് ബോധിപ്പിച്ചു. അതിൽ കൂടുതൽ അറിഞ്ഞുകൂടാ. Ans. ആകമാന സുന്നഹദോസ് നടക്കണമെങ്കിൽ ഇന്ന ഇന്ന Conditions വേണമെന്നറിയാമോ?Q ഞാൻ അതാണ് ബോധിപ്പിച്ചത്. എനിക്കതിൽ കൂടുതൽ പറയാനില്ല. Ans. 451 വരെ പൊതുസുന്നഹദോസുകൾ നടത്തുന്നതിനു നിലനിന്നിരുന്ന വ്യവസ്ഥകളിൽ ഏതൊക്കെയാണ് അതിനുശേഷം ഇല്ലാതെയായത്?Q ഒന്നും ഇല്ലാതായില്ല അതുപോലെ തന്നെയാണ് രണ്ടാമത് ബോധിപ്പിച്ചതും അന്ന് 451 നു മുമ്പു ഒരു സഭയും ഒരു വിശ്വാസവും മേൽപട്ടക്കാരെല്ലാം ആ ഏക സഭയിൽ ഏക വിശ്വാസത്തിൽ ഉള്ളവരും 451ന് ശേഷം സഭകൾ വ്യത്യസ്ഥ വ്യക്തിത്വമുള്ളവയായി തീർന്നശേഷം മുൻപറഞ്ഞ അതേ വ്യവസ്ഥകൾ തന്നെ പാലിച്ചുകൊണ്ട് അതായത് ആ ഏക സഭയിലെ ഏക വിശ്വാസവും ആരാധനാക്രമവും ഏക തലവന്റെ കീഴിലുള്ളവരും ആയവരുടെതായി ആ സഭയുടെ പൊതുസുന്നഹദോസ് വിളിച്ചുകൂട്ടുന്നു. Ans. 451 നു മുമ്പു ഏക തലവൻ ഇല്ലായിരുന്നു. പത്രോസിന്റെ പിൻഗാമികളായ മൂവരും കൂടി ആലോചിച്ച് അവർ ഏകസഭയുടെ പൊതുസുന്നഹദോസുകൾ വിളിച്ചു കൂട്ടിയിരുന്നു. സഭയ്ക്ക് ഏകതലവൻ വേണമെന്നുള്ളത് പൊതു സുന്നഹദോസ് കൂടുന്നതിന് അത്യാവശ്യമല്ലെന്നാണോ?Q അത്യാവശ്യമുള്ളതാണ് എന്നാൽ 5-ാം നൂറ്റാണ്ടുവരെയും പൊതുതലവനായിട്ട് ഒരാളല്ലാതെ പത്രോസിന്റെ പിൻഗാമിത്വമുള്ള മൂന്നാളുകൾ എന്ന് പറഞ്ഞാലും ഏകതലവൻ എന്ന തത്വത്തിന് അത് വിരോധമായി വരുന്നില്ല. Ans. 5-ാം നൂറ്റാണ്ടുവരെ പൊതുസുന്നഹദോസ് കൂടുന്നതിന് ഏക തലവൻ ആവശ്യമില്ലായിരുന്നോ?Q അന്ന് ഏകതലവൻ ഇല്ലാതിരുന്നതുകൊണ്ട് അന്നത്തെ പരിതഃസ്ഥിതിയിൽ ചെയ്യാവുന്നതേ ചെയ്യാമായിരുന്നുള്ളു. ചെയ്തിട്ടുമുള്ള Ans. സാക്ഷിയുടെ അഭിപ്രായത്തിൽ പത്രോസിന്റെ പിൻഗാമികളായി രണ്ട് പാത്രിയാർക്കീസുമാരുണ്ടായിരിക്കുകയും അവർ പരസ്പരം ആലോചിക്കുകയും ചെയ്ത് ഒരു പൊതുസുന്നഹദോസ് കൂടാമോ?Q അതിന്റെ വ്യവസ്ഥ എനിക്കറിഞ്ഞുകൂടാ. എനിക്കതേപ്പറ്റി അഭിപ്രായം ഒന്നും പറയാനില്ല. Ans. മൂന്ന് സ്വതന്ത്രമേൽപട്ടക്കാർ ഭരണം നടത്തിയപ്പോൾ സഭ ഒന്നായിരുന്നില്ലേ?Q മൂന്ന് മേൽപട്ടക്കാർ സ്വതന്ത്രരായി ഭരണം നടത്തിയിട്ടില്ല. ഐക്യത്തിൽ ഏക സഭയിൽ അവർ പ്രവർത്തിച്ചിരുന്നു. Ans. രണ്ടു മേൽപട്ടക്കാർക്കും ഐക്യത്തിൽ ഏക സഭയായി പ്രവർത്തിക്കാമോ?Q എനിക്കറിഞ്ഞുകൂടാ. Ans. ഏക സഭയായിരിക്കാൻ ഏക വിശ്വാസമായിരിക്കണമോ?Q ഏക സഭയിൽ ഏക വിശ്വാസം മാത്രമെ പാടുള്ളു. അത് അതിന്റെ ഒരു ഉപാധിയാണ് Ans. കൽക്കദൂനിയാ വിശ്വാസത്തെ എതിർത്തവർ സുന്നഹദോസുകൂടി കൽക്കദൂനിയാ സുന്നഹദോസിനെ ശപിക്കുകയും കൽക്കിദൂനിയ സുന്നഹദോസ് നിശ്ചയങ്ങൾ നശിപ്പിക്കുകയും ചെയ്തില്ലേ?Q അങ്ങനെ ഒരു പൊതുസുന്നഹദോസ് കൂടിയതായി ഞാൻ വായിച്ചിട്ടുമില്ല. കേട്ടിട്ടുമില്ല. Ans. ബാർ എബ്രായായുടെ *എക്ലീസ്യാ*

*സ്റ്റിക്കിയിൽ* കൽക്കിദൂനിയാ സുന്നഹദോസിനെ ശപിക്കുകയും അവിടെ വിശ്വാസങ്ങൾ എഴുതിവച്ചിരുന്നത് നശിപ്പിക്കുകയും ചെയ്തതായി പറയുന്നില്ലേ? ഞാൻ ഇതുവരെ അങ്ങനെ വായിച്ചിട്ടില്ല. Ans. Ex B 160-122-ാം പേജിൽ ഇങ്ങനെ യാക്കോബായക്കാർ എന്നു വിളിക്കപ്പെട്ടവർ എന്നു തുടങ്ങി ഗ്രീഗോറിയോസിന്റെ *എക്ലിസ്യാസ്റ്റിക്കിയിൽ* കാണുന്നുണ്ട് എന്ന് ആ മൊഴിയിൽ പറഞ്ഞു കാണുന്നുണ്ട്. പത്രോസ് കാസോറാ എന്ന മേൽപട്ടക്കാരന്റെ അദ്ധ്യക്ഷതയിൽ ഏകദേശം 500 എപ്പിസ്കോപ്പന്മാർ സുന്നഹദോസുകൂടി കൽക്കദൂൻ സുന്നഹദോസിനെ ശപിച്ചുതള്ളി എന്നതു ഒരു ചരിത്ര സത്യമല്ലേ?Q പത്രോസ് കാസോറ ഒരന്ത്യോക്യാ പാത്രിയർക്കീസായിരുന്നു. അദ്ദേഹം വിളിച്ചു കൂടിയ സുന്നഹദോസിനെ കുറിച്ച് എനിക്കറിഞ്ഞുകൂടാ. Ans. കൽക്കിദൂനിയാ സുന്നഹദോസിനെ എതിർത്തവർ സുന്നഹദോസുകൂടി അതിനെ ശപിച്ചു എന്ന് സാക്ഷി പുസ്തകത്തിൽ എഴുതിയിട്ടില്ലേ? പുസ്തകം കണ്ടാൽ പറയാം. പൊതുസുന്നഹദോസുകൂടി എന്ന് ഞാൻ ഒരിക്കലും എഴുതിയിട്ടില്ല. സുന്നഹദോസ് കൂടിയതായി എഴുതിയിട്ടുണ്ടോ എന്നോർക്കുന്നില്ല. Ans. *സുറിയാനി സഭ* എന്നൊരു പുസ്തകം ഞാൻ 1951 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതാണോ ഇത്? അതെ Marked Ext A 216 (The book is marked only for reference and it is noted that the particular portion relied upon for the purpose of contradiction alone will be separately marked: it is submitted that the rely upon the book or any portian there of as substantice evidence) page 53 ൽ (marked Ex A216) (a) ൽ എഴുതിയിട്ടുള്ള ഭാഗം വായിച്ചു നോക്കി ഞാൻ പറഞ്ഞത് അതു തന്നെയാണ്. പൊതുസുന്നഹദോസ് കൂടിയതായി പറഞ്ഞിട്ടില്ല. സത്യവിശ്വാസികൾ കൂടിയതായി പറഞ്ഞിട്ടുണ്ട്. സത്യവിശ്വാസികൾ കൽക്കിദൂൻ സുന്നഹദോസിനെ എതിർക്കുന്നവരാണ് അവർ അവിടെ കൂടിയവർ ഏക സഭയിൽ പെട്ടവരാണോ? അതിനെക്കുറിച്ച് അവിടെ പറഞ്ഞിട്ടില്ലാത്തതിനാൽ നിശ്ചയം പറയാൻ നിവൃത്തിയില്ല. Ans. അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ളവരായിരിക്കാം. അന്ത്യോക്യാ പാത്രിയർക്കീസ് വിളിച്ച് കൂട്ടിയതോ?Q അന്ത്യോക്യാ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ എന്ന് അതിൽ ഉണ്ട്. Ans. അന്ത്യോക്യാ പാത്രിയർക്കീസ് വിളിച്ചുകൂട്ടി എന്നതിൽ എഴുതിയിട്ടില്ല. Ans. കുസ്തന്തിനോസ്പോലിസിലാണ് അത് കൂടിയത്. അന്ത്യോക്യാ സർദിക്കാ ലവോദിക്യാ ഗംഗാ എന്നീ സ്ഥലങ്ങളിൽ പ്രാദേശിക സുന്നഹദോസുകൾ കൂടിയിട്ടുണ്ട്. Stopped for lunch witness sworn again after lunch and cross examination continued യാക്കൂബ് ബുർദാനയുടെ വിശ്വാസം സ്വീകരിച്ചിരിക്കുന്ന എല്ലാ സഭാ വിഭാഗങ്ങളും ഇപ്പോഴും യാക്കോബായ എന്നുള്ള പേരിൽ അല്ലേ അറിയപ്പെടുന്നത്?Q അല്ല. Ans. യാക്കൂബ് ബുർദാന സഹായിച്ച ശക്തിപ്പെടുത്തിയ വിശ്വാസം സ്വീകരിച്ചിരിക്കുന്ന എല്ലാവരെയും ഇപ്പോഴും യാക്കോബായ എന്ന പേരിലല്ലേ അറിയപ്പെടുന്നത്?Q അല്ല. കാരണം യാക്കോബായ സഭ എന്നോ മറ്റ് സഭകളുടെ പേരുകളോടുകൂടി യാക്കോബായ ചേർത്തോ പറയുന്നതായോ ഞാൻ കണ്ടിട്ടില്ല. യാക്കോബായ

സുറിയാനി സഭ എന്ന് പറയുന്നതേ ഞാൻ കേട്ടിട്ടുള്ളു. Ans. യാക്കൂബ് ബുർദാന സത്യവിശ്വാസം ശക്തിപ്പെടുത്തി. ExA 216 പേജ് 69 ൽ ക്രുദ്ധരായ ഇരു സ്വഭാവ വാദികൾ എന്ന് തുടങ്ങി എന്നു വിചാരിക്കുന്നു എന്നുവരെ യുള്ള ഭാഗം marked Ex A 216 (I) ശരിയാണ്. അലക്സാണ്ട്രിയായിലെ പാത്രി യർക്കീസിനെ യാക്കോബായ പാത്രിയർക്കീസെന്നല്ലേ ഇപ്പോഴും അറിയപ്പെ ടുന്നത്?Q അവിടെ ഗ്രീക്ക് പാത്രിയർക്കീസും റോമൻ കാത്തലിക് പാത്രി യർക്കിസും ഉള്ളതുകൊണ്ട് തിരിച്ചറിയുവാൻ ആ പേര് ചിലപ്പോൾ ഉപയോ ഗിച്ചിരിക്കാം. Ext 216 പേജ് 78 ൽ 6-ാം വരി ആരംഭം മുതൽ 13-ാം വരിയാ കുന്നു. എന്നതുവരെയുള്ള ഭാഗം marked Ext 216 (e) മുൻ പറഞ്ഞ അർത്ഥത്തിൽ ശരിയാണ്. അലക്സാണ്ട്രിയായിലെ പാത്രിയർക്കീസിനെ ഈഗുപ്തായ പാത്രി യർക്കീസ് എന്ന് ഗ്രീക്ക്, കാത്തലിക്, സത്യവിശ്വാസികളായി യാക്കോബായക്കാർ മൂന്നുകൂട്ടരും പറയുന്നുണ്ട്. അർമീനിയൻ സഭ യാക്കോബായ സഭയുടെ ഒരു ഘടകമല്ലേ?Q യാക്കോബായ സഭയിൽ അത് ഒരിക്കലും ഘടകമായിരുന്നി ട്ടില്ല. Ans. അവർ ഇന്നും യാക്കോബായ സഭയിലെ ഘടകമായിട്ടല്ലേ നിൽക്കു ന്നത്? അല്ല. Inter Communion ഉള്ള മറ്റൊര് സഭയായിട്ടാണ് അവർ നിൽക്കു ന്നത്. Ans. Ex A 216 ൽ 18-ാം പേജിൽ അർമീനിയൻ സഭ വിശുദ്ധ യാക്കോ ബായ സഭയിലെ ഒരു ഘടകമായി ഇന്നും വർത്തിക്കുന്നുവെന്ന് പറഞ്ഞിട്ടു ള്ളതിനെപ്പറ്റി വല്ലതും പറയാനുണ്ടോ? Portion marked Ex A 216 (d) ഉണ്ട്. യാക്കോബായ വിശ്വാസത്തിലും ഒരു വിഭാഗം എന്ന അർത്ഥത്തിലാണ് ഘടകം എന്നവിടെ ഉപയോഗിച്ചിട്ടുള്ളത്. Ans. യാക്കോബായ സഭയുടെ ആകമാന അഥവാ പൊതുസുന്നഹദോസ് എന്ന് പറയുന്നത് അലക്സാണ്ട്രിയായിലെ യാക്കോബായ പാത്രിയർക്കീസിന്റെ കീഴിൽ ഇപ്പോഴുള്ള സഭയും യാക്കോ ബായ സഭയുടെ ഘടകമായ അർമീനിയൻ സഭയും അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസിന്റെ കീഴിലുള്ള സഭയും മലങ്കര സഭയും ഉൾപ്പെട്ട സഭകളിലെ മേൽപട്ടക്കാരുടെ സുന്നഹദോസല്ലേ? യാക്കോബായ സഭയുടെതായി പൊതുസുന്നഹദോസുകൾ ഒന്നും നടന്നിട്ടില്ലാത്തതാകുന്നു. അങ്ങനെ ഒരു സുന്നഹദോസ് വേണമെങ്കിൽ ഇപ്പറഞ്ഞതിൽ മലങ്കര ഒഴികെ യുള്ള മേൽപറഞ്ഞവർ വേണം. എന്നാൽ സിറിയൻ ഓർത്തഡോക്സ് സഭയുടെ പൊതുസുന്നഹദോസിന് മേൽപറഞ്ഞ ആരുടെയും അറിവൊ സാന്നിദ്ധ്യമൊ സഹകരണമോ ആവശ്യമില്ല. Ans. ഇപ്പോഴത്തെ സഭാതർക്ക ത്തിലെ പ്രധാന തർക്കവിഷയങ്ങൾ എന്തെല്ലാമെന്നറിയാമോ?Q ശരിക്കറി ഞ്ഞുകൂടാ. ഓരോന്നും പ്രത്യേകം ചോദിച്ചാൽ പറയാം. Ans. മോർ തോമാ ശ്ലീഹാ മേൽപട്ടക്കാരനായിരുന്നോ ഇല്ലയോ എന്നത് ഒരു തർക്കവിഷയമല്ലേ?Q സുവിശേഷ വെളിച്ചത്തിൽ മേൽപട്ടസ്ഥാനമില്ലാ എന്ന് പാത്രിക്കീസ്ബാവാ പറഞ്ഞിട്ടുള്ളതിനെ ചിലർ അവഗണിക്കുന്നുണ്ട്. ഉണ്ടെന്ന് ചിലർ പറയുന്നതല്ലാതെ ഇപ്പോൾ അതിനെക്കുറിച്ച് ആരും ഒന്നും പറഞ്ഞ് കേൾക്കുന്നില്ല. Ans. പാത്രി യർക്കീസിന്റെ ഈ സംഗതി സംബന്ധിച്ചുള്ള അഭിപ്രായം 1-ാം വാദി സ്വീക രിച്ചിരുന്നോ?Q ഞാൻ അതിനെക്കുറിച്ച് 1-ാം വാദിയോട് ചോദിച്ചിട്ടില്ല. Ans.

പാത്രിയർക്കീസ്ബാവ മോർ തോമാ ശ്ലീഹയ്ക്ക് മേൽപട്ടസ്ഥാനം ഇല്ലായിരുന്നു എന്ന് കൽപന പുറപ്പെടുവിച്ചത് 1970 ൽ ആയിരിക്കാം. അത് കഴിഞ്ഞ് സഭയിൽ അതേപ്പറ്റി ഭിന്നതകളൊന്നും ഉണ്ടായിട്ടുള്ളതായി അറിഞ്ഞുകൂടാ. അങ്ങനെ ഒരു തർക്ക വിഷയം 1970 ൽ പുറപ്പെടുവിച്ച പാത്രിയർക്കീസ് ആ വിഷയത്തെക്കുറിച്ച് തീരുമാനം എടുക്കാൻ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി അതിൽ ആദ്ധ്യക്ഷ്യം വഹിപ്പാനൊ അതിൽ തീരുമാനമെടുക്കാനോ അയോഗ്യനല്ല? ആ വിഷയത്തെക്കുറിച്ച് ചിലർക്ക് അഭിപ്രായ വ്യത്യാസമുണ്ടായതല്ലാതെ അതിനെക്കുറിച്ച് ആരും തർക്കം അറിയിച്ചതായോ ആ വിഷയത്തെക്കുറിച്ച് തീരുമാനമെടുക്കാൻ പാത്രിയർക്കീസ് സുറിയാനി സഭയുടെ ആകമാന സുന്നഹദോസ് വിളിച്ചു കൂട്ടിയതായോ എനിക്കറിഞ്ഞുകൂടാ സുന്നഹദോസ് വിളിച്ചു കൂട്ടിയത് മറ്റ് കാര്യങ്ങൾക്കാണ്. ആ സ്ഥിതിക്ക് മോർ തോമാശ്ലീഹയുടെ മേൽപട്ടസ്ഥാനം ഉണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കാനല്ലാതെ സുന്നഹദോസ് വിളിച്ചു കൂട്ടുവാൻ അദ്ദേഹം യോഗ്യൻ തന്നെയാണ്. Ans. Ex A 74 യാക്കൂബ് തൃതീയൻ പാത്രിയർക്കീസയച്ച കൽപനയാണ്. മോർ തോമാ ശ്ലീഹാ മേൽപട്ടക്കാരനോ പട്ടക്കാരനോ അല്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിന് സിംഹാസനം ഇല്ലായിരുന്നു എന്ന് അതിൽ പറയുന്നില്ലേ?Q എങ്ങനെ സിംഹാസനം സ്ഥാപിക്കും എന്നു ചോദിച്ചിരിക്കയാണ്. Ans. Ex A 74 ൽ പറഞ്ഞിരിക്കുന്നത് മുമ്പുള്ള ചരിത്രകാരന്മാരിലാരും ആരെയെങ്കിലും അദ്ദേഹം എപ്പിസ്കോപ്പായായി വാഴിച്ചെന്നോ അദ്ദേഹം കാതോലിക്കാ സിംഹാസനം സ്ഥാപിച്ചെന്നോ പറഞ്ഞിട്ടില്ല എന്നാണ്. E A 74 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് തീരുമാനം എടുക്കാൻ ഒരു സുന്നഹദോസുകൂടി അദ്ധ്യക്ഷത വഹിച്ച് ഒരു തീരുമാനം എടുക്കാൻ യാക്കോബ് തൃതീയൻ അയോഗ്യനല്ലേ? ഒരിക്കലും അയോഗ്യനല്ല. കാരണം ഒന്നാമത് മോർ തോമാ ശ്ലീഹാ സിംഹാസനം സ്ഥാപിച്ചു എന്നു പറയുന്നതിന്റെ നിരർത്ഥകത കാണിക്കേണ്ടത്. സഭയുടെ തലവനാകുന്ന പണ്ഡിതനായ അദ്ദേഹത്തിന്റെ ചുമതലയാണ്. വേദവ്യാഖ്യാന വിരുദ്ധമായ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും എന്തെങ്കിലും തെറ്റായി പറഞ്ഞാൽ അതിനെക്കുറിച്ച് ആലോചിച്ചു തീരുമാനം എടുക്കുവാൻ സുറിയാനി സഭയുടെ പൊതുസുന്നഹദോസ് വിളിച്ചു കൂട്ടേണ്ടത് അദ്ദേഹത്തിന്റെ ചുമതലയുമാണ്. Ans. 1946 നു മുമ്പു മുതലെ യാക്കോബ് തൃതീയൻ പാത്രിയർക്കീസും സാക്ഷിയുടെ ഭാഗത്തെ ഏബ്രഹാം മോർ ക്ലീമിസും, പൗലോസ് മോർ ഫിലക്സിനോസും (കാതോലിക്കോസും) സ്നേഹിതന്മാരല്ലേ? ആണ് അവർ മാത്രമല്ല. അദ്ദേഹം അടുപ്പമായോ അധികമായോ ബന്ധപ്പെടുന്ന എല്ലാവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ആളുമാണ്. Ans. പൗലോസ് മോർ ഫിലിക്സിനോസും ഏബ്രഹാം മോർ ക്ലീമിസും യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ സഭാപരമായ കൽപനകൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണോ?Q അവരും മലങ്കര സഭയിലുള്ള എല്ലാവരും ബാദ്ധ്യസ്ഥരാണ്.Ans. 1975-ാമാണ്ടിടക്ക് ഏബ്രഹാം മോർ ക്ലീമിസ് മെത്രാപ്പോലീത്തക്ക് ക്നാനായ ഭദ്രാസനത്തിന് പുറമെ മലങ്കര

സഭയിലെ പല ഭദ്രാസനങ്ങളിലെയും മെത്രാപ്പോലീത്തയായി നിയമിച്ചു കൊണ്ടു യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് കൽപന അയച്ചിട്ടുള്ളതായി എനിക്കറിഞ്ഞുകൂടാ. പൗലോസ് മോർ ഫിലക്സിനോസിനെ കണ്ടനാട് ഭദ്രാസനം കൂടാതെ മലങ്കരയിലെ മറ്റ് ഭദ്രാസനങ്ങൾ ഭരിക്കാൻ അധികാരപ്പെടുത്തികൊണ്ട് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് 1975 മാണ്ടിടക്ക് കൽപന അയച്ചിട്ടുള്ളതായി എനിക്കറിവില്ല. ഭരണമില്ലാത്ത ഒരു മേൽപട്ടക്കാരന് സഭയുടെ ഏതെങ്കിലും സുന്നഹദോസിൽ അംഗമായിരിക്കാൻ അവകാശമുണ്ടോ?Q എനിക്കതേപറ്റി ശരിക്കറിഞ്ഞുകൂടാ. Ans. സഭാ നിയമങ്ങൾക്ക് വിരുദ്ധമായി മേൽപട്ടസ്ഥാനം പ്രാപിച്ചിട്ടുള്ളവർക്ക് സഭയുടെ ഏതെങ്കിലും സുന്നഹദോസിൽ അംഗമായിരിക്കാനൊ ചേരാനോ അവകാശമുണ്ടോ?Q പാത്രിയർക്കീസ് തലവനായിരിക്കുന്ന സഭയിലെ നിയമങ്ങൾക്കനുസരണമായി മേൽപട്ടക്കാരനാകാത്ത ഒരുത്തനും ഒരു സുന്നഹദോസിലും ഇരിക്കാൻ അവകാശമില്ല. Ans. question repeated സഭാ നിയമങ്ങൾക്കനുയോജ്യമായി മേൽപട്ടക്കാരനാകുന്ന ആളിന്റെ കാര്യമാണ് നേരത്തെ ബോധിപ്പിച്ചത്. അങ്ങനെ അല്ലാത്തതാണ് സഭാനിയമങ്ങൾക്ക് എതിരായിട്ടുള്ളത് അതിന്റെ കാര്യം ബോധിപ്പിക്കയും ചെയ്തു. ഇതിൽ കൂടുതലായി പറയാനില്ല. Ans. സാക്ഷിയുടെ ഭാഗത്തുള്ള ഏതെങ്കിലും മേൽപട്ടക്കാരനെ മലങ്കര അസ്സോസിയേഷൻ യോഗം കൂടി മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തിട്ടുണ്ടോ?Q മലങ്കര അസ്സോസിയേഷൻ കൂടി മേൽപട്ടസ്ഥാനത്തേക്ക് ആളെ തെരഞ്ഞെടുക്കണമെന്ന് സുറിയാനി സഭയിൽ യാതൊരു നിയമവും ഇല്ലാതിരികെ മുൻ കീഴ്നടപ്പുകൾ അനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ടവരാണ് ഇപ്പോഴുള്ള മേൽപട്ടക്കാർ എന്നാണ് എന്റെ അറിവ്. ആ സ്ഥിതിക്ക് മലങ്കര അസ്സോസിയേഷൻ ആരെയും തിരഞ്ഞെടുത്തിട്ടില്ലന്നാണ് എന്റെ ഓർമ്മ. Ans. എന്റെ ഭാഗത്തു പല മേൽപട്ടക്കാരും ഉണ്ട്. അവരിൽ ആരെയെങ്കിലും മേൽപട്ടക്കാരനായി വാഴിക്കുന്നതിന് മലങ്കര മെത്രാപ്പോലിത്തായുടെയൊ കാതോലിക്കായുടെ മലങ്കര സഭയിൽ ഭരണാധികാരമുള്ളതും മലങ്കര അസ്സോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും മേൽപട്ടക്കാരന്റെ സഹകരണമൊ സാന്നിദ്ധ്യമൊ ഉണ്ടായിട്ടുണ്ടോ? മേൽപറഞ്ഞ യാതൊന്നും മേൽപട്ടക്കാരനെ വാഴിക്കുന്ന അധികാരത്തിൽ നിന്ന് പാത്രിയർക്കീസിന്റെ അധികാരത്തെ തടസ്സം ചെയ്യുന്നതല്ല. ആ സ്ഥിതിക്ക് മുൻചോദിച്ചവയുടെ ഒന്നിന്റെയും ആവശ്യമില്ലായ്കയാൽ ഉണ്ടായിട്ടുമില്ല പാത്രിയർക്കീസ് വാഴിച്ചിട്ടുള്ളവരെ മുമ്പെന്നപോലെ മലങ്കര സഭയിലെ ജനം സ്വീകരിച്ചിട്ടുമുണ്ട്. Ans. ഒരു മേൽപട്ടക്കാരനെ വാഴിക്കുന്നതിന് അവർ ഉൾപെട്ട പ്രദേശത്തെ എല്ലാ മേൽപട്ടക്കാരും കുറഞ്ഞ പക്ഷം മൂന്ന് പേരെങ്കിലും ഉണ്ടായിരിക്കണമെന്ന് സഭാനിയമം ഇല്ലേ? എവിടെയൊ അങ്ങനെ വായിച്ചിട്ടുണ്ട്. എന്നാൽ അത് പാത്രിയർക്കീസിനെ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. ആണെന്നു ഒരിടത്തു കാണുകയുമില്ല. Ans. നിഖ്യാ സുന്നഹദോസിൽ മേൽ പറഞ്ഞപ്രകാരം നിശ്ചയമില്ലേ? കാണിച്ചാൽ പറയാം. Ans. Ex A 216 page 18 under നിഖ്യാ സുന്നഹദോസ് പേജ് 19 ന്റെ ആദ്യഭാഗം marked Ext

A 216 (i) read by witness അതിൽ പറയുന്നുണ്ട്. അത് പാത്രിയർക്കീസിനെ സംബന്ധിക്കുന്നതല്ല. സഭ മുഴുവനെയും ഇന്നും ബാധിക്കുന്നതാണ് എന്നതിൽ പറഞ്ഞിട്ടുള്ളത് മെത്രാൻമാർ തനിച്ചു വാഴിക്കയാണെങ്കിൽ എന്ന നിലക്ക് ഇന്നും ശരിയാണ്. സാക്ഷി ഭാഗത്ത് നിൽക്കുന്ന മേൽപട്ടക്കാർക്ക് അറബി ഭാഷ അറിയാമോ? ഞങ്ങൾക്കാർക്കും അറിഞ്ഞുകൂടാ. Ans. Stopped for the day

മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First add. session court Ernakulam taken down by me in open court interpreted read over to the witness accused and admitted by him to be correct.

Sd/-

Judge 19/10/78

20/10/78 Witness sworn again and cross examination continued. Ext A 212-45-ാം പേജ് എന്ന ഹെഡിംഗിൽ ആരംഭിച്ച് ഏകമാണെന്നു പറഞ്ഞാൽ എന്താണെന്ന് പറഞ്ഞിട്ടുണ്ട്. അതുശരിയാണ്. അതോടൊപ്പം ഏക ആരാധനാക്രമവും ഉണ്ടായിരിക്കണം? ഏബ്രഹാം മോർ ക്ലീമിസ്, പൗലോസ് മോർ ഫിലക്സിനോസ് ഇവരെ കൂടാതെ പല മേൽപട്ടക്കാരും ഞങ്ങളുടെ ഭാഗത്തുണ്ട്. അവരെ ആരെയെങ്കിലും മലങ്കര സഭാ ഭരണഘടന പ്രകാരം മേൽപട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയോ വാഴിക്കുകയൊ ഭദ്രാസന ഭരണത്തിലേക്ക് നിയമിക്കുകയോ ഉണ്ടായിട്ടുണ്ടോ? ഇല്ല. സഭയുടെ തലവനായ അന്ത്യോക്യാ പാത്രിയർക്കീസ് അംഗീകരിച്ച ഒരു ഭരണഘടന ഇല്ലാത്തതിനാൽ ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ ആവശ്യം ഇല്ലാത്തതുകൊണ്ടാണ് ഇല്ലാ എന്ന് ബോധിപ്പിച്ചത്. Ans. അവരുടെ മേൽപട്ടസ്ഥാനലബ്ധിക്ക് മുമ്പായി അവരെല്ലാവരും മലങ്കര സഭാ ഭരണഘടനയെ അംഗീകരിച്ച് നടന്നവരായിരുന്നില്ലേ?Q എനിക്കറിഞ്ഞുകൂടാ. Ans. യാക്കൂബ് മൂന്നാമൻ പുറപ്പെടുവിക്കുന്ന ഏത് കൽപനയും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് അവർ മേൽപട്ടസ്ഥാനലബ്ധിക്ക് മുമ്പോ പിമ്പോ കരുതിയിരുന്നോ?Q അവർ കരുതിയിരിക്കണം. Ans. സഭ സ്ഥാപിക്കണമെങ്കിൽ പിൻഗാമികളെ സ്ഥാപിക്കണമെങ്കിൽ പിൻഗാമികളെ വാഴിച്ചിരിക്കണമെന്നുള്ളത് നിർബന്ധമാണോ?Q അപ്പോസ്തലിക കാലത്ത് പ്രാദേശിക സഭകൾ ഉണ്ടാകണമെങ്കിൽ അപ്പോസ്തലനിൽ നിന്ന് കൈവെപ്പ് കിട്ടിയ പിൻഗാമി ഉണ്ടായിരിക്കണം. Ans. പിൻഗാമിയായി നിയമിക്കണമെന്നുണ്ടോ കൈവെപ്പ് കിട്ടിയാൽ മതിയോ?Q കൈവെപ്പ് കിട്ടിയാൽ മതി. കൈവെപ്പ് കിട്ടിയ എപ്പിസ്കോപ്പാ ആയിരിക്കണം. Ans. പിൻഗാമിയെ നിയമിക്കണമെന്നുണ്ടോ? എപ്പിസ്കോപ്പാ കൈവെയ്പ്പുള്ള ഒരാളെങ്കിലും ഉണ്ടായിരിക്കണം. പിൻഗാമി എന്ന പേരു പറഞ്ഞു വാഴിക്കണമെന്നില്ല. Ans. പിൻഗാമിയായിട്ട് പറഞ്ഞ മറ്റെന്തെങ്കിലും തരത്തിൽ അധികാരപ്പെടുത്തണമെന്നുണ്ടോ?Q അപ്പോസ്തലിക കാലത്ത് അവർ വാഴിക്കുന്നവർക്ക് എന്തധികാരം ഉള്ളതെന്ന് അവരെ മനസ്സിലാക്കിയിരിക്കും. Ans. സഭയുടെ

സ്ഥാപനത്തിന് പിൻഗാമി എന്നു പേരു പറഞ്ഞ് വാഴിക്കണമെന്നില്ല പിൻഗാമിയായി നിയമിക്കുന്ന ഏതെങ്കിലും ഒന്ന് ഉണ്ടായിരിക്കണമെന്നുണ്ടോ?Q ആ അപ്പോസ്തലൻ മരിക്കുമ്പോൾ ആ ആള് ആ സ്ഥാനത്ത് പ്രവർത്തിച്ചുകൊള്ളും. Ans. അപ്പോസ്തലൻ തന്നെ പിൻഗാമിയായി വാഴിക്കണ്ട ആവശ്യം ഇല്ലെന്നാണോ?Q ഏതപ്പോസ്തലനാണോ വാഴിക്കുന്നത്. ആ വാഴിക്കപ്പെടുന്ന ആൾ അപ്പോസ്തലന്റെ കാലശേഷം കൈവെപ്പ് പ്രാപിച്ച പിൻഗാമി എന്നറിയപ്പെടും. Ans. പിൻഗാമിയായി വാഴിക്കണമെന്നില്ല. ആ ആളിന്റെ സ്ഥാനത്ത് വാഴിക്കപ്പെട്ട ആൾ ആരോഹണം ചെയ്താൽ മാത്രം മതി. വാഴിക്കുന്ന ആളിന്റെ കാലശേഷം സഭയാണോ ആരോഹണം നിർവ്വഹിക്കുന്നത്?Q അല്ല. അപ്പോസ്തലിക കാലത്തെ കുറിച്ചാണ് ബോധിപ്പിക്കുന്നത്. അപ്പോസ്തലൻ തന്റെ കാലശേഷം തന്റെ ചുമതലകൾ നിർവഹിക്കുവാനായി എപ്പിസ്കോപ്പായെ വാഴിക്കുന്നു. അന്ന് മറ്റ് എപ്പിസ്കോപ്പാമാർ ഇല്ലാത്തതിനാലും അപ്പോസ്തലന്റെ സ്ഥാനത്ത് പ്രവർത്തിക്കാനായി നിയമിക്കപ്പെട്ട ആളാകയാലും അങ്ങനെ സ്ഥാനാരോഹണം ചെയ്യിക്കേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ടും അപ്പോസ്തല കാലശേഷം അദ്ദേഹം അപ്പോസ്തല പിൻഗാമിയായിത്തീരുന്നു. ഞാൻ ബോധിപ്പിക്കുന്നത് സുറിയാനി സഭയെ മനസ്സിൽ വച്ചുകൊണ്ടുമാണ്. Ans. വാഴിക്കുന്ന അപ്പോസ്തലൻ എന്തിനായി വാഴിച്ചോ അതാണ് നിയമം. അതിന് പിന്നീട് ഒന്നും ചെയ്യേണ്ട കാര്യം ഇല്ല. പിൻഗാമിയായി വാഴിക്കേണ്ട ആവശ്യം ഉണ്ടോ? അപ്പോസ്തലിക കാലത്ത് അപ്പോസ്തലന്റെ കാലശേഷം വേണ്ട പ്രവർത്തനത്തിനായി അപ്പോസ്തലൻ വാഴിക്കുന്ന ആൾ ആ സ്ഥാനത്ത് അപ്പോസ്തലനാൽ നിയമിതനാകുന്നു. ആ വാഴ്ച തന്നെയാണ് നിയമനവും ഇതിൽ കൂടുതൽ എനിക്കതിനെ കുറിച്ച് ബോധിപ്പിക്കുവാനില്ല. Ans. ഒരു മേൽപട്ടക്കാരൻ തന്റെ പിൻഗാമിയെ നിയമിക്കാൻ സഭാ നിയമം അനുവദിക്കുന്നുണ്ടോ ഇല്ലയോ? ഇല്ലെന്നാണ് എന്റെ അഭിപ്രായം ഇപ്പോഴുള്ള ഒരു മേൽപട്ടക്കാരന് തന്റെ പിൻഗാമി ഇന്നാരായിരിക്കണമെന്ന് നിശ്ചയിക്കാൻ അധികാരമില്ലെന്നാണ് എന്റെ അഭിപ്രായം. Ans. സഭയുടെ നിയമം അപ്പോസ്തലന്മാർക്ക് ബാധകമാണോ?Q ഇന്നത്തെ സഭയുടെ നിയമങ്ങൾ സഭയുടെ ആരംഭകാലത്ത് അതിനെ വളർത്തിയ അപ്പോസ്തലന്മാർക്ക് തീരെ ബാധകമല്ല. Ans. ഈ സംഗതി സംബന്ധിച്ച് സഭയുടെ ആരംഭ കാലത്തെ നിയമം വ്യത്യാസപ്പെടുത്താമോ?Q നിശ്ചയമായും അങ്ങനെ വ്യത്യാസപ്പെടുത്തിയിട്ടുമുണ്ട്. Ans. ഒരു അപ്പോസ്തലന് ഒന്നിലധികം പിൻഗാമികളെ നിയമിക്കാമായിരുന്നോ?Q ആയിരുന്നെങ്കിൽ അതിനുള്ള അടിസ്ഥാനമെന്താണ്?Q അപ്പോസ്തലിക കാലത്ത് ആവശ്യമെന്നു അപ്പോസ്തോലനു ബോധപ്പെടുന്ന ഏതു കാര്യവും പ്രവർത്തിക്കാമായിരുന്നു. സഭയുടെ വളർച്ചയായിരുന്നു അവരുടെ ഉദ്ദേശ്യം എന്നതു തന്നെ അതിനടിസ്ഥാനം. അതനുസരിച്ച് പത്രോസ് പ്രവർത്തിച്ചതായി ചരിത്രവും ഉണ്ടായി. Ans. പത്രോസ് ശ്ലീഹാ അന്ത്യോക്യായിൽ പ്രതിനിധികളെ വാഴിച്ചതായിട്ടാണ്. Ex A 71 പേജ് 124 ൽ കാണുന്നത്. അതോ ശരി. പിൻഗാമികളെ വാഴിച്ചു എന്നതോ ശരി? രണ്ടും ശരിയാണ്

പ്രതിനിധിയായി വാഴിച്ചത് അദ്ദേഹത്തിന്റെ കാലശേഷം പിന്നാലെ വരുന്ന ആൾ എന്ന അർത്ഥത്തിൽ പിൻഗാമിയായുമാണ് വാഴിച്ചത് എന്നുള്ളതിന് അതിന്റെ ഫുട്നോട്ടിൽ തന്നെ തെളിവായി പറയുന്നുണ്ട്. Ans. പ്രതിനിധിക്ക് പ്രതിനിധീകരിക്കുന്ന Principal ന്റെ കാലശേഷം Principal നെ പ്രതിനിധീകരിക്കാൻ അവകാശമുണ്ടോ?() സിവിൽ നിയമം എനിക്കറിഞ്ഞുകൂടാ. സഭയിൽ പത്രോസ് ചെയ്തത് തന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു തന്റെ പിൻഗാമിയായി പ്രവർത്തിച്ചു കൊണ്ടു തന്നെ കർത്താവ് ഏൽപിച്ച ജോലി തുടരെ നടത്താനാണ് ആ സമിതിക്ക് സഭാരീതി അനുസരിച്ച് ആ ആൾ ഉള്ളപ്പോഴും ഏൽപിച്ച ആൾ മരിച്ചാലും പ്രാതിനിധ്യവും പിൻഗാമിത്വവും നിലനിൽക്കും. Ans. അങ്ങനെ സഭാ നിയമമുണ്ടോ ഉണ്ടെങ്കിൽ ഏതാണ്? സഭയിലെ ഓരോ കാര്യത്തിനും മുഴുവനായി ക്രോഡീകരിച്ച നിയമസംഹിത ഇല്ലെന്നും വിശുദ്ധ വേദം അതിന്റെ വ്യാഖ്യാനങ്ങൾ ആരാധനാക്രമങ്ങൾ കീഴ്നടപ്പുകൾ മുതലായവയിൽ നിന്ന് ആണ് കാര്യങ്ങൾ ഗ്രഹിക്കുന്നതെന്നും പല പ്രാവശ്യം ബോധിപ്പിച്ചു കഴിഞ്ഞതാണ്. Ans. വ്യക്തമായ സഭാ നിയമം ഉണ്ടോ? Ans. അപ്പോസ്തലിക കൈവെപ്പും പിന്തുടർന്ന് പ്രവർത്തനങ്ങളും എങ്ങനെ മുമ്പോട്ട് കൊണ്ടു പോകണമെന്ന് പറയുന്നുണ്ട്. പത്രോസിൽ നിന്ന് ഇന്ന സ്ഥലത്തെ അധികാരം പ്രാപിച്ച എപ്പിസ്കോപ്പാ എന്നോ അല്ലെങ്കിൽ ഇന്ന എപ്പിസ്കോപ്പാക്ക് ഈ അധികാരമുണ്ട് എന്നോ പറയുന്നുണ്ടോ? ആ ലേഖനങ്ങളിൽ പൊതുവെയുള്ള തത്വങ്ങൾ പറയുന്നു. മറ്റേത് ചരിത്രങ്ങൾ പറയുന്നു. Ans. ഒരു പാത്രിയർക്കീസിനെ തെരഞ്ഞെടുക്കാൻ അദ്ദേഹത്തിന്റെ ഇടവകയിലെ എല്ലാ മേൽപട്ടക്കാർക്കും അവകാശമുണ്ടോ?() സഭയിലെ അന്ത്യോക്യാ സിംഹാസനവുമായി വിധേയത്വവും ബന്ധവും പുലർത്തുന്നവരും മുടക്കപ്പെട്ടവരല്ലാത്തവരും ആയ എല്ലാ മേൽപട്ടക്കാരും അതിനവകാശികളാണ്. Ans. Ex A 71 ന്റെ അവസാനം കൊടുത്തിട്ടുള്ള ലിസ്റ്റിലെ ഏതെങ്കിലും ആളെ തെരഞ്ഞെടുക്കാൻ അന്ത്യോക്യാ നഗരത്തിനുവെളിയിലുള്ള ഏതെങ്കിലും എപ്പിസ്കോപ്പാ പങ്കെടുത്തതായി ഏതെങ്കിലും സ്വീകാര്യമായ രേഖ ഉണ്ടോ? ഉണ്ടായിരിക്കാം. ഞാൻ വായിച്ചിട്ടില്ല. ബാർ എബ്രായായുടെ ചരിത്രത്തിൽ കണ്ടേക്കാം. Ans. അപ്പോസ്തലിക കൈവെപ്പ് എന്നു പറഞ്ഞാൽ ഒന്നു വ്യക്തമായി പറയാമോ? ഈ സഭയിൽ മോർ പത്രോസിൽ നിന്നും പത്രോസ് വഴിയായും കൈവെപ്പ് പ്രാപിച്ച് പത്രോസിന്റെ പിൻഗാമികളായി മൂന്ന് കേന്ദ്രങ്ങളിൽ ഭരിച്ച വർക്കാണ് അപ്പോസ്തലിക കൈവപ്പ്. അപ്പോസ്തലിക പിൻതുടർച്ച എന്നെല്ലാം പറയുന്നതെന്നും അവരിൽ നിന്ന് സ്ഥാനം പ്രാപിക്കുക മേൽപട്ടക്കാർക്ക് പ്രധാനാചാര്യ കൈവപ്പ് ആണ് സിദ്ധിക്കുന്നതെന്നും നേരത്തെ ഞാൻ ബോധിപ്പിച്ചിട്ടുണ്ട്. അപ്പോസ്തലിക കൈവപ്പുള്ളവർ എന്നു ഈ സഭയിൽ പറയപ്പെടുന്നത്. ആരംഭകാലത്ത് മൂന്ന് പാത്രിയർക്കീസന്മാരും ഇപ്പോൾ അന്ത്യോക്യാ പാത്രിയർക്കീസും മാത്രമാണ്. Ans. നിഖ്യാ സുന്നഹദോസിൽ എഫേസൂസിൽ നിന്നും പർസ്യായിൽ നിന്നും സ്മിർനായിൽ നിന്നും മറ്റുമുള്ള മേൽപട്ടക്കാർ സംബന്ധിച്ചിരുന്നോ? 318 പേർ സംബന്ധിച്ചിരുന്നു.

ഈ പറഞ്ഞ സ്ഥലങ്ങളിൽ നിന്നും കൂടിയായിരിക്കാം. Ans. നിഖ്യാ സുന്നഹദോസിൽ മൂന്ന് പാത്രിയർക്കീസന്മാരുടെ കൈവെപ്പാണ് അപ്പോസ്തലിക കൈവപ്പ് എന്നു പറയുന്നുണ്ടോ? നിഖ്യാ സുന്നഹദോസ് അപ്പോസ്തലിക കൈവെപ്പിനെ പറ്റി ചർച്ച ചെയ്യുകയാകട്ടെ എന്നും പറഞ്ഞിട്ടുണ്ട്. For Bernad *റമ്പാൻ പാട്ട്* എന്നു പറയുന്ന ഒരു പഴയപാട്ടിനെ ആധാരമാക്കിയും അനുമാനങ്ങൾ എടുത്ത് അങ്ങനെ പറയുന്നുണ്ട്. Fr. Bernad ന്റെ സഭയിൽപ്പെട്ട ആളുതന്നെയാണ്. പിന്നീട് പുസ്തകമെഴുതിയ അദ്ദേഹവും അതാവർത്തിച്ചിട്ടുണ്ട്. Ans. മോർ തോമാ മലങ്കരയിൽ പട്ടക്കാരെ നിയമിച്ചു എന്നും പള്ളികൾ സ്ഥാപിച്ചു എന്നും പാരമ്പര്യം ഉണ്ടെന്ന് ഞാൻ എഴുതിയിട്ടുണ്ട്. മലങ്കരയിൽ അംഗീകരിക്കപ്പെട്ട ഒരു പാരമ്പര്യം എന്നുള്ള നിലയിൽ എഴുതിയിട്ടുണ്ട്. പത്രോസ് ശ്ലീഹാ ഒരു കൂട്ടു കശീശ എന്ന് വേദപുസ്തകത്തിൽ ഉണ്ടെന്നു ഞാൻ പറഞ്ഞിട്ടുണ്ട് അദ്ദേഹത്തിനു മേൽപട്ടത്വം ഉണ്ടായിരുന്ന ആളാണ് തോമാശ്ലീഹാ നിയമിച്ച കശീശമാരും മേൽപട്ടക്കാരായിരുന്നു എന്ന് ആ അർത്ഥത്തിൽ പറയാമല്ലോ? മോർ തോമാ ശ്ലീഹാ കശീശന്മാരെ നിയമിച്ചു എന്ന് സുറിയാനിയിൽ ഒരിടത്തും കാണുകയില്ല. ചരിത്രകാരന്മാർ ഇവിടെ മൂപ്പന്മാരുണ്ടായിരുന്നു. പട്ടക്കാരില്ലായിരുന്നു എന്നു പറയുന്നുമുണ്ട്. ആ സ്ഥിതിക്ക് തോമാ ശ്ലീഹാ കശീശായെ നിയമിച്ചുമില്ല മേൽപട്ടക്കാരെന്നു വിളിക്കാനും പാടില്ല. Ans. 1970 വരെ സാക്ഷി വിശ്വസിച്ചിരുന്നത് മോർ തോമാ ശ്ലീഹാ സഭ സ്ഥാപിച്ചു എന്നും അദ്ദേഹത്തിന് മേൽപട്ടസ്ഥാനം ഉണ്ടായിരുന്നു എന്നുമല്ലേ? 1970 ന് പ്രത്യേക ഒന്നുമില്ല. അന്നും ഇന്നും എന്നും ഞാൻ വിശ്വസിക്കുന്നത് മോർ തോമാ ശ്ലീഹാ കർത്താവിന്റെ ശ്ലീഹന്മാരിൽ ഒരുവനായിരുന്നു. അദ്ദേഹം സുവിശേഷ പ്രചാരണത്തിന് പല സ്ഥലങ്ങളിലും പോയി അദ്ദേഹം പോയ ഇൻഡ്യ ഇത് തന്നെയാണോ എന്ന് പലരും സംശയിക്കുന്നുണ്ട്. അദ്ദേഹം മലയാളത്തിൽ വന്ന് ചെയ്തതായി പറയുന്ന കാര്യങ്ങളെ കുറിച്ചുള്ള പാരമ്പര്യം കേരള Tradition എന്നുള്ള രീതിയിലും ഞാൻ സ്വീകരിക്കുന്നു. Ans. അദ്ദേഹം ഇവിടെ വന്നു സുവിശേഷം പ്രസംഗിച്ചു എന്നുള്ള അർത്ഥത്തിൽ സഭ സ്ഥാപിച്ചു എന്നെഴുതിയിട്ടുണ്ട്. അദ്ദേഹം മൈലാപ്പൂരിൽ വച്ചു രക്തസാക്ഷിമരണം പ്രാപിച്ചില്ലായിരുന്നെങ്കിൽ മലങ്കരയിലെ സഭയ്ക്കു പരിപാലത്തിനായി താൻ എപ്പിസ്കോപ്പായെ നിയമിക്കുമായിരുന്നു എന്ന് നമുക്ക് വിചാരിക്കാം എന്ന് മേൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ വ്യക്തമായ ഒരിടത്തും എഴുതിയിട്ടില്ലായിരിക്കാം. Ans.കർത്താവ് പത്രോസ് ശ്ലീഹായോട് ആടുകളെ മേയ്ക്കാൻ കൊടുത്തിരിക്കുന്ന അധികാരം അദ്ദേഹം ജീവനോടെ ഇരിക്കുന്നിടത്തോളം കാലം മാത്രം ഉദ്ദേശിച്ചാണോ?Q അല്ല. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ അദ്ദേഹവും ലേകാവസാനത്തോളം തന്റെ പിൻഗാമികളും ചെയ്യാൻ ഏൽപിച്ചതാണ് കാരണം. നിങ്ങളാരുടെയെങ്കിലും പാപം മോചിച്ചാൽ അതിനായി ശ്ലീഹന്മാരോടെല്ലാവരോടും പറഞ്ഞതും അവർ ജീവിച്ചിരിക്കുന്ന കാലത്ത് മാത്രം നടത്താൻ പറഞ്ഞതല്ല. ലോകാവസാനത്തോളവും

നടക്കേണ്ട കാര്യമായിട്ടാണ് പറഞ്ഞത്. Ans. ഏതെങ്കിലും വേദഭാഗം ഇതിനുണ്ടോ?Q അപ്പോസ്തലന്മാരിൽ നിന്നു കൈവെപ്പ് വഴിയായി ഇങ്ങനെയുള്ള അധികാരങ്ങൾ പിൻതുടരുന്നതിനെക്കുറിച്ച് പൗലോസ് തിമത്തിയോസിനും തീത്തൊസിനും എഴുതിയ ലേഖനങ്ങളിൽ പറയുന്നുണ്ട്. Ans. കൈവെപ്പും പിൻതുടരുന്നു. എഴുതിയിട്ടുണ്ടോ? പ്രസ്തുത Tradition ന്റെ വെളിച്ചത്തിൽ അങ്ങനെ എഴുതിയിട്ടുണ്ട്. Ans. ആ അഭിപ്രായം മാറിയത് EA 74 നു ശേഷമല്ലേ?Q അല്ല തോമാശ്ലീഹായെ കുറിച്ച് ഉള്ള പുതിയ പുസ്തകങ്ങളും എഴുത്തുകളും വായിച്ചതിന്റെ പേരിൽ മൈലാപൂരിൽ അല്ല അദ്ദേഹം കബറടങ്ങിയത് എന്നുള്ളതും ബഹറിനിലാണ് അദ്ദേഹം കബറടങ്ങിയതും എന്ന് കണ്ടതോടുകൂടി വ്യത്യാസപ്പെട്ടിട്ടുണ്ട്. അതുപോലെ തോമാശ്ലീഹായുടെ ഇങ്ങോട്ടുള്ള വരവിനെക്കുറിച്ചും ഐതിഹ്യത്തെ ബഹുമാനിക്കുന്നതോടൊപ്പം ഈ ഇൻഡ്യ അല്ലാ എന്നുള്ള പണ്ഡിതന്മാരുടെ നിഗമനത്തെയും ഞാൻ ബഹുമാനിക്കുന്നുണ്ട്. തോമാശ്ലീഹായുടെ സിംഹാസനം എന്ന പുതിയ വാദം ചിലർ കൊണ്ടുവന്നപ്പോൾ തത്സംബന്ധമായി കൂടുതൽ പഠനത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം ഇവിടെ ആർക്കും പട്ടം കൊടുത്തിട്ടില്ല എന്നും കൂടുതൽ മനസ്സിലാക്കുവാൻ സാധിച്ചു. 1950 ൽ ഞാൻ ചരിത്രമെഴുതിയ കാലത്ത് തോമാശ്ലീഹാ ഇവിടെ മെത്രാനെ വാഴിച്ചിട്ടില്ലായെന്ന് എന്റെ കഴിവനുസരിച്ച് Prove ചെയ്തിട്ടുണ്ട്. അതല്ലാതെ മറ്റൊന്നും എന്റെ മേൽ സ്വാധീനം ചെലുത്തിയിട്ടില്ല. Ans. തോമാശ്ലീഹായ്ക്ക് കാശീശാസ്ഥാനമോ എപ്പിസ്കോപ്പാസ്ഥാനമൊ ഉണ്ടായിരുന്നതായി സാക്ഷി കരുതുന്നോ? ഉത്തരം നേരത്തെ ബോധിപ്പിച്ചതാണ്. അതിൽ കൂടുതൽ ആയി ഒന്നും പറയാനില്ല. Ans. Question repeated ഒറ്റവാക്കിൽ പറയാമോ? ഒറ്റവാക്കിൽ പറയാൻ പറ്റുകയില്ല. Ans. ഒറ്റവാക്കിൽ പറയാൻ അറിഞ്ഞുകൂടെന്നാണോ? അറിഞ്ഞുകൂടാ. എന്റെ മനസ്സിലുള്ള അഭിപ്രായം വിശദീകരിച്ചു നേരത്തെ പറഞ്ഞിട്ടുണ്ട്. അത് വേണമെങ്കിൽ പറയാം. Ans. പറയൂ?Q ശ്ലീഹന്മാർക്ക് പൗരോഹിത്യം അഥവാ കാശീശ സ്ഥാനം ലഭിച്ചത് സെന്റ് ജോൺ XIX ൽ ക്രിസ്തു തോമാ അവിടെ ഇല്ലായിരുന്നപ്പോൾ മാളികയിൽ ചെന്നു എന്നും അവരുടെ മേൽ ഊതി, നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ ആദിയായ വാക്കുകൾ പറഞ്ഞ സന്ദർഭത്തിലായിരുന്നുയെന്ന് അതിന്റെ വ്യാഖ്യാനത്തിൽ ഒരു വിശേഷ വ്യാഖ്യാനം എഴുതിയ ഫാ. കോനാട്ടും *സഭയും കൂദാശകളും* എന്ന പുസ്തകം എഴുതിയ ഈ കേസിലെ 2-ാം വാദിയും ആ സമയത്താണ് പൗരോഹിത്യം ലഭിച്ചതെന്നും പറയുന്നുണ്ടെന്നും മറ്റൊരു സമയത്തും മറ്റുള്ളവർക്ക് ലഭിച്ച ആ സ്ഥാനം അദ്ദേഹത്തിന് കിട്ടിയില്ലെന്നും സഭയുടെ ആരാധനാക്രമത്തിൽ പന്ത്രണ്ടുപേരെ പൗരോഹിത്യത്തിലേക്കു നീ വിളിച്ചു എന്ന് പറഞ്ഞിട്ടുണ്ടെന്നും ഞാൻ നേരത്തെ ബോധിപ്പിച്ചിട്ടുള്ള സ്ഥിതിക്ക് അതിനെതിരായ തെളിവുകൾ ഇതുവരെയും കാണാൻ കഴിയാത്തതിനാൽ മോർ തോമാ ശ്ലീഹായ്ക്ക് കർത്താവിൽ നിന്ന് പൗരോഹിത്യം ലഭിച്ചതായി സുവിശേഷത്തിലൊ വ്യാഖ്യാനങ്ങളിലൊ കാണാത്തതിനാൽ മറ്റുള്ളവർക്ക് ലഭിച്ച പൗരോഹിത്യം അദ്ദേഹ

ത്തിന് ലഭിച്ചിരുന്നില്ലാ എന്നാണ് ഇപ്പോൾ എന്റെ വിശ്വാസം. Ans പൗരോഹിത്യം എന്ന് പറഞ്ഞാൽ കാശീശസ്ഥാനവും എപ്പിസ്കോപ്പാ സ്ഥാനവും ഉൾപെടുത്തിയാണോ പറഞ്ഞത്? നിശ്ചയമായും കാശീശായാകാതെ എപ്പിസ്കോപ്പാ ആവാൻ ഒക്കുകയില്ല. Ans ഈ അഭിപ്രായം എന്ന് ഏതാണ്ടിലാണ് സാക്ഷിക്കുണ്ടായത്? കൂടുതൽ പഠനത്തിന്റെ വെളിച്ചത്തിൽ ഉണ്ടായ അഭിപ്രായമെന്നല്ലാതെ ഏതാണ്ടു മാസം എന്ന് പറയാൻ നിവൃത്തിയില്ല. Ans. ഇപ്പോൾ പറയുന്ന അഭിപ്രായം Ans നു ശേഷമല്ലെ ഉണ്ടായത്?Q അല്ല അതിനുമുമ്പ് തന്നെ ഉണ്ടായതാണ്. ഞാൻ 1950 ന് ശേഷം പല പുസ്തകങ്ങളും വായിച്ചതിന്റെ വെളിച്ചത്തിൽ ഇത് സംബന്ധിച്ചു എന്നാണ് ബോധോധയം ഉണ്ടായതെന്ന് തീയതി പറയാൻ പറ്റുകയില്ല. ബോധോധയം എന്നാൽ അഭിപ്രായം എന്നാണ്. Ans 1950 ൽ പുസ്തകം എഴുതിയപ്പോൾ ആ Tradition നെ കുറിച്ചല്ലാതെ കൂടുതൽ പഠനം നടത്തിയിട്ടില്ലായിരുന്നു. അന്ന് അതിനെ കുറിച്ച് ബോധോദയം ഉണ്ടായിട്ടില്ലെന്നാണോ?Q അന്ന് ഇതിനെക്കുറിച്ച് പ്രത്യേക പഠനം നടത്തിയിരുന്നില്ലെന്ന് ബോധിപ്പിച്ചിട്ടുള്ളതാണ്. Ans 1970 നു മുമ്പ് സഭാകാര്യങ്ങൾ സംബന്ധിച്ച് എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്? ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ മോർ തോമാ ശ്ലീഹായ്ക്ക് കാശീശസ്ഥാനമോ എപ്പിസ്കോപ്പാ സ്ഥാനമോ ഇല്ലെന്നുള്ള അഭിപ്രായം പ്രചരിപ്പിച്ചിട്ടുണ്ടോ? 1970 ന് മുമ്പാകട്ടെ 1970 കഴിഞ്ഞിട്ടാകട്ടെ ഇന്നുവരെയും ഈ വിഷയം ചർച്ച ചെയ്ത് എഴുതേണ്ട ആവശ്യം എനിക്ക് വന്നിട്ടില്ല. മറ്റു വിഷയങ്ങളെ കുറിച്ച് 1970 നു മുമ്പും പിമ്പും ധാരാളം എഴുതിയിട്ടുമുണ്ട്. Ans യോഹന്നാന്റെ സുവിശേഷം 20 നൂറ്റാണ്ടായി യാതൊരു വ്യത്യാസവും ഇല്ലാതെ നിലനിന്നു വരുന്നതാണ്. ഞാൻ അത് എന്റെ ചെറുപ്പം മുതലെ പഠിക്കുന്നതുമാണ്. യോഹന്നാന്റെ സുവിശേഷത്തിന്റെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ സാക്ഷിയുടെ മേൽപറഞ്ഞ അഭിപ്രായം ഉണ്ടായത്. 1970ന് ശേഷമല്ലേ?Q അല്ലെന്ന് പല പ്രാവശ്യം ബോധിപ്പിച്ചു. എന്റെ കൂടുതൽ പഠനത്തിന്റെ വെളിച്ചത്തിൽ ആണെന്നും. Ans മോർ തോമാ ശ്ലീഹായ്ക്കു കാശീശാ സ്ഥാനവും എപ്പിസ്കോപ്പാസ്ഥാനവും ഉണ്ടെന്നു കരുതുന്നതു വേദവിപരീതമാണെന്നു കരുതുന്നുണ്ടോ? വേദത്തിനും വേദവ്യഖ്യാനത്തിനും എതിരായി ആര് എന്തു പറഞ്ഞാലും. അതു വേദവിപരീതമാണ്. Ans മോർ തോമാ ശ്ലീഹായ്ക്കു കാശീശ സ്ഥാനവും എപ്പിസ്കോപ്പാ സ്ഥാനവും ഉണ്ടെന്ന് വിചാരിക്കുന്നവരെല്ലാം സാക്ഷിയുടെ അഭിപ്രായത്തിൽ വേദവിപരീതികളാണോ?Q അഭിപ്രായം ഉണ്ടായാൽ മാത്രം അതേ വേദ വിപരീതമാകയില്ല. ആ അഭിപ്രായം സത്യമാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് അതിൽ നിന്നും ഇല്ലാത്ത ഏതെങ്കിലും വൈദിക പദവിയൊ സ്ഥാനമൊ ഉണ്ടെന്ന് സമർത്ഥിക്കുവാൻ അതിനെ ഉപകരണമാക്കുന്നത് വേദവിപരീതമായിരിക്കും. Ans അങ്ങനെ വിശ്വസിച്ചും പ്രചരിപ്പിക്കുക മാത്രം ചെയ്താൽ വേദവിപരീതമാകുമോ? ഒരു കാര്യവുമില്ലാത്ത ഒരു കാര്യം ആരും പ്രചരിപ്പിക്കാറില്ല. ആ സ്ഥിതിക്ക് മുമ്പ് ഞാൻ പറഞ്ഞ ഉദ്ദേശ്യമായിരിക്കണം അതിൽ അന്തർലീനമായിരിക്കുന്നത്.

Ans സാക്ഷി ഉൾപെട്ട സഭയ്ക്ക് മോർ തോമാ ശ്ലീഹയ്ക്ക് കാശീശ സ്ഥാനവും എപ്പിസ്കോപ്പാ സ്ഥാനവും ഉണ്ടായിരുന്നോ ഇല്ലായിരുന്നോ എന്നത് സംബന്ധിച്ച് വ്യക്തമായ അഭിപ്രായം വല്ലതുമുണ്ടോ?Q സഭക്ക് ഇത് സംബന്ധിച്ച് വ്യക്തമായ അഭിപ്രായം ഇല്ല. എന്നാൽ മോർ തോമാ ശ്ലീഹായുടെ പൗരോഹിത്യത്തിന്റെ വെളിച്ചത്തിൽ മോർതോമാ ശ്ലീഹായ്ക്കു സിംഹാസനം എന്നു പറഞ്ഞാൽ അതിനെ കുറിച്ച് വ്യക്തമായ അഭിപ്രായങ്ങൾ തന്നെയുണ്ട്. Ans എല്ലാ എപ്പിസ്കോപ്പായ്ക്കും മെത്രാപ്പോലീത്തായ്ക്കും കുർസിയൊ അല്ലെങ്കിൽ സിംഹാസനം ഉള്ളതായി നിങ്ങളുടെ കാനോനിൽ പറയുന്നില്ലേ?Q ആ വാചകം ഒരു കാനോനിലും പറയുന്നില്ല. Ans മോർ തോമാശ്ലീഹാക്ക് കാശീശാ സ്ഥാനവും മേൽപട്ടസ്ഥാനവും ഉണ്ടായിരുന്നതായി കരുതി ഇരുന്നവരെല്ലാം വേദവിപരീതകളാണെന്നാണോ പറയുന്നത്? ഞാൻ മുമ്പ് പറഞ്ഞതിൽ കൂടുതൽ പറയാനില്ല. Ans ബാർ എബ്രായ മോർ തോമാശ്ലീഹാ ആരംഭിച്ച കിഴക്കിന്റെ സഭയിൽ പ്രധാന മേൽപട്ടക്കാരൻ ആയിരുന്നോ? മോർ തോമാ ശ്ലീഹാ കിഴക്കിന്റെ സഭയുടെ സ്ഥാപകൻ എന്ന് ഒരിടത്തും ഇല്ല. ഉറഹായിൽ (എഡേസാ) ആദായി ആണ് സുവിശേഷം അറിയിച്ചത്. കിഴക്കിന്റെ സഭ എന്നു പറഞ്ഞാൽ ഇപ്പോൾ നെസ്തോറിയൻ സഭയാണ്. അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള സുറിയാനിസഭയിൽ ബാർ എബ്രായ കിഴക്കിന്റെ മഫ്രിയാന ആയിരുന്നു. Ans. Ex B 80 ൽ ആദ്യം തുടങ്ങുന്നത് മോർ തോമാശ്ലീഹാ 1-ാം മത്തെ കിഴക്കിന്റെ പ്രധാനാചാര്യൻ എന്നു പറഞ്ഞു കൊണ്ടല്ലേ?Q അതെ. ആ പ്രാധാനാചാര്യൻ ഏതെങ്കിലും ഒരു വ്യക്തിക്കു പട്ടം കൊടുത്തതായിട്ടോ ആരെയെങ്കിലും നിയമിച്ചതായിട്ടോ ആ ഭാഗത്ത് പറയുന്നില്ല. Ans. Stopped for lunch. Witness sworn again after lunch and cross examination continued. മോർ തോമാ ശ്ലീഹായ്ക്കു കാശീശ സ്ഥാനമോ എപ്പിസ്കോപ്പാ സ്ഥാനമോ ഉണ്ടെന്ന് പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് മാത്രം കൊണ്ട് അത് വേദവിപരീതമാവുകയില്ലല്ലോ?Q അഭിപ്രായപ്പെടുന്നത് വേദവിപരീതമാവുകയില്ലെന്നാണ് പറഞ്ഞത്. പറയുകയും പ്രചരിപ്പിക്കുകയും ചെയ്താൽ അത് വേദത്തിന് വിപരീതമാകും വേദവിപരീതമാകും. Ans.അങ്ങനെ പഠിപ്പിക്കുകയും പറയുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുള്ളവരെല്ലാം വേദവിപരീതകളാണോ?Q മുൻ പറഞ്ഞ ഉദ്ദേശ്യത്തോടുകൂടി ആരെങ്കിലും പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്താൽ അത് വേദവിപരീതം തന്നെയാണ്. Ans.മോർ തോമാ ശ്ലീഹാ സിംഹാസനം സ്ഥാപിച്ചു എന്നുള്ള ഉദ്ദേശ്യത്തോടുകൂടി പറഞ്ഞു പ്രചരിപ്പിച്ചാൽ വേദവിപരീതം ആണ്. കാരണം അത് വേദത്തിനും അതിന്റെ വ്യാഖ്യാനത്തിനും ചരിത്രത്തിനും വിപരീതമാണ്. മുൻപറഞ്ഞ ഉദ്ദേശ്യങ്ങൾ അല്ലാതെ മറ്റുദ്ദേശ്യങ്ങൾക്കുവേണ്ടി പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്താലത് വേദവിപരീതമാകുമോ?Q എനിക്കറിഞ്ഞുകൂടാ. Ans.മോർ തോമാ ശ്ലീഹാക്ക് കാശീശ സ്ഥാനവും എപ്പിസ്കോപ്പാ സ്ഥാനവും ഉണ്ടെന്ന് സിംഹാസനം എന്ന് ഒന്നു ഉണ്ടെന്ന് സ്ഥാപിക്കുന്ന ഉദ്ദേശ്യത്തിനു വേണ്ടി പഠിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്താൽ വേദവിപരീതമാകുമെന്നും

സിംഹാസനം ഉണ്ടെന്നുള്ള ഉദ്ദേശ്യം കൂടാതെ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്താൽ വേദവിപരീതമാകയില്ലെന്നും പറയുന്നതിന്റെ അടിസ്ഥാനം എന്താണ്?Q ഈ കാര്യത്തെക്കുറിച്ച് എനിക്ക് പറഞ്ഞതിൽ കൂടുതലായി ഒന്നും പറയാനില്ല. Ans.സാക്ഷി പറഞ്ഞതിന് അടിസ്ഥാനമെന്താണ്?Q എനിക്ക് പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു. കൂടുതലായി പറയാനില്ല. ഈ സംഗതിയെക്കുറിച്ച് Ans. സഭയുടെ തലവൻ വേദവിപരീതമെന്ന് നിശ്ചയിക്കുന്നത് വേദവിപരീതമായിരിക്കും. അദ്ദേഹമാണ് വിശ്വാസത്തിന്റെ സംരക്ഷകൻ സിംഹാസനത്തോട് ബന്ധപ്പെടാതെ ഈ പ്രശ്നം തീരുമാനം ചെയ്യാൻ പാത്രിയർക്കീസിനധികാരമില്ലേ?Q എനിക്കറിഞ്ഞുകൂടാ. ഇതു സംബന്ധിച്ച് പറയാനുള്ളത്. എനിക്കറിയാവുന്നതെല്ലാം പറഞ്ഞു കഴിഞ്ഞു Ans. Ex B 80 ൽ പറയുന്നതുപോലെ മോർ തോമാ ശ്ലീഹാ പ്രാധാനാചാര്യനാണെന്ന് പറയുകയും പ്രചരിപ്പിക്കുകയും അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരാണ് താനെന്ന് അവകാശപ്പെടുകയും ചെയ്യുന്ന ബാർ എബ്രായ സാക്ഷിയുടെയും സഭയുടെയും അഭിപ്രായത്തിൽ വേദവിപരീതി ആകുമോ?Q ആകുകയില്ല. കാരണം ഒന്നാമത് അദ്ദേഹം മോർ തോമാശ്ലീഹായുടെ പിൻഗാമിയാണെന്ന് ചരിത്രവസ്തുതകൾക്ക് നിരക്കാത്ത ഒരു പ്രസ്താവന ഒരിക്കലും ചെയ്തിട്ടില്ല. രണ്ടാമത് വാദി ഭാഗത്ത് നിന്നും ഹാജരാക്കിയിരിക്കുന്ന Ex A 71 ൽ ബാർ എബ്രായായുടെ ചരിത്രത്തിന്റെ ആദിഭാഗം അദ്ദേഹം പരിശോധന കൂടാതെ നെസ്തോറിയരുടെ രേഖകളെ ആസ്പദമാക്കി എഴുതിയിട്ടുള്ളതാണെന്നും പറഞ്ഞിട്ടുണ്ട്. Ans Ex Al ഭരണഘടന മലങ്കര സഭ മോർ തോമാ ശ്ലീഹാ സ്ഥാപിച്ചതാണെന്നും ആ സഭയിൽ കിഴക്കിന്റെ കാതോലിക്കേറ്റ് പുനഃസ്ഥാപിച്ചു എന്നും ആ കാതോലിക്കായ്ക്ക് സിംഹാസനം ഉണ്ടെന്നും പറഞ്ഞു കാണുന്നു. ആ E Al ഭരണഘടന അനുസരിച്ച് നടന്നു പോന്നവർ സാക്ഷിയുടെ അഭിപ്രായത്തിൽ വേദവിപരീതികളാകുമോ?Q തോമാശ്ലീഹാ സഭ സ്ഥാപിച്ചതായിയുള്ള പാരമ്പര്യവും ഭരണഘടന ഉണ്ടാക്കിയവർ പുനരുദ്ധീകരിച്ചു എന്നു പറയുന്ന കാതോലിക്കാ സ്ഥാപനവും ആണ് ആ കാതോലിക്കായ്ക്കു സിംഹാസനം ഉണ്ടെന്ന് പറഞ്ഞാൽ എപ്പിസ്കോപ്പായ്ക്ക് സിംഹാസനം അഥവാ കേന്ദ്രം ഉണ്ടെന്നുള്ളതുപോലെ അല്ലാതെ മോർ തോമാ ശ്ലീഹായുടെ സിംഹാസനം എന്ന് അതിനർത്ഥമില്ല. പാത്രിയർക്കീസ് ബാവ കാതോലിക്കാ ബാവായെ വാഴിച്ചപ്പോൾ പാത്രിയർക്കീസിന് കീഴിലുള്ള സ്ഥാനി എന്ന നിലയിൽ എല്ലാവരും അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. അങ്ങനെയുള്ള ഒരു ഭരണഘടന എല്ലാവരും സ്വീകരിച്ചിരുന്നതായി എനിക്കറിഞ്ഞുകൂടാ. മോർ തോമാ ശ്ലീഹായുടെ സിംഹാസനം സമ്മതിക്കുന്നു എന്നു പറയുകയും പ്രചരിപ്പിക്കുകയും ചെയ്താലെ അതു വേദവിപരീതമാകു. Ans. 1934 ഡിസംബർ 26-ാം നു എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ യോഗത്തിന് അയച്ച നോട്ടീസായ Ex A 4 ൽ വിശുദ്ധ മോർ തോമാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായ ബലഹീനനായ 2-ാം മത്തെ ഗീവർഗീസ് ബസേലിയോസ് കാതോലിക്കാ എന്ന്

കാണുന്നല്ലോ. ആ യോഗത്തിലേക്ക് നോട്ടീസയച്ച ആളും യോഗത്തിൽ സംബന്ധിച്ച പ്രതിനിധികളും യോഗത്തിലേക്ക് പ്രതിനിധികളെ അയച്ച പള്ളിക്കാരും വേദവിപരീതികളായി എന്ന് സാക്ഷിക്കഭിപ്രായമുണ്ടോ?Q അഭിപ്രായമില്ല. കാരണം അന്ന് അദ്ദേഹം ആ വിശേഷണം വച്ചത് കേവലം ഭരണകേന്ദ്രമെന്നുള്ള അർത്ഥത്തിൽ മാത്രമാണെന്നാണ് അന്നും അതു കഴിഞ്ഞും പലരും വിശ്വസിച്ചിരുന്നത്. എന്നാൽ 1970-71 കാലങ്ങളിൽ കാതോലിക്കാ സിംഹാസനം മോർ തോമായുടെ സിംഹാസനമാണെന്നും പത്രോസിന് അന്ത്യോക്യായിൽ സിംഹാസനം ഉള്ളതുപോലെ തോമായ്ക്ക് മലങ്കരയിലും സിംഹാസനമുണ്ടെന്നും മലങ്കരയും അന്ത്യോക്യയുമായി കേവലം സ്നേഹബന്ധം മാത്രമെ ഉള്ളൂ എന്നും പ്രചരിപ്പിച്ചു തുടങ്ങിയപ്പോഴാണ് സഭയിൽ ഏകമായി അറിയപ്പെട്ടിരുന്നതും ആയ ഏകസിംഹാസനത്തോട് എതിർത്ത് പത്രോസിൽ നിന്നുള്ള കൈവയ്പ്പിന് പകരമായി മോർ തോമായിൽ നിന്നുള്ള കൈവെപ്പാണ് എന്ന് യഥാർത്ഥമല്ലാത്ത കാര്യം പ്രചരിപ്പിക്കുകയും ചെയ്തപ്പോഴാണ് അതിൽ അന്തർലീനമായിരിക്കുന്ന ഉദ്ദേശ്യം എല്ലാവർക്കും മനസ്സിലായത്. ആകയാൽ 1934 ലെ ആ യോഗത്തിന് പോയവർ ആ കാരണം കൊണ്ട് വേദവിപരീതികളാകണമെന്നില്ല. Ans. Ex B 13 ൽ വിശുദ്ധ മോർ തോമാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്ന് എഴുതി കാണുന്നുണ്ട്. അത് എഴുതിയ ആളും അതംഗീകരിച്ചവരും സാക്ഷിയുടെ അഭിപ്രായത്തിൽ വേദവിവരീതികളാകുമോ?Q ഞാൻ മുമ്പ് ബോധിപ്പിച്ച ഗൂഢോദ്ദേശ്യം വച്ചാണ് എഴുതിയതെങ്കിൽ ആകും. അല്ലെങ്കിൽ ഇല്ല. Ans. 325 ൽ നിഖ്യായിൽ കൂടിയ സുന്നഹദോസിൽ പങ്കെടുത്ത അന്ത്യോക്യായിലെ മേൽപട്ടക്കാരൻ മോർ ഒസ്താത്തിയോസിനെ അറിയൂസ്പക്ഷക്കാർ സ്ഥാനഭ്രഷ്ടനാക്കുകയും ഒരു അറിയൂസ്പക്ഷക്കാരനെ അന്ത്യോക്യായിലെ മേൽപട്ടക്കാരനായി നിയമിക്കുകയും ചെയ്തില്ലേ? അറിയൂസ് പക്ഷക്കാർ ഒന്നും ചെയ്തില്ല. ചക്രവർത്തി ഇതുപോലെ പ്രവർത്തിച്ചു. Ans. അതിനുശേഷം കുറെകാലത്തേക്കു അന്ത്യോക്യായിലെ മേൽപട്ടക്കാരായി വന്നത് അറിയൂസ് പക്ഷക്കാരായിരുന്നില്ലേ? എന്നു പറയാൻ നിവൃത്തിയില്ല ചില സമയങ്ങളിൽ രാജശക്തി മൂലം ആ പേരുകാർ ഭരിക്കാൻ ഇടവന്നിട്ടുണ്ട് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. പിന്നീട് സത്യവിശ്വാസികൾ വീണ്ടും ആ സിംഹാസനത്തിൽ ഉപവിഷ്ടരാവുകയും ചെയ്തിട്ടുണ്ട്. Ans. ഒസ്താത്തിയോസിനെ നാടുകടത്തിയശേഷം അറിയൂസ്പക്ഷക്കാരായ മേൽപട്ടക്കാർ തുടർച്ചയായി ഭരണം നടത്തിയത് ഉലാലിയോസ്, യവുപ്രറുമിയോസ്, പിലാത്തിനോസ് സ്തേപ്പാനോസ് അർമോനോ എന്നീ അറിയൂസ് പക്ഷക്കാരായ ഈ പറഞ്ഞവർ അറിയൂസ് പക്ഷക്കാരാണോ ആരെല്ലാമാണെന്നോ എനിക്ക് നിശ്ചയം ഇല്ല. Ans. ഒസ്താത്തിയോസിന് ശേഷം ആദ്യമായി അന്ത്യോക്യായിൽ മേൽപട്ടക്കാരനായ സത്യവിശ്വാസിയായ മേൽപട്ടക്കാരൻ ലുവന്തിയോസ് അല്ലായിരുന്നോ? എനിക്കറിഞ്ഞുകൂടാ. Ans. അന്ത്യോക്യായിൽ മേൽപട്ടക്കാരായി

ഭരിച്ചിരുന്നവരുടെ ലിസ്റ്റ് അതിൽ സത്യവിശ്വാസികളാരെല്ലാമായിരുന്നുയെന്ന് കാണിച്ച് ഭരണക്കാലം കാണിച്ചും ഹാജരാക്കാമോ? ഈ കേസിന് അത് ആവശ്യമാണ് എന്നു കോടതി നിശ്ചയിച്ച് കൽപിക്കുമെങ്കിൽ അത് ഹാജരാക്കാൻ ഞാൻ ശ്രമിച്ചു കൊള്ളാം. Ans. അങ്ങനെയുള്ള ലിസ്റ്റ് ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ ഉണ്ടോ? ചില മാസികകളിലും പുസ്തകങ്ങളിലും പ്രത്യേകിച്ച് മുമ്പു ബോധിപ്പിച്ച വാദികളുടെ കക്ഷിയിലുള്ള ഫാ. കെ. ഡേവിഡിന്റെ ചരിത്രപുസ്തകത്തിലും ഞാൻ വായിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ട്. Ans. ആ പുസ്തകത്തിലെ ലിസ്റ്റ് അംഗീകരിക്കാമോ? ലിസ്റ്റുണ്ട്. എന്നല്ലാതെ ലിസ്റ്റ് പരിശോധന കൂടാതെ ഞാൻ അംഗീകരിക്കുന്നില്ല. Ans. നിഖ്യാ സുന്നഹദോസിന് അടുത്ത് നാടുകടത്തപ്പെട്ട ഒസ്താത്തിയോസിനുശേഷം 350-ാം മാണ്ടിനു ശേഷം മാത്രമെ അന്ത്യോക്യായിൽ സത്യവിശ്വാസിയായ ഒരു മേൽപട്ടക്കാരൻ ഉണ്ടായൊള്ളു എന്നു പറഞ്ഞാൽ നിഷേധിക്കാമോ? ഞാൻ നിഷേധിക്കുന്നില്ല. ആ ചക്രവർത്തി ഉണ്ടായിരുന്ന 10-20 കൊല്ലം അങ്ങനെ സംഭവിച്ചിട്ടുണ്ടായിരിക്കാം, എനിക്കു നിശ്ചയമില്ല. Ans. A.D 350 മുമ്പായി അന്ത്യോക്യായിൽ ഭരിച്ചിരുന്ന ഏതെങ്കിലും അറിയൂസ് പക്ഷക്കാരനായ മേൽപട്ടക്കാരൻ ഉറഹായിലെ ജോസഫ് മെത്രാനെ ഇൻഡ്യയിലേക്കയച്ചതായി സാക്ഷി കരുതുന്നുണ്ടോ? അറിയൂസ് പക്ഷക്കാരൻ അയച്ചു എന്ന് ഞാൻ അശേഷവും കരുതുന്നില്ല. കാരണം യഥാർത്ഥ പാത്രിയർക്കീസായിരുന്ന ഒസ്താത്തിയോസ് നാടുകടത്തപ്പെട്ടവനായി അന്നും ജീവിച്ചിരുന്നു. യൗസേഫ് മെത്രാനും വന്നവരും അറിയൂസുകാരായിരുന്നു എന്ന് ഒരു ചരിത്രത്തിലും പറഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് രാജശക്തികൊണ്ട് പേരിനു വല്ലവരും വല്ലയിടത്തും ഇരുന്നാൾ തന്നെയും ആ വന്നവർ സത്യവിശ്വാസിയായ അന്ത്യോക്യാ പാത്രിയർക്കീസിനാൽ അയച്ചിട്ടാണ്. 350 വരെ അറിയുസുകാരാണോ ഭരിച്ചിരുന്നത് എന്നും എനിക്ക് ഓർമ്മയില്ല. Ans. നാടുകടത്തപ്പെട്ട ഓസ്താത്തിയോസ് എങ്ങോട്ടാണ് നാടുകടത്തപ്പെട്ടത്?Q അറിഞ്ഞുകൂടാ. Ans. എന്നുവരെ ജീവിച്ചിരിക്കുന്നു? അറിഞ്ഞുകൂടാ. Ans. അദ്ദേഹത്തിനുശേഷം ആദ്യമായി എന്നാണ് സത്യവിശ്വാസിയായ ഒരു മേൽപട്ടക്കാരൻ അന്ത്യോക്യായിൽ ഭരണം ആരംഭിച്ചത്?Q അറിഞ്ഞുകൂടാ. Ans. 345-ാം മാണ്ടടുത്ത് അന്ത്യോക്യായിൽ ഭരിച്ചിരുന്ന മേൽപട്ടക്കാരനാരാണ്?Q അറിഞ്ഞുകൂടാ. സത്യവിശ്വാസിയായ മേൽപട്ടക്കാരനാണ് മോർ യൗസേപ്പിനെ അയച്ചത് എന്നറിയാം. Ans. സാക്ഷി അവസാനമായി സംബന്ധിച്ച മലങ്കരയോഗം ഏതാണ്ടിലായിരുന്നു?Q ഓർമ്മയില്ല. Ans. എവിടെ വച്ചാണ് സാക്ഷി സംബന്ധിച്ച അവസാനത്തേ യോഗം കൂടിയത്?Q ഓർമ്മയില്ല. ഞാൻ ഇപ്പോൾ തിരുവല്ലാ സെന്റ് ജോർജ്ജ് സിംഹാസനപ്പള്ളി വികാരിയാണ്. ആ പള്ളി മലങ്കര മെത്രാപ്പോലീത്തായുടെയൊ നിരണം മെത്രാപ്പോലീത്തായുടെയൊ ഭരണത്തിൽ കീഴിലുള്ള ഒരു ഇടവക പള്ളിയല്ലേ?Q അവരുടെ രണ്ടു പേരുടെയും കീഴിലല്ല. സിംഹാസന പള്ളികളുടെ മെത്രാപ്പോലീത്ത ആയി പാത്രിയർക്കീസിനാൽ നിയമിക്കപ്പെട്ട യാക്കോബ് മോർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കീഴിലാണ്. Ans.

അത് മലങ്കര സഭയിലെ ഒരു ഇടവക പള്ളിയല്ലേ?Q അത് മലങ്കര സഭയിൽ പെട്ടതല്ല. Ans. എനിക്ക് തിരുവല്ലാ പള്ളിയിലേ ഇപ്പോൾ വികാരി സ്ഥാനം ഉള്ളു. കാഞ്ഞിരമറ്റം പള്ളിയിൽ നിന്നും ഞാൻ തെരഞ്ഞെടുക്കപ്പെടുകയൊ ഏതെങ്കിലും യോഗത്തിൽ പോവുകയോ ഉണ്ടായിട്ടില്ല. ആരെയും അസ്സോസിയേഷൻ യോഗത്തിലേക്ക് കാഞ്ഞിരമറ്റം പള്ളിയിൽ നിന്നും 40 കൊല്ലക്കാലമായി അയച്ചതായും എനിക്കറിഞ്ഞുകൂടാ. കട്ടപ്രത്തുപള്ളി പള്ളിയിലെ വികാരി സ്ഥാനം തീർന്നശേഷം ഏതെങ്കിലും പള്ളിയെ പ്രതിനിധീകരിച്ച് സാക്ഷി അസ്സോസിയേഷൻ യോഗത്തിൽ പങ്കു കൊണ്ടിട്ടുണ്ടോ?Q കട്ടപ്രത്തു പള്ളിയിൽ നിന്ന് പിരിഞ്ഞതിനുശേഷം ഞാൻ യാതൊരു പള്ളിയേയും പ്രതിനിധീകരിച്ചു യാതൊരു അസ്സോസിയേഷൻ യോഗത്തിനും പോയിട്ടില്ല. Ans. മലങ്കര സഭയിലെ വൈദിക ട്രസ്റ്റിയായി എന്നെ തെരഞ്ഞെടുത്തിട്ടുണ്ട്. സാക്ഷി ഹാജരാകാത്ത യോഗത്തിൽ വച്ചാണോ?Q അല്ല. ഞാൻ യാതൊരു പള്ളിയേയും പ്രതിനിധീകരിച്ചുപോയി അസ്സോസിയേഷൻ യോഗത്തിൽ വച്ചല്ല. എന്റെ സാന്നിദ്ധ്യം ആവശ്യപ്പെട്ടുകൊണ്ട് അതിലെ ചുമതലക്കാർ വന്ന് ഞാൻ അതിൽ സംബന്ധിക്കണമെന്ന് ആവശ്യപ്പെട്ടതുകൊണ്ട് മാത്രം പോയ യോഗത്തിൽ വച്ചാണ് എന്നെ തെരഞ്ഞെടുത്തത്. Ans. ആ യോഗത്തിൽ വോട്ട് ചെയ്യുന്നതിനൊ അഭിപ്രായം പറയുന്നതിനോ എനിക്ക് യാതൊരവകാശവും ഇല്ലായിരുന്നു. അംഗമല്ലാത്ത മറ്റ് വല്ലവരെയും ക്ഷണിച്ചിരുന്നൊ എന്നറിഞ്ഞുകൂടാ. വഞ്ചിത്തോറ്റിൽ കുര്യാക്കോസ് കത്തനാരെ അറിയാം. അദ്ദേഹം ദീർഘകാലം സഭയിലെ ഒരു റമ്പാനായിരുന്നു. അദ്ദേഹത്തിന് സഭ സംബന്ധിച്ച് കുറെ എല്ലാം അറിയാമായിരുന്നു. അദ്ദേഹം പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു പുസ്തകമാണ് എന്നെ കാണിച്ചത് marked Ex A 217 കോതമംഗലം പുക്കുന്നേൽ പി.എം. കുര്യാക്കോസ് കത്തനാരെ അറിയാം. അദ്ദേഹം സഭയിലെ ഒരു പ്രധാനപ്പെട്ട വൈദികനാണ് അദ്ദേഹം പ്രസിദ്ധീകരിച്ച ഒരു പുസ്തകമാണ് എന്നെ കാണിച്ചത്. Marked Ex A 218 E A 217 ൽ അംഗീകാരം കൊടുത്തതായി പറയുന്ന മെത്രാപ്പോലീത്ത കോട്ടയം കേസിൽ 1-ാം വാദിയായിരുന്നു. പരിശോധകനായി കാണുന്ന ആള് മലങ്കര സഭയിലെ മൽപാനായിരുന്നു. കാലം ചെയ്ത ബസേലിയോസ് ഗീവർഗീസ് 2-ാം മൻ കാതോലിക്കായെ അന്ത്യോക്യായിലെ ഏതെങ്കിലും കാനോനിക പാത്രിയർക്കീസ് മേൽപട്ടക്കാരനായി വാഴിച്ചിട്ടുണ്ടോ? കാനോനിക പാത്രിയർക്കീസ് മേൽപട്ടക്കാരനായി അദ്ദേഹത്തെ വാഴിച്ചിട്ടില്ല. Ans. സത്യ വചനത്തെ നേരോടെ വ്യാഖ്യാനിച്ചിരുന്ന ഇടയന്മാരെ സഭയിൽ എഴുന്നേൽപ്പിക്കണമെ എന്ന് ആത്മാർത്ഥതയോടുകൂടി പ്രാർത്ഥിക്കാറുണ്ടോ?Q ആത്മാർത്ഥമായി പ്രാർത്ഥിക്കാറുണ്ട്. അതു മാത്രമാണ് എന്റെ ഏക ആഗ്രഹവും. ആ വാചകം കുർബാന തക്സയിൽ ഉപയോഗിക്കുന്ന ഒരു വാചകമാണ്. എല്ലാ കുർബാനയിലും ആത്മാർത്ഥമായി ഞങ്ങൾ ഉപയോഗിക്കുന്നതുമാണ്.

No Further cross for other in 77/78

Re Ad. bring late

മൊഴി വായിച്ചു കേട്ടു ശരി.

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്)

First Add. District and Sessions Court Ernakulam

Taken down by me in open court interpreted read over to the witness accused and admitted by him to be correct

Sd/-

Judge 20/10/78

23/10/78 Witness sworn again. examination സഭാ നിയമമനുസരിച്ച് ആര് വാഴിക്കുന്നോ ആ ആളാണ് സ്താത്തിക്കോൽ കൊടുക്കുന്നത് എന്ന് പറഞ്ഞു കാണുന്നല്ലോ അതെന്താണ്?Q ആ ആൾ പാത്രിയർക്കീസിനു വേണ്ടി വാഴിക്കുന്നതിനാൽ അദ്ദേഹം സ്താത്തിക്കോൽ കൊടുക്കുന്നതും പാത്രിയർക്കീസിന് വേണ്ടിയാണ്. അതുകൊണ്ടാണ് അങ്ങനെ ബോധിപ്പിച്ചത്. Ans. ഇടവകയുടെ അപേക്ഷ കൂടാതെ കോടിയാട്ട് അലക്സാണ്ടർ കത്തനാർക്ക് പട്ടംകൊടുത്തു എന്നു പറഞ്ഞു കാണുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ ഇടവകയായ പട്ടം കൊടുത്ത പള്ളിയിൽ എന്തെങ്കിലും കർമ്മം നടത്തിയിട്ടുണ്ടോ? ഇടവക പട്ടക്കാരൻ എന്നുള്ള നിലയിൽ കർമ്മം നടത്തിയിട്ടില്ല. Ans. Congrational form of government എന്നൊരു government ഇല്ലെന്നും Congrational Churches ആണ് ഉള്ളത് എന്നും പറഞ്ഞല്ലോ. ആ Congrational Churches ന്റെ ഭരണം എങ്ങനെയാണ്? ജനങ്ങളുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണ്. Ans. സഭയുടെയും പള്ളികളുടെയും സ്വത്തുക്കൾ ആ ലക്ഷ്യത്തെ മുൻനിർത്തി വിനിയോഗിക്കപ്പെടേണ്ടതാണോ എന്നുള്ള ചോദ്യത്തിനു സഭയുടെ പൊതുസ്വത്തുക്കളും ഇടവകയുടെ പ്രത്യേക സ്വത്തുക്കളും അതിന്റെ സ്ഥാപനോദ്ദേശ്യത്തിന് അനുസൃതമായി ഭരിക്കപ്പെടേണ്ടതാണോ എന്നുള്ള ചോദ്യത്തിനു സഭയുടെ പൊതുസ്വത്തുക്കളും ഇടവകയുടെ പ്രത്യേക സ്വത്തുക്കളും അതിന്റെ സ്ഥാപനോദ്ദേശ്യത്തിന് അനുസൃതമായി ഭരിക്കപ്പെടേണ്ട ഒരു ട്രസ്റ്റ് ആകയാൽ ആ ട്രസ്റ്റിന്റെ ഉദ്ദേശ്യാനുസരണം ഭരിക്കപ്പെടേണ്ടതാണ് എന്നുത്തരം പറയുകയും പിന്നീട് ഒരു ചോദ്യത്തിന് ഓരോ ഇടവക പള്ളിയുടെയും അതിന്റെ സ്വത്തുക്കളുടെയും ഉടമസ്ഥാവകാശം ആ ഇടവകക്കാരിലും നിക്ഷിപ്തമായിരിക്കും എന്നു പറഞ്ഞു. ഒരു ട്രസ്റ്റായിരിക്കും എന്നു പറയാൻ കാരണം എന്താണ്?Q ഓരോ ട്രസ്റ്റായിരിക്കും എന്നുദ്ദേശിച്ചാണ് പറഞ്ഞത്. പറഞ്ഞപ്പോൾ പിശകായി പറഞ്ഞു പോയതാണ്. Ans. സ്ഥാപനോദ്ദേശ്യത്തിനു വിപരീതമായി അയാൾക്ക് പള്ളിയും സ്വത്തുക്കളും കൈമാറ്റം ചെയ്യാമോ എന്നുള്ള ചോദ്യത്തിന് തന്നെ സാദ്ധ്യമല്ല തന്റെ സ്വന്തമല്ലായെന്നും പിന്നീട് പള്ളിയുടെയും സ്വത്തുക്കളുടെയും ഉടമസ്ഥാവകാശം ഇടവകയ്ക്കാണെന്നും പറഞ്ഞു. അങ്ങനെ പറയാൻ കാര്യം എന്താണ്?Q ട്രസ്റ്റിന്റെ നിയമവശം എനിക്ക് ശരിക്കറിഞ്ഞുകൂടാ. ഇടവകക്കാർ മുഴുവനായൊ ഒരു വ്യക്തി മാത്രമായൊ അതിന്റെ ഉടമസ്ഥാവകാശത്തിൽ നിൽക്കുന്നു എങ്കിൽ അങ്ങനെയുള്ളവർക്ക് കൈമാറ്റം ചെയ്യാമായിരിക്കാം. Ans. Ex B 162 ട്രാൻസ്ലേഷൻ നടത്തിയതാരാണ്?Q

എം.സി. യാക്കോബ് റമ്പാനാണ്. Ans. അത് ഏതിന്റെ ട്രാൻസ്‌ലേഷനാണ്? The question is the answer given during cross there is no ambiguity subject to objection allowed. 1929 ൽ കിട്ടിയ കോപ്പിയുടെ ട്രാൻസ്‌ലേഷൻ ആണ് അദ്ദേഹം ചെയ്തത്. ഞാൻ പരിശോധിച്ചത് അവിടെയുണ്ടായിരുന്ന Ex b 161 ന്റെ അസ്സലുമായിട്ട് ഈ ട്രാൻസ്‌ലേഷൻ ശരിയാകുമോ എന്നു നോക്കുകയും ശരിയാണെന്നു കാണുകയും 1929 ൽ കിട്ടിയതും Ex b 161 ന്റെ അസ്സലിന്റെ മറ്റൊരു കോപ്പിയാണെന്നു മനസ്സിലാവുകയും ചെയ്തു. Ans. ഇങ്ങനെയൊരു പടിയോല എഴുതിയതായി മുളന്തുരുത്തി സിനഡിലെ റസല്യൂഷനിലും മറ്റു നടപടികളിലും യാതൊരു ലക്ഷ്യവും കാണുന്നില്ലാത്തിനെപ്പറ്റി സാക്ഷിക്കു വല്ലതും പറയാനുണ്ടോ എന്ന ചോദ്യത്തിനു നിശ്ചയങ്ങളിൽ അതിനെപ്പറ്റി എന്തെങ്കിലും ഉണ്ടോ എന്നു സൂക്ഷ്മമായി വായിച്ചു നോക്കിയാലെ പറയാൻ പറ്റുകയുള്ളു എന്നു പറഞ്ഞു. നടപടികളെപ്പറ്റി ഒന്നും പറഞ്ഞു കാണുന്നില്ല. അതേപ്പറ്റി എന്തെങ്കിലും പറയാനുണ്ടോ? Ans. The question is objected on the ground that it is something suggested to bring in new facts. it is submitted that the answer given being incomplete so for as the question put in cross concerned. It is only for the efficiency completion of the answer. objection and the submission of the defense counsel the question is allowed നടപടികളിൽ അതേപ്പറ്റി പറയുന്നുണ്ട്. പാത്രിയർക്കീസ് ബാവ ആദ്യദിവസം ഒരു സമ്മതപത്രം എഴുതി കൊടുക്കണമെന്ന് അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ആവശ്യപ്പെടുന്നതായും അതിന്റെ അടുത്തതിന്റെ അടുത്ത ദിവസത്തിൽ ആ സമ്മതപത്രം എഴുതിയതു വായിച്ച സമർപ്പിച്ചതായും അതിന്റെ നടപടികളിൽ കാണുന്നുണ്ട്. ആ സമ്മതപത്രമാണ് ഈ പടിയോല. Ans. പിന്നെയും രണ്ട് മാനേജിംഗ് കമ്മറ്റികൾ ഉണ്ടായത് 1976 മുതലാണെന്നാണ് ഓർമ്മ എന്നു പറഞ്ഞതിനുശേഷം പാത്രിയർക്കീസ് വിധേയത്വം പ്രഖ്യാപിച്ച് ഏകസഭയായി പോരുമ്പോൾ അതിൽനിന്നും വിഘടിച്ചു നിലപാടു മാറ്റി എന്നു പറഞ്ഞതിൽ ഏക സഭ എന്നു പറഞ്ഞത് എന്താണ്? ഏക administration കീഴിൽ ഇരുന്ന സഭ എന്നാണ് അതുകൊണ്ടുദ്ദേശിച്ചത്. Ans. Ex. A 99 എവിടെ വച്ചാണ് ഒപ്പിട്ടത്?Q ദേവലോകത്ത് വച്ചാണ്. Ans. മലങ്കര അസ്സോസിയേഷൻ എന്നു പറയുന്നത്. മലങ്കരയിൽ ഉള്ള ഇടവക പള്ളികളിൽ യോഗം കൂടി പ്രതിനിധികളെ തെരഞ്ഞെടുത്ത് അതാത് ഇടവകക്കുവേണ്ടി സമ്മതം കൊടുക്കുന്നതിന് പൂർണ്ണ അധികാരം കൊടുക്കപ്പെട്ട പ്രതിപുരുഷന്മാരുടെ സംഘമാണെന്നറിയാമോ എന്ന് ചോദിച്ചതിന് അറിയാം എന്ന് പറഞ്ഞല്ലോ എന്തു കാര്യത്തെപ്പറ്റിയുള്ള സമ്മതമാണ്?Q യാക്കോബായ സഭയുടെ പൊതുവായ കാര്യങ്ങളെക്കുറിച്ചുള്ള സമ്മതമാണ്. Ans. കൊച്ചി റോയൽ കോർട്ട് കേസ് നടന്ന് അവസാനിക്കുന്നതുവരെ ആരായിരുന്നു കൊച്ചി ഭദ്രാസന ഇടവക മെത്രാപ്പോലീത്താ മോർ യോഹനാൻ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ആയിരുന്നു. Ans. മൂന്നു കേസുകളിൽ സാക്ഷി മൊഴി കൊടുത്തത് സാക്ഷിയുടെ ഭാഗത്തേക്കു ദോഷമായി എന്നു പറഞ്ഞല്ലോ ആ കേസിലെ വിധി ന്യായങ്ങ

ളിൽ സാക്ഷിയുടെ മൊഴിയെ അവിശ്വസനീയമെന്നു പരാമർശിച്ചിട്ടുണ്ടോ? Objection is raised on the question has reference to the contents of documents. The question is allowed the implication in the question put in cross in that the wording of the witness has been found against. ഒന്നും പരാമർശിച്ചിട്ടുള്ളതായി എനിക്കറിവില്ല. Ans. Ex. A 213 ന്റെ ഗ്രന്ഥകർത്താവ് ഇപ്പോൾ ബ്രസീലിലാണ്. മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ എന്ന സംഘടനയിൽ ഈ കേസിലെ പ്രതികൾക്ക് എന്തെങ്കിലും ഔദ്യോഗിക സ്ഥാനമൊ ചുമതലയൊ ഉണ്ടായിരുന്നോ?Q ഇല്ലായിരുന്നു. Ans. എവിടെ യെല്ലാം മലങ്കര സഭ എന്നു ഞാൻ പറഞ്ഞിരിക്കുന്നുവോ അവിടെയെല്ലാം മലങ്കരയിലെ സഭയിലെ യാക്കോബായ വിശ്വാസം പാലിച്ച് ആരാധന നടത്തുന്ന പള്ളി എന്താണ് ഉദ്ദേശിച്ചിട്ടുള്ളത്. Ex B 67 പേജ് 78 മുതൽ 86 അമലോഗ്യാ മുഴുവനും തർജ്ജമ ചെയ്തു ഹാജരാക്കാൻ തയ്യാറാണ്. with permission. സാക്ഷി ഡമാസ്കസിൽ അടുത്ത കാലത്ത് പോയിരുന്നോ? ഉവ്വ് 1978 മെയ് മാസത്തിലാണ് പോയിരുന്നത്. Ans. കുവൈറ്റ് മുതലായ ഗൾഫ് രാജ്യങ്ങ ളിലെ ജനങ്ങളെ സന്ദർശിക്കുന്നതിനും അടുത്ത് കുറെ കാലം മുമ്പ് heart attack ഉണ്ടായ പരിശുദ്ധ പാത്രിയർക്കീസ് ബാവായെ കണ്ട് അനുഗ്രഹം പ്രാപിക്കാനും ആണ് പോയത്. പാത്രിയർക്കീസ് ബാവായെ കണ്ടു. അദ്ദേഹം മലങ്കരയിലെ പല കാര്യങ്ങളെക്കുറിച്ചും സംസാരിക്കുകയും ഡമസ്കോസിൽ വച്ച് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസിന്റെ മിനിട്ട്സും പുസ്തകം മലയാളത്തെ കേസിന്റെ ആവശ്യത്തിനായിട്ട് അയച്ചു കൊടുക്ക ണമെന്നും അതിന് കോടതിയിൽ നിന്ന് സമൻസ് വന്നേക്കുമെന്നും ചിലർ അദ്ദേഹത്തിന്റെ പേർക്കു എഴുതി അയച്ചിട്ടുണ്ടെന്നും പറഞ്ഞു. എന്നാൽ പരിശുദ്ധ സുന്നഹദോസുകളുടെ മിനിട്ട്സ് പുസ്തകത്തിൽ അതിനു മുമ്പും പിമ്പും കൂടിയ ചില സുന്നഹദോസുകളുടെയും നിശ്ചയങ്ങൾ ഉണ്ടെന്നും പലപ്പോഴും അത് റഫർ ചെയ്യേണ്ടിവരുമെന്നും അതിനും പുറമെ പരിശു ദ്ധാത്മ നിശ്വാസത്തോടു കൂടി പാസാക്കപ്പെട്ട നിശ്ചയങ്ങൾ അടങ്ങുന്ന ഒരു പരിശുദ്ധ ഗ്രന്ഥമായി അതിനെ കരുതേണ്ടതിനാൽ ഇതുവരെയും അങ്ങനെ യുള്ള ആ ഗ്രന്ഥം പുറത്തേക്ക് അയച്ചു കൊടുത്തിട്ടില്ലെന്നും അത് അറബി ഭാഷയിൽ എഴുതപ്പെട്ടിരുന്നതിനാൽ പുസ്തകം അതേപടി കൊണ്ടുപോയതു കൊണ്ടു വിശേഷമില്ലല്ലോ എന്നും അതിനാൽ അതിന്റെ ആവശ്യം മലയാള ത്തുള്ളതിനാൽ അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി വേണ്ടപ്പെട്ട എല്ലാ സാക്ഷി പ്പെടുത്തലോടുകൂടി എന്റെ കൈവശം തന്നയക്കാമെന്നും പരിശുദ്ധ പിതാവ് എന്നോടു കൽപിക്കുകയും ഞാൻ അനുസരിച്ച് അവിടെ താമസിക്കുകയും ചെയ്തു. എന്റെ പക്കൽ ഫോട്ടോസ്റ്റാറ്റ് കോപ്പി തന്നയയ്ക്കുകയും ചെയ്തു. ഫോട്ടോ എടുക്കുന്നതുകണ്ടോ?Q കണ്ടു 27-ാം തീയതി അദ്ദേഹത്തിന്റെ സെക്രട്ടറി റമ്പാനെ അയച്ച് ഫോട്ടോഗ്രാഫറെ വരുത്തുകയും അയാൾ അതിന്റെ ഉപകരണങ്ങളോടു കൂടി അരമനയിൽ എത്തുകയും ഫോട്ടോ എടു ക്കയും ചെയ്തു. Ans. ഫോട്ടോ എടുക്കുന്ന സമയം ഒറിജിനൽ മിനിട്ട്സ്

പുസ്തകം ഞാൻ കണ്ടു. അന്നു തന്നെ പരിശുദ്ധ ബാവായും ഫോട്ടോഗ്രാഫറും ഈ കാര്യം സംബന്ധിച്ച് അവരുടെ അഫിഡവിറ്റ് റമ്പാച്ചനെകൊണ്ട് തയ്യാറാക്കുകയും അദ്ദേഹം അത് രണ്ടും ടൈപ്പ് ചെയ്ത് വെക്കുകയും ചെയ്തു. ഫോട്ടോസ്റ്റാറ്റ് കോപ്പിയും അഫിഡവിറ്റും പിന്നീട് സാക്ഷ്യപ്പെടുത്തി. പിറ്റേ ദിവസം പബ്ളിക് നോട്ടറിയുടെ അടുക്കൽ റമ്പാൻ പോവുകയും അദ്ദേഹം വന്ന് ഇതു സാക്ഷിപ്പെടുത്തേണമെന്നുള്ള വിവരം അറിയിക്കുകയും 30-ാം തിയതി വൈകുന്നേരം വരാമെന്നു അദ്ദേഹം സമ്മതിച്ചതായും റമ്പാച്ചൻ എന്നോടു പറയുക ഉണ്ടായി. 30-ാം തിയതി വൈകുന്നേരം നോട്ടറി പബ്ലിക് വന്നു. അദ്ദേഹത്തിന്റെ മുമ്പിൽ മുൻപറഞ്ഞ അഫിഡവിറ്റുകളും ഫോട്ടോസ്റ്റാറ്റ് കോപ്പിയും സമർപ്പിച്ചു. അപ്പോൾ അങ്ങനെ അറ്റസ്റ്റു ചെയ്യുന്നതിനു മുമ്പായി അതിനായി ബാവയും ഫോട്ടോഗ്രാഫറും ഫോർമൽ ആയി അപേക്ഷിക്കണമെന്ന് അദ്ദേഹം പറയുകയും ആ അപേക്ഷാവാചകം അദ്ദേഹം തന്നെ പറഞ്ഞു കൊടുക്കുകയും റമ്പാൻ അത് ടൈപ്പു ചെയ്യുകയും ചെയ്തു. അതോടൊപ്പം തന്നെ അപേക്ഷയുടെ അടിയിലുള്ള ഒപ്പുകളെയും മുദ്രകളെയും മറുപടിയുള്ള അദ്ദേഹത്തിന്റെ സാക്ഷ്യം എഴുതികൊടുക്കുകയും അതും റമ്പാൻ ടൈപ്പു ചെയ്തു കൊണ്ടുവരികയും ചെയ്തു. ടൈപ്പ് ചെയ്തു കൊണ്ടുവന്നപ്പോൾ രണ്ടോ മൂന്നോ ഭാഗങ്ങളിൽ അവർ മൂവ്വരും ചില ചെറിയ തിരുത്തലുകൾ ചെയ്തു. എന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ ഏതോ മാസത്തിന്റെയോ ഏതോ നമ്പറിന്റെയോ ഒരു തിരുത്താണെന്ന് പറയുകയും ചെയ്തു. Justice Notary യുടെ മുമ്പിൽ വച്ച് ആദ്യത്തെ അപേക്ഷയും അവ തിരുവരും ഒപ്പുവക്കുകയും പാത്രിയർക്കീസ് ബാവ അദ്ദേഹത്തിന്റെ മുദ്രയും കുത്തുകയും ഫോട്ടോഗ്രാഫർ അദ്ദേഹത്തിന്റെ റബർ സ്റ്റാമ്പ് കുത്തുകയും ചെയ്തു. അതിനുശേഷം Justice Notary സാക്ഷിപ്പെടുത്തിയതിന്റെ കീഴെ അദ്ദേഹവും ഒപ്പും മുദ്രയും വച്ചും അഫിഡവിറ്റുകളിലും സിനഡ് നിശ്ചയങ്ങളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയുടെ ഓരോ പേജിലും അവർ മൂവരും മുദ്രയും റബർ മുദ്രകളും കുത്തുകയും ഒപ്പിടുകയും ചെയ്തു. പാത്രിയർക്കീസ് ബാവായും ഫോട്ടോഗ്രാഫറും അഫിഡവിറ്റിൽ ഒപ്പിട്ടിട്ടുണ്ട്. Ans. മൂന്ന് പേരും ഒപ്പിട്ടത്. സുന്നഹദോസ് നിശ്ചയങ്ങളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയുടെ എല്ലാ കടലാസ്സുകളിലുമാണ്. നോട്ടറി പബ്ലിക് ഒപ്പിടുന്നത് ഞാൻ കണ്ടു. ആദ്യം പരിശുദ്ധ ബാവയും രണ്ടാമത് ഫോട്ടോഗ്രാഫറും അവസാനം നോട്ടറി പബ്ലിക്കും ഒപ്പിട്ടു. മിനിട്ട്സ് ബുക്കിൽ നിന്നും ദമാസ്കസിൽ കൂടി സുന്നഹദോസിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി സാക്ഷികൊണ്ടു വന്നതല്ലേ ഇത്?Q Marking is objected stating photostat copies not admissible in evidence of the original is most validly explained (2) the reason for non production is not legal or valid (3) other documents alleged to be in original and purporting to be obtained from Patriarch have been produced in this case (4) unlist the photographer is examined the document cannot be taken to be legally proved (5) the documents on the face of them do not appear to be photostat copy (6) without the whole book form which the

photostat copy is alleged to be portion are objections the documents are marked. ഞാൻ കൊണ്ടുവന്ന ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഇത്. Ext. B 196 Ans. Request കൊടുത്തതാണ് ഇത് Marked Ext 196 (a) subject to objection that witness is not competent to prove it. Ex B 196 (a) ൽ പാത്രിയർക്കീസിന്റെ ഒപ്പും മുദ്രയും ഉണ്ട്. അതിൽ ഒപ്പു വക്കുന്നതും മുദ്ര കുത്തുന്നതും ഞാൻ കണ്ടു. ഫോട്ടോഗ്രാഫറുടെ ഒപ്പും റബർസീലും ഉണ്ട്. അദ്ദേഹം ഒപ്പു വക്കുന്നതും റബർ സീൽ കുത്തുന്നതും ഞാൻ കണ്ടു. Ext. B 196 (a) ൽ Justice Notary ഒപ്പിടുന്നതും ഞാൻ കണ്ടു. പാത്രിയർക്കീസ് ബാവായുടെ ലറ്റർഹെഡിലുള്ള അദ്ദേഹത്തിന്റെ അഫിഡവിറ്റാണ് ഇത് Marking is objected (1) witness not competent to prove it (2) the document is not properly by a competent authority (3) it is not formally stamped (4) does not on the face of it appear to have been legaly attested. The objection is noted and the documents is marked subject to objection Ext . B 196 (i) യുടെ left side top ൽ സുറിയാനിയിൽ ഉള്ള വാക്കുകൾ പരിഭാഷ ചെയ്തു പറയണം? അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കാ ആസ്ഥാനം Ans. Ext B 196 (i) ൽ പാത്രിയർക്കീസ് ഒപ്പിടുന്നതും മുദ്രവക്കുന്നതും ഞാൻ കണ്ടു. നോട്ടറി പബ്ലിക് (Justice notary) ഒപ്പുവക്കുന്നതും മുദ്രവക്കുന്നതും കണ്ടു. ഫോട്ടോഗ്രാഫറുടെ അഫിഡവിറ്റ് ഇതാണോ? same objections as for Ext B 196 (i) raised. The document is marked Ext. B 196 (e) subject to the objection. 196 (e) ൽ ഫോട്ടോഗ്രാഫർ ഒപ്പിടുന്നതും റബർസീൽ വയ്ക്കുന്നതും ഞാൻ കണ്ടു. അതിൽ Justice notary ഒപ്പിടുന്നതും സീൽവക്കുന്നതും കണ്ടു. Ext. B 196 ൽ ഓരോ പേജിലും പാത്രിയർക്കീസ് ബാവയുടെയും ഫോട്ടോഗ്രാഫറുടെയും Justice Notary യുടെയും ഒപ്പുകൾ ഉണ്ട്. അവർ ഓരോ പേജുകളിലും ഒപ്പു വക്കുന്നതും മുദ്രവക്കുന്നതും ഞാൻ കണ്ടു. പിന്നീട് 30-ാം നു ശേഷം സിറിയായിലെ Justice ministry Exterior ministry. ഇവർ എന്തെങ്കിലും ഈ മൂന്ന് പ്രമാണങ്ങളിലും ചെയ്തോ?Q (letter of request Ext. B 196 (a) ചെയ്തു. 31-ാംന് റമ്പാച്ചൻ അവരുടെ അടുക്കൽ കൊണ്ടുപോവുകയും ഒപ്പും മുദ്രയും വയ്പിച്ച് തിരിയെ കൊണ്ടുവരികയും ജൂൺ 1-ാം തീയതി ഇൻഡ്യൻ എംബിസിയിൽ കൊണ്ടുപോയി ഒപ്പും മുദ്രയും വയ്പിക്കുകയും തിരികെ കൊണ്ടു വരികയും ചെയ്തു. ഞാൻ ജൂൺ 1-ാം തീയതി രാത്രി സമാസ്കസിൽ നിന്നും തിരികെ പോന്നു. അപ്പോൾ കൊണ്ടുവന്നതാണ് ഇന്നും തെളിയിച്ച Ext. B 196, 196 (a) (i) രേഖകൾ ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവ സ്ഥാനാരോഹണം ചെയ്ത ഉടൻ മലങ്കയിലേക്ക് ഒരു കൽപന അയച്ചിരുന്നതായി അറിയാമോ?Q അയച്ചിരുന്നു. ആ ഇടക്കുതന്നെ ഞാൻ അതു വായിച്ചിട്ടുണ്ട്. ആ കൽപന ഇതാണോ? അതെ. Marked Ext. B 197 Ans. അതിന്റെ പരിഭാഷയാണ് ഇത് Marked Ext. B 197 (a) ശരിയായ പരിഭാഷയാണ് ഞാൻ Ext. B 197 (a) യും ആ ഇടയ്ക്കു തന്നെ ഞാൻ വായിച്ചിട്ടുണ്ട്. ആ കൽപന മലങ്കരയിലെ എല്ലാ പള്ളികൾക്കും അയച്ചിരുന്നു. Further cross for plaintiff

Ex. B 197 ആരുടെ കൈവശം ഇരുന്നതാണ് എന്നറിഞ്ഞുകൂടാ. എവിടെ സൂക്ഷിച്ചിരുന്നതാണെന്നും അറിഞ്ഞുകൂടാ. ഞാൻ കണ്ടത് കട്ടച്ചിറ പള്ളിയിലേക്ക് അയച്ച മലയാളം തർജ്ജമയും സുറിയാനി original മഞ്ഞനിക്കര വച്ചും കണ്ടിട്ടുണ്ട്. original കണ്ടത് 1957 അവസാനത്തോടു കൂടിയായിരിക്കണം. കൃത്യം തിയതിയും മാസവും ഓർമ്മയില്ല. മഞ്ഞനിക്കരെ ഞാൻ ചെന്നപ്പോൾ original യൂലിയോസ് ബാവ കാണിച്ചു തന്നു. തർജ്ജമ ഒന്നുകൂടി ഒത്തു നോക്കുവാനാണെന്നാണ് ഓർക്കുന്നത്. പള്ളിക്കു കൽപന വരുന്നതിനു മുമ്പോ പിൻപോ അങ്ങനെ കണ്ടത്? മുമ്പാണ്. എത്ര നാൾ മുമ്പ് എന്ന് കൃത്യം ഓർക്കുന്നില്ല Ext. B 197 (a) ശരി തർജ്ജമ എന്നു പറഞ്ഞു കാണുന്ന സീൽ മോർ യൂലിയോസ് ബാവായുടെതാണ്. ആരു തർജ്ജമ ചെയ്താണെന്നോർക്കുന്നില്ല. ബാവയുടെ നിർദ്ദേശപ്രകാരം ആരെങ്കിലും ആയിരിക്കും. പള്ളികൾക്കൊക്കെ അയച്ചു കൊടുത്തു എന്ന് പറഞ്ഞത് കട്ടച്ചിറ പള്ളിക്ക് അയച്ചു കിട്ടിയതുകൊണ്ടും പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണശേഷം ആദ്യത്തെ കൽപന ആയതുകൊണ്ടും എല്ലാ പള്ളികളിലേക്കും അയക്കപ്പെട്ടിരിക്കണം. എവിടെയെല്ലാം കിട്ടിയെന്നറിഞ്ഞുകൂടാ. പള്ളികൾക്കെല്ലാം അയച്ചു എന്നു കാണിക്കാൻ രേഖ വല്ലതുമുണ്ടോ എന്ന് ഞാൻ അന്വേഷിച്ചിട്ടില്ല. കണ്ടിട്ടുമില്ല. Ext. B 197 ൽ ചില ഭാഗങ്ങളിൽ വേറൊരു മഷിയിൽ എഴുത്തുകൾ കാണുന്നില്ലേ? കാണുന്നുണ്ട്. 1. ചില വവ്വൽസ് ഇട്ടിരിക്കുന്നതാണ് 2. കിരീടം ധരിക്കട്ടെ എന്നുള്ളടത്ത് നിങ്ങളുടെ ശിരസ്സുകളെ കിരീടം ധരിപ്പിക്കട്ടെ എന്നതാണ് 3. ബലഹീനനായ യാക്കൂബ് തൃതീയൻ എന്നും കിഴക്കൊക്കെയുടെയും എന്നാണ്. Ans. ഇതെല്ലാം പിന്നീട് എഴുതി ചേർത്തതായി. Ext. B 197 കൊണ്ടു തോന്നുന്നില്ല. കയ്യെഴുത്തിൽ വിട്ടുപോയ ഒരു വാക്കും വവ്വൽസും സാധാരണ എഴുതുന്നതു പോലെ അതോടൊപ്പം തന്നെ എഴുതപ്പെട്ടിട്ടുള്ളതാണ്. Ans. അതെങ്ങനെ അറിയാം? അങ്ങനെയല്ലാതെ വരാൻ നിവൃത്തിയില്ലാത്തതുകൊണ്ടു തന്നെ. എഴുതിയിട്ട് രണ്ടാമത് വായിക്കുമ്പോൾ വവ്വൽസ് ചേർക്കണ്ടത് ചേർക്കും വിട്ടുപോയ വാക്കുകൾ ചേർക്കും. അതിനാൽ അങ്ങനെ എഴുതിയതായിരിക്കാം. Ans. എനിക്കറബിഭാഷ അറിഞ്ഞുകൂടാ. Ext. B. 196 ഭാഗങ്ങൾ അടങ്ങിയ മിനിറ്റ്സ് ബുക്ക് ഫോട്ടോ എടുത്തപ്പോഴാണോ കണ്ടത്? ഫോട്ടോ എടുക്കാനായി പാത്രിയർക്കീസ് ബാവ റമ്പാച്ചനെ കൊണ്ട് എടുപ്പിച്ചു കൊണ്ടു വന്നപ്പോഴാണ് ഞാൻ കണ്ടത്. Ans. അങ്ങനെ എടുപ്പിച്ചുകൊണ്ടുവന്നപ്പോൾ ബാവായും ഫോട്ടോഗ്രാഫറും റമ്പാച്ചനും ഞാനും ഉണ്ടായിരുന്നു. ആ ബുക്ക് ഞാൻ നോക്കിയിട്ടുണ്ട്. എന്ന് മുതൽ എന്നുവരെയുള്ള മിനിട്ട്സ് അതിലുണ്ടെന്ന് ഞാൻ പ്രത്യേകം നോക്കിയില്ല. അറബിയിലായിരുന്നതിനാൽ അതിൽ എന്തൊക്കെ എഴുതിയിരുന്നുവെന്നും എനിക്കറിഞ്ഞുകൂടാ. അതിൽ എത്ര പേജുകളിൽ എഴുതിയിട്ടുണ്ട്? നൂറ് അൻപതോളം പേജുകൾ എഴുതിയിട്ടുണ്ടെന്നാണ് തോന്നുന്നത്. Ans. ആകെയുള്ള ഓർമ്മയാണ് പറഞ്ഞത്. ഊഹമാണോ? ഓർമ്മയാണ്. Ans. ഒരു ബുക്ക് ആണെന്നു പറഞ്ഞാൽ എന്താണ്? പരിശുദ്ധം എന്നാണ്

ഞാൻ മനസ്സിലാക്കുന്നത്. Ans. sacramental എന്ന വാക്കിന്റെ അർത്ഥം എന്താണ്? അക്ഷർാർത്ഥത്തിൽ കൂദാശപരമായ എന്നാണ് എനിക്ക് തോന്നുന്നത്. പരിശുദ്ധമായ എന്നുള്ളതും അതിനുപയോഗിക്കാമെന്ന് എനിക്ക് തോന്നുന്നു. Ans. സുന്നഹദോസ് നിശ്ചയങ്ങൾ എഴുതുന്ന ബുക്ക് പുറത്തു കൊണ്ടു പോകരുതെന്നു സഭാ നിയമം വല്ലതും ഉണ്ടോ? സുന്നഹദോസ് നിശ്ചയങ്ങൾ പരിശുദ്ധാത്മ വെളിച്ചത്തോടു കൂടിയുള്ളവയാണ് അങ്ങനെയുള്ള രേഖകൾ വളരെ ഭക്തിയായിട്ടാണ് സൂക്ഷിക്കപ്പെടുന്നത് ഏതെങ്കിലും തരത്തിൽ അതു നഷ്ടപ്പെടുന്നത് പരിഹരിക്കാനാവാത്ത നഷ്ടവുമാണ്. അതിനാൽ അങ്ങനെയുള്ളവ പുറത്തേക്കയക്കാറില്ല. എന്നുള്ളതല്ലാതെ കാനോൻ നിശ്ചയം ഉള്ളതായി അറിയില്ല. സഭാ നിശ്ചയം കണ്ടേക്കാം. എന്റെ ദൃഷ്ടിയിൽ വന്നിട്ടില്ല. Ans. പരുശുദ്ധാത്മ നിശ്വാസത്തോടുകൂടിയുള്ള പുസ്തകങ്ങൾ ഒന്നും ഒരു സ്ഥലത്തു നിന്നും വേറൊരു സ്ഥലത്തേക്ക് കൊണ്ടു പോകാൻ പാടില്ലെന്നാണോ? എന്നല്ല ബോധിപ്പിച്ചത്. പരിശുദ്ധാത്മ നിശ്വാസമുള്ളതുകൊണ്ട് അത് പരിശുദ്ധമാണെന്നും വല്ല വിധത്തിലും അതു നഷ്ടപ്പെട്ടു പോയാൽ അത് തീരാനഷ്ടമായിരിക്കും എന്നു മാത്രമാണ് ബോധിപ്പിച്ചത്. Ans. question repeated വേദപുസ്തകം ആദിയോടന്തം പരിശുദ്ധവിശ്വാസത്താൽ എഴുതപ്പെട്ടതാണെങ്കിലും അതുമൂലം മനുഷ്യരക്ഷ വരുവാൻ വേണ്ട അത് എത്രമാത്രം വേണമെങ്കിൽ കൊണ്ടുപോകയൊ പ്രചരിപ്പിക്കുകയൊ ചെയ്യാം. അതുപോലെയുള്ള രേഖയല്ല Ext. b 196 ന്റെ Original Ans. question repeated മറ്റു പുസ്തകങ്ങൾ കൊണ്ടുപോകാൻ പാടില്ല. Ans. അതിന് അടിസ്ഥാനം ഉണ്ടോ? നിശ്ചയം ഇല്ല. Ans. സിനഡ് നിശ്ചയങ്ങൾക്കൊ പരിശുദ്ധാത്മാ നിശ്വാസം അതൊ അതെഴുതുന്ന ബുക്കിനോ? നിശ്ചയങ്ങൾക്കാണ്. തന്മൂലം ബുക്കിന് മുമ്പ് എങ്ങനെ എന്നാൽ കർത്താവിന്റെ ശരീരരക്തങ്ങളാകുന്ന കുർബാനയ്ക്കാണ് മാഹാത്മ്യം. അതു വച്ചിരിക്കുന്ന കാസായ്ക്കും പിലാസായ്ക്കും അതു മൂലമുള്ള പരിശുദ്ധത ഉണ്ട്. Ans. പരിശുദ്ധാത്മ നിശ്വാസത്തോടുകൂടി ഒരാൾ പുസ്തകം എഴുതിയാൽ ആ പുസ്തകത്തിൽ പരിശുദ്ധാത്മനിശ്വാസം ഉണ്ടെന്നു ധരിക്കാമോ?Q ഒരാൾ എഴുതിയാൽ ആകയില്ല. സഭയുടെ പിതാക്കന്മാർ സഭയുടെ കാര്യങ്ങൾ പരിശുദ്ധത്മാവാസത്തോടുകൂടി എഴുതുന്നതിന് പ്രത്യേകതയുണ്ട്. അതിനും പുറമെ പരിശുദ്ധാത്മനിശ്വാസമുള്ള ഒരാൾ എന്നു ഇപ്പോൾ സഭയിൽ പറയാനും നിവൃത്തിയില്ല. ആ ആൾക്ക് പരിശുദ്ധാത്മനിശ്വാസമുണ്ടെന്നു സഭ പറയുന്നു എങ്കിൽ തദനുസരണമായ പരിശുദ്ധാത്മാവാസം അതിലും ഉണ്ട്. Ans. പുസ്തകത്തിൽ ഉണ്ടോ? പരിശുദ്ധമാണെന്നേയുള്ളു. Ans. Stopped for lunch witness sworn again after lunch and cross examination continued ബുക്കിൽ പരിശുദ്ധാത്മാവാസം ഇല്ല പരിശുദ്ധതയാണ് ഉള്ളത് എന്നു പറഞ്ഞല്ലോ?Q പരിശുദ്ധതയാണ് ഉള്ളത് എന്നു പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?സാധാരണ വസ്തുക്കൾ എടുത്തു പെരുമാറുന്നതുപോലെ എടുത്തു പെരുമാറാവുന്നതല്ല എന്നാണ് അതുകൊണ്ടുദ്ദേശിച്ചത്. Ans. ഭദ്രമായി സൂക്ഷിക്കേണ്ടത് എന്നാണോ?

അതു മാത്രമല്ല. ഒരു പരിശുദ്ധ വസ്തുവിന് അനുയോജ്യമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടണമെന്നുള്ളതാണോ?Q Ans. പരിശുദ്ധ വസ്തുവിനുള്ള പ്രത്യേകത എന്നാണ് അത് ഓരോന്നും കൈകാര്യം ചെയ്യുന്നവരുടെ മനസ്സാക്ഷിയെ ആശ്രയിച്ചിരിക്കും. അതിൽ കൂടുതലായി പറയാൻ ഒന്നുമില്ല. Ans. ഈ പുസ്തകം എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്? മദ്ബഹായുടെ കിഴക്കുവശത്ത് പരിശുദ്ധ മൂറോനും മറ്റും സൂക്ഷിച്ചിരിക്കുന്നതിന്റെ അടുത്തുള്ള ഒരലമാരിയിൽ നിന്നാണ് എടുക്കുന്നതു കണ്ടത്. Ans.ആ അലമാരി പാത്രിയർക്കീസ് ബാവായുടെ പൂട്ടിലാണ് സൂക്ഷിപ്പ്. അസ്സൽ ബുക്കിലുണ്ടെന്ന് പറയുന്ന മിനിട്ട്സ് ആരെപ്പോൾ എഴുതിയെന്ന് നേരിട്ടറിയാമോ? എനിക്ക് നേരിട്ടറിഞ്ഞുകൂടാ. Ans. ഫോട്ടോ എടുത്തതായി പറയുന്ന ഫോട്ടോഗ്രാഫറെ നേരിട്ട് പരിചയം ഉണ്ടോ?Q അവിടെ വച്ച് കണ്ടുള്ള പരിചയമേയുള്ളു. Ans. അയാൾക്ക് അയാളുടെ ജോലി സംബന്ധമായ qualification നെയൊ പരിചയത്തെയൊ Skill നെയൊ സംബന്ധിച്ച് നേരിട്ട് അറിവുണ്ടോ? അയാളുടെ ലെറ്റർ പേപ്പറിൽ അറബിയിൽ കുറെ ഏറെ കാര്യങ്ങൾ കണ്ടപ്പോൾ അതെന്താണ് എന്ന് റമ്പാച്ചനോടു ചോദിച്ചപ്പോൾ ഫോട്ടോഗ്രാഫിയിൽ ഉള്ള അദ്ദേഹത്തിന്റെ ദീർഘപരിചയം മുതലായവയാണെന്നു പറഞ്ഞു. എനിക്ക് അതല്ലാതെ നേരിട്ട് അറിഞ്ഞുകൂടാ. Ans. സ്റ്റുഡിയോ ഉണ്ടെന്നു പറഞ്ഞു, ഞാൻ കണ്ടിട്ടില്ല. അത് പാത്രിയാർക്കാ അരമനയുടെ അടുത്തല്ല. റമ്പാച്ചൻ കാറിൽ പോയാണ് കൊണ്ടു വന്നത് എന്നല്ലാതെ എത്ര ദൂരം വരുമെന്നറിഞ്ഞു കൂടാ. അരമനയിലെ ആവശ്യങ്ങൾക്ക് വിളിക്കാറുള്ള ഫോട്ടോഗ്രാഫർ ആണോ? അല്ലെന്നാണ് തോന്നുന്നത്. കാരണം ഞങ്ങളുടെ പല ഫോട്ടോകളും എടുത്തത് വേറെ ആളായിരുന്നു. Ans. റമ്പാച്ചനും ഫോട്ടോഗ്രാഫറുമായ നേരത്തെ പരിചയത്തിലും സ്നേഹത്തിനും ആണോ? ആയിരിക്കാം. Ans. പാത്രിയർക്കാ അരമനക്ക് മാനജർ ഉണ്ടോ? പേട്രിയാർക്കൽ വിക്കാർ എന്നൊരു മെത്രാപ്പോലീത്ത ഉണ്ട്. ഞാൻ ചെന്ന അവസരത്തിൽ അദ്ദേഹം അമേരിക്കയിൽ പോയിരിക്കയായിരുന്നു. മാനേജർ എന്ന പേരിൽ ആരെയും ഞാൻ കണ്ടില്ല. Ans. പാത്രിയർക്കാ അരമനയുടെ മാനേജ്മെന്റ് ആർക്കാണ്? ആ മെത്രാപ്പോലീത്തായ്ക്കോ? അദ്ദേഹം ഇല്ലാത്തപ്പോൾ സെക്രട്ടറി റമ്പാച്ചനെ ആയിരിക്കാമെന്നാണ് തോന്നുന്നത്. എനിക്കു നിശ്ചയമില്ല. ഞാൻ ചോദിച്ചില്ല. Ans. എന്തൊക്കെ ഉപകരണങ്ങൾ ഫോട്ടോ എടുക്കാൻ കൊണ്ടുവന്നു? ഓരോന്നിന്റെയും പേരറിഞ്ഞുകൂടാ ഞാൻ കണ്ടത് ഏകദേശം ഒരൊന്നര മുഴം നീളവും ഒരു മുഴം വീതിയും ഒന്നര ചാൺ ഉയരവും ഉള്ളതും മുകൾ ഭാഗത്ത് (ലെൻസാണോ മറ്റോ) എന്താണെന്നറിയില്ല ഉള്ളതും അത് പ്ലഗ് ചെയ്യുമ്പോൾ ആ ലെൻസിന്റെ അടിയിൽ പ്രകാശം വരുന്നതും ആയ ഒന്നാണ്. അതിന്റെ മുകളിൽ ഫോട്ടോസ്റ്റാറ്റ് എടുക്കേണ്ടതായ പേജ് വെക്കുകയും എന്തോ ചെയ്യുകയും (പ്രോസസ് അറിഞ്ഞു കൂടാ) ചെയ്യുമ്പോൾ ഫോട്ടോസ്റ്റാറ്റ് കോപ്പി പുറത്തു വരുന്നതുമാണ് ഞാൻ കണ്ടത്. സാങ്കേതികമായ കാര്യങ്ങൾ ഇതിനെപ്പറ്റി

എനിക്കറിഞ്ഞുകൂടാ. Ans. ഫോട്ടോ എടുക്കുന്നതിനു വല്ല നെഗറ്റീവും എടുത്തോ? ഇല്ല ഞാൻ കണ്ടത് പേജ് മുകളിൽ വച്ചു കഴിഞ്ഞാൽ ഉടനെ ഫോട്ടോസ്റ്റാറ്റ് പുറത്തു വരുന്നതാണ്. നെഗറ്റീവ് ഇല്ലെന്നാണ് എന്റെ ബോദ്ധ്യം Ans. നെഗറ്റീവ് ഉണ്ടൊ ഇല്ലയൊ എന്നറിഞ്ഞുകൂടാ. ഞാൻ അതേപ്പറ്റി അന്വേഷിച്ചിട്ടുമില്ല. ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിനുവേണ്ടി അയാളുടെ സ്റ്റുഡി യോയിൽ വച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?Q Ans. നടത്തേണ്ട ആവശ്യ മില്ല. ഇവിടെ വന്നു പ്ലഗ് കുത്തുന്നതു മാത്രമെ കണ്ടുള്ളൂ. നേരത്തെ അതിൽ ഒന്നും മൗണ്ട് ചെയ്യേണ്ടതില്ലെന്നും മനസ്സിലാക്കി. ക്യാമറായിലെ മാതിരിയന്ത്ര ത്തിൽ യാതൊന്നും മൗണ്ട് ചെയ്യേണ്ടതില്ലെന്നു മനസ്സിലായി. Justice Notary എന്നാൽ എന്തു ഔദ്യോഗിക സ്ഥാനമാണ്. ചുമതലകൾ എന്താണ് അധി കാരങ്ങൾ എന്താണ് എന്നൊക്കെ അറിയാമോ? ഇങ്ങനെയുള്ള രേഖകൾ അറ്റസ്റ്റ് ചെയ്യുക അദ്ദേഹത്തിന്റെ അധികാരമാണെന്ന് മനസ്സിലാക്കി. ആ ഉദ്യോഗസ്ഥൻ അതിനുള്ള ആളാണെന്ന് റമ്പാച്ചൻ പറഞ്ഞറിഞ്ഞതുകൊണ്ടും അദ്ദേഹം അദ്ദേഹത്തിന്റെ ഒഫിഷ്യൽ മുദ്രയും മറ്റുമായി വന്നതുകൊണ്ട് മറ്റ് മിനിസ്ട്രികളിലും മറ്റും പോയപ്പോൾ അതിനെ കുറിച്ചാരും ഒന്നും പറയാതെ അവരുടെയും മുദ്രവച്ചു കൊടുത്തതിൽ നിന്നും അദ്ദേഹം ഈ അധികാര മുള്ള ആളാണെന്നു മനസ്സിലായി. Ans. ഔദ്യോഗികസ്ഥാന പേര് ഇന്നതാ ണെന്നല്ലാതെ ഉദ്യോഗത്തിന്റെ ചുമതലകളൊ മറ്റൊ ഞാൻ ചോദിക്കുകയൊ മനസ്സിലാക്കുകയൊ ഉണ്ടായില്ല. Justice Ministry, Exterior Ministry , Indian Embssy ഇവിടങ്ങളിൽ റമ്പാച്ചന്റെ കൂടെ ഞാൻ പോയില്ല. Justice Notary വന്നിട്ട് സാക്ഷി മുമ്പു പറഞ്ഞ കാര്യങ്ങൾ അല്ലാതെ വല്ലതും ചെയ്തോ? ഞാൻ മുമ്പു പറഞ്ഞ കാര്യങ്ങളെ ചെയ്തുള്ളു എന്നാണ് എന്റെ ഓർമ്മ. Ans. സാക്ഷി ഇതെല്ലാം കാണാൻ പ്രത്യേക കാരണം വല്ലതും ഉണ്ടോ? ഈ സുപ്രധാന രേഖ ഞാൻ കൊണ്ടുപോരുമ്പോൾ അതെക്കുറിച്ചുള്ള വിവരങ്ങൾ അറിഞ്ഞിരിക്കണം എന്നു വിചാരിച്ച് ഞാൻ അതിൽ ശ്രദ്ധ ചെലുത്തി കാര്യ ങ്ങൾ മനസ്സിലാക്കിയതാണ്. Ans. പാത്രിയർക്കീസ് ബാവായുടെ സത്യവാ ങ്മൂലം എന്നാണ് അദ്ദേഹം ഒപ്പിട്ടത്. മുപ്പതാം തീയതി Justice Notary യുടെ മുമ്പിൽ വച്ചാണ്. ഫോട്ടോഗ്രാഫറും അന്നുതന്നെയാണ് ഒപ്പിട്ടത്. സത്യവാങ് മൂലങ്ങൾ ഒപ്പിടുമ്പോൾ മുമ്പു ബോധിപ്പിച്ചപോലെ ഒപ്പിടുന്നവരും Justice Notary യും റമ്പാച്ചനും ഞാനും ഉണ്ടായിരുന്നു. സത്യവാങ് മൂലങ്ങൾ അറബി ഭാഷയിലാണ്. അവിടെ ഫോട്ടോ എടുക്കുക മുതലായ സമയത്തു നടന്ന സംഭാഷണങ്ങൾ അറബിയിലായിരുന്നോ? എനിക്കും കൂടി കാര്യങ്ങൾ മന സ്സിലാക്കത്തക്കവണ്ണം ഇംഗ്ലീഷിലാണ് മിക്കവാറും സംസാരിച്ചിരുന്നത്. Ans. അവിടെ ഉണ്ടായിരുന്നവർ എല്ലാവർക്കും ഇംഗ്ലീഷ് സംസാരിക്കുവാനും വായി ക്കുവാനും അറിയാവുന്നവരായിരുന്നു. 30 നു എത്ര മണി മുതൽ എത്ര മണി വരെ സമയം എടുത്തു ഈ സംഗതികൾ ചെയ്തു തീർക്കാൻ? വൈകുന്നേരം 5 മണി കഴിഞ്ഞാണ് വന്നത്. ഒരു മണിക്കൂറിൽ കൂടുതൽ സമയം എടുത്തു

എന്നാണ് ഓർമ്മ. Ans. Ext B 196.196 (a) (b) ഈ പ്രമാണങ്ങൾ നോക്കി ഇന്നിന്ന ഒപ്പ് ഇന്നാരുടെ ആണെന്നു പറയാൻ എനിക്കു സാധിക്കും. ഒപ്പുകൾ ഇട്ടിരിക്കുന്നതും പേരുകൾ എഴുതിയിരിക്കുന്നതും അറബിയിലാണ്. ഓരോ രുത്തരുടെയും ഒപ്പു കണ്ടതുകൊണ്ട് ഇന്നാരുടെയാണെന്ന് എനിക്കു പറയാൻ കഴിയും. ഒപ്പിടുന്നതെല്ലാം ഞാൻ കണ്ടതാണ്. Ex B 196 (a) യുടെ മുകളിൽ വലത്തെ സൈസിൽ കാണുന്ന ഒപ്പും മുദ്രയും ഫോട്ടോഗ്രാഫറുടെയാണ്. ഇടത്തെ സൈഡിൽ താഴെ കാണുന്നത് Justice Notary യുടെതാണ്. മറ്റുള്ളത് ഓഫീസുകളിലെയാണ്. ഇവരുടെ അല്ല. Ex b 196 (b) ൽ വലത്തെ സൈഡിൽ മുകളിൽ കാണുന്നത് Justice Notary യുടെതാണ്. ബാക്കിയുള്ളത് ആരുടെയാണ്. പാത്രിയർക്കീസ് ബാവയുടെ ഒപ്പും മുദ്രയും ഉണ്ട്. മറ്റുള്ളത് മുൻപു പറഞ്ഞതുപോലെയുള്ളവയാണ്. Ans. Justice Notary എന്ന ആളിനെ സാക്ഷിക്കു നേരിട്ടറിയില്ലേ? അവിടെ വച്ചു കണ്ട അറിവേയുള്ളൂ. ഇന്നാരാണെന്ന് അവിടെ പറഞ്ഞു, അതനുസരിച്ച് അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. Ans. Ex B 196 ൽ Ext മാർക്ക് ചെയ്തിരിക്കുന്ന പേജിൽ മുകളിൽ കാണുന്ന സീലുകൾ ഒക്കെ ആരുടെയാണ്? സ്റ്റാമ്പ് റദ്ദു ചെയ്തുകൊണ്ടുള്ള ഓഫീസ് മുദ്രകളാണ്. ഏതാഫീസിന്റെ എന്നറിയില്ല Ans. Ext. B 196, 196 (a), 196 (b) പ്രമാണങ്ങളിൽ Justice Notary ഏതെങ്കിലും സ്റ്റാമ്പുകൾ ഒട്ടിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഏതെങ്കിലും പ്രമാണങ്ങളിലെ സ്റ്റാമ്പുകളിൽ Justice Notary യുടെ സീലൊ ഒപ്പൊ ഉണ്ടോ? എനിക്കത് ശരിക്കറിഞ്ഞുകൂടാ. Ans.ഏതെങ്കിലും സ്റ്റാമ്പിൽ Justice Notary യുടെ സീലൊ ഒപ്പോ ഉണ്ടോ? അത് ശരിക്കു മനസ്സിലാകുന്നില്ല. എല്ലാ പേജിലും കാണത്തക്കവണ്ണവും അദ്ദേഹം വച്ചതുമായതും ഞാൻ കണ്ടതും ഞാൻ ചൂണ്ടി കാണിച്ചു. Ans. ഇന്നിന്ന സ്റ്റാമ്പുകൾ ഇന്ന ഇന്ന ആളുകൾ പതിച്ചെന്നോ ഇന്നു ആളുകൾ അതിൽ മുദ്ര വച്ചു എന്നോ എപ്പോൾ പതിച്ചു എന്നോ അറിഞ്ഞുകൂടാ. സ്റ്റാമ്പുകൾ എന്തെങ്കിലും ഒട്ടിക്കുന്നതു ഞാൻ കണ്ടില്ല. പാത്രിയർക്കീസിന് heart attack ഉണ്ടായത് എന്നാണ്? ഞാൻ ചെല്ലുന്നതിനു മൂന്നു നാലു മാസം മുമ്പായിരുന്നു. Ans. അതെങ്ങനെ മനസ്സിലായി? ഇവിടെ വച്ചു തന്നെ തിരുമേനിമാരിൽ നിന്നും മനസ്സിലായതാണ്. Ans. മിനിട്ട്സ് കൊണ്ടുവരുന്നതു സംബന്ധിച്ചു ഞാൻ പാത്രിയർക്കീസുമായി സംസാരിക്കുമ്പോൾ വേറെ ആരും ഇല്ലായിരുന്നു. മിനിട്ട്സ് ബുക്ക് മുഴുവനും അറബി ഭാഷയിലാണ് എഴുതിയിട്ടുള്ളത്. ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിന് ഫിറ്റു ചെയ്തു കഴിഞ്ഞ ശേഷം ഏറിയാൽ രണ്ടോ മൂന്നോ മിനിട്ടെ എടുത്തുള്ളു. എത്ര പേജുകളുടെ ഫോട്ടോസ്റ്റാറ്റ് എടുത്തു? ഏഴു പേജുകൾ എന്നാണ് എന്റെ ഓർമ്മ. Ans. മിനിട്ട്സ് ബുക്ക് കുത്തികെട്ടി ബയന്റ് ചെയ്തു ശരിയായി സൂക്ഷിക്കുന്നതാണ്. Justice നോട്ടറി അരമനയിലേക്ക് വരുന്നതിനു വല്ല അപേക്ഷയും കൊടുത്തോ എന്നറിയാമോ?Q രേഖാമൂലമുള്ള അപേക്ഷ ഉണ്ടായിരുന്നോ എന്നറിയില്ല. Ans. അദ്ദേഹം വന്നശേഷമാണ് അപേക്ഷ Formal ആയി വേണമെന്ന് മനസ്സി

ലായത്. തിരുത്തലുകളെപ്പറ്റി ഞാൻ ചോദിച്ചു. അതു ചോദിക്കാൻ കാരണം എന്താണ്? തിരുത്തുന്നതു കണ്ടതുകൊണ്ട്. Ans. Justice Notary ഓഫീസുണ്ട്. ഡമാസ്കസിൽ ഇവിടുത്തെ സെക്രട്ടറിയേറ്റ് പോലുള്ള കെട്ടിടത്തിലാണ് ഓഫീസ്. അതു ഞാൻ കണ്ടിട്ടുണ്ട്. പാത്രിയർക്കാ അരമനയിൽ നിന്നും 2-3 മൈൽ അകലം വരും. കാറിലാണ് പോയത്. അദ്ദേഹത്തിന് ഓഫീസ് ടൈമുണ്ട്. 10 മുതൽ 4 വരെയാണെന്നാണ് ഓർക്കുന്നത്. ഒഫിഷ്യൽ സീൽ അദ്ദേഹം ഓഫീസിലാണോ സൂക്ഷിക്കുന്നത്?Q ആയിരിക്കാം. എന്നാൽ അരമനയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ പോക്കറ്റിൽ നിന്നും സീലെടുക്കുന്നതും മുദ്ര കുത്തിതന്നതും ഞാൻ കണ്ടു. Ans. അദ്ദേഹത്തിന്റെ ഓഫീസിൽ അരമനയിൽ വന്നു Attest ചെയ്തതിന് ഓഫീസിൽ റക്കോഡ് ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ഫോട്ടോഗ്രാഫർ വരുമ്പോൾ മിനിട്ട്സ് ബുക്ക് അലമാരിയിലായിരുന്നു. അത് റമ്പാച്ചൻ എടുത്തുകൊണ്ടു ബാവായും റമ്പാച്ചനും കൂടിയാണ് ഫോട്ടോ ഗ്രാഫറുടെ കയ്യിൽ കൊടുക്കുകയും ഫോട്ടോഗ്രാഫർ ഫോട്ടോസ്റ്റാറ്റ് എടുക്കുകയും ചെയ്തു. അത്രയും കഴിഞ്ഞശേഷം അഫിഡവിറ്റ് ബാവയുടെയും ഫോട്ടോഗ്രാഫറുടെയും ഡ്രാഫ്റ്റ് ചെയ്യുകയും റമ്പാച്ചൻ ടൈപ്പു ചെയ്യുകയും ചെയ്തു. ഇതിന് മുമ്പു ഈ രേഖയുടെ ഫോട്ടോസ്റ്റാറ്റ് എടുത്തിട്ടുണ്ടോ? ഇല്ലെന്നാണ് എന്റെ അറിവ്. Ans. ഫോട്ടോസ്റ്റാറ്റ് എടുക്കുമ്പോൾ അതിന്റെ തർജ്ജമ യാതൊന്നും ഇല്ലായിരുന്നു. തർജ്ജമ പാത്രിയർക്കീസരമനയിൽ ഇല്ലായിരുന്നു. ഫോട്ടോസ്റ്റാറ്റ് എടുത്തശേഷം ആണോ തർജ്ജമ ചെയ്തത്?Q അവിടെ വച്ചു തർജ്ജമ ചെയ്തില്ല. ഞാൻ ഇവിടെ കൊണ്ടു വന്നശേഷമാണ് തർജ്ജമ ചെയ്യിച്ചത്. Ans. cross by plfs in O.S 12/77 ഈ കേസിലെ വിസ്താരം തുടങ്ങി എത്ര ദിവസം കഴിഞ്ഞാണ് പോയത്?Q മാർച്ചിൽ വിസ്താരം തുടങ്ങി. ഏപ്രിൽ പകുതി കഴിഞ്ഞ് ഞാൻ ഡമസ്കാസിലേക്കു പോയി എന്നാണ് ഓർമ്മ. Ans. ഈ കേസിലേക്ക് ഇങ്ങനെ ഒരു രേഖ വേണ്ടിവരുമെന്ന് പോകുന്നതിനു മുമ്പറിയാമായിരുന്നോ?Q ഇങ്ങനെയുള്ള ഒരു രേഖയെക്കുറിച്ച് എന്നോ എല്ലാം ഇവിടെ പറയുന്നത് കേട്ടിട്ടുണ്ട്. Ans. പോകുന്ന സമയത്ത് ഇങ്ങനെ ഒരു രേഖ എടുക്കേണ്ടി വരുമെന്ന് എനിക്കറിയാൻ പാടില്ലായിരുന്നു. ഞാനും പാത്രിയർക്കീസുമായി നേരത്തെ പലപ്പോഴും എഴുത്തു കുത്തുകൾ ഉണ്ടായിട്ടുണ്ട്. ഏറ്റവും ഒടുവിൽ പാത്രിയർക്കീസിൽനിന്നും എഴുത്തു എന്നു കിട്ടി? എനിക്ക് മലങ്കര മർപ്പാൻ സ്ഥാനം തന്ന് 1978 മെയ് അവസാനം തന്നിട്ടുള്ളതാണ്. Ans. ആ കൽപന എന്റെ പക്കൽ ഉണ്ട്. ഞാനും പാത്രിയർക്കീസുമായുള്ള എഴുത്തുകളിൽ മലങ്കരയിലെ കേസുകളെപ്പറ്റി ഇങ്ങോട്ടും അങ്ങോട്ടും ഒരക്ഷരവും എഴുതിയിട്ടില്ല. ഞാൻ ചെന്ന ശേഷം പാത്രിയർക്കീസ് ബാവാക്ക് ഇവിടെ കേസിൽ എന്നെ വിസ്തരിക്കുകയാണെന്നറിയാമായി.

No Further cross for any other.

Futher Re.

Ex B 196 (a) ൽ മുകളിൽ ഇടത്തു ഭാഗത്ത് കാണുന്ന സീലും ഒപ്പും ആരുടെയാണ്? Objected on not arising is reallowed and it is answer given in cross പാത്രിയർക്കീസ് ബാവായുടെതാണ്

Ans. മൊഴി വായിച്ചു കേട്ടു ശരി

കുര്യൻ കോർഎപ്പിസ്കോപ്പാ (ഒപ്പ്) 23/10/1978

First Add. District and Sessions Court Ernakulam.

Taken down by me in open court read over to the witness and admitted by him to be correct.

Sd/-

Judge.

(True copy)

## Plaintiff's Exhibits

| | | | |
|---|---|---|---|
| Al. of 1967 | | Printed copy of the Constitution as amended and approved by the Managing Committee and referred to in the Kalpana No. 156/67 of the Catholicos. | |
| A2. of 1934 | | Printed copy of the Constitution of the Malankara Orthodox Syrian Church. | |
| A3. of 15-12-1934 | | Issue of *Malayala Manorama* containing Notice of Catholicos of the east. | |
| A4of 12/1934 | | Copy of Circular Kalpana of Catholicos No. 16/34 10 | |
| A5. From 113 M.E. | | Minutes Book pertaining to the Meeting of the Managing Committee. | |
| A5 (a) | do | Page Nos. 67 to 76 of | do |
| A5 (b) | do | Page Nos. 67 to 76 of | do |
| A5 (c) | do | Page Nos. 76 to 82 of | do |
| A5(d) | do | Page No. 70 of | do |
| A5 (e) | do | Page No. 84 of | do |
| A5 (f) | do | Page Nos. 98 to 101 of | do |
| A5 (g) | do | Page No. 100 of | do |
| A5 (h) | do | Page Nos.108 to 111 of | do |
| A5 (j) | | do | Page No. 110 of do |
| A5 (k) | do | Page No.111 to 116 of | do |
| A5 (l) | | do | Page Nos. 115 & 116 of do |
| A5(m) | do | Page Nos. 206 to 213 of | do |
| A5 (n) | do | Page No. 210 of | do |
| A5 (o) | do | PageNo. 188 of | do |
| A5 (p) | do | Page No. 191 to 195 of do | do |
| A5 (q) | do | Page No. 194 & 195 of | do |
| A5 (r) | do | Page No. 196 to 203 of | do |
| A5 (s) | do | Page No. 203 to 206 of | do |
| A5 (t) | do | Page No. 211 of | do |
| A6 of 1951 | | Circular Kalpana of Catholicos ofthe East and (1126 Meenam 9) Malankara Metropolitan No. 733 | |
| A7. 17-5-1951 | | Minutes Book of the Meeting of the Malankara Association | |
| A7 (a) | do | Page No. 5 of | do |
| A7 (b) | do | Page Nos.8 and 9 of do | |
| A8 of 1951 | | Printed copy of the Constitution with the Amendments proposed by Managing Committee. | |

| | | | |
|---|---|---|---|
| A9 of 1954 | | Printed copy of the Constitution passed in the Association held on 17-5-1951 and approved by Synod. on 28-3-1954 | |
| A10 19-10-60 to | | Minutes book of the Meetings of Managing Committee. 27-12-1965 | |
| A10 (a) | do | Page Nos. 3 to 8 of | do |
| A10 (b) | do | Page No. 9 to 14 of | do |
| A10 (c) | do | Page Nos. 12 to 14 of | do |
| A10 (d) | do | Page No. 20 of | do |
| A10 (e) | do | Page No. 21 of | do |
| A10 (f) | do | Page No. 31 of | do |
| A 10 (g) | do | Page Nos. 30 to 44 of | do |
| A10 (h) | do | Page No. 42 of | do |
| A10 (j) | do | Page Nos. 47 to 56 of | do |
| A 10 (m) | do | Page Nos. 49 & 50 of | do |
| A10 (n) | do | Page Nos. 67 & 68 of | do |
| A10 (n) | do | Page Nos. 71 to 76 of | do |
| A10 (o) | do | Page Nos. 75 of | do |
| A10 (p) | do | Page Nos. 78 & 70 of | do |
| A10 (q) | do | Page Nos. 82 to 88 of | do |
| A10 (r) | do | Page No. 84 to 86 of | do |
| A10 (s) | do | Page Nos. 88 to 96 of | do |
| A10 (t) | do | Page Nos. 99 to 102 of | do |
| A11 | 24-3-66 to | Minutes Book of the Meeting of the Managing Committee. | |
| A11 (a) | do | Page Nos. 1to 7 of | do |
| A11 (b) | do | Page Nos. 5 of | do |
| A11 (c) | do | Page Nos. 23 to 31 of | do |
| A11 (d) | do | Page No. 30 of | do |
| A11 (e) | do | Page Nos. 55 to 64 of | do |
| A11 (f) | do | Page No. 60 of | do |
| A11 (g) | do | Page Nos. 172 to 174 | |
| A12 26-6-1967 | | Circular Kalpana No. 156/67 | |
| A13 | | Kanni 2nd Kalpana of Adbul Missiah Patriarch of Antioch 1912 issued to the Malankara Church from Niranam Church | |
| A13 (a) | do | Malayala Translation of | do |
| A14 Kubham | 8 | Kalpana from Parumala Seminary 1913 | |
| A14 (a) | | do Malayalam Trasalation of do | |
| A15 of 1938 | | Copy of plaint in O.S. 111/113 M.E. of the Kottayam District Court. | |

| | |
|---|---|
| A16 18-1-1943 | Certified copy of the trial court judgement in O.S.111/1113 of the Kottayam District Court (6 Volumes) |
| A17 of 1952 | Record of proceedings submitted before the Supreme Court of India (book). |
| A18 12-9-1958 | Certified copy of the judgment of the Supreme Court of India in Civil Appeal No. 267 of 1958. |
| A19 9-12-1958 | Kalpana from Patriarch Yacob III to the Metropolitan and others under him. |
| A 19 (a) | do Malayalam Trasalation of do |
| A20 16-12-1958 | Copy of Kalpana of Catholicos of the East to Metropolitan and others under him. |
| A 21 17-12-1958 | Issue of *Malayala Manorama* (in 8 pages) containing the report of mutual acceptance of Catholicos of the East and Patriarch of Antioch. |
| A22 do | Issue of *Kerala Bhushanam* (4 pages) containing the report regarding the mutual acceptance of Catholicos and Patriarch. |
| A32 8-4-1959 | True translation of Kalpana No: 118 of Patriarh of |
| A24 8-6-1959 | Reply issued by Catholicos of the East to Item No. 17 (A23) |
| A 25 16-7-1960 | Copy of letter from Patriarch of Antioch to the Catholicos of the East. |
| A 26 13-8-1960 | Reply from Catholics of the East No. 70/60 to item No. 19 (A25) |
| A27 8-11-1960 | Letter No. 73/1960 by Catholicos of the East to Patriarch |
| A28 4-4-196 | Letter No. 20/61 Catholicos of the East to Patriarch of Antioch. |
| A29 6-6-1961 | Do No. 26/61 to do (copy) |
| A30 16-6-1961 | Translation of a letter in Syriac from Patriarch to Catholicos of the East. |
| A31 27-10-1961 | Letter from Patriarch to the Catholicos of the East |
| A31 (a) | 27-10-1961 Translation of do (A31) |
| A32 18-1-1962 | Copy of letter from Catholicos of the East to the Patriarch Yacob III |

| | |
|---|---|
| A33 26-6-1962 | Copy of letter No. 167/62 from Catholicos of the East to the Patriarch of Antioch Yacob III |
| A34 21-8-1962 | No.22 of 1962 letter from Patriarch of Antioch to Catholicos of the East. |
| A34 (a) do | True Malayalam Translation of A34 |
| A35 13-1-11964 | Copy of letter of invitation from the Episcopal synod of the Malankara Church to the Patriarch of Antioch. |
| A36 12-1-1959 | Memorandum submitted by thirty-six members including defendants 13 and 14. |
| A37 22-12-1958 | Letter from Poulose Mor Philexinos to Baselios Gheevarghese II |
| A38 25-2-1959 | Copy of Circular Kalpana No. 31/1959 issued by Catholicos of the East. |
| A39 2-6-1959 | Circular Kalpana issued by Poulose Mor Severios Metropolicos of the East. |
| A39 2-6-1959 | Circular Kalpana issued by Poulose Mor Severios Metropolitian of Cochin Diocese No. 39 |
| A 40 25-3-1960 | do No. 47 |
| A41 29-4-1964 | Circular Kalpana issued by Mor Ivanios, Mor Gregorios, Mor Daniel Philexinos |
| A42 of 1951 | Record Certificates of posting of the notices regarding meeting of Malankara Syrian Christian Association 17- 5-1951 (book) |
| A43 26-12-1958 to | Book containing minutes of the meeting of the Malankara Syrian Christian Association |
| A43(a) do | Page Nos. 3 & 4 of do |
| A43 (b) do | Page Nos, 5 to 11 of do |
| A43 (c) do | Page Nos. 12 & 13 of do |
| A 43 (d) d | Page No. 6 of do |
| A44 28-12-1958 | Issue of *Kerala Bhushanam* giving photograph of the Metropolitans of the Malankara Church. |
| A45 24-8-1959 | Notice Kalpana No. 101/59 convening meeting of Association to be held on 16-9-1959 |
| A46 of 1959 | Record of certificate of posting for meeting of 1959 in 3 books |

| | | |
|---|---|---|
| A46 (a) | do do | do |
| A46 (b) | do do | do |
| A47 of | 1959 | Record of Authorisation of Delegates from Parish Churches of Malankara Church for the Association Meeting of 1959. |
| A47 (a) | do do | do |
| A47 (b) | do do | do |
| A47 (c) | do do | do |
| A47 (d) | do do | do |
| A47 (e) | do do | do |
| A47 (e) (1) | Page 25 of Ext. A47 (e) do | |
| A47 (f) | do do | do |
| A47 (g) | do do | do |
| A47 (h) | do do | do |
| A48 4-11-65 | Printed notice of Malankara Syrian Church Association Meeting held on 28-12-1965. | |
| A48 (a) 11-11-1965 | Printed notice of Malankara Syrian Church Association Meeting held on 28-12-1965 | |
| A49 of 1965 | Record of certificate of posting for Association Meeting held on 28-12-1965 | |
| A 49 (a) | do do | do |
| A49 (b) | do do | do |
| A50 do | Record of Authorisation of delegates from the Parish Churches of Malankara Church for the Association Meeting of 1965 | |
| A50 (a) | do do | do |
| A 50 (b) | do do | do |
| A50 (c) | do do | do |
| A50 (d) | do do | do |
| A 50 (e) | do do | do |
| A 50 (f) | do do | do |
| A 50 (g) | do do | do |
| A 50 (h) | do do | do |
| A 50 (j) | do do | do |

| | |
|---|---|
| A51 25-9- 1970 | Notice Kalpana No. 201/70 convening Association Meeting to be held on 31-12-1970 |
| A52 of 1970 | Record of Certificate of posting for the Association Meeting of 1970 |
| A52 (a) | do do do |
| A52 (b) | do do do |
| A53 of 1970 | Record of Authorisation of delegates from the Parish Churches for the Association Meeting of 1970 |
| A53 (a) | do do do |
| A53 (b) | do do do |
| A53 (c) | do do do |
| A53 (d) | do do do |
| A 53 (e) | do do do |
| A53(f) | do do do |
| A53 (g) | do do do |
| A53 (h) | do do do |
| A53 (i) | do do do |
| A53 (j) | do do do |
| A54 14-6-1964 | Copy of Kalpana No. 163/64 issued by Patriarch of Antioch |
| A55 29-12-1964 | Attested copy of letter No. 417/64 from Patriarch of Antioch |
| A56 27-6-1975 | Letter No. 310/75 from Patriarch of Antioch to 10 Catholicos of the East. |
| A57 28-5-1909 | Letter from Most Rev. Mor Dionisius Senior to Malankara to R.C.C. Carr. |
| A58 19-6-1909 | Letter from R.C.C. Carr (ROC. No. 1017) to Rev. Konattu Kora Mathan Kathanar & C.J.Kurian |
| A59 20-7-1909 | Letter from Korah Mathan Kathanar and C.J.Kurian to R.C.C.Carr. |
| A60 of 1929 | No.1 of 1929 Circular Kalpana of Catholicos of (Kumbham) (February) the East. |
| A61 10-8-1107 | M.E. Circular Kalpana No. 465 issued by Catholicos of 201 1932 the East to Manthuruthel Church. |
| A62 3-6-1110 | M.E. Kalpana of do No.50 1935 |
| A63 24.4.1113 M.E. | do No.275 1937 |
| A64 6-4-1114 M.E. | Kalpana No.56 1938 |

| | | |
|---|---|---|
| A65 | 24-6-1118 M.E. | Kalpana No. 328 1943 |
| A66 | 24-1-1959 | Circular Kalpana of Catholicos and Malankara Metropolitan |
| A67 | 23-2-1960 | Kalpana No.22 of 1960 |
| A68 | 7-9-1961 | Kalpana No.59 of 1961 |
| A69 | 9-3-1962 | do No. 19/62 |
| A70 | 16-2-1963 | do No.26/63 |
| A71 | of 1948 | *Suriyani Sabha Charithram* Vol.I by Abdul Ahad Remban published by Thakadiyil Jacob Kassissa. |
| A72 | of 1088 | Affidavit sworn to by Mor Kurilos filed in O.S. 66/1088 Mithunam 119of Trichur District Court |
| A73 | 21-2-1977 | Kalpana of Baselius Poulose II |
| A74 | 27-6-1970 | Kalpana No. 203/70 issued by Patriarch of Antioch to the Catholicos of the East. |
| A74 (a) | | do Malayalam Translation of do do |
| A75 | 26-8-1970 | Reply letter of Catholicos of the East to Patriarch of Antioch (Copy) Syriac |
| A75 (a) | | do Malayalam Traslation of do do |
| A76 | 16-2-1972 | Copy of letter from Baselius Ougen I to the Patriarch of Antioch. |
| A77 | 16-5-1972 & | Letter and attached cable from Aprem Themotheos |
| A77 (a) | | Metropolitan to the Catholicos of the East. |
| A78 | 19-6-1973 | Copy of letter from P.C.Abraham Secretary of the Malankara Syrian Christian Association |
| A79 | 7-8-1973 | Letter of Catholicos of East rejected and returned by Patriarch of Antioch |
| A80 | 30-1-1974 | Bill of charges issued by Patriarch of Antioch to Baselius Ougen I Catholicos of the East. |
| A81 | 9-3-1974 | Copy of reply letter of Catholicos of the East to the Patriarch of Antioch No. 81/74 |
| A82 (a) | | Malankara Episcopal Synod with enclosure. |
| A83 | 5-7-1971 | Copy of the letter issued by Catholicos of the East of Patriarch of Antioch No. 29/61 |
| A84 | of 1966 | Memorandum of the Association of the Evangelistic Association of the East. |

| | |
|---|---|
| A85 27-7-1964 | Application of the General Secretary Geevarghese Kathanar represented by Evangelistic Association. |
| A86 27-7-1964 | Kalpana No. 169/64 to the Evangelistic Association |
| A87 15-9-1973 | Circular letter from Ist plaintiff communicating the synod decision. |
| A88 21-9-1973 | Copy of notice to the Ist defendant |
| A89 22-9-1973 | Copy of notice to the 2nd defendant |
| A90 of 1952 (book) | *Hudaya Canon* in Malayalam (Taken from O.S.12/77) |
| A91 12-9-1958 | Attested copy of Decree in C.A. No. 267/58 of Supreme Court of India |
| A92 25-6-1957 | Attested copy of the commissioner's report in O.S. 111/1113 M.E. of the Kottayam District Court |
| A93 1-11-1971 | Attested copy of written statement filed by 6th defendant Mor Clemis in O.S. 60/71 of the Kottayam Sub Court |
| A94 16-12-1970 | Letter from Mor Clemis No. 181/ 70 to P.C.Abraham Secretary of Malankara Association. |
| A95 1-1-1963 | Photostat copy of letter from President |
| A95(a) ,, | Knanaya Medical Mission to Catholicos of |
| A95(b) ,, | East with endorsement |
| A96 20-2-1966 | Joint Circular Kalpana of Mor Thomas Mor Ivanios Mor Gregories, Mor Athanasius and Mor Clemis. |
| A97 book | Attendance Register for the Managing Committee for the period 21-5-1964 to 4-6-78. |
| A98 of 1959 | Oaths taken by some members of the Managing Committee (Series 9 in number) |
| A99 of 1966 | Oaths taken by some members of Manging Committee (series 18 in number) |
| A100(book) | Managing Committee Minutes Book. |
| A101 nil | Authorisation letter to representatives. |
| A102 nil | Authorisation letter of representatives of Association |
| A103 of 1110 | Office copy of Constitution |
| A103(a) | Page No |
| A105 28-9-1968 | Kalpana No. 54/58 from Abraham Mor clemis |
| A106 of 1890 | Letter from Joseph Mor Dionisius to Knanaya (Makaram 8th) Committree. |

| | |
|---|---|
| A107 of 1917 (Dhanu 12) | Attested copy of circular Kalpana from Mor Osthathios, Mor Severios, and Mor Athanasius (issued to Vadakara Pally) |
| A108 of 1920 | Copy of circular Kalpana from Mor Severios (Meenam 21) |
| A109 of 1927 | copy of Mangalapathram given to (Makaram 30 Michael Mor Dionisius and Thomas Mor Dioscoros. |
| A110 of 1117 | Circular Kalpana from Michael Mor Dionisius. (Chingam 12) |
| A111 24-8-1966 | Issue of *Kerala Bushanam* |
| A112 of 1110 | Circular Kalpana No. 71 to Manthuruthel (Kumbhom 9) Church from Catholicos-cum- Malankara Metropolitan. |
| A113 of 1126 | Circular Kalpana No.733 from Catholics- (Meenam 9)cum-Malankara Metropolitan |
| A114 of 1951 | 1934 constitution amended by Managing Committee and sent to Parish Churches along with Kalpana No. 733 |
| A115 26-6-1967 | Circular Kalpana No. 156/67 issued to Manthuruthel Church |
| A116 of 1911 | Circular Kalpana issued by Patriarch from Alwaye seminary (Kanni 12 ) |
| A117 of 1911 | Copy - of Circular Kalpana of Patriarch attested by Mor Osthatios, Mor Koorilose, Mor Severios and Mor Poulose Athanasius |
| A118 6-10-1970 | Issue of *Malayala Manorama* (Notice of 1970 Association Meeting) |
| A119 29-11-1965 | Issue of do (Notice of 1965 Association Meeting) |
| A120 of 1110 | *Udampady* of Kothamangalam Mor Thoma Cheriapalli |
| A1 21 | 13-5-1962 Authorisation of the representatives of the Malankara Suriani Christiani Association |
| A122 | *Kurbanakramam*, printed book of Kothamangalam Cheriyapalli. |
| A123 10-1-1959 | Kalpana No. 447 by Yacob III Ignathios Ptriarch. |
| A124 27-4-1969 | Petition by lay Secretary of the Parish to the plaintiff. |
| A125 27-4-1969 | Letter from Trustee, St.Mary's Simhasana Church to the Vicar St. Mary's Church Meenadom. |
| A126 Nil | Petition submitted to Ist plaintiff by members of the Managing Committee. |

| | |
|---|---|
| A127 26-7-1970 | Letter from Vicar Fr. Abraham Ancheri requesting for approval and appointment of Managing Commitee. |
| A128 3-7-1971 | Letter from Fr. V.S. Joseph, reporting that he took charge in the church on appointment by Ist plaintiff. |
| A129 17-1-1975 | Kalpana issued to Fr. C.G. Samuel by Ist plaintiff |
| A130 of 1971 | Copy of Balance Sheet signed by Vicar of the Church submitted to Ist plaintiff |
| A131 9-4-1970 | Receipt books No. III showing payment of Dasamasam and Kaimuthu for the year 1969 |
| A132 31-12-1971 | Receipt Book No.1 showing payment of do of Rs. 120/- and Rs. 13/- |
| A132 (a) | do Page No.224 of do do |
| A133 21-13-1969 | Receipt Book No. IV showing payment of Rs. 100/- for October under salary scheme |
| A133(a) | do Page No. 344 of do |
| A134 27-11-1969 | Receipt Book No.V showing payment of Rs. 180/- for March towards Salary Scheme. |
| A134 (a) | do Page No. 429 of do do |
| A 135 | 27-3-1972 Receipt Book No. VI showing payment of Rs. 180/- for March towards Salary Scheme. |
| A135 (a) | do Page No.2832 of do do |
| A136 27-5-1972 | Receipt Book No.2 showing payment of Rs.180/- towards salary scheme |
| A136 (a) | do Page no. 3389 of do |
| A137 do | Acquittance Roll showing receipt of salary by Fr. Samuel C.G. for services in Church. |
| A137 (a) | do Entry 18 in the book for January 1973. |
| A137 (b) | do Entry 18in the same book for February 1973 |
| A138 of 1970 | Acquittance Roll showing receipt of Salary by Fr. Abraham Ancheri |
| A138 (a) | Entry 53 of do do |
| A139 9-7-1974 | Kalpana from Catholicos of the East to Mepral St. John's Church |
| A140 13-8-1974 | Kalpana from Catholicos of the East to Omalloor St. Thomas Church |
| A141 2-12-1971 | Photostat copy of letter sent by Fr. George Kurian to Thoma Mor Dionisius. |

| | |
|---|---|
| A141 (a) 2-12-1971 | Attested copy of letter from Fr. George Kurian to Thoma Mor Dionisius |
| A142 4-1-1972 | Phtotostat copy of letter sent by Fr.George Kurian to Mor Thoma Dionisius |
| A142 (a) | 4-1-1972 Attested copy of letter from Fr.George Kurian to Mor Thoma Dionisius. |
| A143 25-6-1972 | Attested copy of letter sent by Fr.George Kurian to Mor Thoma Dionisius. |
| A143(a) | 25-6-1972 Attested copy of letter sent by Fr.George Kurian to Mor Thoma Dionisius. |
| A144 7-2-1960 | Kalpana from Mor Thoma Dionisius to Mepral St. John's Church |
| A145 18-8-1975 | Letter No. 153/75 from the Catholicos of the East to the Managing Committee. |
| A146 24-9-1975 | Circular Kalpana No. 175/75 from Catholicos of the East and Malankara Metropolitan |
| A147 25-9-1975 | Issue of *Malayala Manorama* |
| A148 11-10-1975 | Kalpana No. 177/75 from Catholicos of the East to Synod Members. |
| A149 22-5-1967 to 15-5-1977 | Minutes book of the Holy Episcopal Synod of the Malankara Orthodox Syrian Church |
| A149 (a) | do Page Nos.205& 206 of do |
| A149 (b) | do Page Nos. 138 to 144 of do |
| A149(c) | do Page No.87 of do |
| A149 (d) do | Page 17 to 20 of do |
| A149 (e) | do Page No.23 of do |
| A149 (f) | do Page No.27of do |
| A149 (g) | do Page No. 95 of do |
| A149 (h) | do Page No. 100 to 103 of do |
| A149 (i) | do Page No. 117 of do |
| A149 (j) | do Page No. 122 to 127 of |
| A149 (k) | do Page No. 182 & 183 of do |
| A149 (l) | do Page No. 184 to 191 of do |
| A149 (m) | do Page No. 154 and 155 of do |
| A149 (n) | do Page No. 171 to 174 of do |

| | |
|---|---|
| A149 (o) | do Page No. 163 to 170 of do |
| A149 (p) | do Page No. 175 to 181 of do |
| A150 of 1876 | Mulanthuruthy Synod Resolution |
| A151 of 1966 | Book Entitled Mulanthuruthy Sunnahados in Malayalam by Z.M.Paret. |
| A152 of 1934 to 1958 | Minutes of the Holy Episcopal Synod of the Malankara Orthodox Syrian Church (Book) |
| A152 (a) | do Page No. 5 of do (book) |
| A52 (b) | do Page No. 84 to 89 of do |
| A153 12-1-1959 to 7-6-60 | Attested copy of the minutes of the Holy Episcopal Synod of the Malankara Syrian Church |
| A153 (a) | do Page Nos. 13 to 15 of do |
| A153 (b) | do Page Nos. 1 to 9 of do |
| A154 | 22-12-1958 Letter from Poulose Mor Severios to Catholicos of the East (Photostat copy) |
| A155 do | Attested copy of do |
| A156 (a) | do Photostat copy of do |
| A157 16-7-1960 | Letter from Patriarch to Catholicos of the east No. 166 (Photostat copy) |
| A158 16-6-1961 | Letter from Patriarch to Baselius Geevarghese II (Photostat copy) in Syriac. |
| A159 21-2-1962 | Letter from Patriarch of Antioch No. 67/62 to Catholicos of the East (Photostat) (Syriac) |
| A160 21-2-1962 | English Translation of A 159 |
| A161 28-10-1964 | Letter taken from O.S. 192/77 (Syriac) |
| A161 (a) | do Malayalam Translation of do |
| A162 17-11-1961 to 22-5-1967 | Minutes Book of the Holy Episcopal Synod of the Malankara Orthodox Syrian Church |
| A162(a) | do Page No.6 of do |
| A162(b) | do Page No.22 of do |
| A162(c) | do Page No.31 of do |
| A162(d) | do Page No.38 and 39 of |
| A162(e) | do Page No.48 of do |
| A162(f) | do Page No.30 of do |
| A162(g) | do Page No.5 of do |

| | | |
|---|---|---|
| A162(h) | do Page No.40 of | do |
| A163 | 19-11-1963 | Certified copy of judgment in O.S. 1/1963 of the Kottayam District Court (Taken from O.S. 78/77) |
| A164 | 9-12-1969 | Certified copy of judgement in A.S. 115/64 of the Kerala High Court (Taken from O.S. 78/77) |
| A165 | 12-5-1964 | Letter from Poulose Mor Philixinos to Augen Thimothios Metropolitan (Photostat Copy) |
| A165(a) | do Attested copy of | do |
| A166 | 12-5-1964 | Letter No. 105/64 from Augen Themotheos Metropolitan to Poulose Mor Philixinos (Photostat copy) |
| A166(a) | do Attested copy of | do |
| A167 | 12-5-1964 | Letter from Poulose Mor Philixinos to Augen Themotheos Metropolitan (Photostat) |
| A167 (a) | do Attested copy of | do |
| A168 | 31-7-1964 | Letter from Ethiopian Ambassador to Secretary Malankara Episopal synod. |
| A169 | 24-8-1964 | Letter from Ethiopian Ambassador to Secretary Malankara Episcopal Synod with enclosure. |
| A170 & A170 (a) | | Letter from Emperor Hailese Lassia I to Catholicos of the East with enclosures. 6-10-1971 |
| A174 | 11-1-1971 | Letter in reply from Catholicos of the East to 30 Abuna Theophilos Patriarch of Ethiopia No. 167/71. |
| A175 | 17-1-1972 | Letter from Abuna Theophilos Patriarch of Ethiopia to Catholicos of the east. |
| A176 | of 1966 | Report of the Rule Committee |
| A177 | do | do |
| A178 | of 1965 and 1970 | Photostat copy of the Minutes of the Malankara Syrian Christian Association |
| A 179 | do | Attested copy of do |
| A180 | 25-6-70 to 31-5-76 | Minutes Books of the Managing Commitee 31-5-76 |
| A180 (a) | do | Page 117 of do |
| A180 (b) | do | Page 122 of do |

| | | |
|---|---|---|
| A181 | 24-11-1970 | Copy of plaint in O.S. 125/70 of the Sub Court, Ernakulam (taken from O.S. 78/77) |
| A182 | 9-2-1973 | Certified copy of judgment in O.S. 125/70 of the Sub Court Ernakulam (taken from O.S. 78/77) |
| A183 | 20-1-1971 | Certified copy of I A. 339/71 and affidavit on O.S. 125/70 of the Sub Court, Ernakulam |
| A184 | 17-11-1972 | Certified copy of I A. 1432/72 & affidavit in O.S. |
| A185 | 14-12-1972 | Certified cop2y of I.A. 4883/72& Affidavit in O.S. 125/1970 of |
| A186 | 13-2-1973 | Certified copy of I.A. 465/73 & Affidavitin O.S. 125/70 of do |
| A187 | do | Certified copy of I.A. 467/73 & Affidavit in the 125/70 of do |
| A188 | 22-5-1971 | Certified copy of C.M.P. No. 6322/71 in C. R.P 485/71 of the High Court, Ernakulam |
| A189 | 7-4-1972 | Certified copy of order in C.M.P. 6322 in C.R.P. 485/71 of the High Court Ernakulam |
| A190 | 4-3-1968 | Letter from Abraham Mor Clemis No. 183 to Catholicos of the East. |
| A191 | 8-10-1973 | Copy of written statement of the Ist defendant Mor Clemis in O.S. 62/73 of the Pathanamthitta Sub Court. |
| A192 | 9-7-1973 | Letter No. 263/73 from Patriarch of Antioch to the Association Secretary P.C.Abraham. |
| A193 | 18-7-1974 | *Malayala Manorama* Daily paper |
| | | A193(a) do Particular portion of publication of do |
| A194 | 8-3-1974 | Copy of letter from Catholicos of the East to 20 Patriarch of Antioch. |
| A195 | 8-3-1974 | Copy of Circular Kalpana No. 80/74 from Baselius Ougen I to Malankara Parish Churches. |
| A196 | 15-7-1974 | Photostat copy of letter from Pariarch to Catholicos of the east. |
| A196 (a) | | do do of attested copy |
| A197 | 18-7-1974 | Letter No. 202 from Patriarch to Catholicos of the East.A198 29-1-1975 Report (Photostat) submitted by Konattu Abraham Kathanar to Holy Episcopal Synod of the Malankara Church. |

| | | |
|---|---|---|
| A190 | 10-5-1975 | Do by Thomas Mor Makarios to do |
| A200 | 14-4-1975 | Do by Poulose Mor Gregorios to do |
| A201 | 30-5-1975 | Supplementary report by Poulose Mor Gregorios to Episcopal Synod |
| A202 | 10-1-1975 | Letter from Patriarch No. 15/1975 to Catholicos of the East with enclosures six in numbers (a,b,c,d,e &f) |
| A203 | 5-2-1975 | Copy of letter with enclouse from Secretary to the Malankara Episcopal Synod to Patriarch of Antioch. |
| A 204 | 9-4-1975 | Letter from Patriarch No 161/1975 to Mathews Mor Athanaisus |
| A205 | 18-3-1968 | to Attendance Register of the H.E. Synod7-7-1977 |
| A206 | of 1898 | *Hudaya Canon* by Paulus Bedjan |
| A207 | nil | Kalpana issued by Patriarch Peter III to the Malankara Managing Committee |
| A207 | (a) | True copy of the same |
| A207 | (b) | Malayalam Translation of the same. |
| A208 | of 1934 | Minutes of the Meeting of the Malankara Syrian Christian Association |
| A209 | of 1973 | *The Orthodox Syrian Church, its Religion and Philosophy* (Book) (taken from O.S. 12/77) |
| A210 | 17-1-1975 | Kalpana No. 47/75 from Mathews Mor Ivanios Metropolitan (taken from O.S. 82/77) |
| A211 | 11-2-1970 | Report submitted by the Vicar St. Mary's Church Nadama, Trippunithura to Yuhanon Mor Severios Metropolitan |
| A212 | of 1957 | *Visudha Subhopadesa Pusthakam* |
| A213 | of 1957 | Catholica *Sabha & Roma Vadamugangal* by Mosa Saloma Ramban |
| A214 | 25-12-1958 | Nomination paper of the representatives of the Malankara Suriyani Christian Association of St. George Church, Kattappuram |
| A215 | 26-121953 | Attendance register of the members of the Association of Niranam Bhadhrasanam of Malankara Suriyani Christian Association |
| A216 | of 1951 | The Book named *'Suriyani Sabha'* written by Fr. Kurian, Kaniamparambil |

| | | |
|---|---|---|
| A216 (a) | | do Page No. 53 of do |
| A216 (b) | | do Page No. 69 of do |
| A216 (c) | | do Page No. 78 of do |
| A216 (d) | | do Page No. 81 of do |
| A216 (e) | | do Page No. 19 of do |
| A217 | of 1927 | The book named *Visudha Sabhayum Viswasavum* written by Vanchithattil Kuriakose Kathanar |
| A218 | of 1948 | The book named *'Visudha Pathrosinte Paramadhikaram'* written by Pukkunnel Kuriakose Kathanar |
| A219 | 10-2-1965 | Petition submitted by Paikkandathil George Kurian Kassisa, Vicar of Mepral Valia Pally |
| A220 | 23-6-1975 | Letter sent by Ignatius Yacob III Patriarch of Antioch to the Ist plaintiff. |
| A221 | do | do by 2nd plaintiff |
| A222 | nil | Cover address to Baselius Augen I, Catholicos of the East & Malankara Metropolitian |
| A223 | 16-6-1975 | Photostat copy of the preceedings of the alleged synod of the Universal Syrian Orthodox Church held at Damascus |
| A224 | 27-12-11969 | Petition sent by Maliyil Kochittan Isahak and Others to Philipose Mor Theophilose Metropolitian |
| A225 | 3-7-1977 | Report submitted by Kuttipuzha Joseph Kathanar Kothamagalam Marthoma Cheria Palli to the Angamali Bhadrasana Metropolitan |
| A226 | 13-9-1967 | Report submitted by Keeppanasseril Varkey Scaria Kathanar to Sri Philipose Mor Theophilos Metropolitan. |
| A227 | 18-3-1968 | Report submitted by Olappura George Kathanar to Sri Philipose Mor Theophilos Metropolitan. |
| A229 | 6-1-1969 | Report submitted by Olappura George Kathanar to Sri Philipose Mor Theophilos Metropolitan. |
| A230 | 13-7-1969 | Petition submitted by Keeppanasseril Mathai Kathanar to Sri Philipose Mor Theophilos Metropolitan. |

## DEFENDANT'S EXHIBITS

| | | |
|---|---|---|
| B1 | 19-5-1962 | Acknowledgement by H.H. Mor Baselios Geevarghese II (Devalokam Aramana), Kottayam |
| B2 | 21-7-1959 | Notice by P.N. Nainan, Deputy Secretary, Catholicate Office, Kottayam. |
| B3 | 28-9-1962 | Certified copy of deposition of PW. 1 Nainan in O.S. 315/1960 of the Kottayam Munsiff's Court. |
| B4 | of 1110 | Constitution of Malankara Orthodox Syrian Sabha |
| B5 | 25-12-1951 | Printed book of the Malankara Suriyani Knanaya Samudaya Bharanaghatana of 1951 II edition of 1959 |
| B6 | | 1st Makaram1123 Printed book of the Malankara Suriyani knanaya Samudaya bharanaghatana of 1123. |
| B7 | | Ist Dhanu 1915 Attested copy of the Constitution of the Malankara Suriyani Knanaya Association |
| B8 | 16-2-1976 | Printed circular issued by the Vicar General of the Knanaya Church to all Members of the Parishes. |
| B9 | 28-2-1976 | Attested copy of the Plaint inO.S. 87/1976 of the Munsiff's Court, Thiruvalla now as O.S. 123/77 of the Special Court, Ernakulam |
| B10 | 17-9-1976 | Attested copy of the plaint in O.S. 160/76 of the Sub Court, Alleppey now O.S. No. 193/77 of the Special Court, Ernakulam |
| B11 | | Attested copy of the Memorandam submitted by 19 Knanaya Priests to the Metropolitan delegate of the Patriarch of Antioch. |
| B12 | nil | Page No. 113 of Malankara Syrian Knanaya Association Minutes book. |
| B13 | 16-12-58 | Kalpana No. 105 from the Catholicate Aramana. |
| B14 | of 1960 | Dairy of Edavaka Pothuyogam of Mar Thoma Cheriya Pally, Kothamangalam (taken from O.S. 12/77) |
| B14(a) | do. | Page No. 64 of Ext. B14 |
| B14(b) | do. | Page No. 65 of do. |
| B14(c) | do. | Page No. 69 of do. |
| B14(d) | do. | Page No. 72 of do. |
| B14(e) | do. | Page No.127 of do. |
| B14(f) | do. | Page No. 134 of do. |

| | | | |
|---|---|---|---|
| B14(g) | do. | Page No. 16 of | do. |
| B14(h) | do. | Page No. 75 of | do. |
| B14(j) | do. | Page No. 12 of | do. |
| B14(k) | do. | Page No. 4 of | do. |
| B14(l) | do. | Page No. 10 of | do. |
| B14(m) | do. | Page No. 100 of | do. |
| B14(n) | do. | Page No.101 of | do. |
| B14(o) | do. | Page No. 117 to120of | do. |
| B14(p) | do. | Page No. 132 of | do. |
| B14(q) | do. | Page No. 114 0f | do. |
| B15 | 17-9-1967 | Report submitted by the Committee members of the Kothamangalam Mar Thoma Cheria Pall. | |
| B16 | nil | Reception photo of Metropolitans of the Kothamangalam Cheriya Pally. | |
| B16[a] | nil | do. | do. |
| B16[b] | nil | do. | do. |
| B16[c] | nil | do. | do. |
| B16[d] | nil | do. | do. |
| B16[e] | nil | do. | do. |
| B17 | nil | Minutes Book of Mar Thoma cheriya Palli, Kothamangalam [taken from O.S. 12/77]. | |
| B17[a] | nil | Page No. 38 of do. | |
| B17[b] | nil | Page No. 41 of do. | |
| B17[c] | nil | Page No. 43 of do. | |
| B17[d] | nil | Page No.1 of do. | |
| B17[e] | nil | Page No. 3 of do. | |
| B18 | 7-9-1970 | Minutes Book of Mar Thoma Cheriya Palli, Kothamangalam[taken from O.S. 12/77]. | |
| B18[a] | do. | Page No. 160 of do. | |
| B18[b] | do. | Page No. 155 of do. | |
| B18[c] | do. | Page No. 166 of do. | |
| B19 | 18-11-1115 | Certified Copy of compromise petition in O.S. No. 1059/1110 of the Thiruvalla Munsiff's Court. | |
| B20 | nil | New Testament of Our Lord and Saviour Jesus Christ | |

| | | |
|---|---|---|
| B21 | 12/1974 | Supplementary issue No.2 of the Publication edited by the Ecumenical foundations pro-oriente Viena (book). |
| B21[a] | | Page No. 200 of do. |
| B22 | 2-11-1106 | Kalpana No. 437 of Mor Geevarghese Dionisius |
| B23 | of 1935 | Book entitled *The Malabar Syrains and the Church Missionary Society* 1816-1840, by P. Cherian a judge of High Court of Travancore |
| B23(a) | do. | Page No. 390 of do. |
| B24 | of 1974 | Sunday School-Text book of Part II for Class VIII |
| B24(a) | do. | Page No. 10 of do. |
| B25 | nil | Sunday School Text Book Part I for Clss VII |
| B25(a) | of do. | Page No. 61 of do. |
| B26 | 4-4-1840 | Certified Copy of *Cochin Panchayath Award* produced in O.S. No. 111/1113 of Kottayam District Court. |
| B27 | 2-6-1083 | Original Kalpana by Mor Divenasious Metropolitan of Malankara to the Koothattukulam Church. |
| B27[a] | do. | Photostat Copy of do. |
| B28 | 16-7-1083 | M.E.Original Kalpana by Mor Divenyasious Metropolitan of Malankara to koothattukulam Church. |
| B29 | 3-3-1071 | Kalpana by Mor Dionyasius Metropolitan to Kallungathara Church [taken from O.S. 78/77] |
| B30 | 17-7-1974 | Certified Copy of order on I.A.V. in O.S. 78/74 [New Number 192/77] of Principal Munsiff Court, Puthur, S. Kanara |
| B31 | 9-1-1965 | Certified Copy of letter No. 32/65 produced in the High Court in A.S. 200/74 [taken from O.S. 192/77]. |
| B32 | 25-6-1965 | Letter sent by Ist plaintiff to Patriarch of Antioch in Syriac [taken from O.S. 192/77]. |
| B32 (a) | do | True translation of do |
| B33 | 15-10-1115 M.E. | Certified copy of The Deed executed by Varghese son of Erali Mathew Kathanar in favour of Joseph Attipetti Metropolitan |
| B34 | 4-11-1091 | Circular Kalpana by Mor Dionisious of Malankara Edavaka |
| B34 (a) | do | Photostat copy of do |

| | | |
|---|---|---|
| B35 | 12-10-1933 | Ordination certificate issued by Geevarghese Mor Dionisious in favour of Thenguvilayil Thomas Deacon. |
| B35 (a) | | Malayalam Transalation of do |
| B36 | 0f 1964 | *Mathopadesa Saram* (Book) |
| B37 | of 1951 | *Holy Bible* |
| B38 | 0f 1963 | *Penkeesa*-Published from Mar Julius Press, Pampakuda by Fr.Abraham Konattu |
| B38 (a) | | Malyalam Transalation of certain portion of do |
| B39 of | 1960 | Prayer Book Malayalam Printed at Mar Julius press, Pampakuda |
| B40 | nil | Orthodox Suriani Sabha's Vydika *Kanona Namaskaram* |
| B41 | nil | *Namaskara Karamom* of Suriyani Christians *Valiya Noimbu and Kashtanubhava Azhcha.* |
| B42 | of 1902 | *Qurbana Susrusha (Karma) Pusthakam* |
| B42 (a) | do | Malayalam Transalation of last page of do book translated by V.Rev.Kurian Cor Episcopa, Kaniamparambil |
| B43 of 1972 | | *Aneeda Book* (Susrusha Karamangal) |
| B44 of 1976 | | *Njayarazcha Namaskaram and Kurbanakarmam* (Book) |
| B45 Nil | | *Prayer book* in Syriac printed in Mar Julius Press |
| B45(a) | Nil | Malayalam Translation of Page No. 124 of do |
| B45 (b) | Nil | do do of page No. 486 |
| B45 (c | Nil | do do of page No. 332 |
| B45 (d) | Nil | do do of page No. 414 |
| B46 | 9-2-1967 | Letter from Mathew Athanasius, Metropolitan to the Very Rev. Aboodi Ramban, Patriarchal representative, Majanikara Daira. (taken from O.S. 192/77) |
| B47 | 27-6-1967 | Letter from Ist Plaintiff to Patriarch of Antioch (Syriac) |
| B47 (a) | do | Malayalam Translation of do |
| B48 | 27-11-66 | Letter from Ist plaintiff to Patriarch of Antioch (Syriac) (taken from O.S. 192/77) |
| B48 | 27-11-66 | Letter from Ist plaintiff to Patriarch of Antioch (Syriac) (taken from O.S.192/77) |

| | | |
|---|---|---|
| B48 (a) | do | Malayalam Translation of do |
| B49 | 4-8-64 | Letter from Ist plaintiff to Patriarch of Antioch (Syriac) (Taken from O.S. 192/77) |
| B49 (a) | do | Malayalam Translation of do |
| B50 | 18-5-1965 | Letter from Ist plaintiff to Patriarch of Antioch (Syriac ) (Taken from O.S. 192/77) |
| B50 (a) | do | Malayalam Translation of do |
| B51 of 1971 | | The Orthodox Syrian Sunday School Association of the East 7th Annual Report 1971. |
| B52 of 1965 | | The Orthodox Syrian Sunday School Association of the East Annual Report and Accounts 1965. |
| B53 | | 29th Midhunam Letter in Syriac. (taken from O.S. 192/77) |
| B54 | 1967 | of Dhanu 18, 1967 Letter from Basselious Augen I Catholica to Aphraim Aboodi Rambachan represen tative of Antioch (Syriac) |
| B54 | 11-2-1971 | Letter from Mor Theophilose Philipose Metropolitan to Patriarch of Antioch (taken from O.S.192/77) |
| B56 | 8-9-1971 | Letter from Mor Theophilose Philipose Metropolitan to Patriach of Antioch (taken from O.S.192/77) |
| B21 | B56(a) | do A copy of loan application from the sister of Bethlehem St.Mary's Convent to the Rubber Board sent along with Ext. B56 |
| B21 | B57 | 1-7-1962 Kalpana No. 143/62 from Mathews Mor Athanasius to Rev. Fr.Thomas Moothedan (taken from O.S.192/77) |
| B58 | 27-8-65 | Letter from Orthodox Syrian Church of the East Mathews Athanasius Metropolitan to P.O. Mathai, Kayamkulam (taken from O.S.11/76) |
| B24 | B59 | 23-5-1964 Pages 1,25 and 6 of the *Malayala Manorama* Daily Paper published from Kottayam (taken from O.S.192/77) |
| B25 | B60 | 27-10-1975 *Malayala Manorama News* paper |
| B25 | B61 | Copy of deposition of D.W.27 in O.S. 111/1113 of the Kottayam District Court. |
| B26 | B61(a) | Page No. 61 of do |
| B26 | B61(b) | Page No. 66 of do.do |

| | | |
|---|---|---|
| B62 | 8-8-1962 | Attested copy of the deposition of D.W.2 in O.S. 96/ 1961 of the Addl. Sub Court of Kottayam |
| B63 | of 1952 | Book entitled *Spiritual Grace and Ordination* by M.T.Ittira Kathanar. |
| B27 | B63 of 1952 | Book entitled *Spiritual Grace and Ordination* by M.T.Ittira Kathanar. |
| B63 (a) | do | Pages 64 to 71 of do |
| B64 | 26-4-1052 | Agreement executed by Geevarghese Kassisa |
| B65 | of 1942 | Certificate of Ordination issued by Kuriakose Mor Gregorios |
| B66 | of 1946 | Document similar to Ext. B65 |
| B67 | Nil | *Ordination Book* used in the church |
| B67 (a) | do | Translation of the extracts from page No.2 of B67 |
| B67 (b) | do | Page No. 79 do |
| B67(c) | nil | Page No. 80 of Ext. B67 |
| B67 (d) | | Page No. 2 of do |
| B67 (d) (a) | | Translation of the extracts of page 2 of 67 |
| B68 | 2-6-1975 | *Mathrubhoomi* Malayalam Daily |
| B69 | nil | Attested copy of the Holy Episcopal Synod of the Universal Syrian Orthodox Church produced by the 2nd plaintiff in O.S.69/73 in the sub court of Pathanamthitta. |
| B70 | 24-6-1975 | Certified copy of Kalpana No. 306/75 sent by the Patriarch of Antioch. |
| B71 | 21-8-1975 | Attested copy of the Kalpana No. 364/75 issued by the Patriarch to the 2nd plaintiff and produced by him in the above case. |
| B72 | 21-8-1975 | Certified copy of Kalpana No. 360/75 sent by the Patriarch of Antioch and all the East to Baselius Augen I. |
| B73 | 13-3-1972 | Letter from Sri.K.M.Cherian to the Patriarch. |
| B74 | 30-11-1064 | Attested copy of Judgment in Case No.3 /1061 of the Royal Court of Final Appeal Travancore (Part I) |
| B74 | do | do (Part III) |
| B75 | 5-3-1952 | Certified copy of claim petition in O.S. 111/1113 of the Kottayam District Court. |

| | | |
|---|---|---|
| B76 | 21-7-1953 | Certified copy of the Affidavit in C.M.P. 1868/52 in O.S. 111/1113 of the Kottayam District Court. |
| B77 | 25-10-1969 | Kalpana No. 491/69 issued by Philipos Mor Theophilose Metropolitan to Rev. Fr. Alexander, Mangattampillil |
| B78 | 14-3-1960 | Copy of letter written by Poulose Mor Philexinos |
| B79 | 21-5-1975 | Copy of order in C.M.P. 6532/75 of High Court. |
| B80 | nil | History known as *"ECCLESIASTIC"* by bar Hebr (Bar Ebroyo) |
| B80 (a) | do | Translation of relevant portion of do |
| B81 | 10-12-64 | Circular Kalpana by Mor Ivanios to the Neelimangalam Church. |
| B82 | 28-1-66 | Circular Kalpana by do do to the Parish Churches in the Kottayam Diocese. |
| B83 of 1961 | | The Holy Bible containing the old and New Testaments pages 1 to 1108 |
| B84 | 12-3-1962 | Letter No.A. 37/62 sent by Mor Daniel Philexinos Metropolitan of the Orthodox Syrian Church to the Knanaya Metropolitan. |
| B85 | 21-3-62 | Office copy of letter sent by Mor Clemis Abraham Metropolitian of Knanaya Church to the Metropolitan Mor Daniel Philexinos of the Orthodox Syrian Church. |
| B86 | 12-5-1975 | Letter submitted to his Holiness the Patriaarch of Antioch by Abraham Mor Clemis Metropolitan. |
| B87 | 1-7-75 | Letter sent by Abraham Mor Clemis Metropolitan to H.G.Kuriakose Mor Coorilose Metropolitan and other metropolitian. |
| B88 | 15Vrischikam | Attested copy of a printed draft constitution of the Powersthiya Suriyani Orthodox Sabha. |
| B89 | 27-11-1967 | Letter No. 303/67 sent by the Catholicos Baselios Augen I to the Patriarch of Antioch regarding Menathottam Hospital. |
| B90 | 4-1-1963 | Letter from the Secretary of the Malankara Associa tion and the Minutes of planning committee held on 15-12-1962 |
| B91 | 1-1-1965 | Printed Kalpana No. 1/65 issued by the Catholicos. |

| | | |
|---|---|---|
| B92 | 10-8-1965 | Kalpana No. 351/65 from the Catholicos |
| B93 | 3-10-1960 | Attested copy of Kalpana No, 86/60, issued by the Catholicos |
| B94 | 11-1-1966 | Attested copy of Kalpana issued by the Catholicos. |
| B96 | 21-3-1962 | Certificate of posting obtained from the post office on 21-3-62 regarding the posting of the letter. |
| B97 | 14-1-1969 | Printed kalpana No.3 /69 issued by the Catholicos |
| B98 | 23-10-1970 | Attested copy of Kalpana No. 224/70 issued by the Catholicos. |
| B99 | 11-3-1972 | Attested copy of Kalpana No. 30/72 issued by the Catholicos. |
| B100 | 26-7-1972 | Certified copy of Kalpana No. 103/72 issued issued by the Catholicos. |
| B101 | 29-12-1975 | *Malayala Manorama* Daily Paper containing 6 pages |
| B102 | of 1977 | Printed book named *Doctor Yuhanon Marthoma Jeevithavum Sadesvum* - Published by Marthoma Sabha. |
| B103 | | Printed Malayalam Book of *Sabhayum Koodasakalum* by Mathew Athanasios Meteropoliotan. |
| B104 | 29-10-1963 | Attested copy of deposition of D.W. 5 Baselios Catholicos Geevarghese II in O.S.No. 315/60 of the Kottayam Munsiff's court. |
| B105 | 13-6-1968 | Attested copy of notice Kalpana No. 151/68 and the minutes of the Episcopal Synod held on 30-4-1968. |
| B106 | of 1906 | Printed Malayalam book of the *History of the Malankara Syrian Christians* by Ittoop Writter II Edition.(Reprinted by Mor Adhai Study Centre) |
| B107 | | Certified copy of Order Sheet in O.S. 50/75 of the Principal civil Judge at Shimoga (Taken from O.S. 1969/77) |
| B108 | 20Edavam1923 | Application by Geevarghese Mor Gregorios Metropolitan to Moran Ignatius Patriarch. |
| B108 (a) | do | Malayalam translation of do |
| B109 | 13-12-1973 | Certified copy of deposition of D.W. 13 in O.S. 47/61 of the Sub Court, Trichur. |
| B110 | 31-12-1080 | Attested copy of Judgment in Spl. Appeal 7 of 1076 of the Cochin Royal Court. |

| | | |
|---|---|---|
| B111 | 2-2-1968 | Kalpana No. 5/71 by Mor Athanasius Metropolitan |
| B112 | 24-10-1968 | Kalpana No. 297/1968 |
| B113 | 15-10-1968 | Invitation Letter |
| B114 | 20-8-1967 | Udampady by Fr. Alexander in favour of the 2nd defendant. |
| B115 | 25-7-1973 | Udampady by K.M.George to the 2nd defendant. |
| B116 | 8-3-1956 | Udampady executed by Fr. M.P. George in favour of the 2nd defendant |
| B1177 | -4-1961 | Udampady by P.Y. Poulose at the time of his ordination |
| B118 | nil | A small Book containing Rues and Regulations of the Evangelistic Association of the East. |
| B119 of 1933 to 1939 | | Diary of the Evangelistic Association of the East. |
| B120 of 1941 to 1950 | | do do |
| B121 of 1963 to 1966 | | do do |
| B121 (a) | | do Page No. 124 of do |
| B122 | 30-12-1970 | Diary of the Evangelstic Association of the East. |
| B123 | of 1972 | Registered amendment of the Constitution of the 2nd defendant |
| B124 | of 1972 | The Constitution of the 2nd defendant |
| B125 | of 1949 | Copy of memorandum of Association and Registration Certifcate of the Evangelistic Association of the East. |
| B126 | 28-3-1973 | Proceedings of D.E.O. Kottayam |
| B127 of 1960 to 1966 | | Annual report Book of the 2nd defendant |
| B128 of 1960 to 1966 | | Counter-foil receipts for life membership in the Samajam. |
| B128 | (a0 | of 1966 to 1973 do do |
| B129 | 2-12-1969 | Kalpana No. 411/69 of Patriarch of Antioch and all the East (taken from O.S.85/77) |
| B130 | of 1973-1975 | Diary of the Evangelistic Association of the East (taken from O.S.77/77) |
| B131 | 25-9-1973 | Office copy of the letter No. 54/49 sent by the General Secretary of the Evangelistic Association of the East to the Ist plaintiff. |
| B132 | 16-3-1976 | Certified copy of the order of the Munsiff's Court Puthur in O.S.78/1974 |

| | | |
|---|---|---|
| B133 | 3-8-1973 | Bond executed by Paul Ramban (taken from O.S.77/77) |
| B134 | 4-10-1973 | Invitation Letter |
| B134 (a) | 8-10-73 | do |
| B134(b) | 9-10-73 | do |
| B134(c) | 10-10-73 | do |
| B134(d) | 14-10-73 | do |
| B134(e) | 15-10-73 | do |
| B134(f) | 18-10-73 | do |
| B134(g) | | do |
| B134(h) | 28-10-73 | do |
| B134(j) | 30-10-73 | do |
| B134(k) | 31-10-73 | do |
| B135 | 29-9-69 | Kalpana No. 178/69 of the Catholicos (taken 10 from O.S.85/77) |
| B136 | of 1975 | Souvenir of the 2nd defendant |
| B136 (a) | do | Page No. 64 of B 136 |
| B137 | of1968 | Annual report of the outside Kerala Diocese of the Orthodox Syrian Church. |
| B138 | of 1962 | Malabar Diocese (Malabar & Mysore) Souvenir Book (taken from O.S.85/77) |
| B139 | 17-1-1958 | Registration document executed By Fr. Kaniyapadikkal Varghese Kathanar in favour of Evangelistic Association (taken from O.S. 85/77) |
| B140 | 25-1-1958 | Kalpana No. 29/202 |
| B141 | 9-7-1958 | Letter No. C. 317/58 from the Health Inspector, South Wynad Range. Kozhikode District |
| B142 | 6-2-1959 | Kalpana No. 43 of 237 from the Samajam Metropolitan |
| B143 | 24-6-1973 | Copy of Meenangadi Palli Pothuyoga Diary |
| B144 | of 1973 | 49th Annual Report of the Evangelistic Association of the east. |
| B145 | 17-11-1964 | Kalpana No. 324/64 |
| B146 | 4-11-1969 | Kalpana No. 33/69 |
| B147 | nil | Rules and Regulations of the Branches of Institution |

| | | |
|---|---|---|
| B148 | nil | *Koodasa Karmangal* in Syriac language with Malayalam Transalation |
| B148 (a) | | nil Page No. 77 of do |
| B149 | nil | Phtostat copies of Relevant pages of *Pattom Koda Pusthakam* produced by plaintiff |
| B149 (a) | | do Malayalam Translation of do |
| B150 | 6th Dhanu 1895 | Ordination certificate issued by Mor Gregorios |
| B150 (a) | do | Malayalam Translation of do |
| B151 | of 1968 | *News from Seema* 1968 |
| B151 | (a) | Page No. 21 of do |
| B1 51 (b) | | Page No. 55 to 58 of do |
| B152 | nil | Ext. C.N. Book marked in O.S. 111/1113 of Kottayam District Court (taken from O.S. 192/77) |
| B152 (a) | | do Page No. 31 of do |
| B153 | nil | *Prayer for the Passion Week* Syriac language |
| B153 | | Page No. 246 of do and its Malayalam translation |
| B154 | | of 20 Mithunam copy depositon of D.W. 52 in O.S. 94/1088 /1093 |
| | | 1093 of the District Court, Trivandrum (Book) |
| B154(a) | | Page No. 111 of do. do. |
| B154(b) | | Page No. 1410 of do. |
| B155 | of 1929 | *Church History* written by Sri. E.M. Philipose under the title *`Mar Thoma Sleehayute Indian Sabha`*. |
| B156 | nil | *History of Malankara Church* by Ittoop. |
| B157 | of 1964 | *Malankara Sabha* 1964 June. |
| B157(a) | | Page Nos. 20 to 23 of do. |
| B158 | | 10 th Karkidakam 1901 Kalpana issued by |
| | | Poulose Mor Athanasius in connection with jubilee Celebration of Joseph Mor Dionysius and the prayer sent along with it. |
| B158(a) | do | Photostat copy of do. |
| B159 | | Ist Midhunam 1901 Joint Circular issued by |
| | | 3 Metropolitans |
| B159(a) | do | Photostat copy of do. |
| B160 | 28-12-1117 | Attested Copy of Deposition of D.W. 28 in O.S. 111/ 113 of the Kottayam District Court. |

| | | |
|---|---|---|
| B160(a) | | Page 129 of do. |
| B161 | | *Hudaya Canon*-Photostat Copy(Book). |
| B162 | | *Hudaya Canon*-Malayalam Translation. |
| B163 | of 1946 Dhanu 7 | Original Kalpana of Patriarch. |
| B163(a) | do | Malayalam Translation of do. |
| B164 | of 1895 | *Mathopadesa Sarangal*-1898 Edition. |
| B165 | of 1895 | *Malankara Edavaka Pathrika* 1898 Edition. |
| B165(a) | | Page No. 71 of do. |
| B166 | | The Book `*Were the Syrian Christians Nestorians*` by the Rev. P.T. gheevarghese M.A. |
| B166(a) | | Page No. 5 of do. |
| B167 | of 1968 | Annual Special Magazine of the Orthodox Youth |
| B167(a) | | Page No. 8 of do. |
| B168 | of 1975 | Mulanthurithy Synod Resolutions and the Padiyola published by Varghese Pattasseril. |
| B169 | 17-11-71 | Letter by Fr. Paul Varghese to the Patriarch. |
| B170 | 15-10-68 | do. do. to do. |
| B171 | nil | 83 applications for enlistment as members of the church(book taken from O.S. 82/77). |
| B172 | 7-8-1951 | Gift Deed No. 3244 by Thomas Varckey to the delegate Mor Julius Metropolitan. |
| B173 | 13-3-1951 | Copy of Kalpana by Mor Julius Metropolitan to Thomas Varkey. |
| B174 | nil | Copy of Application field by Mor Julius to Joint District Medical Officer. |
| B175 | 31-1-1961 | Kalpana No. 27/1961 of the delegate giving sanction to enlist members in the church after getting application duly signed by them. |
| B176 | 12-9-1960 | Kalpana of Mor Julius Metropolitan to Kaikaran Thomas Varkey. |
| B177 | 2-6-1960 | Kalpana No. 182 of the delgate Mor Julius to Thomas Varkey. |
| B178 | 25-9-1961 | Kalpana No. 323 of Metropolitan Mor Julius to Kaikaran Thomas Varkey empowering him to appear and give evidence regarding the petition for sanction of the committee for the plaint church. |

| | | |
|---|---|---|
| B179 | 5-1-1961 | Gift deed executed by Varghese Thomas to the Partiarch of Antioch in the name of his delegate Mor Julius Metropolitan. |
| B180 | 5-12-1973 | Tax receipt No. 412 dt. 5-12-73 issued by the Village Officer Pampady. |
| B180 (a) | 24-1-77 | Tax receipt No. 569 of do |
| B181 | 28-4-1964 | Printed constitution of the Marthamariam Simhasana Church Pampady, approved by the patriarch. |
| B182 | 28-4-1974 | Constitution of plaint church signed by all the members of the church. |
| B183 | August 1973 | Minutes book kept in the Marthamariam Simhasana Church Pampady, (taken from O.S.82/77) |
| B184 | 28-1-1966 | Kalpana No.36 of Mor Ivanios sent to Pampady Marthamariam Simhasana Church. |
| B185 | 17-10-1976 | Desa -Kuri issued by the Vicar of Kothala Sehion Orthodox Syrian Church. |
| B186 | 22-1-1974 | Salary receipt signed by the Priests (12 numbers) |
| B186 (a) | 3-2-74 | do |
| B186 (b) | 17-5-74 | do |
| B186 (c) | 19-5-74 | do |
| B186 (d) | 12-5-74 | do |
| B186 (e) | 30-6-74 | do |
| B186 (f) | 15-6-74 | do |
| B186 (g) | 28-6-74 | do |
| B186 (h) | 4-8-74 | do |
| B186 (j) | 15-9-74 | do |
| B186 (k) | 20-10-74 | do |
| B186 (l) | 24-11-74 | do |
| B 187 | 9-8-1974 | Postal acknowledgement addressed to Moran Mar Baselius Ougan I Catholicos of the East.(Taken from O.S. 82/77) |
| B187 (a) | | 31-5-1974 do addressed to mathews Mor Ivanios Metropolitian |
| B188 | 4-8-1974 | Copy of letter sent to the Catholicos by the Kaikkaran. |
| B189 | 27-5-1974 | Copy of letter sent to the Catholicos by the Kaikarana. |

| | | |
|---|---|---|
| B190 | 24-6-1975 | Kalpana No. 384/75 of the Patriarch to the Simhasanam Church at Pampady. |
| B191 | 8-9-1975 | Kalpana No.384/75 of the Patriarch to Mor Julius Yacob Metropolitan. |
| B192 | 9-1-1975 | Letter from Fr.C.G. Samuel to the Trustee of the Pampady St. Mary's Simhasana Church (Taken from O.S. 29/75) (O.S. 82/77 |
| B193 | | Copy of the deposition of D.W. 5 in OS/113 of Kottayam District Court (Book) (to leave from 05/192/77) |
| B194 | of 1125 | Amended constitution of Nadamel Jacobite Syrian Church |
| B195 | of 1125 M.E. | Constitution of Tripunithura Nadamel Church |
| B196 | of 1975 | Minutes of Damascus synod of 1975 Arabic |
| B 196 (a) | | do Photostat copy of do |
| B 196 (b) | | do Affidavit of Patriarch of Antioch |
| B196 (c) | | do Affidavit of the Photographer |
| B197 | 30-11-1957 | Kalpana No. 82 of the Patriarch |
| B197 (a) | | do Malayalam Translation of do |
| B198 | 16-6-1975 | English Translation of B196 proceedings of the Holy Episcopal Synod. |
| B198(a) | | English Translation of B196 (a) |
| B198 (b) | | do B196 (b) |
| b198 (c)do B196 (c) | | |
| B199 | 4-7-1974 | Letter from George Kurian (taken from O.S. 192/77) |
| B200 | 16-9-1964 | Decree copy in O.S. 72/1961 of Alleppey District Court (taken from O.S. 1928/77) |
| B201 | | of 1953 Feb. Minutes book maintained in Mepral St. John's Jacobites Syrian Church. |
| B201 (a) | | do Page No.17 of do |
| B 201 (b) | | do Page No. 22 and 23 of do |
| B202 | | Ist Makaram Copy of Kalpana No. 705 issued by Mor Seryerios Metropolitan |
| B203 | | 15th Kanni 112 Kalpana No. 797 and a constitution of Malankara Knanaya Association. |
| B204 | 3-11-1116 | Copy of circular No. 270/23 |

| | | |
|---|---|---|
| B205 | do | Copy of circular No. 270/23 |
| B205 | do | Copy of circular No. 271/24 |
| B206 | 18-5-1959 | Circular Kalpana dt. 18-5-1959 from the Knanaya Metropolitian |
| B207 | nil | Copy of abstract of the Travancore Gazette Notification. |
| B208 | 3-10-1943 | Copy of letter No. 11/43 to the Knanaya Diocese |
| B209 | 24-3-1916 | Copy of letter to the Knanaya Association |
| B210 | of 25th | Malankara Copy of Notice Kalpana by Mor Serverios Metropolitan |
| B211 | 8th Kanni 1922 | Copy of Kalpana No. 854 issued by Mor Severios Metropolitan |
| B213 | 10th | Vrischigom Printed constitution of the Knanaya Vydika Varumana Niyamam |
| B214 | 16 Medom1924 | Kalpana No. 49 issued by Mor Severios Metropolitian |
| B215 | 13th Edavam 1930 | Copy of Kalpana No.231 by Mor Dioscorise Thoma Metropolitan |
| B216 | 19-1-1123 | Attested copy of Association notice No. 68/573 |
| B217 | 24-1-1126 | Certified copy of Association Notice No.99 |
| B218 | 18-11-115 | Copy of a letter No.76 sent by the Administrator of the Knanaya Church to Rev. Fr. Lukose Corepiscopa. |
| B219 | 21-8-1116 | Copy of Kalpana No. 19/205 dated 21-8-1116 by the Administrator of the Knanaya Samusayam |
| B220 | 26-6-1118 | Copy of Circular Kalpana No. 1220/40 from the Administrator of the Knanaya Samudayam. |
| B221 | 19-7-1957 | Copy of Kalpana No.437 issued by Mor Cleemis Abraham Metropolitan. |
| B222 | 29-7-1960 | Copy of Kalpana from Mor Celmis Abraham Metropolitan. |
| B223 | 15-10-73 | Copy of Kalpana No. 105/73 issued by Mor Clemis Abraham Metropolitan. |
| B224 | 2-3-1961 | Printed Kalpana No.A. 52/61 from the Administrator of Knanaya Church. |
| B225 | 2-3-1961 | Printed Kalpana No. A 53/61 from do to do |
| B226 | 15-11-1961 | Printed circular Kalpana No.120/61 do |

| | | |
|---|---|---|
| B227 | 21 Chingam 1910 | Certified copy of Sthathicon issued to Mor Severios Metropolitan. |
| B228 | 19 Oab1927 | Certified copy of Sthathicon issued to Mor Dioscorose Metropolitan. |
| B229 | 5th Medam 1951 | Certified copy of Sthathicon issed to Mor Clemis Abraham Metropolitan. |
| B230 | 26 Makaram | Attested copy of Kalpana No.42 issued by the Patriarch of Antioch. |
| B230(a) | do | Original Kalpana No.42 issued by the Patriarch of Antioch (Syriac) |
| B230 (b) | | do Photostat copy of Kalpana No.42 (Syriac) |
| B230 (c) | | do Malayalam transalation of do |
| B230 (d) | | do Photostat copy of the above Malayalam Transaltion |
| B231 | 15th Kumbham | Attested copy of Kalpana No. 64 from the Patriarch of Antioch ex-communication of Dioscoros Metropolitan. |
| B232 | 28-11-1939 | Copy of Kalpana No. 412 from the patriarch of Antioch. |
| B233 | 10 Midunam | 1922 Printed Malayalam Translation of Kalpana No. 329 issued by the patriarch of Antioch to Knanaya Community. |
| B234 | 4 Idavam | 1942 Letter sent by Julius Elias Metropolitan to Abraham Cor-episcopa. |
| B235 | Ist Kumbham | Kalpana No. 33 from Julius Elias Metropolitan to the Kottayam Valiya Pally. |
| B236 | 8-4-1959 | Copy of Kalpana No. 118 issued by Patriarch of Antioch. |
| B237 | 22-11-1973 | Attested copy of Kalpana No. 370/71 issued by the Patriarch of Antioch and all the East. |
| B238 | 11-6-1975 | Kalpana No. 299/75 issued by the Patriarch of Antioch & All the East. |
| B 239 | 3-4-1102 | Attested Copy of the Regd. Udampady No. 873/1102 made by late Chacko Kurvilla. |
| B240 | 15-12-1953 | Gift deed No. 3257 of Chengalam Knanaya Church |
| B241 | 17-9-1954 | Gift deed No. 2794 of Ramangalam Knanaya Chruch |

| | | |
|---|---|---|
| B243 | 18-1-1954 | Copy of gift deed of Vakathanam Puthussery Pally |
| B244 | 7-1-1954 | Attested copy of gift deed of Eraviperoor Knanaya Church |
| B245 | 8-1-1954 | Attested copy of Gift deed of Neelamperoor Church |
| B246 | 21-7-1955 | Attested copy of gift deed of St. Thomas Valiapally, Ranni |
| B247 | 3-12-1953 | Copy of gift deed No. 2911 of 1953 of St. Mary's Knanaya Church, Kuttoor. |
| B248 | 15-3-1956 | Certified copy of Gift Deed No. 971/56 of St.Mary's Knanaya Church. |
| B249 | 13-12-1943 | Attested copy of Udampady executed by Rev.Fr. E.O.Mathews. |
| B250 | nil | A small Book signed by 32 priests of Knanaya |
| B251 | 17-9-1973 | Copy of Application |
| B252 | 15-10-1973 | Copy of application |
| B252 (a) | | do Original application |
| B253 | nil | Printed Malayalam Book of True Faith by M.T.Itteeera Kathanar (Question & Answer) |
| B254 | 8-10-1971 | Edavaka Register of St. George Knanaya Chruch of Thruthi Parayil |
| B255 | 1968 | Printed Malayalam Book of the *Ancient Songs of the Knanaya Christians.* |
| B256 | 8-3-1968 | Printed Book- *Christianity in India and a Brief History* of *Mor Thomas Syrian Church.* |
| B257 | May 1971 | Attested copy of plaint in O.S.60/71 on the file of the Sub Court, Kottayam. |
| B258 | 16-9-1975 | Attested copy of Judgement in O.S. 60/71 of do |
| B259 | 1116 | Thulam 11 Constitution passed by the Pothuyogam held in Parur Yacobaya Syrian Chruch (taken from O.S. 106/77) |
| B260 | 29-4-1958 | Election Rules of the Parur Yacobaya Syrian Church (Taken from do case) |
| B260 (a) | do | Page No. 45 of do do |
| B261 | 4-10-1937 | Certified copy memorandum of Association of the St. Antony's Educational Society in O.S. No, 482/69 |
| B262 | 20-11-78 | Attested copy of the common judgement in O.S. No. 482/69 |

| | | |
|---|---|---|
| B263 | of 1954 | Book published by Konat Abraham Kathanar II Edition |
| B264 | do | Malayalam Translation of the Syriac words in Ext. B263 book. |
| B265 | 13-6-1964 | The Power of Attorney executed by Patriarch Ignatius Yacob III |
| B266 | 2-12-1957 | The Will executed by Mor Julius the delegate of the Patriarch |
| B267 | 30-5-1973 | Letter from D.W. 10 Very Rev. Corepiscopa, Jacob Kuriakel addressed to Abrhaam Mor Clemis Metro politan. |
| B268 | of 1122 Makaram to 1123 Dhanu | Report of the Church Accounts |
| B269 | | Printed copy of the amended constitution of the Mulanthuruthy Marthoman Church. |
| B270 | 30-11-76 | Certified copy of Memo field by M. Abraham on behalf of Catholicos and Malankara Metropolitan in O.S. 1/1124 of District Court , Ernakulam |
| B272 | 31-7- 1967 | Certified copy of final judgment in do case. |
| B274 | nil | Certified copy of constitution passed and adopted for Mulanthuruthy Marthoma Church bythe District Court, Ernakulam O.S. 1/1124. |
| B275 | Nil | Printed copy of do published by Mulanthuruthy Marthoma church |
| B276 | 20-5-1972 | Certified copy of I.A. 463/72 in O.S. 1/1124 of the District Court, Ernakulam fiedl by Adv. Sri. T.T. Uthup |
| B276 (a) | | 30-3-1972 Order on the said I.A. dated 30-5-72 |
| B276- | (b) 4-7-72 | Order on the said I.A. |
| B277 | 10-7-72 | Certified copy of petition I.A 735 of 1972 filed by Advocate Sri. T.T. Uthup in I.A. 520/72 in O.S. 1/1124 |
| B278 | nil | Certified copy of am ended constitution of Mulanthuruthy Marthoma Church. |
| B279 | 5-1-1052 | Certified copy of Udampady regitered at Thripunithura Sub Registery Office executed by Thoppil Cheria Kathanar and others. |
| B280 | 13-1-1967 | Certified copy of Objection filed by the Plaintiff in I.A. 1100/66 in O.S. 1/1124 of District Court, Ernakulam. |

| | | |
|---|---|---|
| B281 | of 1974 | Mor Koorilose Souvenir published by Mulanthuruthy Marthoman Church. |
| B281 (a) do | | Page No. 13 of Part 3 of do |
| B281 (b) | | Page No. 15 of part 3 of do |
| B282 | 2-9-1974 | Mor Koorilose Souvenir published by do |
| B283 | Jan. 1975 | Kalpana No. 15, 16 and 17 of 1975 from Patriarch to tall the Metropolitans. |
| B284 | 20-1-1975 | Postal acknowledgement signed by the Ist 50 plaintiff for the invitation to the Universal Episcopal synod. |
| B285 | 4-2-1975 | do do by 2nd plaintiff |
| B286 | 5-2-1975 | do do by Poulose Mor Philexinose |
| B287 | do | do do by Kuriakose Mor Coorilose |
| B288 | 24-6-1975 | Copy of Kalpana No. 306 from the Patriarch to the 7 Metropolitans in Malankara. |
| B289 | do | Postal acknowledgement signed by the 2nd plaintiff for receipt of kalpana No. 360/75 of the Patriarch issued to the Ist plaintiff. |
| B291 | 21-8-1975 | Postal acknowledgement of do |
| B291 (a) | | do Postal receipt of do |
| B292 | 21-8-1975 | Copy of Kalpana No. 366/75 of the Patriarch to Mathews Mor Coorilose. |
| B292 | (a) | do Copy of Kalpana No. 366/75 of do to Philipose Mor Theophelus. |
| B292 (b) | | do Copy of Kalpana No. 367/75 of do to Thomas Mor Themothiose. |
| B292 | (c) | do Copy of Kalpana No. 362/75 of do to Mathews Mor Ivaniose. |
| B292 | (d) | Copy of Kalpana No. 362/75 of do to Danial Mor Philexinos. |
| B292 | (e) | do Copy of Kalpana No. 363/75 of do to Danial Mor Philexinos. |
| B292 (f) | | do Copy of Kalpana No. 364/75 of do to Mathews Mor Athanasius. |
| B293 | do | Postal receipt No. 666 of Kalpana No. 365/75 |
| B293(a) | | do No. 663 of Kalpana No. 366/75 |
| B293(b) | | do No. 662 of Kalpana No. 367/75 |

| | | |
|---|---|---|
| B293 (c) | | do do No. 660 of Kalpana No. 367/75 |
| B293 (d) nil | | do No.664 of Kalpaa No. 361/75 |
| B293 (e) nil | | do No. 659 of Kalpana No. 363/75 |
| B293 (f) nil | | do No. 661 of Kalpana No. 364/75 |
| B294 | of 1892 | Certified copy of "*Mathasangathikal*" by Malpan Geevarghese. |
| B295 | of 1962 | *Prayer Book* used by Malankara Jacobite Syrian Christians translated by Malankara Malpan & Published by Abraham Kathanar. |
| B296 | 23-3-1923 | Copy of Judgement of the High Court of Travancore in A.S. 68/1096 |
| B297 | nil | Travancore Law Report Vol. 45 |
| B298 | 31-12-56 | Copy of Judgmen in A.S. 1/1119 of the Kerala High Court. |
| B299 | 12-8-1114 | Kalpana of Ougen Themothiose. |
| B300 | 17-11-1106 | Joint Kalpana by Ougen Themothiose and 3 other Metropolitans. |
| B301 | nil | Book by Ramban M.K. Kuriakose |
| B302 | nil | Book by Malpan Fr. N.A. Yohannan published in 1962. |
| B303 | 6-9-1964 | Attested copy of constitution of Kallungathara St. George Church (taken from O.S. 60/77) |
| B304 | of 1957 | Constitution of Marthasmmoni Church, Thiruvarpu. |
| B305 | of 1090 M.E. | Attested copy of registered Udampady of Pampady Marthomariam Church. |
| B306 | 13-9-1959 | Copy of notice issued by Thomas Kathanar to the President of the Malankara Association. |
| B306 (a) | 17-9-1959 | Postal acknowledgement of do |
| B307 | 2-4-1114 | Attested copy of the Written Statement of the Ist defendant Baselius Gheevarghese II in O.S. 111/1113 of Kottayam Dist. Court. |
| B308 | 5-6-1118 | Copy of decree in O.S. 111/1113 of the Kottayam District Court (Trial Court decree) |
| B309 | 11-2-1952 | Attested copy of objection filed executed by Philipose Mor Theophilos to Parur St. Thomas Church No. 3360/1969 |

| | | |
|---|---|---|
| B311 | 26-5-76 | Copy of sale deed executed in favour of Mathews Mor Kurilose by Johnson and his wife concerning a church property owned by them. |
| B312 | 30-12-64 | Copy of document executed by Markose Kathanar to Mathews Mor Kurilose. |
| B313 | 21-3-60 | Copy of document of Chatayamangalam Sub Registry executed in favour of Catholicos by Gheevarghese and others. (concering church building and accessories) |
| B314 | 28-1-1958 | Copy of a document executed by Ithappiri Chacko and wife (gift Deed No. 349/58) concerning a church and properties.B315 18-4-1960 Copy of document, executed by Koshi Gheevarghese Kathanar to Catholicos, of Church and properties. |
| B316 | 24-6-1966 | Copy of Udampady executed by Cheriyan Thommi, to Niranam Mor Dionisius. |
| B317 | 14-7-1955 | Copy of document No.3074 to Catholicos as presi dent of Synod by Oomen T. Jacob. |
| B318 | 22-12-59 | Copy of gift deed executed by Mathoo Tharakan Ittappiri Tharakan to Catholicos concerning church and properties. |
| B319 | 18-6-1955 | Copy of document to Catholicos conveying Church and properties by Koshi Gheevarghese and others, No. 249/ |
| B320 | 17-6-1070 | Copy of Udampady executed in favour of Mor Gregorios by Mepral Puthiyodu Kuruvilla. |
| B321 | 23-4- 1963 | Copy of deposition of Baselius Gheevarghese II in O.S. 315/1960 of Kottayam Munsiff's Court. |
| B322 | 3-4-1964 | Copy of judgement in A.S. 269/60 of the High Court of Kerala. |
| B2333 | 28-6-1107 | Copy of judgment in A.S. 173/1105 of the Travancore High Court. |
| B324 | 16-12-1964 | Copy of judgment of District Court, Quilon in A.S. 339/1964. |
| B325 | 13-3-1975 | Copy of plaint and judgement in O.S. 410/74 of Pathanamthitta Munsiff's Court. |
| B326 | 15 Thulam | 1935Attested copy of Constitution passed by Pothuyogam of Vadakode Jacobite Church (O.S. 46/1109 of Disrict Court, Parur) |

| | | |
|---|---|---|
| B327 | of 1069 | Printed copy of constitution of Ankamali Akaparambu Church registered as No. 11/1069 of Alangand Sub Registry.) |
| B328 | 29-11-1094 | Udampady of Kadamattathu Jacobite Church showing its *Natapadikramangal* etc. |
| B329 | 8-6-1105 | do of Kadamattam Yacobara Pally. |
| B330 | 16-7-1083 | Another copy of Kalpana. |
| B331 | nil | Book entitled Ithu *Oru Indian Sabhayo* by Rev. V.C. Samuel. |
| B332 | | (series 5 in numbers) a,b,c&d Calenders for 1967, 1971, 1975 and 1977-78<br>(Calendar for 75, 77 and 78) |
| B333 | of 1966 | Issue of "Sabha Chandrika" of 1966 Septemeber Edition-11th |
| B334 | nil | Copy of Malankara Sabha Suppliment (Supplement to Magazine "Malankara Sabha" containing speech delivered by Augen I condeming 19th Centenary of St. Thomas. |
| B335 | 2-12-1952 | Attested copy of translation of Kalpana of Patriarch issued to Malankara concerning change of calender. |
| B336 | 3-7-67 | Kalpana No. 188 by Mathews Mor Ivanios to Manarcadu Church. |
| B337 | 13-10-1959 | Copy of translation of Kalpana by Patriarch to Poulose Mor Philexenos. |
| B338 | 10-7-73 | Kalpana No. 268/73 issued to Fr. P.S. Sacharia & others (BY Patriarch) |
| B339 | 24-1-1975 | Photostat Copy of letter No. 11/1975 sent by Augen I to Patriarch. |
| B340 | 26-9-72 | Issue of *Keraladwani* containing report of interview of U.N.I. with Augen I. |
| B341 | 10-7-71 | True copy of minutes of working committee meeting produced by plaintiff on reguisition by defendants concerning use of heading paper with throne of St. Thomas. |
| B342 | 25-8-72 | Issue of *Malayala Manorama* containing report of walkout of some members from the Managing Committeee on the controversy as to use of St. Thomas Throne. |

| | | |
|---|---|---|
| B343 | 21-11-78 | Copy of plaint in O.S. 667/1978 filed by Kurian Abraham against Bselius Marthoma Mathews I and others. |
| B334 | 18-7-1102 | Copy of *udampady,* executed by Augen Themothios before consecration Sub Registry no. 91/1102 |
| B345 | 9-5-2962 | Issue of *Malayala Manorama* of 9-5-1962 containing a report abount parishioner of the outside Kerala diocese. |
| B346 | nil | Malayalam Translation of the writing on the wall of Marthoma Cheria pally, Kothamagalam (taken from O.S. 12/77) |
| B347 | Nil | Photograph of another writing on the wall of Marthoma Cheria Pally, Kothamangalam |
| B347 (a) | nil | Negative of B 347 |
| B348 | nil | True Malayalam Translation of the above writing. |
| B349 | nil | Photograph of writing on the wall of Marthoma Cheriya pally, Kothamangalam. |
| B351 | 26-4-1110 | Copy of registered Udampady of 1110 of Marthoma Cheriya Pally, Kothamangalam. |
| B351 (a) | | do Original of 351- Udampady |
| B352 | 3-7-1088 | Udampady written by Maliyil Isahak Kathanar |
| B353 | 11-1-1077 | Udampady written by Nedumpallil Scharia Kathanar. |
| B354 | 2-9-1973 | Election Rules of Kothamangalam Cheria Pally |
| B355 | 31-12-1973 | Balance Sheet of Marthoma Cheria Pally, Kothamangalam. |
| B357 | 5-3-1974 | Application from the 4 Kathanars to the Managing Committee of Kothamangalam Cheria Pally. |
| B358 | nil | Pothuyogam Notice Book of Kothamangalam Chieria Pally. |
| B359 | 25-3-1974 | Committee Notice Book of do do |
| B360 | 7-4-1109 | Udampady of Mar Thoma Cheria Pally Kothamagalam |
| B361 | 20-9-1950 | Kalpana from the Metropolitan of Angamali Bhadrasana Edavaka. |
| X (1) | 4-5-1951 | Photostat copy of *Malayala Manorama* Daily Paper Plaintiffs witnesses |

| | | |
|---|---|---|
| P.W.1 | - | Ninan |
| P.W.2 | - | P.C.Yohannan |
| P.W.3 | - | N.K. Abraham |
| P.W.4 | - | Fr. Jacob |
| P.W.5 | - | Philip |
| P.W.6 | - | George Mathew |
| P.W.7 | - | Alexander Kodiat |
| P.W.8 | - | Baselius Marthoma Mathews -I |
| P.W.9 | - | Abraham |

**Defence Witnesses**

| | | |
|---|---|---|
| D.W.1 | - | T.C. Alexander |
| D.W.2 | - | Kurian Corepiscopa |
| D.W.3 | - | Abraham |
| D.W.4 | - | K.K.Kuruvilla |
| D.W.5 | - | Varghese |
| D.W.6 | - | N.Abdul Hameed |
| D.W.7 | - | Kuriakose Coorilose Metropolitan |
| D.W.8 | - | Mathew |
| D.W.9 | - | Ivan |
| D.W.10 | - | Jacob Kurian Corepiscopa |
| D.W.11 | - | Kunjachan |
| D.W.12 | - | Chacko |
| D.W.13 | - | Mathew |
| D.W.14 | - | Gheevarghese |

# സമുദായക്കേസിലെ സാക്ഷിമൊഴികൾ

**മലങ്കര മല്പാൻ ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ**

1974-ൽ മലങ്കര സഭയിലെ ബസേലിയോസ് ഔഗേൻ ബാവാ ഒന്നാം വാദിയായും അന്നത്തെ നിയുക്ത കാതോലിക്കാ മാത്യൂസ് മോർ അത്താനാസ്യോസ് രണ്ടാം വാദിയായും അഭിവന്ദ്യരായ കടവിൽ പൗലോസ് മോർ അത്താനാസ്യോസ്, ഗീവർഗീസ് മോർ ഗ്രീഗ്രോറിയോസ്, തോമസ് മോർ ദീവന്നാസ്യോസ് (ഇപ്പോഴത്തെ ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാബാവാ) എന്നിവരും ഏതാനും വൈദികരും ശെമ്മാശന്മാരും പ്രതികളും ആയും മലങ്കരസഭയിലെ 1064 (ലിസ്റ്റിൽ 1054) ഇടവകപള്ളികളെ ഉൾപ്പെടുത്തിയും ആരംഭിച്ച പ്രസിദ്ധമായ ഒരു കേസിൽ (1995 ജൂൺ മാസം 20-ാം തീയതി ഇന്ത്യയുടെ പരമാധികാര കോടതിയിൽനിന്നും അന്ത്യവിധിയുണ്ടായി). എറണാകുളം അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതിയിൽ പ്രതികൾക്കു വേണ്ടി മലങ്കരമല്പാൻ ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ നൽകിയ സാക്ഷിമൊഴികളുടെ സമ്പൂർണ്ണ സമാഹാരമാണ് ഈ കൃതി. 1800-ൽപരം പേജുകളിലാണ് ഇതിന്റെ കോടതിരേഖകൾ. അനേകം മാസങ്ങൾ കൊണ്ടാണ് ഈ മൊഴികൾ കോടതി രേഖപ്പെടുത്തിയത്. ഒരു പക്ഷേ കോടതികളുടെ ചരിത്രത്തിൽതന്നെ ഇങ്ങനെയൊരു ബൃഹത് സാക്ഷിമൊഴി ഉണ്ടായിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. സഭാചരിത്രം, ബന്ധപ്പെട്ട കൃതികൾ, സഭാ പൈതൃകം, കാനോൻ, പാരമ്പര്യങ്ങൾ തുടങ്ങി സഭയുടെ സമസ്തമേഖലകളും അതിലെ സഭാനിലപാടുകളും ഈ മൊഴികളിൽ കാണുവാൻ കഴിയും. സഭാ കേസിന്റെ പഠനത്തിലുപരി സഭാ ചരിത്ര-വിജ്ഞാനീയ പഠനങ്ങൾക്ക് ഈ സമാഹരണം പ്രയോജനപ്പെടും എന്നതിന് സംശയമില്ല.

MOR ADAI STUDY CENTRE

**മോർ ആദായി സ്റ്റഡി സെന്റർ**

ചീരംചിറ, ചങ്ങനാശ്ശേരി 686 106